# ഖുര്‍ആന്‍ പഠനം

തയ്യാറാക്കിയത്

ഖുര്‍ആന്‍ പഠന സമിതി
വഴി.ഓര്‍ഗ്
www.vazhi.org

بسم الله الرحمن الرحيم

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

## Qur'an Chapters

1. Al-Fatiha (The Opening)
2. Al-Baqara (The Cow)
3. Aal-E-Imran (The Family Of 'Imran)
4. An-Nisa (Women)
5. Al-Maeda (The Table)
6. Al-Anaam (Cattle)
7. Al-Araf (The heights)
8. Al-Anfal (Spoils Of War)
9. At-Tawba (Repentance)
10. Yunus (Jonah)
11. Hud (Hud)
12. Yusuf (Joseph)
13. Ar-Rad (The Thunder)
14. Ibrahim (Abraham)
15. Al-Hijr (Rock City)
16. An-Nahl (The Bee)
17. Al-Isra (The Night Journey)
18. Al-Kahf (The Cave)
19. Maryam (Mary)
20. Ta-Ha (Ta-Ha)
21. Al-Anbiya (The Prophets)
22. Al-Hajj (The Pilgrimage)
23. Al-Mumenoon (The Believers)
24. An-Noor (The Light)
25. Al-Furqan (The Criterion)
26. Ash-Shuara (The Poets)
27. An-Naml (The Ant)
28. Al-Qasas (The Story)
29. Al-Ankaboot (The Spider)
30. Ar-Room (The Romans)
31. Luqman (Luqman)
32. As-Sajda (The Prostration)
33. Al-Ahzab (The Clans)
34. Saba (Saba)
35. Fatir (Orignator)
36. Ya-Seen (Ya-Seen)
37. As-Saaffat (Drawn Up In Ranks)
38. Swad (The Letter Sad)
39. Az-Zumar (The Troops)
40. Al-Ghafir (The Forgiver)
41. Fussilat (Explained In Detail)
42. Ash-Shura (Council)
43. Az-Zukhruf (Ornaments Of Gold)
44. Ad-Dukhan (Smoke)
45. Al-Jathiya (Crouching)
46. Al-Ahqaf (The Dunes)
47. Muhammad (Muhammad)
48. Al-Fath (Victory)
49. Al-Hujraat (The Private Apartments)
50. Qaf (The Letter Qaf)
51. Adh-Dhariyat (The Winnowing Winds)
52. At-Tur (The Mount)
53. An-Najm (The Star)
54. Al-Qamar (The Moon)
55. Ar-Rahman (The Beneficent)
56. Al-Waqia (The Event)
57. Al-Hadid (The Iron)
58. Al-Mujadila (She That Disputeth)
59. Al-Hashr (Exile)
60. Al-Mumtahina (Examining Her)
61. As-Saff (The Ranks)
62. Al-Jumua (The Congregation)
63. Al-Munafiqoon (The Hypocrites)
64. At-Taghabun (Mutual Disillusion)
65. At-Talaq (Divorce)
66. At-Tahrim (Banning)
67. Al-Mulk (The Sovereignty)
68. Al-Qalam (The Pen)
69. Al-Haaqqa (The Reality)
70. Al-Maarij (The Ascending Stairways)
71. Nooh (Nooh)
72. Al-Jinn (The Jinn)
73. Al-Muzzammil (The Enshrouded One)
74. Al-Muddaththir (The Cloaked One)
75. Al-Qiyama (The Resurrection)
76. Al-Insan (Man)
77. Al-Mursalat (The Emissaries)
78. An-Naba (The Tidings)
79. An-Naziat (Those Who Drag Forth)
80. Abasa (He Frowned)
81. At-Takwir (The Overthrowing)
82. Al-Infitar (The Cleaving)
83. Al-Mutaffifin (Defrauding)
84. Al-Inshiqaq (The Sundering)
85. Al-Burooj (The Mansions Of The Stars)
86. At-Tariq (The Morning Star)
87. Al-Ala (The Most High)
88. Al-Ghashiya (The Overwhelming)
89. Al-Fajr (The Dawn)
90. Al-Balad (The City)
91. Ash-Shams (The Sun)
92. Al-Lail (The Night)
93. Ad-Dhuha (The Morning Hours)
94. Al-Inshirah (Solace)
95. At-Tin (The Fig)
96. Al-Alaq (The Clot)
97. Al-Qadr (Power)
98. Al-Bayyina (The Clear Proof)
99. Az-Zalzala (The Earthquake)
100. Al-Adiyat (The Courser)
101. Al-Qaria (The Calamity)
102. At-Takathur (Competition)
103. Al-Asr (The Declining Day)
104. Al-Humaza (The Traducer)
105. Al-Fil (The Elephant)
106. Quraish (Quraysh)
107. Al-Maun (Small Kindnesses)
108. Al-Kauther (Abundance)
109. Al-Kafiroon (The Disbelievers)
110. An-Nasr (Divine Support)
111. Al-Masadd (Palm Fibre)
112. Al-Ikhlas (Sincerity)
113. Al-Falaq (The Daybreak)
114. An-Nas (Mankind)

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ**

# ആമുഖം

സർവലോക നാഥനായ അല്ലാഹുവിന് സകല സ്തുതിയും.

**‘‘..അല്ലാഹുവിങ്കൽനിന്ന് നിങ്ങൾക്കിതാ ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നെത്തിയിരിക്കുന്നു. അതുവഴി അല്ലാഹു അവൻെറ പ്രീതി തേടുന്നവരെ സമാധാനത്തിൻെറ പാതയിലേക്ക് വഴികാണിക്കുന്നു. അവൻെറ ഹിതത്താൽ അവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്കു നയിക്കുകയും നേർവഴിയിലേക്കു മാർഗദർശനമരുളുകയും ചെയ്യുന്നു.’’ (വി.ഖു.5:15,16)**

അഖിലപ്രപഞ്ചത്തിൻെറ സ്രഷ്ടാവും നിയന്താവും ഉടമസ്ഥനുമായ ഏകദൈവം തൻെറ അനന്തവിസ്തൃത സാമ്രാജ്യത്തിൻെറ ഭാഗമായ ഭൂമിയിൽ തൻെറ പ്രതിനിധിയായി മനുഷ്യനെ നിയോഗിച്ചു. നന്മ തിന്മകൾ വിവേചിച്ചറിയാനുള്ള യോഗ്യതയും ഇഛാസ്വാതന്ത്ര്യവും വിവേചന സ്വാതന്ത്ര്യവും കൈകാര്യാധികാരങ്ങളും അവൻ മനുഷ്യനു നൽകി. മനുഷ്യവർഗത്തിലെ ആദിമ ദമ്പതികൾക്ക്(ആദം-ഹവ്വ) ഭൂമിയിൽ തങ്ങളുടെ സന്തതികൾ പ്രവർത്തിക്കേണ്ടതിന്നാധാരമായ മാർഗനിർദേശം നൽകുകയുണ്ടായി. പിന്നീട്, സത്യാസത്യങ്ങൾ വേർതിരിച്ചുകൊണ്ടും ജീവിതത്തിൽ പാലിക്കേണ്ട വിധിവിലക്കുകൾ അനുശാസിച്ചുകൊണ്ടും അതതുകാലത്തെ സമൂഹങ്ങൾക്ക് ഉൾക്കൊള്ളാനും പ്രായോഗികമാക്കാനും പാകത്തിൽ ലോകത്തിൻെറ വിവിധ കോണുകളിൽ വിവിധ കാലഘട്ടങ്ങളിൽ വേദഗ്രന്ഥങ്ങളുമായി ഏകദൈവം നിരവധി പ്രവാചന്മാരെ നിയോഗിച്ചു. പൈശാചികപ്രേരണകൾക്ക് വിധേയരാകുന്ന മനുഷ്യർ വേദങ്ങളിലും പ്രവാചകന്മാരുടെ സന്ദേശങ്ങളിലും സ്വേഛാനുസാരം ഭേദഗതികൾ വരുത്തിയതിനാലും കാലാന്തരേണ മാറിവരുന്ന തലമുറകൾക്ക് അത് പാകമാകാനും പുതിയ പ്രവാചകന്മാരുടെയും വേദങ്ങളുടെയും ആഗമനം അനിവാര്യമാക്കിയിരുന്നു. മാനവ സമൂഹത്തിൻെറ മാർഗദർശനത്തിനായി നിയോഗിതരായ മുഴുവൻ ദൈവദൂതന്മാരും മൗലികമായി ഒരേ സന്ദേശമാണ് ഉയർത്തിപ്പിടിച്ചത്.

പ്രവാചക പരമ്പരയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി(സ). പൂർവ പ്രവാചകന്മാർ സമൂഹ സമക്ഷം സമർപ്പിച്ച ദൈവിക സന്ദേശങ്ങളുടെ അന്തിമവും സമഗ്രവുമായ രൂപമാണ് മുഹമ്മദ് നബിയിലൂടെ ഏകദൈവം ലോകത്തിനു നൽകിയ ഖുർആൻ. ലോകാവസാനം വരെ ഖുർആൻ സൃഷ്ടികളുടെ എല്ലാവിധ കൈകടത്തലുകളിൽ നിന്നും മുക്തമായി സുരക്ഷിതമായി ദൈവദാസന്മാർക്ക് മാർഗദർശനമായി നിലനിൽക്കും. ഇതിലെ സൂക്തങ്ങൾ ലോകാവസാനം വരെ വള്ളിപുള്ളി വ്യത്യാസമില്ലാതെ പാരായണം ചെയ്യപ്പെട്ടുകൊണ്ടുമിരിക്കും.

അന്ത്യനാൾവരെ തൻെറ സൃഷ്ടികളായ മുഴുവൻ മനുഷ്യർക്കുമുള്ള സ്രഷ്ടാവിൻെറ സന്ദേശമാണ് ഖുർആൻ. ഖുർആൻെറ പ്രതിപാദ്യം മനുഷ്യനാണ്. ഖുർആൻ മനുഷ്യനെ ശരിയായ നയത്തിലേക്ക് ക്ഷണിക്കുകയും അവൻെറ മുമ്പിൽ ദൈവികസന്മാർഗത്തെ വ്യക്തമായി സമർപ്പിക്കുകയും ചെയ്യുന്നു. ഏകദൈവത്തിങ്കലേക്കെത്തിച്ചേരാനുള്ള നേരായ വഴിയും, സാർവകാലികവും സാർവലൗകികവും അന്തിമവുമായ സന്മാർഗ ദീപമാകുന്നു

വിശുദ്ധ ഖുർആൻ. മനുഷ്യൻ ആരാണെന്നും എവിടെനിന്ന് വന്നുവെന്നും എങ്ങോട്ട് പോകുന്നുവെന്നും ജീവിതം എന്താണെന്നും എന്തിനാണെന്നും എങ്ങനെയാവണമെന്നും അത് വിശദീകരിക്കുന്നു. നന്മയും തിന്മയും ശരിയും തെറ്റും നീതിയും അനീതിയും ധർമവും അധർമവും അത് പറഞ്ഞു തരുന്നു. മരണാനന്തര ജീവിതത്തെ പറ്റി പറഞ്ഞു തരുന്നു. സ്വർഗ-നരകങ്ങളെ പരിചയപ്പെടുത്തുന്നു. മുഴുവൻ മനുഷ്യരുടെയും ഐഹികവും പാരത്രികവുമായ ജീവിതവിജയത്തിന് ഒഴിച്ചുകൂടാനാവാത്ത സത്യധർമശാസനകളാണ് ഖുർആന്റെ ഉള്ളടക്കം.

കാലം കണ്ട ഏറ്റവും മഹത്തായ വിപ്ലവം സൃഷ്ടിച്ച അത്ഭുത ഗ്രന്ഥമാണ് ഖുർആൻ. ഒരക്ഷരം പോലും ഒഴിയാതെ എല്ലാം ദൈവികമാണെന്ന് അവകാശപ്പെടുന്ന ലോകത്തിലെ ഏകഗ്രന്ഥവും ഇതുതന്നെ. സമാനമായ ഒരു വചനമെങ്കിലും കൊണ്ടുവരാൻ ഖുർആൻ ഉയർ ത്തിയ വെല്ലുവിളി ഇന്നും കരുത്തോടെ നിലനിൽക്കുന്നു.

ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതുസമയത്തും ഈ ദൈവികഗ്രന്ഥത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന മലയാളി സഹോദരങ്ങൾക്കുവേണ്ടി തയാറാക്കിയ മലയാള ഭാഷയിലെ ആദ്യത്തെ ഇ-ലേർണിംഗ് ഖുർആൻ പഠന സംവിധാനമാണിത്.അല്ലാഹു അനുഗ്രഹിച്ചാൽ കൂടുതൽ വിശദീകരണങ്ങളോടെ അടുത്ത എഡിഷൻ തയാറാക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അറബിഭാഷ തീരെ വശമില്ലാത്തവർക്കുവേണ്ടി അറബി പദങ്ങളുടെ മലയാളത്തിലുള്ള ഉച്ചാരണവും കൂടുതൽ വിശദീകരണവും വാക്കർഥവും ഉൾക്കൊള്ളുന്ന ഖുർആൻ പാഠങ്ങൾ തുടർച്ചയായി സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. അറബി ടെക്സ്റ്റ് സഹിതവും വിവർത്തനം ലഭ്യമാണ്.

അറബിയിലെ പ്രസിദ്ധ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളായ ഇബ്നു കഥീർ, ജലാലൈനി, മലയാള വിവർത്തനങ്ങളായ വിശുദ്ധ ഖുർആൻ വിവരണം(മുഹമ്മദ് അമാനി മൗലവി),വിശുദ്ധ ഖുർആൻ സമ്പൂർണ മലയാള പരിഭാഷ(ചെറിയമുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞിമുഹമ്മദ് പറപ്പൂർ), പരിശുദ്ധ ഖുർആൻ മലയാള പരിഭാഷ(മുട്ടാണിശ്ശേരിൽ എം. കോയക്കുട്ടി), തഫ്ഹീമുൽ ഖുർആൻ (അബുൽ അഅ്ലാ മൗദൂദി), The meaning of the Quran (Abdullah Yusuf Ali) തുടങ്ങിയ ഗ്രന്ഥങ്ങളാണ് ഇതിന്റെ രചനയിൽ പ്രധാനമായും അവലംബിച്ചിട്ടുള്ളത്. അവരോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ.

വിശുദ്ധ ഖുർആൻ പോലെ വിശ്വസാഹിത്യത്തിൽതന്നെ മാതൃകയില്ലാത്ത ഈ മഹദ്ഗ്രന്ഥം ഭാഷാന്തരം ചെയ്യുന്നതിൽ സാധ്യമാവുന്നതിന്റെ പരമാവധി ശ്രദ്ധയും സൂക്ഷ്മതയും പാലിച്ചിട്ടുണ്ട്. ഞങ്ങളുടെ അറിവിനും കഴിവിനും അതീതമായി സംഭവിച്ച വല്ല പാകപ്പിഴകളും ശ്രദ്ധയിൽപെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് സവിനയം അഭ്യർഥിക്കുന്നു.

സർവശക്തനായ നാഥാ, നിന്റെ വചനങ്ങളുടെ ആശയം പ്രകാശിപ്പിക്കുന്നതിൽ വല്ല പിഴവും പറ്റിയിട്ടുണ്ടെങ്കിൽ ഞങ്ങൾക്കു നീ പൊറുത്തു തരേണമേ. ഇത് മഹത്തായ ഒരു സൽക്കർമമായി സ്വീകരിക്കേണമേ. സത്യാന്വേഷികളായ എല്ലാ മലയാളി സഹോദരങ്ങൾക്കും നിന്റെ ഗ്രന്ഥത്തിന്റെ ഉള്ളടക്കം ഗ്രഹിക്കുന്നതിന് ഇതൊരു മാർഗദീപമാവുകയും ചെയ്യേണമേ.

www.vazhi.org
E-mail: info@vazhi.org
August 2008 (Ramadan 1429)

തയാറാക്കിയത്
ഖുർആൻ പഠന സമിതി

# അധ്യായം 1

## അൽ ഫാതിഹ (പ്രാരംഭം)

**അവതരണം മക്കയിൽ, വചനങ്ങൾ 7**

**അദ്ധ്യായ പരിചയം**

പ്രവാചകൻ മുഹമ്മദ്(സ)ന്റെ മക്കാജീവിത കാലത്താണ് ഈ അദ്ധ്യായം അവതരിച്ചത്. ഖുർആനിലെ പ്രാരംഭ പ്രാർഥനയാണ് ഈ അദ്ധ്യായം. ഏകദൈവവിശ്വാസികൾ തങ്ങളുടെ രക്ഷിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്ന അപേക്ഷയും അവനിൽനിന്ന് തങ്ങൾക്ക് ലഭിക്കേണ്ട അനുഗ്രഹത്തിന് മുന്നോടിയായി അവർ അവനു സമർപ്പിക്കുന്ന തിരുമുൽക്കാഴ്ചയുമാണിത്.

ഏഴു വചനങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ആദ്യത്തെ നാല് സൂക്തങ്ങളിൽ മനുഷ്യൻ ഏകദൈവത്തിനു മുമ്പിൽ സമർപ്പിക്കുന്ന സ്തോത്രങ്ങളാണ്. അവസാനത്തെ മൂന്ന് സൂക്തങ്ങളിൽ മനുഷ്യൻ തന്റെ യജമാനനോട് നടത്തുന്ന സഹായർഥനകളുമാണ്.

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.
2. സ്തുതിയഖിലം അല്ലാഹുവിന് മാത്രമാണ്. സർവലോകങ്ങളുടെയും ഉടമസ്ഥൻ.
3. പരമകാരുണികൻ. കരുണാനിധി.
4. വിധിദിനത്തിന്നധിപൻ.
5. നിനക്ക് മാത്രം ഞങ്ങൾ വഴിപ്പെടുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.
6. നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ.
7. നീ അനുഗ്രഹിച്ചവരുടെ വഴിയിൽ. നിന്റെ കോപത്തിനിരയായവരുടെയും പിഴച്ചവരുടെയും മാർഗത്തിലല്ല.

**വിശദീകരണം.**

യജമാനനായ ഏകദൈവത്തോട് വല്ലതും ചോദിക്കുന്നത് അവന്റെ മഹത്വം പുകഴ്ത്തിക്കൊണ്ടാവുക എന്ന അടിമ-ഉടമ ബന്ധത്തിന്റെ ഉയർന്ന സംസ്കാരം ഈ അദ്ധ്യായത്തിന്റെ പ്രഥമഭാഗം ഏകദൈവ വിശ്വാസികളെ പഠിപ്പിക്കുന്നുണ്ട്.

ഒരു അടിമ പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തെ തന്റെ ഉടമ,സംരക്ഷകൻ, പരിപാലകൻ, തന്നോട് കൽപിക്കാനും വിരോധിക്കാനും വിധിക്കാനും അവകാശമുള്ളവൻ എന്നീ നിലകളിലെല്ലാം അംഗീകരിച്ച് തന്റെ എല്ലാ സ്തുതികീർത്തനങ്ങൾക്കും ഉടമസ്ഥനായി അവൻ മാത്രമേ ഉള്ളു എന്ന് പ്രഖ്യാപിക്കുകയാണ് ഈ അദ്ധ്യായത്തിലെ ആദ്യ നാല് വചനങ്ങൾ ചൊല്ലുന്നതു വഴി അയാൾ ചെയ്യുന്നത്. എല്ലാ പ്രപഞ്ചവസ്തുക്കളും ഈ വിധം അവയുടേതായ രീതിയിൽ പ്രപഞ്ച നാഥനെ സ്തുതിക്കുകയും അവന് കീഴ്‌വണക്കം പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. ഖുർആൻ തന്നെ അക്കാര്യം ഉദ്ധരിക്കുന്നുണ്ട്. നാമത് മനസ്സിലാക്കുന്നില്ലെന്ന് മാത്രം.

അതോടൊപ്പം അടിമ എന്ന നിലക്ക് തന്റെ അർച്ചനകളെല്ലാം നിനക്ക് മാത്രം അവകാശപ്പെട്ടതാണെന്നും എന്റെ ജീവിതത്തിന് ആവശ്യമായതെന്തോ അതെല്ലാം നിന്നോട് മാത്രമേ ചോദിക്കുന്നുള്ളുവെന്നും തന്റെ സ്രഷ്ടാവിന് മുമ്പിൽ അയാൾ തുറന്ന് സമ്മതിക്കുന്നു.

ഈ പ്രഖ്യാപനത്തോടൊപ്പം, നിന്നെ മാത്രം പ്രീതിപ്പെടുത്തി ജീവിക്കാനുപയുക്തമായ ജീവിതമാർഗം എനിക്ക് കാണിച്ച് തരണമെന്നും തന്നെ അതിലൂടെ ജീവിതാന്ത്യം വരെ നയിക്കണമെന്നും യജമാനൻ

എന്ന നിലക്ക് നിന്റെ വിരോധത്തിന് വിധേയരായവരും വഴി തെറ്റിയവരുമായ ജനത്തിൽ ഉൾപ്പെടുത്തി ശിക്ഷിക്കരുതേ എന്നും  അയാൾ പ്രാർഥിക്കുന്നു.
ഈ പ്രാർഥനയുടെ ഫലമാണ് മനുഷ്യലോകത്തിന് ജീവിക്കാനാവശ്യമായ നിയമ നിർദ്ദേശങ്ങളടങ്ങിയ വിശുദ്ധ ഖുർആൻ ഏകദൈവം പ്രവാചകൻ മുഹമ്മദ്(സ) മുഖേന ലോകത്തിന് നൽകിയത്.
ഖുർആൻ മനുഷ്യരാശിക്കു മുമ്പിൽ സമർപ്പിക്കുന്ന മൊത്തം ആശയങ്ങളുടെ സാരാംശം ഈ അദ്ധ്യായം ഉൾക്കൊള്ളുന്നുണ്ട്.

---

*****

# അധ്യായം 2

## അൽബഖറ (പശു)

**അവതരണം മദീനയിൽ, വചനങ്ങൾ 286.**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അലിഫ്-ലാം-മീം.

1: വിശുദ്ധ ഖുർആനിലെ 29 അധ്യായങ്ങളുടെ ആരംഭം ഇതുപോലുള്ള ഒറ്റ അക്ഷരങ്ങൾ കൊണ്ടാണ്. ഇത്തരം അക്ഷരങ്ങളെപ്പറ്റി ഖുർആൻ വ്യാഖ്യാതാക്കൾ പലതരത്തിലുള്ള വ്യാഖ്യാനങ്ങളും നൽകിയിട്ടുണ്ട്. ഈ അക്ഷരങ്ങളുടെ അർഥവും വ്യാഖ്യാനവും നമുക്കറിഞ്ഞുകൂടെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അവയിൽ ചില അർഥങ്ങളും സൂചനകളും അടങ്ങിയിട്ടുണ്ടെന്നും അത് ചിന്തിച്ചും പരിശോധിച്ചും മനസ്സിലാക്കേണ്ടതാണെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു. ഒറ്റയക്ഷരങ്ങൾകൊണ്ട് തുടങ്ങുന്ന ശൈലി ആ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്നുവെന്നും അവയുടെ പ്രയോഗം പൊതുവെ സുപരിചിതമായിരുന്നുവെന്നും, അവിശ്വാസികൾ അതിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്തിരുന്നില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

2. ഇത് (അല്ലാഹുവിന്റെ) ഗ്രന്ഥമാകുന്നു. അതിൽ സംശയമേ ഇല്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗദർശകമായിട്ടുള്ളതത്രെ ഇത്.

2: ഇത് ദൈവിക ഗ്രന്ഥമാണെന്ന് ഖുർആൻ സ്വയം പ്രഖ്യാപിക്കുന്നു. മറ്റു വേദങ്ങളുടെ വാഹകർ തങ്ങളുടെ വേദങ്ങൾക്ക് ദൈവികത അവകാശപ്പെടുന്നുണ്ടെങ്കിലും ആ വേദങ്ങളിൽ ഇങ്ങനെയുള്ള അവകാശവാദം കാണുന്നില്ല. മദീനയിലെ ബഹുദൈവവിശ്വാസികൾക്ക് ഖുർആന്റെ അമാനുഷികതയും ദൈവികതയും മനസ്സിലായിരുന്നു. വിശുദ്ധ ഖുർആൻ പ്രബോധനം ചെയ്യുന്നത് തങ്ങളുടെ വേദങ്ങൾ നേരത്തെ പ്രബോധനം ചെയ്തിട്ടുള്ള സത്യംതന്നെയാണെന്ന് മദീനയിലെ ജൂതന്മാർക്കും അറിയാമായിരുന്നു. സ്വന്തം താൽപര്യങ്ങൾക്ക് എതിരായതിനാൽ ബഹുദൈവവിശ്വാസികൾ ഖുർആൻ അംഗീകരിക്കാൻ കൂട്ടാക്കിയില്ല. മുഹമ്മദ്നബി(സ) തങ്ങളുടെ വംശത്തിലാവാതിരുന്നതിലുള്ള അസൂയ ഖുർആനെ തീർത്തും തള്ളിപ്പറയാൻ ജൂതന്മാരെയും പ്രേരിപ്പിച്ചു.
ഈ ഗ്രന്ഥത്തിന്റെ രചയിതാവ് സമ്പൂർണജ്ഞാനമുള്ള ഒരുവനായതിനാൽ ഇതിൽ സംശയത്തിനവകാശമേ ഇല്ല. ഖുർആന്റെ പ്രതിപാദ്യ വിഷയങ്ങളിലോ, സന്ദേശങ്ങളിലോ, ലക്ഷ്യങ്ങളിലോ, ദൃഷ്ടാന്തങ്ങളിലോ ഒന്നും തന്നെ ഒരു സംശയത്തിനും പഴുതില്ല. എല്ലാം സുവ്യക്തങ്ങളായ യാഥാർഥ്യങ്ങളാകുന്നു.
'സൂക്ഷ്മത പാലിക്കുന്നവർ' (മുത്തഖീൻ) എന്നതുകൊണ്ട് വിവക്ഷ 'അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് അവന്റെ ശിക്ഷക്കും അപ്രീതിക്കും കാരണമാകുന്ന കാര്യങ്ങളെ സൂക്ഷിച്ചു ജീവിക്കുന്ന ഭയഭക്തന്മാർ' എന്നാണ്

3. അഭൗതിക സത്യങ്ങളിൽ വിശ്വസിക്കുന്നവരും, നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നവരും നാം നല്കിയിട്ടുള്ള വിഭവങ്ങളിൽനിന്ന് ചെലവഴിക്കുന്നവരുമാകുന്നു അവർ.

3: ഈ ഖുർആൻ സൂക്ഷ്മതപാലിക്കുന്നവർക്കുള്ള ഒരു മാർഗദർശനമാണ്. തന്നിഷ്ടപ്രകാരം ദേഹേച്ഛക്ക് അടിമപ്പെട്ട് ജീവിക്കുന്നവർക്ക് ഈ ഖുർആനിൽ ഒരു മാർഗദർശനവുമില്ല.
സൂക്ഷ്മത പാലിക്കുന്നവരുടെ ഗുണങ്ങൾ തുടർന്ന് വിവരിക്കുന്നു. ആ ഗുണങ്ങളോട് കൂടിയവരാണ് സന്മാർഗികളെന്നും അവരാണ് അന്തിമ വിജയികളെന്നും ഉൽബോധിപ്പിക്കുകയും ചെയ്യുന്നു.
സംശയലേശമന്യേ ഒരു കാര്യം സത്യമെന്ന് സമ്മതിക്കുന്നതിന് ഭാഷയിൽ 'ഈമാൻ' എന്ന് പറയുന്നു. സത്യം സമ്മതിക്കുകയും അതിന് വഴങ്ങുകയും ചെയ്യുക എന്നാണ് ഖുർആനിൽ ഇതുകൊണ്ടുള്ള വിവക്ഷ.
അദൃശ്യത്തിൽ(ഗൈബ്)വിശ്വസിക്കുക എന്നാൽ മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് ഗോപ്യമായതും അതിഭൗതികവുമായ കാര്യങ്ങളിൽ വിശ്വസിക്കുക എന്നാണ്.വേദഗ്രന്ഥങ്ങളിലൂടെയും പ്രവാചകന്മാരുടെയും പ്രസ്താ

വനകൾകൊണ്ട് മാത്രം അറിയാൻ കഴിയുന്ന കാര്യങ്ങളാകുന്നു അവ. അല്ലാഹുവിന്റെ സത്ത, മലക്കുകൾ(മാലാഖമാർ), സ്വർഗം, നരകം മുതലായവ ഉദാഹരണം.

അദൃശ്യവും അഭൗമവുമായ സൃഷ്ടിയാണ് മലക്ക്. അല്ലാഹുവിന്റെ ആജ്ഞനകൾ നടപ്പിലാക്കുകയും അവനെ പ്രകീർത്തിക്കുകയുമാണ് മലക്കുകളുടെ സൃഷ്ടി ലക്ഷ്യം. സ്വന്തമായ തീരുമാനങ്ങളെടുക്കുകയോ അല്ലാഹുവിന്റെ ആജ്ഞകൾ മറികടന്ന് പ്രവർത്തിക്കുകയോ അവരുടെ പ്രകൃതിയിൽ പെട്ടതല്ല. അതിനാൽ മലക്കുകൾ അതീവ പരിശുദ്ധരാകുന്നു. അല്ലാഹുവിന്റെ ആജ്ഞാനുസാരം ഈ പ്രപഞ്ച സംവിധാനം പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നതവരാണ്. അല്ലാഹുവിന്റെ വിധിവിലക്കുകളും സന്മാർഗ ദർശനങ്ങളും മനുഷ്യരിൽനിന്ന് അല്ലാഹു തെരഞ്ഞെടുക്കുന്ന പ്രവാചകന്മാർക്ക് എത്തിച്ചുകൊടുക്കുന്ന മാധ്യമവും അവർതന്നെ. ആ നിലക്ക് ദൈവിക സന്മാർഗത്തിന്റെ ആധികാരിക വാഹകരാകുന്നു മലക്കുകൾ.

അദൃശ്യത്തിൽ വിശ്വസിക്കൽ സൂക്ഷ്മതപാലിക്കുന്നവരുടെ ഒന്നാമത്തെ ലക്ഷണമായി അല്ലാഹു പറഞ്ഞത് വളരെ ശ്രദ്ധേയമാകുന്നു. അദൃശ്യത്തിൽ വിശ്വസിക്കുന്നത് കേവലം പഴഞ്ചനും അപരിഷ്കൃതവുമാണെന്ന് പറയുന്നവരോട് പരലോകം, ഉയിർത്തെഴുന്നേല്പ്, വിചാരണ, സ്വർഗം, നരകം മുതലായ മറഞ്ഞ കാര്യങ്ങളെപ്പറ്റി ഉപദേശിക്കുന്നതുകൊണ്ട് പ്രയോജനമില്ലല്ലോ.

വിശ്വസിച്ചുകഴിഞ്ഞാൽ, കർമ്മപരമായ അനുസരണത്തിന്റെ ഒന്നാമത്തെ അടയാളമാണ് ദിനേനയുള്ള അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം. അതിന്റെ ഘടകങ്ങളും നിബന്ധനകളും മര്യാദകളും പൂർത്തിയാക്കിക്കൊണ്ട് നമസ്കാരം അതിന്റെ കൃത്യസമയങ്ങളിൽ നിർവഹിക്കുക എന്നതാണ് 'നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക' എന്നതിന്റെ ഉദ്ദേശ്യം. മനുഷ്യന് അല്ലാഹുവിനോടുള്ള അനുഷ്ഠാനപരമായ കടമകളിൽ വളരെ പ്രധാനപ്പെട്ടതാണ് നമസ്കാരം.

'നാം നൽകിയിട്ടുള്ള വിഭവങ്ങളിൽനിന്ന് ചെലവഴിക്കുക' എന്നതിൽ അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ള എല്ലാ വിഭവങ്ങളും ഉൾപ്പെടുന്നു. സാമ്പത്തികവും കായികവും മാനസികവുമായ ഇതര യോഗ്യതകളും അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ള അനുഗ്രഹങ്ങളാണ്. എല്ലാ വിഭവങ്ങളിൽനിന്നും അല്ലാഹുവിന്റെ ദാസന്മാരായ സമസൃഷ്ടികൾക്ക് നിശ്ചയിക്കപ്പെട്ട അവകാശങ്ങൾ നൽകുക എന്നത് വിശുദ്ധ ഖുർആന്റെ മാർഗദർശനം ലഭിക്കുന്നതിനുള്ള ഒരു നിബന്ധനയാണ്.

4. നിനക്ക് അവതീർണമായതിലും(ഖുർആനിലും), നിനക്ക് മുമ്പ് അവതീർണമായിട്ടുള്ളതിലും(ഇതര വേദങ്ങളിലും)വിശ്വസിക്കുകയും പരലോകത്തിൽ ദൃഢബോധ്യമുള്ളവരുമാകുന്നു (സൂക്ഷ്മത പാലിക്കുന്നവർ).

4: മുഹമ്മദ്നബി(സ)ക്ക് മുമ്പുള്ള എല്ലാ പ്രവാചകന്മാരിലും വേദങ്ങളിലും 'സൂക്ഷ്മത പാലിക്കുന്നവർ' വിശ്വസിക്കുന്നു.

തൗറാത്ത്, ഇഞ്ചീൽ (ബൈബിൾ പഴയനിയമം, പുതിയ നിയമം) തുടങ്ങിയ വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്ന ജൂത-ക്രൈസ്തവ വിഭാഗങ്ങളെ വിശുദ്ധ ഖുർആൻ പലയിടത്തും 'അഹ്ലുൽ കിതാബ്' (വേദക്കാർ) എന്നാണ് വിളിച്ചിട്ടുള്ളത്. അവർ ചില പ്രവാചന്മാരിൽ വിശ്വസിക്കുകയും മറ്റുള്ളവരിൽ അവിശ്വസിക്കുകയും ചെയ്യുന്നവരാണ്. മുഹമ്മദ് നബി(സ)യെയും വിശുദ്ധ ഖുർആനെയും ഇവർ പുഛിച്ചുതള്ളുന്നു. എന്നാൽ ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും പ്രവാചകന്മാരായ മൂസ(അ)യെയും ഈസാ(അ)യെയും മുസ്ലിംകൾ മുഹമ്മദ്നബി(സ)യെപോലെ അല്ലാഹുവിന്റെ പ്രവാചകന്മാരായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ പ്രയോജനപ്പെടുന്നതിനുള്ള അവസാനത്തെ നിബന്ധന പരലോക വിശ്വാസമാണ്. പ്രപഞ്ചനാഥന് മാത്രം അറിയുന്ന ഒരു ദിവസം ഈ ലോകം അവസാനിക്കുന്നതാണ്. അതിനുശേഷം ദൈവം മറ്റൊരു ലോകവ്യവസ്ഥ സൃഷ്ടിക്കുന്നതാണ്. മനുഷ്യാരംഭം മുതൽ അന്ത്യനാൾ വരെ ഈ ലോകത്ത് ജനിച്ച മുഴുവൻ മനുഷ്യരെയും വീണ്ടും ജീവിപ്പിച്ച് അവിടെ ഹാജരാക്കുന്നതും ഓരോരുത്തരുടെയും കർമ്മങ്ങളെക്കുറിച്ച് വിചാരണ നടത്തുന്നതും അവരവരുടെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രക്ഷാശിക്ഷകൾ നല്കുന്നതുമാണ്.

5. അങ്ങനെയുള്ളവർ തങ്ങളുടെ നാഥനിൽനിന്നുള്ള സന്മാർഗത്തിലാകുന്നു.അവർ തന്നെയാണ് വിജയം വരിച്ചവരും.

6. എന്നാൽ സത്യനിഷേധികളോ, നീ അവർക്ക് മുന്നറിയിപ്പ് നൽകുന്നതും നൽകാതിരിക്കുന്നതും തുല്യമാണ്. അവർ വിശ്വസിക്കുകയില്ല.

6: സത്യം മനസ്സിലാക്കാൻ അവസരം ലഭിച്ചിട്ടും അതിൽ ശ്രദ്ധിക്കാത്തവരും, സത്യം മനസ്സിലായിട്ടും അതംഗീകരിക്കാൻ വിസമ്മതിക്കുന്നവരുമാണ് സത്യനിഷേധികൾ. അതായത് ദൈവിക സന്ദേശം കേൾക്കാനോ അംഗീകരിക്കാനോ തയ്യാറില്ലാത്തവർ. സത്യമതം മനസ്സിലാക്കിയശേഷം നിഷേധിക്കുന്നവരും, അറിവില്ലായ്മകൊണ്ട് നിഷേധിക്കുന്നവരും, ധിക്കാരവും പരിഹാസവുംകൊണ്ട് നിഷേധിക്കുന്നവരും ഉണ്ട്. എല്ലാതരം നിഷേധികൾക്കും പൊതുവെ 'അവിശ്വാസി' എന്ന് ഭാഷാന്തരം നൽകിവരുന്നു.
സത്യത്തെ മൂടിവെക്കുകയും അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ അവഗണിച്ച് തള്ളിക്കളയുകയും ചെയ്യുന്ന നിഷേധികൾക്ക് താക്കീതു നൽകുന്നതും നൽകാതിരിക്കുന്നതും തുല്യമാകുന്നു.നിഷേധവും ധിക്കാരവുംകൊണ്ട് അവരുടെ ഹൃദയങ്ങൾ നിറഞ്ഞിരിക്കുന്നു. ഇനി അതിലേക്ക് ഉപദേശങ്ങളോ താക്കീതുകളോ മുന്നറിയിപ്പുകളോ, ദൃഷ്ടാന്തങ്ങളോ ഒന്നും പ്രവേശിക്കുകയില്ല. ഉപദേശങ്ങൾക്ക് ചെവികൊടുക്കാത്തവരും അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കാത്തവരുമായ എല്ലാ നിഷേധികളുടെയും സ്ഥിതി ഇതുതന്നെ.
ദൈവിക സന്ദേശങ്ങൾ കേൾക്കാനോ മനസ്സിലാക്കാനോ അവസരം ലഭിക്കാത്തതുമൂലം അതിൽ വിശ്വസിക്കാതിരുന്നവർ ഈ വിഭാഗത്തിൽ പെടുന്നതല്ല.

7. അവരുടെ മനസ്സുകളും കാതുകളും അടച്ചു മുദ്രവെച്ചിരിക്കുന്നു. അവരുടെ ദൃഷ്ടികൾക്ക് ഒരു മൂടി വീണിരിക്കുന്നു. അവർക്കാണ് കഠിന ശിക്ഷയുള്ളത്.

7: ദൈവികസന്ദേശം കേൾക്കാനും ശ്രദ്ധിക്കാനും അവർ താൽപര്യം കാണിക്കുന്നില്ല. അവരുടെ മനസ്സ് മുഴുവൻ ഭൗതിക സുഖങ്ങളിലും നേട്ടങ്ങളിലും ബന്ധിതമാകുന്നു. ഇന്ദ്രിയങ്ങൾക്കതീതമായ യാഥാർഥ്യങ്ങൾ അവരെ സംബന്ധിച്ചിടത്തോളം അന്ധവിശ്വാസങ്ങളും മിഥ്യാസങ്കൽപങ്ങളുമാണ്. പ്രപഞ്ചത്തിൽ നിറഞ്ഞുകിടക്കുന്ന ദൃഷ്ടാന്തങ്ങളെ ദൈവിക ദൃഷ്ടാന്തങ്ങളെന്ന നിലയിൽ അവർക്ക് കാണാൻ കഴിയുന്നില്ല. ഖുർആൻ അവതരിപ്പിച്ച സന്മാർഗം സ്വീകരിക്കാതെ അതിനെതിരെ, സ്വയം മറ്റൊരു മാർഗം അവർ ഇഷ്ടപ്പെട്ട് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും കണ്ണുകൾക്കും മുദ്ര വെച്ചു.

8. മനുഷ്യരിൽ ചിലരുണ്ട്, 'ഞങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിച്ചിരിക്കുന്നു' എന്നവർ പറയും. (യഥാർഥത്തിൽ) അവർ വിശ്വാസികളല്ലതന്നെ.

8:മനസാ കർമ്മണാ അവിശ്വസിക്കുകയും, വാക്കിൽ വിശ്വാസി ചമയുകയും ചെയ്യുന്ന കപട വിശ്വാസികളെക്കുറിച്ചാണ് പരാമർശം. അവർ പുറമെ ഇസ്ലാമിക വേഷധാരികളായിരുന്നെങ്കിലും ഉള്ളിൽ ഇസ്ലാമിൻെറ അടിസ്ഥാന വിശ്വാസത്തെതന്നെ നിഷേധിച്ചിരുന്നു.
ഔസ്, ഖസ്റജ് എന്നീ രണ്ടു അറബി ഗോത്രങ്ങളായിരുന്നു നബി(സ)യുടെ ആഗമനവേളയിൽ മദീനയിൽ ഉണ്ടായിരുന്നത്. അവർ വിഗ്രഹാരാധകരായിരുന്നു. എങ്കിലും നബി(സ)യുടെ ആഗമനത്തിനു മുമ്പു തന്നെ ഇസ്ലാം അവരിൽ പ്രചരിക്കാൻ തുടങ്ങിയിരുന്നു. 'ബനൂ ഖൈനുഖാഅ', 'ബനൂ നളീർ', 'ബനൂ ഖുറൈള' എന്നീ യഹൂദ ഗോത്രങ്ങളും മദീനയുടെ പരിസരങ്ങളിൽ താമസിച്ചിരുന്നു.
ഖസ്റജ് ഗോത്രക്കാരനാണെങ്കിലും ഔസിലും ഖസ്റജിലും ഒരു പൊതു നേതൃത്വം ലഭിച്ച ആളായിരുന്നു അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ. അയാളെ എല്ലാവരുടെയും രാജാവായി വാഴിക്കാൻ തീരുമാനിച്ച സമയത്തായിരുന്നു നബി(സ)യും അനുചരന്മാരും മക്കയിൽ നിന്ന് പലായനം ചെയ്ത് മദീനയിൽ എത്തിയത്. ഇരു ഗോത്രങ്ങളിലെയും യുവാക്കൾ ധാരാളമായി ഇസ്ലാമിലേക്ക് ആകർഷിക്കപ്പെട്ടതോടെ അബ്ദുല്ലയുടെ മോഹം പൊലിഞ്ഞു. തങ്ങളുടെ നായകനായി മുഹമ്മദ്നബി(സ)യല്ലാത്ത ഒരാളെക്കുറിച്ച് പിന്നീടവർ ചിന്തിച്ചില്ല. കിരീടം നഷ്ടപ്പെട്ടതോടെ അയാൾ മുസ്ലിംകളുടെ

ശത്രുവായി. ഇസ്‌ലാമിന്റെ ശക്തി വർധിച്ചുകൊണ്ടിരിക്കുന്നത്‌ കണ്ടപ്പോൾ അയാളും സിൽബന്ധികളും തങ്ങൾ ഒറ്റപ്പെട്ടുപോകുമെന്ന ഭയത്താൽ പ്രത്യക്ഷത്തിൽ ഇസ്‌ലാമിനെ അംഗീകരിച്ച്‌ മുസ്‌ലിംകളായി അഭിനയിച്ചു. അങ്ങനെ അയാളുടെ അനുഭാവികളായി കപടവിശ്വാസികളുടെ ഒരു സംഘംതന്നെയുണ്ടായി. വേദക്കാരിൽപെട്ട ചിലരും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇവിടം മുതൽക്കാണ്‌ കപടവിശ്വാസികളുടെ തുടക്കം. നേതൃത്വ മോഹിയായിരുന്ന 'അബ്ദുല്ലാഹിബ്‌നു ഉബയ്യ്‌' മദീനക്കാരുടെ നേതാവാകുന്നതിനു പകരം കപട വിശ്വാസികളുടെ നേതാവാവുകയാണ്‌ ചെയ്തത്‌.

9. അവർ അല്ലാഹുവിനെയും സത്യവിശ്വാസികളെയും വഞ്ചിക്കാൻ ശ്രമിക്കുന്നു. എന്നാൽ അവർ വഞ്ചിക്കുന്നത്‌ അവരെത്തന്നെയാകുന്നു. (അത്‌) അവർ മനസ്സിലാക്കുന്നുമില്ല.

9: ഒരു കപടവിശ്വാസിക്ക്‌ കുറച്ചുകാലം ജനങ്ങളെ കബളിപ്പിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ അല്ലാഹുവിനെ വഞ്ചിക്കാൻ ഒരിക്കലും ആരാലും സാധ്യമല്ല.ഒരുനാൾ കാപട്യം വെളിച്ചത്താവുകതന്നെ ചെയ്യും. അതിനാൽ കപടവിശ്വാസി തങ്ങളെതന്നെയാണ്‌ വഞ്ചിക്കുന്നത്‌. അവരത്‌ മനസ്സിലാക്കുന്നില്ലെന്ന്‌ മാത്രം.

ഇസ്‌ലാം മദീനയിലെത്തിയതോടെ പലതരം കപടവിശ്വാസികളെയും ഇസ്‌ലാമികസമൂഹത്തിൽ കണ്ടുതുടങ്ങി. ഇസ്‌ലാമിൽ വിശ്വസിക്കാതെ, അതിനുള്ളിൽ കുഴപ്പം സൃഷ്‌ടിക്കാൻ മാത്രം കടന്നുകൂടിയിട്ടുള്ളവരായിരുന്നു ഒരു വിഭാഗം. ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അധികാരപരിധിക്കുള്ളിൽ കുടുങ്ങിപ്പോയതു കാരണം, മുസ്‌ലിംകളായി അഭിനയിക്കുകയും മറുവശത്ത്‌, ഇസ്‌ലാമിന്റെ എതിരാളികളുമായി ബന്ധം പുലർത്തുകയും ചെയ്യുന്നതിലാണ്‌ തങ്ങൾക്ക്‌ നേട്ടമെന്ന്‌ മറ്റൊരു വിഭാഗവും മനസ്സിലാക്കി. അങ്ങനെ, രണ്ടുഭാഗത്തുമുള്ള നന്മകൾ ആസ്വദിക്കുന്നതോടൊപ്പം ഇരുഭാഗത്തെയും ആപത്തുകളിൽ നിന്ന്‌ രക്ഷനേടുകയും ചെയ്യാമെന്നവർ വിചാരിച്ചു. ഇസ്‌ലാമിന്നും അനിസ്‌ലാമിന്നുമിടയിൽ സംശയാലുക്കളായി ആടിക്കളിച്ചിരുന്ന മൂന്നാമതൊരു വിഭാഗവുമുണ്ടായിരുന്നു. ഇസ്‌ലാം സത്യമെന്നവർക്ക്‌ പൂർണബോധ്യമുണ്ടായിരുന്നില്ല. കുടുംബത്തിലെ മിക്കപേരും മുസ്‌ലിംകളായിക്കഴിഞ്ഞിരുന്നതിനാൽ അവരും മുസ്‌ലിം വേഷം സ്വീകരിക്കുകയുണ്ടായി.

10. അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ട്‌. അല്ലാഹു അവർക്ക്‌ രോഗം വർധിപ്പിക്കുകയും ചെയ്തു. അവർക്ക്‌ വേദനയേറിയ ശിക്ഷയാണുള്ളത്‌, അവർ കളവ്‌ പറയുന്നത്‌ കാരണമായി.

10: സത്യദീനിനോടും സത്യധർമാദികളോടും കാപട്യം കൈക്കൊള്ളുന്ന ആളുകളുടെ രോഗം ഏതു കാലത്തും അവരുടെ ജഡികേഛകളും മനോദൗർബല്യങ്ങളുമാണ്‌. ബുദ്ധിയെയും ചിന്താശക്തിയെയും ശരിയാം വണ്ണം അവർ ഉപയോഗിക്കാൻ ശ്രമിക്കുന്നില്ല. അവർ സ്വയം തെരഞ്ഞെടുത്ത വഴിയിൽ അവർ കളിച്ചുല്ലസിക്കുകയാണ്‌. എന്നാൽ ഈ രസത്തിനും ഉല്ലാസത്തിനും അവർ കനത്ത വില നൽകേണ്ടി വരുന്നതാണ്‌.

11. ഭൂമിയിൽ നാശമുണ്ടാക്കാതിരിക്കുവിൻ! എന്നവരോട്‌ പറയപ്പെടുമ്പോൾ അവർ പറയുന്നു: 'തീർച്ചയായും ഞങ്ങൾ നന്മ ചെയ്യുന്നവർ മാത്രമാകുന്നു.'

12. അറിയുക: അവർ തന്നെയാണ്‌ നാശകാരികൾ. പക്ഷേ, അവരതറിയുന്നില്ല.

13. (മറ്റു)ജനങ്ങൾ വിശ്വസിക്കുന്നതുപോലെ നിങ്ങളും വിശ്വസിക്കുവിൻ എന്നു പറയപ്പെടുമ്പോൾ അവർ പറയുന്നു: 'ഈ മൂഢന്മാർ വിശ്വസിച്ചതുപോലെ ഞങ്ങളും വിശ്വസിക്കുകയോ' അറിയുക: (സത്യത്തിൽ) അവർ തന്നെയാകുന്നു മൂഢന്മാർ. പക്ഷേ, അവരതറിയുന്നില്ല.

13: ഇവിടെ 'ജനങ്ങൾ' എന്നതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്‌ നബി(സ)യിൽ അചഞ്ചലമായി വിശ്വസിച്ച പ്രവാചക ശിഷ്യന്മാരാകുന്നു. അതേ സത്യവിശ്വാസികളെപ്പറ്റിയാണ്‌ കപടവിശ്വാസികൾ 'മൂഢന്മാർ' എന്ന്‌ പറയുന്നതും. ഇസ്‌ലാം സ്വീകരിച്ച്‌ പലവിധ വിഷമതകൾക്കും ഇരയാകുന്ന വിശ്വാസികളെ മൂഢന്മാരായാണ്‌ കപടന്മാർ കണക്കാക്കിയിരുന്നത്‌. യഥാർഥത്തിൽ മൂഢന്മാർ അവരല്ലാതെ മറ്റാരുമല്ല.

പക്ഷേ, അത് മനസ്സിലാക്കുവാനുള്ള വിവേകം അവർക്കില്ലാതെ പോയി എന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

14. വിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും:'ഞങ്ങളും വിശ്വസിച്ചിരിക്കുന്നു.'എന്നാൽ അവരുടെ പിശാചുക്കളുമായി തനിച്ചാകുമ്പോൾ അവരോട് പറയും:നിശ്ചയമായും നിങ്ങളോടൊപ്പം തന്നെയാണ് ഞങ്ങൾ. ഞങ്ങളവരെ പരിഹസിക്കുക മാത്രമാകുന്നു.

14:'അവരുടെ പിശാചുക്കൾ' എന്നതുകൊണ്ടുദ്ദേശ്യം അവിശ്വാസികളുടെ നേതാക്കളും അവരുടെ സുഹൃത്തുക്കളുമാകുന്നു.

15. എന്നാൽ അല്ലാഹു അവരെയാകുന്നു പരിഹസിക്കുന്നത്. തങ്ങളുടെ അതിക്രമങ്ങളിൽ വിഹരിക്കാൻ അവർക്ക് അവൻ അവസരം നീട്ടിക്കൊടുക്കുകയും ചെയ്യുന്നു.

16. സന്മാർഗം കൊടുത്തു ദുർമാർഗം വാങ്ങിച്ചവരത്രെ അവർ. അതുകൊണ്ട് അവരുടെ കച്ചവടം ഒട്ടും ലാഭകരമായില്ല. അവർ നേർവഴി പ്രാപിച്ചവരും ആയില്ല.

17. അവരുടെ ഉപമ, ഒരു തീ കൊളുത്തിയവൻെറ ഉപമപോലെയാകുന്നു. അതു ചുറ്റുപാടും പ്രകാശം പരത്തിയപ്പോൾ അല്ലാഹു അവരുടെ പ്രകാശം എടുത്തുകളയുകയും ഒന്നുംകാണാത്തവരായി അവരെ കൂരിരുട്ടിലുപേക്ഷിക്കുകയും ചെയ്തു.

17: ഇവിടെ തീ കൊളുത്തിയവൻ പ്രവാചകനും, പ്രകാശം ദിവ്യസന്ദേശവുമാണ്. ചുറ്റും സത്യസന്ദേശമാകുന്ന പ്രകാശം പരന്നെങ്കിലും കപടവിശ്വാസികളുടെ ആത്മാക്കൾ അതേറ്റുവാങ്ങിയില്ല. കണ്ണിനു കാഴ്ചയുള്ളവർ യാഥാർഥ്യങ്ങൾ തെളിഞ്ഞു കണ്ടു. കപടന്മാർക്കാകട്ടെ ആ പ്രകാശത്തിൽ ഒന്നും കാണാൻ കഴിഞ്ഞതുമില്ല. സത്യനിഷേധികൾ നിസ്സങ്കോചം ആ പ്രകാശത്തെ തള്ളിക്കളയുകയും അതിൽനിന്ന് പിന്തിരിഞ്ഞു പോവുകയും ചെയ്തു.

18. അവർ ബധിരരും, മൂകരും അന്ധന്മാരുമാകുന്നു. അതിനാൽ ഇനിയവർ (സത്യത്തിലേക്ക്) മടങ്ങുകയില്ല.

18: സത്യനിഷേധികൾ സത്യസന്ദേശത്തെ നിസ്സങ്കോചം നിഷേധിച്ചപ്പോൾ കപട വിശ്വാസികൾ അതിനെ ബാഹ്യമായി അംഗീകരിച്ചു. എന്നാൽ ആ പ്രകാശത്തെ സംബന്ധിച്ചിടത്തോളം ഇരുകൂട്ടരും ബധിരരും മൂകരും അന്ധരും തന്നെയാകുന്നു.

19. അല്ലെങ്കിൽ(അവരുടെ ഉപമ):ആകാശത്തുനിന്നു പെരുമഴ വർഷിക്കുന്നു. ഒപ്പം കൂരിരുട്ടും ഇടിയും ഇടിവാളുമുണ്ട്. ഇടിനാദം കേട്ട് മരണഭീതിയാൽ അവർ ചെവികളിൽ വിരലുകൾ തിരുകുന്നു. എന്നാൽ അല്ലാഹു സത്യനിഷേധികളെ വലയം ചെയ്തവനാകുന്നു.

19: രാത്രിയുടെ അന്ധകാരത്തിൽ ആകാശത്തുനിന്ന് ഒരു വമ്പിച്ച മഴ പെയ്തുകൊണ്ടിരിക്കുന്നു. ഇടിയും മിന്നലും കൂരിരുട്ടും കാരണം വഴിതപ്പി നടക്കാൻപോലും കഴിയാത്ത അവസ്ഥ. ഇങ്ങനെയുള്ള ഒരു പേമാരിയിൽ അകപ്പെട്ട അവസ്ഥപോലെയാണ് കപടവിശ്വാസികളുടെ സ്ഥിതിഗതികൾ. സംശയങ്ങളും ആശയക്കുഴപ്പങ്ങളും പരിഭ്രമവും ഭീതിയും മൂലം അവരുടെ മനസ്സമാധാനവും സ്വസ്ഥതയും നഷ്ടപ്പെട്ടിരിക്കുന്നു. നബി(സ)യുടെയും സത്യവിശ്വാസികളുടെയും പക്ഷത്ത് ചേർന്നാലുണ്ടാകുന്ന നേട്ടങ്ങൾ ഒരു ഭാഗത്ത്, അതേ സമയം അതിൽ ചേർന്നാൽ നേരിട്ടേക്കാവുന്ന കഠിനകഠോരമായ ത്യാഗ പരീക്ഷണങ്ങൾ മറുഭാഗത്തും. ഖുർആൻെറ താക്കീതുകളും മുന്നറിയിപ്പുകളും കേൾക്കാതെയും ശ്രദ്ധിക്കാതെയുമിരുന്നതുകൊണ്ടോ കാതുപൊത്തിയതുകൊണ്ടോ കണ്ടില്ലെന്ന് നടിച്ചതുകൊണ്ടോ അതിൻെറ ആപത്ത് ഇല്ലാതാവുന്നില്ല. അതിൻെറ ഭയാനകമായ അനന്തര ഫലങ്ങളിൽനിന്ന് രക്ഷപ്പെടാനും പോകുന്നില്ല.
അല്ലാഹുവിൻെറ മുന്നറിയിപ്പുകളിൽനിന്ന് ഒളിച്ചോടുന്ന സത്യനിഷേധികളെ നാനാഭാഗത്തുനിന്നും അല്ലാഹു വലയം ചെയ്തിരിക്കുന്നു. ആ വലയത്തിൽനിന്ന് രക്ഷപ്പെടാൻ ആരാലും സാധ്യമല്ല.

20. മിന്നൽ അവരുടെ കാഴ്ചകളെ റാഞ്ചി എടുക്കുമാറാകുന്നു. വെളിച്ചം കിട്ടുമ്പോഴൊക്കെ അവരതിലൂടെ നടക്കുന്നു. അവരെ ഇരുട്ടു മൂടുമ്പോൾ നിശ്ചലരാവുകയും ചെയ്യുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കേൾവിയും കാഴ്ചയും അവൻ എടുത്തുകളയുമായിരുന്നു. തീർച്ചയായും അല്ലാഹു എല്ലാറ്റിനും കഴിവുറ്റവൻ തന്നെ.

21. അല്ലയോ ജനങ്ങളേ, നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിന് വഴിപ്പെടുവിൻ. നിങ്ങൾ (അവനോടുള്ള കടമ) സൂക്ഷിക്കുന്നതിനുവേണ്ടി.

22. ഭൂമിയെ നിങ്ങൾക്ക് വിരിപ്പും ആകാശത്തെ മേലാപ്പുമാക്കിത്തരികയും, മാനത്തുനിന്ന് ജലം വർഷിച്ച് അതുകൊണ്ട് നിങ്ങൾക്കാഹരിക്കാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചുതരികയും ചെയ്തവനത്രെ അവൻ. അതെല്ലാം അറിഞ്ഞിരിക്കെ, നിങ്ങൾ അല്ലാഹുവിന് സമന്മാരെ കൽപിക്കാതിരിക്കുക.

---

22: മനുഷ്യന് ഇഷ്ടാനുസാരം വിഹരിക്കുവാൻ ഭൂമിയെ അല്ലാഹു വിശാലമാക്കി സജ്ജീകരിച്ചു തന്നിരിക്കുന്നു.
മനുഷ്യന്റെ നിലനിൽപിനും ജീവിതത്തിനും ആവശ്യമായ ചില മഹത്തായ അനുഗ്രഹങ്ങളെയാണ് അല്ലാഹു ഇവിടെ ഓർമിപ്പിക്കുന്നത്. അവയിലൊന്നും മറ്റാർക്കും ഒരു പങ്കുമില്ല. സകല മനുഷ്യരെയും സൃഷ്ടിക്കുകയും അവർക്കാവശ്യമുള്ള ഭക്ഷ്യവിഭവങ്ങൾ വിളയിക്കാൻ പാകത്തിൽ ആകാശത്തുനിന്ന് മഴ വർഷിപ്പിക്കുന്നതും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളാണ്. എന്നിരിക്കെ അല്ലാഹുവിന് സമന്മാരെ സങ്കൽപിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. അല്ലാഹുവിന്റെ ഗുണവിശേഷങ്ങളിലോ, പ്രവർത്തനങ്ങളിലോ, അധികാരാവകാശങ്ങളിലോ, ഏതെങ്കിലും തരത്തിലുള്ള തുല്യതയോ പങ്കോ മറ്റേതെങ്കിലും വസ്തുവിനുണ്ടെന്ന് സങ്കൽപിക്കുക എന്നതാണ് അവന് സമന്മാരെ സങ്കൽപിക്കുക എന്നതുകൊണ്ടുള്ള വിവക്ഷ.

---

23. നമ്മുടെ ദാസന് നാം അവതരിപ്പിച്ചിട്ടുള്ള(ഈ വേദത്തെക്കുറിച്ച്) നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതുപോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരുവിൻ. അതിന് അല്ലാഹുവിനെ കൂടാതുള്ള നിങ്ങളുടെ സഹായികളെയും നിങ്ങൾ വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരെങ്കിൽ (അതു ചെയ്തു കാണിക്കൂ).

---

23: ഖുർആൻ അല്ലാഹു അവതരിപ്പിച്ചതല്ലെന്ന് വാദിക്കുകയോ സംശയിക്കുകയോ ചെയ്യുന്നവർക്കെല്ലാം പതിനാലു നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു വമ്പിച്ച വെല്ലുവിളിയാണിത്.വിശുദ്ധ ഖുർആനിൽ പല അധ്യായങ്ങളിലും ഈ വെല്ലുവിളി ആവർത്തിച്ചിട്ടുണ്ട്.യൂനുസ് 38, ഹൂദ് 13, അൽ ഇസ്റാഅ് 88, അത്തൂർ 34 എന്നീ വചനങ്ങളിലും ഇതേ വെല്ലുവിളി ആവർത്തിച്ചതായി കാണാം. ഖുർആനിനെപോലുള്ള ഒരു ഗ്രന്ഥം, അല്ലെങ്കിൽ അതിലേതുപോലുള്ള പത്ത് അധ്യായങ്ങൾ, അതുമല്ലെങ്കിൽ ഒരധ്യായമെങ്കിലും കൊണ്ടുവരുവിൻ എന്നും വെല്ലുവിളിച്ചു നോക്കി. എല്ലായ്പോഴും മൗനമല്ലാതെ ഒരു പ്രതികരണവുമുണ്ടായില്ല. ഖുർആനിൽ മൂന്ന് വചനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന അധ്യായങ്ങൾ പോലുമുണ്ട്. ഇതൊക്കെയായിട്ടും അന്നുതൊട്ട് ഇന്നേവരെ ഈ വെല്ലുവിളിയെ നേരിടാൻ ഒരാളും ധൈര്യപ്പെട്ടിറങ്ങിയതായി ചരിത്രമില്ല. ലോകാവസാനം വരെ ഈ വെല്ലുവിളി ഈ ഗ്രന്ഥത്തിന്റെ താളുകളിൽ അതേപടി അവശേഷിക്കുകതന്നെ ചെയ്യും.

---

24. അങ്ങനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ- ഒരിക്കലും നിങ്ങക്കത് ചെയ്യാൻ കഴിയുകയില്ല. മനുഷ്യരും കല്ലുകളും വിറകായിട്ടുള്ള നരകാഗ്നിയെ കാത്തുകൊള്ളുക. അവിശ്വാസികൾക്കായി അത് ഒരുക്കപ്പെട്ടിരിക്കുന്നു.

---

24: അർഥശങ്കക്കിടയില്ലാത്ത ഭാഷയിൽ അല്ലാഹു തീർത്തു പറയുന്നു: ഒരു കാലത്തും നിങ്ങൾ അത് ചെയ്യുകയില്ല. നിങ്ങൾക്കതിന് ഒരിക്കലും സാധിക്കുകയില്ല! ഈ പ്രവചനം ഇന്നുവരേക്കും അക്ഷരം പ്രതി പുലർന്നുപോന്നിരിക്കുന്നു.

ഈ വെല്ലുവിളിയെ നേരിടാൻ ആർക്കും കഴിയാത്തതും അതിന് ഒരിക്കലും കഴിയുകയില്ലെന്ന് ഖണ്ഡിതമായി മുൻകൂട്ടി പ്രസ്താവിച്ചതും വിശുദ്ധ ഖുർആൻ അമാനുഷികമാണെന്നതിൻെറ വ്യക്തമായ തെളിവാണ്. അതിനാൽ ഈ ഗ്രന്ഥം മുഹമ്മദ്നബി(സ)യുടെ പ്രവാചകത്വത്തിൻെറ തെളിവാണ്. മുൻവേദങ്ങളിൽ പോലും ഖുർആനെപോലുള്ള ഒരു ഗ്രന്ഥമുണ്ടായിട്ടില്ല. പതിനാലു നൂറ്റാണ്ടുകളായി മാറ്റത്തിരുത്തലുകളില്ലാതെ ഇത് നിലനിൽക്കുന്നു. മുഹമ്മദ് നബി(സ)യുടെ സത്യതക്കുള്ള ഒരു നിത്യദൃഷ്ടാന്തമത്രെ ഈ ഗ്രന്ഥം.

സത്യം ബോധ്യമായിട്ടും അതിനെ നിഷേധിക്കുന്നവർക്കായി നരകാഗ്നി ഒരുക്കപ്പെട്ടിരിക്കുന്നു. സത്യനിഷേധികളും അവർ പൂജിച്ചിരുന്ന ബിംബങ്ങളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ സൂക്ഷിക്കണമെന്ന ശക്തിയായ താക്കീതും നൽകിയിരിക്കുന്നു.

---

25. (നബിയെ, ഈ വേദത്തിൽ) വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരെ സന്തോഷവാർത്ത അറിയിക്കുക. താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങൾ അവർക്കുള്ളതാകുന്നു. അതിലെ ഓരോ കനിയും ഭക്ഷിക്കുവാനായി നൽകപ്പെടുമ്പോൾ അവർ പറയും: ഞങ്ങൾക്കു നേരത്തെ നൽകിയതു തന്നെയാണല്ലോ ഇതും. (വാസ്തവത്തിലതു) സാദൃശ്യമുള്ളതായി അവർക്ക് നൽകപ്പെടുകയാണ്. അവർക്ക് അവിടെ വിശുദ്ധരായ ഇണകളുണ്ടായിരിക്കും. അവർ അവിടെ നിത്യവാസികളുമായിരിക്കും.

---

25: ഇവിടെ വിശ്വാസികൾക്ക് ശുഭവാർത്ത അറിയിക്കുകയാണ്. അവർക്ക് ലഭിക്കുന്ന സ്വർഗീയ ഫലങ്ങൾ ഭൂലോകത്ത് അവർ പരിചയിച്ചുകഴിഞ്ഞ ഫലങ്ങളോട് രൂപത്തിലും വർണത്തിലുമൊക്കെ സാദൃശ്യമുള്ളവയായിരിക്കും. എന്നാൽ രുചിയിലും സ്വാദിലുമാകട്ടെ ഒരു വിധത്തിലും താരതമ്യപ്പെടുത്താനാവാത്തവിധം മേത്തരങ്ങളുമായിരിക്കും.

---

26. നിശ്ചയമായും എതൊരു വസ്തുവെയും ഉപമയാക്കുന്നതിൽ അല്ലാഹു ഒട്ടും ലജ്ജിക്കുന്നില്ല;അത് ഒരു കൊതുവാകട്ടെ, അതിലുപരി വലുതോ ആകട്ടെ. അപ്പോൾ വിശ്വാസികൾ-അത് തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സത്യമാണെന്ന് തിരിച്ചറിയുന്നു.എന്നാൽ സത്യനിഷേധികൾ ചോദിക്കുന്നു: ഈ ഉപമകൾകൊണ്ട് അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നത്? (ഈ വിധം ഒരേ വചനത്തിലൂടെ) അല്ലാഹു അനേകരെ വഴിപിഴപ്പിക്കുകയും, അനേകരെ നേർവഴിക്കു നയിക്കുകയും ചെയ്യുന്നു. എന്നാൽ ധിക്കാരികളെയല്ലാതെ അവൻ അതുമൂലം വഴിപിഴപ്പിക്കുകയില്ല.

---

26: ഖുർആൻ കൊതുക്, ഈച്ച പോലുള്ള കീടങ്ങളെ ഉദാഹരണങ്ങളായെടുക്കുന്നത് അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ഗ്രന്ഥത്തിൻെറ അന്തസ്സിന് നിരക്കാത്തതാണെന്ന് കപടവിശ്വാസികൾ ആരോപിച്ചിരുന്നു. എന്നാൽ സൃഷ്ടികളെന്ന നിലയിൽ ഈച്ചയും കൊതുകും ആകാശഗംഗയും അല്ലാഹുവിന് തുല്യമാണ്. എന്നിരിക്കെ ഏതു നിസ്സാര സൃഷ്ടിയെയും പരാമർശിക്കാൻ അവൻ ലജ്ജിക്കേണ്ട കാര്യമൊന്നുമില്ല.

---

27. അല്ലാഹുവുമായുള്ള പ്രതിജ്ഞ ഉറപ്പിച്ച ശേഷം ലംഘിക്കുകയും അല്ലാഹു കൂട്ടിച്ചേർക്കാൻ കൽപിച്ചതിനെ വേർപെടുത്തുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരത്രെ അവർ. അവർ തന്നെയാകുന്നു നഷ്ടക്കാർ.

28. നിങ്ങൾക്ക് എങ്ങനെയാണ് അല്ലാഹുവിനെ നിഷേധിക്കാൻ കഴിയുന്നത്? നിങ്ങൾക്ക് ജീവനില്ലായിരുന്നു. പിന്നെ അവൻ നിങ്ങൾക്ക് ജീവൻ നൽകി.വീണ്ടും അവൻ തന്നെ നിങ്ങളെ മരിപ്പിക്കുന്നു.പിന്നീട് അവൻ തന്നെ നിങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യും അവസാനം അവങ്കലേക്കുതന്നെ നിങ്ങൾ തിരിച്ചയക്കപ്പെടുന്നതുമാകുന്നു.

---

28: ദൈവത്തിൽ വിശ്വസിക്കുക എന്നതിൻെറ വിവക്ഷ 'ദൈവം ഉണ്ട്' എന്ന് വിശ്വസിക്കുക മാത്രമല്ല, ദൈവത്തിൻെറ ഏകത്വത്തിലും അവൻെറ സർവ സദ്ഗുണസമ്പൂർണതയിലും,അവൻെറ ദൂതന്മാരിലും, വേദങ്ങളിലും, പരലോകത്തിലും വിചാരണയിലും, രക്ഷാശിക്ഷകളിലും കൂടിയുള്ള വിശ്വാസമാണ്, യഥാർഥവും പൂർണവുമായ ദൈവവിശ്വാസം.
ദൈവത്തിൻെറ അസ്തിത്വം അംഗീകരിക്കുകയും എന്നാൽ ദൈവവിശ്വാസത്തിൻെറ അവിഭാജ്യഘടകങ്ങളിലേതെങ്കിലും ഒന്നിനെ നിഷേധിക്കുകയും ചെയ്യുന്നവൻ ഫലത്തിൽ പൂർണമായും ദൈവത്തെ നിഷേധിച്ചവനെപോലെയാണ്. അയാൾ അവിശ്വാസിയാണ്.
ദൈവവിശ്വാസത്തിൻെറ അവിഭാജ്യ ഘടകങ്ങളെ നിഷേധിക്കുമ്പോൾ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം പൂർണമായും ഇല്ലാതാവുന്നു. ദൈവത്തിന് മനുഷ്യരോടോ മനുഷ്യന് ദൈവത്തോടോ യാതൊരു ഉത്തരവാദിത്വവുമില്ലാതാകുന്നു. ഫലത്തിൽ അതും ദൈവനിഷേധമാകുന്നു.
ദൈവം ഏകനാണ് അവന് സന്താനങ്ങളോ, പങ്കാളികളോ ഇല്ല. ദൈവത്തിന് പുത്രനോ പങ്കാളികളോ ഉണ്ടെന്നാണ് ഒരാൾ വിശ്വസിക്കുന്നതെങ്കിൽ അയാൾ വിശ്വസിക്കുന്നത് യഥാർഥ ദൈവമല്ലാതാകുന്നു. അയാൾ യഥാർഥ ദൈവത്തെ നിഷേധിക്കുകയും, പുത്രനോ പങ്കാളികളോ ഉണ്ടെന്ന് ആരോപിക്കുന്ന ഏതോ സാങ്കൽപിക ദൈവത്തിൽ വിശ്വസിക്കുകയുമാണ് ചെയ്യുന്നത്.
ഇല്ലായ്മയിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും, പിന്നെ മരിപ്പിക്കുകയും, നിങ്ങൾക്ക് തന്ന ജീവിതം നിങ്ങൾ എന്തുചെയ്തുവെന്ന് ചോദ്യം ചെയ്യുന്നതിനും രക്ഷാശിക്ഷകൾ വിധിക്കാനുമായി നിങ്ങളെ വീണ്ടും ഉയിർത്തെഴുന്നേൽപിക്കുകയും അവങ്കലേക്ക് ഒരുമിച്ച് കൂട്ടുകയും ചെയ്യുന്നതാണ്.

---

29. ഈ ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കായി സൃഷ്ടിച്ചത് അവനാണ്.എന്നിട്ടവൻ ഉപരിലോകത്തിലേക്ക് തിരിയുകയും അതിനെ ഏഴാകാശങ്ങളായി സംവിധാനിക്കുകയും ചെയ്തു. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

---

29: ഭൂമിയിൽ മനുഷ്യവാസം തുടങ്ങുന്നതിനു മുമ്പുതന്നെ അവനു വേണ്ടതെല്ലാം അല്ലാഹു അതിൽ തയ്യാറാക്കിയിരുന്നു. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മനുഷ്യന് ഉപകാരപ്പെടാത്ത ഒരു വസ്തുവും ഈ ഭൂലോകത്തില്ല.
ഈ സൂക്തത്തിലെ 'ഏഴാകാശങ്ങൾ' എന്താണെന്ന് നിർണയിക്കുക വിഷമമാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

---

30. നിൻെറ നാഥൻ മലക്കുകളോടു പറഞ്ഞ സന്ദർഭം: ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു.അവർ പറഞ്ഞു: അവിടെ വിനാശമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കുന്നത്? ഞങ്ങളാകട്ടെ നിൻെറ മഹത്വത്തെ പ്രകീർത്തിക്കുകയും നിൻെറ വിശുദ്ധിയെ വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.അവൻ അരുളി: നിശ്ചയമായും നിങ്ങൾക്കറിഞ്ഞുകൂടാത്തത് ഞാൻ അറിയുന്നു.

---

30: പ്രപഞ്ചമാകുന്ന ദൈവികഭരണകൂടത്തിൽ അല്ലാഹുവിൻെറ ആജ്ഞകൾ നടപ്പിൽ വരുത്തുന്ന വ്യക്തിത്വമുള്ള സൃഷ്ടികളാണ് മലക്കുകൾ.(ഭാഷാർഥം-ദൂതൻ,സന്ദേശവാഹകൻ). മലക്കുകൾ അദൃശ്യസൃഷ്ടികളാകുന്നു. അവർ അല്ലാഹുവിൻെറ ആദരണീയ ദാസന്മാരും അവൻെറ അജ്ഞാനുസാരം മാത്രം പ്രവർത്തിക്കുന്നവരുമാണ്. അല്ലാഹു കനിഞ്ഞനുഗ്രഹിച്ച യോഗ്യതകളും അറിവുകളും മാത്രമേ അവർക്കുള്ളു. അതിനാൽ യാതൊരു തരത്തിലുള്ള ആരാധനക്കും അവർ അർഹരല്ല. ജൂതന്മാരും ക്രിസ്ത്യാനികളും ഇവരെ 'മാലാഖ'യെന്ന് വിളിക്കുന്നു. അറേബ്യയിലെ ബഹുദൈവാരാധകർ മലക്കുകളെ ദൈവത്തിൻെറ പെൺമക്കളായി കരുതിയിരുന്നു. ഹൈന്ദവർ ഇവരെ 'ദേവന്മാർ' എന്ന് വിളിക്കുകയും അവരെ ദൈവത്തിൻെറ മക്കളോ പങ്കാളികളോ ആയി സങ്കൽപിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.

---

31. അവൻ ആദമിനെ എല്ലാ നാമങ്ങളും പഠിപ്പിച്ചു. പിന്നീട് അവയെ മലക്കുകൾക്ക് കാണിച്ചുകൊടുത്തിട്ട് പറഞ്ഞു: നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞു തരിക.

---

31.ആദം എന്ന പദംകൊണ്ട് ഇവിടെ വിവക്ഷിച്ചിട്ടുള്ളത് ആദിപിതാവ് ആദം(അ)തന്നെ. ബൈബിളും ആദിപിതാവിനെ ആദം എന്നുതന്നെയാണ് വിളിക്കുന്നത്.
'പേരുകൾ പഠിപ്പിച്ചുകൊടുത്തു' എന്നതിൻെറ വിവക്ഷ, ഓരോ വസ്തുവിന്നും ഇന്നിന്ന പേരാണെന്നും, പേരടക്കം എല്ലാ വസ്തുക്കളെക്കുറിച്ചുള്ള ജ്ഞാനവും പഠിപ്പിച്ചു കൊടുത്തു എന്നാണെന്നും അഭിപ്രായങ്ങളുണ്ട്. ഏതായാലും വസ്തുക്കളെ സംബന്ധിച്ച് പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും അവയുടെ പേരുകൾക്ക് മുഖ്യസ്ഥാനമുണ്ട്.

---

32. അവർ പറഞ്ഞു: നിനക്ക് സ്തോത്രം. നീ ഞങ്ങളെ പഠിപ്പിച്ചതല്ലാതെ ഞങ്ങൾക്ക് ഒരറിവുമില്ല. നിശ്ചയമായും എല്ലാം അറിയുന്നവനും യുക്തിമാനും നീ മാത്രമാകുന്നു.

---

32: മനുഷ്യന്, തങ്ങൾക്ക് ഇല്ലാതിരുന്ന ചില സവിശേഷതകൾ അല്ലാഹു നൽകിയിട്ടുണ്ടെന്നും മനുഷ്യനെ ഭൂമിയിലെ പ്രതിനിധിയാക്കുന്നതിൽ മഹത്തായ യുക്തിരഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടെന്നും മലക്കുകൾക്ക് മനസ്സിലായി. അല്ലാഹു എല്ലാം അറിയുന്ന സർവജ്ഞനും എല്ലാം യുക്തിപൂർവം പ്രവർത്തിക്കുന്ന അഗാധജ്ഞനുമാണെന്നും മനുഷ്യനെക്കുറിച്ച് തങ്ങൾ ഊഹിച്ചതും അല്ലാഹുവിനോട് സൂചിപ്പിച്ചതും അബദ്ധമായെന്നും അവർക്ക് ബോധ്യമായി.

---

33. അവൻ പറഞ്ഞു: അല്ലയോ ആദം, അവയുടെ നാമങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുക. അങ്ങനെ അവയുടെ നാമങ്ങൾ അവൻ അവർക്ക് പറഞ്ഞുകൊടുത്തപ്പോൾ (അല്ലാഹു) അരുളി: ആകാശഭൂമികളിലെ അദൃശ്യ കാര്യങ്ങളും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതും ഞാൻ അറിയുന്നുവെന്നും നിങ്ങളോട് പറഞ്ഞിരുന്നില്ലേ?

---

33: അല്ലാഹുവിൻെറ കൽപനപ്രകാരം ആദം അവയുടെ നാമങ്ങൾ മലക്കുകൾക്ക് പറഞ്ഞുകൊടുത്തു. അപ്പോൾ തങ്ങളെക്കാൾ ആദമിനുള്ള മഹത്വമെന്തെന്ന് മലക്കുകൾ അറിഞ്ഞു.

---

34. നാം മലക്കുകളോട് പറഞ്ഞ സന്ദർഭം: നിങ്ങൾ ആദമിന് സാഷ്ടാംഗം ചെയ്യുക. അവരെല്ലാം സാഷ്ടാംഗം ചെയ്തു. ഇബ്ലീസൊഴിച്ച്. അവൻ വിസമ്മതിക്കുകയും അഹംഭാവം നടിക്കുകയുംചെയ്തു. അവൻ സത്യനിഷേധികളിൽപെട്ടുപോയി.

35. നാം പറഞ്ഞു: നീയും നിൻെറ ഇണയും സ്വർഗത്തിൽ താമസിക്കുക. അതിൽ നിങ്ങൾ ഇച്ഛിക്കുന്നിടത്തു നിന്ന് സുഭിക്ഷമായി ആഹരിച്ചുകൊൾക. എന്നാൽ ഈ വൃക്ഷത്തോടടുത്തു പോകരുത്. നിങ്ങൾ അതിക്രമികളുടെ ഗണത്തിൽ പെട്ടുപോകും.

36. എന്നാൽ പിശാച് അവരിരുവരെയും അതിൽ നിന്ന് വ്യതിചലിപ്പിച്ചു. അവരെ തങ്ങളുടെ നിലവിലുള്ള(സ്വർഗീയാ)വസ്ഥയിൽനിന്ന് പുറംതള്ളുകയും ചെയ്തു. നാം അവരോട് കൽപിച്ചു: നിങ്ങൾ ഇവിടെ നിന്ന് ഇറങ്ങിപ്പോകുവിൻ. നിങ്ങൾ പരസ്പരം ശത്രുക്കളാകുന്നു. ഭൂമിയിൽ നിങ്ങൾക്ക് ഒരു നിശ്ചിത അവധിവരേക്കും അധിവാസവും ജീവിതവിഭവങ്ങളുമുണ്ട്.

---

36: അല്ലാഹുവിൻെറ പ്രതിനിധികളെന്ന നിലയിൽ ആദം ദമ്പതികളെ ഭൂമിയിലേക്ക് അയക്കുന്നതിനു മുമ്പായി, അവർക്കുള്ള ഒരു പരീക്ഷണമായിരുന്നു സ്വർഗത്തിലെ ഒരു പ്രത്യേക വൃക്ഷത്തെ സമീപക്കരുതെന്ന അല്ലാഹുവിൻെറ കൽപന. തങ്ങളുടെ ശത്രുവാണെന്ന് മുന്നറിയിപ്പ് നൽകപ്പെട്ട പിശാചിൻെറ പ്രലോഭനങ്ങൾക്കും പ്രേരണകൾക്കുമെതിരെ അല്ലാഹുവിൻെറ അജ്ഞ അനുസരിക്കുന്നതിൽ അവർ എത്രത്തോളം അടിയുറച്ചുനിൽക്കുമെന്ന പരീക്ഷണമായിരുന്നു അത്. 'ഇവൻ നിൻെറ പ്രത്യക്ഷ ശത്രുവാണ്' എന്ന അല്ലാഹുവിൻെറ പ്രഖ്യാപനം ആദ(അ)മും തൻെറ പ്രിയതമയും സ്വന്തം കണ്ണുകൾകൊണ്ട് കാണുകയും കാതുകൾകൊണ്ട് കേൾക്കുകയും ചെയ്തിട്ടുള്ള യാഥാർഥ്യമായിരുന്നു. 'ഞാൻ അവനെ വഴിപിഴപ്പിക്കുകയും തകർക്കുകയും ചെയ്യു'മെന്ന് അദ്ദേഹത്തിൻെറ മുമ്പിൽ വെച്ചുതന്നെ പിശാച് വെല്ലുവിളി നടത്തിയിട്ടുമുണ്ട്. എന്നിട്ടും സാത്താൻ ദയാനിധിയും അഭ്യുദയകാംക്ഷിയുമായ ഒരു നിഷ്കളങ്കസുഹൃത്തിൻെറ വേഷത്തിൽ പ്രത്യക്ഷപ്പെട്ട് കൂടുതൽ സൗഭാഗ്യകരമായ ഒരവസ്ഥയെക്കുറിച്ച്

അദ്ദേഹത്തിൽ മോഹം ജനിപ്പിച്ചപ്പോൾ ആ പ്രലോഭനത്തെ പ്രതിരോധിക്കാൻ കഴിയാതെ ആദം(അ) കെണിയിൽ അകപ്പെട്ടുപോയി.

(അവൻ അവരോട് പറഞ്ഞു: നിങ്ങളുടെ രക്ഷിതാവ് ഈ വൃക്ഷം നിങ്ങൾക്ക് നിരോധിച്ചിട്ടുള്ളത് നിങ്ങൾ മാലാഖമാരായിത്തീരുകയോ നിത്യജീവിതം കൈവരിക്കുകയോ ചെയ്യാതിരിക്കേണ്ടതിനു മാത്ര മാകുന്നു. 7:20)

മനുഷ്യന്റെ ബദ്ധവൈരിയായ പിശാചിനെ സൂക്ഷിക്കണമെന്ന അല്ലാഹുവിന്റെ മുന്നറിയിപ്പുകൾ ആദം(അ) മറന്നുപോയി. പരീക്ഷണത്തിൽ ഇരുവരും പരാജയപ്പെട്ടു. വിലക്കപ്പെട്ട കനിതിന്നതിന്റെ ഉത്തരവാദിത്വം ഇരുവർക്കും തുല്യമായിരുന്നു. സ്വർഗത്തിൽനിന്ന് ഇരുവരെയും പുറത്താക്കാനുള്ള അല്ലാഹുവിന്റെ ന്യായം പൂർത്തിയായി.

ആദ(അ)മിനെ പിഴപ്പിച്ചത് ഹവ്വയാണെന്ന ചിലരുടെ വാദം ഖുർആൻ അംഗീകരിക്കുന്നില്ല. ചെകു ത്താൻ ദുർബോധനത്തിലകപ്പെടുത്തിയ വ്യക്തി ആദം(അ) ആയിരുന്നു, ഹവ്വ ആയിരുന്നില്ല എന്ന് സൂക്തം 20:120-ൽ ഖുർആൻ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. അധ്യായം 'അൽ അഅ്റാഫിലെ' വിവരണമനുസരിച്ച് രണ്ടുപേരും അഭിസംബോധിതരായിരുന്നു. രണ്ടുപേരും വഞ്ചനയിൽ അകപ്പെടു കയും ചെയ്തിട്ടുണ്ട്.എങ്കിലും പൈശാചിക ദുർബോധനം ഉന്നം വെച്ചിരുന്നത് ആദ(അ)മിനെയായിരു ന്നു.

സ്ത്രീ ആദ്യപാപത്തിന്റെ നിമിത്തവും എല്ലാ വിനാശത്തിന്റെയും നാരായവേരുമാണെന്നുള്ള ചില വിഭാഗങ്ങളുടെ സങ്കൽപവും ഖുർആൻ നിരാകരിക്കുന്നു.

---

37. അപ്പോൾ ആദം തന്റെ നാഥനിൽനിന്ന് ചില വചനങ്ങൾ പഠിച്ചു (പശ്ചാത്തപിച്ചു.) (അപ്പോൾ അല്ലാഹു) അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചു. നിശ്ചയമായും ഏറെ മാപ്പരുളുന്നവനും ദയാപരനുമത്രെ അവൻ.

---

37: ആദ(അ)മിന് സ്വന്തം തെറ്റിൽ ഖേദമുണ്ടായി. അപ്പോൾ പാപമോചനത്തിനായി പ്രാർഥിക്കാനുള്ള വചനങ്ങൾ അല്ലാഹു അദ്ദേഹത്തെ പഠിപ്പിച്ചു.

(ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടുതന്നെ അതിക്രമം കാണിച്ചിരിക്കുന്നു. നീ മാപ്പേകുകയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഉറപ്പായും ഞങ്ങൾ നഷ്ടം പറ്റിയവരായിത്തീരും 7:23).

അല്ലാഹു അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചു. അദ്ദേഹം പാപമുക്തനായി. ഭൂമിയിൽ നിയുക്ത നാകുന്നതിനുമുമ്പു തന്നെ അദ്ദേഹത്തിന്റെ പാപം പൊറുക്കപ്പെടുകയും പാപമാലിന്യത്തിൽനിന്ന് അദ്ദേഹം ശുദ്ധീകരിക്കപ്പെടുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ സന്താന തലമുറകളിലും ആ കളങ്കം അവശേഷിച്ചിട്ടില്ല. ശുദ്ധപ്രകൃതിയോടെയും ആദരണീയരായിട്ടുമാണ് മനുഷ്യസന്തതികൾ സൃഷ്ടിക്ക പ്പെടുന്നതെന്ന് ഖുർആൻ പ്രസ്താവിച്ചിരിക്കുന്നു.

അതിനാൽ മനുഷ്യ വംശത്തിന് പ്രായശ്ചിത്തമായി തന്റെ 'ഏക പുത്രനെ'ഭൂമിയിലേക്കയച്ചു കുരിശി ലേറ്റേണ്ട ആവശ്യം ദൈവത്തിനുണ്ടായിട്ടില്ല. ആദമിന്റെ ആദിപാപം ശാശ്വതമായി നിലനിൽക്കുന്നു വെന്നും അത് തന്റെ സന്തതികളിലേക്ക് പകർന്നുകൊണ്ടിരിക്കുന്നതിനാൽ മനുഷ്യവംശം മുഴുവൻ പാപികളാണെന്നുമുള്ള ചിലരുടെ അന്ധവിശ്വാസത്തെ ഖുർആൻ തീർത്തും ഖണ്ഡിച്ചിരിക്കുന്നു.

പാപത്തിന്റെ ഫലം മനുഷ്യൻ അനുഭവിച്ചേതീരൂ എന്ന സിദ്ധാന്തവും ഖുർആൻ നിഷേധിക്കുന്നു. വളരെ ഗുരുതരമായ വഴിപിഴച്ച മനുഷ്യനിർമിത സിദ്ധാന്തമാണിത്. അപരാധം പ്രവർത്തിച്ചശേഷം അതിൽ ഖേദിക്കുകയും മേലിൽ സംസ്കരണത്തിന് സന്നദ്ധനാവുകയും ചെയ്യുന്നവന്റെ അപരാധങ്ങളെ അല്ലാഹു തന്റെ അനുഗ്രഹത്താൽ മാപ്പ് ചെയ്തുകൊടുക്കുമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. എത്ര വലിയ കുറ്റവാളിക്കും അവിശ്വാസിക്കും ദൈവസന്നിധിയിൽ നിരാശക്ക് വഴിയില്ല. നിയമലംഘന ത്തിൽ ഖേദിക്കുകയും ഭാവിയിൽ നന്നായി ജീവിക്കുവാനും സന്നദ്ധനാവുകയുമാണെങ്കിൽ.

ഒരു നന്മയുടെ പേരിൽ നമുക്ക് പ്രതിഫലം ലഭിക്കുന്നുവെങ്കിൽ ആ പ്രതിഫലം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രം ലഭിക്കുന്നതാണ്. അതേപ്രകാരം ഒരു തിന്മയുടെ പേരിൽ അല്ലാഹുവിന് നമ്മെ ശിക്ഷിക്കാനും അല്ലെങ്കിൽ മാപ്പ് നൽകാനും പൂർണാധികാരമുണ്ട്.

---

38. നാം കൽപിച്ചു:നിങ്ങൾ എല്ലാവരും ഇവിടെനിന്ന് ഇറങ്ങിപ്പോകുവിൻ. പിന്നീട് നിങ്ങൾക്ക് എന്നിൽ നിന്നുള്ള മാർഗദർശനം വന്നെത്തുമ്പോൾ, ആർ ആ മാർഗദർശനത്തെ പിൻപറ്റുന്നുവോ അവർ ഭയപ്പെടേണ്ടതില്ല, ദുഃഖിക്കേണ്ടതുമില്ല.

---

38: ആദം(അ) സൃഷ്ടിക്കപ്പെട്ടത് ഭൂമിയിലെ ദൈവപ്രാതിനിധ്യത്തിനുവേണ്ടിയായിരുന്നു. അല്ലാഹുവിൻെറ പ്രതിനിധിയെന്ന നിലയിൽ അവനിൽനിന്ന് ലഭിക്കുന്ന മാർഗദർശനങ്ങൾ തൻെറ സന്തതികൾക്ക് എത്തിച്ചുകൊടുക്കുക എന്ന ദൗത്യമാകുന്ന ഉന്നത സ്ഥാനവും അദ്ദേഹത്തിന് അവൻ നൽകി.

പ്രവാചകന്മാർ, വേദഗ്രന്ഥങ്ങൾ, ദൃഷ്ടാന്തങ്ങൾ, സന്ദേശങ്ങൾ മുതലായവ വഴി നിങ്ങൾക്കാവശ്യമായ മാർഗദർശനങ്ങൾ വന്നുകൊണ്ടിരിക്കും. അവ സ്വീകരിച്ച് നിങ്ങൾ ഇവിടെ ജീവിതം നയിക്കുന്ന പക്ഷം ഇഹത്തിലോ പരത്തിലോ ഭാവിയെക്കുറിച്ച് നിങ്ങൾക്ക് ഒട്ടും ഭയപ്പെടേണ്ടി വരികയില്ല.

---

39. എന്നാൽ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും കള്ളമാക്കുകയും ചെയ്യുന്നവരാരോ, അവരാകുന്നു നരകാവകാശികൾ. അവരതിൽ സ്ഥിരവാസികളായിരിക്കും.

40. അല്ലയോ ഇസ്രയേൽ സന്തതികളേ ഞാൻ നിങ്ങൾക്ക് ചെയ്ത എൻെറ അനുഗ്രഹത്തെ സ്മരിക്കുവിൻ. നിങ്ങൾ എന്നോട് ചെയ്ത പ്രതിജ്ഞ നിറവേറ്റുക. നിങ്ങളോട് ചെയ്ത പ്രതിജ്ഞ ഞാനും നിറവേറ്റാം. നിങ്ങൾ എന്നെമാത്രം ഭയപ്പെടുവിൻ.

---

40:ഇബ്രാഹീം നബി(അ)യുടെ രണ്ടാമത്തെ മകൻ ഇസ്ഹാഖ് നബി(അ)യുടെ പുത്രനാണ് യഅ്ഖൂബ് നബി(അ).അദ്ദേഹത്തിന് അല്ലാഹുവിങ്കൽനിന്ന് നൽകപ്പെട്ട വിശേഷ നാമമാണ് 'ഇസ്രായീൽ'. അദ്ദേഹത്തിന് പന്ത്രണ്ട് മക്കളുണ്ടായിരുന്നു.അവരുടെ സന്താനപരമ്പര കാലക്രമേണ പന്ത്രണ്ട് ഗോത്രങ്ങളായിത്തീർന്നു. അദ്ദേഹത്തിൻെറ സന്താന പരമ്പരക്കാണ് 'ഇസ്രയേൽവംശം' അല്ലെങ്കിൽ 'ബനൂ ഇസ്രാഈൽ' എന്ന് പറഞ്ഞുവരുന്നത്.

ഇവിടെ ഇസ്രയേൽ വശത്തെ പ്രത്യേകം സംബോധന ചെയ്യാനുള്ള കാരണം, 4000 വർഷത്തോളം അവർ ലോകജനതയുടെ മുമ്പിൽ ഒരു ജീവിക്കുന്ന പാഠമായിരുന്നു. വളരെയധികം അനുഗ്രഹങ്ങൾ ഇസ്രായീല്യർക്ക് അല്ലാഹു നൽകിയിട്ടുണ്ട്.ഖുർആൻ അവ മറ്റുസ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്.അവരെ അല്ലാഹു ലോകരിൽ ശ്രേഷ്ഠരാക്കി. ലോകത്തിൻെറ നായകന്മാരും ആചാര്യന്മാരുമാക്കി. അവർക്ക് ശരീഅത്ത് (നിയമ സംഹിത)നൽകി. അതനുസരിച്ചുകൊള്ളാമെന്ന് അവർ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നു.

എന്നാൽ ഇസ്രയേൽ വംശം ലോകത്തിന് മാർഗദർശനം നൽകുകയോ സ്വയം സന്മാർഗത്തിൽ നിലകൊള്ളുകയോ ചെയ്തില്ല. അവരുടെ വേദപ്രോക്തമായ ബാധ്യത അവർ നിറവേറ്റിയില്ല. ധാർമികമായും മതപരമായും അവർ ദുഷിച്ചുപോവുകയാണുണ്ടായത്. മുഹമ്മദീയ പ്രവാചകത്വത്തെ അംഗീകരിക്കാനും പിന്തുണക്കാനും അവർ ബാധ്യസ്ഥരായിരുന്നു.

മദീനയിൽ പല ജൂതഗോത്രങ്ങളും കുടിയേറിപ്പാർത്തിരുന്നു. ഇസ്ലാമിൻെറ ആഗമനം തങ്ങളുടെ മേൽക്കോയ്മക്ക് നേരെയുള്ള ഒരു വെല്ലുവിളിയായി അവർ കണ്ടു. അറബികളിൽ ഒരു പ്രവാചകൻ വരുന്നത് അവർക്ക് സഹിക്കാൻ കഴിയുന്നതായിരുന്നില്ല. അവരുടെ പ്രവാചകന്മാർ കൊണ്ടുവന്ന അതേ മതം തന്നെയാണ് മുഹമ്മദ്നബി(സ)കൊണ്ടുവന്ന സന്ദേശമെന്ന് ഖുർആൻ അവരെ ഉണർത്തി. പക്ഷേ ഖുർആനിൽ വിശ്വസിക്കുന്നതിനും മുഹമ്മദ്നബി(സ)യോട് സഹകരിക്കുന്നതിനും പകരം ആദ്യത്തിൽ തന്നെ അതിനെ നിഷേധിക്കുകയും അവരാൽ കഴിയുന്ന എല്ലാ വിധത്തിലും എതിർക്കുകയുമാണ് ചെയ്തത്.ഗൂഢാലോചനകൾ, കള്ളപ്രചാരവേലകൾ,ചതിപ്രയോഗങ്ങൾ, മറ്റെല്ലാ കുതന്ത്രങ്ങളും മുസ്ലിംകൾക്കെതിരെ അവർ പയറ്റി.

വേദങ്ങളും പ്രവാചക പൈതൃകങ്ങളും പാലിച്ചുകൊള്ളാമെന്ന് അല്ലാഹുവിനോട് അവർ ചെയ്തിരുന്ന പ്രതിജ്ഞ അവർ ലംഘിച്ചു. മുഹമ്മദീയ പ്രവാചകത്വവും, അദ്ദേഹത്തിനവതീർണമായ വേദത്തെയും നിഷേധിക്കുകവഴി അവർ തങ്ങളുടെ പ്രതിജ്ഞാ ലംഘനം ആവർത്തിക്കുകയായിരുന്നു.

---

41. നിങ്ങളുടെ പക്കലുള്ള വേദങ്ങളെ ശരിവെച്ചുകൊണ്ട് ഞാൻ അവതരിപ്പിച്ച (ഖുർആനിൽ) വിശ്വസിക്കുവിൻ.നിങ്ങൾതന്നെ അതിൻെറ ആദ്യനിഷേധികളാകാതിരിക്കുക.എൻെറ ദൃഷ്ടാ

ന്തങ്ങൾ തുഛ വിലയ്ക്കു വിറ്റുകളയാതിരിക്കുക. എന്നോട് മാത്രം നിങ്ങൾ ഭയഭക്തി പുലർത്തുക.

41: തൗറാത്ത്, ഇഞ്ചീൽ മുതലായ അവരുടെ വേദങ്ങളെ ശരിവെക്കുന്നതാണ് ഖുർആൻ. തത്വങ്ങളിലും മൗലിക വിഷയങ്ങളിലും ഖുർആൻ അവരുടെ വേദങ്ങളോട് യോജിക്കുന്നു. ഏകദൈവവിശ്വാസം, പ്രവാചകത്വം, ദിവ്യഗ്രന്ഥങ്ങൾ, മലക്കുകൾ, പരലോകജീവിതം തുടങ്ങിയ സിദ്ധാന്തങ്ങൾ അവർ പഠിച്ചിരുന്നതും വിശ്വസിച്ചിരുന്നതുമാണ്. അതിനാൽ ഖുർആനിൽ ആദ്യമായി വിശ്വസിക്കേണ്ടവർ അവരായിരുന്നു.
പക്ഷേ, യഹൂദന്മാരെ സംബന്ധിച്ച് സംഭവിച്ചത് നേരെ മറിച്ചായിരുന്നു.
അല്ലാഹു മൂസാനബിക്ക് തൗറാത്തും ഈസാനബിക്ക് ഇഞ്ചീൽ എന്ന സത്യവേദവും അവതരിപ്പിച്ചു കൊടുത്തിരുന്നു. ആ പ്രവാചകന്മാരിലും അവർക്കവതരിച്ച വേദങ്ങളിലും വിശ്വസിക്കൽ വിശ്വാസികൾക്ക് നിർബന്ധമാണ്. അങ്ങനെ വിശ്വസിക്കാത്തവർ യഥാർഥ മുസ്ലിംകളാവുകയില്ല. ഖുർആൻ അവതരിക്കുന്ന കാലത്തുള്ള ബൈബിൾ ഗ്രന്ഥവും, ഇന്ന് നിലവിലുള്ള ബൈബിളും കുറ്റമറ്റതും സമ്പൂർണവുമായ വേദഗ്രന്ഥങ്ങളാണെന്ന് ഖുർആൻ പറയുന്നില്ല. എന്നാൽ യഥാർഥ വേദങ്ങളിൽ അതിൻെറ വാഹകർ മായം ചേർത്തതായി ചൂണ്ടിക്കാണിക്കുന്നുമുണ്ട്. പൂർവവേദങ്ങൾ ഭേദഗതികൾക്ക് വിധേയമായപ്പോൾ അത് തിരുത്തുന്നതിനാണ് ഖുർആൻ അവതരിച്ചത്.

42. സത്യത്തെ അസത്യവുമായി നിങ്ങൾ കൂട്ടിക്കുഴക്കരുത്. ബോധപൂർവം നിങ്ങൾ സത്യം മറച്ചുവെക്കുകയും അരുത്.

42: വിദ്യാവിഹീനരായ അറബികളുടെ മേൽ വൈജ്ഞാനിക മേധാവിത്വം പുലർത്തിയിരുന്ന ജൂത പണ്ഡിതന്മാരോട് താൻ പ്രവാചകനാണെന്ന് വാദിക്കുന്ന മുഹമ്മദ്നബി(സ)യെക്കുറിച്ച് അവരുടെ നിലപാടെന്താണെന്ന് മക്കയിലെയും മദീനയിലെയും ബഹുദൈവവിശ്വാസികൾ ചോദിക്കാറുണ്ടായിരുന്നു. എന്നാൽ ഏകദൈവത്വം, പരലോകം, വേദഗ്രന്ഥങ്ങൾ മലക്കുകൾ എന്നിവയെക്കുറിച്ച് മുഹമ്മദ് നബി(സ)നൽകുന്ന വിവരണങ്ങൾ തെറ്റാണെന്ന് പറയാൻ സാധ്യമല്ലാതിരുന്നതുകൊണ്ട് തിരുമേനിക്കെതിരെ പല തെറ്റായ ആരോപണങ്ങളും അറബികളിൽ പ്രചരിപ്പിക്കാനാണ് അവർ ശ്രമിച്ചത്. സത്യം അറിഞ്ഞുകൊണ്ടുതന്നെ, സ്വാർഥലാഭങ്ങൾക്കുവേണ്ടി തങ്ങളുടെ സങ്കൽപത്തിനിണങ്ങാത്ത ബൈബിളിലെ വേദവാക്യങ്ങൾ ദുർവ്യാഖ്യാനങ്ങളാൽ സംശയാസ്പദമാക്കുകയോ മറച്ചു വെക്കുകയോ ചെയ്തിരുന്നു. മുസ്ലിംകൾക്കിടയിൽ മതപ്രചരണം നടത്തുന്ന ചില പുരോഹിതന്മാർ ഖുർആൻ വാക്യങ്ങളെ മാറ്റി മറിച്ചും വളച്ചൊടിച്ചും മുസ്ലിംകളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് 'സത്യവും അസത്യവും കൂട്ടിക്കുഴക്കുന്നതിനുള്ള' മറ്റൊരുദാഹരണമാണ്.

43. നമസ്കാരത്തെ കൃത്യമായി അനുഷ്ഠിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുക. എൻെറ മുമ്പിൽ കുമ്പിടുന്നവരോടൊപ്പം കുമ്പിടുകയും ചെയ്യുക.

43: മുഹമ്മദീയ ശരീഅത്തിൽ (നിയമ സംഹിത) മാത്രമല്ല, പൂർവ ശരീഅത്തുകളിലും നമസ്കാരവും, സകാത്തും അടിസ്ഥാനസ്തംഭങ്ങളായിരുന്നു. മറ്റെല്ലാ പ്രവാചകന്മാരെയും പോലെ ഇസ്രായീല്യരിൽ ആഗതരായ പ്രവാചകന്മാരും അവയെപറ്റി ജനങ്ങളെ ശക്തമായി ഉണർത്തിയിരുന്നു. എന്നാൽ സംഘടിത നമസ്കാരവും പിന്നെ വ്യക്തിപരമായി നമസ്കരിക്കുന്ന സമ്പ്രദായവും ഇസ്രായീല്യർ മറന്നുകളഞ്ഞു. അനുഷ്ഠിക്കുന്നവരിൽതന്നെ അതൊരു ചടങ്ങായി മാറുകയും ചെയ്തിരുന്നു.
ധനം ചെലവഴിക്കുന്നതിൽ അവർ വലിയ പിശുക്കന്മാരായി. സകാത്ത് ദരിദ്രന്മാർക്ക് നൽകാതെ പുരോഹിതന്മാർക്കും ജ്യോത്സ്യന്മാർക്കും മാത്രം അവകാശപ്പെട്ടതാക്കിത്തീർത്തു. സകാത്ത് നൽകുന്നതിനു പകരം പലിശവാങ്ങുന്നതിലായിരുന്നു അവരുടെ താല്പര്യം.

44. നിങ്ങൾ ജനങ്ങളോട് നന്മ കൽപിക്കുകയും നിങ്ങളുടെ സ്വന്തം കാര്യത്തിൽ അത് മറന്നുകളയുകയുമാണോ? അതും നിങ്ങൾ വേദം ഓതിക്കൊണ്ടിരിക്കെ. നിങ്ങൾ ഒട്ടും ബുദ്ധി ഉപയോഗിക്കുന്നില്ലേ?

44: മതപുരോഹിതന്മാരുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുധ്യത്തെയാണ്‌ ഇവിടെ പരാമര്‍ശിക്കുന്നത്‌. അവര്‍ മറ്റുള്ളവരോട്‌ നന്മ കല്‍പിച്ചിരുന്നു. എന്നാല്‍ സ്വന്തം ജീവിതത്തില്‍ അവര്‍ അവ അനുഷ്ഠിച്ചിരുന്നുമില്ല.
സാധാരണക്കാരുടെ ദൈവങ്ങളായി ചമഞ്ഞിരുന്ന ജൂതപുരോഹിതന്മാരോട്‌ യേശു ഇപ്രകാരം പറയുകയുണ്ടായി: ന്യായശാസ്ത്രിമാരായ നിങ്ങള്‍ക്കും അയ്യോ കഷ്ടം; എടുപ്പാന്‍ പ്രയാസമുള്ള ചുമടുകളെ നിങ്ങള്‍ മനുഷ്യരെക്കൊണ്ട്‌ ചുമപ്പിക്കുന്നു. നിങ്ങള്‍ ഒരു വിരല്‍ കൊണ്ടുപോലും ആ ചുമടുകളെ തൊടുന്നില്ല. നിങ്ങള്‍ക്ക്‌ ദുരിതം. (ലൂക്കോസ്‌ 11:46)
സത്യവിശ്വാസികളോട്‌ നന്മ ഉപദേശിക്കുകയും സ്വന്തം ദേഹങ്ങളെ മറന്നുകളയുകയും ചെയ്യുന്ന ഉപദേശികളോട്‌ വിശുദ്ധ ഖുര്‍ആന്‍ പറയുന്നു: ''അല്ലയോ വിശ്വസിച്ചവരേ, നിങ്ങള്‍ പ്രവര്‍ത്തിക്കാത്തത്‌ പറയുന്നതെന്തിന്‌? പ്രവര്‍ത്തിക്കാത്ത കാര്യങ്ങള്‍ പറയുക എന്നത്‌ അല്ലാഹുവിങ്കല്‍ അത്യധികം വെറുക്കപ്പെട്ട ദുര്‍ഗുണമാകുന്നു. (61:2,3).
'മിഅറാജി'ന്‍െറ രാത്രിയില്‍, നബി(സ) തിരുമേനി ചില ആളുകളുടെ നാവും ചുണ്ടുകളും അഗ്നി കൊണ്ടുള്ള കത്രികകളാല്‍ കത്രിക്കപ്പെടുന്നത്‌ കണ്ടുവെന്നും അതിനെപ്പറ്റി അന്വേഷിച്ചപ്പോള്‍ ജിബ്‌രീല്‍ (അ) ഇപ്രകാരം പറഞ്ഞുവെന്നും അഹ്മദ്‌(റ) ഉദ്ധരിച്ച ഒരു തിരുവചനത്തില്‍ വന്നിരിക്കുന്നു. 'താങ്കളുടെ സമുദായത്തില്‍ ജനങ്ങളോട്‌ നന്മ ഉപദേശിക്കുകയും സ്വന്തം ദേഹങ്ങളെ മറന്നുകളയുകയും ചെയ്യുന്ന പ്രാസംഗികന്മാരാണ്‌ ഇവര്‍.'

45. സഹനംകൊണ്ടും നമസ്കാരംകൊണ്ടും നിങ്ങള്‍ സഹായം തേടുവിന്‍. ഭക്തന്മാരല്ലാത്തവര്‍ക്ക്‌ നമസ്കാരം വലിയ ഭാരമുള്ള കാര്യംതന്നെയാകുന്നു.

46. ഒടുവില്‍ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുമെന്നും അവങ്കലേക്ക്‌ തിരിച്ചുപോകേണ്ടി വരുമെന്നും വിചാരിച്ചുകൊണ്ടിരിക്കുന്നവരത്രെ അവര്‍(ദൈവഭയമുള്ളവര്‍).

47. അല്ലയോ ഇസ്രയേല്‍ സന്തതികളേ! നിങ്ങള്‍ക്ക്‌ ഞാന്‍ ചെയ്ത എന്‍െറ അനുഗ്രഹവും, എല്ലാ ജനങ്ങള്‍ക്കും ഉപരിയായി നിങ്ങളെ ഞാന്‍ ശ്രേഷ്ഠരാക്കിയ കാര്യവും ഓര്‍ക്കുവിന്‍!

47: അക്കാലത്തുള്ള ഇതര സമുദായങ്ങളെക്കാള്‍ പലനിലക്കുള്ള ശ്രേഷ്ഠതയും അവര്‍ക്കുണ്ടായിരുന്നു. അന്ന്‌ ലോകത്ത്‌ സത്യവേദം കൈവശമുള്ള ഒരേയൊരു സമുദായം ഇസ്രായീല്യരായിരുന്നു. ധാരാളം പ്രവാചകന്മാര്‍ അവരുടെ വര്‍ഗത്തിലുണ്ടായിരുന്നു. ദാവൂദ്‌, സുലൈമാന്‍(അ) തുടങ്ങിയ പ്രതാപികളായ രാജാക്കന്മാരും അവരില്‍നിന്നുണ്ടായി.

48. ഒരാളും മറ്റൊരാള്‍ക്ക്‌ ഒട്ടും പ്രയോജനപ്പെടാത്ത ഒരു ദിവസത്തെ നിങ്ങള്‍ സൂക്ഷിക്കുക. (അന്ന്‌) ആരുടെയും ശിപാര്‍ശ സ്വീകരിക്കപ്പെടുന്നതല്ല. ആരില്‍നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടുകയില്ല. അവര്‍ സഹായിക്കപ്പെടുന്നതുമല്ല.

49. ഫിര്‍ഔന്‍െറ ആള്‍ക്കാര്‍ നിങ്ങളെ കഠിനമായി പീഡിപ്പിച്ചുകൊണ്ടിരിക്കെ, അവരില്‍നിന്ന്‌ നാം നിങ്ങളെ രക്ഷപ്പെടുത്തിയ സന്ദര്‍ഭം (ഓര്‍ക്കുക). അവര്‍ നിങ്ങളുടെ ആണ്‍മക്കളെ അറുകൊല ചെയ്യുകയും നിങ്ങളുടെ സ്ത്രീകളെ ജീവിക്കാനനുവദിക്കുകയും ചെയ്തിരുന്നു. നിങ്ങളുടെ രക്ഷിതാവില്‍നിന്നുള്ള ഒരു വലിയ പരീക്ഷണമാണ്‌ അതിലുണ്ടായിരുന്നത്‌.

50. സമുദ്രം പിളര്‍ത്തി നാം നിങ്ങള്‍ക്കു വഴിയൊരുക്കിത്തന്നതോര്‍ക്കുക. അങ്ങനെ നിങ്ങളെ നാം രക്ഷപ്പെടുത്തി.നിങ്ങള്‍ നോക്കിനില്‍ക്കേ ഫറവോന്‍െറ ആള്‍ക്കാരെ നാം മുക്കിക്കൊല്ലുകയും ചെയ്തു.

50: ഏകദേശം ബി.സി 17-16 നൂറ്റാണ്ടില്‍ യഅ്ഖൂബ്‌ നബി(അ)യുടെ പുത്രന്‍ യൂസുഫ്‌ നബി (അ)ക്ക്‌ ഈജിപ്തില്‍ ഭരണാധിപത്യം ലഭിച്ച കാലത്ത്‌ ഇസ്രായീല്യര്‍ അവിടെ കുടിയേറിപ്പാര്‍ത്തു. ഈജിപ്തിലെ ഭരണാധിപന്മാര്‍ ഫിര്‍ഔന്‍ (ഫറോവ) എന്ന പേരിലാണ്‌ അറിയപ്പെട്ടിരുന്നത്‌. ഫറവോന്‍ രാജവംശത്തെ പുറത്താക്കി ഇടയരാജാക്കന്മാര്‍ (Hyksos Kings) അധികാരം കൈക്കലാക്കിയ കാലമായിരുന്നു

അത്. ഫലസ്തീനിൽനിന്നും സിറിയയിൽനിന്നും വന്ന് ഈജിപ്ത് കീഴടക്കിയ അറബിവംശജരായ ഇവരെ അറബി ചരിത്രകാരന്മാർ 'അമാലിഖ്' എന്ന് വിവരിക്കുന്നു. ഇടയരാജാക്കന്മാരുടെ കാലത്ത് മുഴുവൻ അധികാരങ്ങളും ഫലത്തിൽ ബനൂഇസ്രായീലിന്റെ കരങ്ങളിലായിരുന്നു.
ഏകദേശം 400 വർഷങ്ങൾകൊണ്ട് ഇസ്രാഈല്യർ പെറ്റുപെരുകി ഒരു വമ്പിച്ച ജനതയായിത്തീർന്നു. എന്നാൽ കാലക്രമത്തിൽ ഇസ്രാഈല്യർ അവരുടെ യഥാർഥ ദൗത്യം മറന്നു. വേദവാഹകരായ ഇസ്രായീല്യർ ഈജിപ്തുകാരെ ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കുന്നതിനുപകരം അവർ ഈജിപ്തുകാരുടെ അന്ധവിശ്വാസങ്ങൾ സ്വായത്തമാക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. പിന്നീട് ഈജിപ്തിൽ ഖിബ്ത്തി പക്ഷപാതികളുടെ(ഈജിപ്തിലെ സ്വദേശികൾ)ശക്തമായ ഒരു ദേശീയപ്രസ്ഥാനം ആവിർഭവിച്ചു. ഏതാനും നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഫറവോൻ വംശം ഇടയ രാജാക്കന്മാരെ രാജ്യഭ്രഷ്ടരാക്കി. ഇടയരാജാക്കന്മാരുടെ സഹായികൾ എന്ന നിലയിൽ ഫറവോൻ വംശം വിദേശികളായ ഇസ്രാഈല്യരുടെ എല്ലാ ആനുകൂല്യങ്ങളും റദ്ദാക്കുകയും ഇസ്രാഈല്യരെ മ്ലേഛമായ അടിമസമൂഹമാക്കി മാറ്റുകയും ചെയ്തു. എങ്കിലും വർധിച്ചുവരുന്ന ഇസ്രാഈൽ ജനസംഖ്യയെ ഫറോവ ഭയപ്പെടുകയും അവരുടെ ജനസംഖ്യ നിയന്ത്രിക്കുന്നതിന് അവരിൽ ജനിക്കുന്ന ആൺശിശുക്കളെ വധിക്കാൻ കൽപിക്കുകയും ചെയ്തു.
ഇക്കാലത്താണ് മൂസാ(അ)യുടെ ജനനം. പ്രസവിച്ച ഉടനെ കുഞ്ഞിനെ പെട്ടിയിലാക്കി നദിയിലൊഴുക്കാൻ അല്ലാഹു മൂസാ(അ)യുടെ മാതാവിന് ബോധനം നൽകി. പെട്ടി ഫിർഔന്റെ കൊട്ടാര വാതിൽക്കൽകൂടി ഒഴുകിപ്പോകുന്ന നദിയുടെ കരക്കണഞ്ഞപ്പോൾ കൊട്ടാരവാസികൾ അത് കണ്ടെടുത്തു. അല്ലാഹുവിന്റെയും, അദ്ദേഹത്തിന്റെയും ശത്രുവായ ഫിർഔന്റെ രാജകൊട്ടാരത്തിൽ മൂസാ വളർന്നു. അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചു. ഫറോവമാരെ മൂസാനബി(അ) സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചു. പക്ഷേ, ഫറവോൻ സത്യവിശ്വാസം സ്വീകരിക്കാൻ കൂട്ടാക്കിയില്ല. മാത്രമല്ല മൂസ(അ)യെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും അക്രമമർദനങ്ങൾക്ക് ഇരയാക്കി ശിക്ഷിക്കാനാണ് മുതിർന്നത്.
അവസാനം, അല്ലാഹുവിന്റെ കൽപന പ്രകാരം ഫലസ്തീൻ ലക്ഷ്യമാക്കി ഇസ്രാഈല്യരെയും കൂട്ടി ഒരു രാത്രിയിൽ മൂസാ(അ) ഈജിപ്ത് വിട്ടു. മൂസാ(അ)യും കൂട്ടരും ചെങ്കടൽ തീരത്തെത്തി. വിവരമറിഞ്ഞ ഫിർഔനും സൈന്യവും അവരെ പിന്തുടർന്നു. തങ്ങൾ പിടിക്കപ്പെട്ടതുതന്നെ എന്ന് ഇസ്രഈല്യർ ഉറ
ഫിർഔനും സൈന്യവും അവരെ പിന്തുടർന്നു. തങ്ങൾ പിടിക്കപ്പെട്ടതുതന്നെ എന്ന് ഇസ്രഈല്യർ ഉറ
പ്പിച്ചു. കടലിൽ തന്റെ വടികൊണ്ട് അടിച്ച് തന്റെ ജനതക്ക് വഴിയൊരുക്കാൻ അല്ലാഹുവിന്റെ കൽപന ലഭിച്ചു.കടൽ പിളർന്നു. വരണ്ട പാതയിലൂടെ ഇസ്രഈല്യർ മറുകര പറ്റി.ഫിർഔനും സൈന്യവും അതേപാതയിലൂടെ ഇസ്രാഈല്യരെ പിന്തുടർന്നു. ഫറവോൻപട സമുദ്രമധ്യത്തിലെത്തിയപ്പോൾ, പിളർന്ന കടൽ കൂടിച്ചേർന്നു. ഫിർഔനും പടയും കടലിൽ മുങ്ങി നശിക്കുകയും ചെയ്തു.
കാലപ്പഴക്കത്തിൽ, അത്ഭുതകരവും അമാനുഷവുമായ രീതിയിൽ അല്ലാഹു അവരെ മോചിപ്പിച്ച ആ മഹാസംഭവത്തിൽ ഇസ്രാഈല്യർ അഭിമാനംകൊള്ളുകയല്ലാതെ, അതിന്റെ നന്ദി അവരിൽ പ്രകടമായിരുന്നില്ല.
ഈ സംഭവം നടന്നത് ഒരു മുഹർറം 10-നായിരുന്നു. ജൂതന്മാർ ഈ ദിവസം നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു. ഈ സംഭവത്തെ അനുസ്മരിച്ച് പ്രവാചക(സ)നും മുഹർറം 10-ന് നോമ്പനുഷ്ഠിക്കുമായിരുന്നു.

---

51. നാൽപതുരാവുകൾ നിശ്ചയിച്ചു നാം മൂസായെ വിളിച്ചതോർക്കുക.അദ്ദേഹം പോയശേഷം നിങ്ങൾ ഒരു പശുക്കിടാവിനെ (ആരാധനക്കായി) സ്വീകരിച്ചു.നിങ്ങൾ അതിക്രമികളാവുകയായിരുന്നു.

---

51:ഈജിപ്തിൽനിന്നും സീനാ മരുഭൂമിയിലെത്തിയ ഇസ്രായേൽ സമൂഹം എല്ലാ നിലക്കും ജീർണിച്ചു കഴിഞ്ഞിരുന്നു. അവർക്കുള്ള നിയമസംഹിത അടങ്ങുന്ന വേദഗ്രന്ഥം നൽകാനായി മൂസാനബി(സ)യെ അല്ലാഹു നാല്പത് ദിവസത്തേക്കായി 'ത്വൂർ' പർവതത്തിൽ വന്ന് താമസിക്കാൻ കൽപിച്ചു. മൂസാനബി(അ) 'ത്വൂർ' പർവതത്തിലേക്ക് പോകുമ്പോൾ തന്റെ അഭാവത്തിൽ ഇസ്രാഈല്യരുടെ നേതൃത്വം ജ്യേഷ്ഠസഹോദരൻ ഹാറൂൻ നബി(അ)യെ ഏൽപിച്ചിരുന്നു. ഇസ്രാഈല്യരുടെ അധഃപതന കാലത്ത് ഖിബ്ത്വികളുടെ പല അനാചാരങ്ങളും അവർ സ്വായത്തമാക്കിയിരുന്നു. അവരുടെ കൂട്ടത്തിലുള്ള സാമിരി എന്ന ഒരാൾ സ്വർണംകൊണ്ട് ഒരു പശുക്കുട്ടിയെ ഉണ്ടാക്കി ഇത് മൂസാ(അ) തേടിപ്പോയ

ദൈവമാണെന്ന് പറഞ്ഞ് ഇസ്രാഈല്യർ അതിനെ പൂജിക്കാൻ തുടങ്ങി. നൂറ്റാണ്ടുകളായി ഈജിപ്പുകാരുമായുള്ള സമ്പർക്കത്താൽ പശുക്കളെ ആരാധിക്കുന്ന സമ്പ്രദായവുമായി അവർ ഇടപഴകിക്കഴിഞ്ഞിരുന്നു. ഹാറൂൻ(അ) അവരെ തടഞ്ഞെങ്കിലും അവർ ചെവിക്കൊണ്ടില്ല. മൂസാ(അ) തൗറാത്തുംകൊണ്ട് വന്നപ്പോൾ കണ്ട കാഴ്ച ഇതായിരുന്നു.

52. പിന്നീട് നിങ്ങൾക്കു നാം പൊറുത്തുതന്നു. നിങ്ങൾ നന്ദിയുള്ളവരാകാൻ.

53. മൂസാക്കു നാം വേദവും സത്യാസത്യ വിവേചകവും പ്രദാനം ചെയ്തു. നിങ്ങൾ സന്മാർഗം പ്രാപിക്കാൻ വേണ്ടി.

53: വേദഗ്രന്ഥംകൊണ്ടുദ്ദേശ്യം അല്ലാഹു മൂസാനബി(അ)ക്ക് നൽകിയ 'തൗറാ'ത്താകുന്നു.

54. മൂസാ തൻെറ ജനങ്ങളോട് പറഞ്ഞ സന്ദർഭം:എൻെറ ജനമേ, പശുക്കിടാവിനെ(ദൈവമായി) വരിക്കുക വഴി നിങ്ങൾ നിങ്ങളോടുതന്നെ കടുത്ത അക്രമമാണ് ചെയ്തത്.അതിനാൽ നിങ്ങളുടെ സ്രഷ്ടാവിലേക്ക് പശ്ചാത്തപിച്ചുമടങ്ങുവിൻ. നിങ്ങൾ നിങ്ങളെത്തന്നെ നിഗ്രഹിക്കുവിൻ. അതിലാകുന്നു നിങ്ങളുടെ സ്രഷ്ടാവിങ്കൽ നിങ്ങൾക്ക് നന്മയുള്ളത്. അനന്തരം അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചു. നിശ്ചയമായും അവൻ പശ്ചത്താപം സ്വീകരിക്കുന്നവനും ദയാപരനുമാകുന്നു.

55. അല്ലയോ മൂസാ, ഞങ്ങൾ അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണുന്നതുവരെ നിന്നിൽ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല എന്നു നിങ്ങൾ പറഞ്ഞ സന്ദർഭവും (ഓർക്കുക). അപ്പോൾ നിങ്ങൾ നോക്കി നിൽക്കെ, ഘോരമായ ഒരു ഇടിനാദം നിങ്ങളെ പിടികൂടി.

56. പിന്നീട് നിങ്ങളുടെ മരണശേഷം നിങ്ങളെ നാം ഉയിർത്തെഴുന്നേൽപിച്ചു.നിങ്ങൾ നന്ദിയുള്ളവരാകാൻ.

57. നിങ്ങൾക്കു നാം മേഘത്താൽ തണൽ വിരിച്ചുതന്നു. (ആഹാരമായി) മന്നയും സൽവയും നിങ്ങൾക്ക് ഇറക്കിത്തന്നു.നിങ്ങൾക്ക് നാം നൽകിയിട്ടുള്ള നല്ല വിഭവങ്ങൾ ഭക്ഷിക്കുവിൻ (എന്നരുളുകയും ചെയ്തു).അവർ(നന്ദികേട് കാണിച്ചവർ) നമ്മെ ദ്രോഹിച്ചില്ല. പിന്നെയോ, തങ്ങൾക്കുതന്നെയാണവർ ദ്രോഹം വരുത്തിയത്.

57. സീനായ്മരുഭൂമിയിലെത്തിയ ഇസ്രാഈല്യർക്ക് അവിടെ വീടുകളോ കൃഷിയിടങ്ങളോ ഉണ്ടായിരുന്നില്ല. വെയിലിനെ തടുക്കുവാൻ യാതൊരു മാർഗവുമില്ലാതിരുന്ന അവർക്ക് നീണ്ടകാലത്തോളം അല്ലാഹു ആകാശത്തെ മേഘാവൃതമാക്കിനിർത്തി, അവരെ സൂര്യതാപത്തിൽനിന്ന് രക്ഷിച്ചു. സീനായ് മരുഭൂമിയിൽ 40 വർഷത്തോളം അലയുകയായിരുന്ന അവർക്ക് അധ്വാനിക്കാതെതന്നെ പ്രകൃതിയിൽ നിന്ന് ഭക്ഷിക്കാൻ 'മന്നയും', 'സൽവയും' അല്ലാഹു ഇറക്കിക്കൊടുത്തു. 'മന്ന' കൊത്തമ്പാലരി പോലുള്ള ഒരു സാധനമായിരുന്നു. അത് മഞ്ഞിൻകണങ്ങൾപോലെ വീണ് ഭൂമിയിലും ചെടികളിലും മറ്റും പറ്റിപ്പിടിച്ചിരുന്നു. ഇസ്രാഈല്യർ പുലർക്കാലത്ത് അത് ശേഖരിച്ച് ആഹരിച്ചിരുന്നു. 'സൽവ' കാടയെപോലുള്ള ഒരു തരം പറവയായിരുന്നു. കാടയെപ്പോലെ അവയെ വേട്ടയാടിപ്പിടിക്കാമായിരുന്നു. ഇസ്രാഈല്യർക്ക് അല്ലാഹുവിൻെറ അനുഗ്രഹത്താൽ ലഭിച്ചിരുന്ന ആഹാരവിഭവങ്ങളായിരുന്നു ഇവ. എന്നാൽ ഈ അനുഗ്രഹങ്ങൾക്ക് അതർഹിക്കുന്ന വിധം അല്ലാഹുവിനോട് അവർ നന്ദി കാണിച്ചിരുന്നില്ല.

ഫലസ്തീനിൽ പുനരധിവാസമായിരുന്നു അവരുടെ പലായന ലക്ഷ്യം. ഇസ്രാഈല്യരുടെ പൂർവപിതാക്കളായ ഇബ്രഹീംനബി(അ)യും,യഅഖൂബ്നബി(അ)യും പാർത്തിരുന്ന സ്ഥലമായിരുന്നു അത്. എന്നാൽ പരാക്രമശാലികളായ അവിടത്തെ 'അമാലിഖ' വർഗത്തെ അവർ ഭയപ്പെടുകയും ഫലസ്തീനിലേക്ക് പോകുവാൻ വിസമ്മതിക്കുകയും ചെയ്തു. അവരോട് യുദ്ധം ചെയ്യാൻ ഇസ്രാഈല്യർ തയ്യാറായില്ല. അതിനാൽ 40 വർഷത്തേക്ക് അല്ലാഹു അവർക്ക് ആ നാട് വിലക്കുകയായിരുന്നു.

മൂസാനബി(അ)യുടെ മരണം വരെ അവർക്ക് അവിടെ പ്രവേശിക്കാൻ കഴിഞ്ഞില്ല. പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമിയായും ഇസ്രാഈല്യരുടെ നേതൃത്വമേറ്റെടുത്ത യൂശഉബ്നു നൂനിന്റെ(Joshua) നേതൃത്വത്തിലാണ് ആ രാജ്യം ജയിച്ചടക്കി അവർ അതിൽ പ്രവേശിച്ചത്.
അന്നത്തെ ആ അധിനിവേശസമ്മതത്തിന്റെ പേരിലാണ് പിൽക്കാലത്ത് ഫലസ്തീൻ തങ്ങളുടെ വാഗ്ദത്ത ഭൂമിയാണെന്ന് ജൂതന്മാർ അവകാശപ്പെടുന്നത്.

58. നാം നിങ്ങളോട് പറഞ്ഞ സന്ദർഭം (ഓർക്കുക): നിങ്ങൾ ഈ പട്ടണത്തിൽ പ്രവേശിക്കുവിൻ. അതിൽ നിങ്ങൾ ഇച്ഛിക്കുന്നിടത്തുനിന്ന് സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്യുവിൻ. നിങ്ങൾ പട്ടണവാതിൽ കടക്കുന്നത് കുമ്പിട്ടുകൊണ്ടായിരിക്കണം. 'ഹിത്വ' 'ഹിത്വ' എന്നുരുവിട്ടുകൊണ്ടും. എന്നാൽ നിങ്ങളുടെ പാപങ്ങൾ നാം പൊറുക്കുന്നതാകുന്നു. നന്മ ചെയ്യുന്നവർക്ക് അനുഗ്രഹങ്ങൾ നാം വർധിപ്പിച്ചുതരും.

58: ഈ പട്ടണം ഏതാണെന്ന് വ്യക്തമല്ല. യരീഹോ പട്ടണം(ജെറിക്കോ) ആണെന്നും അതിന്നെതിർവശത്ത് ജോർഡാൻ നദിയുടെ കിഴക്കെ കരയിൽ സ്ഥിതിചെയ്യുന്ന 'ശിത്വിം' പട്ടണം ആയിരിക്കാമെന്നും അഭിപ്രായങ്ങളുണ്ട്.

59. എന്നാൽ, നാം അവരോട് പറഞ്ഞിരുന്നതെന്താണോ അതിനെ അക്രമികൾ അവരോട് പറയപ്പെട്ടതല്ലാത്ത (വേറെ)ഒന്നായി മാറ്റിമറിച്ചു. അതിനാൽ ആ അക്രമികളുടെ മേൽ നാം ആകാശത്തു നിന്ന് ശിക്ഷയിറക്കി; അവർ അനുവർത്തിച്ചുകൊണ്ടിരുന്ന പാപങ്ങളുടെ ഫലമായി.

60. മൂസാ തന്റെ ജനതക്ക് വെള്ളത്തിനുവേണ്ടി പ്രാർഥിച്ചത് ഓർക്കുക: നാം കൽപിച്ചു: നിന്റെ വടികൊണ്ട് ആ പാറയിൽ അടിക്കുക.അങ്ങനെ അതിൽനിന്ന് പന്ത്രണ്ട് നീരുറവകൾ പൊട്ടിയൊഴുകി. എല്ലാ ഗോത്രവും തങ്ങളുടെ കുടിനീർ സ്ഥാനം മനസ്സിലാക്കി. അല്ലാഹുവിന്റെ വിഭവങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. ഭൂമിയിൽ അധർമ്മകാരികളായി വിഹരിക്കാതിരിക്കുക.

60: ഇസ്രാഈല്യർക്ക് വെള്ളത്തിന്റെ ആവശ്യത്തിനായി ഒരു പാറക്കല്ലിൽനിന്ന് പന്ത്രണ്ട് ഉറവകൾ അല്ലാഹു ഒഴുക്കിക്കൊടുത്തു. ഇസ്രായേൽ വംശം പന്ത്രണ്ട് ഗോത്രങ്ങളായിട്ടാണ് അറിയപ്പെട്ടിരുന്നത്. ചെങ്കടലിന്റെ കിഴക്കു ഭാഗത്ത് സൂയസ് പട്ടണത്തിൽനിന്ന് അൽപം ദൂരെയായി ഉറവിന്റെ വിടവുകൾ ഇന്നും കാണപ്പെടുന്നു.

61. നിങ്ങൾ പറഞ്ഞതോർക്കുക: അല്ലയോ മൂസാ, ഒരേതരം ഭക്ഷണം കൊണ്ടുമാത്രം ഞങ്ങൾക്ക് ക്ഷമിക്കാൻ കഴിയുന്നില്ല.നീ നിന്റെ രക്ഷിതാവിനോട് പ്രാർഥിക്കുക. അവൻ ഞങ്ങൾക്ക് മണ്ണിൽ മുളച്ചുവളരുന്ന ചീര, കക്കരി, ഗോതമ്പ്, പയർ, ഉള്ളി, മുതലായവ ഉത്പാദിപ്പിച്ചു തരട്ടെ. അപ്പോൾ മൂസാ ചോദിച്ചു: ഉത്തമ വിഭവങ്ങൾക്ക് പകരം താണ തരത്തിലുള്ളതാണോ നിങ്ങൾ പകരം ആവശ്യപ്പെടുന്നത്? എങ്കിൽ നിങ്ങൾ ഏതെങ്കിലും പട്ടണത്തിൽ പോവുക. നിങ്ങൾ തേടുന്നത് അവിടെ ലഭിക്കുന്നതാണ്.ഒടുവിൽ അവർ നിന്ദ്യതയിലും ദൈന്യതയിലും അകപ്പെട്ടു. അവർ അല്ലാഹുവിന്റെ കോപവുംകൊണ്ട് മടങ്ങുകയും ചെയ്തു. അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായമായി വധിക്കുകയും ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമത്രെ.അവർ ധിക്കാരം കാണിക്കുകയും അതിക്രമം പ്രവർത്തിച്ചതിന്റെയും ഫലവുമത്രെ.

61:കിരാതവും നികൃഷ്ടവുമായ ചെയ്തികൾകൊണ്ട് നിറഞ്ഞതാണ് ഇസ്രാഈല്യരുടെ ചരിത്രം. പ്രവാചകന്മാരുടെ പ്രബോധനങ്ങൾ അത്മാർഥമായി ചെവികൊള്ളാൻ അവർ തയ്യാറായില്ല. അല്ലാഹുവിങ്കൽനിന്നുള്ളതെന്ന് ബോധ്യമുള്ള ശാസനകളെപ്പോലും അഹന്തയോടെ അവർ ധിക്കരിച്ചുകൊണ്ടിരുന്നു.

അവരുടെ ജീവിതയാത്രയിൽ അവർക്ക് നേടിയെടുക്കാൻ കഴിഞ്ഞത് അല്ലാഹുവിന്റെ കോപമാണ്. അധ്വാനിക്കാതെ ഇഷ്ടംപോലെ ലഭിച്ചിരുന്ന ഭക്ഷണവിഭവങ്ങൾക്കു പകരം അധ്വാനിച്ചുണ്ടാക്കുന്ന പച്ചക്കറികളും ധാന്യങ്ങളും ഉത്പാദിപ്പിച്ചു തരാൻ അവർ മൂസാനബി(അ)യോട് ആവശ്യപ്പെട്ടു. അനാചാരങ്ങളെയും അധർമങ്ങളെയും വിമർശിച്ച പ്രവാചകന്മാരെ അവർ ശത്രുക്കളായി ഗണിക്കുകയും പലരെയും ദ്രോഹിക്കുകയും നിരവധി പേരെ കൊല്ലുകയും ചെയ്തു.

തങ്ങളുടെ ഈ പാതകങ്ങളെ ബൈബിളിൽതന്നെ വിശദമായി വിവരിച്ചിട്ടുണ്ട്.

ശമര്യയിലെ ഇസ്രാഈൽ രാജാവ് ആഹാബ്, ബഹുദൈവവിശ്വാസിനിയായ തന്റെ ഭാര്യയെ പ്രീണിപ്പിക്കാനായി ഇൽയാസ് നബി(അ)യെ (ഏലിയാവു Elijah) വധിക്കാൻ തുനിഞ്ഞിറങ്ങി. 'ബഅലി'നെ പൂജിക്കുന്നതിൽ ഇൽയാസ് പ്രവാചകൻ ഇസ്രാഈല്യരെ ആക്ഷേപിച്ചതായിരുന്നു കാരണം. ...ആഹാരത്തിന്റെ ബലംകൊണ്ടു 40 രാവും 40 പകലും ദൈവത്തിന്റെ പർവതമായ ഹോരേബോളം നടന്നു. അവിടെ അവൻ ഒരു ഗുഹയിൽ കടന്നു രാപാർത്തു. അപ്പോൾ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി, അവനോടു: ഏലിയാവേ ഇവിടെ നിനക്കെന്തു കാര്യം എന്നു ചോദിച്ചു. അതിന്നു അവൻ: സൈന്യങ്ങളുടെ ദൈവമായ യഹോവെക്കുവേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു. യിസ്രയേൽ മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു. നിന്റെ യാഗപീഠങ്ങളെ ഇടിച്ചു നിന്റെ പ്രവാചകന്മാരെ വാൾകൊണ്ട് കൊന്നുകളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു. (1. രാജാക്കന്മാർ,19:1-10)

ഇസ്രാഈല്യരിൽ വ്യഭിചാരവും വിഗ്രഹാരാധനയും പരസ്യമായി നടമാടിയപ്പോൾ അതിനെതിരെ ശബ്ദമുയർത്തിയ സകരിയാ നബി(അ)യെ യേവാശ് രാജാവിന്റെ കൽപനപ്രകാരം ഹൈക്കൽ സുലൈമാനിയയിൽ വെച്ച് കല്ലെറിഞ്ഞ് കൊന്നു. (2. ദിനവൃത്താന്തം 24:21)

യർമിയാഹ് നബി(അ)യെ (യരെമ്യാവു) ദേഹോപദ്രവമേൽപ്പിക്കുകയും, കയറിൽ ബന്ധിച്ച് ചളിക്കുഴിയിൽ കെട്ടിത്താഴ്ത്തുകയും ചെയ്തു. (യരെമ്യാവു 10:11)

ഹെരോദാ എന്ന യഹൂദി രാജാവിന്റെ ദുർന്നടപ്പുകളെക്കുറിച്ച് ആക്ഷേപിച്ചതിനെത്തുടർന്നും, അവന്റെ കാമുകിയുടെ ആവശ്യമനുസരിച്ചും യഹ്യാ നബി(അ)യുടെ (യോഹന്നാൻ), തല അറുത്ത് അയാൾ തന്റെ കാമുകിക്ക് സമർപ്പിക്കുകയുണ്ടായി. (മാർക്കോസ് 6:17-29)

അവസാനം ഈസാ നബി(അ)യെയും (യേശു) ജൂതന്മാർ വധിക്കാൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹത്തെ കുരിശിൽ തറച്ച് കൊന്നുവെന്ന് ജൂതന്മാരും ക്രിസ്ത്യാനികളും വിശ്വസിക്കുന്നു.

ദുഷ്ടതയും നെറികേടും ജൂതന്മാരുടെ ചരിത്രത്തിലുടനീളം കാണാം. നിന്ദ്യരും ഹീനരുമായിട്ടല്ലാതെ അന്തസ്സുള്ള ഒരു സമുദായമായിക്കൊണ്ട് ലോകത്ത് കഴിഞ്ഞുകൂടിയ ഒരു ചരിത്രം ജൂതന്മാർക്കുണ്ടായിട്ടില്ല. തങ്ങളുടെ വാഗ്ദത്തഭൂമിയെന്ന് അവകാശപ്പെട്ട് ഫലസ്തീനിൽ അവർ സ്ഥാപിച്ച ഇസ്രയേൽ രാഷ്ട്രം അവരുടെ ദുഷ്ടതക്കും ക്രൂരതക്കുമുള്ള ഒരു ഉദാഹരണമാണ്.

---

62. നിശ്ചയമായും (മുഹമ്മദ് നബിയിൽ) വിശ്വസിച്ചവരോ യഹൂദരോ ക്രൈസ്തവരോ സാബിഉകളോ ആരുമാവട്ടെ,അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർ ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.

---

62:തങ്ങൾ അല്ലാഹുവിന്റെ ഉറ്റവരാണെന്നും ഇതര ജനങ്ങളോടില്ലാത്ത പ്രത്യേക ബന്ധം അല്ലാഹുവിന് തങ്ങളോടുണ്ടെന്നും അതിനാൽ മോക്ഷം തങ്ങളുടെ കുത്തകയാണെന്നുമുള്ള യഹൂദരുടെ മിഥ്യാവിചാരത്തെ ഇവിടെ ഖണ്ഡിക്കുന്നു. വംശീയതയല്ല, മറിച്ച് സത്യവിശ്വാസവും സൽക്കർമവുമാണ് അല്ലാഹുവിങ്കൽ പരിഗണനീയമായിട്ടുള്ളത്. യഹൂദരോ ക്രൈസ്തവരോ മറ്റു മതസ്ഥരോ ആരായിരുന്നാലും ഉപര്യുക്ത വിശ്വാസം കൈക്കൊണ്ട് സൽക്കർമങ്ങൾ ചെയ്താൽ അല്ലാഹുവിന്റെ സന്നിധിയിൽ ഏതൊരു മനുഷ്യനും തക്ക പ്രതിഫലം ലഭിക്കും.

---

63. നിങ്ങൾക്കു മീതെ തൂർപർവതം ഉയർത്തിക്കൊണ്ട് നാം നിങ്ങളോട് പ്രതിജ്ഞ വാങ്ങിച്ചതോർക്കുക; നാം നിങ്ങൾക്കു നൽകിയ (ഈ വേദം) മുറുകെപ്പിടിക്കണമെന്നും അതിലുള്ള

തിനെ ഓർമ്മിച്ചുകൊണ്ടിരിക്കണമെന്നും. നിങ്ങൾക്ക് സൂക്ഷ്മത പാലിക്കുവാൻ കഴിഞ്ഞേക്കാം.

64. എന്നിട്ട്, അതിനുശേഷം (ആ പ്രതിജ്ഞയിൽ നിന്ന്) നിങ്ങൾ പിന്തിരിഞ്ഞു കളഞ്ഞു. നിങ്ങളുടെ മേൽ അല്ലാഹുവിൻെറ അനുഗ്രഹവും, അവൻെറ കാരുണ്യവും ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ടവരിൽപെട്ടുപോകുമായിരുന്നു.

65. നിങ്ങളിൽനിന്ന് സാബത്തു നാളിൽ അതിക്രമം ചെയ്തവരെക്കുറിച്ച് നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. നാം അവരോട് ആജ്ഞാപിച്ചു: നിങ്ങൾ നിന്ദ്യരായ കുരങ്ങുകൾ ആയിത്തീരുക.

65: ശനിയാഴ്ച ദിവസം ജോലികളിൽനിന്നെല്ലാം ഒഴിവായി വിശ്രമത്തിലും ദൈവാരാധനയിലും ഏർപ്പെടേണ്ടത് ഇസ്രാഈല്യർക്ക് നിർബന്ധമായിരുന്നു. ചില ഇസ്രാഈല്യർ ആ കൽപനയെ തന്ത്രപൂർവം ലംഘിക്കുകയാണ് ചെയ്തത്. അതിൻെറ പേരിൽ അല്ലാഹു അവരെ സകല നന്മകളും നശിച്ച കുരങ്ങന്മാരായിത്തീരുവിൻ എന്ന് ശപിച്ചു.

66. അങ്ങനെ ആ സംഭവത്തെ നാം അക്കാലക്കാർക്കും പിൽക്കാലക്കാർക്കും ഒരു ഗുണപാഠവും, ഭയഭക്തിയുള്ളവർക്ക് സദുപദേശവുമാക്കിവച്ചു.

67. മൂസാ തൻെറ ജനത്തോട് പറഞ്ഞ സന്ദർഭം (ഓർക്കുക:) അല്ലാഹു നിങ്ങളോട് ഒരു പശുവിനെ അറുക്കാൻ കൽപിക്കുന്നു. അപ്പോൾ അവർ ചോദിച്ചു: നീ ഞങ്ങളെ പരിഹസിക്കുകയാണോ? മൂസാ പറഞ്ഞു: അവിവേകികളിൽ പെടാതിരിക്കാൻ ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു.

68. അവർ പറഞ്ഞു: ഞങ്ങൾക്കുവേണ്ടി നിൻെറ നാഥനോട് പ്രാർഥിക്കുക. അത് എങ്ങനെയുള്ള (പശു)താണെന്ന് അവൻ ഞങ്ങൾക്ക് വിവരിച്ചുതരട്ടെ. (മൂസാ) പറഞ്ഞു: ആ പശു ഏറെ പ്രായമുള്ളതോ തീരെ പ്രായമില്ലാത്തതോ അല്ലാത്ത മധ്യവയസ്സായായിരിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. അതിനാൽ കല്പനയനുസരിച്ച് പ്രവർത്തിച്ചുകൊള്ളുക.

69. പിന്നെ അവർ പറഞ്ഞു: അതിൻെറ നിറം എന്താണെന്ന് ഞങ്ങൾക്ക് വ്യക്തമാക്കിത്തരുവാൻ നിൻെറ രക്ഷിതാവിനോട് ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുക. അവൻ പറഞ്ഞു: (അല്ലാഹു) പറയുന്നു: അത് മഞ്ഞ നിറമുള്ള ഒരു പശുവാണ്. അതിൻെറ നിറം കാഴ്ചക്കാരിൽ കൗതുകമുണർത്തുന്ന കടും മഞ്ഞയാണ്.

70. അവർ പറഞ്ഞു: അത് ഏതു തരമാണെന്ന് ഞങ്ങൾക്ക് വ്യക്തമാക്കിത്തരുവാൻ നിൻെറ രക്ഷിതാവിനോട് ഞങ്ങൾക്കുവേണ്ടി (ഒന്നുകൂടി) പ്രാർഥിക്കുക. തീർച്ചയായും പശുക്കൾ പരസ്പരം സാദൃശ്യമുള്ളതായി ഞങ്ങൾക്ക് തോന്നുന്നു. തീർച്ചയായും അല്ലാഹു ഇഛിച്ചെങ്കിൽ ഞങ്ങൾക്കത് തെളിഞ്ഞ് കിട്ടുകതന്നെ ചെയ്യും.

71. (മൂസ)പറഞ്ഞു: അല്ലാഹു അറിയിക്കുന്നു: തീർച്ചയായും ആ പശു നിലംഉഴുതുന്നതിനോ വിള നനക്കുവാനോ ഉപയോഗിക്കാത്തതും അന്യൂനവും കലകളില്ലാത്തതും ആയിരിക്കണമെന്ന്.അപ്പോൾ അവർ പറഞ്ഞു: ഇപ്പോഴാണ് നീ അതിൻെറ ശരിയായ വിവരം തന്നത്. അങ്ങനെ അവർ അതിനെ അറുത്തു. അവരതു ചെയ്യാൻ തയ്യാറായിരുന്നില്ല.

72. നിങ്ങൾ ഒരാളെ കൊലപ്പെടുത്തിയിട്ട് അതിൽ നിങ്ങൾ അന്യോന്യം (ആരോപണം നടത്തി) ഒഴിഞ്ഞുമാറിയ സംഭവം ഓർക്കുക. എന്നാൽ അല്ലാഹു നിങ്ങൾ മറച്ചുവെക്കുന്നതിനെ വെളിക്കു കൊണ്ടുവരുന്നവനത്രെ.

73. അപ്പോൾ നാം പറഞ്ഞു: നിങ്ങൾ അതിൻെറ ഒരു ഭാഗം കൊണ്ട്‌ ആ ജഡത്തെ അടിക്കുവിൻ. ഈ വിധം അല്ലാഹു മരിച്ചവരെ ജീവിപ്പിക്കുന്നു. നിങ്ങൾക്ക്‌ അവൻെറ ദൃഷ്‌ടാന്തങ്ങൾ കാണിച്ചുതരികയും ചെയ്യുന്നു. നിങ്ങൾ ബുദ്ധിയുപയോഗിക്കാൻ വേണ്ടി.

---

73: മൂസാ നബി(അ)യുടെ കാലത്ത്‌ നടന്ന ഒരു കൊലപാതകവുമായി ബന്ധപ്പെട്ടതാണ്‌ ഈ വചനങ്ങൾ എന്ന്‌ ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അഭിപ്രായപ്പെടുന്നു. സംഭവം ഏകദേശം ഇപ്രകാരമാകുന്നു. ഒരു ധനികനെ അയാളുടെ ഒരു അവകാശി കൊലപ്പെടുത്തി. അയാൾ കൊലക്കുറ്റം അന്യരിൽ ആരോപിച്ചു. യഥാർഥ ഘാതകനെ കണ്ടെത്താൻ അല്ലാഹുവിൻെറ നിർദ്ദേശപ്രകാരം മൂസാ നബി(അ) 67-ാം വചനത്തിൽ പ്രസ്താവിച്ച പ്രകാരം ഒരു പശുവിനെ ബലികഴിക്കാൻ കൽപിച്ചു. അറുത്തശേഷം ആ പശുവിൻെറ ഒരംശമെടുത്ത്‌ മരിച്ചയാളുടെ ജഡത്തിൽ അടിക്കുക. അപ്പോൾ അതിന്‌ ജീവനുണ്ടാകുകയും തൻെറ ഘാതകനാരെന്ന്‌ പറഞ്ഞുതരികയും ചെയ്യും.

ഈജിപ്തിലെ മറ്റു സമുദായങ്ങളിലുണ്ടായിരുന്ന പശുഭക്തിയും ഗോപൂജയും ഇസ്രാഈല്യരിലും കുടികൊണ്ടിരുന്നു. പശുവിനെ അറുക്കാൻ കൽപിച്ചത്‌ ഒരു കഠിന പരീക്ഷണമായിരുന്നു അവർക്ക്‌. പശുഭക്തിയുടെയും പശു ഒരാധ്യവസ്തുവാണെന്ന തെറ്റുധാരണയുടെയും നേർക്കുള്ള ഒരു ആഞ്ഞടിയുമായിരുന്നു അല്ലാഹുവിൻെറ ഈ പരീക്ഷണം. പശുബലിയിൽനിന്ന്‌ ഒഴിഞ്ഞുമാറാൻ അവർ ഉന്നയിച്ച ഓരോ സംശയവും അവരെ കൂടുതൽ കുടുക്കുകയായിരുന്നു.

''നീ നിൻെറ നാഥനോട്‌ ചോദിക്കുക'' എന്ന അവരുടെ പ്രയോഗം അവരുടെ വിശ്വാസത്തിൻെറ ദൗർബല്യവും അച്ചടക്ക രാഹിത്യവും മൂസാ നബി(അ)യെക്കുറിച്ച്‌ അവർ പുലർത്തുന്ന അവിശ്വാസത്തെയുമാണ്‌ സൂചിപ്പിക്കുന്നത്‌.

ഇത്തരം ആനാവശ്യമായ സംശയങ്ങളുന്നയിക്കുന്നതും വിശദീകരണങ്ങളന്വേഷിക്കുകയും ചെയ്യുന്നത്‌ ഖുർആനും വിരോധിച്ചിരിക്കുന്നു.

അല്ലയോ വിശ്വസിച്ചവരേ, ചില കാര്യങ്ങളെക്കുറിച്ച്‌ നിങ്ങൾ ചോദിക്കാതിരിക്കുക. അവ വെളിപ്പെടുത്തിത്തരുന്നത്‌ നിങ്ങൾക്ക്‌ പ്രയാസകരമായിരിക്കും. ഖുർആൻ അവതരിച്ചുകൊണ്ടിരിക്കുന്ന സമയത്ത്‌ നിങ്ങൾ അവയെക്കുറിച്ച്‌ ചോദിച്ചാൽ അവൻ നിങ്ങൾക്കവ വെളിപ്പെടുത്തിത്തരും... (5:101)

മുസ്‌ലിം നിവേദനം ചെയ്ത ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു.

മുസ്‌ലിംകളുടെ കൂട്ടത്തിൽ മുസ്‌ലിംകൾക്ക്‌ ഏറ്റവും ദോഷം ചെയ്തവൻ ആരാണെന്നോ, മുസ്‌ലിംകൾക്ക്‌ നിഷിദ്ധമല്ലാത്ത ഒരു കാര്യത്തെക്കുറിച്ച്‌ ചോദിക്കുകയും ആ ചോദ്യം നിമിത്തം അവർക്കത്‌ നിഷിദ്ധമാക്കപ്പെടുകയും ചെയ്തത്‌ ആരാലാണോ അവനാകുന്നു.

---

74. പിന്നീട്‌ (ഇങ്ങനെയുള്ള ദൃഷ്‌ടാന്തങ്ങൾ ദർശിച്ച) ശേഷവും നിങ്ങളുടെ മനസ്സുകൾ കടുത്തുപോയി; ശിലകൾ പോലെ. അല്ല, അതിലധികവും കടുത്തുപോയി. എന്തെന്നാൽ ചില പാറകളിൽ നിന്നു ഉറവകൾ പൊട്ടിയൊഴുകാറുണ്ട്‌. ചിലത്‌ പിളർന്ന്‌ വെള്ളം പുറത്തുവരുന്നു. ഇനിയും ചിലത്‌ ദൈവഭയത്താൽ താഴോട്ടുരുണ്ടുവീഴുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച്‌ അശ്രദ്ധനല്ലതന്നെ.

---

74: മദീനാവാസികൾ സത്യവിശ്വാസത്തിലേക്ക്‌ ആവേശഭരിതരായി കടന്നു വന്നപ്പോൾ, നൂറ്റാണ്ടുകളായി പ്രവാചകന്മാരുടെയും ദിവ്യഗ്രന്ഥങ്ങളുടെയും അനുയായികളായിരുന്നവരും 'ദൈവത്താൽ സവിശേഷം തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരു'മൊക്കെയാണെന്ന്‌ അവകാശപ്പെട്ടിരുന്ന വേദവാഹകരുടെ മനസ്സ്‌ നബിതിരുമേനിയുടെ പ്രവാചകത്വത്തിനു നേരെ കല്ലുകളെക്കാൾ കടുത്തു പോവുകയാണ്‌ ചെയ്തത്‌. നിങ്ങളെ ആവേശഭരിതരാക്കുന്ന ദിവ്യവചനങ്ങളെ അവർ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. മൂസാ നബി(അ)യും ഈസാനബി(അ)യും കൊണ്ടുവന്ന വിശുദ്ധ ഗ്രന്ഥങ്ങളെ സ്വേച്ഛാനുസാരം അലങ്കോലപ്പെടുത്തി വികൃതമാക്കിയ ആ മതത്തിലാണവർ മോക്ഷം പ്രതീക്ഷിച്ചിരിക്കുന്നത്‌.

---

75. (വിശ്വസിച്ചവരേ,) നിങ്ങളുടെ സന്ദേശത്തിൽ ഈ ജനം വിശ്വസിക്കുമെന്ന്‌ നിങ്ങളിനിയും പ്രതീക്ഷിക്കുന്നുവോ? അല്ലാഹുവിൻെറ വചനങ്ങൾ കേൾക്കുകയും നല്ലവണ്ണം ഗ്രഹിക്കുക

യും ചെയ്തശേഷം മനഃപൂർവം അതിനെ ഭേദഗതി ചെയ്യുക അവരിലൊരു വിഭാഗം ശീല മാക്കിയിരിക്കെ.

75:മുൻപ്രവാചകന്മാർ കൊണ്ടുവന്ന അതേ സന്ദേശം തന്നെയാണ് ഇപ്പോൾ ഖുർആനും ഈ പ്രവാചക നും കൊണ്ടുവന്നിട്ടുള്ളത്. വരാനിരിക്കുന്ന ഒരു പ്രവാചകനെപ്പറ്റിയും അയാളുടെ ഗുണങ്ങളെപ്പറ്റിയും ജൂതവേദത്തിൽ പ്രവചിക്കുകയും ചെയ്തിട്ടുണ്ട്. സത്യവിശ്വാസത്തിൻെറ അനുഗ്രഹത്തെക്കുറിച്ച് മദീനാ വാസികൾക്ക് അവർ അറിവുനൽകുകയും ചെയ്തിരുന്നു. എന്നിട്ടും വേദവാഹകരായ യഹൂദർ ഇസ്ലാ മിൽനിന്നകന്നുനിൽക്കുന്നത് അവരിൽ നിരാശയുണ്ടാക്കിയിരുന്നു.

76. സത്യവിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും:ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. തങ്ങ ളിൽ തനിച്ചിരുന്നു സംസാരിക്കുമ്പോൾ അവർ പറയുന്നു: അല്ലാഹു നിങ്ങൾക്കു വെളി പ്പെടുത്തിത്തന്ന കാര്യങ്ങൾ നിങ്ങൾ അവരോട് പറയുകയോ; നിങ്ങളുടെ രക്ഷിതാവിങ്കൽ അവർ നിങ്ങൾക്കെതിരിൽ തെളിവുനൽകാൻ? നിങ്ങൾ മനസ്സിലാക്കുന്നില്ലേ?

77. അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നുവെന്ന് അവർ അറിയുന്നില്ലെന്നോ?

77: ഒരു പ്രവാചകൻ വരാനുണ്ടെന്നും അദ്ദേഹം വന്നാൽ തങ്ങൾ വീണ്ടും ശക്തി പ്രാപിക്കുമെന്നുമൊ ക്കെ വേദക്കാർ അറബികളോട് തുറന്ന് പറയാറുണ്ടായിരുന്നു. തൗറാത്തിലും മറ്റും അന്ത്യപ്രവാചകനെ പ്പറ്റി വന്നിട്ടുള്ള പ്രവചനങ്ങളും, ദൈവധിക്കാരം കാരണമായി അവർ അനുഭവിച്ച ശിക്ഷകളും മുസ്ലിംകളെ അറിയിച്ചാൽ നാളെ പരലോകത്ത് അവർക്കത് ആപത്തായിത്തീരുമെന്നും, ഖുർആനെ യും ദൈവദൂതനെയും തള്ളിക്കളഞ്ഞത് അറിഞ്ഞുകൊണ്ടായിരുന്നുവെന്നും,അവർക്കെതിരായി മുസ്ലിം കൾക്ക് അല്ലാഹുവിൻെറ മുമ്പിൽ സാക്ഷിപറയാൻ അത് അവസരമുണ്ടാക്കുന്നതാണെന്നും വേദക്കാർ സ്വകാര്യത്തിൽ അന്യോന്യം ഉപദേശിച്ചിരുന്നു. അല്ലാഹു അവരുടെ ഇത്തരം രഹസ്യഭാഷണങ്ങൾ അറി യുന്നുവെന്നും അതേക്കുറിച്ചൊക്കെ അവർ ചോദിക്കപ്പെടുമെന്നും അവരെ ഉണർത്തുന്നു.

78. വേദപരിജ്ഞാനമില്ലാത്ത നിരക്ഷരരായ ചില ആളുകളും (ഇസ്രാഈല്യരിൽ) ഉണ്ട്.(അടി സ്ഥാനരഹിതമായ) വ്യാമോഹങ്ങൾ വെച്ചുപുലർത്തുകയും ഊഹങ്ങളെ അവലംബമാക്കു കയും മാത്രമാണ് അവർ ചെയ്യുന്നത്.

78: പണ്ഡിതന്മാരും പുരോഹിതന്മാരും ഓതിക്കൊടുത്തിരുന്ന വ്യാമോഹങ്ങളെ മുറുകെപ്പിടിച്ച് ജീവി ക്കുകയായിരുന്നു വേദക്കാരിലെ സാധാരണക്കാർ. അവരുടെ കൈവശമുള്ള വേദത്തിൻെറ യാഥാർഥ്യം അവരറിഞ്ഞിരുന്നില്ല. പണ്ഡിതപുരോഹിതന്മാരുടെ പ്രസ്താവനകളും ചില കേട്ടുകേൾവികളെ അടിസ്ഥാ നമാക്കിയുള്ള ഊഹാപോഹങ്ങളും മാത്രമായിരുന്നു അവരുടെ മതം.

അക്കാലത്തെ ജൂത-ക്രൈസ്തവ പണ്ഡിതന്മാർ പുലർത്തിയിരുന്ന ചില വ്യാമോഹങ്ങൾ ഖുർആൻ ഉദ്ധ രിക്കുന്നു:

അവർ അവകാശപ്പെടുന്നു: എണ്ണപ്പെട്ട ഏതാനും നാളുകളല്ലാതെ നരകം ഞങ്ങളെ സ്പർശിക്കുകയില്ല.. (2:80)

ജൂതനോ ക്രിസ്ത്യാനിയോ ആവാതെ ആരും സ്വർഗത്തിലെത്തുകയില്ലെന്ന് അവർ അവകാശപ്പെടുന്നു. അതവരുടെ വ്യാമോഹം മാത്രം... (2:111)

യഹൂദികളും ക്രിസ്ത്യാനികളും വാദിക്കുന്നു തങ്ങൾ ദൈവത്തിൻെറ മക്കളും അവനു പ്രിയപ്പെട്ടവരുമാ ണെന്ന്...(5:18)

79. തുഛമായ ഭൗതികലാഭങ്ങൾക്കുവേണ്ടി സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കു കയും എന്നിട്ട് ഇത് ദൈവത്തിങ്കൽനിന്നുള്ളതാണെന്ന് പറയുകയും ചെയ്യുന്നവർക്ക് നാശം. തങ്ങളുടെ കരങ്ങൾ എഴുതിയത് അവർക്ക് നാശനിമിത്തമാകുന്നു. അതുവഴി സമ്പാദിക്കുന്നതും അവർക്കു നാശം.

79:മതപണ്ഡിതന്മാരും പുരോഹിതന്മാരും പാമര ജനങ്ങളെ അല്ലാഹുവിൻെറ സന്മാർഗത്തിലേക്ക് മാർഗ ദർശനം ചെയ്യുന്നതിനു പകരം, അവർ സ്വാർഥലാഭങ്ങൾക്കുവേണ്ടി സ്വയം ദൈവം ചമഞ്ഞ് അവർ ക്കിഷ്ടപ്പെട്ട കെട്ടുകഥകളും ആചാരാനുഷ്ഠാനനിയമങ്ങളും അന്ധവിശ്വാസങ്ങളും നിർമിച്ച് അതെല്ലാം വിശുദ്ധ വേദസമാഹാരത്തിൽ കൂട്ടിക്കലർത്തി അവരെ വഴിതെറ്റിക്കാൻ ശ്രമിക്കുകയുമാണ് ചെയ്തത്. അവർ കൂട്ടിക്കലർത്തിയതെല്ലാം പിന്നീട് വേദത്തിൽ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തു. ജൂതപുരോ ഹിതന്മാർ തൗറാത്തിൽ എഴുതിച്ചേർത്തതെല്ലാം ദൈവത്തിൽനിന്നുള്ളതാണെന്നു അവർ അവകാശപ്പെടു കയും അങ്ങനെ അതിൽ വിശ്വസിക്കൽ വേദവിശ്വാസികൾക്ക് നിർബന്ധമായിത്തീരുകയും ചെയ്തു. അവയുടെ നിഷേധം മതത്തിൻെറ നിഷേധമാവുകയും ചെയ്തു. ഈ അക്രമത്തിന് അവർ പരലോകത്ത് കഠിനമായ ശിക്ഷയെ നേരിടേണ്ടിവരുന്നതാണ്. ഇത്തരം നടപടികളിലൂടെ അവർ നേടുന്ന സമ്പാദ്യ ങ്ങളും അവയുടെ ഉപയോഗവും പരലോകത്തിൽ കഠിനശിക്ഷക്ക് കാരണമായിത്തീരുന്നതുമാണ്.

---

80. അവർ പറയുന്നു: എണ്ണപ്പെട്ട ഏതാനും നാളുകളിലല്ലാതെ നരകാഗ്നി ഞങ്ങളെ സ്പർശി ക്കുകയില്ല. അവരോട് ചോദിക്കുക: നിങ്ങൾ അല്ലാഹുവുമായി വല്ല കരാറും ഉണ്ടാക്കി യിട്ടുണ്ടോ? എങ്കിൽ അല്ലാഹു തൻെറ കരാർ ലംഘിക്കുകയില്ല. അതോ, നിങ്ങൾക്കറിയാ ത്തത് അല്ലാഹുവിൻെറ പേരിൽ നിങ്ങൾ ആരോപിക്കുകയാണോ?

81. അങ്ങനെയല്ല, ആർ തിന്മയാർജ്ജിക്കുകയും സ്വന്തം പാപങ്ങളാൽ വലയിതനാവുകയും ചെയ്യുന്നുവോ അവരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.

82. വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർ ആരോ അവരാണ് സ്വർ ഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.

83. ഇസ്രായേൽ മക്കളിൽനിന്ന് നാം പ്രതിജ്ഞ വാങ്ങിയ സന്ദർഭം: അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്, മാതാപിതാക്കളോടും ബന്ധുക്കളോടും അനാഥകളോടും അഗതി കളോടും നല്ല നിലയിൽ വർത്തിക്കണം, ജനങ്ങളോട് നല്ലതു പറയുക, നമസ്കാരം നില നിർത്തുക, സകാത്തു നൽകുക എന്നൊക്കെ. പക്ഷേ, പിന്നീട് നിങ്ങൾ വിമുഖതയോടെ പിന്മാറിക്കളഞ്ഞു; നിങ്ങളിൽ അൽപം ആളുകളൊഴിച്ച്.

---

83: മുകളിൽ പറഞ്ഞ ശാസനകൾ അനുസരിച്ചുകൊള്ളാമെന്നായിരുന്നു അല്ലാഹു ഇസ്രായേൽ മക്കളിൽ നിന്ന് വാങ്ങിയ പ്രതിജ്ഞ. എന്നാൽ അവരത് ഇഷ്ടം പോലെ ലംഘിച്ചു, മാറ്റിമറിച്ചു, അവഗണി ക്കുകയും ചെയ്തു.

---

84. നിങ്ങൾ നിങ്ങളുടെ രക്തം ചിന്തരുതെന്നും സ്വജനത്തെ സ്വന്തം ഭവനങ്ങളിൽനിന്ന് കുടി യിറക്കരുതെന്നും നാം നിങ്ങളിൽനിന്ന് പ്രതിജ്ഞ വാങ്ങിയതോർക്കുക. എന്നിട്ട് നിങ്ങ ളത് അംഗീകരിച്ചതുമാണ്. നിങ്ങളതിന് സാക്ഷികളുമായിരുന്നു.

85. പിന്നീട് അതേ നിങ്ങൾതന്നെ സ്വന്തക്കാരെ വധിക്കുന്നു. സ്വന്തം ജനങ്ങളിലൊരു വിഭാഗ ത്തെ അവരുടെ വീടുകളിൽനിന്ന് ആട്ടിയോടിക്കുന്നു, കുറ്റകരമായും അക്രമപരമായും അവർക്കെതിരിൽ സഖ്യം ചേരുന്നു. അവരെ പുറത്താക്കുന്നതുതന്നെ നിങ്ങൾക്ക് നിഷി ദ്ധമായിരിക്കെ യുദ്ധത്തടവുകാരായി അവർ നിങ്ങളുടെ അടുത്തെത്തുമ്പോൾ അവരെ വിട്ടയ ക്കാൻ നിങ്ങൾ മോചനദ്രവ്യം വാങ്ങുന്നു. നിങ്ങൾ വേദത്തിലെ ചില ഭാഗങ്ങൾ വിശ്വസി ക്കുകയും മറ്റു ഭാഗങ്ങൾ നിഷേധിക്കുകയുമാണോ? നിങ്ങളിൽ ആ വിധം ചെയ്യുന്നവർക്കു ള്ള പ്രതിഫലം ഐഹികജീവിതത്തിൽ നിന്ദ്യത മാത്രമായിരിക്കും. ഉയിർത്തെഴുന്നേൽപു നാളിൽ കൊടിയ ശിക്ഷയിലേക്ക് അവർ തള്ളപ്പെടുകയും ചെയ്യും. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ലതന്നെ.

---

85: നബി(സ)തിരുമേനിയുടെ ആഗമനകാലത്ത്‌ മദീനയുടെ പരിസരത്ത്‌ താമസിച്ചിരുന്ന ജൂതഗോത്രങ്ങൾ, പരസ്‌പരം പോരടിച്ചിരുന്ന ഔസ്‌, ഖസ്‌റജ്‌ എന്നീ അറബിഗോത്രങ്ങളുമായി സഖ്യത്തിലേർപ്പെട്ടിരുന്നു. ജൂതഗോത്രങ്ങളായ ബനൂഖൈനുഖാഉം ബനുന്നദീറും ഖസ്‌റജ്‌ ഗോത്രവുമായി സഖ്യത്തിലേർപ്പെട്ടപ്പോൾ ബനൂഖുറൈദ എന്ന ജൂതഗോത്രം, ഖസ്‌റജിന്റെ ബദ്ധശത്രുക്കളായ ഔസ്‌ ഗോത്രവുമായിട്ടാണ്‌ സഖ്യത്തിലേർപ്പെട്ടിരുന്നത്‌. സങ്കുചിത താൽപര്യങ്ങൾക്കുവേണ്ടി ഔസും ഖസ്‌റജും പരസ്‌പരം യുദ്ധത്തിലേപ്പെടുമ്പോൾ ഓരോ ഗോത്രത്തോടും സഖ്യം ചെയ്തിരുന്ന യഹൂദഗോത്രങ്ങൾ അവരുടെ സഖ്യപക്ഷത്തുചേർന്ന്‌ യുദ്ധം ചെയ്തിരുന്നു. അങ്ങനെ ഇസ്രാഈല്യർ പരസ്‌പരം ഏറ്റുമുട്ടുകയും ചോര ചിന്തുകയും, തടവിലാക്കുകയും നാടുകടത്തുകയും മോചനദ്രവ്യം വാങ്ങി വിട്ടയക്കുകയും ചെയ്തിരുന്നു. അല്ലാഹുവിനോടുള്ള പ്രതിജ്ഞ അവർ നിസ്സങ്കോചം ലംഘിച്ചു.

---

86. പരലോകത്തിനു പകരം ഇഹലോകജീവിതം വാങ്ങിയവരാണവർ. അവർക്ക്‌ ശിക്ഷയിൽ ഇളവ്‌ നൽകപ്പെടുകയില്ല. അവർ സഹായിക്കപ്പെടുന്നതുമല്ല.

87. നിശ്ചയമായും മൂസാക്കു നാം വേദം നൽകി. അദ്ദേഹത്തിനുശേഷം പ്രവാചകന്മാരെ തുടർച്ചയായി അയച്ചുകൊണ്ടിരുന്നു. മർയമിന്റെ മകൻ ഈസാക്കു നാം സുവ്യക്തമായ ദൃഷ്‌ടാന്തങ്ങൾ നൽകി. പരിശുദ്ധാത്മാവിനാൽ അദ്ദേഹത്തെ നാം പ്രബലനാക്കുകയും ചെയ്തു. നിങ്ങളുടെ സ്വേഛകൾക്ക്‌ യോജിക്കാത്ത സന്ദേശവുമായി പ്രവാചകൻ നിങ്ങളിൽ വന്നപ്പോഴൊക്കെ നിങ്ങൾ ധിക്കരിച്ചു. ചിലരെ നിങ്ങൾ കളവാക്കി. മറ്റുചിലരെ കൊന്നുകളയുകയും ചെയ്തു.

---

87:മൂസാ നബി(അ)ക്ക്‌ ശേഷം ഇസ്രാഈല്യരെ നയിക്കാൻ തുടർച്ചയായി പ്രവാചകന്മാർ വന്നുകൊണ്ടിരുന്നു. അവരിൽ ദാവൂദ്‌ നബി(അ)ക്കും ഈസാ നബി(അ)ക്കും പുതിയ വേദങ്ങൾ ലഭിച്ചിരുന്നു. ഇസ്രാഈല്യരിലെ അവസാനത്തെ പ്രവാചകനാണ്‌ ഈസാനബി(അ). അദ്ദേഹം അദ്‌ഭുതകരമായ നിരവധി ദൃഷ്‌ടാന്തങ്ങൾ കൊണ്ടുവന്നിരുന്നു. അതിന്‌ അദ്ദേഹത്തെ സഹായിക്കാനായി ജിബ്‌രീൽ എന്ന മലക്കിനെ അല്ലാഹു പ്രത്യേകം ഏർപ്പെടുത്തിക്കൊടുത്തിരുന്നു. പക്ഷേ, ഇസ്രാഈല്യർ അദ്ദേഹത്തിൽ വിശ്വസിക്കാൻ തയ്യാറായില്ല. അദ്ദേഹത്തിന്റെ ജനനത്തിലെ അദ്‌ഭുതത്തെ ജാരസന്തതി എന്നധിക്ഷേപിച്ചു.അദ്ദേഹത്തിന്റെ അദ്‌ഭുത പ്രവൃത്തികൾ ചെകുത്താൻ സേവയുടെ ഫലമായി അവർ ചിത്രീകരിച്ചു. 'പരിശുദ്ധാത്മാവ്‌' എന്നതുകൊണ്ടുദ്ദേശ്യം ജിബ്‌രീൽ എന്ന മലക്കാണെന്ന്‌ (ഗബ്രിയേൽ എന്ന മാലാഖ) ഇസ്‌ലാമിക പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

---

88. അവർ പറയുന്നു: ഞങ്ങളുടെ ഹൃദയങ്ങൾ ഭദ്രമാണ്‌. അല്ല, അവരുടെ നിഷേധം കാരണമായി അല്ലാഹു അവരെ ശപിച്ചിരിക്കുകയാണ്‌.അതിനാൽ അൽപം മാത്രമേ അവർ വിശ്വസിക്കുന്നുള്ളു.

89. അവരുടെ കൈവശമുള്ള വേദത്തെ സത്യപ്പെടുത്തുന്ന ഒരു ഗ്രന്ഥം(ഖുർആൻ) അല്ലാഹുവിങ്കൽ നിന്ന്‌ അവർക്ക്‌ വന്നു കിട്ടിയപ്പോൾ (അവർ സ്വീകരിച്ച നിലപാട്‌ നോക്കുക.) അതിന്റെ ആഗമനത്തിനു മുമ്പ്‌ അവർ തന്നെ അത്തരമൊന്നിലൂടെ അവിശ്വാസികൾക്കെതിരിൽ വിജയം നേടിക്കൊടുക്കുവാൻ (അല്ലാഹുവിനോട്‌) പ്രാർഥിക്കാറുണ്ടായിരുന്നു. പക്ഷേ, തങ്ങൾ വ്യക്തമായി മനസ്സിലാക്കിയ ആ സംഗതി വന്നപ്പോൾ അവർ അതിനെ നിഷേധിക്കുകയാണ്‌ ചെയ്തത്‌. അതിനാൽ ആ നിഷേധികൾക്കത്രെ അല്ലാഹുവിന്റെ ശാപം.

---

89: തങ്ങളുടെ പ്രവാചകന്മാരും തൗറാത്തും പ്രവചിച്ചുകൊണ്ടിരുന്ന, വരാനിരിക്കുന്ന ഒരു പ്രവാചകനെക്കുറിച്ച്‌ യഹൂദർ തങ്ങളുടെ അയൽവാസികളായ അറബികളോട്‌ പറയാറുണ്ടായിരുന്നു. അദ്ദേഹം വന്നുകഴിഞ്ഞാൽ ഞങ്ങളുടെ എല്ലാ അവശതകളും തീരും. നിങ്ങളെയെല്ലാം ഞങ്ങൾ ജയിച്ചടക്കും. എന്നൊക്കെ യഹൂദർ വീമ്പിളക്കാറുണ്ടായിരുന്നു. 'ആ പ്രവാചകനെ വേഗം അയച്ചുതന്ന്‌ ഞങ്ങളെ സഹായിക്ക

ണേ' എന്ന് അവർ പ്രാർഥിക്കാറുമുണ്ടായിരുന്നു. യഹൂദരുടെ ഈ മുന്നറിയിപ്പുകൾ കേൾക്കാറുണ്ടായിരുന്ന മദീനാവാസികൾ മക്കയിൽ, ഒരു പ്രവാചകൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്ന വാർത്ത കേട്ടപ്പോൾ അദ്ദേഹത്തിൽ ജൂതന്മാർ പറഞ്ഞിരുന്ന ലക്ഷണങ്ങൾ ഇണങ്ങിയിരിക്കുന്നതായി മനസ്സിലാക്കുകയും തിരുമേനിയിൽ വിശ്വസിക്കാൻ അവർ മുന്നോട്ട് വരികയും ചെയ്തു. മക്കയും ത്വാഇഫും അദ്ദേഹത്തെ കൈവെടിഞ്ഞപ്പോൾ മദീനാവാസികൾ അദ്ദേഹത്തെ സന്തോഷത്തോടെ സ്വീകരിക്കാൻ ഒരു കാരണം ഇതായിരുന്നു.

വിചിത്രമെന്നു പറയട്ടെ തങ്ങൾ പ്രതീക്ഷയോടെ കാത്തിരുന്ന ആ പ്രവാചകൻ ആഗതനായപ്പോൾ ഇസ്രാഈല്യർ അദ്ദേഹത്തിൻെറ ഏറ്റവും കടുത്ത ശത്രുക്കളായി മാറുകയാണ് ചെയ്തത്. അവർ പ്രതീക്ഷിച്ചിരുന്ന പ്രവാചകൻ ഇസ്രയേൽ സമുദായത്തിൽ നിന്നായിരിക്കണമെന്നാണ് അവർ ആശിച്ചിരുന്നത് മുഹമ്മദ് നബി(സ) ഇസ്മാഈലീ വംശജനായിരുന്നു. തങ്ങൾ നിസ്സാരന്മാരായി കണക്കാക്കിപ്പോന്ന അറബി വംശജനായതിനാൽ അദ്ദേഹത്തെ നിഷേധിക്കുവാൻ അവർ പ്രേരിതരായി. നബി(സ)യെ സംബന്ധിച്ച യാഥാർഥ്യം അറിഞ്ഞുകൊണ്ടായിരുന്നു യഹൂദികൾ അദ്ദേഹത്തെ നിഷേധിച്ചത്. തൗറാത്തുവഴി അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞകൾ ലംഘിച്ചതിൻെറ പേരിലും തൗറാത്തിലൂടെ പ്രവചിച്ച അന്ത്യപ്രവാചകനെ നിഷേധിച്ചതിൻെറ പേരിലും അല്ലാഹുവിൻെറ ശാപത്തിനും കോപത്തിനും അവർ പാത്രമാവുകയും ചെയ്തു.

---

90. അല്ലാഹു അവൻെറ അടിമകളിൽ അവനിച്ഛിക്കുന്നവർക്ക് അവൻെറ (പ്രവാചകത്വവും ദിവ്യബോധനവുമാകുന്ന)അനുഗ്രഹം ഇറക്കിക്കൊടുത്തതിൽ അസൂയപ്പെട്ടുകൊണ്ട് അല്ലാഹു അവതരിപ്പിച്ച സന്മാർഗത്തെ നിഷേധിക്കുകവഴി തങ്ങളുടെ ആത്മാക്കളെ വിറ്റുകിട്ടിയ (വില) എത്ര ചീത്ത. അതിനാൽ അവർ കോപത്തിനുമേൽ കോപത്തിനർഹരായിരിക്കുന്നു. അവിശ്വാസികൾക്ക് നിന്ദ്യമായ ശിക്ഷയാണുള്ളത്.

91. ''അല്ലാഹു അവതരിപ്പിച്ചതിൽ(ഖുർആനിൽ)വിശ്വസിക്കുക''എന്ന് അവരോട് പറയപ്പെടുമ്പോൾ അവർ പറയുന്നു: ഞങ്ങൾക്ക് അവതീർണമായതിൽ മാത്രം ഞങ്ങൾ വിശ്വസിക്കുന്നു. അതിനപ്പുറമുള്ളത് അവർ നിഷേധിക്കുന്നു; എന്നാലത് അവരുടെ പക്കലുള്ള (വേദത്തിനെ) ശരിവെക്കുന്ന സത്യമാണുതാനും. ചോദിക്കുക: നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹുവിൻെറ പ്രവാചകന്മാരെ നിങ്ങൾ പണ്ടുമുതലേ കൊലപ്പെടുത്തുന്നത് എന്തിന്?

92. തീർച്ചയായും മൂസാ വ്യക്തമായ തെളിവുകളും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നു. എന്നിട്ടും അദ്ദേഹത്തിൻെറ പിറകിൽ (അഭാവത്തിൽ) നിങ്ങൾ പശുക്കിടാവിനെ (ദൈവമാ)യെടുത്തു. നിങ്ങൾ അതിക്രമം കാട്ടുകയായിരുന്നു.

93. നിങ്ങൾക്കു മീതെ ത്വൂർപർവതത്തെ ഉയർത്തിക്കൊണ്ട് നാം നിങ്ങളുടെ പ്രതിജ്ഞ വാങ്ങിച്ചതോർക്കുക. നാം നൽകിയ മാർഗദർശനങ്ങൾ മുറുകെ പിടിക്കണമെന്നും (നമ്മുടെ കൽപനകൾ) ശ്രദ്ധയോടെ കേൾക്കണമെന്നും (നാം താക്കീതുചെയ്തിരുന്നു.) അപ്പോൾ അവർ (നിങ്ങളുടെ പൂർവികർ) പറഞ്ഞു: ഞങ്ങൾ കേട്ടിരിക്കുന്നു. ഞങ്ങൾ ധിക്കരിക്കുകയും ചെയ്തിരിക്കുന്നു. അവരുടെ അവിശ്വാസം കാരണം പശുക്കുട്ടി(യോടുള്ള ഭക്തി) അവരുടെ മനസ്സുകളിൽ കുടിയിരുത്തപ്പെട്ടുപോയിരുന്നു. പറയുക: നിങ്ങൾ വിശ്വാസികളെങ്കിൽ നിങ്ങളുടെ വിശ്വാസം നിങ്ങളോടു കൽപിക്കുന്ന കാര്യങ്ങൾ വളരെ ചീത്ത തന്നെ.

94. നീ (യഹൂദരോട്) പറയുക: അല്ലാഹുവിങ്കലുള്ള പാരത്രിക ഗേഹം മറ്റു ജനങ്ങൾക്കൊന്നുമില്ലാതെ നിങ്ങൾക്കു മാത്രമുള്ളതാണെങ്കിൽ നിങ്ങൾ മരിക്കാൻ കൊതിക്കേണ്ടതാകുന്നു. (ആ വിശ്വാസത്തിൽ) നിങ്ങൾ സത്യസന്ധരാണെങ്കിൽ.

95. അവരുടെ കരങ്ങൾ ചെയ്തുകൂട്ടിയ (ദുഷ്പ്രവൃത്തികൾ) കാരണം അവർ അത് ഒരിക്കലും കൊതിക്കുകയില്ല. അതിക്രമികളെ നന്നായി തിരിച്ചറിയുന്നവനാണ് അല്ലാഹു.

96. തീർച്ചയായും ജനങ്ങളിൽവെച്ച് ജീവിതത്തോട് ഏറ്റവും ആർത്തിയുള്ളവരായി അവരെ നിനക്ക് കാണാം;ബഹുദൈവ വിശ്വാസികളെക്കാളും(കൂടുതലായി.) ഒരായിരം വർഷമെങ്കിലും ആയുസ്സ് കിട്ടിയിരുന്നെങ്കിൽ എന്നാണ് അവരിൽ ഓരോരുത്തരും ആശിക്കുന്നത്. എന്നാൽ ആയുർദൈർഘ്യം അവരെ ദൈവശിക്ഷയിൽനിന്ന് അൽപവും അകറ്റുകയില്ല. അല്ലാഹു അവരുടെ ചെയ്തികളെല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുകയാകുന്നു.

97. പറയുക: ആരെങ്കിലും ജിബ്‌രീലിൻെറ വിരോധിയാകുന്നുവെങ്കിൽ, (അവൻ അറിഞ്ഞിരിക്കട്ടെ:) ജിബ്‌രീൽ ഈ ഖുർആൻ നിൻെറ ഹൃദയത്തിൽ അവതരിപ്പിച്ചത് അല്ലാഹുവിൻെറ കൽപനപ്രകാരമാകുന്നു. മുൻവേദങ്ങളെ ശരിവെച്ചുകൊണ്ടുള്ളതും, സത്യവിശ്വാസികൾക്ക് മാർഗദർശനവും ഒരു സന്തോഷ വാർത്തയായുമായിട്ടാണ് (അത് ആഗതമായിട്ടുള്ളത്.)

98. ആരെങ്കിലും അല്ലാഹുവിൻെറയും അവൻെറ മലക്കുകളുടെയും അവൻെറ ദൂതന്മാരുടെയും ജിബ്‌രീലിൻെറയും മീകാഈലിൻെറയും വൈരികളാകുന്നുവെങ്കിൽ അല്ലാഹു അത്തരം സത്യനിഷേധികളുടെ വൈരിയത്രെ.

99. നിശ്ചയമായും സത്യത്തെ സ്‌പഷ്‌ടമായി വെളിപ്പെടുത്തുന്ന ദൃഷ്‌ടാന്തങ്ങളാകുന്നു നാം നിനക്ക് അവതരിപ്പിച്ചിട്ടുള്ളത്. തികഞ്ഞ ധിക്കാരികളല്ലാതെ അതിനെ നിഷേധിക്കുകയില്ല.

100. ഓരോകരാർ ചെയ്യുകഴിയുമ്പോഴും അവരിൽ ഒരു വിഭാഗം അതിനെ വലിച്ചെറിയുകയല്ലേ ചെയ്യത്? അതെ, അവരിലധികമാളുകളും വിശ്വസിക്കാറില്ല.

101. അവരുടെ പക്കലുള്ള വേദത്തെ ശരിവെച്ചുകൊണ്ട് അല്ലാഹുവിങ്കൽനിന്നു ഒരു ദൂതൻ അവരിൽ ആഗതനായപ്പോൾ ആ വേദക്കാരിൽ ഒരു വിഭാഗം ഒന്നുമറിയാത്തവരെപ്പോലെ അല്ലാഹുവിൻെറ ഗ്രന്ഥത്തെ പിറകോട്ട് വലിച്ചെറിഞ്ഞു.

102. സുലൈമാൻെറ രാജവാഴ്‌ചയുടെ പേരിൽ ചെകുത്താന്മാർ ഓതിക്കൊടുത്തതിനെ അവർ (ഇസ്രാഈല്യർ) പിൻപറ്റുകയും ചെയ്തു. സുലൈമാൻ ഒരിക്കലും സത്യനിഷേധം പ്രവർത്തിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ചുകൊണ്ടിരുന്ന ചെകുത്താന്മാരാകുന്നു സത്യനിഷേധം പ്രവർത്തിച്ചത്. ബാബിലോണിലെ 'ഹാറൂത്ത്', 'മാറൂത്ത്' എന്ന രണ്ടു മാലാഖമാർക്ക് അവതരിച്ചതിനെയും അവർ പിൻപറ്റി. അവർ ഇരുവരുമാകട്ടെ, 'ഞങ്ങൾ ഒരു പരീക്ഷണം മാത്രമാകുന്നു, അതിനാൽ നിങ്ങൾ സത്യനിഷേധത്തിൽ അകപ്പെടാതിരിക്കുക' എന്ന് പറഞ്ഞുകൊണ്ടല്ലാതെ ആരെയും അത് പഠിപ്പിച്ചിരുന്നില്ല. എന്നിട്ടും ഭാര്യാഭർത്താക്കളെ ഭിന്നിപ്പിക്കാനുതകുന്നത് ആ ജനം അവരിൽനിന്ന് അഭ്യസിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിൻെറ അനുമതി കൂടാതെ അതുവഴി ആരെയും അവർക്ക് ദ്രോഹിക്കാനാവില്ല. പക്ഷേ, അവർ തങ്ങൾക്ക് ദ്രോഹകരവും പ്രയോജനരഹിതവുമായാ ആ വിദ്യ പഠിച്ചുകൊണ്ടിരുന്നു. അത് വാങ്ങുന്നവന് പരലോകത്തിൽ ഒരു വിഹിതവുമില്ലെന്ന് അവർക്ക് നന്നായറിയാമായിരുന്നു. അവർ സ്വന്തത്തെ വിറ്റ് പകരം വാങ്ങിയത് എത്ര മോശം. അവരറിഞ്ഞിരുന്നുവെങ്കിൽ.

---

102: ബി.സി. 6-ാം നൂറ്റാണ്ടിൽ നബുക്കഡ് ചക്രവർത്തി ജറുസലം ആക്രമിച്ചു കീഴടക്കുകയും ഇസ്രാഈല്യരെ ബാബിലോണിയയിലേക്ക് നാടുകടത്തുകയും ഇസ്രാഈല്യർ അവിടെ കുറേ വർഷങ്ങൾ അടിമകളായി കഴിയുകയും ചെയ്തിരുന്നു. ബാബിലോണിയയിൽ ആഭിചാരം, മന്ത്രവാദം, ജ്യോത്സ്യം തുടങ്ങിയ ക്ഷുദ്രവിദ്യകൾ തഴച്ചുവളർന്ന കാലമായിരുന്നു അത്. ധാർമ്മികമായും ഭൗതികമായും ജീർണത ബാധിച്ച ഇസ്രാഈല്യർ ഈ ക്ഷുദ്രവിദ്യകളിൽ ആകൃഷ്‌ടരായി. സുലൈമാൻ നബി(അ)യുടെ ആധിപത്യകാലത്ത് ജിന്നുകൾ പറവകൾ മുതലായവയെ കീഴ്‌പ്പെടുത്തുക തുടങ്ങി മറ്റാർക്കും സിദ്ധി

ക്കാത്ത പല കഴിവുകളും അദ്ദേഹത്തിന് സിദ്ധിച്ചിരുന്നു. സുലൈമാൻ നബി(അ)യുടെ ഈ കഴിവുകളെല്ലാം ചില ജപമന്ത്രങ്ങളുടെ ഫലമായിരുന്നുവെന്നും അത് തങ്ങൾ പഠിപ്പിച്ചു തരാമെന്നും ചില പിശാചുക്കൾ ഇസ്രാഈല്യരെ വ്യാമോഹിപ്പിച്ചു. ഇസ്രാഈല്യർ അതിൽ വീഴുകയും അദ്ദേഹത്തിന് ജിന്നുകളുടെയും പിശാചുക്കളുടെയും ആധിപത്യത്തിൻെറ ആധാരം അദ്ദേഹത്തിൻെറ ആഭിചാരവൈഭവമായിരുന്നു എന്ന് പ്രചരിപ്പിക്കുകയും ചെയ്തു.അല്ലാഹുവിൻെറ പ്രവാചകനായ അദ്ദേഹത്തെ പൈശാചിക ശക്തികളുടെ നായകനായി ഇസ്രാഈല്യർ വിശേഷിപ്പിച്ചു. ഇസ്രാഈല്യരുടെ ഈ ആരോപണത്തെ മേൽ വചനം ഖണ്ഡിക്കുന്നു.

ആഭിചാരം പിശാചിൻെറ പ്രവർത്തിയാണ്. അത് സത്യനിഷേധത്തിൽപെട്ടതും പരലോകം നിശ്ശേഷം നഷ്ടപ്പെടുത്തുന്നതുമാണ്. യഥാർഥ സത്യവിശ്വാസത്തിന് ക്ഷയം സംഭവിക്കുമ്പോഴാണ് ജ്യോത്സ്യം മന്ത്രവാദം തുടങ്ങിയ മിഥ്യകളിൽ മനുഷ്യൻ ഭ്രമിക്കുന്നത്. അല്ലാഹു മാത്രമാണ് അഖില പ്രപഞ്ചത്തിൻെറയും വിധാതാവെന്നും അവൻ സർവശക്തനും അനുഗ്രഹദാതാവും പരമകാരുണികനുമാണെന്ന് വിശ്വസിക്കുന്നവർക്ക് ദൈവേതര ശക്തികളിൽ വിശ്വസിക്കാനോ അവരോട് സഹായം തേടാനോ, കഴിയില്ല. ഈ വിശ്വാസം ശിഥിലമാവുമ്പോഴാണ് പിശാച് ജിന്ന്, മലക്ക്, ദേവി, ദേവൻ, ഭൂതം നക്ഷത്രഗ്രഹങ്ങൾ, ദുർമൂർത്തികൾ എന്നിവയുടെ കഴിവുകളിൽ മനുഷ്യൻ പ്രതീക്ഷയർപ്പിക്കുന്നതും അവരോട് സഹായം തേടുന്നതും. ആഭിചാരം, ഇന്ദ്രജാലം, ജാലവിദ്യ, കൺകെട്ട്, മാരണം, കൂടോത്രം, ഇസ്മിൻെറ പണി, എന്നിങ്ങനെ പല പേരുകളിലും സിഹ്ർ അറിയപ്പെടുന്നു. മന്ത്രങ്ങൾ, ജപഹോമാദികൾ, ഉറുക്കുകൾ, നറുക്കുകൾ, രക്ഷാതകിടുകൾ എന്നിവയെല്ലാം ആഭിചാരത്തിൻെറ വിവിധ ഇനങ്ങളാണ്.

ആഭിചാരം ഫലിക്കുമോ എന്നത് ഒരു തർക്കവിഷയമാണ്. ഇതിന് വസ്തുനിഷ്ഠമായ യാഥാർഥ്യമില്ലെന്നും കടുത്ത അന്ധവിശ്വാസമാണെന്നും ചിലർ വിശ്വസിക്കുന്നു. അദൃശ്യമാധ്യമങ്ങളിലൂടെ മനുഷ്യന് കഷ്ട-നഷ്ടങ്ങളേല്പിക്കാൻ അല്ലാഹുവിന് മാത്രമേ കഴിയൂ. ഒരു സൃഷ്ടിക്കും കഴിയില്ല.

ആഭിചാരത്തിൽ യാഥാർഥ്യമുണ്ടെന്ന് വിശ്വസിക്കുന്നവരുണ്ട്. ആഭിചാരത്തിന് ഫലമുണ്ടെങ്കിൽ അത് വ്യക്തിനിഷ്ഠമാണ്. അതിൽ വിശ്വസിക്കുകയും ഭയപ്പെടുകയും ചെയ്യുന്നവരെ സംബന്ധിച്ച് താൻ ആഭിചാരത്തിന് വിധേയനായിരിക്കുന്നു എന്ന് അറിയുകയോ ശങ്കിക്കുകയോ ചെയ്താൽ അയാൾ അസ്വസ്ഥനും ഭീതിതനുമാകുന്നു.യഥാർഥത്തിൽ ആഭിചാരം ചെയ്തിട്ടുണ്ടായിരിക്കണമെന്നില്ല. എങ്കിലും അയാളുടെ ജീവിതം ദുരിതമയമാകാൻ അങ്ങനെയൊരു വിചാരം അയാളിൽ കടന്നുകൂടിയാൽ മാത്രം മതി. അതിനാൽ ആഭിചാരം അല്ല, അതിനു വിധേയരാവുന്നവരുടെ അതിലുള്ള വിശ്വാസമാണ് ആപത്തുകൾ ഉണ്ടാക്കുന്നത്.

ഫലമെന്തായാലും ആഭിചാരം(സിഹ്ർ) എന്ന പദത്തിൻെറ പരിധിയിൽ വരുന്ന മന്ത്രവാദം, മാരണം, കൂടോത്രം എന്നിവ നിഷിദ്ധമാണെന്നതിൽ സംശയമില്ല. അത് മനുഷ്യർക്കിടയിൽ സ്പർധക്കും ഭിന്നിപ്പിനും വഴിയൊരുക്കുന്നു. അതിനാൽ ആഭിചാരം മഹാപാപമാണ്.

---

103. അവർ സത്യവിശ്വാസവും സൂക്ഷ്മതയും കൈക്കൊണ്ടിരുന്നുവെങ്കിൽ അല്ലാഹുവിങ്കൽ നിന്ന് അവർക്ക് ലഭിക്കുന്ന പ്രതിഫലം അതിവിശിഷ്ടമാകുമായിരുന്നു.അവർ അറിഞ്ഞിരുന്നുവെങ്കിൽ!

104. അല്ലയോ സത്യവിശ്വാസികളേ, (നബിയോട്) നിങ്ങൾ 'റാഇനാ' എന്നു പറയരുത്. 'ഉൻളുർനാ' എന്ന് പറയുക. ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യുക. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്.

---

104: നബി(സ)തിരുമേനിയുടെ സദസ്സുകളിൽ, പ്രത്യക്ഷത്തിൽ ഇസ്ലാമിൽ വിശ്വസിക്കുന്നതായി അഭിനയിച്ചുകൊണ്ട് ചില യഹൂദരും ബഹുദൈവവിശ്വാസികളായ അറബികളും പങ്കെടുക്കാറുണ്ടായിരുന്നു. സംഗതികൾ മനസ്സിലാക്കാനുള്ള ഉത്സാഹം ഭാവിച്ചുകൊണ്ട് തിരുമേനി സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടക്ക് 'റാഇനാ' (ഞങ്ങളെ പരിഗണിക്കേണമേ) എന്ന വാക്ക് അവർ ഉപയോഗിക്കാറുണ്ടായിരുന്നു. പല ദുരർഥങ്ങൾക്കും പഴുതുള്ള ഈ വാക്കിലൂടെ നബി(സ)യെ പരിഹസിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം.ആ പദത്തിൻെറ ഉച്ചാരണം വക്രീകരിച്ച് 'റാഈനാ' എന്നാക്കുകയാണെങ്കിൽ അതിൻെറ അർഥം

'ഞങ്ങളുടെ ഇടയാ' എന്നാകും. അവർ പരസ്പരം ശകാരിക്കുമ്പോൾ ഉപയോഗിക്കാറുള്ള ശകാര പദമാണത്. ജൂതന്മാരുടെ ഈ കുടിലത മനസ്സിലാക്കാത്ത മുസ്ലിംകളും ഈ പദം ഉപയോഗിച്ചിരുന്നു. അതിനാൽ പ്രവാചക സന്നിധിയിൽ 'റാഇനാ' എന്ന് വാക്ക് ഉപയോഗിക്കരുതെന്നും 'ഞങ്ങളെ ശ്രദ്ധിച്ചാലും', 'ഞങ്ങളതൊന്നു ഗ്രഹിക്കട്ടെ' എന്നിങ്ങനെ അർഥം വരുന്ന 'ഉൻളുർനാ' എന്ന വാക്കുപയോഗിക്കണമെന്നും ഖുർആൻ മുസ്ലിംകളോട് ആജ്ഞാപിക്കുന്നു.

105. വേദക്കാരിലെയും ബഹുദൈവവിശ്വാസികളിലെയും സത്യനിഷേധികൾ നിങ്ങളുടെ നാഥങ്കൽനിന്ന് നിങ്ങൾക്ക് എന്തെങ്കിലും നന്മ അവതരിക്കപ്പെടുന്നത് ഇഷ്ടപ്പെടുന്നില്ല. എന്നാൽ അല്ലാഹു അവനിച്ഛിക്കുന്നവരെ തന്റെ കാരുണ്യമേകാൻ പ്രത്യേകം അനുഗ്രഹിക്കുന്നു. അല്ലാഹു മഹത്തായ ഔദാര്യമുടയവനാകുന്നു.

106. ഏതെങ്കിലും ഒരു സൂക്തം നാം ദുർബലമാക്കുകയോ വിസ്മരിപ്പിക്കുകയോ ആണെങ്കിൽ പകരം അതിലും മികച്ചതോ തത്തുല്യമോ നാം കൊണ്ടുവരും. എല്ലാറ്റിനും കഴിവുള്ളവനാണ് അല്ലാഹു എന്ന് നീ അറിയുന്നില്ലേ?

107. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിന് മാത്രമുള്ളതാണെന്ന് നീ അറിയുന്നില്ലേ? അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയുമില്ല, ഒരു സഹായിയുമില്ല.

108. അതല്ല, നേരത്തെ മൂസാ ചോദിക്കപ്പെട്ടതുപോലുള്ള ചോദ്യങ്ങൾ നിങ്ങളുടെ ദൈവദൂതനോട് നിങ്ങളും ചോദിക്കാൻ വിചാരിക്കുകയാണോ? സത്യവിശ്വാസത്തിനു പകരം സത്യനിഷേധം കൈക്കൊള്ളുന്നവൻ നേർമാർഗത്തിൽനിന്നു പിഴച്ചുപോയതുതന്നെ.

109. സത്യവിശ്വാസം കൈക്കൊണ്ടു കഴിഞ്ഞ നിങ്ങളെ സത്യനിഷേധത്തിലേക്ക് മടക്കാൻ കഴിഞ്ഞെങ്കിൽ എന്ന് വേദക്കാരിൽ ഏറെപ്പേരും ആഗ്രഹിക്കുന്നു. സത്യം തെളിഞ്ഞുകഴിഞ്ഞിട്ടും സ്വന്തം മനസ്സിലെ അസൂയ നിമിത്തം (അവർ അങ്ങനെ കാംക്ഷിക്കുന്നു.) അതിനാൽ അല്ലാഹു തന്റെ കൽപന നടപ്പാക്കുംവരെ നിങ്ങളവരോട് വിട്ടുവീഴ്ചയും സൗമനസ്യവും അനുവർത്തിക്കുവിൻ. നിശ്ചയമായും അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനത്രെ.

110. നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുവിൻ. നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി നിങ്ങൾ മുൻകൂട്ടി പ്രവർത്തിച്ചുവെച്ചിട്ടുള്ള നന്മകളെല്ലാം അല്ലാഹുവിങ്കൽ നിങ്ങൾ കണ്ടെത്തുന്നതാകുന്നു. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു കാണുന്നവനത്രെ.

111. അവർ പറയുന്നു: ജൂതനോ ക്രിസ്ത്യാനിയോ ആവാതെ ആരും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. ഇതവരുടെ വ്യാമോഹങ്ങളാകുന്നു. അവരോട് പറയുക: (ഈ വാദത്തിൽ) നിങ്ങൾ സത്യസന്ധരെങ്കിൽ നിങ്ങളുടെ തെളിവുകൾ ഹാജരാക്കുക.

111: തങ്ങൾ എന്തു ചെയ്താലും ദൈവം ശിക്ഷിക്കുകയില്ലെന്നും, തങ്ങൾ മാത്രമേ സ്വർഗത്തിന് അവകാശികളാകൂ എന്നും ജൂതന്മാർ വിശ്വസിക്കുന്നു. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്ത്യാനികളായവർ മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂ. മനുഷ്യരുടെയെല്ലാം പാപപരിഹാരാർഥം ഈസാ(അ) കുരിശിലേറി മരിച്ചിരിക്കുന്നു എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ക്രിസ്തുവിലൂടെ മാത്രമേ മനുഷ്യന് രക്ഷയുള്ളൂ എന്ന് അവർ പറയുമ്പോൾ സ്വർഗപ്രവേശനം സാധ്യമാകണമെങ്കിൽ ക്രൈസ്തവനാകണമെന്ന് അർഥം വരുന്നു. എന്നാൽ ഇന്ന് നിലവിലുള്ള ജൂതായിസവും ക്രിസ്ത്യാനിസവും അല്ലാഹു അവതരിപ്പിച്ച വേദത്തിലോ പ്രവാചകന്മാരുടെ അധ്യാപനങ്ങളിലോ അധിഷ്ഠിതമല്ല. അവരുടെ ദേഹേഛകൾക്കും സ്വാർഥതാൽപര്യങ്ങൾക്കും അനുസൃതമായി ചമച്ച കൃത്രിമ സിദ്ധാന്തങ്ങളെയാണ് അവർ പിൻപറ്റുന്നത്. അതിനാൽ ജൂതൻ അല്ലെങ്കിൽ ക്രിസ്ത്യാനി ആയവൻ മാത്രമേ സ്വർത്തിൽ പ്രവേശിക്കൂ എന്ന ഈ രണ്ടു വിഭാഗത്തിന്റെയും വാദം വെറും വ്യാമോഹമെന്നല്ലാതെ തെളിവിന്റെയും ന്യായത്തി

ൻെറയും കണികപോലും ഇല്ലെന്ന് അല്ലാഹു പറയുന്നു. ദൈവവുമായി അങ്ങനെ വല്ല കരാറിലും ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള തെളിവ് സമർപ്പിക്കുവാൻ ഇരുകൂട്ടരെയും ഖുർആൻ വെല്ലുവിളിക്കുകയും ചെയ്യുന്നു.

---

112. എന്നാൽ(യാഥാർഥ്യം)അങ്ങനെയല്ല. ആർ തൻെറ മുഖം അല്ലാഹുവിന് സമർപ്പിക്കുകയും സൽക്കർമ്മകാരിയാവുകയും ചെയ്യുന്നുവോ, അവന് അവൻെറ രക്ഷിതാവിങ്കൽ അതിൻെറ പ്രതിഫലമുണ്ട്. അവർക്ക് ഒന്നും ഭയപ്പെടാനില്ല. അവർ ഖേദിക്കാൻ ഇടയാകുന്നതുമല്ല.

113. ജൂതന്മാർ പറയുന്നു: ക്രിസ്ത്യാനികൾ ഒന്നിലും അല്ല (അവർക്ക് ഒരടിസ്ഥാനവുമില്ല.) ക്രിസ്ത്യാനികൾ പറയുന്നു: ജൂതന്മാർ ഒന്നിലും അല്ല (അവർക്ക് ഒരടിസ്ഥാനവുമില്ല.) അവർ(രണ്ടുകൂട്ടരും) വേദമോതുന്നവരാണുതാനും. അതുപോലെ, ഇവരുടെ വാക്കുപോലെ ത്തന്നെ അറിവില്ലാത്തവരും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവരുടെയെല്ലാം ഭിന്നവാദങ്ങളിൽ അല്ലാഹു അന്ത്യനാളിൽ വിധി കൽപിക്കുന്നതാകുന്നു.

---

113: ജൂത-ക്രൈസ്തവ വിഭാഗങ്ങൾ മതപരമായി പരസ്പരം പിഴച്ചവരും സത്യനിഷേധികളും ആക്കി തള്ളിപ്പറയുന്നവർ ആയിരുന്നു.ജൂതന്മാർ യേശുവിനെയും അദ്ദേഹത്തിൻെറ ഇഞ്ചീൽ (പുതിയനിയമം) വേദത്തെയും അംഗീകരിക്കുന്നില്ല. എന്നാൽ 'തൗറാത്ത്' ക്രൈസ്തവരും ജൂതന്മാരും അംഗീകരിക്കുന്നു. അടിസ്ഥാന ആദർശങ്ങളിൽപോലും ഇരുകൂട്ടരും യോജിക്കുന്നില്ല. ജൂതന്മാർ അവരുടെ പിതാവായ ഏകദൈവത്തിൽ(God of Israyel)വിശ്വസിക്കുമ്പോൾ,ക്രൈസ്തവർ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകത്വത്തിലാണ്(Trinity) വിശ്വസിക്കുന്നത്. ഇരുകൂട്ടരും ഒരേ വേദം ഓതുന്നു എന്നതാണ് വിചിത്രം. അറേബ്യൻ ബഹുദൈവവിശ്വാസികളെ സംബന്ധിച്ചിടത്തോളം പരലോകവും സ്വർഗനരകാദികളൊക്കെ വെറും കെട്ടുകഥകളാണ്.

---

114. അല്ലാഹുവിൻെറ പള്ളികളിൽ അവൻെറ നാമം സ്മരിക്കപ്പെടുന്നത് വിലക്കുകയും അവയെ(പള്ളികളെ) നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുവനെക്കാൾ അക്രമി ആരുണ്ട്. ഭയപ്പാടോടു കൂടിയല്ലാതെ അവർക്ക് അവിടെ പ്രവേശിക്കാവതല്ല. ഈ ലോകത്ത് നിന്ദ്യതയാണ് അവർക്കുള്ളത്. പരലോകത്ത് കഠിനശിക്ഷയും അവർക്കുണ്ട്.

115. കിഴക്കും പടിഞ്ഞാറും(എല്ലാം തന്നെ) അല്ലാഹുവിൻെറതാകുന്നു. നിങ്ങൾ എങ്ങോട്ടു തിരിഞ്ഞാലും അവിടെയെല്ലാം അല്ലാഹുവിൻെറ മുഖമുണ്ട്. അല്ലാഹു അതിവിശാലനും സർവജ്ഞനുമത്രെ.

116. അവർ പറയുന്നു:അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു. എന്നാൽ അവൻ അതിൽ നിന്നെല്ലാം എത്ര പരിശുദ്ധൻ! അല്ല! ആകാശങ്ങളിലും ഭൂമിയിലും ഉള്ള സകലതും അവൻേറതാകുന്നു. എല്ലാം അവനെ വണങ്ങുന്നവ മാത്രം.

---

116: ഉസൈർ ദൈവപുത്രനാണെന്ന് ജൂതന്മാർ പറയുന്നു. ഈസാ(അ) (യേശു) ദൈവപുത്രനാണെന്ന് ക്രൈസ്തവരും പറയുന്നു. ജൂത-ക്രൈസ്തവരുടെ ഈ ദൈവപുത്ര വാദം ഖുർആൻ അംഗീകരിക്കുന്നില്ല. ക്രൈസ്തവരുടെ ത്രിത്വവും യേശുവിൻെറ ദിവ്യത്വവും ഖുർആൻ നിരാകരിക്കുന്നു. ഇതെല്ലാം പരമാബദ്ധമായ ജൽപനങ്ങളാകുന്നു. യേശു ശ്രേഷ്ഠനായ ദൈവദാസനും മഹാനായ ഒരു പ്രവാചകനും മാത്രമാകുന്നു.അദ്ദേഹം മറ്റെല്ലാ പ്രവാചകരെയും പോലെ അല്ലാഹുവിൻെറ മഹാനായ സന്ദേശവാഹകനായിരുന്നു. അല്ലാഹുവിന് പുത്രനില്ലെന്നും അവൻ ആരുടെയും പുത്രനല്ലെന്നും സംശയാതീതമായി ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിന് യാതൊരു വിധത്തിലുള്ള അപൂർണതയുമില്ല. അവൻ അനാദിയും അനന്തനുമാണ്. അവന് പുത്രന്മാരുടെയോ പുത്രിമാരുടെയോ മറ്റുള്ളവരുടെയോ യാതൊരു സഹായവും ആവശ്യമില്ല. അല്ലാഹുവിന് ഒരർഥത്തിലും ഇണയോ സന്തതികളോ തുല്യരോ പങ്കാളികളോ ഇല്ല. ഉണ്ടെന്ന് ഏതർഥത്തിൽ കരുതിയാലും അത് ബഹുദൈവത്വവാദമാകുന്നു.

---

117. ആകാശങ്ങളെയും ഭൂമിയെയും ഇല്ലായ്മയിൽനിന്ന് ഉണ്ടാക്കിയവനാണവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ 'അത് ഭവിക്കട്ടെ' എന്നരുളുകയേ വേണ്ടൂ. അതോടെ അത് സംഭവിക്കുകയായി.

118. അറിവില്ലാത്തവർ ചോദിക്കുന്നു: അല്ലാഹു നമ്മോട് (നേരിൽ) സംസാരിക്കാത്തതെന്ത്? അല്ലെങ്കിൽ ഞങ്ങൾക്കായി ഒരു ദൃഷ്ടാന്തമവതരിപ്പിക്കാത്തത് എന്ത്? എന്നാൽ ഇവർ പറഞ്ഞതുപോലെത്തന്നെ ഇവർക്ക് മുമ്പുള്ളവരും പറഞ്ഞിട്ടുണ്ട്. അവരുടെ മനസ്സുകൾ സദൃശമായിരിക്കുന്നു. എന്നാൽ ദൃഢവിശ്വാസമുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം നാം ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

118: ബഹുദൈവവിശ്വാസികളുടെ ഈ ചോദ്യത്തിന് ഖുർആൻ (42:51)ൽ ഇപ്രകാരം മറുപടി പറഞ്ഞിരിക്കുന്നു: ''ഒരു മനുഷ്യനും, അല്ലാഹു അയാളോട് മുഖാമുഖം സംസാരിക്കുക എന്ന അവസ്ഥയില്ല. ദിവ്യബോധനം വഴിയോ, അല്ലെങ്കിൽ മറക്കു പിന്നിൽനിന്നോ അല്ലെങ്കിൽ അവനൊരു സന്ദേശവാഹകനെ (മലക്കിനെ) അയച്ചുകൊണ്ടോ മാത്രമേ അല്ലാഹു മനുഷ്യരോട് സംസാരിക്കൂ...'' മുഹമ്മദീയ പ്രവാചകത്വം സംബന്ധിച്ച ദൃഷ്ടാന്തങ്ങളാണെങ്കിൽ അവ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുകിടപ്പുണ്ട്.

119. നിശ്ചയമായും സത്യജ്ഞാനത്തോടുകൂടി സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി നിന്നെ നാം അയച്ചിരിക്കുന്നു. അതിനാൽ നരകാവകാശികളെപ്പറ്റി നിന്നോട് ചോദിക്കുകയില്ല.

120. ജൂതന്മാരും ക്രിസ്ത്യാനികളും, നീ അവരുടെ മതത്തെ പിന്തുടരുന്നതുവരെ, നിന്നെ സംബന്ധിച്ച് സംതൃപ്തരാവുകയില്ല. അവരോട് പറയുക: നിശ്ചയമായും അല്ലാഹുവിൻെറ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്കു യഥാർഥ ജ്ഞാനം ലഭിച്ചതിനുശേഷം നീ അവരുടെ ഇച്ഛകളെ പിൻപറ്റിയാൽ അല്ലാഹുവിൻെറ ശിക്ഷയിൽനിന്ന് നിന്നെ രക്ഷിക്കാൻ യാതൊരു മിത്രവും സഹായിയുമുണ്ടായിരിക്കുന്നതല്ല.

120: യഥാർഥ നന്മയും തിന്മയും ധർമവും സത്യവും മനുഷ്യബുദ്ധികൊണ്ട് മാത്രം കണ്ടുപിടിക്കാൻ കഴിയില്ല. ബുദ്ധിമാന്മാരെല്ലാം സത്യസന്ധരും സന്മാർഗികളും ആയിത്തീരാത്തതുപോലെ ബുദ്ധി കുറഞ്ഞവരെല്ലം ദുഷ്ടരും ദുർമാർഗികളും ആയിത്തീരുന്നുമില്ല. വ്യക്തിയുടെ താൽപര്യം, സാഹചര്യം തുടങ്ങിയവ ആശ്രയിച്ചാണ് അവൻെറ ബുദ്ധി പ്രവർത്തിക്കുന്നത്. മനുഷ്യരുടെ സ്രഷ്ടാവായ അല്ലാഹുവിനു മാത്രമെ യഥാർഥ മാർഗദർശനം വിധിക്കാനുള്ള അധികാരമുള്ളൂ. അതിനാലാണ് മനുഷ്യൻെറ മാർഗദർശനത്തിനായി അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുന്നത്.

121. നാം വേദം നൽകിയിട്ട്, അതിനെ യഥാവിധി വായിക്കുന്നവർ ആരോ അവർ, ഇതിൽ (ഖുർആനിൽ ആത്മാർഥമായി) വിശ്വസിക്കുന്നു. എന്നാൽ ആർ അതിൽ അവിശ്വസിക്കുന്നുവോ അവർ തന്നെയാണ് നഷ്ടം പറ്റിയവർ.

121:മദീനയിലെ യഹൂദരിൽ തങ്ങളുടെ വേദഗ്രന്ഥത്തെ സത്യസന്ധമായും സന്മാർഗദർശനം ആത്മാർഥമായി ആഗ്രഹിച്ചുകൊണ്ട് വായിക്കുന്നവരും ഉണ്ടായിരുന്നു. മുഹമ്മദ് നബി(ஸ) തങ്ങളുടെ വേദത്തിൽ പ്രവചിച്ചിരുന്ന പ്രവാചകനായി അവർ മനസ്സിലാക്കുകയു അദ്ദേഹത്തിൽ അവർ വിശ്വസിക്കുകയും ചെയ്തിരുന്നു.

വേദഗ്രന്ഥത്തിൻെറ പാരായണം മുറപ്രകാരമായിരിക്കുക എന്നത് ഖുർആൻ പാരായണം ചെയ്യുന്നവർക്കും ബാധകമാണ്. ഖുർആനെ വേദഗ്രന്ഥമായി അംഗീകരിച്ച മുസ്ലിംകൾ അത് ധാരാളമായി പാരായണം ചെയ്യാറുണ്ടെങ്കിലും അതിൻെറ അർഥവും ആശയവും മനസ്സിലാക്കാതെയുള്ള പാരായണംകൊണ്ട് സന്മാർഗദർശനം ലഭിക്കുക എന്ന ഖുർആൻ കൊണ്ടുദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ല. ഖുർആൻ അല്ലാഹുവിൻെറ വചനങ്ങളാണെന്ന ബോധത്തോടെ മനസ്സിരുത്തി പാരായണം ചെയ്യണം. ഖുർആൻെറ വിധിവിലക്കുകളും ഉപദേശനിർദേശങ്ങളും സ്വീകരിക്കാനുള്ള സന്നദ്ധതയും ഉണ്ടായിരിക്കണം. ഖുർആൻെറ

ആശയങ്ങൾക്കുമുമ്പിൽ സ്വന്തം താൽപര്യങ്ങളും അഭിപ്രായങ്ങളുമെല്ലാം ബലികഴിക്കാനുള്ള കരളുറപ്പും ഉണ്ടായിരിക്കണം. അല്ലാഹുവിൻെറ വാഗ്ദാനങ്ങൾ സത്യമാണെന്ന് വിശ്വസിക്കുകയും അവൻെറ താക്കീതുകളെ ഭയപ്പെടുകയും വേണം. ഭയഭക്തിയോടുകൂടിയുമായിരിക്കണം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത്.

122. അല്ലയോ ഇസ്രയേൽ സന്തതികളേ, ഞാൻ നിങ്ങളിൽ വർഷിച്ച അനുഗ്രഹങ്ങളും ലോകങ്ങൾക്ക് എല്ലാം ഉപരി നിങ്ങളെ ഞാൻ ഉൽകൃഷ്ടരാക്കിയെന്നതും ഓർക്കുവിൻ!

123. ഒരാളും മറ്റൊരാൾക്ക് ഒട്ടും ഉപകരിക്കാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശിപാർശയും പ്രയോജനപ്പെടാത്ത, (പാപികൾക്ക്) ഒരു സഹായവും ലഭിക്കാൻ ഇടയില്ലാത്ത ഒരു നാളിനെ നിങ്ങൾ ഭയപ്പെടുവിൻ!

123: ഇബ്റാഹീമിൻെറ(അ) പുത്രനായ ഇസ്ഹാഖിൻെറ(അ) സന്തതികളാണ് യഹൂദികളും ക്രിസ്ത്യാനികളുമടങ്ങുന്ന ഇസ്രാഈല്യർ. ഇബ്റാഹീം(അ)ൻെറ മറ്റൊരു പുത്രനായ ഇസ്മാഈൽ(അ)ൻെറ സന്താനപരമ്പരയാണ് അറബികൾ. രണ്ടുകൂട്ടരുടെയും വംശപിതാവും എല്ലാവരും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പ്രവാചകവര്യനാണദ്ദേഹം.ദൈവിക മതത്തിൻെറ പ്രബോധന ചരിത്രത്തിൽ ഏറ്റവും അധികം ത്യാഗം വരിച്ച മഹാനുഭാവനുമാണ് അദ്ദേഹം. അദ്ദേഹത്തിൻെറ യഥാർഥ സ്ഥിതിയും കർമ്മമാർഗവും ഇന്നതാണെന്ന് വ്യക്തമായിക്കഴിഞ്ഞാൽ അത് പിന്തുടരേണ്ടത് അവരുടെ ബാധ്യതയാണെന്ന് അല്ലാഹു അവരെ ഉണർത്തുന്നു. അല്ലാതെ അദ്ദേഹത്തിൻെറ വംശപാരമ്പര്യം അവകാശപ്പെട്ടതുകൊണ്ടൊന്നും ഒരു ശിപാർശയും അന്ത്യനാളിൽ പ്രയോജനപ്പെടുകയില്ലെന്ന് അവരെ താക്കീത് ചെയ്യുന്നു.

124. ഇബ്റാഹീമിനെ അവൻെറ നാഥൻ ചില വചനങ്ങൾ കൊണ്ട് പരീക്ഷിക്കുകയും, അവൻ അവയൊക്കെയും നിവർത്തിച്ച കാര്യവും ഓർക്കുവിൻ. അപ്പോൾ (അല്ലാഹു)പറഞ്ഞു: നാം നിന്നെ സകല ജനത്തിനും നേതാവായി നിശ്ചയിക്കുകയാകുന്നു. ഇബ്റാഹീം പറഞ്ഞു: 'എൻെറ സന്തതികളെയും (നേതാക്കളാക്കേണമേ.)' അല്ലാഹു പറഞ്ഞു: എൻെറ വാഗ്ദത്തം അധർമികൾക്ക് ബാധകമല്ല.

124: ഇബ്റാഹീം നബി(അ)ക്ക് തീവ്രവും കഠിനവുമായ പല പരീക്ഷണങ്ങളെയും തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. തൻെറ ജന്മദേശത്തുണ്ടായിരുന്ന വിഗ്രഹാലയത്തിലെ വിഗ്രഹങ്ങൾ തകർക്കുകയും വിഗ്രഹാരാധനയെ നിശിതമായി വിമർശിക്കുകയും ചെയ്തതിൻെറ ഫലമായി, അദ്ദേഹത്തെ അവിടത്തെ രാജാവും നാട്ടുകാരും ചേർന്ന് അഗ്നികുണ്ഠത്തിലെറിയുകയുണ്ടായി.ആ പരീക്ഷണം തരണം ചെയ്ത അദ്ദേഹത്തോട് നാടും വീടും ഉപേക്ഷിച്ച് പലായനം ചെയ്യാൻ അല്ലാഹു കൽപിച്ചു. നൂഹ് നബി(അ)ക്ക് ശേഷം ഇസ്ലാമിനെ സാർവത്രികമായി പ്രബോധനം ചെയ്യാൻ നിയുക്തനായ ഒന്നാമത്തെ പ്രവാചകനായിരുന്നു ഇബ്റാഹീം(അ). ജന്മനാടായ ഇറാഖ്, ഈജിപ്ത്, സിറിയ, ഫലസ്തീൻ, അറേബ്യൻ മരുഭൂമിയുടെ വിവിധപ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാം നിരവധി വർഷങ്ങൾ ചുറ്റിനടന്ന് അദ്ദേഹം ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിച്ചു.
തൻെറ കൊച്ചുമകനെയും (ഇസ്മാഈൽ) അവൻെറ മാതാവിനെയും മക്കയിലെ നിർജനമായ മരുഭൂമിയിൽ ഉപേക്ഷിക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം അത് ചെയ്തു. ഒരു സ്വപ്നദർശനത്തിൽ തൻെറ പുത്രൻെറ കഴുത്തറക്കണമെന്ന് അല്ലാഹു നിർദേശിച്ചപ്പോൾ അദ്ദേഹം അതിനും തയ്യാറായി. അദ്ദേഹം അഭിമുഖീകരിച്ച പരീക്ഷണങ്ങളിൽ ഏറ്റവും കഠിനതരമായിരുന്നു ഈ പുത്രബലി. ആ പരീക്ഷണത്തിലും അദ്ദേഹം വിജയിച്ചപ്പോൾ അല്ലാഹു മാനവകുലത്തിൻെറ നായകനായി അദ്ദേഹത്തെ നിശ്ചയിച്ചു. അദ്ദേഹത്തിൻെറ ജീവിതം ആദ്യന്തം ത്യാഗസമ്പൂർണമായിരുന്നു.
മനുഷ്യൻ യഥാർഥമായ മഹത്വവും നേതൃത്വവും ആർജിക്കുന്നത് അവൻ അല്ലാഹുവിൻെറ പരീക്ഷണങ്ങളെ വിജയകരമായി നേരിടുന്നതിലൂടെയും അവനെ അചഞ്ചലമായി അനുസരിക്കുന്നതിലൂടെയുമാണെന്ന് ഈ വചനം സൂചിപ്പിക്കുന്നു. സജ്ജനങ്ങളായ സത്യവിശ്വാസികൾക്ക് മാത്രമേ ഉൽകൃഷ്ട നേതൃത്വപദവി ലഭിക്കുകയുള്ളു.

125. ആ മന്ദിരത്തെ (കഅ്ബയെ) നാം മനുഷ്യർക്കുള്ള ഒരു കേന്ദ്രവും അഭയസ്ഥാനവുമാക്കി നിശ്ചയിച്ചതും ഓർക്കുക. ഇബ്റാഹീം പ്രാർഥനക്കുവേണ്ടി നിന്നിരുന്ന സ്ഥാനത്തെ നിങ്ങൾ പ്രാർഥനസ്ഥലമായി എടുക്കുവിൻ. പ്രദക്ഷിണം ചെയ്യുന്നവർക്കും, ഭജനമിരിക്കുന്നവർക്കും,നമിക്കുന്നവർക്കും സാഷ്ടാംഗം പ്രണമിക്കുന്നവർക്കും വേണ്ടി എൻെറ മന്ദിരത്തെ പരിശുദ്ധമാക്കി വെക്കുക എന്ന് ഇബ്റാഹീമിനോടും ഇസ്മാഈലിനോടും നാം അനുശാസിക്കുകയും ചെയ്തിരുന്നു.

125: ഏകദൈവത്തെ ആരാധിക്കുന്നതിനായി ഭൂമിയിൽ സ്ഥാപിതമായ പ്രഥമ മന്ദിരമാണ് മക്കയിലെ കഅ്ബ (3:96). ഇബ്റാഹീം നബി(അ) അത് പുനരുദ്ധരിക്കുകയായിരുന്നു. ഇബ്റാഹീം നബി(അ) ക്കും ഇസ്മാഈൽ നബി(അ)ക്കും ശേഷം അവരുടെ കുറേ പിൻതലമുറകൾ കഅ്ബയുടെ പരിശുദ്ധി കാത്തുസൂക്ഷിച്ചിരുന്നു. എന്നാൽ കാലാന്തരത്തിൽ അതിൻെറ പരിശുദ്ധിയും ലക്ഷ്യവും വിസ്മരിക്കപ്പെടുകയും അതൊരു വിഗ്രഹാലയമായി മാറുകയും ചെയ്തു.

126. ഇബ്റാഹീം പ്രാർഥിച്ചത് ഓർക്കുക. എൻെറ നാഥാ, ഇതിനെ സമാധാനപൂർണമായ ഒരു പട്ടണമാക്കേണമേ!ഇതിലെ നിവാസികളിൽ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിച്ചവർക്ക് കായ്കനികൾ ആഹാരമായി നൽകേണമേ. അല്ലാഹു അരുളി: അവിശ്വസിച്ചവരെയും ഞാൻ തുഛമായ ഭൗതിക വിഭവങ്ങളാൽ സുഭിക്ഷരാക്കുന്നതാകുന്നു. പിന്നീട് നരകശിക്ഷയിലേക്ക് അനിവാര്യമായും ഞാൻ അവരെ തള്ളിവിടുന്നതാണ്. അത് എത്ര ദുർഭഗമായ സങ്കേതം.

126:'കഅ്ബ'യെയും അത് നിലകൊള്ളുന്ന പ്രദേശത്തെയും അല്ലാഹു ആദരണീയമാക്കി.കഅ്ബയുടെ പരിസരപ്രദേശത്തെ 'ഹറം' എന്ന് പറയുന്നു.സംഘട്ടനങ്ങളും അക്രമങ്ങളും ഹിംസയും അവിടെ നിരോധിച്ചു. അവിടെവെച്ച് ആർക്കും ആരെയും ദ്രോഹിക്കാൻ അധികാരമില്ല. അവിടെ പ്രവേശിച്ചവർ അല്ലാഹുവിങ്കൽനിന്ന് അഭയം ലഭിച്ചവരായി ഗണിക്കപ്പെട്ടു. അല്ലാഹുവിങ്കൽ നിന്ന് പപമോചനവും കാരുണ്യവും തേടിച്ചെല്ലുന്നവർക്കെന്നപോലെ, ശത്രുക്കളിൽ നിന്നും കയ്യേറ്റക്കാരിൽ നിന്നും അഭയം തേടിച്ചെല്ലുന്നവർക്കും അത് നിർഭയസ്ഥാനമാകുന്നു. കഅ്ബയുടെ പരിസരപ്രദേശമായ ഹറമിൽവെച്ച് ആരേയും കയ്യേറ്റം ചെയ്യാനോ ശിക്ഷാനടപടികൾ എടുക്കാനോ പാടില്ലാത്തതാകുന്നു.അറേബ്യയിലെ മറ്റു പ്രദേശങ്ങളിലെല്ലാം സംഘർഷങ്ങളും സംഘട്ടനങ്ങളും നടമാടിയപ്പോൾ മക്ക എന്നും സമാധാന പൂർണമായി നിലകൊണ്ടു.യുദ്ധപ്രിയരും കലഹപ്രിയരുമായിരുന്ന അറബികൾ 'ജാഹിലിയ്യ'കാലത്തു പോലും (ഇസ്ലാമിനു മുമ്പുള്ള അജ്ഞാതകാലം) അവിടെ വെച്ച് യുദ്ധമോ കയ്യേറ്റമോ നടത്തുമായിരുന്നില്ല. ഹറമിൻെറ അതിർത്തിക്കുള്ളിൽ വെച്ച് ജന്തുക്കളെ വേട്ടയാടുവാനും മരങ്ങളും ചെടികളും മുറിച്ചു കളയുവാനും പാടില്ല. മക്ക ഒരു തീർഥാടന കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടതോടെ അറേബ്യയുടെ ഏതു മൂലയിൽ നിന്നും ആർക്കും മക്കയിൽ വന്ന് തിരിച്ചുപോകാൻ സധ്യമാകുന്നവിധം വർഷത്തിൽ നാലു മാസം യുദ്ധം നിരോധിക്കപ്പെട്ടു. ഈ നാലു മാസങ്ങളിൽ അറേബ്യയുടെ ഏതു ഭാഗത്തും ആർക്കും നിർഭയമായി സഞ്ചരിക്കാമായിരുന്നു.

യമനിലെ അബ്സീനിയൻ ഗവർണറായിരുന്ന അബ്രഹത്ത് മാത്രമാണ് കഅ്ബ തകർക്കാൻ തുനിഞ്ഞ ഒരു വിദേശി. എന്നാൽ അബ്രഹത്തിൻെറ ആനപ്പടയെ നിശ്ശേഷം നശിപ്പിച്ച സംഭവം അധ്യായം 105-ൽ ഖുർആൻ വിവരിക്കുന്നുണ്ട്.

സാധാരണ അറബി ഗോത്രങ്ങളെപ്പോലെ അറേബ്യയുടെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുകയായിരുന്ന ഖുറൈശികൾ ഈ മന്ദിരത്തിനു ചുറ്റുമായി ഒന്നിച്ചുകൂടി അതിനെ സേവിക്കാൻ തുടങ്ങിയതോടെ സകല അറബികൾക്കും ഇസ്മാഈൽ സന്തതികളായ ഖുറൈശികൾ ആദരണീയരായിത്തീർന്നു. ആളുകൾക്ക് സമാധാനത്തോടെ അന്തിയുറങ്ങാവുന്ന ഒരു നാടും ഇല്ലാതിരുന്ന ആ ദേശത്ത് ഹറമിൻെറ (കഅ്ബ)യുടെ ഊരാളന്മാർക്ക് മാത്രം എവിടെയും ഒറ്റക്ക് സഞ്ചരിക്കാമെന്ന അവസ്ഥയുണ്ടായി.

പരിശുദ്ധ കഅ്ബയെ മാറ്റിനിറുത്തിയാൽ ആളുകളെയോ വിഭവങ്ങളെയോ ആകർഷിക്കുന്ന യാതൊന്നും ആ പ്രദേശത്തില്ല. എന്നാൽ മക്കയിൽ അന്നും ഇന്നും വിഭവങ്ങളുടെ സമാഹാരമാണ്. പുറം ലോകത്തു

നിന്നുള്ള സകലവിഭവങ്ങളും അവിടെ എത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ മക്കാനിവാസികളുടെ ഭൗതികവും ആത്മീയവുമായ ഐശ്വര്യങ്ങൾക്ക് ആധാരം വിശുദ്ധ കഅ്ബയായിത്തീർന്നു.
ചുരുക്കത്തിൽ മക്കയുടെ സമാധാനത്തിനും സമൃദ്ധിക്കും തന്റെ പിൻമുറക്കാർക്കും വേണ്ടി ഇബ്റാഹീ നബി(അ) നടത്തിയ പ്രാർഥന അക്ഷരംപ്രതി പുലർന്നു.

---

127. ആ മന്ദിരത്തിന്റെ(കഅ്ബ) ഭിത്തികൾ പടുത്തുയർത്തവെ ഇബ്റാഹീമും ഇസ്മാഈലും പ്രാർഥിച്ചത് ഓർക്കുക. ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. നിശ്ചയമായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

128. ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്ന(മുസ്ലിംകൾ) ആക്കേണമേ.ഞങ്ങളുടെ സന്തതികളിൽനിന്നും നിനക്കു മുസ്ലിമായ ഒരു സമൂഹത്തെ ഉയർത്തിക്കൊണ്ടുവരേണമേ. ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്കു നീ കാണിച്ചുതരേണമേ. ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാവാരിധിയുമല്ലോ.

129. ഞങ്ങളുടെ നാഥാ! നീ അവർക്ക് അവരിൽ നിന്നുതന്നെ, നിന്റെ വചനങ്ങൾ അവർക്ക് കേൾപ്പിക്കുകയും വേദവും തത്വജ്ഞാനവും അവരെ പഠിപ്പിക്കുകയും അവരുടെ ജീവിതത്തെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നിയോഗിക്കേണമേ! നിശ്ചയമായും നീ പ്രതാപവാനും യുക്തിജ്ഞനുമല്ലോ.

---

129: മുഹമ്മദ് നബി(സ)യുടെ നിയോഗം ഇബ്റാഹീം നബി(അ)യുടെ പ്രാർഥനയുടെ ഉത്തരമായിരുന്നു. ഇബ്റാഹീം നബി(അ)യുടെ ആദ്യജാതനായ ഇസ്മാഈൽ നബിയുടേ വംശപരമ്പരയിൽ പെട്ട ആളാണ് മുഹമ്മദ് നബി(സ). മൂസാ(അ)യോടുള്ള അരുളപ്പാടിൽ ഇതിനെ സംബന്ധിച്ച സൂചനയുണ്ട്. ആവർത്തന പുസ്തകം 18:18-20-ൽ ഇപ്രകാരം പറയുന്നു:‘‘നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും. ഞാൻ അവനോട് കൽപിക്കുന്നതൊക്കെയും അവൻ അവരോട് പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും.

---

130. സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്റാഹീമിന്റെ മാർഗത്തോട് അതൃപ്തി കാണിക്കുക. ഈ ലോകത്ത് അദ്ദേഹത്തെ നാം ഉത്തമനായി തെരഞ്ഞെടുത്തിരിക്കുന്നു. നിശ്ചയമായും പരലോകത്തിൽ അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും.

131. ‘കീഴ്പ്പെടുക’ എന്ന് അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തോട് ആജ്ഞാപിച്ചപ്പോൾ ‘സർവലോകനാഥന് ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നു’ എന്ന് അദ്ദേഹം പറഞ്ഞു.

---

131: ഇസ്രാഈല്യരും ഇസ്മാഈലികളും ഇബ്റാഹീം നബി(അ)യുടെ പൈതൃക അവകാശപ്പെടുന്നവരായിരുന്നു. എന്നാൽ ഇരു കൂട്ടരും തങ്ങളുടെ കുലപതിയുടെ ആദർശവിശ്വാസങ്ങളിൽനിന്നും കർമ്മമാർഗത്തിൽനിന്നും ഏറെ അകന്നുപോവുകയാണ് ചെയ്തത്. ഏകദൈവത്തെ ആരാധിക്കാനായി അദ്ദേഹം പടുത്തുയർത്തിയ മക്കയിലെ വിശുദ്ധ മന്ദിരത്തിൽ ഇസ്മാഈലികൾ 360 വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു ആരാധിച്ചിരുന്നു. ഏകദൈവ വിശ്വാസിയും വിഗ്രഹഭഞ്ജകനുമായിരുന്ന ഇബ്റാഹീം നബി(അ)യുടെ പ്രതിമയും അവർ കഅ്ബയിൽ പ്രതിഷ്ഠിച്ചു എന്നതാണ് വിചിത്രം.
ജീവിതം ഏകനായ അല്ലാഹുവിന് സമർപ്പിക്കുന്നതിനു പകരം മനുഷ്യപുത്രന്മാരെ ദൈവമായി വാഴിക്കുകയാണ് മറ്റൊരു കൂട്ടർ ചെയ്തത്. ഇബ്റാഹീമീ പാരമ്പര്യത്തിൽ നിന്ന് അകന്ന അവർ തങ്ങളെത്തന്നെ വിഡ്ഢികളാക്കുകയാണ് ചെയ്യുന്നത്.

---

132. ഇതേ ജീവിതമാര്‍ഗം തന്നെ ഇബ്റാഹീമും യഅ്ഖൂബും തങ്ങളുടെ മക്കളോട് ഉപദേശിച്ചു:എന്റെ മക്കളേ, അല്ലാഹു ഈ 'ദീന്‍'(ജീവിത വ്യവസ്ഥ) നിങ്ങള്‍ക്ക് വിശിഷ്ടമായി തെരഞ്ഞെടുത്തു തന്നിരിക്കുന്നു. ആകയാല്‍ മുസ്ലിംകളായിട്ടല്ലാതെ നിങ്ങള്‍ മരിക്കാനിടയാകരുത്.

---

132: ആദിപിതാവ് ആദം(അ) മുതല്‍ അദ്ദേഹത്തിന്റെ സന്താനപരമ്പരയിലെ അവസാന പുത്രന്‍ വരെ എല്ലാവര്‍ക്കും അല്ലാഹു ഒരേ ജീവിത വ്യവസ്ഥയാണ് നിശ്ചയിച്ചു തന്നിട്ടുള്ളത്. വിവിധ ദേശങ്ങളിലും വിവിധ സമുദായങ്ങളിലും വന്ന പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തിരുന്നതും ആ ഒരേ ആദര്‍ശവും ജീവിത വ്യവസ്ഥയുമായിരുന്നു.അല്ലാഹുവില്‍നിന്ന് ലഭിച്ച നിര്‍ദ്ദേശത്തിനൊത്ത് ജീവിതം നയിക്കുകയും അവന്റെ മുമ്പില്‍ സര്‍വ്വാത്മനാ തലകുനിക്കുകയും അവനെ തന്റെ ഉടമസ്ഥനും യജമാനനും വിധികര്‍ത്താവും ആരാധ്യനുമായി സമ്മതിക്കുകയും, തന്നെ പൂര്‍ണമായും നിരുപാധികമായും അല്ലാഹുവില്‍ അര്‍പ്പിക്കുകയും ചെയ്യുന്നവനാണ് 'മുസ്ലിം'. ഈ ആദര്‍ശത്തിന്റെയും കര്‍മ്മനയത്തിന്റെയും പേരാണ് 'ഇസ്ലാം'.

ബഹുദൈവാരധകനാകാനോ ജൂത-ക്രിസ്തീയ മതങ്ങള്‍ കെട്ടിപ്പടുക്കുവാനോ, ഇബ്റാഹീം നബി(അ)യോ, യഅ്ഖൂബ്നബി(അ)യോ,അല്ലാഹുവിന്റെ മറ്റേതെങ്കിലും പ്രവാചന്മാരോ ഒരാളോടും ഉപദേശിച്ചിട്ടില്ല.

---

133. അല്ല,യഅ്ഖൂബ് ആസന്നമരണനായിരിക്കെ നിങ്ങള്‍ അവിടെ സന്നിഹിതരായിരുന്നുവോ? അദ്ദേഹം തന്റെ മക്കളോട് ചോദിച്ചു:എനിക്കുശേഷം നിങ്ങള്‍ ആരെയാണ് ആരാധിക്കുക. അവര്‍ പറഞ്ഞു:അങ്ങയുടെ ആരാധ്യനായ, അങ്ങയുടെ പിതാക്കളായ ഇബ്റാഹീം, ഇസ്മാഈല്‍, ഇസ്ഹാഖ് എന്നിവരുടെയും ആരാധ്യനായ ഏകദൈവത്തെ മാത്രം ഞങ്ങള്‍ ആരാധിക്കും. ഞങ്ങള്‍ അവനെ അനുസരിച്ച് ജീവിക്കുന്നവരുമാകും.

134. അവര്‍ കഴിഞ്ഞുപോയ ഒരു സമുദായമാകുന്നു.അവര്‍ സമ്പാദിച്ചത് അവര്‍ക്കുള്ളതാകുന്നു. നിങ്ങള്‍ സമ്പാദിക്കുന്നതെന്തോ, അതാണ് നിങ്ങള്‍ക്കുള്ളത്.അവര്‍ എന്താണ് പ്രവര്‍ത്തിച്ചതെന്ന് നിങ്ങള്‍ ചോദിക്കപ്പെടുന്നതല്ല.

---

134:ബഹുദൈവവിശ്വാസികളായ അറബികളും,ജൂത-ക്രൈസ്തവരും ഇബ്റഹീം നബി(അ)യുടെ സന്താന പരമ്പരയില്‍ പെട്ടവരാണെന്ന് ഊറ്റം കൊണ്ടിരുന്നു. ആ പൂര്‍വികരുടെ പുണ്യംകൊണ്ടും മഹത്വംകൊണ്ടും നിങ്ങള്‍ക്ക് യാതൊന്നും ലഭിക്കാന്‍ പോകുന്നില്ലെന്ന് അവരെ ഉണര്‍ത്തുന്നു. അവരുടെ കര്‍മ്മഫലം അവര്‍ക്കുമാത്രമേ ലഭിക്കൂ.ഓരോ മനുഷ്യന്നും അവനവന്‍ ചെയ്തതിന്റെ ഫലമേ ലഭിക്കുകയുള്ളൂ

---

135. അവര്‍ പറയുന്നു: നിങ്ങള്‍ യഹൂദികളോ ക്രിസ്ത്യാനികളോ ആകുവിന്‍; നിങ്ങള്‍ സന്മാര്‍ഗം പ്രാപിക്കും! നീ അവരോട് പറയുക: (അതല്ല,) ഋജുമനസ്കനായിരുന്ന ഇബ്റാഹീമിന്റെ മാര്‍ഗം.(അതാണ് ഞങ്ങള്‍ പിന്‍പറ്റുക) അദ്ദേഹം ബഹുദൈവ വിശ്വാസികളില്‍ പെട്ടവനായിരുന്നില്ല.

---

135: മുസ്ലിംകള്‍ സത്യമതവും സന്മാര്‍ഗവുമാണ് ആഗ്രഹിക്കുന്നതെങ്കില്‍, അവര്‍ ഒന്നുകില്‍ ജൂതമതമോ അല്ലെങ്കില്‍ ക്രിസ്തുമതമോ സ്വീകരിക്കണം എന്ന് ഇബ്നുസൂരിയെപ്പോലുള്ള ചില ജൂതപ്രമാണിമാരും, നജ്റാനിലെ ക്രൈസ്തവരും മുഹമ്മദ് നബി(സ)യോട് നേരിട്ടുതന്നെ പറയാറുണ്ടായിരുന്നു. അവരുടെ ആ വാദത്തെ സ്പര്‍ശിച്ചുകൊണ്ടാണ് ഈ വചനം അവതരിച്ചതെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി നിവേദനമുണ്ട്.

'ജൂതായിസം' ആ പേരില്‍ അറിയപ്പെടുന്നത് ക്രിസ്തുവിന്ന് മുമ്പ് മൂന്നും നാലും നൂറ്റാണ്ടുകളിലും, 'ക്രിസ്ത്യാനിസം' ക്രിസ്തുവിന്ന് ശേഷം കുറെ കാലം കഴിഞ്ഞുമാണ് നിലവില്‍ വന്നത്. അപ്പോള്‍ ഇബ്റാഹീം നബി(അ), ഇസ്മാഈല്‍ നബി(അ), ഇസ്ഹാഖ് നബി(അ), യഅ്ഖൂബ് നബി(അ) തുടങ്ങിയ അവരുടെ കുലപതികളായ പ്രവാചകന്മാര്‍ സന്മാര്‍ഗം പ്രാപിച്ചത് എന്തൊന്നുകൊണ്ടായിരുന്നു എന്ന ചോദ്യത്തിന് ന്യായമായും ഉത്തരം ലഭിക്കേണ്ടതുണ്ട്. അവര്‍ സന്മാര്‍ഗം പ്രാപിച്ചത്

ജൂതായിസം കൊണ്ടോ ക്രിസ്ത്യാനിസംകൊണ്ടോ അല്ലെന്ന് വ്യക്തമാണ്.ഇബ്റാഹീം നബി(അ) ബഹു ദൈവവിശ്വാസിയോ വിഗ്രഹാരാധകനോ ജൂതനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല. ഇബ്റാഹീ(അ)മിൻെറ പാതയിൽനിന്ന് ഇരുകൂട്ടരും വ്യതിചലിച്ചിരിക്കുന്നു. ഏകദൈവത്തിന് അവർ സന്താനങ്ങളെ കൽപിക്കുന്നു. അതിനാൽ അവ രണ്ടിലും ബഹുദൈവത്വം കലർന്നുകഴിഞ്ഞിരിക്കുന്നുവെന്ന് ഖുർആൻ അഭിസംബോധിതരെ ഓർമിപ്പിക്കുന്നു. അതുകൊണ്ട് മുസ്ലിംകൾ ഇബ്റാഹീമി(അ)ൻെറ സത്യമതമാണ് പിന്തുടരുന്നത്.

136. (സത്യവിശ്വാസികളേ,) നിങ്ങൾ പ്രഖ്യാപിക്കുവിൻ: ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിച്ചുകിട്ടിയസന്മാർഗത്തിലും ഇബ്റാഹീം,ഇസ്മാഈൽ, ഇസ്ഹാഖ്,യഅ്ഖൂബ്, (അദ്ദേഹത്തിൻെറ)സന്തതികൾ എന്നിവർക്കവതീർണമായതിലും,മൂസാക്കും ഈസാക്കും നൽകപ്പെട്ടതിലും മറ്റു പ്രവാചകന്മാർക്ക് തങ്ങളുടെ നാഥനിൽനിന്ന് അവതരിച്ചവയിലും വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അവരിൽ ആരോടും വിവേചനം കാണിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്വണങ്ങുന്നവരത്രെ.

136:ദൈവനിയുക്തരായ പ്രവാചകന്മാരെല്ലാം ഒരേസത്യത്തിൻെറയും സന്മാർഗത്തിൻെറയും വക്താക്കളായി മുസ്ലിംകൾ അംഗീകരിക്കുന്നു. എല്ലാ പ്രവാചകന്മാരെയും അയച്ചവൻ അല്ലാഹുവാണെന്നിരിക്കെ ഒരു പ്രവാചകനെ സമ്മതിക്കുകയും മറ്റൊരു പ്രവാചകനെ നിഷേധിക്കുകയും ചെയ്യുന്നവരല്ല മുസ്ലിംകൾ. പ്രവാചകന്മാർക്കിടയിൽ വിവേചനം കാണിക്കുന്നുമില്ല.അവർക്കവതീർണമായ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നു. എല്ലാ പ്രവാചകന്മാരെയും സന്മാർഗദർശികളായി ആദരിക്കുകയും ചെയ്യുന്നു.

137. നിങ്ങൾവിശ്വസിച്ചപോലെ അവരുംവിശ്വസിക്കുന്നുവെങ്കിൽ,അപ്പോൾ തീർച്ചയായും അവർ സന്മാർഗം പ്രാപിച്ചവരായി. പുറംതിരിഞ്ഞു പോവുകയാണെങ്കിലോ,അവർ കക്ഷിമാത്സര്യത്തിലാണെന്ന് സ്പഷ്ടം. അപ്പോൾ അവരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ നിനക്ക് അല്ലാഹു മതിയാകും. അവൻ എല്ലാം കേൾക്കുന്നവനും സർവജ്ഞനുമല്ലോ.

137: അല്ലാഹുവിലും അവൻ നിയോഗിച്ച എല്ലാ പ്രവാചകന്മാരിലും, അവർ കൊണ്ടുവന്ന വേദങ്ങളും പ്രബോധനം ചെയ്യുന്ന ആദർശങ്ങളും ജീവിത വ്യവസ്ഥകളും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരാണ് മുസ്ലിംകൾ. തികച്ചും ന്യായയുക്തവും വർഗീയതയോ കക്ഷിത്വമോ തീണ്ടാത്തതുമായ ഈ വിശ്വാസസിദ്ധാന്തം സ്വീകരിക്കുവാൻ വേദക്കാർ തയ്യാറുണ്ടെങ്കിൽ അവരും സന്മാർഗം പ്രാപിക്കും.അതിന്അവർ തയ്യാറല്ലെങ്കിൽ,അതവരുടെ ചേരിതിരിവും മാത്സര്യവും മാത്രമാണ്.അവർ നിങ്ങൾക്കെതിരിൽ നടത്തിക്കൊണ്ടിരിക്കുന്ന ദുഷ്പ്രചരണങ്ങളും ഗൂഢാലോചനകളും അല്ലാഹു നന്നായി അറിയുന്നുണ്ട്. അല്ലാഹുവിനെ തോൽപിച്ചുകൊണ്ട് നിങ്ങളെ ഉപദ്രവിക്കാൻ അവർക്കാവില്ല.

138. (അതെ,) അല്ലാഹുവിൻെറ വർണം നൽകൽ! (അതത്രെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്) ആരാണ്, വർണം നൽകുന്നതിൽ അല്ലാഹുവിനെക്കാൾ നല്ലവൻ! ഞങ്ങൾ അവന് വഴിപ്പെടുന്നവരാകുന്നു.

138: നവജാതശിശുക്കളെയും തങ്ങളുടെ മതത്തിൽ പ്രവേശിക്കുന്ന വ്യക്തികളെയും 'ജ്ഞാനസ്നാനം' (മാമോദിസാ–Baptism) ചെയ്യിക്കുകയെന്ന ചടങ്ങ് ക്രിസ്ത്യാനിസം ഉത്ഭവിക്കുന്നതിനു മുമ്പ് യഹൂദരിൽ നടപ്പുണ്ടായിരുന്നു. ഒരാൾ ഈ കൂദാശ സ്വീകരിക്കുന്നതോടെ സത്യക്രിസ്ത്യാനിയായിത്തീരുകയും അയാളുടെ പാപങ്ങളെല്ലാം അതോടെ നീങ്ങുകയും ജീവിതം ഒരു പുതിയ വർണം സ്വീകരിച്ചുകഴിഞ്ഞു എന്നും അവർ അതിനർഥം കൽപിക്കുന്നു. വേദക്കാർ സ്നാനകർമം വഴി ആളുകൾക്ക് ജൂതവർണവും ക്രിസ്തീയ വർണവും നൽകി ജാതി തിരിച്ചിരുന്നു. എന്നാൽ കൃത്രിമ ചായം പൂശിയതുകൊണ്ട് ഒരാൾ സത്യവിശ്വാസിയും സൽക്കർമിയും ആകുന്നില്ല. നിങ്ങൾ ചെയ്യുന്നതുപോലെയുള്ള ചില ചടങ്ങുകൾ വഴി സ്വീകരിച്ച വർണമല്ല, അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ള വർണം അഥവാ പ്രകൃതിക്ക് ഇണങ്ങിയ വിശ്വാസാചാരങ്ങൾ സ്വീകരിക്കുകയാണ് യഥാർഥത്തിൽ വേണ്ടത്. അതാണ് ഇബ്റാഹീം നബി

(അ) സ്വീകരിച്ചിരുന്ന വർണം അഥവാ മതം. അല്ലാഹുവിൻെറ അടിമത്തം ബോധപൂർവം അംഗീകരിക്കുകയും ദൈവത്താൽ നിയുക്തരായ പ്രവാചകന്മാരെ അനുസരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഒരാൾ യഥാർഥ സത്യവിശ്വാസിയും സൽക്കർമിയും ആകുന്നുള്ളു.

139. അവരോട് പറയുക: അല്ലാഹുവിൻെറ കാര്യത്തിൽ നിങ്ങൾ ഞങ്ങളോട് തർക്കിക്കുകയാണോ? ഞങ്ങളുടെ നാഥനും നിങ്ങളുടെ നാഥനും അവൻതന്നെയായിരിക്കെ? ഞങ്ങൾക്ക് ഞങ്ങളുടേതായ കർമ്മങ്ങളുണ്ട്. നിങ്ങൾക്ക് നിങ്ങളുടേതായ കർമ്മങ്ങളും. ഞങ്ങൾ നിഷ്കളങ്കരായി അവനുമാത്രം കീഴൊതുങ്ങിക്കഴിയുന്നവരാണ്.

140. അതല്ല, ഇബ്റാഹീമും ഇസ്മാഈലും ഇസ്ഹാഖും യഅ്ഖൂബും യഅ്ഖൂബ് സന്തതികളും ജൂതന്മാരോ ക്രിസ്ത്യാനികളോ ആയിരുന്നുവെന്നാണോ നിങ്ങളുടെ വാദം? എങ്കിൽ ചോദിക്കുക: നിങ്ങളാണോ ഏറെ അറിയുന്നത്, അതോ, അല്ലാഹുവോ? തൻെറ പക്കലുള്ള അല്ലാഹുവിങ്കൽനിന്നുള്ള സാക്ഷ്യം മറച്ചുവെക്കുന്നവനെക്കാൾ വലിയ അക്രമി ആരുണ്ട്? നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചൊന്നും അല്ലാഹു അശ്രദ്ധനല്ലതന്നെ.

140: നിങ്ങൾ ആദരിക്കുകയും അനുകരിക്കുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്ന ഈ പ്രവാചകന്മാരെല്ലാം 'ജൂതമതക്കാർ' ആയിരുന്നോ, അല്ലെങ്കിൽ 'ക്രിസ്തുമതക്കാർ' ആയിരുന്നോ എന്ന കാര്യത്തിൽ നിങ്ങളിലെ പണ്ഡിതന്മാർ സ്വാഭാവികമായും മറുപടി പറയേണ്ടതുണ്ട്. വാസ്തവത്തിൽ ഈ മതങ്ങൾ അവയുടെ ഇന്നത്തെ പ്രത്യേകതകളോടുകൂടി ഈ പ്രവാചകന്മാരുടെ എത്രയോ കാലശേഷം നിലവിൽ വന്നതാണെന്ന് അവർക്ക് അറിയാമായിരുന്നു.ഇസ്രാഈല്യരുടെ ഉത്ഭവം തന്നെ ഇബ്രാഹീം(അ), ഇസ്മാഈൽ(അ), ഇസ്ഹാഖ്(അ) എന്നിവരുടെ ശേഷം യഅ്ഖൂബ്(അ) മുതൽക്കാണ്. മൂസാനബി(അ)യുടെ തൗറാത്താണെങ്കിൽ അതിനു വളരെ കാലത്തിനുശേഷം അവതരിച്ചതാണ്. യഹൂദമതം പിന്നീട് വളരെ കാലങ്ങൾക്കുശേഷം യഹൂദപണ്ഡിതന്മാർ ആവിഷ്കരിച്ച ആചാരമുറകളനുസരിച്ചുള്ളതാണ്. അതുപോലെ ക്രിസ്തുമതം ഈസാ നബി(അ)ക്ക് ശേഷം ക്രിസ്തീയസഭകളാൽ ആവിഷ്കരിക്കപ്പെട്ട ചില പുതിയ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമാകുന്നു. വാസ്തവം ഇതായിരിക്കെ നിങ്ങളുടെ വാദത്തിന് എന്തർഥമാണുള്ളത്?

പൂർവവേദങ്ങളിലെ തങ്ങൾക്കിഷ്ടപ്പെടാത്ത ഉപദേശനിർദേശങ്ങൾ പൂഴ്ത്തിവെക്കുകയും ദുർവ്യാഖ്യാനം ചെയ്യുകയും അവയുടെ യഥാർഥ അർഥങ്ങളിൽനിന്ന് വ്യതിചലിപ്പിക്കുകയും, സ്വാർഥലാഭങ്ങൾക്കുവേണ്ടി സ്വന്തമായി ആചാരങ്ങളും വിശ്വാസങ്ങളും ആവിഷ്കരിക്കുകയും, ചെയ്യുന്ന മതതത്വജ്ഞാനികളും പുരോഹിതന്മാരും വലിയ അക്രമികളും അധർമികളുമാകുമെന്ന് അല്ലാഹു താക്കീതുചെയ്യുന്നു.അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ കൈക്രിയ നടത്തുന്നവരെക്കുറിച്ച് അവൻ അശ്രദ്ധനല്ലെന്ന് അവരെ ഓർമിപ്പിക്കുന്നു. പ്രവാചകന്മാർ മുഖേനയോ വേദഗ്രന്ഥം മുഖേനയോ സ്ഥാപിതമായ വാസ്തവങ്ങൾക്ക് നിരക്കാത്ത വിശ്വാസങ്ങളും ആചാരങ്ങളും സിദ്ധാന്തങ്ങളും മതത്തിൻെറ പേരിൽ വെച്ചുകെട്ടുന്ന പണ്ഡിതന്മാർക്കുള്ള ഒരു കനത്ത താക്കീതാണിത്. ഈ താക്കീത് ജൂത-ക്രൈസ്തവ വിഭാഗങ്ങൾക്കെന്നപോലെ മുസ്ലിംകൾക്കും ബാധകമാണ്.

141. അത് കഴിഞ്ഞുപോയ ഒരു സമുദായമാകുന്നു.അവർ സമ്പാദിച്ചത് അവർക്കുള്ളതാകുന്നു. നിങ്ങൾ സമ്പാദിച്ചത് നിങ്ങൾക്കും.അവരുടെ കർമ്മങ്ങളെക്കുറിച്ച് നിങ്ങളോട് ചോദിക്കുന്നതല്ല.

142. മനുഷ്യരിൽനിന്നുള്ള മൂഢന്മാർ (അടുത്ത ഭാവിയിൽ) ചോദിക്കും: (നമസ്കാരത്തിൽ) അവർ തിരിഞ്ഞുനിന്നിരുന്ന 'ഖിബ്ല'യിൽ നിന്ന് അവരെ തിരിച്ചുകളഞ്ഞതെന്ത്? അവരോട് പറയുക: കിഴക്കും പടിഞ്ഞാറും അല്ലാഹുവിൻേറതാകുന്നു. താനിച്ഛിക്കുന്നവരെ അവൻ നേരായ മാർഗത്തിലേക്ക് നയിക്കുന്നു.

142: നമസ്കാരത്തിൽ വിശ്വാസികൾ അഭിമുഖീകരിക്കുന്ന കേന്ദ്രത്തെയാണ് 'ഖിബ്ല' എന്ന് പറയുന്നത്. ഹിജ്റക്കുശേഷം (പ്രവാചകൻ(സ)മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്ത സംഭവം)

പതിനേഴു മാസത്തോളം പ്രവാചകനും അനുചരന്മാരും, സുലൈമാൻ(അ) ജറുസലമിൽ നിർമിച്ച 'ബൈത്തുൽ മഖ്ദിസി'ന്റെ നേരെ തിരിഞ്ഞാണ് നമസ്കരിച്ചിരുന്നത്. പിന്നീട് മക്കയിൽ ഇബ്റാഹീം നബി(അ) നിർമിച്ച കഅ്ബയെ നമസ്കാരത്തിൽ അഭിമുഖീകരിക്കുന്ന കേന്ദ്രമായി(ഖിബ്ല) നിശ്ചയിച്ച് ദൈവകൽപന വന്നു. ഖിബ്ല മാറുന്ന കൽപന വരുമ്പോൾ, മതചിഹ്നങ്ങളുടെ ആന്തരാർഥമറിയാത്ത മൂഢജനങ്ങളും എതിരാളികളും അതിനെ വിവാദമാക്കി കോലാഹലങ്ങൾ സൃഷ്ടിച്ചേക്കാമെന്നും അപ്പോൾ അതിൽ പതറിപ്പോകരുതെന്നും പ്രവാചകന്നും ശിഷ്യന്മാർക്കും മുന്നറിയിപ്പ് നൽകിയിരിക്കുകയാണിവിടെ. അത്തരം വിവാദങ്ങളെല്ലാം തനി ഭോഷത്വമാണ്. കിഴക്കും പടിഞ്ഞാറും ഭൂമിയുടെ മുഴുവൻ ഭാഗവും അല്ലാഹുവിനുള്ളതാണ്.

143. ഈ വിധം നാം നിങ്ങളെ ഒരു മധ്യമസമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി. നീ ഇതുവരെ തിരിഞ്ഞുനിന്നിരുന്ന ദിക്കിനെ നാം ഖിബ്ലയാക്കി നിശ്ചയിച്ചത്, ദൈവദൂതനെ പിന്തുടരുന്നവരെയും പിന്തിരിഞ്ഞു പോകുന്നവരെയും വേർതിരിച്ചു കാണാൻ വേണ്ടി മാത്രമായിരുന്നു. അത്(ഖിബ്ല മാറ്റം)ഏറെ പ്രയാസകരമായിരുന്നു; അല്ലാഹുവിന്റെ മാർഗദർശനം ലഭിച്ചവർക്കൊഴികെ. അല്ലാഹു ഒരിക്കലും നിങ്ങളുടെ വിശ്വാസത്തെ പാഴാക്കുകയില്ല. അല്ലാഹു ജനങ്ങളോട് അളവറ്റ ദയാപരനും കാരുണ്യമുള്ളവനുമാകുന്നു.

143: ഖിബ്ല മാറ്റത്തെ സംബന്ധിച്ച കൽപന വന്നതോടെ കോലാഹലങ്ങളും തുടങ്ങി. പൂർവ പ്രവാചകന്മാരുടെ ഖിബ്ലയെ(ബൈത്തുൽ മഖ്ദിസിനെ) മുഹമ്മദ് പുറംതള്ളിക്കളഞ്ഞുവെന്നും, മുഹമ്മദ് ഒന്നിലും സ്ഥിരതയില്ലാത്തവനാണെന്നും യഹൂദികൾ പറയാൻ തുടങ്ങി. അറബി ബഹുദൈവവിശ്വാസികളും കപടവിശ്വാസികളും അവസരംപോലെ അതെല്ലാം ഏറ്റുപറയുകയും ചെയ്തു. ദുർബലഹൃദയരായ മുസ്ലിംകളെ ആശയക്കുഴപ്പത്തിലാക്കാനായിരുന്നു അവരുടെ ശ്രമം. എന്നാൽ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം പ്രവാചകൻ(സ) നടപ്പാക്കുന്ന ഏതുകാര്യത്തിലും അവർക്ക് ആശയക്കുഴപ്പമോ മനപ്രയാസമോ തോന്നുകയില്ല. ചോദ്യം ചെയ്യാതെയും വിമർശിക്കാതെയും പ്രവാചകനെ അവർ അനുസരിക്കുന്നതാണ്.കാരണം അതവരുടെ കടമയാണ്.എന്നാൽ അല്ലാഹുവിന്റെ മാർഗദർശനം ലഭിച്ചിട്ടില്ലാത്തവർക്കാകട്ടെ, വലിയൊരു വിഷമമായിട്ടേ അതിനെ ഗണിക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ടാണ് ഖിബ്ല മാറ്റം പോലെയുള്ള പുതിയ നിയമങ്ങളും വിധികളും വരുമ്പോൾ അവർക്ക് ആശയക്കുഴപ്പവും സംശയവും നേരിടുന്നത്. പ്രവാചകൻ(സ) മദീനയിൽ വന്നതു മുതൽ ഇതുവരെ തിരിഞ്ഞുനിന്നിരുന്ന ദിക്കിനെ(ബൈത്തുൽ മഖ്ദിസ്) താൽക്കാലിക ഖിബ്ലയായി നിശ്ചയിക്കാനുള്ള കാരണം അതിൽ ആരൊക്കെയാണ് പ്രവാചകനെ പിൻപറ്റുകയെന്നും ആരൊക്കെയാണ് അവിശ്വാസത്തിലേക്ക് മടങ്ങിപ്പോകുകയെന്നും പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു കണ്ടറിയുവാൻ വേണ്ടി മാത്രമാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു.

ഖിബ്ല മാറ്റത്തിലൂടെ നമസ്കാരത്തിന് തിരിഞ്ഞുനിൽക്കുന്ന ദിശ മാറ്റി എന്നു മാത്രമാണ് ബോധമില്ലാത്തവർ മനസ്സിലാക്കിയത്. എന്നാൽ ഖിബ്ല, ബൈത്തുൽ മഖ്ദസിൽനിന്ന് മക്കയിലെ കഅ്ബയിലേക്ക് മാറ്റിയതിലൂടെ ലോകനേതൃത്വ പദവിയിൽനിന്ന് ഇസ്രാഈല്യരെ അല്ലാഹു ഔപചാരികമായി പുറത്താക്കി ആ സ്ഥാനം മുസ്ലിംകൾക്ക് നൽകിയെന്നും സൂചിപ്പിക്കുന്നുണ്ട്.

അല്ലാഹുവിന്റെ ശിക്ഷണങ്ങൾ ജനങ്ങൾക്ക് യാതൊരു ഏറ്റക്കുറച്ചിലും കൂടാതെ നബി(സ) എപ്രകാരം എത്തിച്ചുകൊടുത്തുവോ അപ്രകാരം ദൈവദൂതന്റെ പ്രതിനിധികളെന്ന നിലക്ക് അദ്ദേഹം അറിയിച്ചുതന്ന കാര്യങ്ങൾ ജനങ്ങൾക്ക് അറിയിച്ചുകൊടുക്കുവാനും പ്രവർത്തിച്ചുകാണിച്ചുതന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് പ്രവർത്തിച്ചു കാണിച്ചുകൊടുക്കുവാനും നാം ബാധ്യസ്ഥരാണ്. തിരുമേനി മുഖേന ലഭിച്ച സന്മാർഗം ജനങ്ങൾക്കെത്തിച്ചുകൊടുക്കുന്നതിൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്ന് അല്ലാഹുവിന്റെ മുമ്പിൽ നാം സാക്ഷിപറയേണ്ടിവരുന്നതാണ്.അതിനാൽ ഈ സമുദായം മുഴുവൻ ലോകത്തിന് ജീവിക്കുന്ന സാക്ഷികളായിരിക്കേണ്ടതാണ്.അതിൽ വീഴ്ച വരുത്തിയാൽ അല്ലാഹു നമ്മെ കഠിനമായി ശിക്ഷിക്കുന്നതും ഇതേ നേതൃത്വപദവി നമ്മുടെ നാശത്തിന് കാരണമായി ഭവിക്കുന്നതുമാണ്.

144. നിൻെറ മുഖം ആകാശത്തേക്ക് ആവർത്തിച്ചുയരുന്നത് നാം കാണുന്നുണ്ട്.അതിനാൽ നിന ക്കിഷ്ടപ്പെടുന്ന ഖിബ്ലയിലേക്ക് തന്നെ നിന്നെ നാം തിരിക്കുകയാണ്. ഇനിമുതൽ 'മസ്ജിദുൽഹറാമി'ൻെറ (കഅ്ബക്ക് ചുറ്റുമുള്ള ആരാധനാമന്ദിരം) വശത്തേക്ക് മുഖം തിരിക്കുക. ഇനിമേൽ നിങ്ങൾ എവിടെയായിരുന്നാലും അതിൻെറ നേരെ മുഖം തിരിച്ചു (നമസ്കരിച്ചു)കൊള്ളുവിൻ. (ഖിബ്ല മാറ്റം സംബന്ധിച്ച ഈ വിധി) തങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണെന്ന് തീർച്ചയായും വേദം നൽകപ്പെട്ടവർക്ക് നന്നായറിയാം. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ലതന്നെ.

144: ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞു നമസ്കരിച്ചിരുന്ന കാലത്ത്, തൻെറ പൂർവപിതാക്കളായ ഇബ്രാഹീമിൻെറയും ഇസ്മാഈലിൻെറയു(അ) കരങ്ങളാൽ നിർമിതമായതും തൻെറ ജീവിതവുമായി കൂടുതൽ ബന്ധപ്പെട്ടതുമായ മക്കയിലെ കഅ്ബാമന്ദിരം തൻെറ കിബ്ലയായിരുന്നെങ്കിൽ എന്ന് പ്രവാചകൻ(സ) ആഗ്രഹിച്ചിരുന്നു. അതിനുള്ള ദൈവകൽപനയും പ്രതീക്ഷിച്ച് അദ്ദേഹം ആകാശത്തേക്ക് മുഖമുയർത്തുകയും ചെയ്തിരുന്നു. ഹിജ്റ രണ്ടാം വർഷം ഖിബ്ല മാറ്റത്തിനുള്ള കൽപന വന്നു. നമസ്കാരത്തിലായിരുന്ന സമയത്ത് ഈ ഖുർആൻ വാക്യം അവതരിച്ചതിനാൽ നമസ്കാരത്തിൽ തന്നെ തിരുമേനിയും പിന്നിൽ നമസ്കരിച്ചിരുന്നവരുമെല്ലാം ഒന്നായി ബൈത്തുൽ മുഖദ്ദസിൻെറ ഭാഗത്തുനിന്ന് മക്കയിലെ കഅ്ബയുടെ ഭാഗത്തേക്ക് തിരിഞ്ഞു നമസ്കരിച്ചു. ബൈത്തുൽ മുഖദ്ദിസ് മദീനയുടെ വടക്കും കഅ്ബ മദീനയുടെ നേരെ തെക്കുമാണ്. ലോകത്തെവിടെവെച്ചു നമസ്കരിക്കുന്നവരുടെയും ഖിബ്ല മക്കയിടെ കഅ്ബ തന്നെയാണ്.

145. നീ ഈ വേദക്കാരുടെ മുമ്പിൽ എന്തു ദൃഷ്ടാന്തം ഹാജരാക്കിയാലും അവർ നിൻെറ ഖിബ്ലയെ പിന്തുടരാൻ പോകുന്നില്ല. അവരുടെ ഖിബ്ലയെ നീയും പിന്തുടരുന്നതല്ല. അവരിൽ തന്നെ ചിലർ ചിലരുടെ ഖിബ്ലയെ പിന്തുടരാൻ സന്നദ്ധരല്ല. ഈ അറിവ് ലഭിച്ചശേഷവും നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയാൽ നീയും അതിക്രമികളുടെ ഗണത്തിൽ പെട്ടുപോകും.

146. വേദഗ്രന്ഥത്തെ നാം ആർക്ക് നൽകിയോ, അവർ അവരുടെ മക്കളെ തിരിച്ചറിയുന്നതു പോലെ,ഇത് തിരിച്ചറിയുന്നുണ്ട്. എന്നാൽ അവരിൽ ഒരു വിഭാഗം,അവർ അറിഞ്ഞുകൊണ്ടുതന്നെ തീർച്ചയായും സത്യത്തെ മറച്ചുവെക്കുകയാണ്.

147. ഇത് നിൻെറ നാഥനിൽ നിന്നുള്ള സത്യമാകുന്നു. അതിനാൽ നീ സംശയാലുക്കളുടെ കൂട്ടത്തിൽ പെട്ടുപോകരുത്.

145,147:വേദക്കാർ വർഗ്ഗീയ പക്ഷപാതത്തിൻെറ പേരിൽ കൈക്കൊണ്ട കിബ്ലയെ യാതൊരു തെളിവിൻെറയും അടിസ്ഥാനത്തിൽ ഉപേക്ഷിക്കാൻ തയ്യാറാവില്ല. ഖിബ്ലയുടെ കാര്യത്തിൽ അവർ തന്നെ പരസ്പരം തർക്കത്തിലാണ്.യഹൂദർ ക്രൈസ്തവരുടെയോ ക്രൈസ്തവർ യഹൂദരുടെയോ ഖിബ്ല സ്വീകരിക്കാൻ തയ്യാറല്ല. യഥാർഥമായ ഖിബ്ല മസ്ജിദുൽ ഹറാമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അവർ അതിനെ നിഷേധിക്കുന്നത്. സുലൈമാൻ നബി(അ) ബൈത്തുൽ മുഖദ്ദിസ് നിർമിച്ചത് കഅ്ബ നിർമിച്ച് നൂറ്റാണ്ടുകൾക്ക് ശേഷമാണ്. അതും കഅ്ബക്ക് അഭിമുഖമായാണ് സ്ഥാപിതമായത്. ഖിബ്ലയുടെ കാര്യത്തിൽ അല്ലാഹുവിങ്കൽനിന്ന് അറിയിച്ചിട്ടുള്ളതാണ് സത്യം. മറ്റുള്ളവരെ പ്രീതിപ്പെടുത്തുന്നതിവേണ്ടി മതതത്ത്വങ്ങളിലോ അടിസ്ഥാന നിയമങ്ങളിലോ യാതൊരു മാറ്റവും വരുത്താൻ പാടുള്ളതല്ല.

148. ഓരോരുത്തർക്കും ഓരോ ദിശയുണ്ട്. അവർ അതിലേക്കു തിരിയുന്നു.നിങ്ങൾ നന്മയിലേക്കു മുന്നേറുവിൻ.നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെയൊക്കെ പ്രാപിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.

149. നീ ഏതുവഴിക്ക് സഞ്ചരിച്ചാലും(നമസ്കാര സമയത്ത് മക്കയിലെ) മസ്ജിദുൽ ഹറാമിൻെറ നേരെ മുഖം തിരിക്കേണം.തീർച്ചയായും അത് നിൻെറ നാഥനിൽ നിന്നുള്ള സത്യനിഷ്ഠ മായ (നിർദ്ദേശ)മാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ല.

150. നീ ഏതുവഴിക്ക് സഞ്ചരിച്ചാലും(നമസ്കരിക്കുമ്പോൾ)നിൻെറ മുഖം മസ്ജിദുൽഹറാമിൻെറ ദിക്കിലേക്കുതന്നെ തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിൻെറ നേർക്കാണ് (നമസ്കാരത്തിൽ)നിങ്ങളുടെ മുഖം തിരിക്കേണ്ടത്.നിങ്ങൾക്കെതിരെ ജനങ്ങൾക്ക് -അവരിൽ പ്പെട്ട അക്രമികൾ ഒഴിച്ചുള്ളവർക്ക്- ഇനി യാതൊരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാ ണിത്. അവരെ നിങ്ങൾ ഭയപ്പെടരുത്; എന്നെ ഭയപ്പെടുവിൻ. ഇത് എൻെറ അനുഗ്രഹം നിങ്ങളിൽ പൂർത്തീകരിക്കേണ്ടതിനാകുന്നു.നിങ്ങൾസന്മാർഗം പ്രാപിക്കുന്നതിനുവേണ്ടിയും.

150: ഇബ്രാഹീമും, പുത്രൻ ഇസ്മാഈലും ചേർന്ന് നിർമിച്ച കഅ്ബതന്നെ 'ഖിബ്‌ല'യായി നിശ്ച യിക്കപ്പെട്ടതും, ലോകത്തിൻെറ സാന്മാർഗിക നായകത്വം ഇസ്മാഈൽ സന്തതികളിലേക്ക് മാറ്റപ്പെട്ടതും അല്ലാഹുവിൻെറ അനുഗ്രഹ വാഗ്ദാനത്തിൻെറ പൂർത്തീകരണമാകുന്നു.

151. (എപ്രകാരമെന്നാൽ,)നിങ്ങൾക്ക് നമ്മുടെ സൂക്തങ്ങൾ ഓതിത്തരികയും,നിങ്ങളെ സംസ്കരി ക്കുകയും,വേദവിജ്ഞാനവും തത്വജ്ഞാനവും പഠിപ്പിക്കുകയും നിങ്ങൾക്കജ്ഞാതമായിരുന്ന പലതും നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നിങ്ങളിൽനിന്നുതന്നെ നാം നിങ്ങളിൽ നിയോഗിച്ചതുപോലെ (നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നതിനുവേണ്ടി).

152. അതുകൊണ്ട് നിങ്ങൾ എന്നെ സ്മരിക്കുവിൻ.ഞാൻ നിങ്ങളെയും സ്മരിക്കാം. എന്നോട് നിങ്ങൾ നന്ദി കാണിക്കുവിൻ. നന്ദികേട് കാണിക്കരുത്.

153. അല്ലയോ സത്യവിശ്വാസികളേ,നിങ്ങൾ ക്ഷമയിലൂടെയും നമസ്കാരത്തിലൂടെയും(അല്ലാഹു വിൻെറ) സഹായം തേടുവിൻ! തീർച്ചയായും സഹനശീലരുടെ കൂടെയാണ് അല്ലാഹു.

153:ലോകജനതയുടെ സാന്മാർഗിക നേതൃത്വമെന്നത് ഗുരുതരവും അതിപ്രധാനമായ ഒരു സേവനമാണ്. ആ ഭാരിച്ച ബാധ്യത ഏറ്റെടുക്കുന്നതോടെ വിശ്വാസികൾ കഠിനമായ പരീക്ഷണങ്ങൾക്ക് വിധേയരാകുന്ന താണ്. പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടിവരുമ്പോഴും കഷ്ടനഷ്ടങ്ങൾ സഹിക്കേ ണ്ടിവരുമ്പോഴും ക്ഷമയും നമസ്കാരവും വഴി ആത്മാവിനെ സുശക്തവും സംശുദ്ധവുമാക്കുവാൻ അല്ലാഹുവിനോട് സഹായം തേടണമെന്ന് ഈ സൂക്തം ഉപദേശിക്കുന്നു. നിരന്തരമായ നമസ്കാരത്തിലൂ ടെ അല്ലാഹുവുമായുള്ള ബന്ധം ദൃഢീകരിക്കുകയും ദൈവദാസൻെറ നിശ്ചയദാർഢ്യവും സന്മാർഗ ബോധവും വർധിക്കുകയും ചെയ്യുന്നു. എതിർപ്പുകളും പീഡനങ്ങളും ക്ഷമയോടെയും സഹനത്തോ ടെയും നേരിട്ടുകൊണ്ട് അടിപതറാതെ സത്യമാർഗത്തിൽ അടിയുറച്ചു നിൽക്കുന്നവർക്ക് അല്ലാഹു വിൻെറ സഹായമുണ്ടായിരിക്കും. ക്ഷമയും സഹനവുമാകുന്ന ഉൽകൃഷ്ട ഗുണത്തിൻെറ അഭാവത്തിൽ ആർക്കും ഒരു ലക്ഷ്യത്തിലും വിജയിക്കുക സാധ്യമല്ല.

154. അല്ലാഹുവിൻെറ മാർഗത്തിൽ വധിക്കപ്പെടുന്നവരെ 'മരിച്ചവർ' എന്ന് പറയാതിരിക്കുക. അല്ല; അവർ ജീവിച്ചിരിക്കുന്നവരാണ്. പക്ഷേ, നിങ്ങളത് അറിയുന്നില്ല.

154: ധർമസമരത്തിൽ കൊല്ലപ്പെട്ടവരെ 'രക്തസാക്ഷികൾ' എന്നാണ് വിളിക്കേണ്ടത്. അവരെ മറമാടു മ്പോൾ അവർ ജീവാർപ്പണം ചെയ്ത അതേ വസ്ത്രം തന്നെ ഉപയോഗിക്കേണ്ടതാണ്. അവരെ കുളിപ്പിക്കു കയോ കഫൻ (ശവപ്പുടവ) ധരിപ്പിക്കുകയോ ചെയ്യേണ്ടതില്ല. രക്തസാക്ഷികൾ ജീവിച്ചിരിക്കുന്നവരാ ണെന്നും അല്ലാഹുവിങ്കൽ അവർക്ക് വിഭവങ്ങൾ നൽകപ്പെടുന്നുണ്ടെന്നും അധ്യായം ആലു ഇംറാൻ 169-ാം വചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അവർ ജീവിച്ചിരിക്കുന്നതിൻെറ പ്രകൃതിയും സ്വഭാ വവുമൊന്നും നമുക്ക് ഊഹിക്കാനോ അറിയാനോ സാധ്യമല്ല. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം പറയുന്നു: 'സ്വർഗത്തിൽ പ്രവേശിച്ചിട്ട് പിന്നെയും ഭൂമിയിലേക്ക്

തിരിച്ചുപോകാന്‍ ആഗ്രഹിക്കുക രക്തസാക്ഷികള്‍ മാത്രമാകുന്നു. തനിക്കവിടെ ലഭിച്ച മഹത്വം മൂലം ഇനിയും ഭൂമിയില്‍ ചെന്ന് പത്തുവട്ടം ദൈവമാര്‍ഗത്തില്‍ വധിക്കപ്പെടാന്‍ അയാള്‍ ആഗ്രഹിക്കുന്നു.'

155. ഭയാശങ്കകള്‍,വിശപ്പ്,ജീവധനാധികളുടെ നഷ്ടം, വിളനാശം എന്നിവയിലൂടെ നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്.(അത്തരം സന്ദര്‍ഭങ്ങളില്‍)സഹനമവലംബിക്കുന്നവര്‍ക്ക് സന്തോഷവാര്‍ത്ത അറിയിക്കുക.

155: ഭൗതികലോകം മനുഷ്യന്റെ പരീക്ഷണഭൂമിയാകുന്നു. ജനനം മുതല്‍ ജീവിതത്തിലെ അവസാന ശ്വാസം വരെ നല്‍കപ്പെട്ട അവന്റെ ആയുസ്സ് അവന്റെ പരീക്ഷണസമയമാണ്. ഭൗതിക ലോകത്ത് അവന് ലഭിച്ചിട്ടുള്ള യോഗ്യതകളും കഴിവുകളും അവന് കൈകാര്യസൗകര്യം നല്‍കപ്പെട്ട വസ്തുക്കളും, അവന്‍ ഇവിടെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യങ്ങളും മറ്റു മനുഷ്യരുമായുള്ള അവന്റെ ബന്ധങ്ങള്‍, സമ്പത്ത്, ആരോഗ്യം, ദാരിദ്ര്യം ഇവയെല്ലാം ഈ പരീക്ഷയിലെ ചോദ്യങ്ങളാണ്. അവന് അറിവിന്റെയും ബുദ്ധിയുടെയും ശക്തികള്‍ പ്രദാനം ചെയ്തു. അവനെ കാണുന്നവനും കേള്‍ക്കുന്നവനും ആക്കി. ഒപ്പം അവനെ മാര്‍ഗദര്‍ശനം ചെയ്തിട്ടുമുണ്ട്. നന്ദിയുടെ മാര്‍ഗമേതെന്നും നന്ദികേടിന്റെ മാര്‍ഗമേതെന്നും അതുവഴി അവന്‍ അറിയുന്നു. ഒന്നുകില്‍ അവന് സ്രഷ്ടാവിനോട് നന്ദിയുള്ളവനാകാം,അല്ലെങ്കില്‍ നന്ദികെട്ടവനാകാം(76:1-3). അതിനുശേഷം ഏതു മാര്‍ഗം സ്വീകരിച്ചാലും അതിന്റെ ഉത്തരവാദിത്വം അവനുതന്നെയായിരിക്കും.

സത്യത്തിന്റെയും ധര്‍മത്തിന്റെയും മാര്‍ഗത്തില്‍ പരീക്ഷണങ്ങള്‍ക്കു വിധേയമാക്കുക ദൈവികനടപടിക്രമത്തിന്റെ അഭേദ്യമായ ഭാഗമാണ്. സ്വര്‍ഗാവകാശികളെയും നരകാവകാശികളെയും വേര്‍തിരിക്കുന്നതിനുള്ള മാനദണ്ഡമാണ് ഈ പരീക്ഷണം. തന്നെ ഏകനായ ദൈവത്തിന്റെ അടിമയായി കരുതുകയും ആ ദൈവത്തിന്റെ പ്രീതിക്കനുയോജ്യമായ രീതിയില്‍ കര്‍മ്മമനുഷ്ഠിക്കുകയും പരലോകവിചാരണയെ പ്രതീക്ഷിക്കുകയും ചെയ്തവന്‍ പരീക്ഷയില്‍ വിജയിക്കുന്നു.

ഭൗതികജീവിതമാകുന്ന പരീക്ഷയില്‍ തോറ്റവര്‍ക്ക് വീണ്ടും പരീക്ഷയെഴുതി ജയിക്കാനവസരമുണ്ടായിരിക്കുകയില്ല. അതുകൊണ്ട് പരലോകവിചാരണവരട്ടെ, അപ്പോള്‍ നോക്കാം എന്ന് കരുതി ആരും ഭൗതികജീവിതത്തില്‍ വഞ്ചിതരാകേണ്ട.

156. അവരോ(ആ ക്ഷമാശീലര്‍)ഏതാപത്തു ബാധിക്കുമ്പോഴും 'ഞങ്ങള്‍ അല്ലാഹുവിന്റേതാണ്, തീര്‍ച്ചയായും ഞങ്ങള്‍ അവങ്കലേക്കുതന്നെ മടങ്ങേണ്ടവരുമാണ്'' എന്ന് പറയുന്നവരത്രെ.

157. അവര്‍ക്ക് അവരുടെ രക്ഷിതാവില്‍നിന്ന് വലുതായ അനുഗ്രഹങ്ങളും കാരുണ്യവും ഉണ്ടായിരിക്കും. അവര്‍തന്നെയാകുന്നു സന്മാര്‍ഗം പ്രാപിച്ചവര്‍.

157:അല്ലാഹുവിന്റെ പരീക്ഷണങ്ങളെ ക്ഷമയോടെ നേരിട്ടാല്‍ അവന്‍ സംപ്രീതനാവുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യും. ആത്യന്തികമായ സൗഭാഗ്യവും വിജയവും അത്തരം സഹനശീലര്‍ക്കായിരിക്കും.

158. തീര്‍ച്ചയായും 'സ്വഫാ'യും 'മര്‍വ'യും അല്ലാഹുവിന്റെ ചിഹ്നങ്ങളില്‍ പെട്ടതാകുന്നു. അതിനാല്‍(കഅ്ബ)മന്ദിരത്തില്‍ ഹജ്ജോ, ഉംറയോ ചെയ്യുന്നവര്‍ അവയ്ക്കിടയില്‍ 'സഅ്‌യ്'' (പ്രയാണം) നിര്‍വഹിക്കുന്നതില്‍ കുറ്റമൊന്നുമില്ല. ആരെങ്കിലും സ്വയം സന്നദ്ധരായി വല്ല നന്മയും ചെയ്യുന്നുവെങ്കില്‍, നിശ്ചയമായും അല്ലാഹു അതറിയുന്നവനും നന്ദിയുള്ളവനുമാണ്.

158: ഹജ്ജും ഉംറയും മക്കയിലെ പരിശുദ്ധ കഅ്ബയെ സന്ദര്‍ശിച്ച് നടത്തപ്പെടുന്ന ആരാധനാകര്‍മങ്ങളാകുന്നു. കഅ്ബയുടെ പരിസരത്തെ രണ്ട് ചെറു പാറക്കുന്നുകളാണ് സ്വഫായും മര്‍വയും. ഇപ്പോള്‍ ഈ രണ്ടു കുന്നുകളും മസ്ജിദുല്‍ ഹറാമിനോട് ചേര്‍ന്ന് നിര്‍മിക്കപ്പെട്ട നീളമേറിയ ഒരു ഹാളിനകത്ത് സ്ഥിതിചെയ്യുന്നു. ഈ രണ്ട് കുന്നുകള്‍ക്കിടയില്‍ ഓടുന്നത് ഹജ്ജ് കര്‍മ്മങ്ങളില്‍ പെട്ടതാണ്. അജ്ഞാനകാലത്ത് അറബികള്‍ ഈ രണ്ടുകുന്നുകളിലും ബിംബങ്ങള്‍ പ്രതിഷ്ഠിക്കുകയും അവയ്ക്കു ചുറ്റും പ്രദക്ഷിണം നടത്തുകയും ചെയ്തിരുന്നു. അതിനാല്‍ ഇസ്‌ലാം സ്വീകരിച്ച അറബികള്‍

അവയ്ക്കിടയിൽ ഓടുന്നത് പാപകൃത്യമാണോ എന്ന് സംശയിച്ചു. അതിനാൽ സ്വഫാ-മർവായെ സംബന്ധിച്ച് അവരിലുണ്ടായിരുന്ന തെറ്റുധാരണകൾ ദൂരീകരിക്കുകയാണ് ഈ സൂക്തം. സ്വഫാ മർവാ കുന്നുകൾ അല്ലാഹു നിശ്ചയിച്ച മതചിഹ്നങ്ങളാണെന്നും അവയ്ക്കിടയിൽ ഓടുന്നത് ഹജ്ജിന്റെ സാക്ഷാൽ ചടങ്ങുകളിൽ പെട്ടതാണെന്നും, അതിന്റെ മഹത്വം അജ്ഞാനകാലത്ത് കെട്ടിച്ചമച്ചതല്ലെന്നും അവരെ അറിയിക്കുകയും ചെയ്യുന്നു.

159. നാം അവതരിപ്പിച്ച വ്യക്തമായ തെളിവുകളും സന്മാർഗനിർദേശങ്ങളും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് വിശദീകരിച്ചുകഴിഞ്ഞിരിക്കെ- അവയെ മറച്ചുവെക്കുന്നവരുണ്ടല്ലോ, അവരെ അല്ലാഹു ശപിക്കുന്നു. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നു.

159: സത്യം മൂടിവെക്കുകയും ജനങ്ങൾക്ക് അത് വിവരിച്ച് കൊടുക്കാതിരിക്കുകയും ചെയ്യുന്ന എല്ലാവർക്കും ഈ തക്കീത് ബാധകമെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നു.
ജൂത-ക്രൈസ്തവ പണ്ഡിത-പുരോഹിതന്മാർ വേദഗ്രന്ഥത്തിലെ വിജ്ഞാനങ്ങൾ ജനങ്ങളെ പഠിപ്പിക്കുന്നതിനു പകരം സ്വാർഥതയും ധിക്കാരവും മൂലം അവ പൂഴ്ത്തിവെക്കുകയും, മാറ്റിഎഴുതുകയും പലതും മായ്ച്ചുകളയുകയും ചെയ്തു. അങ്ങനെ വേദവിശ്വാസികൾ സന്മാർഗദർശന നിർവഹണത്തിൽ അക്ഷന്തവ്യമായ വീഴ്ചകൾ വരുത്തി. കാലാന്തരേണ അജ്ഞത കാരണം ജനങ്ങളിൽ പല ദുരാചാരങ്ങളും പടർന്നു പിടിച്ചു. വേദവാഹകർ ചെയ്ത ഈ മഹാപാപം കാരണം അവർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമായിത്തീർന്നു.
വേദവിശ്വാസികളെ പുറന്തള്ളി ഒരു പുതിയ മധ്യമസമുദായത്തെ ഉയിർത്തെഴുന്നേൽപിച്ച് മനുഷ്യവംശത്തിന് സന്മാർഗം കാണിച്ചുകൊടുക്കുക എന്ന ജോലി മുസ്ലിം സമുദായത്തെ ഭരമേൽപ്പിച്ചിരിക്കുകയാണ്. അല്ലാഹു മനുഷ്യകുലത്തിനുവേണ്ടി വിശദീകരിച്ച സത്യങ്ങളിൽ കൈകടത്തുകയോ, വേദസത്യങ്ങൾ ജനങ്ങൾക്ക് യഥാവിധി എത്തിച്ചുകൊടുക്കാതിരിക്കുകയോ, അങ്ങനെ ജനങ്ങളെ അസത്യത്തിന്റെയും ദുർമാർഗത്തിന്റെയും അന്ധകാരങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്നുവെങ്കിൽ അത് അതിഘോരമായ പാതകമായിരിക്കുമെന്ന് മുസ്ലിംകളെ താക്കീത് ചെയ്യുന്നു. പ്രബോധന പ്രവർത്തനത്തിൽ വീഴ്ച വരുത്തിയാൽ അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും അവരും പാത്രമാകുന്നതാണ്.

160. പശ്ചാത്തപിക്കുകയും കർമ്മജീവിതം സംസ്കരിക്കുകയും (മറച്ചുവച്ച)സത്യം വെളിപ്പെടുത്തുകയും ചെയ്യുന്നവരെയൊഴിച്ച്. അങ്ങനെയുള്ളവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കുന്നതാകുന്നു. ഞാൻ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാവാരിധിയുമല്ലോ.

161. അവിശ്വസിക്കുകയും അവിശ്വാസിയായിരിക്കവേ മരിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവരിൽ അല്ലാഹുവിന്റെയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടെയും ശാപമുണ്ടായിരിക്കുന്നതാണ്.

162. അതിൽ അവർ നിത്യവാസികളാകുന്നു. ശിക്ഷയിൽ അവർക്ക് ഒരിളവുമുണ്ടായിരിക്കുന്നതല്ല. അവർക്ക് ഇളവ് നൽകപ്പെടുകയുമില്ല.

163. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ വേറെ ദൈവമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ.

163:ഈ വചനം ദൈവത്തിന്റെ ഏകത്വത്തെ പ്രഖ്യാപിക്കുന്നു. സൃഷ്ടിക്കും സ്ഥിതിക്കും സംഹാരത്തിനും വേറെ വേറെ ദൈവങ്ങളില്ല. പ്രപഞ്ചത്തിന്റെ കാര്യങ്ങൾ പല ദൈവങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന ചിലരുടെ വിശ്വാസം വെറും മൂഢസങ്കൽപം മാത്രമാണ്. അവന്ന് സന്തതിയേതുമില്ല. അവൻ ആരുടേയും സന്താനവുമല്ല. അവൻ ഈ അണ്ഡകടാഹത്തിന്റെ സ്രഷ്ടാവും, ഉടമയും, തന്റെ സൃഷ്ടികളുടെ അന്നദാതാവും, വിധാതാവും ആസൂത്രകനും രാജാധിരാജനും ആപൽസന്ധികളിൽ തുണയരുളുന്നവനും ആവലാതികൾ കേൾക്കുന്നവനുമാണ്. പരമകാരുണികൻ കരുണാനിധി, അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ഉണ്ടായിരുന്നവനും എന്നെന്നും ഉണ്ടായിരിക്കുന്നവനുമായ ഏകദൈവമാണവൻ.

164. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപ്പകലുകൾ മാറിമാറി വരുന്നതിലും, മനുഷ്യോപയോഗവസ്തുക്കളുമായി സമുദ്രങ്ങളിൽ സഞ്ചരിക്കുന്ന കപ്പലുകളിലും, ആകാശത്തുനിന്ന് അല്ലാഹു വർഷിപ്പിക്കുന്ന ജലത്തിലും -അതുവഴി നിർജ്ജീവമായ ഭൂമിയെ സജീവമാക്കുകയും- അതിൽ സകലവിധ ജീവജാലങ്ങളെ വ്യാപിപ്പിച്ചതിലും കാറ്റുകളെ ചലിപ്പിക്കുന്നതിലും, ആകാശഭൂമികൾക്കിടയിൽ ആജ്ഞാനുവർത്തികളായി നിർത്തിയിട്ടുള്ള മേഘങ്ങളിലും ചിന്തിക്കുന്ന ജനത്തിന് എണ്ണമറ്റ ദൃഷ്ടാന്തങ്ങളുണ്ട്.

164: ഈ മഹൽപ്രപഞ്ചത്തിന്റെ സൃഷ്ടിക്കുപിന്നിൽ അഭിജ്ഞനായ ഒരു കർത്താവിന്റെ ആസൂത്രണവും ലക്ഷ്യവുമുണ്ടെന്ന് ബുദ്ധി ഉപയോഗിച്ച് അതിന്റെ ഘടനയെക്കുറിച്ച് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാം. രാപ്പകലുകളുടെ മാറ്റം ഈ ഭൂമിയെ ജീവിതയോഗ്യമാക്കുന്നതിൽ അനിഷേധ്യമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.എന്നാൽ രാപ്പകലുകൾ ഭൂമി സ്വയം സൃഷ്ടിക്കുന്നതല്ല.സൂര്യപ്രകാശം, ഭൂമിയുടെ ഗോളാകൃതി, ഭ്രമണം, സൂര്യചന്ദ്രന്മാരുടെ സഞ്ചാരം എന്നിങ്ങനെ ഒട്ടേറെ ഘടകങ്ങൾ ചേർന്നാണ് രാപ്പകൽ ഭേദങ്ങളും ഋതുഭേദങ്ങളും ഉണ്ടാകുന്നത്. യുഗാന്തരങ്ങളായി വ്യവസ്ഥാപിതമായി ഈ ഭൗതികപ്രതിഭാസങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതിനാൽ ഈ വ്യവസ്ഥ വളരെ ആസൂത്രിതമാണെന്നും യാദൃശ്ചികമായി ഉണ്ടാവാൻ സാധ്യതയില്ലെന്നും മനസ്സിലാക്കാം. അതേസമയം ഇതിന്റെ ആസൂത്രകൻ വളരെ യുക്തിജ്ഞനും, സർവജ്ഞനും സർവശക്തനുമാണെന്നും അത് തെളിയിക്കുന്നു. അതേപോലെ സൂര്യനും ഭൂമിയും ചന്ദ്രനും ഒരേ കർത്താവിന്റെ ആജ്ഞക്ക് വിധേയമായതിനാലാണ് ഇത്ര ആസൂത്രിതമായി കാര്യങ്ങളെല്ലാം ഒന്നിനൊന്ന് വിരുദ്ധമോ തടസ്സമോ ആകാതെ തികച്ചും വ്യവസ്ഥാപിതമായ രീതിയിൽ ചലിച്ചുകൊണ്ടിരിക്കുന്നതെന്ന നിഗമനത്തിൽ ഒരാൾക്ക് എത്തിച്ചേരാവുന്നതാണ്. സൂര്യപ്രകാശം, രാപ്പകലുകളുടെ മാറ്റം, വായുചലനം, മഴ തുടങ്ങിയ പ്രതിഭാസങ്ങൾ വ്യത്യസ്ത ശക്തികളാണ് നിയന്ത്രിക്കുന്നതെങ്കിൽ കോടിക്കണക്കിന് വർഷങ്ങളായി ഇവ തികച്ചും വ്യവസ്ഥാപിതമായി നിലനിൽക്കുക തികച്ചും അസംഭവ്യമാണെന്ന് ബുദ്ധിപൂർവം ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാം.

ദൈവിക മതത്തിന്റെ യുക്തിയും വിധിവിലക്കുകളും മനുഷ്യൻ സ്വന്തം ബുദ്ധികൊണ്ടും ചിന്താശക്തികൊണ്ടും പരിശോധിച്ച് ബോധ്യപ്പെട്ടു സ്വീകരിക്കണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. പ്രവാചകന്മാർ അത്ഭുത ദൃഷ്ടാന്തങ്ങൾ കാണിക്കുമ്പോഴുണ്ടാകുന്ന വിശ്വാസം യുക്ത്യാധിഷ്ഠിതമാവുകയില്ല. അത്തരം ദൃഷ്ടാന്തങ്ങൾ അതാത് പ്രവാചകന്മാരുടെ കാലശേഷം നിലനിൽക്കത്തക്കവണ്ണം അവശേഷിക്കാറുമില്ല.തങ്ങൾ ക്ഷണിക്കപ്പെടുന്നത് സത്യത്തിലേക്കുതന്നെയാണ് എന്നു ബോധ്യപ്പെടുത്തുന്ന തെളിവുകളും ന്യായങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടായിരുന്നു പ്രവചകന്മാർ ജനങ്ങളെ സത്യത്തിലേക്ക് ക്ഷണിച്ചിരുന്നത്.

മുൻവിധിയും അഹന്തയും കൂടാതെ സത്യം ദർശിക്കുവാനുള്ള താൽപര്യത്തിൽ യഥാവിധം ബുദ്ധി ഉപയോഗിക്കുന്നവർക്ക് പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലൂടെ ഏകദൈവത്തെയും അവന്റെ സൃഷ്ടി മാഹാത്മ്യങ്ങളെയും കണ്ടെത്താൻ കഴിയുകതന്നെ ചെയ്യും.

165. എന്നിട്ടും ചില ആളുകൾ അല്ലാഹുവല്ലാത്ത ചിലരെ അവന്ന് സമന്മാരായി സങ്കൽപിക്കുന്നു. അല്ലാഹുവിനെ സ്നേഹിക്കേണ്ടതുപോലെ അവരെ സ്നേഹിക്കുകയും ചെയ്യുന്നു. സത്യവിശ്വാസികളാവട്ടെ, സർവോപരി അല്ലാഹുവിനെയാണ് സ്നേഹിക്കുന്നത്. ശിക്ഷ മുന്നിൽ കാണുമ്പോൾ ബോധ്യപ്പെടുന്ന യാഥാർഥ്യം- ശക്തി മുഴുവൻ അല്ലാഹുവിനുള്ളതാണെന്നും അവൻ കഠിനമായി ശിക്ഷിക്കുന്നവനാണെന്നും - ഈ അക്രമികൾ (ഇന്നുതന്നെ) അറിഞ്ഞിരുന്നുവെങ്കിൽ!

165: സത്യാന്വേഷിയും നിഷ്പക്ഷബുദ്ധിയുമായ ഒരാൾ 164-ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഓരോ കാര്യങ്ങളെപ്പറ്റിയും ഗാഢമായി ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഏകത്വത്തെപ്പറ്റിയും സൃഷ്ടി വൈഭവത്തെപ്പറ്റിയും വ്യക്തമായ തെളിവുകൾ ലഭിക്കുന്നതാണ്. സാധാരണക്കാർക്കുപോലും മനസ്സിലാക്കാൻ കഴിയുന്ന ഈ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾക്കുനേരെ കണ്ണുതുറന്ന് ചിന്തിക്കുവാൻ തയ്യാറില്ലാത്ത ആളുകൾ ഏകദൈവത്തിന് സമന്മാരെ സങ്കൽപ്പിക്കുകയും അവയെ ആരാധിക്കുകയും അവ

യോട് പ്രാർഥിക്കുകയും ചെയ്യുന്നു. അത്തരക്കാർ ഒരു നാൾ കണ്ണു തുറക്കേണ്ടിവരുമെന്നും അന്ന് കണ്ണുതുറന്നതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകയില്ലെന്നും അല്ലാഹു താക്കീതു ചെയ്യുന്നു. അന്ന്,തങ്ങൾ ദൈവതുല്യമായി സ്നേഹിച്ചിരുന്ന പുരോഹിതന്മാർക്കോ,വിഗ്രഹങ്ങൾക്കോ സിദ്ധന്മാർക്കോ നേതാക്കൾക്കോ സന്യാസിമാർക്കോ ആചാര്യന്മാർക്കോ നായകന്മാർക്കോ മിഥ്യയായ തത്വശാസ്ത്രങ്ങൾക്കോ ഒന്നും യാതൊരുശക്തിയോ അധികാരമോ ഉണ്ടായിരുന്നില്ലെന്നും സർവശക്തിയും അധികാരങ്ങളും അല്ലാഹുവിൻെറ കരങ്ങളിൽ മാത്രമാണെന്നും അവർക്ക് ബോധ്യമാകും.
സത്യവും ധർമവും ആഗ്രഹിക്കുന്നവർ ദൈവം ഏകനാണെന്ന മൗലിക തത്വം അംഗീകരിക്കേണ്ടതുണ്ട്. ഈ മൗലികതത്വം അംഗീകരിക്കാത്തവരും അല്ലാഹുവിനെ ഒരു നാൾ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരും ചെയ്യുന്ന കർമ്മങ്ങളൊക്കെയും ധൂളിയാക്കി പറത്തിക്കളയുമെന്ന് ഖുർആൻ (25:23)-ൽ താക്കീതു ചെയ്തിട്ടുണ്ട്.
അല്ലാഹുവിന് സമന്മാരെ സങ്കൽപ്പിക്കുക എന്നതുകൊണ്ട് ഉദ്ദേശ്യം അല്ലാഹുവിൻെറ ഏതെങ്കിലും ഗുണവിശേഷങ്ങളിലോ അധികാരാവകാശങ്ങളിലോ സാമ്യമോ പങ്കോ ഉണ്ടെന്ന് കരുതപ്പെടുന്ന എല്ലാ വസ്തുക്കളുമാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അല്ലാഹുവല്ലാത്ത എല്ലാ ശക്തികൾക്കും അതീതനും ഉന്നതനുമാണ് അവൻ. താനല്ലാത്ത എല്ലാറ്റിൻെറയും സ്രഷ്ടാവും വിധാതാവുമാണ് അല്ലാഹു. അവൻേറതുമാത്രമായ ഏതെങ്കിലും ശക്തിയോ അധികാരമോ ജ്ഞാനമോ അവനല്ലാത്ത അസ്തിത്വത്തിൽ ആരോപിക്കുന്നത് ആ അസ്തിത്വത്തെ അവന് തുല്യമാക്കലാകുന്നു. ഏതുവിഷയത്തിലായാലും ദൈവേതരമായതിനെ ദൈവതുല്യമായി കൽപിക്കുന്നത് മാപ്പില്ലാത്ത പാപമാണ്. അവൻ ദയാപരനും കരുണാവാരിധിയുമായതോടൊപ്പം, ദുഷ്ട ജനങ്ങളെ കഠിനമായി ശിക്ഷിക്കുന്നവനുമാണ്.

---

166. (ഈലോകത്ത്)പിന്തുടരപ്പെട്ടിരുന്ന(നേതാക്കളും ആചാര്യന്മാരും)പിന്തുടർന്നവരെ (അനുയായികളെ) തള്ളിപ്പറയുന്ന സന്ദർഭം! അവർ ശിക്ഷ നേരിൽ കാണുകയും അന്യോന്യമുള്ള ബന്ധങ്ങൾ അറ്റുപോവുകയും ചെയ്യുന്ന സന്ദർഭം!

167. പിന്തുടർന്നവർ(അനുയായികൾ) അന്ന് പറയും: (ലോകത്തേക്ക് തിരിച്ചുപോകാൻ) ഇനി ഞങ്ങൾക്ക് ഒരവസരം ലഭിച്ചെങ്കിൽ ഇവർ ഇപ്പോൾ ഞങ്ങളെ കയ്യൊഴിച്ചതുപോലെ ഇവരെ ഞങ്ങൾക്കും കയ്യൊഴിക്കാമായിരുന്നു. അങ്ങനെ അവർ (ഇഹലോകത്തനുവർത്തിച്ച)അവരുടെ കർമ്മങ്ങളെല്ലാം തങ്ങൾക്ക് ഖേദകരങ്ങളായി അല്ലാഹു അവർക്ക് കാണിച്ചുകൊടുക്കും. നരകാഗ്നിയിൽ നിന്ന് അവർക്ക് പുറത്തുകടക്കാനാവുകയുമില്ല.

---

167: ഏകദൈവത്തിന് സമന്മാരെ കൽപിക്കുകയും, മിഥ്യാദൈവങ്ങളെയും കൽപ്രതിമകളെയും ശിപാർശകരായി വരിച്ച് ആരാധിക്കുകയും, വഴിതെറ്റിക്കുന്ന ദുഷിച്ച നേതൃത്വങ്ങളെ ദൈവത്തെപ്പോലെ കരുതി അവർക്കുവേണ്ടി സേവനങ്ങളും ത്യാഗങ്ങളും അർപ്പിക്കുകയും അവരുടെ ഇംഗിതമനുസരിച്ച് അക്രമങ്ങളിലും അനീതികളിലും ഏർപ്പെടുകയുംചെയ്തിരുന്ന അജ്ഞരായ അനുയായികൾ,'തങ്ങളുടെ ഐഹിക ജീവിതം ദുർമാർഗത്തിൽ പാഴായിപ്പോയല്ലോ' എന്ന് വിലപിക്കും. കൂറും ഭക്തിയും പുലർത്തി തങ്ങൾ ആദരിച്ചനുസരിച്ചിരുന്ന അവരുടെ നേതാക്കളൊക്കെയും അവരെ കയ്യൊഴിക്കും. തങ്ങളുടെ കർമ്മങ്ങളെല്ലാം തീരാത്ത ദുഃഖമായി അല്ലാഹു അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യും.

---

168. അല്ലയോ ജനങ്ങളേ, ഭൂമിയിൽ ഉള്ളതിൽനിന്ന് അനുവദനീയവും ഉത്തമവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുവിൻ.പിശാചിൻെറ കാൽപാടുകൾ പിന്തുടരാതിരിക്കുവിൻ. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു.

---

168: ഭൂമിയിലുള്ള വിഭവങ്ങളെല്ലാം മനുഷ്യർക്കായി അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതാണ്. അതിൽനിന്ന് നല്ലതായ എന്തുവേണമെങ്കിലും അവന് ഭക്ഷിക്കാം. നിഷിദ്ധമാർഗത്തിലൂടെ നേടിയെടുത്തത് ഭക്ഷിക്കരുത്. 'നിങ്ങളുടെ ഭക്ഷണം ശുദ്ധമാക്കുക, നിങ്ങളുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടും' എന്ന് ഒരു തിരുവചനത്തിലുണ്ട്.

---

169. ചീത്ത കാര്യങ്ങളും നീചവൃത്തികളുമാണ് അവൻ നിങ്ങളോടനുശാസിക്കുന്നത്; നിങ്ങൾക്ക റിഞ്ഞു കൂടാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ പേരിൽ പറഞ്ഞുണ്ടാക്കുവാനും.

170. 'അല്ലാഹു അവതരിപ്പിച്ച (വിധികൾ)നിങ്ങൾ പിൻപറ്റുവിൻ' എന്ന് അവരോട് പറയു മ്പോൾ അവർ പറയുന്നു: ഇല്ല, ഞങ്ങളുടെ പൂർവപിതാക്കൾ ആചരിച്ചുകണ്ട മാർഗമേ ഞങ്ങൾ പിന്തുടരൂ. പൂർവപിതാക്കൾ യാതൊന്നും ഗ്രഹിക്കാത്തവരും സന്മാർഗം പ്രാപി ക്കാത്തവരും ആണെങ്കിലും (ഇവർ അവരെത്തന്നെ പിന്തുടരുകയോ).

170: പൂർവികന്മാരെ അനുകരിക്കൽ സത്യത്തിന്റെ മാനദണ്ഡമായി കണക്കാക്കുന്ന സമ്പ്രദായം എല്ലാ കാലത്തും മനുഷ്യരിൽ കണ്ടുവരുന്ന മഹാ അബദ്ധമാണ്. സത്യസന്ദേശവുമായി പ്രവാചകന്മാർ ആഗത രാകുമ്പോൾ എക്കാലത്തും അവരുടെ നേരെ ഉയർന്നുവരാറുള്ള ഒരു ചോദ്യമാണ് തങ്ങളുടെ പൂർവ പിതാക്കളൊക്കെ പിഴച്ചവരായിരുന്നോ എന്ന്.അവർ തുടർന്നുപോരുന്ന ആചാരങ്ങൾ ന്യായീകരിക്കുവാ നായി അവരുടെ പക്കലുള്ള തെളിവ് തങ്ങളുടെ കാക്കകാരണവന്മാർ അപ്രകാരം ചെയ്തിരുന്നു എന്നത് മാത്രമാണ്. തങ്ങളുടെ നടപടിക്രമത്തിന്റെ സാധുതയ്ക്ക് ആ തെളിവുകൾ മതിയെന്നാണ് അവർ മനസ്സിലാക്കിയിരിക്കുന്നത്. അസത്യജടിലമായ പാരമ്പര്യങ്ങളും പൈതൃകങ്ങളും പിന്തുടരുന്നവർ ബുദ്ധിയോ വിവേചനശക്തിയോ ഒട്ടും ഉപയോഗിക്കാത്തവരാണ്. പൂർവികരുടെ വിശ്വാസാചാരങ്ങളും ദൈവിക സന്മാർഗങ്ങളും സ്വന്തം ബുദ്ധിയുടെയും സന്മാർഗിക മൂല്യങ്ങളുടെയും ത്രാസ്സിലിട്ട് തൂക്കി, ദൈവിക സന്മാർഗത്തിലേക്ക് മടങ്ങണോ അതല്ല പൂർവികാചരങ്ങളിൽത്തന്നെ അടിയുറച്ചുനിൽക്കണോ എന്ന് ബോധപൂർവം തീരുമാനിക്കുകയാണ് വേണ്ടത്.

ബഹുദൈവത്വപരമായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും അടിസ്ഥാനരഹിതമായ ഐതിഹ്യങ്ങളും പിന്തുടരുക വഴി പൂർവികരുടെ പാരമ്പര്യം നിലനിർത്തുക മാത്രമാണ് അവർ ചെയ്യുന്നത്. ബുദ്ധി യോ വിവേചനശക്തിയോ ഉപയോഗിക്കാതെ, തങ്ങളുടെ പുരോഹിതന്മാരും പണ്ഡിതന്മാരും പാതിരി മാരും യോഗിമാരും ശാസ്ത്രിമാരും പൂർവികന്മാരും നിർമിച്ചുവെച്ച ഉച്ചനീചത്വങ്ങളും ആചാരങ്ങളും കണ്ണടച്ചനുകരിക്കുകവഴി തങ്ങളെവിടെയാണ് എത്തിച്ചേരാൻ പോകുന്നതെന്ന് അവർ അറിയുന്നില്ല.

171. അവിശ്വാസികളെ ഉപമിക്കാവുന്നത്, വിളിയും തെളിയുമല്ലാതെ യാതൊന്നും കേൾക്കാത്ത തിനോട്(കാലികളോട് ഇടയൻ) ഒച്ചവയ്ക്കുന്നതുപോലെയാകുന്നു. ബധിരരും മൂകരും അന്ധരുമാകുന്നു അവർ. ഒരു കാര്യവും അവർ മനസ്സിലാക്കുകയില്ല.

172. അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുമാത്രം അടിമപ്പെടുന്നവരാണെങ്കിൽ, നാം നിങ്ങൾക്കേകിയ വിഭവങ്ങളിൽനിന്ന് വിശിഷ്ടമായത് ആഹരിക്കുക.അല്ലാഹുവോട് നന്ദി കാണിക്കുകയും ചെയ്യുക.

173. ശവവും,രക്തവും പന്നിമാംസവും അല്ലാഹുവല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതും മാത്ര മാണ് അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളത്. എന്നാൽ ഒരാൾ നിർബന്ധിതാവസ്ഥ യിലകപ്പെട്ട് നിയമലംഘനമിച്ഛിക്കാതെയും അത്യാവശ്യത്തിന്റെ അതിരുകടക്കാതെയും (നിഷിദ്ധ വസ്തുക്കൾ ആഹരിക്കേണ്ടിവന്നാൽ) അയാൾക്കു കുറ്റമൊന്നുമില്ല. തീർച്ചയായും അല്ലാഹു പൊറുത്തുകൊടുക്കുന്നവനും ദയാപരനുമല്ലോ.

173: അല്ലാഹുവല്ലാത്ത മറ്റാരുടെയെങ്കിലും നാമത്തിലോ അവരുടെ പ്രീതിക്കുവേണ്ടിയോ അറുക്കപ്പെട്ട തും, അല്ലാഹു അല്ലാത്തവർക്ക് നേർച്ചയോ വഴിപാടോ ആയി അറുക്കപ്പെട്ടതും, യാഗം ബലി മുത ലായവക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽവെച്ച് അറുക്കപ്പെട്ടതും ഭക്ഷിക്കുവാൻ പാടില്ലാത്തതാ ണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. ഈ നാലു നിഷിദ്ധമാക്കപ്പെട്ട വസ്തുക്കളും നിർബന്ധിതാവസ്ഥ നേരിടുന്ന പക്ഷം ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്ന് അല്ലാഹു അറിയിക്കുന്നു. നിയമലംഘനം ആഗ്രഹിക്കാതിരിക്കുകയും, അസഹനീയമായ വിഷമത്തിൽ നിന്ന് മോചനം ലഭിക്കുവാ നുള്ള അളവിൽ കവിയാതിരിക്കുകയും, സ്വന്തം നിലക്ക് നിഷിദ്ധ വസ്തുക്കൾ ഉപയോഗിക്കുവാൻ

ആഗ്രഹം തോന്നാതിരിക്കുകയും ഇവയിൽ ഏതെങ്കിലുമല്ലാതെ മറ്റൊന്നും കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് ഈ ഇളവ് അനുവദിച്ചിരിക്കുന്നത്.

---

174. അല്ലാഹു അവൻെറ വേദഗ്രന്ഥത്തിലൂടെ അവതരിപ്പിച്ച വിധിവിലക്കുകൾ മറച്ചുവെക്കുകയും,(തുച്ഛമായ ഐഹികതാൽപര്യങ്ങൾക്കുവേണ്ടി)ഒരു നിസ്സാര വില വാങ്ങുകയും ചെയ്യുന്നവർ, തങ്ങളുടെ വയറുകളിൽ തിന്നുനിറക്കുന്നത് നരകാഗ്നിയല്ലാതെ മറ്റൊന്നുമല്ല. ഉയിർത്തെഴുന്നേൽപുനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയില്ല. അവരെ അവൻ ശുദ്ധീകരിക്കുകയുമില്ല. അവർക്കുള്ളത് വേദനയേറിയ ശിക്ഷയാകുന്നു.

---

174: അല്ലാഹു അവൻെറ വേദഗ്രന്ഥങ്ങളിലൂടെ അവതരിപ്പിച്ചിട്ടുള്ള യഥാർഥ ദൈവികനിയമങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ട് തുച്ഛമായ ഭൗതിക ലാഭങ്ങൾക്കുവേണ്ടി അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും താങ്ങി നിർത്താൻ ശ്രമിക്കുന്ന എല്ലാ വിഭാഗം പണ്ഡിതന്മാർക്കുമുള്ള ഒരു താക്കീതാണിത്.

---

175. സന്മാർഗത്തിനുപകരം ദുർമാർഗവും, പാപമോചനത്തിനു പകരം ശിക്ഷയും വിലകൊടുത്തു വാങ്ങിയവരാണവർ. നരകശിക്ഷ ഏറ്റുവാങ്ങാനുള്ള അവരുടെ ധാർഷ്ട്യം എത്ര അത്ഭുതകരം!

176. അല്ലാഹു വേദഗ്രന്ഥത്തെ സത്യത്തോടുകൂടി അവതരിപ്പിച്ചതുകൊണ്ടത്രെ അത്. വേദഗ്രന്ഥത്തിൽ വിയോജിക്കുന്നവർ തീർച്ചയായും(സത്യത്തിൽ നിന്ന്)ബഹുദൂരം അകന്നുപോയിരിക്കുന്നു.

---

176: വേദസത്യങ്ങളെ ഒളിച്ചുവച്ചതും മാറ്റിമറിച്ചതും, പൂർവികർ അവ്യക്തതകൾ സൃഷ്ടിച്ചതും മുഹമ്മദ് നബി(സ)യിലൂടെ അവതരിപ്പിക്കപ്പെട്ട ഈ വേദഗ്രന്ഥത്തിൻെറ അവതരണത്തോടെ പൂർണമായി പരിഹരിക്കപ്പെട്ടിരിക്കുന്നു. ഏതു സത്യാന്വേഷിയുടെ മുന്നിലും ദൈവിക വ്യവസ്ഥയുടെ ശരിയായ രൂപം തുറന്നുകിടപ്പുണ്ട്.

---

177. നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മുഖം തിരിക്കുക എന്നതല്ല പുണ്യം. പിന്നെയോ, അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും,(അല്ലാഹു)വിനോടുള്ള സ്നേഹത്തിൻെറ പേരിൽ തൻെറ ധനം, ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിയാത്രക്കാർക്കും(സഹായം)ചോദിച്ചുവരുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും, നമസ്കാരം നിലനിറുത്തുകയും സകാത്തു നൽകുകയുമാകുന്നു പുണ്യം. കരാർ ചെയ്താൽ അത് പാലിക്കുകയും കഷ്ടപ്പാടിലും ആപത്തിലും സംഘട്ടനവേളയിലും സഹനമവലംബിക്കുകയും ചെയ്യുന്നവരാണ് പുണ്യവാന്മാർ. അവരാകുന്നു സത്യവാന്മാർ. അവർതന്നെയാകുന്നു ഭക്തന്മാരും.

178. അല്ലയോ വിശ്വാസികളേ, നിങ്ങൾക്കായി കൊലക്കേസുകളിൽ പ്രതിക്രിയാനിയമം രേഖപ്പെടുത്തിയിട്ടുണ്ട്. സ്വതന്ത്രനു പകരം സ്വതന്ത്രനും, അടിമക്ക് പകരം അടിമയും, സ്ത്രീക്കു പകരം സ്ത്രീയും (കൊല്ലപ്പെടേണ്ടതാകുന്നു.) എന്നാൽ(കൊല്ലപ്പെട്ട)വൻെറ സഹോദരനിൽ നിന്ന് (കൊലചെയ്ത) ഒരുവന് വല്ലതും മാപ്പു ചെയ്യപ്പെട്ടാൽ അപ്പോൾ ന്യായമായ നഷ്ടപരിഹാരത്തിന്മേൽ ഒത്തുതീരേണ്ടതാകുന്നു.കൊലയാളി നല്ല നിലയിൽ (നഷ്ടപരിഹാരം) നൽകേണ്ടതുമാകുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ഇളവും അനുഗ്രഹവുമാണിത്.ഇനി അതിനുശേഷവും ആരെങ്കിലും അതിക്രമം കാണിക്കുകയാണെങ്കിൽ അവന് വേദനയേറിയ ശിക്ഷയുണ്ട്.

---

178:കൊലക്കേസുകളിൽ ഘാതകന് മാപ്പുനൽകുവാൻ വധിക്കപ്പെട്ടവൻെറ പിൻഗാമികൾക്ക് അവകാശമുണ്ട്. പ്രതിയെ വധശിക്ഷക്കിരയാക്കുന്നതിനു പകരം, മാപ്പു നൽകി അയാളിൽ നിന്ന് നഷ്ടപരി

ഹാരം ഈടാക്കി വിട്ടയക്കാം. കൊലപാതകിയെ വധിക്കണമെന്ന് ശഠിക്കാൻ കോടതിക്ക് അനുവാദമില്ല. കൊല്ലപ്പെട്ടവൻെറ പിൻഗാമികൾ തങ്ങളുടെ അവകാശം വിനിയോഗിക്കുന്നത് കോടതിയുടെ അറിവോടെയും സമ്മതത്തോടെയുമായിരിക്കണം.

179. ബുദ്ധിശാലികളേ, പ്രതിക്രിയാനിയമത്തിൽ നിങ്ങൾക്ക് ജീവിതമാണുള്ളത്. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനുവേണ്ടിയത്രെ ഇത്.

179:പ്രതിക്രിയാനിയമത്തെ വൈകാരികമായി സമീപിക്കുന്ന പല രാഷ്ട്രങ്ങളും വധശിക്ഷാനിയമം റദ്ദ് ചെയ്തിട്ടുണ്ട്.മനുഷ്യ ജീവനെ മാനിക്കാത്തവരാണ് ഒരാളെ അന്യായമായി കൊലചെയ്യാൻ മുതിരുന്നത്. ഘാതകൻ ശിക്ഷിക്കപ്പെടുകയോ കൊല്ലപ്പെട്ടവൻെറ അവകാശികളിൽ നിന്ന് ദയ നേടുകയോ ചെയ്യാത്ത സാഹചര്യത്തിൽ കൊല്ലപ്പെട്ടവൻെറ ഉറ്റവർക്കും ഉടയവർക്കും കൊലയാളിയോട് പകയും പ്രതികാര വഞ്ചരയുമുണ്ടാവുക സ്വാഭാവികമാണ്. അത് കൂടുതൽ ആളുകളുടെ ജീവഹാനിക്കും കഷ്ടനഷ്ടങ്ങൾക്കും സംഘട്ടനങ്ങൾക്കും ഇടയാക്കിയേക്കും. അവരിൽ പ്രതിക്രിയാനിയമം നടപ്പാക്കുന്നതിലൂടെ അവകാശികളുടെ പ്രതികാരം മാന്യമായി ശമിപ്പിക്കപ്പെടുന്നു. ഇത്തരം അപകടകാരികളിൽ നിന്ന് സമൂഹം രക്ഷപ്പെടുകയും ചെയ്യും.

180. നിങ്ങളിൽ ഒരുവന് മരണം ആസന്നമായാൽ അയാൾ ധനം അവശേഷിപ്പിക്കുന്നുവെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും ന്യായമായ രീതിയിൽ വസിയ്യത്ത് ചെയ്യേണ്ടത് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഭക്തന്മാർക്ക് ഒരു കടമയത്രെ അത്.

180: അധ്യായം 4, 'അന്നിസാഇ'ൽ അനന്തരാവകാശത്തിൻെറ നിയമങ്ങൾ അവതരിക്കുന്നതിനു മുമ്പ് നൽകപ്പെട്ട വിധിയാണിത്. ഓരോ അവകാശിക്കും നിർണിതമായ വിഹിതം അതിൽ വിശദീകരിച്ചിരിക്കുന്നു. അനന്തരാവകാശമനുസരിച്ച് ഓഹരി ലഭിക്കുന്നവർക്കുവേണ്ടി വസിയ്യത്ത് ചെയ്യാവതല്ല. എന്നാൽ നിയമപരമായ അനന്തരാവകാശ വിഹിതത്തിന് അർഹതയില്ലാത്ത ബന്ധുക്കൾക്കുവേണ്ടിയും മറ്റും വസിയ്യത്ത് ചെയ്യുന്നത് ദൈവഭക്തരുടെ ധാർമിക ബാധ്യതയാണെന്ന് നബി(സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു. നിയമപരമായ അനന്തരാവകാശികളുള്ളവർ തങ്ങളുടെ സ്വത്തിൻെറ മൂന്നിലൊന്നിൽ കൂടുതൽ വസിയ്യത്ത് ചെയ്യുന്നത് നബി(സ) വിലക്കിയിരിക്കുന്നു.

ഇത് സംബന്ധമായി ഉദ്ധരിക്കപ്പെട്ട രണ്ട് പ്രവാചക വചനങ്ങൾ താഴെ കൊടുക്കുന്നു.

1- ഒരു പ്രസംഗത്തിൽ നബി(സ) ഇപ്രകാരം പറഞ്ഞതായി അംറുബ്നു ഖാരിജഃ(റ) ഉദ്ധരിച്ചിരിക്കുന്നു: 'നിശ്ചയമായും, എല്ലാ അനന്തരാവകാശികൾക്കും അവരുടെ അവകാശം (ഓഹരി) കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതിനാൽ ഒരു അനന്തരാവകാശിക്കും വസ്വിയ്യത്തില്ല.' (അ:ജ:ബ:ദാ)

2- സഅദുബ്നു അബീവഖ്വാസ്(റ) രോഗശയ്യയിലായിരുന്നപ്പോൾ, തനിക്ക് കുറേ ധനമുണ്ടെന്നും നേരെ അവകാശിയായി ഒരു മകൾ മാത്രമേ ഉള്ളുവെന്നും പറഞ്ഞുകൊണ്ട് തൻെറ ധനത്തിൻെറ മൂന്നിൽ രണ്ടംശം വസ്വിയ്യത്തായി നൽകാമോ എന്ന് നബി(സ)യോട് അദ്ദേഹം ചോദിച്ചു. അത് പാടില്ലെന്ന് നബി(സ) പറഞ്ഞു. എന്നാൽ പകുതി ആകാമോ എന്ന് അദ്ദേഹം ചോദിച്ചു. അതും നബി (സ) അനുവദിച്ചില്ല. എന്നാൽ മൂന്നിൽ ഒരംശം ആകാമോ എന്നദ്ദേഹം ചോദിച്ചു. അപ്പോൾ നബി(സ) ഇങ്ങനെ പറഞ്ഞു. എന്നാൽ മൂന്നിലൊന്ന്. മൂന്നിലൊന്ന് തന്നെ ധാരാളമാണ്. തൻെറ അനന്തരാവകാശികളെ ജനങ്ങളോട് കൈകാട്ടുന്നവരായി വിട്ടുപോകുന്നതിനെക്കാൾ തനിക്ക് ഉത്തമം അവരെ ധനികരായി വിട്ടുപോകുന്നതാകുന്നു. (ബുഖാരി, മുസ്ലിം)

181. വസ്വിയ്യത്ത് കേട്ടശേഷം പിന്നീട് അതിനെ മാറ്റിമറിച്ചാൽ, മാറ്റിമറിച്ചവരിൽ മാത്രമാകുന്നു അതിൻെറകുറ്റം.തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

182. വസ്വിയ്യത്ത് ചെയ്തവൻ പക്ഷഭേദമോ കുറ്റമോ കാണിച്ചതായി വല്ലവനും ആശങ്കിക്കുകയും അവൻ അവർക്കിടയിൽ(ബന്ധപ്പെട്ട കക്ഷികൾക്കിടയിൽ)ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്താൽ അതിൽ കുറ്റമൊന്നുമില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

183. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾക്ക് നോമ്പ് നിര്‍ബന്ധമാക്കപ്പെട്ടിരിക്കുന്നു.നിങ്ങളുടെ മുമ്പുണ്ടായിരുന്നവര്‍ക്ക് നിര്‍ബന്ധമാക്കിയിരുന്നതുപോലെ.നിങ്ങൾ ഭക്തിയുള്ളവരാകാന്‍.

184. (വ്രതാനുഷ്ഠാനം)എണ്ണപ്പെട്ട ദിവസങ്ങളിലാകുന്നു. നിങ്ങളിലാരെങ്കിലും രോഗിയോ യാത്രക്കാരനോ ആയാല്‍ അവന്‍ മറ്റു ദിവസങ്ങളില്‍ അത്രയും എണ്ണം തികക്കട്ടെ.(പ്രയാസത്തോടെ മാത്രം) അതിനു സാധിക്കുന്നവര്‍ (നോമ്പുപേക്ഷിച്ചാല്‍ പകരം)പ്രായശ്ചിത്തമായി ഒരഗതിക്ക് ആഹാരം നല്‍കണം. ആരെങ്കിലും സ്വമേധയാ കൂടുതല്‍ നന്മ ചെയ്താല്‍ അതവന് നല്ലതാണ്. നോമ്പെടുക്കലാണ് നിങ്ങൾക്ക് കൂടുതല്‍ ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കില്‍.

184: മാസത്തില്‍ മൂന്നുനാൾ നോമ്പനുഷ്ഠിക്കണമെന്ന് ആദ്യകാലത്ത് നബി(സ) നിര്‍ദേശിച്ചിരുന്നതായി ഹദീസു(പ്രവാചക വചനങ്ങൾ)കളില്‍ ഉദ്ധരിച്ചു കാണുന്നു. എന്നാല്‍ അത് നിര്‍ബന്ധമായിരുന്നില്ല. ഹിജറ രണ്ടാം വര്‍ഷം റമദാന്‍ മാസത്തിലാണ് നോമ്പ് നിര്‍ബന്ധമാക്കിയ ഈ സൂക്തം അവതരിച്ചത്.

185. മനുഷ്യര്‍ക്കാകമാനം മാര്‍ഗദര്‍ശകമായും,സത്യവും അസത്യവും വിവേചിക്കുന്നതും സന്മാര്‍ഗം കാണിച്ചുതരുന്നതുമായ തെളിഞ്ഞ പ്രമാണങ്ങളായും ഖുര്‍ആന്‍ അവതരിച്ച മാസമാകുന്നു റമദാന്‍. അതിനാല്‍ നിങ്ങളിലാരെങ്കിലും ആ മാസത്തിന് സാക്ഷികളാകുന്നുവെങ്കില്‍ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. രോഗിയോ യാത്രക്കാരനോ ആയവന്‍ പകരം അത്രയും എണ്ണം(നോമ്പെടുക്കേണ്ടതാണ്). അല്ലാഹു നിങ്ങൾക്ക് എളുപ്പമാണ് ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കുവാന്‍ അവന്‍ ഉദ്ദേശിക്കുന്നില്ല. നിങ്ങൾക്ക് (നോമ്പിന്റെ) എണ്ണം പൂര്‍ത്തിയാക്കാന്‍ കഴിയേണ്ടതിനും, നിങ്ങളെ നേര്‍വഴിയിലാക്കിയതിന്റെ പേരില്‍ നിങ്ങൾ അല്ലാഹുവിനെ വാഴ്ത്തേണ്ടതിനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ നിര്‍ദേശിച്ചിട്ടുള്ളത്).

185: പ്രായപൂര്‍ത്തിയായ എല്ലാ മുസ്ലിം സ്ത്രീപുരുഷന്മാര്‍ക്കും നോമ്പനുഷ്ഠിക്കല്‍ നിര്‍ബന്ധമാണ്. യാത്രക്കാര്‍ക്കും രോഗപീഡയാല്‍ അവശരായവര്‍ക്കും നോമ്പ് നിര്‍ബന്ധമില്ല. അവര്‍ മറ്റു മാസങ്ങളില്‍ പാഴായിപ്പോയ നോമ്പുകൾ നോറ്റുവീട്ടിയാല്‍ മതി.പ്രായശ്ചിത്തനിയമം പ്രായാധിക്യംമൂലം നോമ്പെടുക്കാനാവാത്തവിധം അവശരായിക്കഴിഞ്ഞവര്‍ക്കും ശമനം പ്രതീക്ഷിക്കാനാവാത്ത മാറാവ്യാധികൾക്കു വിധേയമായവര്‍ക്കും മാത്രം ബാധകമാണെന്നാണ് പണ്ഡിതന്മാരുടെ പ്രസ്താവനകളില്‍ കാണുന്നത്. ഗര്‍ഭിണികളെയും മുലയൂട്ടുന്ന സ്ത്രീകളെയും കൂടി ചില പണ്ഡിതന്മാര്‍ ഇതിന്റെ പരിധിയില്‍ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രായം തികയാത്ത കുട്ടികൾക്കും വിശേഷബുദ്ധിയില്ലാത്തവര്‍ക്കും നോമ്പ് നിര്‍ബന്ധമില്ല. ആര്‍ത്തവമുള്ള അവസ്ഥയിലും പ്രസവരക്തം നിലച്ചിട്ടില്ലാത്ത അവസ്ഥയിലും സ്ത്രീകൾ നോമ്പെടുക്കാന്‍ പാടില്ല.
ഖുര്‍ആന്‍ അവതരിച്ച മാസത്തിലെ നോമ്പ് ഒരാരാധനയോ ധാര്‍മ്മിക സംസ്കരണമോ മാത്രമല്ല, ഖുര്‍ആനാകുന്ന അനുഗ്രഹത്തിന് നന്ദി രേഖപ്പെടുത്താനുള്ള അമൂല്യാവസരം കൂടിയാണ്.

186. (നബിയെ),എന്റെ അടിമകൾ എന്നെക്കുറിച്ച് നിന്നോട് ചോദിച്ചാല്‍ (അവര്‍ക്ക് പറഞ്ഞു കൊടുക്കുക): ഞാന്‍ അടുത്തുതന്നെയുണ്ട്. പ്രാര്‍ഥിക്കുന്നവന്‍ എന്നോടു പ്രാര്‍ഥിച്ചാല്‍ ഞാന്‍ ആ പ്രാര്‍ഥനകേട്ട് ഉത്തരം നല്‍കുന്നു. അതിനാല്‍ അവര്‍ എന്റെ വിളിക്കുത്തരം നല്‍കട്ടെ. എന്നില്‍ വിശ്വസിക്കുകയും ചെയ്യട്ടെ. അവര്‍ നേര്‍വഴിയിലായേക്കാം.

186: ദൈവം അവന്റെ സൃഷ്ടികളില്‍ നിന്ന് ഒട്ടും അകലെയല്ല. പ്രപഞ്ചത്തിന്റെ സര്‍വാധിപതിയും സകലവിധ അധികാരങ്ങളുടെയും ഉടമസ്ഥനായ അല്ലാഹുവിന്റെ മുമ്പില്‍ യാതൊരു ദേവന്മാരുടെയോ,

പുണ്യാത്മാക്കളുടെയോ സിദ്ധന്മാരുടെയോ ദൈവചൈതന്യമുള്ള വിഗ്രഹങ്ങളുടെയോ മറ്റു കൃത്രിമദൈവങ്ങളുടെയോ മാധ്യസ്ഥതയില്ലാതെ ഏതവസരത്തിലും എവിടെവെച്ചും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അവൻ ആരേയും മധ്യസ്ഥന്മാരായി നിശ്ചയിച്ചിട്ടുമില്ല. അവനിൽ വിശ്വാസമർപ്പിക്കുകയും അവൻെറ വിധിവിലക്കുകളനുസരിച്ച് ജീവിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്താൽ തൻെറ ദാസന്മാരുടെ പ്രാർഥനകൾ അവൻ സ്വീകരിക്കുന്നതാണ്.

187. വ്രതകാല രാത്രികളിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്ക് വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും വസ്ത്രമാകുന്നു. (ഭാര്യാ സമ്പർക്കം നിഷിദ്ധമായി കരുതിക്കൊണ്ട്) നിങ്ങൾ സ്വയം വഞ്ചിക്കുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. എന്നാൽ അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും നിങ്ങളോട് ക്ഷമിക്കുകയും ചെയ്തിരിക്കുന്നു. ഇനി നിങ്ങൾ അവരുമായി സഹവസിക്കുകയും അല്ലാഹു നിങ്ങൾക്ക് അനുവദിച്ചുതന്നിട്ടുള്ളത് തേടുകയും ചെയ്തുകൊള്ളുക. അപ്രകാരംതന്നെ, രാവിൻെറ കറുപ്പുനൂലുകളിൽനിന്ന് പ്രഭാതത്തിൻെറ വെള്ളനൂൽ തെളിഞ്ഞു കാണുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. പിന്നീട് രാവുവരെ വ്രതം പൂർത്തിയാക്കുക. നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജന)മിരിക്കുമ്പോൾ അവരുമായി സംസർഗം ചെയ്യരുത്. അവ അല്ലാഹു നിശ്ചയിച്ച പരിധികളാകുന്നു. അതിനാൽ നിങ്ങൾ അവയോട് അടുക്കരുത്. ഇപ്രകാരം അല്ലാഹു അവൻെറ വിധികൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുന്നു. അവർ സൂക്ഷ്മത പാലിക്കുന്നവരാകാൻ.

187: റമദാനിൽ രാത്രികാലത്ത് ഭാര്യമാരെ പ്രാപിക്കുന്നത് തെറ്റാണെന്ന് വ്യക്തമാക്കുന്ന വിധിയൊന്നും മുമ്പുണ്ടായിരുന്നില്ല. എന്നാൽ അത് തെറ്റാണെന്ന് ശങ്കിച്ചുകൊണ്ട് ചിലർ ഭാര്യമാരെ സമീപിക്കാറുണ്ടായിരുന്നു. ഒരു സംഗതി തെറ്റാണെന്ന് ധരിച്ചുകൊണ്ട് അത് ചെയ്യുന്നത് ആത്മവഞ്ചനയാണ്. വഞ്ചന ഏതു കാര്യത്തിലായാലും പാപവുമാകുന്നു. ആത്മവഞ്ചനയെക്കുറിച്ച് അല്ലാഹു താക്കീതു നൽകുകയും, അനന്തരം റമദാനിൽ രാത്രികാലത്ത് ഭാര്യമാരെ പ്രാപിക്കുന്നത് അനുവദനീയമാണെന്ന് അരുൾചെയ്യുകയും ചെയ്തു. 'ഇശാ'നമസ്കാരത്തിനുശേഷം ഭക്ഷണം കഴിക്കുന്നത് നിഷിദ്ധമാണെന്ന ചിലരുടെ തെറ്റിദ്ധാരണ നീക്കുകയും അസ്തമയം മുതൽ പ്രഭാതംവരെയുള്ള രാത്രിസമയങ്ങളിൽ തിന്നുകയും കുടിക്കുകയും ചെയ്യാമെന്ന് അറിയിക്കുകയും ചെയ്യുന്നു.

188. സത്യവിരുദ്ധമായി നിങ്ങളുടെ ധനം നിങ്ങൾ അന്യോന്യം തിന്നരുത്. ബോധപൂർവം കുറ്റകരമായ മാർഗത്തിലൂടെ അന്യരുടെ ധനത്തിൽനിന്നൊരു ഭാഗം അനുഭവിക്കുന്നതിനുവേണ്ടി നിങ്ങളതുമായി ഭരണാധികാരികളെ സമീപിക്കുകയുമരുത്.

188:ധനം അന്യൻേറതാണെന്ന് അറിവുണ്ടായിട്ടും അനർഹമായി അത് കൈവശപ്പെടുത്തുന്നതിനുവേണ്ടി തൻെറ വക്കീലിൻെറ മിടുക്കും വാക്സാമാർഥ്യവും കൈമുതലാക്കി കോടതിയിൽ കേസ്സുമായി പോകുന്നവർക്കുള്ള കനത്ത താക്കീതാണിത്. എല്ലാവർക്കും അവർ യഥാർഥത്തിൽ അർഹിക്കുന്നതുമാത്രം വിധിക്കുന്ന അല്ലാഹുവിൻെറ കോടതിയിൽ തൻെറ വാദം അംഗീകരിക്കപ്പെടുമോ എന്ന കാര്യം ആലോചിച്ചു വേണം മനുഷ്യരുടെ കോടതിയെ സമീപിക്കേണ്ടത്.

189. അവർ നിന്നോട് ചന്ദ്രൻെറ വൃദ്ധിക്ഷയസ്വഭാവങ്ങളെക്കുറിച്ച് ചോദിക്കുന്നു.പറയുക: അത് മനുഷ്യർക്ക് കാലനിർണയത്തിനും ഹജ്ജിനുമുള്ള അടയാളങ്ങളാകുന്നു. നിങ്ങളുടെ ഭവനങ്ങളിൽ പിൻഭാഗത്തുകൂടെ പ്രവേശിക്കുന്നതിൽ പുണ്യമൊന്നുമില്ല. ദൈവഭക്തിയുള്ളവനായിരിക്കുക എന്നതത്രെ യഥാർഥ പുണ്യം. അതിനാൽ വീടുകളിൽ മുൻവാതിലുകളിലൂടെ തന്നെ പ്രവേശിക്കുക.അല്ലാഹുവിനെ ഭയപ്പെടുവിൻ. എങ്കിൽ നിങ്ങൾ വിജയംവരിച്ചേക്കാം

189: ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ സംബന്ധിച്ച് പല തെറ്റുധാരണകളും അന്ധവിശ്വാസങ്ങളും അറബികളിൽ നിലനിന്നിരുന്നു. ശുഭലക്ഷണങ്ങളും അവലക്ഷണങ്ങളും അതിനോട് ബന്ധിപ്പിച്ചിരുന്നു.
ഏറിയും കുറഞ്ഞുംകൊണ്ടിരിക്കുന്ന ചന്ദ്രൻ മനുഷ്യനെ സംബന്ധിച്ചിടത്തോളം ശരിയായഒരു കാലനിർണയോപാധിയും,പ്രകൃതിയുടെ ഒരു പഞ്ചാംഗവുമാണെന്ന് അല്ലാഹു അവരെ അറിയിക്കുന്നു. മാസപ്പിറവിയെ ആധാരമാക്കിയാണ് റമദാൻ, ഹജ്ജ് തുടങ്ങിയ ആരാധനാകർമങ്ങളുടെ കാലം നിർണയിക്കപ്പെട്ടിരിക്കുന്നത്.റമദാനും ഹജ്ജും ചന്ദ്രമാസത്തെ അടിസ്ഥാനമാക്കി നിശ്ചയിക്കപ്പെട്ടതിനാൽ അവ എല്ലാ ഋതുക്കളിലും മാറിമാറി വരുവാൻ സഹായിക്കുന്നു. സൗരവർഷത്തെ ആധാരമാക്കിയാണ് ഹജ്ജും റമദാനും നിശ്ചയിക്കപ്പെട്ടിരുന്നതെങ്കിൽ എന്നും ഒരേ ഋതുവിൽതന്നെ അവ വരുമായിരുന്നു. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ ഏതൊരാളുടെയും ദൃഷ്ടിക്ക് ഗോചരമാകുന്നതിനാൽ ഹിജ്റവർഷ കാലഗണനത്തിൽ അവ്യക്തതക്ക് സാധ്യതയില്ല.
ഹജ്ജ് അടക്കമുള്ള തീർഥയാത്രകൾ കഴിഞ്ഞ് മടങ്ങിയെത്തിയാൽ യാത്ര കഴിഞ്ഞുവരുമ്പോൾ വീട്ടിന്റെ പിൻവശത്തിലൂടെ പ്രവേശിക്കുന്നത് പുണ്യമാണെന്ന ഒരു അന്ധവിശ്വാസം അറബികളിൽ പ്രചാരത്തിലുണ്ടായിരുന്നു. പൂർവികന്മാരുടെ അടിസ്ഥാനരഹിതമായ ഇത്തരം അനാചാരങ്ങൾ ഈ വാക്യത്തിലൂടെ അല്ലാഹു ഖണ്ഡിക്കുന്നു. വീടുകളിലേക്ക് അവയുടെ കവാടങ്ങളിലൂടെ തന്നെ കടക്കുകയും അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുകയും അവന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുകയുമാണ് പുണ്യം എന്നും അവരെ ഉണർത്തുന്നു.

---

190. നിങ്ങളോട് യുദ്ധം ചെയ്യുന്നവർക്കെതിരെ അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ അതിക്രമം പ്രവർത്തിച്ചുകൂടാ. തീർച്ചയായും അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുന്നില്ല.

191. യുദ്ധവേളയിൽ നിങ്ങൾ അവരുമായി ഏറ്റുമുട്ടുന്നത് എവിടെവെച്ചായാലും അവരെ വധിച്ചുകൊള്ളുക. നിങ്ങളെ അവർ പുറത്താക്കിയിടത്തുനിന്നും അവരെ നിങ്ങളും പുറത്താക്കുക. മർദനം കൊലയെക്കാൾ കടുപ്പമാകുന്നു. മസ്ജിദുൽ ഹറാമിന്നടുത്തുവെച്ച് നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്, അവർ നിങ്ങളോട് അവിടെവെച്ച് യുദ്ധം ചെയ്യുന്നതുവരെ. (ഇനി അവിടെവെച്ചും) അവർ നിങ്ങളോടു യുദ്ധം ചെയ്യുകയാണെങ്കിൽ അവരെ കൊന്നുകളയുക. അപ്രകാരമാണ് അവിശ്വാസികൾക്കുള്ള പ്രതിഫലം.

192. എന്നാൽ അവർ വിരമിക്കുന്നുവെങ്കിൽ, അറിയുക: തീർച്ചയായും അല്ലാഹു മാപ്പരുളുന്നവനും കരുണാനിധിയുമാകുന്നു.

193. കുഴപ്പം അവശേഷിക്കാതിരിക്കുകയും ദീൻ അല്ലാഹുവിനായി തീരുകയും ചെയ്യുവോളം നിങ്ങൾ അവരോട് സമരം ചെയ്തുകൊണ്ടിരിക്കണം. ഇനി അവർ വിരമിക്കുന്നുവെങ്കിലോ മനസ്സിലാക്കിക്കൊള്ളുക, അതിക്രമികളോടല്ലാതെ ആരോടും ശത്രുത പാടില്ല.

---

190-193: ഈ വചനങ്ങൾ അവതരിക്കുന്ന കാലത്ത് മക്ക അവിശ്വാസികളായ ഖുറൈശികളുടെ അധീനത്തിലായിരുന്നു. മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്ത മുസ്ലിംകളെ അവർ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കാൻ അനുവദിച്ചിരുന്നില്ല. ഇനിയും മസ്ജിദുൽ ഹറാമിൽ മുസ്ലിംകളെ പ്രവേശിക്കാൻ അനുവദിക്കാതെ അവർ യുദ്ധത്തിനു വരികയാണെങ്കിൽ അവരോട് യുദ്ധം ചെയ്തുകൊള്ളാനുള്ള നിർദേശമാണിത്.

---

194. ആദരണീയ മാസത്തിനുപകരം ആദരണീയ മാസം തന്നെ.(അങ്ങനെ എല്ലാ) ആദരണീയമായ കാര്യങ്ങൾക്കും(തുല്യതയുടെ നിയമമായ)പ്രതിക്രിയ (വിധിക്കപ്പെട്ടിരിക്കുന്നു.) അപ്രകാരം നിങ്ങൾക്കെതിരെ ആർ അതിക്രമം കാണിച്ചാലും അവൻ നിങ്ങളുടെ നേർക്ക് കാണിച്ച അതിക്രമത്തിന് തുല്യമായി അവനെതിരെ നിങ്ങളും അതിക്രമണം കാണിച്ചുകൊള്ളുക.

അല്ലാഹുവെ സൂക്ഷിക്കുക. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടൊപ്പമാണെന്ന് അറിയുകയും ചെയ്യുക.

194: ഇബ്റാഹീം നബി(അ)യുടെ കാലം മുതൽക്കേ ഹജ്ജ് മാസങ്ങളെ പവിത്രമാസങ്ങളായി നിശ്ചയിക്കുകയും ആ മാസങ്ങളിൽ അക്രമവും അഹിംസയും നിരോധിക്കുകയും ചെയ്തിരുന്നു. എന്നാൽ ആരോടെങ്കിലും പ്രതികാരം ചെയ്യുവാനോ ആരെയെങ്കിലും കൊള്ളയടിക്കുവാനോ അവിശ്വാസികൾ ആഗ്രഹിക്കുമ്പോൾ പവിത്ര മാസത്തിൽ ആക്രമണം നടത്തുകയും,മാസങ്ങളുടെ എണ്ണം പൂർത്തീകരിക്കുവാനായി മറ്റേതെങ്കിലും ഒരു മാസത്തെ ആദരണീയമായി കണക്കാക്കി മാസങ്ങളുടെ എണ്ണം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. ആദരണീയ മാസങ്ങളിൽ യുദ്ധത്തിനു വരുന്നവരെ അപ്പോൾ തന്നെ തിരിച്ചടിക്കണമെന്നും എവിടെവച്ച് അവർ നിങ്ങളെ അക്രമിക്കുന്നുവോ അവിടെവച്ച് അതേരീതിയിൽ പ്രത്യാക്രമണം നടത്തുന്നതിനും ഈ വാക്യം അനുവാദം നൽകുന്നു.

195. അല്ലാഹുവിൻെറ മാർഗത്തിൽ ചെലവഴിക്കുവിൻ. നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ ആപത്തിൽ ചാടിക്കാതിരിക്കുവിൻ. നന്മ ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു നന്മ ചെയ്യുന്നവരെ സ്നേഹിക്കുന്നു.

195: അല്ലാഹുവിൻെറ മാർഗത്തിലുള്ള പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാനായി ധനം ചെലവ് ചെയ്യേണ്ടതുണ്ട്. അക്കാലത്ത് അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്തിരുന്നവർ ശമ്പളത്തിനുവേണ്ടി പണിയെടുക്കുന്നവരായിരുന്നില്ല, മാത്രമല്ല യുദ്ധത്തിനുള്ള ചെലവും അവർ സ്വയം വഹിക്കുമായിരുന്നു. അല്ലാഹുവിൻെറ മാർഗത്തിലുള്ള യുദ്ധത്തെ തനിക്കുവേണ്ടിയുള്ള യുദ്ധമായാണ് അവർ മനസ്സിലാക്കിയിരുന്നത്. സ്വന്തം താൽപര്യങ്ങളെ കൂടുതൽ വിലപ്പെട്ടതായി ഗണിച്ച് അല്ലാഹുവിൻെറ മാർഗത്തിൽ ധനം ചെലവ് ചെയ്യാതിരിക്കുന്നത് ഇഹലോകത്ത് അവിശ്വാസികളുടെ മുമ്പിൽ പരാജിതരാവാനും പരലോകത്ത് അല്ലാഹുവിൻെറ കോടതിയിൽ കടുത്ത വിചാരണക്ക് വിധേയരാവാനും കാരണമാകുന്നതാണ്.

196. നിങ്ങൾ അല്ലാഹുവിനായി ഹജ്ജും ഉംറയും നിർവഹിക്കുവിൻ. (യാത്രാമധ്യേ) എവിടെയെങ്കിലും വച്ച് നിങ്ങൾ ഉപരോധിക്കപ്പെട്ടാൽ സാധ്യമായ രീതിയിൽ ബലി നൽകണം. ബലിമൃഗം അതിൻെറ സ്ഥാനത്ത് എത്തുവോളം നിങ്ങൾ തലമുടി എടുക്കരുത്. ഇനി ഒരാൾ രോഗം മൂലമോ തലയിൽ വല്ല ശല്യമുണ്ടായതുമൂലമോ (മുടിയെടുത്താൽ) പ്രായശ്ചിത്തമായി നോമ്പെടുക്കുകയോ ദാനം നൽകുകയോ ബലിനടത്തുകയോ ചെയ്യേണ്ടതാകുന്നു. ഇനി നിങ്ങൾ നിർഭയാവസ്ഥയിലാവുകയും(ഹജ്ജുദിവസങ്ങൾക്കു മുമ്പ്മക്കയിലെത്തി)ഉംറ നിർവഹിച്ച് ഹജ്ജ് കാലംവരെ സുഖമെടുക്കുകയും(ഇഹ്റാമിൽ നിന്ന് മുക്തനാവുക) ചെയ്യുന്ന പക്ഷം സാധ്യമായ ബലി നൽകേണ്ടതാകുന്നു. ഇനി ആർക്കെങ്കിലും അത് കിട്ടാത്തപക്ഷം അപ്പോൾ മൂന്നെണ്ണം ഹജ്ജ് വേളയിലും ഏഴെണ്ണം (നാട്ടിൽ) തിരിച്ചെത്തിയശേഷവുമായി പത്തു നോമ്പുകൾ തികച്ച് അനുഷ്ഠിക്കേണ്ടതാകുന്നു. കുടുംബസമേതം മസ്ജിദുൽ ഹറാമിൻെറ അടുത്ത് താമസിക്കാത്തവർക്കുള്ളതാണ് ഈ ആനുകൂല്യം. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. അല്ലാഹു അതികഠിനമായി ശിക്ഷിക്കുന്നവനാണെന്ന് അറിഞ്ഞിരിക്കുവിൻ.

196: അധ്യായം 3,97-ാം വചനത്തിൽ, കഴിവുള്ളവർ ഹജ്ജ് നിർവഹിക്കുകയെന്നത് മനുഷ്യർക്ക് അല്ലാഹുവോടുള്ള ബാധ്യതയായി പ്രസ്താവിച്ചിരിക്കുന്നു. അവിടെ ഉംറ പരാമർശിക്കപ്പെടാത്തതിനാൽ കഴിവുള്ളവർക്ക് ഹജ്ജ് നിർബന്ധവും, ഉംറ ഐഛികവുമാണെന്ന അഭിപ്രായമാണ് കൂടുതൽ പ്രാമാണികമെന്ന് വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നു.
ഹജ്ജിനും ഉംറക്കും പ്രത്യേകം പ്രത്യേകം യാത്ര ചെയ്യണമെന്നും, ഒരേ യാത്രയിൽ ഹജ്ജും ഉംറയും നിർവഹിക്കാൻ പാടില്ലെന്നുമായിരുന്നു അജ്ഞാനകാലത്ത് അറബികളുടെ വിശ്വാസം. ഈ നിബന്ധന

അല്ലാഹു എടുത്തു കളഞ്ഞു. ഉംറ കഴിഞ്ഞശേഷം ഹജ്ജ് സമയം വരെ ഇഹ്റാമിൽനിന്ന് മുക്തനായി മക്കയിൽ തന്നെ താമസിക്കാവുന്നതാണ്. എന്നാൽ ഈ സൗകര്യം ഉപയോഗിക്കുന്നവർ ഒരു മൃഗബലി നടത്തുകയോ പത്ത് ദിവസം വ്രതമനുഷ്ഠിക്കുകയോ ചെയ്യേണ്ടതാണ്.

ഒരേ യാത്രയിൽ ഹജ്ജും ഉംറയും നിർവഹിക്കുകയെന്ന ആനുകൂല്യം മക്കയുടെ പരിസരപ്രദേശങ്ങളിൽ, 'മീഖാത്ത്'' അതിർത്തിക്കുള്ളിൽ താമസിക്കുന്നവർക്ക് ബാധകമല്ല. മീഖാത്തുകൾക്കും മക്കക്കും ഇടയിലുള്ള നാട്ടുകാരുടെ മീഖാത്ത് അവരുടെ നാട് തന്നെയാണ്.

മക്കയിൽ പോയി ഉംറ ചെയ്തശേഷം മദീനയിലേക്ക് പോവുകയും പിന്നീട് മദീനക്കാരുടെ മീഖാത്തായ ദുൽഹുലൈഫയിൽ നിന്ന് ഹജ്ജിന് ഇഹ്റാം ചെയ്ത് മക്കയിലേക്ക് വരികയും ചെയ്യുന്നവർ പ്രായശ്ചിത്തം ചെയ്യേണ്ടതില്ല.

197. ഹജ്ജ്കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ സംസർഗമോ പാപവൃത്തികളോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല. നിങ്ങളനുഷ്ഠിക്കുന്ന ഏതൊരു ധർമവും അല്ലാഹു അറിയുന്നുണ്ട്. (ഹജ്ജ് യാത്രയിൽ) നിങ്ങൾ യാത്രക്കുവേണ്ട വിഭവങ്ങൾ വഹിച്ചുകൊള്ളുക. എന്നാൽ യാത്രക്കു വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് ദൈവഭക്തിയാകുന്നു. അല്ലയോ ബുദ്ധിശാലികളേ, നിങ്ങൾ എന്നോട് ഭക്തിയുള്ളവരായിരിക്കുക.

197: യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങളെന്ന നിലയിൽ ദുൽഖഅ്ദ, ദുൽഹിജ്ജ, മുഹറം എന്നീ മാസങ്ങളാണ് ഹജ്ജ് മാസങ്ങളായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഹജ്ജിന്റെ പ്രധാന കർമ്മങ്ങൾ ദുൽഹിജ്ജ ആദ്യപകുതിയോടെ കഴിയുമെങ്കിലും യാത്രാസമയവും ഇഹ്റാമും എല്ലാം കണക്കിലെടുത്ത് പ്രസ്തുത മൂന്നു മാസങ്ങൾ ഹജ്ജ് മാസങ്ങളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ശവ്വാൽ, ദുൽഖഅദ് ദുൽഹജ്ജ് എന്നീ മാസങ്ങളാണ് പണ്ഡിതന്മാർ പൊതുവെ ഹജ്ജ് മാസങ്ങളായി എണ്ണിയിട്ടുള്ളത്.

അല്ലാഹുവിന്റെ ഭവനത്തിലേക്കുള്ള തീർഥയാത്രയിൽ, യാത്രോപകരണങ്ങൾ (ഭക്ഷണം, പണം വാഹനം, വസ്ത്രം മുതലായവ) കൂടെ കൊണ്ടുപോകുന്നത് ഉത്തമമല്ലെന്ന് അറബികൾ ധരിച്ചിരുന്നു. ഈ വാക്യം അവരുടെ തെറ്റുധാരണ തിരുത്തുകയും യാത്രോപകരണങ്ങൾ എടുക്കാതിരിക്കുന്നത് പുണ്യകർമമല്ലെന്ന് അവരെ ഓർമിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മതയും ജീവിതത്തിലെ പരിശുദ്ധിയുമാണ് യഥാർഥ പാഥേയവും ദൈവത്തിങ്കൽ സ്ഥാനമാനങ്ങൾക്ക് അർഹരാക്കുന്നതും.

198. (ഹജ്ജ് വേളയിൽ) നിങ്ങളുടെ രക്ഷിതാവിന്റെ ഐഹികാനുഗ്രഹം തേടുകകൂടി ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. നിങ്ങൾ അറഫയിൽ നിന്ന് പുറപ്പെട്ടാൽ മശ്അറുൽ ഹറാമിനടുത്ത്(മുസ്ദലിഫയിൽ) തങ്ങി അല്ലാഹുവിനെ സ്മരിക്കുവിൻ. അവൻ നിങ്ങൾക്ക് വഴികാണിച്ച പ്രകാരം നിങ്ങളവനെ ഓർക്കുവിൻ. ഇതിനു മുമ്പ് നിങ്ങൾ വഴിപിഴച്ചവരായിരുന്നുവെങ്കിലും.

198: ഹജ്ജ് യാത്രയിൽ ഭൗതികമായ ഒരു ഗുണവും പ്രതീക്ഷിക്കാൻ പാടില്ലെന്ന് അജ്ഞാനകാലത്തെ അറബികൾ കരുതിയിരുന്നു. എന്നാൽ ജീവിതാവശ്യങ്ങൾക്കായി വല്ല പരിശ്രമവും നടത്തുന്നത് യഥാർഥത്തിൽ തന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തെ തേടുകയാണ് ചെയ്യുന്നതെന്നും അതിൽ കുറ്റമില്ലെന്നും അവരെ ഉണർത്തുന്നു.

ദുൽഹജ്ജ് 9-ന് പകൽ, ഹജ്ജ് ചെയ്യുന്നവർ നിൽക്കുന്ന സ്ഥലമാണ് അറഫ. അറഫയിൽ നിന്ന് മടങ്ങുമ്പോൾ രാത്രി തങ്ങുന്ന സ്ഥലമാണ് മുസ്ദലിഫ.

199. പിന്നീട് ആളുകളെല്ലാം മടങ്ങുന്നതെവിടെനിന്നാണോ, അവിടെനിന്നുതന്നെ നിങ്ങളും മടങ്ങുവിൻ. അല്ലാഹുവിനോട് മാപ്പിരക്കുകയും ചെയ്യുവിൻ.തീർച്ചയായും അല്ലാഹു പൊറുത്തുതരുന്നവനും കരുണാനിധിയുമാകുന്നു.

199: ഇബ്റാഹീം നബി(അ)യുടെ കാലം മുതല്‍ക്കേ ഹജ്ജില്‍ സമ്മേളിക്കുന്ന ആളുകള്‍ ദുല്‍ഹജ്ജ് 9-ന് അറഫയില്‍ പോയി വൈകുന്നേരം അവിടെനിന്ന് മുസ്ദലിഫ വഴി മടങ്ങുക എന്നതാണ് പതിവ്. 10-ന് രാത്രി പ്രഭാതംവരെ മുസ്ദലിഫയില്‍ താമസിച്ചിരുന്നു. എന്നാല്‍ പില്‍ക്കാലത്ത് കഅ്ബയുടെ ഊരാളന്മാരായ ഖുറൈശികളും, അവരോട് ബന്ധപ്പെട്ട മറ്റു ചില ഗോത്രക്കാരും, സാധാരണ അറബികളെപ്പോലെ ഹറമില്‍നിന്ന് പുറത്ത് കടന്ന് അറഫയില്‍ ചെന്ന് നില്‍ക്കുന്നത് തങ്ങളുടെ നിലവാരത്തിന് ചേര്‍ന്നതല്ലെന്ന് കരുതിയിരുന്നു. അതിനാല്‍ അവര്‍ അറഫാ സമ്മേളനത്തില്‍ സംബന്ധിച്ചിരുന്നില്ല. അവര്‍ മുസ്ദലിഫയില്‍ സമ്മേളിക്കുകയും അവിടെനിന്ന് തിരിച്ചു പോരുകയും ചെയ്തു. ഈ ഉച്ചനീചത്വത്തെ നിരോധിക്കുകയാണ് ഈ വചനം. എല്ലാ ജനങ്ങളും പോകുന്നേടത്തോളം അവരോടൊപ്പം നിങ്ങളും പോകണമെന്നും അവരോടൊപ്പം മടങ്ങണമെന്നും കല്‍പിക്കുന്നു.

200. നിങ്ങള്‍ ഹജ്ജ് കര്‍മ്മങ്ങള്‍ നിര്‍വഹിച്ചു കഴിഞ്ഞാല്‍ അല്ലാഹുവിനെ സ്മരിക്കുവിന്‍. നിങ്ങള്‍ നിങ്ങളുടെ പൂര്‍വ പിതാക്കളെ ഓര്‍ക്കുംപോലെ. അല്ല, അതിലും കൂടുതലായി അവനെ സ്മരിക്കുവിന്‍. എന്നാല്‍ മനുഷ്യരിലുണ്ട് ചിലര്‍- അവര്‍ പ്രാര്‍ഥിക്കുന്നു: ഞങ്ങളുടെ നാഥാ! ഇഹലോകത്ത് ഞങ്ങള്‍ക്ക് നീ (അനുഗ്രഹം) നല്‍കേണമേ. എന്നാല്‍ പരലോകത്ത് അത്തരക്കര്‍ക്ക് യാതൊരു വിഹിതവും ഉണ്ടായിരിക്കുന്നതല്ല.

200: അജ്ഞാതകാലത്ത് ഹജ്ജ് കഴിഞ്ഞാല്‍ മുസ്ദലിഫയിലെന്നപോലെ മിനായിലും സമ്മേളിച്ച് ഓരോ ഗോത്രക്കാരും തങ്ങളുടെ പൂര്‍വികന്മാരുടെയും പിതാക്കളുടെയും മഹത്വങ്ങളും വീരകൃത്യങ്ങളും സ്വാഭിമാനം വിവരിക്കയും പാടിപ്പുകഴ്ത്തുകയും ചെയ്യുക അറബികളുടെ പതിവായിരുന്നു. ഇതിനെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുകയാണ്: നിങ്ങള്‍ അത്തരം മൂഢമായ കാര്യങ്ങള്‍ ഉപേക്ഷിച്ച് അതിനുപകരം അല്ലാഹുവെ സ്മരിക്കുകയും അവന്റെ നാമം പ്രകീര്‍ത്തിക്കുകയുമാണ് ചെയ്യേണ്ടത്.

201. അവരില്‍ ചിലര്‍ പ്രാര്‍ഥിക്കുന്നു: ഞങ്ങളുടെ നാഥാ! ഞങ്ങള്‍ക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ;പരലോകത്തും നീ നല്ലത് തരേണമേ. നീ ഞങ്ങളെ നരകശിക്ഷയില്‍ നിന്ന് കാക്കുകയും ചെയ്യേണമേ.

201: ഈ പ്രാര്‍ഥനാ വാക്യമാണ് നബി(സ) ഏറ്റവും അധികം ഉപയോഗിച്ചിരുന്നതെന്ന് അനസ്(റ) മുഖേന ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്.

202. അവര്‍ക്ക് അവര്‍ സമ്പാദിച്ചതിന്റെ വിഹിതമുണ്ട്.അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു.

203. എണ്ണപ്പെട്ട ഏതാനും നാളുകളിലും നിങ്ങള്‍ അല്ലാഹുവിനെ സ്മരിച്ചുകൊള്ളുവിന്‍! വല്ലവനും ധൃതിപിടിച്ച് രണ്ടുദിവസം കൊണ്ടുതന്നെ മടങ്ങിയാല്‍ അതില്‍ കുറ്റമൊന്നുമില്ല. ആരെങ്കിലും പിന്തി മടങ്ങിയാല്‍ അതിലും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവര്‍ക്ക് (അവര്‍ക്കാണ് ഈ നിബന്ധന). നിങ്ങള്‍ അല്ലാഹുവിനോടുള്ള കടമ സൂക്ഷിക്കുക. (ഒരുനാള്‍) നിങ്ങള്‍ അവന്റെ മുമ്പില്‍ ഹാജരാക്കപ്പെടുമെന്ന് നന്നായറിഞ്ഞിരിക്കുവിന്‍.

203: ഏതാനും നാളുകള്‍ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശ്യം പെരുന്നാള്‍ ദിവസത്തെ തുടര്‍ന്നുള്ള 'അയ്യാമുത്തശ്രീഖ്' എന്ന മൂന്നു ദിവസങ്ങളാണ്. അതായത് ഹാജിമാര്‍ മിനായില്‍ താമസിക്കേണ്ട ദുല്‍ഹജ്ജ് 11,12,13 തിയ്യതികള്‍. മിനായില്‍നിന്ന് മക്കയിലേക്ക് രണ്ടു ദിവസത്തിനു ശേഷം മടങ്ങിയാലും മൂന്നു ദിവസത്തിനു ശേഷം മടങ്ങിയാലും വിരോധമില്ല. രണ്ടും അനുവദനീയമാണ്. എന്നാല്‍ അല്ലാഹുവുമായുള്ള ബന്ധത്തിന്റെ നിലയെന്തായിരുന്നു എന്നതാണ് പ്രധാനം.

204. മനുഷ്യരില്‍ ചിലരുണ്ട്. ഐഹികജീവിതത്തെ സംബന്ധിച്ച അവരുടെ സംസാരം നിന്നെ വിസ്മയിപ്പിക്കും.തങ്ങളുടെ ഉദ്ദേശ്യശുദ്ധിക്ക് അവര്‍ അല്ലാഹുവെ സാക്ഷിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. വാസ്തവത്തില്‍ അവര്‍ (സത്യത്തിന്റെ) ബദ്ധവൈരികളത്രെ.

205. അവർക്ക് അധികാരംലഭിച്ചാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും കൃഷികളെയും മനുഷ്യവംശത്തെയും നശിപ്പിക്കാനുമാണ് അവർ ശ്രമിക്കുക. എന്നാൽ അല്ലാഹു കുഴപ്പം ഇഷ്ടപ്പെടുന്നില്ല.

206. അവനോട് അല്ലാഹുവിനെ ഭയപ്പെടുക എന്ന് പറഞ്ഞാൽ അവന്റെ വമ്പ് അവനെ പാപത്തിൽ തന്നെ ഉറപ്പിച്ചുനിർത്തുന്നു. അവന്ന് നരകം തന്നെ മതിയാകുന്നതാണ്. അത് എത്ര മോശമായ സങ്കേതം!

207. മനുഷ്യരിൽ ചിലരുണ്ട്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു സ്വന്തം ജീവിതം തന്നെ അവർ വിൽക്കുന്നു. അല്ലാഹു തന്റെ ദാസന്മാരോട് അത്യധികം ദയയുള്ളവനാകുന്നു.

208. അല്ലയോ വിശ്വാസികളേ, നിങ്ങൾ ഇസ്‌ലാമിൽ സമ്പൂർണമായി പ്രവേശിക്കുവിൻ. പിശാചിന്റെ കാൽപ്പാടുകൾ പിന്തുടരാതിരിക്കുവിൻ. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു.

---

208: ജീവിതം മുഴുവൻ അല്ലാഹുവിന് വിധേയമാക്കണമെന്നാണ് ഖുർആൻ കൽപിക്കുന്നത്. ഇസ്‌ലാമിൽ പ്രവേശിച്ചവർ മതത്തിന്റെ ഏതാനും വശങ്ങളിൽ ഇസ്‌ലാമിക നിയമങ്ങൾ അനുഷ്ഠിക്കുകയും അതോടൊപ്പം സ്വാർഥ താൽപര്യങ്ങളെ മുൻനിറുത്തി മറ്റു വശങ്ങളിൽ അനിസ്‌ലാമിക നിയമങ്ങളും തത്വങ്ങളും സ്വീകരിച്ചു വരികയും ചെയ്യുന്ന എല്ലാവർക്കും ബാധകമാണ് ഈ കൽപന. ദൈവത്തിനുള്ളത് ദൈവത്തിനും സാത്താനുള്ളത് സാത്താനും എന്ന തത്ത്വം ഇസ്‌ലാം അംഗീകരിക്കുന്നില്ല. എല്ലാം ദൈവത്തിനുള്ളതാണെന്നും സാത്താന് ജീവിതത്തിൽ യാതൊന്നുമില്ലെന്നും പ്രതിജ്ഞ ചെയ്യവനാണ് മുസ്‌ലിം. പിശാചിന്റെ സൃഷ്ടിയായി യാതൊന്നുമില്ല. ഭൗതികലോകവും അഭൗതിക ലോകവും അല്ലാഹുവിന്റെ മാത്രം സൃഷ്ടിയാണ്. അനിസ്‌ലാമിക നിയമങ്ങളെ പിൻപറ്റുന്നത് പിശാചിന്റെ കാലടികളെ പിൻപറ്റലാണെന്നും, പിശാച് സത്യവിശ്വാസികളുടെ ശത്രുവാണെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

ഇസ്‌ലാം മാത്രമാണ് നീതിയുടെയും സത്യത്തിന്റെയും മാർഗം. അല്ലാഹുവിന്റെ വേദത്തിനും അന്ത്യപ്രവാചകന്റെ ചര്യയിലൂടെ പ്രയാണം ചെയ്യുന്നവർക്കും മാത്രമുള്ളതാണ് പാരത്രിക വിജയവും രക്ഷയും.

---

209. നിങ്ങൾക്ക് വ്യക്തമായ മാർഗദർശനങ്ങൾ വന്നുകിട്ടിയതിനുശേഷവും നിങ്ങൾ വഴുതിപ്പോവുകയാണെങ്കിൽ,നന്നായി അറിഞ്ഞുകൊള്ളുക, അല്ലാഹു അജയ്യനും യുക്തിമാനുമാകുന്നു.

210. ഇനി മേഘത്തണലുകളിലായി അല്ലാഹുവും മലക്കുകളും അവരുടെ അടുത്ത് വരികയും കാര്യം തീരുമാനിക്കുകയും ചെയ്യണമെന്നാണോ അവർ പ്രതീക്ഷിക്കുന്നത്. അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.

---

210: അല്ലാഹു വേദങ്ങൾ ഇറക്കുന്നതും പ്രവാചകന്മാരെ നിയോഗിക്കുന്നതും അഭൗതിക യാഥാർഥ്യങ്ങൾ ബോധനം ചെയ്യാനാണ്. അതു കേൾക്കുകയും ന്യായങ്ങളിലൂടെയും തെളിവുകളിലൂടെയും യാഥാർഥ്യങ്ങൾ കണ്ടെത്തി അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ അനുസരിക്കുകയും ചെയ്യണമെന്നാണ് അവൻ ഉദ്ദേശിക്കുന്നത്. വിശ്വസിക്കാനും അനുസരിക്കാനും അല്ലാഹുവും മലക്കുകളും നേരിട്ട് വന്ന് പറയണമെന്നാണ് വിചാരിക്കുന്നതെങ്കിൽ അത് സംഭവിക്കാൻ പോകുന്നതല്ല. അതിനുവേണ്ടി ആരും കാത്തിരിക്കേണ്ടതില്ല.യാഥാർഥ്യങ്ങളുടെ മറ നീക്കിക്കഴിഞ്ഞാൽ അതിനുശേഷം വിശ്വസിക്കാനോ അനുസരിക്കാനോ ആർക്കും അവസരം നൽകപ്പെടുന്നതല്ല. പിന്നീട് അന്തിമ വിധിതീർപ്പ് മാത്രമേ അവശേഷിക്കൂ.

---

211. ഇസ്രായേൽ വംശത്തോടു ചോദിച്ചു നോക്കുക, എത്രയെത്ര വ്യക്തമായ ദൃഷ്ടാന്തങ്ങൾ നാം അവർക്ക് നൽകിയിരുന്നുവെന്ന്. ആരെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹം വന്നുകിട്ടിയ

ശേഷം അതിനെ മാറ്റിയാൽ (ശാപമാക്കി മാറ്റിയാൽ), തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

---

211: അല്ലാഹുവിനെയും അവൻെറ ശക്തികളെയും സാക്ഷ്യപ്പെടുത്തുന്ന സുവ്യക്തങ്ങളായ എത്രയോ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്തുകൊണ്ട് ഇസ്രാഈല്യരെ അല്ലാഹു അനുഗ്രഹിച്ചിരുന്നു. അവർക്ക് വേദഗ്രന്ഥം നൽകുകയും അവരുടെ മാർഗദർശനത്തിന് തുടർച്ചയായി പ്രവാചകന്മാരെ നിയോഗിക്കുകയും ചെയ്തു. ലോകനേതൃസ്ഥാനത്ത് അവരോധിച്ച് അവരെ അനുഗ്രഹിച്ചു. പക്ഷേ, അവർ നന്ദികേട് കാണിക്കുകയാണ് ചെയ്തത്. ഇസ്രാഈല്യർ അവരുടെ കാപട്യവും മാർഗഭ്രംശവും കാരണം അവരുടെ അനുഗ്രഹത്തെ അവർ നഷ്ടപ്പെടുത്തുകയാണ് ചെയ്തത്.

---

212. ഇഹലോക ജീവിതം അവിശ്വാസികൾക്ക് ആകർഷകമാക്കപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികളെ അവർ പരിഹസിക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മത പാലിച്ചവരായിരിക്കും അന്ത്യദിനത്തിൽ അവരേക്കാൾ ഉന്നതസ്ഥാനീയർ. അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നൽകുന്നു.

213. ആദിയിൽ മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. (പിന്നീട് അവർ ഭിന്നിച്ചപ്പോൾ സത്യവിശ്വാസികൾക്ക്)സന്തോഷ വാർത്ത അറിയിക്കുന്നവരായും,(സത്യനിഷേധികൾക്ക്) താക്കീതു ചെയ്യുന്നവരായും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു.ജനത്തിനിടയിൽ അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങളിൽ തീർപ്പുകൽപിക്കാനായി അവരോടൊപ്പം സത്യവേദവും അവതരിപ്പിച്ചു. വേദം ലഭിച്ചവർ വ്യക്തമായ തെളിവുകൾ വന്നെത്തിയശേഷവും അതിൽ ഭിന്നിച്ചത് അവർക്കിടയിലെ പോര് നിമിത്തമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ സത്യവിശ്വാസികളെ അവർ ഭിന്നിച്ചുപോയ സത്യത്തിലേക്ക് അല്ലാഹു തൻെറ ഹിതത്താൽ വഴിനടത്തി. അല്ലാഹു അവനിഛിക്കുന്നവരെ നേരായ പാതയിലേക്ക് നയിക്കുന്നു.

---

213:അല്ലാഹു ആദ്യമായി സൃഷ്ടിച്ച മനുഷ്യനുതന്നെ സന്മാർഗം ഏതെന്ന് പഠിപ്പിച്ചിരുന്നു.ആദിയിൽ ഇന്ന് കാണുന്ന മതങ്ങളൊന്നുമുണ്ടായിരുന്നില്ല. കുറേകാലത്തോളം ആദം സന്തതികൾ ഏക സമൂഹമായാണ് ജീവിച്ചത്. കാലാന്തരത്തിൽ പിശാച് ആദം സന്തതികളെ വഴിതെറ്റിച്ചു; ആദമിനെ വഴി തെറ്റിച്ചതുപോലെ. പിന്നീട് സത്യമാർഗം അവർക്ക് കാണിച്ചുകൊടുക്കാനായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു.സ്വന്തമായി പുതിയ മതം സ്ഥാപിക്കുവാൻ വേണ്ടിയായിരുന്നില്ല പ്രവാചകന്മാർ ആഗതരായത്. ഒരു പ്രവാചകനും സ്വന്തമായി മതം സ്ഥാപിച്ചിട്ടുമില്ല. ആദം സന്തതികൾക്ക് സത്യമാർഗം കാണിച്ചുകൊടുക്കുക എന്നതായിരുന്നു പ്രവാചക നിയോഗത്തിൻെറ മുഖ്യ ഉദ്ദേശ്യം.

---

214. അല്ല; നിങ്ങളുടെ (സച്ചരിതരായ)മുൻഗാമികൾക്ക് (നേരിട്ട പരീക്ഷണങ്ങൾ)ഒന്നും നിങ്ങൾക്കും വന്നെത്താതെതന്നെ നിങ്ങൾ സ്വർഗത്തിൽ കടക്കുമെന്ന് വിചാരിക്കുന്നുണ്ടോ? അവരെ കഷ്ടതകളും ആപത്തുകളും ബാധിച്ചിരുന്നു. അല്ലാഹുവിൻെറ സഹായം എപ്പോഴാണ് വന്നെത്തുക എന്ന് അവരിലെ ദൈവദൂതനും കൂടെയുള്ള വിശ്വാസികളും പറഞ്ഞുപോകുവോളം അവർ വിറപ്പിക്കപ്പെടുകയും ചെയ്തിരുന്നു.(അപ്പോൾഅവർക്ക് സാന്ത്വനമരുളപ്പെട്ടു:) അറിയുക: തീർച്ചയായും അല്ലാഹുവിൻെറ സഹായം അടുത്തുതന്നെയുണ്ട്.

---

214:ലോകത്ത് ആഗതരായ മിക്ക പ്രവാചകന്മാർക്കും കൊടിയ മർദനങ്ങളും പീഡനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. ദൈവധിക്കാരികളായ ജനങ്ങളിൽ നിന്ന് പ്രവാചകന്മാരും വിശ്വാസികളും എതിർപ്പുകളും പരിഹാസങ്ങളും അക്രമമർദനങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്. സത്യത്തിൻെറ പാത എന്നും ദുർഘടവും ദുർഗമവുമാണ്. സത്യവിശ്വാസത്തോടുള്ള കൂറ് പല വിധത്തിലും പരീക്ഷിക്കപ്പെടുന്നതാണ്. ആ പരീക്ഷണങ്ങളിൽ വിജയിക്കുന്നവർക്കുള്ളതാണ് അല്ലാഹുവിൻെറ സ്വർഗം.

---

215. അവർ നിന്നോട് ചോദിക്കുന്നു, അവരെന്താണ് ചെലവഴിക്കേണ്ടതെന്ന്.പറയുക: നിങ്ങൾ ചെലവഴിക്കുന്ന ധനം,മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിപോക്കർക്കുമാണ് നൽകേണ്ടത്. നിങ്ങൾ നല്ലതെന്തു ചെയ്താലും തീർച്ചയായും അല്ലാഹു അതിനെക്കുറിച്ച് അറിയുന്നവനാകുന്നു.

215:സകാത്തിൻെറ അവകാശികളെ ഖുർആൻ വേറെതന്നെ പ്രസ്താവിച്ചിട്ടുള്ളതിനാൽ, ഇവിടെ പരാമർശിക്കുന്ന ചെലവഴിക്കൽ സകാത്തേതര ദാനങ്ങളാണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

216. നിങ്ങളോട് യുദ്ധം കൽപിക്കപ്പെട്ടിരിക്കുന്നു. അത് നിങ്ങൾക്ക് അനിഷ്ടകരം തന്നെ. ഒരു കാര്യം നിങ്ങൾക്ക് ഗുണകരമായിരിക്കേ നിങ്ങൾ അത് വെറുത്തുവെന്നുവരാം. ഒരു കാര്യം നിങ്ങൾക്ക് ദോഷകരമായിരിക്കേ അത് നിങ്ങൾ ഇഷ്ടപ്പെട്ടുവെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നുമില്ല.

217. ആദരണീയ മാസത്തിൽ യുദ്ധം ചെയ്യുന്നതിനെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക: അതിൽ യുദ്ധത്തിലേർപ്പെടുന്നത് വലിയ അപരാധം തന്നെയാകുന്നു. എന്നാൽ (ജനത്തെ) അല്ലാഹുവിൻെറ മാർഗത്തിൽനിന്ന് തടയലും അവനിൽ അവിശ്വസിക്കലും മസ്ജിദുൽഹറാമിൽ നിന്ന്(ജനങ്ങളെ തടയലും) അതിൻെറ അവകാശികളെ അവിടെനിന്ന് പുറത്താക്കലും അല്ലാഹുവിങ്കൽ അതിനേക്കാൾ ഗുരുതരമത്രെ.ഫിത്ന(പീഡനം) കൊലയേക്കാൾ ഗുരുതരമാണ്. അവർക്കു കഴിയുമെങ്കിൽ നിങ്ങളെ നിങ്ങളുടെ മതത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതുവരെ അവർ നിങ്ങളോട് യുദ്ധം ചെയ്തുകൊണ്ടേയിരിക്കും. നിങ്ങളിലാരെങ്കിലും തൻെറ മതത്തിൽ നിന്ന് പിന്മാറുകയും അങ്ങനെ അവൻ അവിശ്വാസിയായിക്കൊണ്ട് മരിക്കാനിടയാവുകയും ചെയ്താൽ, അവരുടെ കർമ്മങ്ങളൊക്കെയും ഇഹത്തിലും പരത്തിലും പാഴായിപ്പോയതുതന്നെ. അത്തരക്കാർ നരകാവകാശികളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും.

218. എന്നാൽവിശ്വസിക്കുകയും(അല്ലാഹുവിൻെറ മാർഗത്തിൽ)സ്വദേശം വെടിയുകയും അല്ലാഹുവിൻെറ മാർഗത്തിൽ ജിഹാദിലേർപ്പെടുകയും (പോരാടുകയും) ചെയ്തവരാരോ, അവരല്ലോ അല്ലാഹുവിൻെറ കാരുണ്യം പ്രതീക്ഷിക്കാനർഹതയുള്ളവർ. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.

218:ഒരു ദേശത്ത് ആദർശപരമായ ജീവിതം അസാധ്യമാകുമ്പോൾ അവിടം ഉപേക്ഷിച്ച് ആദർശപരമായ ജീവിതം സാധ്യമാകുന്നിടത്തേക്ക് യാത്ര ചെയ്യുന്നതിനെ 'ഹിജ്റ' എന്ന് പറയുന്നു.
ഒരു ഉദ്ദേശ്യം നേടേണ്ടതിന് അങ്ങേയറ്റത്തോളം പരിശ്രമിക്കുന്നതിനെ 'ജിഹാദ്' എന്ന് പറയുന്നു. അധ്വാനം, പരിശ്രമം, പ്രയത്നം എന്നൊക്കെ അതിനർഥമുണ്ട്.ഉദ്ദേശ്യം പ്രാപിക്കുന്നതിന് നാവുകൊണ്ടും പേനകൊണ്ടും ഹൃദയമസ്തിഷ്കങ്ങൾകൊണ്ടും സാധ്യമായ എല്ലാ ഉപകരണ സാമഗ്രികൾകൊണ്ടും പരിശ്രമിക്കുകയും, ആവശ്യം വരുമ്പോൾ ജീവനെപ്പോലും ബലിയർപ്പിക്കാൻ മടികാണിക്കാതിരിക്കുകയും ചെയ്യുക എന്ന വിശാലമായ അർഥമാണ് ജിഹാദിന്നുള്ളത്. ജിഹാദ് എന്നത് യുദ്ധത്തിൻെറ പര്യായമല്ല. യുദ്ധത്തിന് അറബിയിൽ 'ഖിതാൽ' എന്ന് പറയുന്നു.

219. നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും കുറിച്ച് ചോദിക്കുന്നു.പറയുക:അവ രണ്ടിലും വലുതായ തിന്മകളാണുള്ളത്.മനുഷ്യർക്ക് അൽപം പ്രയോജനങ്ങളുമുണ്ട്.എന്നാൽ അവയിലെ തിന്മയാണ് പ്രയോജനത്തെക്കാൾ ഏറെ വലുത്.തങ്ങൾ(ദൈവമാർഗത്തിൽ) ചെലവഴിക്കേണ്ടതെന്തെന്നും അവർ നിന്നോട് ചോദിക്കുന്നു.പറയുക: നിങ്ങളുടെ ആവശ്യം കഴിച്ച് മിച്ചമുള്ളത്.ഇപ്രകാരം അല്ലാഹു നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചുതരുന്നു. നിങ്ങൾ ചിന്തിക്കുന്നവരാകാൻ.

220. -ഇഹത്തെക്കുറിച്ചും പരത്തെക്കുറിച്ചും.അനാഥക്കുട്ടികളെ സംബന്ധിച്ചും അവർ നിന്നോട് ചോദിക്കുന്നു. പറയുക: എങ്ങനെ വർത്തിക്കുന്നതാണോ അവർക്ക് ഗുണകരം അങ്ങനെ വർത്തിക്കുന്നതാകുന്നു ഉൽകൃഷ്ടമായിട്ടുള്ളത്.നിങ്ങൾ (ചെലവും താമസവും)അവരുടേതിനോട് കൂട്ടിച്ചേർത്താലും (അതിൽ തെറ്റില്ല). അവർ നിങ്ങളുടെ സഹോദരങ്ങളാണല്ലോ. നന്മ ചെയ്യുന്നവനെയും തിന്മ ചെയ്യുന്നവനെയും അല്ലാഹുവിന് നന്നായറിയാം. അല്ലാഹു നിശ്ചയിച്ചിരുന്നുവെങ്കിൽ അവൻ നിങ്ങളെ പ്രയാസത്തിലാക്കുമായിരുന്നു. നിശ്ചയമായും അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു.

220: അനാഥക്കുട്ടികളുടെ കാര്യത്തിൽ പല കർശനമായ വിധികളും ഖുർആനിൽ വന്നിരുന്നു. ഏറ്റവും നല്ല മാർഗത്തിലൂടെയല്ലാതെ അനാഥകളുടെ സ്വത്തിനെ സമീപിക്കരുത് (6:152), അനാഥകളുടെ ധനം അന്യായമായി ആഹരിക്കുന്നവർ അവരുടെ വയറുകളിൽ തിന്നുനിറക്കുന്നത് തീയാണ് (4:10) എന്നൊക്കെ അവതരിച്ചപ്പോൾ അനാഥക്കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കാൻ നിർബന്ധിതരായവർക്ക് വളരെ വിഷമം തോന്നി. അവരുടെ മുതലുകളൊന്നും സ്വന്തം മുതലിൽ ചേരാതിരിക്കാൻ അവർ അനാഥകളുടെ ഭക്ഷണപാനീയങ്ങൾപോലും തങ്ങളിൽനിന്ന് വേർപ്പെടുത്തി സ്വയം കർശനം സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് സഹിക്കാൻ കഴിയാതായപ്പോൾ നബി(സ) തിരുമേനിയോട് അനാഥക്കുട്ടികളുമായുള്ള തങ്ങളുടെ ഇടപാടിന്റെ ശരിയായ രൂപം ചോദിക്കുകയുണ്ടായി.അതിനു നൽകപ്പെട്ട മറുപടിയാണിത്.

221. (സത്യവിശ്വാസികളേ) ബഹുദൈവവിശ്വാസിനികളായ സ്ത്രീകളെ അവർ വിശ്വസിക്കുന്നതുവരെ നിങ്ങൾ വിവാഹം ചെയ്യരുത്. സത്യവിശ്വാസിനിയായ ദാസിയാകുന്നു കുലീനയായ ബഹുദൈവവിശ്വാസിനിയെക്കാളുത്തമം -അവൾ നിങ്ങളെ മോഹിപ്പിക്കുന്നുണ്ടെങ്കിലും. (നിങ്ങളുടെസ്ത്രീകളെ)ബഹുദൈവവിശ്വാസികൾക്ക് അവർ വിശ്വസിക്കുന്നതുവരെ വിവാഹം ചെയ്തുകൊടുക്കുകയുമരുത്. വിശ്വാസിയായ അടിമയാകുന്നു ബഹുദൈവവിശ്വാസിയായ കുലീനനെക്കാളുത്തമം -അവൻ നിങ്ങളെ മോഹിപ്പിക്കുന്നുവെങ്കിലും. അക്കൂട്ടർ നിങ്ങളെ നരകത്തിലേക്കാണ് ക്ഷണിക്കുന്നത്. അല്ലാഹുവോ, അവന്റെ ഹിതത്താൽ സ്വർഗത്തിലേക്കും പാപമോചനത്തിലേക്കും ക്ഷണിക്കുന്നു.അവന്റെ സന്ദേശങ്ങളെ അവൻ മനുഷ്യർക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുന്നു. അവർ അത് ഗ്രഹിച്ച് ഉദ്ബുദ്ധരാകേണ്ടതിന്.

221: വിവാഹം കേവലം കാമവികാരപരമായ ഒന്നല്ല. പ്രത്യുത സുഭദ്രവും സമാധാനപൂർണവുമായ കുടുംബം കെട്ടിപ്പടുക്കുന്നതിനുള്ള ഒരു സംയുക്ത സംരംഭമാണ്.ദമ്പതികൾ തങ്ങളുടെ ഭാവിതലമുറകൾക്ക് ഇസ്ലാമികാദർശങ്ങളും ഇസ്ലാമിക ജീവിതരീതിയും പകർന്നുകൊടുക്കാൻ പ്രാപ്തരും തൽപരരുമായിരിക്കണമെന്ന് ഖുർആൻ അനുശാസിക്കുന്നു. ഏകദൈവവിശ്വാസിയും ബഹുദൈവവിശ്വാസിയും തമ്മിലുള്ള വിവാഹബന്ധം അവരുടെ കുടുംബത്തിലും ഭാവിതലമുറയിലും അനിസ്ലാമിക ആദർശങ്ങളും ആചാര സമ്പ്രദായങ്ങളും വളർന്നുവരാൻ ഇടയാക്കിയേക്കും. സമ്മിശ്രമായുള്ള ഒരു പുതിയ തരം ചിന്താഗതിയും ജീവിത രീതിയും അവരുടെ വീട്ടിലും മറ്റും വളർന്നുവരാനാണ് കൂടുതൽ സാധ്യത. ഇസ്ലാം അത് ഒരു വിധത്തിലും ഇഷ്ടപ്പെടുന്നില്ല.ബഹുദൈവവിശ്വാസിയായ ഒരു വ്യക്തിയോടുള്ള അനുരാഗത്തിൽ ഒരു സത്യവിശ്വാസി അകപ്പെട്ടുപോയേക്കാമെന്നു സങ്കൽപിച്ചാൽതന്നെയും അവിശ്വാസപരമായ ആദർശചിന്താഗതികളിലേക്കും ആചാരനടപടികളിലേക്കും താൻ അറിയാതെ ആകർഷിക്കപ്പെട്ടേക്കാമെന്ന അപകടത്തെ മുൻനിർത്തി തന്റെ വ്യക്തിപരമായ വികാരങ്ങൾ ബലിയർപ്പിക്കണമെന്നാണ് ഈ വചനം സൂചിപ്പിക്കുന്നത്.

ഇസ്ലാം വിവാഹത്തിൽ പരമപ്രധാനമായിവീക്ഷിക്കുന്നത് ആദർശപൊരുത്തവും പാതിവ്രത്യവുമാണ്. വിശ്വാസ വൈരുധ്യവും ആദർശ വ്യത്യാസവുമുള്ളവർക്കിടയിലെ ദാമ്പത്യം ഭദ്രമാവുകയില്ല. അതിനാൽ അമുസ്ലിം സ്ത്രീകളെ വിവാഹം ചെയ്യുന്നത് ഇസ്ലാം പ്രോത്സാഹിപ്പിച്ചിട്ടില്ല. മുസ്ലിം സമുദായത്തിൽ പിറന്നാലും വ്യഭിചാരികളെ വിവാഹം ചെയ്യുന്നതും ഇസ്ലാം അനുവദിച്ചിട്ടില്ല.

ദൈവിക ഗ്രന്ഥങ്ങളുടെ അവകാശികളെന്ന നിലയിൽ ജൂതരുടെയും ക്രൈസ്തവരുടെയും പതിവ്രതകളായ സ്ത്രീകളെ വിവാഹം ചെയ്യാൻ മുസ്ലിം പുരുഷന്മാരെ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ അനുവാദം ഒരിക്കലും ഒരു പ്രോത്സാഹനമല്ല. സന്താനങ്ങൾ പിതാവിലേക്ക് ചേർക്കപ്പെടുന്നതിനാൽ മുസ്ലിം പുരുഷനു അമുസ്ലിം സ്ത്രീയിലുണ്ടാകുന്ന കുട്ടികൾ മുസ്ലിംകളായിരിക്കും. മുസ്ലിംകൾ മൂസാ (അ)യും ഈസാ(അ)യും ഉൾപ്പെടെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുകയും അവരെ ആദരിക്കുകയും ചെയ്യുന്നവരായതിനാൽ മുസ്ലിം ഭർത്താവിന്റെ കീഴിൽ യഹൂദിയോ ക്രിസ്ത്യാനിയോ ആയ ഭാര്യയുടെ മതവികാരങ്ങൾ വ്രണപ്പെടുന്ന പ്രശ്നമുണ്ടാകുന്നില്ല.

അതേസമയം മുസ്ലിം സ്ത്രീയെ ജൂത-ക്രൈസ്തവ വിശ്വാസികൾക്ക് വിവാഹം ചെയ്തുകൊടുക്കാൻ പാടില്ല. ഒരു മുസ്ലിം സ്ത്രീ ജൂത-ക്രൈസ്തവരിലേക്ക് വിവാഹം ചെയ്യപ്പെടുകയെന്നാൽ അവളെയും അവളുടെ സന്തതികളെയും അവരുടെ ആധിപത്യത്തിനും സംസ്കാരത്തിനും ചര്യകൾക്കും കീഴ്പ്പെടുത്തിക്കൊടുക്കലാകുന്നു. അമുസ്ലിം പുരുഷനു മുസ്ലിം സ്ത്രീയിലുണ്ടാകുന്ന കുട്ടികൾ മുസ്ലിംകളായിത്തീരുക തികച്ചും ദുഷ്കരമാണ്. മുഹമ്മദ് നബി(സ)യെ പ്രവാചകനായി അംഗീകരിക്കാത്ത യഹൂദനോ ക്രൈസ്തവനോ ആയ ഭർത്താവിന്റെ കീഴിൽ മുസ്ലിം ഭാര്യയുടെ മതവികാരം വ്രണിതമാവുകയും അവളുടെ വിശ്വാസം കഠിനമായി പരീക്ഷിക്കപ്പെടുകയും ചെയ്യും. പന്നിമാംസം നിഷിദ്ധവും അശുദ്ധവുമായി കരുതുന്ന മുസ്ലിം സ്ത്രീ, അത് സ്ഥിരം ആഹാരമായി ഉപയോഗിക്കുന്ന ഭർത്താവിന്റെ കൂടെ ജീവിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പ്രായോഗിക പ്രയാസങ്ങളും കണക്കിലെടുക്കേണ്ടതാണ്. സ്ത്രീ പുരുഷനു വഴങ്ങുംപോലെ പുരുഷൻ സ്ത്രീക്ക് വഴങ്ങുകയില്ലെന്നുള്ളത് അനുഭവസത്യമാണ്. അമുസ്ലിമായ ഭർത്താവിന് മുസ്ലിമായ ഭാര്യയെ മതപരിത്യാഗിയാക്കാൻ സാധിച്ചേക്കുമെന്ന പ്രശ്നവും അവഗണിക്കാവുന്നതല്ല. ഇത്തരം പ്രത്യാഘാതങ്ങൾ ഒരു മുസ്ലിം സ്ത്രീക്ക് ഒരിക്കലും ഇസ്ലാം ആഗ്രഹിക്കുന്നില്ല.

അവിശ്വാസികളുടെ വിശ്വാസാചാരങ്ങളെല്ലാം തന്നെ നരകത്തിലേക്ക് വഴിതെളിയിക്കുന്നവയാണ്. സ്വർഗത്തിലേക്കുള്ള മാർഗം തടയുന്നതുമാണ്

222. ആർത്തവത്തെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക: അത് ഒരു പീഢയാകുന്നു. അതിനാൽ ആർത്തവ വേളയിൽ നിങ്ങൾ സ്ത്രീകളിനിന്ന് അകന്നുനിൽക്കുക. അവർ ശുദ്ധിയാകുന്നതുവരെ അവരെ സമീപിക്കരുത്. എന്നാൽ അവർ ശുദ്ധിയായായിക്കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കല്പിച്ച വിധത്തിൽ നിങ്ങളവരെ സമീപിച്ചുകൊള്ളുക. തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു.

222:ആർത്തവ സമയത്ത് ഭർത്താക്കന്മാർ ഭാര്യമാരുമായുള്ള ലൈംഗികവേഴ്ച വർജിക്കണമെന്ന് കൽപിക്കുന്നു. അതല്ലാത്ത തരത്തിലുള്ള സംസർഗങ്ങളൊക്കെ അനുവദനീയമാകുന്നു. അവരോടൊത്ത് വസിക്കുന്നതിന് യാതൊരു വിലക്കുമില്ല.

223. നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു.അതിനാൽ നിങ്ങൾ ആഗ്രഹിക്കുംവിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്ത് ചെല്ലാവുന്നതാണ്.എന്നാൽ സ്വന്തം ഭാവിക്കുവേണ്ടി മുൻകരുതലെടുക്കേണ്ടതാകുന്നു. അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. അവനുമായി നിങ്ങൾ കണ്ടുമുട്ടേണ്ടതുണ്ടെന്ന് അറിഞ്ഞിരിക്കുകയും ചെയ്യുക. സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക.

224. നന്മ ചെയ്യുക,ദൈവഭക്തി പുലർത്തുക, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക എന്നിവക്ക് തടസ്സമുണ്ടാക്കാനായി ശപഥം ചെയ്യാൻ അല്ലാഹുവിന്റെ നാമം ഉപയോഗിക്കാതിരിക്കുവിൻ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.

225. മനഃപൂർവമല്ലാതെ പറഞ്ഞുപോകുന്ന ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. എന്നാൽ മനഃപൂർവം ചെയ്യുന്ന ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമത്രെ.

226. തങ്ങളുടെ ഭാര്യമാരുമായി ബന്ധപ്പെടുകയില്ലെന്ന് ശപഥം ചെയ്തവർക്ക് നാലുമാസം അവധിയുണ്ട്. ഇനി അവർ മടങ്ങുന്നുവെങ്കിൽ,അല്ലാഹു ഏറെ മാപ്പരുളുന്നവനും കരുണാവാരിധിയുമാകുന്നു.

227. ഇനി അവർ വിവാഹമോചനം തന്നെയാണ് തീരുമാനിക്കുന്നതെങ്കിൽ, അപ്പോൾ തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

228. വിവാഹമുക്തകൾ മൂന്നു തവണ മാസമുറ ഉണ്ടാവുംവരെ സ്വന്തം ശരീരങ്ങളുമായി കാത്തിരിക്കേണ്ടതാകുന്നു. അവരുടെ ഗർഭാശയത്തിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ മറച്ചുവെക്കാൻ അവർക്ക് പാടുള്ളതല്ല; അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ. ഈ കാലയളവിൽ അവരുടെ ഭർത്താക്കന്മാർക്ക്,അവർ അനുരഞ്ജനമാഗ്രഹിക്കുന്നുവെങ്കിൽ, അവരെ തിരിച്ചെടുക്കുന്നതിന് ഏറ്റവും അർഹതയുള്ളവരാകുന്നു. സ്ത്രീകൾക്ക് ബാധ്യതകളുള്ളതുപോലെത്തന്നെ ന്യായമായ അവകാശങ്ങളുമുണ്ട്. എന്നാൽ പുരുഷന്മാർക്ക് അവരുടെ മേൽ ഒരു സ്ഥാനവുമുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു.

---

228: ഒരു സ്ത്രീ വിവാഹമുക്തയായാൽ മൂന്നു മാസമുറക്കാലം കാത്തിരിക്കേണ്ടതാകുന്നു. ഇതിനെ 'ഇദ്ദഃ' ആചരിക്കുക എന്ന് പറയുന്നു. ഈ കാലത്തിനിടയിൽ അവൾ ഭർത്താവിൽനിന്ന് ഗർഭിണിയാണോ അല്ലേ എന്ന് വ്യക്തമാകുന്നതാണ്. മൂന്നു മാസമുറ പൂർത്തിയാകും വരെ വിവാഹമോചിത ഭർത്തൃഭവനത്തിൽ തന്നെ താമസിക്കേണ്ടതാണ്. അവൾക്ക് ഭക്ഷണവും വസ്ത്രവുമുൾപ്പെടെ എല്ലാം നൽകാൻ ഭർത്താവ് ബാധ്യസ്ഥനാണ്. ഈ കാലയളവിൽ ശാരീരികമായി ബന്ധപ്പെട്ടാലും വിവാഹമോചനം റദ്ദാക്കി മടക്കിയെടുത്താലും ദാമ്പത്യം പുനഃസ്ഥാപിതമാവുന്നതാണ്.

ഗർഭിണിയാണെങ്കിൽ പ്രസവം വരെ മറ്റൊരു വിവാഹബന്ധത്തിലേർപ്പെടുന്നതും വിവാഹാലോചന നടത്തുന്നതും വിലക്കപ്പെട്ടിരിക്കുന്നു.

സ്ത്രീയും പുരുഷനും ചേർന്ന് ഒരു കുടുംബമായി വാഴുമ്പോൾ കുടുംബത്തിനാവശ്യമായ ജീവിതവിഭവങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും കുടുംബത്തെ നയിക്കേണ്ട ഉത്തരവാദിത്വവും പുരുഷനിലാണ് ചുമത്തപ്പെട്ടിരിക്കുന്നത്. കുടുംബ കാര്യങ്ങൾ സുഗമമായി മുന്നോട്ട് പോകാൻ അവരിൽ ഒരാൾ നേതാവായിരിക്കുകയും മറ്റുള്ളവർ അയാളുടെ നേതൃത്വം അംഗീകരിക്കുകയും വേണം.കുടുംബ നേതൃത്വം പുരുഷന് തന്നെയായിരിക്കണമെന്ന ഈ ഇസ്ലാമിക ശരീഅത്ത് നിയമമാണ് പുരുഷന് സ്ത്രീയുടെ മേൽ നൽകപ്പെട്ട പദവി. അനന്തരാവകാശ സമ്പത്തിന്റെ വിതരണക്രമവും മറ്റു കുടുംബ നിയമങ്ങളും ഈ നിയമവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

---

229. വിവാഹമോചനം (പാടുള്ളത്) രണ്ട് തവണയാകുന്നു. പിന്നെ ന്യായമായ നിലയിൽ (ഭാര്യയെ)കൂടെ നിർത്തുകയോ ഭംഗിയായി പിരിച്ചയക്കുകയോ ചെയ്യേണ്ടതാകുന്നു. (അവരെ പിരിച്ചയക്കുമ്പോൾ) നിങ്ങൾ അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് യാതൊന്നും തിരിച്ചു വാങ്ങാൻ നിങ്ങൾക്കനുവാദമില്ല -ഇരുവരും അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കാൻ കഴിയില്ലെന്ന് ആശങ്കിക്കുന്നുവെങ്കിലല്ലാതെ. അവരിരുവർക്കും അല്ലാഹുവിന്റെ നിയമങ്ങൾ പാലിക്കാൻ കഴിയില്ലെന്ന് നിങ്ങൾ ആശങ്കിക്കുന്നുവെങ്കിൽ അപ്പോൾ അവൾ (ഭർത്താവിന്ന്) വല്ലതും പ്രതിഫലം നൽകി മോചനം നേടുന്നതിൽ ഇരുവർക്കും കുറ്റമൊന്നുമില്ല.അവ അല്ലാഹുവിന്റെ നിയമപരിധികളത്രെ. അതിനെ ലംഘിക്കാതിരിക്കുവിൻ. അല്ലാഹുവിന്റെ നിയമപരിധികൾ ലംഘിക്കുന്നവർ അക്രമികൾ തന്നെയാകുന്നു.

229:ഭാര്യയെ എത്രതവണ വേണമെങ്കിലും 'ത്വലാഖ്' (വിവാഹമോചനം) നടത്തുകയും മടക്കി എടുക്കുകയും ചെയ്യുന്ന സമ്പ്രദായം ഇസ്‌ലാമിന് മുമ്പ് അറബികളിൽ നടപ്പുണ്ടായിരുന്നു. വിവാഹമോചനത്തിനും ഇദ്ദഃക്കും കൃത്യമായ എണ്ണം ഉണ്ടായിരുന്നില്ല. സ്ത്രീ പീഡനത്തിനുവേണ്ടി തങ്ങൾക്കിഷ്ടമില്ലാത്ത ഭാര്യയെ ഇദ്ദാകാലയളവിലും ഇദ്ദഃ പൂർത്തിയാക്കിയ വേളയിലും ഭർത്താവ് അവളെ വീണ്ടും വീണ്ടും മടക്കിയെടുക്കുക പതിവായിരുന്നു. ഇതുമൂലം സ്ത്രീകൾ വളരെയധികം കഷ്ടപ്പാടുകൾ സഹിക്കേണ്ടിയും വന്നിരുന്നു. ഈ നീചസമ്പ്രദായത്തിന് അറുതിവരുത്തുകയും അത്തരം പീഡനങ്ങൾക്ക് ഇരയാവുന്നതിൽനിന്ന് പാവപ്പെട്ട സ്ത്രീകളെ രക്ഷിക്കുകയുമാണ് ഈ വചനത്തിലൂടെ അല്ലാഹു ചെയ്തിരിക്കുന്നത്.

ഭാര്യയെ തിരിച്ചെടുക്കാവുന്ന 'ത്വലാഖ്' (വിവാഹമോചനം) രണ്ടു പ്രാവശ്യമായി ഖുർആൻ നിശ്ചയിച്ചിരിക്കുന്നു. രണ്ടു പ്രാവശ്യം വിവാഹമോചനം ചെയ്ത് മടക്കിയെടുത്തശേഷം വല്ല കാരണത്താലും മൂന്നാമതും വിവാഹമോചനം ചെയ്യുന്നതായാൽ പിന്നെ ഇദ്ദാകാലത്ത് അവളെ തിരിച്ചെടുക്കാനോ, ഇദ്ദക്കുശേഷം പുനർവിവാഹം ചെയ്യാനോ അനുവാദമില്ല. ഭർത്താവിനും ഭാര്യക്കും അന്തിമമായി വഴിപിരിയുകയേ വഴിയുള്ളു.

ശരീഅത്തിന്റെ ചൈതന്യം ഉൾക്കൊള്ളാത്ത ചില മുസ്‌ലിം പുരുഷന്മാർ ഒരേസമയത്ത് മൂന്ന് 'ത്വലാഖ്' ഒന്നിച്ചു ചൊല്ലുന്ന സമ്പ്രദായം ഇസ്‌ലാമിക ശരീഅത്തിന്റെ (നിയമ വ്യവസ്ഥ)ദൃഷ്ടിയിൽ തെറ്റാണ്. പ്രവാചകൻ (സ) അതിനെ കഠിനമായി ആക്ഷേപിച്ചിട്ടുണ്ട്. ഉമർ(റ) ഒരേസമയത്ത് ഭാര്യയെ മൂന്ന് ത്വലാഖ് ചൊല്ലുന്നവനെ ചമ്മട്ടികൊണ്ടടിക്കുകപോലും ചെയ്തിരുന്നു.

സാധാരണ ജീവിതച്ചെലവുകൾക്കു പുറമെ ഭാര്യക്ക് സമ്മാനമായോ ദാനമായോ വല്ലതും നൽകിയിട്ടുണ്ടെങ്കിൽ വിവാഹമോചനസമയത്ത് അതിൽനിന്ന് യാതൊന്നും തിരിച്ചു വാങ്ങാൻ ഭർത്താവിന്നവകാശമില്ല. നേരെമറിച്ച് ഭാര്യയെ വിവാഹബന്ധം വേർപെടുത്തി അയക്കുമ്പോൾ അവൾക്ക് അങ്ങോട്ട് വല്ലതും കൊടുക്കുകയാണ് വേണ്ടത്.

ഒരു സ്ത്രീ അവളുടെ ഭർത്താവിന് വല്ല പ്രതിഫലവും കൊടുത്ത് വിവാഹമോചനം നേടുന്നതിന് ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ 'ഖുൽഅ്' എന്നു പറയുന്നു. സ്ത്രീ സ്വന്തം ആവശ്യപ്രകാരം ഭർത്താവിൽനിന്ന് ഇങ്ങനെ മോചനം നേടുന്ന സമ്പ്രദായത്തെ ഖുർആൻ പ്രോത്സാഹിപ്പിച്ചിട്ടില്ല. സ്ത്രീക്ക് ഭർത്താവുമായി ഇണങ്ങി ജീവിക്കുക അസാധ്യമാകത്തക്കവിധം കാരണങ്ങളുണ്ടെങ്കിൽ (അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുകയില്ലെന്ന് ആശങ്കിക്കുകയാണെങ്കിൽ) സ്ത്രീക്ക് ഈ മാർഗം സ്വീകരിക്കാവുന്നതാണ്. 'ഖുൽഅ്' രൂപത്തിലുണ്ടാകുന്ന വിവാഹമോചനത്തിൽ ഭർത്താവിന് ഇദ്ദാവേളയിൽ സ്ത്രീയെ മടക്കിയെടുക്കുവാൻ അവകാശമില്ലെങ്കിലും, ഇദ്ദാകാലം കഴിഞ്ഞതിനുശേഷം രണ്ടുപേരും അന്യോന്യം തൃപ്തിപ്പെട്ടു വീണ്ടും വിവാഹബന്ധത്തിലേർപ്പെടുവാനുദ്ദേശിക്കുകയാണെങ്കിൽ അതവർക്ക് അനുവദനീയമാണ്.

കുടുംബജീവിതത്തിന്റെ നന്മയും സംസ്കരണവും ഉദ്ദേശിച്ച് അല്ലാഹുനിശ്ചയിച്ചിട്ടുള്ള നിയമപരിധികൾ ലംഘിക്കുകയോ മറികടക്കുകയോ ചെയ്യുന്നത് അല്ലാഹുവിന്റെ ശിക്ഷക്കും ശാപത്തിനും കാരണമായിത്തീരുമെന്ന് ഈ സൂക്തം ശക്തിയായി താക്കീത് ചെയ്യുന്നു.

---

230. അങ്ങനെ (രണ്ടു ത്വലാഖുകൾക്കുശേഷം മൂന്നാമതും) അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ പിന്നെ അവന് അവൾ അനുവദനീയമാവുകയില്ല; അവൾ മറ്റൊരു ഭർത്താവിനെ വിവാഹം ചെയ്താലല്ലാതെ. എന്നിട്ട് അയാളും അവളെ വിവാഹമോചനം ചെയ്യാനിടയാവുകയാണെങ്കിൽ, അപ്പോൾ ഇരുവരും (മുൻഭർത്താവും അവളും) പരസ്പരം മടങ്ങുന്നതിൽ കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുമെന്ന് ഇരുവരും കരുതുന്നുവെങ്കിൽ. ഇത് അല്ലാഹു നിശ്ചയിച്ച പരിധികളാണ്. (അവന്റെ നിയമങ്ങൾ ലംഘിക്കുന്നതിന്റെ ദോഷങ്ങൾ) മനസ്സിലാക്കുന്ന ജനത്തിന് അല്ലാഹു അത് വിശദീകരിച്ചുതരുന്നു.

---

230: ഒരു പുരുഷനാൽ മൂന്നു പ്രാവശ്യം വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീ പിന്നീട് മറ്റൊരാളെ വിവാഹം ചെയ്യുകയും, എന്നിട്ട് ഏതോ കാരണത്താൽ ആ ബന്ധവും തകരുകയും അവൾ വീണ്ടും

വിവാഹമുക്തയാവുകയും ചെയ്താൽ, ആദ്യഭർത്താവിന് അവളെ വീണ്ടും വിവാഹം ചെയ്യാൻ അനുവാദമുണ്ട്. ത്വലാഖിന്റെ മൂന്നവസരങ്ങളും ഉപയോഗിച്ചശേഷം താൻ വിവാഹബന്ധം വേർപെടുത്തിയ സ്ത്രീയെ വീണ്ടും തനിക്ക് അനുവദനീയയാക്കുന്നതിനുവേണ്ടി അയാൾ മറ്റൊരാളുമായി ഗൂഢാലോചന ചെയ്ത് അവളെ അയാളെക്കൊണ്ട് വിവാഹം ചെയ്യിക്കുകയും വിവാഹാനന്തരം രണ്ടാമത്തെ ഭർത്താവ് വിവാഹമോചനം ചെയ്യാമെന്ന് മുൻകൂട്ടി തീരുമാനിക്കുകയും ചെയ്യുന്ന പക്ഷം അത് ഇസ്ലാമിക ശരീഅത്തിനെ അപഹസിക്കലാകുന്നു. ഇതിനുവേണ്ടി ചടങ്ങു നിൽക്കുന്നവനെയും ആർക്കുവേണ്ടിയാണോ ചടങ്ങ് നിൽക്കുന്നത് അവനെയും നബി(സ) കഠിനമായി ശപിച്ചിട്ടുള്ളതായി അബൂഹുറയ്റ, ഇബ്നുമാജ എന്നിവർ റിപ്പോർട്ട് ചെയ്ത ഹദീസിൽ (പ്രവാചക വചനം) പ്രസ്താവിച്ചിരിക്കുന്നു.

---

231. നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയും അങ്ങനെ അവരുടെ (ഇദ്ദയുടെ) അവധി എത്തുകയും ചെയ്താൽ, പിന്നെ അവരെ ന്യായമായ രീതിയിൽ (ഭാര്യയായി) നിലനിർത്തുകയോ അല്ലെങ്കിൽ ന്യായമായരീതിയിൽ പിരിച്ചയക്കുകയോ ചെയ്യുവിൻ. ദ്രോഹിക്കുന്നതിനുവേണ്ടി നിങ്ങൾ അവരെ പിടിച്ചുനിർത്തരുത്. അത് അക്രമമായിരിക്കും. ആരെങ്കിലും അങ്ങനെ ചെയ്യുന്നുവെങ്കിൽ അവന്റെ ആത്മാവിനെ തീർച്ചയായും അവൻ ദ്രോഹിക്കുന്നു. അല്ലാഹുവിന്റെ വചനങ്ങളെ നിങ്ങൾ കളിയാക്കാതിരിക്കുവിൻ. അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹങ്ങൾ ഓർക്കുവിൻ. നിങ്ങൾക്കുവേണ്ടി അവതരിപ്പിച്ച വേദത്തെയും തത്വജ്ഞാനത്തെയും ആദരിക്കണമെന്ന് അവൻ നിങ്ങളോട് ഉപദേശിക്കുന്നു. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. അല്ലാഹു സകല സംഗതികളും അറിയുന്നവനാണെന്ന് അറികയും ചെയ്യുവിൻ.

---

231: വിവാഹമോചിതയായ സ്ത്രീ ഇദ്ദാകാലം പൂർത്തിയാക്കുന്നതോടെ ഭർത്താവ് ഒന്നുകിൽ അവളെ ഇദ്ദാവേളയിൽ മടക്കിയെടുക്കുകയോ അല്ലെങ്കിൽ മാന്യമായി പിരിച്ചയക്കുകയോ ചെയ്യേണ്ടതാണ്. രണ്ടിൽ ഏത് സ്വീകരിച്ചാലും അത് നീതിയും മര്യാദയും അനുസരിച്ചായിരിക്കണം; ദുരുദ്ദേശ്യം വെച്ചുകൊണ്ടായിരിക്കരുത്.

അല്ലാഹു വേദവും തത്വജ്ഞാനവും നൽകിക്കൊണ്ട് നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു. സത്യവിശ്വാസത്തിന്റെ മാർഗം സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചുവെന്നത് മഹത്തായ ദൈവാനുഗ്രഹമാണ്. ലോകജനതക്ക് നന്മകൾ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ഉത്തമസമുദായമായി ഉയർത്തപ്പെട്ടവരാണ് നിങ്ങൾ. അതിനാൽ ദൈവിക സൂക്തങ്ങളെ നിങ്ങൾ പരിഹസിക്കരുത്. കുതന്ത്രങ്ങൾ പ്രയോഗിക്കാനായി ബാഹ്യദൃഷ്ട്യാ അനുവദനീയവും നിയമവിധേയവുമായ രൂപത്തിൽ അക്രമങ്ങളും അനീതികളും ചെയ്യുന്നവർ അല്ലാഹുവിനെ ധിക്കരിക്കുന്നതിന് അവന്റെ സൂക്തങ്ങളെത്തന്നെ മറയാക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യുന്നത് അവനോട് തന്നെയുള്ള അക്രമമാണ്. അതിന്റെ ഭവിഷ്യത്ത് അവൻ അനുഭവിക്കേണ്ടിയും വരും. അല്ലാഹുവിന്റെ നിയമങ്ങളെയും തത്വങ്ങളെയും ആദരിക്കാത്തവർ തങ്ങൾ സത്യവിശ്വാസികളാണെന്ന് അഭിമാനിക്കുകയും അവകാശപ്പെടുകയും ചെയ്യുന്നതിൽ അർഥമൊന്നുമില്ല.

---

232. നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയും അവർ അവരുടെ (ഇദ്ദയുടെ)അവധി പൂർത്തിയാക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ, അവരുടെ ഭർത്താക്കളെ വിവാഹം ചെയ്യുന്നതിൽ നിന്നു നിങ്ങൾ അവരെ വിലക്കരുത് -നീതിപൂർവം അവർ തമ്മിൽ യോജിപ്പിലെത്തുന്നുവെങ്കിൽ.നിങ്ങളിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കുള്ള ഉപദേശമാണിത്. അതാണ് നിങ്ങൾക്ക് ഏറ്റവും ശ്രേഷ്ഠവും വിശുദ്ധവുമായിട്ടുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നില്ല.

---

232:വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീ ഇദ്ദകാലത്ത് മടക്കപ്പെട്ടിട്ടില്ലെങ്കിൽ, സദാചാരമര്യാദകൾ പാലിച്ചുകൊണ്ട് പരസ്പരം തൃപ്തിപ്പെട്ട ഭർത്താക്കളെ സ്വീകരിക്കുന്നതിന് മുൻഭർത്താവോ സ്ത്രീയുടെ കൈകാര്യം നടത്തുന്ന ബന്ധുക്കളോ അവളെ തടയാൻ പാടില്ലെന്ന് അല്ലാഹു കൽപിക്കുന്നു. 'അവരുടെ ഭർത്താക്കളെ' എന്നതിൽ വിവാഹമോചനം നടത്തിയ ആദ്യത്തെ ഭർത്താക്കളും പുതുതായി ഭർത്തൃത്വം

ഏറ്റെടുക്കാൻ തയ്യാറായവരും ഉൾപ്പെടുന്നു. ഈ വിഷയത്തിൽ അല്ലാഹുവിൻെറ കൽപനയെ അവഗണിക്കുന്നവർക്ക് കനത്ത താക്കീതാണ് അവൻ നൽകിയിരിക്കുന്നത്.

233. മാതാക്കൾ അവരുടെ ശിശുക്കൾക്ക് രണ്ടുവർഷം പൂർണമായും മുലയൂട്ടേണ്ടതാകുന്നു. (ശിശുവിൻെറ) മുലകുടി പൂർണമാക്കണം എന്നുദ്ദേശിക്കുന്നവർക്കത്രെ ഇത്. അവർക്ക് (മുലയൂട്ടുന്ന മാതാക്കൾക്ക്) മാന്യമായ രീതിയിൽ ഭക്ഷണവും വസ്ത്രവും നൽകേണ്ട ബാധ്യത പിതാവിനാകുന്നു. എന്നാൽ ആരിലും അവരുടെ കഴിവിൽ കവിഞ്ഞ (ബാധ്യത) ചുമത്താവതല്ല.ഒരു മാതാവും അവളുടെ ശിശുകാരണമായി ദ്രോഹിക്കപ്പെടരുത്.ഒരു പിതാവും അവൻെറ ശിശുകാരണമായും (ദ്രോഹിക്ക)പ്പെടരുത്. (പിതാവിൻെറ അഭാവത്തിൽ അയാളുടെ)അനന്തരാവകാശികൾക്കും (ശിശുവിൻെറ കാര്യത്തിൽ)അതുപോലെയുള്ള ബാധ്യതകളുണ്ട്. എന്നാൽ ഇരുകൂട്ടരും ഉഭയസമ്മതത്തോടെ, പരസ്പരം കൂടിയാലോചിച്ച് മുലകുടി നിർത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അവരിരുവർക്കും കുറ്റമൊന്നുമില്ല. ഇനി നിങ്ങളുടെ കുട്ടികൾക്ക്(മറ്റൊരാളെക്കൊണ്ട്) മുലകൊടുപ്പിക്കണമെന്നാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അതിനും കുറ്റമൊന്നുമില്ല. അവർക്ക് നിശ്ചയിച്ച(വേതനം) മര്യാദയനുസരിച്ച് കൊടുത്തു തീർക്കുകയാണെങ്കിൽ. അല്ലാഹുവിനെ ഭയപ്പെടുവിൻ. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നത് എന്തും അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുവെന്ന് അറിഞ്ഞിരിക്കുവിൻ.

233: ഭാര്യാഭർത്താക്കൾ തമ്മിൽ വിവാഹമോചനം വഴി വേർപിരിയുകയും ഭാര്യക്ക് മുലകുടിക്കുന്ന ശിശു ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിലുള്ള വിധിയാണിത്.
വിവാഹകാര്യങ്ങളിലും മറ്റും മുലകുടി ബന്ധം, കുടുംബ ബന്ധം പോലെതന്നെ ഇസ്ലാമിൽ പരിഗണിക്കപ്പെടുന്നതാണ്. മുലകുടിയുടെ കാലം രണ്ടുകൊല്ലമാണെന്ന് നിശ്ചയിക്കപ്പെട്ടതിനാൽ, മുലകുടി ബന്ധം സ്ഥാപിതമാകുന്നത് കുട്ടിക്ക് രണ്ട് വയസ്സ് പൂർത്തിയാകും മുമ്പ് മുലകുടിക്കുമ്പോൾ മാത്രമായിരിക്കുമെന്നും പിന്നീട് മുലകുടിക്കുമ്പോൾ ഈ ബന്ധം സ്ഥാപിതമാകുകയില്ലെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

234. നിങ്ങളിൽ ആരെങ്കിലും ഭാര്യമാരെ വിട്ടേച്ചു മരിച്ചുപോയാൽ ആ(ഭാര്യമാർ), നാലു മാസവും പത്തു ദിവസവും സ്വയം കാത്തിരിക്കേണ്ടതാകുന്നു. അങ്ങനെ അവരുടെ കാലാവധിയെത്തിയാൽ സ്വന്തം കാര്യത്തിൽ ന്യായമായ നിലയിൽ പ്രവർത്തിക്കുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ ചെയ്യുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്.

234: ഭർത്താവ് മരിച്ച സ്ത്രീ നാലു മാസവും പത്തു ദിവസവും ഇദ്ദ ആചരിക്കേണ്ടതാണ്. ഗർഭിണിയാണെങ്കിൽ പ്രസവത്തോടെ ഇദ്ദ അവസാനിക്കുന്നു. അക്കാലത്ത് സ്ത്രീ വിവാഹബന്ധത്തിലേർപ്പെടാനും വിവാഹാലോചന നടത്താനും പാടുള്ളതല്ല. ആഭരണങ്ങൾ ധരിക്കുന്നതും സൗന്ദര്യവർധകവസ്തുക്കൾ ഉപയോഗിക്കുന്നതും വാസനദ്രവ്യങ്ങൾ പുരട്ടുന്നതും വിലക്കപ്പെട്ടിരിക്കുന്നു. ആഘോഷപരിപാടികൾക്കു വേണ്ടിയോ വിനോദത്തിനു വേണ്ടിയോ യാത്ര ചെയ്യാനും പാടില്ല. ഈ വിലക്കുകളെല്ലാം ഇദ്ദയോടൊപ്പം അവസാനിക്കുന്നു.
ഇദ്ദകാലം കഴിഞ്ഞാൽ അവർക്ക് സ്വന്തം ഇഷ്ടപ്രകാരം ഭർതൃഗൃഹം വിട്ടുപോകാവുന്നതാണ്. അവർക്ക് ഇഷ്ടപ്പെട്ട മറ്റൊരു വിവാഹബന്ധത്തിലേർപ്പെടുകയോ തൽക്കാലം വിവാഹം വേണ്ടെന്നു വെക്കുകയോ ചെയ്യാവുന്നതാണ്.

235. (വിധവകളായ) സ്ത്രീകളോട് (അവരുടെ ഇദ്ദാവേളയിൽ) നിങ്ങൾ വിവാഹാഭിലാഷം സൂചിപ്പിക്കുകയോ മനസ്സിൽ ഒളിപ്പിച്ചുവെക്കുകയോ ചെയ്യുന്നത് കുറ്റകരമല്ല. നിങ്ങൾ അവരെ സ്മരിക്കുമെന്ന് അല്ലാഹുവിനറിയാം. എന്നാൽ, മാന്യമായ നിലയിൽ സംസാരിക്കാമെന്നല്ലാതെ, നിങ്ങൾ അവരോട് രഹസ്യമായി വിവാഹ വാഗ്ദാനം നടത്താതിരിക്കുവിൻ. നിയമ

പ്രകാരമുള്ള (ഇദ്ദയുടെ)അവധി എത്തുംവരെ വിവാഹ ഉടമ്പടി തീരുമാനിക്കാവുന്നതല്ല. തീർച്ചയായും അല്ലാഹു നിങ്ങളുടെ മനോഗതങ്ങൾപോലും അറിയുന്നുണ്ടെന്ന് ഗ്രഹിച്ചു കൊള്ളുക. അതിനാൽ അവനെ സൂക്ഷിക്കുക. നിശ്ചയം, അല്ലാഹു വളരെ പൊറുക്കുന്ന വനും സഹനശീലനുമാണെന്ന് അറിയുക.

235: ഭർത്താവിന് ബന്ധം പുനഃസ്ഥാപിക്കാൻ അവസരമുള്ള വിവാഹമോചനത്തിന് വിധേയയായ സ്ത്രീയോട് അവളുടെ ഇദ്ദാവേളയിൽ വ്യംഗ്യമായോ വ്യക്തമായോ വിവാഹാലോചന നടത്തുന്നത് നിഷി ദ്ധമാണ്. അവളെ മടക്കി എടുക്കുവാൻ ഭർത്താവിന് അവകാശമുള്ളതുകൊണ്ടും, അവർ തമ്മിൽ ബന്ധം പുനഃസ്ഥാപിക്കുന്നതിനുള്ള സാധ്യത തടയുന്നതിനും അത് കാരണമായേക്കും.
എന്നാൽ ബന്ധം പുനഃസ്ഥാപിക്കാനാവാത്തവിധം എന്നേക്കുമായി വിവാഹമോചനത്തിന് വിധേയയായ സ്ത്രീയോട് വ്യക്തമായ ഭാഷയിൽ വിവാഹാലോചന നടത്തുന്നത് നിഷിദ്ധമാണെങ്കിലും സംഗതി തുറ ന്നു പറയാതെ, വല്ല സൂചനാവാക്കും പറയുകയോ,ഇദ്ദ കഴിഞ്ഞാൽ വിവാഹം കഴിക്കാമെന്ന് മനസ്സിൽ വെച്ചുകൊണ്ടിരിക്കുന്നതിനോ വിരോധമില്ലെന്ന് ഈ വചനം പ്രസ്താവിക്കുന്നു.ഈ വിഷയത്തിൽ ബന്ധം പുനഃസ്ഥാപിക്കാൻ സാധ്യമല്ലാത്ത നിലക്കുള്ള വിവാഹമോചനത്തെത്തുടർന്ന് ഇദ്ദയാചരിക്കുന്ന സ്ത്രീയും ഭർത്താവിൻെറ മരണം മൂലം ഇദ്ദയാചരിക്കുന്ന സ്ത്രീയും ഒരുപോലെയാകുന്നു.

236. നിങ്ങൾ സ്ത്രീകളെ(ഭാര്യമാരെ) സ്പർശിക്കുകയോ അവരുടെ വിവാഹമൂല്യം നിശ്ചയിക്കുക യോ ചെയ്യും മുമ്പ് വിവാഹമോചനം നടത്തുകയാണെങ്കിൽ നിങ്ങൾക്കതിൽ കുറ്റമില്ല. എന്നാൽ നിങ്ങൾ അവർക്ക് മാന്യമായ നിലയിൽ കുറച്ചു വിഭവം നൽകേണ്ടതാകുന്നു. കഴിവുള്ളവൻ അവൻെറ കഴിവനുസരിച്ചും ദരിദ്രൻ അവൻെറ കഴിവനുസരിച്ചും. അത് നല്ല മനുഷ്യരുടെ ബാധ്യതയാകുന്നു.

237. ഇനി നിങ്ങൾ അവരെ സ്പർശിക്കുന്നതിനു മുമ്പ് വിവാഹബന്ധം വേർപ്പെടുത്തുകയും നിങ്ങൾ അവരുടെ വിവാഹമൂല്യം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അപ്പോൾ നിശ്ചി ത വിവാഹമൂല്യത്തിൻെറ പകുതി നൽകേണ്ടതാകുന്നു. (സ്ത്രീ) വിട്ടുവീഴ്ച ചെയ്യുകയോ (വിവാഹമൂല്യം വസൂൽ ചെയ്യാതിരിക്കുക),വിവാഹ ഉടമ്പടി ആരുടെ കയ്യിലാണോ അയാൾ വിട്ടുവീഴ്ച ചെയ്യുകയോ(വിവാഹമൂല്യം മുഴുവൻ നൽകുക) ചെയ്യുന്നുവെങ്കില ല്ലാതെ. നിങ്ങൾ (പുരുഷന്മാർ) വിട്ടുവീഴ്ച ചെയ്യുന്നതാണ് ദൈവഭക്തിയോട് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. നിങ്ങൾ പരസ്പരം ഔദാര്യം കാണിക്കാൻ മറക്കരുത്. നിശ്ചയ മായും നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കാണുന്നവനത്രെ.

236,237: വിവാഹം കഴിക്കുമ്പോൾ ഭാര്യക്ക് മഹ്ർ(വിവാഹമൂല്യം) കൊടുക്കൽ നിർബന്ധമാണ്. എന്നാൽ വിവാഹകർമം(നികാഹ്) നടക്കുമ്പോൾ മഹ്റിൻെറ സംഖ്യ നിർണയിക്കണമെന്നും ആ സമയ ത്ത് തന്നെ അത് കൊടുക്കണമെന്നും നിർബന്ധമില്ല. അത് പിന്നീട് രണ്ടുകൂട്ടരും തമ്മിൽ നിശ്ചയി ക്കുന്ന പ്രകാരം കൊടുത്താലും മതി. ഈ രീതിയിൽ നികാഹ് നടക്കുകയും, എന്നാൽ ദമ്പതികൾ ഒന്നിച്ചു താമസിക്കുകയോ ശാരീരിക ബന്ധം പുലർത്തുകയോ ചെയ്യുന്നതിനു മുമ്പ് വിവാഹമോചനം സംഭവിക്കുകയാണെങ്കിൽ, വിവാഹമോചനത്തിൻെറ ഇദ്ദ സ്ത്രീ ആചരിക്കേണ്ടതില്ല.(33:49). വിവാഹ മൂല്യമോ ഇദ്ദാകാലത്തെ ജീവനാംശമോ നൽകാൻ ഭർത്താവ് ബാധ്യസ്ഥനുമല്ല. എങ്കിലും അവർക്ക് ഒരു മനസ്സമാധാനമെന്ന നിലക്ക് ഓരോരുത്തരുടെയും കഴിവിനനുസരിച്ച് വിഭവങ്ങൾ നകേണ്ടതാണ്. ഈ അവസരത്തിൽ വിവാഹമോചനം നടക്കുന്നത് സ്വാഭാവികമായും അവളുടെ മനസ്സിന് വിഷമം ഉണ്ടാക്കു ന്നതാണ്. സ്ത്രീ അപമാനിതയാവുകയും വിവാഹകമ്പോളത്തിൽ അവളുടെ വില ഇടിയാനും കാരണമാ കുന്നു.
എന്നാൽ വിവാഹമൂല്യം(മഹ്ർ) നിശ്ചയിക്കുകയും ഭാര്യയുമായി ശാരീരിക ബന്ധം നടക്കുന്നതിനു മുമ്പ് വിവാഹമോചനം സംഭവിക്കുകയും ചെയ്താൽ നിർണിത വിവാഹമൂല്യത്തിൻെറ പകുതിയെങ്കി ലും സ്ത്രീക്ക് 'മതാഅ്'(വിഭവം) ആയി നൽകണം. സ്ത്രീ സ്വമനസ്സാലെ അതിൽ ഏതാനും ഭാഗമോ

മുഴുവനായോ വേണ്ടെന്ന് വെക്കുകയാണെങ്കിൽ അത് കൊടുക്കാതിരിക്കുന്നതിൽ ഭർത്താവിന് കുറ്റമില്ല. ഭർത്താവ് അവന്റെ ഔദാര്യമെന്ന നിലക്ക് പകുതിയിലധികമോ മുഴുവനായോ മതാആയി നൽകുന്ന താണ് അവനെ സംബന്ധിച്ചിടത്തോളം അന്തസ്സും ദൈവഭക്തിയോട് അടുത്തതും.

238. നിങ്ങൾ നമസ്കാരത്തിൽ ജാഗ്രതയുള്ളവരായിരിക്കുവിൻ; വിശേഷിച്ചും വിശിഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭക്തിയോടെ നിൽക്കുവിൻ.

238: 'വിശിഷ്ടമായ നമസ്കാരം' ഏതാണെന്ന കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. 'അസ്ർ നമസ്കാരമാണെന്നാണ് പ്രബലമായ വീക്ഷണം.

239. എന്നാൽ നിങ്ങൾ (ശത്രുക്കളെ)ഭയപ്പെടുന്നുവെങ്കിൽ, അപ്പോൾ നടന്നുകൊണ്ടോ വാഹനത്തി ലിരുന്നുകൊണ്ടോ (നമസ്കരിച്ചു കൊള്ളുക); എന്നാൽ സമാധാനാവസ്ഥയിലാകുമ്പോൾ നിങ്ങൾക്ക് അറിവില്ലാതിരുന്നത് അവൻ നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതുപോലെ, അല്ലാഹു വിനെ സ്മരിക്കുക.

240. നിങ്ങളിൽ ഭാര്യമാരെ വിട്ടു മരിച്ചുപോകുന്നവർ തങ്ങളുടെ ഭാര്യമാർക്കുവേണ്ടി ഒരു വർഷത്തേക്കാവശ്യമായ ജീവിത വിഭവങ്ങൾ വസ്വിയ്യത്ത് ചെയ്യേണ്ടതാണ്. അവരെ വീട്ടിൽ നിന്ന് ഇറക്കിവിടാവതുമല്ല. അവർ(സ്വയം) ഇറങ്ങിപ്പോകുന്നുവെങ്കിൽ സ്വന്തം കാര്യത്തിൽ അവർ ന്യായമായി പ്രവർത്തിക്കുന്നതിലൊന്നും നിങ്ങൾക്ക് ഉത്തരവാദിത്തമില്ല. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു.

241. ഇതേപ്രകാരം വിവാഹമുക്തകൾക്കും ന്യായമായ നിലയിൽ ജീവിത വിഭവം നൽകേണ്ടതാ ണ്. ഭയഭക്തിയുള്ളവർക്ക് അതൊരു ബാധ്യതയത്രെ.

241: ഈ വചനത്തിന്റെ ആശയവും താൽപര്യവും വിവരിക്കുന്നതിൽ ഖുർആൻ വ്യാഖ്യാതാക്കൾ ഭിന്നമായ നിലപാടാണ് സ്വീകരിച്ചു കാണുന്നത്. ഇസ്ലാമിന്റെ ആദ്യകാലത്തുണ്ടായിരുന്ന ഒരു വിധിയാണിത്. പിന്നീട്, ഭർത്താവ് മരണപ്പെട്ടാൽ ഇദ്ദ ആചരിക്കേണ്ടനിയമവും(2:234), അനന്തരാവ കാശനിയമവും നിലവിൽ വന്നതോടു കൂടി ഈ വിധി ദുർബലപ്പെട്ടു എന്ന് ഒരു വിഭാഗം വ്യാഖ്യാ താക്കൾ അഭിപ്രായപ്പെടുന്നു.

ഭർത്താവിന്റെ മരണശേഷം സ്ത്രീ അയാളുടെ വീട്ടിൽ താമസിക്കുവാൻ ഇഷ്ടപ്പെടുന്ന പക്ഷം ഒരു കൊല്ലംവരെ അവൾക്ക് താമസവും ചെലവും നൽകുവാൻ വസ്വിയ്യത്ത് ചെയ്യാമെന്നാണ് മറ്റു ചില വ്യാഖ്യാതാക്കൾ ഈ വചനത്തെ വ്യാഖ്യാനിച്ചിരിക്കുന്നത്.

ഇന്ത്യൻ കോടതികൾ, മതാഇന്റെ പ്രശ്നത്തിൽ കോടതിയെ സമീപിക്കുന്ന വിവാഹമുക്തകൾക്ക്, 2:241-ാം സൂക്തം അനുശാസിക്കുന്ന മതാഅ്, ശരീഅത്തിന്റെ താൽപര്യമെന്ന നിലക്ക് ഭർത്താക്കന്മാരു ടെ സാമ്പത്തികനിലവാരമനുസരിച്ച് വലിയ സംഖ്യകൾ വിധിക്കുന്നുണ്ട്.

242. ഇപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ നിയമങ്ങൾ വിശദീകരിച്ചു തരുന്നു. നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി.

243. മരണഭയത്താൽ വീടുവിട്ടിറങ്ങിയ -അവർ അനേകായിരങ്ങളുണ്ടായിരുന്നു- ജനതയപറ്റി നീ ചിന്തിച്ചിട്ടില്ലയോ? അല്ലാഹു അവരോട് കൽപിച്ചു: നിങ്ങൾ മരിച്ചുകൊള്ളുക. പിന്നെ അല്ലാഹു അവരെ ജീവിപ്പിച്ചു. തീർച്ചയായും അല്ലാഹു മനുഷ്യരോട് ഏറെ ഔദാര്യമുള്ള വനാകുന്നു. എന്നാൽ മനുഷ്യരിൽ അധികപേരും നന്ദി കാണിക്കുന്നില്ല.

244. (വിശ്വാസികളേ,) നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുക. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണെന്ന് അറിഞ്ഞിരിക്കുവിൻ.

245. അല്ലാഹുവിന് ഉത്തമമായ കടം നൽകുന്നവരായി ആരുണ്ട്. അപ്പോൾ അത് അയാൾക്ക് അല്ലാഹു അനവധി മടങ്ങ് വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്. (ധനം) പിടിച്ചുവെക്കുന്നതും

വിട്ടുകൊടുക്കുന്നതും അല്ലാഹുവാണ്. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

245: അല്ലാഹുവിന്റെ മാർഗത്തിലുള്ള ധനവ്യയത്തെ അല്ലാഹുവിന് കടം കൊടുക്കുന്നതിനോട് ഉപമിച്ചിരിക്കുന്നു. വിഹിതമായ മാർഗങ്ങളിലൂടെ സമ്പാദിച്ചതും സന്മനസ്സോടെയും നിസ്വാർഥതയോടെയും നിഷ്കളങ്കതയോടെയും ദൈവമാർഗത്തിൽ ചെലവഴിക്കുന്ന ധനം അനേകമിരട്ടിയായി തിരിച്ചുനൽകുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു.

246. മൂസാക്കുശേഷം ഇസ്രാഈൽ വംശത്തിലെ പ്രമാണിമാരുടെ കാര്യം നീ അറിഞ്ഞിട്ടുണ്ടോ? അവർ തങ്ങളുടെ പ്രവാചകനോട് പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നതിന് ഞങ്ങൾക്ക് ഒരു രാജാവിനെ നിശ്ചയിച്ചുതരിക. അദ്ദേഹം ചോദിച്ചു: യുദ്ധത്തിന് കൽപന കിട്ടിയാൽ നിങ്ങൾ യുദ്ധം ചെയ്യാതിരിന്നേക്കുമോ? അവർ പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ ഞങ്ങൾ എങ്ങനെ യുദ്ധം ചെയ്യാതിരിക്കും? ഞങ്ങളുടെ വീടുകളിൽനിന്നും സന്താനങ്ങളിൽനിന്നും പുറംതള്ളപ്പെട്ടിരിക്കെ? എന്നാൽ അവർക്ക് യുദ്ധം കൽപിക്കപ്പെട്ടപ്പോൾ അവരിൽ തുഛം പേരൊഴിച്ച് (എല്ലാവരും)പിന്മാറിക്കളഞ്ഞു. അല്ലാഹു അക്രമികളെപ്പറ്റി (നന്നായി) അറിയുന്നവനാകുന്നു.

246: ക്രിസ്തുവിന് ഏതാണ്ട് ആയിരം വർഷങ്ങൾക്കു മുമ്പ് ഇസ്രാഈല്യരെ ഭരിച്ചിരുന്ന ശമുവേൽ നബിയുടെ കാലത്ത് നടന്ന സംഭവമാണിത്. മിദ്യാനികൾ, ഫെലിസ്ത്യർ, മോവബ്യർ മുതലായ വർഗങ്ങളും ഇസ്രാഈല്യരും തമ്മിൽ പല യുദ്ധങ്ങളും നടന്നിരുന്നു. ഫെലിസ്ത്യരുമായുണ്ടായ യുദ്ധത്തിൽ ഇസ്രാഈല്യർക്ക് അവരുടെ 'താബൂത്ത്' (പെട്ടകം) നഷ്ടപ്പെടുകയുണ്ടായി. ഇക്കാലത്ത് ഇസ്രാഈല്യരിൽ പ്രവാചകന്മാരുണ്ടായിരുന്നില്ല. പിന്നീടായിരുന്നു ശമുവേൽ പ്രവാചകന്റെ ആഗമനം. അദ്ദേഹം അവരുടെ പ്രവാചകനും ന്യായാധിപനും ആയിരുന്നു.ശമുവേൽ നബി വാർധക്യംപ്രാപിച്ചു. ഇസ്രാഈല്യരിൽനിന്ന് ശത്രുക്കൾ പിടിച്ചെടുത്ത പ്രദേശങ്ങൾ മോചിപ്പിക്കാനായി തങ്ങൾക്ക് ഒരു രാജാവിനെ നിശ്ചയിച്ചുതരണമെന്ന് ശമുവേൽ നബിയോട് ഇസ്രാഈലീ നേതാക്കൾ ആവശ്യപ്പെട്ടു.
ബൈബിൾ, ശമുവേൽ പുസ്തകം ഒന്നിൽ ഇതുസംബന്ധമായ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

247. അവരുടെ പ്രവാചകൻ അവരോട് പറഞ്ഞു:അല്ലാഹു താലൂത്തിനെനിങ്ങൾക്ക് രാജാവായി നിയോഗിച്ചിരിക്കുന്നു. അവർ പറഞ്ഞു: അയാൾക്കെങ്ങനെ ഞങ്ങളുടെ രാജാവാകാൻ കഴിയും? രാജാധികാരത്തിന് അവനെക്കാൾ യോഗ്യത ഞങ്ങൾക്കാണല്ലോ. അവൻ സമ്പദ് സമൃദ്ധി ലഭിച്ചവനുമല്ല.അദ്ദേഹം പറഞ്ഞു:അല്ലാഹു നിങ്ങൾക്കുമേൽ അദ്ദേഹത്തെ തെരഞ്ഞെടുത്തിരിക്കുന്നു. അവന് വൈജ്ഞാനികവും കായികവുമായ കഴിവ് വർധിപ്പിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു രാജത്വം അവനിച്ഛിക്കുന്നവർക്ക് നൽകുന്നു. അല്ലാഹു അതിവിശാലനും എല്ലാം അറിയുന്നവനുമാകുന്നു.

247: ഇസ്രാഈലിപ്രമാണിമാരുടെ അപേക്ഷപ്രകാരം അവർക്ക് 'താലൂത്ത്' എന്നൊരാളെ അല്ലാഹു രാജാവായി നിശ്ചയിച്ചുകൊടുത്തു. യഅ്ഖൂബ് നബിയുടെ സന്താനപരമ്പരയിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ലേവീ ഗോത്രത്തിൽ പ്രവാചകത്വവും യഹൂദാഗോത്രത്തിൽ ന്യായാധിപത്യവും പാരമ്പര്യമായി തുടർന്നുപോന്നിരുന്നു. അവരിലെ ഒരു ചെറുഗോത്രമായ ബിൻയാമീൻ ഗോത്രത്തിലെ ഒരാൾ രാജാവായി നിയമിക്കപ്പെട്ടതിൽ പ്രമാണിമാർ സന്തുഷ്ടരായിരുന്നില്ല. താലൂത്തിന്റെ പേര് ശൗൽ എന്നാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഖുർആൻ വ്യാഖ്യാതാക്കളും താലൂത്തിന്റെ യഥാർഥ നാമം 'ശൗൽ' ആണെന്ന് പ്രസ്താവിച്ചിരിക്കുന്നു. ശംവീൽനബി ഇസ്രാഈല്യരുടെ പൊതുസമ്മേളനം വിളിച്ചുകൂട്ടി താലൂത്തിനെ അല്ലാഹു രാജാവാക്കി നിയോഗിച്ച വിവരം വിളംബരം ചെയ്തു. ബൈബിളിൽ ഇതിന്റെ വിവരണം 1-ശമുവേൽ, 9,10 അധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

248. അവരുടെ പ്രവാചകൻ അവരോട്‌ പറഞ്ഞു: അദ്ദേഹത്തിൻെറ രാജാധികാരത്തിനുള്ള അടയാളം ആ (വിശുദ്ധ)പേടകം (അദ്ദേഹത്തിൻെറ കാലത്ത്‌)നിങ്ങളുടെ അടുത്ത്‌ വന്നുചേരും എന്നതാണ്‌. അതിൽ നിങ്ങളുടെ നാഥനിൽ നിന്നുള്ള സമാധാനവും, മൂസാകുടുംബവും ഹാറൂൻ കുടുംബവും വിട്ടേച്ചുപോയ വിശുദ്ധാവശിഷ്ടങ്ങളുമുണ്ട്‌. മലക്കുകൾ അത്‌ വഹിച്ചുകൊണ്ടുവരുന്നതാണ്‌. തീർച്ചയായും ഇതിൽ നിങ്ങൾക്ക്‌ ഒരു ദൃഷ്ടാന്തം തന്നെയുണ്ട്‌. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

---

248: താലൂത്തിനെ രാജാവാക്കി നിയമിച്ചതിൽ ഇസ്രാഈല്യർ അസംതൃപ്തരായിരുന്നതിനാൽ, അല്ലാഹു നിയമിച്ച ഒരു രാജാവ്‌ തന്നെയാണ്‌ അദ്ദേഹം എന്ന്‌ അവരെ ബോധ്യപ്പെടുത്തുന്നതിനുള്ള ഒരു അടയാളമായിരുന്നു അവർക്ക്‌ 'വിശുദ്ധപേടകം' തിരികെ ലഭിക്കുക എന്നത്‌. ഇസ്രാഈല്യരെ സംബന്ധിച്ചിടത്തോളം അവരുടെ അമൂല്യ സമ്പത്തായിരുന്ന ആ പേടകത്തിൽ, മൂസാ(അ)ക്ക്‌ അല്ലാഹു നൽകിയ ഫലകങ്ങളും, തൗറാത്തിൻെറ കോപ്പിയും, അല്ലാഹുവിൻെറ അത്ഭുതദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്ന മൂസാ(അ)യുടെ വടിയും മറ്റും അതിൽ ഉണ്ടായിരുന്നതായി കരുതപ്പെട്ടിരുന്നു.
ബൈബിളിൽ 1-ശമുവേൽ 4-8 അധ്യായങ്ങളിൽ ഇതിൻെറ വിശദാംശങ്ങളുണ്ട്‌. ശമുവേൽ പ്രവാചകൻെറ കാലത്ത്‌ ഇസ്രാഈല്യരും ഫിലിസ്ത്യരും തമ്മിൽ നടന്ന യുദ്ധത്തിൽ ഇസ്രാഈല്യർ പരാജയപ്പെടുകയും വിശുദ്ധപേടകം ഫിലിസ്ത്യർ കൊള്ളയടിച്ചുകൊണ്ടുപോവുകയും ചെയ്തു. ഫിലിസ്ത്യർ വിശുദ്ധ പേടകം ദാഗോൻ എന്ന വിഗ്രഹത്തിൻെറ ക്ഷേത്രത്തിൽ വെച്ചു. ദാഗോൻ അതുമൂലം മറിഞ്ഞുവീണുകൊണ്ടിരുന്നു.അവർ ആ പേടകം കൊണ്ടുചെന്ന നാടുകളിലെല്ലാം മാരകരോഗങ്ങളും നാശങ്ങളും സംഭവിച്ചുകൊണ്ടിരുന്നതായി ബൈബിൾ പറയുന്നു. ചില പുരോഹിതന്മാരുടെ ഉപദേശപ്രകാരം പേടകം ഇസ്രാഈല്യരുടെ നാട്ടിലേക്ക്‌ മടക്കി അയക്കുവാനും പ്രായശ്ചിത്തമായി സ്വർണംകൊണ്ടുള്ള വസ്തുക്കളുണ്ടാക്കി അതോടൊപ്പം അയക്കുവാനും അവർ തീരുമാനിച്ചു. ഒരു കാളവണ്ടിയിൽ പേടകം വെച്ചുകെട്ടി, തെളിക്കുവാൻ ആളില്ലാതെ അത്‌ ഇസ്രാഈല്യരുടെ നാടിനുനേരെ തിരിച്ചുവിട്ടു. കാളവണ്ടി സ്വയം ഇസ്രാഈല്യരിലെത്തുകയായിരുന്നു. നിയന്ത്രിക്കുവാൻ ആളില്ലാതെ കാളകൾ സ്വയം വണ്ടിയുമായി ഇസ്രാഈല്യരിലെത്തിച്ചേർന്നത്‌ അല്ലാഹു നിയോഗിച്ച മലക്കുകളുടെ ഇടപെടൽ മൂലമാണെന്നും 'മലക്കുകൾ വഹിച്ചുകൊണ്ടുവരും' എന്നു പറഞ്ഞതിൻെറ വിവക്ഷ അതായിരിക്കാമെന്നും ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. താലൂത്ത്‌ അല്ലാഹുവിനാൽ നിയുക്തനായ രാജാവ്‌തന്നെയാണെന്നതിൻെറ തെളിവായിരുന്നു അത്‌.

---

249. അങ്ങനെ സൈന്യവുമായി പുറപ്പെട്ടപ്പോൾ താലൂത്ത്‌ പറഞ്ഞു:ഒരു നദികൊണ്ട്‌ അല്ലാഹു തീർച്ചയായും നിങ്ങളെ പരീക്ഷിക്കുന്നതാണ്‌. അതിൽനിന്ന്‌ കുടിക്കുന്നവനാരോ അവൻ എന്നിൽപ്പെട്ടവനല്ല. അത്‌ രുചിച്ചുനോക്കാത്തവനാരോ തീർച്ചയായും അവൻ എന്നിൽപ്പെട്ടവനത്രെ. എന്നാൽ തൻെറ കൈകൊണ്ട്‌ ഒരു കോരൽ എടുത്തവൻ ഇതിൽനിന്നൊഴിവാണ്‌. പക്ഷേ, അവരിൽ തുച്ഛം പേരൊഴിച്ച്‌ എല്ലാവരും അതിൽനിന്ന്‌ കുടിച്ചു. അങ്ങനെ അദ്ദേഹവും കൂടെയുള്ള വിശ്വാസികളും ആ നദി കടന്നുകഴിഞ്ഞപ്പോൾ അവർ പറഞ്ഞു: ജാലൂത്തിനെയും അവൻെറ സൈന്യത്തെയും നേരിടാനുള്ള കഴിവ്‌ ഇന്ന്‌ ഞങ്ങൾക്കില്ല. എന്നാൽ തങ്ങൾ അല്ലാഹുവുമായി കണ്ടുമുട്ടേണ്ടവരാണ്‌ എന്ന്‌ കരുതുന്നവർ പറഞ്ഞു: അല്ലാഹുവിൻെറ അനുമതിയോടെ എത്രയെത്ര ചെറുസംഘങ്ങളാണ്‌ വലിയ സംഘങ്ങളെ കീഴ്പെടുത്തിയിട്ടുള്ളത്‌. അല്ലാഹു സഹനശീലരുടെ കൂടെയുണ്ട്‌.

---

249: തൻെറ പടയാളികളുടെ ആത്മനിയന്ത്രണവും ധാർമ്മിക ശക്തിയും അച്ചടക്കവും പരീക്ഷിക്കുകയും തന്നോടൊപ്പം ഉറച്ചുനിൽക്കുവാൻ എത്രപേരുണ്ടായിരിക്കുമെന്ന്‌ നേരത്തെ മനസ്സിലാക്കുവാനുമായി ഇങ്ങനെ ഒരു പരീക്ഷണം അല്ലാഹു നിശ്ചയിച്ചതായിരിക്കാം.

---

250. അങ്ങനെ ജാലൂത്തിനും സൈന്യത്തിനുമെതിരെ ഏറ്റുമുട്ടാനിറങ്ങിയപ്പോൾ അവർ പ്രാർഥിച്ചു: ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ ക്ഷമ ചൊരിഞ്ഞു തരേണമേ, ഞങ്ങളുടെ പാദങ്ങ

ളെ ഉറപ്പിച്ചുനിർത്തേണമേ, സത്യനിഷേധികളായ ജനത്തിനെതിരിൽ ഞങ്ങളെ നീ സഹായി ക്കുകയും ചെയ്യേണമേ!

251. ഒടുവിൽ അല്ലാഹുവിൻെറ അനുമതിയോടെ അവർ ശത്രുക്കളെ തോൽപിച്ചോടിച്ചു.ദാവൂദ് ജാലൂത്തിനെ കൊലപ്പെടുത്തി. അല്ലാഹു അദ്ദേഹത്തിന് രാജത്വവും തത്ത്വജ്ഞാനവും നൽ കുകയും അവനിഛിക്കുന്നത് പഠിപ്പിക്കുകയും ചെയ്തു. ഇപ്രകാരം മനുഷ്യരിൽ ഒരു വിഭാഗത്തെക്കൊണ്ട് മറ്റു വിഭാഗത്തെ പ്രതിരോധിച്ചില്ലായിരുന്നുവെങ്കിൽ ഭൂലോകം കുഴ പ്പത്തിലാകുമായിരുന്നു. പക്ഷേ, അല്ലാഹു ലോകരോട് ഏറെ അനുഗ്രഹമുടയവനത്രെ.

---

251: അല്ലാഹു അവരുടെ പ്രാർഥന സ്വീകരിക്കുകയും ദാവൂദ്(ഡേവിഡ്) മഹാമല്ലനായ ജാലൂത്തിനെ (ഗൊല്യാത്ത്) വധിക്കുകയും,ശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്തു. താലൂത്ത് രാജാവിനുശേഷം ദാവൂദ് ഇസ്രാഈല്യരുടെ ഭരണാധിപനായിത്തീരുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന് പ്രവാചകത്വ വും ലഭിക്കുകയുണ്ടായി. പക്ഷികളുടെ ഭാഷ മനസ്സിലാക്കൽ, പടയങ്കി നിർമ്മിക്കൽ മുതലായ ചില പ്രത്യേക അറിവുകൾ അദ്ദേഹത്തിനു പഠിപ്പിച്ചതായി ഖുർആൻ പ്രസ്താവിക്കുന്നുണ്ട്.

ബൈബിളിൽ ഇതിനെപ്പറ്റിയുള്ള വിശദീകരണങ്ങളുടെ ചുരുക്കം ഇപ്രകാരമാണ്. ദാവീദ് ബെത്ത്ലെ ഹെമിലെ യഹൂദാഗോത്രജനായ യിശ്ശായുടെ മകനായിരുന്നു. ദാവൂദ് സഹോദരന്മാരെ സന്ദർശിക്കാൻ സൈനികപാളയത്തിലെത്തിയപ്പോൾ ജാലൂത്ത് രണാങ്കണത്തിലിറങ്ങി വെല്ലുവിളിക്കുന്നതും ഇസ്രാഈ ല്യർ അയാളെ നേരിടാനാവാതെ ചകിതരായി നിൽക്കുന്നതും അദ്ദേഹം കണ്ടു. ജാലൂത്ത് ഇസ്രയേൽ നിരയോട് വിളിച്ചു പറഞ്ഞു: ഞാൻ ഫെലിസ്ത്യനും നിങ്ങൾ ശൗലിൻെറ ചേവകരുമാണല്ലോ. ഒരാൾ എൻെറ അടുക്കൽ വരട്ടെ. അവൻ അങ്കം വെട്ടി എന്നെ കൊല്ലുന്ന പക്ഷം ഞങ്ങൾ നിങ്ങൾക്ക് അടിമ കളാകാം. ഈ വാക്കുകേട്ട് ശൗലും കൂട്ടരും ഭയപ്പെട്ടു. ഗോല്യത്തിൻെറ വാക്കുകൾ കേട്ട്, അവനെ കൊല്ലുന്നവന്ന് രാജാവ് എന്തുകൊടുക്കുമെന്ന് ദാവീദ് അന്വേഷിച്ചു. രാജാവ് അവനെ സമ്പന്നനാ ക്കും, മകളെ അവനു കെട്ടിച്ചുകൊടുക്കും എന്നും മറ്റും ജനങ്ങൾ പറഞ്ഞു. വിവരം ശൗൽ (താലൂത്ത്) അറിഞ്ഞു: ദാവീദിനെ വരുത്തി ചോദ്യം ചെയ്തു. ഗോല്യത്തിനെ ദ്വന്ദയുദ്ധത്തിൽ തോൽപിക്കാൻ തനിക്ക് കഴിയുമെന്ന് ദാവീദ് അറിയിച്ചു. തൻെറ ആടുകളെ അക്രമിക്കാൻ വരുന്ന സിംഹങ്ങളെയും കരടികളെയും മല്ലയുദ്ധം നടത്തി താൻ കൊല്ലാറുണ്ടെന്നും സിംഹത്തിൻെറയും കരടിയുടെയും കൂർത്ത നഖങ്ങളിൽ നിന്ന് എന്നെ രക്ഷിച്ച കർത്താവ് തന്നെ ഈ ഫിലിസ്ത്യൻെറ കൈയിൽ നിന്നും എന്നെ രക്ഷിക്കും എന്നും ദാവീദ് പറഞ്ഞു. അങ്ങനെ, ശൗൽ (താലൂത്ത് രാജാവ്) ദാവീദിനു അങ്കിയും വാളും മറ്റും നൽകി. പക്ഷേ അതൊന്നും അണിഞ്ഞ് ശീലിച്ചിട്ടില്ലാത്ത ദാവീദ് അതെല്ലാം അഴിച്ചുമാറ്റി.തൻെറ വടിയും കവണയും കുറെ കല്ലുകളുമായി ഗോല്യത്തിൻെറ (ജാലൂത്ത്) അടുക്കൽ ചെന്നു.ഗോല്യത്ത് ദാവീദിനെ നിന്ദിച്ച് സംസാരിച്ചു.ദാവീദ് ഒരു കല്ലെടുത്ത് കവണയിൽ വെച്ച് ഗോല്യത്തിൻെറ നേരെ വിട്ടു. അതയാളുടെ നെറ്റിത്തടത്തിൽ തുളച്ചുകയറി. അയാൾ മുഖംകുത്തി വീണു. ഗോല്യത്തിൻെറ വാളുറയിൽനിന്ന് വാളൂരിയെടുത്ത് ദാവീദ് അയാളെ വധിച്ചു. ഇതുകണ്ട് ഫിലിസ്ത്യൻസൈന്യം വിരണ്ടോടി. ഇതോടെ ദാവീദ് ഇസ്രാഈലീ ചരിത്രത്തിലെ ഏറ്റവും വലിയ വീരപരാക്രമിയായി.

ശൗൽ(താലൂത്ത് രാജാവ്)ദാവീദിനു തൻെറ മകൾ മീകലോയെ വിവാഹംചെയ്തു കൊടുത്തു. എങ്കിലും ദാവീദ് തന്നെക്കാൾ പ്രശംസിക്കപ്പെട്ടത് ശൗലിന് ഇഷ്ടമായില്ലെന്ന് ബൈബിൾ പറയുന്നു. അവർക്കിടയിൽ പല സംഘട്ടനങ്ങളും നടന്നു. ശൗലിൻെറ(താലൂത്ത്)ശേഷം രാജത്വം തനിക്കാണെന്ന് ദാവീദിനോട് ശമുവേൽ പ്രവാചകൻ പറഞ്ഞിരുന്നു. ഫിലിസ്ത്യരുമായുണ്ടായ ഒരു യുദ്ധത്തിൽ ശൗൽ കൊല്ലപ്പെട്ടു. അതിനുമുമ്പായി ശമുവേൽ പ്രവാചകനും ചരമം പ്രാപിച്ചിരുന്നു. ഒടുവിൽ ഇസ്രാഈ ല്യർ മുഴുവനും ദാവീദിനെ രാജാവായി അംഗീകരിച്ചു.

രാജത്വത്തിൻെറയും പ്രവാചകത്വത്തിൻെറയും പദവി ഒന്നിച്ചലങ്കരിക്കുവാനുള്ള ഭാഗ്യം ലഭിച്ച ഒന്നാമത്തെ പ്രവാചകനാണ് ദാവൂദ്(അ) എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

---

252. അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളാണ് ഇവയൊക്കെ.യഥാവിധി നാം അവ നിനക്ക് ഓതിത്ത രുന്നു. തീർച്ചയായും നീ ദൈവദൂതന്മാരിൽ പെട്ടവൻ തന്നെയാകുന്നു.

252: പൂര്‍വ ചരിത്ര സംഭവങ്ങളെ അതിന്‍റെ യഥാര്‍ഥ രൂപത്തില്‍ യാതൊരു വളച്ചുകെട്ടുമില്ലാതെ അല്ലാഹു പ്രവാചകന് വെളിപ്പെടുത്തിക്കൊടുത്തിരിക്കുകയാണ്. മുഹമ്മദ് നബി(സ) അല്ലാഹുവിന്‍റെ പ്രവാചകനാണെന്ന് ഈ അവതരണങ്ങള്‍ സാക്ഷ്യം വഹിക്കുന്നു.

253. ആ ദൈവദൂതന്മാരില്‍ ചിലര്‍ക്ക് മറ്റുള്ളവരെക്കാള്‍ ശ്രേഷ്ഠമായ പദവിയരുളിയിട്ടുണ്ട്. അല്ലാഹു (നേരില്‍)സംസാരിച്ചവര്‍ അവരിലുണ്ട്. അവരില്‍ ചിലരെ പദവികളില്‍ അവന്‍ ഉയര്‍ത്തുകയും ചെയ്തു. മര്‍യമിന്‍റെ പുത്രന്‍ ഈസാക്ക് (യേശു)വ്യക്തമായ ദൃഷ്ടാന്തങ്ങള്‍ അവതരിപ്പിച്ചുകൊടുക്കുകയും പരിശുദ്ധാത്മാവിലൂടെ അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. അല്ലാഹു നിശ്ചയിച്ചിരുന്നുവെങ്കില്‍ അവരുടെ പിന്‍ഗാമികള്‍ വ്യക്തമായ തെളിവുകള്‍ വന്നുകിട്ടിയതിനുശേഷവും (പരസ്പരം) പൊരുതുമായിരുന്നില്ല. എന്നാല്‍ അവര്‍ ഭിന്നിച്ചു. അവരില്‍ വിശ്വസിച്ചവരുണ്ട്. സത്യനിഷേധികളും അവരിലുണ്ട്. അല്ലാഹു ഇഛിച്ചിരുന്നുവെങ്കില്‍ അവര്‍ ഒരിക്കലും പോരടിക്കുമായിരുന്നില്ല. എന്നാല്‍ അല്ലാഹു ഉദ്ദേശിക്കുന്നത് അവന്‍ പ്രവര്‍ത്തിക്കുന്നു.

253:എല്ലാ പ്രവാചകന്മാരുടെയും ആദര്‍ശവും ലക്ഷ്യവും ഒന്നായിരുന്നു. കഴിവിന്‍റെ പരമാവധി ഉപയോഗിച്ച് ജനങ്ങളെ സത്യം ബോധ്യപ്പെടുത്താന്‍ ശ്രമിക്കുക എന്നതായിരുന്നു അവരുടെ ഉത്തരവാദിത്വം. എന്നാല്‍ ശ്രേഷ്ഠതയിലും പദവികളിലും അവരില്‍ ചിലരെ ചിലരെക്കാള്‍ അല്ലാഹു ശ്രേഷ്ഠരാക്കിയിട്ടുണ്ട്. മൂസാ(അ)യോട് അല്ലാഹു നേരിട്ട് സംസാരിച്ചു എന്നത് അദ്ദേഹത്തിനു ലഭിച്ച ഒരനുഗ്രഹമായിരുന്നു.(4:164). അതുകൊണ്ട് അദ്ദേഹത്തെപ്പറ്റി കലീമുല്ലാഹി (അല്ലാഹു സംസാരിച്ച ആള്‍) എന്നു പറയുന്നുണ്ട്. ലോകജനതയിലേക്ക് ആകമാനമായി അയക്കപ്പെട്ട ദൈവദൂതനും അന്ത്യപ്രവാചകനും എന്ന ബഹുമതി മുഹമ്മദ് നബി(സ)ക്ക് മാത്രമുള്ളതാണ്. ഇബ്രാഹീം നബി(അ)യെ ഖലീലുല്ലാഹി (അല്ലാഹുവിന്‍റെ സുഹൃത്ത്) ആയി അല്ലാഹു സ്വീകരിച്ചിരിക്കുന്നു.(4:164). ഈസാ നബി(അ)ക്ക് ദിവ്യാത്ഭുതങ്ങള്‍ പ്രകടിപ്പിക്കാനുള്ള ഉതവിയും പരിശുദ്ധാത്മാവിനാലുള്ള (ജിബ്‌രീല്‍ എന്ന് മലക്ക്) സഹായങ്ങളും ലഭിച്ചിരുന്നു.

മിക്ക ജനവും പ്രവാചകന്മാരുടെ യാഥാര്‍ഥ്യം ഗ്രഹിക്കുകയോ അവരെ സ്വീകരിക്കേണ്ടവണ്ണം സ്വീകരിക്കുകയോ ചെയ്തില്ല. മറ്റു പ്രവാചകന്മാരെ നിഷേധിച്ചവര്‍ തങ്ങള്‍ അംഗീകരിച്ച പ്രവാചകന്മാര്‍ മാത്രമാണ് സത്യപ്രവാചകന്മാരെന്ന് വാദിച്ചുകൊണ്ട് പരസ്പരം പോരടിക്കുകയാണ് ചെയ്തത്.

പ്രവാചകന്മാര്‍ ജനങ്ങള്‍ക്ക് എത്തിച്ചുകൊടുത്ത സന്മാര്‍ഗത്തിലേക്ക് ബലാല്‍ക്കാരം പിടിച്ചുവലിക്കുക എന്നതല്ല അല്ലാഹുവിന്‍റെ രീതി. പ്രവാചകന്മാരുടെ ആഗമനത്തിനു ശേഷം നിലനില്‍ക്കുന്ന കുഴപ്പങ്ങളും ഭിന്നിപ്പുകളും ബലം പ്രയോഗിച്ച് തടയുകയോ മനുഷ്യവംശത്തെ ഒരു പ്രത്യേക മാര്‍ഗത്തിലൂടെ നിര്‍ബന്ധപൂര്‍വം നടത്തുകയോ ചെയ്യ എന്നത് അല്ലാഹുവിന്‍റെ ഉദ്ദേശ്യമേ അല്ല. അങ്ങനെ അവന്‍ ഉദ്ദേശിച്ചിരുന്നുവെങ്കില്‍ അതിനെതിരില്‍ ചലിക്കുവാന്‍ മനുഷ്യനു തീരെ സാധ്യമാകുമായിരുന്നില്ല. അവന്‍ ആ നിശ്ചയത്തെ ശ്വാസോഛ്വാസവും ഭക്ഷണവുംപോലെ മനുഷ്യന്‍റെ ജഢികസ്വഭാവമാക്കുമായിരുന്നു. അന്ധമായ അനുസരണവും വിധേയത്വവുമല്ല അല്ലാഹു മനുഷ്യരില്‍നിന്ന് പ്രതീക്ഷിക്കുന്നത്; പ്രത്യുത ബോധപൂര്‍വം തെരഞ്ഞെടുത്തു സ്വീകരിക്കുന്ന അനുസരണവും വിധേയത്വവുമാണ്. അല്ലാഹു മനുഷ്യന് കണ്ണും കാതും നന്മതിന്മകള്‍ വേര്‍തിരിക്കാനുള്ള വിവേചനബുദ്ധിയും ഇഛാശക്തിയും സ്വാതന്ത്ര്യവും നല്‍കിയിരിക്കുന്നു. ഈ മാനുഷികയോഗ്യതകള്‍ ഉപയോഗിക്കേണ്ടത് മനുഷ്യന്‍റെ കടമയാണ്. സത്യവിശ്വാസം സ്വമനസ്സാലെ അംഗീകരിക്കുന്നവന്‍ വിജയം വരിക്കുന്നതും അതില്‍നിന്ന് മുഖം തിരിക്കുന്നവന്‍ നഷ്ടത്തിലകപ്പെടുന്നതുമാണ്.

254. അല്ലയോ വിശ്വാസികളേ, കൊള്ളക്കൊടുക്കകളോ മൈത്രീബന്ധമോ ശിപാര്‍ശയോ നടക്കാത്ത ഒരു ദിവസം വന്നെത്തുന്നതിനുമുമ്പായി നാം നിങ്ങള്‍ക്ക് നല്‍കിയിട്ടുള്ള വിഭവങ്ങളില്‍ നിന്ന് ചെലവഴിക്കുവിന്‍. സത്യനിഷേധികള്‍ തന്നെയാണ് അതിക്രമികള്‍.

255. അല്ലാഹു- അവനല്ലാതെ ദൈവമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാറ്റിനെയും പരിപാലിക്കുന്നവൻ. അവനെ മയക്കമോ ഉറക്കമോ ബാധിക്കുന്നില്ല. ആകാശഭൂമികളിലുള്ളതെല്ലാം അവൻേറതാകുന്നു.അവൻെറ സന്നിധിയിൽ അനുവാദമില്ലാതെ ശിപാർശ ചെയ്യാൻ കഴിയുന്നവനാര്? അവരുടെ മുന്നിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ ജ്ഞാനത്തിൽനിന്ന് അവനിച്ഛിക്കുന്നതല്ലാതെ അവർക്കൊന്നും അറിയാൻ സാധ്യമല്ല. അവൻെറ ആധിപത്യം വാനലോകങ്ങളെയും ഭൂമിയെയും വലയം ചെയ്തു നിൽക്കുന്നു. അവയുടെ പരിപാലനം അവനെ ഒട്ടും ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുമത്രെ.

---

255: അല്ലാഹുവിൻെറ അത്യുൽകൃഷ്ടങ്ങളായ മഹൽഗുണങ്ങളെക്കുറിച്ച് വർണിക്കുന്ന ഈ വാക്യം 'ആയത്തുൽ കുർസിയ്യ്' എന്നപേരിൽ അറിയപ്പെടുന്നു. ഭരണത്തിനും ആധിപത്യത്തിനും 'കുർസിയ്യ്' എന്ന പദം ആലങ്കാരികമായി ഉപയോഗിക്കാറുണ്ട്. ഇത് വിശുദ്ധ ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ വാക്യമാണെന്ന് ചില നബിവചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതിലെ ആശയവും ഉള്ളടക്കവും ഗ്രഹിച്ചുകൊണ്ട് രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഈ സൂക്തം ഓതുന്നപക്ഷം നേരം പുലരുന്നതുവരെ പിശാചിൻെറ ഉപദ്രവം ബാധിക്കുകയില്ലെന്ന് ബുഖാരിയും(റ) മറ്റും ഉദ്ധരിച്ച നബിവചനങ്ങളിൽ വന്നിട്ടുണ്ട്. നമസ്കാരത്തിനുശേഷം ഈ സൂക്തം ഓതുവാൻ പ്രോത്സാഹിക്കപ്പെട്ടിരിക്കുന്നതായും ചില നബിവചനങ്ങളിൽ കാണാം.

'സത്യദൈവം' അല്ലെങ്കിൽ 'സാക്ഷാൽ ദൈവം', എല്ലാനിലക്കും ഏകനായ 'അല്ലാഹു' മാത്രമാണ്. അവന്ന് സഹദൈവങ്ങളോ ഉപദൈവങ്ങളോ ഇല്ല.പ്രപഞ്ചമാകുന്ന തൻെറ സാമ്രാജ്യത്തിൽ എല്ലാ അധികാരങ്ങളും അവനു മാത്രമാണ്. അവനെ വിട്ടുകൊണ്ടോ, അവൻെറ ഗുണങ്ങളിലോ അധികാരാവകാശങ്ങളിലോ പങ്ക് ചേർത്തുകൊണ്ടോ ആരെയെങ്കിലും ദൈവമായി വല്ലവരും അംഗീകരിക്കുന്നുണ്ടെങ്കിൽ അതെല്ലാം കേവലം വ്യജദൈവങ്ങളാണ്.

സ്വയം നിലനിൽക്കുന്നവനും മറ്റെല്ലാറ്റിനെയും നിലനിർത്തുന്നവനുമായ അസ്തിത്വം അല്ലാഹു മാത്രമെയുള്ളു. ഈ അണ്ഡകടാഹത്തെ പരിപാലിക്കുന്ന ശക്തി ഒന്നേയുള്ളു. അത് അല്ലാഹു മാത്രമാണ്. ഈ പ്രപഞ്ചത്തിലെ ഏറ്റവും ചെറിയ ഒരംശത്തിൽപോലും ദൈവേതരന്മാരുടെ സ്വതന്ത്രമായ കൈകടത്തലുണ്ടായാൽ പ്രാപഞ്ചികവ്യവസ്ഥ അപ്പടി താറുമാറായിപ്പോകുന്നതാണ്.

മയക്കമോ ഉറക്കമോ ആലസ്യമോ അശ്രദ്ധയോ ബാധിക്കാത്തവനും,എല്ലാം കണ്ടും കേട്ടും അറിഞ്ഞും കൊണ്ട് സദാ ഉണർന്നിരിക്കുന്നവനാണ് അല്ലാഹു.'ദൈവം ആറുനാളുകളിൽ ആകാശഭൂമികൾ സൃഷ്ടിച്ചു, ഏഴാം ദിവസം വിശ്രമിച്ചു' എന്ന ബൈബിൾ വാക്യത്തിൻെറ ഖണ്ഡനമാണിത്. ദൈവത്തെ മാനുഷികപരിമിതികളിൽ സങ്കൽപിച്ചതിൽനിന്നുണ്ടായതാണിത്. ആകാരത്തിലോ കഴിവുകളിലോ യാതൊരുവിധ സാദൃശ്യവുമില്ലാത്തവനാണ് അല്ലാഹു.

ആകാശഭുമികളിലുള്ളതൊക്കെയും അവൻെറ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണ് അവന്നുപുറമെ ഈ പ്രപഞ്ചത്തിൽ നിങ്ങൾ വിഭാവനം ചെയ്യുന്ന ഓരോ വസ്തുവും അവൻെറ സൃഷ്ടിയും അടിമയുമാണ്.

അല്ലാഹുവിൻെറ ഭരണത്തിൽ യാതൊരു പങ്കുകാരുമില്ല. ശിപാർശകൾ വഴി അവൻെറ തീരുമാനത്തിൽ മാറ്റം വരുത്താൻ മാത്രം സ്വാധീന ശക്തി ആർക്കുമില്ല. ചില സൃഷ്ടികളെ ജനം അല്ലാഹുവിങ്കൽ തങ്ങളുടെ ശിപാർശകരായി കരുതുകയും ശിപാർശ ലഭിക്കുന്നതിനുവേണ്ടി അവരെ പ്രീതിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. അടിസ്ഥാനപരമായ ഒരബദ്ധമാണിത്. അല്ലാഹുവിൽ പങ്കുചേർക്കുന്നതിലേക്കു നയിക്കുന്ന അത്തരം സങ്കൽപങ്ങളെ നിഷേധിക്കുകയാണ് ഖുർആൻ.

എന്നാൽ അല്ലാഹുവിൻെറ അനുമതിയോടെ ശിപാർശയുണ്ടാവാം. അവൻെറ ഇഷ്ടദാസന്മാരിൽനിന്ന് അവൻ അനുവദിച്ചവർക്ക് അവൻ തൃപ്തിപ്പെടുന്ന മറ്റു ചിലർക്കുവേണ്ടി അവൻെറ അടുക്കൽ ശിപാർശ ചെയ്യാൻ അനുവാദം നൽകുന്നതാണ്.(20:109). പരലോകത്ത് വെച്ച് നബി(സ) തിരുമേനി മേൽപറഞ്ഞ ഉപാധികളോടെ ശിപാർശ നടത്തുമെന്ന് ബുഖാരി, മുസ്ലിം(റ) തുടങ്ങിയ മഹാന്മാർ രേഖപ്പെടുത്തിയ തിരുവചനങ്ങളിലുണ്ട്.

---

256. മതകാര്യത്തിൽ യാതൊരുവിധ ബലപ്രയോഗവുമില്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് വേർതിരിഞ്ഞ് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. ഏതൊരാൾ ത്വാഗൂത്തിനെ (ദുശ്ശക്തികളെ) നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലിഷ്ഠമായ ഒരു കയറിലാകുന്നു. അത് ഒരിക്കലും അറ്റുപോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

256: സന്മാർഗവും ദുർമാർഗവും (ഇസ്‌ലാമാകുന്ന സമ്പൂർണ ജീവിത വ്യവസ്ഥ) വ്യക്തമായി തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. പൂർവപ്രവാചകന്മാരുടെ അധ്യാപനങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടിരുന്ന അസത്യങ്ങളെല്ലാം മുഹമ്മദീയ പ്രവാചകത്വത്തോടെ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. സത്യാന്വേഷകർക്ക് അനായാസം സത്യവും അസത്യവും തെളിഞ്ഞുകിട്ടുന്നതിന് ലോകാവസാനം വരെ അതിന്റെ സംശുദ്ധരൂപം നിലനിൽക്കാൻ ആവശ്യമായ സംവിധാനവും ആല്ലാഹു ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ വിശ്വസിക്കാനായി ജനങ്ങളെ ബലപ്രയോഗം വഴി നിർബന്ധിക്കുകയെന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യമല്ല. യാഥാർഥ്യം വ്യക്തമായി വിശദീകരിച്ചുകൊടുക്കുകയേ പ്രബോധകൻ ചെയ്യേണ്ടതുള്ളു. പ്രലോഭനങ്ങളോ പ്രീണനങ്ങളോ ബലപ്രയോഗമോ ചെയ്യേണ്ടതില്ല. സത്യം സ്വീകരിക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നവർ അത് സ്വീകരിച്ചുകൊള്ളും.

അല്ലാഹുവിനോടുള്ള അടിമത്തത്തിന്റെയും വിധേയത്വത്തിന്റെയും പരിധി ലംഘിക്കുകയോ ലംഘിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന എല്ലാ ശക്തികളും 'ത്വാഗൂത്തിന്റെ' (ദുശ്ശക്തികളുടെ)വിവക്ഷയിൽ പെടുന്നു. അല്ലാഹുവിലുള്ള വിശ്വാസം യാഥാർഥ്യമാകണമെങ്കിൽ അല്ലാഹുവല്ലാത്ത എല്ലാ ദൈവങ്ങളുടെയും അസ്തിത്വം നിഷേധിക്കേണ്ടതുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ്'' (അല്ലാഹുവല്ലാതെ ആരാധ്യനില്ല). എല്ലാ ദൈവേതര ശക്തികളെയും നിഷേധിച്ച ശേഷമാണ് അല്ലാഹുവിലുള്ള വിശ്വാസം അനുശാസിക്കുന്നത്.

എല്ലാം അറിയുന്നവനും കേൾക്കുന്നവനുമായ അല്ലാഹുവിന്റെ പാശത്തെ മുറുകെപ്പിടിക്കുന്നവൻ ഒരിക്കലും പൊട്ടിപ്പോകാത്ത പിടിവള്ളിയിലാണ് പിടികൂടിയിരിക്കുന്നത്. ശാശ്വതമായ പാരത്രിക സ്വർഗീയജീവിതത്തിലേക്ക് അതവനെ എത്തിക്കുന്നതാണ്. ഇതല്ലാത്ത ഏതുകയറും മരണത്തോടെ പൊട്ടിപ്പോകുന്നതാണ്. അതവനെ തീരാനഷ്ടത്തിലാക്കുന്നതുമാണ്.

257. അല്ലാഹു വിശ്വസിച്ചവരുടെ രക്ഷാധികാരിയാണ്.അവൻ അവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക്നയിക്കുന്നു.എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ത്വാഗൂത്തു (ദൈവേതര ശക്തി)കളാകുന്നു. അവർ അവരെ പ്രകാശത്തിൽ നിന്ന് അന്ധകാരങ്ങളിലേക്ക് നയിക്കുന്നു. അവരത്രെ നരകാവകാശികൾ. അവർ അവിടെ സ്ഥിരവാസികളായിരിക്കും.

257:അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരിയും സഹായിയുമായിരിക്കും.അവൻ അവരെ അജ്ഞതയിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും രക്ഷപ്പെടുത്തി സന്മാർഗത്തിന്റെ ശരിയായ പാന്ഥാവിലൂടെ നയിക്കുന്നതാണ്.അല്ലാഹുവിൽ അവിശ്വസിക്കുന്നവരുടെ രക്ഷാധികാരികൾ ദൈവേതര ദുശ്ശക്തികളായിരിക്കും. അവർ അവരെ ഭൗതികത്വത്തിന്റെയും ബഹുദൈവത്വത്തിന്റെയും നാസ്തികത്വത്തിന്റെയും വികാരേച്ഛകളുടെയും അന്ധകാരങ്ങളിലേക്ക് നയിക്കുന്നു. അവസാനം അതവരെ ഒരു കാലത്തും രക്ഷകിട്ടാത്തവിധം ശാശ്വത നരകശിക്ഷയിലേക്ക് നയിക്കുകയും ചെയ്യും.

258. തന്റെ രക്ഷിതാവിന്റെ കാര്യത്തിൽ ഇബ്റാഹീമിനോട് തർക്കിച്ചവനെക്കുറിച്ച് നീ ആലോചിച്ചിട്ടില്ലേ? അല്ലാഹു അവന്ന് രാജാധികാരം നൽകിയതാണ്(അതിനു നിമിത്തമായത്). ഇബ്റാഹീം പറഞ്ഞു: ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ് എന്റെ രക്ഷിതാവ്.അയാൾ പറഞ്ഞു: ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. ഇബ്റാഹീം പറഞ്ഞു: അല്ലാഹു സൂര്യനെ കിഴക്കുനിന്നുദിപ്പിക്കുന്നു. നീ അതിനെ പടിഞ്ഞാറുനിന്ന് ഉദിപ്പിക്കുക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരംമുട്ടി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

258: ഇബ്റാഹീം നബി(അ) സംവാദം നടത്തിയ വ്യക്തി, ഇറാഖിലെ ഒരു പുരാതന നഗരമായിരുന്ന ഊർ പട്ടണം ഭരിച്ചിരുന്ന നംറൂദ് രാജാവാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. അയാൾ അല്ലാഹുവിൻെറ അസ്തിത്വത്തെ നിഷേധിച്ചിരുന്നില്ല. എന്നാൽ ഇറാഖിൻെറയും അതിലെ നിവാസികളുടെയും സർവാധിപതി താനാണെന്നും, താൻ ഉത്തരം ബോധിപ്പിക്കേണ്ട യാതൊരാധിപത്യവും തനിക്കുമീതെയില്ലെന്നുമായിരുന്നു അയാളുടെ വാദം.

പട്ടണത്തിലെ മുഖ്യദേവാലയത്തിലെ വിഗ്രഹങ്ങളെ വെട്ടിവീഴ്ത്തിയതിനെത്തുടർന്ന് ഇബ്റാഹീം നബി(അ)യെ രാജാവിൻെറ മുന്നിൽ ഹാജരാക്കിയിരുന്നു. (അധ്യായം നാലിൽ ഇതിനെക്കുറിച്ചുള്ള സൂചനകളുണ്ട്.) ജീവികൾക്ക് ജീവിതവും മരണവും നൽകുന്ന സാക്ഷാൽ കർത്താവ് ഏതൊരുവനാണോ അവനാണ് തൻെറ രക്ഷിതാവ് എന്ന് ഇബ്റാഹീംനബി(അ) പറഞ്ഞപ്പോൾ ആ രക്ഷിതാവിനെ അംഗീകരിക്കാൻ നംറൂദ് കൂട്ടാക്കിയില്ല. അത് അംഗീകരിക്കുകയാണെങ്കിൽ തൻെറ അധികാരത്തിൻെറയും ഔന്നത്യത്തിൻെറയും വൻ കോട്ടകളെല്ലാം തകർന്ന് പോകുമെന്ന് അവനറിയാമായിരുന്നു.അതിനാൽ ജീവിതത്തിനും മരണത്തിനും പുതിയൊരു വ്യാഖ്യാനം നൽകിക്കൊണ്ട് യാഥാർഥ്യത്തെ മറികടക്കുവാനാണ് അയാൾ ശ്രമിച്ചത്. അതായത് കൊല്ലാനും കൊല്ലാതിരിക്കാനുമുള്ള സ്വാതന്ത്ര്യത്തിനെക്കുറിച്ചാണ് നംറൂദ് പറഞ്ഞത്.

എന്നാൽ സൂര്യനെക്കുറിച്ചുള്ള രണ്ടാമത്തെ വെല്ലുവിളികേട്ടപ്പോൾ അയാൾ അമ്പരന്നു. അയാൾക്ക് ഉത്തരംമുട്ടി. സൂര്യദേവൻെറ ആരാധകനായിരുന്ന നംറൂദ്, താൻ സൂര്യദേവൻെറ അവതാരമോ പ്രതിപുരുഷനോ ആണെന്നു വാദിച്ചിരുന്നു. ഈ വെല്ലുവിളിക്കു മുമ്പിൽ അയാൾ ഉത്തരം മുട്ടുക എന്നാൽ തനിക്ക് സൂര്യഗതിയെ സ്വാധീനിക്കാൻ കഴിവില്ല എന്നാണർഥം. സൂര്യദേവൻെറ അവതാരമാണെന്ന തൻെറ അവകാശവാദങ്ങൾ തനി വ്യാജമാണെന്ന് തെളിയുകയും ചെയ്തു. ആ സങ്കൽപങ്ങളിൽ ഒരു യാഥാർഥ്യവുമില്ലെന്നും തെളിഞ്ഞു.

ഇബ്റാഹീം നബി(അ)യുടെ ന്യായവാദങ്ങളും തെളിവുകളും രാജാവിൻെറയോ പ്രജകളുടെയോ കണ്ണു തുറപ്പിച്ചില്ല. ദൈവനിന്ദകനെന്ന കുറ്റമാരോപിച്ച് അദ്ദേഹത്തെ അവർ അഗ്നികുണ്ഡത്തിലിട്ടു ചുട്ടു കൊല്ലാൻ ശ്രമിച്ചു. അല്ലാഹുവിൻെറ പ്രത്യേക അനുഗ്രഹത്താൽ അദ്ദേഹം തീക്കുണ്ഡത്തിൽ നിന്നും പുറത്തുവന്നു. ജീവിതവും മരണവും അല്ലാഹുവിൻെറ ഹസ്തത്തിൽ മാത്രമാണെന്നും നംറൂദിന് അതിൽ യാതൊരു പങ്കുമില്ലെന്ന് തെളിയുകയും ചെയ്തു.

259. അല്ലെങ്കിൽ മറ്റൊരു ഉദാഹരണം: മേൽപ്പുരകളോടെ തകർന്നു കിടന്ന ഒരു ഗ്രാമത്തിലൂടെ കടന്നുപോകാനിടയായ ഒരാൾ. അദ്ദേഹം പറഞ്ഞു: നിർജീവമായിക്കഴിഞ്ഞശേഷം ഇതിനെ എങ്ങനെയായിരിക്കും അല്ലാഹു ജീവിപ്പിക്കുന്നത്? അപ്പോൾ അല്ലാഹു അദ്ദേഹത്തെ നൂറു കൊല്ലം ജീവനറ്റ നിലയിലാക്കി. പിന്നീട് അയാളെ ഉയിർത്തെഴുന്നേൽപിച്ചു. അവൻ ചോദിച്ചു:നീ എത്രകാലം ഇങ്ങനെ(നിർജീവാവസ്ഥയിൽ) കഴിച്ചുകൂട്ടി? അദ്ദേഹം പറഞ്ഞു: ഒരു ദിവസം അല്ലെങ്കിൽ ഒരു ദിവസത്തിൻെറ ഏതാനും ഭാഗം. അവൻ പറഞ്ഞു: അല്ല, നീ നൂറുകൊല്ലം ഇങ്ങനെ കഴിച്ചുകൂട്ടിയിരിക്കുന്നു. നീ നിൻെറ ആഹാരപാനീയങ്ങൾ നോക്കുക. അവയൊട്ടും വ്യത്യാസപ്പെട്ടിട്ടില്ല. എന്നാൽ നീ നിൻെറ കഴുതയെ ഒന്നു നോക്കുക. (അതിൻെറ അസ്ഥികൂടംപോലും ദ്രവിച്ചിരിക്കുന്നു.) നിന്നെ മനുഷ്യർക്കൊരു ദൃഷ്ടാന്തമാക്കുന്നതിനുവേണ്ടിയാകുന്നു നാമിത് ചെയ്തത്.ആ അസ്ഥികളിലേക്ക് നോക്കൂ. നാം അവയെ എങ്ങനെ പുനഃസംഘടിപ്പിക്കുകയും എന്നിട്ട് എങ്ങനെ മാംസംകൊണ്ട് പൊതിയുന്നുവെന്നും. കാര്യം വ്യക്തമായപ്പോൾ അദ്ദേഹം പറഞ്ഞു:എല്ലാറ്റിനും കഴിവുള്ളവനാണ് അല്ലാഹു എന്ന് ഞാൻ അറിയുന്നു.

259: ഈ സൂക്തത്തിൽ സൂചിപ്പിക്കപ്പെട്ട വ്യക്തി ആരായിരുന്നുവെന്നും സ്ഥലം ഏതായിരുന്നുവെന്നും ഖുർആൻ വ്യക്തമാക്കിയിട്ടില്ല. ഹെസക്കിയേൽ പ്രവാചകനോ ഉസൈർ (എസ്രാ) പ്രവാചകനോ ആയിരിക്കാമെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. മേൽപുരകളോടെ തകർന്നു കിടക്കുന്ന ഒരു പട്ടണത്തിലൂടെ കടന്നു പോകുമ്പോൾ അദ്ദേഹം അത്ഭുതം കൂറുകയായിരുന്നു: ഇതുപോലെ തകർന്നു

കഴിഞ്ഞ ഒരു പട്ടണത്തെ അല്ലാഹു എങ്ങനെ പുനരുജ്ജീവിപ്പിക്കും. അല്ലാഹു അയാളെ തൽക്ഷണം മരിപ്പിക്കുകയും നൂറുവർഷത്തിനുശേഷം ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്തു. കഴുതയുടെ ജീർണിച്ചുപോയ അസ്ഥികൾ പുനർഘടിപ്പിച്ച് അതിൽ മാംസവും തോലും ചർമവും പൊതിഞ്ഞ് ജീവിപ്പിച്ചുകൊണ്ട് പുനരുജ്ജീവന പ്രക്രിയ അയാൾക്ക് നേരിൽ കാണിച്ചുകൊടുക്കുകയും ചെയ്തു. അതയാളെ സത്യവിശ്വാസത്തിലേക്ക് നയിച്ചു. അദ്ദേഹത്തിന്റെ സമകാലികരിൽ അദ്ദേഹം മരണാനന്തര ജീവിതത്തിന്റെ ഒരു സജീവ ദൃഷ്ടാന്തമായിത്തീരുകയും ചെയ്തു.

260. ഇബ്റാഹീം പറഞ്ഞ സന്ദർഭം(ഓർക്കുക): എന്റെ രക്ഷിതാവേ, മരിച്ചവരെ നീ ജീവിപ്പിക്കുന്നത് എങ്ങനെയെന്ന് എനിക്ക് കാണിച്ചുതന്നാലും.(അല്ലാഹു)പറഞ്ഞു: അപ്പോൾ നീ വിശ്വസിച്ചിട്ടില്ലേ? അദ്ദേഹം പറഞ്ഞു:അതേ,എന്നാലും എന്റെ ഹൃദയം സമാധാനം കൊള്ളുന്നതിനുവേണ്ടി. അല്ലാഹു പറഞ്ഞു: എങ്കിൽ നീ നാലു പക്ഷികളെ പിടിച്ച് അവയെ നിന്നോട് ഇണക്കുക. പിന്നെ അവയുടെ ഓരോ അംശം ഓരോ മലയിൽ വെക്കുക. പിന്നീട് അവയെ നീ വിളിക്കുക. അവ നിന്റെ അടുക്കൽ ഓടിയെത്തുന്നതായിരിക്കും. അല്ലാഹു പ്രതാപവാനും യുക്തിമാനുമാണെന്ന് അറിഞ്ഞിരിക്കുക.

260: ഈ വചനത്തെ ഖുർആൻ വ്യാഖ്യാതാക്കൾ പലതരത്തിൽ വ്യഖ്യാനിച്ചിട്ടുണ്ട്. 'അവയെ ഇണക്കുക' എന്നതിന് അവയെ മുറിക്കുക, നുറുക്കുക എന്നിങ്ങനെയും അർഥം കൊടുത്തുകാണുന്നു. അധിക പണ്ഡിതന്മാരും ഈ അർഥമാണ് സ്വീകരിച്ചിട്ടുള്ളത്. മരിച്ചവരുടെ പുനരുജ്ജീവന പ്രക്രിയ അല്ലാഹു ഇബ്റാഹീം നബി(അ)ക്ക് കാണിച്ചുകൊടുത്തു എന്നാണ് സന്ദർഭത്തിന്റെ താൽപര്യമെന്ന് ഈ സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് പണ്ഡിതന്മാർ പറയുന്നു.
ഞങ്ങൾ നിങ്ങളോട് പറയുന്നത് കേവലം സങ്കൽപങ്ങളല്ല, ഊഹങ്ങളും അനുമാനങ്ങളുമല്ല, പ്രത്യുത യഥാർത്ഥ ജ്ഞാനമാണ്, ഞങ്ങൾ കണ്ണുകൊണ്ട് നേരിൽ കണ്ട യാഥാർഥ്യങ്ങളാണ് എന്നിങ്ങനെ ലോകത്തോട് പ്രവാചകന്മാർക്ക് ശക്തിയുക്തം പ്രബോധനം ചെയ്യേണ്ടതുണ്ടായിരുന്നു.പ്രവാചകന്മാർക്ക് അവരുടെ പ്രബോധനദൗത്യം വ്യക്തമായ ദൃഷ്ടാന്തങ്ങളിലൂടെയും അനുഭവസാക്ഷ്യങ്ങളിലൂടെയും നിർവഹിക്കുവാൻ കഴിയത്തക്കവണ്ണം ചില വെളിപാടുകൾ അല്ലാഹു അവർക്ക് നൽകിയിരുന്നു. ഇബ്റാഹീം നബി(അ)യെ അഗ്നികുണ്ഡത്തിൽനിന്ന് അല്ലാഹു രക്ഷിച്ചത് ഒരനുഭവസാക്ഷ്യമായിരുന്നു. 'അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ'(6:75). ഉയിർത്തെഴുന്നേൽപിന്റെ രഹസ്യവും ഇതിന്റെ ഒരു ഭാഗം തന്നെ.

261. അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടെ ഉപമപോലെയാകുന്നു. അത് ഏഴു കതിരുകൾ വിളയിച്ചു. ഓരോ കതിരിലും നൂറുമണികൾ! അല്ലാഹു അവൻ ഇച്ഛിക്കുന്നവർക്ക് ഈ വിധം പെരുക്കിക്കൊടുക്കുന്നു. അല്ലാഹു ഏറെ വിശാലതയുള്ളവനും സർവജ്ഞനുമാണ്.

261: അല്ലാഹുവിന്റെ നിയമനിർദ്ദേശമനുസരിച്ച്, അവന്റെ പ്രീതി മാത്രം ഉദ്ദേശിച്ച് അവൻ തൃപ്തിപ്പെടുന്ന ഏത് നല്ല കാര്യത്തിനും ധനം വ്യയം ചെയ്യുന്നത് 'അല്ലാഹുവിന്റെ മാർഗത്തിൽ' ഉൾപ്പെടുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ വ്യയം ചെയ്യുന്നതിനെ വയലിൽ വിതക്കുന്ന വിത്തുപോലെ വേണം കരുതാൻ. ഒരൊറ്റവിത്തിൽനിന്ന് എഴുനൂറു മേനി വിളയിപ്പിക്കാൻ കഴിവുള്ള അല്ലാഹുവിന് ഒരു നന്മ ചെയ്തതിന്റെ പ്രതിഫലം പരലോകത്ത് എഴുനൂറു ഇരട്ടിയാക്കി മടക്കിത്തരിക എന്നത് പ്രയാസമുള്ള കാര്യമല്ല. നന്മകൾക്ക് ചുരുങ്ങിയത് പത്തിരട്ടി പ്രതിഫലം ലഭിക്കുമെന്നും തിന്മകൾക്ക് അതിനു തുല്യമായ പ്രതിഫലം മാത്രമേ നൽകപ്പെടുകയുള്ളുവെന്നും 6:160-ൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രതിഫലത്തിന്റെ വർദ്ധനവ്, ചെലവഴിക്കുന്നതിൽ അയാളുടെ ആത്മാർഥതയെയും നിഷ്ക്കളങ്കതയെയും ആശ്രയിച്ചിരിക്കുന്നു.
പ്രതിഫലം നൽകുന്നതിൽ അവൻ വളരെ വിശാലതയുള്ളവനാണ്. പിശുക്കോ, മടിയോ, വിഷമമോ ഇല്ലാതെ ഓരോരുത്തരുടെയും കർമ്മങ്ങൾ എത്രമാത്രം വളർച്ചക്കും പ്രതിഫലത്തിനും അർഹമാണോ

അത്രയും ഇരട്ടിയിരട്ടിയായി തിരിച്ചു നല്‍കുന്നതാണ്‌.ദൈവിക മാര്‍ഗത്തിലുള്ള ധനവ്യയത്തെ അല്ലാഹുവിന്‌ കടംകൊടുക്കുന്നതിനോടാണ്‌ 245-ാം സൂക്തത്തില്‍ വര്‍ണിച്ചിരിക്കുന്നത്‌. കടം കൊടുത്ത സമ്പത്ത്‌ നിര്‍ബന്ധമായും തിരിച്ചുകൊടുക്കേണ്ടതുമാണ്‌. അതിനാല്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ചെലവഴിച്ച ധനത്തിന്റെ പ്രതിഫലം നഷ്ടപ്പെട്ടുപോയേക്കുമോ എന്ന്‌ ആരും തീരെ ഭയപ്പെടേണ്ടതില്ല.

262. അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ധനം ചെലവ്‌ ചെയ്യുകയും, എന്നിട്ട്‌ തങ്ങള്‍ ചെലവഴിച്ചത്‌ എടുത്ത്‌ പറയുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതിരിക്കുകയും ചെയ്യുവരാരോ അവര്‍ക്ക്‌ അവരുടെ രക്ഷിതാവിങ്കല്‍ അവരുടെ പ്രതിഫലമുണ്ട്‌. അവര്‍ക്ക്‌ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവര്‍ ദുഃഖിക്കുന്നതുമല്ല.

263. നല്ലവാക്കു പറയലും വിട്ടുവീഴ്ച കാണിക്കലുമാകുന്നു ദ്രോഹം പിന്തുടരുന്ന ദാനത്തേക്കാള്‍ ഉത്തമമായിട്ടുള്ളത്‌. അല്ലാഹു സ്വയം പര്യാപ്തനും സഹനശീലനുമാകുന്നു.

264. അല്ലയോ വിശ്വാസികളേ, കൊടുത്തത്‌ എടുത്തുപറഞ്ഞുകൊണ്ടും ശല്യം ചെയ്തും നിങ്ങളുടെ ദാനധര്‍മങ്ങളെ നിങ്ങള്‍ നിഷ്ഫലമാക്കാതിരിക്കുവിന്‍; അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കാനായി മാത്രം ചെലവഴിക്കുന്നവനെപ്പോലെ. അതിന്റെ ഉപമ ഒരു മിനുത്ത പാറയുടെ ഉപമപോലെയാണ്‌. അതിന്മേല്‍ അല്‌പം മണ്ണുണ്ടായിരുന്നു. അങ്ങനെ അതിന്മേല്‍ കനത്ത മഴ പെയ്തു. അതോടെ അത്‌ മിനുത്ത പാറപ്പുറം മാത്രമായി അവശേഷിച്ചു. അവര്‍ അധ്വാനിച്ചതിന്റെ ഫലമൊന്നും അനുഭവിക്കുവാന്‍ അവര്‍ക്ക്‌ കഴിയുന്നതല്ല. അവിശ്വാസികളായ ജനതയെ അല്ലാഹു നേര്‍വഴിയിലാക്കുകയില്ല.

265. അല്ലാഹുവിന്റെ തൃപ്തി തേടിക്കൊണ്ടും സ്വയം നന്നദ്ധനായും തങ്ങളുടെ ധനം ചെലവ്‌ ചെയ്യുന്നവരുടെ ഉപമ, ഉയര്‍ന്ന പ്രദേശത്തുള്ള ഒരു തോട്ടത്തിന്റെ ഉപമപോലെയാകുന്നു. കനത്ത മഴ ലഭിച്ചപ്പോള്‍ അത്‌ ഇരട്ടി വിളവു നല്‍കി. ഇനി കനത്ത മഴ കിട്ടിയില്ലെങ്കില്‍ ചാറല്‍മഴ കിട്ടിയാലും മതിയാകുന്നതാണ്‌. അല്ലാഹു നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതെല്ലാം കാണുന്നവനാണ്‌.

262-265: അല്ലാഹുവിന്റെ സമ്പാദ്യപദ്ധതിയില്‍ നിക്ഷേപിക്കുന്ന ധനം അല്ലാഹുവിങ്കല്‍ സ്വീകാര്യവും പ്രതിഫലാര്‍ഹവുമാകുന്നതിനുള്ള ഉപാധികള്‍ വിശദീകരിക്കുകയാണ്‌ ഈ വചനങ്ങള്‍. ദൈവികമാര്‍ഗത്തിലുള്ള ഒരു ധനവ്യയത്തിന്റെ യഥാര്‍ഥ ലക്ഷ്യം അവന്റെ പ്രീതി സമ്പാദിക്കുക എന്നതായിരിക്കേണ്ടതാണ്‌. എത്രത്തോളം ആത്മാര്‍ഥതയോടും നിഷ്ക്കളങ്കതയോടും ഉദ്ദേശ്യശുദ്ധിയോടും കൂടി ധനം ചെലവ്‌ ചെയ്യുന്നുവോ, അത്രത്തോളം കൂടുതല്‍ പ്രതിഫലം അല്ലാഹുവിങ്കല്‍നിന്ന്‌ ലഭിക്കുന്നതാണ്‌. അല്ലാഹുവിന്റെ പ്രീതിയല്ലാതെ മറ്റെന്തങ്കിലും ഭൗതിക താല്‍പര്യങ്ങളാണ്‌ ഉദ്ദേശ്യമെങ്കില്‍, ഭൗതികമായ ലാഭേഛയുടെ അളവനുസരിച്ച്‌ നിക്ഷേപത്തിന്റെ മൂല്യം കുറയുന്നതാണ്‌. ദാനം കൈപ്പറ്റുന്നവരെ ദാനത്തിന്റെ പേരില്‍ ദ്രോഹിക്കുകയോ ചൂഷണം ചെയ്യുകയോ ചെയ്യുന്നത്‌ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാത്തവര്‍ചെയ്യുന്ന ദാനധര്‍മങ്ങള്‍പോലെ നിഷ്ഫലമായിത്തീരുന്നതാണ്‌. അവിശ്വാസികളുടെ ദാനധര്‍മങ്ങള്‍ നിഷ്ഫലമായിപ്പോകുന്നത്‌ ഒരു ഉദാഹരണത്തിലൂടെ 264-ാം സൂക്തം വിശദീകരിക്കുന്നു. അവര്‍ ചെയ്തുകൂട്ടിയ കര്‍മ്മങ്ങളൊക്കെയും നിരര്‍ഥകമായ പാഴ്‌വേലകളായിപ്പോയതായി അന്ത്യനാളില്‍ സത്യനിഷേധികള്‍ക്ക്‌ അനുഭവപ്പെടുന്നതാണ്‌.
അല്ലാഹുവിന്റെ തണല്‍ അല്ലാത്ത മറ്റൊരു തണലും ഇല്ലാത്ത ദിവസം അല്ലാഹു തണല്‍ നല്‍കുന്ന ഏഴുകൂട്ടരിലെ ഒരു കൂട്ടര്‍ 'വലത്തേ കൈ ചെലവഴിക്കുന്നത്‌ ഇടത്തെ കൈ അറിയാത്തവിധം സ്വകാര്യമായി ധനം ചെലവഴിക്കുന്നവരാണ്‌''. എന്ന്‌ നബി(സ) പ്രസ്താവിച്ചിരിക്കുന്നു.

266. നിങ്ങളില്‍ ഒരുവന്‌ ഈത്തപ്പനകളും മുന്തിരിവള്ളികളും ഉള്ള ഒരു തോട്ടമുണ്ടെന്ന്‌ കരുതുക. അതിന്റെ താഴ്ഭാഗത്തൂടെ അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്നു. എല്ലായിനം കായ്കനി

കളും അയാാംക്കതിലുണ്ട്. അയാാംക്കോ വാർധക്യം ബാധിച്ചിരിക്കുന്നു.അയാാംക്ക് കെല്പില്ലാത്ത സന്താനങ്ങളുമുണ്ട്. അപ്പോഴതാ തീക്കാറ്റേറ്റ് അത് കരിഞ്ഞുപോകുന്നു. ഇങ്ങനെ സംഭവിക്കുന്നത് നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? ഈ വിധം അല്ലാഹു നിങ്ങാംക്ക് ദൃഷ്ടാന്തങ്ങാം വ്യക്തമാക്കിത്തരുന്നു, നിങ്ങാം ചിന്തിക്കുന്നതിനുവേണ്ടി.

---

266:ആയുഷ്കാലം മുഴുവൻ അധ്വാനിച്ച് ഉണ്ടാക്കിയെടുത്ത,വൈവിധ്യമായ വിളകളുള്ള തോട്ടം അപ്രതീക്ഷിതമായി ഒരു നാാം തീക്കാറ്റേറ്റ് കരിഞ്ഞുപോകുന്നു. വാർധക്യം ബാധിച്ച് നിസ്സഹായനായ അവസ്ഥയിൽ തന്റെയും തന്റെ ദുർബലരായ കുഞ്ഞുങ്ങളുടെയും ജീവിതാവലംബമായ തന്റെ ഏക ജീവിത സമ്പാദ്യം നശിച്ചുപോകുന്നിൽപരം പരിതാപകരമായ ദൗർഭാഗ്യം ഒരു കർഷകനെ സംബന്ധിച്ചിടത്തോളം എന്തുള്ളു?
ഭൗതിക ലാഭങ്ങാം അന്വേഷിക്കുന്നതിൽ തന്റെ ആയുഷ്കാലം മുഴുവൻ ചെലവഴിച്ച് നേടിയെടുത്ത സമ്പാദ്യങ്ങളൊന്നും പരലോകത്ത് ഒട്ടും പ്രയോജനപ്പെടുന്നില്ലെന്ന് നേരിൽ കാണുന്ന ഒരാളുടെ അവസ്ഥ മേൽ പറഞ്ഞ കർഷകൻേറതുപോലെയായിരിക്കുമെന്ന താക്കീതാണ് ഈ സൂക്തം.

---

267. അല്ലയോ വിശ്വാസികളേ, നിങ്ങാം സമ്പാദിച്ച നല്ല വസ്തുക്കളിൽ നിന്നും ഭൂമിയിൽനിന്ന് നാം നിങ്ങാംക്ക് ഉൽപാദിപ്പിച്ചുതന്നതിൽ നിന്നും (ദൈവികമാർഗത്തിൽ) നിങ്ങാം ചെലവഴിക്കുവിൻ.കണ്ണടച്ചുകൊണ്ടല്ലാതെ നിങ്ങാംക്കുതന്നെ സ്വീകരിക്കാനാവാത്ത മോശമായ വസ്തുക്കാം(ദാനം ചെയ്യാനായി) കരുതിവെക്കരുത്. അറിയുവിൻ, അല്ലാഹു ആരുടെയും ആശ്രയമില്ലാത്തവനും സ്തുത്യർഹനുമത്രെ.

268. പിശാച് നിങ്ങളെ ദാരിദ്ര്യത്തെപ്പറ്റി ഭീഷണിപ്പെടുത്തുകയും നീചവൃത്തികാംക്കു നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അല്ലാഹു തന്നിൽ നിന്നുള്ള പാപമോചനവും അനുഗ്രഹവും നിങ്ങാംക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിശാലതയുള്ളവനും എല്ലാം അറിയുന്നവനുമാകുന്നു.

269. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ വിജ്ഞാനം നൽകുന്നു. ആർക്ക് വിജ്ഞാനം നൽകപ്പെട്ടുവോ അവന് ധാരാളം നന്മ നൽകപ്പെട്ടുകഴിഞ്ഞു. എന്നാൽ ബുദ്ധിമാന്മാരല്ലാതെ ഓർമ്മിക്കുകയില്ല.

270. നിങ്ങാം ചെയ്ത ചെലവുകളും നേർന്ന നേർച്ചകളും എന്തുതന്നെയായാലും തീർച്ചയായും അല്ലാഹു അതറിയുന്നതാണ്. അധർമികാംക്ക് സഹായികളായി ആരുമുണ്ടാവില്ല.

---

270: എന്റെ ഇന്ന ഉദ്ദേശ്യം സാധിക്കുന്നതായാൽ ഞാൻ അല്ലാഹുവിനുവേണ്ടി ഇന്ന സൽക്കർമം ചെയ്യുന്നതാണ് എന്നു തീരുമാനിക്കുന്നതിനാണ് നേർച്ച എന്നു പറയുന്നത്. നേർച്ചയുടെ ഉദ്ദേശ്യം ന്യായവും അനുവദനീയവും ആയിരിക്കുകയും നേർച്ച അല്ലാഹുവിന്റെ പേരിൽ ആയിരിക്കുകയും വേണം. ഒരു കാര്യം നേർച്ചയാക്കിയാൽ അത് നിർവഹിക്കൽ നിർബന്ധമാകുന്നു. ഉദ്ദേശ്യസാഫല്യാർഥമുള്ള നേർച്ചയെക്കുറിച്ച്, ലുബ്ധന്മാരുടെ ധനം പുറത്തുവരാനുള്ള ഒരു വഴി എന്നതിലപ്പുറം അത് വിധിയെ മാറ്റിമറിക്കാനൊന്നും പോകുന്നില്ല എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. അജ്ഞതമൂലം നിയമവിരുദ്ധമായ ഒരു കാര്യം നേർച്ച നേരുകയും പിന്നീട് അത് മനസ്സിലാവുകയും ചെയ്താൽ അത്തരം നേർച്ചകാം നിറവേറ്റാൻ ശ്രമിക്കരുത്.

---

271. നിങ്ങാം ധാനധർമങ്ങാം പരസ്യമായി ചെയ്യുന്നുവെങ്കിൽ അത് നല്ലതുതന്നെ. എങ്കിലും നിങ്ങളത് രഹസ്യമാക്കുകയും ദരിദ്രർക്ക് കൊടുക്കുകയുമാണെങ്കിൽ അതാണ് നിങ്ങാംക്ക് ഏറെ ഉൽകൃഷ്ടം. അത് നിങ്ങളുടെ പല തിന്മകളെയും മായ്ച്ചുകളയും. നിങ്ങാം പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.

271: സക്കാത്ത്‌ (നിർബന്ധദാനം) പരസ്യമായി നൽകുന്നതാണ്‌ കൂടുതൽ ഉത്തമം. നിർബന്ധമല്ലാത്ത ധാനധർമങ്ങൾ രഹസ്യമായും വ്യക്തിപരമായും നൽകുന്നതാണ്‌ കൂടുതൽ ഉത്തമം.

272. അവരെ നേർവഴിയിലാക്കേണ്ട ബാധ്യതയൊന്നും നിനക്കില്ല.എന്നാൽ അല്ലാഹു അവനിഛരിക്കുന്നവരെ സന്മാർഗത്തിലാക്കുന്നു. നല്ലതായ എന്തെങ്കിലും നിങ്ങൾ ചെലവഴിക്കുന്നുവെങ്കിൽ അത്‌ നിങ്ങൾക്കുവേണ്ടിതന്നെയുള്ള നന്മയാകുന്നു. അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ച്‌ മാത്രമാണ്‌ നിങ്ങൾ ചെലവഴിക്കേണ്ടത്‌.(ധർമമാർഗത്തിൽ) നിങ്ങൾ നല്ലതെന്തു ചെലവഴിച്ചാലും അതിന്നുള്ള പ്രതിഫലം നിങ്ങൾക്ക്‌ പൂർണമായി നൽകപ്പെടുന്നതാണ്‌. നിങ്ങളോട്‌ അനീതി ചെയ്യപ്പെടുകയുമില്ല.

272: സത്യവിശ്വാസികളിൽ പലരും തങ്ങളുടെ അമുസ്‌ലിംകളായ ബന്ധുക്കൾക്കും ദരിദ്രന്മാർക്കും ദാനധർമങ്ങൾ ചെയ്യാൻ ഇഷ്‌ടപ്പെട്ടിരുന്നില്ല. അതിനെ തുടർന്നാണ്‌ ഈ സൂക്തം അവതരിച്ചതെന്ന്‌ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ജാതിയോ മതമോ പരിഗണിക്കാതെ ആവശ്യമായവർക്കൊക്കെയും ദാനധർമങ്ങൾ ചെയ്യുകൊള്ളാൻ ഈ സൂക്തം ഉപദേശിക്കുന്നു. പച്ചക്കരളുള്ള ഏത്‌ ജീവിക്ക്‌ നൽകുന്ന ദാനവും പ്രതിഫലാർഹമായ പുണ്യമാണെന്ന്‌ നബി(സ) പ്രസ്താവിച്ചിരിക്കുന്നു.അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട്‌ ചെയ്യുന്ന ഏതു കർമ്മത്തിനും അണുമണിത്തൂക്കം കുറയാതെ പ്രതിഫലം പൂർണമായും നൽകപ്പെടുന്നതാണ്‌.
ജനങ്ങൾക്ക്‌ യാഥാർഥ്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക മാത്രമാണ്‌ പ്രബോധകരുടെ ചുമതല. അവർക്ക്‌ സന്മാർഗലബ്‌ധി നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുയെന്നത്‌ അല്ലാഹുവിന്റെ അധികാരത്തിൽ പെട്ടതാണ്‌. പ്രബോധകർ എന്തൊക്കെ ചെയ്താലും അല്ലാഹു ഉദേശിക്കുന്നവർ മാത്രമേ സത്യവിശ്വാസം സ്വീകരിക്കുകയുള്ളു.

273. ഭൂമിയിൽ സഞ്ചരിച്ച്‌ ഉപജീവനം തേടാൻ കഴിയാത്തവണ്ണം അല്ലാഹുവിന്റെ മാർഗത്തിലുള്ള പ്രവർത്തനങ്ങളിൽ ബന്ധിതരായ ദരിദ്രർക്കുവേണ്ടി ചെലവഴിക്കുക. അവരുടെ ആത്മാഭിമാനം കണ്ട്‌ അജ്ഞന്മാർ അവർ സമ്പന്നരെന്നു ധരിക്കുന്നു. എന്നാൽ ലക്ഷണംകൊണ്ട്‌ നിനക്കവരെ തിരിച്ചറിയാം. അവർ ആളുകളെ ചോദിച്ച്‌ ശല്യം ചെയ്യുകയില്ല. നല്ലതായ എന്തൊന്ന്‌ നിങ്ങൾ ചെലവഴിച്ചാലും തീർച്ചയായും അല്ലാഹു അത്‌ നല്ലപോലെ അറിയുന്നവനാണ്‌.

273: മദീനയിൽ, പ്രവാചകന്റെ കാലത്ത്‌ മക്കയിൽ നിന്ന്‌ പലായനം ചെയ്തു വന്നവരും മറ്റു പലയിടത്തുനിന്ന്‌ നാടും വീടും ത്യജിച്ചുവന്നവരുമായി ഏകദേശം നാനൂറോളം അനുചരന്മാർ ഉണ്ടായിരുന്നു. പാർപ്പിടമോ ഉപജീവനമാർഗമോ ഇല്ലാതിരുന്ന ഇവർ മദീനപള്ളിക്കോലായയിലും പരിസരത്തുമാണ്‌ കഴിഞ്ഞുകൂടിയിരുന്നത്‌. ഇവർ 'അസ്‌ഹാബുസ്സുഫ്‌ഫത്ത്‌' (കോലായയിൽ താമസിക്കുന്നവർ) എന്ന പേരിലാണ്‌ അറിയപ്പെട്ടിരുന്നത്‌. ഏതുസേവനത്തിനും ഏതവസരത്തിലും സന്നദ്ധരായി ഇവർ തിരുമേനിയുടെ സന്നിധിയിൽ സദാസമയത്തും ഹാജരുണ്ടായിരുന്നു. പ്രവാചകനുമായി സഹവസിച്ച്‌ ഇസ്‌ലാമിക വിജ്ഞാനം കരസ്ഥമാക്കുകയും മറ്റുള്ളവരെ അത്‌ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഇസ്‌ലാമിന്റെ മുഴുസമയ പ്രവർത്തകരായിരുന്ന ഇവർക്ക്‌ തൊഴിലിനോ കച്ചവടത്തിനോ പോകാൻ കഴിഞ്ഞിരുന്നില്ല. പട്ടിണിയെയും ദാരിദ്ര്യത്തെയും ക്ഷമയോടെ നേരിട്ടിരുന്ന ഇവർ മറ്റുള്ളവരോട്‌ യാചിക്കുകയോ ചോദിച്ച്‌ ബുദ്ധിമുട്ടിക്കുകയോ ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോൾ ഇവർക്ക്‌ മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത അല്ലാഹു മുസ്‌ലിംകളെ ഓർമപ്പെടുത്തുന്നു.

274. തങ്ങളുടെ ധനം രാവും പകലും രഹസ്യമായും പരസ്യമായും ചെലവഴിക്കുന്നവർക്ക്‌ അവരുടെ നാഥങ്കൽ അവരർഹിക്കുന്ന പ്രതിഫലമുണ്ട്‌. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.

275. പലിശ തിന്നുന്നവർ പിശാചുബാധയേറ്റ്(അഥവാ ഭ്രാന്ത്) എഴുന്നേൽക്കുന്നപോലെയല്ലാതെ എഴുന്നേൽക്കുകയില്ല.കച്ചവടം പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിൻെറ ഫലമത്രെ അത്. എന്നാൽ കച്ചവടത്തെ അല്ലാഹു അനുവദിക്കുകയും പലിശയെ നിഷിദ്ധ മാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിൻെറ ഉപദേശം വന്നെത്തുകയും (പലിശയിടപാടിൽ നിന്ന്) വിരമിക്കുകയും ചെയ്താൽ അവൻ നേരത്തെ അനുഭവിച്ചത് അനുഭവിച്ചുകഴിഞ്ഞു. ഇനി അവൻെറ കാര്യം അല്ലാഹുവിങ്കലാകുന്നു. അഥവാ ആരെങ്കി ലും (പലിശയിലേക്ക്) മടങ്ങുന്നുവെങ്കിൽ അവരത്രെ നരകാവകാശികൾ. അവർ അതിൽ സ്ഥിരവാസികളായിരിക്കും.

---

275:കച്ചവടത്തിൻെറ സാമ്പത്തിക നിലപാടും പലിശയുടെ സാമ്പത്തിക നിലപാടും തമ്മിൽ വലിയ അന്തരമുണ്ട്. കടം കൊടുക്കുന്ന മുതലാളി നഷ്ടത്തിൻെറ എല്ലാ സാധ്യതയിൽനിന്നും തികച്ചും സുര ക്ഷിതനായി ഒരു നിശ്ചിതലാഭത്തിനു അവകാശിയായി നിലകൊള്ളുന്നു. യാതൊരു അപകട സാധ്യ തയും കൂടാതെ ഒരു നിശ്ചിത ലാഭം കൃത്യമായി വസൂലാക്കിക്കൊണ്ടിരിക്കുന്നു. പലിശവ്യാപാരി തൻെറ ആവശ്യത്തിൽ കൂടുതലുള്ള ധനം നൽകുകയല്ലാതെ യാതൊരു ബുദ്ധിമുട്ടും അനുഭവിക്കുന്നില്ല. എന്നാൽ കച്ചവടത്തിലും വ്യവസായത്തിലും കൃഷിയിലും നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്. വ്യാപാരി തൻെറ സമയവും അധ്വാനവും യോഗ്യതയും ത്യാഗപരിശ്രമങ്ങളും വിനിയോഗിക്കുന്നുവെ ങ്കിലും ഒരു നിശ്ചിത ലാഭത്തിൻെറ ഉറപ്പൊന്നുമില്ല. നഷ്ടത്തിൻെറ എല്ലാ അപകട സാധ്യതയും ഉണ്ടായിരിക്കുന്നതുമാണ്

പലിശവ്യാപാരം ധാർമികമായും ആത്മീയമായും നോക്കുന്നപക്ഷം വ്യക്തികളിൽ സ്വാർഥം, ലുബ്ദ്, ദയയില്ലായ്മ, ധനപൂജ കുടിലമനസ്കത തുടങ്ങിയ ദുർഗുണങ്ങൾ സൃഷ്ടിച്ചുവിടുന്നു. പരസ്പര സഹായം സഹാനുഭൂതി ഔദാര്യം അനുഭാവം വിശാലമനസ്കത തുടങ്ങിയ സദ്ഗുണങ്ങൾ നശിപ്പി ച്ചുകളയുകയും ചെയ്യുന്നു. ഒരാൾക്ക് ലഭിക്കുന്ന ആവശ്യത്തിൽ കൂടുതലുള്ള ധനം ഖുർആൻെറ വീക്ഷണമനുസരിച്ച് അല്ലാഹുവിൻെറ അനുഗ്രഹമാണ്. സമ്പത്ത് സ്വയം ഉപയോഗിക്കാനും അന്യരെ സഹായിക്കാനുമാണ് അവൻ നൽകി അനുഗ്രഹിച്ചിരിക്കുന്നത്. അല്ലാഹു തന്നോട് ഔദാര്യം ചെയ്തതു പോലെ സമ്പന്നൻ മറ്റുള്ളവരോടും ഔദാര്യം കാണിക്കേണ്ടതാണ്. പലിശയിടപാടുകാർ അല്ലാഹുവിനോ ട് നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നത്. പലിശവാങ്ങി കുന്നുകൂട്ടിവെച്ചവർക്ക് പരലോകത്തിൽ അത് അൽപം പോലും ഉപകരിക്കുന്നതല്ല.

അധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ വിയർപ്പിൻെറ വില പലിശമുതലാളിമാരും പലിശ വ്യാപാരം നട ത്തുന്ന സ്ഥാപനങ്ങളും തട്ടിയെടുത്തുകൊണ്ടുപോകുന്നു. കടം വാങ്ങിയതിനേക്കാൾ എത്രയോ ഇരട്ടി പലിശകൊടുത്തുകഴിഞ്ഞതിനുശേഷവും കടം പഴയപടിതന്നെ ബാക്കിനിൽക്കുന്ന സംഭവങ്ങൾ ധാരാള മായി കാണാം. പലിശമുതലാളിമാരുടെ സ്വാർഥം കാരണം പാവപ്പെട്ട സാധാരണക്കാരന് ഏല്ക്കേണ്ടി വരുന്ന ദുരിതങ്ങൾ ഏറെയാണ്.പലിശവ്യാപാരം സമൂഹത്തിൻെറ മൊത്തം സമ്പത്യുൽപാദനത്തെ സാര മായി ബാധിക്കുകയും ചെയ്യുന്നു. ധനികവർഗം മിച്ചധനം നിഷ്ക്രിയമാക്കി സൂക്ഷിച്ചുവെക്കുന്നതി നുപകരം കടമായിട്ടോ ദാനമായിട്ടോ മറ്റുള്ളവരുടെ ഉപയോഗത്തിനു വിട്ടുകൊടുക്കുകയാണെങ്കിൽ അത് സമൂഹത്തിൻെറ മൊത്തം സമ്പദ്ഘടനയെ പോഷിപ്പിക്കുന്നതാണ്. സമൂഹത്തിൽ സഹാനുഭൂതിയും സഹകരണവവും സ്നേഹവും ഐക്യവും ശക്തിപ്പെടുകയും ചെയ്യും.

---

276. അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ധാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നു. നന്ദികെട്ട യാതൊരു മഹാപാപിയെയും അല്ലാഹു സ്നേഹിക്കുകയില്ല.

277. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുന്നവർക്ക് അവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിങ്ക ലുണ്ട്. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കാൻ ഇടവരുന്നതുമല്ല.

278. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും പലിശയിനത്തിൽ നിങ്ങൾക്ക് കിട്ടാൻ ബാക്കിയുള്ളതൊക്കെയും ഉപേക്ഷിക്കുകയും ചെയ്യുവിൻ. നിങ്ങൾ യഥാർഥ വിശ്വാസികൾതന്നെയാണെങ്കിൽ.

279. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിങ്കൽനിന്നും അവൻെറ ദൂതനിൽനിന്നും (നിങ്ങൾക്കെതിരിൽ)യുദ്ധപ്രഖ്യാപനമുണ്ടെന്നറിഞ്ഞുകൊള്ളുക.(പലിശ വർജിച്ച്)പശ്ചാത്തപിക്കുകയാണെങ്കിൽ നിങ്ങളുടെമൂലധനം നിങ്ങൾക്കുതന്നെയുള്ളതാകുന്നു.നിങ്ങൾ അക്രമം പ്രവർത്തിക്കാതെയും അക്രമിക്കപ്പെടാതെയും.

---

279: ഈ സൂക്തത്തിൻെറ അവതരണത്തോടെ പലിശയിടപാട് പൂർണമായും നിയമം മൂലം നിരോധിച്ചു. അന്നത്തെ കാലത്ത് പലിശയിടപാട് സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ഘടകമായിരുന്നതിനാൽ മദ്യനിരോധത്തിൻെറ കാര്യത്തിലെന്നപോലെ ക്രമപ്രവൃദ്ധമായ ഒരു നടപടിക്രമമാണ് പലിശയുടെ കാര്യത്തിലും ഖുർആൻ സ്വീകരിച്ചത്. ഈ സൂക്തത്തിൻെറ അവതരണത്തോടെ ഇസ്‌ലാമിക ഭരണാതിർത്തിക്കുള്ളിൽ പലിശയിടപാട്നടത്തുന്നത് ക്രിമിനൽ കുറ്റമായിത്തീരുകയും മേലിൽ അതിലേർപ്പെടുന്നവർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുമെന്ന് നബി(സ) എല്ലാ അറബിഗോത്രങ്ങൾക്കും മുന്നറിയിപ്പ് നൽകുകയും ചെയ്തു.

---

280. (കടക്കാരൻ)ഞെരുക്കമുള്ളവനാണെങ്കിൽ(അയാൾക്ക്) ആശ്വാസമുണ്ടാകുന്നതുവരെ ഇടകൊടുക്കേണ്ടതാണ്. എന്നാൽ അത് ദാനമായി നൽകുന്നതാണ് നിങ്ങൾക്ക് ഏറെ ഉത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ.

---

280: ഞെരുക്കമുള്ള കടക്കാരന് സാവകാശം നൽകണമെന്നത് ഒരു കൽപനയാണ്. കടങ്ങൾ വീട്ടാൻ കഴിയാതെ കുഴങ്ങിപ്പോകുന്നവരെ സകാത്തിൽനിന്ന് ഒരു വിഹിതം നൽകി സഹായിക്കാൻ ഖുർആൻ കൽപിച്ചിരിക്കുന്നു. ഒരാൾ തൻെറ കടം തിരിച്ചുകൊടുക്കാൻ കഴിയാതെ മരിച്ചുപോയാൽ അയാളുടെ അനന്തര സ്വത്തിൽനിന്ന് ആദ്യം കടങ്ങൾ പിടിച്ചെടുത്ത ശേഷമേ അവകാശികൾ ഭാഗിച്ചെടുക്കാൻ പാടുള്ളു. സാധാരണഗതിയിലുള്ള നിത്യോപയോഗ വസ്തുക്കൾ (വീട്, ഭക്ഷണപാത്രങ്ങൾ, വസ്ത്രം, ആഹാരസമ്പാദനത്തിനുള്ള മാർഗങ്ങൾ എന്നിവ ഉദാഹരണം) തുടങ്ങിയവ യാതൊരു പരിതസ്ഥിതിയിലും പിടിച്ചെടുക്കാവതല്ലെന്ന് കർമ്മശാസ്ത്ര പണ്ഡിതന്മാർ വ്യക്തമാക്കിയിരിക്കുന്നു.

---

281. അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്നതായ ഒരു ദിനത്തെ നിങ്ങൾ സൂക്ഷിക്കുക. അന്ന് ഓരോരുത്തർക്കും തങ്ങൾ പ്രവർത്തിച്ചതിൻെറ പ്രതിഫലം പരിപൂർണമായി നൽകപ്പെടുന്നതാണ്. അവരോട് അനീതി കാണിക്കപ്പെടുകയില്ല.

282. അല്ലയോ വിശ്വാസികളേ, നിങ്ങൾ നിശ്ചിത അവധിവച്ച് പരസ്‌പരം കടമിടപാടു നടത്തുമ്പോൾ അത് എഴുതി വെക്കേണ്ടതാണ്. നിങ്ങൾക്കിടയിൽ ഒരാൾ നീതിപൂർവം അതുരേഖപ്പെടുത്തട്ടെ. ഒരെഴുത്തുകാരനും എഴുതുവാൻ വിസമ്മതിക്കരുത്; അല്ലാഹു അവനെ പഠിപ്പിച്ചപോലെ അവൻ എഴുതട്ടെ. കടബാധ്യതയുള്ളവൻ (എഴുതേണ്ട വാചകം) പറഞ്ഞുകൊടുക്കട്ടെ; തൻെറ രക്ഷിതാവായ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യട്ടെ. (തീരുമാനിക്കപ്പെട്ട ഇടപാടിൽ) അവൻ യാതൊന്നും കുറവ് വരുത്താതിരിക്കുകയും ചെയ്യട്ടെ. ഇനി കടക്കാരൻ വിവേകമില്ലാത്തവനോ പ്രാപ്‌തിയില്ലാത്തവനോ (വാചകം) പറഞ്ഞുകൊടുക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അയാളുടെ രക്ഷിതാവ് അയാൾക്കുവേണ്ടി നീതിപൂർവം (വാചകം) പറഞ്ഞുകൊടുക്കട്ടെ. നിങ്ങളുടെ പുരുഷന്മാരിൽനിന്ന് രണ്ടുസാക്ഷികളെ സാക്ഷിനിർത്തുകയും ചെയ്യുക. ഇനി രണ്ടു പുരുഷന്മാരില്ലെങ്കിൽ നിങ്ങൾ തൃപ്‌തിപ്പെടുന്ന സാക്ഷികളിൽനിന്ന് ഒരു പുരുഷനും രണ്ടു സ്ത്രീകളുമായിക്കൊള്ളട്ടെ. അവരിൽ ഒരുവൾക്ക് പിശകുപറ്റിയാൽ മറ്റവൾ ഓർമിപ്പിക്കാനാണിത്. സാക്ഷികളെ

വിളിച്ചാൽ അവർ അതിന് വിസമ്മതിക്കരുത്. ഇടപാട് ചെറുതായാലും വലുതായാലും അതിന്റെ അവധി നിശ്ചയിച്ച് രേഖപ്പെടുത്താൻ വിമുഖത കാണിക്കാതിരിക്കുവിൻ. അതാണ് അല്ലാഹുവിങ്കൽ നിങ്ങൾക്ക് ഏറ്റവും നീതിപൂർവകമായിട്ടുള്ളതും സാക്ഷ്യനിർവഹണത്തിന് ഏറ്റവും ചൊവ്വുള്ളതും നിങ്ങൾ സംശയത്തിലകപ്പെടാതിരിക്കാൻ ഉചിതവുമായ മാർഗം. നിങ്ങൾ പരസ്പരം റൊക്കമായി നടത്തുന്ന കച്ചവട ഇടപാടുകൾ ഒഴിച്ച്; അപ്പോൾ അത് എഴുതിവെക്കാതിരിക്കുന്നതിൽ വിരോധമില്ല. എന്നാൽ വ്യാപാര ഇടപാടു നടത്തുമ്പോൾ നിങ്ങൾ സാക്ഷിനിർത്തിക്കൊള്ളുക. എഴുത്തുകാരനോ സാക്ഷിയോ പീഡിപ്പിക്കപ്പെടാവതല്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ അതു നിങ്ങളുടെ ധിക്കാരമാകുന്നു. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങളെ (ശരിയായ നടപടി ക്രമങ്ങൾ) പഠിപ്പിക്കുകയാകുന്നു. അല്ലാഹു എല്ലാ കാര്യങ്ങളും നന്നായറിയുന്നവനത്രെ.

283. ഇനി നിങ്ങൾ യാത്രയിലാവുകയും എഴുത്തുകാരനെ കിട്ടാതെ വരികയും ചെയ്താൽ പണയവസ്തുക്കൾ കൈമാറിയാൽ മതി. നിങ്ങളിലൊരാൾ മറ്റൊരാളെ വല്ലതും വിശ്വസിച്ചേൽപിച്ചാൽ അയാൾ തന്റെ വിശ്വാസ്യത പാലിക്കേണ്ടതാകുന്നു. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യട്ടെ. നിങ്ങൾ സാക്ഷ്യം മറച്ചുവെക്കരുത്. ആരെങ്കിലും മറച്ചുവെച്ചാൽ അവന്റെ ഹൃദയം പാപഗ്രസ്തമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

283: പണയവസ്തു കൈവശം വാങ്ങുന്നത് കടമിടപാടിന്റെ തെളിവിനും ഈടിനും മാത്രമാകുന്നു. പണയവസ്തുക്കളിൽനിന്ന് ആദായമെടുക്കാനോ അത് ഉപയോഗിക്കാനോ പാടുള്ളതല്ല. ഒരാൾ പണയം വാങ്ങിയ വീട്ടിൽ താമസിക്കുകയോ അത് വാടകക്കു കൊടുക്കുകയോ ചെയ്യുന്നുവെങ്കിൽ അത് പലിശയാണ്. എന്നാൽ പണയ വസ്തുവിന്റെ സംരക്ഷണത്തിന് പണം ചെലവഴിക്കേണ്ടിവരികയാണെങ്കിൽ ആ ചെലവിനു പകരമായി അതിന്റെ ആദായമോ ഉപകാരമോ സ്വീകരിക്കാവുന്നതാണ്. ഉദാഹരണമായി ഒരു കറവമൃഗത്തെയാണ് പണയമായി വാങ്ങിയിട്ടുള്ളതെങ്കിൽ അതിന്റെ ചെലവിനു പകരമായി പാൽ കറന്നെടുക്കാം. സവാരി മൃഗമാണെങ്കിൽ അതിനെ സവാരിക്കും മറ്റും ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

284. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും എല്ലാം അല്ലാഹുവിന്റേതാകുന്നു. നിങ്ങളുടെ മനസ്സിലുള്ളത് നിങ്ങൾ വെളിപ്പെടുത്തിയാലും, അല്ലെങ്കിൽ അത് നിങ്ങൾ മറച്ചു വെച്ചാലും ശരി, അതേക്കുറിച്ച് അല്ലാഹു നിങ്ങളെ വിചാരണ ചെയ്യുന്നതാണ്. എന്നിട്ട് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുള്ളവനത്രെ.

285. ദൈവദൂതൻ തന്റെ നാഥനിൽനിന്ന് തനിക്കവതരിച്ചുകിട്ടിയ (മാർഗദർശനത്തിൽ) വിശ്വസിച്ചിരിക്കുന്നു.സത്യവിശ്വാസികളും (അപ്രകാരം വിശ്വസിച്ചിരിക്കുന്നു). അവരെല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. ദൈവദൂതന്മാരിൽ ആരോടും ഒരുവിധ വിവേചനവും ഞങ്ങൾ കല്പിക്കുന്നില്ല (എന്നത്രെ അവരുടെ നിലപാട്). അവർ പ്രാർഥിക്കുന്നു: ‘ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു ഞങ്ങളുടെ മടക്കം.

285: ഈ അധ്യായത്തിലെ അവസാനത്തെ രണ്ട് സൂക്തങ്ങളും (285,286) വളരെ പ്രധാനപ്പെട്ടതാണെന്ന് തിരുമേനി(സ) പ്രസ്താവിച്ചിരിക്കുന്നു. ആകാശത്തുനിന്നും ഒരു മലക്ക് ഇറങ്ങി നബി(സ)യുടെ അടുക്കൽ വന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞതായി ഇബ്നുഅബ്ബാസ്(റ) നിവേദനം ചെയ്തിരിക്കുന്നു.

'താങ്കൾക്ക് നൽകപ്പെട്ടിട്ടുള്ള രണ്ട് പ്രകാശങ്ങൾകൊണ്ട് സന്തോഷപ്പെട്ട് കൊള്ളുക. താങ്കളുടെ മുമ്പ് ഒരു പ്രവാചകനും അത് നൽകപ്പെട്ടിട്ടില്ല. അത് ഫാതിഹയും(അധ്യായം-1), അൽബകറ അധ്യായത്തിന്റെ അവസാന സൂക്തങ്ങളും. അവ രണ്ടിൽനിന്ന് ഏത് അക്ഷരങ്ങൾ പാരായണം ചെയ്താലും അത് താങ്കൾക്ക് നൽകപ്പെടാതിരിക്കില്ല.' തന്റെ ദാസന്മാരായ സത്യവിശ്വാസികൾക്ക് അല്ലാഹുതന്നെ ചോദിക്കുന്നതിനുള്ള സമ്പ്രദായം പഠിപ്പിക്കുവെങ്കിൽ ആ പ്രാർഥനകൾക്ക് അല്ലാഹു ഉത്തരം തരാതിരിക്കില്ലെന്നത്രെ മലക്ക് നബി(സ)യെ അറിയിച്ചത്. പല പ്രവാചകന്മാർക്കും അല്ലാഹു വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചുകൊടുത്തിട്ടുണ്ട്. എല്ലാപ്രവാചകന്മാരുടെയും ദൈവികഗ്രന്ഥങ്ങളുടെയു ദൗത്യങ്ങളും പ്രബോധനങ്ങളും മൗലികമായി ഒന്നാകുന്നു. അതിനാൽ അല്ലാഹുവിനാൽ നിയുക്തരായ എല്ലാ പ്രവാചകന്മാരെയും സത്യപ്രവാചന്മാരായും അല്ലാഹുവിങ്കൽനിന്ന് അവതീർണമായ എല്ലാവേദങ്ങളെയും സത്യവേദങ്ങളായും വിശ്വസിക്കൽ മുസ്ലിംകളുടെ കടമയാകുന്നു. ഇതര വേദവാഹകർ തങ്ങളുടെ പ്രവാചകനെ മാത്രം സത്യപ്രവാചകനായി കരുതുന്നതുപോലെ അവരവരുടെ വേദങ്ങളെ മാത്രം സത്യവേദങ്ങളായി കരുതുന്നവരുമാണ്.

അല്ലാഹു അദൃശ്യനും സ്ഥലകാലാതീതനുമാണെങ്കിൽ അവൻ മനുഷ്യരുടെ മുമ്പിൽ നേരിട്ട് വന്ന് തന്റെ വിധിവിലക്കുകൾ മനുഷ്യനെ പഠിപ്പിക്കുക അസംഭവ്യമാണ്. മനുഷ്യജീവിതത്തെപ്പറ്റി മനുഷ്യർക്ക് മാർഗദർശനം നൽകേണ്ടത് മനുഷ്യൻ തന്നെയാവേണ്ടതിനാൽ അല്ലാഹു തന്റെ ദൂതനായി മനുഷ്യരെ നിശ്ചയിച്ചത് തികച്ചും യുക്തിപൂർണമാകുന്നു. അല്ലാഹുവിനെ നേരിട്ട് കാണാനാവാത്ത, സൃഷ്ടികളായ മനുഷ്യർക്കുവേണ്ടി, അല്ലാഹുവിന്റെ വിധിവിലക്കുകൾ അവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ദൈവദൂതന്മാർക്ക് എത്തിച്ചു കൊടുക്കുന്ന മാധ്യമം മലക്കുകളാണ്. ആ നിലക്കാണ് അല്ലാഹുവിലുള്ള വിശ്വാസത്തിനു തൊട്ടുപിറകെ മലക്കുകളിലുള്ള വിശ്വാസത്തിന് സ്ഥാനം ലഭിക്കുന്നത്.

തങ്ങൾ അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെന്ന് അവന്റെ മുമ്പിൽ കണക്കുബോധിപ്പിക്കേണ്ടിവരുമെന്ന യാഥാർഥ്യത്തിൽ ദൃഢബോധ്യമുള്ളവരാണ് സത്യവിശ്വാസികൾ. 'നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം' എന്ന വാക്യം അല്ലാഹുവിങ്കലേക്കുള്ള അവന്റെ സമ്പൂർണമായ മടക്കമാണ്. അല്ലാഹുവല്ലാത്തവരോട് രക്ഷയോ പാപപരിഹാരമോ സഹായമോ തേടുന്നത് നിരർഥകമാണെന്ന് സത്യവിശ്വാസികൾ മനസ്സിലാക്കുന്നു. തങ്ങൾ ശിപാർശകരായി കരുതുന്ന പുരോഹിതന്മാരും പുണ്യാത്മാക്കളും തങ്ങളുടെ പാപപരിഹാരവും പരലോകരക്ഷയും ഏറ്റെടുത്തിരിക്കുന്നു എന്ന ചിലരുടെ വിശ്വാസത്തെയും, തന്റെ കുരിശുമരണത്തിലൂടെ മുഴുവൻ മനുഷ്യരുടെയും പാപങ്ങൾ യേശുക്രിസ്തു ഏറ്റെടുത്തിരിക്കുന്നു എന്ന ക്രൈസ്തവരുടെ നിലപാടിനു നേരെയുള്ള വിമർശനവും ഈ സൂക്തം ഉൾക്കൊള്ളുന്നു.

അല്ലാഹുവിലും അവന്റെ ആജ്ഞകൾ നടപ്പിലാക്കുന്ന മലക്കുകളിലും അവൻ അവതരിപ്പിച്ച എല്ലാ വേദങ്ങളിലും അവന്റെ മുഴുവൻ പ്രവാചകന്മാരിലും വിശ്വസിക്കുക, അവസാനം അവന്റെ മുമ്പിൽ ഹാജരായി സമാധാനം ബോധിപ്പിക്കേണ്ടതുണ്ടെന്ന വസ്തുത അംഗീകരിക്കുകയും ചെയ്യുക എന്ന ഇസ്ലാമികാദർശത്തിന്റെയും ഇസ്ലാമിക കർമ്മനയത്തിത്തിന്റെയും സംക്ഷേപം ഈ സൂക്തത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

---

286. അല്ലാഹു ആരെയും അവരുടെ കഴിവിന്നതീതമായതു ചെയ്യാൻ കൽപിക്കുകയില്ല. ഒരുവൻ പ്രവർത്തിച്ചതിന്റെ സദ്ഫലം അവന്നുള്ളതാകുന്നു.അവൻ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവന്നുതന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് മറവി സംഭവച്ചിതിന്റെയോ തെറ്റു പറ്റിയതിന്റെയോ പേരിൽ ഞങ്ങളെ നീ പിടികൂടരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളെ വഹിപ്പിച്ചതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്കു വഹിക്കാനാവാത്ത ഭാരം നീ ഞങ്ങളെ വഹിപ്പിക്കരുതേ. ഞങ്ങൾക്കു നീ മാപ്പു നൽകേണമേ, ഞങ്ങൾക്കു പൊറുത്തുതരേണമേ, ഞങ്ങളോടു കരുണ കാണിക്കേണമേ, നീയാണ് ഞങ്ങളുടെ രക്ഷാധികാരി. സത്യനിഷേധികളായ ജനത്തിനെതിരിൽ ഞങ്ങൾക്കു നീ തുണയരുളേണമേ!

---

286: അല്ലാഹു ഓരോ മനുഷ്യന്നും താൻ നൽകിയിട്ടുള്ള പരിധിയിലൊതുങ്ങുന്ന ബാധ്യതകൾ മാത്രമേ ചുമത്തുകയുള്ളു. ഭരണാധികാരികളും നേതാക്കളുമെല്ലാം ജനങ്ങളോട് കൽപിക്കുന്നത് എത്ര നല്ല കാര്യമായിരുന്നാലും അത് അവരുടെ കഴിവുകളുടെ പരിധിയിലൊതുങ്ങുന്നതായിരിക്കണം. എന്നാൽ ഒരാൾക്ക് യഥാർഥത്തിൽ എന്തിനെല്ലാം കഴിവുണ്ടായിരുന്നുവെന്നും എന്തിനെല്ലാം കഴിവുണ്ടായിരുന്നില്ലെന്നും തീരുമാനിക്കുവാൻ അല്ലാഹുവിനുമാത്രമേ സാധിക്കുകയുള്ളു.
ഓരോ വ്യക്തിയും അവൻ ചെയ്ത നന്മയുടെയും തിന്മയുടെയും പ്രതിഫലത്തിന്നുമാത്രമേ അർഹനാകയുള്ളു. ഒരാളും മറ്റൊരാളുടെ യാതൊരു ഭാരവും ചുമക്കുകയില്ല. കർമ്മഫലം ഒരാളിൽനിന്നു മറ്റൊരാളിലേക്ക് നീക്കാവുന്ന ഒരു വസ്തുവേ അല്ല.
ഞങ്ങളുടെ രക്ഷിതാവേ നീയത്രെ ഞങ്ങളുടെ യജമാനൻ! ഞങ്ങൾ മറന്നുപോകുകയോ ഞങ്ങൾ അബദ്ധം പ്രവർത്തിക്കുകയോ ചെയ്താൽ ഞങ്ങളെ പിടികൂടി നീ ശിക്ഷാനടപടി എടുക്കരുതേ! ഞങ്ങൾക്ക് മുമ്പുള്ളവരുടെ മേൽ ചുമത്തിയതുപോലുള്ള ഭാരങ്ങളൊന്നും ഞങ്ങളുടെ മേൽ ചുമത്തരുതേ! ഞങ്ങൾക്ക് താങ്ങാനാവാത്ത കൊടും ഭാരങ്ങൾ ഞങ്ങളെ വഹിപ്പിക്കരുതേ! ഞങ്ങൾക്ക് മാപ്പു നൽകണേ! ഞങ്ങൾക്ക് പൊറുത്തു തരേണമേ! ഞങ്ങളോടു നീ കരുണ കാണിക്കേണമേ! അവിശ്വാസികളായ എല്ലാവർക്കുമെതിരിൽ സത്യവിശ്വാസികളായ ഞങ്ങളെ നീ സഹായിക്കേണമേ!

---

*****

# അധ്യായം 3

## ആലുഇംറാൻ (ഇംറാൻ കുടുംബം)

### അവതരണം മദീനയിൽ, വചനങ്ങൾ 200

**ആമുഖം**

ഈ അധ്യായത്തിൽ ഇംറാൻ കുടുംബത്തെപ്പറ്റി ഒരിടത്ത് പരാമർശമുണ്ട്. ഈസാ(അ)നബിയുടെ മാതൃകുടുംബമാണ് ഇംറാൻ കുടുംബം. അതുകൊണ്ട് ഈ അധ്യായം ആലുഇംറാൻ (ഇംറാൻ കുടുംബം)എന്ന പേരിൽ അറിയപ്പെടുന്നു. കഴിഞ്ഞ അധ്യായത്തിൽ (അൽബഖറ) ഇസ്രാഈല്യരെയും യഹൂദികളെയും പരാമർശിച്ചുകൊണ്ട് വളരെ കാര്യങ്ങൾ വിവരിക്കുകയുണ്ടായി. അവരുടെ ആദർശപരമായ മാർഗഭ്രംശത്തെയും ധാർമികദൂഷ്യങ്ങളെയും ഓർമിപ്പിച്ചുകൊണ്ട് അവരെ ഉൽബോധിപ്പിച്ചു. ഈ അധ്യായത്തിൽ ക്രൈസ്തവരെ സംബന്ധിച്ച് വളരെ കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. നബി(സ)തിരുമേനി മക്ക ജയിച്ചടക്കുകയും നാട്ടിന്റെ ഭാവി ഇനി നബിയുടെ കരങ്ങളിലാണെന്ന് മുഴുവൻ അറബികൾക്കും ബോധ്യപ്പെടുകയും ചെയ്തപ്പോൾ അറേബ്യയുടെ നാനാ ഭാഗത്തുനിന്നും തിരുമേനിയുടെ അടുക്കൽ നിവേദക സംഘങ്ങൾ വന്നുതുടങ്ങി. ഹിജ്റ 9-ാം വർഷത്തിൽ നജ്റാനിൽനിന്ന് അവരിലെ പ്രസിദ്ധ നേതാക്കളടങ്ങുന്ന(ആഖിബ്, സയ്യിദ്, ബിഷപ്പ്) 60 പേരുള്ള ഒരു സംഘം നബി(സ)യുടെ അടുക്കൽ വരികയുണ്ടായി. പ്രവാചകനും ശിഷ്യന്മാരും അവരെ ഊഷ്മളമായി സ്വാഗതം ചെയ്തു. പ്രസ്തുത സന്ദർഭത്തിൽ നജ്റാൻ നിവേദക സംഘത്തെ ഇസ്ലാമിലേക്ക് ക്ഷണിക്കുവാൻ ഉപകരിക്കുമാറ് നബി(സ)തിരുമേനിക്ക് ഈ പ്രഭാഷണം (ഈ അധ്യായത്തിലെ എൺപതോളം സൂക്തങ്ങൾ) അല്ലാഹു അവതരിപ്പിച്ചുകൊടുത്തു. അസ്വർ നമസ്കാരം കഴിഞ്ഞ സമയത്തായിരുന്നു അവർ മദീന പള്ളിയിൽ എത്തിയത്. അവരുടെ പ്രാർഥനാകർമവും പള്ളിയിൽ വെച്ചുതന്നെ നിർവഹിക്കുവാൻ നബി(സ) അവരെ അനുവദിക്കുകയും അവരുടെ പതിവുപ്രകാരം കിഴക്കോട്ട് തിരിഞ്ഞ് അവർ പ്രാർഥന നിർവഹിക്കുകയും ചെയ്തതായി പറയുന്നു. തർക്കത്തിലൂടെ പ്രവാചകനെ ക്രിസ്തുമതത്തിലേക്ക് മാനസാന്തരപ്പെടുത്തുക, അതിനു കഴിഞ്ഞില്ലെങ്കിൽ ശപിച്ചു തിരിച്ചുപോരുക എന്നതായിരുന്നു ക്രൈസ്തവ സംഘത്തിന്റെ ആഗമനോദ്ദേശ്യം. നബി(സ)യുമായുള്ള അവരുടെ സംവാദത്തിൽ ഈസാ(അ)(യേശു) ദൈവപുത്രനാണെന്നും, ദൈവമാണെന്നും, പിതാവ്- പുത്രൻ -പരിശുദ്ധാത്മാവ് എന്നിവർ ചേർന്ന ദൈവമെന്നുമുള്ള(ത്രിത്വം)പരസ്പര വിരുദ്ധങ്ങളായ അവരുടെ വിശ്വാസങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. പിതാവില്ലാതെ ജനിച്ചതുകൊണ്ടാണ് യേശു ദൈവപുത്രനായതെന്നും, മരിച്ചവരെ ജീവിപ്പിക്കുക എന്ന അത്ഭുതദൃഷ്ടാന്തം യേശുവിന്റെ കൈക്ക് വെളിപ്പെട്ടതിനാലാണ് അദ്ദേഹം ദൈവമായതെന്നും മറ്റും അവർ സമർഥിക്കുകയുണ്ടായി. ഇതിനെതുടർന്ന് അവരുടെ ന്യായവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഖുർആൻ അവതരിക്കുകയും അവർ ഉത്തരം മുട്ടുകയും ചെയ്തു. സത്യം മനസ്സിലായിട്ടും അവർ സത്യത്തിലേക്ക് മടങ്ങാൻ തയ്യാറായില്ല. 61-ാം സൂക്തത്തിൽ കാണാവുന്നതുപോലെ നബി(സ) അവരെ ഒരു 'മുബാഹലക്കു' (പരസ്പരം ശാപപ്രാർഥന നടത്തുക) ആഹ്വാനം ചെയ്തെങ്കിലും അവർ ഒഴിഞ്ഞുമാറി. ഒടുവിൽ കപ്പം കൊടുത്തുകൊള്ളാമെന്ന കരാർ ചെയ്തുകൊണ്ട് അവർ മടങ്ങിപ്പോയി.

മദീനയിലെ ജൂതഗോത്രങ്ങളെയും കപടവിശ്വാസികളെയും സംബന്ധിച്ച വിവരങ്ങളും ഈ അധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്. ജൂതവിഭാഗം മദീനയിൽ മുസ്ലിംകളുടെ സഖ്യകക്ഷികളായിരുന്നെങ്കിലും,സഖ്യം നിലനിർത്തിക്കൊണ്ട് തന്നെ മുസ്ലിംകളെ ഉന്മൂലനം ചെയ്യാനുള്ള ഗൂഢപദ്ധതികൾ അവർ അസൂത്രണം ചെയ്തുകൊണ്ടിരുന്നു. പ്രവാചകനെ വധിച്ചുകളയാൻ വരെ അവർക്ക് പദ്ധതിയുണ്ടായിരുന്നു.

പൂർവസമുദായങ്ങളുടെ മതപരവും ധാർമികവുമായ അധഃപതനത്തിൻെറ അപകടകരമായ ചിത്രം വരച്ചുകാണിച്ചുകൊണ്ട് അവരുടെ കാലടികളെ പിൻപറ്റുന്നത് മുസ്ലിംകൾ സൂക്ഷിക്കണമെന്ന് ഈ അധ്യായം ഓർമിപ്പിക്കുന്നു. കപടന്മാരുടെ ഗൂഢപ്രവർത്തനങ്ങളെ നേരിടുന്നതിനുള്ള നിർദേശങ്ങൾ, വേദവിശ്വാസികൾ പ്രചരിപ്പിക്കുന്ന ആരോപണങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കുമുള്ള വിശദീകരണം, മുസ്ലിംകളുടെ വിശ്വാസപരവും കർമ്മപരവുമായ ശിക്ഷണം തുടങ്ങിയ കാര്യങ്ങളും ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. അലിഫ്-ലാം-മീം

2. അല്ലാഹു- അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. (അഖില പ്രപഞ്ചത്തെയും) പരിപാലിക്കുന്നവൻ.

3. സത്യമുൾക്കൊണ്ട ഈ വേദത്തെ നിനക്ക് ഇറക്കിത്തന്നത് അവനാകുന്നു. ഇതിനു മുമ്പുള്ള (വേദങ്ങളെ)ഇത് ശരിവെക്കുന്നു. തൗറാത്തും ഇഞ്ചീലും ഇറക്കിക്കൊടുത്തതും അവൻതന്നെ.

---

3: തൗറാത്തും ഇഞ്ചീലും കൊണ്ട് വിവക്ഷിക്കപ്പെടുന്നത് ഇന്ന് നിലവിലുള്ള ബൈബിൾ പഴനിയമത്തിലെ അഞ്ച് പുസ്തകങ്ങളോ, പുതിയനിയമത്തിലെ നാലു പുസ്തകങ്ങളോ അല്ല. എന്നാൽ തൗറാത്തും ഇഞ്ചീലും അവയ്ക്കുള്ളിൽ ഉൾപ്പെട്ടിരിക്കയാണ്.മൂസാനബിക്ക്(അ)അവതരിക്കപ്പെട്ട യഥാർഥ 'തൗറാത്ത്' അദ്ദേഹത്തിന് അല്ലാഹു ശിലാഫലകങ്ങളിൽ ഉല്ലേഖനം ചെയ്തുകൊടുത്ത പത്തു കൽപനകളും, പിന്നീട് അദ്ദേഹത്തിൻെറ മരണം വരെ ലഭിച്ച കൽപനകളുമാണ്. ആ കൽപനകൾ എഴുതിച്ചു പന്ത്രണ്ട് കോപ്പികൾ ഇസ്രാഈല്യരുടെ പന്ത്രണ്ട് ഗോത്രങ്ങൾക്ക് നൽകിയിരുന്നു. അതിൽ ലേവ്യരെ ഏൽപ്പിച്ചിരുന്ന കോപ്പി ശിലാഫലകങ്ങളോടൊപ്പം വിശുദ്ധപെട്ടകത്തിൽ സൂക്ഷിപ്പുണ്ടായിരുന്നു. ലേവീ ഗോത്രത്തിൽ പ്രവാചകത്വവും യഹൂദാ ഗോത്രത്തിൽ ന്യായാധിപത്യവും പാരമ്പര്യമായി തുടർന്നുപോന്നിരുന്നു. ജറുശലം ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന തൗറാത്തിൻെറ അസ്സൽ കോപ്പികൾ ബി.സി.6-ാം നൂറ്റാണ്ടിൽ ബാബിലോണിയൻ ചക്രവർത്തി നബുക്കദ്നസർ ജറുശലം അക്രമിച്ചു കീഴടക്കുകയും ഹൈക്കൽ അടക്കം പട്ടണം നിശ്ശേഷം തകർത്തുകളയുകയും ജൂതന്മാരെ അവിടെ നിന്ന് ആട്ടിയോടിക്കുകയും ചെയ്തപ്പോൾ അതിൻെറ ലിഖിതരൂപങ്ങൾ അവർക്ക് എന്നേക്കുമായി നഷ്ടപ്പെട്ടുപോയി. പിന്നീട് ഇസ്രാഈല്യർ ബാബിലോണിയയിലെ ബന്ധനത്തിൽ നിന്ന് മുക്തമാവുകയും ജറുശലമിൽ തിരിച്ചെത്തി ബൈത്തുൽ മഖ്ദിസ് പുനർനിർമിക്കുകയും ചെയ്തു. അതിനുശേഷം അസ്റാ(ഉസൈർ) പുരോഹിതൻ മറ്റു ചില മഹാത്മാക്കളുടെ സഹായത്തോടെ ഇസ്രാഈല്യരുടെ സമ്പൂർണ ചരിത്രം ക്രോഡീകരിച്ചു. അതാണ് ഇപ്പോഴത്തെ ബൈബിളിലെ ആദ്യത്തെ പതിനേഴുപുസ്തകങ്ങൾ. ആ ചരിത്രത്തിൽ മൂസാ(അ)യുടെ ചരിത്രം ഉൾക്കൊള്ളുന്ന പുറപ്പാട്, ലേവ്യപുസ്തകം, സംഖ്യാപുസ്തകം, ആവർത്തന പുസ്തകം എന്നിവയിൽ ഉസൈറിന്നും സഹായികൾക്കും ലഭിച്ച വിവരങ്ങൾ അവതരണത്തിൻെറ ക്രമമനുസരിച്ച് ഉൾപ്പെടുത്തുകയും ചെയ്തു. മൂസാ(അ)യുടെ ഈ ജീവചരിത്രത്തിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ശകലങ്ങളാണ് യഥാർഥ തൗറാത്ത്.ഈ ചിതറിക്കിടക്കുന്ന ഭാഗങ്ങളെക്കുറിച്ചാണ് ഖുർആൻ 'തൗറാത്ത്' എന്ന് പറയുന്നത്. അവയെ മാത്രമേ വിശുദ്ധ ഖുർആൻ ശരിവയ്ക്കുന്നുള്ളൂ.

ഇഞ്ചീലിൻെറ സ്ഥിതിയും ഇപ്രകാരം തന്നെ. മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ പുസ്തകങ്ങൾക്ക് ഇഞ്ചീൽ എന്ന് പറയുന്നുണ്ടെങ്കിലും യഥാർഥ ഇഞ്ചീൽ അവയൊന്നുമല്ല. ഈസാ(അ) പ്രവാചകനെന്ന നിലക്ക് അരുൾചെയ്ത വചനങ്ങളും ദിവ്യപ്രഭാഷണങ്ങളുമാണ് യഥാർഥ

ഇഞ്ചീൽ. ഒരു നീണ്ട കാലത്തിനുശേഷം അദ്ദേഹത്തിൻെറ ചര്യയെ സംബന്ധിച്ച് ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടപ്പോൾ അവയുടെ കർത്താക്കൾ അവർക്ക് ലഭിച്ച വിവരങ്ങൾ ചരിത്രപരമായ വിവരണങ്ങളോടൊപ്പം സന്ദർഭോചിതം അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി. വാമൊഴിയായോ ഓർമക്കുറിപ്പുകൾ വഴിക്കോ ലഭിച്ചിരുന്ന അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളും നിർദേശങ്ങളും അടങ്ങിയ ഭാഗങ്ങളുടെ സമാഹാരത്തിനാണ് വിശുദ്ധ ഖുർആൻ 'ഇഞ്ചീൽ' എന്ന് പറയുന്നത്. അവയെ മാത്രമേ ഖുർആൻ സ്ഥിരീകരിക്കുന്നുള്ളു.

4. ഇതിനുമുമ്പ് മനുഷ്യരുടെ മാർഗദർശനത്തിനുവേണ്ടിയായിരുന്നു(അവ അവതരിപ്പിച്ചത്). പിന്നെ അവൻ ഫുർഖാൻ(സത്യാസത്യവിവേചക പ്രമാണം-ഖുർആൻ) അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും അല്ലാഹുവിൻെറ സൂക്തങ്ങൾ നിഷേധിക്കുന്നവർക്ക് കഠിനമായ ശിക്ഷയാണുള്ളത്. അല്ലാഹു പ്രതാപിയും (ധിക്കാരികളോട്) പ്രതികാരം ചെയ്യുന്നവനുമത്രെ.

4:പൂർവവേദങ്ങൾ പൂർവജനതകൾക്കുവേണ്ടിയായിരുന്നു.വേദവാഹകർക്കിടയിലെ ഭിന്നിപ്പും തർക്കങ്ങളും കാരണമായി വേദങ്ങളിലെ അടിസ്ഥാന സത്യങ്ങൾ എല്ലാവർക്കും അവ്യക്തമായിത്തീർന്നതായി ഖുർആൻ പലയിടത്തും പരാമർശിക്കുന്നത് കാണാം. ഈ സാഹചര്യത്തിലാണ് യഥാർഥ സത്യങ്ങൾ വിശദീകരിക്കുവാനും ജനങ്ങൾക്ക് സന്മാർഗം വ്യക്തമാക്കിക്കൊടുക്കുവാനുമായി ശരിയും തെറ്റും വേർതിരിച്ചറിയാനുള്ള ഈ ഗ്രന്ഥം -വിശുദ്ധ ഖുർആൻ- അവതരിക്കപ്പെട്ടത്.ആർക്കും കൈകടത്താൻ സാധിക്കാത്ത വിധം ഈ ഗ്രന്ഥം അന്ത്യനാൾ വരെ നിലനിർത്താനുള്ള ഏർപ്പാടുകളും അല്ലാഹു ചെയ്തിരിക്കുന്നു. ഇനി മനുഷ്യർ ധർമാധർമങ്ങളുടെയും സത്യാസത്യങ്ങളുടെയും മാനദണ്ഡമായി അവലംബിക്കേണ്ടത് ഈ വേദത്തെയാണ്.

5. ഭൂലോകത്തോ വാനലോകത്തോ ഉള്ള ഒരു വസ്തുവും അല്ലാഹുവിൽനിന്ന് മറഞ്ഞിരിക്കുന്നില്ല.

6. താൻ നിശ്ചയിക്കുന്നവിധം ഗർഭാശയങ്ങളിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനാകുന്നു. അവനല്ലാതെ (മറ്റൊരു) ദൈവമില്ല. അവൻ പ്രതാപിയും യുക്തിജ്ഞനുമത്രെ.

6: നിങ്ങളുടെ മാതാക്കളുടെ ഗർഭാശയങ്ങളിൽ തൻെറ ഇഛക്കും അറിവിനും വിധേയമായി നിങ്ങളെ രൂപപ്പെടുത്തുന്നത് അവനാകുന്നു. അതിൽ നിങ്ങൾക്കോ നിങ്ങളുടെ പിതാക്കൾക്കോ യാതൊരു പങ്കുമില്ല.

7. അവനാണ് നിനക്ക് ഈ വേദം അവതരിപ്പിച്ചുതന്നിട്ടുള്ളത്.അതിൽ സുവ്യക്തമായ സൂക്തങ്ങളുണ്ട്. അതാണ് ഗ്രന്ഥത്തിൻെറ മുഖ്യഘടകം. അവ്യക്തമായ മറ്റു ചില സൂക്തങ്ങളുമുണ്ട്. മനസ്സിൽ വക്രതയുള്ളവർ കുഴപ്പമാഗ്രഹിച്ചുകൊണ്ട് അതിലെ അവ്യക്തമായ വാക്യങ്ങളുടെ പിറകെ പോവുകയും അവയെ വ്യാഖ്യാനിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ അതിൻെറ ശരിയായ വ്യാഖ്യാനമാകട്ടെ അല്ലാഹുവല്ലാതെ ആരും അറിയുന്നില്ല. അറിവിൽ പക്വതയെത്തിയവർ പറയും: ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. എന്നാൽ ബുദ്ധിശാലികൾ മാത്രമേ അത് മനസ്സിലാക്കുകയുള്ളു.

7:വിശുദ്ധ ഖുർആനിൽ രണ്ടുതരം സൂക്തങ്ങളുണ്ട്. ഒന്ന്,മുഹ്കമാത്ത്- അർഥനിർണയത്തിൽ യാതൊരുവിധ സംശയത്തിനും ആശയക്കുഴപ്പത്തിനും പഴുതില്ലാത്തതും, ആശയം വ്യക്തമായി മനസ്സിലാകുന്നതും പാരായകർക്ക് അനായാസം ഗ്രഹിക്കാൻ കഴിയുന്നതുമായ സൂക്തങ്ങളാണ് 'മുഹ്കമാത്ത്'. ഈ വാക്യങ്ങളത്രെ വേദഗ്രന്ഥത്തിൻെറ മൗലികഭാഗം.സത്യവും അസത്യവും,നീതിയും,അനീതിയും, ധർമവും അധർമവും എന്താണെന്ന് അവ സ്പഷ്ടമായി പഠിപ്പിക്കുന്നു. ജനങ്ങൾക്കുള്ള ഗുണപാഠങ്ങൾ ആജ്ഞാനിരോധങ്ങൾ ആരാധനാകർമങ്ങൾ എന്നിവയെല്ലാം അതിലാണ് വിശദീകരിച്ചിരിക്കുന്നത്.

സന്മനസ്സുള്ള സത്യാന്വേഷകർക്ക് സന്മാർഗം കണ്ടെത്താൻ ഖുർആനിൽ ധാരാളമായി വന്നിട്ടുള്ള അത്തരം സൂക്തങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും ഗ്രഹിക്കാനും സാധിക്കുന്നതാണ്.

രണ്ട്, മുതശാബിഹാത്ത്- വാക്കിലോ അർഥത്തിലോ മറ്റൊന്നിനോടു സാദൃശ്യമുള്ള കാരണത്താൽ അർഥ നിർണയത്തിൽ അവ്യക്തതയ്ക്ക് സാധ്യതയുള്ള വാക്യങ്ങളാണ് 'മുതശാബിഹാത്ത്'. ഖുർആൻ വ്യാഖ്യാ താക്കൾ പലരും പലവിധത്തിൽ ഇവയെ വ്യാഖ്യാനിച്ചതായി കാണാം. പഞ്ചേന്ദ്രിയങ്ങൾക്കതീതമായ, മനുഷിക വിജ്ഞാനത്തിൻെറ പിടിയിൽ ഒരിക്കലും വന്നിട്ടില്ലാത്ത, നമ്മുടെ ഊഹത്തിനും അനുമാന ത്തിനും പരിചയത്തിനും അതീതമായ അജ്ഞേയ യാഥാർഥ്യങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിച്ച സദൃശ വാക്യങ്ങളാണ് 'മുതശാബിഹാത്ത്'.

അഭൗമയാഥാർഥ്യങ്ങളെ സംബന്ധിച്ച് അവ്യക്തമായ ഒരു ചിത്രം മനുഷ്യന് കാണിച്ചുകൊടുക്കുക മാത്ര മാണ് 'മുതശാബിഹാത്ത്'കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അത്തരം സൂക്തങ്ങളുടെ അർഥവും ഉദ്ദേശ്യവും നിർണയിക്കാൻ ശ്രമിക്കുംതോറും സംശയങ്ങളും ആശയക്കുഴപ്പങ്ങളും വർദ്ധിക്കുകയേ ഉള്ളൂ. അല്ലാഹു വിൻെറ ഗുണവിശേഷങ്ങൾ, അല്ലാഹുവിൻെറ മുഖം, കൈ തുടങ്ങിയ പദങ്ങൾ, സ്വർഗനരകങ്ങൾ തുടങ്ങിയ അദൃശ്യ ലോകങ്ങളുടെ യാഥാർഥ്യം, അലിഫ്-ലാം-മീം(2:1) തുടങ്ങിയ സൂക്തങ്ങൾ, അല്ലാഹു 'അർശി'ന്മേൽ ആരോഹണം ചെയ്തിരിക്കുന്നു എന്ന പ്രസ്ഥാവന തുടങ്ങിയ കാര്യങ്ങൾ ഇതി ന് ഉദാഹരണങ്ങളായി പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. സ്വർഗാവകാശികളെപ്പറ്റി 32:17-ൽ 'അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല.'എന്ന് അല്ലാഹു പറയുന്നതായി കാണാം.

ഖുർആനിലെ ഇത്തരം വാക്കിനോ വാക്യത്തിനോ ദുർവ്യാഖ്യാനങ്ങൾ കണ്ടുപിടിക്കുകയും, അതിനേ ക്കാൾ വ്യക്തമായ രീതിയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും ചെയ്ത് സ്വന്തം താൽപര്യങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവരുണ്ട്. ഈസാനബിയെ(അ)പ്പറ്റി (.അദ്ദേഹം അല്ലാഹുവിൻെറ വചനവും അവങ്കൽനിന്നുള്ള ഒരാത്മാവും മാത്രമാകുന്നു...4:171) എന്ന് ഖുർആനിൽ പറഞ്ഞിട്ടുള്ളതിനെ, അദ്ദേഹത്തിൻെറ ദൈവത്വം ഖുർആൻ അംഗീകരിച്ചതാണെന്ന് സമർഥിക്കാൻ നജ്റാ നിലെ ക്രിസ്തീയ നിവേദകസംഘത്തിലെ ചിലർ ശ്രമിക്കുകയുണ്ടായെന്ന് ആ സംഭവം വിവരിക്കുന്ന നിവേദനങ്ങളെ ഉദ്ധരിച്ച് വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നു. മുസ്ലിംകളെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കാൻ ഇന്നും ചില ക്രൈസ്തവ പാതിരിമാർ ആ രണ്ട് വാക്കുകളെയും ദുർവ്യാഖ്യാനം ചെയ്തു കൊണ്ട് ഇതുപോലുള്ള സൂത്രങ്ങൾ പ്രയോഗിക്കുന്നതായി കാണാം. പൈതൃകമായി അവർക്ക് ലഭിച്ച അന്ധവിശ്വാസങ്ങളെ സംരക്ഷിക്കാനും ന്യായീകരിക്കാനുമാണ് അവർ ഇങ്ങനെ ചെയ്യുന്നത്.

'അല്ലാഹുവെ സംബന്ധിച്ചിടത്തോളം ഈസായെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. ആദമിനെ മണ്ണിൽ നിന്നും അവൻ സൃഷ്ടിച്ചു...' (3:59)

'അദ്ദേഹം (യേശു) നാം അനുഗ്രഹിച്ച ഒരു ദാസൻ മാത്രമാകുന്നു....' (43:59)

തുടങ്ങിയ എത്രയോ അർഥവും ആശയവും വ്യക്തമായ സൂക്തങ്ങളെ അവർ അവഗണിക്കുകയും ചെയ്യുന്നു.

---

8. (അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു:) ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ നേർവഴിയിലാക്കി യശേഷം ഞങ്ങളുടെ മനസ്സുകളെ അതിൽനിന്ന് വ്യതിചലിപ്പിക്കരുതേ. നിൻെറ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ! തീർച്ചയായും നീ മാത്രമാണ് അത്യുദാരൻ.

---

8: ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ ലോകത്ത് ലഭിക്കാവുന്ന ഏറ്റവും വലിയ സൗഭാഗ്യം സന്മാർഗത്തിലെത്തിച്ചേരുകയെന്നതാണ്. അല്ലാഹുവിൻെറ മഹത്തായ അനുഗ്രഹമായിട്ടാണ് ഒരു സത്യ വിശ്വാസി അതിനെ കാണുന്നത്.

---

9. ഞങ്ങളുടെ നാഥാ! തീർച്ചയായും നീ ജനങ്ങളെയൊക്കെ ഒരുനാൾ ഒരുമിച്ചുകൂട്ടുന്നവനാ ണ്. അതിൽ സംശയമേയില്ല. തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുന്നതല്ല.

10. അവിശ്വാസികളാവട്ടെ- അവരുടെ സമ്പത്തും സന്താനങ്ങളും അല്ലാഹുവിനെതിരിൽ അവർക്ക് ഒരു പ്രയോജനവും ചെയ്യുന്നതല്ല. അവർ നരകത്തിന്റെ വിറകായിത്തീരുകതന്നെ ചെയ്യും.

10: സത്യനിഷേധികൾ വാരിക്കൂട്ടി കാത്തുസൂക്ഷിക്കുന്ന സമ്പത്തിനോ, വാത്സല്യപൂർവം സംരക്ഷിച്ചുകൊണ്ടിരിക്കുന്ന അവരുടെ സന്താനങ്ങൾക്കോ, ഭൗതിക ജീവിതത്തിൽ നേടിയെടുത്ത ജനസ്വാധീനത്തിനോ പരലോകത്ത് അല്ലാഹുവിന്റെ വിചാരണയെയും ശിക്ഷയെയും തടഞ്ഞുനിർത്താൻ സാധിക്കുകയില്ല. നിങ്ങൾ തെരഞ്ഞെടുത്ത ഈ സത്യനിഷേധനിലപാടിന്റെ പര്യവസാനം ലഘുവായ ഒന്നാണെന്ന് വിചാരിക്കേണ്ട.

11. ഫിർഔന്റെ ആൾക്കാരുടെയും അവർക്ക് മുമ്പുള്ളവരുടെയും അവസ്ഥപോലെത്തന്നെ. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കി. അവരുടെ പാപകൃത്യങ്ങളുടെ പേരിൽ അല്ലാഹു അവരെ പിടികൂടി. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

12. സത്യനിഷേധികളോടു പറയുക: നിങ്ങൾ ഉടനെ പരാജയപ്പെടും. നരകത്തിലേക്ക് തെളിക്കപ്പെടുകയും ചെയ്യും. അതെത്ര ചീത്തയായ പാർപ്പിടം!

13. (ബദ്റിൽ) ഏറ്റുമുട്ടിയ ആ രണ്ടു സംഘങ്ങളിൽ നിശ്ചയമായും നിങ്ങൾക്കു ഗുണപാഠമുണ്ടായിരുന്നു. ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ പടപൊരുതുകയായിരുന്നു. മറുവിഭാഗം സത്യനിഷേധികളും. (അവിശ്വാസികൾക്ക്)തങ്ങളുടെ ദൃഷ്ടിയിൽ സത്യവിശ്വാസികൾ തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയത്. അല്ലാഹു അവനിച്ഛിക്കുന്നവരെ തന്റെ സഹായംകൊണ്ട് അവൻ ശക്തിപ്പെടുത്തുന്നു. തീർച്ചയായും ഉൾക്കാഴ്ചയുള്ളവർക്ക് അതിൽ മഹത്തായ പാഠമുണ്ട്.

13: 313 സത്യവിശ്വാസികളും, മക്കയിൽനിന്ന് സർവായുധസജ്ജരായിവന്ന ആയിരത്തോളം ഖുറൈശിപ്പടയും തമ്മിൽ നടന്ന ചരിത്രപ്രസിദ്ധമായ യുദ്ധമാണ് ബദ്ർ യുദ്ധം. മുസ്‌ലിംകൾക്ക് ആവശ്യമായ യുദ്ധസാമഗ്രികൾ കൈവശമില്ലായിരുന്നു. എങ്കിലും സത്യവിശ്വാസത്താൽ പ്രചോദിതരായിക്കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ നിലകൊള്ളുന്നവരായിരുന്ന ആ ചെറു സംഘം അവന്റെ സഹായത്താൽ ശത്രുക്കളുടെ മഹാസൈന്യത്തെ അമ്പേ പരാജയപ്പെടുത്തുകയുണ്ടായി. ബദ്ർ യുദ്ധത്തെ സംബന്ധിച്ച പരാമർശത്തിൽ (അധ്യായം 8-44-ൽ) 'നിങ്ങൾ തമ്മിൽ ഏറ്റുമുട്ടിയപ്പോൾ നിങ്ങളുടെ ദൃഷ്ടിയിൽ അവരെയും, അവരുടെ ദൃഷ്ടിയിൽ നിങ്ങളെയും അല്ലാഹു കുറച്ചു കാണിച്ചിരിക്കുന്നു'. എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

14. സ്ത്രീകൾ, സന്താനങ്ങൾ, കുന്നുകൂട്ടിയ സ്വർണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കാലികൾ,കൃഷിയിടങ്ങൾ, തുടങ്ങിയ ഇഷ്ടവസ്തുക്കളോടുള്ള മോഹം മനുഷ്യർക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അതൊക്കെയും ഐഹികജീവിതത്തിന്നുള്ള വിഭവങ്ങളാകുന്നു. അല്ലാഹുവിങ്കലുള്ളതത്രെ വിശിഷ്ടമായ പാർപ്പിടം.

15. പറയുക: ഇതിനേക്കാൾ ഉത്തമമായതെന്തെന്ന് ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? സൂക്ഷ്മത പാലിച്ചവർക്ക് അവരുടെ നാഥങ്കൽ ആരാമങ്ങളുണ്ട്. അതിനു കീഴെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. എന്നെന്നും അവർ അതിൽ പാർക്കും. അവർക്കവിടെ പരിശുദ്ധരായ ഇണകളുണ്ടായിരിക്കും; അല്ലാഹുവിന്റെ തൃപ്തിയും! അല്ലാഹു തന്റെ ദാസന്മാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

16. ഇങ്ങനെ പ്രാർഥിക്കുന്നവരാണവർ: ഞങ്ങളുടെ നാഥാ നിശ്ചയമായും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കുകയും ചെയ്യേണമേ.

17. അവര്‍ സഹനശീലരാകുന്നു. സത്യസന്ധരാകുന്നു. അനുസരണമുള്ളവരാകുന്നു. ഉദാരമതികളാകുന്നു. രാത്രിയുടെ അന്ധ്യയാമങ്ങളില്‍ പാപമോചനത്തിനായി പ്രാര്‍ഥിക്കുന്നവരുമാകുന്നു.

18. അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു- നിശ്ചയമായും അവനല്ലാതെ (മറ്റൊരു)ദൈവമില്ല. മലക്കുകളും ജ്ഞാനികളൊക്കെയും (ഈ സത്യത്തിനു സാക്ഷ്യം വഹിച്ചിരിക്കുന്നു.) അവന്‍ നീതി നിലനിര്‍ത്തുന്നവനാകുന്നു. പ്രതാപിയും യുക്തിജ്ഞനുമായ അവനല്ലാതെ വേറെ ദൈവമില്ലതന്നെ.

19. തീര്‍ച്ചയായും അല്ലാഹുവിങ്കല്‍ ദീന്‍(മതം) എന്നാല്‍ ഇസ്‌ലാം മാത്രമാകുന്നു. വേദം ലഭിച്ചവര്‍ ഇതില്‍നിന്ന്‌ ഭിന്നിച്ചത്‌ അവര്‍ക്ക്‌ അറിവ്‌ വന്നെത്തിയശേഷം മാത്രമാകുന്നു. അവര്‍ക്കിടയിലെ കിടമത്സരം നിമിത്തമത്രെ അത്‌. ആരെങ്കിലും അല്ലാഹുവിന്‍െറ ദൃഷ്‌ടാന്തങ്ങളെ നിഷേധിക്കുന്നുവെങ്കില്‍,അപ്പോള്‍ അല്ലാഹു അതിവേഗം വിചാരണ ചെയ്യുന്നവനത്രെ.

---

19: മനുഷ്യാരംഭം മുതല്‍, തന്‍െറ സൃഷ്‌ടികളും പ്രജകളുമായ എല്ലാ മനുഷ്യര്‍ക്കും അല്ലാഹു നിയമിച്ചതും ഈ ലോകത്ത്‌ ആഗതരായ എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തതുമായ ഏക ജീവിത വ്യവസ്ഥ ഇസ്‌ലാം മാത്രമാകുന്നു.ഇസ്‌ലാമല്ലാത്ത മറ്റൊരു വ്യവസ്ഥയും അവന്‍ മനുഷ്യര്‍ക്ക്‌ അംഗീകരിച്ചുകൊടുത്തിട്ടില്ല. 'ഇസ്‌ലാം അല്ലാത്ത ജീവിതമാര്‍ഗം ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കില്‍ അവനില്‍ നിന്ന്‌ അത്‌ സ്വീകരിക്കുകയില്ല.'(3:85). എന്നാല്‍, വേദഗ്രന്ഥം ലഭിക്കുകയും പ്രവാചകന്മാരുടെ അനുയായികളെന്ന പാരമ്പര്യം അവകാശപ്പെടുകയും ചെയ്യുന്ന ചില സമുദായങ്ങള്‍ ഈ സത്യത്തില്‍നിന്ന്‌ ഭിന്നിച്ചു പോയിട്ടുണ്ട്‌. അന്ത്യപ്രവാചകനായ മുഹമ്മദ്‌ നബി(സ)യുടെ ആഗമനം തൗറാത്തിലും ഇഞ്ചീലിലും പ്രവചിട്ടുണ്ടായിരുന്നെങ്കിലും യഹൂദരും ക്രൈസ്തവരും മുഹമ്മദ്‌ നബിയെ(സ) തള്ളിപ്പറയുന്നു.

പ്രവാചകന്മാര്‍ക്കു ശേഷം അവരുടെ പിന്‍ഗാമികള്‍ ദൈവികമതത്തില്‍ മാറ്റത്തിരുത്തലുകള്‍ വരുത്തി, അതിനെ വിവിധ പേരുകളിലുള്ള വ്യത്യസ്ത മതങ്ങളാക്കി. അവരുടെ പരസ്‌പരവൈരവും മാത്സര്യവുമാണ്‌ അവര്‍ മൗലികമതത്തില്‍ നിന്ന്‌ ഭിന്നിച്ചുപോവാന്‍ കാരണം. അല്ലാതെ സത്യാന്വേഷണത്തിന്‍െറയോ ധര്‍മബോധത്തിന്‍െറയോ ഫലമായി വളര്‍ന്നുവന്നതല്ല ഈ മതങ്ങള്‍. അങ്ങനെ, ജൂതവംശം ജൂതമതവും, ക്രൈസ്തവര്‍ ക്രിസ്തുമതവും സ്ഥാപിച്ചു. മറ്റു പല മതങ്ങളും അതുമായി ബന്ധപ്പെട്ട വ്യക്തികളുടെയോ സമുദായങ്ങളുടെയോ പേരില്‍ അറിയപ്പെടുന്നു. മനുഷ്യവര്‍ഗത്തിനൊട്ടാകെ അവകാശപ്പെട്ട, സകല മനുഷ്യരുടെയും മാര്‍ഗദര്‍ശനാര്‍ഥം ദൈവം അവതരിപ്പിച്ച മതം ഏതെങ്കിലും ദേശത്തിന്‍െറയോ, വ്യക്തിയുടെയോ, സമുദായത്തിന്‍െറയോ പേരില്‍ ദൈവം അവതരിപ്പിക്കേണ്ട ആവശ്യമെന്താണ്‌? ദൈവികമതത്തെ ജനങ്ങള്‍ മാറ്റിമറിച്ചകാരണം ലോകാവസാനം വരെയുള്ള മനുഷ്യര്‍ക്ക്‌ മാര്‍ഗദര്‍ശനമായി ഇസ്‌ലാമിനെ അതിന്‍െറ സമ്പൂര്‍ണരൂപത്തില്‍ അല്ലാഹു അവതരിപ്പിച്ചിരിക്കുന്നു. ഇസ്‌ലാമെന്ന പദത്തിന്‌ അനുസരണം, സമാധാനം, എന്നിങ്ങനെ അര്‍ഥങ്ങളാണുള്ളത്‌. മനുഷ്യന്‍ തന്‍െറ ജീവിത വ്യവസ്ഥ സ്വയം നിരീക്ഷിച്ച്‌ കണ്ടുപിടിക്കുന്നതിനുപകരം ദൈവം തന്‍െറ ദൂതന്മാര്‍ മുഖേന അയച്ചിട്ടുള്ള സന്മാര്‍ഗത്തെ യാതൊരു ഏറ്റക്കുറവും വരുത്താതെ അതേപടി അനുഗമിക്കുകയാണ്‌ ചെയ്യേണ്ടത്‌.

---

20. എന്നാല്‍ അവര്‍ നിന്നോട്‌ തര്‍ക്കിക്കുകയാണെങ്കില്‍ നീ പറയുക: ഞാന്‍ എന്‍െറ മുഖം അല്ലാഹുവിനു സമര്‍പ്പിച്ചിരിക്കുന്നു, (എന്നെപ്പോലെതന്നെ)എന്നെ പിന്തുടര്‍ന്നവരും.വേദം ലഭിച്ചവരോടും അക്ഷരജ്ഞാനമില്ലാത്തവരോടും (ബഹുദൈവ വിശ്വാസികളായ അറബികള്‍) നീ ചോദിക്കുക: നിങ്ങള്‍ (അല്ലാഹുവിന്ന്‌)കീഴ്‌പ്പെട്ടുവോ? അവര്‍ കീഴ്‌പ്പെട്ടു കഴിഞ്ഞാല്‍ അവര്‍ നേര്‍വഴിയിലായിക്കഴിഞ്ഞു.അവര്‍ പിന്തിരിഞ്ഞു പോയാലോ, അപ്പോള്‍ അവര്‍ക്കു സന്ദേശം എത്തിക്കേണ്ട ബാധ്യതയേ നിനക്കുള്ളു. അല്ലാഹു അവന്‍െറ ദാസന്മാരുടെ കാര്യങ്ങള്‍ കണ്ടറിയുന്നവനാകുന്നു.

21. അല്ലാഹുവിൻെറ സന്ദേശങ്ങളിൽ അവിശ്വസിക്കുകയും, ഒരു ന്യായവുമില്ലാതെ പ്രവാചക ന്മാരെ കൊലപ്പെടുത്തുകയും, ജനങ്ങൾക്കിടയിൽ നീതി പാലിക്കാൻ കൽപിക്കുന്നവരെ വധിക്കുകയും ചെയ്യുന്നവർക്ക്‌ വേദനയേറിയ ശിക്ഷയുടെ സന്തോഷവാർത്ത അറിയിച്ചു കൊള്ളുക.

21 അല്ലാഹുവിൻെറ നിയമങ്ങൾ ജനങ്ങൾക്ക്‌ എത്തിച്ചുകൊടുക്കാൻ നിയുക്തരായ പ്രവാചകന്മാരെയും അവരുടെ ആദർശങ്ങളും ധർമങ്ങളും സമൂഹത്തിൽ പ്രചരിപ്പിക്കാൻ ശ്രമിച്ചുവരുന്ന സമുദായ പരിഷ്‌ കർത്താക്കളെയും പീഡിപ്പിക്കുകയോ കൊന്നുകളയുകയോ ചെയ്യുന്നവരെ താക്കീതുചെയ്യുകയാണ്‌ ഈ സൂക്തം. അല്ലാഹുവിൻെറ സന്ദേശങ്ങളെ നിഷേധിക്കുക, പ്രവാചകന്മാരെയും മതോപദേഷ്‌ടാക്കളെയും നിർദ്ദയം വധിക്കുക മുതലായവയിൽ ഒരു നീണ്ട പാരമ്പര്യം തന്നെ വേദക്കാർക്കുണ്ട്‌.
സത്യമതത്തിലേക്ക്‌ വന്നിട്ടില്ലാത്തവരെ അതിലേക്ക്‌ ക്ഷണിക്കുകയും സമൂഹത്തിലെ അന്ധവിശ്വാസ ങ്ങളെയും അനാചാരങ്ങളെയും തൂത്തുമാറ്റി, അല്ലാഹുവിൻെറ വിധിവിലക്കുകൾ പുനഃസംവിധാനി ക്കാൻ ശ്രമിച്ച പല പരിഷ്‌കർത്തക്കളും അതിരൂക്ഷമായ പീഢനങ്ങൾക്കും യാതനകൾക്കും വിധേയരായ ത്‌ ഇസ്‌ലാമിക ചിരിത്രത്തിലും കാണാവുന്നതാണ്‌.

22. തങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഇഹത്തിലും പരത്തിലും പാഴായിപ്പോയവരാണവർ. അവർ ക്ക്‌ സഹായികളായി ആരുമുണ്ടാവില്ല.

22: സത്യവിശ്വാസം സ്വീകരിക്കാതെയും പാരത്രിക പ്രതിഫലം കാംക്ഷിക്കാതെയും തങ്ങൾക്ക്‌ ഗുണ കരം എന്നു കരുതി ചെയ്യുന്ന കർമ്മങ്ങളെല്ലാം തൽക്കാലം അവർക്ക്‌ സന്തോഷം നൽകുമെങ്കിലും ഭാവി യിൽ ഭൗതിക ജീവിതത്തിലും പാരത്രിക ജീവിതത്തിലും നിഷ്‌പ്രയോജനങ്ങളാകുന്നതാണ്‌. ‘‘അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർ ക്കുകയും ചെയ്യും (25:23). അവിടെ ഏതെങ്കിലും മനുഷ്യനെ അയാളുടെ കർമ്മഫലമനുഭവിക്കുന്ന തിൽനിന്ന്‌ രക്ഷപ്പെടുത്താൻ കഴിയുന്ന യാതൊരു ശക്തിയും ഉണ്ടായിരിക്കുന്നതല്ല. അല്ലാഹുവിൻെറ കോടതിയിൽ ഇടപെട്ടുകൊണ്ട്‌ ‘ഇന്നയാൾ എനിക്ക്‌ പ്രിയപ്പെട്ടവനാണ്‌, അയാൾ ഐഹികലോകത്ത്‌ എന്തൊക്കെ ദുഷ്‌കർമങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ശരി അയാളോട്‌ ദക്ഷിണ്യം കാട്ടിയേ ഒക്കൂ’ എന്ന്‌ പറയാൻ സ്വാധീനശക്തിയുള്ളവരോ അല്ലാഹുവിനെ വശീകരിക്കാൻ കഴിയുന്നവരോ ആയി ആരും അവിടെ ഉണ്ടായിരിക്കുന്നതല്ല.

23. വേദജ്ഞാനത്തിൽനിന്ന്‌ ഒരു വിഹിതം ലഭിച്ചിട്ടുള്ളവരെ നീ കണ്ടില്ലേ? അവർക്കിടയിൽ വിധികൽപിക്കുന്നതിനുവേണ്ടി അല്ലാഹുവിൻെറ ഗ്രന്ഥത്തിലേക്ക്‌ അവരെക്ഷണിക്കുമ്പോൾ അവരിൽ ഒരു വിഭാഗം ഒഴിഞ്ഞുമാറുകയും പിന്തിരിഞ്ഞുപോവുകയും ചെയ്യുന്നു.

24. അത്‌ എന്തുകൊണ്ടെന്നാൽ, അവർ പറയുന്നു:‘എണ്ണപ്പെട്ട ഏതാനും നാളുകളല്ലാതെ നരകാ ഗ്നി ഞങ്ങളെ തൊടുകയില്ല.’ അവർ കെട്ടിച്ചമച്ച വാദങ്ങൾ മതകാര്യത്തിൽ അവരെ വഞ്ചി തരാക്കിക്കളഞ്ഞു.

24: വേദപണ്ഡിതന്മാർ സ്വാർഥലാഭങ്ങൾക്കുവേണ്ടി സ്വന്തമായ പ്രമാണങ്ങളും നിയമങ്ങളും കെട്ടിച്ചമച്ച്‌ മതത്തിൻെറ പേരിൽ ജനങ്ങളിൽ പ്രചരിപ്പിച്ചിരുന്നു. കാലാന്തരത്തിൽ അതൊക്കെ മതതത്വങ്ങളായി അവർ അംഗീകരിച്ച്‌ അവർ വഞ്ചിതരാകുകയും ചെയ്തിരിക്കുന്നു. തങ്ങൾ അല്ലാഹുവിൻെറ സ്വന്തക്കാരാ ണ്‌. അവൻെറ വേദത്തിൻെറയും മതത്തിൻെറയും വാഹകരാണ്‌. നരകം ഞങ്ങളെ സ്‌പർശിക്കുകയില്ല. അഥവാ നരകപ്രവേശം അനിവാര്യമായാൽതന്നെ ഏതാനും ദിവസങ്ങൾ മാത്രം അവിടെ നിറുത്തുന്നതും പിന്നെ നേരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതുമാണ്‌- എന്നിങ്ങനെയുള്ള മൂഢവിശ്വാസങ്ങൾ അവർ വെച്ചുപുലർത്തിയിരുന്നു. തങ്ങളുടെ മതത്തിൽ കെട്ടിച്ചമച്ചുണ്ടാക്കിയ കൃത്രിമപ്രമാണങ്ങൾ അവരെ വമ്പിച്ച വ്യാമോഹങ്ങളിൽ അകപ്പെടുത്തിയിരിക്കുകയാണ്‌.

25. യാതൊരു സന്ദേഹവുമില്ലാത്ത ഒരു നാളിൽ നാം അവരെ ഒരുമിച്ചു കൂട്ടുമ്പോഴ് അവരുടെ അവസ്ഥ എന്തായിരിക്കും? അന്ന് ഓരോ വ്യക്തിക്കും തന്റെ കർമ്മഫലം പൂർണമായി നൽകപ്പെടുന്നതാണ്. ആരോടും ഒട്ടും അനീതിയുണ്ടായിരിക്കുന്നതല്ല.

26. പറയുക: എല്ലാ ആധിപത്യങ്ങൾക്കും ഉടമയായ അല്ലാഹുവേ, നീ ഇഛിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഇഛിക്കുന്നവരിൽ നിന്ന് നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഇഛിക്കുന്നവർക്കു പ്രതാപമേകുന്നു. നീ ഇഛിക്കുന്നവരെ നീ നിന്ദ്യരാക്കുകയും ചെയ്യുന്നു. എല്ലാ സൗഭാഗ്യങ്ങളും നിന്റെ കൈയിലാണ്.നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുറ്റവൻ തന്നെ.

27. നീ രാവിനെ പകലിനോടു ചേർക്കുന്നു. പകലിനെ രാവിനോടും ചേർക്കുന്നു. നീ ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതിനെ ഉൽപ്പാദിപ്പിക്കുന്നു. ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതിനെയും പുറപ്പെടുവിക്കുന്നു.നീ ഇഛിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നൽകുന്നു.

---

27: ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതിനെയും ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതിനെയും അവൻ ഉൽപ്പാദിപ്പിക്കുന്നു. നിർജീവമായ ശുക്ലകണത്തിൽനിന്ന് മനുഷ്യനും മനുഷ്യനിൽ നിന്ന് ശുക്ലകണവും, വിത്തിൽനിന്ന് ചെടിയും ചെടിയിൽനിന്ന് വിത്തും, മുട്ടയിൽനിന്ന് പക്ഷികളും, പക്ഷികളിൽനിന്ന് മുട്ടയും, അങ്ങനെ ധാരാളം ഉദാഹരണങ്ങൾ നാം ദിവസേന കണ്ടുകൊണ്ടിരിക്കുന്നു.

---

28. വിശ്വാസികൾക്കുപകരം അവിശ്വാസികളെ ആത്മമിത്രങ്ങളായി സത്യവിശ്വാസികൾ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.ആരെങ്കിലും അങ്ങനെ ചെയ്യുന്നുവെങ്കിൽ അവന് അല്ലാഹുവുമായി ഒരു ബന്ധവുമില്ല. നിങ്ങൾ അവരുമായി കരുതലോടെ വർത്തിക്കുകയാണെങ്കിൽ (അതിന് വിരോധമില്ല). അല്ലാഹു അവനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു. അല്ലാഹുവിങ്കലേക്കാകുന്നു നിങ്ങളുടെ തിരിച്ചുപോക്ക്.

---

28:ഇസ്ലാമിന്റെ ഭാവിയെക്കുറിച്ച് ഉറപ്പില്ലാതിരുന്ന ചില ദുർബല വിശ്വാസികൾ തങ്ങളുടെ സാമ്പത്തികമോ ഗോത്രപരമോ ആയ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേദക്കാരെയും ബഹുദൈവവിശ്വാസികളെയും രക്ഷാധികാരികളും സഹായികളുമായി സ്വീകരിച്ച് മിത്രങ്ങളായി വർത്തിച്ചിരുന്നു. മുസ്ലിംകളുമായി ശത്രുതയിൽ വർത്തിച്ചിരുന്ന വേദക്കാരും ബഹുദൈവവിശ്വാസികളും മുസ്ലിം സമൂഹത്തിൽ നുഴഞ്ഞുകയറാനും അവരിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുവാനും അത് ഇടയാക്കുമായിരുന്നു. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം അവരുടെ രക്ഷാധികാരി അല്ലാഹുവാണ്. ഇസ്ലാമിന്റെയും മുസ്ലിംകളുടെയും ഉത്തമതാൽപര്യങ്ങൾക്ക് എതിരായി അവിശ്വാസികളുമായി ബന്ധം സ്ഥാപിക്കാവുന്നതല്ല.
ഇസ്ലാമിന്റെ വല്ല ശത്രുസംഘത്തിലും ഒരു വിശ്വാസി അകപ്പെട്ടുപോവുകയും അവരിൽ നിന്ന് അക്രമം ഭയപ്പെടുകയും ചെയ്യുന്ന പക്ഷം, സ്വജീവൻ സംരക്ഷിക്കുന്നതിനായി തന്റെ വിശ്വാസത്തെ രഹസ്യമാക്കി അവരിൽപെട്ട ഒരു വ്യക്തിയെന്നോണം പ്രത്യക്ഷത്തിൽ വർത്തിക്കുവാൻ അനുവാദമുണ്ട്. കഠിന ഭയം നേരിടുന്ന പക്ഷം സഹനശക്തിയില്ലാത്തവർക്ക് ഹൃദയത്തിൽ സത്യവിശ്വാസം ഉറപ്പിച്ചു കൊണ്ട് സത്യനിഷേധത്തിന്റെ വചനം ഉരുവിടുന്നത് അനുവദനീയമാണ്. (16:106).
മനസ്സിൽ ശത്രുത ഒളിച്ചുവെക്കാതെ അന്യോന്യം നല്ലനിലയിൽ വർത്തിച്ചുപോരുന്ന അവിശ്വാസികളോട് മുസ്ലിംകൾ അങ്ങോട്ടും സ്നേഹത്തിലും സൗഹാർദ്ദത്തിലും വർത്തിക്കേണ്ടതാണ്. (60:8,9)

---

29. പറയുക: നിങ്ങളുടെ മനസ്സിലുള്ളത് നിങ്ങൾ മറച്ചുവെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനാണ്.

30. ഓരോ ആത്മാവും നന്മയിയില്‍ അത് പ്രവര്‍ത്തിച്ചത് എന്തും തിന്മയില്‍ അത് പ്രവര്‍ത്തിച്ചത് എന്തും തന്‍െറ മുമ്പില്‍ ഹാജരാക്കപ്പെട്ടതായി കാണുന്ന ദിവസം! തന്‍െറയും, അതിന്‍െറയും(തിന്മയുടെയും അല്ലെങ്കില്‍ ആ ദിവസത്തിന്‍െറയും) ഇടയില്‍ വലിയ ദൂരമുണ്ടായിരുന്നെങ്കില്‍ എന്ന് ഓരോ മനുഷ്യനും അന്ന് ആഗ്രഹിച്ച് പോകും. അല്ലാഹു നിങ്ങളെ അവനെക്കുറിച്ചു ഭയപ്പെടുത്തുന്നു.എന്നാല്‍ അല്ലാഹു അവന്‍െറ ദാസന്മാരോട് പരമദയാലുവാകുന്നു.

31. (നബിയെ, ജനത്തോട്) പറയുക: നിങ്ങള്‍ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കില്‍ എന്നെ പിന്തുടരുവിന്‍. എങ്കില്‍ അല്ലാഹു നിങ്ങളെ സ്നേഹിക്കുക്കയും നിങ്ങളുടെ പാപങ്ങള്‍ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

32. പറയുക: നിങ്ങള്‍ അല്ലാഹുവെയും അവന്‍െറ പ്രവാചകനെയും അനുസരിക്കുവിന്‍. ഇനി അവര്‍ പിന്തിരിയുകയാണെങ്കില്‍, അപ്പോള്‍ തീര്‍ച്ചയായും അവിശ്വാസികളെ അല്ലാഹു സ്നേഹിക്കുകയില്ല.

33. തീര്‍ച്ചയായും അല്ലാഹു ആദമിനെയും നൂഹിനെയും ഇബ്റാഹീംകുടുംബത്തെയും ഇംറാന്‍ കുടുംബത്തെയും ലോകര്‍ക്കുമേല്‍ സവിശേഷം തെരഞ്ഞെടുത്തിരിക്കുന്നു.

34. ചിലര്‍ (മറ്റു)ചിലരില്‍നിന്നുള്ള സന്തതികളായിക്കൊണ്ട്. അല്ലാഹു എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമത്രെ.

---

33,34: ആദിപിതാവും ഒന്നാമത്തെ പ്രവാചകനുമാണ് ആദം(അ).അദ്ദേഹത്തിനുശേഷം അറിയപ്പെട്ട ഒരു പ്രവാചകനാണ് നൂഹ്(അ).മഹത്തായ പല സ്ഥാനപദവികളുംലഭിച്ച പ്രവാചകവര്യനാണ് ഇബ്റാഹീം നബി(അ). അറബികളും ഇസ്രാഈല്യരും അദ്ദേഹത്തിന്‍െറ സന്താനപരമ്പരകളില്‍പെട്ടവരാണ്. ഇംറാന്‍ (അം.റാം) ആരാണെന്ന കാര്യത്തില്‍ രണ്ടഭിപ്രായങ്ങളുണ്ട്. മൂസാനബിയുടെയും(അ) ഹാറൂന്‍ നബിയുടെയും പിതാവായ ഇംറാന്‍ ആണ് അതെന്ന് ഒരഭിപ്രായം. ഈസാനബിയുടെ(അ) മാതാവായ മറിയമിന്‍െറ പിതാവായ ഇംറാനാണെന്ന് മറ്റൊരഭിപ്രായം. എല്ലാ പ്രവാചകന്മാരെയും മനുഷ്യരില്‍നിന്ന് അല്ലാഹു സവിശേഷം തെരഞ്ഞെടുക്കുകയായിരുന്നു. പ്രവാചകന്മാര്‍ക്ക് അവരുടെ യോഗ്യതയും സ്ഥാനവും അല്ലാഹുവിന്‍െറ അനുഗ്രഹത്താല്‍ ലഭിച്ചതാണ്. അതിനാല്‍ അവര്‍ സ്വയം ദൈവമാവുകയോ ദിവ്യശക്തിയാര്‍ജിക്കുകയോ ചെയ്യുന്നില്ല. യേശുക്രിസ്തുവെ ദൈവത്തിന്‍െറ പുത്രനും ദിവ്യത്വത്തില്‍ പങ്കാളിയുമായി കണക്കാക്കിയത് ക്രൈസ്തവസഹോദരങ്ങള്‍ക്കു പറ്റിയ മൗലികമായ ഒരബദ്ധമാണ്.

---

35. ഇംറാന്‍െറ സ്ത്രീ(ഭാര്യ) പറഞ്ഞ സന്ദര്‍ഭം (ഓര്‍ക്കുക): എന്‍െറ നാഥാ, എന്‍െറ ഉദരത്തിലുള്ള ശിശുവിനെ ഞാന്‍ നിന്‍െറ സേവനത്തിന് മാത്രമായി നേര്‍ന്നിരിക്കുന്നു.എന്നില്‍നിന്ന് നീയിതു സ്വീകരിക്കേണമേ.തീര്‍ച്ചയായും നീ എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമല്ലോ.

36. ആ കുഞ്ഞിനെ പ്രസവിച്ചപ്പോള്‍ അവള്‍ പറഞ്ഞു: എന്‍െറ നാഥാ, ഞാന്‍ പ്രസവിച്ചത് പെണ്ണായിപ്പോയല്ലോ. അവള്‍ പ്രസവിച്ചതെന്തെന്ന് നന്നായി അറിയുന്നവനാണ് അല്ലാഹു. ആണ് പെണ്ണിനെപ്പോലെയല്ല. ഞാന്‍ അവള്‍ക്ക് മര്‍യം എന്നു പേരിട്ടിരിക്കുന്നു. അവളെയും അവളുടെ സന്തതികളെയും ശപിക്കപ്പെട്ട പിശാച് ഉപദ്രവിക്കുന്നതില്‍നിന്ന് ഞാന്‍ നിന്നില്‍ അഭയം തേടുന്നു.

---

35,36: ബൈത്തുല്‍ മഖ്ദിസിലെ സേവനത്തിനായി ആണ്‍കുട്ടികളെ വഴിപാടാക്കുക ആ കാലത്ത് പതിവുണ്ടായിരുന്നു. വന്ധ്യയായിരുന്ന ഇംറാന്‍െറ ഭാര്യ ഹന്ന, തനിക്കൊരു കുഞ്ഞുണ്ടാകണമെന്ന് അല്ലാഹുവിനോട് നിരന്തരം പ്രാര്‍ഥിച്ചുകൊണ്ടിരുന്നു.ഗര്‍ഭിണിയാണെന്നറിഞ്ഞപ്പോള്‍ തനിക്ക് ജനിക്കുന്ന കുഞ്ഞിനെ ബൈത്തുല്‍ മഖ്ദസിലെ ആരാധനാമന്ദിരത്തില്‍ (ഹൈക്കലില്‍) പരിചരണത്തിനായി

വഴിപാടാക്കാൻ അവർ നേർച്ചനേർന്നു. ഹന്ന ഗർഭവതിയായപ്പോഠം തന്നെ ഭർത്താവ് മരണപ്പെട്ടിരുന്നു. ഒരാൺകുഞ്ഞിനെയാണ് ഹന്ന പ്രതീക്ഷിച്ചിരുന്നതെങ്കിലും പിറന്നത് പെൺകുഞ്ഞായിപ്പോയി.ഈ സേവനം പെൺകുട്ടികഠക്ക് യോജിച്ചതായി അവർ കരുതിയില്ലെങ്കിലും തൻെറ നേർച്ചനിറവേറ്റുവാൻ മർയമിൻെറ മാതാവ് തീരുമാനിക്കുകയാണ് ചെയ്തത്. പെൺകുട്ടിയായതിൽ വിഷമിക്കേണ്ടതില്ലെന്നും അല്ലാഹു അറിഞ്ഞ് ആസൂത്രണംചെയ്തിട്ടുതന്നെയാണ് പെൺകുട്ടിയാക്കി ജനിപ്പിച്ചത് എന്നിങ്ങനെയുള്ള സൂചനകഠ ആ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. മർയം എന്നാൽ 'നാഥൻെറ സേവിക' എന്നാണ് അർഥം. ദൈവദാസിയായ ഈ വനിതയെയാണ് പിന്നീട് ചിലർ ദൈവമാതാവായി ആരോപിച്ചത്.

---

37. അങ്ങനെ അവളുടെ നാഥൻ അവളെ നല്ല നിലയിൽ സ്വീകരിക്കുകയും നല്ല നിലയിൽ വളർത്തിക്കൊണ്ടുവരികയും ചെയ്തു.സകരിയ്യായെ അവളുടെ സരക്ഷണച്ചുമതല ഏൽപിക്കുകയും ചെയ്തു.സകരിയ്യാ മിഹ്റാബിൽ(ഭജനഗൃഹം)അവളെ സന്ദർശിക്കുമ്പോഴൊക്കെ അവഠക്കരികെ ആഹാരപദാർഥങ്ങഠ കാണാറുണ്ടായിരുന്നു. മർയമേ, നിനക്ക് എവിടെനിന്നാണ് ഇത് കിട്ടുന്നത് എന്ന് അദ്ദേഹം ചോദിച്ചു. അവഠ പറഞ്ഞു: ഇതെല്ലാം അല്ലാഹുവിങ്കൽ നിന്നാകുന്നു. തീർച്ചയായും അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ കൊടുക്കുന്നവനാകുന്നു.

---

37: അല്ലാഹു മർയമിൻെറ സംരക്ഷണം ഏൽപിച്ചത് അവളുടെ മാതൃസഹോദരിയായ എലിസബത്തിൻെറ ഭർത്താവ് സകരിയ്യായെ ആയിരുന്നു. അദ്ദേഹം പ്രവാചകനായിരുന്നില്ല. പണ്ഡിതനും ബൈത്തുൽമഖ്ദസിൻെറ പരികർമികളിൽ ഒരാളുമായിരുന്നു അദ്ദേഹം. പ്രവാചകനായിരുന്ന സകരിയ്യ(അ) ഇസ്രാഈല്യരാൽ വധിക്കപ്പെട്ടതായി ബൈബിഠ പഴയ നിയമത്തിൽ പറയുന്നുണ്ട്. മുഖ്യ ആരാധനാമന്ദിരത്തോട് തൊട്ട് ഭക്തജനങ്ങഠക്ക് ധ്യാനിച്ചു താമസിക്കാനായി ഭൂമിയിൽനിന്ന് കുറെ പൊക്കത്തിൽ നിർമിക്കപ്പെടുന്ന ഭജനഗൃഹമാണ് ഇവിടെ 'മിഹ്റാബ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

---

38. അവിടെവെച്ച് സകരിയ്യ തൻെറ നാഥനോട് പ്രാർഥിച്ചു:എൻെറ നാഥാ, എനിക്ക് നിൻെറ പക്കൽ നിന്ന് ഉത്തമ സന്താനങ്ങളെ നൽകേണമേ. നീ പ്രാർഥനകഠ കേഠക്കുന്നവനല്ലോ.

39. അങ്ങനെ അദ്ദേഹം ഭജനഗൃഹത്തിൽ പ്രാർഥിച്ചുകൊണ്ട് നിൽക്കേ മലക്കുകഠ അദ്ദേഹത്തെ വിളിച്ചുകൊണ്ട് പറഞ്ഞു: നിശ്ചയമായും അല്ലാഹു 'യഹ്യാ'യെസംബന്ധിച്ച ശുഭവാർത്ത അറിയിക്കുന്നു. അദ്ദേഹം അല്ലാഹുവിൽനിന്നുള്ള ഒരു വചനത്തെ സത്യപ്പെടുത്തുന്നവനായിരിക്കും. നേതാവും, ആത്മനിയന്ത്രണമുള്ളവനും സദ്വൃത്തരിൽപ്പെട്ട പ്രവാചകനുമായിരിക്കും.

---

38,39: സകരിയ്യ(അ) വൃദ്ധനും അദ്ദേഹത്തിൻെറ ഭാര്യ വന്ധ്യയുമായിരുന്നു. വൃദ്ധയായ ഒരു മാതാവിൽ നിന്ന് മർയം ജനിച്ചതും, ഏകാന്തവാസിയായ അവഠക്ക് അല്ലാഹു തൻെറ കഴിവിനാൽ അസാധാരണമായ ഏതോ മാർഗത്തിലൂടെ ആഹാരമെത്തിച്ചുകൊടുക്കുകയും അങ്ങനെ സദ്വൃത്തയായ ആ പെൺകുട്ടിയെ അല്ലാഹു ആദരിച്ചതും അദ്ദേഹം കണ്ടു. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ഈ വാർധക്യത്തിലും തനിക്ക് ഒരു കുഞ്ഞിനെ പ്രദാനം ചെയ്യാൻ അവന് ഒരു പ്രയാസമുണ്ടാവില്ല എന്ന് മനസ്സിലാക്കിയ സകരിയ്യ(അ) തനിക്കും ഒരു സന്താനത്തെ തന്ന് അനുഗ്രഹിക്കുവാൻ അല്ലാഹുവിനോട് പ്രാർഥിച്ചു.

ബൈബിളിൽ 'യഹ്യാ'നബിയുടെ(അ)പേർ സ്നാപക യോഹന്നാൻ(John The Baptist) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ 'വചനം' കൊണ്ടുള്ള വിവക്ഷ ഈസാ നബി(അ)യാണ്. അദ്ദേഹം ഈസാനബി(അ)യുടെ പ്രവാചകത്വത്തിന് സാക്ഷിയായിരുന്നു. യഹ്യാനബി(അ) ജനിച്ചത് ഈസാ നബി(അ) ജനിക്കുന്നതിന് മുമ്പായിരുന്നു. (മൂന്നു വർഷം മുമ്പാണെന്നും ആറ് മാസം മുമ്പാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്). ധർമോപദേശവുമായി ചുറ്റി നടന്ന യോഹന്നാൻ അദ്ദേഹത്തിൽ വിശ്വസിച്ചവരെ അവരുടെ പശ്ചാത്താപത്തിൻെറ ഭാഗമായി അവരുടെ കർമ്മപരവും വിശ്വാസപരവുമായ മാലിന്യങ്ങളെ ദൂരീകരിക്കുന്നതിൻെറ പ്രതീകമായി അവരെ ജോർദാൻ നദിയിൽ കുളിപ്പിച്ചിരുന്നു. അതിനാൽ

അദ്ദേഹം John The Baptist എന്ന പേരിൽ അറിയപ്പെട്ടു. ഇസ്രാഈല്യരുടെ നെറികേടുകളെ വിമർശിച്ച അദ്ദേഹത്തെ ഇസ്രാഈല്യർ വധിക്കുകയാണ് ചെയ്തത്. മുസ്‌ലിം പണ്ഡിതന്മാർ ആ സംഭവം ഇപ്രകാരം വിവരിക്കുന്നു. അക്കാലത്ത് ഇസ്രാഈല്യരെ ഭരിച്ചിരുന്ന 'ഹെറോദേസ്' രാജാവിന്റെ സഹോദരനായ ഫിലിപ്പോസിന് 'ഹെറോദിയ' എന്നു പേരായ അതീവ സുന്ദരിയായ ഒരു പുത്രിയുണ്ടായിരുന്നു. ഹെറോദേസ് തന്റെ സഹോദര പുത്രിയായ ഹെറോദിയയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചു. അവളുടെ അമ്മക്കും ഈ ബന്ധം ഇഷ്ടമായിരുന്നു. വിവരമറിഞ്ഞ യഹ്‌യാ(അ), രാജാവ് തന്റെ സഹോദരീ പുത്രിയെ വേൾക്കുന്നത് ന്യായപ്രമാണങ്ങൾക്ക് വിരുദ്ധമാണെന്ന് പ്രസ്താവിച്ചു. ഇതറിഞ്ഞ രാജാവ് അദ്ദേഹത്തെ തടവിലാക്കി. യഹ്‌യയെ വധിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ശിഷ്യന്മാർ തനിക്കെതിരെ രോഷാകുലരാകുമെന്ന ഭയത്താൽ വേണ്ടെന്ന്‌വച്ചുകയായിരുന്നു. എന്നാൽ, ഹെറോദിയായുടെ അമ്മ യഹ്‌യായുടെ രക്തത്തിനുവേണ്ടി ദാഹിച്ചു. അമ്മയുടെ ഉപദേശപ്രകാരം മകൾ രാജാവുമായുള്ള അവളുടെ വിവാഹദിവസം അദ്ദേഹത്തിന്റെ മുമ്പിൽ മനോഹരമായി നൃത്തം ചെയ്തു. അതിൽ സന്തുഷ്ടനായ രാജാവ് എന്തുവേണമെങ്കിലും ആവശ്യപ്പെട്ടുകൊള്ളാൻ കൽപിച്ചു. ഹെറോദിയ അമ്മയുടെ നിർദേശപ്രകാരം സ്നാപക യോഹന്നാന്റെ ശിരസ്സ് ഉടലിൽ നിന്ന് വേർപ്പെടുത്തി ഒരു തളികയിൽ വച്ചുതരാൻ ആവശ്യപ്പെട്ടു. രാജാവ് അവളുടെ ആവശ്യപ്രകാരം യോഹന്നാന്റെ ശിരസ്സറുത്ത് തളികയിൽ വച്ച് രാജ്ഞിക്ക് സമർപ്പിച്ചു. (യോഹന്നാന്റെ കഥ ബൈബിൾ- മത്തായി 3,11,14; മാർക്കോസ് 1,6; ലൂക്കോസ് 1,3 അധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.)

യഹ്‌യായുടെ(അ) സമകാലീനനായിരുന്ന ഈസാ(അ) അദ്ദേഹം തടവിലായപ്പോൾ തന്നെ പ്രബോധനം ആരംഭിച്ചിരുന്നു.ഈസാ(അ)യും യോഹന്നാനിൽനിന്ന് 'ജ്ഞാനസ്നാനം' സ്വീകരിച്ചതായി ബൈബിൾ പറയുന്നുണ്ട്.

---

40. അദ്ദേഹം ചോദിച്ചു: എന്റെ നാഥാ! എനിക്കെങ്ങനെ ഒരു പുത്രനുണ്ടാകും? എന്നെ വാർധക്യം പ്രാപിച്ചു കഴിഞ്ഞു. എന്റെ ഭാര്യയോ വന്ധ്യയും. അല്ലാഹു അറിയിച്ചു: അത് അങ്ങനെതന്നെയാകുന്നു; അല്ലാഹു അവനുദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു.

---

40: അല്ലാഹു ഒരു കാര്യം വിധിച്ചാൽ അതിന്റെ സംഭവ്യത ഐഹികമായ കാര്യകാരണനിയമങ്ങൾ അതിനെ സാധൂകരിക്കുന്നുവോ ഇല്ലയോ എന്ന അടിസ്ഥാനത്തിലല്ല. താൻ സൃഷ്ടിച്ച പ്രകൃതിനിയമങ്ങൾ ഭേദഗതി ചെയ്യാൻ അവന് സ്വാതന്ത്ര്യവും കഴിവുമുണ്ട്. അല്ലാഹു താൻ നിശ്ചയിച്ച പ്രകൃതി നിയമങ്ങളുടെ തടവുകാരനല്ല എന്ന് സാരം.

---

41. അദ്ദേഹം പറഞ്ഞു: എന്റെ നാഥാ എനിക്കു നീ ഒരടയാളം കാണിച്ചുതന്നാലും. അല്ലാഹു അരുളി:നിനക്കുള്ള അടയാളം മൂന്നുനാൾ ആംഗ്യത്തിലൂടെയല്ലാതെ ആളുകളോടു സംസാരിക്കാതിരിക്കുക (അല്ലെങ്കിൽ അതിനു കഴിയാതിരിക്കുക) എന്നതാകുന്നു. നിന്റെ നാഥനെ അധികമധികം സ്മരിക്കുകയും രാവിലെയും വൈകുന്നേരവും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക.

---

41: അദ്ദേഹം ഒരു പടുകിഴവനും ഭാര്യ മച്ചിയായ ഒരു പടുകിഴവിയുമായിരുന്നു. ഈസാ(അ)യുടെ ജനനം അസാധാരണമായ മാർഗത്തിലൂടെ സംഭവിച്ചതുപോലെ അതേ കുടുംബത്തിൽ അദ്ദേഹത്തിന് തൊട്ടുമുമ്പായി ജനിച്ച പ്രവാചകൻ യഹ്‌യാ(അ)യുടെജനനവും അസാധാരണമായ രീതിയിൽ അല്ലാഹുവിന്റെ സവിശേഷമായ ഇടപെടലായിരുന്നു സംഭവിച്ചത്. യഹ്‌യായെ(അ) അദ്ദേഹത്തിന്റെ അസാധാരണമായ ജനനം ദൈവമാക്കുന്നില്ലെങ്കിൽ അസാധാരണമായ രീതിയിൽ ജന്മംകൊണ്ട ഈസാ(അ) മാത്രം ദൈവമാകുന്നതെങ്ങനെയാണ്? ഇബ്‌റാഹീം കുടുംബത്തിലെയും ഇംറാൻ കുടുംബത്തിലെയും പ്രവാചകന്മാർ ആരും ദൈവമോ ദൈവപുത്രന്മാരോ ആയിരുന്നില്ല. യേശുക്രിസ്തുവെ ദൈവത്തിന്റെ പ്രവാചകനായി അംഗീകരിക്കുന്നതിനു പകരം ദൈവത്തിന്റെ പുത്രനും ദിവ്യത്വത്തിൽ പങ്കാളിയുമായി കണക്കാക്കുന്നത് മൗലികമായ അബദ്ധമാണെന്ന് ഖുർആൻ ഈ വചനങ്ങളിലൂടെ ക്രൈസ്തവ സഹോദരങ്ങളെ ഉണർത്തുന്നു.

---

42. മലക്കുകൾ പറഞ്ഞ സന്ദർഭം(ഓർക്കുക:)അല്ലയോ മർയം! നിശ്ചയമായും അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും വിശുദ്ധയാക്കുകയും ലോകത്തിലെ മറ്റേത് സ്ത്രീകളെക്കാളും ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

43. അല്ലയോ മർയം! നീ നിൻെറ നാഥനെ വണങ്ങുക. അവനെ പ്രണമിക്കുകയും; (അവൻെറ മുമ്പിൽ) കുനിയുന്നവരോടൊപ്പം കുനിയുകയും ചെയ്യുക.

44. (നബിയെ,) നാം നിനക്ക് ബോധനം നൽകുന്ന അദൃശ്യവാർത്തകളിൽപെട്ടതാണ് ഇവ. മർയമിൻെറ രക്ഷാധികാരം ഏറ്റെടുക്കേണ്ടത് ആരെന്ന് നിശ്ചയിക്കുവാനായി അവർ തങ്ങളുടെ അമ്പുകൾ എറിഞ്ഞപ്പോൾ നീ അവരോടൊപ്പമുണ്ടായിരുന്നില്ല. അവർ തർക്കിച്ചുകൊണ്ടിരുന്നപ്പോഴും നീ അവരുടെ അടുത്ത് ഉണ്ടായിരുന്നില്ല.

45. മലക്കുകൾ പറഞ്ഞതോർക്കുക: ഓ, മർയം, നിശ്ചയമായും അല്ലാഹു നിനക്ക് അവങ്കൽ നിന്നുള്ള ഒരു വചനത്തിൻെറ സുവിശേഷം അറിയിക്കുന്നു. അവൻെറ പേർ മർയമിൻെറ പുത്രൻ ഈസാമസീഹ് എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും ദിവ്യസാമീപ്യം സിദ്ധിച്ചവനുമായിരിക്കും.

---

45:അല്ലാഹുവിൻെറ അതിമഹത്തായ ഒരുദൃഷ്ടാന്തം പ്രത്യക്ഷപ്പെടുത്തുവാൻ മർയം പ്രത്യേകം തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. ഖുർആൻ പേരു പരാമർശിച്ചിട്ടുള്ള ഒരേയൊരു മഹതിയായ മർയമിനെ യഥാർഥ ആദരവോടെയും മഹത്വത്തോടെയുമാണ് ഖുർആൻ അവതരിപ്പിക്കുന്നത്. പുത്രജനനമാണ് ഇവിടെ 'അല്ലാഹുവിൽനിന്നുള്ള വചനം' എന്നതുകൊണ്ടുദ്ദേശ്യം. 'ഈസാ' അദ്ദേഹത്തിൻെറ വ്യക്തിനാമവും 'മസീഹ്' സ്ഥാനപ്പേരുമാണ്. 'മിശിഹാ' എന്ന ഹിബ്രു പദത്തിൻെറ അറബി രൂപമാണ് 'മസീഹ്' എന്നാണ് കൂടുതൽ ന്യായയുക്തമായതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. 'മസീഹ്' എന്നതിൻെറ അർഥം 'അഭിഷേകം ചെയ്യപ്പെട്ടവൻ' എന്നാകുന്നു. 'ക്രിസ്തു' എന്ന യവന(ഗ്രീക്ക്) വാക്കിനും ഇതേ അർഥമാണെന്ന് പറയപ്പെടുന്നു. ഒരാളെ പുരോഹിതനായോ രാജാവായോ വാഴിക്കുമ്പോൾ അദ്ദേഹത്തിൻെറ ശിരസ്സിൽ ഒരു പ്രത്യേക തരം തൈലം ലേപനം ചെയ്തുകൊണ്ടുള്ള അഭിഷേക കർമ്മം അക്കാലത്ത് വേദക്കാരിൽ നടപ്പുണ്ടായിരുന്നു. ഒരു പുതിയ പ്രവാചകൻ ഉണ്ടാകുമ്പോൾ, പൂർവ പ്രവാചകൻ, അദ്ദേഹത്തെ തൻെറ പിൻഗാമിയായി പ്രഖ്യാപിക്കുമ്പോഴും ഈ സമ്പ്രദായം പതിവുണ്ടായിരുന്നു.

---

46. തൊട്ടിലിൽവെച്ചുതന്നെ അവൻ ജനത്തോട് സംസാരിക്കും. പ്രായമായശേഷവും. അവൻ സച്ചരിതനുമായിരിക്കും.

47. അവൾ ചോദിച്ചു:എൻെറ നാഥാ, ഒരു പുരുഷൻ എന്നെ സ്പർശിച്ചിട്ടില്ലാതിരിക്കേ, എനിക്ക് എങ്ങനെയാണ് ഒരു മകനുണ്ടാവുന്നത്? അവൻ പറഞ്ഞു: അത് അങ്ങനെതന്നെയാകുന്നു. അല്ലാഹു ഇഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം നിശ്ചയിച്ചാൽ അതിനോട് 'അതുണ്ടാവട്ടെ' എന്ന് പറയുക മാത്രം ചെയ്യുന്നു.അപ്പോൾ അതുണ്ടാകുന്നു.

---

46,47: പുത്രജനനം സംബന്ധിച്ച മർയമിനുണ്ടായ ഉത്കണ്ഠയും അതിനുള്ള സമാശ്വാസവുമാണ് ഈ വാക്യങ്ങളിൽ പരാമർശിക്കുന്നത്. ഈസായുടെ(അ) ജനനം പിതാവില്ലാതെ പ്രകൃത്യാതീതമായി സംഭവിച്ചതായിരുന്നു അദ്ദേഹത്തെ ദൈവവും ദൈവപുത്രനെന്നും ക്രൈസ്തവർ ധരിക്കാൻ കാരണം. എന്നാൽ അവിവാഹിതയായ ഒരു യുവതിക്ക് കുട്ടി ജനിക്കുകകാരണം ജൂതന്മാർ മർയമിൻെറ പേരിൽ അപവാദം ചുമത്തുകയാണ് ചെയ്തത്. ദൈവപുത്രൻ എന്ന ക്രിസ്ത്യാനികളുടെ വാദത്തിൻെറയും, യോസേഫിൻെറ പുത്രനെന്നും വ്യഭിചാരപുത്രനെന്നുമുള്ള ജൂതന്മാരുടെ വാദത്തിൻെറയും ഖണ്ഡനമാണ് ഈ ഖുർആൻ വക്യം.

---

48. അല്ലാഹു അവന് വേദവും തത്ത്വജ്ഞാനവും, തൗറാത്തും ഇഞ്ചീലും പഠിപ്പിക്കും.

49. ഇസ്രാഈൽ വംശത്തിലേക്കു ദൂതനായി നിയോഗിക്കുകയുംചെയ്യും.(ദൈവദൂതനായി അവർക്കിടയിൽ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു:) ഞാൻ നിങ്ങളുടെ നാഥനിൽനിന്നുള്ള ദൃഷ്ടാന്തവുമായി നിങ്ങളിൽ വന്നിരിക്കുന്നു. ഞാൻ കളിമണ്ണുകൊണ്ട് ഒരു പക്ഷിയുടെ രൂപമുണ്ടാക്കാം. എന്നിട്ട് അതിൽ ഊതാം. അപ്പോൾ അല്ലാഹുവിൻെറ അനുമതിയോടേ അതൊരു പക്ഷിയായിത്തീരും. ജന്മനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും മരിച്ചവരെ അല്ലാഹുവിൻെറ അനുമതിയോടെ ജീവിപ്പിക്കുകയും ചെയ്യാം. നിങ്ങൾ തിന്നുന്നതെന്തെന്നും വീടുകളിൽ സൂക്ഷിച്ചുവെച്ചിട്ടുള്ളതെന്തെന്നും ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം.തീർച്ചയായും നിങ്ങൾക്കതിൽ ദൃഷ്ടാന്തങ്ങളുണ്ട്.നിങ്ങൾ വിശ്വാസിക്കുന്നവരാണെങ്കിൽ.

50. തൗറാത്തിൽനിന്ന് എൻെറ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നവനായിട്ടും നിങ്ങൾക്ക് വിലക്കപ്പെട്ടിരിരുന്ന ചില കാര്യങ്ങൾ അനുവദിക്കുന്നതിനായിട്ടുമാകുന്നു (ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്.) നിങ്ങളുടെ നാഥനിൽ നിന്നുള്ള ദൃഷ്ടാന്തവുമായാണ് ഞാൻ നിങ്ങളിൽ വന്നിരിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

---

49,50: അദ്ദേഹം ഇസ്രാഈൽ വംശത്തിലേക്ക് മാത്രം അയക്കപ്പെട്ട പ്രവാചകനാണെന്ന് ഈ വാക്ക് വ്യക്തമാക്കുന്നു. യേശുതന്നെ ഈ കാര്യം സംശയരഹിതമായി പ്രസ്താവിച്ചിട്ടുള്ളത് സുവിശേഷങ്ങളിൽ കാണാം. യേശു ജീവിതത്തിൽ ഒരിക്കലും ഒരന്യമതസ്ഥനെ യഹൂദമതത്തിലേക്ക് പരിവർത്തിപ്പിച്ചതായി ചരിത്രമില്ല. മത്തായി 10:5,6 -ൽ ഇപ്രകാരം കാണാം. ഈ പന്ത്രണ്ടുപേരെയും യേശു അയക്കുമ്പോൾ അവരോടു ആജ്ഞാപിച്ചതെന്തെന്നാൽ: ജാതികളുടെ (Gentile-ജൂതരല്ലാത്തവർ) അടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ.

അന്യജാതിക്കാരിയായ ഒരു സ്ത്രീ ഭൂതോപദ്രവം കഠിനമായിരിക്കുന്ന തൻെറ മകൾക്കുവേണ്ടി പ്രാർഥിക്കാൻ യേശുവിനോടു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:..യിസ്രയേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല എന്നു ഉത്തരം പറഞ്ഞു. എന്നാൽ അവൾ വന്നു: കർത്താവേ എന്നെ സഹായിക്കേണമേ എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. അവനോ: മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല എന്നു ഉത്തരം പറഞ്ഞു. (മത്തായി 15:22-26). അദ്ദേഹം പ്രചരിപ്പിച്ച പല ധർമങ്ങളും ഇസ്രാഈല്യരിൽ മാത്രം പ്രസക്തമാകുന്നതാകുന്നതും അവർക്കു മാത്രം ഉൾക്കൊള്ളാവുന്നതും ആകുന്നു. മൂസാനബിക്ക്(അ) അവതരിച്ച തൗറാത്തുതന്നെയായിരുന്നു ഈസാനബി(അ)യുടെ കാലത്തും ഇസ്രാഈല്യർക്കിടയിൽ മതത്തിൻെറ നിയമസംഹിതയായി പൊതുവേ അംഗീകരിക്കപ്പെട്ടിരുന്നത്. അദ്ദേഹം തൗറാത്തിൻെറ തത്വങ്ങളെ അംഗീകരിക്കുകയും തൗറാത്തിൻെറ നിയമനടപടികളെ പിൻപറ്റുകയും അതിനെ പുനർജ്ജീവിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് ലഭിച്ച ഇഞ്ചീൽ ഒരു പുതിയ നിയമസംഹിതയായിരുന്നില്ല. ഉപമകൾ, താക്കീതുകൾ, ഉപദേശങ്ങൾ മുതലായവയാണ് അതിലെ പ്രധാന ഉള്ളടക്കം. മത്തായി 5:17-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു.

യേശു അവതരിപ്പിച്ച ദിവ്യാത്ഭുതങ്ങൾ അദ്ദേഹം സ്വന്തം നിലക്ക് ആർജിച്ച കഴിവോ യോഗ്യതയോ ആയിരുന്നില്ല. മൂസാനബി(അ)യും മറ്റു പ്രവാചകന്മാരും പ്രത്യക്ഷപ്പെടുത്തിയ അത്ഭുതങ്ങളെല്ലാം അല്ലാഹുവിൻെറ അനുമതിയോടെയായിരുന്നു. അത്ഭുതദൃഷ്ടാന്തങ്ങൾ കാണിക്കുക പ്രവാചകന്മാരുടെ നിരുപാധികമായ ഗുണമോ കഴിവോ അല്ല. അതിനാൽ പ്രവാചകശ്രേഷ്ഠനായ ഈസാ(അ) അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയത് അദ്ദേഹം ദൈവപുത്രനായിന്നതുകൊണ്ടുമല്ല.

---

51. തീർച്ചയായും അല്ലാഹു എൻെറയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ നിങ്ങൾ അവനുമാത്രം അടിമപ്പെടുവിൻ.ഇതാകുന്നു നേരായ മാർഗം.

51: ഈസാ(അ), അല്ലാഹുവിന്റെ മാത്രം അടിമത്തത്തിനും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനും വേണ്ടിയാണ്‌ വാദിച്ചിരുന്നതെന്ന്‌ ബൈബിള്‍ വാക്യങ്ങള്‍തന്നെ സാക്ഷ്യപ്പെടുത്തുന്നത്‌ കാണുക.
പിശാചിന്റെ പരീക്ഷണത്തിന്‌ വിധേയനായ യേശു പിശാചിനോട്‌ പറയുകയാണ്‌:സാത്താനേ,എന്നെ വിട്ടുപോ; 'നിന്റെ ദൈവമായ കര്‍ത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ' എന്ന്‌ എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.അപ്പോള്‍ പിശാച്‌ അവനെ വ്‌ട്ടുപോയി.(മത്തായി, 4:10).
ഒരു ജൂത പണ്ഡിതന്‍ യേശുവിനെ പരീക്ഷിക്കാനായി 'ഗുരോ, ന്യായപ്രമാണത്തില്‍ ഏതു കല്‍പന വലിയതു എന്നു ചോദിച്ചു.' യേശു അവനോടു: നിന്റെ ദൈവമായ കര്‍ത്താവിനെ നീ പൂര്‍ണ ഹൃദയത്തോടും പൂര്‍ണാത്മാവോടും പൂര്‍ണമനസ്സോടും കൂടെ സ്‌നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്‍പന. രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെത്തന്നെ സ്‌നേഹിക്കേണം. ഈ രണ്ടു കല്‍പനകളില്‍ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു. (മത്തായി, 22:37-40.)
സ്വര്‍ഗസ്ഥനായ ഞങ്ങളുടെ പിതാവേ;നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്‌ടം സ്വര്‍ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ. (മത്തായി, 6:9,10.)
ജൂതപണ്ഡിതന്മാരെ ആക്ഷേപിച്ചുകൊണ്ട്‌ യേശു പറയുന്നു: ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താല്‍ നിങ്ങള്‍ ദൈവവചനങ്ങളെ ദുര്‍ബലമാക്കിയിരിക്കുന്നു. കപട ഭക്തിക്കാരേ, നിങ്ങളെക്കുറിച്ചു യെശയ്യാവു: ''ഈ ജനം അധരംകൊണ്ടു എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷ കല്‍പനകളായ ഉപദേശങ്ങളെ അവര്‍ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യര്‍ഥമായി ഭജിക്കുന്നു'' (മത്തായി, 15:6-9)
യേശുവിനെ ദൈവമാക്കി ഉയര്‍ത്താനാഗ്രഹിക്കുന്നവര്‍ യഥാര്‍ഥത്തില്‍ യേശുവിന്റെ സ്‌പഷ്‌ടമായ അധ്യാപനങ്ങളെ അവഗണിക്കുകയാണ്‌ ചെയ്യുന്നത്‌. യേശുവിന്റെ സകല പ്രവര്‍ത്തനങ്ങളുടെയും ലക്ഷ്യം ആകാശത്ത്‌ ദൈവത്തിന്റെ പ്രകൃതിനിയമം അനുസരിക്കപ്പെടുന്നതുപോലെ ഭൂമിയില്‍ അവന്റെ സാന്മാര്‍ഗിക നിയമവും അനുസരിക്കപ്പെടണമെന്നതായിരുന്നു.

52. പിന്നീട്‌, ഈസാക്ക്‌ അവരുടെ അവിശ്വാസം ബോധ്യമായപ്പോള്‍ അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ മാര്‍ഗത്തിലേക്ക്‌ എന്നെ സഹായിക്കാന്‍ ആരുണ്ട്‌? ഹവാരികള്‍ പറഞ്ഞു: ഞങ്ങള്‍ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങള്‍ അല്ലാഹുവില്‍ വിശ്വസിച്ചിരിക്കുന്നു. ഞങ്ങള്‍ മുസ്‌ലിംകള്‍(അല്ലാഹുവെ അനുസരിക്കുന്നവര്‍)ആണെന്ന്‌ അങ്ങ്‌ സാക്ഷ്യം വഹിച്ചാലും.

53. ഞങ്ങളുടെ നാഥാ! നീ അവതരിപ്പിച്ചതില്‍ ഞങ്ങള്‍ വിശ്വസിച്ചിരിക്കുന്നു. നിന്റെ ദൂതനെ ഞങ്ങള്‍ പിന്തുടരുകയും ചെയ്തിരിക്കുന്നു. സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ.

52,53: തൗറാത്ത്‌ വാഗ്ദാനം ചെയ്ത ഇസ്രാഈലീ രക്ഷകനാണ്‌ ഈസായെന്ന്‌ ജനങ്ങള്‍ മനസ്സിലാക്കിയെങ്കിലും അദ്ദേഹത്തെ പിന്തുടരാന്‍ അവര്‍ തയ്യാറായില്ല. അദ്ദേഹത്തില്‍ വിശ്വസിക്കുകയും പ്രായോഗിക രംഗത്ത്‌ അദ്ദേഹത്തെ സഹായിച്ചവരെയുമാണ്‌ ഹവാരികള്‍ (സഹായികള്‍) എന്നു പറയുന്നത്‌. ഇവര്‍ 'അപ്പോസ്തലന്മാര്‍' എന്ന പേരിലും അറിയപ്പെടുന്നു.
സദുപദേശങ്ങളാല്‍ ജനങ്ങളെ അല്ലാഹുവിന്റെ മാര്‍ഗത്തിലേക്ക്‌ ക്ഷണിക്കുകയും സത്യമതത്തിന്റെ നിലനില്‍പിനുവേണ്ടിയുള്ള ത്യാഗപരിശ്രമങ്ങളില്‍ ഏര്‍പ്പെടുകയും ചെയ്യുന്നവര്‍ക്ക്‌ അല്ലാഹുവിന്റെ സുഹൃത്തും സഹായിയുമെന്ന ബഹുമതിയാണ്‌ ലഭിക്കുന്നത്‌.

54. (ഇസ്രാഈല്യര്‍ ഈസാക്കെതിരെ) ഗൂഢതന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. തന്ത്രപ്രയോഗങ്ങളില്‍ ഏറ്റം മികച്ചവന്‍ അല്ലാഹുവത്രെ.

55. അല്ലാഹു പറഞ്ഞതോര്‍ക്കുക: അല്ലയോ ഈസാ! ഞാന്‍ നിന്നെ പൂര്‍ണമായി ഏറ്റെടുക്കുകയും എന്നിലേക്ക്‌ ഉയര്‍ത്തുന്നതും സത്യനിഷേധികളില്‍ നിന്ന്‌ നിന്നെ ശുദ്ധീകരിക്കു

ന്നതുമാകുന്നു. നിന്നെ പിന്തുടർന്നവരെ അന്ത്യനാളുവരെ, നിന്നെ നിഷേധിച്ചവരേക്കാൾ ഉയർത്തിവയ്ക്കുന്നതുമാകുന്നു. നിങ്ങളൊക്കെയും എന്നിലേക്ക് മടങ്ങേണ്ടതുണ്ട്. നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ അപ്പോൾ ഞാൻ നിങ്ങൾക്കിടയിൽ തീർപ്പു കൽപിക്കുന്നതാകുന്നു.

---

55: ഈസാ(അ)യുടെ തത്വോപദേശങ്ങളിൽ ജനങ്ങൾ ആകൃഷ്ടരാവുന്നത് കണ്ടപ്പോൾ തങ്ങളുടെ പൗരോഹിത്യ താൽപര്യങ്ങൾക്കും പാരമ്പര്യങ്ങൾക്കും അത് ഹാനികരമാകുമെന്ന് അവർ മനസ്സിലാക്കി. തുടർന്നുള്ള സംഭവങ്ങൾ ബൈബിൾ വിവരിക്കുന്നത് ചുരുക്കത്തിൽ ഇപ്രകാരമാണ്.

ഈസാ(അ)ക്കെതിരെ പലവിധ കുതന്ത്രങ്ങളും യഹൂദർ പ്രയോഗിച്ചുതുടങ്ങി. അദ്ദേഹത്തെപ്പറ്റി മതദ്രോഹി, രാജദ്രോഹി, വ്യഭിചാരപുത്രൻ എന്നിങ്ങനെ പലതും അവർ ആരോപിച്ചു പ്രചരിപ്പിച്ചു. ആരോപണങ്ങളൊന്നും ഫലിക്കുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തെ കൊലപ്പെടുത്താനും ക്രൂശിക്കാനും ശ്രമങ്ങളാരംഭിച്ചു. അക്കാലത്ത് ബൈത്തുൽമുഖദ്ദസിൽ ഭരണം നടത്തിയിരുന്നത് റോമൻ കൈസറുടെ കീഴിൽ 'പിലാത്തോസ്'' എന്ന വിഗ്രഹാരാധകനായിരുന്ന രാജാവായിരുന്നു. ഈസാ(അ) റോമൻ ഭരണകൂടത്തിനെതിരെ പ്രവർത്തിക്കുകയാണെന്ന് അവർ പിലാത്തോസിനെ തെറ്റുധരിപ്പിച്ചു. രാജാവ് അദ്ദേഹത്തെ വിളിച്ച് വിചാരണ നടത്തിയതിൽ ആരോപണം ശരിയല്ലെന്നു തെളിഞ്ഞു അദ്ദേഹത്തെ വിട്ടയച്ചു. പക്ഷേ, ജനം 'അവനെ ക്രൂശിക്കുക' എന്ന് ആർത്തുവിളിക്കുകയാണ് ചെയ്തത്. അദ്ദേഹത്തെ കൊലപ്പെടുത്താത്തപക്ഷം, പിലാത്തോസ്, കൈസറുടെ എതിരാളിയാണെന്ന് അവർ കൈസറെ അറിയിക്കുമെന്ന് ഭീഷണിപ്പെടുത്തി. അവസാനം യഹൂദികളുടെ ആവശ്യത്തിന് പിലാത്തോസ് വഴങ്ങാൻ നിർബന്ധിതനായി. ഈസാ(അ)യും ഏതാനും ശിഷ്യന്മാരും ഒരു തോട്ടത്തിൽ ഒളിച്ചിരിക്കുകയായിരുന്നു.ജൂതപണ്ഡിതന്മാരും പിലാത്തോസിൻെറ പട്ടാളവും രാത്രി പന്തം കൊളുത്തി അദ്ദേഹത്തെ തിരഞ്ഞുപോയി. മുപ്പത് വെള്ളിക്കാശിന് പ്രതിഫലമായി അദ്ദേഹത്തെ ഒറ്റിക്കൊടുക്കാമെന്നേറ്റിരുന്ന യൂദാസ് ആംഗ്യം മുഖേന അദ്ദേഹത്തെ കാണിച്ചുകൊടുത്തു. കൂടെയുള്ളവർ അദ്ദേഹത്തെ ബന്ധിക്കുകയും മുൾക്കിരീടം ധരിപ്പിക്കുകയും പിന്നീട് കുരിശിൽ കയറ്റുകയും ചെയ്തു. പിന്നീട് മൂന്നാം ദിവസം ശവക്കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയും ആകാശലോകത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തു.

പക്ഷേ, അവർ കുരിശിൽ തറച്ചത് ഈസാ(അ)യെ ആയിരുന്നില്ല. 'എൻെറ ദൈവമേ, എൻെറ ദൈവമെ നീ എന്നെ കൈവിട്ടത് എന്ത്?' എന്നിങ്ങനെ നിലവിളിച്ച ആൾ യേശുവായിരുന്നില്ല. അവർ അറിയാതെ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയാണുണ്ടായത്. ഈസാ(അ) എന്ന് ധരിച്ച് അദ്ദേഹത്തോട് സാദൃശ്യമുള്ള ഒരാളെ പിടിച്ച് ക്രൂശിക്കുകയാണ് ചെയ്തത്.

സംഭവിച്ച യാഥാർഥ്യം ഖുർആൻ ഇപ്രകാരം വിവരിക്കുന്നു.

''അല്ലാഹുവിൻെറ ദൂതനായ, മർയമിൻെറ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും(അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടുമില്ല ക്രൂശിച്ചിട്ടുമില്ല. പക്ഷേ, (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതെയാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിൻെറ കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല.'' (4:157)

കുരിശുസംഭവത്തെയും ഉയിർത്തെഴുന്നേൽപിനെയും സംബന്ധിച്ച ബൈബിളിലെ പ്രസ്താവനകൾ പരിശോധിച്ചാൽ അവ പരസ്പര വൈരുധ്യം നിറഞ്ഞതായി കാണാം. അവയെ ആസ്പദമാക്കി സംഭവത്തിന് ഒരു ഐകരൂപ്യം നൽകുവാൻ ക്രിസ്ത്യാനികൾക്ക് കഴിയാതെയാണിരിക്കുന്നത്. എന്നാൽ ക്രിസ്ത്യാനികൾ ആ സങ്കൽപത്തെ അടിസ്ഥാനമാക്കി പുതിയൊരു മതസംഹിത കെട്ടിപ്പടുക്കുകയാണ് ചെയ്തത്.

ഉയിർത്തെഴുന്നേൽപുനാളിനുമുമ്പ് ഈസാ(അ)ഭൂമിയിലേക്കിറക്കപ്പെടുമെന്നും,അദ്ദേഹം സത്യവും നീതിയും നടപ്പാക്കുമെന്നും പിന്നീട് അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുമെന്നും ചില ഹദീസ്(പ്രവാചകവചനങ്ങൾ)കളിലുണ്ട്. മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം ''അല്ലാഹുവാണെ, മർയമിൻെറ പുത്രൻ നീതിമാനായ ഭരണാധികാരിയായി ഇറങ്ങിവരും. അദ്ദേഹം കുരിശുകൾ പൊട്ടി

ക്കുകയും പന്നികളെ കൊല്ലുകയും നികുതികൾ ഒഴിവാക്കുകയും ചെയ്യും അദ്ദേഹം യുവത്വമുള്ള ഒട്ടകങ്ങളെ നിർഭയം അഴിച്ചുവിടുകയും ചെയ്യും.''

യേശുക്രിസ്തു ദൈവമാണെന്ന ക്രിസ്ത്യാനികളുടെ വാദം ഈ ഖുർആൻ വാക്യം വ്യക്തമായും ഖണ്ഡിക്കുന്നു. മൂന്ന് പ്രധാന കാര്യങ്ങളാണ് പ്രസ്തുത വിശ്വാസം അവരിൽ ജന്മമെടുക്കാനുള്ള കാരണം.

1. പിതാവില്ലാതെ അദ്ദേഹം ജനിച്ചത്.
2. അദ്ദേഹത്തിൻെറ കൈക്ക് വെളിപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ.
3. ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്നുള്ളത്.

ഇതിൽ ഒന്നാമത്തെതിനെയും രണ്ടാമത്തെതിനെയും ഖുർആൻ അംഗീകരിക്കുന്നു. ഓരോ അത്ഭുതകൃത്യങ്ങളും പ്രത്യേകം പ്രത്യേകം എണ്ണിയെണ്ണിപറയുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഈ കാരണങ്ങളൊന്നും യേശുവിനെ ദൈവമോ ദൈവപുത്രനോ ആക്കുന്നില്ല.

പിതാവില്ലാതെ ജനിച്ചത് അല്ലാഹുവിൻെറ ശക്തിപ്രകടനം മാത്രമാണെന്നും ആകയാൽ അദ്ദേഹം അല്ലാഹുവിൻെറ സൃഷ്ടിയും ദാസനും അല്ലാതാകുന്നില്ലെന്നും സ്ഥാപിച്ചിരിക്കുന്നു. യേശുവിൻെറ കൈക്ക് പ്രത്യക്ഷപ്പെട്ട അത്ഭുത കൃത്യങ്ങൾ യേശു സ്വന്തം ശക്തികൊണ്ട് ചെയ്തതല്ലെന്നും അല്ലാഹുവിൻെറ അനുമതിയാൽ മാത്രം ചെയ്തതാണെന്നും ഖുർആൻ വ്യക്തമാക്കുന്നു. മൂന്നാമത്തെ സംഗതിയാണെങ്കിൽ യേശു ക്രൂശിക്കപ്പെട്ടിട്ടില്ലെന്നും ജീവനോടെ ഉയർത്തപ്പെട്ടുവെന്നും ക്രിസ്ത്യാനികളെ അത് ഉദ്ബോധിപ്പിക്കുന്നു. അദ്ദേഹത്തെ തിരിച്ചറിയാൻ അവർക്ക് കഴിയാതെപോയതാണ് കാരണമെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

---

56. എന്നാൽ സത്യനിഷേധികളെ നാം ഇഹത്തിലും പരത്തിലും കഠിനമായി ശിക്ഷിക്കുന്നതാകുന്നു. അവരെ തുണക്കുന്നവരായി ആരുമുണ്ടായിരിക്കുന്നതല്ല.

57. എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കുള്ള പ്രതിഫലം പൂർണമായും നൽകപ്പെടും. അധർമികളെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല.

58. ഇതൊക്കെയും നാം നിനക്ക് ഓതിത്തരുന്ന ദൃഷ്ടാന്തങ്ങളും യുക്തിപൂർവകമായ ഉൽബോധനങ്ങളുമാകുന്നു.

---

58: നിരക്ഷരനായ ഒരു പ്രവാചകൻ, അദ്ദേഹം അറിയാതിരുന്ന പൂർവകാല ചരിത്രസംഭവങ്ങൾ യഥാർഥമായി പ്രസ്താവിക്കപ്പെടുന്നത് അല്ലാഹുവിൻെറ അജയ്യമായ കഴിവിൻെറയും മുഹമ്മദീയപ്രവാചകത്വത്തിൻെറയും ഉത്തമ ദൃഷ്ടാന്തങ്ങളാകുന്നു.

---

59. അല്ലാഹുവിങ്കൽ ഈസായുടെ ഉപമ തീർച്ചയായും ആദമിനെപ്പോലെയാകുന്നു. അവൻ അദ്ദേഹത്തെ മണ്ണിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ട് അതിനോട് കൽപിച്ചു, ഉണ്ടാവുക. അങ്ങനെ അദ്ദേഹം ഉണ്ടായി.

---

59: പിതാവില്ലാതെ ജനിച്ചതുകൊണ്ട് യേശുവിന് ദിവ്യത്വമുണ്ടാകുമെങ്കിൽ പിതാവും മാതാവും കൂടാതെ ജാതനായ ആദമിന് അതിലേറെ ദിവ്യത്വമുണ്ടാകേണ്ടതാണ്.

പിതാവും മാതാവും ഇല്ലാതെ നിശ്ചേതനമായ മണ്ണിൽനിന്ന് അല്ലാഹു ആദമിനെ(അ) സൃഷ്ടിച്ചു. പെണ്ണിലൂടെ അല്ലാതെ ആദമിൽനിന്ന് മാത്രമായി അല്ലാഹു ഹവ്വായെ സൃഷ്ടിച്ചു.

പുരുഷസ്പർശമില്ലാതെ സ്ത്രീയിൽനിന്ന് മാത്രമായി അല്ലാഹു ഈസായെ(അ) സൃഷ്ടിച്ചു.

പുരുഷനിൽനിന്നും സ്ത്രീയിൽനിന്നുമായിട്ടാണ് മറ്റുള്ളവരുടെയെല്ലാം സൃഷ്ടി നടന്നു വരുന്നത്.

ജനനത്തിൻെറ അസാധാരണത്വം ഒരാളെ ദൈവമോ ദൈവപുത്രനോ ആക്കുവാൻ മതിയായ തെളിവാണെങ്കിൽ ആ തെളിവ് യേശുവിന് മാത്രം ബാധകമാക്കുന്നതിൻെറ ന്യായമെന്താണ്?

അല്ലാഹുവെ സംബന്ധിച്ചിടത്തോളം മാറ്റാൻ പാടില്ലാത്ത പ്രകൃതി നിയമം എന്നൊന്നില്ലെന്നുള്ളത് വ്യക്തമാണ്.എല്ലാ വ്യവസ്ഥകളുടെയും സ്രഷ്ടാവ് അല്ലാഹുവാകുന്നു. ഒരു കാര്യം ഉണ്ടാവണമെന്ന് അവൻ ഉദ്ദേശിച്ചാൽ അതിനോട് 'ഉണ്ടാവുക' എന്ന് അവൻ കൽപിക്കുന്നു. അതുണ്ടാവുകയും ചെയ്യുന്നു. ഇഛിക്കുന്നതെന്തും പ്രവർത്തിക്കുന്നതിന് അവൻ കഴിവുള്ളവനത്രെ.

ഇനി ബൈബിളിൽ യേശുവിനെ ദൈവപുത്രൻ എന്ന് പലേടത്തും വിളിച്ചിട്ടുണ്ട് എന്നാണ് വാദമെങ്കിൽ യേശുവിനെ മാത്രമല്ല ആദമിനെയും, മലക്കുകളെയും, യഅ്ഖൂബ് തുടങ്ങി പലരെയും ബൈബിൾ 'പുത്രൻ' എന്ന് വ്യവഹരിച്ചതായി കാണാം.

1- ..കയിനാൻ ഏനോശിന്റെ മകൻ, ഏനോശ് ശേത്തിന്റെ മകൻ, ശേത്ത് ആദാമിന്റെ മകൻ, ആദാം ദൈവത്തിന്റെ മകൻ. (ലൂക്കോസ്, 3:38)

2- മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി. അവർക്ക് പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ടു തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു. (ഉൽപത്തി, 6:2)

3- അക്കാലത്തു ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു. അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ടു അവർ മക്കളെ പ്രസവിച്ചു. ..(ഉൽപത്തി, 6:4)

4- യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; യിസ്രായേൽ (യഅ്ഖൂബ്) എന്റെ പുത്രൻ, എന്റെ ആദ്യജാതൻ തന്നെ. (പുറപ്പാടു, 4:22)

5- ഞാൻ യിസ്രയേലിന്നു പിതാവും എഫ്രയീം എന്റെ ആദ്യജാതനുമല്ലോ. (യിരെമ്യാവു, 31:9)

6- ഞാൻ നിർണ്ണയം പ്രസ്താവിക്കുന്നു: യഹോവ എന്നോടു അരുളിച്ചെയ്തു: നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. (സങ്കീർത്തനങ്ങൾ, 2:7)

7- നിങ്ങൾ ജീവിക്കും. ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. (റോമർ, 8:14)

ടൺ കണക്കിൽ പുത്രന്മാരെയാണ് ദൈവത്തിന് ബൈബിൾ ആരോപിക്കുന്നത്! അല്ലാഹുവിൽ ശരണം! ഒരാളെ ദൈവമായി വരിക്കാൻ 'പുത്രൻ' എന്ന വിശേഷണം മാത്രം മതിയെന്ന് കരുതുന്നവർക്ക്, അവരുടെ മുന്നിൽ ദൈവങ്ങളുടെ ഒരു വൻപട തന്നെയുണ്ടാകും.

ന്യായങ്ങളും പ്രമാണങ്ങളും മാനിക്കാൻ തയ്യാറുള്ളവർക്ക് യേശുവിന്റെ യാഥാർഥ്യം അനായാസം മനസ്സിലാക്കാൻ മതിയായ തെളിവുകളാണ് ഖുർആൻ അവരുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്.

---

60. ഇത് നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള സത്യമാകുന്നു. അതിൽ സന്ദേഹം പുലർത്തുന്നവരിൽ ഉൾപ്പെടാതിരിക്കുക.

61. നിനക്ക് അറിവ് വന്നുകിട്ടിയശേഷം അവന്റെ (ഈസായുടെ) കാര്യത്തിൽ വല്ലവരും നിന്നോട് തർക്കിക്കുന്നുവെങ്കിൽ നീ പറയുക: നിങ്ങൾ വരുവിൻ, ഞങ്ങളുടെ മക്കളെയും നിങ്ങളുടെ മക്കളെയും,ഞങ്ങളുടെ സ്ത്രീകളെയും നിങ്ങളുടെ സ്ത്രീകളെയും നമുക്ക് വിളിച്ചുകൂട്ടാം. ഞങ്ങൾ ഞങ്ങളെയും നിങ്ങൾ നിങ്ങളെയും ഒരുമിച്ചുകൂട്ടി വിനീതരായി പ്രാർഥിക്കാം: കള്ളം പറയുന്നവർക്ക് അല്ലാഹുവിന്റെ ശാപം ഉണ്ടാവട്ടെ.

---

61: മുൻ സൂക്തങ്ങളിൽ വിവരിച്ചിട്ടുള്ള വിഷയങ്ങളിലൊന്നിനും നജ്റാനിൽനിന്നെത്തിയ ക്രൈസ്തവ സംഘത്തിന് മറുപടിയുണ്ടായിരുന്നില്ല.തങ്ങളുടെ ആദർശവിശ്വാസങ്ങളുടെ സത്യാവസ്ഥയിൽ അവർക്ക് ഉറപ്പുണ്ടെങ്കിൽ നമ്മളിലെ രണ്ടു കക്ഷികളിൽ കള്ളവാദികളാരോ അവരുടെ നാശത്തിനുവേണ്ടി പരസ്പരം കൂട്ടായി പ്രാർഥിക്കാൻ(മുബാഹല) ക്രൈസ്തവ സംഘത്തെ പ്രവാചകൻ(സ) ക്ഷണിച്ചു. മതവിഷയങ്ങളിൽ ഇരുവിഭാഗങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ രണ്ടു കക്ഷികളും ദൈവശാപത്തിനുവേണ്ടി പരസ്പരം ശാപപ്രാർഥന നടത്തുന്നതിന് 'മുബാഹല' എന്നു പറയുന്നു. പിറ്റേന്ന് നബിയും(സ) കുടുംബവും അടക്കം മുസ്ലിംകൾ മുബാഹലക്ക് തയ്യാറായി നിൽക്കുന്നതാണ് അവർ കണ്ടത്. ഒരു യഥാർഥ ദൈവദൂതൻ മാത്രമേ ഇത്തരം ഒരു പരീക്ഷണത്തിന് ധൈര്യപ്പെടൂ എന്നവർ മനസ്സിലാക്കി. മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണെങ്കിൽ അദ്ദേഹം ശാപപ്രാർഥന നടത്തിയാൽ അവരുടെ നാശം അനിവാര്യമാണെന്ന ഭയം മൂലം ആ വെല്ലുവിളിയെ നേരിടാൻ അവർ സന്നദ്ധരായില്ല. മുബാഹല വേണ്ടെന്നും പരസ്പരം സമാധാനസന്ധിയിലെത്താമെന്നും അവർ പ്രവാചകനെ(സ) അറിയിച്ചു. അങ്ങനെ തങ്ങളുടെ പാരമ്പര്യമതം പിന്തുടരുന്ന ഒരു സ്വയംഭരണ സമൂഹമായി നിലകൊള്ളാൻ അവരെ അനുവദിക്കുകയും അവരുടെ സംരക്ഷണം മുസ്ലിം സമൂഹം ഏറ്റെടുക്കുകയും അതിന് പകരമായി ജിസ്‌യ (നികുതി) നൽകിക്കൊള്ളാമെന്ന് സന്ധിചെയ്ത് അവർ മടങ്ങുകയും ചെയ്തു.

തങ്ങൾക്കു തന്നെ ഉറപ്പില്ലാത്ത ആദർശവിശ്വാസങ്ങളാണ് ക്രൈസ്തവർ വെച്ചുപുലർത്തുന്നതെന്ന പരമാർഥം മറ്റുള്ളവർക്ക് ബോധ്യമാവുകയും ചെയ്തു.

62. തീർച്ചയായും ഇത് സത്യസന്ധമായ സംഭവവിവരണമാകുന്നു. അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലതന്നെ. തീർച്ചയായും അല്ലാഹുതന്നെയാകുന്നു പ്രതാപവാനും യുക്തിമാനും.

62: ഈസാമസീഹിന്റെ യഥാർഥ അവസ്ഥയാകുന്നു ഇത്. യേശു ഒരു മനുഷ്യൻ മാത്രമായിരുന്നു. ഏതേതു കാരണങ്ങളാൽ യേശു ദൈവമാണെന്ന വിശ്വാസം നിങ്ങളിൽ ഉടലെടുത്തുവോ അവയിൽ ഒരു കാരണവും അങ്ങനെ ഒരു വിശ്വാസത്തിനു സഹായകമല്ല. യേശുവിന്റെ അസാധാരണമായ ജനനം അല്ലാഹുവിന്റെ ഒരു പ്രത്യേക തീരുമാനമായിരുന്നു. യേശു പ്രത്യക്ഷപ്പെടുത്തിയ അത്ഭുതകൃത്യങ്ങൾ അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ തെളിവായി അല്ലാഹു പ്രദാനം ചെയ്തതായിരുന്നു. പ്രവാചകന്മാരിൽ പലരെയും വധിച്ചുകളഞ്ഞ, ഉപദേശങ്ങളും താക്കീതുകളും തുടർച്ചയായി നൽകിക്കൊണ്ടിരുന്നിട്ടും നൂറ്റാണ്ടുകളായി ദൈവാജ്ഞകൾ ലംഘിച്ചുകൊണ്ടിരുന്ന സത്യനിഷേധികളെ അദ്ദേഹത്തെ കുരിശിലേറ്റാൻ അനുവദിക്കാതെ അല്ലാഹു യേശുവിനെ തന്റെ അടുക്കലേക്ക് ഉയർത്തുകയായിരുന്നു. ദിവ്യത്വത്തിൽ യേശുവിന് യാതൊരു പങ്കുമില്ല. അല്ലാഹു ഏകനാണ്. അവന് ആരുടെയും സഹായവും ഉപദേശവും ആവശ്യമില്ല. യേശു ഏതൊന്നിലേക്ക് നിങ്ങളെ ക്ഷണിച്ചുവോ അതിലേക്കുതന്നെയാണ് മുഹമ്മദ് നബി(സ)യും നിങ്ങളെ ക്ഷണിക്കുന്നത്.

63. ഇനിയും അവർ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ തീർച്ചയായും നാശകാരികളെ അറിയുന്നവൻ തന്നെയാണ് അല്ലാഹു.

64. (പ്രവാചകരെ) പറയുക: അല്ലയോ വേദവാഹകരേ, ഞങ്ങളും നിങ്ങളും ഒരുപോലെ അംഗീകരിക്കേണ്ട പ്രമാണത്തിലേക്ക് വരുവിൻ. അല്ലാഹു അല്ലാത്ത ആർക്കും നാം വഴിപ്പെടാതിരിക്കുക. അവനിൽ ഒന്നിനെയും നാം പങ്കുചേർക്കാതിരിക്കുക. അല്ലാഹുവെ കൂടാതെ നമ്മിൽ ചിലർ മറ്റുചിലരെ രക്ഷാധികാരികളാക്കാതിരിക്കുക. (ഈ സന്ദേശം സ്വീകരിക്കാതെ) അവർ പിന്തിരിയുന്നുവെങ്കിൽ അവരോടു പറയുവിൻ; ഞങ്ങൾ മുസ്ലിംകൾ (അല്ലാഹുവിന്റെ മാത്രം അടിമത്വവും വിധേയത്വവും സ്വീകരിക്കുന്നവർ) ആണെന്നതിന് നിങ്ങൾ സാക്ഷികളായിരിക്കുക.

64: യേശു ദൈവവും ദൈവപുത്രനുമാണ് എന്നൊക്കെയുള്ള ക്രിസ്ത്യാനികളുടെ വിശ്വാസങ്ങളുടെ പൊള്ളത്തരം പ്രവാചകൻ(സ) അവർക്ക് വിശദീകരിച്ചുകൊടുക്കുകയുണ്ടായി. വിശ്വാസദാർഢ്യത്തോടെ വാദിക്കാൻ പറ്റുന്ന തെളിവുകളൊന്നും തങ്ങളുടെ വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് നിവേദകസംഘത്തിന് ലഭിച്ചില്ല. അവർ തർക്കവും പിടിവാശിയും ഉപേക്ഷിക്കുന്നില്ലെന്ന് കണ്ടപ്പോൾ പ്രവാചകൻ അവരെ മുബാഹലക്ക് ആഹ്വാനം ചെയ്തു. എന്നാൽ അതിൽനിന്നും അവർ പിന്മാറി. അവസാനം അവർക്ക് നിഷേധിക്കാൻ സാധിക്കാത്ത, ഇരുകൂട്ടർക്കും അഭിപ്രായവ്യത്യാസമില്ലാത്ത ഒരാദർശത്തിൽ മുസ്ലിംകളുമായി യോജിക്കുവാൻ പ്രവാചകൻ(സ) അവരെ ക്ഷണിച്ചു. ഈ ക്ഷണവും സ്വീകരിക്കാതെ അവർ പിന്തിരിയുകയാണെങ്കിൽ 'ഞങ്ങൾ അല്ലാഹുവിനുമാത്രം അടിമത്തവും വിധേയത്വവും സമർപ്പിച്ചവരാണെന്നത്തിന് നിങ്ങൾ സാക്ഷികളായിരിക്കുവിൻ' എന്ന് അവരോട് പറയാൻ പ്രവാചകനോട്(സ) അല്ലാഹു കൽപിക്കുന്നു.

65. അല്ലയോ വേദക്കാരേ, ഇബ്റാഹീമിന്റെ കാര്യത്തിൽ നിങ്ങൾ എന്തിനു തർക്കിക്കുന്നു? തൗറാത്തും ഇഞ്ചീലും അവതരിച്ചത് അദ്ദേഹത്തിനുശേഷമാണല്ലോ. നിങ്ങൾ ഒട്ടും ആലോചിക്കാത്തതെന്ത്?

65: യഹൂദരും ക്രൈസ്തവരും ഇബ്റാഹീമിന്റെ പാരമ്പര്യം അവകാശപ്പെടുന്നവരാണ്. യഹൂദിസവും ക്രിസ്ത്യാനിസവും ഉടലെടുക്കുന്നതിനു എത്രയോ മുമ്പ് ഇബ്റാഹീം(അ) കഴിഞ്ഞുപോയിട്ടുണ്ടായിരുന്നു. അതിനാൽ ഇബ്റാഹീം(അ) ജൂതനോ ക്രിസ്ത്യാനിയോ അറബികളെപ്പോലെ വിഗ്രഹാരാധകനോ

ആയിരുന്നില്ല. മനുഷ്യൻെറ സന്മാർഗലബ്ദി അയാൾ ജൂതമതക്കാരനോ ക്രിസ്തുമതക്കാരനോ ആകുന്നതിനെ ആശ്രയിച്ചല്ല എന്ന് അത് വ്യക്തമായും തെളിയിക്കുന്നു.

---

66. നിങ്ങൾക്കറിവുള്ള കാര്യങ്ങളിൽ വേണ്ടുവോളം നിങ്ങൾ തർക്കിച്ചുവല്ലോ. ഇനി നിങ്ങൾക്ക് ഒട്ടും അറിവില്ലാത്ത കാര്യങ്ങളിലും തർക്കത്തിൽ ഏർപ്പെടുന്നതെന്തിന്?

67. ഇബ്റാഹീം ജൂതനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം നിഷ്കളങ്കനായ മുസ്ലിമായിരുന്നു. അദ്ദേഹം ബഹുദൈവവിശ്വാസിയുമായിരുന്നില്ല.

68. തീർച്ചയായും ഇബ്റാഹീമിനോട് കൂടുതൽ അടുത്തവർ അദ്ദേഹത്തെ പിൻപറ്റിയവരും ഈ പ്രവാചകനും അദ്ദേഹത്തിൽ വിശ്വസിച്ചവരുമാണ്. അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരിയാകുന്നു.

69. നിങ്ങളെ എങ്ങനെയെങ്കിലും വഴിതെറ്റിക്കാൻ കഴിഞ്ഞെങ്കിൽ എന്ന് വേദക്കാരിലൊരു കൂട്ടർ കൊതിക്കുന്നു. സത്യത്തിൽ അവർ അവരെത്തന്നെയാണ് വഴിതെറ്റിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ, അവർക്ക് ബോധമില്ല.

---

69: ജൂത ക്രൈസ്തവ വിഭാഗങ്ങൾ സംവാദങ്ങളിൽ ഏർപ്പെട്ടിരുന്നത് നിഷ്കളങ്കമായോ ആത്മാർഥമായി സത്യത്തെ അന്വേഷിക്കുന്നതിനോ ആയിരുന്നില്ല.തങ്ങളുടെ കൈവശമുള്ളത് തന്നെയാണ് സത്യം എന്നു കരുതി അത് മറ്റുള്ളവരെകൂടി സമ്മതിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളായിരുന്നു അവരുടേത്.

പുരോഹിതന്മാരുടെയും പൂർവികരുടെയും പാരമ്പര്യങ്ങളും ആചാരങ്ങളുമാണ് അവർ സത്യത്തിന് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്.യാഥാർഥ്യം നിഷ്കളങ്കമായും നിഷ്പക്ഷമായും അന്വേഷിക്കാൻ തയാറാവാത്തിടത്തോളം കാലം, തങ്ങൾ യഥാർഥ സത്യത്തിൽനിന്നും ധർമത്തിൽനിന്നും സ്വയം വഴിതെറ്റിക്കൊണ്ടിരിക്കയാണെന്ന സത്യം അവർ മനസ്സിലാക്കുന്നില്ലെന്നുമാത്രം.

മറ്റുള്ളവരെ തങ്ങളുടെ വിശ്വാസാചാരങ്ങളിലേക്ക് കൊണ്ടുവരാൻ ആളുകളുടെ ബുദ്ധിയെ തൃപ്തിപ്പെടുത്തുന്നതിലേറെ ഭൗതിക താൽപര്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിലാണ് അവർ ഊന്നൽ നൽകുന്നത്. ആദർശപ്രചരണത്തിന് പ്രീണനങ്ങളും പ്രലോഭനങ്ങളും സൗജന്യങ്ങളുമൊക്കെ നിരന്തരം അവലംബിച്ചുകൊണ്ടിരിക്കുന്നത് ഇക്കാലത്തും കാണാം.

---

70. അല്ലയോ വേദവാഹകരേ, നിങ്ങൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നതെന്ത്- നിങ്ങൾ അത് കണ്ടുകൊണ്ടിരിക്കെ?

71. അല്ലയോ വേദവാഹകരേ, നിങ്ങൾ എന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടിക്കുഴക്കുന്നത്? അറിഞ്ഞുകൊണ്ട് നിങ്ങൾ സത്യം പൂഴ്ത്തിവയ്ക്കുകയാണോ?

---

70,71:വേദവാഹകരെ സംബന്ധിച്ചിടത്തോളം തൗറാത്തിലും ഇഞ്ചീലിലും അന്ത്യപ്രവാചകൻെറ ആഗമനം പ്രവചിക്കപ്പെട്ടതാണ്. എന്നാൽ മുഹമ്മദീയ പ്രവാചകത്വത്തെ സംബന്ധിച്ച പല ബൈബിൾ വചനങ്ങളും ദുർവ്യാഖ്യാനിക്കപ്പെടുകയോ വികൃതമാക്കപ്പെടുകയോ ചെയ്തിരിക്കുന്നു. മുഹമ്മദ്നബി(സ)യുടെ വിശിഷ്ഠമായ വ്യക്തിത്വം,അദ്ദേഹത്തിൻെറ പ്രബോധനം സ്വീകരിച്ചവരുടെ ജീവിതത്തിൽ വന്ന വിസ്മയകരമായ മാറ്റങ്ങൾ,വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ചിട്ടുള്ള പ്രൗഢോജ്ജ്വലമായ വിഷയങ്ങൾ എന്നിവയെല്ലാം അല്ലാഹുവിൻെറ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളായിരുന്നു.കൺമുമ്പിൽ വ്യക്തമായികാണുന്ന അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ ദേഹേഛക്കടിമപ്പെട്ട് മനഃപൂർവം കളവാക്കുകയാണ് അവർ ചെയ്യുന്നത്.

---

72. വേദക്കാരിൽ ഒരു കൂട്ടർ (സ്വന്തം അനുയായികളോട്)പറയുന്നു:ഈ വിശ്വാസികൾക്ക് അവതീർണമായതിൽ പകലിൻെറ തുടക്കത്തിൽ നിങ്ങൾ വിശ്വസിച്ചു കൊള്ളുക. അതിൻെറ അവസാനത്തിൽ അതിനെ തള്ളിപ്പറയുകയും ചെയ്യുക. അതുകണ്ട് അവർ (അവരുടെ വിശ്വാസത്തിൽ നിന്ന്) പിന്മാറിയേക്കാം.

---

72: സാധാരണക്കാരായ മുസ്‌ലിംകളെ ആശയക്കുഴപ്പത്തിലാക്കാനും അവരുടെ മനോധൈര്യം കെടുത്തുവാനുമായി മദീനയിലെ ജൂതന്മാർ പയറ്റിയ ഒരു കുതന്ത്രമായിരുന്നു ഇത്‌. പക്ഷേ, അവരുടെ ഈ കുത്സിതതന്ത്രങ്ങളൊന്നും ഒട്ടും വിജയിക്കുകയുണ്ടായില്ല.

73. (അവർ പരസ്‌പരം പറയുന്നു:) നിങ്ങളുടെ മതത്തെ പിൻപറ്റുന്നവരെയല്ലാതെ ആരെയും നിങ്ങൾ വിശ്വസിച്ചു പോകരുത്‌. അവരോട്‌ പറയുക: അല്ലാഹുവിൻെറ സന്മാർഗം മാത്രമാണ്‌ യഥാർഥ സന്മാർഗം. ഒരിക്കൽ നിങ്ങൾക്ക്‌ നൽകപ്പെട്ടതെന്തോ അത്‌ മറ്റൊരുവന്‌ ലഭിക്കുമെന്ന്‌ (നിങ്ങൾ വിശ്വസിക്കരുത്‌); അല്ലെങ്കിൽ നിങ്ങളുടെ നാഥൻെറ മുമ്പിൽ നിങ്ങൾക്കെതിരിൽ അവർ വാദിച്ചുനേടും(എന്നും ആ വേദക്കർ പറഞ്ഞു.) അവരോട്‌ പറയുക:തീർച്ചയായും അനുഗ്രഹങ്ങളെല്ലാം അല്ലാഹുവിൻെറ കയ്യിലാകുന്നു. അവൻ ഇഛിക്കുന്നവർക്ക്‌ അത്‌ നൽകുന്നു. അല്ലാഹു അതിവിശാലനും എല്ലാം അറിയുന്നവനുമാകുന്നു.

74. താനിഛിക്കുന്നവരെ തൻെറ അനുഗ്രഹത്തിനായി അവൻ പ്രത്യേകം തെരഞ്ഞെടുക്കുന്നു. അല്ലാഹു അതിമഹത്തായ അനുഗ്രഹങ്ങൾക്കുടയവനാകുന്നു.

75. വേദവിശ്വാസികളിൽ ചിലരുണ്ട്‌; നിങ്ങൾ ഒരു സ്വർണക്കൂമ്പാരം തന്നെ വിശ്വസിച്ചേൽപിച്ചാലും നിങ്ങൾക്കവർ തിരിച്ചുതരും. അവരിൽ വേറെ ചിലരുണ്ട്‌; ഒരു ദീനാർ (സ്വർണനാണയം)വിശ്വസിച്ചേൽപിച്ചാൽപോലും അവരതു നിങ്ങൾക്കു തിരിച്ചുതരുന്നതല്ല. നിങ്ങൾ അവരെ നിരന്തരം പിന്തുടർന്നാലല്ലാതെ. അതിനു കാരണം അവരിങ്ങനെ വാദിച്ചുകൊണ്ടിരിക്കുന്നതാണ്‌: ഈ നിരക്ഷരുടെ (ജൂതരല്ലാത്തവരുടെ) കാര്യത്തിൽ(അവരെ വഞ്ചിക്കുന്നതിൽ) ഞങ്ങൾക്ക്‌ ഒരു കുറ്റമുണ്ടാവാനിടയില്ല. ബോധപൂർവം അല്ലാഹുവിൻെറ പേരിൽ കള്ളം പറയുകയാണവർ.

75: ദൈവത്തിങ്കൽ യഥാർഥ മനുഷ്യർ ഇസ്രാഈല്യരാണെന്നും അവർ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരാക്കപ്പെട്ടവരുമാണെന്നും ജൂതന്മാർ പറയാറുണ്ടായിരുന്നു. മദീനയിലെ ബഹുദൈവാരാധകാരായ അറബികളുടെ സൗഹൃദം നേടുന്നതിനായി അവർ മുസ്‌ലിംകളേക്കാൾ സന്മാർഗികളും ഉൽകൃഷ്‌ടരുമാണെന്ന്‌ ജൂതന്മാർ പ്രചരിപ്പിച്ചിരുന്നു. ജൂതന്മാർ പരസ്‌പരം മാനിക്കുന്ന ധർമനീതികളൊന്നും അവരല്ലാത്തവരുടെ കാര്യത്തിൽ  പ്രസക്തമല്ലെന്ന്‌ അവർ പറഞ്ഞിരുന്നതായി ഈ വചനം സൂചിപ്പിക്കുന്നു. യഹൂദരല്ലാത്തവരെ വഞ്ചിക്കാനോ ചൂഷണം ചെയ്യാനോ അവസരം കിട്ടിയാൽ അങ്ങനെ ചെയ്യുന്നതിൽ തെറ്റില്ലെന്നും അതിനെപ്പറ്റി അല്ലാഹു തങ്ങളെ ചോദ്യം ചെയ്യുകയോ ശിക്ഷിക്കുകയോ ചെയ്യില്ലന്നായിരുന്നു അവരുടെ നിലപാട്‌. യഹൂദർക്കും അന്യജാതികൾക്കുമിടയിൽ വ്യക്തമായ വിവേചനം കൽപിച്ചുകൊണ്ടുള്ള വചനങ്ങൾ യഹൂദ ധർമശാസ്ത്രങ്ങളിൽ തന്നെ അവർ രൂപപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ കാണുക: ''പണത്തിന്നോ, ആഹാരത്തിന്നോ, വായിപ്പ കൊടുക്കുന്ന യാതൊരു വസ്തുവിന്നോ സഹോദരനോടു പലിശ വാങ്ങരുത്‌. അന്യനോടു (ജൂതരല്ലാത്തവർ) പലിശ വാങ്ങാം..'' (ആവർത്തന പുസ്തകം 23:19,20)
''കൂട്ടുകാരന്നു വായിപ്പ കൊടുത്തവനെല്ലാം അതു ഇളെച്ചുകൊടുക്കണം. യഹോവയുടെ വിമോചനം പ്രസിദ്ധമാക്കിയതുകൊണ്ടു നീ കൂട്ടുകാരനെയോ സഹോദരനെയോ ബുദ്ധിമുട്ടിക്കരുതു. അന്യജാതിക്കാരനോടു നിനക്കു മുട്ടിച്ചു പിരിക്കാം.'' (ആവർത്തനപുസ്തകം 15:2)
തൽമൂദിൽ ഇപ്രകാരം രേഖപ്പെടുത്തിയതായി പറയുന്നു: ഇസ്രാഈല്യൻെറ കാള അന്യജാതിക്കാരൻെറ കാളയെ കുത്തി പരിക്കേൽപിച്ചാൽ പിഴയില്ല. വീണുകിട്ടുന്ന സാധനം ഇസ്രാഈല്യൻേറതാവാനിടയില്ലെങ്കിൽ എടുത്തുകൊണ്ടുപോകാം. ഇസ്രാഇല്യനും അന്യജാതിക്കാരനും തമ്മിലുള്ള കേസ്‌ വിചാരണ ചെയ്യുന്ന ന്യായാധിപൻ എങ്ങനെയും ഇസ്രാഈല്യന്‌ അനുകൂലമായി വിധിക്കാൻ ശ്രമിക്കേണ്ടതാണ്‌.
ജൂതന്മാരുടെ ഈ വാദങ്ങളെല്ലാം വ്യാജമാണെന്നും, വംശീതയെ അടിസ്ഥാനമാക്കി ആരെയും ഉത്‌കൃഷ്‌ടരോ നികൃഷ്‌ടരോ ആയി നിശ്ചയിച്ചിട്ടില്ലെന്നും അല്ലാഹു പറയുന്നു.

76. അല്ല;(എന്തുകൊണ്ടവർ ചോദിക്കപ്പെടുകയില്ല?) ആരെങ്കിലും തന്റെ പ്രതിജ്ഞ പാലിക്കുകയും സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നുവെങ്കിൽ അറിയുക: തീർച്ചയായും സൂക്ഷ്മത പുലർത്തുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

77. അല്ലാഹുവിന്റെ കരാറുകളും സ്വന്തം പ്രതിജ്ഞകളും നിസ്സാര വിലയ്ക്ക് വിൽക്കുന്നവരുണ്ടല്ലോ, അവർക്കു പരലോകത്തിൽ ഒരു വിഹിതവുമില്ല. അന്ത്യനാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ അവരെ കടാക്ഷിക്കുകയോ ചെയ്യുന്നതല്ല. അവരെ സംസ്കരിക്കുന്നതുമല്ല. വേദനയേറിയ ശിക്ഷയാണവർക്കുള്ളത്.

---

77: ദൈവത്തിന്റെ ഇഷ്ടജനം, വിശിഷ്ടജനം എന്നും മറ്റും യഹൂദികൾ വെച്ചുപുലർത്തിയിരുന്ന ശുഭാപ്തിവിശ്വാസങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാക്കിയിരിക്കുകയാണിവിടെ. പൂർവികരുടെയോ, പുണ്യാത്മാക്കളുടെയോ ശിപാർശ സ്വീകരിച്ച് തങ്ങളുടെ പാപങ്ങളെല്ലാം ദൈവം കഴുകിക്കളയും എന്നു വിചാരിക്കുന്നത് തികച്ചും അടിസ്ഥാനരഹിതമാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

---

78. അവരിൽ ഇങ്ങനെയും ചിലരുണ്ട്: വേദം പാരായണം ചെയ്യുമ്പോൾ അവർ നാവിനെ വക്രിക്കുന്നു. അതൊക്കെ വേദപുസ്തകത്തിലുള്ളതാണെന്ന് നിങ്ങൾ ധരിക്കുന്നതിനുവേണ്ടി. അവയോ, വേദവാക്യങ്ങളല്ലതാനും. അതൊക്കെ ദൈവത്തിങ്കൽ നിന്നുള്ളതാണെന്ന് അവർ പറയുകയും ചെയ്യും. അതോ, ദൈവത്തിങ്കൽനിന്നുള്ളതുമല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ്.

79. അല്ലാഹു ഒരു മനുഷ്യന് വേദവും തത്വജ്ഞാനവും പ്രവാചകത്വവും നൽകുക; എന്നിട്ട് അയാൾ ജനങ്ങളോട് 'നിങ്ങൾ അല്ലാഹുവിനെ വെടിഞ്ഞ് എന്റെ അടിമകളായിരിക്കുവിൻ' എന്ന് പറയുക; ഇത് ഒരു മനുഷ്യനിൽനിന്ന് ഒരിക്കലും സംഭവിക്കാവതല്ല. പ്രത്യുത, നിങ്ങൾ പഠിക്കുകയും പഠിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വേദപുസ്തകം അനുശാസിക്കുംപടി നിഷ്കളങ്കരായ ദൈവദാസന്മാരായിരിക്കുവിൻ.(എന്നായിരിക്കും അദ്ദേഹം പറയുന്നത്)

80. മലക്കുകളെയും പ്രവാചകന്മാരെയും നിങ്ങൾ രക്ഷിതാക്കളായി വരിക്കുവാൻ അയാൾ ഒരിക്കലും നിങ്ങളെ ഉപദേശിക്കുകയില്ല. നിങ്ങൾ മുസ്ലിംകൾ (അല്ലാഹുവിന് സമർപ്പിച്ചവർ) ആയിക്കഴിഞ്ഞിരിക്കെ അദ്ദേഹം നിങ്ങളോടു സത്യനിഷേധം കൽപിക്കുകയോ?

---

80: യഹൂദർ, ഉസൈർ എന്ന പുണ്യാത്മാവിനെ ദൈവപുത്രനായി വിശ്വസിച്ചിരുന്നു. ക്രൈസ്തവർ ഇസാമസീഹിനെ (യേശു) ദൈവപുത്രനായും, 'ജിബ്രീൽ' എന്ന മലക്കിനെ 'പരിശുദ്ധാത്മാവ്' എന്ന പേരിൽ ഒരു ആരാധ്യനായും വിശ്വസിക്കുന്നു. അറേബ്യൻ ബഹുദൈവവിശ്വാസികൾ മലക്കുകളെ ദൈവത്തിന്റെ പുത്രിമാരായും വിശ്വസിച്ചിരിരുന്നു.

---

81. അല്ലാഹു പ്രവാചകന്മാരോട് പ്രതിജ്ഞ വാങ്ങിയ സന്ദർഭം (ഓർക്കുക): ഞാൻ നിങ്ങൾക്ക് വേദവും തത്വജ്ഞാനവും നൽകി. പിന്നീട് നിങ്ങളുടെ വശമുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൈവദൂതൻ വന്നാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തെ വിശ്വസിക്കേണ്ടതും സഹായിക്കേണ്ടതുമാകുന്നു.അല്ലാഹു അവരോടു ചോദിച്ചു:നിങ്ങൾ ഇതു സമ്മതിക്കുകയും എന്നോടുള്ള പ്രതിജ്ഞയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുവോ? അവർ പറഞ്ഞു: ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അല്ലാഹു പറഞ്ഞു: എങ്കിൽ നിങ്ങൾ സാക്ഷികളാകുവിൻ. ഞാനും നിങ്ങളോടൊപ്പം സാക്ഷിയാകുന്നു.

---

81: ആദം നബിയിലാരംഭിച്ച് മുഹമ്മദ് നബിയിലവസാനിക്കുന്ന പ്രവാചക ശൃംഖലയിലെ ഓരോ പ്രവാചകനും എല്ലാ മനുഷ്യർക്കുമായി അല്ലാഹു നിശ്ചയിച്ച ഒരേ മതമാണ് പ്രബോധനം ചെയ്തിട്ടുള്ളത്. അതിനാൽ ദൈവികമതത്തിൻെറ അനുയായികൾ ഒരു പ്രവാചകനോടും പക്ഷപാതം കാണിക്കുകയോ അവർ കൊണ്ടുവന്ന സത്യത്തെ എതിർക്കുകയോ ചെയ്യരുത്. യഥാർഥ ദൈവികമതം എന്നാൽ സത്യവും ധർമവുമാകുന്നു. അത് എല്ലാ ജനത്തിനും ഒന്നുതന്നെ. ഒരു പ്രത്യേകമതത്തിൻെറ പ്രചാരകനായി അല്ലാഹു ഒരു പ്രവാചകനെയും നിയോഗിച്ചിട്ടില്ല.മൂസാ നബി(അ) യഹൂദമതം നിർമിച്ചിട്ടില്ല. ഈസാ നബി(അ) ക്രിസ്തുമതവും നിർമിച്ചിട്ടില്ല. ഈ പ്രവാചകന്മാരുടെ കാലശേഷം അവരുടെ അനുയായികൾ എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതായ ദൈവിക മതത്തെ സ്വന്തം വംശത്തിൻെറയും സമുദായത്തിൻെറയും സ്വത്താക്കി പുനർനിർമിക്കുകയായിരുന്നു.മതങ്ങളുടെ ഈ പുനർനിർമാണത്തിൽ പുരോഹിതന്മാർ തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കാനായി ദൈവത്തിൻെറ പ്രതിപുരുഷന്മാരായി ചമഞ്ഞ് സ്വേഛാനുസാരം തത്ത്വങ്ങളും നിയമങ്ങളും ആവിഷ്കരിക്കുന്നു. ഈസാനബിയെ നിഷേധിക്കാൻ ജൂതന്മാരെ പ്രേരിപ്പിച്ചത് ജൂതമതത്തിൽ ആധിപത്യം നേടിയ പൗരോഹിത്യമാണ്. ഇസ്രാഈൽ വംശത്തിൽ പിറക്കാത്ത കാരണം മുഹമ്മദ്നബിയെയും അവർ നിഷേധിച്ചു. പ്രവാചകന്മാർ ആരും തങ്ങൾ ദൈവങ്ങളാണെന്നും തങ്ങളെ ആരാധിക്കണമെന്നും വാദിച്ചിട്ടില്ലെന്ന് മുൻസൂക്തങ്ങൾ വ്യക്തമാക്കുന്നു. ഏകദൈവത്വ സ്ഥാപനത്തിനും പ്രചരണത്തിനും വേണ്ടി നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ. എന്നാൽ ഈസാനബിയുടെ അനുയായികളാണെന്ന് വാദിക്കുന്ന ക്രിസ്ത്യാനികൾ അദ്ദേഹത്തിൽ ദിവ്യത്വം കൽപിക്കുകയും ദൈവമായി ഗണിച്ച് ആരാധിക്കുകയും ചെയ്യുന്നു. അല്ലാഹു അല്ലാത്ത മറ്റുള്ളവർക്ക് ദിവ്യത്വം കൽപിക്കുകയും ആരാധിക്കുകയും ചെയ്യുന്ന എല്ലാവരെയും പൊതുവായി ആക്ഷേപിക്കുന്നതാണ് ഈ വചനങ്ങൾ.

---

82. ഈ (പ്രതിജ്ഞക്കു)ശേഷം അതിൽനിന്ന് പിന്തിരിയുന്നവരാരോ, അവർ പാപികൾ തന്നെയാകുന്നു.

83. അല്ലാഹുവിൻേറതല്ലാത്ത മറ്റു വല്ല ജീവിത വ്യവസ്ഥയുമാണോ അവർ ആഗ്രഹിക്കുന്നത്? ആകാശഭൂമികളിൽ ഉള്ളവരൊക്കെയും ബോധപൂർവമായോ നിർബന്ധിതമായോ അവനുമാത്രം കീഴ്പ്പെട്ടിരിക്കെ; സകലവും അവനിലേക്കു മടങ്ങേണ്ടതുമായിരിക്കെ?

---

83: ഭാവിപ്രവാചകൻെറ ആഗമനത്തെക്കുറിച്ച് വ്യക്തമായ അറിവുള്ള വേദവിശ്വാസികൾ അന്ത്യപ്രവാചകനെയും അന്ത്യവേദത്തെയും തള്ളിക്കളഞ്ഞ് അല്ലാഹുവ്യൻെറ ജീവിതവ്യവസ്ഥയിൽ നിന്ന് വിട്ടുപോന്ന് ക്ഷുദ്രതാൽപര്യങ്ങൾക്കുവേണ്ടി സ്വന്തം സമുദായത്തിൻെറയോ പ്രവാചകൻെറയോ പേരിൽ മറ്റു മതങ്ങൾ ഉണ്ടാക്കുന്നത് ദൈവിക വ്യവസ്ഥയിൽനിന്നുള്ള വ്യതിചലനമാണെന്ന് അവരെ ഉണർത്തുന്നു.തങ്ങളുടെ വേദങ്ങളിൽ അന്ത്യപ്രവാചകൻെറ ആഗമനം പ്രവചിച്ചിട്ടുള്ളതിനാൽ, അദ്ദേഹത്തെ തള്ളിപ്പറഞ്ഞുകൊണ്ട് അവരുടെ വേദത്തെ അവർ സത്യസന്ധമായി അംഗീകരിക്കുന്നതെങ്ങനെ? അതിനാൽ ഏതെങ്കിലും ഒരു പ്രവാചകനെ തള്ളിപ്പറയുന്നവർ എല്ലാ പ്രവാചകന്മാരെയും തള്ളിപ്പറയുന്നതുപോലെയാകുന്നു.

---

84. പറയുക: ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു. ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും, ഇബ്റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാക്കിനും, യഅ്ഖൂബിനും,യഅ്ഖൂബ്സന്തതികൾക്കും ഇറക്കപ്പെട്ടതിലും;മൂസാക്കും ഈസാക്കും മറ്റു പ്രവാചകന്മാർക്കും അവരുടെ നാഥങ്കൽ നിന്ന് വന്നെത്തിയതിലും(ഞങ്ങൾ വിശ്വസിക്കുന്നു.) അവരിൽ ആരോടും ഞങ്ങൾ വിവേചനം കാണിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു.

85. ഇസ്ലാം(ദൈവത്തോടുള്ള അനുസരണം)അല്ലാത്ത ഏതൊരു ജീവിതമാർഗം ആരുകൈക്കൊണ്ടാലും അത് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.

86. സത്യവിശ്വാസം സ്വീകരിച്ചശേഷം സത്യനിഷേധികളായ ഒരു ജനതയെ അല്ലാഹു എങ്ങനെ സന്മാർഗത്തിലാക്കും? ഈ ദൈവദൂതൻ സത്യവാനാണെന്ന് സ്വയം സാക്ഷ്യം വഹിച്ചവരാണ

വര്‍. വ്യക്തമായ തെളിവുകള്‍ അവര്‍ക്ക്‌ വന്നെത്തിയിട്ടുമുണ്ട്‌. അക്രമികളായ ആ ജന വിഭാഗത്തെ അല്ലാഹു നേര്‍വഴിയിലാക്കുന്നതല്ല.

---

86: പ്രവാചകന്‍റെയും ശിഷ്യന്മാരുടെയും ശംശുദ്ധമായ ജീവിതത്തിലൂടെ, അസത്യവും അധര്‍മവും വിലക്കുന്നതിലൂടെ, സത്യവും ധര്‍മവും പ്രബോധനം ചെയ്യുന്നതിലൂടെ തങ്ങളുടെ പക്കലുള്ള വേദ ങ്ങള്‍ പ്രവചിച്ച പ്രവാചകന്‍ തന്നെയാണ്‌ അദ്ദേഹം എന്ന വ്യക്തമായ തെളിവുകള്‍ അവര്‍ക്ക്‌ ലഭിച്ചി രുന്നു. അങ്ങനെ അവരുടെ മുമ്പില്‍ നാനാപ്രകാരത്തിലുള്ള മാര്‍ഗദര്‍ശനോപാധികള്‍ അല്ലാഹു നിരത്തി വെച്ചു. പക്ഷേ, ക്ഷണിക സുഖങ്ങളും നിക്ഷിപ്‌തതാല്‍പര്യങ്ങളും ലാക്കാക്കി അതിനെയെല്ലാം അവര്‍ അവഗണിച്ചു. ദൈവിക സന്മാര്‍ഗം നേടാന്‍ അവസരം ലഭിച്ചിട്ടും അന്ത്യപ്രവാചകനെ നിഷേധിക്കുന്ന തിലൂടെ ആ ഭാഗ്യം അവര്‍ കളഞ്ഞുകുളിച്ചു. അധര്‍മത്തില്‍ ഉറച്ചു നില്‍ക്കുന്നവരെ ഇനിയെങ്ങനെ യാണ്‌ അല്ലാഹു മാര്‍ഗദര്‍ശനം ചെയ്യുക.

---

87. അല്ലാഹുവിന്‍റെയും മലക്കുകളുടെയും സകലജനത്തിന്‍റെയും ശാപം അവരുടെ മേലുണ്ടാ യിരിക്കുക എന്നതത്രെ അവര്‍ക്കുള്ള പ്രതിഫലം.

88. ഈ ശപ്‌താവസ്ഥയില്‍ അവര്‍ എന്നെന്നും വസിക്കും. അവരുടെ ശിക്ഷ ലഘൂകരിക്കപ്പെ ടുകയില്ല. അവര്‍ക്ക്‌ അവധി നല്‍കപ്പെടുന്നതുമല്ല.

89. അതിനുശേഷം പശ്ചാത്തപിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്തവരൊഴിച്ച്‌. തീര്‍ച്ച യായും അല്ലാഹു ഏറെ പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയും അത്രെ.

90. സത്യത്തില്‍ വിശ്വസിച്ചശേഷം അവിശ്വസിക്കുകയും എന്നിട്ട്‌ നിഷേധത്തില്‍തന്നെ മുന്നേറു കയും ചെയ്തവരോ, അവരുടെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. അവര്‍ തന്നെയാകുന്നു വഴിപിഴച്ചവര്‍.

91. അവിശ്വസിക്കുകയും അവിശ്വാസികളായിത്തന്നെ മരിച്ചു പോവുകയും ചെയ്തവരുണ്ടല്ലോ അവരിലാരെങ്കിലും നരകമോചനത്തിനുവേണ്ടി ഭൂമി നിറയെ സ്വര്‍ണം പ്രായശ്ചിത്തമായി നല്‍കിയാലും അവരില്‍ നിന്ന്‌ അത്‌ സ്വീകരിക്കുന്നതല്ല. അവര്‍ക്കാണ്‌ വേദനയേറിയ ശിക്ഷയുള്ളത്‌. അവര്‍ക്ക്‌ സഹായികളായി ആരുമുണ്ടായിരിക്കുന്നതുമല്ല.

92. നിങ്ങള്‍ ഇഷ്‌ടപ്പെടുന്നതില്‍ നിന്ന്‌ നിങ്ങള്‍ (ദൈവമാര്‍ഗത്തില്‍) ചെലവഴിക്കുന്നതുവരെ നിങ്ങള്‍ക്ക്‌ പുണ്യം നേടാനാവില്ല. നിങ്ങള്‍ ചെലവഴിക്കുന്നതെന്തും സൂക്ഷ്‌മമയി അറിയുന്നവനാണ്‌ അല്ലാഹു.

---

92: 'തനിക്ക്‌ ഇഷ്‌ടപ്പെടുന്നത്‌ തന്‍റെ സഹോദരനും ഇഷ്‌ടപ്പെടുക' എന്ന ഒരു നബിവചനമുണ്ട്‌. അല്ലാഹുവിനുവേണ്ടി ത്യജിക്കാന്‍ കഴിയാത്തവിധം യാതൊരു വസ്തുവും മനുഷ്യന്‌ പ്രിയംകരമാവരു ത്‌. ഏതൊന്നിനോട്‌ അത്തരം അമിതമായ സ്‌നേഹമുണ്ടോ അതിനെ തകര്‍ത്ത്‌ തരിപ്പണമാക്കാത്ത കാലത്തോളം മനുഷ്യന്‌ പുണ്യത്തിന്‍റെ കവാടം തുറക്കപ്പെടുന്നതല്ല. ''..മനസ്സിന്‍റെ ആര്‍ത്തിയെ കാത്തവരാരോ അവരാണ്‌ വിജയിച്ചവര്‍. (59:9)

---

93. (മുഹമ്മദീയ ശരീഅത്തില്‍ അനുവദനീയമായ) ആഹാരപദാര്‍ഥങ്ങളൊക്കെയും ഇസ്രാഈല്‍ വംശത്തിനും അനുവദനീയമായിരുന്നു. തൗറാത്ത്‌ അവതരിക്കുന്നതിനുമുമ്പ്‌ ഇസ്രാഈല്‍ (യഅ്‌ഖൂബ്‌ നബി)തന്‍റെ മേല്‍ സ്വയം നിഷിദ്ധമാക്കിയവയൊഴികെ. പറയുക: നിങ്ങള്‍ സത്യസന്ധരെങ്കില്‍ തൗറാത്ത്‌ കൊണ്ടുവരിക, എന്നിട്ടതു വായിച്ചു കേള്‍പ്പിക്കുക.

---

93: ഇസ്രാഈല്യര്‍ നിഷിദ്ധമായി ഗണിച്ചു പോന്നിരുന്ന ചില ആഹാരപഥാര്‍ഥങ്ങള്‍ മുഹമ്മദീയ ശരീ അത്തില്‍ അനുവദിച്ചതായി ജൂത പുരോഹിതന്മാര്‍ കണ്ടു. ഇബ്‌റാഹീം നബിയുടെ പിന്‍ഗാമിയും അദ്ദേഹത്തിന്‍റെ മാര്‍ഗം പിന്തുടരുന്ന ആളുമാണെങ്കില്‍ ഈ ഭക്ഷണപദാര്‍ഥങ്ങള്‍ മുഹമ്മദിന്‌ എങ്ങനെ അനുവദനീയമാകും എന്ന്‌ ജൂതപുരോഹിതന്മാര്‍ ആരോപിക്കാന്‍ തുടങ്ങി. ഒട്ടകമാംസം ഇസ്രാഈല്യര്‍

ഭക്ഷിച്ചിരുന്നില്ല. മുഹമ്മദീയ ശരീഅത്തിൽ ഹിതകരമായ ആഹാരപഥാർഥങ്ങളെല്ലാം പൂർവപ്രവാചക ന്മാരുടെ ശരീഅത്തിലും അടിസ്ഥാനപരമായി അനുവദനീയമായിരുന്നു. യഅ്ഖൂബ് നബി(അ) സ്വയം ഏർപ്പെടുത്തിയ വിലക്കുകൾ ഇസ്രാഈലീ സമൂഹത്തിനൊട്ടാകെയുള്ള നിയമമായിരുന്നെങ്കിൽ ദൈവം അത് തൗറാത്തിൽ രേഖപ്പെടുത്തുമായിരുന്നു. ഇസ്രാഈൽ പ്രവാചകൻ (യഅ്ഖൂബ് നബി) ജീവിച്ചത് തൗറാത്ത് അവതരണത്തിനു മുമ്പായിരുന്നു. ''തങ്ങളുടെ ധിക്കാരത്തിനു പ്രതിഫലമായി ജൂതമതക്കാർ ക്ക് നഖമുള്ള സകല മൃഗങ്ങളെയും നാം നിരോധിച്ചിട്ടുണ്ടായിരുന്നു. ആടുമാടുകളുടെ കൊഴുപ്പും നിരോധിച്ചിരുന്നു.'' (അൻആം, സൂക്തം 146.) ജൂതജനത്തിന്റെ ധിക്കാരം നിമിത്തം അവർക്കനുവ ദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാം അവർക്ക് നിരോധിച്ചിരിക്കുന്നു. (അന്നിസാഅ്, വചനം 160) എന്നും ഖുർആനിൽ വന്നിരിക്കുന്നു. എന്നാൽ ഒട്ടകം, മുയൽ, കുഴിമുയൽ, എന്നിവ നിഷിദ്ധ വസ്തുക്കളായി ബൈബിളിൽ തൗറാത്തിന്റെതായി കാണപ്പെടുന്ന ഭാഗങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ലേവ്യപുസ്തകം 11:4-6, ആവർത്തന പുസ്തകം 14:7). ഈ സൂക്തത്തിലെ വെല്ലുവിളി യഹൂദികൾക്ക് തങ്ങളുടെ വാദം തെളിയിക്കാൻ നല്ല ഒരവസരമായിരുന്നു. പക്ഷേ, അവരാരും അതിന് മുതിരാതിരു ന്നത് അക്കാലത്ത് നിലവിലിരുന്ന അവരുടെ തൗറാത്തിൽ അതില്ലാത്തതുകൊണ്ടാണെന്ന് വ്യക്തം. ഇതോ ഇതുപോലുള്ള മറ്റു പ്രസ്ഥാവനയോ അവരുടെ തൗറാത്തിൽ ഉണ്ടായിരുന്നുവെങ്കിൽ ഈ വെല്ലു വിളിക്കുതന്നെ അവകാശമില്ലായിരുന്നു. അതിനാൽ ബൈബിളിലെ മേൽവിധികൾ പിന്നീടെഴുതിച്ചേർ ത്തതായിരിക്കണം. അവരിലെ നിയമനിർമാതാക്കൾ ശുദ്ധമായ പലതും അശുദ്ധമാക്കി തൗറാത്തിന്റെ വിധികളിൽ ഉൾക്കൊള്ളിച്ചതായി കാണാം (ലേവ്യ പുസ്തകം 3:17, 7:22-23, 11:16-21, ആവർത്തന പുസ്തകം 14:14-16) എന്നിവ കാണുക. ക്രിസ്തുവിനുശേഷം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് രിബ്ബി യഹൂദായുടെ കൈക്ക് നിലവിലുള്ള ജൂതനിയമസംഹിതയുടെ ക്രോഡീകരണം പൂർത്തിയായ ത്.

---

94. അതിനുശേഷവും അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയാണെങ്കിൽ അവർ തന്നെയാണ് അക്രമികൾ.

95. പറയുക: അല്ലാഹു അരുളിയിട്ടുള്ളത് സത്യമാകുന്നു. അതിനാൽ നിങ്ങൾ ഇബ്റാഹീമി ന്റെ നിഷ്കളങ്കമായ മാർഗം പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായി രുന്നില്ല.

---

95: തൗറാത്ത് അവതരിക്കുന്നതിനുമുമ്പ് ഇസ്രാഈൽ സന്തതികകൾ വെറും ആചാരത്തിന്റെ പേരിൽ നിഷിദ്ധമാക്കിയിരുന്ന ചില ആഹാരപഥാർഥങ്ങൾ, തൗറാത്തിൽ രേഖപ്പെടുത്തിയ വിധിയല്ലെന്ന് ബോധ്യപ്പെടുത്തുന്ന തെളിവുകളും പ്രമാണങ്ങളും അല്ലാഹു നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ചിരിക്കു ന്നു. അല്ലാഹു സത്യമേ പറയൂ എന്ന് നിങ്ങൾക്കറിയാമായിരുന്നിട്ടും തങ്ങളുടെ വാദത്തിൽതന്നെ ശഠിച്ചു നിൽക്കുന്നവർ യഥാർഥത്തിൽ അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ് ചെയ്യുന്നത്. അതിനാൽ ഇബ്രാഹീം ആചരിച്ചുവന്ന വക്രതയില്ലാത്ത മാർഗം പിന്തുടരുവിൻ.

---

96. തീർച്ചയായും മനുഷ്യരാശിക്കുവേണ്ടി നിർമിക്കപ്പെട്ട പ്രഥമദേവാലയം മക്കയിൽ സ്ഥിതി ചെയ്യുന്നതു തന്നെയാകുന്നു. അത് അനുഗൃഹീതവും ലോകർക്കാകമാനം സന്മാർഗദർശകവു മാണ്.

---

96:പൂർവപ്രവാചകന്മാരുടെ ഖിബ്ലയായ ബൈത്തുൽമഖ്ദസിനെ ഉപേക്ഷിച്ച് മക്കയിലെ കഅ്ബയെ ഖിബ്ലയാക്കിയത് എന്തുകൊണ്ടാണെന്ന് യഹൂദർ ആക്ഷേപിച്ചിരുന്നു. എന്നാൽ ജറുശലമിലെ ബൈത്തുൽ മുഖദ്ദിസല്ല ലോകത്താദ്യമായി മനുഷ്യർക്ക് ഏകദൈവാരധന നിർവഹിക്കുന്നതിനുവേണ്ടി നിർമിക്കപ്പെട്ട മന്ദിരം. മൂസാ(അ)യുടെ ഏകദേശം പത്തുനൂറ്റാണ്ടുകൾക്കുമുമ്പ് ഇബ്രാഹീം നബി(അ) മക്കയിൽ നിർമിച്ച കഅ്ബയാണ് ഏകദൈവവിശ്വാസികളുടെ ആദ്യത്തെ ഖിബ്ല. സുലൈമാൻ നബി(അ)ബൈത്തുൽമുഖദ്ദിസ് നിർമിച്ചതും അദ്ദേഹം അതിനെ ഖിബ്ലയായി നിശ്ചയിച്ചതും മൂസാ (അ)ക്ക് ശേഷം നാലര നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടായിരുന്നുവെന്നും ബൈബിൾ വിവരിക്കുന്നുണ്ട്. ''യിസ്രയേൽമക്കൾ മിസ്രയീംദേശത്തുനിന്നു പുറപ്പെട്ടതിന്റെ നാനൂറ്റെൺപതാം സംവത്സരത്തിൽ യിസ്ര

യേലിൽ ശലോമോൻെറ വാഴ്ചയുടെ നാലാം ആണ്ടിൽ രണ്ടാം മാസമായ സീവ്മാസത്തിൽ അവൻ യഹോവായുടെ ആലയം പണിവാൻ തുടങ്ങി''.(1.രാജാകന്മാർ 6:1). ''അടിയൻ (ശലോമോൻ) ഈ സ്ഥലച്ചുവെച്ചു കഴിക്കുന്ന പ്രാർഥന കേൾക്കേണ്ടതിന്നു നിൻെറ നാമം ഉണ്ടായിരിക്കുമെന്നു നീ അരുളിച്ചെയ്ത സ്ഥലമായ ഈ ആലയത്തിലേക്കു രാവും പകലും തൃക്കൺ പാർത്തരുളേണമേ, ഈ സ്ഥലത്തുവെച്ചു പ്രാർഥിപ്പാനിരിക്കുന്ന അടിയൻെറയും നിൻെറ ജനമായ യിസ്രായേലിൻെറയും യാചന കേൾക്കേണമേ'' (1.രാജാക്കന്മർ 8:29,30).

ഇബ്രാഹീംനബി(അ)ക്ക് മുമ്പുതന്നെ കഅ്ബ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും കാലക്രമത്തിൽ അത് നശിച്ചുപോയശേഷം, കഅ്ബ നിന്നിരുന്ന സ്ഥാനം അല്ലാഹു ഇബ്രാഹീംനബി(അ)ക്ക് നിർണയിച്ചു കൊടുക്കുകയും പ്രസ്തുത സ്ഥലത്ത് അദ്ദേഹം കഅ്ബ പുതുക്കിപ്പണിയുകയുമായിരുന്നു എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

---

97. അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്രാഹീമിൻെറ സ്ഥാനമുണ്ട്. ആർ അതിൽ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്. ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ളവർ അവിടെ ചെന്ന് ഹജ്ജ് നിർവഹിക്കുകയെന്നത് മനുഷ്യർക്ക് അല്ലാഹുവോടുള്ള കടമയാകുന്നു. വല്ലവരും വിസമ്മതിക്കുന്നുവെങ്കിൽ; തീർച്ചയായും അല്ലാഹു ലോകരിൽ ആരുടെയും ആശ്രയം വേണ്ടാത്തവനാകുന്നു.

---

97: കഅ്ബ അല്ലാഹുവിനാൽ അനുഗൃഹീതമാക്കപ്പെട്ടതും ലോകർക്ക് മാർഗദർശനകേന്ദ്രവുമാകുന്നു. അതിൻെറ പ്രാധാന്യത്തെയും പവിത്രതയെയും തെളിയിക്കുന്ന അനവധി ദൃഷ്ടാന്തങ്ങൾ നിലവിലുണ്ട്. കഅ്ബ നിർമാണം കഴിഞ്ഞിട്ട് സഹസ്രാബ്ദങ്ങൾ കഴിഞ്ഞെങ്കിലും അന്ന്തൊട്ട് ഇന്നോളം ആ മന്ദിരം ഇടതടവില്ലാതെ ജനങ്ങളാൽ ആദരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കൊടും മരുപ്രദേശം ആയിരുന്ന അവിടെ ദൈവമന്ദിരം നിർമിച്ചപ്പോൾ അതിൻെറ പരിസരവാസികൾക്ക് ഭക്ഷണവിഭവങ്ങൾ എത്തിക്കാനുള്ള ഏറ്റവും നല്ല ഏർപ്പാടുകൾ അല്ലാഹു ചെയ്തുകൊടുത്തു. അതിനെ നശിപ്പിക്കാൻ വന്ന ആനപ്പട്ടാളത്തെ അല്ലാഹു അസാധാരണമായ മാർഗത്തിലൂടെ നശിപ്പിച്ചു. വിവിധ ഭാഷക്കാരെയും ദേശക്കാരെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി അത് എന്നും നിലകൊണ്ടു. എത്രയും വലിയ അക്രമിയോ കുറ്റവാളിയോ ആയാലും അവിടെ പ്രവേശിച്ചു കഴിഞ്ഞവന് അതൊരഭയസ്ഥാനമാണ്. കഅ്ബയിലേക്കുള്ള ഹജ്ജ് തീർഥാടനത്തിൻെറ പേരിൽ വർഷത്തിൽ നാലുമാസം ഇസ്ലാമിനുമുമ്പും യുദ്ധം നിഷിദ്ധമായി കരുതപ്പെട്ടിരുന്നു.

മുഹമ്മദ് നബി(സ)ഇസ്ലാമിക പ്രബോധനം ആരംഭിച്ചതും അവിടെനിന്നുതന്നെ. ഈ വിധം അനുഗ്രഹത്തിൻെറയും സന്മാർഗത്തിൻെറയും ഒരു കേന്ദ്രമുണ്ടാക്കിത്തന്ന അല്ലാഹുവിനോട് മനുഷ്യർക്ക് ഒരു നിർബന്ധബാധ്യതയുണ്ട്. ഭൗതികമായ സൗകര്യമുള്ള വിശ്വാസികൾക്കെല്ലാം കഅ്ബയിൽപോയി ഹജ്ജ് ചെയ്യൽ നിർബന്ധമാകുന്നു.

---

98. ചോദിക്കുക: അല്ലയോ വേദക്കാരേ, നിങ്ങൾ എന്തിനാണ് അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നത്? നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെല്ലാം അല്ലാഹു സാക്ഷിയാകുന്നു.

99. ചോദിക്കുക:അല്ലയോ വേദക്കാരേ,സത്യവിശ്വാസികളെ അല്ലാഹുവിൻെറ മാർഗത്തിൽ നിന്ന് തടയുകയും അവർ വക്രമാർഗത്തിൽ ചരിക്കണമെന്നാഗ്രഹിക്കുകയും ചെയ്യുന്നതെന്താണ്; (അതു സന്മാർഗമാണെന്നതിനു) നിങ്ങൾ തന്നെ സാക്ഷികളായിരിക്കെ? നിങ്ങളുടെ ചെയ്തികളെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ല.

100. അല്ലയോ വിശ്വസിച്ചവരേ, വേദം നൽകപ്പെട്ടവരിൽ ഒരു വിഭാഗത്തെ നിങ്ങൾ അനുസരിച്ചാൽ അവർ നിങ്ങളെ വിശ്വാസികളായ ശേഷം സത്യനിഷേധത്തിലേക്കുതന്നെ തള്ളിവിടുന്നതാകുന്നു.

101. നിങ്ങളെ അല്ലാഹുവിൻെറ വചനങ്ങൾ ഓതിക്കേൾപ്പിച്ചുകൊണ്ടിരിക്കെ, നിങ്ങൾക്കിടയിൽ അവൻെറ ദൂതനുണ്ടായിരിക്കെ നിങ്ങൾക്കെങ്ങനെ സത്യനിഷേധികളാവാൻ കഴിയും? ആർ അല്ലാഹുവെ മുറുകെപ്പിടിക്കുന്നുവോ അവൻ നേർമാർഗത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു.

102. അല്ലയോ സത്യവിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടേണ്ടവണ്ണം ഭയപ്പെടുവിൻ. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്.

103. നിങ്ങളൊന്നായി അല്ലാഹുവിൻെറ പാശം മുറുകെപ്പിടിക്കുവിൻ. നിങ്ങൾ ഭിന്നിച്ചുപോകരുത്.അല്ലാഹു നിങ്ങൾക്കു നൽകിയ അനുഗ്രഹമോർക്കുകയും ചെയ്യുവിൻ. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നു. അപ്പോൾ അവൻ നിങ്ങളുടെ ഹൃദയങ്ങളെ പരസ്പരം ഇണക്കി. അങ്ങനെ അവൻെറ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരഗ്നി കുണ്ഡത്തിൻെറ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഈ വിധം അല്ലാഹു അവൻെറ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു.നിങ്ങൾ നേർവഴി പ്രാപിക്കുന്നതിനുവേണ്ടി.

---

103:അല്ലാഹുവിൻെറ പാശം അഥവാ കയർ എന്നത് ഖുർആൻ,ഇസ്‌ലാം തുടങ്ങി പല അർഥങ്ങളിലും വിവരിച്ചുകാണുന്നു. അല്ലാഹുവിൻെറ പാശം മുറുകെപ്പിടിക്കുന്നതിൽ ഓരോ വ്യക്തിയും തൻെറ കാര്യം മാത്രം ഗൗനിച്ചാൽ പോരാ, വിശ്വാസികൾ ഒറ്റക്കെട്ടായി ദൈവികപാശം മുറുകെപ്പിടിക്കണമെന്നും ഭിന്നിച്ചുപോകരുതെന്നും ആവർത്തിച്ച് പറഞ്ഞിരിക്കുന്നു. വിശ്വാസികൾ ഒറ്റ ശരീരം പോലെയാണ്. മനുഷ്യമനസ്സുകളെ യഥാർഥത്തിൽ കോർത്തിണക്കുന്ന ബലിഷ്ഠമായ ചരടാണ് അല്ലാഹുവിൻെറ പാശം. ഏതെങ്കിലും വംശത്തിൻെറയോ ദേശത്തിൻെറയോ, ഗോത്രത്തിൻെറയോ പേരിലല്ല മറിച്ച് ഇസ്‌ലാമിൻെറ പേരിൽ ഒന്നിക്കുവാനാണ് മുഹമ്മദ് നബി(സ) പ്രബോധനം ചെയ്തത്. അദ്ദേഹത്തിൽ വിശ്വസിച്ചവർ തങ്ങളുടെ ഗോത്രബന്ധങ്ങൾക്കും മതബന്ധങ്ങൾക്കും ദേശബന്ധങ്ങൾക്കും അതീതമായി സഹോദരന്മാരും സഹകാരികളുമായി ഒന്നിച്ചു. 125 വർഷത്തോളം നിരന്തരം സംഘട്ടനങ്ങളിലേർപ്പെട്ട കടുത്ത ശത്രുഗോത്രങ്ങളായിരുന്ന മദീനയിലെ ഔസും ഖസ്റജും ഗോത്രങ്ങളെ ഇസ്‌ലാം ഏകോദരസഹോദരന്മാരാക്കി. അവരുടെ മനസ്സുകൾ പൂർവവൈരങ്ങൾ മറന്ന് ഇണങ്ങിച്ചേർന്നു. പണ്ട് ജൂതനും ക്രിസ്ത്യാനിയും ബഹുദൈവാരാധകരുമായി പരസ്പരം ഉച്ചനീചത്വം പുലർത്തിയിരുന്നവരെല്ലാം മുസ്‌ലിംകളായി. എല്ലാവരും സഹോദരന്മാരായിത്തീർന്നു. ഇസ്‌ലാമിൽ ജാതിയില്ല, ഉച്ചനീചത്വമില്ല, തൊട്ടുകൂടായ്മയില്ല, അധഃകൃതമുസ്‌ലിംകളും, അവശമുസ്‌ലിംകളും, ദളിത്മുസ്‌ലിംകളും ഇല്ല. മുസ്‌ലിം സമുദായത്തിൻെറ ഭാവിയെ സംബന്ധിച്ചിടത്തോളം ഈ സൂക്തം വളരെ പ്രധാനപ്പെട്ടതാണ്. അല്ലാഹുവിൻെറ പാശം ഒറ്റക്കെട്ടായി മുറുകെപ്പിടിക്കേണ്ടതിൻെറ അനിവാര്യത അനിഷേധ്യമായ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അല്ലാഹു തൻെറ ദാസന്മാർക്ക് വ്യക്തമാക്കിത്തന്നിരിക്കുകയാണ്.

---

104. നല്ലതിലേക്ക് ക്ഷണിക്കുകയും നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്നുണ്ടായിത്തീരേണ്ടതാകുന്നു. (ഈ ദൗത്യം നിർവഹിക്കുന്നവരാരോ) അവരാകുന്നു വിജയികൾ.

105. വ്യക്തമായ സന്മാർഗദർശനം ലഭിച്ചശേഷം വിവിധ കക്ഷികളായി ഭിന്നിച്ചവരെപ്പോലെ നിങ്ങൾ ആയിത്തീരരുത്. (അങ്ങനെയായിത്തീർന്നവരുണ്ടല്ലോ,)അവർക്കാണ് കനത്ത ശിക്ഷയുള്ളത്.

---

105: പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും മുഖേന പൂർവസമുദായങ്ങൾക്ക് സത്യമതത്തിൻെറ വ്യക്തമായ മാർഗനിർദ്ദേശങ്ങൾ ലഭിച്ചിരുന്നു.പക്ഷേ, കുറച്ചു കാലം കഴിഞ്ഞതോടെ സങ്കുചിത താൽപര്യങ്ങൾക്കും ജഢിക വികാരങ്ങൾക്കും വിധേയരായി അവർ വിവിധ കക്ഷികളായി വേർപിരിയുകയാണ് ചെയ്തത്. അല്ലാഹുവിൻെറ പാശം കൈവിട്ടതിനെത്തുടർന്ന് അവരിൽ ഭിന്നിപ്പുകളും ശൈഥില്യവും ഉടലെടുത്തു. അനാവശ്യകാര്യങ്ങളെച്ചൊല്ലി വഴക്കടിച്ചു. അതോടേ അവരെ ഒന്നിപ്പിക്കുന്ന പാശം അറ്റുപോയി. ഓരോ കക്ഷിയും അവരുടെ വിഭാഗീയതെ ന്യായീകരിക്കാൻ പല വിശ്വാസങ്ങളും ആചാരങ്ങളും പ്രമാണങ്ങ

ളും ആവിഷ്കരിച്ചു. തൗറാത്തുകാർ ഇഞ്ചീലിനെ പാടെ നിഷേധിച്ചു, വംശപൂജയിൽ പിടിമുറുക്കി. ഇഞ്ചീലുകാർ തൗറാത്തിലെ ന്യായപ്രമാണങ്ങളെ തള്ളിക്കളഞ്ഞു. അവർ പ്രവാചകപൂജയുടെ പാശങ്ങളിലും പിടിമുറുക്കി. അന്ത്യപ്രവാചകനെയും അന്തിമവേദത്തെയും സംബന്ധിച്ച് തൗറാത്തും ഇഞ്ചീലും നൽകിയ പ്രവചനങ്ങളെ ഇരുകൂട്ടരും ദുർവ്യാഖ്യാനം ചെയ്തു. അല്ലാഹു തങ്ങളെ ചുമതലപ്പെടുത്തിയ കർത്തവ്യമെന്തെന്ന് പോലും അവർ മറന്നു. അങ്ങനെയാണ് അവർ ഇന്നത്തെ അവസ്ഥയിലെത്തിയത്. അവരെപ്പോലെ നിങ്ങളും ആയിത്തീരരുതെന്ന് അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു.അല്ലാഹുവിൻെറ ഈ താക്കീതിനെ വേണ്ടപോലെ ഓർമിച്ചിരുന്നകാലം മുസ്ലിംസമുദായവും നന്മയിൽ തന്നെ ആയിരുന്നു. ഈ താക്കീതിനെ അവഗണിച്ചതിൻെറ അനന്തരഫലം സമുദായത്തിൽ ഇന്ന് പ്രത്യക്ഷത്തിൽ കാണാവുന്നതാണ്.അല്ലാഹുവിൻെറ പാശം പിടിക്കാൻ അവസരം ലഭിച്ചിട്ടും അത് കൈവിട്ടു കളയുക എന്നത് ഏറ്റവും വലിയ ദൗർഭാഗ്യമാകുന്നു. ഒരു പ്രസിദ്ധ പ്രവാചകവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ''വേദക്കാർ അവരുടെ മതത്തിൽ എഴുപത്തിരണ്ട് കക്ഷികളായി പിരിഞ്ഞു. ഈ സമുദായം വഴിയെ എഴുപത്തിമൂന്ന് കക്ഷികളായി പിരിഞ്ഞേക്കും. ഒന്നൊഴിച്ച് ബാക്കിയെല്ലാം നരകത്തിലുമായിരിക്കും. അതത്രെ 'ജമാഅത്ത്' (യഥാർഥ മുസ്ലിം സംഘം). എൻെറ സമുദായത്തിൽ വഴിയെ ചില ജനങ്ങൾ വെളിക്ക് വരും. പേയ് പിടിപെട്ട ആളിൽ പേയ് പടർന്നു വ്യാപിക്കുന്നതുപോലെ തന്നിഷ്ടങ്ങൾ അവരിൽ പടർന്നു വ്യാപിക്കും. അവൻെറ ഒരു ഞരമ്പോ സന്ധിയോ അത് പ്രവേശിക്കാതെ ബാക്കിയായിരിക്കുകയില്ല''.

---

106. ചില മുഖങ്ങൾ പ്രസന്നമാവുകയും ചില മുഖങ്ങൾ ഇരുളുകയും ചെയ്യുന്ന ഒരു ദിവസത്തിൽ. അന്ന്, മുഖം ഇരുണ്ടവരോട് (പറയപ്പെടും:)സത്യവിശ്വാസം സ്വീകരിക്കാൻ (അനുഗ്രഹം സിദ്ധിച്ച) ശേഷവും സത്യനിഷേധികളാവുകയല്ലേ നിങ്ങൾ ചെയ്തത്? അതിനാൽ ആ (അനുഗ്രഹ)നിഷേധത്തിൻെറ ഫലമായി ഇപ്പോൾ ശിക്ഷയനുഭവിച്ചുകൊള്ളുക.

107. എന്നാൽ മുഖം പ്രസന്നമായവരോ, അവർ അന്ന് അല്ലാഹുവിൻെറ കാരുണ്യത്തിലായിരിക്കും. അവർ എന്നും അതേ അവസ്ഥയിലായിരിക്കുന്നതാണ്.

108. ഇതൊക്കെയും അല്ലാഹുവിൻെറ സൂക്തങ്ങളാകുന്നു. നാം അവ നിങ്ങളെ യഥാവിധം കേൾപ്പിച്ചുകൊണ്ടിരിക്കുന്നു.ലോകരോട് അനീതിചെയ്യുവാൻ അല്ലാഹുവിന് യാതൊരുദ്ദേശ്യവുമില്ല.

---

108: ഈ ഖുർആൻ അവതരിപ്പിക്കുന്നത് അല്ലാഹുവിൻെറ സത്യവചനങ്ങളാകുന്നു. അതിലെ മുന്നറിയിപ്പുകളും താക്കീതുകളും അർഥശൂന്യമായ ഭീഷണികളോ പ്രലോഭനങ്ങളോ അല്ല. സംഭവഗതികളുടെ പരിണിതഫലങ്ങൾ നിങ്ങളെ മുൻകൂട്ടി തെര്യപ്പെടുത്തുകയാണ്. എല്ലാവരും അവൻെറ മാത്രം സൃഷ്ടികളും ദാസന്മാരുമാകുന്നു. തൻെറ സൃഷ്ടികൾക്ക് മാർഗദർശനം നൽകുക എന്ന സ്രഷ്ടാവിൻെറ ബാധ്യത പൂർത്തീകരിക്കുകയാണ് അവൻ ചെയ്യുന്നത്.

---

109. ആകാശങ്ങളിലും ഭൂമിയിലും ഉള്ള സകല വസ്തുക്കളും അല്ലാഹുവിൻേറതാകുന്നു.അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നതും.

110. മനുഷ്യസമൂഹത്തിനായി എഴുന്നേൽപിക്കപ്പെട്ട ഉത്തമ സമുദായം നിങ്ങളാകുന്നു. നിങ്ങൾ നന്മ കൽപിക്കുന്നു;തിന്മ വിരോധിക്കുന്നു; അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദവാഹകരും വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഗുണമായിരുന്നേനെ. അവരിൽ ചിലർ വിശ്വാസികളായുണ്ട്. പക്ഷേ, അധികപേരും ധിക്കാരികളാകുന്നു.

111. നിങ്ങൾക്ക് ഒരു ദ്രോഹവും വരുത്താൻ അവർക്കാവില്ല- ശല്യപ്പെടുത്താനല്ലാതെ. നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിൽ അവർ പിന്തിരിഞ്ഞ് ഓടിക്കളയുന്നതാണ്. പിന്നെ അവർ സഹായിക്കപ്പെടുന്നതുമല്ല.

112. എവിടെ കാണപ്പെട്ടാലും അവരുടെ മേൽ ഹീനത മുദ്രിതമായിട്ടുണ്ടായിരിക്കും- അല്ലാഹുവിൽനിന്നോ ജനങ്ങളിൽ നിന്നോ വല്ല അവലംബവും ലഭിച്ചാലൊഴിച്ച്. അല്ലാഹുവിങ്കൽ നിന്നുള്ള കോപവും കൊണ്ട് അവർ മടങ്ങിയിരിക്കുന്നു.നിർഗതി അവരുടെ മേൽ മുദ്രിതമായിരിക്കുന്നു. അത് അവർ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായമായി കൊലപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നതിനാലത്രെ. ഇത് അവരുടെ ധിക്കാരത്തിൻെറയും അക്രമത്തിൻെറയും പരിണിതഫലമാകുന്നു.

113. എന്നാൽ വേദക്കാർ എല്ലാവരും ഒരുപോലെയല്ല. സന്മാർഗത്തിൽ നിലകൊള്ളുന്ന ഒരു വിഭാഗവും അവരിലുണ്ട്. അവർ രാത്രി വേളകളിൽ അല്ലാഹുവിൻെറ സൂക്തങ്ങൾ പാരായണം ചെയ്യുകയും (അവൻെറ മുമ്പിൽ) പ്രണമിക്കുകയും ചെയ്യുന്നു.

114. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നു. നന്മ കൽപിക്കുന്നു. തിന്മ നിരോധിക്കുന്നു. നല്ല കാര്യങ്ങളിൽ ഉത്സുകരാവുകയും ചെയ്യുന്നു. അവർ സജ്ജനങ്ങളിൽപ്പെട്ടവരാകുന്നു.

115. അവർ ചെയ്യുന്ന ഒരു നന്മയുടെയും പ്രതിഫലം നിഷേധിക്കപ്പെടുന്നതല്ല. അല്ലാഹു ഭക്തന്മാരെ നന്നായി അറിയുന്നവനാകുന്നു.

116. എന്നാൽ സത്യനിഷേധികളായവരോ, അവരുടെ സമ്പത്തോ സന്താനങ്ങളോ, അല്ലാഹുവിങ്കൽ അവർക്ക് ഒരു പ്രയോജനവും ചെയ്യുന്നതല്ല. അവർ നരകാവകാശികളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും.

117. ഈ ഐഹികജീവിതത്തിൽ അവർ ചെലവഴിക്കുന്നതിൻെറ ഉപമ, അതിശൈത്യമുള്ള ഒരു കാറ്റിൻേറതാകുന്നു.അത് സ്വന്തത്തോട് അതിക്രമം കാണിച്ച ഒരു ജനവിഭാഗത്തിൻെറ കൃഷിയിടത്തെ ബാധിക്കുകയും അതിനെ നശിപ്പിക്കുകയും ചെയ്തു. അല്ലാഹു അവരെ ദ്രോഹിച്ചിട്ടില്ല. പക്ഷേ, അവർ സ്വയം തന്നെ ദ്രോഹിച്ചുകൊണ്ടിരിക്കുകയായിരുന്നു.

117: അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്ന കർമ്മങ്ങൾക്കുമാത്രമെ പരലോകത്ത് പ്രതിഫലത്തിന് പരിഗണിക്കപ്പെടുകയുള്ളു. അവിശ്വാസികൾ പൊതുക്ഷേമ പ്രവർത്തനങ്ങളിൽ ധനം ചെലവഴിക്കുമ്പോൾ അതിൻെറ ഭൗതികമായ വിളവുമാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളു. അതവർക്ക് ലഭിച്ചിട്ടുമുണ്ടാകും. പൊങ്ങച്ചത്തിനും പ്രശസ്തിക്കും വേണ്ടി ധനം ചെലവഴിക്കുന്നവരിൽ പലരും തങ്ങൾ മഹത്തായ സേവനം ചെയ്യുന്നതായി കരുതാറുണ്ട്. സത്യനിഷേധവും കാപട്യവും തങ്ങളുടെ കർമ്മങ്ങളെയാകെ നിഷ്ഫലമാക്കിയിരിക്കുന്നുവെന്ന് പരലോകത്ത് വെച്ചായിരിക്കും അവർ മനസ്സിലാക്കുക. 'അവിശ്വാസികളുടെ കർമ്മങ്ങളുടെ നേരെ നാം തിരിയും അങ്ങനെ നാം അവയെ ചിതറിയ പൊടിപടലങ്ങളാക്കും.' (25:23)

118. അല്ലയോ വിശ്വാസികളേ, നിങ്ങളിൽ പെട്ടവരെയല്ലാതെ നിങ്ങളുടെ ഉള്ളുകള്ളികളറിയുന്നവരാക്കരുത്. നിങ്ങൾക്ക് വിപത്ത് വരുത്തുന്നതിൽ അവർ ഒരു വീഴ്ചയും വരുത്തുന്നതല്ല.നിങ്ങൾക്കു ക്ലേശനിമിത്തമാകുന്നതെന്തും അവർക്കിഷ്ടമാകുന്നു. വിദ്വേഷം അവരുടെ വായകളിലൂടെ പ്രകടമായിട്ടുണ്ട്. അവരുടെ മനസ്സുകൾ ഒളിപ്പിച്ചുവെക്കുന്നത് അതെക്കാൾ ഭയങ്കരമത്രെ. നാം നിങ്ങൾക്ക് വ്യക്തമായ തെളിവുകൾ നൽകിക്കഴിഞ്ഞു; നിങ്ങൾ ബുദ്ധിയുള്ളവരാണെങ്കിൽ.

118:മദീനയിൽ പ്രവാചകൻെറ ആഗമനത്തിനുമുമ്പ് ഔസ്, ഖസ്റജ് എന്നീ അറബിഗോത്രങ്ങൾ അവിടെ കുടിയേറി പാർത്തിരുന്ന ജൂത ഗോത്രങ്ങളുമായി സഖ്യം സ്ഥാപിച്ചിരുന്നു. ഔസും ഖസ്റജും മുസ്ലിംകളായിത്തീർന്നശേഷവും ജൂത സുഹൃത്തുക്കളുമായി അവർ സ്നേഹത്തിൽ വർത്തിച്ചിരുന്നു. അറബിഗോത്രങ്ങളുമായുള്ള അവരുടെ സഖ്യബന്ധവും പ്രവാചകൻ(സ) യഹൂദഗോത്രങ്ങളുമായി ഉണ്ടാ

ക്കിയ സമാധാനസന്ധിയും പ്രവാചകരോടും അവിടത്തെ ദൗത്യത്തോടും പകപോക്കാൻ പറ്റിയ ഒരവസര മായാണ് യഹൂദർ ഉപയോഗിച്ചത്. പ്രവാചകനെയും ഇസ്ലാമിനെയും സംബന്ധിച്ച് അപവാദങ്ങൾ പ്രചരിപ്പിക്കുവാനും, മുസ്ലിംകളുടെ ദൗർബല്യങ്ങളും സൈനികരഹസ്യങ്ങളും ചോർത്തിയെടുത്ത് ശത്രുക്കൾക്കെത്തിച്ചുകൊടുക്കുവാനും അവർ ഈ അവസരം ഉപയോഗപ്പെടുത്തി. അതിനാൽ അത്തരം ആളുകളുമായി രഹസ്യങ്ങൾ പങ്കുവെക്കാതിരിക്കാൻ ജാഗ്രത പാലിക്കണമെന്ന് താക്കീത് നൽകുകയാണ് പ്രകൃത സൂക്തത്തിൽ അല്ലാഹു ചെയ്യുന്നത്.

---

119. നിങ്ങൾ അവരെ സ്നേഹിക്കുന്നു.അവരോ, നിങ്ങളെ സ്നേഹിക്കുന്നുമില്ല. നിങ്ങളാവട്ടെ സകല വേദങ്ങളിലും വിശ്വസിക്കുന്നുമുണ്ട്.നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ പറയുന്നു: (നിങ്ങളുടെ ദൈവദൂതനിലും വേദത്തിലും) ഞങ്ങളും വിശ്വസിച്ചിരിക്കുന്നു. എന്നാൽ അവർ തനിച്ചാകുമ്പോൾ നിങ്ങളോടുള്ള രോഷത്താൽ അവർ വിരൽ കടിക്കുകയായി. പറയുക: നിങ്ങളുടെ ദേഷ്യത്തിൽ മരിച്ചുകൊള്ളുക. തീർച്ചയായും അല്ലാഹു ഹൃദയങ്ങളിൽ (മറഞ്ഞിരിക്കുന്ന രഹസ്യങ്ങളൊക്കെ) നല്ലവണ്ണം അറിയുന്നുണ്ട്.

120. നിങ്ങൾക്ക് ഒരു നന്മ ഭവിച്ചാൽ അത് അവരെ ദുഃഖിപ്പിക്കുന്നു. നിങ്ങൾക്കൊരു ദോഷം പിണഞ്ഞാലോ അവർ സന്തോഷിക്കുകയും ചെയ്യുന്നു.പക്ഷേ, നിങ്ങൾ ക്ഷമയോടെ ദൈവ ഭക്തിയോടെ വർത്തിക്കുകയാണെങ്കിൽ അവരുടെ കുതന്ത്രങ്ങളൊന്നും നിങ്ങൾക്കൊരു ഉപദ്ര വവും വരുത്തുകയില്ല. അവർ പ്രവർത്തിക്കുന്നതിനെയെല്ലാം അല്ലാഹു വലയം ചെയ്തിരി ക്കുന്നു.

121. വിശ്വാസികളെ (ഉഹുദിൽ) യുദ്ധത്തിനായി (അവരവരുടെ)സ്ഥാനങ്ങളിൽ നിയോഗിക്കുന്ന തിന് നിൻെറ കുടുംബത്തിൽനിന്ന് പുലർച്ചെ നീ ഇറങ്ങി പുറപ്പെട്ട സന്ദർഭം ഓർക്കുക. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

122. നിങ്ങളിൽ രണ്ടുകൂട്ടർ ഭീരുത്വം കാണിക്കാൻ തുനിഞ്ഞത് ഓർക്കുക; അല്ലാഹു ആ രണ്ടു വിഭാഗത്തിൻെറയും രക്ഷാധികാരിയായിരിക്കെ. സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽ പിക്കട്ടെ.

---

121,122: ഉഹുദ് യുദ്ധത്തെപ്പറ്റിയാണ് ഈ വചനങ്ങളിൽ അല്ലാഹു പരാമർശിക്കുന്നത്. ഹിജ്റ രണ്ടാം വർഷത്തിൽ നടന്ന ബദ്ർ യുദ്ധത്തിൽ പരാജിതരായ ഖുറൈശികൾ അതിന് പകരം വീട്ടാൻ അന്നു തന്നെ തീരുമാനിച്ചിരുന്നു. ഒരുവർഷം നീണ്ട ആസൂത്രണങ്ങൾക്കും തയാറെടുപ്പുകൾക്കും ശേഷം, ഹിജ്റ 3, ശവ്വാൽ മാസാരംഭത്തിൽ ഏതാണ്ട് 3000 ഭടന്മാരുമായി ഖുറൈശികൾ മദീനാ നഗരത്തെ ആക്രമിക്കാൻ പുറപ്പെട്ടു. ഖുറൈശികളുടെ ഭടന്മാരിൽ 700 പേർ പടയങ്കി ധരിച്ചവരായിരുന്നു. സർവാ യുധസജ്ജരായ ആ പടയോടൊപ്പം 200 കുതിരകളും 3000 ഒട്ടകങ്ങളുമുണ്ടായിരുന്നു. ബദ്ർ യുദ്ധ ത്തിൽ നേരിട്ട കനത്ത പരാജയത്തിന് പകരംവീട്ടാനുള്ള ഉജ്ജ്വല ആവേശത്തിലായിരുന്നു അവർ. മദീനയുടെ ഏതാണ്ട് 5 കി.മി വടക്കുള്ള ഉഹുദ്മലയുടെ താഴ്വരയിൽ അവർ താവളമടിച്ചു.സൈന്യം മക്കയിൽനിന്ന് പുറപ്പെടുന്നതിനു മുമ്പുതന്നെ ഒരു രഹസ്യ സന്ദേശത്തിലൂടെ പ്രവാചകന് വിവരം ലഭിച്ചിരുന്നു. പ്രവാചകൻ (സ) അനുചരന്മാരെ വിളിച്ച് ശത്രുസൈന്യത്തെ എങ്ങനെ നേരിടണമെന്ന് കൂടിയാലോചന നടത്തി.ഭൂരിപക്ഷാഭിപ്രായം മാനിച്ച് മദീനക്കു പുറത്തുവച്ച് ഖുറൈശിപ്പടയെ നേരി ടാൻ തീരുമാനമായി. തിരുമേനി(സ)നേരത്തെ ഒരുങ്ങി വീട്ടിൽനിന്ന് പുറപ്പെട്ടു. ഏതാണ്ട് 1000 ഭട ന്മാർ തിരുമേനിയൊന്നിച്ചുണ്ടായിരുന്നു. അവരിൽ നൂറുപേർക്ക് പടച്ചട്ടയുണ്ടായിരുന്നു. ഒരാൾ മാത്ര മായിരുന്നു കുതിരപ്പടയാളി.'ശൗത്ത്'' എന്ന സ്ഥലത്ത് എത്തിയപ്പോൾ കപടവിശ്വാസികളുടെ തലവനാ യ അബ്ദുല്ലാഹിബ്നു ഉബയ്യും മുന്നൂറോളം അനുയായികളും മുസ്ലിം സൈന്യത്തിൽനിന്ന് പിന്മാറി. ഈ അവിചാരിത സംഭവം ദുർബലവിശ്വാസികളായിരുന്നവരെ ഞെട്ടിക്കുകതന്നെ ചെയ്തു. ഇനിയും ഈ യുദ്ധത്തിൽ ജയിക്കാൻ സാധ്യതയില്ലെന്ന് ഭയന്ന ബനുസൽമയിലെയും ബനുഹാരിസ യിലെയും ഭടന്മാർ സൈന്യത്തിൽനിന്ന് വിട്ടുപോകാൻ മുതിരുകപോലും ചെയ്തു.എങ്കിലും അവസാന

നിമിഷത്തിൽ സ്വന്തം നിലപാട് പുനഃപരിശോധിക്കുകയും പിന്തിരിഞ്ഞുപോകാനുള്ള തീരുമാനം ഉപേക്ഷിക്കുകയും ചെയ്തു. അങ്ങനെ 3000 ശത്രുക്കളെ നേരിടാൻ 700 സഖാക്കളുമായി നബി(സ) ഉഹുദിലേക്ക് നീങ്ങി.

ഉഹുദ്മല തങ്ങളുടെ പിൻഭാഗത്തും ശത്രുസൈന്യം മുൻഭാഗത്തുമായി തിരുമേനി മുസ്ലിം സൈന്യത്തെ അണിനിരത്തി. മുസ്ലിം താവളത്തിനും ശത്രുതാവളത്തിനും ഇടയ്ക്കുള്ള ഒരു കുന്നിൽ (ജബലുറുമാത്ത്) അബ്ദുല്ലാഹിബ്നു ജുബൈറി(റ)ന്റെ നേതൃത്വത്തിൽ തിരുമേനി 50 വില്ലാളികളെ കാവൽ നിറുത്തിയിരുന്നു. ''ശത്രുക്കൾ ആരേയും ഞങ്ങളെ സമീപിക്കാനനുവദിക്കരുത്.ഞങ്ങൾ കൊല്ലപ്പെടുന്നത് കണ്ടാലും പറവകൾ ഞങ്ങളുടെ മാംസത്തുണ്ടുകൾ കൊത്തിപ്പറിക്കുന്നത് കണ്ടാൽപോലും കൽപന കൂടാതെ സ്ഥലം വിടുകയും അരുത്'' - പ്രവാചകൻ അവരോട് പ്രത്യേകം കൽപിച്ചു.

യുദ്ധം ആരംഭിച്ചു. ആരംഭത്തിൽ മുസ്ലിംകളുടെ ഭാഗമാണ് മികച്ചുനിന്നത്. ഖുറൈശിപ്പടയിലെ പ്രധാനികളും നായകന്മാരും ഒന്നൊന്നായി മരിച്ചുവീണു. ഇതു കണ്ട് ഖുറൈശികളിൽ ഭയവും വിഭ്രാന്തിയും വ്യാപിച്ചു. ഒടുവിൽ അവർ പിന്തിരിഞ്ഞോടാൻ തുടങ്ങി. ഇതുകണ്ട മുസ്ലിം ഭടന്മാരിൽ ചിലർ ധനക്കൊതിക്കടിപ്പെട്ട് ശത്രുക്കൾ പടക്കളത്തിൽ വിട്ടേച്ചുപോയ മുതലുകൾ ശേഖരിക്കാൻ തുടങ്ങി. ശത്രുഭടന്മാർ തിരിച്ചോടുന്നതും മുസ്ലിം പോരാളികൾ ധനം പിടിച്ചെടുക്കുന്നതും കണ്ട് കുന്നിൻ മുകളിൽ കാവൽ നിർത്തിയിരുന്ന വില്ലാളികളിലെ ഒരു വിഭാഗം പ്രവാചകന്റെ നിർദേശം മറന്നു. എന്തുതന്നെ സംഭവിച്ചാലും സമ്മതം കൂടാതെ സ്ഥലം വിടരുതെന്ന് അവരോട് നബി(സ) കൽപിച്ചിരുന്നത് അവർ കണക്കിലെടുത്തതുമില്ല. നബി(സ)യുടെ കൽപനക്കും അവരുടെ നേതാവിന്റെ കൽപനക്കും അവർ എതിരു പ്രവർത്തിക്കുകയാണ് ചെയ്തത്. ഇനി ഇവിടെ എന്തിനു നിൽക്കണം എന്നും മറ്റും പറഞ്ഞ് അവർ തർക്കിക്കുകയും ചെയ്തു. ഒടുവിൽ തങ്ങളുടെ സ്ഥാനമുപേക്ഷിച്ച് യുദ്ധമുതലുകൾ ശേഖരിക്കാൻ അവർ യുദ്ധരംഗത്തേക്ക് ഓടി. ഇതാണ് ആപത്തുകൾക്കെല്ലാം വഴിവെച്ചത്. അബ്ദുല്ലാഹിബ്നു ജുബൈറും ചുരുക്കം വ്യക്തികളും കുന്നിൻ മുകളിൽ ബാക്കിയായി. അവരാകട്ടെ ആ വശത്തിലൂടെയുള്ള ശത്രുനീക്കം തടയുവാൻ പര്യാപ്തമായിരുന്നില്ല. ഖുറൈശിസൈന്യത്തിന്റെ പ്രധാനിയും യുദ്ധനിപുണനുമായ 'ഖാലിദുബ്നുവലീദ്' തക്ക സമയത്ത് ആ വിടവ് കണ്ടെത്തുകയും മലയെ ചുറ്റിക്കൊണ്ട് മുസ്ലിംകളെ പിന്നിൽനിന്നാക്രമിക്കുകയും ചെയ്തു. ഇതുകണ്ട ഉടനെ ഓടിപ്പോയ ശത്രുസൈന്യം തിരികെവന്ന് മറുവശത്ത് ആക്രമണം തുടങ്ങി. മുന്നിൽനിന്നും പിന്നിൽനിന്നുമുണ്ടായ ഈ അക്രമണത്തിൽ മുസ്ലിംകൾ അന്ധാളിക്കുകതന്നെ ചെയ്തു. മുസ്ലിംകളുടെ അണികൾ ഛിന്നഭിന്നമായി. മുസ്ലിംകളിൽ വലിയൊരു വിഭാഗം അണിവിട്ട് ഓടിപ്പോവുക പോലും ചെയ്തു. ശത്രുക്കൾ പ്രവാചകനുനേരെ പാഞ്ഞടുത്തു. ധീരാത്മാക്കളായ ഏതാനും ഭടന്മാർ പോർക്കളത്തിൽ ഉറച്ചുനിന്ന് പോരാടി. പത്തു പന്ത്രണ്ടു ആത്മത്യാഗികൾ തിരുമേനിക്കുവേണ്ടി തങ്ങളുടെ ശരീരങ്ങളെ പരിചകളാക്കി പ്രവാചകനു ചുറ്റും നിന്ന് ധീരധീരം പൊരുതി. എന്നിട്ടും പ്രവാചകന് പരിക്ക് പറ്റി. ഇതിനിടെ തിരുമേനി വധിക്കപ്പെട്ടു എന്ന കിംവദന്തി എങ്ങുനിന്നോ അവിടെ പരന്നു. ഇത് ഖുറൈശിപ്പടയെ ആവേശഭരിതരാക്കി. എന്നാൽ ഇത് അനുചരന്മാരുടെ അവശേഷിച്ച മനോവീര്യവും നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. അൽപനേരം കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ ദൂതൻ ജീവിച്ചിരിപ്പുണ്ടെന്ന വാർത്ത വിളിച്ചറിയിക്കപ്പെട്ടു. എന്നാൽ ഈ വാർത്ത ശത്രുസൈന്യം വിശ്വസിച്ചില്ല. പ്രവാചകൻ അനുചരന്മാരുടെ അകമ്പടിയിൽ ഉഹുദ് മലയുടെ മുകൾഭാഗത്തേക്ക് പിൻവാങ്ങിക്കൊണ്ടിരുന്നു. പുതിയൊരു ആവേശത്തോടെ മുസ്ലിം ഭടന്മാർ ചുറ്റും ഓടിക്കൂടി ശത്രുക്കളെ തുരത്താൻ തുടങ്ങി. അവരിൽ 70 പേർ രക്തസാക്ഷികളായിക്കഴിഞ്ഞിരുന്നു.

രണ്ടാമത്തെ ആക്രമണത്തിൽ ശത്രുക്കൾക്ക് വേണമെങ്കിൽ മുസ്ലിംകളെ നശിപ്പിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നു. തങ്ങളുടെ വിജയത്തെ പരിപൂർണതയിലെത്തിക്കാതെ തങ്ങൾക്ക് ആദ്യം കിട്ടിയ വിജയത്തിൽ ഭേരിയടിച്ചുകൊണ്ട് ശത്രുസൈന്യം വേഗം സ്ഥലം വിടുകയാണ് ചെയ്തത്. ഇത് അല്ലാഹു മുസ്ലിംകൾക്ക് ചെയ്തുകൊടുത്ത ഒരു വലിയ അനുഗ്രഹമായിരുന്നു. പിറ്റേന്നുതന്നെ ശത്രുക്കളെ പിന്തുടർന്ന് ആട്ടിയോടിക്കാനായി മുസ്ലിംഭടന്മാർ പുറപ്പെട്ടു. 'റൗഹാഅ്''എന്ന സ്ഥലത്ത് തമ്പടിച്ചിരുന്ന ഖുറൈശിസൈന്യം, മുസ്ലിംകളുടെ ആഗമനത്തെക്കുറിച്ച് അറിയുകയും വീണ്ടും ഒരു സംഘട്ടനത്തിലേർപ്പെടാതെ മക്കയിലേക്ക് തിരിച്ചുപോവുകയും ചെയ്തു.

123. നിങ്ങൾ നന്നെ ദുർബലരായിരിക്കെ ബദ്റിൽ അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിച്ചിട്ടുണ്ട്.അതിനാൽ അല്ലാഹുവിനോട് ഭക്തിയുള്ളവരാവുക; നിങ്ങൾ നന്ദിയുള്ളവരാകാൻ.

---

123: ധാരാളം അനുഭവപാഠങ്ങൾ സത്യവിശ്വാസികൾക്ക് ലഭിച്ച ഒരു സംഭവമായിരുന്നു ഉഹുദ്‌യുദ്ധം. സംഖ്യാധിക്യമോ ആയുധബലമോ അനുസരിച്ചല്ല, മറിച്ച് വിശ്വാസവും ധീരതയും അനുസരിച്ചാണ് അല്ലാഹു വിജയം നൽകുക എന്നതിന് ബദ്ർ യുദ്ധം മതിയായ ഒരു തെളിവായിരുന്നു. വിജയം മുസ്‌ലിംകളുടെ കൈപ്പിടിയിലൊതുങ്ങിക്കൊണ്ടിരിക്കെ അവരിൽ ചിലരുടെ അക്ഷമയും അച്ചടക്ക ലംഘനവും നിമിത്തം വമ്പിച്ച തിരിച്ചടിയാണ് മുസ്‌ലിംകൾക്ക് ഉഹുദിൽ നേരിടേണ്ടിവന്നത്. സഹനത്തിലും സൂക്ഷ്മതയിലും സംഭവിച്ച വീഴ്ച മൂലം കൈയിലെത്തിയ വിജയം പരാജയമായി മാറുകയായിരുന്നു. അവർ വിജയിക്കാനടുത്തപ്പോൾ ധനക്കൊതിക്കടിപ്പെട്ട് തങ്ങളുടെ കർത്തവ്യം പരിപൂർണതയിലെത്തിക്കുന്നതിനുപകരം യുദ്ധമുതൽ ശേഖരണത്തിൽ ശ്രദ്ധപതിച്ചതായിരുന്നു മുസ്‌ലിംകൾക്കുണ്ടായ പരാജയത്തിനു പ്രധാന കാരണം.

കപടവിശ്വാസികളെയും യഹൂദരെയും ഉഹുദ്‌യുദ്ധത്തിന്റെ ഗതി ഏറെ സന്തോഷിപ്പിച്ചു. ഈ അവസരം ഉപയോഗപ്പെടുത്തി അവർ ഇസ്‌ലാമിനെതിരെ ഗൂഢാലോചനകളും ദുഷ്പ്രചരണങ്ങളും ത്വരിതപ്പെടുത്തുകയും ചെയ്തു.

വിശ്വാസികൾക്ക് അവരുടെ ദൗർബല്യങ്ങളും അബദ്ധങ്ങളും ചൂണ്ടിക്കാണിച്ചുകൊടുക്കുകയും അത് തിരുത്താൻ നിർദേശിക്കുകയുമാണ് അല്ലാഹു ചെയ്യുന്നത്.വിശ്വാസികൾ സർവ കാര്യങ്ങളും അല്ലാഹുവിലാണ് ഭരമേൽപിക്കേണ്ടത്. കാര്യങ്ങൾ ബുദ്ധിപൂർവം ചിന്തിച്ച് തീരുമാനമെടുത്ത് അല്ലാഹുവിൽ ഭരമേൽപിച്ച് മുന്നോട്ടുപോകുന്നവർക്ക് അല്ലാഹുവിന്റെ സഹായമുണ്ടാകുന്നതാണെന്ന് അവരെ ഉണർത്തുന്നു.

---

124. നീ സത്യവിശ്വാസികളോട് പറഞ്ഞ സന്ദർഭം: നിങ്ങളുടെ രക്ഷിതാവ് മുവായിരം മലക്കുകളെ ഇറക്കി നിങ്ങളെ സഹായിക്കുന്നത് നിങ്ങൾക്ക് മതിയാവില്ലേ?

125. അതെ! നിങ്ങൾ സഹനമവലംബിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ, ശത്രുക്കൾ പൊടുന്നനെ നിങ്ങളുടെ അടുത്തു വന്നെത്തിയാലും നിങ്ങളുടെ നാഥൻ അടയാളമുള്ള അയ്യായിരം മലക്കുകളാൽ നിങ്ങളെ സഹായിക്കുന്നതാകുന്നു.

126. നിങ്ങൾക്കൊരു സന്തോഷവാർത്തയായിക്കൊണ്ടും നിങ്ങളുടെ മനസ്സുകൾ പ്രശാന്തമാകുന്നതിനും വേണ്ടി മാത്രമാണ് ഈ വിധം അല്ലാഹു നിങ്ങളെ അറിയിച്ചത്. യഥാർഥ സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽനിന്നുമാത്രമാകുന്നു.

127. സത്യനിഷേധികളുടെ ചിറക് ഒടിച്ചുകളയുന്നതിനോ, അല്ലെങ്കിൽ ആശയറ്റവരായി പിന്തിരിയുമാറ് അവരെ ഒതുക്കുന്നതിനോ വേണ്ടിയത്രെ (അവൻ വിശ്വാസികളെ ഈ വിധം സഹായിക്കുന്നത്).

128. (നബിയെ,) വിധികൽപിക്കുന്നതിൽ യാതൊരു പങ്കും നിനക്കില്ല.അവർക്ക് മാപ്പു നൽകുകയോ ശിക്ഷിക്കുകയോ (ചെയ്യുക അല്ലാഹുവിന്റെ അധികാരമാകുന്നു.) എന്നാൽ തീർച്ചയായും അവർ അധർമികൾ അത്രെ.

129. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിൻേറതാകുന്നു. ഇഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു. ഇഛിക്കുന്നവരെ ശിക്ഷിക്കുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

129: ഉഹുദ് യുദ്ധത്തിൽ തിരുമേനിക്ക് പരിക്ക് പറ്റിയപ്പോൾ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: ‘തങ്ങൾക്കുവേണ്ടി നിയുക്തനായ പ്രവാചകനെ ഈ വിധം ആക്രമിക്കുന്ന ഒരു ജനതയ്ക്ക് എങ്ങനെ മോക്ഷം കിട്ടാൻ?’ പ്രവാചക(സ)ന്റെ ഈ പ്രസ്താവനയെ നിരൂപണം ചെയ്തുകൊണ്ട് അവതരിച്ചതാണ് ഈ സൂക്തം എന്ന് പറയപ്പെടുന്നു. വിധിതീർപ്പും ശിക്ഷയും അല്ലാഹുവിന്റെ അധികാരത്തിൽ പെട്ട

താണ്. ഏത് കടുത്ത ധിക്കാരിയും നാളെ സത്യവിശ്വാസം സ്വീകരിക്കുകയും അല്ലാഹു അയാളുടെ പശ്ചാത്താപം സ്വീകരിക്കുകയും അയാൾക്ക് പൊറുത്തുകൊടുക്കുകയും ചെയ്തേക്കാവുന്നതാണ്.
മുസ്ലിം പക്ഷത്തെ പടനായകരിൽ പ്രവാചകന്റെ പിതൃവ്യനായ ഹംസ(റ) അടക്കം 70 പേർ രക്തസാക്ഷികളാവുകയുണ്ടായി. അബൂസുഫ്യാന്റെ ഭാര്യ ഹിന്ദ് എന്ന സ്ത്രീ ഹംസ(റ)യുടെ വയറുകീറി കരളെടുത്ത് ചവച്ചുതുപ്പി. സത്യവിശ്വാസികളുടെ മൃതദേഹങ്ങൾ ഖുറൈശികൾ ചിത്രവധം ചെയ്തതിൽ പ്രവാചകൻ അത്യധികം വേദനിക്കുകയുണ്ടായി. യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്ന് 22 പേരാണ് കൊല്ലപ്പെട്ടത്.

---

130. അല്ലയോ സത്യവിശ്വാസികളേ, ഇരട്ടിയിരട്ടിയായി പെരുകുന്ന പലിശ തിന്നാതിരിക്കുവിൻ. അല്ലാഹുവിനെ ഭയപ്പെടുവിൻ. നിങ്ങൾ വിജയം വരിച്ചേക്കാം.

131. സത്യനിഷേധികൾക്കായി ഒരുക്കിയ നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കുവിൻ!

132. നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുവിൻ.നിങ്ങൾക്ക് കരുണ ലഭിച്ചേക്കാം.

133. നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമികളോളം വിശാലമായ സ്വർത്തിലേക്കുമുള്ള സരണിയിൽ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുവിൻ. ദൈവഭക്തന്മാർക്കു വേണ്ടി ഒരുക്കിവച്ചിട്ടുള്ളതാകുന്നു അത്.

134. ക്ഷേമത്തിലും ക്ഷാമത്തിലും ധനം ചെലവഴിക്കുന്നവരും, കോപത്തെ സ്വയം വിഴുങ്ങുന്നവരും, ജനങ്ങളോട് വിട്ടുവീഴ്ച കാണിക്കുന്നവരും(അത്രെ അവർ.)അല്ലാഹു നന്മ ചെയ്യുന്നവരെ സ്നേഹിക്കുന്നു.

135. വല്ല നീചകൃത്യവും ചെയ്യുകയോ, തങ്ങളോടുതന്നെ എന്തെങ്കിലും അതിക്രമം കാണിക്കുകയോ ചെയ്താൽ ഉടനെ അല്ലാഹുവിനെ ഓർക്കുകയും പാപമോചനമർഥിക്കുന്നവരുമാണവർ. പാപമോചനം നൽകുന്നവൻ അല്ലാഹുവല്ലാതാരുണ്ട്? അവർ അറിഞ്ഞുകൊണ്ട് തങ്ങളുടെ തെറ്റുകളിൽ ഉറച്ചു നിൽക്കുകയില്ല.

136. അവർക്കുള്ള പ്രതിഫലം അവരുടെ നാഥങ്കൽ നിന്നുള്ള പാപമോചനവും താഴെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളുമാണ്.അതിൽ അവർ നിത്യവാസികളാകുന്നു.സൽക്കർമികൾക്കുള്ള പ്രതിഫലം എന്തുമാത്രം അനുഗൃഹീതമായിരിക്കുന്നു!

137. നിങ്ങൾക്കുമുമ്പ് പല(ദൈവിക) നടപടികളും കഴിഞ്ഞുപോയിട്ടുണ്ട്. അതിനാൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച് നോക്കിക്കാണുവിൻ. (ദൈവിക സന്മാർഗത്തെ) നിഷേധിച്ചവരുടെ പരിണതി എന്തായിരുന്നുവെന്ന്.

138. ഇത് മനുഷ്യർക്കുള്ള ഒരു വിളംബരമാകുന്നു.ദൈവഭക്തന്മാർക്കുള്ള മാർഗദർശനവും സദുപദേശവും.

139. നിങ്ങൾ ദുർബലരാവാതിരിക്കുക.ദുഃഖിതരാവാതിരിക്കുക.നിങ്ങൾതന്നെയാണ് ഉന്നതന്മാർ; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

140. ഇപ്പോൾ നിങ്ങൾക്ക് ക്ഷതമേറ്റിട്ടുണ്ടെങ്കിൽ മുമ്പ് അവർക്കും ഇതുപോലുള്ള ക്ഷതമേറ്റിട്ടുണ്ട്.(യുദ്ധത്തിലെ ജയാപജയ) ദിനങ്ങൾ ജനങ്ങൾക്കിടയിൽ നാം മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു. യഥാർഥ സത്യവിശ്വാസികളെ അല്ലാഹു തിരിച്ചറിയുവാനും, നിങ്ങളിൽനിന്ന് രക്തസാക്ഷികളെ എടുക്കുന്നതിനും വേണ്ടിയാകുന്നു ഇത്. അക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

---

139,140: ഉഹുദിൽ നിങ്ങൾക്ക് ക്ഷതം ബാധിച്ചിട്ടുണ്ടെങ്കിൽ ബദറിൽ ശത്രുക്കൾക്കും അതുപോലെ ക്ഷതം ബാധിച്ചിട്ടുണ്ട്. ബദറിൽ ക്ഷതം പറ്റിയ ശത്രുക്കളുടെ മനക്കരുത്തിന് ഇളക്കം തട്ടിയിട്ടില്ലെങ്കിൽ ഉഹുദിലെ പരാജയംകൊണ്ട് നിങ്ങൾ എന്തിന് പതിതമനസ്കരാവണം? ബദറിൽ പരാജയപ്പെട്ട ഖുറൈശികൾ കൂടുതൽ ആവേശത്തോടെ മുസ്ലിംകളെ പാടെ നശിപ്പിക്കുവാനായി മറ്റൊരു വമ്പിച്ച സൈനിക സജ്ജീകരണത്തിലേർപ്പെടുകയാണ് ചെയ്തത്. ഉഹുദിൽ കാര്യമായി ഒന്നും നേടാതെ മടങ്ങിയ ശത്രുസൈന്യത്തെ റൗഹാഇൽ വെച്ച് മുസ്ലിംകൾ വെല്ലുവിളിച്ചപ്പോൾ ആ വെല്ലുവിളി സ്വീകരിക്കാൻ നിൽക്കാതെ അടുത്ത കൊല്ലം ബദ്റിൽ കാണാമെന്ന് പറഞ്ഞ് മക്കയിലേക്ക് തിരിച്ചുപോവുകയും ചെയ്തു.

അതിനാൽ സത്യത്തിൻെറയും ധർമത്തിൻെറയും സംസ്ഥാപനം ലക്ഷ്യമാക്കുന്ന സത്യവിശ്വാസികൾ താൽക്കാലികമായ തിരിച്ചടികളിൽ തളരുകയോ മാനസികമായി ക്ലേശിക്കുകയോ ചെയ്യരുത്. സത്യവും അസത്യവും തമ്മിലുള്ള സംഘട്ടനത്തിൽ വല്ലപ്പോഴും സത്യനിഷേധികൾ മേൽക്കൈ നേടുന്നുവെങ്കിൽ അതിൻെറ കാരണം സത്യവിശ്വാസികൾക്ക് സംഭവിക്കുന്ന അബദ്ധങ്ങളും ദൗർബല്യങ്ങളുമാണ്. അന്തിമ വിജയം സത്യത്തിനുതന്നെയായിരിക്കും.

സമ്പത്ത് കാണുമ്പോൾ എല്ലാം മറന്ന് ചാടിവീഴുക സത്യവിശ്വാസികൾക്ക് ചേർന്നതല്ല. സമാധാനവേളയിലാവട്ടെ, ക്ലേശവേളയിലയിലാവട്ടെ യഥാർഥ ദൈവഭക്തന്മാർ ആളുകളിൽ നിന്ന് ഇങ്ങോട്ടെടുക്കുന്നവരല്ല, അവർക്ക് അങ്ങോട്ട് കൊടുക്കുന്നവരാവുകയാണ് വേണ്ടത്.

---

141. അങ്ങനെ ഇതുവഴി അല്ലാഹു സത്യവിശ്വാസികളെ ശുദ്ധീകരിച്ചെടുക്കാനും സത്യനിഷേധികളെ നിഷ്കാസനം ചെയ്യാനും ഉദ്ദേശിച്ചിരിക്കുന്നു.

---

141: സമാധാനത്തിൻെറ സന്ദർഭങ്ങളിൽ ആർക്കും താൻ സത്യവിശ്വാസിയാണെന്ന് വാദിക്കാമെങ്കിലും ഇത്തരം പരീക്ഷണങ്ങൾ നേരിടുമ്പോഴാണ് ഈ അവകാശവാദങ്ങളുടെ യാഥാർഥ്യം വെളിപ്പെടുക. യഥാർഥ വിശ്വാസികളാരെന്നും കപടന്മാർ ആരെന്നും അല്ലാഹുവിന് കണ്ടറിയേണ്ടതുണ്ട്.

---

142. നിങ്ങളിൽനിന്ന് ധർമസമരത്തിൽ പോരാടുന്നവരെയും അവനുവേണ്ടി ക്ഷമിക്കുന്നവരെയും അല്ലാഹു ഇനിയും കണ്ടുകഴിഞ്ഞിട്ടില്ലെന്നിരിക്കെ, എളുപ്പത്തിൽ സ്വർഗത്തിൽ കടന്നുകളയാമെന്ന് വിചാരിക്കുകയാണോ നിങ്ങൾ?

143. നിങ്ങൾ മരണത്തെ നേരിൽ കാണുന്നതിനുമുമ്പ് നിങ്ങളതിന് കൊതിക്കുന്നവരായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾ നോക്കിനിൽക്കെ തന്നെ നിങ്ങൾ അത് കണ്ട് കഴിഞ്ഞു.

144. മുഹമ്മദ് ഒരു ദൈവദൂതനാല്ലാതൊന്നുമല്ല. അദ്ദേഹത്തിനുമുമ്പും പല പ്രവാചകന്മാരും കടന്നുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്താൽ നിങ്ങൾ പിന്തിരിഞ്ഞുപോവുകയോ? ആരെങ്കിലും പിന്തിരിഞ്ഞുപോകുന്നുവെങ്കിൽ,അല്ലാഹുവിന് ഒരു ദ്രോഹവും അവൻ വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകുന്നതാണ്.

---

144: ഖാലിദുബ്നുൽ വലീദിൻെറ നേതൃത്വത്തിൽ ശത്രുക്കൾ നടത്തിയ പുനരാക്രമണത്തിൽ മുസ്ലിം അണികൾ ഛിന്നഭിന്നമാവുകയും പല മുസ്ലിം ഭടന്മാരും യുദ്ധക്കളംവിട്ട് ഓടിപ്പോവുകയും ചെയ്തു. തിരുമേനിയുടെ(സ) മുഖത്തും കാലിലും മുറിവേറ്റ് രക്തം വാർന്നുകൊണ്ടിരുന്നു. ആ സമയത്ത് 'മുഹമ്മദ് കൊല്ലപ്പെട്ടിരിക്കുന്നു' എന്ന കിംവദന്തി മുസ്ലിം ഭടന്മാരിൽ പരിഭ്രാന്തി സൃഷ്ടിക്കുകയും, അവരിൽ പലരുടെയും മനക്കരുത്തിന് അത് ഇളക്കം തട്ടിക്കുകയും ചെയ്തു. അബൂബക്കർ, ഉമർ(റ) തുടങ്ങിയ പ്രമുഖ അനുയായികൾപോലും ആയുധം വെടിഞ്ഞ് ഇരുന്നുപോയി. കപടവിശ്വാസികൾ ഈ അവസരം നന്നായി ഉപയോഗിച്ചു. അവർ പറയാൻ തുടങ്ങി: 'മുഹമ്മദ് ദൈവദൂതനായിരുന്നുവെങ്കിൽ എങ്ങനെ വധിക്കപ്പെടും? നമുക്ക് പൂർവമതത്തിലേക്കുതന്നെ മടങ്ങാം.ശത്രുപക്ഷത്തിൻെറ നായകനായ അബൂസുഫ്യാൻെറ അടുത്ത് ചെന്ന് നമുക്ക് അഭയം വാങ്ങിത്തരാൻ അബ്ദുല്ലാഹി

ബ്നു ഉബയ്യിനോട് പറയാം.'ചില ദുർബല വിശ്വാസികളെ ഈ ആശയം സ്വാധീനിക്കുകയും ചെയ്തു. അതിനെക്കുറിച്ചാണ് ഈ വാക്യം പരാമർശിക്കുന്നത്.
നിങ്ങളുടെ വിശ്വാസത്തിന്നാധാരം കേവലം മുഹമ്മദിന്റെ വ്യക്തിത്വമാണെങ്കിൽ, അദ്ദേഹം രക്തസാക്ഷിയായി എന്ന കിംവദന്തി കേട്ടപ്പോഴേക്ക് നിങ്ങൾ പഴയ അനിസ്ലാമികജീവിതത്തിലേക്കുതന്നെ തിരിച്ചുപോകുകയാണെങ്കിൽ, ഇസ്ലാമിന് നിങ്ങളെ ആവശ്യമില്ല.
പ്രവാചകന്മാരെല്ലാം മനുഷ്യരായിരുന്നു. വിശ്വാസികളും അവിശ്വാസികളും തമ്മിൽ നടന്ന യുദ്ധങ്ങളിൽ പ്രവാചകന്മാർ വധിക്കപ്പെട്ടതായ ചരിത്രമില്ലെങ്കിലും സത്യനിഷേധികളായ രാജാക്കന്മാരാലും മർദകരായ ജനങ്ങളാലും അവർ കഠിനമായി പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്ത ചരിത്രമുണ്ട്.
പിൽക്കാലത്ത് നബി(സ)യുടെ മരണവാർത്തയറിഞ്ഞ് സംഭ്രാന്തരായി നിന്നിരുന്ന അനുയായികൾക്ക്, സന്ദർഭത്തിന് അനുയോജ്യമായി അബൂബക്കർ(റ) ഓതിക്കേൾപ്പിച്ചതും, ആ സന്ദർഭത്തിൽ അദ്ദേഹത്തിന് ഈ സൂക്തം അവതരിച്ചതാണോ എന്ന് അനുയായികളിൽ അതിശയം കൊള്ളത്തക്കവണ്ണം സന്ദർഭത്തിന് ചേർന്നിരുന്നുവെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

---

145. ദൈവഹിതമില്ലാതെ ഒരാത്മാവിനും മരിക്കുക സാദ്ധ്യമല്ല. മരണസമയമാകട്ടെ എഴുതപ്പെട്ടതുമാകുന്നു. ആരെങ്കിലും ഇഹലോകത്തിലെ പ്രതിഫലമാണ് ആഗ്രഹിക്കുന്നതെങ്കിൽ നാം അവന് അത് നൽകുന്നതാണ്.ആരെങ്കിലും പരലോകത്തെ പ്രതിഫലമാണ് ആഗ്രഹിക്കുന്നതെങ്കിൽ നാം അവന് അതിൽനിന്ന് നൽകുന്നതാണ്.നന്ദി കാണിക്കുന്നവർക്ക് അവരുടെ പ്രതിഫലം നൽകുകതന്നെ ചെയ്യും.

---

145: ഉഹുദ്സംഭവത്തിൽ യുദ്ധക്കളം വിട്ട് ചിലർ ഓടിപ്പോയിരുന്നു. ഓരോ മനുഷ്യന്റെയും മരണാവധി അല്ലാഹുവിങ്കൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ആ അവധിക്ക് മുമ്പായി ആരും മരിക്കാൻ പോകുന്നില്ല. നിശ്ചിത അവധിക്കുശേഷം ആരും ജീവിക്കാനും പോകുന്നില്ല. രണാങ്കണത്തിലാണെങ്കിലും മരണം നിശ്ചിത അവധിക്കുമുമ്പ് സംഭവിക്കുകയില്ല. യുദ്ധമുഖത്തുനിന്ന് ഓടിരക്ഷപ്പെട്ടതുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാമെന്നും ധരിക്കേണ്ടതില്ല. ഈ യാഥാർഥ്യം വേണ്ടപോലെ മനസ്സിലാക്കി കൈവന്ന ജീവിതാവസരം അല്ലാഹു ചുമത്തിയ ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിൽ ഏർപ്പെടുകയും മരണം അല്ലാഹുവിന്റെ കൈകളിലാണെന്നും അത് അവൻ നിശ്ചയിച്ച സമയത്ത് നടപ്പിലാകുമെന്നും സമാധാനിക്കുകയുമാണ് വേണ്ടത്.
ഭൗതികവിഭവങ്ങൾക്കുവേണ്ടി എത്ര കഠിനമായി പ്രവർത്തിച്ചാലും അല്ലാഹു ഉദ്ദേശിക്കുന്നതു മാത്രമേ ലഭിക്കുകയുള്ളൂ.പരലോകവിജയത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് അവർ അർഹിക്കുന്ന പ്രതിഫലം പരലോകത്ത് അവൻ നൽകുന്നതാണ്.

---

146. എത്രയെത്ര പ്രവാചകന്മാരോടൊപ്പം നിരവധി ദൈവഭക്തന്മാർ യുദ്ധംചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങൾക്ക് നേരിട്ട യാതൊന്നുകൊണ്ടും അവർ തളർന്നില്ല.അവർ ദൗർബല്യം കാണിക്കുകയോ കീഴടങ്ങുകയോ ചെയ്തില്ല. ഇവ്വിധമുള്ള ക്ഷമാശീലരെ അല്ലാഹു സ്നേഹിക്കുന്നു.

147. അവരുടെ പ്രാർഥന ഇപ്രകാരം മാത്രമായിരുന്നു:ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ കാര്യത്തിൽ സംഭവിച്ചുപോയ പരിധിലംഘനങ്ങളും മാപ്പാക്കേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തേണമേ. സത്യനിഷേധികളായ ജനത്തിനെതിരെ ഞങ്ങളെ സഹായിക്കേണമേ.

148. അങ്ങനെ അല്ലാഹു അവർക്ക് ഐഹികമായ പ്രതിഫലം നൽകി. അതിനേക്കാൾ ഉത്തമമായ പാരത്രികഫലവും നൽകി. അല്ലാഹു സൽക്കർമകാരികളെ സ്നേഹിക്കുന്നു.

149. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ സത്യനിഷേധികൾക്ക് വഴിപ്പെട്ടു നടക്കുകയാണെങ്കിൽ അവർ നിങ്ങളെ പിറകോട്ടു തിരിച്ചുകൊണ്ടു പോകുന്നതും അങ്ങനെ നിങ്ങൾ പരാജിതരായിത്തീരുന്നതുമാകുന്നു.

150. അല്ല! (അവർ പറയുന്നത് യാഥാർഥ്യമല്ല)നിങ്ങളുടെ രക്ഷാധികാരിയായി അല്ലാഹുവുണ്ട്. സഹായികളിൽ അത്യുത്തമനും അവനാകുന്നു.

149,150:ഉഹുദ് യുദ്ധത്തിൽ തിരിച്ചടിയേറ്റതിനെത്തുടർന്ന് യുഹൂദരും കപടവിശ്വാസികളും മുസ്ലിംകൾക്കിടയിൽ പല ദുർധാരണകളും പ്രചരിപ്പിക്കുവാൻ ശ്രമിച്ചിരിരുന്നു. മനുഷ്യനെ സഹായിക്കാനും സന്മാർഗത്തിലേക്ക് നയിക്കാനും അവൻെറ സ്രഷ്ടാവിനേക്കാൾ ഉത്തമനായി മറ്റാരുമില്ല. ഇസ്ലാമിനെ അംഗീകരിക്കാത്ത സത്യനിഷേധികൾക്ക് നിങ്ങൾ വഴങ്ങിയാൽ അവർ നിങ്ങളെ ഇസ്ലാമിൽനിന്ന് സത്യനിഷേധത്തിലേക്ക് തിരിച്ചുകൊണ്ടുപോകും. അതിനാൽ മതവിഷയങ്ങളിൽ അവിശ്വാസികളുടെ താൽപര്യങ്ങൾക്ക് വഴങ്ങി തീരുമാനങ്ങളെടുക്കുകയോ പ്രവർത്തിക്കുകയോ ചെയ്തുകൂടാ.

151. സത്യനിഷേധികളുടെ ഹൃദയങ്ങളിൽ നാം ഭീതി ജനിപ്പിക്കുന്നതാകുന്നു. അല്ലാഹുവിൻെറ പങ്കാളിയാണെന്നതിന് ഒരു തെളിവുമിറങ്ങിയിട്ടില്ലാത്തതിനെ അവർ അല്ലാഹുവിൻെറ പങ്കാളിയാക്കിയതുകൊണ്ടത്രെ അത്. നരകമത്രെ അവരുടെ മടക്കസ്ഥാനം. ധിക്കാരികളുടെ അന്ത്യഭവനം എത്ര മോശം!

152. അല്ലാഹു നിങ്ങൾക്ക് നൽകിയ വാഗ്ദാനം അവൻ പൂർത്തീകരിച്ചിരിക്കുന്നു. ആദ്യം അവൻെറ അനുമതിപ്രകാരം നിങ്ങൾ അവരെ വധിച്ചുകൊണ്ടിരിക്കുക തന്നെയായിരുന്നുവല്ലോ. എന്നാൽ നിങ്ങൾ ദുർബലരാവുകയും കാര്യത്തിൽ പരസ്പരം ഭിന്നിക്കുകയും നിങ്ങൾക്ക് ഏറെ പ്രിയപ്പെട്ടത്(യുദ്ധവിജയം)നിങ്ങൾക്ക് അല്ലാഹു കാണിച്ചുതന്നതോടുകൂടി നിങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തു.നിങ്ങളിൽ ചിലർ ഐഹികതാൽപര്യങ്ങൾ ഉദ്ദേശിക്കുന്നവരുണ്ട്.ചിലർ പരലോകം ലക്ഷ്യമാക്കിയവരും ഉണ്ട്. പിന്നീട് അല്ലാഹു നിങ്ങളെ അവരിൽ നിന്ന് പിന്തിരിപ്പിച്ചു.നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി. അതൊക്കെയും അവൻ നിങ്ങളോടു പൊറുത്തിരിക്കുന്നു. അല്ലാഹു സത്യവിശ്വാസികളുടെ മേൽ വലുതായ അനുഗ്രഹമുടയവനാകുന്നു.

153. ആരെയും തിരിഞ്ഞുനോക്കാതെ നിങ്ങൾ ഓടിക്കൊണ്ടിരുന്നപ്പോൾ ദൈവദൂതൻ പിന്നിൽ നിന്ന് നിങ്ങളെ വിളിക്കുന്നുണ്ടായിരുന്നു. അപ്പോൾ അല്ലാഹു നിങ്ങൾക്ക് ദുഃഖത്തിനു മേൽ ദുഃഖം പ്രതിഫലം തന്നു. നിങ്ങൾക്ക് കൈവിട്ടുപോയ നേട്ടത്തിൻെറയോ നിങ്ങളെ ബാധിക്കുന്ന വിപത്തിൻെറയോ പേരിൽ നിങ്ങൾ ദുഃഖിക്കുവാൻ ഇടവരാതിരിക്കുന്നതിനു വേണ്ടിയാണിത്. നിങ്ങൾ ചെയ്യുന്നതൊക്കെയും നന്നായി അറിയുന്നവനാണ് അല്ലാഹു.

154. പിന്നീട് ആ ദുഃഖത്തിനുശേഷം നാം നിങ്ങളിലൊരു വിഭാഗത്തിനു നിർഭയത്വം നൽകി, നിദ്രാമയക്കത്താൽ പൊതിഞ്ഞു. മറ്റൊരു വിഭാഗമാവട്ടെ, അവരുടെ ചിന്തയത്രയും അവരെക്കുറിച്ചുതന്നെയായിരുന്നു. അവർ അല്ലാഹുവിനെക്കുറിച്ച് സത്യവിരുദ്ധമായ മൂഢധാരണകൾ വെച്ചുപുലർത്തി. അവർ ചോദിക്കുന്നു: 'കാര്യങ്ങൾ തീരുമാനിക്കുന്നതിൽ നമുക്ക് വല്ല പങ്കുമുണ്ടോ?' പറയുക: (ആർക്കും ഒരു പങ്കുമില്ല) കാര്യമെല്ലാം അല്ലാഹുവിൻെറ അധീനത്തിലാകുന്നു. നിന്നോട് വെളിപ്പെടുത്താത്തത് അവർ സ്വമനസ്സുകളിൽ ഒളിച്ചുവെക്കുന്നുണ്ട്.അവർ പറയുന്നു: കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഞങ്ങൾക്കു വല്ല പങ്കുമുണ്ടായിരുന്നെങ്കിൽ ഞങ്ങൾ ഇവിടെ വധിക്കപ്പെടുമായിരുന്നില്ല. പറയുക: നിങ്ങൾ സ്വന്തം വസതികളിൽ ആയിരുന്നാൽ പോലും കൊല്ലപ്പെടാൻ വിധിക്കപ്പെട്ടവർ തങ്ങളുടെ മരണസ്ഥലത്തേക്ക് സ്വയം പുറപ്പെട്ടുവരുമായിരുന്നു. (ഇപ്പോൾ സംഭവിച്ചതൊക്കെയും) നിങ്ങളുടെ മാറിടങ്ങളുള്ളതിനെ അല്ലാഹു പരീക്ഷിക്കാനും, നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെ ശുദ്ധീകരിക്കാനും വേണ്ടിയാകുന്നു. മനസ്സുകളിലുള്ളതെല്ലാം അറിയുന്നവനാകുന്നു അല്ലാഹു.

(154). ഉഹുദിലെ പ്രതിസന്ധിയിൽ മുസ്‌ലിംകൾക്ക് സ്വസ്ഥരാകാനോ സമാധാനിക്കാനോ യാതൊരു സാധ്യതയുമില്ലായിരുന്ന അവസരത്തിൽ അവർക്ക് നന്നായി ഉറങ്ങാൻ കഴിഞ്ഞതായും നിദ്രാമയക്കത്താൽ ചിലരുടെ കയ്യിൽനിന്ന് ആയുധങ്ങൾ വീണുപോയതായും ധാരാളം നിവേദനങ്ങൾ പ്രവാചക ശിഷ്യന്മാരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.ഏകാഗ്രതയും മനോവീര്യവും വീണ്ടെടുക്കാൻ നിദ്രാമയക്കം അവരെ സഹായിച്ചു. എന്നാൽ ഈ മയക്കം മുസ്‌ലിം പക്ഷത്തുള്ള നിഷ്ക്കളങ്കരായ സത്യവിശ്വാസികളെ മാത്രമെ ബാധിച്ചുള്ളു. അല്ലാഹുവിനെ വേണ്ടവണ്ണം മനസ്സിലാക്കാതിരുന്ന ചിലർ വിചാരിച്ച നേട്ടം കാണാതിരുന്നപ്പോൾ നിരാശരാവുകയും പല തെറ്റായ ധാരണകൾ പുലർത്തുകയും ചെയ്തു. അവർക്ക് മനസ്സമാധാനത്തിനുപകരം അസ്വാസ്ഥ്യവും പരിഭ്രമവുമാണ് ഉണ്ടായത്.അവരുടെ മനസ്സിലുള്ള ദീനങ്ങൾ വെളിപ്പെടാൻ അത് അവസരമൊരുക്കി. അല്ലാഹു അതിനുള്ള ചികിത്സ അവർക്ക് പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു.

155. രണ്ടു സൈന്യങ്ങൾ ഏറ്റുമുട്ടിയ ദിവസം നിങ്ങളിൽനിന്ന് പിന്തിരിഞ്ഞുപോയവരുണ്ടല്ലോ, തങ്ങളുടെ ചില ചെയ്തികൾ കാരണമായി പിശാച് അവരെ വഴിതെറ്റിക്കുകയായിരുന്നു. അല്ലാഹു അവർക്ക് മാപ്പു നൽകിയിരിക്കുന്നു. തീർച്ചയായും അല്ലാഹു ഏറെ പൊറുത്തു കൊടുക്കുന്നവനും സഹനശീലനുമത്രെ.

156. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ സത്യനിഷേധികളെപ്പോലെയാകരുത്. തങ്ങളുടെ സഹോദരങ്ങൾ ഭൂമിയിൽ സഞ്ചരിക്കുകയോ യുദ്ധത്തിന് പുറപ്പെടുകയോ (വല്ല വിപത്തുകൾക്കും വിധേയരാവുകയോ) ചെയ്താൽ അവർ പറയുന്നു: അവർ ഞങ്ങളുടെയടുത്തുതന്നെയായിരുന്നുവെങ്കിൽ മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യില്ലായിരുന്നു. ഇതൊക്കെയും അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് ദുഃഖനിമിത്തങ്ങളായി വെക്കുന്നു. അല്ലാഹുവാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്.അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു.

157. നിങ്ങൾ അല്ലാഹുവിൻെറ മാർഗത്തിൽ വധിക്കപ്പെടുകയോ മരിക്കുകയോ ചെയ്തുവെങ്കിൽ, അതുവഴി അല്ലാഹുവിങ്കൽ നിന്ന് ലഭിക്കാനിരിക്കുന്ന പാപമോചനവും കാരുണ്യവും അവർ ശേഖരിച്ചുവെക്കുന്നതിനെക്കാളെല്ലാം ഉൽകൃഷ്ടമാകുന്നു.

158. നിങ്ങൾ മരണപ്പെട്ടാലും വധിക്കപ്പെട്ടാലും അല്ലാഹുവിങ്കലേക്ക് തന്നെയാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത്.

159. (നബിയെ,)അവരോട് നീ സൗമ്യനായിരിക്കുന്നത് അല്ലാഹുവിങ്കൽനിന്നുള്ള മഹത്തായ കാരുണ്യത്താലാകുന്നു. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവരൊക്കെയും നിൻെറ ചുറ്റുനിന്നും പിരിഞ്ഞുപോയതുതന്നെ. നീ അവർക്കു മാപ്പുകൊടുക്കുക. അവരുടെ പാപമുക്തിക്കായി പ്രാർഥിക്കുക.അവരുമായി കാര്യങ്ങൾ കൂടിയാലോചിക്കുക. അങ്ങനെ ഒരു തീരുമാനം ഉറപ്പിച്ചു കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തീർച്ചയായും അല്ലാഹു തന്നിൽ ഭരമേൽപിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

160. അല്ലാഹു നിങ്ങളെ തുണക്കുന്നുവെങ്കിൽ പിന്നെ നിങ്ങളെ അതിജയിക്കുന്നവരാരുമില്ല. അവൻ നിങ്ങളെ കൈവെടിയുന്നുവെങ്കിൽ അവനുശേഷം നിങ്ങളെ സഹായിക്കാൻ ആരാണുള്ളത്? അതിനാൽ സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ.

161. വഞ്ചന നടത്തുകയെന്നത് ഒരു പ്രവാചകനിൽ നിന്ന് ഉണ്ടാകാവുന്നതല്ല.വല്ലവനും വഞ്ചന നടത്തിയാൽ താൻ നടത്തിയ വഞ്ചനയുമായി അന്ത്യനാളിൽ അവൻ ഹാജരാകുന്നതാകുന്നു. പിന്നീട് എല്ലാ ആത്മാക്കൾക്കും അതിൻെറ കർമ്മഫലം പൂർണമായി നൽകപ്പെടുന്നു. ആരോടും ഒരനീതിയും ഉണ്ടായിരിക്കുന്നതല്ല.

161:ഉഹുദിൽ തിരുമേനി കാവൽ നിർത്തിയിരുന്ന വില്ലാളികൾ തങ്ങളുടെ സ്ഥാനം വിട്ട് യുദ്ധമുതലുകൾ കൈവശപ്പെടുത്താൻ യുദ്ധക്കളത്തിലേക്ക് ഓടിവന്നിരുന്നുവല്ലോ. ഓരോരുത്തരും ശേഖരിക്കുന്ന വസ്തുക്കൾ അവരവർക്കുതന്നെ നബി(സ)വിട്ടുകൊടുക്കുകയോ, അല്ലെങ്കിൽ യുദ്ധമുതലുകൾ എല്ലാവർക്കും ഒരുപോലെ വീതിച്ചുകൊടുത്തേക്കുകയോ ചെയ്തേക്കാം എന്നും പറഞ്ഞാണ് അവർ മലവിട്ടിറങ്ങിപ്പോന്നത്.യുദ്ധം കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തിയപ്പോൾ വില്ലാളികളോട് അവർ തിരുമേനിയുടെ കൽപന ലംഘിക്കാൻ കാരണമെന്താണെന്ന് അന്വേഷിക്കുകയുണ്ടായി. എന്നാൽ അവർ കാര്യങ്ങൾ തുറന്നു പറയാൻ മടിക്കുകയാണ് ചെയ്തത്. അപ്പോൾ തിരുമേനി അവരോട് ഇപ്രകാരം പറയുകയുണ്ടായി: ''അതല്ല നാം വഞ്ചിക്കുമെന്നും നാം ശരിക്ക് വീതിച്ചുകൊടുക്കുകയുമില്ലെന്നാണ് നിങ്ങൾ ധരിച്ചത്''. ഈ അവസരത്തിലാണ് ഈ വാക്യം അവതരിച്ചതെന്നാണ് ചില നിവേദനങ്ങളിൽ കാണുന്നത്.

മറ്റുള്ളവരെ വഞ്ചിച്ച് തനിക്കവകാശമില്ലാത്ത വല്ലതും കൈവശപ്പെടുത്തുന്നവരെ താക്കീതു ചെയ്യുന്ന ധാരാളം ഖുർആൻ വാക്യങ്ങളും നബിവചനങ്ങളുമുണ്ട്.അന്ത്യനാളിൽ വിചാരണ സഭയിൽ വഞ്ചിച്ചെടുത്ത മുതലുമായി മനുഷ്യർ ഹാജരാക്കപ്പെടുമെന്ന് ഈ ഖുർആൻ വാക്യം വ്യക്തമാക്കുന്നു. അവിടെ സകല മനുഷ്യരുടെയും മുമ്പിൽ അവരുടെ മുഖംമൂടി അഴിഞ്ഞുവീഴുകയും ദുർന്യായങ്ങൾ പുഛരിക്കപ്പെടുന്നതുമാണ്.

---

162. അല്ലാഹുവിൻെറ പ്രീതിയെ സദാ പിന്തുടരുന്ന ഒരുവൻ അല്ലാഹുവിൻെറ കോപത്തിലാണ്ടുപോയവനെപ്പോലെയാകുമോ? അവൻെറ സങ്കേതം നരകമാകുന്നു. എത്ര ദുഷ്ടമായ പരിണതി!

163. അവർ അല്ലാഹുവിങ്കൽ പല പദവികളിലാകുന്നു. അവർ പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു കണ്ടറിയുന്നവനാകുന്നു.

164. തങ്ങളിൽനിന്നുതന്നെയുള്ള ഒരു പ്രവാചകനെ നിയോഗിച്ചതിലൂടെ സത്യവിശ്വാസികൾക്ക് അല്ലാഹു തീർച്ചയായും മഹത്തായ ഔദാര്യം ചെയ്തിരിക്കുന്നു. അദ്ദേഹം അവരെ അല്ലാഹുവിൻെറ വചനങ്ങൾ ഓതിക്കേൾപ്പിക്കുന്നു.അവരെ സംസ്കരിച്ചെടുക്കുന്നു. വേദവും തത്ത്വജ്ഞാനവും പഠിപ്പിക്കുന്നു. അവരാകട്ടെ മുമ്പ് വ്യക്തമായ ദുർമാർഗത്തിലായിരുന്നു.

165. നിങ്ങളെ ഒരു വിപത്തു ബാധിച്ചപ്പോഴേക്കും 'ഇതെങ്ങനെ സംഭവിച്ചുപോയി' എന്ന് നിങ്ങൾ ചോദിക്കുന്നു.എന്നാൽ (ബദ്ർ സംഭവത്തിൽ)ഇതിൻെറ ഇരട്ടി നിങ്ങൾ ശത്രുക്കൾക്കേൽപിച്ചിട്ടുണ്ട്.അവരോടു പറയുക: ഈ(നാശം) നിങ്ങൾതന്നെ വരുത്തിവെച്ചതാകുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുറ്റവനാണ്.

---

165:ഇസ്ലാം സത്യവും മുഹമ്മദ്(സ) സത്യപ്രവാചകനും,അല്ലാഹുവിൻെറ സഹായവും പിന്തുണയും തങ്ങൾക്കായിരിക്കുകയും ചെയ്യുമ്പോൾ സത്യനിഷേധികളുമായുള്ള സംഘട്ടനത്തിൽ തങ്ങൾ പരാജയപ്പെടുന്നതെങ്ങനെ? ഉഹുദിൽ തിരിച്ചടിയേറ്റപ്പോൾ ചിലയാളുകൾ ഇങ്ങനെയാണ് ചിന്തിച്ചത്. ഇതിനു മുമ്പ് ബദ്റിൽ 70 സത്യനിഷേധികൾ വധിക്കപ്പെടുകയും, 70 പേർ തടവുകാരായി പിടിക്കപ്പെടുകയുമുണ്ടായി. ഉഹുദിൽ മുസ്ലിം യോദ്ധാക്കളിൽ ആരും തടവുകാരായി പിടിക്കപ്പെടുകയുണ്ടായിട്ടില്ല. അല്ലാഹു രണ്ടു ഘട്ടങ്ങളിലും അവൻെറ നടപടിക്രമമനുസരിച്ചാണ് നിങ്ങളോട് പെരുമാറിയിട്ടുള്ളത്. ആരുംതന്നെ അല്ലാഹുവിൻെറ കാര്യകാരണ വ്യവസ്ഥകൾക്ക് അതീതരല്ല.

---

166. രണ്ട് സംഘങ്ങൾ ഏറ്റുമുട്ടിയ ദിവസം നിങ്ങളെ ബാധിച്ച വിപത്ത് അല്ലാഹുവിൻെറ ഹിതത്താൽതന്നെ സംഭവിച്ചതാകുന്നു. സത്യവിശ്വാസികളാരെന്ന് അവൻ കണ്ടറിയുന്നതിനുവേണ്ടി.

167. കപടന്മാർ ആരെന്ന് കണ്ടറിയുന്നതിനുവേണ്ടിയും.വരുവിൻ! അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുവിൻ. അല്ലെങ്കിൽ പ്രതിരോധിക്കുകയെങ്കിലും ചെയ്യുവിൻ എന്നു പറയപ്പെട്ട

പ്പോള്‍ അവര്‍ പറഞ്ഞു: യുദ്ധമുണ്ടാകുമെന്നറിഞ്ഞിരുന്നുവെങ്കില്‍ തീര്‍ച്ചയായും ഞങ്ങള്‍ നിങ്ങളോടൊപ്പം വരുമായിരുന്നു. ആ ദിനം അവര്‍ക്ക് സത്യവിശ്വാസത്തേക്കാള്‍ അടുപ്പം സത്യനിഷേധത്തോടായിരുന്നു.അവരുടെ മനസ്സുകളില്‍ ഇല്ലാത്തതാണ് അവര്‍ വായകൊണ്ട് പറയുന്നത്. അവര്‍ മൂടിവെക്കുന്നതെല്ലാം അല്ലാഹു നന്നായി അറിയുന്നുണ്ട്.

167: ഉഹുദില്‍ സര്‍വ സജ്ജീകരണങ്ങളോടും കൂടി അണിനിരന്നു കഴിഞ്ഞിട്ടുണ്ടായിരുന്ന ഖുറൈശി പ്പടയെ നേരിടാന്‍ മദീനയില്‍നിന്ന് പുറപ്പെട്ട ആയിരത്തോളം പേരില്‍ അബ്ദുല്ലാഹിബ്നു ഉബയ്യും 300 കപടവിശ്വാസികളും വഴിയില്‍വെച്ച് മടങ്ങിപ്പോയി. ഈ അവസരത്തില്‍ ചില മുസ്‌ലിംകള്‍ അവരെ തിരികെ വിളിച്ചുകൊണ്ട് തങ്ങളുടെ കൂടെ കൂട്ടുവാന്‍ ശ്രമിച്ചുനോക്കി. എന്നാല്‍ അവരുടെ പ്രതികരണം ഇപ്രകാരമായിരുന്നു: യുദ്ധം നടക്കുമെന്ന് ഞങ്ങള്‍ക്ക് ബോധ്യമൊന്നുമില്ല. യുദ്ധം നടക്കു മെന്ന് വല്ല പ്രതീക്ഷയുമുണ്ടെങ്കില്‍ ഞങ്ങള്‍ തീര്‍ച്ചയായും നിങ്ങളുടെ കൂടെ വരുമായിരുന്നു. ഇതിനെ യാണ് ഈ വചനം സൂചിപ്പിക്കുന്നത്.

168. (യുദ്ധത്തിനു പോകാതെ)വീട്ടില്‍ കുത്തിയിരിക്കുകയും തങ്ങളുടെ സഹോദരന്മാരെക്കുറിച്ച് 'ഇവര്‍ ഞങ്ങളെ അനുസരിച്ചിരുന്നുവെങ്കില്‍ വധിക്കപ്പെടുമായിരുന്നില്ല' എന്നു പറയുക യും ചെയ്യുന്നവരാണിവര്‍. പറയുക:നിങ്ങള്‍ സത്യവാന്മാരാണെങ്കില്‍ മരണത്തെ നിങ്ങളില്‍ നിന്നുതന്നെ തടഞ്ഞു നിര്‍ത്തുക.

169. അല്ലാഹുവിന്റെ മാര്‍ഗത്തില്‍ കൊല്ലപ്പെട്ടവരെ മരിച്ചുപോയവരെന്നു വിചാരിക്കരുത്. അല്ല! അവര്‍ ജീവിച്ചിരിക്കുന്നവരാകുന്നു. തങ്ങളുടെ രക്ഷിതാവിങ്കല്‍ അവര്‍ക്ക് വിഭവം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

169: രക്തസാക്ഷികള്‍ക്ക് അല്ലാഹുവിങ്കല്‍ ഉണ്ടെന്ന് പ്രസ്താവിക്കുന്ന ജീവിതവും അവര്‍ക്ക് ലഭിക്കുന്ന വിഭവങ്ങളും നമുക്ക് അറിയാവുന്നതോ സങ്കല്‍പിക്കാവുന്ന ആയ തരത്തിലുള്ളതല്ല.അതൊക്കെ അഭൌതി ക കാര്യങ്ങളായതിനാല്‍ അതിന്റെ വിശദാംശങ്ങള്‍ നമുക്ക് അജ്ഞാതമാകുന്നു.

170. അല്ലാഹു തന്റെ അനുഗ്രഹത്തില്‍ നിന്ന് അവര്‍ക്കേകിയതില്‍ അവര്‍ സന്തുഷ്ടരാകുന്നു. (ഇഹലോകത്ത്) തങ്ങളുടെ പിന്നിലുള്ളവരും ഇനിയും തങ്ങളോടൊപ്പം എത്തിച്ചേര്‍ന്നിട്ടി ല്ലാത്തവരുമായ സത്യവിശ്വാസികള്‍ ഒട്ടും ഭയപ്പെടാനോ ദുഃഖിക്കാനോ സംഗതിയാകുന്നതല്ല എന്നോര്‍ത്തും അവര്‍ സന്തുഷ്ടരാകുന്നു.

171. അല്ലാഹുവിങ്കല്‍നിന്നുള്ള അനുഗ്രഹത്തിലും, ഔദാര്യത്തിലും, വിശ്വാസികളുടെ കര്‍മ്മഫലം അല്ലാഹു പാഴാക്കുകയില്ല എന്നതിലും അവര്‍ സന്തുഷ്ടരാകുന്നു.

172. (ഉഹുദില്‍ വെച്ച്)പരിക്കേറ്റ ശേഷവും അല്ലാഹുവിന്റെയു ദൂതന്റെയും വിളിക്ക് ഉത്തരം നല്‍കിയവരായ (സത്യവിശ്വാസികളുടെ പ്രതിഫലം), അവരില്‍ സുകൃതികളും ഭക്തന്മാരു മായവര്‍ക്ക് മഹത്തായ പ്രതിഫലമുണ്ട്.

172: ഉഹുദില്‍ ഖുറൈശികള്‍ മുസ്‌ലിംകളെ തോല്‍പിച്ചുവെങ്കിലും അവരെ നിശ്ശേഷം നശിപ്പിക്കാതെ തിരിച്ചുപോന്നത് വലിയ അവിവേകമായെന്ന് വഴിയില്‍ വെച്ച് അവര്‍ക്ക് തോന്നി. തിരിച്ചു ചെന്ന് മദീനയെ അക്രമിക്കണമെന്ന അഭിപ്രായം അവരുടെ ചര്‍ച്ചയില്‍ ഉയര്‍ന്നുവന്നെങ്കിലും അവര്‍ക്കതിന് ധൈര്യമുണ്ടായില്ല.ശത്രുക്കള്‍ മദീനയിലേക്ക് മടങ്ങിവന്നേക്കുമോ എന്ന ആശങ്കയാല്‍ യുദ്ധത്തിനു പിറ്റേ ദിവസം രാവിലെ തന്നെ നബി(സ)യും അനുചരന്മാരും ഘോഹാജ്ജല്‍ തമ്പടിച്ച ശത്രുക്കളെ പിന്തുടര്‍ന്നു പുറപ്പെട്ടു. ഉഹുദില്‍ പങ്കെടുത്ത ദൃഢവിശ്വാസികളായ യോദ്ധാക്കളെ മാത്രം കൂടെ കൂട്ടി മദീനയില്‍ നിന്ന് 8 മൈല്‍ ദൂരത്തുള്ള 'ഹംറാഉല്‍ അസദ്' വരെ അവര്‍ യാത്രയായി. ഈ യാത്രയില്‍ തിരുമേനി യോടൊന്നിച്ചുണ്ടായിരുന്ന ആത്മത്യാഗികളെയാണ് ഈ വചനം സൂചിപ്പിക്കുന്നത്.

173. ആളുകൾ അവരോട് പറഞ്ഞു: 'നിങ്ങൾക്കെതിരെ ജനങ്ങൾ(വൻസൈന്യങ്ങൾ) സംഘടിച്ചിരിക്കുന്നു. അവരെ പേടിക്കണം'. എന്നാൽ അതവരുടെ വിശ്വാസം വർധിപ്പിക്കുകയാണുണ്ടായത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. കാര്യങ്ങൾ ഏൽപിക്കാൻ ഏറ്റവും പറ്റിയവൻ അവൻ തന്നെയാകുന്നു.

174. അല്ലാഹുവിങ്കൽനിന്നുള്ള ഔദാര്യവും അനുഗ്രഹവുംകൊണ്ട് അവർ മടങ്ങി. അവർക്ക് ഒരാപത്തും പിണഞ്ഞതുമില്ല. അല്ലാഹുവിൻെറ തൃപ്തിയെ അവർ പിന്തുടർന്നു. അല്ലാഹു മഹത്തായ ഔദാര്യമുടയവനത്രെ.

---

173,174:ഹംറാഉൽ തമ്പടിച്ചിരുന്ന ഖുറൈശികൾ,തങ്ങൾ മദീനയിലേക്ക് പുനരാക്രമണത്തിന് തിരിച്ചുവരുന്നുണ്ട് എന്ന് ഭീഷണി മുഴക്കിയിരുന്നു. എങ്കിലും അത് വകവെക്കാതെ പ്രവാചകനും കൂട്ടരും മുന്നോട്ടു വരുന്നതുകണ്ട് വിരണ്ടുപോയ ഖുറൈശികൾ ഉടനെ മക്കയിലേക്ക് തിരിച്ചു. അവിടം വിട്ട് പോകുമ്പോൾ ഖുറൈശി തലവനായ അബൂസുഫ്‌യാൻ അടുത്ത വർഷം ബദ്‌റിൽ കാണാം എന്ന് പറഞ്ഞ് മുസ്‌ലിംകളെ വെല്ലുവിളിക്കുകയുണ്ടായി.
അടുത്ത വർഷം നിശ്ചിത സമയമായപ്പോൾ രണ്ടായിരം പേർ വരുന്ന ഒരു സൈന്യവുമായി അബൂസുഫ്‌യാൻ മക്കയിൽ നിന്ന് പുറപ്പെട്ട് മിജിന്നഃ എന്ന സ്ഥലത്ത് താവളമടിച്ചു. എന്നാൽ ഇത് ക്ഷാമവർഷമാണെന്ന് പറഞ്ഞ് അവിടെവെച്ച് തിരിച്ചുപോവാൻ തീരുമാനിക്കുകയാണ് അവർ ചെയ്തത്. മുസ്‌ലിംകൾ ബദ്‌റിലേക്ക് പുറപ്പെടാതിരിക്കാൻ മദീനയിൽ ചെന്ന് മുസ്‌ലിംകൾക്കിടയിൽ കുപ്രചരണം നടത്താൻ ഒരു ദൂതനെ അബൂസുഫ്‌യാൻ ഏർപ്പാട് ചെയ്തു. അയാൾ മദീനയിലെത്തി, ഖുറൈശികൾ നിങ്ങൾക്ക് തടുക്കാനാവാത്ത ഒരു വമ്പിച്ച സൈന്യത്തെയാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യാജപ്രചരണം നടത്തി. അതുകൊണ്ട് യുദ്ധത്തിന് പുറപ്പെടാതിരിക്കലാണ് ഉത്തമമെന്ന് അയാൾ മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിച്ചു. എന്നാൽ ഈ ഭീഷണിയിൽ പതറാതെ പ്രവാചകനും 1500 പേർ അടങ്ങുന്ന മുസ്‌ലിം സംഘവും ബദ്‌റിലേക്ക് പുറപ്പെട്ടു. ശത്രുക്കളെ പ്രതീക്ഷിച്ച് എട്ടു ദിവസം തിരുമേനിയും സംഘവും ബദ്‌റിൽ താമസിച്ചു. എന്നാൽ ഖുറൈശിപ്പട വന്നില്ല. അവിടെ ഒരു കച്ചവട സംഘവുമായി അവർ വ്യാപാരം നടത്തി. മുസ്‌ലിം സൈനികർ കൂടെ കരുതിയിരുന്ന ചരക്കുകൾക്ക് ഇരട്ടി ലാഭം നേടാൻ കഴിഞ്ഞു.ഖുറൈശികൾ ഏറ്റുമുട്ടാൻ വരാതെ തിരിച്ചുപോയെന്ന് അറിഞ്ഞതോടെ അവർ മദീനയിലേക്ക് മടങ്ങി. ഈ സംഭവമാണ് പ്രകൃത വചനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഈ സംഭവം 'ചെറിയ ബദ്ർ' എന്ന പേരിൽ അറിയപ്പെടുന്നു.

---

175. തീർച്ചയായും അത് പിശാച് തന്നെയാകുന്നു.അവൻ തൻെറ മിത്രങ്ങളെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.അതിനാൽ അവരെ ഭയപ്പെടാതിരിക്കുവിൻ. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ എന്നെ ഭയപ്പെടുവിൻ.

176. സത്യനിഷേധത്തിൽ ധൃതിയിൽ മുന്നേറിക്കൊണ്ടിരിക്കുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ.തീർച്ചയായും അല്ലാഹുവിന് ഒരു ഉപദ്രവും വരുത്താൻ അവർക്കാവില്ല. പരലോകത്ത് അവർക്കൊരു വിഹിതവും നൽകാതിരിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. ഭയങ്കരമായ ശിക്ഷയാണ് അവർക്കുള്ളത്.

177. തീർച്ചയായും സത്യവിശ്വാസം വിറ്റ് സത്യനിഷേധം വാങ്ങിയവർ അല്ലാഹുവിന് ഒരു ദോഷവും ചെയ്യുന്നില്ല. വേദനയേറിയ ശിക്ഷയാണ് അവർക്കുള്ളത്.

178. സത്യനിഷേധികൾക്ക് നാം സാവകാശം നൽകുന്നത് തങ്ങൾക്ക് ഗുണകാരമാണെന്ന് അവർ കരുതേണ്ടതില്ല.അവരുടെ പാപഭാരം വർധിപ്പിക്കുന്നതിനുവേണ്ടി മാത്രമാകുന്നു നാം അവർക്ക് സാവകാശം നൽകിക്കൊണ്ടിരിക്കുന്നത്.അപമാനകരമായ ശിക്ഷയാണ് അവർക്കുള്ളത്.

179. തങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയിൽ നിലകൊള്ളാൻ അല്ലാഹു സത്യവിശ്വാസികളെ അനുവദിക്കുകയില്ല; നല്ലതിൽനിന്ന് ചീത്തയെ വേർതിരിക്കുന്നതുവരെ. അഭൗതിക കാര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാനും പോകുന്നില്ല. (അഭൗതിക കാര്യങ്ങൾ വെളിപ്പെടുത്താൻ,) അല്ലാഹു തൻെറ ദൂതന്മാരിനിന്ന് അവൻ ഉദ്ദേശിക്കുന്നവരെ തെരഞ്ഞെടുക്കുന്നു.അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതന്മാരിലും വിശ്വസിക്കുവിൻ. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്.

179:സത്യവിശ്വാസികൾക്ക് യഥാർഥ വിശ്വാസികളായി നിലകൊള്ളാനും അല്ലാഹു ഉദ്ദേശിച്ച ഒരു ഉത്തമ സമുദായമായി ലോകർക്ക് സത്യസാക്ഷികളാവാനും അവർക്കിടയിലെ കപടന്മാരെ വേർതിരിച്ചറിയേണ്ടത് അനിവാര്യമായിരുന്നു. ഇരുകൂട്ടരെയും പരസ്പരം വകതിരിക്കേണ്ടതിനായി ചില പരീക്ഷണാവസരങ്ങൾ സൃഷ്ടിക്കുകയാണ് അല്ലാഹുവിൻെറ നടപടിക്രമം. ഉഹുദ് യുദ്ധം മുസ്ലിം സമൂഹത്തിലെ യഥാർഥവിശ്വാസികളെയും അവരിലെ ഭീരുക്കളെയും കപടന്മാരെയും വെളിപ്പെടുത്തിയ ഒരു സംഭവമായിരുന്നു.

180. അല്ലാഹു തങ്ങൾക്കേകിയ അനുഗ്രഹങ്ങളിൽ പിശുക്കു കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അതവർക്ക് ദോഷകരമാവുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ തങ്ങൾ പിശുക്കി സമ്പാദിച്ചതൊക്കെയും അവരുടെ കഴുത്തിൽ വളയമായിത്തീരും. ആകാശങ്ങളുടെയും ഭൂമിയുടെയും അന്തിമമായ അവകാശം അല്ലാഹുവിനു മാത്രമാകുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു.

180: ആകാശഭൂമികളിൽ മനുഷ്യർ ഉപയോഗപ്പെടുത്തുന്ന എല്ലാ വസ്തുക്കളുടെയും യഥാർഥ ഉടമ അല്ലാഹുവാകുന്നു. താൽക്കാലികമായി അതിൻെറ ഉടമസ്ഥതയും കൈകാര്യവും അവൻ ഉദ്ദേശിക്കുന്നവരെ ഏൽപിക്കുന്നു എന്നു മാത്രം. തൻെറ കൈവശമുള്ള വസ്തുക്കൾ ഒരു ദിവസം ഏതൊരാൾക്കും കയ്യൊഴിക്കാതെ ഗത്യന്തരമില്ല. അല്ലാഹുവിൻെറ അനുഗ്രഹത്താൽ തൻെറ കൈവശം വന്നുചേർന്ന വിഭവങ്ങൾ ദൈവമാർഗത്തിൽ സ്വമനസ്സാലെ ചെലവഴിക്കുകയാണ് ബുദ്ധിയുള്ള മനുഷ്യൻ ചെയ്യേണ്ടത്. അല്ലാഹു നൽകിയ അനുഗ്രഹം തൻെറയും സഹജീവികളുടെയും ന്യായമായ ആവശ്യങ്ങൾക്ക് ചെലവഴിക്കാതെ കെട്ടിപ്പൂട്ടി സൂക്ഷിച്ചുവെക്കുന്നത് പാവങ്ങളുടെ വെറുപ്പിനും വിദ്വേഷത്തിനും കാരണമായിത്തീരുന്നു. അല്ലാഹു ഔദാര്യമായി നൽകിയ സമ്പത്ത് ദൈവമാർഗത്തിൽ ചെലവഴിക്കാൻ കൂട്ടാക്കാതെ പിശിക്കിപ്പിശുക്കി കുന്നു കൂട്ടി വെക്കുന്നത് പരലോകത്ത് അവർക്കൊട്ടും പ്രയോജനപ്പെടുകയില്ലെന്ന് മാത്രമല്ല, അതവർക്ക് കണ്ഠാഭരണമായി അണിയിക്കപ്പെടുമെന്നും അല്ലാഹു താക്കീതു ചെയ്യുന്നു.
സകാത്ത് കൊടുത്തു തീർക്കാത്ത സ്വത്തിനെ ഒരു കൂറ്റൻ സർപ്പമാക്കി അന്ത്യനാളിൽ അതിൻെറ ഉടമസ്ഥന് മാലയിട്ട് ശിക്ഷിക്കുമെന്ന് ഒരു പ്രവാചക വചനമുണ്ട്. (ബുഖാരി)
അന്യൻെറ ഭൂമി കയ്യേറിയവന് ആ ഭൂമി അന്ത്യനാളിൽ മാലയായി അണിയിക്കപ്പെടുമെന്നും ഒരു തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. (ബുഖാരി, മുസ്ലിം).
അല്ലാഹു നൽകിയ അനുഗ്രഹങ്ങളെല്ലാം മനുഷ്യൻ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് അല്ലാഹു സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്.

181. അല്ലാഹു ദരിദ്രനും ഞങ്ങൾ ധനികരുമാകുന്നു,എന്ന് പറഞ്ഞവരുടെ വാക്കുകൾ അല്ലാഹു തീർച്ചയായും കേട്ടുകഴിഞ്ഞു. അവർ പറഞ്ഞതും, പ്രവാചകന്മാരെ അന്യായമായി അവർ കൊലപ്പെടുത്തിയതും നാം രേഖപ്പെടുത്തുന്നുണ്ട്.(അന്ത്യനാളിൽ) നാം അവരോട് പറയും: കരിച്ചു കളയുന്ന നരക ശിക്ഷ ആസ്വദിച്ചു കൊള്ളുക.

181: 'അല്ലാഹുവിന് നല്ല കടം നൽകുവാൻ ആരുണ്ട്'' എന്ന വചനം വിശുദ്ധ ഖുർആനിൽ അവതരിച്ചപ്പോൾ (2:245) യഹൂദന്മാർ പരിഹാസസ്വരത്തിൽ പറഞ്ഞതാണ് ഇത്.

182. ഇത് നിങ്ങളുടെ കൈകൾ നേരത്തെ ചെയ്തുവെച്ചതാണ്. തീർച്ചയായും അല്ലാഹു തൻെറ ദാസന്മാരോട് അനീതി കാണിക്കുന്നവനല്ല.

183. (അദൃശ്യലോകത്തുനിന്നുള്ള) അഗ്നി വന്നു വിഴുങ്ങുന്ന ഒരു ബലി നടത്തിക്കാണിക്കാത്ത ഒരു പ്രവാചകനിലും വിശ്വസിക്കരുതെന്ന് തീർച്ചയായും അല്ലാഹു ഞങ്ങളോട് അനുശാസിച്ചിരിക്കുന്നു എന്നു പറയുന്നവരുണ്ടല്ലോ, അവരോട് പറയുക: വ്യക്തമായ തെളിവുകളോടു കൂടിയും, നിങ്ങൾ ഈ പറഞ്ഞ (ദിവ്യാത്ഭുതം അവതരിപ്പിച്ചു)കൊണ്ടും എനിക്ക് മുമ്പ് നിരവധി പ്രവാചകന്മാർ നിങ്ങളിൽ വന്നിട്ടുണ്ടായിരുന്നുവല്ലോ. നിങ്ങളുടെ വാദം സത്യമാണെങ്കിൽ നിങ്ങൾ അവരെ വധിച്ചുകളഞ്ഞതെന്തിന്?

183:ദൈവപ്രീതിക്കായി ബലിയർപ്പിക്കപ്പെട്ട വസ്തുക്കൾ ദൈവം സ്വീകരിച്ചതിൻെറ അടയാളമായി ആകാശത്തുനിന്ന് അഗ്നി വന്നു ദഹിപ്പിച്ച ചില സംഭവങ്ങൾ ബൈബിൾ പലേടത്തും ഉദ്ധരിക്കുന്നുണ്ട്. ''മോശെയും അഹരോനും സമാഗമനകൂടാരത്തിൽ കടന്നിട്ടു പുറത്തുവന്നു.ജനത്തെ ആശീർവദിച്ചു; അപ്പോൾ യഹോവയുടെ തേജസ്സു സകല ജനത്തിനും പ്രത്യക്ഷമായി. യഹോവയുടെ സന്നിധിയിൽ നിന്നു തീ പുറപ്പെട്ടു. യാഗപീഠത്തിന്മേൽ ഉള്ള ഹോമയാഗവും മേദസ്സും ധഹിപ്പിച്ചു; ജനങ്ങളെല്ലാം അതുകണ്ടപ്പോൾ ആർത്തു സാഷ്ടാംഗം വീണു''.(ലേവ്യ പുസ്തകം 9:23,24). ന്യായാധിപന്മാർ 6:20-21,13:19-20,2.ദിനവൃത്താന്തം7:1-2, എന്നിവയിലും ഇതുപോലുള്ള സംഭവങ്ങൾ ബൈബിളിൽ കാണാവുന്നതാണ്.

ഇത്തരം ഒരു അത്ഭുതകൃത്യം ഇസ്രാഈൽ പ്രവാചകനായ ഏലിയാവ്(ഇൽയാസ് നബി) കാണിച്ചതായി ബൈബിളിൽ തന്നെ രേഖപ്പെടുത്തിയിക്കുന്നു. അദ്ദേഹവും 'ബഅ്ലി'ൻെറ പൂജാരിമാരും ഒരു യാഗം നടത്തി മത്സരിക്കുകയുണ്ടായി. ഇരുകൂട്ടരും ഓരോ കാളയെ വീതം ഖണ്ഡം ഖണ്ഡമാക്കി തീ ഇടാതെ വിറകിന്മേൽ വെച്ചു. ബഅ്ലിൻെറ പൂജാരിമാർ അവരുടെ ദേവൻെറ പേരിൽ രാവിലെ തുടങ്ങി ഉച്ച വരെ വിളിച്ചപേക്ഷിച്ചു. ഒരു ശബ്ദമോ ഉത്തരമോ ഉണ്ടായില്ല. ഏലിയാവ് യഹോവയുടെ നാമത്തിലും വിളിച്ചർഥിച്ചു. ഉടനെ യഹോവയുടെ തീ ഇറങ്ങി. ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു. തോട്ടിലെ വള്ളവും വറ്റിച്ചുകളഞ്ഞു. ജനം ബാലിൻെറ പ്രവാചകന്മാരെ പിടിച്ചുവെച്ചു. ഏലിയാവു അവരെ താഴെ കീശോൻ തോട്ടിന്നരികെ കൊണ്ടുചെന്നു അവിടെവെച്ച് വെട്ടിക്കൊന്നുകളഞ്ഞു. എന്നാൽ പിന്നീട് ബാലിൻെറ ആരാധകയായിരുന്ന ഈസബെൽ രാജ്ഞിയുടെ ആവശ്യപ്രകാരം ഏലിയാവിനെ കൊലപ്പെടുത്തുവാൻ ഇസ്രായേലി രാജാവായ ആഹാബി ശ്രമിക്കുകയുണ്ടായി. അതിൽനിന്ന് രക്ഷപ്പെടാൻ ഏലിയാവ് സ്ഥലം വിടുകയാണ് ചെയ്തത്. (1.രാജാക്കന്മാർ അധ്യായം 18,19)

ആദമിൻെറ രണ്ടു പുത്രന്മാർ(ഹാബീലും, ഖാബീലും) ഇങ്ങനെ ബലിയർപ്പിച്ചതായ സംഭവം ഖുർആൻ 5:27-31-ൽ ഉദ്ധരിക്കുന്നുണ്ട്. ഖുർആൻ വ്യാഖ്യാതാക്കൾ ആ സംഭവം വിശദീകരിക്കുന്നത് ഇപ്രകാരമാണ്: ഹാബീലിൻെറ ബലിയെ ആകാശത്തുനിന്ന് ഒരു അഗ്നി ഇറങ്ങിവന്ന് ദഹിപ്പിച്ചു. ഹാബീലിൻെറ ബലി സ്വീകരിക്കപ്പെട്ടു. ഖാബീലിൻെറ ബലി തിരസ്കരിക്കപ്പെടുകയാണുണ്ടായത്. അതിനെ തുടർന്ന് ഖാബീലിന് ഹാബീലിനോട് വിദ്വേഷം തോന്നുകയും ഖാബീൽ തൻെറ സഹോദരനെ കൊലപ്പെടുത്തുകയും ചെയ്തു.

ഒരു പ്രവാചകൻ അംഗീകരിക്കപ്പെടാൻ അദ്ദേഹം ഒരു ഹോമയാഗം നടത്തുകയും ബലിവസ്തു അഗ്നി വന്ന് ദഹിപ്പിക്കുകയും വേണമെന്ന ഉപാധി വേദപുസ്തകങ്ങൾ എവിടെയും അനുശാസിച്ചിട്ടില്ല. അതിനാൽ അവർ ദിവ്യാത്ഭുതം ആവശ്യപ്പെടുന്നത് ആത്മാർഥമായിട്ടോ സത്യസന്ധമായിട്ടോ അല്ല; പ്രത്യുത മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തെ തള്ളിപ്പറയണമെന്ന ഉദ്ദേശ്യമേ അവർക്കുള്ളു.

184. അതിനാൽ അവർ നിന്നെ നിഷേധിക്കുന്നുവെങ്കിൽ നിനക്കു മുമ്പും പ്രവാചകന്മാർ നിഷേധിക്കപ്പെട്ടിട്ടുണ്ട്. അവരൊക്കെയും വ്യക്തമായ തെളിവുകളും ഏടുകളും പ്രകാശം പരത്തുന്ന വേദങ്ങളും കൊണ്ട് വന്നവരായിരുന്നു.

185. ഏതൊരാത്മാവും മരണമനുഭവിക്കുന്നതാകുന്നു. നിങ്ങളെല്ലാവരുടെയും കർമ്മഫലം അന്ത്യ നാളിൽ പരിപൂർണമായി നൽകപ്പെടും.അപ്പോൾ നരകാഗ്നിയിൽനിന്നകറ്റപ്പെടുകയും സ്വർഗ ത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തവനാരോ, അവനത്രെ യഥാർഥത്തിൽ വിജയം നേടി യവൻ. ഇഹലോകജീവിതം വഞ്ചനാത്മകമായ ചരക്കു മാത്രമാകുന്നു.

186. തീർച്ചയായും നിങ്ങളുടെ സമ്പത്തിലും ശരീരത്തിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാകു ന്നു. നിങ്ങൾക്കുമുമ്പെ വേദം നൽകപ്പെട്ടവരിൽനിന്നും ബഹുദൈവാരാധകരിൽനിന്നും ധാരാളം ചീത്ത വാക്കുകൾ നിങ്ങൾ കേൾക്കേണ്ടി വരികയും ചെയ്യും. അപ്പോഴൊക്കെ നിങ്ങൾ ക്ഷമപാലിക്കുകയും സൂക്ഷ്മത പുലർത്തുകയുമാണെങ്കിൽ തീർച്ചയായും അത് നിശ്ചയദാർഢ്യമുള്ള കാര്യം തന്നെ.

187. വേദം നൽകപ്പെട്ടവരുടെ ഉറപ്പ് അല്ലാഹു(അവരിൽനിന്ന്) വാങ്ങിയ സന്ദർഭം(ഓർക്കുക); നിങ്ങൾ (വേദാധ്യാപനങ്ങൾ) ജനങ്ങൾക്ക് വിവരിച്ചുകൊടുക്കണമെന്നും, അത് ഒളിപ്പിച്ചു വെക്കരുതെന്നും. പക്ഷേ, അവർ (വേദത്തെ) പുറകോട്ടു വലിച്ചെറിഞ്ഞു. തുഛമായ വിലക്കുവേണ്ടി അവരത് വിറ്റുകളഞ്ഞു. അവർ പകരം വാങ്ങുന്നത് വളരെ ചീത്തതന്നെ.

---

187: വേദഗ്രന്ഥത്തിന്റെ അധ്യാപനങ്ങൾ യഥാർഥ രൂപത്തിൽ ജനങ്ങൾക്ക് വിവരിച്ചുകൊടുക്കുവാൻ വേദവാഹകർ കൽപിക്കപ്പെട്ടിരുന്നു എന്നതിനുള്ള തെളിവുകൾ ബൈബിളിൽ തന്നെ കാണാവുന്നതാ ണ്.മൂസാ(അ) ഇസ്രാഈല്യരിൽനിന്ന് പ്രതിജ്ഞവാങ്ങിയതായി ബൈബിൾ പറയുന്നു: യിസ്രയേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ ഹൃദയത്തോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കേണം. ഇന്നു ഞാൻ നിന്നോട് കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചുകൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോ ഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം. അവ നിന്റെ കണ്ണുകൾക്കുമധ്യേ പട്ടമായി ഇരിക്കേണം. അവയെ നിന്റെ വീട്ടിന്റെ കട്ടിളകളിൻമേലും പടിവാതിലുകളിലും എഴുതേണം. (ആവർത്തനപുസ്തകം 6:4-9).

യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന ലേവ്യരായ പുരോഹിതന്മാരെയും ഇസ്രായേലിന്റെ എല്ലാ മൂപ്പന്മാരെയും തൗറാത്തിന്റെ പകർപ്പ് ഏൽപിച്ചുകൊണ്ട് മൂസാ(അ) അവരോട് കൽപിക്കുക യുണ്ടായി: ഏഴേഴു സംവത്സരം കൂടുമ്പോൾ ഉള്ള വിമോചന സംവത്സരത്തിലെ കൂടാരപ്പെരുനാളിൽ യിസ്രയേൽ മുഴുവനും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ അവൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു വരുമ്പോൾ ഈ ന്യായപ്രമാണം (തൗറാത്ത്) എല്ലായിസ്രയേല്യരും കേൾക്കെ അവരുടെ മുമ്പാകെ വായിക്കേണം. പുരുഷന്മാരും സ്ത്രീകളും കുട്ടികളും നിന്റെ പട്ടണത്തിലുള്ള പരദേശിയും കേട്ടു പഠിച്ചു നിങ്ങളുടെ ദൈവമായ യഹോവയെ ഭയപ്പെട്ടു ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നും അവയെ അറിഞ്ഞിട്ടില്ലാത്ത അവരുടെ മക്കൾ കേൾക്കേണ്ട തിന്നും നിങ്ങൾ യോർദ്ദാൻ കടന്നു കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു (ഫലസ്തീൻ) നിങ്ങളുടെ ആയുഷ്കാലമൊക്കെയും നിങ്ങളുടെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നും ജനത്തെ വിളിച്ചു കൂട്ടണം. (ആവർത്തനപുസ്തകം 31:10-13)

എന്നാൽ ഇസ്രാഈല്യർ കാലക്രമേണ ന്യായപ്രമാണത്തെ മറന്നു.പകരം സ്വാർഥലാഭങ്ങൾക്കുവേണ്ടി സ്വയം നിർമിച്ച നിയമങ്ങളും തത്ത്വങ്ങളും സ്വീകരിക്കുകയുമാണ് അവർ ചെയ്തത്.

ഈ ഉദ്ബോധനം മുസ്ലിംകൾക്ക് കൂടിയുള്ള താക്കീതാണ്. ജനങ്ങളെ സത്യത്തിലേക്കും ധർമത്തിലേ ക്കും പ്രബോധനം ചെയ്യുക എന്ന അല്ലാഹുവിന്റെ പ്രവാചകൻ നിർവഹിച്ച ചുമതല, അതിൽ വിശ്വ സിച്ചവരുടെ ചുമതലകൂടിയാണ്. പ്രവാചക(സ)ന്റെ ചരിത്രപ്രസിദ്ധമായ വിടവാങ്ങൽ ഹജ്ജ് വേളയി ലെ പ്രസംഗത്തിൽ ഇത് പ്രത്യേകം ഉണർത്തിയതായി കാണാം. ‘ഇവിടെ കൂടിയവർ കൂടിയിട്ടില്ലാത്ത വർക്ക് ഇത് എത്തിച്ചു കൊടുക്കണം’ എന്ന് കൽപിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം ഉപസംഹരിച്ചത്.

188. സ്വന്തം ചെയ്തികളിൽ നിഗളിക്കുകയും ചെയ്യാത്ത കാര്യങ്ങളുടെ പേരിൽ പ്രശംസിക്കപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർ ശിക്ഷയിൽനിന്നൊഴിവാകുമെന്ന് നീ വിചാരിക്കരുത്. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്.

189. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനുള്ളതാകുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുറ്റവൻ തന്നെ.

190. ആകാശഭൂമികളുടെ സൃഷ്ടിയിലും രാപ്പകലുകൾ മാറിമാറി വരുന്നതിലും തീർച്ചയായും ബുദ്ധിയുള്ളവർക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

191. നിന്നും ഇരുന്നും കിടന്നും അല്ലാഹുവെ സ്മരിക്കുന്നവരാണവർ. ആകാശഭൂമികളുടെ സൃഷ്ടിയെപ്പറ്റി ചിന്തിക്കുന്നവരുമാണവർ. (അവർ സ്വയം പറയും:) ഞങ്ങളുടെ നാഥാ! ഇതൊക്കെയും നീ വെറുതെ സൃഷ്ടിച്ചതല്ല. നിയെത്ര പരിശുദ്ധൻ! നീ ഞങ്ങളെ നരകശിക്ഷയിൽനിന്നും കാത്തു രക്ഷിക്കണേ.

192. ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നീ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ലതാനും.

193. ഞങ്ങളുടെ നാഥാ! സത്യവിശ്വാസത്തിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുന്ന ഒരു വിളിയാളൻ ‘നിങ്ങളുടെ നാഥനിൽ വിശ്വസിപ്പിൻ’ എന്നു വിളിച്ചുകൊണ്ടിരിക്കുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമേ. ഞങ്ങളിലുള്ള തിന്മകൾ ദൂരീകരിക്കേണമേ. ഞങ്ങളെ നീ സജ്ജനങ്ങളോടൊപ്പം മരിപ്പിക്കേണമേ.

194. ഞങ്ങളുടെ നാഥാ! നിൻെറ ദൂതന്മാരിലൂടെ നീ ഞങ്ങൾക്ക് വാഗ്ദത്തം ചെയ്തിട്ടുള്ളതൊക്കെയും ഞങ്ങൾക്കു നൽകേണമേ, അന്ത്യ നാളിൽ നീ ഞങ്ങളെ അപമാനത്തിലകപ്പെടുത്തരുതേ, നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല.

---

190-194:പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ് ഈ സൂക്തങ്ങൾ. പ്രവാചകനിൽ വിശ്വസിക്കാനുള്ള യഥാർഥ പ്രമാണം അവർ ദിവ്യാത്ഭുതങ്ങൾ അവതരിപ്പിക്കുന്നതിലല്ല, പ്രത്യുത അവരുടെ സത്യാത്മകതക്കുള്ള അടിസ്ഥാന ദൃഷ്ടാന്തം നിങ്ങൾ ജീവിക്കുന്ന പ്രപഞ്ചം തന്നെയാണ്. ഓരോ പ്രാപഞ്ചിക വസ്തുക്കൾക്കു പിന്നിലും ലക്ഷ്യബോധവും യുക്തിബോധവും കാണപ്പെടുന്നു. വളരെ കൃത്യമായി സംവിധാനിച്ചിട്ടുള്ള ഈ പ്രപഞ്ചത്തിൻെറ ആസൂത്രണത്തിനു പിന്നിൽ ബുദ്ധിമാനും യുക്തിമാനും സർവജ്ഞനുമായ ഒരു സ്രഷ്ടാവിനെ കണ്ടെത്താൻ കഴിയുന്നതാണ്. പ്രപഞ്ചരഹസ്യത്തെയും പ്രാപഞ്ചിക വ്യവസ്ഥയെയും കുറിച്ച് ചിന്തിക്കുംതോറും ദൈവത്തിൻെറയും പരലോകത്തിൻെറയും ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ സാധിക്കുന്നതാണ്. ഈ പ്രകൃതി ദൃഷ്ടാന്തങ്ങളിലൂടെയാണ് മനുഷ്യൻ ദൈവത്തെ കണ്ടെത്തേണ്ടത്.

ഈ ലോകത്ത് സമ്പൂർണമായ നീതി ലഭിക്കുക അസാധ്യമാണ്. അതിനാൽ സമ്പൂർണമായ നീതി പുലരുന്ന ഒരവസരം ഉളവാകുക അനിവാര്യമാണെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്.

ദൈവത്തിൻെറ സത്ത അഗോചരമാണ്. എങ്കിലും ആർക്കും എവിടെയും കാണാവുന്ന പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലൂടെ തൻെറ ഗുണങ്ങളെയും അധികാരാവകാശങ്ങളെയും അവൻ തൻെറ സൃഷ്ടികൾക്ക് വെളിപ്പെടുത്തിത്തന്നിട്ടുണ്ട്.അവനോടുള്ള സൃഷ്ടികളുടെ ഉത്തരവാദിത്വങ്ങളും അവനെ പ്രാപിക്കാനുള്ള മാർഗങ്ങളും അവൻ തൻെറ പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തിത്തരികയും ചെയ്തിട്ടുണ്ട്.

---

195. അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി. സ്ത്രീയാവട്ടെ, പുരുഷനാവട്ടെ നിങ്ങളിൽനിന്നും പ്രവർത്തിക്കുന്ന ഒരാളുടെയും കർമ്മം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിലൊരു വിഭാഗം മറുവിഭാഗത്തിൽനിന്നുണ്ടായവരാണ്. അതിനാൽ എനിക്കുവേണ്ടി സ്വദേശം വെടിയുകയും, സ്വന്തം വീടുകളിൽനിന്ന് പുറത്താക്കപ്പെടുകയും, എൻെറ മാർഗ

ത്തിൽ മർദ്ദിക്കപ്പെടുകയും യുദ്ധം ചെയ്യുകയും വധിക്കപ്പെടുകയും ചെയ്തവരാരോ, അവരുടെ സകല പാപങ്ങളും ഞാൻ പൊറുത്തുകൊടുക്കുന്നതാകുന്നു. താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളിൽ നാം അവരെ പ്രവേശിപ്പിക്കുന്നതുമാകുന്നു.അല്ലാഹുവിങ്കൽ നിന്നും ഒരു പ്രതിഫലമായി;അല്ലാഹുവിങ്കലത്രെ ഏറ്റവും ഉത്തമമായ പ്രതിഫലം.

196. സത്യനിഷേധികൾ നാടുകളിലെങ്ങും വിളയാട്ടം നടത്തുന്നത് നിന്നെ വഞ്ചിതനാക്കാതിരിക്കട്ടെ.

197. അവരുടേത് തുഛമായ ഒരു സഖാനുഭവം മാത്രമാകുന്നു. പിന്നീട് അവർക്കുള്ള സങ്കേതം നരകമത്രെ. എത്ര ദുഷ്ടമായ വാസസ്ഥലം.

198. എന്നാൽ തങ്ങളുടെ നാഥനോട് ഭക്തിപുലർത്തിയവരോ, അവർക്കായി താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളുണ്ട്.അവരതിൽ നിത്യവാസികളാകുന്നു. അല്ലാഹുവിങ്കൽനിന്നുള്ള ആതിഥ്യമാണത്. അല്ലാഹുവിങ്കലുള്ളതെന്തോ, അതാണ് സജ്ജനങ്ങൾക്ക് ഏറ്റം വിശിഷ്ടമായിട്ടുള്ളത്.

---

196-198: ഐഹികജീവിതത്തിലെ സുഖസൗകര്യങ്ങളൊന്നും അല്ലാഹുവിൻെറ പ്രീതിയുടെയും സ്നേഹത്തിൻെറയും ലക്ഷണമല്ല. അതുകൊണ്ട് സത്യനിഷേധികൾ ഇഹലോകത്ത് ഇഷ്ടാനുസാരം സ്വൈരവിഹാരം കൊള്ളുന്നതും സുഖജീവിതം നയിക്കുന്നതും കണ്ട് ആരും അതിൽ വഞ്ചിതരാവേണ്ടതില്ല. ഐഹിക വിഭവങ്ങളെല്ലാം കേവലം തുഛവും താൽക്കാലികവും മാത്രമാകുന്നു. അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുന്നവർക്ക്, അവരുടെ സ്ഥിതി ഇഹലോകത്ത് എങ്ങനെയായിരുന്നാലും ശരി, അല്ലാഹുവിൻെറ സന്നിധിയിൽ അനുഗ്രഹീതമായ സ്വർഗമാണ് അവൻ അവർക്ക് സൽക്കാരമായി ഒരുക്കിവെച്ചിരിക്കുന്നത്.

---

199. തീർച്ചയായും വേദക്കാരിൽ ഒരു വിഭാഗമുണ്ട്. അല്ലാഹുവിലും നിങ്ങൾക്കവതരിച്ച വേദത്തിലും അതിനുമുമ്പ് അവർക്കവതരിച്ച വേദത്തിലും വിശ്വസിക്കുന്നവരാണവർ. അല്ലാഹുവിനോട് ഭയഭക്തിയോടെ വർത്തിക്കുന്നവർ. അല്ലാഹുവിൻെറ സൂക്തങ്ങളെ അവർ തുഛവിലയ്ക്ക് വിൽക്കുകയില്ല. അവരുടെ നാഥങ്കൽ അവർക്ക് പ്രതിഫലമുണ്ട്. തീർച്ചയായും അല്ലാഹു അതിവേഗം കണക്കുനോക്കുന്നവനാകുന്നു.

200. അല്ലയോ സത്യവിശ്വാസികളേ, ക്ഷമ കൈക്കൊള്ളുവിൻ. സഹനത്തിൽ മുന്നിട്ടു നിൽക്കുവിൻ. സത്യസേവനത്തിന് സന്നദ്ധരായിരിക്കുകയും ചെയ്യുക. അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുവിൻ. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

---

*****

# അധ്യായം 4

## അന്നിസാഅ് (സ്ത്രീകൾ)

**അവതരണം മദീനയിൽ, വചനങ്ങൾ 176.**

### ആമുഖം

സ്ത്രീകളുമായി ബന്ധപ്പെട്ട പല ഉപദേശങ്ങളും നിയമങ്ങളും ഈ അധ്യായം ഉൾക്കൊള്ളുന്നതുകൊണ്ടാണ് ഇതിന് 'അന്നിസാഅ്'(സ്ത്രീകൾ)എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഉഹുദ് യുദ്ധ കാലഘട്ടത്തിലാണ് ഈ അധ്യായത്തിലെ പല സൂക്തങ്ങളും അവതരിച്ചതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഉഹുദ് യുദ്ധാനന്തരമുണ്ടായ പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരനിർദേശങ്ങളും നിയമങ്ങളും ഈ അധ്യായം ഉൾക്കൊള്ളുന്നു.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അല്ലയോ മനുഷ്യരേ, ഒരൊറ്റ ആത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും, അതിൽനിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും (ഭൂമിയിൽ)പരത്തുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ഭയപ്പെടുവിൻ. യാതൊരുവന്റെ പേരിൽ നിങ്ങൾ (അവകാശങ്ങൾ) ചോദിച്ചു കൊണ്ടിരിക്കുന്നുവോ, ആ അല്ലാഹുവിനെയും കുടുംബബന്ധങ്ങളെയും നിങ്ങൾ സൂക്ഷിക്കുവിൻ. തീർച്ചയായും അല്ലാഹു നിങ്ങളെ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

1: മനുഷ്യവർഗത്തിന്റെ ഉത്ഭവ ചരിത്രമാണ് ഇവിടെ ഓർമ്മിപ്പിക്കുന്നത്. ആദിപിതാവായ ആദമിനെ മണ്ണിൽ നിന്നാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് ഖുർആൻ (3:59)-ലും മറ്റും വ്യക്തമാക്കിയിരിക്കുന്നു. അതേ ആത്മാവിൽനിന്നുതന്നെ അതിന്റെ ഇണയേയും സൃഷ്ടിച്ചു എന്ന് ഖുർആൻ പ്രസ്താവിക്കുന്നു. എന്നാൽ ആ സൃഷ്ടിപ്രക്രിയ ഖുർആൻ വിശദീകരിക്കുന്നില്ല. ഇണ എന്നതുകൊണ്ടുദ്ദേശ്യം മനുഷ്യകുലത്തിന്റെ ആദിമാതാവായ ഹവ്വാ ആകുന്നു.

ആദമിന്റെ സന്തതികൾ എന്ന നിലയിൽ എല്ലാ മനുഷ്യരും ഒരേ കുടുംബത്തിലെ അംഗങ്ങളാകുന്നു. ലോകത്തിലെ എല്ലാ മനുഷ്യരും ഏകനായ അല്ലാഹുവിന്റെ സൃഷ്ടികളും ആദമിന്റെ മക്കളുമാകുന്നു. അതുകൊണ്ട് മനുഷ്യർക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള അധമത്വമോ ശ്രേഷ്ഠതയോ ഉണ്ടെന്ന സങ്കൽപം അടിസ്ഥാനരഹിതമാകുന്നു.

മനുഷ്യരെ സൃഷ്ടിച്ചു വളർത്തിക്കൊണ്ടുവരുന്നത് അല്ലാഹുവാണെന്ന് അവർക്കറിയാവുന്നതുകൊണ്ടാണല്ലോ അവനെ മുൻനിറുത്തി പരസ്പരം പലതും അവർ ആവശ്യപ്പെടുന്നത്. അതുകൊണ്ട് ആ അല്ലാഹുവിനെ സൂക്ഷിക്കുക എന്നത് മനുഷ്യന്റെ പ്രകൃത്യായുള്ള കടമയാകുന്നു. അല്ലാഹുവിനുശേഷം മനുഷ്യൻ സൂക്ഷിക്കാനും ആദരിക്കാനും കൽപിക്കപ്പെട്ടിട്ടുള്ള കാര്യം കുടുംബബന്ധവും ബന്ധുക്കളുടെ അവകാശവുമാണ്.മനുഷ്യർക്ക് തന്റെ സ്രഷ്ടാവായ അല്ലാഹുവിനുശേഷം ഏറ്റവും അധികം കടപ്പാടുള്ളത് തങ്ങളുടെ മാതാപിതാക്കളോടാകുന്നു. കുടുംബബന്ധത്തിന്റെ മഹത്വത്തെയും വിശുദ്ധിയെയുമാണ് അത് സൂചിപ്പിക്കുന്നത്.

---

2. അനാഥകളുടെ മുതൽ നിങ്ങൾ അവർക്ക് ഏൽപിച്ചുകൊടുക്കേണ്ടതാകുന്നു.നല്ലതിനുപകരം ദുഷിച്ചത് നിങ്ങൾ മാറ്റിയെടുക്കരുത്. നിങ്ങൾ അവരുടെ മുതൽ സ്വന്തം മുതലിനോട് ചേർത്ത് തിന്നുകയും അരുത്. തീർച്ചയായും അത് മഹാപാപമാകുന്നു.

2:അനാഥർക്ക് പ്രായപൂർത്തിയാവുകയും അവർ സ്വന്തം കാര്യം നോക്കാൻ പ്രാപ്തരാവുകയും ചെയ്താൽ അവരുടെ ധനം യാതൊരു വീഴ്ചയും കൂടാതെ അവർക്ക് ഏൽപിച്ചുകൊടുക്കേണ്ടതാകുന്നു. അനാഥകളുടെ നല്ല ധനം ഇങ്ങോട്ടെടുത്ത് പകരം ചീത്ത മുതൽ അങ്ങോട്ട് കൊടുക്കുകയും അരുത്.

3. അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതിപാലിക്കാനാവില്ലെന്ന് ആശങ്കിക്കുന്നപക്ഷം, നിങ്ങൾക്ക് ഇഷ്ടപ്പെട്ട (മറ്റു) സ്ത്രീകളിൽനിന്ന് രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (ഭാര്യമാർക്കിടയിൽ) നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ആശങ്കിക്കുന്നുവെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക). അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള സ്ത്രീകളെ(ഭാര്യമാരാക്കുക). നിങ്ങൾ പരിധിലംഘിക്കുന്നവരാകാതിരിക്കാൻ അതാണ് ഏറ്റം നല്ലത്.

3: ഈ വചനത്തിന് ഖുർആൻ വ്യാഖ്യാതാക്കൾ പല വ്യാഖ്യാനങ്ങളും നൽകിക്കാണുന്നുണ്ട്. സമൂഹത്തിൽ അനാഥകളുടെയും സ്ത്രീകളുടെയും സംരക്ഷണം ഉറപ്പുവരുത്തണമെന്നും അവർ ഒരു വിധത്തിലും ചൂഷണം ചെയ്യപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യാവതല്ലെന്നും ഈ വചനം നിർദേശിക്കുന്നു. ഈ സൂക്തം ബഹുഭാര്യത്വത്തെ സോപാധികമായി അനുവദിച്ചിരിക്കുന്നു. ഒരേ അവസരത്തിൽ നാലു ഭാര്യമാരിൽ കൂടുതൽ വെച്ചുകൊണ്ടിരിക്കാൻ പാടില്ലെന്ന കാര്യത്തിലും പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. ഇസ്‌ലാമിനുമുമ്പ് പത്തും അതിൽ കൂടുതലും സ്ത്രീകളെ വിവാഹം ചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു.ഈ വാക്യം മുഖേന ഇസ്‌ലാം ഭാര്യമാരുടെ എണ്ണം നാലിൽ ക്ലിപ്തപ്പെടുത്തി. ഈ സൂക്തം അവതരിച്ചശേഷം ബഹുഭാര്യത്വം സ്വീകരിച്ച പുരുഷന്മാരിൽ, നാലിൽ കൂടുതലുള്ള ഭാര്യമാരെ മോചിപ്പിക്കുവാൻ നബിതിരുമേനി(സ) കൽപിച്ചതായി പ്രബലമായ പ്രവാചക വചനങ്ങളിൽ വന്നിരിക്കുന്നു. ഒന്നിലധികം പേരെ ഭാര്യമാരാക്കുമ്പോൾ അവർക്കിടയിൽ തുല്യനീതി പാലിക്കാൻ കഴിയുമെന്ന് സ്വയം ബോധ്യമുണ്ടായിരിക്കണം. അതില്ലെങ്കിൽ ഒരു സ്ത്രീയെ മാത്രമേ ഭാര്യയായി സ്വീകരിക്കാവൂ. നീതി പാലിക്കണമെന്ന വ്യവസ്ഥ പൂർത്തീകരിക്കാത്ത വിധത്തിൽ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നത് ഇസ്‌ലാമിന്റെ ആനുകൂല്യത്തെ ദുരുപയോഗപ്പെടുത്തലും അല്ലാഹുവിനെ വഞ്ചിക്കലുമാണ്. ഒന്നിലധികം വിവാഹം ചെയ്ത ഒരുവൻ കണക്കിലധികം ഒരുത്തിയിലേക്ക് തൂങ്ങിയാൽ അന്ത്യനാളിൽ അയാൾ പക്ഷം തളർന്ന് വരുമെന്ന് പ്രവാചകൻ(സ) താക്കീത് ചെയ്തിട്ടുണ്ട്.

സ്വസ്ഥവും ഭദ്രവുമായ കുടുംബജീവിതത്തിന് ഇസ്‌ലാം നൽകിയ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ഒരു പുരുഷന് ഒരു സ്ത്രീ എന്നതാണ് സ്വാഭാവിക നീതിയുടെ താൽപര്യം. ദമ്പതികൾക്കിടയിൽ പരസ്പര വിശ്വാസവും മൈത്രിയും ഐക്യവും സഹകരണ സന്നദ്ധതയും നിലനിർത്താൻ കഴിയുന്നതും ഒരു പുരുഷന് ഒരു സ്ത്രീ എന്ന അവസ്ഥയിലാണ്. എങ്കിലും സമൂഹങ്ങളുടെയും വ്യക്തികളുടെയും ജീവിതത്തിൽ ബഹുഭാര്യത്വം അനിവാര്യമാകുന്ന ഘട്ടങ്ങളുണ്ടാകും. അതിനാൽ ബഹുഭാര്യത്വം ഇസ്‌ലാം നിരോധിച്ചിട്ടില്ല.

മൊത്തം സ്ത്രീവിഭാഗത്തിന്റെ ക്ഷേമവും സുരക്ഷിതത്വവുമാണ് ബഹുഭാര്യത്വം അനുവദിച്ചതിലൂടെ ഇസ്‌ലാമിക ശരീഅത്ത് ദീക്ഷിച്ചിട്ടുള്ളത്. അനാഥരെപ്പോലെ സമൂഹത്തിലെ അവശവിഭാഗമായ സ്ത്രീകളും പരിരക്ഷിക്കപ്പെടേണം എന്ന ആശയത്തിന്റെ പ്രായോഗികരീതികളുടെ ഭാഗമായിട്ടാണ് ഖുർആൻ ബഹുഭാര്യത്വം അനുവദിച്ചിരിക്കുന്നത്. എന്നാൽ ഇതിലെ അനുവാദത്തെ മാത്രം സ്വീകരിക്കുകയും അതേ സൂക്തത്തിൽതന്നെ അതിനു നിശ്ചയിച്ച ഉപാധി തീരെ അവഗണിക്കുകയും ചെയ്ത് ഭാര്യയും കുട്ടികളുമുള്ള സമ്പന്നർ വീണ്ടും വീണ്ടും വിവാഹങ്ങൾ ചെയ്യുന്നത് കുടുംബജീവിതത്തിൽ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.അങ്ങനെ സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി നൽകിയ ഒരു നിയമം അവരുടെ മർദനോപകരണമായിരിക്കുകയാണ്. ബഹുഭാര്യത്വത്തിന്റെ ദുരുപയോഗം മൂലം കണ്ണീരു കുടിക്കുന്ന പല സ്ത്രീകളും ഇന്ന് സമുദായത്തിലുണ്ട്.

4. സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യം നിങ്ങൾ സന്മനസ്സോടെ കൊടുക്കുകയും ചെയ്യുവിൻ. ഇനി അതിൽനിന്ന് എന്തെങ്കിലും അവർ നല്ല മനസ്സോടെ വിട്ടുതരികയാണെങ്കിൽ ആയതു സസന്തോഷം നിങ്ങൾ ഭുജിച്ചുകൊള്ളുവിൻ.

4: വരൻ വധുവിന് നിർബന്ധമായി കൊടുക്കേണ്ട സമ്മാനമാണ് മഹ്ർ(വിവാഹമൂല്യം). മഹ്ർ സ്ത്രീകളുടെ അവകാശമാണ്. വധുവിന് ലഭിക്കുന്ന വിവാഹമൂല്യം അവർക്കുതന്നെ അവകാശപ്പെട്ടതാണ്. എന്നാൽ അവർ സ്വന്തം നിലയ്ക്ക് തങ്ങളുടെ വിവാഹമൂല്യം പൂർണമായോ ഭാഗികമായോ വിട്ടുകൊടുക്കുകയാണെങ്കിൽ അത് മടികൂടാതെ പുരുഷന്മാർക്ക് സ്വീകരിക്കാവുന്നതാണ്.

5. അല്ലാഹു നിങ്ങളുടെ നിലനിൽപിന് ആധാരമാക്കിവെച്ചിട്ടുള്ള സമ്പത്ത് വിവേചനശക്തിയില്ലാത്തവർക്ക് വിട്ടുകൊടുക്കരുത്. എന്നാൽ അവർക്ക് അതിൽനിന്ന് ആഹാരം കൊടുക്കുകയും വസ്ത്രം കൊടുക്കുകയും അവരോട് നല്ല വാക്ക് പറയുകയും ചെയ്യുക.

5: മനുഷ്യരുടെ നിലനിൽപിൻെറയും ക്ഷേമത്തിൻെറയും അടിസ്ഥാനോപാധിയാണ് സമ്പത്ത്. അതിനാൽ സമ്പത്ത് കൈകാര്യം ചെയ്യാൻ വിവേകമില്ലാത്ത മന്ദബുദ്ധികളെയും മനോരോഗികളെയും അത് ഏൽപിക്കരുത്. ധനത്തിൻെറ ഉടമാവകാശം അവർക്കാണെങ്കിലും മന്ദബുദ്ധികളുടെ ധനം അവർക്ക് വിട്ടുകൊടുക്കരുത് എന്നാണ് ഉദ്ദേശ്യം. അവരുടെ ജീവിതാവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കേണ്ടതുമാകുന്നു.

6. വിവാഹപ്രായമാകുംവരെ അനാഥകളെ നിങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുക.അങ്ങനെ അവർ കാര്യപ്രാപ്തി കൈവരിച്ചതായി കണ്ടാൽ അവരുടെ ധനം അവർക്ക് ഏൽപിച്ചു കൊടുക്കുക.അവർ വളർന്നുവലുതാവുകയാണല്ലോ എന്നു കരുതി നിങ്ങളത് ധൂർത്തായും ധൃതിയായും തിന്നുകൂടാത്തതാകുന്നു.ഇനി(അനാഥരുടെ ധനം കൈകാര്യം ചെയ്യുന്ന) വല്ലവനും സമ്പന്നനാണെങ്കിൽ അതിൽ നിന്ന്(ഒന്നും കൈപറ്റാതെ) മാന്യത പുലർത്തട്ടെ. വല്ലവനും ദരിദ്രനാണെങ്കിലോ, അതിൽനിന്നും ന്യായമായി മാത്രം അയാൾ ആഹരിച്ചുകൊള്ളട്ടെ. അവരുടെ ധനം അവരെ തിരിച്ചേൽപിക്കുമ്പോൾ നിങ്ങൾ അതിന് സാക്ഷിനിർത്തേണ്ടതുമാണ്. കണക്കു നോക്കാൻ എത്രയും മതിയായവനത്രെ അല്ലാഹു.

7. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് വിഹിതമുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ സ്ത്രീകൾക്കും വിഹിതമുണ്ട്. (ആ ധനം) കുറവായാലും കൂടുതലായാലും ശരി. ഈ വിഹിതം (അല്ലാഹുവിനാൽ) നിർണയിക്കപ്പെട്ടതാകുന്നു.

7:ഖുർആൻ അവതരിക്കുന്ന കാലത്ത് അറബികൾക്കിടയിൽ ചില അനന്തരാവകാശ സമ്പ്രദായങ്ങൾ നിലവിലുണ്ടായിരുന്നു.എന്നാൽ മരണപ്പെടുന്ന ഉറ്റവരുടെയും ഉടയവരുടെയും സ്വത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും അവകാശമുണ്ടായിരുന്നില്ല.

അനന്തരാവകാശ ക്രമത്തിൻെറ അടിസ്ഥാന തത്വങ്ങളായി ഈ വചനം ഉൾക്കൊള്ളുന്ന നിയമങ്ങൾ ഇവയാകുന്നു:

1- അനന്തരാവകാശ സ്വത്തിൽ പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും അവകാശമുണ്ട്.

2- സ്വത്തുടമ മരണപ്പെടുമ്പോൾ ബാക്കിയായി അവശേഷിക്കുന്ന ധനത്തിനു മാത്രമാണ് അനന്തരവകാശ നിയമം ബാധകമാകുന്നത്. മരണപ്പെട്ടവൻെറ കടവും നിയമാനുസൃതമായ വസിയ്യത്തും കഴിച്ചു ബാക്കി മാത്രമേ അവകാശികൾക്കുള്ളു.

3- ദായധനം എത്ര തുഛമായാലും വിഭജിക്കപ്പെടണം. മരിച്ച ആൾ ഒരുടുപ്പ് മാത്രമാണ് ശേഷിപ്പിച്ചിട്ടുള്ളുവെങ്കിൽ അതും അവകാശികൾക്കിടയിൽ വിഭജിക്കപ്പെടണമെന്നാണ് കർമ്മശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായം.

4- മരണപ്പെട്ട ആളുടെ മക്കളോ അടുത്ത കുടുംബങ്ങളോ ആയിരിക്കുക എന്നതാണ് അനന്തരാവകാശത്തിൻെറ അടിസ്ഥാനമാനദണ്ഡം.പരേതനോട് ഏറ്റം അടുത്തുനിൽക്കുന്നവർക്കാണ് ദായധനം ലഭിക്കുക. ഉദാഹരണമായി പിതാവിൻെറ സാന്നിധ്യത്തിൽ പിതാമഹനും പുത്രൻെറ സാന്നിധ്യത്തിൽ പൗത്രനും ദായധനം ലഭിക്കുകയില്ല.

5- ഓരോ അവകാശിക്കുമുള്ള ഓഹരി അല്ലാഹു നിര്‍ണയിച്ചുകഴിഞ്ഞിട്ടുണ്ട്. അല്ലാഹു നിശ്ചയിച്ച ഓഹരി അവകാശികള്‍ക്ക് വകവെച്ചുകൊടുക്കല്‍ നിര്‍ബന്ധമാണ്.

---

8. ഓഹരി വെക്കുമ്പോള്‍ ബന്ധുക്കളും അനാഥരും അഗതികളും സന്നിഹിതരായാല്‍ അതില്‍ നിന്നു അവര്‍ക്കും എന്തെങ്കിലും കൊടുക്കുകയും അവരോട് നല്ലവാക്ക് പറയുകയും ചെയ്യുക.

---

8: അനന്തര സ്വത്ത് ഭാഗിക്കുന്നിടത്ത് ദായധനത്തിന്റെ നിയമപരമായ അവകാശികളല്ലാത്ത അടുത്ത വരോ അകന്നവരോ ആയ മറ്റു ബന്ധുക്കളും കുടുംബത്തിലെ ദരിദ്രരും അഗതികളും അനാഥകളും സന്നിഹിതരായാല്‍ അവര്‍ക്കും വല്ലതുമൊക്കെ കൊടുക്കണമെന്നാണ് അവകാശികളോട് കല്‍പിക്കുന്നത്.

---

9. തങ്ങള്‍ക്കു പിറകെ ദുര്‍ബലരായ മക്കളെ വിട്ടേച്ചുപോയാല്‍ (അവരുടെ ഗതിയെന്താകുമെന്ന്) ഭയപ്പെടുന്നവര്‍ (അതുപോലെ മറ്റുള്ളവരുടെ മക്കളുടെ കാര്യത്തിലും) ഭയപ്പെടട്ടെ. അവര്‍ അല്ലാഹുവെ സൂക്ഷിക്കുകയും നല്ല വാക്ക് പറയുകയും ചെയ്യട്ടെ.

10. തീര്‍ച്ചയായും അനാഥരുടെ മുതലുകള്‍ അന്യായമായി തിന്നുന്നവര്‍ അവരുടെ വയറുകളില്‍ തിന്നു(നിറക്കു)ന്നത് തീ മാത്രമാകുന്നു. അവര്‍ നരകത്തില്‍ വേവുകതന്നെ ചെയ്യും.

---

10:അനാഥകളുടെ ധനം ന്യായമല്ലാത്ത രൂപത്തില്‍ കവര്‍ന്നെടുക്കുന്നവര്‍ക്കുള്ള ഗുരുതരമായൊരു താക്കീതാണിത്. ഏഴു മഹാപാപങ്ങള്‍ നബി(സ) വിവരിച്ച കൂട്ടത്തില്‍ എണ്ണിയ ഒന്നാണിത്.

---

11. നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തില്‍ അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു: പുരുഷന് രണ്ടു സ്ത്രീകളുടെ വിഹിതത്തിനു തുല്യമായ ഓഹരിയാണുള്ളത്. ഇനി രണ്ടിലധികം പെണ്മക്കളാണെങ്കില്‍ (പരേതന്‍)വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നില്‍ രണ്ടുഭാഗമാണ് അവര്‍ക്കുള്ളത്. ഒരു പുത്രി മാത്രമേയുള്ളുവെങ്കില്‍ പകുതിയാണ് അവള്‍ക്കുള്ളത്. അയാള്‍ക്ക് (പരേതന്)സന്താനമുണ്ടെങ്കില്‍ അയാളുടെ മാതാപിതാക്കളിലോരോരുത്തര്‍ക്കും ദായധനത്തിന്റെ ആറിലൊന്നുവീതം ഉണ്ടായിരിക്കും. ഇനി അയാള്‍ക്ക് സന്താനമില്ലാതിരിക്കുകയും മാതാപിതാക്കള്‍ (മാത്രം) അയാളുടെ അനന്തരാവകാശികളായിരിക്കയുമാണെങ്കില്‍ അയാളുടെ മാതാവിന് മൂന്നിലൊരുഭാഗം ഉണ്ടായിരിക്കും. ഇനി അയാള്‍ക്ക്(പരേതന്) സഹോദരങ്ങളുണ്ടെങ്കില്‍ മാതാവിന് ആറിലൊന്ന് ഉണ്ടായിരിക്കും. (ഈ വിഹിതങ്ങളെല്ലാം നല്‍കേണ്ടത്) പരേതന്‍ ചെയ്തിട്ടുള്ള വസ്വിയ്യത്തുകള്‍കും കടങ്ങള്‍ക്കും ശേഷമാകുന്നു. നിങ്ങളുടെ പിതാക്കളോ നിങ്ങളുടെ മക്കളോ, പ്രയോജനത്താല്‍ നിങ്ങളോട് ഏറ്റം അടുത്തവരെന്ന് നിങ്ങള്‍ അറിയില്ല. അല്ലാഹുവിങ്കല്‍ നിന്നുള്ള (ഓഹരി) നിര്‍ണയമാണിത്. തീര്‍ച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

---

11: മക്കളുടെയും മാതാപിതാക്കളുടെയും അനന്തരാവകാശവിഹിതങ്ങളാണ് ഈ സൂക്തം നിര്‍ണയിക്കുന്നത്. പരേതന് വല്ല കടബാധ്യതയുമുണ്ടെങ്കില്‍ അയാള്‍ വിട്ടേച്ചുപോയ സ്വത്തില്‍നിന്ന് ആദ്യമായി കടം വീട്ടണം. വസ്വിയ്യത്തിനു മുമ്പ് കടം തീര്‍ത്തുകൊള്ളണമെന്ന് നബി(സ) വിധിച്ചിരിക്കുന്നു. ആകെ സ്വത്തിന്റെ മൂന്നിലൊന്നു മാത്രമെ ആര്‍ക്കെങ്കിലും വസ്വിയ്യത്ത് മുഖേന നല്‍കാന്‍ പാടുള്ളൂ. പിന്തുടര്‍ച്ചാവകാശ നിയമപ്രകാരം അനന്തര സ്വത്തില്‍ ഓഹരിയില്ലാത്ത ബന്ധുക്കളില്‍ സഹായത്തിനര്‍ഹരായിക്കാണുന്ന വ്യക്തികള്‍ക്ക് യുകതം പോലെ വസ്വിയ്യത്ത് ചെയ്യാവുന്നതാണ്. ഉദാഹരണമായി, അനാഥയായ പൗത്രനോ പൗത്രിയോ, കഷ്ടപ്പാടില്‍ കഴിഞ്ഞുകൂടുന്ന പുത്രന്റെ വിധവയോ, അല്ലെങ്കില്‍ വല്ല സഹോദരനോ സഹോദരിയോ, സഹോദരന്റെ പത്നിയോ പുത്രനോ മറ്റോ സഹായാവശ്യക്കാരായി കാണുന്ന പക്ഷം അവര്‍ക്ക് വസ്വിയ്യത്ത് വഴി ഓഹരി നിശ്ചയിക്കാവുന്നതാണ്. ഇത്തരത്തിലുള്ള അവശന്മാരാരും ബന്ധുജനങ്ങളിലില്ലെങ്കില്‍, അര്‍ഹരായ മറ്റുള്ളവര്‍ക്കോ ജനക്ഷേമ പ്രവര്‍ത്തന

ത്തിനോ വിനിയോഗിക്കേണ്ടതിനായി വസ്വിയ്യത്ത് ചെയ്യാവുന്നതാണ്. അനന്തരാവകാശികൾക്ക് വസ്വിയ്യത്ത് പാടില്ലെന്ന് നബി(സ) പ്രത്യേകം കൽപിച്ചിരിക്കുന്നു.
വസ്വിയ്യത്ത്, അർഹരായ ബന്ധുക്കളുടെ അവകാശങ്ങൾ നഷ്ടപ്പെടുത്തുന്ന തരത്തിലായിരിക്കരുത്. വസ്വിയ്യത്തുകൊണ്ട് അവകാശികൾക്ക് നഷ്ടമേൽപിക്കുന്നത് വൻപാപങ്ങളിൽപെട്ടതാണെന്ന് തിരുവചനത്തിലുണ്ട്. മറ്റൊരു പ്രവാചക വചനം ഇപ്രകാരമാണ്. 'മനുഷ്യൻ ആയുഷ്ക്കാലം മുഴുവൻ സ്വർഗത്തിനുവേണ്ടി പ്രവർത്തിക്കും. പക്ഷേ, മരണവേളയിൽ വിദ്രോഹകരമായ വസ്വിയ്യത്ത് വഴി തന്നെ നരകപാതകിയാക്കിത്തീർക്കുന്ന ഒരുകർമ്മംകൊണ്ടു ജീവിതറിക്കാർഡ് അവസാനിപ്പിക്കുകയും ചെയ്യും'.
നിയമപരമായ അനന്തരാവകാശികൾക്കുള്ള ഓഹരികൾ അല്ലാഹു നേരിട്ട് നിശ്ചയിച്ചതാണ്. അതായത് നിയമപരമായ അവകാശികൾക്കുള്ള വിഹിതം അല്ലാഹു അവർക്ക് വസ്വിയ്യത്ത് ചെയ്തിട്ടുള്ളതാണ്. സ്വത്തുടമകളോ അവകാശികളോ ഈ വസ്വിയ്യത്ത് ലംഘിക്കാവതല്ല. ഇസ്ലാമിനു മുമ്പ് സ്ത്രീകൾക്ക് അനന്തരാവകാശം തീരെ അനുവദിക്കപ്പെട്ടിരുന്നില്ല. ഇസ്ലാം സ്ത്രീക്ക് അനന്തരാവകാശം സ്ഥിരപ്പെടുത്തുകയും അത് പുരുഷൻെറ പകുതിയായി നിശ്ചയിക്കുകയും ചെയ്തു. സ്ത്രീയുടെയും പുരുഷൻെറയും സാമ്പത്തിക ബാധ്യതകൾ തമ്മിലുള്ള അന്തരം പരിഗണിച്ചാണ് സ്ത്രീക്ക് പുരുഷവിഹിതത്തിൻെറ പകുതിയായി നിശ്ചയിച്ചത്.ഇസ്ലാമിക സാമൂഹികക്രമത്തിൽ സ്ത്രീക്ക് ആരോടും സാമ്പത്തിക ബാധ്യതയില്ല. സ്ത്രീ തനിക്കോ മക്കൾക്കോ ജീവനാംശം നല്കാൻപോലും ബാധ്യസ്ഥയല്ല. സ്ത്രീകളുടെ സാഹചര്യമനുസരിച്ച്, പിതാവ്, ഭർത്താവ്, സഹോദരന്മാർ, മക്കൾ ഇവരിലാരെങ്കിലുമാണ് സ്ത്രീകളുടെ സ്വന്തം ജീവിതച്ചെലവുകൾ വഹിക്കേണ്ടത്. അവൾ പ്രസവിക്കുന്ന കുട്ടികളുടെ ചെലവ് നടത്തേണ്ടത് അവരുടെ പിതാവാണ്. കുടുംബത്തിൻെറ രക്ഷിതാവും സ്ത്രീയുടെ നാഥനും പുരുഷനാണ്. കുടുംബത്തിൻെറ സാമ്പത്തിക ബാധ്യതകൾ നിർവഹിക്കേണ്ട ഉത്തരവാദിത്വം പൂർണമായും പുരുഷനിലാണ്. വിവാഹത്തിലൂടെ പുരുഷൻ ഭാര്യയുടെ ജീവിതച്ചെലവും കൂടെ ഏറ്റെടുത്ത് സാമ്പത്തിക ബാധ്യത വർധിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ദായധനാവകാശത്തിൽ പുരുഷന് കൂടുതൽ വിഹിതം നിശ്ചയിച്ചിട്ടുള്ളത്.

---

12. നിങ്ങളുടെ ഭാര്യമാർ വിട്ടുപോയതിൻെറ പകുതി നിങ്ങൾക്കുള്ളതാകുന്നു- അവർക്ക് മക്കളില്ലെങ്കിൽ. അഥവാ അവർക്ക് മക്കളുണ്ടെങ്കിൽ അവർ വിട്ടേച്ചുപോയതിൻെറ നാലിലൊന്നാണ് നിങ്ങൾക്കുണ്ടാവുക- അവരുടെ വസ്വിയ്യത്തുകൾ പൂർത്തീകരിക്കുകയും കടങ്ങൾ വീട്ടുകയും ചെയ്തശേഷം. നിങ്ങൾ വിട്ടുപോയ സ്വത്തിൽ നാലിലൊന്ന് അവർക്കുള്ളതാണ്- നിങ്ങൾക്ക് മക്കളില്ലെങ്കിൽ. നിങ്ങൾക്ക് മക്കളുണ്ടെങ്കിലോ, അവരുടെ വിഹിതം നിങ്ങൾ വിട്ടുപോയതിൻെറ എട്ടിലൊന്നാകുന്നു. നിങ്ങളുടെ വസ്വിയ്യത്തും കടവും കഴിച്ച ശേഷം. മരിച്ചത് പിതാവോ മക്കളോ ജീവിച്ചിരിപ്പില്ലാത്തവനും ഉറ്റവരായി ഒരു സഹോദരനോ സഹോദരിയോ ഉള്ളവനുമായ സ്ത്രീയോ പുരുഷനോ ആണെങ്കിൽ അവരിലോരോരുത്തർക്കും അയാളുടെ സ്വത്തിൽ ആറിലൊന്നിന്നവകാശമുണ്ട്. സഹോദര സഹോദരികൾ ഒന്നിലധികം പേരുണ്ടെങ്കിൽ അവരെല്ലാവരും അയാളുടെ സ്വത്തിൻെറ മൂന്നിലൊന്നിൽ പങ്കാളികളായിരിക്കും. ദ്രോഹകരമല്ലാത്ത വസ്വിയ്യത്തും കടവും കഴിച്ച്. ഇതൊക്കെയും അല്ലാഹുവിങ്കൽനിന്നുള്ള വസ്വിയ്യത്താകുന്നു. അല്ലാഹു സർവ്വജ്ഞനും ഏറെ ക്ഷമിക്കുന്നവനുമത്രെ.

---

12: ഭാര്യാഭർത്താക്കന്മാരുടെയും, മാതാവിൻെറ ഭാഗത്തിൽകൂടിയുള്ള സഹോദരസഹോദരിമാരുടെയും അനന്തരാവകാശവിഹിതമാണ് ഈ സൂക്തം വിവരിക്കുന്നത്.

---

13. ഇവയെല്ലാം അല്ലാഹു നിശ്ചയിച്ച പരിധികളാകുന്നു. അല്ലാഹുവിനെയും അവൻെറ ദൂതനെയും അനുസരിക്കുന്നവരാരോ, അവരെ താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം.

14. ആർ അല്ലാഹുവിനെയും അവൻെറ ദൂതനെയും ധിക്കരിക്കുകയും അവൻെറ പരിധികളെ മറികടക്കുകയും ചെയ്യുന്നുവോ, അവനെ അല്ലാഹു നരകത്തിൽ പ്രവേശിപ്പിക്കുന്നതാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ്‌ അവന്നുള്ളത്‌.

13,14: അല്ലാഹുവിൻെറ നിയമപരിധികൾ ലംഘിക്കുകയും മറികടക്കുകയും ചെയ്യുന്നവർക്കുള്ള ഭയാനകമായ ഒരു താക്കീതാണിത്‌. അവൻെറ നിയമപരിധികൾ ലംഘിക്കുന്നവർക്ക്‌ ശാശ്വതമായ നരകശിക്ഷയാണ്‌ ഈ സൂക്തത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്‌. ഇഹലോകത്ത്‌ മറ്റുള്ളവരുടെ അവകാശങ്ങൾ നഷ്ടപ്പെടുത്തുന്നതോടൊപ്പം പരലോകത്ത്‌ ശാശ്വതമായ സ്വർഗത്തിന്മേലുള്ള സ്വന്തം അവകാശവും നഷ്ടപ്പെടുത്തുകയും നിത്യനരകമാകുന്ന മഹാവിപത്തിലേക്ക്‌ സ്വയം കടന്നുചെല്ലുകയുമാണ്‌ അവർ ചെയ്യുന്നത്‌. ഇത്ര ഭയാനകമായ താക്കീതുണ്ടായിട്ടും അല്ലാഹു തൻെറ വിശുദ്ധഗ്രന്ഥത്തിൽ നിർദേശിച്ച നിയമപരിധികൾ പല പ്രദേശങ്ങളിലും മുസ്‌ലിംകൾ ഭേദഗതി ചെയ്യുകയും ദൈവികസീമകൾ അതിലംഘിക്കുകയും ചെയ്തിരിക്കുന്നു. ചില പ്രദേശങ്ങളിൽ 'കൂട്ടുകുടുംബസ്വത്ത്‌' സമ്പ്രദായമാണ്‌ അംഗീകരിച്ചിരിക്കുന്നത്‌. ചിലർ സ്ത്രീക്കും പുരുഷനും തുല്യാവകാശം നിശ്ചയിച്ചിരിക്കുന്നു. മറ്റു ചിലർ സ്ത്രീകൾക്ക്‌ സ്ഥിരമായി അവകാശങ്ങൾ നിഷേധിച്ചിരിക്കുന്നു. ദേഹേഛക്കു വഴിപ്പെട്ട്‌ അല്ലാഹുവിൻെറ നിയമങ്ങൾ ലംഘിക്കുന്നവർ തങ്ങളുടെ ഭൗതികവും പാരത്രികവുമായ ക്ഷേമത്തിനുവേണ്ടി അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകൾ തകർക്കുന്നത്‌ അല്ലാഹുവിനോടുള്ള ധിക്കാരമാകുന്നു.

15. നിങ്ങളുടെ സ്ത്രീകളിൽ അനാശാസ്യനടപടിയിലേർപ്പെടുന്നവർക്കെതിരെ നിങ്ങളിൽ നിന്നുള്ള നാലുപേരെ സാക്ഷികളായി കൊണ്ടുവരിക. നാലുപേർ സാക്ഷ്യം വഹിച്ചുവെങ്കിൽ അവരെ മരണം പിടികൂടുകയോ, അല്ലെങ്കിൽ അല്ലാഹു മറ്റൊരു വഴി അവർക്ക്‌ തുറന്ന്‌ കൊടുക്കുകയോ ചെയ്യുംവരെ വീടുകളിൽ തടഞ്ഞുവെക്കുക.

16. നിങ്ങളിൽ നിന്ന്‌ ഈ ഹീനവൃത്തിയിലേർപ്പെടുന്ന ഇരുവരെയും നിങ്ങൾ പീഡിപ്പിക്കുക. അവരിരുവരും പശ്ചാത്തപിക്കുകയും സ്വയം നന്നാവുകയും ചെയ്താൽ നിങ്ങളവരെ വിട്ടേക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.

15,16: പതിനഞ്ചാം വചനം വ്യഭിചരിക്കുന്ന സ്ത്രീകളെക്കുറിച്ചാണെന്നും ഹീനവൃത്തികൊണ്ടുദ്ദേശ്യം വ്യഭിചാരമാണെന്നുമാകുന്നു ഭൂരിപക്ഷ പണ്ഡിതന്മാരും അംഗീകരിച്ചിട്ടുള്ള അഭിപ്രായം. അവരുടെ കാര്യത്തിൽ അല്ലാഹു മറ്റൊരു നിയമം നൽകുന്നതുവരെ അവരെ വെളിയിൽ വിടരുതെന്ന്‌ അതു നിർദേശിക്കുന്നു.

16-ാം സൂക്തത്തിൽ അത്തരം സ്ത്രീകളോടും പുരുഷന്മാരോടും പൊതുവായി സ്വീകരിക്കേണ്ട സമീപനമാണ്‌ അനുശാസിക്കുന്നത്‌. ഇവിടെ വിവക്ഷ ദുർനടപടികളിലേർപ്പെടുന്ന സ്ത്രീയും പുരുഷനുമാണെന്നാണ്‌ മിക്ക പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്‌. ഇരുവർക്കും പീഡനമേൽപിക്കാനായി അത്‌ നിർദേശിക്കുന്നു. ശല്യപ്പെടുത്തുക, പ്രഹരിക്കുക, നിന്ദിക്കുക തുടങ്ങിയ നടപടികളാണ്‌ അതുകൊണ്ടുദ്ദേശിക്കുന്നതെന്ന്‌ പണ്ഡിതന്മാർ പ്രസ്താവിക്കുന്നു.

അധ്യായം 'അന്നൂറി'ലെ അന്തിമ വിധി വരുംമുമ്പ്‌ വ്യഭിചാരക്കുറ്റത്തിനുള്ള ആദ്യത്തെ ശിക്ഷാവിധി ഇതായിരുന്നു. മദ്യനിരോധവും പലിശനിരോധവും സംബന്ധിച്ച സൂക്തങ്ങൾ പോലെ സമൂഹത്തിൻെറ പാകതയും പക്വതയും പരിഗണിച്ച്‌ ക്രമേണയായി ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുക എന്ന യുക്തിപൂർവകമായ നയമാണ്‌ അല്ലാഹു ഇവിടെയും സ്വീകരിച്ചിട്ടുള്ളത്‌. സദാചാരവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്കെതിരെ ആദ്യം ലഘുവായ ശിക്ഷാനടപടികൾ കൈക്കൊള്ളുകയും, അങ്ങനെ ലൈംഗികമായ വിശുദ്ധിയും സദാചാരബോധവും സംസ്കാരവും സമൂഹത്തിൽ വളർത്തി ഉദ്ദിഷ്ട നിലവാരത്തിലെത്തിച്ചശേഷം വീണ്ടും പരസ്യമായി അത്തരം ദുർനടപ്പുകളിലേർപ്പെടുകയും സമൂഹത്തിൻെറ വിശുദ്ധിയെയും സംസ്കാരത്തെയും കളങ്കപ്പെടുത്തുകയും ചെയ്യുന്നവരെ ആത്യന്തികമായ ശിക്ഷാനടപടികൾക്ക്‌ വിധേയരാക്കുകയാണ്‌ വേണ്ടത്‌.

വ്യഭിചാരത്തിന്റെ പേരിൽ നടപടിയെടുക്കണമെങ്കിൽ, നാലു സാക്ഷികളുടെ മൊഴിയിലൂടെ കുറ്റം തെളിയിക്കപ്പെടേണ്ടതാണെന്ന് പ്രസ്തുത സൂക്തം വ്യക്തമാക്കുന്നു.

17. നിശ്ചയമായും അല്ലാഹു സ്വീകരിക്കാൻ ബാധ്യത ഏറ്റ പശ്ചാത്താപം, അറിവില്ലായ്മ കാരണം ദുഷ്കർമം പ്രവർത്തിക്കുകയും അനന്തരം ഉടനെത്തന്നെ പശ്ചാത്തപിക്കുകയും ചെയ്തവരുടേതു മാത്രമാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

18. പാപകൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും അങ്ങനെ മരണമാസന്നമാകുമ്പോൾ 'ഇപ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു' എന്നു പറയുകയും ചെയ്യുന്നവർക്കുള്ളതല്ല പശ്ചാത്താപം. സത്യനിഷേധികളായി മരണമടയുന്നവർക്കുള്ളതുമല്ല. അങ്ങനെയുള്ളവർക്ക് വേദനയേറിയ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളത്.

17,18: അജ്ഞതമൂലം പാപകർമങ്ങളിലേർപ്പെട്ടുപോവുകയും അതിന്റെ പേരിൽ അല്ലാഹുവിന്റെ അപ്രീതിക്കിരയാകുമല്ലോ എന്നോർത്ത് ദുഃഖിക്കുകയും അതോടൊപ്പം അല്ലാഹുവിനോട് മാപ്പ് തേടുകയും മേലിൽ ആ തെറ്റ് ആവർത്തിക്കുകയില്ലെന്ന് തീരുമാനിക്കുകയും ചെയ്യുകയാണ് യഥാർഥ പശ്ചാത്താപം(തൗബ). ഏതു സജ്ജനങ്ങളും ചില ദുർബലനിമിഷങ്ങളിൽ ദേഹേഛകൾക്കടിമപ്പെട്ട് തെറ്റുകുറ്റങ്ങൾ ചെയ്തുപോകാവുന്നതാണ്. അങ്ങനെ സംഭവിച്ചാൽ പാപത്തെക്കുറിച്ച് ബോധവനായ ഉടനെത്തന്നെ ചെയ്തുപോയ പാപത്തിൽ പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് മാപ്പിരക്കുകയും വേണം. അങ്ങനെയുള്ളവരുടെ പശ്ചാത്താപം സ്വീകരിക്കൽ മാത്രമേ അല്ലാഹുവിന് ബാധ്യയുള്ളു.

ഒരു തിരുവചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'ദൈവദാസൻ മരണവെപ്രാളത്തിലെത്തുന്നതുവരെ അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്.'

''അവർ വല്ല നീചകൃത്യം ചെയ്യുകയോ, തങ്ങളോടു തന്നെ എന്തെങ്കിലും അതിക്രമം കാണിക്കുകയോ ചെയ്താൽ അപ്പോൾ തന്നെ അല്ലാഹുവെ ഓർക്കുന്നവരാണവർ; തങ്ങളുടെ പാപങ്ങൾക്ക് മാപ്പിരക്കുന്നവരും. പാപങ്ങൾ പൊറുക്കാൻ അല്ലാഹുവല്ലാതെ ആരുണ്ട്? അവർ ഒരിക്കലും തങ്ങൾ ചെയ്തുപോയ തെറ്റുകളിൽ ബോധപൂർവം ഉറച്ചു നിൽക്കുകയില്ല.'' (3:135).

19. അല്ലയോ സത്യവിശ്വാസികളേ, സ്ത്രീകളെ ബലാൽക്കാരം അനന്തരാവകാശ സ്വത്തായി എടുക്കുന്നത് നിങ്ങൾക്ക് അനുവദനീയമല്ല. അവർക്ക്(ഭാര്യമാർക്ക്) നിങ്ങൾ നൽകിയിട്ടുള്ളതിൽ (വിവാഹമൂല്യത്തിൽ)നിന്ന് ഒരു ഭാഗം തട്ടിയെടുക്കുന്നതിനുവേണ്ടി നിങ്ങൾ അവരെ ഞെരുക്കുന്നതും അനുവദനീയമല്ല. അവർ വ്യക്തമായ അസാന്മാർഗിക പ്രവൃത്തി ചെയ്യുന്നെങ്കിലല്ലാതെ. അവരോട് നിങ്ങൾ മാന്യമായി സഹവർത്തിക്കേണ്ടതാകുന്നു. നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ, നിങ്ങൾ ഒരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മകൾ നിക്ഷേപിക്കുകയും ചെയ്തെന്നു വരാം.

19: അജ്ഞാനകാലത്ത്, ഭർത്താവിന്റെ മരണശേഷം വിധവയായ സ്ത്രീയെ അയാളുടെ സ്വത്തുക്കളോടൊപ്പം അനന്തരാവകാശികൾ പങ്കിട്ടെടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഭർത്താവ് മരിച്ചാൽ അയാളുടെ അടുത്ത ബന്ധുക്കൾക്ക് അവളുടെ ഇഷ്ടാനിഷ്ടം പരിഗണിക്കാതെ ബലാൽക്കാരം ഭാര്യയാക്കാൻ കഴിയുമായിരുന്നു. അവൾക്ക് വല്ല ധനവുമുണ്ടെങ്കിൽ അവളുടെ മരണത്തോടെ അതിന്റെ അവകാശി അയാളായിത്തീരുന്നു. ഇത്തരം ദുഷിച്ച സമ്പ്രദായങ്ങളെ ഈ സൂക്തം നിരോധിക്കുന്നു.

സ്ത്രീകളോട് സംസാരത്തിലും പ്രവൃത്തിയിലും പെരുമാറ്റത്തിലുമെല്ലാംതന്നെ കഴിവനുസരിച്ച് നന്നായി വർത്തിക്കണമെന്ന് പ്രവാചകൻ എപ്പോഴും അനുസ്മരിപ്പിക്കാറുണ്ടായിരുന്നു. നബിതിരുമേനി(സ) പറയുന്നു: ''നിങ്ങളിൽ വെച്ച് ഉത്തമൻ തന്റെ വീട്ടുകാരോട് ഉത്തമനായിരിക്കും.''

20. നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ സ്വീകരിക്കാൻ തന്നെ നിശ്ചയിച്ചാൽ, അവരിൽ ഒരുവൾക്ക്(ആദ്യഭാര്യക്ക്) സമ്പത്തിന്റെ ഒരു കൂമ്പാരം തന്നെ കൊടു

ത്തിട്ടുണ്ടെങ്കിലും അതിൽ നിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്. കള്ളം കെട്ടിച്ചമച്ചും വ്യക്തമായ അക്രമമായും നിങ്ങളതു തിരിച്ചു വാങ്ങുകയോ?

21. നിങ്ങൾ അന്യോന്യം കൂടിച്ചേരുകയും അവർ നിങ്ങളിൽ നിന്ന് ബലിഷ്ഠമായ കരാർ വാങ്ങുകയും ചെയ്തുകഴിഞ്ഞിരിക്കെ നിങ്ങൾ എങ്ങനെയാണത് തിരിച്ചുവാങ്ങുക?

22. നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്തിരുന്ന സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കരുത്; മുമ്പ് ചെയ്തുപോയതൊഴികെ (അത് പൊറുക്കപ്പെടുന്നതാണ്). തീർച്ചയായും അത് ഒരു നീചവൃത്തിയും വെറുക്കപ്പെട്ടതും ദുഷിച്ച മാർഗവുമാകുന്നു.

23. നിങ്ങളുടെ മാതാക്കളും പുത്രിമാരും സഹോദരിമാരും പിതൃസഹോദരികളും മാതൃസഹോദരി കളും സഹോദരപുത്രിമാരും സഹോദരീപുത്രിമാരും നിങ്ങളെ മുലയൂട്ടിയ പോറ്റമ്മമാരും മുലകുടിബന്ധത്തിലുള്ള സഹോദരിമാരും ഭാര്യമാരുടെ മാതാക്കളും നിങ്ങൾ ദാമ്പത്യം പങ്കിട്ട സ്ത്രീകളിൽ പിറന്ന് നിങ്ങളുടെ സംരക്ഷണത്തിൽ വളർന്നവരുമായ വളർത്തുപുത്രി മാരും -ഇനി (ആ സ്ത്രീകളെ വിവാഹം ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളു) അവരോടൊപ്പം ദാമ്പത്യജീവിതം നയിച്ചിട്ടില്ലെങ്കിൽ (അവരെ ഒഴിവാക്കി അവരുടെ പുത്രിമാരെ വിവാഹം ചെയ്യുന്നതിൽ)കുറ്റമില്ല- സ്വന്തം രക്തത്തിൽനിന്നുണ്ടായ പുത്രന്മാരുടെ ഭാര്യമാരും നിങ്ങൾ ക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. രണ്ടു സഹോദരിമാരെ ഒരുമിച്ചു ഭാര്യമാരാക്കുന്നതും നിഷിദ്ധമാകുന്നു; മുമ്പ് ചെയ്തുപോയതൊഴികെ. നിശ്ചയമായും അല്ലാഹു ഏറെ പൊറു ക്കുന്നവനും കരുണാനിധിയുമാകുന്നു.

24. ഭർതൃമതികളായ സ്ത്രീകളും നിങ്ങൾക്കു നിഷിദ്ധമാണ്; (യുദ്ധത്തടവുകാരായി) നിങ്ങളുടെ അധീനത്തിൽ വന്ന സ്ത്രീകളൊഴിച്ച്. നിങ്ങളുടെ മേൽ അല്ലാഹുവിൻെറ നിയമമത്രെ ഇത്. ഇവരല്ലാത്ത സ്ത്രീകളെയെല്ലാം ധനം(വിവാഹ മൂല്യം)മുഖേന തേടുന്നത് നിങ്ങൾക്ക് അനു വദിക്കപ്പെട്ടിരിക്കുന്നു.നിങ്ങൾ വിവാഹ ജീവിതം ലക്ഷ്യമാക്കുന്നവരായിരിക്കണം.അവിഹി തബന്ധം കാംക്ഷിക്കുന്നവരാകരുത്. അവരുമായി ദാമ്പത്യമനുഭവിച്ചവർ അവർക്കു വിവാ ഹമൂല്യം നിർബന്ധമായും നൽകേണ്ടതാകുന്നു.വിവാഹമൂല്യം നിർണയിച്ചശേഷം നിങ്ങൾ പരസ്പരസമ്മതത്തോടെ വല്ല വിട്ടുവീഴ്ചയും ചെയ്യുന്നുവെങ്കിൽ അതിൽ തെറ്റില്ല. നിശ്ചയമായും അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു.

25. നിങ്ങളിൽ ആർക്കെങ്കിലും സത്യവിശ്വാസിനികളായ കുലീനകളെ വിവാഹം ചെയ്യാൻ സാമ്പത്തികമായി കഴിവില്ലാതെ വന്നാൽ, നിങ്ങളുടെ അധീനതയിലുള്ള സത്യവിശ്വാസിനി കളായ അടിമസ്ത്രീകളെ(വിവാഹം ചെയ്യാവുന്നതാണ്). നിങ്ങളുടെ വിശ്വാസത്തെ സംബ ന്ധിച്ച് നന്നായി അറിയുക അല്ലാഹുവിനാണ്. നിങ്ങളിൽ ചിലർ ചിലരിൽനിന്നുണ്ടാ യവരാണല്ലോ. അതിനാൽ അവരുടെ രക്ഷാധികാരികളുടെ അനുവാദത്തോടെ നിങ്ങൾ അവ രെ വിവാഹം ചെയ്തുകൊള്ളുക. അവർക്കു ന്യായമായ വിവാഹമൂല്യം നൽകുകയും ചെയ്യു ക.അവർ ചാരിത്രവതികളും ദുർവൃത്തിയിലേർപ്പെടാത്തവരും രഹസ്യവേഴ്ചക്കാരെ സ്വീകരി ക്കാത്തവരുമായിരിക്കണം. ദാമ്പത്യത്തിൻെറ പരിധിയിൽ സുരക്ഷിതരായശേഷം അവർ ദുർ ന്നടപ്പിലേർപ്പെടുന്നപക്ഷം സ്വതന്ത്ര സ്ത്രീകളുടെ പകുതി ശിക്ഷ അവർക്ക് നൽകേണ്ടതാകു ന്നു. നിങ്ങളുടെ കൂട്ടത്തിൽ (വിവാഹം കഴിച്ചില്ലെങ്കിൽ) വിഷമിക്കുമെന്ന് ഭയപ്പെടുന്ന വർക്കുള്ളതാകുന്നു അത്(അടിമ സ്ത്രീകളെ വിവാഹം കഴിക്കാമെന്ന ഇളവ്). എന്നാൽ ക്ഷമിക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

26. നിങ്ങൾക്ക് (നിങ്ങളുടെ നടപടി ക്രമങ്ങൾ) വിവരിച്ചുതരാൻ അല്ലാഹു ഉദ്ദേശിക്കുന്നു; നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവരുടെ ചര്യകളെ നിങ്ങൾക്ക് കാണിച്ചുതരാനും, നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കാനും (അവൻ ഉദ്ദേശിക്കുന്നു). അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

26: അല്ലാഹുവിന്റെ ഈ നടപടിക്രമങ്ങളെല്ലാം ഇപ്പോൾ നിങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ നിയമങ്ങളല്ല. ആദികാലം മുതലേ,ഓരോ ചരിത്ര ഘട്ടത്തിലും നിയുക്തരായ പ്രവാചകന്മാരും അവരുടെ ഉത്തമ അനുയായികളും പാലിച്ചുവന്നിട്ടുള്ളതാണ് ഈ സാമൂഹ്യ, ധാർമിക, നാഗരിക നിയമങ്ങൾ. അനിസ്ലാമികമായ അവസ്ഥയിൽ നിന്ന് മുക്തരായി പൂർവികസജ്ജനങ്ങളെപ്പോലെ സന്മാർഗികളും ധർമനിഷ്ഠയുള്ളവരുമായിത്തീരണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. അല്ലാഹു നിങ്ങൾക്ക് ചെയ്തുതരുന്ന കാരുണ്യവും മഹത്തായ അനുഗ്രഹവുമാണിത്.

27. നിങ്ങളുടെ നേരെ (കാരുണ്യത്തോടെ) തിരിയണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. സ്വേഛകളെ പിൻപറ്റുന്നവർ ഉദ്ദേശിക്കുന്നതോ, നിങ്ങൾ (നേർവഴിയിൽനിന്ന്) ബഹുദൂരം വ്യതിചലിച്ചു പോകണമെന്നാണ്.

28. അല്ലാഹു നിങ്ങളുടെ ഭാരങ്ങൾ ലഘൂകരിക്കാനുദ്ദേശിക്കുന്നു. എന്തെന്നാൽ മനുഷ്യൻ ദുർബലനായാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

27,28: വിശുദ്ധ ഖുർആൻ ആവിഷ്ക്കരിക്കുന്ന നിയമപരിഷ്ക്കാരങ്ങൾ മദീനയിലെ യഹൂദികൾക്കും കപടവിശ്വാസികൾക്കും വളരെ അസഹ്യമായിരുന്നു. നൂറ്റാണ്ടുകളായി അവർക്കിടയിൽ മൂടുറച്ചുപോയിരുന്ന ആചാരമുറകൾക്കെതിരായി നടത്തപ്പെടുന്ന ഈ പരിഷ്ക്കരണ സംരംഭങ്ങൾക്കെതിരെ അവർ വലിയ ഒച്ചപ്പാടുകളുണ്ടാക്കി. 'ഇയാൾ നമ്മുടെ മതത്തിൽ വിശുദ്ധമായതെല്ലം നിഷിദ്ധമാക്കാനും, നിഷിദ്ധമായതെല്ലാം അനുവദനീയമാക്കാനും ഇറങ്ങിത്തിരിച്ചിരിക്കുകയാണെന്ന്' യഹൂദികൾ ആക്രോശിച്ചു. അവർ ഓരോന്നിനെപറ്റിയും ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു തുടങ്ങി. വിശുദ്ധ ഖുർആനിലെ വിധികളെച്ചൊല്ലി നാനാതരം ആരോപണങ്ങളും അപകീർത്തികളും അവർ പറഞ്ഞുപരത്തുകയുണ്ടായി. നിങ്ങളെ ബുദ്ധിമുട്ടിക്കാനോ അപമാനിക്കാനോ അല്ല മറിച്ച്, നിങ്ങളെ അന്ധവിശ്വാസങ്ങളിൽനിന്നും ദുരാചാരങ്ങളിൽനിന്നും മാലിന്യങ്ങളിൽനിന്നും ശുദ്ധീകരിക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത് എന്ന് അവരെ ആവർത്തിച്ച് ബോധ്യപ്പെടുത്തുകയാണ് ഇവിടെ. അല്ലാഹുവിന്റെ യഥാർഥ നിയമവ്യവസ്ഥയെ അലങ്കോലപ്പെടുത്തുകയും സ്വേഛാനുസാരം നിയമങ്ങൾ നിർമിക്കുകയും ചെയ്തവർ, അവരുടെ താൽപര്യങ്ങളുടെ ചങ്ങലകൾകൊണ്ട് നിങ്ങളെ വരിഞ്ഞുമുറുക്കുകയും അവരുടെ അവിവേകത്തിന്റെ ഭാരങ്ങൾ നിങ്ങളുടെ മേൽ കെട്ടിവെക്കുകയുമാണ് ചെയ്തിട്ടുള്ളത്. മനുഷ്യന്റെ അന്യൂനവും സുന്ദരവുമായ പ്രകൃതിക്ക് വിരുദ്ധമായ ചങ്ങലകളും ഭാരങ്ങളും അഴിച്ചുമാറ്റിയും ഇറക്കിവെച്ചും, ലളിതവും സരളവുമായ നിയമപരിഷ്ക്കരങ്ങളാണ് അല്ലാഹു നിങ്ങൾക്ക് നിർദേശിച്ച് തരുന്നത്. ഇത് നിങ്ങളോടുള്ള അല്ലാഹുവിന്റെ കാരുണ്യമാണ്.

29. അല്ലയോ സത്യവിശ്വാസികളേ,നിങ്ങളുടെ മുതലുകൾ നിഷിദ്ധമാർഗങ്ങളിലൂടെ പരസ്പരം തിന്നരുത്; അന്യോന്യം പൊരുത്തത്തോടെ നടത്തുന്ന കച്ചവടത്തിലൂടെയല്ലാതെ. നിങ്ങൾ നിങ്ങളെത്തന്നെ വധിക്കുകയുമരുത്.തീർച്ചയായും അല്ലാഹു നിങ്ങളോട് ഏറെ കാരുണ്യമുള്ളവനാകുന്നു.

30. ആരെങ്കിലും അക്രമമായും അധർമമായും അങ്ങനെ ചെയ്യുന്നുവെങ്കിൽ,നിശ്ചയമായും, നാം അവനെ നരകാഗ്നിയിൽ പ്രവേശിപ്പിക്കുന്നതാകുന്നു. അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാകുന്നു.

29,30: സാമ്പത്തിക കാര്യങ്ങളിൽ മനുഷ്യൻ അനുസരിക്കേണ്ട ചില കാര്യങ്ങൾ വിശദീകരിക്കുകയാണ് ഇവിടെ. പലിശ ഇടപാടുകൾ, ചൂതാട്ടം പന്തയം, ലോട്ടറി, കൃത്രിമ വിൽപനകൾ, മായംചേർക്കൽ,

കൈക്കൂലി, കരിഞ്ചന്ത മുതലായ നിയമാനുസൃതമല്ലാത്ത എല്ലാ മാർഗങ്ങളിലൂടെയും സമ്പത്ത് കരസ്ഥമാക്കുന്നതിനെ അല്ലാഹു നിരോധിക്കുന്നു. മയക്കുമരുന്നുകളുടെ കൈമാറ്റം, വേശ്യാവൃത്തി എന്നിവയിൽ ഉഭയസമ്മതമുണ്ടായാലും ഹിതകരമാവുകയില്ല. ചൂതാട്ടം ലോട്ടറി തുടങ്ങിയ ഇടപാടുകളിലുള്ള പരസ്പരഹിതം പിഴച്ച ഒരു പ്രതീക്ഷയുടെ പേരിലായിരിക്കകൊണ്ട് അത് യഥാർഥമാകുന്നില്ല. പരാജയത്തെക്കുറിച്ച് മറുകക്ഷിക്കു ശരിക്കും അറിയാമായിരുന്നെങ്കിൽ അയാൾ ഒരിക്കലും അത് തൃപ്തിപ്പെടുമായിരുന്നില്ല. അതായത് താൻ വിജയിക്കുമെന്ന ഒരു വ്യാമോഹത്തിന്റെ അടിസ്ഥാനത്തിലാണ് അയാൾ അത് നടത്തുന്നത്. അതിനാൽ പ്രസ്തുത കൊള്ളക്കൊടുക്കകളെല്ലാം നിഷിദ്ധങ്ങളാകുന്നു.

31. നിങ്ങളോട് വിലക്കിയ വൻപാപങ്ങളിൽനിന്ന് നിങ്ങൾ അകന്നുനിൽക്കുകയാണെങ്കിൽ നിങ്ങളുടെ ചെറു തിന്മകളെ നാം പൊറുത്തുതരികയും നിങ്ങളെ മാന്യമായ ഒരു സ്ഥാനത്തേക്കു പ്രവേശിപ്പിക്കുന്നതുമാകുന്നു.

31: അല്ലാഹു മനുഷ്യനു നൽകുന്ന അതിമഹത്തായ ഒരു ഔദാര്യമാണ് ഈ വചനത്തിൽ അടങ്ങിയിരിക്കുന്നത്. മഹാപാപങ്ങൾ വർജിക്കുന്നപക്ഷം ചെറിയ തെറ്റുകുറ്റങ്ങൾ അല്ലാഹു ഉദാരമായി പൊറുത്തുതരും എന്നുള്ളതാണത്. മാത്രമല്ല അവരെ മാന്യമായ ഒരു സ്ഥാനത്ത് പ്രവേശിപ്പിച്ച് ആദരിക്കുമെന്നുകൂടി വാഗ്ദാനം ചെയ്യുന്നു. പ്രസിദ്ധമായ ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം കാണാം. ഒരിക്കൽ നബിതിരുമേനി(സ) ശിഷ്യന്മാരോട് പറഞ്ഞു: സർവനാശകമായ ഏഴു പാപങ്ങൾ വർജിക്കുവിൻ. ശിഷ്യന്മാർ ചോദിച്ചു ഏതൊക്കെയാണവ, തിരുദൂതരേ? തിരുമേനി പറഞ്ഞു: അല്ലാഹുവിന് പങ്കാളിയെ കൽപിക്കുക, അല്ലാഹു ആദരിച്ച ജീവനെ അന്യായമായി വധിക്കുക, ആഭിചാരം ചെയ്യുക, പലിശ തിന്നുക, അനാഥരുടെ മുതൽ തിന്നുക, യുദ്ധമുന്നണിയിൽ നിന്ന് ഒളിച്ചോടുക, ചാരിത്രവതികളും പരിശുദ്ധകളുമായ സ്ത്രീകളിൽ അനാശാസ്യപ്രവർത്തനം ആരോപിക്കുക.

32. അല്ലാഹു നിങ്ങളിൽ ചിലർക്ക് മറ്റുചിലരെക്കാൾ കൂടുതലായി അനുഗ്രഹിച്ചിട്ടുള്ളതിനെ നിങ്ങൾ മോഹിക്കാതിരിക്കുവിൻ.പുരുഷന്മാർക്ക് അവർ സമ്പാതിച്ചതിനനുസരിച്ച വിഹിതമുണ്ട്.സ്ത്രീകൾക്ക് അവർ സമ്പാദിച്ചതിനനുസരിച്ച വിഹിതവുമുണ്ട്. നിങ്ങൾ അല്ലാഹുവിനോട് അവന്റെ അനുഗ്രഹം ചോദിച്ചുകൊള്ളുക. നിശ്ചയമായും അല്ലാഹു സകല സംഗതികളും നന്നായി അറിയുന്നവനാകുന്നു.

32: മനുഷ്യന് സാമൂഹിക ജീവിതത്തിൽ ശാന്തിയും സമാധാനവും കൈവരുത്താൻ കഴിയുന്ന വളരെ സുപ്രധാനമായ ഒരു ധാർമിക നിർദേശമാണ് ഈ വചനത്തിൽ അടങ്ങിയിരിക്കുന്നത്. അപരനിൽ നിന്ന് വ്യത്യസ്തനാക്കുന്ന ഗുണവിശേഷങ്ങളോടെയാണ് ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇത്തരം വ്യത്യാസങ്ങളിലാണ് നാഗരികതയുടെ വൈവിധ്യം സ്ഥിതിചെയ്യുന്നത്. സൃഷ്ടികളെല്ലാം ഒരു സമുദ്രത്തിലെ ജലകണങ്ങൾപോലെ ഒരേ ഗുണവിശേഷണങ്ങളുള്ളതായിരുന്നുവെങ്കിൽ അവയുടെയെല്ലാം ധർമവും ഒന്നാകുമായിരുന്നു. ചില മനുഷ്യർക്ക് തന്നെക്കാൾ മേന്മയും ജീവിതവിഭവങ്ങളും കാണുമ്പോൾ അതിൽ അസ്വസ്ഥനാവുകയെന്ന അനാശാസ്യസ്വഭാവത്തിൽനിന്നാണ് സാമൂഹികജീവിതത്തിൽ ശത്രുതയും വിദ്വേഷവും അസൂയയും സംഘർഷവും മറ്റും ഉയിരെടുക്കുന്നത്. അങ്ങനെ അത് സമ്പാദിക്കുവാൻ അന്യായവും പ്രകൃതിവിരുദ്ധവുമായ മാർഗങ്ങൾ അവലംബിക്കുമ്പോൾ അത് സമൂഹത്തിൽ അസ്വസ്ഥതയും അരാജകത്വവും സൃഷ്ടിക്കുന്നു. അതുകൊണ്ട് മറ്റുള്ളവർക്ക് ദൈവദത്തമായി കിട്ടിയ മേന്മയെ ആഗ്രഹിക്കരുത്. ഒരു ജന്തുവർഗം ഇതര വർഗങ്ങളുടെ വിഭവങ്ങൾ കൊതിക്കുന്നില്ല. മേന്മയും ഉൽക്കർഷവും അല്ലാഹുവോട് ചോദിക്കുകയാണ് വേണ്ടത്. അല്ലാഹു അവന്റെ ജ്ഞാനവും യുക്തിയുമനുസരിച്ച് മനുഷ്യർക്ക് ഉചിതമായ മേന്മകൾ നൽകുന്നതാണ്.

33. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോകുന്ന എല്ലാ ധനത്തിനും നാം അനന്തരാവകാശികളെ നിശ്ചയിച്ചിരിക്കുന്നു. നിങ്ങളുടെ വലംകൈകൾ ബന്ധം സ്ഥാപിച്ചിട്ടുള്ളവർക്ക് അവരുടെ വിഹിതം നൽകുക. നിശ്ചയം, അല്ലാഹു എല്ലാ സംഗതികൾക്കും സാക്ഷിയാകുന്നു.

34. പുരുഷന്മാർ സ്ത്രീകളുടെ സംരക്ഷണച്ചുമതലക്കാരാണ്. അല്ലാഹു അവരിൽ ചിലർക്ക് മറ്റു ള്ളവരെക്കാൾ കൂടുതൽ കഴിവ് നൽകിയതുകൊണ്ടും, (പുരുഷന്മാർ) അവരുടെ ധനം ചെലവഴിക്കുന്നതുകൊണ്ടുമത്രെ അത്. അതിനാൽ സച്ചരിതരായ വനിതകൾ വണക്കമുള്ള വരും, (പുരുഷന്മാരുടെ)അഭാവത്തിൽ അല്ലാഹു സൂക്ഷിക്കാൻ കൽപിച്ച രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാകുന്നു. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കി ക്കുന്ന സ്ത്രീകളെ സദുപദേശം ചെയ്യുക. പിന്നെ ശയ്യകളിൽ നിന്ന് പിരിഞ്ഞിരിക്കുക. പിന്നെ (ലഘുവായി) പ്രഹരിക്കുക. അങ്ങനെ അവർ നിങ്ങളോട് അനുസരണമുള്ളവരാ യിത്തീർന്നാൽ പിന്നെ അവരെ (ദ്രോഹിക്കാൻ) വഴി അന്വേഷിക്കരുത്. തീർച്ചയായും അല്ലാഹു അത്യുന്നതനും മഹാനുമാകുന്നു.

---

34: സ്ത്രീകൾക്ക് പ്രകൃതിപരമായ ചില പരിമിതികളുണ്ട്. അതനുസരിച്ച് സ്ത്രീപുരുഷന്മാർക്ക് ലഭിച്ച കഴിവുകളും വ്യത്യസ്തമാണ്. അതിനാൽ കുടുംബത്തിലും സമൂഹത്തിലും അവരുടെ ബാധ്യതകളും വ്യത്യസ്തമാണ്.പ്രകൃതിപരമായ യോഗ്യതാവ്യത്യാസത്തെ അടിസ്ഥാനമാക്കി കുടുംബജീവിതത്തിൽ നായക ത്വപദവി പുരുഷനാണ് അല്ലാഹു നൽകിയിരിക്കുന്നത്.

ബൈഹഖി ഉദ്ധരിച്ച ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിട്ടുണ്ട്. 'സ്ത്രീകളിൽ ഏറ്റം ഉത്തമമായിട്ടു ള്ളവൾ ഇങ്ങനെയുള്ളവളാണ്. നീ അവളെ നോക്കിയാൽ അവൾ നിന്നെ സന്തോഷിപ്പിക്കും. അവളോട് കൽപിച്ചാൽ അനുസരിക്കും. നീ അവളിൽനിന്ന് അപ്രത്യക്ഷനായാൽ നിന്റെ ധനത്തെയും അവളുടെ ശരീരത്തെയും സംരക്ഷിക്കും.'

'ഏതൊരു സ്ത്രീയുടെ ഭർത്താവ് അവളെപ്പറ്റി തൃപ്തിപ്പെട്ടവനായും കൊണ്ട് മരണമടയുന്നുവോ അവൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്''. (തിർമിദി)

---

35. ദമ്പതികൾക്കിടയിൽ ബന്ധം ശിഥിലമാകുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ നിങ്ങൾ അവന്റെ കുടുംബത്തിൽനിന്ന് ഒരു മധ്യസ്ഥനെ നിയോഗിക്കുക. ഒരു മധ്യസ്ഥനെ അവ ളുടെ കുടുംബത്തിൽനിന്നും.അവർ ഇരുവരും അനുരഞ്ജനം ആഗ്രഹിച്ചാൽ അല്ലാഹു അവർ ക്കിടയിൽ യോജിപ്പിന്റെ മാർഗം തുറന്നുകൊടുക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാകുന്നു.

---

35: മേൽ പറഞ്ഞ നടപടികളെല്ലാം നിഷ്ഫലമാവുകയും, ബന്ധം വേർപാടിൽ കലാശിക്കുന്നതിനും മുമ്പായി അവർ ചെയ്യേണ്ടത് വരന്റെ കുടുംബത്തിൽ നിന്നും വധുവിന്റെ കുടുംബത്തിൽനിന്നും ഓരോ മധ്യസ്ഥന്മാരെ കണ്ടെത്തി, അവർ കൂടിയിരുന്ന് വിയോജിപ്പിന്റെ കാരണങ്ങളാരാഞ്ഞ് പ്രശ്നം അവസാനിപ്പിക്കാൻ ആത്മാർഥമായി ശ്രമിക്കണം. മധ്യസ്ഥന്മാർ ആത്മാർഥമായി ഉദ്ദേശിക്കുന്ന പക്ഷം അവർക്കിടയിൽ യോജിപ്പിന്റെ വഴി തുറന്നുകൊടുക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

---

36. നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുവിൻ. യാതൊന്നിനെയും അവന്റെ പങ്കാളിയാക്കാതിരി ക്കുവിൻ. മാതാപിതാക്കളോട് നന്മയിൽ വർത്തിക്കുവിൻ. ബന്ധുക്കളോടും അനാഥരോടും അഗതികളോടും ബന്ധുക്കളായ അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസി കളോടും വഴിയാത്രക്കാരനോടും നിങ്ങളുടെ അധീനതയിലുള്ള അടിമകളോടും അപ്രകാരം വർത്തിക്കുവിൻ. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരേയും അല്ലാഹു ഒരിക്ക ലും ഇഷ്ടപ്പെടുന്നില്ല.

37. പിശുക്കുകാട്ടുകയും, പിശുക്കുകാട്ടാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും, അല്ലാഹു തന്റെ ഔദാര്യത്താൽ നൽകിയ അനുഗ്രഹങ്ങൾ മറച്ചുപിടിക്കുകയും ചെയ്യുന്നവരാണവർ. അപമാ നകരമായ ശിക്ഷയാണ് ആ നന്ദികെട്ടവർക്കായി നാം ഒരുക്കിവെച്ചിരിക്കുന്നത്.

38. ജനത്തെ കാണിക്കുവാനായി ധനം ചെലവഴിക്കുന്നവരും, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാത്തവരും (അത്രെ അവർ); പിശാച് ആരുടെയെങ്കിലും കൂട്ടാളിയാകുന്നുവെങ്കിൽ അവൻ എത്ര ചീത്ത കൂട്ടുകാരൻ.

39. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും അല്ലാഹു നൽകിയിട്ടുള്ള വിഭവങ്ങളിൽ നിന്ന് ചെലവഴിക്കുകയും ചെയ്താൽ അവർക്കെന്ത് ദോഷം വരാൻ? അല്ലാഹു അവരെപ്പറ്റി നന്നായി അറിയുന്നവനാണ്.

40. തീർച്ചയായും അല്ലാഹു ആരോടും അണുഅളവ് അനീതി കാണിക്കുന്നതല്ല. അത് ഒരു നന്മയാണെങ്കിൽ അതിനെ അവൻ ഇരട്ടിപ്പിക്കുന്നു. എന്നിട്ട് തന്നിൽനിന്ന് മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്നു.

41. സകല സമുദായത്തിനും നാം അതിൻെറ സാക്ഷിയെ ഹാജരാക്കുന്ന സന്ദർഭത്തിൽ ഇക്കൂട്ടരുടെ സാക്ഷിയായി നിന്നെയും(മുഹമ്മദ് നബിയെ) ഹാജരാക്കുമ്പോൾ അവരുടെ അവസ്ഥ എന്തായിരിക്കും!

---

41: വിചാരണ നാളിൽ അല്ലാഹുവിൻെറ കോടതിക്കു മുമ്പിൽ ഓരോ ജനവിഭാഗത്തെയും വിചാരണ ചെയ്യുമ്പോൾ, അവർക്കെതിരെ സാക്ഷിപറയാൻ അവരിൽ നിയുക്തരായ പ്രവാചകന്മാർ ഹാജരാക്കപ്പെടും. തങ്ങളെ ഏൽപിച്ചിരുന്ന സത്യപ്രബോധനദൗത്യം തങ്ങൾ ജനങ്ങൾക്ക് യഥാവിധി എത്തിച്ചുകൊടുത്തിട്ടുണ്ടായിരുന്നുവെന്ന് അവർ സാക്ഷി പറയും. അനന്തരം തൻെറ ജനതയുടെ പേരിൽ മുഹമ്മദ് നബി(സ) മൊഴി നൽകുന്നതാണ്. ഏകദൈവത്തിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുകയും അധാർമികതയിൽ ജീവിതം പാഴാക്കുകയും ചെയ്തവർക്ക് തങ്ങൾ നിരപരാധികളാണെന്ന് വാദിക്കാൻ യാതൊരു പഴുതും അവശേഷിക്കുകയില്ല.

---

42. സത്യത്തെ നിഷേധിക്കുകയും ദൈവദൂതനെ ധിക്കരിക്കുകയും ചെയ്തവർ ആ ദിനം ആഗ്രഹിച്ചുപോകും:ഈ ഭൂമി തങ്ങളെ വിഴുങ്ങിനിരപ്പായെങ്കിൽ എന്ന്. ഒരു വിവരവും അന്ന് അല്ലാഹുവിൽനിന്ന് മറച്ചുവെക്കാൻ അവർക്കാവില്ല.

43. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ ലഹരി ബാധിച്ചവരായി നമസ്കാരത്തെ സമീപിക്കാതിരിക്കുക; നിങ്ങൾ പറയുന്നത് നിങ്ങൾക്ക് മനസ്സിലാകുന്നതുവരെ. ജനാബത്തുകാരനെങ്കിൽ(വലിയ അശുദ്ധി) കുളിച്ചുശുദ്ധിവരുത്തുന്നതുവരെയും (നമസ്കാരത്തെ സമീപിക്കരുത്)- വഴികടന്നുപോകുന്നവരായിക്കൊണ്ടല്ലാതെ. ഇനി നിങ്ങൾ രോഗികളാവുകയോ യാത്രയിലാവുകയോ ചെയ്തു; അല്ലെങ്കിൽ നിങ്ങളിൽ ആർക്കെങ്കിലും വിസർജനം ചെയ്യേണ്ടിവന്നു; അതുമല്ലെങ്കിൽ നിങ്ങൾ സ്ത്രീകളെ സ്പർശിച്ചു, എന്നിട്ട് വെള്ളം കിട്ടിയതുമില്ല. എങ്കിൽ ശുചിയുള്ള മണ്ണ് ഉപയോഗിച്ചുകൊള്ളുക. എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ വിട്ടുവീഴ്ച ചെയ്യുന്നവനും പൊറുത്തുകൊടുക്കുന്നവനുമാകുന്നു.

---

43: മദ്യപാനം പൂർണമായി നിരോധിക്കുന്നതിനു മുമ്പ് അവതരിച്ചതാണ് ഈ സൂക്തം. മദ്യപാനം പൂർണമായും നിരോധിക്കപ്പെട്ടത് രണ്ടുമൂന്നു ഘട്ടങ്ങളിലായിട്ടായിരുന്നു. അൽബഖറ 219-ാം വചനത്തിൽ ഇതു സംബന്ധമായ വിശദീകരണങ്ങളുണ്ട്.

സ്ത്രീപുരുഷബന്ധം, ഇന്ദ്രിയ സ്ഖലനം എന്നിവമൂലമുണ്ടാകുന്ന വലിയ അശുദ്ധിയാണ് ശരീഅത്തിൻെറ സാങ്കേതിക ഭാഷയിൽ 'ജനാബത്ത്' എന്ന വാക്കുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഇതിൽ ഏതെങ്കിലുമൊന്നുണ്ടായാൽ ആ സ്ത്രീ/പുരുഷൻ കുളിച്ചു ശുദ്ധിയാകുന്നതുവരെ നമസ്കാരത്തിൽ നിന്ന് അകന്നു നിൽക്കേണ്ടതാകുന്നു.

ഒരാൾക്ക് വുസുവോ(നമസ്കാരം നിർവഹിക്കുമ്പോൾ വരുത്തേണ്ട അംഗശുദ്ധി) കുളിയോ നിർവഹിക്കേണ്ടി വന്നു. വെള്ളം കിട്ടാനില്ല. എന്നാൽ അയാൾക്ക് 'തയമ്മും' ചെയ്ത് നമസ്കരിക്കാവുന്നതാ

ണ്. യാത്രാവേളയിൽ വെള്ളം ലഭിക്കാതിരിക്കുക, രോഗം നിമിത്തം വെള്ളം ഉപയോഗിക്കാൻ കഴിയാതിരിക്കുക, കൈവശമുള്ള വെള്ളം കുടിക്കുന്നതിനു സൂക്ഷിക്കേണ്ടി വരിക ഇത്തരം സന്ദർഭങ്ങളിൽ തയമ്മും അനുവദനീയമാണ്.

രണ്ടു കൈവെള്ള കൊണ്ടും അടിച്ച് ആ കൈവെള്ളകൾകൊണ്ട് മുഖം തടവുക. വീണ്ടും അതേപ്രകാരം അടിച്ച് ഓരോ കൈവെള്ളകൊണ്ടും മറ്റേ മുട്ടുവരെ തടവുക. ഇതാണ് തയമ്മുമിന്റെ രൂപം.

തയമ്മുമിന് ശുദ്ധിയുള്ള മണ്ണോ മണലോ ഉപയോഗിക്കാവുന്നതാണെന്ന് കർമ്മശാസ്ത്ര പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

'സ്പർശനം' എന്നതിന്റെ വിവക്ഷ സ്ത്രീപുരുഷ ബന്ധമാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. മറ്റുചിലർ, സ്ത്രീപുരുഷന്മാരുടെ ശരീരാംശങ്ങൾ പരസ്പരം സ്പർശിച്ചാലും വുസു മുറിയും എന്ന അഭിപ്രായക്കാരാണ്.

---

44. വേദപുസ്തകത്തിൽനിന്ന് ഒരു വിഹിതം ലഭിച്ചവരെ നീ കണ്ടില്ലയോ. അവർ ദുർമാർഗം വിലയ്ക്കുവാങ്ങുകയും, നിങ്ങൾ വഴിതെറ്റിപ്പോകണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

---

44: 'വേദത്തിൽനിന്ന് വിഹിതം ലഭിച്ചവർ' എന്നതുകൊണ്ടുദ്ദേശ്യം യഹൂദരാണെന്നാണ് അഭിപ്രായം. ഈ വചനം രണ്ടുവിധത്തിൽ വ്യാഖ്യാനിക്കപ്പെട്ട് കാണുന്നു. തൗറാത്തിന്റെ വലിയൊരു ഭാഗം അവർ നഷ്ടമാക്കിക്കളഞ്ഞിരുന്നു. പൂർവവേദങ്ങളുടെ ഏതാനും ഭാഗങ്ങളും ഇസ്രാഈലീ ചരിത്രവും പുരോഹിതന്മാരുടെ മാറ്റത്തിരുത്തലുകളും ചേർന്നതാണ് തൗറാത്ത് (ബൈബിൾ പഴയ നിയമം) എന്ന പേരിൽ അവരുടെ കൈവശമുണ്ടായിരുന്നത്. മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാണ്. പൂർവ വേദങ്ങളെല്ലാം അടിസ്ഥാന വേദത്തിന്റെ ഭാഗങ്ങളാണ്. മനുഷ്യരുടെ വളർച്ചയും ജീവിത സാഹചര്യങ്ങളുടെ പ്രത്യേകതകളും കണക്കിലെടുത്ത് ഓരോ കാലഘട്ടത്തിലും അവർക്ക് വഹിക്കാവുന്ന വേദഭാഗങ്ങൾ അല്ലാഹു അവതരിപ്പിക്കുകയായിരുന്നു. അതിനാൽ പൂർവവേദങ്ങൾ പൂർണവേദങ്ങളല്ല, വേദങ്ങളുടെ ഭാഗങ്ങളാണ്. അല്ലാഹു ഉദ്ദേശിച്ച വിധത്തിൽ മനുഷ്യവികാസം പൂർണഘട്ടത്തിലെത്തിയശേഷം അന്ത്യപ്രവാചകന് പൂർണവേദം അവതരിപ്പിച്ചുകൊടുക്കുകയായിരുന്നു.

---

45. നിങ്ങളുടെ വിരോധികളെ ഏറ്റം അറിയുന്നവനത്രെ അല്ലാഹു. രക്ഷകനായി നിങ്ങൾക്ക് അല്ലാഹു മതി. സഹായിയായും അല്ലാഹു തന്നെ മതി.

46. യഹൂദരായിത്തീർന്നവരിൽ ചിലർ വാക്കുകളെ അതിന്റെ സ്ഥാനങ്ങളിൽ നിന്ന് തെറ്റിക്കുന്നു. സത്യമതത്തെ കുത്തിപ്പറഞ്ഞുകൊണ്ടും നാക്കുകളെ വക്രിച്ചുകൊണ്ട് 'സമിഅ്നാ വഅസൈ്വനാ' (ഞങ്ങൾ കേട്ടു, ധിക്കരിക്കുകയും ചെയ്തു) എന്നും, 'ഇസ്മഅ് ഗൈറ മുസ്മഇൻ' എന്നും, 'റാഇനാ' എന്നും അവർ പറയുന്നു. എന്നാൽ 'സമിഅ്നാ വഅത്വഅ്നാ' (ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു) എന്നും 'ഇസ്മഅ്' (കേൾക്കണേ) എന്നും 'ഉൻളുർനാ' (ഞങ്ങളെ ഗൗനിക്കണേ) എന്നും അവർ പറഞ്ഞിരുന്നുവെങ്കിൽ അതായിരുന്നു അവർക്കുതന്നെ ഉത്തമമായിട്ടുള്ളത്. ഏറ്റം ശരിയായതും അതുതന്നെ. പക്ഷേ, അവരുടെ സത്യനിഷേധം കാരണമായി അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. അതിനാൽ വളരെ കുറച്ചേ അവർ വിശ്വസിക്കുന്നുള്ളു.

---

46: യഹൂദികൾ പ്രവാചകനോടുള്ള സംഭാഷണമധ്യേ നാനാർഥങ്ങളുള്ള വാക്കുകൾ പ്രയോഗിക്കുകയും, അങ്ങനെ പ്രത്യക്ഷത്തിൽ തങ്ങൾ അദ്ദേഹത്തെ ആദരിക്കുന്നുവെന്ന് വരുത്തുകയും പരോക്ഷമായി അദ്ദേഹത്തെ അവഹേളിക്കുകയും ചെയ്തിരുന്നു.

'സമിഅ്നാ വ അസൈ്വനാ' എന്നാൽ 'ഞങ്ങൾ കേൾക്കുകയും ധിക്കരിക്കുകയും ചെയ്തിരിക്കുന്നു' എന്നാണർഥം. ഇതിൽ ധിക്കരിക്കുക എന്നർഥമുള്ള 'അസൈ്വനാ' എന്ന് പതുക്കെയാണ് പറഞ്ഞിരുന്നത്. 'ഞങ്ങൾ അനുസരിച്ചു' എന്നർഥമുള്ള 'അത്വഅ്നാ' എന്നാണെന്ന് തോന്നിപ്പിക്കാൻ വേണ്ടി നാവു കോട്ടിയാണ് പറഞ്ഞിരുന്നത്.

'ഇസ്മഅ്' എന്നാൽ 'നീ ശ്രദ്ധിക്കുക' 'കേൾക്കുക' എന്നൊക്കെയാണ് അർഥം. അതിൻെറ കൂടെ ദ്വയാർഥമുള്ള 'ഗൈറ മുസ്മഅ്' എന്നാണവർ പ്രയോഗിച്ചിരുന്നത്. 'താങ്കൾ ആദരണീയനാണ്' എന്ന ആ പദത്തിന് 'നീ ബധിരനാകട്ടെ' എന്നുമർഥമുണ്ട്.

'റാഇനാ' എന്ന വാക്കിൻെറ സുപരിചിതമായ അർഥം 'ഞങ്ങളെ ശ്രദ്ധിക്കേണമേ' എന്നാണ്. ഇതേ വാക്കിന് വിഡ്ഢി എന്നും അർഥമുണ്ട്. അൽപമൊന്ന് നീട്ടിക്കൊണ്ട് 'റാഈനാ' എന്നാക്കുകയാണെങ്കിൽ 'ഞങ്ങളുടെ ഇടയാ' എന്നാണർഥം.

നബിതിരുമേനിയെ ആദരിക്കുന്നു എന്ന ഭാവേന അദ്ദേഹത്തെ അവഹേളിക്കുകയാണ് യഹൂദരും കപട വിശ്വാസികളും ഈ പദപ്രയോഗങ്ങളിലൂടെ ചെയ്തിരുന്നത്.

---

47. അല്ലയോ വേദം ലഭിച്ചവരേ, നിങ്ങളുടെ പക്കലുള്ള വേദത്തെ സത്യപ്പെടുത്തിക്കൊണ്ട് ഇപ്പോൾ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന വേദത്തിൽ വിശ്വസിക്കുവിൻ. നാം ചില മുഖങ്ങളെ വികൃതമാക്കി പുറകോട്ടുതിരിക്കുകയോ അല്ലെങ്കിൽ സാബത്തുകാരെ ശപിച്ചപോലെ ശപിക്കുകയോ ചെയ്യും മുമ്പായി. അല്ലാഹുവിൻെറ കൽപന നടപ്പിലാവുകതന്നെ ചെയ്യും.

---

47: പൂർവവേദങ്ങളിൽ പലതും വിസ്മൃതമാവുകയും ഭേദഗതിക്ക് വിധേയമാവുകയും ചെയ്തിട്ടുണ്ടെന്ന് ഖുർആൻ പറയുന്നുണ്ട്. ജൂത-ക്രൈസ്തവ വേദങ്ങളെ ഖുർആൻ പൂർണമായും സത്യപ്പെടുത്തുന്നില്ല. എങ്കിലും അന്തിമവേദത്തെയും അന്ത്യപ്രവാചകനെയും സൂചിപ്പിക്കുന്ന ചില പ്രവചനങ്ങൾ ഇപ്പോഴും അവയിൽ അവശേഷിക്കുന്നുണ്ട്. അതിനാൽ അദ്ദേഹത്തെ അംഗീകരിക്കാത്തത് തികഞ്ഞ സത്യനിഷേധമായിത്തീരും.

---

48. അല്ലാഹു, തന്നിൽ പങ്കുചേർക്കുന്നത് ഒരിക്കലും പൊറുക്കുകയില്ല. അതല്ലാത്ത ഏതു പാപവും അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാകുന്നു. അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നവനാരോ അവൻ വമ്പിച്ച കള്ളവും ഭയങ്കരമായ കുറ്റവും ചമച്ചിരിക്കുന്നു.

---

48: ഇസ്ലാമികദൈവശാസ്ത്രത്തിലെ ഒരു സുപ്രധാന സാങ്കേതികപദമാണ് 'ശിർക്ക്' അഥവാ അല്ലാഹുവിൽ പങ്കുചേർക്കൽ എന്നത്. അല്ലാഹുവിന് സത്തയിലോ ഗുണവിശേഷങ്ങളിലോ അധികാരാവകാശങ്ങളിലോ സമന്മാരോ പങ്കാളികളോ ഉണ്ട് എന്ന് വിശ്വസിക്കുകയാണ് സാങ്കേതിക ഭാഷയിൽ 'ശിർക്ക്'. ഒന്നിലധികം ദൈവങ്ങൾ ഉണ്ട് എന്ന് വിശ്വസിക്കുന്നതും ശിർക്കുതന്നെ.

പ്രപഞ്ചത്തിൻെറ സ്രഷ്ടാവും പരിപാലകനും പരമാധികാരിയും ഏകനായ അല്ലാഹു മാത്രമാണ്. അതിനാൽ ആരാധനക്ക് അർഹനും അല്ലാഹു മാത്രമാകുന്നു.

ഏകദൈവത്തിൻെറ ഈ അവകാശത്തിൽ മറ്റുള്ളവരെ പങ്കാളിയാക്കുന്നത് ശിർക്കാകുന്നു. യഹൂദർ ഉസൈറിനെയും ക്രൈസ്തവർ ഈസാമസീഹിനെയും ദൈവപുത്രന്മാരായി സങ്കൽപിച്ചത് അല്ലാഹുവിൻെറ ദിവ്യത്വത്തിൽ അവർ ചേർത്ത ശിർക്കായിരുന്നു. ഏകദൈവത്തിന് മക്കളുണ്ടെന്ന് വിശ്വസിക്കുന്നത് ഏകദൈവത്തിൻെറ നിഷേധമല്ല എന്നാണ് അവരുടെ നിലപാട്. അല്ലാഹുവിൽ പങ്കുചേർക്കുന്നത് ഏതുരൂപത്തിലായാലും അത് ഒരിക്കലും പൊറുക്കപ്പെടാത്ത ഏറ്റവും വലിയ പാപമാണെന്നാണ് ഇവിടെ പറയുന്നത്. അടിസ്ഥാനപരമായി ഏകദൈവത്തിൽ വിശ്വസിച്ചവരുടെ പാപങ്ങൾ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്.

---

49. സ്വയം വിശുദ്ധരായി ചമയുന്നവരെ നീ കണ്ടില്ലേ? എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ ശുദ്ധീകരിക്കുന്നു. അവരോട് ഒട്ടും അനീതി കാണിക്കുന്നതല്ല.

50. എങ്ങനെയാണ് അവർ അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമക്കുന്നത് എന്ന് നോക്കുക. വ്യക്തമായ പാപമായി ഇതുതന്നെ മതി.

51. വേദത്തിൽ നിന്ന് ഒരു വിഹിതം ലഭിച്ചവരെ നീ കണ്ടില്ലയോ? അവർ 'ജിബ്തി'ലും (മിഥ്യകളിലും),ദുശ്ശക്തികളിലും വിശ്വസിക്കുന്നു. സത്യനിഷേധികളെക്കുറിച്ച് ഇവരാണ് സത്യവിശ്വാസികളേക്കാൾ നേർമാർഗത്തിലെന്ന് പറയുകയും ചെയ്യുന്നു.

51: അടിസ്ഥാനരഹിതം, യാതൊരു ഗുണവുമില്ലാത്തത്, ദുഷ്ടമായത്, ക്ഷുദ്രം എന്നൊക്കെ അർഥം നൽകാവുന്ന പദമാണ് 'ജിബ്ത്'. സിഹ്റ് (ആഭിചാരം), മാരണം, ശകുനം, ജ്യോതിഷം, മുഹൂർത്തം, യക്ഷി, ഭൂതപ്രേതങ്ങൾ, കുട്ടിച്ചാത്തൻ, ദേവീദേവന്മാർ, തുടങ്ങി അടിസ്ഥാനരഹിതവും അന്ധവിശ്വാസജന്യവുമായ പലതിനും ജിബ്ത് എന്ന പദം ഉപയോഗിക്കാറുണ്ട്.

ഹയ്യുബ്നു അഖ്ത്വാബ്, കഅ്ബുബ്നുൽ അശ്റഫ് തുടങ്ങിയ മദീനയിലെ ജൂതപ്രമാണിമാർ അസ്ഹാബ് യുദ്ധത്തിനു ഖുറൈശികളെ സംഘടിപ്പിക്കുന്നതിനുവേണ്ടി മക്കയിൽ ചെന്ന അവസരത്തിൽ മുഹമ്മദും നിങ്ങളും വേദക്കാരായ സ്ഥിതിക്ക് ഞങ്ങളോടുള്ള നിങ്ങളുടെ നിലപാട് വ്യക്തമാക്കണമെന്ന് ഖുറൈശികൾ ആവശ്യപ്പെടുകയുണ്ടായി.ഞങ്ങളിൽ ആരാണ് സന്മാർഗസ്ഥരെന്ന് യഹൂദരോട് അഭിപ്രായം ചോദിച്ചപ്പോൾ, നിങ്ങളാണ് മുഹമ്മദിനെയും അവന്റെ അനുയായികളെക്കാളും ഉത്തമരെന്ന് യഹൂദികൾ ആ ബഹുദൈവവിശ്വാസികൾക്ക് സാക്ഷ്യം നൽകുകയുണ്ടായി. ഖുറൈശികളെ തൃപ്തിപ്പെടുത്താനായി എഴുപതോളം വരുന്ന യഹൂദി സംഘം ഖുറൈശികളുടെ വിഗ്രഹങ്ങൾക്കുമുമ്പിൽ പ്രണാമമർപ്പിച്ചതായും റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മുസ്ലിംകളെ അപേക്ഷിച്ച് ബഹുദൈവവിശ്വാസികളാണ് കൂടുതൽ സന്മാർഗചാരികളെന്ന് സാക്ഷ്യപ്പെടുത്താൻ മാത്രം യഹൂദികൾ അധഃപതിച്ചുപോയിരുന്നു.

52. അക്കൂട്ടരെയാകുന്നു അല്ലാഹു ശപിച്ചിട്ടുള്ളത്. ആരെ അല്ലാഹു ശപിക്കുന്നുവോ അവന് ഒരു സഹായിയെയും നീ കണ്ടെത്തുകയില്ല.

53. അല്ല, അധികാരത്തിൽ അവർക്ക് പങ്കുണ്ടെന്നോ, എങ്കിൽ അവർ അതിൽനിന്ന് ഒന്നും ജനങ്ങൾക്ക് നൽകുമായിരുന്നില്ല.

54. അതല്ല, അല്ലാഹു അവന്റെ ഔദാര്യത്തിൽനിന്ന് മറ്റു മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അവർ അസൂയപ്പെടുകയാണോ? എന്നാൽ ഇബ്റാഹീം കുടുംബത്തിന് നാം വേദവും തത്ത്വജ്ഞാനവും നൽകിയിട്ടുണ്ട്. അവർക്ക് നാം മഹത്തായ ആധിപത്യവും നൽകിയിട്ടുണ്ട്.

55. എന്നാൽ അവരിൽ ചിലർ അതിൽ വിശ്വസിച്ചു. അതിൽനിന്ന് പിന്തിരിഞ്ഞ വിഭാഗവും അവരിലുണ്ട്. (അവർക്ക്) കത്തിക്കാളുന്ന നരകാഗ്നി തന്നെ മതി.

56. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരെ നാം തീർച്ചയായും നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്; അവർ ശിക്ഷ ആസ്വദിക്കേണ്ടതിന്. തീർച്ചയായും അല്ലാഹു അജയ്യനും യുക്തിമാനുമാകുന്നു.

57. എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോ, അവരെ നാം താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ എന്നെന്നും സ്ഥിരവാസികളാകുന്നു. അവർക്കവിടെ പരിശുദ്ധകളായ ഇണകളുണ്ടായിരിക്കും. അവരെ നാം സുഖശീതളമായ തണലിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

58. അമാനത്തുകൾ(വിശ്വസിച്ചേൽപിച്ച വസ്തുക്കൾ) അവയുടെ ഉടമകൾക്ക് ഏല്പിച്ചുകൊടുക്കണമെന്നും, ജനങ്ങൾക്കിടയിൽ തീരുമാനം കൽപിക്കുമ്പോൾ നീതിപൂർവം തീരുമാനം കൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് ആജ്ഞാപിക്കുന്നു. എത്ര നല്ല ഉപദേശമാണ് അല്ലാഹു നിങ്ങൾക്ക് നൽകുന്നത്. നിശ്ചയം, അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമല്ലോ.

59. അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുവിൻ, അവൻെറ ദൂതനെയും അനുസരിക്കുവിൻ,നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും.ഏതെങ്കിലും കാര്യത്തിൽ നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ അതിനെ അല്ലാഹുവിലേക്കും അവൻെറ ദൂതനിലേക്കും മടക്കുവിൻ. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുണ്ടെങ്കിൽ(അതാണ് ചെയ്യേണ്ടത്). അതാണ് ഏറ്റം നല്ലത്. അനന്തരഫലത്തിൽ അത്യുത്തമവും അതുതന്നെ.

---

59: ഇസ്ലാമിക വ്യവസ്ഥയുടെ മൗലിക തത്ത്വങ്ങളാണ് ഈ വചനത്തിൻെറ ഉള്ളടക്കം. ഇസ്ലാമിക വ്യവസ്ഥിതിയിൽ സാക്ഷാൽ അനുസരണത്തിന് അർഹനായിട്ടുള്ളവൻ അല്ലാഹുവാകുന്നു. മറ്റുള്ളവർക്കുള്ള അനുസരണം സ്വീകരിക്കപ്പെടുന്നത് അവ അല്ലാഹുവിൻെറ അനുസരണത്തിന് വിധേയമായിരിക്കുമ്പോൾ മാത്രമാണ്. സ്രഷ്ടാവിനോട് അനുസരണക്കേട് കാണിച്ചുകൊണ്ട് യാതൊരു സൃഷ്ടിക്കും അനുസരണം പാടുള്ളതല്ല. അല്ലാഹുവിനെ അനുസരിക്കുക എന്നാൽ അവൻെറ വേദത്തെ അനുസരിക്കുകയാണ്. അതായത് വിശുദ്ധ ഖുർആൻ ഉൾക്കൊള്ളുന്ന വിധിവിലക്കുകളെയും ഉപദേശനിർദേശങ്ങളെയും അനുസരിക്കുക എന്നർഥം.
ഇസ്ലാമിക വ്യവസ്ഥയുടെ രണ്ടാമത്തെ അടിസ്ഥാനം ദൈവത്തിൻെറ ദൂതനോടുള്ള അനുസരണമാണ്. അല്ലാഹുവിൻെറ നിയമങ്ങളും കൽപനകളും നമുക്ക് ലഭിക്കുന്നതിനുള്ള പ്രമാണയോഗ്യമായ മാർഗമാണ് പ്രവാചകന്മാർ.ദൈവിക വേദത്തിൻെറ ആധികാരികവ്യാഖ്യാതാവായ പ്രവാചകനോടുള്ള അനുസരണം വഴിക്കേ നമുക്ക് ദൈവത്തെ അനുസരിക്കാനാവൂ. 'എന്നെ അനുസരിച്ചവൻ ദൈവത്തെ അനുസരിച്ചു; എന്നെ ധിക്കരിച്ചവൻ ദൈവത്തെ ധിക്കരിച്ചു' എന്ന പ്രസിദ്ധമായ ഒരു നബിവചനമുണ്ട്. അദ്ദേഹത്തിൻെറ നടപടികൾ മുസ്ലിംകൾ നിർബന്ധമായി പിന്തുടരേണ്ട കീഴ്വഴക്കങ്ങളാണ്. ഇങ്ങനെ അനുസരിക്കപ്പെടേണ്ട പ്രവാചക ചര്യകളെ 'സുന്നത്ത്'' (നബിചര്യ) എന്ന് വിളിക്കുന്നു. പണ്ഡിതന്മാർ മഹാഗ്രന്ഥങ്ങളിലായി പ്രവാചകചര്യകൾ വിശദമായി രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. 'ഹദീസ് ഗ്രന്ഥങ്ങൾ' എന്ന പേരിൽ ഇവ അറിയപ്പെടുന്നു.
അല്ലാഹുവിനും പ്രവാചകനും ശേഷം അനുസരിക്കപ്പെടേണ്ടവരാണ് മുസ്ലിംകളിൽനിന്നുള്ള 'ഉലുൽ അംറ്'' (കൈകാര്യകർത്താക്കൾ).'കൈകാര്യകർത്താക്കൾ' എന്നതുകൊണ്ടുദ്ദേശിക്കപ്പെടുന്നതാരാണെന്നതിനെക്കുറിച്ച് വ്യത്യസ്ത വീക്ഷണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഭരണാധിപന്മാർ, മുസ്ലിംകൾ അംഗീകരിക്കുന്ന സമുദായ നേതാക്കൾ, പണ്ഡിതന്മാർ, മതവിജ്ഞാനികൾ തുടങ്ങിയവരെല്ലാം അതിൽ ഉൾപ്പെടുമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അവരുടെ ആജ്ഞാനിരോധനങ്ങൾ അല്ലാഹുവിൻെറ ആജ്ഞാനിരോധനങ്ങൾക്ക് വിരുദ്ധമാണെങ്കിൽ അനുസരിക്കാൻ പാടില്ലെന്ന് നബി(സ)തിരുമേനി വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിനോടും പ്രവാചകനോടും അനുസരണക്കേടു കാണിച്ചുകൊണ്ട് യാതൊരാൾക്കും അനുസരണമില്ലതന്നെ. അനുസരണം സൽക്കാര്യത്തിൽ മാത്രമാണ്

---

60. നിനക്ക് ഇറക്കപ്പെട്ട(ഖുർആനി)ലും നിനക്കുമുമ്പ് ഇറക്കപ്പെട്ട(ഗ്രന്ഥങ്ങളി)ലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് വാദിക്കുന്നവരെ നീ കണ്ടില്ലയോ? (തങ്ങളുടെ തർക്കങ്ങളിൽ) തീർപ്പ് കൽപിക്കുന്നതിന് ത്വാഗൂത്തിനെ(ദൈവേതര ദുശ്ശക്തികളെ) തേടിപ്പോകാനാണ് അവർ ഉദ്ദേശിക്കുന്നത്. അവരോ ത്വാഗൂത്തിനെ നിഷേധിക്കുവാൻ കൽപിക്കപ്പെട്ടവരത്രെ. പിശാച് അവരെ(സന്മാർഗത്തിൽനിന്ന്)ബഹുദൂരം വഴിതെറ്റിക്കുവാൻ ഉദ്ദേശിക്കുകയാണ്.

61. അല്ലാഹു ഇറക്കിത്തന്നതിലേക്കും ദൈവദൂതനിലേക്കും വരുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ, ആ കപടവിശ്വാസികൾ നിന്നിൽനിന്നു തികച്ചും പിന്തിരിഞ്ഞുപോകുന്നത് നിനക്ക് കാണാം.

---

60,61: പ്രവാചകൻെറ കാലത്ത് കേസുകൾ തീർക്കുന്നതിനുവേണ്ടി കപടവിശ്വാസികളെ പ്രവാചകൻെറ കോടതിയിലേക്ക് വിളിച്ചാൽ തങ്ങൾക്ക് അനുകൂലമായ വിധിയുണ്ടാകുമെന്ന് പ്രതീക്ഷയുള്ളപ്പോൾ അവർ അദ്ദേഹത്തിൻെറ അടുത്ത് വരുമായിരുന്നു. എന്നാൽ വിധി തങ്ങൾക്ക് പ്രതികൂലമായേക്കുമോ

എന്നാശങ്കയുണ്ടാകുമ്പോൾ പല ഒഴികഴിവുകൾ പറഞ്ഞ് തിരുമേനിയുടെ അടുത്ത് വരാൻ അവർ വിസമ്മതിക്കുമായിരുന്നു. കപടവിശ്വാസികൾ മുഖ്യമായും യഹൂദഗോത്രങ്ങളിൽ പെട്ടവരും മദീനയുടെ പ്രാന്തപ്രദേശങ്ങളിൽ താമസിച്ചിരുന്ന അറബ്ഗോത്രങ്ങളിൽപെട്ടവരുമായിരുന്നു. അവർ പ്രവാചകനെ അവഗണിച്ച് ത്വാഗൂത്തിലേക്ക് വിധിതേടിപ്പോയിരുന്നു.

ജീവിതവ്യവഹാരങ്ങളഖിലം വേദവിധികൾക്ക് വിധേയമാക്കുക എന്നത് അല്ലാഹുവിലും വേദങ്ങളിലുമുള്ള വിശ്വാസത്തിൻെറ അനിവാര്യതാൽപര്യമാകുന്നു. മാനുഷികവ്യവഹാരങ്ങളിൽ ഖുർആനിനും സുന്നത്തിനും (പ്രവാചകചര്യ) വിരുദ്ധമായി നിർദേശിക്കപ്പെടുന്ന നീതിശാസ്ത്രങ്ങളും വ്യവസ്ഥകളും അവയുടെ അനുശാസനവുമാകുന്നു 'ത്വാഗൂത്ത്'' എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. ലൗകികമെന്നോ ആത്മീയമെന്നോ വ്യത്യാസമില്ലാതെ ജീവിതത്തിലെ എല്ലാ രംഗത്തും ദൈവവിരുദ്ധ ശക്തികളെ നിഷേധിക്കാനാണ് സത്യവിശ്വാസി കൽപിക്കപ്പെട്ടിട്ടുള്ളത്. ഖുർആനും സുന്നത്തും നൽകുന്ന വിധിവിലക്കുകൾ പരിശോധിച്ചാൽ അവയെ മതപരമെന്നോ ലൗകികമെന്നോ ഉള്ള ഏതെങ്കിലും ഒന്നിൽ ഉൾക്കൊള്ളിക്കുക സാധ്യവുമല്ല.

---

62. എന്നാൽ സ്വകരങ്ങളാൽ വരുത്തിയ വിനകൾ അവരെ ബാധിക്കുകയും എന്നിട്ട് അവർ നിൻെറയടുത്തു വന്ന് അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്തുകൊണ്ട് 'ഞങ്ങൾ നന്മയും അനുരഞ്ജനവുമല്ലാതെ ഒന്നും ഉദ്ദേശിച്ചിരുന്നില്ല' എന്ന് പറയുകയും ചെയ്യുമ്പോഴുള്ള അവസ്ഥ എന്തായിരിക്കും?

63. എന്നാൽ അവരുടെ മനസ്സുകളിലുള്ളത് അല്ലാഹു അറിയുന്നുണ്ട്. അതിനാൽ അവരെ വിട്ടേക്കുക. അവർക്ക് സദുപദേശം നൽകുക. അവരുടെ മനസ്സിൽ തട്ടുന്ന വാക്ക് പറയുകയും ചെയ്യുക.

64. അല്ലാഹുവിൻെറ കൽപനപ്രകാരം അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു ദൈവദൂതനെയും നാം അയച്ചിട്ടില്ല. അവർ തങ്ങളോടുതന്നെ അതിക്രമം കാണിച്ചപ്പോൾ അവർ നിന്നെ സമീപിക്കുകയും അല്ലാഹുവിനോട് മാപ്പിരക്കുകയും ദൈവദൂതനും അവർക്കുവേണ്ടി മാപ്പിരക്കുകയും ചെയ്തിരുന്നുവെങ്കിൽ അല്ലാഹുവിനെ പശ്ചാത്താപം സ്വീകരിക്കുന്നവനും ദയാപരനുമായി അവർ കണ്ടെത്തുമായിരുന്നു.

65. അല്ല, നിൻെറ നാഥൻ തന്നെ സത്യം! അവർക്കിടയിലുണ്ടാകുന്ന തർക്കങ്ങളിൽ നിന്നെയവർ വിധികർത്താവാക്കുകയും, എന്നിട്ട് നീ നൽകുന്ന വിധിതീർപ്പിൽ മനഃപ്രയാസം തോന്നാതിരിക്കുകയും അതിനെ പൂർണസമ്മതത്തോടെ സ്വീകരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ലതന്നെ.

66. ആത്മാഹുതി ചെയ്യണമെന്നോ സ്വന്തം വീടുകൾ വിട്ടുപോകണമെന്നോ നാം അവരോട് ആജ്ഞാപിച്ചിരുന്നുവെങ്കിൽ അവരിൽ ചുരുക്കം പേരൊഴികെ അത് ചെയ്യുമായിരുന്നില്ല. എന്നാൽ ഉപദേശിച്ചതനുസരിച്ച് അവർ പ്രവർത്തിച്ചിരുന്നുവെങ്കിൽ അതാകുമായിരുന്നു അവർക്ക് ഏറ്റം ഗുണകരവും ഏറെ സ്ഥൈര്യം പ്രദാനം ചെയ്യുന്നതും.

67. എന്നാൽ നാം അവർക്ക് നമ്മുടെ പക്കൽനിന്നുള്ള അതിമഹത്തായ പ്രതിഫലം നൽകുമായിരുന്നു.

68. അവരെ നേരായ മാർഗത്തിലേക്കു നയിക്കുകയും ചെയ്യുമായിരുന്നു.

69. ആർ അല്ലാഹുവിനെയും അവൻെറ ദൂതനെയും അനുസരിക്കുന്നുവോ, അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യവാന്മാർ, രക്തസാക്ഷികൾ, സച്ചരിതർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!

70. അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹമത്രെ അത്. എല്ലാം അറിയുന്നവനായി അല്ലാഹു മതി.

69,70: പ്രവാചകത്വപദവി അല്ലാഹുവിനാൽ അരുളപ്പെടുന്ന ഒരനുഗ്രഹമാകുന്നു. ആഗ്രഹിക്കുന്നവർക്കൊക്കെ നേടാൻ കഴിയുന്നതോ ലഭിക്കുന്നതോ ആയ പദവിയല്ല അത്. എന്നാൽ അല്ലാഹുവിനെയും പ്രവാചകനെയും അനുസരിക്കുന്നവർക്ക് പരലോകത്ത് പ്രവാചകന്മാരുടെ കൂടെ സ്ഥാനം പിടിക്കാമെന്നാണ് ഈ വചനം വ്യക്തമാക്കുന്നത്. ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു: കുറേ പ്രവാചക ശിഷ്യന്മാർ പ്രവാചകനോടു പറഞ്ഞു: 'തിരുദൂതരേ, ഞങ്ങൾക്കങ്ങയെ പിരിയാനാവില്ല. അങ്ങ് ഞങ്ങൾക്ക് മുമ്പ് മരിച്ചാൽ മേലോട്ടുയർത്തപ്പെടും. പിന്നെ ഞങ്ങൾക്കങ്ങയെ കാണാനാവില്ലല്ലോ.' ഈ സന്ദർഭത്തിൽ അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചു.
മറ്റൊരു നിവേദനം ഇപ്രകാരമാണ്. ഒരാൾ ഒരു കൂട്ടരെ സ്നേഹിക്കുന്നു. അയാൾ അവരോടൊപ്പം (പദവിയിൽ) എത്തിച്ചേർന്നിട്ടുമില്ല.ഇങ്ങനെയുള്ള ആളെപ്പറ്റി നബി(സ)യോട് ചോദിക്കപ്പെട്ടു.അപ്പോൾ അവിടുന്നു പറഞ്ഞു: 'മനുഷ്യൻ അവൻ സ്നേഹിക്കുന്നവരോട് കൂടെയായിരിക്കും.' അനസ്(റ) പറയുകയാണ്. (തിരുമേനി പറഞ്ഞു:) ഈ വർത്തമാനം നിമിത്തം സന്തോഷിച്ചത്ര സന്തോഷം മുസ്ലിംകൾ മറ്റൊരിക്കലും സന്തോഷിച്ചിട്ടില്ല.

---

71. അല്ലയോ സത്യവിശ്വാസികളേ,(ശത്രുക്കളെക്കുറിച്ച്) നിങ്ങൾ ജാഗ്രത പാലിക്കുക. അങ്ങനെ നിങ്ങൾ ചെറുസംഘങ്ങളായോ ഒന്നായോ (ശത്രുക്കൾക്കെതിരെ) പുറപ്പെട്ടുകൊള്ളുക.

---

71: ഉഹുദ് യുദ്ധത്തിൽ മുസ്ലിംകൾക്ക് ബാധിച്ച പരാജയത്തെത്തുടർന്ന് ശത്രുക്കൾ ഒളിഞ്ഞും തെളിഞ്ഞും ഇസ്ലാമിക സമൂഹത്തിനെതിരെ നിരന്തരം തന്ത്രങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരുന്നു. അവരെ പ്രതിരോധിക്കാനുള്ള ആഹ്വാനമാണിത്.

---

72. നിശ്ചയമായും മടിച്ച് പിന്നോക്കം നിൽക്കുന്നവൻ നിങ്ങളിൽ തന്നെയുണ്ട്. അങ്ങനെ നിങ്ങൾക്ക് വല്ല അപായവും പറ്റിയാൽ അവൻ പറയും: ഞാൻ അവരോടൊപ്പം ഹാജരാകാതിരുന്നത് അല്ലാഹു എന്നോട് ചെയ്ത വലിയ അനുഗ്രഹം തന്നെ.

73. എന്നാൽ നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് വല്ല അനുഗ്രഹവുമുണ്ടായാലോ, അവനും നിങ്ങളും തമ്മിൽ യാതൊരു മൈത്രീബന്ധവും ഉണ്ടായിട്ടില്ലാത്തപോലെ അവൻ പറയും: (ഹാ കഷ്ടം!) ഞാനും അവരോടൊപ്പം ഉണ്ടായിരുന്നെങ്കിൽ വമ്പിച്ച നേട്ടമുണ്ടാകുമായിരുന്നു.

74. പരലോകത്തിനുവേണ്ടി ഇഹലോക ജീവിതം വിൽപന നടത്തിയിട്ടുള്ളവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യട്ടെ. അല്ലാഹുവിന്റെ മാർഗത്തിൽ പടപൊരുതിയവൻ കൊല്ലപ്പെട്ടാലും വിജയം നേടിയാലും നാമവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്.

75. മർദ്ദിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾക്കെന്തുകൊണ്ട് യുദ്ധം ചെയ്തുകൂടാ? അവരോ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു: ഞങ്ങളുടെ നാഥാ! മർദ്ദകരായ നിവാസികളുടെ ഈ നാട്ടിൽനിന്ന് ഞങ്ങളെ മോചിപ്പിക്കേണമേ, നിന്റെ പക്കൽ നിന്ന് ഞങ്ങൾക്ക് ഒരു രക്ഷകനെ നിശ്ചയിച്ചു തരേണമേ, നിന്റെ പക്കൽ നിന്ന് ഒരു സഹായിയെയും ഞങ്ങൾക്ക് നിശ്ചയിച്ചുതരേണമേ.

---

75: സത്യമതം അംഗീകരിച്ചതിന്റെ പേരിൽ മർദ്ദിക്കപ്പെടുകയും എന്നാൽ ഹിജ്റ ചെയ്യാൻ പോലും കഴിയാതെ മക്കയിൽ കുടുങ്ങിപ്പോയ വിശ്വാസികളെയാണ് ഇവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

---

76. സത്യവിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. സത്യനിഷേധികൾ ത്വാഗൂത്തിന്റെ (ദൈവേതര ശക്തികളുടെ) മാർഗത്തിലും യുദ്ധം ചെയ്യുന്നു. അതിനാൽ നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് യുദ്ധം ചെയ്യുക. തീർച്ചയായും പിശാചിന്റെ കുതന്ത്രം അതീവ ദുർബലമാകുന്നു.

77. (യുദ്ധത്തിലേർപ്പെടാതെ) കൈകൾ അടക്കിവെക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുക എന്നനുശാസിക്കപ്പെട്ടിരുന്ന ജനത്തെ നീ കണ്ടില്ലയോ? യുദ്ധം കൽപിക്കപ്പെട്ടപ്പോൾ, അവരിൽ ഒരു വിഭാഗമതാ, അല്ലാഹുവിനെ ഭയപ്പെടേണ്ടതു പോലെ അല്ലെങ്കിൽ അതിലധികമായി, ജനങ്ങളെ ഭയപ്പെടുന്നു. അവർ പറയുന്നു: ഞങ്ങളുടെ നാഥാ, നീ ഞങ്ങളോട് യുദ്ധം കൽപിച്ചതെന്തിന്? അടുത്ത ഒരവധിവരെയെങ്കിലും ഞങ്ങൾക്ക് അവസരം തന്നുകൂടായിരുന്നോ? അവരോട് പറയുക: ലൗകിക വിഭവങ്ങൾ തുഛമാകുന്നു. പരലോകമത്രെ ദൈവഭക്തർക്ക് ഏറെ ഉൽകൃഷ്ടം. നിങ്ങളോട് തരിമ്പും അനീതി ചെയ്യപ്പെടുകയില്ല.

---

77: ഇസ്ലാം മതം അംഗീകരിച്ചതിന്റെ പേരിൽ മക്കയിലെ ആദ്യകാല മുസ്ലിംകൾ ഖുറൈശികളിൽ നിന്ന് കൊടിയ മർദനങ്ങളും അപമാനങ്ങളും അനുഭവിച്ചിരുന്നു. അക്രമമർദനങ്ങൾക്കെതിരിൽ കഴിയുന്ന ശക്തിയുപയോഗിച്ച് തിരിച്ചടിക്കാൻ അനുവാദം നൽകണമെന്ന് പ്രവാചകനോട് ചിലർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ശത്രുക്കളുമായി യുദ്ധം ചെയ്യാൻ അവർക്ക് അനുവാദം നൽകപ്പെട്ടിരുന്നില്ല. അതിനാൽ പ്രവാചകൻ(സ)അവരുടെ അപേക്ഷ അംഗീകരിച്ചതുമില്ല.സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മതമായ ഇസ്ലാം ഈ ആദർശത്തിന്റെ മഹത്വങ്ങളും സവിശേഷതകളും പ്രതിയോഗികൾക്ക് ഗ്രഹിക്കുവാൻ അവസരം കൊടുക്കുന്നതിനുമുമ്പ് ഏറ്റുമുട്ടലിന്റെ മാർഗം സ്വീകരിക്കുന്നത് ആ സന്ദേശത്തിന്റെ തന്നെ താൽപര്യങ്ങൾക്ക് വിരുദ്ധമാകുന്നു. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സൗമനസ്യത്തിന്റെയും അന്തരീക്ഷത്തിലേ ശരിയായ പ്രബോധനം സാധ്യമാകൂ.
പ്രവാചകനും(സ) അനുചരന്മാരും മദീനയിൽ കുടിയേറിയ ശേഷം അവിടെ ഒരു കൊച്ചു സമൂഹം സൃഷ്ടിച്ചപ്പോൾ അത് തങ്ങൾക്കെതിരായ ഒരു വെല്ലുവിളിയായിക്കണ്ട ഖുറൈശികൾ മദീനക്കെതിരെ പട നയിക്കാൻ തുടങ്ങി.ആ സന്ദർഭത്തിൽ അവർ മുമ്പ് ആഗ്രഹിച്ചുകൊണ്ടിരുന്ന യുദ്ധത്തിന് അനുമതി ലഭിച്ചപ്പോൾ നേരത്തെ യുദ്ധത്തിന് ആവേശം കാണിച്ചവരിൽ പലരും പിന്നോട്ടടിക്കുകയാണ് ചെയ്തത്. ആ സന്ദർഭത്തിൽ അവർ ഉന്നയിച്ച ഒഴികഴിവുകളും വേവലാതികളും അസ്ഥാനത്താണെന്നും ഇഹലോകത്ത് എത്രതന്നെ സുഖജീവിതം ലഭിച്ചാലും അത് പരലോകത്തെ അപേക്ഷിച്ച് വളരെ തുഛമാണെന്നും അവരെ ഉണർത്തുന്നു.

---

78. നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുകതന്നെ ചെയ്യും. നിങ്ങൾ എത്ര സുഭദ്രമായ കോട്ടകളിൽ ആയിരുന്നാലും. വല്ല നന്മയും വന്നുകിട്ടിയാൽ അവർ പറയും; ഇത് അല്ലാഹുവിങ്കൽനിന്നുള്ളതാണ്. വല്ല വിപത്തും ബാധിച്ചാൽ അവർ പറയും; ഇത് നീ കാരണം ഉണ്ടായതാണ്. പറയുക: എല്ലാം അല്ലാഹുവിങ്കൽ നിന്നുതന്നെയുള്ളതാകുന്നു. ഈ ജനങ്ങൾക്കെന്തുപറ്റി? ഇവർ ഒരു കാര്യവും മനസ്സിലാക്കുന്നില്ലല്ലോ.

79. (അല്ലയോ മനുഷ്യാ,) നിനക്ക് വന്നെത്തുന്ന നന്മയൊക്കെയും അല്ലാഹുവിന്റെ (ഔദാര്യത്താൽ) ലഭിക്കുന്നതാകുന്നു. നിന്നെ ബാധിക്കുന്ന വിപത്തുകളെല്ലാം നിന്നിൽ നിന്നുള്ളതുമാകുന്നു. (നബിയേ,) ജനങ്ങൾക്കുള്ള ദൂതനായി നാം നിന്നെ നിയോഗിച്ചിരിക്കുന്നു. അതിനു സാക്ഷിയായി അല്ലാഹു മതി.

80. ദൈവദൂതനെ അനുസരിക്കുന്നവനാരോ, തീർച്ചയായും അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും പിന്തിരിഞ്ഞു പോകുന്നുവെങ്കിൽ, നാം നിന്നെ അവരുടെ കാവൽകാരനായിട്ടൊന്നും നിയോഗിച്ചിട്ടില്ല.

---

79,80: മനുഷ്യന് നന്മയും തിന്മയും ചെയ്യാൻ കഴിയുന്നതായ ഒരു പ്രാപഞ്ചിക വ്യവസ്ഥയാണ് അല്ലാഹു സംവിധാനിച്ചിരിക്കുന്നത്. ഒരാൾ ഒരു നന്മ ചെയ്യാൻ ഉദ്ദേശിച്ചാൽ അല്ലാഹുവിന്റെ ഉതവിയുണ്ടെങ്കിലേ അത് യാഥാർഥ്യമാവുകയുള്ളു. തിന്മ ഉദ്ദേശിച്ചാലും അങ്ങനെത്തന്നെ. മനുഷ്യന്റെ ഏതൊരു ഉദ്ദേശ്യവും അല്ലാഹുവിന്റെ അനുമതിയും വിധിയുമില്ലാതെ സാക്ഷാത്കരിക്കാനാവില്ല. അങ്ങനെ നന്മയും തിന്മയും അല്ലാഹുവിങ്കൽനിന്നുള്ളതാകുന്നു. അതായത് നന്മയും തിന്മയും ഉണ്ടാ

കുന്നത് അവന്‍റെ അറിവിനും അനുമതിക്കും വ്യവസ്ഥക്കും വിധേയമായാണ്. മനുഷ്യന് നന്മയും തിന്മയും ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ എങ്ങനെ ഉപയോഗിച്ചു എന്നതിന്‍റെ അടിസ്ഥാനത്തിലാണ് അവന്‍ രക്ഷാശിക്ഷകള്‍ക്കര്‍ഹനാകുന്നത്.

അല്ലാഹുവിന്‍റെ വിധിവിലക്കുകള്‍ ജനങ്ങള്‍ക്കെത്തിച്ചു കൊടുക്കുവാന്‍ മാത്രമാണ് ദൈവദൂതന്‍ ഉത്തരവാദപ്പെട്ടിട്ടുള്ളത്.അല്ലാഹുവിന്‍റെ ആജ്ഞാനിര്‍ദേശങ്ങള്‍ ജനങ്ങള്‍ കൈക്കൊണ്ടില്ലെങ്കില്‍ അതിന് ദൈവദൂതന്‍ ഒരിക്കലും ഉത്തരവാദിയല്ല. അതിനാല്‍ മനുഷ്യര്‍ക്ക് അല്ലാഹുവിനെ അനുസരിക്കാനുള്ള ഒരേയൊരു മാര്‍ഗം അന്ത്യപ്രവാചകനെ അനുസരിക്കുകയാണ്.

---

81. അവര്‍ പറയും: ഞങ്ങള്‍ അനുസരണമുള്ളവരാകുന്നു. എന്നാല്‍ നിന്‍റെ അടുത്തുനിന്ന് അവര്‍ പിരിഞ്ഞു പോയാല്‍ അവരില്‍ ചിലര്‍ തങ്ങള്‍ പറയുന്നതിന് വിപരീതമായി രാത്രിയില്‍ ഗൂഢാലോചന നടത്തുന്നു.അവര്‍ രാത്രിയില്‍ ഗൂഢാലോചന നടത്തുന്നതൊക്കെയും അല്ലാഹു രേഖപ്പെടുത്തുന്നുണ്ട്. നീ അവരെ അവഗണിച്ചേക്കുക. അല്ലാഹുവില്‍ ഭരമേല്‍പിക്കുക. ഭരമേല്‍പിക്കാന്‍ അല്ലാഹു എത്രയും മതിയായവനത്രെ.

82. അവര്‍ ഖുര്‍ആനെക്കുറിച്ച് ചിന്തിക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്തവരില്‍ നിന്നുള്ളതായിരുന്നെങ്കില്‍ അവര്‍ അതില്‍ നിരവധി വൈരുധ്യങ്ങള്‍ കാണുമായിരുന്നു.

---

82: കപടവിശ്വാസികളും ദുര്‍ബലവിശ്വാസികളും പ്രവാചകന് ലഭിച്ചുകൊണ്ടിരുന്ന ദിവ്യബോധനത്തെക്കുറിച്ച് സംശയാലുക്കളായിരുന്നു. ചിലര്‍ കാര്യലാഭത്തിനുവേണ്ടിയും മറ്റുചിലര്‍ സാഹചര്യത്തിന്‍റെ പ്രേരണയാലും മുസ്ലിംകളായി വര്‍ത്തിക്കുകയായിരുന്നു.

അക്കാലത്തെ കപടവിശ്വാസികള്‍ക്കെന്നപോലെ ഖുര്‍ആനികാധ്യാപനങ്ങളെ വിമര്‍ശിക്കുന്ന ആധുനികര്‍ക്കും ഒരു വെല്ലുവിളി ഈ സൂക്തം ഉള്‍ക്കൊള്ളുന്നുണ്ട്. ഖുര്‍ആനില്‍ ഇന്നിന്ന വൈരുധ്യങ്ങളുണ്ട്, അസന്തുലനങ്ങളുണ്ട്, ഔചിത്യദോഷങ്ങളുണ്ട് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരാളും മുന്നോട്ട് വന്നതായി കാണുന്നില്ല. സത്യത്തിനോ നീതിക്കോ യുക്തിക്കോ നിരക്കാത്ത യാതൊന്നും ഖുര്‍ആനില്‍ കാണുന്നില്ല. ഒരു പുനഃപരിശോധന ആവശ്യമെന്ന് തോന്നുന്ന യാതൊന്നും ഇതില്‍ വന്നുപോയിട്ടില്ല. ഇതില്‍ പരസ്പരവിരുദ്ധമായ നിയമങ്ങളോ ആദര്‍ശങ്ങളോ ഇല്ല. ഇങ്ങനെയൊരു ഗ്രന്ഥം രചിക്കുക മനുഷ്യനു സാധ്യമല്ലതന്നെ.

---

83. സമാധാനത്തിന്‍റെയോ ഭയത്തിന്‍റെയോ വല്ല വാര്‍ത്തയും അവര്‍ക്ക് വന്നുകിട്ടിയാല്‍ അവര്‍ അത് കൊട്ടിഘോഷിക്കുന്നു. അവര്‍ അത് ദൈവദൂതനും അവരില്‍ത്തന്നെ ഉത്തരവാദപ്പെട്ടവര്‍ക്കും എത്തിച്ചുകൊടുത്തിരുന്നുവെങ്കില്‍ അവരില്‍ സത്യാവസ്ഥ ഗ്രഹിക്കാന്‍ കഴിവുള്ളവര്‍ അത് മനസ്സിലാക്കുമായിരുന്നു. നിങ്ങളില്‍ അല്ലാഹുവിന്‍റെ അനുഗ്രഹവും കാരുണ്യവുമില്ലായിരുന്നെങ്കില്‍ അല്‍പം ചിലരൊഴിച്ച് നിങ്ങളെല്ലാം പിശാചിന്‍റെ പിന്നാലെ പോകുമായിരുന്നു.

---

83: ഈ സൂക്തം അവതരിക്കുന്ന കാലത്ത് മദീനയിലെ മുസ്ലിം സമൂഹം പുറമെനിന്നുള്ള ആക്രമണഭീഷണി നേരിട്ടുകൊണ്ടിരുന്ന സന്ദര്‍ഭമായിരുന്നു. സാധാരണക്കാരെ ഭയവിഹ്വലരാക്കുന്നതിനും മദീനത്തും പരിസരത്തും ഭീതിയും വിഭ്രാന്തിയും പരത്തുന്നതിനും കപടവിശ്വാസികളും ദുര്‍ബലവിശ്വാസികളും അടിസ്ഥാനരഹിതമായ അപായ വൃത്താന്തങ്ങളും കിംവദന്തികളും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പ്രത്യാഘാതങ്ങള്‍ മനസ്സിലക്കാതെ ഇത്തരം കിംവദന്തികള്‍ പ്രചരിപ്പിക്കുന്നവരെ ഈ സൂക്തം കണക്കിന് താക്കീതു ചെയ്തിരിക്കുന്നു. ഇത്തരം വാര്‍ത്തകള്‍ പ്രചരിപ്പിക്കുന്നതിനു പകരം അവയെ വിശകലനം ചെയ്യാന്‍ പ്രാപ്തിയുള്ള നേതാക്കളെ വിവരം അറിയിക്കുകയാണ് വേണ്ടത്.

---

84. അതിനാല്‍ നീ അല്ലാഹുവിന്‍റെ മാര്‍ഗത്തില്‍ സമരം ചെയ്യുക. നിന്‍റെ കാര്യമല്ലതെ നീ ഉത്തരവാദപ്പെടുത്തപ്പെട്ടിട്ടില്ല. സത്യവിശ്വാസികളെ സമരത്തിന് പ്രേരിപ്പിക്കുകയും ചെയ്യുക. സത്യനിഷേധികളുടെ ആക്രമണശക്തിയെ അല്ലാഹു തടഞ്ഞു നിര്‍ത്തിയേക്കാം. ഏറ്റം

കടുത്ത അക്രമശക്തിയുള്ളവനും അതികഠിനമായി ശിക്ഷിക്കുന്നവനും അല്ലാഹു തന്നെയാകുന്നു.

85. ആര്‍ നന്മ ശിപാര്‍ശ ചെയ്യുന്നുവോ അവന്ന്‌ അതിലൊരു പങ്ക്‌ ലഭിക്കും. ആര്‍ തിന്മ ശിപാര്‍ശ ചെയ്യുന്നുവോ അവന്ന്‌ അതിലും പങ്ക്‌ ലഭിക്കും. അല്ലാഹു എല്ലാ കാര്യങ്ങളുടെയും മേല്‍നോട്ടം വഹിക്കുന്നവനാകുന്നു.

---

85: അല്ലാഹുവിന്റെ ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുക്കാനും അവന്റെ വചനത്തിന്റെ ഉന്നതിക്കു വേണ്ടി ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും വേണ്ടിയുള്ള നല്ല ശിപാര്‍ശകളും, അതിനെതിരെ നടത്തപ്പെടുന്ന ചീത്ത ശിപാര്‍ശകളുമാണ്‌ ഇവിടെ പരാമര്‍ശം.ഇരുകൂട്ടര്‍ക്കും അതിന്‍േറതായ പ്രതിഫലം ലഭിക്കും. ബൈഹഖി ഉദ്ധരിച്ച ഒരു പ്രവാചക വചനം ഇപ്രകാരമാകുന്നു: ഒരാാം തന്റെ സഹോദരന്റെ ആവശ്യത്തിനുവേണ്ടി പോവുകയും അതില്‍ ലക്ഷ്യം പ്രാപിക്കുകയും ചെയ്താല്‍ അത്‌ അയാാംക്ക്‌ പത്തുവര്‍ഷം പള്ളിയില്‍ ഭജനമിരിക്കുന്നതിനേക്കാാം പുണ്യമാകുന്നു. ഒരുവന്‍ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ഒരു ദിവസം ഭജനമിരുന്നാല്‍ അല്ലാഹു അവന്നും നരകത്തിനുമിടയില്‍ മൂന്നു കിടങ്ങുകളുണ്ടാക്കുന്നു; രണ്ടു ചക്രവാളങ്ങാം തമ്മിലുള്ളതിനേക്കാാം അകലമുള്ളവ.

---

86. നിങ്ങാം അഭിവാദനം ചെയ്യപ്പെട്ടാല്‍ അതിലും നന്നായി അല്ലെങ്കില്‍ അതുപോലെ പ്രത്യഭിവാദനം ചെയ്യുവിന്‍. തീര്‍ച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളുടെയും കണക്കുനോക്കുന്നവനാകുന്നു.

---

86: ഇങ്ങോട്ട്‌ സൗമനസ്യവും സഹഭാവവും കാണിച്ചാല്‍ അതിലുപരിയായി മറ്റുള്ളവരോട്‌ അങ്ങോട്ടും മാന്യത പ്രകടിപ്പിക്കേണ്ടതാണ്‌. ഇസ്‌ലാമിലെ അഭിവാദന വചനമാണ്‌ 'അസ്സലാമു അലൈകും' (നിങ്ങളില്‍ അല്ലാഹുവിങ്കല്‍ നിന്നുള്ള രക്ഷയും സമാധാനവും ഉണ്ടാവട്ടെ) എന്നത്‌. തമ്മില്‍ കണ്ടുമുട്ടുമ്പോാം സലാം പറയുക വിശ്വാസികളുടെ ബാധ്യതയാണെന്ന്‌ നബിതിരുമേനി(സ) പഠിപ്പിച്ചിരിക്കുന്നു. പ്രത്യാഭിവാദ്യം കൂടുതല്‍ നല്ലതാക്കുമ്പോാം അതിന്റെ പ്രതിഫലം വര്‍ധിക്കുന്നു. 'അസ്സലാമു അലൈകും' എന്നത്‌ പത്ത്‌ നന്മയും , 'വറഹ്‌മത്തുല്ലാഹി' (അല്ലാഹുവിന്റെ കാരുണ്യവും) എന്ന്‌ ചേര്‍ക്കുമ്പോാം ഇരുപത്‌ നന്മയും, 'വബറകാതുഹു' (അവന്റെ അനുഗ്രഹങ്ങളും) എന്നു കൂടി ചേര്‍ക്കുമ്പോാം മുപ്പത്‌ നന്മയുമായിരിക്കും അത്‌ എന്നും ഒരു നബിവചനത്തില്‍ വന്നിരിക്കുന്നു.
ഇസ്‌ലാമിലെ ഏറ്റവും വിശിഷ്‌ടവും ഗുണകരവുമായ കാര്യം വിശക്കുന്നവര്‍ക്ക്‌ ഭക്ഷണം കൊടുക്കലും നിങ്ങാം അറിയുന്നവര്‍ക്കും അറിയാത്തവര്‍കും സലാം പറയലുമാകുന്നു. (ബുഖാരി, മുസ്‌ലിം)
അല്ലാഹുവിന്റെ സൃഷ്‌ടികളില്‍നിന്നുള്ള വല്ലവനും നിങ്ങളോട്‌ സലാം പറഞ്ഞാല്‍ നിങ്ങളത്‌ മടക്കണം. അവന്‍ ഒരു അഗ്നിയാരാധകനാണെങ്കില്‍പോലും. എന്തുകൊണ്ടെന്നാല്‍ അല്ലാഹു പറഞ്ഞിരിക്കുന്നു: നിങ്ങാം അഭിവാദനം ചെയ്യപ്പെട്ടാല്‍ അതിലും നന്നായി പ്രത്യാഭിവാദനം ചെയ്യുവിന്‍. അല്ലെങ്കില്‍ അത്‌ മടക്കുകയെങ്കിലും ചെയ്യുവിന്‍. (നബി(സ)തിരുമേനി പറഞ്ഞതായി ഇബ്‌നുഅബ്ബാസില്‍ നിന്ന്‌ ഇബ്‌നുജരീര്‍ ഉദ്ധരിച്ചത്‌).
നടക്കുന്നവര്‍ ഇരിക്കുന്നവരോടും, ചെറിയകൂട്ടം വലിയ കൂട്ടത്തോടും, വീട്ടിലെത്തുന്നവര്‍ വീട്ടുകാരോടും, കുട്ടികാം മുതിര്‍ന്നവരോടും സലാം പറയണമെന്ന്‌ കര്‍മ്മശാസ്ത്ര പണ്ഡിതന്മാര്‍ നിര്‍ദേശിക്കുന്നു.
ചില ഹദീസുകളെ(പ്രവാചക വചനങ്ങളെ)ആധാരമാക്കി ചില പണ്ഡിതന്മാര്‍ മുസ്‌ലിംകാം അമുസ്‌ലിംകാംക്ക്‌ സലാം പറയാനോ അവര്‍ പറഞ്ഞ സലാം മടക്കാനോ പാടില്ലെന്ന്‌ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും, ഈ ഖുര്‍ആന്‍ വാക്യവും അതിന്റെ അവതരണ പശ്ചാത്തലവും ഇങ്ങനെയൊരു തര്‍ക്കത്തിന്‌ പഴുതു നല്‍കുന്നില്ലെന്നാണ്‌ പല വ്യാഖ്യാതാക്കളും ചൂണ്ടിക്കാണിക്കുന്നത്‌. സത്യമത പ്രബോധകരും സത്യസാക്ഷികളും എന്ന നിലക്കും മനുഷ്യരുടെ സ്‌നേഹവും സഹവര്‍ത്തിത്വവും ഇസ്‌ലാമിന്റെ ലക്ഷ്യമായതിനാലും മുസ്‌ലിംകാം മറ്റുള്ളവരോട്‌ നന്നായി പെരുമാറാന്‍ ചുമതലപ്പെട്ടവരാകുന്നു. സ്‌നേഹത്തിന്റെയും സഹകരണത്തിന്റെയും ചിഹ്നമായി ഇസ്‌ലാം നിര്‍ദേശിച്ച അഭിവാദനം, വിവേചനത്തിന്റെയും വിഭാഗീതയുടെയും ചിഹ്നമായി മാറ്റപ്പെടുന്നത്‌ അതിന്റെ അടിസ്ഥാനചൈതന്യത്തെ ത്തന്നെ ചോര്‍ത്തിക്കളയുന്നതാണെന്ന്‌ അവര്‍ ചൂണ്ടിക്കാണിക്കുന്നു.

നബിതിരുമേനി കണ്ടുമുട്ടുന്നവരോടൊക്കെ സലാം പറയാറുണ്ടായിരുന്നു. അതേപ്പറ്റി ചോദിച്ചപ്പോൾ പറഞ്ഞു: അല്ലാഹു സലാമിനെ നമ്മുടെ സമുദായത്തിൻെറ അഭിവാദനവും നമ്മുടെ ദിമ്മികൾ (മുസ്ലിം രാഷ്ട്രത്തിലെ അമുസ്ലിം പൗരന്മാർ)ക്കുള്ള അഭയപ്രഖ്യാപനവുമാക്കിയിരിക്കുന്നു. (അബൂ ഉമാമയിൽ നിന്ന് ബൈഹഖി ഉദ്ധരിച്ച ഒരു പ്രവാചകചര്യ)

---

87. അല്ലാഹു -അവനല്ലാതെ ദൈവമില്ല. അന്ത്യനാളിൽ അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുന്നതാകുന്നു. അതിൽ സംശയമേയില്ല. അല്ലാഹുവെക്കാൾ സത്യസന്ധമായി വിവരം തരുന്ന മറ്റാരുണ്ട്?

---

87: സകല മനുഷ്യരെയും പ്രപഞ്ചത്തെയും സൃഷ്ടിച്ചുപരിപാലിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹുവാകുന്നു. അവനല്ലാതെ മറ്റൊരു ദൈവമില്ല. ബഹുദൈവവാദികളും അവിശ്വാസികളും നിരീശ്വരന്മാരും ഒരു മതമില്ലാത്തവരും എന്തുനിലപാടു സ്വീകരിച്ചാലും ശരി ദൈവത്തിൻെറ ദിവ്യത്വത്തിന് കോട്ടമൊന്നും തട്ടാൻ പോകുന്നില്ല. ഐഹികജീവിതത്തിൽ നിങ്ങൾ ഏതു മാർഗം സ്വീകരിച്ചാലും നിങ്ങളുടെ അദ്ധ്വാനപരിശ്രമങ്ങൾ ഏതുമാർഗത്തിൽ വിനിയോഗിച്ചാലും അതിനു തക്ക പ്രതിഫലം നൽകുന്നതിനായി ഒരു നാൾ അവൻെറ സന്നിധിയിൽ നിങ്ങൾ ഹാജരാകേണ്ടി വരും. അതു സംഭവിക്കുമെന്നതിൽ യാതൊരു സംശവും വേണ്ട. അവൻെറ പിടിയിൽ നിന്ന് ആർക്കും ഓടി രക്ഷപ്പെടാൻ സാധ്യമല്ല.

---

88. കപടവിശ്വാസികളുടെ കാര്യത്തിൽ നിങ്ങളെന്താണ് രണ്ടു കക്ഷികളാകുന്നത്?അവർ സമ്പാദിച്ചിട്ടുള്ള തിന്മകളുടെ ഫലമായി അല്ലാഹു അവരെ തലതിരിച്ചിരിക്കുന്നു. അല്ലാഹു ദുർമാർഗത്തിലാക്കിയവർക്ക് നിങ്ങൾ സന്മാർഗം നൽകിക്കളയാമെന്നാശിക്കുകയാണോ? എന്നാൽ അല്ലാഹു വഴിതെറ്റിച്ചവനുവേണ്ടി ഒരു മാർഗവും കണ്ടെത്തുവാൻ നിങ്ങൾക്കു സാധിക്കുകയില്ല.

89. അവർ അവിശ്വസിച്ചതുപോലെ നിങ്ങളും അവിശ്വസിക്കുകയും അങ്ങനെ നിങ്ങളെല്ലാവരും സമന്മാരാവണമെന്നുമത്രെ അവർ ആഗ്രഹിക്കുന്നത്. അതിനാൽ അല്ലാഹുവിൻെറ മാർഗത്തിൽ സ്വദേശം വെടിഞ്ഞുവരുന്നതുവരെ, അവരിൽ ആരെയും നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കാതിരിക്കുക. അവർ അതിന് വിസമ്മതിക്കുകയാണെങ്കിൽ നിങ്ങളവരെ പിടികൂടുകയും, അവരെ കണ്ടേടത്തുവെച്ച് വധിക്കുകയും ചെയ്യുകൊള്ളുക. അവരിൽ നിന്ന് ഒരു സ്നേഹിതനേയോ സഹായിയേയോ നിങ്ങൾ എടുക്കുകയുമരുത്.

---

89: ഇസ്ലാമിക രാഷ്ട്രത്തോട് യുദ്ധം പ്രഖ്യാപിച്ച അവിശ്വാസികളോട് ചേർന്ന് നിൽക്കുകയും ഇസ്ലാമികരാഷ്ട്രത്തിനെതിരിൽ ശത്രുതാപരമായ നടപടികളിൽ പങ്കെടുക്കുകയും ചെയ്യുന്ന കപടവിശ്വാസികളാണ് വിവക്ഷ.

---

90. നിങ്ങളുമായി സഖ്യത്തിൽ കഴിയുന്ന ജനതയുമായി ചേർന്ന(കപടന്മാർ) ഇതിൽനിന്നൊഴിവാണ്. നിങ്ങളോടു യുദ്ധം ചെയ്യാനോ സ്വന്തം ജനത്തോടേറ്റുമുട്ടാനോ ഇഷ്ടപ്പെടാതെ മനഃക്ലേശത്തോടെ നിങ്ങളെ സമീപിക്കുന്നവരും അതിൽനിന്നൊഴിവാകുന്നു.അല്ലാഹു ഇഛിച്ചിരുന്നുവെങ്കിൽ അവരെ നിങ്ങൾക്കെതിരെ നിയോഗിക്കുകയും അങ്ങനെ അവർ നിങ്ങളോടു പോരാടുകയും ചെയ്യുമായിരുന്നു. അവർ നിങ്ങളോടു യുദ്ധം ചെയ്യാതെ മാറിനിൽക്കുകയും നിങ്ങളുടെ മുന്നിൽ സമാധാന നിർദേശം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പിന്നെ, അവർക്കെതിരെ ഒരു നടപടിക്കും അല്ലാഹു നിങ്ങൾക്ക് അനുമതി നൽകുന്നില്ല.

91. മറ്റൊരു വിഭാഗം(കപടവിശ്വാസികളെ) നിങ്ങൾക്കു കാണാം. അവർ നിങ്ങളോടും സ്വജനത്തോടും സമാധാനത്തിൽ കഴിയാനാഗ്രഹിക്കുന്നു.പക്ഷേ, കുഴപ്പത്തിനവസരം കിട്ടുമ്പോഴൊക്കെ അവർ അതിൽ ചാടിവീഴുന്നു. അതിനാൽ അവർ നിങ്ങൾക്കെതിരെ വരുന്നതിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും നിങ്ങളുടെ മുമ്പാകെ സമാധാന നിർദേശം സമർപ്പിക്കുക

യും തങ്ങളുടെ കരങ്ങള്‍ അടക്കിവെക്കുകയും ചെയ്യുന്നില്ലെങ്കില്‍,എവിടെവെച്ചു കണ്ടാലും അവരെ പിടികൂടുകയും വധിക്കുകയും ചെയ്തുകൊള്ളുക. അത്തരക്കാര്‍ക്കെതിരെ നാം നിങ്ങള്‍ക്ക് വ്യക്തമായ ന്യായം നല്‍കിയിരിക്കുന്നു.

92. ഒരു വിശ്വാസിയും മറ്റൊരു വിശ്വാസിയെ വധിക്കാവതല്ല. അബദ്ധത്തില്‍ സംഭവിക്കുന്ന തല്ലാതെ. ഒരുവന്‍ അബദ്ധത്തില്‍ മറ്റൊരു വിശ്വാസിയെ കൊല്ലാനിടയായാല്‍ (അതിനു പ്രായശ്ചിത്തമായി)വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുകയും അവന്റെ(കൊല്ലപ്പെട്ട വന്റെ)അവകാശികള്‍ക്ക് നഷ്ടപരിഹാരം നല്‍കുകയും ചെയ്യേണ്ടതാകുന്നു. അവര്‍(ആ അവകാശികള്‍) അത് ദാനമായി വിട്ടുകൊടുത്താലൊഴിച്ച്. എന്നാല്‍ അവന്‍ (കൊല്ലപ്പെട്ട വിശ്വാസി) നിങ്ങളുടെ ശത്രുജനത്തില്‍നിന്നുള്ളവനാണെങ്കില്‍ അതിന്റെ (പ്രായശ്ചിത്തം) വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കലാകുന്നു. എന്നാല്‍ കൊല്ലപ്പെട്ടവന്‍ നിങ്ങളുമായി സഖ്യത്തിലേര്‍പ്പെട്ടിട്ടുള്ള (അമുസ്ലിം സമൂഹത്തിലെ)അംഗമാണെങ്കില്‍ അയാളുടെ അവ കാശികള്‍ക്ക് നഷ്ടപരിഹാരം നല്‍കുകയും വിശ്വാസിയായ ഒരു അടിമയെ മോചിപ്പി ക്കുകയും വേണം. ആര്‍ക്കെങ്കിലും അതിനു (അടിമയെ മോചിപ്പിക്കാന്‍) സാധ്യമല്ലെങ്കില്‍ അവന്‍ തുടര്‍ച്ചയായി രണ്ടുമാസം വ്രതമനുഷ്ഠിക്കണം. അല്ലാഹു നിശ്ചയിച്ച പ്രായശ്ചിത്ത മാണിത്. അല്ലാഹു സര്‍വജ്ഞനും യുക്തിമാനുമല്ലോ.

93. ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂര്‍വം വധിക്കുന്നപക്ഷം,അവനുള്ള പ്രതിഫലം നരകമാകുന്നു.അവനതില്‍ ശാശ്വതമായി വസിക്കും. അല്ലാഹുവിന്റെ കോപവും ശാപവും അവനില്‍ പതിച്ചിരിക്കുന്നു. കനത്ത ശിക്ഷയാണ് അല്ലാഹു അവനുവേണ്ടി ഒരുക്കിവെച്ചി രിക്കുന്നത്.

94. അല്ലയോ സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ യുദ്ധത്തിനിറങ്ങി യാല്‍ (ശത്രുക്കളെയും മിത്രങ്ങളെയും)വേര്‍തിരിച്ചറിയേണ്ടതാകുന്നു.നിങ്ങള്‍ക്ക് സലാം അര്‍ പ്പിച്ചവനോട് ഐഹികനേട്ടമാഗ്രഹിച്ച് 'നീ വിശ്വാസിയല്ല' എന്ന് പറയാന്‍ പാടുള്ളതല്ല. അല്ലാഹുവിങ്കല്‍ സമ്പത്ത് ധാരാളമുണ്ട്. മുമ്പ് നിങ്ങളും ഇതേ അവസ്ഥയിലായിരുന്നു വല്ലോ. പിന്നീട് അല്ലാഹു നിങ്ങളോട് ഔദാര്യം കാണിച്ചു. അതിനാല്‍ ശരിക്കും വേര്‍ തിരിച്ചു മനസ്സിലാക്കുവിന്‍. തീര്‍ച്ചയായും അല്ലാഹു നിങ്ങള്‍ ചെയ്യുന്നതെല്ലാം സൂക്ഷ്മ മായി അറിയുന്നവനാണ്.

---

94: മുസ്ലിംകള്‍ക്കെതിരെ സായുധപ്രവര്‍ത്തനത്തിലേര്‍പ്പെട്ടിരുന്ന ശത്രുപ്രദേശങ്ങളില്‍ കുടുങ്ങിപ്പോയി രുന്ന മുസ്ലിംകള്‍, മുസ്ലിം ഭടന്മാരുടെ മുമ്പില്‍ തങ്ങള്‍ മുസ്ലിംകളാണെന്ന് സൂചിപ്പിക്കാനായി 'അസ്സലാമു അലൈക്കും' എന്നോ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നോ പറയാറുണ്ടായിരുന്നു. ചിലപ്പോള്‍ ശത്രുക്കളും ഈ അടവ് പ്രയോഗിക്കാറുണ്ടായിരുന്നതിനാല്‍, മുസ്ലിംകള്‍ക്ക് പലപ്പോഴും ഇത് വിശ്വ സിക്കാന്‍ കഴിഞ്ഞിരുന്നില്ല. അതിനാല്‍ ചിലപ്പോഴൊക്കെ ഈ വാക്കുച്ചരിക്കുന്നവരെ മുസ്ലിംകള്‍ കൊല്ലുകയും അവരുടെ ധനം യുദ്ധമുതലായി കൈവശപ്പെടുത്തുകയും ചെയ്യുമായിരുന്നു. എന്നാല്‍ അതൊക്കെ ആത്മരക്ഷാര്‍ഥം സ്വീകരിച്ച അടവുകളാണെന്ന് കരുതി അവരെ കടന്നാക്രമിക്കരുതെന്ന് ഖുര്‍ആന്‍ വ്യക്തമാക്കുന്നു. മേലില്‍ അത്തരം അനിഷ്ട സംഭവങ്ങള്‍ ഉണ്ടാവാതിരിക്കാന്‍ സൂക്ഷിക്കണ മെന്നും, വാസ്തവം വ്യക്തമാവാതെ അബദ്ധം പ്രവര്‍ത്തിച്ച് ഖേദിക്കുവാന്‍ ഇടവരുത്തരുതെന്നും സത്യ വിശ്വാസികളോട് അല്ലാഹു കല്‍പിക്കുന്നു.

നിങ്ങളുടെ മുമ്പത്തെ അവസ്ഥ ഒന്നാലോചിച്ചു നോക്കുക. നിങ്ങളും അവരെപ്പോലെ അവിശ്വാസി കളായിരുന്നു. നിങ്ങള്‍ സത്യവിശ്വാസം സ്വീകരിച്ചതിനുശേഷം അത് പരസ്യപ്പെടുത്താന്‍ ധൈര്യമില്ലാ തിരുന്ന അവസ്ഥ നിങ്ങളിലും കഴിഞ്ഞുപോയിട്ടുണ്ട്. അതുകൊണ്ട് അതേ അവസ്ഥയില്‍ കഴിയുന്ന വരെ നിങ്ങള്‍ ഓര്‍ക്കേണ്ടതുണ്ട്. താന്‍ മുസ്ലിമാണെന്ന് വെളിപ്പെടുത്തുന്ന ഒരാളെ 'നീ വിശ്വാസി യല്ല' എന്ന് തെളിവ് കൂടാതെ പറയാവതല്ല.

95. സത്യവിശ്വാസികളിൽ, ന്യായമായ കാരണമില്ലാതെ വീട്ടിലിരിക്കുന്നവരും തങ്ങളുടെ സമ്പത്തും ശരീരവുമുപയോഗിച്ച് അല്ലാഹുവിൻെറ മാർഗത്തിൽ സമരം ചെയ്യുന്നവരും തുല്യരാവുകയില്ല. സമ്പത്തുകൊണ്ടും ശരീരംകൊണ്ടും അല്ലാഹുവിൻെറ മാർഗത്തിൽ സമരം ചെയ്യുന്നവരെ (മുജാഹിദുകളെ) അല്ലാഹു വെറുതെയിരിക്കുന്നവരേക്കാൾ ഏറെ ഉയർന്ന പദവിയിലാക്കിയിരിക്കുന്നു. എല്ലാവർക്കും അല്ലാഹു നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ സമരത്തിലേർപ്പെടുന്നവർക്ക് വെറുതെയിരിക്കുന്നവരേക്കാൾ അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്.

96. അല്ലാഹുവിങ്കൽ നിന്നുള്ള ഉന്നത പദവികളും പാപമോചനവും അനുഗ്രഹങ്ങളും അവർക്കുണ്ട്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

97. സ്വന്തം ആത്മാവിനോട് അതിക്രമം പ്രവർത്തിച്ചവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ ചോദിക്കും: 'നിങ്ങൾ ഏതവസ്ഥയിലാണുണ്ടായിരുന്നത്?' അവർ പറയും: ഭൂമിയിൽ ഞങ്ങൾ അടിച്ചമർത്തപ്പെട്ടവരായിരുന്നു. മലക്കുകൾ ചോദിക്കും: അല്ലാഹുവിൻെറ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വെടിഞ്ഞു പലായനം ചെയ്തുകൂടായിരുന്നുവോ? അത്തരക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം.

97: അറേബ്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും അന്ന് അനിസ്ലാമിക വ്യവസ്ഥയിലായിരുന്നു.ആ പ്രദേശങ്ങൾ ഇസ്ലാമിനോടും മുസ്ലിംകളോടും യുദ്ധം പ്രഖ്യാപിച്ച അവസ്ഥയിലുമായിരുന്നു. മദീനയിലും പരിസരപ്രദേശങ്ങളിലും മാത്രമാണ് ഇസ്ലാമിക വിധികൾ നടപ്പുണ്ടായിരുന്നത്. ഇസ്ലാമിക ജീവിതം നിരോധിക്കപ്പെട്ട സ്ഥലങ്ങളിൽനിന്ന് മുസ്ലിംകളോട് മദീനയിൽ വന്നു താമസിക്കാൻ അന്ന് കൽപനയുണ്ടായിരുന്നു.മക്ക വിമോചിതമായതോടെ അറേബ്യയിൽ അനിസ്ലാമികശക്തി തകരുകയും അമുസ്ലിം ഗോത്രങ്ങൾ കൂട്ടംകൂട്ടമായി ഇസ്ലാമിലേക്ക് വരാൻ തുടങ്ങുകയും ചെയ്തു. ഈ സന്ദർഭത്തിൽ നബി(സ) ഇനി ഹിജ്റയുടെ (പലായനത്തിൻെറ ) ആവശ്യമില്ലെന്ന് പ്രസ്താവിക്കുകയും ചെയ്തു.

98. എന്നാൽ (സ്വദേശം വെടിഞ്ഞുപോകാൻ) യാതൊരു ഉപായവും രക്ഷാമാർഗവും കണ്ടെത്താനാകാതെ യഥാർഥത്തിൽ തന്നെ നിസ്സഹായരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഇതിൽനിന്നൊഴിവാകുന്നു.

99. അത്തരക്കാർക്ക് അല്ലാഹു പൊറുത്തുകൊടുത്തേക്കാം. അല്ലാഹു ഏറെ പൊറുക്കുന്നവനും വിട്ടുവീഴ്ച ചെയ്യുന്നവനുമല്ലോ.

100. ആര് അല്ലാഹുവിൻെറ മാർഗത്തിൽ പ്രയാണം ചെയ്യുന്നുവോ ധാരാളം അഭയസ്ഥാനങ്ങളും വിശാലമായ ജീവിത സൗകര്യങ്ങളും ഭൂമിയിൽ അവൻ കണ്ടെത്തുന്നതാണ്. അല്ലാഹുവിലേക്കും അവൻെറ ദൂതനിലേക്കും പലായനം ചെയ്യുന്നവനായി വീടുവിട്ടിറങ്ങുന്നവൻ പിന്നെ (വഴിമധ്യേ)മരണമടയുകയുമാണെങ്കിൽ അവൻെറ പ്രതിഫലം അല്ലാഹുവിങ്കൽ സ്ഥിരപ്പെട്ടുകഴിഞ്ഞു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

101. നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുമ്പോൾ നമസ്കാരം ചുരുക്കുന്നതിന് വിരോധമില്ലാത്തതാകുന്നു. സത്യനിഷേധികളുടെ ദ്രോഹം ഭയപ്പെടുമ്പോൾ (വിശേഷിച്ചും). തീർച്ചയായും സത്യനിഷേധികൾ നിങ്ങളുടെ പ്രത്യക്ഷ ശത്രുക്കളാകുന്നു.

101: നാല് റക്അത്തുള്ള നിർബന്ധ നമസ്കാരങ്ങൾ ഈരണ്ട് റക്അത്തായി ചുരുക്കി നമസ്കരിക്കുന്നതിന് ശരീഅത്തിൻെറ ഭാഷയിൽ ഖസ്വർ (ചുരുക്കി നമസ്കരിക്കുക) എന്ന് പറയുന്നു. യാത്രാവേളയിൽ എല്ലാ സമയത്തും ചുരുക്കി നമസ്കരിക്കുകയായിരുന്നു തിരുമേനി(സ)യുടെ പതിവ് എന്ന് ധാരാളം നബിവചനങ്ങൾ പ്രസ്താവിക്കുന്നുണ്ട്. ഏതെങ്കിലും കാരണത്താൽ ഒരിടത്ത് നിർബന്ധിതനായി താമ

സിക്കേണ്ടിവരികയും നിർബന്ധിതാവസ്ഥ നീങ്ങിക്കഴിഞ്ഞാൽ സ്ഥലം വിടണമെന്ന വിചാരം എപ്പോഴും ഉണ്ടാവുകയും ചെയ്യുമ്പോൾ കാലനിർണയം കൂടാതെ ചുരുക്കി നമസ്കരിക്കാം എന്നാണ് പണ്ഡിതന്മാരുടെ പൊതുവായ വീക്ഷണം.

ചുരുക്കി നമസ്കരിക്കാനുള്ള യാത്രാദൂരത്തെ സംബന്ധിച്ചിടത്തോളം ഇത്ര ദൂരം ഉണ്ടെങ്കിലേ ചുരുക്കി നമസ്കരിക്കാവൂ എന്ന് നിർണയിക്കാൻ തക്ക ഒരു തെളിവ് നബി(സ)തിരുമേനിയുടെ സുന്നത്തിൽ (നബിചര്യയിൽ) കാണുന്നില്ല.പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും അവയുടെ തെളിവുകളും വിവരിച്ചു കൊണ്ട് ഇമാം ഇബ്നുൽ ഖയ്യിം(റ) പറയുന്നു: നബി(സ)തിരുമേനി തൻെറ സമുദായത്തിനു നമസ്കാരം ചുരുക്കുവാനും വ്രതം ഉപേക്ഷിക്കുവാനും ഒരു നിശ്ചിത വഴിദൂരം നിർണയിച്ചു കൊടുത്തിട്ടില്ല. അതവർക്ക് നിരുപാധികം വിട്ടുകൊടുത്തിരിക്കുകയാണ്. തയമ്മുമിൻെറ കാര്യവും അങ്ങനെതന്നെ. എന്നാൽ ഒരു ദിവസത്തെയും രണ്ടു ദിവസത്തെയും മൂന്നു ദിവസത്തെയും യാത്ര എന്നൊക്കെ നിർണയിച്ചുകൊണ്ടുള്ള നിവേദനങ്ങളാവട്ടെ ഒന്നും ബലവത്തായി സ്ഥിരപ്പെട്ടതുമല്ല.

---

102. (നബിയെ,)നീ അവർക്കിടയിൽ ഉണ്ടായിരിക്കുകയും (യുദ്ധവേളയിൽ) അവർക്ക് നമസ്കാരത്തിനു നേതൃത്വം നൽകുകയുമാണെങ്കിൽ, ആദ്യം അവരിൽ ഒരു വിഭാഗം നിന്നോടൊപ്പം നിന്നുകൊള്ളട്ടെ. അവർ തങ്ങളുടെ ആയുധങ്ങൾ എടുക്കുകയും ചെയ്യട്ടെ. സുജൂദ് ചെയ്തു കഴിഞ്ഞാൽ അവർ പിറകോട്ട് മാറുകയും നമസ്കരിച്ചിട്ടില്ലാത്ത മറ്റേവിഭാഗം വന്ന് നിൻെറ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ. അവരും ജാഗ്രത പുലർത്തുകയും ആയുധമണിയുകയും ചെയ്യേണ്ടതാണ്. എന്തെന്നാൽ ആയുധങ്ങളിലും വിഭവങ്ങളിലും നിങ്ങൾ അൽപമൊന്നു അശ്രദ്ധരായാൽ ഒറ്റക്കെട്ടായി നിങ്ങളുടെ മേൽ ചാടിവീഴാൻ തക്കം പാർത്തിരിക്കുകയാകുന്നു സത്യനിഷേധികൾ. മഴമൂലം നിങ്ങൾക്ക് ശല്യമുണ്ടാകുകയോ, നിങ്ങൾ രോഗികളാവുകയോ ചെയ്താൽ ആയുധം താഴെ വെക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല.എന്നാൽ അപ്പോഴും നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം. അല്ലാഹു സത്യനിഷേധികൾക്കായി നിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്.

103. അങ്ങനെ നമസ്കാരം നിർവഹിച്ചുകഴിഞ്ഞാൽ, പിന്നെ നിങ്ങൾ നിന്നും ഇരുന്നും കിടന്നും (സദാ)അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുവിൻ. നിങ്ങൾ നിർഭയാവസ്ഥയിലായാൽ നമസ്കാരം മുറപ്രകാരം നിർവഹിക്കുക. നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയബന്ധിതമായി നിശ്ചയിക്കപ്പെട്ട ബാധ്യതയാകുന്നു.

---

103: ഒരു വിശ്വാസിയുടെ മനസ്സ് എപ്പോഴും ദൈവസ്മരണയാൽ പ്രകാശിതമായിരിക്കണം. നിന്നും ഇരുന്നും കിടന്നും രാവും പകലും സ്വദേശത്തും യാത്രയിലും സമൃദ്ധിയിലും ദാരിദ്ര്യത്തിലും എല്ലാം ഏകദൈവത്തെ സ്മരിച്ചുകൊണ്ടിരിക്കണം. സത്യവിശ്വാസിയുടെ മനസ്സ് എപ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള വിചാരത്താൽ, അവൻെറ മഹത്വത്തെയും അധികാരത്തെയും കഴിവിനെയും കാരുണ്യത്തെയും അനുഗ്രഹത്തെയും സംബന്ധിച്ചുള്ള ചിന്തയാൽ നിർഭരമായിരിക്കേണ്ടതാണ്. ദൈവസ്മരണയുടെ കാര്യത്തിൽ ഒരതിരും അല്ലാഹു നിശ്ചയിച്ചിട്ടില്ല.

ഓരോ നമസ്കാരത്തിനും കൃത്യമായ രൂപം നിർണയിക്കപ്പെട്ടിരിക്കുന്നു. നിർബന്ധ നമസ്കാരങ്ങളുടെ സമയവും എണ്ണവുമൊക്കെ പ്രവാചകകാലം മുതൽ മുസ്‌ലിം സമൂഹം തർക്കമില്ലാതെ പിന്തുടർന്നു പോരുകയും അതേ രീതി ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. നമസ്കാരം അഞ്ചു നേരമാണെന്നും അതിൻെറ സമയങ്ങൾ ഏതൊക്കെയാണെന്നും പ്രവാചകൻ തൻെറ കർമ്മങ്ങളിലൂടെയും വാക്കുകളിലൂടെയും സമുദായത്തെ പഠിപ്പിച്ചിട്ടുണ്ട്.

നമസ്കാരം സമയബന്ധിതമാകയാൽ പാഴായിപ്പോകുന്ന നമസ്കാരങ്ങൾ പിന്നീട് നമസ്കരിച്ച് വീട്ടുന്നതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഖുർആനോ സുന്നത്തോ നഷ്ടപ്പെട്ട നമസ്കാരം മറ്റവസരങ്ങളിൽ നിർവഹിക്കാൻ കൽപിച്ചുകാണുന്നില്ലെന്ന് പണ്ഡിതന്മാർ പറയുന്നു.നമസ്കാരം കടം വീട്ടുക എന്നൊന്നില്ലെന്നും നമസ്കാരം നഷ്ടപ്പെടുത്തിയവർ സുന്നത്ത് നമസ്കാരങ്ങളും മറ്റു സൽക്കർമങ്ങളും വർധിപ്പിച്ചുകൊണ്ടും അല്ലാഹുവിനോട് അധികമധികം മാപ്പിരന്നുകൊണ്ടുമാണ് അതിനുപരിഹാ

രം ചെയ്യേണ്ടതെന്നുമാണ് ഒരു വിഭാഗം അഭിപ്രായപ്പെടുന്നത്. നമസ്കാരം കടം വീട്ടാമെന്നും വീട്ടേണ്ടത് നിർബന്ധമാണെന്നും ഭൂരിപക്ഷം കർമ്മശാസ്ത്ര പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നുമുണ്ട്. നീണ്ട കാലം നിരവധി നമസ്കാരങ്ങൾ നഷ്ടപ്പെടുത്തിയവർ അത് പരിഹരിക്കാനുള്ള എല്ലാ മാർഗവും അവലംബി ക്കേണ്ടതുണ്ട്. നമസ്കാരത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കുറ്റമാകുന്നു. സുന്നത്ത് നമസ്കാരങ്ങളും മറ്റു സൽക്കർമങ്ങളും വർധിപ്പിക്കുകയും അല്ലാഹുവിനോട് അധികമധികം മാപ്പിരക്കുകയും ചെയ്യേണ്ടതാണ്. നഷ്ടപ്പെട്ട നമസ്കാരങ്ങൾ ഏതെന്നും എത്രയെന്നും കൃത്യമായി ഓർക്കുന്നവർ ആ നമസ്കാരങ്ങളായിത്തന്നെ അവ കടം വീട്ടുകയാണ് വേണ്ടതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

---

104. (ശത്രു)ജനതയെ തേടിപ്പിടിക്കുന്നതിൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്. നിങ്ങൾ ക്ലേശമനുഭവിക്കുന്നുവെങ്കിൽ നിങ്ങളെപ്പോലെ അവരും ക്ലേശമനുഭവിക്കുന്നുണ്ട്. എന്നാൽ അവർ പ്രത്യാശിക്കാത്തത് അല്ലാഹുവിൽനിന്ന് നിങ്ങൾ പ്രത്യാശിക്കുകയും ചെയ്യുന്നു. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനുമാകുന്നു.

105. (നബിയേ,)നാം നിനക്ക് ഈ ഗ്രന്ഥം സത്യസമേതം അവതരിപ്പിച്ചുതന്നിട്ടുള്ളത്, അല്ലാഹു കാണിച്ചുതരുന്നതുപ്രകാരം ജനങ്ങൾക്കിടയിൽ വിധി കൽപിക്കേണ്ടതിനാകുന്നു. നീ വഞ്ച കർക്കുവേണ്ടി വാദിക്കുന്നവനാകരുത്.

106. അല്ലാഹുവോട് പാപമോചനം തേടുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

107. സ്വന്തം ആത്മാക്കളെ വഞ്ചിക്കുന്നവർക്കുവേണ്ടി നീ വാദിക്കരുത്. കൊടുംവഞ്ചകനും മഹാ പാപിയുമായ ആരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.

108. (തങ്ങളുടെ ചെയ്തികൾ) അവർ ജനങ്ങളിൽനിന്ന് ഒളിച്ചുവെക്കുന്നു.പക്ഷേ, അല്ലാഹുവിൽ നിന്ന് (ഒന്നും) ഒളിച്ചുവെക്കാൻ അവർക്കാവില്ല. അവനോ, അവർ രാത്രിയിൽ അവന്റെ പ്രീതിക്കു വിരുദ്ധമായ കാര്യങ്ങൾ ഗൂഢാലോചന നടത്തുമ്പോഴും അവരുടെ കൂടെയുണ്ട്. അല്ലാഹു അവരുടെ പ്രവർത്തനങ്ങളെയെല്ലാം വലയം ചെയ്യുവനാകുന്നു.

---

105-108: ഈ വചനങ്ങളുടെ അവതരണ പശ്ചാത്തലമായി ഖുർആൻ വ്യഖ്യാതാക്കൾ ഉദ്ധരിക്കുന്ന ഒരു സംഭവം ചുരുക്കത്തിൽ ഇപ്രകാരമാണ്: ബനുസഫർ എന്ന അൻസാരി ഗോത്രത്തിലെ 'തുഅ്മത്തു ബ്നു ഉബൈരിഖ്'' (ഇയാളുടെ പേര് ബശീർ എന്നാണെന്നും അഭിപ്രായമുണ്ട്) അൻസാരികളിപ്പെട്ട രിഫാഅത്തിന്റെ പടയങ്കി മോഷ്ടിച്ചു. കാണാതായ പടയങ്കിയെപ്പറ്റി അദ്ദേഹം അന്വേഷിക്കാൻ തുട ങ്ങിയപ്പോൾ തുഅ്മത്ത് അത് സൈദുബ്നുസ്സമീൻ എന്ന യഹൂദന്റെ പക്കൽ സൂക്ഷിക്കാൻ ഏൽപി ച്ചു. ഉടമയുടെ അന്വേഷണത്തെത്തുടർന്ന് പടയങ്കി യഹൂദിയുടെ പക്കൽനിന്നും കണ്ടെടുത്തു. യഹൂ ദിയെ വിചാരണചെയ്യപ്പോൾ അയാൾ തന്റെ നിരപധിത്വം അറിയിക്കുകയും സത്യസ്ഥിതി വെളിപ്പെടു ത്തുകയും ചെയ്തു. അങ്കിയുടമ തിരുമേനിയുടെ മുമ്പാകെ കേസ്സ് ബോധിപ്പിച്ചു. മോഷ്ടാവ് തന്റെ കുടുംബത്തെ സമീപിക്കുകയും കുറ്റം യഹൂദിയുടെ പേരിൽ ആരോപിക്കുവാൻ അവർ ഒന്നിച്ച് തീരു മാനിക്കുകയും ചെയ്തു. അവർ നബിതിരുമേനിയുടെ(സ) അടുക്കൽ ചെന്ന് തുഅ്മത്ത് നിരപരാധി യാണെന്നും യഥാർഥത്തിൽ അങ്കി മോഷ്ടിച്ചുൻ ആ യഹൂദനാണെന്നും കളവു മുതൽ അവന്റെ അടുക്കൽനിന്ന് കിട്ടിയിട്ടുണ്ടെന്നും അറിയിച്ചു. തുഅ്മത്തിന്റെ കുടുംബക്കാർ പക്ഷം പിടിച്ച് വാദി ക്കുകയും മോഷ്ടിച്ചവൻ ഒരു വഞ്ചകനായ യഹൂദിയായതിനാൽ തുഅ്മത്തിന്റെ നിരപരാധിത്വം പരസ്യമായി പ്രഖ്യാപിക്കണമെന്നും അവനുവേണ്ടി തിരുമേനി വാദിക്കണമെന്നും അവർ അപേക്ഷിച്ചു. തുഅ്മത്തിന് എതിരായ തെളിവുകൾ കൂടുതൽ വിശ്വാസയോഗ്യമായി തോന്നിയിട്ടും അയാളെ കുറ്റ വാളിയായി വിധിക്കാൻ തിരുമേനി ശങ്കിച്ചുനിന്നു. എന്നാൽ നിരപരാധിയായ യഹൂദിക്കെതിരെ ബാഹ്യറിപ്പോർട്ടനുസരിച്ച് തിരുമേനി വിധി പുറപ്പെടുവിക്കുന്ന പക്ഷം അത് തിരുമേനിയുടെ മേൽപതിക്കുന്ന ധാർമികാഘാതമായി രൂപാന്തരപ്പെട്ടേക്കും. ഈ ഘട്ടത്തിൽ അല്ലാഹു പ്രസ്തുത കേസ്സിൽ

പ്രത്യേകം ഇടപെടുകയും, തുടർന്ന് ദിവ്യബോധനം വരികയും സംഭവത്തിന്റെ യാഥാർഥ്യം അല്ലാഹു തുറന്നു കാട്ടുകയും ചെയ്തു.
തുടർന്ന് നിരപരാധിയായ ജൂതന്നനുകൂലമായും മുസ്ലിം വഞ്ചകനായ തഅ്മത്തിനെതിരായും തിരുമേനി വിധി പ്രസ്താവിച്ചു. എന്നാൽ തിരുമേനിയുടെ വിധി അംഗീകരിക്കാതെ ആ കപടവിശ്വാസി മദീന വിട്ട് മക്കയിലേക്ക് ഓടിപ്പോവുകയാണ് ചെയ്തത്. മക്കയിൽ ഖുറൈശികളുമായി ചേർന്ന് ഇസ്ലാമിനും തിരുമേനിക്കുമെതിരായി അയാൾ പരസ്യമായി പ്രവർത്തിക്കുകയും ചെയ്തു. പിന്നീട് അവിടെ ഒരു ഭവനഭേദനത്തിനുവേണ്ടി മതിൽ തുരക്കുന്നതിനിടെ ആ മതിൽ പൊളിഞ്ഞുവീണാണ് അയാൾ മരിച്ചതെന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.
കുടുംബപരവും ഗോത്രപരവുമായ പക്ഷപാതത്തിന്റെ പേരിൽ കുറ്റവാളികളെ പിന്താങ്ങുന്നത് ആപൽക്കരമായ ആത്മവഞ്ചനയാണെന്ന് മുസ്ലിംകളെ അല്ലാഹു ശക്തമായി താക്കീതു ചെയ്തിരിക്കുകയാണ് ഇവിടെ.

---

109. ഐഹികജീവിതത്തിൽ നിങ്ങളിപ്പോൾ അവർക്കുവേണ്ടി വാദിക്കുന്നു.എന്നാൽ ഉയിർത്തെഴുന്നേൽപുനാളിൽ അവർക്കുവേണ്ടി അല്ലാഹുവിനോട് വാദിക്കാൻ ആരാണുണ്ടാവുക? ആരാണ് അവിടെ അവരുടെ വക്കാലത്ത് ഏറ്റെടുക്കുക?

110. ഒരുവൻ ഒരു ദോഷം പ്രവർത്തിക്കുന്നു, അല്ലെങ്കിൽ തന്നോടുതന്നെ അതിക്രമം പ്രവർത്തിക്കുന്നു, എന്നിട്ട് അല്ലാഹുവിനോട് പാപമോചനമർഥിക്കുകയും ചെയ്യുന്നു എങ്കിൽ ഏറെ പൊറുക്കുന്നവനായും ദയാപരനായും അല്ലാഹുവിനെ അവൻ കണ്ടെത്തുന്നതാകുന്നു.

111. എന്നാൽ പാപം സമ്പാദിക്കുന്നവൻ തനിക്കെതിരായിത്തന്നെയാണതു സമ്പാദിക്കുന്നത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു.

112. വല്ലവനും ഒരു തെറ്റോ കുറ്റമോ പ്രവർത്തിക്കുകയും പിന്നീടത് ഒരു നിരപരാധിയുടെ മേൽ ആരോപിക്കുകയും ചെയ്യുന്ന പക്ഷം, കടുത്ത കള്ളാരോപണവും തെളിഞ്ഞ പാപവുമാണവൻ ചുമന്നിരിക്കുന്നത്.

113. നിന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ അവരിലൊരു വിഭാഗം നിന്നെ വഴി തെറ്റിക്കാൻ ഉദ്ദേശിച്ചതുതന്നെയായിരുന്നു. യഥാർഥത്തിൽ അവർ അവരെത്തന്നെയാണ് വഴിതെറ്റിക്കുന്നത്. നിനക്ക് ഒരു ദ്രോഹവുമേൽപിക്കുവാൻ അവർക്ക് കഴിയുന്നതല്ല. അല്ലാഹു നിനക്ക് വേദവും തത്ത്വജ്ഞാനവും ഇറക്കിത്തരികയും, നിനക്ക് അറിവില്ലാതിരുന്നത് നിന്നെ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ മേലുള്ള അല്ലാഹുവിന്റെ ഔദാര്യം വമ്പിച്ചതത്രെ.

---

113: തുഅ്മത്തുബ്നു ഉബൈറും അയാളുടെ ബന്ധുക്കളും നബി(സ)തിരുമേനിയെ തെറ്റിദ്ധരിപ്പിച്ച് അവർക്കനുകൂലമായി ന്യായവിരുദ്ധമായ വിധി സമ്പാദിക്കാൻ നടത്തിയ ശ്രമത്തെയാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. അവരുടെ സമ്മർദത്തെ അവഗണിക്കാൻ പ്രവാചകൻ മടിച്ചിരുന്നു. മുകളിൽ പറഞ്ഞ കേസ്സിന്റെ വിധിതീർപ്പിൽ തിരുമേനിക്ക് തെറ്റുപറ്റിയിരുന്നുവെങ്കിൽ കപടവിശ്വാസികൾക്ക് അത് വൻ വിജയമാകുമായിരുന്നു. നീതിയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ലെന്നും, അഴിമതിയോ കുടുംബ സമുദായ പക്ഷപാതിത്വമോ കാണിക്കരുതെന്നുമുള്ള ഒരു സുപ്രധാനമായ സന്ദേശമാണ് ഈ സൂക്തം മുസ്ലിംകൾക്ക് നൽകുന്നത്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ സത്യം എവിടെയായിരുന്നുവോ അവിടെതന്നെയായിരിക്കും. പ്രവാചകൻ(സ) ഒരിക്കൽ ഇപ്രകാരം പറഞ്ഞത് വളരെ പ്രസിദ്ധമാണ്:'അല്ലയോ ജനങ്ങളേ, നിങ്ങളുടെ പൂർവികർ നശിച്ചുപോയത്,അവർക്കിടയിലെ ശക്തൻ മോഷ്ടിച്ചാൽ വിട്ടയക്കുകയും ദുർബലൻ മോഷ്ടിച്ചാൽ ശിക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ടുതന്നെയാകുന്നു. അല്ലാഹുവാണ, മുഹമ്മദിന്റെ മകൾ ഫാത്വിമ മോഷ്ടിച്ചാലും മുഹമ്മദ് അവളുടെ കൈവെട്ടുകതന്നെ ചെയ്യും.'

---

114. അവരുടെ രഹസ്യഭാഷണങ്ങളധികവും നന്മയേതുമില്ലാത്തതാകുന്നു. ദാനധർമങ്ങൾക്കും, സൽക്കർമങ്ങൾക്കും,ജനങ്ങൾക്കിടയിലെ പരസ്പരബന്ധം നന്നാക്കുന്നതിനും കൽപിക്കുന്ന ആളുകളുടെ വാക്കുകളൊഴികെ. അല്ലാഹുവിൻെറ പ്രീതി കൊതിച്ചുകൊണ്ട് അപ്രകാരം ചെയ്യുന്നവർക്ക് നാം മഹത്തായ പ്രതിഫലം നൽകുന്നതാകുന്നു.

115. എന്നാൽ സന്മാർഗം തനിക്ക് വ്യക്തമായിക്കഴിഞ്ഞശേഷവും ആരെങ്കിലും ദൈവദൂതനെ എതിർക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്നുവെങ്കിൽ, അവൻ തിരിഞ്ഞ വഴിക്കുതന്നെ നാം അവനെ തിരിച്ചു വിടുന്നതും നരകാഗ്നിയിൽ എരിക്കുകയും ചെയ്യും. അതെത്ര ചീത്ത താവളം.

116. തന്നിൽ ആരെയും പങ്കുചേർക്കുന്നത്(ബഹുദൈവത്വം) അല്ലാഹു പൊറുക്കുകയില്ല;തീർച്ച. അതൊഴിച്ചുള്ളതൊക്കെയും അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവിന് പങ്കാളിയെ കൽപിക്കുന്നുവോ അവൻ ദുർമാർഗത്തിൽ ബഹുദൂരം അകന്നുപോയിരിക്കുന്നു.

116: ദൈവത്തിൻെറ അധികാരാവകാശങ്ങളിൽ പങ്കാളിത്തം കൽപിക്കുന്നത് ശിർക്ക്(ബഹുദൈവത്വം) ആകുന്നു.ബഹുദൈവത്വം ഏറ്റവും ഭയങ്കരമായ പാപമാണെന്ന് ഖുർആൻ(31:13)-ൽ പ്രസ്താവിച്ചിട്ടുണ്ട്. ശിർക്കിലകപ്പെടുന്നവൻ സന്മാർഗത്തിൻെറ എല്ലാ നന്മകളിൽനിന്നും അകന്നകന്നുപോകുന്നു. ശിർക്കിൽ നിലകൊണ്ട് സന്മാർഗം പ്രാപിക്കാൻ കഴിയുന്നതല്ല. ബഹുദൈവത്വം നിഷേധിക്കുകയും ഏകദൈവത്വം അംഗീകരിക്കുകയും ചെയ്തശേഷമുള്ള പശ്ചാത്താപം അല്ലാഹു സ്വീകരിച്ചേക്കും. പാപം പൊറുത്തു കൊടുക്കുക എന്നത് അല്ലാഹുവിൻെറ ഔദാര്യമാണ്. പൊറുക്കാനോ പൊറുക്കാതിരിക്കാനോ ഉള്ള ഏകദൈവത്തിൻെറ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന യാതൊന്നുമില്ല. യുക്തിയുക്തമായും നീതിനിഷ്ഠമായും അവൻ തീരുമാനിക്കുന്നു.

117. അല്ലാഹുവിനെ വെടിഞ്ഞ് അവർ വിളിച്ച് പ്രാർഥിക്കുന്നത് ചില പെൺദൈവങ്ങളെ (ദേവതകളെ) മാത്രമാകുന്നു. യഥാർഥത്തിൽ ധിക്കാരിയായ പിശാചിനെ മാത്രമാണ് അവർ വിളിച്ച് പ്രാർഥിക്കുന്നത്.

118. അല്ലാഹു അവനെ(പിശാചിനെ) ശപിച്ചിരിക്കുന്നു. അവൻ(അല്ലാഹുവോട്) പറഞ്ഞിട്ടുണ്ടായിരുന്നു: നിൻെറ ദാസന്മാരിൽനിന്ന് ഒരു നിശ്ചിത വിഹിതം തീർച്ചയായും ഞാൻ എടുക്കുകതന്നെ ചെയ്യും.

117,118:പെൺദൈവങ്ങളെ ആരാധിക്കുന്ന പതിവ് അക്കാലത്തെ ബഹുദൈവാരാധകരായ അറബികളിലുണ്ടായിരുന്നു. അറബികളുടെ ആരാധനാമൂർത്തികളായിരുന്ന ലാത്ത, ഉസ്സ, മനാത്ത തുടങ്ങിയ വിഗ്രഹനാമങ്ങൾ സ്ത്രീനാമങ്ങൾ ആയിട്ടാണ് അവർ ഉപയോഗിച്ചിരുന്നത്. അക്കാലത്തെ ബഹുദൈവാരാധകരായ അറബികളിൽ മാത്രമല്ല, ഇന്ന് നിലവിലുള്ള വിഗ്രഹാരാധകരായ എല്ലാ ബഹുദൈവവിശ്വാസികളുടേയും അവസ്ഥ ഏറെക്കുറെ ഇതുതന്നെയാണ്. വിവിധ ദേവതകളെ പ്രതിഷ്ഠിച്ചിട്ടുള്ള അനേകം ക്ഷേത്രങ്ങൾ പല നാടുകളിലും കാണാവുന്നതാണ്.മിക്ക അറബിഗോത്രങ്ങൾക്കും അവരുടേതായ ചില ദേവതകളും അവയുടെ പേരിൽ സ്ഥാപിക്കപ്പെട്ട വിഗ്രഹങ്ങളുമുണ്ടായിരുന്നു. അറബികൾ അവരുടെ ദേവതകളെക്കുറിച്ച് മലക്കുകൾ എന്നാണ് പറഞ്ഞിരുന്നത്. മലക്കുകൾ ദൈവത്തിൻെറ പെൺമക്കളായിട്ടാണ് സങ്കൽപിക്കപ്പെട്ടിരുന്നത്.മലക്കുകൾ എന്നതിനുപകരം ദേവി, ദേവത, ദിവ്യാവതാരം തുടങ്ങിയ പ്രയോഗങ്ങളും സങ്കൽപങ്ങളും ഇന്നും കാണാവുന്നതാണ്. ബഹുദൈവാരാധകർക്ക് ഈ വിഗ്രഹങ്ങൾ നിർമിക്കാനും ആരാധിക്കാനും പ്രചോദനമേകിയത് പിശാചുക്കളാണ്. പിശാചിൻെറ ദുർമന്ത്രങ്ങൾക്കും ദുരുപദേശങ്ങൾക്കും വഴങ്ങിക്കൊണ്ടാണ് ബഹുദൈവവിശ്വാസികൾ അവരുടെ വിഗ്രഹങ്ങളെയും ദേവീദേവന്മാരെയും ആരാധിക്കുന്നതും വിളിച്ചു പ്രാർഥിക്കുന്നതും. അതാണ് അവർ പിശാചിനെയല്ലാതെ വിളിച്ചു പ്രാർഥിക്കുന്നില്ല എന്ന് പറഞ്ഞതിൻെറ താൽപര്യം.

119. ഞാൻ അവരെ വഴിപിഴപ്പിക്കുകയും വ്യാമോഹങ്ങളിലകപ്പെടുത്തുകയും ചെയ്യും. ഞാൻ അവരോട് കൽപിക്കുമ്പോൾ അവർ കാലികളുടെ കാതുകൾ കീറും. ഞാൻ അവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിൻെറ സൃഷ്ടിയെ അലങ്കോലപ്പെടുത്തും. അല്ലാഹുവിനെ വെടിഞ്ഞ് പിശാചിനെ മിത്രമായി വരിക്കുന്നവൻ സുവ്യക്തമായ മഹാ നഷ്ടത്തിലകപ്പെട്ടതുതന്നെ.

120. അവൻ അവരോട് വാഗ്ദാനങ്ങൾ ചെയ്യുകയും, അവരെ വ്യാമോഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ പിശാചിൻെറ വാഗ്ദാനങ്ങളത്രയും കേവലം വഞ്ചനയല്ലാതൊന്നുമല്ല.

121. അക്കൂട്ടരുടെ അഭയസ്ഥാനം നരകമാകുന്നു.അതിൽനിന്ന് രക്ഷപ്പെടാൻ അവർക്ക് യാതൊരു പഴുതും ലഭിക്കുന്നതല്ല.

---

119-121:പിശാച് മനുഷ്യവർഗത്തിൻെറ ആജീവനാന്ത ശത്രുവും അവനെ വഴിപിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്തവനുമാണ്.ആ ശപിക്കപ്പെട്ടവൻെറ ദുർബോധനങ്ങളിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വഞ്ചിതരായവരാണ് മനുഷ്യരിൽ അധികപേരും. ദൈവദാസന്മാരെ വഞ്ചിച്ചും പ്രലോഭിപ്പിച്ചും അവരുടെ സമയം, അദ്ധ്വാനം, കഴിവ്, ധനം എന്നിവയിൽനിന്നെല്ലാം കാര്യമായ ഒരു പങ്ക് അവൻ തൻെറ മാർഗത്തിലായി വിനിയോഗിപ്പിക്കുന്നതാണ്. മനുഷ്യനെ വഴിതെറ്റിക്കുവാൻ ഏറ്റവും പറ്റിയ മാർഗം അവനിൽ ദുർവിചാരങ്ങളും ദുരാഗ്രഹങ്ങളും അന്ധമായ വിശ്വാസങ്ങളും വളർത്തുകയാണെന്ന് അവൻ ആദ്യമേ മനസ്സിലാക്കിയിട്ടുണ്ട്. പിശാച് മനുഷ്യനിൽ ജനിപ്പിച്ച ഏറ്റവും വലിയ വ്യാമോഹമാണ് 'ബഹുദൈവത്വം'. പ്രപഞ്ചത്തിൻെറ പല വകുപ്പുകൾ പല ദൈവങ്ങളാണ് കൈകാര്യം ചെയ്യുന്നതെന്നും അതതു വകുപ്പു ദൈവങ്ങളെ പ്രസാദിപ്പിച്ചാൽ ആ ദൈവങ്ങളുടെയെല്ലാം അനുഗ്രഹം സിദ്ധിക്കുമെന്നും അവൻ ആദം സന്തതികളെ വ്യാമോഹിപ്പിക്കുന്നു. ചിലരെ അവൻ പരലോകമില്ല, മനുഷ്യജീവിതമെന്നത് മരണത്തോടെ അവസാനിക്കുന്നതാണെന്ന മൂഢധാരണയിലകപ്പെടുത്തുന്നു.ഉയിർത്തെഴുന്നേൽപും വിചാരണയും സ്വർഗനരകങ്ങളുമൊക്കെ വെറും കടങ്കഥകളാണെന്ന് ചിലരെ വിശ്വസിപ്പിക്കുന്നു. തങ്ങൾ ദൈവത്തിൻെറ മക്കളാണെന്നും, (ഞങ്ങൾ അല്ലാഹുവിൻെറ മക്കളും പ്രിയപ്പെട്ടവരുമാകുന്നു- 5:18) പരലോകത്ത് വിചാരണ ചെയ്യപ്പെട്ടാൽ തന്നെ ശിക്ഷിക്കപ്പെടാതെ സ്വർഗപ്രവേശനം ലഭിക്കുമെന്ന വ്യാമോഹത്തിലാണ് യഹൂദമതക്കാർ. സകല മനുഷ്യമക്കളുടെയും പാപപരിഹാരാർഥം യേശുദേവൻ കുരിശുമരണം വരിച്ചെന്നും, യേശുവിൽ വിശ്വസിക്കുന്നവർ ഇഹത്തിൽ വിശിഷ്ടരും പാപരഹിതരായ സ്വർഗസ്ഥരുമായിത്തീരുമെന്ന വിശ്വാസത്തിലാണ് ക്രൈസ്തവസഹോദരങ്ങൾ. മോഹന വാഗ്ദാനങ്ങൾ ചെയ്തും നിസ്വാർഥനായ ഗുണകാംക്ഷിയുടെ വേഷത്തിലും ആദിപിതാവിനെ സമീപിച്ച് കെണിയിലകപ്പെടുത്തിയ, സദാ കർമ്മനിരതനായ ആ മനുഷ്യശത്രു, 'ആദമിൻെറ മക്കളിൽ അൽപമൊഴിച്ച് എല്ലാവരെയും താൻ കീഴ്പെടുത്തുകതന്നെ ചെയ്യും' (17:62) എന്ന തൻെറ വാഗ്ദാനം പൂർത്തീകരിക്കുകതന്നെ ചെയ്തിരിക്കുന്നു. പിശാചിൻെറ വാഗ്ദാനങ്ങൾ തനി പൊള്ളയും വഞ്ചനയുമായിരിക്കും. അവൻെറ വ്യാമോഹങ്ങളിൽ വഞ്ചിതരായവരെ കാത്തിരിക്കുന്നത് അസന്ദിഗ്ദവും സുസ്ഥിരവുമായ മഹാനഷ്ടം മാത്രമാകുന്നു. തങ്ങൾ വഞ്ചിക്കപ്പെടുകയായിരുന്നുവെന്ന് അപ്പോൾ ഓർത്തതുകൊണ്ട് അവർക്കൊരു ഗുണവുമുണ്ടാവില്ല. രക്ഷപ്പെടാനുള്ള യാതൊരു പഴുതും അവരുടെ മുന്നിൽ അവശേഷിക്കുകയുമില്ല.

അഞ്ചോ പത്തോ പ്രസവിച്ച ഒട്ടകത്തെ കാതു കീറി ദേവന്മാരുടെ പേരിൽ ഉഴിഞ്ഞിടുന്ന സമ്പ്രദായം അജ്ഞാനകാലത്തെ അറബികളുടെ അന്ധവിശ്വാസങ്ങളിലൊന്നായിരുന്നു.ഒരു ഒട്ടകം നാലു പെൺകുട്ടികളെ പ്രവിച്ചശേഷം അഞ്ചാമത്തേത് ആണായാൽ തള്ളയൊട്ടകം ദൈവങ്ങളുടെതായിത്തീർന്നിരുന്നു. പിന്നീടതിനെ ജോലിക്കുപയോഗിക്കുന്നത് നിഷിദ്ധമാണെന്നായിരുന്നു അവരുടെ ധാരണ. നേർച്ചമൃഗത്തിൻെറ ലക്ഷണമായിരുന്നു കാതുകീറൽ.

---

122. എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു.അതിലവർ നിത്യ

വാസികളായിരിക്കും. ഇത്‌ അല്ലാഹുവിൻെറ സത്യവാഗ്ദാനമാകുന്നു.വചനത്താൽ അല്ലാഹുവിനേക്കാൾ സത്യസന്ധനായി ആരുണ്ട്‌?

123. കാര്യം നിങ്ങളുടെ വ്യാമോഹങ്ങൾക്കനുസരിച്ചല്ല, വേദവിശ്വാസികളുടെ വ്യാമോഹങ്ങൾക്കനുസരിച്ചുമല്ല. തിന്മ ചെയ്യുന്നതാരായാലും അതിൻെറ ഫലം അവന്‌ ലഭിക്കും. അവന്‌ അല്ലാഹുവിനെതിരിൽ ഒരു രക്ഷകനെയും സഹായിയെയും കണ്ടെത്താനാവുകയില്ല.

---

123: ഒരാൾ ഏതെങ്കിലും ഒരു സമുദായത്തിൽ ജനിച്ചു എന്നത്‌ അയാളുടെ കർമ്മമല്ല. അത്‌ ദൈവ നിശ്ചയമാണ്‌. ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിൽ പിറന്നു എന്നതിൻെറ പേരിൽ ഒരാളും പരലോകത്ത്‌ ഒരാനുകൂല്യങ്ങൾക്കും അർഹനാകുന്നില്ല. അങ്ങനെ ആരെങ്കിലും കരുതുന്നുവെങ്കിൽ അതവരുടെ വ്യാമോഹം മാത്രമാണ്‌. ആദർശവിശ്വാസങ്ങൾ കർമ്മങ്ങളിലൂടെ വെളിപ്പെടുത്തേണ്ടതുണ്ട്‌. ഒരാളുടെ കർമ്മം പാപമായിരുന്നുവെങ്കിൽ ആ പാപത്തിൻെറ ഫലം അയാൾ അനുഭവിക്കേണ്ടിവരും. അല്ലാഹുവിൻെറ വിധിക്കെതിരെ, തങ്ങൾ ആരാധിക്കുന്ന ദേവീദേവന്മാരോ പുണ്യാത്മാക്കളോ പരലോകത്ത്‌ സഹായിക്കാൻ വരുന്നതുമല്ല.

---

124. വല്ലവരും സത്യവിശ്വാസിയായിക്കൊണ്ട്‌ സൽക്കർമങ്ങൾ ചെയ്യുന്നുവെങ്കിൽ, പുരുഷനാകട്ടെ സ്ത്രീയാവട്ടെ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്‌. അവർ തരിമ്പും അനീതിക്കിരയാവുന്നതല്ല.

125. സദ്‌വൃത്തനായിക്കൊണ്ട്‌ തൻെറ മുഖം അല്ലാഹുവിന്‌ കീഴ്‌പ്പെടുത്തുകയും ഇബ്രാഹീമിൻെറമാർഗം നിഷ്കളങ്കമായി പിന്തുടരുകയും ചെയ്തവനേക്കാൾ ഉൽകൃഷ്ടമായ ജീവിതരീതി കൈക്കൊണ്ടവൻ ആരുണ്ട്‌? ഇബ്രാഹീമിനെയാകട്ടെ, അല്ലാഹു തൻെറ സുഹൃത്തായി വരിച്ചിരിക്കുന്നു.

126. ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിൻേറതാകുന്നു. അല്ലാഹു സമസ്ത വസ്തുക്കളെയും വലയം ചെയ്തിട്ടുള്ളവനാകുന്നു.

127. സ്ത്രീകളുടെ കാര്യത്തിൽ അവർ നിന്നോട്‌ വിധി തേടുന്നു. പറയുക: അവരെക്കുറിച്ച്‌ അല്ലാഹു നിങ്ങൾക്ക്‌ വിധി തരുന്നു. ഈ വേദത്തിൽ നേരത്തേ നിങ്ങളെ ഓതിക്കേൾപ്പിച്ച വിധികൾ ഓർമിപ്പിക്കുകയും ചെയ്യുന്നു. അതായത്‌, നിങ്ങൾ അവകാശം നൽകാത്തവരും വിവാഹം കഴിക്കാനാഗ്രഹിക്കുന്നതുമായ അനാഥ പെൺകുട്ടികളെയും ദുർബലരായ കുട്ടികളെയും സംബന്ധിച്ച വിധികൾ. അനാഥകളോട്‌ നീതിപൂർവം വർത്തിക്കണമെന്ന കൽപനയും(ശ്രദ്ധിക്കുക). നിങ്ങൾ ചെയ്യുന്ന ഏതു നന്മയും അല്ലാഹു തികച്ചും അറിയുന്നവനാകുന്നു.

---

127: ഒട്ടേറെ നീതിവിരുദ്ധമായ സമ്പ്രദായങ്ങൾ അനിസ്‌ലാമിക കാലത്തെ സാമൂഹിക വ്യവസ്ഥയിൽ നിലനിന്നിരുന്നു. അനിയന്ത്രിതമായ വിവാഹ സ്വാതന്ത്ര്യവും സാമൂഹിക വ്യവസ്ഥകളും സമ്പൂർണമായ മാറ്റത്തിനു വിധേയമായപ്പോൾ അവർക്ക്‌ അനുഭവപ്പെട്ട ചില പ്രയാസങ്ങളെ മുൻനിർത്തി പ്രവാചക ശിഷ്യന്മാർ ഉന്നയിച്ച ചോദ്യങ്ങളെയാണ്‌ ഈ സൂക്തം സൂചിപ്പിക്കുന്നത്‌.

---

128. ഒരു സ്ത്രീ തൻെറ ഭർത്താവിൽനിന്ന്‌ പിണക്കമോ അവഗണയോ ഭയപ്പെട്ടാൽ അവർ തമ്മിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിനു അവർക്ക്‌ കുറ്റമില്ല. ഒത്തുതീർപ്പു തന്നെയാകുന്നു ഉത്തമം. (മനുഷ്യ)മനസ്സുകളിൽ പിശുക്ക്‌ സന്നിഹിതമത്രെ. നിങ്ങൾ ഔദാര്യത്തോടെ വർത്തിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ, തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

128: ഒരാൾ ഒരേ സമയം നാലിൽ കൂടുതൽ ഭാര്യമാരെ  വെച്ചുകൊണ്ടിരിക്കരുതെന്നും ഒന്നിലധികം ഭാര്യമാരെ വെക്കണമെങ്കിൽ അവർക്കിടയിൽ സമമായ പെരുമാറ്റം പാലിക്കണമെന്ന ഉപാധികളും ചുമത്തപ്പെട്ടതോടെ ചില പ്രശ്നങ്ങൾ പൊങ്ങിവന്നു. ഭർത്താവിന് ഭാര്യയോട് ഏതെങ്കിലും കാരണത്താൽ വിരക്തി തോന്നാവുന്നതാണ്. ഭാര്യയുടെ അനാരോഗ്യം, വന്ധ്യത, സ്വഭാവദൂഷ്യം, വൈരൂപ്യം തുടങ്ങിയ സന്ദർഭങ്ങൾ ഉദാഹരണം. അത്തരം സാഹചര്യങ്ങളിൽ ഭാര്യമാർക്കിടയിൽ നീതിപാലിക്കാൻ ഭർത്താവിന് കഴിയണമെന്നില്ല. അങ്ങനത്തെ സന്ദർഭങ്ങളിൽ ഭാര്യ അവളുടെ ചില അവകാശങ്ങൾ വിട്ടുവീഴ്ച ചെയ്തുകൊണ്ട് അയാളുടെ പത്നിയായി തുടരാനാഗ്രഹിക്കുന്നുവെങ്കിൽ അത് സ്വീകരിക്കാമോ, അതല്ല സമത്വം പാലിക്കാനാവാത്ത പക്ഷം അവളെ വിവാഹമോചനം ചെയ്യുകതന്നെ വേണമോ ഇതൊക്കെയായിരുന്നു പ്രശ്നങ്ങൾ.

ഈ വിഷയത്തിൽ സന്ദർഭത്തിനൊത്തവണ്ണം ചെയ്തുകൊള്ളുവാൻ അല്ലാഹു ഭാര്യാഭർത്താക്കന്മാർക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. വിവാഹമോചനവും വേർപാടുമല്ല, അവകാശ ബാധ്യതകളുടെ കാര്യത്തിൽ വല്ല സന്ധിയുമുണ്ടാക്കി ഭാര്യാഭർത്താക്കളായി കഴിയുകയാണ് നല്ലതെന്നും ഉപദേശിക്കുന്നു. വിവാഹമോചനം അല്ലാഹു അനുവദിച്ചതിൽ വെച്ച് ഏറ്റവും വെറുക്കപ്പെട്ട കാര്യമാണ്.

സ്ത്രീപുരുഷന്മാർ അവരവരുടെ സ്വാർഥ താൽപര്യങ്ങൾക്ക് മുൻഗണന കാണിക്കുന്നത് മനുഷ്യ മനസ്സിന്റെ സ്വഭാവമാണ്. എങ്കിലും ദൈവഭക്തിയുള്ള പുരുഷന്മാർ ദാമ്പത്യബന്ധം തുടരാനുള്ള ഭാര്യയുടെ താൽപര്യത്തെ ചൂഷണം ചെയ്യാതെ അവളോട് അനുഭാവപൂർവം ഉദാരമായി പെരുമാറണമെന്ന് ഉപദേശിക്കുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്ന സച്ചരിതർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുമെന്നും അല്ലെങ്കിൽ അതിന്റെ ദുഷ്ഫലം അയാൾ നേരിടേണ്ടി വരുന്നതുമാണ്.

---

129. ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കുക നിങ്ങളുടെ കഴിവിന്നതീതമാകുന്നു. നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും ശരി. അതിനാൽ നിങ്ങൾ (ഒരുവളിലേക്ക്) പൂർണമായി ചാഞ്ഞ് മറ്റവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ സ്വന്തം ചര്യകൾ സംസ്കരിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ, അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനമാകുന്നു.

---

129: സ്ത്രീകൾ തമ്മിൽ സൗന്ദര്യത്തിലും, സ്വഭാവത്തിലും പ്രായത്തിലും കഴിവിലും മറ്റും വ്യത്യാസങ്ങൾ ഉണ്ടാകാവുന്നതാണ്. ഈ അടിസ്ഥാനത്തിൽ ഒരുവളോട് പ്രിയം കൂടുകയും മറ്റവളോട് കുറയുകയും ചെയ്യുക സ്വാഭാവികമാണ്. അതിനാൽ, അത്തരം പരിതഃസ്ഥിതികളിൽ മനുഷ്യന്റെ കഴിവിന്നതീതമായ സമത്വം അവനോടാവശ്യപ്പെടുന്നില്ല. എന്നാൽ പ്രായോഗിക തലത്തിൽ എല്ലാ ഭാര്യമാരോടും പെരുമാറ്റത്തിലും അവകാശങ്ങൾ കൊടുക്കുന്നതിലും ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിലും സംരക്ഷിക്കുന്നതിലും തുല്യമായ പരിഗണന നൽകാൻ ഭർത്താവിന് കഴിയേണ്ടതാണ്. ഇതിലൊക്കെ എല്ലാ ഭാര്യമാർക്കുമുള്ള അർഹത തുല്യവുമാണ്. 'നിങ്ങളിൽ ഏറ്റം വിശിഷ്ടരായവർ ഭാര്യമാരോട് ഏറ്റം നന്നായി പെരുമാറുന്നവനാണ്'' എന്ന തിരുവചനം വളരെ പ്രസിദ്ധമാണ്.

---

130. അഥവാ, അവർ ഇരുവരും വേർപിരിയുകയാണെങ്കിൽ അല്ലാഹു അവന്റെ അപാരമായ അനുഗ്രഹത്താൽ ഓരോരുത്തരെയും പരാശ്രയത്തിൽ നിന്ന് മുക്തരാക്കുന്നതാകുന്നു. അല്ലാഹു ഏറെ വിശാലതയുള്ളവനും യുക്തിമാനുമാകുന്നു.

131. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അല്ലാഹുവിന്റേതാകുന്നു.നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്കുമുമ്പ് വേദം നൽകപ്പെട്ടവരെ നാം ഉപദേശിച്ചിരുന്നു. (ഇപ്പോൾ) നിങ്ങളെയും (ഉപദേശിക്കുന്നു). നിങ്ങൾ അവിശ്വസിക്കുന്നപക്ഷം,(അറിഞ്ഞിരിക്കുവിൻ): ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം  അല്ലാഹുവിന്റേതാകുന്നു. അല്ലാഹു പരാശ്രയമില്ലാത്തവനും സകല സ്തുതികൾക്കും അർഹനുമത്രെ.

132. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റേതാകുന്നു. കാര്യനിർവഹണത്തിനു അല്ലാഹു തന്നെ മതി.

131,132: ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിൻേറതാണെന്ന് ഇവിടെ ആവർത്തിച്ച് ഊന്നിപ്പറഞ്ഞിരിക്കുന്നു. പ്രപഞ്ചത്തെ സൃഷ്ടിച്ചശേഷം തൻെറ സൃഷ്ടികാക്ക് വ്യക്തമായ നടപടിക്രമങ്ങാം നിശ്ചയിക്കുകയും മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു. പൂർവസമുദായങ്ങാംക്കും പിൽക്കാല സമുദായങ്ങാംക്കും അവൻെറ മാർഗദർശനം ലഭിച്ചിരിക്കുന്നു. ആർ അനുസരിച്ചാലും ധിക്കരിച്ചാലും അതിൻെറ നേട്ടവും കോട്ടവും അവർക്കുതന്നെയാണ്. നിങ്ങാം ദൈവത്തോട് ധിക്കാരം പ്രവർത്തിക്കുകയാണെങ്കിൽ അവന് യാതൊന്നും വരാൻ പോകുന്നില്ല. അല്ലാഹുവിൻെറ ഉടമസ്ഥതയെയോ അധികാരത്തെയോ അത് ബാധിക്കുന്നതല്ല.

133. അല്ലയോ ജനങ്ങളേ, അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവൻ നിങ്ങളെ നീക്കിക്കളഞ്ഞ് മറ്റൊരു ജനവിഭാഗത്തെ നിയോഗിക്കാവുന്നതേയുള്ളു.അല്ലാഹു അതിന് തികഞ്ഞ കഴിവുള്ളവനാകുന്നു.

134. ആരെങ്കിലും ഭൗതികമായ പ്രതിഫലം മാത്രം തേടുന്നുവെങ്കിൽ അവൻ (അറിഞ്ഞിരിക്കട്ടെ): അല്ലാഹുവിങ്കൽ ഭൗതികമായ പ്രതിഫലവും പാരത്രികമായ പ്രതിഫലവുമുണ്ട്. അല്ലാഹു എല്ലാം കേഠംക്കുന്നവനും സൂക്ഷ്മമായി കാണുന്നവനുമാകുന്നു.

134: സത്യവിശ്വാസികളുടെ പ്രവർത്തനങ്ങളിലും പെരുമാറ്റത്തിലും പരിഗണിക്കേണ്ടുന്ന ചില കാര്യങ്ങാം തെര്യപ്പെടുത്തുകയാണ് ഈ സൂക്തം. അല്ലാഹു ആകാശഭൂമികളുടെ ഉടമയും വിധാതാവുമാണെങ്കിൽ അതിലെ സൃഷ്ടികളും അവരുടെ കർമ്മങ്ങളും അതിൻെറ ഫലവുമെല്ലാം അല്ലാഹുവിൻെറ ഇഛയാലും അനുമതിയാലും ഉണ്ടാകുന്നതാണ്. ഓരോ സൃഷ്ടിയുടെയും ഭാഗധേയം അല്ലാഹുവിൻെറ കൈകളിലാണ്. ഒരാാംക്ക് എന്തെങ്കിലും സഹായം നിഷേധിച്ചാൽ അയാാംക്ക് പിന്നെ ഒരു ഗതിയുമില്ലെന്ന് നിങ്ങാം ധരിക്കരുത്. ഒരടിമയെ സഹായിക്കണമെന്നുണ്ടെങ്കിൽ അല്ലാഹുവിൻെറ പക്കൽ അസംഖ്യം മാർഗങ്ങളുണ്ട്.

കർമ്മങ്ങാംക്ക് ഭൗതികഫലം മാത്രമല്ല അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്, പാരത്രികഫലവും നിശ്ചയിച്ചിട്ടുണ്ട്. ധർമവിരുദ്ധമായ കർമ്മങ്ങളാൽ ഭൗതികനേട്ടങ്ങാം അനുഭവിക്കുന്നവർ കാര്യം ഇവിടംകൊണ്ട് അവസാനിച്ചു എന്ന് ധരിക്കരുത്. ഇഹലോകത്തിലെ നൈമിഷികനേട്ടങ്ങളിൽ ഭ്രമിക്കുകയും അതിൻെറ പേരിൽ പരലോകത്തിലെ അനശ്വരനേട്ടങ്ങളെ ആഹുതി ചെയ്യാൻ മുതിരുകയുമാണെങ്കിൽ അത് ഇവിടെ വെച്ച് നിങ്ങാംക്ക് ലഭിക്കുന്നതാണ്. എന്നാൽ പരലോകത്തിലെ അനശ്വരനേട്ടങ്ങളിൽ നിങ്ങാംക്ക് ഒരംശവുമില്ല. ദൈവം കൽപിച്ചതനുസരിച്ച് പ്രവർത്തിക്കുന്ന സജ്ജനങ്ങാംക്ക് വേണ്ടി പ്രത്യേകമാക്കി വെച്ചിട്ടുള്ള അനുഗ്രഹങ്ങാം ധർമവിരുദ്ധമായ കർമ്മങ്ങാം പ്രവർത്തിക്കുന്ന ധിക്കാരികാംക്ക് പ്രതീക്ഷിക്കാവതല്ല.

135. അല്ലയോ സത്യവിശ്വാസികളേ, കണിശമായി നീതി നിലനിർത്തുന്നവരും അല്ലാഹുവിനു വേണ്ടി സത്യസാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ. അത് നിങ്ങാംക്കോ നിങ്ങളുടെ മാതാപിതാക്കാംക്കോ അടുത്ത ബന്ധുക്കാംക്കോ എതിരായിരുന്നാലും ശരി. (കക്ഷി)ധനികനാവട്ടെ, ദരിദ്രനാവട്ടെ അല്ലാഹുവാകുന്നു നിങ്ങളിലേറെ, ഇരുകൂട്ടരോടും ഗുണകാംക്ഷിയായിട്ടുള്ളവൻ. അതിനാൽ സ്വേഛകളെ പിൻപറ്റി നീതിയിൽനിന്നകന്നു പോകാതിരിക്കുവിൻ. നിങ്ങാം വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്നുവെങ്കിൽ, (അറിഞ്ഞുകൊള്ളുക): തീർച്ചയായും നിങ്ങാം പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്.

135: മുസ്ലിംകാം സ്വയം നീതി പാലിക്കുന്നവരും സമൂഹത്തിൽ അനീതിയും അക്രമവും തുടച്ചുമാറ്റി നീതിയും ക്രമവും സംസ്ഥാപിക്കാൻ കടപ്പെട്ടവരുമാകുന്നു. അല്ലാഹു നിശ്ചയിച്ച നീതിയിലും നിയമത്തിലുമാണ് അവർ നിലകൊള്ളേണ്ടത്. നീതിയുടെ ത്രാസ്സിൽ എല്ലാവർക്കും ഒരേ തൂക്കമായിരിക്കണം. ആരുടേയും മുഖം നോക്കാതെ സത്യത്തിന് മാത്രം സ്ഥാനം കൽപിക്കണം. അല്ലാഹുവിനുവേണ്ടി സാക്ഷികളാവുന്നവർക്കേ അതിനു കഴിയൂ. ആ കഴിവാണ് മൂല്യങ്ങളോടുള്ള പ്രതിബദ്ധത.

136. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും തൻെറ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും, അദ്ദേഹത്തിനു മുമ്പ് അവൻ അവതരിപ്പിച്ചു കഴിഞ്ഞ ഗ്രന്ഥത്തിലും വിശ്വസിക്കുവിൻ. അല്ലാഹുവിനെയും അവൻെറ മലക്കുകളെയും അവൻെറ വേദങ്ങളെയും അവൻെറ ദൂതന്മാരെയും അന്ത്യനാളിനെയും നിഷേധിക്കുന്നവൻ ദുർമാർഗത്തിൽ വളരെ ദൂരം ആണ്ടുപോയിരിക്കുന്നു.

137. സത്യത്തിൽ വിശ്വസിക്കുകയും പിന്നെ നിഷേധിക്കുകയും പിന്നെയും വിശ്വസിക്കുകയും വീണ്ടും നിഷേധിക്കുകയും പിന്നെ നിഷേധത്തിൽതന്നെ മുന്നോട്ട് നീങ്ങുകയും ചെയ്തവരുണ്ടല്ലോ, അവർക്ക് അല്ലാഹു ഒരിക്കലും മാപ്പുകൊടുക്കുകയില്ല. അവർക്കവൻ നേർവഴി കാണിച്ചുകൊടുക്കുകയുമില്ല.

137: ഭൗതികമായ കാര്യലാഭമുണ്ടാകുമ്പോൾ വിശ്വാസികളായി ചമയുന്നവരും വല്ല ദോഷവും ബാധിക്കാൻ പോകുന്നതായി തോന്നിയാൽ അവിശ്വാസികളുടെ കൂട്ടത്തിലേക്കുതന്നെ മടങ്ങുകയും മുസ്ലിംകളെ കബളിപ്പിക്കാൻ മാത്രം അവരുടെ കൂട്ടത്തിൽ കൂടിയവരുമായ ചില ആളുകളുണ്ട്. ഇക്കൂട്ടരുടെ ദൈവം യഥാർഥത്തിൽ അവരുടെ താൽപര്യങ്ങളാണ്. ഇത്തരക്കാർക്ക് അല്ലാഹു മാപ്പു നൽകുന്നതല്ല. നേർവഴി കാട്ടുന്നതുമല്ല. വേദക്കാർ ഭൗതികമായ കാര്യലാഭങ്ങൾക്കുവേണ്ടി പ്രവാചകോപദേശങ്ങളെയും വേദശാസനകളെയും സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് പാകപ്പെടുത്തി. യഹൂദർ ഈസാ(അ)യെ അവിശ്വസിച്ചു. ഇരുകൂട്ടരും മുഹമ്മദ് നബി(സ)യെയും ഖുർആനെയും നിഷേധിച്ചു.

138. കപടവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ടെന്ന് അവരെ അവരെ നീ സന്തോഷവാർത്ത അറിയിക്കുക.

139. സത്യവിശ്വാസികളെ വെടിഞ്ഞ് സത്യനിഷേധികളെ മിത്രങ്ങളായി വരിക്കുന്നവരാകുന്നു അവർ.(സത്യനിഷേധികളുടെ) അടുക്കൽ അവർ പ്രതാപം തേടിപ്പോവുകയാണോ? എന്നാൽ തീർച്ചയായും പ്രതാപം മുഴുവൻ അല്ലാഹുവിൻേറതാകുന്നു.

140. അല്ലാഹുവിൻെറ വചനങ്ങൾ നിഷേധിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും കേട്ടാൽ അവർ മറ്റു വർത്തമാനങ്ങളിലേർപ്പെടുന്നതുവരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുതെന്ന് ഈ വേദത്തിലൂടെ നിങ്ങളോട് കൽപിച്ചിട്ടുള്ളതാണല്ലോ. അങ്ങനെ ചെയ്താൽ നിങ്ങളും അവരെപ്പോലെയാകുന്നു. കപടവിശ്വാസികളെയും അവിശ്വാസികളെയും ഒന്നടങ്കം അല്ലാഹു നരകത്തിൽ ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യും.

141. നിങ്ങളെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ് അവർ (കപടവിശ്വാസികൾ). നിങ്ങൾക്ക് അല്ലാഹുവിൽനിന്ന് വല്ല വിജയവുമുണ്ടാവുകയാണെങ്കിൽ അവർ പറയും:ഞങ്ങളും നിങ്ങളോടൊപ്പമായിരുന്നില്ലേ? ഇനി അവിശ്വാസികൾക്കാണ് നേട്ടമുണ്ടാകുന്നതെങ്കിൽ അവരോട് പറയും: നിങ്ങളുടെ മേൽ ഞങ്ങൾ വിജയസാധ്യത നേടിയിട്ടും വിശ്വാസികളിൽ നിന്ന് നിങ്ങളെ ഞങ്ങൾ രക്ഷിച്ചില്ലേ? എന്നാൽ ഉയിർത്തെഴുന്നേൽപുനാളിൽ അല്ലാഹു നിങ്ങൾക്കിടയിൽതീർപ്പുകൽപിക്കുന്നതാകുന്നു. അല്ലാഹു സത്യനിഷേധികൾക്ക് സത്യവിശ്വാസികൾക്കെതിരെ യാതൊരു മാർഗവും തുറന്നുകൊടുക്കുന്നതല്ല.

142. തീർച്ചയായും ഈ കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുന്നു. യഥാർഥത്തിൽ അവൻ അവരെ സ്വയം വഞ്ചിതരാക്കുകയാണ്. നമസ്കാരത്തിനായി നിൽക്കുമ്പോൾ അവർ അലസന്മാരായി, ജനത്തെ കാണിക്കുന്നതിനുവേണ്ടി മാത്രമാണ് നിൽക്കുന്നത്. അവർ വളരെക്കുറച്ചേ അല്ലാഹുവെ ഓർക്കുന്നുള്ളു.

142: പ്രവാചകൻെറ കാലത്ത് ഒരാളെ വിശ്വാസിയായി ഗണിക്കണമെങ്കിൽ നമസ്കാരത്തിൽ നിഷ്ഠ പാലിക്കേണ്ടിയിരുന്നു. കാരണമില്ലാതെ പള്ളിയിൽ വരാത്തവർ യഥാർഥ വിശ്വാസിയായി അംഗീകരിക്കപ്പെ

ട്ടിരുന്നില്ല. അതിനാൽ കപടവിശ്വാസികൾപോലും ഗത്യന്തരമില്ലാതെ നമസ്കാരത്തിന് പള്ളിയിൽ ഹാജരായിരുന്നു. കപടവിശ്വാസികൾ നമസ്കാരത്തിനു കൃത്യമായി സംബന്ധിച്ചിരുന്നെങ്കിലും അവർക്കതിൽ യാതൊരു താൽപര്യവുമുണ്ടായിരുന്നില്ല.തങ്ങൾ വിശ്വാസികളാണെന്നും ദൈവഭക്തരാണെന്നും ആളുകളെ ബോധ്യപ്പെടുത്തുകയായിരുന്നു അവരുടെ ലക്ഷ്യം.

143. അവർ(പൂർണമായും) ഈ പക്ഷത്തുമില്ല, മറുപക്ഷത്തുമില്ല; അതിനിടയിൽ ആടിക്കൊണ്ടിരിക്കുകയാണവർ. അല്ലാഹു വഴിതെറ്റിച്ചവനാരോ അവന് ഒരു ഒരു മാർഗവും കണ്ടെത്താൻ നിനക്കാവില്ല.

144. അല്ലയോ വിശ്വസിച്ചവരേ, വിശ്വാസികളെയല്ലാതെ സത്യനിഷേധികളെ നിങ്ങളുടെ മിത്രങ്ങളാക്കാതിരിക്കുവിൻ. നിങ്ങൾക്കെതിരായി അല്ലാഹുവിന് തെളിഞ്ഞ ന്യായമുണ്ടാക്കിക്കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ.

145. (അറിഞ്ഞിരിക്കുക): തീർച്ചയായും കപടവിശ്വാസികൾ നരകത്തിൻെറ ഏറ്റവും അടിത്തട്ടിലായിരിക്കും. അവർക്ക് ഒരു സഹായിയെ നീ കണ്ടെത്തുന്നതുമല്ല.

145,146: ഇസ്ലാമിനോടും മുസ്ലിംകളോടും പകയും വിദ്വേഷവും പുലർത്തുന്ന സത്യനിഷേധികളെ ഉറ്റവരും ഉടയവരും ആയി സ്വീകരിക്കുക എന്ന അബദ്ധം യഥാർഥ വിശ്വാസികൾ ചെയ്തുപോകരുത്. സത്യത്തെ വഞ്ചിച്ചുകൊണ്ട് സ്വീകരിക്കുന്ന മിത്രങ്ങളുടെ സംരക്ഷണവും സഹായവും കേവലം ക്ഷണികവും ക്ഷുദ്രവുമാണ്.

147. നിങ്ങൾ നന്ദി കാണിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങളെ ശിക്ഷിച്ചിട്ട് അല്ലാഹുവിന് എന്ത് കാര്യം? അല്ലാഹു അളവറ്റ നന്ദിയുള്ളവനും എല്ലാം നന്നായി അറിയുന്നവനുമാകുന്നു.

148. ദോഷകൃത്യങ്ങൾ പരസ്യപ്പെടുത്തിപ്പറയുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ദ്രോഹിക്കപ്പെട്ട ഒരുവൻ(പറഞ്ഞു പോകുന്നത്) ഒഴികെ.അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

148: കുറ്റകൃത്യങ്ങളും അക്രമവും മാത്രമല്ല മോശപ്പെട്ട ഒരു കാര്യവും പരസ്യമായി പറഞ്ഞു നടക്കുരുതെന്ന സുപ്രധാനമായ ഒരു ധാർമിക പാഠമാണ് ഈ സൂക്തം നൽകുന്നത്. അവരുമായി ബന്ധപ്പെട്ട് തെറ്റുകൾ തിരുത്തിക്കാനും നടപടികൾ സംസ്കരിക്കാനുമാണ് ശ്രമിക്കേണ്ടത്.അതുചെയ്യാതെ അന്യരുടെ കുറ്റങ്ങൾ പറഞ്ഞു നടക്കുന്നത് പരദൂഷണമാകുന്നു. സഹോദരൻെറ ശവത്തിൽനിന്ന് മാംസം മാന്തിത്തിന്നുന്നതിനോടാണ് പരദൂഷണത്തെ അല്ലാഹു ഉപമിച്ചിരിക്കുന്നത്. അന്യരുടെ കുറ്റങ്ങളും കുറവുകളും ചികഞ്ഞുനടക്കലും തിന്മയെ പരസ്യപ്പെടുത്തുന്നതുപോലെതന്നെയാണ്.അതും ഖുർആൻ നിരോധിച്ചിട്ടുണ്ട്.

എന്നാൽ മർദിതർക്ക് അവർ നേരിടുന്ന അക്രമത്തിനും അനീതിക്കുമെതിരെ ശബ്ദമുയർത്താൻ അവകാശമുണ്ട്.അനീതിക്കിരയായവന് ഭരണാധികാരിയുടെ മുമ്പിലോ ന്യായാധിപൻെറ മുമ്പിലോ ആവലാതിപ്പെടാവുന്നതാണ്. അക്രമത്തെയും അനീതിയെയും സംബന്ധിച്ച ആവലാതി അല്ലാഹുവിൻെറ മുമ്പിലും സമർപ്പിക്കാം.

ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: മർദിതൻെറ പ്രാർഥനയെ ഭയപ്പെട്ടുകൊള്ളുക. അത് തീപ്പൊരിയെന്നോണം ആകാശത്തേക്കുയരുന്നതാകുന്നു.

മർദിതൻെറ പ്രാർഥന കേൾക്കുമ്പോൾ അല്ലാഹു ഇപ്രകാരം പറയുമെന്ന് മറ്റൊരു പ്രവാചക വചനത്തിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: 'എൻെറ പ്രതാപവും പ്രൗഢിയുമാണെ, ഞാൻ നിന്നെ സഹായിക്കുകതന്നെ ചെയ്യും- കാലങ്ങൾക്കു ശേഷമെങ്കിലും.'

149. നിങ്ങള്‍ ഒരു നന്മയെ വെളിപ്പെടുത്തുകയോ അല്ലെങ്കില്‍ അത് നിങ്ങള്‍ മറച്ചുവെക്കുകയോ അല്ലെങ്കില്‍ ഒരു തിന്മ മാപ്പാക്കുകയോ ചെയ്യുന്നുവെങ്കില്‍, തീര്‍ച്ചയായും അല്ലാഹു ഏറെ മാപ്പരുളുന്നവനും എന്തിനും കഴിവുള്ളവനുമാകുന്നു.

149: ഒരാള്‍ ചെയ്ത നല്ല ഒരു കര്‍മ്മം മറ്റുള്ളവര്‍ക്കും അതുപോലെ ചെയ്യാന്‍ പ്രചോദനമാവുകയാണെങ്കില്‍ അത് പരസ്യപ്പെടുത്താവുന്നതാണ്. പരസ്യപ്പെടുത്തുന്നത് ആര്‍ക്കെങ്കിലും ദോഷകരമായിത്തീരുമെങ്കില്‍ അത് രഹസ്യമാക്കിവെക്കുകയാണ് നല്ലത്. ഒരാള്‍ ഒരു ദാനം ചെയ്യുകയും അത് പരസ്യപ്പെടുത്തുന്നത് ദാനത്തിന്‍റെ ഗുണഭോക്താവിന് അഭിമാനക്ഷതമുണ്ടാക്കുന്നതുമാണെങ്കില്‍ അത് മറച്ചുവെക്കുന്നതാണ് ഉത്തമം. തങ്ങളുടെ സല്‍ക്കര്‍മങ്ങള്‍ മറ്റുള്ളവര്‍ അറിഞ്ഞ് പ്രശംസിക്കണമെന്ന ആഗ്രഹത്തോടെ പരസ്യപ്പെടുത്തുന്നതും ഉത്തമമായ കാര്യമല്ല.

150. അല്ലാഹുവിനെയും അവന്‍റെ ദൂതന്മാരെയും നിഷേധിക്കുകയും, (വിശ്വാസകാര്യത്തില്‍) അല്ലാഹുവിനും അവന്‍റെ ദൂതന്മാര്‍ക്കുമിടയില്‍ വിവേചനം കല്‍പിക്കാനാഗ്രഹിക്കുകയും 'ഞങ്ങള്‍ ചിലരില്‍ വിശ്വസിക്കുകയും ചിലരില്‍ അവിശ്വസിക്കുകയും ചെയ്യുന്നു'വെന്ന് പറയുകയും, അങ്ങനെ അതിനിടയില്‍(വിശ്വാസത്തിനും അവിശ്വാസത്തിനുമിടയില്‍) ഒരു മാര്‍ഗം സ്വീകരിക്കാനാഗ്രഹിക്കുകയും ചെയ്യുന്നവരുണ്ടല്ലോ,

151. അവര്‍തന്നെയാണ് യഥാര്‍ഥ സത്യനിഷേധികള്‍. സത്യനിഷേധികള്‍ക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്.

152. അല്ലാഹുവിലും അവന്‍റെ ദൂതന്മാരിലും വിശ്വസിക്കുകയും അവര്‍ക്കിടയില്‍ വിവേചനം കല്‍പിക്കാതിരിക്കുകയും ചെയ്യുന്നവരോ, അവര്‍ക്കു നാം അവരുടെതായ പ്രതിഫലം നല്‍കുന്നതാകുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.

150-152: അല്ലാഹുവിന്‍റെ ഏകദൈവത്വത്തെ അംഗീകരിക്കാത്തവരോ, അവന്‍റെ ദൂതന്മാരില്‍ ചിലരെ സ്വീകരിച്ച് മറ്റു ചിലരെ നിഷേധിക്കുകയോ ചെയ്യുന്നവര്‍ യഥാര്‍ഥ സത്യനിഷേധികള്‍ തന്നെയാണ്. വിശ്വാസം പൂര്‍ണമാകാന്‍ മറ്റു വിശ്വാസകാര്യങ്ങളോടൊപ്പം ഏതെങ്കിലും പ്രവാചകന്മാരില്‍കൂടി വിശ്വസിച്ചാല്‍ പോരാ, എല്ലാ പ്രവാചകന്മാരിലും വിവേചനമന്യേ വിശ്വസിക്കേണ്ടതാണ്. അങ്ങനെ വിശ്വസിച്ചവരാണ് പ്രതിഫലമര്‍ഹിക്കുന്ന സത്യവിശ്വാസികള്‍.

പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പഠനത്തിലൂടെയും സ്വന്തം ചിന്തയിലൂടെയും ഒരാള്‍ക്ക് പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവും നിയന്താവും ഉണ്ടെന്ന് ഗ്രഹിക്കാവുന്നതാണ്. എന്നാല്‍ ഭൗതിക ജീവിതത്തില്‍ മനുഷ്യന്‍റെ ധര്‍മങ്ങള്‍, പരലോകജീവിതത്തിലെ രക്ഷാശിക്ഷകള്‍ തുടങ്ങിയ കാര്യങ്ങള്‍ കേവല ചിന്തയിലൂടെ മനുഷ്യന് ഗ്രഹിക്കാനാവില്ല. മനുഷ്യരില്‍നിന്ന് ദൈവം തെരഞ്ഞെടുത്ത ദൂതന്മാര്‍ക്ക് മലക്കുകള്‍ മുഖേന നല്‍കുന്ന വെളിപാടിലൂടെയാണ് ദൈവം ധര്‍മങ്ങള്‍ അനുശാസിക്കുന്നത്. അതിനാല്‍ പ്രവാചകന്മാരെയും അവര്‍ക്ക് ദിവ്യസന്ദേശങ്ങള്‍ എത്തിച്ചുകൊടുക്കുന്ന മലക്കുകളെയും നിഷേധിച്ചുകൊണ്ട് ദൈവാസ്തിക്യം അംഗീകരിക്കുന്നതും നിഷേധിക്കുന്നതും തുല്യമാകുന്നു.

153. വേദവിശ്വാസികള്‍, ആകാശത്തുനിന്ന് നീ അവര്‍ക്ക് ഒരു ഗ്രന്ഥം ഇറക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെടുന്നു. എന്നാല്‍ മുമ്പവര്‍ മൂസായോട് അതിനേക്കാള്‍ ഗുരുതരമായത് ആവശ്യപ്പെട്ടിട്ടുണ്ട്. അവര്‍ പറഞ്ഞു: അല്ലാഹുവിനെ ഞങ്ങള്‍ക്ക് നേരില്‍ കാണിച്ചുതരേണം. അപ്പോള്‍ അവരുടെ ധിക്കാരം കാരണം അവരുടെ മേല്‍ ഒരിടിനാദം പതിച്ചു. പിന്നെ വ്യക്തമായ തെളിവുകള്‍ വന്നെത്തിയിട്ടും അവര്‍ കാളക്കുട്ടിയെ (ദൈവമാക്കി) എടുത്തു. അതും നാം അവര്‍ക്ക് പൊറുത്തുകൊടുത്തു.മൂസാക്ക് വ്യക്തമായ അധികാരശാസനം നല്‍കുകയും ചെയ്തു.

153: തൗറാത്ത് രേഖപ്പെടുത്തിയ ഫലകങ്ങളുമായി മൂസാ(അ) അവരുടെ അടുക്കല്‍ ചെന്നപ്പോള്‍ 'ഹേ മൂസാ,അല്ലാഹു നിന്നോട് സംസാരിക്കുന്നത് നേരില്‍ കാണുന്നതുവരെ നീ പറയുന്നതൊന്നും ഞങ്ങള്‍

വിശ്വസിക്കാൻ പോകുന്നില്ല' എന്ന് അവർ പറയുകയുണ്ടായി. (2:55). ഈജിപ്തിലെ നിഷ്ഠൂരനും സ്വേഛാധിപതിയുമായ രാജാവിന്റെ ഉരുക്കുമുഷ്ടിയിൽനിന്ന് അല്ലാഹു ഇസ്രായീല്യരെ മോചിപ്പിച്ചു. ഏകദൈവത്തിന്റെ ദൂതനാണെന്നതിന് മൂസാ(അ) പ്രത്യക്ഷപ്പെടുത്തിയ അനേകം ദിവ്യാത്ഭുതങ്ങൾ നേരിൽ കാണുകയും അമാനുഷികമായ രീതിയിൽ ചെങ്കടൽ പിളർന്ന് വരണ്ട പെരുവഴിയുണ്ടാക്കിയ ദിവ്യാത്ഭുതത്തിലൂടെ സ്വയം സഞ്ചരിക്കുകയും അല്ലാഹു അവതരിപ്പിച്ച വേദോപദേശങ്ങൾ രേഖപ്പെടുത്തിയ ദൈവദത്തമായ ഫലകങ്ങൾ അവർ നേരിൽ കാണുകയും ചെയ്തിരുന്നു. ഫറോവയുടെ ക്രൂര മർദനങ്ങളിൽ നിന്ന് അവരെ രക്ഷിച്ച് ചെങ്കടലിന്റെ മറുകരയിലെത്തിച്ചത് കേവലം ഒരു കാളക്കുട്ടിയുടെ വിഗ്രഹമല്ലായിരുവെന്ന് വ്യക്തം. എന്നിട്ടും അവരെ രക്ഷപ്പെടുത്തിയ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നതിനു പകരം ഒരു കാളക്കുട്ടിയുടെ വിഗ്രഹത്തിനു മുമ്പിൽ തലകുനിച്ചുകൊണ്ട് കടുത്ത ധിക്കാരവും കൃതഘ്നതയും കാണിക്കുകയാണ് അവർ ചെയ്തത്.

---

154. തൂർ പർവതത്തെ അവർക്കുമീതെ ഉയർത്തിക്കൊണ്ട് (ഈ ശാസനം അനുസരിക്കുമെന്ന്) നാം അവരോട് പ്രതിജ്ഞവാങ്ങിയിട്ടുണ്ടായിരുന്നു. പ്രണമിക്കുന്നവരായിക്കൊണ്ട് കവാടം കടക്കുവിൻ എന്നും ആജ്ഞാപിച്ചു. സാബത്ത് നിയമം ലംഘിക്കരുതെന്നും അവരോട് പറഞ്ഞു. സുദൃഢമായ കരാറാണ് നാം അവരിൽനിന്ന് വാങ്ങിയിരുന്നത്.

155. ഈ കരാർ അവർ ലംഘിച്ചതിനാലും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനാലും പ്രവാചകന്മാരെ അന്യായമായി വധിച്ചതിനാലും ഞങ്ങളുടെ ഹൃദയങ്ങൾ മൂടിക്കുള്ളിൽ ഭദ്രമാണെന്ന് പറഞ്ഞതിനാലും-അവരുടെ സത്യനിഷേധപ്രവണതമൂലം അല്ലാഹു അവരുടെ ഹൃദയങ്ങളിൽ മുദ്രവെച്ചിരിക്കുന്നു. അതിനാൽ അവർ വളരെ കുറച്ചേ വിശ്വസിക്കുന്നുള്ളൂ.

156. അവരുടെ അവിശ്വാസം കാരണമായും മർയമിനെക്കുറിച്ച് അവർ ഗുരുതരമായ അപവാദം പറഞ്ഞതിനാലും.

---

156: യഹൂദ സമുദായത്തിലെ ഒരു പ്രസിദ്ധ മതപാരമ്പര്യമുള്ള കുടുംബത്തിൽ പിറന്ന കന്യക ഒരു നാൾ ഒരു കൈക്കുഞ്ഞിനേയുമെടുത്ത് വന്നപ്പോൾ കുട്ടിയുടെ പിതാവാരാണെന്ന് സമുദായനേതാക്കൾ അന്വേഷിച്ചു.അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയാതെ നവജാതശിശുവിന്റെ നേരെ ആംഗ്യം കാണിക്കുകയാണ് മർയം ചെയ്തത്. അപ്പോൾ ശിശു പറഞ്ഞു: ''ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. എനിക്കവൻ വേദം നൽകുകയും എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു''. (19:30). ആദ്യം അവർക്ക് മർയമിനെക്കുറിച്ച് സംശയം തോന്നിയെങ്കിലും ഇതോടുകൂടി മർയം വിശുദ്ധയാണെന്നും അവർ പ്രസവിച്ച ശിശു പ്രവാചകനാണെന്നും അവർക്ക് ബോധ്യമായി. മർയമിന്റെ പേരിൽ അവർ വ്യഭിചാരകുറ്റം ആരോപിക്കുകയോ ശിശുവിനെ ജാരസന്തതിയെന്നധിക്ഷേപിക്കുകയോ ചെയ്തില്ല. യേശുവിന്റെ ജന്മത്തെക്കുറിച്ച് ഉൽഭവിച്ചേക്കാമായിരുന്ന സംശയത്തിന്റെ അടിസ്ഥാനം തന്നെ എന്നെന്നേക്കുമായി അല്ലാഹു അറുത്തുകളഞ്ഞു. അദ്ദേഹത്തിന് മുപ്പത് വയസ്സാവുകയും പ്രബോധനപ്രവർത്തനം ആരംഭിക്കുകയും ചെയ്തതോടെ മാതാവും പുത്രനും അധിക്ഷേപത്തിനിരയായി. പുരോഹിതപ്പരിഷകളുടെ കപട ഭക്തിയെ അദ്ദേഹം വിമർശിച്ചു. അങ്ങനെ അദ്ദേഹം പുരോഹിതന്മാരുടെയും പൗരോഹിത്യമതത്തിന്റെയും ശത്രുവായി. അങ്ങനെ ആ പഴയ ആരോപണം കൂടുതൽ ശക്തിയോടെ അവർ പറയാൻ തുടങ്ങി. അദ്ദേഹത്തിന്റെ അസാധാരണ ജനനം സംബന്ധിച്ച് അവർക്ക് അനുഭവവേദ്യമായ യാഥാർഥ്യങ്ങളെ മറച്ചുപിടിച്ചുകൊണ്ട് മർയം വേശ്യയാണെന്നും ഈസാ(അ)ജാരസന്താനമാണെന്നും ആ പാപികൾ അതിനീചവും ഗുരുതരവുമായ അപവാദങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങി. മാതാവും പുത്രനും തികച്ചും പരിശുദ്ധരാണെന്ന് നന്നായറിയാമായിരുന്ന ആ ദ്രോഹികൾ,സത്യത്തെ എതിർക്കാൻ വേണ്ടി മനപ്പൂർവ്വം കെട്ടിച്ചമച്ച ഒരു തനി അപവാദം മാത്രമായിരുന്നു അത്.

---

157. അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ പുത്രൻ ഈസാ മസീഹിനെ ഞങ്ങൾ കൊന്നുകളഞ്ഞു എന്ന് അവർ പറഞ്ഞതിനാലും. വാസ്തവത്തിൽ അവർ അദ്ദേഹത്തെ കൊന്നിട്ടില്ല, ക്രൂശിച്ചിട്ടുമില്ല.പിന്നെയോ, സംഭവം അവർക്ക് അവ്യക്തമാവുകയത്രെ ഉണ്ടായത്. അദ്ദേഹ

ത്തെക്കുറിച്ച് ഭിന്നാഭിപ്രായമുള്ളവരും സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അതേപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടില്ല.

158. എന്നാൽ അല്ലാഹു അദ്ദേഹത്തെ തന്നിലേക്കുയർത്തുകയാണുണ്ടായത്.അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

---

157,158:ഈസാ(അ)യോട് യഹൂദികൾ അനുവർത്തിച്ച നയം അദ്ദേഹം ദൈവത്തിന്റെ സത്യദൂതനാണെന്ന് നല്ലപോലെ അറിഞ്ഞുകൊണ്ടുതന്നെയായിരുന്നു. അദ്ദേഹം ശിശുവായിരിക്കെ തൊട്ടിലിൽ കിടന്ന് സംസാരിച്ച സംഭവവും അദ്ദേഹത്തിന്റെ കൈക്ക് അല്ലാഹു വെളിപ്പെടുത്തിയ നിരവധി അത്ഭുതകൃത്യങ്ങളും അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ അസന്ദിഗ്ദമായി തെളിയിച്ചിട്ടുമുണ്ട്.

യഹൂദർക്ക് ഈസാമസീഹിനെ കൊല്ലാൻ കഴിഞ്ഞിട്ടില്ലെന്ന് ഖുർആൻ അസന്ദിഗ്ദമായി പ്രസ്താവിക്കുന്നു. അദ്ദേഹത്തെ കൊല്ലാൻ ആസൂത്രിതമായി ശ്രമങ്ങൾ നടത്തിയെങ്കിലും ആ ശ്രമം വിജയിപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല. കുരിശുസംഭവത്തിന് മുമ്പായിത്തന്നെ അദ്ദേഹം അല്ലാഹുവിങ്കലേക്കുയർത്തപ്പെട്ടിരുന്നു എന്ന് ഈ വാക്യം സൂചിപ്പിക്കുന്നുണ്ട്. യേശു ക്രൂശിക്കപ്പെട്ടു എന്ന യഹൂദരുടെയും ക്രൈസ്തവരുടെയും വിശ്വാസം വെറും തെറ്റുധാരണയിൽനിന്ന് ഉണ്ടായതാണ്. ഏതോ ഒരാൾ വധിക്കപ്പെട്ടിരുന്നു. രൂപസാദൃശ്യം മൂലം അത് യേശുവാണെന്ന് അവർക്ക് തോന്നി. ഈസാമസീഹ് ദൈവദൂഷകനാണെന്ന് വാദിച്ച യഹൂദർക്കും അവരോട് ഭിന്നിച്ച് അദ്ദേഹം ദൈവപുത്രനാണെന്ന് വിശ്വസിക്കുന്ന ക്രൈസ്തവർക്കും ഇതേപ്പറ്റി വ്യക്തമായ വിവരമില്ല. ആദ്യകാലത്തെ ക്രൈസ്തവർ യേശുവിന്റെ അന്ത്യത്തെക്കുറിച്ച് തികച്ചും സംശയാലുക്കൾ തന്നെയായിരുന്നു.

മതവിരുദ്ധനും ദൈവദൂഷകനുമാണെന്ന് മുദ്രകുത്തി ഈസാമസീഹിനെ കൊന്നുകളഞ്ഞതായി യഹൂദർ അഭിമാനപൂർവം അവകാശപ്പെടുന്നു. യേശു ക്രൂശിച്ച് കൊല്ലപ്പെട്ടുവെന്ന് യഹൂദരെപ്പോലെ ക്രൈസ്തവ സഹോദരങ്ങളും വാദിക്കുകയും വിശ്വസിക്കുകയും ചെയ്തുവരുന്നു. ദൈവപുത്രന്റെ വിശ്വാസികൾ, യഹൂദർ ദൈവപുത്രനെ ക്രൂശിച്ചു എന്ന് വിശ്വസിക്കുക മാത്രമല്ല, ആ വിശ്വാസത്തെയും സ്വന്തം നിഗമനങ്ങളെയും ആസ്പദമാക്കി പിൽക്കാലത്ത് ഒരു പുതിയ വിശ്വാസസംഹിത തന്നെ കെട്ടിപ്പടുക്കുകയാണുണ്ടായത്.കുരിശുസംഭവം ക്രിസ്തുമതത്തിന്റെ അടിസ്ഥാനമായി മാറിയപ്പോൾ അതിനോട് വിയോജിക്കുന്ന സുവിശേഷങ്ങളെല്ലാം തിരസ്കരിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയുമുണ്ടായി.അതിൽ നശിപ്പിക്കപ്പെടാതെ രക്ഷപ്പെട്ട ബർണബാസിന്റെ സുവിശേഷത്തിൽ യേശു കൊല്ലപ്പെടാതെ രക്ഷപ്പെട്ടതെങ്ങനെയാണെന്ന് വിശദമായി പ്രതിപാദിക്കുന്നുണ്ട്. എങ്കിലും യഥാർഥത്തിൽ സംഭവിച്ചത് ബർണബാസിന്റെ സുവിശേഷത്തിൽ പറഞ്ഞതുപോലെതന്നെയാണെന്ന് ഉറപ്പിച്ചു പറയുവാൻ നിർവാഹമില്ല. യഹൂദികൾക്ക് വാസ്തവം തിരിച്ചറിയാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്നതും വ്യക്തമല്ല.

കുരിശുസംഭവത്തെക്കുറിച്ച് ക്രൈസ്തവർക്കിടയിലും ഏകകണ്ഠമായ അഭിപ്രായമില്ല. നിരവധി അഭിപ്രായങ്ങളാണ് അവർക്കിടയിലുള്ളത്. കുരിശിൽ തറച്ചത് യേശുവിനെയല്ല, അദ്ദേഹത്തോട് രൂപസാദൃശ്യമുള്ള വേറെ ഒരാളായിരുന്നുവെന്നാണ് ചിലരുടെ അഭിപ്രായം.കുരിശിൽ തറക്കപ്പെട്ടത് അദ്ദേഹം തന്നെയാണെങ്കിലും അദ്ദേഹം അതിൽ വെച്ച് മരണമടഞ്ഞിട്ടില്ലെന്ന് വേറെ ചിലർ പറയുന്നു. അതല്ല, കുരിശിൽ വെച്ച് മരിച്ചുവെങ്കിലും പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ശിഷ്യന്മാരെ ഉപദേശിക്കുകയും ചെയ്തുവെന്നാണ് മറ്റൊരു അഭിപ്രായം. ശരീരം മാത്രം ക്രൂശിക്കപ്പെട്ടു, ആത്മാവ് ഉയർത്തപ്പെട്ടു എന്ന് വേറെ ചിലരും പറയുന്നു. യാഥാർഥ്യം ക്രൈസ്തവർക്ക് അറിവുണ്ടായിരുന്നുവെങ്കിൽ ഇത്രമേൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ അവരിൽ പ്രസിദ്ധമാവുകയില്ലായിരുന്നുവെന്ന് വ്യക്തം.

ആദ്യകാലത്ത് യേശുവിന്റെ ബദ്ധവൈരിയായിരുന്ന പൗലോസ് പിന്നീട് യേശുവിന്റെ കുരിശുമരണം സ്ഥിരപ്പെടുത്തുകയും ആ സങ്കൽപത്തെ അടിത്തറയാക്കി പുതിയൊരു മതം നിർമിക്കുകകയും ചെയ്തു. യാഥാർഥവിരുദ്ധമായ ആശയങ്ങളെയൊക്കെ ന്യായീകരിക്കാൻ വിചിത്രമായ വ്യാഖ്യാനങ്ങൾ ചമക്കപ്പെട്ടു. അങ്ങനെ വിലക്കപ്പെട്ട കനി തിന്നതിനാൽ ആദമും അദ്ദേഹത്തിന്റെ സന്തതിപരമ്പരകളൊക്കെയും നിത്യമായ നരകശിക്ഷക്കർഹരായ പാപികളായിത്തീർന്നു. ദൈവദാസനും പ്രവാചകനുമായിരുന്ന ഈസാ(അ) ദൈവവും ദൈവപുത്രനുമായി.യേശുവിന്റെ കുരിശുമരണം മനുഷ്യകുലത്തിനു വേണ്ടിയു

ള്ള പ്രായശ്ചിത്തമായും പാപപരിഹാരമായും വ്യാഖ്യാനിക്കപ്പെട്ടു. യേശുവിൻെറ ദിവ്യത്വത്തിലും ക്രൂശീകരണത്തിലും വിശ്വസിക്കുകയാണ് മനുഷ്യൻെറ പാപമുക്തിക്കുള്ള ഏകമാർഗം എന്നും വാദിക്കപ്പെട്ടു.
എന്നാൽ മനുഷ്യരിൽ വലിയൊരു വിഭാഗം ഇന്നും യേശുവിൻെറ ദിവ്യത്വത്തിലും ക്രൂശീകരണത്തിലും വിശ്വസിക്കുന്നില്ല. ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് ജീവിച്ച് മരിച്ചുപോയ സകല ആദം സന്തതികളും ഇതേപ്പറ്റി തീരെ അജ്ഞരായിരുന്നു. അവരിൽ ധാരാളം പ്രവാചകന്മാരും ഉൾപ്പെടുന്നു. മനുഷ്യകുലത്തിൻെറ പാപപരിഹാരത്തിനായി ദൈവം അനേകം സഹസ്രാബ്ദങ്ങൾ നിരന്തരം ചിന്തിച്ച് ആവിഷ്കരിച്ച പോംവഴി പരാജയപ്പെട്ടുവെന്നല്ലേ അതിനർഥം? പ്രപഞ്ചത്തിൻെറ മുഴുവൻ സ്രഷ്ടാവും പരിപാപാലകനും സ്ഥലകാലാതീതനുമായ ദൈവം ഭൂമിയിൽ ഒരു സ്ത്രീയുടെ ഗർഭാശയത്തിൽ ഭ്രൂണമായി പാർക്കുകയും പിന്നെ ശിശുവായി ജനിച്ച് തൻെറ സൃഷ്ടികളുടെ ആട്ടും തുപ്പും ഒടുവിൽ ക്രൂശീകരണവും ഏറ്റുവാങ്ങുക എന്നത് തികച്ചും അസംഭവ്യമാകുന്നു. പ്രമാണങ്ങളിൽ വിശ്വസിച്ചു എന്നതു മാത്രം പരലോകരക്ഷക്കും പാപമോചനത്തിനുമുള്ള കാരണമാകുമെങ്കിൽ മനുഷ്യൻെറ കർമ്മങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു പങ്കുമില്ലെന്ന് വരുന്നു. മറ്റുള്ളവരുടെ പാപമുക്തിക്കായി നിരപരാധിയായ ഒരു പുണ്യാത്മാവിനെ ക്രൂരമായ പീഡനങ്ങൾക്കും കുരിശുമരണത്തിനും വിധേയമാക്കുന്നത് ദൈവത്തിൻെറ നീതിക്കും കാരുണ്യത്തിനും എതിരാവുകയില്ലേ? തൻെറ ദാസന്മാരുടെ കുറ്റം മാപ്പാക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്നില്ലെങ്കിൽ പാപികൾ അവനോട് പ്രാർഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നതിലെന്തർഥം?
ഈസാമസീഹിനെ അല്ലാഹു അവങ്കലേക്കുയർത്തി എന്ന് ഖണ്ഡിതമായും വ്യക്തമായും ഖുർആൻ പറയുന്നു. എന്നാൽ എങ്ങനെയുയർത്തി എന്നതിനെപ്പറ്റി ഖുർആൻ വിശദീകരണം നൽകുന്നില്ല. എങ്ങനെ ഉയർത്തിയാലും ഈസാ(അ)യോട് അല്ലാഹു വർത്തിച്ചത് തീർച്ചയായും ഒരാസാധാരണ സ്വഭാവത്തിലാണെന്ന് മനസ്സിലാകുന്നു.

---

159. വേദവിശ്വാസികളിലാരും തന്നെ അദ്ദേഹത്തിൻെറ മരണത്തിനു മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാതെ ഉണ്ടാവുകയില്ല. ഉയിർത്തെഴുന്നേൽപുനാളിൽ അദ്ദേഹം അവർക്കെതിരെ സാക്ഷിയായി വരുന്നതാകുന്നു.

160. യഹൂദരുടെ അതിക്രമം കാരണമായി അവർക്കനുവദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാം അവർക്ക് നിഷിദ്ധമാക്കി. അവർ അല്ലാഹുവിൻെറ മാർഗത്തിൽ നിന്ന് (ജനങ്ങളെ) ധാരാളമായി തടഞ്ഞതുകൊണ്ടും.

161. തങ്ങൾക്ക് വിരോധിക്കപ്പെട്ട പലിശ സ്വീകരിക്കുന്നതുകൊണ്ടും ജനങ്ങളുടെ മുതലുകൾ അന്യായമായി തിന്നുന്നതുകൊണ്ടും. അവരിൽ നിന്നുള്ള സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്.

---

161:പലിശ വാങ്ങുന്നത് തൗറാത്തിൽ അസന്ദിഗ്ദമായ ഭാഷയിൽ ആവർത്തിച്ച് നിരോധിച്ചിട്ടുള്ള ഒരധർമമാണ്.
എൻെറ ജനത്തിൽ നിൻെറ അടുക്കലുള്ള ഒരു ദരിദ്രനു പണം വായ്പ കൊടുത്താൽ പൊലികടക്കാരനെപ്പോലെ ഇരിക്കരുത്. അവനോട് പലിശ വാങ്ങുകയും അരുത്. (പുറപ്പാട്, 22:25)
പണത്തിനോ ആഹാരത്തിനോ വായിപ്പ കൊടുക്കുന്ന യാതൊരു വസ്തുവിന്നോ സഹോദരനോടു പലിശ വാങ്ങരുത്. അന്യനോടു പലിശ വാങ്ങാം..(ആവർത്തന പുസ്തകം.23:19,20)
തൗറാത്തിൽ മറ്റനേകം സ്ഥലങ്ങളിലും പലിശനിരോധം വന്നിട്ടുണ്ടെങ്കിലും, തൗറാത്തിൽ വിശ്വസിക്കുന്ന ജൂതന്മാരാണ് ഇന്ന് ലോകത്തിലെ ഏറ്റവും വലിയ പലിശക്കാർ.

---

162. എന്നാൽ അവരിലെ അടിയുറച്ച ജ്ഞാനികളും സത്യവിശ്വാസികളും നിനക്ക് അവതരിക്കപ്പെട്ടതിലും, നിനക്ക് മുമ്പ് അവതരിക്കപ്പെട്ടതിലും വിശ്വസിക്കുന്നുണ്ട്. നമസ്കാരം നിലനിർത്തുന്നവരും സകാത്ത് നൽകുന്നവരും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരുമാണവർ. അത്തരക്കാർക്ക് നാം മഹത്തായ പ്രതിഫലം നൽകുന്നതാകുന്നു.

163. നൂഹിനും അദ്ദേഹത്തിനുശേഷമുള്ള പ്രവാചകന്മാർക്കും ദിവ്യബോധനം നൽകിയതെങ്ങനെയാണോ അങ്ങനെ നിനക്കും നാം ദിവ്യബോധനം നൽകിയിരിക്കുന്നു. അതുപോലെ ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ, ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം ദിവ്യബോധനം നൽകിയിരുന്നു. നാം ദാവൂദിന് 'സബൂർ' നൽകിയിട്ടുണ്ട്.

164. ഇതിനുമുമ്പ് നാം നിനക്ക് പറഞ്ഞുതന്നിട്ടുള്ള ദൈവദൂതന്മാർക്കും ഇനിയും നിനക്ക് പറഞ്ഞുതന്നിട്ടില്ലാത്ത ദൈവദൂതന്മാർക്കും (ദിവ്യബോധനം നൽകിയിട്ടുണ്ട്). മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു.

165. സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പു നൽകുന്നവരുമായ ദൈവദൂതന്മാരായിരുന്നു അവർ. ദൈവദൂതന്മാരുടെ (നിയോഗത്തിനു) ശേഷം ജനത്തിന് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണിത്. അല്ലാഹു പ്രതാപിയും യുക്തിജ്ഞനുമാകുന്നു.

---

163-165: ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഗതരായിട്ടുള്ള എല്ലാ പ്രവാചകന്മാരും മനുഷ്യരിലേക്കുള്ള ദൈവദൂതന്മാരായിരുന്നു. എല്ലാ പ്രവാചകന്മാരും ഒരേ ദൗത്യമാണ് നിർവഹിച്ചത്. സത്യവിശ്വാസത്തിന്റെയും സൽക്കർമത്തിന്റെയും നല്ല ഫലങ്ങളെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും സത്യനിഷേധത്തിന്റെയും ദുഷ്ക്കർമങ്ങളുടെയും ദുഷ്ഫലങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകുകയുമായിരുന്നു അവരുടെയെല്ലാം ദൗത്യം.എല്ലാ പൂർവ്വ പ്രവാചകന്മാർക്കും സന്മാർഗം ലഭിച്ച അതേ ജ്ഞാനത്തിന്റെ ഉറവിടത്തിൽനിന്നാണ് മുഹമ്മദ്നബി(സ)ക്കും ലഭിച്ചിട്ടുള്ളത്. ആരും കൊണ്ടുവരാത്ത ഒരു പുതിയ വസ്തു സമർപ്പിച്ചുവെന്ന് അദ്ദേഹം വാദിച്ചിട്ടില്ല. തന്റെ സൃഷ്ടികൾക്കിടയിൽ ഇങ്ങനെയൊരു ദൗത്യം പൂർത്തീകരിക്കപ്പെട്ടില്ലെങ്കിൽ അന്ത്യനാളിൽ മനുഷ്യകർമങ്ങൾ വിചാരണചെയ്യുന്നതിനും രക്ഷാശിക്ഷകൾ വിധിക്കുന്നതിനും മതിയായ ന്യായമുണ്ടായിരിക്കുന്നതല്ല. തനിക്ക് അറിവ് ലഭിച്ചില്ല, സത്യം അറിയാനുള്ള യാതൊരേർപ്പാടും ദൈവം ചെയ്തില്ല എന്ന് ഒഴികഴിവ് പറയാൻ ഒരാൾക്കും സന്ദർഭമില്ലാതിരിക്കാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചയക്കുകയും വേദങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളത്. അന്ത്യപ്രവാചകന്റെ വേദം ഭേദഗതി കൂടാതെ നിലനിൽക്കുന്നതിനാൽ ജനങ്ങൾക്ക് അല്ലാഹുവിനെതിരെ ന്യായം ബോധിപ്പിക്കാനുള്ള ഒരവസരവും അവശേഷിക്കുന്നില്ല. പ്രവാചകത്വപരമ്പര അവസാനിച്ചിരിക്കുന്നതിനാൽ മാറ്റത്തിരുത്തലുകൾ കൂടാതെ ലോകാവസാനം വരെ ഈ ഗ്രന്ഥം നിലനിർത്തുന്നതിനുള്ള ഏർപാടുകൾ അല്ലാഹു ചെയ്തുവെച്ചിരിക്കുന്നു. ഇനിയും വല്ലവനും ദുർമാർഗം അവലംബിക്കുന്നുവെങ്കിൽ ദൈവസന്ദേശം ലഭിച്ചിട്ടും അത് സ്വീകരിക്കാത്ത വ്യക്തിയുടെ പേരിലും സമസൃഷ്ടികൾ വഴിതെറ്റിക്കണ്ടിട്ട് അവരെ ഗുണദോഷിക്കാത്ത അറിവാളന്മാരുടെ പേരിലുമായിരിക്കും അതിന്റെ ഉത്തരവാദിത്വം ഉണ്ടായിരിക്കുക. ഏതെങ്കിലും വിധത്തിൽ സത്യസന്ദേശം ലഭിച്ചവർ ദേഹേഛകളുടെയോ ദേശീയ-വംശീയ വികാരങ്ങളുടെയോ പേരിൽ അതിനെ തള്ളിക്കളഞ്ഞാൽ അവർ സത്യനിഷേധികളുടെ ഗണത്തിൽപെടുന്നതാണ്.
ബൈബിൾ പഴയനിയമത്തിലെ 'ദാവീതിന്റെ സങ്കീർത്തനങ്ങൾ' എന്ന ഭാഗമാണ് 'സബൂർ'. ബൈബിളിലെ മറ്റു പുസ്തകങ്ങളിലെന്നപോലെ സബൂറിലും കലർപ്പുകൾ കടന്നുകൂടിയിട്ടുണ്ടാവാം. നിലവിലുള്ള ദാവീദിന്റെ സങ്കീർത്തനങ്ങളിലും ധാരാളം ധാർമികോപദേശങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

---

166. എന്നാൽ അല്ലാഹു സാക്ഷ്യം വഹിക്കുന്നു, നിനക്ക് അവതരിപ്പിച്ചിട്ടുള്ളത് അവന്റെ ജ്ഞാനത്താൽ അവതരിപ്പിച്ചുതന്നിട്ടുള്ളതാണെന്ന്.മലക്കുകളും(അതിന്)സാക്ഷ്യം വഹിക്കുന്നുണ്ട്. സാക്ഷിയായി അല്ലാഹുതന്നെ എത്രയും മതിയായവനാണെങ്കിലും.

167. ഈ സത്യത്തെ നിഷേധിക്കുകയും ദൈവികമാർഗത്തിൽ നിന്ന് (ജനങ്ങളെ) തടയുകയും ചെയ്യുന്നവരുണ്ടല്ലോ, അവർ (സത്യത്തിൽനിന്ന്) ബഹുദൂരം വഴിപിഴച്ചുപോയിരിക്കുന്നു.

168. സത്യത്തെ നിഷേധിക്കുകയും അതിക്രമം കാണിക്കുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തുകൊടുക്കുന്നതല്ല. അവരെ അവൻ മാർഗദർശനം ചെയ്യുന്നതുമല്ല.

169. നരകത്തിൻെറ മാർഗമല്ലാതെ. അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും. അല്ലാഹുവിന് അത് വളരെ എളുപ്പമാകുന്നു.

---

167-169: ദൈവികസന്ദേശങ്ങളെ നിസ്സങ്കോചം തള്ളിക്കളയുകയും, മിഥ്യാസങ്കൽപങ്ങളിലും അധർമങ്ങളിലും അന്യായങ്ങളിലും നിർബാധം വിഹരിക്കുകയും, പ്രവാചകന്നും അദ്ദേഹത്തിൽ വിശ്വസിച്ചവർക്കുമെതിരെ കൊടിയ അക്രമമർദനങ്ങൾ അഴിച്ചുവിടുകയും, അധർമത്തിൽ അധിഷ്ഠിതമായ ജീവിതരീതി മനഃപൂർവം തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളവരെ അല്ലാഹു അവർ സ്വയം തെരഞ്ഞെടുത്ത മാർഗത്തിലൂടെ സഞ്ചരിക്കാൻ വിട്ടയക്കുന്നു. ആ മാർഗം അവരെ കൊണ്ടെത്തിക്കുന്നത് ശാശ്വത നരകത്തിലുമായിരിക്കും.

---

170. അല്ലയോ ജനങ്ങളേ, നിങ്ങളുടെ നാഥങ്കൽനിന്നുള്ള സത്യസന്ദേശവുമായി ഈ ദൈവദൂതനിതാ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. അതിനാൽ നിങ്ങൾ വിശ്വസിക്കുക. അതാണ് നിങ്ങൾക്ക് ഉത്തമം. അഥവാ, നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ (അറിഞ്ഞിരിക്കുക:) ആകാശങ്ങളിലും ഭൂമിയിലുമുള്ളതൊക്കെയും അല്ലാഹുവിൻേറതാകുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു.

---

170: പ്രവാചകനും ഖുർആനും അയക്കപ്പെട്ടിരിക്കുന്നത് മുഴുവൻ മനുഷ്യവർഗത്തിനും വേണ്ടിയാണ്. പ്രവാചകൻ വന്നില്ല സത്യം അറിഞ്ഞില്ല എന്നൊന്നുമുള്ള ന്യായങ്ങളുന്നയിക്കാൻ ഇനി യാതൊരു പഴുതും അവശേഷിക്കുന്നില്ല. അതിനാൽ ആ പ്രവാചകനെയും വേദത്തെയും അംഗീകരിക്കുകയും പിൻപറ്റുകയും ചെയ്യാൻ ലോകത്തോടാഹ്വാനം ചെയ്യുകയാണ് ഖുർആൻ.
അല്ലാഹുവിന് സൃഷ്ടികളുടെ യാതൊരാശ്രയവും ആവശ്യമില്ല. നിങ്ങളുടെ വിശ്വാസം മൂലം അവന് ഒരു നേട്ടം കിട്ടാനുള്ളതുകൊണ്ടുമല്ല. നിങ്ങളുടെ ധിക്കാരംകൊണ്ട് അവന് യാതൊരു നഷ്ടം സംഭവിക്കാനും പോകുന്നില്ല. വിശ്വസിക്കുന്നതിൻെറ ഗുണം നിങ്ങൾക്കുതന്നെയാണ്. നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത് ഏതെന്നും ദോഷകരമായിട്ടുള്ളത് ഏതെന്നും അവൻ അറിയുന്നു. ഈ സത്യധർമ ശാസനകൾ നിങ്ങളുടെ സ്രഷ്ടാവും ഉടമയുമായ ഏകദൈവത്തിങ്കൽനിന്നുതന്നെയാണെന്ന് മനസ്സിലാക്കുക.

---

171. അല്ലയോ വേദക്കാരേ, നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരുകവിയാതിരിക്കുവിൻ. അല്ലാഹുവിൻെറ പേരിൽ സത്യമല്ലാത്തതൊന്നും ആരോപിക്കാതിരിക്കുവിൻ. മർയമിൻെറ പുത്രൻ ഈസാമസീഹ് അല്ലാഹുവിൻെറ ദൂതനും അവൻ മർയമിലേക്കയച്ച അവൻെറ വചനവും അവങ്കൽനിന്നുള്ള ഒരാത്മാവുമായിരുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതന്മാരിലും വിശ്വസിക്കുവിൻ. ത്രിത്വം വാദിക്കാതിരിക്കുക. അതിൽനിന്ന് വിരമിക്കുക. അതാണ് നിങ്ങൾക്കുത്തമം.തീർച്ചയായും അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. പുത്രനുണ്ടാവുകയെന്നതിൽനിന്ന് അവനെത്ര പരിശുദ്ധൻ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവൻേറതാകുന്നു.അതിൻെറ കാര്യനിർവഹണത്തിന് അല്ലാഹുതന്നെ മതി.

---

171: ഇവിടെ വേദക്കാർ എന്ന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് യഹൂദരും ക്രൈസ്തവരുമാണ്. ക്രൈസ്തവരാണ് മുഖ്യ സംബോധിതർ.യേശുവിനെ എതിർത്തതിലും നിഷേധിച്ചതിലും അതിരുകവിഞ്ഞവരാണ് യഹൂദർ. യേശുവോടുള്ള അമിതമായ ആദരവിലും സ്നേഹത്തിലും അതിരു കവിഞ്ഞവരാണ് ക്രൈസ്തവർ. യേശുവിനെ ആദരണീയനായ ദൈവദൂതനായി കരുതുന്ന അന്ത്യപ്രവാചകനെയും വിശുദ്ധ ഖുർആനെയും അന്തിക്രിസ്തു(enemy of Christ)വെന്ന് തള്ളിപ്പറയാനും അവർ ധൃഷ്ടരായി. ക്രൈസ്തവർ കൂടി അംഗീകരിക്കുന്ന ബൈബിൾ പഴയ നിയമം വിഗ്രഹാരാധനയെ ഖണ്ഡിതമായി നിരോധിക്കുന്നു. എന്നിട്ടും

യേശുവിനെ ദൈവപുത്രനെന്ന് ആരോപിക്കുകയും, യേശു വിഗ്രഹമായി ആരാധിക്കപ്പെടുകയും ചെയ്തു വെന്നത് അദ്ദേഹത്തോടുള്ള സ്നേഹവും ആദരവും അമിതമായതിനാലാണ്.

അല്ലാഹു മർയമിലേക്കയച്ച 'അവൻെറ വചനം' എന്നാൽ പുരുഷബീജസങ്കലനമില്ലാതെ ഗർഭം ധരിക്ക ണമെന്ന് മർയമിൻെറ ഗർഭാശത്തിൽ അല്ലാഹു ഉത്തരവിട്ടു എന്നർഥം. താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് 'ഉണ്ടാകൂ എന്ന് പറയുക' മാത്രമാകുന്നു അവൻെറ കാര്യം.അപ്പോഴതാ അത് ഉണ്ടാകുന്നു. (36:82). ഈ വചനം -കൽപിക്കൽ- തന്നെയാണ് അല്ലാഹു മർയമിൻെറ ഗർഭാശയത്തിൽ നിക്ഷേപിച്ച 'അവൻെറ വചനം' കൊണ്ട് ഉദ്ദേശിക്കുന്നത്.

പിതാവില്ലാതെ ജനിച്ചു എന്നത് അദ്ദേഹത്തെ ദൈവമാക്കാൻ ന്യായമല്ലെന്ന് ഖുർആൻ പ്രസ്താവിക്കു ന്നു. 'ഈസായുടെ സൃഷ്ടിക്കുദാഹരണം ആദമിൻെറ സൃഷ്ടിയാകുന്നു.അല്ലാഹു അവനെ മണ്ണിൽനിന്ന് രൂപപ്പെടുത്തി. എന്നിട്ടതിനോട് ഉണ്ടാവുക എന്ന് കൽപിച്ചു. അപ്പോൾ അവനുണ്ടായി.' (3:59).

'അവങ്കൽനിന്നുള്ള ആത്മാവും' എന്ന പദപ്രയോഗമാണ് യേശുവിൻെറ ദിവ്യത്വത്തിൻെറ തെളിവായി ചില ക്രൈസ്തവപണ്ഡിതന്മാർ വ്യാഖ്യാനിക്കാറുള്ളത്. ദൈവത്തിൽനിന്നുള്ള ആത്മാവിനെ അവർ ദൈവാ ത്മാവാക്കി. പരിശുദ്ധാത്മാവിനെ (Holy Ghost)യേശുവിൽ വിലയം ചെയ്ത ദൈവത്തിൻെറ പരിശുദ്ധാത്മാ വെന്നും അർഥം കൽപിച്ചു. അങ്ങനെ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്നു ദൈവങ്ങളെ സങ്കൽപിക്കുകയും ചെയ്തു. ക്രൈസ്തവരുടെ ഏറ്റവും വലിയ തീവ്രവാദമായിരുന്നു അത്.

'അവൻെറ ആത്മാവിൽനിന്ന്'' എന്നതിന് ദൈവാത്മാവിൻെറ ഭാഗം എന്ന് അർഥം കൽപിക്കുകയാണെ ങ്കിൽ മനുഷ്യരെല്ലാം ദൈവത്തിൻെറ പുത്രന്മാരാണ് എന്ന് പറയേണ്ടിവരും.

മനുഷ്യ സൃഷ്ടിയെക്കുറിച്ച് അല്ലാഹു പറയുന്നു: ''നിൻെറ നാഥൻ മലക്കുകളോട് പറഞ്ഞതോർ ക്കുക: ഞാൻ കളിമണ്ണിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു.സൃഷ്ടി പൂർത്തിയാക്കുകയും അതിൽ 'എൻെറ ആത്മാവിൽനിന്ന്'' ഊതുകയും ചെയ്താൽ നിങ്ങൾ അവൻെറ മുമ്പിൽ പ്രണാമം ചെയ്യണം''. (38:71,72).

''എന്നിട്ട് അവനെ സന്തുലിതമാക്കി ശരിപ്പെടുത്തുകയും അതിൽ തൻെറ ആത്മാവ് ഊതുകയും ചെയ്തു..'' (32:9)

പരിശുദ്ധാത്മാവിനെ(ജിബ്രീൽ എന്ന മലക്ക്) ത്രിത്വത്തിലെ ഒരു ദൈവമായിട്ടാണ് ക്രൈസ്തവർ വിശ്വ സിക്കുന്നത്. ബൈബിൾ വാക്യങ്ങൾതന്നെ ഈ സങ്കൽപത്തെ നിരാകരിക്കുന്നത് കാണുക. 'എന്നാൽ ക്രിസ്തുവിൻെറ ജനനം ഈ വണ്ണം ആയിരുന്നു. അവൻെറ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടിവരുംമുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കണ്ടു. അവളു ടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ അവന്നു മനസ്സില്ലായ്മകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിക്കാൻ ഭാവിച്ചു. ഇങ്ങനെ നിനച്ചിരിക്കുമ്പോൾ കർത്താവിൻെറ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി. ദാവീതിൻെറ മകനായ യോസേഫെ നിൻെറ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട. അവളിൽ ഉല്പാദിതമായതു പരിശുദ്ധാ ത്മാവിനാൽ ആകുന്നു.' (മത്തായി 1:18-21)

ഇവിടെ പരിശുദ്ധാത്മാവ് ദൈവം തന്നെയെങ്കിൽ യഹോവയാൽ അല്ലെങ്കിൽ കർത്താവിനാൽ ഗർഭിണി യായി കാണപ്പെട്ടു എന്നല്ലേ പറയേണ്ടിയിരുന്നത്?

താൻ ദൈവത്തിൻെറ ദാസനും പ്രവാചകനുമാണെന്ന് യേശു അദ്ദേഹത്തിൻെറ ശൈശവത്തിൽ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ദൈവദൂതന്മാരെ ദൈവങ്ങളായി വിശ്വസിച്ചുകൂടാ. ദൈവം മൂന്നാണെന്നും മൂന്നും ഒന്നാണെന്നും ഒക്കെ പറയുന്നത് ദൈവത്തിൻെറ പേരിൽ ഗുരുതരമായ കള്ളം പറയലാണ്. ദൈവ ത്തിന് പുത്രന്മാരെ ആരോപിക്കുന്നത് ദൈവത്തിൻെറ പരിശുദ്ധിയെ നിഷേധിക്കലാകുന്നു.

പുത്രനെന്ന നാമത്തെപ്പറ്റി ചിന്തിക്കുമ്പോൾ, പുത്രനെന്ന നാമം യേശുവിനു മാത്രമേ ദൈവത്താൽ ബാധ കമാക്കപ്പെട്ടിട്ടുള്ളു എന്നു കാണുന്നില്ല. താഴെ കൊടുത്ത ബൈബിൾ വാക്യങ്ങൾ ശ്രദ്ധിക്കുക.

സങ്കീർത്തനം 89-27ൽ ദാവീദ് ദൈവപുത്രൻ.

1.ദിനവൃത്താന്തം 22:10-ൽ സോളമൻ ദൈവപുത്രൻ.

പഴയനിയമം. പുറപ്പാട് പുസ്തകം 4:22-ൽ ഇസ്രയേൽ ദൈവപുത്രൻ.

മേപ്പടി നിയമം 5-ാം പുസ്തകം 14:1-ൽ ഇസ്രായീൽ ഭവനക്കാർ ദൈവപുത്രർ.

യോഹന്നാൻ 1:12-ൽ അവൻെറ നാമത്തിൽ വിശ്വസിച്ചവരെല്ലാം ദൈവപുത്രർ.

റോമ 8:14-ൽ ദൈവാത്മാവിനാൽ നടത്തപ്പെടുന്നവരെല്ലാം ദൈവപുത്രർ.
മത്തായി 7:11-ൽ പാപികൾപോലും ദൈവപുത്രർ.
ഈ ബൈബിൾ വചനങ്ങൾ നോക്കുമ്പോൾ പുത്രൻ എന്നൊരു ശബ്ദം കൊണ്ട് എന്തൊരു പ്രത്യേകത ഇരിക്കുന്നു?
സ്നേഹിക്കാനും അനുസരിക്കാനും ആവശ്യപ്പെട്ട യേശുവിനെ ആരാധിക്കുകയും ദൈവമാക്കുകയും ചെയ്യുവെന്നതാണ് യേശുവിന്റെ പിഗാമികൾ അനുവർത്തിച്ച തീവ്രത.യേശു ദൈവത്തോളമോ അതിനു മീതെയോ ഉയർത്തപ്പെട്ടപ്പോൾ ദൈവം -യഹോവ- യേശുവിലേക്കും അതിനു താഴേക്കും വെട്ടിച്ചുരുക്കപ്പെടുകയായിരുന്നു. വിശ്വാസികൾ തമ്മിൽ കണ്ടുമുട്ടിയാൽ 'യേശുമിശിഹാക്ക് സ്തുതിയായിരിക്കട്ടെ' എന്നാണ് അഭിവാദ്യം. യഹോവക്ക് സ്തുതിയില്ല. യേശുശിഷ്യന്മാരുടെ ആചാരരീതികൾ കണ്ടാൽ യേശുമിശിഹായുടെ പിതാവാകാൻ ഭാഗ്യം സിദ്ധിച്ച ഒരു കഥാപാത്രം മാത്രമാണ് യഹോവ എന്ന് തോന്നിപ്പോകും. ഇത്തരം വാദഗതികളെക്കുറിച്ചാണ് 'നിങ്ങൾ അല്ലാഹുവിനെക്കുറിച്ച് സത്യമല്ലാത്തതൊന്നും പറയരുത്'' എന്ന് പറയുന്നത്.
യഥാർഥത്തിൽ യേശു മർയം എന്ന മനുഷ്യസ്ത്രീയുടെ മകനാണ്. അവരുടെ ഗർഭാശയത്തിൽ അദ്ദേഹം രൂപപ്പെടണമെന്ന് അല്ലാഹു വിധിച്ചു. അങ്ങനെ യേശു രൂപം കൊണ്ടു. അതിലവൻ ഊതി. അങ്ങനെ അദ്ദേഹം ജന്മം കൊണ്ടു. സുവിശേഷങ്ങളിലെ യേശുവിന്റെ വ്യക്തമായ വാക്കുകളെ പ്രമാണമാക്കുന്ന ഒരു ക്രിസ്ത്യാനിക്കും ദൈവത്തിന്റെ ഏകത്വത്തെ നിഷേധിക്കുക വയ്യ. ഏകദൈവത്തോട് ത്രിയേകത്വത്തേയും,ത്രിയേകത്വത്തോട് ഏകദൈവത്വത്തേയും എങ്ങനെ ഒപ്പിച്ചുപോകാമെന്ന, അവർ സ്വയം സൃഷ്ടിച്ച് സങ്കീർണമാക്കിയ പ്രശ്നം പരിഹരിക്കുവാൻ നൂറ്റാണ്ടുകളായി ക്രൈസ്തവപണ്ഡിതന്മാർ തലപുണ്ണാക്കുകയാണ്. ഇതിന്റെ വ്യാഖ്യാനങ്ങളെ ആസ്പദമാക്കി ധാരാളം കക്ഷികൾ അവരിലുണ്ടായിരിക്കുന്നു. ദൈവം മൂന്നായിരിക്കുകയും അതേസമയം ഏകദൈവത്വം നിലനിൽക്കുകയും ചെയ്യുക എങ്ങനെ സാധ്യമാകും? ഈ വൈരുധ്യം ദൈവമോ യേശുവോ ഉണ്ടാക്കിയതല്ല. തീവ്രവാദത്തിൽനിന്ന് വിരമിക്കുക മാത്രമേ ഇതിനു പരിഹാരമുള്ളു.
അല്ലാഹുവെ ഏകദൈവമായും യേശുക്രിസ്തുവെ ദൈവദൂതനായും അംഗീകരിക്കുക. ഇത് മാത്രമാണ് ക്രൈസ്തവ സഹോദരങ്ങളുടെ പ്രശ്നത്തിനുള്ള ഏക പ്രതിവിധി.

---

172. അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹിന് ഒരിക്കലും അപമാനം തോന്നിയിട്ടില്ല. അല്ലാഹുവിന്റെ സമീപസ്ഥരായ മലക്കുകൾക്കും(അപമാനം) തോന്നിയിട്ടില്ല. ആരെങ്കിലും അല്ലാഹുവിന് വഴിപ്പെടുന്നത് തനിക്ക് അപമാനമെന്ന് കരുതുകയും അഹങ്കരിക്കുകയും ചെയ്യുന്നുവോ അവരെയെല്ലാം അവൻ തന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടുന്നതാണ്.

173. എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവരർഹിക്കുന്ന പ്രതിഫലം പൂർണമായി നൽകുന്നതാകുന്നു. അവന്റെ ഔദാര്യത്താൽ കൂടുതൽ വർധിപ്പിച്ചുകൊടുക്കുകയും ചെയ്യും. എന്നാൽ (അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ)അപമാനം കരുതുകയും അഹങ്കരിക്കുകയും ചെയ്തവരോ, അവർക്കവൻ വേദനയേറിയ ശിക്ഷ നൽകുന്നതാണ്. അല്ലാഹുവിനെ കൂടാതെ (അവർ സ്വീകരിച്ചിരുന്ന) യാതൊരു രക്ഷകനെയും സഹായിയെയും അവിടെ കണ്ടെത്തുകയില്ല.

174. അല്ലയോ മനുഷ്യരേ, നിങ്ങളുടെ നാഥങ്കൽനിന്നുള്ള ന്യായപ്രമാണം നിങ്ങളിൽ വന്നുകഴിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് വ്യക്തമായി(നേർവഴി കാണിച്ചുതരുന്ന) പ്രകാശത്തെ നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു.

175. ആകയാൽ ആർ അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപ്പിടിക്കുകയും ചെയ്യുന്നുവോ,അവരെ അവൻ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും പ്രവേശിപ്പിക്കുന്നതാണ്. തന്നിലേക്ക് എത്തിച്ചേരാനുള്ള നേരായ പാതയിലൂടെ നയിക്കുന്നതുമാകുന്നു.

176. അവർ നിന്നോട് വിധിതേടുന്നു.പറയുക:കലാലത്തിനെ സംബന്ധിച്ച് അല്ലാഹു നിങ്ങൾക്കിതാവിധി നൽകുന്നു. മക്കളില്ലാത്ത ഒരാൾ മരിച്ചുപോയാൽ, അയാൾക്ക് ഒരു സഹോദരിയുണ്ടെങ്കിൽ അയാൾ വിട്ടേച്ചുപോയതിന്റെ പകുതി അവൾക്കുള്ളതാകുന്നു. ഇനി (സഹോദരി മരിക്കുകയും) അവൾക്ക് സന്താനമില്ലാതിരിക്കുകയുമാണെങ്കിൽ സഹോദരൻ അവളുടെ(പൂർണ)അവകാശിയായിരിക്കും.ഇനി രണ്ട് സഹോദരികളാണുള്ളതെങ്കിൽ, അവൻ (സഹോദരൻ) വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കുള്ളതാണ്. ഇനി സഹോദരന്മാരും സഹോദരിമാരും കൂടിയാണുള്ളതെങ്കിൽ, ആണിന് രണ്ട് പെണ്ണിന്റെതിന് തുല്യമായ ഓഹരിയാണുള്ളത്. അല്ലാഹു നിയമങ്ങൾ നിങ്ങൾക്കു വിശദീകരിച്ചു തരുന്നു, നിങ്ങൾ പിഴച്ചു പോകാതിരിക്കേണ്ടതിന്. അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും നന്നായറിയുന്നവനാണ്.

---

176: 'കലാലത്തി'ന്റെ അർഥത്തിൽ രണ്ട് അഭിപ്രായങ്ങൾ കാണുന്നുണ്ട്. സന്താനമില്ലാതെയും പിതാവും പിതാമഹനും ജീവിച്ചിരിപ്പില്ലാതെയും മരണമടഞ്ഞ വ്യക്തിയാണ് കലാലത്ത് എന്നാണ് ഒരഭിപ്രായം. സന്താനമില്ലാതിരുന്നാൽ മതിയെന്നാണ് മറ്റൊരഭിപ്രായം. കർമ്മശാസ്ത്ര പണ്ഡിതന്മാർ പൊതുവെ അംഗീകരിച്ചിട്ടുള്ളത് ഒന്നാമത്തെ അഭിപ്രായമാകുന്നു.

---

*****

# അധ്യായം 5

## അല്‍മാഇദ (ഭക്ഷണത്തളിക)

**അവതരണം മദീനയില്‍, വചനങ്ങള്‍ 120**

**ആമുഖം.**

ഈസാ നബി(അ)യുടെ ശിഷ്യന്മാര്‍ ആകാശലോകത്തുനിന്ന്‌ തങ്ങള്‍ക്കായി ഒരു ഭക്ഷണത്തളിക(മാഇദ) ഇറക്കിക്കൊണ്ടുവരാന്‍ അദ്ദേഹത്തോട്‌ അപേക്ഷിക്കുകയുണ്ടായി. അതുകൊണ്ടാണ്‌ ഈ അധ്യായത്തിന്‌ 'അല്‍മാഇദ' എന്ന നാമം ലഭിച്ചത്‌. ഈ അധ്യായം കൂടുതല്‍ സംബോധന ചെയ്യുന്നത്‌ ക്രൈസ്തവരെയാണ്‌. യേശുവിന്റെ യഥാര്‍ഥ സന്ദേശങ്ങളാണോ തങ്ങള്‍ പിന്തുടരുന്നതെന്ന്‌ പരിശോധിക്കാനും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വെടിഞ്ഞ്‌ സാക്ഷാല്‍ സത്യത്തെ അംഗീകരിക്കാനും അവരെ ഉപദേശിക്കുന്നു.

മുസ്‌ലിംകളുടെ മതപരവും നാഗരികവുമായ ജീവിതത്തെ സംബന്ധിച്ച കൂടുതല്‍ നിയമങ്ങളും നിര്‍ദേശങ്ങളും ഈ അധ്യായം പരാമര്‍ശിക്കുന്നുണ്ട്‌. മദ്യനിരോധം, വേദക്കാരുടെ സ്ത്രീകളെ വിവാഹം ചെയ്യാനുള്ള അനുവാദം, വസ്വിയ്യത്ത്‌,ഹജ്ജ്‌ തീര്‍ഥാടന മുറകള്‍ തുടങ്ങിയവയും കലാപം, മോഷണം എന്നിവക്കുള്ള ശിക്ഷാവിധികളും ചൂതാട്ടനിരോധവും ഈ അധ്യായം ഉള്‍ക്കൊള്ളുന്നുണ്ട്‌.

'ഹുദൈബിയ' സന്ധി മൂലം മക്കയിലെ ഖുറൈശികളുമായുള്ള നിരന്തര സംഘര്‍ഷം അവസാനിക്കുകയും രാജ്യത്തുടനീളം സമാധാനംകൈവരികയും പരിസരപ്രദേശങ്ങളില്‍ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാന്‍ മുസ്‌ലിംകള്‍ക്ക്‌ അവസരം ലഭിക്കുകയും ചെയ്തിരുന്നു.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.

1. അല്ലയോ വിശ്വസിച്ചവരേ, ഉടമ്പടികള്‍ പൂര്‍ണമായി നിറവേറ്റുവിന്‍. നാല്‍ക്കാലികളില്‍പെട്ട മൃഗങ്ങള്‍ നിങ്ങള്‍ക്ക്‌ അനുവദിക്കപ്പെട്ടിരിക്കുന്നു.പിന്നീട്‌ പറഞ്ഞുതരുന്നതൊഴിച്ച്‌. നിങ്ങള്‍ ഇഹ്‌റാമിലായിരിക്കുമ്പോള്‍ വേട്ടയിലേര്‍പ്പെടുന്നത്‌ അനുവദനീയമല്ല. തീര്‍ച്ചയായും അല്ലാഹു അവന്‍ ഉദ്ദേശിക്കുന്നത്‌ വിധിക്കുന്നു.

---

1:കരാറുകളുടെ പാലനം ഖുര്‍ആന്‍ പല സ്ഥലങ്ങളിലും ഊന്നിപ്പറഞ്ഞിട്ടുണ്ട്‌. ഒരു സത്യവിശ്വാസി മറ്റാരുമായും ഉണ്ടാക്കുന്ന കരാറുകള്‍ പാലിക്കപ്പെടേണ്ടതുണ്ട്‌. കരാറുകള്‍ സാമൂഹികബന്ധങ്ങളുടെയും ക്രമസമാധാനത്തിന്റെയും നിയമവാഴ്‌ചയുടെയുമെല്ലാം അടിത്തറയാകുന്നു.

'നിങ്ങള്‍ കരാറുകള്‍ പാലിക്കുക. തീര്‍ച്ചയായും കരാറുകളുടെ പാലനത്തെക്കുറിച്ച്‌ അന്ത്യനാളില്‍ ചോദിക്കപ്പെടുന്നതാകുന്നു (17:34).

മനുഷ്യരുടെ വളര്‍ത്തുമൃഗങ്ങളായ നാല്‌ക്കാലി വര്‍ഗത്തില്‍പെട്ട ആട്‌ മാട്‌ ഒട്ടകങ്ങളും ജന്തുസവിശേഷതകളില്‍ നാല്‌ക്കാലികളോട്‌ സാദൃശ്യമുള്ളതും തേറ്റയില്ലാത്തതും മാംസഭുക്കല്ലാത്തതുമായ ജീവികളെ ഭക്ഷിക്കുന്നതിനു അനുവദിച്ചിരിക്കുന്നു. ഹിംസ്രമൃഗങ്ങള്‍ അനുവദനീയമല്ലെന്ന്‌ നബി(സ)തിരുമേനി വ്യക്തമായി പറഞ്ഞിരിക്കുന്നു. നീണ്ട നഖങ്ങളുള്ള വേട്ടപ്പക്ഷികളുടെ മാംസവും നിരോധിക്കപ്പെട്ടിരിക്കുന്നു. അറപ്പുളവാക്കുന്നതും മ്ലേഛമായതുമായ ജന്തുക്കളുടെ മാംസവും നിഷിദ്ധമാകുന്നു.

ഹജ്ജോ ഉംറയോ നിര്‍വഹിക്കുന്നതിന്‌ പോകുന്നവര്‍ പ്രത്യേക വസ്ത്രം ധരിച്ച്‌ ഔപചാരികമായി തീര്‍ഥാടനകര്‍മത്തില്‍ പ്രവേശിക്കുന്നതിന്‌ 'ഇഹ്‌റാം' എന്ന്‌ പറയുന്നു. 'ഇഹ്‌റാം' എന്ന പദത്തിന്റെ ഭാഷാര്‍ഥം നിഷിദ്ധമാക്കല്‍ എന്നാണ്‌. ഇഹ്‌റാമില്‍ പ്രവേശിക്കുന്നതോടെ ചില കാര്യങ്ങള്‍ നിഷിദ്ധമായി കണക്കാക്കി വര്‍ജിക്കേണ്ടതുള്ളതിനാലാണ്‌ ഈ പേര്‍ വന്നത്‌.

2. അല്ലയോ വിശ്വസിച്ചവരേ,നിങ്ങൾ അല്ലാഹുവിൻെറ ചിഹ്നങ്ങളെ അനാദരിക്കരുത്. പവിത്ര മാസങ്ങളെയും(അനാദരിക്കരുത്). ബലിമൃഗങ്ങളെയും,(അവയെ തിരിച്ചറിയാൻ കഴുത്തിലിട്ട) ആടയാള പട്ടയെയും, തങ്ങളുടെ രക്ഷിതാവിൻെറ അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവൻെറ പവിത്ര ഭവനത്തിലേക്ക് (കഅ്ബയിലേക്ക്) സഞ്ചരിക്കുന്നവരെയും (നിങ്ങൾ അനാദരിക്കരുത്). എന്നാൽ ഇഹ്റാമിൽനിന്ന് നിങ്ങൾ വിരമിച്ചാൽ നിങ്ങൾക്ക് വേട്ടയിലേർപ്പെടാവുന്നതാണ്. നിങ്ങളെ മസ്ജിദുൽ ഹറാമിലേക്കുള്ള വഴിമുടക്കിയ ജനത്തോടുള്ള രോഷം, അവർക്കെതിരെ അതിക്രമം പ്രവർത്തിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കാൻ പാടില്ലാത്തതാകുന്നു. പുണ്യത്തിലും ദൈവഭക്തിയിലും നിങ്ങൾ അന്യോന്യം സഹകരിക്കേണ്ടതാകുന്നു. പാപത്തിലും അക്രമത്തിലും നിങ്ങൾ അന്യോന്യം സഹകരിക്കാവതുമല്ല. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

2: ഇസ്ലാമിൻെറ പ്രത്യേക അടയാളമായി കരുതപ്പെടുന്ന എല്ലാ വസ്തുക്കൾക്കും പൊതുവിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് അല്ലാഹുവിൻെറ ചിഹ്നങ്ങൾ എന്നത്.അല്ലാഹുവിൻെറ ചിഹ്നങ്ങൾ അല്ലാഹു നിശ്ചയിച്ച ചിഹ്നങ്ങൾതന്നെ ആയിരിക്കുക എന്നത് പ്രധാനമാകുന്നു. അവ ആദരിക്കപ്പെടുന്നതിലൂടെ ആദരിക്കപ്പെടുന്നത് അല്ലാഹുവാകുന്നു.

ദുൽഖഅദ, ദുൽഹിജ്ജ, മുഹർറം, റജബ് എന്നിവയാണ് പവിത്ര മാസങ്ങൾ. ആളുകൾക്ക് സമാധാനപരമായി ഹജ്ജും ഉംറയും ചെയ്തു മടങ്ങുന്നതിനുവേണ്ടി പണ്ടുമുതലേ യുദ്ധം നിഷിദ്ധമായ പവിത്ര മാസങ്ങളായി ഇവ പ്രഖ്യാപിക്കപ്പെട്ടിരുന്നു.

ഹിജ്റ 6-ാം വർഷം ദുൽഖഅദ് മാസത്തിൽ ഉംറക്ക് ഇഹ്റാം ചെയ്തുകൊണ്ട് നബി(സ)തിരുമേനി 1400 മുസ്ലിംകളോടൊന്നിച്ച്, മദീനയിൽ നിന്ന് യാത്രപുറപ്പെടുകയുണ്ടായി.എന്നാൽ അറബികളുടെ പഴയ മതപാരമ്പര്യത്തിനെതിരായി സംഘത്തെ മക്കയിലെ കവാടത്തിലുള്ള ഹുദൈബിയ എന്ന സ്ഥലത്തുവെച്ചു ഖുറൈശികൾ തടഞ്ഞു. അറബികളുടെ പാരമ്പര്യമനുസരിച്ച് ശത്രുമിത്ര ഭേദമന്യേ എല്ലാവരെയും കഅ്ബാ സന്ദർശനത്തിന് അനുവദിക്കേണ്ടതായിരുന്നു. തുടർന്ന് ഖുറൈശികളുമായി ഉണ്ടാക്കിയ സന്ധിവ്യവസ്ഥപ്രകാരം അക്കൊല്ലം മുസ്ലിംകൾക്ക് മക്കയിൽ പ്രവേശിക്കാതെ തിരിച്ചുപോരേണ്ടിവന്നു. ചില മുസ്ലിംകൾ ഇതിനെ അപമാനകരമായാണ് കണ്ടത്. ഖുറൈശികളുടെ നടപടിയിൽ രോഷാകുലരായ അവർ തങ്ങളുടെ അധീനപ്രദേശങ്ങളുടെ സമീപത്തിലൂടെ കടന്നുപോകുന്ന ശത്രുഗോത്രങ്ങളുടെ തീർഥാടന സംഘങ്ങളെ തടയണമെന്നും അവരുടെ ബലിമൃഗങ്ങളെയും മറ്റും പിടിച്ചെടുക്കണമെന്നും അഭിപ്രായപ്പെട്ടിരുന്നു. അപ്രകാരം ചെയ്യരുതെന്ന് ഈ വചനത്തിലൂടെ മുസ്ലിംകളോട് അല്ലാഹു ആജ്ഞാപിക്കുന്നു.

ധർമത്തിൻെറയും ദൈവഭക്തിയുടെയും കാര്യത്തിൽ എല്ലാവരോടും സഹകരിക്കുകയും അനീതിയുടെയും അക്രമത്തിൻെറയും കാര്യത്തിൽ ആരോടും സഹകരിക്കാതിരിക്കുകയും ചെയ്യണമെന്ന് ഈ വചനം ഉൽബോധിപ്പിക്കുന്നു. ശത്രുക്കളോടുപോലും അധർമവും അന്യായവും പ്രവർത്തിക്കാതിരിക്കാൻ തയാറാകുമ്പോഴേ മുസ്ലിം അല്ലാഹുവിനോട് ഭയഭക്തിയുള്ളവനായിരിക്കൂ.

3. ശവവും, രക്തവും പന്നിമാംസവും, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതും, ശ്വാസം മുട്ടിയോ അടിയേറ്റോ ചത്തതും, വീഴ്ചപറ്റിയോ തമ്മിൽ കുത്തിയോ ചത്തതും, വന്യമൃഗങ്ങൾ (ഭാഗികമായി)തിന്നതും-(ചാകുന്നതിനു മുമ്പ്) നിങ്ങൾ അറുത്തിട്ടുള്ളതൊഴിച്ച്- നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. (പ്രതിഷ്ഠകൾക്കുവേണ്ടി) ബലിക്കല്ലുകളിൽ ബലിയറുക്കപ്പെട്ടതും അമ്പുകൊണ്ട് ഭാഗ്യം പരീക്ഷിക്കുന്നതും (നിങ്ങൾക്ക് നിഷിദ്ധ മാക്കപ്പെട്ടിരിക്കുന്നു). അതൊക്കെയും അധർമമാകുന്നു. ഈ ദിനം നിങ്ങളുടെ മതത്തെക്കുറിച്ച് അവിശ്വാസികൾ നിരാശപ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടരുത്. എന്നെ ഭയപ്പെടുവിൻ. ഈ ദിനം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ

പൂർണമാക്കിത്തരികയും, എൻെറ അനുഗ്രഹത്തെ നിങ്ങളിൽ ഞാൻ പൂർത്തീകരിക്കുകയും, ഇസ്ലാമിനെ നിങ്ങൾക്കുള്ള മതമായി(ജീവിത വ്യവസ്ഥയായി) ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. വല്ലവനും പട്ടിണികാരണം(നിഷിദ്ധം തിന്നാൻ) നിർബന്ധിതനായാൽ, അവൻ തെറ്റു ചെയ്യാൻ തൽപരനല്ലെങ്കിൽ, അപ്പോൾ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

---

3: ശവംകൊണ്ട് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് സ്വാഭാവിക മരണംകൊണ്ട് ജീവൻപോയതാണ്. അനുവദനീയമായ ജീവികളുടെ മാംസം ഭക്ഷിക്കണമെങ്കിൽ അവയെ അറുത്ത് രക്തം കളയേണ്ടതാണ്. ഭക്ഷണത്തിനുള്ള മൃഗത്തെ അല്ലാഹുവിൻെറ നാമം ഉച്ചരിച്ചുകൊണ്ട് അറുക്കേണ്ടതാകുന്നു. അല്ലാഹുവിൻെറ നാമം ഉച്ചരിക്കപ്പെടാതെ അറുത്ത മാംസം തിന്നാൻ പാടില്ലാത്തതാകുന്നു.(6:121).

മക്കയിലെ ബഹുദൈവാരാധകർ കഅ്ബാദേവാലയത്തിനകത്ത് പ്രതിഷ്ഠിച്ചിരുന്ന 'ഹുബ്ൽ' എന്ന വിഗ്രഹത്തിൻെറ മുമ്പിൽ ചില അടയാളങ്ങൾ രേഖപ്പെടുത്തിയ അമ്പുപോലുള്ള കോലുകൾ സ്ഥാപിച്ചിരുന്നു. ഏതെങ്കിലും കാര്യം തീരുമാനിക്കുമ്പോൾ അതിൻെറ വിധിയറിയേണ്ടതിനായി അവർ ഹുബ്ലിൻെറ പൂജാരിയെ സമീപിച്ച് വഴിപാട് നൽകുകയും തങ്ങളുടെ പ്രശ്നത്തിൽ തീരുമാനം ചെയ്തുതരുവാൻ വിഗ്രഹത്തോട് പ്രാർഥിക്കുകയും ചെയ്തിരുന്നു. പൂജാരി അമ്പുകൾകൊണ്ട് ശകുനം നോക്കുകയും അതിൽ കിട്ടുന്ന അമ്പിന്മേൽ മുദ്രിതമായ വാക്ക് ഹുബ്ലിൻെറ വിധിയായി അംഗീകരിക്കുകയും ചെയ്തിരുന്നു. മനുഷ്യൻെറ ഭാഗ്യനിർഭാഗ്യങ്ങൾ ആരായുന്നതിനുള്ള ശകുനനോട്ടം, നക്ഷത്രഫലം, ജാതകം പക്ഷിലക്ഷണം മുതലായവയുടെ രൂപങ്ങളെല്ലാം ഈ ഇനത്തിൽപെട്ടതാണ്. ബഹുദൈവത്വപരമായ പ്രശ്നം വയ്ക്കലും, അന്ധവിശ്വാസപരമായ ശകുനനോട്ടങ്ങളും, ഭാഗ്യക്കുറിയും ചൂതാട്ടത്തിൻെറ എല്ലാ ഇനങ്ങളും ഇസ്ലാം നിഷിദ്ധമാക്കിയിരിക്കുന്നു.

രണ്ട് തുല്യാവകാശികളിൽ, രണ്ടിലൊരാൾക്ക് മുൻഗണന കൽപിക്കുവാൻ ന്യായമായ യാതൊരു കാരണവുമില്ലാത്ത അവസരത്തിൽ ഇരുവരുടെയും സമ്മതത്തോടെ നറുക്കിട്ട് തീരുമാനം കൽപിക്കുന്നതിന് ഇസ്ലാം അനുവദിച്ചിട്ടുണ്ട്.

സത്യനിഷേധികൾ ഇസ്ലാമിനെ സംബന്ധിച്ച് തികച്ചും നിരാശരായിക്കഴിഞ്ഞിരിക്കുന്നു. മദീനയിൽ ഇസ്ലാമിൻെറ ശത്രുക്കളായ യഹൂദരുടെ ശക്തി ക്ഷയിക്കുകയും അറബിഗോത്രങ്ങൾ ഒന്നിനുപിറകെ ഒന്നായി ഇസ്ലാമിൻെറ കൊടിക്കീഴിൽ അണിനിരക്കുകയും ചെയ്തതോടെ ഇസ്ലാമിനെ തുടച്ചുനീക്കാൻ പ്രതിജ്ഞയെടുത്തിരുന്ന ഖുറൈശികൾക്ക് തങ്ങളുടെ കണക്കുകൂട്ടലുകളെല്ലാം തനി വ്യാമോഹങ്ങളാണെന്ന് ബോധ്യമായിരിക്കുന്നു. അതിനാൽ അല്ലാഹുവെ മാത്രം ഭയപ്പെടുക. അവൻെറ വിധിവിലക്കുകൾ പ്രാവർത്തികമാക്കുകയും ചെയ്യുക.

ഇതോടെ മനുഷ്യർക്കായി അല്ലാഹുവിങ്കൽനിന്നുള്ള ധർമവ്യവസ്ഥയുടെ അവതരണം പൂർണമായിരിക്കുന്നു. ഒരു സ്വതന്ത്ര ചിന്താകർമപദ്ധതിയെന്ന നിലയിലും സമ്പൂർണമായ സാംസ്കാരിക നാഗരിക വ്യവസ്ഥിതിയെന്ന നിലയിലും ഇസ്ലാമിനെ അല്ലാഹു സ്വയം പര്യാപ്തമാക്കിത്തന്നിരിക്കുന്നു. ദൈവിക വ്യവസ്ഥയുടെ ഈ അവസാനത്തെ പതിപ്പ് എല്ലാ ജനതക്കും ഏതുകാലത്തും പാകമാകുന്നതാണ്. ഒരു വേദഗ്രന്ഥമോ പ്രവാചകനോ ഇനി വരേണ്ട ആവശ്യമില്ല.

നബി(സ)തിരുമേനിയുടെ വിടവാങ്ങൽ ഹജ്ജിൻെറ(ഹിജ്റ 10-ാം വർഷം) അവസരത്തിലാണ് ഈ സൂക്തം അവതരിച്ചതെന്ന് പ്രാമാണികമായ നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നു. ഈ സൂക്തം അവതരിച്ചതിനുശേഷം വേറെ ചില സൂക്തങ്ങൾകൂടി അവതരിച്ചിട്ടുണ്ടെങ്കിലും നിയമപരമായ പുതിയ വിധികളൊന്നും അവതരിക്കുകയുണ്ടായിട്ടില്ല. ഈ വചനം അവതരിച്ചതിനുശേഷം നബി(സ)തിരുമേനി 81 ദിവസമേ ജീവിച്ചിരുന്നിട്ടുള്ളുവെന്ന് ഇബ്നുജരീറും(റ) മറ്റും നിവേദനം ചെയ്ത റിപ്പോർട്ടുകളിൽ കാണുന്നു.

---

4. തങ്ങൾക്ക് അനുവദനീയമായതെന്താണെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക:നല്ല വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.അല്ലാഹു നൽകിയ അറിവുപ്രകാരം നിങ്ങൾ പരിശീലിപ്പിച്ച വേട്ടമൃഗങ്ങൾ നിങ്ങൾക്കായി പിടിച്ചുകൊണ്ടുവരുന്നതും നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. എന്നാൽ അതിന്മേൽ നിങ്ങൾ അല്ലാഹുവിൻെറ നാമം ഉച്ചരിക്കണം.

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു.

---

4: ഒരു വസ്തു അനുവദനീയമാകുവാൻ അത് നല്ലതായിരിക്കണം എന്ന ഉപാധിയാണ് വെച്ചിരിക്കുന്നത്. അനുവദനീയമായ വസ്തുക്കളെ മനസ്സിലാക്കാൻ ഉതകുന്ന ഒരു പൊതു തത്വം ചൂണ്ടിക്കാണിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്.

ജലജീവികൾ ശരീഅത്തിൽ ഭക്ഷ്യയോഗ്യമാകുന്നു. നബി(സ) പ്രസ്താവിച്ചതായി അഹ്മദും, ബൈഹഖിയും ഉദ്ധരിക്കുന്നു: 'രണ്ടു ശവവും രണ്ടു രക്തവും നമുക്ക് ഭക്ഷിക്കാൻ അനുവദിക്കപ്പെട്ടിരിക്കുന്നു. മത്സ്യവും വെട്ടുകിളിയുമാണ് ശവങ്ങൾ. കരളും പ്ലീഹയും രക്തങ്ങളും'.

നായ, നരി, പരുന്ത്, പ്രാപ്പിടിയൻ തുടങ്ങിയ മൃഗങ്ങളും പക്ഷികളുമാണ് മനുഷ്യൻ വേട്ടക്ക് ഉപയോഗിക്കാറുള്ളത്. പരിശീലിപ്പിച്ച നായാട്ടുജീവികൾ യജമാനനുവേണ്ടി ഇരപിടിക്കാൻ പരിശീലിപ്പിച്ചവയാണ്. അവ സാധാരണ ഹിംസ്രമൃഗങ്ങളെപ്പോലെ ഉരുവിനെ പിടിച്ചു തിന്നുകയില്ല. ഇരയെ പിടിക്കാൻ വേട്ടമൃഗങ്ങളെ വിടുമ്പോൾ 'ബിസ്മില്ലാഹ്'' (അല്ലാഹുവിൻെറ നാമത്തിൽ) എന്ന് ചൊല്ലണം. ഉരുവിനെ ജീവനോടെ കിട്ടിയാൽ ദൈവനാമമുച്ചരിച്ച് അറുക്കേണ്ടതാണ്. വേട്ടമൃഗങ്ങൾ പിടിച്ചുകൊണ്ടുവരുന്ന ജീവികൾ ചത്തുപോയിട്ടുണ്ടെങ്കിലും അവ ഭക്ഷിക്കാവുന്നതാണ്

വേട്ട ജന്തു കൊണ്ടുവരുന്ന ഉരുവിൽനിന്നും ഒന്നും അത് ഭക്ഷിക്കാതിരിക്കലാണ് അത് യജമാനൻെറ കൽപനപ്രകാരം പിടിച്ചതാണെന്നതിൻെറ തെളിവ് എന്ന് അധികപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

---

5. ഈ ദിനം നല്ല വസ്തുക്കളൊക്കെയും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാകുന്നു. നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാകുന്നു. സത്യവിശ്വാസിനികളിൽ നിന്നുള്ള ചാരിത്രവതികളും, നിങ്ങൾക്കു മുമ്പേ വേദം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്രവതികളും -നിങ്ങളവർക്ക് വിവാഹമൂല്യം നൽകിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ (നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.) നിങ്ങൾ വൈവാഹിക ജീവിതത്തിൽ ഒതുങ്ങിനിൽക്കുന്നവരാകണം. വ്യഭിചാരത്തിൽ ഏർപ്പെടുന്നവരാകരുത്. രഹസ്യവേഴ്ചക്കാരെ സ്വീകരിക്കുന്നവരുമാകരുത്. സത്യവിശ്വാസത്തെ വല്ലവനും നിഷേധിക്കുന്നപക്ഷം അവൻെറ കർമ്മങ്ങളത്രയും നശിച്ചതുതന്നെ. പരലോകത്തിൽ അവൻ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യും.

---

5: വേദം നൽകപ്പെട്ടവർ എന്നതിൻെറ താൽപര്യം യഹൂദരും ക്രൈസ്തവരുമാകുന്നു എന്നാണ് പണ്ഡിതന്മാരുടെ പൊതുവായ വീക്ഷണം. സസ്യവിഭവങ്ങൾ ആരുടേതായാലും കഴിക്കുന്നതിന് വിരോധമില്ല. വേദക്കാരുടെ ഇതര ഭക്ഷ്യവസ്തുക്കളെപ്പോലെത്തന്നെ അവർ അറുത്ത മൃഗങ്ങളുടെ മാംസവും ഭക്ഷിക്കാമെന്നാണ് 'വേദം നൽകപ്പെട്ടവരുടെ മാംസം നിങ്ങൾക്ക് അനുവദനീയമാണ്'' എന്നു പറഞ്ഞതിൻെറ താൽപര്യമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

എന്നാൽ വേദക്കാർ കഴിക്കാറുള്ള മദ്യം, പന്നിമാംസം ശവം എന്നിവയൊന്നും അനുവദനീയമായ ഭക്ഷണത്തിൽ ഉൾപ്പെടുകയില്ല. 'നല്ല വസ്തുക്കൾ' നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നു. വേദക്കാർ ദൈവനാമത്തിൽ അറുക്കുന്നത് മുസ്ലിംകൾക്ക് അനുവദിക്കപ്പെട്ട മൃഗങ്ങളെയാണെങ്കിൽ ആ മാംസം ഭക്ഷിക്കാവുന്നതാണ്. മുസ്ലിമായാലും വേദക്കാരനായാലും ദൈവനാമത്തിലല്ലാതെ അറുത്തത് ഭക്ഷിക്കാൻ പാടുള്ളതല്ല. ഇതര അമുസ്ലിംകൾ കൊല്ലുന്നതും തിന്നാൻ പാടില്ല.

ദുർന്നടപടികളിലൊന്നും അകപ്പെടാത്ത, ചാരിത്രവതികളായ വേദക്കാരായ (ജൂത-ക്രൈസ്തവ) സ്ത്രീകളെ വിവാഹം ചെയ്യാവുന്നതാണ്. ഈ അനുവാദത്തെ ഉപയോഗപ്പെടുത്തുന്നവർ മുസ്ലിമല്ലാത്ത ഭാര്യയെ പ്രീണിപ്പിക്കാൻ തങ്ങളുടെ വിശ്വാസവും,സദാചാരവും, സത്യവിശ്വാസം താൽപര്യപ്പെടുന്ന സംസ്കാരവും, ആചാരാനുഷ്ഠാനങ്ങളും കൈയൊഴിക്കാൻ ഇടയായിക്കൂടാ. അമുസ്ലിം ഭാര്യയോടുള്ള സ്നേഹത്താൽ അവളുടെ വിശ്വാസാചാരങ്ങളിൽ ആകർഷിക്കപ്പെടാനും ഒരിക്കലും പാടുള്ളതല്ല.

---

6. അല്ലയോ സത്യവിശ്വാസികളേ, നമസ്കാരത്തിനൊരുങ്ങിയാൽ നിങ്ങളുടെ മുഖവും മുട്ടുവരെ രണ്ടു കൈകളും കഴുകേണ്ടതാകുന്നു. നിങ്ങളുടെ തല തടവുകയും ഞെരിയാണിവരെ കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ വലിയ അശുദ്ധിയുള്ളവരാണെങ്കിൽ കുളിച്ചു ശുദ്ധിയാവുക. നിങ്ങൾ രോഗികളോ യാത്രക്കാരോ ആയി, അല്ലെങ്കിൽ നിങ്ങളിലൊരുവൻ വിസർജിച്ചുവരികയോ സ്ത്രീകളെ സ്പർശിക്കുകയോ ചെയ്തു. എന്നിട്ട് വെള്ളം കിട്ടിയില്ല, എങ്കിൽ അപ്പോൾ ശുദ്ധിയുള്ള ഭൂമുഖത്തെ (അഥവാ മണ്ണിനെ) കരുതിക്കൊള്ളുവിൻ. അതിൽ(കൈകൊണ്ട് അടിച്ച്) മുഖവും കൈകളും തടവുക. നിങ്ങൾക്ക് യാതൊരു പ്രയാസവും ഉണ്ടാക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല.എന്നാൽ നിങ്ങളെ ശുദ്ധീകരിക്കാനും നിങ്ങൾക്ക് അവൻെറ അനുഗ്രഹം പൂർത്തീകരിച്ചു തരാനും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരാകാൻ.

6: നമസ്കാരത്തിൽ പ്രവേശിക്കുന്നതിനുമുമ്പായി നിർവഹിക്കേണ്ട അംഗസ്നാനത്തെ (വുദു) സംബന്ധിച്ച വിശദീകരണമാണ് ഈ സൂക്തം. മുഖം കഴുകുക, കൈകൾ മുട്ടുവരെ കഴുകുക, തല തടവുക, ഒടുവിൽ കാലുകൾ കഴുകുക ഇതാണ് വുദുവിൻെറ ക്രമം.

വുദു തുടങ്ങുന്നതിനു മുമ്പ് രണ്ടു മുൻകൈകളും വായയും മൂക്കും ശുദ്ധീകരിക്കേണ്ടതാണ്. ഇത് മൂന്നുവട്ടം ആവർത്തിക്കണം. അവയവങ്ങൾ ഒരു പ്രാവശ്യം മാത്രം കഴുകിയാലും വുദു സാധുവാകുന്നതാണ്. ചെവി തലയുടെ ഭാഗമായതിനാൽ ചെവിയുടെ ഉള്ളും പുറവും തടവേണ്ടതാണ്. തല കുറച്ചുഭാഗം തടവിയാൽ മതിയെന്നും ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്.

കുളിയെയും തയമ്മുമിനെയും സംബന്ധിച്ച വിവരങ്ങൾ അന്നിസാഅ് 43-ാം വചനത്തിൽ പരാമർശിച്ചിട്ടുണ്ട്. വെള്ളമില്ലാത്തപ്പോൾ വുദുവിനും കുളിക്കും പകരം തയമ്മും നിർവഹിച്ചാൽ മതിയെന്ന ഇളവ് അല്ലാഹു വിശ്വാസികൾക്കരുളുന്ന തികഞ്ഞ അനുഗ്രഹമാണ്.കുളിക്ക് പകരമുള്ള തയമ്മുമും വുദുവിന് പകരമുള്ള തയമ്മുമും സ്വഭാവത്തിൽ വ്യത്യാസമൊന്നുമില്ല.

രണ്ടു കൈവെള്ളകൾ കൊണ്ട് ശുദ്ധമായ പ്രതലത്തിൽ അടിച്ച് ആ കൈവെള്ളകൊണ്ട് മുഖവും പിന്നെ ഓരോ കൈകൊണ്ടും മറ്റേ കൈ മണികണ്ഠം വരെയും തടവുക. ഇതാണ് തയമ്മുമിൻെറ രൂപം. മുഖം തടവിയശേഷം കൈകൾ തടവാൻ ഒരിക്കൽ കൂടി കൈപ്പത്തി മണ്ണിലടിക്കുകയും കൈകൾ മുട്ടുവരെ തടവുകയും ചെയ്യുകയാണ് ചില കർമ്മശാസ്ത്ര പണ്ഡിതന്മാർ നിർദേശിക്കുന്ന രീതി.

വുദുവിൽ ഓരോ അവയവം കഴുകുമ്പോഴും ആ അവയവംകൊണ്ട് ചെയ്ത തെറ്റുകൾ നീങ്ങിപ്പോകുന്നതാണെന്ന് നബിതിരുമേനി(സ) പ്രസ്താവിച്ചിരിക്കുന്നു.

7. അല്ലാഹു നിങ്ങൾക്ക് നൽകിയ അനുഗ്രഹം ഓർക്കുവിൻ. അവൻ നിങ്ങളിൽനിന്ന് വാങ്ങിയിട്ടുള്ള പ്രതിജ്ഞകളും. അതായത് 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു'വെന്ന് നിങ്ങൾ പറഞ്ഞ കാര്യം. അല്ലാഹുവിനെ ഭയപ്പെടുവിൻ. തീർച്ചയായും അല്ലാഹു മനസ്സുകളിലുള്ളതൊക്കെയും അറിയുന്നവനാകുന്നു.

7: അന്ധവിശ്വാസത്തിൻെറയും അനാചാരത്തിൻെറയും കൂരിരുട്ടിൽ നിന്ന് സത്യവിശ്വാസത്തിൻെറയും സദാചാരത്തിൻെറയും പ്രകാശത്തിലേക്ക് നിങ്ങളെ നയിച്ചത് അല്ലാഹു ചെയ്തുതന്ന മഹത്തായ അനുഗ്രഹങ്ങളാണ്.

മനുഷ്യൻെറ മനോഗതങ്ങൾപോലും അറിയുന്നവനാണ് അല്ലാഹു. ഒളിഞ്ഞും മറഞ്ഞും അവൻെറ വിധിവിലക്കുകൾ ലംഘിച്ച് അല്ലാഹുവിനെ പറ്റിക്കാമെന്ന് ആരും വ്യാമോഹിക്കേണ്ട. നിങ്ങൾ പ്രവർത്തിച്ചതിനെക്കുറിച്ചെല്ലാം ചോദിക്കപ്പെടുന്നതാണ്. അർഹിക്കുന്ന പ്രതിഫലം വിധിക്കുകയും ചെയ്യുന്നതാണ്.

8. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. ഒരു ജനതയോടുള്ള വിരോധം നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുവിൻ. അതാണ് ദൈവഭക്തി

യോട് ഏറ്റം അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്യുന്നതെല്ലാം സൂക്ഷ്മമായറിയുന്നുണ്ട്.

---

8: ഇസ്ലാമിക നീതിശാസ്ത്രത്തിന്റെ അടിത്തറയാണ് ഈ വേദവാക്യം. ദൈവം വിധിച്ചതെന്തോ അതാണ് നീതിയും ധർമവും. നീതിയുടെ മാനദണ്ഡം സ്വാർഥ താൽപര്യങ്ങളോ ദേശീയമോ വർഗീയമോ രാഷ്ട്രീയമോ ആയ യാതൊരു ഭൗതികതാൽപര്യങ്ങളുമായിക്കൂടാ. ഈ അടിത്തറയിൽ നിന്നുകൊണ്ടുള്ള നീതി പാലനമാണ് അല്ലാഹുവിനുവേണ്ടിയുള്ള നിലകൊള്ളൽ. തർക്കങ്ങളിലും വിവാദങ്ങളിലും അല്ലാഹു വിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നീതിയുടെയും ന്യായത്തിന്റെയും ഭാഗത്ത് ഉറച്ചു നിൽക്കുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസിയുടെ ജീവിതം നീതിയുടെയും ന്യായത്തിന്റെയും സജീവ മാതൃകകളാവുകയും വേണം. നീതിയിൽനിന്നുള്ള വ്യതിചലനം ദൈവഭക്തിയിൽ നിന്നുള്ള വ്യതിചലനമാണ്.

---

9. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവർക്ക് പാപവിമുക്തിയും മഹത്തായ പ്രതിഫലവും ഉണ്ട്.

10. എന്നാൽ അവിശ്വസിക്കുകയും നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുകയും ചെയ്തവരോ, അവർ നരകാവകാശികളാകുന്നു.

11. അല്ലയോ വിശ്വസിച്ചവരേ, അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹമോർക്കുവിൻ. ഒരു ജനത നിങ്ങൾക്കെതിരെ അവരുടെ കൈകൾ നീട്ടുവാൻ മുതിർന്നപ്പോൾ; നിങ്ങളിൽനിന്ന് അവരുടെ കൈകളെ അവൻ തടഞ്ഞു. അതിനാൽ അല്ലാഹുവോട് ഭക്തിയുള്ളവരാകുക. സത്യവിശ്വാസികൾ അല്ലാഹുവിൽ മാത്രം ഭരമേൽപിക്കട്ടെ.

---

11: ഈ സൂക്തത്തിന്റെ അവതരണവുമായി ബന്ധപ്പെട്ട് പല സംഭവങ്ങളും ഉദ്ധരിക്കപ്പെടുന്നുണ്ട്.

മദീനയിലെ തന്റെ സഖ്യകക്ഷിയായ ബനുന്നദീർ എന്ന യഹൂദ ഗോത്രത്തെ നബി(സ)തിരുമേനി ഒരിക്കൽ സന്ദർശിക്കുകയുണ്ടായി. അബൂബക്ർ, ഉമർ, അലി തുടങ്ങിയ പ്രമുഖശിഷ്യന്മാരും കൂടെയുണ്ടായിരുന്നു. വലിയ ഒരു ഭിത്തിക്കു കീഴെ തിരുമേനിയെയും ശിഷ്യന്മാരെയും അവർ സ്വീകരിച്ച് ഇരുത്തി. ഹുയയ്യുബ്നു അഖ്ത്വബ് എന്ന യഹൂദന്റെ നേതൃത്വത്തിൽ നദീർ ഗോത്രം തിരുമേനിയെ വധിക്കാൻ പ്ലാനിടുകയും ചെയ്തിരുന്നു. ഭിത്തിക്ക് മുകളിൽനിന്ന് ഒരു പാറ തള്ളിയിട്ട് അവരെ കൊല്ലാനായിരുന്നു അവരുടെ പരിപാടി. പക്ഷേ, തക്ക സമയത്ത് അവരുടെ ഗൂഢതന്ത്രം അല്ലാഹു തിരുമേനിയെ അറിയിച്ചതിനാൽ അവർ ഉടനെ സ്ഥലം വിടുകയാണുണ്ടായത്.

ഒരു യാത്രയിൽ മുഹാരിബ് ഗോത്രത്തിന്റെ പ്രദേശത്തുകൂടെ കടന്നു പോവുകയായിരുന്ന പ്രവാചകൻ (സ)അവിടെ ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്നു. മുഹാരിബ് ഗോത്രക്കാരനായ ഗൗറസുബ്നു ഹാരിസ് എന്ന ഒരാൾ ഈ തക്കം നോക്കി വന്നു നബി(സ)യുടെ വാളെടുത്തു. പ്രവാചകന്റെ നേരെ വാൾ ഓങ്ങിക്കൊണ്ട് ചോദിച്ചു: ''മുഹമ്മദേ ഇപ്പോൾ നിന്നെ ആരാണ് രക്ഷിക്കുക?''. നബി(സ) പറഞ്ഞു: ''അല്ലാഹു''. അയാൾ സ്തംഭിച്ചുപോയി. ഗൗറസിന്റെ കൈയിൽനിന്ന് വാൾ താഴെ വീണു. തിരുമേനി വാളെടുത്ത് അതേ ചോദ്യം അയാളോട് ചോദിച്ചു. 'ആരുമില്ല' അയാൾ മറുപടി പറഞ്ഞു. നടപടിയൊന്നും എടുക്കാതെ തിരുമേനി അയാളെ വിട്ടയച്ചു.

ഒരിക്കൽ നബി(സ)യെയും പ്രധാന ശിഷ്യന്മാരെയും യഹൂദർ ഒരു വിരുന്നിന് ക്ഷണിച്ചു. ഭക്ഷണത്തിൽ വിഷം കലർത്തി അവരെ കൊലപ്പെടുത്താനായിരുന്നു പരിപാടി. അവരുടെ ഗൂഢതന്ത്രം തക്ക സമയത്ത് തിരുമേനിക്ക് അല്ലാഹു അറിയിച്ചതിനാൽ അവർ ആ സൽക്കാരത്തിൽ പങ്കെടുക്കുകയുണ്ടായില്ല.

ഈ സംഭവങ്ങളിൽ ഏതെങ്കിലുമായിരിക്കാം അല്ലാഹു സത്യവിശ്വാസികൾക്ക് ചെയ്ത അനുഗ്രഹങ്ങൾ എന്ന് ഇവിടെ ഉദ്ദേശിക്കുന്നത്.

---

12. അല്ലാഹു ഇസ്രായേൽ സന്തതികളോട് കരാർ വാങ്ങിയിട്ടുണ്ടായിരുന്നു. അവരിൽ പന്ത്രണ്ടു പേരെ മുഖ്യന്മാരായി നിയോഗിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു:തീർച്ചയായും ഞാൻ നിങ്ങ

ളോടൊപ്പമുണ്ട്. നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്തു നൽകുകയും എൻെറ ദൂതന്മാരിൽ വിശ്വസിക്കുകയും അവരെ സഹായിക്കുകയും അല്ലാഹുവിന് വിശിഷ്ടമായ കടം നൽകുകയുമാണെങ്കിൽ, ഞാൻ നിങ്ങളുടെ തിന്മകളെ മായ്ച്ചുകളയുകയും, നിങ്ങളെ താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതുമാകുന്നു. എന്നാൽ അതിനുശേഷം നിങ്ങളിൽ നിന്ന് ആരെങ്കിലും നിഷേധികളാവുകയാണെങ്കിൽ അവൻ സന്മാർഗത്തിൽ നിന്ന് തെറ്റിപ്പോയതുതന്നെ.

12: ഇസ്രായീൽ സന്തതികൾ പന്ത്രണ്ട് ഗോത്രങ്ങളായിരുന്നു. ഓരോ ഗോത്രത്തിൻെറയും മതപരവും സദാ ചാരപരവുമായ സ്ഥിതിഗതികൾ ശ്രദ്ധിക്കാനായി അല്ലാഹുവിൻെറ നിർദേശപ്രകാരം മൂസാനബി (അ) പന്ത്രണ്ട് നായകന്മാരെ നിശ്ചയിക്കുകയുണ്ടായി.
ദൈവമാർഗത്തിൽ ധനം ചെലവ് ചെയ്യുന്നതിനെയാണ് അല്ലാഹുവിന് വിശിഷ്ടമായ കടം നൽകുക എന്ന് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ധനം ന്യായമാർഗേണ സമ്പാദിച്ചതും ആത്മാർഥതയോടും സദുദ്ദേശ്യത്തോടെയും ചെലവഴിക്കുന്നതുമായിരിക്കണം. എങ്കിൽ അനേകമിരട്ടി ലാഭത്തോടെ അല്ലാഹു അത് തിരിച്ചുനൽകുന്നതാണ്.

13. പിന്നീട് അവരുടെ കരാർ ലംഘനം കാരണമായി നാം അവരെ ശപിക്കുകയും അവരുടെ മനസ്സുകളെ കടുപ്പിക്കുകയും ചെയ്തു. വേദവാക്യങ്ങളെ അവയുടെസ്ഥാനങ്ങളിൽനിന്ന് അവർ വളച്ചൊടിക്കുന്നു.അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ ഒരു ഭാഗം അവർ മറന്നു കളയുകയും ചെയ്തു. (വരുംനാളിൽ) അവരിൽ അൽപം ചിലരൊഴിച്ച് ചെയ്ത വഞ്ചനകൾ ഓരോന്നായി നീ അറിഞ്ഞുകൊണ്ടേയിരിക്കും.നീ അവരോടു ക്ഷമിക്കുക.അവരോടു വിട്ടു വീഴ്ച കാണിക്കുക. തീർച്ചയായും നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

14. ഞങ്ങൾ നസ്രായർ(ക്രിസ്ത്യാനികൾ) ആകുന്നു എന്ന് പറയുന്നവരോടും (ഇതേ വിധം) നാം കരാർ വാങ്ങിയിരുന്നു. പക്ഷേ,അവർക്കു നൽകിയ ഉൽബോധനത്തിൻെറ വലിയൊരു ഭാഗം അവരും മറന്നുകളഞ്ഞു. തന്മൂലം അന്ത്യനാൾ വരേക്കും ശത്രുതയും പകയും അവർക്കിട യിൽ നാം ഇളക്കിവിട്ടു. അവർ നിർമിച്ചുകൊണ്ടിരുന്നതിനെപ്പറ്റിയെല്ലാം അല്ലാഹു പിന്നീട വരെ അറിയിക്കുന്നതാണ്.

14: വിശുദ്ധ ഖുർആൻ യേശുവിൻെറ അനുയായികളെ നസാറകളോ അൻസാറുകളോ (ദൈവ സഹായി കൾ) ആയാണ് വിളിക്കുന്നത്. അവരുടെ ശത്രുക്കൾ അവരെ നിന്ദിച്ചുകൊണ്ട് ചിലപ്പോൾ 'ഗലീല ക്കാർ' എന്നും, യേശുവിൻെറ സ്വദേശം നസറേത്ത് ആയിരുന്നതിനാൽ ചിലപ്പോൾ നസ്രായ മതക്കാർ' എന്നും വിളിച്ചിരുന്നതായി ബൈബിളിൽ കാണാം (ലൂക്കോസ് 13:3, അപ്പൊ.പ്രവൃത്തികൾ 24:5 കാണുക.)
ഈസാ(അ) തൻെറ അനുയായികളെ ഈസായീ എന്നോ മസീഹി എന്നോ വിളിച്ചിട്ടില്ല. ഇപ്പോൾ വിളി ച്ചുവരുന്ന ക്രിസ്ത്യാനികൾ എന്ന നാമം യേശുവിൻെറ എതിരാളികൾ പരഹാസദ്യോതകമായി നൽകിയ തായിരുന്നു. ശത്രുക്കൾ അവരെ ക്രിസ്തുവിലേക്ക് ചേർത്തി ക്രിസ്ത്യാനികളെന്ന് വിളിക്കുന്നെങ്കിൽ അതിൽ ലജ്ജിക്കേണ്ട കാര്യമില്ലെന്ന് അവരുടെ നേതാക്കളും പറഞ്ഞിരുന്നു. (ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹി ക്കേണ്ടി വന്നാലോ ലജ്ജിക്കരുത്. 1.,പത്രോസ് 4:16)
ഈസാ നബി(അ) മുഖേന അല്ലാഹു നൽകിയ പ്രതിജ്ഞയുടെ സാരാംശങ്ങളെല്ലം അവർ മറന്നു. മൂസാ (അ)യും മറ്റു പ്രവാചകന്മാരും കൊണ്ടുവന്ന അതേ സത്യമതത്തിലേക്കുതന്നെയായിരുന്നു യേശു പ്രബോ ധനം ചെയ്തിരുന്നത്. മൂസാനബി(അ)യുടെ ന്യായപ്രമാണം അദ്ദേഹം അംഗീകരിക്കുകയും ചെയ്തിരുന്നു. യേശു യഹൂദരൊന്നിച്ച് ദേവാലയത്തിൽ ആരാധനാ കർമ്മങ്ങൾ നിർവഹിച്ചിരുന്നു. ഇസ്രായീൽ സമു ദായത്തിൽ നിന്ന് വേറിട്ട് അദ്ദേഹം സ്വന്തമായി ഒരു സംഘടന രൂപീകരിക്കുകയോ തൻെറ പേരിൽ ഒരു പുതിയ മതം സ്ഥാപിക്കുകയോ തൻെറ ശിഷ്യന്മാർക്ക് ഒരു സവിശേഷ നാമം സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

എന്നാൽ സെൻറ്പോളിൻെറ(പൗലോസ്) ആഗമനത്തോടെ യേശുശിഷ്യന്മാർ യേശുവിൻെറ ഉപദേശങ്ങളിൽനിന്ന് അകന്നു. പിന്നീടവർ പൗലോസ് പ്രചരിപ്പിച്ച ആശയങ്ങളുടെ വക്താക്കളായി മാറി. ഏക ദൈവ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചു. ഏകദൈവത്വം ത്രിയേകത്വമായി മാറ്റപ്പെട്ടു. പൗലോസ് അനുഷ്ഠാന ബാധ്യതകൾ അവസാനിപ്പിച്ചു. യേശുവിലുള്ള വിശ്വാസം തന്നെ മോക്ഷത്തിനുള്ള നിദാനമെന്ന് പ്രഖ്യാപിച്ചു.

ആദ്യകാലങ്ങളിൽ എഴുപതോളം സുവിശേഷങ്ങൾ നിലവിലുണ്ടായിരുന്നു. പലരും അവരവർക്ക് താൽപര്യമുള്ളതൊക്കെ വേദങ്ങളിൽ കൂട്ടിച്ചേർത്തു. തൽഫലമായി വേദപുസ്തകങ്ങളും അതിൻെറ വാഹകരും പല വിഭാഗങ്ങളായി പിരിയുകയും പരസ്പരം കടുത്ത ശത്രുക്കളായിത്തീരുകയും ചെയ്തു. പരസ്പര വിരുദ്ധമായ സിദ്ധാന്തങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും അടിസ്ഥാനത്തിൽ നൂറുകണക്കിൽ കക്ഷികൾ അവരിൽ നിലവിൽ വന്നു. പ്രധാന കക്ഷികൾക്കെല്ലാം പള്ളിയും സഭയും മതാധ്യക്ഷന്മാരും വേറെ വേറെയായി. കക്ഷികൾ പരസ്പരം വിവാഹം കഴിക്കുകയോ, ആരാധനകളിൽ പങ്കു ചേരുകയോ ചെയ്യുന്നില്ല. ഓരോ കക്ഷിയും മറ്റു കക്ഷിക്കാരെ അവിശ്വാസികളായി കണക്കാക്കുകയും ചെയ്യുന്നു.

അല്ലാഹുമായുള്ള കരാർ ലംഘിച്ചതിൻെറ പേരിൽ അല്ലാഹുവിൻെറ അനുഗ്രഹങ്ങളിൽ നിന്ന് അവർ അകറ്റപ്പെട്ടു. കരാർ ലംഘനത്തിൻെറയും ധർമനിഷേധത്തിൻെറയും സ്വാഭാവിക ഫലമായി അവരുടെ മന സ്സുകൾ കടുത്തുപോവുകയും അവർ പരസ്പരം ശത്രുക്കളായിത്തീരുകയും ചെയ്തു. അന്ത്യനാൾ വരെ നീണ്ടു നിൽക്കുന്ന ശത്രുതയും വിദ്വേഷവും അവരിൽ ഉണ്ടായിത്തീർന്നു. വിവിധ വിഭാഗങ്ങൾ തമ്മിൽ അനുരഞ്ജനം അസാധ്യമായിത്തീരുമാറ് അവർ പരസ്പരം അകന്നിരിക്കുന്നു എന്നാണ് ഖുർആൻ പ്രസ്താ വിക്കുന്നത്.

വേദപ്രമാണങ്ങളെ അവഗണിച്ചിരുന്നതും ദുർവ്യാഖ്യാനം ചെയ്തിരുന്നതും പലവിധ തത്ത്വശാസ്ത്രങ്ങൾ നിർ മിച്ചിരുന്നതും കടുത്ത ദൈവനിന്ദയും ഭീമാബന്ധങ്ങളുമായിരുന്നുവെന്ന് അല്ലാഹു അവർക്ക് ബോധ്യ പ്പെടുത്തിക്കൊടുക്കുന്ന ഒരു ദിനം വരുന്നുണ്ട്. അതിൻെറ അനന്തര ഫലം അതി ദാരുണമായിരിക്കുമെ ന്ന് ഈ ഖുർആൻ വാക്യം അവരെ താക്കീതു ചെയ്യുന്നു.

പിൽക്കാല പ്രവാചകന്മാരെ അംഗീകരിക്കുകയും പിന്തുടരുകയും ചെയ്യുകൊള്ളാം എന്നത് അല്ലാഹുവിനോടുള്ള പ്രതിജ്ഞകളിൽ പ്രധാനമാകുന്നു. (യോഹന്നാൻ 16:7-15 വരെയുള്ള ബൈബിൾ വാക്യങ്ങൾ ശ്രദ്ധിക്കുക). എന്നാൽ യേശുവിൻെറ യഥാർഥ സന്ദേശത്തെ നിവർത്തിക്കാൻ ആഗതനായ മുഹമ്മദ് നബി(സ)യെ അന്തിക്രിസ്തുവാക്കി തള്ളിക്കളയുകയാണ് അവർ ചെയ്തത്.

അന്ത്യപ്രവാചകൻെറ ആഗമനം യഥാർഥത്തിൽ പൂർവവേദക്കാർക്ക് അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്ന മഹ ത്തായ അനുഗ്രഹമാണ്. ഈ പ്രവാചകനെയും വിശുദ്ധ ഖുർആനെയും തള്ളികളയുകയാണെങ്കിൽ അതവ രുടെ ദാരുണമായ ദൗർഭാഗ്യമായിരിക്കും.

---

15. അല്ലയോ വേദക്കാരെ, നിങ്ങളിലേക്കിതാ നമ്മുടെ ദൂതൻ ആഗതനായിരിക്കുന്നു. വേദത്തിൽ നിന്ന് നിങ്ങൾ പൂഴ്ത്തിവച്ചിരുന്ന ധാരാളം കാര്യങ്ങൾ അവൻ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരികരികയും വളരെ കാര്യങ്ങൾ നിങ്ങൾക്ക് വിട്ടൊഴിവാക്കുകയും ചെയ്യുന്നു. നിങ്ങൾക്കിതാ അല്ലാഹുവിങ്കൽനിന്നുള്ള വെളിച്ചവും സുവ്യക്തമായ വേദവും വന്നെത്തിയിരിക്കുന്നു.

---

15:പൂർവവേദങ്ങളിൽ അവയുടെ വാഹകർ വരുത്തിയ ഭേദഗതികളും, ജനങ്ങൾക്ക് വിവരിച്ചുകൊടുക്കാതെ പണ്ഡിതന്മാർ പൂഴ്ത്തിവെച്ച വേദസത്യങ്ങളും, അബദ്ധ വീക്ഷണങ്ങളും ധാരണകളും ചെയ്തികളും അന്ത്യപ്രവാചകൻ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുന്നു. വേദക്കർ രഹസ്യമാക്കിവെച്ചിരുന്ന കാര്യങ്ങൾ മുഴുവനും നബി(സ)തുറന്നു കാട്ടുകയുണ്ടായില്ല.സന്ദർഭവും ആവശ്യവും അനുസരിച്ചു മാത്രമേ വ്യക്തമാക്കിയിട്ടുള്ള. മറ്റുള്ളവയെ സംബന്ധിച്ച് മൗനമവലംബിക്കുകയാണ് ചെയ്തിട്ടുള്ളത്.

വേദലംഘനത്തിൻെറയും ദുരാചാരങ്ങളുടെയും അന്ധകാരത്തിലായിരുന്ന നിങ്ങൾക്ക് അല്ലാഹുവിങ്കൽനിന്നുള്ള വെളിച്ചം വന്നെത്തിയിരിക്കുന്നു. ഈ വേദം അനുശാസിക്കുന്ന ഏകദൈവത്വത്തെ ത്രിത്വമാക്കി മാറ്റാനാവില്ല. അതുദ്ഘോഷിക്കുന്ന മാനുഷിക സമത്വത്തെ വർണവിവേചനമാക്കി വ്യാഖ്യാനിക്കാനാവി

ല്ല. ഇതിലെ സൂക്തങ്ങൾ മനസ്സിലെ ഇരുട്ടുകളെ തുടച്ചു നീക്കുന്നു. ഇതിലെ വിധിവിലക്കുകൾ ഖണ്ഡിതവും അവ്യക്തതകളില്ലാത്തതുമാണ്. ഈ വേദം ശരിയായ പാത നിർണയിച്ചുതരുന്നു.

16. അതുവഴി അല്ലാഹു അവൻെറ പ്രീതി തേടുന്നവർക്ക് രക്ഷാസരണി കാണിച്ചുകൊടുക്കുകയും അവൻെറ ഹിതത്താൽ അവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേർമാർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

16: മുൻധാരണകളും പക്ഷപാതിത്തങ്ങളും മാറ്റിവെച്ച് ഈ പ്രകാശത്തിലേക്ക് കണ്ണു തുറക്കുവിൻ. ഇത് നിങ്ങൾ അകപ്പെട്ടിട്ടുള്ള ശത്രുതയിൽ നിന്നും വിദ്വേഷങ്ങളിൽനിന്നും തർക്കങ്ങളിൽ നിന്നും നിങ്ങളെ മോചിപ്പിച്ച് ദൈവിക സന്മാർഗത്തിലേക്ക് നയിക്കുന്നതാണ്. ദൈവപ്രീതി ആഗ്രഹിച്ചുകൊണ്ട് ഈ വേദത്തിൽ വിശ്വസിക്കുവിൻ. അജ്ഞതയുടെ അന്ധകാരങ്ങളിൽനിന്ന് സത്യജ്ഞാനമാകുന്ന പ്രകാശത്തിലേക്ക് അത് നിങ്ങളെ മോചിപ്പിക്കുന്നതാണ്.

17. മർയമിൻെറ മകൻ മസീഹ് ദൈവം തന്നെ എന്നു പറഞ്ഞവർ തീർച്ചയായും സത്യനിഷേധികളായിരിക്കുന്നു. ചോദിക്കുക: അല്ലാഹു മർയമിൻെറ മകൻ മസീഹിനെയും അവൻെറ മാതാവിനെയും ഭൂമിയിലുള്ളവരെയൊക്കെയും നശിപ്പിക്കാൻ തീരുമാനിച്ചാൽ അവൻെറ ആ നടപടിയിൽ നിന്ന് വല്ല രക്ഷയും നൽകാൻ കഴിവുള്ളവരാരുണ്ട്? ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളവയുടെയുമെല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനാണ്.

17:ആദിയിൽ വചനമുണ്ടായിരുന്നു;വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു. (യോഹന്നാൻ 1:1)

ഫിലിപ്പോസ് അവനോട്: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം; എന്നാൽ ഞങ്ങൾക്കുമതി. എന്നു പറഞ്ഞു. യേശു അവനോടു പറഞ്ഞു: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. (യോഹന്നാൻ 14:8)

..എന്തുകൊണ്ടെന്നാൽ സ്വർഗത്തിൽ സാക്ഷ്യപ്പെടുത്തുന്നവർ മൂന്നുപേർ പിതാവു, വചനം, പരിശുദ്ധാത്മാവു ഈ മുവരും ഒന്നാകുന്നു.(യോഹന്നാൻ ഒന്നാം ലേഖനം 5-7)

ബൈബിളിലെ ഈ വചനങ്ങളാണ് യേശു ദൈവമായിരുന്നു എന്ന് സ്ഥാപിക്കാൻ സഭാ പ്രതിനിധികൾ സാധാരണ ഉദ്ധരിക്കാറുള്ള തെളിവുകൾ. വാസ്തവത്തിൽ താൻ ദൈവമാണെന്ന് യേശു ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. അങ്ങനെ അവകാശപ്പെട്ടതായി ബൈബിൾ പറയുന്നുമില്ല. എന്നാൽ എല്ലാ മഹത്വങ്ങളും പദവിയും പിതാവായ ദൈവത്തിന്േറത് മാത്രമാണെന്നർഥം വരുന്ന 320-ഓളം വാക്യങ്ങൾ ബൈബിളിലുണ്ട്. 20 സ്ഥലങ്ങളിൽ ദൈവത്തെ 'യേശുവിൻെറ ദൈവം' എന്ന് വിളിച്ചിരിക്കുന്നു. യേശുവിനെ ദൈവമാക്കിയപ്പോൾ ഏകദൈവത്വത്തെക്കുറിച്ച് വ്യക്തമാക്കുന്ന ബൈബിൾ വചനങ്ങൾ അവർക്ക് തള്ളിക്കളയേണ്ടി വന്നു. ഈ പ്രശ്നത്തിൽ നിന്ന് രക്ഷപ്പെടാൻ ബൈബിളിലെ 'പിതാവ്' എന്ന പദത്തെ പിടികൂടി യേശുവിനെ ദൈവപുത്രനാക്കുകയായിരുന്നു. തങ്ങളുടെ വാദം സ്ഥാപിക്കാൻ ഓരോ സഭയിലേയും പ്രതിനിധികൾ പല തത്ത്വശാസ്ത്രങ്ങളും ന്യായങ്ങളും നിർമിച്ചിട്ടുണ്ടെങ്കിലും സാധാരണ വിശ്വാസികൾക്ക് യേശു ദൈവവും(കർത്താവ്) ദൈവപുത്രനുമാണ്.

യേശുവിൻെറ യാഥാർഥ്യം ക്രൈസ്തവപണ്ഡിതന്മാർക്ക് ഇന്നും ഒരു സമസ്യയാണ്. ആദ്യകാലത്ത് യേശുവിൻെറ വ്യക്തിത്വത്തെ മനുഷ്യത്വത്തിൻെറയും ദിവ്യത്വത്തിൻെറയും ഒരു സമ്മിശ്രമാക്കിയതാണ് അവർക്ക് പിണഞ്ഞ അബദ്ധം.

പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവത്തിൻെറ ഏകത്വത്തെക്കുറിച്ചും യേശുവിൻെറ മാനുഷികാവസ്ഥയെക്കുറിച്ചും പ്രവാചകത്വത്തെക്കുറിച്ചും വിശദമാക്കുന്ന ധാരാളം വാക്യങ്ങൾ ഉണ്ടായിട്ടുകൂടി സഭാ മേലധ്യക്ഷന്മാർ ചില അവ്യക്തമായ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ദൈവത്തെ മൂന്നായി പങ്കുവെച്ചിരിക്കുകയാണ്. സാധാരണ ക്രിസ്ത്യാനികൾ അത് വിശ്വസിക്കുകയും ചെയ്യുന്നു.

ഈ വിശ്വാസങ്ങളും സിദ്ധാന്തങ്ങളുമെല്ലാം കേവലം മിഥ്യയാണെന്ന് ഖുർആൻ പറയുന്നു. യേശു ദൈവമല്ല. ദൈവപുത്രനുമല്ല. അദ്ദേഹം മനുഷ്യനും മർയം എന്ന സ്ത്രീയുടെ പുത്രനും മഹാനായ ഒരു പ്രവാചകനുമായിരുന്നു.

---

18. യഹൂദരും ക്രിസ്ത്യാനികളും പറയുന്നു: ഞങ്ങൾ ദൈവത്തിൻെറ പുത്രന്മാരും അവനു പ്രിയപ്പെട്ടവരുമാകുന്നു. അവരോടു ചോദിക്കുക: എങ്കിൽ പിന്നെ നിങ്ങളുടെ പാപങ്ങളുടെ പേരിൽ അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്തിന്? അങ്ങനെയല്ല, നിങ്ങളും അവൻെറ സൃഷ്ടികളിൽപെട്ട മനുഷ്യർ മാത്രമാണ്. അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു. അവനുദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളവയുടെയുമെല്ലാം ഉടമ അല്ലാഹുവാണ്. അവങ്കലേക്കുതന്നെയാണ് മടക്കം.

---

18:തങ്ങൾ ദൈവത്തിൻെറ മക്കളും പ്രിയപ്പെട്ടവരുമാകുന്നു. ഞങ്ങൾ പാപം ചെയ്താലും അവൻ ഞങ്ങൾക്ക് പൊറുത്തുതരും എന്നാണ് വേദക്കാരുടെ വാദം. എന്നാൽ ഈ ലോകത്തുവെച്ചുതന്നെ പലപരീക്ഷണങ്ങൾക്കും ശിക്ഷകൾക്കും അവർ പാത്രമായിട്ടുണ്ട് താനും. യഹൂദരുടെ വിശ്വാസപ്രകാരം അവർ ശിക്ഷിക്കപ്പെട്ടാൽ തന്നെ അത് ഏതാനും നാളത്തേക്ക് മാത്രമായിരിക്കും(2:80).ക്രൈസ്തവരുടെ വിശ്വാസപ്രകാരം യേശുവിൻെറ കുരിശുമരണത്തിലൂടെ അവരുടെ പാപങ്ങളെല്ലാം പരിഹരിക്കപ്പെട്ടിരിക്കുന്നു. എങ്കിൽ ദൈവം തൻെറ ഇഷ്ട പുത്രന്മാരെ ശിക്ഷിച്ചുകൊണ്ടിരിക്കുന്നതെങ്ങനെയാണ്? ജന്മനാ സ്വർഗാവകാശിയോ തനിക്ക് പ്രിയപ്പെട്ടവനോ ആയി ദൈവം ആരെയും സൃഷ്ടിച്ചിട്ടില്ല. മനുഷ്യൻ തൻെറ വിശ്വാസത്തിലൂടെയും കർമ്മത്തിലൂടെയും നേടിയെടുക്കേണ്ട ഗുണങ്ങളാണ് അതെല്ലാം. ദൈവത്തിൻെറ ഉറ്റവരും പ്രിയപ്പെട്ടവരുമാണെന്ന വേദക്കാരുടെ അവകാശവാദം കേവലം നിരർഥകമാകുന്നു.

---

19. അല്ലയോ വേദവാഹകരേ, ദൈവദൂതന്മാരുടെ(ആഗമനം ഇല്ലാതിരുന്ന) ഇടക്കാലത്തിനുശേഷം നിങ്ങൾക്ക് കാര്യങ്ങൾ വിശദീകരിച്ചു തന്നുകൊണ്ട് നമ്മുടെ ദൂതൻ ഇതാ നിങ്ങളിൽ വന്നിരിക്കുന്നു. ഞങ്ങളിൽ ഒരു ശുഭവാർത്ത അറിയിക്കുന്നവനോ താക്കീതുകാരനോ വന്നില്ല എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണിത്. ആ സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പുകാരനും ഇപ്പോൾ തീർച്ചയായും നിങ്ങളിൽ വന്നെത്തിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനത്രെ.

---

19: യേശുവിനുശേഷം അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ)യല്ലാതെ മറ്റൊരു പ്രവാചകനും ഉണ്ടായിട്ടില്ല. ഏതാണ്ട് 600 വർഷത്തെ ഇടവേളക്കു ശേഷം സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പുകാരനുമായി അന്ത്യപ്രവാചകൻ നിങ്ങളിൽ ആഗതനായിരിക്കുന്നു. ഇനി നിങ്ങൾ ദുർമാർഗത്തിൽ ചരിക്കുന്നതിന് ഒരു ന്യായവും അവശേഷിക്കുന്നില്ല. അദ്ദേഹത്തെ നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ, ഓർത്തുകൊള്ളുക, അല്ലാഹു സർവശക്തനാണ്

---

20. മൂസാ തൻെറ ജനതയോട് പറഞ്ഞ സന്ദർഭം: എൻെറ ജനമേ,അല്ലാഹു നിങ്ങൾക്കേകിയ അനുഗ്രഹങ്ങൾ ഓർക്കുക. അവൻ നിങ്ങളിൽ പ്രവാചകന്മാരെ നിയോഗിച്ചു.നിങ്ങളെ രാജാക്കന്മാരാക്കി.ലോകരിൽ മറ്റാർക്കും നൽകിയിട്ടില്ലാത്തത് നിങ്ങൾക്ക് നൽകുകയും ചെയ്തു.

21. എൻെറ സമുദായമേ, അല്ലാഹു നിങ്ങൾക്ക് വിധിച്ചിട്ടുള്ള ഈ അനുഗ്രഹീതദേശത്തു പ്രവേശിക്കുവിൻ. പിറകോട്ട് തിരിച്ചുപോകരുത്. എങ്കിൽ നിങ്ങൾ നഷ്ടക്കാരായി മാറും.

---

21: ഫലസ്ത്വീനാണ് ഉദ്ദേശ്യം. ഇബ്റാഹീം(അ) സ്വദേശമായ ഇറാഖ് വിട്ടശേഷം കുടുംബത്തെ പാർപ്പിച്ചിരുന്നത് അവിടെയായിരുന്നു.അവിടെവെച്ചാണ് അദ്ദേഹം കാലഗതി പ്രാപിച്ചതും. ഇസ്ഹാഖ്(അ), യഅ്ഖൂബ്(അ) എന്നീ പ്രവാചക ശ്രേഷ്ഠരുടെയും വാസസ്ഥലമായിരുന്നു ഫലസ്ത്വീൻ. യൂസുഫ് നബി(അ) ഈജിപ്തിൽ ഭരണം നടത്തിയിരുന്ന കാലത്ത് അദ്ദേഹത്തിൻെറ പിതാവും ഇബ്റാഹീം നബി

(അ)യുടെ പൗത്രനുമായ യഅ്ഖൂബ് നബി(അ)യും കുടുംബവും ഫലസ്തീൻ വിട്ട് ഈജിപ്തിലേക്ക് കുടിയേറി താമസിക്കുകയുണ്ടായി. ഏകദേശം 400 വർഷങ്ങൾക്കുശേഷം ഇസ്രായേല്യരും മൂസാനബി (അ)യും ഈജിപ്ത് വിട്ട് ചെങ്കടൽ കടന്ന് സിനായ് മരുഭൂമിയിൽ എത്തി. അവരുടെ പിതൃദേശമായ ഫലസ്തീൻ പ്രദേശം അവർക്ക് കുടിയിരിക്കുവാനായി ലഭിക്കുമെന്ന് അല്ലാഹുവിൻെറ വാഗ്ദാനമുണ്ടായിരുന്നു. തദ്ദേശീയരെ ജയിച്ചടക്കി അവിടെ കുടിയേറാനായിനുന്നു ദൈവകൽപന.

---

22. അവർ പറഞ്ഞു: അല്ലയോ മൂസാ, അതിപ്രബലരായ ജനമാണ് അവിടെയുള്ളത്. അവർ അവിടെനിന്ന് പുറത്തു പോകാതെ ഞങ്ങൾ അങ്ങോട്ട് കടക്കുകയില്ലതന്നെ.അവർ അവിടെ നിന്ന് പോവുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ പ്രവേശിച്ചുകൊള്ളാം.

23. (അല്ലാഹുവിനെ) ഭയപ്പെടുന്നവരിൽപെട്ട രണ്ടു പുരുഷന്മാർ പറഞ്ഞു -ഇരുവരെയും അല്ലാഹു അനുഗ്രഹിച്ചിരുന്നു-നിങ്ങൾ അവരുടെ നേരെ കവാടം കടന്നുചെല്ലുവിൻ. അങ്ങനെ നിങ്ങൾ പ്രവേശിച്ചാൽ തീർച്ചയായും നിങ്ങളാണ് വിജയികളാവുക. നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹുവിൽ ഭരമേൽപിക്കുക.

---

22,23: ഇസ്രായീല്യർ ഈജിപ്ത് വിട്ട് ഏകദേശം രണ്ടുകൊല്ലം കഴിഞ്ഞശേഷം സീനാ മരുഭൂമിയിൽ താവളമടിച്ച സന്ദർഭത്തിൽ മൂസാ നബി(അ) ചെയ്തതാണീ പ്രഭാഷണം.ഈ കഥയുടെ വിശദാംശം ബൈബിളിൽ വന്നിട്ടുണ്ട്. ഇസ്രാഈല്യരുടെ മാനസികമായ അധമത്വവും ഭീരുത്വവും അനുസരണക്കേടും ബൈബിൾ വിവരണത്തിൽനിന്ന് മനസ്സിലാക്കാം.

സംഖ്യാപുസ്തകം 13-ൽ വന്നിട്ടുള്ളതിൻെറ ചുരുക്കം:മൂസാ നബി(അ) യഹോവയുടെ കൽപനപ്രകാരം കാനാൻ (ഫലസ്തീൻ) ദേശത്തിലെ സ്ഥിതിഗതികൾ ഒറ്റുനോക്കുന്നതിനായി ഓരോ ഗോത്രത്തിൽനിന്നും ഓരോ ആളെ വീതം 12 പ്രഭുക്കന്മാരെ തെരഞ്ഞെടുത്ത് പാരാൻ മരുഭൂമിയിൽനിന്ന് അങ്ങോട്ട് അയച്ചു. നിങ്ങൾ ധൈര്യപ്പെട്ടു ദേശത്തിലെ ഫലങ്ങൾ കൊണ്ടുവരുവിൻ എന്നും പറഞ്ഞിരുന്നു. അവർ 40 ദിവസംകൊണ്ടു ദേശം ഒറ്റുനോക്കിക്കഴിഞ്ഞു മടങ്ങിവന്നു. പാറാൻ മരുഭൂമിയിലെ കാദേശിൽ യിസ്രയേൽ മക്കളുടെ സർവസഭയുടെ അടുക്കൽ വന്നു വർത്തമാനം അറിയിച്ചു. ദേശത്തിലെ ഫലങ്ങളും അവരെ കാണിച്ചു. മൂസാ നബി(അ)യോട് അവർ പറഞ്ഞു: നീ പറഞ്ഞ ദേശത്തേക്കു ഞങ്ങൾ പോയി; അതു പാലും തേനും ഒഴുകുന്ന ദേശംതന്നെ; അതിലെ ഫലങ്ങൾ ഇതാ. എങ്കിലും ദേശത്തു പാർക്കുന്നവർ ബലവന്മാരും, പട്ടണങ്ങൾ ഏറ്റവും ഉറപ്പും വലിപ്പവും ഉള്ളവയും ആകുന്നു.. കാലേബ് പറഞ്ഞു: നാം ചെന്ന് അത് കൈവശമാക്കുക. അതു ജയിപ്പാൻ നമുക്ക് കഴിയും.. എങ്കിലും അവനോടു കൂടെ പോയിരുന്ന പുരുഷന്മാർ: ആ ജനത്തിൻെറ നേരെ ചെല്ലുവാൻ നമുക്ക് കഴിയില്ല; അവർ നമ്മിലും ബലവാന്മാർ ആകുന്നു എന്ന് പറഞ്ഞു. ഞങ്ങൾ സഞ്ചരിച്ചു ഒറ്റു നോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശം ആകുന്നു. അവിടെ ഞങ്ങൾ കണ്ട ജനം ഒക്കെയും അതികായകന്മാർ; അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തതികളായ അനാക്യമല്ലന്മാരെയും കണ്ടു.ഞങ്ങൾക്കു തന്നേ ഞങ്ങൾ വെട്ടുകിളികളെപ്പോലെ തോന്നി. അവരുടെ കാഴ്ചക്കും ഞങ്ങൾ അങ്ങനെത്തന്നെയായിരുന്നു.

അപ്പോൾ സഭയൊക്കെയും ഉറക്കെ നിലവിളിച്ചു. ജനങ്ങൾ ആ രാത്രി മുഴുവനും കരഞ്ഞു. യിസ്രയേൽ മക്കൾ എല്ലാവരും മോശെക്കും അഹരോന്നും വിരോധമായി പിറുപിറുത്തു.സഭയൊക്കെയും അവരോടു: മിസ്രയീം ദേശത്തുവെച്ചു ഞങ്ങൾ മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളാമായിരുന്നു. വാളാൽ വീഴേണ്ടതിനു യഹോവ ഞങ്ങളെ ആ ദേശത്തിലേക്കു കൊണ്ടുപോകുന്നതു എന്തിന്നു? ഞങ്ങളുടെ ഭാര്യമാരും മക്കളും കൊള്ളയായി പോകുമല്ലോ. മിസ്രയീമിലേക്കു മടങ്ങിപ്പോകുകയല്ലയോ ഞങ്ങൾക്കു നല്ലത്? എന്നു പറഞ്ഞു. നാം ഒരു തലവനെ നിശ്ചയിച്ചു മിസ്രയീമിലേക്കു മടങ്ങിപ്പോകുക എന്നും അവർ തമ്മിൽ തമ്മിൽ പറഞ്ഞു.. ദേശത്തെ ഒറ്റു നോക്കിയവരിൽ നൂൻെറ മകൻ യോശുവ(യൂശഅ്)യും യെഫുന്നയുടെ മകൻ കാലേബും(കാലബ്) വസ്ത്രം കീറി. യിസ്രയേൽ മക്കളുടെ സർവ്വസഭയോടും പറഞ്ഞത് എന്തെന്നാൽ:ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം എത്രയും നല്ല ദേശമാകുന്നു. യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്കു കൊണ്ടുചെന്നു നമുക്കു അതു തരും. യഹോവയോട് നിങ്ങൾ മത്സരിക്കമാത്രം അരുത്; ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുത്. അവർ നമുക്കു ഇരയാകുന്നു. അവരുടെ ശരണം പൊയ്പ്പോയിരിക്കുന്നു. നമ്മോടു കൂടെ

യഹോവ ഉള്ളതുകൊണ്ട് അവരെ ഭയപ്പെടരുത്. എന്നാറെ അവരെ കല്ലെറിയേണം എന്ന് സഭയെല്ലാം പറഞ്ഞു.. അവസാനം യഹോവ കോപിച്ചു. യഹോവ തീരുമാനിച്ചു. ഈ മരുഭൂമിയിൽ നിങ്ങളുടെ ശവം വീഴും. യഫുന്നയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും ഒഴികെ ഇരുപതു വയസ്സു മുതൽ മേലോട്ടു എണ്ണപ്പെട്ടവരായി എന്റെ നേരെ പിറുപിറുത്തവരായ നിങ്ങളുടെ എണ്ണത്തിൽ ആരും ഞാൻ നിങ്ങളെ പാർപ്പിക്കുമെന്ന് സത്യം ചെയ്തിട്ടുള്ള ദേശത്തു കടക്കുകയില്ല. എന്നാൽ കൊള്ളയായി പ്പോകുമെന്നു നിങ്ങൾ പറഞ്ഞിട്ടുള്ള നിങ്ങളുടെ കുഞ്ഞുകുട്ടികളെ ഞാൻ അതിൽ കടക്കുമാറാക്കും. നിങ്ങൾ നിരസിച്ചിരിക്കുന്ന ദേശം അവർ അറിയും.നിങ്ങളുടെ ശവം ഈ മരുഭൂമിയിൽ വീഴും. നിങ്ങളുടെ ശവം മരുഭൂമിയിൽ ഒടുങ്ങുംവരെ നിങ്ങളുടെ മക്കൾ മരുഭൂമിയിൽ 40 സംവത്സരം ഇടയരായി സഞ്ചരിച്ചു നിങ്ങളുടെ പാതിവ്രത്യഭംഗം വഹിക്കും. ദേശം ഒറ്റുനോക്കിയ 40 ദിവസത്തിന്റെ എണ്ണത്തിനൊത്തവണ്ണം ഒരു ദിവസത്തിനു ഒരു സംവത്സരം വീതം 40 സംവത്സരം നിങ്ങൾ നിങ്ങളുടെ അകൃത്യങ്ങൾ വഹിച്ചു എന്റെ അകൽച അറിയും... ദേശം ഒറ്റുനോക്കുവാൻ മോശെ അയച്ചവരും മടങ്ങി വന്നു ദേശത്തെക്കുറിച്ചു ദുർവർത്തമാനം പറഞ്ഞു സഭ മുഴുവനും അവന്നു വിരോധമായി പിറുപിറുപ്പാൻ സംഗതി വരുത്തിയവരും ദേശത്തെക്കുറിച്ചു ദുർവർത്തമാനം പറഞ്ഞവരുമായ പുരുഷന്മാർ യഹോവയുടെ മുമ്പാകെ ഒരു ബാധകൊണ്ടു മരിച്ചു. എന്നാൽ ദേശം ഒറ്റുനോക്കുവാൻ പോയ പുരുഷന്മാരിൽ നൂന്റെ മകൻ യോശുവയും യെഫുന്നയുടെ പുത്രൻ കാലേബും മരിച്ചില്ല.

അങ്ങനെ ഈജിപ്തിൽനിന്ന് പോരുമ്പോൾ യുവാക്കളായിരുന്ന എല്ലാവരും മരിച്ചൊടുങ്ങി. പിന്നീട് മൂസാ നബി(അ)യും കാലഗതി പ്രാപിച്ചു.അദ്ദേഹത്തിന്റെ പിൻഗാമിയായ യൂശഅ്(യോശുവാ) നബിയുടെ നേതൃത്വത്തിലാണ് പല യുദ്ധങ്ങൾക്കുശേഷം ഇസ്രയീല്യർ ഫലസ്തീൻ പിടിച്ചടക്കിയതും അവിടെ കുടിയേറി പാർത്തതും..

---

24. പിന്നെയും അവർ പറഞ്ഞു: അല്ലയോ മൂസാ, അവർ അവിടെ ഉള്ളപ്പോൾ ഞങ്ങൾ ഒരിക്കലും അവിടെ പ്രവേശിക്കുകയില്ല.നീയും നിന്റെ ദൈവവും പോയി യുദ്ധം ചെയ്തുകൊള്ളുക. തീർച്ചയായും ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം.

25. അപ്പോൾ (മൂസാ)പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എന്റെയും എന്റെ സഹോദരന്റെയും മേലല്ലാതെ എനിക്ക് നിയന്ത്രണമില്ല. അതിനാൽ ഞങ്ങളെയും ഈ ധിക്കാരികളായ ജനങ്ങളെയും തമ്മിൽ വേർപിരിക്കേണമേ.

26. അല്ലാഹു പറഞ്ഞു:തീർച്ചയായും നാൽപതുകൊല്ലത്തേക്ക് ആ പ്രദേശം അവർക്ക് വിലക്കപ്പെട്ടിരിക്കുന്നു. (അക്കാലമത്രയും)അവർ അലഞ്ഞുതിരിയുന്നതായിരിക്കും. ധിക്കാരികളായ ഈ ജനത്തിന്റെ പേരിൽ നീ ദുഃഖിക്കേണ്ടതില്ല.

---

25,26:അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങൾ അനുഭവിച്ചിട്ടും എത്രയോ ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ കണ്ടുകഴിഞ്ഞിട്ടും മൂസാ(അ)യിൽ അടിയുറച്ചുവിശ്വസിക്കുവാനോ അദ്ദേഹത്തെ അനുസരിക്കുവാനോ ഇസ്രയേൽ മക്കൾ തയ്യാറായില്ല. അതിനാൽ വാഗ്ദത്ത ഭൂമിയുടെ പടിവാതിൽക്കലെത്തിയശേഷവും മരുഭൂമിയിൽ അലഞ്ഞുതിരിയാൻ ഇസ്രാഈല്യർ വിധിക്കപ്പെട്ടു. സീനാ മരുഭൂമിയിൽ ലക്ഷ്യമില്ലാതെ അലഞ്ഞുതിരിഞ്ഞുകൊണ്ട് 40 കൊല്ലം ഇസ്രാഈല്യർ കഴിച്ചുകൂട്ടി.40 വർഷം കഴിയാറാകുമ്പോഴേക്കും ശത്രുക്കളുമായി അവർ പല ഏറ്റുമുട്ടലുകളും നടന്നു. മോശെയുടെയും അഹരോന്റെയും കൈക്കീഴിൽ അവർ ശത്രുക്കളുമായി ഏറ്റുമുട്ടി മുന്നേറിക്കൊണ്ടിരുന്ന പ്രദേശങ്ങൾ സംഖ്യാ പുസ്തകം 33-ൽ ബൈബിൾ വിവരിക്കുന്നുണ്ട്.

ഇതിനിടെ ഹാരൂൻ(അ) കാലഗതി പ്രാപിച്ചു. പുരോഹിതനായ അഹരോൻ യഹോവയുടെ കൽപന പ്രകാരം ഹോർപർവതത്തിൽ കയറി, യിസ്രയേൽ മക്കൾ മിസ്രയീം ദേശത്തുനിന്നു പോന്നതിന്റെ നാൽപതാം സംവത്സരം അഞ്ചാം മാസം ഒന്നാം തിയ്യതി അവിടെവെച്ച് മരിച്ചു. (സംഖ്യാപുസ്തകം 33:38)

ജോർദാൻ വിജയത്തിനുശേഷം മൂസാ(അ)യും കാലഗതി പ്രാപിച്ചു. അനന്തരം മോശെ മോവോബ് സമഭൂമിയിൽനിന്ന് യെരിഹോവിന്നെതിരെയുള്ള നെബോപർവതത്തിൽ പിസ്ഗാമുകളിൽ കയറി വാഗ്ദത്ത ഭൂമി കണ്ടു. എന്നാൽ നീ അവിടേക്കു കടന്നുപോകയില്ല എന്നു യഹോവ അവനോടു കൽപിച്ചു. അങ്ങനെ യഹോവയുടെ ദാസനായ മോശെ യഹോവയുടെ വചനപ്രകാരം അവിടെ മോവോബു ദേശത്തു

വെച്ചു മരിച്ചു.(ആവർത്തന പുസ്തകം 34). വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ അദ്ദേഹത്തിന് വിധിയുണ്ടായിരുന്നില്ല.

---

27. ആദമിൻെറ രണ്ടു പുത്രന്മാരുടെ വൃത്താന്തം യാഥാർഥ്യത്തോടുകൂടി നീ അവർക്ക് വിവരിച്ചുകൊടുക്കുക.അവരിരുവരും ബലിയർപ്പിച്ചപ്പോൾ രണ്ടുപേരിൽ ഒരുവനിൽനിന്ന് ബലി സ്വീകരിക്കപ്പെട്ടു.അപരൻേറതു സ്വീകരിക്കപ്പെട്ടില്ല.അതിനാൽ അവൻ പറഞ്ഞു:നിന്നെ ഞാൻ കൊന്നുകളയും. അപരൻ പറഞ്ഞു: തീർച്ചയായും ഭക്തന്മാരിൽ നിന്ന് മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളു.

---

28. നീ എന്നെവധിക്കാനായി കൈനീട്ടിയാൽ നിന്നെ വധിക്കാനായി നിൻെറനേരെ ഞാൻ കൈ നീട്ടുന്നതല്ല.തീർച്ചയായും സർവലോക നാഥനായ അല്ലാഹുവിനെ ഞാൻ ഭയപ്പെടുന്നു.

29. എൻെറ പാപവും നിൻെറ പാപവുംകൊണ്ട് നീ മടങ്ങണമെന്നുതന്നെ ഞാൻ ഉദ്ദേശിക്കുന്നു.അങ്ങനെ നീ നരകാവകാശിയായിത്തീരും. അതാകുന്നു അധർമികൾക്കുള്ള പ്രതിഫലം.

30. ഒടുവിൽ അവൻെറ മനസ്സ് തൻെറ സഹോദരനെ വധിക്കുന്നതിനു വഴങ്ങി.അവൻ അയാളെ വധിച്ചു. അതിനാൽ അവൻ നഷ്ടക്കാരിൽപെട്ടവനായിത്തീർന്നു.

31. പിന്നീട് തൻെറ സഹോദരൻെറ ജഡം മറവുചെയ്യേണ്ടത് എങ്ങനെയെന്ന് അവന് കാണിച്ചുകൊടുക്കുവാനായി ഭൂമിയിൽ കുഴി മാന്തുന്ന ഒരു കാക്കയെ അല്ലാഹു നിയോഗിച്ചു. അത് കണ്ട് അവൻ കേണു: ഹാ കഷ്ടം! എൻെറ സഹോദരൻെറ ജഡം മറമാടാൻ ഈ കാക്കയെപ്പോലെ ആവാൻ പോലും എനിക്ക് കഴിയാതെ പോയല്ലോ. അങ്ങനെ അവൻ നെടും ഖേദത്തിലകപ്പെട്ടു.

---

27-31: മനുഷ്യചരിത്രത്തിൻെറ തുടക്കത്തിലുണ്ടായ ഒരു സംഭവം ഉദ്ധരിക്കുകയാണ് ഈ സൂക്തങ്ങൾ. ആദമിൻെറ രണ്ടു പുത്രന്മാർ ആരായിരുന്നു. അവർ അർപ്പിച്ച ബലി എന്തായിരുന്നു, രണ്ടുപേരും ബലി നടത്തുവാൻ കാരണമെന്തായിരുന്നു ബലിയുടെ സ്വീകരണവും തിരസ്കരണവും എങ്ങനെയായിരുന്നു, എന്നീ കാര്യങ്ങളെക്കുറിച്ചൊക്കെ ഖുർആൻ മൗനം പാലിച്ചിരിക്കുകയാണ്.

ആദമിൻെറ മക്കളിൽ കഴിഞ്ഞ ഈ സംഭവം ബൈബിൾ ഇങ്ങനെ വിവരിക്കുന്നു.

അനന്തരം മനുഷ്യൻ (ആദം)തൻെറ ഭാര്യയായ ഹവ്വയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ചു.കയീനെ പ്രസവിച്ചു. യഹോവയാൽ എനിക്കു ഒരു പുരുഷപ്രജ ലഭിച്ചു എന്നു പറഞ്ഞു. പിന്നെ അവൾ അവൻെറ അനുജനായ ഹാബെലിനെ പ്രസവിച്ചു.ഹാബെൽ ആട്ടിടയനും കയീൻ കൃഷിക്കാരനും ആയിത്തീർന്നു. കുറെക്കാലം കഴിഞ്ഞിട്ടു കയീൻ നിലത്തെ അനുഭവത്തിൽ നിന്നു യെഹോവെക്കു ഒരു വഴിപാടു കൊണ്ടുവന്നു. ഹാബെലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്നു അവയുടെ മേദസ്സിൽനിന്നുതന്നെ,ഒരു വഴിപാടു കൊണ്ടുവന്നു.യഹോവ ഹാബെലിലും അവൻെറ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവൻെറ വഴിപാടിലും പ്രസാദിച്ചില്ല. കയീന്നു ഏറ്റവും കോപമുണ്ടായി. അവൻെറ മുഖം വാടി. എന്നാറെ യഹോവ കയീനോടു: നീ കോപിക്കുന്നതു എന്തിനു? നിൻെറ മുഖം വാടുന്നതും എന്തു? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിൻെറ ആഗ്രഹം നിങ്കലേക്കു ആകുന്നു. നീയോ അതിനെ കീഴടക്കേണം എന്നു കൽപിച്ചു. എന്നാറെ, കയീൻ തൻെറ അനുജനായ ഹാബേലിനോടു:(നാം വയലിലേക്കു പോക എന്നു) പറഞ്ഞു. അവർ വയലിൽ ഇരിക്കുമ്പോൾ കയീൻ തൻെറ അനുജനായ ഹാബെലിനോടു കയർത്തു. അവനെ കൊന്നു. പിന്നെ യഹോവ കയീനോടു: നിൻെറ അനുജനായ ഹാബെൽ എവിടെ എന്നു ചോദിച്ചതിന്നു: ഞാൻ അറിയുന്നില്ല; ഞാൻ എൻെറ അനുജൻെറ കാവൽക്കാരനോ എന്നു അവൻ പറഞ്ഞു. അതിന്നു അവൻ അരുളിച്ചെയ്തു. നീ എന്തു ചെയ്തു? നിൻെറ അനുജൻെറ രക്തത്തിൻെറ ശബ്ദം ഭൂമിയിൽ നിന്നു എന്നോടു നിലവിളിക്കുന്നു. ഇപ്പോൾ നിൻെറ അനുജൻെറ രക്തം നിൻെറ കയ്യിൽനിന്നു ഏറ്റുകൊൾവാൻ വായി തുറക്കുന്ന ദേശം നീ വിട്ടു ശാപഗ്രസ്തനായി നീ പോകണം. നീ

കൃഷി ചെയ്യുമ്പോൾ നിലം ഇനി മേലാൽ തൻെറ വീര്യം നിനക്കു തരികയില്ല. നീ ഭൂമിയിൽ ഉഴലുന്നവൻ ആകും. (ഉൽപത്തി 4:1-12).

നിവേദനങ്ങളുടെയും ഖുർആൻ വാക്യങ്ങളുടെയും അടിസ്ഥാനത്തിൽ മുസ്ലിം പണ്ഡിതന്മാർ ഈ കഥയെ ഏകദേശം ഇപ്രകാരം മനസ്സിലാക്കുന്നു.

ആദം ദമ്പതികളുടെ മൂത്ത പുത്രനായിരുന്നു ഖാബീൽ (ബൈബിളിലെ കായീൻ). അദ്ദേഹത്തിൻെറ കൂടെ ജനിച്ച പെൺകുട്ടിയുടെ പേര് ഇഖ്ലീമിയ എന്നും ആയിരുന്നു. രണ്ടാമത്തെ പ്രസവത്തിലെ മകൻെറ പേര് ഹാബീൽ എന്നും മകളുടെ പേര് ലൂഥാ എന്നുമായിരുന്നു. രണ്ടാമത്തെ മകൾ ലൂഥാ ഇഖ്ലീമിയയെപ്പോലെ സുന്ദരിയായിരുന്നില്ല. ആദം കുടുംബമല്ലാതെ വേറെ മനുഷ്യരില്ലാതിരുന്നതിനാൽ അവർക്ക് അനുയോജ്യമായ അന്നത്തെ നിയമപ്രകാരം സഹോദരീ സഹോദരന്മാർ തമ്മിലുള്ള വിവാഹം അനുവദനീയമായിരുന്നു.എന്നാൽ ഒരേ പ്രസവത്തിലെ പുരുഷനും സ്ത്രീയുംതമ്മിൽ വിവാഹം വിലക്കപ്പെട്ടിരുന്നു. ദൈവനിർദേശപ്രകാരം ആദ്യമകനായ ഖാബീൽ രണ്ടാമത്തെ സഹോദരിയായ ലൂഥയെ ആയിരുന്നു വിവാഹം ചെയ്യേണ്ടിയിരുന്നത്. ആദ്യത്തെ മകളായ ഇഖ്ലീമയെ രണ്ടാമത്തെ മകനായ ഹാബീലും.എന്നാൽ മൂത്തപുത്രനായ ഖാബീൽ തന്നോടൊപ്പം പിറന്ന സുന്ദരിയായ ഇഖ്ലീമയെ വിവാഹം ചെയ്യണമെന്ന് ശഠിച്ചു. പക്ഷേ, അന്നത്തെ ദൈവിക വ്യവസ്ഥയിൽ അത് അനുവദനീയമായിരുന്നില്ല. രണ്ടുപേരും അല്ലാഹുവിനുവേണ്ടി ഓരോ വഴിപാടുകൾ അർപ്പിക്കുകയും അതിൽ ആരുടെ വഴിപാടാണ് അല്ലാഹു സ്വീകരിക്കുന്നത് അവനായിരിക്കും ഇഖ്ലീമയെ ഭാര്യയാ ക്കാനുള്ള അവകാശമെന്നും ആദം(അ) നിർദേശിച്ചു.

ഈ നിർദേശം ഖാബീലിന് ഇഷ്ടമായിരുന്നില്ല. അതിനാൽ കർഷകനായിരുന്ന ഖാബീൽ തൻെറ വിളയിൽനിന്ന് മോശമായതാണ് ബലിയർപ്പിച്ചത്. ഇടയനായിരുന്ന ഹാബീൽ തൻെറ ആട്ടിൻപറ്റത്തിൽ നിന്ന് നല്ല ഒന്നിനെ ബലിയർപ്പിച്ചു. ആകാശത്തുനിന്ന് ഒരഗ്നിവന്ന് ഹാബീലിൻെറ ആടിനെ വിഴുങ്ങുകയും അങ്ങനെ അദ്ദേഹത്തിൻെറ ബലി സ്വീകരിക്കപ്പെടുകയും ചെയ്തു. ഖാബീലിൻെറ വഴിപാട് അങ്ങനെത്തന്നെ കിടന്നു. ഇഖ്ലീമയെ വിവാഹം ചെയ്യാനുള്ള അവകാശവാദം അങ്ങനെ തള്ളപ്പെട്ടു. ഇതിൽ രോഷാകുലനായ ഖാബീൽ തൻെറ അനുജനെ ഒരൊഴിഞ്ഞ സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി വധിച്ചുകളഞ്ഞു.അങ്ങനെ ആദിമനുഷ്യനും ആദിപ്രവാചകനുമായ ആദമിൻെറ ആദ്യപുത്രനായ ഖാബീൽ മനുഷ്യവംശത്തിലെ ഒന്നാമത്തെ കൊലപാതകിയായി.

ബലി സ്വീകരിക്കപ്പെട്ട രൂപത്തെക്കുറിച്ച് ഇസ്ലാമിക പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ‘ആകാശത്തുനിന്ന് ഒരഗ്നിവന്നു തിന്നുന്ന ഒരു ബലി നടത്തുന്നതുവരെ യാതൊരു ദൈവദൂതനിലും വിശ്വസിക്കാൻ പാടില്ലെന്ന്’ യഹൂദർ ന്യായം ഉന്നയിച്ചിരുന്നതായി (3:183) പറയുന്നുണ്ട്. ആകാശത്തുനിന്ന് ഒരഗ്നി വന്ന് ബലി തിന്നുന്നതാണ് അത് സ്വീകരിക്കപ്പെട്ടതിൻെറ ലക്ഷണമെന്ന് ഇസ്രാഈല്യരിൽ ഒരു ധാരണ ഉണ്ടായിരുന്നതായി ഈ ഖുർആൻ വാക്യത്തിൽ നിന്ന് മനസ്സിലാക്കാം.

---

32. അക്കാരണത്താൽ ഇസ്രയേൽസന്തതികൾക്ക് നാം വിധിനൽകുകയുണ്ടായി:മറ്റൊരാളെ കൊന്നതിന്നു പകരമായോ അല്ലെങ്കിൽ ഭൂമിയിൽ നാശമുണ്ടാക്കിയതിൻെറ പേരിലോ അല്ലാതെ ആരെങ്കിലും ഒരാളെ കൊലപ്പെടുത്തിയാൽ അവൻ മുഴുവൻ മനുഷ്യരെയും കൊലപ്പെടുത്തിയതിനു തുല്യമാകുന്നു. വല്ലവനും ഒരാളെ ജീവിപ്പിച്ചാൽ അത് മുഴുവൻ മനുഷ്യരെയും ജീവിപ്പിച്ചതുപോലെയുമാകുന്നു. തീർച്ചയായും നമ്മുടെ ദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരുടെ അടുത്ത് വന്നിട്ടുണ്ടായിരുന്നു. എന്നിട്ട് അതിനുശേഷവും അവരിൽ ഏറെ പേരും ഭൂമിയിൽ അക്രമം പ്രവർത്തിക്കുന്നവർ തന്നെയാകുന്നു.

---

32: ഓരോ മനുഷ്യനും മുഴുവൻ മനുഷ്യസമൂഹത്തിൻെറയും പ്രതിനിധിയാണ്. അല്ലാഹു ആദരിച്ച ആത്മാവിനെ ആദരിക്കാത്തവൻെറ ഹൃദയം മനുഷ്യജീവിതത്തോടുള്ള ആദരവിൽനിന്നും മനുഷ്യത്വത്തോടുള്ള അനുഭാവത്തിൽനിന്നും ശൂന്യമാണെന്ന് തെളിയുന്നു.ഇതര മനുഷ്യരുടെ ജീവനെ ബഹുമാനിക്കുകയും അവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ചെയ്യുമ്പോൾ മാത്രമേ മനുഷ്യരെല്ലാം പരസ്പരം സഹായിച്ചും സഹകരിച്ചും വാഴുന്ന ഒരു സാഹചര്യം സംജാതമാവുകയുള്ളു.

---

33. അല്ലാഹുവിനോടും അവൻെറ ദൂതനോടും പോരാടുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കുള്ള പ്രതിഫലം വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ കൈകാലുകൾ വിപരീതമായി ഛേദിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്യുക മാത്രമാകുന്നു. അതവർക്ക് ഇഹലോകത്തുള്ള നിന്ദയാകുന്നു. പരലോകത്ത് ഭയാനകമായ ശിക്ഷയും അവർക്കുണ്ട്.

34. പക്ഷേ, നിങ്ങൾ അവർക്കെതിരെ നടപടിയെടുക്കും മുമ്പ് പശ്ചാത്തപിച്ചു മടങ്ങുന്നവർ ഒഴിച്ച്. നിങ്ങൾ അറിഞ്ഞിരിക്കുക: അല്ലാഹു ഏറെ പൊറുക്കുന്നവനും പരമദയാലുവുമാകുന്നു.

33,34: ഈ സൂക്തത്തിൻെറ അവതരണ പശ്ചാത്തലമായി പ്രാധാനപ്പെട്ട പല ഹദീസു ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയ ഒരു സംഭവം ഇപ്രകാരമാണ്.
ഉറൈനഃ, ഉക്ൽ എന്നീ ഗോത്രങ്ങളിൽപെട്ട കുറച്ചാളുകൾ മദീനയിൽ നബി(സ) തിരുമേനിയുടെ അടുക്കൽ വന്ന് ഇസ്ലാം സ്വീകരിച്ചു. അവർ ആരോഗ്യമില്ലാത്തവരായിരുന്നു. മദീനയിലെ പ്രകൃതി അവർക്ക് പിടിക്കാതായപ്പോൾ അവർ രോഗബാധിതരായി. പൊതുഭണ്ഡാരം വക ഏതാനും കറവ ഒട്ടകങ്ങളെയും ഒരു ഇടയനെയും ഏർപ്പെടുത്തിക്കൊടുത്ത് മദീനക്ക് പുറത്തുള്ള ഒരു പ്രദേശത്ത് ചെന്ന് താമസിക്കാൻ നബി(സ) അവരോട് പറഞ്ഞു. ഭക്ഷണത്തിന് അവയുടെ പാലും,ചില നിവേദന പ്രകാരം ചികിത്സക്ക് അവയുടെ മൂത്രവും ഉപയോഗിച്ചുകൊള്ളുവാൻ അവരോട് കൽപിച്ചു. ഏതാനും നാളു കൾ ഹർറ എന്ന സ്ഥലത്ത് അവർ താമസിച്ചു. അവരുടെ അസുഖം ഭേദമാവുകയും ചെയ്തു. എന്നാൽ നബി(സ)തിരുമേനി നിയോഗിച്ച ഇടയനെ അവർ ക്രൂരമായവിധം വധിക്കുകയാണ് ചെയ്തത്. ഇടയൻെറ കൈകാലുകൾ മുറിക്കുകയും കണ്ണു കുത്തുകയും ചെയ്തുകൊണ്ടാണ് കൊലപ്പെടുത്തിയിരുന്നത്. ഒട്ടകങ്ങളെയും തട്ടിയെടുത്ത് അവർസ്ഥലം വിടുകയും ചെയ്തു.വിവരമറിഞ്ഞ പ്രവാചകൻ അവരെ കണ്ടുപിടിക്കുവാൻ തൻെറ ശിഷ്യന്മാരെ നിയോഗിച്ചു. അവർ സംഘത്തെ പിടികൂടി തിരുമേനിയുടെ മുന്നിൽ ഹാജരാക്കി.അവരെ അംഗഭംഗം ചെയ്ത് വെളിസ്ഥലത്ത് ഉപേക്ഷിക്കുവാൻ തിരുമേനി കൽപിച്ചു.

35. അല്ലയോ സത്യവിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടുവിൻ. അവങ്കലേക്ക് അടുക്കാനുള്ള മാർഗം തേടുകയും അവൻെറ മാർഗത്തിൽ ത്യാഗപരിശ്രമങ്ങളർപ്പിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് വിജയം കരഗതമായേക്കും.

35:വ്യക്തിയും സമൂഹവും കുറ്റകൃത്യങ്ങളിൽ നിന്ന് അകന്നുനിൽക്കാനുള്ള പ്രേരണ നിയമങ്ങളോ ഭൗതികമായ ശിക്ഷാമുറകളോ ആകാവതല്ല. സമർഥരായ കുറ്റവാളികൾ നിയമപാലകരുടെ പിടിയിൽ നിന്ന് രക്ഷപ്പെട്ടേക്കാം.എന്നാൽ എല്ലാം കാണുന്നവനായ അല്ലാഹുവിൻെറ ദൃഷ്ടിയിൽനിന്ന് മറഞ്ഞുനിൽക്കാൻ ഒരു കുറ്റവാളിക്കും സാധ്യമല്ല.ഓരോ മനുഷ്യൻെറയും മനസ്സാക്ഷിതന്നെ അവനെ കുറ്റകൃത്യങ്ങളിൽനിന്നും പാപങ്ങളിൽനിന്നും തടയേണ്ട നിയമപാലകനായി നിലകൊള്ളേണ്ടതാണ്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും അവനോടുള്ള ഭയഭക്തിയും അവൻെറ മാർഗത്തിൽ സാധ്യമായ എല്ലാ കഴിവുകളും ഉപയോഗിച്ച് സമരം നടത്തുകയും ചെയ്യുന്നവർക്ക് പോലീസിൻെറയും പട്ടാളത്തിൻെറയും അഭാവത്തിലും അധാർമിക നടപടികളിലോ വിധ്വംസക പ്രവർത്തനങ്ങളിലോ ഏർപ്പെടാനാവില്ല. സ്വദേഹത്തിൻെറ ദുരഭിലാഷങ്ങളോടും ചുറ്റുപാടുമുള്ള ദുഷിച്ച മത നാഗരിക രാഷ്ട്രീയ വ്യവസ്ഥകളോടും ഒരു സത്യവിശ്വാസി സമരം നടത്തേണ്ടതുണ്ട്. ബാഹ്യമായും ആന്തരികമായും ദൈവത്തിൻെറ മാത്രം ദാസനായി വർത്തിക്കുന്നതിനെ ആശ്രയിച്ചാണ് ദൈവസാമീപ്യത്തിലേക്കുള്ള മനുഷ്യൻെറ പുരോഗതി സ്ഥിതിചെയ്യുന്നത്.

36. ഭൂമിയിലുള്ളതൊക്കെയും അത്രതന്നെ വേറെയും സത്യനിഷേധികളുടെ കൈയിലുണ്ടാവുകയും അന്ത്യനാളിലെ ശിക്ഷയിൽനിന്നൊഴിവാകാൻ അതൊക്കെയും അവർ പ്രായശ്ചിത്തമായി

ഒടുക്കാനൊരുങ്ങുകയും ചെയ്താലും അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ലതന്നെ. അവർക്ക് വേദനയേറിയ ശിക്ഷയാണുള്ളത്.

37. നരകത്തിൽനിന്ന് പുറത്തുകടക്കാൻ അവർ കൊതിച്ചുകൊണ്ടിരിക്കും.പക്ഷേ,അവർ അതിൽ നിന്നും പുറത്തുകടക്കുന്നതല്ല. സ്ഥിരമായ ശിക്ഷയാണ് അവർക്കുള്ളത്.

38. മോഷ്ടിക്കുന്നവന്റെയും മോഷ്ടിക്കുന്നവളുടെയും കൈകൾ മുറിച്ചു കളയുക.അവർ സമ്പാദിച്ചതിനുള്ള പ്രതിഫലവും അല്ലാഹുവിങ്കൽനിന്നുള്ള പാഠം പഠിപ്പിക്കുന്ന ശിക്ഷയുമാണിത്. അല്ലാഹു അജയ്യനും യുക്തിമാനുമാകുന്നു.

---

38: ന്യായമായ മാർഗങ്ങളിലൂടെ വിഭവങ്ങൾ തേടുന്നതിനുവേണ്ടിയാണ് അല്ലാഹു മനുഷ്യന് കൈകൾ നൽകിയിട്ടുള്ളത്. മോഷണം സമൂഹത്തിൽ ഗുരുതരമായ വിപത്തുകൾ സൃഷ്ടിക്കുന്നതിനാൽ അല്ലാഹു കഠിനമായ ശിക്ഷയാണ് മോഷ്ടാക്കൾക്ക് വിധിച്ചിട്ടുള്ളത്.മോഷണശ്രമം പലപ്പോഴും കൊലപാതകങ്ങളിൽ കലാശിക്കുന്നത് സാധാരണമാണ്.മോഷണങ്ങൾക്ക് ലഘുശിക്ഷകൾ മാത്രം വിധേയരായി പുറത്തു വരുന്ന മോഷ്ടാക്കൾ വീണ്ടും അതാവർത്തിക്കുന്നത് ദുർലഭമല്ല. ശിക്ഷാനിയമങ്ങൾ ലഘൂകരിക്കുകയും ആധുനീകരിക്കുകയും ചെയ്തുവരുന്ന ഇക്കാലത്ത് കുറ്റകൃത്യങ്ങളും കുറ്റവാസനയും വർധിച്ചു വരുന്നു എന്നത് ഒരു യാഥാർഥ്യമാണ്.

ഖുർആന്റെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ മോഷണത്തെ സംബന്ധിച്ച പണ്ഡിതന്മാരുടെ ചില അഭിപ്രായങ്ങൾ -

ഒരാളുടെ ധനം അതിന്റെ സൂക്ഷിപ്പു സ്ഥലത്തുനിന്ന് കളവായി അധീനപ്പെടുത്തുന്നതു മാത്രമാണ് നിയമപ്രകാരം മോഷണത്തിൽ പെടുന്നത്.

പൊതുസ്ഥലങ്ങളിൽ വീണുകിടക്കുന്ന സാധനങ്ങൾ എടുത്തുകൊണ്ട് പോകുക, അളവിലും തൂക്കത്തിലും കൃത്രിമം നടത്തി അന്യരുടെ അവകാശം വഞ്ചിച്ചെടുക്കുക മുതലായവക്കൊന്നും ഈ ശിക്ഷാവിധി ബാധകമല്ല.

ഒരു പരിചയുടെ വിലയിൽ കുറഞ്ഞ സംഖ്യക്കുള്ള സാധനം മോഷ്ടിച്ചാൽ കരഛേദം പാടില്ലെന്ന് നബി(സ) പറഞ്ഞിരിക്കുന്നു.

പഴങ്ങൾ പച്ചക്കറികൾ ഭക്ഷണം എന്നിവയുടെ മോഷണത്തിന് ഈ ശിക്ഷാവിധി പാടില്ലെന്ന് തിരുമേനി അരുളിയിരിക്കുന്നു. നിസ്സാര വസ്തുക്കൾ മോഷ്ടിച്ചവർക്ക് നബി(സ)തിരുമേനിയുടെ കാലത്ത് കരഛേദം വിധിച്ചിരുന്നില്ല.

മോഷ്ടാവിനെ മോഷണത്തിന് നിർബന്ധിതനാക്കുന്ന സാഹചര്യം ഇല്ലാതിരിക്കേണ്ടതാണ്. വരൾച്ച മൂലം നാട്ടിൽ ക്ഷാമം രൂക്ഷമായ കാലത്ത് ഖലീഫാ ഉമർ(റ) മോഷ്ടാക്കളുടെ കരഛേദ ശിക്ഷ നിർത്തി വെക്കുകയുണ്ടായി.

ഇസ്ലാമിക വ്യവസ്ഥയുടെ മറ്റുഘടകങ്ങൾ നിലവിലില്ലാത്ത ഒരു സ്ഥലത്ത് ശിക്ഷാനിയമങ്ങൾ മാത്രം നടപ്പിലാക്കുന്നത് ഇസ്ലാമിക വ്യവസ്ഥയോടുള്ള വഞ്ചനയാണ്. സമഗ്രമായ ഒരു സംവിധാനത്തിന്റെ ഭാഗമാണ് ശിക്ഷാനടപടികൾ.നിയമങ്ങൾ നടപ്പിലാക്കാൻ യോഗ്യമായ ഒരവസ്ഥ നിലവിൽ വന്നു കഴിഞ്ഞശേഷമാണ് ഇത്തരം നിയമങ്ങൾ അവതീർണമായത്. ഇസ്ലാം മദീനയിൽ ഒരു ശക്തിയും നബി (സ) അതിന്റെ ഭരണാധികാരിയും ആയതിനുശേഷമാണ് ഖുർആനിൽ ഭരണപരമായ നിയമ നിർദേശങ്ങൾ അവതരിച്ചു തുടങ്ങിയത്. അതിനാൽ ഈ നിയമങ്ങൾ നടപ്പാക്കുന്നതിന് സ്വതന്ത്രമായ ഒരു ഇസ്ലാമിക ഭരണകൂടം അനിവാര്യമായ ഉപാധിയാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

---

39. എന്നാൽ അതിക്രമം ചെയ്തശേഷം ആരെങ്കിലും പശ്ചാത്തപിക്കുകയും സ്വയം നന്നാവുകയും ചെയ്താൽ,തീർച്ചയായും അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

39:കുറ്റവാളിയെ ശിക്ഷിക്കുന്നത് നാഗരികവ്യവസ്ഥ നിലനിറുത്താനുള്ള ഒരുപാധി മാത്രമാണ്. ശിക്ഷിക്കപ്പെടുന്നതുകൊണ്ട് അയാളുടെ മനസ്സ് ശുദ്ധമാകണമെന്നില്ല.കുറ്റകൃത്യങ്ങളിൽ നിന്ന് വിരമിക്കുകയും പശ്ചാത്തപിക്കുകയും ഒപ്പം ജീവിതം സംസ്കരിക്കുകയും മനഃശുദ്ധിനേടാൻ ആവശ്യമാണ്. സൃഷ്ടികളു

ടെ പശ്ചാത്താപം കേൾക്കുന്നവനും അവരുടെ പാപങ്ങൾ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു അല്ലാഹു.

---

40. നിനക്കറിഞ്ഞുകൂടേ, ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനാണെന്ന്? അവൻ നിശ്ചയിക്കുന്നവരെ അവൻ ശിക്ഷിക്കുകയും, അവൻ നിശ്ചയിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനത്രെ.

41. അല്ലയോ പ്രവാചകരേ,സത്യനിഷേധത്തിൽ ധൃതികൂട്ടി മുന്നേറുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ.അവർ വായകൊണ്ട് 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്നുപറയുന്നവരും ഹൃദയങ്ങൾകൊണ്ട് വിശ്വസിക്കാതിരിക്കുകയും ചെയ്തവരാവട്ടെ,യഹൂദരിൽ പെട്ടവരാവട്ടെ, കളവിനു വേണ്ടിയാണവർ കാതോർത്തിരിക്കുന്നത്. നിൻെറ അടുത്തു വരാത്ത മറ്റൊരു കൂട്ടർക്കു വേണ്ടിയാണവർ ചെവി പാർക്കുന്നത്. വേദവാക്യങ്ങളെ അവയുടെ സ്ഥാനങ്ങളിൽ നിന്ന് അവർ മാറ്റിമറിക്കുന്നു. അവർ പറയുന്നു: നിങ്ങൾക്ക് ഈ നിയമമാണ് നൽകുന്നതെങ്കിൽ അത് സ്വീകരിക്കുക.അതല്ല നൽകപ്പെടുന്നതെങ്കിൽ നിരസിക്കുക. അല്ലാഹു ആരെയെങ്കിലും നാശത്തിലകപ്പെടുത്താനുദ്ദേശിച്ചാൽ അല്ലാഹുവിൽ നിന്ന് അയാൾക്ക് യാതൊന്നും നേടിയെടുക്കാൻ നിനക്കാവില്ല. അത്തരക്കാരുടെ ഹൃദയങ്ങളെ നന്നാക്കാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല.അവർക്ക് ഇഹത്തിൽ നിന്ദ്യതയാണുള്ളത്.പരലോകത്ത് അവർക്ക് കഠിനമായ ശിക്ഷയുമുണ്ട്.

---

41:നബി(സ)തിരുമേനിയുടെ കാലത്ത് മദീനയിലും പരിസരത്തും അധിവസിച്ചിരുന്ന യഹൂദഗോത്രങ്ങളിൽ അവരുടെ ഗോത്രഭരണമായിരുന്നു നിലനിന്നിരുന്നത്. യഹൂദരുടെ അഭ്യന്തര കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അവർ സ്വതന്ത്രരായിരുന്നു. അവരുടെ അഭ്യന്തര കാര്യങ്ങൾ സ്വയം തീരുമാനിക്കാനും തർക്കങ്ങളിൽ വിധിപറയാനും അവർക്കവകാശമുണ്ടായിരുന്നു. മുസ്ലിംകളുമായി ഉടമ്പടിയുടെ ബന്ധമാണ് അവർക്കുണ്ടായിരുന്നത്. യഹൂദപ്രമാണിമാർ അവർക്കിടയിലെ നീതിന്യായരംഗം കൈകാര്യം ചെയ്തിരുന്നത് നീതിപൂർവകമായോ വേദപ്രമാണങ്ങൾ അനുസരിച്ചോ ആയിരുന്നില്ല. ന്യായവിധികളിൽ അഴിമതിയും പക്ഷപാതിത്വവും അനുവർത്തിക്കുന്ന പണ്ഡിതന്മാരും പുരോഹിതന്മാരും ഏറെയുണ്ടായിരുന്നു. അവർ മതവിധികൾ മാറ്റിമറിക്കുകയും അതിൻെറ പേരിൽ കോഴയും കൈക്കൂലിയും വാങ്ങുകയും പതിവായിരുന്നു.

ഈ സൂക്തത്തിൻെറ അവതരണ പശ്ചാത്തലമായി ചില സംഭവങ്ങൾ പറയപ്പെടുന്നുണ്ട്. ബുഖാരി, മുസ്ലിം(റ) മുതലായവർ ഉദ്ധരിക്കുന്ന ഒരു സംഭവം ഇങ്ങനെയാണ്. യഹൂദരിലെ ഒരു കുലീന ജൂതകുടുംബത്തിലെ ഒരു പുരുഷനും സ്ത്രീയും തമ്മിൽ അസാന്മാർഗികബന്ധം പുലർത്തി.തൗറാത്തിൽ അതിനു എറിഞ്ഞുകൊല്ലൽ ശിക്ഷയാണ് വിധിച്ചിട്ടുള്ളത്. (ഒരു പുരുഷൻെറ ഭാര്യയായ സ്ത്രീയോടു കൂടെ ഒരുത്തൻ ശയിക്കുന്നതുകണ്ടാൽ സ്ത്രീയോടു കൂടെ ശയിച്ച പുരുഷനും സ്ത്രീയും ഇരുവരും മരണശിക്ഷ അനുഭവിക്കേണം..വിവാഹ നിശ്ചയം കഴിഞ്ഞിരിക്കുന്ന കന്യകയായ ഒരു യുവതിയെ ഒരുത്തൻ പട്ടണത്തിൽവെച്ച് കണ്ടു അവളോടുകൂടെ ശയിച്ചാൽ യുവതി പട്ടണത്തിൽ ആയിരുന്നിട്ടും നിലവിളിക്കായ്കകൊണ്ടും പുരുഷൻ കൂട്ടുകാരൻെറ ഭാര്യക്ക് പോരായ്മ വരുത്തിയതുകൊണ്ടും നിങ്ങൾ അവർ ഇരുവരെയും പട്ടണവാതിൽക്കൽ കൊണ്ടുവന്നു കല്ലെറിഞ്ഞു കൊല്ലേണം..ആവർത്തന പുസ്തകം 22:22,23). എന്നാൽ കല്ലെറിഞ്ഞു കൊല്ലുന്നതിനു പകരം ചമ്മട്ടികൊണ്ട്അടിക്കുകയും മുഖത്ത് കരിപൂശി കഴുതപ്പുറത്ത് പിന്നിട്ടിരുത്തി സവാരി ചെയ്യിക്കുകയുമായിരുന്നു അവരുടെ ശിക്ഷാ സമ്പ്രദായം. ഇവർക്ക് എന്ത് ശിക്ഷ നൽകണമെന്ന് തീരുമാനിക്കുവാൻ അവർ നബി(സ)തിരുമേനിയുടെ അടുത്തേക്ക് ആളയച്ചു.അനുകൂലമായ വിധി കിട്ടിയാൽ അത് സ്വീകരിക്കുകയും അല്ലാത്ത പക്ഷം നബി(സ)യുടെ വിധി തങ്ങൾക്ക് ബാധകമല്ലെന്ന് പറഞ്ഞ് തള്ളിക്കളയുകയും ചെയ്യാം എന്നതായിരുന്നു അവരുടെ ലക്ഷ്യം. തൗറാത്ത് കൊണ്ടുവന്ന് വായിച്ചു കേൾപ്പിക്കുവാൻ നബി(സ) ആവശ്യപ്പെട്ടു.ഇബ്നു സ്വൂരിയ എന്ന യഹൂദനാണ് പ്രവാചകൻെറ മുമ്പിൽ തൗറാത്ത് വായിച്ചത്. കുറച്ചു വായിച്ചശേഷം അയാൾ ഏട്ടിൽ കൈപൊത്തി അതിനപ്പുറം വായിക്കാൻ തുടങ്ങി.തിരുമേനി അയാളോട് കൈപൊക്കാൻ ആവശ്യപ്പെട്ടു.

കൈ പൊക്കിയപ്പോൾ അവിടെ കല്ലേറു കൽപിക്കുന്ന സൂക്തമായിരുന്നു ഉണ്ടായിരുന്നത്.യഹൂദർ പറഞ്ഞു: പണ്ട് ഞങ്ങൾക്കിടയിൽ കല്ലേറ് ഉണ്ടായിരുന്നു. കുലീന കുടുംബങ്ങളിൽ ചിലർക്കുവേണ്ടി ഞങ്ങൾ അതിൽ വിട്ടുവീഴ്ച ചെയ്യുകയും ക്രമേണ അതൊരു അംഗീകൃത സമ്പ്രദായമാവുകയുമാണുണ്ടായത്.

42. അവർ കള്ളത്തിന് കാതോർക്കുന്നവരും നിഷിദ്ധമുതൽ തിന്നുന്നവരുമാകുന്നു. (വിധിതേടി) അവർ നിന്റെ അടുത്തു വരികയാണെങ്കിൽ അവർക്കിടയിൽ നീ തീർപ്പ് കൽപിക്കുകയോ, അവരെ അവഗണിച്ചു കളയുകയോ ചെയ്യുക. അവരെ അവഗണിച്ചാൽ നിനക്കൊരു ദ്രോഹവും വരുത്താൻ അവർക്കാവില്ല. നീ വിധി പറയുകയാണെങ്കിൽ അവർക്കിടയിൽ നീതിപൂർവം വിധിപറയുക. നീതിപാലിക്കുന്നവരെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നു.

43. ഇവർ നിന്നെ വിധികർത്താവാക്കുന്നത് എങ്ങനെ? അവരുടെ പക്കൽ തൗറാത്തുണ്ട്. അതിൽ അല്ലാഹുവിന്റെ നിയമങ്ങളുമുണ്ട്. എന്നിട്ട് അതിനുശേഷവും അവർ പിന്തിരിഞ്ഞു പോകുന്നു. അവർ വിശ്വാസികളേ അല്ല.

43: മൂസാനബി(അ)ക്ക് അവതരിപ്പിച്ചുകൊടുത്ത സത്യവേദപുസ്തകത്തിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുന്നവരാണ് യഹൂദർ.അവർ പ്രവാചകനോട് തീരുമാനം തേടുന്ന വിധികൾ അവരുടെ കൈയിലിരിക്കുന്ന തൗറാത്തിലുണ്ടെന്നും അതെന്താണെന്നും അവർക്ക് അറിയാമായിരുന്നു. പക്ഷേ, അവരുടെ ദേഹേഛക്കും അഭിലാഷങ്ങൾക്കും വേദവിധികൾ എതിരായതുകൊണ്ട്,തങ്ങളുടെ കൈവശമുള്ള വിശുദ്ധ വേദപുസ്തകം തിരസ്കരിച്ച് അവർ കള്ളപ്രവാചകനെന്ന് മുദ്രകുത്തിയിട്ടുള്ള മുഹമ്മദ് നബി(സ)യുടെ മുമ്പാകെ വിധി തേടിവരുന്നത് വിചിത്രം തന്നെ. അവർക്ക് സ്വന്തം വേദപുസ്തകത്തിലോ മറ്റു ഏതെങ്കിലും ധർമസംഹിതയിലോ വിശ്വാസമില്ലാത്തവരാകുന്നു.

44. തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചത്. അതിൽ മാർഗദർശനവും വെളിച്ചവും ഉണ്ട്. (അല്ലാഹുവിന്) അനുസരണമർപ്പിച്ച പ്രവാചകന്മാർ അതനുസരിച്ച് യഹൂദർക്കിടയിൽ വിധികൽപിച്ചിരുന്നു.(അവരെപ്പോലെ യഹൂദന്മാരുടെ)റബ്ബികളും നിയമപണ്ഡിതന്മാരും. അവർ അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ സംരക്ഷണം ഏൽപിക്കപ്പെട്ടവരായിരുന്നു.അവരതിനു സാക്ഷികളുമായിരുന്നു. അതിനാൽ നിങ്ങൾ ജനത്തെ ഭയപ്പെടാതിരിക്കുക; എന്നെ ഭയപ്പെടുവിൻ. എന്റെ സൂക്തങ്ങൾ നിസ്സാരവിലയ്ക്ക് വിറ്റുകളയാതിരിക്കുവിൻ. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിനടത്തുന്നില്ലയോ, അവർതന്നെയാകുന്നു നിഷേധികൾ.

44: ഇസ്രയേലീ സമുദായത്തിന് അല്ലാഹു അവതരിപ്പിച്ചുകൊടുത്ത വേദഗ്രന്ഥമാകുന്നു തൗറാത്ത്. അല്ലാഹുവിൽനിന്ന് തൗറാത്ത് ഏറ്റുവാങ്ങിയ മൂസാനബി(അ) മുതൽ അവസാനത്തെ ഇസ്രയേലീ പ്രവാചകനായ ഈസാനബി(അ) വരെയുള്ളവർ തൗറാത്ത് പ്രകാരം വിധിച്ചിരുന്നത് ഇസ്രായേലീ സമുദായത്തിലായിരുന്നു. അതിനുശേഷം വിശുദ്ധ ഖുർആൻ എല്ലാ ജനങ്ങൾക്കുമുള്ള വേദഗ്രന്ഥമായി അവതരിച്ചു.

സമ്പത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി സമുദായത്തിലെ പ്രമാണിമാരെ പ്രീണിപ്പിക്കാൻ അല്ലാഹുവിന്റെ വിധിവിലക്കുകൾ മാറ്റിമറിക്കുന്ന പണ്ഡിതന്മാരോടുള്ള ഉദ്ബോധനമാണിത്. തുഛമായ ഭൗതിക ലാഭങ്ങൾക്കുവേണ്ടി അല്ലാഹുവിന്റെ വിധിവിലക്കുകൾ പൂഴ്ത്തിവെക്കുകയും വേദവിജ്ഞാനത്തെ ലാഭകരമായ കച്ചവടച്ചരക്കാക്കുകയും ചെയ്യുന്നവർ അനന്തവിശാലമായ പരലോകത്തെയും അവിടത്തെ അനന്തമായ ജീവിതത്തിലെ അപരിമേയവും അവർണനീയവുമായ നേട്ടങ്ങളെയും നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

45. നാം അവർക്ക് അതിൽ(തൗറാത്തിൽ) വിധിയെഴുതിയിരിക്കുന്നു: ജീവനു പകരം ജീവൻ, കണ്ണിനു കണ്ണ്, മൂക്കിനു മൂക്ക്, ചെവിക്കു ചെവി, പല്ലിനു പല്ല്, എല്ലാ പരിക്കുകൾക്കും തത്തുല്യമായ പ്രതിക്രിയ. വല്ലവനും (പ്രതിക്രിയ ചെയ്യാതെ) മാപ്പു നൽകുകയാണെങ്കിൽ അത് അവന് (പാപങ്ങൾക്കു) പ്രായശ്ചിത്തമാകുന്നു. ആർ അല്ലാഹു അവതരിപ്പിച്ച (നിയമങ്ങൾ)അനുസരിച്ച് വിധി കൽപിക്കുന്നില്ലയോ അവർ തന്നെയാണ് അതിക്രമികൾ.

45: ഈ സൂക്തത്തിൽ പറയുന്ന വിധി, ബൈബിൾ പഴയ നിയമം പുറപ്പാടു പുസ്തകം 21:22-25-ൽ ഇപ്രകാരം രേഖപ്പെടുത്തിയതായി കാണാം: മനുഷ്യർ തമ്മിൽ ശണ്ഠകൂടീട്ടു ഗർഭിണിയായ ഒരു സ്ത്രീയെ അടിച്ചതിനാൽ ഗർഭം അലസിയതല്ലാതെ അവൾക്കു മറ്റൊരു ദോഷവും വന്നില്ലെങ്കിൽ അടിച്ചവർ ആ സ്ത്രീയുടെ ഭർത്താവു ചുമത്തുന്ന പിഴ കൊടുക്കേണം; ന്യായാധിപന്മാർ വിധിക്കുമ്പോലെ അവൻ കൊടുക്കേണം. മറ്റു ദോഷം വന്നിട്ടുണ്ടെങ്കിൽ ജീവന്നു പകരം ജീവൻ കൊടുക്കേണം. കണ്ണിനു പകരം കണ്ണു, പല്ലിന്നു പകരം പല്ലു, കൈക്കു പകരം കൈ, കാലിനു പകരം കാൽ, പൊള്ളലിനു പകരം പൊള്ളൽ, മുറിവിനു പകരം മുറിവു, തിണർപ്പിനു പകരം തിണർപ്പ്.

46. അവരെ(മുൻ പ്രവാചകന്മാരെ)ത്തുടർന്ന് അവരുടെ കാൽപാടുകളിൽ നാം മർയമിന്റെ പുത്രൻ ഈസായെ നിയോഗിച്ചു. തൗറാത്തിൽനിന്ന് തന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നവനായിട്ട്. നാം അദ്ദേഹത്തിന് സന്മാർഗവും വെളിച്ചവും ഉൾക്കൊണ്ട ഇഞ്ചീൽ നൽകി. തൗറാത്തിൽ നിന്ന് അന്നുള്ളവയെ സത്യപ്പെടുത്തുന്നതും സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗദർശനവും സദുപദേശവുമത്രെ അത്.

46: ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വിവിധ കാലഘട്ടങ്ങളിൽ വന്ന ദൈവ നിയുക്തരായ ഒരു പ്രവാചകനും തനിക്കു മുമ്പുള്ള ഏതെങ്കിലും ഒരു പവാചകനെ തള്ളിപ്പറയുകയോ, പൂർവ ദൈവിക ഗ്രന്ഥങ്ങളെ ഖണ്ഡിക്കുകയോ നിഷേധിക്കുകയോ, തന്റേതായ ഒരു പുതിയ മതം സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ഓരോ പ്രവാചകനും അവർക്ക് മുമ്പുള്ള പ്രവാചകന്മാരെ അംഗീകരിക്കുകയും പൂർവ ദൈവികവേദങ്ങളെ സത്യപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. യേശുവും അപ്രകാരം ചെയ്തു. പുതിയ നിയമത്തിൽ ഇപ്രകാരം കാണാവുന്നതാണ്.'ഞാൻ ന്യായപ്രമാണത്തെയോ(തൗറാത്ത്) പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നതു. സത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലതും നിവൃത്തിയാകവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല.'(മത്തായി.5:17-19). തൗറാത്തിൽ തന്റെ കാലത്ത് സുരക്ഷിതമായി അവശേഷിച്ചിരുന്ന ശിക്ഷണങ്ങളിൽ യേശു വിശ്വസിച്ചിരുന്നു. ഇഞ്ചീൽ അവയെ സത്യപ്പെടുത്തുകയും ചെയ്തു. പൂർവ വേദമായ തൗറാത്തിനെ പിന്തുടരുകയും പൂർവ പ്രവാചകന്മാർ പ്രബോധനം ചെയ്ത ആദർശങ്ങൾ പ്രബോധനം ചെയ്യുകയുമായിരുന്നു പ്രവാചകനായ ഈസാ(അ)യുടെ നിയോഗലക്ഷ്യം.

47. ഇഞ്ചീലിന്റെ വാഹകർ അല്ലാഹു അതിലവതരിപ്പിച്ചതനുസരിച്ച് വിധി കൽപിക്കട്ടെ. ആർ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധി നടത്തുന്നില്ലയോ അവർ തന്നെയാകുന്നു ധിക്കാരികൾ.

47:തങ്ങളുടെ ജീവിതവ്യവഹാരങ്ങളിൽ അല്ലാഹു അവതരിപ്പിച്ച നിയമനിർദേശങ്ങൾക്കനുസരിച്ച് വിധി നടത്താത്തവർ സത്യത്തെ നിഷേധിക്കുന്നവരും അക്രമകാരികളും അധർമികളുമാണെന്ന് ഈ വചനം വ്യക്തമാക്കുന്നു. മനുഷ്യൻ പ്രകൃത്യാ ദൈവദാസനായിരിക്കെ ദൈവിക നിയമത്തെ അബദ്ധമെന്ന് ധരിച്ചുകൊണ്ട് ആ നിയമങ്ങൾ തള്ളിക്കളഞ്ഞ് തന്റെയോ മറ്റുള്ളവരുടെയോ നിയമം സുബദ്ധമെന്ന് കരുതി അവ നടപ്പിൽ വരുത്തുകയാണെങ്കിൽ അവൻ അല്ലാഹുവിന്റെ അടിമത്തത്തിന്റെയും അനുസരണത്തിന്റെയും പരിധിയിൽ നിന്ന് പുറത്തു പോവുകയാണ് ചെയ്യുന്നത്.

48. (നബിയെ),നാം ഇതാ ഈ ഗ്രന്ഥം സത്യത്തോടെ നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. ഇത് മുൻ വേദഗ്രന്ഥത്തിൽ നിന്ന് അതിൻെറ മുന്നിലുള്ളവയെ സത്യപ്പെടുത്തുന്നതും അവയെ കാത്തുസൂക്ഷിക്കുന്നതുമാകുന്നു. അതിനാൽ അല്ലാഹു അവതരിപ്പിച്ചുതനുസരിച്ച് നീ അവർക്കിടയിൽ വിധി കൽപിക്കുക. നിനക്കു വന്നെത്തിയ സത്യത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നാം നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമ വ്യവസ്ഥയും കർമ്മമാർഗവും നിശ്ചയിച്ചു തന്നിരിക്കുന്നു. അല്ലാഹു ഇഹിച്ചിരുന്നുവെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി(യത്രെ ഇത്). അതിനാൽ നന്മകളിൽ മത്സരിച്ചു മുന്നേറുവിൻ.അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ ഭിന്നിച്ചിരുന്ന കാര്യങ്ങളുടെ യാഥാർഥ്യം അപ്പോളവൻ നിങ്ങൾക്ക് വിവരിച്ചു തരുന്നതാണ്.

---

48:വിശുദ്ധ ഖുർആൻെറയും അതിനു മുമ്പ് അല്ലാഹുവിങ്കൽ നിന്ന് അവതീർണമായിട്ടുള്ള എല്ലാ വേദങ്ങളുടെയും പ്രമേയവും പ്രതിപാദ്യവും അധ്യാപനവും ഒന്നുതന്നെയാണ്. വിശുദ്ധ ഖുർആൻ, പൂർവവേദങ്ങളിൽ കലർന്ന അസത്യങ്ങളിൽനിന്ന് മുക്തമാണ്. അതിനാൽ ഏതെങ്കിലും തരത്തിലുള്ള കൈകടത്തൽ മുഖേനയോ ദുർവ്യാഖ്യാനങ്ങൾ വഴിയോ പൂർവവേദങ്ങളുടെ അഹുയായികൾ നിലവിലുള്ള പൂർവവേദങ്ങളിൽ വരുത്തിയ വൈകല്യങ്ങൾ ഖുർആൻെറ സാക്ഷ്യം വഴി വേർതിരിച്ചു മനസ്സിലാക്കാൻ കഴിയുന്നു. അല്ലാഹു അവതരിപ്പിച്ച യഥാർഥ രൂപത്തിൽ അസത്യത്തിൻെറ കലർപ്പുകളേശാതെ അവസാന കാലം വരെ വിശുദ്ധ ഖുർആൻ നിലകൊള്ളുകതന്നെ ചെയ്യും. ഇനി ഖുർആനാണ് സത്യവും അസത്യവും വിവേചിക്കാനുള്ള മാനദണ്ഡം. കാര്യങ്ങളിൽ തീരുമാനമെടുക്കാൻ ആധാരമായിരിക്കേണ്ട പ്രമാണവും ഇതുതന്നെ.

എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തിരുന്നത് ഒരേ മതമായിരുന്നു. എങ്കിലും ഓരോ സമുദായത്തിൻെറയും ബുദ്ധിപരവും മാനസികവും സാമൂഹികമായ വളർച്ചക്കും വ്യത്യസ്ഥ പരിതസ്ഥിതികൾക്കും അനുസരിച്ച്, വിവിധ നിയമ സംഹിതകളും (ശരീഅത്ത്) കർമ്മമാർഗവും അല്ലാഹു നിശ്ചയിച്ചിരിക്കുന്നു.അതിനാൽ അതതു കാലത്തെ ദൈവിക വിധിവിലക്കുകൾ അവലംബിക്കുകയാണ് സന്മാർഗം പ്രാപിക്കുവാനുള്ള മാർഗം. വിവിധ പ്രവാചകന്മാരുടെ നിയമവ്യവസ്ഥകൾ തമ്മിൽ വ്യത്യാസങ്ങളുണ്ടാക്കിയതിൽ പരിഗണിച്ചിട്ടുള്ള പ്രധാനമായ നന്മ ജനങ്ങളെ പരീക്ഷിക്കുകയാണ്.

പക്ഷപാതിത്തത്തിൽ പെട്ടുപോയി അനന്തരവേദങ്ങളിലെ വിധിവിലക്കുകൾ അംഗീകരിക്കതെ തർക്കിക്കുകയും ജീവിതകാലം മുഴുവൻ സ്ഥാപിക്കാൻ മിനക്കെട്ടിരുന്ന തർക്കവിഷയങ്ങളിൽ, സത്യത്തിൻെറയും അസത്യത്തിൻെറയും അനുബന്ധങ്ങൾ എത്രത്തോളമുണ്ടായിരുന്നുവെന്നും ഭിന്നിച്ചിരുന്ന വിഷയങ്ങളുടെ യാഥാർഥ്യം എന്തായിരുന്നുവെന്നും അല്ലാഹു അന്ത്യനാളിൽ വിവരിച്ചു തരുന്നതാണ്.

---

49. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ നീ വിധി കൽപിക്കുക. അവരുടെ ഇഛകളെ പിൻപറ്റാതിരിക്കുക. അല്ലാഹു നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള വല്ല നിയമങ്ങളിൽനിന്നും അവർ നിന്നെ വ്യതിചലിപ്പിക്കുന്നതിനെക്കുറിച്ച് ജാഗ്രത പുലർത്തുക. ഇനി അവർ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ നീ അറിഞ്ഞിരിക്കുക; അവരുടെ ചില പാപങ്ങളുടെ ഫലമായി അവരെ ആപത്തിലകപ്പെടുത്തണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. തീർച്ചയായും ജനങ്ങളിലേറെ പേരും ധിക്കാരികളാകുന്നു.

50. അനിസ്ലാമിക വ്യവസ്ഥയുടെ വിധിയാണോ അവർ ആഗ്രഹിക്കുന്നത്? (എന്നാൽ അല്ലാഹുവിൽ) ദൃഢവിശ്വാസമുള്ള ജനങ്ങൾക്ക് അല്ലാഹുവിനേക്കാൾ നന്നായി വിധിക്കുന്നവൻ ആരാണുണ്ടാവുക?

---

50:സർവജ്ഞനും യുക്തിമാനുമായ അല്ലാഹു അവതരിപ്പിച്ച നിയമവ്യവസ്ഥക്ക് വിരുദ്ധമായതെല്ലാം അജ്ഞതയുടെയും അവിവേകത്തിൻെറയും മാർഗങ്ങളാകുന്നു. ഊഹാപോഹങ്ങളെയും അനുമാനങ്ങളെയും

ഭാഗികമായ അറിവിനെയും ആസ്പദമാക്കി മനുഷ്യൻ പടച്ചുണ്ടാക്കുന്ന തത്ത്വ ശാസ്ത്രങ്ങൾക്കും ധർമ സംഹിതകൾക്കും ജീവിത യാഥാർഥ്യത്തിലേക്ക് മാർഗദർശനം ചെയ്യാൻ സാധ്യമല്ലതന്നെ.

51. അല്ലയോ സത്യവിശ്വാസികളേ, ജൂതന്മാരെയും ക്രിസ്ത്യാനികളെയും നിങ്ങൾ ആത്മമിത്രങ്ങളായി സ്വീകരിക്കരുത്. അവർ പരസ്പരം ആത്മമിത്രങ്ങളാകുന്നു. നിങ്ങളിൽനിന്ന് ആരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്നപക്ഷം, തീർച്ചയായും അവനും അവരിൽ പെട്ടവൻ തന്നെയാണ്. നിശ്ചയം, അക്രമികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

51:വേദക്കാരെ രക്ഷാകർത്താക്കളും കൈകാര്യാധികാരികളുമായി സ്വീകരിക്കുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയാണ് ഈ വചനം. യഹൂദികൾക്കും ക്രിസ്ത്യാനികൾക്കുമിടയിൽ അഭ്യന്തരമായ എത്രതന്നെ അകൽച്ച ഉണ്ടെങ്കിലും ഇസ്ലാമിനും മുസ്ലിംകൾക്കും എതിരിൽ അവർ മിത്രങ്ങളും പരസ്പര സഹായികളും ആയിരിക്കും.ചരിത്രത്തിൽ ഇതിനു പല ഉദാഹരണങ്ങളും കാണാവുന്നതാണ്. അല്ലാഹുവിലും പ്രവാചകനിലും ദൃഢവിശ്വാസമുള്ളവർ അല്ലാഹുവിനെയും പ്രവാചകനെയും വെടിഞ്ഞ് അവരുടെ പ്രതിയോഗികളെ രക്ഷകരും ആത്മമിത്രങ്ങളുമായി സ്വീകരിക്കുകയില്ല.ദൃഢവിശ്വാസമുള്ള ജനങ്ങൾക്ക് അല്ലാഹുവിനേക്കാൾ മികച്ച രക്ഷകനും മാർഗദർശകനും സഹായിയും ഉണ്ടായിരിക്കുകയില്ല.മറ്റു വിഭാഗങ്ങളുമായി സാഹോദര്യബന്ധമോ സഹിഷ്ണുതാപരമായ പെരുമാറ്റമോ ഖുർആൻ വിലക്കുന്നില്ല. അന്യവിഭാഗങ്ങളുമായി നബി(സ) സഖ്യങ്ങളും കരാറുകളും ഉണ്ടാക്കുകയും അവരുമായി സൗഹാർദപരമായ സഹവർത്തിത്വം നിലനിർത്തുകയും ചെയ്തിരുന്നു.എന്നാൽ മുസ്ലിം സമൂഹത്തിൻെറ ഇസ്ലാമികമായ അസ്തിത്വത്തെ അപകടപ്പെടുത്തുന്ന ആശ്രിതബന്ധം സ്ഥാപിക്കുന്നതിനെയാണ് വിലക്കുന്നത്.

52. എന്നാൽ മനസ്സിൽ രോഗമുള്ളവർ അവരിൽ(അവരുമായി മൈത്രി സ്ഥാപിക്കുന്നതിൽ) ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതായി നിനക്ക് കാണാം.അവർ പറയുന്നു:ഞങ്ങൾക്ക് വല്ലവിപത്തും ബാധിക്കുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. എന്നാൽ അല്ലാഹു നിങ്ങൾക്ക് നിർണായകമായ വിജയം നൽകുകയോ അല്ലെങ്കിൽ അവങ്കൽ നിന്ന് മറ്റു വല്ല നടപടിയുമുണ്ടായേക്കാം.അപ്പോൾ തങ്ങളുടെ മനസ്സുകളിൽ രഹസ്യമാക്കി വെച്ചതിനെപ്പറ്റി അവർ ഖേദിക്കുന്നവരായിത്തീരും.

53. അന്നേരം വിശ്വാസികൾ പറയും: ഞങ്ങൾ നിങ്ങളോടൊപ്പംതന്നെ എന്ന് അല്ലാഹുവിൻെറ പേരിൽ ആണയിട്ടു പറഞ്ഞിരുന്നവർ ഇക്കൂട്ടർ തന്നെയാണോ? അവരുടെ കർമ്മങ്ങളൊക്കെയും പാഴായിപ്പോയി. അങ്ങനെ അവർ നഷ്ടക്കാരായിത്തീർന്നു.

54. അല്ലയോ സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തൻെറ മതത്തിൽ നിന്ന് പിന്മാറിപ്പോകുന്നുവെങ്കിൽ, അപ്പോൾ അല്ലാഹു സ്നേഹിക്കുന്നവരും അവനെ സ്നേഹിക്കുന്നവരുമായ മറ്റൊരു ജനത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്. അവർ വിശ്വാസികളോട് വിനയവും, സത്യനിഷേധികളോട് പ്രതാപവും കാണിക്കുന്നവരായിരിക്കും. അല്ലാഹുവിൻെറ മാർഗത്തിൽ സമരം ചെയ്യുന്നവരും, ഒരാക്ഷേപകൻെറയും ആക്ഷേപത്തെ ഭയപ്പെടാത്തവരുമായിരിക്കും. അത് അല്ലാഹുവിൻെറ ഔദാര്യമാണ്. അവനിച്ഛിക്കുന്നവർക്ക് അത് നൽകുന്നു. അല്ലാഹു വിശാലനും എല്ലാം അറിയുന്നവനുമാകുന്നു.

54:നബി(സ)തിരുമേനി മരിക്കുന്നതിനു മുമ്പുതന്നെ പല ഗോത്രങ്ങളും ഇസ്ലാമിൽ നിന്ന് പിന്മാറിക്കളഞ്ഞ് പ്രതിവിപ്ലവത്തിന് ഒരുമ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രവചനമാണ് ഈ വചനമെന്ന് പല ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. യമാമയിലെ മുസൈലിമതുബ്നു ഹബീബ്, യമനിലെ അസ്വദുൽ അനസ്,തുലൈഹതുബ്നു ഖുവൈലിദ് തുടങ്ങിയവർ പ്രവാചകത്വം വാദിച്ചവരായിരുന്നു.മുസൈലിമയും, അസ്വദുൽ അനസും മുസ്ലിംകളുമായുള്ള ഏറ്റുമുട്ടലുകളിൽ കൊല്ലപ്പെടുകയായിരുന്നു. തുലൈഹ പിന്നീട് പ്രവാചകത്വവാദമുപേക്ഷിക്കുകയും ഇസ്

ലാമിലേക്ക് തിരിച്ചുവരികയുമാണുണ്ടായത്. ഖലീഫ അബൂബക്കറിൻെറ(റ) കാലത്തും ഉമറിൻെറ(റ) കാലത്തും പല മതപരിത്യാഗസംഘങ്ങളും രംഗത്ത് വരികയുണ്ടായി.പിന്നീട് പല സംഘങ്ങളും ഇസ് ലാമിലേക്കു തന്നെ തിരിച്ചു വരികയുണ്ടായി. ചില സംഘങ്ങൾ അക്കാലത്തുതന്നെ നമാവശേഷമാവുകയായിരുന്നു.

55. നിശ്ചയമായും നിങ്ങളുടെ മിത്രങ്ങൾ അല്ലാഹുവും അവൻെറ ദൂതനും സത്യവിശ്വാസികളും മാത്രമാകുന്നു. അവരോ, നമസ്കാരം നിലനിർത്തുന്നവരും, സകാത്ത് കൊടുക്കുന്നവരും, (അല്ലാഹുവിനെ) നമിക്കുന്നവരുമാകുന്നു.

56. അല്ലാഹുവിനെയും അവൻെറ ദൂതനെയും വിശ്വാസികളെയും മിത്രങ്ങളാക്കുന്നവരാരോ, അവർ(അറിഞ്ഞിരിക്കട്ടെ),നിശ്ചയമായും അല്ലാഹുവിൻെറ കക്ഷിതന്നെയാണ് വിജയം നേടുന്നവർ.

57. അല്ലയോ വിശ്വാസികളേ, നിങ്ങൾക്കു മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിങ്ങളുടെ മതത്തെ ഹാസ്യവും വിനോദവുമാക്കിയവരെയും,സത്യനിഷേധികളെയും ഉറ്റമിത്രങ്ങളായി എടുക്കരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുവിൻ.

57: ഇസ്ലാംമതത്തെയും അതിൻെറ ചിഹ്നങ്ങളെയും പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്യുന്നവരെ സ്വന്തം സുഹൃത്തുക്കളും സഖാക്കളുമാക്കരുത് എന്നാണ് ഈ സൂക്തം കൽപിക്കുന്നത്. ഇസ്ലാമിനോടുള്ള കൊടിയ ശത്രുതകാരണം ഇസ്ലാമിക ചിഹ്നങ്ങളെ പരിഹസിക്കുന്നവരോടും പുഛരിക്കുന്നവരോടും ഉറ്റചങ്ങാത്തം കൂടുന്നതിനെയാണ് ഇവിടെ വിലക്കുന്നത്. യഥാർഥ സത്യവിശ്വാസികൾ അത്തരം കൂട്ടുകെട്ടുകൾ ഉപേക്ഷിക്കേണ്ടതാണ്.

58. നിങ്ങൾ നമസ്കാരത്തിനായി വിളിച്ചാൽ അവർ അത് ഒരു പരിഹാസമായും കളിയായും എടുക്കുന്നു. അവർ ബുദ്ധി ഉപയോഗിക്കാത്ത ഒരു ജനമായതു കൊണ്ടത്രെ അത്.

58: നമസ്കാരത്തിനുള്ള ബാങ്കുവിളി കേൾക്കുമ്പോൾ അതിനെ പരിഹസിച്ചു ചിരിച്ചിരുന്ന യഹൂദരും ക്രിസ്ത്യാനികളും ഉണ്ടായിരുന്നതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.അവരുടെ വിവരക്കുറവും ബുദ്ധിശൂ ന്യതയുമാണ് ഇതിനുള്ള കാരണം എന്ന് ഈ വാക്യം ചൂണ്ടിക്കാണിക്കുന്നു.

59. ചോദിക്കുക:അല്ലയോ വേദക്കാരേ, അല്ലാഹുവിലും ഞങ്ങൾക്ക് അവതരിച്ചു കിട്ടിയ വേദത്തിലും, മുമ്പ് അവതരിക്കപ്പെട്ട വേദത്തിലും ഞങ്ങൾ വിശ്വസിക്കുന്നുവെന്നതുകൊണ്ടും, നിങ്ങളിലധികമാളുകളും ധിക്കാരികളാണ് എന്നതുകൊണ്ടും മാത്രമല്ലേ നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തുന്നത്.

60. പറയുക: അല്ലാഹുവിങ്കൽ അതിനെക്കാൾ ദുഷിച്ച പ്രതിഫലമുള്ളവരെപ്പറ്റി ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? ആരെ അല്ലാഹു ശപിച്ചുവോ, ആരുടെ നേരെ അവൻ കോപിച്ചുവോ, ആരിൽപ്പെട്ടവരെ അല്ലാഹു കുരങ്ങുകളും പന്നികളുമാക്കിയോ ആര് ദൈവേതര ശക്തികൾക്ക് അടിമപ്പെട്ടുവോ അവരാകുന്നു ഏറ്റവുംമോശമുള്ള സ്ഥാനമുള്ളവരും നേർവഴിയിൽനിന്ന് ഏറെ തെറ്റിപ്പോയവരും.

60:സബ്ബാത്ത് നിയമം ലംഘിച്ച യഹൂദരെയാണ് ഈ വചനം വിവക്ഷിക്കുന്നത്.അല്ലാഹുവിൻെറ ശാപ കോപങ്ങളുടെ ഒരു നീണ്ട പരമ്പര്യം തന്നെ അവർക്കുണ്ട്.എത്രത്തോളമെന്നാൽ സബ്ബാത്ത്നിയമം ലംഘി ച്ചതിൻെറ പേരിൽ യഹൂദരിൽ വളരെ പേർക്ക് രൂപഭേദം വന്നതായി 2:65-ലും 7:166-ലും ഖുർആൻ പറയുന്നുണ്ട്. ഏകദൈവത്തെമാത്രം ആരാധിക്കാൻ കൽപിക്കപ്പെട്ട യഹൂദർ പശുക്കുട്ടിയെ ദൈവമാക്കി ആരാധിച്ച കഥയും പ്രസിദ്ധമാണ്.

61. നിങ്ങളുടെ അടുത്ത്‌ വരുമ്പോൾ 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്ന്‌ അവർ പറയുന്നു. തീർച്ചയായും അവർ സത്യനിഷേധവുമായി കടന്നു വരുന്നു.അവർ അതുംകൊണ്ടുതന്നെ പുറത്തു കടക്കുകയും ചെയ്യുന്നു.അവർ മറച്ചുവെച്ചതെന്തെന്ന്‌ അല്ലാഹുവിന്ന്‌ നന്നായറിയാം.

62. അവരിലധികപേരും പാപവൃത്തികളിലും അതിക്രമങ്ങളിലും നിഷിദ്ധധനം തിന്നുന്നതിലും മത്സരിച്ച്‌ മുന്നേറുന്നതായി നിനക്ക്‌ കാണാം. അവർ ചെയ്തുകൊണ്ടിരിക്കുന്നത്‌ വളരെ ചീത്ത തന്നെ.

---

63. അവരുടെ പാപഭാഷണത്തെയും നിഷിദ്ധ ഭോജനത്തെയും, പുരോഹിതന്മാരും പണ്ഡിതന്മാരും തടയാത്തതെന്ത്‌? അവർ ചെയ്തുകൊണ്ടിരിക്കുന്നത്‌ വളരെ ചീത്ത തന്നെ.

64. യഹൂദന്മാർ പറയുന്നു: അല്ലാഹുവിൻെറ കൈ കെട്ടപ്പെട്ടിരിക്കുന്നു. കെട്ടപ്പെട്ടിരിക്കുന്നത്‌ അവരുടെ കൈകളാകുന്നു. അങ്ങനെ പറഞ്ഞത്‌ കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവൻെറ കൈകൾ നിവർത്തപ്പെട്ടവയാകുന്നു.അവനിഛിക്കും പോലെ അവൻ ചെലവഴിക്കുന്നു. നിനക്ക്‌ നിൻെറ രക്ഷിതാവിങ്കൽ നിന്ന്‌ അവതരിപ്പിക്കപ്പെട്ട(സന്ദേശം) അവരിൽ അധികപേർക്കും ധിക്കാരവും സത്യനിഷേധവും വർധിപ്പിക്കുകതന്നെ ചെയ്യും. അവർക്കിടയിൽ അന്ത്യനാൾ വരെ ശത്രുതയും വിരോധവും നാം ഇട്ടു കൊടുത്തിരിക്കുകയാണ്‌. അവർ യുദ്ധത്തിന്‌ തീ കൊളുത്തുമ്പോഴൊക്കെ അല്ലാഹു അത്‌ ഊതിക്കെടുത്തുന്നു. അവർ ഭൂമിയിൽ കുഴപ്പമുണ്ടാക്കാൻ പ്രയത്നിക്കുകയാകുന്നു. കുഴപ്പക്കാരെ അല്ലാഹു ഇഷ്‌ടപ്പെടുന്നില്ല.

---

64:ഒരു കാലത്ത്‌ ക്ഷേമൈശ്വര്യങ്ങളിൽ മികച്ചു നിന്നവരായിരുന്നു യഹൂദർ.വേദപ്രമാണങ്ങൾക്ക്‌ വിരുദ്ധമായ ജീവിത ചര്യകൾ സ്വീകരിച്ചതിൻെറ ഫലമായി അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക്‌ വിധേയരാവുകയും അവരുടെ പൂർവപ്രതാപങ്ങൾ കഥാവശേഷമായിത്തീരുകയും ചെയ്തു.ദാരിദ്ര്യം അവർക്കൊരു നിത്യശാപമായി. ദൈവത്തിൻെറ സ്വന്തക്കാരാണെന്ന്‌ ഊറ്റം കൊണ്ടിരുന്ന അവരുടെ നഷ്‌ടപ്പെട്ട അധികാരവും പ്രതാപവും വീണ്ടെടുക്കാൻ യാതൊരു സാധ്യതയും കാണാതായപ്പോൾ അവരിലെ വിവരം കെട്ടവർ അല്ലാഹു ലുബ്‌ധനാണെന്നും നീതിയില്ലാത്തവനാണെന്നും പറഞ്ഞ്‌ പരിഹസിക്കുകയാണ്‌ ചെയ്തത്‌.ഖുർആൻ വചനങ്ങൾ അവരിൽ പലർക്കും അനുഗ്രഹമായില്ല. തങ്ങൾ മറന്നുപോയ ഗുണപാഠങ്ങൾ ഖുർആനിലൂടെ പഠിക്കുന്നതിനു പകരം അവരതിൻെറ ശത്രുക്കളായി. ഖുർആൻെറ മാർഗദർശനം സ്വീകരിക്കുന്നതിനു പകരം അതിലെ ഓരോ വിഷയവും അവർ നിഷേധിക്കുകയും പരിഹാസ്യമാക്കുകയും ചെയ്തു.

ആകാശഭൂമികൾ സൃഷ്‌ടിച്ചതുമുതൽ അല്ലാഹു തൻെറ സൃഷ്‌ടികൾക്ക്‌ അവൻ ഉദ്ദേശിക്കുന്ന ഒരു പരിമാണമനുസരിച്ച്‌ നിരന്തരം വിഭവങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. അവൻെറ ഔദാര്യത്തിനതീതരായി സൃഷ്‌ടികൾക്ക്‌ ഒരു നിമിഷം പോലും നിലനിൽക്കാനാവില്ല.

---

65. വേദക്കാർ വിശ്വസിക്കുകയും ദൈവഭക്തരാവുകയും ചെയ്തിരുന്നുവെങ്കിൽ, തീർച്ചയായും അവരുടെ തിന്മകളെ അവരിൽനിന്ന്‌ നാം മായ്‌ച്ചുകളയുകയും അവരെ അനുഗൃഹീതമായ സ്വർഗീയാരാമങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യുമായിരുന്നു.

---

66. തൗറാത്തും ഇഞ്ചീലും അവർക്ക്‌ അവരുടെ രക്ഷിതാവിങ്കൽ നിന്ന്‌ അവതരിക്കപ്പെട്ട സന്ദേശങ്ങളും അവർ നിലനിർത്തിയിരുന്നുവെങ്കിൽ, തങ്ങളുടെ മുകൾഭാഗത്തുനിന്നും കാൽച്ചുവട്ടിൽ നിന്നും അവർക്കാഹാരം ലഭിക്കുമായിരുന്നു. അവരിൽ മിതത്വം പാലിക്കുന്ന ഒരു സമൂഹമുണ്ട്‌. എന്നാൽ അവരിൽ അധിക പേരും പ്രവർത്തിക്കുന്നത്‌ തിന്മയത്രെ.

---

65,66: അന്ധവിശ്വാസങ്ങളും വംശീയ ദുരഭിമാനങ്ങളും വെടിഞ്ഞ് പൂർവവേദക്കാർ അന്ത്യപ്രവാചകനിലും ഖുർആനിലും വിശ്വസിക്കുകയും യഥാർഥ ദൈവഭക്തിയോടെ ജീവിക്കുകയുമാണെങ്കിൽ അല്ലാഹു അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും അവരിൽ നിന്ന് ആപത്തുകൾ തടയുകയും ചെയ്യുമായിരുന്നു. തൗറാത്തും ഇഞ്ചീലും മുഖ്യമായും ഇസ്രായീല്യർക്കു വേണ്ടിയായിരുന്നു. തൗറാത്തും ഇഞ്ചീലും അംഗീകരിക്കുന്നതുപോലെ, എല്ലാ ദൈവികവേദങ്ങളുടെയും പരിഷ്കരിച്ച പതിപ്പും അന്ത്യനാൾ വരെയുള്ള മനുഷ്യവംശത്തിനാകമാനമുള്ള വേദവുമായ ഖുർആനും അംഗീകരിക്കുക എന്നത് പൂർവവേദക്കാരുടെയും ബാധ്യതയാണ്.
അല്ലാഹുവിങ്കൽ നിന്ന് പ്രവാചകന്മാർക്ക് നൽകപ്പെട്ട ദിവ്യബോധനങ്ങൾ തങ്ങളുടെ ജീവിതത്തിൽ സ്ഥാപിച്ചു പോന്നിരുന്നുവെങ്കിൽ പാരത്രിക ജീവിതത്തിലെ സുഖസൗകര്യങ്ങൾ മാത്രമല്ല ഐഹിക ജീവിത ത്തിലും ക്ഷേമൈശ്വര്യങ്ങൾ ലഭിക്കുന്നതാണെന്ന് അല്ലാഹു ഉണർത്തുന്നു.

---

67. അല്ലയോ ദൈവദൂതരേ,നിന്റെ നാഥങ്കൽ നിന്ന് നിനക്ക് അവതരിച്ചു കിട്ടിയത് നീ (ജനങ്ങൾക്ക്)എത്തിച്ചു കൊടുക്കുക. നീ അത് ചെയ്തില്ലെങ്കിൽ,നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല.ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. സത്യനിഷേധികളായ ജനത്തെ തീർച്ചയായും അല്ലാഹു നേർവഴിയിലാക്കുകയില്ല.

---

67: അല്ലാഹുവിന്റെ സന്ദേശങ്ങൾ യാതൊരു ഭേദഗതിയും ഏറ്റക്കുറച്ചിലും വരുത്താതെ പൂർണമായി ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയാണ് പ്രവാചകന്റെ ദൗത്യം. പ്രവാചകദൗത്യം ഏറ്റെടുക്കുന്ന മറ്റുള്ളവരും ഇതരവിഭാഗങ്ങളുമായി സമരസപ്പെട്ടു പോകുന്നതിനുവേണ്ടിയോ അവരെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയോ ഇസ്ലാമിന്റെ ആദർശങ്ങളിൽ ഒന്നും പൂഴ്ത്തിവെക്കാൻ പാടുള്ളതല്ല. എന്നാൽ ദൈവമാർഗത്തിലേക്ക് യുക്തിപൂർവമായും സദുപദേശത്തോടെയും നല്ല രീതിയിൽ സംവാദിക്കണമെന്ന് ഖുർആൻ അനുശാസിച്ചിട്ടുണ്ട്.

---

68. പറയുക: അല്ലയോ വേദക്കാരേ, തൗറാത്തും ഇഞ്ചീലും നിങ്ങളുടെ നാഥങ്കൽനിന്ന് നിങ്ങൾക്ക് അവതരിച്ചു കിട്ടിയ സന്ദേശങ്ങളും യഥാവിധി നിലനിർത്തുംവരെ നിങ്ങൾ യാതൊരു അടിസ്ഥാനത്തിലുമല്ല. എന്നാൽ നിനക്ക് നിന്റെ നാഥനിൽ നിന്ന് അവതരിച്ചു കിട്ടിയ സന്ദേശം അവരിൽ അധികപേരിലും ധിക്കാരവും അവിശ്വാസവും വർധിപ്പിക്കുമെന്നത് തീർച്ചയാകുന്നു. അതിനാൽ സത്യനിഷേധികളായ ജനത്തെ ഓർത്ത് നീ ദുഃഖിക്കേണ്ടതില്ല.

---

68: ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും കൈകടത്തലുകൾക്ക് വിധേയമാവാത്ത യഥാർഥ തൗറാത്തും ഇഞ്ചീലുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.അല്ലാഹു ഇറക്കിയ യഥാർഥ തൗറാത്തും ഇഞ്ചീലും ഖുർആനും അടിസ്ഥാനപരമായി ഒരേ ആദർശ വിശ്വാസങ്ങളും ജീവിതപാതയും തന്നെയാണ് അവതരിപ്പിക്കുന്നത്.

---

69. നിശ്ചയമായും,(ഖുർആനിൽ)വിശ്വസിച്ചവരും, യഹൂദരായവരും, സാബികളും, ക്രിസ്ത്യാനികളും (ആരാവട്ടെ,അവരിൽ)ആർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ,അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.

---

69:മുസ്ലിംകൾ, യഹൂദികൾ, സാബിഉകൾ, ക്രിസ്ത്യാനികൾ എന്നിങ്ങനെയുള്ള ഏതെങ്കിലും സമുദായത്തിൽ പെട്ടവരായതുകൊണ്ട് പരലോകമോക്ഷം അവരുടെയൊന്നും കുത്തകയാകുന്നില്ല. യഹൂദർ സ്വസമുദായത്തിൽ പെട്ടവരെമാത്രം മോക്ഷത്തിന്റെ കുത്തകക്കാരായി കണക്കാക്കുന്നു. മുഹമ്മദ് നബിയെയും ഖുർആനെയും നിഷേധിക്കാൻ ഈ മൂഢധാരണ യഹൂദരെ പ്രേരിപ്പിക്കുന്നു. യേശു തങ്ങളുടെ പാപങ്ങളെല്ലാം ഏറ്റെടുത്തിരിക്കുന്നതിനാൽ ഇനി ഇരുലോകത്തും തങ്ങൾക്കൊന്നും ഭയപ്പെടാനില്ലെന്ന് കരുതുന്നതിനാൽ മുഹമ്മദ് നബിയെയും ഖുർആനെയും യേശുശിഷ്യന്മാരും നിഷേധിക്കുന്നു. വംശീയമോ ദേശീയമോ മതപരമോ ആയ അവകാശവാദങ്ങൾക്കൊണ്ടൊന്നും ആരും പരലോകത്ത് രക്ഷപ്പെടാൻ

പോകുന്നില്ല. അല്ലാഹുവിലും അന്ത്യദിനത്തിലും ആത്മാർഥമായി വിശ്വസിക്കുകയും ആ വിശ്വാസത്തിൽ അധിഷ്ഠിതമായ സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്യുന്നവർക്കേ രക്ഷയുള്ളു എന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

---

70. ഇസ്രായേൽ മക്കളോട് നാം കരാർ വാങ്ങുകയും,അവരിലേക്ക് നാംദൈവദൂതന്മാരെ നിയോഗിക്കുകയും ചെയ്തിരുന്നു. അവരുടെ മനസ്സുകൾ ഇഛരിക്കാത്ത കാര്യവുമായി ഓരോ ദൂതൻ അവരിൽ ചെന്നപ്പോഴൊക്കെയും ചിലരെ അവർ നിഷേധിക്കുകയും ചിലരെ വധിക്കുകയുമാണ് ചെയ്തത്.

71. ഇതിനാൽ ഒരു കുഴപ്പവുമുണ്ടാവില്ലെന്ന് അവർ കണക്കു കൂട്ടുകയും,അങ്ങനെ അവർ അന്ധരും ബധിരരുമായി കഴിയുകയും ചെയ്തു. പിന്നീട് അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു.എന്നാൽ പിന്നെയും അവരിലേറെപ്പേരും അന്ധരും ബധിരരുമാവുകയാണുണ്ടായത്. അവരുടെ ചെയ്തികളൊക്കെയും അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുകയാകുന്നു.

72. മർയമിൻെറ പുത്രൻ മസീഹ് ദൈവംതന്നെയാണ് എന്ന് വാദിച്ചവർ തീർച്ചയായും നിഷേധികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞതോ, അല്ലയോ ഇസ്രായേൽ സന്തതികളേ, എൻെറയും നിങ്ങളുടെയും നാഥനായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ എന്നത്രെ. അല്ലാഹുവിന് പങ്കാളിയെ കൽപിക്കുന്നവന് തീർച്ചയായും അല്ലാഹു സ്വർഗം നിരോധിച്ചിട്ടുള്ളതാകുന്നു. നരകമാകുന്നു അവൻെറ വാസസ്ഥലം. അത്തരം അധർമികൾക്ക് യാതൊരു സഹായിയും ഉണ്ടായിരിക്കുന്നതല്ല.

73. അല്ലാഹു മൂവരിൽ ഒരുവനാകുന്നു എന്ന് വാദിച്ചവർ തീർച്ചയായും നിഷേധികളായിരിക്കുന്നു. ഏകദൈവമല്ലാതെ ഒരു ദൈവവും ഇല്ലതന്നെ. തങ്ങളുടെ ഇത്തരം വാദങ്ങളിൽ നിന്ന് വിരമിക്കുന്നില്ലെങ്കിൽ, അവരിൽ നിഷേധികളായവരെ വേദനയേറിയ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും.

74. ഇനിയും അവർ അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

75. മർയമിൻെറ പുത്രൻ മസീഹ് ഒരു ദൈവദൂതനല്ലാതെ മറ്റാരുമായിരുന്നില്ല. അദ്ദേഹത്തിനു മുമ്പും (നിരവധി)ദൂതന്മാർ കഴിഞ്ഞു പോയിട്ടുള്ളതാകുന്നു.അദ്ദേഹത്തിൻെറ മാതാവ് ഒരു സത്യസന്ധയുമായിരുന്നു.അവരിരുവരും ആഹാരം കഴിക്കുകയും ചെയ്തിരുന്നു.നാം അവർക്ക് എങ്ങനെയൊക്കെ ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നുവെന്ന് നോക്കുക! പിന്നെ അവർ എങ്ങോട്ടാണ് വ്യതിചലിച്ചു പോകുന്നതെന്നും നോക്കുക!

---

72-75: യേശുശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവരുടെ സത്യനിഷേധം ചൂണ്ടിക്കാണിക്കുകയാണ് ഈ വചനങ്ങൾ. ഇതിലപ്പുറം എങ്ങനെയാണ് യേശുവിൻെറ ദിവ്യത്വത്തെയും ത്രിത്വവാദത്തെയും ഖുർആൻ നിഷേധിക്കുക?

'അല്ലാഹു മൂവരിൽ ഒരുവനാകുന്നു' എന്നതുകൊണ്ട് ക്രൈസ്തവർ അർഥമാക്കുന്നത് അല്ലാഹു മൂന്ന് അസ്തിത്വത്തിൻെറ ഒരു സമുച്ചയമാകുന്നു എന്നാണ്. അതായത് പിതാവ്(യഹോവ അഥവാ അല്ലാഹു), പുത്രൻ, പരിശുദ്ധാത്മാവ്.

യേശു ദൈവമായിരുന്നുവെന്ന് മനസ്സിലാക്കാനുള്ള യാതൊരുപഴുതും സുവിശേഷങ്ങളിൽ കാണുന്നില്ല. യേശുവിനെ സംബന്ധിച്ച് 'മനുഷ്യപുത്രൻ' എന്ന് 63 പ്രാവശ്യം സുവിശേഷങ്ങളിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

യേശുവിനെ 'മനുഷ്യൻ' എന്നു മാത്രം 73 പ്രാവശ്യം സംബോധന ചെയ്തിരിക്കുന്നു. മനുഷ്യനായ ഒരു പ്രവാചകനായിരുന്നു ക്രിസ്തു. അബ്രഹാമിനെയും ഇസ്മായേലിനെയും, മോശയെയും യോസഫിനെയും പോലെയുള്ള ഒരു പ്രവാചകൻ.

'യേശു ഒരു മനുഷ്യപുത്രൻ മാത്രമായിരുന്നു' എന്ന് അദ്ദേഹത്തെപ്പറ്റി ഖുർആൻ പ്രസ്താവിച്ച യാഥാർ ഥ്യങ്ങളത്രയും ക്രൈസ്തവർക്കുപോലും നിഷേധിക്കാൻ കഴിയാത്ത വിധം അവരുടെ പ്രമാണങ്ങളിൽ ഇന്നും രേഖപ്പെട്ടു കിടപ്പുള്ളതാണ്.

പുതിയ നിയമം പരിശോധിച്ചാൽ അദ്ദേഹത്തിൻെറ ജനനം മുതൽ ഒരു മനുഷ്യൻേറതിൽ നിന്ന് വ്യത്യസ്തമായ ഒരു ചിത്രം നമുക്ക് ലഭിക്കുകയില്ല.

യേശുവിന് ഒരു നീണ്ട വംശ പാരമ്പര്യമുണ്ട്.

അബ്രഹാമിൻെറയും ദാവീദിൻെറയും പുത്രപരമ്പരയിലാണ് യേശു ജനിക്കുന്നത് (മത്തായി 1:1)

യേശു ഒരു സ്ത്രീയുടെ ഗർഭാശയത്തിൽ രൂപം കൊണ്ടു. (ലൂക്കോസ് 11:27)

യേശു മുല കുടിക്കുന്നു. (ലൂക്കോസ് 11:27)

യേശു പരിച്ഛേദനയേൽക്കുന്നു. (ലൂക്കോസ് 2:21)

യേശു ഭക്ഷണവും പാനീയവുമുപയോഗിക്കുന്നു. (മത്തായി 11:19)

യേശു കഴുതപ്പുറത്ത് യാത്ര ചെയ്യുന്നു. (മത്തായി 21:5)

യേശു വസ്ത്രങ്ങൾ ഉപയോഗിക്കുന്നു. (യോഹന്നാൻ 19:23)

യേശുവിന് സഹോദരീസഹോദരന്മാർ. (മത്തായി 13:55)

യേശുവിന് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ല. (യോഹന്നാൻ 5:30)

യേശുവിന് ദാഹം അനുഭവപ്പെടുന്നു. (യോഹന്നാൻ 19:28)

യേശുവിന് വിശപ്പ് അനുഭവപ്പെടുന്നു. (മാർക്കോസ് 11:12)

യേശു ദുഃഖിക്കുന്നു. (മത്തായി 26:37)

യേശു കരയുന്നു. (യോഹന്നാൻ 11:35)

യേശു ഉറങ്ങുന്നു. (മത്തായി 8:24)

യേശു മരണത്തെ ഭയക്കുന്നു. (മാർക്കോസ് 14:36)

യേശുവിന് അന്ത്യനാളിനെക്കുറിച്ച് ഒന്നുമറിയില്ല. (മാർക്കോസ് 13:32)

യേശു ദൈവത്തോട് പ്രാർഥിക്കുന്നു. (മത്തായി 26:42)

മേൽ പ്രസ്താവിച്ച, മനുഷ്യ സവിശേഷതകളെല്ലാം ഉൾക്കൊള്ളുന്ന, മാനുഷികമായ പരിധികൾകൊണ്ട് പരിമിതനായ യേശു, ദൈവമാണെന്നോ ദൈവത്വത്തിൽ പങ്കാളിയാണെന്നോ ബുദ്ധിയുള്ള മനുഷ്യർക്ക് സങ്കൽപ്പിക്കാനൊക്കുമോ? യേശുവിനെ സംബന്ധിച്ച് പുതിയ വേദത്തിൽ വന്ന ഈ പ്രസ്താവനകളിൽ നിന്ന് അദ്ദേഹം ഒരു മനുഷ്യജീവിതം നയിച്ചതായി വ്യക്തമാവുന്നു.ദൈവമെന്ന് വിചാരിക്കാനുള്ള ഒരു യോഗ്യതയും യേശുവിൽ കാണുന്നില്ല.

യേശുവിന് ദൈവത്വത്തിൻേറതായ ഗുണങ്ങൾ നൽകി പൂജിക്കുകയും അതിൽതന്നെ ശഠിച്ചു നിൽക്കു കയും ചെയ്യുന്ന യേശുശിഷ്യന്മാരെന്ന് അവകാശപ്പെടുന്നവർ സംഭവലോകത്ത് അറിയപ്പെടുന്ന, ചരിത്ര പുരുഷനായ യേശുവിലല്ല, ഭാവനാ സൃഷ്ടിയായ ഏതോ കൃത്രിമ യേശുവിലാണ് വിശ്വസിക്കുന്നത്. ദൈവത്തിന് ഒരർഥത്തിലും ഇണയോ സന്തതികളോ തുല്യരോ പങ്കാളികളോ ഇല്ല. ഉണ്ടെന്ന് ഏതർ ഥത്തിൽ കരുതിയാലും അത് ബഹുദൈവത്വമാകും. ഇത് അംഗീകരിച്ച്, യേശുവിനെ ശ്രേഷ്ഠനായ ദൈവദാസനും മഹാനായ പ്രവാചകനും മാത്രമായി കാണാൻ ക്രൈസ്തവ സഹോദർന്മാർക്ക് കഴിയുമോ?

''വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരു കവിയരുത്. അല്ലാഹുവിൻെറ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിൻെറ മകനായ മസീഹ് ഈസാ അല്ലാഹുവിൻെറ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്ര മാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതന്മാരിലും വിശ്വസിക്കുക. 'ത്രിത്വം' എന്നു നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങളതിൽ നിന്ന് വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്ര പരി ശുദ്ധൻ! ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവൻേറതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.'' (വി.ഖു 4:171)

76. ചോദിക്കുക:അല്ലാഹുവിനെ കൂടാതെ നിങ്ങൾക്കു ഉപദ്രവമോ ഉപകാരമോ ചെയ്യാൻ അധികാരമില്ലാത്തവയെ നിങ്ങൾ ആരാധിക്കുകയാണോ? എന്നാൽ അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

77. പറയുക: അല്ലയോ വേദക്കാരേ, സത്യവിരുദ്ധമായി നിങ്ങളുടെ മതകാര്യങ്ങളിൽ അതിരു കവിയാതിരിക്കുക. നിങ്ങൾക്കു മുമ്പ് പിഴച്ചുപോവുകയും അനേകരെ പിഴപ്പിക്കുകയും നേർമാർഗത്തിൽ നിന്ന് വ്യതിചലിക്കുകയും ചെയ്ത ഒരു ജനത്തിൻെറ സ്വേഛകളെ നിങ്ങൾ പിൻപറ്റാൻ പാടില്ലാത്തതാകുന്നു.

---

77: യേശുവിനോടുള്ള ഭക്തിവിശ്വാസത്തിൽ ക്രൈസ്തവർ അതിക്രമിച്ചു പോയതാണ് യേശുക്രിസ്തുവിനെ ദൈവമാക്കാനും ദൈവപുത്രനാക്കാനും അദ്ദേഹത്തോട് ദൈവികഗുണങ്ങൾ ബന്ധിപ്പിക്കാനും പാപമോചനവിശ്വാസം കെട്ടിയുണ്ടാക്കാനും മറ്റും ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചത്.യേശുവിൻെറ അധ്യാപനങ്ങളിലാകട്ടെ, ഈ വിശ്വാസങ്ങൾക്കൊന്നും യാതൊരടിസ്ഥാനവുമില്ല. യേശുക്രിസ്തു, തന്നെ ഒരു പ്രവാചകനായിട്ടാണ് അവതരിപ്പിച്ചതെന്നുള്ള വസ്തുത സുവിശേഷങ്ങളിലെ ധാരാളം വാചകങ്ങളിൽ നിന്ന് വ്യക്തമാവു ന്നുണ്ട്.

യേശു മറ്റെല്ലാ പ്രവാചകന്മാരെയുംപോലെ അല്ലാഹുവിൻെറ മഹാനായ ഒരു സന്ദേശവാഹകനായിരുന്നു. അദ്ദേഹം ഏകദൈവത്വം തന്നെയാണ് പ്രബോധനം ചെയ്തത്. താൻ ദൈവമാണെന്നോ ദൈവപുത്രനാണെന്നോ അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. കാരണം, ദൈവത്തിന് ഭാര്യയോ സന്താനമോ തുല്യനോ അവതാരമോ ഇല്ല. യേശുവിൻെറ ശിഷ്യന്മാരും അദ്ദേഹത്തെ പരിശുദ്ധനായ പ്രവാചകനായിത്തന്നെ കാണുകയും വിശ്വസിക്കുകയും ചെയ്തിരുന്നു.

ത്രിയേകദൈവ സങ്കൽപം യേശു പഠിപ്പിച്ച ആശയമല്ല. ത്രിത്വത്തെ വെളിപ്പെടുത്തുന്ന ഒരു വചനം പോലും ബൈബിളിലൊരിടത്തുമില്ലെന്നതാണ് വാസ്തവം. ക്രിസ്ത്യാനികളുടെ ഈ അബദ്ധ വിശ്വാസങ്ങളെയും,വഴികേടിനെയും അതിരു കവിച്ചിലിനെയുമാണ് മുകളിൽ പറഞ്ഞ വചനങ്ങളിലൂടെ ഖുർആൻ അവരെ താക്കീതു ചെയ്യുന്നത്.

യവന(ഗ്രീക്ക്) തത്വ ശാസ്ത്രങ്ങളിലെ അന്ധവിശ്വാസങ്ങളിൽ ആകൃഷ്ടരായ ക്രൈസ്തവ നേതാക്കൾ, യേശുവിനോടുള്ള അതിരറ്റ സ്നേഹവും ഭക്തിയും കാരണം തങ്ങളുടെ ആദർശങ്ങൾക്ക് അതിശയോക്തിപരങ്ങളായ വ്യാഖ്യാനങ്ങൾ നൽകി യേശുവിൻെറ ആദർശങ്ങൾക്ക് തികച്ചും വിരുദ്ധമായ ഒരു പുതിയ മതം ആവിഷ്കരിക്കുകയായിരുന്നു.

പുരാതന റോമക്കരുടെയും(യൂറോപ്യന്മാർ),ഗ്രീക്കുകാരുടെയും ചില വിശ്വാസാചാരങ്ങൾക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള ഒരു ദൈവശാസ്ത്രത്തിന് രൂപം കൊടുക്കുന്നത് തുടങ്ങിവെച്ചത് യഹൂദനായ ശൗൽ, പൗലോസ് എന്ന പേർ സ്വീകരിച്ച് ക്രൈസ്തവനും ക്രിസ്തുമത പ്രചാരകനുമായി വന്നതോടെയായിരുന്നു. ആധുനിക ക്രിസ്തുമതത്തിൻെറ സ്ഥാപകൻ എന്നു പറയാവുന്ന പൗലോസ് യേശുവിൻെറ ശിഷ്യൻ പോലുമായിരുന്നില്ല.

എല്ലാവിധ അധികാര സ്വാതന്ത്ര്യങ്ങളോടും കൂടി യേശു 'ദൈവപുത്ര'പദവിയിലേക്കുയർന്നു എന്ന് പ്രഖ്യാപിച്ചത് പൗലോസ് (സെൻറ്പോൾ) ആയിരുന്നു. അദ്ദേഹം, യേശുക്രിസ്തുവിനെ ദൈവത്തിൻെറ മഹത്വത്തോടും ജ്ഞാനത്തോടും സാമ്യപ്പെടുത്തുകയും അദ്ദേഹത്തെ കേവലാർഥത്തിൽ ദൈവപുത്രനാക്കുകയും ചെയ്തു. അങ്ങനെ ദൈവപുത്ര സങ്കൽപം ക്രിസ്തുമതത്തിൻെറ അടിസ്ഥാനമാക്കിയത് പൗലോസായിരുന്നു. യേശു പ്രബോധനം ചെയ്ത ഏകദൈവ ദർശനത്തെ ത്രിത്വമാക്കി മാറ്റുകയും അദ്ദേഹം പ്രബോധനം ചെയ്ത മതനിയമങ്ങൾ ദുർബലപ്പെടുത്തുകയും ചെയ്തുകൊണ്ട് പൗലോസ് പുതിയൊരു മതമുണ്ടാക്കി. അതിനെ അദ്ദേഹം യേശുവിൻെറ പേരിൽ ആരോപിച്ച് പ്രതിഷ്ഠിക്കുകയും ചെയ്തു.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്- ഈ ത്രിമൂർത്തികൾ തമ്മിലുള്ള ബന്ധത്തിൻെറ പൊരുളിനെപ്പറ്റി ക്രൈസ്തവ സഭകൾക്കിടയിൽ വമ്പിച്ച വിവാദങ്ങൾ നടന്നിട്ടുണ്ട്.

വിഗ്രഹാരാധകരായിരുന്ന റോമക്കാർ ക്രൈസ്തവമതം സ്വീകരിക്കുകയും ക്രിസ്തുമതം റോമാ സാമ്രാജ്യത്തിൻെറ ഔദ്യോഗിക മതമാവുകയും ചെയ്തതിൽ പിന്നെ ചേർന്ന പുരോഹിത സഭകൾ യേശുവിനെ ദൈവത്തിൻെറ ഏകജാത പുത്രനായും ദൈവം-യേശു-പരിശുദ്ധാത്മാവ് എന്നിവർ ചേർന്ന ത്രിത്വ സിദ്ധാന്തം

മതത്തിന്റെ അടിസ്ഥാന വിശ്വാസപ്രമാണമായും പ്രമേയം പാസ്സാക്കുകയായിരുന്നു. യേശുവിന്റെ ദിവ്യത്വം ക്രിസ്ത്യാനികളുടെ സാക്ഷാല്‍ വിശ്വാസങ്ങളില്‍ പെട്ടതാണെന്ന് ക്രി.വ. 325-ല്‍ ചേര്‍ന്ന നികയ്യാ കൗണ്‍സില്‍ ഔപചാരികമായി പ്രഖ്യാപിച്ചു. അങ്ങനെ സത്യക്രിസ്ത്യാനികളുടെ വിശ്വാസം അതാണെന്ന് ക്രിസ്തുസമുദായം ഉറപ്പിച്ചു. പുത്രന്റെ ദൈവത്വത്തോടൊന്നിച്ച് പരിശുദ്ധാത്മാവിന്റെ ദിവ്യത്വവും അതോടെ സമ്മതിക്കപ്പെട്ടു. അങ്ങനെ നികയ്യാ കൗണ്‍സിലിന്റെ തീരുമാനപ്രകാരം ത്രിയേകത്വം ക്രിസ്തുമതത്തിന്റെ ഒരവിഭാജ്യഘടകമായിത്തീര്‍ന്നു.

വ്യക്തിപൂജ അതിരു കവിയുമ്പോള്‍ ഏത് മതത്തിനും സംഭവിക്കാവുന്ന അധഃപതനമാണിത്. അതുകൊണ്ടാണ് താന്‍ അല്ലാഹുവിന്റെ ദാസനും ദൂതനും മാത്രമാണെന്ന് മുഹമ്മദ് നബി(സ) അതിശക്തമായി ഊന്നിപ്പറഞ്ഞതും തനിക്ക് ദിവ്യത്വം കല്‍പിക്കാനിടയുള്ള എല്ലാ പഴുതുകളും അടച്ചു കളഞ്ഞതും. എന്നിട്ടും മതപുരോഹിതന്മാര്‍ നബി(സ)യില്‍ ദിവ്യത്വമാരോപിക്കാന്‍ പാടുപെടുന്നത് നാം കാണുന്നു. പക്ഷേ, ഇസ്‌ലാമില്‍ പൗരോഹിത്യമില്ലാത്തത് അവരുടെ ശ്രമങ്ങള്‍ക്ക് തിരിച്ചടിയാവുന്നു. എന്നാല്‍ നിലവിലെ ക്രിസ്തുമതത്തെ നിയന്ത്രിക്കുന്നത് പൗരോഹിത്യമാണ്. അവര്‍ക്ക് വിശ്വാസപ്രമാണങ്ങള്‍ സ്ഥാപിക്കാനും തിരുത്താനുമൊക്കെ അധികാരമുണ്ടെന്ന് ക്രിസ്ത്യാനികള്‍ വിശ്വസിക്കുന്നു. ക്രൈസ്തവ സഹോദരങ്ങള്‍ക്ക് പിണഞ്ഞ ഏറ്റവും വലിയ ഒരബദ്ധമാണിത്.

---

78. ഇസ്രായീല്‍ സന്തതികളിലെ സത്യനിഷേധികള്‍ ദാവൂദിന്റെയും മര്‍യമിന്റെപുത്രന്‍ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അവര്‍ അനുസരണക്കേട് കാണിക്കുകയും അതിക്രമം പ്രവര്‍ത്തിക്കുകയും ചെയ്തതിന്റെ ഫലമത്രെ അത്.

79. തങ്ങള്‍ ചെയ്തിരുന്ന ദുര്‍വൃത്തികളെ അവര്‍ പരസ്പരം വിലക്കിയിരുന്നില്ല. അവര്‍ ചെയ്തുകൊണ്ടിരുന്നത് വളരെ ചീത്ത തന്നെ.

---

78,79:ഇസ്രായീല്യരുടെ അനുസരണക്കേടും ധിക്കാരവും കാരണം അവരിലേക്ക് നിയോഗിക്കപ്പെട്ടിരുന്ന ദാവൂദ് നബി(അ)യും, ഈസാ നബി(അ)യും അവരെ ശപിച്ചിരുന്നു. അവര്‍ പ്രവര്‍ത്തിച്ചിരുന്ന ദുര്‍വൃത്തികളെ പരസ്പരം വിലക്കിയിരുന്നില്ല.അവരില്‍ തിന്മ പ്രവര്‍ത്തിച്ചിരുന്നവരെ പ്രവാചകന്മാര്‍ ശപി ച്ചിരുന്നതിന്റെ തെളിവുകള്‍ സങ്കീര്‍ത്തനം 50:16-22, മത്തായി 23:13-39 എന്നിവിടങ്ങളില്‍ കാണാം.

---

80. അവരില്‍ വളരെപ്പേര്‍ സത്യനിഷേധികളെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്നത് നിനക്ക് കാണാം. അവര്‍ തങ്ങള്‍ക്കായി ഒരുക്കിവെച്ചിട്ടുള്ളത് വളരെ ചീത്തതന്നെ.അല്ലാഹു അവരോട് കോപിച്ചിരിക്കുന്നു. ശിക്ഷയില്‍ അവര്‍ ശാശ്വതമായി പാര്‍ക്കുന്നതുമാണ്.

81. അല്ലാഹുവിലും പ്രവാചകനിലും അദ്ദേഹത്തിന് അവതരിക്കപ്പെട്ടതിലും അവര്‍ വിശ്വസിച്ചിരുന്നുവെങ്കില്‍ (വിശ്വാസികള്‍ക്കെതിരായി)അവരെ മിത്രങ്ങളായി സ്വീകരിക്കുമായിരുന്നില്ല. പക്ഷേ, അവരില്‍ അധികപേരും ധിക്കാരികളാകുന്നു.

---

80,81: എന്തൊക്കെ ഭിന്നാഭിപ്രായങ്ങളുണ്ടായിരുന്നാലും ഏകദൈവ വിശ്വാസികളും വേദങ്ങളെയും പ്രവാചകന്മാരെയും അംഗീകരിക്കുന്നവരുമായ മുസ്‌ലികളോടായിരുന്നു യഥാര്‍ഥത്തില്‍ യഹൂദര്‍ക്ക് താരതമ്യേന കൂടുതല്‍ സ്നേഹവും അനുഭാവവുമുണ്ടാവേണ്ടിയിരുന്നത്. എന്നാല്‍ അവരുടെ സ്ഥിതി വളരെ വിചിത്രമായിരുന്നു. മുസ്‌ലിംകള്‍ തൗറാത്തിനെ അംഗീകരിക്കുന്നവരും എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുന്നവരുമാണ്. എന്നിട്ടും മദീനയില്‍ നിന്നും മുസ്‌ലിംകളെ പുറംതള്ളാന്‍ ഖുറൈശികളടക്കമുള്ള ബഹുദൈവവിശ്വാസികളുമായി യഹൂദര്‍ കൂട്ടുകൂടുകയും അവരെ മുസ്‌ലിംകള്‍ക്കെതിരെ ഇളക്കിവിടുകയുമാണ് ചെയ്തത്.

---

82. ജനങ്ങളില്‍ സത്യവിശ്വാസികളോട് ഏറ്റവും കൂടുതല്‍ ശത്രുതയുള്ളവര്‍ യഹൂദരും ബഹുദൈവവിശ്വാസികളുമാണെന്ന് നിശ്ചയമായും നിനക്ക് കാണാം. 'ഞങ്ങള്‍ നസ്രായര്‍ (ക്രിസ്ത്യാനികള്‍)ആണ്'' എന്ന് പറഞ്ഞവരാകുന്നു സത്യവിശ്വാസികളോട് ഏറ്റവും അടുത്ത

സൗഹൃദമുള്ളവർ എന്നും നിനക്ക് കാണാം.അവരിൽ മതപണ്ഡിതന്മാരും (പരിത്യാഗികളായ) പുരോഹിതന്മാരും ഉണ്ടെന്നതും, അവർ അഹംഭാവം നടിക്കുന്നില്ല എന്നതുമത്രെ അതിനു കാരണം.

83. ദൈവദൂതന് അവതീർണമായ (വചനങ്ങൾ) കേൾക്കുമ്പോൾ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീരൊഴുകുന്നത് നിനക്കു കാണാം. അവർ പറഞ്ഞുപോകുന്നു: ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു.ഞങ്ങളെ നീ സത്യസാക്ഷികളുടെ കൂട്ടത്തിൽ രേഖപ്പെടുത്തേണമേ!

84. ഞങ്ങളുടെ നാഥൻ ഞങ്ങളെ സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ ആഗ്രഹിച്ചുകൊണ്ടിരിക്കെ, അല്ലാഹുവിലും ഞങ്ങളിലാഗതമായ സത്യത്തിലും ഞങ്ങളെന്തിനു വിശ്വസിക്കാതിരിക്കണം?

---

82-84: ഇക്കാലത്തെ ക്രിസ്ത്യാനികളുടെ നിലപാട് എന്തുതന്നെയായാണെങ്കിലും നബി(സ)തിരുമേനിയുടെ കാലത്ത് ജൂതന്മാരെയും ബഹുദൈവവിശ്വാസികളെയും അപേക്ഷിച്ച് മുസ്ലിംകളോട് മമതയോടെ പെരുമാറിയിരുന്നത് ക്രിസ്ത്യാനികളായിരുന്നു. അബ്സീനിയയിലെ ക്രൈസ്തവരാജാവായിരുന്ന നജ്ജാശിയായിരുന്നു മക്കയിൽ നിന്ന് പലായനം ചെയ്ത അഭയാർഥി സംഘത്തിന് അഭയം നൽകിയത്. സംഘത്തിൽനിന്നും ഖുർആൻ ശ്രവിക്കാൻ ഇടയായ രാജാവ് അതിൽ വിശ്വസിച്ചു.റോമിലെ ഹെർക്കുലിസ്, അദ്ദേഹത്തിന്റെ കീഴിൽ ഈജിപ്തിലെ ഭരണാധികാരിയായിരുന്ന മുഖൗഖിസ്, ഒമാനിലെ ജീഫർ തുടങ്ങിയ ക്രൈസ്തവ രാജാക്കന്മാരെ ഇസ്ലാമിലേക്ക് പ്രബോധനം ചെയ്തുകൊണ്ട് തിരുമേനി അയച്ചിരുന്ന സന്ദേശങ്ങൾ ആദരപൂർവം അവർ സ്വീകരിക്കുകയുണ്ടായി. എന്നാൽ ബഹുദൈവാരാധകനായിരുന്ന പേർഷ്യൻ രാജാവ് പ്രവാചകന്റെ കത്ത് കീറിക്കളയുകയും അതുകൊണ്ട്ചെന്ന ദൂതനെ നിന്ദിക്കുകയുമുണ്ടായി.

എന്നാൽ തിരുമേനിയുടെ കാലത്തുള്ള ക്രൈസ്തവരിൽ നിന്നും പിൽക്കാലത്തെ ക്രിസ്ത്യാനികളുടെ സ്ഥിതി വ്യത്യസ്തമാണ്. യഹൂദർക്കും ബഹുദൈവവിശ്വാസികൾക്കും ഉള്ളതിനേക്കാൾ കൂടുതൽ ശത്രുതയും അക്രമങ്ങളും സംഘട്ടനങ്ങളും മുസ്ലിംകൾക്കെതിരെ അവർ നടത്തിക്കൊണ്ടിരുന്നത് ചരിത്രസത്യമാണ്. സ്പൈനിൽ നിന്ന് മുസ്ലിംകളെ നിഷ്കാസനം ചെയ്തതും മറ്റു കുരിശു യുദ്ധങ്ങളും ഉദാഹരണങ്ങളാണ്. കീഴടക്കപ്പെട്ട മുസ്ലിം സമൂഹങ്ങളിൽ അവർ ചെയ്ത അക്രമങ്ങൾ അതുല്യമാണ്. മുഹമ്മദ് നബി(സ)യെയും ഇസ്ലാമിനെയും മുസ്ലിംകളെയും സംബന്ധിച്ച് അസത്യജടിലമായ ഭീകരകഥകൾ മെനഞ്ഞെടുത്ത് മുസ്ലിംകൾ സാത്താന്റെ മക്കളും ധർമവിരുദ്ധരും രാക്ഷസന്മാരുമാണെന്ന് ക്രൈസ്തവർക്കിടയിൽ അവർ വ്യാപകമായി പ്രചരിപ്പിക്കുകയുണ്ടായി. ഇക്കാലത്തും അതിന്റെ സമകാലിക ദൃഷ്ടാന്തങ്ങൾ കാണാവുന്നതാണ്.

ഇതര സഹോദര സമൂഹങ്ങൾക്കിടയിൽ സത്യം വെളിപ്പെടുത്താൻ ചുമതലപ്പെട്ട മുസ്ലിംകൾ അവരുടെ ഉത്തരവാദിത്വം വേണ്ടത്ര നിർവഹിച്ചിട്ടില്ല എന്നതും വസ്തുതയാണ്. അഹംഭാവമില്ലാത്ത ശുദ്ധഹൃദരായ പണ്ഡിത പുരോഹിതന്മാർ അല്ലാഹുവിന്റെ വചനങ്ങൾ ശ്രവിച്ചാൽ സത്യം മനസ്സിലാക്കിയതിന്റെ പേരിൽ കണ്ണുനീരൊഴുക്കിക്കൊണ്ട് അതിനോട് അവർ അനുസരണവും ഭക്തിയും കാണിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുമെന്ന് ഈ ഖുർആൻ വാക്യം അനുസ്മരിക്കുന്നു. അക്കാലത്തെ യേശു ശിഷ്യന്മാരിൽ വലിയൊരു വിഭാഗം യേശു പ്രവചിച്ച ആ 'സത്യത്തിന്റെ ആത്മാവിനെ' കാത്തിരിക്കുന്നവരായിരുന്നു.സ്വന്തം വേദഗ്രന്ഥം പ്രവചിക്കുന്ന 'പാർക്കലീത്ത' തന്നെയാണ് മുഹമ്മദ് നബിയെന്നും അദ്ദേഹം പാരായണം ചെയ്യുന്ന ഖുർആൻ അന്തിമവേദമാണെന്നും പക്ഷപാതവും പിടിവാശിയുമില്ലാത്ത ദൈവഭക്തർക്കു ബോധ്യപ്പെട്ടിരുന്നു. അല്ലാഹുവിന്റെ വചനങ്ങൾ അവരുടെ ഹൃദയങ്ങളെ തരളിതമാക്കി. അതിന്റെ ആർദ്രത അവരുടെ നയനങ്ങളിലൂടെ വഴിഞ്ഞൊഴുകി.

---

85. അവരുടെ ഈ പ്രാർഥനയുടെ ഫലമായി അല്ലാഹു അവർക്ക് താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങൾ പ്രതിഫലമായി നൽകുന്നതാകുന്നു. അവർ അവിടെ നിത്യവാസികളായിരിക്കും. സുകൃതികൾക്കുള്ള പ്രതിഫലമത്രെ അത്.

86. അവിശ്വസിക്കുകയും നമ്മുടെ സൂക്തങ്ങളെ തള്ളിക്കളയുകയും ചെയ്തവരാരോ അവരാകുന്നു നരകവാസികൾ.

87. അല്ലയോ സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ചു തന്നിട്ടുള്ള ഉത്തമവിഭവങ്ങൾ നിഷിദ്ധമാക്കാതിരിക്കുക. നിങ്ങൾ അതിരു കവിയാതിരിക്കുവിൻ. അതിരു കവിയുന്നവരെ അല്ലാഹു ഒട്ടും ഇഷ്ടപ്പെടുന്നില്ല.

88. അല്ലാഹു നിങ്ങൾക്കു നൽകിയവയിൽ നിന്ന് അനുവദനീയവും ഉത്തമവുമായ വിഭവങ്ങൾ ഭക്ഷിച്ചുകൊള്ളുക. നിങ്ങൾ വിശ്വസിക്കുന്നതായ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ.

87,88: ഭൂമിയിലെ വിഭവങ്ങളെല്ലാം മനുഷ്യർക്കുവേണ്ടിയാണ് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു അനുവദിച്ച നല്ല വിഭവങ്ങളൊന്നും നിഷിദ്ധമാക്കരുത് എന്നാണ് ഈ വാക്യം കൽപിക്കുന്നത്. വിധിവിലക്കുകൾ കൽപിക്കുവാനുള്ള പരമാധികാരം അല്ലാഹുവിന് മാത്രമാകുന്നു. ദൈവസാമീപ്യത്തിന് ഏറ്റം പുണ്യകരമെന്ന് കരുതി ഭൗതിക സുഖസൗകര്യങ്ങൾ വെടിഞ്ഞ് സന്യാസിജീവിതം നയിക്കുന്നവരെ പല മതങ്ങളിലും കാണാം. സന്യാസവും പൗരോഹിത്യവും നിഷിദ്ധമാണെന്ന് വ്യക്തമാക്കുന്ന നിരവധി നബിവചനങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്നതിലൂടെയാണ് മനുഷ്യൻ അല്ലാഹുവിങ്കലേക്കുള്ള മാർഗം പ്രാപിക്കുന്നത്.

89. നിങ്ങൾ ചെയ്യുന്ന പാഴ്ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. എന്നാൽ മനഃപൂർവം ചെയ്യുന്ന ശപഥങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്നതാണ്. (ഇത്തരം ശപഥങ്ങൾ ലംഘിക്കുന്നതിനുള്ള) പ്രായശ്ചിത്തം, പത്തു പാവങ്ങൾക്ക് നിങ്ങൾ സ്വന്തം കുടുംബത്തിനു നൽകുന്ന മിതമായ നിലവാരത്തിലുള്ള ആഹാരം നൽകുകയോ അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ അതുമല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുകയോ ആകുന്നു. ഒരുവന് ഇതിനൊന്നും കഴിവില്ലെങ്കിൽ അവൻ മൂന്നു ദിവസം നോമ്പെടുക്കട്ടെ. ഇതാണ് നിങ്ങൾ ശപഥം ചെയ്തിട്ട് ലംഘിക്കുമ്പോൾ ചെയ്യേണ്ട പ്രായശ്ചിത്തം. നിങ്ങളുടെ പ്രതിജ്ഞകൾ സൂക്ഷിക്കുവിൻ. ഈ വിധം അല്ലാഹു അവന്റെ വിധികൾ നിങ്ങൾക്ക് വിശദീകരിച്ചു തരുന്നു. നിങ്ങൾ നന്ദിയുള്ളവരാകാൻ.

89:ഒരാളിൽ നിന്ന് മനഃപൂർവമല്ലാതെ അവിചാരിതമായി പുറത്തു വരുന്ന ശപഥം പാലിക്കേണ്ടതില്ല. സാധാരണ സംസാരത്തിൽ വന്നുപോകുന്ന ശപഥങ്ങൾ ശിക്ഷാർഹമായ പാപമാകുന്നില്ല. അത്തരം ശപഥങ്ങളുടെ പേരിൽ അല്ലാഹു അയാളെ ശിക്ഷിക്കുകയില്ല. ഒരാൾ പാലിക്കാനുള്ള തീരുമാനത്തോടെയും ബോധത്തോടെയും ഒരു പ്രതിജ്ഞയെടുത്താൽ ആ പ്രതിജ്ഞ പാലിക്കേണ്ടതാകുന്നു. ബോധപൂർവം ചെയ്യുന്ന പ്രതിജ്ഞകൾ ലംഘിക്കേണ്ടിവന്നാൽ പ്രായശ്ചിത്തം നിർബന്ധമാണ്. ഒരാൾ പാപം ചെയ്യാൻ പ്രതിജ്ഞ ചെയ്യുന്ന പക്ഷം ആ പ്രതിജ്ഞ ലംഘിക്കൽ നിർബന്ധമാണ്.

അല്ലാഹുവല്ലാത്തവരുടെ പേരിൽ പ്രതിജ്ഞയെടുക്കുന്നതും സത്യം ചെയ്യുന്നതും അനുവദനീയമല്ലെന്നാണ് കർമ്മശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായം. അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുന്നത് അവരെ അല്ലാഹുവിന് തുല്യരാക്കലാകുന്നു.

'വല്ലവനും അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്താൽ അവൻ തീർച്ചയായും ശിർക്ക് ചെയ്തു. (അല്ലാഹുവിൽ പങ്കു ചേർത്തു).' ഇമാം അഹ്മദ് നിവേദനം ചെയ്ത ഒരു നബിവചനം.

90. അല്ലയോ സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും ഭാഗ്യപരീക്ഷണമ്പിനുള്ള അമ്പുകളും പൈശാചികവൃത്തികളിൽപ്പെട്ട മാലിന്യങ്ങളാകുന്നു.അവയെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രതീക്ഷിക്കാം.

90: ഈ സൂകതം അവതരിച്ചതോടെ മദ്യപാനവും ചൂതാട്ടവും ഇസ്ലാമിക സമൂഹത്തിൽ ശിക്ഷാർഹമായ കുറ്റമായിത്തീർന്നു. മൂന്നു ഘട്ടങ്ങളിലായിട്ടാണ് മദ്യനിരോധം നടപ്പാക്കിയത്. ഖുർആൻ ആദ്യം

മദ്യത്തിൽ അടങ്ങിയിട്ടുള്ള അധർമത്തെപ്പറ്റി ഉണർത്തി. പിന്നീട് ലഹരിയോടെ നമസ്കരിക്കാൻ പോകുന്നത് നിരോധിച്ചു. പിന്നെ ഈ വചനത്തിലൂടെ സമ്പൂർണ നിരോധം ഏർപ്പെടുത്തി.
ബലിക്കല്ലുകൾ സ്ഥാപിക്കുന്നതും അവയിൽ ബലിനടത്തുന്നതും ബലിമാംസം ഭക്ഷിക്കുന്നതും പൈശാചിക നടപടിയായതിനാൽ അത് വർജ്ജിക്കണമെന്നും ഈ സൂക്തം കൽപിക്കുന്നു.

91. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും, ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ പകയും വിദ്വേഷവും ഉണ്ടാക്കുന്നതിനും അല്ലാഹുവെ ഓർക്കുന്നതിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയാനും മാത്രമാകുന്നു.ഇനിയെങ്കിലും നിങ്ങൾ വിരമിക്കുമോ?

91: മദ്യപാനത്തിൻെറയും ചൂതാട്ടത്തിൻെറയും ഗുരുതരമായ ദോഷങ്ങൾക്ക് വിശദീകരണം ആവശ്യമില്ല. ലഹരി ബാധിച്ചവൻെറ മനസ്സ് എല്ലാ നിയന്ത്രണങ്ങളെയും പൊട്ടിച്ചെറിയുന്നു. ബോധാവസ്ഥയിൽ അടക്കിവെച്ചിരുന്ന എല്ലാ ദുർവിചാരങ്ങളും അതോടെ പുറത്തുവരികയായി.
പല തിരുവചനങ്ങളും ഇതു സംബന്ധമായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.
മദ്യം കഴിക്കുന്നതും നിർമിക്കുന്നതും വിൽക്കുന്നതും വിളമ്പുന്നതും നബിതിരുമേനി നിരോധിച്ചിരിക്കുന്നു.
'മദ്യത്തെയും അതു കുടിക്കുന്നവനെയും കുടിപ്പിക്കുന്നവനെയും വിൽക്കുന്നവനെയും വാങ്ങുന്നവനെയും പിഴിയുന്നവനെയും പിഴിയിക്കുന്നവനെയും കൊണ്ടുപോകുന്നവനെയും ആർക്കു കൊണ്ടുപോകുന്നോ അവനെയും അല്ലാഹു ശപിച്ചിരിക്കുന്നു.' ഇബ്നു ഉമർ നിവേദനം ചെയ്ത ഒരു നബിവചനം.
'കൂടുതൽ കഴിച്ചാൽ ലഹരിയുണ്ടാക്കുന്ന വസ്തു കുറച്ചു കഴിക്കുന്നതും നിഷിദ്ധമാകുന്നു.' (ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു നിവേദനം)
നബി(സ)യുടെ കാലത്തും അബൂബക്കറി(റ)ൻെറ കാലത്തും 40 അടിയാണ് കള്ള് കുടിച്ചവർക്ക് നൽകപ്പെട്ടിരുന്ന ശിക്ഷ. (ബുഹാരി, മുസ്ലിം)
ഉമറി(റ)ൻെറ ആദ്യകാലത്തും ഇതേ ശിക്ഷയായിരുന്നു. ആളുകൾ ഈ കുറ്റത്തിൽ നിന്ന് വിരമിക്കാതായി കണ്ടപ്പോൾ അദ്ദേഹം അത് 80 ചമ്മട്ടി പ്രഹരമായി ഉയർത്തി.
'ബുദ്ധിയെ മറക്കുന്നതെന്തോ അതാണ് മദ്യം'. ഉമർ(റ) ഇപ്രകാരം മദ്യത്തെ നിർവചിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

92. നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ, ദൂതനെയും അനുസരിക്കുവിൻ. (അല്ലാഹുവിൻെറ വിധി വിലക്കുകൾ പാലിക്കുന്നതിൽ)ജാഗ്രത പുലർത്തുകയും ചെയ്യുവിൻ. ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ അറിഞ്ഞിരിക്കുക: നമ്മുടെ ദൂതൻെറ ബാധ്യത ദിവ്യസന്ദേശം വ്യക്തമായി എത്തിച്ചുതരൽ മാത്രമാണ്.

93. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക്, അവർ നേരത്തെ കഴിച്ചുപോയതിൽ കുറ്റമില്ല.അവർ ഭക്തി പുലർത്തുകയും വിശ്വസിക്കുകയും പിന്നെ സൂക്ഷ്മത പാലിക്കുകയും വിശ്വാസത്തിലുറച്ചു നിൽക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ. അതിനുശേഷവും ദൈവഭക്തരായിരിക്കുകയും നല്ല നിലയിൽ വർത്തിക്കുകയും വേണം. നന്മ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

93: മദ്യവും ചൂതാട്ടവും നിരോധിക്കുന്നതു മുമ്പ് അവയിൽ ഏർപ്പെട്ടുപോയവർ അതിൻെറ പേരിൽ പാപികളാവുകയില്ല എന്ന് ഈ വചനം വ്യക്തമാക്കുന്നു.

94. അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ കൈകൾകൊണ്ടും അസ്ത്രങ്ങൾകൊണ്ടും പിടികൂടാവുന്ന വേട്ടയുരുവിൽപ്പെട്ട ചിലതുകൊണ്ട് അല്ലാഹു നിങ്ങളെ പരീക്ഷിക്കുകതന്നെ ചെയ്യും. നിങ്ങളിൽ അദൃശ്യമായി അല്ലാഹുവെ ഭയപ്പെടുന്നവരാരെന്നു അറിയുന്നതിന്നത്രെ അത്. വല്ലവനും അതിനു(ഈ മുന്നറിയിപ്പിനു)ശേഷം അതിക്രമം കാണിച്ചാൽ അവർക്ക് വേദനയേറിയ ശിക്ഷയാണുള്ളത്.

94: ഈ വിലക്ക്‌ ഹജ്ജിനോ ഉംറക്കോ വേണ്ടി ഇഹ്‌റാമില്‍ പ്രവേശിച്ചിട്ടുള്ളവര്‍ക്ക്‌ മാത്രം ബാധകമായ താണ്‌. ഹജ്ജിലോ ഉംറയിലോ പ്രവേശിച്ചു കഴിഞ്ഞാല്‍ അയാള്‍ സ്വയം വേട്ടയാടലും വേട്ടയില്‍ മറ്റൊ രാളെ സഹായിക്കലും പാടില്ലാത്തതാണെന്ന നിയമം ഇസ്‌ലാമിനു മുമ്പും അംഗീകരിക്കപ്പെട്ടതായി രുന്നു.
ഈ വിലക്കിന്റെ ലക്ഷ്യം 'അദൃശ്യമായി അല്ലാഹുവിനെ ഭയപ്പെടുന്നവരെ അറിയുവാനെന്ന്‌' പ്രസ്താവി ച്ചിരിക്കുന്നു. അദൃശ്യനായ ദൈവത്തിന്റെ വിധിവിലക്കുകള്‍ ലംഘിക്കാന്‍ അദൃശ്യമായും ഭയപ്പെടുന്ന വരെ വേര്‍തിരിക്കുന്നതിനുവേണ്ടിയാണ്‌ അവന്‍ ഈ പരീക്ഷണം ഏര്‍പ്പെടുത്തിയിരിക്കുന്നത്‌.
ഇത്തരം പരീക്ഷണങ്ങളൊന്നുമില്ലാതെ തന്നെ മനുഷ്യന്റെ ഏതവസ്ഥയും അല്ലാഹുവിന്‌ നന്നായറിയാ വുന്നതാണ്‌.എന്നാല്‍ ബോധവും ഇഛാശക്തിയുമുള്ള മനുഷ്യന്‍ തന്റെ കര്‍മ്മജീവിതത്തിലൂടെ സാക്ഷാ ത്‌കരിക്കുന്ന നന്മ തിന്മകളെ ആധാരമാക്കിയാണ്‌ ദൈവം അവന്‌ രക്ഷാശിക്ഷകള്‍ വിധിക്കുന്നത്‌.

---

95. അല്ലയോ സത്യവിശ്വാസികളേ, നിങ്ങള്‍ ഇഹ്‌റാമിലായിരിക്കെ വേട്ട ജന്തുക്കളെ കൊല്ലാവ തല്ല. ആരെങ്കിലും ബോധപൂര്‍വം അതിനെ കൊല്ലുന്ന പക്ഷം പരിഹാരമായി അവന്‍ കൊന്നുകളഞ്ഞതിന്നു തുല്യമായ ഒരു കാലിയെ ബലിനല്‍കണം. നിങ്ങളില്‍ രണ്ടു നീതി മാന്മാര്‍ അത്‌ തീരുമാനിക്കുകയും ആ ബലിമൃഗത്തെ കഅ്‌ബയിലെത്തിക്കുകയും വേണം. അല്ലെങ്കില്‍ പ്രായശ്ചിത്തമായി ഏതാനും അഗതികള്‍ക്ക്‌ അന്നം നല്‍കുകയോ അതിനു തുല്യമായി നോമ്പനുഷ്‌ഠിക്കുകയോ ചെയ്യേണ്ടതാകുന്നു. താന്‍ ചെയ്‌തതിന്റെ ഫലം സ്വയം രുചിക്കേണ്ടതിനാണിത്‌. നേരത്തെ കഴിഞ്ഞുപോയതെല്ലാം അല്ലാഹു മാപ്പാക്കിയിരി ക്കുന്നു. വല്ലവനും അതാവര്‍ത്തിക്കുന്ന പക്ഷം അല്ലാഹു അവനോട്‌ പ്രതികാരം ചെയ്യു ന്നതാകുന്നു. അല്ലാഹു പ്രതാപിയും പ്രതികാരം ചെയ്യാന്‍ പോന്നവനുമാണ്‌.
96. കടലിലെ വേട്ടയും അതിലെ ആഹാരവും നിങ്ങള്‍ക്ക്‌ അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങള്‍ക്കും യാത്രാ സംഘത്തിനും വിഭവമായി. എന്നാല്‍ നിങ്ങള്‍ ഇഹ്‌റാമിലായിരിക്കെ കരയിലെ വേട്ട നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങള്‍ ഒരുമിച്ചു കൂട്ടപ്പെടുന്നത്‌ ആരിലേ ക്കാണോ, ആ അല്ലാഹുവിനെ നിങ്ങള്‍ സൂക്ഷിക്കുവിന്‍.
97. പരിശുദ്ധ ഭവനമായ കഅ്‌ബാലയത്തെ അല്ലാഹു ജനങ്ങളുടെ നിലനില്‍പിനുള്ള ആധാര മാക്കിയിരിക്കുന്നു. പവിത്ര മാസത്തെയും ബലി മൃഗങ്ങളെയും (അവയുടെ കഴുത്തില്‍ തൂക്കപ്പെട്ട) അടയാളപ്പട്ടകളെയും. നിശ്ചയമായും ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നുവെന്നും അവന്‍ എല്ലാ കാര്യങ്ങളെക്കുറിച്ചും ജ്ഞാനമുള്ളവനാണെന്നും നിങ്ങള്‍ ഗ്രഹിക്കേണ്ടതിന്നത്രെ അത്‌.

---

97:ഇബ്രാഹീം നബി(അ)യും പുത്രന്‍ ഇസ്‌മാഈല്‍ നബി(അ)യും കൂടി കഅ്‌ബാലയം കെട്ടിയുയര്‍ ത്തിയ ശേഷം മക്ക അറേബ്യന്‍ ഉപഭൂഖണ്ഡത്തിന്റെ ഒരു പൊതു കേന്ദ്രമായി മാറുകയായിരുന്നു. ഇബ്രാഹീം നബി(അ)യുടെ കാലത്തു തന്നെ ഹജ്ജ്‌ ആരംഭിച്ചിരുന്നു. അറേബ്യയുടെ വിവിധ പ്രദേശ ങ്ങളില്‍ നിന്ന്‌ തീര്‍ഥാടത്തിനായി മക്കയിലേക്ക്‌ ജനങ്ങള്‍ വന്നുകൊണ്ടിരുന്നു. എല്ലാ അറബ്‌ ഗോത്ര ങ്ങളെയും ഏകീകരിപ്പിക്കുന്ന ഒരു ഘടകമായി കഅ്‌ബ നിലനിന്നു. യുദ്ധം നിഷിദ്ധമായ മാസങ്ങ ളുടെയും ബലിമൃഗങ്ങളുടെയും പാവനത്വം എല്ലാവരും അംഗീകരിച്ചിരുന്നു.ഹജ്ജ്‌ കാലത്ത്‌ സാഹിത്യ മത്സരങ്ങളും കവിതാ മത്സരങ്ങളും കച്ചവട കൈമാറ്റങ്ങളും നടത്തിയിരുന്നു. യുദ്ധം നിഷിദ്ധമായിരുന്ന മാസങ്ങളില്‍ സമാധാനാന്തരീക്ഷം നിലനിന്നിരുന്നതിനാല്‍ അറബികളുടെ കച്ചവട സംഘങ്ങള്‍ നാടിന്റെ ഒരറ്റം മുതല്‍ മറ്റേ അറ്റം വരെ സഞ്ചരിച്ചിരുന്നു. അങ്ങനെ മക്കാ നഗരം ആരാധനാകേന്ദ്രം മാത്രമല്ല അറ ബികളുടെ സമാധാന ജീവിതത്തിന്റെയും അഭിവൃദ്ധിയുടെയും നിലനില്‍പുകേന്ദ്രവുമായിരുന്നു. അതി നൊക്കെ കാരണം പരിശുദ്ധ കഅ്‌ബയും.

---

98. അറിഞ്ഞിരിക്കുവിൻ,അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.അതോടൊപ്പം അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

99. (ദൈവിക സന്ദേശം) എത്തിച്ചുതരുന്ന ബാധ്യത മാത്രമേ ദൈവദൂതന്നുള്ളു. നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നുണ്ട്.

100. പറയുക: നല്ലതും ചീത്തയും തുല്യമാവുകയില്ല. ചീത്തയുടെ ആധിക്യം നിന്നെ എത്രതന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾക്ക് വിജയം പ്രതീക്ഷിക്കാം.

---

100: വളരെ പ്രധാനമായ ഒരു യാഥാർഥ്യമാണ് ഈ സൂക്തം അവതരിപ്പിക്കുന്നത്. നന്മയും തിന്മയും ദൈവഭക്തിയും ദൈവധിക്കാരവും ഒരിക്കലും തുല്യമാവുകയില്ല. ഒരായിരം പേർ ചെയ്താലും ഒരധർമം ധർമമാകുന്നില്ല. നൂറു വട്ടം ആവർത്തിച്ചാലും ഒരു നുണ നേരാകുന്നില്ല. അവിഹിത മാർഗത്തിലൂടെ നേടിയ കോടികളേക്കാൾ ദൈവാനുസരണത്തിന്റെ മാർഗത്തിൽ സമ്പാദിച്ച ഒരു പൈസയാണ് വിലപ്പെട്ടത്. അറിയുവിൻ, ചീത്തയുടെ പെരുപ്പം എത്ര തന്നെ ആകർഷിച്ചാലും അതിനു നാട്ടിൽ എത്രതന്നെ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുണ്ടെങ്കിലും അതിൽ കണ്ണഞ്ചിപ്പോകാതെ ദൈവത്തിന്റെ വിധിവിലക്കുകൾ സൂക്ഷ്മതയോടെ പാലിക്കുന്നവരാണ് യഥാർഥ ബുദ്ധിമാന്മാർ.

---

101. അല്ലയോ വിശ്വാസികളേ, നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നാൽ നിങ്ങളെ അസ്വസ്ഥരാക്കുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ചോദിക്കാതിരിക്കുവിൻ. ഖുർആൻ അവതരിച്ചുകൊണ്ടിരിക്കുന്ന സമയത്ത് നിങ്ങൾ അവയെപ്പറ്റി ചോദിച്ചാൽ നിങ്ങൾക്കവ വെളിപ്പെടുത്തിത്തരും. അതിനെ (നിങ്ങൾ ഇതുവരെ ചോദിച്ചു കഴിഞ്ഞത്) അല്ലാഹു പൊറുത്തു തന്നിരിക്കുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും കനിവുറ്റവനുമാണ്.

102. നിങ്ങൾക്ക് മുമ്പ് ഒരു ജനവിഭാഗം (അത്തരം ചോദ്യങ്ങൾ) ചോദിക്കാറുണ്ടായിരുന്നു. എന്നിട്ടോ, അതേ കാര്യങ്ങളുടെ പേരിൽ അവർ സത്യനിഷേധികളായിത്തീർന്നു.

---

101,102:അപ്രസക്തവും അനാവശ്യവുമായ ചോദ്യങ്ങൾ നബി(സ)തിരുമേനിയോട് ചിലർ ചോദിക്കാറുണ്ടായിരുന്നു. അത്തരം ചോദ്യങ്ങൾ ചോദിക്കുന്നതിനെയും ഓരോ കാര്യവും ചുഴിഞ്ഞന്വേഷിക്കുന്നതിനെയും നബി(സ) വിരോധിച്ചിട്ടുണ്ട്. അനാവശ്യ വിശദീകരണങ്ങൾ തേടുന്നത് കാര്യങ്ങൾ സങ്കീർണമാക്കുകയാണ് ചെയ്യുക.

നബി(സ) ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി: 'ഞാൻ പറയാതിരുന്ന കാര്യങ്ങളെക്കുറിച്ച് ചോദിക്കാതിരിക്കുക. നിങ്ങളുടെ പൂർവികരുടെ നാശഹേതു അനാവശ്യ കാര്യങ്ങൾ പെരുപ്പിച്ചതും പ്രവാചകന്മാരെ ധിക്കരിച്ചതുമായിരുന്നു.'

'പ്രയോജനമില്ലാത്ത അറിവിൽ നിന്ന് കാക്കേണമേ' എന്ന് നബി(സ) പ്രാർഥിച്ചിരുന്നതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

എന്നാൽ നല്ല കാര്യങ്ങൾ അന്വേഷിച്ചു മനസ്സിലാക്കുന്നതിനെ ഖുർആൻ പ്രോത്സാഹിപ്പിച്ചിരിക്കുന്നു.

---

103. ബഹീറ, സാഇബ, വസ്വീല, ഹാം എന്നിങ്ങനെയൊന്നും അല്ലാഹു നിശ്ചയിച്ചിട്ടില്ല. എന്നാൽ, സത്യനിഷേധികൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയായിരുന്നു. അവരിൽ അധിക പേരും ചിന്തിച്ചു മനസ്സിലാക്കുന്നില്ല.

---

103: അനിസ്‌ലാമിക കാലത്തെ ബഹുദൈവാരാധകരായിരുന്ന അറബികൾ തങ്ങളുടെ വിഗ്രഹങ്ങൾക്ക് നേർച്ച വഴിപാടായി ചില തരം മൃഗങ്ങളെ നിശ്ചയിക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ ഈ നേർച്ചകളൊന്നും അല്ലാഹു നിശ്ചയിച്ചതായിരുന്നില്ല എന്നാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. ഈ നേർച്ച മൃഗങ്ങളുടെ നിർവചനത്തിൽ പല അഭിപ്രായ വ്യത്യാസങ്ങളുമുണ്ട്.

ഒരു ഒട്ടകം അഞ്ചുതവണ പ്രസവിച്ചു കഴിഞ്ഞാൽ അതിനെ ദൈവങ്ങൾക്കായി ഉഴിഞ്ഞിടുകയും ഒട്ടകത്തെ തിരിച്ചറിയാൻ അതിന്റെ കാത് നീളത്തിൽ കീറി അടയാളം വെക്കുകയും ചെയ്യുമായിരുന്നു.

പിന്നെ അതിന് ഏത് മേച്ചിൽ സ്ഥലത്ത് മേയാനും എവിടെനിന്നും വെള്ളം കുടിക്കുവാനും അവകാശമുണ്ടായിരുന്നു. അതിനെ യാത്രക്ക് ഉപയോഗിക്കുകയോ അതിന്റെ പാൽ കുടിക്കുകയോ രോമം ഉപയോഗിക്കുകയോ ചെയ്തിരുന്നില്ല. അതിനാണ് 'ബഹീറ' (കീറപ്പെട്ടത്) എന്നു പറയുന്നത്.
രോഗശമനം ലഭിക്കുക, ഉദ്ദിഷ്ട കാര്യം നിറവേറുക മുതലായവക്ക് നന്ദിയായി ദൈവങ്ങൾക്ക് നേർച്ചയാക്കുകയും എന്നിട്ട് യഥേഷ്ടം മേഞ്ഞുനടക്കാൻ വിടുകയും ചെയ്തിരുന്ന ഒട്ടകത്തിനാണ് 'സാഇബ' (സ്വതന്ത്രമായത്) എന്ന് പറയുന്നത്. തുടർച്ചയായി പെൺകുഞ്ഞുങ്ങളെ പ്രസവിച്ച ആടിനെ വസ്വീല എന്ന് പറയുന്നു. ഒരു ഒട്ടകത്തിന്റെ ബീജത്തിൽ നിന്ന് പത്ത് പെണ്ണൊട്ടകങ്ങൾ പ്രസവിച്ചാൽ ആ ഒട്ടകത്തിന് 'ഹാം' എന്ന് പറയുന്നു.

---

104. അല്ലാഹു അവതരിപ്പിച്ചതിലേക്കും ദൈവദൂതനിലേക്കും വരുവിൻ എന്നു അവരോട് പറയപ്പെട്ടാൽ അവർ പറയുന്നു: ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ കണ്ടിട്ടുള്ളത് ഏതൊരു മാർഗത്തിലാണോ, അതു തന്നെ ഞങ്ങൾക്കു മതി.അവരുടെ പിതാക്കൾ യാതൊരു ജ്ഞാനവുമില്ലാത്തവരും സന്മാർഗം പ്രാപിക്കാത്തവരുമാണെങ്കിലും (ഇവർ അവരെത്തന്നെ പിന്തുടരുകയോ)?

105. അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ സ്വന്തം കാര്യങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ.നിങ്ങൾ നേർവഴി പ്രാപിച്ചവരാണെങ്കിൽ വഴി പിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല. അല്ലാഹുവിങ്കലേക്കാണ് നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിപ്പറ്റിയെല്ലാം അപ്പോൾ അവൻ നിങ്ങൾക്ക് പറഞ്ഞുതരും.

106. അല്ലയോ സത്യവിശ്വാസികളേ, നിങ്ങളിലൊരുവന്ന് മരണമാസന്നമാവുകയും വസ്വിയ്യത്ത് ചെയ്യുകയുമാണെങ്കിൽ നിങ്ങളിൽ നിന്നുള്ള നീതിമാന്മരായ രണ്ടാളുകൾ നിങ്ങൾക്കിടയിൽ സാക്ഷ്യം വഹിക്കേണ്ടതാകുന്നു.അല്ലെങ്കിൽ നിങ്ങൾ യാത്രയിലായിരിക്കെയാണ് മരണവിപത്ത് നിങ്ങളെ ബാധിക്കുന്നതെങ്കിൽ നിങ്ങളല്ലാത്തവരിൽനിന്ന് രണ്ടു പേരെ (വസ്വിയ്യത്തിന് സാക്ഷികളാക്കാവുന്നതാണ്). നിങ്ങൾക്ക്(സാക്ഷികളിൽ) സംശയമുണ്ടാവുകയാണെങ്കിൽ അവർ ഇരുവരെയും നമസ്കാരശേഷം തടഞ്ഞു വെക്കണം. അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യട്ടെ: ഞങ്ങളുടെ അടുത്ത ബന്ധുവെ ബാധിക്കുന്ന കാര്യമായാൽപോലും ഞങ്ങൾ ഇതിനു (പകരം) ഒരു പ്രതിഫലവും വാങ്ങുന്നതല്ല. അല്ലാഹുവിനുവേണ്ടിയുള്ള സാക്ഷ്യത്തെ ഞങ്ങൾ ഒളിച്ചുവെക്കുന്നവരുമല്ല. അങ്ങനെ ചെയ്താൽ തീർച്ചയായും ഞങ്ങൾ പാപികളിൽ പെട്ടുപോകും.

107. ഇനി അവർ(സാക്ഷികൾ)ഇരുവരും കുറ്റാർഹരായിരിക്കുന്നുവെന്ന് വെളിപ്പെട്ടാൽ, അവരുടെ (ആ സാക്ഷികളുടെ) സ്ഥാനത്ത്, കുറ്റം ചെയ്തത് ആർക്കെതിരിലാണോ (അതായത് മൊഴിയാൽ അവകാശം നഷ്ടപ്പെട്ടവർ)അയാളോട് ഏറ്റം അടുത്ത ബന്ധമുള്ള രണ്ടുപേർ (സാക്ഷികളായി) നിൽക്കണം.എന്നിട്ട് അവർ ഇരുവരും അല്ലാഹുവിന്റെ പേരിൽ ഇങ്ങനെ സത്യം ചെയ്തു പറയണം. തീർച്ചയായും അവരുടെ സാക്ഷ്യത്തേക്കാൾ സത്യമായിട്ടുള്ളത് ഞങ്ങളുടെ സാക്ഷ്യമാകുന്നു.ഞങ്ങൾ ഒരനീതിയും ചെയ്തിട്ടില്ല. അങ്ങനെ ചെയ്താൽ ഞങ്ങൾ അതിക്രമികളിലകപ്പെട്ടുപോകും.

108. ഇതാകുന്നു (ജനങ്ങൾ) യഥാവിധി സാക്ഷ്യം നിർവഹിക്കാൻ കൂടുതൽ ഉചിതമായ രീതി. അല്ലെങ്കിൽ തങ്ങളുടെ സത്യത്തിനു ശേഷം മറ്റുള്ളവരുടെ സത്യത്താൽ തങ്ങൾ ഖണ്ഡിക്കപ്പെട്ടേക്കാമെന്ന് അവർ ഭയപ്പെടുകയെങ്കിലും ചെയ്യും. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, (അവന്റെ കൽപനകൾ) കേട്ടനുസരിക്കുകയും ചെയ്യുവിൻ. ധിക്കാരികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

---

108: വസ്വിയ്യത്തിനെക്കുറിച്ചും സാക്ഷ്യനിർവഹണത്തിൽ സത്യവും നീതിയും പാലിക്കുന്നതിനെക്കുറിച്ചുമാണ് മുൻസൂക്തങ്ങൾ പരാമർശിക്കുന്നത്.സ്വാർഥലാഭങ്ങൾക്കുവേണ്ടിയോ, സ്വന്തക്കാരെയും ബന്ധുക്കളെയും രക്ഷിക്കുന്നതിനുവേണ്ടിയോ കക്ഷികളുടെ പ്രലോഭനങ്ങൾക്ക് വിധേയരായോ സാക്ഷികൾ മൊഴിമാറ്റുകയും കൂറുമാറുകയും കള്ളസാക്ഷി പറയുകയും ചെയ്യുന്ന അവസ്ഥ ഇന്ന് സാധാരണമായിരിക്കുന്നു. അനന്തരാവകശികൾക്ക് അവരുടെ ഓഹരികൾ ശരിയായി വീതിച്ചുകൊടുക്കുന്നതിലും, കടമിടപാടുകൾ കൊടുത്തു തീർക്കുന്നതിലും, സകാത്തിൻെറ നിയമങ്ങൾ പാലിക്കുന്നതിലുമെല്ലാം സമുദായം ഇന്ന് വളരെ അനാസ്ഥയിലാണുള്ളത്. ദൈവവിശ്വാസവും ധാർമിക ബോധവുമാണ് മനുഷ്യനെ നീതിയും സത്യവും പാലിക്കാൻ പ്രേരിപ്പിക്കുന്ന പ്രബലമായ ശക്തി. അല്ലാഹുവിനെ ഭയപ്പെടാതെയും അവൻെറ വിധിവിലക്കുകൾ അനുസരിക്കാതെയുമിരിക്കുന്ന ധിക്കാരികൾക്ക് പരലോകത്ത് വളരെ ദുഷിച്ച പരിണതിയാണ് അനുഭവിക്കേണ്ടിവരിക എന്ന് താക്കീതു ചെയ്യുകയാണ് ഈ സൂക്തങ്ങൾ.

---

109. അല്ലാഹു ദൈവദൂതന്മാരെ ഒരുമിച്ചു കൂട്ടുകയും, നിങ്ങൾക്ക് ലഭിച്ച ഉത്തരമെന്തെന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം അവർ പറയും:ഞങ്ങൾക്ക് ഒരു വിവരവുമില്ല. അദൃശ്യ കാര്യങ്ങൾ നന്നായറിയുന്നവൻ നീ തന്നെയാണല്ലോ.

110. അല്ലാഹു അരുൾചെയ്യുന്ന സന്ദർഭം: ഓ, മർയമിൻെറ പുത്രൻ ഈസാ, നിനക്കും നിൻെറ മാതാവിനും നാം നൽകിയ അനുഗ്രഹങ്ങൾ ഓർക്കുക. പരിശുദ്ധാത്മാവുകൊണ്ട് ഞാൻ നിന്നെ ബലപ്പെടുത്തിയ സന്ദർഭം. തൊട്ടിലിൽ വെച്ചും പ്രായമായിട്ടും നീ ജനങ്ങളോട് സംസാരിരിച്ചു. വേദവും വിജ്ഞാനവും തൗറാത്തും ഇഞ്ചീലും നിനക്ക് ഞാൻ പഠിപ്പിച്ചു തന്ന സന്ദർഭവും, എൻെറ അനുമതിയോടെ കളിമണ്ണുകൊണ്ട് പക്ഷിയുടെ രൂപമുണ്ടാക്കി അതിൽ നീ ഊതുകയും അപ്പോൾ എൻെറ ഹിതത്താൽ അത് പക്ഷിയായിത്തീർന്ന സന്ദർഭവും, ജന്മനാ കുരുടനായവനെയും പാണ്ടുരോഗിയെയും എൻെറ ഹിതത്താൽ നീ സുഖപ്പെടുത്തിയതും, എൻെറ അനുമതിയോടെ മരണപ്പെട്ടവരെ (ജീവനുള്ളവരാക്കി) പുറത്തുകൊണ്ടുവന്ന സന്ദർഭവും, പിന്നീട് തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി ഇസ്രാഈലീ സന്തതികളിൽ നീ ചെന്നെത്തുകയും അവരിലെ സത്യനിഷേധികൾ ഇത് വ്യക്തമായ ആഭിചാരം തന്നെ എന്ന് പറഞ്ഞുകൊണ്ട് നിന്നെ അപായപ്പെടുത്തുന്നതിൽ നിന്ന് അവരെ ഞാൻ തടഞ്ഞ സന്ദർഭവും (ഓർക്കുക).

---

110: ഈസാ നബി(അ)ക്ക് പ്രത്യേകമായി ചെയ്തുകൊടുത്ത പല അനുഗ്രഹങ്ങളെയും അല്ലാഹു അദ്ദേഹത്തെ ഓർമിപ്പിക്കുകയാണ്. ക്രൈസ്തവർ യേശുവിനെ ദൈവമാക്കിയത് ഏതെല്ലാം ദിവ്യാത്ഭുതങ്ങളെ ആസ്പദമാക്കിയാണോ അതെല്ലാം അദ്ദേഹം സ്വന്തം ഇഛയാലോ ശക്തിയാലോ ചെയ്തതല്ലെന്നും, എന്നാൽ പ്രസ്തുത അത്ഭുതസിദ്ധികളെല്ലാം അല്ലാഹുവിൻെറ ആജ്ഞയാൽ ഉളവായതാണെന്നും ഈ സൂക്തം വ്യക്തമാക്കുന്നു. അദ്ദേഹം അതിൻെറ ഒരു മാധ്യമം മാത്രമായിരുന്നു.
യേശുവിനെ ദൈവമാക്കിയവർ ചെയ്ത ഗുരുതരമായ കുറ്റം അവരെ ബോധ്യപ്പെടുത്തുന്നതിനും അവർക്കുള്ള ഒരു കനത്ത താക്കീതും എന്ന നിലക്കാണ് അദ്ദേഹത്തോടുള്ള ദൈവികഭാഷണം ഇവിടെ എടുത്തു ഉദ്ധരിക്കുന്നത്. തങ്ങൾക്ക് പറ്റിയത് മഹാ അബദ്ധമായിരുന്നു എന്ന് യേശുവിനെ ദൈവമാക്കിയർക്ക് സംശയലേശമന്യെ അന്ത്യനാളിൽ ബോധ്യമാകും.

---

111. എന്നിലും എൻെറ ദൂതനിലും വിശ്വസിക്കുവിൻ എന്ന് ഞാൻ ഹവാരികൾക്ക് (ഈസായുടെ ശിഷ്യന്മാർക്ക്) ബോധനം ചെയ്ത സന്ദർഭം (ഓർക്കുക). അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ മുസ്ലിംകളെന്നു നീ സാക്ഷ്യം വഹിക്കുക.

---

111: യേശുവിൻെറ ജനത്തിൽ അദ്ദേഹത്തിൽ വിശ്വസിച്ചവരായിരുന്നു, അപ്പോസ്തലന്മാർ എന്ന പേരിൽ അറിയപ്പെട്ട ഈ ഹവാരികൾ. അല്ലാഹുവിലും ഈസാ(അ)യിലും വിശ്വസിക്കാൻ അല്ലാഹു അവരെ

തോന്നിപ്പിക്കുകയായിരുന്നു. യേശുവിൻെറ പ്രബോധന ദൗത്യങ്ങ൦ പ്രചരിപ്പിച്ചിരുന്നത്ു് അവരായിരുന്നു.

---

112. ഹവാരികള്‍ പറഞ്ഞ സന്ദർഭം ഓർക്കുക: അല്ലയോ മർയമിൻെറ മകൻ ഈസാ, ആകാശത്തു നിന്ന് ഞങ്ങൾക്ക് ഒരു ഭക്ഷണത്തളിക ഇറക്കിത്തരാൻ നിൻെറ നാഥന് കഴിയുമോ? അദ്ദേഹം പറഞ്ഞു: നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുവിൻ.
113. അവർ പറഞ്ഞു:ഞങ്ങൾക്കതിൽ നിന്ന് ഭക്ഷിക്കാനും,അങ്ങനെ ഞങ്ങളുടെ മനസ്സ് സംതൃപ്തിയടയാനും, താങ്കൾ ഞങ്ങളോട് പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്ക് ബോധ്യമാകാനും, ഞങ്ങൾ അതിന് ദൃക്സാക്ഷികളായിത്തീരുവാനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.
114. അപ്പോൾ മർയമിൻെറ പുത്രൻ ഈസാ പ്രാർഥിച്ചു: ഞങ്ങളുടെ നാഥനായ അല്ലാഹുവേ, ആകാശത്തുനിന്ന് ഞങ്ങൾക്ക് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ. അത് ഞങ്ങളുടെ ആദ്യക്കാർക്കും അവസാനക്കാർക്കും ഒരു ആഘോഷവും നിന്നിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കട്ടെ. നീ ഞങ്ങൾക്ക് അന്നം നൽകേണമേ. അന്നദാതാക്കളിൽ അത്യുത്തമൻ നീയല്ലോ.
115. അല്ലാഹു പറഞ്ഞു:നിങ്ങൾക്ക് ഞാനത് ഇറക്കിത്തരാം. എന്നാൽ, അതിനു ശേഷം നിങ്ങളിലാരെങ്കിലും നിഷേധിക്കുന്ന പക്ഷം ലോകരിൽ ഒരാൾക്കും നൽകാത്ത ശിക്ഷയാൽ ഞാൻ അവനെ ശിക്ഷിക്കുന്നതാകുന്നു.

---

112-115: ഈസാ(അ)യുടെ പ്രാർഥനപ്രകാരം യാഥാർഥത്തിൽ ഭക്ഷണത്തളിക ഇറങ്ങിയോ എന്ന കാര്യത്തിൽ ഖുർആൻ മൗനമവലംബിച്ചിരിക്കയാണ്. ഒരു പക്ഷേ ഇറക്കപ്പെട്ടിരിക്കാം.അല്ലെങ്കിൽ ഭക്ഷണത്തളിക ഇറക്കപ്പെട്ടശേഷം നിഷേധിച്ചാലുണ്ടാകുന്ന ഭവിഷ്യത്ത് കേട്ടപ്പോൾ ഹവാരികൾ തങ്ങളുടെ ആവശ്യത്തിൽ നിന്ന് പിന്മാറിയിട്ടുണ്ടാകാം എന്ന വ്യത്യസ്ത അഭിപ്രായങ്ങളാണ് പണ്ഡിതന്മാർക്കുള്ളത്. യേശു ദൈവമാണെന്ന് ഹവാരികൾ വിശ്വസിച്ചിരുന്നുവെങ്കിൽ അവർ അദ്ദേഹത്തോട് നേരിട്ട് ആകാശത്തുനിന്ന് ഭക്ഷണത്തളിക ഇറക്കിത്തരാൻ ആവശ്യപ്പെടേണ്ടതായിരുന്നു.എന്നാൽ അങ്ങനെയൊരു ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്താൻ അല്ലാഹുവോട് പ്രാർഥിക്കാൻ ഈസാ(അ)യോട് ആവശ്യപ്പെടുകയാണ് ഹവാരികൾ ചെയ്തത്. യേശുമിശിഹ ദൈവമോ ദൈവപുത്രനോ എന്ന് അദ്ദേഹത്തിൻെറ ഉത്തമ ശിഷ്യന്മാർ വിശ്വസിച്ചിരുന്നുവെങ്കിൽ അവർ അദ്ദേഹത്ത ആ പേരുകളിൽ വിളിക്കേണ്ടതുമായിരുന്നു. അപ്പോസ്തലന്മാർ യേശുമിശിഹയെ വിളിച്ചു പ്രാർഥിക്കുകയോ അദ്ദേഹത്തെ ആരാധിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹത്തിൻെറ ദിവ്യത്വം മുൻവേദഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നുമില്ല.

---

116. അല്ലാഹു പറയുന്ന സന്ദർഭം(ഓർക്കുക): അല്ലയോ മർയമിൻെറ മകൻ ഈസാ, നീ ജനങ്ങളോടു അല്ലാഹുവിനെക്കൂടാതെ എന്നെയും എൻെറ മാതാവിനെയും രണ്ടു ആരാധ്യരായി വരിക്കുവിൻ എന്നു പറഞ്ഞിരുന്നുവോ? അപ്പോൾ അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് യാതൊരവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ. ഞാനതു പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീയതു അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ. എൻെറ മനസ്സിലുള്ളതൊക്കെയും നീ അറിയുന്നു. നിൻെറ മനസ്സിലുള്ളതൊന്നും ഞാൻ അറിയുന്നുമില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ.
117. നീ എന്നോട് കൽപിച്ചതല്ലാത്തതൊന്നും ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത്, എൻെറ നാഥനും നിങ്ങളുടെ നാഥനുമായ അല്ലാഹുവെ മാത്രം വഴിപ്പെട്ട് ജീവിക്കുവിൻ എന്ന്. ഞാൻ അവരിൽ ഉണ്ടായിരുന്ന കാലത്തോളം ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. പിന്നെ നീ എന്നെ തിരിച്ചുവിളിച്ചപ്പോൾ അവരുടെ നിരീക്ഷകൻ നീ തന്നെ ആയിരുന്നുവല്ലോ. നീ സകല സംഗതികൾക്കും സാക്ഷിയാകുന്നു.

118. നീ അവരെ ശിക്ഷിക്കുന്നുവെങ്കിൽ തീർച്ചയായും അവർ നിന്റെ ദാസന്മാരല്ലോ. നീ അവർക്ക് പൊറുത്തുകൊടുക്കുന്നുവെങ്കിൽ,അപ്പോൾ തീർച്ചയായും നീ അജയ്യനും യുക്തിമാനും തന്നെ.

---

116-118: യേശുവിന്റെ വന്ദ്യ മാതാവിനെ ക്രൈസ്തവർ ആരാധ്യയാക്കിവെച്ചിരിക്കുന്നതിനെയാണ് ഖുർആൻ ഇവിടെ ആക്ഷേപിക്കുന്നത്. മറിയയെ 'ദൈവമാതാവ്' (ദൈവത്തെ പ്രസവിച്ചവൾ) എന്നാണ് ക്രിസ്ത്യാനികൾ വിളിക്കുന്നത്. മർയമിന്റെ പ്രതിമകൾ പല ചർച്ചുകളിലും പ്രതിഷ്ഠിച്ചതായി കാണാം. ആഗ്രഹസാഫല്യത്തിനും ആപൽരക്ഷക്കും വേണ്ടിയുള്ള നേർച്ചകൾ, പ്രാർഥനകൾ തുടങ്ങിയ ആരാധനകൾ ക്രൈസ്തവർ അവർക്കപ്പിക്കുന്നു.യേശുമാതാവ് അവരുടെ ആവശ്യങ്ങളും ആശകളും സാധിപ്പിച്ചുകൊടുക്കുന്ന അവരുടെ ആശാകേന്ദ്രമാണ്.

മർയമിന്റെ ദിവ്യത്വത്തെയോ, പരിശുദ്ധിയെയോ സൂചിപ്പിക്കുന്ന ഒരു പരാമർശം പോലും ബൈബിളില്ല. ക്രി.മൂന്നാം നൂറ്റണ്ടിന്റെ അന്തിമ ഘട്ടത്തിലാണ് 'ദൈവമാതാവ്' എന്ന സങ്കൽപം ക്രൈസ്തവരിൽ ആദ്യമായി പ്രചരിച്ചു തുടങ്ങിയത്. ഈ അന്ധവിശ്വാസം ക്രൈസ്തവരിൽ പ്രചാരം നേടിയപ്പോൾ ക്രി. 431-ൽ അഫ്സൂസ് പട്ടണത്തിൽ ചേർന്ന സഭാ കൗൺസിൽ 'ദൈവമാതാവ്' എന്ന സങ്കൽപം സഭയുടെ ഔദ്യോഗിക സങ്കൽപമായി അംഗീകരിക്കുകയാണുണ്ടായത്. പിക്കാലത്ത് മേരീപൂജക്കെതിരിൽ പ്രൊട്ടസ്റ്റന്റുകാർ ശക്തിയായി ശബ്ദമുയർത്തിയെങ്കിലും കത്തോലിക്കാ വിഭാഗം ഇന്നും പഴയ നിലപാടിൽ ഉറച്ചു നിൽക്കുകയാണ്.

---

119. അല്ലാഹു പറയും: സത്യസന്ധന്മാർക്ക് തങ്ങളുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസമത്രെ ഇത്. താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങൾ അവർക്കുള്ളതാകുന്നു.അവർ അതിൽ എന്നെന്നും വസിക്കുന്നവരാകുന്നു.അവരെക്കുറിച്ച് അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവർ അവനെപ്പറ്റിയും സംതൃപ്തരാണ്. അതത്രെ അതിമഹത്തായ വിജയം.

120. ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ളവയുടെയും ആധിപത്യം അല്ലാഹുവിനാകുന്നു. അവൻ സകല കാര്യങ്ങൾക്കും കഴിവുറ്റവനുമാകുന്നു.

---

119,120:മനുഷ്യൻ തന്റെ ആയുഷ്ക്കാലം മുഴുവൻ ചെയ്ത കർമ്മങ്ങളുടെ ധാർമികഫലം നിശ്ചയിക്കുന്ന ദിനം. ഭൗതിക ജീവിതത്തിൽ ആത്മാർഥമായി സത്യം തേടുകയും സത്യം അംഗീകരിക്കുകയും ചെയ്തവർക്ക് അനശ്വരമായ സൗഭാഗ്യങ്ങൾ ലഭിക്കുന്ന ദിവസം. സത്യത്തെ അവഗണിക്കുകയും വ്യാമോഹങ്ങളിലഭിരമിക്കുകയും ചെയ്തവർക്ക് നെടും ഖേദത്തിന്റെ ദിവസവും.

---

*****

## അധ്യായം 6

# അൽ അൻആം (കാലികൾ)

### അവതരണം മക്കയിൽ, വചനങ്ങൾ 165

**ആമുഖം**

ഈ അധ്യായം മുഴുവൻ ഒറ്റത്തവണയായി നബി(സ)യുടെ മക്കാ ജീവിതത്തിൽ അവതരിച്ചതാണെന്ന് ഇബ്നുഅബ്ബാസ്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു.ഏകദൈവവിശ്വാസത്തെയും മക്കയിലെ വിഗ്രഹാരാധകരുടെ ചില വിശ്വാസാചാരങ്ങളെയും ഈ അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്.

മക്കയിലും പരിസരപ്രദേശങ്ങളിലും ഇസ്ലാമിന് പ്രചാരം കിട്ടിത്തുടങ്ങിയപ്പോൾ ശത്രുക്കൾ ഉഗ്രമായി എതിർക്കാൻ തുടങ്ങി. തിരുമേനിക്കും താരതമ്യേന നിരാലംബരും ദുർബലരുമായ ആദ്യകാല വിശ്വാസികൾക്കും നേരെ അവഹേളനവും കള്ളപ്രചരണവും ഹിംസയും മർദനങ്ങളും ആരംഭിച്ചു.മക്കാജീവിതം വിശ്വാസികൾക്ക് ദുസ്സഹമായിത്തീർന്നു. നബി(സ)തിരുമേനിയെ കൊല്ലാൻ വരെ ശ്രമങ്ങളുണ്ടായി. താഇഫിലും തിരുമേനിക്ക് അഭയം കിട്ടിയില്ല. ഈ അവസരത്തിൽ ഇസ്ലാം സ്വീകരിച്ച ചിലരുടെ ക്ഷണമനുസരിച്ച് തിരുമേനി മദീനയിലേക്ക് പലായനം ചെയ്യുകയായിരുന്നു.

---

കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും ഇരുട്ടുകളും പ്രകാശവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും. എന്നിട്ടും സത്യനിഷേധികൾ തങ്ങളുടെ നാഥന് സമന്മാരെ കൽപിക്കുന്നു.

1: പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിനോട് അവൻെറ സൃഷ്ടികളെ തുല്യരാക്കുന്നതിലടങ്ങിയ മൂഢതയിലേക്ക് വിരൽചൂണ്ടുകയാണ് ഈ സൂക്തം. ആകാശഭൂമികളെ സൃഷ്ടിച്ചതും രാപ്പലുകളെ നിയന്ത്രിക്കുന്നതും അല്ലാഹുവാണെന്ന് അറേബ്യയിലെ ബഹുദൈവവിശ്വാസികൾ സമ്മതിച്ചിരുന്നു. അവർ ആരാധിക്കുന്ന വിഗ്രഹങ്ങൾക്കോ ദേവീദേവന്മാർക്കോ അതിൽ യാതൊരു പങ്കുമില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. എന്നിട്ടും, നേർച്ചാവഴിപാടുകളും നിത്യപൂജകളും അർപ്പിച്ചിരുന്നത് മരപ്പാവകൾക്കും കല്ലിലും കളിമണ്ണിലും മറ്റും നിർമിച്ച നിർജീവമായ വിഗ്രഹങ്ങൾക്കായിരുന്നു. വാസ്തവത്തിൽ, ആവശ്യനിവൃത്തി, ആപത്തിൽനിന്നുള്ള സംരക്ഷണം, പ്രാർഥനകൾ സ്വീകരിക്കുക എന്നിവ അല്ലാഹുവിന് മാത്രമുള്ള വിശേഷണങ്ങളാണ്. അതിനാൽ മനുഷ്യൻ അല്ലാഹുവിൻെറ മുമ്പിൽ മാത്രമേ തലകുനിക്കാവൂ. അവർ ചെയ്തിരുന്ന മൂഢതയെപ്പറ്റി ചിന്തിക്കുവാൻ ആവശ്യപ്പെടുകയാണ് ഈ വചനം.

---

2. അവനാണ് കളിമണ്ണിൽനിന്നും നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ട് നിങ്ങൾക്ക് അവൻ ഒരു അവധി(ആയുഷ്കാലം) നിശ്ചയിച്ചു. അവൻെറ അടുക്കൽ നിർണിതമായ മറ്റൊരു അവധി കൂടിയുണ്ട്. പക്ഷേ, നിങ്ങൾ സംശയിച്ചുകൊണ്ടിരിക്കുകയാണ്.

2: മനുഷ്യനെ സൃഷ്ടിച്ചത് അല്ലാഹുവാണെന്നും അവൻെറ ഉൽപത്തി മണ്ണിൽനിന്നാണെന്ന കാര്യവും ബഹുദൈവവിശ്വാസികൾ സമ്മതിച്ചിരുന്നു.എന്നാൽ, മരിച്ച് മണ്ണായശേഷം വീണ്ടും ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന കാര്യത്തിൽ അവർ സംശയാലുക്കളായിരുന്നു.

ഉയിർത്തെഴുന്നേൽപിൻെറ സാധ്യതക്കുള്ള അനിഷേധ്യമായ തെളിവുകൾ ഉന്നയിക്കുകയാണ് ഈസൂക്തം ചെയ്യുന്നത്.

മണ്ണിൽനിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യൻെറ ശാരീരിക ഘടകങ്ങളെല്ലാം മണ്ണിൽനിന്നുള്ളതാണ്. അഭൗമികമായ ഒരണുപോലും മനുഷ്യൻെറ ശരീരഘടനയിലില്ല.മരിച്ച മനുഷ്യർ മണ്ണാ

യിപ്പോകുമെന്ന കാര്യത്തിലും സംശയമില്ല. മനുഷ്യൻ എന്നൊന്ന് ഇല്ലാതിരുന്ന കാലത്ത് അല്ലാഹു മനുഷ്യനെ മണ്ണിൽനിന്നും സൃഷ്ടിച്ചു. പിന്നെ ആ മനുഷ്യനെ അവൻ മണ്ണാക്കി മാറ്റുന്നു.വീണ്ടും ആ മണ്ണിനെ അതേ മനുഷ്യനാക്കാൻ അല്ലാഹുവിന് കഴിയില്ലെന്ന് പറയുന്നതിന്റെ യുക്തിയെന്താണ്? ആദ്യത്തെ സൃഷ്ടിയിലൂടെ അത് പ്രയാസമുള്ള കാര്യമല്ലെന്ന് സ്ഥാപിതമായിക്കഴിഞ്ഞതുമാണ്. സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ ഏകദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുന്നവർ ഉയിർത്തെഴുന്നേൽപിന്റെ കാര്യത്തിൽ തർക്കിക്കുന്നത് നിരർഥകമാണ്.

---

3. അവൻ മാത്രമാകുന്നു വാനലോകങ്ങളിലും ഭൂമിയിലും അല്ലാഹു. നിങ്ങളുടെ രഹസ്യങ്ങളും,നിങ്ങളുടെ പരസ്യങ്ങളും അവൻ അറിയുന്നു.നിങ്ങളുടെ(പ്രവൃത്തികൾ മൂലം) നിങ്ങൾ സമ്പാദിക്കുന്നതും അവൻ അറിയുന്നു.

---

3: ആകാശത്തെയും ഭൂമിയിലെയും ദൈവം ഏകനായ അല്ലാഹു മാത്രമാകുന്നു. അതിവിപുലമായ ഈ പ്രപഞ്ചത്തിന്റെ സൃഷ്ടി അനായാസം അവന് സാധിച്ചുവെങ്കിൽ അതിനെ സമഗ്രമായി അടക്കിഭരിക്കാനും മറ്റാരുടെയും സഹായം അവനാവശ്യമില്ല. ഭൂമിയുടെ സംവിധാനവും നിയന്ത്രണവും ചില ഉപദൈവങ്ങൾക്ക് അവൻ ഏൽപിച്ചുകൊടുത്തിരിക്കുകയാണെന്ന ബഹുദൈവാരാധകരുടെ വിശ്വാസം മിഥ്യയാണ്. ആകാശഭൂമികളെ നിയന്ത്രിക്കുന്നത് ഒന്നിലധികം ദൈവങ്ങളായിരുന്നെങ്കിൽ അവ രണ്ടും എന്നേ തകർന്നുപോയേനെ. വാനലോകങ്ങളിലും ഭൂമിയിലും അല്ലാഹു മാത്രമാണ് ഒരേയൊരു ദൈവം. ആകാശഭൂമികളെ അവൻ നേരിട്ട് ഭരിക്കുന്നു. അവന്റെ നിയമമനുസരിച്ച് അതിവിപുലമായ ഈ അണ്ഡകടാഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.നിങ്ങൾ സങ്കൽപിക്കുന്ന ഉപദൈവങ്ങൾക്കോ ഇഷ്ടദൈവങ്ങൾക്കോ അതിന്റെ നിയന്ത്രണത്തിൽ യാതൊരു പങ്കുമില്ല.
മനുഷ്യൻ ചെയ്തുകൊണ്ടിരിക്കുന്ന പുണ്യ പാപങ്ങളും അതുവഴി അവൻ നേടിക്കൊണ്ടിരിക്കുന്ന ഫലങ്ങളും അവൻ കൃത്യമായി അറിയുന്നു. അതുകൊണ്ട് മനുഷ്യൻ അവന്റെ ഭാവിയെക്കുറിച്ച് ബോധപൂർവം കരുതിയിരിക്കേണ്ടതുണ്ട്.

---

4. അവരുടെ നാഥന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട ഏതു ദൃഷ്ടാന്തം അവർക്ക് വന്നെത്തിയാലും അവർ അവഗണിച്ചു കളയുക തന്നെയാകുന്നു.

5. അങ്ങനെ ഈ സത്യം അവരിൽ വന്നെത്തിയപ്പോൾ അതിനെയും അവർ നിഷേധിച്ചു. എന്നാൽ അവർ പരിഹസിച്ചുകൊണ്ടിരുന്നത് എന്തിനെയാണോ അതിന്റെ വൃത്താന്തങ്ങൾ അടുത്തു തന്നെ അവർ അറിയുന്നുണ്ട്.

---

4,5: സ്രഷ്ടാവിന്റെ ഏകത്വവും പരലോകത്തിന്റെ യാഥാർഥ്യവും അനായാസം മനസ്സിലാക്കാവുന്ന പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ ഈ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുകിടപ്പുണ്ട്. ഈ പ്രാഞ്ചിക പ്രതിഭാസങ്ങൾ അവതരിപ്പിക്കുന്ന ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുവാൻ അല്ലാഹു വേദഗ്രന്ഥങ്ങൾ ഇറക്കുകയും പ്രവാചകന്മാരെ നിയോഗിക്കുകയും ചെയ്തു. പ്രാപഞ്ചിക പ്രതിഭാസങ്ങളെ കണ്ണുതുറന്നു കാണുന്നതിനു പകരം വേദഗ്രന്ഥങ്ങളെയും പ്രവാചകന്മാരെയും അവഗണിക്കുകയും നിഷേധിക്കുകയും പുഛരിക്കുകയുമാണ് അധികപേരും ചെയ്യുന്നത്. പ്രവാചകന്മാരെ തള്ളിപ്പറയുകയും ദൃഷ്ടാന്തങ്ങളെ അവഗണിക്കുകയും ചെയ്യുന്നവർ അവയുടെയെല്ലാം യാഥാർഥ്യം അധികം വൈകാതെ അറിയുമെന്ന് ഉണർത്തുകയാണ് ഈ സൂക്തങ്ങൾ.

---

6. അവർക്കുമുമ്പ് എത്ര തലമുറകളെ നാം നശിപ്പിച്ചുവെന്ന് അവർ കാണുന്നില്ലേ? നാം നിങ്ങൾക്ക് ചെയ്തുതന്നിട്ടില്ലാത്ത സൗകര്യങ്ങൾ ഭൂമിയിൽ നാം അവർക്ക് ചെയ്തുകൊടുത്തിരുന്നു. അവർക്കു നാം ആകാശത്തുനിന്ന് ധാരാളം മഴ വർഷിപ്പിച്ചുകൊടുക്കുകയും അവരുടെ താഴ്ഭാഗത്തുകൂടി നദികൾ ഒഴുക്കുകയും ചെയ്തു. എന്നിട്ട് അവരുടെ പാപങ്ങൾ കാരണം നാം അവരെ ഉന്മൂലനം ചെയ്യുകയും അവർക്കുശേഷം മറ്റൊരു തലമുറയെ ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്തു.

---

6: ആദ്, ഥമൂദ്, ലൂത്വിൻെറ ജനത, തുടങ്ങി സാമ്പത്തികമായും നാഗരികമായും പുരോഗമിച്ചിരുന്ന നിരവധി സമുദായങ്ങൾ ദൈവശിക്ഷക്കിരയായി നശിപ്പിക്കപ്പെട്ട ചരിത്രം അറബികൾക്ക് അറിയാമായിരുന്നു. സത്യത്തെ നിഷേധിക്കുകയും അധർമങ്ങളിലും അനീതികളിലും ആണ്ടുപോവുകയും ചെയ്ത ആ സമുദായങ്ങളെ അവരുടെ കൃതഘ്നത കാരണം അല്ലാഹു ഉന്മൂലനം ചെയ്യുകയായിരുന്നു. ഈ ജനപഥങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിലൂടെ കച്ചവടക്കാരായ അറബികൾ കടന്നുപോകുമായിരുന്നു. പ്രതാപികളായിരുന്ന പൂർവസമുദായങ്ങൾ നശിപ്പിക്കപ്പെടാനുണ്ടായ കാരണം ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രവാചകനെയും അദ്ദേഹം അവതരിപ്പിക്കുന്ന ധർമവ്യവസ്ഥയെയും തള്ളിക്കളയുന്ന ഖുറൈശികളെ ചിന്തിക്കാൻ ആഹ്വാനം ചെയ്യുകയാണ്. വ്യക്തമായ ലക്ഷ്യത്തോടെയാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളത്. അസത്യത്തിലും അധർമത്തിലും വിഹരിക്കുന്ന ജനസമൂഹങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് തുടച്ചു നീക്കുകതന്നെ ചെയ്യും.

---

7. നിനക്കു നാം കടലാസിൽ എഴുതിയ ഒരു ഗ്രന്ഥം ഇറക്കിത്തരികയും എന്നിട്ട് സ്വകരങ്ങൾ കൊണ്ട് അത് തൊട്ടുനോക്കുകയും ചെയ്താൽപോലും സത്യനിഷേധികൾ തീർച്ചയായും പറയുമായിരുന്നു: 'ഇത് വ്യക്തമായ ക്ഷുദ്രവിദ്യയല്ലാതെ മറ്റൊന്നുമല്ല.'

8. അവർ ചോദിക്കുന്നു: ഇയാൾക്ക് (പ്രവാചകന്) ഒരു മലക്ക് ഇറക്കപ്പെടാത്തത് എന്ത്? എന്നാൽ നാം ഒരു മലക്കിനെ ഇറക്കിയിരുന്നുവെങ്കിൽ കാര്യങ്ങൾ അതോടെ തീരുമാനിക്കപ്പെടുമായിരുന്നു. പിന്നെ അവർക്കൊട്ടും അവസരം ലഭിക്കുമായിരുന്നില്ല.

9. (പ്രവാചകനായി) ഒരു മലക്കിനെ നിശ്ചയിക്കുകയാണെങ്കിൽ തീർച്ചയായും അദ്ദേഹത്തെയും മനുഷ്യരൂപത്തിൽതന്നെയാക്കുമായിരുന്നു. അങ്ങനെ അവർ ഇപ്പോൾ അകപ്പെട്ടിട്ടുള്ള ആശയക്കുഴപ്പത്തിൽതന്നെ അപ്പോഴും അവരെ നാം അകപ്പെടുത്തുമായിരുന്നു.

---

8,9: മനുഷ്യന് അഗോചരമായ സൃഷ്ടികളാണ് മലക്കുകൾ. അതുപോലെ ദൈവം, ഉയിർത്തെഴുന്നേൽപ്, സ്വർഗനരകങ്ങൾ, അന്ത്യവിചാരണ എന്നിവയെല്ലാം അഗോചര യാഥാർഥ്യങ്ങളാണ്. ദൈവദൂതന്മാർ വിശദീകരിച്ചുതരുന്ന അദൃശ്യ യാഥാർഥ്യങ്ങളും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും മനുഷ്യൻ ബുദ്ധിയുപയോഗിച്ച് പഠിച്ചു മനസ്സിലാക്കി അതനുസരിച്ച് ജീവിക്കുമോ അതോ കേവലമായ ജഡികാസക്തികൾക്ക് പിന്നാലെ പോകുമോ എന്നാണ് ദൈവം മനുഷ്യനെ പരീക്ഷിക്കുന്നത്. ഈ ദൈവികരഹസ്യങ്ങൾ മനുഷ്യൻെറ പഞ്ചേന്ദ്രിയങ്ങൾക്ക് ഗോചരമായ മട്ടിൽ വെളിപ്പെടുത്തിക്കൊടുത്താൽ പിന്നെ പരീക്ഷണത്തിന് പ്രസക്തിയില്ല. ദൈവിക രഹസ്യങ്ങൾ നേരിൽ കണ്ടുകഴിഞ്ഞാൽ അത് നിഷേധിക്കാൻ ആർക്കാണ് കഴിയുക? അദൃശ്യത്തിൻെറ തിരശ്ശീല നീങ്ങിക്കഴിഞ്ഞാൽ പിന്നെ അവശേഷിക്കുന്നത് വിചാരണയും രക്ഷാശിക്ഷകളും മാത്രമാണ്. അതോടെ ഐഹികജീവിതമെന്ന പരീക്ഷാസമയം അവസാനിക്കുന്നതാണ്.

വ്യക്തിയായാലും സമൂഹമായാലും അവരുടെ ജീവിതാവധി അവസാനിക്കുകയും ദൈവികശിക്ഷ ഉറപ്പാവുകയും അടുത്തെത്തുകയും ചെയ്യുമ്പോൾ അവരുടെ നശീകരണം നടപ്പിലാക്കാൻ മലക്കുകൾ വരാം. ദൈവികശിക്ഷ നടപ്പിലാക്കാൻ മലക്കുകൾ ഇറങ്ങിയാൽ പിന്നീടവർക്ക് സ്വയം സംസ്കരിക്കാനോ രക്ഷപ്പെടാനോ സന്ദർഭമുണ്ടായിരിക്കുകയില്ല. അതോടെ മനുഷ്യൻെറ ജീവിതാവധി അവസാനിക്കുന്നതാണ്. മലക്കിനെ ദൈവദൂതനായി മനുഷ്യരിലേക്ക് അയക്കുകയാണെങ്കിൽ ആ മലക്കിനെയും മനുഷ്യരൂപത്തിൽ അയക്കേണ്ടിവരും. കാരണം മലക്കുകൾ അഗോചര സൃഷ്ടികളാണ്. അതിനാൽ അപ്പോഴും ആ ദൂതൻെറ അസ്തിത്വത്തെപറ്റിയും ആധികാരികതയെപറ്റിയും അവരിൽ ആശയക്കുഴപ്പം നിലനിൽക്കുന്നതാണ്.

---

10. നിനക്കുമുമ്പും നിരവധി ദൈവദൂതന്മാർ പരിഹസിക്കപ്പെട്ടിട്ടുണ്ട്.എന്നിട്ടോ, അവരെ പരിഹസിച്ചിരുന്നവർക്ക്,അവർ പരിഹസിച്ചുകൊണ്ടിരുന്നത് വന്നുഭവിക്കുകതന്നെ ചെയ്തു.

11. (അവരോട്) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുവിൻ. എന്നിട്ട്, സത്യനിഷേധികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് നോക്കുവിൻ.

---

10,11: പല സമൂഹങ്ങളും അവരിലേക്ക് നിയോഗിക്കപ്പെട്ട ദൈവദൂതന്മാരെ പരിഹസിക്കുകയും ധിക്കരിക്കുകയും ചെയ്തിട്ടുണ്ട്. ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞ സമൂഹങ്ങൾക്കുണ്ടായ ഭയാനകമായ പരിണതികൾ അവരുടെ പുരാതന അവശിഷ്ടങ്ങളിൽനിന്നും ചരിത്ര സംഭവങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

---

12. (അവരോട്) ചോദിക്കുക: ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം ആരുടേതാണ്? പറയുക: എല്ലാം അല്ലാഹുവിന്റേതു മാത്രമാകുന്നു. കാരുണ്യത്തെ അവൻ സ്വന്തം (ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. സ്വന്തത്തെ നഷ്ടത്തിലാക്കിയവരത്രെ അവർ. അവർ വിശ്വസിക്കുകയില്ല.

---

12: ആകാശഭൂമികളുടെ ഉടമസ്ഥൻ അല്ലാഹുവാണെന്നും തങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന വിഗ്രഹങ്ങൾക്ക് അതിൽ യാതൊരു പങ്കുമില്ലെന്നും വിഗ്രഹാരാധകരായ അറബികൾക്ക് അറിയാമായിരുന്നു. പക്ഷേ, ഈ സത്യം തുറന്നു പറഞ്ഞാൽ തങ്ങളുടെ ആരാധനാ മൂർത്തികളായ ലാത്തക്കും, ഉസ്സക്കും, കുലദൈവങ്ങൾക്കും, മറ്റു ദേവീദേവന്മാർക്കും ഈ പ്രപഞ്ചത്തിന്റെ ആധിപത്യത്തിൽ യാതൊരു സ്ഥാനവുമില്ലെന്ന യാഥാർഥ്യം അംഗീകരിക്കേണ്ടി വരും. അതോടെ തങ്ങളുടെ ബഹുദൈവവാദം ഖണ്ഡിക്കപ്പെടുമെന്ന് അവർക്കറിയാമായിരുന്നു.
അനശ്വരതയുടെതായ ഒരു നാളിൽ അല്ലാഹു എല്ലാവരെയും ഒരുമിച്ചുകൂട്ടുന്നതും രക്ഷാശിക്ഷകൾ വിധിക്കുന്നതുമാണ്. അതിൽ യാതൊരു സംശയവും വേണ്ടെന്ന് അവൻ താക്കീതു ചെയ്യുന്നു.

---

13. രാത്രിയിലും പകലിലും അടങ്ങിയതെല്ലാം അവന്റേതാകുന്നു. അവൻ സകലതും കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

14. പറയുക: ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവായ അല്ലാഹുവിനെക്കൂടാതെ മറ്റാരെയെങ്കിലും ഞാൻ രക്ഷാധികാരിയായി സ്വീകരിക്കുകയോ? അവൻ ആഹാരം നൽകുന്നു. ആരും അവന്ന് ആഹാരം നൽകുന്നുമില്ല. പറയുക: തീർച്ചയായും അല്ലാഹുവിനെ അനുസരിക്കുന്നവരിൽ ഒന്നാമനാകാനാണ് എന്നോട് കൽപിച്ചിരിക്കുന്നത്. നീ ഒരിക്കലും ബഹുദൈവവിശ്വാസികളിൽ പെട്ടുപോകരുത്.

15. പറയുക: ഞാൻ എന്റെ നാഥനെ ധിക്കരിക്കുകയാണെങ്കിൽ ഭയങ്കരമായ ഒരു നാളിൽ ശിക്ഷയനുഭവിക്കേണ്ടിവരുമെന്ന് ഞാൻ ഭയപ്പെടുന്നു.

16. ആ ദിനം ആരിൽനിന്ന് (ശിക്ഷ) ഒഴിവാക്കപ്പെടുന്നുവോ തീർച്ചയായും അല്ലാഹു അവനെ അനുഗ്രഹിച്ചിരിക്കുന്നു. അതുതന്നെയാണ് വ്യക്തമായ വിജയം.

17. അല്ലാഹു നിനക്കു വല്ല ദോഷവും വരുത്തുകയാണെങ്കിൽ, അതിനെ നീക്കം ചെയ്യുന്നവൻ അവനല്ലാതാരുമില്ല. അവൻ നിനക്കു വല്ല നന്മയുമാണ് വരുത്തുന്നതെങ്കിലോ, അവൻ സകല സംഗതികൾക്കും കഴിവുള്ളവനാകുന്നു.

18. അവൻ തന്റെ ദാസന്മാരുടെ മേൽ പരമാധികാരമുള്ളവനാണ്. അവൻ യുക്തിമാനും സൂക്ഷ്മജ്ഞനുമാകുന്നു.

19. ചോദിക്കുക: ഏതു സാക്ഷ്യമാണ് ഏറെ മഹത്തരമായിട്ടുള്ളത്? എനിക്കും നിങ്ങൾക്കുമിടയിൽ അല്ലാഹു സാക്ഷിയാകുന്നു. ഈ ഖുർആൻ എനിക്കു ദിവ്യബോധനമായി നൽകപ്പെട്ടിട്ടുള്ളത്, ഇത് വഴി നിങ്ങൾക്കും ഇത് ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയാകുന്നു. അല്ലാഹുവോടൊപ്പം വേറെ ദൈവങ്ങളുണ്ടെന്ന് യഥാർഥത്തിൽ നിങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ കഴിയുമോ? പറയുക: ഞാൻ സാക്ഷ്യം

വഹിക്കുകയില്ല. പറയുക: അവൻ ഒരേ ഒരു ദൈവം മാത്രമാകുന്നു. നിങ്ങൾ അവന്ന് പങ്ക് ചേർക്കുന്നതുമായി എനിക്ക് യാതൊരു ബന്ധവുമില്ല.

20. നാം വേദം നൽകിയിട്ടുള്ളവരോ, അവർ തങ്ങളുടെ മക്കളെ തിരിച്ചറിയുന്നതുപോലെ ഇതിനെ തിരിച്ചറിയുന്നുണ്ട്. തങ്ങളെ സ്വയം നഷ്ടത്തിലാക്കിയവരത്രെ അവർ. അവരതു വിശ്വസിക്കുകയില്ല.

21. അല്ലാഹുവിൻെറ പേരിൽ അസത്യം കെട്ടിച്ചമക്കുകയോ അവൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയോ ചെയ്യുന്നവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? നിശ്ചയം, അക്രമികൾ വിജയം വരിക്കുകയില്ല.

22. നാം അവരെയെല്ലാവരെയും ഒരുമിച്ചു കൂട്ടുകയും എന്നിട്ട് ബഹുദൈവവിശ്വാസികളോട് 'നിങ്ങൾ (സ്വന്തം ദൈവങ്ങളെന്ന്) വാദിച്ചിരുന്ന പങ്കാളികൾ ഇപ്പോൾ എവിടെയെന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം.

23. ഞങ്ങളുടെ രക്ഷിതാവായ അല്ലാഹു സത്യം! ഞങ്ങൾ ബഹുദൈവവിശ്വാസികളേ ആയിരുന്നില്ല. എന്നു പറയാനല്ലാതെ മറ്റൊരു കുഴപ്പവുമുണ്ടാക്കാൻ അവർക്കു കഴിയുകയില്ല.

24. അന്നേരം അവർ തങ്ങളെക്കുറിച്ചുതന്നെ കള്ളം പറയുന്നതെങ്ങനെയെന്നു നോക്കുക: അവർ കെട്ടിച്ചമച്ചിരുന്ന (വ്യാജദൈവങ്ങളൊക്കെയും) അവരെ വിട്ടൊഴിയും.

25. നീ പറയുന്നത് ശ്രദ്ധിച്ചുകേൾക്കുന്നവരും അവരിലുണ്ട്. അവർ അത് ഗ്രഹിക്കാനാകാത്ത വിധം നാം അവരുടെ ഹൃദയങ്ങൾക്ക് മറയിട്ടിരിക്കുന്നു. അവരുടെ കാതുകൾക്ക് അടപ്പിടുകയും ചെയ്തിരിക്കുന്നു. ഏതു ദൃഷ്ടാന്തം ദർശിച്ചാലും അവരതു വിശ്വസിക്കുകയില്ല. അങ്ങനെ അവർ നിൻെറയടുത്ത് നിന്നോട് തർക്കിക്കാൻ വന്നാൽ അവരിലെ സത്യനിഷേധികൾ പറയും: ഇത് പൂർവികരുടെ കെട്ടുകഥകളല്ലാതെ മറ്റൊന്നുമല്ല.

26. (ഈ സത്യം സ്വീകരിക്കുന്നതിൽ) നിന്ന് അവർ മറ്റുള്ളവരെ തടയുന്നു. സ്വയം അതിൽ നിന്ന് അകന്നുപോവുകയും ചെയ്യുന്നു. യഥാർഥത്തിൽ സ്വന്തം ദേഹങ്ങൾക്കുതന്നെയാണ് അവർ നാശമുണ്ടാക്കുന്നത്. പക്ഷേ, അവർ അതെക്കുറിച്ച് ബോധവാന്മാരല്ലെന്നു മാത്രം.

---

26: ഏകദൈവവിശ്വാസത്തിൽനിന്നും അവൻെറ വിധിവിലക്കുകൾക്കു വിധേയരായി ജീവിതം സംസ്കരിക്കുന്നതിൽനിന്നും സ്വയം അകന്നുനിൽക്കുകയും മറ്റുള്ളവരെ ഈ സത്യം സ്വീകരിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നവർ അവരെത്തന്നെയാണ് നശിപ്പിക്കുന്നത്. പക്ഷേ, അതെക്കുറിച്ച് അവർ ബോധവാന്മാരല്ല. അവസാനശ്വാസം വരെ തങ്ങൾ നിഷേധിച്ചുകൊണ്ടിരുന്ന നരകമെന്ന യാഥാർഥ്യം കൺമുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ അവരുടെ നിസ്സഹായതയും നെടുംഖേദവും അടുത്ത സൂക്തത്തിൽ ഖുർആൻ വിവരിക്കുന്നുണ്ട്.

---

27. നരകാഗ്നിയുടെ മുമ്പിൽ അവർ നിർത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ! അപ്പോൾ അവർ വിലപിച്ചുകൊണ്ടിരിക്കും: ഹാ കഷ്ടം! ഞങ്ങൾ (ഭൂമിയിലേക്ക്) തിരിച്ചയക്കപ്പെടുകയും അങ്ങനെ ഞങ്ങൾ ഞങ്ങളുടെ നാഥൻെറ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയാതിരിക്കുന്നതിന്നും സത്യവിശ്വാസികളിലാകുന്നതിനും വല്ല നിവൃത്തിയുമുണ്ടായിരുന്നെങ്കിൽ!

---

27: അന്ത്യനിമിഷംവരെ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന അതേ ഏകദൈവത്തിൻെറ മുന്നിൽ ഹാജരാക്കപ്പെടുമ്പോൾ പൂർവജീവിതത്തിൽ തങ്ങൾക്ക് തെറ്റുപറ്റിപ്പോയെന്നും ഇപ്പോൾ മഹാവിപത്തിൽ തങ്ങളകപ്പെട്ടു കഴിഞ്ഞെന്നും അവർക്ക് ബോധ്യപ്പെടുന്നതാണ്. ഭൂമിയിൽ തങ്ങൾക്ക് ജീവിക്കാൻ ഒരവസരവും കൂടി തരികയാണെങ്കിൽ യഥാർഥ സത്യവിശ്വാസികളായിക്കൊള്ളമെന്ന് അവർ ആഗ്രഹിച്ചു പോകുന്നു.

---

28. അല്ല! അവർ നേരത്തെ മറച്ചുവെച്ചിരുന്നത് അവർക്കിപ്പോൾ വെളിപ്പെട്ടിരിക്കുകയണ്. (പൂർവജീവിതത്തിലേക്ക്) തിരിച്ചയക്കപ്പെട്ടാൽതന്നെയും വിലക്കപ്പെട്ട സംഗതികളിലേക്കു തന്നെ അവർ മടങ്ങും. തീർച്ചയായും അവർ കളവ് പറയുന്നവർ തന്നെയാണ്.

28: ഏതൊരാത്മാവിനും ഭൂമിയിൽ ഒരു ജീവിതമേയുള്ളു. ജീവിതം അവസാനിക്കുന്നതോടെ അയാളുടെ കർമ്മകാണ്ഡവും അവസാനിക്കുന്നു. കർമ്മജീവിതം മെച്ചപ്പെടുത്താൻ മനുഷ്യന് ദൈവം പുനർജന്മം നൽകുന്നില്ല. പരലോകവിശ്വാസത്തിനു പകരം പുനർജന്മത്തിൽ വിശ്വസിക്കുന്നവരുണ്ട്.ചില വിഭാഗ ങ്ങളുടെ ഔന്നത്യവും അധികാരവും അരക്കിട്ടുറപ്പിക്കുന്നതിനുവേണ്ടി ഏകദൈവവിശ്വാസം ബഹുദൈവ വിശ്വാസമാക്കി മാറ്റിമറിച്ചപോലെ പരലോകവിശ്വാസം പുനർജന്മവിശ്വാസമായി അവർ മാറ്റിമറിക്കുക യായിരുന്നു. ജാതിവ്യവസ്ഥക്ക് മതകീയത നൽകി ന്യായീകരിക്കാനാണ് പുനർജന്മസങ്കൽപം രൂപം കൊണ്ടത്. പുനർജന്മത്തിന് വേദപ്രാമാണികതയില്ല. വർണാശ്രമവ്യവസ്ഥയെ ന്യായീകരിക്കുന്നതിന് ഉപനിഷദ്കാലഘട്ടത്തിൽ കെട്ടിച്ചമക്കപ്പെട്ടൊരു സങ്കൽപം മാത്രമാണ് പുനർജന്മം. കഴിഞ്ഞ ജന്മത്തിൽ അധമകൃത്യങ്ങൾ ചെയ്തതുകൊണ്ടാണ് ഈ ജന്മത്തിൽ അധഃകൃതനായി ജനിക്കുന്നതും അധമരും അടിച്ചമർ ത്തപ്പെട്ടവരും അസ്പൃശ്യരുമായതിനു കാരണമെന്നും അധഃകൃതരെ അവർ വിശ്വസിപ്പിക്കുന്നു. മേൽ ജാതിക്കരെ അനുസരിക്കുന്നതിനും സേവിക്കുന്നതിനുംവേണ്ടി ജാതിവ്യവസ്ഥക്ക് ദൈവികവും ആത്മീയ വുമായ പരിവേഷം നൽകപ്പെടുകയായിരുന്നു.

29. അവർ പറയുന്നു: നമ്മുടെ ഈ ഐഹികജീവിതമല്ലാതെ (മറ്റൊരു ജീവിതം) ഇല്ല. നാം (മരണാനന്തരം) ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരുമല്ല.

29: ഭൗതികവാദികളും പരലോകനിഷേധികളായ ബഹുദൈവവിശ്വാസികളും മരണാനന്തര ജീവിതത്തിനെ തിരെ ഉന്നയിക്കാറുള്ള ഒരു വാദമാണിത്. പരലോകം അസംഭവ്യമാണെന്ന അവരുടെ ഈ വാദത്തിൽ പരലോക നിഷേധം മാത്രമല്ല അടങ്ങിയിട്ടുള്ളത്; അല്ലാഹുവിൻെറ ശക്തിയുടെയും യുക്തിയുടെയും നിഷേധംകൂടി അതിലടങ്ങിയിട്ടുണ്ട്.

30. അവർ തങ്ങളുടെ നാഥൻെറ മുമ്പിൽ നിർത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ! അവൻ ചോദിക്കും: ഇത് യഥാർഥം തന്നെയല്ലേ? അവർ പറയും: അതെ; ഞങ്ങളുടെ രക്ഷിതാവി നെത്തന്നെയാണ് സത്യം.അവൻ പറയും: എങ്കിൽ നിങ്ങൾ അവിശ്വസിച്ചിരുന്നതു കാരണം ശിക്ഷ ആസ്വദിക്കുവിൻ!

30: ഉയിർത്തെഴുന്നേൽപ് ഒരു മിഥ്യാ സങ്കൽപമാണെന്ന് ഭൂമിയിൽ വെച്ച് വാദിച്ചിരുന്നവരോട് അല്ലാഹു ചോദിക്കും: പരലോകവും ഉയിർത്തെഴുന്നേൽപും സത്യമാണെന്ന് ഇപ്പോൾ ബോധ്യമായില്ലേ? ഭൗതികജീവിതത്തിനപ്പുറം യാതൊന്നുമില്ലെന്ന് വാദിക്കുകയും ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കു കയും ചെയ്തത് ഗുരുതരമായ അബദ്ധമായിരുന്നുവെന്ന് അവർക്ക് ബോധ്യപ്പെടും. മനുഷ്യരാസകലം ഉയിർത്തെഴുന്നേൽപിക്കപ്പെട്ട് അല്ലാഹുവിൻെറ മുന്നിൽ ഹാജരാക്കപ്പെടുമ്പോൾ തങ്ങൾ തള്ളിപ്പറഞ്ഞി രുന്ന യാഥാർഥ്യത്തെ അംഗീകരിക്കാൻ അവർ തയാറാകുന്നതാണ്. പക്ഷേ, ആ ദിനം അവരുടെ കുറ്റസമ്മതം അവർക്കൊരു ഗുണവും ചെയ്യുന്നതല്ല. ഇനി ഈ യാഥാർഥ്യത്തെ നിഷേധിച്ചതിൻെറ ശിക്ഷയനുഭവിക്കുക എന്നതല്ലാതെ മറ്റൊരു മാർഗവും അവരുടെ മുന്നിലില്ല.

31. (മരണാനന്തരം)അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയെ നിഷേധിച്ചവർ തീർച്ചയായും മഹാ നഷ്ടത്തിലകപ്പെട്ടിരിക്കുന്നു. ഒടുവിൽ, പൊടുന്നനവെ ആ സന്ദർഭം വന്നെത്തുമ്പോൾ അവർ വിലപിക്കുകയായി:ഹാ കഷ്ടം! ഈ കാര്യത്തിൽ നാം വീഴ്ച വരുത്തിയതിനാൽ ഹൊ! നമുക്ക് നഷ്ടം. അവർ തങ്ങളുടെ മുതുകുകളിൽ അവരുടെ പാപഭാരങ്ങൾ പേറു ന്നുണ്ടാകും. എത്ര ദൗർഭാഗ്യകരമായ ഭാരമാണവർ പേറുന്നത്!

31: തങ്ങൾക്ക് അസ്തിത്വം നൽകിയ അല്ലാഹുവുമായി കണ്ടുമുട്ടുമെന്ന കാര്യം അവർ തള്ളിക്കളഞ്ഞി രുന്നത് ബുദ്ധിപരമായ വല്ല തെളിവിൻെറയും അടിസ്ഥാനത്തിലായിരുന്നില്ല. കർമ്മഗേഹമാകുന്ന ഈ

ലോകത്തിനു പിറകിൽ ഒരു കർമ്മഫലഗേഹമില്ലെന്ന മൂഢവിചാരം അവരെ വഴിതെറ്റിക്കുകയായിരുന്നു. ഉയിർത്തെഴുന്നേൽപ് ബുദ്ധിക്ക് നിരക്കാത്തതും അസംഭവ്യകാര്യവുമായിക്കരുതി തള്ളിക്കളഞ്ഞിരുന്നവർ അത് നേരിൽ കാണുകയായി. അധികാര സ്വാതന്ത്ര്യങ്ങൾ ലഭിച്ചവർ ആ അധികാര സ്വാതന്ത്ര്യങ്ങൾ എങ്ങനെ വിനിയോഗിച്ചുവെന്ന് വിചാരണ ചെയ്യപ്പെടേണ്ടതുണ്ട്. അത് അല്ലാഹുവിന്റെ യുക്തിയുടെയും ജ്ഞാനത്തിന്റെയും സ്വാഭാവിക താൽപര്യമാണ്.
ഒടുവിൽ പൊടുന്നനെ അവർ നിഷേധിച്ചിരുന്ന ആ ദിനം വന്നെത്തുന്നു. തങ്ങളുടെ ഭൗതിക ജീവിതം പാഴാക്കിക്കളഞ്ഞതിനെപ്പറ്റി വിലപിക്കാനേ ഇനി അവർക്ക് കഴിയൂ.

---

32. ഐഹികജീവിതമെന്നത് കളിയും തമാശയുമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ സൂക്ഷ്മത പുലർത്തുന്നവർക്ക് ഉത്തമമായിട്ടുള്ളത് പരലോകമാണ്. നിങ്ങൾ ചിന്തിക്കുന്നില്ലയോ?

---

32: ശാശ്വതമായ പാരത്രിക ജീവിതത്തെ അപേക്ഷിച്ച് ഭൗതികജീവിതത്തിന്റെ ക്ഷണികതയെയാണ് ഈ വചനം ചൂണ്ടിക്കാണിക്കുന്നത്.മനുഷ്യൻ ഭൗതിക ജീവിതത്തിൽ നേടുന്ന സമ്പത്തും,സ്ഥാനമാനങ്ങളും സുഖാഡംബരങ്ങളുമെല്ലാം ക്ഷണികമാണ്. ഭൗതികജീവിതത്തിൽ ഏതാനും ദിവസങ്ങളിൽ മനുഷ്യൻ കളിക്കുന്ന കളികളെല്ലാം മരണം ആസന്നമാകുന്നതോടെ അവസാനിക്കുന്നു.
ഭൗതിക ജീവിതം നശ്വരമാകുന്നു. പാരത്രിക ജീവിതമാകട്ടെ ശാശ്വതമാണ്. ഭൗതികാനുഗ്രഹങ്ങളെ അപേക്ഷിച്ച് എത്രയോ ഉന്നതവും വിശിഷ്ടവുമാണ് പാരത്രികാനുഗ്രഹങ്ങൾ. ഇഹലോകത്ത് സത്യവിശ്വാസത്തിന്റെയും സംസ്കരണത്തിന്റെയും ദൈവഭക്തിയുടെയും മാർഗം തെരഞ്ഞെടുത്തവർ തങ്ങൾ ഇഹലോകത്ത് ചെയ്ത അധ്വാനപരിശ്രമങ്ങളുടെ വിശിഷ്ടഫലങ്ങൾ പരലോകത്തു കാണുമ്പോൾ സന്തുഷ്ടരാകുന്നതാണ്.

---

33. തീർച്ചയായും അവർ പറയുന്നത് നിന്നെ ദുഃഖിപ്പിക്കുന്നുണ്ടെന്ന് നാം അറിയുന്നു. എന്നാൽ നിന്നെയല്ല (യഥാർഥത്തിൽ) അവർ തള്ളിപ്പറയുന്നത്. പ്രത്യുത അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയാണ് ആ അക്രമികൾ നിഷേധിച്ചു തള്ളുന്നത്.

---

33: തന്റെ ജനത സത്യവിശ്വാസം സ്വീകരിക്കാത്തതിൽ തിരുമേനി വളരെ ദുഃഖിച്ചിരുന്നു. പ്രബോധന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുവരെയും അദ്ദേഹത്തെ അവർ 'അൽഅമീൻ' (വിശ്വസ്ഥൻ) എന്നാണ് വിളിച്ചിരുന്നത്. എന്നാൽ അല്ലാഹുവിങ്കൽനിന്നുള്ള സന്ദേശം എത്തിക്കാൻ തുടങ്ങിയതോടെ കള്ളവാദി, ഭ്രാന്തൻ, ആഭിചാരകൻ എന്നൊക്കെ ആക്ഷേപിക്കുകയും ദൈവികസന്ദേശം തള്ളിക്കളയുകയും ചെയ്തു. എന്നാൽ തിരുമേനി എപ്പോഴെങ്കിലും കള്ളം പറഞ്ഞതായി ആരോപിക്കാൻ അദ്ദേഹത്തിന്റെ ബദ്ധവൈരികൾക്ക് പോലും സാധിച്ചിട്ടില്ല. തിരുമേനിയുടെ ബദ്ധശത്രുവായിരുന്ന അബൂജഹ്ൽ അവിടത്തോട് ഇപ്രകാരം പറഞ്ഞതായി അലി(റ) റിപ്പോർട്ട് ചെയ്യുന്നു: 'തീർച്ചയായും ഞങ്ങൾ നിന്നെ കള്ളവാദിയാക്കുന്നില്ല, പക്ഷേ. നീ പ്രചരിപ്പിക്കുന്ന സന്ദേശം കള്ളമാണെന്ന് ഞങ്ങൾ പറയും.' ബദർ യുദ്ധവേളയിൽ അഖ്നസുബ്നു ശരീഖിനോട് അബൂജഹൽ ഇപ്രകാരം പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: അല്ലാഹുവാണ് സത്യം, സത്യസന്ധനായ ഒരാളാണ് മുഹമ്മദ്. ജീവിതത്തിലൊരിക്കലും കളവ് പറഞ്ഞിട്ടില്ല. പക്ഷേ, യുദ്ധത്തിൽ കൊടിപിടിക്കൽ, ഹാജിമാർക്ക് ജലദാനം, കഅ്ബാ സംരക്ഷണം പ്രവാചകത്വം എന്നിവയെല്ലാം ഖുസയ്യിന്റെ മക്കൾ(മുഹമ്മദിന്റെ പിതൃവഴിക്കാർ)ക്കായാൽ പിന്നെ മറ്റു ഖുറൈശികൾക്ക് എന്താണ് അവശേഷിക്കുന്നത്?
വാസ്തവത്തിൽ അവർ നിഷേധിച്ചിരുന്നത് പ്രവാചകനെയായിരുന്നില്ല. അദ്ദേഹം അവർക്കൊരപരിചിതനായിരുന്നില്ല. സ്വന്തം നാട്ടുകാരനും സ്വഗോത്രജനും ജീവിതകാലം മുഴുവൻ അവർക്കിടയിൽ തന്നെ കഴിച്ചുകൂട്ടിയവനുമായിരുന്നു. അദ്ദേഹം പ്രബോധനം ചെയ്തിരുന്ന അല്ലാഹുവിന്റെ സന്ദേശങ്ങളോടായിരുന്നു അവർക്ക് വിരോധമുണ്ടായിരുന്നത്. ഇസ്ലാമിക സന്ദേശം സത്യത്തിന്റെയും ധർമത്തിന്റെയും സന്ദേശമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയായിരുന്നു അവർ നിഷേധിച്ചിരുന്നത്.

---

34. നിനക്കു മുമ്പും വളരെ ദൂതന്മാർ നിഷേധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നമ്മുടെ സഹായം അവർക്ക് വന്നെത്തുംവരെ തങ്ങളെ തള്ളിപ്പറഞ്ഞതും പീഡിപ്പിച്ചതുമൊക്കെ അവർ ക്ഷമി

ക്കുകയായിരുന്നു.അല്ലാഹുവിൻെറ വചനങ്ങളെ മാറ്റിമറിക്കാൻ പോരുന്ന ആരുമില്ല. ദൈവ ദൂതന്മാരുടെ വൃത്താന്തങ്ങളിൽ പെട്ട ചിലതൊക്കെ നിനക്കു വന്നുകിട്ടിയിട്ടുണ്ടല്ലോ.

35. എന്നിട്ടും അവരുടെ അവഗണന നിനക്ക് അസഹ്യമായി തോന്നുകയാണെങ്കിൽ ഭൂമിയിൽ ഒരു തുരങ്കമുണ്ടാക്കിയോ ആകാശത്തേക്ക് ഒരു കോണിവെച്ചോ അവർക്കൊരു ദൃഷ്ടാന്തം കൊണ്ടുവരാൻ നിനക്ക് സാധിക്കുമെങ്കിൽ (അതിന് ശ്രമിക്കുക.) അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയൊക്കെ അവൻ സന്മാർഗത്തിൽ ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യുമായിരുന്നു. അതിനാൽ നീ ഒരിക്കലും അവിവേകികളിൽ പെട്ടുപോകരുത്.

---

35: തൻെറ ജനങ്ങൾ സത്യവിശ്വാസം സ്വീകരിക്കാതെ അവരുടെ സത്യനിഷേധത്തിൽ തന്നെ ഉറച്ചുനിൽക്കുന്നതിൽ പ്രവാചകൻ വളരെ ദുഃഖിതനായിരുന്നു. അവർ വിശ്വസിക്കാത്തതിൻെറ പേരിൽ അമിതമായ അക്ഷമയും ദുഃഖവും കാണിക്കരുതെന്ന് നബിതിരുമേനിയെ അല്ലാഹു ഉണർത്തുകയാണ്. അമാനുഷിക ദൃഷ്ടാന്തങ്ങൾ കാണിച്ച് അവരെ ആകർഷിക്കാമെന്ന് വ്യാമോഹിക്കരുത്. ആ മാർഗത്തിലൂടെ പ്രസ്തുത ലക്ഷ്യം നേടണമെന്ന് അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. എല്ലാ മനുഷ്യരെയും വിശ്വസിപ്പിച്ചേ തീരൂ എന്നും അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. ലക്ഷ്യം വിജയകരമായി സാധിക്കാനുള്ള ശരിയായ മാർഗം അതല്ല. സത്യത്തെ തെളിവ് സഹിതം ജനസമക്ഷം സമർപ്പിക്കുകയും എന്നിട്ട് തങ്ങളുടെ ശരിയായ ചിന്താശക്തി ഉപയോഗിച്ച് സത്യത്തെ തിരിച്ചറിയുകയും എന്നിട്ട് സ്വതന്ത്രമായി അതിൽ വിശ്വസിക്കുകയും ചെയ്യണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. വേണ്ടത്ര തെളിവുകൾ നൽകിയ ശേഷം അതിൽ വിശ്വസിക്കലും വിശ്വസിക്കാതിരിക്കലും അവരവരുടെ ഹിതത്തിന് വിട്ടുകൊടുത്തിരിക്കുകയാണ് അല്ലാഹു.

---

36. കേൾക്കുന്നവർ മാത്രമേ (സത്യപ്രബോധനത്തിന്) ഉത്തരം നൽകുകയുള്ളൂ. മരിച്ചവരെയോ, അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുന്നതാണ്.പിന്നെ അവങ്കലേക്ക് അവർ മടക്കപ്പെടുകയും ചെയ്യും.

---

36: സത്യപ്രബോധനം ശ്രദ്ധിച്ചു കേൾക്കുകയും അതെക്കുറിച്ച് സത്യബോധത്തോടേ ചിന്തിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ഈ സന്ദേശം സ്വീകരിക്കാനാവൂ. ബുദ്ധിയും മനസ്സാക്ഷിയും മരവിച്ചു പോയവർക്ക് പരലോകത്തു വെച്ചേ ഇനി ബുദ്ധിയുദിക്കുകയുള്ളൂ.

---

37. അവർ ചോദിക്കുന്നു: ഇവന് ഇവൻെറ രക്ഷിതാവിങ്കൽനിന്ന് ഒരു ദൃഷ്ടാന്തം ഇറക്കപ്പെടാത്തത് എന്ത്? പറയുക: തീർച്ചയായും ദൃഷ്ടാന്തം ഇറക്കുവാൻ കഴിവുള്ളവൻ തന്നെയാണ് അല്ലാഹു. പക്ഷേ, അവരിലധികപേരും അതറിയുന്നില്ല.

---

37: അമാനുഷിക ദൃഷ്ടാന്തങ്ങൾ അവതരിപ്പിക്കുക എന്നത് അല്ലാഹുവിന് പ്രയാസമുള്ള കാര്യമല്ല. എന്നാൽ ചിന്തിക്കുന്നവർക്ക് അല്ലാഹുവിൻെറ സൃഷ്ടികളോരോന്നും മഹത്തായ ദൃഷ്ടാന്തമാണ്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും വായുവും വെള്ളവും സസ്യങ്ങളും മൃഗങ്ങളും മനുഷ്യരും എന്നുവേണ്ട ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ച ഒരു മൺതരിപോലും അല്ലാഹുവിൻെറ മഹത്തായ ദൃഷ്ടാന്തമാണ്. നിത്യപരിചയംകൊണ്ട് മനുഷ്യൻ അവയെ നിസ്സാരവും സാധാരണ സംഭവമായും കരുതുന്നു എന്നു മാത്രം. ഏതെങ്കിലും അമാനുഷിക ദൃഷ്ടാന്തം മുഖേന എല്ലാവരെയും സത്യവിശ്വാസം സ്വീകരിപ്പിക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലൂടെയും അവയെ വിശദീകരിക്കുന്ന അമാനുഷിക ദൃഷ്ടാന്തമായ ഖുർആനിലൂടെയും മനുഷ്യന് നൽകപ്പെട്ട ഇഛാസ്വാതന്ത്ര്യവും ബുദ്ധിയും ഉപയോഗിച്ച് സത്യം കണ്ടെത്തണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

---

38. ഭൂമിയിൽ ചരിക്കുന്ന ഏത് ജീവിയും ഇരു ചിറകുകളിൽ പറക്കുന്ന ഏതു പറവയും നിങ്ങളെപ്പോലെയുള്ള വർഗങ്ങൾ തന്നെയാകുന്നു. വിധിപ്രമാണത്തിൽ ഒരു വീഴ്ചയും നാം വരുത്തിയിട്ടില്ല. പിന്നീട് അവയൊക്കെയും തങ്ങളുടെ രക്ഷിതാവിങ്കൽ സമ്മേളിക്കപ്പെടുന്നതാകുന്നു.

---

38: ഭൂമിയിലെ സകല ജീവിവർഗങ്ങളും മനുഷ്യരെപ്പോലെ ഓരോ സമൂഹമാണ്. ഓരോ ജീവിവർഗത്തിനും പ്രത്യേക ജന്മവാസനകളും, പെരുമാറ്റരീതികളും, ജീവിത ധർമവും, ധർമത്തിനനുയോജ്യമായ ശരീര ഘടനയും ചുറ്റുപാടുകളും നൽകിയിരിക്കുന്നു. ഓരോ സമൂഹത്തിൻെറയും നിലനിൽപിന്നും വളർച്ചക്കും അഭിവൃദ്ധിക്കും ആവശ്യമായ വ്യവസ്ഥകളും മാർഗദർശനങ്ങളും അല്ലാഹു നൽകിയിരിക്കുന്നു. അതിലൊന്നും ഒരു വിധത്തിലുള്ള വീഴ്ചയോ വൈരുധ്യമോ പോരായ്മയോ കാണാനാവില്ല. മനുഷ്യവർഗത്തിന് പ്രത്യേകമായി വിശേഷബുദ്ധിയും ചിന്താശക്തിയും നൽകിയിരിക്കുന്നു. സന്മാർഗവും ദുർമാർഗവും വേർതിരിച്ചറിയാനുള്ള മാർഗദർശനോപാധികളും നൽകിയിരിക്കുന്നു. അതിനാൽ മനുഷ്യൻ അവൻെറ ചിന്താശക്തിയും വിവേചനശക്തിയും ഉപയോഗിച്ച് അവൻെറ നന്മക്കും വിജയത്തിനുമുള്ള മാർഗദർശനം സ്വീകരിക്കാൻ ബാധ്യസ്ഥനാകുന്നു.

39. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവർ അന്ധകാരങ്ങളിലകപ്പെട്ട ബധിരരും മൂകരുമാകുന്നു. അല്ലാഹു ഇഛിക്കുന്നവരെ അവൻ വഴികേടിലാക്കുന്നു. അവൻ ഇഛിക്കുന്നവരെ അവൻ നേരായ മാർഗത്തിലാക്കുകയും ചെയ്യുന്നു.

39: അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ കണ്ണു തുറന്നു കാണാനും ചെവികൊടുത്ത് കേൾക്കാനും തയാറില്ലാതെ തള്ളിപ്പറയുന്നവർ സത്യത്തിൻെറ മുന്നിൽ ബധിരരും മൂകരുമാകുന്നു. വായു മണ്ഡലത്തിൽ പറക്കുന്ന ഒരു പറവയെപ്പറ്റി ചിന്തിച്ചു നോക്കുക. മനോഹരമായ രൂപഭംഗി, ഇര തേടുന്നതിനനുയോജ്യമായ വിവിധ രൂപത്തിലുള്ള കൊക്കുകൾ, കരയിലും വെള്ളത്തിലും ജീവിക്കുന്നവയുടെ പ്രത്യേകതരം കാലുകൾ, കുഞ്ഞുങ്ങൾക്ക് ആഹാരം നൽകുന്ന രീതികൾ, വിവിധ സന്ദർഭങ്ങളിൽ അവ പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ, വ്യവസ്ഥാപിതമായി നടന്നുകൊണ്ടിരിക്കുന്ന വംശവർധന തുടങ്ങിയ എന്തെല്ലാം ശക്തിവിശേഷങ്ങളാളാണ് അവയിൽ നിക്ഷിപ്തമായിരിക്കുന്നത്! ദൈവത്തിൻെറ അസംഖ്യം ദൃഷ്ടാന്തങ്ങളിൽ ഒരൊറ്റ ദൃഷ്ടാന്തത്തെപ്പറ്റി ചിന്തിച്ചാൽ മതി സൃഷ്ടാവിൻെറ ഏകത്വത്തെയും അപാരമായ കഴിവിനെയും അവ ഓരോന്നും വിളിച്ചറിയിക്കുന്നതായി കാണാം. പ്രവാചകൻ(സ) പ്രബോധനം ചെയ്യുന്ന സന്ദേശത്തിൻെറ യാഥാർഥ്യം അവ ചൂണ്ടിക്കാണിക്കുന്നുമുണ്ട്.
പ്രപഞ്ചമാകുന്ന ഈ തൊഴിൽശാലയെ കണ്ണുതുറന്നു നോക്കാനും ചെവികൊടുത്ത് കേൾക്കാനും തയാറാകുന്ന സത്യാന്വേഷികൾക്ക് ദൈവിക ദൃഷ്ടാന്തങ്ങളിൽനിന്ന് യാഥാർഥ്യത്തിലെത്തിച്ചേരാനുതകുന്ന തെളിവുകൾ കണ്ടെത്താൻ അല്ലാഹു ഉതവി നൽകുന്നു. അങ്ങനെയുള്ളവരെ അല്ലാഹു നേർമാർഗത്തിലേക്ക് നയിക്കുന്നു.
ഭൗതികനേട്ടം മാത്രം ലക്ഷ്യമാക്കുന്നവർ പ്രപഞ്ചത്തിൽ പരന്നുകിടക്കുന്ന അസംഖ്യം ദൈവദൃഷ്ടാന്തങ്ങൾ കൺമുമ്പിൽ കണ്ടാലും സത്യത്തിലേക്കെത്തിച്ചേരാനുള്ള യാതൊരു തെളിവും അവരതിൽ കണ്ടെത്തുകയില്ല. അത്തരം ആളുകളെ അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കുകയില്ല.

40. അവരോട് ചോദിക്കുക:നിങ്ങൾ കാണുന്നുവോ? അല്ലാഹുവിങ്കൽനിന്നുള്ള വല്ല വിപത്തും നിങ്ങളെ ബാധിക്കുകയോ അല്ലെങ്കിൽ അന്ത്യനാൾ വന്നെത്തുകയോ ചെയ്താൽ അല്ലാഹു അല്ലാത്ത ആരെയെങ്കിലും നിങ്ങൾ വിളിച്ചു പ്രാർഥിക്കുമോ? (പറയുവിൻ)- നിങ്ങൾ സത്യവാന്മാരെങ്കിൽ.

41. അല്ല, അപ്പോൾ അവനെ മാത്രമേ നിങ്ങൾ വിളിച്ച് പ്രാർഥിക്കുകയുള്ളൂ. അങ്ങനെ അവ നിഛിക്കുന്നുവെങ്കിൽ നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് ഏതൊരു വിപത്തിൻെറ പേരിലാണോ അതിനെ അവൻ നീക്കിക്കളയുന്നു. അന്നേരം (അല്ലാഹുവിൽ) പങ്കുചേർക്കുന്നവയെ നിങ്ങൾ മറക്കുകയും ചെയ്യും.

41: ഒരു മഹാവിപത്ത് വന്നണയുമ്പോൾ ബഹുദൈവവാദികളും, അല്ലാഹു അല്ലാത്തവരോട് സഹായമർഥിക്കുന്ന ഏകദൈവ വാദികളുമെല്ലാം കൃത്രിമ രക്ഷകരെ വിസ്മരിക്കുന്നു. തങ്ങളുടെ പ്രാർഥനയുടെ കരം ദൈവസന്നിധിയിലേക്ക് നീട്ടുന്നു. അത്യാഹിതങ്ങൾ നേരിടുമ്പോൾ കടുത്ത നിരീശ്വരവാദികൾ പോലും അറിഞ്ഞോ അറിയാതെയോ ദൈവത്തെ വിളിച്ച് നിലവിളിക്കുന്നതായി കാണാം. പ്രപഞ്ചങ്ങ

ളുടെയെല്ലാം സ്രഷ്ടാവും പരമാധികാരിയുമായ ഒരു മഹാശക്തിയുണ്ടെന്ന അവബോധം ഓരോ മനുഷ്യരിലും ഒളിഞ്ഞുകിടക്കുുണ്ടെന്നാണ് ഇതു കുറിക്കുന്നത്.

---

42. നിനക്കുമുമ്പും നിരവധി സമുദായങ്ങളിലേക്ക് നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു. പിന്നെ ആ സമൂഹങ്ങളെ വിപത്തുകളാലും യാതനകളാലും നാം പിടികൂടി. അവർ വിനീതരാകാൻ വേണ്ടി.

43. അങ്ങനെ നമ്മുടെ പീഡനം അവരെ ബാധിച്ചപ്പോൾ അവർ വിനീതരാവാതിരുന്നതെന്ത്? എന്നല്ല, അവരുടെ മനസ്സുകൾ കൂടുതൽ കടുത്തുപോവുകയാണുണ്ടായത്. അവർ ചെയ്തു കൊണ്ടിരുന്നതെന്തോ, അത് വളരെ നല്ല കാര്യങ്ങളാണെന്ന് പിശാച് അവരെ തോന്നിപ്പിക്കുകയും ചെയ്തു.

44. അങ്ങനെ നാം അവരോട് ഉൽബോധിപ്പിക്കപ്പെട്ടത് അവർ വിസ്മരിച്ചപ്പോൾ, സകല വസ്തുക്കളുടെയും കവാടങ്ങൾ നാം അവർക്ക് തുറന്നു കൊടുത്തു. അങ്ങനെ തങ്ങൾക്ക് നൽകപ്പെട്ട ഐശ്വര്യത്തിൽ അവർ ഏറെ സന്തുഷ്ടരായപ്പോൾ നാമവരെ പൊടുന്നനെ പിടികൂടി. അപ്പോഴതാ അവർ നിരാശരായിത്തീരുന്നു.

45. അക്രമികളായ ആ ജനത അങ്ങനെ ഉന്മൂലനം ചെയ്യപ്പെട്ടു. സർവലോകനാഥനായ അല്ലാഹുവിന് സ്തുതി.

46. ചോദിക്കുക: നിങ്ങൾ ചിന്തിച്ചു നോക്കിയോ? അല്ലാഹു നിങ്ങളുടെ കേൾവിയും കാഴ്ചകളും എടുത്തുകളയുകയും നിങ്ങളുടെ ഹൃദയങ്ങൾക്ക് മുദ്രവെക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അല്ലാതെ ഏതുദൈവമാണ് നിങ്ങൾക്കത് കൊണ്ടുവന്നു തരിക? നോക്കൂ, നാം എങ്ങനെയൊക്കെയാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുന്നത്. എന്നിട്ടും അവർ പിന്തിരിഞ്ഞു പോവുകയാണ്!

---

46: ആകാശഭൂമികളിലും മനുഷ്യന്റെ തന്നെ അസ്തിത്വത്തിലും മഹത്തായ ദൈവികദൃഷ്ടാന്തങ്ങളുണ്ട്. പഞ്ചേന്ദ്രിയങ്ങൾ കൈകാലുകൾ ബുദ്ധിശക്തി വിവേചനശക്തി തുടങ്ങിയതെല്ലാം മഹത്തായ ദൈവിക ദൃഷ്ടാന്തങ്ങളാണ്. അവയൊന്നും മനുഷ്യൻ സ്വയം കണ്ടുപിടിച്ചതോ ആവിഷ്കരിച്ചതോ അല്ല. അവ പൂർണമായി നഷ്ടപ്പെട്ടുകഴിഞ്ഞാൽ അവ വീണ്ടെടുത്തു തരാൻ കഴിവുള്ള വിഗ്രഹങ്ങളോ പുണ്യാളന്മാരോ ഇല്ലതന്നെ. എന്നാൽ ഈ ദൃഷ്ടാന്തങ്ങളെല്ലാം തന്നിൽ നിക്ഷിപ്തമായിട്ടും അവൻ ദൈവിക സന്ദേശങ്ങളിൽ നിന്ന് അകന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്.

---

47. നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അല്ലാഹുവിന്റെ ശിക്ഷ പെട്ടെന്നോ പ്രത്യക്ഷമായോ നിങ്ങൾക്കു വന്നെത്തിയാൽ, അക്രമികളായ ജനതയല്ലാതെ നശിപ്പിക്കപ്പെടുമോ?

48. സന്തോഷ വാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായല്ലാതെ നാം ദൂതന്മാരെ അയക്കാറില്ല. അപ്പോൾ ആർ(അവരുടെ) സന്ദേശം സ്വീകരിക്കുകയും കർമ്മങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ അവർക്ക് ഒന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടിവരിക യുമില്ല.

49. നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറഞ്ഞവരോ, അവർ തങ്ങളുടെ ധിക്കാരത്തിന്റെ ഫലമായി ശിക്ഷയനുഭവിക്കുകതന്നെ ചെയ്യും.

50. പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല.ഞാൻ അഭൗതികകാര്യങ്ങൾ അറിയുന്നുമില്ല. ഞാനൊരു മലക്കാണെന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ്

ഞാന്‍ ചെയ്യുന്നത്‌. അവരോട്‌ ചോദിക്കുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? നിങ്ങള്‍ ചിന്തിക്കുന്നില്ലേ?

---

48-50: ദിവ്യസന്ദേശങ്ങളെ പിന്തുടരുകയും അതിലേക്ക്‌ ജനങ്ങളെ ക്ഷണിക്കുകയുമാണ്‌ തന്റെ ദൗത്യമെന്ന്‌ വ്യക്തമാക്കാന്‍ പ്രവാചകനോട്‌ അല്ലാഹു ആവശ്യപ്പെടുന്നു. ദൈവിക സന്ദേശങ്ങള്‍ അംഗീകരിച്ച്‌ ജീവിക്കുന്നവര്‍ക്ക്‌ ഇഹപര സൗഭാഗ്യങ്ങളെക്കുറിച്ച്‌ സന്തോഷ വാര്‍ത്ത അറിയിക്കുക. ദൈവിക സൂക്തങ്ങള്‍ നിഷേധിക്കുന്നതുമൂലം ഉണ്ടാകുന്ന ഇഹപര ദോഷങ്ങളെക്കുറിച്ച്‌ ജനങ്ങള്‍ക്ക്‌ മുന്നറിയിപ്പ്‌ നല്‍കുക.

ഒരാള്‍ക്ക്‌ ദൈവിക ദൗത്യം സിദ്ധമാവണമെങ്കില്‍ അയാള്‍ക്ക്‌ പ്രകൃത്യാതീത കഴിവുകള്‍ ഉണ്ടാവുകയും അയാള്‍ ദിവ്യാത്ഭുതങ്ങള്‍ പ്രകടമാക്കുകയും ചെയ്യണമെന്ന്‌ എക്കാലത്തുമുള്ള വിഡ്ഢികള്‍ വെച്ചുപുലര്‍ത്തുന്ന ഒരു ധാരണയാണ്‌. നബി(സ)തിരുമേനി ഇതര മനുഷ്യരെപ്പോലെ ഭക്ഷണപാനീയങ്ങള്‍ കഴിക്കുന്നതിനെയും അങ്ങാടിയിലൂടെ നടക്കുന്നതിനെയും സംബന്ധിച്ച്‌ അവിശ്വാസികള്‍ ആശ്ചര്യം പ്രകടിപ്പിക്കാറുണ്ടായിരുന്നു. എന്നാല്‍ പ്രവാചകന്മാരോട്‌ ദിവ്യാത്ഭുതങ്ങള്‍ പ്രകടിപ്പിക്കാന്‍ ആവശ്യപ്പെടുകയല്ല വേണ്ടത്‌. അവര്‍ അവതരിപ്പിക്കുന്ന ആദര്‍ശത്തെക്കുറിച്ചും, സത്യവിശ്വാസത്തിലേക്കും സല്‍ക്കര്‍മത്തിലേക്കുമുള്ള മാര്‍ഗദര്‍ശനത്തെക്കുറിച്ചും ആണ്‌ ജനങ്ങള്‍ അവരോട്‌ ചോദിക്കേണ്ടത്‌.

അമാനുഷികമായ കഴിവുകളോ അദൃശ്യജ്ഞാനമോ മനുഷ്യപ്രകൃതിക്കതീതമായ മറ്റെന്തെങ്കിലും കഴിവുകളോ ഒന്നും നബി(സ)തിരുമേനിക്കില്ലായിരുന്നു. പക്ഷേ, അദ്ദേഹത്തിന്‌ അല്ലാഹുവിങ്കല്‍ നിന്ന്‌ ദിവ്യസന്ദേശങ്ങള്‍ ലഭിച്ചു കൊണ്ടിരിക്കുന്നു എന്ന പ്രത്യേകത മാത്രമാണുള്ളത്‌. ദിവ്യസന്ദേശങ്ങളില്‍ യാതൊരു ഭേദഗതിയും വരുത്താതെ അദ്ദേഹം പിന്‍പറ്റുകയും ചെയ്യുന്നു. സൃഷ്ടികളില്‍ വെച്ച്‌ വിശിഷ്ടനായ നബി(സ)തിരുമേനിയെക്കുറിച്ചാണ്‌ അല്ലാഹു ഇത്‌ പറയുന്നത്‌.

---

51. തങ്ങളുടെ നാഥന്റെ മുമ്പില്‍ (വിചാരണക്ക്‌ ഒരു ദിനം) ഒരുമിച്ചുകൂട്ടപ്പെടുമെന്ന്‌ ഭയപ്പെടുന്നവര്‍ക്ക്‌ ഇതു(ദിവ്യജ്ഞാനം) വഴി നീ മുന്നറിയിപ്പ്‌ നല്‍കുക: അവനെക്കൂടാതെ അവര്‍ക്ക്‌ ഒരു സംരക്ഷകനോ ശിപാര്‍ശകനോ ഇല്ലതന്നെ. അവര്‍ ഭക്തിയുള്ളവരായേക്കാം.

---

51: ഭൗതിക ജീവിതത്തിനു പിറകില്‍ ചില ആത്മീയ യാഥാര്‍ഥ്യങ്ങള്‍ ഉണ്ടെന്നും മരണാനന്തരം ഏതെങ്കിലും തരത്തില്‍ ജീവിതം തുടരുമെന്നും കരുതുന്നതായ ആളുകളുണ്ട്‌. ചിലര്‍ക്ക്‌ പരലോക വിശ്വാസമുണ്ടെങ്കിലും തങ്ങള്‍ ആരാധിക്കുന്ന കുലദേവതകളും പുണ്യാത്മാക്കളും തങ്ങളെ പരലോക ശിക്ഷയില്‍നിന്ന്‌ മോചിപ്പിക്കുമെന്ന വിശ്വാസക്കാരാണ്‌. തങ്ങളുടെ പാപ പരിഹാരാര്‍ഥം ദൈവപുത്രന്‍ ബലിയായിട്ടുണ്ടെന്നും അതിനാല്‍ പരലോകത്ത്‌ തങ്ങള്‍ക്കൊന്നും ഭയപ്പെടേണ്ടതില്ലെന്നും വിശ്വസിക്കുന്നവരാണ്‌ മറ്റു ചിലര്‍. ഇത്തരം ആളുകളുടെ വിശ്വാസ വൈകല്യങ്ങള്‍ പരിഹരിക്കുകയും മരണാനന്തരം ഏകദൈവത്തിന്റെ മുമ്പില്‍ ജീവിത ധര്‍മം പൂര്‍ത്തീകരിക്കുന്നതില്‍ വീഴ്ചവരുത്തിയവര്‍ സ്വയം തന്നെ സമാധാനം പറയേണ്ടിവരുമെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്‌. തങ്ങള്‍ ആരാധിക്കുന്ന വിഗ്രഹനാമങ്ങള്‍ അടിസ്ഥാനരഹിതമായ മിഥ്യാ സങ്കല്‍പങ്ങളാണെന്നും പരലോകത്ത്‌ അത്തരം രക്ഷകരോ ശിപാര്‍ശകരോ ഒന്നുമുണ്ടാവില്ലെന്നും അവരെ ഉപദേശിക്കേണ്ടതുണ്ട്‌. ഇക്കാര്യം ശരിക്കും ബോധ്യമായാലേ മനുഷ്യന്‍ ഏകദൈവത്തോട്‌ ശരിക്കും ഭയഭക്തിയുള്ളവരാവുകയുള്ളു.

---

52. തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി കാംക്ഷിച്ച്‌ രാവിലെയും വൈകുന്നേരവും അവനോട്‌ പ്രാര്‍ഥിച്ചുകൊണ്ടിരിക്കുന്നവരെ നീ ആട്ടിയകറ്റരുത്‌. അവരുടെ കണക്കിന്റെ(ഉത്തരവാദിത്വം) അല്‍പം പോലും നിന്റെ മേല്‍ ഇല്ല. നിന്റെ കണക്കിന്റെ (ഉത്തരവാദിത്വം) അല്‍പം പോലും അവരുടെ മേലും ഇല്ല.എന്നിട്ടും അവരെ ആട്ടിയകറ്റുകയാണെങ്കില്‍ നീ അക്രമികളില്‍ പെട്ടുപോകും.

53. അപ്രകാരം അവരില്‍ ചിലരെ നാം മറ്റു ചിലരാല്‍ പരീക്ഷണത്തിലകപ്പെടുത്തിയിരിക്കുകയാണ്‌. ഞങ്ങളുടെ ഇടയില്‍ നിന്ന്‌ ഇവരെയാണോ അല്ലാഹു അനുഗ്രഹിച്ചത്‌ എന്ന്‌

അവർ പറയുന്നതിനുവേണ്ടി. നന്ദിയുള്ളവരെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവന ല്ലയോ?

---

52,53: നബി(സ)തിരുമേനി മക്കയിലായിരുന്നപ്പോൾ അദ്ദേഹത്തിൽ വിശ്വസിച്ച ആദ്യകാല മുസ്ലിം കളിൽ ഭൂരിഭാഗവും ദരിദ്രരും അടിമകളുമായ അടിച്ചമർത്തപ്പെട്ട പാവങ്ങളായിരുന്നു. പ്രവാചകന്മാരുടെ പ്രബോധനങ്ങളിൽ എക്കാലത്തും ആദ്യമായി വിശ്വസിച്ചിരുന്നത് ദരിദ്ര ജനങ്ങളും സമൂഹത്തിൽ പിന്നോക്കമായി ഗണിക്കപ്പെട്ടവരുമായിരുന്നു. നീഗ്രോ അടിമയായിരുന്ന ബിലാലുബ്നു റബാഹ്, റോമിൽനിന്നു വന്ന അടിമയായിരുന്ന സുഹൈബ്, പേർഷ്യയിൽനിന്നുള്ള കുടിയേറ്റക്കാരനായിരുന്ന സൽമാൻ, ദരിദ്രരായിരുന്ന അമ്മാറുബ്നു യാസിർ, ഖബ്ബാബ് തുടങ്ങിയവരായിരുന്നു തിരുമേനിയുടെ ആദ്യകാല സഖാക്കൾ. സമൂഹത്തിലെ പാവങ്ങൾക്കും അടിച്ചമർത്തപ്പെട്ടവർക്കും സത്യവിശ്വാസത്തിനുള്ള ഉതവി ആദ്യമായി നൽകുന്നത്, അവരിലെ സമ്പന്നന്മാർക്കും പ്രമാണിമാരെന്ന് നടിക്കുന്നവർക്കുമുള്ള ഒരു പരീക്ഷണമാകുന്നു.

തങ്ങളുടെ അടിമകളും ഭൃത്യജനങ്ങളും അവശരുമായ ഈ താണ ജാതിക്കാരെ പറഞ്ഞുവിട്ടാൽ ഞങ്ങൾ നിന്നെ അനുഗമിക്കാമെന്ന് നബി(സ)തുമേനിയോട് ഖുറൈശിപ്രമാണിമാർ പറഞ്ഞിരുന്നു.

ഇബ്നു മസ്ഊദ് പ്രസ്താവിച്ചതായി അഹ്മദും ത്വബറാനിയും ഉദ്ധരിക്കുന്നു: ഒരിക്കൽ ഖുറൈശി ക്കൂട്ടം പ്രവാചകന്റെ അരികിലൂടെ കടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ ഖബ്ബാബും സുഹൈബും ബിലാലും അമ്മാറുമുണ്ടായിരുന്നു. അവരെ കണ്ട് ഖുറൈശികൾ ചോദിച്ചു: ഹേ, മുഹമ്മദേ, ഇവരൊക്കെ മതിയോ നിനക്ക്? ഇവരാണോ നമുക്കിടയിൽ അല്ലാഹു അനുഗ്രഹിച്ചവർ? ഇവരെയൊക്കെ പറഞ്ഞുവിട്ടാൽ ഞങ്ങൾ നിന്നെ അനുഗമിക്കാം. അപ്പോൾ 51 മുതൽ 55 വരെയുള്ള സൂക്തങ്ങൾ അവതരിച്ചു.

---

54. നമ്മുടെ വചനങ്ങളിൽ വിശ്വസിക്കുന്നവർ നിന്റെ അടുക്കൽ വന്നാൽ നീ പറയുക: നിങ്ങൾക്ക് സമാധാനം ഉണ്ടാവട്ടെ. നിങ്ങളുടെ നാഥൻ കാരുണ്യം തന്റെ(ഒരു ബാധ്യതയാ യി) നിശ്ചയിച്ചിരിക്കുന്നു. അതിനാൽ നിങ്ങളിലൊരുവൻ അജ്ഞത കാരണം വല്ല തെറ്റും പ്രവർത്തിച്ചു പോവുകയും എന്നിട്ട് അതിനുശേഷം പശ്ചാത്തപിക്കുകയും കർമ്മങ്ങൾ നന്നാക്കുകയുമാണെങ്കിൽ, അപ്പോൾ തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരു ണാനിധിയുമാകുന്നു.

55. അപ്രകാരം നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചു തരുന്നു. പാപികളുടെ മാർഗം വ്യക്തമായി വേർതിരിഞ്ഞു കാണുന്നതിനുമാകുന്നു അത്.

---

54,55: തങ്ങളുടെ അനിസ്ലാമിക ജീവിതകാലത്ത് തെറ്റുകുറ്റങ്ങളിലേർപ്പെട്ടിരുന്ന വിശ്വാസികളുണ്ടാ യിരുന്നു. അജ്ഞാനകാലത്തെ അവരുടെ ചെയ്തികളെ എടുത്തുപറഞ്ഞ് ശത്രുക്കൾ അവരെ വേദനിപ്പി ച്ചിരിന്നു. അവർക്കുള്ള ഒരു സാന്ത്വനമാണ് 54-ാം വാക്യം.

കാരുണ്യം തന്റെ ഒരു ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു എന്നത് സത്യവിശ്വാസികളെ സംബന്ധി ച്ചിടത്തോളം അതി മഹത്തായ ഒരു സന്തോഷ വാർത്തയാണ്. ഒരു തിരുവചനത്തിന്റെ സാരം ഇപ്രകാര മാകുന്നു: ''അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നൂറിൽ ഒരംശം മാത്രമാണ് മനുഷ്യരടക്കം എല്ലാ ജീവികൾക്കുമായി ഇഹലോകത്തിൽ അവൻ നൽകിയിട്ടുള്ളത്. എല്ലാവരും പരസ്പരം ദയയും കാരു ണ്യവും കാണിക്കുന്നതും ഹിംസ്രജന്തുക്കൾ അവയുടെ കുഞ്ഞുങ്ങളോട് ദയകാണിക്കുന്നതുമെല്ലാം അതുമൂലമാകുന്നു. ബാക്കി 99 ഭാഗവും തന്റെ ദാസന്മാർക്കിടയിൽ കരുണ ചെയ്യുവാനായി അന്ത്യ നാളിലേക്ക് അവൻ വെച്ചിരിക്കുകയാണ്''.

സന്മാർഗത്തിന്റെ സുവ്യക്തമായ തെളിവുകൾ കണ്ടിട്ടും സത്യനിഷേധികൾ അവിശ്വാസത്തിൽ ശഠിച്ചു നിൽക്കുന്നത് തങ്ങൾക്കനുകൂലമായ എന്തെങ്കിലും തെളിവുകളുടെ അടിസ്ഥാനത്തിലല്ല എന്ന് വ്യക്തമായിരിക്കുന്നു.

---

56. പറയുക:അല്ലാഹുവെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവയെ ആരാധിക്കുന്നതിനെ സംബന്ധിച്ചു ഞാൻ വിരോധിക്കപ്പെട്ടിരിക്കുന്നു. പറയുക: നിങ്ങളുടെ തന്നിഷ്ടങ്ങളെ ഞാൻ പിന്തുടരുകയില്ല. അങ്ങനെ ചെയ്താൽ ഞാൻ വഴിതെറ്റിയതുതന്നെ. നേർവഴി പ്രാപിച്ചവരുടെ കൂട്ടത്തിൽ ഞാൻ ആയിത്തീരുകയുമില്ല.

57. പറയുക: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കൽനിന്നുള്ള തെളിഞ്ഞ ദൃഷ്ടാന്തത്തിൽ നിലകൊള്ളുന്നവനാകുന്നു. എന്നാൽ നിങ്ങൾ അതിനെ നിഷേധിക്കുകയും ചെയ്യുന്നു. നിങ്ങൾ യാതൊന്നിന് ധൃതികൂട്ടിക്കൊണ്ടിരിക്കുന്നുവോ അത് എന്റെ പക്കൽ ഇല്ല. വിധിത്തീർപ്പിനുള്ള സകലാധികാരങ്ങളും അല്ലാഹുവിനു മാത്രമാകുന്നു. അവൻ സത്യാവസ്ഥ വിവരിച്ചു തരുന്നു. തീരുമാനമെടുക്കുന്നവരിൽ അത്യുത്തമൻ അവനത്രെ.

58. പറയുക:നിങ്ങൾ ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന കാര്യം എന്റെ പക്കൽ ഉണ്ടായിരുന്നുവെങ്കിൽ എനിക്കും നിങ്ങൾക്കുമിടയിൽ കാര്യം തീരുമാനിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അക്രമികളെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനത്രെ അല്ലാഹു.

---

56-58: താൻ ദൈവനിയുക്തനായ പ്രവാചകനാണെന്ന് മുഹമ്മദ് പറയുന്നു. എന്നാൽ അയാൾ പറയുന്നതൊക്കെ സത്യമാണെങ്കിൽ അതിനെ നിഷേധിച്ചുതള്ളുന്ന ഞങ്ങളുടെ മേൽ എന്തുകൊണ്ട് ശിക്ഷയൊന്നും ഇറങ്ങുന്നില്ല? എന്ന് പരിഹാസപൂർവം സത്യനിഷേധികൾ അവിടത്തോട് ചോദിക്കാറുണ്ടായിരുന്നു. എന്നാൽ അല്ലാഹുവിങ്കൽനിന്നുള്ള ദൃഷ്ടാന്തങ്ങളെ നിഷേധിച്ചിരുന്നതാണ് അവർക്ക് പിണഞ്ഞ വലിയ ആപത്ത്.കള്ളവാദിയെന്ന് തുറന്ന് ആക്ഷേപിച്ചിട്ടും എന്തുകൊണ്ട് നിങ്ങൾക്ക് ശിക്ഷ ഇറങ്ങുന്നില്ല എന്നതിനു കാരണം അക്കാര്യം എന്റെ അധീനത്തിലോ അധികാരത്തിലോ പെട്ടതല്ല എന്നതാണ്. അക്രമികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഏറ്റം നന്നായി അറിയുന്നവൻ അല്ലാഹുവാണ്.

---

59. അദൃശ്യ കാര്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കലാകുന്നു.അവനല്ലാതെ ആരും അതറിയുന്നില്ല.കരയിലും കടലിലുമുള്ളതൊക്കെയും അവൻ അറിയുന്നു. അവനറിയാതെ ഒരില പോലും പൊഴിയുന്നില്ല.ഭൂമിയുടെ അന്ധകാരങ്ങളിലുള്ള ഒരു ധാന്യമണിയുമില്ല, പച്ചയുമില്ല ഉണങ്ങിയതുമില്ല എല്ലാം വ്യക്തമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ.

60. രാത്രിയിൽ നിങ്ങളുടെ ജീവനെ പിടിച്ചുവെക്കുന്നത് അവനാകുന്നു. പകലിൽ നിങ്ങൾ പ്രവർത്തിച്ചതൊക്കെയും അവനറിയുകയും ചെയ്യുന്നു. പിന്നീട് നിശ്ചിത ജീവിതാവധി പൂർത്തീകരിക്കാനായി അവൻ നിങ്ങളെ അടുത്ത പകലിൽ എഴുന്നേൽപിക്കുന്നു. ഒടുവിൽ അവങ്കലേക്കു തന്നെയാണ് നിങ്ങളുടെ മടക്കം. പിന്നീട്, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.

---

60: രാത്രിയിലെ നിദ്രാവേളയിൽ നമ്മുടെ പരിസരത്ത് നടക്കുന്നതൊന്നും നാം അറിയുന്നില്ല. പക്ഷേ, ഉണരുന്നതോടെ മുമ്പുണ്ടായിരുന്ന ഓർമകളും അറിവുകളും കഴിവുകളുമെല്ലാം തിരിച്ചുകിട്ടുന്നു. നിത്യജീവിതത്തിൽ അനുഭവവേദ്യമാകുന്ന താൽക്കാലികമായ ഈ മരണവും ഉയിർത്തെഴുന്നേൽപും പോലെയാണ് ഭൗതിക ലോകത്തുനിന്നുള്ള അന്തിമ മരണവും ഉയിർത്തെഴുന്നേൽപും.രാത്രിയിലെ നിദ്രയാകുന്ന മരണം മൂലം അതിനുമുമ്പ് പകൽ ചെയ്തുപോയ കർമ്മങ്ങളുടെ ഫലത്തിൽനിന്ന് നാം മുക്തമാകാത്ത പോലെ അന്തിമ മരണത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും ശേഷം ഭൗതികലോകത്ത് നമ്മുടെ ആയുഷ്കാലം മുഴുവൻ ചെയ്ത കർമ്മങ്ങളുടെ ഫലത്തിൽനിന്നും നാം മുക്തമാകുന്നില്ല.
അവസാനം സാക്ഷാൽ മരണത്തിനുശേഷം എല്ലാവരും അല്ലാഹുവിങ്കൽ എത്തിച്ചേരുന്നു. ഓരോരുത്തരെയും അവരുടെ കർമ്മഫലം അല്ലാഹു അറിയിക്കുകയും അന്തിമ വിധി പ്രസ്താവിക്കുകയും ചെയ്യുന്നതാണ്.

---

61. അവൻ തന്റെ ദാസന്മാരുടെ മേൽ പരമാധികാരമുള്ളവനാകുന്നു. നിങ്ങൾക്കുമേൽ അവൻ കാവൽക്കാരെ നിയോഗിച്ചയക്കുന്നു. അങ്ങനെ നിങ്ങളിലൊരാൾക്ക് മരണസമയമായാൽ

നമ്മുടെ ദൂതന്മാർ (മലക്കുകൾ) അയാളുടെ ജീവൻ പിടിച്ചെടുക്കുന്നു. അതിലവർ ഒരു വീഴ്ചയും വരുത്തുകയില്ല.

62. പിന്നീട്, അവർ തങ്ങളുടെ സാക്ഷാൽ യജമാനനായ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്നു. അറിയുക:വിധിത്തീർപ്പിനുള്ള അധികാരം അവന്നു മാത്രമുള്ളതാകുന്നു.അവൻ അതിവേഗം കണക്കു നോക്കുന്നവനത്രെ.

63. പറയുക: ആരാണ് കരയുടെയും കടലിൻെറയും അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നത്? വിനയത്തോടും രഹസ്യമായും നിങ്ങൾ അവനെ വിളിക്കുന്നു.(നിങ്ങൾ പ്രാർഥിക്കുന്നു): ഈ (വിപത്തിൽ)നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തിയാൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരായിരിക്കും.

64. പറയുക: അല്ലാഹുവാകുന്നു അതിൽനിന്നും മറ്റെല്ലാ വിപത്തുകളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നത്. എന്നിട്ടും നിങ്ങളവന് പങ്കുകാരെ സങ്കൽപിക്കുന്നു.

---

64: ഈ പ്രപഞ്ചത്തെ ഏകദൈവം സൃഷ്ടിച്ചതുതന്നെയാണെന്ന് ചിലർ വിശ്വസിക്കുന്നുണ്ട്.വല്ല മഹാവിപത്തും വന്നുഭവിക്കുമ്പോൾ ഏകദൈവത്തെ മാത്രം അവർ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുന്നു. എന്നിട്ടും ദൈവത്തിന് പങ്കാളികൾ ഉണ്ടെന്ന് അവർ സങ്കൽപിക്കുന്നു. ഈ അനുഗ്രഹത്തിനുള്ള നന്ദി ദൈവേതരന്മാരോട് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ അന്നം തിന്നുകൊണ്ട് അവർ മറ്റുള്ളവർക്ക് സ്തുതിപാടുന്നു. സൃഷ്ടികൾ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടത് ഏകദൈവത്തെയാണ്. അതല്ലാത്ത ആരാധ്യരെല്ലാം കൃത്രിമങ്ങളാണ്. ഈ യാഥാർഥ്യം മനസ്സിലാക്കാത്ത മൂഢജനങ്ങളാണ് ബഹുദൈവങ്ങളെയും വിഗ്രഹങ്ങളെയും ആരാധിക്കുന്നത്.

---

65. പറയുക: നിങ്ങളുടെ മുകൾഭാഗത്തുനിന്നോ പാദങ്ങൾക്കടിയിൽ നിന്നോ നിങ്ങളുടെ മേൽ ശിക്ഷ ഇറക്കുന്നതിനു കഴിവുറ്റവനാണവൻ.അല്ലെങ്കിൽ നിങ്ങളെ ഭിന്നകക്ഷികളാക്കി ആശയക്കുഴപ്പത്തിലാക്കുകയും നിങ്ങളിൽ ചിലർക്ക് മറ്റു ചിലരുടെ പീഡനം അനുഭവിപ്പിക്കുവാനും അവനു കഴിയും. അവർ കാര്യം മനസ്സിലാക്കാനായി എപ്രകാരമാണ് നാം ദൃഷ്ടാന്തങ്ങൾ വിവിധ രൂപേണ വിവരിച്ചു കൊടുക്കുന്നതെന്നു നോക്കുക.

66. നിൻെറ ജനത അതിനെ(ഖുർആനെ) തള്ളിക്കളഞ്ഞിരിക്കുന്നു. അതാകട്ടെ സത്യവുമാണ്. പറയുക: ഞാൻ നിങ്ങളുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല.

67. എല്ലാ വൃത്താന്തങ്ങളും പ്രത്യക്ഷമായി വരുന്നതിന് ഒരു സന്ദർഭമുണ്ട്. അത് പിന്നീട് നിങ്ങൾ അറിയുകതന്നെ ചെയ്യും.

68. നമ്മുടെ സൂക്തങ്ങളെ ആരെങ്കിലും പരിഹസിച്ചു സംസാരിക്കുന്നതായി കണ്ടാൽ അവർ മറ്റു വല്ല സംസാരത്തിലും വ്യാപൃതമാവും വരെ നീ അവരിൽ നിന്ന് അകന്നുപോവുക. വല്ലപ്പോഴും പിശാച് നിന്നെ മറപ്പിച്ചാൽ ഓർമ വന്നശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്.

69. അവരുടെ കണക്കിലുള്ള ഒരു സംഗതിയുടെയും ഉത്തരവാദിത്തം ഭക്തന്മാർക്കില്ല. എന്നാൽ മുന്നറിയിപ്പ്(നൽകുന്നത് സജ്ജനങ്ങളുടെ മേൽ കടമയാണ്). അവർ സൂക്ഷ്മതയുള്ളവരായേക്കാം.

70. തങ്ങളുടെ മതത്തെ കളിയും തമാശയുമാക്കുകയും ഐഹികജീവിതത്തിൽ വഞ്ചിതരാവുകയും ചെയ്തവരെ വിട്ടേക്കുക.എന്നാൽ ഇതുമൂലം(ഖുർആൻ മുഖേന) അവരെ ഉദ്ബോധിപ്പിക്കുക. ഏതൊരാത്മാവും തങ്ങൾ ചെയ്തുകൂട്ടിയതിൻെറ പേരിൽ നാശത്തിലകപ്പെടാതിരിക്കാൻ. അല്ലാഹുവിനെക്കൂടാതെ അതിന് യാതൊരു രക്ഷാധികാരിയും ശിപാർശകനും ഉണ്ടായിരിക്കുന്നതല്ല. എന്തുതന്നെ പ്രായശ്ചിത്തം നൽകിയാലും അവരിൽ നിന്ന് അത്

സ്വീകരിക്കപ്പെടുന്നതല്ല.തങ്ങൾ ചെയ്തുവെച്ചതിൻെറ ഫലമായി നാശത്തിലേക്ക് തള്ളപ്പെട്ടവരത്രെ അവർ. തങ്ങളുടെ സത്യനിഷേധം കാരണമായി തിളച്ച കുടിനീരും വേദനാജനകമായ ശിക്ഷയുമാണ് അവർക്കുണ്ടായിരിക്കുക.

71. പറയുക:അല്ലാഹുവിനെ വെടിഞ്ഞ്, ഞങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്തവരെ ഞങ്ങൾ വിളിച്ചു പ്രാർഥിക്കുകയോ? അല്ലാഹു ഞങ്ങളെ നേർവഴിയിലാക്കിയ ശേഷം വീണ്ടും പിറകോട്ട് തിരിച്ചു പോവുകയോ? പിശാചിനാൽ വഴിതെറ്റിക്കപ്പെട്ട് ഭൂമിയിൽ പരിഭ്രാന്തനായി അലയുന്നവനെപ്പോലെയാവുകയോ? 'ഞങ്ങളുടെ അടുത്തേക്ക് വരൂ' എന്ന് അവനെ നേർവഴിയിലേക്ക് ക്ഷണിക്കുന്ന കൂട്ടുകാരും അവനുണ്ട്. പറയുക: തീർച്ചയായും അല്ലാഹുവിൻെറ മാർഗദർശനമാണ് യഥാർഥ മാർഗദർശനം.സർവലോകരക്ഷിതാവിന് കീഴ്പെടുവാൻ ഞങ്ങൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.

72. നമസ്കാരം നിഷ്ഠയോടെ അനുഷ്ഠിക്കണമെന്നും,അവനെ ഭയപ്പെടണമെന്നും(ഞങ്ങളോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.) അവൻെറ സന്നിധിയിലാണ് നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുക.

73. അവനാണ് ആകാശങ്ങളെയും ഭൂമിയെയും യാഥാർഥ്യമായി സൃഷ്ടിച്ചവൻ. അവൻ 'ഉണ്ടാവുക' എന്ന് പറയുന്ന ദിവസം അതുണ്ടാകുക തന്നെ ചെയ്യും. അവൻെറ വചനം സത്യമാകുന്നു. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം ആധിപത്യം അവനുമാത്രമായിരിക്കും. അദൃശ്യവും ദൃശ്യവും നന്നായറിയുന്നവൻ. അവൻ യുക്തിമാനും സൂക്ഷ്മജ്ഞനുമാകുന്നു.

---

73: ഈ അണ്ഡകടാഹമഖിലം ഏകദൈവത്തിൻെറ നിർമിതിയാണ്. പ്രപഞ്ചത്തിലെ കണക്കറ്റ ക്ഷീരപഥങ്ങളും നക്ഷത്രങ്ങളും ഗ്രഹങ്ങളും പ്രത്യക്ഷത്തിൽ ചിന്നിച്ചിതറിയതായി കാണപ്പെടുന്നുണ്ടെങ്കിലും അവയുടെ സംവിധാനം ഭദ്രവും വ്യവസ്ഥാപിതവുമാണ്. അവൻെറ നിയമങ്ങളനുസരിച്ചാണ് അവ ചരിച്ചുകൊണ്ടിരിക്കുന്നത്. ഇത് ദൈവത്തിൻെറ ലീലാവിലാസമല്ല. മഹത്തായ ഒരുദ്ദേശ്യം അതിൻെറ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്.

അന്ത്യനാളിലും ഉയിർത്തെഴുന്നേൽപിൻെറ നാളിലും കാഹളത്തിൽ ഊതുന്നതാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. എന്നാൽ കാഹളത്തിൻെറ രൂപമോ ഊത്തിൻെറ സ്വഭാവത്തെപറ്റിയോ നമുക്ക് അറിഞ്ഞുകൂടാ. അന്ത്യനാളിൽ ആദ്യത്തെ കാഹളമൂത്തുകൊണ്ട് സകലതും നശിക്കും. രണ്ടാമത്തെ കാഹളമൂത്തിനുശേഷം എല്ലാവരും ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും 'മഹ്ശറ'യിൽ ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യും. അജയ്യനും അഭിജ്ഞനുമായിട്ടുള്ള അസ്തിത്വം അല്ലാഹു മാത്രമേയുള്ളൂ. അവൻെറ ഓരോ തീരുമാനവും തികഞ്ഞ യുക്തിയിലധിഷ്ഠിതമാകുന്നു.

---

74. ഇബ്റാഹീം തൻെറ പിതാവ് ആസറിനോട് പറഞ്ഞ സന്ദർഭം: വിഗ്രഹങ്ങളെയാണോ താങ്കൾ ദൈവങ്ങളാക്കിയിരിക്കുന്നത്. തീർച്ചയായും താങ്കളും താങ്കളുടെ ജനതയും വ്യക്തമായ വഴികേടിലാണെന്ന് ഞാൻ കാണുന്നു.

---

74: ഖുറൈശികൾ ഇബ്റാഹീ(അ)മിൻെറ സന്തതികളും അദ്ദേഹം നിർമിച്ച കഅ്ബയുടെ സേവകരുമാണെന്ന് അഭിമാനിച്ചിരുന്നു.എന്നാൽ അറബികൾ തങ്ങളുടെ ആചാര്യനായി കരുതുന്ന ഇബ്റാഹീം(അ) ഒരു വിഗ്രഹാരാധകനായിരുന്നില്ല. ബഹുദൈവാരാധകരായിരുന്ന ജനത ഇബ്റാഹീം നബി(അ)യോട് തർക്കിച്ചിരുന്നതുപോലെയാണ് മുഹമ്മദ് നബി(സ)യോട് നിങ്ങളും തർക്കിക്കുന്നതെന്ന് അറബികളെ ഈ വചനത്തിലൂടെ ഉണർത്തുകയാണ്.

---

75. അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും അധികാരവ്യവസ്ഥ കാണിച്ചുകൊടുക്കുകയായിരുന്നു. അദ്ദേഹം ദൃഢവിശ്വാസികളിൽ പെട്ടവൻ ആയിത്തീരുന്നതിനുവേണ്ടി.

76. അങ്ങനെ രാവ് അദ്ദേഹത്തെ ആവരണം ചെയ്തപ്പോൾ അദ്ദേഹം ഒരു നക്ഷത്രത്തെ കണ്ടു. അപ്പോൾ പറഞ്ഞു: 'ഇതാണ് എന്റെ നാഥൻ'. പിന്നെ അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിച്ചു പോകുന്നവയെ ഞാൻ ഇഷ്ടപ്പെടുന്നില്ല.
77. പിന്നെ ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാണെന്റെ നാഥൻ. അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ നാഥൻ എനിക്ക് നേർവഴി കാണിച്ചു തരുന്നില്ലെങ്കിൽ ഞാൻ വഴിപിഴച്ച ജനത്തിൽ പെട്ടുപോകും.
78. അനന്തരം സൂര്യൻ ഉദിച്ചുവരുന്നതു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാണെന്റെ നാഥൻ! ഇത് എല്ലാറ്റിലും വലുതാണ്. അങ്ങനെ അതും അസ്തമിച്ചപ്പോൾ അദ്ദേഹം പ്രഖ്യാപിച്ചു: എന്റെ ജനമേ, നിങ്ങൾ(ദൈവത്തിൽ) പങ്കുചേർക്കുന്നതിൽനിന്നൊക്കെ ഞാനിതാ മുക്തനായിരിക്കുന്നു.
79. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശഭൂമികളെ സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവിശ്വാസികളിൽ പെട്ടവനേ അല്ല.

---

76-79: ഇബ്റാഹീം(അ) പുരാതന നഗരമായ ബാബിലോണിലെ 'ഊർ' എന്ന പട്ടണത്തിൽ ബി.സി. 2100 നോട് അടുത്താണ് ജീവിച്ചിരുന്നതെന്ന് ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. ബഹുദൈവവിശ്വാസികളായിരുന്നു അദ്ദേഹത്തിന്റെ ജനത. ഊറിലെ ശിലാരേഖകളിൽ നിന്ന് ഏതാണ്ട് 5000 ദേവന്മാരുടെ പേരുകൾ ലഭിക്കുന്നുണ്ടെന്ന് പുരാവസ്തു ഗവേഷകന്മാർ പറയുന്നു. ഓരോ ഗോത്രങ്ങൾക്കും പട്ടണങ്ങൾക്കും പ്രത്യേക ദേവന്മാർ ഉണ്ടായിരുന്നു. സൂര്യൻ ചന്ദ്രൻ ശുക്രൻ തുടങ്ങിയ ഗോളങ്ങളുടെ പേരിലും വിഗ്രഹങ്ങളുണ്ടായിരുന്നു. ദേവീ ദേവന്മാരുടെ പ്രതിമകൾ സ്ഥാപിക്കുകയും അവയുടെ മുന്നിൽ എല്ലാ ആരാധനാ ചടങ്ങുകളും നിർവഹിച്ചിരുന്നു. ബഹുദൈവത്വം ആ ജനതയുടെ ഒരു മതാദർശം മാത്രമായിരുന്നില്ല. സാമ്പത്തികവും നാഗരികവും രാഷ്ട്രീയവും സാമൂഹികവുമായ ജീവിത വ്യവസ്ഥകളെല്ലാം ബഹുദൈവത്വ വിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നു.
പ്രാപഞ്ചിക പ്രതിഭാസങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്. മുൻവിധിയോ പക്ഷപാതങ്ങളോ ഇല്ലാതെ നിഷ്പക്ഷമായി പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെ നിരീക്ഷിക്കുന്ന സാമാന്യ ബുദ്ധികൾക്ക് ഇതിനു പിറകിൽ ഒരു ശക്തിയെ കണ്ടെത്താൻ കഴിയും. ശരിയായ ഏകദൈവ വിശ്വാസത്തിലേക്ക് നയിക്കുന്ന തെളിവുകളും ഈ ദൃഷ്ടാന്തങ്ങളിലൂടെ അവർക്ക് കാണാൻ കഴിയുന്നതാണ്. ഈ പരമാർഥമാണ് ഇബ്റാഹീം നബി(അ)യും അദ്ദേഹത്തിന്റെ ജനതയും തമ്മിലുള്ള തർക്കത്തിലൂടെ വ്യക്തമാകുന്നത്.
വാസ്തവത്തിൽ തന്റെ ജനത ദൈവങ്ങളായി വരിക്കുന്ന സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം അലംഘനീയമായ ഒരു നിയമത്തിന്റെ അടിമകൾ മാത്രമാണെന്ന് അദ്ദേഹം മനസ്സിലാക്കി. ആ നിയമത്താൽ ബന്ധിതമായി അവ കറങ്ങിക്കൊണ്ടിരിക്കുക മാത്രമാണ് ചെയ്യുന്നത്. പ്രപഞ്ചത്തിലെ പദാർഥങ്ങൾക്കൊന്നിനും സ്ഥിരവും സ്വതന്ത്രവുമായ അസ്തിത്വമോ ഇച്ഛാശക്തിയോ ഇല്ല. ഈ ഗോളങ്ങളെല്ലാം ഓരോ നിശ്ചിത സമയങ്ങളിൽ ഉദിച്ചുയരുന്നു. ചില നിർണിത പാതകളിൽ സഞ്ചരിക്കുന്നു. ഉദയം ചെയ്യുന്നതുപോലെ അവ അസ്തമിച്ചു പോവുകയും ചെയ്യുന്നു. ദൈവത്വം ആരോപിക്കപ്പെടുന്ന ഈ വസ്തുക്കൾക്ക് സ്ഥിരമായ നിലനിൽപോ അധികാര ശക്തിയോ ഇല്ല. വാസ്തവത്തിൽ ഈ വസ്തുക്കളെയെല്ലാം സൃഷ്ടിക്കുകയും കണിശമായ നിയമങ്ങളും ചട്ടങ്ങളും നിശ്ചയിച്ച് സംവിധാനിക്കുകയും ചെയ്ത ആ മഹാശക്തിയാണ് യഥാർഥ ദൈവം. ഏകനും അഖണ്ഡവും സർവശക്തനുമായ സാക്ഷാൽ ദൈവം. അവൻ മാത്രമാണ് സൃഷ്ടികളുടെ അനുസരണവും ആരാധനയും അർഹിക്കുന്ന ഏകദൈവം.
ഈ തർക്കത്തിലൂടെ ഇബ്റാഹീം(അ) തന്റെ ജനതയുടെ സാമാന്യബുദ്ധിയെ തട്ടിയുണർത്തുന്നു. നിങ്ങൾ ദൈവത്വം ആരോപിക്കുന്ന ഈ ശിലാവിഗ്രഹങ്ങൾ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്ത നിർജ്ജീവ വസ്തുക്കളാണ്. അവയിലൊന്നും നിങ്ങൾ ആരോപിക്കുന്ന ദൈവത്വത്തിന്റെ കണികപോലുമില്ല. ഈ യാഥാർഥ്യം മനസ്സിലാക്കാത്ത മൂഢജനങ്ങളാണ് ബഹുദൈവങ്ങളെയും വിഗ്രഹങ്ങളെയും ആരാധിക്കുന്നത്. ഇടക്ക് പ്രത്യക്ഷമാവുകയും ഇടക്ക് അസ്തമിച്ച് ഇല്ലാതായി

പ്പോവുകയും ചെയ്യുന്ന സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ദൈവമാകാൻ പറ്റില്ല. പ്രപഞ്ചത്തിൻെറ വിധാതാവ് സദാ നിലനിൽക്കുന്നവനായിരിക്കണം.
പ്രപഞ്ചത്തിലെ സർവ വസ്തുക്കളെയും സൃഷ്ടിക്കുകയും സംവിധാനിക്കുകയും അവയെ തൻെറ അടിമകളാക്കിവെക്കുകയും ചെയ്തിട്ടുള്ളവനാണ് നിങ്ങളുടെ യഥാർഥ ദൈവവും രക്ഷാകർത്താവും. അവൻ ഏകനും എല്ലാറ്റിൻെറയും സ്രഷ്ടാവും പരിപാലകനുമാണ്. എല്ലാവിധ ബഹുത്വങ്ങൾക്കും അതീതവും ഏകവുമായ ശക്തിയാണ്. അവൻ അദൃശ്യനും സമ്പൂർണവും സർവശക്തവുമായ അസ്തിത്വമാകുന്നു. അവനിലാണ് സർവത്തിൻെറയും ഉടമസ്ഥതയും അധികാരവും നിലകൊള്ളുന്നത്. അവനെ മാത്രമാകുന്നു ഞാൻ ഉപാസിക്കുന്നതും.

---

80. അദ്ദേഹത്തിൻെറ ജനം അദ്ദേഹവുമായി തർക്കത്തിലേർപ്പെട്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു: അല്ലാഹുവിൻെറ കാര്യത്തിലാണോ നിങ്ങൾ എന്നോട് തർക്കിക്കുന്നത്? അവനാകട്ടെ,എനിക്ക് സന്മാർഗം കാണിച്ചു തന്നിരിക്കുന്നു. നിങ്ങൾ അവൻെറ പങ്കാളികൾ ആക്കുന്ന ഒന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എൻെറ രക്ഷിതാവ് ഇഛിക്കുന്നതല്ലാതെ ഒന്നും (ഇവിടെ സംഭവിക്കുകയില്ല). എൻെറ രക്ഷിതാവിൻെറ ജ്ഞാനം സകല വസ്തുക്കളിലും വ്യാപിച്ചിട്ടുള്ളതാകുന്നു. ഇനിയും നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ?
81. (അല്ലാഹുവിൻെറ) പങ്കാളികളായി നിങ്ങൾ സങ്കൽപിക്കുന്നവയെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു ഒരു തെളിവും അവതരിപ്പിച്ചുതന്നിട്ടില്ലാത്ത വസ്തുക്കളെ അവൻെറ പങ്കാളികളാക്കാൻ ഭയപ്പെടുന്നില്ല. ഈ രണ്ടു പക്ഷങ്ങളിൽ നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളതാർക്കാണ്. (പറയുവിൻ!) നിങ്ങൾക്കു വിവരമുണ്ടെങ്കിൽ.
82. വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അധർമംകൊണ്ട് മലിനമാക്കാതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്.അവർതന്നെയാണ് നേർവഴി പ്രാപിച്ചവരും.
83. ഇതായിരുന്നു നാം ഇബ്റാഹീമിന് തൻെറ ജനതക്കെതിരിൽ നൽകിയ ന്യായം.നാം ഇഛിക്കുന്നവർക്ക് നാം പദവികൾ ഉയർത്തിക്കൊടുക്കുന്നു. തീർച്ചയായും നിൻെറ നാഥൻ യുക്തിമാനും അഗാധജ്ഞനുമാകുന്നു.
84. പിന്നീട് അദ്ദേഹത്തിന് നാം ഇസ്ഹാഖിനെയും യഅ്ഖൂബിനെയും നൽകി. എല്ലാവർക്കും സന്മാർഗദർശനം നൽകുകയും ചെയ്തു. അതിനുമുമ്പ് നൂഹിന്നു നാം നേർവഴി കാണിച്ചുകൊടുത്തിരുന്നു. അദ്ദേഹത്തിൻെറ സന്താനങ്ങളിൽപ്പെട്ട ദാവൂദിനെയും സുലൈമാനെയും അയ്യൂബിനെയും യൂസുഫിനെയും മൂസായെയും ഹാറൂനെയും (നാം നേർവഴിയിലാക്കി). അപ്രകാരം സജ്ജനങ്ങൾക്ക് നാം പ്രതിഫലം നൽകുന്നു.
85. സകരിയ്യാ, യഹ്‌യാ, ഈസാ, ഇൽയാസ് എന്നിവർക്കും (നാം സന്മാർഗം കാട്ടിക്കൊടുത്തു.) അവരെല്ലാവരും സച്ചരിതരായിരുന്നു.
86. ഇസ്മാഈൽ, അൽയസഅ്,യൂനുസ്, ലൂത്വ് എന്നിവർക്കും (നാം സന്മാർഗമരുളി). അവരെയെല്ലാം നാം ലോകരിൽവെച്ച് ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു.
87. അവരുടെ പിതാക്കളിൽ നിന്നും മക്കളിൽ നിന്നും സഹോദരങ്ങളിൽ നിന്നും (പലരെയും നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു.) അവരെ നാം പ്രത്യേകം തെരഞ്ഞെടുക്കുകയും ശരിയായ വഴിയിലേക്ക് നയിക്കുകയും ചെയ്തിരിക്കുന്നു.
88. അതാണ് അല്ലാഹുവിൻെറ സന്മാർഗം. തൻെറ ദാസന്മാരിൽ താനിഛിക്കുന്നവരെ അതുമൂലം അവൻ നേർവഴിയിലാക്കുന്നു. അവർ(അല്ലാഹുവിൽ) പങ്കുകാരെ സങ്കൽപിച്ചിരുന്നുവെങ്കിൽ അവർക്ക് തങ്ങളുടെ പ്രവർത്തികളൊക്കെ നിഷ്ഫലമായിപ്പോകുമായിരുന്നു.

89. നാം വേദവും വിജ്ഞാനവും പ്രവാചകത്വവും നൽകിയവരാണ് അവർ. ഇപ്പോൾ ഇവർ അതിനെ നിഷേധിക്കുന്നുവെങ്കിൽ അതിനെ നിഷേധിക്കാത്ത മറ്റൊരു ജനതയെ നാം അത് ഏൽപിച്ചുകൊടുത്തിരിക്കുന്നു.

90. അവരെതന്നെയാണ് അല്ലാഹു നേർവഴിയിലാക്കിയത്. അതിനാൽ അവരുടെ പാത നീ പിന്തുടരുക. പറയുക: ഇതിന്റെ പേരിൽ ഒരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്കാകമാനമുള്ള ഒരു ഉദ്ബോധനമല്ലാതെ മറ്റൊന്നുമല്ല.

91. അല്ലാഹു ഒരു മനുഷ്യനും ഒന്നും ഇറക്കിക്കൊടുത്തിട്ടില്ല എന്ന് അവർ പറയുമ്പോൾ അല്ലാഹുവിന്റെ മഹത്വം വിലയിരുത്തേണ്ട മുറപ്രകാരം അവർ വിലയിരുത്തുന്നില്ല. പറയുക: ജനങ്ങൾക്ക് വെളിച്ചവും മാർഗദർശനവുമായിക്കൊണ്ട് മൂസാ കൊണ്ടുവന്ന വേദഗ്രന്ഥം ആരാണ് ഇറക്കിത്തന്നത്? നിങ്ങൾ അതിനെ ഏടുകളാക്കി അതിൽ കുറച്ചു വെളിപ്പെടുത്തുകയും ഏറെ മറച്ചുവെക്കുകയും ചെയ്യുന്നു. നിങ്ങൾക്കും നിങ്ങളുടെ പൂർവപിതാക്കൾക്കും അറിവില്ലാതിരുന്ന പലതും അതിലൂടെ നിങ്ങളെ പഠിപ്പിച്ചിട്ടുമുണ്ട്. പറയുക: അല്ലാഹുവാണ്(അതിറക്കിത്തന്നത്.) എന്നിട്ട് അവരെ അവരുടെ കുതർക്കങ്ങളിൽ തന്നെ വിഹരിക്കാൻ വിട്ടേക്കുക.

92. ഇതാ, നാം അവതരിപ്പിച്ച അനുഗ്രഹീത ഗ്രന്ഥം! ഇതിനു മുമ്പുള്ള (വേദത്തെ) സത്യപ്പെടുത്തുന്നതുമാണിത്. മാതൃനഗര(മക്ക)ത്തിലും അതിന്റെ പരിസരങ്ങളിലുമുള്ളവർക്ക് നീ മുന്നറിയിപ്പ് നൽകാനുള്ളതും.പരലോകത്തിൽ വിശ്വാസമുള്ളവർ ഈ വേദത്തിൽ വിശ്വസിക്കുന്നു. അവർ തങ്ങളുടെ നമസ്കാരങ്ങളിൽ നിഷ്ഠയുള്ളവരുമാകുന്നു.

---

92: ഇതിനു മുമ്പും വേദഗ്രന്ഥങ്ങൾ അവതരിക്കപ്പെട്ടിട്ടുണ്ട്. ഈ ഖുർആൻ മുഴുലോകത്തിനും അനുഗ്രഹീതവും കാരുണ്യവുമാണ്. മുൻവേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതുമാണ്. മൂസാ, ഈസാ തുടങ്ങിയ പ്രവാചകന്മാർ പ്രവചിട്ടുള്ള വേദവുമാണിത്. എല്ലാവിധ കൈകടത്തലുകളിൽ നിന്നും ഈ ഗ്രന്ഥം മുകതമാണ്.ഖുർആൻ ശരിയായ മാർഗം ചൂണ്ടിക്കാണിച്ചുതരികയും ആ മാർഗത്തിലൂടെ സഞ്ചരിക്കുന്നതിനുള്ള സമ്പൂർണ ജീവിത പദ്ധതി അവതരിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ മനുഷ്യന്റെ നിഖില വശങ്ങളെക്കുറിച്ചും സൂക്ഷ്മവും ഭദ്രവുമായ വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. ഭൗതിക ലോകത്തിന്റെ പരിസമാപ്തിയെയും മറ്റൊരു ലോകത്തിന്റെ ആവിർഭാവത്തെയും അതിൽ വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്.ബുദ്ധിയും വിവേകവും വിവേചനബോധവും നൽകപ്പെട്ട ഒരുസൃഷ്ടിയാണ് മനുഷ്യൻ. നന്മയോ തിന്മയോ ഇഷ്ടമുള്ളത് പ്രവർത്തിക്കാനുള്ള എല്ലാ സ്വാതന്ത്ര്യവും അവനു ലഭിച്ചിരിക്കുന്നു. തങ്ങൾക്ക് ഇഹലോകത്ത് ലഭിച്ച കഴിവുകളും സ്വാതന്ത്ര്യങ്ങളും സൗകര്യങ്ങളും നൽകിയ ശക്തി അതൊക്കെ എങ്ങനെ ഉപയോഗിച്ചുവെന്ന് പരിശോധിക്കുന്ന ഒരവസരം അനിവാര്യമാണെന്ന് കരുതുന്നവർക്ക് പരലോകത്തിൽ വിശ്വസിക്കാൻ പ്രയാസമില്ല. പരലോകം ഒരു യാഥാർഥ്യമായി കരുതുന്നവർ ഈ വേദത്തിൽ വിശ്വസിക്കാതിരിക്കുകയില്ല.

---

93. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ തനിക്ക് യാതൊരു ദിവ്യബോധനവും ലഭിച്ചിട്ടില്ലാതിരിക്കെ 'എനിക്ക് ബോധനം ലഭിച്ചിരിക്കുന്നു' എന്ന് വാദിക്കുകയോ, അല്ലാഹു അവതരിപ്പിച്ചതുപോലുള്ളത് താനും അവതരിപ്പിക്കാമെന്ന് പറയുകയോ ചെയ്യുവനെക്കാൾ ധിക്കാരിയായവൻ ആരുണ്ട്? ആ ധിക്കാരികൾ മരണ വെപ്രാളത്തിലായിരിക്കുകയും മലക്കുകൾ അവരുടെ കൈകൾ നീട്ടി 'നിങ്ങളുടെ ജീവനെ പുറത്തേക്ക് വിടൂ' എന്ന് പറയുകയും ചെയ്യുമ്പോൾ നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തത് പറയുകയും അവന്റെ സന്ദേശങ്ങൾക്കെതിരെ അഹംഭാവം കാട്ടുകയും ചെയ്തിരുന്നത് കാരണം ഈ ദിനം നീചമായ ശിക്ഷ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നു.

94. (അവരോട് പറയപ്പെടും:) നിങ്ങളെ നാം ആദ്യതവണ സൃഷ്ടിച്ചപോലെ ഏകാകികളായി നിങ്ങളിതാ നമ്മുടെ അടുക്കൽ വന്നിരിക്കുന്നു. (ഭൂമിയിൽ) നാം നിങ്ങൾക്ക് നൽകിയിട്ടുണ്ടായിരുന്നതൊക്കെയും നിങ്ങളുടെ പിന്നിൽ നിങ്ങൾ വിട്ടുപോന്നു. നിങ്ങളുടെ കാര്യത്തിൽ (അല്ലാഹുവിന്റെ) പങ്കുകാരെന്ന് നിങ്ങൾ ജല്പിച്ചുകൊണ്ടിരുന്ന നിങ്ങളുടെ ആ ശിപാർശകരെയൊന്നും ഇപ്പോൾ നിങ്ങളോടൊപ്പം നാം കാണുന്നുമില്ല. നിങ്ങൾക്കിടയിലുള്ള(സകല ബന്ധങ്ങളും) അറ്റുപോയിരിക്കുന്നു. നിങ്ങൾ ജല്പിച്ചുകൊണ്ടിരുന്നതെല്ലാം നിങ്ങളെ കൈവെടിയുകയും ചെയ്തിരിക്കുന്നു.

95. നിശ്ചയമായും അല്ലാഹു ധാന്യമണികളെയും കുരുക്കളെയും പിളർക്കുന്നവനാകുന്നു. ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതിനെ ഉൽപാദിപ്പിക്കുന്നതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതിനെ പുറത്തുകൊണ്ടുവരുന്നതും അവനാകുന്നു. ഇതൊക്കെയും ചെയ്യുന്നവനാകുന്നു അല്ലാഹു. ഇനിയും നിങ്ങൾ എങ്ങോട്ടാണ് വഴിതെറ്റിപ്പോകുന്നത്.

---

95: മൃതപ്രായമായ വിത്തുകൾ മണ്ണിലിട്ടശേഷം അതിന് വെള്ളം ലഭിക്കുമ്പോൾ കിളിർത്തുവരുന്നത് സൂക്ഷിച്ചുനോക്കുക.സഞ്ചിപോലുള്ള ഒരു പാത്രത്തിലായാണ് കൂമ്പ് പുറത്തേക്ക് വരുന്നത്. കൂമ്പ് ശക്തിപ്പെടുന്നതുവരെ സുരക്ഷിതമായിരിക്കാൻ ഇത് സഹായിക്കുന്നു; മറുപിള്ളയാൽ ആവരണം ചെയ്യപ്പെട്ട ഭ്രൂണം പോലെ. കുരുക്കളുടെയും ധാന്യങ്ങളുടെയും കൂമ്പ് പുറപ്പെടുന്നത് ഉറപ്പുള്ളൊരു പുറംതോടിൽനിന്നാണ്. പുറം തോട് അകക്കാമ്പിന്റെ രക്ഷാകവചമാകുന്നു. കുരുക്കൾ അതിന്റെ ഉറപ്പുള്ള പുറംതോടിനുള്ളിൽ കാമ്പിന്റെ മൃദുലതയും പതുപതുപ്പും നിലനിർത്തുന്നു. വിത്ത് മണ്ണിലോ മറ്റോ മറ്റോ വീണാൽ കേടുവരാതിരിക്കാൻ പുറംതോട് സഹായിക്കുന്നു. കൃഷിക്കാലം വരെ സൂക്ഷിച്ചുവെക്കാനും അത് ഉപകരിക്കുന്നു. വിത്തുകളുടെ സംരക്ഷണത്തിനായി അദ്ഭുതാവഹമായ സംവിധാനങ്ങളാണ് അല്ലാഹു ചെയ്തുവെച്ചിട്ടുള്ളത്.

വിത്ത് മണ്ണിലിട്ട് വെള്ളം നനച്ചാൽ വേരുകൾ താഴോട്ടും കാണ്ഡം മുകളിലേക്കും കിളിർക്കുന്നു. ജന്തുക്കൾക്കെന്ന പോലെ സസ്യങ്ങൾക്കും ആഹാരമാവശ്യമാണ്. എന്നാൽ ഇരതേടി നടക്കാനുള്ള ചലനശേഷിയോ ഇരയിലേക്കെത്തിച്ചേരാനുള്ള ഉപകരണങ്ങളോ അവക്കില്ല.അതിനാൽ, സസ്യങ്ങളുടെ ചുവട് ഭൂമിയിൽ ഉറപ്പിക്കപ്പെട്ടു. അത് ഭൂമിയിൽ നിന്ന് വെള്ളവും ആഹാരവും സ്വീകരിക്കുന്നു. സസ്യങ്ങളെ സംബന്ധിച്ചിടത്തോള ഭൂമി അതിന്റെ മാതാവാണ്. ആഹാരം സ്വീകരിക്കുന്ന വായകളാണ് മുരടും വേരുകളും. ജന്തുശിശുക്കൾ മാതാവിന്റെ മുലകുടിക്കുമ്പോലെത്തന്നെ വേരുകൾ ഭൂമിയാകുന്ന മാതാവിന്റെ മുലകുടിക്കുന്നു. അങ്ങനെ വേരുകൾ സ്വീകരിച്ച പോഷകങ്ങൾ സസ്യത്തിന്റെ കാണ്ഡം, കൊമ്പുകൾ, ഇലകൾ, പൂക്കൾ, പഴങ്ങൾ എന്നീ ഭാഗങ്ങളിലേക്കെല്ലാം എത്തുന്നു.

ധാന്യങ്ങളിലും വിത്തുകളിലും അല്ലാഹു സൃഷ്ടിച്ചുവെച്ച അദ്ഭുതശക്തിയാണ് അവയുടെ പ്രജനനശേഷി. ജന്തു ശുക്ലത്തിനുള്ള അതേകഴിവാണ് വിത്തുകൾക്കുമുള്ളത്.

എത്ര യുക്തിയോടെയാണ് അല്ലാഹു ഓരോ വസ്തുവും സൃഷ്ടിച്ചിരിക്കുന്നത്! ചിന്തിക്കുന്നവർക്ക് ഇതിലെല്ലാം പാഠങ്ങളുണ്ട്. എല്ലാ സസ്യങ്ങളിലും ബുദ്ധിയും ഗ്രാഹ്യതയുള്ളവർക്ക് പാഠമുൾക്കൊള്ളാനുതകുന്ന എത്രയോ സുരക്ഷാ ഉപാധികളും നിർമാണ കൗശലങ്ങളും കാണാം. സ്വന്തം നിർമാണ പ്രവർത്തനത്തിൽ മനുഷ്യൻ ആ യുക്തി അനുകരിക്കുന്നു.

ഭൂതലത്തിൽ പലതരം സസ്യങ്ങൾ തന്റെ ദാസന്മാർക്കായി അല്ലാഹു സൃഷ്ടിച്ചുവെച്ചിരിക്കുന്നു. മനുഷ്യർക്ക് ആഹരിക്കാൻ പഴങ്ങളുണ്ടാക്കി. സുന്ദരവും പ്രസന്നവും ഉന്മേഷദായകവുമായ കാഴ്ചകൾ, കാലിത്തീറ്റക്ക് വൈക്കോൽ, തീ കത്തിക്കാൻ വിറക്, കെട്ടിടവും കപ്പലുകളും മറ്റും നിർമിക്കാൻ തടികൾ, ഇലകൾ, പൂക്കൾ, നാരുകൾ വേരുകൾ ചില്ലകൾ, കറ, ഔഷധങ്ങൾ, സുഗന്ധവസ്തുക്കൾ ഇങ്ങനെ കണക്കില്ലാത്ത പ്രയോജനങ്ങൾ അല്ലാഹു സസ്യങ്ങളിൽ ഉണ്ടാക്കിവെച്ചിരിക്കുന്നു. തന്റെ സാമ്രാജ്യം ഏറ്റവും സമർഥമായും സുന്ദരമായും സംവിധാനിച്ച സ്രഷ്ടാവിന് സ്തോത്രം!

പ്രപഞ്ചത്തിലെ മറ്റു പല ഘടകങ്ങളെയും ആശ്രയിച്ചാണ് ഒരു വിത്ത് മുളക്കുന്നത്. മണ്ണ്, വെള്ളം വായു വെളിച്ചം തുടങ്ങിയ പല ഘടകങ്ങളും അതിനാവശ്യമാണ്. അപ്പോൾ ഒരു വിത്ത് മുളക്കുന്നതും പരസ്പരാശ്രിതമായ പ്രാപഞ്ചികവ്യവസ്ഥയുടെ ഒരു ഭാഗമാണെന്ന് വരുന്നു. ഒരു കൊച്ചു

ധാന്യത്തിന് മുളപൊട്ടുന്നതടക്കം പ്രപഞ്ചത്തിന്റെ സകല ചലനങ്ങളെയും ഭരിച്ചുകൊണ്ടിരിക്കുന്ന ശക്തി ഏകമായിരിക്കുമ്പോഴേ ഈ പാരസ്പര്യം സാധ്യമാകൂ. പ്രപഞ്ചം വ്യത്യസ്ത ദൈവങ്ങളുടെ ഉടമസ്ഥതയിലോ അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ വിവിധ ഭാഗങ്ങൾ വിവിധ ദൈവങ്ങളുടെ അധീനത്തിലോ ആണെങ്കിൽ അതിന്റെ ഘടകങ്ങൾ തമ്മിൽ ഇത്തരത്തിൽ രഞ്ജിപ്പും ആശ്രിതത്വവും നിലനിൽക്കുക സാധ്യമല്ല.

ജനിമൃതികളുടെ ഈ പ്രക്രിയ മരണാനന്തര ജീവിതത്തിന്റെ ഒരു ദൃഷ്ടാന്തവും കൂടിയാകുന്നു. അല്ലാഹു ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തവയെയും മറിച്ചും നിരന്തരം ഉളവാക്കിക്കൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. മരത്തിൽനിന്ന് വിത്തും മൃതപ്രായമായ വിത്തിൽ നിന്ന് മരവും ഉണ്ടാക്കുന്നതുപോലെ മനുഷ്യനിൽനിന്നുൽപാദിതമായ അചേതന ബീജത്തെ വീണ്ടും പൂർണമനുഷ്യനായി വളർത്താൻ കഴിയുന്ന ശക്തിക്ക് മനുഷ്യന്റെ ജീർണാവശിഷ്ടങ്ങളിൽനിന്ന് അവനെ വീണ്ടും സൃഷ്ടിക്കാൻ കഴിയാതിരിക്കുന്നതെങ്ങനെ?

96. (ഇരുളിനെ പിളർന്ന്) പ്രഭാതത്തെ വിടർത്തുന്നതവനാണ്. രാവിനെ അവൻ വിശ്രമവേളയാക്കിയിരിക്കുന്നു. സൂര്യനെയും ചന്ദ്രനെയും സമയഗണനകളായി(ആക്കിയതും അവൻ തന്നെ).പ്രതാപിയും എല്ലാംഅറിയുന്നവനുമായ അല്ലാഹുവിന്റെ സംവിധാനങ്ങളത്രെ അത്.

96: സൂര്യനെ അല്ലാഹു വിളക്കായി വെച്ചു (71:61). അല്ലാഹു സൂര്യനെ സൃഷ്ടിച്ചത് വിവിധ ആവശ്യങ്ങൾക്കുവേണ്ടിയാണ്.സൂര്യനില്ലാത്ത ലോകത്തെ സങ്കൽപിച്ചു നോക്കുക. സൂര്യനില്ലെങ്കിൽ ലോകം മുഴുവൻ കൂരിരുട്ടായിരിക്കും.ആർക്കും ഉപജീവനമാർഗം തേടാനാവില്ല.പ്രകാശമില്ലെങ്കിൽ കണ്ണുകൊണ്ട് പ്രയോജനവുമില്ല.

സൂര്യൻ സദാ ഉദിച്ചുനിൽക്കുകയാണെങ്കിൽ ചൂട് കാരണം എല്ലാം നശിക്കും.ചൂട് ശമിക്കാൻ സൂര്യൻ അസ്തമിക്കുന്നു. സൂര്യൻ അസ്തമിക്കാതിരുന്നാൽ ജീവജാലങ്ങൾക്ക് സമാധാനവും വിശ്രമവും ലഭിക്കില്ല. രാത്രിയില്ലെങ്കിൽ അധിക ജന്തുക്കളും വിശ്രമിക്കില്ല. വിശ്രമത്തിന് പറ്റിയവിധം രാത്രി ശാന്തമാണ്. സൃഷ്ടികൾക്ക് പ്രയോജനകരമായ വിധത്തിലാണ് രാപ്പകലുകളുടെ ദൈർഘ്യം നിർണയിച്ചിട്ടുള്ളത്. സൂര്യനെയും ചന്ദ്രനെയും മാസങ്ങളും വർഷങ്ങളും കണക്കാക്കാനുള്ള ഉപാധിയാക്കിയിരിക്കുന്നു. സൂര്യന് ഉദയാസ്തമയങ്ങൾ ഇല്ലായിരുന്നെങ്കിൽ സമയ നിർണയം അസാധ്യമാകുമായിരുന്നു. ഇതും അല്ലാഹു ചെയ്ത മഹത്തായ ഒരനുഗ്രഹം തന്നെ.

പ്രപഞ്ച നിലനിൽപിനാധാരമായ ആകാശഭുഗോളങ്ങളുടെ സൃഷ്ടി ദൈവത്തിന്റെ മഹത്തായ യുക്തിക്ക് നിദർശനമത്രെ. മാറ്റത്തിന് വിധേയമാകാതെ വളരെക്കാലം നിലനിൽക്കാൻ അത്യധികം ഭദ്രമായിട്ടാണവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. യാതൊന്നും അതിന്റെ നിർണിതസ്ഥാനങ്ങളിൽ നിന്ന് മാറുന്നില്ല. അത്യുന്നതനായ സ്രഷ്ടാവിന്റെ ആജ്ഞകൾക്കനുസരണമായി അവ പ്രവർത്തിക്കുന്നു.

ഇതെല്ലാം അഭിജ്ഞനും യുക്തിമാനുമായ ഒരുവന്റെ ആസൂത്രണത്തെയും ജ്ഞാനവൈപുല്യത്തെയും നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്നു. സർവജ്ഞനും സർവശക്തനുമായ സ്രഷ്ടാവിന് സ്തുതി.

97. നക്ഷത്രങ്ങളെ കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴികാണിക്കുന്നതാക്കിവച്ചതും അവനാകുന്നു.അറിയുന്ന ജനത്തിനുവേണ്ടി നാം അടയാളങ്ങൾ വിശദീകരിച്ചുതരുന്നു.

97: ചന്ദ്രികയില്ലാത്ത രാവുകളിൽ മനുഷ്യർക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് നക്ഷത്രങ്ങളെ ദൈവം സജ്ജീകരിച്ചിരിക്കുന്നത്.മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ ആകാശത്തിന് ഭംഗിയും അലങ്കാരവുമാകുന്നു. ഭൂവാസികൾക്ക് ആനന്ദവും ആഹ്ലാദവും നൽകുന്ന അലങ്കാരം.

കടലിലൂടെയുള്ള കപ്പൽ യാത്രക്കാർക്കും മരുഭൂമിയിലൂടെ സഞ്ചരിക്കുന്നവർക്കും നക്ഷത്രങ്ങളുടെ സഹായത്തോടെ വഴിനിർണയിക്കാൻ സാധിക്കുന്നു. ചില നക്ഷത്രങ്ങൾ വർഷത്തിൽ ചില ദിവസങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളു. മറ്റു ചില നക്ഷത്രങ്ങൾ എല്ലാ കാലത്തും പ്രത്യക്ഷപ്പെടുന്നു. ദീപസ്തംഭങ്ങൾക്ക് തുല്യമാണീ നക്ഷത്രങ്ങൾ. ഇവ മുഖേന സഞ്ചാരികൾ നേർവഴി കണ്ടെത്തി ലക്ഷ്യത്തിലെത്തുന്നു.

ഭൂവാസികളുടെ നന്മക്കത്രെ ദൈവം വാനലോകത്തെ ഇങ്ങനെ കൃത്യതയോടെയും സ്ഥിരതയോടെയും സൃഷ്ടിച്ചിട്ടുള്ളത്. ആകാശലോകത്തിനും ഭൂമിക്കും വേറെ വേറെ ദൈവങ്ങളായിരുന്നെങ്കിൽ വാനലോകത്തെ ദൈവം ഭൂവാസികൾക്ക് നക്ഷത്രങ്ങളെ ഇത്ര ഉപകാരപ്രദമായും കൃത്യതയോടെയും സംവിധാനിക്കുമായിരുന്നില്ല.

ആകാശഭൂമികളെയും പ്രപഞ്ചത്തെയും അകക്കണ്ണുകൊണ്ട് നോക്കുകയാണെങ്കിൽ അതുവഴി ഏകനായ പ്രപഞ്ച സ്രഷ്ടാവിനെ കണ്ടെത്താൻ കഴിയുന്നതാണ്. ചിന്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം ചിന്ത ചൂണ്ടിക്കാണിക്കുന്ന വഴി ഈ യാഥാർഥ്യങ്ങളിലേക്കല്ലാതെ മറ്റെങ്ങോട്ടുമല്ല. പ്രപഞ്ചത്തിലെ അദ്ഭുതകരമായ നിർമിതികളിലും മൗലികമായ സൃഷ്ടികളിലും ബുദ്ധിയും ചിന്തയും ഏറെയേറെ വ്യാപരിക്കും തോറും ജ്ഞാനവും വിശ്വാസവും സ്രഷ്ടാവിനോടുള്ള ഭക്തിയും വിധേയത്വവും വർധിച്ചുകൊണ്ടിരിക്കും.

പ്രപഞ്ചത്തിലെ മഹാസൃഷ്ടികളിലൂടെ അവയുടെ സ്രഷ്ടാവിനെയും അവന്റെ മഹത്വത്തെയും ഗാംഭീര്യത്തെയും കഴിവിനെയും ജ്ഞാനത്തെയും നൈപുണ്യത്തെയും മനസ്സിലാക്കാൻ ശ്രമിക്കുക. വിശുദ്ധ ഖുർആനിലെ വിജ്ഞാനങ്ങൾ ഉൾക്കൊള്ളുക. അതിൽ വിശദീകരിച്ചിട്ടുള്ള അടയാളങ്ങളെക്കുറിച്ച് ചിന്തിക്കുക. ഇതാണ് ദൈവവിശ്വാസത്തിലേക്കുള്ള കവാടം.

---

98. ഒരേയൊരു ജീവനിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചത് അവനാകുന്നു. പിന്നെ (ഓരോരുത്തർക്കും ഓരോ)വാസസ്ഥലവും സൂക്ഷിപ്പു സ്ഥലവും നിശ്ചയിച്ചു. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനത്തിനു ദൃഷ്ടാന്തങ്ങൾ നാം വിശദീകരിച്ചിരിക്കുന്നു.

---

98: ആദിയിൽ സൃഷ്ടിക്കപ്പെട്ടത് ഒരൊറ്റ മനുഷ്യനാണ്. ആദം(അ). ആ ഒരാളിൽ നിന്നാണ് മനുഷ്യരാസകലം ഉണ്ടായത്. സ്വയം പെറ്റുപെരുകുന്ന പ്രകൃതി മനുഷ്യന് ദൈവം നൽകി. അവരെ അവൻ സ്ത്രീ-പുരുഷന്മാരായി സൃഷ്ടിച്ചു. അവരുടെ ഹൃദയങ്ങളിൽ പ്രേമവും മോഹവും ജനിപ്പിച്ചു. അങ്ങനെ സ്ത്രീ-പുരുഷ സംഗമത്തിലൂടെ വളരെ ഭദ്രമായ ഒരു സ്ഥലത്ത് (ഗർഭാശയത്തിൽ) ബീജം നിക്ഷേപിക്കപ്പെടുന്നു. ആ ബീജം പിന്നീട് ഭ്രൂണമായിത്തീരുന്നു. ഇന്ദ്രിയകണത്തെ മാംസപിണ്ഡം അസ്ഥികൾ എന്നിങ്ങനെ മാറ്റുകയും അനന്തരം മാംസം പൊതിയുകയും ഞരമ്പുകളും നാഡികളും ക്രമീകരിക്കുകയും അവയവങ്ങൾ നിർമിച്ച് ഘടിപ്പിക്കുകയും ചെയ്യുന്നു. ആഹാരം കടന്നുപോകാൻ പ്രത്യേക ചാലുകൾ ഉണ്ടാക്കുന്നു. ഹൃദയം, രക്തം, കരൾ, ആമാശയം, പ്ലീഹ, ശ്വാസകോശം, ഗർഭപാത്രം, മൂത്രാശയം, കുടലുകൾ, തുടങ്ങിയ ആന്തരാവയങ്ങൾ നിർമിക്കുന്നു. ശിരസ്സിനെ ഗോളാകൃതിയിൽ നിർമിക്കുകയും അതിൽ കണ്ണും ചെവിയും മൂക്കും വായയും ഘടിപ്പിക്കുന്നു. കണ്ണിന് കാഴ്ചശക്തി നൽകുന്നു. അവർണനീയമായ ഒരദ്ഭുതമാണ് കണ്ണ്. ആവശ്യമുള്ളപ്പോൾ തുറക്കാനും അടക്കാനും കഴിയും വിധം കണ്ണിന്റെ സുരക്ഷക്കായി കൺപോള എന്ന വാതിലും സ്ഥാപിച്ചു.

വായ, നാവ്, പല്ലുകൾ ചുണ്ടുകൾ ചെവി മൂക്ക് കൈകാലുകൾ അസ്ഥികൾ രോമങ്ങൾ എന്നിവയെല്ലാം സൃഷ്ടിച്ചു. ഓരോ അവയവത്തിനും പ്രത്യേകം പ്രത്യേകം രൂപവും വലുപ്പവും ധർമവുമുണ്ട്. ശരീരത്തിൽ അനാവശ്യമായി ഒരു ഭാഗവുമില്ല.

വിശേഷ ബുദ്ധി എന്ന മഹത്തായ അനുഗ്രഹം നൽകി അല്ലാഹു ആദം പുത്രനെ ആദരിച്ചു. മറ്റൊരു ജീവികൾക്കും നൽകാത്ത ലജ്ജാവികാരം നൽകി. സംസാരശേഷി നൽകി. കോപം, അസൂയ, മോഹം എന്നീ വികാരങ്ങൾ നൽകി. അലോചിക്കാനും ചിന്തിക്കാനും കാര്യങ്ങൾ ഗ്രഹിക്കാനുമുള്ള കഴിവ് നൽകി.

അല്ലാഹു ഇതൊക്കെ നിർമിച്ചത് നിസ്സാരമായ ഇന്ദ്രിയകണത്തിൽനിന്നാണ്. സകല മനുഷ്യരും ഒന്നിച്ചിരുന്ന് ഇപ്പോഴത്തേക്കാൾ മെച്ചപ്പെട്ട ഒരു ഘടന മനുഷ്യശരീരത്തിലെ ഏതെങ്കിലും ഒരവയത്തിന് നിർദേശിക്കാൻ കഴിയുമോ? ആരെക്കൊണ്ടുമാവില്ല; തീർച്ച. ഒരു ഇന്ദ്രിയ കണത്തിന് ശ്രവണശക്തിയും കാഴ്ചയും ജീവനും നൽകാൻ ആർക്കു കഴിയും?

അല്ലാഹു അവന്റെ സൃഷ്ടിയിൽ ബുദ്ധിയുള്ളവർക്ക് പാഠങ്ങൾ വെച്ചിട്ടുണ്ട്. അവന്റെ മഹത്വത്തിന്റെയും പ്രൗഢിയുടെയും ആസൂത്രണത്തെയും രൂപവൽകരണവൈഭവത്തെയും കുറിക്കുന്ന വ്യക്തമായ ദൃഷ്ടാന്തങ്ങളും. ഇത്തരമൊരു സൃഷ്ടി കേവലം പാഴ്വേലയാകുമോ?

'നിങ്ങളിൽ തന്നെയും ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങൾ അതൊന്നും കണ്ട് മനസ്സിലാക്കുന്നില്ലേ' (51:21)

99. ആകാശത്തുനിന്ന് ജലം വർഷിച്ചതും അവൻ തന്നെ. എന്നിട്ട് അതുവഴി നാം സകല വസ്തുക്കളുടെയും മുളകൾ പുറപ്പെടുവിച്ചു. അങ്ങനെ നാം അവയിൽ നിന്ന് പച്ചപ്പുള്ള ചെടികൾ വളർത്തി. അനന്തരം നാം അതിൽ ഇടതൂർന്ന ധാന്യക്കതിരുകൾ ഉൽപാദിപ്പിച്ചു. ഈന്തപ്പനയുടെ കൂമ്പോളകളിൽ തൂങ്ങിക്കിടക്കുന്ന കുലകൾ ഉൽപാദിപ്പിച്ചു. മുന്തിരിത്തോട്ടങ്ങളും ഒലീവും ഉറുമാനും ഉണ്ടാക്കി.ഒരുപോലെയുള്ളതും എന്നാൽ വ്യത്യസ്തങ്ങളുമായവ. അവ കായ്ക്കുമ്പോൾ അവയിൽ കനികളുണ്ടാകുന്നതും അവ പാകമാവുന്നതും നിങ്ങൾ സൂക്ഷിച്ചു നോക്കുവിൻ. വിശ്വസിക്കുന്ന ജനത്തിന് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

99: ഭൂതലത്തിൽ ഹരിതാഭമായ വയലുകളും ചെടികളും വൃക്ഷങ്ങളും അല്ലാഹു ഉണ്ടാക്കിയിരിക്കുന്നു. സുന്ദരവും പ്രസന്നവും ഉന്മേഷദായകവുമാണ് അവയുടെ കാഴ്ച. അതിന് തുല്യമായി ഭൂമിയിൽ മറ്റൊരു ദൃശ്യമില്ല.

മണ്ണിൽ മരിച്ചുകിടക്കുന്ന വിത്തുകൾ മഴ പെയ്യുമ്പോൾ ഉണർന്നെഴുന്നേൽക്കുന്നു. ഒരു യന്ത്രവുമില്ലാതെത്തന്നെ മലകളെയും മലഞ്ചരിവുകളെയും ക്ഷണനേരംകൊണ്ട് ശാദ്വലമാക്കാൻ അല്ലാഹുവിന് കഴിയുന്നു. അചേതനമായ വിത്തുകൾ ഒരു മഴ ലഭിക്കുമ്പോൾ നിഷ്പ്രയാസം ഉയിർത്തെഴുന്നേൽക്കുന്നതു പോലെയാണ് മനുഷ്യൻ ഒരിക്കൽ മരിച്ചാൽ ഉയിർത്തെഴുന്നേൽക്കുന്നതും.

ഈത്തപ്പഴക്കുരുവിന്മേൽ അല്ലാഹു സൃഷ്ടിച്ചുവെച്ച ഈത്തപ്പഴവും മുന്തിരിക്കുരുവിന്മേലുള്ള പഴവും ദൈവദാസന്മാർക്ക് ഇവ പകരുന്ന രുചിയും സുഭിക്ഷതയും ആലോചിച്ചുനോക്കുക.

കായ്കൾ പുറത്തുവരുന്നതിനു മുമ്പ് അല്ലാഹു പ്രത്യേകതരം ഇലകൾ (കൂമ്പാളകൾ) പുറപ്പെടുവിക്കുന്നു. കിളിർത്തുവരുന്ന കായ്കൾക്ക് സൂര്യതാപവും അന്തരീക്ഷ ശീതവും ഹാനികരമായിരിക്കും. അതിനാൽ അവയെ പൊതിയാൻ പ്രത്യേക കൂമ്പാളകളുണ്ടായി. കായ്കൾ നശിച്ചുപോവാതെ കൂമ്പാളകൾ അവയെ സംരക്ഷിക്കുന്നു.

എത്രയെത്ര തരം സസ്യങ്ങളെയും പഴങ്ങളെയും പൂക്കളെയുമാണ് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്! കാഴ്ചയിൽ ഒരേരൂപമുള്ളതുതന്നെ രുചിയിലും നിറത്തിലും മണത്തിലും വ്യത്യസ്തം. വലിയതും ചെറിയതുമുണ്ട്. പച്ചയും മഞ്ഞയും വെളുപ്പും കറപ്പുമുണ്ട്. ഓരോ നിറത്തിലും ഇളംനിറവും കടുംനിറവും മിതമായ നിറവുമുണ്ട്. ഇതേപ്രകാരം രുചിയും വ്യത്യസ്തമാണ്. മധുരിക്കുന്നതും പുളിക്കുന്നതും കയ്ക്കുന്നതും പുളിമധുരമുള്ളതുമുണ്ട്. മണവും ഭിന്നമാണ്. ആസ്വാദ്യമായ പതരം സുഗന്ധങ്ങൾ. അത്യത്ഭുതകരവും അതിമനോഹരവുമായ അല്ലാഹുവിൻെറ സൃഷ്ടിവൈഭവങ്ങൾ! ജീവൻ നിലനിർത്തുന്നതോടൊപ്പം മനുഷ്യജീവിതം വികസ്വരവും ആനന്ദകരവും കൂടി ആക്കുന്നതിനുവേണ്ടിയാണ് അവൻ ഇങ്ങനെ ബഹുവിധ വിഭവങ്ങൾ പ്രദാനം ചെയ്ത് മനുഷ്യരെ അനുഗ്രഹിച്ചിരിക്കുന്നത്.

ഈത്തപ്പഴം കുലച്ചുവരുമ്പോൾ വളരെ ദുർബലമായിരിക്കും. അതിനാൽ, അത് കേടുവരാതെ സംരക്ഷിക്കാൻ ഭദ്രമായ പുറന്തോടിനുള്ളിൽ മേൽക്കുമേൽ ഇടതിങ്ങിയ അടുക്കുകളായി സൂക്ഷിക്കപ്പെടുന്നു. അത് സൂര്യപ്രകാശവും വായുവും നേരിട്ടനുഭവിക്കാൻ മാത്രം മൂപ്പും കെൽപുമാർജിച്ചുകഴിഞ്ഞാൽ ആ പുറന്തോട് ക്രമേണ പിളരുന്നു. അപ്പോൾ കായ്കൾ കുറേശ്ശെയായി വേർപെടുന്നു. കാറ്റും വെയിലും സഹിക്കാനുള്ള കഴിവനുസരിച്ച് ശക്തി പൂർണമായാൽ കുല മുഴുവനായി വെളിപ്പെടുന്നു. പിന്നെ കാറ്റും വെയിലും അതിനെ ഹനിക്കുകയില്ല. അനന്തരം കായകൾ പഴുക്കാൻ തുടങ്ങുന്നു. നന്നായി പഴുത്താൽ വളരെ സ്വാദിഷ്ടമാകുന്നു. അപ്പോഴത് ഭക്ഷിക്കാം. സൂക്ഷിച്ചുവെച്ച് പ്രയോജനപ്പെടുത്താം. എത്ര അദ്ഭുതാവഹമാണ് അല്ലാഹുവിൻെറ സംവിധാനങ്ങൾ!

എല്ലാ സസ്യങ്ങളിലും ചിന്തിക്കുന്നവർക്ക് പാഠമുൾക്കൊള്ളാനുതകുന്ന എത്രയോ സുരക്ഷാ ഉപാധികളും നിർമാണകൗശലങ്ങളും കാണാം. ഉറുമാമ്പഴത്തിൻെറ വിത്തിനെ പൊതിഞ്ഞിരിക്കുന്ന ഒരു കൊഴുപ്പാണതിൻെറ കാമ്പ്. അത് ഉള്ളിലോട്ട് പോകുംതോറും കടുപ്പുംകൂടിയതും മീതെ ദുർബലവുമായിരിക്കും. വിത്തുകൾ കാമ്പിനുള്ളിൽ എത്ര ചിട്ടയോടെ അടുക്കിയിരിക്കുന്നു. അത് പലഭാഗങ്ങളായി തിരിച്ച് ഓരോ ഭാഗവും നേരിയ ഒരു മറകൊണ്ട് ഒളിപ്പിച്ചു.വിത്തുകൾ പരസ്പരം കൂടിച്ചേരുന്നില്ല. ഇതിനു മീതെയാണ് കട്ടിയുള്ള പുറന്തോട്. അതിൻെറ കുരുക്കൾ ആവരണമില്ലാതെ ഒറ്റയൊറ്റയായി ഘടിപ്പി

ച്ചിരുന്നെങ്കിൽ പരസ്പരം പോഷകം വിതരണം ചെയ്യാൻ പറ്റില്ല. അതുകൊണ്ട് പോഷകവിതരണ സൗകര്യത്തിന് കുരുക്കളെ കൊഴുത്ത പദാർഥംകൊണ്ട് പൊതിഞ്ഞു. അതിൽനിന്ന് കുരുവിന്നുള്ളിലേക്ക് പോഷകം വഹിക്കുന്ന ഞരമ്പുകൾ പോകുന്നുണ്ട്.
അവയുടെ നേർമയും മാർദവവും കാരണം പഴം ഭക്ഷിക്കുന്നവർക്ക് അവ അരുചി ഉണ്ടാക്കുന്നില്ല. സൂക്ഷ്മദൃഷ്ടിയോടെ വീക്ഷിക്കുന്ന ജനത്തിന് ഇതിലെല്ലാം മഹത്തായ ദൃഷ്ടാന്തങ്ങളുണ്ട്. തൻെറ സാമ്രാജ്യം ഏറ്റവും സമർഥമായും സുന്ദരമായും സംവിധാനിച്ച സ്രഷ്ടാവിന് സ്തോത്രം!.

100. എന്നിട്ടും ജിന്നുകളെ അവർ അല്ലാഹുവിൻെറ പങ്കാളികളായി സങ്കൽപിക്കുന്നു. എന്നാൽ അവരെ അവൻ സൃഷ്ടിച്ചതാണ്. ഒരു വിവരവുമില്ലാതെ അവർ അവന് പുത്രന്മാരെയും പുത്രിമാരെയും ആരോപിക്കുന്നു. അവർ ആരോപിക്കുന്നതിൽനിന്നും അല്ലാഹു എത്രയൊ പരിശുദ്ധനും ഉന്നതനുമാകുന്നു.

100: മനുഷ്യൻെറ ഭാഗധേയം നിർണയിക്കുന്നതിൽ അദൃശ്യാസ്തികൃങ്ങളായ ജിന്നുകൾക്ക് പങ്കുണ്ടെന്ന് മൂഢന്മാരായ അറബികൾ വിശ്വസിച്ചിരുന്നു. ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും ബഹുദൈവാരാധകരായ മറ്റു സമുദായങ്ങളിലും കാണാവുന്നതാണ്.വിഗ്രഹങ്ങളെ മാത്രമല്ല പല ദേവീ ദേവന്മാരെയും ദൈവങ്ങളായി സങ്കൽപിക്കുകയും അവക്ക് പൂജാകർമങ്ങൾ നടത്തുകയും നേർച്ചാവഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നത് കാണാം. ദൈവത്തിൻെറ പങ്കാളികളെന്ന് സങ്കൽപിക്കുന്ന ദേവീ ദേവന്മാരുടെ ഒരു സമ്പൂർണ വംശപരമ്പരതന്നെ ഊഹാപോഹങ്ങളെ ആസ്പദമാക്കി അവർ സൃഷ്ടിച്ചുവെച്ചിരിക്കുന്നു.
അറബികൾ മലക്കുകളെ ദൈവത്തിൻെറ പെൺമക്കളെന്ന് ജൽപിച്ചിരുന്നതായി വിശുദ്ധ ഖുർആൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.പ്രവാചകന്മാരുടെ സമുദായങ്ങൾക്കുപോലും ഈ അവിവേകത്തിൽ നിന്ന് മുക്തരാവാൻ കഴിഞ്ഞിട്ടില്ല. ചിലയാളുകൾ ദൈവപുത്രന്മാരാണെന്ന വിശ്വാസം അവരിലും വളർന്നുവരികയുണ്ടായി.

101. ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകകളില്ലാതെ സൃഷ്ടിച്ചവനാണ് അവൻ. അവന്ന് ഒരു സഹധർമിണി ഇല്ലാതിരിക്കേ, എങ്ങനെയാണ് അവന് ഒരു പുത്രൻ ഉണ്ടാവുക. അവൻ സകല വസ്തുക്കളെയും സൃഷ്ടിച്ചിരിക്കുന്നു.അവൻ സകല സംഗതികളെ പറ്റിയും അറിയുകയും ചെയ്യുന്നു.

101: ആകാശഭൂമികളിൽ വസ്തുക്കളായി എന്തെല്ലാമുണ്ടോ അതെല്ലാം അല്ലാഹു സൃഷ്ടിച്ചതാണ്. എന്നിരിക്കെ, അവയിൽപെട്ട ഏതെങ്കിലും ഒന്നിനെ അവൻെറ പുത്രനായി സങ്കൽപിക്കുന്നതെങ്ങനെയാണ്? അല്ലാഹുവിന് സന്താനമുണ്ടാകണമെങ്കിൽ അവന്ന് ഒരു സഹധർമിണിവേണമല്ലോ. ആ സഹധർമിണിയായിരിക്കണം പുത്രൻെറ മാതാവ്. അല്ലാഹുവിന് സഹധർമിണിയേ ഇല്ല. ഉണ്ടെന്ന് ആ ബഹുദൈവാരാധകർ ജൽപിക്കുന്നുമില്ല.എന്നിരിക്കെ അല്ലാഹുവിന് സന്താനമുണ്ടെന്ന് പറയുന്നതിലെന്തർഥം?

102. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ ഒരുദൈവവുമില്ല. അവൻ സകല വസ്തുക്കളെയും സൃഷ്ടിച്ചു. അതിനാൽ നിങ്ങൾ അവനുമാത്രം വഴിപ്പെടുവിൻ. അവൻ എല്ലാ കാര്യങ്ങളുടെയും ഉത്തരവാദിത്വമേറ്റവനാകുന്നു.

103. കണ്ണുകൾക്ക് അവനെ കാണാനാവില്ല. എന്നാൽ അവൻ കണ്ണുകളെ കാണുന്നു. അവൻ സൂക്ഷ്മദൃഷ്ടിയുള്ളവനും അഭിജ്ഞനുമാകുന്നു.

103:ഭൗതിക ജീവിതത്തിലെ കാര്യമാണ് ഈ വചനത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.എന്നാൽ പരലോകത്തുവെച്ച് സത്യവിശ്വാസികൾ അല്ലാഹുവെ കാണുമെന്ന് ഖുർആനിൽതന്നെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ‘അന്ന്(അന്ത്യനാളിൽ) ചില മുഖങ്ങൾ പ്രസന്നങ്ങളായിരിക്കും. തങ്ങളുടെ രക്ഷിതാവിനെ നോക്കിക്കൊണ്ടിരിക്കുന്നവയും.’ (75:22,23). ‘നിസ്സംശയം, ആ ദിനത്തിലവർ തങ്ങളുടെ നാഥനെ ദർശിക്കുന്നത് വിലക്കപ്പെടും.’ (83:15). ഈ വിഷയത്തിൽ നിരവധി പ്രവാചക വചനങ്ങളുമുണ്ട്.

104. നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങൾക്കിതാ ഉൾക്കാഴ്ച (തരുന്ന തെളിവുകൾ) വന്നെത്തിയിരിക്കുന്നു. ആരെങ്കിലും അത് കണ്ടറിയുന്നുവെങ്കിൽ അതിന്റെ ഗുണം അവനുതന്നെയാണ്. ആരെങ്കിലും അന്ധത നടിച്ചാൽ അതിന്റെ ദോഷവും അവനുതന്നെ. ഞാൻ നിങ്ങളുടെ കാവൽക്കാരനൊന്നുമല്ല.

---

104: തുറന്ന കണ്ണുകൾകൊണ്ട് നോക്കിയാൽ കാണുകയും ശരിയായ രീതിയിൽ ആലോചിച്ചാൽ മനസ്സിലാവുകയും തുറന്ന കാതുകൾകൊണ്ട് ന്യായമായ തെളിവുകൾ ശ്രവിക്കുകയും ചെയ്യുകയാണെങ്കിൽ മനുഷ്യന്ന് സത്യത്തിലെത്തിച്ചേരാൻ സഹായിക്കുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ പ്രപഞ്ചത്തിൽ കാണാൻ സാധിക്കും. ഗംഭീരമായ ഈ പ്രപഞ്ചം ദൈവമില്ലാതെയോ നിരവധി ദൈവങ്ങളാലോ സംവിധാനിക്കപ്പെട്ടതല്ല എന്നും മറിച്ച് ഏകദൈവത്തിന്റെ അസ്തിവാരത്തിൽ സ്ഥാപിതമായതാണ് എന്നും അതിലൂടെ മനസ്സിലാക്കാൻ കഴിയും. ഈ പ്രപഞ്ചം ഉദ്ദേശ്യരഹിതമല്ല. കേവലം വിനോദമോ അർഥശൂന്യമോ ദൈവത്തിന്റെ ലീലാവിലാസമോ അല്ല. പ്രത്യുത, യുക്തിഭദ്രമായ ഒരു വ്യവസ്ഥയാണത്. അവിടെ സുബോധവും സ്വാതന്ത്ര്യവുമുള്ള മനുഷ്യൻ ഉത്തരവാദിത്തരഹിതനും മരിച്ചു മണ്ണായിപ്പോവുകയും മാത്രം ചെയ്യുന്നവനുമായിരിക്കുക സാധ്യമല്ല.
കണ്ണും കാതും മസ്തിഷ്കവുമെല്ലാം മൃഗങ്ങൾ ഉപയോഗിക്കുന്നതുപോലെ ഉപയോഗിക്കാൻ വേണ്ടിയാണോ മനുഷ്യന് നൽകപ്പെട്ടിട്ടുള്ളത്? മൃഗങ്ങളെപ്പോലെ ജഡത്തിന്റെയും ജീവന്റെയും ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഉപാധികളന്വേഷിക്കുകയും എല്ലായ്പോഴും സ്വന്തം ജീവിതത്തിന്റെ ഭൗതികനിലവാരമുയർത്തുന്നതിനെക്കുറിച്ച് ചിന്തിക്കുകയും മാത്രമാണോ അതിന്റെ ഉപയോഗം? അതിലുപരി അവൻ സൃഷ്ടിക്കപ്പെട്ടതിൽ മറ്റൊരു ലക്ഷ്യവുമില്ലേ? അതോ കേവലം ജന്തുവായിട്ടാണോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്? മനസ്സുകൊണ്ടും മസ്തിഷ്കംകൊണ്ടും മനുഷ്യൻ ചിന്തിക്കട്ടെ. തനിക്ക് അസ്തിത്വം ലഭിച്ചതെങ്ങനെ, എന്തിന്, തന്റെ ജീവിതത്തിന്റെ പൊരുളെന്ത്?
മനക്കണ്ണ് തുറക്കാൻ തയാറല്ലാത്തവർ, ദൃഷ്ടാന്തങ്ങളിലൂടെ യാഥാർഥ്യത്തിലെത്തിച്ചേരുകയില്ല. സത്യത്തിന്റെ വെളിച്ചം ജനത്തിന് സമർപ്പിക്കുക മാത്രമാണ് പ്രവാചകന്റെ ഉത്തരവാദിത്വം. കണ്ണടച്ച് അന്ധരായിക്കഴിയാനാണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ അവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. സത്യാസത്യങ്ങൾ മനഃപൂർവം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. സന്മാർഗം കാണിച്ചുകൊടുത്തിട്ടും കണ്ണ് തുറന്ന് വെളിച്ചം കാണാൻ കൂട്ടാക്കാതെ അന്ധതയിലേക്ക് നീങ്ങുന്നവരെ സംബന്ധിച്ച് പ്രവാചകന് ഉത്തരവാദിത്വമൊന്നുമില്ല.

---

105. ഇങ്ങനെ വിവിധരൂപത്തിൽ നാം ദൃഷ്ടാന്തങ്ങൾ വിവരിച്ചു തരുന്നു.നീ(ആരിൽ നിന്നോ) പഠിച്ചുവന്നിരിക്കുന്നു എന്ന് അവർ പറയുന്നതിനും, കാര്യം മനസ്സിലാക്കുന്ന ജനത്തിന് വസ്തുത വ്യക്തമാക്കി കൊടുക്കുവാനും വേണ്ടിയാണിത്.

106. നിന്റെ നാഥനിൽ നിന്ന് നിനക്ക് ദിവ്യസന്ദേശമായി ലഭിച്ചത് മാത്രം നീ പിന്തുടരുക. അവനല്ലാതെ ദൈവമേതുമില്ല. ഈ ബഹുദൈവവിശ്വാസികളെ അവഗണിക്കുക.

107. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരവന് പങ്കാളികളെ സങ്കൽപിക്കുമായിരുന്നില്ല. നിന്നെ നാം അവരുടെ കാവൽക്കാരനായിട്ടൊന്നും നിശ്ചയിച്ചിട്ടില്ല.നീ അവരുടെ ചുമതലകൾ ഏൽപിക്കപ്പെട്ടവനുമല്ല.

---

107: സകല മനുഷ്യരും ഏകദൈവവിശ്വാസികൾ തന്നെയായിരിക്കണം എന്നാണ് അല്ലാഹുവിന്റെ യുക്തിതാൽപര്യമെങ്കിൽ അതവന് നിഷ്പ്രയാസം സാധിക്കുമായിരുന്നു. പക്ഷേ, അതവന്റെ ഉദ്ദേശ്യമല്ല.മനുഷ്യരുടെ മുമ്പാകെ സത്യം വേണ്ടതിൻവണ്ണം തെളിച്ചുകാണിക്കുക. പ്രവാചകന്മാരും വേദങ്ങളും അതിനവരെ സഹായിക്കുന്നു. മനുഷ്യർക്ക് ബുദ്ധിയും വിവേചനശക്തിയും ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകുക. എന്നിട്ട് നന്മയുടെ മാർഗമാണോ അതോ തിന്മയുടെ മാർഗമാണോ അവർ തെരഞ്ഞെടുക്കുന്നത് എന്നതാണ് പരീക്ഷണം.

സത്യാസത്യങ്ങൾ ഗ്രഹിച്ച് സത്യം സ്വീകരിക്കുന്നവർ അത് സ്വീകരിച്ചുകൊള്ളട്ടെ. ആരെങ്കിലും നന്മയുടെ മാർഗം സ്വീകരിക്കുന്നുവെങ്കിൽ അതിന്റെ നേട്ടം അവർക്കുതന്നെയാണ്. വല്ലവരും നന്മയുടെ നേരെ കണ്ണടക്കുന്നുവെങ്കിൽ അതിന്റെ ദോഷവും അവർക്കുതന്നെ.

108. അല്ലാഹുവെക്കൂടാതെ അവർ വിളിച്ചു പ്രാർഥിക്കുന്നവയെ നിങ്ങൾ ശകാരിക്കരുത്. തങ്ങളുടെ അറിവില്ലായ്മയാൽ അല്ലാഹുവെ അന്യായമായി ശകാരിക്കാൻ അത് കാരണമായേക്കും. അപ്രകാരം ഓരോ സമൂഹത്തിനും അവരുടെ ചെയ്തികളെ നാം ആകർഷകമാക്കിവെച്ചിരിക്കുന്നു. പിന്നീട് അവരുടെ നാഥങ്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റിയെല്ലാം അവൻ അവരെ വിവരമറിയിക്കും.

108: ഓരോ സമൂഹങ്ങളും തങ്ങൾക്ക് പാരമ്പര്യമായി ലഭിച്ച ആചാരാനുഷ്ഠാനങ്ങളോടും വിശ്വാസങ്ങളോടും സവിശേഷമായ വൈകാരികബന്ധം പുലർത്തുന്നവരാണ്. അങ്ങനെയുള്ള പ്രകൃതിയാണ് മനുഷ്യന് നൽകപ്പെട്ടിരിക്കുന്നത്. അതിനാൽ അന്യരുടെ വിശ്വാസാചാരങ്ങളെ പഴിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അങ്ങനെ ആക്ഷേപിക്കുന്ന പക്ഷം വിവരമില്ലായ്മയാൽ അവർ അല്ലാഹുവിനെ അധിക്ഷേപിക്കുവാൻ അത് കാരണമായേക്കും.
മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ശൈലിയിൽ സംവദിക്കുന്നത് അവരിൽ വിരോധവും അകൽചയും വർധിപ്പിക്കുകയാണ് ചെയ്യുക. പ്രബോധകർ ഉന്നയിക്കുന്ന ന്യായങ്ങളെക്കുറിച്ചോ പ്രമാണങ്ങളെക്കുറിച്ചോ ചിന്തിക്കാൻ അധിക്ഷേപശകാരങ്ങൾക്കിരയാവുന്നവർ ഒരിക്കലും സന്നദ്ധരാവില്ല. പൂർവപിതാക്കളുടെ പൈതൃകങ്ങളുടെ പേരിൽ കെട്ടിച്ചമച്ച അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വിവേചനബുദ്ധിയോടെ പരിശോധിക്കാൻ അവരെ പ്രേരിപ്പിക്കുകയാണ് വേണ്ടത്. ‘‘ യുക്തികൊണ്ടും സദുപദേശംകൊണ്ടും നീ ജനത്തെ നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക. ഏറ്റം നല്ല നിലയിൽ അവരുമായി സംവാദം നടത്തുക. നിശ്ചയമായു നിന്റെ നാഥൻ തന്റെ നേർവഴി വിട്ട് പിഴച്ചുപോയവരെ സംബന്ധിച്ച് നന്നായറിയുന്നവനാണ്. നേർവഴി പ്രാപിച്ചവരെപ്പറ്റിയും സൂക്ഷ്മമായി അറിയുന്നവനാണവൻ’’ (16:125). ബുദ്ധിപരമായ തെളിവുകളും ന്യായങ്ങളും ഉന്നയിച്ച് സത്യപ്രബോധനം നടത്തുവാനാണ് ഈ സൂക്തം ഉപദേശിക്കുന്നത്.

109. തങ്ങൾക്ക് വല്ല ദൃഷ്ടാന്തവും വന്നെത്തിയാൽ തീർച്ചയായും അതിൽ വിശ്വസിക്കുകതന്നെ ചെയ്യുമെന്ന് അവർ അല്ലാഹുവിന്റെ പേരിൽ സത്യംചെയ്തു തറപ്പിച്ചുപറയുന്നു. പറയുക: ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാകുന്നു. അവ വന്നുകിട്ടിയാലും അവർ വിശ്വാസികളാവുകയില്ലെന്ന് നിങ്ങളെ എങ്ങനെ ഗ്രഹിപ്പിക്കാനാണ്?

110. ആദ്യതവണ എപ്രകാരം ഇതിൽ(ഖുർആനിൽ) അവർ വിശ്വസിക്കാതിരുന്നുവോ, അതുപോലെതന്നെ (ഇപ്പോഴും)അവരുടെ കണ്ണുകളെയും അവരുടെ ഹൃദയങ്ങളെയും നാം മറിച്ചുകൊണ്ടിരിക്കും. തങ്ങളുടെ അതിക്രമങ്ങളിൽ തന്നെ വിഹരിക്കാൻ നാം അവരെ വിടുകയും ചെയ്യും.

111. നാം അവരിലേക്ക് മലക്കുകളെ ഇറക്കുകയും മരിച്ചവർ അവരോട് സംസാരിക്കുകയും സകല വസ്തുക്കളും അവരുടെ മുന്നിൽ ഒരുമിച്ചു കൂട്ടുകയും ചെയ്താലും അല്ലാഹു ഇഛിച്ചാലല്ലാതെ അവർ വിശ്വസിക്കുന്നതല്ല. പക്ഷേ, അവരിലേറെപ്പേരും വിവരക്കേട് പറയുകയാകുന്നു.

109-111: അമാനുഷിക ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ മാത്രം അധികാരത്തിലും നിയന്ത്രണത്തിലുമുള്ളതാണ്. ബുദ്ധിയുള്ളവർക്ക് അവർക്ക് ചുറ്റും കാണപ്പെടുന്നതെല്ലാം സത്യത്തിലേക്ക് നയിക്കുന്ന ദൈവികദൃഷ്ടാന്തങ്ങളാണ്. അവ മനസ്സിലാക്കാനുള്ള ബുദ്ധിയും വിവേചനശക്തിയും മനുഷ്യന് ദൈവം നൽകിയിട്ടുമുണ്ട്. അവർക്ക് മുന്നിലുള്ള പ്രാപഞ്ചിക പ്രതിഭാസങ്ങൾ ഉളവാക്കിയ അത്രതന്നെ അനായാസമായി അവർ ആവശ്യപ്പെടുന്ന ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താനും അവന് കഴിയും. എന്നാൽ ആദ്യതവണ ഖുർആനിൽ വിശ്വസിക്കാൻ കൂട്ടാക്കാതിരുന്നതിന് കാരണമായ മനഃസ്ഥിതിയാണ് അവ

രില്‍ ഇപ്പോഴും കുടികൊള്ളുന്നത്‌. അതിനാല്‍ അവര്‍ ആവശ്യപ്പെടുന്ന ദിവ്യാത്ഭുതങ്ങള്‍ കാണിച്ചു കൊടുത്താലും അവര്‍ സത്യമാര്‍ഗം സ്വീകരിക്കുന്നതല്ല.
സത്യം സ്വീകരിക്കാനും സന്മാര്‍ഗത്തില്‍ ചരിക്കാനും ആഗ്രഹിക്കുന്നവര്‍ക്ക്‌ അല്ലാഹു സത്യം കണ്ടെത്താനുള്ള വെളിച്ചവും ഉതവിയും നല്‍കുന്നു. അവരെ സഹായിക്കാന്‍ പ്രവാചക മാതൃകകളും വേദപ്രമാണങ്ങളും അല്ലാഹു ഏര്‍പ്പെടുത്തിയിട്ടുണ്ട്‌. ഭൗതിക താല്‍പര്യങ്ങളുടെയും ക്ഷുദ്രമോഹങ്ങളുടെയും വഴി സ്വീകരിക്കുന്നവര്‍ സ്വാഭാവികമായും ദുര്‍മാര്‍ഗത്തിലകപ്പെടുകയും അസത്യത്തിലേക്ക്‌ നയിക്കപ്പെടുകയും ചെയ്യുന്നു.

---

112. ഇപ്രകാരം ഓരോ പ്രവാചകന്നും മനുഷ്യരിലും ജിന്നുകളിലുംപെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിവെച്ചിട്ടുണ്ട്‌.വഞ്ചനാത്മകമായ ഭംഗിവാക്കുകള്‍ അവര്‍ പരസ്‌പരം ബോധനം ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു ഇഛിച്ചിരുന്നുവെങ്കില്‍ അവര്‍ അങ്ങനെ ചെയ്യുമായിരുന്നില്ല. അതുകൊണ്ട്‌ അവരെയും അവര്‍ കെട്ടിച്ചമക്കുന്നതിനെയും അവഗണിക്കുക.

113. പരലോകവിശ്വാസമില്ലാത്തവരുടെ മനസ്സുകള്‍ അതിലേക്ക്‌ (ആ ഭംഗിവാക്കുകളിലേക്ക്‌) ആകൃഷ്‌ടമാകുന്നതിനും അവര്‍ അതില്‍ തൃപ്തരാകുന്നതിനും അങ്ങനെ അവര്‍ സമ്പാദിക്കുന്നത്‌ എന്താണോ അത്‌ അവര്‍ സമ്പാദിക്കുന്നതിനും വേണ്ടിയത്രെ അത്‌.

---

112-113:ലോകത്ത്‌ ഏതു സത്യപ്രവാചകന്‍ വന്നപ്പോഴും അവരുടെ സന്ദേശങ്ങള്‍ക്കെതിരെ ഒരു വിഭാഗം എക്കാലത്തും രംഗത്തുവന്നിട്ടുണ്ട്‌. മനുഷ്യരെ സത്യസന്ദേശത്തില്‍നിന്നകറ്റാന്‍ സകലവിധ തന്ത്രങ്ങളും അവര്‍ പയറ്റുക പതിവായിരുന്നു.തങ്ങളുടെ പൂര്‍വപിതാക്കള്‍ പുലര്‍ത്തിപ്പോന്ന വിശ്വാസങ്ങളും ആചാരങ്ങളും പിന്തുടരുകയാണ്‌ സമുദായത്തിന്റെ യശസ്സിനും പ്രതാപത്തിനും ഗുണകരമെന്ന്‌ അവര്‍ പാമര ജനങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്തിരുന്നു. എന്നാല്‍ ആധുനിക ലോകത്ത്‌ ദൈവികസന്ദേശത്തിന്റെ ശത്രുക്കള്‍ നിര്‍മതത്വം നിരീശ്വരത്വം കമ്മ്യൂണിസം തുടങ്ങിയ പ്രത്യയ ശാസ്ത്രങ്ങളാണ്‌ ആവിഷ്‌കരിച്ച്‌ പ്രചരിപ്പിക്കുന്നത്‌. ഭൗതിക ജീവിതം സ്വര്‍ഗമാക്കാന്‍ മനുഷ്യര്‍ കണ്ടെത്തിയ ഈ പ്രത്യയ ശാസ്ത്രങ്ങളെല്ലാം പ്രായോഗികതലത്തില്‍ മനുഷ്യ ജീവിതം കൂടുതല്‍ നരകതുല്യമാക്കിക്കൊണ്ടിരിക്കുകയാണെന്നതിന്‌ ആധുനിക ചരിത്രം സാക്ഷിയാണ്‌. എന്നിട്ടും അവരുടെ മോഹനവാഗ്ദാനങ്ങളില്‍ ജനങ്ങള്‍ വഞ്ചിതരാവുന്നു. പരലോകവിശ്വാസമില്ലാത്തവരും ജീവിതമെന്നാല്‍ ഭൗതികജീവിതം മാത്രമാണെന്ന്‌ വിശ്വസിക്കുന്നവരുമാണ്‌ ഇത്തരം പ്രത്യയശാസ്ത്രങ്ങളില്‍ ആകൃഷ്‌ടരാവുന്നത്‌.

---

114. അപ്പോള്‍, വിധികര്‍ത്താവായി അല്ലാഹുവല്ലാത്തവരെ ഞാന്‍ തേടുകയോ! അവനാകട്ടെ നിങ്ങള്‍ക്ക്‌ തികച്ചും വിശദമായ വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു. നാം നേരത്തെ വേദം നല്‍കിയവര്‍ക്കറിയാം, ഇത്‌ നിന്റെ നാഥനില്‍ നിന്ന്‌ സത്യവുമായി അവതീര്‍ണമായതാണെന്ന്‌. അതിനാല്‍ നീ ഒരിക്കലും സന്ദേഹിക്കുന്നവരില്‍ പെട്ടുപോകരുത്‌.

115. നിന്റെ നാഥന്റെ വചനം സത്യത്താലും നീതിയാലും സമ്പൂര്‍ണമായിരിക്കുന്നു. അവന്റെ വചനങ്ങളില്‍ ഭേദഗതി വരുത്തുന്ന ആരുമില്ല. അവന്‍ എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമല്ലോ.

---

115: അല്ലാഹു സത്യവും നീതിയുക്തവുമായ അന്തിമവേദം അവതരിപ്പിച്ചിരിക്കുന്നു. ഇതിലെ വചനങ്ങളെ മാറ്റി മറിക്കാന്‍ അധികാരമുള്ള ആരുമില്ല. എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമായ അല്ലാഹുവാണ്‌ ഇത്‌ അവതരിപ്പിച്ചിട്ടുള്ളത്‌. ലോകാവസാനംവരെ ഖുര്‍ആന്‍ മുന്നോട്ട്‌ വെക്കുന്ന ആദര്‍ശങ്ങളും മൂല്യങ്ങളും നിലനില്‍ക്കുകതന്നെ ചെയ്യും.

---

116. ഭൂവാസികളില്‍ അധികപേരെയും നീ അനുസരിക്കുകയാണെങ്കില്‍ അവര്‍ നിന്നെ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ നിന്ന്‌ വ്യതിചലിപ്പിക്കുന്നതാകുന്നു. കേവലം ഊഹങ്ങളെ മാത്രമാണ്‌ അവര്‍ പിന്‍പറ്റുന്നത്‌. അവര്‍ അനുമാനിക്കുക മാത്രമാണ്‌ ചെയ്യുന്നത്‌.

117. തൻെറ സരണിയിൽ നിന്ന് തെറ്റിപ്പോകുന്നവർ ആരൊക്കെയെന്ന് നിൻെറ നാഥന് നന്നാ യറിയാം. നേർവഴി പ്രാപിച്ചവരെപ്പറ്റി ഏറ്റം അറിയുന്നവനും അവൻ തന്നെ.

118. അതിനാൽ, നിങ്ങൾ അല്ലാഹുവിൻെറ നാമത്തിൽ അറുത്തവയിൽ നിന്നും ഭക്ഷിച്ചു കൊള്ളുക. നിങ്ങൾ അവൻെറ വചനങ്ങളിൽ വിശ്വസിക്കുന്നവരാണെങ്കിൽ.

118: പല ജനസമുദായങ്ങളും ആചരിച്ചുവരുന്ന അനുഷ്ഠാനങ്ങളും ഭക്ഷണ സമ്പ്രദായങ്ങളും കേവലം അനുമാനത്തിൻെറയോ ഊഹാപോഹത്തിൻെറയോ അടിസ്ഥാനത്തിൽ നിലവിൽ വന്നതാണ്. കാലാന്തര ത്തിൽ മതപരമായ അതിരുവരമ്പുകളെന്ന നിലപാട് പ്രസ്തുത സമ്പ്രദായങ്ങൾക്ക് കൈവന്നു. ന്യായമോ തെളിവോ ഒന്നുമില്ലാതെ ബഹുദൈവവിശ്വാസികൾ തന്നിഷ്ടങ്ങൾക്കനുസരിച്ച് ചില മൃഗങ്ങളുടെ മാംസം നിഷിദ്ധവും ചിലത് അനുവദനീയവുമാക്കിയിരുന്നു. അവിശ്വാസികളുടെ അന്ധവിശ്വാസപര മായ ദുരാചാരങ്ങൾ പാടെ വെടിയണമെന്ന് വിശ്വാസികളോട് കൽപിക്കുകയാണ് ഈ സൂക്തം. അല്ലാഹു അനുവദിച്ചതാണ് അനുവദനീയം. അല്ലാഹു നിഷിദ്ധമാക്കിയത് നിഷിദ്ധവും.

119. അല്ലാഹുവിൻെറ നാമത്തിൽ അറുത്തതിൽ നിന്ന് നിങ്ങൾ എന്തിന് തിന്നാതിരിക്കണം? നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ വിശദീകരിച്ചുകഴിഞ്ഞിട്ടുള്ളതാണല്ലോ.നിങ്ങൾ (അവ തിന്നാൻ) നിർബന്ധിതമാകുമ്പോളൊഴികെ. എന്നാൽ അധികപേരും ഒരു വിവരവു മില്ലാതെ സ്വന്തം ഇഛകളെ മാത്രം ആസ്പദമാക്കി (ആളുകളെ) വഴിപിഴപ്പിച്ചുകൊണ്ടിരി ക്കുകയാണ്. നിശ്ചയമായും നിൻെറ നാഥൻ അതിക്രമികളെപ്പറ്റി നന്നായി അറിയുന്നവൻ തന്നെയാണ്.

120. പാപത്തിൽ നിന്ന് പരസ്യമായതും രഹസ്യമായതും നിങ്ങൾ വർജിക്കുക. കുറ്റം സമ്പാദി ച്ചുവെക്കുന്നവരോ, തങ്ങൾ നേടിയതിൻെറ പ്രതിഫലം കണ്ടെത്തുകതന്നെ ചെയ്യും.

121. അല്ലാഹുവിൻെറ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്. തീർച്ചയായും അത് കുറ്റകരമാകുന്നു. നിങ്ങളോട് തർക്കിക്കാനായി പിശാചുക്കൾ തങ്ങളുടെ കൂട്ടാളികൾ ക്ക് തീർച്ചയായും ചില ദുർബോധനങ്ങൾ നൽകിക്കൊണ്ടിരിക്കും. നിങ്ങൾ അവരെ അനു സരിക്കുകയാണെങ്കിൽ നിശ്ചയം നിങ്ങളും (അല്ലാഹുവിൽ) പങ്കുചേർത്തവരായിത്തീരും.

122. നിർജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും എന്നിട്ട് നാം ഒരു പ്രകാശം നൽകുകയും അതുമായി ജനങ്ങൾക്കിടയിൽ നടക്കുകയും ചെയ്യുന്ന ഒരുവൻ, അന്ധകാരങ്ങ ളിൽ അകപ്പെട്ട് അതിൽനിന്ന് മോചിതനാവാൻ കഴിയാത്തവനെപ്പോലെയാണോ?അപ്രകാരം, സത്യനിഷേധികൾക്ക് അവരുടെ കർമ്മങ്ങൾ അലങ്കാരമാക്കപ്പെട്ടിരിക്കുന്നു.

123. ഇതേപ്രകാരം തന്നെ എല്ലാ നാട്ടിലും അതിലെ ധിക്കാരികളുടെ തലവന്മാരെ അവരിൽ (സത്യത്തിനെതിരെ) കുതന്ത്രങ്ങൾ കുത്തിപ്പൊക്കാൻ നാം ഏർപ്പെടുത്തിയിട്ടുണ്ട്. യഥാർഥ ത്തിൽ അവർ കുതന്ത്രം പ്രയോഗിക്കുന്നത് തങ്ങൾക്കെതിരെ തന്നെയാണ്. പക്ഷേ, അവർ ക്ക് ആ ബോധമില്ല.

124. അവർക്ക് വല്ല ദൃഷ്ടാന്തവും വന്നെത്തിയാൽ അവർ പറയും: അല്ലാഹുവിൻെറ ദൂതന്മാർ ക്ക് ലഭിച്ചതുപോലുള്ളത് ഞങ്ങൾക്കും ലഭിക്കുന്നതുവരെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. എന്നാൽ തൻെറ ദൗത്യം ആരെ എങ്ങനെ ഏൽപിക്കണമെന്ന് നല്ലവണ്ണം അറിയുന്നവ നത്രെ അല്ലാഹു.അധർമം പ്രവർത്തിക്കുന്നവർക്ക് അവരുടെ കുതന്ത്രങ്ങളുടെ പ്രതിഫലമായി അല്ലാഹുവിൻെറ സന്നിധിയിൽ നിന്ദ്യതയും കഠിനമായ ശിക്ഷയും വന്നുഭവിക്കുന്നതാണ്.

124:മക്കയിലെ ബഹുദൈവാരാധകർ ഇപ്രകാരം പറയാറുണ്ടായിരുന്നു. പൂർവിക ദൈവദൂതന്മാർ തങ്ങൾ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി കാണിച്ചുകൊടു ത്ത ദിവ്യാത്ഭുതങ്ങൾ ഈ പ്രവാചകൻെറ നിയോഗത്തിനും തെളിവായി ഞങ്ങൾ കാണുന്നതുവരെ

ഞങ്ങൾ വിശ്വസിക്കുകയില്ല. ദൈവത്തിങ്കൽ നിന്ന് നേരിട്ട് വെളിപാട് ലഭിക്കുന്നതുവരെ വിശ്വസിക്കുകയില്ലെന്നും ചില ഖുറൈശി പ്രമാണികൾ പറഞ്ഞിരുന്നു.

125. അല്ലാഹു ആരെയെങ്കിലും നേർവഴിയിലാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, അയാളുടെ ഹൃദയത്തെ അവൻ ഇസ്ലാമിനായി തുറന്നുകൊടുക്കുന്നു. ഏതൊരാളെ അല്ലാഹു ദുർമാർഗത്തിലാക്കാനുദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കുന്നു. (ഇസ്ലാം സ്വീകരിക്കുന്നത്) മാനത്തേക്ക് കയറുന്നപോലെ (ദുസ്സാധ്യമായി) അവന് തോന്നുന്നു. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപ്പെടുത്തുന്നു.

125: സത്യനിഷേധം ബഹുദൈവവിശ്വാസം തുടങ്ങിയ പാപവൃത്തികളിൽ നിന്ന് സ്വയം മുക്തമായ മനസ്സുകൾക്ക് ഇസ്ലാമിലേക്കാകൃഷ്ടരാകാൻ അല്ലാഹു ഉതവി നൽകുന്നു.സത്യവിശ്വാസത്തെ അവർക്ക് പ്രിയപ്പെട്ടതാക്കുന്നു. അവരുടെ മനസ്സുകൾക്ക് അത് സുന്ദരമായി തോന്നിക്കുന്ന. കുതർക്കങ്ങൾ ഉന്നയിച്ച് ഇസ്ലാമിൽ നിന്ന് അകന്നുമാറാൻ ശ്രമിക്കുന്നവർക്കും പൂർവികരുടെ പിഴച്ച പാരമ്പര്യങ്ങളോട് അന്ധമായ വിധേയത്വം പുലർത്തുന്നവർക്കും സത്യവിശ്വാസം അംഗീകരിക്കുക എന്നത് ശൂന്യാകാശത്തേക്ക് കയറിപ്പോകുന്നതുപോലെ ദുസ്സാധ്യമായി തോന്നിക്കുന്നു. ഇസ്ലാമിനെ സംബന്ധിച്ച് കേൾക്കുന്നത് അത്രമാത്രം അയാൾക്ക് പ്രയാസകരമായിരിക്കും.

126. എന്നാൽ ഈ മാർഗം നിന്റെ രക്ഷിതാവിന്റെ നേരായ മാർഗമാകുന്നു. ചിന്തിക്കുന്ന ജനതക്ക് തീർച്ചയായും നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചിരിക്കുന്നു.

127. അവരുടെ നാഥങ്കൽ അവർക്ക് സമാധാനത്തിന്റെ ഭവനമുണ്ട്. അവൻ അവരുടെ രക്ഷാധികാരിയുമാകുന്നു. അവർ പ്രവർത്തിച്ചിരുന്നതിന്റെ പ്രതിഫലമത്രെ അത്.

128. അവരെയെല്ലാം അവൻ ഒരുമിച്ചുകൂട്ടുന്ന ദിനം. അവൻ പറയും: ഓ ജിന്ന് സമൂഹമേ; മനുഷ്യരിൽ വളരെ പേരെ നിങ്ങൾ വഴിപിഴപ്പിച്ചിട്ടുണ്ട്.അപ്പോൾ മനുഷ്യരിൽ അവരുടെ മിത്രങ്ങളായിരുന്നവർ പറയും: ഞങ്ങളുടെ നാഥാ, ഞങ്ങളിൽ ചിലർ ചിലരെ സുഖമനുഭവിക്കുകയുണ്ടായി.നീ ഞങ്ങൾക്ക് നിശ്ചയിച്ചിട്ടുണ്ടായിരുന്ന അവധിയിൽ ഞങ്ങൾ എത്തുകയും ചെയ്തിരിക്കുന്നു. അവൻ പറയും: നിങ്ങളുടെ പാർപ്പിടം നരകാഗ്നിയാണ്. നിങ്ങൾ അതിൽ എന്നെന്നും വസിക്കുന്നവരാകുന്നു; അല്ലാഹു ഉദ്ദേശിക്കുന്നതൊഴികെ. നിശ്ചയമായും നിന്റെ രക്ഷിതാവ് യുക്തിമാനും സർവജ്ഞനും തന്നെ.

129. അപ്രകാരം ചില അക്രമികളെ നാം മറ്റു ചിലർക്ക് കൂട്ടാളികളാക്കുന്നു. അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന്റെ ഫലമത്രെ അത്.

129:''സത്യവിശ്വാസികളും സത്യവിശ്വാസിനികളും പരസ്പരം മിത്രങ്ങളാകുന്നു..''(9:71). ''സത്യനിഷേധികളും പരസ്പരം മിത്രങ്ങളാകുന്നു..'' (8:73). നല്ല മനുഷ്യർ നല്ല മനുഷ്യരുമായി സംഘടിക്കുകയും മൈത്രീബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. അതുപോലെ ചീത്ത മനുഷ്യർ ചീത്ത മനുഷ്യരുമായി സംഘടിക്കുകയും സഹകരിക്കുകയും ചെയ്യുന്നു. ഇത് ഒരു പ്രകൃതി നിയമമാണ്. ആളുകൾ സംഘടിക്കുന്നതിന്റെയും സഹകരിക്കുന്നതിന്റെയും അടിസ്ഥാനം അവരുടെ കർമ്മങ്ങളാണ്. 'മനുഷ്യർ ദുഷിച്ചാൽ അവരിൽ ഏറ്റം ദുഷ്ടൻ അവരുടെ നേതാവാക്കപ്പെടും' എന്ന് പണ്ഡിതന്മാർ ഈ സൂക്തത്തെ വിശദീകരിച്ചിരിക്കുന്നു.

130. അല്ലയോ ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, എന്റെ പ്രമാണങ്ങൾ വിവരിച്ചുതരികയും ഈ ദിനത്തെ അഭിമുഖീകരിക്കേണ്ടി വരുമെന്ന് താക്കീതു നൽകുകയും ചെയ്യുന്ന, നിങ്ങളിൽ നിന്നുതന്നെയുള്ള ദൈവദൂതന്മാർ നിങ്ങളുടെ അടുത്ത് വന്നിരുന്നില്ലേ? അവർ പറയും:അതെ, ഞങ്ങൾ ഞങ്ങൾക്കെതിരായിത്തന്നെ സാക്ഷ്യം വഹിക്കുന്നു. ഭൗതിക

ജീവിതം അവരെ വഞ്ചിച്ചുകളഞ്ഞു. തങ്ങൾ സത്യനിഷേധികളായിരുന്നുവെന്ന് അന്നേരം അവർ തങ്ങൾക്കെതിരായി തന്നെ സാക്ഷ്യം വഹിക്കും.

130: സത്യപ്രബോധകർ തങ്ങളിൽ വരാതിരുന്നതോ അവരുടെ ഉപദേശങ്ങളും മുന്നറിയിപ്പുകളും കേൾക്കാതെ പോയതോ അല്ല സത്യസന്ദേശത്തെ തള്ളിപ്പറയാൻ കാരണം. അല്ലാഹു പ്രവാചകന്മാരെ അയച്ചുകൊണ്ട് യാഥാർഥ്യം എന്ത്, സന്മാർഗം ഏത് എന്ന് അവരെ ധരിപ്പിച്ചിരുന്നു. സന്മാർഗത്തിനെതിരെ ചരിക്കുന്നതിന്റെ അനന്തരഫലത്തെപ്പറ്റി അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. പ്രവാചകദൗത്യം യഥാർഥത്തിൽ മനുഷ്യരോടുള്ള അല്ലാഹുവിന്റെ ന്യായം പൂർത്തീകരിക്കലാകുന്നു. പ്രവാചകാഗമനത്തിനു ശേഷമുണ്ടായ ആർക്കും തന്നെ തങ്ങൾക്ക് യാഥാർഥ്യത്തെക്കുറിച്ച മുന്നറിയിപ്പ് ലഭിച്ചിട്ടില്ലെന്ന ഒരു ഒഴികഴിവും പറയാൻ സാധ്യമല്ല.
ഭൗതിക ജീവിതത്തിന്റെ മോഹവലയത്തിൽ അവർ വല്ലാതെ അകപ്പെട്ടുപോയതായിരുന്നു സത്യം അറിഞ്ഞിട്ടും അതിനെ നിഷേധിക്കാൻ അവരെ പ്രേരിപ്പിച്ചത്. ജീവിതത്തിൽ മോഹിക്കുന്നതെന്തും നേടുക സുഖിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അതിന് വിഘാതമാകുന്ന ഏത് ധർമശാസനകളെയും നിഷേധിക്കാൻ അവർ ധൃഷ്ടരായി. ദൈവത്തെയും പരലോകത്തിലെ രക്ഷാശിക്ഷകളെയും അവഗണിക്കാൻ അന്ധമായ ഭൗതികഭ്രമം അവരെ പ്രേരിപ്പിക്കുകയായിരുന്നു. അറിഞ്ഞുകൊണ്ടായിരുന്നു തങ്ങൾ സത്യം നിഷേധിച്ചിരുന്നതെന്ന് അവർ തങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുന്നതാണ്.

131. ഒരു പ്രദേശത്തുകാർ (സന്മാർഗത്തെപ്പറ്റി) അജ്ഞരായിരിക്കെ അവർ ചെയ്ത അക്രമത്തിന്റെ പേരിൽ നിന്റെ നാഥൻ നാടുകൾ നശിപ്പിക്കുന്നവനല്ല എന്നതിനാലത്രെ അത്.

131: അല്ലാഹു തന്റെ ദാസന്മാരെ ഏതൊരു പരീക്ഷണാർഥമാണോ ഈ ഭൂമിയിലേക്ക് അയച്ചിട്ടുള്ളത് അതിനെപ്പറ്റി അവരെ അവൻ ബോധശൂന്യരാക്കി വിട്ടിട്ടില്ല. പ്രവാചകനില്ലാതെ സ്വന്തം ബുദ്ധികൊണ്ട് മാത്രം ചിന്തിച്ച് മനുഷ്യൻ സന്മാർഗം പ്രാപിക്കട്ടെ എന്നും അല്ലാഹു ഉദ്ദേശിച്ചിട്ടില്ല.തന്റെദാസന്മാർക്ക് സന്മാർഗം ബോധ്യപ്പെടാൻ ചെയ്യാവുന്ന യുക്തിസഹമായ ഏർപ്പാടുകളൊക്കെ അല്ലാഹു ചെയ്തുവെച്ചിരിക്കുന്നു. പ്രവാചകന്മാരെ നിയോഗിച്ചതും വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും അതിനുള്ള സംവിധാനമാണ്. പ്രവാചകന്മാരെയും അവർ കൊണ്ടുവന്ന വേദങ്ങളെയും അംഗീകരിച്ച് സത്യമാർഗം കൈക്കൊള്ളുന്നുവോ അതല്ല അതിൽനിന്ന് പിന്തിരിഞ്ഞ് ദേഹേഛകളുടെ പിമ്പേ പോകുന്നുവോ എന്ന കാര്യത്തിലാകുന്നു ഇനി മനുഷ്യന്റെ പരീക്ഷണം. യാഥാർഥ്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകാൻ യാതൊരു ഏർപാടും ചെയ്യാതെ ഞങ്ങളെ ഇത്ര ഭയങ്കരമായ പരീക്ഷണം നടത്തി ശിക്ഷിക്കുകയാണോ എന്ന എതിർന്യായം പറയുവാനുള്ള ഒരവസരവും തന്റെ ദാസന്മാർക്ക് അല്ലാഹു വെച്ചുകൊടുത്തിട്ടില്ല.

132. ഓരോരുത്തർക്കും തങ്ങൾ പ്രവർത്തിച്ചതനുസരിച്ച പദവികൾ ഉണ്ട്. അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് നിന്റെ നാഥൻ അശ്രദ്ധനുമല്ല.

133. നിന്റെ നാഥൻ സ്വയംപര്യാപ്തനും ഏറെ ദയാപരനുമാകുന്നു. അവൻ ഇഛിക്കുകയാണെങ്കിൽ നിങ്ങളെ നീക്കം ചെയ്യുകയും നിങ്ങൾക്കുശേഷം അവനുദ്ദേശിക്കുന്ന മറ്റൊരു ജനതയെ പകരം കൊണ്ടുവരികയും ചെയ്യുന്നതാണ്. മറ്റൊരു ജനതയുടെ വംശപരമ്പരയിൽ നിന്ന് നിങ്ങളെ അവൻ ഉയർത്തിക്കൊണ്ടുവന്നപോലെ.

133:അല്ലാഹു സ്വയം പര്യാപ്തനാണ്.അവൻ ആരെയും ആശ്രയിക്കാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്. ലോകം മുഴുവൻ ആശ്രയിക്കുന്നവനും എന്നാൽ ആരെയും ആശ്രയിക്കാത്തവനുമായ അസ്തിത്വം ഒന്നുമാത്രമേ ഉണ്ടായിരിക്കൂ.രണ്ടോ അതിലധികമോ അസ്തിത്വങ്ങൾക്ക് ആരോടും ആശ്രയമില്ലാത്ത തികഞ്ഞ സ്വയം പര്യാപ്തനായിരിക്കുക സാധ്യമല്ല.
ലോകത്തിലെ സകല വസ്തുക്കളും അവയുടെ ഉണ്മയ്ക്കും നിലനിൽപിനും ആവശ്യപൂർത്തീകരണത്തിനും അവന്റെ നേരെ തിരിയുന്നു.മനുഷ്യൻ ആശ്രയിക്കുന്ന ശക്തിയെയാണല്ലോ അവൻ ആരാധിക്കുക. അതിനാൽ അവനല്ലാതെ മറ്റൊരാരാധ്യനും ഇല്ലാതിരിക്കൽ അനിവാര്യമായിത്തീരുന്നു.

പരമ ദയാലുവത്രെ അല്ലാഹു. മനുഷ്യർക്ക് അവൻ മാർഗദർശനം നൽകി. പ്രപഞ്ചത്തിലെങ്ങും അവൻ സൃഷ്ടിച്ചുവച്ചിട്ടുള്ളതെന്തും വെറുതെ സൃഷ്ടിച്ചുവിട്ടിരിക്കുകയല്ല.തന്റെ സൃഷ്ടികൾക്ക് സ്വധർമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള വഴികൾ അവൻ പഠിപ്പിച്ചു.സൃഷ്ടികൾക്ക് അവയുടെതായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് യോഗ്യതയും സന്തുലിതവുമായ ഘടന നൽകി. അവനിൽ അവിശ്വസിക്കുന്നവർക്കും അവൻ ആഹാരം നൽകുന്നു. തന്റെ അടിമകൾ മേൽക്കുമേൽ കുറ്റം ചെയ്തിട്ടും അവൻ മാപ്പരുളുന്നു. സത്യം മനസ്സിലാക്കാനും സ്വയം സംസ്കരണം നേടാനും പിന്നെയും പിന്നെയും അവസരങ്ങൾ നൽകുന്നു. തന്റെ സൃഷ്ടിജാലങ്ങളുടെ മേൽ ഏറെ ദയാപരനത്രെ അവൻ.

134. നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതെന്തോ അത് നിശ്ചയമായും സംഭവിക്കുക തന്നെ ചെയ്യും. (ആ കാര്യത്തിൽ അല്ലാഹുവിനെ) തോൽപ്പിക്കാൻ നിങ്ങൾക്കാവില്ല.

135. പറയുക:എന്റെ ജനമേ, നിങ്ങൾ നിങ്ങളുടെ നിലപാടനുസരിച്ച് പ്രവർത്തിച്ചുകൊള്ളുക. തീർച്ചയായും ഞാൻ (എന്റെ നിലപാടനുസരിച്ചും) പ്രവർത്തിക്കുന്നവനാണ്. (ഐഹിക) ലോകത്തിന്റെ (ശുഭ)പര്യവസാനം ആർക്കായിരിക്കുമെന്ന് വഴിയെ നിങ്ങൾക്കറിയാം. തീർച്ചയായും അക്രമികൾ വിജയം പ്രാപിക്കുകയില്ല.

135: സത്യനിഷേധത്തിൽ നിന്ന് നിങ്ങൾ പിന്മാറാൻ തയാറില്ലെങ്കിൽ നിങ്ങൾ നടക്കുന്ന വഴിക്കുതന്നെ നിങ്ങൾ നടക്കുവിൻ. എന്റെ പാതയിൽ നിന്ന് വ്യതിചലിക്കാൻ ഞാൻ തയാറല്ല. ഈ പ്രപഞ്ചം അഭിജ്ഞനും നീതിമാനുമായ സ്രഷ്ടാവിന്റെ ആസൂത്രിതവും സോദ്ദേശ്യവുമായ നിർമിതിയാണ്. സൽക്കർമങ്ങൾ അനുഷ്ഠിച്ചവർക്കും ദുഷ്കർമങ്ങൾ അനുഷ്ഠിച്ചവർക്കും ഒരേ പ്രതിഫലം നൽകുക എന്നത് ദൈവികനീതിക്കും കാരുണ്യത്തിനും വിരുദ്ധമാണ്. ''..തീർച്ചയായും അന്തിമ വിജയം ദൈവഭക്തന്മാർക്കാകുന്നു'' (11:49)

136. അല്ലാഹുതന്നെ സൃഷ്ടിച്ചുണ്ടാക്കിയ വിളകളിൽ നിന്നും കാലികളിൽ നിന്നും ഒരു വിഹിതം അവർ അവനു നിശ്ചയിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് അവർ കെട്ടിച്ചമച്ചു പറയുന്നു:''ഇത് അല്ലാഹുവിനുള്ളതാണ്.ഇത് തങ്ങൾ പങ്കാളികളാക്കിവെച്ച ദൈവങ്ങൾക്കും''. എന്നാൽ അവരുടെ പങ്കാളികൾക്കുള്ളതൊന്നും അല്ലാഹുവിലേക്കെത്തിച്ചേരുകയില്ല. അല്ലാഹുവിനുള്ളതോ അവരുടെ പങ്കാളികൾക്കെത്തിച്ചേരുകയും ചെയ്യും. അവരുടെ തീരുമാനം എത്ര ചീത്ത.

136: ഈ ഭൂമിയും അതിലെ വിഭവങ്ങളും അല്ലാഹുവിന്റെ മാത്രം സൃഷ്ടിയാണെന്നും അവനാണ് അതിന്റെ ഉടമസ്ഥനെന്നും അവൻ ഏകനാണെന്നും മക്കയിലെ വിഗ്രഹാരാധകരായിരുന്ന അറബികൾക്ക് അറിയാമായിരുന്നു. ഭൂമിയിൽ വിളകൾ മുളപ്പിക്കുന്നത് അല്ലാഹുവാണെന്നും അവർ ഉപയോഗപ്പെടുത്തുന്ന കന്നുകാലികൾ അവന്റെ മാത്രം സൃഷ്ടികളാണെന്നും അവർ വിശ്വസിച്ചിരുന്നു. എന്നാൽ അത്യുന്നതനായ ഒരു ദൈവമുണ്ടെങ്കിലും തങ്ങളുടെ ക്ഷേമൈശ്വര്യങ്ങളും വിജയപരാജയങ്ങളുമെല്ലാം ബന്ധപ്പെട്ടിരിക്കുന്നത് തങ്ങൾ ആരാധിക്കുന്ന കുലദൈവങ്ങൾ,ദേവീദേവന്മാർ,മലക്കുകൾ, ജിന്നുകൾ, മരിച്ചുപോയ പുണ്യാത്മാക്കൾ മുതലായ ഉപദൈവങ്ങളുമായിട്ടാണെന്നായിരുന്നു അവരുടെ ധാരണ. അല്ലാഹു തങ്ങൾക്ക് നൽകുന്ന അനുഗ്രഹങ്ങൾ തങ്ങളുടെ ആരാധ്യന്മാരുടെ അനുഗ്രഹംകൊണ്ടും കൃപകൊണ്ടുമാണെന്നും അവയുടെ പ്രീതിയും ദാക്ഷിണ്യവും ഇല്ലാത്ത പക്ഷം തങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുമെന്നും അവർ ധരിച്ചിരുന്നു. അതിനാൽ കാർഷികവിളകളിൽ നിന്നും കാലിസമ്പത്തിൽ നിന്നും ഒരുവിഹിതം അല്ലാഹുവിനും മറ്റൊരു വിഹിതം തങ്ങളുടെ രക്ഷകരും ദൈവവുമായി തങ്ങളെ ബന്ധപ്പെടുത്തുന്ന ഉപദൈവങ്ങൾക്ക് നേർച്ചാ വഴിപാടുകളായും അവർ നീക്കിവെച്ചിരുന്നു. തങ്ങളുടെ കൈവശമുള്ള വിഭവങ്ങളൊക്കെയും അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന് സ്വയം സമ്മതിക്കുകയും എന്നിട്ട് അതെല്ലാം വേറെ ചില ഉപദൈവങ്ങളുടെ ഔദാര്യമാണെന്ന് ജൽപിച്ച് അവരോട് നന്ദി കാണിക്കുകയും ചെയ്യുന്ന അവരുടെ നിലപാട് എത്ര നികൃഷ്ടം.

കാർഷിക വിഭവങ്ങളുടെയും കാലികളുടെയും ഉടമസ്ഥത അല്ലാഹുവിനായിരിക്കെ സ്വന്തം ഔദാര്യംകൊണ്ട് നിങ്ങൾക്കവ നൽകിയിരിക്കെ അവൻെറ അനുഗ്രഹത്തിനുള്ള നന്ദി അവൻെറ പങ്കാളികൾ എന്ന് ജൽപിക്കുന്ന ഇതരന്മാർക്ക് വകവെച്ചുകൊടുക്കുന്നതിൽപരം നന്ദികേട് മറ്റെന്താണെന്ന് അല്ലാഹു ചോദിക്കുന്നു. ഊഹാപോഹങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും അടിസ്ഥാനത്തിൽ സ്വയം കെട്ടിച്ചമച്ചുണ്ടാക്കിയ വ്യാജദൈവങ്ങൾക്ക് നേർച്ചകളും വഴിപാടുകളും അർപ്പിക്കുന്നത് സ്രഷ്ടാവായ ഏക ദൈവത്തോടുള്ള തികഞ്ഞ ധിക്കാരമാകുന്നു.ക്ഷേത്രപൂജാരികളുടെയും പുരോഹിതന്മാരുടെയും നിർദേശങ്ങൾക്കനുസരിച്ചായിരുന്നു അവർ വിഹിതങ്ങൾ നിശ്ചയിച്ചിരുന്നത്.എന്നാൽ തങ്ങളുടെ ഉപദൈവങ്ങളുടെ വിഹിതം അവസാനം എത്തിച്ചേർന്നിരുന്നത് ക്ഷേത്രപൂജാരികളുടെയും വിഗ്രഹസേവകരുടെയും വയറ്റിലേക്കായിരുന്നു.

ഈ ലോകത്തുള്ള വിഭവങ്ങളത്രയും അല്ലാഹുവിൻേറതാണ്.സകലത്തിൻെറയും സൃഷ്ടാവായ ഏകദൈവം അത്തരം വിഭവങ്ങളുടെ ആവശ്യത്തിന് അതീതനാണ്. അവൻ ഔദാര്യമായി മനുഷ്യർക്ക് നൽകിയ വിഭവങ്ങൾ തങ്ങൾക്കിടയിലെ അഗതികൾക്കും ദരിദ്രർക്കും വഴിപോക്കർക്കും വേണ്ടി ചെലവഴിക്കാനാണ് അവൻ കൽപിച്ചിട്ടുള്ളത്.

---

137. ഇതേപ്രകാരംതന്നെ, ബഹുദൈവവിശ്വാസികളിൽ അധികപേർക്കും, സ്വന്തം സന്താനങ്ങളെ കൊല്ലുന്നത് അവരുടെ പങ്കാളികൾ ഭൂഷണമായി തോന്നിപ്പിച്ചിരിക്കുന്നു.അവരെ നാശത്തിലകപ്പെടുത്തലും അവർക്ക് അവരുടെ മതം തിരിച്ചറിയാതാകലുമാണ് അതുകൊണ്ടുണ്ടാകുന്നത്. അല്ലാഹു ഇഛിച്ചിരുന്നെങ്കിൽ അവരങ്ങനെ ചെയ്യുമായിരുന്നില്ല. അതിനാൽ അവരെയും അവർ കെട്ടിച്ചമച്ചുണ്ടാക്കുന്നവയെയും വിട്ടേക്കുക.

---

137:നിരപരാധികളായ പിഞ്ചുപൈതങ്ങളെ സ്വന്തം കൈകൊണ്ട് വധിച്ചുകളയുന്ന ക്രൂരത അജ്ഞാനകാലത്തെ അറബികൾക്കിടയിൽ നടപ്പുണ്ടായിരുന്നു.മൂന്നു രൂപങ്ങളിൽ ശിശുഹത്യാസമ്പ്രദായം നിലവിലുണ്ടായിരുന്നു.

1- ദേവതകളുടെ പ്രീതിക്കുവേണ്ടി സന്താനങ്ങളെ ബലിയർപ്പിക്കുക. ഇത് മിക്ക ഗോത്രങ്ങളും അംഗീകരിച്ചിരുന്നു.

2- അഭിമാനക്ഷതം ഭയന്ന് പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുക. റബീഅ, മുദർ എന്നീ ഗോത്രങ്ങൾ ഈ ദുരാചാരം നടത്തുന്നവരായിരുന്നു. എന്നാൽ ഈ ഗോത്രങ്ങളിൽ തന്നെ എല്ലാ പിതാക്കളും ബാലികാഹത്യ നടത്തുന്നവരായിരുന്നില്ല. യുദ്ധമുണ്ടായാൽ സ്ത്രീകൾ ശത്രുക്കളുടെ കൈകളിലകപ്പെടാതിരിക്കാനും, സ്ത്രീകൾ വിവാഹത്തിലൂടെ അന്യകുടുംബങ്ങളിലെ പുരുഷന്മാരെ സ്വകുടുംബങ്ങളിലേക്ക് കൊണ്ടുവരുന്നത് മാനഹാനിയായികരുതിയിരുന്നവരും അതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗമായി പെൺകുഞ്ഞുങ്ങളെ കുഴിച്ചുമൂടിയിരുന്നു.

3- ദാരിദ്ര്യഭയം കാരണമായും ശിശുഹത്യ നടത്തിയിരുന്നു.

---

138. അവർ പറയുന്നു: ഈ കാലികളും വിളകളും വിലക്കപ്പെട്ടതാകുന്നു.ഞങ്ങൾ നിശ്ചയിക്കുന്നവരല്ലാതെ അവ ഭക്ഷിക്കാൻ പാടുള്ളതല്ല. ഇതൊക്കെയും അവരുടെ ജൽപനമാകുന്നു. ചില കാലികളുടെ മുതുകിൽ (സവാരി ചെയ്യുന്നതും ഭാരം കയറ്റുന്നതും) നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. വേറെ ചില കാലികളുടെ മേൽ(അവയെ അറുക്കുമ്പോൾ)അല്ലാഹുവിൻെറ നാമം അവർ ഉച്ചരിക്കുന്നില്ല. ഇതെല്ലാം അവൻെറ പേരിൽ അവർ കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. അവർ കെട്ടിച്ചമച്ചുണ്ടാക്കുന്നതിന് അവൻ അവർക്ക് പ്രതിഫലം നൽകുന്നുണ്ട്.

---

138: ക്ഷേത്രങ്ങൾക്കോ മഹാത്മാക്കൾക്കോ വഴിപാടായും നേർച്ചയായും നീക്കിവെച്ചിരുന്ന മൃഗങ്ങളെ അജ്ഞാനകാലത്തെ അറബികൾ ചില പ്രത്യേകക്കാർക്ക് അനുവദനീയമാക്കുകയും മറ്റുള്ളവർക്ക് നിഷിദ്ധമാക്കുകയും ചെയ്തിരുന്നു. നേർച്ചാമൃഗങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളെല്ലാം പുരോഹിതന്മാരും അവരുടെ ശിങ്കിടികളും കെട്ടിച്ചമച്ചുണ്ടാക്കിയതായിരുന്നു. അവരുടെ നേർച്ചകളും വഴിപാടുകളും അതിൻെറ നിയമങ്ങളും നിബന്ധനകളും അല്ലാഹുവിൻെറ കൽപനപ്രകാരമായിരുന്നില്ല. സവാരിക്കോ ഭാരം ചുമക്കുവാനോ ഉപയോഗിച്ചുകൂടാത്ത നേർച്ചാമൃഗങ്ങളും അവർക്കുണ്ടായിരുന്നു. അവരുടെ മൂഢനിയമ

ങ്ങളിൽ ദൈവനാമമുച്ചരിച്ചുകൂടാത്ത നേർച്ചാമൃഗങ്ങളുമുണ്ടായിരുന്നു. ഹജ്ജ്‌യാത്രയിൽ ദൈവനാമമുച്ച രിക്കേണ്ടതിനാൽ അത്തരം നേർച്ചാമൃഗങ്ങളെ ഹജ്ജ്‌യാത്രയിൽ അവർ സവാരിക്ക്‌ ഉപയോഗിച്ചിരുന്നില്ല.

139. അവർ പറയുന്നു:ഈ കാലികളുടെ ഉദരങ്ങളിലുള്ളത്‌ ഞങ്ങളിൽ പുരുഷന്മാർക്ക്‌ മാത്രമു ള്ളതാകുന്നു. ഞങ്ങളുടെ സ്ത്രീകൾക്ക്‌ അത്‌ നിഷിദ്ധമാണ്‌. എന്നാൽ അത്‌ ചാപിള്ളയാ കുന്നുവെങ്കിൽ അവരെല്ലാം അതിൽ പങ്കാളികളാകും. അവരുടെ ഈ കെട്ടിച്ചമക്കലുകൾക്ക്‌ വൈകാതെ അവൻ പ്രതിഫലം നൽകും. തീർച്ചയായും അവൻ യുക്തിമാനും എല്ലാം അറി യുന്നവനുമാണ്‌.

139: അജ്ഞാനകാലത്തെ അറബികളുടെ സ്വയംകൃത നിയമങ്ങളനുസരിച്ച്‌ നേർച്ചാമൃഗങ്ങൾ പ്രസവിക്കു ന്ന കുട്ടികളുടെ മാംസം സ്ത്രീകൾക്ക്‌ നിഷിദ്ധമായിരുന്നു. എന്നാൽ കുട്ടി ചാപിള്ളയാണെങ്കിൽ ആണു ങ്ങൾക്കും പെണ്ണുങ്ങൾക്കും അതിന്റെ മാംസം ഭക്ഷിക്കാമായിരുന്നു.

140. ഒരു വിവരവുമില്ലാതെ മൂഢതയാൽ സ്വന്തം മക്കളെ കൊല്ലുകയും അല്ലാഹു തങ്ങൾക്കേ കിയ വിഭവങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ച്‌ നിഷിദ്ധമാക്കുകയും ചെയ്തവർ നിശ്ചയമായും നഷ്‌ടത്തിലകപ്പെട്ടിരിക്കുന്നു. തീർച്ചയായും അവർ വഴിപിഴച്ചു പോയി. അവർ നേർവഴി പ്രാപിച്ചതുമില്ല.

141. പന്തലുകളിൽ പടർത്തപ്പെടുന്നവയും പടർത്തപ്പെടാത്തവയുമായ തോട്ടങ്ങളും ഈത്തപ്പന കളും വിവിധതരം കായ്കനികളുള്ള കൃഷികൾ, പരസ്‌പരം സാദൃശ്യമുള്ളതും സാദൃശ്യമില്ലാ ത്തതുമായ മാതളം, ഒലീവ്‌ എന്നിവയെല്ലാം സൃഷ്‌ടിച്ചുണ്ടാക്കിയത്‌ അവനാകുന്നു. അവ കായ്‌ക്കുമ്പോൾ അതിന്റെ ഫലങ്ങളിൽനിന്നും ഭക്ഷിക്കുകയും അതിന്റെ വിളവെടുപ്പ്‌ ദിവസം അതിലുള്ള അവകാശം കൊടുക്കുകയും ചെയ്യുക. നിങ്ങൾ ധൂർത്തടിക്കരുത്‌. തീർച്ചയായും അല്ലാഹു ധൂർത്തന്മാരെ സ്‌നേഹിക്കുന്നില്ല.

142. കന്നുകാലികളിൽ ഭാരം ചുമക്കുന്നവയെയും അറുത്ത്‌ ഭക്ഷിക്കാനുള്ളവയെയും(അവൻ സൃ ഷ്‌ടിച്ചിരിക്കുന്നു.) അല്ലാഹു നിങ്ങൾക്കേകിയ വിഭവങ്ങളിൽ നിന്ന്‌ ഭക്ഷിച്ചുകൊള്ളുക. പിശാചിന്റെ കാൽപാടുകൾ പിൻപറ്റാതിരിക്കുവിൻ. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷശത്രുവാകുന്നു.

142: കാലികളും കൃഷിയിടങ്ങളും തോട്ടങ്ങളുമെല്ലാം മനുഷ്യനു സൃഷ്‌ടിച്ചു നൽകിയത്‌ അല്ലാഹുവാ ണ്‌. മറ്റാർക്കും അതിൽ പങ്കില്ല. അവയുടെ ഉപയോഗത്തിൽ കൃത്രിമനിയമങ്ങളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്താൻ മറ്റൊരാൾക്കും അവകാശമില്ല. അതിനാൽ അല്ലാഹു അനുഗ്രഹിച്ചരുളിയ ദാനങ്ങൾക്ക്‌ നന്ദി കാണിക്കേണ്ടത്‌ അല്ലാഹുവിനോട്‌ മാത്രമാണ്‌. ദൈവേതരന്മാർക്കുമുമ്പിൽ നന്ദി പ്രകാശിപ്പിക്കു ന്നതും അല്ലാഹുവിന്റെ വിധിവിലക്കുകൾ അവഗണിച്ച്‌ ഊഹാധിഷ്ഠിത നിയമങ്ങൾ പിന്തുടരുന്നതും അസംബന്ധമാണ്‌. അവൻ നിങ്ങൾക്ക്‌ സൃഷ്‌ടിച്ചുതന്ന കാലികളെ വിഗ്രഹങ്ങളുടെയും മറ്റു സൃഷ്‌ടിക ളുടെയും സന്നിധാനങ്ങളിൽ ബലിയർപ്പിക്കുന്നത്‌ ദൈവധിക്കാരവും ചെകുത്താന്റെ കാൽപാടുകൾ പിന്തുടരലുമാകുന്നു.

143. എട്ടു ഇണകളെ (അല്ലാഹു സൃഷ്‌ടിച്ചിരിക്കുന്നു.) ചെമ്മരിയാടിൽ നിന്ന്‌ രണ്ടും കോലാ ടിൽ നിന്ന്‌ രണ്ടും. ചോദിക്കുക: (അവയിൽ) ആൺവർഗത്തെയാണോ അല്ലാഹു നിഷിദ്ധ മാക്കിയത്‌;അതോ പെൺവർഗത്തെയോ? അതുമല്ലെങ്കിൽ രണ്ടുവർഗത്തിലെയും പെണ്ണിന്റെ ഗർഭാശയങ്ങൾ ഉൾക്കൊണ്ടതിനെയോ? അറിവിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ എനിക്കു പറഞ്ഞുതരിക. നിങ്ങൾ സത്യസന്ധരെങ്കിൽ.

144. ഒട്ടകവർഗത്തിൽ നിന്ന്‌ രണ്ടെണ്ണം. പശുവർഗത്തിൽ നിന്ന്‌ രണ്ടെണ്ണവും. ചോദിക്കുക: ഇരുവിഭാഗത്തിലെയും ആൺവർഗത്തെയാണോ അല്ലാഹു നിഷിദ്ധമാക്കിയത്‌;അതോ പെൺ

വർഗത്തെയോ? അതുമല്ലെങ്കിൽ രണ്ടുവർഗത്തിലെയും പെണ്ണിൻെറ ഗർഭാശയങ്ങൾ ഉൾക്കൊണ്ടതിനെയാണോ? അതല്ല; ഇതൊക്കെയും അല്ലാഹു നിങ്ങളെ ഉപദേശിക്കുമ്പോൾ നിങ്ങളതിന് സാക്ഷികളായി ഉണ്ടായിരുന്നോ? ഒരു വിവരവുമില്ലാതെ ജനങ്ങളെ വഴിപിഴപ്പിക്കാൻ അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അതിക്രമി ആരുണ്ട്? ഇത്തരം ധിക്കാരികളായ ജനത്തെ തീർച്ചയായും അല്ലാഹു നേർവഴിയിലാക്കുകയില്ല.

143,144: പൂർവ പാരമ്പര്യത്തിൻെറയും അന്ധവിശ്വാസത്തിൻെറയും അടിസ്ഥാനത്തിൽ അജ്ഞാനകാലത്തെ അറബികൾ ചില മൃഗങ്ങളുടെ മാംസം ചിലർ ഭക്ഷിക്കാൻ പാടില്ലെന്നും ചിലതിനെ ഭാരം വഹിക്കാനും സവാരി ചെയ്യാനും ഉപയോഗിക്കാൻ പാടില്ലെന്നും നിശ്ചയിച്ചിരുന്നു. കൂടാതെ സാഇബ, ബഹീറ, വസ്വീല, ഹാം തുടങ്ങിയ പേരുകളിലും ചില കാലികളെ അവർ നിഷിദ്ധമാക്കിയിരുന്നു. ഇത്തരം അന്ധവിശ്വാസങ്ങളുടെ അർഥശൂന്യത അവർക്ക് മനസ്സിലാക്കിക്കൊടുക്കുവാനാണ് അവരോട് ഇത്ര സവിസ്തരമായി ചോദ്യങ്ങൾ ചോദിക്കാൻ ആവശ്യപ്പെടുന്നത്. അവ എന്തടിസ്ഥാനത്തിൽ അല്ലാഹു എപ്പോൾ നിരോധിച്ചുവെന്ന് തെളിയിക്കാൻ ഖുർആൻ വിഗ്രഹാരാധകരെ വെല്ലുവിളിക്കുകയും ചെയ്യുന്നു.

145. പറയുക:എനിക്ക് ദിവ്യസന്ദേശമായി ലഭിച്ചവയിൽ, ഭക്ഷിക്കുന്നവന് തിന്നാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; ശവവും ഒഴുക്കപ്പെട്ട രക്തവും പന്നി മാംസവുമല്ലാതെ. തീർച്ചയായും അവ അശുദ്ധങ്ങളാകുന്നു. അല്ലെങ്കിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടു കുറ്റകരമായിത്തീർന്നതും അല്ലാതെ.എന്നാൽ വല്ലവനും നിർബന്ധിതമായും നിയമലംഘനം ഉദ്ദേശിക്കാതെയും അനിവാര്യമായതിൽ കവിയാതെയും (ആഹരിക്കേണ്ടി വന്നാൽ) അപ്പോൾ തീർച്ചയായും നിൻെറ നാഥൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

145:ആഹരിക്കപ്പെടുന്ന ജീവികളിൽ ശവം, രക്തം, പന്നിമാംസം, അല്ലാഹുവിൻെറ പേരിൽ അറുക്കപ്പെടാത്തത് എന്നീ നാലു ഇനങ്ങളാണ് ഈ സൂക്തം നിഷിദ്ധമാക്കിയിട്ടുള്ളത്. ഇവയുടെ വിശദീകരണങ്ങൾ അൽബകറ:173, അൽമാഇദ:3, നഹ്ൽ:115 സൂക്തങ്ങളിലും വന്നിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ചിട്ടുള്ള ഈ നാലു വസ്തുക്കൾ വ്യക്തമായി ഇസ്ലാമിക ശരീഅത്തിൽ(നിയമ വ്യവസ്ഥയിൽ) നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. ഈ നാലിനു പുറമെയുള്ള വസ്തുക്കളൊന്നും തന്നെ നിഷിദ്ധമല്ലെന്നാണ് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. അബ്ദുല്ലാഹിബ്നു അബ്ബാസ്(റ), ആയിശ(റ) എന്നീ സ്വഹാബികൾ ഈ അഭിപ്രായക്കാരായിട്ടാണ് അറിയപ്പെടുന്നത്.

എന്നാൽ പല കർമ്മശാസ്ത്രപണ്ഡിതന്മാരും ഈ അഭിപ്രായം അംഗീകരിക്കുന്നില്ല. പ്രവാചകൻ(സ) ചില ജീവികളെ ഭക്ഷിക്കുന്നത് നിരോധിക്കുകയോ അതിൽ അനിഷ്ടം പ്രകടിപ്പിക്കുകയോ ചെയ്തിട്ടുള്ളതായ പ്രബലമായ നിവേദനങ്ങളുണ്ട്. തേറ്റപ്പല്ലുകൾ ഉപയോഗിച്ച് ജന്തുക്കളെ വേട്ടയാടിപ്പിടിക്കുന്ന ഹിംസ്രജന്തുക്കൾ, കാലിലെ നഖം ഉപയോഗിച്ച് ജന്തുക്കളെ വേട്ടയാടിപ്പിടിക്കുന്ന മാംസഭുക്കുകളായ പക്ഷികൾ, വളർത്തുകഴുത എന്നിവ ഉദാഹരണങ്ങൾ. അതുകൊണ്ട് ഈ നാലു വസ്തുക്കൾക്കു പുറമെ അവയും ഭക്ഷിക്കാൻ പാടില്ലാത്തവയാണെന്ന് ഭൂരിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

നാം നിങ്ങൾക്ക് നൽകിയ വിശിഷ്ട വിഭവങ്ങളിൽ നിന്ന് ആഹരിച്ചുകൊള്ളുക.. (20:81)

''അവർ ചോദിക്കുന്നു: എന്തൊക്കെയാണ് തങ്ങൾക്ക് തിന്നാൻ പാടുള്ളതെന്ന്. പറയുക നല്ല വസ്തുക്കളെല്ലാം നിങ്ങൾക്ക് തിന്നാൻ അനുവാദമുണ്ട്..'' (5:4)

''വിശ്വസിച്ചവരേ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ചുതന്ന വിശിഷ്ട വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്..'' (5:87)

''..അവരോട് അദ്ദേഹം നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു. ഉത്തമ വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ നിഷിദ്ധമാക്കുകയും ചെയ്യുന്നു..'' (7:157)

ശുദ്ധവും, രുചികരവും,മനുഷ്യശരീരത്തിന് ഗുണകരവുമായ വിഭവങ്ങളെല്ലാം അനുവദിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഇസ്ലാമിക നിയമവ്യവസ്ഥയുടെ പൊതുനിയമം. ഖുർആനും സുന്നത്തും (നബി

ചര്യ) അനുവദിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടുള്ള വിഭവങ്ങളിലെല്ലാം ഈ തത്ത്വം ദീക്ഷിക്കപ്പെട്ടതായി കാണാം.

146. ജൂതന്മാർക്ക് നഖമുള്ള എല്ലാ(മൃഗങ്ങളുടെയും മാംസം)നാം നിഷിദ്ധമാക്കി. പശു, ആട് എന്നിവയുടെ കൊഴുപ്പും നാം അവർക്ക് നിരോധിച്ചിട്ടുണ്ടായിരുന്നു; അവയുടെ മുതുകിലും കുടലിലും പറ്റിപ്പിടിച്ചതോ അസ്ഥിയിൽ കലർന്നതോ ഒഴിച്ച്. അവരുടെ അതിക്രമത്തിന് നാം നൽകിയ പ്രതിഫലമായിരുന്നു അത്. തീർച്ചയായും നാം പറയുന്നത് തികച്ചും സത്യമാകുന്നു.

147. എന്നാൽ അവർ നിന്നെ നിഷേധിക്കുന്നുവെങ്കിൽ അവരോടു പറയുക: നിങ്ങളുടെ നാഥൻ വിശാലമായ കാരുണ്യമുള്ളവനാകുന്നു. എന്നാൽ കുറ്റവാളികളായ ജനത്തിൽ നിന്ന് അവന്റെ ശിക്ഷ തട്ടിമാറ്റപ്പെടുന്നതുമല്ല.

148. ബഹുദൈവ വിശ്വാസികൾ തീർച്ചയായും പറയും: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളും ഞങ്ങളുടെ പൂർവപിതാക്കളും ബഹുദൈവാരാധകരാകുമായിരുന്നില്ല. ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയുമില്ലായിരുന്നു. അപ്രകാരം തന്നെ അവർക്ക് മുമ്പുള്ളവരും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നതുവരെ സത്യത്തെ നിഷേധിക്കുകയുണ്ടായി.പറയുക: നിങ്ങളുടെ പക്കൽ, വല്ല വിവരവുമുണ്ടോ? എങ്കിൽ ഞങ്ങൾക്ക് അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിൻപറ്റുന്നത്. കേവലം അനുമാനിക്കുക മാത്രമാണ് നിങ്ങൾ ചെയ്യുന്നത്.

148: ബഹുദൈവവിശ്വാസത്തിലും അധർമങ്ങളിലും ശഠിച്ചുനിൽക്കുന്നവർ തങ്ങളുടെ അബദ്ധചെയ്തികൾ ന്യായീകരിക്കാൻ ഉന്നയിക്കാറുള്ള ഒരു ന്യായമാണിത്. താന്തോന്നികളായി ജീവിക്കുന്ന വിശ്വാസികളും ഇങ്ങനെയുള്ള ഒഴികഴിവുകൾ പറയാറുണ്ട്. അല്ലാഹുവിന്റെ ഇഷ്ടമനുസരിച്ചാണല്ലോ എല്ലാം നടക്കുന്നത്. അതിനാൽ ഞങ്ങൾ ചെയ്യുന്നത് കുറ്റമാണെങ്കിൽ അത് ഞങ്ങളെക്കൊണ്ട് ദൈവം ചെയ്യിക്കുന്നതാണ്. പിന്നെ എങ്ങനെ അതിന്റെ പേരിൽ ഞങ്ങൾ കുറ്റവാളികളാകും?

അല്ലാഹു മനുഷ്യനു നൽകിയ പ്രവർത്തന സ്വാതന്ത്ര്യത്തെയും അവന്റെ ഇഷ്ടത്തെയും കൂട്ടിക്കുഴക്കുകയാണ് ഈ വാദം ഉന്നയിക്കുന്നവർ ചെയ്യുന്നത്. ഇഛാശക്തിയും പ്രവർത്തന സ്വാതന്ത്ര്യവും നൽകിയെന്നുവെച്ച് മനുഷ്യൻ ചെയ്യുന്നതൊക്കെ ദൈവത്തിന് ഇഷ്ടമാണ് എന്നു വരുന്നില്ല. നന്മതിന്മകൾ തിരിച്ചറിയാനുള്ള ബുദ്ധിയും വിവേചനശക്തിയും ദൈവം നൽകിയിരിക്കുന്നു. മനുഷ്യന് ഇഛിക്കാനും ഇഛാനുസാരം തന്റെ അവസ്ഥകളിൽ മാറ്റം വരുത്താനുള്ള സ്വാതന്ത്ര്യവും കഴിവും പ്രദാനം ചെയ്തിരിക്കുന്നു. മനുഷ്യൻ ഇന്നിന്നത് ഇഛിക്കുന്നതും പ്രവർത്തിക്കുന്നതുമാണ് അല്ലാഹുവിന് ഇഷ്ടമെന്ന് പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും മുഖേന മനുഷ്യനെ അറിയിക്കുകയും ചെയ്തിരിക്കുന്നു. അതിന് വിപരീതം പ്രവർത്തിക്കുന്നത് ദൈവകോപത്തിനും അവന്റെ ശിക്ഷാനടപടിക്കും കാരണമാകുമെന്നും അവനെ അറിയിച്ചിരിക്കുന്നു.നിഷേധം, വിശ്വാസം, അനുസരണം, വിധേയത്വം, അക്രമം, നീതി, നന്മ, തിന്മ, സത്യം, അസത്യം,തുടങ്ങിയ വഴികളെല്ലാം മനുഷ്യന്റെ മുമ്പിൽ തുറന്നിടപ്പെട്ടിരിക്കുന്നു. നന്ദിയുടെയും നന്ദികേടിന്റെയും രണ്ടു മാർഗങ്ങൾ അവൻ തുറന്നുവെച്ചിരിക്കുന്നു. ഈ രണ്ട് മാർഗങ്ങളിലൊന്ന് തിരഞ്ഞെടുത്ത് പ്രവർത്തിപ്പാനുള്ള സ്വാതന്ത്ര്യവും സൗകര്യവും മനുഷ്യന് ലഭിച്ചിട്ടുണ്ട്. അല്ലാഹു ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാത്തതും സൃഷ്ടിക്ക് തെരഞ്ഞെടുക്കാവുന്നതാണ്. അതിൽ ഏത് തെരഞ്ഞെടുത്താലും സ്വന്തം ഉത്തരവാദിത്വത്തിലാണതു ചെയ്യുന്നത്. കാരണം തെരഞ്ഞെടുക്കാനുള്ള തീരുമാനം അവനവന്റെ ഉള്ളിൽനിന്നുള്ളതാണ്.

അല്ലാഹു നൽകിയ ബുദ്ധിയും വിവേചനശക്തിയും ജ്ഞാനോപാധികളും ഉപയോഗിച്ച് മനുഷ്യൻ സ്വയം സത്യം കണ്ടെത്തണമെന്നാണ് അവനുദ്ദേശിക്കുന്നത്. മനുഷ്യൻ അതിന് സന്നദ്ധനാകുന്നുവോ എന്ന് പരീക്ഷിക്കുകയാണവൻ.

സ്വന്തം ബുദ്ധിയും വിവേചനശക്തിയും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താതെ ജഡികേഛയെ മാത്രം ആധാരമാക്കി തെറ്റായത് തെരഞ്ഞെടുക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനുത്തരവാദികൾ

സൃഷ്ടികളം മാത്രമാകുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കില്‍ ഞങ്ങള്‍ ബഹുദൈവാരാധകരാകുമായിരുന്നില്ല എന്ന നിങ്ങളുടെ ഒഴികഴിവും ന്യായീകരണവും അതിനാല്‍ നിരര്‍ഥകമാണ്.

149. പറയുക: അപ്പോള്‍ അല്ലാഹുവിനാണ് പ്രബലമായ ന്യായമുള്ളത്. അവന്‍ നിശ്ചയിച്ചിരുന്നുവെങ്കില്‍ നിങ്ങളെയെല്ലാം അവന്‍ നേര്‍വഴിയിലാക്കുമായിരുന്നു.

150. പറയുക:അല്ലാഹു ഇതൊക്കെ നിരോധിച്ചിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന നിങ്ങളുടെ സാക്ഷികളെ കൊണ്ടുവരുവിന്‍. ഇനി അവര്‍ അങ്ങനെ സാക്ഷ്യം വഹിക്കുകയാണെങ്കില്‍ നീ അവരോടൊപ്പം സാക്ഷിയാകരുത്. നമ്മുടെ സൂക്തങ്ങളെ കള്ളമാക്കി തള്ളിയവരുടെയും പരലോകത്തില്‍ വിശ്വസിക്കാത്തവരുടെയും തന്നിഷ്ടങ്ങളെ നീ ഒരിക്കലും പിന്‍പറ്റരുത്. തങ്ങളുടെ നാഥന്ന് സമന്മാരെ കല്‍പിക്കുന്നവരാണവര്‍.

150: സാക്ഷ്യത്തിന്‍റെ യഥാര്‍ഥ ഉത്തരവാദിത്വം ഗ്രഹിക്കാത്തവര്‍ തന്നിഷ്ടപ്രകാരം അനാചാരങ്ങള്‍ നിര്‍മിച്ച് അത് ദൈവത്തിന്‍റെ പേരില്‍ ആരോപിക്കാന്‍ ധൃഷ്ടരായേക്കും. ജ്യോത്സ്യം, കവടിനിരത്തിയുള്ള പ്രശ്നവിചാരം, വിഗ്രഹങ്ങള്‍ക്ക് മുമ്പില്‍ അമ്പെറിയുക എന്നിവയിലൂടെ ദൈവഹിതമറിയാമെന്ന് വിശ്വസിക്കുന്നവരുണ്ട്. അത്തരക്കാരുടെ വെളിപ്പെടുത്തലുകള്‍ അംഗീകരിക്കുകയോ അനുസരിക്കുകയോ ചെയ്യരുത്.

151. (പ്രവാചകന്‍)പറയുക: വരുവിന്‍;നിങ്ങളുടെ നാഥന്‍ നിങ്ങള്‍ക്ക് നിഷിദ്ധമാക്കിയിട്ടുള്ളത് എന്താണെന്ന് ഞാന്‍ പറഞ്ഞുതരാം. അതായത്, അവനോട് യാതൊരു വസ്തുവിനെയും പങ്കുചേര്‍ക്കരുത്. മാതാപിതാക്കളോട് നല്ല നിലയില്‍ വര്‍ത്തിക്കുക. ദാരിദ്ര്യം ഭയന്ന് സ്വന്തം മക്കളെ നിങ്ങള്‍ കൊന്നുകളയാതിരിക്കുക-നാമാകുന്നു അവര്‍ക്കും നിങ്ങള്‍ക്കും ആഹാരം നല്‍കുന്നത്. നീചവൃത്തികളോട് അടുക്കാതിരിക്കുക-അത് തെളിഞ്ഞതാവട്ടെ മറഞ്ഞതാവട്ടെ. അല്ലാഹു ആദരണീയമാക്കിയ ഒരു ജീവനെയും അന്യായമായി ഹനിക്കാതിരിക്കുക. ഇതാണ് നിങ്ങളോട് അവന്‍ അനുശാസിക്കുന്നത്- നിങ്ങള്‍ ഗ്രഹിക്കുന്നതിനുവേണ്ടി.

151:അല്ലാഹു എല്ലാ അര്‍ഥത്തിലും ഏകനാകുന്നു. സ്വയം പര്യാപ്തനും സര്‍വ സല്‍ഗുണ സമ്പൂര്‍ണനുമാണവന്‍. സഹായിയോ സഹധര്‍മിണിയോ പുത്രനോ ബന്ധുക്കളോ അവനില്ല. എല്ലാ ന്യൂനതകളില്‍ നിന്നും പോരായ്മകളില്‍ നിന്നും പരിശുദ്ധനാണവന്‍. പ്രപഞ്ചത്തിന്‍റെ സ്രഷ്ടാവും ഉടമസ്ഥനും, വിധികര്‍ത്താവും പരിപാലകനും അവന്‍ തന്നെ. തന്‍റെ അടിമകള്‍ക്ക് മാര്‍ഗദര്‍ശനം ചെയ്യുക, ജീവിത നിയമവ്യവസ്ഥ നിര്‍മിക്കുക, ഹറാം-ഹലാല്‍(അനുവദനീയം-നിഷിദ്ധം) വിധി നല്‍കുക മുതലായവയെല്ലാം അവന്‍റെ അധികാരങ്ങളില്‍ പെട്ടതും അവന്‍റെ മാത്രം അവകാശങ്ങളില്‍ പെട്ടതുമാണ്. ഈ ആശയങ്ങളെ നിഷേധിക്കുന്ന ഏത് വിശ്വാസാചാരവും ശിര്‍ക്ക് (ബഹുദൈവത്വം) ആകുന്നു. ഇതില്‍ വല്ലതും അപരന്ന് വകവെച്ചുകൊടുക്കുന്നത് അവനില്‍ പങ്കുചേര്‍ക്കലാകുന്നു. അവനുമാത്രം അവകാശപ്പെട്ട ആരാധനയും നിരുപാധികമായ വിധേയത്വവും ഭക്തിബഹുമാനാദരവും അവനല്ലാത്ത മറ്റാര്‍ക്കെങ്കിലും വകവെച്ചുകൊടുക്കുന്നതും അപ്രകാരം തന്നെ. അല്ലാഹു പൊറുത്തുകൊടുക്കുകയില്ലെന്ന് വ്യക്തമായി പ്രസ്താവിച്ച മഹാപാപമാണ് ശിര്‍ക്ക് (ബഹുദൈവത്വം).
അല്ലാഹുവിനുള്ള അവകാശങ്ങള്‍ക്ക് ശേഷം സ്നേഹവും നന്ദിയും വിധേയത്വവും ഏറ്റവുമധികം അര്‍ഹിക്കുന്നത് മാതാപിതാക്കളാണ്. മാതാപിതാക്കളോട് നല്ലനിലയില്‍ വര്‍ത്തിക്കണമെന്ന് ഖുര്‍ആനില്‍ പലയിടത്തും അനുശാസിച്ചിട്ടുണ്ട്. നമസ്കാരം കഴിഞ്ഞാല്‍ ഏറ്റവും ശ്രേഷ്ഠമായ പുണ്യകര്‍മം മാതാപിതാക്കളെ ശുശ്രൂഷിക്കലാണെന്നും ചില നബിവചനങ്ങളില്‍ വന്നിട്ടുണ്ട്.(ബുഖാരി, മുസ്ലിം)

152.ഏറ്റവും ഉത്തമമായ നിലയിലല്ലാതെ നിങ്ങള്‍ അനാഥയുടെ മുതലിനെ സമീപിക്കരുത്; അവന്ന് കാര്യപ്രാപ്തിയെത്തുന്നതുവരെ. തികച്ചും നീതിപൂര്‍വം അളക്കുകയും തൂക്കുകയും ചെയ്യുവിന്‍. ഒരാത്മാവിനും അതിന്‍റെ കഴിവിലുപരിയായി നാം ബാധ്യത ചുമത്തു

ന്നില്ല. നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക; അത് ഉറ്റബന്ധുക്കളുടെ കാര്യത്തിലായാലും ശരി.അല്ലാഹുവോടുള്ള കരാർ പൂർത്തീകരിക്കുക.നിങ്ങൾ കാര്യബോധമുള്ളവരാകാൻ അല്ലാഹു നിങ്ങൾക്കു നൽകുന്ന ഉപദേശമാണിത്.

152: സമൂഹത്തിലെ ഏറ്റവും അവശരും നിസ്സഹായവരുമായ വിഭാഗമാണ് അനാഥക്കുട്ടികൾ. അനാഥരെയും അവരുടെ സമ്പത്തിനെയും സംരക്ഷിക്കേണ്ടത് എങ്ങനെയാണെന്ന് 2:83,220-ലും അന്നിസാഅ് അധ്യായത്തിലും പ്രസ്താവിച്ചിട്ടുണ്ട്. അനാഥരുടെ സമ്പത്ത് നല്ല നിലയിലും അവരോടുള്ള ഗുണകാംക്ഷയോടും മാത്രമേ കൈകാര്യം ചെയ്യാവു എന്നാണ് കൽപിക്കുന്നത്.
അളവു തൂക്കങ്ങളിൽ കൃത്യതയും വിശ്വസ്തതയും പാലിക്കണമെന്ന് അല്ലാഹു നിർദേശിക്കുന്നു. ഇടപാടിൽ ആരേയും വഞ്ചിക്കരുത്. കഴിവിന്റെ പരമാവധി നീതിയും മര്യാദയും പാലിക്കാൻ ഇരുകൂട്ടരും ശ്രദ്ധിക്കേണ്ടതാണ്.

153. ഇതത്രെ എന്റെ നേരായ മാർഗം. അതിനാൽ നിങ്ങൾ ഇത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവ നിങ്ങളെ അവന്റെ മാർഗത്തിൽ നിന്ന് ചിതറിച്ചുകളയും. ഇവയാകുന്നു അവൻ നിങ്ങൾക്ക് നൽകിയിട്ടുള്ള ഉപദേശങ്ങൾ. നിങ്ങൾ ഭക്തിയുള്ളവരാകാൻ.

153: ഇതാണ് പണ്ടുകാലം മുതലേ അല്ലാഹു മനുഷ്യരോട് അനുശാസിച്ച മാർഗം. എനിക്കു നിർദേശിച്ചുതന്ന മാർഗവും ഇതുതന്നെ.ദൈവസാമീപ്യവും ദൈവപ്രീതിയും നേടിത്തരുന്ന ഒരേയൊരു മാർഗം. ഈ നേർമാർഗത്തിൽ നിന്ന് വ്യതിചലിക്കുകയാണെങ്കിൽ പിന്നീട് മുന്നിൽ കാണുന്ന മറ്റു മാർഗങ്ങളെല്ലാം നിങ്ങളെ ഭിന്നിപ്പിക്കുകയും പരസ്പരം കലഹിപ്പിക്കുകയും ചെയ്യും. ദൈവസാമീപ്യവും ദൈവപ്രീതിയും നഷ്ടപ്പെടുത്തുകയും ചെയ്യും.

154. പിന്നീട്, നന്മചെയ്തവർക്കുള്ള (നമ്മുടെ അനുഗ്രഹ) പൂർത്തീകരണവും എല്ലാ കാര്യങ്ങളുടെയും വിശദീകരണവും സന്മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ട് മൂസാക്ക് നാം വേദം നൽകിയിട്ടുണ്ടായിരുന്നു. തങ്ങളുടെ നാഥനുമായുള്ള കൂടിക്കാഴ്ചയിൽ അവർ വിശ്വസിക്കുന്നതിനുവേണ്ടി.

155. ഇത് നാം അവതരിപ്പിച്ച അനുഗൃഹീതഗ്രന്ഥമത്രെ. അതിനാൽ നിങ്ങൾ അതിനെ പിൻപറ്റുക. ദൈവഭക്തരാവുകയും ചെയ്യുവിൻ. നിങ്ങൾ കാരുണ്യത്തിനർഹരായേക്കാം.

156. അല്ലെങ്കിൽ നിങ്ങൾ പറയും:വേദം അവതീർണമായത് ഞങ്ങൾക്ക് മുമ്പുള്ള രണ്ട് വിഭാഗങ്ങൾക്കായിരുന്നു.അവർ പഠിക്കുകയുംപഠിപ്പിക്കുകയും ചെയ്തിരുന്നതിനെക്കുറിച്ച് ഞങ്ങൾ തീർച്ചയായും അറിവില്ലാത്തവരായിരുന്നു.

157. അല്ലെങ്കിൽ നിങ്ങൾ പറയും:''ഞങ്ങൾക്ക് ഒരു വേദഗ്രന്ഥം അവതരിച്ചുകിട്ടിയിരുന്നുവെങ്കിൽ തീർച്ചയായും ഞങ്ങൾ അവരേക്കാൾ സന്മാർഗികളാകുമായിരുന്നു. ''തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളുടെ നാഥനിൽ നിന്ന് തെളിഞ്ഞ പ്രമാണവും സന്മാർഗവും അനുഗ്രഹവും ആഗതമായിക്കഴിഞ്ഞിരിക്കുന്നു. ഇനി അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും അതിൽനിന്നു പുറംതിരിയുകയും ചെയ്യുന്നവനെക്കാൾ വലിയ അക്രമി ആരുണ്ട്?. നമ്മുടെ സന്ദേശങ്ങളിൽ നിന്ന് പിന്മാറുന്നവർക്ക് ആ പിന്മാറ്റത്തിന്റെ പ്രതിഫലമായി നാം കടുത്ത ശിക്ഷ നൽകുന്നതാണ്.

154-157: ഇബ്രാഹീമിന്റെയും അദ്ദേഹത്തിന്റെ ആദ്യപുത്രൻ ഇസ്മാഈലിന്റെയും (അ) അനുയായികളാണ് തങ്ങളെന്ന് അജ്ഞാനകാലത്തെ അറബികൾ അവകാശപ്പെട്ടിരുന്നു.തന്മൂലം തങ്ങൾ അവലംബിച്ച മതം ആ പ്രവാചകന്മാരുടെ മതമാണെന്നും അല്ലാഹുവിനു ഇഷ്ടപ്പെട്ട മതമാണെന്നും അവർ വാദിച്ചിരുന്നു.അദ്ദേഹം നിർമിച്ച കഅബാലയത്തിന്റെ പരിസരത്തുതന്നെ അവർ തലമുറകളായി താമസിച്ചു

പോന്നു. അവർ അവിടെനിന്ന് ആട്ടിയോടിക്കപ്പെടുകയോ സ്വയം അവിടം ഉപേക്ഷിച്ചുപോവുകയോ ചെയ്തിട്ടില്ല.

എന്നാൽ ആ പ്രവാചകന്മാരിൽ നിന്ന് തങ്ങളുടെ പിതാമഹന്മാർ പഠിച്ച മതത്തിൽ അനന്തര നൂറ്റാണ്ടുകളിലെ മതനേതാക്കളും ഗോത്രമേധാവികളും കുടുംബനായകന്മാരും വമ്പിച്ച കയ്യേറ്റം നടത്തി. പലതും എടുത്തു കളഞ്ഞു. ഇല്ലാത്ത പലതും കൂട്ടിച്ചേർത്തു. കൃത്രിമമായി കൂട്ടിച്ചേർത്ത കാര്യങ്ങൾ ഏതെന്ന് അറിയാവുന്ന റിപ്പോർട്ടുകളോ, ചരിത്രമോ, ഗ്രന്ഥമോ അവരുടെ പക്കൽ ഉണ്ടായിരുന്നുമില്ല. അങ്ങനെ അവരുടെ മതം മുഴുവൻ അവർക്ക് സംശയഗ്രസ്തമായിത്തീർന്നിരുന്നു.

മൂസാനബി(അ)യായിരുന്നു ഇബ്റാഹീം നബിക്ക്(അ) ശേഷം വേദഗ്രന്ഥവുമായി ആഗതനായ ആദ്യത്തെ പ്രവാചകൻ. അതുവരെയുള്ള പ്രവാചകന്മാർ പിന്തുടർന്നിരുന്നത് ഇബ്റാഹീം നബി(അ)യുടെ ശരീഅത്തായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹമായി ഇസ്രാഈല്യർക്ക് ഇറക്കിക്കൊടുത്ത വേദമാണ് തൗറാത്ത്. അതുപോലെ നിങ്ങൾക്കും പിൻതലമുറകൾക്കും സന്മാർഗദർശനമാണ് ഈ ഖുർആൻ. അതിനാൽ പരലോകനിഷേധത്തിന്റെ നിരുത്തരപരമായ ജീവിതം കയ്യൊഴിക്കുകയും പരലോകത്തിലും വിചാരണയിലും വിശ്വസിച്ച് ഇസ്രഈല്യരിലെ സജ്ജനം ജീവിതം സാക്ഷാത്കരിച്ചപോലെ നിങ്ങളും ആ വിശ്വാസവും കർമ്മരീതിയും സ്വീകരിച്ച് നിങ്ങളുടെ ജീവിതം സാക്ഷാത്കരിക്കുക. ഇനി ഈ ഖുർആനിൽ വിശ്വസിക്കുകയും തദനുസൃതമായ കർമ്മരീതി കൈക്കൊള്ളുന്നവർക്കും മാത്രമേ പരലോകത്ത് ദൈവകാരുണ്യം പ്രതീക്ഷിക്കാനാവൂ. ഖുർആൻ ലഭിക്കുന്ന എല്ലാവർക്കുമുള്ള ഒരു മുന്നറിയിപ്പാണിത്. പാപികളായി നാളെ അല്ലാഹുവിന്റെ വിചാരണസഭയിലെത്തുമ്പോൾ തങ്ങൾക്ക് വേദപ്രമാണങ്ങളോ ധർമശാസനകളോ ലഭിച്ചിരുന്നില്ലെന്ന ഒരു ഒഴികഴിവിനും അവകാശവാദങ്ങൾക്കും ഇനി പഴുതില്ല. അന്ത്യപ്രവാചകനെയും അന്തിമവേദത്തെയും മനഃപൂർവം നിഷേധിക്കുന്നവർ കടുത്ത ധിക്കാരികളും അധർമികളുമാകുന്നു. തങ്ങൾക്ക് അനുഗ്രഹമായി ലഭിച്ച ഈ വേദപ്രമാണം ധിക്കാരപൂർവം അവഗണിച്ച് പിന്മാറുന്നവർക്ക് അതിന്റെ പ്രതിഫലം ലഭിക്കുകതന്നെ ചെയ്യും.

---

158. അവർക്കു മുമ്പിൽ മലക്കുകൾ വരികയോ അല്ലെങ്കിൽ നിന്റെ നാഥൻ തന്നെ വരികയോ അതുമല്ലെങ്കിൽ നിന്റെ രക്ഷിതാവിന്റെ ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുകയോ ചെയ്യുന്നതിനു മാത്രം അവർ കാത്തിരിക്കുകയാണോ? നിന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് വരുന്ന ദിവസം,നേരത്തെ വിശ്വാസിയായിട്ടില്ലാത്തവനോ അല്ലെങ്കിൽ തന്റെ വിശ്വാസത്തിൽ യാതൊരു പുണ്യവും നേടിയിട്ടില്ലാത്തവനോ ആയ ഒരാൾക്കും അയാളുടെ വിശ്വാസം യാതൊരു പ്രയോജനവും ചെയ്യുന്നതല്ല. അവരോട് പറയുക: നിങ്ങൾ കാത്തിരിക്കുവിൻ. ഞങ്ങളും കാത്തിരിക്കുകയാണ്.

---

158: പരലോകത്തിന്റെ സാധ്യതക്കും അനിവാര്യതക്കും സാക്ഷ്യം വഹിക്കുന്ന ശക്തവും വ്യക്തവുമായ എത്രയോ ദൃഷ്ടാന്തങ്ങൾ പ്രപഞ്ചത്തിൽ മനുഷ്യന് കാണാവുന്നതാണ്. ഭൂമിയുടെ ഉണ്മയും ഘടനയും അതിന്മേൽ ചൂടും വെളിച്ചവും പതിക്കാനുള്ള സൂര്യന്റെ സംവിധാനം, വായുവിന്റെയും വെള്ളത്തിന്റെയും സജ്ജീകരണം, കടലിലും കരയിലും വായുവിലുമായി വ്യാപിച്ചുകിടക്കുന്ന അപരിമേയമായ ജന്തുജാലങ്ങൾ ഓരോ ഇനത്തിനും അനുയുക്തമായ അന്നം ലഭിക്കാനുള്ള ഏർപ്പാടുകൾ തുടങ്ങി എണ്ണിത്തീർക്കാനാവാത്ത ദൃഷ്ടാന്തങ്ങൾ. തികച്ചും യുക്തിയുക്തവും അതിസമർഥവുമായ നിർമാണം. ഇതിനു പിന്നിൽ ഒരു യുക്തിയോ ആസൂത്രണമോ പ്രവർത്തിച്ചിട്ടില്ലെന്നു കരുതുന്നതിൽ എന്തു യുക്തിയാണുള്ളത്. ഭൂമിയിൽ മനുഷ്യനാൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന ഈ ഘോഷങ്ങളെല്ലാം നിരർഥവും യാതൊരനന്തരഫലവുമില്ലാതെ അവസാനിച്ചുപോകുന്നതുമാണെന്ന് വിചാരിക്കുന്നതിനെന്തുണ്ട് ന്യായം? ഒരുവന്റെ നന്മ നന്മയുടെതായ ഫലം സൃഷ്ടിക്കില്ലെന്നോ? തിന്മ തിന്മയുടെയും? മർദനത്തിന് പരിഹാരവും മർദകന് വിചാരണയുമില്ലെന്നോ? ഈ പദ്ധതി ആവിഷ്കരിച്ച ദൈവത്തിന്റെ യുക്തിജ്ഞാനം മനുഷ്യൻ അവന്റെ കർമ്മങ്ങളുടെ പേരിൽ വിചാരണ ചെയ്യപ്പെടണമെന്ന് അനിവാര്യമായി താൽപര്യപ്പെടുന്നുവെന്ന് അംഗീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലേ? പ്രപഞ്ചസൃഷ്ടിയുടെയും മനുഷ്യ സൃഷ്ടിയുടെയും പിന്നിൽ ഒരു ജ്ഞാനിയുടെ യുക്തിയുണ്ടെന്ന് അംഗീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലേ?

ഈ ഭൂമിയെ നിർമിച്ച ദൈവം മനുഷ്യനെ മരണാനന്തരം പുനർനിർമിക്കാൻ കഴിയാത്തവനാവുന്നതെങ്ങനെ. ഒരു സൂക്ഷ്മ ബീജത്തിൽ നിന്നു തുടങ്ങി മനുഷ്യനെ ഈ നിലവാരത്തിലെത്തിച്ച ദൈവത്തിന്റെ കഴിവിന് അവനെ വീണ്ടും നിലവിൽ വരുത്തുക അപ്രാപ്യമാണെന്ന് അനുമാനിക്കുന്നത് വിഡ്ഢിത്തമല്ലേ? ഇതിലൊന്നും യാഥാർഥ്യത്തിലേക്ക് സൂചന നൽകുന്ന യാതൊരു ദൃഷ്ടാന്തവും അവർ കാണുന്നില്ലന്നോ? ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുകയോ അല്ലെങ്കിൽ അഭൗതിക ലോകം മറനീക്കി കാണുകയോ അതുമല്ലെങ്കിൽ അന്ത്യനാൾ ആസന്നമായെന്നു കാണുകയോ ചെയ്താൽ വിശ്വസിക്കാമെന്ന് കരുതിയിരിക്കുകയാണോ അവർ? അല്ലെങ്കിൽ ആകാശത്തുനിന്ന് മലക്കുകൾ ഇറങ്ങി വന്ന് ഇതിൽ വിശ്വസിക്കണമെന്ന് അവരോട് നേരിട്ട് പറയണമെന്നോ? അതുമല്ലെങ്കിൽ അല്ലാഹു തന്നെ നേരിട്ടെഴുന്നള്ളുന്നതും കാത്തിരിക്കുകയണോ അവർ?

ഇത്തരം വിശ്വാസങ്ങളൊന്നും ഒരു പ്രയോജനവും ചെയ്യാൻ പോകുന്നില്ല. ജീവൻ തൊണ്ടക്കുഴിയിലെത്തുമ്പോൾ കൈക്കൊള്ളുന്ന വിശ്വാസം നിഷ്ഫലമാണ്. യാഥാർഥ്യം മറനീക്കി കാണിച്ചതിനുശേഷം വിചാരണമാത്രമാണ് അവശേഷിക്കുന്നത്.

സമ്പൂർണ നശീകരണവും ഉയിർത്തെഴുന്നേൽപും സംഭവിക്കുകതന്നെ ചെയ്യും.നിങ്ങളുടെ ഇന്നത്തെ ഈ നിലപാടിൽ മാറ്റം വരുത്തിയിട്ടില്ലെങ്കിൽ പരലോകത്ത് നിങ്ങളെ കാത്തിരിക്കുന്നത് നെടുംഖേദങ്ങളായിരിക്കും.

---

159. തങ്ങളുടെ മതത്തെ പിളർക്കുകയും പല കക്ഷികളായിത്തീരുകയും ചെയ്തവരുണ്ടല്ലോ, നിശ്ചയം,അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലാകുന്നു.അവർ ചെയ്തുകൊണ്ടിരുന്നതിനപ്പറ്റി പിന്നീട് അവൻ അവരെ വിവരമറിയിക്കും.

---

159: ഇബ്രാഹീം സന്തതികളുടെ ഇരു ശാഖകളായ ഇസ്രാഈല്യർക്കും ഇസ്മാഈല്യർക്കും അല്ലാഹു നൽകിയിരുന്നത് അടിസ്ഥാനപരമായ ഒരേ നിയമവ്യവസ്ഥയായിരുന്നു. കാലാന്തരത്തിൽ അവർ തങ്ങളുടെ മതത്തിൽ ഇല്ലാത്ത പലതും കൂട്ടിച്ചേർത്തു. പലതും എടുത്തു കളഞ്ഞു. വിവിധ വിശ്വാസാചാരങ്ങൾ പുത്തനായി നിർമിച്ചു. അവയെ പിൻഗാമികൾ സാക്ഷാൽ മതത്തിന്റെ ഭാഗമായി തെറ്റിദ്ധരിച്ച് ഭക്തി ബഹുമാനപുരസ്സരം അനുഷ്ഠിച്ചുപോന്നു. ഇന്ന കാര്യം ദൈവദത്തമായ സാക്ഷാൽ മതത്തിൽ പെട്ടതാണെന്നും ഇന്ന കാര്യങ്ങൾ പിൽക്കാലക്കാർ കടത്തിക്കൂട്ടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളുമാണെന്നും ഉറപ്പിച്ചു പറയാൻ അവർക്ക് കഴിയാത്ത അവസ്ഥാവിശേഷമുണ്ടായി. അറബികൾ ബഹുദൈവത്വവും ബിംബാരാധനയും സ്വീകരിച്ചു. ഇസ്രാഈല്യർ യഹൂദരും ക്രിസ്ത്യാനികളുമായി വേർപിരിഞ്ഞു. ചിലർ നിഷേധത്തിന്റെയോ നാസ്തികതയുടെയോ വഴി സ്വീകരിച്ചു.

മാർഗഭ്രഷ്ടരായ മനുഷ്യരുടെ മൂഢതയുടെയും അവിവേകത്തിന്റെയും അദ്ഭുത പ്രതിഭാസമാണ് നമ്മുടെ മുന്നിലുള്ളത്. എത്രത്തോളമെന്നാൽ, കേവല മനുഷ്യരുടെ മാർഗദർശനം സ്വീകരിക്കാനും അനുസരിക്കാനും അവർക്ക് യാതൊരു ചാഞ്ചല്യവുമില്ല. അത്തരക്കാരുടെ മാർഗദർശനപ്രകാരം മനുഷ്യർ മരപ്പാവകളെയും കൽപ്രതിമകളെയും ദൈവങ്ങളാക്കുന്നു. മനുഷ്യരെത്തന്നെയും ദൈവങ്ങളും ദൈവാവതാരങ്ങളും ദൈവപുത്രന്മാരുമായി അംഗീകരിക്കുന്നു.വഴിപിഴച്ച നായകന്മാരെ അന്ധമായി പിന്തുടർന്ന് വിചിത്രമായ ജീവിത ചര്യകൾ സ്വീകരിക്കുന്നു. അങ്ങനെ യഥാർഥ മതത്തിൽ നിന്ന് വ്യതിചലിച്ച് ലോകത്ത് വിവിധ മതങ്ങളും ദർശനങ്ങളുമുണ്ടായി. യഥാർഥ ദൈവികപാത തന്റെ ദാസന്മാർക്കായി അല്ലാഹു വീണ്ടും വെട്ടിത്തെളിയിച്ചു. അന്തിമ വേദ ഗ്രന്ഥമിറക്കി. മനുഷ്യോല്പത്തി മുതൽ എല്ലാവർക്കും നൽകപ്പെട്ടിട്ടുള്ള അതേ അടിസ്ഥാന സിദ്ധാന്ത ങ്ങൾ. വേദഗ്രന്ഥം വിശദീകരിക്കാൻ ദൈവദൂതൻ അവരിൽ ആഗതനായി. പക്ഷേ, ഖുർആനെയും അന്ത്യപ്രവാചകനെയും അംഗീകരിക്കാതെ പലരും അവരവർ നിർമിച്ച കൃത്രിമ പാതകളിലൂടെ തന്നെ മുന്നേറിക്കൊണ്ടിരിക്കുന്നു. ദേഹേഛകൾക്കും അതിരുകവിഞ്ഞ ഭക്തിവിശ്വാസങ്ങൾക്കും അടിപ്പെട്ട് വക്രമാർഗങ്ങളിൽ തന്നെ ശഠിച്ചു നിൽക്കുന്നവരോട് പ്രവാചകന് ബന്ധമൊന്നുമില്ല. ഭിന്നിച്ചുനിൽക്കുന്നവരുടെയും തർക്കിക്കുന്നവരു ടെയും കാര്യം അല്ലാഹുവിന് വിട്ടേക്കുക.

---

160. ആരെങ്കിലും വല്ല നന്മയുമായി വന്നാൽ അവന് അതിൻെറ പത്തിരട്ടി (പ്രതിഫലം) ലഭിക്കുന്നതാണ്. ആരെങ്കിലും വല്ല തിന്മയുമായി വന്നാൽ അതിനു തുല്യമായ പ്രതിഫലം മാത്രം അവന് നൽകുന്നു. അവരോട് യാതൊരനീതിയും കാണിക്കപ്പെടുകയില്ല.

161. അവരോട് പറയുക: തീർച്ചയായും എൻെറ നാഥൻ എന്നെ നേർവഴിയിലേക്ക് നയിച്ചിരിക്കുന്നു.വക്രതയില്ലാത്ത മതത്തിലേക്ക്.ഋജുമാനസനായി ഇബ്റാഹീം നിലകൊണ്ട ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നില്ല.

161: ജൂതന്മാരും ക്രൈസ്തവരും ഇബ്രാഹീമിൻെറ പ്രവാചകത്വത്തിൽ വിശ്വസിച്ചിരുന്നു. ബഹുദൈവാരാധകരായ അറബികളും ഇബ്രാഹീം നബിയെ തങ്ങളുടെ മാർഗദർശിയായി ആദരിച്ചിരുന്നു. ഇസ്രാഈല്യരുടെയും ഇസ്മാഈല്യരുടെയും കുലപതിയായ ഇബ്രാഹീം പിന്തുടർന്ന നിഷ്കളങ്കവും വക്രതയില്ലാത്തതുമായ നേർവഴി തന്നെയാണ് ഈ പ്രവാചകനും നിങ്ങൾക്ക് നിർദേശിച്ച് തരുന്നത്. ഇത് അദ്ദേഹം സ്വയം ആവിഷ്ക്കരിച്ച സിദ്ധാന്തങ്ങളോ നിയമങ്ങളോ അല്ല. തങ്ങളുടെ ഗുരുഭൂതനായ ഇബ്രഹീം നബി(അ) ഏകദൈവവിശ്വാസി ആയിരുന്നു എന്ന യാഥാർഥ്യം അവർക്കെല്ലാം അറിയാവുന്ന കാര്യവുമാണ്.

162. പറയുക: നിശ്ചയമായും എൻെറ നമസ്കാരവും, എൻെറ ആരാധനാകർമങ്ങളും, എൻെറ ജീവിതവും മരണവുമെല്ലാം സർവലോക രക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.

163. അവന് പങ്കാളികളാരുമില്ല.അതാണ് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നത്. അവനെ അനുസരിക്കുന്നവരിൽ ഒന്നാമനാണ് ഞാൻ.

164. ചോദിക്കുക: ഞാൻ അല്ലാഹുവല്ലാത്ത മറ്റൊരു രക്ഷകനെ തേടുകയോ? സകല വസ്തുക്കളുടെയും രക്ഷിതാവ് അവൻ മാത്രമായിരിക്കെ. ഓരോ ആത്മാവും പ്രവർത്തിക്കുന്നതിൻെറ ഉത്തരവാദിത്തം അയാൾക്കു മാത്രമായിരിക്കും. ഭാരം ചുമക്കുന്ന ആരും മറ്റൊരാളുടെ ഭാരം ചുമക്കുന്നതല്ല. ഒടുവിൽ നിങ്ങളുടെയെല്ലാം മടക്കം നിങ്ങളുടെ നാഥങ്കലേക്കു തന്നെയാകുന്നു.നിങ്ങൾ ഭിന്നിച്ചുകൊണ്ടിരുന്ന സംഗതികളുടെ യാഥാർഥ്യം അപ്പോൾ അവൻ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുന്നതാണ്.

164: ഈ പ്രപഞ്ചത്തിൻെറ സ്രഷ്ടാവും സംരക്ഷകനും അല്ലാഹുവാണ്. അവൻെറ നിയവ്യവസ്ഥക്ക് വിധേയമായി അതിലെ ഓരോ ഘടകവും ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എങ്കിൽ എൻെറ നാഥനായി ഞാൻ മറ്റൊരാളെ തേടുന്നത് എങ്ങനെ?

165. അവനാകുന്നു നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയത്. നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ പദവികളിൽ ഉയർത്തിയതും അവൻ തന്നെ. നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടിയത്രെ അത്. തീർച്ചയായും നിൻെറ നാഥൻ അതിവേഗം ശിക്ഷാനടപടി സ്വീകരിക്കുന്നവനാകുന്നു. തീർച്ചയായും അവൻ അത്യധികം പൊറുക്കുന്നവനും ദയാപരനും കൂടിയാകുന്നു.

165: ഓരോ മനുഷ്യനും ഭൂമിയിൽ അല്ലാഹുവിൻെറ പ്രതിനിധിയാണ്. ഭൂമിയിലെ വിഭവങ്ങൾ കൈകാര്യം ചെയ്യാൻ ദൈവം അവന്നധികാരം നൽകിയിരിക്കുന്നു. ഈ ലോകം മനുഷ്യർക്കൊരു പരീക്ഷണാലയമാണ്. ഇവിടെ വ്യക്തികളെയും സമുദായങ്ങളെയും മുഴുവൻ മനുഷ്യരെയും വിവിധരൂപത്തിൽ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലോകത്ത് മനുഷ്യനു നൽകിയ വിഭവങ്ങളും ജീവിത സൗകര്യങ്ങളും അല്ലാഹു മനുഷ്യനെ ഏൽപിച്ച അമാനത്തുകളാകുന്നു. ഓരോരുത്തർക്കും നൽകിയത് എന്താണോ അതിൽ അവൻ അവരെ പരീക്ഷിക്കുന്നു. ഓരോ മനുഷ്യനും വ്യത്യസ്ത കഴിവുകളാണ് നൽകപ്പെട്ടിട്ടുള്ളത്. എല്ലാവർക്കും ഒരേ യോഗ്യതകളും ഗുണങ്ങളുമാണ് നൽകപ്പെട്ടിരുന്നതെങ്കിൽ അവരുടെ ആവിഷ്കാരശേഷിയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അപ്രസക്തമാകുമായിരുന്നു. എല്ലാവരും ഒരുപോലെ ബുദ്ധിജീവികളും, വിജ്ഞന്മാരും ശേഷിയുള്ളവരും വിഭവസമ്പന്നരുമാണെങ്കിൽ അവരുടെ

യോഗ്യതകൾ സ്വതന്ത്രമായി പ്രയോജനപ്പെടുത്താൻ എങ്ങനെ കഴിയും? അവർ പരസ്പരം സഹകരിക്കുന്നതെങ്ങനെ. മനുഷ്യന് നൽകപ്പെട്ട യോഗ്യതകളും അനുഗ്രഹങ്ങളും അവൻ കൽപിക്കപ്പെട്ടവിധം കൈയാളുന്നുണ്ടോ എന്നാണ് അല്ലാഹു പരീക്ഷിക്കുന്നത്. ഓരോ വ്യക്തിയും വ്യത്യസ്ത ചുറ്റുപാടിലായിരിക്കും ജീവിക്കു ന്നത്. ആ ചുറ്റുപാടിൽ അവന് നേരിടേണ്ടി വരുന്ന പരീക്ഷണങ്ങളെ അവൻ എങ്ങനെ നേരിടുന്നു വെന്നതാണ് പ്രശ്നം. ഏതു നിലവാരത്തിൽ ജീവിക്കുന്നവനും ഈ പരീക്ഷണങ്ങളെ നേരിടേണ്ടതുണ്ട്. എത്ര സമ്പൂർണമെന്ന് തോന്നുന്ന ജീവിതവും ഇത്തരം പരീക്ഷണങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. യോഗ്യതകൾക്കനുസരിച്ച് പരീക്ഷണങ്ങളുടെ രൂപത്തിൽ മാറ്റങ്ങൾ കണ്ടേന്നു വരാം. പക്ഷേ, അവയെ നേരിട്ടേ മതിയാവൂ. അതാണ് നമ്മുടെ ജീവിതം!

*****

## അധ്യായം 7

# അൽ അഅ്റാഫ് (ഉന്നത സ്ഥലങ്ങൾ)

**അവതരണം മക്കയിൽ, വചനങ്ങൾ 206**

**ആമുഖം.**

ഈ അധ്യായത്തിലെ 46-48 വചനങ്ങളിൽ അഅ്റാഫിനെ(ഉന്നത സ്ഥാനങ്ങൾ) സംബന്ധിച്ച് പ്രസ്താവിക്കുന്നുണ്ട്.അതുകൊണ്ടാണ് ഈ അധ്യായത്തിന് 'അഅ്റാഫ്' എന്ന നാമം സിദ്ധിച്ചത്. ഇസ്ലാമിൻെറ മൗലിക ആദർശങ്ങളെ സംബന്ധിച്ച പ്രതിപാദനങ്ങളാണ് ഈ അധ്യായത്തിൻെറ മൊത്തം ഉള്ളടക്കം.

കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. അലിഫ്-ലാം-മീം-സ്വാദ്.

2. നിന്നിലേക്ക് ഇറക്കപ്പെട്ട ഗ്രന്ഥമത്രെ ഇത്. അതിനാൽ ഇതിനെക്കുറിച്ച് നിൻെറ ഹൃദയത്തിൽ വിഷമം ഉണ്ടാകരുത്. നീ (സത്യനിഷേധികൾക്ക്) മുന്നറിയിപ്പ് നൽകാനും സത്യവിശ്വാസികൾക്ക് ഉൽബോധനം നൽകുവാനും വേണ്ടിയാണിത്.

---

2:തൻെറ ജനതയുടെ സത്യനിഷേധവും ശത്രുതയും പ്രവാചകനെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. സത്യനിഷേധികൾക്കുവേണ്ടി പ്രവാചകൻ വ്യസനിക്കേണ്ടതില്ല; അധാർമിക ജീവിതത്തിൻെറ ദുരന്തത്തെക്കുറിച്ച് താക്കീതു ചെയ്യുകയും സത്യസന്ദേശങ്ങളിലേക്ക് അവരെ ക്ഷണിക്കുകയുമാണ് അദ്ദേഹത്തിൻെറ ഉത്തരവാദിത്വം.

---

3. നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങൾക്ക് അവതരിച്ചു കിട്ടിയതിനെ പിൻപറ്റുവിൻ. അവനെ കൂടാതെ ഇതര രക്ഷകന്മാരെ പിൻപറ്റാതിരിക്കുവിൻ. വളരെ കുറച്ചേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളു.

---

3: പ്രപഞ്ച വ്യവസ്ഥയുടെ അധിപനും, സ്രഷ്ടാവും, പരിപാലകനുമായ ദൈവത്തിൻെറ മാർഗദർശനം മാത്രമേ സ്വീകരിക്കാവൂ എന്ന എല്ലാവർക്കുമുള്ള മുന്നറിയിപ്പാണിത്. തൻെറ സൃഷ്ടികൾക്ക് ആദർശവിശ്വാസങ്ങൾ അനുശാസിക്കാനും വിധിവിലക്കുകൾ ഏർപ്പെടുത്താനും ദൈവത്തിനുമാത്രമേ അവകാശവും അധികാരവുമുള്ളു. മനുഷ്യ സൃഷ്ടിയുടെ ലക്ഷ്യവും പ്രപഞ്ചത്തിൻെറ യാഥാർഥ്യവും അറിയേണ്ടത് സർവലോക സ്രഷ്ടാവിൽ നിന്നാണ്. അവനല്ലാത്ത രക്ഷകരെ തേടുന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ മഹാ അബദ്ധമായിരിക്കും. വിശുദ്ധ ഖുർആൻ സകല മനുഷ്യർക്കുമായി അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാണ്. ഖുർആനെ പിന്തുടരുന്നത് അല്ലാഹുവിനെ രക്ഷാധികാരിയും വിധികർത്താവുമായി സ്വീകരിക്കലാകുന്നു.

---

4. എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്! അങ്ങനെ രാത്രിയിൽ നമ്മുടെ ശിക്ഷ അവരിൽ ചെന്നു പതിച്ചു; അല്ലെങ്കിൽ അവർ ഉച്ചയുറക്കത്തിലായിരിക്കുമ്പോഴോ.

5. അവർക്ക് നമ്മുടെ ശിക്ഷ വന്നെത്തിയപ്പോൾ 'ഞങ്ങൾ അക്രമികളായിപ്പോയല്ലോ' എന്നു മാത്രമേ അവർക്ക് വിലപിക്കാനുണ്ടായിരുന്നുള്ളു.

---

4,5: പ്രവാചകസന്ദേശം അവഗണിക്കുകയും മറ്റു ദുശ്ശക്തികളെ പിന്തുടർന്ന് ഭൂമിയിൽ നാശം വിതക്കുകയും തൽഫലമായി നശിപ്പിക്കപ്പെടുകയും ചെയ്ത പല സമൂഹങ്ങളും അറബികളുടെ ചുറ്റുവട്ടത്തു തന്നെയുണ്ടായിരുന്നു. ആദുവർഗം, സമൂദുവർഗം, മദ്യൻവാസികൾ, ലൂത്വിൻെറ ജനത ഇവരുടെയെല്ലാം കീഴ്മേൽ മറിക്കപ്പെട്ട പട്ടണങ്ങളുടെ ചരിത്ര കഥകൾ അവർക്ക് സുപരിചിതമായിരുന്നു. മനുഷ്യനെ ഇഹലോകത്ത് ഇഷ്ടംപോലെ എന്തും ചെയ്യാൻ ദൈവം വിട്ടിട്ടില്ല. താക്കീതുകളും

മുന്നറിയിപ്പുകളും കൊടുത്ത് തെറ്റുതിരുത്താൻ ഒരു ഘട്ടം വരെ അവർക്ക് സമയം അനുവദിക്കുന്നു. എന്നിട്ട് പിന്മാറുന്നില്ലെങ്കിൽ അല്ലാഹു അവരെ ഭൂമുഖത്തുനിന്ന് പറിച്ചെറിയുന്നു. ധിക്കാരികൾക്ക് നൽകപ്പെട്ട അവധി അവസാനിക്കുന്നതോടെ പൊടുന്നനെയായിരിക്കും ദൈവികശിക്ഷ അവരെ പിടി കൂടുന്നത്.

---

6. എന്നാൽ (ദൈവദൂതന്മാർ) അയക്കപ്പെട്ട ജനതയെ തീർച്ചയായും നാം ചോദ്യം ചെയ്യും. ദൈവദൂതന്മാരെയും തീർച്ചയായും നാം ചോദ്യം ചെയ്യുന്നതാണ്.

7. അപ്പോൾ നിശ്ചയമായും (സംഭവങ്ങൾ) നാം തന്നെ തികഞ്ഞ ജ്ഞാനത്തോടെ അവർക്കു വിവരിച്ചു കൊടുക്കും. (നാം എങ്ങും) മറഞ്ഞുപോയിട്ടൊന്നുമുണ്ടായിരുന്നില്ല.

---

6,7: അന്ത്യനാളിലെ വിചാരണയെ സംബന്ധിച്ചാണ് പരാമർശം. പ്രപഞ്ചത്തെ ഭരിക്കുന്ന മഹാശക്തി ആദിമരും അന്തിമരുമായ സകല മനുഷ്യരെയും ഒരുനാൾ പുനർജീവിപ്പിച്ച് വിചാരണ ചെയ്യാനായി തൻെറ നീതിന്യായ കോടതിയിൽ ഹാജരാക്കുന്നതാണ്.

പ്രവാചകന്മാരെ ഏൽപിച്ച ദൗത്യം അവർ എത്രത്തോളം നിർവഹിച്ചുവെന്ന് പ്രവാചകന്മാരോടും ദൈവികസന്ദേശത്തോട് എന്ത് നയമാണ് കൈക്കൊണ്ടതെന്ന് അവരുടെ സമുദായങ്ങളോടും ചോദിക്കുന്നതാണ്. പ്രവാചകന്മാരിലൂടെ മാത്രമല്ല പ്രവാചകന്മാരുടെ സന്ദേശം സ്വീകരിച്ച പിൻതലമുറകളിലൂടെയും ദൈവിക സന്ദേശം എത്തിയിട്ടുള്ളവരെല്ലാം 'ദിവ്യ സന്ദേശം അയക്കപ്പെട്ടവരിൽ' ഉൾപ്പെടുന്നു. പ്രവാചകന്മാരെയും അവരുടെ സമൂഹങ്ങളെയും സമ്മേളിപ്പിച്ച് ഇരുകൂട്ടരോടും ദൈവിക സന്ദേശത്തെക്കുറിച്ച് ചോദിക്കുന്നതാണ്. പ്രവാചകനിയോഗമുണ്ടായിട്ടില്ലാത്ത സമൂഹങ്ങളെക്കുറിച്ച് ഖുർആൻ ഒന്നും വ്യക്തമാക്കിയിട്ടില്ല.

തങ്ങൾക്ക് ലഭിച്ച ദൈവിക സന്ദേശം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുക ഓരോ സത്യവിശ്വാസിയുടെയും നിർബന്ധ ബാധ്യതയാണ്. പ്രവാചകൻ(സ) തൻെറ വിടവാങ്ങൽ പ്രസംഗത്തിൽ തൻെറ സന്ദേശം എത്തിയിട്ടില്ലാത്ത ജനങ്ങൾക്ക് അതെത്തിച്ചുകൊടുക്കാൻ തൻെറ ശിഷ്യന്മാരെ ഉപദേശിച്ചത് പ്രസിദ്ധമാകുന്നു.

---

8. അന്നാളിൽ (കർമ്മം) തൂക്കിക്കണക്കാക്കുന്നത് സാക്ഷാൽ സത്യമാകുന്നു. അപ്പോൾ ആരുടെ തുലാസ്സുകൾ കനം തൂങ്ങുന്നുവോ അവർ തന്നെയായിരിക്കും വിജയികൾ.

9. ആരുടെ തുലാസ്സുകൾ കനം കുറഞ്ഞുവോ, അപ്പോൾ അവർ തങ്ങളെ സ്വയം നഷ്ടത്തിലകപ്പെടുത്തിയവരാകുന്നു. അവർ നമ്മുടെ സൂക്തങ്ങളോട് ധിക്കാരമനുവർത്തിച്ചുകൊണ്ടിരുന്നതിൻെറ ഫലമത്രെ അത്.

---

8,9:വിചാരണ നാളിൽ മനുഷ്യൻെറ കർമ്മങ്ങളിലുള്ള സത്യത്തിൻെറ കനം അല്ലാഹു തൂക്കിനോക്കുന്നു. ദൈവത്തിൻെറ നീതിയുടെ തുലാസ്സിൽ സത്യത്തിനൊഴികെ മറ്റൊന്നിനും തൂക്കമുണ്ടാവില്ല. മനുഷ്യൻെറ പ്രവർത്തനങ്ങളിൽ എത്രത്തോളം സത്യമുണ്ടോ അത്രത്തോളം തൂക്കമുണ്ടായിരിക്കും. ദൈവപ്രീതിക്കുവേണ്ടിയും ദൈവിക നിയമങ്ങൾക്ക് വിധേയമായും പരലോകഫലം ലക്ഷ്യമാക്കിയും ചെയ്തിട്ടുള്ള കർമ്മങ്ങൾക്കേ തൂക്കമുണ്ടാകൂ. ഒരാളോടും അനീതി ചെയ്യപ്പെടുകയില്ല. ഒരണുമണിത്തൂക്കമായിരുന്നാലും അല്ലാഹു അതു കൊണ്ടുവരുന്നതാണ്.

ഐഹികജീവിതംതന്നെ സാക്ഷാൽ ജീവിതമെന്ന് വിശ്വസിച്ച്, ഒരിക്കൽ ദൈവസന്നിധിയിൽ ഹാജരായി സ്വകർമങ്ങളുടെ കണക്ക് ബോധിപ്പിക്കേണ്ടതുണ്ടെന്ന ചിന്തയില്ലാതെ ഇഹലോകത്തിനുവേണ്ടി മാത്രം ജീവിച്ചവർ, ഈ ലോകത്ത് എന്തെന്ത് വൻകാര്യങ്ങൾ ചെയ്തിരുന്നാലും അവരുടെ പ്രവർത്തനങ്ങളെല്ലാം ഈ ലോകത്തിൻെറ നാശത്തോടൊപ്പം നശിച്ചുപോകുന്നതാണ്. ഭൗതികലോകത്ത് തങ്ങൾ നിർമിച്ച അഭിമാനഭാജനങ്ങളായ വസ്തുക്കളിൽ ഒന്നുപോലും കയ്യിലെടുത്തുകൊണ്ടല്ല അവർ ദൈവ സന്നിധിയിൽ ഹാജരാവുന്നത്. അവിടെ തൂക്കപ്പെടുന്നത് കർമോദ്ദേശ്യങ്ങളും കർമ്മഫലങ്ങളും മാത്രമാണ്. തങ്ങളുടെ ഐഹികജീവിതപ്രയത്നങ്ങളത്രയും തീർത്തും പാഴായിപ്പോയ ഹതഭാഗ്യരാണവർ. ഇഹലോകത്തുവെച്ച് ജീവിതകാലമത്രയും അവർ സമ്പാദിച്ച നേട്ടങ്ങളെല്ലാം നീതിയുടെ തുലാസ്സിൽ തീരെ ഘനമില്ലാത്ത പതിരുകൾ മാത്രമായിരിക്കും. കാരണം അവരുടെ പ്രയത്നങ്ങളെല്ലാം ദൈവത്തെയും പരലോകത്തെയും

വിസ്മരിച്ച് ഇഹലോകത്തിനുവേണ്ടി മാത്രമായിരുന്നു. തങ്ങളുടെ സമ്പത്തിലും സ്ഥാനമാനങ്ങളിലും അഹങ്കരിക്കുകയും സത്യപ്രബോധനത്തെ നിരാകരിക്കുകയും ചെയ്തതിൻെറ ഫലം അവർ നേരിൽ കാണുന്നതാണ്.

---

10. തീർച്ചയായും നാം നിങ്ങൾക്ക് ഭൂമിയിൽ സ്വാധീനം നൽകുകയും നിങ്ങൾക്കതിൽ ജീവിത വിഭവങ്ങൾ ഒരുക്കിത്തരികയും ചെയ്തിരിക്കുന്നു. നന്നെക്കുറച്ചേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ.

11. തീർച്ചയായും നാം നിങ്ങളെ സൃഷ്ടിച്ചു. പിന്നെ നാം നിങ്ങൾക്ക് ആകൃതി നൽകി. പിന്നീട് നാം മലക്കുകളോടു പറഞ്ഞു: ആദമിനെ പ്രണമിക്കുക. അവർ പ്രണമിച്ചു. ഇബ്ലീസ് ഒഴികെ. അവൻ പ്രണമിച്ചവരുടെ കൂട്ടത്തിൽ ആയിരുന്നില്ല.

12. (അല്ലാഹു) ചോദിച്ചു: ഞാൻ നിന്നോട് കൽപിച്ചപ്പോൾ പ്രണാമം ചെയ്യുന്നതിൽ നിന്ന് നിന്നെ തടഞ്ഞതെന്ത്? അവൻ പറഞ്ഞു: ഞാൻ അവനേക്കാൾ ഉത്തമനാകുന്നു. നീ എന്നെ അഗ്നിയിൽനിന്നാണ് സൃഷ്ടിച്ചിട്ടുള്ളത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽനിന്നും.

13. അല്ലാഹു പറഞ്ഞു: എങ്കിൽ നീ ഇവിടെനിന്ന് ഇറങ്ങിപ്പോവുക. നിനക്കിവിടെ അഹങ്കരിക്കാൻ പാടുള്ളതല്ല. അതിനാൽ പുറത്തുപോവുക. തീർച്ചയായും നീ നിന്ദ്യരുടെ കൂട്ടത്തിലാകുന്നു.

14. അവൻ പറഞ്ഞു: (എല്ലാവരും) ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം വരെ എനിക്ക് അവധി നൽകിയാലും.

15. അല്ലാഹു പറഞ്ഞു: തീർച്ചയായും നീ അവധി നൽകപ്പെട്ടവരുടെ കൂട്ടത്തിലാകുന്നു.

16. അവൻ (ഇബ്ലീസ്)പറഞ്ഞു: നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിൻെറ നേരായ പാതയിൽ ഞാൻ അവർക്കായി (വഴി തെറ്റിക്കുവാൻ) തക്കം പാർത്തിരിക്കും.

17. പിന്നെ അവരുടെ മുന്നിലൂടെയും,അവരുടെ പിന്നിലൂടെയും,അവരുടെ വലത്തു നിന്നും അവരുടേ ഇടത്തുനിന്നും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും.അവരിലേറെ പേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുകയില്ല.

18. അല്ലാഹു കൽപിച്ചു: നിന്ദ്യനും ആട്ടിയോടിക്കപ്പെട്ടവനുമായി നീ ഇവിടെനിന്ന് പുറത്ത് പോവുക.അവരിൽ നിന്ന് വല്ലവരും നിന്നെ പിന്തുടരുകയാണെങ്കിൽ നിങ്ങളെയെല്ലാവരെയും കൊണ്ട് ഞാൻ നരകം നിറക്കുകതന്നെ ചെയ്യും.

---

11-18: ഇബ്ലീസിൻെറ അഹന്തയും ധിക്കാരവും ദൈവകൽപന അനുസരിപ്പിക്കുന്നതിൽനിന്നും അവനെ തടഞ്ഞു. സ്വർഗത്തിൽനിന്ന് പുറത്തുപോകാൻ കൽപിച്ചിട്ടും അവന് ഖേദം തോന്നിയില്ല. കഠിനമായ താക്കീത് നൽകിയിട്ടും പിശാച് സ്വന്തം തെറ്റ് സമ്മതിക്കാനും ദൈവത്തിൻെറ അടിമത്തത്തിലേക്ക് മടങ്ങിവരാനും കൂട്ടാക്കാതെ ദൈവധിക്കാരത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണുണ്ടായത്.തുടർന്ന് ആദമിനെയും സന്തതികളെയും വഴിതെറ്റിക്കാൻ അവസരം നൽകണമെന്ന് അപേക്ഷിക്കുകയാണ് അവൻ ചെയ്തത്.മനുഷ്യന് നൽകപ്പെട്ട ബഹുമതിക്ക് അവൻ അർഹനല്ലെന്ന് തെളിയിക്കുകയായിരുന്നു പിശാചിൻെറ ഉദ്ദേശ്യം. ഇബ്ലീസിൻെറ അപേക്ഷ അല്ലാഹു സ്വീകരിച്ചു. ഭൗതിക കാര്യങ്ങളിൽ അമിതമായ താൽപര്യമുളവാക്കുക,ദുർമാർഗത്തെ സുന്ദരമാക്കിക്കാണിക്കുക, സന്മാർഗത്തെ ചീത്തയായി കാണിക്കുക, തുടങ്ങിയ എല്ലാ മാർഗങ്ങളിലൂടെയും മനുഷ്യനെ കെണിയിൽ വീഴ്ത്താൻ അനുവാദമുണ്ടായിരിക്കുമെങ്കിലും തൻെറ മാർഗത്തിൽ മനുഷ്യനെ ബലാൽക്കാരം ചരിപ്പിക്കുവാൻ പിശാചിന് അധികാരമില്ല. നിഷ്കളങ്കരായ ദൈവദാസന്മാരെ വഴിപിഴപ്പിക്കുവാനും അവന് സാധ്യമല്ല.

---

19. അല്ലയോ ആദം, നീയും നിൻെറ ഇണയും ഈ സ്വർഗത്തിൽ വസിച്ചുകൊള്ളുക. എന്നിട്ട് നിങ്ങൾ ഇരുവർക്കും ഇഷ്ടമുള്ളിടത്തുനിന്ന് ആഹരിക്കുകയും ചെയ്യുക.എന്നാൽ ഈ മര

ത്തോട്ˆ നിങ്ങൾ രണ്ടു പേരും അടുത്തുപോകരുത്ˆ; നിങ്ങൾ അതിക്രമികളിൽ പെട്ടുപോകും.

20. പിന്നെ പിശാച്ˆ ഇരുവരോടും ദുർമന്ത്രണം നടത്തി;അവരിൽ നിന്ന്ˆ ഗോപ്യമാക്കിവെച്ചിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്ക്ˆ വെളിപ്പെടുത്താൻ. അവൻ (അവരോട്ˆ) പറഞ്ഞു:നിങ്ങളിരുവരുടെയും നാഥൻ ഈ വൃക്ഷം നിങ്ങളിരുവർക്കും നിരോധിച്ചിട്ടുള്ളത്ˆ, നിങ്ങൾ ഇരുവരും മലക്കുകളായിത്തീരുകയോ നിങ്ങൾ ഇരുവരും നിത്യജീവിതം കൈവരിക്കുകയോ ചെയ്യാതിരിക്കാൻ മാത്രമാകുന്നു.

21. തീർച്ചയായും ഞാൻ നിങ്ങൾ ഇരുവരുടെയും ഗുണകാംക്ഷിയാണെന്ന്ˆ അവൻ അവർ രണ്ടു പേരോടും സത്യം ചെയ്തു പറഞ്ഞു.

22. അങ്ങനെ അവരിരുവരെയും അവൻ വഞ്ചനയിലൂടെ തരം താഴ്ˆത്തിക്കളഞ്ഞു. അവർ രണ്ടു പേരും ആ വൃക്ഷത്തിൻെറ രുചിയാസ്വദിച്ചപ്പോൾ തങ്ങളുടെ നഗ്നതകൾ അവർക്കിരുവർക്കും വെളിപ്പെട്ടു.ആ ഉദ്യാനത്തിലെ ഇലകൾ ചേർത്തുവെച്ച്ˆ അവർ ഇരുവരും തങ്ങളുടെ ശരീരം മറയ്ˆക്കാൻ തുടങ്ങി.അവരുടെ നാഥൻ ഇരുവരെയും വിളിച്ചുചോദിച്ചു:ഈ വൃക്ഷം ഞാൻ നിങ്ങൾ ഇരുവർക്കും വിലക്കിയിരുന്നില്ലേ? പിശാച്ˆ നിങ്ങൾ രണ്ടു പേരുടെയും തെളിഞ്ഞ ശത്രുവാണെന്ന്ˆ നിങ്ങളോട്ˆ പറയുകയും ചെയ്തിരുന്നില്ലേ?

23. അവർ ഇരുവരും പറഞ്ഞു: ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തുപോയി. ഇനി നീ ഞങ്ങൾക്ക്ˆ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ നിശ്ചയമായും ഞങ്ങൾ നഷ്ˆടപ്പെട്ടവരുടെ കൂട്ടത്തിൽ ആയിത്തീരും.

---

19-23: ആദമിനെയും സന്തതികളെയും നേർമാർഗത്തിൽ നിന്ന്ˆ വ്യതിചലിപ്പിക്കാൻ തനിക്കിഷ്ˆടമുള്ള അടവുകളെല്ലാം പ്രയോഗിച്ചുകൊള്ളാൻ അല്ലാഹു പിശാചിന്ˆ സ്വാതന്ത്ര്യം നൽകിയിരിക്കുന്നു.പിശാച്ˆ മനുഷ്യൻെറ ജന്മശത്രുവാണെന്നും അവൻെറ അടവുകൾ മനസ്സിലാക്കി അവയിൽ നിന്ന്ˆ രക്ഷപ്പെടാൻ സദാ ജാഗരൂകരായിരിക്കണമെന്നും അല്ലാഹു ആദമിനെ ഉണർത്തിയിരുന്നു. എന്നാൽ പിശാചിൻെറ തുടർച്ചയായ പ്രലോഭനങ്ങളിൽ ആദം ദമ്പതികൾ വീണുപോയി. ആദം ദമ്പതികൾക്ക്ˆ ദൈവകൽപന അനുസരിക്കുന്നതിൽ ഉറച്ചുനിൽക്കാൻ കഴിയുന്നുവോ എന്ന പരീക്ഷണവും അതിനുള്ള പരിശീലനവുമായിരുന്നു സ്വർഗത്തിലെ വിലക്കപ്പെട്ട കനി.

ആദമിനെ വഴിതെറ്റിക്കാൻ പിശാച്ˆ സ്വീകരിച്ച മാർഗം വളരെ ഗൂഢമായിരുന്നു. തൻെറ ശത്രുവിനെതിരിൽ ആക്രമണം നയിക്കാൻ മനുഷ്യൻെറ ഏറ്റവും ദുർബലവശമായ ലൈംഗികതയാണ്ˆ പിശാച്ˆ പിടികൂടിയത്ˆ. ആദം ദമ്പതികളെ കെണിയിൽ വീഴ്ˆത്താൻ ഉപയോഗിച്ച അതേ ആയുധം ആധുനികയുഗത്തിലും പത്ര മാസികകളിലൂടെയും, ദൃശ്യശ്രവണ മാധ്യമങ്ങളിലൂടെയും ആധുനിക ഇലക്ˆട്രോണിക്ˆ മീഡിയകളിലൂടെയും ഇന്നും ആദം സന്തതികളിൽ അവൻ അതിമനോഹരമായി പയറ്റിക്കൊണ്ടിരിക്കുന്നു. അല്ലാഹു മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിട്ടുള്ള ലജ്ജാവികാരത്തിന്ˆ കനത്ത പ്രഹരമേൽപിച്ചുകൊണ്ട്ˆ സ്ˆത്രീയെ വസ്ˆത്രമുരിച്ച്ˆ നഗ്നയാക്കി മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നതിൽ പിശാചും അവൻെറ ശിഷ്യഗണങ്ങളും വിജയിക്കുകതന്നെ ചെയ്തിരിക്കുന്നു. മനുഷ്യർ തങ്ങളുടെ ജന്മശത്രുവിൻെറ അടവുകൾ മനസ്സിലാക്കി അവയിൽ നിന്ന്ˆ രക്ഷപ്പെടാൻ പ്രത്യേക ശ്രമം നടത്തുന്നില്ലെങ്കിൽ പിശാച്ˆ സ്വയം അനുഭവിക്കാൻ പോകുന്ന ദുരന്തം തന്നെയായിരിക്കും അവരെയും കാത്തിരിക്കുന്നത്ˆ.

ശത്രുവിൻെറ അടവുകൾ തിരിച്ചറിഞ്ഞ്ˆ വഴിതെറ്റിക്കാനുള്ള അവൻെറ ശ്രമത്തെ ശക്തിയായി ചെറുത്തുതോൽപ്പിക്കുക, വല്ലപ്പോഴും പിശാചിൻെറ ചതിയിൽ പെട്ടാൽ തെറ്റ്ˆ ബോധ്യമാവുന്നതോടെ പശ്ചാത്തപിച്ചുകൊണ്ട്ˆ തൻെറ രക്ഷിതാവിൻെറ കരുണാകടാക്ഷത്തിൽ അഭയം തേടുക.ഇതാണ്ˆ ഈ കഥയിലൂടെ മനുഷ്യവർഗത്തിന്ˆ അല്ലാഹു നൽകുന്ന പാഠം.

പിശാച്ˆ സ്വന്തം പോരിമയും മഹത്വവും വാദിച്ച്ˆ ദൈവകൽപന നിരസിക്കുകയാണ്ˆ ചെയ്തത്ˆ. സ്വന്തം തെറ്റ്ˆ സമ്മതിക്കാൻ കൂട്ടാക്കാതെ ധിക്കാരത്തിൽ തന്നെ അവൻ ഉറച്ചുനിന്നു. എന്നാൽ ആദം(അ) അങ്ങനെ വാദിക്കുകയുണ്ടായില്ല. പിശാചിൻെറ ചതിപ്രയോഗത്തിൽപെട്ട്ˆ അദ്ദേഹം അനുസരണ മാർഗ

ത്തിൽനിന്ന് വ്യതിചലിക്കുകയായിരുന്നു.തെറ്റ് ബോധ്യമായപ്പോഠം പിശാചിനെപ്പോലെ ധിക്കാരത്തിൽ ഉറച്ചു നിൽക്കാതെ പശ്ചാത്തപിക്കുകയും അനുസരണത്തിലേക്ക് തിരിച്ചു വരികയുമാണ് ചെയ്തത്. അതിനാൽ ധാർമികപദവികൊണ്ട് മനുഷ്യനാണ് ശ്രേഷ്ഠനെന്ന് ഖണ്ഡിതമായി തീർച്ചപ്പെട്ടിരിക്കുന്നു.

24. അല്ലാഹു കൽപിച്ചു: നിങ്ങഠം ഇറങ്ങിപ്പോവുക. നിങ്ങഠം ചിലർ ചിലർക്ക് ശത്രുക്കളാകുന്നു. ഭൂമിയിൽ നിങ്ങഠംക്ക് താമസ സൗകര്യമുണ്ട്,ഒരു നിശ്ചിത കാലംവരെ ജീവിതവിഭവങ്ങളുമുണ്ട്.

25. അവൻ(അല്ലാഹു) പറഞ്ഞു: അതിൽ തന്നെ നിങ്ങഠം ജീവിക്കും. അവിടെ തന്നെ നിങ്ങഠം മരിക്കുകയും ചെയ്യും.അവിടെ നിന്നുതന്നെ നിങ്ങളെ പുറത്തുകൊണ്ടുവരികയും ചെയ്യും.

24,25:ഭൂമിയിൽ അല്ലാഹുവിൻെറ പ്രതിനിധിയായി ജീവിക്കാനാണ് ആദം ദമ്പതികഠം സൃഷ്ടിക്കപ്പെട്ടിരുന്നത്. സ്വർഗത്തിലെപ്പോലെ ഭൂമിയിലും ചെകുത്താനാണ് മനുഷ്യൻെറ ശത്രു. അന്ത്യനാഠംവരെ ഈ ശത്രുത തുടരും.പിശാച് സ്വർഗത്തിൽവെച്ച് നടത്തിയ വെല്ലുവിളിതന്നെയാണ് ഭൂമിയിലും അവർക്ക് നേരിടാനുള്ളത്. ഭൂമിയിൽ മനുഷ്യനു നിശ്ചിതകാലത്തെ അധിവാസവും ജീവിത വിഭവങ്ങളും ഉണ്ട്. മരണശേഷം വീണ്ടും അല്ലാഹുവിൻെറ സന്നിധിയിലേക്ക് ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നതാകുന്നു.
ആദം ദമ്പതികളോട് സ്വർഗത്തിൽനിന്നിറങ്ങിപ്പോകാൻ അല്ലാഹു കൽപിച്ചത് ശിക്ഷയെന്ന നിലക്കായിരുന്നില്ല. പിശാചിൻെറ ദുർബോധനത്തിനു വഴങ്ങിപ്പോയ ഒരു നിമിഷത്തിൽ അവർക്ക് പിണഞ്ഞ അബദ്ധം മാത്രമായിരുന്നു വിലക്കപ്പെട്ട കനി ഭക്ഷിച്ചു എന്ന പാപം. അതേപ്പറ്റി ബോധമുണ്ടായ ഉടനെ ആദം ദമ്പതികഠം പശ്ചാത്തപിച്ച് പാപം ഏറ്റുപറയുകയും ദൈവത്തോട് മാപ്പിരക്കുകയും ചെയ്തു. സർവശക്തനായ ദൈവം അവരുടെ പശ്ചാത്താപം സ്വീകരിക്കുകയും പാപമുക്തരാക്കുകയും ആദമിനെയും സന്തതികളെയും ഭൂമിയിൽ തൻെറ പ്രതിനിധികളായി നിയോഗിക്കുകയും ചെയ്തു. അതിനാൽ ആദം പാപിയായല്ല ഭൂമിയിൽ വന്നത്. ആദം സന്തതികഠം പാപികളായി ജനിക്കുന്നുമില്ല.

26. അല്ലയോ ആദം സന്തതികളേ, നിങ്ങഠംക്കു നാം നിങ്ങളുടെ നഗ്നത മറയ്ക്കാനും അലങ്കരിക്കാനും പറ്റിയ വസ്ത്രം ഇറക്കിത്തന്നിരിക്കുന്നു. എന്നാൽ ഭക്തിയുടെ വസ്ത്രമാകട്ടെ അതാണ് കൂടുതൽ ഉത്തമം. അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിലൊന്നത്രെ അത്. അവർ ശ്രദ്ധിച്ചു മനസ്സിലാക്കാൻ വേണ്ടി

27. അല്ലയോ ആദമിൻെറ മക്കളേ, ചെകുത്താൻ നിങ്ങളെ വിപത്തിലകപ്പെടുത്താതിരിക്കട്ടെ. നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽനിന്ന് പുറത്താക്കുകയും ഗുഹ്യഭാഗങ്ങഠം പരസ്പരം വെളിപ്പെടുത്തുന്നതിന് അവരുടെ വസ്ത്രം ഊരിക്കളയുകയും ചെയ്തതുപോലെ. തീർച്ചയായും അവനും അവൻെറ വർഗക്കാരും, നിങ്ങഠംക്ക് അവരെ കാണാനാവാത്തിടത്തു നിന്ന് നിങ്ങളെ കണ്ടുകൊണ്ടിരിക്കുകയാകുന്നു. തീർച്ചയായും ഈ ചെകുത്താന്മാരെ നാം, അവിശ്വാസികളുടെ രക്ഷാധികാരികളാക്കിയിരിക്കുന്നു.

27: അജ്ഞാനകാലത്തെ അറബികളുടെ ജീവിതത്തിൽ വസ്ത്രധാരണത്തിന് വലിയ പ്രാധാന്യമൊന്നുമില്ലായിരുന്നു. നഗ്നത സ്വയം ലജ്ജാകരമാണെന്ന് അവർ സമ്മതിച്ചിരുന്നുവെങ്കിലും ചില ആരാധനാ കർമ്മങ്ങളിൽ നഗ്നരാകുന്നത് വിശുദ്ധ മതാചാരമാണെന്ന് അവർ ധരിച്ചിരുന്നു. ആണും പെണ്ണും പൂർണ നഗ്നരായി കഅ്ബ പ്രദക്ഷിണം ചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു. അത് ഭക്തിക്കിണങ്ങുന്ന ഒരു അനുഷ്ഠാനമായാണ് അവർ കരുതിയിരുന്നത്. നഗ്നരോ അർധനഗ്നരോ ആയിക്കൊണ്ട് പ്രാർഥനാ കർമ്മങ്ങഠം നിർവഹിക്കുന്നത് പുണ്യകർമയി കരുതുന്നവർ ഇന്നും ചില വിഭാഗങ്ങളിലുണ്ട്.
വസ്ത്രധാരണവും ചാരിത്രവുമൊക്കെ അന്നത്തെപ്പോലെ ഇന്നും ഒരു വിഷയമല്ലാതാവുകയാണ്. ലജ്ജ എന്ന വികാരം തന്നെ ക്രമേണ അസ്തമിച്ചുപോകുന്നു. ആഭാസങ്ങളും അശ്ലീലവും പിശാചിൻെറ ദുഷ്ട തന്ത്രങ്ങളാണെന്ന് മനസ്സിലാക്കാതെ, അവയെ സംസ്കാരവും പരിഷ്കാരവുമായി കരുതി ആളുകഠം വാരിപ്പുണരുകയാണ്. ആദം ദമ്പതികളെ വഞ്ചിക്കുകയും വസ്ത്രമുരിഞ്ഞ് നാണം കെടുത്തുകയും ചെയ്ത പിശാച് ആദംസന്തതികളെയും അതേ അശ്ലീലതയിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.അനാ

ചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പരിഷ്കാരത്തിൻെറയും പുരോഗതിയുടെയും പേരിൽ പിശാച് ആദമിൻെറ മക്കളെ തൻെറ മിത്രങ്ങളും ആശ്രിതരുമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പതനത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരേ മാർഗം അല്ലാഹുവിലും അവൻ അവതരിപ്പിച്ച സന്മാർഗദർശനത്തിലും അടിയുറച്ചു വിശ്വസിക്കുക മാത്രമാണ്.

28. അവർ വല്ല നീചവൃത്തിയും ചെയ്താൽ അവർ പറയും, ഞങ്ങളുടെ പൂർവപിതാക്കൾ അങ്ങനെ ചെയ്യുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടെന്നും അല്ലാഹു ഞങ്ങളോട് കൽപിച്ചിട്ടുണ്ടെന്നും. പറയുക:തീർച്ചയായും അല്ലാഹു നീചകൃത്യങ്ങൾ കൽപിക്കുകയില്ല. നിങ്ങൾക്കറിഞ്ഞുകൂടാത്ത കാര്യങ്ങൾ അല്ലാഹുവിൻെറ പേരിൽ നിങ്ങൾ പറഞ്ഞുണ്ടാക്കുകയാണോ?

28:പരമ്പരാഗതമായ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിയവർ എല്ലാ കാലത്തും പറയുന്ന ഒരു ന്യായീകരണമാണിത്. തങ്ങളുടെ കാക്കകാരണവന്മാർ തുടർന്നു വരുന്നതാകകൊണ്ട് ഇതെല്ലാം ദൈവം കൽപിച്ച മതവിധികളാണെന്നും അവർ വാദിച്ചേക്കും. പൂർവികന്മാരുടെ കീഴ്വണക്കമാണ് എന്നത് അവരുടെ നടപടികൾ സത്യവും ധർമവുമായിരിക്കൽ അനിവാര്യമാക്കുന്ന സംഗതിയാകുന്നില്ല. നീചകൃത്യങ്ങളും തിന്മയും അക്രമവും ആഭാസവും അല്ലാഹു കൽപിക്കുകയുമില്ല. ഏതു പ്രവാചകനാണ് നിങ്ങളോട് നഗ്നപ്രദക്ഷിണവും ബഹുദൈവാരാധനയുമൊക്കെ കൽപിച്ചിട്ടുള്ളത്? ആഭാസമെന്ന് കരുതി നിങ്ങൾ തന്നെ ഇഷ്ടപ്പെടാത്ത ഒരു കൃത്യം ദൈവനിർദ്ദിഷ്ടമെന്ന് നിങ്ങൾ സങ്കൽപിക്കുന്നത് എങ്ങനെ?

29. പറയുക: എൻെറ നാഥൻ നീതി പാലിക്കുവാനാണ് കൽപിച്ചിട്ടുള്ളത്. എല്ലാ പ്രാർഥനാസമയത്തും(ആരാധനാലയങ്ങളിലും) നിങ്ങളുടെ മുഖം നേരെ നിറുത്തുകയും വിധേയത്വം അവനു മാത്രമാക്കിക്കൊണ്ട് അവനോടു മാത്രം പ്രാർഥിക്കുകയും ചെയ്യുവിൻ. ആദ്യത്തിൽ നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയതു പോലെ നിങ്ങൾ തിരിച്ചുചെല്ലുന്നതാണ്.(പുനഃസൃഷ്ടിക്കുന്നതാണ്).

29: മനുഷ്യൻ തൻെറ വ്യക്തിപരവും സാമൂഹികവുമായ ജീവിത ഇടപാടുകളെല്ലാം നീതിയുടെ അസ്ഥിവാരത്തിൽ കെട്ടിയുറപ്പിക്കേണ്ടതാണ്. സൃഷ്ടികൾ ആരാധനയിൽ അഭിമുഖീകരിക്കേണ്ടതും പ്രാർഥിക്കേണ്ടതും അല്ലാഹുവിനോട് മാത്രമാണ്. ആകാശഭൂമികളുടെയും അവയിലുള്ള സകല വസ്തുക്കളുടെയും സ്രഷ്ടാവും ഉടമയും അല്ലാഹു ആണെന്നിരിക്കെ, അവൻെറ സൃഷ്ടികളിൽ ചിലർക്ക് ദൈവികഗുണങ്ങളിലും അധികാരങ്ങളിലും പങ്കുണ്ടെന്ന് വിശ്വസിക്കുകയും അവർക്ക് നേർച്ചകളും വഴിപാടുകളും നേരുകയും പൂജാദികർമങ്ങൾ അർപ്പിക്കുകയും ചെയ്യുന്നത് വിചിത്രമാണ്. സൃഷ്ടികളുടെ ആരാധനയും അനുസരണവും അടിമത്തവും അർഹിക്കുന്നവൻ ഏകദൈവം മാത്രമാണ്.
സൃഷ്ടി ആരംഭിക്കാൻ സാധിക്കുന്നവന് അത് ആവർത്തിക്കാൻ കഴിയില്ലെന്ന് വിചാരിക്കുന്നത് തികച്ചും യുക്തി ശൂന്യമാകുന്നു. സൃഷ്ടി അല്ലാഹുവിൻെറ മാത്രം കർമ്മമാണ്. ആദ്യ സൃഷ്ടികർമം നിർവഹിച്ചവൻ മറ്റൊരു ലോകത്ത് രണ്ടാമതും മനുഷ്യനെ സൃഷ്ടിക്കുന്നതും, തൻെറ ജീവിത കർമ്മങ്ങളുടെ കണക്ക് ബോധ്യപ്പെടുത്തേണ്ടതിന് അവൻെറ സന്നിധിയിൽ ഹാജരാക്കുന്നതുമാണ്.

30. ഒരു വിഭാഗത്തെ അവൻ സന്മാർഗദർശനം ചെയ്തു. മറ്റൊരു വിഭാഗമാകട്ടെ,അവർക്ക് അർഹമായിട്ടുള്ളത് ദുർമാർഗമാകുന്നു. (എന്തുകൊണ്ടെന്നാൽ)അവർ അല്ലാഹുവെവിട്ട് ചെകുത്താന്മാരെ തങ്ങളുടെ രക്ഷാധികാരികളാക്കിയിരിക്കുന്നു. തങ്ങൾ സന്മാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു.

30: സന്മാർഗപ്രേമിയായ മനുഷ്യൻ അല്ലാഹുവിനോട് സന്മാർഗത്തിന് ഉതവി തേടുമ്പോൾ ആത്മാർഥമായ അവൻെറ തേട്ടമനുസരിച്ച് അല്ലാഹു അവന്ന് കൂടുതൽ സന്മാർഗോപാധികളരുകുന്നു.
യുക്തിസഹമായ കാര്യങ്ങൾ സ്വയം ചിന്തിക്കാതിരിക്കുകയോ മനസ്സിലാക്കിക്കൊടുക്കുന്നവരിൽ നിന്ന് മനസ്സിലാക്കാൻ സന്നദ്ധനാവാതിരിക്കുകയോ ചെയ്യുന്നവർക്ക് അർഹമായിട്ടുള്ളത് ദുർമാർഗമാകുന്നു.

ദുർമാർഗത്തിൽ ശഠിച്ചു നിൽക്കുന്നവർക്ക് അല്ലാഹു വഴിതെറ്റാനും നാൾ തോറും സത്യത്തിൽ നിന്ന് ഏറെയേറെ അകന്നു പോകാനുമുള്ള ഉപാധികളുണ്ടാക്കിക്കൊടുക്കുന്നു. പിശാചിനെയാണ് അവർ മിത്രങ്ങളായി സ്വീകരിച്ചിരിക്കുന്നത്. എന്നാൽ അവർ വിചാരിക്കുന്നത് സന്മാർഗത്തിൽ സഞ്ചരിക്കുന്നുവെന്നാണ്.

---

31. അല്ലയോ ആദം സന്തതികളേ, എല്ലാ ആരാധനാവേളകളിലും നിങ്ങൾ നിങ്ങളുടെ അലങ്കാരങ്ങളണിയുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ധൂർത്തടിക്കരുത്. തീർച്ചയായും ദൂർത്തന്മാരെ അവൻ ഇഷ്ടപ്പെടുന്നില്ല.

32. ചോദിക്കുക:അല്ലാഹു അവൻെറ ദാസന്മാർക്കായി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാരവസ്തുക്കളും ഉത്തമമായ ആഹാര പദാർഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക: അവ ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്കുള്ളതാണ്. അന്ത്യനാളിൽ അവർക്കുമാത്രം പ്രത്യേകമായുള്ളതും. കാര്യം ഗ്രഹിക്കുന്ന ജനത്തിനുവേണ്ടി നാം ഇപ്രകാരം തെളിവുകൾ വിശദീകരിക്കുന്നു.

---

31,32: നല്ല വസ്ത്രം ധരിക്കുക നല്ല ആഹാരം കഴിക്കുക മുതലായവ ആത്മീയപുരോഗതിക്ക് ഹാനികരമാണെന്ന് ധരിക്കുന്നവരുണ്ട്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്താൻ സൗകര്യമുണ്ടായിട്ടും അതുപേക്ഷിക്കുന്നത് നന്ദികേടാണ്. അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകൾ ലംഘിക്കുന്നതാണ് കുറ്റകരം. എന്നാൽ ഭക്ഷണപാനീയങ്ങളിലും അലങ്കാര വസ്തുക്കൾ ഉപയോഗിക്കുന്നതിലും മിതത്വം പാലിക്കേണ്ടതാണ്.

---

33. പറയുക: എൻെറ നാഥൻ നിഷിദ്ധമാക്കിയിട്ടുള്ളത് ഇതൊക്കെയാണ്: രഹസ്യവും പരസ്യവുമായ നീചവൃത്തികൾ, കുറ്റകൃത്യങ്ങൾ, അന്യായമായ അതിക്രമങ്ങൾ,അല്ലാഹു ഒരു തെളിവും ഇറക്കിത്തന്നിട്ടില്ലാത്ത വസ്തുക്കളെ അവനിൽ പങ്കുചേർക്കൽ, നിങ്ങൾക്കറിയാത്ത കാര്യങ്ങൾ അല്ലാഹുവിൻെറ പേരിൽ ആരോപിക്കുക.

34. ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്.അങ്ങനെ അവരുടെ അവധി ആസന്നമായാൽ പിന്നെ ഒരു നിമിഷംപോലും മുന്തുകയോ പിന്തുകയോ ചെയ്യുന്നതല്ല.

---

34:ഒരു ജനതക്ക് പ്രവാചക സന്ദേശം ലഭിച്ചശേഷം വിശ്വാസം കൈക്കൊള്ളുന്നതിന് അവർക്ക് അവധി നൽകപ്പെടുന്നു. ജനം വിശ്വാസം കൈക്കൊള്ളാതിരിക്കുകയും തിന്മയുടെ ധാർമികപരിധി അതിലംഘിക്കുകയും അങ്ങനെ നശിപ്പിക്കപ്പെടുകയും ചെയ്ത സമുദായങ്ങളുടെ പല ചരിത്രസംഭവങ്ങളും ഖുർആൻ വിവരിച്ചിട്ടുണ്ട്.

---

35. അല്ലയോ ആദം സന്തതികളേ, നിങ്ങളുടെ അടുക്കൽ എൻെറ പ്രമാണങ്ങൾ കേൾപ്പിച്ചുകൊണ്ട് നിങ്ങളിൽ നിന്നുതന്നെയുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ ആഗതരായാൽ, അപ്പോൾ സൂക്ഷ്മത പുലർത്തുകയും, തൻെറ നിലപാട് നന്നാക്കുകയും ചെയ്യുന്നതാരോ അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.

36. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും അവയുടെ നേരെ അഹന്ത നടിക്കുകയും ചെയ്യുന്നതാരോ അവരാണ് നരകാവകാശികൾ. അവർ അതിൽ നിത്യവാസികളായിരിക്കും.

37. അപ്പോൾ അല്ലാഹുവിൻെറ പേരിൽ കള്ളംകെട്ടിച്ചമക്കുകയോ അവൻെറ വചനങ്ങളെ നിഷേധിച്ചു തള്ളുകയോ ചെയ്യുന്നവനെക്കാൾ വലിയ അക്രമി ആരുണ്ട്? അവർ (ദൈവത്തിൻെറ) വിധിപ്രമാണത്തിനനുസൃതമായി തങ്ങളുടെ വിഹിതം അവർക്ക് ലഭിക്കുക തന്നെ ചെയ്യും.അങ്ങനെ അവരെ മരിപ്പിക്കാനായി നമ്മുടെ ദൂതന്മാർ അവരുടെ അടുത്ത് ചെല്ലുമ്പോൾ അവർ ചോദിക്കും: നിങ്ങൾ അല്ലാഹുവിനെക്കൂടാതെ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരുന്നവരൊക്കെ ഇപ്പോഴെവിടെ? അവർ പറയും: അവരൊക്കെയും ഞങ്ങളെ കൈവിട്ടിരി

ക്കുന്നു. അങ്ങനെ, തങ്ങൾ സത്യനിഷേധികളായിരുന്നുവെന്ന് അവർ തന്നെ തങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുകയും ചെയ്യും.

38. അല്ലാഹു പറയും:നിങ്ങൾക്കു മുമ്പെ കഴിഞ്ഞുപോയ ജിന്നുകളിലും മനുഷ്യരിലും പെട്ട സമൂഹങ്ങളോടൊപ്പം നിങ്ങളും നരകത്തിൽ പ്രവേശിക്കുക. ഓരോ സമൂഹവും അതിൽ പ്രവേശിക്കുമ്പോൾ തങ്ങളുടെ (മുൻഗാമികളായ) സഹോദര സമൂഹത്തെ ശപിച്ചുകൊണ്ടിരിക്കും.അങ്ങനെ എല്ലാവരും അവിടെ ഒരുമിച്ചുകൂടിയാൽ അവരിലെ പിൻഗാമികൾ തങ്ങളുടെ മുൻഗാമികളെക്കുറിച്ച് പറയും: ഞങ്ങളുടെ നാഥാ, ഇവരാണ് ഞങ്ങളെ വഴിതെറ്റിച്ചത്. അതിനാൽ ഇവർക്ക് ഇരട്ടി നരകശിക്ഷ നൽകേണമേ. അല്ലാഹു അരുളും: എല്ലാവർക്കും ഇരട്ടിയുണ്ട്. പക്ഷേ, നിങ്ങൾ അറിയുന്നില്ല.

38: ഒരു വ്യക്തിയോ സമൂഹമോ തങ്ങളുടെ പിൻഗാമികൾക്ക് തങ്ങൾ ചെയ്ത ഒരു ദുഷ്പ്രവർത്തിയുടെ വല്ല പൈതൃകവും വിട്ടേച്ചുപോകുന്നെങ്കിൽ സ്വന്തം തെറ്റിന്റെ പാപഭാരം മാത്രമല്ല അതിൽ ആകൃഷ്ടരാകുന്ന പിൻതലമുറകളുടെ പാപത്തിന്റെ ഒരു പങ്കും അവരുടെ കണക്കിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നതാണ്. തെറ്റിനെ തുടർന്നുണ്ടാകുന്ന ദുഷ്ഫലങ്ങൾ ലോകത്ത് എത്രകാലം വരെ നീണ്ടുപോവുന്നുവോ അതുവരെ അവന്റെ റിക്കാർഡിൽ അതെല്ലാം രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അതാണ് സമ്പൂർണമായ നീതിയുടെ താൽപര്യം. നന്മയുടെ കാര്യവും ഇതുപോലെതന്നെ. ഒരു ദൈവദാസൻ ചെയ്ത സൽക്കർമങ്ങളുടെ ചിഹ്നങ്ങൾ ലോകത്തവശേഷിക്കുകയും അതിന്റെ സൽഫലങ്ങളുടെ പരമ്പര പിൻതലമുറകളിൽ നിലനിൽക്കുകയും ദൈവദാസന്മാർ അതിന്റെ ഫലങ്ങൾ ആസ്വദിക്കുകയും ചെയ്യുന്ന കാലമത്രയും അയാളുടെ റിക്കാർഡിൽ അവ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയും വേണം.അതായത് നന്മയായാലും തിന്മയായാലും ഒരാൾ വിട്ടേച്ചുപോകുന്ന കർമ്മമാതൃകയുടെ ഫലം അയാൾ മരിച്ചുപോകുന്നതോടെ അവസാനിക്കുന്നില്ല. അതിന്റെ ഫലം തുടരുന്ന കാലത്തോളം അയാളുടെ കണക്കുപുസ്തകത്തിന്റെ ഏടുകൾ തുറന്നുകിടക്കുക്കതന്നെ വേണം. അതിനാൽ ഇഹലോകത്ത് ഒരാളുടെ കർമ്മത്തിനുള്ള പൂർണമായ പ്രതിഫലം ലഭിക്കുക ഒരിക്കലും സാധ്യമല്ല.എല്ലാ മുൻഗാമികളുടെയും പിൻഗാമികളുടെയും കർമ്മങ്ങളുടെ റിക്കാർഡുകൾ മുഴുവനും അടഞ്ഞുകഴിഞ്ഞശേഷം എല്ലാവരും സമ്മേളിക്കുന്ന ഒരു ലോകത്തുമാത്രമേ കർമ്മങ്ങളുടെ പൂർണമായ പ്രതിഫലം ലഭിക്കാനുള്ള സാധ്യതയുള്ളൂ. എല്ലാവർക്കും സമ്പൂർണമായ നീതി ലഭിക്കുന്ന ഒരു പരലോകം.

39. അവരിലെ മുൻഗാമികൾ തങ്ങളുടെ പിൻഗാമികളോടു പറയും: ‘അപ്പോൾ നിങ്ങൾക്ക് ഞങ്ങളേക്കാൾ ഒരു ശ്രേഷ്ഠതയുമില്ല.’ നിങ്ങൾ സ്വയം സമ്പാദിച്ചതിന്റെ ഫലമായ ശിക്ഷ ആസ്വദിച്ചുകൊള്ളുക.

39: ദൈവത്തിന്റെ ധാർമിക നിയമങ്ങൾക്ക് വിധേയമായി പരലോകമോക്ഷം നൽകുന്ന ചുമതലകൾ ഏറ്റെടുത്ത് ജീവിക്കാൻ നിങ്ങൾ തയാറല്ലായിരുന്നു. ദൈവിക സന്മാർഗത്തിലേക്ക് നിങ്ങൾ വിളിക്കപ്പെട്ടിട്ടും നിങ്ങളത് അവഗണിച്ചു.നിങ്ങൾ സ്വയം സന്മാർഗം ആഗ്രഹിച്ചിരുന്നുമില്ല.അതുകൊണ്ട് ദേഹേഛകൾക്ക് നിയന്ത്രണമില്ലാത്തതും രസകരവുമായ ഞങ്ങളുടെ ആദർശങ്ങളെ നിങ്ങൾ വാരിപ്പുണർന്നു. അങ്ങനെ നിങ്ങൾ സ്വയം കുറ്റവാളികളായിത്തീർന്നു. ഇനി നിങ്ങൾ സ്വയം സമ്പാദിച്ചതിന്റെ ഫലം ആസ്വദിച്ചു കൊള്ളുക.

40. നിശ്ചയം നമ്മുടെ വചനങ്ങളെ നിഷേധിക്കുകയും അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്യുന്നവരാരോ, അവർക്കുവേണ്ടി ഒരിക്കലും ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയില്ല. ഒട്ടകം സൂചിക്കുഴലിലൂടെ കടന്നുപോകുവോളം അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല. അപ്രകാരമാണ് കുറ്റവാളികൾക്ക് നാം പ്രതിഫലം കൊടുക്കുന്നത്.

41. അവർക്ക് നരകത്തീയാലുള്ള മെത്തകളും, അവർക്കു മീതെ പുതപ്പുകളുമുണ്ടായിരിക്കും. അപ്രകാരമാണ് കുറ്റവാളികൾക്ക് നാം പ്രതിഫലം കൊടുക്കുന്നത്.

42. എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരാരോ -ആരേയും അവരുടെ കഴിവിന്നതീതമായ ബാധ്യത നാം ഏൽപിക്കുന്നില്ല- അവർ സ്വർഗാവകാശികളാകുന്നു. അതിലവർ നിത്യവാസികളായിരിക്കും.

42: ഒരു മനുഷ്യനെയും അവന്റെ കഴിവിന്നതീതമായ ഉത്തരവാദിത്വം അല്ലാഹു ഏൽപിക്കുന്നില്ല. ഒരു പ്രവൃത്തി ചെയ്യാൻ കഴിവില്ലാതിരിക്കുകയും ആ പ്രവൃത്തി എന്തുകൊണ്ട് ചെയ്തില്ല എന്ന് അല്ലാഹു അവനോട് ചോദിക്കുകയും ചെയ്യുക എന്നതുണ്ടാവില്ല. സ്വർഗലബ്ധിക്കർഹനാകാൻ ഒരാളും തന്റെ കഴിവിനപ്പുറമായ കാര്യങ്ങളൊന്നും ചെയ്യേണ്ടതില്ല. എന്നാൽ ഒരാൾക്ക് യഥാർഥത്തിൽ എന്തിനെല്ലാം കഴിവുണ്ടായിരുന്നുവെന്നും എന്തിനെല്ലാം കഴിവുണ്ടായിരുന്നില്ലെന്നും തീരുമാനിക്കുവാൻ അല്ലാഹുവിനു മാത്രമേ സാധിക്കുകയുള്ളു.

43. അവരുടെ മനസ്സുകളിലെ പരസ്പര വിദ്വേഷങ്ങളെ നാം നീക്കിക്കളയുന്നതാണ്.അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും.അവർ പറയും:ഞങ്ങളെ ഇതിലേക്ക് മാർഗദർശനം ചെയ്ത അല്ലാഹുവിന് സ്തുതി. അല്ലാഹു ഞങ്ങളെ മാർഗദർശനം ചെയ്തിരുന്നില്ലെങ്കിൽ ഞങ്ങളൊരിക്കലും സന്മാർഗം പ്രാപിക്കുമായിരുന്നില്ല.ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതന്മാർ തീർച്ചയായും സത്യവുമായാണ് വന്നത്. അവരോട് വിളിച്ച് പറയപ്പെടും: അതാ, സ്വർഗം. നിങ്ങൾ അനുഷ്ഠിച്ചിരുന്ന കർമ്മങ്ങളുടെ ഫലമായി നിങ്ങൾ അതിന്റെ അവകാശികളായിത്തീർന്നിരിക്കുന്നു.

43: നരകാവകാശികൾ പരസ്പരം ശകാരിച്ചും ശാപം കൂറിക്കൊണ്ടുമായിരിക്കും നരകത്തിൽ വർത്തിക്കുക. എന്നാൽ സ്വർഗാവകാശികളുടെ അവസ്ഥ വ്യത്യസ്ഥമാകുന്നു. സ്വർഗാവകാശികളുടെ ഹൃദയങ്ങളെ അല്ലാഹു എല്ലാ വിദ്വേഷങ്ങളിൽ നിന്നും ശുദ്ധീകരിക്കുന്നതാണ്. ആർക്കും ആരോടും വൈരമില്ലാതെ മാനസികമായി പരസ്പരം ഇണങ്ങിയും ആത്മസുഹൃത്തുക്കളുമായിട്ടായിരിക്കും അവർ സ്വർഗത്തിൽ പ്രവേശിക്കുക.

44. സ്വർഗാവകാശികൾ നരകാവകാശികളോട് വിളിച്ച് ചോദിക്കും: ഞങ്ങളുടെ രക്ഷിതാവ് ഞങ്ങളോട് ചെയ്ത വാഗ്ദാനങ്ങളൊക്കെയും സത്യമായി പുലർന്നത് ഞങ്ങൾ കണ്ടുകഴിഞ്ഞു. നിങ്ങളുടെ രക്ഷിതാവ് നിങ്ങളോട് ചെയ്ത വാഗ്ദാനങ്ങൾ സത്യമായി പുലർന്നത് നിങ്ങളും കണ്ടുവോ? അവർ പറയും:'അതെ.' അപ്പോൾ ഒരു വിളിയാളൻ അവർക്കിടയിൽ വിളിച്ചു പറയും: 'ധിക്കാരികൾക്ക് അല്ലാഹുവിന്റെ മഹാശാപം.'

45. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ)തടയുകയും, അതിനെ വക്രമാക്കാൻ ശ്രമിക്കുകയും, പരലോകത്തെ നിഷേധിക്കുകയും ചെയ്യുന്നവർക്ക്.

46. ഈ രണ്ടുകൂട്ടർക്കുമിടയിൽ ഒരു മതിലുണ്ടായിരിക്കും. അതിന്റെ ഉയരങ്ങളിൽ ചില മനുഷ്യരുണ്ടാകും. അവർ ഓരോരുത്തരെയും തങ്ങളുടെ അടയാളങ്ങളിലൂടെ തിരിച്ചറിയും. സ്വർഗസ്ഥരോട് അവർ വിളിച്ചു പറയും: ''നിങ്ങൾക്ക് സമാധാനം.'' അവർ ഇനിയും അതിൽ പ്രവേശിച്ചു കഴിഞ്ഞിട്ടില്ല.എന്നാൽ അവർ അത് ആശിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കും.

46: സ്വർഗാവകാശികൾക്കും നരകാവകാശികൾക്കുമിടയിൽ ഒരു മറ അല്ലെങ്കിൽ ഒരു തടസ്സമുണ്ടായിരിക്കും.അതിന്റെ ഉയർന്ന ഭാഗങ്ങൾക്കാണ് 'അഅ്റാഫ്'(ഉയരങ്ങൾ) എന്ന് പറയുന്നത്. ഇവർ ആരായിരിക്കുമെന്നതിനെപ്പറ്റി വ്യാഖ്യാതാക്കൾക്കിടയിൽ പല അഭിപ്രായങ്ങളുമുണ്ട്. സ്വർഗാവകാശികളാകാൻ മാത്രം സൽക്കർമങ്ങളോ നരകാവകാശികളാകാൻ മാത്രം പാപങ്ങളോ ഇല്ലാത്തവരാണവർ എന്നാണ് പൊതുവായ അഭിപ്രായം.

47. അവരുടെ ദൃഷ്ടികൾ നരകക്കാരുടെ നേരെ തിരിഞ്ഞാൽ അവർ പറയും: ഞങ്ങളുടെ നാഥാ! ഞങ്ങളെ നീ ധിക്കാരികളായ ജനങ്ങളുടെ കൂട്ടത്തിൽ പെടുത്തരുതേ.

48. ഉയരങ്ങളിലുള്ളവർ, തങ്ങളുടെ അടയാളങ്ങൾ മൂലം അവർ തിരിച്ചറിയുന്ന ആളുകളോട് വിളിച്ചു പറയും:നിങ്ങൾ ശേഖരിച്ചിരുന്നതും,നിങ്ങൾ അഹങ്കരിച്ചു നടന്നതും നിങ്ങൾക്കെന്ത് പ്രയോജനമാണ് ചെയ്തത്?

49. ഇക്കൂട്ടരെപ്പറ്റിയാണോ അല്ലാഹു അവർക്കൊരു അനുഗ്രഹവും നൽകുകയില്ലെന്ന് നിങ്ങൾ സത്യം ചെയ്തു പറഞ്ഞിരുന്നത്? (എന്നാൽ ഇന്ന് അവരോട് പറയപ്പെട്ടിരിക്കുന്നു): സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുവിൻ, നിങ്ങൾ യാതൊന്നും ഭയപ്പെടേണ്ടതില്ല, നിങ്ങൾ ദുഃഖിക്കേണ്ടിവരികയുമില്ല.

50. നരകവാസികൾ സ്വർഗവാസികളെ വിളിച്ചു പറയും:ഞങ്ങൾക്ക് അൽപം വെള്ളമോ അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് നൽകിയ ആഹാരത്തിൽ നിന്ന് അൽപമോ ഒഴിച്ചു തരേണമേ! അവർ പറയും: സത്യനിഷേധികൾക്ക് അല്ലാഹു ഇതുരണ്ടും നിഷിദ്ധമാക്കിയിരിക്കുന്നു;

51. തങ്ങളുടെ മതത്തെ കളിയും തമാശയുമാക്കുകയും ഭൗതിക ജീവിതത്തിന്റെ പകിട്ടിൽ വഞ്ചിതരാവുകയും ചെയ്തവർക്ക്. നമ്മുടെ സൂക്തങ്ങളെ അവർ നിഷേധിച്ചുകൊണ്ടിരിക്കുകയും ഈ ദിവസത്തെ കൂടിക്കാഴ്ചയെ അവർ മറക്കുകയും ചെയ്തതുപോലെ ഇന്ന് അവരെ നാമും വിസ്മരിച്ചിരിക്കുന്നു.

52. ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നാം കാര്യങ്ങൾ വിശദീകരിച്ച ഒരു ഗ്രന്ഥം അവർക്ക് നാം എത്തിച്ചു കൊടുത്തു. വിശ്വസിക്കുന്ന ജനത്തിന് മാർഗദർശനവും അനുഗ്രഹവുമത്രെ അത്.

53. (ഈ വേദപുസ്തകത്തിലുള്ളത്)പുലർന്നുകാണുകയെന്നതല്ലാതെ മറ്റെന്താണ്അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത്. അത് പുലരുംനാളിൽ നേരത്തെ അതിനെ മറന്നിരുന്നവർ പറയും: നമ്മുടെ രക്ഷിതാവിന്റെ ദൂതന്മാർ സത്യവുമായാണ് വന്നത്. ഇനി ഞങ്ങൾക്കുവേണ്ടി ശിപാർശ ചെയ്യാൻ വല്ല ശിപാർശകരുമുണ്ടോ? അതല്ലെങ്കിൽ ഞങ്ങളെയൊന്ന് തിരിച്ചയക്കുമോ? എങ്കിൽ ഞങ്ങൾ നേരത്തെ ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി (സൽക്കർമങ്ങൾ)പ്രവർത്തിക്കുമായിരുന്നു.സ്വയം നഷ്ടം വരുത്തിവെച്ചവരാണവർ.അവർ കെട്ടിച്ചമച്ചിരുന്നതൊക്കെയും അവരെ വിട്ടകന്ന് പോവുകയും ചെയ്തിരിക്കുന്നു.

54. തീർച്ചയായും നിങ്ങളുടെ നാഥൻ ആറ് നാളുകളിലായി ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച അല്ലാഹുവാകുന്നു. അനന്തരം അവൻ തന്റെ സിംഹാസനത്തിലുപവിഷ്ടനായി. അവൻ രാവിനെ പകലിന്മേൽ പൊതിയുന്നു. പകലാണെങ്കിൽ രാവിനെത്തേടി കുതിക്കുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയുമെല്ലാം തന്റെ കൽപനക്ക് വിധേയമാം വിധം (അവൻ സൃഷ്ടിച്ചു.) അറിയുവിൻ, അവന്റേതുമാത്രമാകുന്നു സൃഷ്ടിയും ശാസനയും. സർവലോക രക്ഷിതാവായ അല്ലാഹു അത്യധികം അനുഗ്രഹപൂർണനത്രെ.

---

54: ആകാശഭൂമികളെ സൃഷ്ടിക്കുകയും അവയെ ഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അല്ലാഹു മാത്രമാണ് നിങ്ങളുടെ യഥാർഥ രക്ഷാകർത്താവ്.അവനല്ലാതെ നിങ്ങളുടെ വിധി നിർണയിക്കുന്ന മറ്റൊരു ശക്തിയുമില്ല.

ഇവിടെ ‘നാളുകൾ’ എന്നതുകൊണ്ട് ഭൂലോകവാസികൾ അർഥമാക്കുന്ന രാവും പകലും ചേർന്ന 24 മണിക്കൂറായിരിക്കാൻ തരമില്ല എന്നാണ് പണ്ഡിതന്മാരുടെ പൊതുവായ വീക്ഷണം.ആകാശഭൂമികളുടെ സൃഷ്ടിയും അവയുടെ നിലവിലുള്ള വ്യവസ്ഥയും പൂർത്തിയാകും മുമ്പ് ഈ അർഥത്തിലുള്ള രാപ്പകലുകളോ ദിവസങ്ങളോ ഉണ്ടായിരിക്കാൻ തരമില്ലല്ലോ. സൗരയൂഥം നിലവിൽ വന്നശേഷമാണ് നാം കണക്കാക്കുന്ന ദിവസം നിലവിൽ വന്നത്. ആറു ഘട്ടം അല്ലെങ്കിൽ ദീർഘകാലം വരുന്ന ഏതോ

ആറു ദിവസങ്ങളായിരിക്കാം എന്നാണ് പണ്ഡിതന്മാര്‍ ഇതിനെ മനസ്സിലാക്കുന്നത്. ഇതിന്‍റെ കൃത്യമായ വിവക്ഷ അല്ലാഹുവിനു മാത്രമേ അറിയൂ.

അല്ലാഹുവിന്‍റെ സിംഹാസാരോഹണം എപ്രകാരത്തിലുള്ളതായിരിക്കാം എന്നതും നമ്മെ സംബന്ധിച്ചിടത്തോളം മനസ്സിലാക്കാന്‍ പ്രയാസമുള്ള കാര്യമാണ്. ആകാശഭൂമികളെ സൃഷ്ടിച്ചശേഷം അതിനെ അവന്‍ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യം ഇതില്‍ നിന്ന് വ്യക്തമാകുന്നു. പ്രപഞ്ച സൃഷ്ടിക്കുശേഷം അതുമായി യാതൊരു ബന്ധവും പുലര്‍ത്താതെ ഇനി അത് അതിന്‍റെ പാട്ടിന് നടക്കട്ടെ എന്നുവെച്ച് അവന്‍ അതിനെ ഉപേക്ഷിച്ചുകളഞ്ഞിട്ടൊന്നുമില്ല. പ്രപഞ്ചത്തെ സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്യുക മാത്രമല്ല അതിന്‍റെ ഓരോ ചലനവും അവന്‍ നിയന്ത്രിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്‍റെ ഏതൊരു ചലനവും അവന്‍റെ ആസൂത്രണപ്രകാരമാണ് നടക്കുന്നത്. യാതൊന്നിനെക്കുറിച്ചും അവന്‍ ഒരിക്കലും അശ്രദ്ധനാകുന്നില്ല.

പ്രപഞ്ചത്തെ അല്ലാഹു സൃഷ്ടിച്ചതാണെങ്കിലും അതിന്‍റെ നടത്തിപ്പ് ചില ഉപദൈവങ്ങളെ ഏല്‍പ്പിച്ചിരിക്കുന്നു എന്ന തെറ്റിദ്ധാരണ മനുഷ്യനെ ചിലപ്പോഴം ബഹുദൈവവിശ്വാസിയാക്കുന്നു. മനുഷ്യന്‍റെ ഭാഗധേയം കൃത്രിമദൈവങ്ങളോട് ബന്ധപ്പെടുത്തുകയും അവയോട് ഭക്തിയും വിധേയത്വവും പുലര്‍ത്തുകയും അവയുടെ വിഗ്രഹങ്ങളെ പൂജിക്കുകയും ചെയ്യുന്നു. അല്ലാഹുവൊഴികെ ആരാധനാര്‍ഹമായ യാതൊരസ്തിത്വവും ഈ പ്രപഞ്ചത്തിലില്ല. അവന്‍റെ സത്ത ഏകമാണ്. കേവലമാണ്. അവന്നൊരു സജാതീയനില്ല. മലക്കുകളെയും മനുഷ്യരെയും ദൈവത്തിന്‍റെ സന്താനങ്ങളായി സങ്കല്‍പിക്കുകയും തദടിസ്ഥാനത്തില്‍ അവരെ ആരാധ്യരായ ദേവതകളായി അംഗീകരിക്കുകയും ചെയ്യുന്ന ബഹുദൈവവിശ്വാസികള്‍ കടുത്ത അജ്ഞതയിലും അന്ധകാരത്തിലുമാണ് അകപ്പെട്ടിരിക്കുന്നത്. പ്രപഞ്ച നാഥന്‍ അവന്‍റെ സ്ഥാനത്ത് ഒരു മനുഷ്യനെ തന്‍റെ പുത്രനായി സ്വീകരിച്ചു എന്ന ആശയത്തിലെ പുത്രസങ്കല്‍പവും തികച്ചും യുക്തിവിരുദ്ധമാണ്

ഈ പ്രാപഞ്ചിക വ്യവസ്ഥിതി ഒരു തികഞ്ഞ കേന്ദ്രീകൃത വ്യവസ്ഥയാണ്. ആ വ്യവസ്ഥതി അതിന്‍റെ സ്രഷ്ടാവിന്‍റെ മാത്രം വിധിക്ക് വിധേയമാണ്. അതിന്‍റെ ഭരണത്തില്‍ ഒരു കൃത്രിമ ദൈവങ്ങള്‍ക്കും പങ്കില്ല. അവന്‍റെ പരമാധികാരത്തിന്‍റെ ഒരു കണികയില്‍ പോലും മറ്റാര്‍ക്കും പങ്കില്ല. സ്രഷ്ടാവ് ഒരാളും വിധികര്‍ത്താവ് മറ്റൊരാളുമാവുക സാധ്യമല്ല.സൃഷ്ടികര്‍മത്തിന്‍റെ ഭാഗംതന്നെയാണ് അതിന്‍റെ ഭരണവും. നിങ്ങളുടെ വിധി നിര്‍ണയിക്കാന്‍ കഴിവോ അധികാരമോ ഉള്ള മറ്റൊരു ശക്തിയും അവന്‍റെ പ്രപഞ്ചത്തിലില്ല. ഈ അടിസ്ഥാനത്തില്‍ സൃഷ്ടിയായ മനുഷ്യന്‍റെ ഉടമ സ്രഷ്ടാവായ അല്ലാഹു മാത്രമാകുന്നു. നിങ്ങളുടെ ഭക്തിയും ആരാധനയും വിധേയത്വവുമെല്ലാം അവനുമാത്രം അവകാശപ്പെട്ടിരിക്കുന്നു. അതിനാല്‍ അവനില്‍ വിശ്വസിച്ച് അവനെ ആരാധിച്ച് അവന്‍റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കാന്‍ നിങ്ങള്‍ കടപ്പെട്ടിരിക്കുന്നു.

വിശാലമായ അധികാരത്തിന്‍റെയും ഭരണത്തിന്‍റെയും ഉടമയെന്നപോലെ അവന്‍റെ കാരുണ്യവും ഔദാര്യവും അതി വിശാലമാണ്. അവന്‍ നിരന്തരമായി അനുഗ്രഹങ്ങളും ഔദാര്യങ്ങളും ചൊരിഞ്ഞുകൊണ്ടിരിക്കുന്നവനും മഹോന്നതനും അത്യുത്കൃഷ്ടനുമാകുന്നു. അത്യുന്നതനും പരിമിതിയില്ലാത്ത മഹത്ത്വമുടയവനും കണക്കറ്റ നന്മകളുടെ ഉറവിടവും ഒരിക്കലും കോട്ടം തട്ടാത്ത സമ്പൂര്‍ണതക്കധിപനുമാകുന്നു. ആര്‍ക്കും അവരുടെ ആവശ്യങ്ങള്‍ അവനോട് നേരിട്ട് ചോദിക്കാവുന്നവിധം സമീപസ്ഥനും ആരുടെയും ആവശ്യങ്ങള്‍ കേള്‍ക്കുന്ന ദയാമയനുമാണവന്‍.

---

55. നിങ്ങള്‍ വിനയത്തോടെയും രഹസ്യമായും നിങ്ങളുടെ രക്ഷിതാവിനോട് പ്രാര്‍ഥിക്കുക. തീര്‍ച്ചയായും പരിധി ലംഘിക്കുന്നവരെ അവന്‍ ഇഷ്ടപ്പെടുന്നില്ല.

56. ഭൂമിയില്‍ നന്മ വരുത്തിയ ശേഷം നിങ്ങളതില്‍ കുഴപ്പമുണ്ടാക്കരുത്.ഭയത്തോടും പ്രതീക്ഷയോടും കൂടി നിങ്ങള്‍ അവനോടു മാത്രം പ്രാര്‍ഥിക്കുക. തീര്‍ച്ചയായും അല്ലാഹുവിന്‍റെ കാരുണ്യം സജ്ജനങ്ങള്‍ക്ക് സമീപസ്ഥമത്രെ.

---

56: ഭൂമിയുടെ വ്യവസ്ഥിതിയില്‍ നന്മയാണ് അടിസ്ഥാനപരമായിട്ടുള്ളത്. കാലാന്തരത്തില്‍ വഴിതെറ്റിപ്പോയ മനുഷ്യര്‍ ഭൂമിയില്‍ ധാര്‍മികാരാജകത്വം സൃഷ്ടിക്കുകയായിരുന്നു. ശരിയായ ജീവിതവ്യവസ്ഥ

പുനഃസ്ഥാപിക്കാനായി വിവിധ ദേശങ്ങളിൽ അല്ലാഹു അവൻെറ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരുന്നു.
മനുഷ്യരുടെ ഭാഗധേയം നിർണയിക്കുന്നത് അല്ലാഹു മാത്രമാണ്.പ്രതീക്ഷകളും പ്രത്യാശകളും ബന്ധപ്പെടുത്തുന്നത് അവനോട് മാത്രമായിരിക്കണം. നിങ്ങൾ ഭയപ്പെടേണ്ടതും സഹായം അർഥിക്കേണ്ടതും പ്രാർഥിക്കേണ്ടതും അവനോട് മാത്രമായിരിക്കണം.

---

57. തൻെറ അനുഗ്രഹത്തിൻെറ മുന്നോടിയായി സുവാർത്ത അറിയിക്കുന്ന കാറ്റുകളെ അയക്കുന്നതും അവൻ തന്നെയാകുന്നു.അങ്ങനെ അത് കനത്ത കാർമേഘത്തെ വഹിച്ചു കഴിഞ്ഞാൽ നാം അതിനെ നിർജ്ജീവമായ ഒരു പ്രദേശത്തേക്ക് നയിക്കുകയും അവിടെ മഴ വർഷിപ്പിക്കുകയും അതിലൂടെ എല്ലായിനം കായ്കനികളും നാം പുറത്തുകൊണ്ടുവരികയും ചെയ്യുന്നു. ഇപ്രകാരമാണ് മരിച്ചവരെയും നാം പുറത്തുകൊണ്ടുവരുന്നത്. ഒരുപക്ഷേ നിങ്ങൾ സ്മരിച്ചുവെന്ന് വരാം.

58. നല്ല പ്രദേശത്തെ സസ്യങ്ങൾ അതിൻെറ രക്ഷിതാവിൻെറ ഹിതത്താൽ നന്നായി മുളച്ചു വരുന്നു. എന്നാൽ ചീത്ത പ്രദേശത്ത് വളരെക്കുറച്ചല്ലാതെ സസ്യങ്ങൾ മുളച്ചുവരില്ല. നന്ദിയുള്ള ജനത്തിന് ഇപ്രകാരം നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു.

59. നൂഹിനെ നാം അദ്ദേഹത്തിൻെറ ജനതയിലേക്കയച്ചു. അദ്ദേഹം പറഞ്ഞു: എൻെറ ജനമേ, നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുവിൻ. അവനല്ലാതെ നിങ്ങൾക്ക് വേറെ ദൈവമില്ല. തീർച്ചയായും നിങ്ങൾക്ക് ഒരു ഭീകരമായ ദിനത്തിലെ ശിക്ഷ ഞാൻ ഭയപ്പെടുന്നു.

60. അദ്ദേഹത്തിൻെറ ജനതയിലെ പ്രമാണിമാർ പറഞ്ഞു: വ്യക്തമായ വഴികേടിലകപ്പെട്ടതായി നിന്നെ ഞങ്ങൾ കാണുന്നു.

61. അദ്ദേഹം പറഞ്ഞു: എൻെറ ജനമേ, എന്നിൽ വഴികേടൊന്നുമില്ല. പക്ഷേ, ഞാൻ പ്രപഞ്ചനാഥൻെറ ദൂതനാകുന്നു.

62. ഞാൻ എൻെറ രക്ഷിതാവിൻെറ സന്ദേശങ്ങൾ നിങ്ങൾക്കെത്തിച്ചുതരുന്നു.നിങ്ങളെ ആത്മാർഥമായി ഉപദേശിക്കുകയും ചെയ്യുന്നു. നിങ്ങൾക്കറിഞ്ഞുകൂടാത്ത പലതും അല്ലാഹുവിങ്കൽ നിന്ന് ഞാൻ അറിയുന്നുണ്ട്.

63. നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനു വേണ്ടിയും, നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനു വേണ്ടിയും, നിങ്ങൾ അനുഗ്രഹിക്കപ്പെടേണ്ടതിനു വേണ്ടിയും നിങ്ങളുടെ നാഥനിൽ നിന്നുള്ള ഉൽബോധനം നിങ്ങളിൽ നിന്നുള്ള ഒരാളിലൂടെ വന്നെത്തിയതിൽ നിങ്ങൾ അത്ഭുതപ്പെടുകയോ?

64. എന്നാൽ അവർ അദ്ദേഹത്തെ നിഷേധിച്ചു കളഞ്ഞു. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കൂട്ടുകാരെയും ഒരു കപ്പലിൽ നാം രക്ഷപ്പെടുത്തി.നമ്മുടെ പ്രമാണങ്ങളെ കള്ളമാക്കി തള്ളിക്കളഞ്ഞവരെ നാം മുക്കിക്കൊല്ലുകയും ചെയ്തു. തീർച്ചയായും അവർ ഒരു അന്ധജനമായിരുന്നു.

---

59-64: നൂഹ് നബി(അ)യുടെ സമുദായം അധിവസിച്ചിരുന്നത് ഇന്ന് ഇറാഖ് എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശമായിരുന്നു. അദ്ദേഹത്തിൻെറ ജനത അല്ലാഹുവിൻെറ ആസ്തിക്യത്തെ നിഷേധിച്ചിരുന്നില്ലെങ്കിലും ബഹുദൈവവിശ്വാസമാകുന്ന മാർഗഭ്രംശത്തിൽ പെട്ടുപോയവരായിരുന്നു.
ആദിപിതാവ് ആദം നബി(അ) ഭൂമിയിൽ വന്ന് ഏകദേശം ഒരു സഹസ്രാബ്ദത്തിനുശേഷമാണ് നൂഹ്നബി(അ) ജാതനായതെന്നാണ് പണ്ഡിതന്മാരുടെ നിഗമനം.ഖുർആൻ പരാമർശിക്കുന്ന ഇദ്രീസ് അദ്ദേഹത്തിന് മുമ്പ് നിയോഗിക്കപ്പെട്ട പ്രവാചകനായിരുന്നു എന്ന് ചിലർ അഭിപ്രായപ്പെടുന്നു. ബഹുദൈവ വിശ്വാസികളിലേക്ക് നിയുക്തനായ ഒന്നാമത്തെ പ്രവാചകനാണ് നൂഹ്(അ). അദ്ദേഹത്തിനു മുമ്പ് ജീവിച്ചിരുന്ന വദ്ദ്, സുവാഅ്, യഗൂസ്, നസ്ർ, തുടങ്ങിയ ധർമിഷ്ഠരായ മഹാത്മാ

രുടെ പ്രതിമകളെ അദ്ദേഹത്തിൻെറ ജനത ആരാധിച്ചിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർജിച്ച് ഏകനായ ദൈവത്തിൻെറ മാത്രം വിധിവിലക്കുകളനുസരിച്ച് ജീവിക്കാൻ അദ്ദേഹം തൻെറ ജനതയെ ഉപദേശിച്ചു. 950 വർഷം അദ്ദേഹം പ്രബോധനം തുടർന്നതായി ഖുർആൻ പ്രസ്താവിക്കുന്നു. ഒമ്പതര നൂറ്റാണ്ട് പ്രബോധനം ചെയ്തിട്ടും അദ്ദേഹത്തിൻെറ ജനം ഉപദേശം ചെവിക്കൊള്ളാൻ തയാറായില്ല. അവർക്ക് പാരമ്പര്യമായി കിട്ടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വെടിയാൻ അവർ തയാറല്ലായിരുന്നു. വിശ്വസിച്ചില്ലെങ്കിൽ സംഭവിക്കുമെന്ന് പറയുന്ന വമ്പിച്ച ശിക്ഷ ഒന്നിങ്ങു കൊണ്ടുവന്നാട്ടെ എന്നാണവർ പറഞ്ഞത്. തൻെറ ജനതയുടെ നിലപാടിൽ പൂർണമായും നിരാശപ്പെട്ട അദ്ദേഹം സത്യത്തെയും ധർമത്തെയും മനഃപൂർവം നിഷേധിക്കുന്നവരെ ഭൂമിയിൽ ശേഷിപ്പിക്കരുതെന്ന് അല്ലാഹുവിനോട് പ്രാർഥിച്ചു. ഒടുവിൽ ഒരു കപ്പൽ നിർമിക്കാൻ അല്ലാഹു അദ്ദേഹത്തോട് ആവശ്യപ്പെട്ടു. കപ്പൽ നിർമാണം പൂർത്തിയായപ്പോൾ അവിശ്വാസിയായ തൻെറ ഭാര്യ ഒഴിച്ചുള്ള കുടുംബത്തെയും, മറ്റു വിശ്വാസികളെയും ജന്തു വർഗങ്ങളിൽ നിന്ന് ഓരോ ജോഡിയെയും കപ്പലിൽ കയറ്റാൻ അല്ലാഹു നിർദേശിച്ചു. (23:27). അദ്ദേഹത്തിൻെറ ഒരു മകനും കപ്പലിൽ കയറാൻ കൂട്ടാക്കിയില്ല. നൂഹ് നബി(അ)യും കൂട്ടുകാരും കപ്പലിൽ കയറി. ഭൂമിയിൽ നിന്ന് ഉറവകൾ പൊട്ടി. ആകാശത്തു നിന്ന് കനത്ത പേമാരിയും. പ്രളയത്തിൽ നൂഹ് നബി(അ)യുടെ ഭാര്യയും മകനും, മറ്റു മനുഷ്യരും, ഭൂമിയിലെ ജന്തുക്കളും ചത്തൊടുങ്ങി. കപ്പൽ നൂഹിനെയും കൂട്ടുകാരെയും കൊണ്ട് സഞ്ചരിച്ച് തുർക്കിക്ക് തെക്കുള്ള ജൂതി പർവതത്തിൻെറ മുകളിലെത്തി. അല്ലാഹു ഭൂമിയോട് വെള്ളം വിഴുങ്ങാനും ആകാശത്തോട് മഴ നിർത്താനും കൽപിച്ചു(11:44). നൂഹ് നബിയുടെയും കപ്പലിലുണ്ടായിരുന്ന മനുഷ്യരുടെയും ജന്തുക്കളുടെയും സന്തതികളിലൂടെ വീണ്ടും ഭൂമിയിൽ മനുഷ്യരും ജന്തുക്കളും പരന്നു.

പ്രളയം മുഴുവൻ ലോകത്തെയും ബാധിച്ചിരുന്നു എന്നും അതല്ല നൂഹ് നബിയുടെ ജനത വസിച്ചിരുന്ന പ്രദേശത്തു മാത്രമേ പ്രളയമുണ്ടായിരുന്നുള്ളുവെന്നും നിഗമനങ്ങളുണ്ട്. പല രാജ്യങ്ങളുടെയും പുരാതന സാഹിത്യങ്ങളിൽ ഈ പ്രളയത്തോട് സാദൃശ്യമുള്ള ഐതിഹ്യങ്ങൾ പ്രതിപാദിച്ചു കാണുന്നുണ്ട്. ലോകത്ത് ഇന്ന് കാണപ്പെടുന്ന മനുഷ്യരെല്ലാം നൂഹ് നബിയുടെയും അദ്ദേഹത്തിൻെറ കൂടെ കപ്പലിൽ കയറിയവരുടെയും സന്തതികളാണെന്ന് കരുതപ്പെടുന്നു. കപ്പലിൽ രക്ഷപ്പെട്ടവരുടെ സന്തതികൾ ഭൂതലത്തിൻെറ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുകയും അക്കാരണത്താലായിരിക്കണം എല്ലാ ജനവിഭാഗങ്ങളുടെയും ഉൽപത്തി ചരിത്രം ഒരു മഹാപ്രളയത്തിൻെറ സൂചന നൽകുന്നത്.

നൂഹ് നബി(അ)യുടെ അവശേഷിച്ച മൂന്ന് മക്കൾ സാം, ഹാം, യാഫിഥ് എന്നിവരാണെന്ന് പറയപ്പെടുന്നു.

അങ്ങനെ തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻെറ ധർമോപദേശങ്ങൾ സ്വീകരിക്കാൻ കൂട്ടാക്കാതിരുന്ന സമുദായം ഭൂമിയിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെട്ടു. പ്രവാചക പ്രബോധനത്തെ അവഗണിച്ച് സ്വന്തം മാർഗഭ്രംശത്തിൽ ശഠിച്ചു നിന്ന പല സമുദായങ്ങളും ഇങ്ങനെ നാമാവശേഷമാവുകയുണ്ടായി.

---

65. ആദുസമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെ(നാം നിയോഗിച്ചു).അദ്ദേഹം പറഞ്ഞു: എൻെറ ജനമേ, നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവമില്ല. നിങ്ങൾ സൂക്ഷ്മത പുലർത്തുന്നില്ലേ?

66. അദ്ദേഹത്തിൻെറ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ വിഡ്ഢിത്തത്തിൽ അകപ്പെട്ടതായി ഞങ്ങൾ കാണുന്നു. നീ വ്യാജനാണെന്നും ഞങ്ങൾ കരുതുന്നു.

67. അദ്ദേഹം പറഞ്ഞു:എനിക്ക് വിഡ്ഢിത്തം സംഭവിച്ചിട്ടില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാണ്.

68. എൻെറ രക്ഷിതാവിൻെറ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയാകുന്നു.

69. നിങ്ങൾക്ക് മുന്നറിയിപ്പു നൽകാൻ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഉൽബോധനം നിങ്ങളിൽ നിന്നു തന്നെയുള്ള ഒരാളിലൂടെ വന്നെത്തിയതിൽ നിങ്ങൾ അത്ഭുതപ്പെടുക

യോ? നൂഹിൻെറ ജനത്തിനുശേഷം അവൻ നിങ്ങളെ പ്രതിനിധികളാക്കിയതും, നിങ്ങളെ (ശാരീരിക)ശ്രുഷ്ടിപ്പിൽ വർധനവ് തന്നതും നിങ്ങൾ ഓർക്കുക. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ ഓർമിക്കുവിൻ. നിങ്ങൾ വിജയം വരിച്ചേക്കാം.

70. അവർ പറഞ്ഞു: അല്ലാഹുവെ മാത്രം ഞങ്ങൾ ആരാധിക്കുവാനും ഞങ്ങളുടെ പൂർവപിതാക്കൾ ആരാധിച്ചുകൊണ്ടിരുന്നതിനെ വിട്ടുകളയുവാനും വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്തേക്ക് വന്നത്? എങ്കിൽ നീ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന (ആ ദൈവിക ശിക്ഷ) ഇങ്ങു കൊണ്ടുവരിക. നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ.

71. (ഹൂദ്)പറഞ്ഞു:തീർച്ചയായും നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ശിക്ഷയും കോപവും നിങ്ങളിൽ വന്നു പതിച്ചിരിക്കുന്നു. നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും കെട്ടിച്ചമച്ചതും അല്ലാഹു ഒരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതുമായ ചില (വിഗ്രഹ)നാമങ്ങളുടെ പേരിലാണോ നിങ്ങൾ എന്നോട് തർക്കിക്കുന്നത്? എങ്കിൽ നിങ്ങൾ കാത്തിരുന്നു കൊള്ളുക. തീർച്ചയായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കാം.

72. അങ്ങനെ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കൂടെയുള്ളവരെയും നാം നമ്മുടെ കാരുണ്യത്താൽ രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ കള്ളമാക്കിത്തള്ളിയവരെ മുരടറുത്തുകളയുകയും ചെയ്തു. അവർ സത്യവിശ്വാസികളായിരുന്നില്ല.

---

65-72: നൂഹ് നബി(അ)യുടെ ജനതക്ക് ശേഷം വിപുലമായ നാഗരികത കെട്ടിപ്പടുത്ത ഒരു സമുദായമായിരുന്നു ആദ്‌വർഗം. അദ്ദേഹത്തിൻെറ പുത്രൻ സാമിൻെറ സന്താനപരമ്പരയിൽ പെട്ട ആദ് ആണ് ഈ വംശത്തിൻെറ കുലപതി.അറബികളുടെ ഉത്ഭവം ഇവരിൽനിന്നാണെന്ന് കരുതപ്പെടുന്നു. അറേബ്യാ ഉപഭൂഖണ്ഡത്തിൻെറ തെക്കു ഭാഗത്ത് യമൻെറയും ഹള്‍ർമൗത്തിൻെറയും ഇടയിൽ സ്ഥിതി ചെയ്യുന്ന 'അഹ്ഖാഫ്'(മണൽക്കൂനകൾ) എന്ന പ്രദേശമായിരുന്നു അവരുടെ വാസസ്ഥലം. ആദ് വർഗത്തിൻെറ കഥകൾ അറബികൾക്ക് വളരെ സുപരിചിതമായിരുന്നു. ആദ് ജനത അതികായകന്മാരും അതി ബലവന്മാരുമായിരുന്നു. നൂഹ് നബിയി(അ)യിൽ നിന്ന് പാരമ്പര്യമായി കിട്ടിയ ഏകദൈവവിശ്വാസം അവർ മറക്കുകയും തൽസ്ഥാനത്ത് ബഹുദൈവത്വം കടന്നുകൂടുകയും ചെയ്തു. അവരെ ഏകദൈവവിശ്വാസത്തിലേക്ക് വീണ്ടെടുക്കാനായി അല്ലാഹു ഹൂദിനെ പ്രവാചകനായി അവരിൽ നിയോഗിച്ചു. പക്ഷേ, ജനം അദ്ദേഹത്തിൽ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. നൂഹിൻെറ ജനതയെപ്പോലെ അവരെയും അല്ലാഹു ഉന്മൂലനം ചെയ്തു.

ഇപ്പോൾ ഈ സ്ഥലം ജനവാസമില്ലാത്ത വെറുമൊരു മരുഭൂമിയാണ്. ഏഴ് രാവും എട്ട് പകലും അതിരൂക്ഷമായി ചീറിയടിച്ച കൊടുങ്കാറ്റിനാൽ ആദുവർഗം ഉന്മൂലനം ചെയ്യപ്പെട്ടതായി അധ്യായം 69-ൽ ഖുർആൻ വിവരിക്കുന്നുണ്ട്. ദ്രവിച്ച ഈത്തപ്പനത്തടികളന്നോണം ആ ജനം ചത്തുവീണ് കിടന്നിരുന്നതായി ഖുർആൻ പ്രസ്താവിക്കുന്നു. മറ്റ് മരുഭൂമികളിൽ നിന്ന് വ്യത്യസ്തമായി ഈ പ്രദേശത്തെ മണൽത്തടങ്ങൾ മനുഷ്യർക്ക് സഞ്ചാരയോഗ്യമല്ലാത്ത വളരെ നേർത്ത മണലാണെന്ന് പറയപ്പെടുന്നു.

അറേബ്യയിലെ നാമാവശേഷമായ സമുദായങ്ങളിൽ ഏറ്റവും ആദ്യത്തേതായി ഗണിക്കപ്പെടുന്നത് ആദിനെയാണ്.

ഹള്‍ർ മൗത്തിൽ ഹൂദ് നബിയുടേത് എന്ന പേരിൽ ഒരു കല്ലറ സ്ഥിതിചെയ്യുന്നുണ്ട്. ഹൂദ് നബിയും ശിഷ്യന്മാരും അല്ലാഹുവിൻെറ നിർദേശാനുസാരം അവിടേക്ക് പലായനം ചെയ്തതായ ഒരു നിവേദനമുണ്ട്. ആദ്യ ആദുവംശം നശിച്ചശേഷം വളർന്ന് വന്നവർ പിൽക്കാല ആദുവംശമായിട്ടാണ് അറിയപ്പെടുന്നത്.

ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുകയും അത് സംഭവിക്കുമെന്ന വാർത്തയെ തമാശയായി ഗണിക്കുകയും ഈ ഭൗതികജീവിതം മാത്രമേ ജീവിതമുള്ളു എന്ന് ധരിച്ചുവശാവുകയും ചെയ്തിരുന്ന മക്കയിലെ ബഹുദൈവവിശ്വാസികളെ തങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളുടെ ചരിത്രം ഉൺർത്തിച്ചുകൊണ്ട് താക്കീതു ചെയ്യുകയാണ്. പരലോകത്തെ നിഷേധിക്കുകയും മരണാനന്തരം ദൈവത്തിൻെറ കോടതിയിൽ ഈ ഭൗതിക ജീവിതം വിചാരണ ചെയ്യുമെന്ന യാഥാർഥ്യത്തെ തള്ളിപ്പറയുകയും ചെയ്തി

രുന്ന സമുദായങ്ങൾ കടുത്ത ധർമച്യുതിയിൽ അകപ്പെട്ടിട്ടുണ്ട്. ഒടുവിൽ ദൈവശിക്ഷ ആ സമുദായങ്ങളെ പിടികൂടുകയും ഭൂമിയിൽ നിന്ന് അവരുടെ അസ്തിത്വം തന്നെ അല്ലാഹു തുടച്ചു മാറ്റുകയുമായിരുന്നു.

---

73. സമൂദ്സമുദായത്തിലേക്ക് നാം അവരുടെ സഹോദരൻ സ്വാലിഹിനെ (നിയോഗിച്ചു.) അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനു വഴിപ്പെടുക. അവനല്ലാതെ നിങ്ങൾക്ക് വേറെ ദൈവമില്ല. നിങ്ങളുടെ നാഥങ്കൽനിന്ന് വ്യക്തമായ ഒരു തെളിവ് നിങ്ങൾക്ക് വന്നെത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ ഈ ഒട്ടകം നിങ്ങൾക്കുള്ള ഒരു ദൃഷ്ടാന്തമാണ്. അതിനാൽ അതിനെ വിട്ടേക്കുവിൻ. അത് അല്ലാഹുവിന്റെ ഭൂമിയിൽ തിന്നുനടക്കട്ടെ. നിങ്ങളതിനെ ദുരുദ്ദേശ്യത്തോടെ തൊട്ടുപോകരുത്. അല്ലാത്തപക്ഷം ഒരു വേദനയേറിയ ശിക്ഷ നിങ്ങളെ പിടികൂടും.

74. ആദുസമുദായത്തിനുശേഷം അവൻ നിങ്ങളെ പ്രതിനിധികളാക്കിയതും ഭൂമിയിൽ നിങ്ങൾക്ക് പാർപ്പിടസൗകര്യം ചെയ്തുതന്നതും ഓർക്കുവിൻ. നിങ്ങൾ അതിലെ സമതലങ്ങളിൽ കൊട്ടാരങ്ങൾ പണിയുന്നു. അതിലെ മലകൾ തുരന്നു വീടുകളുണ്ടാക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓർക്കുവിൻ. നിങ്ങൾ കുഴപ്പക്കാരായി ഭൂമിയിൽ നാശമുണ്ടാക്കാതിരിക്കുകയും ചെയ്യുവിൻ.

75. അദ്ദേഹത്തിന്റെ ജനതയിലെ അഹങ്കാരികളായ പ്രമാണിമാർ, അവരിലെ ദുർബല വിഭാഗത്തിലെ വിശ്വസിച്ച ആളുകളോട് ചോദിച്ചു: സ്വാലിഹ് തന്റെ രക്ഷിതാവിനാൽ അയക്കപ്പെട്ട ആൾ തന്നെയാണെന്ന് നിങ്ങൾ അറിയുന്നുവോ?അവർ പറഞ്ഞു:അദ്ദേഹം യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ തീർച്ചയായും വിശ്വസിക്കുന്നവരാണ്.

76. അഹങ്കാരം കൈക്കൊണ്ടവർ പറഞ്ഞു: നിങ്ങൾ യാതൊന്നിലാണോ വിശ്വസിക്കുന്നത്, തീർച്ചയായും അതിനെ നിഷേധിക്കുന്നവരാണ് ഞങ്ങൾ.

77. അങ്ങനെ അവർ ആ ഒട്ടകത്തെ കൊന്നുകളഞ്ഞു. തങ്ങളുടെ രക്ഷിതാവിന്റെ ആജ്ഞയെ ധിക്കരിക്കുകയും ചെയ്തു. അവർ പറഞ്ഞു: ഹേ! സ്വാലിഹ്! നീ ഞങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്(ശിക്ഷ) ഇങ്ങ് കൊണ്ടുവരിക; നീദൈവദൂതന്മാരിൽ പെട്ടവനാണെങ്കിൽ.

78. അവസാനം ഒരു പ്രകമ്പനം അവരെ പിടികൂടി. അങ്ങനെ പ്രഭാതത്തിൽ അവർ തങ്ങളുടെ വീടുകളിൽ ചേതനയറ്റു വീണു കിടക്കുകയായിരുന്നു.

79. അവസാനം സ്വാലിഹ് അവരെ വിട്ടുപോയി. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിന്റെ സന്ദേശം നിങ്ങൾക്ക് എത്തിച്ചു തന്നു. ഞാൻ നിങ്ങളോട് ഏറെ ഗുണകാംക്ഷയുള്ളവനുമായി.പക്ഷേ, ഗുണകാംക്ഷികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല.

---

73-79:അറേബ്യയിലെ അതിപുരാതനമായ മറ്റൊരു സമുദായമാണ് സമൂദ് ഗോത്രക്കാർ. അജ്ഞാനകാലത്തെ കവിതകളിൽ അവരെ സംബന്ധിച്ച ധാരാളം പരാമർശങ്ങളുള്ളതായി പറയപ്പെടുന്നു. അറേബ്യയുടെ വടക്കു പടിഞ്ഞാറായി മദീനക്കും തബൂക്കിനുമിടയിൽ സ്ഥിതി ചെയ്യുന്ന 'അൽഹിജ്ർ' എന്ന പ്രദേശമായിരുന്നു ഇവരുടെ വാസസ്ഥലം.

സാമ്പത്തികമായും നാഗരികമായും വളരെ പുരോഗതി നേടിയവരായിരുന്നു സമൂദ് ഗോത്രക്കാർ. പർവതങ്ങൾ തുരന്ന് അവർ നിർമിച്ചിരുന്ന ഭവനങ്ങളിൽ ചിലത് അവരുടെ ദുരന്ത ചരിത്രം വിളിച്ചു പറഞ്ഞുകൊണ്ട് ഇന്നും 'മദായിനുസ്വാലിഹിൽ' നിലനിൽക്കുന്നുണ്ട്.ആ പുരാവസ്തുക്കളുടെ മധ്യത്തിലൂടെ ഹിജാസിലെ കച്ചവട സംഘങ്ങൾ കടന്നു പോകാറുണ്ടായിരുന്നു. തബൂക്ക് യുദ്ധവേളയിൽ ആ വഴി യാത്ര ചെയ്യാനിടയായപ്പോൾ നബി(സ)തിരുമേനി ശിഷ്യന്മാർക്ക് സമൂദിന്റെ നഷ്ടാവശിഷ്ട

ങ്ങൾ കാണിച്ചുകൊടുക്കുകയും സമൂദ് സമുദായത്തിൻെറ ചരിത്രപാഠങ്ങൾ ശിഷ്യന്മാരെ അനുസ്മരിപ്പിക്കുകയും ചെയ്തിരുന്നു.
സ്വാലിഹ്(അ) സമൂദ് സമുദായത്തെ സത്യത്തിലേക്കും ധർമത്തിലേക്കും ക്ഷണിച്ചു. ഏറെക്കാലം അദ്ദേഹം പ്രബോധനം തുടർന്നു. പക്ഷേ, ജനം അദ്ദേഹത്തിൻെറ സന്ദേശങ്ങളെ ധിക്കാരപൂർവം തള്ളിക്കളഞ്ഞു. ദൈവനിയുക്തനായ പ്രവാചകനാണെന്ന് തെളിയിക്കുന്ന വ്യക്തമായ ഒരടയാളം കൊണ്ടുവരാൻ സമൂദ് ഗോത്രക്കർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. നിഷേധികളുടെ ആവശ്യപ്രകാരം ദൈവിക ദൃഷ്ടാന്തമായി ഒരസാധാരണ ഒട്ടകത്തെ അല്ലാഹു അവർക്ക് അയച്ചുകൊടുത്തു. സ്വാലിഹ്(അ) അവരോട് പറഞ്ഞു:ഈ ഒട്ടകം നിങ്ങൾക്കൊരു പരീക്ഷണമാണ്. ഇത് നിങ്ങളുടേ നിലങ്ങളിൽ സ്വതന്ത്രമായി മേഞ്ഞുതിന്നും. ഒരു ദിവസം ഈ ഒട്ടകം തനിച്ച് കിണററിൽ നിന്ന് വെള്ളം കുടിക്കുകയും അടുത്ത ദിവസം നാട്ടിലെ മറ്റു മൃഗങ്ങൾ വെള്ളം കുടിക്കുകയും ചെയ്യട്ടെ. നിങ്ങളിതിനെ ഉപദ്രവിച്ചാൽ ദൈവശിക്ഷ നിങ്ങളെ പിടികൂടുന്നതാണ്. എന്നാൽ അദ്ദേഹത്തിൻെറ താക്കീതുകളെ വകവെക്കാതെ അവർ ആ ഒട്ടകത്തെ വധിച്ചുകളഞ്ഞു. ഒട്ടകത്തെ ദ്രോഹിച്ചാൽ സംഭവിക്കുമെന്ന് ഭീഷണിപ്പെടുത്തിയ ശിക്ഷയിങ്ങു കൊണ്ടുവരാൻ അവർ സ്വാലിഹിനെ വെല്ലുവിളിച്ചു. ഇനി മൂന്ന് ദിവസത്തെ അവധി മാത്രമെയുള്ളുവെന്ന് അദ്ദേഹം അവർക്ക് മുന്നറിയിപ്പ് നൽകി(11:65). ഈ അവധികൊടുത്ത് നാശത്തിൻെറ ആഘാതം ഏൽക്കാതെ അദ്ദേഹവും ശിഷ്യന്മാരും അവിടം വിട്ടുപോയതായി പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. തുടർന്ന് ഒരു ഘോരശബ്ദം നാശകാരികളായ ആ സമുദായത്തെ പിടികൂടി. അതോടെ എല്ലാവരും മരിച്ചു വീണു. സമൂദ് വർഗം ഉന്മൂലനം ചെയ്യപ്പെട്ടു.

---

80. ലൂത്വിനെയും(നാം പ്രവാചകനായി നിയോഗിച്ചിരുന്നു).അദ്ദേഹം തൻെറ ജനത്തോട് പറഞ്ഞതോർക്കുക: നിങ്ങൾക്ക് മുമ്പ് ലോകരിലാരും ചെയ്തിട്ടില്ലാത്ത അസാന്മാർഗികവൃത്തി നിങ്ങൾ ചെയ്യുന്നുവോ?

81. നിങ്ങൾ സ്ത്രീകളെ വെടിഞ്ഞ് പുരുഷന്മാരെത്തന്നെ കാമാർത്തരായി സമീപിക്കുന്നു. അല്ല; അതിരുകടക്കുന്ന ഒരു ജനതയാണ് നിങ്ങൾ.

82. എന്നാൽ അദ്ദേഹത്തിൻെറ ജനത്തിൻെറ മറുപടി ഇതുമാത്രമായിരുന്നു. ഇവരെ നിങ്ങളുടെ നാട്ടിൽ നിന്നും പുറത്താക്കുക. തീർച്ചയായും വലിയ വിശുദ്ധന്മാരായി ചമയുന്ന ആളുകളാണിവർ.

83. ഒടുവിൽ അദ്ദേഹത്തേയും കുടുംബത്തെയും നാം രക്ഷപ്പെടുത്തി- അദ്ദേഹത്തിൻെറ ഭാര്യയെ ഒഴിച്ച്. അവൾ പിന്മാറി നിന്നവരുടെ കൂട്ടത്തിലായിരുന്നു.

84. നാം അവരുടെമേൽ ഒരു പേമാരി വർഷിച്ചു. ആ കുററവാളികളുടെ പരിണിതി എന്തായിരുന്നുവെന്ന് നോക്കുക.

---

80-84: ചാവുകടലിൻെറ(Dead sea) സമീപത്ത് സ്ഥിതി ചെയ്തിരുന്ന സദൂം എന്ന പ്രദേശമായിരുന്നു ലൂത്വ് ജനതയുടെ അധിവാസഗേഹം. ഇബ്രാഹീം നബി(അ)യുടെ സഹോദരൻ ഹാറാൻെറ പുത്രനായിരുന്നു ലൂത്വ് നബി(അ). ഇറാഖിൽനിന്ന് പുറപ്പെട്ട അദ്ദേഹം പിതൃസഹോദരനോടൊപ്പം പല സ്ഥലങ്ങളിലും സഞ്ചരിച്ച് പ്രബോധന പരിശീലനം നേടി. പിന്നീട് അല്ലാഹു അദ്ദേഹത്തെ സദൂമിൽ പ്രവാചകനായി നിയോഗിച്ചു. ഐശ്വര്യസമൃദ്ധമായിരുന്ന സദൂം നാഴികകളോളം പച്ചപുതച്ചു നിന്നിരുന്ന മനോഹര പ്രദേശമായിരുന്നു. ആ നാട്ടുകാരിയായ ഒരു സ്ത്രീയെ അദ്ദേഹം വിവാഹം കഴിക്കുകയും ചെയ്തു.
വഴിപിഴച്ച ഒരു ജനതയായിരുന്നു സദൂംവാസികൾ. അവർക്ക് കുപ്രസിദ്ധി നേടിക്കൊടുത്ത നീചകൃത്യമായിരുന്നു സ്വവർഗരതി. പുരുഷന്മാരെപ്പോലെ സ്ത്രീകളിലും ഈ ദുരാചാരം പടർന്നുപിടിച്ചിരുന്നു. ആ ജനതയുടെ സാമൂഹ്യജീവിതത്തിൽ പരിശുദ്ധിയുടെ ഒരംശംപോലും അവശേഷിച്ചില്ല. ലൂത്വ്(അ) തൻെറ ജനതയുടെ നിർലജ്ജമായ ഈ മ്ലേഛവൃത്തിക്കെതിരെ ശബ്ദമുയർത്തി. പക്ഷേ, ജനം അദ്ദേഹത്തിൻെറ ഉപദേശങ്ങൾക്ക് ചെവികൊടുത്തില്ല. സംസ്കരണത്തിൻെറ ശബ്ദംപോലും പൊറുപ്പിക്കാനാവാത്ത വിധം ധാർമികാധപനത്തിൻെറ അടിത്തട്ടിൽ ആ ജനം ആണ്ടുപോയിരുന്നു. ലൂത്വ് നബി(അ)യുടെ ഉപദേശങ്ങളെയും അദ്ദേഹത്തിൻെറ വിശുദ്ധിയെയും അവർ രൂക്ഷമായി പരിഹസിച്ചു. ലൂത്വി(അ)ൻെറ

യാതൊരുവിധ സംസ്കരണപ്രവർത്തനവും ഫലപ്രദമായില്ല. അല്ലാഹു ആ ജനതയെ ഉന്മൂലനം ചെയ്യാൻ തന്നെ തീരുമാനിച്ചു. അവരുടെ നശീകരണത്തിന് മുന്നോടിയായി അല്ലാഹു മലക്കുകളെ ലൂത്വ് നബി (അ)യുടെ അടുത്തേക്ക് അയച്ചു. മനുഷ്യരൂപം ധരിച്ച് എത്തിയ മലക്കുകളെയും അവർ അസാന്മാർഗികവൃത്തിക്ക് ഉപയോഗിക്കാൻ ശ്രമിക്കാതിരുന്നില്ല. പക്ഷേ, ലൂത്വ് നബി(അ)യെയും മലക്കുകളെയും അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. മലക്കുകളുടെ നിർദേശമനുസരിച്ച് ലൂത്വും(അ) കുടുംബവും ഉടൻതന്നെ സ്ഥലം വിട്ടു.നിഷേധികളായ സ്വന്തക്കരുടെ പക്ഷത്ത് നിലകൊണ്ട അദ്ദേഹത്തിൻെറ ഭാര്യയെ കൂടെ കൂട്ടരുതെന്ന് ദൈവകൽപനയുണ്ടായിരുന്നു.
ഭയാനകമായ ഒരു ശിലാവർഷത്താൽ ആ നാട് കീഴ്മേൽ മറിക്കപ്പെട്ടു. ലൂത്വ്ജനതയുടെ പേരും കുറിയും ലോകത്ത് നിന്ന് നിശ്ശേഷം തുടച്ചുമാറ്റപ്പെട്ടു. ഈ പ്രദേശം ശരിക്കും എവിടെയാണെന്ന് ഇപ്പോൾ നിർണിതമല്ല. ചാവുകടൽ(ലോത്തിൻെറ കടൽ) മാത്രമാണ് ആ ജനതയുടെ സ്മാരകമായി ഇപ്പോൾ അവശേഷിക്കുന്നത്.

---

85. മദ്‌യൻ നിവാസികളിലേക്ക് നാം അവരുടെ സഹോദരൻ ശുഐബിനെ (ദൂതനായി നിയോഗിച്ചു).അദ്ദേഹം പറഞ്ഞു:എൻെറ ജനമേ,നിങ്ങൾ അല്ലാഹുവിന് അടിമപ്പെടുവിൻ. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്ന് വ്യക്തമായ മാർഗദർശനം വന്നെത്തിയിരിക്കുന്നു. അതിനാൽ നിങ്ങൾ അളവും തൂക്കവും കൃത്യമായി കൊടുക്കുവിൻ. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ കുറവ് വരുത്തരുത്. ഭൂമിയുടെ സംസ്കരണത്തിനുശേഷം അതിൽ നാശമുണ്ടാക്കാതിരിക്കുവിൻ. നിങ്ങൾ സത്യ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം.

86. ആളുകളെ ഭീഷണിപ്പെടുത്തിയും, അല്ലാഹുവിൽ വിശ്വസിച്ചവരെ അവൻെറ മാർഗത്തിൽ നിന്ന് തടഞ്ഞും, (സന്മാർഗത്തെ)വക്രമാക്കാൻ ശ്രമിച്ചും പാതവക്കിലൊക്കെയും നിങ്ങൾ ഇരിക്കരുത്. നിങ്ങൾ എണ്ണത്തിൽ കുറവായിരുന്ന സന്ദർഭം ഓർക്കുക. പിന്നീട് അവൻ നിങ്ങളെ പെരുപ്പിച്ചു. നാശകാരികളായിരുന്നവരുടെ പര്യവസാനം എങ്ങനെയെല്ലാമായിരുന്നുവെന്ന് നോക്കുവിൻ.

87. ഏതൊരു (സന്ദേശ)വുമായാണോ ഞാൻ നിയോഗിതനായിരിക്കുന്നത് അതിൽ നിങ്ങളിലൊരുവിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയുമാണെങ്കിൽ അല്ലാഹു നമുക്കിടയിൽ തീർപ്പ് കൽപിക്കുന്നതുവരെ ക്ഷമിച്ചിരിക്കുക. തീരുമാനം കൽപിക്കുന്നവരിൽ അവൻ ഏറ്റവും ഉത്തമനല്ലോ.

88. അദ്ദേഹത്തിൻെറ ജനതയിലെ അഹങ്കാരികളായ പ്രമാണിമാർ പറഞ്ഞു: ഹേ, ശുഐബ്, നിശ്ചയമായും ഞങ്ങൾ നിന്നെയും നിന്നോടുകൂടെ വിശ്വാസികളായവരെയും ഞങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കുകതന്നെ ചെയ്യും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിൽ തിരിച്ചു വരിക തന്നെ വേണം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ അതിനെവെറുക്കുന്നവരാണെങ്കിൽ പോലും?

89. അല്ലാഹു ഞങ്ങളെ നിങ്ങളുടെ മതത്തിൽ നിന്നു രക്ഷിച്ചുകഴിഞ്ഞിരിക്കെ, അതിലേക്കു തന്നെ തിരിച്ചു വരികയാണെങ്കിൽ തീർച്ചയായും ഞങ്ങൾ അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമച്ചവരായിത്തീരും.ഞങ്ങൾക്ക് ഇനി ഒരിക്കലും അതിലേക്കു തിരിച്ചുവരാനാവില്ല; ഞങ്ങളുടെ രക്ഷിതാവായ അല്ലാഹു അങ്ങനെ ഉദ്ദേശിച്ചാലല്ലാതെ.ഞങ്ങളുടെ രക്ഷിതാവിൻെറ ജ്ഞാനം സകല സംഗതികളെയും ഉൾക്കൊണ്ടിരിക്കുന്നു. അല്ലാഹുവിലാണ് ഞങ്ങൾ ഭരമേൽ പിച്ചിട്ടുള്ളത്. ഞങ്ങളുടെ നാഥാ, ഞങ്ങൾക്കും ഞങ്ങളുടെ സമുദായത്തിനുമിടയിൽ നീ ന്യായമായ തീരുമാനമെടുക്കേണമേ. തീരുമാനമെടുക്കുന്നവരിൽ ഏറ്റം ഉത്തമൻ നീയാണല്ലോ.

90. അദ്ദേഹത്തിന്റെ സമുദായത്തിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: നിങ്ങൾ ശുഐബിനെ പിൻപറ്റിയാൽ ഉറപ്പായും നിങ്ങൾ നഷ്ടം പറ്റിയവരായിത്തീരും.

91. അപ്പോൾ ഘോരമായ പ്രകമ്പനം അവരെ പിടികൂടി. അങ്ങനെ പ്രഭാതത്തോടെ അവർ തങ്ങളുടെ ഭവനങ്ങളിൽ ചേതനയറ്റു വീണുപോവുകയും ചെയ്തു.

92. ശുഐബിനെ തള്ളിപ്പറഞ്ഞവരുടെ അവസ്ഥ, അവർ അവിടെ വസിക്കുകയേ ഉണ്ടായിട്ടില്ലാത്ത വിധം ആയിത്തീർന്നു. ശുഐബിനെ തള്ളിപ്പറഞ്ഞവർ തന്നെയായിരുന്നു നഷ്ടപ്പെട്ടവർ.

93. അദ്ദേഹം അവരെ വിട്ടുപോയി. അന്നേരം അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, എന്റെ നാഥന്റെ സന്ദേശങ്ങൾ തീർച്ചയായും ഞാൻ നിങ്ങൾക്ക് എത്തിച്ചുതരികയും നിങ്ങളോട് ഗുണകാംക്ഷയോടെ ഉപദേശിക്കുകയും ചെയ്തു.അതിനാൽ സത്യനിഷേധികളായ ജനത്തിന്റെ പേരിൽ ഞാൻ അനുശോചിക്കുന്നതെങ്ങനെ!

---

85-93: പ്രവാചക സന്ദേശങ്ങളെ തള്ളിക്കളഞ്ഞതിന്റെ പേരിൽ നശിപ്പിക്കപ്പെട്ട മറ്റൊരു ജനതയാണ് മദ്‌യൻ വാസികൾ.ബൈബിളിൽ മിദ്യാൻ എന്ന പേരിൽ ഇവർ അറിയപ്പെടുന്നു. ഉത്തര അറേബ്യയിൽ ചെങ്കടലിന്റെയും അഖബ ഉൾക്കടലിന്റെയും പൂർവ തീരത്തായി സ്ഥിതിചെയ്യുന്ന പ്രദേശമായിരുന്നു മദ്‌യൻകാരുടെ വാസസ്ഥലം.

ഇബ്രാഹീം നബി(അ)യുടെ മൂന്നാമത്തെ പത്നി ഖത്തൂറായിൽ ജാതനായ പുത്രനാണ് മിദ്‌യാൻ. അദ്ദേഹത്തിന്റെ വംശ പരമ്പരയിൽ പെട്ടവരാണ് മദ്‌യൻ നിവാസികൾ എന്നും ഗോത്രപിതാവിന്റെ നാമത്തിൽ ആ സ്ഥലം അറിയപ്പെട്ടുവെന്നും പറയപ്പെടുന്നു. മിദ്യാനികൾ ഇബ്രാഹീമീ പാരമ്പര്യക്കാരായിരുന്നു. ഇബ്രഹീം(അ) പ്രബോധനം ചെയ്ത തത്ത്വങ്ങൾ പിന്തുടർന്നിരുന്ന മുസ്‌ലിംകളായിരുന്നു അവർ.

പുരാതന കാലത്ത് ചെങ്കടലിന്റെ തീരത്തു കൂടെ യമനിൽ നിന്ന് സിറിയയിലേക്കും ഇറാഖിൽ നിന്ന് ഈജിപ്തിലേക്കും പോവുന്ന സുപ്രധാനമായ രണ്ട് വ്യാപാര മാർഗങ്ങളുടെ നാൽക്കവലയിലാണ് മിദ്‌യാൻ പ്രദേശങ്ങൾ സ്ഥിതി ചെയ്തിരുന്നത്. ഈ കേന്ദ്രങ്ങളുമായി വിപുലമായ വ്യാപാരം നടത്തിക്കൊണ്ടിരുന്ന വലിയൊരു വർത്തക സമുദായമായിരുന്നു മിദ്യാനികൾ. കാലാന്തരത്തിൽ അവർ ഇബ്രാഹീം നബി(അ)യുടെ ഉപദേശങ്ങളിൽ നിന്നും ബഹുദൂരം വ്യതിചലിച്ചു. ബഹുദൈവത്വവും, വിഗ്രഹാരാധനയും, കൊള്ളക്കൊടുക്കകളിൽ ചതിയും കൃത്രിമവും അവരിൽ വ്യാപകമായി. വിശ്വാസപരവും ധാർമികവുമായ വൈകല്യങ്ങളിൽ അകപ്പെട്ടുപോയതോടൊപ്പം തങ്ങൾ ഇബ്രാഹീമീ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സത്യമതസ്ഥരാണെന്ന് അവർ സ്വയം കരുതുകയും ചെയ്തിരുന്നു.

മദ്‌യൻകാരിൽ കാണപ്പെട്ടിരുന്ന ഈ രണ്ട് പ്രധാന ദൂഷ്യങ്ങളിൽ നിന്ന് അവരെ സംസ്കരിക്കുവാനായിരുന്നു ശുഐബ് നബി(അ) അവരിൽ നിയുക്തനായത്. ഈജിപ്തിൽനിന്ന് പലായനം ചെയ്ത മൂസാ നബി(അ)ക്ക് അഭയം നൽകുകയും കുറെ വർഷങ്ങൾ കൂടെ താമസിപ്പിക്കുകയും സ്വന്തം മകളെ വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തത് ശുഐബ്(അ) ആയിരുന്നുവെന്ന് പല ഖുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിച്ചു കാണുന്നു.

പരദേശികളായ കച്ചവടക്കാരെ കൊള്ളയടിക്കാനോ അല്ലെങ്കിൽ അവരെ ഭീഷണിപ്പെടുത്തി തുഛമായ വിലക്ക് അവരുടെ ചരക്ക് കൈവശപ്പെടുത്താനോ അവർ വഴിയോരങ്ങളിൽ കാത്തിരിക്കുമായിരുന്നു. മദ്‌യൻകാരിൽ ഒരു വിഭാഗം ശുഐബ്നബി(അ)യുടെ ഉപദേശങ്ങൾക്ക് ചെവികൊടുക്കാൻ തയാറായില്ല. അവർ അദ്ദേഹത്തിന് അന്ത്യശാസനം നൽകി. ഒന്നുകിൽ നാടുവിടുക അല്ലെങ്കിൽ പൂർവാചാരങ്ങളിലേക്ക് മടങ്ങുക.

വരാൻ പോകുന്ന ആപത്തിനെക്കുറിച്ച് അദ്ദേഹം അവർക്ക് മുന്നറിയിപ്പ് നൽകി. എന്നാൽ മുന്നറിയിപ്പുകളെ ആ ജനത ധിക്കാരപൂർവം തള്ളിക്കളഞ്ഞു. ഞങ്ങൾക്കും ഞങ്ങളുടെ സമുദായത്തിനുമിടയിൽ നീ ന്യായമായ തീരുമാനമെടുക്കേണമേ എന്ന് ശുഐബ്നബി(അ) പ്രാർഥിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥന സ്വീകരിച്ചു. അല്ലാഹുവിന്റെ ശിക്ഷ അവരിൽ വന്നിറങ്ങി. രാത്രി സുഖമായി കിടന്നുറങ്ങിയ അവർ പ്രഭാതത്തോടെ തങ്ങളുടെ വസതികളിൽ മറിഞ്ഞു വീണു ചത്തൊടുങ്ങി. ശുഐബ്

നബി(അ)യെ നാടുകടത്തുമെന്ന് ഭീഷണിപ്പെടുത്തിയ ആ ജനതതന്നെ അവിടെനിന്നും ബഹിഷ്കരിക്കപ്പെട്ടു. അവർ ഒരിക്കലും അവിടെ താമസിച്ചിട്ടില്ല എന്നപോലെ അവർ ഒന്നടങ്കം നശിച്ചു. പൊതു ശിക്ഷ വരുന്നതിനു മുമ്പായി പ്രവാചകനെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും അല്ലാഹു രക്ഷപ്പെടുത്തി. ശുഐബിനെ തള്ളിപ്പറഞ്ഞവർ വലിയ നഷ്ടക്കാരായിത്തീരുകയും ചെയ്തു.

---

94. നാം പ്രവാചകനെ നിയോഗിച്ച ഏത് നാട്ടിലും അവിടത്തെ നിവാസികളെ പ്രയാസങ്ങളാലും ബുദ്ധിമുട്ടുകളാലും പരീക്ഷിക്കാതിതിരുന്നിട്ടില്ല; അവർ വിനയമുള്ളവരാകുന്നതിനു വേണ്ടി.

---

94: പ്രവാചകന്മാരെ നിഷേധിക്കുന്നത് നാശഹേതുവാണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ പ്രകൃതി വിപത്തുകളാലും പ്രയാസങ്ങളാലും ജനങ്ങളെ പരീക്ഷിക്കുക എന്നത് എല്ലാകാലത്തും അല്ലാഹു സ്വീകരിച്ച ഒരു പൊതു സമ്പ്രദായമാണ്. അകാശഭൂമികൾ പ്രവൃത്തിരൂപത്തിൽ പ്രവാചകന്മാരുടെ മുന്നറിയിപ്പുകളെ സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. തങ്ങൾക്കു മേലെ ഏതോ ഒരു ശക്തി തങ്ങളുടെ ഭാഗദേയം നിയന്ത്രിക്കുന്നുണ്ടെന്ന് അവരെ ബോധ്യപ്പെടുത്താനും അങ്ങനെ അവരുടെ ഹൃദയം മയപ്പെടുത്തുവാനും, അവർ വിനീതരാകാനും ധർമത്തിലേക്ക് മടങ്ങിവരാനും വേണ്ടി. അത്യാഹിതങ്ങളുണ്ടാകുമ്പോൾ ''ദൈവമേ'' എന്ന വിചാരം മനുഷ്യമനസ്സുകളിലുണ്ടാവുക സാധാരണമാണ്. പ്രയാസങ്ങളും പ്രതിസന്ധികളും സജ്ജനങ്ങളിൽ അല്ലാഹുവിനോടുള്ള ഭയഭക്തി വർധിപ്പിക്കുന്നു. പരീക്ഷണപരമായ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും കൊണ്ട് ദൈവവിചാരം ഉളകാവാത്തവരിൽ അല്ലാഹുവിൻെറ ന്യായം പൂർത്തീകരിക്കപ്പെടുന്നു. അല്ലാഹുവിൻെറ ശിക്ഷാവിധിയുണ്ടാകുന്നതോടെ അവർ ഭൂമുഖത്ത് നിന്ന് ഉന്മൂലനം ചെയ്യപ്പെടുന്നു.

ഫിർഔൻ സമൂഹത്തെ ദൈവബോധത്തിലേക്കുണർത്താൻ മൂസാനബി(അ)യുടെ കാലത്ത് അല്ലാഹു പലതരം വിപത്തുകൾ പ്രത്യക്ഷപ്പെടുത്തിയിരുന്നു.മക്കയിൽ മുഹമ്മദ് നബി(സ) പ്രബോധനം ചെയ്തുകൊണ്ടിരുന്ന കാലത്ത് ഖുറൈശികൾ കടുത്ത ക്ഷാമത്താൽ പരീക്ഷിക്കപ്പെട്ടിരുന്നു. ക്ഷാമംകൊണ്ട് പൊറുതിമുട്ടിയപ്പോൾ ഖുറൈശിപ്രമാണിമാർ നബി(സ)യെ സമീപിക്കുകയും ക്ഷാമം അകറ്റിത്തരാൻ അല്ലാഹുവിനോട് പ്രാർഥിക്കാൻ അവർ അപേക്ഷിക്കുകയും ചെയ്തു. തിരുമേനി അവർക്കുവേണ്ടി പ്രാർഥിക്കുകയും തൽഫലമായി ക്ഷാമം നീങ്ങുകയും ചെയ്തിരുന്നു. എന്നാൽ ഖുറൈശികളുടെ സത്യവിരോധത്തിൽ ഈ സംഭവം കാര്യമായ മാറ്റമൊന്നും ഉണ്ടാക്കിയില്ല.

---

95. പിന്നീട് അവരുടെ ദുഃസ്ഥിതിയെ നാം സുസ്ഥിതിയാക്കി മാറ്റി. അങ്ങനെ അവർ സുഭിക്ഷരായി. അപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ പൂർവപിതാക്കൾക്കും കഷ്ടപ്പാടും ഐശ്വര്യവുമൊക്കെ ഉണ്ടായിട്ടുള്ളതാണല്ലോ. ഒടുവിൽ അവർ ഓർക്കാതിരിക്കെ, പെട്ടെന്ന് നാം അവരെ പിടികൂടി.

96. പട്ടണങ്ങളിലെ ജനങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നാം അവർക്ക് അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നു കൊടുക്കുമായിരുന്നു. പക്ഷേ, അവർ കളവാക്കി. അതിനാൽ അവർ സമ്പാദിച്ചു വെച്ചതിൻെറ ഫലമായി നാം അവരെ പിടികൂടി.

97. പട്ടണങ്ങളിലെ ജനങ്ങൾ രാത്രിയിൽ ഉറങ്ങിക്കിടക്കവെ നമ്മുടെ ശിക്ഷ വന്നെത്തുന്നതിനെപ്പറ്റി നിർഭയരാണെന്നോ?

98. അല്ലെങ്കിൽ, പട്ടണങ്ങളിലെ ജനങ്ങൾ പകൽ വേളയിൽ അവരുല്ലസിക്കുമ്പോൾ നമ്മുടെ ശിക്ഷ വന്നെത്തുന്നതിനെപ്പറ്റി നിർഭയരായിരിക്കുകയാണോ?

99. അല്ലാഹുവിൻെറ തന്ത്രങ്ങളെക്കുറിച്ച് അവർ നിർഭയരായെന്നോ? എന്നാൽ നഷ്ടം പറ്റിയ ഒരു ജനതയല്ലാതെ അല്ലാഹുവിൻെറ തന്ത്രങ്ങളെക്കുറിച്ചു നിർഭയരാകുന്നില്ല.

100. പൂർവ നിവാസികൾക്കു ശേഷം ഭൂമിയിൽ അനന്തരാവകാശികളായി വന്നവർക്ക് (ഈ ചരിത്രങ്ങൾ) മാർഗദർശകം അല്ലേ? അതായത്, നാം ഇഛിക്കുന്നുവെങ്കിൽ അവരെയും

തങ്ങളുടെ പാപങ്ങളുടെ പേരിൽ നാം ശിക്ഷിക്കുമെന്ന്. നാം അവരുടെ ഹൃദയങ്ങൾക്ക് മുദ്രവെക്കുന്നു. പിന്നീടവർ യാതൊന്നും കേൾക്കുന്നില്ല.

101. ആ നാടുകൾ, അവയുടെ ചില കഥകൾ നിനക്കു നാം പറഞ്ഞു തരുന്നു. അവരിലേക്കുള്ള ദൈവദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരിൽ ചെന്നിട്ടുണ്ടായിരുന്നു. പക്ഷേ, അവർ നേരത്തെ നിഷേധിച്ചു കഴിഞ്ഞിരുന്നതിനാൽ പിന്നീടവർ വിശ്വസിക്കുകയുണ്ടായില്ല. സത്യനിഷേധികളുടെ മനസ്സുകളെ അപ്രകാരം അല്ലാഹു മുദ്രവെക്കുന്നു.

102. അവരിൽ അധിക പേരിലും നാം കരാർ പാലിക്കുന്ന സ്വഭാവം കണ്ടില്ല. എന്നല്ല,ധിക്കാരികളായിത്തന്നെയാണ് അവരിൽ അധികമാളുകളെയും നാം കണ്ടത്.

---

100-102:കടുത്ത ദൈവശിക്ഷക്കിരയായ പുർവികരുടെ ചരിത്ര കഥകളിൽ അവരുടെ അനന്തരാവകാശികളായി ഭൂമിയെ ഏറ്റെടുത്ത പിൻതലമുറകൾക്ക് മാർഗദർശനം ഉണ്ട്. ഓരോ സമുദായങ്ങളിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തി വാണപ്പോൾ അവരെ സത്യത്തിലേക്കും ധർമത്തിലേക്കും വീണ്ടെടുക്കാൻ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. പക്ഷേ, അവർ ആ പ്രകാശത്തിനുനേരെ സ്വയം കണ്ണടച്ചു. സ്വയം കണ്ണടച്ചവൻെറ ദൃഷ്ടിയിലേക്ക് പ്രകാശം എത്തുകയില്ല. അവർ സ്വയം സ്വീകരിച്ച ആദർശങ്ങളോടും ആചാരങ്ങളോടുമുള്ള അന്ധമായ ഭ്രമത്തിൻെറ സ്വാഭാവിക പരിണിതിയാണിത്. മുൻഗാമികളുടെ ചരിത്രത്തിൽനിന്നും പാഠം പഠിക്കാതെ ആത്മവിസ്മൃതിയിൽ കഴിയുകയാണെങ്കിൽ തങ്ങളുടെ മുൻഗാമികളെ ഉന്മൂലനം ചെയ്ത അതേ പരമാധികാരിക്ക് ഇന്ന് തങ്ങളെയും പിടിച്ച് പുറത്താക്കുവാൻ യാതൊരു പ്രയാസവുമില്ലെന്ന് അവർ മനസ്സിലാക്കേണ്ടതാണ്.

---

103. പിന്നീട് അവരുടെയൊക്കെ ശേഷം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി മൂസായെ ഫിർഔൻെറയും അവൻെറ പ്രധാനികളുടെയും അടുത്തേക്ക് അയച്ചു.എന്നാൽ അവയോട്(ദൃഷ്ടാന്തങ്ങളോട്) അവർ അന്യായം പ്രവർത്തിച്ചു.നോക്കുക! ആ നാശകാരികളുടെ അന്ത്യം എപ്രകാരമായിരുന്നുവെന്ന്!

104. മൂസാ പറഞ്ഞു: അല്ലയോ ഫിർഔൻ! തീർച്ചയായും സർവലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാണ് ഞാൻ.

105. അല്ലാഹുവിൻെറപേരിൽ സത്യമല്ലാത്തതൊന്നും പറയാതിരിക്കാൻ ബാധ്യസ്ഥനാണ് ഞാൻ. നിങ്ങളുടെ നാഥങ്കൽ നിന്നുള്ള വ്യക്തമായ തെളിവുകളുമായിട്ടാകുന്നു ഞാൻ നിങ്ങളുടെ അടുത്തു വന്നിരിക്കുന്നത്. അതിനാൽ ഇസ്രാഈൽ മക്കളെ എന്നോടൊപ്പം അയക്കുക.

106. (ഫിർഔൻ)പറഞ്ഞു: നീ വല്ല ദൃഷ്ടാന്തവും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതിങ്ങു കൊണ്ടുവാ. നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ.

107. അപ്പോൾ(മൂസാ)തൻെറ വടി നിലത്തിട്ടു.ഉടനെ അത് വ്യക്തമായ ഒരു സർപ്പമായി മാറി.

108. അദ്ദേഹം(കീശയിൽ നിന്ന്) തൻെറ കൈ പുറത്തെടുത്തു. അപ്പോഴതാ അത് നോക്കുന്നവർക്കൊക്കെയും വെള്ളനിറമാർന്നതായിക്കാണുന്നു.

---

102-108: അറബികളുമായി ബന്ധമുള്ള ആദ്, സമൂദ്, ലൂത്വിൻെറ ജനത, മദ്‌യൻ വാസികൾ, തുടങ്ങിയ സമുദായങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാർക്ക്ശേഷം ഇസ്രയേൽ മക്കളിലേക്ക് അയക്കപ്പെട്ട പ്രവാചകനാണ് മുസാനബി(അ).മദ്‌യൻ വാസികളിലേക്ക് നിയോഗിക്കപ്പെട്ട ശുഐബ് നബി(അ)ക്ക് ശേഷം ആഗതനായ പ്രവാചകനാണ് മൂസാ(അ). മിദ്യാനുമായി തൊട്ട് കിടക്കുന്ന മിസ്രയിം (ഈജിപ്ത്) ദേശത്തേക്കാണ് മൂസാ(അ) നിയോഗിക്കപ്പെട്ടത്. ഇബ്രാഹീം നബി(അ)യുടെ പൗത്രൻ യഅ്ഖൂബ് നബി(അ)യുടെ പുത്രൻ യൂസുഫ് നബി(അ) ഈജിപ്തിൽ ഭരണം നടത്തിയിരുന്ന കാലത്താണ് യഅ്ഖുബ് നബി(അ)യും കുടുംബവും ഈജിപ്തിൽ കുടിയേറി പാർത്തത്. കാലക്രമത്തിൽ അവർ വലിയ ഒരു സമുദായമായിവളർന്നു. എന്നാൽ ആദ്യകാലത്തുണ്ടായിരുന്ന പേരും പ്രശസ്തിയുമെ

ല്ലാം കാലാന്തരത്തില്‍ ഇസ്രായീല്യര്‍ക്ക് നഷ്ടപ്പെടുകയും അവര്‍ ഖിബ്തി(കോപ്റ്റിക്-ഈജിപ്തിലെ സ്വദേശികള്‍)കളുടെ അടിമകളായിത്തീരുകയും ചെയ്തു.

മൂസാ നബി(അ) ഫിര്‍ഔന്‍റെ രാജകൊട്ടാരത്തിലാണ് വളര്‍ന്നത്. മൂസായെ വളര്‍ത്തിയ ഫിര്‍ഔന്‍ റംസീസ് രണ്ടാമന്‍ ആയിരുന്നുവെന്നും അദ്ദേഹം പ്രബോധനം ചെയ്ത ഫിര്‍ഔന്‍റെ പേര്‍ മുന്‍ഫത്ത ആയിരുന്നുവെന്നുമാണ് ചരിത്ര ഗവേഷകന്മാരുടെ പൊതുവായ അഭിപ്രായം. ചെങ്കടലില്‍ മുങ്ങി മരിച്ചത് മുന്‍ഫത്ത ആയിരുന്നുവെന്നാണ് നിഗമനം.

മൂസാ(അ)യുടെ പ്രവാചകത്വം സാക്ഷ്യപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങള്‍ കണ്ടിട്ടും ആ മഹാധിക്കാരി അദ്ദേഹത്തിന്‍റെ ഉപദേശങ്ങള്‍ക്ക് ചെവികൊടുക്കാന്‍ തയാറായില്ല.

മുഹമ്മദ് നബിയോടുള്ള നിഷേധവും ധിക്കാരവും ഖുറൈശികള്‍ തുടരുകയാണെങ്കില്‍ പ്രവാചകന്മാരെ നിഷേധിക്കുക വഴി മറ്റു സമുദായങ്ങള്‍ക്കു സംഭവിച്ച അതേ ഗതി തന്നെയായിരിക്കും അവരെയും കാത്തിരിക്കുന്നത് എന്ന താക്കീതാണ് ഇതുള്‍ക്കൊള്ളുന്നത്. ഫിര്‍ഔന്‍ ഇസ്രായീല്യരെ പീഡിപ്പിച്ചതും അവരുടെ അന്ത്യവുമെല്ലാം അറബികള്‍ക്കറിയാമായിരുന്നു.

---

109. ഫിര്‍ഔന്‍റെ ജനതയിലെ പ്രമാണിമാര്‍ പറഞ്ഞു: തീര്‍ച്ചയായും ഇവനൊരു പഠിച്ച മാന്ത്രികന്‍ തന്നെ.

110. നിങ്ങളെ നിങ്ങളുടെ നാട്ടില്‍നിന്നു പുറത്താക്കാനാണ് ഇവന്‍ ഉദ്ദേശിക്കുന്നത്. അതിനാല്‍ നിങ്ങള്‍ക്കെന്താണ് നിര്‍ദേശിക്കാനുള്ളത്?

111. അവര്‍ പറഞ്ഞു: അവനെയും അവന്‍റെ സഹോദരനെയും അവിടെ നിര്‍ത്തുക. എന്നിട്ടു വിളിച്ചുകൂട്ടുവാന്‍ കഴിയുന്നവരെയെല്ലാം പട്ടണങ്ങളിലേക്കയക്കുക.

112. അവര്‍ സമര്‍ഥരായ സകല മാന്ത്രികരെയും അങ്ങയുടെ സന്നിധിയില്‍ കൊണ്ടുവരട്ടെ.

113. അങ്ങനെ മാന്ത്രികര്‍ ഫിര്‍ഔന്‍റെ സന്നിധിയില്‍ വന്നെത്തി. അവര്‍ ചോദിച്ചു: ഞങ്ങള്‍ വിജയിക്കുകയാണെങ്കില്‍ ഞങ്ങള്‍ക്ക് മികച്ച പ്രതിഫലമുണ്ടാകുമെന്ന് തീര്‍ച്ചയാണല്ലോ?

114. ഫിര്‍ഔന്‍ പറഞ്ഞു: അതെ, തീര്‍ച്ചയായും നിങ്ങള്‍(നമ്മോട്) അടുപ്പിക്കപ്പെട്ടവരും ആയിരിക്കും.

115. അവര്‍ പറഞ്ഞു:അല്ലയോ മൂസാ, ഒന്നുകില്‍ നീ(ആദ്യം വടി)എറിയുക, അല്ലെങ്കില്‍ ഞങ്ങളാകാം എറിയുന്നത്.

116. മൂസാ പറഞ്ഞു: നിങ്ങള്‍തന്നെ എറിഞ്ഞുകൊള്ളുവിന്‍. അങ്ങനെ അവര്‍ എറിഞ്ഞപ്പോള്‍ ജനത്തിന്‍റെ കണ്ണുകളെ വശീകരിക്കുകയും അവരെ ഭീതിദരാക്കുകയും ചെയ്തു. ഗംഭീരമായ ഒരു ജാലവിദ്യയാണ് അവര്‍ കൊണ്ടുവന്നത്.

117. മൂസാക്ക് നാം ബോധനം നല്‍കി; നീ നിന്‍റെ വടിയെറിയുക. അപ്പോഴതാ അത് അവരുടെ മായാജാലത്തെ മുഴുവന്‍ വിഴുങ്ങാന്‍ തുടങ്ങി.

118. അങ്ങനെ സത്യം പുലര്‍ന്നു. അവര്‍ ചെയ്തുകൊണ്ടിരുന്നതെല്ലാം നിഷ്ഫലമാവുകയും ചെയ്തു.

119. അങ്ങനെ അവിടെവെച്ച് അവര്‍ പരാജിതരായി. അവര്‍ നിന്ദ്യരായിത്തീരുകയും ചെയ്തു.

120. അതോടെ ആ മാന്ത്രികന്മാര്‍ സാഷ്ടാംഗം ചെയ്തു വീണു.

121. അവര്‍ പറഞ്ഞു: ഞങ്ങളിതാ പ്രപഞ്ചനാഥനില്‍ വിശ്വസിച്ചിരിക്കുന്നു.

122. മൂസായുടെയും ഹാറൂന്‍റെയും നാഥനില്‍.

---

111-122: മാന്ത്രികവിദ്യയില്‍ ഏറ്റവുമധികം പാണ്ഡിത്യവും നൈപുണ്യവുമുള്ള മാന്ത്രികരെയാണ് ഫിര്‍ഔന്‍ വിളിച്ചു കൂട്ടിയിരുന്നത്. മാന്ത്രികന്മാര്‍ ഉപയോഗിച്ച മാന്ത്രികോപകരണങ്ങള്‍ വടികളും കയറുകളുമായിരുന്നുവെന്ന് അധ്യായം 26,44-ാം സൂക്തത്തില്‍ ഖുര്‍ആന്‍ പ്രസ്താവിക്കുന്നുണ്ട്. ജാലവിദ്യക്കാര്‍ എറിഞ്ഞ കയറുകളും വടികളും അവരുടെ ആഭിചാരത്താല്‍ ഇഴയുന്ന പാമ്പുകളായി കാണി

കൾക്ക് തോന്നി. എന്നാൽ മൂസാ(അ)യുടെ സർപ്പത്തിനു മുന്നിൽ മന്ത്രവാദികൾ പടച്ചുണ്ടാക്കിയ കൃത്രിമ സർപ്പങ്ങൾ വെറും വടികളും കയറുകളുമായി ജനങ്ങൾക്ക് കാണപ്പെട്ടു. മൂസായുടെ സർപ്പം മന്ത്രവാദികളുടെ കൃത്രിമ സർപ്പങ്ങളെ ഓരോന്നായി വെട്ടിവിഴുങ്ങിക്കൊണ്ടിരുന്നു എന്നും വ്യാഖ്യാനമുണ്ട്. മൂസാ(അ) കാണിച്ച അത്ഭുതകൃത്യം ഒരു തരത്തിലും മായാജാലമായിരുന്നില്ല. ദൈവിക ശക്തിയുടെ പ്രകാശനമായിരുന്നു അത്. മാന്ത്രികന്മാരുടെ ജാലവിദ്യയൊന്നും അതിനുമുമ്പിൽ വിലപ്പോയില്ല. മൂസാ(അ) പ്രത്യക്ഷപ്പെടുത്തിയത് ദൈവിക ദൃഷ്ടാന്തമാണെന്ന് മാന്ത്രികന്മാർ തിരിച്ചറിഞ്ഞു. മൂസാ(അ) ദൈവത്താൽ നിയോഗിക്കപ്പെട്ട പ്രവാചകനാണെന്ന് അവർക്ക് ബോധ്യമായി. അവർ ഒന്നടങ്കം അദ്ദേഹത്തിൽ വിശ്വസിക്കുകയും പ്രണാമത്തിൽ വീഴുകയും ചെയ്തു.

ഫിർഔൻ വിളിച്ചുവരുത്തിയ ജാലവിദ്യക്കാർ മത്സരത്തിൽ തോറ്റതോടെ അവരുടെ അഹങ്കാരവും വമ്പുമെല്ലാം നിരാശയും നാണക്കേടുമായി മാറി.ഫിർഔൻെറയും പ്രമാണിമാരുടെയും മുന്നിൽ സത്യം വെളിപ്പെട്ടു. മൂസാ(അ) മാരണക്കാരനാണെന്ന് പൊതുജനത്തെ വിശ്വസിപ്പിക്കാൻ ഫിർഔന്നും സിൽബന്തികൾക്കും സാധ്യമായതുമില്ല. ജാലവിദ്യക്കാർ വിശ്വസിച്ചപോലെ ഇനി അവർക്ക് വേണമെങ്കിൽ വിശ്വസിക്കാം.

ആഭിചാരം(സിഹ്റ്) ഒരു മിഥ്യയാണ്.ഏകദൈവത്തിന് പങ്കാളികൾ ഉണ്ടെന്ന് വിശ്വസിക്കുന്നത് മിഥ്യയായതുപോലെ. ഏകദൈവത്തിന് പങ്കാളികളുണ്ടെന്ന് സങ്കൽപിച്ച് ദൈവിക ശക്തിയുടെ മൂർത്തരൂപങ്ങളായി ആരാധിക്കപ്പെടുന്ന പരദൈവങ്ങളെല്ലാം അവർ പേരിട്ട വെറും വിഗ്രഹനാമങ്ങൾ മാത്രമാണെന്ന് ഖുർആൻ പ്രസ്താവിക്കുന്നു. എല്ലാ അർഥത്തിലും മിഥ്യയായ ശിർക്കിനെയാണ് (ബഹുദൈവത്വം) ഖുർആൻ ഏറ്റവും കഠിനമായി നിരോധിച്ചിട്ടുള്ളത്. ബഹുദൈവത്വം മനുഷ്യനെ സത്യത്തിൻെറ പാതയിൽ നിന്ന് വ്യതിചലിപ്പിക്കുകയും അവസാനം അവനെ നരകാഗ്നിയിൽ എത്തിക്കുകയും ചെയ്യുന്നു. ആഭിചാരം അസത്യമായിരുന്നിട്ടും മനുഷ്യൻ അത് സത്യമെന്ന് വിശ്വസിക്കുകയും കാര്യസാധ്യതകൾക്ക് അവലംബിക്കുകയും ചെയ്യുകവഴി മനുഷ്യനെ സത്യത്തിൻെറ പാതയിൽനിന്ന് അത് വ്യതിചലിപ്പിക്കുന്നു. കൂടാതെ ആഭിചാരം പലപ്പോഴും കുടുംബ ബന്ധങ്ങൾ തകരാൻ ഇടയാക്കുന്നു. അതിനാൽ ഖുആൻ സിഹ്റിനെയും (ആഭിചാരം) കഠിനമായി നിരോധിച്ചിരിക്കുന്നു.

ബഹുദൈവവിശ്വാസവും ആഭിചാരവും മിഥ്യയായിരുന്നിട്ടും അത് മനുഷ്യജീവിതത്തെ സ്വാധീനിക്കുന്നതുകൊണ്ടാണ് അവ നിരോധിക്കപ്പെട്ടിട്ടുള്ളത്. ഏതു സംഗതിയും സത്യമോ മിഥ്യയോ എന്നതുമാത്രമല്ല ആജ്ഞാനിരോധനങ്ങൾക്കാധാരം. അത് മനുഷ്യ ജീവിതത്തിൽ സൃഷ്ടിക്കുന്ന സ്വാധീനം നല്ലതോ ചീത്തയോ എന്നു കൂടി പരിഗണിച്ചാണ് ഖുർആൻ അതിനോടുള്ള സമീപനം നിശ്ചയിക്കുന്നത്.

---

123. ഫിർഔൻ പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുവാദം നൽകുന്നതിനു മുമ്പ് നിങ്ങൾ അവനിൽ വിശ്വസിക്കുകയോ? ഈ പട്ടണത്തിലുള്ളവരെ ഇവിടെ നിന്ന് പുറത്താക്കുന്നതിനു വേണ്ടി നിങ്ങൾ സംഘടിപ്പിച്ച ഒരു ഗൂഢാലോചനയാണിത്, തീർച്ച. അതിൻെറ ഫലം നിങ്ങൾ പിന്നീട് അറിയുന്നതാകുന്നു.

124. നിങ്ങളുടെ കൈകളും കാലുകളും ഒന്നിനൊന്ന് വിപരീതമായി വെട്ടിമുറിക്കുക തന്നെ ചെയ്യും. പിന്നീട് നിങ്ങളെയെല്ലാവരെയും ഞാൻ ക്രൂശിക്കുകയും ചെയ്യും, തീർച്ച.

125. അവർ പറഞ്ഞു: തീർച്ചയായും ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചുചെല്ലുന്നവരാണ് ഞങ്ങൾ.

126. ഞങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക് വന്നെത്തിയപ്പോൾ ഞങ്ങൾ അതിൽ വിശ്വസിച്ചു എന്നതിൻെറ പേരിൽ മാത്രമാണല്ലോ നീ പ്രതികാരത്തിനൊരുങ്ങുന്നത്. ഞങ്ങളുടെ നാഥാ; ഞങ്ങൾക്കു നീ ക്ഷമ ചൊരിഞ്ഞു തരേണമേ. ഞങ്ങളെ നീ മുസ്ലിംകളായി (നിനക്ക് സമർപ്പിതരായി) മരിപ്പിക്കേണമേ!

127. ഫിർഔൻെറ ജനത്തിലെ പ്രമാണിമാർ പറഞ്ഞു: അങ്ങ് മൂസായെയും അവൻെറ ജനത്തെയും നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനും അങ്ങയെയും അങ്ങയുടെ ദൈവങ്ങളെയും ഉപേക്ഷിക്കുന്നതിനും (വെറുതെയങ്ങ്)വിട്ടയക്കുകയാണോ? ഫിർഔൻ പറഞ്ഞു: നാം അവരുടെ

ആൺകുട്ടികളെ കൊന്നുകളയുകയും, അവരുടെ സ്ത്രീകളെ ജീവിക്കാൻ വിടുകയും ചെയ്യും. തീർച്ചയായും നാം അവരുടെ മേൽ സർവാധിപതികളാണല്ലോ.

128. മൂസാ തന്റെ ജനതയോട് പറഞ്ഞു: അല്ലാഹുവിനോട് സഹായം തേടുകയും ക്ഷമിക്കുകയും ചെയ്യുവിൻ. തീർച്ചയായും ഭൂമി അല്ലാഹുവിന്േറതാകുന്നു. തന്റെ ദാസന്മാരിൽ താനിഛരിക്കുന്നവരെ അവൻ അതിന്റെ അവകാശികളാക്കുന്നു. അന്തിമ വിജയം ദൈവഭക്തന്മാർക്കുള്ളതത്രെ.

129. അവർ പറഞ്ഞു: നീ ഞങ്ങളിൽ വരുന്നതിനു മുമ്പും നീ ഞങ്ങളിൽ വന്നതിനു ശേഷവും ഞങ്ങൾ പീഡിപ്പിക്കപ്പെടുകയാണല്ലോ. അദ്ദേഹം പറഞ്ഞു:നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്തേക്കാം. എന്നിട്ട് നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അവൻ നോക്കുന്നതാണ്.

---

127-129: മൂസാ(അ)യുടെ ജനത്തിന് മുമ്പ് റംസീസ് രണ്ടാമന്റെ കാലത്ത് ഇസ്രാഈല്യരിലെ ആൺകുട്ടികളെ കൊന്നൊടുക്കുകയും സ്ത്രീകളെ മാത്രം ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക എന്ന അത്യാചാരം നടമാടിയിരുന്നു. മൂസാ(അ)യുടെ പ്രവാചക ലബ്ദിക്കുശേഷം ഇപ്പോൾ വീണ്ടും അത് തുടങ്ങാൻ പോകുന്നുവെന്ന ഫറവോന്റെ പ്രഖ്യാപനം ഇസ്രാഈല്യരെ പരിഭ്രാന്തരാക്കി. ഫറവോന്റെ അക്രമത്തിനു മുന്നിൽ നിരാശരാവാതെ അല്ലാഹുവിനോട് സഹായം തേടാൻ തന്റെ ജനത്തെ ഉപദേശിക്കുകയാണ് മൂസാ(അ). ഒടുവിൽ ഇസ്രാഈല്യരെ ഈജിപ്തിൽ നിന്ന് അദ്ദേഹം മോചിപ്പിച്ചു. അദ്ദേഹത്തിന്റെ കാലശേഷം ഫലസ്ഥീൻ പ്രദേശം അല്ലാഹു അവർക്ക് അധീനപ്പെടുത്തിക്കൊടുക്കുകയും അവർ അവിടെ സ്വന്തമായ ഭരണകൂടം സ്ഥാപിക്കുകയും ചെയ്തു.

---

130. ഫറവോന്റെ ആൾക്കാരെ നാം (വരൾച്ചയുടെ) വർഷങ്ങളാലും വിളനാശത്താലും പിടികൂടി; അവർ ബോധവാന്മാരാകാൻ.

---

130: ഒരു വശത്ത് മൂസാ(അ) ഫിർഔനെയും അവന്റെ ജനതയെയും വെളിപാടുകളിലൂടെ തനിക്ക് ലഭിച്ച ആദർശങ്ങളിലേക്ക് പ്രബോധനം ചെയ്തുകൊണ്ടിരുന്നു. മറുവശത്ത് അവരിൽ ദൈവബോധമുണർത്താൻ ക്ഷാമത്തിലൂടെയും തുടർച്ചയായ വിളനാശത്തിലൂടെയും അല്ലാഹു അവരെ പരീക്ഷിച്ചുകൊണ്ടുമിരുന്നു.

---

131. വല്ല നന്മയും വന്നാൽ അവർ പറയും: ഇതു നാം അർഹിക്കുന്നതു തന്നെ. ഇനി വല്ല തിന്മയും ബാധിച്ചാൽ അതിനെ മൂസായുടെയും കൂടെയുള്ളവരുടെയും ദുശ്ശകുനമായി കരുതുകയും ചെയ്യും. അല്ല, അവരുടെ ശകുനം അല്ലാഹുവിന്റെ അടുക്കൽ തന്നെയാണ്. പക്ഷേ, അവരിലധികമാളുകളും അതറിയുന്നില്ല.

132. അവർ (മൂസായോട്)പറഞ്ഞു:ഞങ്ങളെ മായാജാലത്തിലകപ്പെടുത്താനായി എന്തു ദൃഷ്ടാന്തങ്ങൾ കൊണ്ടുവന്നാലും ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയില്ല.

133. അപ്പോൾ നാം അവരുടെ നേരെ പ്രളയം, വെട്ടുകിളി, ചെള്ള്, തവള, ചോര എന്നീ വ്യക്തമായ ദൃഷ്ടാന്തങ്ങളയച്ചു. എന്നിട്ടും അവർ അഹങ്കരിക്കുകയാണുണ്ടായത്. കുറ്റവാളികളായ ഒരു ജനതയായിരുന്നു അവർ.

134. അവർക്ക് വിപത്ത് വന്നു ഭവിക്കുമ്പോൾ അവർ പറയും: അല്ലയോ മൂസാ, നിന്റെ രക്ഷിതാവ് നിന്നോട് വാഗ്ദത്തം ചെയ്ത പ്രകാരം ഞങ്ങൾക്കുവേണ്ടി അവനോട് നീ പ്രാർഥിക്കുക. നീ ഞങ്ങളിൽ നിന്ന് ഈ വിപത്ത് നീക്കിക്കളയുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയും ഇസ്രയേൽ വംശത്തെ നിന്നോടൊപ്പം അയക്കുകയും ചെയ്യാം.

135. എന്നാൽ, അവർ എത്തിച്ചേരേണ്ടിയിരുന്ന ഒരവധിവരെ, നാം അവരിൽ നിന്ന് നമ്മുടെ ശിക്ഷ നീക്കിയപ്പോൾ, അവരതാ തങ്ങളുടെ വാക്ക് ലംഘിക്കുന്നു.

---

131-135: അവർക്ക് വല്ല സമൃദ്ധിയും കൈവന്നാൽ അത് തങ്ങളുടെ അദ്ധ്വാനത്തിന്റെ മികവ് കൊണ്ടാണെന്ന് അവർ അവകാശപ്പെട്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടാണ് തങ്ങൾക്കത് കൈവന്നതെന്ന് അവർ അംഗീകരിച്ചിരുന്നില്ല. വല്ല വിപത്തും പിടികൂടിയാൽ ഇത് ആഭിചാരത്തിന്റെ ഫലമാണെന്നും അവർ ആരോപിച്ചിരുന്നു.

മൂസാ(അ)യുടെ പ്രവാചകത്വം സാക്ഷ്യപ്പെടുത്താൻ അല്ലാഹു 9 ദൃഷ്ടാന്തങ്ങൾനൽകിയതായി 17:101-ൽ ഖുർആൻ പറയുന്നുണ്ട്. ഓരോ വിപത്തും അസഹ്യമാകുമ്പോൾ അവർ മൂസാ(അ)യെ സമീപിക്കുകയും അല്ലാഹുവിനോട് പ്രാർഥിച്ച് വിപത്ത് അകറ്റിത്തന്നാൽ നിന്റെ നാഥനിൽ വിശ്വസിച്ചുകൊള്ളാമെന്ന് വാക്കുകൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ മൂസാ(അ) പ്രാർഥിക്കുകയും ദുരിതമകലുകയും ചെയ്താൽ അവർ ചെയ്തിരുന്ന വാഗ്ദാനങ്ങൾ ലംഘിച്ചുകൊണ്ട് സ്വാർഥലാഭങ്ങളിൽ ഉറച്ചുനിൽക്കുകയാണ് അവർ ചെയ്തിരുന്നത്.

---

136. അതിനാൽ നാം അവരോട് പ്രതികാരം ചെയ്തു. നാം അവരെ കടലിൽ മുക്കി നശിപ്പിച്ചു. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും, അതിനെ അവഗണിക്കുകയും ചെയ്തതിന്റെ ഫലമത്രെ അത്.

137. അടിച്ചമർത്തപ്പെട്ടവരായിരുന്ന ആ ജനതയെ, നാം അനുഗ്രഹിച്ച കിഴക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളുടെ അവകാശികളാക്കുകയും ചെയ്തു. ഇസ്രാഈല്യരോടുള്ള നിന്റെ നാഥന്റെ ശുഭവാഗ്ദത്തം ഈവിധം പൂർത്തിയായി; അവർ സഹനമവലംബിച്ചതിനാൽ. ഫറവോനും അവന്റെ ജനതയും നിർമിച്ചുകൊണ്ടിരുന്നതും ഉയർത്തിക്കൊണ്ടിരുന്നതുമായ എല്ലാം നാം തകർത്തുകളയുകയും ചെയ്തു.

---

136,137: ഫിർഔന്റെ സമ്മതമില്ലാതെ തന്നെ മൂസായും ഇസ്രാഈല്യരും ഈജിപ്തിൽ നിന്ന് പലായനം ചെയ്യുകയും കടൽ പിളർന്ന് വഴിയുണ്ടാക്കി സീനാ അർദ്ധദ്വീപിൽ എത്തിച്ചേരുകയും ചെയ്തു. ദൈവികദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിന്റെയും വാഗ്ദത്ത ലംഘനത്തിന്റെയും ഫലമായി ഫറവോനികളെ അല്ലാഹു സമുദ്രത്തിൽ മുക്കി നശിപ്പിച്ചു. 40 കൊല്ലത്തോളം മൂസാനബിയുടെയും 28 കൊല്ലത്തോളം അദ്ദേഹത്തിന്റെ ഒന്നാം ഖലീഫ യൂശഉബ്നു നൂനിന്റെയും ശിക്ഷണത്തിൽ ഇസ്രാഈല്യർ ജീവിച്ചു. യൂശഉബ്നു നൂനിന്റെ കാലത്താണ് ഇസ്രാഈല്യർ സീനായ് മരുഭൂമി താണ്ടി ഫലസ്ഥീനിൽ പ്രവേശിച്ചത്. ഫറവോൻ മുൻഫത്തയുടെ നാശത്തെ തുടർന്ന് ഈജിപ്തിൽ ഫറവോൻ ഭരണം അവസാനിക്കുകയും അമാലിഖഃ ഭരണം നിലവിൽ വരികയും ചെയ്തുവെന്നാണ് ചരിത്ര പഠനങ്ങൾ പറയുന്നത്.

---

138. ഇസ്രാഈൽ മക്കളെ നാം കടൽ കടത്തി (രക്ഷപ്പെടുത്തി). അങ്ങനെ അവർ (തുടർന്ന് സഞ്ചരിക്കവെ,) തങ്ങളുടെ വിഗ്രഹങ്ങളുടെ മുമ്പാകെ ഭജനമിരിക്കുന്ന ഒരു ജനതയുടെ അടുത്തെത്തി. അവർ പറഞ്ഞു: അല്ലയോ മൂസാ, ഇക്കൂട്ടർക്ക് ആരാധ്യരുള്ളതുപോലെ ഞങ്ങൾക്കും ഒരാധ്യനെ ഉണ്ടാക്കിത്തരിക. അദ്ദേഹം പറഞ്ഞു: തീർച്ചയായും വിവരംകെട്ട ഒരു ജനതയാണ് നിങ്ങൾ.

139. ഇക്കൂട്ടർ യാതൊരു മാർഗത്തിലാണോ നിലകൊള്ളുന്നത് അത് തീർച്ചയായും നശിക്കാനുള്ളതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം തികച്ചും നിഷ്ഫലവുമാകുന്നു.

140. അദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങൾക്കായി അല്ലാഹുവല്ലാത്ത മറ്റൊരു ദൈവത്തെ അന്വേഷിക്കുകയോ? നിങ്ങളെ ലോകജനതകളിൽ ശ്രേഷ്ഠരാക്കിയത് അവനായിരിക്കെ.

141. ഫറവോന്റെ ആൽക്കാരിൽ നിന്ന് നാം നിങ്ങളെ രക്ഷിച്ചതോർക്കുക. നിങ്ങളെ കഠിന മർദനങ്ങളേൽപിക്കുകയും നിങ്ങളുടെ ആൺകുട്ടികളെ അറുകൊല ചെയ്യുകയും സ്ത്രീകളെ

മാത്രം ജീവിക്കാൻ വിടുകയുമായിരുന്നുവല്ലോ. അതിൽ തീർച്ചയായും നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള കടുത്ത പരീക്ഷണമുണ്ടായിരുന്നു.

---

138-141: ചെങ്കടൽ മുറിച്ചുകടന്ന മൂസാ(അ)യും സംഘവും സീനാ അർദ്ധദ്വീപിൻെറ തെക്കോട്ട് കടൽക്കരകളിലൂടെ സഞ്ചരിച്ചിരിക്കാമെന്നാണ് ചരിത്രകാരന്മാർ അനുമാനിക്കുന്നത്. അവർ സഞ്ചരിച്ചിരുന്ന വഴിയിൽ ക്ഷേത്രങ്ങളുണ്ടായിരുന്നതായി പറയപ്പെടുന്നു. അവിടത്തെ വർഗക്കാർ വിഗ്രഹങ്ങളെ പൂജിച്ചിരുന്നത് കണ്ടപ്പോഴായിരിക്കാം ഇസ്രാഈല്യർക്കും ഒരു പൂജാവിഗ്രഹത്തിൻെറ ആവശ്യകത് അനുഭവപ്പെട്ടത്. പലായനത്തിനു മുമ്പ് ഏകദേശം 30 കൊല്ലക്കാലം മൂസാ(അ) തൻെറ ജനതയെ ഏകദൈവ വിശ്വാസം പഠിപ്പിച്ചിട്ടും അവർക്കത് വേണ്ട രീതിയിൽ ഉൾക്കൊള്ളാനായിരുന്നില്ല. നൂറ്റാണ്ടുകളോളം ഈജിപ്തിൽ ഖിബ്ത്വികളുടെ അടിമകളായി ജീവിച്ച ഇസ്രാഈല്യരിൽ അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും അത്രമേൽ സ്വാധീനിച്ചിരുന്നു. ഖിബ്ത്വികളുടെ അടിമത്തത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും അല്ലാഹു ഇസ്രാഈല്യരെ മോചിപ്പിച്ചതെല്ലാം അവർ മറന്നുപോയി.

---

142. മൂസാക്ക് നാം മുപ്പത് രാവുകൾ(സീനാ പർവതത്തിൽ താമസിക്കാൻ)നിശ്ചയിച്ചു കൊടുത്തു. പിന്നീട് പത്തു കൂടി ചേർത്ത് അത് പൂർത്തിയാക്കി. അങ്ങനെ അദ്ദേഹത്തിൻെറ രക്ഷിതാവ് നിശ്ചയിച്ച നാൽപത് രാത്രിയുടേ പരിധി തികഞ്ഞു. മൂസാ തൻെറ സഹോദരൻ ഹാറൂനോട് പറഞ്ഞു: എൻെറ ജനതയുടെ കാര്യത്തിൽ നീ എൻെറ പ്രതിനിധിയായിരിക്കുകയും നല്ലതു പ്രവർത്തിക്കുകയും നാശകാരികളുടെ മാർഗം പിന്തുടരാതിരിക്കുകയും വേണം.

143. നമ്മുടെ നിശ്ചിത സമയത്ത് മൂസാ വരികയും തൻെറ നാഥൻ അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ നാഥാ, നീ എനിക്കൊന്ന് ദർശനമരുളിയാലും. ഞാൻ നിന്നെയൊന്ന് കണ്ടുകൊള്ളട്ടെ.അവൻ അരുളി: നിനക്ക് എന്നെ കാണാനാവില്ല. എങ്കിലും നീ ആ മലയിലേക്ക് നോക്കുക. അതു തൽസ്ഥാനത്തു നിലകൊള്ളുന്നുവെങ്കിൽ നിനക്കെന്നെ കാണാനായേക്കാം. അങ്ങനെ അദ്ദേഹത്തിൻെറ നാഥൻ ആ മലയിൽ പ്രഭാവിതനായപ്പോൾ അതിനെ ഛിന്നഭിന്നമാക്കി. മൂസാ ബോധംകെട്ടു വീഴുകയും ചെയ്തു.എന്നിട്ട് ബോധമുണർന്നപ്പോൾ അദ്ദേഹം പറഞ്ഞു:നീയെത്ര പരിശുദ്ധൻ! ഞാനിതാ നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നു. ഞാൻ വിശ്വാസികളിൽ ഒന്നാമനാകുന്നു.

---

142,143: ഖിബ്ത്വികളുടെ അടിമത്തത്തിൽ നിന്ന് മോചിതരായ ഇസ്രാഈല്യർക്ക് സീനായിൽ എത്തിയപ്പോൾ ഒരു സ്വതന്ത്ര ജനതയുടെ നിലപാട് കൈവന്നു. ഇസ്രാഈല്യർക്ക് ജീവിതത്തിൽ പാലിക്കേണ്ട ശരീഅത്ത്(നിയമ വ്യവസ്ഥ) നൽകുന്നതിനായി 40 ദിവസത്തെ കാലയളവ് നിശ്ചയിച്ച് മൂസാ(അ) സീനാ പർവതത്തിലേക്ക് വിളിക്കപ്പെട്ടു. സമുദ്രനിരപ്പിൽ നിന്ന് 7359 അടി ഉയരമുള്ള ഈ പർവതത്തിൻെറ ശിഖരത്തിലുള്ള ഒരു ഗുഹയിലാണ് മൂസാനബി(അ) ഇത്രയും ദിവസങ്ങൾ ധ്യാനത്തിൽ കഴിഞ്ഞത്. ദൈവശിക്ഷയെ തുടർന്ന് സ്വാലിഹ്(അ) സമൂദ് ജനതയുടെ ദേശം വിട്ട് പോന്ന് താമസമാക്കിയത് ഇതിനടുത്തുള്ള ഒരു കുന്നിൻ പ്രദേശത്തായിരുന്നുവെന്ന് പറയപ്പെടുന്നു. മൂസാ(അ) സീനാ പർവതത്തിലേക്ക് പോകുമ്പോൾ സഹോദരൻ ഹാറൂനെയായിരുന്നു ഇസ്രാഈല്യരെ നയിക്കാൻ ചുമതലപ്പെടുത്തിയിരുന്നത്.

---

144. അല്ലാഹു പറഞ്ഞു: അല്ലയോ മൂസാ, എൻെറ സന്ദേശങ്ങളാലും, എൻെറ സംഭാഷണങ്ങളാലും മറ്റെല്ലാ മനുഷ്യർക്കുമുപരി ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ഞാൻ നിനക്ക് നൽകുന്നത് സ്വീകരിക്കുകയും നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക.

145. സകല സംഗതികളെയും സംബന്ധിച്ച ഉപദേശങ്ങളും എല്ലാ കാര്യങ്ങളുടെയും വിശദാംശങ്ങളും നാം മൂസാക്ക് ഫലകങ്ങളിൽ രേഖപ്പെടുത്തിക്കൊടുക്കയും ചെയ്തു. (പിന്നീട് നാം

ആജ്ഞാപിച്ചു:) ഇതിനെ മുറുകെപിടിച്ചുകൊള്ളുക. അതിനെ ഏറ്റം നന്നായി കൈക്കൊള്ളാൻ നിന്റെ ജനത്തോട് കൽപിക്കുകയും ചെയ്യുക. ധിക്കാരികളുടെ ഗേഹം വൈകാതെ ഞാൻ നിങ്ങൾക്ക് കാണിച്ചു തരുന്നതാണ്.

---

145:അല്ലാഹു മൂസാ(അ)ക്ക് എഴുതിക്കൊടുത്തത് രണ്ട് ശിലാഫലകങ്ങളിലായിരുന്നു എന്നാണ് ബൈബിളിലുള്ളത്. ഫലകങ്ങളുടെ എണ്ണത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. ഫലകങ്ങളിൽ പ്രസിദ്ധമായ പത്തു കൽപനകൾ മാത്രമാണുണ്ടായിരുന്നതെന്നും മറ്റു നിയമങ്ങളെല്ലാം വേറെ വെളിപാടുകളിലൂടെ ലഭിച്ചതാണെന്നും കരുതപ്പെടുന്നു.

ബൈബിളിൽ രേഖപ്പെടുത്തിക്കാണുന്ന പത്തു കൽപനകൾ ഇവയാകുന്നു:

അടിമ വീടായ മിസ്രയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്.

ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു.അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറ വരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കൽപനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കുകയും ചെയ്യുന്നു.

നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല.

ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക.

ആറുദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതിൽക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസം കൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള തൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ട് യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു.

നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

കൊല ചെയ്യരുത്

വ്യഭിചാരം ചെയ്യരുത്.

മോഷ്ടിക്കരുത്.

കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്.

കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരന്നുള്ള യാതൊന്നിനെയും മോഹിക്കരുത്. (പുറപ്പാടു, 20: 2-17)

---

146. ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു നടക്കുന്നവരെ ഞാൻ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് തെറ്റിച്ചുകളയുന്നതാണ്. ഏത് ദൃഷ്ടാന്തം കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ല. നേർവഴി കണ്ടാലും അവർ അതിനെ മാർഗമായി സ്വീകരിക്കുകയില്ല. ദുർമാർഗം കണ്ടാലോ അവർ ആ മാർഗം പിന്തുടരുകയും ചെയ്യും. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ കള്ളമാക്കിത്തള്ളുകയും അവയോട് അവഗണന കൈക്കൊള്ളുകയും ചെയ്തതിനാലത്രെ അത്.

147. നമ്മുടെ വചനങ്ങളെയും, പരലോകത്തെ അഭിമുഖീകരിക്കുമെന്നതിനെയും തള്ളിപ്പറഞ്ഞവരുണ്ടല്ലോ, അവരുടെ കർമ്മങ്ങളൊക്കെയും നിഷ്ഫലമായിരിക്കുന്നു. അവർ പ്രവർത്തിച്ചിരുന്നതിനല്ലാതെ അവർക്ക് പ്രതിഫലം നൽകപ്പെടുമോ?

146,147:ദൈവിക ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുന്നവരുടെ അഹങ്കാരമാണ് സത്യനിഷേധത്തിനവരെ പ്രേരിപ്പിക്കുന്നത്. ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിച്ചവർ പരലോക പ്രതിഫലത്തിന് അർഹരാകുന്നില്ല. അല്ലാഹുവിൻെറ തൃപ്തിയും പരലോകത്തെ പ്രതിഫലവും ആഗ്രഹിക്കുകയോ ലക്ഷ്യമാക്കുകയോ ചെയ്യാത്തവരുടെ സൽക്കർമങ്ങൾ പോലും അവരുടെ പരലോക നിഷേധം മൂലം അവിടെ നിഷ്ഫലമായിത്തീരുന്നു. അല്ലാഹുവിൻെറ വിധിവിലക്കുകൾ പൂർണമനസ്സോടെ അംഗീകരിക്കുകയും തൻെറ കർമ്മങ്ങളെപ്പറ്റി പരലോകത്ത് ചോദ്യം ചെയ്യപ്പെടുമെന്ന ബോധത്തോടെ അനുഷ്ഠിക്കുന്ന സൽക്കർമങ്ങൾ മാത്രമെ പരലോകത്ത് പ്രയോജനപ്പെടുകയുള്ളു.

148. മൂസാ പോയ ശേഷം അദ്ദേഹത്തിൻെറ ജനം തങ്ങളുടെ ആഭരണങ്ങൾകൊണ്ടുണ്ടാക്കിയ മുക്രയിടുന്ന ഒരു പശുക്കിടാവിൻെറ സ്വരൂപത്തെ ആരാധനാമൂർത്തിയായി സ്വീകരിച്ചു. അത് തങ്ങളോട് സംസാരിക്കുന്നില്ലെന്നും യാതൊരു മാർഗത്തിലേക്കും നയിക്കുന്നില്ലെന്നും അവർ കണ്ടില്ലേ? എന്നിട്ടും അവർ അതിനെ(ആരാധനാമൂർത്തിയായി) സ്വീകരിച്ചു. അങ്ങനെ കടുത്ത ധിക്കാരികളായിത്തീരുകയും ചെയ്തു.

149. പിന്നീട് അവർക്ക് ഖേദം തോന്നുകയും തങ്ങൾ വഴിതെറ്റിപ്പോയി എന്ന് കാണുകയും ചെയ്തപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവ് ഞങ്ങളിൽ കരുണ കാണിക്കുകയും ഞങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ പെട്ടുപോകും.

150. മൂസാ കുപിതനും ദുഃഖിതനുമായി തൻെറ ജനതയിലേക്ക് മടങ്ങി വന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് ശേഷം എനിക്ക് പുറകെ നിങ്ങൾ ചെയ്ത കാര്യം വളരെ ചീത്ത തന്നെ. നിങ്ങളുടെ രക്ഷിതാവിൻെറ വിധി വരാൻ കാത്തിരിക്കാതെ നിങ്ങൾ ധൃതി കാട്ടിയോ. അദ്ദേഹം ഫലകങ്ങൾ താഴെയിട്ടു. തൻെറ സഹോദരൻെറ (ഹാറൂൻ) തല തൻെറ നേരെ പിടിച്ചു വലിച്ചു.സഹോദരൻ പറഞ്ഞു: എൻെറ മാതാവിൻെറ മകനേ, തീർച്ചയായും ഈ ജനം എന്നെ ദുർബലനായി കരുതി. അവരെന്നെ കൊന്നുകളയുമെന്നേടത്തോളം എത്തിയിരുന്നു. അതിനാൽ എതിരാളികൾക്ക് എൻെറ നേരെ ചിരിക്കാൻ അവസരമുണ്ടാക്കാതിരിക്കുക. ധിക്കാരികളായ ഈ ജനത്തിൻെറ കൂട്ടത്തിൽ നീ എന്നെ ഗണിക്കാതിരിക്കുകയും ചെയ്യുക.

150: സാമിരി ജനങ്ങളെ വഴിതെറ്റിച്ചതായി സീനായിൽ നിന്ന് പോരും മുമ്പുതന്നെ അല്ലാഹു മൂസാ (അ)യെ അറിയിച്ചിരുന്നു. അതിനാൽ വളരെ ദുഃഖിതനും കോപാകുലനുമായാണ് മൂസാ(അ) തിരിച്ചെത്തിയത്.

ഇസ്രാഈല്യർക്ക് പൂജാവിഗ്രഹമായി പശുക്കിടാവിനെ ഉണ്ടാക്കിക്കൊടുത്തത് ഹാറൂൻ നബിയാണെന്ന് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ യഹൂദരുടെ ഗുരുതരമായ ഈ ആരോപണത്തെ ഖുർആൻ അസന്ദിഗ്ദമായി നിഷേധിക്കുന്നു.

''അല്ലാഹു പറഞ്ഞു: എന്നാൽ അറിയുക, നീ പോന്ന ശേഷം നിൻെറ ജനതയെ നാം പരീക്ഷണവിധേയമാക്കി. സാമിരി അവരെ വഴിപിഴപ്പിച്ചിരിക്കുന്നു. (20:85.)''

ഈ സംഭവം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

''എന്നാൽ മോശെ പർവതത്തിൽ നിന്നു ഇറങ്ങിവരാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ ജനം അഹരോൻെറ അടുക്കൽ വന്നുകൂടി അവനോട്: നീ എഴുന്നേറ്റു ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക; ഞങ്ങളെ മിസ്രയീം ദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ ഈ മോശേക്കു എന്തു ഭവിച്ചു എന്ന് ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു.

അഹറോൻ അവരോട്: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ചു എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു. ജനം ഒക്കെയും തങ്ങളുടെ കാതിൽ നിന്നു പൊൻകുണുക്കു പറിച്ചു അഹരോന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി.അപ്പോൾ അവർ:യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു. അഹറോൻ അതു കണ്ടാറെ അതിനു മുമ്പാകെ ഒരു യാഗപീഡം പണിതു. നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു. പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു. സമാധാന യാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു. (പുറപ്പാടു 32:1-6)

ബൈബിൾ പല പ്രവാചകന്മാരിലും അത്യന്തം ഹീനമായി ഗണിക്കപ്പെടുന്ന പല കുറ്റകൃത്യങ്ങളും ആരോപിക്കുന്നുണ്ട്. ധാർമികമായും മതപരമായും അധഃപതിച്ച സമുദായത്തിലെ സാധാരണക്കാരും പുരോഹിതന്മാരും തങ്ങളുടെ സ്വന്തം ചെയ്തികളെ ന്യായീകരിക്കാൻ കണ്ടുപിടിച്ച സൂത്രമായിരുന്നു അത്. മാന്യനായ ഏതൊരാൾക്കും ലജ്ജാകരമായി തോന്നുന്ന കുറ്റകൃത്യങ്ങളാണ് ജനസമക്ഷം ഉന്നത മാതൃകകളായിരുന്ന ആ പുണ്യാത്മാക്കളുടെ മേൽ യഹൂദർ ആരോപിക്കുന്നത്. ബഹുദൈവത്വം, വ്യഭിചാരം, നുണ, വഞ്ചന തുടങ്ങിയ ഹീന കൃത്യങ്ങൾ പോലും പ്രവാചന്മാരിൽ ആരോപിച്ച്, ദൈവദൂതന്മാരുടെ ജീവിതചര്യ പോലും പാപപങ്കിലമായിരുന്നുവെന്ന് വരുത്തിത്തീർക്കുകയാണ് ബൈബിൾ ചെയ്യുന്നത്

ഏകദൈവത്വം പ്രബോധനം ചെയ്യാനും വിഗ്രഹാരാധന തുടച്ചുനീക്കാനും നിയുക്തനായ ഒരു പ്രവാചകൻ തന്റെ ജനതക്ക് ഒരു പൂജാവിഗ്രഹത്തെ നിർമിച്ചു കൊടുത്തു എന്ന് ബൈബിൾ പറയുന്നതിലൂടെ മഹാനായ ആ പ്രവാചകനെ നിന്ദിക്കുകയും അവഹേളിക്കുകയുമാണ് ചെയ്യുന്നത്.

---

151: മൂസാ പ്രാർഥിച്ചു:എന്റെ രക്ഷിതാവേ, എനിക്കും എന്റെ സഹോദരന്നും നീ പൊറുത്തു തരേണമേ. ഞങ്ങളെ നിന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ. നീ പരമ കാരുണികനാണല്ലോ.

152. പശുക്കിടാവിനെ ആരാധനാമൂർത്തിയാക്കിയവരെ അവരുടെ നാഥന്റെ കോപം ബാധിക്കുക തന്നെ ചെയ്യും. ഐഹിക ജീവിതത്തിൽ അവർ നിന്ദിതരായിത്തീരുന്നതുമാകുന്നു. കള്ളം കെട്ടിച്ചമക്കുന്നവർക്ക് നാം ഇപ്രകാരം തന്നെയാണ് പ്രതിഫലം നൽകുന്നത്.

153. എന്നാൽ ദുർവൃത്തികൾ ചെയ്യുകയും അതിനു ശേഷം പശ്ചാത്തപിച്ച് സത്യവിശ്വാസം കൈക്കൊള്ളുകയും ചെയ്തവർക്ക് തീർച്ചയായും നിന്റെ നാഥൻ അതിനുശേഷം ഏറെ പൊറുത്തുകൊടുക്കുന്നവനും കരുണകാണിക്കുന്നവനുമാകുന്നു.

154. മൂസായുടെ കോപം ശമിച്ചപ്പോൾ അദ്ദേഹം ആ ഫലകങ്ങൾ എടുത്തു. തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരാരോ അവർക്ക് അതിലെ രേഖകളിൽ മാർഗദർശനവും അനുഗ്രഹവുമുണ്ടായിരുന്നു.

155. നാം നിശ്ചയിച്ച സമയത്ത് (തന്റെ കൂടെ ഹാജരാകാൻ) മൂസാ തന്റെ ജനത്തിൽ നിന്ന് എഴുപതുപേരെ തെരഞ്ഞെടുത്തു. എന്നാൽ ഭയങ്കരമായ ഒരു പ്രകമ്പനം അവരെ ബാധിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ നാഥാ, നീ ഇഛിച്ചിരുന്നുവെങ്കിൽ മുമ്പുതന്നെ ഇവരെയും എന്നെയും നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളിൽ പെട്ട ചില മൂഢന്മാർ പ്രവർത്തിച്ച(പാപ)ത്തിന്റെ പേരിൽ നീ ഞങ്ങളെയൊക്കെ നശിപ്പിക്കുകയാണോ? ഇതു നിന്റെ പരീക്ഷണമല്ലാതൊന്നുമല്ല. അതുവഴി നീ ഇഛിക്കുന്നവരെ വഴിപിഴപ്പിക്കുന്നു. നീ ഇഛിക്കുന്നവരെ വഴികാട്ടുകയും ചെയ്യുന്നു. നീ മാത്രമാകുന്നു ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ ഞങ്ങൾക്കു നീ പൊറുത്തു തരേണമേ. ഞങ്ങളോട് കരുണ കാണിക്കേണമേ. പൊറുക്കുന്നവരിൽ അത്യുത്തമൻ നീയാണല്ലോ.

156. ഞങ്ങൾക്കു നീ ഇഹലോകത്തും പരലോകത്തും നന്മ രേഖപ്പെടുത്തേണമേ. തീർച്ചയായും ഞങ്ങൾ നിന്നിലേക്ക് മടങ്ങിയിരിക്കുന്നു. അല്ലാഹു അരുൾചെയ്തു: എൻെറ ശിക്ഷ ഞാനു ദ്ദേശിക്കുന്നവരെ ബാധിക്കുന്നതാകുന്നു. എന്നാൽ എൻെറ കാരുണ്യം എല്ലാ വസ്തുക്കളെയും ഉൾക്കൊണ്ടിരിക്കുന്നു. ദൈവഭക്തി പുലർത്തുകയും സകാത്ത് നൽകുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് നാം അത് രേഖപ്പെടുത്തുന്നതാണ്.

157. അതായത് തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിയതായി അവർ കാണുന്ന നിരക്ഷരനായ പ്രവാചകദൂതനെ(മുഹമ്മദ് നബിയെ)പിൻപറ്റുന്നവർക്ക്. (അവർ ക്കാണ് കാരുണ്യം രേഖപ്പെടുത്തി വെക്കുന്നത്). അവരോട് അദ്ദേഹം നന്മ കൽപിക്കുക യും തിന്മ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുക യും ചീത്ത വസ്തുക്കൾ അവർക്ക് നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരെ (ഞെരിച്ചു കൊണ്ടിരിക്കുന്ന) ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന ചങ്ങലകളും അദ്ദേഹം ഇറക്കി വെക്കുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ശക്തിപ്പെടുത്തുക യും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതീർണമായ പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവരാരോ അവർ മാത്രമാണ് വിജയം വരിക്കുന്നവർ.

---

157: ഈസാ(അ)(യേശു) ഇസ്രാഈല്യരിലെ അവസാനത്തെ പ്രവാചകനായിരുന്നു. അദ്ദേഹത്തിനുശേഷം ഇസ്രാഈല്യരിൽ പ്രവാചകന്മാർ ഉണ്ടായിട്ടില്ല.ബൈബിളിൽ വരാനിരിക്കുന്ന ഒരുപ്രവാചകനെ സൂചിപ്പി ക്കുന്ന വ്യക്തമായ പല വക്യങ്ങളുമുള്ളതായി കാണാം. യേശുവിന്നുശേഷം ആഗതനായ പ്രവാചകാണ് മുഹമ്മദ് നബി(സ). അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാണ് ഖുർആൻ. ബൈബിളിലെ പ്രസ്തുത വാക്യങ്ങൾ മുഹമ്മദീയ പ്രവാചകത്വത്തെയാണ് സൂചിപ്പിക്കുന്നതെന്ന് ഇസ്ലാമിക പണ്ഡി തന്മാർ ചൂണ്ടിക്കാണിക്കുന്നു. ഇഞ്ചീലിനുശേഷം അവതരിച്ച ദൈവിക ഗ്രന്ഥമാണ് ഖുർആൻ. അതി നാൽ മനുഷ്യരുടെ യഥാർഥ സന്മാർഗലബ്ദി ഇനി ഈ വേദത്തിലും അതിൻെറ വാഹകനായ മുഹ മ്മദ് നബി(സ)യിലുമാണ് നിലകൊള്ളുന്നത്. ഇനി ആരെങ്കിലും ഈ വേദത്തെയും പ്രവാചകനെയും തള്ളിപ്പറയുന്നുവെങ്കിൽ അതവരുടെ മൂഢതയാണ്. സത്യം തിരിച്ചറിഞ്ഞിട്ടും ആരെങ്കിലും അത് കണ്ടില്ലെന്ന് നടിക്കുന്നുവെങ്കിൽ അതവരുടെ മനഃപൂർവമുള്ള സത്യനിഷേധവുമാണ്.

തൗറാത്തിലും ഇഞ്ചീലിലും മുഹമ്മദ്നബി(സ)യുടെ ആഗമനത്തെ വ്യക്തമായി സൂചിപ്പിക്കുന്ന ചില വാക്യങ്ങൾ കാണുക.

കർത്താവ് മോശയോടു പറഞ്ഞതായി ആവർത്തന പുസ്തകം 18:15-19 ഉദ്ധരിക്കുന്നു:

'നിൻെറ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിൻെറ മദ്ധ്യേ നിൻെറ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപിച്ചുതരും; അവൻെറ വചനം നിങ്ങൾ കേൾക്കണം. ഞാൻ മരിക്കാതിരിക്കേണ്ടതിനു ഇനി എൻെറ ദൈവമായ യഹോവയുടെ ശബ്ദം കേൾപ്പാനും ഈ മഹ ത്തായ തീ കാണ്മാനും എനിക്കു ഇടവരരുതേ എന്നിങ്ങനെ ഹാരോബിൽവെച്ചു മഹായോഗം കൂടിയ നാളിൽ നിൻെറ ദൈവമായ യഹോവയോടു നീ അപേക്ഷിച്ചതുപോലെ തന്നേ. അന്ന് യഹോവ എന്നോടു അരുളിചെയ്തതു എന്തെന്നാൽ: അവർ പറഞ്ഞതു ശരി. നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരമാരുടെ ഇടയിൽ നിന്നു എഴുന്നേൽപിച്ചു എൻെറ വചനങ്ങളെ അവൻെറ നാവിന്മേൽ ആക്കും; ഞാൻ അവനോടു കൽപിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എൻെറ നാമത്തിൽ പറയുന്ന എൻെറ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും.'

ഇസ്ഹാഖിൻെറ സഹോദരൻ ഇസ്മാഈലിൻെറ സന്തതികളായ അറബികളാണ് ഇസ്രാല്യരുടെ 'സഹോദ രന്മാർ'. അറബികളിൽനിന്ന് ആഗതനായ പ്രവാചകനാണ് മുഹമ്മദ് നബി(സ).

മത്തായി 21:42-44. യേശു അവരോടു ചോദിച്ചു: 'വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്ക ല്ലായി തീർന്നിരിക്കുന്നു. ഇതു കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരി ക്കുന്നു.'

എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്ന് എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

'യേശു തന്റെ ശിഷ്യന്മാരോട് പറയുന്നു: ഞാൻ പിതാവിന്റെ അടുക്കൽനിന്നു നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും.' (യോഹന്നൻ 15:27)

'എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും:അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളുടെ കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും.' (യോഹന്നൻ 14:16)

'ഇതു ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്നു. എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലതും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും.' (യോഹന്നാൻ 14:26)

'സത്യം ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും.അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും... ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും.' (യോഹന്നാൻ 16:7-15)

മുഹമ്മദീയ പ്രവാചകത്വത്തിന്റെ ലക്ഷണങ്ങൾ രേഖപ്പെട്ടുകിടക്കുന്ന ഇതുപോലുള്ള വചനങ്ങൾ ബൈബിളിൽ വേറെയുമുണ്ട്. ഇന്നും അവ ബൈബിളിൽ രേഖപ്പെടുത്തിക്കിടക്കുന്നു.

പണിക്കാർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നത് ആരാണ്? ലോകത്തിന്റെ നായകനായ ആ കാര്യസ്ഥാൻ ആരായിരിക്കും? ആ വരാനിരിക്കുന്നവൻ മുഹമ്മദ് നബി(സ)യല്ലാതെ മറ്റാരാണാവുക? പൂർവവേദക്കാർക്ക് മുഹമ്മദീയ പ്രവാചകത്വത്തെ അഹന്തയുടെയും സത്യനിഷേധത്തിന്റെയും പ്രേരണ കൊണ്ട് നിഷേധിക്കേണ്ടി വരുമ്പോൾ പ്രസ്തുത ബൈബിൾ വചനങ്ങളെ മറ്റു വിധത്തിൽ വ്യാഖ്യാനിക്കേണ്ടി വരുന്നു. സൂക്ഷ്മമായി താരതമ്യം ചെയ്യുന്ന നിഷ്പക്ഷ ബുദ്ധിമതികൾക്ക് ബൈബിൾ വചനങ്ങൾ സൂചിപ്പിക്കുന്നത് മുഹമ്മദ് നബിയെ തന്നെയാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല.

സ്വന്തം വേദത്തെ യഥാർഥത്തിൽ പിന്തുടരുന്നവരാകണമെങ്കിൽ യഥാർഥ വേദവിശ്വാസികൾ അന്ത്യപ്രവാചകനെ സ്വാഗതം ചെയ്യേണ്ടതാണ്. അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ദൗത്യത്തെയും ശക്തിപ്പെടുത്തുകയും തങ്ങളുടെ കൈവശമുള്ള വേദവചനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിമർശനങ്ങളെ ഖണ്ഡിക്കുകയും ജനങ്ങളെ അതിൽ വിശ്വസിക്കാൻ പ്രേരിപ്പിക്കുകയുമാണ് അവർ ചെയ്യേണ്ടത്. അങ്ങനെയുള്ള സത്യവിശ്വാസികൾ മാത്രമാണ് ഇനി ജീവിത വിജയത്തിന്റെ അവകാശികൾ.

---

158. (പ്രവാചകൻ) പ്രഖ്യാപിക്കുക: അല്ലയോ മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളെല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു.ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ).അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു.അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻ നിയോഗിച്ച അക്ഷരജ്ഞാനമില്ലാത്ത ഈ പ്രവാചകനിലും വിശ്വസിക്കുവിൻ. അദ്ദേഹം അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്നു. അദ്ദേഹത്തെ പിന്തുടരുവിൻ. നിങ്ങൾ നേർവഴിയിൽ ആയേക്കാം.

---

158: അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ) അറബികൾക്ക് മാത്രമായി ആഗതനായ പ്രവാചകനല്ല. സകലമാന മനുഷ്യർക്കുമുള്ള സുവിശേഷകനും മുന്നറിയിപ്പുകാരനുമാണദ്ദേഹം.തൗറാത്തും ഇഞ്ചീലും പ്രവചിച്ച പ്രവാചകനുമാണദ്ദേഹം. സകല മനുഷ്യരോടും അദ്ദേഹത്തെ പിന്തുടരാൻ ആഹ്വാനം ചെയ്യുക

യാണ് ഈ സൂക്തം. അതിനാൽ സന്മാർഗം ആഗ്രഹിക്കുന്നവർ ഈ പ്രവാചകനെയും അദ്ദേഹത്തിന് അവതീർണമായ വേദത്തെയും പിൻപറ്റിക്കൊള്ളട്ടെ.

159. മൂസായുടെ ജനതയിൽതന്നെ സത്യമനുസരിച്ച് സന്മാർഗദർശനമേകുകയും അതനുസരിച്ച് നീതി നടത്തുകയും ചെയ്യുന്ന ഒരു സമുദായമുണ്ട്.

160. അവരെ നാം പന്ത്രണ്ടു ഗോത്രങ്ങളായി അഥവാ സമൂഹങ്ങളായി വിഭജിച്ചു. മൂസായോട് അദ്ദേഹത്തിന്റെ ജനം കുടിവെള്ളം ചോദിച്ചപ്പോൾ നാം അദ്ദേഹത്തോട് നിർദേശിച്ചു: നിന്റെ വടികൊണ്ട് ആ പാറയിൽ അടിക്കുക. അങ്ങനെ അതിൽനിന്ന് പന്ത്രണ്ട് ഉറവകൾ പൊട്ടിയൊഴുകി. ഓരോ വിഭാഗവും തങ്ങൾ കുടിക്കേണ്ട സ്ഥലമേതെന്ന് മനസ്സിലാക്കി. നാം അവർക്കുമീതെ മേഘത്താൽ തണലിട്ടുകൊടുത്തു.(ആഹരിക്കാൻ)അവർക്ക് മന്നായും കാടപ്പക്ഷികളും ഇറക്കിക്കൊടുക്കുകയും ചെയ്തു. നാം നിങ്ങൾക്ക് നൽകിയിട്ടുള്ള ഉത്തമ വിഭവങ്ങൾ ഭക്ഷിച്ചുകൊള്ളുവിൻ. (ഈ അനുഗ്രഹങ്ങളോട് നന്ദികേട് അനുവർത്തിക്കുന്നതിലൂടെ) അവർ നമുക്ക് ഒരു ദ്രോഹവും വരുത്തിയിട്ടില്ല. പിന്നെയോ, അവർ അവരെത്തന്നെ ദ്രോഹിക്കുകയായിരുന്നു.

160:മൂസാ(അ) അല്ലാഹുവിന്റെ കൽപനപ്രകാരം സീനാ മരുഭൂമിയിൽ വെച്ച് ഇസ്രാഈല്യരെ പന്ത്രണ്ട് ഗോത്രങ്ങളായി സംഘടിപ്പിച്ചു.യഅ്ഖൂബ് നബിക്ക് പന്ത്രണ്ട് മക്കളാണുണ്ടായിരുന്നത്. ഈ പന്ത്രണ്ട് പേരിൽനിന്നുമായി പന്ത്രണ്ട് ഗോത്രങ്ങളുണ്ടായി.ബൈബിൾ വിവരണപ്രകാരം യഅ്ഖൂബ് നബിയുടെ പുത്രന്മാരിൽ ലേവിയും യൂസുഫും കഴിച്ചുള്ള പത്ത് പുത്രന്മാരുടെ സന്തതികളെ പത്ത് സമൂഹങ്ങളായും, യൂസുഫിന്റെ രണ്ടു പുത്രന്മാരിൽ ഓരോരുത്തരുടെയും സന്തതികളെ ഓരോ സമൂഹമായും വിഭജിക്കുകയായിരുന്നു. അങ്ങനെ മൊത്തം പന്ത്രണ്ട് സമൂഹങ്ങൾ. യഅ്ഖൂബ് നബിയുടെ പന്ത്രണ്ടാമത്തെ പുത്രൻ ലേവിയുടെ സന്താന പരമ്പരയെ (മൂസായും ഹാറൂനും അതിൽപെട്ടവരായിരുന്നു) ഒരു പ്രത്യേക സമൂഹമാക്കാതെ എല്ലാവരുടെയും ആത്മീയ മാർഗദർശകരും എല്ലാ ഗോത്രങ്ങളുടെയും ഭാഗവുമായി നിശ്ചയിക്കുകയും ചെയ്തു.
ഈ കണക്കെടുപ്പും വിഭജനവും നടന്നത് ഇസ്രാഈല്യർ ഈജിപ്തിൽ നിന്ന് പലായനം ചെയ്ത് രണ്ട് വർഷവും രണ്ടു മാസവും കഴിഞ്ഞാണെന്ന് സംഖ്യാപുസ്തകം 1-ൽ പ്രസ്താവിക്കുന്നുണ്ട്.
സീനാ മരുഭൂമിയിലെത്തിയ ഇരുപത് ലക്ഷത്തോളം വരുന്ന ഇസ്രാഈല്യർക്ക് വലിയ അനുഗ്രഹങ്ങളാണ് അല്ലാഹു ചെയ്തു കൊടുത്തത്. നിർജലമായ മരുഭൂമിയിൽ പന്ത്രണ്ട് നീർച്ചാലുകൾ ഉണ്ടാക്കിക്കൊടുത്തു. മരുഭൂമിയിൽ നാലു പതിറ്റാണ്ടുകളോളം വസിക്കേണ്ടിവന്ന ഇസ്രാഈല്യർക്ക് വെയിൽ തടുക്കാൻ മേഘം കൊണ്ട് തണൽ വിരിച്ചു കൊടുത്തു.ലക്ഷങ്ങൾക്ക് ആഹരിക്കാനാവശ്യമായ മന്നായും സൽവായും വർഷിച്ചു കൊടുത്തു. അല്ലാഹുവിന്റെ ഈ പ്രത്യേക അനുഗ്രഹങ്ങൾ ഇല്ലായിരുന്നെങ്കിൽ ആ ജനത സീനായ് മരുഭൂമിയിൽ മരിച്ചൊടുങ്ങുമായിരുന്നു.
അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നിട്ടും അതിന് അല്ലാഹുവിനോട് നന്ദി കാണിക്കാൻ ഇസ്രയേൽ മക്കൾ സന്നദ്ധരായില്ല. അവർ അനുസരണക്കേടും ധിക്കാരവും ആവർത്തിച്ചുകൊണ്ടിരുന്നു. അവരുടെ തന്നെ ചരിത്രത്തിൽ ആ കൃതഘ്നതയുടെ കഥകൾ നിറഞ്ഞു കിടക്കുന്നുണ്ട്.

161. അവരോട് ഇപ്രകാരം പറഞ്ഞതോർക്കുക: നിങ്ങൾ ഈ പട്ടണത്തിൽ പാർത്തുകൊള്ളുകയും അതിലെ വിഭവങ്ങൾ യഥേഷ്ടം ആഹരിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ പാപമോചനത്തിനായി പ്രാർഥിക്കുകയും പട്ടണ കവാടത്തിലൂടെ പ്രണമിക്കുന്നവരായി പ്രവേശിക്കുകയും ചെയ്യുവിൻ. എങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ നാം പൊറുത്തു തരുന്നതാണ്. സജ്ജനങ്ങൾക്ക് നാം വഴിയെ കൂടുതൽ നൽകുന്നതുമാണ്.

162. എന്നാൽ അവരിലെ ധിക്കാരികൾ, വചനത്തെ അവരോട് പറയപ്പെട്ടതല്ലാത്ത (മറ്റൊന്നായി) മാറ്റിക്കളഞ്ഞു.അപ്പോൾ,അവരുടെ അക്രമത്തിനു പകരമായി നാം അവരുടെ നേരെ ആകാശ ത്തുനിന്ന് ശിക്ഷയയച്ചു.

163. സമുദ്ര തീരത്ത് സ്ഥിതിചെയ്തിരുന്ന ആ പട്ടണത്തെക്കുറിച്ച് നീ അവരോടൊന്നു ചോദി ച്ചു നോക്കുക. അവർ സബ്ബാത്തു(ശനി)നാളിലെ നിയമം ലംഘിച്ചത്; സബ്ബാത്തു നാളിൽ അവർക്കാവശ്യമായ മത്സ്യങ്ങൾ കൂട്ടംകൂട്ടമായി ജലപ്പരപ്പിൽ അവരുടെയടുത്ത് പൊന്തിവരി കയും സബ്ബാത്ത് ആചരിക്കേണ്ടാത്ത ദിവസങ്ങളിൽ അവരുടെ അടുത്ത് അവ വരാതിരി ക്കുകയും ചെയ്തപ്പോൾ.അവർ അധർമം പ്രവർത്തിച്ചിരുന്നതിനാൽ നാം അപ്രകാരം അവരെ പരീക്ഷണത്തിലകപ്പെടുത്തുകയായിരുന്നു.

---

163: യഹൂദരുടെ വാരാന്ത പ്രാർഥനാ ദിനമാണ് ശനിയാഴ്ച(സബ്ബാത്ത്). ശനിയാഴ്ച ഇസ്രാഈല്യർ യാതൊരു പ്രവർത്തിയും ചെയ്യാൻ പാടില്ലെന്നാണ് നിയമം. മൃഗങ്ങളെക്കൊണ്ടും ഭൃത്യ ജനങ്ങളെക്കൊ ണ്ടും വേലയെടുപ്പിക്കാൻ പാടില്ലായിരുന്നു. ഈ നിയമത്തിന് എതിര് പ്രവർത്തിച്ചവരെ വധിച്ചു കളയണം.ഇസ്രാഈല്യർ യഹോവയുമായി ചെയ്തിട്ടുള്ള സുദൃഢമായ ഈ കരാറിനെ പിൽക്കാലത്ത് അവർ ഒളിഞ്ഞും തെളിഞ്ഞും ലംഘിക്കാൻ തുടങ്ങി. സബ്ബാത്തു നാളിൽ ചുമടുകളുമായി യരുശലം നഗര ത്തിൻെറ കവാടങ്ങളിൽ കൂടി കടന്നുപോകുന്നവരെ യിരമ്യാ പ്രവാചകൻ താക്കീതു ചെയ്യുകയുണ്ടായി. ശനിയാഴ്ചകളിൽ മത്സ്യങ്ങൾ ധാരാളമായി കടലിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. മറ്റു ദിവസങ്ങളിൽ പ്രത്യക്ഷപ്പെട്ടതുമില്ല.എന്നാൽ സബ്ബാത്ത് ലംഘിക്കാൻ ഇത് ഇസ്രാഈല്യരെ പ്രേരിപ്പിച്ചു. ശനിയാഴ്ച മത്സ്യം പ്രത്യക്ഷപ്പെടുന്നിടത്ത് അവയെ തടകെട്ടി ബന്ധിക്കുകയും അടുത്ത ദിവസം അവയെ പിടി ച്ചെടുക്കുകയും ചെയ്തു. അങ്ങനെ അവർ സബ്ബാത്തിൻെറ പരിശുദ്ധി ലംഘിച്ചു.
മനുഷ്യരുടെ അന്തരംഗങ്ങളിൽ നിയമലംഘനപ്രവണത വളർന്നു വരുമ്പോൾ അവരുടെ ഉള്ളിലിരിക്കുന്ന വാസനകൾ പൂർണമായും പുറത്തുവരാൻ അല്ലാഹു ഏർപ്പെടുത്തിയ ഒരു പരീക്ഷണമായിരുന്നു അത്.

---

164. അവരിൽ ഒരു കൂട്ടർ ഇങ്ങനെ പറഞ്ഞതോർക്കുക: അല്ലാഹു നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാനിരിക്കുന്ന ജനത്തെ നിങ്ങൾ സദുപദേശം ചെയ്യുന്നതെന്തിന്? അപ്പോൾ അവർ പറഞ്ഞു: നിങ്ങളുടെ നാഥൻെറ സന്നിധിയിൽ (കൃത്യവിലോപത്തിൽ നിന്ന്) ഒഴിവാകുന്നതിനുവേണ്ടിയാണ്. ഒരുവേള അവർ ദൈവഭയമുള്ളവരായെങ്കിലോ.

165. എന്നാൽ അവരെ ഓർമിപ്പിച്ചിരുന്നത് അവർ തീരെ വിസ്മരിച്ചു കളഞ്ഞപ്പോൾ തിന്മകൾ വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തി. അധർമത്തിലേർപ്പെട്ടവരെ പാപവൃത്തിയുടെ പേരിൽ കഠിനമായ ശിക്ഷയാൽ നാം പിടികൂടുകയും ചെയ്തു.

166. അങ്ങനെ അവരോട് വിലക്കിയിരുന്ന കാര്യങ്ങളിലെല്ലാം അവർ ധിക്കാരം കാണിച്ചപ്പോൾ നാം അവരോട് പറഞ്ഞു: നിന്ദ്യരായ കുരങ്ങന്മാരായിത്തീരുവിൻ.

167. നിൻെറ നാഥൻ പ്രഖ്യാപിച്ചതോർക്കുക: അവരുടെ(ഇസ്രാഈല്യരുടെ) മേൽ, അവരെ ക്രൂര മായി ശിക്ഷ ഏൽപിച്ചുകൊണ്ടിരിക്കുന്നവരെ അന്ത്യനാൾ വരെയും അവൻ നിയോഗിച്ചു കൊണ്ടിരിക്കും. നിശ്ചയമായും നിൻെറ നാഥൻ അതിവേഗം ശിക്ഷിക്കുന്നവനാകുന്നു. നിശ്ചയമായും അവൻ ഏറെ പൊറുത്തുകൊടുക്കുന്നവനും കാരുണ്യമരുളുന്നവനും കൂടി യാകുന്നു.

---

167:ഇസ്രയേൽ സമുദായം അന്നുതൊട്ടിന്നോളം ലോകത്തിൻെറ പല ഭാഗങ്ങളിലും ചവിട്ടിമെതിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന യാഥാർഥ്യം ഖുർആൻെറ സത്യാവസ്ഥക്ക് ഒരു പ്രത്യക്ഷ സാക്ഷ്യമാകുന്നു. യൂസുഫ് നബിയുടെകാലത്ത് ഈജിപ്തിൽ കുടിയേറിപ്പാർത്ത ഇസ്രാഈല്യർക്ക് ഭരണാധികളായ ഫറോ വമാരുടെയും ഈജിപ്തിലെ സ്വദേശികളായ ഖിബ്ത്വികളുടെയും അടിമത്തത്തിൽ ക്രൂരമർദനങ്ങൾ ഏൽ ക്കേണ്ടിവന്നു. ഈജിപ്തിൽനിന്ന് രക്ഷപ്പെട്ട് ഫലസ്ഥീനിൽ അധിവാസമുറപ്പിച്ച ശേഷവും അവർ മറ്റു

ജനതകളാൽ കീഴടക്കപ്പെടുകയും പാർപ്പിടങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. യവനന്മാർ, കൽദായർ, ബാബിലോണിയക്കാർ, റോമക്കാർ തുടങ്ങിയ ജനതകൾ അവരെ അക്രമിച്ചു കീഴടക്കുകയും ജറുസലം തകർക്കുകയും ഫലസ്ഥീനിൽ നിന്ന് അവരെ പുറംതള്ളുകയും ചെയ്തിട്ടുണ്ട്. ഈസാ നബിയുടെ കാലത്ത് ഫലസ്ഥീൻ റോമിൻെറ അധീനത്തിലായിരുന്നു. പിന്നീടവർ പേർഷ്യയുടെയും താമസിയാതെ വീണ്ടും റോമിൻെറയും അധീനത്തിലായി. പിന്നീട് ഫലസ്ഥീൻ ഇസ്‌ലാമിക രാഷ്ട്രത്തിൻെറ ഭാഗമായിത്തീർന്നു. അതിനു ശേഷം കുരിശുയുദ്ധത്തിലൂടെ ഫലസ്ഥീൻ ക്രൈസ്തവർ പിടിച്ചടക്കി. വീണ്ടും ഫലസ്ഥീൻ മുസ്‌ലിംകളുടെ അധീനത്തിലായി.

ഈജിപ്തിലും ഫലസ്ഥീനിലും ഒരൊറ്റ സമുദായമായി ജീവിച്ചുവന്ന ഇസ്രാഈല്യർ ദൈവധിക്കാരത്തിൻെറയും അനാചാരങ്ങളുടെയും ഫലമായി ലോകത്തിൻെറ പല ഭാഗങ്ങളിലുമായി ചിന്നിച്ചിതറി. ഹിറ്റ്‌ലറുടെ കാലത്ത് ജർമനിയിലും അവർക്ക് രക്ഷയില്ലാതായി. പിന്നീട് പാശ്ചാത്യ വൻശക്തികളുടെ സഹായത്തോടേ ഫലസ്തീനിലെ പൂർവ നിവാസികളായ അറബികളെ കൊന്നൊടുക്കിയും ആട്ടിയോടിച്ചും ആ രാജ്യം പിടിച്ചടക്കി സ്വന്തമാക്കിയിരിക്കുകയാണ്. ക്രൂരതയുടെയും പൈശാചികതയുടെയും ഭീകര രൂപമായിട്ടാണ് ഇസ്രയേൽ എന്ന രാഷ്ട്രം ഇന്ന് നിലനിൽക്കുന്നത്.

അധർമത്തിലും അക്രമത്തിലും അസത്യത്തിലും ആണ്ടുപോകുന്ന സമൂഹങ്ങളെ മറ്റു ചില സമൂഹങ്ങളെ ഉപയോഗിച്ച് ഒതുക്കുക എന്ന അല്ലാഹുവിൻെറ നടപടിക്രമം യഹൂദ ചരിത്രത്തിൻെറ പശ്ചാത്തലത്തിൽ അല്ലാഹു വിവരിക്കുകയാണ് ഇവിടെ. അധാർമികമായി നടക്കുന്നവർക്കെതിരെ മറ്റു ചിലരെ നിയോഗിക്കുക എന്ന അല്ലാഹുവിൻെറ പൊതുതത്ത്വം എല്ലാ ജനവിഭാഗങ്ങൾക്കും ബാധകമാണ്.

---

168. നാം അവരെ ഭൂമിയിൽ പല സമൂഹങ്ങളായി പിരിക്കുകയും ചെയ്തിരിക്കുന്നു. അവരിൽ സച്ചരിതരുണ്ട്.അതല്ലാത്തവരും അവരിലുണ്ട്.നാം അവരെ സുസ്ഥിതിയിലും ദുഃസ്ഥിതിയിലും പരീക്ഷിച്ചുകൊണ്ടിരുന്നു. അവർ (സത്യത്തിലേക്ക്) മടങ്ങുന്നതിനുവേണ്ടി.

169. അങ്ങനെ അവർക്കുപിറകെ അവരുടെ പിൻഗാമികളായി ഒരു തലമുറ വന്നു. അവർ വേദപുസ്തകത്തെ അനന്തരമെടുത്തു.ഈ അധമലോകത്തിൻെറ വിഭവങ്ങളാണ് അവർ ശേഖരിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾക്ക് ഇതൊക്കെ പൊറുത്തുകിട്ടുമെന്ന് അവർ പറയുകയും ചെയ്യുന്നു.അത്തരത്തിലുള്ള (നശ്വര)വിഭവങ്ങൾ വീണ്ടും അവർക്ക് വന്നുകിട്ടിയാൽ അതും അവർ വാരിപ്പുണരും. അല്ലാഹുവിൻെറ പേരിൽ സത്യമല്ലാത്തതൊന്നും പറയുകയില്ലെന്ന് വേദപുസ്തകത്തിലൂടെ അവരിൽനിന്ന് പ്രതിജ്ഞ വാങ്ങുകയും അതിലുള്ളത് അവർ വായിച്ചറിയുകയും ചെയ്തിട്ടില്ലേ? പാരത്രിക ഭവനമാണ് ദൈവഭക്തന്മാർക്ക് ഏറ്റവും ഉത്തമമായിട്ടുള്ളത്. നിങ്ങൾ ബുദ്ധിപൂർവം ചിന്തിക്കുന്നില്ലയോ?

---

168,169:അധർമങ്ങളിലും അനാചാരങ്ങളിലും വിഹരിച്ചിരുന്ന ഇസ്രാഈല്യരെ സത്യവിശ്വാസത്തിലേക്കും ഉത്തമധർമങ്ങളിലേക്കും തിരിച്ചുകൊണ്ടുവരുന്നതിനു വേണ്ടി അല്ലാഹു സുഖത്തിൻെറയും ദുഃഖത്തിൻെറയും വിവിധ പരീക്ഷണങ്ങൾക്ക് അവരെ വിധേയരാക്കി. എന്നാൽ പരീക്ഷണങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളാൻ ഇസ്രാഈല്യർക്ക് പലപ്പോഴും സാധിച്ചില്ല. ഇസ്രാഈലിൻെറ സന്തതികളായതിനാൽ തങ്ങളുടെ പാപകൃത്യങ്ങൾക്ക് മാപ്പു ലഭിക്കുമെന്നും തങ്ങളെ സ്വർഗത്തിലയക്കുമെന്നും അവർ വിശ്വസിച്ചിരുന്നു. ഇസ്രയേൽ മക്കളല്ലാത്തവരെ മർദിക്കാനും ചൂഷണം ചെയ്യാനും വഞ്ചിക്കാനുമെല്ലാം തങ്ങൾക്ക് അവകാശമുണ്ടെന്നും അവർ കരുതുന്നു. എന്നാൽ എന്തുപ്രവർത്തിച്ചാലും അവർക്ക് മാപ്പ് ലഭിക്കുമെന്ന് അല്ലാഹുവോ പ്രവാചകന്മാരോ വേദപുസ്തകമോ അവരോട് പറഞ്ഞിരുന്നില്ല. ഇസ്രാഈല്യരുടെ ആ വാദം മിഥ്യയാകുന്നു. ദൈവഭക്തിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പരലോകത്ത് അനുഗ്രഹങ്ങളും സൗഭാഗ്യങ്ങളും ലഭിക്കുക.

ലോകത്ത് സത്യത്തിനും നീതിക്കും നേതൃത്വം വഹിക്കേണ്ടിയിരുന്ന ഒരു ജനതയുടെ ലക്ഷ്യം കേവലം ഭൗതിക നേട്ടങ്ങൾ മാത്രമായി. ഏത് അധാർമിക മാർഗങ്ങളിലൂടെയായാലും കിട്ടാവുന്ന ലാഭങ്ങളൊക്കെയും അവർ വാരിക്കൂട്ടുന്നു. പരലോകത്തേക്കാൾ അവർക്ക് പ്രധാനം ഭൗതികലോകമാണ്. ഖുർആൻ അവതരിച്ച കാലത്തെന്നപോലെ ഇക്കാലത്തും യഹൂദരുടെ അവസ്ഥ ഇതുതന്നെയാണ്.

ഈ സൂക്തത്തിൽ പരാമർശിക്കുന്ന ദൂഷ്യങ്ങളും വ്യാമോഹങ്ങളും ഇന്നു ഖുർആന്റെ അനുയായികളെയും കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ഭൗതിക വിഭവങ്ങളോടുള്ള ആസക്തി, സ്ഥാനമാനങ്ങളോടുള്ള മോഹം അധരമാത്രമായ തൗബകൊണ്ടും പുണ്യാത്മാക്കളുടെ ശിപാർശകൊണ്ടും പരലോകമോക്ഷം ലഭിക്കുമെന്ന വ്യാമോഹം മുതലായ ദൂഷ്യങ്ങൾ അവരിൽ വർധിച്ചുവരികയാണ്.

170. വേദഗ്രന്ഥം മുറുകെപ്പിടിക്കുകയും നമസ്കാരം മുറപ്രകാരം നിലനിർത്തുകയും ചെയ്യുന്നവരാരോ തീർച്ചയായും ആ സൽക്കർമികൾക്കുള്ള പ്രതിഫലം നാം പാഴാക്കിക്കളയുന്നതല്ല.

171. നാം പർവതത്തെ ഇളക്കി അവർക്കുമീതെ ഒരു കുടയെന്നോണം പിടിക്കുകയും അത് തങ്ങളുടെ മേൽ വീഴുമെന്ന് അവർക്ക് തോന്നുകയും ചെയ്ത സന്ദർഭം ഓർക്കുക.(അപ്പോൾ നാം പറഞ്ഞു:) നാം നിങ്ങൾക്കു നൽകിയ (വേദത്തെ) മുറുകെപ്പിടിക്കുകയും, അതിലുള്ളത് ഓർമിക്കുകയും ചെയ്യുവിൻ. നിങ്ങൾ ദൈവഭക്തരായേക്കാം.

171:ശിലാഫലകങ്ങളിൽ രേഖപ്പെടുത്തിയ ദൈവത്തിന്റെ കൽപനകൾ അഥവാ തോറ(തൗറാത്ത്) സ്വീകരിക്കാൻ മോശെ ജനങ്ങളെ സീനാ പർവത്തിന്റെ പ്രാന്തപ്രദേശത്ത് കൊണ്ടുവന്ന സന്ദർഭമാണ് സൂചിപ്പിക്കുന്നത്. പ്രപഞ്ചനാഥനുമായുള്ള കരാറിന്റെ ഗൗരവം ഇസ്രഈല്യരെ ബോധ്യപ്പെടുത്താനുതകുന്ന ഒരന്തരീക്ഷം അവിടെ സൃഷ്ടിക്കപ്പെടുകയുണ്ടായി. വേദത്തിൽ വിശ്വസിക്കുന്നതിലൂടെ വേദകൽപനകൾ നിഷ്ഠയോടെ അനുസരിച്ചുകൊള്ളാമെന്ന് അല്ലാഹുവുമായി ഉടമ്പടിയിലേർപ്പെടുകയാണ് ചെയ്യുന്നത്. പ്രസ്തുത രംഗം ബൈബിൾ ഇപ്രകാരം വിവരിക്കുന്നു:

തങ്ങളുടെ വസ്ത്രങ്ങൾ ശുദ്ധിയാക്കി മൂന്നു ദിവസം കാത്തിരിക്കാൻ മോശെ തന്റെ ജനതയോടു പറഞ്ഞു. മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി. പാളയത്തിലുള്ള ജനം ഒക്കെയും നടുങ്ങി. ദൈവത്തെ എതിരേൽപാൻ മോശെ ജനത്തെ പാളയത്തിൽനിന്ന് പുറപ്പെടുവിച്ചു. അവർ പർവതത്തിന്റെ അടിവാരത്തു നിന്നു. യഹോവ തീയിൽ സീനാ പർവതത്തിൽ ഇറങ്ങുകയാൽ അതു മുഴുവൻ പുകകൊണ്ടുമൂടി. അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി. പർവതം ഒക്കെയും ഏറ്റവും കുലുങ്ങി. കാഹളധ്വനി ദീർഘമായി ഉറച്ചുറച്ചു വന്നപ്പോൾ മോശെ സംസാരിച്ചു. ദൈവം ഉച്ചത്തിൽ അവനോടു ഉത്തരം അരുളി. (പുറപ്പാട്. 20:15-19)

172. നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന് അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താന പരമ്പരകളെ പുറത്തെടുക്കുകയും അവരുടെ മേൽ അവരെത്തന്നെ സാക്ഷിയാക്കുകയും ചെയ്ത സന്ദർഭം. (അവൻ ചോദിച്ചു:)ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു: അതെ; ഞങ്ങളതിന് സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതെക്കുറിച്ചജ്ഞരായിരുന്നുവെന്ന് ഉയിർത്തെഴുന്നേൽപുനാളിൽ നിങ്ങൾ പറയാതിരിക്കാനാണിത്.

173. അല്ലെങ്കിൽ നിങ്ങൾ പറയും: ബഹുദൈവാരാധന മുമ്പു തന്നെ ഞങ്ങളുടെ പൂർവപിതാക്കൾ ആചരിച്ചുവന്നതാണ്. ഞങ്ങൾ അവർക്കുശേഷം വന്ന സന്തതികൾ മാത്രമാണ്. എന്നിട്ടും ആ ദുരാചാരികൾ പ്രവർത്തിച്ചതിന്റെ പേരിൽ ഞങ്ങളെ ശിക്ഷിക്കുകയോ?

172,173:ഈ വചനത്തിന്റെ താൽപര്യം വിവരിക്കുന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഖുർആനിലും പ്രവാചക വചനങ്ങളിലും തികച്ചുമൊരു സംഭവമായിട്ടുതന്നെയാണ് ഇതു സംബന്ധമായ വിവരണങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്.അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള ബോധവും അവനാണ് രക്ഷിതാവ് എന്ന സമ്മതവും മനുഷ്യപ്രകൃതിയിൽ അല്ലാഹു നിക്ഷേപിച്ചിരിക്കുന്നു. ഈ ചിത്രം മനുഷ്യന്റെ ബോധത്തിലും സഹജാവബോധത്തിലും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. നേരത്തെ മനസ്സിലുണ്ടായിരുന്ന ഈ അറിവ് വേദഗ്രന്ഥങ്ങളും പ്രവാചകന്മാരും വീണ്ടും മനുഷ്യരുടെ ജ്ഞാനമണ്ഡലത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നു. പ്രവാചകനെ 'അനുസ്മരിപ്പിക്കുന്നവൻ' എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത് പ്രസ്താവ്യമാണ്.

ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽനിന്ന് ഇത് സംഭവിച്ചിരിക്കുന്നത് ഏകദേശം ഇപ്രകാരമായേക്കാമെന്ന് മനസ്സിലാവുന്നു. അല്ലാഹു ലോകാവസാനം വരെ സൃഷ്ടിക്കാനുദ്ദേശിച്ച മനുഷ്യരെയെല്ലാം തന്റെ സന്നിധിയിൽ ഹാജരാക്കി. അവർക്ക് ഒരേസമയത്ത് ജീവനും ബോധവും സംസാരശേഷിയും നൽകി. പരിശുദ്ധവും പരമോന്നതവുമായ തന്റെ അസ്തിത്വത്തിനുപുറമെ മറ്റൊരു ദൈവമോ യജമാനനോ ഇല്ലെന്നും തനിക്കുള്ള കീഴ്വണക്കം (ഇസ്ലാം)അല്ലാതെ ശരിയായ മറ്റൊരു ജീവിതരീതി ഇല്ലെന്നും അവരെ ധരിപ്പിക്കുകയും ചെയ്തു.
അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തങ്ങളുടെ പൂർവികരുടെ കാലത്ത് നിലവിൽ വന്നതാണെന്നും തങ്ങൾ അതിന് ഉത്തരവാദികളല്ലെന്നുമുള്ള വാദങ്ങളൊന്നും പരലോകത്ത് വിലപ്പോവുകയില്ല. സത്യപ്രബോധകന്മാരുടെ വിളിക്കുത്തരം നൽകാൻ തങ്ങളിലൊളിഞ്ഞുകിടന്നിരുന്ന ആ ബോധം വെമ്പൽ കൊണ്ടിരുന്നു. എന്നാൽ സ്വന്തം പക്ഷപാതങ്ങളും ദേഹേച്ഛകളും പല കുതന്ത്രങ്ങൾ പ്രയോഗിച്ച് തങ്ങളുടെ മനസ്സാക്ഷിയുടെ ശബ്ദത്തെ നിശ്ശബ്ദമാക്കി. ഈ രഹസ്യങ്ങളെല്ലാം പരസ്യമാക്കാൻ അന്നവർ നിർബന്ധിതരായിക്കും.

---

174. ഈ വിധം തെളിവുകൾ നാം വിശദമായി വിവരിച്ചു തരുന്നു. അവർ മടങ്ങുന്നതിനു വേണ്ടി.

175. നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ നൽകിയിട്ടുണ്ടായിരുന്ന ഒരാളുടെ വൃത്താന്തം നീ അവർക്ക് വിവരിച്ചുകൊടുക്കുക: എന്നാൽ അയാൾ ആ (ദൃഷ്ടാന്തങ്ങളിൽ) നിന്ന് ഒഴിഞ്ഞുമാറി. അപ്പോൾ പിശാച് അയാളുടെ പിന്നാലെ കൂടി. അങ്ങനെ അയാൾ വഴിപിഴച്ചവരിൽ പെട്ടവനായിത്തീർന്നു.

176. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ആ(ദൃഷ്ടാന്തങ്ങൾ) വഴി അയാളെ ഉന്നതിയിലേക്ക് നയിക്കുമായിരുന്നു. പക്ഷേ, അയാൾ ഭൂമിയിലേക്ക് ഒട്ടിക്കളയുകയും തന്നിഷ്ടത്തെ പിൻപറ്റുകയും ചെയ്തു. അപ്പോൾ അയാളുടെ ഉപമ ഒരു നായയുടേതു പോലെയാകുന്നു. നീ അതിനെ ദ്രോഹിച്ചാൽ അത് കിതച്ചു നാക്കു നീട്ടിക്കൊണ്ടിരിക്കും. വെറുതെ വിട്ടാലും കിതച്ചു നാക്കു നീട്ടിക്കൊണ്ടിരിക്കും. ഇതാകുന്നു നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറഞ്ഞ ജനത്തിന്റെ ഉപമ. ഈ കഥകൾ അവരെ കേൾപ്പിച്ചുകൊണ്ടിരിക്കുക. ഒരുവേള അവർ ചിന്തിച്ചേക്കാം.

177. നമ്മുടെ സൂക്തങ്ങളെ നിഷേധിക്കുന്ന ജനത്തിന്റെ ഉപമ വളരെ ചീത്ത തന്നെ. അവർ അവരോടു തന്നെ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാകുന്നു.

178. അല്ലാഹു മാർഗദർശനം നൽകുന്നവനാരോ അവൻ മാത്രമാകുന്നു സന്മാർഗം പ്രാപിക്കുന്നവൻ. അവൻ ആരെ വഴിപിഴപ്പിലാക്കുന്നുവോ അവരാണ് നഷ്ടം പറ്റിയവർ.

179. ജിന്നുകളിൽ നിന്നും മനുഷ്യരിൽനിന്നും ധാരാളം പേരെ നരകത്തിനുവേണ്ടി നാം സൃഷ്ടിച്ചിരിക്കുന്നു. അവർക്ക് ഹൃദയങ്ങളുണ്ട് അതുകൊണ്ടവർ ഗ്രഹിക്കുന്നില്ല. അവർക്കു കണ്ണുകളുണ്ട്. അതുകൊണ്ടവർ കാണുന്നുമില്ല. അവർക്ക് കാതുകളുണ്ട്. അതുകൊണ്ടവർ കേൾക്കുന്നുമില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവയെക്കാളും പിഴച്ചവരാകുന്നു. അവർ ബോധമില്ലാത്തവർ തന്നെയാകുന്നു.

---

175-179:സ്വർഗത്തിലേക്കും നരകത്തിലേക്കുമുള്ള രണ്ടു വഴികൾ അല്ലാഹു മനുഷ്യനു കാണിച്ചു കൊടുത്തിരിക്കുന്നു. ഈ വഴികളിൽ ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും മനുഷ്യന് നൽകിയിരിക്കുന്നു. ദൈവിക ദൃഷ്ടാന്തങ്ങൾ കാണാനുള്ള കണ്ണുകളും ഉപദേശങ്ങൾ കേട്ടറിയാനുള്ള കാതുകളും മനസ്സും മസ്തിഷ്കവും അല്ലാഹു മനുഷ്യനു പ്രദാനം ചെയ്തിരിക്കുന്നു. പക്ഷേ അതൊന്നും ഉപയോഗിക്കേണ്ടവിധം അവൻ ഉപയോഗിക്കുന്നില്ല. പ്രപഞ്ചത്തിൽ പരന്നു കിടക്കുന്ന ദൈവികദൃഷ്ടാന്തങ്ങളൊന്നും കണ്ണുതുറന്നു കാണാൻ അവർ തയാറല്ല. പ്രബോധകരുടെ ഉപദേശങ്ങൾ ശ്രദ്ധിക്കാന

വർക്ക്‌ നേരമില്ല. ഭൗതിക പദാർഥങ്ങളിലും അവയുടെ ഉപയോഗങ്ങളിലും മാത്രം അവരുടെ ചിന്ത പരിമിതമാകുന്നു.
അന്ധമായ ദേഹേഛയുടെ കയ്യിൽ ഭാഗധേയം അർപ്പിക്കുന്ന ദുനിയാപൂജകനായ മനുഷ്യനെ ഒരിക്കലും ആർത്തി ശമിക്കാത്ത ശുനകനോടാണ്‌ അല്ലാഹു ഉപമിച്ചിരിക്കുന്നത്‌.ശുനകനെപ്പോലെ വയറും ഗുഹ്യാ വയവവും മാത്രമായിരിക്കും പിന്നീടവൻെറ ലോകം.
ബോധപൂർവം സത്യത്തിൽനിന്ന്‌ ഓടിയകലുന്ന മനുഷ്യനെ കാത്ത്‌ പതിയിരിക്കുന്ന മഹാദ്രോഹിയായ പിശാച്‌ അവനെ ഉടനെ പിടികൂടി തൻെറ വലയിൽ അകപ്പെടുത്തുന്നു. പിന്നീടവൻ ബുദ്ധിയും വിവേകവും പൂർണമായി നഷ്‌ടപ്പെടുത്തിയവരുടെ സംഘത്തിൽ ഉൾപ്പെടുന്നു. അങ്ങനെ സ്വന്തം ദുശ്‌ചെയ്തികൾ കാരണമായി അവസാനം നരകാഗ്നിക്കു വിറകായിത്തീരുന്നു.

180. അല്ലാഹുവിന്‌ ഉൽകൃഷ്‌ടമായ നാമങ്ങളുണ്ട്‌. ആ നാമങ്ങളാൽ തന്നെ നിങ്ങളവനെ വിളിച്ചു പ്രാർഥിക്കുവിൻ. അവൻെറ നാമങ്ങളിൽ കൃത്രിമം കാണിക്കുന്നവരെ അവഗണിക്കുവിൻ. തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്തോ, അതിൻെറ പ്രതിഫലം അവർക്കു ലഭിക്കുകതന്നെ ചെയ്യും.

180: ഉൽകൃഷ്‌ട നാമങ്ങളെന്നാൽ അവൻെറ മഹത്വത്തിനും പ്രതാപത്തിനും ഇണങ്ങുന്നതും അവൻെറ പരിശുദ്ധിയും പവിത്രതയും സൽഗുണസമ്പൂർണതയും പ്രകാശിപ്പിക്കുന്നതുമായ നാമങ്ങളെന്നർഥം. പരിശുദ്ധവും പരമോന്നതവുമായ അവൻെറ സത്തയെ സംബന്ധിച്ച്‌ വല്ല അബദ്ധ സങ്കൽപവും ദ്യോതിപ്പിക്കുന്ന നാമങ്ങളാൽ അവനെ വിളിച്ചു കൂടാ. ഉദാ:- പിതാവ്‌, പുത്രൻ, പങ്കാളി, അപ്പൻ, മുത്തപ്പൻ, അമ്മ തുടങ്ങിയ നാമങ്ങൾ. അല്ലാഹുവിൻെറ ഉൽകൃഷ്‌ട നാമങ്ങൾ 99 എണ്ണമാണെന്ന്‌ പ്രവാചക വചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

181. സത്യപ്രകാരം മാർഗദർശനം നൽകുകയും അതനുസരിച്ചുതന്നെ നീതി പാലിക്കുകയും ചെയ്യുന്ന ഒരു സമൂഹം നാം സൃഷ്‌ടിച്ചവരിലുണ്ട്‌.

181: ഒരു പ്രവാചക വചനത്തിൽ നബി(സ) പറഞ്ഞതിൻെറ സാരം ഇപ്രകാരമാകുന്നു: ഈ സമുദായത്തിൽ ഒരു വിഭാഗമാളുകൾ അന്ത്യനാൾവരെക്കും സത്യത്തിൽ അടിയുറച്ചു നിലകൊള്ളുന്നവരായി ഉണ്ടായിക്കൊണ്ടിരിക്കും. മറ്റുള്ളവർ അവരെ കൈവെടിയുകയോ അവരോട്‌ ഭിന്നിച്ചു നിൽക്കുകയോ ചെയ്യതുകൊണ്ട്‌ അവർക്ക്‌ തടസ്സം നേരിടുകയില്ല. (ബുഖാരി, മുസ്‌ലിം)
ആ വിഭാഗത്തെ തിരിച്ചറിയാൻ പ്രവാചകൻ (സ) ചൂണ്ടിക്കാണിച്ച അടയാളം 'അല്ലാഹുവിൻെറ ഗ്രന്ഥവും എൻെറ ചര്യയും മുറുകെപ്പിടിച്ചവർ' എന്നാണ്‌.

182. നമ്മുടെ സൂക്തങ്ങളെ നിഷേധിക്കുന്നവരുണ്ടല്ലോ, അവരെ അവരറിയുകപോലും ചെയ്യാത്ത രീതിയിൽ ക്രമേണ നാശത്തിലേക്കു കൊണ്ടുപോകുന്നതാകുന്നു.

183. നാം അവർക്ക്‌ അവസരം നൽകിക്കൊണ്ടിരിക്കുകയാകുന്നു. തീർച്ചയായും നമ്മുടെ തന്ത്രം സുശക്തമത്രെ.

184. അവർ ഒട്ടും ചിന്തിച്ചു നോക്കിയിട്ടില്ലയോ? അവരുടെ കൂട്ടുകാരന്‌ ഭ്രാന്തൊന്നുമില്ലെന്ന്‌. അദ്ദേഹം വ്യക്തമായ താക്കീതു നൽകുന്ന മുന്നറിയിപ്പുകാരൻ മാത്രമാണ്‌.

185. ആകാശഭൂമികളുടെ ഭരണ സംവിധാനത്തെക്കുറിച്ചും, അല്ലാഹു സൃഷ്‌ടിച്ച (മറ്റ്‌ ഏതൊരു) വസ്തുവിനെക്കുറിച്ചും തങ്ങളുടെ ജീവിതാവധി അവസാനിക്കാറായി എന്നതിനെപ്പറ്റിയും അവർ ചിന്തിച്ചു നോക്കിയിട്ടില്ലേ? ഇനി ഈ(അന്തിമ വേദത്തിനു)ശേഷം ഏതൊരു സന്ദേശത്തിലാണ്‌ അവർ വിശ്വസിക്കാൻ പോകുന്നത്‌?

184,185:ഇവിടെ കൂട്ടുകാരൻ എന്നതുകൊണ്ട്‌ നബി(സ)യാണുദ്ദേശ്യം. അദ്ദേഹം എല്ലാ മക്കാനിവാസികൾക്കും സുപരിചിതനായിരുന്നു. അദ്ദേഹം ജനിച്ചുവളർന്നത്‌ അവർക്കിടയിലായിരുന്നു. അദ്ദേഹത്തിൻെറ ശൈശവും ബാല്യവും യൗവനവുമൊക്കെ ആ ജനതയുടെ ഇടയിലായിരുന്നു. ഒരു കാലത്ത്‌

അദ്ദേഹം അവർക്കെല്ലാം പ്രിയപ്പെട്ടവനായിരുന്നു. 'അൽഅമീൻ'(വിശ്വസ്തൻ) എന്നാണ് അവർ അദ്ദേഹത്തെ വിളിച്ചിരുന്നത്. അവരുടെ തർക്കങ്ങളിൽ അദ്ദേഹം നീതിമാനായ മധ്യസ്ഥനായിരുന്നു.
പ്രവാചകൻ(സ) പ്രബോധനം ചെയ്ത കാര്യങ്ങൾക്കെതിരെ യുക്തിസഹമായ ന്യായങ്ങളൊന്നും ഇല്ലാതായപ്പോൾ അദ്ദേഹത്തിന് ഭ്രാന്താണെന്ന് ഖുറൈശികൾ പറയാൻ തുടങ്ങി.
അദ്ദേഹം പറയുന്ന കാര്യങ്ങളിൽ എന്താണ് ഭ്രാന്ത്? നിങ്ങൾക്ക് പരിചയമില്ലാത്ത ചില ആശയങ്ങൾ അവതരിപ്പിച്ചതിന്റെ പേരിൽ അദ്ദേഹം ഭ്രാന്തനാകുന്നതെങ്ങനെ? അദ്ദേഹം പ്രബോധനം ചെയ്യുന്ന സന്ദേശങ്ങൾ അവതരിപ്പിക്കുക എന്നത് ഭ്രാന്തന്മാരുടെ കഴിവിൽ പെട്ടതല്ല. പ്രസ്തുത സന്ദേശങ്ങളാകട്ടെ നിങ്ങളുടെ ബുദ്ധിക്കോ യുക്തിക്കോ നിരക്കാത്തതുമല്ല. നിങ്ങൾ നേരിടാൻ പോകുന്ന ഒരു മഹാവിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പാണ് അദ്ദേഹം നൽകുന്നത്. ഭ്രാന്തന്മാർ ഇങ്ങനെ മുന്നറിയിപ്പ് നൽകാറില്ല. അത് അവരുടെ കഴിവിൽ പെട്ടതുമല്ല.
ഈ പ്രപഞ്ച സംവിധാനത്തെക്കുറിച്ച് ചിന്തിക്കുന്ന ആർക്കും സർവശക്തനും സർവജ്ഞനുമായ ഒരു നിർമാതാവില്ലാതെ അത് നിലവിൽ വരിക സാധ്യമല്ലെന്ന് ബോധ്യപ്പെടും. ആ സൃഷ്ടികർത്താവ് ഏകനായിരിക്കാതെ ഈ പ്രപഞ്ചം നിലനിൽക്കുകയുമില്ല. കാരണം പ്രപഞ്ചത്തിലെ സകല വസ്തുക്കളും പരസ്പര ബന്ധിതമാണ്. ഓരോന്നും അവയുടെ നിലനിൽപിന്ന് മറ്റു വസ്തുക്കളെ ആശ്രയിക്കുന്നു. ഓരോ വസ്തുവിനും വ്യത്യസ്ത സൃഷ്ടി കർത്താക്കളാണുണ്ടായിരുന്നതെങ്കിൽ അവയുടെ പരസ്പര ബന്ധവും അങ്ങനെ പ്രപഞ്ചത്തിന്റെ നിലനിൽപും അസാധ്യമാകുമായിരുന്നു.
പ്രപഞ്ചത്തിലെ ഒരണുതൊട്ട് മഹാഗോളങ്ങൾക്ക് വരെ ഓരോ ധർമമുണ്ട്. സൂര്യനും ചന്ദ്രനും നിശ്ചയിക്കപ്പെട്ട ധർമങ്ങൾ വളരെ കണിശമായി അവ നിർവഹിച്ചുകൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിലെ അതിസൂക്ഷ്മമായ ജീവികൾ പോലും അവയുടെ ധർമം നിറവേറ്റിക്കൊണ്ടിരിക്കുന്നു. എങ്കിൽ അവയുടെയെല്ലാം ധർമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്ന മനുഷ്യനുമാത്രം ഒരു ധർമവും നിറവേറ്റാനില്ലെന്നോ?
അതിനാൽ ബുദ്ധിയുപയോഗിച്ച് ചിന്തിക്കുക. ഈ പ്രപഞ്ചം ഒരു വൃഥാ വേലയോ യാദൃശ്ചിക പ്രതിഭാസമോ അല്ല.യുക്തിപൂർണവും സന്തുലിതവുമായ ഈ സൃഷ്ടിപ്രപഞ്ചത്തിന് മഹത്തായ ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യമാണ് ദൈവിക വചനങ്ങളിലൂടെ പ്രവാചകൻ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.
ഈ ഖുർആൻ അന്തിമവേദമാണ്.മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനുമാണ്. ഇനി മറ്റൊരു വേദമോ പ്രവാചകനോ വരാനില്ല. അതിനാൽ ഈ പ്രവാചകനിലും വേദത്തിലും വിശ്വസിക്കുവിൻ. ഓരോ വ്യക്തിയും മരിച്ചുപോകുന്നതുപോലെ ഒരുനാൾ ഈ ലോകം മുഴുവൻ മരിച്ചുപോകുന്നതാണ്. മനുഷ്യൻ ഓരോ നിമിഷവും മരണത്തോടടുത്തുകൊണ്ടിരിക്കുകയാണ്. മനുഷ്യജീവിതത്തിന്റെ അവധി അവസാനിക്കുന്നതോടെ അവന്റെ കഥയും പൂർണമായി അവസാനിക്കുന്നു. വിശ്വാസത്തിന്റെയോ അവിശ്വാസത്തിന്റെയോ ഫലം അനുഭവിക്കുക മാത്രമാണ് പിന്നെ മനുഷ്യന്റെ മുന്നിൽ അവശേഷിക്കുന്നത്.

---

186. അല്ലാഹു വഴികേടിലാക്കുന്നവനെ നേർവഴിയിലാക്കുന്ന ആരുമില്ല.അവരുടെ ധിക്കാരത്തിൽ (അന്ധമായി) വിഹരിക്കുന്നതിനായി അവരെ അവൻ വിട്ടുകളയുന്നു.

187. അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. അതെപ്പോഴാണ് വന്നെത്തുകയെന്ന്.പറയുക: അതിന്റെ അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാകുന്നു. അതിനെ, അതിന്റെ സമയത്ത് അവൻ തന്നെ വെളിപ്പെടുത്തും.വാനലോകത്തും ഭൂമിയിലും അത് വളരെ ഭാരിച്ചതായിരിക്കും.പൊടുന്നനെയല്ലാതെ അത് നിങ്ങളിൽ വരികയില്ല.നീ അതെക്കുറിച്ച് ചുഴിഞ്ഞ് അന്വേഷിച്ചറിഞ്ഞവനാണെന്നപോലെ അവർ നിന്നോട് ചോദിക്കുന്നു. പറയുക: അതിന്റെ അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു. പക്ഷേ, അധിക ജനവും അറിയുന്നില്ല.

---

187:അന്ത്യനാൾ എപ്പോഴാണ് സംഭവിക്കുക എന്ന വിവരം അല്ലാഹുവിങ്കൽ മാത്രം സൂക്ഷിക്കപ്പെട്ട രഹസ്യമാണ്. അല്ലാഹു അതാർക്കും അറിയിച്ചുകൊടുത്തിട്ടില്ല. മരണം ഉറപ്പാണെങ്കിലും അതെന്നാണെന്ന അജ്ഞതയാണ് ജീവിതത്തെ സദാ പ്രതീക്ഷാ നിർഭരവും കർമ്മനിരതവുമാക്കുന്നത്.തന്റെ മരണസമയം

ജീവിതാരംഭത്തിലേ അറിയുന്നുവെങ്കിൽ അവൻെറ ജീവിതം മുഴുവൻ വധശിക്ഷക്ക് വിധിക്കപ്പെട്ടവൻെറതുപോലെ മരണമയമായിരിക്കും. മരണത്തിൻെറയും ഉയിർത്തെഴുന്നേൽപിൻെറയും, സ്വർഗനരകങ്ങളുടെയുമൊക്കെ അദൃശ്യത മനുഷ്യൻ നേരിടുന്ന പരീക്ഷണങ്ങളാണ്. ലോകം പിന്നിടുന്ന ഓരോ നിമിഷവും ലോകത്തിൻെറ അന്ത്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.

188. പറയുക: എനിക്കുതന്നെ ഗുണമോ ദോഷമോ വരുത്തൽ എൻെറ അധീനത്തിൽപെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതു മാത്രം സംഭവിക്കുന്നു.എനിക്ക് അഭൗതിക കാര്യങ്ങൾ അറിയുമായിരുന്നെങ്കിൽ ഞാൻ എനിക്കുതന്നെ ധാരാളം സൗഭാഗ്യങ്ങൾ നേടിയെടുക്കുമായിരുന്നു. ദോഷങ്ങളൊന്നും എന്നെ ബാധിക്കുകയുമില്ലായിരുന്നു. എന്നാൽ ഞാനൊരു മുന്നറിയിപ്പുകാരനും വിശ്വസിക്കുന്ന ജനത്തിന് സന്തോഷവാർത്ത അറിയിക്കുന്നവനും മാത്രമാകുന്നു.

189. ഒരൊറ്റ ശരീരത്തിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചവനാണവൻ. അതിൽ നിന്നുതന്നെ അതിൻെറ ഇണയെയും അവനുണ്ടാക്കി.അവളിൽ അവൻ ആശ്വാസം കൊള്ളുന്നതിനുവേണ്ടി. അങ്ങനെ അവൻ അവളെ പുണർന്നപ്പോൾ അവൾ ലഘുവായ ഒരു ഗർഭം ധരിച്ചു. അതുമായി അവൾ നടന്നു. പിന്നീട് അതു ഭാരമായപ്പോൾ അവരിരുവരും തങ്ങളുടെ നാഥനായ അല്ലാഹുവിനോട് പ്രാർഥിച്ചു: ഞങ്ങൾക്ക് നീ നല്ലൊരു സന്താനത്തെ തരികയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും.

189: ശരീരവും ജീവനും ആത്മാവുമുള്ള ആദിപിതാവിനെ ആദിയിൽ അല്ലാഹു സൃഷ്ടിച്ചു. പിന്നെ അതിനെ വിഭജിച്ച് അതിൻെറ ഇണയെ ഉണ്ടാക്കി.ലോകത്ത് കാണുന്ന സകല മനുഷ്യരുടെയും ഉത്ഭവം ഒരൊറ്റ ആത്മാവിൽനിന്നാണെന്ന യാഥാർഥ്യം സ്ഥിരപ്പെടുത്തുന്നതാണ് ഈ വാക്യം.
സ്ത്രീയുടെയും പുരുഷൻെറയും ധർമങ്ങളിൽ ചില വ്യത്യാസങ്ങളുള്ളതിനാൽ അവരുടെ ധർമം പൂർത്തീകരിക്കാനാവശ്യമായ ഘടനാവിശേഷത്തോടെയാണ് അല്ലാഹു അവരെ സൃഷ്ടിച്ചിട്ടുള്ളത്. വിരുദ്ധമായ ഗുണങ്ങളോടു കൂടിയ സ്ത്രീയെയും പുരുഷനെയും പ്രപഞ്ചാസൂത്രകൻ ഒന്നിനൊന്ന് ഔഷധമെന്നോണം എത്ര മനോഹരമായാണ് കൂട്ടിയിണക്കിയിരിക്കുന്നത്! ഇണകളിൽ കാണപ്പെടുന്ന അത്ഭുതകരമായ രഞ്ജിപ്പും സന്തുലിതവും വിരൽ ചൂണ്ടുന്നത് ഈ പ്രപഞ്ചത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് ഒരേയൊരു സർവജ്ഞൻെറയും സർവശക്തൻെറയും കരങ്ങളാണെന്ന യാഥാർഥ്യത്തിലേക്കത്രെ.
സ്ത്രീയുടെ ഗർഭാശയത്തിൽ പുരുഷബീജത്തിന് ഇരിപ്പിടം നൽകുന്നതും പിന്നീട് ആ ഗർഭഭാരത്തെ ക്രമത്തിൽ ശിശുരൂപമാക്കി വളർത്തിക്കൊണ്ടുവരുന്നതും ശിശുവിൽ പലവിധ യോഗ്യതകളും കഴിവുകളും നിക്ഷേപിക്കുന്നതും അങ്ങനെ പൂർണ വളർച്ചയെത്തിയ ഒരു മനുഷ്യശിശുവിന് ജന്മം നൽകുന്നതുമെല്ലാം ഏകദൈവത്തിൻെറ മാത്രം അധികാരത്തിൽ പെട്ട കാര്യങ്ങളാകുന്നു. ദൈവം ഇഛിച്ചിരുന്നുവെങ്കിൽ ഗർഭസ്ഥ ശിശുവിനെ മറ്റുവല്ല വികൃത ജന്തുവായോ അംഗവൈകല്യമുള്ളവനായോ സൃഷ്ടിക്കാം. അല്ലാഹു നിശ്ചയിച്ച ഘടനയെ മാറ്റിമറിക്കാനോ അതിൽ കൈകടത്താനോ ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ലതന്നെ.

190. അങ്ങനെ അവൻ അവർക്കൊരു നല്ല(സന്താനത്തെ) നൽകിയപ്പോൾ അവൻ അവർക്ക് നൽകിയ(ഔദാര്യത്തിലും കാരുണ്യത്തിലും) പങ്കാളികളെ ചേർത്തു. എന്നാൽ അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു അത്യുന്നതനായിരിക്കുന്നു.

190: അവരുടെ പ്രാർഥന സ്വീകരിച്ച് അല്ലാഹു അവർക്ക് ഒരു നല്ല സന്താനത്തെ പ്രദാനം ചെയ്താൽ അല്ലാഹുവിനെ വിസ്മൃതനാവുകയും, സന്താന ലാഭത്തിൻെറ കൃതജ്ഞതാ സൂചകമായ നേർച്ചകളും വഴിപാടുകളുമായി വല്ല ദേവീ ദേവന്മാരുടെയോ സിദ്ധന്മാരുടെയോ തങ്ങന്മാരുടെയോ സന്നിധാനത്തിലേക്ക് ഓടുകയും ചെയ്യുന്നു. അല്ലാഹുവിൻെറ മാത്രമായ ഔദാര്യത്തിൽ അവനല്ലാത്തവരെ അവർ പങ്കുകാരാക്കുന്നു.

191. യാതൊന്നും സൃഷ്ടിക്കാത്തവരെയാണോ അവർ അവനിൽ പങ്കാളികളാക്കുന്നത്? അവർ(ആ ആരാധ്യർ) തന്നെയും സൃഷ്ടിക്കപ്പെടുന്നവയത്രെ.

192. അവർക്ക് ഇവരെ സഹായിക്കാനാവില്ല; തങ്ങളെത്തന്നെയും സഹായിക്കാനുള്ള കഴിവില്ല.

193. നിങ്ങൾ സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അവർ നിങ്ങളെ പിൻപറ്റുകയില്ല. നിങ്ങളവരെ വിളിക്കുന്നതും അല്ലെങ്കിൽ (വിളിക്കാതെ) മൗനം പാലിക്കുന്നതും നിങ്ങളെ സംബന്ധിച്ചേടത്തോളം സമമാണ്.

---

191-193: ബഹുദൈവവിശ്വാസത്തിൻെറയും വിഗ്രഹാരാധനയുടെയും അർഥശൂന്യതയാണ് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നത്. തങ്ങളുടെ ജീവിതത്തിൻെറ എല്ലാ മേഖലകളിലും മാർഗദർശനം ലഭിക്കുക എന്നതാണ് ആരാധ്യനെക്കൊണ്ടുള്ള ആരാധകൻെറ ഏറ്റവും വലിയ ആവശ്യം. ബഹുദൈവവിശ്വാസികൾ ആരാധിക്കുന്ന വിഗ്രഹങ്ങൾ തങ്ങളുടെ ആരാധകർക്ക് ജീവിതത്തിൻെറ ഒരു മേഖലയിലും മാർഗദർശനം നൽകുന്നില്ല. ആരാധകർ മാർഗദർശനത്തിനുവേണ്ടി പ്രാർഥിച്ചാൽ അവരതു കേൾക്കുന്നുപോലുമില്ല. ഒരാളുടെ വിളിക്കുത്തരം നൽകാൻ പോലും ആ പാവങ്ങൾക്ക് കെൽപില്ല.

---

194. നിശ്ചയമായും അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ, നിങ്ങളെപ്പോലുള്ള അടിമകൾ മാത്രമാണ്. എന്നാൽ നിങ്ങൾ അവരെ വിളിച്ചു നോക്കൂ. നിങ്ങൾക്കവർ ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ.

195. അവർക്ക് കാലുകളുണ്ടോ,നടക്കാൻ? കൈകളുണ്ടോ, പിടിക്കാൻ? കണ്ണുകളുണ്ടോ, കാണാൻ? കാതുകളുണ്ടോ,കേൾക്കാൻ? (നബിയെ)പറയുക:നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുവിൻ. എന്നിട്ട് എനിക്കെതിരെ തന്ത്രങ്ങൾ ആസൂത്രണം ചെയ്യുവിൻ. എനിക്ക് ഒട്ടും അവധി തരേണ്ടതില്ല.

---

194,195:വിഗ്രഹാരാധകരോടുള്ള വെല്ലുവിളിയാണ് ഈ സൂക്തങ്ങൾ.നിങ്ങൾ ആരാധനാകർമങ്ങളും വഴിപാടുകളും മറ്റും അർപ്പിക്കുന്ന മൂർത്തികൾ നിങ്ങളെപ്പോലെയുള്ള സൃഷ്ടികൾ മാത്രമാണ്. നിങ്ങൾ ആരാധിക്കുന്ന ദൈവങ്ങളുടെ ദിവ്യത്വം പരസ്യമായി ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ നിർണായക ഘട്ടത്തിൽ നിങ്ങളെ മാർഗദർശനം ചെയ്യാനും സഹായിക്കാനും അവർ മുന്നോട്ട് വരട്ടെ. ദൈവമോ ദൈവത്തിൻെറ പങ്കാളികളായോ കരുതി നിങ്ങൾ ആരാധിക്കുന്ന വസ്തുക്കൾ ദൈവങ്ങളാണെങ്കിൽ അവർക്ക് കാണാനും കേൾക്കാനുമൊക്കെ കഴിയണം. ദൈവത്തിൻെറ ചൈതന്യം കുടികൊള്ളുന്നുവെന്ന് സങ്കൽപിച്ച് നിങ്ങൾ കൊത്തിയുണ്ടാക്കിയ മൂർത്തികളുടെ കൈകാലുകൾക്ക് നടക്കാനും പിടിക്കാനും ശക്തിയില്ല. നിവേദ്യങ്ങളും വഴിപാടുകളും പൂജാകർമങ്ങളും അർപ്പിക്കുന്ന നിങ്ങളെ കാണാൻ പോലും അവർക്ക് കഴിവില്ല. ആഗ്രഹസാഫല്യത്തിനും ആപത്രക്ഷക്കും വേണ്ടി നിങ്ങൾ പ്രാർഥിക്കുന്നത് കേൾക്കാനവർക്ക് കഴിയുന്നില്ല. അവയുടെ കൈ കണ്ടാൽ നിങ്ങളെ അനുഗ്രഹിക്കാൻ ഉയർത്തിപ്പിടിച്ച പോലെ നിങ്ങൾക്ക് തോന്നും. പാവം ആ വിഗ്രഹം ഇതൊന്നും അറിയുന്നേയില്ല. ഇതേപോലെ മിഥ്യാസങ്കൽപമാണ് അവയിൽ ആരോപിക്കപ്പെടുന്ന ദിവ്യത്വവും അവക്ക് അർപ്പിക്കപ്പെടുന്ന ആരാധനകളും വഴിപാടുകളുമെല്ലാം. ആ ശിലകളോ ലോഹക്കൂട്ടുകളോ മരക്കഷ്ണങ്ങളോ ഇതൊന്നും കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല എന്നതാണ് സത്യം. മരത്തിലും, കല്ലിലും, വെള്ളിയിലും സ്വർണത്തിലും കൊത്തിയുണ്ടാക്കിയ നിങ്ങളുടെ പൂജാവിഗ്രഹങ്ങൾ മാത്രമാണവ.

പ്രവാചകൻെറ ബഹുദൈവനിഷേധം കാരണം ദൈവങ്ങൾ അദ്ദേഹത്തോട് കോപിച്ചിരിക്കുന്നുവെന്നും അടുത്തുതന്നെ നബിയും കൂട്ടുകാരും ആ ദൈവങ്ങളുടെ കോപാഗ്നിയിൽ ദഹിച്ചുപോകുമെന്നും മക്കയിലെ വിഗ്രഹാരാധകർ ഭീഷണിമുഴക്കിയിരുന്നു. ദൈവത്തിൻെറ പങ്കാളികളെന്ന് കരുതി നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന സകല മൂർത്തികളും ഒന്നിച്ച് ചേർന്ന് എന്നെ തോൽപിക്കാനും നശിപ്പിക്കാനും ഭദ്രമായ തന്ത്രങ്ങൾ ആസൂത്രണം ചെയ്തുകൊള്ളട്ടെ. എനിക്കൊട്ടും ഇടം തരികയും വേണ്ട. വിഗ്രഹാരാധകരുടെ ഭീഷണിയോട് പ്രതികരിക്കാൻ പ്രവാചകനോട് അല്ലാഹു ആവശ്യപ്പെടുകയാണ്.

യഥാർഥത്തിൽ സ്വന്തമായി യാതൊരു കഴിവോ അധികാരമോ ഇല്ലാത്ത മനുഷ്യ സൃഷ്ടികളാണവ. അചേതനങ്ങളായ കല്ലുകളെയും മരങ്ങളെയും ദൈവങ്ങളായി ആരാധിക്കുക എന്നത് മനുഷ്യൻ ചെയ്യുന്ന ഏറ്റവും വലിയ മൗഢ്യവും അവിവേകവുമാണ്.

---

196. തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ച അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. അവനാണ് നല്ലവരായ മനുഷ്യരെ സംരക്ഷിക്കുന്നവൻ.

197. അവനെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവരോ, അവർ നിങ്ങളെ സഹായിക്കാൻ കഴിവുള്ളവരല്ല. തങ്ങളെത്തന്നെ സഹായിക്കാൻ അവർക്കാവില്ല.

198. നിങ്ങൾ അവരെ നേർവഴിയിലേക്ക് ക്ഷണിക്കുകയാണെങ്കിൽ, (നിങ്ങൾ പറയുന്നത്) കേൾക്കാൻ പോലും അവർക്ക് കഴിയില്ല. അവർ നിന്റെ നേരെ നോക്കുന്നതായി നിനക്ക് കാണാം. എന്നാൽ അവർ യാതൊന്നും കാണുന്നില്ല.

199. നീ വിട്ടുവീഴ്ച കാണിക്കുക. സദാചാരം കൽപിക്കുക. അവിവേകികളെ അവഗണിക്കുക.

200. പിശാചിൽ നിന്നുള്ള വല്ല ദുർബോധനവും നിന്നെ ബാധിക്കുന്നുവെങ്കിൽ നീ അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.

---

200: ധർമബോധവും ദുഷ്പ്രവണതയും അല്ലാഹു ഓരോ മനുഷ്യന്റെയും പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. നന്മയിലേക്കുള്ള പ്രചോദനമുണ്ടാകുമ്പോൾ അത് അല്ലാഹുവിൽനിന്നാണെന്ന് മനസ്സിലാക്കി അവനെ സ്തുതിക്കുക. ആ പ്രചോദനത്തെ പിന്തുടരുകയും ചെയ്യുക. തിന്മയിലേക്കുള്ള പ്രചോദനമുണ്ടാകുമ്പോൾ അത് പൈശാചിക ദുർബോധനമായി മനസ്സിലാക്കി അല്ലാഹുവിൽ ശരണം തേടുകയും അതിൽനിന്നകന്നു നിൽക്കുകയും ചെയ്യുക.

'ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവോട് ശരണം തേടുക. സത്യവിശ്വാസം സ്വീകരിക്കുകയും തങ്ങളുടെ നാഥനിൽ ഭരമേൽപിക്കുകയും ചെയ്യുന്നവരെ പിശാചിന് സ്വാധീനിക്കാനാവില്ല.' (16:98,99)

---

201. ദൈവഭക്തരെ പിശാചിൽനിന്നുള്ള വല്ല ദുർബോധനവും ബാധിച്ചാൽ ഉടനെ അവർ ബോധവന്മാരായിത്തീരുന്നു. അപ്പോഴവർ(തങ്ങളുടെ ശരിയായ മാർഗം) വ്യക്തമായി കാണുകയും ചെയ്യുന്നു.

202. എന്നാൽ അവരുടെ(ചെകുത്താന്മാരുടെ) സഹോദരന്മാരോ, അവരെ അവർ ദുർമാർഗത്തിലേക്ക് വലിച്ചിഴക്കുന്നു. പിന്നെ (അവരെ വഴിപിഴപ്പിക്കുന്നതിൽ)അവർ ഒരു വീഴ്ചയും വരുത്തുന്നതല്ല.

203. നീ അവർക്ക് ഒരു ദിവ്യാത്ഭുതവും കൊണ്ടുവരുന്നില്ലെങ്കിൽ അവർ പറയും: എന്തുകൊണ്ട് ഒരു(ദൃഷ്ടാന്തം) നീ തെരഞ്ഞെടുത്തില്ല? പറയുക:എന്റെ നാഥനിൽ നിന്ന് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്. ഇത്(ഖുർആൻ) നിങ്ങളുടെ നാഥങ്കൽനിന്നുള്ള ഉൾക്കാഴ്ചയും വിശ്വസിക്കുന്ന ജനത്തിന് മാർഗദർശനവും അനുഗ്രഹവുമാണ് ഇത്.

---

203: ഖുറൈശികൾക്ക് ഖുർആൻ സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചപ്പോൾ അതെപ്പറ്റി ചിന്തിക്കാതെ നീ പ്രവാചകനാണെങ്കിൽ മൂസായും ഈസായും ചെയ്തതുപോലെ അത്ഭുതദൃഷ്ടാന്തങ്ങൾ കൊണ്ടുവരാത്തത് എന്ത് എന്ന് പ്രവാചകനോട് ചോദിക്കുകയാണ് അവർ ചെയ്തത്. ഖുറൈശികളുടെ പരിഹാസോക്തികൾക്ക് പ്രവാചകൻ മറുപടി പറയുകയാണ്: എന്റെ ദൗത്യം നിങ്ങളാവശ്യപ്പെടുന്ന അത്ഭുത ദൃഷ്ടാന്തങ്ങൾ പ്രവർത്തിച്ചു കാണിക്കുകയല്ല. ചിന്തിക്കുന്നവർക്ക് പ്രകാശമാനമായ ദൃഷ്ടാന്തങ്ങൾ ഉൾക്കൊള്ളുന്ന ഖുർആനുമായാണ് എന്റെ നാഥൻ എന്നെ അയച്ചിരിക്കുന്നത്. യാഥാർഥ്യം അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർ ഇതിൽ ജീവിതത്തിന്റെ നേർമാർഗം കണ്ടെത്തുന്നു.

204. ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ നിങ്ങളത് ശ്രദ്ധയോടെ കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ചെയ്യപ്പെട്ടേക്കാം.

205. രാവിലെയും വൈകുന്നേരവും നീ നിന്റെ നാഥനെ മനസ്സിൽ സ്മരിക്കുക- അത്യന്തം താഴ്മയോടും ഭയത്തോടും കൂടി; വാക്കുകൾ ഉച്ചത്തിലാക്കാതെയും. നീ അശ്രദ്ധരായവരിൽ പെട്ടുപോകരുത്.

205:അല്ലാഹുവാണ് മനുഷ്യന്റെ ഒരേയൊരു യജമാനൻ. പരീക്ഷണാർഥമാണ് അവൻ മനുഷ്യനെ ഭൂമിയിൽ അയച്ചിട്ടുള്ളത്.മരണശേഷം അല്ലാഹുവിന്റെ സന്നിധിയിൽ തങ്ങളുടെ കർമ്മങ്ങൾക്ക് ഉത്തരം നൽകേണ്ടതുണ്ട്. ഈ യാഥർഥ്യങ്ങൾ മനുഷ്യൻ സദാ ഓർക്കേണ്ടതുണ്ട്.

206. നിന്റെ നാഥന്റെ സന്നിധിയിലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്ന കാര്യത്തിൽ ഒരിക്കലും അഹങ്കരിക്കാറില്ല.അവർ അവന്റെ വിശുദ്ധിയെ വാഴ്ത്തുകയും അവന് അവർ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു.

*****

## അധ്യായം 8.

# അല്‍ അന്‍ഫാല്‍ (യുദ്ധത്തില്‍ നേടിയ സ്വത്തുക്കാം)

**അവതരണം മക്കയില്‍, വചനങ്ങാം 75.**

**ആമുഖം.**

ഹിജ്റ രണ്ടാം വര്‍ഷം ബദര്‍ യുദ്ധത്തിനുശേഷം അവതരിച്ചതാണ് ഈ അധ്യായം. നബി (സ)യുടെ പ്രബോധനപ്രവര്‍ത്തനങ്ങളുടെ ആദ്യഘട്ടങ്ങളില്‍ അതത്ര അപകടകരമായി ഖുറൈശികാംക്ക് തോന്നിയിരുന്നില്ല. പ്രബോധനത്തിന്‍െറ ശബ്ദം നാടൊട്ടുക്കും എത്തിത്തുടങ്ങുകയും പ്രവാചകന്‍െറ തനതായ വശ്യശക്തി കൂടുതല്‍ ഹൃദയ മസ്തിഷ്കങ്ങളെ കീഴടക്കിക്കൊണ്ടിരുന്നതായും കണ്ടപ്പോാം അതിനെ ഗൗരവമുള്ള ഒരപകടമായി അവര്‍ മനസ്സിലാക്കി. ഈ പ്രസ്ഥാനത്തെ എല്ലാ ശക്തിയും ഉപയോഗിച്ച് അടിച്ചമര്‍ത്താന്‍ തന്നെ അവര്‍ തീരുമാനിച്ചു.

നബി(സ)യുടെ മക്കാ ജീവിതത്തിന്‍െറ അവസാന വര്‍ഷങ്ങളില്‍ യസ്രിബിലും(മദീന) ഇസ്ലാമിന്‍െറ കിരണങ്ങാം എത്തിക്കൊണ്ടിരുന്നു.മദീനാവാസികളില്‍ കൂടുതര്‍പേരും കര്‍ഷകരായിരുന്നു. എന്നാല്‍ അവിടത്തെ സാമ്പത്തികശക്തി യഹൂദരായിരുന്നു.തങ്ങളില്‍ ഒരു പ്രവാചകന്‍ വരാനുണ്ടെന്നും അദ്ദേഹം വന്നുകഴിഞ്ഞാല്‍ പ്രാകൃതരായ അറബികളെ ജയിച്ചടക്കി നശിപ്പിക്കുമെന്നും അവര്‍ ഭീഷണിമുഴക്കാറുമുണ്ടായിരുന്നു. മക്കയില്‍ മുഹമ്മദ് നബി(സ) രംഗത്തുവന്നപ്പോാം വേഗത്തില്‍ ആ പ്രകാശം ഉാംക്കൊള്ളുവാന്‍ മദീനക്കാര്‍ തീരുമാനിച്ചതിന്‍െറ പ്രധാന കാരണവും അതായിരുന്നു. മുഹമ്മദ് നബി(സ) ഇസ്രാഈലി അല്ലാത്തതിനാല്‍ അദ്ദേഹത്തെ പ്രവാചകനായി അംഗീകരിക്കാന്‍ യഹൂദര്‍ കൂട്ടാക്കിയില്ല. അങ്ങനെ പ്രബോധനത്തിന്‍െറ പന്ത്രണ്ടാമത്തെ കൊല്ലത്തില്‍ ഹജ്ജ് കാലത്ത് മദീനയില്‍ നിന്ന് വന്ന 75 പേരടങ്ങുന്ന ഒരു പ്രതിനിധി സംഘം രാത്രിയില്‍ തിരുമേനിയുമായി സന്ധിച്ചു. അവര്‍ പ്രവാചകനെ ദൈവത്തിന്‍െറ പ്രതിനിധിയും തങ്ങളുടെ നായകനുമെന്ന നിലയില്‍ അംഗീകരിക്കുകയും തിരുമേനിക്കും അനുചരന്മാര്‍ക്കും മദീനയില്‍ എല്ലാ സൗകര്യങ്ങളും നല്‍കാമെന്ന് വാക്ക് കൊടുക്കുകയും ചെയ്തു.

അതിനെ തുടര്‍ന്ന് ഖുറൈശികളുടെ മര്‍ദനത്തില്‍ പൊറുതിമുട്ടിയ മുസ്ലിംകാം മദീനയിലേക്ക് പലായനം ചെയ്തുകൊണ്ടിരുന്നു. മദീനയില്‍ നബിക്ക് ഒരു താവളം ലഭിക്കുവാന്‍ പോവുകയാണെന്ന് മനസ്സിലാക്കിയ ഖുറൈശികാം അതിന്‍െറ അപകടം മനസ്സിലാക്കി. ശാമിലേക്കുള്ള അവരുടെ സുപ്രധാനമായ വാണിജ്യമാര്‍ഗം മുസ്ലിംകളുടെ അധീനത്തില്‍ വരുമെന്ന മറ്റൊരപകടം കൂടി അവര്‍ കാണുന്നുണ്ടായിരുന്നു.മദീനക്കാരുമായുള്ള നബി(സ) യുടെ ഉടമ്പടി ഖുറൈശികളില്‍ വെപ്രാളം സൃഷ്ടിക്കുകതന്നെ ചെയ്തു. നബിയും മദീനയിലേക്ക് പോവുമെന്ന് ഖുറൈശികാംക്ക് ഉറപ്പായപ്പോാം ആ അപകടം തടയുവാനായി ഖുറൈശികാം ആലോചനായോഗം ചേര്‍ന്ന് അദ്ദേഹത്തെ വധിക്കണമെന്ന തീരുമാനത്തിലെത്തി. എന്നാല്‍ അല്ലാഹുവിന്‍െറ അനുഗ്രഹത്താല്‍, ശത്രുക്കളുടെ തന്ത്രം പരാജയപ്പെടുകയും നബിതിരുമേനി സുരക്ഷിതനായി മദീനയില്‍ എത്തുകയും ചെയ്തു. മദീനയിലെത്തിയ പ്രവാചകനെ മദീനാവാസികാം തങ്ങളുടെ ഗുരുവും നേതാവും ഭരണാധികാരിയുമെല്ലാമായി സ്വീകരിച്ചു. അങ്ങനെ പ്രവാചകന്‍െറ നേതൃത്വത്തില്‍ മദീനയിലെ വിശ്വാസികളും

അവിശ്വാസികളും യഹൂദരും മക്കയിൽനിന്ന് പലായനം ചെയ്ത് എത്തിയവരും എല്ലാം ഉൾക്കൊള്ളുന്ന ഒരു ഇസ്ലാമിക രാഷ്ട്രം സ്ഥാപിതമായി.

ഈ സ്റ്റേറ്റിന് അഭ്യന്തരവും വൈദേശികവുമായ നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു. യഹൂദർ പ്രത്യക്ഷത്തിൽ പ്രവാചകൻെറ നേതൃത്വം അംഗീകരിച്ചിരുന്നെങ്കിലും ഉള്ളുകൊണ്ട് പ്രവാചകനെയു മുസ്ലിംകളെയും ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ പരോക്ഷമായി അദ്ദേഹത്തെ തുരത്താൻ വഴിതേടുകയായിരുന്നു അവർ.

നബിയുടെ പലായനം തടയാൻ കഴിയാതിരുന്ന ഖുറൈശികൾ മദീനക്കാരുടെ നേതാവായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യിന് കത്തെഴുതി. നബിയെ മദീനയിൽ നിന്ന് പുറത്താക്കണമെന്നും അല്ലെങ്കിൽ മദീനയെ ആക്രമിക്കുമെന്നും അതിൽ എഴുതിയിരുന്നു. പ്രവാചകൻെറ ആഗമനത്തിനു മുമ്പ് അയാളെ തങ്ങളുടെ രാജാവായി കിരീടമണിയിക്കാൻ മദീനക്കാർ അലോചിച്ചതായിരുന്നു. പ്രവാചകൻെറ വരവോടെ അയാളുടെ പ്രതീക്ഷകൾ തകിടം മറിഞ്ഞു. ചില കുഴപ്പങ്ങളൊക്കെ ഉണ്ടാക്കാൻ അയാൾ ശ്രമിച്ചെങ്കിലും അതെല്ലാം പരാജയപ്പെട്ടു.

മർദനം സഹിക്കാൻ കഴിയാതെ മദീനയിലേക്ക് പലായനം ചെയ്തവരുടെ സ്വത്തുക്കളും കുടുംബവുമെല്ലാം മക്കത്തുതന്നെയായിരുന്നു. മുസ്ലിംകൾ തങ്ങളുടെ കേന്ദ്രമായി അംഗീകരിച്ചിരുന്നത് മക്കയിലെ മസ്ജിദുൽ ഹറാമിനെയായിരുന്നു. അതിനാൽ മുസ്ലിംകൾ ഒരു നാൾ ശക്തി സംഭരിച്ച് മക്കയെ അധീനത്തിപ്പെടുത്തൻ ശ്രമിക്കുമെന്നും ഖുറൈശികൾ ഭയപ്പെട്ടു.

മുസ്ലിംകളോടുള്ള ശത്രുതാനയത്തെക്കുറിച്ച് പുനരാലോചിക്കുന്നതിന് ഖുറൈശികളെ പ്രേരിപ്പിക്കാൻ അവരുടെ സിറിയൻ കച്ചവടമാർഗത്തിൽ പിടിമുറുക്കാൻ മുസ്ലിംകൾ തീരുമാനിച്ചു. മദീനയിലെ ഇതര വിഭാഗങ്ങളുമായും കച്ചവടമാർഗത്തോട് ചേർന്ന് താമസിക്കുന്ന ഗോത്രങ്ങളുമായും തിരുമേനി സഹകരണ ഉടമ്പടികളുണ്ടാക്കി.

ഖുറൈശികളുടെ കച്ചവട സംഘങ്ങളെ ഭീഷണിപ്പെടുത്താൻ നബി(സ) ചെറിയ സന്നദ്ധ സംഘങ്ങളെ അയച്ചുകൊണ്ടിരുന്നു. എന്നാൽ ഈ സംഭവങ്ങളിലൊന്നും രക്തച്ചൊരിച്ചിലുണ്ടായില്ല. കച്ചവട സംഘങ്ങൾ കൊള്ളയടിക്കപ്പെട്ടുമില്ല. എന്നാൽ മുസ്ലിംകളുടെ ഭീഷണിയെ ശക്തികൊണ്ട് നേരിടാൻ തീരുമാനിച്ച ഖുറൈശികൾ മദീനയുടെ അടുത്തേക്ക് കൊള്ള സംഘങ്ങളെ അയക്കുകയും മദീനക്കാരുടെ കന്നുകാലികളെ പിടിച്ചുകൊണ്ടുപോവുകയും ചെയ്തു.

സ്ഥിതിഗതികൾ ഇതോടെ കൂടുതൽ സങ്കീർണമായി. മദീനക്കെതിരെ ഖുറൈശികൾ നടത്തിയ കൊള്ളക്ക് ഉചിതമായ മറുപടി നൽകിയില്ലെങ്കിൽ അത് ഗുരുതരമായ അനന്തര ഫലങ്ങൾക്കിടയാക്കുമെന്ന് മുസ്ലിംകൾ വിലയിരുത്തി.

ആയിടക്ക് ഖുറൈശികളുടെ വലിയൊരു കച്ചവട സംഘം സിറിയയിൽനിന്നും മദീനയുടെ സ്വാധീനവലയത്തിലുള്ള പ്രദേശത്ത് എത്തിച്ചേർന്നു. മദീനക്കാരുടെ കാലികളെ കവർച്ച ചെയ്തതിനുള്ള തിരിച്ചടിയായി ആ വർത്തക സംഘത്തിനെതിരെ ബലപ്രയോഗം നടത്താൻ നബി(സ) തീരുമാനിച്ചു. മുസ്ലിംകൾ തങ്ങളെ ആക്രമിച്ചേക്കുമെന്ന ആശങ്കയാൽ സംഘത്തലവൻ അബൂസുഫ്യാൻ സഹായത്തിനായി മക്കയിലേക്ക് ദൂതനെ അയച്ചു. മക്ക മുഴുവൻ ഇളകി വശായി. ഖുറൈശിത്തലവന്മാരെല്ലാം യുദ്ധത്തിന് പുറപ്പെട്ടു. കച്ചവട സംഘത്തിന് ഭീഷണിയില്ലെന്നും സംഘം സുരക്ഷിതമായി മക്കയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും അബൂസുഫ്യാൻ സന്ദേശമയച്ചെങ്കിലും അത് വകവെക്കാതെ ഈ

ഭീഷണി എന്നേക്കുമായി അവസാനിപ്പിക്കാനുറപ്പിച്ച്‌ അബൂജഹലിൻെറ നേതൃത്വത്തിൽ ആയിരത്തോളം യോദ്ധാക്കൾ വമ്പിച്ച ആർഭാട പ്രകടനത്തോടേ മുസ്‌ലിംകൾക്കെതിരെ യുദ്ധത്തിന്‌ പുറപ്പെട്ടു.

ഖുറൈശിപ്പടയുടെ ആഗമനവിവരം ജനങ്ങളിലെത്തിയശേഷം പ്രവാചകൻ അനുചരന്മാരെയെല്ലാം വിളിച്ചുകൂട്ടി അവരുടെ മുമ്പിൽ നിലപാട്‌ വ്യക്തമായി സമർപ്പിച്ചു. പ്രവാചകൻ എങ്ങോട്ട്‌ നയിച്ചാലും കൂടെയുണ്ടാകുമെന്ന്‌ അവർ ഉറച്ച സ്വരത്തിൽ മറുപടി നൽകി.

ഈ സന്ദർഭത്തിൽ മുഹാജിറുകളെ (മക്കയിൽനിന്ന്‌ പലായനം ചെയ്ത്‌ മദീനയിലെത്തിയവർ)പ്രതിനിധീകരിച്ച്‌ മിഖ്‌ദാദുബ്‌നു അംറും അൻസാറുകളെ(മദീനാവാസികൾ) പ്രതിനിധീകരിച്ച്‌ സൈദുബ്‌നു മുആദും പറഞ്ഞ വാക്കുകൾ ചരിത്രപ്രസിദ്ധമാണ്‌. മിഖ്‌ദാദ്‌ പറഞ്ഞു: അല്ലാഹുവിൻെറ തിരുദൂതരേ, അങ്ങയുടെ അഭിപ്രായമനുസരിച്ച്‌ പ്രവർത്തിച്ചുകൊള്ളുക.അതെന്തായാലും ഞങ്ങൾ അങ്ങയോടൊപ്പമുണ്ടാകും. ഇസ്രാഈല്യർ മൂസാ നബിയോട്‌ പറഞ്ഞതുപോലെ 'നീയും നിൻെറ നാഥനും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങൾ ഇവിടെ ഇരിക്കാം' എന്ന്‌ അല്ലാഹുവാണ, ഞങ്ങൾ പറയില്ല. 'നീയും നിൻെറ നാഥനും യുദ്ധം ചെയ്തുകൊള്ളുക, ഒപ്പം ഞങ്ങളും യുദ്ധം ചെയ്യാം, എന്നേ ഞങ്ങൾ പറയൂ'. ആരും അതിനെ എതിർക്കുകയില്ല.

അൻസാറുകളെ പ്രതിനിധീകരിച്ച്‌ സൈദുബ്‌നു മുആദ്‌ പ്രസ്താവിച്ചു:അങ്ങയെ വിശ്വസിക്കുകയും അംഗീകരിക്കുകയും അങ്ങ്‌ കൊണ്ടുവന്നത്‌ സത്യമാണെന്ന്‌ സാക്ഷ്യപ്പെടുത്തുകയും ചെയ്തവരാണ്‌ ഞങ്ങൾ. ഞങ്ങൾ അങ്ങയെ അനുസരിക്കുമെന്ന്‌ കരാറു ചെയ്തിട്ടുമുണ്ട്‌. അതിനാൽ അങ്ങ്‌ വിചാരിക്കുന്നത്‌ ചെയ്തുകൊള്ളുക. ഞങ്ങൾ അങ്ങയോടൊപ്പമുണ്ടാകും. അങ്ങയെ നിയോഗിച്ച അല്ലാഹുവാണ, നമ്മൾ ഒരു കടലിനു മുമ്പിലെത്തുകയും അങ്ങ്‌ അതിൽ ചാടുകയുമാണെങ്കിൽ ഒപ്പം ഞങ്ങളും ചാടും. ഞങ്ങളിലാരും പിന്തിരിയുകയില്ല. നാളെ തന്നെ ഞങ്ങളെ ശത്രുക്കൾക്കഭിമുഖമായി നിർത്തിക്കൊള്ളുക. നിർഭയം രണാങ്കണത്തിലുറച്ചുനിന്ന്‌ ശത്രുക്കളെ നേരിടാൻ വേണ്ട കരുത്തും സഹനശേഷിയും ധൈര്യവും ഞങ്ങൾക്കുണ്ട്‌. അങ്ങയുടെ കൺകുളിർക്കുന്ന കാഴ്‌ചകൾ ഞങ്ങളാൽ അല്ലാഹു അങ്ങേക്ക്‌ കാണിച്ചുതരുമാറാകട്ടെ. അല്ലാഹുവിൻെറ അനുഗ്രഹത്തോടേ ഞങ്ങളെ മുന്നോട്ട്‌ നയിച്ചുകൊള്ളുക.

തിടുക്കത്തിൽ യുദ്ധത്തിനിറങ്ങേണ്ടി വന്ന സംഘത്തിൽ പ്രവാചകനോടൊപ്പം മുന്നൂറിൽ പരം പേരുണ്ടായിരുന്നു. യുദ്ധ സാമഗ്രികൾ തികച്ചും അപര്യാപ്‌തമായിരുന്നു. ചിലർ ഉൾക്കിടിലത്തോടെയാണ്‌ ഈ സംരംഭത്തിൽ പങ്കാളികളായതെങ്കിലും നബിയും യഥാർഥ വിശ്വാസികളും ജീവന്മരണ പോരാട്ടത്തിനുള്ള അവസരമെന്ന്‌ മനസ്സിലാക്കി സർവസ്വം അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട്‌ വീട്‌ വിട്ടിറങ്ങി. അങ്ങനെ ഹിജ്‌റ 2, റമളാൻ 17 വെള്ളിയാഴ്‌ച- ഇരുകൂട്ടരും ബദറിൽ ഏറ്റുമുട്ടി.

ഖുറൈശി സൈന്യം കുന്നുകളിൽനിന്നും ആർത്തിരമ്പിയിറങ്ങുന്നതുകണ്ടപ്പോൾ പ്രവാചകൻ അല്ലാഹുവിലേക്ക്‌ തൻെറ കൈകൾ ഉയർത്തി പ്രാർഥിച്ചു: അല്ലാഹുവേ ഇതാ ഖുറൈശികൾ! അവർ എല്ലാ സജ്ജീകരണങ്ങളോടുംകൂടെ നിന്നെ എതിർക്കുന്നതിനും നിൻെറ ദൂതനെ നിഷേധിക്കുന്നതിനും നിൽക്കുന്നു. അല്ലാഹുവേ, എനിക്ക്‌ നീ വാഗ്ദാനം ചെയ്ത നിൻെറ സഹായം തന്നരുളേണമേ. ഈ ദിനം അവരെ നീ മുട്ടുകുത്തിക്കേണമേ. അല്ലാഹുവേ

ഈ ചെറു സംഘം നശിപ്പിക്കപ്പെട്ടാല്‍ ഭൂമിയില്‍ നിന്നെ ആരാധിക്കുന്നതിന്‌ ആരും അവ ശേഷിക്കുകയില്ല.
വാഗ്ദത്തം ചെയ്തിരുന്ന അല്ലാഹുവിന്റെ സഹായം വന്നുകഴിഞ്ഞുവെന്ന്‌ അടുത്തുനിന്നിരുന്ന അബൂബക്കറിനോട്‌(റ) പ്രവാചകന്‍ പറഞ്ഞു.അല്ലാഹു സത്യവിശ്വാസികളെ തുണച്ചു. ഇസ്‌ലാമിന്‌ ജീവിതവും അനിസ്‌ലാമിക വ്യവസ്ഥക്ക്‌ മരണവും വിധിക്കപ്പെട്ടു. തങ്ങളുടെ മൂന്നിരട്ടി വരുന്ന ശക്തരായ ഖുറൈശിപ്പടയെ അവര്‍ പരജയപ്പെടുത്തി. ഖുറൈശി നേതാവും മറ്റു പ്രധാനികളും പോര്‍ക്കളത്തില്‍ മരിച്ചു വീണു. ഖുറൈശികളില്‍ 70 പേര്‍ വധിക്കപ്പെട്ടു. 70 പേരെ ബന്ധനസ്ഥരാക്കുകയും ചെയ്തു.
അവരുടെ ഒട്ടകങ്ങളും മറ്റു സാധനസമഗ്രികളത്രയും മുസ്‌ലിംകള്‍ക്ക്‌ യുദ്ധമുതലായി ലഭിച്ചു. ചരിത്രപ്രസിദ്ധമായ ഈ വിജയം ഇസ്‌ലാമിനെ അറേബ്യയില്‍ ഒരു ശക്തിയായി ഉയര്‍ത്തി. യുദ്ധത്തില്‍ ദയനീയമായി പരാജയപ്പെട്ട ഖുറൈശികള്‍ കൂടുതല്‍ ശക്തി സംഭരിച്ച്‌ തിരിച്ചുവന്ന്‌ പ്രതികാരം വീട്ടുമെന്ന്‌ പ്രതിജ്ഞയെടുത്ത്‌ രണാങ്കണം വിട്ടു. തുടര്‍ന്ന്‌ മക്കയും മദീനയുമായി രൂക്ഷമായ യുദ്ധാവസ്ഥ കുറേക്കാലം നിലനിന്നു. മക്കാവിമോചനം വരെ പല യുദ്ധങ്ങളും നടക്കുകയുണ്ടായി.
ബദര്‍ യുദ്ധത്തിന്റെ നിരൂപണവും ആ സംഭവത്തെത്തുടര്‍ന്നുണ്ടായ പ്രശ്‌നങ്ങള്‍ക്കുള്ള പരിഹാരവുമാണ്‌ ഈ അധ്യായത്തിലെ പ്രമേയം.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.

1. യുദ്ധമുതലുകളെക്കുറിച്ച്‌ അവര്‍ നിന്നോട്‌ ചോദിക്കുന്നു. പറയുക: യുദ്ധമുതലുകള്‍ അല്ലാഹുവിനും അവന്റെ ദൂതന്നുമുള്ളതാകുന്നു. നിങ്ങള്‍ അല്ലാഹുവിനെ ഭയപ്പെടുവിന്‍. നിങ്ങള്‍ക്കിടയിലുള്ള പരസ്‌പര ബന്ധങ്ങള്‍ നന്നാക്കുവിന്‍. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുവിന്‍. നിങ്ങള്‍ സത്യവിശ്വാസികളാണെങ്കില്‍.

---

1: ബദര്‍ യുദ്ധവേളയില്‍ ശത്രുപക്ഷത്തുനിന്ന്‌ പിടിച്ചെടുത്ത യുദ്ധമുതലുകള്‍ എങ്ങനെ കൈകാര്യം ചെയ്യണമെന്ന കാര്യത്തില്‍ യുദ്ധത്തില്‍ പങ്കെടുത്ത ഭടന്മാര്‍ക്കിടയില്‍ തര്‍ക്കമുണ്ടായി. അറബികള്‍ക്കിടയില്‍ സാധാരണമായിരുന്ന ഗോത്രയുദ്ധങ്ങളില്‍ പങ്കെടുത്തിരുന്നവര്‍ ശത്രുപക്ഷത്തുനിന്ന്‌ കിട്ടിയതൊക്കെ സ്വന്തമാക്കിയിരുന്നു. യുദ്ധമുതലുകള്‍ പിടിച്ചെടുത്ത ഭടന്മാരും, യുദ്ധമുതലില്‍ ശ്രദ്ധിക്കാതെ യുദ്ധത്തില്‍ തോറ്റോടിയ ശത്രുക്കളെ പിന്തുടര്‍ന്നതിനാല്‍ യുദ്ധമുതല്‍ ശേഖരിക്കാന്‍ കഴിയാത്തവരും യുദ്ധവേളയില്‍ നബിയെ(സ)സംരക്ഷിക്കാന്‍ ചുമതലപ്പെടുത്തിയിരുന്ന ഭടന്മാരും അവരവരുടെ അവകാശങ്ങള്‍ക്കായി വാദിച്ചു തുടങ്ങി. ഈ പശ്ചാത്തലത്തിലാണ്‌ ഈ അധ്യായം അവതരിക്കുന്നത്‌.
യുദ്ധമുതലിന്റെ യഥാര്‍ഥ ഉടമസ്ഥത അല്ലാഹുവിനാണ്‌. അത്‌ പങ്കുവെക്കുന്ന കാര്യവും അവനാണ്‌ തീരുമാനിക്കേണ്ടത്‌. അജ്ഞാനകാലത്ത്‌ അറബികള്‍ യുദ്ധം ചെയ്തിരുന്നത്‌ അന്യരോടുള്ള പകപോക്കാനും അവരുടെ ധനം പിടിച്ചെടുക്കാനുമായിരുന്നു.എന്നാല്‍ അല്ലാഹുവിന്റെ കല്‍പനപ്രകാരം നടത്തിയ യുദ്ധത്തിന്റെ ലക്ഷ്യം ശത്രുക്കളില്‍നിന്ന്‌ ലഭിക്കുന്ന മുതലുകളാവാന്‍ പാടില്ല. യുദ്ധത്തിന്റെ യഥാര്‍ഥ ലക്ഷ്യസാക്ഷാല്‍ക്കാരത്തിനു പുറമെ ഈ യുദ്ധമുതല്‍ അല്ലാഹു നിങ്ങള്‍ക്ക്‌ നല്‍കിയ അധികനേട്ടമാണ്‌. മുസ്‌ലിംകള്‍ യുദ്ധം ചെയ്യുന്നത്‌ ഭൗതികലാഭങ്ങള്‍ പങ്കുവെക്കാനാവരുത്‌. അതിനാല്‍ യുദ്ധമുതലിനെക്കുറിച്ച്‌ തര്‍ക്കിക്കാതെ നിങ്ങളുടെ പരസ്‌പര ബന്ധങ്ങള്‍ നന്നാക്കുവിന്‍. ഈ വിഷയത്തില്‍ അല്ലാഹുവിന്റെ തീരുമാനം വരുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുക.

---

2. അല്ലാഹുവിനെക്കുറിക്കോര്‍മിപ്പിച്ചാല്‍ ഹൃദയം പ്രകമ്പിതമാകുന്നവരത്രെ യഥാര്‍ഥ വിശ്വാസികള്‍.അവന്റെ സൂക്തങ്ങള്‍ ഓതിക്കേള്‍പ്പിക്കപ്പെട്ടാല്‍ അവരുടെ വിശ്വാസം വര്‍ധിക്കുകയും സര്‍വസ്വവും തങ്ങളുടെ നാഥനില്‍ ഭരമേല്‍പിക്കുകയും ചെയ്യുന്നു.

---

2: ഒരാളിൽനിന്ന് അബദ്ധത്തിൽ ഒരു തെറ്റു സംഭവിക്കുകയും അതിന്റെ പശ്ചാത്തലത്തിൽ അല്ലാഹുവിനെക്കുറിച്ച് അയളെ ഓർമിപ്പിക്കുകയും ചെയ്യുമ്പോൾ അതയാളെ ഭയചകിതനാക്കുകയും തെറ്റിൽ നിന്ന് ഉടനെ പിന്മാറുകയും ചെയ്യുന്നുവെങ്കിൽ അയാൾ യഥാർഥ വിശ്വാസിയാണ്. ഒരക്രമം ഉദ്ദേശിക്കുകയോ ഒരു പാപം ചെയ്യാൻ തുനിയുകയോ ചെയ്യുമ്പോൾ 'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക' എന്ന് കേൾക്കുന്നതോടേ യഥാർഥ വിശ്വാസിയുടെ മനസ്സ് ഭീതിതമാകുന്നു. തന്റെ നടപടി അല്ലാഹുവിന്റെ പേരിൽ വിമർശിക്കപ്പെടുമ്പോൾ ഉത്കണ്ഠാകുലനാവുകയും തന്റെ നിലപാടിൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ തയാറാവുകയുമാണെങ്കിൽ അയാളുടെ മനസ്സിൽ ഉറച്ച വിശ്വാസമുണ്ട്.

3. അവർ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നവരും നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് (നമ്മുടെ മാർഗത്തിൽ) ചെലവഴിക്കുന്നവരുമാകുന്നു.

4. അവർതന്നെയാകുന്നു യഥാർഥ സത്യവിശ്വാസികൾ. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ ഉന്നത സ്ഥാനങ്ങളും, പാപമോചനവും മഹത്തായ വിഭവങ്ങളുമുണ്ട്.

4: യഥാർഥ സത്യവിശ്വാസികളുടെ അഞ്ച് അനിവാര്യ ഗുണങ്ങളാണ് ഈ സൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നത്. അല്ലാഹുവിനെക്കുറിച്ചോർമിപ്പിച്ചാൽ മനസ്സിൽ ഭയവും ഉത്കണ്ഠയും ഉണരുക, അല്ലാഹുവിന്റെ വചനങ്ങൾ കേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുക, തങ്ങളെ മുഴുവനായി അല്ലാഹുവിന് സമർപ്പിക്കുക, നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുക, അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവ് ചെയ്യുക. ഇതിൽ ആദ്യത്തെ മൂന്ന് ഗുണങ്ങൾ മാനസികവും നാലും അഞ്ചും കർമ്മപരവുമാണ്. ഉപരിസൂചിത ഗുണങ്ങളുള്ള യഥാർഥ വിശ്വാസികൾക്ക് അല്ലാഹുവിങ്കൽ മഹത്തായ സ്ഥാനമാനങ്ങളും പാപമുക്തിയും ആദരണീയമായ വിഭവങ്ങളുമരുളുന്നതാണ്.

5. നിന്റെ രക്ഷിതാവ് സത്യസമേതം നിന്നെ നിന്റെ വീട്ടിൽനിന്ന് പുറത്തിറക്കിയതുപോലെത്തന്നെയാണിത്(യുദ്ധമുതലുകളിലുള്ള തർക്കവും).തീർച്ചയായും വിശ്വാസികളിലൊരു വിഭാഗം അതിഷ്ടപ്പെട്ടിരുന്നില്ല.

6. സത്യം വ്യക്തമായി കഴിഞ്ഞിട്ടും അവർ നിന്നോടു തർക്കിക്കുകയായിരുന്നു.അവർ നോക്കിക്കൊണ്ടിരിക്കെ മരണത്തിലേക്ക് അവർ നയിക്കപ്പെടുന്നതുപോലെ.

5,6:അബൂസുഫ്യാന്റെ നേതൃത്വത്തിൽ മദീനവഴി കടന്നുപോകുന്ന കച്ചവട സംഘത്തെ നിരീക്ഷിക്കാൻ പ്രവാചകൻ(സ) ചില ശിഷ്യന്മാരെ നിയോഗിച്ചിരുന്നു. എന്നാൽ അവർ തിരിച്ചെത്തുന്നതിനു മുമ്പു തന്നെ പ്രവാചകൻ(സ) മുസ്ലിംകളെ വിളിച്ചുകൂട്ടി ഖുറൈശികളെ നേരിടാനുള്ള തീരുമാനത്തെപ്പറ്റി അവരെ അറിയിച്ചു.'വടക്കു ഭാഗത്തുനിന്ന് കച്ചവട സംഘം തെക്കു ഭാഗത്തുനിന്ന് ഖുറൈശിപ്പടയുടെ വരവും.രണ്ടിലൊരു സംഘത്തെ നിങ്ങൾക്ക് നൽകാമെന്ന് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു.ഇതിൽ ഏത് സംഘത്തെയാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കുക.' കച്ചവട സംഘത്തെ നേരിടാനാണ് അധികപേരും ആഗ്രഹിച്ചത്. മുപ്പത് നാൽപത് കാവൽക്കാരേ അതിലുണ്ടായിരുന്നുള്ളു. എന്നാൽ തിരുമേനിയുടെ ആഗ്രഹം മറ്റൊന്നായിരുന്നു. വേറെ ചിലർ പ്രവാചകന്റെ പുറപ്പാടിനെ കണ്ടത് ആപത്കരമായ സാഹസികമായിട്ടാണ്. പലർക്കും ഈ പടപ്പുറപ്പാട് അരോചകമായി തോന്നി. വിശ്വാസി സമൂഹമെന്ന നിലയിൽ പ്രവാചകൻ(സ) എന്തു കൽപിച്ചുവോ അത് വൈമനസ്യം കൂടാതെ അനുസരിക്കാൻ തയാറാവുകയാണ് വേണ്ടിയിരുന്നത്.
ശിഷ്യന്മാരുമായുള്ള പ്രഭാഷണത്തിനുശേഷം കച്ചവട സംഘത്തെ വിട്ട് ഖുറൈശിപ്പടയെ നേരിടാനുള്ള തീരുമാനമുണ്ടായി. ധർമത്തിന്റെയും ന്യായത്തിന്റെയും അടിസ്ഥാനത്തിൽ അല്ലാഹു അവരെ ഖുറൈശിപ്പടക്കെതിരെ പുറപ്പെടുവിക്കുകയായിരുന്നു. പ്രവാചകന്റെ പുറപ്പാടിനെ അതിസാഹസികമെന്ന് ചിലർ കരുതിയിരുന്നതുപോലെയും യുദ്ധത്തിന്റെ യുക്തിയെക്കുറിച്ച് തർക്കിച്ചിരുന്നതുപോലെയും തന്നെയാണ് യുദ്ധാനന്തരം യുദ്ധമുതലുകളുടെ വിതരണത്തെക്കുറിച്ച് തർക്കിക്കുന്നതും.ഇന്ന് യുദ്ധമുതലുകളിൽ അവകാശം ഉന്നയിക്കുന്നവരിൽ പലരും അന്ന് യുദ്ധത്തെ ഭയക്കുകയും വെറുക്കുകയുമായിരുന്നു. അറിഞ്ഞുകൊണ്ട് മരണത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നതുപോലെയാണ് അവർ പ്രവാചകനോടൊപ്പം സഞ്ചരിച്ചിരുന്നത്.

7. രണ്ടു സംഘങ്ങളിലൊന്ന് നിങ്ങൾക്ക് അധീനമാകുമെന്ന് അല്ലാഹു നിങ്ങളോട് വാഗ്ദത്തം ചെയ്തിരുന്ന സന്ദർഭം. ആയുധബലമില്ലാത്ത സംഘത്തെ നിങ്ങൾക്കു കിട്ടണമെന്നായിരുന്നു നിങ്ങൾ ആഗ്രഹിച്ചത്. പക്ഷേ, തന്റെ വചനങ്ങൾ വഴി സത്യത്തെ സത്യമായി സ്ഥാപിക്കാനും നിഷേധികളുടെ വേരറുക്കാനുമായിരുന്നു അല്ലാഹു ഉദ്ദേശിച്ചത്.

8. സത്യത്തെ സാക്ഷാത്കരിക്കാനും അസത്യത്തെ തകർത്തുകളയാനുമാണത്; ധിക്കാരികൾക്ക് അതെത്ര അരോചകമായിരുന്നാലും.

---

7,8: രണ്ടു സംഘം കൊണ്ടുദ്ദേശ്യം അബൂസുഫ്‌യാന്റെ നേതൃത്വത്തിലുള്ള കച്ചവട സംഘവും അബൂജഹലിന്റെ നേതൃത്വത്തിലുള്ള സൈനിക സംഘവുമാണ്. യഥാർഥത്തിൽ മുസ്‌ലിംകൾ ഏറ്റുമുട്ടേണ്ടത് ഖുറൈശിപ്പടയോടാണെന്ന് അല്ലാഹു തീരുമാനിച്ചതായിരുന്നു. മുസ്‌ലിംകൾ ഖുറൈശി സൈന്യത്തെ നേരിടാനിറങ്ങിയില്ലെങ്കിൽ പിന്നീട് അറേബ്യയിൽ ഇസ്‌ലാമിന് ജീവിക്കാനുള്ള അവസരം തന്നെ അവശേഷിക്കുമായിരുന്നില്ല. ഖുറൈശികളെ പരാജയപ്പെടുത്തുന്നത് മക്കയിലെ സത്യനിഷേധികളുടെ കേന്ദ്രത്തിനേൽക്കുന്ന കനത്ത ആഘാതമായിരിക്കും. തങ്ങളുടെ ബഹുദൈവ വിശ്വാസം സത്യമാണെന്ന വിശ്വാസത്തിലായിരുന്നു ഖുറൈശികൾ.അതിനാൽ 'ദൈവങ്ങളേ സത്യത്തെ വിജയിപ്പിക്കേണമേ' എന്ന് പ്രാർഥിച്ചുകൊണ്ടാണ് അവർ ബദറിലേക്ക് യുദ്ധത്തിനു പുറപ്പെട്ടത്. ബദറിലെ പരാജയം അവരുടെ വിശ്വാസത്തിന്റെ വേരറുത്തുകളഞ്ഞു.

---

9. നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം ചോദിച്ച സന്ദർഭം:അപ്പോൾ അവൻ നിങ്ങൾക്കു മറുപടി നൽകി. ഒരായിരം മലക്കുകളെ തുടരെ അയച്ചുകൊണ്ട് ഞാൻ നിങ്ങളെ സഹായിക്കുന്നതാണ്.

---

9: ബദർ യുദ്ധം ആരംഭിക്കുന്നതിനു മുമ്പ് പ്രവാചകൻ(സ) നടത്തിയ പ്രാർഥനയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. മലക്കുകളെ അയച്ച് സഹായിക്കാമെന്ന് അല്ലാഹു അദ്ദേഹത്തിന് വെളിപാടു നൽകി. അദ്ദേഹം ശിഷ്യന്മാരോട് പറഞ്ഞു: 'മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവനാണ, പിന്തിരിഞ്ഞോടാതെ ഫലേഛയോടെ ക്ഷമാപൂർവം ഉറച്ചുനിന്ന് ശത്രുക്കളോട് പൊരുതി വീരചരമം പ്രാപിക്കുന്നവരെ തീർച്ചയായും അല്ലാഹു സ്വർഗാവകാശിയാക്കും.' ഈ യുദ്ധമുതൽ നിങ്ങളുടെ സ്വന്തം ത്യാഗത്തിന്റെയും വീരപരാക്രമത്തിന്റെയും നേട്ടമായി വിചാരിക്കുവാനും അതിന്റെ ഉടമസ്ഥത അവകാശപ്പെടുവാനും നിങ്ങൾക്കൊരു ന്യായവുമില്ലെന്ന് യുദ്ധമുതലിനുവേണ്ടി വാദിച്ചവരെ ഓർമപ്പെടുത്തുന്നു. അതെല്ലാം ദൈവത്തിന്റെ സൗജന്യമാണ്. ദൈവദത്തമായ സമ്പത്ത് കൈകാര്യം ചെയ്യേണ്ടത് ദൈവഹിതമനുസരിച്ച് മാത്രമാണ്.

---

10. നിങ്ങൾക്ക് ഒരു സന്തോഷവാർത്തയായും നിങ്ങളുടെ മനസ്സുകൾ ശാന്തമാകുന്നതിനും വേണ്ടിയല്ലാതെ അല്ലാഹു(ഈ വാഗ്ദാനം)നൽകിയിട്ടില്ല. (എപ്പോഴായാലും)അല്ലാഹുവിങ്കൽനിന്നല്ലാതെ സഹായം ഇല്ലതന്നെ. നിശ്ചയമായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

---

10: ബദർ യുദ്ധത്തിൽ ജയിക്കാൻ യാതൊരു സാധ്യതയുമില്ലാതിരുന്നിട്ടും മുസ്‌ലിംകൾ അത്ഭുതകരമായ വിജയം നേടി എന്നത് അതിൽ ദൈവിക സഹായം ലഭിച്ചുവെന്നതിന്റെ വ്യക്തമായ തെളിവാകുന്നു. 'സത്യവിശ്വാസികളെ സഹായിക്കുക നമ്മുടെ ബാധ്യതയായിരിക്കുന്നു. (30:47)

---

11. അല്ലാഹു അവങ്കൽനിന്നുള്ള സമാധാനമായി നിങ്ങളെ നിദ്രാമയക്കത്താൽ പൊതിഞ്ഞതും, നിങ്ങളെ ശുദ്ധീകരിക്കാനും, പൈശാചികമായ മ്ലേഛത നീക്കിക്കളയാനും, നിങ്ങളുടെ മനസ്സുകൾ ദൃഢമാക്കാനും അതുവഴി നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്താനും ആകാശത്തുനിന്ന് നിങ്ങൾക്കു മീതെ മഴ വർഷിപ്പിച്ചു തന്ന സന്ദർഭം (ഓർക്കുവിൻ.)

---

11: പിറ്റേന്ന് കാലത്ത് ശത്രുക്കളുമായി ഏറ്റുമുട്ടാൻ പോകുന്ന മുസ്‌ലിം യോദ്ധാക്കൾക്ക് ഉറങ്ങാൻ കഴിയുമാറ് മനഃശാന്തിയും സമാധാനവും നൽകിയത് അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത മറ്റൊരനു

ഗ്രഹമായിരുന്നു. നല്ലൊരു മഴപെയ്തതിനാൽ ബദർ താഴ്വരയുടെ മേൽ ഭാഗത്ത് താവളമടിച്ചിരുന്ന മുസ്ലിംകൾക്ക് വേണ്ടത്ര വെള്ളം ശേഖരിക്കാൻ കഴിഞ്ഞു. വരണ്ട മണൽ നനഞ്ഞുറച്ചപ്പോൾ പ്രയാസം കൂടാതെ പാദമുറപ്പിച്ച് നടന്നു നീങ്ങാനും സാധിച്ചു. എന്നാൽ താഴ്ന്ന ഭാഗത്തായി താവളമടിച്ചിരുന്ന ശത്രുസേനക്ക് മഴ വിനയാവുകയാണുണ്ടായത്. വെള്ളം ആ ഭാഗത്തേക്കൊഴുകി അവിടമാകെ ചളിപിളിയായി. അവരുടെ കാൽ ചളിയിൽ പൂണ്ട് നടപ്പ് ദുഷ്കരമായിത്തീർന്നു.

12. നിന്റെ നാഥൻ മലക്കുകൾക്ക് ബോധനം നൽകിയ സന്ദർഭം(ഓർക്കുക.) എന്തെന്നാൽ ഞാൻ നിങ്ങളോടൊപ്പമുണ്ട്. അതിനാൽ നിങ്ങൾ വിശ്വാസികളെ ഉറപ്പിച്ചു നിർത്തുക. അവിശ്വാസികളുടെ ഹൃദയങ്ങളിൽ നാം ഭീതി നിറക്കുക തന്നെ ചെയ്യുന്നതാണ്. അതിനാൽ നിങ്ങൾ അവരുടെ കഴുത്തുകൾക്ക് മീതെ വെട്ടുക.അവരുടെ എല്ലാ വിരലുകളും നിങ്ങൾ വെട്ടിമാറ്റുക.

12: വിശ്വാസികളെ ഉറപ്പിച്ചു നിർത്തുക, അവരുടെ മനസ്സിന് ധൈര്യം പകരുക, ഇതൊക്കെയായിരുന്നു മുസ്ലിം സൈന്യത്തിലേക്ക് നിയുക്തരായ മലക്കുകളോടുള്ള അല്ലാഹുവിന്റെ നിർദേശം. മലക്കുകൾ നേരിട്ട് വാളെടുത്ത് യുദ്ധം ചെയ്തിട്ടില്ലെന്നാണ് പണ്ഡിതന്മാരുടെ പ്രബലമായ അഭിപ്രായം. മലക്കുകൾ വിശ്വാസികളെ ആത്മവിശ്വാസത്തോടെ പോർക്കളത്തിലിറക്കി. മുസ്ലിം യോദ്ധാക്കൾ സർവശക്തിയും സംഭരിച്ച് സർവസ്വവും അല്ലാഹുവിൽ സമർപ്പിച്ച് ആത്മാർപ്പണത്തോടെ പൊരുതി വിജയം കൈവരിക്കുകയും ചെയ്തു. ഈ യുദ്ധവിജയത്തിൽ ദൈവകാരുണ്യത്തിന്റെ പങ്ക് എത്രയുണ്ടെന്ന് നിങ്ങൾക്ക് സ്വയം മനസ്സിലാക്കാവുന്നതാണ്.

13. അവർ അല്ലാഹുവെയും അവന്റെ ദൂതനെയും എതിർത്തതിനാലാണിത്. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും എതിർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.

14. അതാണ് (നിങ്ങൾക്കുള്ള ശിക്ഷ.) ഇനി അത് ആസ്വദിച്ചുകൊള്ളുക. അവിശ്വാസികൾക്ക് നരകശിക്ഷയുണ്ടെന്ന് (മനസ്സിലാക്കുക.)

15. അല്ലയോ സത്യവിശ്വാസികളേ, സത്യനിഷേധികളുടെ പടയെ നേരിടുമ്പോൾ നിങ്ങൾ പിന്തിരിഞ്ഞോടരുത്.

16. അത്തരം സന്ദർഭങ്ങളിൽ, യുദ്ധ തന്ത്രമായിട്ടോ അല്ലെങ്കിൽ സ്വന്തം സംഘത്തോടൊപ്പം ചേരുന്നതിനു വേണ്ടിയോ അല്ലാതെ അന്ന് അവരിൽനിന്ന് പിന്തിരിഞ്ഞു പോകുന്നവർ, തീർച്ചയായും അവർ അല്ലാഹുവിന്റെ കോപത്തിൽ പതിക്കുന്നതും അവന്റെ അഭയസ്ഥാനം നരകമായിരിക്കുകയും ചെയ്യും. എത്ര ദുഷിച്ച സങ്കേതം!

15,16:കേവലം ഭീരുത്വത്തിന്റെയും പരാജയത്തിന്റെയും പേരിൽ സമര മുഖത്തുനിന്ന് ഒളിച്ചോടുന്നത് അല്ലാഹുവിന്റെ കോപത്തിന് ഇരയാക്കുന്നു. ആദർശലക്ഷ്യത്തേക്കാൾ ജീവന് വിലകൽപിക്കുന്നതു മൂലമാണിത് സംഭവിക്കുന്നത്. പലപ്പോഴും ഒരാൾ പിന്തിരിഞ്ഞോടുന്നത് ഒരു സംഘത്തിന്റെ പിന്തിരിഞ്ഞോട്ടത്തിന് കാരണമായേക്കും. ഒരു സംഘത്തിന്റെ തിരിഞ്ഞോട്ടം മുഴുവൻ സൈന്യത്തെയും ഒരുവേള അപകടത്തിലാക്കിയേക്കാം. ചിലപ്പോഴത് ഒരു സൈനിക പരാജയമെന്നതിൽ കവിഞ്ഞ് ഒരു സമൂഹത്തെത്തന്നെ നശിപ്പിച്ചെന്നും വരാം.
യുദ്ധമുന്നണിയിൽ നിന്ന് ഓടിപ്പോകുന്നത് മഹാപാപങ്ങളുടെ കൂട്ടത്തിലാണ് ഇസ്ലാം എണ്ണിയിരിക്കുന്നത്. അല്ലാഹുവിന് പങ്കാളികളുണ്ടെന്ന് ആരോപിക്കുക,മാതാപിതാക്കളുടെ അവകാശം നിഷേധിക്കുക, അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽനിന്നോടിപ്പോവുക എന്നിവ മനുഷ്യന്റെ എല്ലാ നന്മകളെയും നശിപ്പിക്കുന്ന മൂന്ന് പാപങ്ങളാണെന്ന് പ്രവാചകൻ(സ) അരുൾചെയ്തിരിക്കുന്നു.

17. (സത്യവിശ്വാസികളേ,) എന്നാൽ നിങ്ങളല്ല അവരെ വധിച്ചത്; പ്രത്യുത അല്ലാഹുവാകുന്നു അവരെ വധിച്ചത്.(നബിയെ,) നീ എറിഞ്ഞപ്പോൾ (യഥാർഥത്തിൽ) നീയല്ല എറിഞ്ഞത്;

പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത്. അവങ്കൽനിന്നുള്ള നല്ലതായ ഒരു പരീക്ഷണത്താൽ സത്യവിശ്വാസികളെ അവൻ പരീക്ഷിക്കുന്നതിനുവേണ്ടി. നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

18. ഇതാണ്(വസ്തുത.) അല്ലാഹു സത്യനിഷേധികളുടെ തന്ത്രത്തെ ബലഹീനമാക്കുന്നവനുമാകുന്നു.

---

17,18:അല്ലാഹുവിൻെറ പ്രത്യേക സഹായംകൊണ്ടാണ് മൂന്നിരട്ടിവരുന്ന ശത്രു സൈന്യത്തെ നിങ്ങൾക്ക് തോൽപിക്കാൻ കഴിഞ്ഞത്. ഇത്തരം സന്ദർഭങ്ങളിൽ അല്ലാഹുവാണ് നിങ്ങളുടെ കൈകളിലൂടെ പ്രവർത്തിക്കുന്നത്. നിങ്ങളുടെ പ്രവർത്തനത്താൽ ഇന്നയിന്നവരൊക്കെ വധിക്കപ്പെടണമെന്ന് വിധിച്ചതും അവൻ തന്നെ.

യുദ്ധം തുടങ്ങുന്നതിനു മുമ്പ് നബിതിരുമേനി ഒരുപിടി മണൽവാരി 'മുഖങ്ങൾ നശിക്കട്ടെ' എന്നു ചൊല്ലിക്കൊണ്ട് ശത്രുക്കൾക്കുനേരെ എറിഞ്ഞതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

---

19. (ഹേ!ഖുറൈശികളേ!) നിങ്ങൾ വിധിത്തീർപ്പാണ് തേടിയിരുന്നതെങ്കിൽ തീർച്ചയായും നിങ്ങൾക്ക് വിധിത്തീർപ്പ് വന്നെത്തിയിരിക്കുന്നു. ഇനിയെങ്കിലും(അതിക്രമത്തിൽ നിന്ന്) നിങ്ങൾ വിരമിക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് നല്ലത്. ഇനി നിങ്ങൾ അതാവർത്തിക്കുകയാണെങ്കിൽ നാമും അതാവർത്തിക്കും. നിങ്ങളുടെ സംഘബലം എത്ര വലുതായാലും അത് നിങ്ങൾക്കൊട്ടും ഉപകരിക്കുകയില്ല. അല്ലാഹു സത്യവിശ്വാസികളുടെ കൂടെതന്നെയാകുന്നു.

---

19: ഖുറൈശികൾ മക്കയിൽ നിന്ന് ബദറിലേക്ക് പുറപ്പെടുമ്പോൾ കഅ്ബയുടെ മൂടുപടം പിടിച്ച് ഇങ്ങനെ പ്രാർഥിക്കുകയുണ്ടായി: അല്ലാഹുവേ, രണ്ട് സൈന്യങ്ങളിൽ ഉന്നതമായതിനെ, രണ്ടു ഗോത്രങ്ങളിൽ ഉന്നതമായതിനെ, രണ്ട് സംഘങ്ങളിൽ വിശിഷ്ടമായതിനെ നീ സഹായിക്കേണമേ.' ബദർ യുദ്ധം തുടങ്ങുന്ന സന്ദർഭത്തിൽ അബൂജഹൽ പ്രാർഥിച്ചു: 'അല്ലാഹുവേ, ഞങ്ങളിൽ കുടുംബം തകർക്കുന്നവനും ഞങ്ങൾക്കപരിചിതമായ തത്ത്വങ്ങളുമായി ഞങ്ങളിൽ വന്നവനും ആരാണോ, ഈ പ്രഭാതത്തിൽ അവനെ നീ നശിപ്പിക്കേണമേ.

അവരുടെ പ്രാർഥന അല്ലാഹു അക്ഷരാർഥത്തിൽ പൂർത്തീകരിച്ചു. ആരാണ് സത്യവന്മാരെന്നും ആരാണ് അസത്യവന്മാരെന്നും അല്ലാഹു അവർക്ക് വേർതിരിച്ചു കാണിച്ചു കൊടുത്തു.നിങ്ങളുടെ ചോദ്യത്തിന് ശരിയായ ഉത്തരം ബദർ യുദ്ധത്തിലൂടെ ഇതാ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

---

20. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവൻെറ ദൂതനെയും അനുസരിക്കുവിൻ. (സത്യസന്ദേശം) കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തിൽ നിന്ന് തിരിഞ്ഞു പോകരുത്.

21. ഞങ്ങൾ കേട്ടിരിക്കുന്നു എന്നു പറയുകയും ഒന്നും കേൾക്കാതിരിക്കുകയും ചെയ്തവരെപ്പോലെ നിങ്ങൾ ആകാൻ പാടില്ല.

---

21:പ്രവാചകൻെറ മുമ്പിൽ ഞങ്ങൾ കേൾക്കുന്നു എന്നു നടിക്കുകയും കർമ്മപഥത്തിൽ ധിക്കരിക്കുകയും ചെയ്യുക. യഹൂദർ അങ്ങനെ ചെയ്തിരുന്നതായി ഖുർആൻ പറയുന്നുണ്ട്.

---

22. തീർച്ചയായും അല്ലാഹുവിങ്കൽ ഏറ്റം നികൃഷ്ടജീവികൾ ചിന്തിക്കാത്ത (ഇത്തരം) മൂകരും ബധിരരുമാണ്.

---

22: ബുദ്ധി ഉപയോഗിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാത്തതിനാൽ തങ്ങളുടെ കേൾവിശക്തിയും സംസാരശേഷിയും നിഷ്ഫലമാക്കിയവരാണ് ഇത്തരക്കർ. പഞ്ചേന്ദ്രിയങ്ങളിലൂടെ ജ്ഞാനം ഉൾക്കൊള്ളാൻ ശ്രമിക്കാത്ത മനുഷ്യർ മിണ്ടാ പ്രാണികളായ കാലികളെപ്പോലെയാകുന്നു. മൃഗങ്ങൾക്ക് ശാരീരികാവശ്യങ്ങൾ പൂർത്തീകരിക്കുക എന്നതിനപ്പുറം ഒരു ജീവിതമില്ല. ബുദ്ധിയുപയോഗിച്ച് ചിന്തിക്കുക

യോ കാര്യങ്ങൾ ആസൂത്രണം ചെയ്യുകയോ ഒന്നും വേണ്ട. എന്നാൽ മനുഷ്യന് ജന്തുസഹജമായ ജഡികാവശ്യങ്ങൾക്കപ്പുറം ആത്മീയമായ ചില ആവശ്യങ്ങൾ കൂടിയുണ്ട്.

23. അവരിൽ വല്ല നന്മയും ഉള്ളതായി അല്ലാഹു അറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും അവൻ അവരെ കേൾപ്പിക്കുമായിരുന്നു. (നന്മയൊട്ടും ഇല്ലെന്നിരിക്കെ) അവരെ കേൾപ്പിച്ചാൽ അവർ അവഗണിച്ചു പിന്മാറുകയേയുള്ളു.

24. അല്ലയോ വിശ്വസിച്ചവരേ, നിങ്ങളെ സജീവരാക്കുന്ന ഒന്നിലേക്ക് വിളിക്കുമ്പോൾ നിങ്ങൾ അല്ലാഹുവിനും ദൂതനും ഉത്തരം കൊടുക്കുവിൻ. അറിഞ്ഞിരിക്കുവിൻ, അല്ലാഹു മനുഷ്യന്നും അവന്റെ മനസ്സിനുമിടയിൽ മറയിട്ടുകളയും. നിങ്ങളൊക്കെയും അവങ്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും.

25. നിങ്ങളിൽ കുറ്റം ചെയ്തവരെ മാത്രം പ്രത്യേകം ബാധിക്കുന്നതല്ലാത്ത വിപത്തിനെ സൂക്ഷിക്കുവിൻ. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് അറിഞ്ഞിരിക്കുവിൻ.

25:സജ്ജനങ്ങൾ വ്യക്തിപരമായ സംസ്കരണത്തിൽ മാത്രം ശ്രദ്ധിച്ചാൽ പോരാ,സമൂഹത്തിന്റെ പൊതുക്ഷേമവും സമാധാനവും കാത്തുരക്ഷിക്കാൻ അവർ ബാധ്യസ്ഥരാണ്. കാരണം സമൂഹത്തിൽ ഒരു തിന്മ വേരോടിയാൽ അതിവേഗം അത് പടർന്നുകൊണ്ടിരിക്കും. പിന്നീട് തിന്മ ചെയ്തവർ മാത്രമല്ല ആ തിന്മകളിൽ ഏർപ്പെട്ടിട്ടില്ലാത്തവരും അതിന്റെ അനന്തര ഫലങ്ങൾക്കിരയാകുന്നതാണ്. പല തിന്മകളുടെയും ദുഷ്ഫലങ്ങൾ മുഴുവൻ സമൂഹത്തെയും ചിലപ്പോൾ പിൻതലമുറകളെയും ഗ്രസിക്കാൻ ഇടയാക്കുന്നു. ഒരു തിന്മ കണ്ടാൽ കഴിയുമെങ്കിൽ കൈകൊണ്ട് അല്ലെങ്കിൽ വാക്കുകൊണ്ട് അതിനും കഴിയുന്നില്ലെങ്കിൽ മനസ്സുകൊണ്ടെങ്കിലും ചെറുക്കേണ്ടത് വിശ്വാസിയുടെ ബാധ്യതയാണെന്ന നബിവചനം പ്രസിദ്ധമാണ്. അതിനാൽ വിശ്വാസികൾ സാമൂഹ്യതിന്മകൾ ദൂരീകരിക്കാനും സമൂഹത്തെ സംസ്കരിക്കാനും ശ്രമിക്കേണ്ടതുണ്ട്. സ്വകാര്യജീവിതത്തിൽ നല്ലവരായ കുറേ വ്യക്തികൾ സമൂഹത്തിൽ ഉണ്ടെന്നതുകൊണ്ടു മാത്രം സാമൂഹ്യവിപത്തുകൾ തടുക്കാനാവില്ല.

26. നിങ്ങൾ ഭൂമിയിൽ ദുർബലരായി കരുതപ്പെട്ടിരുന്ന കുറച്ചുപേർ മാത്രമായിരുന്ന സന്ദർഭം ഓർക്കുവിൻ. ജനങ്ങൾ നിങ്ങളെ റാഞ്ചിയെടുത്തേക്കുമോയെന്നുപോലും നിങ്ങൾ ഭയപ്പെട്ടിരുന്നു. പിന്നീട് അവൻ നിങ്ങൾക്ക് അഭയമേകി. തന്റെ സഹായത്താൽ നിങ്ങളെ പ്രബലരാക്കുകയും നിങ്ങൾക്ക് ഉത്തമമായ ജീവിതവിഭവങ്ങൾ നൽകുകയും ചെയ്തു.നിങ്ങൾ നന്ദിയുള്ളവരാകാൻ.

26:മക്കയിലെ ആദ്യകാല മുസ്ലിംകൾ എണ്ണത്തിൽ വളരെ കുറവും ദുർബലരും അടിച്ചമർത്തപ്പെട്ടവരും ആയിരുന്നു. മക്കയിലെ അപകടകരമായ ജീവിതത്തിൽ നിന്ന് അവരെ മോചിപ്പിച്ച് മദീനയിൽ അവർക്ക് അഭയസ്ഥാനം ഒരുക്കിക്കൊടുത്തു. ഖുറൈശികളാൽ നിശ്ശേഷം തുടച്ചു നീക്കപ്പെട്ടേക്കുമെന്ന അവസ്ഥയിൽനിന്ന് മോചിപ്പിച്ച് മദീനയിൽ അവർക്ക് നിർഭയത്വമേകി. ഇതെല്ലാം അല്ലാഹുവിന്റെ മഹത്തായ ഔദാര്യമാണ്. അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങൾക്കെല്ലാം നിങ്ങൾ നന്ദി കാണിക്കേണ്ടതുണ്ട്.

27. അല്ലയോ സത്യവിശ്വാസികളേ,നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും(മനഃപൂർവം) വഞ്ചിക്കരുത്. നിങ്ങളെ വിശ്വസിച്ചേൽപിച്ച കാര്യങ്ങളിൽ ബോധപൂർവം വഞ്ചന കാണിക്കരുത്.

28. അറിഞ്ഞിരിക്കുവിൻ: നിങ്ങളുടെ സമ്പത്തും നിങ്ങളുടെ സന്താനങ്ങളും പരീക്ഷണോപാധികൾ മാത്രമാകുന്നു. അല്ലാഹുവിങ്കലാണ് അതിമഹത്തായ പ്രതിഫലമുള്ളത്.

28:സമ്പത്തും സന്താനങ്ങളും മറ്റു ഭൗതിക വിഭവങ്ങളും ഐഹികജീവിതത്തിലെ അല്ലാഹുവിന്റെ പരീക്ഷണ വസ്തുക്കളാകുന്നു. സമ്പത്തിലും സന്താനങ്ങളിലുമുള്ള അതിരുകവിഞ്ഞ താൽപര്യവും അവരുടെ

സുഖസൗകര്യങ്ങളെ ഏറ്റവും വലിയ ലക്ഷ്യമായി സ്വീകരിക്കുന്നതും പലപ്പോഴും മനുഷ്യനെ വഞ്ചനയിലും കാപട്യത്തിലും പെടുത്തുന്നതാണ്. ഭൗതിക വിഭവങ്ങളിലുള്ള മോഹത്തെ അല്ലാഹുവിൻെറ പ്രീതിയേക്കാൾ പ്രാധാന്യം നൽകുന്നുണ്ടോ എന്നതാണ് പരീക്ഷണം.

29. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനോട് ഭക്തിയുള്ളവരാവുകയാണെങ്കിൽ അവൻ നിങ്ങൾക്ക് സത്യാസത്യവിവേചനശക്തി ഉണ്ടാക്കിത്തരുന്നതാണ്.അവൻ നിങ്ങളുടെ തിന്മകൾ മായ്ച്ചുകളയുകയും, നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുടയവനാകുന്നു.

29: അല്ലാഹു കൽപിച്ചതൊക്കെ അനുസരിക്കുകയും അവൻെറ അപ്രീതിക്ക് കാരണമാകുന്ന പ്രവർത്തനങ്ങളൊക്കെ വർജിക്കുകയും ചെയ്യുന്നവർക്ക് ജീവിതത്തിലെ ഓരോ പ്രതിസന്ധി ഘട്ടങ്ങളിലും തെറ്റും ശരിയും വേർതിരിച്ചു കാണാവുന്ന ഒരു പ്രകാശം അവരുടെ അന്തരംഗങ്ങളിൽ അവൻ സൃഷ്ടിച്ചു കൊടുക്കും. ഐഹികജീവിതത്തിൻെറ ഓരോ വഴിത്തിരിവിലും ആ വിവേചന ശക്തി ശരിയായ തീരുമാനമെടുക്കാൻ അവരെ കഴിവുള്ളവരാക്കിത്തീർക്കും. സന്മാർഗമേതെന്നും ദുർമാർഗമേതെന്നും സ്വയം മനസ്സിലാക്കാൻ അവർക്കു കഴിയും.

30. നിന്നെ തടവിലിടുകയോ വധിച്ചുകളയുകയോ നാടുകടത്തുകയോ ചെയ്യുന്നതിനുവേണ്ടി സത്യനിഷേധികൾ നിനക്കെതിരെ തന്ത്രങ്ങളാസൂത്രണം ചെയ്തുകൊണ്ടിരുന്ന സന്ദർഭം(ഓർക്കുക.) അവർ (സ്വന്തം)തന്ത്രങ്ങൾ പ്രയോഗിക്കുന്നു.അല്ലാഹു (അവൻെറ)തന്ത്രങ്ങളും പ്രയോഗിക്കുന്നു. തന്ത്രശാലികളിലേറ്റം മികച്ചവൻ അല്ലാഹുവാകുന്നു.

30:മക്കയിൽ നിന്ന് മദീനയിലേക്കുള്ള പ്രവാചകൻെറ(സ) പലായനത്തിന് തൊട്ടുമുമ്പ് ഖുറൈശികൾ നടത്തിയ ഒരു ഗൂഢാലോചനയെയാണ് ഈ വചനം സൂചിപ്പിക്കുന്നത്. മക്കയിൽ രഹസ്യമായി ഇസ്ലാമിനോട് അനുഭാവം പുലർത്തുന്നവർ വർധിക്കുകയും ചിലർ ഒളിഞ്ഞും മറഞ്ഞും മദീനയിലേക്ക് പലായനം ചെയ്യുന്നതും ഖുറൈശികളെ പരിഭ്രാന്തരാക്കിയിരുന്നു. ഇസ്ലാമിന് മദീനയിൽ ഒരു കേന്ദ്രം രൂപപ്പെടുകയും അനുയായികൾ വർധിച്ചുവരുന്നതിലും വിറളിപൂണ്ട ഖുറൈശിത്തലവന്മാർ 'ദാറുന്നദ്‌വ'യിൽ യോഗം ചേർന്ന്, നബിയുടെ പ്രവർത്തനം അവസാനിപ്പിക്കാനെന്തുണ്ട് വഴി എന്ന് കൂടിയാലോചിച്ചു. മുഹമ്മദിനെ ചങ്ങലക്കിടുകയോ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യണമെന്ന് അഭിപ്രായങ്ങൾ വന്നെങ്കിലും അതിന് സ്വീകാര്യത ലഭിച്ചില്ല. ഒടുവിൽ അബൂജഹൽ സമർപ്പിച്ച ഒരു തന്ത്രമാണ് അംഗീകരിക്കപ്പെട്ടത്. മക്കയിലെ ഓരോ ഗോത്രത്തിൽനിന്നും ഓരോ യുവാക്കളെ തെരഞ്ഞെടുത്ത്, അവരെല്ലാം ചേർന്നു ഒറ്റ വെട്ടിനു മുഹമ്മദിനെ വധിക്കുക. ഇങ്ങനെ ചെയ്താൽ എല്ലാ ഗോത്രങ്ങളും മുഹമ്മദിൻെറ രക്തത്തിൽ പങ്കാളികളാകും.അവരോടെല്ലാം ഒന്നിച്ച് പകരം ചോദിക്കുവാൻ ഹാശിം ഗോത്രത്തിന് കഴിയില്ല. അവരാവശ്യപ്പെടുന്ന നഷ്ട പരിഹാരം കൊടുത്ത് നമുക്ക് പ്രശ്നം പരിഹരിക്കാം. വിദഗ്ദമായ ഈ അഭിപ്രായം സഭ അംഗീകരിച്ചു. ഈ ഗൂഢനീക്കത്തെപ്പറ്റി അല്ലാഹു നബിക്ക് (സ) വിവരം നൽകുകയും മദീനയിലേക്ക് പലായനം ചെയ്യാൻ അനുവാദം നൽകുകയും ചെയ്തു. നിശ്ചിതരാത്രി കൊലയാളി സംഘം സായുധരായി കൃത്യനിർവഹണത്തിന് പ്രവാചകൻെറ വസതിയിലെത്തി. പ്രവാചകൻ(സ) തൻെറ ശയ്യയിൽ പിതൃവ്യപുത്രൻ അലി(റ)യെ കിടത്തി. കൊലയാളി സംഘത്തിൻെറ കണ്ണുവെട്ടിച്ച് നബി(സ) അവിടന്ന് രക്ഷപ്പെടുകയും അടുത്ത സുഹൃത്തും അനുയായിയുമായ അബൂബക്കറി(റ)നെയും കൂട്ടി മദീനയിലേക്ക് പുറപ്പെടുകയും ചെയ്തു. നേരം പുലർന്നപ്പോൾ തങ്ങൾ കബളിക്കപ്പെട്ടതായി ഖുറൈശി യുവാക്കൾക്ക് മനസ്സിലായി.
ഖുറൈശികൾ ആസൂത്രണം ചെയ്ത ഗൂഢതന്ത്രം പരാജയപ്പെട്ടു. അല്ലാഹുവിൻെറ തന്ത്രം അതിജയിക്കുകയും ചെയ്തു.

31. നമ്മുടെ സൂക്തങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അവർ പറയും: ഞങ്ങൾ കേട്ടിരിക്കുന്നു.ഞങ്ങൾ ഉദ്ദേശിക്കുകയാണെങ്കിൽ ഇതുപോലുള്ളത് ഞങ്ങൾക്കും പറയാൻ കഴിയും. ഇതു പൂർവികരുടെ കെട്ടുകഥകളല്ലാതെ മറ്റൊന്നുമല്ല.

32. അവർ പറഞ്ഞ സന്ദർഭം(ഓർക്കുക:)അല്ലാഹുവേ, ഇത് നിൻെറ പക്കൽ നിന്നുള്ള സത്യംതന്നെയാണെങ്കിൽ നീ ഞങ്ങളുടെമേൽ ആകാശത്തുനിന്ന് കൽമഴ വർഷിപ്പിക്കുകയോ അല്ലെങ്കിൽ വേദനയുറ്റ ഒരു ശിക്ഷ ഞങ്ങൾക്ക് കൊണ്ടെത്തിക്കുകയോ ചെയ്യുക.

32: ഇത് സത്യനിഷേധികളുടെ പ്രാർഥനയായിരുന്നില്ല. ഈ സന്ദേശം സത്യമായിരുന്നെങ്കിൽ അതിനെ നിഷേധിച്ചതിൻെറ പേരിൽ ദൈവം ഞങ്ങളെ ശിക്ഷിക്കേണ്ടതായിരുന്നുവെന്ന് വെല്ലുവിളിക്കുകയായിരുന്നു അവർ.

33. എന്നാൽ നീ അവർക്കിടയിൽ ഉണ്ടായിരിക്കെ, അല്ലാഹു അവരെ ശിക്ഷിക്കാൻ പോകുന്നില്ല. അവർ പാപമോചനം തേടിക്കൊണ്ടിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുന്നവനുമല്ല.

33: ഒരു നാട്ടിൽ പ്രവാചകൻ പ്രബോധനം ചെയ്യുകൊണ്ടിരിക്കുന്ന കാലത്തോളം ആ സമൂഹം ശിക്ഷിക്കപ്പെടുകയില്ലെന്ന് പ്രാർഥനാ രൂപത്തിൽ വെല്ലുവിളി നടത്തിയിരുന്നവർക്ക് മറുപടി നൽകുകയാണ് അല്ലാഹു. പ്രവാചക സന്ദേശം വിശദമായി ഗ്രഹിക്കാനും സ്വയം സംസ്കരിക്കാനും അവർക്ക് സാവകാശം നൽകപ്പെടുന്നതാണ്. പ്രവാചകൻ മദീനയിലേക്ക് പോയ ശേഷവും മക്കയിൽ തങ്ങാൻ നിർബന്ധിതരായ വിശ്വാസികളുണ്ടായിരുന്നു.അവർ അല്ലാഹുവിനോട് പ്രാർഥിക്കുകയും പാപമോചനം തേടിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു.

34. എന്നാൽ അവർ മസ്ജിദുൽ ഹറാമിൽ(കഅ്ബ) നിന്ന് (വിശ്വാസികളെ) തടഞ്ഞുകൊണ്ടിരിക്കേ, അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ അവർക്ക് എന്തർഹതയാണുള്ളത്? അവരാണെങ്കിൽ അതിൻെറ പരിപാലകരല്ലതാനും. ദൈവഭക്തന്മാരല്ലാതെ അതിൻെറ കൈകാര്യകർത്താക്കളാകാവതല്ല. പക്ഷേ, അവരിൽ അധികപേരും അതറിയുന്നില്ല.

35. ആ ഭവനത്തിങ്കൽ(കഅ്ബ) അവർ നടത്തുന്ന പ്രാർഥന വെറും ചൂളം വിളിയും കൈകൊട്ടുമല്ലാതെ മറ്റൊന്നുമല്ല. അതിനാൽ നിങ്ങൾ സത്യനിഷേധം കൈക്കൊണ്ടതിനാൽ നിങ്ങൾ ശിക്ഷ രുചിച്ചുകൊള്ളുക.

34,35:ഇബ്രാഹീം നബി(അ)യുടെ പിന്മുറക്കാരും കഅ്ബയുടെ മേൽനോട്ടക്കാരും അവിടെ പൂജാദികൾക്ക് കാർമികത്വം വഹിക്കുന്നവരും ആയതിനാൽ തങ്ങൾ അല്ലാഹുവിൻെറ ഉറ്റവരും വിശുദ്ധരാക്കപ്പെട്ടവരുമാണെന്നായിരുന്നു ഖുറൈശികളുടെ നിലപാട്. ദൈവത്തിൻെറ സവിശേഷമായ അനുഗ്രഹത്തിന് ഖുറൈശികൾ അർഹരാണെന്ന് മറ്റു ജനങ്ങളും ധരിച്ചുവശായിരുന്നു.യഥാർഥത്തിൽ കഅ്ബ ഏകദൈവ വിശ്വാസികളുടെ മാത്രം ആരാധനാലയമാണ്. എന്നാൽ ഖുറൈശികൾ കഅ്ബയിൽ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് അതിനെ അശുദ്ധമാക്കി. ഏകദൈവത്തിനു മാത്രം ആരാധന ചെയ്യുന്ന ഒരു സമൂഹത്തെ ആ ഭവനത്തിൽ നിന്ന് തടഞ്ഞു. അങ്ങനെ ദൈവമന്ദിരത്തിൻെറ സേവകരു രക്ഷകരും മാത്രം ആകേണ്ടിയിരുന്നവർ അതിൻെറ പരമാധികാരികളായി ചമഞ്ഞു.
'അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സകാത്തു കൊടുക്കുകയും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാത്തവരും മാത്രമാകുന്നു പള്ളികൾ പരിപാലിക്കേണ്ടത്.' (9:18).
അർഥശൂന്യമായ ചൂളംവിളിയും കൈകൊട്ടും കളിതമാശകളും മാത്രമായിരുന്നു ആരാധനയെന്നപേരിൽ അവർ കാട്ടിക്കൂട്ടിയിരുന്നത്. ബദർ യുദ്ധത്തിൽ നിരവധി ഖുറൈശി നേതാക്കൾ വധിക്കപ്പെടുകയും പലരും ബന്ധനസ്ഥരാക്കപ്പെടുകയും വമ്പിച്ച ധനനഷ്ടത്തിലൂടെയും അവരെ അല്ലാഹു ശിക്ഷിക്കുകയുണ്ടായി.

36. തീർച്ചയായും സത്യനിഷേധികൾ തങ്ങളുടെധനം ചെലവഴിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹുവിൻെറ മാർഗത്തിൽനിന്ന് (ജനങ്ങളെ)തടയുന്നതിനുവേണ്ടിയാകുന്നു.അവർ അത് ചെലവഴിച്ചുകൊണ്ടിരിക്കും.പിന്നീട് അതവർക്ക് ഖേദത്തിന് നിമിത്തമായിത്തീരും. പിന്നീട്

അവർ കീഴടക്കപ്പെടുന്നതുമാണ്.ഈ സത്യനിഷേധികൾ നരകാഗ്നിയിൽ ഒരുമിച്ചുകൂട്ടപ്പെടുന്നതുമാകുന്നു.

37. അല്ലാഹു നല്ലതിൽനിന്ന് ചീത്തയെ വേർതിരിക്കാനും ചീത്തയെ ഒന്നിനുമേൽ മറ്റൊന്നായി ഒന്നിച്ചു കൂമ്പാരമാക്കി നരകത്തിൽ തള്ളേണ്ടതിന്നുമാണിത്.അക്കൂട്ടർ തന്നെയാണ് എല്ലാം നഷ്ടപ്പെട്ടവർ.

---

37: നന്മയുടെയും തിന്മയുടെയും അന്തിമ പരിണതി ഒന്നുതന്നെയാണെങ്കിൽ സത്യവും, അസത്യവും തമ്മിൽ യഥാർഥത്തിൽ ഭേദമില്ലെന്ന് വരും. സൽക്കർമികളും ദുഷ്ക്കർമികളും തുല്യരാണെന്നുമാണ തിനർഥം. ഇഹലോകത്ത് പരസ്പരം സഹകരിക്കുകയും ഒന്നിച്ചു ചേരുകയും ചെയ്തിരുന്നതുപോലെ പരലോകത്തും ദുർജനങ്ങളെ ഒന്നിച്ചു കൂട്ടും. അവരെ ഒന്നിച്ച് നരകത്തിൽ തള്ളുകയും ചെയ്യും. തങ്ങളുടെ ജീവിതം സമ്പൂർണമായ നഷ്ടത്തിൽ കലാശിച്ചിരിക്കുന്നുവെന്ന് അപ്പോൾ അവർ തിരിച്ചറിയുകയും ചെയ്യും.

---

38. സത്യനിഷേധികളോട് പറയുക: ഇനിയെങ്കിലും അവർ വിരമിക്കുകയാണെങ്കിൽ മുമ്പ് കഴിഞ്ഞതെല്ലാം അവർക്കു പൊറുത്തുകൊടുക്കുന്നതാകുന്നു. ഇനി അവർ(സത്യനിഷേധത്തിലേക്ക്) മടങ്ങുകയാണെങ്കിൽ; പൂർവികരുടെ കാര്യത്തിൽ (അല്ലാഹുവിൻെറ) നടപടിക്രമം നടന്നു കഴിഞ്ഞുപോയിട്ടുണ്ടല്ലോ. (അവർക്കത് മുന്നറിയിപ്പായിരിക്കട്ടെ.)

39. (സത്യവിശ്വാസികളേ,)കുഴപ്പം ഇല്ലാതാവുകയും മതം(അനുസരണം)പൂർണമായും അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. ഇനി, അവർ വിരമിക്കുകയാണെങ്കിൽ, അല്ലാഹു അവരുടെ കർമ്മങ്ങളെ കാണുന്നവനാകുന്നു.

40. എന്നാൽ അവർ പിന്തിരിയുകയാണെങ്കിൽ,നിങ്ങൾ അറിഞ്ഞിരിക്കുവിൻ, നിങ്ങളുടെ രക്ഷാധികാരി അല്ലാഹുവാകുന്നു. എത്രയോ നല്ല രക്ഷാധികാരി! എത്രയോ നല്ല സഹായിയും!

41. അറിഞ്ഞിരിക്കുവിൻ,നിങ്ങൾ കരസ്ഥമാക്കിയ(യുദ്ധമുതൽ) എന്തായാലും അതിൻെറ അഞ്ചിലൊന്ന് അല്ലാഹുവിനും അവൻെറ ദൂതന്നും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാകുന്നു. അല്ലാഹുവിലും, വിധി നിർണായക ദിവസം ഇരു സംഘങ്ങൾ ഏറ്റുമുട്ടിയ ദിവസം നമ്മുടെ ദാസന്ന് നാം ഇറക്കിക്കൊടുത്തതിലും വിശ്വസിച്ചവരാണ് നിങ്ങളെങ്കിൽ! അല്ലാഹു സകല കാര്യത്തിനും കഴിവുള്ളവനാകുന്നു.

---

41:യുദ്ധവേളയിൽ മുസ്ലിംകൾ ശത്രുക്കളിൽനിന്ന് പിടിച്ചെടുക്കുന്ന വസ്തുക്കൾ അല്ലാഹുവിൻെറ ദാനമാണ്. അത് വിതരണം ചെയ്യേണ്ട ക്രമമാണ് ഇവിടെ വിവരിക്കുന്നത്. പ്രവാചകൻെറയും ആദ്യ ഖലീഫമാരുടെയും കാലത്ത് യോദ്ധാക്കൾക്ക് വേതനമൊന്നുമുണ്ടായിരുന്നില്ല. വാഹനവും ആയുധവുമൊക്കെ അവർ സ്വയം സജ്ജീകരിക്കേണ്ടിയിരുന്നു. യുദ്ധത്തിൽ ലഭിക്കുന്ന ധനം മാത്രമായിരുന്നു പടയാളികളുടെ വരുമാനം.

---

42. നിങ്ങൾ(താഴ്വരയുടെ മദീനയോട്)അടുത്ത ഭാഗത്തും, അവർ അകന്ന ഭാഗത്തും വ്യാപാര സംഘം നിങ്ങൾക്കു താഴെയുള്ള (തീര പ്രദേശത്തും) ആയിരുന്ന സന്ദർഭം (ഓർക്കുവിൻ.) നിങ്ങൾ അന്യോന്യം(ഏറ്റുമുട്ടാൻ) തീരുമാനിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഈ സന്ദർഭത്തിൽ നിങ്ങൾ പിന്മാറിക്കളയുമായിരുന്നു. അല്ലാഹു തീരുമാനിച്ചുകഴിഞ്ഞ ഒരു കാര്യം നടപ്പിൽ വരുത്താൻ വേണ്ടിയായിരുന്നു അത്. നശിക്കേണ്ടവൻ വ്യക്തമായ തെളിവോടുകൂടി നശിക്കേണ്ടതിനും ജീവിക്കേണ്ടവൻ വ്യക്തമായ തെളിവോടുകൂടി ജീവിക്കേണ്ടതിനു മത്രേ അത്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

---

42:ബദറില്‍ വെച്ച്‌ മുസ്‌ലിംകളും ശത്രുക്കളും ഏറ്റുമുട്ടിയത്‌ ഒരു മുന്‍ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. ബദര്‍ സംഘട്ടനവും അതില്‍ മുസ്‌ലിംകള്‍ക്ക്‌ നിര്‍ണായകമായ വിജയവും പ്രദാനം ചെയ്തുകൊണ്ട്‌ സത്യത്തിന്റെ കക്ഷി മുസ്‌ലിംകളാണെന്ന്‌ ഖുറൈശികളെയും മറ്റ്‌ അറേബ്യന്‍ ഗോത്രങ്ങളെയും ബോധ്യപ്പെടുത്തുക എന്നത്‌ അല്ലാഹുവിന്റെ തീരുമാനമായിരുന്നു. മുസ്‌ലിംകള്‍ പ്രതീക്ഷിക്കാത്ത പദ്ധതികള്‍ അല്ലാഹു ആസൂത്രണം ചെയ്ത്‌ അവരെക്കൊണ്ട്‌ അത്‌ നടപ്പിലാക്കുകയായിരുന്നു.

---

43. അല്ലാഹു നിന്റെ സ്വപ്നത്തിലൂടെ അവരെ വളരെ കുറച്ചു പേര്‍ മാത്രമായി നിനക്ക്‌ കാണിച്ചുതന്ന സന്ദര്‍ഭം(ഓര്‍ക്കുക.) അവരെ (എണ്ണത്തില്‍) അധികമായി നിനക്ക്‌ കാണിച്ചിരുന്നുവെങ്കില്‍ നിങ്ങളുടെ ധൈര്യം ക്ഷയിക്കുകയും (യുദ്ധത്തിന്റെ)കാര്യത്തില്‍ നിങ്ങള്‍ തര്‍ക്കിക്കുകയും ചെയ്യുമായിരുന്നു. എന്നാല്‍ (അതില്‍ നിന്നൊക്കെ) അല്ലാഹു നിങ്ങളെ രക്ഷിച്ചു. തീര്‍ച്ചയായും മനസ്സുകളിലുള്ളതെല്ലാം അറിയുന്നവനാണ്‌ അവന്‍.

44. നിങ്ങള്‍ ഏറ്റുമുട്ടിയപ്പോള്‍ അവന്‍ നിങ്ങളുടെ കണ്ണില്‍ നിങ്ങള്‍ക്ക്‌ അവരെ കുറച്ചു കാണിക്കുകയും അവരുടെ ദൃഷ്ടിയില്‍ നിങ്ങളെ കുറച്ചു കാണിക്കുകയും ചെയ്ത സന്ദര്‍ഭം (ഓര്‍ക്കുക.) അല്ലാഹു നിശ്ചയിച്ച കാര്യം നടക്കാന്‍ വേണ്ടിതന്നെയായിരുന്നു അത്‌. അല്ലാഹുവിങ്കലേക്കാണ്‌ സകല കാര്യങ്ങളും മടക്കപ്പെടുന്നത്‌.

---

43,44:സംഘട്ടനം തുടങ്ങുന്നതിനു മുമ്പുണ്ടായ ഒരു സ്വപ്നദര്‍ശനത്തെക്കുറിച്ചാണ്‌ ഇവിടെ സൂചിപ്പിക്കുന്നത്‌. സ്വപ്നത്തില്‍ ശത്രുക്കളുടെ എണ്ണം കൂടുതലില്ലെന്നാണ്‌ തിരുമേനിക്ക്‌ തോന്നിയത്‌. തിരുമേനി ശിഷ്യന്മാരെ വിളിച്ച്‌ സ്വപ്നം അവര്‍ക്ക്‌ വിവരിച്ചുകൊടുത്തു. അതവര്‍ക്ക്‌ ആത്മധൈര്യം പകരുകയും മുന്നോട്ട്‌ പോകാന്‍ പ്രോത്സാഹനം നല്‍കുകയും ചെയ്തു.
ഏറ്റുമുട്ടിയപ്പോള്‍ ഇരുപക്ഷത്തിനും മറുപക്ഷം ചെറുതായി തോന്നിച്ചത്‌ സത്യാസത്യ സംഘട്ടനം ഒരു യാഥാര്‍ഥ്യമാകാന്‍ വേണ്ടിയുള്ള അല്ലാഹുവിന്റെ ഇടപെടലായിരുന്നു.

---

45. അല്ലയോ വിശ്വാസികളേ, നിങ്ങള്‍ ഒരു സൈന്യത്തെ നേരിടുമ്പോള്‍ ഉറച്ചു നില്‍ക്കുക. അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുക. നിങ്ങള്‍ വിജയം വരിച്ചേക്കാം.

46. നിങ്ങള്‍ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക. നിങ്ങള്‍ പരസ്പരം കലഹിക്കരുത്‌. എങ്കില്‍ നിങ്ങള്‍ ദുര്‍ബലരാവുകയും നിങ്ങളുടെ വീര്യം കെട്ടുപോവുകയും ചെയ്യും.നിങ്ങള്‍ ക്ഷമയവലംബിക്കുവിന്‍. നിശ്ചയം അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു.

47. അഹങ്കാരത്തോടെയും(സ്വന്തം പ്രമാണിത്തം)ജനങ്ങളെ കാണിക്കാനും അല്ലാഹുവിന്റെ മാര്‍ഗത്തില്‍ നിന്ന്‌ (ജനത്തെ)തടയാനുമായി സ്വന്തം വീടുകളില്‍ നിന്ന്‌ ഇറങ്ങിത്തിരിച്ചവരെപ്പോലെ നിങ്ങളാകരുത്‌. അവരുടെ ചെയ്തികളെയെല്ലാം അല്ലാഹു വലയം ചെയ്യുന്നുണ്ട്‌.

---

47:മക്കത്തുനിന്ന്‌ ബദറിലേക്ക്‌ പോയ ഖുറൈശിപ്പടയെയാണ്‌ ഇവിടെ സൂചിപ്പിക്കുന്നത്‌. സ്വഗോത്രത്തില്‍ ആഗതനായ ദൈവദൂതനെ ഗര്‍വോടെ തള്ളിപ്പറഞ്ഞു എന്നു മാത്രമല്ല അദ്ദേഹത്തിന്‌ അഭയം ലഭിച്ച സ്ഥലത്തുപോലും ചെന്ന്‌ അദ്ദേഹത്തെ നശിപ്പിക്കാന്‍ ഇറങ്ങിപ്പുറപ്പെടുകയായിരുന്നു അവര്‍. കച്ചവടസംഘം രക്ഷപ്പെട്ടിരിക്കുന്നു എന്ന്‌ അബൂസുഫ്‌യാന്റെ ദൂതന്‍ അവരെ അറിയിച്ചിട്ടും അബൂജഹ്‌ലിപ്പോലെയുള്ള അഹങ്കാരികള്‍ തങ്ങള്‍ മടങ്ങിപ്പോകുന്നില്ലെന്ന്‌ പറയുകയാണ്‌ ചെയ്തത്‌. മേലില്‍ തങ്ങള്‍ക്കെതിരില്‍ ആരും തലയുയര്‍ത്താന്‍ പാടില്ലെന്ന അഹങ്കാരമായിരുന്നു അവര്‍ക്ക്‌. യാത്രയില്‍ പല സ്ഥലത്തും അവര്‍ താവളമടിച്ച്‌ മദ്യസദസ്സുകളും നൃത്യനര്‍ത്തനങ്ങളും സംഘടിപ്പിച്ചിരുന്നു.

---

48. ചെകുത്താന്‍ അവര്‍ക്ക്‌ അവരുടെ ചെയ്തികള്‍ ആകര്‍ഷകമാക്കിക്കാണിച്ച സന്ദര്‍ഭം (ഓര്‍ക്കുക.)അവന്‍ പറഞ്ഞു: ഇന്ന്‌ നിങ്ങളെ ജയിക്കുന്നവരായി ജനങ്ങളിലാരുമില്ല. ഞാന്‍ നിങ്ങ

ളുടെ കൂടെയുണ്ട്.എന്നാൽ, ഇരു പക്ഷവും നേരിൽ കണ്ടപ്പോൾ അവൻ പിന്മാറി. അവൻ പറഞ്ഞു: എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല. തീർച്ചയായും നിങ്ങൾ കാണാത്ത ചിലതു ഞാൻ കാണുന്നുണ്ട്. ഞാൻ തീർച്ചയായും അല്ലാഹുവിനെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

49. ഇക്കൂട്ടരെ അവരുടെ മതം വഞ്ചിതരാക്കിയിരിക്കുന്നു എന്ന് കപട വിശ്വാസികളും മനസ്സിൽ രോഗമുള്ളവരും പറഞ്ഞുകൊണ്ടിരുന്ന സന്ദർഭം(ഓർക്കുക:) എന്നാൽ ആരെങ്കിലും അല്ലാഹുവിൽ ഭരമേൽപിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു അജയ്യനും യുക്തിമാനുമാകുന്നു.

---

49:പ്രവാചകനും അദ്ദേഹത്തിന്റെ കൂടെയുള്ള ഏതാനും മുസ്ലിംകളും സർവായുധ സജ്ജരായ ഖുറൈശിപ്പടയെ നേരിടാനിറങ്ങിയപ്പോൾ മദീനയിലെ കപടവിശ്വാസികളും ജീർണ മനസ്സുകളായ വിശ്വാസികളും പരിഹസിച്ചു പറഞ്ഞതാണിത്. മതത്തിലുള്ള അന്ധമായ വിശ്വാസം അവരെ വഞ്ചിതരാക്കിയിരിക്കുന്നു എന്ന് അവർ പരസ്പരം പിറുപിറുത്തു.

---

50. സത്യനിഷേധികളെ അവരുടെ മുഖങ്ങളിലും അവരുടെ പിൻവശങ്ങളിലും പ്രഹരിച്ചുകൊണ്ട് മലക്കുകൾ അവരുടെ ആത്മാക്കളെ പിടിച്ചെടുക്കുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! (അവരോടിങ്ങനെ പറയുകയും ചെയ്യും:)ഇനി കത്തിക്കാളുന്ന ശിക്ഷ ആസ്വദിച്ചുകൊള്ളുക;

51. നിങ്ങളുടെ കൈകൾ തന്നെ നേരത്തെ ചെയ്തു കൂട്ടിയതിന്റെ ഫലമത്രെ ഇത്. (അതല്ലാതെ,) അല്ലാഹു തന്റെ ദാസന്മാരോട് ഒട്ടും അനീതി കാണിക്കുന്നവനല്ല തന്നെ.

52. ഫറവോൻപ്രഭൃതികളിലും അവരുടെ മുമ്പുള്ളവരിലും ഉണ്ടായതുപോലെ തന്നെയാകുന്നു (ഇക്കൂട്ടരിലും ഉണ്ടായത്).അവരൊക്കെയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു. അപ്പോൾ അവരുടെ പാപങ്ങളുടെ പേരിൽ അല്ലാഹു അവരെ പിടികൂടി. തീർച്ചയായും അല്ലാഹു പരമശക്തനും കഠിനമായി ശിക്ഷിക്കുന്നവനുമാകുന്നു.

53. അത് എന്തുകൊണ്ടെന്നാൽ, (ഒരു ജനത) തങ്ങളുടെ നിലപാട് സ്വയം മാറ്റുന്നതുവരെ അല്ലാഹു അവർക്കരുളിയ അനുഗ്രഹത്തിൽ ഒരുമാറ്റവും വരുത്തുന്നവനല്ല എന്നതുകൊണ്ടും, അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനും ആണെന്നതുകൊണ്ടുമാകുന്നു.

---

53:ഒരു ജനതയുടെ ഗുണങ്ങളെയും ചര്യകളെയും ആധാരമാക്കിയാണ് അല്ലാഹു ആ ജനതയെ അനുഗ്രഹിക്കുന്നത്. അനുഗ്രഹലബ്ധിക്കുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവർ അർഹരല്ലെന്ന് സ്വയം തെളിയിക്കുന്നതുവരെ അല്ലാഹു അവന്റെ അനുഗ്രഹം അവരിൽ നിന്ന് പിൻവലിക്കുന്നതല്ല.

---

54. ഫിർഔൻ പ്രഭൃതികൾക്കും അവർക്ക് മുമ്പുള്ളവർക്കും സംഭവിച്ചതും ഇതുപോലെത്തന്നെയാണ്. അവർ തങ്ങളുടെ നാഥന്റെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞു. അപ്പോൾ അവരുടെ പാപങ്ങളുടെ ഫലമായി നാം അവരെ നശിപ്പിച്ചു.ഫിർഔന്റെ ആളുകളെ നാം മുക്കിനശിപ്പിക്കുകയും ചെയ്തു. അവരൊക്കെയും അധർമികളായിരുന്നു.

55. തീർച്ചയായും അല്ലാഹുവിങ്കൽ ഏറ്റം നികൃഷ്ടജീവികൾ (അവനെ) നിഷേധിക്കുന്നവർ തന്നെയാണ്. (സത്യം ബോധ്യപ്പെട്ടാലും) വിശ്വസിക്കാത്തവരാണവർ.

56. അവരിൽ ഒരു വിഭാഗവുമായി നീ കരാറിൽ ഏർപ്പെട്ടതാണല്ലോ. എന്നിട്ട് ഓരോ തവണയും അവർ തങ്ങളുടെ കരാർ ലംഘിച്ചുകൊണ്ടിരുന്നു. അവരൊട്ടും സൂക്ഷ്മത പുലർത്തുന്നവരല്ല.

57. അവരെ നിങ്ങൾ യുദ്ധത്തിൽ കണ്ടുമുട്ടിയാൽ അവരിലെ പിറകിലുള്ളവരെക്കൂടി വിരട്ടിയോടിക്കും വിധം നേരിടുക. അങ്ങനെ അവർ പാഠം പഠിക്കാൻ.

56,57:പ്രവാചകൻ മദീനയിൽ എത്തിയ ശേഷം മദീനയിലും പരിസരത്തുമുണ്ടായിരുന്ന യഹൂദർ അദ്ദേഹവുമായി പരസ്പര സഹകരണത്തിൻെറ കരാർ ഉണ്ടാക്കിയിരുന്നു. എന്നാൽ ഇസ്ലാമിക പ്രസ്ഥാനം തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് മനസ്സിലാക്കിയ യഹൂദർ അതൊരിക്കലും വിജയം വരിക്കരുതെന്ന ഉദ്ദേശ്യത്തോടെ ഉപജാപങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഔസ്-ഖസ്റജ് ഗോത്രങ്ങൾക്കിടയിലെ പൂർവ വൈരവും ശത്രുതയും വീണ്ടും ആളിക്കത്തിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. ഖുറൈശികളെയും മറ്റ് അറേബ്യൻ ഗോത്രങ്ങളെയും പ്രവാചകനെതിരിൽ ഇളക്കിവിടാൻ അവർ കഴിയുന്ന വിധമെല്ലാം പരിശ്രമിച്ചു. ബദർ യുദ്ധവേളയിൽ അവർ ഖുറൈശികളെ ആയുധം നൽകി സഹായിച്ചു. അഹ്സാബ് യുദ്ധവേളയിൽ മുസ്ലിംകളെ പിന്നിൽ നിന്ന് ആക്രമിക്കുന്നതിന് ഖുറൈശികളുടെ സഖ്യസേനക്ക് മദീനയിലേക്ക് തങ്ങളുടെ പ്രദേശത്തുകൂടി പ്രവേശിക്കാൻ ഖുറൈള എന്ന യഹൂദഗോത്രം അനുവാദം നൽകുകയുണ്ടായി. പ്രവാചകനുമായി സൗഹൃദസന്ധി നിലവിലിരിക്കെയാണ് യഹൂദർ ഇതൊക്കെ ചെയ്തത്.

മുസ്ലിംകളുമായി സഹകരണ ഉടമ്പടി ചെയ്ത ഒരു ജനവിഭാഗം കരാർ ബാധ്യത പാലിക്കാതെ മുസ്ലിംകൾക്കെതിരിൽ യുദ്ധത്തിൽ പങ്കെടുക്കുന്ന പക്ഷം മുസ്ലിംകളും കരാറിൻെറ ധാർമിക ബാധ്യതകളിൽ നിന്ന് ഒഴിവാകുന്നതാണ്.

58. (ഉടമ്പടിയിലേർപ്പെട്ട) ഒരു സമൂഹത്തിൽ നിന്ന് നിങ്ങൾ വഞ്ചനയെ ആശങ്കിച്ചാൽ (അപ്പോൾ അവരുമായുള്ള കരാറിനെ) തത്തുല്യമായി (ഇരു കൂട്ടരും അറിയുന്ന നിലയിൽ പരസ്യമായി) അവർക്കു മുമ്പിലേക്കെറിഞ്ഞുകൊടുത്തേക്കുക. തീർച്ചയായും അല്ലാഹു വഞ്ചകന്മാരെ ഇഷ്ടപ്പെടുന്നില്ല.

58: വളരെ പ്രധാനമായ ഒരു യുദ്ധ മര്യാദയാണ് ഈ ഖുർആൻ സൂക്തം പഠിപ്പിക്കുന്നത്. മുസ്ലിംകളുമായി ഉടമ്പടിയിലേർപ്പെട്ട ഒരു കക്ഷി സന്ദർഭം കിട്ടുമ്പോൾ അവരെ വഞ്ചിച്ചേക്കുമെന്ന ആശങ്കയുണ്ടായാൽ പ്രസ്തുത കക്ഷിക്കെതിരെ ശത്രുതാപരമായ വല്ല നടപടിയും കൈകൊള്ളുന്നതിനു മുമ്പായി പരസ്പരമുള്ള കരാർ ദുർബലപ്പെടുത്തിയതായി അവരെ അറിയിക്കേണ്ടതാണ്.

വിശ്വാസികളായാലും അല്ലെങ്കിലും ചതിയന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. 'നിന്നെ വഞ്ചിച്ചവനെ നീ വഞ്ചിക്കരുത്'' എന്ന് നബിതിരുമേനി പ്രസ്താവിച്ചിരിക്കുന്നു. വളരെ ശ്രദ്ധേയമായ ഈ തിരുവചനം എല്ലാതരം ഇടപാടുകൾക്കും ബാധകമായ ഒരു പൊതു തത്വമാണ്.

മറുകക്ഷി വഞ്ചിക്കുമെന്ന് ന്യായമായും ഭയപ്പെട്ടാൽ ഉടമ്പടി ദുർബലപ്പെടുത്തിയതായി മറുകക്ഷിയെ അറിയിച്ച ശേഷം യുദ്ധ നടപടിയിലേർപ്പെടാവുന്നതാണ്. എന്നാൽ മറുപക്ഷം പരസ്യമായി കരാർ ലംഘിക്കുകയും പ്രത്യക്ഷമായി ശത്രുതാപരമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന പരിതസ്ഥിതിയിൽ ഈ സൂക്തം നിർദേശിച്ചപ്രകാരം കരാർ ദുർബലപ്പെടുത്തിയതായി അറിയിക്കേണ്ട ആവശ്യമില്ല.

59. സത്യനിഷേധികൾ തങ്ങൾ ജയിച്ചുവെന്ന് വിചാരിക്കേണ്ട. തീർച്ചയായും അവർക്കു നമ്മെ തോൽപിക്കാനാവില്ല.

60. അവർക്കെതിരെ നിങ്ങളുടെ കഴിവിൽപ്പെട്ട എല്ലാ ശക്തിയും സംഭരിക്കുവിൻ. കുതിരപ്പടയെ തയ്യാറാക്കി നിർത്തുവിൻ. അതിലൂടെ അല്ലാഹുവിൻെറ ശത്രുവിനെയും നിങ്ങളുടെ ശത്രുവിനെയും, അവരെക്കൂടാതെ നിങ്ങൾ അറിയാത്തവരും അല്ലാഹു അറിയുന്നവരുമായ മറ്റു ചിലരെയും ഭയപ്പെടുത്താം. അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതെന്തായാലും നിങ്ങൾക്ക് അതിൻെറ പൂർണമായ പ്രതിഫലം നൽകപ്പെടുന്നതാണ്. നിങ്ങളോട് ഒരിക്കലും അനീതി ചെയ്യുന്നതല്ല.

60: ഏതു സമയത്തും ശത്രുക്കളുടെ ആക്രമണ സാധ്യതയെ സംബന്ധിച്ച മുൻകരുതൽ ഇസ്ലാമിക സമൂഹം എടുക്കേണ്ടതാണ്. ആവശ്യം വരുമ്പോൾ യുദ്ധ നടപടി എടുക്കാൻ പാകത്തിൽ ഒരു സൈന്യത്തെ ഒരുക്കി നിർത്തുകയും യുദ്ധ സാമഗ്രികൾ സംഭരിച്ചു വെക്കുകയും ചെയ്യേണ്ടതാണ്.

61. ഇനി അവർ സമാധാനസന്ധിയിലേക്കു ചായുന്നുവെങ്കിൽ നീയും അതിലേക്ക് ചായ്വ് കാണിക്കുക. അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക. തീർച്ചയായും അവൻ തന്നെയാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും.

62. ഇനി അവർ നിന്നെ വഞ്ചിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ, അപ്പോൾ തീർച്ചയായും നിനക്ക് അല്ലാഹു മതി. അവനാണ് തന്റെ സഹായത്താലും സത്യവിശ്വാസികൾ വഴിയും നിന്നെ ശക്തിപ്പെടുത്തിയത്.

---

62:യുദ്ധം ഒഴിവാക്കുന്നതിനും രാജ്യത്ത് സമാധാനം സ്ഥാപിക്കാനും തന്റെ ബദ്ധ ശത്രുക്കളായ ഖുറൈശികൾ അടക്കം പല അറേബ്യൻ ഗോത്രങ്ങളുമായും മദീനയിലും പരിസരത്തുമുള്ള യഹൂദരുമായും നജ്റാനിലെ ക്രൈസ്തവരുമായും ഒക്കെ നബിതിരുമേനി സമാധാന സന്ധികളുണ്ടാക്കിയിരുന്നു. ശത്രുവിഭാഗം യുദ്ധത്തിനു മുമ്പോ യുദ്ധസമയത്തോ സമാധാന സന്ധിക്ക് താൽപര്യം പ്രകടിപ്പിച്ചാൽ അത് സ്വീകരിക്കണമെന്നാണ് മുസ്ലിം സമൂഹത്തോട് ഇവിടെ നിർദേശിക്കുന്നത്.

---

63. വിശ്വാസികളുടെ ഹൃദയങ്ങളെ പരസ്പരം കൂട്ടിയിണക്കിയതും അവൻ തന്നെ. ഭൂമിയിലുള്ളതൊക്കെ നീ ചെലവഴിച്ചാലും അവരുടെ മനസ്സുകളെ കൂട്ടിയിണക്കാൻ നിനക്കു കഴിയുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ തമ്മിലിണക്കിയിരിക്കുന്നു. നിശ്ചയമായും അവൻ പ്രതാപിയും യുക്തിജ്ഞനുമാകുന്നു.

---

63:സത്യവിശ്വാസികളിൽ അല്ലാഹു സൃഷ്ടിച്ച മഹത്തായ ഒരനുഗ്രഹമാണ് ഇവിടെ സൂചിപ്പിക്കുന്നത്. നൂറ്റാണ്ടുകളായി വൈരത്തിലും ശത്രുതയിലും കഴിഞ്ഞിരുന്ന അറബ് ഗോത്രങ്ങൾ സത്യവിശ്വാസികളായതോടെ ഏകോദര സഹോദരങ്ങളായിത്തീർന്നു. സത്യവിശ്വാസം അവരുടെ ഹൃദയങ്ങളെ ഒന്നിപ്പിച്ചു. അവർ ഒരേ മനസ്സോടെ ഒറ്റക്കെട്ടായി. നൂറ്റാണ്ടുകളായി കടുത്ത ശത്രുതയിലായിരുന്ന മദീനയിലെ ഔസ് -ഖസ്റജ് ഗോത്രങ്ങളിലെ അംഗങ്ങൾ സത്യവിശ്വാസികളായതോടെ പൂർവ വിരോധമെല്ലാം മറന്ന് പരസ്പരം സഹോദരങ്ങളായി വർത്തിച്ചു. മനുഷ്യകഴിവിന്നതീതമായ ഒരു മഹാത്ഭുതമായിരുന്നു അത്.

---

64. അല്ലയോ നബിയേ,നിനക്കും നിന്നെ പിന്തുടർന്ന വിശ്വാസികൾക്കും അല്ലാഹുതന്നെ എത്രയും മതിയായവനാകുന്നു.

65. അല്ലയോ നബിയേ,നീ സത്യവിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കുക.നിങ്ങളിൽ സഹനശീലരായ ഇരുപത് പേരുണ്ടെങ്കിൽ ഇരുനൂറുപേരെ ജയിക്കാം. അത്തരം നൂറുപേരുണ്ടെങ്കിൽ ആയിരം സത്യനിഷേധികളെ ജയിക്കാം.എന്തുകൊണ്ടെന്നാൽ യാഥാർഥ്യം ഗ്രഹിക്കാത്ത ജനമാണവർ.

66. എന്നാൽ ഇപ്പോൾ അല്ലാഹു നിങ്ങളുടെ ഭാരം ലഘൂകരിച്ചിരിക്കുന്നു.നിങ്ങളിൽ ഇപ്പോഴും ദൗർബല്യമുണ്ടെന്ന് അവന്നറിയാം. അതിനാൽ നിങ്ങളിൽ സഹനശീലരായ നൂറുപേരുണ്ടെങ്കിൽ ഇരുനൂറുപേരെ ജയിക്കാം. നിങ്ങൾ ആയിരം പേരുണ്ടായാൽ രണ്ടായിരം പേരെയും അല്ലാഹുവിന്റെ ഹിതത്താൽ ജയിക്കുന്നതാണ്. അല്ലാഹു സഹനശീലരോടൊപ്പമാകുന്നു.

67. നാട്ടിൽ (ശത്രുക്കളെ കീഴ്പ്പെടുത്തി)ശക്തി സ്ഥാപിക്കും വരെ ഒരു പ്രവാചകന്നും തന്റെ കീഴിൽ തടവുകാരുണ്ടാകാവതല്ല. നിങ്ങൾ ഇഹലോകത്തെ ക്ഷണികനേട്ടം കൊതിക്കുന്നു. അല്ലാഹുവാകട്ടെ പരലോകത്തെയും ഉദ്ദേശിക്കുന്നു.അല്ലാഹു പ്രതാപിയും യുക്തിജ്ഞനുമാകുന്നു.

68. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു പ്രമാണം നേരത്തെ രേഖപ്പെടുത്തിയിട്ടില്ലായിരുന്നെങ്കിൽ നിങ്ങൾ കൈപറ്റിയതിന്റെ പേരിൽ നിങ്ങളെ കടുത്ത ശിക്ഷ ബാധിക്കുമായിരുന്നു.

---

67-68: അവിശ്വാസികളുമായി നടന്ന ബദറിലെ സായുധ സംഘട്ടനത്തിൽ എഴുപതോളം ശത്രുഭടന്മാർ തടവിലാക്കപ്പെടുകയുണ്ടായി. തടവിലാക്കപ്പെട്ടവരെ എന്തു ചെയ്യണമെന്ന് നബിതിരുമേനി ശിഷ്യന്മാരുമായി കൂടിയാലോചിച്ചു. ചിലർ ശത്രുക്കളെ ബന്ധനസ്ഥരാക്കിയതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു. തടവുകാരായി കൊണ്ടുവന്ന ശത്രുക്കളെ കൊന്നുകളയണമെന്ന് ഉമർ(റ) അഭിപ്രായപ്പെട്ടു. അവരെ പിഴ വാങ്ങി വിട്ടയക്കണമെന്നായിരുന്നു അബൂബക്കറി(റ)ൻെറ അഭിപ്രായം. പ്രവാചകൻ(സ) സ്വീകരിച്ചത് ഈ അഭിപ്രായമാണ്. മുസ്ലിംകളെ ക്രൂരമായി ദ്രോഹിച്ചിരുന്ന നദ്റ്ബ്നു ഹാരിഥിനും ഉഖ്ബത്ബ്നു അബു മുഐത്തിനും വധശിക്ഷ വിധിച്ചു. മറ്റു ബന്ധികളെ മോചനദ്രവ്യം വാങ്ങി വിട്ടയച്ചു. ഈ നടപടിയെ ആക്ഷേപിച്ചുകൊണ്ടാണ് പ്രകൃത വാക്യങ്ങൾ അവതരിച്ചതെന്നാണ് പല ഖുർആൻ ഭാഷ്യകാരന്മാരും അഭിപ്രായപ്പെടുന്നത്.

ബദർ യുദ്ധത്തിന് മുമ്പ് അവതരിച്ച 47:4-ാം വചനത്തിൽ ഇപ്രകാരമാണ് ഖുർആൻ കൽപിക്കുന്നത്: 'യുദ്ധത്തിൽ സത്യനിഷേധികളുമായി ഏറ്റുമുട്ടിയാൽ കഴുത്തു വെട്ടുകയാണ് ആദ്യം ചെയ്യേണ്ടത്. അങ്ങനെ അവരെ നന്നായി ഒതുക്കിയാൽ പിന്നെ ശത്രു ഭടന്മാരെ തടവുകാരായി പിടിച്ചു കെട്ടുക. അനന്തരം മോചന ദ്രവ്യം സ്വീകരിച്ചോ സൗജന്യമായോ അവരെ വിട്ടയക്കാം. യുദ്ധം അതിൻെറ ഭാരങ്ങൾ ഇറക്കിവെക്കുന്നതു വരെ.'

ശത്രുക്കളുടെ ശക്തി നല്ലപോലെ അടിച്ചൊതുക്കിയ ശേഷമേ അവരെ ബന്ധനസ്ഥരാക്കുന്ന കാര്യത്തെപ്പറ്റി ചിന്തിക്കാവൂ എന്നാണ് ഈ സൂക്തം കൽപിക്കുന്നത്. ഖുറൈശിപ്പട തോറ്റപ്പോൾ ഒരു വിഭാഗം മുസ്ലിം ഭടന്മാർ യുദ്ധമുതൽ വാരിക്കൂട്ടാനും ശത്രുക്കളിൽ നിന്ന് കഴിയുന്നത്ര പേരെ ബന്ധനസ്ഥരാക്കാനുമാണ് ശ്രമിച്ചത്. പിന്നീട് യുദ്ധമുതലിൽ തർക്കിക്കുകയും ചെയ്തു. ഈ നടപടി പ്രസ്തുത ഖുർആനിക നിർദേശവുമായി പൊരുത്തപ്പെടാത്തതായിരുന്നു. കീഴടങ്ങുകയോ സന്ധിക്കു തയാറാവുകയോ ചെയ്യാതെ ഓടിപ്പോവുകയാണ് ശത്രുക്കൾ ചെയ്തത്. ശത്രുക്കളെ പിന്തുടരുകയും അവരെ പരമാവധി അടിച്ചൊതുക്കുകയുമായിരുന്നു മുസ്ലിംകൾ ചെയ്യേണ്ടിയിരുന്നത്. യുദ്ധമുതൽ പിടിച്ചെടുത്ത് ഖജനാവ് നിറക്കുകയല്ല ഒരു പ്രവാചകൻെറ യഥാർഥ ദൗത്യം എന്ന യാഥാർഥ്യം മുസ്ലിം ഭടന്മാർ വേണ്ടത്ര മനസ്സിലാക്കിലാക്കാതെ പോയി. ഈ സംഭവത്തെയാണ് ഈ സൂക്തത്തിലൂടെ അല്ലാഹു നിരൂപണം ചെയ്യുന്നത്.

---

69. നിങ്ങൾ നേടിയ(യുദ്ധമുതൽ) അനുവദനീയവും നല്ലതുമെന്ന നിലയിൽ ഭക്ഷിച്ചു കൊള്ളുക. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

70. അല്ലയോ നബിയേ, നിങ്ങളുടെ കൈവശമുള്ള തടവുകാരോട് പറയുക: നിങ്ങളുടെ ഹൃദയങ്ങളിൽ വല്ല നന്മയുമുള്ളതായി അല്ലാഹു അറിയുന്നുവെങ്കിൽ, നിങ്ങളിൽ നിന്ന് വസൂൽ ചെയ്തതിനേക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്ക് നൽകുന്നതാണ്.നിങ്ങൾക്കവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനമാകുന്നു.

71. എന്നാൽ അവർ നിന്നെ വഞ്ചിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ഇതിനുമുമ്പ് അവർ അല്ലാഹുവിനോടും വഞ്ചന കാണിച്ചിട്ടുണ്ട്. അതിനാലാണ് അവൻ അവരെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു.

72. സത്യവിശ്വാസം സ്വീകരിക്കുകയും (അതിൻെറ പേരിൽ)സ്വദേശം വെടിഞ്ഞ് പോകുകയും, തങ്ങളുടെ ദേഹംകൊണ്ടും ധനംകൊണ്ടും അല്ലാഹുവിൻെറ മാർഗത്തിൽ സമരം ചെയ്യുകയും ചെയ്തവരും അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും പരസ്പരം രക്ഷാധികാരികളാകുന്നു. എന്നാൽ വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് (ഇസ്ലാമിക ഗേഹത്തിലേക്ക്) വരാതിരിക്കുകയും ചെയ്തവരാരോ, അവരുടെ ഒരു സംരക്ഷണ ബാധ്യതയും നിങ്ങൾക്കില്ല- അവർ സ്വദേശം വെടിഞ്ഞു വരുന്നതുവരെ. എന്നാൽ അവർ മത കാര്യത്തിൽ നിങ്ങളോട് സഹായം തേടിയാൽ അവരെ സഹായിക്കേണ്ടത് നിങ്ങളുടെ

ബാധ്യതയാകുന്നു. പക്ഷേ, അത് നിങ്ങളുമായി കരാറിലേർപ്പെട്ട ഏതെങ്കിലും ജനതക്കെതിരാവരുത്. നിങ്ങൾ ചെയ്യുന്നതെല്ലാം കണ്ടറിയുന്നവനാണ് അല്ലാഹു.

73. സത്യനിഷേധികളും പരസ്പരം മിത്രങ്ങളാകുന്നു. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഭൂമിയിൽ കലാപവും വമ്പിച്ച നാശവും ഉണ്ടാകും.

74. സത്യവിശ്വാസികളാവുകയും(അതിന്റെ പേരിൽ)സ്വദേശം വെടിയുകയും, അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിലേർപ്പെടുകയും ചെയ്തവരും,(അവർക്ക്)അഭയം നൽകുകയും അവരെ സഹായിക്കുകയും ചെയ്തവരും ആരോ, അവരാകുന്നു യഥാർഥ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.

75. പിൽക്കാലത്ത് സത്യവിശ്വാസികളാവുകയും സ്വദേശം വെടിഞ്ഞ് വരികയും നിങ്ങളോടൊപ്പം സമരത്തിലേർപ്പെടുകയും ചെയ്തവരും നിങ്ങളുടെ കൂട്ടത്തിൽ പെട്ടവർതന്നെ. എങ്കിലും അല്ലാഹുവിന്റെ നിയമത്തിൽ രക്തബന്ധുക്കൾ അന്യോന്യം കൂടുതൽ അവകാശമുള്ളവരാകുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുള്ളവനാകുന്നു.

---

75: മക്കയിൽ നിന്ന് പലായനം ചെയ്തു വന്നവരും(മുഹാജിറുകൾ) മദീനയിൽ അവരെ സഹായിച്ചവരും(അൻസാറുകൾ) തമ്മിൽ നബി(സ) സഹോദരത്വ ബന്ധം സ്ഥാപിച്ചതിന്റെ പരിധിയിൽ പരസ്പരം അനന്തരാവകാശവും ഉൾപ്പെടുത്തിയിരുന്നു. ഇനി ഈ രീതി തുടരേണ്ടതില്ലെന്നും അനന്തരാവകാശം ഖുർആൻ മറ്റിടങ്ങളിൽ വിവരിച്ചിട്ടുള്ള ക്രമത്തിൽ കുടുംബപരമായ അവകാശികൾക്കു തന്നെയാണ് നൽകേണ്ടതെന്നുമാണ് ഈ സൂക്തത്തിലൂടെ നിർദേശിക്കുന്നത്.

## അധ്യായം 9

# അത്തൗബ. (പശ്ചാത്താപം)

### അവതരണം മദീനയിൽ, വചനങ്ങൾ 129.

കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ബഹുദൈവ വിശ്വാസികളിൽനിന്ന് നിങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ളവരോട് അല്ലാഹുവിൻെറയും അവൻെറ ദൂതൻെറയും ഭാഗത്തുനിന്നുള്ള (ബാദ്ധ്യത)വിമുക്തിപ്രഖ്യാപനമാണിത്.

1. ഹിജ്റ ഒമ്പതാം വർഷം, നബി(സ) അബൂബക്കർ(റ)നെ ഹാജിമാരുടെ നേതാവായി മക്കയിലേക്കയച്ച സമയത്താണ് ഈ വചനങ്ങൾ അവതരിച്ചത്.
മുസ്ലിംകൾ പല ഗോത്രങ്ങളുമായി സമാധാന സന്ധിയിലേർപ്പെട്ടിരുന്നു. എന്നാൽ ചുരുക്കം ചില ഗോത്രങ്ങളൊഴിച്ച് മറ്റുള്ളവർ സന്ദർഭം കിട്ടുമ്പോഴൊക്കെ സന്ധി ലംഘിച്ചിരുന്നു. കരാർ ലംഘിച്ച് ശത്രുക്കളായി മാറിയ ഗോത്രങ്ങളുമായുള്ള ഉടമ്പടി ദുർബലപ്പെടുത്തിക്കൊണ്ടുള്ള പ്രഖ്യാപനമാണിത്. ഹിജ്റ ഒമ്പതാം വർഷം,ദുൽഹജ്ജ് പത്താം തിയ്യതി(ബലിപെരുന്നാൾ ദിവസം) ഹാജിമാരുടെ പൊതുസമ്മേളനത്തിൽ വെച്ച് പ്രവാചകനെ പ്രതിനിധീകരിച്ച് അലിയ്യുബ്നു അബീത്വാലിബാണ് ഈ പ്രഖ്യാപനം നടത്തിയത്.

2. ഇനി നിങ്ങൾ രാജ്യത്ത് നാലുമാസക്കാലം (യഥേഷ്ടം)സഞ്ചരിച്ചുകൊള്ളുക.അറിഞ്ഞുകൊള്ളുക: നിങ്ങൾക്ക് അല്ലാഹുവെ തോൽപിക്കാനാവില്ല. അവിശ്വാസികളെ അല്ലാഹു നിന്ദ്യരാക്കുകതന്നെ ചെയ്യും.

2. അപ്പോഴേക്കും നാടിൻെറ ബഹുഭൂരിഭാഗവും ഇസ്ലാമിന്നധീനമായിക്കഴിഞ്ഞിരുന്നു. വിമുക്തി പ്രഖ്യാപനത്തെത്തുടർന്ന് ബഹുദൈവ വിശ്വാസികൾക്ക് രാജ്യത്തെവിടെയും ഒരഭയസ്ഥാനമില്ലാത്ത അവസ്ഥയായിത്തീർന്നു. ഒന്നുകിൽ മുസ്ലികളുമായി യുദ്ധത്തിനൊരുങ്ങുക, അല്ലെങ്കിൽ രാജ്യംവിട്ടു പോവുക, അതുമല്ലെങ്കിൽ ഇസ്ലാം സ്വീകരിക്കുക. ഇതല്ലാതെ മറ്റു വഴികളൊന്നും അവരുടെ മുമ്പിൽ അവശേഷിച്ചിരുന്നില്ല. ഈ വർഷത്തിനുശേഷം ബഹുദൈവവിശ്വാസികളിൽ ഒരാളും ഹജ്ജിനുവരാൻ പാടില്ലെന്നും, നഗ്നരായിക്കൊണ്ട് ദൈവഭവനത്തെ പ്രദക്ഷിണം ചെയ്യരുതെന്നും, ദൈവദൂതനുമായുള്ള കരാർ ലഘിച്ചിട്ടില്ലാത്തവരോട് കാലാവധിവരെ കരാർ വ്യവസ്ഥകൾ പാലിക്കുന്നതാണെന്നും വിമുക്തിപ്രഖ്യാപനത്തിൽ നിർദ്ദേശമുണ്ടായിരുന്നു.

3. അല്ലാഹുവിൽനിന്നും അവൻെറ ദുതനിൽനിന്നും വലിയ ഹജ്ജിൻെറ ദിവസത്തിൽ മുഴുവൻ മനുഷ്യർക്കുമായി നൽകുന്ന പൊതുവിളംബരമാണിത്. എന്തെന്നാൽ അല്ലാഹുവിനും അവൻെറ ദൂതന്നും ബഹുദൈവ വിശ്വാസികളോട് ഇനിമുതൽ ഒരുവിധ ബാധ്യതയുമില്ല. അതിനാൽ നിങ്ങൾ പശ്ചാത്തപിക്കുന്നുവെങ്കിൽ അതിൻെറ ഗുണം നിങ്ങൾക്കുതന്നെ. അഥവാ, നിങ്ങൾ പിന്തിരിയുകയാണെങ്കിൽ നന്നായി ധരിച്ചുകൊള്ളുക: അല്ലാഹുവെ തോൽപിക്കാൻ നിങ്ങൾക്കാവില്ല. (പ്രവാചകരേ), സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ടെന്ന് 'സന്തോഷവാർത്ത' അറിയിച്ചുകൊള്ളുക.

4. നിങ്ങളുമായി കരാറിലേർപ്പെടുകയും, എന്നിട്ട്(അത് പാലിക്കുന്നതിൽ) നിങ്ങളോട് ഒരു വീഴ്ച ഒന്നും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ആരേയും സഹായിക്കാതിരിക്കുകയും ചെയ്ത ബഹുദൈവവിശ്വാസികളെ ഒഴിച്ച്. അതുകൊണ്ട് അവരോടുള്ള കരാർ അവയുടെ കാലാവധിവരെ അവരോട് നിങ്ങൾ പാലിക്കുക. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

4. മുസ്ലിംകളുമായി വല്ലകരാറും നിലവിലുണ്ടായിരിക്കുകയും കരാർലംഘനം നടത്താതിരിക്കുകയും മുസ്ലിംകൾക്കെതിരെ ശത്രുക്കളെ സഹായിക്കാതിരിക്കുകയും ചെയ്യാത്തവർ ഇതിൽനിന്നൊഴിവായിരുന്നു. അവർക്ക് ഈ നാലുമാസങ്ങളുടെ കണക്ക് ബാധകമായിരുന്നില്ല. കരാർ ലംഘിക്കാതിരുന്ന ബനൂകിനാനയും, ബനൂസംറയും മറ്റ് ചില ഗോത്രങ്ങളുമൊഴിച്ച് ബഹുദൈവവിശ്വാസത്തിൽ നിലനിന്നിരുന്ന എല്ലാ ഗോത്രങ്ങൾക്കും ഈ വിളംബരം ബാധകമായിരുന്നു.

5. അങ്ങനെ യുദ്ധം നിഷിദ്ധമായ മാസങ്ങൾ (ബഹുദൈവവിശ്വാസികൾക്ക് അവധി നൽകപ്പെട്ട നാല് മാസങ്ങൾ) പിന്നിട്ടാൽ ആ ബഹുദൈവവിശ്വാസികളെ (കരാർ ലംഘനം നടത്തി വഞ്ചിച്ച മക്കയിലെ ബഹുദൈവവിശ്വാസികൾ) എവിടെ (ഹറമിലോ പുറത്തോ) കണ്ടാലും കൊന്നുകളയുക. അവരെ പിടികൂടുകയും ഉപരോധിക്കുകയും ചെയ്യുക. എല്ലാ മർമ്മസ്ഥലങ്ങളിലും അവർക്കായി പതിയിരിക്കുക. ഇനി അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സകാത്ത് നൽകുകയുമാണെങ്കിൽ അവരെ നിങ്ങൾ അവരുടെ വഴിക്കു വിട്ടേക്കുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

6. ബഹുദൈവവിശ്വാസികളിലാരെങ്കിലും നിൻെറയടുത്ത് അഭയം തേടി വന്നാൽ അല്ലാഹുവിൻെറ വചനം അവൻ ശ്രവിക്കുന്നതുവരെ അവന് നീ അഭയം നൽകുക. പിന്നെ അവനെ സുരക്ഷിത സ്ഥാനത്ത് എത്തിച്ചുകൊടുക്കുക. അതെന്തു കൊണ്ടെന്നാൽ അവർ അറിഞ്ഞുകൂടാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ടത്രെ.

7. മസ്ജിദുൽ ഹറാമിന്നടുത്തുവെച്ച് നിങ്ങളുമായി ഉടമ്പടി ചെയ്തവർക്കൊഴികെ(കരാർ ലംഘകരായ) ഈ ബഹുദൈവവിശ്വാസികൾക്ക് അല്ലാഹുവിൻെറയും അവൻെറ ദൂതൻെറയും അടുക്കൽ ഉടമ്പടി നിലനിൽക്കുന്നതെങ്ങനെ? അവർ നിങ്ങളോട് നന്നായി വർത്തിക്കുകയാണെങ്കിൽ നിങ്ങൾ അവരോടും നന്നായി വർത്തിക്കുക. തീർച്ചയായും അല്ലാഹു സൂക്ഷ്മതയുള്ളവരെ സ്നേഹിക്കുന്നു.

8. എങ്ങനെയാണ് (അവർക്ക് അല്ലാഹുവിൻെറയും അവൻെറ ദൂതൻെറയും അടുത്ത് കരാർ ഉണ്ടായിരിക്കുക)? നിങ്ങളുടെ മേൽ അവർ വിജയം നേടുന്നപക്ഷം നിങ്ങളുമായുള്ള കുടുംബ ബന്ധമോ സന്ധിവ്യവസ്ഥകളോ ഒന്നും തന്നെ അവർ പരിഗണിക്കുകയില്ല. അവരുടെ വായ്കൊണ്ട് അവർ നിങ്ങളെ തൃപ്തിപ്പെടുത്തും. അവരുടെ ഹൃദയങ്ങൾ വെറുക്കുകയും ചെയ്യും. അവരിൽ അധികപേരും ധിക്കാരികളാകുന്നു.

9. അവർ അല്ലാഹുവിൻെറ വചനങ്ങളെ തുച്ഛവിലയ്ക്ക് വിറ്റുകളയുകയും,അവൻെറ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടയുകയും ചെയ്തു. തീർച്ചയായും അവർ ചെയ്തുകൊണ്ടിരിക്കുന്നത് വളരെ ചീത്തയാകുന്നു.

9. ഈ ദ്രോഹികൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ അവഗണിക്കുകയും ഐഹികമായ സ്വാർത്ഥ ലാഭങ്ങൾകൊണ്ട് തൃപ്തിയടയുകയും ചെയ്തു. മാത്രമല്ല സന്മാർഗം സ്വീകരിക്കാനനുവദിക്കാതെ ജനങ്ങൾക്കു മുമ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

10. ഒരു സത്യവിശ്വാസിയുടെ കാര്യത്തിലും രക്തബന്ധമോ സന്ധിവ്യവസ്ഥയോ അവർ പരിഗണിക്കാറില്ല. അവർതന്നെയാണ് അതിക്രമികൾ.

10.ബഹുദൈവവിശ്വാസികൾ സത്യവിശ്വാസികൾക്കെതിരെ വിജയം നേടിയാൽ വിശ്വാസികൾക്കെതിരിൽ അക്രമവും ധിക്കാരവും പ്രവർത്തിക്കുന്നതിൽ ഒരു പരിധിയും അവർക്കില്ലെന്ന് അല്ലാഹു ആവർത്തിച്ച് ഉണർത്തുന്നു. കഴിഞ്ഞകാല ചരിത്ര സാക്ഷ്യങ്ങളും അനുഭവയാഥാർഥ്യങ്ങളും അടുത്ത കാലങ്ങളിൽ ഉണ്ടായിട്ടുള്ള ഏറ്റുമുട്ടലുകൾ തന്നെയും ഈ യാഥാർഥ്യമാണ് വ്യക്തമാക്കുന്നത്.

11. എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കാരം അനുഷ്ഠിക്കുകയും സകാത്ത് നൽകുകയുമാണെങ്കിൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാണ്.കാര്യം ഗ്രഹിക്കുന്ന ജനത്തിനായി നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുന്നു.

12. ഇനി അവർ കരാർ ചെയ്തശേഷം സ്വന്തം ശപഥങ്ങൾ ലംഘിക്കുകയും നിങ്ങളുടെ മതത്തെ പരിഹസിക്കുകയും ചെയ്യുന്നുവെങ്കിൽ, സത്യനിഷേധത്തിന്റെ നേതാക്കളോട് നിങ്ങൾ യുദ്ധം ചെയ്യുക. തീർച്ചയായും അവർക്ക് ശപഥങ്ങളേയില്ല. (അതിന് അവർ ഒട്ടും വില കൽപിക്കാറില്ല.) ഒരുവേള അവർ വിരമിച്ചേക്കാം.

13. തങ്ങളുടെ പ്രതിജ്ഞകൾ ലംഘിക്കുകയും, ദൈവദൂതനെ നാടുകടത്താൻ മുതിരുകയും ചെയ്ത ജനത്തോട് നിങ്ങൾ യുദ്ധം ചെയ്യുന്നില്ലന്നോ? അവരാണല്ലോ ആദ്യം (അക്രമം) തുടങ്ങിയത്. അവരെ നിങ്ങൾ ഭയപ്പെടുന്നുവോ? എന്നാൽ ഭയപ്പെടാൻ കൂടുതൽ അർഹൻ അല്ലാഹുവാണ്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

14. നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. നിങ്ങളുടെ കരങ്ങളാൽ അല്ലാഹു അവരെ ശിക്ഷിക്കുകയും, അവരെ നിന്ദിക്കുകയും, അവർക്കെതിരെ അവൻ നിങ്ങളെ സഹായിക്കുകയും, വിശ്വാസികളായ സമൂഹത്തിന്റെ മനസ്സുകൾക്ക് അവൻ ആശ്വാസം നൽകുകയും ചെയ്യുന്നതാണ്.

15. അവരുടെ മനസ്സുകളിലെ രോഷം അവൻ ശമിപ്പിക്കുന്നതുമാകുന്നു. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതുമാണ്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു.

16. അതല്ല, നിങ്ങളെ വെറുതെ വിട്ടേക്കുമെന്ന് നിങ്ങൾ ധരിച്ചിരിക്കയാണോ, നിങ്ങളിൽ (അല്ലാഹുവിന്റെ മാർഗത്തിൽ)സമരം ചെയ്യുന്നവരെയും, അല്ലാഹുവിനും, അവന്റെ ദൂതനും, സത്യവിശ്വാസികൾക്കും പുറമെ ഒരു രഹസ്യകൂട്ടുകെട്ട് സ്വീകരിക്കാതിരിക്കുകയും ചെയ്തവർ ആരെന്ന് അല്ലാഹു തിരിച്ചറിഞ്ഞിട്ടല്ലാതെ? നിങ്ങൾ ചെയ്യുന്നതൊക്കെയും സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു.

---

16. അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുന്നവരും അല്ലാത്തവരും തമ്മിൽ പ്രത്യക്ഷത്തിൽ വേർതിരിഞ്ഞ് കാണാതെ- നിങ്ങൾ സത്യവിശ്വാസികളാണെന്നും മുസ്ലിംകളാണെന്നും അവകാശപ്പെട്ടതുകൊണ്ട് മാത്രം നിങ്ങളെ വിട്ടേക്കുമെന്ന് നിങ്ങൾ കരുതേണ്ട. അല്ലാഹുവും അവന്റെ മതവും തന്നെയാണ് സ്വന്തം ജീവധനാദികളെക്കാളും ബന്ധുമിത്രാധികളെക്കാളും നിങ്ങൾക്ക് പ്രിയംകരമെന്ന് സമരത്തിലൂടെയും യുദ്ധത്തിലൂടെയും പ്രയോഗത്തിൽ തെളിയിക്കാത്ത കാലത്തോളം നിങ്ങളെ യഥാർഥ വിശ്വാസികളായി ഗണിക്കുന്നതല്ല.മനുഷ്യൻ ചെയ്യുന്ന കാര്യങ്ങൾക്കനുസരിച്ചാണ് അല്ലാഹു പ്രതിഫലം നൽകുന്നത്. അത് ഇന്നിന്ന പ്രകാരത്തിലായിരിക്കുമെന്നുള്ള അല്ലാഹുവിന്റെ അറിവിന്റെ അടിസ്ഥാനത്തിലല്ല. അതിനാൽ ഒരോരുത്തരുടെയും നന്മ തിന്മകൾ കണക്കാക്കപ്പെടുന്നതിന് അവ അവന്റെ പ്രവർത്തന രംഗത്ത് തന്നെ പ്രകടമാക്കേണ്ടിയിരിക്കുന്നു.

---

17. ബഹുദൈവ വിശ്വാസികൾ സത്യനിഷേധത്തിന് സ്വയം സാക്ഷികളായിരിക്കുന്ന അവസ്ഥയിൽ അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാൻ അവർക്ക് ഒരവകാശവുമില്ല. അവരുടെ കർമ്മങ്ങളൊക്കെയും പാഴായിരിക്കുന്നു. നരകത്തിൽ അവർ നിത്യവാസികളായിരിക്കുകയും ചെയ്യും.

---

17. കഅബയുടെ സംരക്ഷണം, ഹജ്ജിന് വരുന്നവർക്ക് വെള്ളം എത്തിച്ചുകൊടുക്കൽ മുതലായ ചില നല്ല സേവനങ്ങൾ ദൈവമന്ദിരത്തിന് അവർ ചെയ്തിരുന്നു. എന്നാൽ ഏകദൈവാരാധനക്കായി നിർമ്മിക്കപ്പെട്ട കഅ്ബയുടെ പരിപാലനകർത്തൃത്വം ഏകദൈവ സന്ദേശം ചെവിക്കൊള്ളാൻ സന്നദ്ധരല്ലെന്ന്

തുറന്ന് പ്രഖ്യാപിച്ചവർക്ക് അവകാശപ്പെടുന്നതെങ്ങനെ? പ്രത്യക്ഷത്തിൽതന്നെ ഇവർ ബഹുദൈവാരാധകരും വിഗ്രഹാരാധകരുമാണ് എന്നിരിക്കെ പള്ളികളുടെ മേൽനോട്ടം, അവയിൽ വെച്ചുള്ള ആരാധനാ കർമ്മങ്ങൾ എന്നിവ അവരോട് യോജിക്കുന്ന കാര്യങ്ങളല്ല.

18. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്കു മാത്രമാകുന്നു അല്ലാഹുവിൻെറ പള്ളികൾ പരിപാലിക്കാൻ അർഹതയുള്ളത്. അവർ നേർവഴി പ്രാപിച്ചവർ ആയേക്കാം.

19. (ഹജ്ജ്)തീർഥാടകന് വെള്ളം കുടിക്കാൻ കൊടുക്കുന്നതിനെയും മസ്ജിദുൽ ഹറാം പരിപാലിക്കുന്നതിനെയും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവിൻെറ മാർഗത്തിൽ സമരം നടത്തുകയും ചെയ്യുന്നവരുടെ കർമ്മങ്ങൾക്ക് തുല്യമാക്കുകയാണോ നിങ്ങൾ? അല്ലാഹുവിങ്കൽ അവ തുല്യമല്ല. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

20. വിശ്വസിക്കുകയും സ്വദേശം വെടിയുകയും അല്ലാഹുവിൻെറ മാർഗത്തിൽ ധനംകൊണ്ടും ദേഹംകൊണ്ടും സമരം നടത്തുകയും ചെയ്തവർ അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ഠമായ പദവിയുള്ളവരാണ്. അവർതന്നെയാകുന്നു വിജയം വരിച്ചവരും.

21. അവരുടെ നാഥൻ അവരെ തന്നിൽ നിന്നുള്ള കാരുണ്യത്തിൻെറയും പ്രീതിയുടെയും സ്വർഗീയാരാമങ്ങളുടെയും സന്തോഷവാർത്ത അറിയിക്കുന്നു. അവർക്ക് അവിടെ അനശ്വരമായ സുഖാനുഭൂതികൾ ഉണ്ടായിരിക്കും.

22. അവർ അതിൽ നിത്യവാസികളായിരിക്കും. തീർച്ചയായും അല്ലാഹുവിങ്കൽ വലുതായ പ്രതിഫലമുണ്ട്.

23. സത്യവിശ്വാസികളേ, നിങ്ങളുടെ പിതാക്കളും നിങ്ങളുടെ സഹോദരങ്ങളും സത്യവിശ്വാസത്തെക്കാൾ സത്യനിഷേധത്തെ സ്നേഹിക്കുന്നവരെങ്കിൽ, അവരെ നിങ്ങളുടെ രക്ഷാധികാരികളാക്കരുത്. നിങ്ങളിലാരെങ്കിലും അവരെ രക്ഷാധികാരികളാക്കുകയാണെങ്കിൽ അവർതന്നെയാണ് അക്രമികൾ.

24. പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രന്മാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുജനങ്ങളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, നഷ്ടം നേരിടുമോ എന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവൻെറ ദൂതനെക്കാളും അവൻെറ മാർഗത്തിലെ സമരത്തെക്കാളും ഏറെ നിങ്ങൾ ഇഷ്ടപ്പെടുന്നതെങ്കിൽ, അപ്പോൾ അല്ലാഹു അവൻെറ കൽപന നടപ്പിൽ വരുത്തുന്നത് കാത്തിരുന്നുകൊള്ളുക. കുറ്റവാളികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

25. തീർച്ചയായും അല്ലാഹു നിങ്ങളെ നിരവധി സന്ദർഭങ്ങളിൽ സഹായിച്ചിട്ടുണ്ട്. ഹുനൈൻ (യുദ്ധ)ദിവസത്തിലും (അവൻ നിങ്ങളെ സഹായിച്ചു). (അന്ന്)നിങ്ങളുടെ സംഖ്യാധിക്യം നിങ്ങളെത്തന്നെ അതിശയിപ്പിച്ചു. എന്നാൽ അത് നിങ്ങൾക്ക് ഒരു ഗുണവും ചെയ്തില്ല. ഭൂമി വളരെ വിശാലമായിരിക്കെ തന്നെ അത് നിങ്ങൾക്ക് ഇടുങ്ങിയതായിത്തീർന്നു. അങ്ങനെ നിങ്ങൾ പിന്തിരിഞ്ഞോടുകയും ചെയ്തു.

26. പിന്നീട് അല്ലാഹു അവൻെറ ദൂതന്നും സത്യവിശ്വാസികൾക്കും അവൻെറ സമാധാനമിറക്കുകയും, നിങ്ങൾക്ക് അദൃശ്യമായ സൈന്യത്തെ ഇറക്കുകയും, സത്യനിഷേധികളെ അവൻ ശിക്ഷിക്കുകയും ചെയ്തു. അതുതന്നെയാണ് സത്യനിഷേധികൾക്കുള്ള പ്രതിഫലം.

25,26. ഹിജ്റ എട്ടാം വര്‍ഷം ശവ്വാല്‍ മാസത്തില്‍, മക്കക്കും ത്വാഇഫിനും മദ്ധ്യേ, ഹുനൈന്‍ താഴ്‌വരയില്‍ വെച്ചാണ് ഈ യുദ്ധം നടന്നത്. മക്കാ വിജയം നടന്നതോടുകൂടി അതില്‍ അരിശംകൊണ്ട ഹവാസിന്‍, ഥഖീഫ് എന്നീ ഗോത്രക്കാര്‍ മുസ്‌ലിംകള്‍ക്കെതിരില്‍ പടനീക്കം നടത്തുകയാണുണ്ടായത്. ഈ യുദ്ധത്തില്‍ മുസ്‌ലിംകളുടെ ഭാഗത്ത് പന്ത്രണ്ടായിരം പേരടങ്ങുന്ന ഒരു വലിയ സൈന്യമുണ്ടായിരുന്നു. പുതുവിശ്വാസികളും വിശ്വാസം ദൃഢമായിക്കഴിഞ്ഞിട്ടില്ലാത്ത പലരും അവരില്‍ ഉണ്ടായിരുന്നു മറുപക്ഷത്ത് ശത്രുക്കളുടെ എണ്ണം നാലായിരം മാത്രമായിരുന്നു. മുസ്‌ലിംകളുടെ മൂന്നിലൊന്നുമാത്രം! പക്ഷേ, ഫലമുണ്ടായില്ല. ശത്രുക്കളുടെ ഒരു വമ്പിച്ച ഒളിസൈന്യം അവരെ തുരുതുരെ ആക്രമിച്ചു. മുസ്‌ലിം സൈന്യം പിന്തിരിയുകയും അവര്‍ ഛിന്നിച്ചിതറി പിന്‍വാങ്ങേണ്ടിവരികയും ചെയ്തു. ഓടി രക്ഷപ്പെടുവാന്‍ പോലും ഇടമില്ലാത്തവിധം ഭൂമി കുടുസ്സായി അവര്‍ക്ക് തോന്നി. നബി(സ)യും ചില സ്വഹാബീ പ്രമുഖന്മാരും യുദ്ധക്കളത്തില്‍തന്നെ ഉറച്ചുനിന്നു. നബി(സ)യും അവിടുത്തെ പിതൃവ്യന്‍ അബ്ബാസും(റ) ജനങ്ങളെ തിരിച്ച് വിളിച്ചുകൊണ്ടിരുന്നു. അതോടെ അവര്‍ ഓട്ടം നിറുത്തുകയും നബി(സ)യുടെ ചുറ്റും വന്നുകൂടാനും തുടങ്ങി. മുസ്‌ലിം സൈന്യം പുനസ്സംഘടിച്ചു. അല്ലാഹു അവര്‍ക്ക് ശാന്തിയും മനസ്സമാധാനവും നല്‍കി. മലക്കുകളെ ഇറക്കി അവരെ അനുഗ്രഹിച്ചു. സത്യവിശ്വാസികള്‍ക്ക് പുതിയ ഉണര്‍വും ഉന്മേഷവും ഉളവായി. അവര്‍ ശത്രുക്കളുടെ നേരെ കുതിച്ചു. യുദ്ധരംഗം പാടുമാറി. സ്ത്രീകളെയും കുട്ടികളെയും അവരുടെ സ്വത്തുക്കളായ ആടുമാടുകളെയും ശത്രുക്കള്‍ അവരുടെ സൈന്യനിരക്ക് പിന്നില്‍ നിരത്തി നിറുത്തിയിരുന്നു. യുദ്ധത്തില്‍നിന്ന് ആരും പിന്തിരിഞ്ഞുപോകാതിരിക്കാനായി അവര്‍ എടുത്ത ആ അടവ് പൊളിഞ്ഞു. അവര്‍ തങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും സ്വത്തുക്കളെയും വകവെക്കാതെ പടക്കളം വിട്ട് ഓടിക്കളഞ്ഞു. വിഗ്രഹമതത്തിന്റെ പതാക നിലംപൊത്തി. മുസ്‌ലിംകള്‍ വിജക്കൊടി ഉയര്‍ത്തി. അവര്‍ക്ക് ധാരാളം യുദ്ധമുതലുകള്‍ ലഭിച്ചു. അപ്രതീക്ഷിതമായി അല്ലാഹുവില്‍നിന്ന് മുസ്‌ലിംകള്‍ക്ക് ലഭിച്ച സഹായം വളരെയേറെ ബഹുദൈവ വിശ്വാസികള്‍ ഇസ്‌ലാം സ്വീകരിക്കാന്‍ കാരണമായി.

---

27. പിന്നീട്, അല്ലാഹു ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം അവന്‍ അതിനുശേഷവും സ്വീകരിക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും പരമ ദയാലുവുമാകുന്നു.

28. അല്ലയോ സത്യവിശ്വാസികളേ, ബഹുദൈവ വിശ്വാസികള്‍ തീര്‍ച്ചയായും അശുദ്ധരാണ്. അതിനാല്‍ അവരുടെ ഈ കൊല്ലത്തിനുശേഷം അവര്‍ മസ്ജിദുല്‍ ഹറാമിനെ സമീപിക്കരുത്. നിങ്ങള്‍ വല്ല ഞെരുക്കവും (ദാരിദ്ര്യവും)ഭയപ്പെടുന്നുവെങ്കില്‍ അല്ലാഹു അവന്റെ അനുഗ്രഹത്താല്‍ അവന്‍ ഇഛിക്കുന്നപക്ഷം വഴിയെ നിങ്ങളെ ധന്യരാക്കുന്നതാണ്. തീര്‍ച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

---

28. ബഹുദൈവവിശ്വാസികളുടെ ശരീരം അശുദ്ധമാണെന്നല്ല, അവരുടെ വിശ്വാസാചാരങ്ങളും അജ്ഞാനകാലത്തെ ജീവിതരീതിയും അശുദ്ധമാണെന്നാണ് വിവക്ഷ. ഈ അവിശുദ്ധി കാരണം ബഹുദൈവാരാധകര്‍ക്ക് ഹജ്ജും, കഅബാ സന്ദര്‍ശനവും മാത്രമല്ല മസ്ജിദുല്‍ ഹറാമിന്റെ അതിര്‍ത്തികളില്‍ പ്രവേശനവും നിരോധിക്കപ്പെട്ടു. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കാനായി ഇബ്രാഹീം നബി(അ) നിര്‍മ്മിച്ച മസ്ജിദുല്‍ ഹറാമില്‍ പില്‍ക്കാലത്ത് ബഹുദൈവാരാധന കടന്നുവന്നതായിരുന്നു. നബി (സ)യുടെ മക്കാ വിജയത്തോടെ അതില്‍നിന്ന് വിഗ്രഹങ്ങള്‍ എടുത്തുമാറ്റി. മസ്ജിദുല്‍ ഹറാം ശുദ്ധീകരിക്കപ്പെടുകയും ചെയ്തു. മറ്റുപള്ളികളില്‍ മുസ്‌ലിംകളുടെ സമ്മതപ്രകാരം അവര്‍ക്ക് പ്രവേശിക്കാവുന്നതാണ്. കാരണം നബി(സ) മദീനയിലെ പള്ളിയില്‍ അവര്‍ക്ക് പ്രവേശനം അനുവദിച്ചിരുന്നു.

---

29. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാത്തവരും, അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയത് നിഷിദ്ധമായി ഗണിക്കാത്തവരും സത്യമതത്തെ അംഗീകരിക്കാത്തവരുമായ വേദക്കാരില്‍പെട്ടവരോട് യുദ്ധം ചെയ്യുക. അവര്‍ താഴ്മയോടെ,സ്വകരങ്ങളാല്‍ ജിസ്‌യ (കപ്പം) നല്‍കുന്നതുവരെ.

---

29. ഇസ്‌ലാമിനെതിരെ അക്രമ മര്‍ദ്ദനങ്ങള്‍ നടത്തിക്കൊണ്ടിരിക്കുന്നവരോടല്ലാതെ സൗഹൃദത്തിലും സമാധാനത്തിലും വര്‍ത്തിക്കുന്നവരോട് യുദ്ധം ചെയ്യാന്‍ ഇസ്‌ലാമില്‍ അനുവാദമില്ല. (2:190 കാണുക).

യുദ്ധത്തിന്റെ പരമലക്ഷ്യം അവിശ്വാസികളുടെ പരമാധികാരവും മേൽക്കോയ്മയും അവസാനിപ്പിക്കുക യാണ്. അവരെ സത്യവിശ്വാസികളാക്കുകയല്ല.
ഒരുതരം ഭരണനികുതിയാണ് ജിസ്‌യ (കപ്പം). കപ്പം നൽകുവാൻ നിശ്ചയിക്കുന്നതോടുകൂടി അവരു ടെ ഭരണ ഭാരവും സംരക്ഷണച്ചുമതലയും മുസ്‌ലിംകളുടെ മേൽ ഭവിക്കുന്നു. അതോടുകൂടി അവരുടെ വിശ്വാസാചാരങ്ങളിൽ അവർ തികച്ചും സ്വതന്ത്രരായിരിക്കും.

---

30. യഹൂദന്മാർ പറയുന്നു: ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന്. മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറയുന്നു.അതവരുടെ വായ്കൊണ്ടുള്ള പറച്ചിൽ മാത്രമാണ്. മുമ്പുണ്ടായിരുന്ന സത്യനിഷേധികളുടെ വാക്കുകളെ അവർ അനുക രിക്കുന്നു. അല്ലാഹു അവരെ ശപിക്കട്ടെ. എങ്ങനെയാണവർ(സത്യത്തിൽനിന്ന്)തെറ്റിക്കപ്പെ ടുന്നത്?

---

30. ബൈബിളിൽ എസ്രാ എന്ന പേരിലാണ് ഉസൈർ അറിയപ്പെടുന്നത്.ഏകദേശം B.C. 450– മാണ്ടോ ടടുത്തായിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടമെന്ന് കരുതപ്പെടുന്നു. അദ്ദേഹം യഹൂദീ പ്രവാചകന്മാരിൽ പെട്ട ഒരു പ്രവാചകനായിരുന്നു. ജൂതന്മാർ അദ്ദേഹത്തെ മതപരിഷ്കർത്താവായി ഗണിക്കുന്നു. ബാബിലോണിയക്കാർ യഹൂദികളെ അക്രമിച്ച് രാജ്യം നശിപ്പിക്കുകയും അവരെ ബന്ധനസ്ഥരാക്കി ബാബിലോണിയയിലേക്ക് കൊണ്ടുപോവുകയും ചെയ്തതോടെ അവർക്ക് തൗറാത്തിന്റെ വിജ്ഞാനങ്ങൾ നഷ്ടപ്പെട്ട് പോയിരുന്നു. അവസാനം ഉസൈർ തന്റെ ഓർമ്മയിൽനിന്നും മറ്റുമായി ബൈബിൾ പഴയനിയമം ക്രോഡീകരിക്കുകയും ശരീഅത്ത് പുനരുദ്ധരിക്കുകയും ചെയ്തു. ഇക്കാരണത്താൽ ഇസ്രാ യീല്യർ അദ്ദേഹത്തെ അത്യധികം ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ മഹൽകൃത്യങ്ങളെയും യോഗ്യത കളെയും മുൻനിറുത്തി ചില ജൂതവിഭാഗങ്ങൾ അദ്ദേഹത്തെ ദൈവപുത്രനായി കരുതുകയും വിശ്വസി ക്കുകയും ചെയ്തു.

---

31. അവർ തങ്ങളുടെ മതപണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിനു പുറമെ രക്ഷാകർത്താക്കളായി സ്വീകരിച്ചു. മർയമിന്റെ പുത്രൻ മസീഹിനെയും. എന്നാൽ, ഒരേ ഒരു ദൈവത്തെ ആരാധിക്കുന്നതിനല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അവന ല്ലാതെ ഒരു ദൈവമില്ല. അവർ പങ്കുചേർക്കുന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധൻ!

---

31. വേദക്കാർ തങ്ങളുടെ മതപണ്ഡിതന്മാരെ രക്ഷാധികാരികളാക്കി എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ നിയമങ്ങൾക്കെതിരായി അവർ നിർമ്മിച്ച നിയമങ്ങളെ മതനിയമങ്ങളായി ഗണിക്കു കയും അനുഷ്ഠിക്കുകയും ചെയ്യുവെന്നതാണ്. അവർ അവരെ ദൈവങ്ങളാക്കി ആരാധിച്ചു എന്ന അർഥ ത്തിലല്ല. മുമ്പ് ക്രിസ്ത്യാനിയായിരുന്ന ത്വയ്യിഉ ഗോത്രത്തിലെ അദിയ്യുബ്നു ഹാത്തിം നബി(സ)യുടെ സന്നിധിയിൽ വന്ന് ഇസ്‌ലാം സ്വീകരിച്ച സംഭവം ഇതുസംബന്ധമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അദിയ്യ്(റ) പറയുകയാണ്: അദ്ദേഹം പ്രവാചകൻ(സ)ന്റെ അടുക്കൽ പ്രവേശിക്കുമ്പോൾ തിരുമേനി ഈ വചനം(31) ഓതുകയായിരുന്നു. അവർ അവരെ ആരാധിച്ചിട്ടില്ലല്ലോ, എന്ന് ഞാൻ ചോദിച്ചു. അപ്പോൾ തിരുമേനി പറഞ്ഞു: പണ്ഡിതപുരോഹിതന്മാർ നിഷിദ്ധമാക്കിയത് നിഷിദ്ധമായും അനുവദ നീയമാക്കിയത് അനുവദനീയമായും നിങ്ങൾ അംഗീകരിക്കാറില്ലേ? അദ്ദേഹം പറഞ്ഞു അതെ അങ്ങനെ ചെയ്യാറുണ്ട്. അവിടന്ന് പറഞ്ഞു: ശരി അതുതന്നെയാണവരെ ദൈവമാക്കലും. അതാണ് അവർക്കുള്ള ആരാധനയും.
ക്രിസ്ത്യാനികൾ യേശുക്രിസ്തുവിനെ ദൈവവും കർത്താവുമായി അംഗീകരിച്ചുവരുന്നു.അവരുടെ പണ്ഡി തപുരോഹിതന്മാർക്ക് പൊതുവിലും വിശുദ്ധ സ്ഥാനം നൽകപ്പെട്ടിട്ടുള്ള ചില വ്യക്തികൾക്ക് പ്രത്യേ കിച്ചും, ദിവ്യത്വവും ദൈവത്തിന്റെ അധികാരാവകാശങ്ങളും അവർ വകവെച്ചുകൊടുക്കുന്നു. വിശുദ്ധ രെന്ന് കരുതപ്പെടുന്നവരുടെ പ്രതിമകളുണ്ടാക്കുന്നു. ചിലർ അവയെ ആരാധിക്കുന്നു. മതനിയമങ്ങൾ നിർമ്മിക്കുന്നതിനും പാപമോചനത്തിനും അധികാരം പുരോഹിതന്മാർക്കുണ്ടെന്നും അവർ വിശ്വസിക്കു ന്നു.

ദൈവത്തിന് പുത്രന്മാരെ കല്പിക്കുക, ദൈവേതരന്മാർക്ക് സ്വതന്ത്ര നിയമനിർമ്മാണാവകാശം വക വെച്ചുകൊടുക്കുക, എന്നീ രണ്ടു കുറ്റങ്ങളാണ് വേദക്കാരുടെ പേരിൽ പ്രധാനമായും ഇവിടെ ആരോപിച്ചിരിക്കുന്നത്. ദൈവം ഉണ്ടെന്ന് മാത്രം വിശ്വസിച്ചാൽ പോരാ. അവന്റെ ഗുണങ്ങളിലും സത്തയിലും, അധികാരങ്ങളിലും സ്വയം പങ്കാളിയാവുകയോ മറ്റാരെയെങ്കിലും പങ്കാളിയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ഏക ആരാധ്യനും രക്ഷകനും വിധികർത്താവും അവൻ മാത്രമാണെന്നും വിശ്വസിക്കേണ്ടതുണ്ട്. അതില്ലാത്തവരുടെ ദൈവവിശ്വാസം അർഥശൂന്യമാണ്.

---

32. അല്ലാഹുവിന്റെ പ്രകാശത്തെ അവരുടെ വായ്കൊണ്ട് ഊതിക്കെടുത്തുവാൻ അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശത്തെ പൂർത്തിയാക്കാതെ സമ്മതിക്കുകയില്ല. അവിശ്വാസികൾ വെറുത്താലും ശരി.

33. അവനാണ് തന്റെ ദൂതനെ സന്മാർഗവും സത്യമതവുമായി അയച്ചവൻ. എല്ലാ മതങ്ങൾക്കും മീതെ അത് മികച്ചുനിൽക്കുവാൻ വേണ്ടി. ബഹുദൈവ വിശ്വാസികൾക്ക് അത് എത്രതന്നെ അനിഷ്ടകരമാണെങ്കിലും ശരി.

---

33. പ്രവാചകൻ(സ) കൊണ്ടുവന്ന ദൈവിക ജീവിതവ്യവസ്ഥ മറ്റേതെങ്കിലും വ്യവസ്ഥയുടെ മേൽക്കോയ്മക്ക് അടിമപ്പെടാവതല്ല. അഖില പ്രപഞ്ചത്തിന്റെയും അധിപനായ അല്ലാഹുവിന്റെ വ്യവസ്ഥയാണിത്. അന്യവ്യവസ്ഥകൾ കനിഞ്ഞരുളുന്ന സൗജന്യങ്ങളിലും ആനുകൂല്യങ്ങളിലും ഒതുങ്ങിക്കഴിഞ്ഞുകൂടാനുള്ളതുമല്ല ദൈവികവ്യവസ്ഥ.

---

34. അല്ലയോ സത്യവിശ്വാസികളേ, മതപണ്ഡിതന്മാരിലും പുരോഹിതന്മാരിലും ഏറെപ്പേരും ജനങ്ങളുടെ ധനം നിഷിദ്ധമാർഗങ്ങളിലൂടെ തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (അവരെ)തടയുന്നവരുമാണ്. സ്വർണവും വെള്ളിയും ശേഖരിച്ചുവെക്കുകയും അവ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരെ, വേദനയേറിയ ശിക്ഷയുടെ സന്തോഷവാർത്ത അറിയിച്ചുകൊള്ളുക.

---

34.ജനങ്ങളുടെ ഇഷ്ടത്തിനൊത്ത് ഫത്‌വ (മതവിധി) നൽകുക, സൂത്രമാർഗങ്ങളുപയോഗിച്ച് പലിശ വാങ്ങുക, ജനങ്ങളുടെ ഇഷ്ടത്തിനൊത്ത് മതവിധി നൽകി അവരിൽനിന്ന് കൈക്കൂലി വാങ്ങുക, മോക്ഷം വിൽക്കുന്ന മതാചാരങ്ങൾ കെട്ടിച്ചമക്കുക, ഖബർ സ്ഥാനങ്ങളുടെയും പുണ്യാളന്മാരുടെയും പേരിൽ നേർച്ചാവഴിപാടുകൾ സ്വീകരിക്കുക, നേർച്ചകൾക്കും നിവേദ്യങ്ങൾക്കും പകരമായി ഭക്തജനങ്ങൾക്ക് ധനലാഭം, സന്താനലാഭം, ആഫത്ത്മുസ്വീബത്തുകളിൽനിന്നു രക്ഷ മുതലായവ ഉറപ്പുവരുത്തുന്ന ഉറുക്കുകളും ഐക്കല്ലുകളും നൽകുക, പ്രാർഥിച്ച് അനുഗ്രഹിക്കുക,ജനനമരണങ്ങളും വിവാഹാഘോഷങ്ങളും ഉദരപൂരണത്തിനുള്ള മാർഗങ്ങളാക്കുക തുടങ്ങിയതെല്ലാം ഈ പണ്ഡിതവേഷധാരികൾ പാമരജനങ്ങളുടെ ധനം ചൂഷണം ചെയ്യാൻ ഉപയോഗിക്കുന്ന മാർഗങ്ങളാണ്. അങ്ങനെ സ്വന്തം കാര്യസിദ്ധിക്കായി അവർ ജനങ്ങളെ അന്ധവിശ്വാസത്തിലും ദുർമാർഗത്തിലും തളച്ചിടുന്നു. ജനങ്ങളെ സന്മാർഗത്തിലേക്ക് നയിക്കുന്ന പ്രസ്ഥാനങ്ങളെയും പ്രവർത്തകരെയും ഈ ദ്രോഹികൾ പാണ്ഡിത്യത്തിന്റെ പരിവേഷമണിഞ്ഞു കുതന്ത്രങ്ങളുമായി എതിർക്കുകയും പതിവാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നു പറഞ്ഞാൽ, നിയമപ്രകാരമുള്ള സകാത്തും അതിനു ശേഷം സന്ദർഭവും പരിതസ്ഥിതികളും അനുസരിച്ച് ആവശ്യമായി വരുന്ന എല്ലാ ദാന ധർമ്മങ്ങളും ഉൾപ്പെടുന്നു.

---

35. (അതേ സ്വർണവും വെള്ളിയും) നരകാഗ്നിയിൽ ചുട്ടു പഴുപ്പിക്കുകയും എന്നിട്ടതുകൊണ്ട് അവരുടെ നെറ്റികളും പാർശ്വഭാഗങ്ങളും മുതുകുകളും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം! (അന്ന് അവരോട് പറയപ്പെടും:) ഇതാകുന്നു നിങ്ങൾ നിങ്ങൾക്കുവേണ്ടി ശേഖരിച്ച നിക്ഷേപം.അതിനാൽ നിങ്ങൾ സമ്പാദിച്ചുവെച്ചതിന്റെ രുചി ആസ്വദിച്ചുകൊള്ളുക.

36. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച നാൾതൊട്ടേ അല്ലാഹുവിൻെറ അടുക്കൽ അല്ലാഹുവിൻെറ പ്രമാണമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം പരിശുദ്ധമാണ്.(യുദ്ധം നിരോധിക്കപ്പെട്ട മാസങ്ങളാണ്). അതാണ് വക്രതയില്ലാത്ത മതം. അതിനാൽ (ആ നാലുമാസം) നിങ്ങൾ നിങ്ങളോടുതന്നെ അതിക്രമം കാണിക്കാതിരിക്കുക. ബഹുദൈവ വിശ്വാസികൾ ഏതുവിധം ഒറ്റക്കെട്ടായി നിങ്ങളോട് യുദ്ധം ചെയ്യുന്നുവോ അതേവിധം ഒറ്റക്കെട്ടായി നിങ്ങൾ അവരോടും യുദ്ധം ചെയ്യുക. അറിഞ്ഞിരിക്കുവിൻ, അല്ലാഹു ഭക്തന്മാരുടെ കൂടെയാകുന്നു.

---

36. ഹജ്ജിനുവേണ്ടി ദുൽഖഅദ്, ദുൽഹജ്ജ്, മുഹർറം എന്നീ മാസങ്ങളും ഉംറക്കുവേണ്ടി റജബുമാസവുമാണ് യുദ്ധം വിലക്കപ്പെട്ട മാസങ്ങൾ. യുദ്ധം വിലക്കപ്പെട്ട ഈ ആദരണീയ മാസങ്ങളിൽ,ബഹുദൈവാരാധകർ യുദ്ധത്തിനു മുതിരുകയാണെങ്കിൽ നിങ്ങളും ഒറ്റെക്കെട്ടായി തിരിച്ചടിക്കുക. ഇബ്രാഹീം നബി(അ)യുടെ കാലം മുതൽക്കേ ഈ നാലു മാസങ്ങൾ പവിത്രമാസങ്ങളായി ആചരിച്ചിരുന്നു. ഹജ്ജ് സമ്മേളനത്തിന് വിദൂരമായ സ്ഥലങ്ങളിൽനിന്ന് നിർഭയം വന്നുചേരുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ഹജ്ജ് മാസത്തിനുമുമ്പ് ദുൽഖഅദ് മാസവും അതുപോലെ ഹജ്ജിനുശേഷം സമാധാനപൂർവം തിരിച്ചുപോകുവാൻ അതിനുശേഷമുള്ള മുഹർറ മാസവും, അങ്ങനെ മൂന്നു മാസം തുടർച്ചയായി അല്ലാഹു യുദ്ധം നിരോധിച്ചിരിക്കുന്നു. ഉംറ നിർവഹിക്കുന്നവരുടെ സൗകര്യത്തിനായി റജബ് മാസവും നിശ്ചയിച്ചിരിക്കുന്നു.

---

37. തീർച്ചയായും 'നസീഅ' (മാസത്തിൻെറ നിഷിദ്ധതയെ പിന്നോട്ട് മാറ്റൽ) കടുത്ത സത്യനിഷേധമാണ്. അതുവഴി സത്യനിഷേധികൾ (കൂടുതൽ വലിയ) വഴികേടിലകപ്പെടുന്നു. ചില വർഷങ്ങളിൽ (ഒരു മാസത്തെ യുദ്ധം) അനുവദിക്കപ്പെട്ടതാക്കുന്നു. ചില വർഷങ്ങളിൽ (അതേ മാസത്തെ യുദ്ധം) നിഷിദ്ധമാക്കപ്പെട്ടതാക്കുന്നു; അല്ലാഹു യുദ്ധം നിരോധിച്ച (മാസങ്ങളുടെ) എണ്ണവുമായി യോജിക്കാൻ. അതുവഴി അല്ലാഹു നിരോധിച്ചതിനെ അവർ അനുവദനീയമാക്കുന്നു. അവരുടെ ഈ ദുഷ്ചെയ്തികൾ അവർക്ക് ആകർഷകമാക്കപ്പെട്ടു. സത്യനിഷേധികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുന്നില്ല.

38. സത്യവിശ്വാസികളേ, നിങ്ങൾക്കെന്തുപറ്റി? അല്ലാഹുവിൻെറ മാർഗത്തിൽ ഇറങ്ങിത്തിരിക്കുവിൻ എന്നു പറയപ്പെട്ടപ്പോൾ നിങ്ങൾ ഭൂമിയിലേക്ക് തൂങ്ങിക്കളയുന്നു! നിങ്ങൾ പരലോകത്തിനു പകരം ഭൗതികജീവിതംകൊണ്ട് തൃപ്തിപ്പെട്ടിരിക്കയാണോ? എന്നാൽ ഇഹലോകജീവിതത്തിലെ ഈ വിഭവങ്ങളൊക്കെയും പരലോകത്തെ അപേക്ഷിച്ച് അതീവ തുച്ഛമായതാകുന്നു.

39. നിങ്ങൾ (യുദ്ധത്തിന്) പുറപ്പെടുന്നില്ലെങ്കിൽ അല്ലാഹു നിങ്ങൾക്കു വേദനയേറിയ ശിക്ഷ നൽകുകയും,നിങ്ങളല്ലാത്ത മറ്റൊരു ജനതയെ പകരം കൊണ്ടുവരികയും ചെയ്യും. അവന്ന് ഒരു ദ്രോഹവും ചെയ്യാൻ നിങ്ങൾക്കാവില്ല. അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുറ്റവനാണ്.

40. നിങ്ങൾ അദ്ദേഹത്തെ (നബിയെ) സഹായിക്കുന്നില്ലെങ്കിൽ, സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കിയ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടുപേരിൽ ഒരാൾ മാത്രമായിരുന്നപ്പോൾ, അവർ ഇരുവരും ആ ഗുഹയിലായിരുന്നപ്പോൾ അദ്ദേഹം തൻെറ കൂട്ടുകാരനോട്, 'ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്' എന്ന് പറഞ്ഞ സന്ദർഭം. അപ്പോൾ അല്ലാഹു തന്നിൽ നിന്നുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുത്തു. നിങ്ങൾക്കു കാണാനാവാത്ത ഒരു സൈന്യത്താൽ അദ്ദേഹത്തെ ശക്തിപ്പെടുത്തി. അവിശ്വാസികളുടെ വാക്കിനെ അവൻ ഏറ്റം താണതാക്കുകയും ചെയ്തു.

അല്ലാഹുവിൻെറ വചനം തന്നെയാണ്‌ അത്യുന്നതം. അല്ലാഹു പ്രതാപിയും യുക്തിമാനു മാകുന്നു.

---

40. സത്യനിഷേധികളുടെ അക്രമങ്ങൾ നിമിത്തം നബി(സ) സ്വദേശമായ മക്കയിൽ നിന്ന്‌ മദീനയി ലേക്ക്‌ പലായനം ചെയ്യാൻ നിർബ്ബന്ധിതനായി. ശത്രുക്കൾ അദ്ദേഹത്തെ വധിക്കാൻ തീരുമാനിച്ച രാത്രി യിൽ തൻെറ പുരയ്ക്കു ചുറ്റും ആയുധങ്ങളേന്തി അവർ കാത്തുനിൽക്കേ അവരുടെ മുമ്പിലൂടെ അദ്ദേഹം വീട്ടിൽനിന്നിറങ്ങി. തൻെറ സഹപ്രവർത്തകനായ അബൂബക്കർ സിദ്ദീഖിനെ(റ) മാത്രം കൂടെ കൂട്ടി മദീനയെ ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു. നേരം പുലർന്നപ്പോൾ പ്രവാചകൻ(സ) രക്ഷപ്പെട്ട വിവരം ശത്രുക്കൾ അറിഞ്ഞു. അവർ തെരച്ചിൽ ആരംഭിച്ചു. പാപത്തിൻെറ സൈന്യം പിന്തുടരുമെന്ന്‌ ഉറ പ്പായിരുന്നു. അതിനാൽ മദീനയിലേക്ക്‌ വടക്കു ഭാഗത്തുകൂടെ പോകേണ്ടതിനു പകരം തെക്കോട്ട്‌ യാത്ര ചെയ്തു. 'ഥൗർ' മലയിലെ ഒരു ഗുഹയിൽ അബൂബക്കറിനോടൊപ്പം മൂന്നു ദിവസം ഒളിച്ചിരു ന്നു. രക്തദാഹികളായ ശത്രുക്കൾ തിരുമേനിയെ തേടിയുള്ള തിരച്ചിലിന്നിടയിൽ ഗുഹയുടെ കവാട ത്തിൽപോലും എത്തിപ്പെടുകയുണ്ടായി. 'ഇതിലൊന്നും ആരുമില്ല' എന്ന്‌ അടക്കം പറഞ്ഞ്‌ അവർ പിരിഞ്ഞുപോയി. ഈ സന്ദർഭത്തെയാണ്‌ അല്ലാഹു ഇവിടെ ഉദാഹരിച്ചു കാണിച്ചിരിക്കുന്നത്‌. ശത്രു ക്കൾ തങ്ങളെ കണ്ടുപിടിക്കുമോ എന്ന്‌ അബൂബക്കറിന്‌ ഭീതി തോന്നി. പ്രവാചകൻ(സ) തികച്ചും സമാധാന ചിത്തനായിക്കൊണ്ട്‌ അബൂബക്കർ സിദ്ദീഖിനെ സമാശ്വസിപ്പിച്ചു: 'ദുഃഖിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്‌'.

---

41. നിങ്ങൾ (സാധന സാമഗ്രികൾ) കുറഞ്ഞവരായാലും കൂടിയവരായാലും (സമര സന്നദ്ധ രായി) പുറപ്പെടുവിൻ. നിങ്ങളുടെ ധനംകൊണ്ടും ദേഹംകൊണ്ടും അല്ലാഹുവിൻെറ മാർഗ ത്തിൽ സമരം ചെയ്യുവിൻ! അതാണ്‌ നിങ്ങൾക്ക്‌ ഉത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ.

42. സമീപസ്ഥമായ ഒരു (കാര്യ) ലാഭവും, യാത്ര പ്രയാസരഹിതവുമായിരുന്നെങ്കിൽ അവർ നിന്നെ പിന്തുടരുമായിരുന്നു. എന്നാൽ ലക്ഷ്യം വിദൂരവും വഴി വിഷമകരവുമായി അവർക്ക്‌ തോന്നി. അതിനാൽ അവർ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്തു പറയും: 'ഞങ്ങൾക്ക്‌ സാധിച്ചിരുന്നെങ്കിൽ ഞങ്ങളും നിങ്ങളോടൊപ്പം പുറപ്പെടുമായിരുന്നു'. അവർ അവരെത്തന്നെ നശിപ്പിക്കുന്നു. തീർച്ചയായും അവർ കള്ളം പറയുന്നവരാണെന്ന്‌ അല്ലാഹുവിനറിയാം.

---

42. യുദ്ധത്തിന്‌ തബൂക്കിലേക്ക്‌ യാത്ര പുറപ്പെടാതെ മാറിനിന്ന കപട വിശ്വാസികളെക്കുറിച്ചാണ്‌ ഇവിടെ പരാമർശം. കഠിനമായ ഉഷ്ണം, ക്ഷാമം, വരൾച്ച, വിളവെടുപ്പ്‌ സമയം എന്നീ പരിതഃ സ്ഥിതികളിൽ ജനങ്ങൾ വിഷമിക്കുമ്പോൾ ആയിരുന്നു തബൂക്കിലേക്ക്‌ യുദ്ധത്തിന്‌ പുറപ്പെടാൻ കൽപനയുണ്ടായത്‌.

---

43. (നബിയേ,) അല്ലാഹു നിനക്ക്‌ മാപ്പ്‌ നൽകിയിരിക്കുന്നു. സത്യം പറഞ്ഞവരെ നിനക്ക്‌ വ്യക്തമാവുകയും അസത്യവാന്മാരെ നീ അറിയുകയും ചെയ്യുന്നതുവരെ (നിന്നെ അനുഗമി ക്കുന്നതിൽനിന്നും ഒഴിഞ്ഞു നിൽക്കുവാൻ) അവർക്ക്‌ എന്തിന്‌ നീ അനുമതി നൽകി?

---

43. ഓരോ ഒഴികഴിവുകളും പറഞ്ഞ്‌ തബൂക്ക്‌ യാത്രയിൽനിന്ന്‌ തങ്ങളെ ഒഴിവാക്കാൻ ചില കപട വിശ്വാസികൾ നബി(സ)യെ സമീപിച്ചിരുന്നു. അവരുടെ ആവശ്യം കപടമാണെന്നറിഞ്ഞുകൊണ്ടുതന്നെ തിരുമേനി(സ) അവർക്ക്‌ വിടുതി നൽകുകയും ചെയ്തിരുന്നു.

---

44. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ തങ്ങളുടെ ധനംകൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുന്നതിൽനിന്ന്‌ വിട്ടുനിൽക്കാൻ നിന്നോട്‌ അനുവാദം ചോദിക്കുക യില്ല. അല്ലാഹു ഭക്തന്മാരെ നന്നായറിയുന്നു.

45. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാത്തവര്‍ മാത്രമാണ്‌ നിന്നോട്‌ അനുവാദം ചോദിച്ച്‌ (ഒഴിഞ്ഞു മാറുന്നത്‌). അവരുടെ ഹൃദയങ്ങള്‍ സന്ദേഹിക്കുന്നു. അങ്ങനെ അവര്‍ അവരുടെ സംശയത്തില്‍ ചാഞ്ചാടിക്കൊണ്ടിരിക്കുന്നു.

46. അവര്‍ക്ക്‌ പുറപ്പെടാനുദ്ദേശമുണ്ടായിരുന്നുവെങ്കില്‍ അതിനായി സജ്ജമാക്കേണ്ട (സാമഗ്രികളൊക്കെ) ഒരുക്കിവെക്കുമായിരുന്നു. പക്ഷേ,അവര്‍ പുറപ്പെടുന്നത്‌ അല്ലാഹുവിന്‌ ഇഷ്ടമുണ്ടായിരുന്നില്ല. അതിനാല്‍ അവരെ അവന്‍ തടഞ്ഞുവെച്ചു. (അവരോട്‌) പറയപ്പെട്ടു: (മടിയന്മാരായി) ഇരിക്കുന്നവരുടെ കൂടെ നിങ്ങളും ഇരുന്നുകൊള്ളുക.

47. അവര്‍ നിങ്ങളുടെ കൂടെ പുറപ്പെട്ടിരുന്നുവെങ്കില്‍ നിങ്ങള്‍ക്കവര്‍ നാശമല്ലാതെ ഒന്നും വര്‍ദ്ധിപ്പിക്കുമായിരുന്നില്ല. അവര്‍ നിങ്ങള്‍ക്കിടയില്‍ കുഴപ്പമുണ്ടാക്കാന്‍തന്നെ ഓടിനടക്കുമായിരുന്നു.നിങ്ങളുടെ കൂട്ടത്തില്‍ അവര്‍ക്ക്‌ ചെവികൊടുക്കുന്നവര്‍ ഉണ്ട്‌താനും.അല്ലാഹു ആ ധിക്കാരികളെപ്പറ്റി നന്നായി അറിയുന്നവനാകുന്നു.

48. മുമ്പും അവര്‍ കലാപമുണ്ടാക്കാന്‍ ശ്രമിച്ചിട്ടുണ്ട്‌. നിനക്കെതിരില്‍ അവര്‍ കാര്യങ്ങള്‍ കുഴച്ചു മറിക്കുകയും ചെയ്തിട്ടുണ്ട്‌. അങ്ങനെ സത്യം വന്നെത്തുകയും,അല്ലാഹുവിന്റെ വിധി പുലരുകയും ചെയ്തു, അവര്‍ വെറുക്കുന്നവരായിരിക്കെ.

49. അവരില്‍ ഇങ്ങനെ പറയുന്നവരുണ്ട്‌: എനിക്ക്‌ ഇളവ്‌ തരണേ, എന്നെ പരീക്ഷണത്തില്‍ ആക്കരുതേ! അറിയുക: അവര്‍ കുഴപ്പത്തില്‍ തന്നെയാണ്‌ വീണിരിക്കുന്നത്‌. തീര്‍ച്ചയായും നരകം നിഷേധികളെ വലയം ചെയ്തിരിക്കുന്നു.

50. നിനക്ക്‌ വല്ല നന്മയും വന്നെത്തുന്ന പക്ഷം അതവരെ ദുഃഖിതരാക്കും. നിനക്കു വല്ല ആപത്തും വന്നെത്തുന്ന പക്ഷം അവര്‍ പറയും: തീര്‍ച്ചയായും ഞങ്ങളുടെ കാര്യം (സംബന്ധിച്ച്‌ മുന്‍കരുതല്‍) നേരത്തേ തന്നെ ഞങ്ങള്‍ എടുത്തുകഴിഞ്ഞിരുന്നു. അവര്‍ ആഹ്ലാദത്തോടെ പിന്തിരിഞ്ഞുപോവുകയും ചെയ്യുന്നു.

51. പറയുക: അല്ലാഹു ഞങ്ങള്‍ക്ക്‌ വിധിച്ചതല്ലാതെ, ഞങ്ങളെ ഒന്നും ബാധിക്കുകയില്ല. അവനാണ്‌ ഞങ്ങളുടെ രക്ഷാധികാരി.സത്യവിശ്വാസികള്‍ അല്ലാഹുവില്‍ ഭരമേല്‍പ്പിച്ചുകൊള്ളട്ടെ

52. പറയുക: (ഒന്നുകില്‍ രക്തസാക്ഷിത്വം അല്ലെങ്കില്‍ വിജയം എന്ന) രണ്ടു നല്ല കാര്യങ്ങളില്‍ ഏതെങ്കിലും ഒന്നല്ലാതെ ഞങ്ങള്‍ക്ക്‌(മറ്റെന്തെങ്കിലും) നിങ്ങള്‍ പ്രതീക്ഷിക്കുന്നുണ്ടോ? നിങ്ങളുടെ കാര്യത്തില്‍ ഞങ്ങള്‍ പ്രതീക്ഷിക്കുന്നതോ, അല്ലാഹുവിന്റെ പക്കല്‍ നിന്ന്‌- അല്ലെങ്കില്‍ ഞങ്ങളുടെ കൈകളാല്‍ നിങ്ങളെ അവന്‍ ശിക്ഷിക്കും എന്നത്രെ. അതിനാല്‍ നിങ്ങള്‍ കാത്തിരുന്നു കൊള്ളുക. നിങ്ങളോടൊപ്പം ഞങ്ങളും കാത്തിരിക്കാം.

---

52. ഒരു സത്യവിശ്വാസിക്ക്‌ സത്യമാര്‍ഗത്തില്‍ എന്തു ആപത്തുകള്‍ വന്നു ഭവിച്ചാലും അല്ലെങ്കില്‍ മേല്‍ക്കുമേല്‍ വിജയം കൈവരിച്ചാലും അതെല്ലാം ദൈവഹിതമനുസരിച്ചാണ്‌ സംഭവിക്കുന്നത്‌ എന്ന്‌ അവന്‍ മനസ്സിലാക്കുന്നു. കര്‍ത്തവ്യനിര്‍വ്വഹണത്തില്‍ ദൈവപ്രീതി മാത്രമാണ്‌ അവന്റെ മുമ്പിലുള്ള ഒരേയൊരു ലക്ഷ്യം. വിപല്‍ഘട്ടങ്ങളില്‍ അവന്‌ മനസ്സാന്നിദ്ധ്യം നഷ്ടപ്പെടുന്നില്ല. വിജയ ലബ്ധിയില്‍ ഗര്‍വിഷ്ഠനാകുന്നുമില്ല.

---

53. പറയുക: (നിങ്ങളുടെ ധനം) മനസ്സോടെയോ മനസ്സില്ലാതെയോ ചെലവഴിച്ചുകൊള്ളുക. നിങ്ങളില്‍നിന്ന്‌ അത്‌ സ്വീകരിക്കപ്പെടുന്നതല്ല. കാരണം, തീര്‍ച്ചയായും നിങ്ങള്‍ ധിക്കാരികളായ ജനതയാണെന്നതുതന്നെ.

---

53. യുദ്ധത്തിന്‌ സാമ്പത്തിക സഹായം നല്‍കാന്‍ ചില കപടവിശ്വാസികള്‍ സന്നദ്ധത പ്രകടിപ്പിച്ചിരുന്നതിനെയാണ്‌ ഇവിടെ സൂചിപ്പിക്കുന്നത്‌.

---

54. അല്ലാഹുവിലും അവൻെറ ദൂതനിലും അവർ അവിശ്വസിക്കുന്നുവെന്നതും, അലസമായി ട്ടല്ലാതെ അവർ നമസ്കാരത്തിന് വരുന്നില്ല എന്നതും വിസമ്മതത്തോടെയല്ലാതെ അവർ ചെലവ് ചെയ്യുന്നില്ല എന്നതും അല്ലാതെ മറ്റൊന്നും അല്ല, അവരുടെ ദാനങ്ങൾ അവരിൽ നിന്ന് സ്വീകരിക്കപ്പെടുന്നതിനെ തടയുന്നത്.

55. അവരുടെ സമ്പത്തും, അവരുടെ സന്താനങ്ങളും നിന്നെ വിസ്മയിപ്പിക്കാതിരിക്കട്ടെ. അവയിലൂടെ ഐഹികജീവിതത്തിൽതന്നെ അവരെ ശിക്ഷയിലകപ്പെടുത്തണമെന്നും അവി ശ്വാസികളായിരിക്കെ അവർ ജീവൻ വെടിയണമെന്നുമത്രെ അല്ലാഹു ഉദ്ദേശിക്കുന്നത്.

56. അവർ അല്ലാഹുവിനെപ്പിടിച്ചാണയിട്ടു പറയുന്നു 'തീർച്ചയായും അവർ നിങ്ങളിൽപെട്ടവർ തന്നെയാണെന്ന്''. എന്നാൽ അവർ നിങ്ങളുടെ കൂട്ടത്തിൽപെട്ടവരല്ല. പക്ഷേ, അവർ നിങ്ങ ളെ ഭയപ്പെട്ടു കഴിയുന്ന ജനമാകുന്നു.

57. ഏതെങ്കിലും അഭയസ്ഥാനമോ,ഗുഹകളോ,അല്ലെങ്കിൽ(ഒളിഞ്ഞു)കടന്നുകൂടാവുന്ന വല്ല സ്ഥ ലമോ കണ്ടെത്തുകയാണെങ്കിൽ അവർ പിന്തിരിഞ്ഞ് അങ്ങോട്ട് വിരണ്ടോടുമായിരുന്നു.

57. മദീനയിലെ കപടവിശ്വാസികൾ തങ്ങൾ മുസ്ലിംകളാണെന്ന് ഇടക്കിടെ ആണയിട്ടു പറഞ്ഞിരു ന്നത് അവരുടെ ഭയംകൊണ്ടുമാത്രമായിരുന്നു. അവരുടെ യുവാക്കളിലെ ഗണ്യമായൊരു വിഭാഗം ആത്മാർഥമായിത്തന്നെ ഇസ്ലാം സ്വീകരിച്ചതോടെ തങ്ങൾ വല്ലാത്തൊരു ഊരാക്കുടുക്കിൽപെട്ടതായി അവർ മനസ്സിലാക്കി. ധാരാളം ഭൂസ്വത്തുക്കളുടെ ഉടമകളായിരുന്ന അവർ മുസ്ലിംകളുമായി വേറിട്ടു നിൽക്കുന്ന പക്ഷം അവരെ ശത്രുക്കളായി ഗണിച്ച് മുസ്ലിംകൾ അവരോട് സമരം ചെയ്യേങ്കിലോ എന്ന ഭയമായിരുന്നു അവർക്ക്. സത്യസ്നേഹത്തിൻെറ പേരിൽ തങ്ങളുടെ ജീവനും ധനവും ത്യജി ക്കുക എന്നത് ഈ സ്വാർത്ഥപൂജകർക്ക് ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. മുസ്ലിംകളിൽ നിന്ന് അകന്നുനിന്ന് രക്ഷപ്പെടുവാനുള്ള ഒരു പോംവഴിയും ഇല്ലാത്തതിനാലാണ് അവർ ഈ കള്ളസത്യത്തിൻെറ മറവിൽ രക്ഷപ്പെടുവാൻ ശ്രമിച്ചിരുന്നത്.

58. ദാനധർമങ്ങളുടെ (വിതരണ) കാര്യത്തിൽ നിന്നെ വിമർശിക്കുന്ന ചിലർ അവരുടെ കൂട്ട ത്തിലുണ്ട്. അതിൽനിന്ന് വല്ലതും നല്കപ്പെട്ടാൽ അവർ സന്തുഷ്ടരാകും. അതിൽ നിന്ന് അവർക്ക് ഒന്നും നല്കപ്പെട്ടിട്ടില്ലങ്കിലോ അവരതാ കോപിക്കുന്നു.

59. അല്ലാഹുവും അവൻെറ ദൂതനും അവർക്ക് നൽകിയത് എന്തോ അതിൽ അവർ തൃപ്തി പ്പെടുകയും എന്നിട്ടിങ്ങനെ പറയുകയും ചെയ്തിരുന്നെങ്കിൽ(എത്ര നന്നായിരുന്നു)! ഞങ്ങൾ ക്ക് അല്ലാഹു മതി. അല്ലാഹുവിൻെറ അനുഗ്രഹത്തിൽനിന്ന് അവനും അവൻെറ ദൂതനും (വഴിയെ) ഞങ്ങൾക്ക് നൽകിക്കൊള്ളും. തീർച്ചയായും ഞങ്ങൾ അല്ലാഹുവിൽമാത്രം ആശ യർപ്പിച്ചവരാകുന്നു.

60. നിശ്ചയമായും ധർമ്മങ്ങൾ(നിർബന്ധ ദാനങ്ങൾ)ദരിദ്രന്മാർക്കും, അഗതികൾക്കും, അതിൻെറ ജോലിക്കാർക്കും, ഹൃദയങ്ങൾ(ഇസ്ലാമുമായി) ഇണക്കപ്പെട്ടവർക്കും, അടിമത്തമോചനത്തി നും, കടക്കാരെ സഹായിക്കുന്നതിനും, അല്ലാഹുവിൻെറ മാർഗത്തിലും, വഴിപോക്കർക്കും മാത്രമുള്ളതാണ്. ഇത് അല്ലാഹു നിർദ്ദേശിച്ച കടമയാകുന്നു. അല്ലാഹു സകലതും അറി യുന്നവനും യുക്തിമാനുമാണ്.

60. സകാത്തുധനം നബി(സ) തനിക്കും തൻെറ കുടുംബത്തിനും (ബനൂഹാശിം) നിഷിദ്ധമാക്കിയിരി ക്കുന്നു.

61. നബിയെ ദ്രോഹിക്കുന്ന ചിലർ അവരിലുണ്ട്. അദ്ദേഹം എല്ലാറ്റിനും ചെവികൊടുക്കുന്ന വനാണെന്നും അവർ പറയുന്നു. പറയുക: അദ്ദേഹം നിങ്ങൾക്ക് ഗുണകരമായത് ചെവി കൊള്ളുന്നവനാകുന്നു. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു. സത്യവിശ്വാസികളിൽ

വിശ്വാസമർപ്പിക്കുന്നു. നിങ്ങളിൽ നിന്ന് വിശ്വസിച്ചവർക്ക് ഒരനുഗ്രഹവുമാണദ്ദേഹം. അല്ലാഹുവിൻെറ ദൂതനെ ദ്രോഹിക്കുന്നവർക്ക് വേദനയേറിയ ശിക്ഷയുണ്ട്.

62. നിങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി നിങ്ങളോടവർ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്തു പറയുന്നു. എന്നാൽ അവർ തൃപ്തിപ്പെടുത്താൻ ഏറെ അർഹർ അല്ലാഹുവും അവൻെറ ദൂതനുമാകുന്നു. അവർ സത്യവിശ്വാസികളാണെങ്കിൽ.

63. അവർക്കറിഞ്ഞുകൂടേ; ആരെങ്കിലും അല്ലാഹുവിനെയും അവൻെറ ദൂതനെയും എതിർക്കുന്നുവെങ്കിൽ അവന്നുണ്ടാവുക നരകാഗ്നിയാണെന്ന്. അവനതിൽ നിത്യവാസിയായിരിക്കും. അതത്രെ വമ്പിച്ച മാനക്കേട്.

64. തങ്ങളുടെ മനസ്സിലുള്ളത് (മുസ്ലിംകൾക്ക്) തുറന്നുകാട്ടുന്ന വല്ല അധ്യായവും അവതരിച്ചേക്കുമോ എന്നു ഭയപ്പെട്ടുകൊണ്ടിരിക്കുകയാകുന്നു ഈ കപടവിശ്വാസികൾ. പറയുക: നിങ്ങൾ പരിഹസിച്ചുകൊള്ളുക. തീർച്ചയായും നിങ്ങൾ ഭയപ്പെട്ടുകൊണ്ടിരിക്കുന്നത് അല്ലാഹു പുറത്തു കൊണ്ടുവരികതന്നെ ചെയ്യും.

65. നീ അവരോട് (അതേപറ്റി)ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവൻെറ വചനങ്ങളെയും അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?

66. നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. തീർച്ചയായും നിങ്ങളുടെ വിശ്വാസത്തിനുശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞു. നിങ്ങളിലൊരു വിഭാഗത്തിന് നാം മാപ്പ് നൽകിയാലും മറുവിഭാഗത്തെ ശിക്ഷിക്കുക തന്നെ ചെയ്യും. അവർ കുറ്റവാളികൾ ആയതു കാരണമായി.

67. കപടവിശ്വാസികളും കപടവിശ്വാസിനികളും ഒരേ ഗണത്തിൽപ്പെട്ടവരാകുന്നു. അവർ തിന്മയെ അനുശാസിക്കുകയും നന്മയെ വിലക്കുകയും ചെയ്യുന്നു. (ധനം ചെലവഴിക്കാതെ) അവർ തങ്ങളുടെ കൈകളെ(ഇറുക്കി)പിടിക്കുകയും ചെയ്യുന്നു.അവർ അല്ലാഹുവെ വിസ്മരിച്ചു. അതിനാൽ അവൻ അവരെയും വിസ്മരിച്ചിരിക്കുന്നു. തീർച്ചയായും കപടവിശ്വാസികൾതന്നെയാണ് ധിക്കാരികൾ.

68. കപടവിശ്വാസികൾക്കും കപടവിശ്വാസിനികൾക്കും സത്യനിഷേധികൾക്കും അല്ലാഹു നരകാഗ്നി വാഗ്ദാനം ചെയ്തിരിക്കുന്നു.അവർ അതിൽ നിത്യവാസികളായിരിക്കും. അവർക്ക് അത് മതിയാകും. അല്ലാഹു അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് സ്ഥായിയായ ശിക്ഷയുണ്ടായിരിക്കുന്നതാണ്.

69. നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവരെപ്പോലെ(യാണ് നിങ്ങളും.)അവർ നിങ്ങളെക്കാൾ കടുത്ത ശക്തിയുള്ളവരും സമ്പത്തും സന്താനങ്ങളും അധികമുള്ളവരുമായിരുന്നു. അങ്ങനെ അവരുടെ ഓഹരികൊണ്ട് അവർ സുഖമനുഭവിച്ചു. നിങ്ങളുടെ മുൻഗാമികൾ തങ്ങളുടെ വിഹിതംകൊണ്ട് സുഖമനുഭവിച്ചപോലെ ഇപ്പോൾ നിങ്ങളും നിങ്ങളുടെ വിഹിതംകൊണ്ട് സുഖമനുഭവിച്ചു. അവർ (അധർമ്മത്തിൽ) മുഴുകിയതുപോലെ നിങ്ങളും മുഴുകി. ഇഹത്തിലും പരത്തിലും അവരുടെ പ്രവർത്തനങ്ങളൊക്കെ പാഴായിരിക്കുന്നു. അവർ തന്നെയാണ് നഷ്ടം പറ്റിയവർ.

70. ഇവരുടെ മുൻഗാമികളുടെ വൃത്താന്തം ഇവർക്ക് വന്നെത്തിയിട്ടില്ലേ? അതായത് നൂഹിൻെറ ജനതയുടെയും ആദിൻെറയും ഥമൂദിൻെറയും ഇബ്രാഹീമിൻെറ ജനതയുടെയും മദ്‌യൻ നിവാസികളുടെയും കീഴ്മേൽ മറിക്കപ്പെട്ട പട്ടണങ്ങളുടെയും (വൃത്താന്തം)? അവരിലേക്കു

ള്ള ദൂതന്മാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരെ സമീപിച്ചു. അപ്പോൾ അല്ലാഹു ആയിരുന്നില്ല അവരെ ദ്രോഹിച്ചത്. അവർ അവരെത്തന്നെ ദ്രോഹിക്കുകയായിരുന്നു.

70. അല്ലാഹു അവരുടെ മാർഗദർശനത്തിനായി പ്രവാചകന്മാരെ നിയോഗിക്കുകയും, പ്രവാചകന്മാർ അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു. എന്നാൽ അവർ വിനാശ മാർഗത്തിൽ ശഠിച്ചു നിന്നു. നന്നാവാനുള്ള സന്ദർഭം അവർ ഉപയോഗപ്പെടുത്തിയില്ല. അവർ തങ്ങളോടുതന്നെ അതിക്രമം ചെയ്യുക യായിരുന്നു. അതിനാൽ അവർക്ക് ലഭിക്കേണ്ടത് ലഭിച്ചു.

71. സത്യവിശ്വാസികളും സത്യവിശ്വാസിനികളും പരസ്പരം മിത്രങ്ങളാകുന്നു. അവർ നന്മയെ അനുശാസിക്കുന്നു. തിന്മ നിരോധിക്കുന്നു.നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നു. സകാ ത്ത് നൽകുന്നു. അല്ലാഹുവിനെയും അവൻെറ ദൂതനെയും അനുസരിക്കുകയും ചെയ്യു ന്നു. ഇങ്ങനെയുള്ളവർക്ക് അല്ലാഹുൻെറ അനുഗ്രഹം ലഭിക്കുക തന്നെ ചെയ്യും. തീർച്ചയാ യും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്.

71. കപടവിശ്വാസികളുടെ ധാർമ്മികനിലപാടും സ്വഭാവരീതികളും അവരെ ഒരു പ്രത്യേക സമുദായമാ ക്കിയിരിക്കുന്നു. അതിൽനിന്നും തികച്ചും ഭിന്നമായി സത്യവിശ്വാസികളുടെ ധാർമ്മിക നിലപാടും സ്വഭാവരീതികളും സത്യവിശ്വാസികളെയും ഒരു പ്രത്യേക സമുദായമാക്കിയിരിക്കുന്നു. കപടവിശ്വാസി കൾ തിന്മ കൽപിക്കുന്നു. നന്മ വിരോധിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ നന്മ കൽപിക്കുന്നു. തിന്മ വിരോധിക്കുകയും ചെയ്യുന്നു.

72. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും അല്ലാഹു താഴ്ഭാഗത്തൂടെ അരുവിക ളൊഴുകുന്ന സ്വർഗീയാരാമങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായി രിക്കും. നിത്യവാസത്തിനുള്ള ആ സ്വർഗീയാരാമങ്ങളിൽ അവർക്ക് പാവനമായ പാർപ്പിട ങ്ങളുമുണ്ട്. സർവോപരി അല്ലാഹുവിൽനിന്നുള്ള വലിയ പ്രീതിയും. ഇതുതന്നെയാകുന്നു ഉജ്ജ്വലമായ വിജയവും.

73. അല്ലയോ നബിയേ! സത്യനിഷേധികളോടും കപടവിശ്വാസികളോടും സമരം ചെയ്യുക. അവരോട് പരുഷത കാണിക്കുകയും ചെയ്യുക. അവരുടെ സങ്കേതം നരകമാകുന്നു. തിരി ച്ചെത്തുന്ന (ആ മടക്ക) സ്ഥാനം എത്രയോ ചീത്തയും!

73. ചിന്തിച്ചു ഗ്രഹിക്കാനും വിശ്വാസദാർഢ്യം നേടുന്നതിനും കപടവിശ്വാസികൾക്ക് നീണ്ട ഒമ്പതു വർഷം നൽകിയിട്ടും അവരത് ഉപയോഗപ്പെടുത്തിയില്ല. അതിനാൽ സത്യനിഷേധികളെന്നപോലെ കപടവിശ്വാസികളോടും സൗമനസ്യനയം അവസാനിപ്പിച്ച് കർക്കശനയം കൈക്കൊള്ളണമെന്ന് അല്ലാഹു അനുശാസിക്കുന്നു. കാപട്യം വെച്ചു പുലർത്തിക്കൊണ്ട് മുസ്ലിംകളുടെ കൂടെ ഇടപഴകുന്ന ആളു കളെ ഇനിമേൽ തുറന്നു കാട്ടുകയും പരസ്യമായി അപലപിക്കുകയും വേണം.

74. തങ്ങൾ(അങ്ങനെ)പറഞ്ഞിട്ടേയില്ലെന്ന് അവർ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്തു പറ യുന്നു. തീർച്ചയായും സത്യനിഷേധത്തിൻെറ വാക്ക് അവർ പറയുക തന്നെ ചെയ്തിട്ടുണ്ട്. ഇസ്ലാം സ്വീകരിച്ചശേഷം അവർ നിഷേധിച്ചവരായി. അവർക്ക് ചെയ്യാൻ കഴിയാത്ത ചിലതിന് അവർ ഉദ്യുക്തരാവുകയും ചെയ്തു. അല്ലാഹുവിൻെറ അനുഗ്രഹത്താൽ അവനും അവൻെറ ദൂതനും അവർക്ക് സുഭിക്ഷത നൽകി എന്നതൊഴിച്ച് അവരുടെ എതിർപ്പിന് (മറ്റൊരു) കാരണവുമില്ല. ഇനിയെങ്കിലും അവർ പശ്ചാത്തപിക്കുകയാണെങ്കിൽ അതാണ വർക്ക് നല്ലത്. അവർ പിന്തിരിഞ്ഞു കളയുന്നപക്ഷം അല്ലാഹു ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷ അവരെ ശിക്ഷിക്കുന്നതുമാകുന്നു. ഭൂമിയിൽ അവർക്ക് ഒരു രക്ഷ കനും സഹായിയും ഉണ്ടായിരിക്കുന്നതുമല്ല.

74. തബൂക്കിൽ നിന്നുള്ള മടക്കയാത്രയിൽ കപടവിശ്വാസികളുടെ തനിനിറം വ്യക്തമാക്കുന്ന പലതും സംഭവിച്ചിരുന്നു. നബി(സ)യെ പഴിക്കുകയോ ഖുർആനെ പരിഹസിക്കുയോ ചെയ്തുകൊണ്ടുള്ള സംസാരങ്ങൾ അവർ നടത്തിയിരുന്നു. അവയിൽ പലതിനെപറ്റിയും ഖുർആൻ വചനങ്ങൾ അവതരിക്കുകയും ചെയ്തിട്ടുണ്ട്. തബൂക്കിൽനിന്നും മടങ്ങുമ്പോൾ, നബി(സ) അഖബയിലൂടെ (ഇടുങ്ങിയ കുന്നിൻ ചെരിവിലൂടെ)യായിരുന്നു പോന്നത്. രാത്രികാലത്ത് നബി(സ)യെ ആഴമുള്ള കൊക്കയിലേക്ക് തള്ളി വീഴ്ത്തി അപകടപ്പെടുത്തുവാനുള്ള അവരുടെ പദ്ധതി അല്ലാഹു നബി(സ)ക്ക് അറിയിച്ചു കൊടുത്തു. വേഷപ്രച്ഛന്നരായി തങ്ങളെ പിന്തുടരുന്ന സംഘത്തെ, നബി(സ)യുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചിരുന്ന അനുചരന്മാർ കാണുകയും അവരെ എതിരിടുകയും ചെയ്തു. തങ്ങളെ തിരിച്ചറിഞ്ഞേക്കുമോ എന്ന ഭയത്താൽ അക്രമിസംഘം ഓടിമറയുകയാണുണ്ടായത്. 'അവർക്ക് ചെയ്യാൻ കഴിയാത്ത ചിലതിന് അവർ ഉദ്യുക്തരായി' എന്ന് പറഞ്ഞതിന്റെ താൽപര്യം ഇതായിരിക്കാമെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

---

75. അല്ലാഹു തന്റെ ഔദാര്യത്തിൽനിന്ന് ഞങ്ങൾക്ക് നൽകുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ ദാനം ചെയ്യുമെന്നും സച്ചരിതരിലുൾപ്പെടുമെന്നും അല്ലാഹുവോട് കരാർ ചെയ്തവരും അവരിലുണ്ട്.

76. എന്നാൽ(അല്ലാഹു) അവന്റെ ഔദാര്യത്തിൽനിന്നും അവർക്ക് (സമ്പത്ത്) നൽകിയപ്പോൾ, അതിൽതന്നെ അവർ പിശുക്കു കാണിക്കുകയും, (പ്രതിജ്ഞയെ തികച്ചും) അവഗണിച്ചുകൊണ്ട് പിന്തിരിയുകയും ചെയ്തു.

77. എന്നാൽ അവനെ അവർ കണ്ടുമുട്ടുന്ന ദിവസം വരേക്കും അവരുടെ ഹൃദയങ്ങളിൽ കാപട്യത്തെ (അതിന്റെ)അനന്തരഫലമായി നൽകി. അല്ലാഹുവിനോട് അവർ ചെയ്ത ഈ പ്രതിജ്ഞാലംഘനം കാരണമായും, അവർ പറഞ്ഞുകൊണ്ടിരുന്ന കള്ളം കാരണമായും.

78. അല്ലാഹു അവരുടെ രഹസ്യങ്ങളും അവരുടെ ഗൂഢാലോചനകളുമെല്ലാം അറിയുന്നുണ്ടെന്നും അല്ലാഹു അദൃശ്യകാര്യങ്ങൾ നന്നായി അറിയുന്നവനാണെന്നും അവർ മനസ്സിലാക്കിയിട്ടില്ലേ?

79. സ്വമേധയാ ദാനധർമങ്ങൾ ചെയ്യുന്ന സത്യവിശ്വാസികളെയും സ്വന്തം അധ്വാനമല്ലതൊന്നും (ദാനം ചെയ്യാൻ) മറ്റൊന്നും കണ്ടെത്താത്ത(പാവങ്ങ)ളെയും കുറ്റം പറയുന്നവരത്രെ അവർ. അങ്ങനെ ആ വിശ്വാസികളെ അവർ പരിഹസിക്കുന്നു. അല്ലാഹു അവരെയും പരിഹാസ്യരാക്കിയിരിക്കുന്നു. അവർക്ക് വേദനയേറിയ ശിക്ഷയാണുള്ളത്.

---

79. തബൂക്ക് യുദ്ധവേളയിൽ പല അനുചരന്മാരും വലിയ വലിയ തുകകൾ, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രം മോഹിച്ചുകൊണ്ട് സംഭാവന ചെയ്തപ്പോൾ, അതൊക്കെ ജനങ്ങളെ കാണിക്കുവാനും കീർത്തിനേടുവാനുമാണെന്ന് കപടവിശ്വാസികൾ പറഞ്ഞുകൊണ്ടിരുന്നു. അധ്വാനിച്ചും കൂലിപ്പണിയെടുത്തും കിട്ടുന്നത് സംഭാവന ചെയ്തിരുന്ന പാവങ്ങളെ, തുക കുറഞ്ഞുപോയതിന്റെ പേരിലും ഈ കപടവിശ്വാസികൾ പരിഹസിച്ചിരുന്നു.

---

80. നീ അവർക്കുവേണ്ടി മാപ്പപേക്ഷിക്കുകയോ മാപ്പപേക്ഷിക്കാതിരിക്കുകയോ ചെയ്യുക. നീ അവർക്കുവേണ്ടി എഴുപതുവട്ടം മാപ്പു തേടിയാലും അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല. എന്തുകൊണ്ടെന്നാൽ അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിച്ചിരിക്കുന്നു. ധിക്കാരികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

81. യുദ്ധത്തിൽനിന്ന് പിന്മാറിനിന്നവർ അല്ലാഹുവിന്റെ ദൂതനെതിരായുള്ള അവരുടെ ഇരുപ്പിൽ സന്തുഷ്ടരായിരിക്കുന്നു. തങ്ങളുടെ ധനംകൊണ്ടും ദേഹംകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ പൊരുതുന്നത് അവർക്കസഹ്യമായി. അവർ പറഞ്ഞു: 'നിങ്ങൾ ഈ കൊടും

ചൂടിൽ (യുദ്ധത്തിന്) പുറപ്പെട്ടു പോകേണ്ട'. പറയുക: 'നരകാഗ്നി കൂടുതൽ ചൂടേറിയ താകുന്നു'. അവർ (കാര്യം) ഗ്രഹിക്കുന്നവരായിരുന്നുവെങ്കിൽ!

82. അതിനാൽ അവർ അൽപം ചിരിച്ചു കൊള്ളട്ടെ. (പിന്നീട്) അവർ ഏറെ കരയുകയും ചെയ്യട്ടെ. അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന്റെ പ്രതിഫലമായി.

83. ഇനി (യുദ്ധം കഴിഞ്ഞ്)അല്ലാഹു നിന്നെ അവരിലൊരുകൂട്ടരുടെയടുത്ത് (സുരക്ഷിതനായി) തിരിച്ചുകൊണ്ടുവരികയും, ഭാവിയിൽ (മറ്റേതെങ്കിലും യുദ്ധത്തിന്) നിന്റെ കൂടെ പുറപ്പെടുവാൻ അവരിൽ(ഏതെങ്കിലും വിഭാഗം)അനുവാദം ചോദിക്കുകയും ചെയ്താൽ, അപ്പോൾ നീ പറഞ്ഞുകൊള്ളുക: ഒരിക്കലും എന്റെ കൂടെ നിങ്ങൾ പുറപ്പെട്ടു വരികയില്ല. എന്റെ കൂടെ ഒരു ശത്രുവോടും നിങ്ങൾ യുദ്ധം ചെയ്യുകയുമില്ല. തീർച്ചയായും ആദ്യത്തെ തവണ (യുദ്ധത്തിന് പോരാതെ) ഒഴിഞ്ഞിരിക്കുന്നതിൽ തൃപ്തിയടയുകയാണല്ലോ നിങ്ങൾ ചെയ്തത്. അതിനാൽ, 'പിന്തി നിൽക്കുന്നവരോടൊപ്പം നിങ്ങൾ ഇരുന്നുകൊള്ളുവിൻ'!

84. അവരിൽ മരണപ്പെടുന്ന ആർക്കുവേണ്ടിയും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ശവക്കുഴിക്ക് അരികിൽ നീ നിൽക്കുകയും അരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും അധാർമികരായി മരണമടയുകയും ചെയ്തിരിക്കുന്നു.

84. ഈ വചനം അവതരിച്ചശേഷം കപട വിശ്വാസികളുടെ പേരിൽ നബി(സ) മയ്യിത്ത് നമസ്കരിച്ചിട്ടില്ല. തബൂക്ക് യുദ്ധത്തിനുശേഷം കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ് മരണമടഞ്ഞപ്പോൾ അദ്ദേഹത്തിനുവേണ്ടി മയ്യിത്ത് നമസ്കരിക്കാൻ നബി(സ) സന്നദ്ധനായെങ്കിലും, മയ്യിത്ത് നമസ്കാരത്തിനായി തിരുമേനി എഴുന്നേറ്റപ്പോൾ ഈ സൂക്തം അവതരിക്കുകയും അല്ലാഹു അദ്ദേഹത്തെ അതിൽ നിന്ന് തടയുകയും ചെയ്തു. തബൂക്ക് യുദ്ധം കഴിഞ്ഞ് മടങ്ങുമ്പോൾ നബിതിരുമേനി (സ)യെ അപകടപ്പെടുത്തിൽ കൊലപ്പെടുത്തുവാൻ ഗൂഢാലോചന നടത്തിയ പന്ത്രണ്ട് കപടവിശ്വാസികളുടെ പേരുകൾ ഹുദൈഫത്തുബ്നുൽ യമാൻ(റ) എന്ന സ്വഹാബിക്ക് (അനുചരന്) സ്വകാര്യമായി നബി(സ) അറിയിച്ചുകൊടുക്കുകയും, അത് രഹസ്യമാക്കിവെക്കണമെന്ന് അദ്ദേഹത്തോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിനാൽ കപടവിശ്വാസിയാണെന്ന് സംശയമുള്ളവരുടെ കാര്യത്തിൽ ഹുദൈഫ(റ) സ്വീകരിക്കുന്ന നിലപാടെന്താണെന്ന് അറിഞ്ഞശേഷമേ ഉമർ(റ) അയാളുടെ പേരിൽ മയ്യിത്ത് നമസ്കരിച്ചിരിന്നുള്ളുവെന്ന് വാഖിദീ(റ) നിവേദനം ചെയ്തിരിക്കുന്നു.

85. അവരുടെ സമ്പത്തും സന്താനങ്ങളും നിന്നെ വിസ്മയിപ്പിക്കാതിരിക്കട്ടെ. അവയിലൂടെ അവരെ ഈ ലോകത്തുതന്നെ ശിക്ഷിക്കണമെന്നും സത്യനിഷേധികളായ നിലയിൽ അവർ ജീവൻ വെടിയണമെന്നുമത്രെ അല്ലാഹു ഉദ്ദേശിക്കുന്നത്.

86. അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ദൂതനോടൊപ്പം സമരം ചെയ്യുകയും ചെയ്യുവിൻ എന്ന്(ആഹ്വാനം ചെയ്യുന്ന)വല്ല അധ്യായവും അവതരിച്ചാൽ അവരിൽനിന്ന് ശേഷിയുള്ളവർ (യുദ്ധത്തിൽനിന്നൊഴിവാകാൻ) നിന്നോട് സമ്മതം ചോദിക്കുന്നതാണ്. അവർ പറയും:ഞങ്ങളെ വിട്ടേക്കുക. ഞങ്ങൾ (വീട്ടിൽ) ഇരിക്കുന്നവരോടൊപ്പം കഴിഞ്ഞുകൊള്ളട്ടെ

87. (യുദ്ധത്തിനു പോകാതെ) മാറിനിൽക്കുന്ന (സ്ത്രീകളുടെ)കൂടെ കഴിയുന്നതിൽ അവർ തൃപ്തിപ്പെട്ടിരിക്കുകയാണ്. അവരുടെ ഹൃദയങ്ങളിൽ മുദ്രവെക്കപ്പെട്ടിരിക്കുന്നു. അതിനാൽ അവർ (ഇനിയൊന്നും) ഗ്രഹിക്കുകയില്ല.

88. എന്നാൽ ദൈവദൂതനും അവനോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ ധനംകൊണ്ടും ദേഹംകൊണ്ടും സമരം ചെയ്തു. അക്കൂട്ടരാകട്ടെ, അവർക്കാണ് സകല നന്മകളും. അവർ തന്നെയാകുന്നു വിജയം വരിച്ചവരും.

89. അല്ലാഹു അവർക്കായി, താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങൾ ഒരുക്കി വെച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതിമഹത്തായ വിജയവും അതു തന്നെ.

90. ഗ്രാമീണ അറബികളിൽ (യുദ്ധത്തിൽനിന്ന് മാറി നിൽക്കുന്നതിന്) ഒഴികഴിവ് സമർപ്പി ക്കുന്നവർ, തങ്ങൾക്ക് അനുവാദം ലഭിക്കുവാൻ വേണ്ടി (പ്രവാചകൻെറ) അടുത്തു വന്നു. അല്ലാഹുവോടും അവൻെറ ദൂതനോടും കള്ളം പറഞ്ഞവർ (വീട്ടിൽ തന്നെ) ഇരിക്കുകയും ചെയ്തു. അവരിലെ സത്യനിഷേധികളെ വേദനയേറിയ ശിക്ഷ ബാധിക്കുന്നതാണ്.

---

90. ഗ്രാമീണ അറബികളിൽ ചിലർ നബി(സ)യുടെ അടുക്കൽ വന്ന് രോഗമോ അവശതയോ കാരണം തങ്ങൾക്ക് തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ പറ്റാത്ത വിധമുള്ള ഒഴികഴിവുകൾ സമർപ്പിച്ചുകൊണ്ട് പ്രവാചകൻ(സ)ൻെറ സമ്മതം തേടുകയുണ്ടായി.

---

91. ബലഹീനരുടെമേലും രോഗികളുടെമേലും (യുദ്ധത്തിനുവേണ്ടി)ചെലവു ചെയ്യാൻ ഒന്നു മില്ലാത്തവരുടെ മേലും-അവർ അല്ലാഹുവോടും അവൻെറ ദൂതനോടും ഗുണകാംക്ഷയുള്ള വരാണെങ്കിൽ-(യുദ്ധത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നതിൽ) കുറ്റമൊന്നുമില്ല. ഇത്തരം സജ്ജനങ്ങളെ (ആക്ഷേപിക്കുവാൻ) യാതൊരു മാർഗവുമില്ല. അല്ലാഹു ഏറെ പൊറുക്കു ന്നവനും പരമകാരുണികനുമാകുന്നു.

92. (മറ്റൊരു) വിഭാഗത്തിൻെറ പേരിലും (കുറ്റ)മില്ല. നീ അവരെ (വാഹനം) കയറ്റികൊടുക്കു വാൻ വേണ്ടി നിൻെറ അടുക്കൽ അവർ വന്നപ്പോൾ നീ പറഞ്ഞു: ‘നിങ്ങൾക്കു നൽകാൻ ഞാൻ വാഹനമൊന്നും കാണുന്നില്ല’. (യുദ്ധത്തിനുവേണ്ടി)ചെലവഴിക്കാൻ ഒന്നും കണ്ടെ ത്താത്തതിൻെറ ദുഃഖത്താൽ കണ്ണുകളിൽ കണ്ണുനീർ ഒഴുക്കിക്കൊണ്ട് അവർ മടങ്ങിപ്പോയി.

---

92. യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടായിരുന്നിട്ടും നിർബന്ധിതാവസ്ഥയാലോ യുദ്ധോപകരണ ങ്ങൾ ലഭിക്കാത്തതിനാലോ അതിന് സാധിക്കാതെ വന്നവർക്ക്, ഫലത്തിൽ സേവനമനുഷ്ഠിച്ചി ല്ലെങ്കിലും അല്ലാഹു പ്രതിഫലം നൽകുന്നതാണെന്ന് തബൂക്കിൽ നിന്ന് മടങ്ങുമ്പോൾ നബിതിരു മേനി(സ) സഖാക്കളോട് പറയുകയുണ്ടായി. അനസ്(റ) പറയുന്നു. ‘മദീനയിൽ ചിലരുണ്ട്. നിങ്ങൾ പിന്നിട്ട ഓരോ കാൽവെപ്പിലും, നിങ്ങൾ തരണം ചെയ്ത ഓരോ താഴ്വാരത്തിലും അവർ നിങ്ങളോ ടൊപ്പമുണ്ടായിരുന്നു. അവർ മദീനയിലായിരിക്കെത്തന്നെയോ? സ്വഹാബിമാർ(അനുചരന്മാർ) ചോദിച്ചു: തിരുമേനി പറഞ്ഞു: അതെ, മദീനയിലായിരിക്കെതന്നെ. നിർബന്ധിതാവസ്ഥ തടഞ്ഞു വെച്ചില്ലായി രുന്നെങ്കിൽ ഒരിക്കലും അവർ ഒഴിഞ്ഞു നിൽക്കുമായിരുന്നില്ല. (ബുഖാരി, മുസ്ലിം)

---

93. സമ്പന്നരായിട്ടും (യുദ്ധത്തിൽ നിന്ന് ഒഴിവാക്കപ്പെടുവാൻ)നിന്നോട് അനുവാദം തേടുന്ന വർക്കെതിരെ മാത്രമാണ്(കുറ്റമാരോപിക്കാൻ)മാർഗമുള്ളത്. പിന്തിനിൽക്കുന്ന (സ്ത്രീകളോടു) കൂടെ കഴിയുന്നതുകൊണ്ട് അവർ തൃപ്തിപ്പെടുന്നു. അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് മുദ്രവെച്ചിരിക്കുന്നു. അതിനാൽ അവർ ഒന്നും അറിയുന്നില്ല.

94. നിങ്ങൾ അവരുടെ അടുക്കൽ തിരിച്ചെത്തിയാൽ അവർ നിങ്ങളോട് പല ഒഴികഴിവുകളും ബോധിപ്പിക്കും. പറയുക; നിങ്ങൾ ഒഴികഴിവൊന്നും പറയേണ്ട. നിങ്ങളെ ഞങ്ങൾ വിശ്വ സിക്കുകയേ ഇല്ല. (കാരണം) നിങ്ങളുടെ വിവരങ്ങൾ അല്ലാഹു ഞങ്ങളെ ധരിപ്പിച്ചിട്ടുണ്ട്. (ഭാവിയിൽ)നിങ്ങളുടെ പ്രവർത്തനങ്ങൾ അല്ലാഹുവും അവൻെറ ദൂതനും കാണുന്നതു മാണ്. പിന്നീട് അദൃശ്യവും ദൃശ്യവുമെല്ലാം അറിയുന്നവൻെറ അടുത്തേക്ക് നിങ്ങൾ മടക്ക പ്പെടുന്നതാകുന്നു. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്തെന്ന് അവൻ നിങ്ങളെ അറിയിക്കുന്നതാണ്.

95. നിങ്ങൾ അവരിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ, അവരെ നിങ്ങൾ ഒഴിവാക്കാൻ വേണ്ടി, അല്ലാഹുവിന്റെ പേരിൽ നിങ്ങളോട് അവർ സത്യം ചെയ്യും. എന്നാൽ അവരെ വിട്ടേക്കുക. തീർച്ചയായും അവർ മാലിന്യമാകുന്നു. അവരുടെ താവളം നരകമാണ്. അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന് ഒരു പ്രതിഫലമായി.

96. നിങ്ങൾ അവരെക്കുറിച്ച് തൃപ്തരാകാൻവേണ്ടി അവർ നിങ്ങളോട് സത്യം ചെയ്തുകൊണ്ടിരിക്കും. ഇനി, നിങ്ങൾ അവരെ തൃപ്തിപ്പെട്ടാലും, തീർച്ചയായും അല്ലാഹു അധാർമികരായ ജനത്തെ തൃപ്തിപ്പെടുകയില്ല.

97. ഗ്രാമീണ അറബികൾ നിഷേധത്തിലും കാപട്യത്തിലും കൂടുതൽ കടുത്തവരാകുന്നു. അല്ലാഹു അവന്റെ ദൂതന്ന് അവതരിപ്പിച്ചിട്ടുള്ള (ഈ മതത്തിന്റെ) നിയമപരിധികൾ അറിയാതിരിക്കാൻ കൂടുതൽ സാധ്യതയുള്ളതും അവർക്കാണ്. അല്ലാഹു എല്ലാം അറിയുന്നവനു യുക്തിജ്ഞനുമാകുന്നു.

98. ഗ്രാമീണ അറബികളിൽ ചിലർ തങ്ങൾ (ദാനമായി) ചെലവഴിക്കുന്നതിനെ ധനനഷ്ടമായി ഗണിക്കുന്നവരാണ്. നിങ്ങൾക്ക് വല്ല ആപത്തും (സംഭവിക്കാൻ) കാത്തിരിക്കുകയാണവർ. എന്നാൽ ദുഷിച്ച കാലദോഷം അവരുടെ മേൽതന്നെയായിരിക്കട്ടെ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.

99. ഗ്രാമീണ അറബികളിൽ തന്നെ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരുമുണ്ട്. തങ്ങൾ ചെലവഴിക്കുന്നതെന്തോ അത് അല്ലാഹുവിങ്കൽ സാമീപ്യം സിദ്ധിക്കുന്നതിന്നും പ്രവാചകന്റെ പ്രാർഥന ലഭിക്കുന്നതിന്നും ഉള്ള മാർഗമാക്കുന്നവരുമത്രെ അവർ. അറിയുക: തീർച്ചയായും അതവർക്ക് ദൈവസാമീപ്യം നൽകുന്നതാണ്. അല്ലാഹു അവരെ തന്റെ അനുഗ്രഹത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

100. (സത്യമാർഗത്തിൽ) ആദ്യമായി മുന്നോട്ടു വന്ന മുഹാജിറുകളിലും,(മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്തവർ)അൻസ്വാറുകളിലും (മദീനയിലേക്ക് പലായനം ചെയ്തവരെ സഹായിച്ചവർ) നന്മയിൽ അവരെ പിന്തുടർന്നവരിലും അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവർ അവനിലും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങൾ അവൻ അവർക്കായി ഒരുക്കിവെച്ചിട്ടുണ്ട്. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതിമഹത്തായ വിജയവും അതുതന്നെ.

101. നിങ്ങളുടെ പരിസരങ്ങളിൽ വസിക്കുന്ന ഗ്രാമീണ അറബികളിലും, മദീനാവാസികളിലും കപടവിശ്വാസികളുണ്ട്. അവർ കാപട്യത്തിൽ ആണ്ടു പോയിരിക്കുന്നു. നിനക്ക് അവരെ അറിയില്ല. എന്നാൽ നാം അവരെ അറിയുന്നു. രണ്ടു തവണ അവരെ നാം ശിക്ഷിക്കും. പിന്നീട് അവർ കൂടുതൽ ഭയങ്കര ശിക്ഷയിലേക്ക് തള്ളപ്പെടുന്നതുമാകുന്നു.

102. സ്വന്തം കുറ്റങ്ങൾ ഏറ്റുപറഞ്ഞ വേറെ ചിലരുമുണ്ട്. അവർ സൽക്കർമങ്ങളും വേറെ(ചില) ദുഷ്ക്കർമങ്ങളും കൂട്ടിക്കലർത്തിയിരിക്കുന്നു. അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാവുന്നതാണ്. നിശ്ചയമായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

103. നീ അവരുടെ സമ്പത്തിൽനിന്ന് ദാനധർമം വാങ്ങുക. അതിലൂടെ അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുക. അവർക്ക് (കാരുണ്യം ലഭിക്കാൻ വേണ്ടി) പ്രാർഥിക്കുകയും ചെയ്യുക. നിശ്ചയമായും നിന്റെ പ്രാർഥന അവർക്ക് മനശ്ശാന്തിയരുളുന്നതാകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

104. അവർക്കറിഞ്ഞുകൂടെ, അല്ലാഹു തന്നെയാണ്‌ തന്റെ ദാസന്മാരിൽനിന്ന്‌ പശ്ചാത്താപം സ്വീകരിക്കുന്നവനും,ധാനധർമങ്ങൾ ഏറ്റുവാങ്ങുന്നവനുമാണെന്ന്‌? നിശ്ചയമായും അല്ലാഹു തന്നെയാണ്‌ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമെന്നും.

105. പറയുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുവിൻ! നിങ്ങളുടെ പ്രവർത്തനം അല്ലാഹുവും അവന്റെ ദൂതനും വിശ്വാസികളൊക്കെയും കാണുന്നതാണ്‌. അദൃശ്യവും ദൃശ്യവും അറിയുന്നവനിലേക്ക്‌ നിങ്ങൾ വഴിയെ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവൻ നിങ്ങൾക്ക്‌ പറഞ്ഞുതരും.

106. അല്ലാഹുവിന്റെ കൽപന കിട്ടുന്നതുവരെ പ്രശ്നം മാറ്റിവെക്കപ്പെട്ട മറ്റുചിലരുമുണ്ട്‌. ഒന്നുകിൽ അല്ലാഹു അവരെ ശിക്ഷിച്ചേക്കും. അല്ലെങ്കിൽ അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാം. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

107. ദ്രോഹം ചെയ്യാനും, നിഷേധിക്കാനും, സത്യവിശ്വാസികൾക്കിടയിൽ ഭിന്നതയുണ്ടാക്കാനും, നേരത്തെ അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്തിട്ടുള്ള ഒരുവന്‌ താവളമൊരുക്കാനുമായി പള്ളിയുണ്ടാക്കിയവരും(ആ കപടന്മാരുടെ)കൂട്ടത്തിലുണ്ട്‌. നല്ലതല്ലാതൊന്നും ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ലെന്ന്‌ അവർ സത്യം ചെയ്തു പറയും. എന്നാൽ തീർച്ചയായും അവർ കള്ളം പറയുന്നവരാണെന്ന്‌ അല്ലാഹു സാക്ഷ്യം വഹിക്കുന്നു.

---

107. മദീനയിൽ ഖസ്‌റജ്‌ ഗോത്രത്തിൽ അബൂആമിർ എന്നു പേരായ ഒരു ക്രൈസ്തവ പുരോഹിതനുണ്ടായിരുന്നു. അയാളുടെ വേദപാണ്ഡിത്യവും ആത്മീയ പരിവേഷവും മദീനയിലും പരിസരങ്ങളിലുമുള്ള പാമര ജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. നബിതിരുമേനി മദീനയിൽ വന്ന ശേഷം ഇസ്‌ലാമിനുണ്ടായ നേട്ടവും പ്രചാരവും അയാളെ അരിശം കൊള്ളിച്ചു. തന്റെ ആധ്യാത്മിക വിപണിക്ക്‌ ഇസ്‌ലാം ഭീഷണിയായിരിക്കുമെന്ന്‌ മനസ്സിലാക്കിയ ഈ ക്രിസ്തീയ ദിവ്യൻ തിരുമേനിയെ എതിർക്കാൻ കച്ചകെട്ടിയിറങ്ങി. നബി(സ) അയാളെ ഇസ്‌ലാമിലേക്ക്‌ ക്ഷണിക്കുകയും, ഖുർആൻ കേൾപ്പിക്കുകയും ചെയ്തുവെങ്കിലും സത്യവിശ്വാസിയാകാൻ അയാൾക്ക്‌ ഭാഗ്യം ലഭിച്ചില്ല. ബദർ യുദ്ധത്തിൽ മുസ്‌ലിംകൾ ഖുറൈശികളെ പരാജയപ്പെടുത്തിയതോടെ അയാൾക്ക്‌ അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. ഇസ്‌ലാമിനെതിരെ അയാൾ ശക്തമായ പ്രചരണം ആരംഭിച്ചു. ഉഹുദ്‌ യുദ്ധത്തിൽ അയാൾ അവിശ്വാസികളുടെ പക്ഷത്ത്‌ മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു. ഉഹുദ്‌ പോർക്കളത്തിൽ ശത്രുക്കൾ ചതിക്കുഴികളുണ്ടാക്കി അത്‌ മൂടി വെച്ചിരുന്നു. അതിന്റെ സൂത്രധാരകൻ ഇയാളായിരുന്നു. അതിലൊന്നിൽ വീണ്‌ നബിതിരുമേനിക്ക്‌ തലക്കും മുഖത്തും മുറിവ്‌ പറ്റുകയും അവിടുത്തെ പല്ല്‌ പൊട്ടുകയും ചെയ്തു. അഹ്‌സാബ്‌ യുദ്ധത്തിലും ഹുനൈൻ യുദ്ധത്തിലും ഈ പുരോഹിതൻ ഇസ്‌ലാമിനെതിരിൽ വിഗ്രഹപൂജകരുടെ സജീവ സഹകാരിയായിരുന്നു. അറേബ്യൻ ശക്തികൾക്ക്‌ ഇസ്‌ലാമിന്റെ മുന്നേറ്റത്തെ തടുക്കാനാവില്ലെന്ന്‌ മനസ്സിലാക്കി അയാൾ ശാമിലേക്ക്‌ നീങ്ങി. റോമാ ചക്രവർത്തി ഹിറഖ്‌ലി യൂസിനോട്‌ നബി(സ)ക്കെതിരിൽ സഹായത്തിന്നപേക്ഷിച്ചു. നബി(സ)ക്കെതിരിൽ റോമാസാമ്രാജ്യം പടയൊരുക്കം കൂട്ടുന്നുണ്ടെന്നും താൻ വമ്പിച്ചൊരു സൈന്യവുമായി വരുന്നുണ്ടെന്നും അയാൾ മദീനയിൽ തന്റെ കൂട്ടുകാരായ കപട വിശ്വാസികൾക്ക്‌ റിപ്പോർട്ടുകൾ അയച്ചുകൊണ്ടിരുന്നു. അതിനെ പ്രതിരോധിക്കാൻ നബി(സ) തബൂക്കിലേക്ക്‌ പുറപ്പെടുകയും ചെയ്തു.

കപടവിശ്വാസികൾക്ക്‌ സംഘടിക്കാനും പരിപാടികൾ ആസൂത്രണം ചെയ്യാനും സ്വന്തമായി ഒരു പള്ളിയുണ്ടാക്കാൻ അയാൾ റോമിലേക്ക്‌ പുറപ്പെടുന്നതിമുമ്പായി തന്റെ കൂട്ടുകാരുമായി തീരുമാനമെടുത്തിരുന്നു. ഇസ്‌ലാമിലെ ഒന്നാമത്തെ പള്ളിയാണ്‌ മദീനയിലെ 'മസ്‌ജിദ്‌ ഖുബാ' (ഖുബായിലെ പള്ളി).അതിനടുത്തായി പന്ത്രണ്ട്‌ കപടവിശ്വാസികൾ മുൻകൈയെടുത്ത്‌ അവർ ഒരു പള്ളിനിർമ്മിച്ചു. നബി(സ) തബൂക്കിലേക്ക്‌ പുറപ്പെടുന്നതിനുമുമ്പ്‌, തങ്ങൾ ദുർബ്ബലർക്കും രോഗികൾക്കും സൗകര്യത്തിനായി ഒരു പള്ളി നിർമ്മിച്ചിട്ടുണ്ടെന്നും തിരുമേനി അതിൽ വന്ന്‌ നമസ്കരിച്ച്‌ ഉൽഘാടനം കഴിച്ചുതരണമെന്നും ഈ കപടന്മാർ നബി(സ)യോട്‌ ആവശ്യപ്പെട്ടു. ഞങ്ങൾ ഒരു യാത്രക്കുള്ള ഒരുക്ക

ത്തിലാണെന്നും അത് കഴിഞ്ഞ് മടങ്ങിവന്നിട്ടാവാമെന്നായിരുന്നു നബി(സ)യുടെ മറുപടി. മസ്ജിദു ള്ളിറാർ (ഉപദ്രവത്തിൻെറ പള്ളി) എന്ന പേരിൽ ഈ പള്ളി അറിയപ്പെട്ടു.
റോമക്കാരുടെ കയ്യാൽ മുസ്ലിം സൈന്യം തകർക്കപ്പെടുമെന്ന് കപടവിശ്വാസികൾ കരുതി. എന്നാൽ തബൂക്ക് സംഭവം അവരുടെ എല്ലാ പ്രതീക്ഷകളും വെള്ളത്തിലാക്കി. തബൂക്കിൽ നിന്ന് മടങ്ങി മദീന ക്കടുത്ത് ദീ അവാൻ എന്ന സ്ഥലത്തെത്തിയപ്പോൾ ഈ ഖുർആൻ വചനങ്ങൾ അവതരിച്ചു. പള്ളിയെ സംബന്ധിച്ച യഥാർഥ വിവരങ്ങൾ അല്ലാഹു നബി(സ)യെ അറിയിച്ചു. അതനുസരിച്ച് മദീനയിൽ പ്രവേശിക്കുന്നതിനു മുമ്പായി, മസ്ജിദുള്ളിറാർ പൊളിച്ചു നീക്കി തീ വെക്കുവാൻ അപ്പോൾ തന്നെ ഏതാനും പേരെ നബിതിരുമേനി(സ) അയക്കുകയും ചെയ്തു.

108. നീ ഒരിക്കലും അതിൽ നമസ്കരിക്കരുത്.ആദ്യദിനം മുതൽ ദൈവഭക്തിയിൽ സ്ഥാപിക്കപ്പെ ട്ടിട്ടുള്ള പള്ളിയാണ് നിനക്ക് നിന്നു നമസ്കരിക്കാൻ ഏറ്റവും അനുയോജ്യമായിട്ടുള്ളത്. പരിശുദ്ധി നേടാനിഷ്ടപ്പെടുന്ന ആളുകൾ അതിലാണുള്ളത്. അല്ലാഹു വിശുദ്ധിവരിക്കു ന്നവരെ ഇഷ്ടപ്പെടുന്നു.

108. നബി(സ) മദീനയിലേക്ക് ഹിജറ വരുമ്പോൾ മദീനയിൽനിന്ന് തെക്കു ഭാഗത്തായി സ്ഥിതിചെ യ്യുന്ന ഖുബാ എന്ന സ്ഥലത്ത് ഇറങ്ങി, ഏതാനും ദിവസങ്ങൾ അവിടെ താമസിക്കുകയുണ്ടായി. അവിടെ ആദ്യമായി സ്ഥാപിച്ച 'മസ്ജിദ് ഖുബ'യാണ് ഇവിടെ പരാമർശിച്ച 'ദൈവഭക്തിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളി' എന്നത്.

109. അല്ലാഹുവോടുള്ള ഭക്തിയിലും സംതൃപ്തിയിലും തൻെറ കെട്ടിടത്തിന് അസ്ഥിവാരമിട്ടവനോ ഉത്തമൻ; അതോ, അടിമണ്ണിളകി പൊളിഞ്ഞു വീഴാൻ പോകുന്ന മണൽ തട്ടിൻെറ വക്കിൽ കെട്ടിടം പണിയുകയും അങ്ങനെ അവനെയുംകൊണ്ട് അത് നേരെ നരകാഗ്നിയിൽ വീഴുക യും ചെയ്ത ഒരുവനോ? അക്രമികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല.
110. അവർ പടുത്തുയർത്തിയ ആ കെട്ടിടം അവരുടെ ഹൃദയങ്ങളിൽ ഒരു ആശങ്കയായി(അവരെ ശല്യം ചെയ്തു)കൊണ്ടിരിക്കും. അവരുടെ ഹൃദയങ്ങൾ ശിഥിലമായിത്തീരുംവരെ (അതിനറു തിയില്ല).
111. നിശ്ചയമായും അല്ലാഹു സത്യവിശ്വാസികളിൽനിന്ന്, അവരുടെ ദേഹവും ധനവും (വില യ്ക്ക്) വാങ്ങിയിരിക്കുന്നു, അവർക്ക് സ്വർഗമുണ്ട് എന്നുള്ളതിനു (പകരം). അതായത്, അവർ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അങ്ങനെ അവർ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. (അവരോടുള്ള സ്വർഗവാഗ്ദാനം)അല്ലാഹു ഏറ്റെടുത്ത ബലിഷ്ഠ മായ ഒരു കരാറാകുന്നു.തൗറാത്തിലും, ഇഞ്ചീലിലും, ഖുർആനിലും അതുണ്ട്. അല്ലാഹു വെക്കാൾ കരാർ പാലിക്കുന്നവനായി ആരുണ്ട്? അതുകൊണ്ട്(അല്ലാഹുവുമായി)നടത്തിയി ട്ടുള്ള ആ ഇടപാടിൽ നിങ്ങൾ സന്തോഷിക്കുവിൻ! അതുതന്നെയാണ് വമ്പിച്ച നേട്ടം.
112. പശ്ചാത്തപിച്ചു മടങ്ങുന്നവർ,അവനെ കീഴ്വണങ്ങിക്കൊണ്ടിരിക്കുന്നവർ, സ്തുതികീർത്തനം ചെയ്യുന്നവർ,അവനുവേണ്ടി രാജ്യസഞ്ചാരത്തിലേർപ്പെട്ടവർ(വ്രതമനുഷ്ഠിക്കുന്നവർ), കുമ്പി ടുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നവർ, നന്മ കൽപിക്കുകയും തിന്മ വില ക്കുകയും ചെയ്യുന്നവർ, അല്ലാഹുവിൻെറ നിയമപരിധികൾ സൂക്ഷിക്കുന്നവരും! സത്യ വിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക.
113. ബഹുദൈവവിശ്വാസികൾ അടുത്ത ബന്ധുക്കൾ ആയിരുന്നാൽ തന്നെയും അവർ നരകാ വകാശികളാണെന്ന കാര്യം വ്യക്തമായ ശേഷം- അവർക്കുവേണ്ടി പാപമോചനം തേടുവാൻ പ്രവാചകന്നും സത്യവിശ്വാസികൾക്കും പാടുള്ളതല്ല.
114. ഇബ്രാഹീം തൻെറ പിതാവിൻെറ പാപമോചനത്തിനായി പ്രാർഥിച്ചത് അദ്ദേഹം പിതാവി നോട് ചെയ്ത പ്രതിജ്ഞയുടെ പേരിൽ മാത്രമായിരുന്നു. അയാൾ അല്ലാഹുവിൻെറ ശത്രു

വാണെന്ന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ വിട്ടൊഴിഞ്ഞു. തീർച്ചയായും ഇബ്രാഹീം ഏറെ താഴ്മയുള്ളവനും സഹനശീലനുമായിരുന്നു.

115. ഒരു ജനതയെ നേർവഴിയിലാക്കിയശേഷം അവർ സൂക്ഷിക്കേണ്ടത് ഏതെല്ലാം സംഗതികളാണെന്ന് വ്യക്തമാക്കിക്കൊടുക്കുന്നതുവരെ അല്ലാഹു അവരെ പിഴച്ചവരായി കണക്കാക്കുകയില്ല. നിശ്ചയമായും അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുള്ളവനാകുന്നു.

116. തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനുള്ളതാകുന്നു. ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അവൻതന്നെ. അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയില്ല. ഒരു സഹായിയും ഇല്ല.

117. തീർച്ചയായും പ്രവാചകന്നും, പ്രയാസഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്ന മുഹാജിറുകൾക്കും അൻസാറുകൾക്കും അല്ലാഹു പൊറുത്തുകൊടുത്തിരിക്കുന്നു.അവരിൽപെട്ട ഒരു വിഭാഗത്തിൻെറ ഹൃദയങ്ങൾ മിക്കവാറും വ്യതിചലിക്കാറായ ശേഷവും. (അവർ പ്രവാചകൻെറ കൂടെ നിന്നതിനാൽ) പിന്നീട് അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ അവരോട് ഏറെ കൃപയുള്ളവനും കരുണാനിധിയുമാകുന്നു.

117. തബൂക്ക് യുദ്ധവിഷയകമായി സംഭവിച്ച വീഴ്ചയെപറ്റിയാണ് പരാമർശം. കഠിനമായ ചൂട്, ഭക്ഷണപാനീയങ്ങളുടെയും വാഹനങ്ങളുടെയും ദൗർലഭ്യം,മാസക്കണക്കിലുള്ള വഴിദൂരം തുടങ്ങി കനത്ത പ്രയാസങ്ങൾ നിമിത്തം, ചില അനുചരന്മാർ ആ ദുർഘട സന്ദർഭത്തിൽ യുദ്ധത്തിനു പോവാതിരിക്കാൻ ഒഴികഴിവു ചിന്തിച്ചുപോയിരുന്നു. ആ സന്ദർഭത്തിൽ അവർക്ക് നേരിട്ട പതറിച്ചകളിൽനിന്ന് അല്ലാഹു അവരെ രക്ഷപ്പെടുത്തി. ആത്മാർഥമായി സത്യമതത്തെ സ്നേഹിച്ചിരുന്നവരുടെ തെറ്റുകൾ അല്ലാഹു പൊറുത്തുകൊടുത്തു.

118. തീരുമാനം മാറ്റിവെക്കപ്പെട്ട ആ മൂന്ന് പേർക്കും (അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നു).ഭൂമി ഏറെ വിശാലമായിരുന്നിട്ടുകൂടി അതവർക്ക് ഇടുങ്ങിയതായിത്തീർന്നു. സ്വന്തം ആത്മാക്കൾപോലും അവർക്ക് ദുർവ്വഹമായിത്തീർന്നു. അല്ലാഹുവിൻെറ (പിടിത്തത്തിൽ നിന്ന്) രക്ഷപ്പെടാൻ അവനിൽ തന്നെ അഭയം തേടലല്ലാതെ മാർഗമില്ലെന്ന് അവർക്ക് ബോധ്യമാവുകയും ചെയ്തു. അപ്പോൾ അവർ പശ്ചാത്തപിക്കുന്നതിനായി അവരുടെ നേരെ അവൻ(കരുണാപൂർവം) തിരിഞ്ഞു. നിശ്ചയം, അല്ലാഹു ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.

118. ന്യായമായ കാരണങ്ങളൊന്നുമില്ലാതെ, അലസതയും അലംഭാവവും കാരണമായി തബൂക്ക് യുദ്ധത്തിന് ഹാജരാവാതിരുന്ന മൂന്ന് സത്യവിശ്വാസികളാണ് 'തീരുമാനം മാറ്റിവെക്കപ്പെട്ട ആ മൂന്ന് പേർ'. ഹിലാലുബ്നു ഉമയ്യത്ത്, മുറാറത്തുബ്നു റുബൈഅ (ഇവർ രണ്ടുപേരും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരാണ്), കഅബുബ്നു മാലിക് എന്നീ അൻസാരീ സ്വഹാബികളായിരുന്നു ഈ മൂന്നു പേർ. യുദ്ധത്തിൽനിന്ന് ഒഴിഞ്ഞുനിന്ന 80 ൽ പരം കപടന്മാർ കള്ളക്കാരണങ്ങൾ തിരുസന്നിധിയിൽ സമർപ്പിച്ചപ്പോൾ ഈ മൂന്നു സത്യവിശ്വാസികൾ തങ്ങളുടെ വീഴ്ച വ്യക്തമായി നബി(സ)യോട് ഏറ്റുപറഞ്ഞു. തിരുമേനി(സ) അവരെ സംബന്ധിച്ച തീരുമാനം മാറ്റി വെക്കുകയും അല്ലാഹുവിൻെറ തീരുമാനം വരുന്നതുവരെ അവരുമായി യാതൊരു ബന്ധവും പാടില്ലെന്ന് മുസ്ലിംകളോട് കൽപിക്കുകയും ചെയ്തു.40 ദിവസത്തിനുശേഷം അവരിൽനിന്ന് വേറിട്ട് നിൽക്കാൻ ഭാര്യമാരോടും നിർദ്ദേശിക്കപ്പെട്ടു. ഒരാളും അവരോട് ഒരക്ഷരം ഉരിയാടിയില്ല. നിസ്സഹകരണം നീണ്ടുപോയി. ജീവിതം അവർക്ക് അതീവ ദുസ്സഹമായി. നാട് ആകെ മാറിപ്പോയെന്ന് അവർക്ക് തോന്നി. അവസാനം 'അവർ പശ്ചാത്തപിച്ചു മടങ്ങാനായി അല്ലാഹു കാരുണ്യപൂർവ്വം അവരിലേക്കു മടങ്ങി.' തെറ്റുചെയ്ത തൻെറ ദാസന്മാരിൽനിന്ന് യജമാനൻ മുഖം തിരിച്ചുവെങ്കിലും അവർ എങ്ങും ഓടിപ്പോയില്ല. തകർന്ന ഹൃദയവുമായി യജമാനൻെറ പടിവാതുക്കൽതന്നെ കാത്തിരുന്നു. അവർക്ക് കടുത്ത ദുഃഖവും പശ്ചാത്താപവും ഉണ്ടായി. അവൻ ദാസന്മാരുടെ അനുസരണത്തിൻെറയും കൂറിൻെറയും പാരമ്യം കണ്ടു. അവരുടെ

നാഥൻ അവരിൽ സംതൃപ്തനായി. ദാസന്മാരുടെ നിഷ്കളങ്കവും പരിപൂർണ്ണവുമായ പശ്ചാത്താപം അവൻ സ്വീകരിച്ചു. നിസ്സഹകരണത്തിൻെറ അമ്പതാം ദിവസം പ്രഭാതത്തിൽ അവർക്ക് സന്തോഷ വാർത്ത ലഭിച്ചു. അവർക്ക് മാപ്പരുളിക്കൊണ്ടുള്ള യജമാനൻെറ കൽപനവന്നു. 117,118,119 എന്നീ സൂക്തങ്ങൾ അവതരിച്ചു.

119. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടുവിൻ. സത്യവന്മാരോടൊപ്പം വർത്തിക്കുകയും ചെയ്യുവിൻ.

120. മദീനക്കാർക്കും അവരുടെ ചുറ്റുമുള്ള ഗ്രാമീണ അറബികൾക്കും അല്ലാഹുവിൻെറ ദൂതനെ വിട്ട് പിന്മാറിനിൽക്കാനോ അദ്ദേഹത്തിൻെറ കാര്യംഅവഗണിച്ച് സ്വന്തംകാര്യം നോക്കാനോ പാടുള്ളതല്ല. അതെന്തെന്നാൽ അല്ലാഹുവിൻെറ മാർഗത്തിൽ അവർ സഹിക്കുന്ന ദാഹമോ ക്ഷീണമോ വിശപ്പോ, അവിശ്വാസികളെ പ്രകോപിക്കുന്ന വല്ല സ്ഥലത്തും അവർ കാൽ വെക്കുന്നതോ, ശത്രുവിന് വല്ല നാശം ഏൽപിക്കുകയോ ചെയ്യുന്ന പക്ഷം, അതു നിമിത്തം (അതെല്ലാം ഓരോ) സൽക്കർമമായി അവരുടെ പേരിൽ രേഖപ്പെടുത്താതിരിക്കുന്നില്ല. തീർച്ചയായും സൽക്കർമികളുടെ പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തുകയില്ല.

121. (അതുപോലെതന്നെ അല്ലാഹുവിൻെറ മാർഗത്തിൽ) അവർ ചെലവഴിക്കുന്നത് ചെറുതായാലും വലുതായാലും അതും, (ജിഹാദിൻെറ പേരിൽ)അവർ വല്ല താഴ്വരയും താണ്ടുന്നതും അവർക്ക് (പുണ്യമായി) എഴുതപ്പെടാതിരിക്കുന്നില്ല. അങ്ങനെ അവർ ചെയ്തുകൊണ്ടിരുന്ന ഏറ്റവും നല്ല പ്രവർത്തനത്തിന് അല്ലാഹു അവർക്ക് പ്രതിഫലം നൽകുവാൻ വേണ്ടി.

122. സത്യവിശ്വാസികൾ ഒന്നടങ്കം(യുദ്ധത്തിന്)പുറപ്പെടാവതല്ല. അവരിൽ ഓരോ സമൂഹത്തിൽ നിന്നും ഒരു സംഘം മതത്തിൽ അറിവുനേടുന്നതിനുവേണ്ടി പുറപ്പെടാത്തതെന്തുകൊണ്ട്? സ്വന്തം സമൂഹത്തിലേക്ക് തിരിച്ചുവന്നാൽ അവർക്ക് ഉൽബോധനം നല്കുവാനും അതു വഴി അവർ (നിഷിദ്ധത്തെക്കുറിച്ച്) കരുതലുള്ളവരാകുവാനും.

122. ഈ സൂക്തത്തിൻെറ വിശദീകരണത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഇസ്ലാം വളരുകയും നാട്ടിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തപ്പോൾ അതിൽ ജനങ്ങൾ കൂട്ടംകൂട്ടമായി പ്രവേശിച്ചുതുടങ്ങി. ഇസ്ലാമിനെ ശരിക്കും മനസ്സിലാക്കി അംഗീകരിച്ചിരുന്നവർ അതിൽ വിരളമായിരുന്നു. ഗ്രാമീണ അറബികളെ സംബന്ധിച്ചിടത്തോളം മതകാര്യങ്ങളിൽ അവർക്ക് ഒരു പിടിപാടുമുണ്ടായിരുന്നില്ല. തബൂക്ക് സംഭവം ഒരു ഉദാഹരണമാണ്. അതിനാൽ ഓരോ സമൂഹത്തിൽ നിന്നും ഓരോ സംഘം വിജ്ഞാനകേന്ദ്രങ്ങളിൽ വന്നു മതകാര്യങ്ങളിൽ അറിവുനേടുകയും അവരുടെ ഗ്രാമങ്ങളിൽ മടങ്ങിച്ചെന്നു സാധാരണക്കാരിൽ അറിവും ബോധവും വളർത്താൻ ശ്രമിക്കുകയുമാണ് വേണ്ടത്.

123. അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ അടുത്തുള്ള സത്യനിഷേധികളോട് യുദ്ധം ചെയ്യുവിൻ!. അവർ നിങ്ങളിൽ കാർക്കശ്യം കാണട്ടെ. അല്ലാഹു ഭക്തന്മാരുടെ കൂടെയാണെന്നറിഞ്ഞിരിക്കുവിൻ.

123. സത്യനിഷേധികളോടുള്ള പ്രീണനനയം ഉപേക്ഷിക്കണമെന്നു സാരം.

124. (ഖുർആനിലെ) ഒരധ്യായം ഇറക്കപ്പെടുമ്പോഴൊക്കെയും അവരിൽ ചിലർ (പരിഹാസത്തോടെ) ചോദിക്കുന്നു: നിങ്ങളിൽ ആരുടെ വിശ്വാസമാണ് ഇതിനാൽ വർധിച്ചിട്ടുള്ളത്? എന്നാൽ സത്യവിശ്വാസികൾക്കാകട്ടെ, അത് അവർക്ക് വിശ്വാസത്തെ വർധിപ്പിക്കുന്നു. അവർ അതിൽ സന്തോഷിക്കുകയും ചെയ്യുന്നു.

125. എന്നാൽ ആരുടെ ഹൃദയങ്ങൾക്കാണോ (കാപട്യത്തിന്റെ) രോഗമുള്ളത് അതിന്റെ (നിലവിലുള്ള) മാലിന്യത്തിന്മേൽ (ഓരോ അധ്യായവും) കൂടുതൽ മാലിന്യം കൂട്ടിച്ചേർക്കുകയാണുണ്ടായത്. അവർ അവിശ്വാസികളായിരിക്കവേ, മരിക്കുകയും ചെയ്യുന്നു.

126. കൊല്ലംതോറും ഒന്നോ രണ്ടോ തവണ (ഓരോരോ വിപത്തുകളാൽ) തങ്ങൾ പരീക്ഷണത്തിലകപ്പെട്ടുകൊണ്ടിരിക്കുന്നത് (ഈ കപട വിശ്വാസികൾ) കാണുന്നില്ലേ? എന്നിട്ടും അവർ പശ്ചാത്തപിച്ചു മടങ്ങുന്നില്ല. അവർ ചിന്തിച്ചറിയുന്നുമില്ല.

---

126. അവരുടെ ഗൂഢരഹസ്യങ്ങൾ വെളിപ്പെടുത്തുന്ന സംഭവങ്ങൾ, അവരുടെ താല്പര്യത്തിന്നു പ്രഹരമേല്പിക്കുന്ന ദീനീസംരംഭങ്ങൾ അവരുടെ വിശ്വാസത്തിന്റെ ഉള്ളുകള്ളി പുറത്താവുന്ന സ്ഥിതിവിശേഷങ്ങൾ, എന്നിങ്ങനെ കൊല്ലത്തിൽ ഒന്നും രണ്ടുമായി കപടവിശ്വാസികൾ പരീക്ഷണവിധേയമാവുന്ന സന്ദർഭങ്ങൾ പലതും വന്നിട്ടുണ്ട്.എന്നിട്ടും അവർ പശ്ചാത്തപിക്കുന്നില്ല. യാതൊരു പാഠവും പഠിക്കുന്നുമില്ല.

---

127. ഓരോ അധ്യായം അവതരിക്കുമ്പോഴും നിങ്ങളെ വല്ലവരും കാണുന്നുണ്ടോ എന്ന ഭാവത്തിൽ അവർ അന്യോന്യം നോക്കുന്നു. എന്നിട്ടവർ പിരിഞ്ഞുപോകുകയും ചെയ്യും. അല്ലാഹു അവരുടെ ഹൃദയങ്ങളെ തിരിച്ചുകളഞ്ഞിരിക്കുന്നു. എന്തെന്നാൽ അവർ (ഒന്നും തന്നെ) ഗ്രഹിക്കാത്ത ജനമാകുന്നു.

128. തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൈവദൂതൻ ആഗതനായിരിക്കുന്നു.നിങ്ങൾ വിഷമിക്കുന്നത് അദ്ദേഹത്തിന് ദുസ്സഹമാകുന്നു. നിങ്ങളുടെ കാര്യത്തിൽ അതീവ തൽപരനും,സത്യവിശ്വാസികളോട് ദയാലുവുംകരുണയുള്ളവനുമാകുന്നു അദ്ദേഹം

129. എന്നാൽ അവർ തിരിഞ്ഞുപോകുന്നെങ്കിൽ പറയുക: എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. ഞാൻ അവനിൽ ഭരമേൽപിച്ചിരിക്കുന്നു. അവൻ മഹത്തായ സിംഹാസനത്തിന്നുടയവനത്രെ.

---

*****

## അധ്യായം 10

# യൂനുസ്. (യൂനുസ് നബി)

**അവതരണം മക്കയിൽ, വചനങ്ങൾ 109**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. അലിഫ്- ലാം- റാ. ഇത് തത്വജ്ഞാനപൂർണ്ണമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

1.ഈ ഖുർആൻ നിങ്ങളാരോപിക്കുന്നതുപോലെ പൂർവികന്മാരുടെ കെട്ടുകഥകളല്ല. ഭാഷയുടെ ഇന്ദ്രജാലമല്ല. ജ്യോത്സ്യന്മാരുടേതുപോലുള്ള ഉപരിലോക ഭാഷണങ്ങളല്ല. ഇതൊരാഭിചാരമല്ല. ഇയാൾക്ക് ആരോ മാരണം ചെയ്തതിന്റെ ഫലവുമല്ല.

എന്നാൽ ഇത് തത്വവിജ്ഞാനങ്ങളാൽ സമ്പുഷ്ടമായ സംശയാസ്പദമായ യാതൊന്നുമില്ലാത്ത അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു. ഈ ഗ്രന്ഥം ആദ്യന്തം യാഥാർഥ്യ ജ്ഞാനത്തിൽ അധിഷ്ഠിതമാണ്. സമസ്ത യാഥാർത്ഥ്യങ്ങളെക്കുറിച്ചും സമ്പൂർണ്ണജ്ഞാനമുള്ള ഒരുവനത്രെ ഇതിന്റെ രചയിതാവ്.

ഖുർആൻ അവതരിച്ച കാലത്തെ ജനങ്ങൾ ഇതുപോലുള്ള വചനം രചിക്കാൻ അശക്തരായിരുന്നു. ഇന്നും അതുതന്നെയാണ് അവസ്ഥ. ഖുർആനിലെ ഒരു കാര്യവും ഒരു കാലത്തും തെറ്റാണെന്നു സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഇനി സാധിക്കുകയുമില്ല.

2. ജനത്തിന് മുന്നറിയിപ്പ് നൽകണമെന്നും വിശ്വാസികൾക്ക് അവരുടെ നാഥങ്കൽ സത്യത്തിനർഹമായ പദവിയുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കണമെന്നും അവരിൽനിന്നു തന്നെ ഒരാൾക്ക് ദിവ്യബോധനം നൽകിയത് ജനങ്ങൾക്ക് ഒരദ്ഭുതമായി തോന്നുന്നോ? സത്യനിഷേധികൾ പറഞ്ഞു: ഇയാൾ വ്യക്തമായും ഒരു ആഭിചാരകൻ തന്നെ.

3. തീർച്ചയായും നിങ്ങളുടെ നാഥൻ, ആകാശങ്ങളെയും ഭൂമിയെയും ആറുനാളുകളിലായി സൃഷ്ടിച്ച അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായി കാര്യങ്ങൾ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു. അവന്റെ അനുവാദം കിട്ടിയ ശേഷമല്ലാതെ ശിപാർശ ചെയ്യുന്ന ആരുമില്ല. അവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു. അതിനാൽ അവനുമാത്രം വഴിപ്പെടുക. ഇനിയും നിങ്ങൾ ചിന്തിക്കുന്നില്ലേ?

3. അല്ലാഹു ലോകത്തിന് അസ്തിത്വം നല്കുകമാത്രമല്ല, അതിന്റെ നടത്തിപ്പും പ്രയോഗത്തിൽതന്നെ അവന്റെ കൈകളിലാകുന്നു. ഈ പ്രപഞ്ചമാകുന്ന യന്ത്രശാലയിലാസകലം അവന്റെ ഭരണമാണ് നടക്കുന്നത്.

അല്ലാഹു സംസാരിക്കാൻ അനുവാദം നൽകിയവർക്ക് മാത്രമേ അന്ന് ശിപാർശ ചെയ്യാൻ സാധിക്കുകയുള്ളൂ. തങ്ങൾ ആർക്കുവേണ്ടിയാണോ ശിപാർശ ചെയ്യുന്നത് അവരുടെ ജീവിത റിക്കാർഡുകളെക്കുറിച്ച് ശിപാർശ ചെയ്യുന്ന വലിയ്യുകൾക്കോ മഹാന്മാർക്കോ അറിയുകയില്ല. അറിയാൻ കഴിയുകയുമില്ല. അല്ലാഹുവാകട്ടെ ഓരോരുത്തരുടെയും കഴിഞ്ഞകാല റിക്കാർഡുകളും വ്യവഹാരങ്ങളും വ്യക്തമായി അറിയുന്നു.മാപ്പർഹിക്കുന്നവനോ അല്ലാത്തവനോ മുഴുവൻ ശിക്ഷയും അനുഭവിക്കാൻ ബാധ്യസ്ഥനോ അതല്ല ഇളവിനും വിട്ടുവീഴ്ചക്കും അർഹനോ എന്നൊക്കെയുള്ള ജ്ഞാനം അല്ലാഹുവിനുമാത്രമേയുള്ളൂ. അനർഹമായ ശിപാർശകൾക്ക് അനുവാദം നല്കപ്പെടുകയില്ല.

(...അവർ ആർക്കും ശിപാർശ ചെയ്യുകയില്ല; ആർക്കുവേണ്ടി ശിപാർശ കേൾക്കുന്നത് അല്ലാഹു തൃപ്തിപ്പെടുന്നുവോ അവർക്കുവേണ്ടിയല്ലാതെ. അവർ അവനോടുള്ള ഭയത്താൽ വിറകൊള്ളുന്നു. (21:28)

4. അവനിലേക്കാണ് നിങ്ങളുടെയെല്ലാം മടക്കം.ഇത് അല്ലാഹുവിന്റെ സത്യവാഗ്ദാനമാകുന്നു. തീർച്ചയായും അവൻ സൃഷ്ടികർമം ആരംഭിക്കുന്നു. പിന്നീട് അത് ആവർത്തിക്കുകയും ചെയ്യുന്നു(രണ്ടാമതും സൃഷ്ടിക്കും).വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ന്യായമായ പ്രതിഫലം നൽകാൻവേണ്ടി. എന്നാൽ സത്യനിഷേധികൾക്ക്

തിളച്ചുമറിയുന്ന പാനീയവും വേദനയേറിയ ശിക്ഷയുമുണ്ട്‌- അവര്‍ അവിശ്വസിച്ചതുകാരണമായി.

5. സൂര്യനെ പ്രകാശദായമാക്കിയത്‌ അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിന്‌ (വൃദ്ധിക്ഷയ)മണ്ഡലങ്ങള്‍ (കൃത്യമായി) നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. വര്‍ഷങ്ങളുടെ എണ്ണവും കണക്കും നിങ്ങള്‍ അറിയുന്നതിനുവേണ്ടി. യാഥാര്‍ഥ്യ നിഷ്‌ഠമായല്ലാതെ അല്ലാഹു ഇതൊന്നും സൃഷ്‌ടിച്ചിട്ടില്ല.കാര്യം ഗ്രഹിക്കുന്ന ജനത്തിനായി അവന്‍ തെളിവുകള്‍ വിശദീകരിക്കുന്നു.

6. തീര്‍ച്ചയായും രാപ്പകലുകള്‍ മാറി മാറി വരുന്നതിലും ആകാശഭൂമികളില്‍ അല്ലാഹു സൃഷ്‌ടിച്ചിട്ടുള്ള ഏതൊന്നിലും (അല്ലാഹുവിനെ)ഭയപ്പെടുന്ന ജനത്തിന്‌ ധാരാളം ദൃഷ്‌ടാന്തങ്ങള്‍ തന്നെയുണ്ട്‌.

7. നമ്മുടെ കൂടിക്കാഴ്ചയെ പ്രതീക്ഷിക്കാത്തവരും, ഇഹലോകജീവിതംകൊണ്ട്‌ തൃപ്തിപ്പെടുകയും അതില്‍തന്നെ സമാധാനം കൊള്ളുകയും ചെയ്തവരും,നമ്മുടെ സന്ദേശങ്ങളെക്കുറിച്ച്‌ അശ്രദ്ധരായിക്കഴിയുന്നവരും ആരോ,

8. അവരുടെയൊക്കെ (അന്തിമ)സങ്കേതം നരകാഗ്നി ആയിരിക്കും. അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്ന (തിന്മകളുടെ) പ്രതിഫലമായി.

9. തീര്‍ച്ചയായും വിശ്വസിക്കുകയും സല്‍ക്കര്‍മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തവരെ അവരുടെ നാഥന്‍ തങ്ങളുടെ വിശ്വാസം നിമിത്തം നേര്‍വഴിയിലൂടെ നയിക്കുന്നതാകുന്നു. അനുഗ്രഹീതമായ ഉദ്യാനങ്ങളില്‍ അവരുടെ താഴെ അരുവികള്‍ ഒഴികിക്കൊണ്ടിരിക്കും.

---

9.സത്യവിശ്വാസം മനുഷ്യന്റെ കര്‍മ്മധര്‍മ്മങ്ങളില്‍ നന്മ പ്രത്യക്ഷപ്പെടുത്തുന്ന ഒരു ശക്തിയായിരിക്കേണ്ടതാണ്‌. ധാര്‍മ്മികജീവിതത്തെ സംബന്ധിച്ചിടത്തോളം സന്മാര്‍ഗ്ഗലബ്‌ധിയും സത്യദര്‍ശനവും അവസാനം വിജയസൗഭാഗ്യലബ്‌ധിയും ശരിയായ വിശ്വാസങ്ങളെയാണ്‌ ആശ്രയിച്ചിരിക്കുന്നത്‌. അല്ലാഹുവില്‍ വിശ്വസിക്കുന്നതുകൊണ്ട്‌ അവന്‍ മനുഷ്യന്‌ മാര്‍ഗ്ഗദര്‍ശനം ചെയ്യുന്നു. സത്യമാര്‍ഗ്ഗത്തില്‍ ഉറച്ചുനില്‍ക്കുന്നതുകൊണ്ട്‌ അവന്റെ ഓരോ കാല്‍വെപ്പിലും ഓരോ വഴിത്തിരിവിലും ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സത്യവും അസത്യവും തെറ്റും ശരിയും വിവേചിക്കാന്‍ അവന്‌ സാധിക്കുന്നു. ജീവിതത്തിന്റെ ഏത്‌ മേഖലയിലും വ്യക്തിപരവും സാമൂഹികവുമായ ഏത്‌ ഇടപാടിലും സത്യമാര്‍ഗ്ഗം സ്വീകരിക്കുന്നത്‌ അവനെ സ്വര്‍ഗത്തിന്നര്‍ഹനാക്കുന്നു.

---

10. 'അല്ലാഹുവേ നീ എത്ര പരിശുദ്ധന്‍' (നിനക്കു സ്തോത്രം!) എന്നതായിരിക്കും അതില്‍ അവരുടെ പ്രാര്‍ഥന.'സമാധാനം'! എന്നതായിരിക്കും അതില്‍ അവരുടെ അഭിവാദനം.'സര്‍വലോക നാഥനായ അല്ലാഹുവിനു സ്തുതി'! എന്നതായിരിക്കും അവരുടെ പ്രാര്‍ഥനയുടെ സമാപനം.

11. (ഇഹലോകത്ത്‌) നന്മകള്‍ തേടുന്നതില്‍ (ജനങ്ങള്‍) കാണിക്കുന്ന അതേ ധൃതി മനുഷ്യര്‍ക്ക്‌ (അവരുടെ പ്രവര്‍ത്തിക്കനുസൃതമായ) ദോഷം വരുത്തുന്നതില്‍ അല്ലാഹുവും ധൃതി കാണിക്കുകയാണെങ്കില്‍ അവരുടെ പ്രവര്‍ത്തനാവധി എന്നോ അവസാനിച്ചിട്ടുണ്ടാകുമായിരുന്നു. (എന്നാല്‍ ഇത്‌ നമ്മുടെ മാര്‍ഗ്ഗമല്ല.) അതിനാല്‍ നാമുമായി കണ്ടുമുട്ടുമെന്ന്‌ കരുതാത്തവരെ തങ്ങളുടെ ധിക്കാരത്തില്‍ വിഹരിക്കുന്നവരായി നാം അഴിച്ചുവിടുകയാകുന്നു.

12. മനുഷ്യനെ വല്ല വിപത്തും ബാധിച്ചാല്‍ അവന്‍ നിന്നോ ഇരുന്നോ കിടന്നോ നമ്മോട്‌ പ്രാര്‍ഥിച്ചുകൊണ്ടിരിക്കും. അങ്ങനെ അവനില്‍ നിന്ന്‌ വിപത്ത്‌ നീക്കിക്കൊടുത്താല്‍, പിന്നെ അവനകപ്പെട്ട വിഷമസന്ധിയില്‍ അവന്‍ നമ്മോടു പ്രാര്‍ഥിച്ചിട്ടേയില്ലെന്ന വിധം നടന്നകലുന്നു. അതിരു കവിയുന്നവര്‍ക്ക്‌ അവര്‍ ചെയ്തുകൊണ്ടിരിക്കുന്നത്‌ അപ്രകാരം ആകര്‍ഷകമാക്കപ്പെട്ടിരിക്കുന്നു.

13. തീർച്ചയായും നിങ്ങൾക്കു മുമ്പുള്ള പല തലമുറകളെയും അവർ അതിക്രമം കാണിച്ചപ്പോൾ നാം നശിപ്പിച്ചിട്ടുണ്ട്. അവരുടെ ദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരുടെ അടുത്ത് ചെല്ലുകയുണ്ടായി. എന്നാൽ അവർ വിശ്വസിക്കുകയുണ്ടായില്ല. ഇപ്രകാരമാണ്, പാപികളായ ജനത്തിന് നാം പ്രതിഫലം നൽകുന്നത്.

14. പിന്നെ അവർക്കുശേഷം ഭൂമിയിൽ നാം നിങ്ങളെ പ്രതിനിധികളാക്കിയിരിക്കുന്നു. നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കാണാൻ.

15. നമ്മുടെ സുവ്യക്തമായ സൂക്തങ്ങൾ അവരെ ഓതിക്കേൾപ്പിക്കുമ്പോൾ നമ്മെ കണ്ടുമുട്ടുമെന്നാശിക്കാത്തവർ പറയുന്നു: നീ ഇതിനു പകരം (മറ്റൊരു) ഖുർആൻ കൊണ്ടുവരിക. അല്ലെങ്കിൽ ഇതിൽ ഭേദഗതികൾ ചെയ്യുക. പറയുക: എന്റെ സ്വന്തം വകയായി അതിൽ മാറ്റത്തിരുത്തലുകൾ വരുത്തുവാൻ എനിക്ക് പാടുള്ളതല്ല. എനിക്ക് ലഭിക്കുന്ന ദിവ്യബോധനങ്ങളെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. എന്റെ രക്ഷിതാവിനെ ഞാൻ ധിക്കരിക്കുകയാണെങ്കിൽ അതിഭയാനകമായ ഒരു നാളിലെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.

16. പറയുക: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞാനിത് നിങ്ങൾക്ക് ഓതിത്തരുമായിരുന്നില്ല. ഇതിനെക്കുറിച്ച് നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു. ഇതിനുമുമ്പ് കുറേക്കാലം ഞാൻ നിങ്ങൾക്കിടയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടല്ലോ. നിങ്ങൾ ചിന്തിക്കുന്നില്ലേ?

---

16.നാല്പതാം വയസ്സിൽ പ്രവാചകനായി നിയോഗിക്കപ്പെടുന്നതുവരെയും മുഹമ്മദ് നബി(സ) മക്കാനിവാസികൾക്കിടയിൽ തന്നെയാണ് ജീവിച്ചത്. അവരുടെ പട്ടണത്തിൽ ജനിച്ചു. ബാല്യവും യുവത്വവുമൊക്കെ അവരുടെ കൺമുമ്പിൽ തന്നെ കഴിച്ചുകൂട്ടി. അദ്ദേഹത്തിന്റെ വിവാഹവും കൊള്ളക്കൊടുക്കകളും മറ്റെല്ലാ സാമൂഹ്യബന്ധങ്ങളും അവരുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ സത്യതയും, തറവാടും വിശ്വസ്തതയും അവർക്കറിയാമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ സംസ്കാരവും വിശുദ്ധിയും തുളുമ്പിനിന്നിരുന്നു. അസാമാന്യമായ കുലീനതയും ശാന്തപ്രകൃതിയും ഉത്തരവാദിത്വബോധവും സത്യസന്ധതയും അദ്ദേഹത്തിൽ ദൃശ്യമായിരുന്നു. അദ്ദേഹം കളവുപറയുന്നതായി അവർ കേട്ടിട്ടില്ല. നിസ്സാരമായ ഒരു പ്രശ്നത്തിൽപോലും ജീവിതത്തിൽ ഒരിക്കലെങ്കിലും അദ്ദേഹം ചതിയോ, വഞ്ചനയോ കളവോ കാപട്യമോ പ്രയോഗിച്ചതായി അവർക്കറിയില്ല. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ മറ്റു ദുർഗുണങ്ങളുടെ ലാഞ്ഛനപോലും കാണപ്പെട്ടിരുന്നില്ല. സത്യസന്ധനും നിഷ്ക്കളങ്കനുമായിരുന്ന അദ്ദേഹത്തെ അവർ 'അൽ അമീൻ' (വിശ്വസ്തൻ) എന്ന് വിളിച്ചു.

അദ്ദേഹത്തിന്റെ ശത്രുക്കളുടെ നേതാവായിരുന്ന കാലത്ത് അബൂസുഫ്യാൻ, റോമാ ചക്രവർത്തി ഹിറഖലിയൂസിന്റെ രാജസന്നിധിയിൽ അദ്ദേഹം കളവുപറയാറില്ലെന്ന് മൊഴിനൽകുകയുണ്ടായി. 'എന്നാലദ്ദേഹം ജനങ്ങളെപ്പറ്റി കളവു പറയാതിരിക്കുകയും, അതോടെ അല്ലാഹുവിനെപ്പറ്റി കളവു പറയുവാൻ ശ്രമിക്കുകയും ചെയ്യുകയുണ്ടാവില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു' എന്ന് രാജാവ് പ്രതിവചിക്കുകയും ചെയ്തു. അതുപോലെ അബ്സീനിയാ രാജാവായ നജ്ജാശീ(നെഗാശി)യുടെ മുമ്പിൽ വെച്ച് '..അദ്ദേഹത്തിന്റെ സത്യതയും തറവാടും, വിശ്വസ്തതയും ഞങ്ങൾക്കറിയാവുന്നതാണെന്ന്..' ജഅ്ഫറുബ്നു അബീത്വാലിബും(റ) പറയുകയുണ്ടായി.

അന്നുവരെയുള്ള ജീവിതത്തിലൊരിക്കലും ഒരു പുസ്തകം വായിക്കുകയോ തൂലിക കയ്യിലെടുക്കുകയോ ചെയ്തിട്ടില്ലാത്ത നിരക്ഷരനായ ഒരാൾ പൂർവപ്രാചകന്മാരുടെയും മതങ്ങളുടെയും സമുദായങ്ങളുടെയും ചരിത്രങ്ങളും പ്രമാണങ്ങളും സുപ്രധാനമായ നാഗരിക-ധാർമിക പ്രശ്നങ്ങളും എല്ലാം ഉൾക്കൊള്ളുന്ന അഗാധമായ ഒരു വിജ്ഞാന നിർഝരി അവതരിപ്പിക്കുക എന്നത് അല്ലാഹുവിന്റെ ബോധനം മുഖേനയല്ലാതെ സാധ്യമാണോ? അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രവാചകത്വം നിഷേധിക്കുന്നതിന് സത്യവിരോധം എന്നല്ലാതെ യുക്തിസഹമായ മറ്റൊരു കാരണവും പറയാൻ കഴിയില്ല.

---

17. അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ അവന്റെ ദൃഷ്ടാന്തങ്ങളെ(കള്ളമാണെന്ന്) നിഷേധിക്കുകയോ ചെയ്യുന്ന ഒരുവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? തീർച്ചയായും, കുറ്റവാളികൾ വിജയിക്കുകയില്ല.

18. അവർക്ക് ഉപദ്രവമോ അവർക്ക് ഉപകാരമോ ചെയ്യാത്തവയെ അല്ലാഹുവിനെ പുറമെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു.അവർ പറയുകയും ചെയ്യുന്നു: ഇവയൊക്കെ അല്ലാഹുവിൻെറ അടുത്ത് ഞങ്ങളുടെ ശിപാർശകരാണ്. (നബിയേ, അവരോട്) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ അല്ലാഹു അറിയാത്ത ഒന്നിനെക്കുറിച്ച് നിങ്ങൾ അവനെ പറഞ്ഞറിയിക്കുന്നുവോ? അവർ പങ്കുചേർക്കുന്നതിൽ നിന്നൊക്കെ എത്രയോ പരിശുദ്ധനും പരമോന്നതനുമാണ് അല്ലാഹു.

18.ഉപകാരവും ഉപദ്രവവും ചെയ്യാനുള്ള യഥാർഥ കഴിവ് അല്ലാഹുവിനാണെന്ന് ബഹുദൈവാരാധകർ സമ്മതിച്ചിരുന്നു. തങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങൾ തങ്ങൾക്ക് ശിപാർശ നടത്തുമെന്നും അവർ ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ ഈ വിഗ്രഹങ്ങൾ ഏത് മഹാന്മാരുടെ അല്ലെങ്കിൽ ദേവീ-ദേവന്മാരുടെ പേരിൽ പ്രതിഷ്ഠിതങ്ങളാണോ അവർ തങ്ങൾക്കുവേണ്ടി ദൈവസന്നിധിയിൽ ശിപാർശക്കാരായി വരുമെന്നും അങ്ങനെ തങ്ങളെ ശിക്ഷയിൽ നിന്ന് ഒഴിവാക്കുമെന്നുമാണ് അവർ ഉദ്ദേശിച്ചിരുന്നത്. വിഗ്രഹാരാധകരുടെ ഇതേ ന്യായം പറഞ്ഞുകൊണ്ട് വല്ല മാഹാന്മാരെയും വിളിച്ച് പ്രാർഥിക്കുന്നവർക്കും വല്ല ജാറത്തിങ്കലും നേർച്ചാവഴിപാടുകൾ അർപ്പിക്കുന്നവർക്കും ഇത് ബാധകമാണ്.

19. മനുഷ്യരൊക്കെ ഒരൊറ്റ സമുദായമായിരുന്നു. പിന്നീട് അവർ (വിഭിന്നങ്ങളായ വിശ്വാസങ്ങളും ആചാരരീതികളും ഉണ്ടാക്കി) ഭിന്നിച്ചു കളഞ്ഞു. നിൻെറ നാഥനിൽനിന്നുള്ള ഒരു വചനം നേരത്തെ ഉണ്ടായിരുന്നില്ലെങ്കിൽ അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ (ഇതിനകം തന്നെ)തീർപ്പ് കൽപിക്കപ്പെടുമായിരുന്നു.

19. ആദിയിൽ മുഴുവൻ മനുഷ്യവംശത്തിൻെറയും മതം ഒന്നായിരുന്നു. അല്ലാഹു ആദ്യമായി സൃഷ്ടിച്ച മനുഷ്യനുതന്നെ ശരിയായ മാർഗ്ഗം പഠിപ്പിച്ചിരുന്നു. പിന്നീട് ഒരു നീണ്ട കാലത്തോളം ആദമിൻെറ മക്കൾ നേർമാർഗ്ഗത്തിലൂടെ ചരിക്കുകയും ഒരേ സമുദായമായി നിലകൊള്ളുകയും ചെയ്തിരുന്നു. പിന്നീട് വന്ന തലമുറകൾ ആ സത്യത്തിൽ ഭിന്നിച്ച് വ്യത്യസ്ത ആദർശങ്ങളും മതങ്ങളും സ്വയം നിർമ്മിക്കുകയും വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. അപ്പോൾ യാഥാർഥ്യം അവരെ പഠിപ്പിക്കാൻ അല്ലാഹു പ്രവാചകവര്യന്മാരെ നിയോഗിച്ചുകൊണ്ടിരുന്നു. സ്വന്തം പേരിൽ ഒരു പുതിയ മതത്തിന് അടിത്തറയിടുവാനോ ഒരു പുതിയ സമുദായം സ്വന്തമായി രൂപീകരിക്കാനോ വേണ്ടിയായിരുന്നില്ല പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിരുന്നത്.പ്രത്യുത ആദംസന്തതികൾക്ക് നഷ്ടപ്പെട്ടുപോയ സത്യമാർഗ്ഗം അവരുടെ മുമ്പിൽ വ്യക്തമായി കാണിച്ചുകൊണ്ട് അവരെ വീണ്ടും ഒരേ സമുദായമാക്കാനായിരുന്നു പ്രവാചകന്മാരുടെ നിയോഗം.

ഇന്ന് ലോകത്ത് ധാരാളം മതങ്ങൾ കാണപ്പെടുന്നു. ഓരോ മതക്കാരനും തൻെറ മതമാണ് സത്യമെന്ന് കരുതുന്ന ഈ അവസ്ഥയിൽ സ്വന്തം വിവേചന ബുദ്ധിയെ അവലംബിച്ച് മതങ്ങൾക്കിടയിലുള്ള വീക്ഷണ വൈരുധ്യങ്ങൾക്കിടയിൽ സത്യം ഏതെന്ന് തിരിച്ചറിയുകയേ ഏതൊരാൾക്കും കാരണീയമാവൂ. അങ്ങനെ മനുഷ്യൻ സത്യം തിരിച്ചറിയുന്നുണ്ടോ എന്നാണ് ദൈവം മനുഷ്യനെ ഇഹലോകത്ത് പരീക്ഷിക്കുന്നതും. ദൈവം നേരിട്ട് സത്യത്തെ മറനീക്കികാണിക്കുക എന്നത് ഈ ജീവിതത്തിൽ ഉണ്ടാകുന്നതല്ല.

20. അവർ പറയുന്നു:ഈ (പ്രവാചകന്)തൻെറ രക്ഷിതാവിൽനിന്ന് ഒരു ദൃഷ്ടാന്തവും അവതരിക്കാത്തതെന്ത്? പറയുക:അദൃശ്യജ്ഞാനം അല്ലാഹുവിന് മാത്രമേയുള്ളൂ.അതിനാൽ നിങ്ങൾ കാത്തിരിക്കുക. തീർച്ചയായും കാത്തിരിക്കുന്നവരിൽ നിങ്ങളോടൊപ്പം ഞാനും ഉണ്ട്.

21. ജനങ്ങൾക്ക് ഒരു വിപത്ത് ബാധിച്ചതിനുശേഷം നാം അവർക്ക് അനുഗ്രഹം നൽകിയാൽ അപ്പോഴതാ അവർ നമ്മുടെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ കുതന്ത്രം കാണിക്കുന്നു. പറയുക: അല്ലാഹു അതിവേഗം തന്ത്രം പ്രയോഗിക്കുന്നവനാണ്.തീർച്ചയായും നമ്മുടെ ദൂതന്മാർ (മലക്കുകൾ) നിങ്ങളുടെ തന്ത്രങ്ങളൊക്കെയും രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്.

22. അവനാകുന്നു കരയിലും കടലിലും നിങ്ങളെ സഞ്ചരിപ്പിക്കുന്നത്.അങ്ങനെ നിങ്ങള്‍ കപ്പലിലായിരിക്കെ, നല്ലതായ(അനുകൂലമായ) കാറ്റിനാല്‍ അവരെയുംകൊണ്ട് അത് സഞ്ചരിക്കുകയും അവരതില്‍ സന്തുഷ്ടരാവുകയും (ചെയ്യുമ്പോള്‍), (അതാ) അവരുടെ നേര്‍ക്ക് ഒരു കൊടുങ്കാറ്റ് വന്നെത്തി. നാനാവശങ്ങളില്‍ നിന്നും തിരമാലകള്‍ അവരുടെ നേര്‍ക്ക് വരികയും, തങ്ങള്‍(ആപത്തിനാല്‍) വലയം ചെയ്യപ്പെട്ടുവെന്ന് അവര്‍ക്ക് തോന്നുകയും ചെയ്യുന്നു. അപ്പോള്‍ അവര്‍ തങ്ങളുടെ വണക്കം നിഷ്ക്കളങ്കമായി അല്ലാഹുവിന് മാത്രം സമര്‍പ്പിച്ചുകൊണ്ട് അവനോട് പ്രാര്‍ഥിക്കുന്നു: ഞങ്ങളെ നീ ഇതില്‍നിന്ന് രക്ഷപ്പെടുത്തിയാല്‍ തീര്‍ച്ചയായും ഞങ്ങള്‍ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും.

---

22. വല്ല മഹാവിപത്തും അനുഭവപ്പെടുമ്പോള്‍ മനുഷ്യന്റെ പ്രാര്‍ഥനയുടെ കരം ഏകദൈവത്തിന്റെ നേര്‍ക്കാണ് നീളുന്നത്. കടുത്ത ദൈവനിഷേധികള്‍ തന്നെയും അത്തരം സന്ദര്‍ഭങ്ങളില്‍ ദൈവമല്ലാതെ മറ്റൊരു സഹായകനുമില്ലെന്ന് മനസ്സിലാക്കുകയും ദൈവസന്നിധിയിലെക്ക് തങ്ങളുടെ പ്രാര്‍ഥനാഹസ്തം നീട്ടുകയും ചെയ്യുന്നു. അവര്‍ വല്ല അത്യാപത്തിലും അകപ്പെട്ട് ഗതിമുട്ടുമ്പോള്‍ 'ദൈവമേ, ഭഗവാനേ, ഈശ്വരാ' എന്നൊക്കെ വിളിച്ച് നിലവിളിക്കുന്നതും മേല്‍പ്പോട്ട് കൈനീട്ടി പ്രാര്‍ഥിക്കുന്നതും വിരളമല്ല. ബഹുദൈവവിശ്വാസികള്‍ തങ്ങളുടെ എല്ലാ ദേവീദേവന്മാരെയും വിട്ട് ഏകദൈവത്തെ വിളിച്ചു പ്രാര്‍ഥിക്കുന്നു. ദൈവവിശ്വാസവും ഏകദൈവവിശ്വാസവും ഓരോ മനുഷ്യരിലും ഒളിഞ്ഞുകിടക്കുന്നുണ്ടെന്നാണ് ഇത് കുറിക്കുന്നത്. സന്നിഗ്ധഘട്ടങ്ങളില്‍ അത് വെളിയില്‍ വരാതിരിക്കുന്നില്ല.

---

23. അങ്ങനെ അല്ലാഹു അവരെ രക്ഷപ്പെടുത്തിയപ്പോള്‍ അവരതാ അന്യായമായി ഭൂമിയില്‍ അതിക്രമം ചെയ്യുന്നു. ഹേ; മനുഷ്യരേ, നിശ്ചയമായും നിങ്ങളുടെ ഈ ധിക്കാരം നിങ്ങള്‍ക്കുതന്നെ എതിരായിട്ടുള്ളതാകുന്നു. ഐഹികജീവിതത്തിന്റെ(ഏതാനുംനാളുകളിലെ)സുഖാസ്വാദനം മാത്രമാണ് (നിങ്ങള്‍ക്കത് നല്‍കുക). പിന്നീട് നമ്മുടെ സന്നിധിയില്‍ നിങ്ങള്‍ തിരിച്ചുവരേണ്ടതുണ്ട്. അപ്പോള്‍ നിങ്ങള്‍ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി നിങ്ങളെ നാം വിവരമറിയിക്കും.

24. ഇഹലോകജീവിതത്തിന്റെ ഉപമ ഇപ്രകാരമാകുന്നു: ആകാശത്തുനിന്നു നാം ജലം വര്‍ഷിച്ചു.അപ്പോള്‍ മനുഷ്യരും കാലികളുമെല്ലാം ഭക്ഷിക്കുന്ന സസ്യങ്ങള്‍ ഭൂമിയില്‍ ഇടകലര്‍ന്നു വളര്‍ന്നു.അങ്ങനെ ഭൂമി അതിന്റെ ചമയങ്ങളണിയുകയും അലംകൃതമാവുകയും അതിന്റെ ഉടമകള്‍ തങ്ങള്‍ അതിന്റെ (ഫലമനുഭവിക്കാന്‍) കഴിവുള്ളവരായിരിക്കുന്നുവെന്നു കരുതുകയും ചെയ്തപ്പോള്‍ രാത്രിയോ പകലോ നമ്മുടെ കല്പന അവയില്‍ വന്നെത്തുന്നു. അങ്ങനെ നാമതിനെ (അതിലെ വിളയെ) നിശ്ശേഷം നശിപ്പിച്ചുകളയുന്നു; ഇന്നലെ അവിടെ ഒന്നുംതന്നെ ഉണ്ടായിട്ടേ ഇല്ലാത്തപോലെ. ചിന്തിക്കുന്ന ജനതക്ക് ഇപ്രകാരം നാം ദൃഷ്ടാന്തങ്ങള്‍ വിശദീകരിക്കുന്നു.

25. അല്ലാഹു സമാധാനത്തിന്റെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവന്‍ നിശ്ചയിക്കുന്നവര്‍ക്ക് അവന്‍ നേര്‍വഴി കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

26. നന്മ ചെയ്തവര്‍ക്ക് ഏറ്റവും നല്ല(പ്രതിഫല)മുണ്ട്. കൂടുതല്‍ (അനുഗ്രഹവും) ഉണ്ടായിരിക്കും. അവരുടെ മുഖത്തെ ഇരുളോ നിന്ദ്യതയോ ബാധിക്കുകയില്ല.അവരാണ് സ്വര്‍ഗവാസികള്‍. അവര്‍ അതില്‍ നിത്യവാസികളായിരിക്കും.

---

26. നന്മ ചെയ്തവര്‍ക്ക് അതിനു യോജിച്ച പ്രതിഫലം മാത്രമല്ല അല്ലാഹുവിന്റെ വകയായി അധിക സമ്മാനങ്ങളും ലഭിക്കുന്നതാണ്.ഓരോ നന്മക്കും അതിന്റെ പത്തിരട്ടിയും,എഴുനൂറിരട്ടിവരെയും അല്ലാഹു ഉദ്ദേശിക്കുകയാണെങ്കില്‍ അതില്‍ കൂടുതല്‍ ഇരട്ടിയും പ്രതിഫലം നല്‍കപ്പെടുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.(2:261). അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ചെലവഴിക്കുന്നത് വയലില്‍ വിതക്കുന്ന ഒരു വിത്തുപോലെയാണ്. ഏറ്റവും വിളവു തരുന്ന വിത്ത്. ഒരൊറ്റ വിത്തില്‍ നിന്നും ഏഴു കതിരുകള്‍

വിളയുന്നു. ഓരോ കതിരിലും നൂറു മണികൾ വീതം. അങ്ങനെ അത് എഴുനൂറുമേനി വിളയും. അല്ലാഹു ഉദ്ദേശിച്ചാൽ ഒരാളുടെ ആത്മാർഥതയെയും നിഷ്കളങ്കതയെയും ആശ്രയിച്ച് അതിലേറെയും പ്രതിഫലം ലഭിക്കും. പ്രവാചകൻ(സ) ഒരിക്കൽ പറഞ്ഞു:'നന്മകൾക്ക് പരലോകത്ത് പത്തിരട്ടി മുതൽ എഴുനൂറിരട്ടി വരെ പ്രതിഫലം ലഭിക്കുന്നു. തുറന്ന മനസ്സോടെ ചെയ്യുന്ന സൽക്കർമ്മം പാതി മനസ്സോടെ മടിച്ചുമടിച്ച് ചെയ്യുന്ന സൽക്കർമ്മത്തെക്കാൾ എത്രയോ ഇരട്ടി പ്രതിഫലം അർഹിക്കുന്നു.

27. തിന്മകൾ സമ്പാദിച്ചുവെച്ചവരാകട്ടെ, തിന്മക്കുള്ള പ്രതിഫലം അതിനു തുല്യമായതുകൊണ്ടായിരിക്കും. നിന്ദ്യത അവരെ മൂടുകയും ചെയ്യും. അല്ലാഹുവിൽ നിന്ന് അവരെ രക്ഷിക്കുന്ന ഒരാളുമില്ല.അവരുടെ മുഖങ്ങൾ ഇരുളടഞ്ഞ രാവിന്റെ കഷ്ണങ്ങൾകൊണ്ട് പൊതിഞ്ഞതുപോലെയിരിക്കും. അവർ നരകാവകാശികളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും.

27. തിന്മ ചെയ്യുന്നവർക്ക് തങ്ങളുടെ തിന്മക്കനുരൂപമായ ശിക്ഷ മാത്രമേ ലഭിക്കുകയുള്ളൂ.

28. നാം അവരെയെല്ലാം ഒരുമിച്ചുകൂട്ടുന്ന ദിവസം. എന്നിട്ട് (നമുക്ക്)പങ്കാളികളെ കല്പിച്ചവരോട് നാം പറയും: നിങ്ങളും നിങ്ങൾ പങ്കാളികളായി ചേർത്തവരും അവിടെ തന്നെ നിൽക്കുവിൻ! അനന്തരം നാം അവരെ പരസ്പരം വേർപ്പെടുത്തും. അവരുടെ പങ്കാളികൾ (അവരോട്) പറയും: നിങ്ങൾ ഞങ്ങളെ ആരാധിച്ചിരുന്നില്ല.

29. അതിനാൽ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു മതി. നിങ്ങൾ (ഞങ്ങൾക്കു ചെയ്ത) ആരാധനയെക്കുറിച്ച് തീർച്ചയായും ഞങ്ങൾ അജ്ഞരായിരുന്നു.

29.സാക്ഷാൽ ഏകദൈവത്തിനുമാത്രം വകവെച്ചുകൊടുക്കേണ്ട ദൈവികാവകാശങ്ങൾ അവനല്ലാത്തവർക്ക് വകവെച്ചുകൊടുത്തുകൊണ്ട് അവന്റെ പങ്കാളികൾ എന്ന നിലയിൽ ആരാധിക്കുന്ന വസ്തുക്കളെയാണ് അല്ലാഹുവിന്റെ പങ്കാളികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആരാധ്യവസ്തുക്കളായി കരുതപ്പെടുന്ന വിഗ്രഹങ്ങളടക്കമുള്ള നിർജ്ജീവവസ്തുക്കൾ, ഇഹലോകത്ത് ദേവന്മാരും ദേവികളും ആയി കരുതി പൂജിക്കപ്പെട്ടിട്ടുള്ള മലക്കുകൾ, പ്രവാചകന്മാർ, മഹാത്മാക്കൾ, ജിന്നുകൾ പിശാചുക്കൾ, ഭൂതങ്ങൾ, പ്രേതങ്ങൾ, ഔലിയാക്കൾ, ശുഹദാക്കൾ മുതലായവരെല്ലാം 'പങ്കാളികൾ' എന്ന അർത്ഥത്തിൽ ഉൾപ്പെടുന്നു. ഈ പങ്കാളികൾക്ക് അർപ്പിച്ചിരുന്ന ആരാധനയോ, പ്രാർഥനയോ, നേർച്ചയോ, വഴിപാടോ, ശ്രാദ്ധമോ, ജപമോ, മന്ത്രമോ സ്തുതിഗീതമോ ഒന്നും ഞങ്ങളിലേക്ക് എത്തിയിരുന്നില്ലെന്നും അതിനെപ്പറ്റി ഞങ്ങൾ അജ്ഞരായിരുന്നുവെന്നും അവർ തുറന്ന് പറയും. എല്ലാതരം പങ്കുകാരും അന്ത്യനാളിൽ അവരുടെ ആരാധകരിൽ നിന്ന് ഒഴിഞ്ഞുമാറുന്നതാണെന്ന് ഖുർആൻ പല വചനങ്ങളിലായി വ്യക്തമാക്കിയിട്ടുണ്ട്. തങ്ങളുടെ ആരാധ്യന്മാരെക്കൊണ്ട് യാതൊരു ഉപകാരവും അവർക്ക് ലഭിക്കുകയില്ല.

30. അവിടെവെച്ച് ഓരോ ആത്മാവിനും അത് മുൻകൂട്ടി ചെയ്തത് അനുഭവ ബോധ്യമാകും. അവർ അവരുടെ യഥാർഥ രക്ഷകനായ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുകയും, അവർ കെട്ടിച്ചമച്ചിരുന്നതെല്ലാം അവരെ വിട്ടുമാറിക്കളയുകയും ചെയ്യും.

31. (അവരോട്) ചോദിക്കുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നല്കുന്നത് ആരാകുന്നു? കേൾവിയും കാഴ്ചയും ആരുടെ അധികാരത്തിലാകുന്നു? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതിനെയും ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തതിനെയും പുറപ്പെടുവിക്കുന്നതാരാകുന്നു? (ഈ പ്രാപഞ്ചിക) കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവൻ ആരാകുന്നു? അവർ പറയും, അല്ലാഹുവാണെന്ന്.(അവരോട്)ചോദിക്കുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കാത്തത് എന്ത്?

31. പ്രാപഞ്ചിക കാര്യങ്ങ ൾ നിയന്ത്രിക്കുന്നതിൽ നിങ്ങളുടെ ആരാധ്യന്മാർക്ക് പങ്കില്ലെന്ന് നിങ്ങ ൾ സമ്മതിക്കുന്നുവെങ്കിൽ ഏകദൈവത്തെവിട്ട് ഇതര വസ്തുക്കളെ ആരാധ്യന്മാരാക്കുകയെന്ന വിരോധാഭാസ ത്തിൽ നിങ്ങ ൾ അകപ്പെട്ടതെങ്ങനെ? നിങ്ങ ൾ ആലോചിക്കുന്നില്ലേ?

---

32. അവനാണ് നിങ്ങളുടെ യഥാർഥ രക്ഷിതാവായ അല്ലാഹു. അപ്പോ ൾ, സത്യത്തിനു ശേഷം ദുർമാർഗമല്ലാതെ മറ്റെന്താണുള്ളത്? ഇനിയും നിങ്ങ ൾ എങ്ങോട്ടാണ് (സത്യംവിട്ട്) തെറ്റി ക്കപ്പെട്ടുകൊണ്ടിരിക്കുന്നത്?

33. അപ്രകാരം ധിക്കാരം കൈകൊണ്ടവരുടെ കാര്യത്തിൽ 'അവർ വിശ്വസിക്കുകയില്ല' എന്ന നിന്റെ നാഥന്റെ വചനം സത്യമായിരിക്കുന്നു.

34. (അവരോടു) ചോദിക്കുക: നിങ്ങളുടെ (ദൈവ) പങ്കാളികളിൽ സൃഷ്ടി ആരംഭിക്കുകയും പിന്നെ അതാവർത്തിക്കുകയും ചെയ്യുന്ന വല്ലവരും ഉണ്ടോ? പറയുക: അല്ലാഹു മാത്രമാ ണ് സൃഷ്ടികർമമാരംഭിക്കുന്നതും പിന്നീട് അതാവർത്തിക്കുന്നതും.എന്നിരിക്കെ, നിങ്ങ ൾ എങ്ങനെ വ്യതിചലിക്കപ്പെടുന്നത്?

35. (അവരോടു) ചോദിക്കുക: നിങ്ങ ൾ പങ്കാളികളാക്കിയ (ദൈവങ്ങളിൽ) സത്യത്തിലേക്ക് വഴി നയിക്കുന്ന വല്ലവരുമുണ്ടോ? പറയുക: സത്യത്തിലേക്ക് മാർഗദർശനം നല്കുന്നവൻ അല്ലാഹു മാത്രമാകുന്നു. അപ്പോ ൾ സത്യത്തിലേക്ക് മാർഗദർശനം ചെയ്യുന്നവനോ, അതല്ല മാർഗദർശനം നല്കപ്പെട്ടാലല്ലാതെ സ്വയം സന്മാർഗം കാണാൻ കഴിയാത്തവനോ പിന്തുടര പ്പെടുവാൻ ഏറ്റം അർഹനായിട്ടുള്ളവൻ? അപ്പോ ൾ നിങ്ങ ൾക്ക് എന്തുപറ്റി? എങ്ങനെയാണ് നിങ്ങ ൾ വിധിയെഴുതുന്നത്?

---

35. സന്മാഗദർശനത്തെ സംബന്ധിച്ചിടത്തോളം ഒരു ബഹുദൈവവിശ്വാസി തന്റെ ആരാധ്യവസ്തുക്കളെ ആശ്രയിക്കാറില്ല. അഭൗതിക മാർഗത്തിലൂടെ ഈ ദേവീദേവന്മാർ അഭീഷ്ടസിദ്ധി വരുത്തുകയും ആപ ത്തുകളകറ്റുകയും ചെയ്യുമെന്ന പ്രതീക്ഷയോടെയാണ് മനുഷ്യർ അവരെ ആശ്രയിക്കുന്നത്.

---

36. അവരിലേറെപ്പേരും ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്.സത്യത്തെ സംബന്ധിച്ചിടത്തോ ളം ഊഹം ഒരു പ്രയോജനവും ചെയ്യില്ല. തീർച്ചയായും അല്ലാഹു നിങ്ങ ൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനാകുന്നു.

37. ഈ ഖുർആൻ അല്ലാഹുവിനെ കൂടാതെ (മറ്റാരാലും)ചമയ്ക്കപ്പെടാവതല്ല. പ്രത്യുത അതിനു മുമ്പുള്ള വേദപുസ്തകങ്ങളെ സത്യപ്പെടുത്തുന്നതും ദൈവികപ്രമാണങ്ങളുടെ വിശദീകരണവു മാണിത്. ഇതിൽ യാതൊരു സംശയവുമില്ല. സർവലോകരക്ഷിതാവിങ്കൽ നിന്നുള്ളതാണ് (ഇത്).

38. അല്ലെങ്കിൽ അവൻ (നബി) ഇത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപോലുള്ള ഒരധ്യായം നിങ്ങ ൾ കൊണ്ടുവരിക. അല്ലാഹുവെക്കൂടാതെ നിങ്ങ ൾ ക്ക് കിട്ടാവുന്നവരെയൊക്കെ (സഹായത്തിനു) വിളിച്ചുകൊള്ളുക. നിങ്ങ ൾ (ഈ ആരോപ ണത്തിൽ) സത്യസന്ധരാണെങ്കിൽ.

---

38. ഇത് മുഹമ്മദ്(സ)തന്നെ രചിച്ചതാണെന്ന് അദ്ദേഹത്തെ നേരിട്ടറിയാമായിരുന്ന സമകാലീനരായ മറ്റുള്ളവർക്ക് സങ്കല്പിക്കാനേ കഴിഞ്ഞിരുന്നില്ല. മാത്രമല്ല ഇതൊരു മാനുഷിക വചനമേ ആവാൻ തര മില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. പതിനാല് നൂറ്റാണ്ടുക ൾക്ക് മുമ്പ് മക്കയിലെ ഖുറൈശിക ളോട് മാത്രമല്ല ലോകത്തെങ്ങുമുള്ള സത്യനിഷേധികളോടും അല്ലാഹു നടത്തിയ ഈ വെല്ലുവിളിക്ക് മറുപടി നല്കാൻ ഇന്നുവരെയും ഒരാളും ധൈര്യപ്പെട്ടിട്ടില്ല. ഈ വെല്ലുവിളി ഖുർആന്റെ ഭാഷാചാതു ര്യവും സാഹിത്യമൂല്യവും മാത്രം പരിഗണിച്ചുകൊണ്ടുള്ളതല്ല, പ്രത്യുത, ഖുർആനിനോളം ഭദ്രതയും ഗാംഭീര്യവും മഹത്തവുമുള്ള ഒരു പുസ്തകം കൊണ്ടുവരിക എന്നതാണ് യഥാർഥ വെല്ലുവിളി. ഇത്രയേ റെ വിപ്ലവാത്മകമായ പ്രത്യാഘാതം സൃഷ്ടിച്ച മറ്റൊരു ഗ്രന്ഥം ലോകത്ത് ഇല്ലതന്നെ. കഴിഞ്ഞ 14

നൂറ്റാണ്ടുകളായി മനുഷ്യവർഗത്തിൻെറ ചിന്തയിലും സംസ്കാരത്തിലും ജീവിതരീതിയിലും, സ്വാധീനം ചെലുത്തി,അതിൻെറ കടുത്ത വിരോധികളുടെ ആത്മാവിനെപ്പോലും തരളിതമാക്കി ലോകത്തിലെ ഏക ദിവ്യാത്ഭുതമായി അല്ലാഹുവിൻെറ ഈ വിശുദ്ധ ഗ്രന്ഥം, സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ തങ്ങൾ പരമസത്യത്തിലാണ് വിശ്വസിച്ചിരിക്കുന്നതെന്ന ആത്മനിർവൃതിയുടെ പുളകമണിയിച്ചുകൊണ്ടിരിക്കുക യും ചെയ്യുന്നു.

---

39. അല്ല! യാതൊന്നിനെക്കുറിച്ചുള്ള അറിവ് അവർക്ക് ഗ്രാഹ്യമല്ലാതിരിക്കുന്നുവോ, യാതൊന്നിൻെറ പരിണതി തങ്ങൾക്ക് പ്രത്യക്ഷപ്പെട്ടിട്ടില്ലയോ അതിനെ അവർ (വീണ്ടു വിചാരമില്ലാതെ) നിഷേധിച്ചു തള്ളിയിരിക്കയാണ്. അപ്രകാരം അവർക്ക് മുമ്പുള്ളവരും (സത്യത്തെ) തള്ളിക്കളഞ്ഞിട്ടുണ്ട്. അപ്പോൾ തെറ്റ് ചെയ്തവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് നീ കാണുക!

40. ഈ (ഖുർആനിൽ) വിശ്വസിക്കുന്നവർ അവരിലുണ്ട്. ഇതിൽ വിശ്വസിക്കാത്ത ചിലരും അവരിലുണ്ട്. നിൻെറ രക്ഷിതാവ് ആ നാശകാരികളെ നന്നായി അറിയുന്നവനാകുന്നു.

41. നിന്നെ അവർ നിഷേധിക്കുന്നുവെങ്കിൽ പറയുക: എനിക്കുള്ളത് എൻെറ കർമ്മമാകുന്നു. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമ്മവുമാകുന്നു. ഞാൻ പ്രവർത്തിക്കുന്നതിൻെറ (ഉത്തരവാദിത്വത്തിൽനിന്ന്) നിങ്ങൾ മുക്തരാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിൻെറ (ഉത്തരവാദിത്വത്തിൽനിന്ന്) ഞാനും മുക്തനാകുന്നു.

42. അവരിൽ ചിലർ നീ പറയുന്നത് ശ്രദ്ധിച്ചുകേട്ടുകൊണ്ടിരിക്കുന്നവരുണ്ട്. എന്നാൽ ബധിരന്മാരെ കേൾപ്പിക്കാൻ നിനക്കാവുമോ; അവർ യാതൊന്നും ഗ്രഹിക്കാത്തവരാണെങ്കിലും?

43. അവരിൽ നിന്നെ ഉറ്റുനോക്കുന്ന ചിലരുണ്ട്. എന്നാൽ അന്ധന്മാരെ നേർവഴി കാണിക്കാൻ നിനക്കാവുമോ? അവർ യാതൊന്നും കാണുന്നില്ലെങ്കിലും.

44. തീർച്ചയായും അല്ലാഹു മനുഷ്യരോട് ഒട്ടും അനീതി കാണിക്കുന്നില്ല. മറിച്ച് ജനം തങ്ങളോടുതന്നെ അനീതി കാണിക്കുകയാണ്.

---

44. അല്ലാഹു മനുഷ്യന് തെറ്റും ശരിയും വേർതിരിച്ചറിയാനാവശ്യമായ എല്ലാ ഉപാധികളും പ്രദാനം ചെയ്തിരിക്കുന്നു. അവന് ജ്ഞാനത്തിൻെറയും ബുദ്ധിയുടെയും ഉപാധികൾ നൽകി. ബുദ്ധിശക്തിയും ചിന്താശക്തിയും നൽകി, ഇനിയവൻ സ്വയം തന്നെ വഴി കണ്ടുപിടിച്ചുകൊള്ളട്ടെ എന്നുവെച്ച് വിട്ടയച്ചിരിക്കുകയല്ല. അവൻ മനുഷ്യനെ മാർഗദർശനം ചെയ്തിട്ടുണ്ട്. അവൻെറ മുമ്പിൽ നന്മയുടെയും തിന്മയുടെയും രണ്ടുവഴികൾ തുറന്നുവെക്കുകയും ചെയ്തിരിക്കുന്നു.അവന് നല്ലപോലെ ചിന്തിച്ച് ഗ്രഹിച്ച് അതിൽ ബോധിച്ച വഴി സ്വന്തം ഉത്തരവാദിത്വത്തിൽ തിരഞ്ഞെടുക്കാം. മാർഗദർശനം ചെയ്യുന്നതിൽ അല്ലാഹു ഒരു അനീതിയും മനുഷ്യനോട് കാണിച്ചിട്ടില്ല.

---

45. അവൻ അവരെ (വീണ്ടും) ഒരുമിച്ചുകൂട്ടുന്ന ദിവസം. പകലിൽനിന്നും ഒരു നാഴികയല്ലാതെ(ഭൂമിയിൽ) താമസിച്ചിട്ടില്ല എന്നവർക്ക് തോന്നും. അവർ അന്യോന്യം തിരിച്ചറിയും. അല്ലാഹുവുമായി കണ്ടുമുട്ടുമെന്ന കാര്യം കള്ളമാക്കി തള്ളിപ്പറഞ്ഞവർ നഷ്ടത്തിലായിരിക്കുന്നു. അവർ നേർവഴിയിലായതുമില്ല.

46. നാം അവരെ താക്കീതു ചെയ്തുകൊണ്ടിരിക്കുന്ന വിപത്തുകളിൽ ചിലത് നിനക്ക് ഈ ജീവിതത്തിൽ തന്നെ കാണിച്ചുതന്നേക്കാം.അല്ലെങ്കിൽ(അതിനുമുമ്പേ)നിന്നെ മരിപ്പിച്ചേക്കാം (ഏതായാലും) അവരുടെ മടക്കം നമ്മിലേക്കാണ്. പിന്നെ അവർ ചെയ്തുകൊണ്ടിരിക്കുന്നതെന്തോ അതിന് അല്ലാഹു സാക്ഷിയായിരിക്കും.

47. ഓരോ സമുദായത്തിനും ഓരോ ദൂതനുണ്ട്. അങ്ങനെ അവരുടെ ദൂതൻ വന്നാൽ, അവർക്കിടയിൽ നീതിപൂർവം (കാര്യം) തീരുമാനിക്കപ്പെടുകയായി. അവരോട് അനീതി കാണിക്കപ്പെടുന്നതല്ല.

48. അവർ ചോദിക്കുന്നു: ഈ ഭീഷണി എപ്പോഴാണ് പുലരുക; നിങ്ങൾ സത്യവാന്മാരെങ്കിൽ.
49. (പ്രവാചകരേ) പറയുക: എനിക്കുതന്നെ ഗുണമോ ദോഷമോ വരുത്താൻ കഴിവില്ലാത്തവനാകുന്നു ഞാൻ- അല്ലാഹു ഉദ്ദേശിക്കുന്നതല്ലാതെ.എല്ലാ സമുദായത്തിനും ഓരോ കാലാവധിയുണ്ട്. അവരുടെ അവധി വന്നെത്തിയാൽ ഒരു വിനാഴിക പോലും വൈകിക്കാനവർക്കാകില്ല. അവർക്കത് നേരത്തെയാക്കാനും കഴിയില്ല.
50. (അവരോട്) ചോദിക്കുക. അല്ലാഹുവിൻെറ ശിക്ഷ രാത്രിയോ പകലോ (ആകസ്മികമായി) നിങ്ങൾക്ക് വന്നാൽ (നിങ്ങൾക്ക് എന്താണ് ചെയ്യാനാവുകയെന്ന്) നിങ്ങൾ ആലോചിച്ചുനോക്കിയിട്ടുണ്ടോ? അതിൽനിന്ന് ഏത് ശിക്ഷക്കായിരിക്കും ഈ പാപികൾ ധൃതി കൂട്ടുന്നത്?
51. എന്നിട്ട് അത് വന്ന് ഭവിക്കുമ്പോഴാണോ നിങ്ങൾ വിശ്വസിക്കുന്നത്? (അപ്പോൾ അവരോട് പറയപ്പെടും: എന്ത്!) ഇപ്പോഴോ? (നിങ്ങൾ വിശ്വസിക്കുന്നത്.) നിങ്ങൾ ഇതിനു വേണ്ടി തിടുക്കം കാണിക്കുന്നവരായിരുന്നുവല്ലോ.
52. അനന്തരം അക്രമികളോട് പറയപ്പെടും: ഇനി ശാശ്വത ശിക്ഷ അനുഭവിച്ചുകൊള്ളുക. നിങ്ങൾ സമ്പാദിച്ചിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?
53. അവർ നിന്നോട് ചോദിക്കുന്നു. 'ഇത് സത്യമാണോ?' പറയുക: അതെ! എൻെറ രക്ഷിതാവ് സത്യം! തീർച്ചയായും ഇതു തികച്ചും സത്യംതന്നെ. നിങ്ങൾക്കതിനെ പരാജയപ്പെടുത്താനാവില്ല.
54. അക്രമം പ്രവർത്തിച്ച ഓരോ വ്യക്തിയുടെ പക്കലും ഭൂമിയിലുള്ളതെല്ലാം കൈവശമുണ്ടായിരുന്നാലും അതൊക്കെയും പ്രായശ്ചിത്തമായി നൽകാൻ അവൻ സന്നദ്ധനാകുമായിരുന്നു. ശിക്ഷ നേരിൽ കാണുമ്പോൾ അവർ ദുഃഖം ഉള്ളിലൊളിപ്പിച്ചുവെക്കുകയും ചെയ്യും. അവർക്കിടയിൽ നീതിപൂർവം വിധികല്പിക്കപ്പെടും.അവരോട് അനീതിചെയ്യപ്പെടുന്നതല്ല.

---

54. ദൈവികസൂക്തങ്ങളെ തള്ളിപ്പറഞ്ഞും, താക്കീതും മുന്നറിയിപ്പും നൽകുന്ന പ്രവാചകന്മാരെ കുറ്റാരോപണങ്ങൾ ചുമത്തി നിഷേധിക്കുകയും, തെറ്റായ പാതകളിലൂടെ ജീവിക്കുകയും ചെയ്തശേഷം, തങ്ങളുടെ പ്രതീക്ഷകൾക്കെതിരായി തങ്ങൾ തള്ളിപ്പറഞ്ഞിരുന്ന ദൈവികശിക്ഷ നേരിൽ കാണുമ്പോൾ സത്യനിഷേധികൾ അമ്പരക്കുകയും പതറിപ്പോകുകയും ചെയ്യും. കാര്യങ്ങളെല്ലാം കൈവിട്ടുപോയതായി അവർക്ക് ബോധ്യമാകും. തങ്ങൾക്ക് ലഭിക്കാൻ പോകുന്ന ശിക്ഷ നേരിൽ കാണുമ്പോൾ, തങ്ങൾ ചെയ്തിരുന്ന അക്രമങ്ങളെക്കുറിച്ച് അവർക്ക് ലജ്ജയും അപമാനവും തോന്നും. അപ്പോൾ തങ്ങളുടെ ദുഃഖം കഴിയുന്നത്ര മറച്ചുപിടിക്കാൻ അവർ ശ്രമിക്കും.ഗുണകാംക്ഷികളുടെ ഉപദേശനിർദ്ദേശങ്ങളൊന്നും ചെവികൊള്ളാതെ സ്വന്തം അഭ്യൂഹങ്ങളെ മാത്രം ആധാരമാക്കി ജീവിതം പാഴാക്കിയതിനാൽ കടുത്ത ഖേദം അവരുടെ ഹൃദയത്തിൻെറ ഉള്ളിൻെറയുള്ളിൽ ആണ്ടിറങ്ങിക്കൊണ്ടിരിക്കും. 'നിൻെറ ഈ ഭീഷണി പുലരുന്ന തീയതിയെന്നാണ്'' എന്ന് ചോദിച്ച് പരിഹസിച്ചിരുന്നവർ അത്യന്തം ഭീദിതമായി, ആ വിധി പുലർന്നതായി നേരിൽ കാണും.നീതിമാനായ അല്ലാഹു അവർക്കിടയിൽ നീതിപൂർവം വിധികല്പിക്കുകയും ചെയ്യും.

---

55. അറിയുക: തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും ഉള്ളതൊക്കെ അല്ലാഹുവിൻേറതാകുന്നു. അറിയുക: തീർച്ചയായും അല്ലാഹുവിൻെറ വാഗ്ദാനം സത്യമാകുന്നു.പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല.
56. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവങ്കലേക്കുതന്നെ നിങ്ങളെല്ലാവരും മടക്കപ്പെടുകയും ചെയ്യും.

57. അല്ലയോ മനുഷ്യരേ, നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽനിന്നുള്ള ഉപദേശം വന്നെത്തിയിരിക്കുന്നു. അത് മനസ്സിലുള്ള രോഗങ്ങൾക്ക് ശമനമാണ്. ഒപ്പം സത്യവിശ്വാസികൾക്ക് സന്മാർഗദർശകവും അനുഗ്രഹവുമാകുന്നു.

58. പറയുക: അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവുംകൊണ്ടാണ് (അവൻ ഇതയച്ചുതന്നത്). അതിനാൽ അവർ സന്തോഷിച്ചുകൊള്ളട്ടെ.അതാണ് അവർ ഒരുമികൂട്ടികൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്.

59. പറയുക: അല്ലാഹു നിങ്ങൾക്കിറക്കിത്തന്ന ആഹാരത്തെപ്പറ്റി നിങ്ങൾ ആലോചിച്ചുനോക്കിയിട്ടുണ്ടോ? എന്നിട്ട് അതിൽ (ചിലത്)നിങ്ങൾ നിഷിദ്ധമാക്കി. (മറ്റു ചിലതിനെ) അനുവദനീയവുമാക്കി. ചോദിക്കുക: ഇതിന് അല്ലാഹു നിങ്ങൾക്ക് അനുവാദം തന്നിരുന്നുവോ? അതല്ല നിങ്ങൾ അല്ലാഹുവിൻെറ പേരിൽ കെട്ടിച്ചമച്ചതോ?

60. അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിയുണ്ടാക്കുന്നവർ അന്ത്യനാളിൽ (തങ്ങളുടെ സ്ഥിതിയെക്കുറിച്ച) വിചാരം എന്തായിരിക്കും? തീർച്ചയായും അല്ലാഹു ജനത്തോട് ഔദാര്യം കാണിക്കുന്നവനാകുന്നു. പക്ഷേ, അവരിൽ അധികപേരും നന്ദി കാണിക്കുന്നില്ല.

61. നീ വല്ല കാര്യത്തിലും ഏർപ്പെടുകയോ, അതിനെപ്പറ്റി ഖുർആനിൽനിന്ന് എന്തെങ്കിലും ഓതിക്കേൾപ്പിക്കുകയോ, (ജനങ്ങളേ), നിങ്ങളും ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, നിങ്ങൾ അതിൽ ഏർപ്പെട്ടിരിക്കേ, നിങ്ങളുടെ മേൽ സാക്ഷിയായി നാം ഉണ്ടാകാതിരിക്കുകയില്ല. നിൻെറ രക്ഷിതാവിൻെറ ശ്രദ്ധയിൽ പെടാതെയോ, സ്പഷ്ടമായ ഒരു ഒരു പട്ടികയിൽ രേഖപ്പെടുത്താതെയോ,ഭൂമിയിലോ ആകാശത്തോ ഒരു അണുതുല്യമായ വസ്തുവുമില്ല. അതിലും ചെറുതോ വലുതോ ആയ വസ്തുവുമില്ല.

62. അറിയുക:തീർച്ചയായും അല്ലാഹുവിൻെറ മിത്രങ്ങളാരോ അവർക്ക് ഭയപ്പെടേണ്ടതില്ല.അവർ ദുഃഖിക്കേണ്ടി വരികയുമില്ല.

63. വിശ്വസിക്കുകയും ഭക്തിയുടെ മാർഗ്ഗം കൈക്കൊള്ളുകയും ചെയ്യുന്നവരത്രെ അവർ.

64. ഇഹലോകജീവിതത്തിലും പരലോകത്തും അവർക്ക് സന്തോഷ വാർത്തയുണ്ട്. അല്ലാഹുവിൻെറ വചനങ്ങൾ ഭേദഗതിചെയ്യുക സാധ്യമല്ല. അത്(സന്തോഷ വാർത്ത) തന്നെയാണ് മഹത്തായ വിജയം.

65. അവരുടെ വാക്കുകളൊന്നും നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. തീർച്ചയായും പ്രതാപമത്രയും അല്ലാഹുവിനാണ്. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.

66. അറിയുക: തീർച്ചയായും ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം അല്ലാഹുവിനുള്ളതാണ്.അല്ലാഹുവിനു പുറമെ പങ്കാളികളോട് പ്രാർഥിക്കുന്നവർ എന്തിനെയാണ് പിന്തുടരുന്നത്? ഊഹത്തെ മാത്രമാണ് അവർ പിന്തുടരുന്നത്. അവർ ഊഹിച്ച് കള്ളം പറയുക മാത്രമാണ് ചെയ്യുന്നത്.

67. അവനത്രെ നിങ്ങൾക്ക് ശാന്തി നേടുന്നതിന് രാവിനെയും, കണ്ടറിയത്തക്ക നിലയിൽ പകലിനെയും നിശ്ചയിച്ചു തന്നവൻ. തീർച്ചയായും കേട്ടറിയുന്ന ജനത്തിന് അതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

68. അല്ലാഹു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറയുന്നു. അവൻ എത്ര പരിശുദ്ധൻ! അവൻ സ്വയം പര്യാപ്തനത്രെ. ആകാശങ്ങളിലുള്ളതും ഭൂയിലുള്ളതുമെല്ലാം അവൻെറതാകുന്നു. ഈ (വാദത്തിന്) നിങ്ങളുടെ പക്കൽ ഒരു പ്രമാണവുമില്ല. നിങ്ങൾ അല്ലാഹുവിൻെറ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുകയാണോ?

68. മലക്കുകള്‍ അല്ലാഹുവിന്‍റെ പെണ്‍മക്കളാണെന്ന്‌ അറേബ്യയിലെ ബഹുദൈവാരാധകര്‍ വിശ്വസിച്ചിരുന്നു. ഉസൈര്‍(അ) (എസ്‌റാ പ്രവാചകന്‍) അല്ലാഹുവിന്‍റെ പുത്രനാണെന്ന്‌ ചില യഹൂദികള്‍ വിശ്വസിച്ചിരുന്നു. ഈസാ(അ) (യേശു) അല്ലാഹുവിന്‍റെ പുത്രനാണെന്ന്‌ ചില ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. അല്ലാഹുവിന്‍റെ പരിശുദ്ധിയെ ഇടിച്ചുതാഴ്‌ത്തി, അവനെ സൃഷ്‌ടികളോട്‌ സാദൃശ്യപ്പെടുത്തുന്ന അവരുടെ ഈ കള്ളവാദത്തെ ഖുര്‍ആന്‍ ശക്തമായി ആക്ഷേപിച്ചിട്ടുണ്ട്‌.

---

69. പറയുക: അല്ലാഹുവിന്‍റെ പേരില്‍ അസത്യം കെട്ടിച്ചമക്കുന്നവര്‍ തീര്‍ച്ചയായും വിജയിക്കുകയില്ല.

70. (അവര്‍ക്കുള്ളത്‌) ഇഹലോകത്തെ (തുച്ഛമായ)സുഖാനുഭവം മാത്രമാണ്‌. എന്നിട്ടവരുടെ മടക്കം നമ്മുടെ സന്നിധിയിലേക്കാകുന്നു. പിന്നീട്‌, അവര്‍ അവിശ്വസിച്ചിരുന്നത്‌ കാരണമായി നാമവരെ കഠിന ദണ്ഡനമനുഭവിപ്പിക്കുന്നതാകുന്നു.

71. അവര്‍ക്ക്‌ നൂഹിന്‍റെ വൃത്താന്തം ഓതിക്കേള്‍പ്പിക്കുക.അദ്ദേഹം തന്‍റെ ജനതയോട്‌ പറഞ്ഞ സന്ദര്‍ഭം: എന്‍റെ ജനമേ, ഞാന്‍ നിങ്ങളില്‍ വസിക്കുന്നതും അല്ലാഹുവിന്‍റെ വചനങ്ങളെ സംബന്ധിച്ച എന്‍റെ ഉല്‍ബോധനവും നിങ്ങള്‍ക്ക്‌ ഏറെ ദുസ്സഹമായിത്തോന്നുന്നുവെങ്കില്‍ ഞാനിതാ അല്ലാഹുവില്‍ ഭരമേല്‌പിക്കുന്നു.നിങ്ങളുടെ കാര്യം നിങ്ങളും നിങ്ങള്‍(സങ്കല്‍പിച്ചുണ്ടാക്കിയ)പങ്കാളികളും സംയുക്തമായി തീരുമാനിച്ചുകൊള്ളുവിന്‍. നിങ്ങളുടെ കാര്യത്തില്‍(എടുക്കുന്ന തീരുമാനത്തിന്‍റെ) ഒരുവശവും നിങ്ങള്‍ക്ക്‌ അവ്യക്തമാകാതിരിക്കട്ടെ. എന്നിട്ട്‌ നിങ്ങളത്‌ എനിക്കെതിരെ പ്രാവര്‍ത്തികമാക്കുക. എനിക്കൊട്ടും അവധി തരേണ്ടതില്ല.

72. എന്നാല്‍ നിങ്ങള്‍ (എന്‍റെ ഉല്‍ബോധനത്തില്‍നിന്നു) പിന്തിരിഞ്ഞു പോകുകയാണെങ്കില്‍, നിങ്ങളോട്‌ ഒരു പ്രതിഫലവും ഞാന്‍ ചോദിച്ചിട്ടില്ല. എനിക്കുള്ള പ്രതിഫലം അല്ലാഹുവിങ്കല്‍ മാത്രമാണ്‌. (ആരുതന്നെ വിശ്വസിച്ചാലും ഇല്ലെങ്കിലും) ഞാന്‍ (സ്വയം) മുസ്‌ലിമായിരിക്കുവാന്‍ അനുശാസിക്കപ്പെട്ടിരിക്കുന്നു.

73. എന്നാല്‍ അദ്ദേഹത്തെ അവര്‍ നിഷേധിച്ചു. അപ്പോള്‍ അദ്ദേഹത്തെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും നാം കപ്പലില്‍ രക്ഷപ്പെടുത്തി. അവരെ നാം (ഭൂമിയിലെ) പ്രതിനിധികളാക്കി. നമ്മുടെ ദൃഷ്‌ടാന്തങ്ങളെ നിഷേധിച്ചവരെ നാം മുക്കിക്കൊല്ലുകയും ചെയ്തു. അപ്പോള്‍ താക്കീത്‌ നല്‍കപ്പെട്ടവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന്‌ നോക്കുക!

74. പിന്നെ (നൂഹിനു)ശേഷം നാം നിരവധി ദൂതന്മാരെ അവരവരുടെ സമുദായങ്ങളിലേക്ക്‌ നിയോഗിച്ചു. അങ്ങനെ അവരുടെ അടുത്ത്‌ വ്യക്തമായ ദൃഷ്‌ടാന്തങ്ങളുമായി അവര്‍ ചെന്നു. എന്നാല്‍ ഏതൊന്ന്‌ അവര്‍ ആദ്യമേ കള്ളമാക്കി തള്ളിയോ അതില്‍ വിശ്വസിക്കാനവര്‍ തയ്യാറുണ്ടായിരുന്നില്ല. അപ്രകാരം അതിരുകവിയുന്നവരുടെ ഹൃദയങ്ങളില്‍ നാം മുദ്ര വെക്കുന്നു.

75. പിന്നീട്‌ അവര്‍ക്കുശേഷം നാം മൂസയെയും ഹാറൂനെയും നമ്മുടെ ദൃഷ്‌ടാന്തങ്ങളുമായി ഫറവോന്‍റെയും അയാളുടെ പ്രമാണിമാരുടെയും അടുത്തേക്കയച്ചു.എന്നാല്‍ അവര്‍ അഹങ്കരിക്കുകയാണുണ്ടായത്‌. അവര്‍ കുറ്റവാളികളായ ഒരു ജനവിഭാഗമായിരുന്നു.

76. അങ്ങനെ നമ്മുടെ പക്കല്‍നിന്നുള്ള സത്യം അവര്‍ക്ക്‌ വന്നെത്തിയപ്പോള്‍ അവര്‍ പറഞ്ഞു: തീര്‍ച്ചയായും ഇത്‌ വ്യക്തമായ ജാലവിദ്യ തന്നെയാകുന്നു.

77. മൂസാ പറഞ്ഞു: സത്യം നിങ്ങള്‍ക്ക്‌ വന്നെത്തിയപ്പോള്‍ അതേക്കുറിച്ചാണോ നിങ്ങളിപ്പറയുന്നത്‌? ജാലവിദ്യയാണോ ഇത്‌? എന്നാല്‍ ജാലവിദ്യക്കാര്‍ വിജയിക്കാറില്ലതന്നെ.

78. അവര്‍ പറഞ്ഞു: ഞങ്ങളുടെ പിതാക്കള്‍ ഏതൊരു (മാര്‍ഗത്തില്‍) നിലകൊള്ളുന്നവരായി ഞങ്ങള്‍ കണ്ടുവോ അതില്‍ നിന്ന്‌ ഞങ്ങളെ വ്യതിചലിപ്പിക്കുന്നതിനും, ഭൂമിയില്‍ നിങ്ങ

ളിരുവരുടെയും മേധാവിത്വം സ്ഥാപിക്കുന്നതിനുമാണോ നിങ്ങൾ വന്നിരിക്കുന്നത്? നിങ്ങൾ ഇരുവരെയും വിശ്വസിക്കുന്നവരല്ല ഞങ്ങൾ.

79. ഫിർഔൻ പറഞ്ഞു: വിദ്വാന്മാരായ എല്ലാ ജാലവിദ്യക്കാരെയും എന്റെ അടുത്ത് കൊണ്ടുവരിക.

80. അങ്ങനെ ജാലവിദ്യക്കാർ വന്നപ്പോൾ മൂസാ അവരോടു പറഞ്ഞു: നിങ്ങൾക്ക് ഇടാനുള്ളത് ഇടുക.

81. അങ്ങനെ അവർ താഴെയിട്ടപ്പോൾ, മൂസാ പറഞ്ഞു:നിങ്ങൾ കൊണ്ടുവന്നിട്ടുള്ളതാണ് ജാലവിദ്യ. തീർച്ചയായും അല്ലാഹു അതിനെ പൊളിച്ചുകളയുന്നതാണ്. നാശകാരികളുടെ പ്രവർത്തനത്തെ അല്ലാഹു ഫലവത്താക്കുകയില്ല; തീർച്ച.

82. അല്ലാഹു തന്റെ വചനങ്ങളിലൂടെ സത്യത്തെ സത്യമായി കാണിക്കുന്നു. കുറ്റവാളികൾക്ക് അത് അനിഷ്ടകരമായാലും ശരി.

83. മൂസായെ അദ്ദേഹത്തിന്റെ ജനതയിലെ ഏതാനും യുവാക്കളല്ലാതെ ആരും വിശ്വസിച്ചില്ല. ഫിർഔനും അവരിലുള്ള പ്രധാനികളും അവരെ പീഡിപ്പിച്ചേക്കുമോയെന്ന ഭീതിയിലായിരുന്നു അവർ. തീർച്ചയായും ഫിർഔൻ ഭൂമിയിൽ ഔദ്ധത്യം നടിക്കുന്നവനായിരുന്നു. നിശ്ചയമായും അവൻ അതിരുകവിഞ്ഞവരുടെ ഗണത്തിൽപ്പെട്ടവനുമായിരുന്നു.

84. മൂസാ പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ അവനിൽ ഭരമേല്പിക്കുക. നിങ്ങൾ (അവനെ) അനുസരിക്കുന്നവരാണെങ്കിൽ.

85. അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ മർദ്ദകരായ ജനത്തിന് ഒരു പരീക്ഷണമാക്കാതിരിക്കേണമേ.

86. നിന്റെ കാരുണ്യത്താൽ ഞങ്ങളെ സത്യനിഷേധികളായ ജനതയിൽനിന്ന് മോചിപ്പിക്കേണമേ.

87. മൂസാക്കും അദ്ദേഹത്തിന്റെ സഹോദരനും നാം ബോധനം നൽകി. നിങ്ങൾ രണ്ടുപേരും നിങ്ങളുടെ ജനതക്കായി ഈജിപ്തിൽ വീടുകൾ ഒരുക്കുക. നിങ്ങളുടെ വീടുകളെ നിങ്ങൾ 'ഖിബ്ല'ക(അഭിമുഖകേന്ദ്രങ്ങ)ളാക്കുകയും, നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. വിശ്വാസികളെ നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

88. മൂസാ പ്രാർഥിച്ചു: ഞങ്ങളുടെ നാഥാ, ഫറവോന്നും അവന്റെ പ്രമാണിമാർക്കും നീ ഭൗതികജീവിതത്തിൽ ആഡംബരവും സമ്പത്തും പ്രദാനം ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, നിന്റെ മാർഗത്തിൽനിന്ന് അവർ (ജനങ്ങളെ) വഴി തെറ്റിക്കുവാൻ വേണ്ടിയാണ് (അതുപയോഗപ്പെടുത്തുന്നത്.) ഞങ്ങളുടെ നാഥാ, അവരുടെ സമ്പത്ത് നശിപ്പിച്ചുകളയേണമേ. വേദനയേറിയ ശിക്ഷ കാണുംവരെ വിശ്വസിക്കാനാവാത്തവിധം അവരുടെ ഹൃദയങ്ങൾക്ക് നീ കാഠിന്യം നൽകുകയും ചെയ്യേണമേ.

89. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങളിരുവരുടെയും പ്രാർഥന സ്വീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങൾ രണ്ടുപേരും സ്ഥൈര്യത്തോടെ നിലകൊള്ളുവിൻ. അറിവില്ലാത്തവരുടെ മാർഗ്ഗം നിങ്ങൾ ഇരുവരും പിന്തുടരരുത്.

90. ഇസ്രയേൽ സന്തതികളെ നാം കടൽ കടത്തി കൊണ്ടുപോയി. അപ്പോൾ ഫിർഔനും അവന്റെ സൈന്യവും അക്രമിക്കാനും ദ്രോഹിക്കാനുമായി അവരെ പിന്തുടർന്നു. അങ്ങനെ മുങ്ങിമരിക്കുമെന്നായപ്പോൾ അവൻ നിലവിളിച്ചു: ഇസ്രയേൽ മക്കൾ യാതൊരുവനിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു. ഞാൻ 'മുസ്ലിം'കളിൽ (കീഴൊതുങ്ങിയവരിൽ) പെട്ടവനുമാകുന്നു.

91. (അപ്പോൾ പറയപ്പെട്ടു:) (എന്ത്!) ഇപ്പോഴോ (നീ വിശ്വസിക്കുന്നത്?) മുമ്പ് നീ ധിക്കരിക്കുകയും നീ നാശകാരികളുടെ കൂട്ടത്തിലകപ്പെടുകയും ചെയ്തിരുന്നു.

92. നിൻെറ ശേഷക്കാർക്ക് ഒരു ദൃഷ്ടാന്തമായിരിക്കാൻ വേണ്ടി ഇന്നു നിൻെറ ജഡത്തെ നാം രക്ഷപ്പെടുത്തും. അധിക ജനവും നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധരാണെങ്കിലും.

93. തീർച്ചയായും ഇസ്രയേൽ സന്തതികളെ നല്ലതായ ഒരു വാസസ്ഥലത്ത് നാം പാർപ്പിച്ചു. നല്ല വസ്തുക്കളിൽ നിന്ന് അവർക്ക് നാം ആഹാരം കൊടുക്കുകയും ചെയ്തു. അറിവ് വന്നുകിട്ടും വരെ അവർ ഭിന്നിച്ചിരുന്നില്ല. (അത് വന്നപ്പോഴാണ് ഭിന്നിച്ചത്). നിശ്ചയ മായും അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിൽ ഉയിർത്തെഴുന്നേൽപ് നാളിൽ നി ൻെറ നാഥൻ തീർപ്പു കല്പിക്കുന്നതാകുന്നു.

---

93. ഇസ്രയേൽ സന്തതികളെ എല്ലാ നിലക്കും നിവാസയോഗ്യമായ ഫലസ്തീൻ പ്രദേശത്ത് അല്ലാഹു കുടിയിരുത്തി. നല്ല ആഹാരവിഭവങ്ങൾ നൽകി. എന്നിട്ടും അവർ നേർമാർഗത്തിൽനിന്ന് വ്യതിചലി ച്ചു. അവർക്ക് യഥാർഥ ജ്ഞാനം ലഭിച്ചിരുന്നു. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ടായിരുന്നിട്ടും അവർ തങ്ങളുടെ ഏകമതത്തെ നിരവധി മതങ്ങളാക്കി മാറ്റി. അവർ മതത്തിൽ പലവിധ ഭിന്നിപ്പുകൾ സൃഷ് ടിച്ചു. യഹൂദികളെന്നും ക്രിസ്ത്യാനികളെന്നും രണ്ട് കക്ഷികളായി പിരിഞ്ഞു. ഓരോ കക്ഷികളിലും പല അവാന്തര വിഭാഗങ്ങൾ ഉണ്ടായിത്തീർന്നു. മുഹമ്മദ് നബി(സ) വന്നപ്പോഴാകട്ടെ അദ്ദേഹത്തോടുള്ള ഭിന്നിപ്പിൽ അവർ എല്ലാവരും യോജിക്കുകയും ചെയ്തു. വേദജ്ഞാനവും വേണ്ടത്ര തെളിവും കിട്ടിക്കഴി ഞ്ഞ ശേഷമാണ് അവർ ഭിന്നിച്ചത്. ഇനി അന്ത്യനാളിൽ അവരുടെ ഭിന്നിപ്പിൽ അല്ലാഹു വിധി കല്പിക്കുന്നതാണ്.

---

94. ഇനി നിനക്കു നാം അവതരിപ്പിച്ച (സന്ദേശത്തെ)ക്കുറിച്ച് നിനക്ക് വല്ല സംശയവുമുണ്ടെ ങ്കിൽ നിനക്ക് മുമ്പുതന്നെ വേദഗ്രന്ഥം വായിച്ചുവരുന്നവരോട് ചോദിച്ചു നോക്കുക. തീർച്ചയായും നിൻെറ നാഥനിൽ നിന്ന് സത്യമാണ് നിനക്ക് വന്നെത്തിയിരിക്കുന്നത്. അതിനാൽ നീ സംശയാലുക്കളിൽ പെട്ടുപോകരുത്.

95. അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരിലും നീ അകപ്പെടരുത്. എങ്കിൽ നീ നഷ്ടം ഭവിച്ചവരുടെ കൂട്ടത്തിൽ പെട്ടുപോകും.

96. തീർച്ചയായും ഏതൊരു ജനത്തിൻെറമേൽ നിൻെറ നാഥൻെറ വചനം സത്യമായി പുലർ ന്നുവോ അവർ വിശ്വസിക്കുകയില്ല-

97. എല്ലാ തെളിവും അവർക്ക് വന്നുകിട്ടിയാലും- വേദനയേറിയ ശിക്ഷ നേരിൽ കാണും വരെ (അവർ വിശ്വസിക്കുകയില്ല).

98. ഏതെങ്കിലും ഒരു രാജ്യം(രാജ്യക്കർ) വിശ്വസിക്കുകയും,എന്നിട്ടതിൻെറ വിശ്വാസം അതിന് പ്രയോജനപ്പെടുകയും ചെയ്യാത്തതെന്ത്? യൂനുസിൻെറ ജനമല്ലാതെ? അവർ വിശ്വസിച്ച പ്പോൾ ഐഹികജീവിതത്തിലെ നിന്ദ്യമായ ശിക്ഷ അവരിൽ നിന്ന് നാം നീക്കം ചെയ്യു കയും ഒരു കാലയളവിലേക്ക് അവർക്ക് നാം സുഖസൗകര്യം നൽകുകയും ചെയ്തു.

---

98. ഇസ്രായീലി പ്രവാചകനായിരുന്ന യൂനുസ്(അ)(യോനാ) ഇറാഖിലെ അസീരിയക്കാരിലേക്കായിരു ന്നു നിയോഗിക്കപ്പെട്ടിരുന്നത്. അവർ അദ്ദേഹത്തിലും അദ്ദേഹത്തിൻെറ പ്രബോധനത്തിലും വിശ്വസി ക്കാതെ ശഠിച്ചുനിന്നു. ഇന്നസമയംവരെ അവർ വിശ്വസിക്കാത്തപക്ഷം അവർക്ക് പൊതുശിക്ഷ വരാൻ പോകുന്നുവെന്ന് അദ്ദേഹം തൻെറ ജനതക്ക് മുന്നറിയിപ്പ് നൽകിയ ശേഷം അല്ലാഹുവിൻെറ അനുമതി ലഭിക്കുന്നതിനുമുമ്പ് അദ്ദേഹം സ്വന്തം സ്ഥലം വിട്ടുപോയി. എന്നാൽ അസീരിയക്കാർ ശിക്ഷയുടെ അടയാളങ്ങൾ കണ്ട് ഭയപ്പെടുകയും പ്രവാചകനെ കാണാതാവുകയും ചെയ്തപ്പോൾ അവർ എല്ലാവരും പൊതുശിക്ഷ വരുന്നതിനുമുമ്പുതന്നെ വിശ്വസിക്കുകയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങു

കയും ചെയ്തു. അപ്പോൾ അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയും ശിക്ഷ ഇറക്കാതെ രക്ഷിക്കുകയും ചെയ്തു. അങ്ങനെ അവർ ശിക്ഷയിൽനിന്ന് ഒഴിവായി കുറെകാലം കൂടി ജീവിച്ചു.

---

99. നിൻെറ നാഥൻ ഇച്ഛിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ?

100. അല്ലാഹുവിൻെറ ഹിതമില്ലാതെ ആർക്കും വിശ്വസിക്കാൻ സാധിക്കുന്നതല്ല. ബുദ്ധി പ്രയോജനപ്പെടുത്താത്തവരുടെമേൽ അല്ലാഹു നിന്ദ്യത വരുത്തിവെക്കുന്നതാണ്.

101. പറയുക: ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെന്തൊക്കെയാണെന്ന്(കണ്ണുതുറന്നു) നോക്കുക. വിശ്വസിക്കാത്ത ജനങ്ങൾക്ക് തെളിവുകളും താക്കീതുകളും എന്ത് ഫലം ചെയ്യാനാണ്?

---

101. പക്ഷപാതിത്വത്തിൽനിന്ന് മുക്തവും സത്യാന്വേഷണ ബോധവും സത്യത്തിനുനേരെ തുറന്നുവെച്ചതുമായ കണ്ണുള്ളവർക്ക് ആകാശത്തിലും ഭൂമിയിലും എണ്ണിത്തീർക്കാനാവാത്ത ദൃഷ്ടാന്തങ്ങൾ പരന്നുകിടപ്പുണ്ട്. കണ്ണ് തുറന്ന് നോക്കുന്നവന് തൻെറ മനസ്സിനെ ഈ ദൃഷ്ടാന്തങ്ങൾ കൊളുത്തിവലിക്കുന്നതായി അനുഭവപ്പെടും. വിശ്വാസത്തിനുനേരെ മുമ്പേതന്നെ മനസ്സിൻെറ കവാടങ്ങൾ കൊട്ടിയടച്ചവരുടെ കാര്യമൊന്നുവേറെ.

സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, രാപ്പകലുകൾ, വെള്ളം, മഴ, കാറ്റ്, അനന്തമായ അന്തരീക്ഷം, എണ്ണമറ്റ സസ്യവർഗങ്ങൾ, ധാതുക്കൾ, ഫലവർഗങ്ങൾ, പൂക്കൾ, നദികൾ, തടാകങ്ങൾ, സമുദ്രങ്ങൾ, ആദിയായി ഉപരിലോകത്തും ഭൂമിയിലും പരന്നു കിടക്കുന്ന കോടാനുകോടി ദൃഷ്ടാന്തങ്ങൾ! ബുദ്ധികൊടുത്ത് ചിന്തിക്കുന്നവർക്ക് അല്ലാഹുവിൻെറ മഹത്വവും ഏകത്വവും എണ്ണമറ്റ ഈ ദൃഷ്ടാന്തങ്ങളിലൂടെ ശരിക്കും ഗ്രഹിക്കുവാൻ കഴിവുള്ളതല്ലെ?

---

102. എന്നാൽ അവർക്ക് മുമ്പ് കഴിഞ്ഞുപോയവരുടെ (ദുരന്ത)നാളുകൾ പോലെയല്ലാതെ മറ്റു വല്ലതും അവർ കാത്തിരിക്കുകയാണോ? പറയുക: നിങ്ങൾ കാത്തിരിക്കുക. തീർച്ചയായും നിങ്ങളോടൊപ്പം ഞാനും കാത്തിരിക്കുന്നുണ്ട്.

103. പിന്നീട് നാം നമ്മുടെ ദൂതന്മാരെയും വിശ്വസിച്ചവരെയും രക്ഷപ്പെടുത്തുന്നു. അപ്രകാരം വിശ്വാസികളെ രക്ഷപ്പെടുത്തുക എന്നത് നമ്മുടെ മേലുള്ള ബാധ്യതയാണ്.

104. പറയുക: അല്ലയോ ജനങ്ങളേ! എൻെറ മതത്തെക്കുറിച്ച് നിങ്ങൾ സംശയത്തിലാണെങ്കിൽ അറിയുക: അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവയെ ഞാൻ ആരാധിക്കുകയില്ല. എന്നാൽ നിങ്ങളെ മരിപ്പിക്കുന്ന അല്ലാഹുവിനെ ഞാൻ ആരാധിക്കുന്നു. വിശ്വാസികളിൽ പെട്ടവനായിരിക്കണമെന്ന് ഞാൻ അനുശാസിക്കപ്പെട്ടിരിക്കുന്നു.

105. സർവ്വാത്മനാ നിൻെറ മുഖം ഈ മതത്തിനു നേരെ ശരിക്കും ഉറപ്പിച്ചുനിറുത്തേണം. നീ ബഹുദൈവ വിശ്വാസികളിൽ പെട്ടുപോകരുതെന്നും (ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു.)

106. അല്ലാഹുവിനു പുറമെ നിനക്ക് ഉപകരിക്കാത്തതും നിന്നെ ഉപദ്രവിക്കാത്തതും ആയ ഒന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ ധിക്കാരികളിൽപ്പെട്ടവനാകും.

107. അല്ലാഹു നിനക്ക് വല്ല വിപത്തും വരുത്തുന്നെങ്കിൽ അതു നീക്കിത്തരുന്നതിന് അവനല്ലാതെ ആരുമില്ല. അവൻ നിനക്കു വല്ല ഗുണവും ഉദ്ദേശിക്കുന്നുവെങ്കിൽ അവൻെറ അനുഗ്രഹം തട്ടിക്കളയുന്നവനായും ആരുമില്ല.തൻെറ ദാസന്മാരിൽ താനിഛിക്കുന്നവർക്ക് അവൻ അത്(അനുഗ്രഹം)അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

108. പറയുക: അല്ലയോ ജനങ്ങളേ, നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം ഇതാ സമാഗതമായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ ഇനി ആർ സന്മാർഗം സ്വീകരിക്കുന്നുവോ അവൻ തൻെറ ഗുണത്തിനു തന്നെയാണ് സന്മാർഗം സ്വീകരിക്കുന്നത്. ആരെങ്കിലും ദുർ

മാർഗത്തിലാവുകയാണെങ്കിൽ ആ വഴികേടിന്റെ നാശവും അവനുതന്നെയാകുന്നു. ഞാൻ നിങ്ങൾക്കു മീതെ ഉത്തരവാദിത്തമേൽപിക്കപ്പെട്ടവനല്ല.

109. നിനക്ക് ദിവ്യസന്ദേശം നൽകപ്പെടുന്നതിനെ നീ പിൻപറ്റുക. അല്ലാഹു തീർപ്പുകൽപിക്കുന്നതുവരെ ക്ഷമിക്കുകയും ചെയ്യുക.അവൻതന്നെയാകുന്നു അത്യുത്തമനായ വിധികർത്താവ്

---

*****

# അധ്യായം 11

## ഹൂദ്

**അവതരണം മക്കയിൽ, വചനങ്ങൾ 123**

കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അലിഫ്-ലാം-റാ. ഇത് വേദപുസ്തകമാകുന്നു. ഇതിലെ വചനങ്ങൾ സുഭദ്രമാക്കപ്പെട്ടിരിക്കുന്നു. പിന്നീട് ഇത് വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞനുമായവന്റെ അടുക്കൽ നിന്നുള്ളതാണ് ഇത്.

2. എന്തെന്നാൽ നിങ്ങൾ അല്ലാഹുവിനല്ലാതെ ആരാധിക്കരുത്. തീർച്ചയായും ഞാൻ അവങ്കൽ നിന്നും നിങ്ങളിലേക്കുള്ള താക്കീതുകാരനും സന്തോഷവാർത്ത അറിയിക്കുന്നവനുമാകുന്നു.

3. നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുവിൻ!. എന്നിട്ട് അവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുവിൻ. എങ്കിൽ ഒരു നിശ്ചിതകാലം വരെ അവൻ നിങ്ങൾക്ക് ഉത്തമമായ ജീവിത വിഭവങ്ങൾ നൽകും. ശ്രേഷ്ഠതയുള്ള എല്ലാവർക്കും തങ്ങളുടെ ശ്രേഷ്ഠതക്കനുസരിച്ച് പ്രതിഫലം നല്കുന്നതാകുന്നു. എന്നാൽ നിങ്ങൾ പിന്തിരിഞ്ഞു പോകുന്നെങ്കിൽ, ഒരു മഹാദിനത്തിന്റെ ശിക്ഷയെ നിങ്ങളുടെ മേൽ ഞാൻ നിശ്ചയമായും ഭയപ്പെടുന്നു.

---

3.നന്മ-തിന്മ വിവേചനത്തിന്നു പ്രസക്തിയില്ലാത്ത പ്രകൃതിനിയമങ്ങളുടെ അടിസ്ഥാനത്തിലല്ല, തികച്ചും ധാർമ്മികമായ അടിസ്ഥാനത്തിലാണ് അല്ലാഹു ഈ ലോകത്തിന്റെ ഭരണം സംവിധാനിച്ചിരിക്കുന്നതെന്ന് ഈ വചനം വ്യക്തമാക്കുന്നു. പരലോകത്ത് മാത്രമല്ല, ഇഹലോകത്തും ജനസമൂഹങ്ങളുടെ ഉത്ഥാന പതനങ്ങൾ ധാർമ്മികതയുടെ അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നത്. പ്രവാചകൻ എത്തിച്ചുകൊടുക്കുന്ന ദൈവിക സന്ദേശം ഏതെങ്കിലും ജനത സ്വീകരിക്കുകയാണെങ്കിൽ അല്ലാഹു തന്റെ അപാരമായ അനുഗ്രഹാശിസ്സുകളുടെ കവാടങ്ങൾ അവർക്ക് തുറന്നു കൊടുക്കുന്നതാണ്. അവർ അത് നിരാകരിക്കുകയാണെങ്കിൽ അല്ലാഹു അവരെ നാശത്തിലേക്കെടുത്തെറിയുകയും ചെയ്യും. ധിക്കാരത്തിന്റെ മാർഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ജനത ദൈവിക സന്ദേശം സ്വീകരിച്ച് ദൈവത്തിന്റെ അടിമത്തത്തിലേക്ക് മടങ്ങി വരികയാണെങ്കിൽ അവർക്കും അവരുടെ ദൗർഭാഗ്യം അല്ലാഹു മാറ്റിക്കൊടുക്കുകയും അവരുടെ പ്രവർത്തനാവസരം വർദ്ധിപ്പിച്ചു കൊടുക്കുന്നതും അവർക്ക് അവന്റെ അനുഗ്രഹവും അഭിവൃദ്ധിയും സുഖസൗകര്യങ്ങളും നൽകുന്നതുമാണ്

---

4. അല്ലാഹുവിങ്കലേക്കാണ് നിങ്ങളുടെ മടക്കം. അവൻ സകല സംഗതികൾക്കും കഴിവുള്ളവനാകുന്നു.

5. അറിയുക: അവനിൽ നിന്ന്(അല്ലാഹുവിങ്കൽനിന്ന്)മറഞ്ഞുനിൽക്കാൻ വേണ്ടി അവർ തങ്ങളുടെ മാറുകൾ തിരിക്കുന്നു. അറിയുക, അവർ തങ്ങളുടെ വസ്ത്രങ്ങൾകൊണ്ട് സ്വയം മൂടുമ്പോഴും അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതുമെല്ലാം (അല്ലാഹു)അറിയുന്നുണ്ട്. തീർച്ചയായും നെഞ്ചകത്തുള്ളതൊക്കെ അറിയുന്നവനാണവൻ.

---

5. മക്കയിൽ നബി(സ)യുടെ പ്രബോധനം കേൾക്കാൻ വലിയ ഒരു വിഭാഗം ജനങ്ങൾ സന്നദ്ധരായിരുന്നില്ല. തിരുമേനിയുടെ ശ്രദ്ധയിൽ പെടാതിരിക്കാനായി അവർ അദ്ദേഹത്തെ കാണുമ്പോൾ മുഖം തിരിച്ചുകളയുകയോ വസ്ത്രങ്ങൾകൊണ്ട് മുഖം മറച്ചുകളയുകയോ ചെയ്തിരുന്നു. അവർ വ്യാമോഹിക്കുന്നതു പോലെ പ്രവാചകനിൽ നിന്ന് മുഖം മറച്ചതുകൊണ്ടുമാത്രം സത്യം അപ്രത്യക്ഷമാകുന്നില്ല.സത്യം അതേപടി നിലകൊള്ളും. അല്ലാഹുവിൽനിന്ന് നിങ്ങൾക്ക് ഒളിക്കാൻ സാധ്യമല്ല. അവന്റെ പിടിത്തത്തിൽ നിന്ന് രക്ഷപ്പെടാമെന്ന് ധരിക്കുന്നതും നിങ്ങളുടെ വ്യാമോഹം മാത്രമാണ്.

6. ഭൂമിയിൽ ചരിക്കുന്ന ഒരു ജീവിയുമില്ല-അതിൻെറ ഉപജീവനം അല്ലാഹുവിൻെറ ഉത്തര വാദിത്തത്തിലായിട്ടല്ലാതെ. അവയുടെ വിശ്രമസ്ഥാനവും അതിൻെറ സൂക്ഷിപ്പു സ്ഥലവും അവൻ അറിയുന്നു. എല്ലാം സുവ്യക്തമായ ഒരു ഗ്രന്ഥത്തിലുണ്ട്.

6. മനുഷ്യനടക്കം ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും അതിൻെറ പ്രകൃതിക്കും ആവശ്യത്തിനുമനുസരിച്ച ഉപജീവന മാർഗ്ഗം അല്ലാഹു ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. ഉപജീവന മർഗ്ഗം ശരിപ്പെടുത്തിക്കൊണ്ടല്ലാതെ ഒരു ജീവിയെയും അല്ലാഹു സൃഷ്ടിച്ചിട്ടില്ല. ഓരോ ജീവിയും ഓരോ നിമിഷത്തിലും എവിടെയാണ് ജീവിക്കുന്നതെന്ന് അവൻ അറിയുന്നു. അവയുടെ ആവശ്യത്തിനും പ്രകൃതിക്കുമനുസരിച്ച്, കാട്ടിലും നാട്ടിലും, കരയിലും, വെള്ളത്തിലും ആകാശത്തും, മണ്ണിന് മീതെയും, താഴെയും എല്ലാം അവൻ അവക്കുള്ള ഉപജീവനം ഏർപ്പെടുത്തിക്കൊടുത്തിരിക്കുന്നു എന്നത് ഏറ്റവും വലിയ ഒരു ദൃഷ്ടാന്തമത്രെ. ബുദ്ധി കൊടുത്ത് ചിന്തിക്കുന്നവരെ ഇരുത്തിചിന്തിപ്പിക്കുവാൻ പോരുന്ന ഒരു വചനമാണിത്.

7. അവനത്രെ, ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത്.അവൻെറ സിംഹാസനം ജലത്തിന്മേലായിരുന്നു. നിങ്ങളിൽ ആരാണ് പ്രവൃത്തിയിൽ ഏറ്റവും ഉത്തമൻ എന്ന് അവൻ നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി. തീർച്ചയായും മരണശേഷം നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരാണെന്ന് നീ പറഞ്ഞാൽ അവിശ്വസിച്ചവർ പറയും: ഇത് സ്പഷ്ടമായ ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല.

7. ഓരോ മനുഷ്യനും എന്തു പ്രവർത്തിക്കുമെന്ന് അല്ലാഹുവിന് കണ്ടുമനസ്സിലാക്കുവാൻ വേണ്ടിയല്ല ഈ പരീക്ഷണം. അതവനു നേരത്തെ അറിയുന്നതാണ്. ഓരോരുത്തരുടെയും പ്രവർത്തനം അനുഭവത്തിൽ വരുത്തുമാറാക്കി അതു രേഖപ്പെടുത്തുകയും തദടിസ്ഥാനത്തിൽ പ്രതിഫലം നൽകുകയുമാണ് പരീക്ഷണത്തിൻെറ ലക്ഷ്യം.

ഒരുവനിൽ മോഷണ വാസനയുണ്ട്, അല്ലെങ്കിൽ അവൻ മോഷ്ടാവാകും എന്ന അറിവിനെ ആസ്പദിച്ചല്ല, പ്രത്യുത, അവൻ മോഷണം നടത്തിയിട്ടുണ്ട് എന്ന അറിവിനെ ആസ്പദിച്ചാണ് അല്ലാഹുവിൻെറ നീതിയുടെ പ്രവർത്തനം. അതേപ്രകാരം, ഇന്നയാൾ ഉന്നതനിലവാരത്തിലുള്ള വിശ്വാസിയാണ്, അല്ലെങ്കിൽ ആയിത്തീരും എന്ന അറിവിനെ ആസ്പദിച്ചല്ല, മറിച്ച് ഇന്നയാൾ സ്വപ്രവർത്തനത്താൽ താൻ സത്യസന്ധനായ വിശ്വാസിയാണെന്ന് തെളിയിക്കുകയും അല്ലാഹുവിൻെറ മാർഗത്തിൽ ജീവൻ പണയം വെച്ച് പൊരുതുകയും ചെയ്തിട്ടുണ്ട് എന്ന അറിവിൻെറ അടിസ്ഥാനത്തിലാണ് അല്ലാഹു അയാൾക്ക് പ്രതിഫലം നൽകുന്നത്.

8. ഒരു നിശ്ചിത കാലപരിധി വരെ നാം ശിക്ഷയെ പിന്തിച്ചാൽ അവർ പറയും:അതിനെ തടഞ്ഞു നിർത്തിയതെന്താണ്? അറിയുക, അത് അവരിൽ വരുന്ന ദിവസം അവരിൽനിന്നും അത് തട്ടി മാറ്റപ്പെടുന്നതല്ല. ഏതൊന്നിനെ അവർ പരിഹസിച്ചുകൊണ്ടിരുന്നുവോ, അത് അവരിൽ വന്നുഭവിക്കുകതന്നെ ചെയ്യും.

9. നാം മനുഷ്യനെ നമ്മിൽനിന്നുള്ള വല്ല കാരുണ്യവും ആസ്വദിപ്പിക്കുകയും പിന്നെ അത് അവനിൽ നിന്ന് എടുത്തു മാറ്റുകയും ചെയ്താൽ, തീർച്ചയായും അവൻ നിരാശനും നന്ദികെട്ടവനുമായിത്തീരുന്നു.

10. അവനെ ഒരു വിപത്തു സ്പർശിച്ചശേഷം നാം അവന്ന് ഒരനുഗ്രഹം ആസ്വദിപ്പിച്ചാൽ നിശ്ചയമായും അവൻ പറയും:ദുരിതങ്ങളൊക്കെ എന്നിൽ നിന്ന് ഒഴിഞ്ഞു പോയിരിക്കുന്നു. അങ്ങനെ അവൻ ആഹ്ലാദഭരിതനും അഹങ്കാരിയുമായിത്തീരുന്നു.

11. ക്ഷമകൈക്കൊള്ളുന്നവരും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അവർക്കാകുന്നു പാപമോചനവും മഹത്തായ പ്രതിഫലവും ഉള്ളത്.

12. ഇയാൾക്ക് ഒരു നിധി ഇറക്കപ്പെടുകയോ അല്ലെങ്കിൽ ഇയാളോടൊപ്പം ഒരു മലക്ക് വരികയോ ചെയ്യാത്തതെന്ത്? എന്നൊക്കെ(നിന്നെപറ്റി) അവർ പറയുന്നതു കാരണം, നിനക്കു ബോധനം നൽകപ്പെടുന്ന് ചിലത്(വിശദീകരിക്കാതെ)നീ വിട്ടുകളയുകയും നിനക്ക് മനോ വിഷമമുണ്ടാവുകയും ചെയ്തേക്കാം. എന്നാൽ നീ കേവലം ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. കാര്യങ്ങൾക്കെല്ലാം സംരക്ഷണമേറ്റവൻ അല്ലാഹുവത്രെ.

13. അതല്ല, അവൻ ഈ(വേദം) കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുവോ? പറയുക: എങ്കിൽ ഇതുപോലുള്ള പത്ത് അധ്യായം നിങ്ങൾ കെട്ടിച്ചമച്ച് കൊണ്ടുവരിക. അതിനായി അല്ലാഹുവിനു പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയൊക്കെ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാന്മാരെങ്കിൽ.

14. എന്നാൽ അവർ ആരും(നിങ്ങളുടെ ആരാധ്യന്മാരാരും) നിങ്ങളുടെ വിളിക്ക് ഉത്തരം നൽകുന്നില്ലെങ്കിൽ ഇത് അല്ലാഹുവിൻെറ ജ്ഞാനപ്രകാരം ഇറക്കപ്പെട്ടതാകുന്നെന്നും അവനല്ലാതെ സാക്ഷാൽ ആരാധ്യൻ വേറെയില്ലെന്നും നിങ്ങൾ മനസ്സിലാക്കുക. ഇനിയെങ്കിലും നിങ്ങൾ (മുസ്ലിംകളായി) അനുസരണത്തെ കൈക്കൊള്ളുമോ?

---

14. നിങ്ങൾ ആരോപിക്കുന്നതുപോലെ ഇത് മനുഷ്യരചനയാണെങ്കിൽ ഇതുപോലുള്ള വാക്യങ്ങൾ കൊണ്ടുവരാൻ നിങ്ങൾക്ക് സാധിക്കേണ്ടതാണ്. പലതവണ വെല്ലുവിളിച്ചിട്ടും എല്ലാവരും കൂടിച്ചേർന്നെങ്കിലും ഇതുപോലൊന്ന് കൊണ്ടുവരുവാൻ നിങ്ങൾക്ക് സാധിക്കുന്നില്ല.
നിങ്ങളുടെ ആരാധ്യന്മാർക്ക് യഥാർത്ഥത്തിൽ വല്ല കഴിവുമുണ്ടെങ്കിൽ നിങ്ങളുടെ ആരാധ്യന്മാരെ തുറന്നെതിർക്കുന്ന പ്രവാചകൻെറ വാദം കള്ളമാണെന്ന് സ്ഥാപിക്കുകയും ഈ നിർണ്ണായക ഘട്ടത്തിലെങ്കിലും അവർ നിങ്ങളെ സഹായിക്കുകയും ഇതിന്ന് തുല്യമായ ഒരു ഗ്രന്ഥം നിങ്ങൾ കൊണ്ടുവരികയും ചെയ്യേണ്ടതാണ്.ഇല്ലെങ്കിൽ, ഇത് പ്രവാചകൻെറ സ്വയം രചനയല്ല, പ്രത്യുത അല്ലാഹുവിൻെറ വിജ്ഞാനത്തിൽ നിന്ന് അവതരിച്ചതാണ് എന്ന് അതോടെ തെളിഞ്ഞു കഴിഞ്ഞു. അതിനാൽ ഖുർആനും അതിൻെറ പരമപ്രധാന സിദ്ധാന്തമായ ഏകദൈവ വിശ്വാസവും അംഗീകരിച്ച് മുസ്ലിംകളായിത്തീരുവാൻ ബാധ്യസ്ഥരാണ് നിങ്ങൾ.

---

15. ഐഹികജീവിതവും അതിൻെറ ആർഭാടങ്ങളുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ നാം അവരുടെ കർമ്മഫലങ്ങളത്രയും ഇവിടെവെച്ചുതന്നെ നിറവേറ്റി കൊടുക്കുന്നതാണ്.അതിൽ അവർക്ക് ഒരു കുറവും വരുത്തുകയില്ല.

16. പരലോകത്ത് നരകമല്ലാതെ (മറ്റൊന്നും) ഇല്ലാത്തവരത്രെ അക്കൂട്ടർ. അവർ (ഇഹലോകത്ത്) പ്രവർത്തിച്ചതെല്ലാം നശിച്ചുപോയിരിക്കുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം പാഴ്വേലകളായി പരിണമിച്ചിരിക്കുന്നു.

17. തൻെറ നാഥനിൽ നിന്നുള്ള വ്യക്തമായ തെളിവ് ലഭിച്ച ഒരാൾ, അനന്തരം(ആ തെളിവിനെ പിന്തുണക്കുന്ന) ഒരു സാക്ഷ്യവും(ഖുർആൻ) തൻെറ (രക്ഷിതാവിൽനിന്ന്) ആഗതമാവുകയും ചെയ്തു. അതിനു മുമ്പേ മാതൃകയും കാരുണ്യവുമായിക്കൊണ്ട് മൂസാക്ക് അവതീർണ്ണമായ വേദവും ഉണ്ടായിരുന്നു. (ഇയാളും ഭൗതിക പൂജകരെപ്പോലെ ഖുർആൻ നിഷേധിക്കുമോ?) അവർ അതിൽ വിശ്വസിക്കുകതന്നെ ചെയ്യും. എന്നാൽ വിവിധ വിഭാഗങ്ങളിൽ ആരെങ്കിലും അതിനെ നിഷേധിക്കുകയാണെങ്കിൽ അവർക്കു വാഗ്ദത്തം ചെയ്യപ്പെട്ടതു നരകമാണ്. ആകയാൽ നീ ഇതിൽ സംശയിക്കരുത്. തീർച്ചയായും ഇത് നിൻെറ രക്ഷിതാവിൽ നിന്നുള്ള സത്യമാണ്. എന്നിട്ടും ജനങ്ങളിൽ അധികപേരും വിശ്വസിക്കുന്നില്ല.

---

17. മനുഷ്യൻ സ്വതവേ തന്നെ പ്രപഞ്ച സ്രഷ്ടാവിൽ നിന്ന് ലഭിച്ച വ്യക്തമായ ചില തെളിവുകളോടെയാണ് നിലകൊള്ളുന്നത്. തൻെറ അസ്തിത്വത്തിലും പ്രപഞ്ച വ്യവസ്ഥയിലും ഏകദൈവ വിശ്വാസത്തിൻെറയും പരലോകത്തിൻെറയും പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങൾ അവൻ കാണുന്നുണ്ട്. സത്യം സ്വീക

രിക്കാനുള്ള നൈസർഗ്ഗികബോധം ദൈവം അവന് നൽകിയിട്ടുണ്ട്. ആ യാഥാർഥ്യങ്ങൾക്ക് കൂടുതൽ തെളിവുകളുമായി ദൈവിക ഗ്രന്ഥമായ ഖുർആനും അവതീർണ്ണമായിരിക്കുന്നു. മാത്രമല്ല അതിനെ ശക്തിപ്പെടുത്തുന്ന ഇതിനുമുമ്പുള്ള ദൈവിക ഗ്രന്ഥങ്ങളുമുണ്ട്. അതും ഖുർആന്റെ സിദ്ധാന്തങ്ങളെ സത്യപ്പെടുത്തുകയും അതിൽ വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ യാഥാർഥ്യങ്ങളുടെയും വ്യക്തമായ തെളിവുകളുടെയും നേരെ കണ്ണടക്കാൻ കഴിയുമോ.

---

18. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായവൻ ആരുണ്ട്. അവർ തന്റെ നാഥന്റെ സന്നിധിയിൽ ഹാജരാക്കപ്പെടുന്നതാണ്. ഇവരാകുന്നു തങ്ങളുടെ രക്ഷിതാവിന്റെ പേരിൽ കള്ളം പറഞ്ഞവരെന്ന് സാക്ഷികൾ പറയുകയും ചെയ്യും. അറിയുവിൻ, അക്രമികളുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ട്.
19. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനത്തെ) തടയുന്നവരും അതിനെ വക്രമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരത്രെ അവർ. അവരാകട്ടെ പരലോകത്തിൽ വിശ്വാസമില്ലാത്തവരുമാണ്.
20. അക്കൂട്ടർ ഭൂമിയിൽ(അല്ലാഹുവിനെ) തോല്പിക്കുന്നവരായിട്ടില്ല. അല്ലാഹുവല്ലാതെ അവർക്ക്(മറ്റൊരു)രക്ഷകനുമില്ല. അവർക്ക് ശിക്ഷ ഇരട്ടിപ്പിക്കപ്പെടുന്നതാണ്. അവർക്ക് (സത്യത്തെ) കേൾക്കാൻ കഴിഞ്ഞിരുന്നില്ല. (സ്വയം) വല്ലതും കാണുന്നവരുമായിരുന്നില്ല.
21. അവരത്രെ തങ്ങളുടെ ആത്മാക്കളെ നഷ്ടത്തിലാക്കിയവർ. അവർ കെട്ടിച്ചമച്ചിരുന്നതെല്ലാം അവരെ വിട്ടു മാറിക്കളയുകയും ചെയ്തു.
22. നിസ്സംശയം, പരലോകത്തിൽ ഏറ്റം നഷ്ടം ഭവിച്ചവർ അവർതന്നെ ആയിരിക്കും.
23. തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും തങ്ങളുടെ രക്ഷിതാവിനോട് വിനയമുള്ളവരാവുകയും ചെയ്തവരാണ് സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.
24. ഈ രണ്ടു സംഘത്തിന്റെയും ഉപമ (ഇപ്രകാരമാകുന്നു:) അന്ധനും ബധിരനുമായ ഒരുവൻ; കാഴ്ചയും കേൾവിയുമുള്ള മറ്റൊരാളും. ഈ ഉപമയിലെ ഇരുവരും ഒരുപോലെയാണോ? നിങ്ങൾ ചിന്തിച്ചു നോക്കുന്നില്ലേ?
25. നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം നിയോഗിക്കുകയുണ്ടായി. (അദ്ദേഹം പറഞ്ഞു:) നിശ്ചയമായും ഞാൻ നിങ്ങൾക്ക് വ്യക്തമായ താക്കീത് നൽകുന്നവനാകുന്നു.
26. എന്തെന്നാൽ, അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. വേദനയേറിയ ഒരു ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു.
27. അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യനായിട്ട് മാത്രമേ നിന്നെ ഞങ്ങൾ കാണുന്നുള്ളു.ഞങ്ങളിലെ അധമന്മാർ മാത്രമാണ് പ്രഥമവീക്ഷണത്തിൽ (കാര്യവിചാരമില്ലാതെ) നിന്നെ പിന്തുടർന്നതായി ഞങ്ങൾ കാണുന്നത്. നിങ്ങൾക്ക് ഞങ്ങളെക്കാൾ യാതൊരു ശ്രേഷ്ഠതയും ഞങ്ങൾ കാണുന്നുമില്ല. മാത്രമല്ല, നിങ്ങൾ കള്ളവാദികളാണെന്നുകൂടി ഞങ്ങൾ കരുതുന്നു.
28. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ ചിന്തിച്ചുനോക്കുയിട്ടുണ്ടോ – ഞാൻ എന്റെ രക്ഷിതാവിൽ നിന്നുള്ള വ്യക്തമായ തെളിവിന്മേൽ ആയിരിക്കുകയും, അവന്റെ പക്കൽനിന്നുള്ള ഒരു കാരുണ്യം അവൻ എനിക്ക് നൽകുകയും,എന്നിട്ട് നിങ്ങൾക്ക്(കാണാനാകാത്ത വിധം) അന്ധത വരുത്തപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളതെങ്കിൽ(ഞാൻഎന്തുചെയ്യാൻ?) നിങ്ങൾക്കത് ഇഷ്ടമില്ലാതിരിക്കെ നിങ്ങളതംഗീകരിക്കാൻ നാം നിർബന്ധിക്കുകയോ?
29. എന്റെ ജനമേ, ഈ (ദൗത്യത്തിന്റെ)പേരിൽ ഞാൻ നിങ്ങളോട് ധനമൊന്നും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം അല്ലാഹുവിങ്കൽ മാത്രമാകുന്നു. വിശ്വസിച്ചവരെ ആട്ടിപ്പായിക്കുവാ

നും ഞാൻ സന്നദ്ധനല്ല. തീർച്ചയായും അവർ അവരുടെ രക്ഷിതാവിനെ കണ്ടുമുട്ടാൻ പോകുന്നവരാണ്. എന്നാൽ നിങ്ങളെ അവിവേകികളായ ഒരു ജനതയായി ഞാൻ കാണുന്നു.

30. എന്റെ ജനമേ, ഞാൻ അവരെ ആട്ടിയകറ്റുകയാണെങ്കിൽ അല്ലാഹുവിന്റെ (ശിക്ഷയിൽ നിന്ന്) ആരാണെന്നെ രക്ഷിക്കുക? നിങ്ങൾ മനസ്സിലാക്കുന്നില്ലേ?

31. അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ വശമുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യത്തെ ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണെന്ന് പറയുന്നുമില്ല. നിങ്ങളുടെ കണ്ണിൽ നിസ്സാരരായി കാണുന്നവർക്ക് അല്ലാഹു യാതൊരു ഗുണവും നൽകുകയില്ല എന്നും ഞാൻ പറയുകയില്ല. അവരുടെ മനസ്സിലുള്ളതിനെക്കുറിച്ച് അല്ലാഹു ഏറ്റവും നന്നായി അറിയുന്നു. നിശ്ചയമായും ഞാൻ (അങ്ങനെ പറഞ്ഞാൽ) അപ്പോൾ ഞാൻ അക്രമികളിൽ പെട്ടവനായിരിക്കും.

32. അവർ പറഞ്ഞു: ഹേ നൂഹ്,നീ ഞങ്ങളോട് തർക്കിച്ചു. വളരെക്കൂടുതലായി തർക്കിച്ചു. ഇനി നീ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ (ശിക്ഷ) ഞങ്ങളിൽ കൊണ്ടുവരിക. നീ സത്യം പറയുന്നവനാണെങ്കിൽ!

33. (നൂഹ്)പറഞ്ഞു: അത് അല്ലാഹുതന്നെ കൊണ്ടുവരും- അവൻ ഇഛിച്ചാൽ. അപ്പോഴവനെ തോൽപിക്കാൻ നിങ്ങൾക്കു കഴിയില്ല.

34. നിങ്ങൾക്ക് ഉപദേശം നൽകുവാൻ ഞാൻ(എത്ര തന്നെ) ആഗ്രഹിച്ചാലും അല്ലാഹു നിങ്ങളെ വഴിതെറ്റിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ എന്റെ ഉപദേശം നിങ്ങൾക്ക് പ്രയോജനം ചെയ്യുകയില്ല. അവനാണ് നിങ്ങളുടെ നാഥൻ. അവങ്കലേക്കു തന്നെയാണ് നിങ്ങൾ തിരിച്ചു ചെല്ലേണ്ടത്.

35. അതല്ല, അയാളിത് സ്വയം കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുവോ? പറയുക, ഞാനത് കെട്ടിച്ചമച്ചതാണെങ്കിൽ എന്റെ പാപത്തിന്റെ ദോഷഫലം എനിക്കു തന്നെയായിരിക്കും. നിങ്ങൾ ചെയ്യുന്ന കുറ്റത്തിന്റെ കാര്യത്തിൽ ഞാൻ വിമുക്തനുമാണ്.

36. നൂഹിന് ദിവ്യസന്ദേശം നൽകപ്പെട്ടു: നിന്റെ ജനതയിൽനിന്ന് ഇതുവരെ വിശ്വസിച്ചു കഴിഞ്ഞവരല്ലാതെ ഇനിയാരും വിശ്വസിക്കുകയില്ല. അതിനാൽ അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് നീ ദുഃഖിക്കരുത്.

37. നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ നിർദേശമനുസരിച്ചും നീ കപ്പലുണ്ടാക്കുക. അക്രമം ചെയ്തവരുടെ കാര്യത്തിൽ നീ എന്നോട് സംസാരിക്കരുത്.തീർച്ചയായും അവർ മുക്കിക്കൊല്ലപ്പെടും.

38. അദ്ദേഹം കപ്പൽ നിർമ്മാണത്തിലേർപ്പെട്ടു. അദ്ദേഹത്തിന്റെ ജനത്തിലെ ഓരോ പ്രമാണിസംഘവും അദ്ദേഹത്തിനരികിലൂടെ നടന്നു പോയപ്പോഴെല്ലാം അദ്ദേഹത്തെ പരിഹസിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ(ഇന്ന്) ഞങ്ങളെ പരിഹസിക്കുന്നുവെങ്കിൽ, തീർച്ചയായും നിങ്ങൾ പരിഹസിക്കുന്നതുപോലെ നിങ്ങളെ ഞങ്ങളും (വഴിയെ) പരിഹസിക്കുന്നതാണ്.

39. ആരുടെ മേലാണ് അപമാനകരമായ ശിക്ഷ വന്നെത്തുകയെന്നും, ആരുടെ മേലാണ് നിലനിൽക്കുന്ന ശിക്ഷ വന്നു പതിക്കുകയെന്നും അടുത്തുതന്നെ നിങ്ങൾ അറിയും.

40. അങ്ങനെ നമ്മുടെ കല്പന വരികയും, അടുപ്പിൽ ഉറവ് പൊട്ടി ഒഴുകുകയും ചെയ്തപ്പോൾ നാം പറഞ്ഞു: എല്ലാ വർഗത്തിൽ നിന്നും ഈരണ്ടു ഇണകളെ അതിൽ കയറ്റിക്കൊള്ളുക. നിന്റെ കുടുംബത്തെയും-നേരത്തെ വിധി പറയപ്പെട്ടവരൊഴിച്ച്.വിശ്വസിച്ചവരെയും (കയറ്റിക്കൊള്ളുക). അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരാകട്ടെ, തുഛമാളുകളേ ഉണ്ടായിരുന്നില്ല.

40.മഹാപ്രളയത്തിൻെറ ആരംഭം ഒരു പ്രത്യേക അടുപ്പിൽനിന്ന് ഉറവ പൊട്ടിയൊഴുകിക്കൊണ്ടായിരുന്നു. ചില വ്യാഖ്യാതാക്കളുടെ അഭിപ്രായപ്രകാരം ഭൂമിയിലാകെ ഉറവ പൊടിഞ്ഞുകൊണ്ടിരുന്നു. പിന്നെ കനത്ത പേമാരിയായിരുന്നു. പ്രളയത്തിൽ നിന്ന് രക്ഷപ്പെട്ടവരിൽ അദ്ദേഹത്തിൻെറ കുടുംബവും അദ്ദേഹത്തിൽ വിശ്വസിച്ചവരും ഉൾപ്പെടുന്നു.കപ്പലിൽ കയറി രക്ഷപ്പെടാതിരുന്നവരിൽ അദ്ദേഹത്തിൻെറ ഒരു മകനും ഒരു ഭാര്യയും ഉൾപ്പെട്ടിരുന്നുവെന്ന് മറ്റ് വചനങ്ങളിൽ നിന്ന് മനസ്സിലാവുന്നു. മനുഷ്യകുലത്തിൻെറ വംശപരമ്പര നൂഹ്നബി(അ)യുടെ പുത്രന്മാരുടെയും അദ്ദേഹത്തിൻെറ കൂടെ കപ്പലിൽ കയറിയവരുടെയും സന്താന പരമ്പരയിൽ നിന്നാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

---

41. (നൂഹ്)പറഞ്ഞു: നിങ്ങൾ അതിൽ കയറുവിൻ. അതിൻെറ സഞ്ചാരവും നിൽപുമെല്ലാം അല്ലാഹുവിൻെറ നാമത്തിലാകുന്നു.എൻെറ നാഥൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

42. പർവതങ്ങൾ പോലുള്ള തിരമാലകൾക്കിടയിലൂടെ അത് അവരെയുംകൊണ്ട് സഞ്ചരിക്കുകയായിരുന്നു. നൂഹ് തൻെറ മകനെ വിളിച്ചു. അവൻ ദൂരെ ഒരു സ്ഥലത്തായിരുന്നു. എൻെറ മകനെ, നീ ഞങ്ങളുടെ കൂടെ കയറുക. അവിശ്വാസികളുടെ കൂട്ടത്തിൽ നീ ആയിപ്പോകരുത്.

43. അവൻ പറഞ്ഞു:വെള്ളത്തിൽ നിന്ന് എന്നെ രക്ഷപ്പെടുത്തുന്ന വല്ല മലയിലും ഞാൻ അഭയം തേടിക്കൊള്ളാം.അദ്ദേഹം പറഞ്ഞു:ഈ ദിനം അല്ലാഹുവിൻെറ വിധിയിൽനിന്ന് രക്ഷിക്കുന്ന യാതൊന്നുമില്ല. അവൻ കരുണകാണിക്കുന്നവരൊഴികെ. (അപ്പോഴേക്കും) ഒരു തിരമാല അവർക്കിടയിൽ മറയിട്ടു. അങ്ങനെ അവൻ മുക്കിനശിപ്പിക്കപ്പെട്ടവരിലായിത്തീരുകയും ചെയ്തു.

44. (കൽപന നൽകപ്പെട്ടു:)ഭൂമിയേ നിൻെറ വെള്ളം നീ വിഴുങ്ങുക. ആകാശമേ,(മഴയെ)പിടിച്ചു നിർത്തുക.വെള്ളം വറ്റുകയും കൽപന നിറവേറ്റപ്പെടുകയും ചെയ്തു.അത്(കപ്പൽ)ജൂദി പർവതത്തിന്മേൽ ഉറച്ചുനിൽക്കുകയും ചെയ്തു.പറയപ്പെട്ടു: അക്രമികളായ ജനതക്ക് നാശം.

---

44.ജൂദി പർവതം കുർദിസ്ഥാനിലാണ് സ്ഥിതി ചെയ്യുന്നത്.ഇതിൻെറ ബൈബിളിലെ പേര് അരരാത് എന്നാണ്.(ഏഴാം മാസം പതിനേഴാം തിയ്യതി പെട്ടകം അരരാത് പർവതത്തിൽ ഉറച്ചു. ഉൽപത്തി.8:4). ഈ പ്രളയം ലോകവ്യാപകമായ പ്രളയമായിരുന്നോ, അതല്ല നൂഹിൻെറ ജനത താമസിച്ചിരുന്ന സ്ഥലത്ത് മാത്രം പരിമിതമായിരുന്നോ എന്ന് വ്യക്തമല്ല.

---

45. നൂഹ് തൻെറ രക്ഷിതാവിനെ വിളിച്ചു പറഞ്ഞു: എൻെറ നാഥാ! എൻെറ പുത്രൻ എൻെറ കുടുംബത്തിൽ പെട്ടവൻ തന്നെയാണ്. നിൻെറ വാഗ്ദാനം സത്യവുമാണ്. നീ വിധികർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധികർത്താവുമാണ്.

46. അവൻ (അല്ലാഹു) പറഞ്ഞു: അല്ലയോ നൂഹ്! നിശ്ചയമായും അവൻ നിൻെറ കുടുംബത്തിൽ പെട്ടവനല്ല. തീർച്ചയായും അവൻ നന്മയല്ലാത്ത ഒരു പ്രവൃത്തി(ക്കാരൻ) ആകുന്നു. അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യത്തെ (സംബന്ധിച്ച്) എന്നോട് നീ അപേക്ഷിക്കരുത്. മൂഢന്മാരിൽ നീ ആയിപ്പോകരുതെന്ന് നിന്നെ ഞാൻ ഉപദേശിക്കുന്നു.

---

46. നൂഹ് നബി(അ)യും മകനും തമ്മിൽ പിതൃപുത്ര ബന്ധമുണ്ടായിരുന്നിട്ടും അവൻ നിൻെറ സ്വന്തക്കാരിൽ പെട്ടവനല്ല എന്നാണ് അല്ലാഹു പറഞ്ഞത്. തികച്ചും ദുർവൃത്തനായ ഈ മകൻ തൻെറ സദ്വൃത്തരായ കുടുംബാംഗങ്ങളിൽ പെട്ടവനല്ല എന്നേ ഇതിന്നർത്ഥമുള്ളൂ. ആഭിജാത്യംകൊണ്ടോ, മഹാന്മാരുമായി അടുത്ത ബന്ധമുള്ളതുകൊണ്ടോ ആർക്കും അല്ലാഹുവിങ്കൽ രക്ഷകിട്ടുകയില്ല. ഓരോ വ്യക്തിയുടെയും രക്ഷാശിക്ഷകൾക്ക് നിദാനം ആ വ്യക്തിയുടെ വിശ്വാസവും കർമ്മവും തന്നെയായിരിക്കും.തെറ്റുകളുടെ ഫലം അനുഭവിക്കുന്നതിൽനിന്ന് മഹാന്മാരുമായുള്ള വംശബന്ധമോ അവരുടെ ശിപാർശയോ ആരെയും രക്ഷിക്കുകയില്ലെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു.

47. അദ്ദേഹം(നൂഹ്) പറഞ്ഞു: എന്റെ നാഥാ! എനിക്ക് അറിഞ്ഞുകൂടാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. നീ എനിക്ക് പൊറുത്തു തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഞാൻ നഷ്ടപ്പെട്ടവരിൽ ആയിപ്പോകും.

48. (അദ്ദേഹത്തോട്)പറയപ്പെട്ടു: അല്ലയോ നൂഹ്! നമ്മിൽ നിന്നുള്ള ശാന്തിയോടും നിനക്കും നിന്നോടൊപ്പമുള്ള സമൂഹങ്ങൾക്കും നമ്മിൽനിനുള്ള അനുഗ്രഹത്തോടും കൂടി നീ ഇറങ്ങി ക്കൊള്ളുക. എന്നാൽ(മറ്റു ചില) സമൂഹങ്ങളുണ്ട്. അവർക്ക് നാം (താൽക്കാലികമായ) ജീ വിതവിഭവങ്ങൾ പ്രദാനം ചെയ്യും. പിന്നെ നമ്മിൽ നിന്നുള്ള വേദനയേറിയ ശിക്ഷ അവ രെ ബാധിക്കുകയും ചെയ്യും.

49. (നബിയേ,) അത് അദൃശ്യവാർത്തകളിൽ പെട്ടതാണ്. നിനക്കു നാമത് ബോധനം നൽകു ന്നു. ഇതിനു മുമ്പ് നീയോ, നിന്റെ ജനതയോ ഇതേക്കുറിച്ച് അറിഞ്ഞിരുന്നില്ല. അതു കൊണ്ട് ക്ഷമിച്ചിരിക്കുക. നിശ്ചയമായും അന്തിമഗുണം ഭക്തന്മാർക്കു തന്നെയാകുന്നു.

50. ആദ് ജനതയിലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും(നാം നിയോഗിക്കുകയുണ്ടായി). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുവിൻ. അവനല്ലാ തെ നിങ്ങൾക്കൊരു ദൈവവുമില്ല. നിങ്ങൾ (കള്ളം) കെട്ടിച്ചമക്കുന്നവർ മാത്രമാണ്.

51. എന്റെ ജനമേ, ഇതിന്റെ പേരിൽ ഞാൻ നിങ്ങളോടൊരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലമോ, എന്നെ സൃഷ്ടിച്ചവങ്കലാകുന്നു. അതുകൊണ്ട് നിങ്ങൾ ചിന്തിക്കു ന്നില്ലേ?

52. എന്റെ ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിനോട് മാപ്പു തേടുവിൻ! എന്നിട്ട് അവങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങുവിൻ. എങ്കിൽ അവൻ നിങ്ങൾക്ക് മാനത്തുനിന്ന് സമൃദ്ധമായി മഴ വീഴ്ത്തിത്തരും.നിങ്ങളുടെ(നിലവിലുള്ള)ശക്തിയുടെ മേൽ ശക്തി ചേർത്തുതരികയും ചെ യ്യും. നിങ്ങൾ ധിക്കാരികളായി പിന്തിരിയാതിരിക്കുവിൻ.

53. അവർ പറഞ്ഞു:ഹൂദേ, നീ ഞങ്ങൾക്ക് വ്യക്തമായ ഒരു തെളിവും കൊണ്ടുവന്നിട്ടില്ല. നി ന്റെ വാക്കുകേട്ട് മാത്രം ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ വിട്ടുകളയുന്നതല്ല. ഞങ്ങൾ നി ന്നിൽ വിശ്വസിക്കുന്നവരുമല്ല.

54. നിനക്ക് ഞങ്ങളുടെ ദൈവങ്ങളിലാരുടെയോ ദോഷബാധയേറ്റിരിക്കുന്നു എന്നേ ഞങ്ങൾക്ക് പറയാനുള്ളു. ഹൂദ് പറഞ്ഞു: തീർച്ചയായും ഞാൻ അല്ലാഹുവിനെ സാക്ഷി നിർത്തുന്നു. നിങ്ങളും സാക്ഷി നില്ക്കുവിൻ- നിങ്ങൾ പങ്കുചേർക്കുന്നതിൽ നിന്ന് ഞാൻ വിമുക്ത നാണെന്ന്-

55. അവനു പുറമെ (അവനോട് പങ്കുചേർക്കുന്നതിൽ നിന്ന്). അതിനാൽ നിങ്ങളെല്ലാവരും ചേർന്ന് എനിക്കെതിരെ തന്ത്രം പ്രയോഗിച്ചുകൊള്ളുക. എന്നിട്ട് എനിക്ക് ഇളവ് തരിക യും വേണ്ട.

56. തീർച്ചയായും, എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമായ അല്ലാഹുവിൽ ഞാൻ ഭര മേൽപിച്ചിരിക്കുന്നു. ഒരു ജന്തുവുമില്ല; അതിന്റെ മൂർധാവ് അവന്റെ പിടിയിലായിക്കൊ ണ്ടല്ലാതെ. തീർച്ചയായും എന്റെ രക്ഷിതാവ് നേർവഴിയിലാകുന്നു.

57. എന്നാൽ നിങ്ങൾ പിന്തിരിഞ്ഞു പോകുന്നുവെങ്കിൽ, നിങ്ങളിലേക്ക് എന്നെ എന്ത്(സന്ദേ ശവു)മായി അയക്കപ്പെട്ടുവോ, അത് നിങ്ങളിൽ ഞാൻ എത്തിച്ചു കഴിഞ്ഞു. നിങ്ങൾക്കു പകരം മറ്റൊരു ജനതയെ എന്റെ നാഥൻ കൊണ്ടുവരികതന്നെ ചെയ്യും. അവനൊരു ദ്രോ

ഹവും വരുത്താൻ നിങ്ങൾക്കാവില്ല. തീർച്ചയായും എന്റെ രക്ഷിതാവ് സകല വസ്തുക്കളിലും മേൽനോട്ടമുള്ളവനാകുന്നു.

58. നമ്മുടെ കല്പന വന്നപ്പോൾ ഹൂദിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നാം നമ്മുടെ കാരുണ്യത്താൽ രക്ഷപ്പെടുത്തി.കഠിനമായ ശിക്ഷയിൽ നിന്ന് നാം അവരെ മോചിപ്പിച്ചു.

59. അതാണ് ആദ് ജനത. തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും,അവന്റെ ദൂതന്മാരെ അവർ ധിക്കരിക്കുകയും, ധിക്കാരികളായ എല്ലാ സ്വേച്ഛാധിപതികളുടെയും കൽപന അവർ പിൻപറ്റുകയും ചെയ്തു.

60. ഈ ലോകത്തിലും ഉയിർത്തെഴുന്നേൽപുനാളിലും ശാപം അവരെ പിന്തുടരപ്പെടും.അറിയുവിൻ!ആദ് ജനത അവരുടെ രക്ഷിതാവിനെ നിഷേധിച്ചു. അറിയുവിൻ! ഹൂദിന്റെ ജനതയായ ആദിന് നാശം.

61. സമൂദ് ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം നിയോഗിച്ചു.) അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനു വഴിപ്പെടുവിൻ. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ നിങ്ങളെ ഭൂമിയിൽ നിന്ന്(സൃഷ്ടിച്ചു)ണ്ടാക്കുകയും, അതിൽ നിങ്ങളെ പാർപ്പിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങൾ അവനോട് മാപ്പിരക്കുകയും, പിന്നെ അവങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുവിൻ. തീർച്ചയായും എന്റെ രക്ഷിതാവ് സമീപസ്ഥനാകുന്നു. അവൻ (പ്രാർത്ഥനകൾക്ക്)ഉത്തരം നല്കുന്നവനുമാകുന്നു.

---

61.അല്ലാഹു ഉന്നതനും മഹാനുമാണെങ്കിലും അവൻ എല്ലാ വ്യക്തികളുടെയും സമീപത്തുതന്നെയുണ്ട്. രഹസ്യമായോ പരസ്യമായോ ഏകാന്തതയിലോ അല്ലാതെയോ എല്ലാ അടിമകൾക്കും അവരുടെ ആവശ്യങ്ങൾ ഏകദൈവത്തിന്റെ മുമ്പിൽ അവതരിപ്പിക്കാം.അവരുടെ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നൽകുകയും ചെയ്യും. ഒരു മധ്യവർത്തിയോ ശിപാർശകനോ അടിമക്കും ഉടമക്കും ഇടയിൽ ആവശ്യമില്ലതന്നെ. അല്ലാഹുവിന്റെ സന്നിധി സാധാരണ ജനങ്ങൾക്ക് അപ്രാപ്യമാണെന്നും, തിരുസന്നിധിയിൽ സാമീപ്യമുള്ള ചില ഇടയാളന്മാരുടെ സേവ പിടിക്കുക ആവശ്യമാണെന്നുള്ള സാധാരണ ജനങ്ങളിലെ വലിയൊരു തെറ്റുദ്ധാരണ ഈ വചനത്തിലൂടെ അല്ലാഹു നീക്കുകയാണിവിടെ.അടിമയുടെയും ഉടമയുടെയും ഇടയിൽ ജനനം മുതൽ മരണം വരെയുള്ള എല്ലാ ചടങ്ങുകളും പുരോഹിതനിലൂടെയായില്ലെങ്കിൽ ശരിയാവുകയില്ലെന്ന് ചില മതങ്ങൾ ധരിപ്പിക്കുകയും അങ്ങനെ ഒരു പൗരോഹിത്യവ്യവസ്ഥ അവർ ഉണ്ടാക്കുകയും ചെയ്തു.ഇത്തരം തെറ്റുദ്ധാരണകളാണ് അടിമയുടെയും ഉടമയുടെയും ഇടയിൽ ചെറുതും വലുതുമായ ഒട്ടേറെ ആരാധ്യന്മാരെയും ശിപാർശകരെയും ഉണ്ടാക്കി വെച്ചത്.

---

62. അവർ പറഞ്ഞു: സ്വാലിഹേ, ഇതിനു മുമ്പ് നീ ഞങ്ങൾക്കിടയിൽ ഏറെ പ്രതീക്ഷയുള്ളവനായിരുന്നു.ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചുവരുന്നവയെ ഞങ്ങൾ ആരാധിക്കുന്നതിനെ നീ ഞങ്ങളെ വിലക്കുകയാണോ? നീ ഞങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന കാര്യത്തെപ്പറ്റി ഞങ്ങൾ സങ്കീർണ്ണമായ സംശയത്തിലാണ്.

63. അദ്ദേഹം പറഞ്ഞു:എന്റെ ജനമേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഞാൻ എന്റെ രക്ഷിതാവിൽ നിന്നുള്ള വ്യക്തമായ തെളിവോടെയായിരിക്കുകയും, അവന്റെ പക്കൽനിന്നുള്ള കാരുണ്യം അവനെനിക്ക് നൽകിയിരിക്കുകയുമാണെങ്കിൽ– അപ്പോൾ ഞാൻ അവനെ ധിക്കരിക്കുകയാണെങ്കിൽ അല്ലാഹുവിനെതിരെ ആരാണെന്നെ സഹായിക്കുക? അപ്പോൾ, നിങ്ങൾ എനിക്ക് കൂടുതൽ നഷ്ടം വരുത്തിവെക്കുക മാത്രമേ ചെയ്യൂ.

64. എന്റെജനങ്ങളേ, നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമായി ഇതാ അല്ലാഹുവിന്റെ ഒട്ടകം.അല്ലാഹുവിന്റെ ഭൂമിയിൽ മേഞ്ഞുതിന്നുവാൻ നിങ്ങളതിനെ വിട്ടേക്കുക.നിങ്ങൾ അതിന് ഒരു

ദ്രോഹവും വരുത്തരുത്‌. അങ്ങനെ ചെയ്താല്‍ സമീപസ്ഥമായ ഒരു ശിക്ഷ നിങ്ങളെ പിടികൂടും.

65. എന്നിട്ട്‌ അവര്‍ അതിനെ കൊന്നുകളഞ്ഞു. അപ്പോള്‍ (സ്വാലിഹ്‌)അവര്‍ക്ക്‌ മുന്നറിയിപ്പു നല്‍കി: ഇനി നിങ്ങള്‍ മൂന്നു ദിവസം മാത്രം നിങ്ങളുടെ വീടുകളില്‍ സുഖമനുഭവിക്കുവിന്‍! വ്യാജമാകാന്‍ തരമില്ലാത്ത ഒരു വാഗ്ദാനമാണിത്‌.

66. അങ്ങനെ നമ്മുടെ കല്‌പന വന്നപ്പോള്‍ സ്വാലിഹിനെയും അദ്ദേഹത്തോടോപ്പം വിശ്വാസം കൈക്കൊണ്ടവരെയും നമ്മുടെ കാരുണ്യത്താല്‍ നാം രക്ഷപ്പെടുത്തി.ആ ദിവസത്തിലെ അപമാനത്തില്‍ നിന്നും(അവരെ മുക്തരാക്കുകയും ചെയ്തു.) തീര്‍ച്ചയായും, നിന്റെ രക്ഷിതാവു തന്നെയാകുന്നു ശക്തനും അജയ്യനുമായിട്ടുള്ളവന്‍.

67. അക്രമം പ്രവര്‍ത്തിച്ചവരെ ഘോരശബ്‌ദം പിടികൂടി. അങ്ങനെ അവര്‍ അവരുടെ പാര്‍പ്പിടങ്ങളില്‍ കമിഴ്‌ന്നു വീണവരായി (ചത്തൊടുങ്ങി).

68. അവര്‍ അവിടെ താമസിച്ചിട്ടേയില്ലാത്തപോലെ. അറിയുവിന്‍! തീര്‍ച്ചയായും സമൂദ്‌വര്‍ഗം അവരുടെ രക്ഷിതാവിനെ നിഷേധിച്ചു.അറിയുവിന്‍!സമൂദ്‌വര്‍ഗം ദൂരെ തുലഞ്ഞുപോയി.

69. നമ്മുടെ ദൂതന്മാര്‍ സന്തോഷവാര്‍ത്തയുമായി ഇബ്രാഹീമിനെ സമീപിച്ചു. അവര്‍ പറഞ്ഞു; സലാം. അദ്ദേഹം പ്രതിവചിച്ചു: സലാം. താമസിയാതെ അദ്ദേഹം ഒരു പശുക്കിടാവിനെ പാകംചെയ്തു കൊണ്ടുവന്നു.

70. അവരുടെ കൈകള്‍ അതിലേക്ക്‌ നീളുന്നില്ലെന്ന്‌ കണ്ടപ്പോള്‍ അദ്ദേഹത്തിന്‌ അവരില്‍ സംശയമുണ്ടായി. അവരെപ്പറ്റി അദ്ദേഹത്തിന്‌ ഭയം തോന്നുകയും ചെയ്തു. അവര്‍ പറഞ്ഞു: ഭയപ്പെടേണ്ട ഞങ്ങള്‍ ലൂത്വിന്റെ ജനതയിലേക്ക്‌ നിയോഗിക്കപ്പെട്ടവരാണ്‌.

71. അദ്ദേഹത്തിന്റെ (ഇബ്‌റാഹീം നബിയുടെ) പത്നിയും അവിടെ നില്‍ക്കുന്നുണ്ടായിരുന്നു. അവര്‍ ചിരിച്ചു.അപ്പോള്‍ നാം അവര്‍ക്ക്‌ ഇസ്‌ഹാഖിന്റെയും ഇസ്‌ഹാഖിനുശേഷം യഅ്ഖൂബിന്റെയും സന്തോഷ വാര്‍ത്ത അറിയിച്ചു.

---

71.ഇബ്രാഹീം നബി(അ)യുടെ ഭാര്യ സാറാക്ക്‌ സന്താനങ്ങളുണ്ടായിരുന്നില്ല.ആ വൃദ്ധദമ്പതികള്‍ക്ക്‌ മഹാനായ ഒരു പുത്രന്‍ ഉണ്ടാകാന്‍ പോകുന്നുവെന്നും, പിന്നീട്‌ ആ പുത്രന്‍ വഴി ഒരു പൗത്രനും ഉണ്ടാകുമെന്നുമുള്ള സന്തോഷവാര്‍ത്ത മലക്കുകള്‍ സാറായെ നേരിട്ടറിയിക്കുകയായിരുന്നു.

---

72. അവര്‍ പറഞ്ഞു: എന്തൊരു കഷ്‌ടം! ഞാന്‍ ഒരു പടുകിഴവിയും എന്റെ ഭര്‍ത്താവ്‌ ഇതാ ഒരു പടുവൃദ്ധനുമായിരിക്കെ ഞാന്‍ (ഒരു മകനെ)പ്രസവിക്കുകയോ? തീര്‍ച്ചയായും ഇതൊരു അദ്‌ഭുതമായ കാര്യം തന്നെ.

73. (ദൂതന്മാര്‍) പറഞ്ഞു: അല്ലാഹുവിന്റെ കല്‌പനയെക്കുറിച്ച്‌ നീ അദ്‌ഭുതപ്പെടുന്നുവോ? (ഇബ്രാഹീമിന്റെ)വീട്ടുകാരേ, നിങ്ങള്‍ക്ക്‌ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമുണ്ടാവട്ടെ. തീര്‍ച്ചയായും അവന്‍ സ്തുത്യര്‍ഹനും മഹത്വമുള്ളവനും ആകുന്നു.

74. അങ്ങനെ ഇബ്രാഹീമിന്റെ പരിഭ്രമം വിട്ടുമാറുകയും സന്തോഷവാര്‍ത്ത വന്നെത്തുകയും ചെയ്‌തപ്പോള്‍,അദ്ദേഹം ലൂത്വിന്റെ ജനതയുടെ കാര്യത്തില്‍ നമ്മോടു തര്‍ക്കിച്ചു തുടങ്ങി.

75. തീര്‍ച്ചയായും ഇബ്രാഹീം ശാന്തശീലനും കൃപാലുവും സദാ പശ്ചാത്തപിച്ചു മടങ്ങുന്നവനുമായിരുന്നു.

76. (അവര്‍ പറഞ്ഞു:)അല്ലയോ ഇബ്രാഹീം,ഇതില്‍ (ഈ തര്‍ക്കത്തില്‍)നിന്ന്‌ തിരിഞ്ഞു കളയുക.നിശ്ചയമായും നിന്റെ രക്ഷിതാവിന്റെ കല്‌പന(ഇതാ)വന്നു കഴിഞ്ഞു. നിശ്ചയമായും അവര്‍ക്ക്‌ മടക്കപ്പെടാത്ത ശിക്ഷ ബാധിക്കുകതന്നെ ചെയ്യും.

77. നമ്മുടെ ദൂതന്മാർ (മലക്കുകൾ) ലൂത്വിൻെറ അടുക്കലെത്തിയപ്പോൾ അവരുടെ ആഗമനത്തിൽ അദ്ദേഹം ദുഃഖിതനാവുകയും, അവരെക്കുറിച്ചോർത്ത് അദ്ദേഹത്തിന് മനസ്സുമുട്ടുകയും ഇത് പ്രയാസകരമായ ദിനംതന്നെ എന്ന് അദ്ദേഹം പറയുകയും ചെയ്തു.

78. ലൂത്വിൻെറ ജനത അദ്ദേഹത്തിൻെറ അടുത്തേക്ക് പാഞ്ഞടുത്തു. മുമ്പേ അവർ ഇത്തരം നീചവൃത്തികൾ ശീലിച്ചവരായിരുന്നു. അദ്ദേഹം പറഞ്ഞു: എൻെറ ജനമേ, എൻെറ പെൺമക്കളിതാ. ഇവരാകുന്നു നിങ്ങൾക്ക് ഏറെ വിശുദ്ധകളായിട്ടുള്ളവർ. അതിനാൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ. എൻെറ അതിഥികളുടെ കാര്യത്തിൽ എന്നെ അപമാനിക്കരുതേ! നിങ്ങളിൽ വിവേകമുള്ള ഒരാളുമില്ലേ?

79. അവർ പറഞ്ഞു: നിൻെറ പെൺമക്കളിൽ ഞങ്ങൾക്ക് ഒരു ആവശ്യവും ഇല്ലെന്ന് നിനക്കു തന്നെ അറിയാമല്ലോ. ഞങ്ങൾ എന്താണാഗ്രഹിക്കുന്നതെന്ന് നിശ്ചയമായും നീ അറിയുന്നുമുണ്ട്.

80. (ലൂത്വ്)പറഞ്ഞു: നിങ്ങളെ നേരിടാൻ എനിക്ക് ശക്തിയുണ്ടായിരുന്നുവെങ്കിൽ! അല്ലെങ്കിൽ ശക്തമായ ഒരു താങ്ങ് എനിക്ക് അവലംബിക്കാനുണ്ടായിരുന്നുവെങ്കിൽ!

81. (മലക്കുകൾ അദ്ദേഹത്തോടു)പറഞ്ഞു:ഓ ലൂത്വ്,തീർച്ചയായും ഞങ്ങൾ നിൻെറ രക്ഷിതാവിൻെറ ദൂതന്മാരാണ്. അവർക്ക്(ഉപദ്രവാർത്ഥം) നിൻെറ അടുത്തേക്കെത്താനാവില്ല. അതുകൊണ്ട് രാത്രി കുറെച്ചെന്നിട്ട് നിൻെറ കുടുംബത്തെയും കൂട്ടി നീ പുറപ്പെട്ടുകൊള്ളുക. നിങ്ങളിലാരും തിരിഞ്ഞു നോക്കരുത്. നിൻെറ ഭാര്യ ഒഴികെ. (അവൾ കൂടെ വരുന്നതല്ല). തീർച്ചയായും അക്കൂട്ടർക്ക് ബാധിക്കുന്നത് അവളെയും ബാധിക്കുന്നതാണ്. തീർച്ചയായും അവർക്ക് നിശ്ചയിച്ച സമയം പ്രഭാതമത്രെ. പ്രഭാതം എത്രയും അടുത്തുകഴിഞ്ഞില്ലേ?

82. അങ്ങനെ നമ്മുടെ കല്പന വന്നപ്പോൾ നാം ആ നാടിനെ കീഴ്മേൽ മറിച്ചു. അട്ടിയട്ടിയായി ചൂളവെച്ച മൺകട്ടകൾ നാം അവരുടെ മേൽ വർഷിക്കുകയും ചെയ്തു.

83. (അവയിൽ ഓരോ കല്ലും) നിൻെറ രക്ഷിതാവിങ്കൽ അടയാളപ്പെടുത്തിയിട്ടുള്ളതായിരുന്നു. അത് ഈ അക്രമികളിൽ നിന്ന് ഒട്ടും വിദൂരമല്ല.

83. അടിമേലായി മറിക്കപ്പെട്ട ആ സ്ഥലം ചാവുകടലിൻെറ ഭാഗമായി അറിയപ്പെടുന്നു. ശാമിലേക്കുള്ള യാത്രാവേളയിൽ അവയുടെ അവശിഷ്ടങ്ങൾ മക്കയിലെ ബഹുദൈവ വിശ്വാസികൾക്ക് കാണാമായിരുന്നു.

84. മദ്‌യൻ നിവാസികളിലേക്ക് അവരുടെ സഹോദരൻ ശുഐബിനെയും(നാം നിയോഗിച്ചു) അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനല്ലാതെ നിങ്ങൾക്കൊരു ദൈവവുമില്ല. നിങ്ങൾ അളവിലും തൂക്കത്തിലും കുറവ് വരുത്തരുത്. ഞാൻ നിങ്ങളെ ഇന്ന് സുസ്ഥിതിയിൽ കാണുന്നു. എന്നാൽ നിങ്ങളെയാകെ വലയം ചെയ്യുന്ന ഒരു ദിനത്തിൻെറ ശിക്ഷ നിങ്ങളുടെ മേൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു.

84.ചെങ്കടലിൻെറയും അഖബാ ഉൾക്കടലിൻെറയും കരയോരങ്ങളിൽ സ്ഥിതി ചെയ്തിരുന്ന ഒരു പ്രദേശമാണ് മദ്‌യൻ. ഇബ്രാഹീം(അ)ൻെറ പുത്രൻ മിദ്‌യാനോട് ബന്ധപ്പെട്ട ഒരു ജനവിഭാഗമായിരുന്നു മദ്‌യൻകാർ.ആദ്യകാലത്ത് മുസ്‌ലിംകളായിരുന്ന അവർ കാലാന്തരത്തിൽ ബഹുദൈവാരാധകരും അധർമ്മകാരികളുമായിത്തീർന്നു. അവരെ സംസ്കരിക്കുവാനായിരുന്നു ശുഐബ് നബി(അ) നിയുക്തനായത്. ആ പ്രദേശം ഒരു ക്ഷേമ രാജ്യമായിരുന്നു. മദ്‌യൻകാർ വലിയൊരു കച്ചവട സംഘമായിരുന്നു. അളവിലും തൂക്കത്തിലും കൃത്രിമം ചെയ്യൽ, വഞ്ചന, പിടിച്ചുപറി മുതലായ പല അക്രമവും അവരിൽ സർവ്വത്ര പതിവായിരുന്നു.

85. എന്റെ ജനമേ, നീതിയോടെ അളവും തൂക്കവും തികച്ചു കൊടുക്കുവിൻ. ജനങ്ങൾക്ക് ആവരുടെ സാധനങ്ങളിൽ കുറവ് വരുത്തരുത്.ഭൂമിയിൽ നാശകാരികളായി നിങ്ങൾ കുഴപ്പം പ്രവർത്തിക്കുകയും ചെയ്യരുത്.

86. അല്ലാഹു അവശേഷിപ്പിച്ചു തരുന്ന(ലാഭമാകുന്നു) നിങ്ങൾക്ക് ഏറ്റവും ഉത്തമമായിട്ടുള്ളത്- നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ. ഞാൻ നിങ്ങളുടെ മേൽനോട്ടക്കാരനൊന്നുമല്ല.

87. അവർ പറഞ്ഞു: ഹേ ശുഐബേ, ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചുകൊണ്ടിരിക്കുന്ന (ദൈവങ്ങളെ) ഞങ്ങൾ ഉപേക്ഷിക്കണമെന്നും, ഞങ്ങളുടെ ധനം ഞങ്ങളുടെ ഇഷ്ടാനുസാരം കൈകാര്യം ചെയ്യരുതെന്നും നിന്നോട് കല്പിക്കുന്നത് നിന്റെ നമസ്കാരമാണോ? നിശ്ചയമായും നീ വിവേകശാലിയും സന്മാർഗിയും തന്നെ.

88. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ കാണുന്നുവോ- ഞാൻ എന്റെ രക്ഷിതാവിൽ നിന്നുള്ള വ്യക്തമായ തെളിവിന്മേൽ ആയിരിക്കുകയും, അവൻ എനിക്കു തന്റെ പക്കൽ നിന്നുള്ള ഉത്തമമായ ഉപജീവനം നൽകിയിരിക്കുകയുമാണെങ്കിൽ (എനിക്കെങ്ങനെ സത്യം മറച്ചുവെക്കാൻ സാധിക്കും?)യാതൊന്നിൽനിന്ന് നിങ്ങളെ ഞാൻ വിലക്കുന്നുവോ, അതിൽ നിന്ന് വ്യത്യസ്തനായി ഞാൻ അത് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എനിക്ക് കഴിയുന്നിടത്തോളം നന്മ വരുത്തണമെന്നല്ലാതെ ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹുവിന്റെ ഉതവിയാലല്ലാതെ എനിക്കൊന്നിനും ഒരു കഴിവും കിട്ടുന്നില്ല. ഞാൻ അവനിൽ ഭരമേല്പിച്ചിരിക്കുന്നു. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു.

89. എന്റെ ജനമേ,(നിങ്ങൾക്ക്)എന്നോടുള്ള ശത്രുത നൂഹിന്റെ ജനത്തെയോ ഹൂദിന്റെ ജനത്തെയോ സ്വാലിഹിന്റെ ജനത്തെയോ ബാധിച്ചതു പോലെയുള്ള ശിക്ഷ നിങ്ങൾക്കും ബാധിക്കുവാൻ ഇടവരുത്താതിരിക്കട്ടെ. ലൂത്വിന്റെ ജനം നിങ്ങളിൽനിന്ന് അകലെയല്ലതാനും.

90. നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പൊറുത്തു തരുവാനപേക്ഷിക്കുവിൻ!എന്നിട്ട് അവനിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുവിൻ. തീർച്ചയായും എന്റെ നാഥൻ പരമ ദയാലുവും ഏറെ സ്നേഹമുള്ളവനുമാകുന്നു.

91. അവർ പറഞ്ഞു: ഹേ ശുഐബേ, നീ പറയുന്നതിൽ അധികവും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഞങ്ങളേക്കാൾ ദുർബലനായി നിന്നെ ഞങ്ങൾ തീർച്ചയായും കാണുന്നു. നിന്റെ കുടുംബമില്ലായിരുന്നെങ്കിൽ നിന്നെ ഞങ്ങൾ എറിഞ്ഞുകൊല്ലുകതന്നെ ചെയ്യുമായിരുന്നു. നീ ഞങ്ങളുടെ അടുക്കൽ പ്രതാപശാലിയൊന്നുമല്ല.

92. (ശുഐബ്) ചോദിച്ചു: എന്റെ ജനമേ, എന്റെ കുടുംബമാണോ അല്ലാഹുവിനെക്കാൾ നിങ്ങൾക്ക് പ്രതാപമുള്ളവർ. അവനെ നിങ്ങൾ നിങ്ങളുടെ പിന്നിലേക്ക് പുറം തള്ളുകയാണോ? നിശ്ചയമായും എന്റെ രക്ഷിതാവ് നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാണ്.

93. എന്റെ ജനമേ,നിങ്ങൾ നിങ്ങളുടെ വഴിക്ക് പ്രവർത്തിച്ചുകൊള്ളുവിൻ.തീർച്ചയായും ഞാൻ (എന്റെ വഴിക്കും)പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.ആർക്കാണ് അപമാനകരമായ ശിക്ഷ വന്നെത്തുകയെന്നും ആരാണ് കള്ളംപറയുന്നവരെന്നും ഉടനെതന്നെ നിങ്ങൾ അറിയാറാകും. നിങ്ങൾ കാത്തിരുന്നുകൊള്ളുക.തീർച്ചയായും ഞാനും നിങ്ങളോടൊപ്പംകാത്തിരിക്കുന്നുണ്ട്

94. നമ്മുടെ കല്പന വന്നപ്പോൾ ശുഐബിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നാം നമ്മുടെ കാരുണ്യത്താൽ രക്ഷപ്പെടുത്തി.അക്രമം പ്രവർത്തിച്ചവരെ ഘോരഗർജനം പിടികൂടുകയും ചെയ്തു. അങ്ങനെ,അവർ പ്രഭാതത്തിൽ തങ്ങളുടെ വീടുകളിൽ (ചത്ത്)കമിഴ്ന്നുവീണു കിടക്കുന്നവരായിത്തീർന്നു.

95. അവർ അവിടെ പാർത്തിട്ടേയില്ലാത്തതുപോലെ.അറിയുവിൻ!സമൂദ് ദൂരെ തൂത്തെറിയപ്പെട്ട തുപോലെ മദ്യൻ(ജനതയും) തൂത്തെറിയപ്പെട്ടു.

96. നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ സാക്ഷ്യവുമായി മൂസായെ നാം തീർച്ചയായും അയ ച്ചു

97. ഫിർഔന്റെയും അവന്റെ പ്രധാനികളുടെയും അടുത്തേക്ക്. പക്ഷേ, അവർ ഫിർഔന്റെ കൽപന പിൻപറ്റുകയാണുണ്ടായത്. ഫിർഔന്റെ കൽപനയോ, സന്മാർഗത്തിലുള്ളതായിരു ന്നില്ല.

98. ഉയിർത്തെഴുന്നേൽപുനാളിൽ അവൻ തന്റെ ജനതയുടെ മുമ്പിലുണ്ടായിരിക്കും. അങ്ങനെ അവൻ അവരെ നരകത്തിലേക്ക് കൊണ്ടുപോകും.(അവർ) ആനയിക്കപ്പെടുന്ന ആ സ്ഥാനം എത്ര ചീത്ത.

99. ഈ ലോകത്തും ഉയിർത്തെഴുന്നേൽപുനാളിലും ശാപം അവരെ പിന്തുടരും. (അവർക്ക്) സമ്മാനിക്കപ്പെടുന്ന സമ്മാനം ചീത്ത തന്നെ.

100. ഇത് പട്ടണങ്ങളുടെ വൃത്താന്തങ്ങളിൽപെട്ട ചിലതാകുന്നു.നാമത് നിനക്ക് വിവരിച്ചു തരു ന്നു. അവയിൽ ചിലത് ഇന്നും നിലനിൽക്കുന്നുണ്ട്. ചിലതു നശിച്ചുപോയിരിക്കുന്നു.

101. നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷേ, അവർ തങ്ങളോടു തന്നെ അക്രമം പ്രവർ ത്തിക്കുകയായിരുന്നു. നിന്റെ രക്ഷിതാവിന്റെ കല്പന വന്നപ്പോൾ അല്ലാഹുവെ വിട്ട് അവർ വിളിച്ചർത്ഥിച്ചിരുന്ന അവരുടെ ദൈവങ്ങൾ അവർക്ക് ഒട്ടും പ്രയോജനം ചെയ്തില്ല. അവർക്കവ നാശമല്ലാതൊന്നും വർദ്ധിപ്പിച്ചുമില്ല.

101.ആ സമുദായങ്ങൾക്കു സംഭവിച്ച നാശത്തിനു കാരണം അവർ അവരോടുതന്നെ ചെയ്ത അക്രമഫല മായിരുന്നു. അല്ലാഹു തന്റെ വേദങ്ങളിലൂടെയും പ്രവാചകന്മാരിലൂടെയും മനുഷ്യർക്ക് സത്യജ്ഞാനം ലഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പ്രവാചകന്മാരും വേദങ്ങളും അവതരിപ്പിച്ചിട്ടുള്ള ജ്ഞാനങ്ങ ളുടെ സാധുത സദാ പരിശോധിച്ചുനോക്കാനുള്ള ബുദ്ധിപരവും ശാസ്ത്രീയവുമായ ഉപാധികൾ മനു ഷ്യന് നൽകിയിട്ടുമുണ്ട്. ശരിയായി ചിന്തിക്കാതിരിക്കുകയോ പ്രവാചകന്മാരുടെ ഉൽബോധനം വഴി സന്മാർഗം സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന വ്യക്തിയും സംഘവും നാശം നേരിടുന്നുവെങ്കിൽ, അവർ തന്നെയാണ് അവരുടെ ദുർഭഗമായ പര്യവസാനത്തിന്റെ ഉത്തരവാദികൾ.

102. അക്രമിയായ ഒരു നാട്ടിനെ പിടികൂടുകയാണെങ്കിൽ ഇവ്വിധമാണ് നിന്റെ നാഥൻ പിടി കൂടുക. അവന്റെ പിടിത്തം വേദനയേറിയതും അതികഠിനവുംതന്നെയാകുന്നു.

103. പരലോകശിക്ഷയെ ഭയപ്പെടുന്നവർക്ക് ഇതിൽ നിശ്ചയമായും ദൃഷ്ടാന്തമുണ്ട്.അത് സകല മനുഷ്യരും സമ്മേളിക്കപ്പെടുന്ന ഒരു ദിവസമായിരിക്കും. എല്ലാറ്റിനും സാക്ഷ്യമുണ്ടാകുന്ന ദിവസവുമായിരിക്കും അത്.

103. ആയിരക്കണക്കിൽ കൊല്ലങ്ങളായി മനുഷ്യവംശത്തിന്റെ തുടർച്ചയായ അനുഭവങ്ങൾ പരലോകം ഒരു യാഥാർത്ഥ്യമാണെന്നും അതിനെ നിഷേധിക്കുന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം നാശകരമാ ണെന്നും സ്ഥാപിക്കുന്നുണ്ട്. വിവിധ ജനസമുദായങ്ങളെ ബാധിച്ച ശിക്ഷകൾ ഒരു പരിധിവരെ രക്ഷാ ശിക്ഷകളുടെ നിയമത്തിന്റെയും നീതിയുടെയും ധാർമ്മികതാല്പര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടെങ്കിലും വലിയ ഒരളവോളം അത് വീണ്ടും അവശേഷിക്കുന്നുണ്ട്. കാരണം ശിക്ഷ വന്നു ഭവിക്കുമ്പോൾ നില വിലുള്ള ജനങ്ങളെ മാത്രമേ അത് ബാധിക്കുന്നുള്ളു. നാശത്തിന്റെ വിത്തു വിതച്ചവർ അപ്പോഴേക്കും ഈ ലോകത്തോട് വിടവാങ്ങിപ്പോയിട്ടുണ്ടായിരിക്കാം. അതുകൊണ്ട് പൂർണ്ണമായ രക്ഷാശിക്ഷകൾക്കുള്ള സമയം ആഗതമാവുന്നത്, എല്ലാ മനുഷ്യരുടെയും ഐഹികജീവിതം സമാപിക്കുകയും കർമ്മപുസ്തകം അടച്ചുവെക്കുകയും എല്ലാമനുഷ്യരും ഒരുമിച്ചു സമ്മേളിക്കുകയും ചെയ്യുന്ന ഒരു ദിവസമായിരിക്കുമെ ന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. അന്നാളിൽ സംഭവിക്കുന്നതൊക്കെയും എല്ലാവരുടെയും കൺമുമ്പിൽ

വെച്ചായിരിക്കുകയും ചെയ്യും. മനുഷ്യൻ തന്റെ രക്ഷാശിക്ഷകൾ അനുഭവിക്കുന്നതിനുവേണ്ടി ഭൂമിയിൽ തന്നെ വീണ്ടും വീണ്ടും ജന്മമെടുക്കുന്നു എന്ന് വിശ്വസിക്കുന്നവർ പരിപൂർണ്ണ രക്ഷാശിക്ഷയിലുള്ള ഈ വലിയ സത്യം കാണാതെ പോവുകയാണ് ചെയ്യുന്നത്.

---

104. നിശ്ചയിക്കപ്പെട്ട ഒരവധി വരെയല്ലാതെ നാം അത് നീട്ടിവെക്കുകയില്ല.

105. അത് ആഗതമാകുന്ന നാളിൽ അല്ലാഹുവിന്റെ അനുമതിയോടെയല്ലാതെ ആർക്കും ഒന്നും സംസാരിക്കാനാവില്ല.അപ്പോൾ അവരുടെ കൂട്ടത്തിൽ നിർഭാഗ്യവാന്മാരും സൗഭാഗ്യവാന്മാരുമുണ്ടാകും.

106. എന്നാൽ നിർഭാഗ്യവാന്മാരാവട്ടെ അവർ നരകത്തിലായിരിക്കും. അവർക്കവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണുണ്ടായിരിക്കുക.

107. ആകാശങ്ങളും ഭൂമിയും നിലനിൽക്കുവോളം അവർ അവിടെ സ്ഥിരവാസികളായിരിക്കും. നിന്റെ രക്ഷിതാവ് ഇച്ഛിക്കുന്ന കാലമൊഴികെ. തീർച്ചയായും നിന്റെ നാഥൻ ഇച്ഛിക്കുന്നതെന്തും പ്രവർത്തിക്കുന്നവനത്രെ.

108. എന്നാൽ സൗഭാഗ്യം സിദ്ധിച്ചവരോ, അവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും ഉള്ളിടത്തോളം കാലം അവർ അതിൽ നിത്യവാസികളായിരിക്കും. നിന്റെ നാഥൻ ഇച്ഛിക്കുന്ന കാലമൊഴികെ. ഒടുക്കമില്ലാത്ത ഒരു ദാനമായിരിക്കും അത്.

109. ഇക്കൂട്ടർ ആരാധിച്ചുകൊണ്ടിരിക്കുന്ന (ദൈവങ്ങളെക്കുറിച്ച്) നീ യാതൊരു സംശയത്തിലും അകപ്പെടരുത്. മുമ്പ് അവരുടെ പിതാക്കന്മാർ ആരാധിച്ചിരുന്നതുപോലെ (അന്ധമായി) ആരാധിച്ചുവരികയാണിവർ.തീർച്ചയായും അവർക്കുള്ള വിഹിതം ഒട്ടും കുറവുവരുത്താതെ നാം അവർക്ക് പൂർത്തീകരിച്ചുകൊടുക്കുന്നതാകുന്നു.

---

109.അല്ലാഹുവെ വിട്ട് മറ്റ് മിഥ്യാ ദൈവങ്ങൾക്ക് സമർപ്പിക്കുന്ന ആരാധനയും നേർച്ചാ വഴിപാടുകളും പ്രാർത്ഥനകളും ഏതെങ്കിലും ജ്ഞാനത്തിന്റെയോ അനുഭവത്തിന്റെയോ സന്മാർഗദർശനത്തിന്റെയോ അടിസ്ഥാനത്തിലുള്ളതല്ല, മറിച്ച് അവരുടെ മുൻഗാമികളെ അവർ അന്ധമായി അനുകരിക്കുക മാത്രമാണ് .

നൂഹ്, ആദ്, സമൂദ്, ലൂത്വ്, ശുഐബ്,ഫിർഔൻ എന്നിവരുടെ ജനസമൂഹങ്ങളെല്ലാം ബഹുദൈവാരാധനയിൽ അകപ്പെട്ടവരായിരുന്നു. നേർച്ചകളാലും വഴിപാടുകളാലും അവരുടെ ആരാധ്യരെ പ്രീതിപ്പെടുത്തിയാൽ അവരെ സകല വിപത്തുകളിൽനിന്നും രക്ഷപ്പെടുത്തുമെന്ന് അവർ വിശ്വസിച്ചിരുന്നു. എന്നാൽ ആ ജനതകൾ നശിപ്പിക്കപ്പെടണമെന്ന് അല്ലാഹുവിങ്കൽനിന്ന് വിധിയുണ്ടായപ്പോൾ അവർ പൂജിച്ചുകൊണ്ടിരുന്ന ദേവീദേവന്മാരോ, പുണ്യാത്മാക്കളോ, ജിന്നുകളോ മലക്കുകളോ ആരും അവരെ സഹായിക്കാനുണ്ടായില്ല.

അതിനാൽ അവരുടെ സാങ്കൽപികദൈവങ്ങൾ കാരണമായി അവർക്ക് എന്തെങ്കിലും ഉപകാരം കിട്ടുമെന്ന് ബുദ്ധിയുള്ള മനുഷ്യർ സംശയിച്ചുപോകരുത്.

---

110. മൂസാക്കു നാം വേദഗ്രന്ഥം നൽകുകയുണ്ടായി. എന്നിട്ട് അതിന്റെ കാര്യത്തിൽ ഭിന്നതകളുണ്ടായി. നിന്റെ നാഥനിൽ നിന്ന് മുൻകടന്ന ഒരു വചനം ഇല്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ കാര്യം തീരുമാനിക്കപ്പെടുമായിരുന്നു. തീർച്ചയായും അവർ ഇതിനെപറ്റി ആശങ്കാകുലമായ സംശയത്തിലാണ്.

111. തീർച്ചയായും അവരിൽ ഓരോരുത്തർക്കും നിന്റെ നാഥൻ അവരവരുടെ പ്രവർത്തനഫലങ്ങൾ തികച്ചു കൊടുക്കുകതന്നെ ചെയ്യും. തീർച്ചയായും അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി നന്നായറിയുന്നവനാണവൻ.

112. അതുകൊണ്ട് നിന്നോട് കല്പിക്കപ്പെട്ടതുപോലെ നീയും നിന്നോടൊപ്പം(അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു) മടങ്ങിയവരും സന്മാർഗ്ഗത്തിൽ ഉറച്ചുനില്ക്കുക. (അല്ലാഹുവിന്റെ

പരിധികളെ)അതിക്രമിക്കുകയും അരുത്.തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നത് എന്തും അവൻ കാണുന്നവനാണ്.

113. അക്രമികളുടെ ഭാഗത്തേക്ക് നിങ്ങൾ ചായരുത്.അങ്ങനെ ചെയ്താൽ നരകം നിങ്ങളെ സ്പർശിക്കുന്നതാണ്. അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് രക്ഷാധികാരികളേ ഇല്ല. പിന്നീട് നിങ്ങൾ സഹായിക്കപ്പെടുന്നതല്ല.

114. പകലിന്റെ രണ്ടറ്റങ്ങളിലും രാവ് അല്പം ചെല്ലുമ്പോഴും നീ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക. തീർച്ചയായും നന്മകൾ തിന്മകളെ ദൂരീകരിക്കുന്നു. ചിന്തിച്ചു ഗ്രഹിക്കുന്നവർക്കുള്ള ഉദ്ബോധനമാണിത്.

115. നീ ക്ഷമിക്കുക. സുകൃതികൾക്കുള്ള പ്രതിഫലം അല്ലാഹു അശേഷം പാഴാക്കുകയില്ല.

116. നിങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയ തലമുറകളിൽ, ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നത് തടയുന്ന(നന്മയുടെ)പാരമ്പര്യമുള്ള ഒരു സമൂഹം ഉണ്ടാകാതിരുന്നത് എന്തുകൊണ്ട്? അവരിൽ നിന്നും നാം രക്ഷപ്പെടുത്തിയവരിൽപെട്ട അൽപം ആളുകളല്ലാതെ. അക്രമികളാകട്ടെ അവർക്ക് നല്കപ്പെട്ട സുഖഭോഗങ്ങളുടെ പിറകെ പോവുകയാണുണ്ടായത്. അവർ കുറ്റവാളികളായിരുന്നു.

117. നാട്ടുകാർ നന്മ ചെയ്യുന്നവനായിരിക്കെ നിന്റെ നാഥൻ ആ നാടുകളെ അന്യായമായി നശിപ്പിക്കുകയില്ല.

---

117.ഒരു സമൂഹത്തിൽ തന്റെ അടിമകൾ നന്മ പ്രവർത്തിച്ചുകൊണ്ടിരിക്കെ അല്ലാഹു വെറുതെ അവരെ പിടിച്ച് ശിക്ഷിക്കുന്നതല്ല. അവരിൽ നന്മയിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും തിന്മ വിലക്കുകയും ചെയ്യാൻ മതിയായ സദ്വൃത്തരുണ്ടെങ്കിൽ അവർക്ക് സ്ഥിതി മെച്ചപ്പെടുത്താനുള്ള അവസരം അല്ലാഹു നൽകുന്നു. ആ നല്ല വ്യക്തികൾ കഠിനമായ ത്യാഗപരിശ്രമങ്ങൾ ചെയ്തിട്ടും അവർ പറയുന്നത് ആരും കേൾക്കാത്തവിധം സമൂഹം ഒന്നാകെ ധർമ്മക്ഷയത്തിലകപ്പെടുകയാണെങ്കിൽ ഏത് നിമിഷവും അല്ലാഹുവിന്റെ ശിക്ഷ അവരുടെ തലക്കുമുകളിൽ തൂങ്ങി നിൽക്കും.

---

118. നിന്റെ രക്ഷിതാവ് നിശ്ചയിച്ചിരുന്നെങ്കിൽ, മനുഷ്യരെ മുഴുവൻ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷേ, അവർ ഭിന്നിച്ചുകൊണ്ടേയിരിക്കും.

119. നിന്റെ രക്ഷിതാവ് കരുണ ചെയ്തവരൊഴികെ(അവർ ഭിന്നിക്കുകയില്ല.) അതിനുവേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചത്. ജിന്നുവർഗത്തിലും മനുഷ്യവർഗത്തിലും പെട്ടവരെക്കൊണ്ട് നാം നരകത്തെ നിറക്കുകതന്നെ ചെയ്യുമെന്ന നിന്റെ നാഥന്റെ വചനം പൂർത്തിയായിരിക്കുന്നു.

---

119.മനുഷ്യനൊഴിച്ചുള്ള ഇതര സൃഷ്ടികൾക്ക് നിർബന്ധിതമായി ഒരേ മാർഗ്ഗത്തിലൂടെ നീങ്ങാൻ മാത്രമേ സാധിക്കുകയുള്ളൂ. അവ ആശയാദർശങ്ങൾ സൃഷ്ടിക്കുന്നില്ല. ഭൂമിയിൽ കഴപ്പങ്ങൾ ഉണ്ടാക്കുന്നുമില്ല.

എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം വിഭിന്നങ്ങളായ ആശയാദർശങ്ങൾ സ്വീകരിക്കാൻ സ്വാതന്ത്ര്യമുള്ള നിലയിലാണ് സൃഷ്ടിച്ചിട്ടുള്ളത്. മനുഷ്യരെയെല്ലാം ഏതെങ്കിലും വിധത്തിൽ സന്മാർഗ്ഗത്തിലേക്ക് കൊണ്ടുവരിക അല്ലാഹുവിന്റെ ഉദ്ദേശ്യമല്ല. അതായിരുന്നു ആവശ്യമെങ്കിൽ പ്രവാചക നിയോഗത്തിന്റെയും വേദാവതരണത്തിന്റെയും ആവശ്യമുണ്ടായിരുന്നില്ല. അല്ലാഹുവിന്റെ സൃഷ്ടിശക്തിയുടെ നേരിയൊരാംശ്യംകൊണ്ടുമാത്രം സാധിക്കുമായിരുന്നു അത്.എന്നാൽ സത്യത്തെ തെളിവ് സഹിതം മനുഷ്യരുടെ മുമ്പിൽ സമർപ്പിക്കുകയും എന്നിട്ടു തങ്ങളുടെ ശരിയായ ചിന്താശക്തി ഉപയോഗപ്പെടുത്തി അതവർ തിരിച്ചറിയുകയും, തികച്ചും സ്വതന്ത്രമായി അതിൽ വിശ്വസിക്കുകയും ചെയ്യണമെന്നാണ് അല്ലാഹു ഇച്ഛിച്ചിട്ടുള്ളത്. അങ്ങനെ മാനവസമൂഹത്തിൽ സത്യമതത്തെ അതിന്റെ സ്വാഭാവിക വളർച്ചയിലൂടെ ലക്ഷ്യത്തിലെത്തിക്കണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

അതിനാല്‍ മനുഷ്യന് ശരിയായ മാര്‍ഗ്ഗദര്‍ശത്തിനായി അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുകയും ഗ്രന്ഥങ്ങള്‍ അവതരിപ്പിക്കുകയും ചെയ്തു. ഇതില്‍ ഏതുമാര്‍ഗ്ഗവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും തന്റെ ഇഷ്ടാനുസാരം ആ മാര്‍ഗ്ഗത്തിലൂടെ ചരിക്കാനുള്ള കഴിവും അവസരവും അവന് നല്‍കുകയും ചെയ്തിരിക്കുന്നു. മനുഷ്യനെ ഉത്തരവാദപ്പെട്ട സൃഷ്ടിയെന്ന നിലയില്‍ ഇഹലോകത്ത് നിയോഗിക്കുകയും അനുസരണത്തിനും അനുസരണക്കേടിനും സ്വാതന്ത്ര്യം നല്‍കി ഐഹികജീവിതത്തെ ഒരു പരീക്ഷണഘട്ടമാക്കുകയും സ്വന്തം പരിശ്രമത്തിനൊത്ത് നല്ലതോ തീയതോ ആയ പ്രതിഫലദാനത്തിനു ഒരു സമയം നിശ്ചയിച്ചതുമെല്ലാം അല്ലാഹുവിന്റെ അതി മഹത്തായ യുക്തിവൈഭവത്തിന്റെ താല്‍പര്യമത്രെ.

---

120. ദൈവദൂതന്മാരുടെ വൃത്താന്തങ്ങളില്‍നിന്ന് നിന്റെ മനസ്സിന് ദൃഢത നല്‍കുന്നതെല്ലാം നിനക്ക് നാം വിവരിച്ചു തരുന്നു.ഇതിലൂടെ നിനക്ക് സത്യജ്ഞാനവും സത്യവിശ്വാസികള്‍ക്ക് സദുപദേശവും ഉല്‍ബോധനവും വന്നെത്തിയിരിക്കുന്നു.

121. വിശ്വസിക്കാത്തവരോട് പറയുക:നിങ്ങള്‍ നിങ്ങളുടെ വഴിക്കു പ്രവര്‍ത്തിക്കുവിന്‍.തീര്‍ച്ചയായും ഞങ്ങളും പ്രവര്‍ത്തിക്കുന്നുണ്ട്.

122. നിങ്ങള്‍ കാത്തിരിക്കുക. തീര്‍ച്ചയായും ഞങ്ങളും കാത്തിരിക്കുകയാണ്.

123. ആകാശങ്ങളിലും ഭൂമിയിലും മറഞ്ഞിരിക്കുന്നതൊക്കെയും അല്ലാഹുവിനുള്ളതാണ്. എല്ലാ കാര്യവും അവങ്കലേക്ക് മടക്കപ്പെടും. അതിനാല്‍ നീ അവനുമാത്രം വഴിപ്പെടുകയും അവനില്‍ ഭരമേല്‍പിക്കുകയും ചെയ്യുക. നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റിയൊന്നും നിന്റെ നാഥന്‍ അശ്രദ്ധനല്ല.

---

*****

## അധ്യായം 12

# യൂസുഫ്

**അവതരണം മക്കയിൽ, വചനങ്ങൾ 111**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. അലിഫ് -ലാം -റാ. സുവ്യക്തമായ വേദഗ്രന്ഥത്തിലെ വചനങ്ങളാണിവ.

2. തീർച്ചയായും നാം ഇതിനെ അറബിഭാഷയിൽ വായിക്കപ്പെടുന്ന പുസ്തകമാക്കി അവതരിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി.

3. നിനക്ക് ഈ ഖുർആൻ ബോധനമായി നൽകിയതിലൂടെ നാം നിനക്ക് ഏറ്റവും നല്ല ചരിത്ര കഥകൾ വിവരിച്ചു തരികയാണ്. ഇതിനുമുമ്പ് നീ (ഈ സംഗതികളെക്കുറിച്ച്) അറിവില്ലാത്തവനായിരുന്നുവല്ലോ.

3. മക്കയിലെ ചില ആളുകൾ നബി(സ)യോട് യൂസുഫ് നബിയെപ്പറ്റി ചോദിക്കുകയുണ്ടായി. ഈ ചോദ്യത്തിനുത്തരമായി ഉടനെ യൂസുഫ്നബി(അ)യുടെ കഥ പൂർണമായി അവരുടെ മുമ്പിൽ അല്ലാഹു അവതരിപ്പിച്ചു.

4. യൂസുഫ് തൻെറ പിതാവിനോട് പറഞ്ഞ സന്ദർഭം:പ്രിയ പിതാവേ, പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും എനിക്കു സാഷ്ടാംഗം ചെയ്യുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു.

5. അദ്ദേഹം പറഞ്ഞു: എൻെറ കുഞ്ഞേ! നിൻെറ ഈ സ്വപ്നത്തെപ്പറ്റി നിൻെറ സഹോദരന്മാർക്ക് വിവരിച്ചുകൊടുക്കരുത്. അവർ നിനക്കെതിരെ വല്ല തന്ത്രവും പ്രയോഗിക്കും. തീർച്ചയായും പിശാച് മനുഷ്യൻെറ പ്രത്യക്ഷ ശത്രുവാകുന്നു.

5. ഇബ്റാഹീം നബി(അ)യുടെ മകൻ, ഇസ്ഹാഖ് നബി(അ)യുടെ മകൻ, യഅ്ഖൂബ്(അ)യുടെ മകനാണ് യൂസുഫ്(അ).
സ്വപ്നത്തിൻെറ വ്യാഖ്യാനം ഇതായിരുന്നു: സ്വപ്നത്തിൽ കണ്ട പതിനൊന്ന് നക്ഷത്രങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്ന പതിനൊന്ന് സഹോദരന്മാരും, സൂര്യൻ എന്നതുകൊണ്ട് പിതാവ് യഅ്ഖൂബ് നബി(അ)യും, ചന്ദ്രൻ അദ്ദേഹത്തിൻെറ പത്നി(യൂസുഫിൻെറ ചിറ്റമ്മ)യുമാണ് ഉദ്ദേശ്യം. അവരെല്ലം ഒരുകാലത്തു അദ്ദേഹത്തിൻെറ മുന്നിൽ തലകുനിക്കേണ്ടിവരുമെന്നുമായിരുന്നു ആ സ്വപ്നത്തിൻെറ പൊരുൾ.
യൂസുഫി(അ)ൻെറ ചിറ്റമ്മമാരിൽനിന്നുള്ള പത്തു സഹോദരന്മാർ അദ്ദേഹത്തോട് അസൂയയുള്ളവരായിരുന്നു. സ്വപ്നത്തെപ്പറ്റി സഹോദരന്മാർ അറിഞ്ഞാൽ അവർക്ക് യൂസുഫിനോട് വിദ്വേഷം തോന്നുകയും, യൂസുഫിനെതിരെ ഗൂഢാലോചന നടത്താൻ പിശാച് അവരെ പ്രേരിപ്പിക്കുകയും ചെയ്യേക്കുമോ എന്നാണ് സ്നേഹമുള്ള ആ പിതാവിൻെറ ഉൽകണ്ഠ. അതിനാൽ അവരെ സൂക്ഷിച്ചുകൊള്ളണമെന്ന് തൻെറ സദ്വൃത്തനായ മകനെ അദ്ദേഹം ഉണർത്തി.

6. അപ്രകാരം നിൻെറ രക്ഷിതാവ് നിന്നെ തെരഞ്ഞെടുക്കുകയും കാര്യങ്ങളുടെ ആന്തരാർത്ഥം നിന്നെ പഠിപ്പിക്കുകയും, അവൻെറ അനുഗ്രഹത്തെ നിൻെറ മേലും യഅഖൂബ് കുടുംബത്തിൻെറ മേലും അവൻ പൂർത്തിയാക്കിത്തരികയും ചെയ്യും. അവൻ നേരത്തെ നിൻെറ രണ്ടു പൂർവപിതാക്കളായ ഇബ്റാഹീമിനും ഇസ്ഹാഖിനും അത് പൂർത്തീകരിച്ചുകൊടുത്തപോലെ. തീർച്ചയായും നിൻെറ നാഥൻ എല്ലാം അറിയുന്നവനും യുക്തിമാനുമാണ്.

7. തീർച്ചയായും യൂസുഫിലും അദ്ദേഹത്തിൻെറ സഹോദരന്മാരിലും ചോദിച്ചറിയുന്നവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.
8. (അദ്ദേഹത്തിൻെറ സഹോദരന്മാർ പരസ്പരം)പറഞ്ഞ സന്ദർഭം:യൂസുഫുംഅവൻെറ സഹോദരനുമാണ് നമ്മെക്കാൾ പിതാവിന് കൂടുതൽ ഇഷ്ടപ്പെട്ടവർ. നമ്മളാകടെ (വലിയ) സംഘവുമാണ്. തീർച്ചയായും നമ്മുടെ പിതാവ് വ്യക്തമായ വഴികേടിൽതന്നെയാണ്.

8. യഅഖൂബ് നബി(അ)യുടെ മറ്റൊരു പേരാണ് ഇസ്രാഈൽ (ദൈവത്തിൻെറ പടയാളി). അദ്ദേഹത്തിൻെറ പന്ത്രണ്ട് മക്കളുടെ സന്താന പരമ്പരകൾക്കാണ് 'ബനു ഇസ്രാഈൽ' (ഇസ്രയേൽ സന്തതികൾ) എന്ന് പറഞ്ഞു വരുന്നത്.പന്ത്രണ്ടു മക്കളിൽ അവസാനത്തെ രണ്ടു മക്കളായിരുന്നു യൂസുഫും സഹോദരൻ ബിൻയാമീനും. ഇവർ രണ്ടാളും ഒരു മാതാവിൽനിന്നുള്ളവരായിരുന്നു. ബിൻയാമിൻ യൂസുഫിനേക്കാൾ കുറേ വയസ്സിന് ഇളയതായിരുന്നു. അദ്ദേഹത്തിൻെറ ജനനസമയത്ത് മാതാവ് മരിച്ചുപോയി. ഇതായിരുന്നു ഈ രണ്ട് കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുവാൻ യഅഖൂബ് നബിയെ പ്രേരിപ്പിച്ചത്. അതുകാരണം മൂത്ത പുത്രന്മാർക്ക് അവരുടെ നേരെ കടുത്ത അസൂയ തോന്നിയിരുന്നു.

9. നിങ്ങൾ യൂസുഫിനെ കൊന്നുകളയുക. അല്ലെങ്കിൽ വല്ല ഭൂപ്രദേശത്തും അവനെ കൊണ്ടെറിയുക.എങ്കിൽ നിങ്ങളുടെ പിതാവിൻെറ മുഖം നിങ്ങൾക്ക് (മാത്രമായി)ഒഴിഞ്ഞ് കിട്ടും. അതിനുശേഷം നിങ്ങൾക്ക് നല്ല ആളുകളായി കഴിയുകയും ചെയ്യാം.
10. അപ്പോൾ അക്കൂട്ടത്തിലൊരുവൻ പറഞ്ഞു: യൂസുഫിനെ വധിക്കരുത്. നിങ്ങൾക്ക് വല്ലതും ചെയ്യണമെന്നുണ്ടെങ്കിൽ അവനെ ഏതെങ്കിലും കിണററിൻെറ അടിയിലേക്ക് ഇട്ടേക്കുക. വല്ല സഞ്ചാരികളും അവനെ എടുത്ത് കൊണ്ടുപൊയ്ക്കൊള്ളും.
11. (പിതാവിനോട്)അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, അങ്ങക്കെന്തുപറ്റി? യൂസുഫിൻെറ കാര്യത്തിൽ അങ്ങ് ഞങ്ങളെ വിശ്വസിക്കാത്തത് എന്ത്? ഞങ്ങളാകട്ടെ, തീർച്ചയായും അവൻെറ ഗുണകാംക്ഷികളാകുന്നു.
12. നാളെ അവനെ ഞങ്ങളോടൊപ്പം അയച്ചാലും. അവൻ (തിന്നും കുടിച്ചും യഥേഷ്ടം) കളിച്ചുല്ലസിക്കട്ടെ. തീർച്ചയായും ഞങ്ങൾ അവനെ കാത്തുസൂക്ഷിച്ചുകൊള്ളാം.
13. (പിതാവ്)പറഞ്ഞു: നിങ്ങൾ അവനെ കൊണ്ടുപോകുന്നത് തീർച്ചയായും എനിക്ക് സങ്കടമുണ്ടാക്കുന്നതാണ്. നിങ്ങൾ അവനെപ്പററി അശ്രദ്ധരായിരിക്കെ, ചെന്നായ അവനെ തിന്നേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു.
14. അവർ പറഞ്ഞു: ഞങ്ങൾ (വലിയ) ഒരു സംഘമായിരിക്കെ അവനെ ചെന്നായ (പിടിച്ചു) തിന്നുകയാണെങ്കിൽ, നിശ്ചയമായും അപ്പോൾ ഞങ്ങൾ നഷ്ടക്കാർ തന്നെയാണല്ലോ.
15. അങ്ങനെ അവനെയുംകൊണ്ട് അവർ പോകുകയും, അവനെ കിണററിനടിയിലേക്ക് ഇടുവാൻ അവർ ഒന്നിച്ച് തീരുമാനിക്കുകയും ചെയ്തപ്പോൾ,അവന് നാം ബോധനം നൽകി:നീ അവർക്ക് അവരുടെ ഈ ചെയ്തിയെക്കുറിച്ച് നീ അവരോട് നിശ്ചയമായും വിവരിച്ചുകൊടുക്കുകതന്നെ ചെയ്യും, (അന്ന്) അവർ അതെപ്പററി ബോധവാന്മാരായിരിക്കുകയില്ല.
16. സന്ധ്യാസമയത്ത് അവർ തങ്ങളുടെ പിതാവിൻെറ അടുത്ത് കരഞ്ഞുകൊണ്ടു വന്നു.
17. അവർ പറഞ്ഞു:ഞങ്ങളുടെ പിതാവേ,ഞങ്ങൾ മത്സരിച്ച് ഓടിപ്പോവുകയും, യൂസുഫിനെ ഞങ്ങളുടെ സാധനങ്ങളുടെ അടുത്ത് വിട്ടേക്കുകയും ചെയ്തു. അപ്പോൾ ചെന്നായ അവനെ (പിടിച്ചു)തിന്നു.ഞങ്ങൾ എത്ര സത്യം പറയുന്നവരായാലും അങ്ങ് ഞങ്ങളെവിശ്വസിക്കുകയില്ല.
18. അവൻെറ(യൂസുഫിൻെറ) കുപ്പായത്തിൽ കള്ളച്ചോര പുരട്ടിയാണ് അവർ വന്നത്. (യഅ്ഖൂബ്)പറഞ്ഞു: അല്ല! നിങ്ങളുടെ മനസ്സുകൾ (എന്തോ)ഒരുകാര്യം നിങ്ങൾക്ക് ആകർഷക

മാക്കി.അതിനാൽ ഭംഗിയായ ക്ഷമ കൈക്കൊള്ളുകതന്നെ. നിങ്ങൾ വിവരിച്ചുണ്ടാക്കുന്നതിൽ സഹായം തേടപ്പെടേണ്ടവൻ അല്ലാഹുവത്രെ.

19. ഒരു യാത്രാസംഘം (അതുവഴി) വന്നു. അങ്ങനെ അവർ അവർക്ക് വെള്ളം കൊണ്ടുവരുന്ന വനെ(ആ കിണററിനടുത്തേക്ക്)അയച്ചു. അയാൾ തൻെറ തൊട്ടി ഇറക്കി. അവൻ പറഞ്ഞു: ഹായ് സന്തോഷം. ഇതാ ഒരു ബാലൻ! അവർ ആ കുട്ടിയെ ഒരു കച്ചവടച്ചരക്കാക്കി ഒളി പ്പിച്ചുവെച്ചു.അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പററി അല്ലാഹു സൂക്ഷ്മമായി അറിവുള്ളവ നായിരുന്നു.

20. ഒടുവിൽ അവർ അദ്ദേഹത്തെ തുച്ഛമായ വിലക്ക്-ഏതാനും വെള്ളിക്കാശിന് വിൽക്കുക യും ചെയ്തു. അവരാകട്ടെ, അവനിൽ ഒട്ടും താൽപര്യമില്ലാത്തവരുടെ കൂട്ടത്തിലായിരുന്നു.

21. ഈജിപ്തിൽ, അദ്ദേഹത്തെ (വിലയ്ക്ക്) വാങ്ങിയ ആൾ തൻെറ പത്നിയോട് പറഞ്ഞു: ഇവ ൻെറ (നമ്മുടെ കൂടെയുള്ള)താമസത്തെ നീ മാന്യമാക്കുക. ഇവൻ നമുക്ക് പ്രയോജനപ്പെട്ടേ ക്കാം. അല്ലെങ്കിൽ നമുക്കിവനെ മകനായി സ്വീകരിക്കാം. അങ്ങനെ യൂസുഫിന് നാം ആ ഭൂപ്രദേശത്ത് സൗകര്യമൊരുക്കിക്കൊടുത്തു. സ്വപ്നവാർത്തകളുടെ വ്യാഖ്യാനം അവനെ നാം പഠിപ്പിക്കുന്നതിനുവേണ്ടി. അല്ലാഹു തൻെറ കാര്യം ജയിച്ചടക്കുന്നവനത്രെ. പക്ഷേ,അധിക മനുഷ്യരും അതറിയുന്നില്ല.

22. അവൻ പൂർണവളർച്ച പ്രാപിച്ചപ്പോൾ നാം അവന് യുക്തിബോധവും ജ്ഞാനവും പ്രദാ നം ചെയ്തു. സജ്ജനങ്ങൾക്ക് അപ്രകാരം നാം പ്രതിഫലം നല്കുന്നു.

23. അവൻ(യൂസുഫ്)ഏതൊരുവളുടെ വീട്ടിലാണോ താമസിച്ചിരുന്നത്,അവൾ അവനെ വശീ കരിക്കാൻ ശ്രമിച്ചു. വാതിലുകളടച്ച് അവൾ പറഞ്ഞു: 'നീ ഇങ്ങോട്ട് വരിക.' അവൻ പറഞ്ഞു: അല്ലാഹു ശരണം.നിശ്ചയമായും അവനാണ് എൻെറ രക്ഷിതാവ്. അവൻ എനി ക്കു നല്ലസ്ഥാനം നൽകിയിരിക്കുന്നു. തീർച്ചയായും തെററുചെയ്യുന്നവർ വിജയിക്കുകയില്ല.

---

23. ഖുർആൻ ഈ സ്ത്രീയുടെ പേർ വ്യക്തമാക്കിയിട്ടില്ല. തൽമൂദിൽ 'സുലൈഖാ'(Zelicha-സെലിഖാ) എന്ന് രേഖപ്പെടുത്തിയതായി വ്യാഖ്യാന ഗ്രന്ഥങ്ങളിൽ കാണുന്നു.

---

24. അവൾക്ക് അവനിൽ ആഗ്രഹമുണ്ടായി. തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തം അവൻ കണ്ടി രുന്നില്ലെങ്കിൽ അവളെ അവനും ആഗ്രഹിക്കുമായിരുന്നു.ഇപ്രകാരം(സംഭവിച്ചത്) തിന്മയും നീചവൃത്തിയും അവനിൽനിന്ന് നാം തിരിച്ചു വിടുന്നതിനുവേണ്ടിയത്രെ. തീർച്ചയായും അവൻ നമ്മുടെ നിഷ്കളങ്ക ദാസന്മാരിൽ പെട്ടവനായിരുന്നു.

25. അവർ രണ്ടുപേരും വാതിൽക്കലേക്കു ഓടി. അവൾ പിന്നിൽനിന്ന് അവൻെറ കുപ്പായം (വലിച്ചു)കീറി. വാതിൽക്കൽ അവളുടെ നാഥനെ(ഭർത്താവിനെ) ഇരുവരും കണ്ടുമുട്ടി. അവൾ പറഞ്ഞു: അങ്ങയുടെ ഭാര്യയുടെ കാര്യത്തിൽ ദുരുദ്ദേശ്യം വെച്ചുപുലർത്തിയ ഒരു വൻെറ പ്രതിഫലം, അവൻ ജയിലിലിടക്കപ്പെടുകയോ അല്ലെങ്കിൽ വേദനയേറിയ ശിക്ഷയോ ആയിരിക്കണം.

26. യൂസുഫ് പറഞ്ഞു: അവളാണ് എന്നെ വശീകരിക്കാൻ ശ്രമിച്ചത്. അവളുടെ കുടുംബ ത്തിൽപെട്ട ഒരു സാക്ഷി ഇപ്രകാരം സാക്ഷ്യം വഹിച്ചു: അവൻെറ കുപ്പായം മുൻവശത്താ ണ് കീറിയതെങ്കിൽ അവൾ സത്യമാണ് പറഞ്ഞത്. അവൻ കളവ് പറയുന്നവരുടെ കൂട്ട ത്തിലാണ്.

27. എന്നാൽ, അവൻെറ കുപ്പായം പിൻവശത്താണ് കീറിയിട്ടുള്ളതെങ്കിൽ അവൾ പറഞ്ഞത് കള്ളമാണ്. അവൻ സത്യം പറഞ്ഞവരുടെ കൂട്ടത്തിലുമാണ്.

28. അങ്ങനെ അവന്റെ(യൂസുഫിന്റെ) കുപ്പായം പിൻഭാഗം കീറിയതായി കണ്ടപ്പോൾ അവൻ (യൂസുഫിനെ വാങ്ങിയ ആൾ) പറഞ്ഞു: തീർച്ചയായും ഇത് നിങ്ങളുടെ (സ്ത്രീകളുടെ) കുതന്ത്രത്തിൽ പെട്ടതാണ്. നിങ്ങളുടെ കുതന്ത്രം ഭയങ്കരം തന്നെ.

29. യൂസുഫ്! നീ ഇത് അവഗണിച്ചേക്കുക. (സ്ത്രീയോട് പറഞ്ഞു): നീ നിന്റെ തെറ്റിന് മാപ്പ് തേടുക. തീർച്ചയായും നീ തെറ്റുകാരിടെ കൊട്ടത്തിലാകുന്നു.

30. പട്ടണത്തിലെ സ്ത്രീകൾ പറഞ്ഞു: പ്രഭുവിന്റെ ഭാര്യ തന്റെ വേലക്കാരനെ വശീകരിക്കാൻ ശ്രമിക്കുന്നു. (അവനോടുള്ള)അനുരാഗം അവളുടെ മനം കവർന്നിരിക്കുന്നു. നിശ്ചയമായും നാം അവളെ വ്യക്തമായ വഴികേടിൽ അകപ്പെട്ടതായി കാണുന്നു.

31. അങ്ങനെ അവരുടെ തന്ത്രത്തെപ്പറ്റി അവൾ കേട്ടപ്പോൾ അവരുടെ അടുത്തേക്ക് അവൾ ആളെ അയക്കുകയും അവർക്ക് ചാരിയിരിക്കാൻ അവൾ ഇരിപ്പിടങ്ങളൊരുക്കുകയും ചെയ്തു. (പഴങ്ങൾ മുറിക്കാൻ)അവരിൽ ഓരോരുത്തർക്കും അവൾ ഓരോ കത്തികൊടുക്കുകയും ചെയ്തു. (യൂസുഫിനോട്)അവൾ പറഞ്ഞു: അവരുടെ മുന്നിലേക്ക് ചെല്ലുക. അങ്ങനെ അവർ അവനെ കണ്ടപ്പോൾ അവർക്ക് അവനെപ്പറ്റി വിസ്മയം തോന്നുകയും (അവരറിയാതെ) അവരുടെ കൈകൾ മുറിക്കുകയുംചെയ്തു. (വിസ്മയ ചിത്തരായി) അവർ പറഞ്ഞുപോയി: അല്ലാഹു എത്ര പരിശുദ്ധൻ! ഇത് ഒരു മനുഷ്യനല്ല. ഇത് മാന്യനായ ഒരു മലക്കല്ലാതാരുമല്ല.

32. (പ്രഭുവിന്റെ ഭാര്യ) പറഞ്ഞു: എന്നാൽ ഏതൊരുവന്റെ കാര്യത്തിൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തിയോ അവനാണിത്. തീർച്ചയായും ഞാൻ ഇവനെ വശീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അപ്പോൾ അവൻ (സ്വയം കളങ്കപ്പെടുത്താതെ)കാത്തുസൂക്ഷിക്കുകയാണ് ചെയ്തത്. ഞാൻ അവനോട് ആജ്ഞാപിക്കുന്നത് അവൻ ചെയ്തില്ലെങ്കിൽ തീർച്ചയായും അവൻ ജയിലിലടക്കപ്പെടുകയും നിന്ദ്യരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും.

33. അവൻ(യൂസുഫ്)പറഞ്ഞു: എന്റെ നാഥാ! ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനേക്കാൾ എനിക്കിഷ്ടം തടവറയാകുന്നു. ഇവരുടെ കുതന്ത്രം നീ എന്നിൽ നിന്ന് തട്ടിമാറ്റുന്നില്ലെങ്കിൽ ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപ്പോകുകയും ചെയ്യും.

34. അപ്പോൾ അവന്റെ രക്ഷിതാവ് അവന്റെ പ്രാർത്ഥന സ്വീകരിച്ചു. അങ്ങനെ അവനിൽ നിന്ന് അവരുടെ കുതന്ത്രത്തെ അവൻ തട്ടിമാറ്റുകയും ചെയ്തു. തീർച്ചയായും അവൻ തന്നെയാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും.

35. പിന്നീട് (യൂസുഫിന്റെ നിരപരാധിത്വത്തിന്റെ) തെളിവുകൾ കണ്ടറിഞ്ഞ ശേഷവും അവനെ ഒരവധിവരെ ജയിലിൽ പാർപ്പിക്കുകതന്നെ വേണമെന്ന് അവർക്ക് തോന്നി.

---

35. യൂസുഫ്നബി കുറ്റക്കാരനല്ലെന്ന് അവിടത്തെ ഭരണാധികാരികൾക്ക് അറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ അതുല്യ സൗന്ദര്യം ഈജിപ്തിലെ നിരവധി മാന്യമഹതികളെ മതിഭ്രമത്തിലകപ്പെടുത്തിയിരുന്നു. അപ്പോൾ പ്രശ്നങ്ങൾ ഒഴിവാക്കാൻ ഈജിപ്തിലെ നേതാക്കന്മാർക്ക് തങ്ങളുടെ സ്ത്രീകളെ നിലക്കുനിർത്തുന്നതിനെക്കാൾ സൗകര്യപ്രദമായ മാർഗം നിരപരാധിയായ യൂസുഫിനെ ജയിലിലയക്കുന്നതാണ് എന്നു തോന്നി. അവസാനം അദ്ദേഹത്തെ അവർ തടവിലാക്കുകയും ചെയ്തു.

---

36. അവനോടൊപ്പം രണ്ടു യുവാക്കളും ജയിലിൽ പ്രവേശിച്ചു. അവരിലൊരുവൻ പറഞ്ഞു: ഞാൻ മദ്യം പിഴിഞ്ഞുകൊണ്ടിരിക്കുന്നതായി സ്വപ്നം കണ്ടിരിക്കുന്നു.മറ്റെയാൾ പറഞ്ഞു: ഞാൻ എന്റെ തലയിൽ റൊട്ടി ചുമക്കുന്നതായും പക്ഷികൾ അതിൽ നിന്ന് തിന്നുന്നതാ

യും സ്വപ്നം കണ്ടിരിക്കുന്നു. ഞങ്ങൾക്ക് ഇതിന്റെ വ്യാഖ്യാനം പറഞ്ഞു തരിക. തീർച്ചയായും താങ്കളെ സദ്വൃത്തനായാണ് ഞങ്ങൾ കാണുന്നത്.

37. അവൻ(യൂസുഫ്) പറഞ്ഞു: നിങ്ങൾക്ക് നൽകപ്പെടാറുള്ള ഭക്ഷണം നിങ്ങൾക്ക് വന്നെത്തുന്നതിനു മുമ്പായി അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാതിരിക്കില്ല. എന്റെ നാഥൻ എനിക്ക് പഠിപ്പിച്ചുതന്നതിൽ പെട്ടതത്രെ അത്. അല്ലാഹുവിൽ വിശ്വസിക്കാത്തവരും പരലോകത്തെ നിഷേധിക്കുന്നവരുമായ ജനത്തിന്റെ മാർഗം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു.

38. എന്റെ പിതാക്കളായ ഇബ്റാഹീമിന്റെയും, ഇസ്ഹാഖിന്റെയും യഅ്ഖൂബിന്റെയും മാർഗമാണ് ഞാൻ പിന്തുടരുന്നത്. അല്ലാഹുവിൽ ഒന്നിനെയും പങ്കുചേർക്കാൻ ഞങ്ങൾക്ക് അനുവാദമില്ല. അല്ലാഹു ഞങ്ങൾക്കും (മറ്റു) മനുഷ്യരോടും ചെയ്ത അനുഗ്രഹങ്ങളിൽപ്പെട്ടതാണിത്. പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദി കാണിക്കുന്നില്ല.

39. എന്റെ രണ്ടു ജയിൽ സ്നേഹിതരേ,വ്യത്യസ്തരായ പല ദൈവങ്ങളാണോ ഉത്തമം? അതല്ല, ഏകനും സർവാധിനാഥനുമായ അല്ലാഹുവാണോ?

40. അവനെക്കൂടാതെ നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതെല്ലാം നിങ്ങളും നിങ്ങളുടെ പൂർവ്വപിതാക്കളും നാമകരണം ചെയ്തതായ (വെറും) പേരുകൾ മാത്രമാണ്. അല്ലാഹു അതിനൊന്നിനും ഒരു പ്രമാണവും ഇറക്കിത്തന്നിട്ടില്ല. വിധികർതൃത്വം അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. അവനെക്കൂടാതെ മറ്റാർക്കും നിങ്ങൾ ആരാധനയർപ്പിക്കരുതെന്ന് അവൻ കല്പിച്ചിരിക്കുന്നു. ഏറ്റം ശരിയായ ജീവിതക്രമം അതാണ്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

41. എന്റെ രണ്ടു ജയിൽ സ്നേഹിതരേ, നിങ്ങളിൽ ഒരുവൻ തന്റെ യജമാനന്ന് മദ്യം കുടിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽ മറ്റവനോ, അവൻ ക്രൂശിക്കപ്പെടുന്നതും അവന്റെ തലയിൽ നിന്ന് പറവകൾ കൊത്തിത്തിന്നുന്നതുമാകുന്നു. നിങ്ങൾ ഇരുവരും ഏതൊരു കാര്യത്തിൽ വിധി തേടിയോ ആ കാര്യം തീരുമാനിക്കപ്പെട്ടിരിക്കുന്നു.

42. അവർ രണ്ടു പേരിൽ രക്ഷപ്പെടുമെന്ന് താൻ കരുതിയ ആളോട് അവൻ (യൂസുഫ്) പറഞ്ഞു: നിന്റെ യജമാനന്റെ അടുക്കൽ നീ എന്നെപ്പറ്റി പറയുക. എന്നാൽ തന്റെ യജമാനനോട് അതേക്കുറിച്ച് പറയുന്ന കാര്യം പിശാച് അയാളെ വിസ്മരിപ്പിച്ചു കളഞ്ഞു. അതിനാൽ (യൂസുഫ്) കൊല്ലങ്ങളോളം ജയിലിൽത്തന്നെ കഴിച്ചുകൂട്ടി.

43. (ഒരിക്കൽ)രാജാവ് പറഞ്ഞു:ഏഴു തടിച്ചു കൊഴുത്ത പശുക്കൾ. അവയെ ഏഴു മെലിഞ്ഞ പശുക്കൾ തിന്നുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. ഏഴു പച്ചക്കതിരുകളും മറ്റു ഏഴ് ഉണങ്ങിയ കതിരുകളും(ഞാൻ കണ്ടു). അല്ലയോ പ്രധാനികളേ! എന്റെ ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം എനിക്ക് പറഞ്ഞുതരിക. നിങ്ങൾ സ്വപ്നവ്യാഖ്യാതാക്കളാണെങ്കിൽ!

44. അവർ പറഞ്ഞു: പലതരം പേക്കിനാവുകൾ! ഞങ്ങൾ പേക്കിനാവുകളുടെ വ്യാഖ്യാനത്തെപ്പറ്റി അറിയുന്നവരുമല്ല.

45. ആ രണ്ടു പേരിൽ(യൂസുഫിന്റെ ജയിൽ സ്നേഹിതർ) രക്ഷപ്പെട്ടവൻ നീണ്ട കാലയളവിനുശേഷം (യൂസുഫിന്റെ കാര്യം) ഓർമ്മിച്ചുകൊണ്ടു പറഞ്ഞു: അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് അറിയിച്ചുതരാം. ആകയാൽ (അതിന്) എന്നെ അയക്കുവിൻ.

46. (അവൻ യൂസുഫിന്റെ അടുത്തു ചെന്നു പറഞ്ഞു:) ഹേ, സത്യസന്ധനായ യൂസുഫ്! ഏഴു കൊഴുത്ത പശുക്കളെ തിന്നുകൊണ്ടിരിക്കുന്ന ഏഴ് മെലിഞ്ഞ പശുക്കളുടെയും ഏഴു പച്ചയായ ധാന്യക്കതിരുകളുടെയും വേറെ (ഏഴു)ഉണങ്ങിയ കതിരുകളുടെയും കാര്യത്തിൽ

താങ്കൾ ഞങ്ങൾക്ക് വിധി പറഞ്ഞു തരിക. ജനങ്ങൾ അറിയുന്നതിന്നായി ആ വിവരവുമായി എനിക്ക് അവരുടെ അടുത്തേക്ക് മടങ്ങാമല്ലോ.

47. അദ്ദേഹം(യൂസുഫ്)പറഞ്ഞു: ഏഴുകൊല്ലം നിങ്ങൾ തുടർച്ചയായി കൃഷി ചെയ്യുന്നതാണ്. എന്നിട്ട് നിങ്ങൾ കൊയ്തെടുക്കുന്നവ അവയുടെ കതിരിൽ തന്നെ അതിനെ മാറ്റിവെച്ചേക്കുക; നിങ്ങൾ ഭക്ഷിക്കുന്ന അൽപമൊഴികെ.

48. അനന്തരം,പ്രയാസകരമായ ഏഴു വർഷങ്ങൾ അതിനുശേഷം വരുന്നതാകുന്നു. ഇക്കാലത്ത്, അന്നേയ്ക്കുവേണ്ടി ശേഖരിച്ചുവെച്ചിരുന്നതെല്ലാം തിന്നുതീരും. നിങ്ങൾ പ്രത്യേകം സൂക്ഷിച്ചുവെച്ച അൽപമൊഴികെ.

49. പിന്നീട് അതിനുശേഷം ഒരു വർഷം വരും. അന്ന് ജനങ്ങൾക്ക് സുഭിക്ഷതയുണ്ടാകുകയും അന്ന് അവർ (തങ്ങൾക്കാവശ്യമുള്ള എണ്ണയും മറ്റും) പിഴിഞ്ഞെടുക്കുകയും ചെയ്യും.

50. രാജാവ് പറഞ്ഞു: നിങ്ങൾ അവനെ(യൂസുഫിനെ) എൻെറ അടുത്തു കൊണ്ടുവരിക. അങ്ങനെ തൻെറ അടുത്ത് (രാജാവിൻെറ) ദൂതൻ വന്നപ്പോൾ (യൂസുഫ്) പറഞ്ഞു: നീ നിൻെറ യജമാനൻെറ അടുത്തേക്ക് തിരിച്ചു പോവുക. എന്നിട്ട് സ്വന്തം കൈകൾ മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്താണെന്ന് അദ്ദേഹത്തോട് ചോദിക്കുക. തീർച്ചയായും എൻെറ രക്ഷിതാവ് അവരുടെ കുതന്ത്രത്തെപ്പറ്റി അറിയുന്നവനാണ്.

51. (ആ സ്ത്രീകളെ വിളിച്ചു വരുത്തി രാജാവ്) ചോദിച്ചു: നിങ്ങൾ യൂസുഫിനെ വശപ്പെടുത്താൻ ശ്രമിച്ചപ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരുന്നു?
അവർ പറഞ്ഞു:അല്ലാഹു എത്ര പരിശുദ്ധൻ! അവനെതിരെ ഒരു ദോഷവും ഞങ്ങൾ അറിഞ്ഞിട്ടില്ല. പ്രഭുവിൻെറ ഭാര്യ പറഞ്ഞു: ഇപ്പോൾ സത്യം വെളിപ്പെട്ടു കഴിഞ്ഞു. ഞാൻ അദ്ദേഹത്തെ വശീകരിക്കാൻ ശ്രമിക്കുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹം സത്യവാന്മാരിൽ പെട്ടവൻ തന്നെയാകുന്നു.

52. അത് (പ്രഭുവിൻെറ)അഭാവത്തിൽ ഞാൻ അദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന് അദ്ദേഹം അറിയുന്നതിനു വേണ്ടിയാകുന്നു.വഞ്ചകരുടെ കുതന്ത്രങ്ങളെ അല്ലാഹു വിജയത്തിലേക്ക് നയിക്കുകയില്ല എന്നതിനാലുമാകുന്നു (അങ്ങനെ പറയുന്നത്).

53. ഞാൻ എൻെറ മനസ്സിനെ കുറ്റത്തിൽ നിന്ന് നിരപരാധിയാക്കുന്നില്ല. തീർച്ചയായും (മനുഷ്യ) മനസ്സ് തിന്മക്ക് പ്രേരിപ്പിക്കുന്നതുതന്നെയാകുന്നു- എൻെറ രക്ഷിതാവിൻെറ കാരുണ്യം ലഭിച്ചവനൊഴിച്ച്. തീർച്ചയായും എൻെറ നാഥൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

54. രാജാവ് പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെ എൻെറ അടുത്ത് കൊണ്ടുവരിക. ഞാൻ അദ്ദേഹത്തെ എൻെറ പ്രത്യേകക്കാരനായി നിയമിക്കട്ടെ.അങ്ങനെ അദ്ദേഹവുമായി സംസാരിച്ചപ്പോൾ രാജാവ് പറഞ്ഞു:തീർച്ചയായും താങ്കൾ ഇന്ന് നമ്മുടെ അടുക്കൽ സ്ഥാനമുള്ളവനും വിശ്വസ്തനുമാകുന്നു.

55. അദ്ദേഹം (യൂസുഫ്) പറഞ്ഞു: രാജ്യത്തിൻെറ ഖജനാവുകളുടെ ചുമതല എന്നെ ഏൽപിക്കുക. തീർച്ചയായും ഞാൻ അറിവുള്ള സൂക്ഷിപ്പുകാരനാകുന്നു.

56. ഇപ്രകാരം നാം യൂസുഫിന് അന്നാട്ടിൽ-അതിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നേടത്ത് അവന് താമസിക്കുമാറ് നാം അദ്ദേഹത്തിന് ആ ഭൂപ്രദേശത്ത് സൗകര്യം നൽകി. നാം ഉദ്ദേശിക്കുന്നവരെ നമ്മുടെ കാരുണ്യം നാം അനുഭവിപ്പിക്കുന്നു. സജ്ജനങ്ങളുടെ പ്രതിഫലം നാം പാഴാക്കിക്കളയുന്നതല്ല.

57. എന്നാൽ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക് പരലോകത്തെ പ്രതിഫലം തന്നെയാണ് ഉത്തമം.
58. യൂസുഫിൻെറ സഹോദരന്മാർ(ഈജിപ്തിൽ) വന്നു. അങ്ങനെ അവർ അദ്ദേഹത്തിൻെറ അടുത്ത് പ്രവേശിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം അവരെ തിരിച്ചറിഞ്ഞു. എന്നാൽ അവർക്ക് അദ്ദേഹത്തെ മനസ്സിലായില്ല.
59. അങ്ങനെ അവർക്കുള്ള ചരക്കുകൾ സജ്ജീകരിച്ചുകൊടുത്തപ്പോൾ അദ്ദേഹം അവരോട് പറഞ്ഞു: നിങ്ങളുടെ പിതാവ് വഴിയുള്ള സഹോദരനെ നിങ്ങൾ എൻെറ അടുത്ത് കൊണ്ടുവരിക. ഞാൻ അളവ് തികച്ച് തരുന്നതും ഏറ്റവും നല്ല നിലയിൽ ആതിഥ്യമരുളുന്നതും നിങ്ങൾ കാണുന്നില്ലേ?
60. എന്നാൽ അവനെ നിങ്ങൾ എൻെറ അടുത്ത് കൊണ്ടുവരുന്നില്ലെങ്കിൽ, എൻെറ പക്കൽ നിങ്ങൾക്ക് അളവ്(ധാന്യം) ഉണ്ടാകുന്നതല്ല. നിങ്ങൾ എന്നെ സമീപിക്കുകയും വേണ്ട.
61. അവർ പറഞ്ഞു: അവനെ(കിട്ടുന്നതിനു) അവൻെറ പിതാവിനോട് ഞങ്ങൾ ശ്രമിച്ചുനോക്കട്ടെ. തീർച്ചയായും ഞങ്ങൾ അങ്ങനെ ചെയ്യാം.
62. അദ്ദേഹം(യൂസുഫ്) തൻെറ ഭൃത്യന്മാരോട് പറഞ്ഞു: നിങ്ങൾ അവർ കൊണ്ടുവന്ന ദ്രവ്യം അവരുടെ ഭണ്ഡാരങ്ങളിൽ തന്നെ (തിരികെ) വെച്ചേക്കുക. അവർ തങ്ങളുടെ കുടുംബത്തിൽ തിരിച്ചെത്തിയാൽ (തങ്ങൾ കൊടുത്ത മുതൽ തിരിച്ചു കിട്ടിയതായി) മനസ്സിലാക്കിക്കൊള്ളും. (അപ്പോൾ) അവർ മടങ്ങിവന്നേക്കാം.
63. അവർ തങ്ങളുടെ പിതാവിൻെറ അടുത്ത് മടങ്ങിയെത്തിയപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, അളന്നുതരുന്നത് ഞങ്ങൾക്ക് തടയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെ സഹോദരനെ ഞങ്ങളുടെ കൂടെ അയച്ചുതരിക. എങ്കിൽ ഞങ്ങൾക്ക് അളന്നുകിട്ടുന്നതാണ്. തീർച്ചയായും ഞങ്ങൾ അവനെ കാത്തു രക്ഷിക്കുന്നതാണ്.
64. അദ്ദേഹം(പിതാവ്)പറഞ്ഞു: മുമ്പ്അവൻെറ സഹോദരൻ(യൂസുഫിൻെറ)കാര്യത്തിൽ വിശ്വസിച്ചപോലെയല്ലാതെ ഇവൻെറ കാര്യത്തിലും എനിക്ക് നിങ്ങളെ വിശ്വസിക്കാനാവുമോ? അല്ലാഹുവാണ് ഏറ്റവും നല്ല സംരക്ഷകൻ. അവൻ കാരുണികരിൽ കാരുണികനുമാകുന്നു.
65. അവർ അവരുടെ സാധനങ്ങൾ തുറന്നു നോക്കിയപ്പോൾ അവരുടെ ദ്രവ്യം അവർക്കുതന്നെ തിരിച്ച് നൽകപ്പെട്ടിരിക്കുന്നതായി അവർ കണ്ടു. അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, നമുക്ക് ഇനിയെന്തു വേണം? ഇതാ നമ്മുടെ ദ്രവ്യം നമുക്ക് തിരികേ കിട്ടിയിരിക്കുന്നു. നമ്മുടെ കുടുംബത്തിന് ഞങ്ങൾ(ഇനിയും)ധാന്യം കൊണ്ടുവരാം. ഞങ്ങളുടെ സഹോദരനെ ഞങ്ങൾ കാത്തുരക്ഷിക്കുകയും ചെയ്യാം. ഒരൊട്ടകത്തിന് ചുമക്കാവുന്ന അളവ് ഞങ്ങൾക്ക് കൂടുതൽ കിട്ടുകയും ചെയ്യും. അതൊരു നിസ്സാരമായ അളവാകുന്നു.
66. അദ്ദേഹം (പിതാവ്) പറഞ്ഞു: നിങ്ങൾ (ആപത്തുകളാൽ) വലയം ചെയ്യപ്പെടുന്നതായാലല്ലാതെ അവനെ എൻെറ അടുക്കലേക്കു തിരിച്ചുകൊണ്ടുവരികതന്നെ ചെയ്യുമെന്ന് അല്ലാഹുവിൻെറ നാമത്തിൽ ഉറപ്പുതരുന്നതുവരെ ഞാൻ അവനെ നിങ്ങളോടൊപ്പം അയക്കുകയില്ല. അങ്ങനെ അവർ അദ്ദേഹത്തിന് ഉറപ്പ് നല്കിയപ്പോൾ അദ്ദേഹം പറഞ്ഞു: നാം ഈ പറയുന്നതിന് അല്ലാഹു മേൽനോട്ടക്കാരനാകുന്നു.
67. അദ്ദേഹം പറഞ്ഞു: എൻെറ മക്കളേ,നിങ്ങൾ ഒരേ വാതിലിലൂടെ പ്രവേശിക്കാതെ വ്യത്യസ്ത വാതിലുകളിലൂടെ പ്രവേശിക്കുക. അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും നിങ്ങളിൽ നിന്ന് തടഞ്ഞു നിർത്താൻ എനിക്കു സാധ്യമല്ല. വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു.

ഞാൻ അവനിൽ ഭരമേല്പിച്ചിരിക്കുന്നു. അതുകൊണ്ട് ഭരമേല്പിക്കുന്നവർ അവനിൽ ഭരമേല്പിക്കട്ടെ.

68. അവരുടെ പിതാവ് അവരോട് കല്പിച്ച വിധത്തിൽ അവർ (വിവിധ കവാടത്തിലൂടെ) പ്രവേശിച്ചപ്പോൾ അല്ലാഹുവിൻെറ വിധിയിൽ നിന്ന് ഒന്നും അവരിൽനിന്ന് തടഞ്ഞു നിർത്താൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. യഅ്ഖൂബിൻെറ മനസ്സിലുണ്ടായിരുന്ന ഒരാവശ്യം അദ്ദേഹം പൂർത്തീകരിച്ചുവെന്നു മാത്രം. നാം അദ്ദേഹത്തിന് പഠിപ്പിച്ചു കൊടുത്തിട്ടുള്ളതിനാൽ, തീർച്ചയായും അദ്ദേഹം അറിവുള്ളവനാണ്. പക്ഷേ, മനുഷ്യരിൽ അധിക പേരും അറിയുന്നില്ല.

69. അവർ യൂസുഫിൻെറ മുമ്പിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം തൻെറ സഹോദരനെ അടുത്തു വരുത്തി. എന്നിട്ട് അവനോട് പറഞ്ഞു:തീർച്ചയായും ഞാൻ തന്നെയാണ് നിൻെറ (നഷ്ടപ്പെട്ടുപോയ)സഹോദരൻ.അതിനാൽ ഇവർ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ചൊന്നും നീ വിഷമിക്കേണ്ടതില്ല.

70. അങ്ങനെ അവർക്കുള്ള ചരക്കുകൾ അവർക്ക് ഒരുക്കിക്കൊടുത്തപ്പോൾ തൻെറ സഹോദരൻെറ ഭാണ്ഡത്തിൽ അദ്ദേഹം(യൂസുഫ്) പാനപാത്രം വെച്ചു. പിന്നീട് ഒരു വിളംബരക്കാരൻ വിളിച്ചു പറഞ്ഞു:ഹേ, യാത്രാസംഘമേ, തീർച്ചയായും നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്.

71. അവരുടെ നേരെ തിരിഞ്ഞ്(യാത്രാസംഘം)ചോദിച്ചു:എന്താണ് നിങ്ങൾക്ക് നഷ്ടപ്പെട്ടത്?

72. അവർ പറഞ്ഞു: രാജാവിൻെറ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ടുവന്നു തരുന്നവന് ഒരൊട്ടകത്തിൻെറ ചുമട് (ധാന്യം സമ്മാനം)ഉണ്ട്. ഞാൻ അതിന് ഉത്തരവാദിയാകുന്നു.

73. അവർ പറഞ്ഞു: അല്ലാഹു തന്നെയാണ (സത്യം)! ഞങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാൻ വേണ്ടി വന്നതല്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഞങ്ങൾ മോഷ്ടാക്കളും അല്ല.

74. അവർ ചോദിച്ചു: എന്നാൽ നിങ്ങൾ കള്ളം പറയുന്നവരാണെങ്കിൽ എന്തു ശിക്ഷയാണ് നല്കേണ്ടത്?

75. അവർ പറഞ്ഞു: അതിനുള്ള ശിക്ഷ ആരുടെ ഭാണ്ഡത്തിൽ നിന്നാണോ അത് കണ്ടുകിട്ടുന്നത് അപ്പോൾ അവൻ തന്നെയാണ് (അവനെ പിടിച്ചുവെക്കുകയാണ്) അതിനുള്ള പിഴ. അപ്രകാരമാണ് ഞങ്ങൾ അക്രമികൾക്ക് പ്രതിഫലം നൽകുന്നത്.

76. എന്നിട്ട് (യൂസുഫ്) തൻെറ സഹോദരൻെറ ഭാണ്ഡം പരിശോധിക്കുന്നതിനു മുമ്പ് അവരുടെ ഭാണ്ഡങ്ങൾ പരിശോധിച്ചു തുടങ്ങി. പിന്നീട് തൻെറ സഹോദരൻെറ ഭാണ്ഡത്തിൽ നിന്ന് അത് പുറത്തെടുത്തു. അപ്രകാരം നാം യൂസുഫിനുവേണ്ടി തന്ത്രം പ്രയോഗിച്ചു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിലല്ലാതെ രാജാവിൻെറ നിയമമനുസരിച്ച് (ഈജിപ്തിലെ രാജകീയ നിയമമനുസരിച്ച്) തൻെറ സഹോദരനെ പിടിച്ചുവെക്കാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. നാം ഉദ്ദേശിക്കുന്നവർക്ക് പദവികൾ ഉയർത്തിക്കൊടുക്കുന്നു. എല്ലാ അറിവുള്ളവരുടെയെല്ലാം മീതെ എല്ലാം അറിയുന്നവനുണ്ട്.

77. അവർ (സഹോദരന്മാർ) പറഞ്ഞു: ഇവൻ മോഷ്ടിച്ചെങ്കിൽ ഇവൻെറ ഒരു സഹോദരനും മുമ്പ് മോഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഇത് യൂസുഫ് തൻെറ മനസ്സിൽ മറച്ചുവെച്ചു. അവരോട് അത് വെളിപ്പെടുത്തിയതുമില്ല.അദ്ദേഹം (വ്യംഗ്യമായി)പറഞ്ഞു: നിങ്ങളാണ് മോശമായ നിലപാടുകാർ. നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റിയൊക്കെ നന്നായറിയുന്നവനാണ് അല്ലാഹു.

78. അവർ പറഞ്ഞു: പ്രഭോ, ഇവന് പടുവൃദ്ധനായ ഒരു പിതാവുണ്ട്. അതിനാൽ ഇവനു പകരമായി അങ്ങ് ഞങ്ങളിൽ ഒരാളെ പിടിച്ചുവെച്ചാലും. തീർച്ചയായും ഞങ്ങൾ അങ്ങയെ കാണുന്നത് വളരെ സദ്വൃത്തരിൽ ഒരാളായിട്ടാണ്.
79. അദ്ദേഹം പറഞ്ഞു: അല്ലാഹുവിൽ ശരണം! നമ്മുടെ സാധനം ആരുടെ അടുക്കൽ നാം കണ്ടെത്തിയോ അവനെയല്ലാതെ നാം പിടിച്ചു വെക്കുകയോ? എങ്കിൽ തീർച്ചയായും ഞങ്ങൾ അതിക്രമികളായിത്തീരും.
80. അങ്ങനെ അവനെ(സഹോദരനെ) സംബന്ധിച്ച് നിരാശരായപ്പോൾ അവർ തനിച്ച് മാറിയിരുന്ന് കൂടിയാലോചിച്ചു. അവരിൽ മുതിർന്നവൻ പറഞ്ഞു: നിങ്ങൾക്കറിഞ്ഞുകൂടേ, നിങ്ങളുടെ പിതാവ് അല്ലാഹുവിന്റെ പേരിൽ നിങ്ങളോട് ഉറപ്പ് വാങ്ങിയിട്ടുണ്ടെന്നും, മുമ്പ് യൂസുഫിന്റെ കാര്യത്തിൽ നിങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ടെന്നും. അതിനാൽ എന്റെ പിതാവ് എനിക്കനുവാദം തരികയോ അല്ലെങ്കിൽ അല്ലാഹു എനിക്ക് (വല്ല പരിഹാരവും)വിധിച്ചു തരികയോ ചെയ്യുന്നതുവരേക്കും ഞാൻ ഈ നാട് വിടുകയില്ല. അവൻ (അല്ലാഹു) വിധി കർത്താക്കളിൽ ഏറ്റവും ഉത്തമനത്രെ.
81. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ അടുത്ത് മടങ്ങിച്ചെന്ന് പറയുക: ഞങ്ങളുടെ പിതാവേ,തീർച്ചയായും അങ്ങയുടെ മകൻ മോഷ്ടിച്ചു.(ഈ കളവ് നടത്തുന്നത് ഞങ്ങൾ കണ്ടിട്ടില്ല). ഞങ്ങൾ മനസ്സിലാക്കിയതിന്റെ പേരിൽ മാത്രമാണ് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുള്ളത്. ഞങ്ങൾക് അദൃശ്യകാര്യം അറിയുമായിരുന്നില്ല.
82. ഞങ്ങൾ പോയിരുന്ന രാജ്യക്കാരോടും ഞങ്ങളോടൊപ്പമുണ്ടായിരുന്ന യാത്രാസംഘത്തോടും ചോദിച്ചു നോക്കുക. ഞങ്ങൾ സത്യം പറയുന്നവർ തന്നെയാണ്.
83. (യഅ്ഖൂബ്) പറഞ്ഞു: അല്ല, നിങ്ങളുടെ മനസ്സുകൾ നിങ്ങൾക്ക് എന്തോ കാര്യം ഭംഗിയായി തോന്നിച്ചിരിക്കുന്നു. അതിനാൽ ഭംഗിയായി ക്ഷമിക്കുകതന്നെ. ഒരുവേള അല്ലാഹു അവരെയെല്ലാവരെയും എന്റെ അടുക്കലെത്തിച്ചേക്കും. തീർച്ചയായും അവൻ എല്ലാം അറിയുന്നവനും യുക്തിജ്ഞനുമല്ലോ.
84. അവരിൽ നിന്ന് തിരിഞ്ഞുമാറി അദ്ദേഹം പറഞ്ഞു: ഹാ, യൂസുഫിന്റെ കാര്യമെത്ര കഷ്ടം! ദുഃഖം കൊണ്ട് അദ്ദേഹത്തിന്റെ ഇരുകണ്ണുകളും വെളുത്തു. അങ്ങനെ അദ്ദേഹം (ദുഃഖം) കടിച്ചിറക്കിയിരിക്കുകയാണ്.
85. അവർ പറഞ്ഞു: അല്ലാഹുവിനെ തന്നെയാണ, അങ്ങ് പറ്റെ അവശനാവുകയോ ജീവൻ വെടിയുകയോ ചെയ്യുന്നത്വരെ യൂസുഫിനെ ഓർത്തുകൊണ്ടേയിരിക്കും.
86. അദ്ദേഹം പറഞ്ഞു: എന്റെ വേവലാതിയും എന്റെ ദുഃഖങ്ങളും അല്ലാഹുവോട് മാത്രമാണ് ഞാൻ ആവലാതിപ്പെടുന്നത്. നിങ്ങൾക്കറിഞ്ഞുകൂടാത്തത് അല്ലാഹുവിൽനിന്ന് ഞാൻ അറിയുന്നുണ്ട്.
87. എന്റെ മക്കളേ! നിങ്ങൾ പോകുക! എന്നിട്ട് യൂസുഫിനെയും അവന്റെ സഹോദരനെയും കുറിച്ച് അന്വേഷിക്കുവിൻ! അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചു നിങ്ങൾ നിരാശരാവരുത്. അവിശ്വാസികളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശപ്പെടുന്നതല്ല, തീർച്ച.
88. അങ്ങനെ അവർ (യൂസുഫിന്റെ) അടുക്കൽ പ്രവേശിച്ചപ്പോൾ അവർ പറഞ്ഞു: പ്രഭോ, ഞങ്ങളെയും ഞങ്ങളുടെ കുടുംബത്തെയും ദുരിതം ബാധിച്ചിരിക്കുന്നു. നിസ്സാരമായ ചരക്കുകളേ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളു. അതിനാൽ താങ്കൾ ഞങ്ങൾക്ക് അളവ് മുഴുവൻ ത

ന്നാലും. ഞങ്ങൾക്ക് ധാനം തരികയും വേണം. തീർച്ചയായും ധാനധർമ്മം ചെയ്യുന്നവർക്ക് അല്ലാഹു പ്രതിഫലം നല്കുന്നതാണ്.

89. അദ്ദേഹം (യൂസുഫ്) പറഞ്ഞു: നിങ്ങൾ അവിവേകികളായിരുന്നപ്പോൾ യൂസുഫിനോടും അവന്റെ സഹോദരനോടും നിങ്ങൾ ചെയ്തതെന്താണെന്ന് അറിയാമോ?

90. അവർ ചോദിച്ചു: നീ തന്നെയാണോ യൂസുഫ്? അദ്ദേഹം പറഞ്ഞു: ഞാൻ തന്നെയാണ് യൂസുഫ്.ഇത് എന്റെ സഹോദരനും.അല്ലാഹു ഞങ്ങളോട് ഔദാര്യം കാണിച്ചിരിക്കുന്നു. ആർ സൂക്ഷ്മത പാലിക്കുകയും ക്ഷമ പാലിക്കുകയും ചെയ്യുന്നുവോ അത്തരം സദ്വൃത്തരുടെ പ്രതിഫലം അല്ലാഹു പാഴാക്കിക്കളയുകയില്ല, തീർച്ച.

91. അവർ പറഞ്ഞു: അല്ലാഹുവാണ് സത്യം! തീർച്ചയായും ഞങ്ങൾക്ക് ഉപരി അല്ലാഹു നിന്നെ പരിഗണിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ തെറ്റുകാരായിരിക്കുന്നു.

92. അദ്ദേഹം പറഞ്ഞു: ഇന്നു നിങ്ങളുടെ പേരിൽ പ്രതികാരനടപടിയൊന്നുമില്ല. അല്ലാഹു നിങ്ങൾക്ക് മാപ്പ് നൽകട്ടെ.അവൻ കരുണയുള്ളവരിൽ വെച്ച് ഏറ്റവും കാരുണികനാകുന്നു.

93. നിങ്ങൾ എന്റെ ഈ കുപ്പായവുമായി പോകുവിൻ. എന്നിട്ട് അത് എന്റെ പിതാവിന്റെ മുഖത്ത് ഇട്ടു കൊടുക്കുക.അപ്പോൾ അദ്ദേഹം കാഴ്ചയുള്ളവനായിത്തീരും. പിന്നെ നിങ്ങളുടെ കുടുംബത്തെ മുഴുവനും എന്റെ അടുത്ത് കൊണ്ടുവരികയും ചെയ്യുവിൻ.

94. യാത്രാസംഘം (ഈജിപ്ത്)വിട്ടപ്പോൾ (കൻആനിലുള്ള) അവരുടെ പിതാവ് പറഞ്ഞു: തീർച്ചയായും യൂസുഫിന്റെ സുഗന്ധം എനിക്കനുഭവപ്പെടുന്നുണ്ട്. നിങ്ങളെന്നെ ബുദ്ധിഭ്രമം ബാധിച്ചവനായി ആക്ഷേപിക്കുന്നില്ലെങ്കിൽ!

95. (വീട്ടുകാർ) പറഞ്ഞു: അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിശ്ചയമായും താങ്കൾ താങ്കളുടെ പഴയ വഴികേടിൽതന്നെയാണ് (ഇപ്പോഴും).

96. അനന്തരം,സന്തോഷവാർത്തയുമായി വരുന്നവൻ എത്തിച്ചേർന്നപ്പോൾ,അയാൾ ആ കുപ്പായം അദ്ദേഹത്തിന്റെ മുഖത്ത് ഇട്ടുകൊടുത്തു. അദ്ദേഹം കാഴ്ചയുള്ളവനായി. അദ്ദേഹം പറഞ്ഞു:ഞാൻ നിങ്ങളോടു പറഞ്ഞിരുന്നില്ലേ; നിങ്ങൾ അറിയാത്ത ചിലത് ഞാൻ അല്ലാഹുവിൽനിന്ന് അറിയുന്നുവെന്ന്?

97. അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, അങ്ങ്, ഞങ്ങൾക്കുവേണ്ടി, ഞങ്ങളുടെ പാപമോചനത്തിനായി പ്രാർഥിക്കണേ; തീർച്ചയായും ഞങ്ങൾ തെറ്റുകാരായിരിക്കുന്നു.

98. അദ്ദേഹം പറഞ്ഞു:നിങ്ങൾക്കുവേണ്ടി ഞാനെന്റെ രക്ഷിതാവിനോട് പാപമോചനത്തിനായി പ്രാർഥിക്കാം. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

99. അനന്തരം അവർ യൂസുഫിന്റെ അടുക്കൽ പ്രവേശിച്ചപ്പോൾ അദ്ദേഹം (യൂസുഫ്) തന്റെ മാതാപിതാക്കളെ തന്നിലേക്ക് അടുപ്പിച്ചു.അദ്ദേഹം പറഞ്ഞു:അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സുരക്ഷിതരായി നിങ്ങൾ ഈജിപ്തിൽ പ്രവേശിക്കുവിൻ!

100. അദ്ദേഹം തന്റെ മാതാപിതാക്കളെ സിംഹാസനത്തിൽ കയറ്റിയിരുത്തി. അവർ അദ്ദേഹത്തിന്റെ മുമ്പിൽ പ്രണാമമർപ്പിക്കുന്നവരായി വീണു. അദ്ദേഹം(യൂസുഫ്) പറഞ്ഞു: എന്റെ പിതാവേ, ഞാൻ പണ്ടു കണ്ടിട്ടുണ്ടായിരുന്ന ആ സ്വപ്നത്തിന്റെ സാക്ഷാൽക്കാരമാണിത്. എന്റെ രക്ഷിതാവ് അത് യാഥാർഥ്യമാക്കിയിരിക്കുന്നു. എന്നെ തടവറയിൽനിന്ന് മോചിപ്പിച്ചപ്പോഴും എനിക്കും എന്റെ സഹോദരങ്ങൾക്കുമിടയിൽ പിശാച് ഭിന്നിപ്പുണ്ടാക്കിയ ശേഷം അവൻ നിങ്ങളെയെല്ലാം മരുഭൂമിയിൽ നിന്ന് ഇവിടെ കൊണ്ടുവന്നപ്പോഴും അവൻ എന്നോട് വളരെയേറെ ഔദാര്യം കാണിച്ചിരിക്കുന്നു. തീർച്ചയായും എന്റെ രക്ഷിതാവ്

താനുദ്ദേശിക്കുന്ന കാര്യങ്ങൾ സൂക്ഷ്മമായി നടപ്പാക്കുന്നവനാണ്. തീർച്ചയായും അവൻ എല്ലാം അറിയുന്നവനും യുക്തിജ്ഞനും തന്നെ.

---

100. ഇവിടെ 'പ്രണാമം'(സുജൂദ്)എന്നതുകൊണ്ട് വിവക്ഷ ആരാധനയുടെ സുജൂദ് ആകുന്ന സാഷ്ടാംഗ നമസ്കാരമല്ല; മറിച്ച് ഉപചാരത്തിന്റെ സുജൂദുകളാകുന്ന തലകുനിക്കൽ, കുനിഞ്ഞു നിൽക്കൽ, മുട്ടുകുത്തൽ പോലുള്ള പ്രണാമങ്ങളിൽ ഒന്നാകുന്നു. ഇന്നും ചില രാജ്യങ്ങളിൽ ഈ സമ്പ്രദായമുണ്ട്. 'കുനിയുക' എന്നതു മാത്രമാണ് സുജൂദിന്റെ മൂലാർത്ഥം. ഇങ്ങനെ കുനിയുന്നതിന് അറബിയിൽ 'സുജൂദ്' എന്നും ഇംഗ്ലീഷിൽ(bow) എന്നും പറഞ്ഞു വരുന്നു. ഇസ്ലാമിന്റെ സാങ്കേതികാർത്ഥത്തിലുള്ള 'സുജൂദ്' ആദരവിന് വേണ്ടിയോ അഭിവാദ്യത്തിനുവേണ്ടിയോ പോലും അല്ലാഹു അല്ലാത്തവർക്ക് ചെയ്യുന്നത് ദൈവദത്തമായ ഒരു ശരീഅത്തിലും ഒരിക്കലും അനുവദിക്കപ്പെട്ടിട്ടില്ലെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

---

101. (അദ്ദേഹം പ്രാർഥിച്ചു) എന്റെ നാഥാ! നീ എനിക്ക് അധികാരത്തിൽ നിന്നും (ചിലത്) നല്കുകയും സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങളിൽനിന്നും ചിലത് എനിക്ക് നീ പഠിപ്പിച്ചു തരികയും ചെയ്തു. ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ! ഇഹത്തിലും പരത്തിലും നീയാണെന്റെ രക്ഷകൻ. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ!.
102. (നബിയേ) നാം നിനക്ക് ബോധനമായി നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അത്. (യൂസുഫിനെതിരിൽ)അവർ കൂടിയിരുന്ന് ഗൂഢാലോചന നടത്തി അവർ തങ്ങളുടെ പദ്ധതി തീരുമാനിച്ചപ്പോൾ നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ലല്ലോ.
103. എന്നാൽ നീ എത്രതന്നെ ആഗ്രഹിച്ചാലും അവരിൽ അധികമാളുകളും വിശ്വസിക്കുന്നവരല്ല.
104. നീ ഇതിന്റെ പേരിൽ പ്രതിഫലമൊന്നും ചോദിക്കുന്നില്ല. ഇതാകട്ടെ ലോകർക്കൊക്കെയുള്ള ഒരു ഉൽബോധനം മാത്രമാകുന്നു.
105. ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങളാണുള്ളത്. അവയെ അവഗണിച്ചു കൊണ്ട് അവർ അവയുടെ അടുത്തു കൂടി കടന്നു പോകുന്നു.
106. അവരിൽ ഏറെ പേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനിൽ (മറ്റുള്ളവയെ) പങ്കു ചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്.
107. അവരെ വലയം ചെയ്യുന്ന അല്ലാഹുവിന്റെ ശിക്ഷ അവരിൽ വരികയോ, അല്ലെങ്കിൽ അവർ ഓർക്കാതിരിക്കെ പെട്ടെന്ന് അന്ത്യദിനം അവരിൽ വരികയോ ചെയ്യുന്നതിൽനിന്നും അവർ നിർഭയരായിരിക്കയാണോ?
108. പറയുക: ഇതാകുന്നു എന്റെ മാർഗം. തികഞ്ഞ ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ അല്ലാഹുവിൽ പങ്കുചേർക്കുന്നവനല്ല.
109. നിനക്കു മുമ്പ് നാം വിവിധ രാജ്യക്കാരിൽ നിന്നും സന്ദേശം നൽകിക്കൊണ്ടിരുന്ന പുരുഷന്മാരെ തന്നെയാണ് നാം ദൂതന്മാരായി നിശ്ചയിച്ചിട്ടുള്ളത്. അയച്ചിട്ടുള്ള ദൂതന്മാരെല്ലാം മനുഷ്യർ തന്നെയായിരുന്നു. എന്നിട്ടും ഇക്കൂട്ടർ (അവിശ്വാസികൾ) ഭൂമിയിൽ സഞ്ചരിച്ച് തങ്ങളുടെ മുൻഗാമികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് കണ്ടിട്ടില്ലേ? എന്നാൽ പരലോകമാണ് സൂക്ഷ്മത പാലിച്ചവർക്ക് കൂടുതൽ ഉത്തമമായിട്ടുള്ളത്. ഇതൊന്നും നിങ്ങൾ ചിന്തിക്കുന്നില്ലേ?
110. അങ്ങനെ ദൈവദൂതന്മാർ (ജനങ്ങളെക്കുറിച്ച്)നിരാശപ്പെടുകയും അവർ തങ്ങളോട് പറഞ്ഞത് കളവാണെന്ന് ജനം കരുതുകയും ചെയ്തപ്പോൾ നമ്മുടെ സഹായം അവർക്ക് (ദൂതന്മാർ

ക്ക്) വന്നെത്തി. അപ്പോൾ നാം നിശ്ചയിച്ചവർ രക്ഷിക്കപ്പെട്ടു. കുറ്റവാളികളായ ജനത്തിൽ നിന്ന് നമ്മുടെ ശിക്ഷ തട്ടിമാറ്റപ്പെടുകയില്ല.

111. അവരുടെ ചരിത്രത്തിൽ ചിന്തിക്കുന്നവർക്ക് തീർച്ചയായും ഗുണപാഠമുണ്ട്. ഇവയൊന്നും കെട്ടിയുണ്ടാക്കുന്ന വർത്തമാനമല്ല. പ്രത്യുത, അതിന് മുമ്പുള്ള (വേദങ്ങളെ) സത്യപ്പെടുത്തുന്നതും സകല സംഗതികളുടെയും വിശദീകരണവും വിശ്വസിക്കുന്ന ജനത്തിന് വഴി കാട്ടിയും (ദൈവ)കാരുണ്യവുമാകുന്നു.

---

*****

## അധ്യായം 13

# അർറഅദ്

### അവതരണം മക്കയിൽ, വചനങ്ങൾ 43

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. അലിഫ് -ലാം-മീം-റാ

വേദഗ്രന്ഥത്തിലെ സൂക്തങ്ങളത്രെ ഇവ. നിൻെറ നാഥനിൽ നിന്ന് നിനക്ക് അവതീർണ്ണമാകുന്നതെന്തോ അത് സത്യമാകുന്നു. പക്ഷേ, (ഈ സമൂഹത്തിലെ) അധികമാളുകളും വിശ്വസിക്കുന്നില്ല.

---

1. അടിസ്ഥാനപരമായി മൂന്നു കാര്യങ്ങളിൽ അധിഷ്ഠിതമായിരുന്നു പ്രവാചകൻ ആ സമയത്ത് അവരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിരുന്നത്. ഈ മൂന്നു കാര്യങ്ങൾ അംഗീകരിക്കുന്നതിൽനിന്നാണ് ജനങ്ങൾ വിമുഖരായിരുന്നത്.

1).ദിവ്യത്വം പരിപൂർണമായി അല്ലാഹുവിന്നാണ്. അതിനാൽ അവനല്ലാതെ മറ്റാരും ആരാധനക്കർഹരായിട്ടില്ല.

2). ഈ ജീവിതത്തിനുശേഷം നിങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉത്തരം ബോധിപ്പിക്കേണ്ടിവരുന്ന മറ്റൊരു ജീവിതമുണ്ടാകും.

3). ഞാൻ അല്ലാഹുവിൻെറ ദൂതനാണ്. ഞാൻ നിങ്ങളുടെ മുമ്പിൽ എന്തൊന്നതവതരിപ്പിക്കുന്നുവോ അത് എൻെറ വകയല്ല. അല്ലാഹുവിങ്കൽ നിന്നുള്ളതാണ്.

---

2. ആകാശങ്ങളെ നിങ്ങൾക്കു കാണാവുന്ന താങ്ങുകളില്ലാതെ ഉയർത്തിനിർത്തിയവൻ അല്ലാഹുവാകുന്നു. അനന്തരം അവൻ (ആധിപത്യത്തിൻെറ) സിംഹാസനസ്ഥനായി. സൂര്യനെയും ചന്ദ്രനെയും അവൻ(തൻെറ നിയമത്തിനു) വിധേയമാക്കി. എല്ലാം ഒരു നിശ്ചിത അവധി വരെ ചലിച്ചുകൊണ്ടിരിക്കും.അവൻ കാര്യങ്ങളെല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചു തരുന്നു. നിങ്ങളുടെ രക്ഷിതാവുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ച് നിങ്ങൾ ദൃഢവിശ്വാസം കൊള്ളുന്നതിനുവേണ്ടി.

---

2. ഭൂമി മുതൽ ആകാശംവരെയുള്ള മുഴുപ്രപഞ്ചവും സമ്പൂർണമായ ഒരു ഏകകമാണ്. സുശക്തമായ ഒരു നിയമവ്യവസ്ഥക്കു കീഴിലാണത് ചലിച്ചുകൊണ്ടിരിക്കുന്നത്. അന്യൂനവും സുദൃഢവുമായ ഈ പ്രാപഞ്ചിക വ്യവസ്ഥക്ക് ഒന്നിലധികം പരമാധികാരികളില്ലെന്ന് തെളിയിക്കുന്ന പോലെത്തന്നെ ഒരു പരമാധികാരി ഉണ്ടെന്നും തെളിയിക്കുന്നു. അനന്തമായ ഈ ആകാശത്തിൽ ഭീമാകാരങ്ങളായ ഗോളങ്ങളെ താങ്ങിനിർത്തുന്ന ഒരു തൂണും കാണപ്പെടുന്നില്ല. ഈ ഗോളങ്ങൾ ഭൂമിയിലേക്കോ, ഒന്ന് മറ്റൊന്നിലേക്കോ വീഴുന്നുമില്ല. പക്ഷേ, ഒരു നിഗൂഢശക്തി എല്ലാ ഗോളങ്ങളെയും അതതിൻെറ സ്ഥാനങ്ങളിലും ഭ്രമണപഥങ്ങളിലും ഉറപ്പിച്ചു നിർത്തിയിരിക്കുന്നു. നിശ്ചിതമായ സഞ്ചാരപഥങ്ങളും നിർണ്ണിതമായ ഭ്രമണവേഗതയുമുള്ള ആകാശഗോളങ്ങളുടെ സംവിധാനം യുക്തിമാനും സർവ്വജ്ഞനും സർവശക്തനുമായ ഒരു സ്രഷ്ടാവിൻെറ സാന്നിധ്യം വിളിച്ചോതുന്നു.

അല്ലാഹു ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകമാത്രമല്ല ചെയ്തത്, മറിച്ച് അവൻ തന്നെ പ്രപഞ്ചത്തെ ഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ചില അജ്ഞാനികൾ വിചാരിക്കുന്നതുപോലെ ഒരു സ്രഷ്ടാവിനെ കൂടാതെ സ്വയം ചലിക്കുകയോ നിലനിൽക്കുകയോ ചെയ്യുന്ന ഒരു വ്യവസ്ഥയല്ല ഇത്. വിവിധ ദൈവങ്ങളുടെ സഹകരണഫലവുമല്ല ഇത്. ഭൂമി തൊട്ട് ആകാശം വരെയുള്ള ഓരോ വസ്തുവും സമ്പൂർണ സഹകരണത്തോടും പരസ്പരം കൂട്ടിമുട്ടാതിരിക്കാൻ സുവ്യവസ്ഥിതമായും സൃഷ്ടിക്കുവാനും നിയന്ത്രിക്കുവാനും വ്യത്യസ്ത ദൈവങ്ങൾക്കെങ്ങനെ സാധിക്കും?

അദ്ഭുതകരമായ ഈ വാനഗോളങ്ങളെ സൃഷ്ടിക്കുകയും അവയെ ആകാശത്ത് കറക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവോ, അവനെ സംബന്ധിച്ചിടത്തോളം മനുഷ്യനെ മരണാനന്തരം ജീവിപ്പിക്കുക എന്നത് പ്രയാസമുള്ള കാര്യമല്ല.

---

3. അവനാണ് ഈ ഭൂമിയെ വിശാലമാക്കുകയും,അതില്‍ ഉറച്ചുനില്‍ക്കുന്ന പര്‍വതങ്ങളും നദികളും ഉണ്ടാക്കുകയും ചെയ്തവന്‍. അവന്‍ എല്ലാ കനികളിലും ഈരണ്ട് ഇണകളെ അവയില്‍ സൃഷ്ടിച്ചു.പകലിനെ രാവിനാല്‍ മൂടുന്നതും അവന്‍ തന്നെ. തീര്‍ച്ചയായും ചിന്തിക്കുന്ന ജനത്തിന് ഇതില്‍ ദൃഷ്ടാന്തങ്ങള്‍ തന്നെയുണ്ട്.

4. ഭൂമിയില്‍ അടുത്തടുത്ത് കിടക്കുന്ന ഖണ്ഡങ്ങളുണ്ട്.മുന്തിരിത്തോപ്പുകളും കൃഷികളുമുണ്ട്. ഒരു മുരട്ടില്‍ നിന്ന് പല ശാഖകളായി വളരുന്നതും, വേറെ വേറെ മുരടുകളില്‍ നിന്ന് വളരുന്നതുമായ ഈത്തപ്പനകളും ഉണ്ട്. (ഇവയൊക്കെയും) ഒരേ ഒരു വെള്ളംകൊണ്ട് നനയ്ക്കപ്പെടുന്നു. എന്നിട്ടും രുചിയില്‍ ചിലതിനെ മറ്റുചിലതിനെക്കാള്‍ നാം മെച്ചപ്പെടുത്തി. തീര്‍ച്ചയായും ബുദ്ധി ഉപയോഗിക്കുന്ന ജനത്തിന് അതില്‍ ദൃഷ്ടാന്തങ്ങളുണ്ട്.

---

4. ഭൂമിയില്‍ അടുത്തടുത്തുള്ള ഖണ്ഡങ്ങള്‍ രൂപത്തിലും വര്‍ണത്തിലും പ്രത്യേകതകളിലുമെല്ലാം വ്യത്യസ്തമായി കാണുന്നു.ഓരോ തരം മണ്ണും ഓരോ തരം വിളയ്ക്ക് കൂടുതല്‍ അനുയോജ്യമായിരിക്കും. എല്ലാറ്റിനെയും നനയ്ക്കുന്നത് ഒരേ വെള്ളമാണെങ്കിലും അതില്‍നിന്നുണ്ടാവുന്ന ധാന്യങ്ങളും ഫലങ്ങളും, രുചിയിലും രൂപത്തിലും വലുപ്പത്തിലുമെല്ലാം വ്യത്യസ്തങ്ങളാകുന്നു. മനുഷ്യന്റെ വ്യത്യസ്ത ആവശ്യങ്ങളോടും താല്‍പര്യങ്ങളോടും ഈ വൈവിധ്യങ്ങള്‍ എന്തുമാത്രം യോജിപ്പാണ് പുലര്‍ത്തുന്നത്. ഇവയെല്ലാം ഒരു തന്ത്രജ്ഞന്റെ സുചിന്തിതമായ നടപടിക്രമങ്ങളുടെയും ബുദ്ധിപരമായ പ്രവര്‍ത്തനങ്ങളുടെയും ഫലമാണെന്ന് തീര്‍ച്ച.

---

5. നീ അത്ഭുതപ്പെടുന്നുവെങ്കില്‍ അവരുടെ ഈ വാക്കാണ് ഏറെ അത്ഭുതകരമായിട്ടുള്ളത്. നാം മണ്ണായിക്കഴിഞ്ഞാല്‍ വീണ്ടും പുതുതായി നാം സൃഷ്ടിക്കപ്പെടുമെന്നോ?അവരാണ് തങ്ങളുടെ രക്ഷിതാവില്‍ അവിശ്വസിച്ചവര്‍. അവരാണ് കഴുത്തുകളില്‍ വിലങ്ങുകളുള്ളവര്‍. അവരാണ് നരകാവകാശികള്‍. അവരതില്‍ നിത്യവാസികളായിരിക്കും.

6. അവര്‍ നിന്നോട് നന്മക്കു മുമ്പെ തിന്മക്കായി ധൃതികൂട്ടുന്നു. ഇവര്‍ക്ക് മുമ്പ് പാഠം പഠിപ്പിക്കുന്ന ഉദാഹരണങ്ങള്‍ (ശിക്ഷകള്‍) കഴിഞ്ഞു പോയിട്ടുണ്ട്. മനുഷ്യര്‍ അതിക്രമങ്ങള്‍ ചെയ്തിട്ടും നിന്റെ നാഥന്‍ പാപമോചനം നല്‍കുന്നവനത്രെ. തീര്‍ച്ചയായും നിന്റെ രക്ഷിതാവ് കഠിനമായി ശിക്ഷിക്കുന്നവനുമാണ്.

---

6,സത്യനിഷേധികള്‍ പ്രവാചകന്‍(സ)നോട് ഇങ്ങനെ പറഞ്ഞിരുന്നു.'അല്ലാഹുവേ,ഇത് നിന്റെ പക്കല്‍ നിന്നുള്ള സത്യം തന്നെയാണെങ്കില്‍ നീ ഞങ്ങളുടെ മേല്‍ മാനത്തുനിന്ന് കല്ല് വീഴ്ത്തുക. അല്ലെങ്കില്‍ ഞങ്ങള്‍ക്ക് വേദനയേറിയ ശിക്ഷ വരുത്തുക. (8:32)

---

7. സത്യനിഷേധികള്‍ ചോദിക്കുന്നു: എന്തുകൊണ്ട് അവന്റെ രക്ഷിതാവില്‍ നിന്ന് അവന് ഒരു ദൃഷ്ടാന്തം ഇറക്കപ്പെടുന്നില്ല? എന്നാല്‍ നീ ഒരു മുന്നറിയിപ്പുകാരന്‍ മാത്രമാണ്. ഓരോ സമൂഹത്തിനും ഒരു മാര്‍ഗ്ഗദര്‍ശകനുണ്ട്.

---

7. ഇവിടെ 'ദൃഷ്ടാന്തം' കൊണ്ട് ഉദ്ദേശിക്കുന്നത് മുഹമ്മദ്(സ)അല്ലാഹുവിന്റെ പ്രവാചകനാണെന്ന് വിശ്വസിക്കുന്നതിന് മാനദണ്ഡമാക്കാവുന്ന ഒരു അത്ഭുതം കാണണമെന്നാണ്.

---

8. ഓരോ സ്ത്രീയും ഗര്‍ഭാശയത്തില്‍ ചുമക്കുന്നതെന്തെന്ന് അല്ലാഹു അറിയുന്നു. ഗര്‍ഭാശയം കമ്മി വരുത്തുന്നതും വര്‍ധനവുണ്ടാക്കുന്നതും അവന്‍ അറിയുന്നു. എല്ലാ കാര്യങ്ങള്‍ക്കും അവന്റെയടുത്ത് വ്യക്തമായ വ്യവസ്ഥകളുണ്ട്.

9. അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവൻ. മഹാനും സർവോന്നതനുമാകുന്നു അവൻ.

10. നിങ്ങളുടെ കൂട്ടത്തിൽ രഹസ്യമായി സംസാരിക്കുന്നവനും പരസ്യമായി സംസാരിക്കുന്നവനും രാത്രിയിൽ ഒളിഞ്ഞിരിക്കുന്നവനും പകലിൽ ഇറങ്ങി നടക്കുന്നവനുമെല്ലാം അവന് ഒരുപോലെയാകുന്നു.

11. അവന്(മനുഷ്യന്) അവൻെറ മുന്നിലും പിന്നിലുമായി വന്നു അല്ലഹുവിൻെറ കൽപന പ്രകാരം അവനെ കാത്തുസൂക്ഷിക്കുന്നവർ (മലക്കുകൾ) ഉണ്ട്. ഒരു ജനതയുടെ സ്ഥിതി, അവർ സ്വയം മാറ്റുന്നതുവരെ അവരുടെ സ്ഥിതി അല്ലാഹു മാറ്റുകയില്ല.എന്നാൽ അല്ലാഹു ഒരു ജനതക്ക് വല്ല ദുരിതവും വരുത്താനുദ്ദേശിച്ചാൽ ആർക്കും അത് തടുക്കാനാവില്ല. അവനെക്കൂടാതെ അവർക്ക് ഒരു രക്ഷകനും ഇല്ല.

---

11. ഓരോ മനുഷ്യൻെറയും അനക്കവും അടക്കവും വിചാരവുമെല്ലാം അല്ലാഹു നേരിട്ടറിയുന്നുണ്ട്. അവൻെറ ഓരോ ചലനവും രേഖപ്പെടുത്താൻ ഓരോ മനുഷ്യൻെറ മേലും രണ്ടു മലക്കുകളെയും അവൻ നിയോഗിച്ചിരിക്കുന്നു. നീതിയുടെ എല്ലാ ഉപാധികളും പൂർത്തീകരിച്ച ശേഷമേ, പാരത്രിക കോടതിയിൽ അല്ലാഹു മനുഷ്യനെ ശിക്ഷിക്കുകയുള്ളു. അതിനുവേണ്ടിയാണ് ഈ ലോകത്തുള്ള സകല മനുഷ്യരുടെയും വാക്കും പ്രവൃത്തിയും മനുഷ്യൻ സംസാരിച്ച ഓരോ ശബ്ദവും സ്വന്തം സ്വരത്തിൽ തന്നെ രേഖപ്പെടുത്തിവെച്ചുകൊണ്ടിരിക്കുന്നത്. ഓരോ മനുഷ്യൻെറയും പ്രവർത്തനങ്ങൾ സ്ഥിരപ്പെടുത്തുന്ന അനിഷേധ്യമായ തെളിവുകളുണ്ടാകുന്നതിനുവേണ്ടിയാണിത്. അല്ലാഹു മനുഷ്യനെ ഭൂമിയിൽ തികച്ചും സ്വതന്ത്രനായി സൃഷ്ടിച്ചു വിട്ടിരിക്കയാണെന്നും തൻെറ പ്രവർത്തനങ്ങളെക്കുറിച്ച് ആരുടെയും മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടതില്ലെന്നും വിചാരിച്ച് ജീവിതം നയിക്കുന്നവർ യഥാർത്ഥത്തിൽ സ്വന്തം ദൗർഭാഗ്യത്തെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്.

---

12. ഭയവും പ്രതീക്ഷയും ഉണ്ടാക്കി മിന്നൽപ്പിണർ നിങ്ങൾക്ക് കാണിച്ചുതരുന്നത് അവനാണ്. (ജല)ഭാരമുള്ള മേഘങ്ങളെ ഉണ്ടാക്കുന്നതും അവൻതന്നെയാകുന്നു.

13. ഇടിനാദം അവനെ സ്തുതിച്ചുകൊണ്ട് അവൻെറ വിശുദ്ധിയെ വാഴ്ത്തുന്നു. അവനോടുള്ള ഭയത്താൽ മലക്കുകളും (അവനെ വാഴ്ത്തുന്നു). അവൻ മിന്നൽപിണരുകൾ അയക്കുകയും അവൻ നിശ്ചയിക്കുന്നവർക്ക് അത് ഏൽക്കുകയും ചെയ്യുന്നു. (എന്നിട്ടും)അല്ലാഹുവിനെക്കുറിച്ച് അവർ തർക്കിക്കുകയാണ്. അതി ശക്തമായി തന്ത്രം പ്രയോഗിക്കുന്നവനത്രെ അവൻ.

14. അവനോടുള്ളതുമാത്രമാണ് യഥാർഥ പ്രാർത്ഥന. അവനെക്കൂടാതെ അവർ ആരോടൊക്കെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ അവർക്കൊന്നും ഒരുത്തരവും നല്കാനാവില്ല. വെള്ളത്തിലേക്ക്,അത്(സ്വയമേവ)വായിലെത്താൻ ഇരുകൈകളും നീട്ടിയിരിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. എന്നാൽ അതവിടെ എത്തുകയുമില്ല. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു.

---

14. വിഷമങ്ങൾ ദൂരീകരിക്കുക, ആവശ്യങ്ങൾ പൂർത്തീകരിക്കുക എന്നിവക്കുള്ള മുഴുവൻ അധികാരങ്ങളും അല്ലാഹുവിൻെറ കരങ്ങളിൽ മാത്രം നിക്ഷിപ്തമാണ്. അതിനാൽ അവനോട് പ്രാർത്ഥിക്കുന്നത് മാത്രമേ യാഥാർത്ഥ്യമാവൂ.

---

15. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം സ്വമനസ്സാലെയോ നിർബന്ധിതമായോ സാഷ്ടാംഗം ചെയ്തുകൊണ്ടിരിക്കുന്നതും അല്ലാഹുവിനാണ്. അവരുടെ നിഴലുകളും പ്രഭാതത്തിലും സായാഹ്നത്തിലും (അവന് കുമ്പിടുന്നു).

16. ചോദിക്കുക:ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയുക:അല്ലാഹു. പറയുക: എന്നിട്ടും സ്വന്തത്തിനുപോലും ഗുണമോ ദോഷമോ വരുത്താനാവാത്തവരെയാ

ണോ (അല്ലാഹുവെ)ക്കൂടാതെ നിങ്ങൾ രക്ഷാധികാരികളാക്കിയിരിക്കുന്നത്? ചോദിക്കുക: അന്ധനും കാഴ്ചയുള്ളവനും ഒരുപോലെയാണോ? ഇരുളും വെളിച്ചവും തുല്യമാകുമോ? അതല്ല അല്ലാഹുവിനു പുറമെ അവർ പങ്കാളികളാക്കി വെച്ചവർ അവൻ സൃഷ്ടിക്കുന്ന തുപോലെത്തന്നെ സൃഷ്ടി നടത്തുകയും അതുകണ്ട് (ഇരു വിഭാഗത്തിൻെറയും) സൃഷ്ടി കൾ അവർക്ക് തിരിച്ചറിയാതാവുകയുമാണോ ഉണ്ടായത്? പറയുക: എല്ലാ വസ്തുക്കളുടെ യും സ്രഷ്ടാവ് അല്ലാഹുവാണ്. അവൻ ഏകനും സർവാധിജയനുമാകുന്നു.

16. സത്യനിഷേധികൾ തങ്ങളുടെ നിലപാടിൻെറ ദൗർബല്യം മനസ്സിലാക്കിയിരുന്നതിനാൽ ഈ ചോദ്യ ങ്ങൾക്ക് മറുപടി പറയാൻ സന്നദ്ധരായിരുന്നില്ല. അതിനാൽ ഖുർആൻ ഈ ചോദ്യങ്ങൾ അടിക്കടി ആവർത്തിക്കുകയും, പിന്നീട് അതെല്ലാം അല്ലാഹുവാണെന്ന് സ്വയം ഉത്തരം നല്കി അവരെ ബോധ വന്മാരാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങളെല്ലാം അല്ലാഹുവാണ് ചെയ്യുന്നതെങ്കിൽ പി ന്നെ, നിങ്ങൾ വഴിപ്പെടേണ്ടത് അവനല്ലാതെ മറ്റാർക്കാണെന്നും അവരോട് ചോദിക്കുന്നു.

17. (അല്ലാഹു) ആകാശത്തുനിന്ന് (മഴ)വെള്ളം വർഷിച്ചു. എന്നിട്ട് താഴ്വരകളിലൂടെ അതി ൻെറ വിശാലതയനുസരിച്ച് അതൊഴുകി. അപ്പോൾ ഒഴുക്ക് ഉയർന്നുപൊങ്ങുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. ആഭരണങ്ങളോ ഉപകരണങ്ങളോ ഉണ്ടാക്കാനാഗ്രഹിച്ചു അവർ തീയിൽ ഇട്ടുരുക്കുന്ന ലോഹത്തിൽനിന്നും ഇതുപോലുള്ള പതയുണ്ടാകാറുണ്ട്. ഇപ്രകാര മാണ് അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ പത വറ്റി പ്പോകുന്നു. മനുഷ്യർക്ക് ഉപകരിക്കുന്നത് ഭൂമിയിൽ തങ്ങി നിൽക്കുകയും ചെയ്യുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു.

18. തങ്ങളുടെ രക്ഷിതാവിന് പ്രത്യുത്തരം നല്കിയവർക്ക് എല്ലാ നന്മയുമുണ്ട്. അവൻെറ വിളിക്ക് ഉത്തരം നല്കാത്തവരോ,അവർക്ക് ഭൂമിയിലുള്ള സകലതും അതോടൊപ്പം അത്ര യും വേറെ ഉണ്ടായാൽ പോലും (ശിക്ഷ ഒഴിവാകാൻ) അതൊക്കെയും അവർ പിഴയായി ഒടുക്കുമായിരുന്നു. അവർക്കാണ് കടുത്ത വിചാരണയുള്ളത്. അവരുടെ സങ്കേതം നരകമാ കുന്നു. എത്ര ദുഷിച്ച സങ്കേതം!

19. എന്നാൽ നിൻെറ രക്ഷിതാവിൽ നിന്ന് നിന്നിലേക്ക് ഇറക്കപ്പെട്ടത് സത്യമെന്നറിയുന്നവൻ, (ആ യാഥാർത്ഥ്യത്തിനു നേരെ) അന്ധനായവനെപ്പോലെയാണോ? തീർച്ചയായും ബുദ്ധിയു ള്ളവർ മാത്രമേ ഉൽബോധനം ഉൾക്കൊള്ളുകയുള്ളു.

19. അല്ലാഹു അവതരിപ്പിച്ചതാണ് യഥാർത്ഥത്തിൽ സത്യം എന്ന് മനസ്സിലാക്കുന്നവനാണ് യഥാർത്ഥ ത്തിൽ കാഴ്ചയുള്ളവൻ.അല്ലാത്തവൻ ബാഹ്യത്തിൽ കാഴ്ചയുള്ളവനാണെങ്കിലും അന്ധനു തുല്യമാണ്.

20. അല്ലാഹുവോടുള്ള വാഗ്ദാനം നിറവേറ്റുകയും വാഗ്ദാനം ലംഘിക്കാതിരിക്കുകയും ചെയ്യുന്ന വരത്രെ അവർ.

21. ചേർത്തുവെക്കാൻ അല്ലാഹു കൽപിച്ചത്(ബന്ധങ്ങൾ) കൂട്ടിയിണക്കുന്നവരാണവർ. തങ്ങളു ടെ നാഥനെ ഭയപ്പെടുന്നവരും കടുത്ത വിചാരണയെ പേടിക്കുകയും ചെയ്യുന്നവർ.

22. തങ്ങളുടെ നാഥൻെറ പ്രീതി കാംക്ഷിച്ച് ക്ഷമയവലംബിക്കുന്നവരും, നമസ്കാരം നിഷ്ഠയോ ടെ നിർവഹിക്കുന്നവരും, നാം നല്കിയ വിഭവങ്ങളിൽ നിന്ന് രഹസ്യമായും പരസ്യമാ യും ചെലവഴിക്കുന്നവരും തിന്മയെ നന്മകൊണ്ട് തടുക്കുന്നവരുമാണവർ. അക്കൂട്ടർക്കത്രെ ഭവനത്തിൻെറ (ശുഭ) പര്യവസാനം.

22. സത്യവിശ്വാസി അല്ലാഹുവോടുള്ള അനുസരണത്തിൽ വിഷമങ്ങളും നഷ്ടങ്ങളും അഭിമുഖീകരിക്കേ ണ്ടി വരുമ്പോൾ ക്ഷമയോടെ മുന്നോട്ട് പോവുകയും അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ചുകൊണ്ട് പര

ലോകത്തിലെ സുനിശ്ചിതമായ അനന്തരഫലങ്ങളെ അവലംബമാക്കി ഇഹലോകത്ത് ആത്മനിയന്ത്രണം കൈക്കൊള്ളുകയും ചെയ്യുന്നു.
മേൽ വിവരിച്ച ഗുണങ്ങങ്ങളോട് കൂടിയ ബുദ്ധിമാന്മാർക്ക് ശുഭപര്യവസായിയായഭവനം ലഭിക്കുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അവരുടെ വാസസ്ഥലം സ്വർഗ്ഗമായിരിക്കുമെന്നാണ്.

23. അതായത് സ്ഥിരവാസത്തിനുള്ള സ്വർഗീയാരാമങ്ങൾ. അവരും, അവരുടെ പിതാക്കളിലും ഇണകളിലും,മക്കളിലുമുള്ള സദ്‌വൃത്തരും അതിൽ പ്രവേശിക്കും. മലക്കുകൾ എല്ലാ കവാടങ്ങളിലൂടെയും (അവരെ അഭിവാദനം ചെയ്യാൻ) ആഗതരാകും.

24. (മലക്കുകൾ പറയും: ദുനിയാവിൽ)നിങ്ങൾ ക്ഷമപാലിച്ചതിനാൽ നിങ്ങൾക്ക് സമാധാനം. ഈ പരലോക ഭവനം എത്ര അനുഗ്രഹീതം!

25. അല്ലാഹുവുമായുള്ള പ്രതിജ്ഞ ഉറപ്പിച്ച ശേഷം അത് ലംഘിക്കുകയും അവൻ കൂട്ടിയിണക്കാൻ കൽപിച്ചവയെ (ബന്ധങ്ങളെ) ഛേദിക്കുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ശാപം. ചീത്ത ഭവനവും അവർക്കുതന്നെ.

26. അല്ലാഹു ഇച്ഛിക്കുന്നവർക്ക് അവൻ വിഭവങ്ങൾ സമൃദ്ധമായി നൽകുന്നു.(വേറെ ചിലർക്കത്)പരിമിതമാക്കുകയും ചെയ്യുന്നു.അവർ ഇഹലോകജീവിതം കൊണ്ടുതന്നെ തൃപ്തിപ്പെട്ടിരിക്കുന്നു.എന്നാൽ പരലോകത്തെ അപേക്ഷിച്ച് ഐഹികജീവിതം നന്നെ തുച്ഛമായ വിഭവം മാത്രമാണ്.

27. അവിശ്വാസികൾ പറയുന്നു:അവന്റെ രക്ഷിതാവിൽനിന്ന് എന്താണ് അവന് വല്ല ദൃഷ്ടാന്തവും ഇറക്കപ്പെടാത്തത്? പറയുക:തീർച്ചയായും അല്ലാഹു അവനിച്ഛിക്കുന്നവരെ വഴികേടിലാക്കുന്നു. പശ്ചാത്തപിച്ചു മടങ്ങുന്നവരെ അവൻ തന്നിലേക്കുള്ള നേർവഴിയിൽ നയിക്കുകയും ചെയ്യുന്നു.

28. വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണയാൽ തങ്ങളുടെ ഹൃദയങ്ങൾ ശാന്തമാവുകയും ചെയ്യുന്നവരാണവർ. അറിഞ്ഞിരിക്കുവിൻ! അല്ലാഹുവിന്റെ സ്മരണയാൽ മാത്രമാണ് ഹൃദയങ്ങൾ ശാന്തിയടയുന്നത്.

29. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാരോ അവർ സൗഭാഗ്യമുള്ളവരാകുന്നു. അവർക്ക് തിരിച്ചെത്താനുള്ളത് ഏറ്റം മികച്ച താവളം തന്നെ.

30. ഇതേപ്രകാരം, മുമ്പു കഴിഞ്ഞുപോയ പല സമുദായങ്ങളെപ്പോലുള്ള ഒരു സമുദായത്തിൽ തന്നെ നിന്നെ നാം ദൂതനായി നിയോഗിച്ചിരിക്കുന്നു. നാം നിനക്കു ബോധനമായി നൽകിയ സന്ദേശം നീ അവർക്ക് ഓതിക്കേൾപിക്കുവാൻ വേണ്ടിയാണിത്. അവരോ, പരമകാരുണികനായ ദൈവത്തെ നിഷേധിച്ചിരിക്കുന്നു. പറയുക:അവനാണ് എന്റെ രക്ഷിതാവ്. അവനല്ലാതെ വേറെ ദൈവമേതും ഇല്ല. ഞാൻ അവനിൽ ഭരമേൽപിച്ചിരിക്കുന്നു. എന്റെ തിരിച്ചുപോക്കും അവനിലേക്കുതന്നെ.

31. പർവതങ്ങളെ ചലിപ്പിക്കുകയോ ഭൂമിയെ പിളർത്തുകയോ മരിച്ചവരോട് സംസാരിക്കുകയോ ചെയ്യാൻ കഴിവുറ്റ ഒരു ഖുർആൻ ഉണ്ടായാൽപോലും (അവരതിൽ വിശ്വസിക്കുമായിരുന്നില്ല.) എന്നാൽ കാര്യം മുഴുവൻ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ്. അല്ലാഹു നിശ്ചയിച്ചിരുന്നുവെങ്കിൽ മനുഷ്യരെ മുഴുവനും അവൻ നേർവഴിയിലാക്കുമായിരുന്നുവെന്ന് സത്യവിശ്വാസികൾ മനസ്സിലാക്കിയിട്ടില്ലേ? സത്യനിഷേധികൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി എന്തെങ്കിലും വിപത്ത് ബാധിച്ചുകൊണ്ടേയിരിക്കും. അല്ലെങ്കിൽ അവരുടെ വീടിനു സമീപത്ത് ആപത്തിറങ്ങും; അല്ലാഹുവിന്റെ വാഗ്ദാനം പുലരുന്നതുവരെ. തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.

31. സത്യനിഷേധികൾ ആവശ്യപ്പെടുന്നതുപോലെ ദൃഷ്ടാന്തങ്ങൾ കാണിക്കാൻ അല്ലാഹുവിന് കെല്പില്ലാത്തതല്ല; പ്രത്യുത ആ മാർഗ്ഗം സ്വീകരിക്കുന്നത് അല്ലാഹുവിൻെറ ഉദ്ദേശ്യത്തിന് വിരുദ്ധമാണെന്നതാണ് അടിസ്ഥാന കാരണം. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ദൃഷ്ടാന്തങ്ങൾ കാണിച്ചു സാഹസപ്പെടാതെത്തന്നെ, എല്ലാ മനുഷ്യരെയും വിശ്വാസികളായിക്കൊണ്ടുതന്നെ സൃഷ്ടിച്ചാൽ മതിയായിരുന്നുവല്ലോ. കേവലം അന്ധമായ ഒരു വിശ്വാസമല്ല, ജനങ്ങളുടെ ചിന്തയിലും വീക്ഷണത്തിലും മാറ്റമാണ് ആവശ്യം.

---

32. നിനക്കു മുമ്പും തീർച്ചയായും ദൈവദൂതന്മാർ പരിഹസിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ അവിശ്വസിച്ചവർക്ക് നാം അവസരം നീട്ടിക്കൊടുത്തുകൊണ്ടിരുന്നു.പിന്നീട് നാം അവരെ പിടികൂടി. അപ്പോൾ എൻെറ ശിക്ഷ എങ്ങനെയായിരുന്നു!

33. അപ്പോൾ ഓരോ വ്യക്തിയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യത്തിനു മേൽനോട്ടം വഹിച്ചുകൊണ്ടിരിക്കുന്നവൻ (അല്ലാഹു)(ഒരുകഴിവും ഇല്ലാത്തവർക്ക് സമമാകുന്നത് എങ്ങനെ?) (എന്നിട്ടും) അവർ അല്ലാഹുവിന് പങ്കാളികളെ ആരോപിച്ചിരിക്കുന്നു.

പറയുക: നിങ്ങൾ അവരുടെ പേരുകളൊന്നു പറയുവിൻ! അല്ല; ഭൂമിയിൽ അവൻ അറിയാത്ത ഒന്നിനെക്കുറിച്ച് അവനെ നിങ്ങൾ പറഞ്ഞറിയിക്കുന്നുവോ? അല്ലെങ്കിൽ ബാഹ്യമായ വെറും സംസാരം മാത്രമാണോ (നിങ്ങൾ പറയുന്നത്) അല്ല! അവിശ്വാസികൾക്ക് അവരുടെ കുതന്ത്രം കൗതുകകരമായി തോന്നിയിരിക്കുന്നു. സത്യപാതയിൽനിന്ന് അവർ തടയപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു ആരെയെങ്കിലും ദുർമാർഗത്തിലാക്കുകയാണെങ്കിൽ പിന്നെ അവനെ നേർവഴിയിലാക്കാൻ ആരുമില്ല.

34. അവർക്ക് ഐഹികജീവിതത്തിൽത്തന്നെ ശിക്ഷയുണ്ട്. പരലോക ശിക്ഷയോ ഏറെ ദുരിതപൂർണമായിരിക്കും. അല്ലാഹുവിൽ നിന്ന് അവരെ രക്ഷിക്കാൻ ആരുമുണ്ടാവില്ല.

35. സൂക്ഷ്മത പാലിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിൻെറ അവസ്ഥ ഇതാണ്: അതിൻെറ താഴത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും.അതിലെ കനികളും തണലും ശാശ്വതമായിരിക്കും. ഇതത്രെ ദൈവഭക്തന്മാർക്കുള്ള പര്യവസാനം. സത്യനിഷേധികളുടെ പര്യവസാനമോ, നരകമാകുന്നു.

36. നാം (നേരത്തെ) വേദഗ്രന്ഥം നൽകിയവർ നിനക്ക് അവതീർണ്ണമായ (ഈ വേദത്തിൽ) സന്തുഷ്ടരാണ്. എന്നാൽ ആ കക്ഷികളിൽ ചിലർ ഇതിൻെറ ചില ഭാഗങ്ങൾ അംഗീകരിക്കാത്തവരായുമുണ്ട്. പറയുക: ഞാൻ അല്ലാഹുവിനുമാത്രം വഴിപ്പെടാനാണ് കൽപിക്കപ്പെട്ടിരിക്കുന്നത്. അവനിൽ ഒന്നും പങ്കുചേർക്കാതിരിക്കാനും. അതിനാൽ ഞാൻ അവങ്കലേക്കുമാത്രം ക്ഷണിക്കുന്നു. എൻെറ മടക്കവും അവങ്കലേക്കുതന്നെ.

37. ഇപ്രകാരം അറബിഭാഷയിലുള്ള ഒരു ന്യായപ്രമാണമായി ഇതിനെ നാം ഇറക്കിയിരിക്കുന്നു. നിനക്ക് ഈ അറിവ് വന്നുകിട്ടിയ ശേഷവും നീ അവരുടെ ഇച്ഛകളെ പിൻപറ്റുകയാണെങ്കിൽ അല്ലാഹുവിൻെറ ശിക്ഷയിൽനിന്ന് നിന്നെ കാക്കുന്ന ഒരു രക്ഷകനോ കാവൽക്കാരനോ നിനക്കുണ്ടാവില്ല.

38. നിനക്കു മുമ്പും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്.(മറ്റു മനുഷ്യർക്കെന്നപോലെ)അവരെയും നാം ഭാര്യമാരും സന്തതികളുമുള്ളവരാക്കിയിരിക്കുന്നു. ഒരു ദൈവദൂതന്നും അല്ലാഹുവിൻെറ അനുമതിയോടുകൂടിയല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാനാവില്ല. ഓരോ കാലഘട്ടത്തിനും ഒരു പ്രമാണമുണ്ട്.

---

38. പ്രവാചകന് മുമ്പ് മൂസാനബി(അ)യും, ഈസാനബി(അ)യും സ്വാലിഹ്നബി(അ)യുമെല്ലാം ദൃഷ്ടാന്തങ്ങൾ കൊണ്ടുവന്നത് അവരുടെ അധികാരമോ ശക്തിയോ ഉപയോഗിച്ചുകൊണ്ടല്ല. ദൃഷ്ടാന്തം

കാണിക്കൽ അല്ലാഹുവിൻെറ മാത്രം കഴിവിൽ പെട്ടതാണ് അല്ലാഹുവിന് ഉചിതമെന്ന് തോന്നിയൽ അവൻ ഉദ്ദേശിക്കുന്നവരിലൂടെ അവൻ ഉദ്ദേശിക്കുന്ന ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുന്നു.

39. അല്ലാഹു ഇച്ഛിക്കുന്നത് അവൻ മായ്ച്ചുകളയുന്നു. (അവനിച്ഛിക്കുന്നത്) നിലനിർത്തുകയും ചെയ്യുന്നു. (എല്ലാറ്റിനും ആധാരമായ) മൂലപ്രമാണം അവങ്കൽ മാത്രമാകുന്നു.

40. നാം അവരെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന (ദുഷ്പരിണതികളിൽ) ചിലത് നിനക്കു നാം കാണിച്ചുതരുകയോ, അല്ലെങ്കിൽ (അതിനുമുമ്പ്)നിൻെറ ജീവിതം നാം അവസാനിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ (രണ്ടായാലും) നമ്മുടെ സന്ദേശം എത്തിക്കേണ്ട ചുമതല മാത്രമേ നിനക്കുള്ളൂ. (അവരുടെ) കണക്കു നോക്കുന്ന ചുമതല നമ്മുടേതാണ്.

41. (അവരുടെ നിയന്ത്രണത്തിലുള്ള) രാജ്യത്തെ നാം അതിൻെറ നാനാഭാഗങ്ങളിലൂടെ ചുരുക്കിക്കൊണ്ട് വരുന്നുവെന്നത് അവർ കണ്ടില്ലേ? അല്ലാഹു വിധിക്കുന്നു. അവൻെറ വിധി ഭേദഗതി ചെയ്യാൻ ആരുമില്ല. അവൻ അതിവേഗം കണക്കു നോക്കുന്നവനാണ്.

41.ഒരു കാലത്ത് അറേബ്യ മുഴുവനും ബഹുദൈവാരാധകരുടെ അധീനത്തിലായിരുന്നു.ഇസ്ലാമിൻെറ സ്വാധീനം അറേബ്യൻ ഉപഭൂഖണ്ഡത്തിൻെറ വിവിധ മൂലകളിലേക്ക് പരന്നതോടെ ബഹുദൈവത്വത്തിൻെറ അധീശഭൂമികൾ ചുരുങ്ങിച്ചുരുങ്ങി വരികയും ക്രമേണ അറേബ്യ മുഴുവനും പിന്നീട് ഇതര പ്രദേശങ്ങളും ഇസ്ലാമിക രാഷ്ട്രത്തിൻെറ ഭാഗമായി മാറുകയും ചെയ്തു.

42. ഇവർക്ക് മുമ്പുണ്ടായിരുന്നവരും തന്ത്രം പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ (ഫലവത്തായ)തന്ത്രം പരിപൂർണ്ണമായും അല്ലാഹുവിൻേറതാണ്. ഓരോ ആത്മാവും സമ്പാദിക്കുന്നത് എന്തോ അത് അവൻ അറിയുന്നു. ലോകത്തിൻെറ ശോഭനമായ അന്ത്യം ആരുടേതാണെന്ന് ഈ സത്യനിഷേധികൾ അടുത്തു തന്നെ അറിയും.

43. സത്യനിഷേധികൾ പറയുന്നു: നീ (ദൈവത്താൽ) നിയോഗിക്കപ്പെട്ടവനല്ലെന്ന്. പറയുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു മതി. ആരുടെ പക്കലാണോ വേദജ്ഞാനമുള്ളത് അവരും.

43. വിശുദ്ധ ഖുർആൻെറ അധ്യാപനങ്ങളും മുൻ വേദങ്ങളിലുള്ള അദ്ധ്യാപനങ്ങളും തമ്മിൽ പൊരുത്തമുള്ളതു കാരണമായി വേദക്കാരിലുള്ള പണ്ഡിതന്മാർക്ക് നബി(സ)യുടെ ദൗത്യം സത്യമാണെന്ന് വ്യക്തമായി അറിയാമായിരുന്നു.

*****

## അധ്യായം 14

# ഇബ്‌റാഹീം

**അവതരണം മക്കയില്‍, വചനങ്ങള്‍ 52.**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍.

1. അലിഫ്‌-ലാം റാഅ്‌
അന്ധകാരങ്ങളില്‍ നിന്ന്‌ പ്രകാശത്തിലേക്ക്‌, തങ്ങളുടെ നാഥന്‍റെ അനുമതിയാല്‍, പ്രതാപിയും സ്തുത്യര്‍ഹനുമായവന്‍റെ മാര്‍ഗ്ഗത്തിലേക്ക്‌, മനുഷ്യരെ കൊണ്ടുവരാന്‍ നിനക്ക്‌ അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്‌.

2. ആകാശങ്ങളിലുള്ളതിന്‍റെയും ഭൂമിയിലുള്ളതിന്‍റെയും ഉടമയായ അല്ലാഹുവിന്‍റെ (മാര്‍ഗത്തിലേക്ക്‌). സത്യനിഷേധികള്‍ക്ക്‌ അതിവിനാശകരമായ ശിക്ഷയുണ്ട്‌.

3. പാരത്രിക ജീവിതത്തേക്കാള്‍ ഭൗതിക ജീവിതത്തിന്‌ മുന്‍ഗണന നല്‍കുകയും അല്ലാഹുവിന്‍റെ മാര്‍ഗത്തില്‍ നിന്ന്‌ (ജനങ്ങളെ) തടയുകയും ആ മാര്‍ഗത്തിന്‌ വക്രത വരുത്താന്‍ ആഗ്രഹിക്കുകയും ചെയ്യുന്നവരാരോ അവര്‍ക്ക്‌. അക്കൂട്ടര്‍ വിദൂരമായ വഴികേടിലാകുന്നു.

4. ജനങ്ങള്‍ക്ക്‌ (സന്ദേശം)വ്യക്തമാക്കിക്കൊടുക്കുന്നതിനു വേണ്ടി തന്‍റെ ജനതയുടെ ഭാഷയില്‍ തന്നെയല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല. എന്നാല്‍ അല്ലാഹു നിശ്ചയിക്കുന്നവരെ അവന്‍ വഴികേടിലാക്കുകയും, അവന്‍ നിശ്ചയിക്കുന്നവരെ നേര്‍വഴിയിലാക്കുകയും ചെയ്യുന്നു. അവന്‍ അജയ്യനും യുക്തിമാനുമാകുന്നു.

5. നമ്മുടെ ദൃഷ്‌ടാന്തങ്ങളുമായി മൂസായെ നാം അയക്കുകയുണ്ടായി: നിന്‍റെ ജനതയെ അന്ധകാരങ്ങളില്‍ നിന്ന്‌ പ്രകാശത്തിലേയ്ക്ക്‌ നയിക്കുക. അല്ലാഹുവിന്‍റെ (ചരിത്രപ്രധാനമായ) നാളുകളെപ്പറ്റി അവരെ ഓര്‍മിപ്പിക്കുക. ക്ഷമയുള്ളവര്‍ക്കും നന്ദിയുള്ളവര്‍ക്കും തീര്‍ച്ചയായും അതില്‍ ദൃഷ്‌ടാന്തങ്ങള്‍ തന്നെയുണ്ട്‌.

6. മൂസ തന്‍റെ ജനതയോട്‌ പറഞ്ഞ സന്ദര്‍ഭം: അല്ലാഹു നിങ്ങള്‍ക്കേകിയ അനുഗ്രഹങ്ങള്‍ സ്‌മരിക്കുവിന്‍. ഫിര്‍ഔനിന്‍റെ കൂട്ടരില്‍ നിന്ന്‌ അവന്‍ നിങ്ങളെ മോചിപ്പിച്ചു. അവര്‍ നിങ്ങളെ കഠിനമായി പീഡിപ്പിക്കുകയും നിങ്ങളുടെ ആണ്‍കുട്ടികളെ അറുകൊല ചെയ്യുകയും സ്ത്രീകളെ ജീവിക്കാന്‍ വിടുകയുമായിരുന്നു. നിങ്ങള്‍ക്കതില്‍ നിങ്ങളുടെ നാഥനില്‍ നിന്നുള്ള വലുതായ ഒരു പരീക്ഷണം ഉണ്ടായിരുന്നു.

7. നിങ്ങളുടെ രക്ഷിതാവ്‌ മുന്നറിയിപ്പ്‌ നല്‍കിയ സന്ദര്‍ഭം: നിങ്ങള്‍ നന്ദി കാണിക്കുകയാണെങ്കില്‍ നിങ്ങള്‍ക്ക്‌ ഞാന്‍ (അനുഗ്രഹങ്ങള്‍) വര്‍ദ്ധിപ്പിച്ചുതരും. എന്നാല്‍, നിങ്ങള്‍ നന്ദികേട്‌ കാണിക്കുകയാണെങ്കില്‍ തീര്‍ച്ചയായും എന്‍റെ ശിക്ഷ കഠിനമായിരിക്കും.

8. മൂസ പറഞ്ഞു: നിങ്ങളും ഭൂമിയിലുള്ളവരൊക്കെയും നിഷേധികളായാലും, തീര്‍ച്ചയായും അല്ലാഹു സ്വയം പര്യാപ്‌തനും സ്തുത്യര്‍ഹനുമാകുന്നു.

9. നിങ്ങളുടെ മുന്‍ഗാമികളുടെ വൃത്താന്തങ്ങള്‍ നിങ്ങള്‍ക്ക്‌ വന്നെത്തിയിട്ടില്ലേ? നൂഹിന്‍റെ ജനതയുടെയും, ആദ്‌ സമൂഥ്‌ വര്‍ഗ്ഗങ്ങളുടെയും അവര്‍ക്ക്‌ ശേഷം വന്ന സമുദായങ്ങളുടെയും-അവരുടെ എണ്ണം അല്ലാഹുവിനുമാത്രമേ അറിയൂ- അവരുടെ ദൂതന്മാര്‍ സുവ്യക്തമായ സന്ദേശങ്ങളുമായി അവരെ സമീപിച്ചു. അപ്പോള്‍ അവര്‍ തങ്ങളുടെ കൈകള്‍ വായില്‍ തിരുകി. അവര്‍ പറഞ്ഞു: നിങ്ങള്‍ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതില്‍ ഞങ്ങള്‍ അവിശ്വസിക്കുന്നു. ഏതൊന്നിലേക്കാണോ ഞങ്ങളെ നിങ്ങള്‍ വിളിക്കുന്നത്‌ അതേപ്പറ്റി ഞങ്ങള്‍ ആശങ്കാപൂര്‍ണമായ സംശയത്തിലാണ്‌.

10. അവരുടെ പ്രവാചകന്മാർ പറഞ്ഞു: ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവായ അല്ലാഹുവിന്റെ കാര്യത്തിലാണോ നിങ്ങൾക്കു സംശയം? നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കു പൊറുത്തുതരാനും നിശ്ചിതമായ അവധിവരെ നിങ്ങൾക്ക് അവസരം നീട്ടിത്തരാനുമായി അവൻ നിങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു.
ആ(ജനം)പറഞ്ഞു: നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവരുന്ന (ദൈവങ്ങ)ളിൽനിന്ന് ഞങ്ങളെ തടയാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. അതിനാൽ വ്യക്തമായ എന്തെങ്കിലും തെളിവ് ഞങ്ങൾക്കു കൊണ്ടുവന്നു തരൂ.
11. അവരുടെ ദൈവദൂതന്മാർ അവരോട് പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യർ തന്നെ. എങ്കിലും അല്ലാഹു അവന്റെ ദാസന്മാരിൽ അവനിച്ഛിക്കുന്നവരെ അനുഗ്രഹിക്കുന്നു. അല്ലാഹുവിന്റെ അനുമതിയോടെയല്ലാതെ നിങ്ങൾക്ക് യാതൊരു തെളിവും കൊണ്ടുവന്നു തരാൻ ഞങ്ങൾക്കാവില്ല. എന്നാൽ വിശ്വാസികൾ അല്ലാഹുവിൽ ഭരമേല്പിക്കട്ടെ.
12. ഞങ്ങൾ എന്തിന് അല്ലാഹുവിൽ ഭരമേല്പിക്കാതിരിക്കണം? ഞങ്ങളെ അവൻ ഞങ്ങൾക്കാവശ്യമായ നേർവഴിയിലാക്കിയിരിക്കുന്നു. നിങ്ങൾ ഞങ്ങൾക്കേൽപിക്കുന്ന ദ്രോഹം ഞങ്ങൾ ക്ഷമിക്കുകതന്നെ ചെയ്യും. ഭരമേല്പിക്കുന്നവർ അല്ലാഹുവിങ്കൽമാത്രം ഭരമേല്പിക്കട്ടെ.
13. സത്യനിഷേധികൾ തങ്ങളുടെ ദൈവദൂതന്മാരോട് പറഞ്ഞു: നിങ്ങളെ ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കുകതന്നെ ചെയ്യും.അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിലേക്കു തന്നെ തിരിച്ചു വരണം. അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ബോധനം നൽകി. തീർച്ചയായും ഈ അക്രമികളെ നാം നശിപ്പിക്കുകതന്നെ ചെയ്യും.
14. അവർക്കുശേഷം നിങ്ങളെ നാം ഭൂമിയിൽ അധിവസിപ്പിക്കുകയും ചെയ്യും. എന്റെ സന്നിധിയിൽ (ഉത്തരം ബോധിപ്പിക്കേണ്ടിവരുമെന്ന്) ഭയപ്പെടുകയും എന്റെ താക്കീതുകളെ ഭയപ്പെടുകയും ചെയ്യുന്നവരോടുള്ള ഔദാര്യമത്രെ ഇത്.
15. (ആ ദൂതന്മാർ) വിധിതീർപ്പ് ആവശ്യപ്പെടുകയും ധിക്കാരികളായ സ്വേഛാധിപതികളൊക്കെ പരാജയപ്പെടുകയും ചെയ്തു.
16. ഇനി ഇതിനുശേഷം അവന്ന് നരകമുണ്ട്. അവിടെ ചോരയും ചലവും കലർന്ന ജലത്തിൽ നിന്ന് അവൻ കുടിപ്പിക്കപ്പെടുകയും ചെയ്യും.
17. അതവൻ കീഴ്പോട്ടിറക്കാൻ ശ്രമിക്കും. വളരെ വിഷമിച്ചേ അവന്നത് ഇറക്കാൻ കഴിയൂ. നാനാവശങ്ങളിൽനിന്നും മരണം അവന്റെ നേരെ വരും. എന്നാൽ, അവനൊട്ടു മരിക്കുകയുമില്ല. ഇതിനുപിറകെ കഠിനമായ ശിക്ഷ വേറെയുമുണ്ട്.
18. തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരുടെ പ്രവർത്തനങ്ങളുടെ ഉദാഹരണം:കൊടുങ്കാറ്റുള്ള ഒരു നാളിൽ കനത്ത കാറ്റടിച്ചു പാറിപ്പോയ ചാരംപോലെയാകുന്നു. അവർ നേടിയതൊന്നും അവർക്ക് ഒട്ടും ഉപകാരപ്പെടുകയില്ല. ഇതുതന്നെയാകുന്നു വിദൂരമായ മാർഗഭ്രംശം.
19. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടി യാഥാർത്ഥ്യത്തിന്മേൽ നിലനിറുത്തിയത് നിങ്ങൾ കാണുന്നില്ലേ? അവൻ ഉദ്ദേശിക്കുന്ന പക്ഷം നിങ്ങളെ അവൻ നീക്കിക്കളയുകയും (തൽസ്ഥാനത്തു) പുതിയൊരു സൃഷ്ടിയെ അവൻ കൊണ്ടുവരികയും ചെയ്യുന്നതാകുന്നു.
20. അല്ലാഹുവിന് അതൊട്ടും പ്രയാസകരമല്ല.
21. അവരെല്ലാവരും അല്ലാഹുവിങ്കലേക്ക് പുറപ്പെട്ട് വരും. അപ്പോൾ (ഈ ലോകത്ത്) ദുർബലരായിരുന്നവർ അഹങ്കരിച്ചുകഴിഞ്ഞിരുന്നവരോടു പറയും: തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അനുയായികളായിരുന്നുവല്ലോ. ആകയാൽ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് ഞങ്ങൾക്ക് അൽപമെങ്കിലും ഇളവ് ഉണ്ടാക്കിത്തരുമോ?

(അഹങ്കരിച്ചിരുന്നവർ)പറയും: അല്ലാഹു ഞങ്ങളെ നേർവഴിയിലാക്കിയിരുന്നെങ്കിൽ ഞങ്ങൾ നിങ്ങളെയും നേർവഴിയിലാക്കുമായിരുന്നു. ഇനി നമ്മെസംബന്ധിച്ചിടത്തോളം നാം ക്ഷമ കേട് കാണിച്ചാലും ക്ഷമിച്ചാലും ഒരുപോലെയാകുന്നു. നമുക്ക് യാതൊരു രക്ഷാമാർഗവുമില്ല.

22. കാര്യം തീരുമാനിക്കപ്പെടുമ്പോൾ പിശാച് പറയും: തീർച്ചയായും അല്ലാഹു നിങ്ങളോട് ഒരു വാഗ്ദാനം ചെയ്തു. സത്യമായ വാഗ്ദാനം. എന്നാൽ ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു. പക്ഷേ, ഞാനതു ലംഘിച്ചു. നിങ്ങളെ വിളിക്കുന്നതിനല്ലാതെ ഒരധികാരവും നിങ്ങളുടെ മേൽ എനിക്കുണ്ടായിരുന്നില്ല. എന്നാൽ നിങ്ങൾ എന്റെ വിളികേട്ടു. അതിനാൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട. നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തുക. എനിക്ക് നിങ്ങളെ സഹായിക്കാനാവില്ല.നിങ്ങൾക്ക് എന്നെയും സഹായിക്കാനാവില്ല. നേരത്തെ നിങ്ങളെന്നെ (അല്ലാഹുവിന്)പങ്കാളിയാക്കിയിരുന്നതിനെ ഞാനിതാ നിഷേധിക്കുന്നു. തീർച്ചയായും അക്രമികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്.

23. വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗീയാരാമങ്ങളിൽ പ്രവേശിക്കപ്പെടുന്നതാകുന്നു.അവിടെ തങ്ങളുടെ രക്ഷിതാവിന്റെ അനുമതിയോടെ അവർ ശാശ്വതമായി വസിക്കും. അതിൽ അവരുടെ അഭിവാദനം 'സമാധാനം' എന്നായിരിക്കും.

24. അല്ലാഹു പരിശുദ്ധ വചനത്തിന് നൽകിയ ഉദാഹരണം എങ്ങനെയെന്ന് നീ കാണുന്നില്ലേ? അത് ഒരു നല്ല മരം പോലെയാകുന്നു. അതിന്റെ വേരുകൾ (ഭൂമിയിൽ) ആണ്ടിറങ്ങിയിരിക്കുന്നു. അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്നു നിൽക്കുന്നതുമാകുന്നു.

25. എല്ലാ കാലത്തും അത് തന്റെ നാഥന്റെ കല്പനപ്രകാരം ഫലങ്ങൾ നല്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഈ ഉദാഹരണങ്ങൾ നല്കുന്നത് ജനം അതിൽനിന്ന് പാഠമുൾക്കൊള്ളേണ്ടതിന്നാകുന്നു.

---

25. എല്ലാ കാലത്തും ഏതു കാലാവസ്ഥയിലും ഫലം നല്കുന്ന ഒരു വൃക്ഷം പോലെയാണ് സത്യസാക്ഷ്യം ഉദ്ഘോഷിക്കുന്ന പരിശുദ്ധ വചനം. അതിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ജീവിത വ്യവസ്ഥ കെട്ടിപ്പടുക്കുന്നവർക്ക് ഓരോ നിമിഷവും അതിന്റെ സദ്ഫലം ലഭിച്ചുകൊണ്ടിരിക്കും. അതൊരു രത്നമാണ്. അതിന്റെ സ്വാധീനം ശരിയാംവണ്ണം ഉൾക്കൊള്ളുകയാണെങ്കിൽ അതവനെ ഒരു പരീക്ഷണത്തിലും പതറാതെ സന്മാർഗത്തിൽ ഉറപ്പിച്ചു നിർത്തുന്നതാണ്.

---

26. ഒരു ചീത്ത വചനത്തിന്റെ ഉപമ ഒരു ചീത്ത വൃക്ഷത്തെപ്പോലെയാണ്.ഭൂതലത്തിൽ നിന്ന് അത് പിഴുതെടുക്കപ്പെട്ടിരിക്കുന്നു. അതിന് ഒരു അടിയുറപ്പും ഇല്ല.

---

26. തെറ്റായ ആദർശം യാഥാർത്ഥ്യത്തിനു വിരുദ്ധമാണ്. അതിനാൽ പ്രകൃതിയുടെ നിയമം ഒരിടത്തും അതുമായി യോജിക്കുന്നില്ല. ചരിത്രാരംഭം മുതൽ ഇന്നുവരെ പരിശുദ്ധ വചനം ഒന്നു മാത്രമാണ്. പരിശുദ്ധ വചനം വേരോടെ പിഴുതെറിയപ്പെടുക സംഭവ്യമല്ല. എന്നാൽ ചീത്ത വചനം എണ്ണമില്ലാതെ പെരുകിക്കൊണ്ടിരിക്കുന്നു. ആയിരക്കണക്കിൽ പ്രാവശ്യം അതിന്റെ പേർപോലും ശേഷിക്കാത്തവണ്ണം അവ ചരിത്രത്തിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടിട്ടുണ്ട്. പ്രകൃതിവാദം, നിർമതത്വം, നിരീശ്വരത്വം, ബഹുദൈവത്വം, വിഗ്രഹാരാധന എന്നിവക്ക് പുറമെ പ്രവാചകന്മാർ കൊണ്ടുവന്നതല്ലാത്ത, മനുഷ്യൻ തന്റെ ജീവിതവ്യവസ്ഥയുടെ അടിസ്ഥാനമായി അംഗീകരിച്ച എല്ലാ തെറ്റായ ആദർശങ്ങളും വിഭാവനകളും അതിൽ ഉൾപ്പെടുന്നു.

---

27. സത്യവിശ്വാസികൾക്ക് അല്ലാഹു ഒരു സുസ്ഥിരമായ വചനത്തിൻെറ അടിസ്ഥാനത്തിൽ ഇഹത്തിലും പരത്തിലും സ്ഥൈര്യം പ്രദാനം ചെയ്യുന്നു. അക്രമികളെ അല്ലാഹു വഴിപിഴപ്പിൽ വിടുകയും ചെയ്യും. അല്ലാഹു അവനിച്ഛിക്കുന്നതെന്തും പ്രവർത്തിക്കുന്നു.
28. അല്ലാഹുവിൻെറ അനുഗ്രഹത്തിന് (നന്ദി കാണിക്കേണ്ടതിനു) പകരം നന്ദികേട് കാണിക്കുകയും, തങ്ങളുടെ ജനതയെ നാശത്തിൻെറ ഗൃഹത്തിൽ കൊണ്ടിറക്കുകയും ചെയ്തവരെ നീ കണ്ടില്ലേ?
29. (അതായത്)നരകത്തിൽ.അതിൽ അവർ വെന്തെരിയും.അത് എത്ര മോശമായ വാസസ്ഥലം.
30. അവർ അല്ലാഹുവിന്ന് സമന്മാരെ നിശ്ചയിക്കുകയും ചെയ്തു. അവരെ അല്ലാഹുവിൻെറ മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ. പറയുക: നിങ്ങൾ സുഖിച്ചുകൊള്ളുവിൻ! തീർച്ചയായും നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്.
31. എൻെറ വിശ്വാസികളായ ദാസന്മാരോട് പറയുക: അവർ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കട്ടെ. നാം അവർക്ക് നല്കിയതിൽനിന്ന് രഹസ്യമായും പരസ്യമായും(ധർമമാർഗത്തിൽ) ചെലവഴിക്കുകയും ചെയ്യട്ടെ. കൊള്ളക്കൊടുക്കകളും സുഹൃദ്ബന്ധങ്ങളുമൊന്നും നടക്കാത്ത ഒരുനാൾ വന്നെത്തും മുമ്പ്.
32. അല്ലാഹുവാണ് ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും ആകാശത്തുനിന്നു ജലം ഇറക്കുകയും അതുമൂലം നിങ്ങൾക്ക് ആഹാരമായി കായ്കനികൾ ഉല്പാദിപ്പിക്കുകയും ചെയ്തത്. അവൻെറ ആജ്ഞാനുസാരം സമുദ്രത്തിൽ സഞ്ചരിക്കുവാൻ കപ്പലുകളെ നിങ്ങൾക്ക് അധീനമാക്കിത്തന്നു. നദികളെയും അവൻ നിങ്ങൾക്ക് അധീനമാക്കിത്തന്നിരിക്കുന്നു.

---

32. ഇവിടെ 'അധീനമാക്കിത്തന്നിരിക്കുന്നു' എന്നതിൻെറ താൽപര്യം മനുഷ്യർക്ക് ഉപകാരപ്പെടുന്ന വിധത്തിൽ അവയെ സംവിധാനിച്ചിരിക്കുന്നു എന്നാണ്. കപ്പൽ പ്രകൃതിയുടെ ചില പ്രത്യേക നിയമങ്ങളാൽ ബന്ധിതമായിരുന്നില്ലെങ്കിൽ മനുഷ്യന് ഒരിക്കലും സമുദ്രസഞ്ചാരം സാധ്യമാവുമായിരുന്നില്ല. ഉറവകൾ ചില പ്രത്യേക നിയമങ്ങൾക്ക് വിധേയമായിരുന്നില്ലെങ്കിൽ അവയിൽനിന്ന് പുഴകൾ ഉൽഭവിക്കുമായിരുന്നില്ല.

---

33. അവിരാമമായി ചലിച്ചുകൊണ്ടിരിക്കുന്ന സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. രാത്രിയെയും പകലിനെയും അവൻ നിങ്ങൾക്ക് അധീനമാക്കി.
34. നിങ്ങൾ ചോദിച്ചതൊക്കെയും അവൻ നിങ്ങൾക്ക് തന്നിരിക്കുന്നു. അല്ലാഹുവിൻെറ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണുകയാണെങ്കിൽ അവയെ നിങ്ങൾക്ക് തിട്ടപ്പെടുത്താനാവില്ല. തീർച്ചയായും മനുഷ്യൻ കടുത്ത അക്രമിയും നന്ദികെട്ടവനും തന്നെ.

---

34. മനുഷ്യൻെറ നിലനിൽപിന്നും പുരോഗതിക്കും ആവശ്യമായ എല്ലാ കാര്യങ്ങളും അല്ലാഹു ഒരുക്കിത്തന്നിരിക്കുന്നു. അവൻെറ പ്രകൃതിയുടെ എല്ലാ തേട്ടങ്ങളും അവൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു.

---

35. ഇബ്റാഹീം പറഞ്ഞ സന്ദർഭം: എൻെറ നാഥാ! നീ ഈ നാടിനെ(മക്കയെ) നിർഭയത്വമുള്ളതാക്കേണമേ. എന്നെയും എൻെറ മക്കളെയും വിഗ്രഹാരാധനയിൽനിന്ന് അകറ്റേണമേ!.
36. എൻെറ നാഥാ! തീർച്ചയായും ഇവ(വിഗ്രഹങ്ങൾ) മനുഷ്യരിൽ ഏറെപ്പേരെ വഴികേടിലാക്കിയിരിക്കുന്നു. എന്നാൽ എന്നെ ആർ പിന്തുടരുന്നുവോ,അവൻ നിശ്ചയമായും എന്നിൽ പെട്ടവനാണ്. ആരെങ്കിലും എന്നെ ധിക്കരിക്കുന്നുവെങ്കിൽ തീർച്ചയായും നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ.
37. ഞങ്ങളുടെ നാഥാ! എൻെറ സന്തതികളിൽപെട്ട(ചിലരെ) കൃഷിയില്ലാത്ത ഈ താഴ്വരയിൽ, നിൻെറ പവിത്രമായ മന്ദിരത്തിൻെറ(കഅബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരി

ക്കുന്നു. ഞങ്ങളുടെ നാഥാ! അവർ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കാനാണിത്. അതിനാൽ ജനഹൃദയങ്ങളിൽ അവരോട് അനുഭാവമുണ്ടാക്കേണമേ. അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. അവർ നന്ദിയുള്ളവരായേക്കാം.

37. ഇബ്റാഹീം നബി(അ), തൻെറ പുത്രനായ ഇസ്മാഈലിനെ മക്കയിൽ താമസിപ്പിച്ചു. ഹജ്ജും ഉംറയും നിർവഹിക്കാൻ മക്കയിൽ കൂട്ടമായി അന്നും ഇന്നും ജനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കൃഷിയില്ലാത്ത ആ പ്രദേശത്ത് ഏത് കാലത്തും എല്ലാവിധ ഫലങ്ങളും ധാന്യങ്ങളും മറ്റാഹാരവസ്തുക്കളും എത്തിക്കൊണ്ടിരിക്കുന്നത് ആ പ്രാർത്ഥനയുടെ ഫലം തന്നെ.

38. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ മറച്ചുവെക്കുന്നതും വെളിപ്പെടുത്തുന്നതും തീർച്ചയായും നീ അറിയുന്നു. അല്ലാഹുവിന് ഗോപ്യമായിട്ട് യാതൊന്നുമില്ല. ഭൂമിയിലുമില്ല, ആകാശത്തുമില്ല.
39. വാർദ്ധക്യകാലത്ത് എനിക്ക് ഇസ്മാഈലിനെയും ഇസ്ഹാഖിനെയും കനിഞ്ഞു നൽകിയ അല്ലാഹുവിന് സ്തുതി. തീർച്ചയായും എൻെറ നാഥൻ പ്രാർത്ഥന കേൾക്കുന്നവൻ തന്നെ!
40. എൻെറ നാഥാ! എന്നെ നീ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുന്നവനാക്കേണമേ! എൻെറ സന്തതികളിൽനിന്നും (അത്തരക്കാരെ ഉണ്ടാക്കേണമേ.) ഞങ്ങളുടെ രക്ഷിതാവേ, എൻെറ പ്രാർത്ഥന സ്വീകരിച്ചാലും.
41. ഞങ്ങളുടെ നാഥാ! എനിക്കും എൻെറ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കൊക്കെയും വിചാരണ നടക്കും നാളിൽ പാപമോചനമരുളേണമേ.

41. ഇബ്റാഹീം നബിയെ തൻെറ പിതാവ് നാട്ടിൽനിന്ന് പുറത്താക്കിയപ്പോൾ 'അങ്ങയ്ക്കു പൊറുത്തുതരാൻ ഞാനെൻെറ നാഥനോട് പ്രാർഥിക്കാം...'(മർയം:47) എന്ന് വാഗ്ദാനം ചെയ്തതിൻെറ അടിസ്ഥാനത്തിലാണ് ഇവിടെ പൊറുത്തുതരാൻ പ്രാർഥിച്ചപ്പോൾ പിതാവിനെയും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പിതാവ് അല്ലാഹുവിൻെറ ശത്രുവാണെന്ന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ കയ്യൊഴിച്ചു. (അത്തൗബ: 114).

42. അക്രമികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനാണെന്ന് നിങ്ങൾ ധരിക്കരുത്. കണ്ണുകൾ തള്ളിപ്പോകുന്ന ഒരു(ഭയാനകമായ) ദിവസംവരെ അവർക്കു അവൻ സമയം നീട്ടിക്കൊടുക്കുക മാത്രമാണ് ചെയ്യുന്നത്.
43. അവർ ഭീതിദരായി തലയുയർത്തിപ്പിടിച്ച് പാഞ്ഞടുക്കും. അവരുടെ ദൃഷ്ടികൾ അവരിലേക്കു(തന്നെ)തിരിച്ചു വരുകയില്ല.അവരുടെ ഹൃദയങ്ങൾ ശൂന്യമായിത്തീരുകയും ചെയ്യും.
44. മനുഷ്യർക്ക് ശിക്ഷ വന്നെത്തുന്ന ആ ദിനത്തെക്കുറിച്ച് നീ അവർക്ക് മുന്നറിയിപ്പു കൊടുക്കുക. അതിക്രമം പ്രവർത്തിച്ചവർ അപ്പോൾ പറയും: ഞങ്ങളുടെ നാഥാ, അടുത്ത ഒരവധിവരെ ഞങ്ങൾക്കു നീ സമയം നീട്ടിത്തരേണമേ. എങ്കിൽ നിൻെറ വിളിക്ക് ഞങ്ങൾ ഉത്തരം നൽകുകയും, ദൂതന്മാരെ ഞങ്ങൾ പിന്തുടരുകയും ചെയ്തുകൊള്ളാം. നിങ്ങൾക്കു (മറ്റൊരു ലോകത്തേക്കു) മാറേണ്ടി വരില്ലെന്ന് മുമ്പാണയിട്ടു പറഞ്ഞിരുന്നില്ലേ നിങ്ങൾ?
45. തങ്ങളോടുതന്നെ അതിക്രമം കാണിച്ച ഒരു ജനവിഭാഗത്തിൻെറ പാർപ്പിടങ്ങളിലാണല്ലോ നിങ്ങൾ താമസിച്ചിരുന്നത്. അവരെ നാം എന്താണ് ചെയ്തതെന്ന് നിങ്ങൾ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്.നിങ്ങൾക്കു നാം ഉപമകൾ വഴി (കാര്യങ്ങൾ)വിശദീകരിച്ചു തന്നിട്ടുമുണ്ട്.
46. അവർ തങ്ങളുടെ തന്ത്രങ്ങളൊക്കെയും പയറ്റിനോക്കി. എന്നാൽ അവർക്കെതിരിലുള്ള തന്ത്രം അല്ലാഹുവിങ്കലുണ്ട്.അവരുടെ കുതന്ത്രങ്ങൾ മലകൾ നീങ്ങിപ്പോകാൻ പോന്നതാണെങ്കിലും.

46. നിങ്ങൾക്ക് മുമ്പുള്ള സമുദായങ്ങൾ അവരുടെ പ്രവാചകന്മാരുടെ ദൗത്യങ്ങൾ പരാജപ്പെടുത്തുന്നതിന് എന്തെല്ലാം ഭയങ്കര കുതന്ത്രങ്ങളാണ് പ്രയോഗിച്ചുനോക്കിയതെന്ന് നിങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ അല്ലാഹുവിൻെറ ഒറ്റ തന്ത്രത്തിനുമുമ്പിൽ അവരുടെ എല്ലാ കുതന്ത്രങ്ങളും എങ്ങനെ പൊളിഞ്ഞുപോയെന്നും നിങ്ങൾ കണ്ടിട്ടുണ്ട്. എന്നിട്ടും സത്യത്തിനെതിരിൽ കുതന്ത്രങ്ങൾ പ്രയോഗിക്കുന്നത് നിങ്ങൾ അവസാനിപ്പിച്ചിട്ടില്ല.നിങ്ങളുടെ കുതന്ത്രങ്ങൾ വിജയിക്കുമെന്നാണോ പിന്നെയും നിങ്ങൾ കരുതുന്നത്?

---

47. അല്ലാഹു തൻെറ ദൂതന്മാർക്ക് നല്കിയ വാഗ്ദാനങ്ങൾ ലംഘിക്കുമെന്ന് നീ വിചാരിക്കേണ്ടതില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും പ്രതികാരം ചെയ്യുന്നവനുമാകുന്നു.

48. ഈ ഭൂമി, ഭൂമിയല്ലാത്ത മറ്റൊന്നായും അതുപോലെ ആകാശങ്ങളും മാറ്റിമറിക്കപ്പെടുകയും ഏകനും സർവ്വാധികാരിയുമായ അല്ലാഹുവിൻെറ സന്നിധിയിൽ അവയെല്ലാം മറയില്ലാതെ ഹാജരാവുകയും ചെയ്യുന്ന ദിവസം.

49. ആ നാളിൽ കുറ്റവാളികളെ ചങ്ങലകളിൽ പരസ്പരം ബന്ധിക്കപ്പെട്ടവരായി നിനക്ക് കാണാവുന്നതാണ്.

50. അവരുടെ ഉടുപ്പുകൾ താറുകൊണ്ടുള്ളതായിരിക്കും. തീ നാളങ്ങൾ അവരുടെ മുഖങ്ങളെ മൂടുകയും ചെയ്യും.

51. അല്ലാഹു സകല ആത്മാവുകൾക്കും അവ സമ്പാദിച്ചതിൻെറ പ്രതിഫലം നല്കുന്നതിനു വേണ്ടിയത്രെ ഇത്. തീർച്ചയായും അല്ലാഹു അതിവേഗം കണക്കുനോക്കുന്നവനാണ്.

52. ഇത് മുഴുവൻ മനുഷ്യർക്കുമുള്ള സന്ദേശമാകുന്നു. ഇതിലൂടെ അവർക്ക് മുന്നറിയിപ്പു നല്കപ്പെടേണ്ടതിന്നും, അവൻ ഒരേ ഒരു ദൈവം മാത്രമാണെന്ന് അവർ അറിയേണ്ടതിന്നും ബുദ്ധിമാന്മാർ ചിന്തിച്ചു മനസ്സിലാക്കുന്നതിന്നും വേണ്ടിയത്രെ(ഇത് അയയ്ക്കപ്പെട്ടിട്ടുള്ളത്).

---

*****

## അധ്യായം 15

# അൽ ഹിജ്ർ. (ഹിജ്ർ താഴ്‌വര)

**അവതരണം മക്കയിൽ, വചനങ്ങൾ 99**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. അലിഫ്-ലാം-റാ. വേദഗ്രന്ഥത്തിൻെറയും സുവ്യക്തമായ ഖുർആൻെറയും വചനങ്ങളാകുന്നു ഇവ.
2. തങ്ങൾ മുസ്ലിംകളായിരുന്നെങ്കിൽ എത്ര നന്നായേനെയെന്ന് അവിശ്വാസികൾ ആഗ്രഹിച്ചുപോകുന്ന (സന്ദർഭം വരിക വിദൂരമല്ല) .
3. അവരെ വിട്ടേക്കുക.അവർ തിന്നും സുഖിച്ചും കഴിയട്ടെ. വ്യാമോഹങ്ങൾ അവരെ പ്രജ്ഞാശൂന്യരാക്കുകയും ചെയ്യട്ടെ. വൈകാതെ അവർക്ക് മനസ്സിലാകും.
4. നിർണ്ണിതമായ ഒരവധി നൽകിക്കൊണ്ടല്ലാതെ നാം ഒരു നാടിനെയും നശിപ്പിച്ചിട്ടില്ല.
5. ഒരു ജനതക്ക് അതിൻെറ അവധിയെ (കവച്ച്) മുൻകടക്കുവാനോ, (അവധിയെത്തിയാൽ) പിന്നെ പിന്തിക്കുവാനോ കഴിയുകയില്ല.
6. (സത്യനിഷേധികൾ) പറയുന്നു: ഹേ (ഖുർആൻെറ) ഉൽബോധനം ഇറക്കിക്കിട്ടിയവനേ, തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെയാണ്.
7. നീ സത്യവാനെങ്കിൽ ഞങ്ങളുടെ അടുത്ത് മലക്കുകളെ കൊണ്ടുവരാത്തതെന്ത്?
8. എന്നാൽ ന്യായമായ കാരണത്താലല്ലാതെ നാം മലക്കുകളെ ഇറക്കുകയില്ല. (ഇറക്കിയാൽ പിന്നെ) അവർക്ക് (സത്യനിഷേധികൾക്ക്) സാവകാശം നൽകപ്പെടുന്നതുമല്ല.

---

8. അല്ലാഹു ഒരു ജനതയെക്കുറിച്ച് അന്തിമ തീരുമാനമെടുക്കുമ്പോൾ അവിടെ അസത്യത്തെ നശിപ്പിച്ച് പകരം സത്യത്തെ പ്രതിഷ്ഠിക്കുവാനുള്ള അല്ലാഹുവിൻെറ തീരുമാനം നടപ്പാക്കുവാൻ വേണ്ടിയാണ് മലക്കുകളയക്കപ്പെടുക. മലക്കുകൾ അയക്കപ്പെട്ടാൽ 'ഇപ്പോൾ വിശ്വസിച്ചാൽ രക്ഷയുണ്ട്' എന്ന് അവർ പറയുകയില്ല, മറിച്ച് അല്ലാഹുവിൻെറ തീരുമാനം അവർ യഥാവിധി നടപ്പിലാക്കുന്നതാണ്. അപ്പോൾ സത്യനിഷേധികൾക്ക് ഒട്ടും സാവകാശം നൽകപ്പെടുകയുമില്ല.

---

9. തീർച്ചയായും നാമാണ് ഈ ഉൽബോധനം (ഖുർആൻ) അവതരിപ്പിച്ചത്. നാം തന്നെ അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്.

---

9. നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്ന ഈ ഖുർആൻ അല്ലാഹുവാണ് അവതരിപ്പിച്ചത്. ഇതിൽ മാറ്റത്തിരുത്തൽ വരുത്താനോ കൈയേറ്റം നടത്താനോ ആർക്കും ഒരുകാലത്തും അവസരം ലഭിക്കുകയുമില്ല.

---

10. നിനക്കുമുമ്പ് പൂർവികരായ പല വിഭാഗങ്ങളിലും നാം(പ്രവാചന്മാരെ)നിയോഗിച്ചിട്ടുണ്ട്
11. അവരുടെയടുക്കൽ ഒരു ദൈവദൂതൻ ആഗതനാകുമ്പോഴൊക്കെ അവർ അദ്ദേഹത്തെ പരിഹസിക്കാതിരിക്കുക എന്നത് ഒരിക്കലും ഉണ്ടായിട്ടില്ല.
12. കുറ്റവാളികളുടെ ഹൃദയങ്ങളിൽ ഇപ്രകാരം അതിനെ നാം കടത്തിവിടുന്നു-
13. അതിൽ അവർ വിശ്വാസംകൊള്ളുന്നില്ല. ഇങ്ങനെ പൂർവികരുടെ രീതി കഴിഞ്ഞുപോയിട്ടുണ്ട്.
14. നാം അവർക്ക് ആകാശത്തിൽ ഒരു കവാടം തുറന്നുകൊടുക്കുകയും എന്നിട്ട് അതിലൂടെ അവർ കയറിത്തുടങ്ങുകയും ചെയ്യുകയാണെങ്കിൽപോലും-

15. നമ്മുടെ ദൃഷ്ടികൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു, അല്ല നമ്മൾ മാരണം ചെയ്യപ്പെട്ടിരിക്കുന്നു. എന്നേ അവർ പറയൂ.

16. ആകാശത്തു നാം താരരാശികളുണ്ടാക്കിയിരിക്കുന്നു. കാണികൾക്കായി അതിനെ നാം അലങ്കരിക്കുകയും ചെയ്തു.

17. ശപിക്കപ്പെട്ട എല്ലാ ചെകുത്താന്മാരിൽനിന്നും നാമതിനെ സുരക്ഷിതമാക്കുകയും ചെയ്തു.

18. കട്ടുകേൾക്കുന്നവനിൽ നിന്നൊഴികെ. (അങ്ങനെ ചെയ്യുമ്പോൾ) ഒരു പ്രകാശനാളം അവനെ പിന്തുടരുന്നു.

19. ഭൂമിയെ നാം വിശാലമാക്കുകയും അതിൽ പർവതങ്ങളുറപ്പിക്കുകയും ചെയ്തു. അതിൽ നാനാതരം വസ്തുക്കളും കൃത്യമായ പരിമാണത്തിൽ മുളപ്പിക്കുകയും ചെയ്തു.

---

19. ഭൂമിയിൽ അല്ലാഹു മുളപ്പിച്ച ഓരോ സസ്യവിഭാഗങ്ങളുടെയും ആകാരത്തിനും വ്യാപനത്തിനും വളർച്ചക്കും നിർണിത പരിധികളുണ്ട്. ആ പരിധികൾ വിട്ടുകടക്കാൻ ഒരിനത്തിനും സാധ്യമല്ല.

---

20. നിങ്ങൾക്കും നിങ്ങൾ ആഹാരം കൊടുക്കാത്ത (ഇതര ജീവജാലങ്ങൾക്കും) അതിൽ ഉപജീവനവിഭവങ്ങൾ നാം ഉണ്ടാക്കിവെച്ചിരിക്കുന്നു.

21. യാതൊരു വസ്തുവുമില്ല, അതിൻെറ (ജീവിതോപാധികളുടെ) ഖജനാവുകൾ നമ്മുടെയടുക്കൽ ആയിട്ടല്ലാതെ. ഒരു നിശ്ചിതയളവിൽ അല്ലാതെ നാം അത് ഇറക്കുന്നുമില്ല.

22. മേഘവാഹിനികളായ കാറ്റിനെ നാം അയക്കുകയും എന്നിട്ട് ആകാശത്തുനിന്നു ജലം വർഷിക്കുകയും അത് നിങ്ങളെ കുടിപ്പിക്കുകയും ചെയ്യുന്നു. അതിൻെറ സൂക്ഷിപ്പുകാർ നിങ്ങളല്ലതാനും.

23. തീർച്ചയായും നാം തന്നെയാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും.(സകലത്തിൻേറയും) അനന്തരാവകാശിയായിത്തീരുന്നതും നാം തന്നെയാകുന്നു.

---

23. നിങ്ങൾക്ക് ഇഹലോകത്ത് ലഭിച്ചിട്ടുള്ള നേട്ടങ്ങളെല്ലാം താൽകാലികമായ ഉപയോഗത്തിനുമാത്രം ലഭിച്ചിട്ടുള്ളതാണ്. ഏതാനും നാളത്തേക്ക് വായ്പകിട്ടിയ ജീവിതത്തിലേക്കുമാത്രം പരിമിതമായ അതിനിസ്സാരമായ ആനന്ദോല്ലാസോപാധികൾ! അവസാനം അതെല്ലാം ഉപേക്ഷിച്ചുകൊണ്ട് വെറുംകൈയോടെ നിങ്ങൾ വിടവാങ്ങുകയും അവയെല്ലാം അല്ലാഹുവിൻെറ ഖജനാവിൽ പഴയപടി നിലകൊള്ളുകയും ചെയ്യും.

---

24. നിങ്ങളിൽനിന്ന് മുൻകടന്നുപോയവർ ആരെന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. പിറകെ വരുന്നവരെയും നാം അറിയുന്നു.

25. തീർച്ചയായും നിൻെറ നാഥൻ അവരെയെല്ലാവരെയും ഒരുമിച്ചുകൂട്ടുന്നതാകുന്നു. തീർച്ചയായും അവൻ യുക്തിമാനും എല്ലാം അറിയുന്നവനുമത്രെ.

26. തീർച്ചയായും മനുഷ്യനെ നാം മുട്ടിയാൽ മുഴങ്ങുന്ന ഗന്ധമുള്ള കറുത്ത കളിമണ്ണിൽനിന്ന് സൃഷ്ടിച്ചു.

---

26.ആദി മുതലേ ഭൗമികധാതുക്കളിൽനിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നും,ചിലർ സ്ഥാപിക്കാൻ ശ്രമിക്കുന്നതുപോലെ മൃഗീയഘട്ടങ്ങളിലൂടെ പരിണമിച്ചുകൊണ്ടല്ല മനുഷ്യൻ മാനുഷഘട്ടത്തിലെത്തിച്ചേർന്നതെന്നും ഖുർആൻ ഇവിടെ വ്യക്തമാക്കുന്നു.

---

27. അതിനുമുമ്പ് ജിന്നുകളെ നാം അത്യുഷ്ണമുള്ള തീജ്ജ്വാലയിൽനിന്നു സൃഷ്ടിച്ചിട്ടുണ്ടായിരുന്നു.

---

27.കഠിനചൂടുള്ള ജ്വലിക്കുന്ന വായുവിൽനിന്നാണ് ആദിജിന്ന് നിർമിക്കപ്പെട്ടിട്ടുള്ളത്.നമ്മുടെ ശരീരം നൂറുശതമാനവും ഭൗമിക ഘടകങ്ങളാൽ കൂട്ടിയിണക്കപ്പെട്ടതാണെങ്കിലും, ആഘടകങ്ങൾ മാംസത്തിൻെറ

യും മജ്ജയുടെയും രക്തത്തിന്റെയും ഒക്കെ രൂപം സ്വീകരിച്ചതോടെ മണ്ണിൽനിന്നു തികച്ചും വ്യത്യസ്തമായ വസ്തുവായിത്തീർന്നു. ഇതുതന്നെയാണ് ജിന്നുകളുടെയും സ്ഥിതി. അവയുടെ അസ്തിത്വം മൗലികമായി ആഗ്നേയമാണെങ്കിലും, എപ്രകാരം നാം വെറും മണ്ണല്ലയോ അതേ പ്രകാരം ജിന്നുകൾ കേവലം തീജ്വാലയുമല്ല.

28. നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം: നിശ്ചയമായും മുഴക്കമുണ്ടാക്കുന്ന കളിമണ്ണിൽനിന്നും രൂപപ്പെടുത്തിയ കറുത്ത ചെളിമണ്ണിൽനിന്നും ഞാൻ മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു.

29. അങ്ങനെ ഞാൻ അവനെ രൂപപ്പെടുത്തുകയും എന്റെ ആത്മാവിൽനിന്ന് അവനിലൂതുകയും ചെയ്താൽ, നിങ്ങളെല്ലാം അതിന്റെ മുമ്പിൽ പ്രണാമത്തിൽ വീഴണം.

29. മനുഷ്യനിൽ നിരവധി ദൈവികഗുണങ്ങളുടെ ചൈതന്യം നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ജീവൻ, ഇച്ഛാശക്തി, വിവേചനശക്തി, അറിവ്, കഴിവ്, തുടങ്ങിയ മാനുഷിക ഗുണങ്ങളെല്ലാം അല്ലാഹുവിങ്കൽനിന്ന് ഊതപ്പെട്ട സവിശേഷ ചൈതന്യങ്ങളാണ്. എന്നാൽ ദിവ്യത്വത്തിന്റെ ഏറ്റവും ചെറിയ ഛായ പോലും സൃഷ്ടികളിൽ ആർക്കും ലഭിക്കുകയില്ല.

30. അപ്പോൾ മലക്കുകൾ ഒക്കെയും പ്രണാമം ചെയ്തു.

31. ഇബ്ലീസ് ഒഴികെ. പ്രണമിക്കുന്നവരുടെ കൂട്ടത്തിലായിരിക്കാൻ അവൻ വിസമ്മതിച്ചു.

32. അല്ലാഹു പറഞ്ഞു:ഹേ ഇബ്ലീസ്, പ്രണാമം ചെയ്തവരുടെ കൂടെ ചേരാതിരിക്കാൻ നിനക്കെന്താണ് ന്യായം?

33. അവൻ പറഞ്ഞു: മുഴക്കമുള്ള കളിമണ്ണിൽനിന്നും രൂപപ്പെടുത്തിയ കറുത്ത ചെളിമണ്ണിൽനിന്നു സൃഷ്ടിച്ച മനുഷ്യനെ പ്രണമിക്കേണ്ടവനല്ല ഞാൻ.

34. അല്ലാഹു കൽപിച്ചു: എങ്കിൽ നീ ഇവിടെനിന്നുപുറത്തുകടക്കുക. തീർച്ചയായും നീ ആട്ടിയകറ്റപ്പെട്ടവനാകുന്നു.

35. തീർച്ചയായും ന്യായവിധിയുടെ നാൾ വരെ നിനക്കു ശാപമുണ്ടായിരിക്കും.

36. അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, അവർ ഉയിർത്തെഴുന്നേൽക്കുന്ന നാൾ വരെ എനിക്ക് അവധി തന്നാലും.

37. അല്ലാഹു പറഞ്ഞു: തീർച്ചയായും ഇളവ് നൽകപ്പെട്ട ഒരുവനാണ് നീ.

38. നിശ്ചിത സമയം വന്നെത്തുന്ന ദിനം വരെ.

39. അവൻ പറഞ്ഞു: എന്റെ നാഥാ, നീ എന്നെ വഴികേടിലാക്കിയതിനാൽ ഭൂമിയിൽ ഞാനവർക്ക് (ചീത്തവൃത്തികൾ) ആകർഷകമാക്കുകയും അവരെ മുഴുവൻ നിശ്ചയമായും ഞാൻ വഴിതെറ്റിക്കുകയും ചെയ്യും.

40. അവരിൽ നിന്റെ നിഷ്കളങ്കരായ ദാസന്മാരെയൊഴികെ.

41. അല്ലാഹു പറഞ്ഞു: ഇതാണ് നേരെ എന്നിലേക്കെത്തിച്ചേരാനുള്ള മാർഗം.

42. തീർച്ചയായും എന്റെ ദാസന്മാരുടെ മേൽ നിനക്ക് ഒരു സ്വാധീനവുമില്ല. നിന്നെ പിന്തുടർന്ന വഴിപിഴച്ചവരിലൊഴികെ.

42. അടിമത്തത്തിന്റെ മാർഗമാണ് അല്ലാഹുവിങ്കൽ എത്തിച്ചേരുന്നതിനുള്ള ശരിയായ മാർഗം. എന്നാൽ പിശാച് മനുഷ്യനെ വഴിപിഴപ്പിക്കുന്നതിനുവേണ്ടി അവനെ ഭൗതിക ജീവിതത്തിൽ വ്യാമോഹിപ്പിച്ച് ദൈവസ്മരണയിൽനിന്ന് അശ്രദ്ധനാക്കുകയും അടിമത്തത്തിന്റെ മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കുകയും ചെയ്യും. വ്യാമോഹിപ്പിക്കാനുള്ള സ്വാതന്ത്ര്യം മാത്രമാണ് പിശാചിന്ന് നല്കിയിരിക്കുന്നത്. മനുഷ്യനെ നിർബന്ധിച്ച് അനുസരണക്കേട് പ്രവർത്തിപ്പിക്കാനുള്ള അധികാരം പിശാചിനില്ല. ആരെങ്കിലും സ്വയം വഴിപിഴക്കുകയും സ്വേഛാനുസാരം പിശാചിനെ പിൻപറ്റാൻ തീരുമാനിക്കുകയുമാണെങ്കിൽ അവനെ പിശാചിന്റെ മാർഗത്തിൽ ചലിക്കുവാൻ അല്ലാഹു അനുവദിക്കും. ആർ സ്വയം വഴിപി

ഴക്കുന്നില്ലയോ അവർ പിശാചിനെ പിൻപറ്റുകയില്ല. അവരാണ്‌ അല്ലാഹു സവിശേഷം ഉറ്റവരാക്കിയ അവന്റെ ദാസന്മാർ.

---

43. തീർച്ചയായും നരകം അവർക്കെല്ലാവർക്കും നിശ്ചയിക്കപ്പെട്ട സ്ഥാനം തന്നെയാകുന്നു.
44. അതിന്‌ ഏഴ്‌ വാതിലുകളുണ്ട്‌. ഓരോ വാതിലിലൂടെയും പ്രവേശിക്കുവാനായി വീതിക്കപ്പെട്ട ഓരോ വിഭാഗം അവരിലുണ്ട്‌
45. നിശ്ചയമായും സൂക്ഷ്‌മത പാലിച്ചവർ ആരാമങ്ങളിലും അരുവികളിലുമായിരിക്കും.
46. (അവർക്ക്‌ സ്വാഗതം ആശംസിക്കപ്പെടും:)നിർഭയരായി സമാധാനത്തോടെ അതിൽ നിങ്ങൾ പ്രവേശിക്കുവിൻ!
47. അവരുടെ ഹൃദയങ്ങളിൽ നിന്നും വിദ്വേഷത്തിന്റെ(അവശേഷത്തെയും) നാം നീക്കിക്കളയും. പരസ്‌പരം സഹോദരങ്ങളായി ഉന്നതപീഠങ്ങളിൽ അഭിമുഖമായി അവർ ഇരിക്കും.

---

47. ഇഹലോകത്ത്‌ സജ്ജനങ്ങളുടെ ജീവിതത്തിൽ വല്ല വിദ്വേഷമോ അസ്വാരസ്യമോ തെറ്റിദ്ധാരണകളോ ഉണ്ടായിരുന്നെങ്കിൽ തന്നെ അല്ലാഹു അവന്റെ കാരുണ്യത്താൽ അവരെ തികച്ചും ശുദ്ധീകരിക്കുകയും അങ്ങനെ അവർ കറയറ്റ ജീവിതവുമായി സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യും. മാനസികമായി പരസ്‌പരം ഇണങ്ങി ആത്മസുഹൃത്തുക്കളായിട്ടാണ്‌ അവർ സ്വർഗപ്രവേശം ചെയ്യുക.

---

48. അവിടെ അവരെ ക്ഷീണം സ്‌പർശിക്കുകയില്ല. അവിടെ നിന്നും (ഒരിക്കലും) അവർ ബഹിഷ്‌കൃതരാകയുമില്ല.
49. (നബിയെ,)എന്റെ ദാസന്മാരെ നീ അറിയിക്കുക: ഞാൻ ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.
50. തീർച്ചയായും എന്റെ ശിക്ഷ തന്നെയാണ്‌ വേദനയേറിയ ശിക്ഷ എന്നും (വിവരമറിയിക്കുക).
51. ഇബ്‌റാഹീമിന്റെ അതിഥികളെപ്പറ്റിയും നീ അവരെ വിവരമറിയിക്കുക.
52. അവർ അദ്ദേഹത്തിന്റെ അടുക്കൽ വന്ന സന്ദർഭം: അവർ പറഞ്ഞു: സലാം (സമാധാനം). അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങളെക്കുറിച്ച്‌ ഞങ്ങൾ ഭയപ്പെടുന്നു.
53. അവർ പറഞ്ഞു: ഭയപ്പെടേണ്ട! ജ്ഞാനിയായ ഒരു പുത്രനെ സംബന്ധിച്ച്‌ സന്തോഷവാർത്ത ഞങ്ങളിതാ താങ്കളെ അറിയിക്കുന്നു.
54. അദ്ദേഹം പറഞ്ഞു: എനിക്ക്‌ വാർദ്ധക്യം ബാധിച്ചു കഴിഞ്ഞിട്ടാണോ എനിക്ക്‌ നിങ്ങൾ (ഒരു മകനെക്കുറിച്ച്‌) സന്തോഷവാർത്ത അറിയിക്കുന്നത്‌? എന്തൊരു സന്തോഷവാർത്തയാണ്‌ നിങ്ങൾ ഈ നൽകുന്നത്‌?
55. അവർ പറഞ്ഞു: ഞങ്ങൾ താങ്കൾക്ക്‌ നല്‌കുന്നത്‌ സത്യമായ സുവാർത്തയാകുന്നു. അതിനാൽ താങ്കൾ നിരാശരുടെ കൂട്ടത്തിലായിരിക്കരുത്‌.
56. (ഇബ്‌റാഹീം) പറഞ്ഞു: ആരാണ്‌ തന്റെ രക്ഷിതാവിന്റെ കാരുണ്യത്തെക്കുറിച്ച്‌ നിരാശനാവുക- വഴിപിഴച്ചവർ അല്ലാതെ.
57. (ഇബ്‌റാഹീം) ചോദിച്ചു: അല്ലയോ ദൂതന്മാരേ, നിങ്ങളുടെ മുഖ്യദൗത്യമെന്താകുന്നു?
58. അവർ പറഞ്ഞു: ഞങ്ങൾ കുറ്റവാളികളായ ഒരു സമൂഹത്തിലെക്ക്‌ അയക്കപ്പെട്ടവരാകുന്നു.
59. ലൂത്തിന്റെ അനുയായികൾ ഒഴിച്ച്‌. തീർച്ചയായും അവരെ എല്ലാവരെയും ഞങ്ങൾ രക്ഷപ്പെടുത്തും.
60. അദ്ദേഹത്തിന്റെ ഭാര്യയൊഴിച്ച്‌. (അവരെക്കുറിച്ച്‌ അല്ലാഹു ഇപ്രകാരം അരുൾചെയ്‌തിരിക്കുന്നു:) അവൾ പിന്തിനിൽക്കുന്നവരിലായിരിക്കുമെന്ന്‌ നാം നിശ്ചയിച്ചിരിക്കുന്നു.

---

60. ലൂത്ത്നബിയുടെ ഈ ഭാര്യ അവിശ്വാസികളായ സ്വന്തക്കാരുടെ പക്ഷത്താണ് നിലകൊണ്ടിരുന്നത്. അവസാനംവരെ അവരെ കയ്യൊഴിച്ചതുമില്ല. അതിനാൽ ശിക്ഷ ഇറങ്ങുന്നതിനു മുമ്പ് ലൂത്ത്നബിക്കും അദ്ദേഹത്തിൻെറ അനുയായികൾക്കും നാട്വിട്ട് പോകുവാൻ ദൈവകല്പനയുണ്ടായപ്പോൾ ആ സ്ത്രീയെ കൂടെ കൂട്ടരുതെന്ന് പ്രത്യേകം നിർദേശിച്ചിരുന്നു.

61. അങ്ങനെ ആ ദൂതന്മാർ ലൂത്വിൻെറ ആളുകളുടെ അടുക്കൽ എത്തിയപ്പോൾ-

62. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ അപരിചിതരായ ആളുകളാണല്ലോ.

63. അവർ പറഞ്ഞു: അല്ല! അവർ യാതൊന്നിനെക്കുറിച്ച് സംശയിച്ചുകൊണ്ടിരിക്കുന്നുവോ, അത് ഞങ്ങൾ താങ്കളുടെ അടുത്ത് കൊണ്ടുവന്നിരിക്കുന്നു.

64. ഞങ്ങൾ യാഥാർത്ഥ്യവുമായി താങ്കളുടെ അടുക്കൽ വന്നിരിക്കുകയാണ്. തീർച്ചയായും ഞങ്ങൾ പറയുന്നത് സത്യമാകുന്നു.

65. അതിനാൽ താങ്കളുടെ കുടുംബത്തെയും കൂട്ടി രാത്രിയിൽ അൽപസമയം ബാക്കിയുള്ളപ്പോൾ യാത്ര ചെയ്യുക. താങ്കൾ അവരുടെ പിന്നിൽ നടക്കണം. നിങ്ങളിൽ ഒരാളും തിരിഞ്ഞു നോക്കരുത്. നിങ്ങളോട് ആജ്ഞാപിക്കപ്പെട്ടിടത്തേക്ക് പോകുകയും ചെയ്യുക.

66. പ്രഭാതത്തോടെ അവരുടെ നാരായവേരും മുറിക്കപ്പെട്ടതുതന്നെയെന്ന ആ തീരുമാനം നാം അദ്ദേഹത്തെ അറിയിച്ചു.

67. അപ്പോഴേക്കും പട്ടണവാസികൾ(യുവാക്കളുടെ ആഗമന വാർത്തകേട്ട്) സന്തോഷിച്ചു വന്നു.

67. ലജ്ജാവിഹീനരും അസാന്മാർഗ്ഗികളും പ്രകൃതിവിരുദ്ധ സ്വവർഗ്ഗരതിക്കാരുമായിരുന്നു ലൂത്തുസമുദായം. നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന സജ്ജനങ്ങളുടെ അസ്തിത്വം പോലും അവർക്ക് പൊറുപ്പിക്കാനാവാത്തവിധം ധാർമ്മികാധഃപതനത്തിൻെറ അടിത്തട്ടിൽ നിപതിച്ചിപോയിരുന്നു ആ ജനത. സംസ്കരണത്തിൻെറ ശബ്ദം പോലും അവർക്ക് അസഹനീയമായിരുന്നു. പട്ടണത്തിൽ ഒരാളുടെ അരികിൽ സുന്ദരന്മാരായ അതിഥികൾ വന്നാൽ ദുർവൃത്തരുടെ ഒരു സംഘം തന്നെ അവിടെ ഒരുമിച്ചുകൂടുകയും തൻെറ അതിഥികളെ ദുർവൃത്തികൾ ചെയ്യാൻ തങ്ങൾക്ക് ഏല്പിച്ചുതരണമെന്ന് അയാളോട് പരസ്യമായി ആവശ്യപ്പെടുകയും ചെയ്യുമായിരുനു അവർ.

68. (ലൂത്വ്) പറഞ്ഞു: തീർച്ചയായും ഇവർ എൻെറ അതിഥികളാണ് അതുകൊണ്ട് നിങ്ങൾ എന്നെ അവഹേളിക്കരുത്.

69. അല്ലാഹുവിനെ ഭയപ്പെടുക. എന്നെ അപമാനിക്കുകയും അരുത്.

70. അവർ പറഞ്ഞു: ലോകരുടെ കാര്യത്തിലിടപെടരുതെന്ന് നിന്നെ ഞങ്ങൾ വിലക്കിയിരുന്നില്ലേ?

71. അദ്ദേഹം പറഞ്ഞു:നിങ്ങൾ എന്തെങ്കിലും ചെയ്തേ അടങ്ങൂ എങ്കിൽ ഇതാ ഇവർ, എൻെറ പെണ്മക്കൾ.

71. ലൂത്വ്നബിയുടെ അടുക്കൽ വന്നവർ മലക്കുകളാണെന്ന് അദ്ദേഹം ആദ്യം മനസ്സിലാക്കിയിരുന്നില്ല. (അധ്യായം 11:79-81. കാണുക.) ദുർവൃത്തരായ ആളുകൾ തൻെറ അതിഥികളുടെ മേൽ ചാടിവീഴുമ്പോൾ അങ്ങേയറ്റം നിസ്സഹായനായ ഒരു മാന്യൻെറ വാക്കുകളാണിവ. പെണ്മക്കളെ വ്യഭിചരിക്കാനല്ല, മറിച്ച് നിങ്ങളുടെ വികാരങ്ങൾ അല്ലാഹു നിശ്ചയിച്ച പ്രകൃതിപരവും അനുവദനീയവുമായ മാർഗ്ഗത്തിലൂടെ പൂർത്തീകരിക്കുക എന്നതായിരുന്നു ലൂത്വ് നബിയുടെ വ്യക്തമായ ഉദ്ദേശ്യം.

72. നിൻെറ ജീവിതമാണ് സത്യം! തീർച്ചയായും അവർ അവരുടെ ലഹരിയിൽ വിഹരിക്കുകയായിരുന്നു.

73. അങ്ങനെ പ്രഭാതത്തോടെ ഒരു ഘോരഗർജ്ജനം അവരെ പിടികൂടി.

74. ആ നാട്ടിനെ നാം കീഴ്മേൽ മറിച്ചു കളഞ്ഞു. അവർക്കു മീതെ ചുട്ടുപഴുത്ത കളിമണ്ണു കൊണ്ടുള്ള കല്ലുകൾ വർഷിച്ചു.

75. കാര്യങ്ങൾ നോക്കിപഠിക്കുന്നവർക്ക് തീർച്ചയായും ഇതിൽ മഹത്തായ ദൃഷ്ടാന്തങ്ങളുണ്ട്.

76. തീർച്ചയായും(ഇന്നും ഗതാഗതം)നിലനില്ക്കുന്ന പാതയിൽതന്നെയാണ്(അവയുടെ നഷ്ട ശിഷ്ടങ്ങൾ)

76. ബഹർലൂത്ത് എന്നറിയപ്പെടുന്ന ചാവുകടലിൻെറ (Dead sea) കിഴക്കും തെക്കുമായിട്ടാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. ഖുർആൻ അവതരിക്കുന്ന കാലത്ത് അറബികളുടെ വ്യാപാരമാർഗ്ഗങ്ങളിൽ ചിലത്, നശിപ്പിക്കപ്പെട്ട സെദോം ദേശം ഉൾക്കൊള്ളുന്ന ചാവുകടലിനടുത്തുകൂടിയായിരുന്നു. ഈ വിപത്ത് സംഭവിച്ചതിൻെറ അടയാളങ്ങൾ അതുവഴി കടന്നുപോകുന്ന യാത്രാസംഘങ്ങൾക്ക് ഇന്നും കാണാവുന്നതാണ്.

77. തീർച്ചയായും വിശ്വാസികൾക്ക് അതിൽ ഒരു ദൃഷ്ടാന്തമുണ്ട്.

78. തീർച്ചയായും ഐക്കാവാസികളും അക്രമികളായിരുന്നു.

78. ശുഐബ് നബിയുടെ ജനത മദ്യൻ വാസികൾ എന്നും അറിയപ്പെടുന്നു. ഘോരവനം എന്ന് ഭാഷാർത്ഥമുള്ള 'ഐക്ക' എന്നത് തബൂക്കിൻെറ പഴയ പേരാണ്. മദ്യൻ ദേശത്തിനടുത്തായിരുന്നു ഈ സ്ഥലം. ശുഐബ് നബി(അ)യാണ് അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻ.

79. അവരെയും നാം ശിക്ഷിച്ചു. ഈ രണ്ടു പ്രദേശങ്ങളും തുറന്ന പാതയിൽതന്നെ സ്ഥിതിചെയ്യുന്നു.

80. തീർച്ചയായും ഹിജ്ർ നിവാസികളും ദൈവദൂതന്മാരെ നിഷേധിച്ചു.

80. മദീനക്കും, തബൂക്കിനും മദ്ധ്യെ ഇന്നത്തെ 'അൽ ഉലാ' പട്ടണത്തിൽനിന്ന് അല്പം അകലെയാണ് ഹിജ്ർ. സമൂദ് ജനതയുടെ തലസ്ഥാനമായിരുന്നു ഇത്. ഇവിടെ ചുവന്ന നിറത്തിലുള്ള പർവതങ്ങളിൽ സമൂദ് ജനത വലിയ പാറകൾ തുരന്നുണ്ടാക്കിയ കെട്ടിടങ്ങൾ കാണപ്പെടുന്നുണ്ട്. അതിലെ ചിത്രപ്പണികളും കൊത്തുപണികളും ഇന്നുണ്ടാക്കിയപോലെ പുത്തനായി നിലകൊള്ളുന്നു.

81. നാം നമ്മുടെ സൂക്തങ്ങൾ അവരുടെ അടുക്കലേക്കയച്ചു. എന്നാൽ അവർ അവയെ അവഗണിക്കുകയായിരുന്നു.

82. അവർ പർവതങ്ങളിലെ പാറകൾ തുരന്ന് വീടുകളുണ്ടാക്കി. അവർ അവിടെ നിർഭയരായി കഴിയുകയായിരുന്നു.

83. ഒടുവിൽ ഒരു ഘോരഗർജ്ജനം പ്രഭാതവേളയിൽ അവരെ പിടികൂടി.

84. അപ്പോൾ അവരുടെ സമ്പാദ്യങ്ങളൊന്നും അവർക്ക് ഉപകരിക്കുകയുണ്ടായില്ല.

84. മലകൾ തുരന്നുണ്ടാക്കിയ കരിങ്കൽഭവനങ്ങൾ അവരെ സംരക്ഷിക്കാൻ പോന്നതായിരുന്നില്ല.

85. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം യാഥാർത്ഥ്യത്തിലല്ലാതെ സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും അന്ത്യസമയം വന്നെത്തുകതന്നെ ചെയ്യും. അതിനാൽ നീ (ഈ ജനത്തിൻെറ അവിവേകങ്ങളുടെ നേരെ) വിട്ടുവീഴ്ച കാണിക്കുക. മാന്യമായ വിട്ടുവീഴ്ച.

85. ആകാശഭൂമികളുടെ അന്യൂനമായ ഈ വ്യവസ്ഥ തികച്ചും സത്യത്തിലാണ് അധിഷ്ഠിതമായിട്ടുള്ളത്. പ്രാപഞ്ചിക വസ്തുക്കളുടെ പ്രകൃതി സത്യത്തിനനസൃതമാണ്. അതിനാൽ സത്യത്തിനുമാത്രമെ ഇവിടെ സ്ഥായിയായ സ്വഭാവമുള്ളു.

86. നിശ്ചയമായും നിൻെറ നാഥൻ സകലതിൻെറയും സ്രഷ്ടാവും സർവജ്ഞനുമാകുന്നു.

87. ആവർത്തിച്ചുരുവിടുന്ന ഏഴ് വചനങ്ങളും, ശ്രേഷ്ഠമായ ഖുർആനും നിനക്ക് നാം തീർച്ചയായും നൽകിയിട്ടുണ്ട്.

---

87. സത്യവിശ്വാസികൾ നമസ്കാരത്തിൽ അനേകതവണ പാരായണം ചെയ്യുന്ന 'ഫാത്തിഹ' അധ്യായത്തിലെ ഏഴ് സൂക്തങ്ങളാണിതിന്റെ ഉദ്ദേശ്യം.
വിശുദ്ധ ഖുർആൻ- ഭൂമിയിലുള്ള മറ്റൊരനുഗ്രഹവും അതിനോളം ശ്രേഷ്ഠമോ അതിനു കിടനില്ക്കുന്നതോ അല്ല.

---

88. അവരിൽ വിവിധ വിഭാഗങ്ങൾക്ക് നാം നൽകിയിട്ടുള്ള ഭൗതികവിഭവങ്ങളിൽ നിന്റെ ദൃഷ്ടികൾ നീട്ടിപ്പോകരുത്. അവരെപ്പറ്റി ദുഃഖിക്കേണ്ടതുമില്ല. സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക.
89. (സത്യനിഷേധികളോട്) പറയുക: തീർച്ചയായും ഞാൻ വ്യക്തമായ മുന്നറിയിപ്പുകാരൻ മാത്രമാണ്.
90. വിഭജനം നടത്തിക്കളഞ്ഞവരുടെ മേൽ നാം ഇറക്കിയതുപോലെത്തന്നെ.
91. അതായത് ഖുർആനിനെ വ്യത്യസ്ത ഖണ്ഡങ്ങളാക്കി മാറ്റിയവരുടെ മേൽ.

---

91. ജൂതന്മാരെയാണ് 'വിഭജനം നടത്തിക്കളഞ്ഞവർ' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അവരുടെ വേദമായ 'തൗറാത്ത്' ആണ് അവർക്ക് നൽകിയ ഖുർആൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത്.അവർ തങ്ങളുടെ ദീനിനെ പല ഭാഗങ്ങളായി വിഭജിക്കുകയും അതിൽ ചിലതുമാത്രം സ്വീകരിക്കുകയും മറ്റു ചിലത് നിരാകരിക്കുകയും ചെയ്തു.
'..നിങ്ങൾ വേദത്തിന്റെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ഭാഗങ്ങൾ നിഷേധിക്കുകയുമാണോ?' (2:85). മറ്റുവിധത്തിലും ഈ വചനം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

---

92. നിന്റെ നാഥനെക്കൊണ്ടു സത്യം! അവരെ എല്ലാവരെയും നാം ചോദ്യം ചെയ്യും.
93. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി.
94. അതിനാൽ നീ ആജ്ഞാപിക്കപ്പെടുന്നതെന്തോ, അത് ഉറക്കെ പ്രഖ്യാപിക്കുക. ബഹുദൈവാരാധകരെ തീർത്തും അവഗണിക്കുക.
95. പരിഹാസക്കാർക്കെതിരായി നിനക്കു നിശ്ചയമായും നാം മതിയായവനാകുന്നു.
96. അല്ലാഹുവിന്റെ കൂടെ മറ്റു ചിലരെക്കൂടി ദൈവമായി സങ്കൽപിക്കുന്നവരാണവർ. (അതിന്റെ ഫലം) അടുത്തുതന്നെ അവർ അറിയും.
97. അവർ പറഞ്ഞുകൊണ്ടിരിക്കുന്നതു കാരണം നിന്റെ മനസ്സ് തിടുങ്ങുന്നുണ്ടെന്ന് തീർച്ചയായും നാം അറിയുന്നുണ്ട്.
98. അതിനാൽ നിന്റെ നാഥന്റെ സ്തുതികീർത്തനം ചെയ്യുകയും, അവന് പ്രണാമമർപ്പിക്കുന്നവരിൽപെടുകയും ചെയ്യുക.
99. നീ നിന്റെ നാഥന്ന് വഴിപ്പെടുക. ഉറപ്പായ (ആ അന്ത്യനാഴിക) നിനക്കു വന്നെത്തുംവരെ

---

******

## അധ്യായം 16

# അന്നഹ്ല്‍. (തേനീച്ച)

**അവതരണം മക്കയില്‍, വചനങ്ങള്‍ 128**

കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിന്റെ നാമത്തില്‍

1. അല്ലാഹുവിന്റെ തീരുമാനം വന്നുകഴിഞ്ഞു. ഇനി അതിനുവേണ്ടി നിങ്ങള്‍ ധൃതികാണിക്കേണ്ട.അവര്‍പങ്കുചേര്‍ക്കുന്നതില്‍നിന്നൊക്കെയും പരിശുദ്ധനും അത്യുന്നതനുമാകുന്നു അവന്‍

2. അല്ലാഹു തന്റെ ദാസന്മാരില്‍ നിന്ന് താന്‍ ഉദ്ദേശിക്കുന്നവരുടെ മേല്‍ തന്റെ ആജ്ഞാനുസാരം ദിവ്യചൈതന്യവുമായി മലക്കുകളെ ഇറക്കുന്നു. ഞാനല്ലാതെ ഒരു ദൈവമില്ല.അതുകൊണ്ട് എന്നോടുള്ള(കടമ)സൂക്ഷിക്കുവിന്‍ എന്ന്(മനുഷ്യര്‍ക്ക്)മുന്നറിയിപ്പ് കൊടുക്കുക.

3. ആകാശങ്ങളും ഭൂമിയും അവന്‍ സത്യത്തോടെ സൃഷ്ടിച്ചു. അവര്‍ പങ്കുചേര്‍ക്കുന്ന (മിഥ്യകളില്‍)നിന്നും അവന്‍ അത്യുന്നതനായിരിക്കുന്നു.

4. മനുഷ്യനെ ഒരു ശുക്ലകണത്തില്‍നിന്നും അവന്‍ സൃഷ്ടിച്ചു. എന്നിട്ടും അവനതാ തികഞ്ഞ കുതര്‍ക്കിയായിരിക്കുന്നു.

---

4. എത്രവലിയ വ്യക്തിത്വത്തിന്റെ ഉടമയായാലും അല്ലാഹു അവനെ ഇന്ദ്രിയം പോലുള്ള അതിനിസ്സാരമായ വസ്തുവില്‍നിന്നാണ് സൃഷ്ടിച്ചിരിക്കുന്നത്. അവന്‍ ആദ്യം ഏത് സ്ഥലത്ത് ഏതു രൂപത്തിലാണ് വളര്‍ത്തപ്പെട്ടത്. പിന്നീട് ഏത് മാര്‍ഗത്തിലൂടെയാണ് നിസ്സഹായനായി ഭൂമിയിലേക്ക് വന്നത്. അല്ലാഹുവിന്നെതിരില്‍ വലിയ വലിയ ന്യായങ്ങള്‍ പറയുന്നതിനു മുമ്പ് അവന്റെ കഴിഞ്ഞുപോയ അവസ്ഥയെപ്പറ്റി അവന്‍ ചിന്തിക്കട്ടെ. ഒരു പ്രാരംഭ ജീവാണു മാത്രമായിരുന്ന ഇന്ദ്രിയകണത്തെ വികസിപ്പിച്ച് പരിപാലിച്ചു വലുതാക്കി യോഗ്യതകളും കഴിവുകളുമുള്ള ഒരു മനുഷ്യനാക്കി. എന്നിട്ട് ഇന്നവന്‍ നമ്മുടെ മുന്നില്‍ വാചകമടിക്കാന്‍ പോന്നവനായിത്തീര്‍ന്നിരിക്കയാണ്.

---

5. കന്നുകാലികളെയും അവന്‍ സൃഷ്ടിച്ചു. അവയില്‍ നിങ്ങള്‍ക്ക് തണുപ്പകറ്റാനുള്ള (വസ്ത്രമുണ്ട്). (മറ്റുപല)പ്രയോജനങ്ങളുമുണ്ട്. അവയില്‍നിന്നും (മാംസം) നിങ്ങള്‍ ഭക്ഷിക്കുകയും ചെയ്യുന്നു.

6. അവയെ പുലര്‍ച്ചക്ക് മേയാന്‍ വിട്ടയയ്ക്കുമ്പോഴും അന്തിനേരം തിരിച്ചുകൊണ്ടുവരുമ്പോഴും നിങ്ങള്‍ക്കവയില്‍ കൗതുകമുണ്ട്.

7. ശാരീരിക ക്ലേശത്തോടുകൂടിയല്ലാതെ നിങ്ങള്‍ക്ക് എത്തിച്ചേരാന്‍ കഴിയാത്ത പ്രദേശത്തേക്ക് അവ നിങ്ങളുടെ ഭാരങ്ങള്‍ ചുമക്കുന്നു. തീര്‍ച്ചയായും നിങ്ങളുടെ രക്ഷിതാവ് അതീവ ദയാലുവും പരമകാരുണികനുമാകുന്നു.

8. അവന്‍ കുതിരകളെയും കോവര്‍കഴുതകളെയും കഴുതകളെയും (സൃഷ്ടിച്ചുതന്നിരിക്കുന്നു.) നിങ്ങള്‍ക്ക് സവാരിചെയ്യുന്നതിനും അലങ്കാരമായും. നിങ്ങള്‍ക്കറിയാത്ത പലതും അവന്‍ സൃഷ്ടിക്കുന്നു.

9. നേര്‍മാര്‍ഗം (കാണിച്ചുകൊടുക്കുക)അല്ലാഹുവിന്റെ ചുമതലയാകുന്നു. വഴികളില്‍ പിഴച്ചവയുമുണ്ട്. അവന്‍ നിശ്ചയിച്ചിരുന്നുവെങ്കില്‍ നിങ്ങളെ എല്ലാവരെയും അവന്‍ സന്മാര്‍ഗത്തിലാക്കുമായിരുന്നു.

---

9. മനുഷ്യന്‍ ഭൂമിയിലേക്ക് വരുന്നതിനു മുമ്പും വന്നതിനുശേഷവും അവന്റെ ആവശ്യങ്ങള്‍ പൂര്‍ത്തീകരിക്കുന്നതിനായി ഇത്രയും അനുയോജ്യമായ വിധത്തില്‍ ഇത്രയും വ്യവസ്ഥാപിതമായ ക്രമീകരണങ്ങള്‍ ചെയ്തുവെച്ചത് ഏതു ദൈവമാണോ ആ ദൈവം അവന്റെ സന്മാര്‍ഗദര്‍ശനത്തിനുള്ള സംവിധാനവും ഉണ്ടാക്കുക എന്നത് ആ ദൈവത്തിന്റെ തന്നെ കടമയാണ്. ഒരു ജീവി എന്ന നിലയില്‍ മനു

ഷ്യന്റെ സംരക്ഷണത്തിനും വളര്‍ച്ചക്കും വേണ്ടതെല്ലാം ഒരുക്കിവെക്കുക, അതേസമയം ഒരു മനുഷ്യന്‍ എന്ന നിലയില്‍, തികഞ്ഞ അന്ധകാരത്തില്‍ വഴിയറിയാതെ തപ്പിത്തിരിയുവാന്‍ വിട്ടേക്കുകയും ചെയ്യുക, ഇതിനേക്കാള്‍ തെറ്റായ ഒരു ധാരണ ദൈവത്തെക്കുറിച്ച് വെച്ചുപുലര്‍ത്താന്‍ സാധ്യമല്ല.

ഭൗതിക ജീവിതത്തില്‍ മാര്‍ഗദര്‍ശനം ചെയ്യാന്‍, പര്‍വതങ്ങളില്‍ നമുക്കുവേണ്ടി പാതകള്‍ സൃഷ്ടിക്കുകയും, സമതലങ്ങളില്‍ വഴിയടയാളങ്ങള്‍ സ്ഥാപിക്കുകയും, മരുഭൂമികളില്‍ യാത്ര ചെയ്യുന്നവര്‍ക്കും, വഴിയടയാളങ്ങള്‍ തീരെയില്ലാത്ത സമുദ്രത്തിലൂടെ സഞ്ചരിക്കുന്നവര്‍ക്കും ദിഗ്ദര്‍ശനം സാധിക്കാന്‍ ആകാശത്ത് ദീപങ്ങള്‍ കത്തിക്കുകയും ചെയ്ത കരുണാനിധിയായ ദൈവം ധാര്‍മികസരണികള്‍ വെളിപ്പെടുത്താന്‍ എന്തെങ്കിലും അടയാളങ്ങള്‍ സ്ഥാപിക്കാതിരിക്കുമോ?

ഭൂമിയില്‍ ചിന്താപരവും കര്‍മപരവുമായ ഇത്തരം ധാരാളം മാര്‍ഗങ്ങള്‍ നിലവിലുള്ളതിനാല്‍, ശരിയായ ജീവിത വ്യവസ്ഥിതിയും ശരിയായ കര്‍മമാര്‍ഗവും അറിയുക എന്നത് മനുഷ്യന്റെ ഏറ്റവും വലിയ ഒരാവശ്യമാണ്.

മനുഷ്യന്റെ ബുദ്ധിയും ചിന്തയും ഇത്തരം ഒട്ടേറെ വ്യത്യസ്ത മാര്‍ഗങ്ങള്‍ ആവിഷ്കരിച്ചിരിക്കുന്നുവെന്നതുതന്നെ അവന് ശരിയായ മാര്‍ഗം കണ്ടെത്തുവാന്‍ കഴിവില്ലെന്നതിന്റെ വ്യക്തമായ തെളിവാണ്.

മനുഷ്യവര്‍ഗത്തിന് മാര്‍ഗദര്‍ശനം ചെയ്യുക എന്ന ഉത്തരവാദിത്വം നിര്‍വഹിക്കുന്നതിനുള്ള ദൈവത്തിന്റെ സംവിധാനമാണ് പ്രവാചകത്വത്തിലൂടെ നല്കപ്പെട്ടിരിക്കുന്നത്. ആദിപിതാവായ ആദം മുതല്‍ ഈ ഭൂമുഖത്ത് സമാഗതരായ സര്‍വപ്രവാചകന്മാരും ആ പ്രവാചക ശൃംഖലയിലെ കണ്ണികളും ഒരേ സന്ദേശവാഹകരുമാണ്.

ദൈവം ഏകനാണ്, അവന്റെ സന്മാര്‍ഗവും ഏകമാണ്. ദുര്‍മാര്‍ഗങ്ങള്‍ പലതാവാം, എന്നാല്‍ സന്മാര്‍ഗം ഒന്നേയുള്ളൂ. ആദം മുതല്‍ അവസാനത്തെ മനുഷ്യന്‍ വരെയുള്ളവര്‍ക്ക് ദൈവം ഒരേയൊരു സന്മാര്‍ഗമേ നല്കിയിട്ടുള്ളൂ. പ്രവാചകന്മാര്‍ മുഖേന കാലാകാലങ്ങളില്‍ മനുഷ്യരാശിക്ക് നല്കിയ ഈ സന്മാര്‍ഗദര്‍ശനം മാത്രമാണ് ഇഹ-പരവിജയത്തിനു നിദാനം.

---

10. അവനാണ് നിങ്ങള്‍ക്ക് ആകാശത്തുനിന്ന് ജലം വര്‍ഷിച്ചുതന്നത്. അതില്‍നിന്ന് നിങ്ങള്‍ കുടിക്കുന്നു. നിങ്ങള്‍ (കാലികളെ) മേയാനുപയോഗിക്കുന്ന ചെടികളുണ്ടാകുന്നതും അതിലൂടെയാണ്.
11. അതുവഴി അവന്‍ നിങ്ങള്‍ക്ക് ധാന്യവിളകളും ഒലീവും ഈന്തപ്പനയും മുന്തിരിയും മറ്റെല്ലാതരം ഫലങ്ങളും മുളപ്പിച്ചുതരുന്നു. ചിന്തിക്കുന്ന ജനത്തിന് തീര്‍ച്ചയായും ഇതില്‍ ദൃഷ്ടാന്തങ്ങളുണ്ട്.
12. രാത്രിയെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും നിങ്ങളുടെ (നന്മക്കായി) വിധേയമാക്കിവെച്ചിരിക്കുന്നു. അവന്റെ കല്പനപ്രകാരം എല്ലാ നക്ഷത്രങ്ങളും വിധേയമാക്കപ്പെട്ടിരിക്കുന്നു. ബുദ്ധിയുപയോഗിക്കുന്ന ജനത്തിന് തീര്‍ച്ചയായും ഇതില്‍ ദൃഷ്ടാന്തങ്ങളുണ്ട്.
13. അവന്‍ ഭൂമിയില്‍ നിങ്ങള്‍ക്കായി വിവിധ വര്‍ണങ്ങളില്‍ സൃഷ്ടിച്ചുവെച്ചിട്ടുള്ളവയും അവന്റെ കല്‍പനക്ക് വിധേയമാണ്. ചിന്തിച്ചു മനസ്സിലാക്കുന്ന ജനത്തിന് തീര്‍ച്ചയായും അതില്‍ ദൃഷ്ടാന്തമുണ്ട്.
14. സമുദ്രത്തെ നിങ്ങള്‍ക്കധീനപ്പെടുത്തിത്തന്നതും അവന്‍ തന്നെ. നിങ്ങളതില്‍നിന്ന് പുതുമാംസം ഭക്ഷിക്കുന്നതിനും നിങ്ങള്‍ക്കണിയാനുള്ള ആഭരണങ്ങള്‍ ശേഖരിക്കുന്നതിനും. കപ്പലുകള്‍ അതിലെ (ജലത്തെ) പിളര്‍ന്ന് സഞ്ചരിക്കുന്നത് നീ കാണുന്നുവല്ലോ. നിങ്ങള്‍ (അല്ലാഹുവിന്റെ) ഔദാര്യം തേടുന്നതിനും അവനോട് നിങ്ങള്‍ നന്ദികാണിക്കുന്നതിനും വേണ്ടിയത്രെ ഇതൊക്കെയും.
15. ഭൂമി നിങ്ങളെയും കൊണ്ട് ഉലയാതിരിക്കേണ്ടതിന്ന് അതില്‍ ഉറച്ചുനില്‍ക്കുന്ന മലകളെ അവന്‍ സ്ഥാപിച്ചിരിക്കുന്നു. നിങ്ങള്‍ക്ക് വഴി കണ്ടെത്തുവാന്‍ വേണ്ടി നദികളും (പ്രകൃതിപരമായ) പാതകളും (ഉണ്ടാക്കിയിട്ടുമുണ്ട്.)

---

> 15. മറ്റുപല പ്രയോജനങ്ങളും പർവതങ്ങളിലന്തർഭവിച്ചിട്ടുണ്ടെങ്കിലും ഭൂതലത്തിൽ പർവതങ്ങൾ സ്ഥാപിച്ചതിന്റെ സാക്ഷാലുദ്ദേശ്യം ഭൂമിയുടെ ചലനത്തിലും ചംക്രമണത്തിലും സന്തുലനം സാധിക്കാനാണെന്ന് ഇതിൽനിന്ന് മനസ്സിലാവുന്നു.

---

16. (വേറേയും)പല വഴിയടയാടങ്ങളുണ്ട്.നക്ഷത്രങ്ങൾ മുഖേനയും അവർ വഴി കണ്ടെത്തുന്നു.
17. അപ്പോൾ സൃഷ്ടിക്കുന്നവൻ (യാതൊന്നും) സൃഷ്ടിക്കാത്തവനെപ്പോലെയാണോ? നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ?
18. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്ക് അവ(യുടെ സംഖ്യ) തിട്ടപ്പെടുത്താനാവില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാണ്
19. നിങ്ങൾ ഒളിച്ചുവെക്കുന്നതും വെളിപ്പെടുത്തുന്നതുമെല്ലാം അല്ലാഹു അറിയുന്നു.
20. അല്ലാഹുവെക്കൂടാതെ അവർ ആരെയൊക്കെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. എന്നല്ല, അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരുമാണ്.
21. അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എപ്പോഴെന്നുപോലും അവരറിയുന്നുമില്ല.

---

> 21. 'അല്ലാഹുവിനെ വെടിഞ്ഞ് ഇവർ വിളിച്ചു പ്രാർത്ഥിക്കുന്നവർ' എന്നതിന്റെ വിവക്ഷ പ്രവാചകന്മാർ,രക്തസാക്ഷികൾ, വലിയ്യുകൾ, പുണ്യാത്മാക്കൾ തുടങ്ങിയ ഖബർവാസികളായ അസാധാരണ മനുഷ്യരാണ്.പരേതാത്മാക്കൾക്ക് സ്വന്തം കാര്യത്തിൽപോലും യാതൊന്നും ചെയ്യാൻ കഴിയില്ലെന്നും,സ്വന്തം ഭാഗധേയത്തെപ്പറ്റി പോലും അവർക്ക് അറിയാൻ കഴിയില്ലെന്നും ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നു.

---

22. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. എന്നാൽ പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അതിനെ നിഷേധിക്കുന്നു. അവർ അഹങ്കാരികളാണ്.
23. സംശയമെന്യേ, അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നു. തീർച്ചയായും അവൻ അഹങ്കാരികളെ ഇഷ്ടപ്പെടുന്നില്ല.
24. നിങ്ങളുടെ നാഥൻ എന്താണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് അവർ ചോദിക്കപ്പെട്ടാൽ അവർ പറയുന്നു: ''പൂർവികരുടെ കെട്ടുകഥകൾ.''
25. ഉയിർത്തെഴുന്നേൽപുനാളിൽ തങ്ങളുടെ പാപഭാരങ്ങൾ പൂർണമായും, അതോടൊപ്പം യാതൊരു വിവരവുമില്ലാതെ തങ്ങൾ വഴിതെറ്റിച്ചുകൊണ്ടിരിക്കുന്നവരുടെ പാപഭാരങ്ങളിൽ ഒരു പങ്കും അവർ ചുമക്കുന്നതിനാണ്(അത് ഇടയാക്കുക).അറിയുക: എത്ര ചീത്ത ഭാരമാണ് അവർ ചുമന്നുകൊണ്ടിരിക്കുന്നത്.
26. അവർക്കു മുമ്പുള്ളവരും (സത്യത്തെ പരാജയപ്പെടുത്തുന്നതിന്) പല തന്ത്രങ്ങളും പ്രയോഗിച്ചിട്ടുണ്ട്.എന്നാൽ അവർ കെട്ടിയുണ്ടാക്കിയതിന്റെ അസ്ഥിവാരം തന്നെ അല്ലാഹു തകർത്തുകളഞ്ഞു.അങ്ങനെ അവരുടെ മുകൾഭാഗത്തുനിന്ന് അതിന്റെ മേൽപ്പുര അവരുടെ മേൽ തകർന്നു വീണു. അവർ ഓർക്കാത്ത ഭാഗത്തുനിന്നു ശിക്ഷ അവർക്ക് വരികയും ചെയ്തു.
27. പിന്നീട്,അന്ത്യനാളിൽ അവൻ അവരെ നിന്ദ്യരാക്കും. അവരോട് ചോദിക്കും:എന്റെ പങ്കാളികളെവിടെ?അവരുടെ കാര്യത്തിലായിരുന്നല്ലോ നിങ്ങൾ തർക്കിച്ചിരുന്നത്? ജ്ഞാനം നൽകപ്പെട്ടവർ പറയും: ഇന്ന് അപമാനവും ശിക്ഷയും സത്യനിഷേധികൾക്കാകുന്നു; തീർച്ച.
28. അഥവാ, തങ്ങളോടു തന്നെ ദ്രോഹം ചെയ്തുകൊണ്ടിരിക്കേ യാതൊരുത്തരെ മലക്കുകൾ ജീവനെടുക്കുന്നുവോ അവർക്ക്. 'ഞങ്ങൾ ഒരു തിന്മയും ചെയ്തിരുന്നില്ല.'(എന്നു പറഞ്ഞു) അവർ അല്ലാഹുവിന് വഴിപ്പെടാനൊരുങ്ങും. അങ്ങനെയല്ല; നിശ്ചയമായും നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി നന്നായറിയുന്നവനാണ് അല്ലാഹു.

29. അതിനാൽ നരക കവാടങ്ങളിലൂടെ നിങ്ങൾ കടന്നുകൊള്ളുക. നിങ്ങളവിടെ നിത്യവാസികളായിരിക്കും. അഹങ്കാരികൾക്കുള്ള വാസസ്ഥലം വളരെ ചീത്തതന്നെ.

30. ദൈവഭക്തരായ ആളുകൾ ചോദിക്കപ്പെട്ടു: നിങ്ങളുടെ നാഥൻ എന്താണ് ഇറക്കിത്തന്നത്? അപ്പോൾ അവർ ഉത്തരം നല്കുന്നു:'ഉത്തമമായത്''. സുകൃതം ചെയ്തവർക്ക് ഇഹലോകത്തു തന്നെ നന്മയുണ്ട്. പരലോകഗേഹമാകട്ടെ കൂടുതൽ ഉത്തമമാകുന്നു. ഭക്തന്മാർക്കുള്ള ഭവനം എത്ര മഹത്തരം!

31. നിത്യവാസത്തിനുള്ള ആരാമങ്ങൾ; അതിൽ അവർ പ്രവേശിക്കുകയായി. അവയ്ക്ക് താഴെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ ഇച്ഛിക്കുന്നത് എന്തും അതിൽ അവർക്ക് ഉണ്ടായിരിക്കും. ഇപ്രകാരം ഭക്തന്മാർക്ക് അല്ലാഹു പ്രതിഫലം നല്കുന്നു.

32. വിശുദ്ധരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവനെടുക്കുന്നുവോ അവർക്ക്. അവർ(മലക്കുകൾ)പറയും:നിങ്ങൾക്ക് ശാന്തി ഭവിക്കട്ടെ! നിങ്ങളുടെ കർമങ്ങൾക്കുള്ള പ്രതിഫലമായി സ്വർത്തിൽ പ്രവേശിച്ചുകൊള്ളുക.

33. മലക്കുകൾ അവരിൽ വരികയോ,അല്ലെങ്കിൽ നിൻെറ നാഥൻെറ കൽപന നടപ്പിലാവുകയോ ചെയ്യുന്നതല്ലാതെ (മറ്റെന്താണ്) ഇവർക്ക് കാത്തിരിക്കാനുള്ളത്? അവർക്ക് മുമ്പുള്ളവരും അപ്രകാരമാണ് ചെയ്തത്. എന്നാൽ അല്ലാഹു അവരെ ദ്രോഹിച്ചില്ല, പക്ഷേ, അവർ അവരെത്തന്നെ ദ്രോഹിക്കുകയായിരുന്നു.

---

33. ജനങ്ങൾക്ക് സത്യം വ്യക്തമായി വിവരിച്ചുകൊടുത്തിട്ടും അത് അംഗീകരിക്കാൻ അവർ സംശയിച്ചുനിൽക്കുന്നതെന്താണ്? ജീവിതത്തിൻെറ അവസാന നിമിഷത്തിൽ മരണത്തിൻെറ മലക്കുകൾ മുന്നിൽ വന്നു നിൽക്കുമ്പോൾ വിശ്വസിക്കാൻ കാത്തിരിക്കയാണോ. അല്ലെങ്കിൽ ദൈവത്തിൻെറ ശിക്ഷ തലക്കുമുകളിൽ വന്നുതൂങ്ങിയശേഷം വിശ്വസിക്കാമെന്ന് കരുതി കാത്തിരിക്കയാണോ?

---

34. അങ്ങനെ അവർ പ്രവർത്തിച്ചതിൻെറ ദുഷ്ഫലങ്ങൾ ഒടുവിൽ അവരെ ബാധിക്കുകയും എന്തിനെക്കുറിച്ച് അവർ പരിഹസിച്ചിരുന്നുവോ അത് അവരെ വലയം ചെയ്യുകയും ചെയ്തു.

35. (അല്ലാഹുവിന്) പങ്കാളികളെ ചേർത്തവർ പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളും ഞങ്ങളുടെ പിതാക്കന്മാരും അവന്നുപുറമെ യാതൊന്നിനെയും ആരാധിക്കുമായിരുന്നില്ല. അവൻെറ വിധിയില്ലാതെ ഒന്നും നിഷിദ്ധമാക്കുമായിരുന്നില്ല. അവർക്കു മുമ്പുള്ളവരും ഇതുതന്നെ ചെയ്തിട്ടുണ്ട്. എന്നാൽ സന്ദേശം വ്യക്തമായി എത്തിച്ചുകൊടുക്കുകയെന്നതല്ലാതെ ദൈവദൂതന്മാർക്ക് മറ്റെന്തുത്തരവാദിത്വമാണുള്ളത്?

---

35. തങ്ങളുടെ ദുർവൃത്തികളും അബദ്ധചെയ്തികളും ന്യായീകരിക്കുവാൻവേണ്ടി കുറ്റവാളികൾ ഉന്നയിക്കാറുള്ള ഈ വാദം പുതിയതല്ല, മറിച്ച് അത് മനുഷ്യ ചരിത്രത്തോളം പഴക്കമുള്ളതാണ്. ഞങ്ങൾ ബഹുദൈവത്വം സ്വീകരിക്കുകയും ചില വസ്തുക്കൾ നിഷിദ്ധമാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ദൈവത്തിൻെറ വേണ്ടുകയോടെയാണ്. അതിനാൽ ഇതിൽ വല്ല കുറ്റവുമുണ്ടെങ്കിൽ അതു ഞങ്ങളുടെതല്ല, അത് ദൈവം ഞങ്ങളെക്കൊണ്ട് ചെയ്യിച്ചതാണ്. അവരെ ഉപദേശിക്കുന്നവരുടെ വായ മൂടിക്കെട്ടുവാൻ അവർ ഉപയോഗിച്ചുവരുന്ന ഈ വാദം, ആയിരക്കണക്കിന് കൊല്ലങ്ങളായി അപഥസഞ്ചാരികളായ ആളുകൾ ഉന്നയിച്ചുകൊണ്ടിരുന്ന അതേ പുരാതനവാദങ്ങൾ തന്നെയാണ്. നിങ്ങൾ അതാവർത്തിക്കുക മാത്രമെ ചെയ്യുന്നുള്ളു.

മനുഷ്യനെസംബന്ധിച്ചിടത്തോളം ദൈവേച്ഛയുടെ പൊരുൾ ഇപ്രകാരമാണ്. മനുഷ്യൻെറ മുമ്പിൽ നന്ദിയുടെയും നന്ദികേടിൻെറയും രണ്ടു മാർഗ്ഗങ്ങൾ അല്ലാഹു തുറന്നുവെക്കുന്നു. അനുസരണത്തിനും ധിക്കാരത്തിനുമുള്ള അവസരം അവന് നല്കുന്നു. ഈ രണ്ട് മാർഗ്ഗങ്ങളിലൊന്ന് തിരഞ്ഞെടുത്ത് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് സിദ്ധിച്ചിട്ടുണ്ട്. തെറ്റോ ശരിയോ ആയ ഏത് വഴിക്ക്

പോവാനുദ്ദേശിക്കുന്നുവോ അതിനുള്ള സൗകര്യം ദൈവം അവന് ചെയ്തുകൊടുക്കുന്നു. തന്റെ സാർവ ലൗകിക താല്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് അനുവദിക്കാവുന്നത്ര ആ പ്രവൃത്തി ചെയ്യുവാൻ ദൈവം അവന്ന് സമ്മതവും സൗകര്യവും നൽകുന്നു. അതാണ് വേണ്ടുകയുടെ ശരിയായ സാരം. രണ്ടിലൊന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും സൗകര്യവും നല്കിയിരിക്കെ തെറ്റായത് തെരഞ്ഞെടുക്കുകയും പ്രവർത്തിക്കുകയും ചെയ്തതിനുത്തരവാദികൾ മനുഷ്യൻ മാത്രമാണ്.

---

36. നിശ്ചയമായും എല്ലാ സമുദായത്തിലും നാം ദൈവദൂതനെ നിയോഗിച്ചിട്ടുണ്ട്.അതായത്, നിങ്ങൾ അല്ലാഹുവിനെ വണങ്ങുകയും ദുർമൂർത്തികളെ വർജ്ജിക്കുകയും ചെയ്യുവിൻ (എന്ന് പ്രബോധനം ചെയ്യുന്നതിനുവേണ്ടി). എന്നാൽ അവരിൽ ചിലർക്ക് അല്ലാഹു വഴി കാണിച്ചുകൊടുത്തു. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. അതിനാൽ ഭൂമിയിൽകൂടി സഞ്ചരിക്കുകയും സത്യനിഷേധികളുടെ പരിണാമം എങ്ങനെ യായിരുന്നുവെന്ന് കാണുകയും ചെയ്യുവിൻ.

37. (നബിയെ,) അവരെ നേർവഴിയിലാക്കണമെന്ന് നീ എത്രതന്നെ ആഗ്രഹിച്ചാലും ശരി, അല്ലാഹു വഴികേടിലാക്കുന്നവരെ തീർച്ചയായും അവൻ നേർവഴിയിലാക്കുകയില്ല. അവർക്ക് സഹായികളായി ആരുമില്ല.

38. അവർ അല്ലാഹുവിന്റെ നാമത്തിൽ തങ്ങൾക്കാകും വിധം ദൃഢതയോടെ സത്യം ചെയ്തുകൊണ്ട് പറയുന്നു: ''മരിച്ചുപോകുന്നവരെ അല്ലാഹു വീണ്ടും ജീവിപ്പിച്ചെഴുന്നേല്പിക്കുകയില്ല''.അങ്ങനെയല്ല.അത് അവൻ ബാധ്യതയേറ്റ സത്യമായ വാഗ്ദാനമാകുന്നു.പക്ഷേ, അധിക ജനവും അറിയുന്നില്ല.

39. തങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ നിജസ്ഥിതി അവർക്ക് അവൻ വ്യക്തമാക്കിക്കൊടുക്കുന്നതിനും തങ്ങൾ അസത്യം പറയുന്നവരായിരുന്നുവെന്ന് അവിശ്വാസികൾക്ക് ബോധ്യമാകാനും വേണ്ടിയാകുന്നു അത്.(ഉയിർത്തെഴുന്നേൽപിക്കൽ).

40. ഒരു കാര്യം നാം ഉദ്ദേശിക്കുമ്പോൾ അത് സംബന്ധിച്ച നമ്മുടെ വചനം 'ഉണ്ടാവുക' എന്ന് അതിനോട് നാം പറയുക മാത്രമാകുന്നു. ഉടനെ അതുണ്ടാകുന്നു.

41. മർദനത്തിനിരയായശേഷം അല്ലാഹുവിന്റെ മാർഗത്തിൽ നാടുവെടിഞ്ഞുപോയവർക്ക് നാം ഇഹലോകത്തുതന്നെ മെച്ചമായ പാർപ്പിടം നല്കുന്നതാകുന്നു. പരലോകത്തിലെ പ്രതിഫലമോ, അതിമഹത്തരവുമാകുന്നു. അവർ (മർദ്ദിദർ)അറിഞ്ഞിരുന്നെങ്കിൽ!

---

41. സത്യനിഷേധികളുടെ മർദ്ദനങ്ങളേറ്റ് മക്കയിൽനിന്ന് എത്യോപ്യയിലേക്ക് നാട്വിട്ടുപോയ സത്യവിശ്വാസികളെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

---

42. ക്ഷമിക്കുകയും തങ്ങളുടെ നാഥനിൽ ഭരമേൽപിക്കുകയും ചെയ്തവരത്രെ അവർ.

43. നിനക്ക് മുമ്പ് മനുഷ്യരെയല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. നാം അവർക്ക് സന്ദേശം നൽകുന്നു. നിങ്ങൾക്കറിയില്ലെങ്കിൽ (വേദാധ്യാപനങ്ങൾ മുഖേന)ജ്ഞാനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചുനോക്കുക.

44. വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായാണ് (മുൻ പ്രവാചകന്മാരെ നാം നിയോഗിച്ചത്.) ഇപ്പോൾ, ഈ ഉൽബോധനം നിനക്കും അവതരിപ്പിച്ചുതന്നിരിക്കുന്നു. ജനങ്ങൾക്കായി അവതീർണമായത് നീയവർക്ക് വിശദീകരിച്ചുകൊടുക്കാൻ വേണ്ടി.അങ്ങനെ അവർ ചിന്തിക്കുന്നതിനുവേണ്ടിയും.

45. നീചമായ കുതന്ത്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ നിർഭയരാണോ, അല്ലാഹു അവരെ ഭൂമിയിൽ ആഴ്ത്തിക്കളയുകയില്ലെന്ന്? അല്ലെങ്കിൽ, അവർ വിചാരിക്കാത്ത ഭാഗത്തുനിന്ന് ശിക്ഷ അവർക്ക് വന്നെത്തുകയില്ലെന്ന്?

46. അല്ലെങ്കിൽ,അവരുടെ പോക്കുവരവുകൾക്കിടയിൽ അവർക്ക് അതിജയിക്കാനാവാത്ത വിധം അവൻ അവരെ പിടികൂടുകയില്ലെന്ന്?

47. അല്ലെങ്കിൽ അവർ ഭയപ്പെട്ടുകൊണ്ടിരിക്കെ അവൻ അവരെ പിടികൂടുകയില്ലെന്ന്? എന്നാൽ തീർച്ചയായും നിങ്ങളുടെ നാഥൻ ഏറെ കനിവുള്ളവനും ദയാപരനുമാണ്.

48. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിനെയും അവർ കാണുന്നില്ലേ? എങ്ങനെയാണ് ഏറെ വിനീതരായി അതിൻെറ നിഴലുകൾ അല്ലാഹുവിന് കുമ്പിട്ടുകൊണ്ട് വലത്തോട്ടും ഇടത്തോട്ടും വീഴുന്നത്?

49. ആകാശങ്ങളിലും ഭൂമിയിലുമുള്ള ജീവികളൊക്കെയും അല്ലാഹുവിൻെറ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു; (അപ്രകാരം) മലക്കുകളും. അവർ അഹങ്കാരം നടിക്കുന്നുമില്ല.

50. അവർക്കുമീതെയുള്ള അവരുടെ നാഥനെ അവർ ഭയപ്പെടുന്നു. അവരോട് കൽപിക്കപ്പെടുന്നത് അവർ പ്രവർത്തിക്കുകയും ചെയ്യുന്നു.

51. അല്ലാഹു കൽപിച്ചിരിക്കുന്നു: രണ്ട് ദൈവങ്ങളെ നിങ്ങൾ സ്വീകരിക്കരുത്. തീർച്ചയായും അവൻ ഏകദൈവം മാത്രമാണ്. അതുകൊണ്ട് എന്നെമാത്രം ഭയപ്പെടുവിൻ!

52. ആകാശങ്ങളിലും ഭൂമിയിലും ഉള്ളതൊക്കെ അവൻെറതാണ്. ശാശ്വതമായി കീഴ്വണക്കം അവന്നു മാത്രമാകുന്നു.എന്നിട്ടും അല്ലാഹു അല്ലാത്തവരോടാണോ നിങ്ങൾ ഭക്തിപുലർത്തുന്നത്?

53. നിങ്ങൾക്കുണ്ടാവുന്ന ഏതനുഗ്രഹവും അല്ലാഹുവിൽ നിന്നുള്ളതാണ്. പിന്നീട് നിങ്ങൾക്ക് വല്ല വിപത്തും വന്നുപെട്ടാൽ നിങ്ങൾ വേവലാതികളുമായി ഓടിച്ചെല്ലുന്നതും അവങ്കലേയ്ക്കുതന്നെ.

54. പിന്നെ, നിങ്ങളിൽ നിന്ന് ആ വിപത്ത് നീക്കിക്കളഞ്ഞാൽ നിങ്ങളിലൊരു വിഭാഗം തങ്ങളുടെ രക്ഷിതാവിനോട് പങ്കാളികളെ ചേർക്കുന്നു.

55. നാം അവർക്കു നൽകിയതിനോടുള്ള നന്ദികേട് കാണിക്കലാണിത്. അതിനാൽ നിങ്ങൾ സുഖമെടുത്തുകൊള്ളുക. അധികം താമസിയാതെ നിങ്ങൾ അറിയുന്നുണ്ട്.

56. നാം അവർക്ക് നൽകിയതിൽനിന്ന് ഒരു വിഹിതം അവർക്കുതന്നെ അറിഞ്ഞുകൂടാത്ത ചില വസ്തുക്കൾക്ക് നിശ്ചയിച്ചുകൊടുക്കുന്നു. അല്ലാഹുവാണ് സത്യം. നിങ്ങൾ കൃത്രിമമായി കെട്ടിച്ചമക്കുന്നതിനെ സംബന്ധിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും.

---

56. വ്യാജദൈവങ്ങൾക്കുള്ള നേർച്ചാ വഴിപാടുകളായി വിളകളും പണവും നൽകുന്നതാണ് പരാമർശം.

---

57. അല്ലാഹുവിന് അവർ പെൺമക്കളെ (കല്പിച്ചു) വെക്കുകയും ചെയ്യുന്നു. അവൻ എത്ര പരിശുദ്ധൻ! അവർക്ക് (സ്വന്തമായി ആൺമക്കളെയാണ്) അവർ ആഗ്രഹിക്കുന്നതും.

---

57. മലക്കുകളെ അവർ ദൈവത്തിൻെറ പെൺമക്കളായി സങ്കൽപിച്ചിരുന്നു.സ്ത്രീരൂപത്തിലാണവർ മാലാഖമാരുടെ വിഗ്രഹങ്ങൾ നിർമിച്ചിരുന്നത്.

---

58. അവരിലൊരാൾക്ക് പെൺകുഞ്ഞ് ജനിച്ചതായി സുവാർത്ത ലഭിച്ചാൽ കോപത്താൽ അവൻെറ മുഖം കറുത്തിരുളും.

59. അവന്ന് സന്തോഷവാർത്ത ലഭിച്ച ആ കാര്യത്തിലുള്ള അപമാനത്താൽ അവൻ ആളുകളിൽ നിന്ന് ഒളിച്ചുകളയുന്നു. അവജ്ഞയോടെ അതിനെ അവൻ വെച്ചുകൊണ്ടിരിക്കണമോ, അതല്ല,(ജീവനോടെ)അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ (എന്നവൻ ആലോചിച്ചുകൊണ്ടിരിക്കുന്നു). നോക്കുക: അവർ എടുക്കുന്ന തീരുമാനം എത്രമോശം!

59. അവര്‍ക്ക്‌ പെണ്‍കുഞ്ഞ്‌ ജനിക്കുകയാണെങ്കില്‍ അത്‌ ലജ്ജാവഹവും അപമാനകരവുമായി അവര്‍ കരുതിയിരുന്നു. വീട്ടില്‍ പെണ്‍കുട്ടി ജനിച്ചാല്‍ അവരുടെ മുഖം ഇരുണ്ടുപോകുന്നു. ചോര ചോര്‍ന്നു പോയപോലെയാകുന്നു. ചിലപ്പോള്‍, ജീവനുള്ള ശിശുവിനെ അപ്പാടെ കുഴിച്ചുമൂടിക്കളയുന്നു.

60. പരലോകത്തില്‍ വിശ്വസിക്കാത്തവര്‍ക്കാണ്‌ ഹീനമായ അവസ്ഥ.അത്യുന്നതാവസ്ഥ അല്ലാഹുവിനാണ്‌. അവന്‍ പ്രതാപിയും യുക്തിമാനുമാകുന്നു.

61. മനുഷ്യരെ അവരുടെ അതിക്രമത്തിന്റെ പേരില്‍ അല്ലാഹു (ഉടനടി) പിടികൂടുകയാണെങ്കില്‍ ഭൂമുഖത്ത്‌ ഒരു ജീവിയെയും അവന്‍ ശേഷിപ്പിക്കുമായിരുന്നില്ല. എന്നാല്‍ നിശ്ചിത അവധിവരെ അവന്‍ അവരെ പിന്തിച്ചു നിറുത്തുന്നു. അങ്ങനെ അവരുടെ കാലാവധി വന്നെത്തിയാല്‍ പിന്നെ ഒരു നിമിഷംപോലും അവര്‍ക്ക്‌ വൈകിക്കാനാവില്ല. നേരത്തെയാക്കാനും സാധ്യമല്ല.

62. അവര്‍ തങ്ങള്‍ക്കുവേണ്ടി ഇഷ്‌ടപ്പെടാത്തതിനെ അല്ലാഹുവിന്നായി കല്‌പിക്കുന്നു.ഏറ്റവും നല്ലത്‌ മാത്രമാണ്‌ തങ്ങള്‍ക്കുണ്ടാവുകയെന്ന്‌ അവരുടെ നാവുകള്‍ കള്ളം പറയുന്നു.സംശയമെന്യേ, അവര്‍ക്കുള്ളത്‌ നരകാഗ്നിയാണ്‌. (മറ്റാരെക്കാളും) മുമ്പെ അവരാണവിടേക്ക്‌ നയിക്കപ്പെടുക.

63. അല്ലാഹുവാണ! നിനക്കുമുമ്പുള്ള സമുദായങ്ങളിലേക്ക്‌ തീര്‍ച്ചയായും നാം ദൂതന്മാരെ അയച്ചിട്ടുണ്ട്‌. അപ്പോഴൊക്കെ അവരുടെ ദുര്‍വൃത്തികള്‍ പിശാച്‌ അവര്‍ക്ക്‌ ഭൂഷണമായി തോന്നിക്കുകയായിരുന്നു.(ദൈവദൂതന്മാരുടെ സന്ദേശങ്ങള്‍ അവര്‍ അംഗീകരിച്ചില്ല.) അതിനാല്‍ അവനാണ്‌ ഇന്ന്‌ അവരുടെ മിത്രം. അവര്‍ക്ക്‌ നോവേറിയ ശിക്ഷയുണ്ട്‌.

64. അവര്‍ക്കിടയില്‍ അഭിപ്രായ ഭിന്നതകളുള്ള കാര്യങ്ങളെ അവര്‍ക്ക്‌ വ്യക്തിമാക്കിക്കൊടുക്കേണ്ടതിനുവേണ്ടിയല്ലാതെ ഗ്രന്ഥത്തെ നിനക്ക്‌ നാം ഇറക്കി തന്നിട്ടില്ല, വിശ്വസിക്കുന്ന ജനത്തിന്‌ സന്മാര്‍ഗദര്‍ശകവും കാരുണ്യവും ആയിക്കൊണ്ടും.

65. അല്ലാഹു ആകാശത്തുനിന്ന്‌ ജലമിറക്കുകയും അതുവഴി ഭൂമിയെ അതിന്റെ നിര്‍ജീവാവസ്ഥക്കു ശേഷം അവന്‍ ജീവിപ്പിക്കുകയും ചെയ്യുന്നു; നിശ്ചയം! കേള്‍ക്കുന്ന ജനത്തിന്‌ ഇതില്‍ ഒരു ദൃഷ്‌ടാന്തമുണ്ട്‌.

66. നിശ്ചയമായും കന്നുകാലികളിലും നിങ്ങള്‍ക്ക്‌ ഒരു പാഠമുണ്ട്‌. അവയുടെ ഉദരത്തിലുള്ള ചാണകത്തിനും രക്തത്തിനുമിടയില്‍നിന്ന്‌ നിങ്ങളെ നാം ശുദ്ധമായ പാല്‍ കുടിപ്പിക്കുന്നു. കുടിക്കുന്നവര്‍ക്കെല്ലാം ഹൃദ്യമാണത്‌.

67. ഈത്തപ്പനയുടെയും മുന്തിരിവള്ളിയുടെയും പഴങ്ങളില്‍ നിന്നും (നിങ്ങള്‍ക്ക്‌ നാം പാനീയം നല്‍കുന്നു.) അതില്‍നിന്ന്‌ നിങ്ങള്‍ ലഹരി പദാര്‍ഥവും നല്ല ആഹാരവും ഉണ്ടാക്കുന്നു. ചിന്തിക്കുന്ന ജനത്തിന്‌ തീര്‍ച്ചയായും ഇതില്‍ ദൃഷ്‌ടാന്തമുണ്ട്‌.

67. ഈ പഴങ്ങളില്‍ നിന്ന്‌ ദോഷകരമായ ലഹരിപദാര്‍ഥവും വിശുദ്ധമായ ഭക്ഷണവും കരസ്ഥമാക്കാം. നല്ലതും ചീത്തയും യഥേഷ്‌ടം തെരഞ്ഞെടുത്ത്‌ ഉപയോഗിക്കാന്‍ അല്ലാഹു മനുഷ്യന്‌ അവസരം നല്‍കിയിരിക്കയാണ്‌.

68. നിന്റെ നാഥന്‍ തേനീച്ചക്ക്‌ ബോധനം കൊടുത്തു: അതായത്‌, മലകളിലും മരങ്ങളിലും അവര്‍ (മനുഷ്യര്‍) കെട്ടിയുയര്‍ത്തുന്നവയിലും നീ പാര്‍പ്പിടങ്ങളുണ്ടാക്കുക.

69. എന്നിട്ട്‌ എല്ലാ കനികളില്‍നിന്നും ഭക്ഷിക്കുകയും നിന്റെ നാഥന്‍ സൗകര്യപ്പെടുത്തിത്തന്ന പാതകളില്‍ പ്രവേശിക്കുകയും ചെയ്യുക. അവയുടെ ഉദരങ്ങളില്‍നിന്ന്‌ വര്‍ണവൈവിധ്യമുള്ള പാനീയം പുറപ്പെടുന്നു. അതില്‍ മനുഷ്യര്‍ക്ക്‌ രോഗശാന്തിയുണ്ട്‌. ചിന്തിക്കുന്ന ജനത്തിന്‌ തീര്‍ച്ചയായും ഇതില്‍ ദൃഷ്‌ടാന്തമുണ്ട്‌.

69. തേനീച്ചയുടെ പ്രത്യേക രൂപത്തിലുള്ള കൂടിന്റെ നിർമാണം, കൂട്ടായ്മയുടെ ഘടന, വ്യത്യസ്ത ജോലിക്കാരായിക്കൊണ്ടുള്ള വിഭജനം, ഭക്ഷണം ശേഖരിക്കുന്നതിനു വേണ്ടിയുള്ള നിരന്തരമായ യാത്ര, തേൻ ശേഖരണം- ഇതെല്ലാം അവയുടെ നാഥൻ സംവിധാനിച്ചുകൊടുത്ത മാർഗങ്ങളാണ്. തേൻ സ്വയം തന്നെ ചില രോഗങ്ങൾക്ക് വളരെ പ്രയോജനപ്രദമാണ്. ഔഷധങ്ങൾ നിർമിക്കുന്നതിനും തേൻ ഉപയോഗിക്കുന്നു.
കന്നുകാലികൾ, തേനീച്ച, ഈന്തപ്പന, മുന്തിരി, മറ്റു വൃക്ഷലതാദികൾ എന്നിവയെല്ലാം മുഖേന മനുഷ്യർക്കുവേണ്ടി ഇത്രയേറെ അമൂല്യവും രുചികരവും പ്രയോജനകരവുമായ ഭക്ഷ്യവിഭവങ്ങൾ അല്ലാഹു അല്ലാതെ മറ്റാരാണ് നിങ്ങൾക്ക് ഒരുക്കിത്തരുന്നത്? ഏക ദൈവത്തിനു പുറമേ ജനം നേർച്ചാവഴിപാടുകൾ അർപ്പിക്കുന്ന ഏതെങ്കിലും ദേവിയോ ദേവനോ ആഹാരസമ്പാദനത്തിന് ഇങ്ങനെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

70. അല്ലാഹു നിങ്ങളെ സൃഷ്ടിച്ചു. പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നു. നിങ്ങളിൽ ചിലർ ഏറ്റവും അവശമായ പ്രായത്തിലേക്ക് തള്ളപ്പെടുന്നു;(പലതും) അറിഞ്ഞതിന്നു ശേഷം ഒന്നും അറിഞ്ഞുകൂടാത്ത അവസ്ഥ പ്രാപിക്കുന്നതിന്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും എല്ലാറ്റിനും കഴിവുറ്റവനുമാകുന്നു.

71. അല്ലാഹു നിങ്ങളിൽ ചിലരെ ചിലരേക്കാൾ ഉപജീവനത്തിന്റെ കാര്യത്തിൽ മെച്ചപ്പെട്ടവരാക്കിയിരിക്കുന്നു. എന്നാൽ (അപ്രകാരം)മികവ് ലഭിച്ചവർ തങ്ങളുടെ വിഭവങ്ങൾ അവരുടെ വലതുകൈകൾ ഉടമപ്പെടുത്തിയവർക്ക്(അടിമകൾ) അവർ അതിൽ തുല്യപങ്കാളികളാകുന്നതിനുവേണ്ടി- വിട്ടുകൊടുക്കുന്നില്ല. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ നിഷേധിക്കുകയുമാണോ?

72. അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ ഇണകളെ ഉണ്ടാക്കിത്തരികയും നിങ്ങൾക്ക് നിങ്ങളുടെ ഇണകളിലൂടെ പുത്രന്മാരെയും പൗത്രന്മാരെയും പ്രദാനം ചെയ്യുകയും നല്ല വസ്തുക്കളാൽ നിങ്ങളെ അവൻ ഭക്ഷണമൂട്ടുകയും ചെയ്തു. അപ്പോൾ (ഇതെല്ലാം കാണുകയും അറിയുകയും ചെയ്തുകൊണ്ട്)അവർ മിഥ്യയിൽ വിശ്വസിക്കുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ അവിശ്വസിക്കുകയുമാണോ ചെയ്യുന്നത്?

72. പ്രാർത്ഥന കേൾക്കുക, ആഗ്രഹങ്ങൾ പൂർത്തീകരിച്ചുകൊടുക്കുക, ഭാഗ്യവും ഭാഗ്യദോഷവും വരുത്തിവെക്കുക, സന്താനങ്ങൾ നല്കുക, രോഗങ്ങളിൽനിന്ന് രക്ഷിക്കുക, വിഷമങ്ങൾ അകറ്റുക തുടങ്ങിയവയെല്ലാം ദേവീദേവന്മാരുടെയും മരിച്ചുപോയ മഹാന്മാരുടെയും അധികാരത്തിൽപ്പെട്ടതാണെന്ന അടിസ്ഥാനരഹിതമായ വിശ്വാസങ്ങളാണ് 'മിഥ്യയിൽ വിശ്വസിക്കുക' എന്നു പറഞ്ഞതിന്റെ താൽപര്യം.
വെറും ഊഹാപോഹത്തെ ആസ്പദമാക്കിക്കൊണ്ട്, പ്രപഞ്ച നിയന്ത്രണത്തിലും മനുഷ്യഭാഗധേയത്തിന്റെ നിർമ്മാണ സംഹാരത്തിലും അല്ലാഹുവിനു ചില പങ്കാളികളെ ഇവർ സങ്കൽപിക്കുന്നു. ഇവരിൽ ചിലർ അദൃശ്യാസ്തിക്യങ്ങളായ ജിന്നുകളെ ദൈവത്തിന്റെ പങ്കുകാരാക്കിവെക്കുന്നതെങ്കിൽ മറ്റു ചിലർ വൃഷ്ടിദേവത, ധനദേവത, രോഗദേവത, അങ്ങനെ നിരവധി ദേവീദേവന്മാരെ സങ്കല്പിച്ചുണ്ടാക്കുന്നു. ആത്മാക്കളെയും ഭൂതപ്രേതങ്ങളെയും രാക്ഷസന്മാരെയും ദേവീദേവന്മാരെയും സംബന്ധിച്ച ധാരാളം മിഥ്യാവിശ്വാസങ്ങൾ ബഹുദൈവവാദികൾ വെച്ചുപോറ്റുന്നതായി കാണാം.

73. വാനലോകത്തുനിന്നും ഭൂമിയിൽനിന്നും ഇവർക്ക് യാതൊരു (ഭക്ഷണ)വിഭവങ്ങളും അധീനപ്പെടുത്തിക്കൊടുക്കാത്തവരും ഒരു കഴിവുമില്ലാത്തവരെയുമാണ് അവർ അല്ലാഹുവിനെക്കൂടാതെ ആരാധിക്കുന്നത്.

74. അതുകൊണ്ട് അല്ലാഹുവിന് നിങ്ങൾ ഉപകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു; നിങ്ങളോ അറിയുന്നില്ല.

75. അല്ലാഹു ഒരു ഉദാഹരണം നല്കുന്നു: മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള ഒരടിമ. അവന് സ്വന്തമായി യാതൊന്നിനും കഴിവില്ല. അപരനാവട്ടെ, അവനു നാം നമ്മുടെ വകയായി

നൽകിയ ഉത്തമമായ ആഹാരപദാർഥങ്ങളിൽ നിന്ന് രഹസ്യമായും പരസ്യമായും ചെല വഴിച്ചുകൊണ്ടിരിക്കുന്നു. ഇവർ തുല്യരാകുമോ? അല്ലാഹുവിന് സ്തുതി! പക്ഷേ, അവരി ലേറെ പേരും കാര്യം മനസ്സിലാക്കുന്നില്ല.

76. അല്ലാഹു (മറ്റ്) രണ്ടാളുകളെ ഉപമയായി എടുത്തുകാണിക്കുന്നു. അവരിൽ ഒരാൾ യാതൊ ന്നിനും കഴിവില്ലാത്ത ഊമയാണ്. അവൻ തൻെറ യജമാനന് ഒരു ഭാരവുമാണ്. അയാൾ അവനെ എങ്ങോട്ടു തിരിച്ചുവിട്ടാലും അവൻ യാതൊരു നന്മയും കൊണ്ടുവരില്ല. അവനും നേർവഴിയിൽ നിലയുറപ്പിച്ചുകൊണ്ട് നീതി കൽപിക്കുന്നവനും ഒരുപോലെയാണോ?

77. അല്ലാഹുവിനാണ് ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യജ്ഞാനമുള്ളത്. അന്ത്യസമ യത്തിൻെറ കാര്യം ഇമവെട്ടുന്നതുപോലെയാകുന്നു. അല്ലെങ്കിൽ അതിനെക്കാൾ വേഗതയു ള്ളത്. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.

78. അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ പുറത്തേക്ക് കൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾ വിയും, കാഴ്ച്ചകളും ഹൃദയങ്ങളും നൽകി. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി.

79. അന്തരീക്ഷത്തിൽ (ദൈവിക കല്പനയ്ക്ക്)വിധേയമായിക്കൊണ്ടു പറക്കുന്ന പക്ഷികളിലേക്ക് അവർ നോക്കുന്നില്ലേ? അല്ലാഹുവല്ലാതെ ആരും അവയെ താങ്ങിനിർത്തുന്നില്ല. വിശ്വസി ക്കുന്ന ജനത്തിന് തീർച്ചയായും ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

80. അല്ലാഹു നിങ്ങളുടെ വീടുകളെ നിങ്ങൾക്കുള്ള വിശ്രമസ്ഥലങ്ങളാക്കിയിരിക്കുന്നു. മൃഗ ത്തോലുകളിൽനിന്ന് അവൻ നിങ്ങൾക്ക് കൂടാരങ്ങൾ ഉണ്ടാക്കിത്തന്നു. നിങ്ങളുടെ യാത്രാ നാളുകളിലും നിങ്ങൾ താവളമടിക്കുന്ന ദിവസങ്ങളിലും നിങ്ങളവ അനായാസം ഉപയോഗ പ്പെടുത്തുന്നു. ചെമ്മരിയാടുകളുടെയും ഒട്ടകങ്ങളുടെയും കോലാടുകളുടെയും രോമങ്ങളിൽ നിന്ന് നിശ്ചിത കാലംവരെ ഉപയോഗിക്കാവുന്ന വീട്ടുപകരണങ്ങളും ഉപകാരപ്രദമായ മറ്റു വസ്തുക്കളും (അവൻ ഉണ്ടാക്കിത്തന്നിരിക്കുന്നു.)

81. അല്ലാഹു താൻ സൃഷ്ടിച്ച വസ്തുക്കളാൽ നിങ്ങൾക്ക് തണലുകളുണ്ടാക്കിത്തരികയും പർവ തങ്ങളിൽ നിങ്ങൾക്ക് അഭയസ്ഥാനങ്ങളുണ്ടാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങളെ ചൂടിൽ നിന്ന് പരിരക്ഷിക്കുന്ന ഉടുപ്പുകളും, നിങ്ങളുടെ പോരാട്ടത്തിൽ നിങ്ങളെ പരിരക്ഷിക്കുന്ന കവചങ്ങളും അവൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു. ഇപ്രകാരം അവൻെറ അനുഗ്രഹത്തെ അവൻ നിങ്ങൾക്ക് പൂർത്തീകരിച്ചുതരുന്നു-നിങ്ങൾ(അവന്) കീഴ്പെടുന്നതിനു വേണ്ടി.

---

81. മനുഷ്യ ജീവിതത്തിൻെറ എല്ലാ ഭാഗങ്ങളിലും ഏറ്റവും നിസ്സാരമായ ആവശ്യങ്ങൾ പോലും നിഷ് കൃഷ്ടമായി കണക്കാക്കുകയും പിന്നീട് ഓരോ ആവശ്യങ്ങളും പൂർത്തീകരിക്കാനുള്ള വ്യവസ്ഥകളു ണ്ടാക്കുകയും ചെയ്തിരിക്കുന്നു. കൈയും കണക്കുമില്ലാത്ത അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ തിട്ടപ്പെടു ത്തുവാൻ ആരാലും സാധ്യമല്ലതന്നെ. ജീവിതത്തിൻെറ ഓരോ വശങ്ങളുമെടുത്ത് പരിശോധിക്കുകയാ ണെങ്കിൽ എല്ലാ രംഗങ്ങളിലും അല്ലാഹു അവൻെറ അനുഗ്രഹം സാക്ഷാത്കരിച്ചുതന്നതായി നമുക്ക് കാണാം.

---

82. ഇനി, അവർ പിന്തിരിഞ്ഞു പോകുന്നെങ്കിൽ, നിനക്കുള്ള ബാധ്യത (സത്യസന്ദേശം) വ്യക്ത മായി എത്തിച്ചു കൊടുക്കുകമാത്രമാണ്.

83. അല്ലാഹുവിൻെറ അനുഗ്രഹങ്ങളെ അവർ തിരിച്ചറിയുന്നുണ്ട്.എന്നിട്ടും അവരതിനെ തള്ളി പ്പറയുകയാണ്. അവരിൽ അധികപേരും നന്ദികെട്ടവരാണ്.

84. എല്ലാ ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം എഴുന്നേൽപിക്കുന്ന ദിനം! പിന്നീട്, അവിശ്വാസികൾക്ക് (ഒഴികഴിവ് പറയുവാൻ) അനുവാദം നൽകപ്പെടുകയില്ല. അവരിൽനിന്ന് പശ്ചാത്താപം ആവശ്യപ്പെടുകയില്ല.

84. സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം വ്യക്തമായി തുറന്നുകാണിച്ചിട്ടുള്ള പ്രമാണങ്ങൾ തങ്ങളുടെ ജനങ്ങൾക്കെത്തിച്ചുകൊടുത്തിരുന്നുവെന്നും അതിനാൽ അവർ ചെയ്തു കൂട്ടിയ പ്രവർത്തനങ്ങളൊന്നും അജ്ഞതകൊണ്ടായിരുന്നില്ലെന്നും ഈ സാക്ഷികൾ മൊഴിനൽകുന്നതാണ്.

85. അക്രമം പ്രവർത്തിച്ചവർ ശിക്ഷയെ കണ്ടെത്തിയാൽപ്പിന്നെ അതിൽ അവർക്ക് യാതൊരിളവും നല്കപ്പെടുകയില്ല. അവർക്ക് ഒട്ടും അവധി നല്കപ്പെടുന്നതുമല്ല.

86. (അല്ലാഹുവിന്ന്) പങ്കാളികളെ കല്പിച്ചവർ തങ്ങളുടെ കല്പിത പങ്കാളികളെ കാണുമ്പോൾ പറയും: ''ഞങ്ങളുടെ രക്ഷിതാവേ! നിന്നെ വെടിഞ്ഞു ഞങ്ങൾ വിളിച്ചു പ്രാർത്ഥിക്കാറുണ്ടായിരുന്ന ഞങ്ങളുടെ പങ്കാളികളാണിവർ.'' അപ്പോൾ ആ (പങ്കാളികൾ) അവരോടിങ്ങനെ പറയും: തീർച്ചയായും നിങ്ങൾ കള്ളം പറയുന്നവരാണ്.

86. നിങ്ങൾ അല്ലാഹുവിനെ വെടിഞ്ഞു ഞങ്ങളോട് പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ ഒരിക്കലും പറഞ്ഞിട്ടില്ല. ഞങ്ങളും ഈയാളുകളും തമ്മിൽ യാതൊരു ബന്ധവുമില്ല. നിങ്ങൾ ഞങ്ങളെ വിളിച്ചുപ്രാർത്ഥിച്ചിരുന്നുവെന്ന വസ്തുതതന്നെ ഞങ്ങൾ അറിഞ്ഞിട്ടില്ല. ഇവരിലോ ഇവരുടെ കർമങ്ങളിലോ ഞങ്ങൾക്ക് യാതൊരുത്തരവാദിത്വവുമില്ല. അങ്ങനെ ആരാധകരുടെ വാദങ്ങൾ ആ പങ്കാളികൾ തള്ളിക്കളയുന്നു.

87. ആ ദിവസം അല്ലാഹുവിന് അവർ അനുസരണത്തെ അർപ്പിക്കും.അവർ കെട്ടിച്ചമച്ചു കൊണ്ടിരുന്ന (മിഥ്യകൾ) അവരിൽനിന്നകന്നുപോവുകയും ചെയ്യും.

87. ഇഹലോകത്ത് മധ്യവർത്തികളായി അവർ അവലംബിച്ചിരുന്ന ആരേയും അന്നവിടെ അവർ കാണുകയില്ല.

88. അവിശ്വസിക്കുകയും അല്ലാഹുവിൻെറ മാർഗത്തിൽ നിന്ന്(ജനങ്ങളെ)തടയുകയും ചെയ്തവർക്ക് നാം ശിക്ഷക്കുമേൽ ശിക്ഷ കൂട്ടിക്കൊടുക്കുന്നതാകുന്നു; അവർ (ഈ ലോകത്ത്) അനർത്ഥമുണ്ടാക്കിയിരുന്നത് കാരണമായി.

89. എല്ലാ സമുദായങ്ങളിലും അവരുടെ കാര്യത്തിന് ഒരു സാക്ഷിയെ നാം അവരിൽനിന്നു തന്നെ നിയോഗിക്കുന്ന ദിവസമാണത്.(നിൻെറ ജനതയായ)ഇവരുടെ കാര്യത്തിന് സാക്ഷിയായി നിന്നെ നാം കൊണ്ടുവരികയും ചെയ്യുന്നതാണ്. സകല സംഗതികൾക്കും വിശദീകരണമായിക്കൊണ്ടും,വഴികാട്ടിയും കാരുണ്യവും (അല്ലാഹുവിനോട്)അനുസരണമുള്ളവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം ഈ വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്.

90. നിശ്ചയം,അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക്(സഹായം) നൽകുവാനുമാണ്. നീചവും നിഷിദ്ധവും അക്രമവും വിലക്കുകയും ചെയ്യുന്നു. നിങ്ങൾ മുന്നറിയിപ്പു കൈക്കൊള്ളുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.

91. നിങ്ങൾ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്താൽ അത് പാലിക്കുവിൻ.അല്ലാഹുവെ സാക്ഷിയാക്കിക്കൊണ്ട് നിങ്ങൾ ഉറപ്പിച്ചുകഴിഞ്ഞ സത്യങ്ങൾ ലംഘിച്ചുകൂടാ. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും തീർച്ചയായും അല്ലാഹു അറിയുന്നുണ്ട്.

92. (തൻെറ ശ്രമത്താൽ) ബലത്തിൽ നൂൽനൂൽക്കുകയും എന്നിട്ടു താൻ തന്നെ അതിനെ ഇഴകളായി ചിന്നിക്കളയുന്ന ഒരുവളെപ്പോലെ നിങ്ങളാകരുത്. ഒരു ജനസമൂഹത്തിന് മറ്റൊരു

ജനസമൂഹത്തേക്കാൾ സംഖ്യാബലമുള്ളതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ശപഥങ്ങളെ അന്യോന്യം വഞ്ചിക്കാനുള്ള ഉപായമാക്കരുത്. അതിലൂടെ അല്ലാഹു നിങ്ങളെ പരീക്ഷിക്കുക മാത്രമാണ്. നിങ്ങൾ യാതൊന്നിനെക്കുറിച്ച് ഭിന്നിച്ചിരിന്നുവോ അത് അവൻ നിങ്ങൾക്ക് ഉയിർത്തെഴുന്നേൽപു നാളിൽ തീർച്ചയായും വ്യക്തമാക്കിത്തരും.

---

92. അജ്ഞാനകാലത്ത് ഗോത്രങ്ങൾ തമ്മിൽ- ഞങ്ങൾ നിങ്ങളെ ഏതവസരത്തിലും സഹായിച്ചുകൊള്ളാമെന്ന് സത്യം ചെയ്തു പറഞ്ഞുകൊണ്ട്- സഖ്യം ഉണ്ടാക്കിക്കഴിഞ്ഞാൽ തന്നെ, സംഖ്യാബലം കൂടിയ പുതിയ ഗോത്രവുമായി പുതിയതായ സഖ്യം ഉണ്ടാക്കാൻ അവസരം വന്നാൽ, മുമ്പ് ഉണ്ടാക്കപ്പെട്ടിരുന്ന സന്ധിവ്യവസ്ഥകളെ കാറ്റിൽ പറത്തിയിരുന്ന പതിവ് ഉണ്ടായിരുന്നു. കരാർ ലംഘനത്തിന്റെ ഏറ്റവും ഹീനതയായ ഈ പ്രവണതയെയാണ് ഇവിടെ വിമർശിക്കുന്നത്.

ഓരോ കരാറും കരാറു ചെയ്യുന്ന വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വഭാവവും വിശ്വാസ്യതയും പരീക്ഷിക്കുകയാണ്. ഈ പരീക്ഷണത്തിൽ പരാജയപ്പെടുന്നവർക്ക് അല്ലാഹുവിന്റെ കോടതിയിൽ നിന്ന് തങ്ങളെ രക്ഷപ്പെടുത്താൻ സാധ്യമല്ല.

---

93. അല്ലാഹു നിശ്ചയിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഏക സമുദായമാക്കുമായിരുന്നു. എന്നാൽ അവൻ നിശ്ചയിക്കുന്നവരെ അവൻ വഴിപിഴപ്പിൽ വിടുകയും, അവൻ നിശ്ചയിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടും.

94. നിങ്ങൾ നിങ്ങളുടെ ശപഥങ്ങളെ പരസ്പരം വഞ്ചിക്കുന്നതിനുള്ള മാർഗ്ഗമാക്കിക്കളയരുത്. (സത്യത്തിൽ) നിലയുറപ്പിച്ചശേഷം പാദം ഇടറിപ്പോകാനും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടഞ്ഞതിന്റെ പേരിൽ ദുരിതമനുഭവിക്കുവാനും അതിടവരുത്തും. നിങ്ങൾക്ക് ഭയങ്കരമായ ഒരു ശിക്ഷ (അനുഭവിക്കുവാനും ഇടയായിത്തീരും.)

95. അല്ലാഹുവുമായുള്ള പ്രതിജ്ഞകൾ തുച്ഛലാഭങ്ങൾക്കുവേണ്ടി വിറ്റുകളയാതിരിക്കുവിൻ. തീർച്ചയായും അല്ലാഹുവിങ്കലുള്ള (പ്രതിഫലം)തന്നെയാണ് നിങ്ങൾക്ക് ഏറ്റവും ഉത്തമം. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ.

96. നിങ്ങളുടെ കൈവശമുള്ളത് തീർന്നുപോകും.അല്ലാഹുവിങ്കലുള്ളതോ, ശേഷിച്ചുനിൽക്കുന്നതുമാണ്. ക്ഷമപാലിക്കുന്നവർക്ക് നാം അവരുടെ ഏറ്റം ശ്രേഷ്ഠമായ കർമങ്ങൾക്കനുയോജ്യമായ പ്രതിഫലം നൽകുക തന്നെ ചെയ്യും.

97. പുരുഷനാവട്ടെ, സ്ത്രീയാവട്ടെ യാതൊരാൾ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമം പ്രവർത്തിക്കുന്നവോ ആ വ്യക്തിക്ക് നല്ലൊരു ജീവിതം തീർച്ചയായും നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റം ഉത്തമമായതിന് അർഹമായ പ്രതിഫലം നാമവർക്ക് നല്കുകയും ചെയ്യും.

---

97. ശരിയായ പ്രവർത്തനമാർഗം സ്വീകരിക്കുന്നവരുടെ ഐഹികജീവിതംതന്നെ വിശ്വാസ്യതയില്ലാത്ത ദുർവൃത്തരായ ആളുകളുടെ ജീവിതത്തെ അപേക്ഷിച്ച് ഏറ്റവും ഉത്തമമായിരിക്കുമെന്ന് വ്യക്തമാണ്. അവിശുദ്ധവും നിഷിദ്ധവുമായ മാർഗങ്ങളിലൂടെ നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നവർക്ക് ശരിയായ അന്തസ്സും പരിഗണനയും ലഭിക്കുകയില്ല. പരിശുദ്ധിയും ആത്മാർത്ഥതയും പുലർത്തുന്നവർക്ക് ലഭിക്കുന്ന മനസ്സമാധാനത്തിന്റെയും സ്വസ്ഥതയുടെയും ഒരംശം പോലും അധർമ്മകാരികൾക്കും ദുർവൃത്തന്മാർക്കും ലഭിക്കുകയില്ല.

---

98. നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക.

99. വിശ്വസിക്കുകയും തങ്ങളുടെ നാഥനിൽ ഭരമേൽപിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ പിശാചിന് ഒട്ടും സ്വാധീനമില്ല; തീർച്ച.

100. തീർച്ചയായും അവന്റെ സ്വാധീനം, അവനെ രക്ഷാധികാരിയായി വരിക്കുകയും അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നവരുടെയും മേൽ മാത്രമാണ്.

101. ഒരു സൂക്തത്തിന്റെ സ്ഥാനത്ത് മറ്റൊരു സൂക്തം നാം അവതരിപ്പിച്ചാൽ -എന്താണവതരിപ്പിക്കുന്നതെന്ന് അല്ലാഹുവിന് നന്നായറിയാം- അവർ പറയുന്നു: ‘‘നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നു എന്ന്.’’അല്ല! അവരിൽ അധികപേരും കാര്യം അറിയുന്നില്ല.

102. പറയുക: വിശ്വസിച്ചവരെ അതിലുറപ്പിച്ചുനിർത്തുന്നതിനു വേണ്ടിയും വഴിപ്പെട്ട് ജീവിക്കുന്നവർക്ക് വഴികാട്ടിയും സന്തോഷവാർത്തയും ആയിക്കൊണ്ടും സത്യപ്രകാരം പരിശുദ്ധാത്മാവ് (മലക്ക് ജിബ്‌രീൽ) നിന്റെ രക്ഷിതാവിങ്കൽ നിന്ന് അത് ഇറക്കിയിട്ടുള്ളതാകുന്നു.

103. ‘‘ഇത് അവനെ പഠിപ്പിക്കുന്നത് ഒരു മനുഷ്യൻ മാത്രമാണ്’’ എന്ന് അവർ പറയുന്നുവെന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. എന്നാൽ അവർ ചൂണ്ടിക്കാണിക്കുന്ന ആളുടെ ഭാഷ അനറബിയാകുന്നു. ഇതാകട്ടെ തെളിഞ്ഞ അറബി ഭാഷയുമാണ്.

---

103. പൂർവ്വവേദങ്ങൾ പഠിച്ച ഒരു റോമൻ അടിമയാണ് ഖുർആൻ നിർമ്മിക്കുന്നതെന്നും; പിന്നീട് നബി(സ) അത് സ്വന്തംനിലയിൽ അല്ലാഹുവിൻേറതാണെന്നു പറഞ്ഞ് അത് അവതരിപ്പിക്കുകയാണെന്നും മക്കയിലെ സത്യനിഷേധികൾ അദ്ദേഹത്തിന്നെതിരിൽ ആരോപണങ്ങൾ കെട്ടിച്ചമച്ചിരുന്നു.

---

104. അല്ലാഹുവിന്റെ വചനങ്ങളിൽ വിശ്വസിക്കാത്തവരെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. അവർക്ക് വേദനയേറിയ ശിക്ഷയാണുള്ളത്.

105. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വാസിക്കാത്തവർ തന്നെയാണ് കള്ളം കെട്ടിച്ചമക്കുന്നത്. അവർ തന്നെയാകുന്നു കള്ളം പറയുന്നവരും.

106. വിശ്വസിച്ചതിനുശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെ ഹൃദയങ്ങളിൽ വിശ്വാസം ദൃഢമായിരിക്കെ (അതിന്)നിർബന്ധിക്കപ്പെട്ടവരല്ല. പ്രത്യുത തുറന്ന മനസ്സോടെ സത്യനിഷേധം അംഗീകരിക്കുന്നവരാരോ,അവർ അല്ലാഹുവിന്റെ ക്രോധത്തിന്നിരയാകുന്നു. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടയിരിക്കും.

---

106. വിശ്വാസം മനസ്സിൽ ഒളിച്ചുവെച്ചുകൊണ്ട് അക്രമം കാരണം നിർബന്ധിതനായി സത്യനിഷേധം പറയുകയാണെങ്കിൽ അതിന്റെ പേരിൽ അയാൾ ശിക്ഷിക്കപ്പെടുകയില്ല.
ലോഹംകൊണ്ടുള്ള അങ്കി ധരിപ്പിച്ച് ചുട്ടുപഴുത്ത മണലിൽ മലർത്തിക്കിടത്തി നെഞ്ചിൽ ഭാരം കയറ്റിവെച്ചിട്ടും ‘ഏകൻ, ഏകൻ’ എന്ന സത്യത്തിന്റെ വചനം മാത്രം ഉറക്കെ പ്രഖ്യാപിച്ച ബിലാലിന്റെ ചരിത്രവും നബി(സ)യുടെ കാലത്തുതന്നെ ഉണ്ടായിട്ടുണ്ട്.

---

107. അതെന്തുകൊണ്ടെന്നാൽ അവർ ഐഹികജീവിതത്തെ പരലോകത്തെക്കാൾ ഇഷ്ടപ്പെടുന്നതുകൊണ്ടാണ്. അവിശ്വാസികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുന്നതുമല്ല.

---

107. സത്യവിശ്വാസം സ്വീകരിക്കുകയും, പിന്നീട് സത്യത്തിന്റെ മാർഗം വിഷമങ്ങൾ നിറഞ്ഞതാണെന്ന് കണ്ട് അത് കൈയൊഴിക്കുകയും അവിശ്വാസത്തിലേക്ക് തിരിച്ചുപോവുകയും ചെയ്തവരെയാണ് ഇവിടെ പരാമർശിക്കുന്നത്.

---

108. അല്ലാഹു ഹൃദയങ്ങളെയും കാതുകളെയും കണ്ണുകളെയും അടച്ചു മുദ്രവെച്ചിട്ടുള്ളവരാണവർ. അശ്രദ്ധയിലാണ്ടുപോയവരും ഇവർതന്നെ.

109. നിസ്സംശയം; പരലോകത്ത് നഷ്ടം പറ്റിയവരും അവർ തന്നെ.

110. പിന്നീട്, തീർച്ചയായും നിന്റെ രക്ഷിതാവിന്റെ സഹായം (വിശ്വാസം കൈക്കൊണ്ടതിന്റെ പേരിൽ)മർദ്ദിക്കപ്പെട്ടതിനു ശേഷം സ്വദേശം വെടിഞ്ഞ് പലായനം ചെയ്യുകയും അനന്തരം പോരാട്ടത്തിലേർപ്പെടുകയും ക്ഷമപാലിക്കുകയും ചെയ്തവർക്കായിരിക്കും. തീർച്ചയായും നിന്റെ നാഥൻ അതിനുശേഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.
111. ഓരോ ആത്മാവും, തനിക്കുവേണ്ടി മാത്രം വാദിച്ചുകൊണ്ടുവരുന്ന ദിനം! ഓരോരുത്തർക്കും അവരവരുടെ കർമഫലം പൂർണമായി നൽകപ്പെടും. അവരോട് അനീതി ചെയ്യപ്പെടുകയുമില്ല.
112. അല്ലാഹു ഒരു പട്ടണത്തിന്റെ ഉപമ നൽകുന്നു. അത് നിർഭയവും ശാന്തവുമായിരുന്നു. അതിന് നാനാഭാഗത്തുനിന്നും സമൃദ്ധിയായി വിഭവങ്ങളെത്തിക്കൊണ്ടിരുന്നു. എന്നിട്ടും ആ നാട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് നന്ദികേടു കാണിച്ചു.അല്ലാഹു(അതിലെ നിവാസികളെ) അവർ പ്രവർത്തിച്ചിരുന്നത് നിമിത്തം വിശപ്പിന്റെയും ഭീതിയുടെയും ഉടുപ്പ് അവരെ അനുഭവിപ്പിക്കുകയും ചെയ്തു.
113. അവരിൽനിന്നുതന്നെയുള്ള ഒരു പ്രവാചകൻ അവരുടെ അടുക്കൽ ആഗതനായിരുന്നു. എന്നാൽ അവർ അദ്ദേഹത്തെ നിഷേധിച്ചു. അങ്ങനെ അവർ അക്രമികൾ ആയിരിക്കവേ ശിക്ഷ അവരെ പിടികൂടി.
114. അതിനാൽ അല്ലാഹു നിങ്ങൾക്കു നൽകിയ വിഭവങ്ങളിൽ അനുവദനീയവും ഉത്തമവുമായത് ഭക്ഷിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുകയും ചെയ്യുവിൻ! നിങ്ങൾ യഥാർത്ഥത്തിൽ അവനുമാത്രം അടിമപ്പെടുന്നവരാണെങ്കിൽ.
115. ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത് ഇവ മാത്രമാണ് അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളത്. എന്നാൽ ആരെങ്കിലും (അത് ഭക്ഷിക്കുവാൻ) നിർബന്ധിതനായാൽ, അവൻ (സ്വതവേ) അതാഗ്രഹിക്കുന്നവനോ അത്യാവശ്യത്തിലേറെ തിന്നുന്നവനോ അല്ലെങ്കിൽ, അപ്പോൾ നിശ്ചയമായും അല്ലാഹു മാപ്പരുളുന്നവനും ദയാപരനുമാകുന്നു.
116. നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 'ഇന്നത് അനുവദനീയം, ഇന്നത് നിഷിദ്ധം' എന്നിങ്ങനെ നിങ്ങൾ കള്ളം പറയാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കലാകും അത്. അല്ലാഹുവിന്റെ പേരിൽ അസത്യം കെട്ടിച്ചമക്കുന്നവർ തീർച്ചയായും വിജയിക്കുകയില്ല.
117. (ഐഹികജീവിതം) വളരെ തുച്ഛമായ സുഖാനുഭവമാണ്. (ഒടുവിൽ)അവർക്കുള്ളത് വേദനയേറിയ ശിക്ഷയത്രെ.
118. നേരത്തെ നാം നിനക്ക് വിവരിച്ചുതന്ന വസ്തുക്കൾ ജൂതന്മാർക്കും നാം നിരോധിച്ചിട്ടുണ്ടായിരുന്നു. നാം അവരോട് അനീതി ചെയ്തിട്ടില്ല. പിന്നെയോ, അവർ തങ്ങളോടുതന്നെ അനീതി ചെയ്യുകയായിരുന്നു.
119. പിന്നെ, തീർച്ചയായും നിന്റെ രക്ഷിതാവ്,അജ്ഞതമൂലം തിന്മപ്രവർത്തിക്കുകയും അതിനുശേഷം പശ്ചാത്തപിക്കുകയും (ജീവിതം) നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവെങ്കിൽ, അപ്പോൾ നിന്റെ രക്ഷിതാവ് നിശ്ചയമായും അതിനുശേഷം ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.
120. തീർച്ചയായും ഇബ്രാഹീം അല്ലാഹുവിന് കീഴ്പെട്ടുജീവിക്കുന്ന, ശൊവ്വായ പാതയിൽ ഉറച്ചുനിൽക്കുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ഒരിക്കലും ബഹുദൈവവിശ്വാസിയായിരുന്നില്ല.

121. അദ്ദേഹം അല്ലാഹുവിന്‍റെ അനുഗ്രഹങ്ങള്‍ക്ക് നന്ദി കാണിക്കുന്നവനായിരുന്നു. അവന്‍ അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും നേര്‍മാര്‍ഗത്തിലേക്ക് നയിക്കുകയും ചെയ്തു.
122. ഇഹലോകത്തില്‍ അദ്ദേഹത്തിനു നാം നന്മ നല്‍കി.പരലോകത്തില്‍ തീര്‍ച്ചയായും അദ്ദേഹം സുകൃതികളില്‍പെട്ട ഒരുവന്‍ തന്നെയായിരിക്കും.
123. പിന്നീട് നിനക്കു നാം ബോധനം നല്‍കി, ഏറ്റം ചൊവ്വായ പാതയില്‍ നിലകൊള്ളുന്നവനായിരുന്ന ഇബ്റാഹീമിന്‍റെ മാര്‍ഗം പിന്തുടരണം എന്ന്. അദ്ദേഹം ബഹുദൈവവിശ്വാസികളില്‍ പെട്ടവനായിരുന്നില്ല.

---

123. മക്കയിലെ ബഹുദൈവാരാധകര്‍ ഇബ്രാഹീം നബി(അ)യുടെ പാരമ്പര്യം അവകാശപ്പെട്ടിരുന്നു. എന്നാല്‍ ഇബ്രാഹീം നബി(അ) ബഹുദൈവാരാധകന്‍ ആയിരുന്നില്ല. അതിനാല്‍ നിങ്ങള്‍ക്ക് ഇബ്രാഹീം നബിയുമായി വാസ്തവത്തില്‍ ഒരു ബന്ധവുമില്ല എന്ന് അവരെ ഉണര്‍ത്തുന്നു. അതുകൊണ്ട് വിശ്വാസ കര്‍മങ്ങളില്‍ ബഹുദൈവത്വത്തിന്‍റെ കണികപോലുമില്ലാത്ത മുഹമ്മദ് നബിയും അദ്ദേഹത്തിന്‍റെ അനുയായികളുമാണ് ഇബ്രാഹീം നബിയുടെ യഥാര്‍ത്ഥ പിന്‍ഗാമികള്‍.

---

124. ശബ്ബത്ത് ദിനാചരണം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അതില്‍ (നിയമങ്ങളില്‍) ഭിന്നിച്ചവരാരോ അവരുടെ മേല്‍ മാത്രമാണ്. അവര്‍ ഭിന്നിച്ചുകൊണ്ടിരുന്ന സംഗതികളിലൊക്കെയും ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍, തീര്‍ച്ചയായും നിന്‍റെ നാഥന്‍ വിധി പ്രസ്താവിക്കുന്നതാകുന്നു.
125. യുക്തിപൂര്‍വമായും ശ്രേഷ്ഠമായ സദുപദേശത്തോടുകൂടിയും നിന്‍റെ നാഥന്‍റെ മാര്‍ഗത്തിലേക്ക് പ്രബോധനം ചെയ്യുക.ഏറ്റം നല്ല രീതിയില്‍ അവരുമായി സംവാദം നടത്തുക. തീര്‍ച്ചയായും നിന്‍റെ നാഥന്‍ തന്‍റെ നേര്‍വഴി വിട്ട് പിഴച്ചുപോയവരെ സംബന്ധിച്ച് നന്നായറിയുന്നവനാണ്. നേര്‍വഴി പ്രാപിച്ചവരെപ്പറ്റിയും അവന്‍ നല്ലവണ്ണം അറിയുന്നു.
126. നിങ്ങള്‍ പ്രതികാരം ചെയ്യുകയാണെങ്കില്‍ ഇങ്ങോട്ട് അക്രമിക്കപ്പെട്ടതിന് തുല്യമായി അങ്ങോട്ടും ശിക്ഷാനടപടികള്‍ സ്വീകരിക്കുക. എന്നാല്‍ നിങ്ങള്‍ ക്ഷമിക്കുകയാണെങ്കിലോ, അതുതന്നെയാണ് ക്ഷമാശീലര്‍ക്ക് കൂടുതല്‍ ഉത്തമം.
127. നീ ക്ഷമിക്കുക. അല്ലാഹുവിന്‍റെ ഉതവിയാല്‍ മാത്രമാണ് നിനക്ക് ക്ഷമിക്കാന്‍ കഴിയുന്നത്.അവരെപ്പറ്റി നീ ദുഃഖിക്കരുത്.അവരുടെ കുതന്ത്രങ്ങളോര്‍ത്തു വിഷമിക്കുകയും വേണ്ട.
128. തീര്‍ച്ചയായും, സൂക്ഷ്മത പാലിക്കുകയും സുകൃതങ്ങളാചരിക്കുകയും ചെയ്യുന്നവരാരോ, അവരുടെ കൂടെയാകുന്നു അല്ലാഹു.

---

*****

## അധ്യായം 17

# അൽ ഇസ്റാഅ്. (നിശായാത്ര)

**അവതരണം മക്കയിൽ, വചനങ്ങൾ 111**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. തൻെറ ദാസനെ(നബിയെ) 'മസ്ജിദുൽ ഹറാമി'ൽ നിന്ന് 'മസ്ജിദുൽ അഖ്സാ'യിലേക്ക്-അതിൻെറ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു- ഒരു രാത്രിയിൽ കൊണ്ടുപോയവൻ പരിശുദ്ധനത്രെ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽപെട്ടത് നാം അദ്ദേഹത്തിന് കാണിച്ചുകൊടുക്കുന്നതിനുവേണ്ടി. തീർച്ചയായും (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ.

1. അല്ലാഹു മുഹമ്മദ്നബി(സ)യെ ഒരു രാത്രിയിൽ മക്കയിലെ മസ്ജിദുൽ ഹറാമിൽ നിന്ന് ഫലസ്തീനിലെ മസ്ജിദുൽ അഖ്സാ(ബൈത്തുൽ മഖ്ദിസ്)യിലേക്കും, പിന്നീട് അവിടെനിന്ന് ഉപരിലോകത്തേക്കും കൊണ്ടുപോയി. ഇവ്വിഷയകമായി അനേകം പ്രവാചക വചനങ്ങളിൽ വന്ന വിശദീകരണങ്ങളുടെ ചുരുക്കം ഇപ്രകാരമാണ്: ജിബ്രീൽ(അ) നബി(സ)യെ ബുറാഖിൻെറ പുറത്തിരുത്തി മക്കയിൽ നിന്ന് മസ്ജിദുൽ അഖ്സവരെ കൊണ്ടുപോയി. മസ്ജിദുൽ അഖ്സയിൽ വെച്ച് തിരുമേനി പ്രവാചകന്മാരൊത്ത് നമസ്കരിച്ചു. പിന്നീട് ജിബ്രീൽ(അ) അദ്ദേഹത്തെ ഉപരിലോകത്തേക്ക് കൊണ്ടുപോയി. അവിടെ വെച്ച് പല പ്രമുഖരായ പ്രവാചകന്മാരോടും തിരുമേനി സംഭാഷണം നടത്തി. അവസാനം തൻെറ നാഥൻെറ സന്നിധിയിൽ എത്തിച്ചേരുകയും അവിടെ നിന്ന് മറ്റു സുപ്രധാന നിർദ്ദേശങ്ങൾ ലഭിച്ചതിനു പുറമെ അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാക്കുകയും ചെയ്തു. അതിനുശേഷം ബൈത്തുൽ മഖ്ദിസിലേക്ക് മടങ്ങുകയും അവിടെനിന്ന് മസ്ജിദുൽ ഹറാമിൽ തിരിച്ചെത്തുകയും ചെയ്തു. ഇതൊരു അസാധാരണ സംഭവം ആയിരുന്നു. അവിടെവെച്ച്, തിരുമേനിക്ക് സ്വർഗ്ഗനരകങ്ങളും പ്രദർശിപ്പിക്കപ്പെട്ടിരുന്നുവെന്നും റിപ്പോർട്ടുകളിലുണ്ട്. ഹിജ്റയുടെ ഒരു വർഷം മുമ്പ് റബീഉൽ അവ്വൽ 17-ന് രാത്രിയിലായിരുന്നു ഈ സംഭവമെന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിരിക്കുന്നു. ബൈത്തുൽമഖ്ദിസിലേക്കുള്ള നിശായാത്രക്ക് ഇസ്റാഅ് എന്നും, തുടർന്നുള്ള ആകാശയാത്രക്ക് മിഅ്റാജ് എന്നും പറയുന്നു.
പ്രവാചകന്മാരിൽ ഓരോരുത്തർക്കും അവരുടെ പദവികൾക്ക് അനുയോജ്യമായ വിധത്തിൽ ആകാശഭൂമികളുടെ സാമ്രാജ്യം അല്ലാഹു പ്രദർശിപ്പിക്കുകയും, ഭൗതികാവരണങ്ങൾ ഇടയിൽനിന്ന് നീക്കി കൺമുമ്പിൽ തന്നെ ചില യാഥാർത്ഥ്യങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഊഹങ്ങളുടെയും അനുമാനങ്ങളുടെയും അടിസ്ഥാനത്തിൽ അഭിപ്രായം പറയുന്ന ഒരു ദാർശനികൻെറതിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു നിലപാട് പ്രവാചകന്മാർക്കുള്ളതിനാൽ പ്രവാചകന്മാർ പറയുന്നതെല്ലാം നേരിട്ടുള്ള വിജ്ഞാനത്തിൻെറയും ദൃക്സാക്ഷ്യത്തിൻെറയും അടിസ്ഥാനത്തിലാണ് പറയുന്നതെന്നും, അതിനാൽ തങ്ങൾക്ക് ഇക്കാര്യങ്ങൾ അറിയുമെന്നും ഇവ തങ്ങളുടെ കണ്ണുകൾകൊണ്ടു കണ്ട യാഥാർത്ഥ്യങ്ങളാണെന്നും മനുഷ്യരുടെ മുമ്പിൽ സാക്ഷ്യം വഹിക്കാൻ അവർക്ക് സാധിക്കും.

2. മൂസാക്കു നാം വേദം നൽകുകയും അതിനെ ഇസ്റയേൽ മക്കൾക്ക് മാർഗദർശനോപാധിയാക്കുകയും ചെയ്തിരുന്നു. എന്നെക്കൂടാതെ യാതൊരു കൈകാര്യകർത്താവിനെയും നിങ്ങൾ സ്വീകരിക്കരുത് (എന്ന ശാസന അതിലുണ്ട്).

3. നൂഹിനോടൊപ്പം നാം (കപ്പലിൽ)കയറ്റിയവരുടെ സന്തതികളാണ് നിങ്ങൾ. തീർച്ചയായും (നൂഹ്)വളരെ നന്ദിയുള്ള ഒരു ദാസനായിരുന്നു.

4. ഇസ്രായീൽ സന്തതികൾക്ക് നാം ഇപ്രകാരം ഗ്രന്ഥത്തിൽ വിധി നൽകിയിരിക്കുന്നു. എന്തെന്നാൽ, തീർച്ചയായും നിങ്ങൾ രണ്ടുവട്ടം ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും മഹാധിക്കാരം പ്രവർത്തിക്കുകയും ചെയ്യും.

5. അങ്ങനെ ആ രണ്ട് സന്ദർഭങ്ങളിൽ ആദ്യത്തേതിൻെറ അവസരമെത്തിയാൽ നാം നിങ്ങൾക്കെതിരിൽ നമ്മുടെ അതിശക്തന്മാരായ അടിമകളെ നിയോഗിക്കുന്നതാണ്.അങ്ങനെ അവർ ഗൃഹാന്തരങ്ങളിൽവരെ കടന്നു കയറും.അനിവാര്യമായി സംഭവിക്കേണ്ടിയിരുന്ന ഒരുവാഗ്ദാനം തന്നെയായിരുന്നു അത്.

6. പിന്നീട് നിങ്ങൾക്കു നാം അവരുടെ മേൽ വീണ്ടും വിജയം നൽകി. സമ്പത്തിനാലും സന്തതികളാലും നാം നിങ്ങളെ സഹായിക്കുകയും നിങ്ങളെ കൂടുതൽ അംഗബലമുള്ളവരാക്കുകയും ചെയ്തു.

7. നിങ്ങൾ നന്മ ചെയ്യുന്നുവെങ്കിൽ നിങ്ങളുടെ ഗുണത്തിനായി തന്നെയാണ് നിങ്ങൾ നന്മ ചെയ്യുന്നത്. നിങ്ങൾ തിന്മ ചെയ്താൽ (അതിൻെറ ദോഷവും) നിങ്ങൾക്കു തന്നെ.
എന്നാൽ ഒടുവിലത്തെ വാഗ്ദാനത്തിൻെറ സന്ദർഭമായാൽ(നാം നിങ്ങളുടെമേൽ ശത്രുക്കളെ നിയോഗിക്കുന്നതാണ്.) അവർ നിങ്ങളുടെ മുഖങ്ങൾ വികൃതമാക്കുന്നതിനും ആദ്യതവണ (ശത്രുക്കൾ) ആരാധനാലയത്തിൽ (ബൈത്തുൽ മഖ്ദസിൽ) പ്രവേശിച്ചതുപോലെ വീണ്ടും പ്രവേശിക്കുവാനും കീഴടക്കിയതെല്ലാം തകർത്തുകളയുന്നതിന്നുംവേണ്ടി.

8. ഒരുപക്ഷേ, നിങ്ങളുടെ രക്ഷിതാവ് (വീണ്ടും) നിങ്ങളോട് കരുണ ചെയ്തേക്കാം. നിങ്ങൾ (അതിക്രമങ്ങൾ) ആവർത്തിക്കുകയാണെങ്കിൽ നാം (ശിക്ഷാനടപടികളും) ആവർത്തിക്കുന്നതാണ്. നരകത്തെ നാം സത്യനിഷേധികൾക്കുള്ള തടവറയാക്കിയിരിക്കുന്നു.

9. തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായ വഴി കാണിച്ചുതരുന്നു.(അതിനെ അംഗീകരിച്ചുകൊണ്ട്) സൽപ്രവൃത്തികൾ ചെയ്യുന്ന സത്യവിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.

10. പരലോകത്തിൽ വിശ്വസിക്കാത്തവരെ, അവർക്കുവേണ്ടി നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്ന് (മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു).

11. മനുഷ്യൻ നന്മക്കുവേണ്ടി പ്രാർത്ഥിക്കുന്നതുപോലെ തിന്മക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. മനുഷ്യൻ വല്ലാത്ത ധൃതിക്കാരൻ തന്നെ.

12. നാം രാവിനെയും പകലിനെയും രണ്ട് ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു. രാവാകുന്ന ദൃഷ്ടാന്തത്തെ നാം മങ്ങിയതാക്കുകയും പകലാകുന്ന ദൃഷ്ടാന്തത്തെ നാം പ്രകാശമാനവുമാക്കി. നിങ്ങളുടെ നാഥനിൽ നിന്നുള്ള അനുഗ്രഹങ്ങൾ നിങ്ങൾ തേടുന്നതിനുവേണ്ടിയും കൊല്ലങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ മനസ്സിലാക്കാനും. അങ്ങനെ സകല സംഗതികളെയും നാം വ്യക്തമായി വിശദീകരിച്ചിരിക്കുന്നു.

13. ഓരോ മനുഷ്യൻെറയും ശകുനത്തെ(ഭാഗധേയത്തെ) നാം അവൻെറ കഴുത്തിൽ തന്നെ ബന്ധിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ നാം അവനുവേണ്ടി ഒരു കർമരേഖ പുറത്തിറക്കും. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും.

---

13. മനുഷ്യൻെറ ഭാഗ്യവും ദൗർഭാഗ്യവും നിർണയിക്കുന്നത് അവൻെറ സ്വന്തം ഗുണങ്ങളും തെറ്റായ തീരുമാനങ്ങളും കർമങ്ങളുമാണ്. മനുഷ്യൻ തൻെറ ദൗർഭാഗ്യത്തിൻെറ ഉത്തരവാദിത്വം ശകുനത്തിലും ഭാഗധേയത്തിലും കെട്ടിവെക്കുന്ന വിശ്വാസത്തെ ഇവിടെ നിരാകരിക്കുന്നു.

---

14. (അന്ന് അവനോട് പറയപ്പെടും):നിൻെറ കർമപുസ്തകം വായിച്ചുനോക്കുക. ഇന്നു നിൻെറ കണക്കു നോക്കുന്നതിന് നീ തന്നെ മതി.

15. ആർ സന്മാർഗം സ്വീകരിക്കുന്നുവോ അത് അവൻെറതന്നെ ഗുണത്തിനു തന്നെയാണ് അവൻ സന്മാർഗം സ്വീകരിക്കുന്നത്.വല്ലവനും വഴികേടിലാകുന്ന പക്ഷം തനിക്ക് ദോഷത്തിനായിതന്നെയാണ് അവൻ വഴികേടിലാകുന്നത്. (പാപ)ഭാരം ചുമക്കുന്ന ആരും മറ്റൊരാളു

ടെ (പാപ)ഭാരം ചുമക്കുകയില്ല. (സത്യവും മിഥ്യയും വിവേചിച്ചു ഗ്രഹിപ്പിക്കുന്നതിനുവേണ്ടി) ഒരു പ്രവാചകനെ അയക്കുന്നതുവരെ നാം (ആരേയും) ശിക്ഷിക്കുന്നതുമല്ല.

15. പരലോകത്ത് ദൈവത്തിന്റെ കോടതിയിൽ ഓരോ മനുഷ്യനും രക്ഷയോ ശിക്ഷയോ ലഭിക്കുന്നത് അയാൾ വ്യക്തിപരമായി ഉത്തരവാദിയാണെന്ന് സ്ഥിരപ്പെട്ട നന്മക്കോ തിന്മക്കോ മാത്രമായിരിക്കും. മറ്റുള്ളവർ പ്രവർത്തിച്ചതിന്റെ കുറ്റം അവന്റെ മേൽ ചാർത്തുകയോ തന്റെ തന്നെ പ്രവർത്തനങ്ങളുടെ പാപഭാരം മറ്റുള്ളവരിൽ വെച്ചുകെട്ടുകയോ ചെയ്യുക എന്നത് ദൈവികകോടതിയിൽ സംഭവ്യമല്ല. അല്ലാഹുവിന്റെ നീതിന്ന്യായ വ്യവസ്ഥയിൽ പ്രവാചകനും, അദ്ദേഹം കൊണ്ടുവന്ന സന്ദേശവുമാണ് ജനങ്ങളുടെ മേൽ അല്ലാഹുവിനുള്ള ന്യായം. ഈ ന്യായം സ്ഥാപിതമായില്ലെങ്കിൽ അടിമകളെ ശിക്ഷിക്കുന്നത് നീതിക്ക് വിരുദ്ധമായിത്തീരും. ഈ ന്യായം സ്ഥാപിതമായാലോ അതിനുശേഷം ദൈവിക സന്ദേശത്തിൽനിന്ന് തിരിഞ്ഞുകളയുകയോ അത് ലഭിച്ചിട്ടും അതിൽനിന്ന് തെറ്റിനടക്കുകയോ ചെയ്യുന്നവരെ ശിക്ഷിക്കണമെന്നാണ് നീതിയുടെ താൽപര്യം.

16. നാം ഒരു നാടിനെ നശിപ്പിക്കണമെന്ന് ഉദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപന്മാരോട് നാം (അനുസരണത്തിനായി) കല്പിക്കുന്നു. (എന്നാൽ അത് അംഗീകരിക്കാതെ) അവർ അവിടെ ധിക്കാരം പ്രവർത്തിക്കുന്നു.അപ്പോൾ, നമ്മുടെ (ശിക്ഷാ)വചനം അതിന്റെ കാര്യത്തിൽ യാഥാർഥ്യമാവുകയും നാം അതിനെ തകർത്തുകളയുകയും ചെയ്യുന്നു.

16. ഒരു സമൂഹത്തെ അല്ലാഹു നശിപ്പിക്കുന്നത് ആ ജനതയിലെ ഉന്നതന്മാരുടെയും ആഡംബരപ്രിയന്മാരുടെയും മാർഗ്ഗഭ്രംശമാണ്. അവരുടെ അക്രമമർദ്ദനങ്ങളും ദുർവൃത്തികളും അവിടത്തെ മുഴുവൻ ജനതയെയും നശിപ്പിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ ശിക്ഷാവിധിക്ക് ആ ജനത അർഹരായിത്തീരുന്നു.

17. നൂഹിനു ശേഷമുള്ള എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചത്! തന്റെ ദാസന്മാരുടെ പാപങ്ങളെക്കുറിച്ച് ബോധമുള്ളവനും കാണുന്നവനുമായി നിന്റെ നാഥൻ തന്നെ മതി.

18. ആരെങ്കിലും ക്ഷണികമായതിനെയാണ് (ഇഹലോകത്തെ) കൊതിക്കുന്നതെങ്കിൽ നാം ഉദ്ദേശിക്കുന്നവർക്ക് നാം ഉദ്ദേശിക്കുന്ന അളവിൽ ഇവിടെ വെച്ച് വേഗത്തിൽ നൽകുന്നതാകുന്നു. പിന്നെ നാമവന് നൽകുന്നത് നരകമായിരിക്കും. അപമാനിതനും (ദൈവകാരുണ്യം)നിഷേധിക്കപ്പെട്ടവനുമായി അവൻ അതിൽ കടന്നെരിയുന്നതാണ്.

18. ആർ തന്റെ പ്രവർത്തനലക്ഷ്യം ഇഹലോകജീവിതവും അതിലെ സുഖാഡംബരങ്ങളും മാത്രമാക്കിവെക്കുന്നുവോ അവർക്ക് വല്ല നേട്ടങ്ങളും ലഭിക്കുന്നുവെങ്കിൽ അത് ഇഹലോകത്ത് മാത്രമായിരിക്കും.പരലോകത്ത് അവർക്ക് ഒരു സൗഭാഗ്യവും ഉണ്ടാവുകയില്ലെന്ന് മാത്രമല്ല അവരുടെ കേവലമായ ഭൗതിക പൂജ അവരെ തെറ്റായ കർമമാർഗ്ഗത്തിലൂടെ നരകശിക്ഷയിലേക്ക് നയിക്കുകയും ചെയ്യും.

19. എന്നാൽ ആരെങ്കിലും പരലോകം ആഗ്രഹിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിനുവേണ്ടി പ്രയത്നിക്കേണ്ടുംവണ്ണം പ്രയത്നിക്കുകയും ചെയ്യുന്നുവോ, അത്തരം ആളുകളുടെ പ്രയത്നങ്ങൾ (അല്ലാഹുവിങ്കൽ) അംഗീകരിക്കപ്പെടുന്നതാകുന്നു.

20. ഇവർക്കും അവർക്കുമെല്ലാം നാം (ഇഹത്തിൽ) സഹായം(ജീവിത സൗകര്യങ്ങൾ)നൽകുന്നതാണ്. നിന്റെ രക്ഷിതാവിന്റെ ഔദാര്യത്തിൽ പെട്ടതത്രെ അത്. നിന്റെ രക്ഷിതാവിന്റെ ഔദാര്യം തടഞ്ഞുവെക്കപ്പെടുന്നതല്ല.

21. നാം അവരിൽ ചിലരെ മറ്റു ചിലരേക്കാൾ എങ്ങനെയാണ് ശ്രേഷ്ഠരാക്കിയതെന്ന് നോക്കുക. എന്നാൽ പരലോകം ഏറ്റവും വലിയ പദവിയുള്ളതും ഏറ്റവും ഉൽകൃഷ്ടമായതുമാകുന്നു.

21. പരലോകം ആഗ്രഹിക്കുന്ന ദൈവഭക്തന്മാർ എത്രതന്നെ പാവങ്ങളായിരുന്നാലും അവർക്ക് എന്ത് ലഭിക്കുന്നുവോ അത് സത്യത്തിന്റെയും വിശ്വസ്തതയുടെയും അടിസ്ഥാനത്തിൽ ലഭിക്കുന്നതാണ്. അവർക്ക് ലഭിക്കുന്നത് ദൈവമാർഗ്ഗത്തിൽ നല്ല കാര്യങ്ങളിൽ അവർ ചെലവഴിക്കുകയും ചെയ്യുന്നു. എന്നാൽ നിഷിദ്ധ മാർഗ്ഗങ്ങളിലൂടെ സമ്പാദിക്കുന്ന ഭൗതികന്മാർ,തങ്ങളുടെ സമ്പത്ത്രയും നിഷിദ്ധമായ കാര്യങ്ങളിൽ ചെലവഴിക്കുന്നു. അതിനാൽ സഹജീവികളായ മനുഷ്യരുടെ മനസ്സിൽ കോടീശ്വരന്മാരായ ഭൗതികപൂജകരെക്കാൾ ആദരവും സ്നേഹവും അംഗീകാരവും ദൈവഭക്തന്മാർക്ക് ലഭിക്കുന്നു; അവർ എത്രതന്നെ ദരിദ്രവാസികളായിരുന്നാലും ശരി. പരലോകത്ത് ഇതിൽ ഏതുവിഭാഗത്തിനാണ് പ്രത്യേക വിജയം ലഭിക്കുകയെന്ന് ഇത് വ്യക്തമായ സൂചന നൽകുന്നുണ്ട്.

---

22. നീ അല്ലാഹുവോടൊപ്പം മറ്റു യാതൊരു ദൈവത്തെയും നിശ്ചയിക്കരുത്.അങ്ങനെ ചെയ്താൽ, നീ നിന്ദ്യനും കയ്യൊഴിക്കപ്പെട്ടവനുമായി ഇരുന്നുപോകും.

23. നിന്റെ നാഥൻ വിധിച്ചിരിക്കുന്നു;നിങ്ങൾ അവനെയല്ലാതെ മറ്റാരെയും ആരാധിക്കരുതെന്നും. മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും. അവരിൽ ഒരാളോ അല്ലെങ്കിൽ അവരിരുവരും തന്നെയോ നിന്റെയടുത്തുവെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് 'ഛെ'എന്നുപോലും പറയുകയോ അവരോട് പരുഷമായി സംസാരിക്കുകയോ ചെയ്യരുത്. ഇരുവരോടും മാന്യമായ വർത്തമാനം പറയുകയും ചെയ്യുക.

24. കാരുണ്യപൂർവം, ഇരുവർക്കും വിനയത്തിന്റെ ചിറക് നീ താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. പറയുകയും ചെയ്യുക:എന്റെ നാഥാ!കുട്ടിക്കാലത്ത് അവരിരുവരും എന്നെ പോറ്റി വളർത്തിയപോലെ നീ അവരോട് കരുണ കാണിക്കേണമേ.

25. നിങ്ങളുടെ നാഥൻ നിങ്ങളുടെ മനസ്സിലുള്ളത് നന്നായറിയുന്നവനാണ്. നിങ്ങൾ സച്ചരിതരാവുകയാണെങ്കിൽ, തീർച്ചയായും അവൻ പശ്ചാത്തപിച്ചു മടങ്ങുന്നവർക്ക് ഏറെ പൊറുത്തുകൊടുക്കുന്നവനാകുന്നു.

26. അടുത്ത ബന്ധുവിന് അവന്റെ അവകാശം നൽകുക. ദരിദ്രന്നും വഴിപോക്കന്നുമുള്ളത് (അവർക്കും). ധൂർത്തടിച്ചു(ധനം) ദുർവ്യയം ചെയ്യുകളയരുത്.

27. തീർച്ചയായും ധൂർത്തന്മാർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു.പിശാച് തന്റെ രക്ഷിതാവിനോട് നന്ദികെട്ടവനുമാകുന്നു.

28. നിന്റെ നാഥനിൽ നിന്ന് നീ പ്രതീക്ഷിക്കുന്നതായ അനുഗ്രഹം തേടിക്കൊണ്ട് നിനക്ക് അവരെ(ആവശ്യങ്ങളെ) അവഗണിക്കേണ്ടിവന്നാൽ നീ അവരോട് സൗമ്യമായി (ആശ്വാസ) വാക്കു പറയണം.

29. (ഒരു ലുബ്ധനെപ്പോലെ) നിന്റെ കൈ നീ പിരടിയിൽ കെട്ടിവെക്കരുത്. (അമിതവ്യയത്താൽ) അതിനെ മുഴുവനായി തുറന്നിടുകയും അരുത്. അങ്ങനെ ചെയ്താൽ നീ നിന്ദിതനും കഷ്ടപ്പെടുന്നവനുമായിത്തീരും.

30. തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നവർക്ക് ജീവിതവിഭവം വിശാലമാക്കിക്കൊടുക്കുന്നു. (മറ്റു ചിലർക്ക്) അതിൽ കുറവ് വരുത്തുകയും ചെയ്യുന്നു. തീർച്ചയായും അവൻ തന്റെ ദാസന്മാരെ നന്നായറിയുന്നവനും കാണുന്നവനുമാകുന്നു.

31. ദാരിദ്ര്യഭയത്താൽ നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. തീർച്ചയായും അവരെ കൊല്ലുന്നത് ഒരു മഹാപാപമാകുന്നു.

32. നിങ്ങൾ വ്യഭിചാരത്തോടടുക്കുകപോലുമരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും തീരെ ദുഷിച്ച മാർഗവുമാകുന്നു.

33. അല്ലാഹു ആദരിച്ച ആത്മാവിനെ അന്യായമായി നിങ്ങൾ വധിക്കരുത്.ആരെങ്കിലും അക്രമ വിധേയനായി വധിക്കപ്പെട്ടാൽ അതിനു (പ്രതിക്രിയാനടപടി തേടുവാനുള്ള) അധികാരം അവന്റെ രക്ഷാധികാരിക്കു നാം നല്കിയിരിക്കുന്നു. എന്നാൽ കൊലയിൽ അവൻ അതിരുകവിയരുത്. തീർച്ചയായും അവൻ സഹായിക്കപ്പെടുന്നവനാകുന്നു.

33.ഓരോ മനുഷ്യജീവന്റെയും ഉടമസ്ഥത അല്ലാഹുവിന്നാണ്.മറ്റുള്ളവരുടെ ജീവൻ ഹനിക്കുന്നത് എത്ര വലിയ തെറ്റും കുറ്റവുമാണോ അത്രതന്നെ കുറ്റകരമാണ് ആത്മഹത്യ ചെയ്യുന്നതും.
കൊലക്കേസ്സിൽ യഥാർത്ഥ വാദി ഗവർമ്മെണ്ടല്ല; പ്രത്യുത കൊല്ലപ്പെട്ടവന്റെ രക്ഷാധികാരിയാണ്. അയാൾക്ക് വേണമെങ്കിൽ കൊലയാളിക്ക് മാപ്പ് കൊടുക്കുകയും സർക്കാറിനോട് പ്രതിക്രിയ ആവശ്യപ്പെടുന്നതിനു പകരം നഷ്ടപരിഹാരം സ്വീകരിച്ചു തൃപ്തിപ്പെടുകയും ചെയ്യാം.
ഏതെങ്കിലും വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സ്വന്തം നിലയിൽ കൊലക്ക് പ്രതികാരം ചെയ്യാൻ അവകാശമില്ല. ഇസ്ലാമിക രാഷ്ടവും അതിന്റെ നീതിന്യായ വ്യവസ്ഥയുമാണ് അവരെ സഹായിക്കേണ്ടത്.

34. ഏറ്റവും നല്ല രീതിയിലല്ലാതെ അനാഥക്കുട്ടിയുടെ മുതലിനെ നിങ്ങൾ സമീപിക്കരുത്- അവൻ പ്രായപൂർത്തി എത്തുന്നതുവരെ.നിങ്ങൾ കരാറുപാലിക്കുകയും ചെയ്യുവിൻ.തീർച്ചയായും കരാറിനെക്കുറിച്ച് (വിധി ദിനത്തിൽ) ചോദിക്കപ്പെടുന്നതാണ്.

35. നിങ്ങൾ അളന്നുകൊടുക്കുമ്പോൾ തികച്ചളക്കുവിൻ. കൃത്യമായ ത്രാസ്സുകൊണ്ട് നിങ്ങൾ തൂക്കിക്കൊടുക്കുകയും ചെയ്യുവിൻ. അതാണ് ഏറ്റവും നല്ലത്. പര്യവസാനത്തിൽ ഉൽകൃഷ്ടവും അതുതന്നെ.

36. നിനക്ക് അറിവില്ലാത്ത സംഗതിയുടെ പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച്ച, ഹൃദയം ഇവയെല്ലാറ്റിനെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുന്നതാണ്.

37. നീ ഭൂമിയിൽ അഹങ്കരിച്ചു നടക്കരുത്. തീർച്ചയായും നിനക്ക് (നിന്റെ നടത്തംകൊണ്ട്) ഭൂമിയെ പിളർക്കാനൊന്നുമാവില്ല. പർവതങ്ങളോളം ഉയരം വെക്കാനും നിനക്കാവില്ല.

38. ഈ സംഗതികളിലെല്ലാം ദുഷിച്ചത് നിന്റെ രക്ഷിതാവിങ്കൽ വെറുക്കപ്പെട്ടതാകുന്നു.

38. അല്ലാഹുവിന്റെ കല്പനകളെ ധിക്കരിക്കുന്നതും മുകളിൽ നിരോധിച്ച കാര്യങ്ങൾ പ്രവർത്തിക്കുന്നതും അവന് ഇഷ്ടമുള്ള കാര്യമല്ല.

39. നിന്റെ രക്ഷിതാവ് നിനക്കു ദിവ്യബോധനം നല്കിയ തത്ത്വങ്ങളത്രെ ഇവ. അല്ലാഹുവിന്റെ കൂടെ വേറെ യാതൊരാരാധ്യനെയും നീ സ്വീകരിക്കരുത്.എങ്കിൽ നീ നിന്ദ്യനും (എല്ലാ നന്മകളും) വിലക്കപ്പെട്ടവനുമായി നരകത്തിൽ എറിയപ്പെടുന്നതാണ്.

40. നിങ്ങളുടെ നാഥൻ നിങ്ങൾക്ക് ആൺമക്കളെ തെരഞ്ഞെടുത്തു തരികയും തനിക്കുവേണ്ടി മലക്കുകളിൽനിന്ന് പുത്രിമാരെ സ്വീകരിക്കുകയുമാണോ ചെയ്തത്? തീർച്ചയായും നിങ്ങൾ ഗുരുതരമായ വാക്കുതന്നെയാണ് പറയുന്നത്.

40. അറേബ്യയിലെ ബഹുദൈവവിശ്വാസികൾ ആരാധിച്ചിരുന്ന ദേവികൾ ദൈവത്തിന്റെ പുത്രിമാരാണെന്നായിരുന്നു അവരുടെ വിശ്വാസം. മലക്കുകളെയും അവർ ദൈവത്തിന്റെ പുത്രിമാരായി സങ്കൽപിച്ചിരുന്നു. എന്നാൽ തങ്ങളെ സംബന്ധിച്ചിടത്തോളം പെൺകുട്ടികൾ നിന്ദ്യതയും അപമാനവുമായിട്ടാണ് അവർ കണക്കാക്കിയിരുന്നത്.

41. അവർ ചിന്തിച്ചു മനസ്സിലാക്കാനായി നാം ഈ ഖുർആനിൽ (കാര്യങ്ങൾ)വിവിധ രൂപത്തിൽ വിശദീകരിച്ചിരിക്കുന്നു. എന്നാൽ ഇത് (സത്യത്തിൽ നിന്നുള്ള)അവരുടെ അകൽച്ച വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

42. പറയുക:അവർ പറയുന്നപോലെ അവനോടൊപ്പം മറ്റു ദൈവങ്ങളുണ്ടായിരുന്നെങ്കിൽ അവർ തീർച്ചയായും സിംഹാസനാധിപൻെറ സ്ഥാനത്തെത്താൻ വല്ല മാർഗ്ഗവും തേടുമായിരുന്നു.

42. അതായത് ആ പരദൈവങ്ങൾ ഓരോരുത്തരും സ്വയം സിംഹാസനാധികാരികളാവാൻ ശ്രമിക്കുമായിരുന്നു. ഓരോ ദൈവവും തൻെറ ദിവ്യത്വം ഇതര ദൈവങ്ങളെ ആശ്രയിച്ചല്ലാതെ നടക്കുന്നില്ലെന്ന് കാണുമ്പോൾ സ്വന്തമായിത്തന്നെ മുഴുവൻ പ്രപഞ്ചത്തിൻെറയും അധികാരിയാവാൻ ശ്രമിക്കും.

43. അവർ ജല്പിച്ചുകൊണ്ടിരിക്കുന്നതിൽനിന്നെല്ലാം അവൻ (അല്ലാഹു) എത്ര പരിശുദ്ധൻ! അവയ്ക്കെല്ലാമുപരി അവൻ അത്യുന്നതനത്രെ.

44. ഏഴ് ആകാശങ്ങളും, ഭൂമിയും അവയിലുള്ളവരും അവൻെറ വിശുദ്ധിയെ വാഴ്ത്തിടുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ വിശുദ്ധി പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കാത്ത ഒരു വസ്തുവുമില്ല. പക്ഷേ,അവയുടെ സ്തോത്രം നിങ്ങൾക്ക് മനസ്സിലാകുകയില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു.

44. പ്രപഞ്ചവും അതിലെ മുഴുവൻ വസ്തുക്കളെയും സൃഷ്ടിക്കുകയും പരിപാലിച്ചു സംരക്ഷിക്കുകയും ചെയ്യുന്നവൻ എല്ലാ ദൗർബല്യങ്ങളിൽനിന്നും ന്യൂനതകളിൽനിന്നും പരിശുദ്ധനാണ്.അവൻ എല്ലാ പൂർണതകളുമുള്ളവനാണ്. ഈ മഹാപ്രപഞ്ചത്തിലെ ഓരോ വസ്തുക്കളും ന്യൂനതയില്ലാതെ സൃഷ്ടിച്ച അവൻ മാത്രമാണ് എല്ലാ സ്തുതികീർത്തനങ്ങൾക്കും അർഹൻ.

45. നീ ഖുർആൻ പാരായണം ചെയ്താൽ നിനക്കും പരലോകത്തിൽ വിശ്വസിക്കാത്തവർക്കുമിടയിൽ നാം ദൃശ്യമല്ലാത്ത മറയിടുന്നു.

46. അത് ഗ്രഹിക്കാനാവാത്തവിധം അവരുടെ ഹൃദയങ്ങൾക്കു നാം മൂടിയിടുന്നു.അവരുടെ കാതുകൾക്ക് അടപ്പുകളിടുകയും ചെയ്യുന്നു.ഖുർആൻ പാരായണത്തിൽ നിൻെറ ഏകനായ രക്ഷിതാവിനെമാത്രം പരാമർശിക്കുമ്പോൾ,അവർ നീരസത്തോടെ പുറം തിരിഞ്ഞുപോകുന്നു

47. നിൻെറ വാക്കുകൾ അവർ ശ്രദ്ധിച്ചു കേൾക്കുമ്പോൾ (യഥാർഥത്തിൽ)എന്താണവർ ശ്രദ്ധിച്ചുകേട്ടുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് നന്നായറിയാം.(അപ്രകാരം)അവർ സ്വകാര്യം പറയുമ്പോഴും അതായത്, മാരണം ബാധിച്ച ഒരു മനുഷ്യനെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത് അക്രമികൾ പറയുന്ന സന്ദർഭവും നമുക്ക് നന്നായറിയാം.

48. നിനക്ക് എങ്ങനെയാണവർ ഉപമകൾ പ്രയോഗിക്കുന്നതെന്ന് നോക്കുക! അങ്ങനെ അവർ പിഴച്ചുപോയിരിക്കുന്നു. അതിനാൽ അവർ സന്മാർഗ്ഗം പ്രാപിക്കുന്നതല്ല.

49. അവർ ചോദിക്കുന്നു: നാം എല്ലുകളും (ദ്രവിച്ച)തുണ്ടങ്ങളും ആയിക്കഴിഞ്ഞാൽ, ഒരു പുതിയ സൃഷ്ടിയായി നാം തീർച്ചയായും ഉയർത്തപ്പെടുമോ?

50. (നബിയേ,) പറയുക: നിങ്ങൾ കല്ലോ ഇരുമ്പോ ആയിക്കൊള്ളുക.

51. അല്ലെങ്കിൽ നിങ്ങളുടെ മനസ്സുകളിൽ തോന്നുന്ന മറ്റെന്തെങ്കിലും വലിയ സൃഷ്ടിയായിക്കൊള്ളുക.(എന്നാലും നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും). അപ്പോഴവർ ചോദിക്കും: ആരാണ് ഞങ്ങളെ വീണ്ടും (ജീവിതത്തിലേക്കു)മടക്കുക? പറയുക: 'നിങ്ങളെ ആദ്യതവണ സൃഷ്ടിച്ചവൻ തന്നെ.'അപ്പോഴവർ നിൻെറ നേരെ തലയാട്ടിക്കൊണ്ട് ചോദിക്കും: 'എപ്പോഴാണ് അതുണ്ടാവുക?' പറയുക: 'അത് അടുത്തുതന്നെ ആയേക്കാം.'

52. അവൻ നിങ്ങളെ വിളിക്കുകയും നിങ്ങൾ അവനെ സ്തുതിച്ചുംകൊണ്ട് ഉത്തരം നൽകുകയും ചെയ്യുന്ന ദിവസം. അപ്പോൾ അൽപകാലം മാത്രമേ നിങ്ങൾ (ഭൂമിയിൽ) കഴിച്ചുകൂട്ടിയിട്ടുള്ളുവെന്ന് നിങ്ങൾക്കു തോന്നും.

53. നീ എന്റെ ദാസന്മാരോട് പറയുക: ഏറ്റവും നല്ലത് എന്തോ അത് അവർ പറയട്ടെ. തീർച്ചയായും അവർക്കിടയിൽ പിശാച് കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. നിശ്ചയമായും പിശാച് മനുഷ്യന്റെ വ്യക്തമായ ശത്രുവാകുന്നു.

54. നിങ്ങളുടെ നാഥൻ നിങ്ങളുടെ (അവസ്ഥകളെക്കുറിച്ചു)നന്നായറിയുന്നവനാണ്. അവനിഛിക്കുന്നുവെങ്കിൽ നിങ്ങളോടു കരുണകാണിക്കും.അവനിഛിക്കുന്നുവെങ്കിൽ നിങ്ങളെ ശിക്ഷിക്കുകയും ചെയ്യും. നാം നിന്നെ അവരുടെ കൈകാര്യകർത്താവായി നിയോഗിച്ചിട്ടില്ല.

55. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെപ്പറ്റി കൂടുതൽ അറിയുന്നവൻ നിന്റെ നാഥനാകുന്നു. നാം പ്രവാചകന്മാരിൽ ചിലർക്കു ചിലരേക്കാൾ പദവിയേകിയിട്ടുണ്ട്. ദാവൂദിന് നാം 'സബൂർ'(വേദം) നൽകുകയും ചെയ്തു.

56. പറയുക: അല്ലാഹുവിനെക്കൂടാതെ നിങ്ങൾ (ദൈവങ്ങളായി) വാദിച്ചുപോന്നവരെ വിളിച്ചു നോക്കൂ. നിങ്ങളിൽ നിന്ന് ഒരു ദുരിതം തട്ടിമാറ്റാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്താനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല.

57. അവർ ആരെയാണോ വിളിച്ചു പ്രാത്ഥിക്കുന്നത് അവർ സ്വയംതന്നെ തങ്ങളുടെ നാഥന്റെ സാമീപ്യം നേടാൻ മാർഗ്ഗമന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അവരിൽ (അല്ലാഹുവുമായി) ഏറ്റവും അടുത്തവരുടെ (അവസ്ഥയാണിത്). അവർ അവന്റെ കാരുണ്യമാശിക്കുകയും ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. തീർച്ചയായും നിന്റെ രക്ഷിതാവിന്റെ ശിക്ഷ വളരെ ഭയപ്പെടേണ്ടതു തന്നെ.

---

57. ശിലാവിഗ്രഹങ്ങളെയല്ല, മറിച്ച് മലക്കുകളോ, പ്രവാചകന്മാരോ, മൺമറഞ്ഞുപോയ മഹാന്മാരായ മനുഷ്യരോ ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവർക്ക് ആർക്കും തന്നെ നിങ്ങളുടെ വിളി കേൾക്കുവാനും സഹായം എത്തിച്ചുതരുവാനും ഒരു കഴിവുമില്ലെന്ന് ഈ വാക്കുകൾ സാക്ഷ്യം വഹിക്കുന്നുണ്ട്. നിങ്ങളുടെ ആവശ്യം നിറവേറ്റുന്നതിനായി നിങ്ങൾ മദ്ധ്യവർത്തികളാക്കുന്നവർ സ്വയം അല്ലാഹുവിന്റെ കാരുണ്യം ആശിക്കുന്നവരും, അവന്റെ ശിക്ഷ ഭയപ്പെടുന്നവരും, അല്ലാഹുവോട് നേരിട്ട് പ്രാർത്ഥിക്കുന്നവരും അവന്റെ സാമീപ്യം ലഭിക്കാൻ അവൻ നിർദ്ദേശിക്കുന്ന മാർഗ്ഗം സ്വീകരിക്കുന്നവരുമാണ്.

---

58. ഉയിർത്തെഴുന്നേൽപുനാളിന് മുമ്പായി നാം നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു പട്ടണവും ഉണ്ടായിരിക്കുകയില്ല. അത് മൂലപ്രമാണത്തിൽ രേഖപ്പെടുത്തിയ കാര്യമാണ്.

59. (അത്ഭുത)ദൃഷ്ടാന്തങ്ങൾ അയക്കുന്നതിൽനിന്നു നമ്മെ തടയുന്നത് ഇവർക്ക് മുമ്പുണ്ടായിരുന്നവർ അത്തരം ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുകളഞ്ഞു എന്നതുമാത്രമാണ്. ഥമൂദ്(ഗോത്രത്തിനു) നാം പ്രത്യക്ഷ ദൃഷ്ടാന്തമായിക്കൊണ്ട് ഒട്ടകത്തെ നല്കി. എന്നാൽ അവർ അതിനോട് അക്രമം കാണിക്കുകയാണുണ്ടായത്. നാം ദൃഷ്ടാന്തങ്ങളെ അയക്കുന്നത് (ജനം അതുകണ്ട്) ഭയക്കുന്നതിനു വേണ്ടിയത്രെ.

60. തീർച്ചയായും നിന്റെ രക്ഷിതാവ് അവരെ വലയം ചെയ്തിരിക്കുന്നുവെന്ന് നാം നിന്നോട് പറഞ്ഞ സന്ദർഭം ഓർക്കുക: നാം നിനക്ക് കാണിച്ചുതന്ന ആ കാഴ്ച നാം ജനങ്ങൾക്ക് കേവലം ഒരു പരീക്ഷണമാക്കിവെച്ചിരിക്കുന്നു.ഖുർആനിൽ ശപിക്കപ്പെട്ട ആ വൃക്ഷവും (ഒരു പരീക്ഷണമത്രെ.)നാം അവരെ ഭയപ്പെടുത്തുന്നു.(പക്ഷേ, ഓരോ താക്കീതും) അവരുടെ വലിയ ധിക്കാരം വർധിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

---

60 ഈ അധ്യായത്തിലെ ഒന്നാം വചനത്തിൽ പരാമർശിച്ച 'മിഅറാജിൽ' (നിശായാത്രയിൽ) അല്ലാഹു നബി(സ)ക്ക് കാണിച്ചുകൊടുത്ത കാഴ്ചകളെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്. നബി(സ) ഇത്

വിവരിച്ചപ്പോൾ സത്യനിഷേധികൾ അദ്ദേഹത്തെ പരിഹസിക്കുകയും കള്ളവാദിയെന്നും ഭ്രാന്തനെന്നും ആരോപിക്കുകയും ചെയ്തിരുന്നു.
നരകവാസികൾ നരകത്തിൽ വളരുന്ന 'സഖൂം' വൃക്ഷത്തിൽനിന്ന് തീറ്റിക്കപ്പെടുമെന്ന് ഖുർആൻ (44:43-46) മുന്നറിയിപ്പ് നല്കിയപ്പോൾ അതിനെയും സത്യനിഷേധികൾ ശക്തിയായി പരിഹസിക്കുകയുണ്ടായി.

---

61. നാം മലക്കുകളോട്, ആദമിനെ പ്രണമിക്കുവിൻ എന്നു കല്പിച്ചപ്പോൾ അവരൊക്കെയും പ്രണമിച്ചു; ഇബ്ലീസ് ഒഴികെ. അവൻ പറഞ്ഞു: 'നീ കളിമണ്ണുകൊണ്ട് സൃഷ്ടിച്ച ഒരുവന്ന് ഞാൻ പ്രണമിക്കയോ?'

62. (ഇബ്ലീസ്) പറഞ്ഞു: നീ പറഞ്ഞാലും! എന്നെക്കാളുപരി നീ ആദരിച്ച ഇവൻ അതിന് അർഹനോ? ഉയിർത്തെഴുന്നേൽപുനാൾ വരെ നീ എനിക്ക് അവധി തരികയാണെങ്കിൽ അവൻെറ സന്താനങ്ങളിൽ അൽപം ചിലരൊഴികെ എല്ലാവരെയും ഞാൻ കീഴ്പെടുത്തുക തന്നെ ചെയ്യും.

63. (അല്ലാഹു) പറഞ്ഞു:പോകൂ! അവരിൽ നിന്ന് വല്ലവരും നിന്നെ പിന്തുടരുകയാണെങ്കിൽ -തീർച്ചയായും നിങ്ങൾക്കുള്ള പ്രതിഫലം നരകമായിരിക്കും. തികഞ്ഞ ഒരു പ്രതിഫലം.

64. അവരിൽനിന്നും നിനക്ക് കഴിയുന്നവരെ നിൻെറ ശബ്ദത്താൽ ഇളക്കിവിട്ടുകൊള്ളുക. നിൻെറ കുതിരപ്പടയെയും, നിൻെറ കാലാൾപ്പടയെയും അവരുടെ നേരെ തിരിച്ചുവിടുക. മുതലുകളിലും സന്താനങ്ങളിലും അവരോടു പങ്കു ചേർന്നുകൊള്ളുക.അവർക്കു നീ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തുകൊള്ളുക. എന്നാൽ പിശാച് അവരോട് ചെയ്യുന്ന വാഗ്ദാനം വഞ്ചന മാത്രമാകുന്നു.

65. എൻെറ ദാസന്മാരോ, നിശ്ചയമായും അവരുടെ മേൽ നിനക്കു യാതൊരധികാരവും ലഭിക്കുന്നതല്ല. ഭരമേൽപിക്കാൻ നിൻെറ നാഥൻ തന്നെ മതി.

66. നിങ്ങളുടെ രക്ഷിതാവ്, അവൻെറ അനുഗ്രഹങ്ങൾ തേടിപ്പിടിക്കാൻ വേണ്ടി, സമുദ്രത്തിൽ നിങ്ങളുടെ കപ്പലുകൾ ചലിപ്പിക്കുന്നവനാകുന്നു.തീർച്ചയായും അവൻ നിങ്ങളോട് അത്യന്തം കരുണയുള്ളവനാകുന്നു.

67. സമുദ്രത്തിൽ നിങ്ങൾക്കു ആപത്തണയുമ്പോൾ, അവനെക്കൂടാതെ നിങ്ങൾ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരൊക്കെയും (നിങ്ങളെ കൈവിട്ട്) അപ്രത്യക്ഷരാകുന്നു. എന്നാൽ അവൻ നിങ്ങളെ കരയിലേക്ക് രക്ഷപ്പെടുത്തിയാലോ, അപ്പോൾ നിങ്ങൾ (അവനിൽ നിന്നു) തിരിഞ്ഞു കളയുന്നു. മനുഷ്യൻ തീരെ നന്ദികെട്ടവൻ തന്നെ.

---

67.ജീവിതോപാധികൾ അനുകൂലമായിരിക്കുന്നിടത്തോളം മനുഷ്യൻ ദൈവത്തെ മറന്ന് ഐഹികജീവിതമാസ്വദിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വല്ല മഹാവിപത്തും അനുഭവപ്പെടുമ്പോൾ മനുഷ്യൻെറ പ്രാർത്ഥനയുടെ കരം ഏകദൈവത്തിൻെറ നേർക്കാണ് നീളുന്നത്. മറ്റൊരു അഭയ സങ്കേതവും അവൻ കാണുന്നില്ല. മുഴുത്ത ബഹുദൈവവാദികൾപോലും അത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ആരാധ്യന്മാരെ വിസ്മരിച്ച് ഏകദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്നു. കടുത്ത നിരീശ്വരവാദികൾ തന്നെയും ദൈവസന്നിധിയിലേക്കു തങ്ങളുടെ പ്രാർത്ഥനാഹസ്തം നീട്ടുന്നു. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവും നിയന്താവും ഉണ്ടെന്ന ബോധം അവരുടെ ഹൃദയത്തിൻെറ അഗാധതയിൽ കുടികൊള്ളുന്നുണ്ടെന്നുമുള്ളതിൻെറ തെളിവാണിത്. ദൈവവിശ്വാസവും ഏകദൈവവാദവും ഓരോ മനുഷ്യരിലും ഒളിഞ്ഞുകിടക്കുന്നുണ്ടെന്നാണ് ഇതു കുറിക്കുന്നത്.

---

68. കരയുടെ ഓരത്തുതന്നെ അവൻ നിങ്ങളെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ നിങ്ങൾക്കു മീതെ അവൻ ചരൽമഴ വർഷിക്കുകയോ ചെയ്യുകയും, എന്നിട്ട് അതിൽനിന്ന് നിങ്ങളെ

രക്ഷിക്കുവാൻ യാതൊരു രക്ഷകനെയും കണ്ടെത്താതിരിക്കുകയും ചെയ്യുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരാണോ?

69. അതുമല്ലെങ്കിൽ മറ്റൊരിക്കൽ അവൻ നിങ്ങളെ(സമുദ്രത്തിലേക്ക്)തിരിച്ചുകൊണ്ടുവരികയും, നിങ്ങൾ നന്ദികേട് കാണിച്ചതിന്(ശിക്ഷയായി) രൂക്ഷമായ കൊടുങ്കാറ്റിനെ അയച്ച് നിങ്ങളെ അവൻ അതിൽ മുക്കിക്കളയുകയും, പിന്നീട് അക്കാര്യത്തിൽ നിങ്ങൾക്കുവേണ്ടി നമുക്കെതിരെ നടപടിയെടുക്കാൻ നിങ്ങൾ ആരെയും കണ്ടെത്താതിരിക്കുകയും ചെയ്യുന്ന (ഒരവസ്ഥയെക്കുറിച്ച്) നിങ്ങൾ നിർഭയരാണോ?

70. തീർച്ചയായും ആദം സന്തതികളെ നാം ആദരിച്ചിരിക്കുന്നു. കടലിലും കരയിലും അവരെ നാം (വാഹനങ്ങളിൽ)വഹിക്കുകയും,നല്ല പദാർത്ഥങ്ങളിൽനിന്ന് അവരെ നാം ഭക്ഷണമൂട്ടുകയും,നാം സൃഷ്ടിച്ച നിരവധി(സൃഷ്ടികളെക്കാൾ)നാം അവർക്ക് സവിശേഷമായ മഹത്വമേകുകയും ചെയ്തു.

71. എല്ലാ മനുഷ്യരെയും അവരുടെ നേതാവിനോടൊപ്പം നാം വിളിക്കുന്ന ഒരു ദിനം! അന്ന് ആർക്ക് അവരുടെ കർമ്മ പുസ്തകം വലതു കൈയിൽ നല്കപ്പെടുന്നവോ, അവർ തങ്ങളുടെ പുസ്തകം വായിച്ചുനോക്കും. അവരോടു തരിമ്പും അനീതി ചെയ്യപ്പെടുന്നതല്ല.

72. ഈ ലോകത്ത് (സത്യത്തിൻെറ നേരെ) അന്ധനായിരുന്നവനാരോ അവൻ പരലോകത്തും അന്ധനായിരിക്കും. ഏറ്റവും വഴിപിഴച്ചവനുമായിരിക്കും.

73. തീർച്ചയായും നാം നിനക്ക് ബോധനം നൽകിയിട്ടുള്ളതിൽ നിന്ന് അവർ നിന്നെ തെറ്റിച്ചുകളയാൻ അവർ ഒരുങ്ങിയിരിക്കുന്നു. നീ നമ്മുടെ പേരിൽ അതല്ലാത്ത വല്ലതും കെട്ടിച്ചമക്കുവാനാണ്(അവർ ആഗ്രഹിക്കുന്നത്.)അങ്ങനെ ചെയ്താൽ തീർച്ചയായും അവർ നിന്നെ മിത്രമായി സ്വീകരിക്കും.

74. നിന്നെ നാം ഉറപ്പിച്ചു നിർത്തിയില്ലായിരുന്നെങ്കിൽ നീ അവരിലേക്ക് അൽപമൊക്കെ ചാഞ്ഞുപോകുമായിരുന്നു.

75. എങ്കിൽ ഇഹത്തിൽ ഇരട്ടി ശിക്ഷയും, പരത്തിൽ ഇരട്ടി ശിക്ഷയും നിന്നെ നാം ആസ്വദിപ്പിക്കുന്നതാണ്. പിന്നീട് നമുക്കെതിരെ നിനക്ക് ഒരു സഹായിയെയും നീ കണ്ടെത്തുകയില്ല.

76. അവർ നിന്നെ നാട്ടിൽ നിന്ന് വിരട്ടിവിടുവാൻ ഒരുങ്ങിയിരിക്കുന്നു. അവിടെനിന്നു നിന്നെ പുറത്താക്കിക്കളയാൻവേണ്ടി. അങ്ങനെ (സംഭവിച്ചാൽ) നിനക്കുശേഷം അൽപകാലമല്ലാതെ അവർ അവിടെ താമസിക്കാൻ പോകുന്നില്ല.

77. നിനക്കു മുമ്പ് നാം അയച്ച നമ്മുടെ ദൂതന്മാരുടെ കാര്യത്തിലുണ്ടായ നടപടിക്രമം തന്നെയാണിത്. നമ്മുടെ നടപടിയിൽ യാതൊരു മാറ്റവും നീ കാണുകയില്ല.

78. സൂര്യൻ(ആകാശമദ്ധ്യത്തിൽ നിന്ന്) തെറ്റുന്നതുമുതൽ രാത്രി ഇരുട്ടുന്നതുവരെ (നിശ്ചിത സമയങ്ങളിൽ)നമസ്കാരം നിലനിർത്തുക. പ്രഭാതത്തിലെ ഖുർആൻ പാരായണവും.(നമസ്കാരം പതിവാക്കുക.) തീർച്ചയായും പ്രഭാത നമസ്കാരത്തിലെ ഖുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു.

---

78. ഉച്ച തിരിഞ്ഞതുമുതൽ രാത്രി ഇരുട്ടുന്നതുവരെയുള്ള നാല് നമസ്കാരങ്ങൾ- ളുഹ്ർ, അസ്ർ, മഗ്രിബ്, ഇശാ.

---

79. നിശാവേളയിൽ ഖുർആൻ പാരായണം ചെയ്ത് തഹജ്ജുദ് നമസ്കരിക്കുക. ഇതു നിനക്കു ഐച്ഛികമായിട്ടുള്ളതാകുന്നു.നിൻെറ നാഥൻ നിന്നെ സ്തുത്യർഹമായ സ്ഥാനത്തേക്കുയർത്തിയേക്കാം.

80. പ്രാര്‍ത്ഥിക്കുക: നാഥാ, സത്യത്തിന്റെ പ്രവേശന മര്‍ഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും സത്യത്തിന്റെ ബഹിര്‍ഗമന മാര്‍ഗത്തിലൂടെ നീ എന്നെ പുറപ്പെടുവിക്കുകയും ചെയ്യേണമേ.

81. പറയുക: സത്യം വന്നിരിക്കുന്നു. മിഥ്യ മാഞ്ഞുപോയിരിക്കുന്നു. തീര്‍ച്ചയായും മിഥ്യ തകരാനുള്ളതുതന്നെ.

82. ഈ ഖുര്‍ആനിലൂടെ നാം സത്യവിശ്വാസികള്‍ക്ക് ആശ്വാസവും കാരുണ്യവുമായിട്ടുള്ളത് ഇറക്കിക്കൊണ്ടിരിക്കുന്നു. അക്രമികള്‍ക്ക് അത് നഷ്ടമല്ലാതെ വര്‍ദ്ധിപ്പിക്കുന്നുമില്ല.

---

82. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ ഖുര്‍ആന്‍ ഒരു അനുഗ്രഹവും രോഗങ്ങള്‍ക്കുള്ള ഒരു ശമനൗഷധവുമാണ്. എന്നാല്‍ സത്യനിഷേധികള്‍ക്കാവട്ടെ, ഖുര്‍ആന്‍ അവരുടെ മുന്നില്‍ വരികയും സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം അവരുടെ മുമ്പില്‍ തുറന്നുവെക്കുകയും ചെയ്യതോടെ അല്ലാഹുവിന്റെ ന്യായങ്ങള്‍ അവരുടെമേല്‍ പൂര്‍ത്തിയായി. അതോടെ തന്റെ മാര്‍ഗ്ഗഭ്രംശത്തിന് അവന്‍ തികഞ്ഞ ഉത്തരവാദിയും അതിന്ശേഷം ചെയ്യുന്ന മുഴുവന്‍ കുറ്റത്തിനും പൂര്‍ണ്ണശിക്ഷലഭിക്കുവാന്‍ അവന്‍ അര്‍ഹനുമായിത്തീരുന്നു.

---

83. നാം മനുഷ്യന് അനുഗ്രഹം നല്കിയാല്‍ അവന്‍ തിരിഞ്ഞു കളയുന്നു.അവന്റെ പാട്ടിന് മാറിപ്പോവുകയും ചെയ്യുന്നു. അവന് വല്ല വിപത്തും ബാധിച്ചാലോ അവന്‍ നിരാശനായിത്തീരുന്നു.

84. പറയുക: ഓരോരുത്തരും അവരവരുടെ മാര്‍ഗ്ഗമനുസരിച്ചു പ്രവര്‍ത്തിക്കുന്നു. ആരാണ് സന്മാര്‍ഗ്ഗത്തിലെന്ന് നിങ്ങളുടെ രക്ഷിതാവ് നല്ലവണ്ണം അറിയുന്നവനാകുന്നു.

85. ആത്മാവിനെക്കുറിച്ച് അവര്‍ നിന്നോട് ചോദിക്കുന്നു. ആത്മാവ് എന്റെ നാഥന്റെ കാര്യത്തില്‍ പെട്ടതത്രെ. ജ്ഞാനത്തില്‍നിന്ന് അല്‍പമല്ലാതെ നിങ്ങള്‍ക്ക് നല്‍കപ്പെട്ടിട്ടില്ല.

86. നാം നിശ്ചയിക്കുന്നുവെങ്കില്‍ നിനക്ക് നാം ബോധനമായി നല്‍കിയ (സന്ദേശം) തീര്‍ച്ചയായും നാം എടുത്തുകളയുമായിരുന്നു. പിന്നെ നമുക്കെതിരെ (അതു തിരിച്ചു വാങ്ങിത്തരുവാന്‍ കഴിയുന്ന) ഒരു സഹായിയെയും നീ കണ്ടെത്തുകയുമില്ല.

87. (നിനക്ക് ലഭിച്ചിട്ടുള്ളതെന്തും) നിന്റെ രക്ഷിതാവിങ്കല്‍ നിന്നുള്ള കാരുണ്യം മാത്രമാകുന്നു. തീര്‍ച്ചയായും നിന്നോടുള്ള അവന്റെ ഔദാര്യം വളരെ വലുതാകുന്നു.

88. പറയുക: ഈ ഖുര്‍ആന്‍ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒത്തൊരുമിച്ച് ശ്രമിച്ചാലും, തീര്‍ച്ചയായും അതുപോലൊന്ന് അവര്‍ കൊണ്ടുവരികയില്ല. അവരൊക്കെയും പരസ്പരം സഹായിച്ചാലും ശരി.

---

88. ഈ ഖുര്‍ആന്‍ മനുഷ്യനിര്‍മ്മിതമെന്ന് നിങ്ങള്‍ വിചാരിക്കുന്നുവെങ്കില്‍ ഇതുപോലുള്ള വല്ല വചനവും നിര്‍മ്മിച്ചു കാണിക്കുകയെന്ന് ഖുര്‍ആന്‍ പതവണ വെല്ലുവിളിച്ചിട്ടുണ്ട്. (2:23-24, 10;38, 11:13, എന്നീ അദ്ധ്യായങ്ങള്‍ കാണുക)

---

89. ഈ ഖുര്‍ആനില്‍ മനുഷ്യര്‍ക്കായി എല്ലാവിധ ഉപമകളും (വിവിധ രൂപത്തില്‍) നാം വിവരിച്ചിട്ടുണ്ട്. എന്നാല്‍ മനുഷ്യരിലേറെ പേരും നന്ദികേട് ഒഴിച്ച് (മറ്റെല്ലാം) നിരസിക്കുകയായി.

90. അവര്‍ പറഞ്ഞു: നീ ഞങ്ങള്‍ക്കായി ഭൂമിയില്‍ നിന്ന് ഒരു ഉറവ പ്രവഹിപ്പിക്കുന്നതുവരെ ഞങ്ങള്‍ നിന്നെ വിശ്വസിക്കുകയില്ല.

91. അല്ലെങ്കില്‍ നിനക്ക് ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടാവുകയും അവയ്ക്കിടയിലൂടെ നീ സമൃദ്ധമായി അരുവികള്‍ ഒഴുക്കുകയും ചെയ്യുന്നത് വരെ.

92. അല്ലെങ്കിൽ നീ വാദിക്കുംപോലെ ആകാശത്തെ ഞങ്ങളുടെമേൽ കഷ്ണങ്ങളാക്കി വീഴ്ത്തുകയോ, അല്ലെങ്കിൽ അല്ലാഹുവെയും മലക്കുകളെയും (കൺമുമ്പിൽ)നേരിട്ടു കൊണ്ടുവരികയോ ചെയ്യുക.

93. അല്ലെങ്കിൽ നിനക്ക് കനകംകൊണ്ടുള്ള ഒരു വീട് ഉണ്ടാകുന്നതുവരെ. അതുമല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോകുന്നതുവരെ. ഞങ്ങൾക്കു വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങൾക്ക് ഇറക്കിത്തരുന്നതുവരെ നീ (ആകാശത്തേക്ക്) കയറിപ്പോയതായി ഞങ്ങൾ വിശ്വസിക്കുകയുമില്ല. (നബിയെ,) പറയുക: എന്റെ നാഥൻ എത്ര പരിശുദ്ധൻ! എന്നാൽ, ഞാനൊരു സന്ദേശവാഹകനായ മനുഷ്യൻ മാത്രമല്ലേ?

94. ജനങ്ങൾക്ക് സന്മാർഗ്ഗം വന്നെത്തിയപ്പോഴൊക്കെ,അതിൽ വിശ്വസിക്കാൻ അവർക്ക് തടസ്സമായത്, 'അല്ലാഹു ഒരു മനുഷ്യനെ തന്റെ ദൂതനായി അയച്ചുവെന്നോ?' എന്ന അവരുടെ വാദം മാത്രമായിരുന്നു.

95. പറയുക: ശാന്തരായി നടക്കുന്ന മലക്കുകളാണ് ഭൂമിയിലുള്ളതെങ്കിൽ,അവർക്ക് ദൂതനായി ആകാശത്തുനിന്ന് ഒരു മലക്കിനെത്തന്നെ നാം അയക്കുമായിരുന്നു.

96. പറയുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതി. തീർച്ചയായും അവൻ തന്റെ ദാസന്മാരെ സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു.

97. അല്ലാഹു ആരെ നേർവഴിയിലാക്കുന്നുവോ, അവനാണ് നേർവഴി പ്രാപിച്ചവൻ; ആരെ അവൻ വഴിപിഴപ്പിൽ വിടുന്നുവോ, അപ്പോൾ അവനെക്കൂടാതെ അവർക്ക് ഒരു രക്ഷകനെയും നിനക്കു കണ്ടെത്താനാവില്ല.ഉയിർത്തെഴുന്നേൽപുനാളിൽ അന്ധരും മൂകരും ബധിരരുമായി അവരുടെ മുഖങ്ങളിൽ(ഇഴയുന്ന നിലയിൽ)അവരെ നാം ഒരുമിച്ചു കൂട്ടും. അവരുടെ സങ്കേതം നരകമാണ്. അതിലെ (അഗ്നി)അണയുമ്പോഴൊക്കെ നാമവർക്ക് ജ്വാല വർധിപ്പിക്കുന്നതാണ്.

98. അവർ നമ്മുടെ സൂക്തങ്ങളെ നിഷേധിച്ചതിനും, 'ഞങ്ങൾ കേവലം അസ്ഥികളും തുരുമ്പുമായശേഷം പുതിയൊരു സൃഷ്ടിയായി ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ' എന്നു ചോദിച്ചതിനുമുള്ള പ്രതിഫലമത്രെ ഇത്.

99. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച അല്ലാഹുവിന് ഇവരെപ്പോലുള്ളവരെയും സൃഷ്ടിക്കുവാൻ തീർച്ചയായും കഴിവുണ്ടെന്ന് ഇവർക്കു മനസ്സിലായിട്ടില്ലേ? അവർക്ക് അവൻ ഒരവധി നിശ്ചയിച്ചിട്ടുണ്ട്. അതിൽ സംശയമേ ഇല്ല. എന്നാൽ നന്ദികേട് കാണിക്കാനല്ലാതെ അക്രമികൾക്കാകുന്നില്ല.

100. പറയുക: എന്റെ നാഥന്റെ കാരുണ്യത്തിന്റെ ഖജനാവുകൾ നിങ്ങളുടെ ഉടമസ്ഥതയിലായിരുന്നെങ്കിൽ ചെലവഴിച്ചു തീർന്നുപോകുമോയെന്ന് ഭയന്ന് നിങ്ങളത് മുറുക്കിപ്പിടിക്കുമായിരുന്നു. മനുഷ്യൻ കടുത്ത പിശുക്കൻ തന്നെ.

101. നിശ്ചയമായും മൂസാക്ക് നാം സുവ്യക്തങ്ങളായ ഒൻപതു ദൃഷ്ടാന്തങ്ങൾ നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഇസ്രായീല്യരോട് നീ ചോദിക്കുക. അദ്ദേഹം അവരിലേക്ക് ചെന്ന സന്ദർഭം: അപ്പോൾ അവനോട് ഫിർഔൻ പറഞ്ഞു: ഹേ! മൂസാ, നിശ്ചയം മാരണം ബാധിച്ച ഒരുവനാണ് നീയെന്നത്രെ ഞാൻ കരുതുന്നത്.

102. (മൂസാ) പറഞ്ഞു: കണ്ണുതുറപ്പിക്കുന്ന ഈ ദൃഷ്ടാന്തങ്ങൾ അവതരിപ്പിച്ചത് ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനല്ലാതെ മറ്റാരുമല്ല എന്ന് തീർച്ചയായും നീ അറിഞ്ഞിട്ടുണ്ട്. അല്ലയോ, ഫിർഔൻ! തീർച്ചയായും നിന്നെ നാശമടഞ്ഞവൻ തന്നെ എന്നു ഞാൻ വിചാരിക്കുന്നു.

103. എന്നാൽ അവരെ(ഇസ്രായീല്യരെ) നാട്ടിൽനിന്ന് വിരട്ടിയോടിക്കാൻ (ഫിർഔൻ) ഉദ്ദേശിച്ചു. അപ്പോൾ അവനെയും അവന്റെ കൂടെയുള്ളവരെയും മുഴുവൻ നാം മുക്കിക്കൊന്നു.
104. അവനുശേഷം,നാം ഇസ്രായീൽ സന്തതികളോട് പറയുകയും ചെയ്തു: നിങ്ങൾ ഈ നാട്ടിൽ താമസിച്ചുകൊള്ളുക. പിന്നീട് പരലോകത്തിന്റെ വാഗ്ദത്ത സമയം വന്നെത്തിയാൽ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടി കൂട്ടത്തോടെ കൊണ്ടുവരുന്നതാണ്.
105. ഈ(ഖുർആനെ) നാം സത്യത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്നു.സത്യത്തോടുകൂടി തന്നെ അതു അവതരിക്കുകയും ചെയ്തിരിക്കുന്നു.(ഇതിൽ വിശ്വസിക്കുന്നവർക്കു)സന്തോഷവാർത്തയും (വിശ്വസിക്കാത്തവർക്കു) താക്കീത്നൽകുന്നവനുമായല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.
106. ഈ ഖുർആനിനെ നാം പല(ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നീ ജനങ്ങൾക്ക് സാവധാനം ഓതിക്കൊടുക്കാൻ വേണ്ടിയാണിത്. നാം അതിനെ (സന്ദർഭാനുസാരം)ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു.
107. പറയുക: നിങ്ങൾ ഇതിൽ വിശ്വസിക്കുകയോ, വിശ്വസിക്കാതിരിക്കുകയോ ചെയ്യുക. എന്നാൽ ഇതിനു മുമ്പെ (ദിവ്യ)ജ്ഞാനം ലഭിച്ചവർ ഇതു വായിച്ചു കേൾക്കുമ്പോൾ മുഖം കുത്തി (സാഷ്ടാംഗപ്രണാമത്തിൽ) വീണുപോകുന്നതാണ്.
108. അവർ പറയും: ഞങ്ങളുടെ നാഥൻ എത്ര പരിശുദ്ധൻ! ഞങ്ങളുടെ നാഥന്റെ വാഗ്ദാനം സാക്ഷാത്കരിക്കപ്പെടുന്നതുതന്നെ.
109. അവർ കണ്ണീരൊഴിക്കിക്കൊണ്ട് മുഖംകുത്തി വീഴുന്നു. അതവരിൽ എളിമ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.
110. പറയുക: നിങ്ങൾ 'അല്ലാഹു' എന്നു വിളിച്ചുകൊള്ളുക. അല്ലെങ്കിൽ റഹ്മാൻ (പരമകാരുണികൻ)എന്ന് വിളിച്ചുകൊള്ളുക. ഏതുതന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും ഉത്തമ നാമങ്ങളൊക്കെയും അവന്നുള്ളതാണ്. നിന്റെ പ്രാർത്ഥന ഉച്ചത്തിലാക്കരുത്. വളരെ പതുക്കെയുമാക്കരുത്. അതിനിടയിൽ ഒരു (മധ്യ)നില സ്വീകരിക്കുക.
111. പറയുക: ആരേയും പുത്രനായി സ്വീകരിച്ചിട്ടില്ലത്തവനും ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽനിന്നു രക്ഷിക്കാൻ ഒരു സഹായി ആവശ്യമില്ലാതവനുമായ അല്ലാഹുവിനു സ്തുതി. അവന്റെ നിസ്തുലമഹത്വത്തെ ശരിയാം വണ്ണം വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക!

---

*****

## അധ്യായം 18

# അൽ കഹ്ഫ്. (ഗുഹ)

**അവതരണം മക്കയിൽ, വചനങ്ങൾ 110.**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. തൻെറ ദാസന് വേദഗ്രന്ഥം ഇറക്കിക്കൊടുക്കുകയും, അതിൽ യാതൊരു വക്രതയും വയ്ക്കാതിരിക്കുകയും ചെയ്ത അല്ലാഹുവിനു സ്തുതി.
2. തികച്ചും ഋജുവായ(വൃത്താന്തങ്ങൾ പറയുന്ന വേദം).അവങ്കൽനിന്നുള്ള കഠിനശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാനും സൽക്കർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് ഉത്തമമായ പ്രതിഫലമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുവാനും വേണ്ടിയത്രെ അത്.
3. അതിൽ അവർ എന്നെന്നും വസിക്കുകയായി.
4. അല്ലാഹു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് വാദിക്കുന്നവരെ താക്കീത് ചെയ്യുവാനും.
5. അതിനെക്കുറിച്ച് അവർക്ക് ഒരു അറിവും ഇല്ല. അവരുടെ പിതാക്കൾക്കും ഉണ്ടായിരുന്നില്ല.അവരുടെ വായിൽനിന്ന് പുറത്തു വരുന്ന ആ വാക്ക് അത്യന്തം ഗുരുതരമാണ്. കേവലം കള്ളമാണ് അവർ പറയുന്നത്.

5. അറേബ്യയിലെ ബഹുദൈവാരാധകരും ക്രൈസ്തവരും ജൂതന്മാരും ദൈവത്തിന് സന്തതികളുണ്ടെന്നു പറയുന്നവരിൽ പെടുന്നു.ദൈവംസന്തത്യുൽപാദനം ചെയ്തുവെന്ന് അവർ പറയുന്നത് അറിവിനെ അടിസ്ഥാനമാക്കിയല്ല മറിച്ച് വിശ്വാസപരമായ ആന്ധ്യത്താൽ സ്വന്തമായി പടച്ചുണ്ടാക്കിയ ഒരാദർശമാണ്. സർവലോക രക്ഷിതാവായ അല്ലാഹുവിൻെറ പേരിൽ എന്തുമാത്രം വഴിപിഴച്ച കൊടുംകൃത്യമാണ് തങ്ങൾ ചെയ്യുന്നതെന്നോ, എത്രമേൽ ധിക്കാരപരമായ പച്ചക്കള്ളമാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന യാതൊരു ചിന്തയും അവർക്കില്ല!

6. എന്നാൽ, ഈ സന്ദേശത്തിൽ അവർ വിശ്വസിക്കുന്നില്ലെങ്കിൽ, (നിന്നെവിട്ടു പിന്തിരിയുന്ന) അവരുടെ പിറകെ കടുത്ത ദുഃഖത്താൽ നീ സ്വയം ജീവൻ കളഞ്ഞേക്കാം.
7. തീർച്ചയായും ഭൂമുഖത്തുള്ളതൊക്കെ നാം അതിന് ഒരു അലങ്കാരമാക്കിയിരിക്കുന്നു.മനുഷ്യരിൽ ആരാണ് നല്ല നിലയിൽ പ്രവർത്തിക്കുന്നത് എന്ന് നാം അവരെ പരീക്ഷിക്കാൻ വേണ്ടി.
8. തീർച്ചയായും നാം അതിലുള്ളതൊക്കെയും നശിപ്പിച്ച് തരിശായ സമതലമാക്കി മാറ്റുന്നതുമാകുന്നു.

8. ഭൂതലത്തിൽ കാണുന്ന വസ്തുക്കളും വിഭവങ്ങളും അവയുടെ നിറപ്പകിട്ടുകളുമെല്ലാം കേവലം സുഖാഡംബര വസ്തുക്കളല്ല; മറിച്ച് മനുഷ്യനെ പരീക്ഷിക്കാൻ വേണ്ടി ഒരുക്കൂട്ടിയിരിക്കുന്ന ക്ഷണികമായ അലങ്കാരം മാത്രമാണ്. പ്രപഞ്ചനാഥൻ മനുഷ്യനെ അവന്ന് നൽകപ്പെട്ട ഭൗതിക വിഭവങ്ങൾക്ക് നടുവിൽ നിർത്തി നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു; നിങ്ങളിൽ ആരാണ് ജീവിതലക്ഷ്യത്തെപ്പറ്റി ചിന്തിക്കുകയും, സത്യബോധനം ചെയ്യുന്നവരുടെ സാരോക്തികൾ ശ്രവിക്കുകയും ചെയ്യുന്നതെന്നും, ആരാണ് ജീവിത യാഥാർത്ഥ്യം വിസ്മരിച്ചു ഭൗതികലോകത്തിൻെറ മനോഹാരിതയിൽ ലയിച്ചു ചേരുന്നതെന്നും, ആരാണ് ദൈവത്തിൻെറ ദാസന്മാരെന്ന തങ്ങളുടെ സാക്ഷാൽ നിലപാടോർത്ത് ശരിയായ ജീവിതനയം അവലംബിക്കുന്നതെന്നും. ഈ പരീക്ഷണത്തിൻെറ പരിസമാപ്തിദിനത്തിൽ സുഖാനന്ദത്തിൻെറ പാത്രം തട്ടിത്തെറിപ്പിക്കപ്പെടുന്നതും ഭൂതലം കേവലമൊരു പാഴ്നിലമായി മാറുന്നതുമായിരിക്കും.

9. അല്ലെങ്കിൽ, ഗുഹയുടെയും 'റഖീമി'(ലിഖിതഫലകത്തി)ൻെറയും ആൾക്കാർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽപെട്ട ഒരു അത്ഭുതം ആയിരുന്നുവെന്ന് നീ കരുതിയോ?

9. ഈസാ(അ)ക്ക് ശേഷം റോമാ സാമ്രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ ക്രൈസ്തവ സന്ദേശം പ്രചരിച്ചു തുടങ്ങിയപ്പോൾ എഫെസൂസ് പട്ടണത്തിലെ ചില യുവാക്കളും ബഹുദൈവാരാധനയിൽനിന്ന് പശ്ചാത്തപിച്ച് ഏകദൈവവിശ്വാസം ഉൾക്കൊണ്ടു. ക്രി.249-251 കാലത്ത് റോമാ സാമ്രാജ്യം ഭരിച്ച സീസർ'ഡെസ്യൂസ്'' കൊടിയ മർദകനായിരുന്നു. സീസർ പ്രസ്തുത യുവാക്കളെ ക്രിസ്തുവിശ്വാസം ഉപേക്ഷിക്കാത്തപക്ഷം കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. എന്നാൽ യുവാക്കൾ ചക്രവർത്തിയുടെ മർദനത്തിൽ നിന്നും രക്ഷപ്പെടാനായി ദൂരേ ദിക്കിലുള്ള ഒരു ഗുഹയിൽ അഭയം തേടി. വഴിക്ക് ഒരു നായയും അവരോടൊപ്പം ചേർന്നിരുന്നു. 'ഗുഹാവാസികൾ' എന്നറിയപ്പെട്ട പ്രസ്തുത ക്രൈസ്തവവിശ്വാസികളുടെ ചരിത്രമാണ് ഖുർആൻ ഇവിടെ വിവരിക്കുന്നത്. ഈ അധ്യായം മക്കയിലെ ബഹുദൈവവിശ്വാസികൾ നബിതിരുമേനിയെ പരീക്ഷിക്കുന്നതിനു വേണ്ടി വേദക്കാരായ ജൂത-ക്രിസ്ത്യാനികളുടെ ഉപദേശമനുസരിച്ച് ഉന്നയിച്ച മൂന്ന് ചോദ്യങ്ങളുടെ മറുപടിയായിക്കൊണ്ടാണ് അവതരിച്ചിട്ടുള്ളത്. ഗുഹാവാസികൾ ആരായിരുന്നു? ഖളിറ്കഥയുടെ യാഥാർത്ഥ്യമെന്ത്? ദുൽഖർനൈനിയുടെ സംഭവങ്ങൾ എന്താണ് എന്നിവയായിരുന്നു ചോദ്യങ്ങൾ. മുഹമ്മദിന്റെ(സ)കൈവശം അദൃശ്യമായ വല്ല ജ്ഞാനമാർഗ്ഗവും യഥാർത്ഥത്തിൽ ഉണ്ടോ എന്ന് തെളിയിക്കുവാനുള്ള ഈ പരീക്ഷണത്തിന്, അല്ലാഹു തന്റെ ദൂതന്റെ ജിഹ്വയിലൂടെ അവയ്ക്ക് പൂർണ്ണമായി ഈ അധ്യായത്തിലൂടെ മറുപടി നൽകി.

---

10. ആ യുവാക്കൾ ഗുഹയിൽ അഭയം പ്രാപിച്ച സന്ദർഭം! അവർ പ്രാർത്ഥിച്ചു: ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്റെ പക്കൽ നിന്നുള്ള പ്രത്യേക കാരുണ്യം അരുളേണമേ. ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവ്വഹിക്കുവാൻ സൗകര്യം ചെയ്തു തരേണമേ.

11. അങ്ങനെ നിരവധി വർഷങ്ങൾ അതേ ഗുഹയിൽ നാം അവരുടെ കാതുകൾ അടച്ചു. (അവരെ ഉറക്കത്തിലാക്കി)

12. പിന്നീട് നാം അവരെ ഉണർത്തി. അവരിരുകക്ഷികളിൽ ആരാണ് തങ്ങളുടെ ഗുഹാവാസക്കാലം കൃത്യമായി അറിയുകയെന്നു നോക്കേണ്ടതിന്ന്.

13. അവരുടെ യഥാർത്ഥ കഥ നാം നിനക്ക് വിവരിച്ചു തരാം. തങ്ങളുടെ നാഥനിൽ വിശ്വസിച്ച ഏതാനും യുവാക്കളായിരുന്നു അവർ. അവർക്കു നാം സന്മാർഗ്ഗബോധം വർദ്ധിപ്പിക്കുകയും ചെയ്തു.

14. 'ഞങ്ങളുടെ നാഥൻ ആകാശഭൂമികളുടെ രക്ഷിതാവാകുന്നു. അവനെ വെടിഞ്ഞ് മറ്റൊരു ദൈവത്തോടും ഞങ്ങൾ പ്രാർത്ഥിക്കുന്നതേയല്ല. എങ്കിൽ അപ്പോൾ തീർച്ചയായും ഞങ്ങൾ അന്യായം പറഞ്ഞവരായിത്തീരും' എന്ന് അവർ എഴുന്നേറ്റുനിന്നു പ്രഖ്യാപിച്ചപ്പോൾ നാം അവരുടെ മനസ്സുകളെ നിശ്ചയദാർഢ്യമുള്ളതാക്കുകയും ചെയ്തു.

15. നമ്മുടെ ഈ ജനം അവനെ(അല്ലാഹുവിനെ) വെടിഞ്ഞ് ഇതരന്മാരെ ദൈവങ്ങളാക്കിയിരിക്കുന്നു. എന്നാൽ ഇവർ അതിന് വ്യക്തമായ തെളിവുകളൊന്നും കൊണ്ടുവരാത്തതെന്ത്? അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനേക്കാൾ അക്രമി ആരുണ്ട്?

16. അവരിൽനിന്നും അല്ലാഹുവല്ലാത്ത അവരുടെ ആരാധ്യരിൽനിന്നും നിങ്ങൾ ബന്ധം വിഛേദിച്ച സ്ഥിതിക്ക്, ഇനി ആ ഗുഹയിൽ അഭയം പ്രാപിച്ചുകൊള്ളുക. നിങ്ങളുടെ നാഥൻ തന്റെ അനുഗ്രഹം നിങ്ങൾക്ക് ചൊരിഞ്ഞുതരും. നിങ്ങളുടെ കാര്യം നിങ്ങൾക്ക് സുഗമവും സൗകര്യപ്രദവുമാക്കിത്തരികയും ചെയ്യും.

17. സൂര്യൻ ഉദയവേളയിൽ, അതവരുടെ ഗുഹ വിട്ട് വലതുഭാഗത്തേക്ക് മാറിപ്പോകുന്നതായും അസ്തമയസമയത്ത് അതവരെ വിട്ടുകടന്ന് ഇടതുഭാഗത്തേക്ക് പോകുന്നതായും നിനക്ക് കാണാം. അവരാകട്ടെ അതിന്റെ(ഗുഹയുടെ)വിശാലമായ ഒരു ഭാഗത്താകുന്നു. ഇത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അല്ലാഹു ആരേ നേർവഴിയിലാക്കുന്നുവോ അവനാണ് സന്മാർഗം പ്രാപിച്ചവൻ. അവൻ ആരേ വഴികേടിലാക്കുന്നുവോ അവനെ നേർവഴിയിലാക്കുന്ന ഒരു രക്ഷകനേയും നിനക്കു കണ്ടെത്താനാവില്ല.

17 ഗുഹാമുഖം വടക്കുവശത്തേക്കായിരുന്നു. അതിനാൽ ഒരുകാലാവസ്ഥയിലും സൂര്യപ്രകാശം അകത്തേക്ക് എത്താത്ത വിധത്തിലായിരുന്നു ഗുഹയുടെ കിടപ്പ്. അതിനാൽ അകത്തുള്ളവരെ പുറത്തുകൂടെ പോകുന്നവർക്ക് കാണാൻ കഴിഞ്ഞിരുന്നില്ല.

18. അവർ ഉണർന്നിരിക്കുന്നവരാണെന്ന് നിനക്ക് തോന്നും. അവരാകട്ടെ, ഉറങ്ങിക്കിടക്കുകയാകുന്നു.നാം അവരെ വലത്തോട്ടും ഇടത്തോട്ടും മറിച്ചുകൊണ്ടിരുന്നു. അവരുടെ നായ മുൻകാലുകൾ നീട്ടിവെച്ച് ഗുഹാമുഖത്തിരിപ്പുണ്ടായിരുന്നു. നീയെങ്ങാനും അവരെ എത്തിനോക്കിയാൽ അവരിൽനിന്ന് പുറംതിരിഞ്ഞോടുമായിരുന്നു. അവരെക്കുറിച്ചു നിനക്കു ഭീതിനിറയുകയും ചെയ്യേനേ.

19. അപ്രകാരം അവരെ നാം എഴുന്നേൽപിച്ചു-അവർ പരസ്പരം ചോദിക്കുവാൻവേണ്ടി. അവരിൽ ഒരാൾ ചോദിച്ചു: നിങ്ങൾ എത്രകാലം ഇങ്ങനെ കഴിച്ചുകൂട്ടി? ചിലർ പറഞ്ഞു: ഒരു ദിവസമോ, അല്ലെങ്കിൽ ഒരു ദിവസത്തിന്റെ അൽപം ഭാഗമോ കഴിച്ചുകൂട്ടിയിരിക്കും. പിന്നെ അവർ പറഞ്ഞു: നിങ്ങൾ താമസിച്ച(കാലത്തെ)ക്കുറിച്ചു നിങ്ങളുടെ രക്ഷിതാവാണ് ഏറ്റവും നന്നായി അറിയുന്നവൻ. എന്നാൽ നിങ്ങളിൽ ഒരാളെ ഈ വെള്ളിനാണയങ്ങളുമായി പട്ടണത്തിലേയ്ക്കയക്കുക. അവൻ എവിടെയാണ് ഏറ്റം നല്ല ഭക്ഷണം കിട്ടുകയെന്ന് നോക്കട്ടെ. എന്നിട്ട് അവിടെനിന്ന് അവൻ നിങ്ങൾക്ക് വല്ല ആഹാരവും കൊണ്ടുവരട്ടെ. അവൻ കരുതലോടെ പെരുമാറട്ടെ. നിങ്ങളെപ്പറ്റി അവൻ ആരേയും അറിയിക്കാതിരിക്കട്ടെ.

20. തീർച്ചയായും നിങ്ങളെപ്പറ്റി വല്ല വിവരവും കിട്ടിയാൽ അവർ നിങ്ങളെ കല്ലെറിയുകതന്നെ ചെയ്യും. അല്ലെങ്കിൽ അവരുടെ മതത്തിലേക്ക് തിരിച്ചുപോകാനവർ നിർബന്ധിക്കും. എങ്കിൽ നിങ്ങൾ ഒരിക്കലും വിജയം വരിക്കുകയില്ല.

21. ഇങ്ങനെ നാം (പട്ടണവാസികൾക്ക്) അവരെക്കുറിച്ച് അറിവുകൊടുത്തു. അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്നും അന്ത്യസമയം വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നും അവരറിയാൻ വേണ്ടി. അവരുടെ കാര്യത്തെക്കുറിച്ച്(നഗരവാസികൾ) തമ്മിൽ പരസ്പരം തർക്കിച്ച സന്ദർഭം: ചിലർ പറഞ്ഞു: നിങ്ങൾ അവർക്കുമീതെ ഒരു കെട്ടിടം നിർമ്മിക്കുവിൻ! അവരെപ്പറ്റി നന്നായറിയുന്നവൻ അവരുടെ രക്ഷിതാവാണ്.എന്നാൽ അവരുടെ കാര്യത്തിൽ സ്വാധീനമുള്ളവർ പറഞ്ഞു: നാം അവർക്കുമീതെ ഒരാരാധനാലയം ഉണ്ടാക്കുകതന്നെ ചെയ്യും.

21. ഒരു നീണ്ട കാലത്തിനുശേഷമായിരുന്നു ഗുഹാവാസികൾ ഉറക്കിൽനിന്ന് എഴുന്നേറ്റത്. അപ്പോഴേക്കും സമൂഹം എല്ലാ കാര്യത്തിലും പ്രകടമായി മാറിക്കഴിഞ്ഞിരുന്നു. വിഗ്രഹാരാധകരായ റോമക്കാർ വളരെകാലമായി ക്രിസ്തുമതവിശ്വാസികളായി മാറിയിരുന്നു.ഭക്ഷണ സാധനം വാങ്ങാനായി ചെന്ന ഗുഹാവാസിയുടെ കൈവശം ഡെസ്യുസ് രാജാവിന്റെ കാലത്തുള്ള നാണയമായിരുന്നു ഉണ്ടായിരുന്നത്. അവസാനം ഈ അപരിചിതനായ മനുഷ്യൻ ഇരുനൂറ് വർഷം മുമ്പ് വിശ്വാസം രക്ഷിക്കാൻ വേണ്ടി ഓടിപ്പോയവരായ ഈസാ നബി(അ)യുടെ അനുയായികളിൽപ്പെട്ട ആളാണെന്ന് നാട്ടുകാർക്ക് ബോധ്യമായി. തങ്ങൾ ഇരുനൂറ് വർഷം മുമ്പ് ഉറങ്ങിയവരാണെന്ന് അപ്പോഴാണ് ഗുഹാവാസികളും അറിയുന്നത്.

22. അവർ (ജനങ്ങൾ) പറയും: (ഗുഹാവാസികൾ) മൂന്നു പേർ ആയിരുന്നു, അവരുടെ നായ അവരിൽ നാലാമനാണ്; (വേറെ ചിലർ) പറയുന്നു:അവർ അഞ്ച് പേരാണ്, ആറാമത്തെത് അവരുടെ നായയാണ് എന്ന്.അദൃശ്യകാര്യത്തെപ്പറ്റിയുള്ള ഊഹം പറയൽ മാത്രമാണത്. (ഇനിയും ചിലർ)പറയും:അവർ ഏഴുപേരാണ് എട്ടാമത്തെത്അവരുടെ നായയാണ് എന്ന് (നബിയെ,)പറയുക:'എന്റെ രക്ഷിതാവാണ് അവരുടെ എണ്ണത്തെപ്പറ്റി ഏറ്റം നന്നായി അ

റിയുന്നവൻ.' ചുരുക്കം പേരല്ലാതെ അവരെ (സംബന്ധിച്ച സത്യം) അറിയുന്നില്ല. അതിനാൽ വ്യക്തമായ അറിവിന്റെ അടിസ്ഥാനത്തിലല്ലാതെ അവരുടെ കാര്യത്തിൽ നീ തർക്കിക്കരുത്. അവരെക്കുറിച്ച് ആരോടും നീ അഭിപ്രായം ചോദിക്കുകയും ചെയ്യരുത്.

23. ഒരു കാര്യത്തെക്കുറിച്ചും ഞാൻ നാളെ അതു തീർച്ചയായും ചെയ്യും എന്ന് നീ പറയരുത്;

24. ''അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ,''എന്ന്(ചേർത്തു പറഞ്ഞുകൊണ്ട്)അല്ലാതെ.അഥവാ മറന്നു പോയാൽ നിന്റെ നാഥനെ സ്മരിച്ചുകൊണ്ട് പറയുക: എന്റെ നാഥൻ ഇതിനെക്കാൾ ഗുണകരമായ വഴിക്കു എന്നെ നയിച്ചേക്കാം.

---

24 ഒരു സത്യവിശ്വാസി 'ഞാൻ നാളെ ഇന്ന കാര്യം ഉറപ്പായും ചെയ്യും' എന്ന് പറയരുത്; 'ഇൻശാ അല്ലാഹ്'' (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് ചേർത്ത് പറഞ്ഞുകൊണ്ടല്ലാതെ. നിങ്ങൾക്ക് അദൃശ്യജ്ഞാനമില്ലാത്തതിനാൽ വിചാരിക്കുന്നതെന്തും ചെയ്യാൻ പറ്റുമെന്ന് എന്താണ് ഉറപ്പ്.മാത്രമല്ല നിങ്ങൾ പറയുന്ന കാര്യത്തിലാണോ നന്മ അതോ കൂടുതൽ നല്ല കാര്യം മറ്റൊന്നാണോ എന്നും നിങ്ങൾക്കറിഞ്ഞുകൂടാ. അതിനാൽ അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എന്റെ രക്ഷിതാവ് ഈ കാര്യത്തിൽ ശരിയായ വഴിക്ക് എന്നെ നയിക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്നു പറയുകയാണ് വേണ്ടത്.

---

25. അവർ തങ്ങളുടെ ഗുഹയിൽ മുന്നൂറുവർഷം താമസിച്ചു.(ചിലർ കാലഗണനയിൽ) ഒമ്പത് വർഷം കൂട്ടിച്ചേർത്തിട്ടുമുണ്ട്.

26. പറയുക:അവർ താമസിച്ചതിനെ സംബന്ധിച്ച് ഏറ്റം നന്നായി അറിയുക അല്ലാഹുവിനാണ്. ആകാശങ്ങളിലെയും ഭൂമിയിലെയും രഹസ്യങ്ങൾ അറിയുന്നത് അവന്ന് മാത്രമാണ്. അവൻ എത്ര നന്നായി കാണുന്നവൻ! എത്ര നന്നായി കേൾക്കുന്നവൻ! അവർക്ക് അവനു പുറമെ ഒരു രക്ഷാധികാരിയുമില്ല. അവൻ തന്റെ ആധിപത്യത്തിൽ ആരെയും പങ്കാളിയാക്കുകയുമില്ല.

27. നിന്റെ രക്ഷിതാവിന്റെ ഗ്രന്ഥത്തിൽനിന്ന് നിനക്കു ബോധനം ലഭിച്ചതിനെ വായിച്ചു കേൾപ്പിക്കുക. അതിലെ വചനങ്ങൾ ഭേദഗതി ചെയ്യുന്നവനായി ആരുമില്ല. അവനല്ലാത്ത ഒരഭയകേന്ദ്രം കണ്ടെത്താനും നിനക്കാവില്ല.

28. തങ്ങളുടെ നാഥന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് പ്രഭാതത്തിലും സായാഹ്നത്തിലും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരോടൊപ്പം നീ നിന്റെ മനസ്സിനെ ഉറപ്പിച്ചു നിർത്തുക. ഇഹലോക ജീവിതത്തിന്റെ മോടിയെ ഉദ്ദേശിച്ച്, നിന്റെ കണ്ണുകൾ അവരെവിട്ടു കടന്നു പോവാതിരിക്കട്ടെ. ആരുടെ മനസ്സിനെ നാം നമ്മുടെ സ്മരണയിൽ അശ്രദ്ധമാക്കിയിരിക്കുന്നുവോ, ആർ തന്നിഷ്ടത്തെ പിൻപറ്റിയോ, ആരുടെ കാര്യം പരിധി വിട്ടതായിരിക്കുന്നുവോ അങ്ങനെയുള്ളവനെ നീ അനുസരിച്ചുപോകരുത്.

29. പറയുക: ഇത് നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ള സത്യമാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. (നിഷേധിക്കുന്ന) അക്രമികൾക്കായി ഒരു തീ നാം ഒരുക്കിയിട്ടുണ്ട്. അതിന്റെ 'കൂടാരം' (ജ്വാലകൾ) അവരെ വലയം ചെയ്തു കഴിഞ്ഞിരിക്കുന്നു. അവർ അവിടെ വെള്ളത്തിനപേക്ഷിക്കുന്നപക്ഷം ഉരുകിയ ലോഹംപോലുള്ള പാനീയമായിരിക്കും അവർക്ക് കുടിക്കാൻ നൽകപ്പെടുന്നത്. അതവരുടെ മുഖങ്ങളെ കരിച്ചുകളയും. എത്ര ദുഷിച്ച പാനീയം! വളരെ ദുഷിച്ച വിശ്രമസ്ഥലവും!

30. തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ, നിശ്ചയമായും അത്തരം സൽപ്രവൃത്തികൾ ചെയ്യുന്ന ആരുടെയും പ്രതിഫലം നാം പാഴാക്കുകയില്ല.

31. അക്കൂട്ടർക്ക് സ്ഥിരവാസത്തിനുള്ള സ്വർഗീയാരാമങ്ങളുണ്ട്. അവരുടെ താഴ്ഭാഗത്തുകൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർക്ക് അവിടെ സ്വർണ്ണം കൊണ്ടുള്ള വളകൾ അണിയിക്കപ്പെടും. നേരിയതും തടിച്ചതുമായ ഹരിതവസ്ത്രങ്ങളാണ് അവിടെയവർ ധരിക്കുക. അതിൽ ഉയർന്ന കട്ടിലുകളിൽ (അവർ) ചാരിക്കിടക്കുകയായി. എത്ര മഹത്തായ പ്രതിഫലം! എത്ര ഉത്തമമായ വിശ്രമസ്ഥലം!

32. നീ അവർക്ക് രണ്ടാളുകളുടെ ഉദാഹരണം പറഞ്ഞുകൊടുക്കുക. അവരിൽ ഒരാൾക്ക് നാം രണ്ട് മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ നാം ഈത്തപ്പനകൊണ്ട് വലയം ചെയ്തു. അവയ്ക്കിടയിൽ കൃഷിയിടവും ഉണ്ടാക്കി.

33. രണ്ടു തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകിവന്നു. അതിൽ അവ ഒരു കുറവും വരുത്തിയില്ല. അവയ്ക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു.

34. അവന് നല്ല ആദായം ലഭിച്ചിരുന്നു. അങ്ങനെ അവൻ തന്റെ കൂട്ടുകാരനോട് സംസാരിക്കവെ പറഞ്ഞു: ''ഞാനാണ് നിന്നെക്കാൾ സമ്പത്തും സംഘബലവുമുള്ളവൻ.''

35. അങ്ങനെ തന്നോടുതന്നെ അതിക്രമം ചെയ്തവനായി അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അയാൾ പറഞ്ഞു:'ഇതൊന്നും ഒരിക്കലും നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല.'

36. അന്ത്യനാൾ വന്നെത്തുമെന്നും ഞാൻ കരുതുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ,ഇതിനെക്കാൾ നല്ല ഒരു പ്രത്യാഗമനസ്ഥാനം തീർച്ചയായും ഞാൻ കണ്ടെത്തും.

37 സ്നേഹിതൻ അവനോട് സംവാദം ചെയ്തുകൊണ്ട് പറഞ്ഞു: നിന്നെ മണ്ണിൽനിന്നും പിന്നെ ബീജകണത്തിൽനിന്നും സൃഷ്ടിക്കുകയും അങ്ങനെ ഒരു പൂർണമനുഷ്യനാക്കി രൂപപ്പെടുത്തുകയും ചെയ്തവനെ (അല്ലാഹു)നീ നിഷേധിക്കുന്നുവോ?

38. എന്നാൽ(എന്നെ സംബന്ധിച്ചേടത്തോളം) ആ അല്ലാഹു മാത്രമാകുന്നു എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിനോട് ഒന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല.

39. നിന്റെ തോട്ടത്തിൽ നീ പ്രവേശിച്ചപ്പോൾ നിനക്കിങ്ങനെ പറഞ്ഞുകൂടായിരുന്നോ: 'ഇത് അല്ലാഹു ഉദ്ദേശിച്ചതാണ്. അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല.' നിന്നെക്കാൾ സമ്പത്തും സന്താനവും കുറഞ്ഞവനായി നീ എന്നെ കാണുന്നെങ്കിലും,-

40. എന്റെ നാഥൻ നിന്റെ തോട്ടത്തേക്കാൾ നല്ലത് എനിക്കു തരികയും നിന്റെ തോട്ടത്തിന്റെ നേരെ അവൻ അകാശത്തുനിന്ന് ഒരു ഇടിത്തീ അയയ്ക്കുകയും അങ്ങനെ അത് തരിശായ ചതുപ്പുനിലമായിത്തീരുകയും ചെയ്തു എന്ന് വരാം.

41. അല്ലെങ്കിൽ പിന്നീടൊരിക്കലും നിനക്കു തിരിച്ചുകൊണ്ടുവരാനാകാത്ത വിധം അതിലെ വെള്ളം വറ്റി വരണ്ടുപോയെന്നും വരാം.

42. അവസാനം,അവന്റെ കായ്കനികൾ(നാശത്താൽ)വലയം ചെയ്യപ്പെട്ടു. തോട്ടം അതിന്റെ പന്തലുകളോടെ തകർന്നടിഞ്ഞു.അതുകണ്ട്, താൻ അതിൽ ചെലവഴിച്ചതിനെച്ചൊല്ലിയുള്ള ഖേദത്താൽ അവൻ കൈമലർത്തുകയായി. അവൻ പറഞ്ഞു: ഹാ! എന്റെ കഷ്ടമേ! എന്റെ രക്ഷിതാവിനോട് ഒന്നിനേയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ!

43. അല്ലാഹുവെക്കൂടാതെ അയാളെ സഹായിക്കാൻ ഒരുകൂട്ടരുമുണ്ടായില്ല.അവന് സ്വയം അതിജയിക്കാനായതുമില്ല.

44. രക്ഷാധികാരം സാക്ഷാൽ അല്ലാഹുവിനുമാത്രമാകുന്നു. ഉത്തമമായ പ്രതിഫലം നൽകുന്നവനും മെച്ചപ്പെട്ട പര്യവസാനത്തിലെത്തിക്കുന്നതും അവൻ തന്നെ.

45. (നബിയെ,) ഐഹിക ജീവിതത്തിൻെറ ഉപമ നീ അവർക്ക് വിവരിച്ചു കൊടുക്കുക. ആകാശത്തുനിന്ന് നാം ജലം വർഷിക്കുന്നു. അതുവഴി ഭൂമിയിൽ സസ്യങ്ങ‍ൾ ഇടകലർന്നു വളർന്നു. താമസിയാതെ അതൊക്കെ കാറ്റിൽ പാറിപ്പോകുന്ന ധൂളികളായിത്തീരുന്നു. അല്ലാഹു സകല സംഗതികൾക്കും കഴിവുള്ളവനാകുന്നു.

46. സമ്പത്തും സന്താനങ്ങളും ഐഹികജീവിതത്തിൻെറ അലങ്കാരമാകുന്നു. എന്നും നിലനിൽക്കുന്ന സൽക്കർമങ്ങൾക്കാണ് നിൻെറ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളത്. ഉത്തമമായ പ്രതീക്ഷ നൽകുന്നതും അതുതന്നെ.

47. നാം പർവതങ്ങളെ ചലിപ്പിക്കുകയും നിരന്ന സമതലമായി ഭൂമിയെ നീ കാണുകയും അവരെ നാം ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന ദിനം! അവരിൽ ആരെയും നാം വിട്ടുകളയുകയില്ല.

---

47. അന്ത്യനാളിൽ ഭൂമിയുടെ കെട്ടുറപ്പ് അയഞ്ഞുപോവുകയും മലകൾ മേഘങ്ങളെപ്പോലെ സഞ്ചരിച്ചു തുടങ്ങുകയും ചെയ്യുന്നതാണ്. അധ്യായം അന്നംല്-88 ൽ, ഈ സ്ഥിതിവിശേഷം അപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു.ഭൂമിക്ക് മുകളിൽ അതിന് അലങ്കാരമായി സൃഷ്ടിക്കപ്പെട്ട യാതൊന്നും അവശേഷിക്കില്ല. ആദം മുതൽ അന്ത്യനാളിൻെറ അവസാന സമയംവരെ ജനിച്ച എല്ലാ മനുഷ്യരും, അന്ന് വീണ്ടും സൃഷ്ടിക്കപ്പെടുകയും, എല്ലാവരെയും ഒരേസമയത്ത് ഒരുമിച്ചുകൂട്ടുകയും ചെയ്യും.

---

48. നിൻെറ നാഥൻെറ മുന്നിൽ അവരൊക്കെയും അണിയണിയായി പ്രദർശിക്കപ്പെടും. (അവൻ പറയും): നിങ്ങളെ നാം ആദ്യതവണ സൃഷ്ടിച്ചപോലെ നിങ്ങൾ നമ്മുടെ അടുത്ത് വന്നിരിക്കുന്നു. നിങ്ങൾക്ക് ഒരു വാഗ്ദത്ത സമയം നിശ്ചയിച്ചിട്ടേയില്ല എന്നായിരുന്നുവല്ലോ നിങ്ങൾ കരുതിയിരുന്നത്.

49. അങ്ങനെ കർമ്മരേഖകൾ മുമ്പിൽ വെക്കപ്പെടും. അപ്പോൾ അതിലുള്ളവയെപ്പറ്റി പേടിച്ചരണ്ടവരായി പാപികളെ നിനക്കു കാണാം. അവർ പറയും: ഹാ ഞങ്ങളുടെ കഷ്ടമേ! എന്തൊരു പുസ്തകമാണിത്? ഞങ്ങളുടെ ചെറുതും വലുതുമായ ഒന്നുംതന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടിട്ടില്ലല്ലോ! അവർ പ്രവർത്തിച്ചതൊക്കെയും മുമ്പിൽ ഹാജരായതായി അവർ കാണുന്നു. നിൻെറ രക്ഷിതാവ് ആരോടും അനീതി കാണിക്കുകയില്ല.

50. നാം മലക്കുകളോട് പറഞ്ഞ സന്ദർഭം: നിങ്ങൾ ആദമിനെ പ്രണമിക്കുവിൻ! അപ്പോൾ അവർ പ്രണാമം ചെയ്തു. ഇബ്ലീസ് ഒഴികെ. അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു. അങ്ങനെ അവൻ തൻെറ രക്ഷിതാവിൻെറ ആജ്ഞയെ ധിക്കരിച്ചുകളഞ്ഞു. (എന്നിരിക്കെ) അവർ നിങ്ങളുടെ ശത്രുവായിരിക്കെ നിങ്ങൾ അവനെയും അവൻെറ സന്തതികളെയും എനിക്കു പകരം രക്ഷാധികാരികളാക്കുകയാണോ? അക്രമികൾക്ക് പകരം കിട്ടിയത് വളരെ ചീത്തതന്നെ.

51. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനാകട്ടെ, അവരുടെ തന്നെ സൃഷ്ടിപ്പിനാകട്ടെ നാം അവരെ സാക്ഷികളാക്കിയിട്ടില്ല.വഴിപിഴപ്പിക്കുന്നവരെ സഹായിയായി സ്വീകരിക്കുന്നവനല്ല ഞാൻ.

52. ''എൻെറ പങ്കാളികളായി നിങ്ങൾ സങ്കൽപിച്ചുവെച്ചിരുന്നവരെ വിളിച്ചു നോക്കുവിൻ!'' എന്ന് അവൻ പറയുന്ന ദിവസം! അപ്പോൾ അവരെ ഇവർ വിളിക്കും. എന്നാൽ അവർ ഇവർക്ക് ഉത്തരം നൽകുന്നതല്ല. നാം അവർക്കു മദ്ധ്യേ ഒരു നാശഗർത്തം ഉണ്ടാക്കുകയും ചെയ്യും.

53. അന്ന് കുറ്റവാളികളൊക്കെയും നരകം കാണും. തങ്ങൾ അതിൽ പതിക്കാൻ പോകയാണെന്ന് അവർ മനസ്സിലാക്കും. അതിൽനിന്ന് രക്ഷപ്പെടാൻ യാതൊരു മാർഗവും അവർക്ക് കണ്ടെത്താനാവില്ല.

54. ഈ ഖുർആനിൽ മനുഷ്യർക്കുവേണ്ടി നാനാതരം ഉപമകളും തീർച്ചയായും (വിവിധ തരത്തിൽ) നാം വിവരിച്ചുതന്നിരിക്കുന്നു. എന്നാൽ മനുഷ്യൻ അധികം കാര്യത്തിലും വല്ലാത്ത തർക്കിക്കുന്നവനാകുന്നു.

55. തങ്ങൾക്കു മാർഗ്ഗദർശനം വന്നെത്തിയപ്പോൾ അതിൽ വിശ്വസിക്കുകയും, തങ്ങളുടെ നാഥനോട് പൊറുത്തുതരുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നതിൽനിന്ന് മനുഷ്യരെ തടഞ്ഞത്, പൂർവികരുടെ കാര്യത്തിലുണ്ടായ അതേ നടപടി അവരിൽ വരികയോ, അഥവാ ശിക്ഷ തങ്ങൾ നേരിട്ട് വരണം എന്ന അവരുടെ നിലപാടു മാത്രമാകുന്നു.

56. സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പു നൽകുന്നവരും ആയിട്ടല്ലാതെ നാം ദൈവദൂതന്മാരെ നിയോഗിച്ചിട്ടില്ല. അവിശ്വാസികൾ മിഥ്യയോടെ തർക്കിക്കുകയാകുന്നു. അത് മൂലം സത്യത്തെ തകർക്കാൻ വേണ്ടി; എന്റെ ദൃഷ്ടാന്തങ്ങളെയും തങ്ങൾക്കു ലഭിച്ച മുന്നറിയിപ്പുകളെയും അവർ പരിഹാസ്യമാക്കുകയും ചെയ്യുന്നു.

57. തന്റെ രക്ഷിതാവിന്റെ വചനങ്ങൾ കേൾപ്പിക്കപ്പെട്ടിട്ട് അതവഗണിക്കുകയും തന്റെ കൈകൾ നേരത്തെ ചെയ്തുവെച്ചത്(ദുഷ്ക്കർമങ്ങൾ) വിസ്മരിക്കുകയും ചെയ്യുന്നവനെക്കാൾ വലിയ ധിക്കാരി ആരാണുള്ളത്? അവർക്കു കാര്യം ഗ്രഹിക്കാനാവാത്ത വിധം അവരുടെ ഹൃദയങ്ങൾക്കു നാം മൂടികളിട്ടിരിക്കുന്നു. അവരുടെ കാതുകളിൽ അടപ്പിട്ടിരിക്കുന്നു. (ഈ അവസ്ഥയിൽ) നീ അവരെ നേർവഴിയിലേക്ക് എത്രതന്നെ വിളിച്ചാലും അവർ ഒരിക്കലും സന്മാർഗം സ്വീകരിക്കുകയില്ല.

58. നിന്റെ നാഥൻ വളരെ പൊറുത്തുകൊടുക്കുന്നവനും ദയാപരനുമാകുന്നു. അവർ ചെയ്തുകൂട്ടിയതിന്റെ പേരിൽ അവരെയവൻ പിടികൂടുകയാണെങ്കിൽ അവർക്ക് അവൻ ശിക്ഷ ത്വരിതപ്പെടുത്തുമായിരുന്നു. പക്ഷേ, അവർക്ക് നിർണ്ണിതമായ ഒരു വാഗ്ദത്ത സമയമുണ്ട്. അതിനെ മറികടക്കാൻ ഒരു മാർഗ്ഗവും അവർക്ക് കണ്ടെത്താനാവില്ല.

---

58 കുറ്റവാളിയെ ഉടനെ പിടിച്ചു ശിക്ഷിക്കുന്ന പതിവ് അല്ലാഹുവിനില്ല. തെറ്റ് ചെയ്യുന്നവരെ പിടികൂടുന്നതിൽ ധൃതികാണിക്കുന്നില്ല എന്നതാണ് അല്ലാഹുവിന്റെ കാരുണ്യഭാവത്തിന്റെ താൽപര്യം. മറിച്ച് നീണ്ടകാലത്തോളം കുറ്റവാളിക്ക് തെറ്റ് തിരുത്താൻ അവസരം നൽകുന്നു.

---

59. (നശിപ്പിക്കപ്പെട്ട) ആ പട്ടണങ്ങൾ (ആകട്ടെ)- അവർ ധിക്കാരം പ്രവർത്തിച്ചപ്പോൾ നാമവരെ നശിപ്പിച്ചുകളഞ്ഞു. അവയുടെ നാശത്തിനു നാം സമയം നിർണ്ണയിച്ചിട്ടുണ്ടായിരുന്നു.

60. മൂസാ തന്റെ ഭൃത്യനോട് പറഞ്ഞ സന്ദർഭം: രണ്ടു സമുദ്രങ്ങളുടെ സംഗമസ്ഥാനത്തെത്തുന്നതുവരെ ഞാൻ ഈ യാത്ര നിറുത്തുകയില്ല. അല്ലെങ്കിൽ ദീർഘകാലം ഞാൻ സഞ്ചരിച്ചുകൊണ്ടേയിരിക്കും.

61. അങ്ങനെ അവ രണ്ടിനുമിടയിലുള്ള സംഗമസ്ഥാനത്ത് അവർ എത്തിയപ്പോൾ അവരുടെ മത്സ്യത്തെ ഇരുവരും മറന്നുപോയി. അങ്ങനെ അത് കടലിൽചാടി ഒരു തുരങ്കത്തിലെന്ന പോലെ അതിന്റെ വഴി കൈക്കൊണ്ടു.

62. അങ്ങനെയവർ അവിടംവിട്ട് മുന്നോട്ട് പോയിക്കഴിഞ്ഞപ്പോൾ (മൂസാ) തന്റെ ഭൃത്യനോട് പറഞ്ഞു: നമ്മുടെ പ്രാതൽ നമുക്ക് കൊണ്ടുവരിക. നമ്മുടെ ഈ യാത്രയിൽ തീർച്ചയായും നമുക്ക് ക്ഷീണം നേരിട്ടിരിക്കുന്നു.

63. (ഭൃത്യൻ) പറഞ്ഞു: താങ്കൾ കണ്ടുവോ? നാം ആ പാറക്കല്ലിൽ വിശ്രമിച്ചപ്പോൾ ഞാൻ ആ മത്സ്യത്തെ മറന്നുപോയി. അക്കാര്യം പറയാൻ എന്നെ മറപ്പിച്ചത് പിശാചല്ലാതാരുമല്ല. (മത്സ്യം) കടലിൽ അദ്ഭുതകരമാം വിധം അതിൻെറ വഴി തേടുകയും ചെയ്തു.
64. (മൂസാ) പറഞ്ഞു: അതുതന്നെയാണ് നാം തേടിക്കൊണ്ടിരുന്നത്. അങ്ങനെ അവർ രണ്ടു പേരും തങ്ങളുടെ കാൽപാടുകൾ നോക്കി തിരിച്ചു നടന്നു.
65. അവിടെ അവർ നമ്മുടെ ദാസന്മാരിലൊരാളെ കണ്ടെത്തി. അദ്ദേഹത്തിന് നാം നമ്മുടെ കാരുണ്യമരുളുകയും നമ്മുടെ പക്കൽനിന്നുള്ള സവിശേഷജ്ഞാനം നൽകുകയും ചെയ്തിട്ടു ണ്ടായിരുന്നു.

65. മൂസാനബി(അ)യുടെ ഭൃത്യൻ അദ്ദേഹത്തിൻെറ പ്രതിപുരുഷനായിത്തീർന്ന യൂശഉബ്നു നൂൻ (Joshua) ആയിരുന്നുവെന്നും, മൂസാനബി(അ) അനുഗമിച്ച പണ്ഡിതൻ 'ഖിള്ർ' ആണെന്നും ഖുർആൻ വ്യഖ്യാന ഗ്രന്ഥങ്ങളിൽ പറയുന്നു.

66. മൂസാ അദ്ദേഹത്തോട് ചോദിച്ചു: ഞാൻ തങ്കളെ അനുഗമിക്കട്ടെയോ? താങ്കൾക്ക് പഠിപ്പിക്ക പ്പെട്ട സന്മാർഗ്ഗജ്ഞാനം എന്നെയും പഠിപ്പിക്കുന്നതിന്?
67. അദ്ദേഹം പറഞ്ഞു: തീർച്ചയായും താങ്കൾക്ക് എന്നോടൊപ്പം ക്ഷമിച്ചുകഴിയാൻ സാധിക്കുക യില്ല.
68. നിങ്ങൾ സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യത്തിൽ താങ്കളെങ്ങനെ ക്ഷമിച്ചിരി ക്കും?
69. (മൂസാ) പറഞ്ഞു: അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം എന്നെ ക്ഷമയുള്ളവനായി താങ്കൾ കാണുന്നതാണ്. ഞാൻ താങ്കളുടെ ഒരു കൽപനക്കും എതിർ പ്രവർത്തിക്കുന്നതല്ല.
70. അദ്ദേഹം പറഞ്ഞു: താങ്കൾ എന്നെ അനുഗമിക്കുന്നുവെങ്കിൽ ഒരു കാര്യത്തെക്കുറിച്ചും താങ്കൾ എന്നോട് ചോദിക്കരുത്- ഞാൻ അതിക്കുറിച്ചുള്ള വിവരം താങ്കൾക്ക് വിശദീകരി ച്ചുതരുന്നതു വരെ.
71. തുടർന്ന് അവർ രണ്ടുപേരും യാത്രയായി. അവർ ഒരു കപ്പലിൽ കയറിയപ്പോൾ അദ്ദേഹം അതിനെ ഓട്ടപ്പെടുത്തിക്കളഞ്ഞു.(മൂസാ)പറഞ്ഞു: അതിലുള്ളവരെ മുക്കിക്കൊല്ലാൻ വേണ്ടി അതിൽ താങ്കൾ തുളയിട്ടുവോ? തീർച്ചയായും കടുത്ത ഒരു കാര്യമാണ് താങ്കൾ ചെയ്തത്.
72. അദ്ദേഹം പറഞ്ഞു: ഞാൻ പറഞ്ഞിരുന്നില്ലേ, താങ്കൾക്ക് എൻെറ കൂടെ ക്ഷമിച്ചു കഴിയാൻ സാധ്യമല്ലെന്ന്?
73. (മൂസാ) പറഞ്ഞു: ഞാൻ മറന്നു പോയതിൻെറ പേരിൽ താങ്കൾ എന്നെ പിടികൂടരുത്. എൻെറ കാര്യത്തിൽ പ്രയാസകരമായ ഒന്നിനും, താങ്കൾ എന്നെ നിർബന്ധിക്കാതിരുന്നാ ലും.
74. അവർ യാത്ര തുടർന്നു. അങ്ങനെ അവർ ഒരു ബാലനെ കണ്ടുമുട്ടിയപ്പോൾ അദ്ദേഹം അവ നെ കൊന്നുകളഞ്ഞു. (മൂസാ)പറഞ്ഞു: നിരപരാധിയായ ഒരാളെ മറ്റൊരാൾക്കു പകരമായി ട്ടല്ലാതെ (മറ്റൊരാളെ കൊന്നതിന് പ്രതികാരമായിട്ടല്ലാതെ) താങ്കൾ കൊന്നുവോ? തീർച്ചയാ യും നിഷിദ്ധമായ ഒരു കാര്യമാണ് താങ്കൾ ചെയ്തത്.
75. അദ്ദേഹം പറഞ്ഞു: താങ്കളോടു ഞാൻ പറഞ്ഞിരുന്നില്ലേ, താങ്കളെൻെറ കൂടെ ക്ഷമിച്ചു കഴിയാൻ സാധ്യമല്ലെന്ന്?
76. (മൂസാ)പറഞ്ഞു:ഇതിനുശേഷം ഞാൻ താങ്കളോടു വല്ലതും ചോദിക്കുകയാണെങ്കിൽ പിന്നെ താങ്കൾ എന്നെ സഹവാസിയാക്കേണ്ടതില്ല. എന്നിൽ നിന്ന് താങ്കൾക്ക് ഒരൊഴികഴിവ് കിട്ടിക്കഴിഞ്ഞു.

77. പിന്നെയും അവർ മുന്നോട്ടുപോയി. അങ്ങനെ ഇരുവരും ഒരു പട്ടണത്തിലെത്തിച്ചേർന്നു. ആ നാട്ടുകാരോട് അവർ ഭക്ഷണം ചോദിച്ചു. എന്നാൽ ഇരുവർക്കും ആതിഥ്യം നല്കാൻ അവർ വിസമ്മതിച്ചു. അപ്പോൾ അവിടെ പൊളിഞ്ഞു വീഴാറായ ഒരു മതിൽ അവർ കണ്ടെത്തി. അദ്ദേഹം അത് ശരിയാക്കിനിറുത്തി. (മൂസാ) പറഞ്ഞു: താങ്കൾ ഉദ്ദേശിച്ചിരുന്നെങ്കിൽ ഇതിന് പ്രതിഫലം വാങ്ങാമായിരുന്നു.
78. അദ്ദേഹം പറഞ്ഞു: ഇത് ഞാനും നിങ്ങളും തമ്മിലുള്ള വേർപാടാകുന്നു. നിങ്ങൾക്ക് ക്ഷമിക്കാൻ കഴിയാതെപോയ സംഗതികളുടെ യാഥാർത്ഥ്യം ഇനി ഞാൻ വിശദീകരിച്ചു തരാം.
79. എന്നാൽ ആ കപ്പൽ, കടലിൽ പണിയെടുക്കുന്ന പാവങ്ങളുടേതായിരുന്നു. അതിനാൽ ഞാനത് കേടുവരുത്തണമെന്ന് ഉദ്ദേശിച്ചു. (എന്തെന്നാൽ) അവരുടെ പുറകെ എല്ലാ (നല്ല) കപ്പലും ബലാൽക്കാരം പിടിച്ചെടുക്കുന്ന ഒരു രാജാവുണ്ടായിരുന്നു.
80. ആ ബാലനാണെങ്കിൽ, അവൻെറ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു. ഈ (ബാലൻ) അവൻെറ അതിക്രമത്താലും സത്യനിഷേധത്താലും അവരെ ഞെരുക്കുമെന്ന് ഞാൻ ഭയപ്പെട്ടു.
81. അതുകൊണ്ട് അവനെക്കാൾ ഏറെ സംസ്കൃതനും കരുണ്യത്തിൽ അടുപ്പമുള്ളവനുമായ ഒരു (സന്താനത്തെ) അവരുടെ നാഥൻ അവർക്ക് പകരം നൽകണമെന്ന് ഞാൻ ആഗ്രഹിച്ചു.
2. ആ മതിലാകട്ടെ, അത് പട്ടണത്തിലുള്ള രണ്ട് അനാഥക്കുട്ടികളുടേതായിരുന്നു. അതിനു ചുവട്ടിൽ അവർക്കായുള്ള ഒരു നിധിയുണ്ടായിരുന്നു. അവരുടെ പിതാവ് നല്ലൊരു മനുഷ്യനായിരുന്നു. അതിനാൽ അവരിരുവരും പ്രായപൂർത്തിയെത്തുകയും തങ്ങളുടെ നിധി പുറത്തെടുക്കുകയും ചെയ്യണമെന്ന് നിൻെറ നാഥൻ ഉദ്ദേശിച്ചു. ഇതൊക്കെയും നിൻെറ രക്ഷിതാവിൻെറ കാരുണ്യം മാത്രം. ഞാൻ ഇതൊന്നും എൻെറ സ്വാധികാരത്താൽ ചെയ്തിട്ടുള്ളതല്ല. ഇതാകുന്നു, താങ്കൾക്കു ക്ഷമിക്കാൻ കഴിയാതെപോയ കാര്യങ്ങളുടെ യാഥാർത്ഥ്യം.
83. അവർ നിന്നോട് ദുൽഖർനൈനിയെക്കുറിച്ചു ചോദിക്കുന്നു. പറയുക; അദ്ദേഹത്തെ സംബന്ധിച്ച വിവരം ഞാൻ നിങ്ങളെ കേൾപ്പിക്കാം.

---

83. അലക്സാണ്ടർ ചക്രവർത്തിയാണ് ദുൽഖർനൈനിയെന്ന് അഭിപ്രായമുണ്ട്. എന്നാൽ ചരിത്ര വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇറാനിലെ 'ഖോറസ്'' (ഖുസ്രു അഥവാ സൈറസ്സ്) രാജാവിനാണ് ആധുനിക ഖുർആൻ വ്യാഖ്യാതാക്കൾ മുൻഗണന നൽകുന്നത്. ദുൽഖർനൈൻ എന്നാൽ 'ഇരട്ടക്കൊമ്പൻ' എന്നാണ് ഭാഷാർത്ഥം.

---

84. തീർച്ചയായും നാം അദ്ദേഹത്തിന് ഭൂമിയിൽ അധികാരമരുളുകയും എല്ലാ കാര്യത്തിനും ഒരു മാർഗ്ഗം അദ്ദേഹത്തിനു നാം കൊടുക്കുകയും ചെയ്തു.
85. അങ്ങനെ ഒരു മാർഗ്ഗം അദ്ദേഹം പിന്തുടർന്നു (യാത്ര തിരിച്ചു.)
86. അങ്ങനെ സൂര്യാസ്തമയ സ്ഥാനത്തെത്തിയപ്പോൾ ഒരു കറുത്ത ജലാശയത്തിൽ അത് മറഞ്ഞുപോകുന്നത് അദ്ദേഹം കണ്ടു. അതിനടുത്ത് ഒരു ജനവിഭാഗത്തെയും അദ്ദേഹം കണ്ടെത്തി. നാം പറഞ്ഞു:അല്ലയോ ദുൽഖർനൈൻ, ഒന്നുകിൽ നിനക്കിവരെ ശിക്ഷിക്കാം. അല്ലെങ്കിൽ ഇവരോടു നല്ലനിലയിൽ വർത്തിക്കുകയോ ചെയ്യാം.
87. (ദുൽഖർനൈൻ) പറഞ്ഞു: ഇവരിൽ അക്രമം പ്രവർത്തിക്കുന്നവനെ നാം ശിക്ഷിക്കും. പിന്നീട് അവൻ തൻെറ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടും. അപ്പോൾ അവൻെറ നാഥൻ അവന് കൂടുതൽ കഠിനമായ ശിക്ഷ നൽകും.

88. എന്നാൽ വിശ്വസിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നവനോ,അവന് അത്യുത്തമമായ പ്രതിഫലമുണ്ട്.നാം അവന് എളുപ്പമുള്ള കല്പനകൾ മാത്രം നൽകുന്നതുമാകുന്നു.
89. പിന്നീട് അദ്ദേഹം മറ്റൊരു പാത പിന്തുടർന്നു.
90. അങ്ങനെ അദ്ദേഹം സൂര്യോദയ സ്ഥാനത്തെത്തിയപ്പോൾ അത് ഒരു ജനതയുടെ മേൽ ഉദിച്ചുയരുന്നതായി അദ്ദേഹം കണ്ടു. അവർക്ക് (സൂര്യതാപത്തെ ചെറുക്കുന്നതിന്) യാതൊരു മറയും നാം ഉണ്ടാക്കിയിട്ടില്ല.

90. വെയിലിൽ നിന്ന് രക്ഷപ്രാപിക്കാനായി കെട്ടിടങ്ങളോ, കൂടാരങ്ങളോ, വസ്ത്രങ്ങളോ നിർമ്മിക്കുന്ന സമ്പ്രദായം അവർക്കില്ലായിരുന്നു.

91. അപ്രകാരം (ആയിരുന്നു അവരുടെ അവസ്ഥ).അദ്ദേഹത്തിൻെറ (ദുൽഖർനൈനിയുടെ) പക്കലുള്ളതിനെപറ്റി നമുക്ക് നന്നായറിയാമായിരുന്നു.
92. പിന്നീട് അദ്ദേഹം മറ്റൊരു മാർഗ്ഗം പിന്തുടർന്നു.
93. അങ്ങനെ അദ്ദേഹം രണ്ടു മലനിരകൾക്കിടയിലെത്തിയപ്പോൾ അവയ്ക്കടുത്തായി ഒരു ജനതയെ അദ്ദേഹം കണ്ടു. പറയുന്നതൊന്നും മനസ്സിലാക്കാനാകാത്ത ജനം!
94. അവർ പറഞ്ഞു: അല്ലയോ ദുൽഖർനൈൻ, തീർച്ചയായും യഅ്ജൂജും മഅ്ജൂജും ഭൂമിയിൽ നാശമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവർക്കും ഞങ്ങൾക്കുമിടയിൽ ഒരു ഭിത്തിയുണ്ടാക്കിത്തരണമെന്ന വ്യവസ്ഥയിൽ താങ്കൾക്ക് ഞങ്ങൾ കപ്പം തരട്ടയോ?

94. ഏഷ്യയുടെ ഉത്തര-പൂർവ്വ ഭാഗത്തെ ചില ജനവർഗങ്ങളാണ് യഅ്ജൂജ് മഅ്ജൂജിനാൽ (God and Magog) വിവക്ഷിക്കപ്പെടുന്നത്. ഇവർ താർത്താരി, മങ്കോളി, ഹൂണർ, സീതിയൻ എന്നീ പേരുകളിൽ കുപ്രസിദ്ധരും പ്രാചീന കാലം മുതൽക്കേ പരിഷ്കൃത രാജ്യങ്ങളുടെ നേരെ കൊള്ളയും ആക്രമണങ്ങളും നടത്തിക്കൊണ്ടിരുന്നവരുമായ റഷ്യൻ-ഉത്തര ചൈനീസ് ഗോത്രങ്ങളാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

95. അദ്ദേഹം പറഞ്ഞു:എൻെറ രക്ഷിതാവ് എനിക്ക് അധീനപ്പെടുത്തിത്തന്നത് അതിനെക്കാളെല്ലാം മെച്ചപ്പെട്ടതാണ്. എന്നാൽ നിങ്ങളെന്നെ അധ്വാനംകൊണ്ട് സഹായിക്കുവിൻ. നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ബലവത്തായ ഒരു ഭിത്തി ഉണ്ടാക്കിത്തരാം.
96. എനിക്കു നിങ്ങൾ ഇരുമ്പുകട്ടികൾ കൊണ്ടുവന്നുതരുവിൻ. അങ്ങനെ രണ്ടു മലകൾക്കിടയിലെ വിടവ് നികത്തി നിരത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'നിങ്ങൾ കാറ്റ് ഊതുക' അങ്ങനെ(ആ ഇരുമ്പുമതിൽ)പഴുത്ത് അഗ്നിമയമായപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങളെനിക്ക് ഉരുക്കിയ ചെമ്പ് കൊണ്ടുവന്നുതരുവിൻ! ഞാനത് ഇതിന്മേൽ ഒഴിക്കട്ടെ.
97. പിന്നെ (യഅ്ജൂജ് മഅ്ജൂജുകൾക്ക്) അത് കയറിക്കടക്കുവാൻ സാധിച്ചില്ല. അതിൽ തുരങ്കമുണ്ടാക്കാനും അവർക്ക് കഴിഞ്ഞില്ല.
98. (ദുൽഖർനൈൻ) പറഞ്ഞു: ഇത് എൻെറ രക്ഷിതാവിൻെറ കാരുണ്യമാകുന്നു. എന്നാൽ എൻെറ രക്ഷിതാവിൻെറ വാഗ്ദത്ത സമയം വന്നെത്തിയാൽ അവൻ അതിനെ തകർത്ത് നിരപ്പാക്കും. എൻെറ നാഥൻെറ വാഗ്ദത്തം സത്യമാകുന്നു.
99. അന്നാളിൽ അവരിൽ ചിലരെ മറ്റു ചിലർക്കെതിരെ തിരമാലകൾപോലെ ഇരമ്പിക്കയറുന്നവരായി വിടുന്നതാകുന്നു. പിന്നെ കാഹളം ഊതപ്പെടും. അങ്ങനെ നാം അവരെ ഒന്നിച്ച് ഒരുമിച്ചു കൂട്ടുകയും ചെയ്യും.
100. അന്നേ ദിവസം നാം സത്യനിഷേധികൾക്കു മുന്നിൽ ശരിയാംവണ്ണം നരകത്തെ പ്രദർശിപ്പിക്കും.

101. എന്റെ സന്ദേശത്തിന്റെ നേരെ അന്ധരായിരിക്കുകയും യാതൊന്നും കേൾക്കാൻ സാധിക്കാതാവുകയും(സന്നദ്ധരല്ലാതിരിക്കുകയും)ചെയ്തിരുന്നുവോ അവരത്രെ (ആ അവിശ്വാസികൾ).

102. എന്നെ വെടിഞ്ഞ് എന്റെ ദാസന്മാരെ തങ്ങളുടെ രക്ഷകരാക്കിക്കളയാമെന്ന് സത്യനിഷേധികൾ വിചാരിക്കുന്നുവോ? തീർച്ചയായും അവിശ്വാസികളെ സൽക്കരിക്കാൻ നാം നരകം ഒരുക്കി വെച്ചിട്ടുണ്ട്.

103. പറയുക: കർമ്മങ്ങൾ ഏറ്റവുമധികം നഷ്ടപ്പെട്ടവരെക്കുറിച്ച് ഞാൻ നിങ്ങളെ അറിയിച്ചുതരട്ടെയോ?

104. ഐഹികജീവിതത്തിൽ തങ്ങളുടെ പ്രവർത്തനങ്ങളൊക്കെ പിഴച്ചുപോയവരും (അതേസമയം) തങ്ങൾ ചെയ്യുന്നതൊക്കെയും ശരിയെന്നു കരുതുന്നവരുമത്രെ അവർ.

105. തങ്ങളുടെ രക്ഷിതാവിന്റെ സൂക്തങ്ങളെയും,അവനുമായി കണ്ടുമുട്ടുമെന്നതിനെയും നിഷേധിക്കുന്നവരാണവർ. അതിനാൽ അവരുടെ കർമ്മങ്ങളൊക്കെയും പാഴായിരിക്കുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ നാം അവർക്ക് യാതൊരു തൂക്കവും നിലനിർത്തുന്നതല്ല.

---

105. ദൈവത്തെ വിസ്മരിച്ചും പരലോകത്തെ അവഗണിച്ചും മനുഷ്യൻ ഈ ലോകത്ത് എന്തെന്ത് വൻകാര്യങ്ങൾ ചെയ്തിരുന്നാലും അതെല്ലാം തന്നെ ലോകത്തിന്റെ നാശത്തോടൊപ്പം നശിച്ചുപോകുന്നതാണ്. ഇത്തരക്കാർ തങ്ങൾ ഇഹലോകത്ത് നേടിയ അഭിമാനഭാജനങ്ങളായ വസ്തുക്കളിൽ ഒന്നുപോലും കയ്യിലെടുത്തുകൊണ്ടല്ല അവർ ദൈവസന്നിധിയിൽ ഹാജരാകുന്നത്. അതിനാൽ ആ വസ്തുക്കളൊന്നുപോലും ദൈവത്തിന്റെ ത്രാസ്സിൽ തൂക്കപ്പെടുകയില്ല. പരലോകത്ത് കൊണ്ടുചെന്ന് അർഹമായ പ്രതിഫലം വാങ്ങണമെങ്കിൽ ദൈവപ്രീതിക്കുവേണ്ടിയും ദൈവികനിയമങ്ങൾക്ക് വിധേയമായും പരലോകഫലം ലക്ഷ്യമാക്കിയും ചെയ്തിട്ടുള്ള കാര്യങ്ങളായിരിക്കണം. ഒരുവന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇഹലോകത്തിൽ പരിമിതമെങ്കിൽ, അവൻ ഫലസിദ്ധി കാംക്ഷിക്കുന്നതും ഇഹലോകത്ത് മാത്രമാണെങ്കിൽ, ഫലങ്ങൾ ഇഹലോകത്ത് കണ്ടുകഴിഞ്ഞെന്നിരിക്കെ, അവന്റെ എല്ലാ കർമ്മങ്ങളും നശ്വരലോകത്തോടോപ്പം നശിച്ചുകഴിഞ്ഞതുതന്നെ.

---

106. അതാണ് അവർക്കുള്ള പ്രതിഫലം, നരകം; അവിശ്വസിക്കുകയും എന്റെ ദൃഷ്ടാന്തങ്ങളെയും എന്റെ ദൂതന്മാരെയും പരിഹാസ്യമാക്കുകയും ചെയ്തതിനുള്ള (ശിക്ഷ).

107. തീർച്ചയായും വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് സൽക്കാരവിഭവമായി സ്വർഗീയാരാമങ്ങളുണ്ടായിരിക്കും.

108. അവരവിടെ നിത്യവാസികളായിരിക്കും. അവിടെനിന്ന് മാറിപ്പോകാൻ അശേഷം അവരാഗ്രഹിക്കുകയില്ല.

109. പറയുക;സമുദ്രം എന്റെ രക്ഷിതാവിന്റെ വചനങ്ങൾ എഴുതുന്നതിനുള്ള മഷിയായിരുന്നെങ്കിൽ, എന്റെ രക്ഷിതാവിന്റെ വചനങ്ങൾ തീരുംമുമ്പെ അത് തീർന്നുപോകുമായിരുന്നു. അത്രയും കൂടി സമുദ്രജലം നാം സഹായത്തിനായി വേറെ കൊണ്ടുവന്നാലും ശരി.

110. (നബിയെ) പറയുക: തീർച്ചയായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നുവെന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെടുന്നു. അതിനാൽ ആരെങ്കിലും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽക്കർമങ്ങൾ ചെയ്തുകൊള്ളട്ടെ. ആരാധനയിൽ ആരെയും തന്റെ രക്ഷിതാവിന്റെ പങ്കാളിയാക്കാതിരിക്കുകയും ചെയ്യട്ടെ.

---

*****

## അധ്യായം 19

# മർയം

### അവതരണം മക്കയിൽ, വചനങ്ങൾ 98

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. കാഫ്-ഹാ-യാ-അയ്ൻ-സ്വാദ്

2. നിൻെറ നാഥൻ തൻെറ ദാസൻ സകരിയ്യക്ക് ചെയ്ത കാരുണ്യത്തിൻെറ അനുസ്മരണമത്രെ ഇത്.

2. ഹാറൂൻ നബിയുടെ വംശപരമ്പരയിൽ പെട്ടയാളാണ് സകരിയ്യ നബി.

3. അദ്ദേഹം തൻെറ രക്ഷിതാവിനെ പതുക്കെ വിളിച്ച സന്ദർഭം.

4. അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, എൻെറ എല്ലുകൾ ദുർബലമായിരിക്കുന്നു. തല യാകട്ടെ നരച്ചു തിളങ്ങുന്നതായിരിക്കുന്നു. എൻെറ നാഥാ ഞാൻ ഒരിക്കലും നിന്നോട് പ്രാർത്ഥിച്ചിട്ട് പരാജിതനായിട്ടില്ല.

5. എനിക്കു പുറകെ വരാനുള്ള ബന്ധുജനങ്ങളെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു. എൻെറ ഭാര്യയാകട്ടെ വന്ധ്യയുമാണ്.അതിനാൽ നിൻെറ പക്കൽനിന്ന് എനിക്കൊരു പിൻഗാമിയെ പ്രദാനംചെയ്യേണമേ!

6. അവൻ എൻെറ അനന്തരാവകാശിയാകണം. യഅ്ഖൂബ് കുടുംബത്തിൻെറ അനന്തരാവകാശി യും. എൻെറ നാഥാ! നീ അവനെ തൃപ്തിഭാജനമാക്കുകയും ചെയ്യേണമേ.

7. അല്ലയോ, സകരിയ്യ! തീർച്ചയായും ഒരാൺകുട്ടിയെക്കുറിച്ച് നിന്നെ നാം സന്തോഷവാർത്ത അറിയിക്കുന്നു. അവൻെറ പേർ യഹ്‌യാ എന്നായിരിക്കും. ഇതിനു മുമ്പ് നാം ആരേയും അവൻെറ പേരുള്ളവരാക്കിയിട്ടില്ല.

8. അദ്ദേഹം പറഞ്ഞു: എൻെറ നാഥാ! എനിക്കെങ്ങനെയാണ് പുത്രനുണ്ടാവുക. എൻെറ ഭാര്യ വന്ധ്യയാണ്. ഞാനാണെങ്കിൽ വാർദ്ധക്യത്താൽ പരിശുഷ്കനുമായിക്കഴിഞ്ഞു.

9. അവൻ(അല്ലാഹു) പറഞ്ഞു:അപ്രകാരമാകുന്നു(സംഭവിക്കുകതന്നെ ചെയ്യും).നിൻെറ നാഥൻ പറയുന്നു: എനിക്ക് അത് നിസ്സാരമാണ്. നേരത്തെ നീ ഒന്നും അല്ലാതിരിക്കെ, ഇതിനു മുമ്പ് നിന്നെ നാം സൃഷ്ടിച്ചിട്ടുള്ളതാണല്ലോ.

10. (സകരിയ്യ) പറഞ്ഞു: എൻെറ നാഥാ! നീ എനിക്കൊരു അടയാളം കല്പിച്ചുതന്നാലും. (അല്ലാഹു) പറഞ്ഞു: നിനക്കുള്ള അടയാളം, തുടർച്ചയായി മൂന്നു രാത്രികൾ ജനങ്ങളോട് സംസാരിക്കാൻ സാധിക്കാതിരിക്കുക എന്നതാണ്.

11. അങ്ങനെ അദ്ദേഹം പ്രാർഥനാമണ്ഡപത്തിൽ നിന്നിറങ്ങി തൻെറ ജനത്തിൻെറ അടുത്തേക്ക് പോയി. എന്നിട്ട് അദ്ദേഹം ആംഗ്യത്തിലൂടെ നിർദേശിച്ചു: രാവിലെയും വൈകുന്നേരവും അല്ലാഹുവിൻെറ വിശുദ്ധിയെ വാഴ്ത്തുവിൻ!

12. അല്ലയോ, യഹ്‌യാ! വേദഗ്രന്ഥത്തെ മുറുകെപ്പിടിച്ചുകൊള്ളുക (എന്ന് നാം കൽപിച്ചു). ശൈശവത്തിൽതന്നെ നാം അവന്ന് ജ്ഞാനം നൽകുകയും ചെയ്തു.

12. അദ്ദേഹത്തോട് തൗറാത്ത് മുറുകെപ്പിടിച്ച് നിലകൊള്ളുവാനും, ഇസ്രായീല്യരെ അതിൽ നിലനിറു ത്താൻ പ്രയത്നിക്കുവാനും ചുമതലപ്പെടുത്തി.
അദ്ദേഹത്തെപ്പറ്റി മാർക്കോസ് 1:3-6 -ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'കർത്താവിൻെറ വഴി ഒരുക്കുവിൻ അവൻെറ പാത നിരപ്പാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവൻെറ വാക്കു'

എന്നിങ്ങനെയുള്ള യെശെയ്യാ പ്രവാചകൻെറ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ യോഹന്നാൻ (യഹ്‌യാ) വന്നു മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിന്നായുള്ള മാനസാന്തര സ്നാനം കഴിപ്പിച്ചും പ്രസംഗിച്ചും കൊണ്ടിരുന്നു. അവൻെറ അടുക്കൽ യെഹൂദ്യദേശം ഒക്കെയും യെരുശലേമ്യർ എല്ലാവരും വന്നു പാപങ്ങളെ ഏറ്റുപറഞ്ഞു. യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം കഴിഞ്ഞു.
ഇക്കാരണത്താൽ അദ്ദേഹം സ്നാപക യോഹന്നാൻ (John the Baptist) എന്ന പേരിൽ പ്രസിദ്ധനായി.
അന്നത്തെ യഹൂദിയാ രാജാവ് ഹെരോദേസ് തൻെറ സഹോദരൻെറ ഭാര്യയായ ഹെരോദിയായെ സ്വന്തം വീട്ടിൽ താമസിപ്പിച്ചിരുന്നു. രാജാവിൻെറ ഈ ദുർവൃത്തിക്കെതിരിൽ യഹ്‌യാനബി ശബ്ദമുയർത്തുകയും അതുകാരണം ഹെരോദേസ് അദ്ദേഹത്തെ പിടിച്ചു ജയിലിലടക്കുകയും ചെയ്തു. മത്തായി 14:5-11-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. അവനെ കൊല്ലുവാൻ മനസ്സുണ്ടായിട്ടും പുരുഷാരം അവനെ പ്രവാചകൻ എന്നു എണ്ണുകയാൽ അവരെ ഭയപ്പെട്ടു. എന്നാൽ ഹെരോദാവിൻെറ ജനനദിവസം ആയപ്പോൾ ഹെരോദ്യയുടെ മകൾ സഭാമദ്ധ്യേ നൃത്തം ചെയ്തു. ഹെരോദാവിനെ പ്രസാദിപ്പിച്ചു. അതുകൊണ്ട് എന്തു ചോദിച്ചാലും അവൾക്കു കൊടുക്കും എന്ന് അവൻ സത്യം ചെയ്തു വാക്കു കൊടുത്തു. അവൾ അമ്മയുടെ ഉപദേശപ്രകാരം: യോഹന്നാൻ സ്നാപകൻെറ തല ഒരു താലത്തിൽ തരേണം എന്നു പറഞ്ഞു. രാജാവു ദുഃഖിച്ചു. എങ്കിലും ചെയ്ത സത്യത്തെയും വിരുന്നുകാരെയും വിചാരിച്ചു അതു കൊടുപ്പാൻ കല്പിച്ചു.ആളയച്ചു തടവിൽ യോഹന്നാനെ ശിരഃഛേദം ചെയ്യിച്ചു. അവൻെറ തല ഒരു താലത്തിൽ കൊണ്ടുവന്നു ബാലെക്കു കൊടുത്തു.

---

13. നമ്മുടെ പക്കൽനിന്നുള്ള ദയാവായ്പും പരിശുദ്ധിയും(പ്രദാനം ചെയ്തു.)അദ്ദേഹം സൂക്ഷ്മതയുള്ളവനായിരുന്നു.
14. തൻെറ മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനും. അദ്ദേഹം അഹംഭാവിയോ അനുസരണമില്ലാത്തവനോ ആയിരുന്നില്ല.
15. അവൻ ജനിച്ച ദിവസവും,അവൻ മരിക്കുന്ന ദിവസവും, ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും അവൻെറ മേൽ സമാധാനം.
16. വേദഗ്രന്ഥത്തിൽ മർയമിനെ നീ അനുസ്മരിക്കുക. അവൾ തൻെറ സ്വന്തക്കാരിൽനിന്നകന്ന് കിഴക്കൊരിടത്ത് കഴിഞ്ഞു കൂടിയ സന്ദർഭം.
17. അവൾ ഒരുവിരിയിട്ട് അവരിൽനിന്ന് മറഞ്ഞിരിക്കുകയായിരുന്നു.അപ്പോൾ നാം നമ്മുടെ റൂഹിനെ (ജിബ്രീൽ എന്ന മാലാഖയെ)അവളുടെ അടുത്തേക്കയച്ചു.അങ്ങനെ അദ്ദേഹം അവളുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷമായി.
18. അവൾ പറഞ്ഞു: നിന്നിൽനിന്ന് ഞാൻ തീർച്ചയായും പരമകാരുണികനായ (അല്ലാഹുവിൽ)അഭയം തേടുന്നു. നീ ദൈവഭയമുള്ളവനാണെങ്കിൽ (അകന്നുപോവുക)
19. (ജിബ്‌രീൽ) പറഞ്ഞു: നിനക്ക് പരിശുദ്ധനായ ഒരു പുത്രനെ പ്രദാനം ചെയ്യാൻ നിൻെറ നാഥൻ നിയോഗിച്ച ദൂതൻ മാത്രമാണ് ഞാൻ.
20. അവൾ (മർയം) പറഞ്ഞു: എനിക്ക് പുത്രനുണ്ടാകുന്നതെങ്ങനെ? ഒരു പുരുഷനും എന്നെ സ്പർശിച്ചിട്ടില്ല. ഞാൻ ദുർനടപ്പുകാരിയുമല്ല.
21. (ജിബ്‌രീൽ) പറഞ്ഞു: അപ്രകാരം (ആയിരിക്കും അത്). നിൻെറ നാഥൻ പറയുന്നു: നമുക്കത് വളരെ നിസ്സാരമായ കാര്യമാണ്. അവനെ (ആ കുട്ടിയെ) ജനങ്ങൾക്കൊരു ദൃഷ്ടാന്തവും നമ്മിൽ നിന്നുള്ള കാരുണ്യവും ആക്കുന്നതിനുവേണ്ടി. അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു.
22. അങ്ങനെ അവൾ അവനെ ഗർഭം ധരിച്ചു. എന്നിട്ട് അതുമായി അവൾ അകലെയുള്ള ഒരു സ്ഥലത്ത് മാറിത്താമസിച്ചു.

---

22. ഇസ്രായീല്യരിലെ വിശുദ്ധ വംശമായ ഹാറൂൻ കുലത്തിൽ പിറന്ന മർയമിനെ അവരുടെ മാതാവിൻെറ നേർച്ചയനുസരിച്ച് ബൈതുൽ മഖ്ദിസിൽ ആരാധനക്കിരുത്തിയതായിരുന്നു. വിശുദ്ധദേവാലയ

ത്തിൽ ദൈവാരാധനക്കായി ഉഴിഞ്ഞുവെക്കപ്പെട്ട മർയം പെട്ടെന്ന് ഗർഭിണിയായ സാഹചര്യത്തിൽ അവൾ ഭജനമന്ദിരത്തിൽതന്നെ താമസിക്കുകയും അവളുടെ ഗർഭം ആളുകൾക്ക് പ്രത്യക്ഷപ്പെടുകയും ചെയ്താൽ അത് അവൾക്കും മറ്റുള്ളവർക്കും പ്രയാസങ്ങളുണ്ടാക്കുമായിരുന്നതിനാലാണ് അവർ ഭജനഗൃഹം വിട്ട് 'അകലെയുള്ള സ്ഥലം' (ബത്‌ലഹേമിലെക്ക്) മാറിത്താമസിച്ചത്.

---

23. അങ്ങനെ പ്രസവവേദന അവളെ ഒരു ഈന്തപ്പനയുടെ അടുത്തേക്ക് കൊണ്ടുവന്നു. അവൾ പറഞ്ഞു: ഹാ കഷ്ടം! ഇതിനു മുമ്പേ തന്നെ ഞാൻ മരിച്ചിരുന്നെങ്കിൽ! തീരെ വിസ്മരിക്കപ്പെട്ട ഒന്നായി ഞാൻ തീരുകയും ചെയ്തെങ്കിൽ!

24. അപ്പോൾ അവളുടെ താഴ്ഭാഗത്തുനിന്ന് അവളോട് വിളിച്ചു പറഞ്ഞു: നീ വ്യസനിക്കാതിരിക്കുക. നിൻെറ നാഥൻ നിൻെറ താഴ്ഭാഗത്ത് ഒരു അരുവി ഉണ്ടാക്കിയിട്ടുണ്ട്.

25. നീ ആ ഈന്തപ്പനയുടെ തടി നിൻെറ അടുക്കലേക്ക് പിടിച്ചു കുലുക്കുക. അത് നിനക്ക് പുതിയ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്.

26. അങ്ങനെ നീ തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്യുക. പിന്നെ വല്ല മനുഷ്യരേയും നീ കാണുകയാണെങ്കിൽ, അവരോട് പറഞ്ഞേക്കുക: ഞാൻ പരമകാരുണികനുവേണ്ടി വ്രതം നേർന്നിരിക്കുകയാണ്. അതിനാൽ ഞാൻ ഇന്ന് ആരോടും സംസാരിക്കുന്നതല്ല.

27. അങ്ങനെ അവനെയുമെടുത്ത് (കുഞ്ഞിനെ) അവൾ തൻെറ ജനത്തിലേക്കു ചെന്നു. അവർ പറഞ്ഞുതുടങ്ങി: മർയമേ, നീ മഹാപാപം ചെയ്തുകളഞ്ഞല്ലോ.

28. അല്ലയോ ഹാറൂൻെറ സോദരീ, നിൻെറ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിൻെറ മാതാവ് ദുർന്നടത്തക്കാരിയുമായിരുന്നില്ല.

29. അപ്പോൾ അവൾ തൻെറ (ശിശു)വിനു നേരേ ചൂണ്ടി. അവർ ചോദിച്ചു: തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവിനോട് ഞങ്ങൾ സംസാരിക്കുന്നതെങ്ങനെ?

30. അവൻ(ശിശു) പറഞ്ഞു: ഞാൻ അല്ലാഹുവിൻെറ ദാസനാകുന്നു. എനിക്കവൻ വേദഗ്രന്ഥം നൽകുകയും എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.

31. ഞാൻ എവിടെയായിരുന്നാലും അവൻ എന്നെ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കാനും സകാത്ത് നൽകാനും അവനെന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു.

32. (അവൻ എന്നെ) എൻെറ മാതാവിനോട് നന്നായി വർത്തിക്കുന്നവനും (ആക്കിയിരിക്കുന്നു.) അവൻ എന്നെ അഹംഭാവിയും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല.

33. ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എനിക്ക് സമാധാനം.

34. ഇതാകുന്നു മർയമിൻെറ പുത്രൻ ഈസാ. അവർ ഏതൊരു വിഷയത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള സത്യപ്രസ്താവന.

35. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിൻെറ സ്വഭാവമേയല്ല. അവൻ എത്ര പരിശുദ്ധൻ!. അവൻ ഒരു കാര്യം തീരുമാനിച്ചാൽ, 'അത് ഭവിക്കട്ടെ' എന്നു പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് സംഭവിക്കുന്നു.

---

35. ഈസാ(അ)(യേശു)ദൈവപുത്രനാണ് എന്ന വിശ്വാസം മിഥ്യയാണെന്ന് ഖുർആൻ ഇവിടെ വ്യക്തമാക്കുന്നു. അദ്ദേഹം ആഹാരം കഴിക്കുകയും, ഉറങ്ങുകയും, ചൂടും തണുപ്പും അനുഭവിക്കുകയും, പിശാചുമുഖേനയുള്ള പരീക്ഷണത്തിനുപോലും വിധേയനാകുകയും ചെയ്തിരുന്നു. ''യേശുക്രിസ്തു'' തന്നെ ഒരു മനുഷ്യപുത്രനായിട്ടാണ് അവതരിപ്പിച്ചതെന്നുള്ള വസ്തുത സുവിശേഷങ്ങളുടെ ധാരാളം വാചകങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ട്. ("Jesus speaks of himself as the son of man,.." Introduction to 'The Gospel

according to MARK'- Good news Bible, Catholic Edition). ഒരു സ്ത്രീയുടെ ഗർഭാശയത്തിൽനിന്ന് പുറത്തുവന്ന, നീണ്ട ഒരു വംശപരമ്പരയുള്ള, മനുഷ്യശരീരാകൃതിയോടുകൂടിയ, മാനുഷികമായ പരിധികൾകൊണ്ട് പരിമിതനും ഉപാധികൾകൊണ്ട് നിബദ്ധനുമായ, മനുഷ്യസവിശേഷതകളെല്ലാം ഉൾക്കൊള്ളുന്ന മസീഹ് (മിശിഹായുടെ അറബിരൂപമാണ് മസീഹ്) ദൈവമാവാൻ തരമില്ലെന്നുള്ളത് എത്രയും വ്യക്തമായ ഒരു വസ്തുതയാണ്. അങ്ങനെയുള്ള യേശു ദൈവമാണെന്നോ ദൈവത്വത്തിൽ പങ്കാളിയാണെന്നോ സങ്കൽപിക്കാനൊക്കുമോ? തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ ഒരു മനുഷ്യജീവിതം നയിച്ചതായിക്കാണുന്ന യേശുവിനു ദൈവത്വത്തിൻേറതായ ഗുണങ്ങൾ നൽകി ആരാധിക്കുകയും അതിൽതന്നെ ശഠിച്ചുനിൽക്കുകയും ചെയ്യുന്നത് അത്ഭുതകരം തന്നെ.

---

36. (ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എൻെറയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ ആരാധിക്കുവിൻ. ഇതാണ് നേരായ വഴി.
37. എന്നാൽ അവരിൽപെട്ട കക്ഷികൾ തമ്മിൽ ഭിന്നിച്ചു. അതുകൊണ്ട് സത്യനിഷേധികൾക്ക്, ആ ഗുരുതരമായ നാൾ കണ്ടുമുട്ടുമ്പോൾ മഹാനാശമായിരിക്കും.
38. അവർ നമ്മുടെ അടുത്ത് വരുന്ന ദിവസം അവർക്ക് എന്തൊരു കേൾവിയും കാഴ്ചയുമായിരിക്കും! എന്നാൽ ഇന്ന് ആ ധിക്കാരികൾ വ്യക്തമായ വഴികേടിലാകുന്നു.
39. മനസ്താപത്തിൻേറതായ ആ ദിവസത്തെക്കുറിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുക. കാര്യം (അന്തിമമായി) തീരുമാനിക്കപ്പെടുന്ന (ദിനമാണത്.) അതേക്കുറിച്ച് അവർ അശ്രദ്ധയിലാണ്. അവർ വിശ്വസിക്കുന്നുമില്ല.
40. തീർച്ചയായും ഭൂമിയുടെയും അതിലുള്ളവരുടെയും അനന്തരാവകാശിയാകുന്നത് നാം തന്നെയാണ്. എല്ലാവരും നമ്മിലേക്കുതന്നെ മടക്കപ്പെടുന്നതുമാകുന്നു.
41. ഗ്രന്ഥത്തിൽ ഇബ്രാഹീമിനെ അനുസ്മരിക്കുക. തീർച്ചയായും അദ്ദേഹം സത്യസന്ധനും പ്രവാചകനുമായിരുന്നു.
42. അദ്ദേഹം തൻെറ പിതാവിനോട് പറഞ്ഞ സന്ദർഭം: എൻെറ പിതാവേ, കേൾക്കാനോ കാണാനോ അങ്ങയ്ക്കെന്തെങ്കിലും ഉപകാരം ചെയ്യാനോ കഴിയാത്ത വസ്തുക്കളെ അങ്ങ് എന്തിനാണ് ആരാധിച്ചുകൊണ്ടിരിക്കുന്നത്.
43. എൻെറ പിതാവേ, തീർച്ചയായും അങ്ങയ്ക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിരിക്കുന്നു. അതിനാൽ എന്നെ പിന്തുടരുക. ഞാൻ അങ്ങയ്ക്ക് നേരായ വഴി കാണിച്ചു തരാം.
44. എൻെറ പിതാവേ, അങ്ങ് പിശാചിന് വഴിപ്പെടരുത്. തീർച്ചയായും പിശാച് പരമകാരുണികനെ ധിക്കരിച്ചവനാകുന്നു.
45. എൻെറ പിതാവേ, പരമകാരുണികനിൽ നിന്നുള്ള വല്ല ശിക്ഷയും അങ്ങയെ ഉറപ്പായും പിടികൂടുമെന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങനെ അങ്ങ് പിശാചിൻെറ മിത്രമായിത്തീരും.
46. അയാൾ(പിതാവ്)പറഞ്ഞു: എൻെറ ദൈവങ്ങളെ നീ വെറുക്കുകയാണോ ഹേ! ഇബ്രാഹീം? നീ വിരമിച്ചില്ലെങ്കിൽ,തീർച്ചയായും നിന്നെ ഞാൻ കല്ലെറിയും.ദീർഘകാലത്തേക്ക് എന്നെ വിട്ടു പൊയ്ക്കൊള്ളുക.
47. അദ്ദേഹം (ഇബ്രാഹീം) പറഞ്ഞു: അങ്ങയ്ക്ക് സലാം. അങ്ങയ്ക്കു പൊറുത്തുതരാൻ ഞാൻ എൻെറ രക്ഷിതാവിനോട് പ്രാർത്ഥിക്കാം. തീർച്ചയായും അവനെന്നോട് ഏറെ ഔദാര്യമുള്ളവനാകുന്നു.
48. നിങ്ങളെയും അല്ലാഹുവെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെയും ഞാൻ വെടിയുന്നു. ഞാൻ എൻെറ നാഥനോടു മാത്രം പ്രാർത്ഥിക്കുന്നു. എൻെറ രക്ഷിതാവിനോടുള്ള പ്രാർത്ഥനയിൽ ഞാൻ അനുഗ്രഹം കെട്ടവൻ ആകാതിരുന്നേക്കാം.

49. അങ്ങനെ അദ്ദേഹം അവരെയും അല്ലാഹു അല്ലാത്ത അവരുടെ ആരാധ്യരെയും വെടിഞ്ഞു പോയപ്പോൾ അദ്ദേഹത്തിനു നാം ഇസ്ഹാഖിനെയും(പുത്രൻ),യഅ്ഖൂബിനെയും(പൗത്രൻ) നൽകി. അവരെയെല്ലാം പ്രവാചകന്മാരാക്കുകയും ചെയ്തു.
50. അവർക്കു നമ്മുടെ അനുഗ്രഹം പ്രദാനം ചെയ്തു. അവർക്ക് ഉയർന്ന സൽക്കീർത്തിയരുളുകയും ചെയ്തു.
51. വേദഗ്രന്ഥത്തിൽ മൂസായെ നീ അനുസ്മരിക്കുക. നിശ്ചയമായും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നു. ദൂതനും പ്രവാചകനുമായിരുന്നു.
52. നാം അദ്ദേഹത്തെ ത്വൂർ പർവതത്തിന്റെ വലതുവശത്തുനിന്ന് വിളിക്കുകയും രഹസ്യസംഭാഷണത്തിനായി നാം അദ്ദേഹത്തിന് നാം സാമീപ്യം നൽകുകയും ചെയ്തു.
53. നമ്മുടെ കാരുണ്യത്താൽ, അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂനിനെയും നാം പ്രവാചകനാക്കി അദ്ദേഹത്തിനു (സഹായിയായി) നൽകി.
54. വേഹഗ്രന്ഥത്തിൽ ഇസ്മാഈലിനെ നീ അനുസ്മരിക്കുക. തീർച്ചയായും അദ്ദേഹം വാഗ്ദാനം പാലിക്കുന്നവനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു.
55. തന്റെ ആളുകളോട് നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അദ്ദേഹം കൽപിക്കുമായിരുന്നു. അദ്ദേഹം തന്റെ നാഥന് ഏറെ പ്രിയപ്പെട്ടവനായിരുന്നു.
56. വേദഗ്രന്ഥത്തിൽ നീ ഇദ്രീസിനെയും അനുസ്മരിക്കുക. നിശ്ചയമായും അദ്ദേഹം സത്യസന്ധനും പ്രവാചകനുമായിരുന്നു.

---

56. പ്രവാചകൻ ഇദ്രീസ്(അ), ബൈബിളിൽ ഹനോക്ക്(Enoch) എന്ന് വിളിക്കപ്പെടുന്ന ആൾ ആയിരിക്കാമെന്നാണ് ഖുർആൻ വ്യാഖ്യാതാക്കളുടെ പൊതുവായ അഭിപ്രായം. അദ്ദേഹം നൂഹ് നബിക്കും മുമ്പ് കഴിഞ്ഞു പോയ പ്രവാചകനായിരിക്കാമെന്നും ആദമിന്റെ പുത്രന്മാരിൽപ്പെട്ട ആളായിരിക്കാമെന്നും അഭിപ്രായമുണ്ട്.

---

57. സമുന്നതമായ ഒരു സ്ഥാനത്തേക്ക് അദ്ദേഹത്തെ നാം ഉയർത്തി.
58. ഇവരത്രെ അല്ലാഹു അനുഗ്രഹിച്ച പ്രവാചകന്മാർ. ആദം സന്തതികളിൽ പെട്ടവർ. നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരുടെയും, ഇബ്രാഹീമിന്റെയും ഇസ്രായീലിന്റെയും സന്തതികളിൽ പെട്ടവരുമത്രെ അവർ. നാം നേർവഴിയിൽ നയിക്കുകയും പ്രത്യേകം തെരഞ്ഞെടുക്കകയും ചെയ്തവരിൽ പെട്ടവരും. പരമകാരുണികന്റെ വചനങ്ങൾ വായിച്ചുകേൾക്കുമ്പോൾ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും കണ്ണീരൊഴുക്കിക്കൊണ്ടും അവർ താണുവീഴുകയായി.
59. എന്നാൽ അവർക്കുശേഷം ഒരു പിൻതലമുറ തുടർന്നുവന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തങ്ങളുടെ ദുർവൃത്തികളുടെ ഫലം അവർ ഉടനെ കണ്ടുമുട്ടും.

---

59. മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരുടെ സമുദായങ്ങളുടെയെല്ലാം മാർഗഭ്രംശത്തിന്റെ ആദ്യകാരണം നമസ്കാരം പാഴാക്കലിൽനിന്നായിരുന്നു.സത്യവിശ്വാസിയുടെ ജീവിതത്തെയും കർമ്മത്തെയും രാവും പകലും അല്ലാഹുവുമായി ബന്ധിപ്പിച്ചുനിർത്തുകയും അവനെ ദൈവഭക്തിയുടെ കേന്ദ്രത്തിൽനിന്നകന്നു പോകാതെ നോക്കുകയും ചെയ്യുന്ന ഒന്നാമത്തെ പാശമാണത്. നമസ്കാരത്തോട് അശ്രദ്ധയും അലംഭാവവും കാണിക്കാൻ തുടങ്ങുന്ന ഏതൊരു സമുദായത്തിന്റെയും അധഃപതനത്തിന്റെ ആദ്യത്തെ ചുവടാണത്.

---

60. പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ.(അവർ ഇതിൽനിന്ന് ഒഴിവാകുന്നു). അവർ സ്വർഗീയാരാമങ്ങളിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒട്ടും അനീതിയുണ്ടായിരിക്കുന്നതല്ല.
61. അവർക്കായി പരമകാരുണികൻ തൻെറ ദാസന്മാർക്ക് അദൃശ്യമായി വാഗ്ദാനം ചെയ്ത സ്ഥിരവാസത്തിനുള്ള സ്വർഗീയാരാമങ്ങളുണ്ട്. തീർച്ചയായും അവൻെറ വാഗ്ദാനം നടപ്പാകുകതന്നെ ചെയ്യും.
62. അവർ അവിടെ ഒരനാവശ്യവും കേൾക്കുകയില്ല,''സലാം'' എന്നതല്ലാതെ.തങ്ങളുടെ ആഹാരവിഭവങ്ങൾ രാവിലെയും വൈകുന്നേരവും അവർക്കവിടെ കിട്ടിക്കൊണ്ടിരിക്കും.
63. നമ്മുടെ ദാസന്മാരിൽ നിന്നുള്ള ഭക്തന്മാരായിരുന്നവർക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുന്ന സ്വർഗമത്രെ അത്.
64. (മലക്ക് ജിബ്‌രീൽ പ്രവാചകനോട് പറഞ്ഞു:) താങ്കളുടെ രക്ഷിതാവിൻെറ കൽപനയില്ലാതെ നാം ഇറങ്ങിവരുന്നതല്ല. നമ്മുടെ മുമ്പിലുള്ളതും നമ്മുടെ പിന്നിലുള്ളതും അവയ്ക്കിടയിലുമുള്ളതെല്ലാം അവൻേറതാണ്. തങ്ങളുടെ രക്ഷിതാവ് ഒന്നും മറക്കുന്നവനല്ല.
65. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളവയുടെയും രക്ഷിതാവത്രെ അവൻ. അതുകൊണ്ട് അവനെ നിങ്ങൾ ആരാധിക്കുവിൻ! അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചു നിൽക്കുകയും ചെയ്യുക. അവനോട് പേരൊത്ത ആരെയെങ്കിലും(സമാനമായി മറ്റു വല്ല അസ്തിത്വവും) നിനക്കറിയാമോ?
66. മനുഷ്യൻ പറയുന്നു: ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നെ വീണ്ടും എന്നെ ജീവനോടെ പുറത്തുകൊണ്ടുവരുമെന്നോ?
67. അവൻ ഒന്നുംതന്നെ ആയിരുന്നില്ലാത്ത അവസ്ഥയിൽ, മുമ്പ് നാം അവനെ സൃഷ്ടിച്ചുവെന്ന് മനുഷ്യൻ ഓർക്കുന്നില്ലേ?
68. നിൻെറ നാഥൻ തന്നെയാണ് സത്യം! തീർച്ചയായും അവരെയും, പിശാചുക്കളെയും നാം ഒരുമിച്ചുകൂട്ടും. പിന്നെ അവരെ മുട്ടുകുത്തിയവരായി നരകത്തിനു ചുറ്റും കൊണ്ടുവരും.
69. പിന്നീട് ഓരോ കക്ഷിയിൽനിന്നും പരമകാരുണികനോട് ഏറ്റം കൂടുതൽ ധിക്കാരം കാണിച്ചവരെ നാം വേർതിരിച്ചെടുക്കും.
70. പിന്നീട് അതിൽ (നരകത്തിൽ)കിടന്ന് എരിയുവാൻ ഏറ്റവും അർഹർ ആരെന്ന് നമുക്ക് നന്നായി അറിയാം.
71. അതിനടുത്ത്(നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളിൽ ആരുമില്ല.നിൻെറ രക്ഷിതാവിൻെറ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു കാര്യമാകുന്നു അത്.
72. പിന്നീട്(ഐഹികജീവിതത്തിൽ)ദൈവഭക്തരായിരുന്നവരെ നാം രക്ഷപ്പെടുത്തുകയും ധിക്കാരികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്.
73. സുവ്യക്തങ്ങളായ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കുമ്പോൾ, വിശ്വാസികളോട് സത്യനിഷേധികൾ പറയുന്നു: ഈ രണ്ട് വിഭാഗത്തിൽ ഉയർന്ന പദവിയിലുള്ളവരും ഏറ്റവും മെച്ചപ്പെട്ട സംഘമുള്ളവരും ആരാണ്?
74. അവർക്കു മുമ്പ് എത്ര തലമുറകളെയാണ് നാം നശിപ്പിച്ചുകഴിഞ്ഞിട്ടുള്ളത്. അവർ സാധന സാമഗ്രികളിലും ബാഹ്യ മോടിയിലും കൂടുതൽ മെച്ചപ്പെട്ടവരായിരുന്നു.
75. (നബിയെ) പറയുക: ദുർമാഗത്തിലകപ്പെടുന്നവർക്ക് പരമകാരുണികൻ അവധി നീട്ടിക്കൊടുക്കുന്നതാണ്.അങ്ങനെ അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നത്-അത് ദൈവികശിക്ഷയാവട്ടെ,പുനരുത്ഥാനനിമിഷമാവട്ടെ-നേരിൽ കാണുമ്പോൾ അവർ അതറിയുകതന്നെ ചെയ്യും;

ആരാണ് കൂടുതൽ മോശമായ സ്ഥാനമുള്ളവരെന്നും ആരുടെ പടയാണ് കൂടുതൽ ദുർബ ലമെന്നും!

76. നേർവഴി സ്വീകരിച്ചവർക്ക് അല്ലാഹു സന്മാർഗനിഷ്ഠ വർധിപ്പിച്ചുകൊടുക്കുന്നതാണ്. നിലനിൽക്കുന്ന സുകൃതങ്ങളാകുന്നു നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പരിണാമമുള്ളതും.

77. എന്നാൽ നമ്മുടെ വചനങ്ങളെ നിഷേധിക്കുകയും,'എനിക്കു സമ്പത്തും സന്താനവും നൽ കപ്പെടും' എന്ന് പറയുകയും ചെയ്യുന്നവനെ നീ കണ്ടുവോ?

78. അദൃശ്യം അവൻ അറിഞ്ഞുവോ? അല്ലെങ്കിൽ പരമകാരുണികനിൽനിന്ന് വല്ല കരാറും അ വൻ വാങ്ങിയിട്ടുണ്ടോ?

79. ഒരിക്കലുമില്ല. അവൻ പറയുന്നതൊക്കെ നാം രേഖപ്പെടുത്തുന്നുണ്ട്. അവനു നാം ശിക്ഷ കൂട്ടിക്കൂട്ടി കൊടുക്കുകയും ചെയ്യും.

80. അവൻ പറയുന്ന (സമ്പത്തും സന്താനവും) നാം അനന്തരാവകാശമെടുക്കും. പിന്നെ അവൻ ഏകനായിക്കൊണ്ട് നമ്മുടെ അടുത്ത് വരികയും ചെയ്യും.

81. അവർ അല്ലാഹുവിനു പുറമെ നിരവധി ദൈവങ്ങളെ സ്വീകരിച്ചിരിക്കുകയാണ്. അവ തങ്ങൾക്കു പിൻബലമാകുന്നതിനുവേണ്ടി.

82. ഒരിക്കലുമില്ല! ഇവരുടെ ആരാധനയെ അവർ നിഷേധിക്കുകയും, അവർ ഇവർക്ക് എതി രായിത്തീരുകയും ചെയ്യുന്നതാണ്.

83. നാം സത്യനിഷേധികളുടെ മേൽ പിശാചുക്കളെ വിട്ടയച്ചിട്ടുള്ളത് നീ കണ്ടില്ലയോ? ആ (പിശാചുക്കൾ) അവരെ (സത്യവിരോധത്തിൽ) അധികമധികം ഉത്തേജിപ്പിച്ചുകൊണ്ടിരിക്കു കയാണ്.

84. അതിനാൽ അവരുടെ കാര്യത്തിൽ നീ ധൃതി കാണിക്കേണ്ട. നാം അവർക്കായി (നാളുകൾ) എണ്ണിക്കൊണ്ടിരിക്കുകയാണ്.

85. ഭക്തജനങ്ങളെ പരമകാരുണികന്റെ സന്നിധിയിൽ അതിഥികളായി സമ്മേളിപ്പിക്കുന്ന ദിനം!

86. പാപികളെ ദാഹാർത്തരായ നിലയിൽ നരകത്തിലേക്ക് ആട്ടിത്തെളിക്കുകയും (ചെയ്യുന്ന ദിനം!)

87. അന്ന് ആർക്കും ശിപാർശക്കധികാരമുണ്ടായിരിക്കുകയില്ല; പരമകാരുണികനുമായി കരാറു ണ്ടാക്കിയവർക്കൊഴികെ.

88. പരമകാരുണികൻ ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞിരിക്കുന്നു.

89. തീർച്ചയായും ഏറെ ഗുരുതരമായ ഒരു കാര്യമാണ് നിങ്ങൾ ആരോപിച്ചിരിക്കുന്നത്.

90. അത് നിമിത്തം ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നു പോവുകയും മലകൾ തകർന്നു വീഴുകയും ചെയ്യുമാറാകുന്നു.

91. (അതെ,) പരമകാരുണികന് പുത്രനുണ്ടെന്നു വാദിച്ചതുമൂലം!

92. ഒരു പുത്രനെ വരിക്കുകയെന്നത് പരമകാരുണികന് ചേർന്നതേയല്ല.

93. ആകാശങ്ങളിലും ഭൂമിയിലുമുള്ളവരൊക്കെയും പരമകാരുണികന്റെ സമക്ഷത്തിൽ അടിമക ളായി വരേണ്ടവരാകുന്നു.

94. തീർച്ചയായും അവൻ അവരെ തിട്ടപ്പെടുത്തുകയും എണ്ണിക്കണക്കാക്കുകയും ചെയ്തിരിക്കു ന്നു.

95. ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍ എല്ലാവരും ഒറ്റയ്ക്കൊറ്റക്ക് അവന്‍റെ മുമ്പില്‍ ഹാജരാകുന്ന താണ്.
96. തീര്‍ച്ചയായും വിശ്വസിക്കുകയും സല്‍ക്കര്‍മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തവരാരോ പരമ കാരുണികന്‍ അവര്‍ക്ക് സ്നേഹമുണ്ടാക്കിക്കൊടുക്കും.
97. അതുകൊണ്ട് നിന്‍റെ ഭാഷയില്‍ ഈ (ഖുര്‍ആനെ)നാം തീര്‍ച്ചയായും എളുപ്പമാക്കിയിരി ക്കുന്നു, ഭക്തജനങ്ങളെ ഇതുമൂലം നീ സന്തോഷവാര്‍ത്ത അറിയിക്കുന്നതിനും കുതര്‍ക്കിക ളായ ജനത്തെ ഇതുമൂലം നീ താക്കീതുചെയ്യുന്നതിനുംവേണ്ടി.
98. ഇവര്‍ക്ക് മുമ്പ് നാം എത്ര തലമുറകളെ നശിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. അവരില്‍ ഒരുവനെ യെങ്കിലും നീ കാണുന്നുണ്ടോ? അല്ലെങ്കില്‍ അവരുടെ ചെറു ശബ്ദമെങ്കിലും നീ കേള്‍ ക്കുന്നുണ്ടോ?

---

*****

## അധ്യായം 20

# ത്വാഹാ

**അവതരണം മക്കയിൽ, വചനങ്ങൾ 135**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. ത്വാഹാ.
2. നിനക്കു നാം ഖുർആൻ ഇറക്കിത്തന്നത് നീ കഷ്ടപ്പെടാൻ വേണ്ടിയല്ല.
3. ഭയഭക്തിയുള്ളവർക്ക് ഉദ്ബോധനം നൽകാൻ വേണ്ടി മാത്രമാണ്.
4. ഭൂമിയും അത്യുന്നതമായ ആകാശങ്ങളും സൃഷ്ടിച്ചവനിൽനിന്നു അവതീർണമായതത്.
5. പരമകാരുണികൻ (പ്രപഞ്ചത്തിന്റെ)അധികാരപീഠത്തിൽ ആസനസ്ഥനായിരിക്കുന്നു.

5. അല്ലാഹു പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് മാത്രമല്ല അതിന്റെ ഭരണാധിപൻ കൂടിയാണ്. തന്റെ സൃഷ്ടിപ്രപഞ്ചത്തിലെ സർവ്വ വ്യവസ്ഥകളെയും ചലിപ്പിച്ചുകൊണ്ടിരിപ്പിക്കുകയും ചെയ്യുന്നവനാണവൻ.

6. ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അവയ്ക്കിടയിലുമുള്ളതെല്ലാം അവന്റേതാണ്.മണ്ണിനടിയിലുമുള്ളതും.
7. വചനത്തെ നീ ഉറക്കെ ഉച്ചരിക്കുന്നുവെങ്കിലും- എന്നാൽ തീർച്ചയായും അവൻ രഹസ്യത്തെയും ഏറ്റം നിഗൂഢമായതിനെയും അറിയുന്നുണ്ട്.
8. അല്ലാഹു!അവനല്ലാതെ ഒരു ദൈവവുമില്ല. ഏറ്റവും ഉത്തമമായ നാമങ്ങൾ അവനുള്ളതത്രെ.
9. മൂസായുടെ വർത്തമാനം നിനക്ക് വന്നുകിട്ടിയോ?
10. അദ്ദേഹം ഒരു തീ കണ്ട സന്ദർഭം: അപ്പോൾ അദ്ദേഹം തന്റെ കുടുംബത്തോടു പറഞ്ഞു: നിൽക്കുവിൻ! തീർച്ചയായും ഞാൻ ഒരു തീ കാണുന്നുണ്ട്. അതിൽനിന്ന് ഒരു തീക്കൊള്ളി നിങ്ങൾക്കു ഞാൻ കൊണ്ടുവരാം. അല്ലെങ്കിൽ തീയുടെ സമീപത്ത് വല്ല വഴികാട്ടിയെയും ഞാൻ കണ്ടെത്തിയേക്കാം.

10. ഈജിപ്തിൽ വെച്ച് മൂസായുടെ കൈകളാൽ ഒരു ഈജിപ്തുകാരൻ കൊല്ലപ്പെടുകയും, അതു സംബന്ധിച്ച് താൻ പിടികൂടപ്പെടുമെന്ന് ഉറപ്പായപ്പോൾ അദ്ദേഹം ഈജിപ്തിൽനിന്നും പലായനം ചെയ്ത് മദ്യനിൽ അഭയം പ്രാപിക്കുകയും കുറെക്കാലം മദ്യനിൽ പരദേശിയായി താമസിച്ചശേഷം സ്വദേശമായ ഈജിപ്തിലേക്ക് തന്നെ കുടുംബവുമായി മടങ്ങുന്ന വഴിയിൽ സീനാ താഴ്വരയിൽ വെച്ചാണ് തീ കണ്ടത്.

11. അങ്ങനെ അവിടെയെത്തിയപ്പോൾ അദ്ദേഹം ഒരു വിളികേട്ടു: അല്ലയോ മൂസാ,
12. നിശ്ചയം,ഞാനാണ് നിന്റെ രക്ഷിതാവ്. നീ നിന്റെ ചെരിപ്പുകൾ അഴിച്ചുവെക്കുക. നീ വിശുദ്ധമായ ത്വുവാ താഴ്വരയിലാണ്.
13. ഞാൻ നിന്നെ(പ്രവാചകനായി) തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ബോധനമായി കിട്ടുന്നത് ശ്രദ്ധിച്ചു കേൾക്കുക.
14. തീർച്ചയായും ഞാൻ അല്ലാഹുവാകുന്നു. ഞാനല്ലാതെ ദൈവമില്ല. അതിനാൽ എനിക്കു വഴിപ്പെടുക. എന്നെ സ്മരിക്കുന്നതിനുവേണ്ടി നമസ്കാരം നിലനിർത്തുക.
15. തീർച്ചയായും അന്ത്യനാൾ വന്നെത്തുകതന്നെ ചെയ്യും. ഞാൻ അത് മറച്ചുവെക്കാൻ ഉദ്ദേശിക്കുന്നു. ഓരോ ആത്മാവിനും അതിന്റെ അദ്ധ്വാനത്തിന്റെ അനുയോജ്യമായ പ്രതിഫലം ലഭിക്കുന്നതിനു വേണ്ടി.

16. അതിനാൽ അതിൽ വിശ്വസിക്കാതിരിക്കുകയും തന്നിഷ്ടങ്ങളെ പിൻപറ്റുകയും ചെയ്യുന്നവർ നിന്നെ അതിൽ(പുനരുത്ഥാനവേളയെ സംബന്ധിച്ച വിചാരത്തിൽ)നിന്ന് തടയാതിരിക്കട്ടെ. അങ്ങനെയെങ്കിൽ നീ നശിച്ചുപോകും.

---

16. ഓരോ ആത്മാവും പ്രവർത്തിച്ചതിന്റെ പ്രതിഫലം നല്കുവാനായിട്ടാണ് അന്ത്യനാൾ ആഗതമാകുന്നത്. അനന്തര ജീവിതത്തെക്കുറിച്ച് ബോധമുള്ളവർ അന്ത്യദിനത്തെ ഭയപ്പെടുകയും അതവരെ ദുർമ്മാർഗ്ഗത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നു. ഭൗതികസുഖങ്ങളിൽ മുഴുകാൻ ആഗ്രഹിക്കുന്നവനാകട്ടെ അന്ത്യനാൾ അടുത്തായാലും വളരെ അകലെയായാലും അത് ദൃഷ്ടിയിൽ പെടുന്നില്ലല്ലോ എന്ന വിചാരത്തിൽ ആണ്ടുപോകുന്നു.

---

17. (അല്ലാഹു പറഞ്ഞു:)അല്ലയോ മൂസാ, നിന്റെ വലതുകയ്യിലുള്ള ആ വസ്തു എന്താകുന്നു?
18. (മൂസ) പറഞ്ഞു: ഇത്എന്റെ വടിയാണ്. ഞാൻ അതിന്മേൽ ഊന്നിനിൽക്കുകയും,അതുകൊണ്ട് എന്റെ ആടുകൾക്ക് (ഇല) അടിച്ചു വീഴ്ത്തിക്കൊടുക്കുകയും ചെയ്യുന്നു. അതുകൊണ്ട് എനിക്ക് വേറെയും ചില ആവശ്യങ്ങളുണ്ട്.
19. (അല്ലാഹു) പറഞ്ഞു: മൂസാ, നീയതു താഴെ ഇടുക.
20. അദ്ദേഹം അത് താഴെയിട്ടു. അപ്പോഴതാ അത് ഒരിഴയുന്ന സർപ്പമായിത്തീർന്നു.
21. (അല്ലാഹു) പറഞ്ഞു: അതിനെ പിടിച്ചുകൊള്ളുക. ഭയപ്പെടേണ്ട. നാം അതിനെ അതിന്റെ പൂർവസ്ഥിതിയിലേക്കു തന്നെ മടക്കുന്നതാകുന്നു.
22. നിന്റെ കൈ നീ കക്ഷത്തു ചേർത്തുവെക്കുക.അത്വെള്ളയായി പുറത്തുവരും,ദോഷമൊന്നുമില്ലാതെ. അത് മറ്റൊരു ദൃഷ്ടാന്തമാകുന്നു.
23. നമ്മുടെ മഹത്തായ ദൃഷ്ടാന്തങ്ങളിൽപെട്ടത് നിന്നെ കാണിക്കാൻ വേണ്ടിയാണിത്.
24. ഫിർഔന്റെ അടുത്തേക്ക് പോകുക. തീർച്ചയായും അവൻ അതിക്രമിയായിരിക്കുന്നു.
25. (മൂസാ) പറഞ്ഞു: എന്റെ നാഥാ, എന്റെ ഹൃദയത്തെ വിശാലമാക്കിത്തരേണമേ.
26. എന്റെ കാര്യം എനിക്കു നീ എളുപ്പമാക്കിത്തരേണമേ!
27. എന്റെ നാവിന്റെ കുരുക്കഴിച്ചുതരേണമേ!
28. എന്റെ സംസാരം അവർ മനസ്സിലാക്കുന്നതിന്.
29. എന്റെ കുടുംബത്തിൽ നിന്ന് എനിക്കൊരു സഹായിയെ ഏർപ്പെടുത്തിത്തരേണമേ.
30. എന്റെ സഹോദരനായ ഹാറൂനിനെ.
31. അവനിലൂടെ എന്റെ ശക്തി നീ ദൃഢമാക്കുകയും,
32. അവനെ എന്റെ കാര്യത്തിൽ പങ്കാളിയാക്കുകയും ചെയ്യേണമേ.
33. ഞങ്ങൾ നിന്റെ വിശുദ്ധി ധാരാളമായി വാഴ്ത്തുവാനും,
34. നിന്നെ അധികമായി ഞങ്ങൾ സ്മരിക്കുവാനും വേണ്ടി.
35. തീർച്ചയായും നീ ഞങ്ങളെ സദാ കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നവനല്ലോ.
36. (അല്ലാഹു)അരുൾ ചെയ്തു:നീ ചോദിച്ചത് നിനക്ക് നൽകപ്പെട്ടിരിക്കുന്നു,അല്ലയോ മൂസാ!
37. മറ്റൊരിക്കലും നിന്നോട് നാം ഔദാര്യം കാണിച്ചിട്ടുണ്ട്.
38. നിന്റെ മാതാവിന് ബോധനം നൽകപ്പെടേണ്ട കാര്യം ബോധനം നല്കിയപ്പോൾ.
39. നീ അവനെ(ശിശുവിനെ) പെട്ടിയിലടക്കം ചെയ്ത് നദിയിലൊഴുക്കുക. നദി അതിനെ കരയിലിട്ടുകൊള്ളും.(അവിടെനിന്നും)എന്റെ ശത്രുവും അവന്റെ ശത്രുവുമായ ഒരാൾ അവനെ എടുക്കുന്നതാണ്. ഞാൻ എന്നിൽനിന്നുള്ള സ്നേഹം നിന്നിൽ ചൊരിഞ്ഞിരിക്കുന്നു. നീ എന്റെ മേൽനോട്ടത്തിൽ വളർത്തപ്പെടാൻ വേണ്ടി.

---

39. യൂസുഫ്(അ)യുടെ കാലശേഷം ഈജിപ്തിൽ ഒരു അത്യന്തിക ദേശീയ വിപ്ലവമുണ്ടാവുകയും അതിൽ അധികാരം വീണ്ടും പിടിച്ചടക്കിയ ഖിബ്ത്വികൾ(ഈജിപ്തു വംശജർ), ഇസ്രായീല്യരുടെ ശക്തി ക്ഷയിപ്പിക്കുവാൻ അവരെ നിന്ദ്യരും നീചരുമായി ഗണിക്കുക മാത്രമല്ല ഏറ്റം മോശപ്പെട്ട ജോലികൾ അവർക്കുമാത്രം നീക്കിവെക്കുകയും ചെയ്തിരുന്നു. കൂടാതെ, ഇസ്രായീൽ വംശത്തിലെ പുരുഷപ്രജകളെ വധിച്ചുകളയുവാനും സ്ത്രീകളെമാത്രം ജീവിക്കാൻ അനുവദിക്കുവാനും ഫറോവ ചക്രവർത്തി ഉത്തരവിട്ടിരുന്നു. എന്നാൽ ഇസ്രായീൽ വിമോചകനും, അല്ലാഹുവിൻെറ പ്രവാചകനുമായ മൂസാനബി(അ), ശത്രുവിൻെറ കൊട്ടാരത്തിൽ വെച്ചുതന്നെ വളർത്തിയെടുക്കപ്പെടണമെന്നായിരുന്നു അല്ലാഹുവിൻെറ വിധി. അത് നടപ്പിലാക്കാൻ വേണ്ടിയാണ് മൂസാ(അ) ജനിച്ച ഉടനെ ഒരു പെട്ടിയിലാക്കി നൈൽ നദിയിലൊഴുക്കാൻ അദ്ദേഹത്തിൻെറ മാതാവിന് നൽകിയ നിർദ്ദേശം.
മൂസാ(അ)ഇപ്പോൾ ഏൽപിക്കപ്പെട്ടിട്ടുള്ള മഹത്തായ ദൗത്യത്തിൻെറ നിർവ്വഹണത്തിനായി, ജനനം മുതൽ അന്നുവരെ അദ്ദേഹത്തെ അല്ലാഹുവിൻെറ പരിഗണനയിലും മേൽനോട്ടത്തിലും വളർത്തിക്കൊണ്ടുവരികയായിരുന്നുവെന്ന യാഥാർത്ഥ്യം അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു.

---

40. നിൻെറ സഹോദരി നടന്നുപോവുകയും, ഇവനെ(കുഞ്ഞിനെ)പോറ്റാൻ പറ്റുന്ന ഒരാളെപ്പറ്റി ഞാൻ നിങ്ങൾക്കു വിവരം തരട്ടെയോ? എന്ന് പറയുകയുംചെയ്ത സന്ദർഭം ഓർക്കുക.അങ്ങനെ നിന്നെ നാം നിൻെറ മാതാവിൻെറ അടുത്തുതന്നെ തിരിച്ചെത്തിച്ചു. അവളുടെ കണ്ണ് കുളിർക്കുന്നതിനും അവൾ ദുഃഖിക്കാതിരിക്കുന്നതിനും വേണ്ടി. നീ ഒരാളെ വധിക്കുകയുണ്ടായി. അപ്പോൾ ആ ആധിയിൽനിന്നു നാം നിന്നെ മോചിപ്പിച്ചു. പല പരീക്ഷണങ്ങളിലൂടെയും നിന്നെ നാം പരീക്ഷിച്ചു. പിന്നീട് കൊല്ലങ്ങളോളം നീ മദ്‌യൻകാരുടെ കൂടെ താമസിച്ചു. അനന്തരം അല്ലയോ മൂസാ; നീ(എൻെറ) ഒരു നിശ്ചയപ്രകാരം ഇതാ വന്നിരിക്കുന്നു.

41. എനിക്കു (സേവനത്തിനു) വേണ്ടി നിന്നെ ഞാൻ വളർത്തിയെടുത്തിരിക്കുന്നു.

42. എൻെറ ദൃഷ്ടാന്തങ്ങളുമായി നീയും നിൻെറ സഹോദരനും പോവുക. എന്നെ സ്മരിക്കുന്നതിൽ നിങ്ങൾ വീഴ്ച വരുത്തരുത്.

43. നിങ്ങൾ ഇരുവരും ഫിർഔനെൻറ അടുത്തേക്ക് പോവുക. നിശ്ചയമായും അവൻ അതിക്രമി ആയിരിക്കുന്നു.

44. നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. ഒരു പക്ഷേ അവൻ മുന്നറിയിപ്പു കൈക്കൊള്ളുകയോ അല്ലെങ്കിൽ ഭയപ്പെടുകയോ ചെയ്തേക്കാം.

---

44. മനുഷ്യൻ സന്മാർഗ്ഗം പ്രാപിക്കുന്നത് രണ്ടു രൂപങ്ങളിലൂടെയാണ്. ഒന്നുകിൽ സദുപദേശങ്ങൾ സ്വീകരിച്ചും ചിന്തിച്ചും സ്വയം തൃപ്തിപ്പെട്ട് ശരിയായ മാർഗ്ഗം തിരഞ്ഞെടുക്കുക. അല്ലെങ്കിൽ തിന്മയുടെ ദുഷ്ഫലങ്ങളെ ഭയന്ന് നേർമാർഗ്ഗത്തിലേക്ക് വരിക.

---

45. (മൂസായും ഹാറൂനും) പറഞ്ഞു: ഞങ്ങളുടെ നാഥാ! ഞങ്ങളുടെ നേരേ അവൻ അവിവേകമോ അതിക്രമമോ കാണിക്കുമെന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു.

46. (അല്ലാഹു)പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട. തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ കേട്ടുകൊണ്ടും കണ്ടുകൊണ്ടുമിരിക്കുന്നു.

47. അതിനാൽ നിങ്ങളിരുവരും അവൻെറയടുത്ത് ചെന്ന് പറയുക: തീർച്ചയായും ഞങ്ങൾ നിൻെറ രക്ഷിതാവിൻെറ ദൂതന്മാരാണ്.അതിനാൽ ഇസ്രായീൽ സന്തതികളെ ഞങ്ങളുടെ കൂടെ വിട്ടുതരണം. അവരെ പീഡിപ്പിക്കരുത്.നിൻെറ രക്ഷിതാവിങ്കൽനിന്നുള്ള ദൃഷ്ടാന്തങ്ങളുമായാകുന്നു ഞങ്ങൾ നിൻെറയടുത്ത് വന്നിട്ടുള്ളത്. സന്മാർഗം പിന്തുടരുന്നവർക്കാണ് സമാധാനം.

48. നിഷേധിക്കുകയും പിന്തിരിഞ്ഞു പോവുകയും ചെയ്യുന്നവന് ശിക്ഷയുണ്ട്എന്ന് തീർച്ചയായും ഞങ്ങൾക്ക് ദിവ്യബോധനം ലഭിച്ചിരിക്കുന്നു.
49. അവൻ(ഫിർഔൻ) ചോദിച്ചു: അപ്പോൾ നിങ്ങൾ രണ്ടു പേരുടെയും രക്ഷിതാവ് ആരാണ് ഹേ മൂസാ!
50. (മൂസാ) പറഞ്ഞു: എല്ലാ ഓരോ വസ്തുവിനും അതിൻേറതായ സൃഷ്ടി(പ്രകൃതം) നൽകുകയും പിന്നെ അവയ്ക്ക് വഴി കാണിക്കുകയും ചെയ്തവനാണ് ഞങ്ങളുടെ രക്ഷിതാവ്.
51. (ഫിർഔൻ) ചോദിച്ചു: അപ്പോൾ മുൻകഴിഞ്ഞ തലമുറകളുടെ അവസ്ഥയെന്താണ്?
52. (മൂസാ) പറഞ്ഞു: അതേക്കുറിച്ചുള്ള അറിവ് എൻെറ നാഥൻെറ അടുക്കൽ ഒരു ഗ്രന്ഥത്തിൽ ഉണ്ട്. എൻെറ നാഥൻ പിഴക്കുകയില്ല; മറക്കുകയുമില്ല.
53. ഭൂമിയെ നിങ്ങൾക്കു തൊട്ടിലാക്കിത്തന്നവനും അതിൽ നിങ്ങൾക്കായി വഴികളൊരുക്കിത്തന്നവനും ആകാശത്തുനിന്ന് വെള്ളം ഇറക്കിത്തന്നവനുമത്രെ അവൻ. അങ്ങനെ അതുമൂലം വിവിധയിനം സസ്യങ്ങളിലെ ഇണകളെ നാം(അല്ലാഹു) ഉൽപാദിപ്പിക്കുകയും ചെയ്തിരിക്കുന്നു.
54. നിങ്ങൾ ഭക്ഷിക്കുകയും നിങ്ങളുടെ കാലികളെ മേയ്ക്കുകയും ചെയ്തുകൊള്ളുക. തീർച്ചയായും ബുദ്ധിമാന്മാർക്ക് ഇതിൽ ദൃഷ്ടാന്തങ്ങൾ തന്നെയുണ്ട്.
55. ഇതേ(മണ്ണിൽ)നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. ഇതിലേക്കുതന്നെ നാം നിങ്ങളെ തിരിച്ചുകൊണ്ടുപോകും. ഇതിൽനിന്നുതന്നെ നാം നിങ്ങളെ മറ്റൊരിക്കൽ പുറത്തു കൊണ്ടുവരികയും ചെയ്യും.
56. അവന്(ഫിർഔന്) നാം നമ്മുടെ ദൃഷ്ടാന്തങ്ങളൊക്കെയും കാണിച്ചു കൊടുക്കുകതന്നെ ചെയ്തു; എന്നാൽ അവൻ നിഷേധിക്കുകയും നിരസിക്കുകയും ചെയ്തു.
57. അവൻ പറഞ്ഞു: ഓ മൂസാ, നിൻെറ മായാജാലം കൊണ്ട് ഞങ്ങളെ ഞങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കാനാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്?
58. എന്നാൽ ഇതുപോലുള്ള മായാജാലം ഞങ്ങളും നിൻേറയടുത്ത് തീർച്ചയായും കൊണ്ടുവരാം.അതിനാൽ ഞങ്ങൾക്കും നിനക്കുമിടയിൽ ഒരു സമയം നിശ്ചയിക്കുക.നിയോ ഞങ്ങളോ അത് ലംഘിക്കരുത്. (ഇരുകൂട്ടർക്കും സൗകര്യമുള്ള) ഒരു തുറന്ന സ്ഥലത്തായിരിക്കട്ടെ അത്.
59. അദ്ദേഹം(മൂസാ) പറഞ്ഞു: നിങ്ങൾക്കുള്ള സമയം ഉത്സവനാളിൽ ആകുന്നു. അന്ന് പൂർവാഹ്നത്തിൽ ജനം ഒരുമിച്ചുകൂട്ടപ്പെടട്ടെ.
60. അനന്തരം ഫിർഔൻ പിൻവാങ്ങി. തൻെറ തന്ത്രങ്ങളെല്ലാം സംഘടിപ്പിച്ചു. പിന്നീട് അവൻ (നേരിടാൻ) വന്നു.
61. മൂസാ(എതിരാളികളെ സംബോധന ചെയ്തുകൊണ്ട്) പറഞ്ഞു: നിങ്ങൾക്ക് നാശം! നിങ്ങൾ അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമയ്ക്കരുത്. എങ്കിൽ ഒരു ശിക്ഷയാൽ അവൻ നിങ്ങളെ ഉന്മൂലനം ചെയ്തേക്കും. കള്ളം ചമയ്ക്കുന്നവൻ പരാജിതനായതുതന്നെ; തീർച്ച.
62. (ഇത് കേട്ടപ്പോൾ) അവർ തമ്മിൽ അവരുടെ കാര്യത്തിൽ അവർക്കിടയിൽ ഭിന്നിക്കുകയും അവർ രഹസ്യമായി കൂടിയാലോചിക്കാൻ തുടങ്ങുകയും ചെയ്തു.
63. (അതിനുശേഷം) അവർ പറഞ്ഞു: തീർച്ചയായും ഇവർ രണ്ടു പേരും മന്ത്രവാദികൾ തന്നെയാണ്. അവരുടെ മായാജാലം മൂലം നിങ്ങളുടെ രാജ്യത്തുനിന്ന് നിങ്ങളെ പുറത്താക്കുവാനും, നിങ്ങളുടെ ഉൽകൃഷ്ട മാർഗ്ഗത്തെ നശിപ്പിച്ചുകളയാനും അവർ ഉദ്ദേശിക്കുന്നു.

63. മൂസാ വിജയിച്ചാൽ നിങ്ങളുടെ കരങ്ങളിൽനിന്ന് അധികാരം നഷ്ടപ്പെടുകയും നിങ്ങളുടെ മഹത്തായ ജീവിതരീതികൾ നശിക്കുകയും ചെയ്യും. അവൻ നിങ്ങളുടെ സംസ്കാരവും കലകളും സുന്ദരമായ നാഗരികതകളും, വിനോദങ്ങളും സ്ത്രീ സ്വാതന്ത്ര്യവും എന്നുവേണ്ട ജീവിതാനന്ദം നൽകുന്ന എല്ലാം അയാൾ നശിപ്പിക്കും എന്നായിരുന്നു അവരുടെ ഭയം.

---

64. നിങ്ങൾ നിങ്ങളുടെ തന്ത്രങ്ങളൊക്കെയും സംഘടിപ്പിക്കുവിൻ. പിന്നീട് അണിയായി വരുവിൻ. ഏറ്റവും മികച്ചു നിൽക്കുന്നതാരോ, അവൻ തീർച്ചയായും ഇന്ന് വിജയം നേടുകയും ചെയ്യും.

65. (ആഭിചാരകന്മാർ) പറഞ്ഞു: ഹേ;മൂസാ, ഒന്നുകിൽ നീ (വടി) താഴെ ഇടുക. അല്ലെങ്കിൽ ഞങ്ങളാകാം ആദ്യമായി ഇടുന്നവർ.

66. (മൂസാ)പറഞ്ഞു: അല്ല, നിങ്ങൾ ഇടുവിൻ! അപ്പോഴതാ, അവരുടെ കയറുകളും വടികളും അവരുടെ ആഭിചാരപ്രയോഗത്താൽ ഇഴയുന്നതായി മൂസാക്കു തോന്നുകയായി.

67. അപ്പോൾ മൂസാക്ക് തൻെറ മനസ്സിൽ ഭയം തോന്നി.

68. നാം പറഞ്ഞു: ഭയപ്പെടേണ്ട തീർച്ചയായും നീ തന്നെയാണ് അതിജയിക്കുക.

69. നിൻെറ വലതു കൈയിലുള്ള(വടി)താഴെയിടുക.അവർ ഉണ്ടാക്കിയതെല്ലാം അത് വിഴുങ്ങിക്കൊള്ളും. അവരുണ്ടാക്കിയത് ജാലവിദ്യക്കാരുടെ തന്ത്രം മാത്രമാണ്. ജാലവിദ്യക്കാരൻ എവിടെച്ചെന്നാലും വിജയിക്കുകയില്ല.

70. അവസാനം ആഭിചാരകന്മാരൊക്കെയും സാഷ്ടാംഗം വീണു. അവർ പറഞ്ഞു: ഞങ്ങൾ ഹാറൂൻെറയും മൂസായുടെയും രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു.

71. (ഫിർഔൻ) പറഞ്ഞു: ഞാൻ അനുമതി നൽകും മുമ്പ് നിങ്ങൾ അവനിൽ വിശ്വസിക്കുകയോ? തീർച്ചയായും നിങ്ങളെ ആഭിചാരം പഠിപ്പിച്ച നിങ്ങളുടെ തലവൻ ആണ് അവൻ. നിങ്ങളുടെ കൈകാലുകൾ എതിർവശങ്ങളിൽ നിന്നായി ഞാൻ ഛേദിച്ചുകളയുകയും ഞാൻ നിങ്ങളെ ഈന്തപ്പനത്തടികളിൽ ക്രൂശിക്കയും ചെയ്യും. ഞങ്ങളിൽ ആരാണ് ഏറ്റവും കഠിനവും നീണ്ടു നിൽക്കുന്നതുമായ ശിക്ഷ നടപ്പാക്കുന്നവരെന്ന് നിങ്ങൾ അറിയുകയും ചെയ്യും; തീർച്ച. (അതായത് നിങ്ങളെ കൂടുതൽ ശിക്ഷിക്കാൻ കഴിയുന്നവൻ ഞാനോ, മൂസായോ, ദൈവമോ എന്ന്)

72. (ആഭിചാരന്മാർ)പറഞ്ഞു:ഞങ്ങൾക്കു വന്നെത്തിയ വ്യക്തമായ തെളിവുകളേക്കാളും, ഞങ്ങളെ സൃഷ്ടിച്ചവനെക്കാളും ഞങ്ങളൊരിക്കലും നിനക്ക് മുൻഗണന നൽകുകയില്ലതന്നെ. അതിനാൽ നീ വിധിക്കുന്നതെന്തോ അത് വിധിച്ചുകൊള്ളുക. ഈ ഐഹിക ജീവിതത്തിൽ മാത്രമേ നിൻെറ വിധി നടക്കുകയുള്ളു.

73. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു- ഞങ്ങളുടെ തെറ്റുകളെയും മാന്ത്രികവിദ്യയിൽപെട്ട യാതൊന്നിന് ഞങ്ങളെ നീ നിർബന്ധിച്ചുവോ അതിനെയും ഞങ്ങൾക്ക് അവൻ പൊറുത്തുതരുവാൻ വേണ്ടി. അല്ലാഹു മാത്രമാണ് ഉൽകൃഷ്ടനും എന്നെന്നും അവശേഷിക്കുന്നവനും.

74. തീർച്ചയായും വല്ലവനും പാപിയായിക്കൊണ്ട് തൻെറ രക്ഷിതാവിൻെറ സന്നിധിയിൽ ഹാജരാകുന്നുവോ, അവന്ന് നരകമാണുള്ളത്. അതിലവൻ മരിക്കുകയില്ല;ജീവിക്കുകയുമില്ല.

75. സത്യവിശ്വാസിയായിക്കൊണ്ട്, സൽക്കർമ്മങ്ങളനുഷ്ടിച്ച് ഹാജരാകുന്നവനോ അവർക്ക് ഉന്നതമായ പദവികളുണ്ട്;

76. താഴ്ഭാഗങ്ങളിലൂടെ അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ. അവർ അതിൽ ശാശ്വതമായി വസിക്കും. വിശുദ്ധി വരിച്ചവർക്കുള്ള പ്രതിഫലമാണിത്.

77. നാം മൂസാക്കു ദിവ്യബോധനം നൽകി: അതായത്, എന്റെ ദാസന്മാരേയും കൂട്ടി നീ രാത്രി പുറപ്പെടുക. എന്നിട്ട് അവർക്കായി കടലിൽ(വെള്ളം വറ്റി) ഉണങ്ങിയ ഒരു വഴിയുണ്ടാക്കുക.നിന്നെ ആരും പിന്തുടർന്ന് എത്തുമെന്ന് ഭയപ്പെടേണ്ട. ഒട്ടും പരിഭ്രമിക്കുകയും വേണ്ട.

---

77. ഈ സംഭവവുമായി ബന്ധപ്പെട്ട് മറ്റ് അധ്യായങ്ങളിൽ വന്ന വിശദീകരണം ഇപ്രകാരമാണ്: ഇസ്രായീല്യരും അല്ലാത്തവരുമായ മുസ്ലിംകൾക്ക് ഈജിപ്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പലായനം ചെയ്യുവാൻ അല്ലാഹു ഒരു രാത്രി നിശ്ചയിച്ചുകൊടുത്തു. എല്ലാവരും ഒരു നിശ്ചിത സ്ഥലത്ത് എത്തിച്ചേരുകകയും അവിടെനിന്ന് യാത്രയാവുകയും ചെയ്തു. ചെങ്കടൽ തീരത്തിലൂടെ സഞ്ചരിച്ച് സീനായ് ഉപദ്വീപിൽ എത്തിച്ചേരാമെന്നായിരിക്കണം മൂസാ(അ) മിക്കവറും കരുതിയിരുന്നത്. എന്നാൽ മൂസാ(അ)യും സംഘവും ചെങ്കടൽ തീരത്തെത്തിച്ചേർന്നപ്പോഴേക്കും ഫിർഔനും സൈന്യങ്ങളും അവരുടെ പിന്നാലെയെത്തി.പലായകസംഘം ചെങ്കടലിന്റെയും ഫറവോൻ സൈന്യത്തിന്റെയും മധ്യത്തിൽ കുടുങ്ങിപ്പോയി. നിർണ്ണായകമായ ഈ ഘട്ടത്തിൽ അല്ലാഹു മൂസാ(അ)യോട് 'നിന്റെ വടികൊണ്ട് സമുദ്രത്തിൽ അടിക്കുക' എന്ന് കൽപിക്കുകയും ഉടനെ സമുദ്രം പിളരുകയും അതിന്റെ ഓരോ ഖണ്ഡവും വലിയ പർവ്വതം പോലെ ആയിത്തീരുകയും ചെയ്തു. (അധ്യായം 26:60-66). സമുദ്രമധ്യത്തിൽ മൂസാ(അ)ക്കും സംഘത്തിനും കടന്നുപോകാൻ പറ്റിയ ഉണങ്ങിവരണ്ട സുഗമമായ ഒരു പാതയായിത്തീർന്നു. ലക്ഷക്കണക്കിൽ ഇസ്രായീല്യർ കടന്നുപോവുകയും അനന്തരം ഫറവോനും അയാളുടെ മുഴുവൻ പടയും മധ്യത്തിലെത്തിച്ചേരുകയും ചെയ്യുന്നതുവരെ ജലം ഇരുവശങ്ങളിലും വകഞ്ഞുമാറി ഉയർന്ന പർവ്വതങ്ങൾ പോലെ നിലകൊണ്ടു.പലായകസംഘം കടന്നുപോയിക്കൊണ്ടിരിക്കുമ്പോൾതന്നെ ഫിർഔൻ സൈന്യസമേതം സമുദ്രമാർഗ്ഗത്തിൽ പ്രവേശിച്ചു. മൂസാ(അ)യും സംഘവും മറുകരയിലെത്തിയതോടെ സമുദ്രം കൂടിച്ചേരുകയും അത് ഫിർഔനെയും സൈന്യത്തെയും മൂടിക്കളയുകയും ചെയ്തു. അധ്യായം അദ്ദുഖാനിലെ 24-വചനം ശ്രദ്ധിക്കുക: അല്ലാഹു മൂസാ(അ)യെ അറിയിച്ചു: ''സമുദ്രം മുറിച്ചുകടന്ന ശേഷം കടലിനെ അതിന്റെ പിളർന്ന സ്ഥിതിയിൽ വിട്ടേക്കുക. ഈ പടയൊക്കെയും മുങ്ങിയൊടുങ്ങേണ്ടതാകുന്നു.''

ഫറവോനും സൈന്യവും വെള്ളത്തിൽ ആണ്ടുകൊണ്ടിരിക്കുന്നത് മറുകരയിൽ ഇസ്രായീല്യർ നോക്കിക്കൊണ്ടിരുന്നുവെന്ന് അധ്യായം അൽബഖറ (2:50)യിൽ വ്യക്തമാക്കിയിട്ടുണ്ട്.

മുങ്ങിക്കൊണ്ടിരിക്കുമ്പോൾ ഫിർഔൻ ഇപ്രകാരം വിലപിച്ചിരുന്നതായി അധ്യായം യൂനുസിൽ (10:90-92) പറയുന്നു. ''ഇസ്രയീൽ വംശം വിശ്വസിച്ചിട്ടുള്ള അല്ലാഹുവല്ലാതെ വേറെ ആരാധ്യനില്ലെന്ന് ഞാനിതാ വിശ്വസിച്ചിരിക്കുന്നു. ഞാൻ ആ ദൈവത്തിനു വഴിപ്പെടുന്നവരിൽ പെട്ടവനാകുന്നു. (അല്ലാഹു പറഞ്ഞു:)ഇപ്പോഴാണോ വിശ്വസിക്കുന്നത്? ഇതുവരെ നീ ധിക്കരിച്ചു. നീ നാശകാരികളിൽപ്പെട്ടവനുമായിരുന്നു. ഇന്ന്, നിന്റെ ജഡം മാത്രം നാം രക്ഷപ്പെടുത്തും. പിന്തലമുറകൾക്ക് നീ ഒരു ദൃഷ്ടാന്തമാകേണ്ടതിന്.''

പക്ഷേ, ഫറവൊന്റെ ഈ വിശ്വാസപ്രഖ്യാപനം സ്വീകരിക്കപ്പെട്ടില്ല.

ഫിർഔനിന്റെ ശവശരീരം മുങ്ങിക്കിടക്കുന്നതായി കണ്ടെത്തിയ സ്ഥലം സീന അർദ്ധദ്വീപിന്റെ പടിഞ്ഞാറെ കരയിൽ 'ഫിർഔൻ പർവ്വതം' എന്ന പേരിൽ ഇന്നും അറിയപ്പെടുന്നു. മൂസാ(അ)യുടെ കാലത്ത് കടലിൽ മുങ്ങിമരിച്ച ഫറവോൻ 'മൻഫത്ത' തന്നെയായിരുന്നുവെന്ന് ആധുനിക ഗവേഷണങ്ങൾകൊണ്ട് തെളിയുകയാണെങ്കിൽ ആ ശവശരീരം ഇന്നും ഈജിപ്തിലെ കൈറോ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സർ ഗ്രാഫ്ടൻ എലിയറ്റ്സ്മിത്ത് 1908-ൽ ഈ മൃതദേഹത്തിന്റെ വസ്ത്രാവശിഷ്ടങ്ങൾ പരിശോധിച്ചപ്പോൾ ഉപ്പുവെള്ളത്തിൽ മുങ്ങിമരിച്ചതിന്റെ പ്രത്യക്ഷ അടയാളമായ ഉപ്പിന്റെ ഒരാവരണം അതിൽ കാണപ്പെട്ടിരുന്നു.

---

78. അപ്പോൾ ഫിർഔൻ തന്റെ സൈന്യത്തെയും കൂട്ടി അവരെ പിന്തുടർന്നു. എന്നാൽ സമുദ്രത്തിൽ നിന്നും അവരെ മൂടിക്കളഞ്ഞത് എന്തോ അത് അവരെ മൂടി. (മുക്കിക്കൊന്നു)

79. ഫിർഔൻ തന്റെ ജനതയെ വഴിപിഴപ്പിച്ചു. അവൻ അവരെ നേർവഴിയിൽ നയിച്ചില്ല.

80. അല്ലയോ, ഇസ്രായീൽ സന്തതികളേ! നിങ്ങളുടെ ശത്രുവിൽനിന്നും നിങ്ങളെ നാം രക്ഷിക്കുകയുണ്ടായി. ത്വൂർ പർവതത്തിന്റെ വലതുവശത്തു(പർവതത്തിന്റെ കിഴക്കുവശം) നിങ്ങൾ ഹാജരാകുന്നതിനു സമയം നിശ്ചയിച്ചു. നിങ്ങൾക്കു മന്നായും സൽവായും ഇറക്കിത്തന്നു.

---

80. ഈജിപ്തിൽനിന്നു പുറത്തുപോന്നതോടെ ഇസ്രായീല്യരുടെ അടിമത്ത ജീവിതം അവസാനിക്കുകയും അവർക്ക് ഒരു സ്വതന്ത്ര ജനതയുടെ നിലപാട് കൈവരികയും ചെയ്തപ്പോൾ ദൈവിക ഉത്തരവ് പ്രകാരം മൂസാ(അ) സീനാ പർവതത്തിലേക്ക് വിളിക്കപ്പെട്ടു. ഇസ്രായീൽ ജനതക്ക് ഒരു ശരീഅത്ത്(നിയമ സംഹിത) നൽകാനായിരുന്നു അത്. ഈ 40 ദിവസമത്രയും മൂസാ(അ) വ്രതമനുഷ്ഠിച്ചും ആരാധനാമഗ്നനായി രാപ്പകൽ കഴിച്ചും പർവതത്തിൽ താമസിക്കുവാൻ വേണ്ടിയായിരുന്നു അത്. അതിനുശേഷം മൂസാ(അ)ക്ക് ശിലാഫലകങ്ങളിൽ ലിഖിതം ചെയ്യപ്പെട്ട കല്പനകൾ നല്കിയതും (2:51),(7:142) എന്നീ സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.
'മന്ന' കൊത്തമ്പാലരിപോലുള്ള ഒരു സാധനമായിരുന്നു. അത് മഞ്ഞിൻകണങ്ങൾപോലെ വീണ് ഭൂമിയിൽ ഉറച്ചിരുന്നു. 'സൽവ' കാടയെപ്പോലുള്ള ഒരു തരം പക്ഷിയായിരുന്നു. ഇസ്രായീല്യർക്ക് പലായന ഘട്ടത്തിൽ നാല്പത് വർഷത്തോളം പ്രകൃതിയിൽനിന്ന് നിരന്തരമായി ഇത് ലഭിച്ചിരുന്നു. വമ്പിച്ച ഒരു ജനസമൂഹത്തിന്ന് പ്രസ്തുത ആഹാരങ്ങൾ കൊണ്ടുമാത്രം ജീവിതം നയിക്കത്തവിധം ദൈവാനുഗ്രഹത്താൽ അവ സുലഭമായി ലഭിച്ചിരുന്നു. (മന്നയുടെയും സൽവയുടെയും വിശദമായ വിവരണത്തിന്ന് ബൈബിൾ, പുറപ്പാട് പുസ്തകം 16-അധ്യായവും, സംഖ്യാ പുസ്തകം 11- അധ്യായം 7,9,31, 32 വാക്യങ്ങളും, യോശുവ പുസ്തകം 5-അധ്യായം 12- വാക്യവും നോക്കുക)

---

81. നിങ്ങൾക്ക് നാം നല്കിയിട്ടുള്ള നല്ല സാധങ്ങളിൽനിന്ന് നിങ്ങൾ ഭക്ഷിക്കുവിൻ.എന്നാൽ നിങ്ങളതിൽ അതിരുകവിയരുത്. എങ്കിൽ എന്റെ കോപം നിങ്ങളുടെമേൽ വന്നിറങ്ങും. ആരുടെമേൽ എന്റെ കോപം വന്നിറങ്ങുന്നുവോ, അവൻ നാശത്തിൽ പതിച്ചു കഴിഞ്ഞു.

82. പശ്ചാത്തപിക്കുകയും,വിശ്വസിക്കുകയും,സൽക്കർമ്മളനുഷ്ഠിക്കുകയും പിന്നെ,നേർവഴിക്കു ചരിക്കുകയും ചെയ്യുന്നവനാരോ, അവന്നു നാം വളരെയേറെ പൊറുത്തുകൊടുക്കുന്നവനാകുന്നു.

---

82. അല്ലാഹുവിന്റെ മാപ്പിന്നർഹരാകുവാൻ നാല് ഉപാധികളാണുള്ളത്.അല്ലാഹുവിലും അവന്റെ ദൂതനിലും ഗ്രന്ഥത്തിലും പരലോകത്തിലും തുറന്ന ഹൃദയത്തോടെ വിശ്വസിക്കുക. അതിക്രമത്തിൽനിന്നും ധിക്കാരത്തിൽനിന്നും പശ്ചാത്തപിച്ച് അകന്നുനില്ക്കുക. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും മാർഗ്ഗദർശനങ്ങളനുസരിച്ച് സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുക. സന്മാർഗ്ഗത്തിൽ പാദം ഉറപ്പിച്ചു വെക്കുകയും ദുർമ്മാർഗ്ഗത്തിൽ ചരിക്കാതിരിക്കുകയും ചെയ്യുക.

---

83. (അല്ലാഹു ചോദിച്ചു:) അല്ലയോ മൂസാ, നിന്റെ ജനങ്ങളെ വിട്ടേച്ച് നീ ഇത്ര ധൃതിപ്പെട്ട് ഇവിടെ വരാൻ കാരണം എന്താകുന്നു?

84. (മൂസാ) പറഞ്ഞു: അവരിതാ എന്റെ പിറകിൽത്തന്നെയുണ്ട്. ഞാൻ നിന്റെ അടുത്ത് ധൃതിപ്പെട്ട്വന്നത് നാഥാ, നീയെന്നെ തൃപ്തിപ്പെടാൻ വേണ്ടിയാണ്.

85. (അല്ലാഹു) പറഞ്ഞു: എന്നാൽ നീ പോന്നശേഷം നിന്റെ ജനതയെ നാം പരീക്ഷണത്തിലകപ്പെടുത്തിയിരിക്കുന്നു. 'സാമിരി' അവരെ വഴിപിഴപ്പിച്ചിരിക്കുന്നു.

---

85. ഇസ്രായീല്യർക്കിടയിലുണ്ടായിരുന്ന ഒരു കപടവിശ്വാസിയായിരുന്നു സാമിരി.

---

86. അപ്പോൾ മൂസ കോപിതനും ദുഃഖിതനുമായി തന്റെ ജനതയിലേക്ക് മടങ്ങിച്ചെന്നു.അദ്ദേഹം പറഞ്ഞു:എന്റെ ജനമേ,നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് നല്ലതായ വാഗ്ദാനം നല്കിയിരുന്നില്ലേ? നിങ്ങൾക്കു കാലം ദീർഘിച്ചുപോയോ? അതോ, നിങ്ങളുടെ രക്ഷിതാവി

ൻെറ കോപം തന്നെ നിങ്ങളിൽ പതിക്കണമെന്നാഗ്രഹിച്ചതാണോ? അങ്ങനെ ഞാനുമായുള്ള വാഗ്ദാനം ലംഘിച്ചതാണോ?

87. അവർ പറഞ്ഞു: ഞങ്ങൾ ഞങ്ങളുടെ ഹിതമനുസരിച്ച് താങ്കളോടുള്ള വാഗ്ദാനം ലംഘിച്ച തല്ല. എന്നാൽ ഞങ്ങൾ ആ ജനതയുടെ ആഭരണങ്ങളുടെ ചുമടുകൾ വഹിപ്പിക്കപ്പെട്ടിരുന്നു വല്ലോ. അപ്പോൾ ഞങ്ങൾ അവ(തീയിൽ)ഇട്ടു. അപ്രകാരം സാമിരിയും തീയിൽ ഇട്ടു.

88. അവൻ അവർക്ക് ഒരു കാളക്കിടാവിൻെറ രൂപം ഉണ്ടാക്കിക്കൊടുത്തു. അതിന് (മാടിൻെറ) ശബ്ദമുണ്ടായിരുന്നു. അപ്പോൾ അവർ പറഞ്ഞു: ഇത് നിങ്ങളുടെ ദൈവമാണ്. മൂസായു ടെ ദൈവവും. എന്നാൽ അദ്ദേഹം അതു മറന്നിരിക്കുകയാകുന്നു.

89. അതു അവരോട് ഒരു വാക്ക് മറുപടി പറയുന്നില്ലെന്നും തങ്ങൾക്കു ഉപകാരമോ ഉപദ്ര വമോ ചെയ്യാൻ അതിനു കഴിവില്ലെന്നും അവർക്കെന്തുകൊണ്ട് കാണാൻ കഴിയുന്നില്ല?

90. ഹാറൂൻ(മൂസാ വന്നെത്തുന്നതിനു)മുമ്പുതന്നെ അവരോടു പറഞ്ഞിട്ടുണ്ടായിരുന്നു: എൻെറ ജനങ്ങളേ, നിങ്ങൾ ഇതുവഴി പരീക്ഷണത്തിലകപ്പെട്ടിരിക്കുകയാണ്. തീർച്ചയായും നിങ്ങ ളുടെ രക്ഷിതാവ് പരമകാരുണികനത്രെ. അതിനാൽ, നിങ്ങൾ എന്നെ പിന്തുടരുകയും എൻെറ കല്പന അനുസരിക്കുകയും ചെയ്യുവിൻ.

91. അവർ പറഞ്ഞു: മൂസാ ഞങ്ങളിൽ തിരിച്ചെത്തുംവരെ ഞങ്ങൾ ഇതിനെ തന്നെ ആരാധി ച്ചുകൊണ്ടിരിക്കും.

92. (മൂസാ) ചോദിച്ചു: അല്ലയോ, ഹാറൂൻ! ഇവർ പിഴച്ചുപോകുന്നത് കണ്ടപ്പോൾ എന്താണ് നിന്നെ തടഞ്ഞത്?

93. -എന്നെ നീ പിൻപറ്റാതിരിക്കാൻ? അപ്പോൾ എൻെറ കല്പനയെ നീ ധിക്കരിച്ചുവോ?

94. (ഹാറൂൻ)പറഞ്ഞു: എൻെറ മാതാവിൻെറ മകനേ, എൻെറ താടിയും തലമുടിയും പിടിച്ചു വലിക്കാതെ! നീ ഇസ്രായേൽ മക്കൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കി. എൻെറ വാക്കിനു കാത്തി രുന്നില്ല. എന്ന് നീ പറയുമെന്ന് ഞാൻ ഭയപ്പെട്ടു.

---

94.അധ്യായം 7, അഅ്റാഫ്,150- സൂക്തത്തിൽ പറയുന്നു: ...എൻെറ മാതാവിൻെറ മകനേ, ഈ ജനം എന്നെ ഒതുക്കിക്കളഞ്ഞു. അവർ എന്നെ കൊന്നുകളയുമെന്നേടത്തോളം എത്തിയിരുന്നു. അതിനാൽ വിരോധികൾ എൻെറ നേരെ ചിരിക്കാൻ അവസരമുണ്ടാക്കാതിരിക്കുക. ധിക്കാരികളായ ഈ ജനത്തിൻെറ കൂട്ടത്തിൽ എന്നെ ഗണിക്കാതിരിക്കുകയും ചെയ്യുക.

---

95. (മൂസാ) ചോദിച്ചു: സാമിരി, നിൻെറ കാര്യമെന്താണ്?

96. (സാമിരി) പറഞ്ഞു: ഇവർ കാണാത്ത ഒന്ന് ഞാൻ കണ്ടു. ദൂതൻെറ കാല്പാടിൽനിന്ന് ഞാൻ ഒരുപിടി മണ്ണെടുത്തു. എന്നിട്ടതിനെ ഞാൻ ഇട്ടു. എൻെറ മനസ്സ് എനിക്ക് അങ്ങ നെത്തന്നെ തോന്നിച്ചു.

97. (മൂസാ) പറഞ്ഞു: നീ പൊയ്ക്കൊള്ളുക. ഇനി നീ ജീവിതം മുഴുവൻ 'എന്നെ തൊടരുതേ' എന്ന് വിലപിച്ചു കഴിയേണ്ടിവരും. തീർച്ചയായും(നിൻെറ വിചാരണക്ക്)ഒരു നിശ്ചിത അവധിയുണ്ട്. അതൊരിക്കലും ലംഘിക്കപ്പെടുകയില്ല. നീ പൂജിച്ചുവരുന്നതായ നിൻെറ ദൈവത്തിലേക്ക് നോക്കുക. തീർച്ചയായും നാം അതിനെ ചുട്ടെരിക്കുകയും പിന്നെ നാം അതിനെ ചാരമാക്കി കടലിൽ വിതറുകയും ചെയ്യുന്നതാകുന്നു.

---

97.സമൂഹവുമായുള്ള സാമിരിയുടെ എല്ലാ ബന്ധങ്ങളും വിഛേദിക്കുകയും അയാൾ ആളുകളെ കാണു മ്പോൾ 'ഞാൻ നീചനാണ് എന്നെ തൊടരുത്' എന്ന് പറയുകയും ചെയ്യേണ്ട ഭാരവും അയാളിൽ ചുമത്തി. ബൈബിളിലെ ലേവ്യപുസ്തകത്തിൽ കുഷ്ഠരോഗത്തിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്തുവാൻ

വേണ്ടി നിശ്ചയിച്ച ചട്ടങ്ങളിൽ ഇപ്രകാരമുണ്ടായിരുന്നുവെന്ന് കാണുന്നു.അല്ലാഹുവിൽനിന്നുള്ള ശിക്ഷയായി സാമിരിക്ക് കുഷ്ഠരോഗം ബാധിച്ചിരിക്കാമെന്ന് കരുതപ്പെടുന്നു.

---

98. നിങ്ങളുടെ ദൈവം ഏകനായ അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ ദൈവമില്ല. അവന്റെ ജ്ഞാനം സകലതിനെയും ഉൾക്കൊള്ളുംവിധം വിശാലമാകുന്നു.

99. (പ്രവാചകരെ,)ഇങ്ങനെ മുമ്പു കഴിഞ്ഞുപോയ സംഭവങ്ങളെപ്പറ്റിയുള്ള വൃത്താന്തങ്ങളിൽ നിന്ന് നാം നിനക്ക് വിശദീകരിച്ചുതരുന്നു. തീർച്ചയായും നാം നിനക്ക് നമ്മിൽ നിന്നുള്ള ഉദ്ബോധനം നൽകിയിരിക്കുന്നു.

100. ആർ അതിൽനിന്നു തിരിഞ്ഞുകളയുന്നുവോ, തീർച്ചയായും അവർ ഉയിർത്തെഴുന്നേൽപു നാളിൽ (പാപ)ഭാരം ചുമക്കുന്നതാകുന്നു.

101. അവർ അതുമായി എന്നെന്നും കഴിയേണ്ടിവരും. ഉയിർത്തെഴുന്നേൽപുനാളിൽ ആ ഭാരം അവർക്ക് ഏറെ ദുസ്സഹമായിരിക്കും.

---

101. വിശുദ്ധ ഖുർആന്റെ മാർഗദർശനം ലഭിച്ച ശേഷം അതിൽനിന്ന് മുഖം തിരിക്കുകയും അതിന്റെ മാർഗദർശനങ്ങൾ സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും -അയാൾ ഏത് രാജ്യക്കാരനാവട്ടെ സമുദായക്കാരനാവട്ടെ- പാരത്രിക ശിക്ഷയിൽനിന്നു രക്ഷപ്പെടുവാൻ സാധ്യമല്ല. അതിൽ അവിശ്വസിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവരുടെ പരിണിതിയാണ് ഈ സൂക്തത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

---

102. കാഹളം ഊതപ്പെടുന്ന ദിനം. (ഭീതിയാൽ) നിറം പകർന്ന മിഴികളോടെ ആ നാളിൽ കുറ്റവാളികളെ നാം ഒരുമിച്ചുകൂട്ടും.

103. അവർ പരസ്പരം പതുക്കെ പറയും: (ഭൂമിയിൽ) നിങ്ങൾ പത്തുനാളല്ലാതെ താമസിച്ചിട്ടുണ്ടാവില്ല.

104. 'ഒരു ദിവസമല്ലാതെ നിങ്ങൾ താമസിച്ചിട്ടില്ല' എന്ന് അവരിലെ ഏറ്റം ന്യായമായ നിലപാടുകാരൻ പറയുമ്പോൾ, അവർ പറയുന്നതിനെക്കുറിച്ച് ഏറ്റം നന്നായി അറിയുന്നവനാണ് നാം.

105. പർവ്വതങ്ങളെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക: എന്റെ രക്ഷിതാവ് അവയെ പൊടിയാക്കി പറത്തിക്കളയുന്നതാകുന്നു.

106. അങ്ങനെ അവൻ അതിനെ സമനിരപ്പായ മൈതാനമാക്കി വിടുന്നതാണ്.

107. ഇറക്കമോ കയറ്റമോ നീ അവിടെ കാണുകയില്ല.

108. അന്നേദിവസം വിളിക്കുന്നവന്റെ പിന്നാലെ അവനോട് ഒരു വക്രതയും കാണിക്കാതെ അവർ പോകുന്നതാണ്. പരമകാരുണികനുവേണ്ടി ശബ്ദങ്ങൾ എല്ലാം അടങ്ങും. അതിനാൽ നേർത്ത ശബ്ദമല്ലാതൊന്നും നീ കേൾക്കുകയില്ല.

109. അന്ന് ശിപാർശ ഉപകരിക്കുകയില്ല. പരമകാരുണികൻ ആർക്കുവേണ്ടി അതിനനുമതി നൽകുകയും ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്യുന്നുവോ അവർക്കല്ലാതെ.

110. അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവരോ, അതെക്കുറിച്ച് ഒന്നും അറിയുന്നില്ല.

111. എന്നെന്നും ജീവിച്ചിരിക്കുന്നവനും സകലതും നിലനിർത്തുന്നവനുമായ (അല്ലാഹു)വിന്റെ സമക്ഷത്തിൽ മുഖങ്ങൾ വിനയാന്വിതമാകും. പാപഭാരം പേറിവന്നവൻ പരാജിതനായരിക്കുകയും ചെയ്തിരിക്കുന്നു.

112. ആരാണോ വിശ്വാസിയായിക്കൊണ്ട് സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്നത് അവന് അനീതിയോ അവകാശനിഷേധമോ ഭയപ്പെടേണ്ടതില്ല.

113. അപ്രകാരം നാം ഇതിനെ അറബിഭാഷയിലുള്ള ഖുർആൻ ആയി അവതരിപ്പിച്ചിരിക്കുന്നു. നാം ഇതിൽ പലതരം താക്കീതുകൾ നൽകുകയും ചെയ്തിരിക്കുന്നു.അവർ സൂക്ഷ്മതയുള്ള വരാകുകയോ, അല്ലെങ്കിൽ അവർക്കു ബോധോദയമുണ്ടാവുകയോ ചെയ്തെങ്കിലോ.
114. സാക്ഷാൽ രാജാവായ അല്ലാഹു അത്യുന്നതനാകുന്നു. ഖുർആൻ നിനക്കു ബോധനം നൽകി ക്കഴിയും മുമ്പെ നീയതു പാരായണം ചെയ്യാൻ ധൃതികാണിക്കരുത്. 'എൻെറ നാഥാ, എനി ക്കു നീ വിജ്ഞാനം വർധിപ്പിച്ചു തരേണമേ'! എന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുക.
115. നാം ഇതിനു മുമ്പ് ആദമിനോടും കരാർ ചെയ്തിരുന്നു. എന്നാൽ, അദ്ദേഹം അത് മറന്നു കളഞ്ഞു. നാം അദ്ദേഹത്തിൽ നിശ്ചയദാർഢ്യം കണ്ടില്ല.
116. നാം മലക്കുകളോട് ആദമിനു പ്രണാമം ചെയ്യുവിൻ എന്ന് ആജ്ഞാപിച്ച സന്ദർഭം (ഓർ ക്കുക): അവരൊക്കെയും പ്രണാമം ചെയ്തു. ഇബ്ലീസൊഴികെ. അവൻ വിസമ്മതിച്ചു.
117. അപ്പോൾ നാം പറഞ്ഞു: അല്ലയോ ആദം! തീർച്ചയായും ഇവൻ നിൻെറയും നിൻെറ ഇണയുടെയും ശത്രുവാകുന്നു. അതിനാൽ നിങ്ങളിരുവരെയും അവൻ സ്വർഗത്തിൽനിന്ന് പുറത്താക്കാൻ ഇടവരാതിരിക്കട്ടെ. (അങ്ങനെ സംഭവിച്ചാൽ) നീ കഷ്ടത്തിലാവും.
118. തീർച്ചയായും നിനക്ക് ഇവിടെ വിശപ്പറിയാതെയും നഗ്നനാകാതെയും കഴിയാനുള്ള സൗകര്യമുണ്ട്.
119. അതിൽ നീ ദാഹിക്കാതെയും വെയിലുകൊള്ളാതെയും ഇരിക്കുന്നതിനും (വേണ്ടതെല്ലാം) ഉണ്ട്.
120. എന്നാൽ പിശാച് അദ്ദേഹത്തിന് ദുർബോധനം നൽകി:അവൻ പറഞ്ഞു: അല്ലയോ ആദം! നിനക്കു ഞാൻ നിത്യജീവിതവും ശാശ്വതാധിപത്യവും നേടിത്തരുന്ന ഒരു വൃക്ഷം കാണി ച്ചുതരട്ടയോ?
121. അങ്ങനെ ഇരുവരും അതിൽനിന്ന് ഭക്ഷിച്ചു. അപ്പോൾ ഇരുവരുടെയും നഗ്നത അവർക്ക് (പരസ്പരം) വെളിവായി. ഇരുവരും സ്വർഗത്തിലെ ഇലകൾക്കൊണ്ട് തങ്ങളെ മറക്കാൻ തുടങ്ങി. ആദം തൻെറ നാഥനെ ധിക്കരിച്ചു. അങ്ങനെ അവൻ വ്യതിചലിച്ചുപോയി.
122. പിന്നീട് തൻെറ രക്ഷിതാവ് അദ്ദേഹത്തെ തെരഞ്ഞെടുത്തു. അദ്ദേഹത്തിൻെറ പശ്ചാത്താപം സ്വീകരിക്കുകയും, മാർഗദർശനം നൽകുകയും ചെയ്തു.
123. (അല്ലാഹു)പറഞ്ഞു: നിങ്ങൾ ഇരുകൂട്ടരും(മനുഷ്യനും ചെകുത്താനും) ഇവിടെനിന്നു ഇറ ങ്ങിപ്പോകണം.നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളായിരിക്കും.എന്നാൽ എന്നിൽ നിന്നു ള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നെത്തുന്ന പക്ഷം,അപ്പോൾ എൻെറ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവൻ വഴിപിഴക്കുകയില്ല. ഭാഗ്യഹീനനാകുന്നതുമല്ല.
124. എൻെറ ഉദ്ബോധനത്തെ അവഗണിക്കുന്നവനാരോ,തീർച്ചയായും അവന്ന് (ഈ ലോകത്ത്) കുടുസ്സായ ഒരു ജീവിതമാണുണ്ടായിരിക്കുക. പുനരുത്ഥാനനാളിലോ, നാം അവനെ അന്ധ നായി എഴുന്നേൽപിക്കും.
125. അവൻ പറയും: എൻെറ നാഥാ, നീ എന്തിനാണെന്നെ അന്ധനായി എഴുന്നേൽപിച്ചത്? (ഭൂമിയിൽ) ഞാൻ കാഴ്ചയുള്ളവനായിരുന്നുവല്ലോ.
126. (അല്ലാഹു)പറയും:അങ്ങനെതന്നെയാകുന്നു. നമ്മുടെ ദൃഷ്ടാന്തങ്ങൾ നിനക്ക് വന്നെത്തിയി രുന്നു. അപ്പോൾ നീ അവയെ വിസ്മരിച്ചു. അതേവിധം ഇന്നു നീയും വിസ്മരിക്കപ്പെ ടുകയാകുന്നു.

127. അതിരു കവിയുകയും തൻെറ രക്ഷിതാവിൻെറ വചനങ്ങളിൽ വിശ്വസിക്കാതിരിക്കുകയും ചെയ്തവർക്ക് ഇപ്രകാരം നാം പ്രതിഫലം കൊടുക്കുന്നു. പരലോകശിക്ഷ കൂടുതൽ കഠിന വും ദീർഘവുമാകുന്നു.
128. ഇവർക്കുമുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിട്ടുണ്ട് (എന്നത്) ഇവർക്ക് മാർഗ ദർശകമാകുന്നില്ലേ? (നശിപ്പിക്കപ്പെട്ട)അവരുടെ വാസസ്ഥലങ്ങളിലൂടെ ഇവർ ഇന്ന് സഞ്ച രിക്കുന്നു. ബുദ്ധിയുള്ളവർക്ക് ഇതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.
129. നിൻെറ നാഥനിൽനിന്നും മുൻകടന്ന ഒരു വചനവും ഒരു നിശ്ചിത അവധിയും ഇല്ലായി രുന്നെങ്കിൽ (ഇവർക്കും ശിക്ഷ) അനിവാര്യമാകുമായിരുന്നു.
130. അതിനാൽ ഇവർ പറയുന്നതൊക്കെ ക്ഷമിക്കുക. സൂര്യോദയത്തിനു മുമ്പും, അതിൻെറ അസ്തമയത്തിനു മുമ്പും നിൻെറ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധിയെ നീ പ്രകീർത്തിക്കുകയും ചെയ്യുക. രാത്രിയിൽ ചില നാഴികകളിലും പകലിൻെറ രണ്ടറ്റങ്ങ ളിലും അവൻെറ പരിശുദ്ധിയെ വാഴ്ത്തുക. നിനക്കു സംതൃപ്തി ലഭിച്ചേക്കാം.
131. അവരിൽ(മനുഷ്യരിൽ) ചില വിഭാഗങ്ങൾക്കു നാം നൽകിയ ഐഹിക ജീവിത സുഖാഡം ബരങ്ങളിൽ നീ കണ്ണുവെക്കരുത്. അതിലൂടെ നാമവരെ പരീക്ഷിക്കുകയാണ്. നിൻെറ നാഥൻെറ ഉപജീവനമാണ് ഉൽകൃഷ്ടവും കൂടുതൽ നിലനിൽക്കുന്നതും.
132. നിൻെറ കുടുംബത്തോടു നീ നമസ്കരിക്കാൻ കൽപിക്കുകയും, അതിൽ നീ ക്ഷമാപൂർവ്വം സ്ഥിരനിഷ്ഠനാവുകയും ചെയ്യുക. നാം നിന്നോട് ഒരു ജീവിതവിഭവവും ആവശ്യപ്പെടു ന്നില്ല. നാം നിനക്ക് ജീവിതവിഭവം നൽകുകയാണ് ചെയ്യുന്നത്.ശുഭപര്യവസാനം ഭക്തി ക്കു മാത്രമുള്ളതാണ്.
133. അവർ ചോദിക്കുന്നു: അവൻെറ രക്ഷിതാവിൽനിന്ന് ഒരടയാളവും(ദിവ്യാദ്ഭുതം)ഞങ്ങളിൽ അവൻ കൊണ്ടുവരാത്തതെന്ത്? എന്നാൽ, പൂർവവേദങ്ങളിലെ വ്യക്തമായ തെളിവുകളൊ ന്നും അവർക്കു വന്നുകിട്ടിയിട്ടില്ലേ?
134. ഈ(മുന്നറിയിപ്പി)ന് മുമ്പായി നാം ഇവരെ ഒരു ശിക്ഷയാൽ നശിപ്പിച്ചിരുന്നുവെങ്കിൽ, ഇവർ പറയുമായിരുന്നു: ''ഞങ്ങളുടെ നാഥാ! നീ എന്തുകൊണ്ട് ഞങ്ങൾക്കൊരു ദൂതനെ അയച്ചുതന്നില്ല? എങ്കിൽ ഞങ്ങൾ അപമാനിതരും നിന്ദ്യരും ആകും മുമ്പെ നിൻെറ വച നങ്ങളെ പിൻപറ്റുമായിരുന്നുവല്ലോ.''
135. (നബിയെ,) പറയുക: എല്ലാവരും (അന്തിമഫലം)കാത്തിരിക്കുന്നവരാണ്.നിങ്ങളും കാത്തി രിക്കുവിൻ. നേർവഴിക്കു നടക്കുന്നവർ ആരെന്നും സന്മാർഗം പ്രാപിച്ചവർ ആരെന്നും താമ സിയാതെ നിങ്ങളറിയുകതന്നെ ചെയ്യും.

*****

## അധ്യായം 21

# അൽ അമ്പിയാഅ്. (പ്രവാചകന്മാർ)

**അവതരണം മക്കയിൽ, വചനങ്ങൾ 112**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. ജനത്തിന് അവരുടെ വിചാരണ (അന്ത്യനാളിലെ വിചാരണ) ആസന്നമായിരിക്കുന്നു. അവരോ, അശ്രദ്ധയിലാണ്ട് തിരിഞ്ഞുകളയുന്നവരാകുന്നു.
2. അവരുടെ നാഥങ്കൽനിന്ന് അവർക്ക് പുതുതായി ഏത് ഉൽബോധനം വന്നെത്തിയാലും അവരത് കളിയായിക്കൊണ്ടാണ് കേൾക്കുക;
3. അശ്രദ്ധമായ ഹൃദയത്തോടു കൂടിയും. (അവരിലെ)അക്രമികൾ രഹസ്യമായി ഇപ്രകാരം ഭാഷണം ചെയ്തു: ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യനല്ലാതെ വല്ലതുമാണോ? കണ്ടറിഞ്ഞു കൊണ്ട് നിങ്ങൾ ആ ജാലവിദ്യയുടെ അടുത്ത് പോവുക യാണോ?
4. (പ്രവാചകൻ) പറഞ്ഞു: എന്റെ രക്ഷിതാവ് ആകാശങ്ങളിലും ഭൂമിയിലും പറയപ്പെടുന്ന സംസാരം അറിയുന്നവനാണ്.അവനോ, എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.
5. എന്നാൽ അവർ പറഞ്ഞു: വെറും പൊയ്കിനാവ്(മാത്രമാണത്). അല്ല, അവനത് കെട്ടിയുണ്ടാക്കിയതാണ്. അല്ല,അവൻ ഒരു കവിയാണ്.അതിനാൽ, മുൻപ്രവാചകന്മാർ കൊണ്ടുവന്നതുപോലൊരു ദൃഷ്ടാന്തം അവൻ നമുക്ക് കൊണ്ടുവരട്ടെ.
6. ഇവർക്കു മുമ്പ് നാം നശിപ്പിച്ച ഒരു നാടും വിശ്വസിച്ചിട്ടില്ല. ഇവരും വിശ്വസിക്കുമോ?
7. (ദൈവദൂതന്മാരായി) നാം പുരുഷന്മാരെയല്ലാതെ അയച്ചിട്ടില്ല. അവർക്ക് നാം ബോധനം നൽകുന്നു.(അതെപ്പറ്റി)നിങ്ങൾ അറിയാത്തവരാണെങ്കിൽ വേദക്കാരോട് ചോദിച്ചുനോക്കുക.
8. അവരെ(ആ ദൈവദൂതന്മാരെ) നാം ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവർ (ഈ ലോകത്ത്) ശാശ്വതരുമായിരുന്നില്ല.
9. പിന്നീട് അവരോടുള്ള വാഗ്ദാനം നാം സത്യമായി പാലിച്ചു. അങ്ങനെ അവരെയും നാം ഉദ്ദേശിച്ചവരെയും നാം രക്ഷപ്പെടുത്തി.അതിരുകവിഞ്ഞവരെ നാം നശിപ്പിക്കുകയും ചെയ്തു.
10. തീർച്ചയായും നാം നിങ്ങൾക്ക് ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു. അതിൽ നിങ്ങൾക്ക് ഉദ്ബോധനമുണ്ട്. നിങ്ങൾ ചിന്തിക്കുന്നില്ലേ?
11. അക്രമികളായിരുന്ന എത്ര ഗ്രാമങ്ങളെ നാം നശിപ്പിച്ചു, അതിനു ശേഷം നാം മറ്റൊരു ജനതയെ വളർത്തിയെടുക്കുകയും ചെയ്തു.
12. അങ്ങനെ നമ്മുടെ ശിക്ഷ അവർ അനുഭവിച്ചപ്പോൾ അവരതാ ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നു.
13. (അവരോട് പറഞ്ഞു:) നിങ്ങൾ ഓടിരക്ഷപ്പെടാൻ നോക്കേണ്ട. നിങ്ങൾ അനുഭവിച്ച സുഖാനന്ദങ്ങളിലേക്കും നിങ്ങളുടെ വീടുകളിലേക്കും മടങ്ങിപ്പോവുക. നിങ്ങൾ ചോദ്യം ചെയ്യപ്പെട്ടേക്കാം.
14. അവർ പറഞ്ഞു: ഹാ, ഞങ്ങൾക്ക് നാശം. തീർച്ചയായും ഞങ്ങൾ അക്രമികളായി.
15. നാം അവരെ കൊയ്തിട്ട കച്ചിത്തുരുമ്പെന്നോണം ആക്കുവോളം അവരുടെ മുറവിളി അതുതന്നെയായിക്കൊണ്ടിരുന്നു.
16. ആകാശത്തെയും ഭൂമിയെയും അത് രണ്ടിനുമിടയിലുള്ളതിനെയും നാംകളിയായി സൃഷ്ടിച്ചിട്ടില്ല.

17. നാം ഒരു വിനോദമുണ്ടാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ നമ്മുടെ അടുക്കൽ നിന്നുതന്നെ നാമത് സ്വീകരിക്കുമായിരുന്നു. തീർച്ചയായും നാമത് ചെയ്യുന്നതല്ല.
18. എന്നാൽ നാം സത്യത്തെ മിഥ്യയുടെമേൽ എറിയുന്നു. അങ്ങനെ അത് മിഥ്യയെ തകർക്കുന്നു. അപ്പോഴതാ മിഥ്യ തകരുകയായി. നിങ്ങളുടെ വർത്തമാനങ്ങൾ നിമിത്തം നിങ്ങൾക്ക് നാശം.
19. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിൻെറതാകുന്നു. അവൻെറ അടുക്കലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്നതിൽനിന്ന് (ഒഴിഞ്ഞുമാറി) അഹങ്കരിക്കുന്നില്ല. അവർക്ക് മുഷിയുന്നുമില്ല.
20. അവർ രാവും പകലും അവൻെറ (അല്ലാഹുവിൻെറ) പരിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുന്നു. അവർ തളരുന്നില്ല.
21. അതല്ല, ഭൂമിയിൽനിന്നുതന്നെ (മരിച്ചവരെ) ജീവിപ്പിക്കാൻ കഴിവുള്ള ദൈവങ്ങളെ അവർ സ്വീകരിച്ചിരിക്കുകയാണോ?
22. അല്ലാഹു അല്ലാത്ത ദൈവങ്ങൾ അവ രണ്ടിലും(ആകാശഭൂമികളിൽ) ഉണ്ടായിരുന്നെങ്കിൽ അത് രണ്ടും കുഴപ്പമുള്ളതാകുമായിരുന്നു.അപ്പോൾ സിംഹാസനത്തിൻെറ നാഥനായ അല്ലാഹു എത്ര പരിശുദ്ധൻ.
23. അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി അവൻ ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ ചോദ്യം ചെയ്യപ്പെടുന്നതാണ്.
24. അവർ അവനെക്കൂടാതെ ദൈവങ്ങളെ സ്വീകരിച്ചിട്ടുണ്ടോ? (പ്രവാചകരേ) പറയുക: (നിങ്ങൾക്ക്)അതിനുള്ള തെളിവുകൾ കൊണ്ടുവരിക. ഇത്(ഈ ഖുർആൻ) എൻെറ കൂടെയുള്ളവർക്കുള്ള ഉദ്ബോധനമാകുന്നു, എൻെറ മുമ്പുള്ളവർക്കുള്ള ഉദ്ബോധനവും. എന്നാൽ അവരിൽ അധിക പേരും സത്യം അറിയുന്നില്ല. അവരാകട്ടെ, തിരിഞ്ഞുകളയുകയാകുന്നു.
25. ‘‘ഞാനല്ലാതെ ദൈവമില്ല. എന്നെ മാത്രം ആരാധിക്കുക’’ എന്ന ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.
26. അവർ പറഞ്ഞു, പരമകാരുണികൻ സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന്. അവൻ എത്ര പരിശുദ്ധൻ! എന്നാൽ അവർ (അവർ ദൈവസന്താനങ്ങൾ എന്നു പറയപ്പെട്ട മാലാഖമാർ) ആദരണീയരായ ദാസന്മാർ മാത്രമാകുന്നു.
27. അവർ (മാലാഖമാർ) അവനെ മറികടന്നു സംസാരിക്കുകയില്ല. അവർ അവൻെറ കൽപനക്കൊത്ത് പ്രവർത്തിക്കുന്നു.
28. അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവൻ ഇഷ്ടപ്പെട്ടവർക്കുവേണ്ടിയല്ലാതെ അവർ ശിപാർശ ചെയ്യുകയില്ല. അവരാകട്ടെ, അവനോടുള്ള ഭയത്താൽ വിറ കൊള്ളുന്നവരാകുന്നു.
29. ഞാൻ അല്ലാഹുവിനെക്കൂടാതെയുള്ള ദൈവമാകുന്നു എന്ന് അവരിൽ ആരെങ്കിലും പറഞ്ഞാൽ അവന് നാം നരകം പ്രതിഫലമായി നൽകുന്നതാണ്. അപ്രകാരമാണ് നാം അക്രമികൾക്ക് പ്രതിഫലം നൽകുന്നത്.
30. ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും അങ്ങനെ നാം അവയെ വേർപെടുത്തിയെന്നും ജലത്തിൽനിന്ന് എല്ലാ ജീവ വസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തുവെന്നും സത്യനിഷേധികൾ കണ്ടില്ലേ? (എന്നിട്ടും)അവർ വിശ്വസിക്കുന്നില്ലേ?

31. ഭൂമിയിൽ നാം പർവതങ്ങൾ ഉറപ്പിച്ചിരിക്കുന്നു, അത് അവരെയും കൊണ്ട് ഉലഞ്ഞു പോകാതിരിക്കാനായി. അവർ വഴി കണ്ടെത്തേണ്ടതിനായി നാം അതിൽ പാതകൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.
32. ആകാശത്തെ നാം സുരക്ഷിതമായ മേൽപുരയാക്കുകയും ചെയ്തു. അവരാകട്ടെ അതിലെ (ആ കാശത്തിലെ) ദൃഷ്ടാന്തങ്ങളെ അവഗണിക്കുകയാകുന്നു.
33. അവനത്രെ രാത്രിയെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചത്. എല്ലാം ഓരോ ഭ്രമണപഥത്തിലൂടെ നീന്തിക്കൊണ്ടിരിക്കുകയാകുന്നു.
34. (പ്രവാചകരേ) നിനക്ക് മുമ്പ് ഒരു മനുഷ്യനും അനശ്വരത നൽകിയിട്ടില്ല. എന്നാൽ, നീ മരിച്ചാൽ അവർ ശാശ്വതരാകുമോ?
35. എല്ലാ വ്യക്തിയും മരണം ആസ്വദിക്കേണ്ടതുണ്ട്. ഒരു പരീക്ഷണമായി നന്മ കൊണ്ടും തിന്മ കൊണ്ടും നാം നിങ്ങളെ പരീക്ഷിക്കും. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടു കയും ചെയ്യും.
36. സത്യനിഷേധികൾ നിന്നെ കണ്ടാൽ (ഇങ്ങനെ)തമാശയാക്കി പറയുക മാത്രമായിരിക്കും ചെയ്യുക: ഇവനാണോ നിങ്ങളുടെ ദൈവങ്ങളെ ആക്ഷേപിച്ചു സംസാരിക്കുന്നവൻ? അവരത്രെ പരമ കാരുണികൻെറ ഉദ്ബോധനത്തെ നിഷേധിക്കുന്നവർ.
37. തിടുക്കം കൂട്ടുന്നവനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. എൻെറ ദൃഷ്ടാന്തങ്ങൾ വഴിയെ നിങ്ങൾക്ക് കാണിച്ചുതരുന്നുണ്ട്.അതിനാൽ, നിങ്ങൾ (ശിക്ഷ ക്കായി)എന്നോട് ധൃതി കൂട്ടേണ്ട.
38. അവർ ചോദിക്കുന്നു: നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഈ വാഗ്ദാനം എപ്പോഴാണ് പുലരുക (പറയുക) എന്ന്.
39. തങ്ങളുടെ മുഖങ്ങളിൽനിന്നും മുതുകുകളിൽനിന്നും നരകത്തെ തങ്ങൾക്ക് തടുക്കാനാകില്ലെന്നും തങ്ങൾ സഹായിക്കപ്പെടുകയില്ലെന്നും ആ അവിശ്വാസികൾ മനസ്സിലാക്കിയിരുന്നെങ്കിൽ!
40. അല്ല, (അന്ത്യനാൾ)പെട്ടെന്നായിരിക്കും അവർക്ക് വന്നെത്തുക. അപ്പോൾ അതവരെ അമ്പരപ്പിച്ചുകളയും. അതിനെ തടുക്കുവാൻ അവർക്ക് സാധിക്കുകയില്ല. അവർ അവധി നൽകപ്പെടുന്നതുമല്ല.
41. തീർച്ചയായും നിനക്കു മുമ്പും പല ദൈവദൂതന്മാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, അവർ ഏതൊന്നിനെ പരിഹസിച്ചുവോ അത്(ദൈവിക ശിക്ഷ) പരിഹസിച്ചവരിൽ പതിക്കുക തന്നെ ചെയ്തു.
42. പറയുക, പരമകാരുണികനിൽനിന്ന് നിങ്ങൾക്ക് രാവും പകലും ആര് രക്ഷനൽകും? എന്നാൽ അവർ തങ്ങളുടെ രക്ഷിതാവിൻെറ ഉദ്ബോധനത്തിൽനിന്ന് തിരിഞ്ഞുകളയുകയാകുന്നു.
43. അതല്ല, അവർക്ക് നമ്മെക്കൂടാതെ അവരെ സംരക്ഷിക്കുന്ന ദൈവങ്ങളുണ്ടോ? അവർക്ക് (ആ ദൈവങ്ങൾക്ക്) സ്വന്തത്തെ സഹായിക്കാൻ തന്നെ സാധിക്കുകയില്ല. നമ്മിൽ നിന്നുള്ള തുണ അവർക്ക് ഉണ്ടാകുന്നതുമല്ല.
44. അല്ല, നാം ഇവർക്കും ഇവരുടെ പിതാക്കൾക്കും ജീവിതസുഖം നൽകി. അങ്ങനെ അവർ ദീർഘകാലം അവർ ജീവിച്ചു. എന്നാൽ ഭൂമിയെ നാം അതിൻെറ നാനാഭാഗങ്ങളിലൂടെയും ചുരുക്കിക്കൊണ്ടുവരുന്നത് അവർ കാണുന്നില്ലേ? എന്നിട്ടും അവർ തന്നെ വിജയിക്കുമെന്നോ?

45. (പ്രവാചകരേ) പറയുക, തീർച്ചയായും ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നത് ദിവ്യബോധനത്തിൻെറ അടിസ്ഥാനത്തിൽ മാത്രമാണ്. മുന്നറിയിപ്പ് നൽകപ്പെടുമ്പോൾ ബധിരന്മാർ വിളി കേൾക്കുകയില്ല.
46. നിൻെറ രക്ഷിതാവിൻെറ ശിക്ഷയിൽനിന്നുള്ള നേരിയ കാറ്റ് അവരെ സ്പർശിച്ചാൽ തീർച്ചയായും അവർ പറയും: ഞങ്ങളുടെ നാശമേ, ഞങ്ങൾ അക്രമികളായിരിക്കുന്നു.
47. പുനരുത്ഥാന നാളിൽ നീതിയുടെ ത്രാസ്സ് നാം സ്ഥാപിക്കുന്നതാകുന്നു. അതിനാൽ ഒരാളും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. (ഒരാളുടെ കർമ്മം) അണു മണിത്തൂക്കമുള്ളതാണെങ്കിലും നാം അതിനെ കൊണ്ടുവരുന്നതാണ്. വിചാരണ ചെയ്യുവാൻ നാം തന്നെ മതി.
48. മൂസാക്കും ഹാറൂന്നും നാം സത്യാസത്യ വിവേചകപ്രമാണവും പ്രകാശവും സൂക്ഷ്മത പുലർത്തുന്നവർക്കുള്ള ഉദ്ബോധനവും നൽകിയിട്ടുണ്ട്;
49. തങ്ങളുടെ രക്ഷിതാവിനെ കാണാതെ തന്നെ ഭയപ്പെടുന്നവർക്കും. അവരാകട്ടെ, അന്ത്യനാളിനെപ്പറ്റി ഭയമുള്ളവരാകുന്നു.
50. ഇതാകട്ടെ,(ഖുർആൻ) നാം അവതരിപ്പിച്ച അനുഗ്രഹപൂർണമായ ഉദ്ബോധനമാകുന്നു. എന്നിട്ടും നിങ്ങൾ അതിനെ നിഷേധിക്കുകയാണോ?
51. മുമ്പ് ഇബ്റാഹീമിന് നാം തൻെറ വിവേകം(ശരിയായ മാർഗം) നൽകിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തെപ്പറ്റി നമുക്ക് നന്നായി അറിയാമായിരുന്നു.
52. അദ്ദേഹം തൻെറ ജനതയോടും പിതാവിനോടും ചോദിച്ച സന്ദർഭം (സ്മരണീയമാണ്): നി ങ്ങൾ പൂജിക്കുന്ന ഈ പ്രതിമകൾ എന്താകുന്നു?
53. അവർ പറഞ്ഞു:ഞങ്ങളുടെ പിതാക്കൾ ഇതിന് ആരാധനയർപ്പിക്കുന്നതായിട്ടാണ് ഞങ്ങൾ കണ്ടത്.
54. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴികേടിലായിരിക്കുന്നു.
55. അവർ ചോദിച്ചു: നീ ഞങ്ങളുടെ അടുത്ത് സത്യവുമായി വന്നതാണോ, അതല്ല, കളിപറയുന്നവരുടെ കൂട്ടത്തിലാണോ?
56. അദ്ദേഹം പറഞ്ഞു:അല്ല, നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവാകുന്നു,അവയെ സൃഷ്ടിച്ചവനാണവൻ. ഞാനാകട്ടെ, അതിന് സാക്ഷ്യം വഹിക്കുന്നവരുടെ കൂട്ടത്തിലാകുന്നു.
57. അല്ലാഹുവാണെ, നിങ്ങൾ പിന്തിരിഞ്ഞതിന് ശേഷം ഞാൻ നിങ്ങളുടെ പ്രതിഷ്ഠകളുടെ കാര്യത്തിൽ തന്ത്രം പ്രയോഗിക്കുക തന്നെ ചെയ്യും.
58. അങ്ങനെ അദ്ദേഹം അവയിലെ വലുതിനെ ഒഴിച്ച് (ബാക്കിയുള്ളവയെ) തുണ്ടം തുണ്ടമാക്കി. അവർ അതിൻെറ അടുത്തേക്ക് തിരിച്ചു വന്നെങ്കിലോ!
59. (തിരിച്ചു വന്നപ്പോൾ) അവർ ചോദിച്ചു: നമ്മുടെ ദൈവങ്ങളെക്കൊണ്ട് ഇത് ചെയ്തവനാരാണ്? തീർച്ചയായും അവൻ അക്രമികളിൽ പെട്ടവൻ തന്നെ.
60. അവർ പറഞ്ഞു: ഇബ്റാഹീം എന്ന് പേരുള്ള ഒരു യുവാവ് അവയെ (ദൈവങ്ങളെ) പരാ മർശിക്കുന്നത് കേട്ടിട്ടുണ്ട്.
61. അവർ പറഞ്ഞു: നിങ്ങൾ അവനെ ജനദൃഷ്ടിയിൽ കൊണ്ടുവരിക. (അവനെ വിചാരണ ചെയ്യുന്നതിന്) അവർ സാക്ഷ്യം വഹിച്ചേക്കാം.

62. (അദ്ദേഹത്തെ ഹാജരാക്കിയപ്പോൾ) അവർ ചോദിച്ചു: നീയാണോ ഇബ്‌റാഹീമേ, ഞങ്ങളുടെ ദൈവങ്ങളെ ഇങ്ങനെ ചെയ്തത്‌?
63. അദ്ദേഹം പറഞ്ഞു: അത്‌ അവരുടെ കൂട്ടത്തിലെ വലിയവനാണ്‌ അത്‌ ചെയ്തത്‌. അവർ സംസാരിക്കുമെങ്കിൽ അവയോട്‌ ചോദിക്കുക.
64. അപ്പോൾ അവർ സ്വമനസ്സുകളിലേക്ക്‌ മടങ്ങി. അങ്ങനെ അവർ (പരസ്പരം) പറഞ്ഞു: തീർച്ചയായും നിങ്ങൾ തന്നെയാണ്‌ അക്രമികൾ.
65. പിന്നെ അവർ (അവരുടെ വീക്ഷണം) കീഴ്മേൽ മറിഞ്ഞു. (അവർ ചോദിച്ചു: ഇബ്‌റാഹീ മേ,) ഇവർ സംസാരിക്കുകയില്ലെന്ന്‌ നിനക്കറിയില്ലേ?
66. അദ്ദേഹം ചോദിച്ചു: അപ്പോൾ നിങ്ങൾക്ക്‌ യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വയെ അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുകയാണോ?
67. നിങ്ങളുടെയും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുന്നവയുടെയും കാര്യം അപമാ നകരം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ?
68. അവർ പറഞ്ഞു: നിങ്ങൾക്ക്‌ എന്തെങ്കിലും ചെയ്യാനാകുമെങ്കിൽ അവനെ ചുട്ടെരിക്കുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുവിൻ.
69. (അവർ അദ്ദേഹത്തെ തീയിലിട്ടപ്പോൾ) നാം പറഞ്ഞു: തീയേ, നീ ഇബ്‌റാഹീമിന്‌ തണു പ്പും സമാധാനവും ആവുക.
70. അദ്ദേഹത്തിൻെറ കാര്യത്തിൽ തന്ത്രം പ്രയോഗിക്കാൻ അവർ തീരുമാനിച്ചു. എന്നാൽ അവരെ നാം നഷ്ടകാരികളാക്കുകയും ചെയ്തു.
71. ലോകർക്കു വേണ്ടി അനുഗ്രഹീതമാക്കി വെച്ച ഒരു ഭൂപ്രദേശത്തക്ക്‌ നാം അദ്ദേഹത്തെയും ലൂത്വിനെയും രക്ഷപ്പെടുത്തി (കൊണ്ടുപോയി).
72. അദ്ദേഹത്തിന്‌ നാം ഇസ്ഹാഖിനെ നൽകുകയും ചെയ്തു. പുറമെ യഅ്ഖൂബിനെയും. അവരെല്ലാവരെയും നാം സദ്‌വൃത്തരാക്കുകയും ചെയ്തു.
73. അവരെ നാം നമ്മുടെ അനുമതി പ്രകാരം മാർഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. സദ്കർമങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപ്രകാരം നില നിറുത്തണമെന്നും സ കാത്ത്‌ നൽകണമെന്നും നാം അവർക്ക്‌ ബോധനം നൽകുകയും ചെയ്തു. അവർ നമുക്കായി രുന്നു ആരാധനയർപ്പിച്ചിരുന്നത്‌.
74. ലൂത്വിനാകട്ടെ, നാം വിധികർതൃത്വവും ജ്ഞാനവും നൽകുകയുണ്ടായി. ചീത്ത ചെയ്തിരുന്ന നാട്ടിൽനിന്ന്‌ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. തീർച്ചയായും അവർ(ആ നാട്ടുകാർ) ധിക്കാരികളായ ദുഷിച്ച ജനതയായിരുന്നു.
75. അദ്ദേഹത്തെ നാം നമ്മുടെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അദ്ദേഹം സദ്‌വൃ ത്തരുടെ കൂട്ടത്തിലായിരുന്നു.
76. നൂഹിനെയും(ഓർക്കുക). ഇതിനു മുമ്പ്‌ അദ്ദേഹം വിളിച്ചു പ്രാർത്ഥിച്ച സന്ദർഭം. അങ്ങ നെ നാം അദ്ദേഹത്തിന്‌ ഉത്തരം നൽകി. അങ്ങനെ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കുടും ബത്തെയും മഹാ പ്രയാസത്തിൽനിന്ന്‌ രക്ഷപ്പെടുത്തി.
77. നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കിയ ജനതക്കെതിരെ നാം അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. തീർച്ചയായും അവർ ചീത്ത ജനതയായിരുന്നു. അതിനാൽ നാം അവരെ മുഴുവൻ മുക്കി നശിപ്പിച്ചു.

78. ദാവൂദിനെയും (അദ്ദേഹത്തിൻെറ പുത്രൻ)സുലൈമാനെയും സ്മരിക്കുക. ഒരു ജനതയുടെ ആടുകൾ കൃഷിയിടത്തിൽ മേഞ്ഞ (കേസിൽ) അവർ രണ്ടുപേരും വിധി പറഞ്ഞ സന്ദർഭം: അവരുടെ വിധിക്ക് നാം സാക്ഷിയായിരുന്നു.
79. സുലൈമാന് നാം (കേസ്) മനസ്സിലാക്കിക്കൊടുത്തു. അവർക്കൊക്കെയും നാം ജ്ഞാനവും വിധികർത്തൃത്വവും നൽകിയിട്ടുണ്ടായിരുന്നു. ദൈവകീർത്തനം ചൊല്ലുന്ന പറവകളെയും പർവതങ്ങളെയും നാം ദാവൂദിനോടൊപ്പം കീഴ്പ്പെടുത്തിക്കൊടുത്തു. നാമായിരുന്നു അത് ചെയ്തത്.
80. (യുദ്ധ)വിപത്തുകളിൽനിന്ന് നിങ്ങളെ സംരക്ഷിക്കുന്നതിന് നിങ്ങൾക്ക് വേണ്ടി പടയങ്കി നിർമാണവും നാം അദ്ദേഹത്തെ പഠിപ്പിച്ചു. എന്നിട്ടും നിങ്ങൾ നന്ദിയുള്ളവരാണോ?
81. സുലൈമാന്ന് ശക്തിയായി വീശുന്ന കാറ്റിനെയും (നാം കീഴ്പ്പെടുത്തിക്കൊടുത്തു.) നാം അനുഗ്രഹിച്ചിട്ടുള്ള പ്രദേശത്തേക്കത് അദ്ദേഹത്തിൻെറ കൽപന പ്രകാരം സഞ്ചരിക്കുന്നു. നാം എല്ലാറ്റിനെപ്പറ്റിയും അറിവുള്ളവനാകുന്നു.
82. അദ്ദേഹത്തിനു വേണ്ടി (കടലിൽ) മുങ്ങുന്ന പിശാചുക്കളിൽ ചിലരെയും (നാം കീഴ്പെടുത്തിക്കൊടുത്തു). അതു കൂടാത്ത മറ്റു കാര്യങ്ങളും അവർ ചെയ്തിരുന്നു. നാമായിരുന്നു അവരുടെ മേൽനോട്ടക്കാരൻ.
83. അയ്യൂബിനെയും(ഓർക്കുക). അദ്ദേഹംതൻെറ രക്ഷിതാവിനെ വിളിച്ചു പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീയാകട്ടെ കാരുണികരിൽ കാരുണികനാണല്ലോ.
84. അങ്ങനെ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട വിപത്ത് അകറ്റുകയും അദ്ദേഹത്തിൻെറ കുടുംബത്തെയും അവരോടൊപ്പം അത്രയും നാം നൽകുകയും ചെയ്തു. നമ്മിൽനിന്നുള്ള കാരുണ്യവും ആരാധനകളിൽ ഏർപ്പെട്ടവർക്ക് ഒരു ഉദ്ബോധനവുമാണിത്.
85. ഇസ്മാഈലിനെയും ഇദ്രീസിനെയും ദുൽകിഫ്ലിനെയും(സ്മരിക്കുക):അവരൊക്കെ ക്ഷമാ ശീലരായിരുന്നു.
86. അവരെ നാം നമ്മുടെ കാരുണ്യത്തിൽ പ്രവേശിപ്പിച്ചു. തീർച്ചയായും അവരൊക്കെ സച്ചരിതരുടെ കൂട്ടത്തിലായിരുന്നു.
87. ദുന്നൂനിനെയും(യൂനുസ് നബി) ഓർക്കുക.കുപിതനായി അദ്ദേഹം പോയ സന്ദർഭം. നാം അദ്ദേഹത്തെ പിടികൂടുകയില്ലെന്ന് അദ്ദേഹം കരുതി.(അദ്ദേഹത്തെ മത്സ്യം വിഴുങ്ങിയപ്പോൾ) അദ്ദേഹം (മത്സ്യോദരത്തിലെ) ഇരുട്ടിൽ വെച്ച് വിളിച്ചു പ്രാർഥിച്ചു: നീയല്ലാതെ ഒരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ. നിശ്ചയം ഞാൻ അക്രമികളുടെ കൂട്ടത്തിൽ അകപ്പെട്ടുപോയി.
88. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽനിന്ന് നാം അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ നാം അപ്രകാരം രക്ഷിക്കുന്നു.
89. സകരിയ്യയേയും(ഓർക്കുക): അദ്ദേഹം തൻെറ രക്ഷിതാവിനെ വിളിച്ച് പ്രാർഥിച്ചു:രക്ഷിതാവേ, എന്നെ നീ ഏകനായി വെടിയരുതേ. നീയാണല്ലോ അനന്തരമെടുക്കുന്നവരിൽ ഉത്തമൻ.
90. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും (പുത്രനായി) യഹ്യയെ നൽകുകയും അദ്ദേഹത്തിൻെറ ഭാര്യയെ അതിന് (പ്രസവിക്കാൻ) യോഗ്യയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ) സദ്കൃത്യങ്ങളിൽ ധൃതി കാണിക്കുന്നവരായിരുന്നു. പ്രതീക്ഷ

യോടും ഭയപ്പെട്ടും നമ്മോട് പ്രാർഥിക്കുന്നവരുമായിരുന്നു. അവർ നമ്മോട് ഭക്തി പുലർത്തുന്നവരുമായിരുന്നു.

91. തൻെറ ഗുഹ്യസ്ഥാനത്തെ സൂക്ഷിച്ചവളെ (മർയം)ഓർക്കുക. അങ്ങനെ അവളിൽ നമ്മുടെ ആത്മാവിൽനിന്ന് നാം ഊതുകയും അവളെയും അവളുടെ മകനെയും നാം ലോകത്തിനുള്ള ദൃഷ്ടാന്തമാക്കുകയും ചെയ്തു.

92. തീർച്ചയായും നിങ്ങളുടെ സമുദായം, ഏക സമുദായം. ഞാൻ നിങ്ങളുടെ രക്ഷിതാവും. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ.

93. (എന്നാൽ) അവർ അവർക്കിടയിൽ അവരുടെ കാര്യം ഛിന്നഭിന്നമാക്കിക്കളഞ്ഞു. എല്ലാം നമ്മുടെ അടുത്തേക്ക് മടങ്ങിവരുന്നവരത്രെ.

94. എന്നാൽ സത്യവിശ്വാസികളായിക്കൊണ്ട് ആരെങ്കിലും വല്ല നന്മയും ചെയ്താൽ അവരുടെ കർമ്മം നിഷ്ഫലമാവുകയില്ല. നിശ്ചയം നാം അത് രേഖപ്പെടുത്തിവെക്കുന്നതാണ്.

95. നാം നശിപ്പിച്ചുകളഞ്ഞ ഒരു നാട് പിന്നെ തിരിച്ചുവരിക അസംഭവ്യമാകുന്നു;

96. യഅ്ജൂജ്-മഅ്ജൂജുകൾ തുറന്നുവിടപ്പെടുകയും സകല കുന്നുകളുൽനിന്നും അവർ ഉതിർന്നിറങ്ങി വരികയും ചെയ്യുന്നതുവരെ;

97. സത്യവാഗ്ദാനത്തിൻെറ സമയം ആസന്നമാകുകയും ചെയ്താൽ. അപ്പോഴതാ സത്യനിഷേധികളുടെ കണ്ണുകൾ തുറിച്ചുപോകുന്നു. (അവർ പറയും:) ഞങ്ങളുടെ നാശമേ, ഇക്കാര്യത്തെപ്പറ്റി(ലോകാവസാനം) ഞങ്ങൾ അശ്രദ്ധരായിപ്പോയല്ലോ, അല്ല, നാം അക്രമികളായിപ്പോയി.

98. തീർച്ചയായും നിങ്ങളും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിൻെറ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വരിക തന്നെ ചെയ്യും.

99. ഇക്കൂട്ടർ(ദൈവത്തെക്കൂടാതെ അവർ പൂജിക്കുന്നവ)ദൈവങ്ങളായിരുന്നെങ്കിൽ ഇവർ അതിൽ (നരകത്തിൽ)വരികയില്ലായിരുന്നു.(എന്നാൽ)അവരെല്ലാം അതിൽ നിത്യവാസികളായിരിക്കും.

100. അവരതിൽ തേങ്ങിക്കൊണ്ടിരിക്കും. അവർ അവിടെ ഒന്നും കേൾക്കുകയില്ല.

101. തീർച്ചയായും നമ്മുടെ ഭാഗത്തുനിന്നും നേരത്തെ തന്നെ നന്മ കരസ്ഥമാക്കിയവരാരോ, അവർ അതിൽനിന്ന് (നരകത്തിൽനിന്ന്) അകറ്റപ്പെടുന്നവരാകുന്നു.

102. അവർ അതിൻെറ നേരിയ ശബ്ദം പോലും കേൾക്കുകയില്ല. അവർ എന്നെന്നും തങ്ങളുടെ മനസ്സുകൾ കൊതിച്ചതിൽ നിത്യവാസികളായിരിക്കും.

103. ഏറ്റവും വലിയ (ആ)സംഭ്രമം അവരെ ദുഃഖിപ്പിക്കുകയില്ല. മലക്കുകൾ അവരെ എതിരേല്ക്കും, ഇത് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ട ദിവസമാണെന്ന് (ഓതിക്കൊണ്ട്).

104. ആകാശത്തെ പുസ്തകത്താൾ ചുരുട്ടുന്നതു പോലെ ചുരുട്ടുന്ന ദിവസം, നാം എപ്രകാരമാണോ സൃഷ്ടി ആരംഭിച്ചത് അതുപോലെ നാം അത് ആവർത്തിക്കുന്നതാണ്. നമ്മുടെ ബാധ്യതയിലുള്ള വാഗ്ദാനമാണത്. തീർച്ചയായും നാം (അത്) ചെയ്യുന്നവനാകുന്നു.

105. തീർച്ചയായും ഭൂമിയെ എൻെറ സദ്വൃത്തരായ ദാസന്മാർ അനന്തരമെടുക്കുമെന്ന് ഉദ്ബോധനത്തിനുശേഷം നാം സബൂറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

106. തീർച്ചയായും ഇതിൽ ആരാധന ചെയ്യുന്നവർക്ക് ഒരു സന്ദേശമുണ്ട്.

107. ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നാം നിന്നെ അയച്ചിട്ടില്ല.

108. (പ്രവാചകരേ,) പറയുക: നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു എന്നത്രെ എനിക്ക് ബോധനം നൽകപ്പെട്ടത്. അതിനാൽ നിങ്ങൾ (അവന്)അനുസരണമർപ്പിക്കുന്നില്ലയോ?

109. എന്നിട്ട് അവർ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ നീ പറയുക: നിങ്ങളെ (പക്ഷഭേദമില്ലാതെ) ഒരുപോലെ അറിയിച്ചിരിക്കുന്നു. നിങ്ങൾ വാഗ്ദാനം ചെയ്യപ്പെടുന്ന സംഗതി അടുത്താണോ വിദൂരമാണോ എന്ന് എനിക്കറിഞ്ഞുകൂടാ.
110. തീർച്ചയായും സംസാരത്തിൽ പ്രകടമായത് അവൻ അറിയുന്നു, നിങ്ങൾ ഒളിപ്പിച്ചുവെക്കുന്നതും അവൻ അറിയുന്നു.
111. എനിക്കറിഞ്ഞുകൂടാ, ഇത് (ഈ സന്ദർഭം) നിങ്ങൾക്കൊരു പരീക്ഷണവും അൽപസമയത്തേക്കുള്ള വിഭവവുമായേക്കാം.
112. (പ്രവാചകൻ) പറഞ്ഞു: എൻെറ നാഥാ, നീ സത്യത്തോടെ വിധി കൽപിക്കേണമേ. നമ്മുടെ രക്ഷിതാവാകട്ടെ, പരമകാരുണികനും അവർ ജൽപിക്കുന്നതിനെതിരിൽ സഹായമർഥിക്കപ്പെടുന്നവനുമത്രെ.

******

## അധ്യായം 22

# അല്‍ ഹജ്ജ്

**അവതരണം മദീനയില്‍, വചനങ്ങള്‍ 78**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍.

1. മനുഷ്യരേ, നിങ്ങള്‍ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിന്‍. തീര്‍ച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു.
2. നിങ്ങള്‍ അത് കാണുന്ന ദിവസത്തെ അവസ്ഥയോ, മുലയൂട്ടുന്ന മാതാക്കള്‍ കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗര്‍ഭിണികള്‍ തന്‍റെ ഗര്‍ഭത്തെ പ്രസവിക്കും. ജനങ്ങളെ മത്തു പിടിച്ചതായി നിനക്ക് കാണുകയും ചെയ്യാം. എന്നാല്‍ അവര്‍ ലഹരി ബാധിച്ചവരല്ല. പക്ഷേ, അല്ലാഹുവിന്‍റെ ശിക്ഷ കഠിനമാകുന്നു (എന്നതാണ് കാര്യം).
3. അല്ലാഹുവിന്‍റെ കാര്യത്തില്‍ ഒന്നുമറിയാതെ തര്‍ക്കിക്കുകയും ധിക്കാരിയായ ഏത് പിശാചിനെയും പിന്‍പറ്റുകയും ചെയ്യുന്നവര്‍ മനുഷ്യരിലുണ്ട്.
4. അവന്‍റെ കാര്യത്തില്‍ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ആരെങ്കിലും അവനെ (പിശാചിനെ) പിന്‍പറ്റിയാല്‍ അവന്‍ അയാളെ പിഴപ്പിക്കുകയും ജ്വലിക്കുന്ന ശിക്ഷയിലേക്ക് അവനെ നയിക്കുന്നതുമാകുന്നു.
5. മനുഷ്യരേ, ഉയിര്‍ത്തെഴുന്നേല്‍പിനെപ്പറ്റി നിങ്ങള്‍ സംശയത്തിലാണെങ്കില്‍ (ആലോചിച്ചു നോക്കുക)തീര്‍ച്ചയായും നാം നിങ്ങളെ മണ്ണില്‍നിന്നും പിന്നീട് ബീജത്തില്‍നിന്നും പിന്നീട് ഭ്രൂണത്തില്‍നിന്നും അനന്തരം രൂപം പ്രാപിച്ചതും രൂപം പ്രാപിക്കാത്തതുമായ മാംസപിണ്ഡത്തില്‍നിന്നും സൃഷ്ടിച്ചു. നിങ്ങള്‍ക്ക് കാര്യം വ്യക്തമാകാനാണിത് പറയുന്നത്. നാം ഉദ്ദേശിക്കുന്നതിനെ ഒരു നിശ്ചിതമായ അവധിവരെ നാം ഗര്‍ഭാശയങ്ങളില്‍ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടുവരുന്നു, അനന്തരം നിങ്ങള്‍ നിങ്ങളുടെ പൂര്‍ണശക്തി പ്രാപിക്കുന്നതുവരെ(നിങ്ങളെ വളര്‍ത്തുന്നു). (നേരത്തെ) മരിക്കുന്നവര്‍ നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിനു ശേഷം ഒന്നും അറിയാതാകുംവിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടുണങ്ങിയതായി നിനക്ക് കാണാം. എന്നിട്ട് അതിന്മേല്‍ ജലം വര്‍ഷിച്ചാല്‍ അത് ഇളകുകയും വികസിക്കുകയും കൗതുകമുളവാക്കുന്ന എല്ലായിനം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു.
6. അതെന്തുകൊണ്ടെന്നാല്‍ അല്ലാഹു തന്നെയാകുന്നു സത്യമായുള്ളവന്‍. അവന്‍ മരിച്ചവരെ ജീവിപ്പിക്കും. അവന്‍ ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.
7. അന്ത്യസമയം വന്നെത്തുക തന്നെ ചെയ്യും. അതില്‍ യാതൊരു സംശയവുമില്ല. ഖബറുകളിലുള്ളവരെ അല്ലാഹു ഉയിര്‍ത്തെഴുന്നേല്‍പിക്കുകയും ചെയ്യും.
8. യാതൊരു വിധ അറിവും മാര്‍ഗദര്‍ശനവും വെളിച്ചമേകുന്ന ഗ്രന്ഥമോ ഇല്ലാതെ അല്ലാഹുവിന്‍റെ കാര്യത്തില്‍ തര്‍ക്കിച്ചുകൊണ്ടിരിക്കുന്ന ചിലര്‍ ജനങ്ങളിലുണ്ട്.
9. തന്‍റെ പിരടി വെട്ടിച്ച് അഹങ്കാരത്തോടെ ജനത്തെ അല്ലാഹുവിന്‍റെ മാര്‍ഗത്തില്‍ നിന്നും തെറ്റിക്കാനാണവന്‍ അങ്ങനെ ചെയ്യുന്നത്. ഇഹലോകത്ത് അവന്ന് നിന്ദ്യതയാണുള്ളത്. ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍ ചുട്ടെരിക്കുന്ന ശിക്ഷ നാം അവനെ രുചിപ്പിക്കുകയും ചെയ്യും.

10. (അന്ന് അവനോട് ഇപ്രകാരംപറയും):നിൻെറ കൈകൾ മുൻകൂട്ടി ചെയ്തതിൻെറ ഫലമാണി ത്. അല്ലാഹുവാകട്ടെ തൻെറ ദാസന്മാരോട് അനീതി ചെയ്യുന്നവനല്ല.
11. വക്കത്തിരുന്ന് അല്ലാഹുവിനെ ആരാധിക്കുന്നവർ ജനങ്ങളിലുണ്ട്. അവന് വല്ല ഗുണവും വന്നെത്തുന്ന പക്ഷം അവൻ അതിൽ സമാധാനം കൊള്ളുന്നു. വല്ലവിപത്തും ബാധിച്ചാലോ അവൻ തൻെറ പാട്ടിനു തിരിഞ്ഞുകളയും. ഇഹലോകവും പരലോകവും അവന് നഷ്ടപ്പെട്ടു.അതുതന്നെയാണ് വ്യക്തമായ നഷ്ടം.
12. അല്ലാഹുവിനെക്കൂടാതെ അവന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുക്കളെ അവൻ വിളിച്ചു പ്രാർഥിക്കുന്നു. അതു തന്നെയാണ് വ്യക്തമായ വഴികേട്.
13. ഏതൊരുവൻെറ ഉപദ്രവം അവൻെറ ഉപകാരത്തെക്കാൾ അടുത്തതാണോ അങ്ങനെയുള്ളവനെയാണവൻ വിളിച്ചു പ്രാർഥിക്കുന്നത്. അവൻ എത്ര ചീത്ത സഹായി. എത്ര ചീത്ത കൂട്ടുകാരൻ.
14. വിശ്വസിക്കുകയും സദ്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ താഴ്ഭാഗത്തിലൂടെ നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അല്ലാഹു പ്രവേശിപ്പിക്കും. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു.
15. അല്ലാഹു അദ്ദേഹത്തെ (പ്രവാചകനെ) ഇഹലോകത്തും പരലോകത്തും ഒരിക്കലും സഹായിക്കുന്നതല്ല എന്ന് കരുതുന്നവർ ആകാശത്തേക്ക് ഒരു കയർ നീട്ടിക്കെട്ടിയിട്ട് (ആ സഹായം) മുറിച്ചുകൊള്ളട്ടെ. എന്നിട്ട് തന്നെ രോഷം പിടിപ്പിക്കുന്ന കാര്യത്തെ(നബിയുടെ വിജയത്തെ) തൻെറ തന്ത്രം കൊണ്ട് ഇല്ലാതാക്കാൻ പറ്റുമോ എന്ന് നോക്കട്ടെ.
16. അപ്രകാരം വ്യക്തമായ ദൃഷ്ടാന്തങ്ങളായിക്കൊണ്ട് നാം ഇതിനെ(ഖുർആൻ) അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു.
17. തീർച്ചയായും സത്യവിശ്വാസികൾ, യഹൂദർ, സാബികൾ, ക്രിസ്ത്യാനികൾ,അഗ്നിയാരാധകർ, ബഹുദൈവവിശ്വാസികൾ എന്നിവർക്കിടയിൽ ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അല്ലാഹു വിധികൽപിക്കും. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും സാക്ഷിയാണ്.
18. ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും ജനങ്ങളിൽ അധികപേരും അല്ലാഹുവിന് പ്രണാമം അർപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ? (ജനങ്ങളിൽ) കുറേ പേരുടെ കാര്യത്തിൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു വല്ലവനേയും അപമാനിതനാക്കുന്ന പക്ഷം അവനെ ബഹുമാനിക്കുവാൻ ആരും തന്നെയില്ല. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.
19. ഈ രണ്ടു വിഭാഗം രണ്ട് എതിർകക്ഷികളാകുന്നു. അവർ തങ്ങളുടെ രക്ഷിതാവിൻെറ കാര്യത്തിൽ തർക്കിച്ചു. എന്നാൽ അവിശ്വസിച്ചവരാരോ അവർക്ക് അഗ്നികൊണ്ടുള്ള വസ്ത്രങ്ങൾ മുറിച്ചുകൊടുക്കുന്നതാണ്. അവരുടെ തലക്ക് മീതെ തിളക്കുന്ന വെള്ളം ചൊരിയപ്പെടും.
20. അതു നിമിത്തം അവരുടെ വയറുകളിലുള്ളതും ചർമ്മങ്ങളും ഉരുക്കപ്പെടും.
21. അവർക്ക് ഇരുമ്പിൻെറ ദണ്ഡുകളുമുണ്ടായിരിക്കും.
22. അതിൽ നിന്ന് കഠിന ക്ലേശം നിമിത്തം പുറത്തുപോകാൻ അവർ ഉദ്ദേശിക്കുമ്പോഴൊക്കെ അതിലേക്ക് തന്നെ അവർ മടക്കപ്പെടുന്നതാണ്. എരിച്ചുകളയുന്ന ശിക്ഷ നിങ്ങൾ ആസ്വദിക്കുക (എന്ന് അവരോട് പറയപ്പെടും.)

23. വിശ്വസിക്കുകയും സദ്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ താഴ്ഭാഗത്തിലൂടെ നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അല്ലാഹുപ്രവേശിപ്പിക്കും. അവർക്കവിടെ സ്വർണ്ണ വളകളും മുത്തും അണിയിക്കപ്പെടുന്നതാണ്. പട്ടായിരിക്കും അവർക്കവിടെയുള്ള വസ്ത്രം.

24. ഏറ്റം മികച്ച വാക്കുകളിലേക്കാണവർ മാർഗദർശനം ചെയ്യപ്പെട്ടത്. സ്തുത്യർഹനായ അല്ലാഹു വിന്റെ മാർഗത്തിലേക്കാണവർ മാർഗദർശനം ചെയ്യപ്പെട്ടത്.

25. തീർച്ചയായും നിഷേധിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്നും മനുഷ്യർക്കായി നാം നിർമിച്ചുവെച്ചതും സ്ഥിരവാസിക്കും പരദേശിക്കും സമാവകാശമുള്ളതുമായ മസ്ജി ദുൽ ഹറാമിൽനിന്നും ജനങ്ങളെ തടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവരാരോ അവർ (മസ്സിലാക്കട്ടെ) അവിടെ വെച്ച് വല്ലവനും അന്യായമായി അധർമം ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവനെ നാം നോവേറിയ ശിക്ഷയിൽ നിന്ന് രുചിപ്പിക്കുക തന്നെ ചെയ്യും.

26. നാം ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നിർണയിച്ചു കൊടുത്ത സന്ദർഭം (ഓർക്കുക). ഒരു വസ്തുവെയും എന്നിൽ പങ്ക് ചേർക്കരുതെന്നും (ആ ഭവനത്തെ) പ്രദക്ഷിണം ചെയ്യുന്നവർക്കു വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊ ണ്ടും പ്രാർഥിക്കുന്നവർക്കുവേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കി വെക്കണം എന്നും (നാം അദ്ദേഹത്തോട് കൽപിച്ചു).

27. ജനങ്ങൾക്കിടയിൽ തീർഥാടനത്തെപ്പറ്റി നീ വിളംബരപ്പെടുത്തുക (എന്നും നാം കൽപി ച്ചു). നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും.

28. അവർക്ക് പ്രയോജനകരമായ കാര്യങ്ങളിൽ അവർ സന്നിഹിതരാകുന്നതിനും അല്ലാഹു അവർക്ക് നൽകിയിട്ടുള്ള മൃഗങ്ങളെ ചില നിശ്ചിതദിവസങ്ങളിൽ അവന്റെ നാമം ഉച്ചരി ച്ച് ബലിയറുക്കുന്നതിനും വേണ്ടിയത്രെ അത്.അങ്ങനെ അവയിൽനിന്ന് നിങ്ങൾ തിന്നു കയും പാവങ്ങൾക്കും പ്രയാസമുള്ളവനും തിന്നാൻ കൊടുക്കുകയും ചെയ്യുക.

29. പിന്നെ അവർ തങ്ങളുടെ അഴുക്കുകൾ നീക്കിക്കളയുകയും അവർ അവരുടെ നേർച്ചകൾ പൂർത്തിയാക്കുകയും ആ പുരാതന ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്യട്ടെ.

30. അത് (അല്ലാഹുവിന്റെ കൽപനയത്രെ).അല്ലാഹു പവിത്രത നൽകിയ വസ്തുക്കളെ ആരെങ്കി ലും മഹത്വപ്പെടുത്തുന്നപക്ഷം അത് തന്റെ രക്ഷിതാവിങ്കൽ അവന് ഗുണമായിരിക്കും. നിങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴിച്ചുള്ള നാൽകാലികൾ നിങ്ങൾക്ക് അനുവദിക്ക പ്പെട്ടിരിക്കുന്നു.അതിനാൽ, വിഗ്രഹങ്ങളാകുന്ന മാലിന്യങ്ങളിൽനിന്നും നിങ്ങൾ അകന്നു നിൽക്കുക. വ്യാജവാക്കുകളും നിങ്ങൾ വെടിയുക.

31. ഋജുമാനസരായി അല്ലാഹുവിലേക്ക് തിരിഞ്ഞും അവനിൽ പങ്ക് ചേർക്കാത്തവരുമാകണം നിങ്ങൾ. വല്ലവനും അല്ലാഹുവിൽ പങ്ക് ചേർക്കുന്ന പക്ഷം അവൻ ആകാശത്തുനിന്ന് വീണതുപോലെയാണ്. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിയെടുക്കുന്നു.അല്ലെങ്കിൽ കാറ്റ് അവനെ ദൂരെ സ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു.

32. അത് (എന്തെന്നാൽ) ആരെങ്കിലും അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർ ച്ചയായും അത് ഹൃദയങ്ങളിലെ ഭക്തിയിൽനിന്നുണ്ടാകുന്നതാണ്.

33. (ആ ബലിമൃഗങ്ങളിൽനിന്ന്) നിങ്ങൾക്ക് ഒരു നിശ്ചിത അവധിവരെ പ്രയോജനങ്ങളെടു ക്കാം. പിന്നെ അവയെ ബലികഴിക്കേണ്ട സ്ഥലം പുരാതന ഭവനത്തിങ്കലാകുന്നു. (കഅ്ബത്തിങ്കലാകുന്നു).

34. ഓരോ സമുദായത്തിനും നാം ഓരോ ആരാധനാരീതി നിശ്ചയിച്ചിട്ടുണ്ട്, അവർക്ക് നൽകിയ കന്നുകാലികളിൽ അവന്റെ നാമം ഉച്ചരിച്ച് ബലിയറുക്കുന്നതിനത്രെ അത്. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അതിനാൽ അവനു മാത്രം നിങ്ങൾ കീഴ്പെടുക. (പ്രവാചകരേ,)വിനയം കാണിക്കുന്നവരെ സന്തോഷവാർത്തയറിയിക്കുക.

35. അല്ലാഹുവെപ്പറ്റി പരാമർശിക്കപ്പെട്ടാൽ ഹൃദയങ്ങൾ കിടിലം കൊള്ളുന്നവരും തങ്ങൾക്ക് പിണഞ്ഞ വിപത്തുകളെപ്പറ്റി ക്ഷമിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും നാം നൽകിയതിൽനിന്ന് ചെലവഴിക്കുന്നവരുമത്രെ അവർ.

36. ബലിയൊട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ ഉൾപെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്കതിൽ ഗുണമുണ്ട്. അതിനാൽ, അവയെ അണിയണിയായി നിർത്തി അവയുടെ മേൽ അല്ലാഹുവിന്റെ നാമം ഉച്ചരിച്ച് (ബലിയർപ്പിക്കുക). അങ്ങനെ അവ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ അവയിൽനിന്നെടുത്ത് നിങ്ങൾ ഭക്ഷിക്കുകയും ഉള്ളതുകൊണ്ട് തൃപ്തിയടയുന്നവന്നും ആവശ്യപ്പെട്ട് വരുന്നവനും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക. അപ്രകാരം നിങ്ങൾ നന്ദിയുള്ളവരാകാൻ നാം അവയെ നിങ്ങൾക്ക് കീഴ്പെ ടുത്തിത്തന്നിരിക്കുന്നു.

37. അവയുടെ മാംസമോ രക്തങ്ങളോ ഒരിക്കലും അല്ലാഹുവിങ്കൽ എത്തുകയില്ല. എന്നാൽ നിങ്ങളുടെ ധർമനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ‌പെടുത്തിത്തന്നിരിക്കുന്നു, അവൻ നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾ അവന്റെ മഹത്വം പ്രകീർത്തിക്കേണ്ടതിന്.(നബിയേ), സദ്‌വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക.

38. തീർച്ചയായും അല്ലാഹു സത്യവിശ്വാസികൾക്കു വേണ്ടി പ്രതിരോധിക്കുന്നതാണ്. തീർച്ചയായും നിഷേധികളായ വഞ്ചകരെയൊന്നും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

39. യുദ്ധത്തിനിരയാകുന്നവർക്ക് (തിരിച്ചടിക്കാൻ) അനുവാദം നൽകിയിരിക്കുന്നു. കാരണം, അവർ മർദ്ദിതരാണ്.തീർച്ചയായും അവരെ സഹായിക്കാൻ അല്ലാഹു കഴിവുള്ളവൻ തന്നെ.

40. ''ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാകുന്നു'' എന്ന് പറഞ്ഞതിന്റെ പേരിൽ അന്യായമായി തങ്ങളുടെ വീടുകളിൽനിന്ന് പുറത്താക്കപ്പെട്ടവരാണവർ. മനുഷ്യരിൽ ചിലരെ ചിലരെക്കൊണ്ട് അല്ലാഹു പ്രധിരോധിച്ചില്ലായിരുന്നുവെങ്കിൽ പല സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു.

41. നാം അവർക്ക് ഭൂമിയിൽ സൗകര്യം നൽകിയാൽ നമസ്കാരം നിലനിറുത്തുന്നവരാണവർ. അവർ സകാത്ത് നൽകുകയും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യും. കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിനുള്ളതാണ്.

42. (പ്രവാചകരേ), ഇവർ നിന്നെ കളവാക്കുന്നുവെങ്കിൽ ഇവർക്ക് മുമ്പ് നൂഹിന്റെ ജനതയും ആദ് ജനതയും ഥമൂദ് ജനതയും കളവാക്കിയിട്ടുണ്ട്,

43. ഇബ്‌റാഹീമിന്റെ ജനതയും ലൂത്വിന്റെ ജനതയും കളവാക്കിയിട്ടുണ്ട്.

44. മദ്‌യൻ വാസികളും (കളവാക്കിയിട്ടുണ്ട്.) മൂസായും നിഷേധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, അവിശ്വാസികൾക്ക് ഞാൻ സമയം നീട്ടിക്കൊടുക്കുകയും പിന്നെ അവരെ പിടികൂടുകയും ചെയ്തു. അപ്പോൾ എങ്ങനെയുണ്ട് എന്റെ പ്രധിഷേധം?

45. എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചിട്ടുള്ളത്! അവിടത്തുകാർ അക്രമികളായിരുന്നു. അവ അവയുടെ മേൽപുരകളോടെ തകർന്നടിഞ്ഞു. ഉപയോഗശൂന്യമായി മാറിയ എത്രയെത്ര കിണറുകൾ! പടുത്തുയർത്തിയ എത്രയെത്ര കോട്ടകൾ!
46. അവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിലവർക്ക് ചിന്തിച്ചു മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളുണ്ടാകുമായിരുന്നു, അല്ലെങ്കിൽ കേൾക്കാനുതകുന്ന കാതുകൾ. എന്നാൽ തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്, പക്ഷേ, നെഞ്ചിനകത്തെ ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്.
47. (പ്രവാചകരേ), ശിക്ഷയുടെ കാര്യത്തിൽ നിന്നോടവർ ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നു. അല്ലാഹു തന്റെ വാഗ്ദാനം ഒരിക്കലും ലംഘിക്കുകയില്ല. തീർച്ചയായും നിന്റെ നാഥന്റെയടുക്കൽ ഒരു ദിവസം നിങ്ങൾ എണ്ണുന്ന ആയിരം കൊല്ലങ്ങൾക്ക് തുല്യമാണ്.
48. എത്രയെത്ര നാടുകളെയാണ് അവിടത്തുകാർ അക്രമികളായിരിക്കെ ഞാൻ സമയം നീട്ടിക്കൊടുത്തത്! പിന്നെ ഞാൻ അവരെ പിടികൂടി. എന്റെയടുത്തേക്കാകുന്നു (എല്ലാറ്റിന്റെയും) മടക്കം.
49. (നബിയേ), പറയുക, മനുഷ്യരേ, ഞാൻ നിങ്ങൾക്ക് വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു.
50. എന്നാൽ, വിശ്വസിക്കുകയും സദ്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരോ, അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവുമുണ്ട്.
51. നമ്മുടെ ദൃഷ്ടാന്തങ്ങളെ വളച്ചൊടിക്കാൻ ശ്രമിക്കുന്നവരാരോ, അവരത്രെ നരകാവകാശികൾ.
52. നിനക്കു മുമ്പ് ഒരു പ്രവാചകനെയും ദൂതനെയും നാം അയച്ചിട്ടില്ല, അദ്ദേഹം (അവരെ) ഓതിക്കേൾപ്പിക്കുന്നതിൽ പിശാച് (ദുർമന്ത്രണം മൂലം) ഇടപെടാതെ. എന്നാൽ പിശാച് ചെലുത്തിവിടുന്നത് അല്ലാഹു മാച്ചുകളയുകയും എന്നിട്ട് തന്റെ വചനങ്ങളെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.
53. പിശാച് ചെലുത്തുന്ന (ദുർമന്ത്രണം) ഹൃദയത്തിൽ രോഗമുള്ളവർക്കും ഹൃദയങ്ങൾ കടുത്തുപോയവർക്കും ഒരു പരീക്ഷണമാക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും അക്രമികൾ വിദൂരമായ കക്ഷിമാത്സര്യത്തിലാകുന്നു.
54. ഇത് നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള സത്യം തന്നെയാണെന്ന് ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർ മനസ്സിലാക്കുവാനും അതുവഴി അതിൽ വിശ്വസിക്കുവാനും അങ്ങനെ അവരുടെ ഹൃദയം അതിന് കീഴപ്പെടുവാനും (ആകുന്നു അത്.). തീർച്ചയായും അല്ലാഹു സത്യവിശ്വാസികളെ നേരായ വഴിയിലേക്ക് നയിക്കുന്നു.
55. സത്യനിഷേധികളാകട്ടെ, അന്ത്യനാൾ പെട്ടെന്ന് വന്നെത്തുകയോ, അല്ലെങ്കിൽ ദുരന്തപൂർണമായ ഒരു ദിനത്തിലെ ശിക്ഷ അവർക്ക് വന്നെത്തുകയോ ചെയ്യുന്നതുവരെ അതിനെക്കുറിച്ച് സംശയത്തിലായിരിക്കും.
56. അന്ന് ആധിപത്യം അല്ലാഹുവിനായിരിക്കും. അവൻ അവർക്കിടയിൽ വിധി കൽപിക്കും. എന്നാൽ വിശ്വസിക്കുകയും സദ്കർമങ്ങൾ ആചരിക്കുകയും ചെയ്യുന്നവർ അനുഗ്രഹപൂർണമായ സ്വർഗത്തിലായിരിക്കും.
57. അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്തവരാരോ, അവർക്ക് നിന്ദ്യമായ ശിക്ഷയുണ്ട്.

58. അല്ലാഹുവിൻെറ മാർഗത്തിൽ സ്വദേശം വെടിയുകയും പിന്നീട് കൊല്ലപ്പെടുകയോ മരണപ്പെടുകയോ ചെയ്തവർക്ക് തീർച്ചയായും അല്ലാഹു ഉത്തമമായ വിഭവങ്ങൾ നൽകുന്നതാണ്. നിശ്ചയം അല്ലാഹുതന്നെയാണ് അന്നദാതാക്കളിൽ ഉത്തമൻ.
59. തീർച്ചയായും അവർ ഇഷ്ടപ്പെടുന്ന ഒരു സ്ഥലത്ത് അവൻ അവരെ പ്രവേശിപ്പിക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സഹനമുള്ളവനുമാകുന്നു.
60. അത് (അങ്ങനെയാകുന്നു). ഒരാൾ ദ്രോഹിക്കപ്പെട്ടതിനുതുല്യം പ്രതികാരം ചെയ്യുകയും പിന്നീട് അതിൻെറ പേരിൽ അക്രമിക്കപ്പെടുകയും ചെയ്താൽ തീർച്ചയായും അല്ലാഹു അവനെ സഹായിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏറെ മാപ്പരുളുന്നവനും പൊറുക്കുന്നവനുമാകുന്നു.
61. അതെന്തുകൊണ്ടെന്നാൽ, തീർച്ചയായും അല്ലാഹുവാണ് രാവിനെ പകലിൽ പ്രവേശിപ്പിക്കുകയും പകലിനെ രാവിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നത്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നവനാണ്.
62. അതെന്തുകൊണ്ടെന്നാൽ, അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമേ അവർ ഏതൊന്നിനോട് വിളിച്ചു പ്രാർത്ഥിക്കുന്നുവോ അതത്രെ മിഥ്യയായിട്ടുള്ളത്. അല്ലാഹുതന്നെയാണ് ഉന്നതനും മഹാനും.
63. അല്ലാഹു ആകാശത്തുനിന്ന് ജലമിറക്കി അതുവഴി ഭൂമി പച്ചപിടിച്ചതാകുന്നത് നീ കാണുന്നില്ലേ? തീർച്ചയായും അല്ലാഹു സൂക്ഷ്മജ്ഞനും ബോധവാനുമത്രെ.
64. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻെറതാകുന്നു. തീർച്ചയായും അല്ലാഹു തന്നെയാകുന്നു സ്തുത്യർഹനും പരാശ്രയം ആവശ്യമില്ലാത്തവനും.
65. അല്ലാഹു നിങ്ങൾക്ക് ഭൂമിയിലുള്ളത് മുഴുവൻ കീഴ്പെടുത്തി തന്നിരിക്കുന്നു എന്ന് നീ കണ്ടില്ലേ;അവൻെറ കൽപന പ്രകാരം കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിനെയും. അവൻെറ അനുമതി കൂടാതെ ഭൂമിയിൽ പതിക്കാത്ത വിധം ആകാശത്തെ പിടിച്ചുനിർത്തുന്നതും അവനാണ്. തീർച്ചയായും അല്ലാഹു മനുഷ്യരോട് ഏറെ കരുണയും കൃപയുമുള്ളവനാണ്.
66. അവനാണ് നിങ്ങളെ ജീവിപ്പിച്ചവൻ. പിന്നെ അവൻ നിങ്ങളെ മരിപ്പിക്കും. അനന്തരം അവൻ നിങ്ങളെ ജീവിപ്പിക്കും. തീർച്ചയായും മനുഷ്യൻ ഏറെ നന്ദി കെട്ടവനാകുന്നു.
67. നാം ഓരോ ജനതക്കും ഓരോ ആരാധനാരീതി നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. അവർ അത് അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, ഈ കാര്യത്തിൽ അവർ നിന്നോട് തർക്കിക്കാതിരിക്കട്ടെ. നീ നിൻെറ രക്ഷിതാവിലേക്ക് ക്ഷണിക്കുക. നിശ്ചയം, നീ നേരായ മാർഗത്തിലാ കുന്നു.
68. അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ നീ പറയുക: നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു നന്നായി അറിയുന്നവനാകുന്നു.
69. നിങ്ങൾ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യത്തിൽ അന്ത്യനാളിൽ അല്ലാഹു നിങ്ങൾക്കിടയിൽ വിധി കൽപിക്കും.
70. ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുവെന്ന് നീ മനസ്സിലാക്കുന്നില്ലേ? തീർച്ചയായും അത് ഒരു ഗ്രന്ഥത്തിലുണ്ട്. തീർച്ചയായും അതെല്ലാം അല്ലാഹുവിന് എളുപ്പമാണ്.

71. അവൻ(അല്ലാഹു) ഒരു തെളിവും അവതരിപ്പിച്ചിട്ടില്ലാത്തതും അവർക്കു തന്നെ അതെപ്പറ്റി യാതൊരു അറിവുമില്ലാത്തതുമായ വസ്തുക്കളെയാണ് അല്ലാഹുവിന് പുറമെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നത്. അക്രമികൾക്ക് ഒരു സഹായിയുമില്ല.
72. വ്യക്തമായ വിധം നമ്മുടെ വചനങ്ങൾ അവർക്ക് ഓതിക്കൊടുത്താൽ നിഷേധികളുടെ മുഖത്ത് വെറുപ്പുണ്ടാകുന്നതായി നിനക്ക് മനസ്സിലാക്കാം. നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കൊടുക്കുന്നവരെ അവർ കൈയേറ്റം ചെയ്തേക്കാം. നീ പറയുക:അതിനെക്കാളും ദോഷകരമായ ഒരു കാര്യം ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ? നരകമത്രെ അത്. അവിശ്വാസികൾക്ക് അതാണ് അല്ലാഹു വാഗ്ദാനം ചെയ്തത്. എത്ര ചീത്ത സങ്കേതം!
73. മനുഷ്യരേ, ഒരു ഉദാഹരണം ഉദാഹരിക്കപ്പെട്ടിരിക്കുന്നു. അത് ശ്രദ്ധിച്ചുകേൾക്കുക. തീർച്ചയായും അല്ലാഹുവിനു പുറമേ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുന്നില്ല. അതിനായി അവർ എല്ലാവരും ഒരുമിച്ചുകൂടിയാലും ശരി. ഈച്ച അവരിൽനിന്ന് വല്ലതും തട്ടിയെടുത്താൽ അത് രക്ഷപ്പെടുത്താനും അവർക്ക് കഴിയില്ല. (സഹായം)തേടുന്നവനും തേടപ്പെടുന്നവനും എത്ര ദുർബലർ!
74. അല്ലാഹുവെ വില വെക്കേണ്ട വിധം അവർ വില വെച്ചിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാണ്.
75. അല്ലാഹു മലക്കുകളിൽനിന്നും മനുഷ്യരിൽനിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമത്രെ.
76. അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അല്ലാഹുവിങ്കലേക്കാണ് കാര്യങ്ങൾ മടക്കപ്പെടുന്നത്.
77. സത്യവിശ്വാസികളേ, നിങ്ങൾ കുമ്പിടുകയും സാഷ്ടാംഗം ചെയ്യുകയും നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും നന്മ ചെയ്യുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.
78. അല്ലാഹുവിൻെറ മാർഗത്തിൽ സമരം ചെയ്യേണ്ട വിധം സമരം ചെയ്യുക. അവൻ നിങ്ങളെ ഉൽകൃഷ്ടരായി തിരഞ്ഞെടുത്തിരിക്കുന്നു. ദീൻ കാര്യത്തിൽ യാതൊരു പ്രയാസവും അവൻ നിങ്ങളുടെ മേൽ ഉണ്ടാക്കിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിൻെറ മാർഗമത്രെ അത്. മുമ്പും (മുൻ വേദഗ്രന്ഥങ്ങൾ) ഇതിലും (ഖുർആനിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്ലിംകൾ എന്ന് നാമം നൽകിയിരിക്കുന്നു. ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയായിരിക്കാനും നിങ്ങൾ ജനങ്ങൾക്ക് സാക്ഷിയായിരിക്കാനും വേണ്ടി. അതിനാൽ, നിങ്ങൾ മുറപ്രകാരം നമസ്കാരം നിലനിറുത്തുകയും സകാത്ത് നൽകുകയും അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുക. അവനത്രെ നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരിയും എത്ര നല്ല സഹായിയും.

---

*****

## അധ്യായം 23

# അൽ മുഅ്-മിനൂൻ. (സത്യവിശ്വാസികൾ)

**അവതരണം മക്കയിൽ, വചനങ്ങൾ 118**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. നിശ്ചയം, സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു.
2. അവർ തങ്ങളുടെ നമസ്കാരത്തിൽ ഭക്തി പുലർത്തുന്നവരാകുന്നു.
3. അനാവശ്യ (കളിവിനോദ)കാര്യങ്ങളിൽനിന്ന് അകന്നു നില്ക്കുന്നവരുമാകുന്നു അവർ.
4. അവർ തങ്ങളുടെ സകാത്ത് നിർവഹിക്കുന്നവരാകുന്നു. (നൽകുന്നവരാകുന്നു)
5. അവർ തങ്ങളുടെ ലൈംഗിക വിശുദ്ധിയെ കാത്തുസൂക്ഷിക്കുന്നവരുമാകുന്നു.
6. തങ്ങളുടെ ഇണകളും തങ്ങളുടെ അധീനതയിലുള്ള സ്ത്രീകളുമായൊഴികെ. നിശ്ചയം (അങ്ങനെയുള്ളവർ)ആക്ഷേപാർഹരല്ല.
7. എന്നാൽ അതിനപ്പുറം ആരെങ്കിലും കാംക്ഷിച്ചാൽ അത്തരക്കാരാണ് അതിക്രമകാരികൾ.
8. അവർ(സത്യവിശ്വാസികൾ)തങ്ങളുടെ കരാറുകളും ബാധ്യതകളും സംരക്ഷിക്കുന്നവരാകുന്നു.
9. അവർ തങ്ങളുടെ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുന്നവരാകുന്നു.
10. അവർ തന്നെയാണ് അനന്തരാവകാശികൾ.
11. ഫിർദൗസ് (ഉന്നത സ്വർഗം) അനന്തരമെടുക്കുന്നവർ.
12. തീർച്ചയായും നാം മനുഷ്യനെ കളിമണ്ണിന്റെ സത്തയിൽനിന്ന് സൃഷ്ടിച്ചു.
13. പിന്നെ നാമവനെ ബീജകണമായി ഭദ്രമായ ഒരിടത്ത് വെച്ചു.
14. പിന്നെ ബീജത്തെ നാം (തൂങ്ങിപിടിച്ച)സിക്താണ്ഡമായി സൃഷ്ടിച്ചു.അങ്ങനെ സിക്താണ്ഡത്തെ മാംസപിണ്ഡമാക്കി സൃഷ്ടിച്ചു. മാംസപിണ്ഡത്തെ എല്ലുകളാക്കി സൃഷ്ടിച്ചു. അങ്ങനെ എല്ലുകളെ മാംസത്താൽ പൊതിഞ്ഞു. പിന്നെ നാം അതിനെ മറ്റൊരു സൃഷ്ടിയായി വളർത്തി. അപ്പോൾ ഏറ്റം നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണൻ തന്നെ.
15. പിന്നെ അതിനുശേഷം നിങ്ങൾ തീർച്ചയായും മരിക്കുക തന്നെ ചെയ്യും.
16. പിന്നീട് പുനരുത്ഥാന നാളിൽ നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും.
17. തീർച്ചയായും നിങ്ങൾക്കു മീതെ ഏഴ് സഞ്ചാരപഥങ്ങളെ നാം സൃഷ്ടിച്ചിരിക്കുന്നു. സൃഷ്ടിപ്പിനെപ്പറ്റി നാം അശ്രദ്ധനല്ല.
18. നാം ആകാശത്തുനിന്ന് നിശ്ചിത തോതിൽ വെള്ളമിറക്കി. അങ്ങനെ അതിനെ ഭൂമിയിൽ തങ്ങിനില്ക്കുന്നതാക്കി. നാമാകട്ടെ, അതിനെ(വറ്റിച്ചു)പോക്കിക്കളയുവാൻ കഴിവുറ്റവനാകുന്നു.
19. അങ്ങനെ ആ വെള്ളം വഴി നിങ്ങൾക്ക് ഈത്തപ്പനകളുടെയും മുന്തിരിയുടെയും തോട്ടങ്ങൾ വളർത്തിത്തന്നു. നിങ്ങൾക്കവയിൽ ധാരാളം പഴങ്ങളുണ്ട്. നിങ്ങൾ അവയിൽ നിന്ന് ആഹ രിക്കുകയും ചെയ്യുന്നു.
20. സീനായിൽനിന്ന് പുറപ്പെടുന്ന(വളരുന്ന) ഒരു മരവും. അത് എണ്ണയും ആഹരിക്കുന്നവർക്ക് കറിയും ഉൽപാദിപ്പിക്കുന്നു.
21. തീർച്ചയായും കന്നുകാലികളിൽ നിങ്ങൾക്ക് ഗുണപാഠമുണ്ട്. അവയുടെ ഉദരങ്ങളിലുള്ളവയിൽനിന്ന് നാം നിങ്ങളെ കുടിപ്പിക്കുന്നു. നിങ്ങൾക്കവയിൽ ധാരാളം പ്രയോജനങ്ങളുമുണ്ട്. അവയിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു.

22. അവയിന്മേലും കപ്പലുകളിലും നിങ്ങൾ വഹിക്കപ്പെടുന്നു.
23. തീർച്ചയായും നാം നൂഹിനെ തൻെറ ജനതയിലേക്ക്‌ അയച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ ജനമേ, നിങ്ങൾ അല്ലാഹുവിന്‌ വഴിപ്പെടുക. അവനല്ലാതെ നിങ്ങൾക്ക്‌ ആരാധ്യ നില്ല. എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ?
24. അപ്പോൾ അദ്ദേഹത്തിൻെറ ജനതയിലെ സത്യനിഷേധികളായ നേതാക്കൾ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. അവൻ നിങ്ങൾക്ക്‌ മീതെ ശ്രേഷ്ഠത നേടാൻ ഉദ്ദേശിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ(ദൈവദൂതനായി) മലക്കിനെ അയക്കുമായിരുന്നു. നമ്മുടെ പൂർവപിതാക്കളുടെ കാലത്ത്‌ ഇതെപ്പറ്റി നാം കേട്ടിട്ടില്ല.
25. ഇവൻ ഭ്രാന്ത്‌ ബാധിച്ച ഒരാളാകുന്നു. ഇവൻെറ കാര്യത്തിൽ നിങ്ങൾ കുറച്ചു കാലം കാത്തിരിക്കുക.
26. അദ്ദേഹം(നൂഹ്‌) പ്രാർഥിച്ചു: എൻെറ രക്ഷിതാവേ, ഇവരെന്നെ കളവാക്കിയിരിക്കുന്നു. അതിനാൽ നീയെന്നെ സഹായിക്കേണമേ.
27. അപ്പോൾ നമ്മുടെ മേൽനോട്ടത്തിലും ബോധനമനുസരിച്ചും നീ ഒരു കപ്പലുണ്ടാക്കുകയെന്ന്‌ നാം അദ്ദേഹത്തിന്‌ ബോധനം നൽകി. പിന്നെ നമ്മുടെ കൽപന വരികയും അടുപ്പിൽനിന്ന്‌ ഉറവ ഉണ്ടാവുകയും ചെയ്താൽ അപ്പോൾ നീ എല്ലാവസ്തുക്കളിൽ നിന്നും ഈരണ്ട്‌ ഇണകളെ അതിൽ പ്രവേശിപ്പിക്കുക. നിൻെറ കുടുംബത്തെയും. നമ്മുടെ വചനം (തീരുമാനം) മുൻകടന്നവരൊഴികെ. അക്രമികളുടെ കാര്യത്തിൽ നീ എന്നോട്‌ സംസാരിക്കരുത്‌. നിശ്ചയം അവരൊക്കെ മുങ്ങിയൊടുങ്ങേണ്ടവരാകുന്നു.
28. അങ്ങനെ നീയും നിൻെറ കൂടെയുള്ളവരും കപ്പലിൽ ഇരുന്നു കഴിഞ്ഞാൽ അപ്പോൾ നീ പറയുക:അക്രമികളായ ജനത്തിൽനിന്നും ഞങ്ങളെ രക്ഷിച്ച അല്ലാഹുവിന്‌ സർവസ്തുതിയും
29. നീ വീണ്ടും പറയുക:എൻെറ നാഥാ, അനുഗ്രഹീതമായ ഒരിടത്ത്‌ നീയെന്നെ ഇറക്കേണമേ, ഇറക്കിത്തരുന്നവരിൽ ഉത്തമൻ നീയാണല്ലോ.
30. തീർച്ചയായും അതിൽ ദൃഷ്‌ടാന്തങ്ങളുണ്ട്‌. നാമാകട്ടെ, പരീക്ഷിക്കുന്നവൻ തന്നെയാകുന്നു.
31. പിന്നീട്‌ അവർക്കു പുറമെ നാം മറ്റൊരു തലമുറയെ വളർത്തിക്കൊണ്ടുവന്നു.
32. അങ്ങനെ അവരിലുള്ള ദൂതനെ അവരിലേക്കയച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ അല്ലാഹുവിന്‌ ആരാധനയർപ്പിക്കുവിൻ.നിങ്ങൾക്ക്‌ അവനല്ലാതെ മറ്റൊരു ദൈവമില്ല. നിങ്ങൾ ഭക്ത രാകുന്നില്ലേ?
33. അദ്ദേഹത്തിൻെറ സമുദായത്തിലെ നിഷേധികളും പരലോകത്തെ കണ്ടുമുട്ടുന്നതിനെ കളവാക്കിയവരും ഐഹിക ജീവിതത്തിൽ നാം സുഖഭോഗങ്ങൾ കൊടുത്തവരുമായ പ്രമാണിമാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. ഇവൻ നിങ്ങൾ തിന്നുന്നതു പോലെയുള്ളത്‌ തിന്നുന്നു. നിങ്ങൾ കുടിക്കുന്നതു പോലുള്ളത്‌ കുടിക്കുന്നു.
34. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങൾ നഷ്‌ടപ്പെട്ടവർ തന്നെയായിരിക്കും.
35. നിങ്ങൾ മരിക്കുകയും എല്ലും മണ്ണുമാവുകയും ചെയ്താലും നിങ്ങൾ പുറത്ത്‌ കൊണ്ടുവരപ്പെടുമെന്നാണോ അവൻ നിങ്ങളോട്‌ വാഗ്ദാനം ചെയ്യുന്നത്‌?
36. വിദൂരം, നിങ്ങൾ വാഗ്ദാനം ചെയ്യപ്പെടുന്നത്‌ വിദൂരം തന്നെ.
37. നമ്മുടെ ഐഹികജീവിതമല്ലാതെ വേറെ ജീവിതമില്ല. നാം ജീവിക്കുന്നു, മരിക്കുന്നു, നാമൊരിക്കലും ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരല്ല.

38. അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമച്ച ഒരുവനാണിവൻ. നാമൊരിക്കലും അവനെ വിശ്വസിക്കുകയില്ല.
39. അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, ഇവരെന്നെ തള്ളിപ്പറഞ്ഞതിനൽ നീയെന്നെ സഹായിക്കേണമേ.
40. അവൻ(അല്ലാഹു) പറഞ്ഞു: അടുത്തു തന്നെ അവർ ഖേദിക്കുന്നവരായി മാറും.
41. അപ്പോൾ യഥാർഥത്തിലുള്ള ഘോരഗർജ്ജനം അവരെ പിടികൂടി. അങ്ങനെ നാം അവരെ ചവറുകളാക്കി. അക്രമികളായ ജനത്തിന് നാശം.
42. പിന്നെ അവർക്ക് ശേഷം നാം മറ്റൊരു തലമുറയെ വളർത്തിക്കൊണ്ടുവന്നു.
43. ഒരു സമുദായവും അവരുടെ അവധി മുൻകടക്കുന്നില്ല. പിന്തിക്കുന്നുമില്ല.
44. പിന്നീട് നാം തുടർച്ചയായി ദൂതന്മാരെ അയച്ചു. ഓരോ ജനതക്കും അതിൻെറ പ്രവാചകൻ വരുമ്പോഴെല്ലം അവർ അദ്ദേഹത്തെ കളവാക്കി. അങ്ങനെ അവരിൽ ചിലരെ ചിലർക്ക് തുടർച്ചയായി നശിപ്പിച്ചു. അങ്ങനെ നാം അവരെ സംസാര വിഷയവുമാക്കി. വിശ്വസി ക്കാത്ത ജനം ദൂരെ.
45. പിന്നീട് മൂസായേയും അദ്ദേഹത്തിൻെറ സഹോദരൻ ഹാറൂനെയും നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ പ്രമാണങ്ങളുമായി നാം അയച്ചു;
46. ഫിർഔനെറയും അവൻെറ പ്രമാണിമാരുടെയും അടുത്തേക്ക്. അപ്പോഴവർ അഹങ്കരിച്ചു. തീർച്ചയായും അവർ ഔന്നത്യം നടിക്കുന്ന ജനതയായിരുന്നു.
47. അതിനാൽ അവർ പറഞ്ഞു: ഞങ്ങളെപ്പോലുള്ള രണ്ട് മനുഷ്യരിൽ ഞങ്ങൾ വിശ്വസിക്കുകയോ? അവർ രണ്ടു പേരുടെയും ജനതയാകട്ടെ നമുക്ക് അടിമപ്പണി ചെയ്യുന്നവരുമാകുന്നു.
48. അങ്ങനെ അവർ രണ്ടുപേരെയും കളവാക്കി. അതിനാൽ നശിപ്പിക്കപ്പെട്ടവരുടെ കൂട്ടത്തിലായി.
49. മൂസാക്ക് നാം വേദം നൽകി. അവർ നേർമാർഗം പ്രാപിച്ചേക്കാം.
50. മർയമിൻെറ പുത്രനെയും അവൻെറ മാതാവിനെയും നാമൊരു ദൃഷ്ടാന്തമാക്കി. അവർ ഇരുവർക്കും നാം സുഖസൗകര്യവും ഉറവകളുമുള്ള ഉയർന്ന ഒരു പ്രദേശത്ത് അഭയം നൽകി.
51. ദൂതന്മാരെ, നല്ലത് ഭക്ഷിക്കുകയും ഉത്തമമായത് പ്രവർത്തിക്കുകയും ചെയ്യുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി നാം നന്നായി അറിയുന്നവനാകുന്നു.
52. നിശ്ചയം നിങ്ങളുടെ സമുദായം ഏക സമുദായമാകുന്നു. ഞാൻ നിങ്ങളുടെ രക്ഷിതാവുമാകുന്നു അതിനാൽ നിങ്ങൾ എന്നെ മാത്രം സൂക്ഷിക്കുവിൻ.
53. എന്നാൽ അവർ അവർക്കിടയിൽ ഭിന്നിച്ചു. ഓരോ വിഭാഗവും അവരുടെ പക്കലുള്ളതിൽ സംതൃപ്തരുമാകുന്നു.
54. അതിനാൽ ഒരു നിശ്ചിത പരിധി വരെ അവരെ തങ്ങളുടെ വഴികേടിൽ വിട്ടേക്കുക.
55. അവർ കരുതുന്നുവോ, സമ്പത്തും സന്താനങ്ങളും നൽകി നാം അവരെ സഹായിക്കുന്നത്,
56. നാം അവർക്ക് നന്മ വരുത്താൻ ധൃതി കൂട്ടുകയാണെന്ന്. പക്ഷേ, അവർ അറിയുന്നില്ല.
57. നിശ്ചയം, തങ്ങളുടെ രക്ഷിതാവിനെ പറ്റിയുള്ള ഭയത്താൽ വിറ കൊള്ളുന്നവരും
58. തീർച്ചയായും തങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും,
59. നിശ്ചയം തങ്ങളുടെ രക്ഷിതാവിൽ പങ്ക് ചേർക്കാത്തവരും,

60. തീർച്ചയായും തങ്ങളുടെ രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്നഭയ ത്താൽ തങ്ങൾ ദാനംചെയ്യുന്നതെല്ലാം ദാനംചെയ്യുകയും ചെയ്യുന്നതാരോ;
61. അവരത്രെ നന്മകളിൽ ധൃതിയിൽ മുന്നേറുന്നവർ.അവരത്രെ മുമ്പേ അവയെ പുൽകുന്നവരും.
62. ഒരാളോടും തങ്ങളുടെ കഴിവിൽ പെട്ടതല്ലാതെ നാം കൽപിക്കുകയില്ല. സത്യത്തോടു കൂടി സംസാരിക്കുന്ന ഒരു പുസ്തകം നമ്മുടെ കൈവശമുണ്ട്. അവർ അനീതി കാണിക്കപ്പെടുക യില്ല.
63. പക്ഷേ,അവരുടെ ഹൃദയങ്ങൾ ഈ കാര്യത്തെപ്പറ്റി അശ്രദ്ധയിലാകുന്നു.അവർക്ക് അത് കൂടാ തുള്ള കർമ്മങ്ങളാണുള്ളത്. അവരത് ചെയ്തുകൊണ്ടിരിക്കുകയാകുന്നു.
64. അങ്ങനെ അവരിലെ സുഖലോലുപരെ നാം ശിക്ഷയിലൂടെ പിടികൂടിയപ്പോൾ അവരതാ നിലവിളിക്കുന്നു.
65. (അവരോട് പറയും) നിങ്ങൾ നിലവിളിക്കേണ്ട. തീർച്ചയായും നിങ്ങൾക്ക് നമ്മിൽനിന്ന് ഒരു സഹായവും ലഭിക്കുന്നതല്ല.
66. എന്റെ വചനങ്ങൾ നിങ്ങൾക്ക് മേൽ ഓതികേൾപ്പിക്കപ്പെടാറുണ്ടായിരുന്നു.അപ്പോൾ നിങ്ങ ളാകട്ടെ, പുറം തിരിഞ്ഞുപോകുകയായിരുന്നു,
67. അഹങ്കാരപൂർവം. രാക്കഥയെന്നോണം നിങ്ങൾ അതിനെപ്പറ്റി(ഖുർആനെപ്പറ്റി) പലതും പറ ഞ്ഞുകൊണ്ടിരുന്നു.
68. ഈ വാക്കിനെ(ഖുർആനെ)പ്പറ്റി അവർ ചിന്തിച്ചിട്ടില്ലേ? അതല്ല, അവരുടെ പൂർവപിതാ ക്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത ഒന്നാണോ അവർക്ക് വന്നുകിട്ടിയിട്ടുള്ളത്?
69. അതല്ല, അവർക്ക് തങ്ങളുടെ ദൂതനെ പരിചയമില്ലേ? അവർ അദ്ദേഹത്തെ നിഷേധിക്കുന്ന ല്ലോ?
70. അതല്ല, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്നാണോ അവർ പറയുന്നത്? അല്ല, അദ്ദേഹം അവരുടെ അടുക്കൽ സത്യവും കൊണ്ടുവന്നിരിക്കുകയാകുന്നു.അവരിൽ അധികപേരും സത്യത്തെ വെറുക്കുന്നവരത്രെ.
71. സത്യം, അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയി ലുള്ളതും കുഴപ്പമാകുമായിരുന്നു. എന്നാൽ അവർക്കുള്ള ഉദ്ബോധനവുമായാണ് നാം അവരുടെ അടുക്കൽ ചെന്നത്. എന്നാൽ അവർ തങ്ങളുടെ ഉദ്ബോധനത്തെ അവഗണിക്കു കയാകുന്നു.
72. അതല്ല, നീ അവരോട് പ്രതിഫലം ചോദിക്കുന്നുണ്ടോ? എന്നാൽ നിന്റെ രക്ഷിതാവിങ്ക ലുള്ള പ്രതിഫലമാകുന്നു ഉത്തമമായത്. അവൻ ഉത്തമനായ അന്നദാതാവാകുന്നു.
73. തീർച്ചയായും നീ അവരെ നേരായ പാതയിലേക്കാണ് ക്ഷണിക്കുന്നത്.
74. പരലോകത്തിൽ വിശ്വസിക്കാത്തവർ ആ വഴിയിൽനിന്ന് തെറ്റിപ്പോകുന്നവരാകുന്നു.
75. നാം അവരോട് കരുണ കാണിക്കുകയും അവരുടെ ക്ലേശങ്ങൾ നീക്കുകയും ചെയ്താലും അവർ തങ്ങളുടെ ധിക്കാരത്തിൽ വിഹരിക്കുന്നതിൽ മുഴുകുമായിരുന്നു.
76. ശിക്ഷയാൽ നാം അവരെ പിടികൂടി.എന്നിട്ടവർ തങ്ങളുടെ രക്ഷിതാവിന് കീഴൊതുങ്ങിയി ല്ല, അവർ താഴ്മ കാണിച്ചതുമില്ല.
77. നാം അവരുടെ മേൽ കഠിന ശിക്ഷയുടെ കവാടം തുറന്നാൽ അവരതാ അതിൽ നിരാശരാ കുന്നു.

78. അവനാണ് നിങ്ങൾക്ക് കേൾവിയും കാഴ്ചയും ഹൃദയവും ഉണ്ടാക്കിത്തന്നത്.കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളു.

79. അവനാകുന്നു നിങ്ങളെ ഭൂമിയിൽ വ്യാപിപ്പിച്ചവൻ. അവനിലേക്കാകുന്നു നിങ്ങൾ മടക്കപ്പെടുന്നതും.

80. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് അവനാകുന്നു. രാപ്പകലുകളുടെ മാറ്റത്തിലും(നിയന്ത്രണം) അവൻെറതാണ്. അതിനാൽ നിങ്ങൾ ചിന്തിക്കുന്നില്ലേ?

81. അല്ല, പൂർവികർ പറഞ്ഞതുപോലെ ഇവരും പറഞ്ഞുവോ?

82. അവർ പറഞ്ഞ്: ഞങ്ങൾ മരിച്ചു മണ്ണും അസ്ഥികളും ആയിക്കഴിഞ്ഞാൽ ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?

83. ഞങ്ങളും ഈ വാഗ്ദാനം നൽകപ്പെട്ടവരാണ്, ഇതിനു മുമ്പ് ഞങ്ങളുടെ പിതാക്കളും. ഇത് പൂർവിക കെട്ടുകഥകൾ മാത്രമാകുന്നു.

84. (പ്രവാചകരേ അവരോട്)ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടെതാണ്, നിങ്ങൾക്കറിയാമെങ്കിൽ?

85. അവർ പറയും: അല്ലാഹുവിൻെറത്. നീ പറയുക: നിങ്ങൾ ചിന്തിക്കുന്നില്ലേ?

86. നീ ചോദിക്കുക: ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിൻെറ രക്ഷി താവും ആരാകുന്നു?

87. അവർ പറയും: അല്ലാഹുവാകുന്നു. നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

88. നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ആരുടെ കൈകളിലാണോ അവൻ അഭയം നൽകുന്നു, അവനെതിരായി അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാകുന്നു? നിങ്ങൾ അറിയുന്നവരെങ്കിൽ (പറയുക).

89. അവർ പറയും:അല്ലാഹുവിനുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ മായാജാലത്തിനിരയായത്?

90. അല്ല, നാം അവരുടെ അടുത്ത് സത്യവുമായി ചെന്നിരിക്കുകയാകുന്നു. നിശ്ചയം അവർ കളവാക്കുന്നവർ തന്നെയാകുന്നു.

91. അല്ലാഹു സന്താനത്തെ സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം വേറെ ആരാധ്യരുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ആരാധ്യനും താൻ സൃഷ്ടിച്ചതുമായി പോകുകയും അവരിൽ ചിലർ ചിലരെ അമർച്ച ചെയ്യുകയും ചെയ്യുമായിരുന്നു. അവർ വിശേഷിപ്പിക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ.

92. അവൻ ദൃശ്യവും അദൃശ്യവും അറിയുന്നവനാകുന്നു. അതിനാൽ അവർ പങ്ക് ചേർക്കുന്നതിൽ നിന്നെല്ലാം ഉന്നതനത്രെ.

93. പറയുക: എൻെറ രക്ഷിതാവേ, ഇവർക്ക് താക്കീത് നൽകുന്ന ശിക്ഷ നീ എനിക്ക് കാണുമാറാക്കുകയാണെങ്കിൽ,

94. എൻെറ രക്ഷിതാവേ, നീ എന്നെ അക്രമികളായ ജനതയുടെ കൂട്ടത്തിൽ പെടുത്തരുതേ.

95. നാം അവർക്ക് താക്കീത് നൽകുന്ന ശിക്ഷ നിനക്ക് കാണിച്ചു തരുവാൻ നാം കഴിവുള്ളവനാകുന്നു.

96. ഏറ്റവും നല്ലത്കൊണ്ട് ചീത്തയെ പ്രതിരോധിക്കുക. അവർ പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റി നാം ഏറെ അറിയുന്നവനാകുന്നു.

97. നീ പറയുക: എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനത്തിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു.
98. അവർ(പിശാചുക്കൾ)എന്റെ അടുത്ത് ഹാജരാകുന്നതിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.
99. അവരിൽ ഒരാൾക്ക് മരണം ആസന്നമായാൽ അവൻ പറയും: എന്റെ രക്ഷിതാവേ, എന്നെ തിരിച്ചയക്കേണമേ.
100. ഞാൻ ഉപേക്ഷിച്ച നന്മകൾ എനിക്ക് ചെയ്യാൻ സാധിക്കുന്നതിന്. ഒരിക്കലുമില്ല. പറയുന്നവൻ പറഞ്ഞുകൊണ്ടിരിക്കുന്ന വെറും വാക്കാണത്. അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്.
101. കാഹളത്തിൽ ഊതപ്പെട്ടാൽ അന്ന് അവർക്കിടയിൽ കുടുംബ ബന്ധങ്ങളൊന്നും ഉണ്ടാവുകയില്ല. അവർ അന്യോന്യം അന്വേഷിക്കുകയുമില്ല.
102. അപ്പോൾ ആരുടെ (നന്മയുടെ)ത്രാസുകൾ ഭാരമുള്ളതായോ അവർ തന്നെയാണ് വിജയികൾ.
103. ആരുടെ (നന്മയുടെ) ത്രാസുകൾ ലഘുവായോ അവർ സ്വയം നഷ്ടപ്പെട്ടവരാകുന്നു. അവർ നരകത്തിൽ നിത്യവാസിക ളായിരിക്കും.
104. നരകം അവരുടെ മുഖങ്ങൾ കരിച്ചുകളയും. അവരതിൽ പല്ലിളിച്ചവരായിരിക്കും.
105. (അവരോട് ചോദിക്കും)എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെട്ടിരുന്നില്ലേ? അപ്പോൾ നിങ്ങൾ അതിനെ കളവാക്കി.
106. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളെ അതിജയിച്ചു. ഞങ്ങൾ വഴി പിഴച്ച ഒരു വിഭാഗമായിപ്പോയി.
107. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ ഇതിൽ നിന്ന് പുറത്ത് കൊണ്ടുവരേണമേ. ഞങ്ങൾ ഇനിയും (ദുർമാർഗത്തിലേക്ക്) മടങ്ങിയാൽ നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും.
108. അവൻ(അല്ലാഹു) പറയും:നിങ്ങൾ അവിടെ തന്നെ നിന്ദ്യരായിക്കഴിയുക.നിങ്ങൾ എന്നോട് മിണ്ടരുത്.
109. നിശ്ചയം എന്റെ ദാസന്മാരിൽ ഒരു വിഭാഗം ഇങ്ങനെ പറയാറുണ്ടായിരുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ നീ ഞങ്ങൾക്ക് പൊറുത്തു തരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. കാരുണികരിൽ ഉത്തമനല്ലോ നീ.
110. അപ്പോൾ നിങ്ങൾ അവരെ പരിഹസിക്കുകയാണ് ചെയ്തത്, നിങ്ങൾ എന്റെ സ്മരണയിൽ നിന്നും വിസ്മൃതരാകുന്നതുവരെ. നിങ്ങൾ അവരെ പരിഹസിച്ചു ചിരിക്കുകയായിരുന്നു.
111. അവർ ക്ഷമിച്ചതിനാൽ ഇന്ന് ഞാനവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു. തീർച്ചയായും അവർ തന്നെയാകുന്നു വിജയികൾ.
112. അവൻ(അല്ലാഹു) ചോദിക്കും: ഭൂമിയിൽ നിങ്ങൾ എത്ര കൊല്ലം താമസിച്ചു?
113. അവർ പറയും: ഞങ്ങൾ ഒരു ദിവസമോ ഒരു ദിവസത്തിന്റെ കുറച്ചു ഭാഗമോ താമസിച്ചു. എണ്ണി തിട്ടപ്പെടുത്തിയവരോട് നീ ചോദിക്കുക.
114. അവൻ(അല്ലാഹു) പറയും: നിങ്ങൾ അൽപം മാത്രമേ താമസിച്ചിട്ടുള്ളൂ. നിങ്ങളത് മനസ്സിലാക്കിയിരുന്നെങ്കിൽ.
115. അപ്പോൾ നാം നിങ്ങളെ വെറുതെ സൃഷ്ടിച്ചതാണെന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടങ്ങി വരികയില്ലെന്നും നിങ്ങൾ കണക്കാക്കിയോ?

116. എന്നാൽ യഥാർഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. ഉന്നതമായ സിംഹാസനത്തിന്റെ ഉടമയത്രെ അവൻ.
117. ആരെങ്കിലും അല്ലാഹുവോടൊപ്പം വേറെ ദൈവങ്ങളെ വിളിച്ചു പ്രാർഥിക്കുന്ന പക്ഷം, അതിന് അവന് യാതൊരു തെളിവുമില്ല തന്നെ, അവന്റെ വിചാരണ അവന്റെ രക്ഷിതാവിങ്കലത്രെ. സത്യനിഷേധികൾ നിശ്ചയം വിജയിക്കുകയില്ല.
118. (പ്രവാചകരേ) പറയുക: എന്റെ രക്ഷിതാവേ, നീ പൊറുത്തുതരികയും കരുണകാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റം ഉത്തമനാണല്ലോ.

---

*****

# അധ്യായം 24

## അന്നൂർ. (പ്രകാശം)

**അവതരണം മദീനയിൽ, വചനങ്ങൾ 64**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. നാം അവതരിപ്പിച്ചതായ ഒരു അധ്യായമാകുന്നു ഇത്. ഇതിനെ നിയമമായി നിശ്ചയിച്ചിരിക്കുന്നു. ഇതിൽ വ്യക്തമായ തെളിവുകൾ അവതരിപ്പിച്ചിട്ടുണ്ട്. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി നാം ഇതിൽ വ്യക്തമായ തെളിവുകൾ അവതരിപ്പിച്ചിരിക്കുന്നു.
2. വ്യഭിചാരിണിയും വ്യഭിചാരിയും അവരിൽ ഓരോരുത്തരെയും നിങ്ങൾ നൂറടിവീതം അടിക്കുക. അല്ലാഹുവിൻെറ നിയമവ്യവസ്ഥ നടപ്പാക്കുന്ന കാര്യത്തിൽ അവരോടുള്ള ദയ നിങ്ങളെ പിടികൂടാതിരിക്കട്ടെ- നിങ്ങൾ ആല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരെങ്കിൽ. അവരെ ശിക്ഷിക്കുമ്പോൾ സത്യവിശ്വാസികളിൽ ഒരു സംഘം സാക്ഷ്യം വഹിക്കുകയും ചെയ്യട്ടെ.
3. വ്യഭിചാരി വ്യഭിചാരിണിയെയോ ബഹുദൈവ വിശ്വാസിനിയെയോ അല്ലാതെ വിവാഹം കഴിക്കുകയില്ല. വ്യഭിചാരിണിയെ വ്യഭിചാരിയോ ബഹുദൈവ വിശ്വാസിയോ അല്ലാതെ വിവാഹം ചെയ്യുകയുമില്ല. സത്യവിശ്വാസികൾക്ക് അത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.
4. ചാരിത്രവതികളായ വനിതകളുടെമേൽ കുറ്റമാരോപിക്കുകയും, എന്നിട്ട് നാലു സാക്ഷികളെ ഹാജരാക്കാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി വീതം അടിക്കുക. അവ രുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും അരുത്. അവർ തന്നെയാകുന്നു തെമ്മാടികൾ.
5. അതിനുശേഷം പശ്ചാത്തപിച്ച് മടങ്ങുകയും വിശുദ്ധിവരിക്കുകയും ചെയ്തവർ ഒഴികെ. എന്നാൽ തീർച്ചയായും അല്ലാഹു പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയും അത്രെ.
6. തങ്ങളുടെ ഭാര്യമാരുടെ മേൽ കുറ്റമാരോപിക്കുകയും അതിനു തങ്ങളല്ലാതെ മറ്റു സാക്ഷികളില്ലാതിരിക്കുകയും ചെയ്താൽ അപ്പോൾ അവരിൽ ഒരാളുടെ സാക്ഷ്യം (ഇപ്രകാരമായിരിക്കണം: തൻെറ ആരോപണത്തിൽ) 'തീർച്ചയായും താൻ സത്യവാനാണെ'ന്ന് അല്ലാഹുവിൻെറ പേരിൽ നാലു തവണ സാക്ഷ്യം വഹിക്കുക.
7. അഞ്ചാം തവണ, (തൻെറ ആരോപണത്തിൽ) താൻ കള്ളം പറയുന്നവനാണെങ്കിൽ അല്ലാഹുവിൻെറ ശാപം തൻെറ മേൽ ഉണ്ടാകട്ടെ എന്ന് (പറയുകയും വേണം.)
8. തീർച്ചയായും അയാൾ കള്ളം പറയുന്നവനാണെന്ന് അല്ലാഹുവിൻെറ പേരിൽ അവൾ നാലു തവണ ആണയിട്ടു സാക്ഷ്യപ്പെടുത്തിയാൽ അത് അവളെ ശിക്ഷയിൽനിന്ന് ഒഴിവാക്കുന്നതാണ്.
9. അഞ്ചാം തവണ, അവൻ സത്യവാനാണെങ്കിൽ അല്ലാഹുവിൻെറ ശാപം തൻെറ മേൽ ഉണ്ടാവട്ടെ എന്നും (അവൾ പറയണം.)
10. നിങ്ങളുടെ മേൽ അല്ലാഹുവിൻെറ അനുഗ്രഹവും അവൻെറ കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ,അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും യുക്തിമാനുമായിരുന്നില്ലെങ്കിൽ(ഭാര്യമാരുടെ പേരിലുള്ള വ്യഭിചാരാരോപണപ്രശ്നം നിങ്ങളെ വലിയ സങ്കീർണതയിലകപ്പെടുത്തുമായിരുന്നു.)

11. തീർച്ചയായും ആ കള്ളവാർത്തയും(1)കൊണ്ട് വന്നവർ നിങ്ങളിൽ നിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കരുതേണ്ട. അല്ല, അത് നിങ്ങൾക്ക് ഗുണകരമാണ്. അവരിൽ ഓരോരുത്തർക്കും താൻ സമ്പാദിച്ച പാപത്തിൻെറ ഫലമുണ്ട്. അവരിൽ അതിൻെറ നേതൃത്വം വഹിച്ചവനാരോ(2) അവന് വൻശിക്ഷയുമുണ്ട്.

11/1. പ്രവാചകപത്നി ആഇശാബീവിക്കെതിരെ പ്രചരിക്കപ്പെട്ട അപവാദമാണുദ്ദേശ്യം.
11/2. കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നുഉബയ്യാണ് ഈ അപവാദ പ്രചരണത്തിന് നേതൃത്വം നൽകിയത്.

12. നിങ്ങൾ അത് കേട്ടപ്പോൾ, വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ സ്വന്തം ആളുകളെപ്പറ്റി നല്ലത് വിചാരിക്കുകയും, ഇത് വ്യക്തമായ കള്ളമാണ് എന്നു നിങ്ങൾ പറയുകയും ചെയ്യാഞ്ഞത് എന്ത്?
13. അവർ എന്തുകൊണ്ട് അതിനു(തങ്ങളുടെ ആരോപണംതെളിയിക്കുന്നതിനു)നാലു സാക്ഷികളെ ഹാജരാക്കിയില്ല? അവർ സാക്ഷികളെ ഹാജരാക്കാത്തതിനാൽ അവർ തന്നെയാണ് അല്ലാഹുവിങ്കൽ അസത്യവാന്മാർ.
14. ഇഹത്തിലും പരത്തിലും അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും നിങ്ങൾക്ക് ഉണ്ടായിരുന്നില്ലെങ്കിൽ, നിങ്ങൾ പറഞ്ഞു പ്രചരിപ്പിച്ച ഇക്കാര്യത്തിൽ നിങ്ങളെ കഠിനമായ ശിക്ഷ ബാധിക്കുമായിരുന്നു.
15. നിങ്ങൾ നിങ്ങളുടെ നാവുകൾകൊണ്ട് അതേറ്റു പറയുകയും, നിങ്ങൾക്ക് അറിവില്ലാതിരുന്നത് എന്തോ അത് നിങ്ങളുടെ വായകൊണ്ട് പറയുകയും ചെയ്ത സന്ദർഭം: അല്ലാഹുവിൻെറ ദൃഷ്ടിയിൽ അത് ഗുരുതരമായിരിക്കേ നിങ്ങൾ അത് നിസ്സാരമായി വിചാരിക്കുകയും ചെയ്തു.
16. അതു കേട്ട സന്ദർഭത്തിൽ നിങ്ങൾ എന്തുകൊണ്ട് ഇങ്ങനെ പറഞ്ഞില്ല: നമുക്ക് ഇതിനെപ്പറ്റി സംസാരിക്കുവാൻ പാടുള്ളതല്ല. (അല്ലാഹുവേ!)നിനക്ക് പുകഴ്ച്ച! ഇത് അതിഗുരുതരമായ ഒരപവാദം തന്നെയാകുന്നു.
17. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ ഇതുപോലുള്ളത് ആവർത്തിക്കരുതെന്ന് അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു.
18. അല്ലാഹു നിങ്ങൾക്ക് അവൻെറ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.
19. തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ മ്ലേച്ഛത പരത്താനാഗ്രഹിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയാണുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങളോ അറി യുന്നില്ല.
20. അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും നിങ്ങളുടെമേൽ ഇല്ലാതിരിക്കുകയും,അല്ലാഹു കൃപയും കാരുണ്യവുമില്ലാത്തവനാവുകയുമാണെങ്കിൽ(നിങ്ങളുടെഅവസ്ഥ എന്തായിരിക്കും?)
21. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ പിശാചിൻെറ കാൽപ്പാടുകൾ പിൻപറ്റരുത്. ആരെങ്കിലും പിശാചിൻെറ കാൽപ്പാടുകൾ പിൻപറ്റുന്ന പക്ഷം തീർച്ചയായും നീചവും നിഷിദ്ധവും ചെയ്യാനായിരിക്കും അവൻ കൽപിക്കുക. നിങ്ങൾക്ക് അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നെങ്കിൽ നിങ്ങളിൽ ആരും ഒരിക്കലും വിശുദ്ധിവരിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ ശുദ്ധീകരിക്കുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.

22. നിങ്ങളിൽ അനുഗ്രഹവും സാമ്പത്തിക കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും അഗതികൾക്കും അല്ലാഹുവിൻെറ മാർഗത്തിൽ പലായനം ചെയ്തവർക്കും സഹായിക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പു നൽകുകയും വിട്ടു വീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.

22. പ്രവാചകപത്നിയും തൻെറ പുത്രിയുമായ ആഇശക്കെതിരെ അപവാദ പ്രചരണത്തിൽ പങ്കു വഹിച്ച അബൂബക്കർ സിദ്ദീഖിൻെറ ബന്ധുക്കളിലൊരാളായ മിസ്ത്വഹിന് മേലിൽ സഹായം ചെയ്യുകയില്ലെന്ന് അബൂബക്കർ(റ) ശപഥം ചെയ്തു. അത്തരം ആത്യന്തിക നടപടികൾ ശരിയല്ലെന്ന് അല്ലാഹു ഈ വചനത്തിലൂടെ ഉണർത്തുന്നു.

23. പതിവ്രതകളും ദുർന്നടത്തമെന്തെന്നറിയാത്തവരുമായ സത്യവിശ്വാസിനികളുടെ പേരിൽ ദുരാരോപണമാരോപിക്കുന്നവർ ഇഹത്തിലുംപരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു; തീർച്ച. അവർക്ക് കഠിനമായ ശിക്ഷയുണ്ട്.
24. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവരുടെ നാവുകളും അവരുടെ കൈകളും അവരുടെ കാലുകളും അവർക്കുതന്നെ എതിരായി സാക്ഷിപറയുന്ന ദിവസത്തിലത്രെഅത്.
25. അന്ന് അല്ലാഹു അവർക്ക് അവർ അർഹിക്കുന്ന പ്രതിഫലം പൂർത്തീകരിച്ചുകൊടുക്കും. അല്ലാഹു തന്നെയാണ് പ്രത്യക്ഷമായ സത്യമെന്ന് അവർ അറിയുകയും ചെയ്യും.
26. ചീത്ത സ്ത്രീകൾ ചീത്ത പുരുഷന്മാർക്കും, ചീത്ത പുരുഷന്മാർ ചീത്ത സ്ത്രീകൾക്കുമാകുന്നു. നല്ല സ്ത്രീകൾ നല്ല പുരുഷന്മാർക്കും നല്ല പുരുഷന്മാർ നല്ല സ്ത്രീകൾക്കുമാകുന്നു. ആളുകൾ ആരോപിക്കുന്ന കാര്യത്തിൽ അവർ നിരപരാധരാണ്. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.
27. അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ വീടുകളല്ലാത്ത മറ്റു വീടുകളിൽ നിങ്ങൾ പ്രവേശിക്കരുത്; നിങ്ങൾ ആ വീട്ടുകാരോട് അനുവാദം ചോദിക്കുകയും അവർക്ക് സലാം പറ യുകയും ചെയ്യുന്നതുവരെ. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ ചിന്തിച്ചു മനസ്സിലാ ക്കുമല്ലോ.
28. എന്നാൽ നിങ്ങൾ അവിടെ ആരെയും കണ്ടില്ലെങ്കിൽ നിങ്ങൾക്ക് അനുമതി നൽകപ്പെടുന്നതുവരെ അവിടെ നിങ്ങൾ പ്രവേശിക്കരുത്. 'മടങ്ങിപ്പോകണം' എന്ന് നിങ്ങളോട് പറയപ്പെട്ടാൽ അപ്പോൾ നിങ്ങൾ മടങ്ങിക്കൊള്ളുക. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെന്തും നന്നായി അറിയുന്നവനാണ്.
29. എന്നാൽ ആൾപാർപ്പില്ലാത്തതും നിങ്ങൾക്ക് ആവശ്യമുള്ള വസ്തുക്കൾ ഉള്ളതുമായ വീടുകളിൽ നിങ്ങൾ പ്രവേശിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതും അല്ലാഹു അറിയുന്നു.
30. സത്യവിശ്വാസികളോട് നീ പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ നിയന്ത്രിക്കുകയും ഗുഹ്യഭാഗങ്ങൾ കാത്തുസൂക്ഷിക്കുകയും ചെയ്യട്ടെ.അതാണ് അവരുടെ പരിശുദ്ധിക്ക് ഏറ്റം പറ്റിയത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്.
31. സത്യവിശ്വാസിനികളോട് പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ നിയന്ത്രിക്കട്ടെ. ഗുഹ്യഭാഗങ്ങൾ കാത്തുകൊള്ളട്ടെ. അവരുടെ സൗന്ദര്യത്തെ(യും അലങ്കാരത്തെയും) -അതിൽനിന്ന് സ്വയം വെളിവായതൊഴിച്ച്-(1) അവർ പ്രദർശിപ്പിക്കാതിരിക്കട്ടെ. ശിരോവസ്ത്രം മാറിടത്തിനു മീതെ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കന്മാർ, അവരുടെ പിതാക്കൾ, അവ

രുടെ ഭർത്തൃപിതാക്കൾ, അവരുടെ പുത്രന്മാർ, അവരുടെ ഭർത്തൃപുത്രന്മാർ, അവരുടെ സഹോദരന്മാർ, അവരുടെ സഹോദരപുത്രന്മാർ, അവരുടെ സഹോദരീപുത്രന്മാർ, തങ്ങളുമായി ഇടപഴകുന്ന സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ(അടിമകൾ), ദുർവിചാരങ്ങളില്ലാത്ത പുരുഷ ഭൃത്യന്മാർ, സ്ത്രീകളുടെ ഗോപ്യകാര്യങ്ങളെക്കുറിച്ചൊന്നും അറിഞ്ഞിട്ടില്ലാത്ത കുട്ടികൾ എന്നിവരോടൊഴികെ അവരുടെ സൗന്ദര്യം അവർ വെളിവാക്കരുത്. തങ്ങൾ മറച്ചുവെച്ചിട്ടുള്ള അലങ്കാരങ്ങൾ അറിയപ്പെടുന്നതിനുവേണ്ടി അവരുടെ കാലുകൾകൊണ്ട്(ശബ്ദമുണ്ടാക്കി) നടക്കുകയും അരുത്.അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ എല്ലാവരും ഒന്നായി അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

31/1. മുഖവും മുൻകൈകളും.

32. നിങ്ങളിൽ ഇണയില്ലാതെ കഴിയുന്നവരെയും നിങ്ങളുടെ അടിമകളായ സ്ത്രീപുരുഷന്മാരിൽ നല്ലവരെയും നിങ്ങൾ വിവാഹം കഴിപ്പിക്കുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു അവൻെറ ഔദാര്യത്താൽ അവരെ ഐശ്വര്യമുള്ളവരാക്കും.അല്ലാഹു അതിവിശാലനും സർവജ്ഞനുമത്രെ

33. വിവാഹം കഴിക്കാൻ കഴിവില്ലാത്തവർ, അല്ലാഹു അവൻെറ ഔദാര്യത്താൽ അവർക്ക് ഐശ്വര്യം നൽകുന്നതുവരെ സ്വന്തം സദാചാരം സൂക്ഷിക്കേണ്ടതാകുന്നു. നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവരിൽ (അടിമകളിൽ) മോചനക്കരാറിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവരാരോ അവരുമായി നിങ്ങൾ മോചനക്കരാർ ഉണ്ടാക്കുക.(1) അവരിൽ നന്മയുണ്ടെന്ന് നിങ്ങൾ അറിഞ്ഞിട്ടുണ്ടെങ്കിൽ. അല്ലാഹു നിങ്ങൾക്ക് നൽകിയ ധനത്തിൽനിന്ന് അവർക്ക് നൽകുക. ഭൗതികലാഭം ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ അടിമസ്ത്രീകളെ- അവർ ചാരിത്രവതികളായി ജീവിക്കാനാഗ്രഹിക്കുമ്പോൾ-നിങ്ങൾ വേശ്യാവൃത്തിക്ക് നിർബന്ധിക്കരുത്.(2) ആരെങ്കിലും അവരെ നിർബന്ധിക്കുകയാണെങ്കിൽ, അപ്പോൾ അവരുടെ (മേലുണ്ടാകുന്ന) സമ്മർദ്ദത്തിനുശേഷവും തീർച്ചയായും (ആ മർദ്ദിതർക്ക്)അല്ലാഹു പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമത്രെ.

33/1.വിശുദ്ധ ഖുർആൻെറ അവതരണകാലത്ത് ലോകമെങ്ങും ക്രൂരമായ അടിമത്തം നില നിന്നിരുന്നു. മുഹമ്മദ് നബി(സ) പ്രബോധനം നടത്തിയതും അടിമത്തം നിലവിലുള്ള ഒരു സമൂഹത്തിലാണ്. അടിമകൾ കാലികളെപ്പോലെ അങ്ങാടിയിൽ കച്ചവടം ചെയ്യപ്പെടുന്ന കേവലം ചരക്കുകളായിരുന്നു. ജീവിതത്തിൽ അവർക്ക് ഒരുവിധ സ്വാതന്ത്ര്യവുമുണ്ടായിരുന്നില്ല.

വിശുദ്ധ ഖുർആൻ അടിമകളെ മോചിപ്പിക്കുന്നതിന് സുശക്തമായ ധാർമിക സംരംഭം ആരംഭിച്ചു. അടിമകളോട് നല്ല നിലയിൽ വർത്തിക്കാൻ ആവശ്യപ്പെട്ടു. ഉടമ ഉപയോഗിക്കുന്നതുപോലുള്ള ആഹാര പാനീയങ്ങളും വസ്ത്രങ്ങളും നൽകണമെന്ന് നബി(സ) നിഷ്ക്കർഷിച്ചു. ഒരാൾക്ക് ജീവിതത്തിൽ ചെയ്യാവുന്ന ഏറ്റം പുണ്യകരമായ കാര്യം അടിമമോചനമാണെന്ന് പഠിപ്പിച്ചു. അങ്ങനെ ദൈവപ്രീതി കരസ്ഥമാക്കാനുള്ള ജനങ്ങളുടെ സാർവത്രികമായ അഭിവാഞ്ഛ കാരണം അവർ സ്വന്തം അടിമകളെത്തന്നെ ധാരാളമായി മോചിപ്പിക്കുകയും മറ്റുള്ളവരിൽനിന്ന് അടിമകളെ വാങ്ങി സ്വതന്ത്രരാക്കുകയും ചെയ്തിരുന്നു. പ്രവാചകൻ അടിമകൾക്ക് മാന്യമായ പെരുമാറ്റം ഉറപ്പ് വരുത്തുകയും ജോലിഭാരം കുറക്കാൻ നിർദേശിക്കുകയും അവരെ അടിമകളെന്ന് സംബോധന ചെയ്യുന്നത് വിലക്കുകയും ചെയ്തു. പിന്നീട് പല കുറ്റകൃത്യങ്ങൾക്കുമുള്ള പ്രായശ്ചിത്തമായി അടിമമോചനം ഏർപ്പെടുത്തുകയും സകാത്ത് ഫണ്ടിൽ ഒരു വിഹിതം അവരുടെ മോചനത്തിന് നീക്കിവെക്കുകയും ചെയ്തു.

സ്വതന്ത്രനായ ഒരാളെ പിടിച്ചു അടിമയാക്കി വിൽക്കുകയും വാങ്ങുകയും ചെയ്യുന്നത് നിരോധിക്കുകയും നിയമവിരുദ്ധമാക്കുകയും ചെയ്തു.

പ്രവാചകനു ശേഷം രാജ്യം ഭരിച്ച ഖലീഫമാരുടെ കാലം അവസാനിക്കുന്നതിനു മുമ്പു തന്നെ ആദ്യ കാലത്തെ എല്ലാ അടിമകളും മിക്കവാറും മോചിതരായിക്കഴിഞ്ഞിരുന്നു.

അടിമത്ത സമ്പ്രദായം ഖുർആൻ അവതരണകാലത്തെ സാമൂഹിക സാമ്പത്തികഘടനയുടെ ഒരു അവിഭാജ്യ ഘടകമായിരുന്നതിനാലാണ് ഇസ്ലാം ഒറ്റയടിക്ക് അതവസാനിപ്പിക്കാതെ ക്രമപ്രവൃദ്ധമായി ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചത്. സാമൂഹിക- സാമ്പത്തിക ഘടന തൊഴിലാളിക ളെയും കൂലിക്കാരേയുംകാളേറെ അടിമകളെ ആശ്രയിച്ചണ് നിലകൊണ്ടിരുന്നത്. അടിമകൾ മുഖേഘയ ല്ലാതെ മറ്റു വരുമാനമാർഗമൊന്നുമില്ലാത്ത നിർദ്ധനരായ ഉടമകളുണ്ടായിരുന്നു. അതിനാൽ അടിമകളെ വാങ്ങാൻ കനത്ത വിലകൊടുത്ത ഉടമകളോട് ഒരു നഷ്ടപരിഹാരവും കൂടാതെ അവരെ മോചിപ്പി ക്കാൻ ആവശ്യപ്പെടുന്നത് എല്ലായ്പോഴും നീതിപൂർവകമായിരുന്നില്ല. അതിനാൽ നിരുപാധികം അടിമകളെ മോചി പ്പിക്കുന്നത് അതിമഹത്തായ ഒരു പുണ്യകർമ്മമായി പ്രഖ്യാപിക്കുകയും, അതിന് സാധിക്കാത്തവരോട് അടിമകളുമായി മോചനക്കരാറിലേർപ്പെടാൻ ആഹ്വാനം ചെയ്യുകയുമാണ് ഇസ്ലാം ചെയ്തത്. അടിമകൾ മോചനം ആവശ്യപ്പെട്ടാൽ നിശ്ചിത കാലയളവിൽ അവരെ സ്വതന്ത്രരാക്കാനുള്ള കരാറിൽ യജമാന ന്മാർ ഒപ്പുവെക്കണമെന്നും ഖുർആൻ നിർദേശിച്ചു.

നബി(സ) മരണശയ്യയിൽ നല്കിയ വസിയ്യത്തിൽ അവസാനമായി സൂചിപ്പിച്ചതും അടിമകളുടെ കാര്യ മായിരുന്നു.ആ ചൈതന്യം ഉൾക്കൊണ്ട് പില്ക്കാലത്ത് മുസ്ലിം ഭരണാധികാരികൾ അടിമത്ത സമ്പ്ര ദായം അവസാനിപ്പിച്ചു.

യജമാനന്മാർ അടിമസ്ത്രീകളുമായി ലൈംഗിക ബന്ധം പുലർത്തിയത് അവരെ ഭാര്യമാരെപ്പോലെ നിയമാ നുസൃതമായി സ്വീകരിച്ചുകൊണ്ടാണ്. യജമാനന് അടിമസ്ത്രീകളിൽ കുട്ടികളുണ്ടായാൽ അവരും മറ്റു മക്ക ളെപ്പോലെത്തന്നെയായിരിക്കുമെന്നും യജമാനന്റെ മരണത്തോടെ അവരുടെ മാതാവും സ്വതന്ത്രയാകുമെ ന്നും നിശ്ചയിക്കപ്പെട്ടു.

യുദ്ധത്തടവുകാരെ അടിമകളാക്കിവെക്കാൻ അനുവാദം നൽകിയതുതന്നെ അവരുടെഗവൺമെൻറ് മുസ്ലിം യുദ്ധത്തടവുകാരുമായി അവരെ കൈമാറാൻ ഇഷ്ടപ്പെടാതിരിക്കുകയും അവർക്ക് സ്വയം മോചനദ്രവ്യം നൽകാൻ സാധിക്കാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. അവ്വിധം അടിമകളാക്കപ്പെടു ന്ന സ്ത്രീകളുടെ രക്ഷിതാവ് സർവസൈന്യാധിപനായ ഭരണാധികാരിയാണ്. അദ്ദേഹം അവരുടെ സംരക്ഷണം ആരെയെങ്കിലും ഏൽപിക്കുന്നത് രക്ഷിതാവ് വിവാഹം ചെയ്തുകൊടുക്കുന്നതുപോലെ ത്തന്നെയാണ്. അതിനാൽ അവർ ഭാര്യമാരെപ്പോലെയാണ് പരിഗണിക്കപ്പെടുക. അപ്പോഴും അവരെ സ്വതന്ത്രരാക്കി അവരുടെ ഇഷ്ടാനുസൃതം പ്രവർത്തിക്കാൻ അനുവദിക്കുന്നതാണ് ഉത്തമം. തങ്ങളുടെ യജമാനന്മാരുമായി കരാർ പത്ര മെഴുതി മോചനം നേടാനുള്ള തുറന്ന സന്ദർഭവും അവർക്ക് നൽകി.

33/2. അടിമസ്ത്രീകളെക്കൊണ്ട് നിർബന്ധപൂർവ്വം വേശ്യാവൃത്തിചെയ്യിച്ച് വരുമാനമുണ്ടാക്കുന്ന പതിവ് അക്കാലത്തുണ്ടായിരുന്നു. അവൾ സ്വന്തം ഇഷ്ടപ്രകാരം ദുർവൃത്തികൾ ചെയ്യുയാണെങ്കിൽ സ്വന്തം നില ക്കുതന്നെ കുറ്റവാളിയായിത്തീരും. യജമാനൻ ബലാൽക്കാരം അവളെക്കൊണ്ട് ഈ തൊഴിൽ ചെയ്യിക്ക യാണെങ്കിൽ അയാളാണതിനുത്തരവാദി.

വേശ്യാവൃത്തിയുടെ എല്ലാ രൂപങ്ങളും നബി(സ) മതപരമായി നിഷിദ്ധവും നിയമപരമായി കുറ്റവുമാ ക്കി.

---

34. തീർച്ചയായും നിങ്ങൾക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങളും, നിങ്ങൾക്ക് മുമ്പ് കഴിഞ്ഞു പോയ സമൂഹങ്ങളുടെ ഉദാഹരണങ്ങളും സൂക്ഷ്മശാലികൾക്കുള്ള സദുപദേശങ്ങളും അവ തരിപ്പിച്ചുതന്നിരിക്കുന്നു.

35. അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവന്റെ പ്രകാശത്തിന്റെ ഉപമ ഒരു വിളക്കുമാടം പോലെയാണ്. അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടിക ക്കൂട്ടിലാണ്. സ്ഫടികക്കൂടോ വെട്ടിത്തിളങ്ങുന്ന നക്ഷത്രം പോലെയും. കിഴക്കനോ പടി ഞ്ഞാറനോ അല്ലാത്ത അനുഗൃഹീതമായ ഒലിവുമരത്തിൽനിന്നും അത് കത്തിക്കപ്പെടുന്നു. അതിന്റെ എണ്ണ തീ തൊട്ടില്ലെങ്കിൽ പോലും സ്വയം പ്രകാശിക്കുമാറാകുന്നു. പ്രകാശത്തി നുമേൽ പ്രകാശം! അല്ലാഹു താൻ നിശ്ചയിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് നയിക്കു

ന്നു. അല്ലാഹു ജനങ്ങൾക്ക് വേണ്ടി ഉപമകൾ വിശദീകരിക്കുന്നു. അല്ലാഹു സകല സംഗ തികളും നന്നായറിയുന്നവനാണ്.

36. ഉയർത്തപ്പെടുവാനും തൻെറ നാമം അതിൽ സ്മരിക്കപ്പെടുവാനും അല്ലാഹു ഉത്തരവിട്ടിട്ടു ള്ള മന്ദിരങ്ങളിൽ കാണപ്പെടുന്നവരത്രെ(അവൻെറ പ്രകാശത്തിലേക്ക് മാർഗദർശനം സിദ്ധിച്ച വർ). രാവിലെയും വൈകുന്നേരവും അവിടെ അവൻെറ മഹത്വം പ്രകീർത്തിച്ചുകൊണ്ടിരി ക്കുന്നു.

37. കച്ചവടമോ കൊള്ളക്കൊടുക്കകളോ അല്ലാഹുവെ സ്മരിക്കന്നതിനും നമസ്കാരം നിലനിർ ത്തുന്നതിനും സകാത്ത് നൽകുന്നതിനും തടസ്സമാകാത്ത ചിലരാണ് അങ്ങനെ ചെയ്തുകൊ ണ്ടിരിക്കുന്നത്. ഹൃദയങ്ങളും കണ്ണുകളും (കീഴ്മേൽ) മറിയുന്ന ദിനത്തെ ഭയപ്പെടുന്നവരാ ണവർ.

38. അല്ലാഹു അവർക്ക് തങ്ങൾ പ്രവർത്തിച്ചതിനുള്ള ഏറ്റവും നല്ല പ്രതിഫലം നൽകുവാനും, അവൻെറ അനുഗ്രഹം കൂടുതലായി നൽകുവാനും വേണ്ടിയത്രെ അത്. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു.

39. അവിശ്വസിച്ചവരാകട്ടെ അവരുടെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചികപോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്നു കരുതുന്നു. അങ്ങനെ അവനതിൻെറ അടുത്തുചെന്നാൽ അവിടെയൊന്നുംതന്നെ കണ്ടെത്തുന്നില്ല. എന്നാൽ തൻെറ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. (അല്ലാഹു) അവന്ന് തൻെറ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ.

40. അല്ലെങ്കിൽ, (അവരുടെ ഉപമ) അഗാധമായ ആഴക്കടലിലെ അന്ധകാരങ്ങൾ പോലെയാണ്. അതിനെ തിരമാല മൂടിയിരിക്കുന്നു. അതിനു മീതെ മറ്റൊരു തിരമാല. അതിനു മീതെ കാർമേഘം. അങ്ങനെ ഒന്നിനു മേൽ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവൻെറ കൈ അവൻ പുറത്തേക്കിടുമ്പോൾ അതുപോലും അവന് കാണാറാകുന്നില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല.

41. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരും ചിറകു വിടർത്തി പറക്കുന്ന പക്ഷികളുമെല്ലാം അല്ലാഹുവിനെ പ്രകീർത്തിക്കുന്നത് നിങ്ങൾ കാണുന്നില്ലയോ? തൻെറ പ്രാർത്ഥനയും കീർ ത്തനവും എങ്ങനെയെന്ന് ഓരോന്നിനും അറിവുണ്ട്. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനത്രെ.

42. അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം.ആല്ലാഹുവിങ്കലേക്ക് തന്നെയാകുന്നു (അന്തിമമായ) മടക്കവും.

43. അല്ലാഹു കാർമേഘത്തെ (മന്ദം മന്ദം) ചലിപ്പിക്കുന്നതും പിന്നീടവയെ ഒരുമിച്ചു ചേർക്കു ന്നതും എന്നിട്ടതിനെ അവൻ അട്ടിയാക്കുന്നതും നീ കണ്ടില്ലേ? അങ്ങനെ അവയ്ക്കിടയിൽ നിന്ന് മഴത്തുള്ളികൾ പുറപ്പെടുന്നത് നിനക്ക് കാണാം. മാനത്തെ മലകൾപോലുള്ള മേഘ ക്കൂട്ടങ്ങളിൽനിന്ന് അവൻ ആലിപ്പഴം വീഴ്ത്തുകയും, എന്നിട്ട് താൻ ഉദ്ദേശിക്കുന്നവർക്ക് അവയുടെ ആപത്തണയ്ക്കുകയും, താൻ ഉദേശിക്കുന്നവരിൽനിന്ന് അത് തിരിച്ചുവിടുകയും ചെയ്യുന്നു. അതിൻെറ മിന്നൽ പ്രകാശം കാഴ്ച്ചകളെ ഇല്ലാതാക്കാൻ പോന്നതാണ്.

44. അല്ലാഹു രാവും പകലും മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായും കണ്ണുള്ളവർക്ക് ഇതിലൊരു പാഠമുണ്ട്.

45. അല്ലാഹു എല്ലാ ജീവജാലങ്ങളെയും വെള്ളത്തിൽനിന്ന് സൃഷ്ടിച്ചു. അവയിൽ ചിലത് അതിൻെറ ഉദരത്തിന്മേൽ നടക്കുന്നു. രണ്ട് കാലിൽ നടക്കുന്നവരും അവരിലുണ്ട്. നാലു കാലിൽ നടക്കുന്നവരും അവരിലുണ്ട്. അല്ലാഹു അവനിച്ഛിക്കുന്നത് സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു.

46. നാം (യാഥാർത്ഥ്യങ്ങൾ) വ്യക്തമാക്കുന്ന ദൃഷ്ടാന്തങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേരായ പാതയിലേക്ക് നയിക്കുന്നു.

47. അവർ പറയുന്നു: ഞങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും, അനുസരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ അതിനുശേഷം അവരിലൊരു വിഭാഗം പിന്തിരിഞ്ഞുപോകുന്നു. അവർ വിശ്വാസികളല്ലതന്നെ.

48. അവർക്കിടയിൽ തീർപ്പ് കല്പിക്കുന്നതിനായി അവരെ അല്ലാഹുവിങ്കലേക്കും അവൻെറ ദൂതനിലേക്കും വിളിച്ചാൽ അവരിൽ ഒരുവിഭാഗം ഒഴിഞ്ഞുമാറുന്നു.

49. എന്നാൽ ന്യായം അവർക്കനുകൂലമാണെങ്കിലോ, അവർ അദ്ദേഹത്തിൻെറ (ദൈവ ദൂതൻെറ) അടുത്തേക്ക് താഴ്മയോടെ വരികയും ചെയ്യുന്നു.

50. അവരുടെ ഹൃദയങ്ങളിൽ(കാപട്യത്തിൻെറ) രോഗമുണ്ടോ? അതോ, അവർ (നബിയെക്കുറിച്ച്) സംശയിക്കുന്നുവോ? അല്ലെങ്കിൽ, അല്ലാഹുവും അവൻെറ ദൂതനും അവരോട് അന്യായം ചെയ്യുമെന്ന് അവർ ഭയപ്പെടുന്നുണ്ടോ? അല്ല, അവർ തന്നെയാണ് അക്രമികൾ.

51. എന്നാൽ തങ്ങൾക്കിടയിൽ തീർപ്പ് കൽപിക്കാനായി അല്ലാഹുവിലേക്കും അവൻെറ ദൂതനിലേക്കും ക്ഷണിച്ചാൽ സത്യവിശ്വാസികൾ പറയുക ഇതുമാത്രമായിരിക്കും:‘‘ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു.’’അവർ തന്നെയാണ് വിജയികൾ.

52. അല്ലഹുവെയും അവൻെറ ദൂതനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും, അവനോടു(ള്ള കടമ) സൂക്ഷിക്കുകയും ചെയ്തവരാരോ അവർ തന്നെയാണ് വിജയികൾ.

53. അവർക്ക്(കപടന്മാർക്ക്) സത്യം ചെയ്യാൻ കഴിയുന്ന വിധത്തിലെല്ലാം അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്തുപറയുന്നു, നീ അവരോട് കൽപിക്കുകയാണെങ്കിൽ (സ്വഭവനങ്ങളിൽനിന്ന്)അവർ പുറപ്പെടുകതന്നെ ചെയ്യുമെന്ന്. പറയുക: നിങ്ങൾ സത്യംചെയ്യേണ്ടതില്ല. ആത്മാർഥമായ അനുസരണമാണ് ആവശ്യം. തീർച്ചയായും നിങ്ങൾ ചെയ്യുന്നതൊക്കെയും സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു.

54. പറയുക: നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ. അവൻെറ ദൂതനെയും അനുസരിക്കുവിൻ. എന്നാൽ നിങ്ങൾ പുറംതിരിഞ്ഞുപോവുകയാണെങ്കിൽ, അപ്പോൾ അദ്ദേഹത്തിൻെറ (ബാധ്യത) അദ്ദേഹം ഭരമേൽപിക്കപ്പെട്ട കാര്യത്തിൽ മാത്രമാണ്. നിങ്ങൾക്കുള്ള(ബാധ്യത) നിങ്ങൾ ഭരമേൽപിക്കപ്പെട്ട കാര്യത്തിലും മാത്രമാകുന്നു. അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്കു സന്മാർഗം പ്രാപിക്കാം. ദൈവദൂതൻെറ ബാധ്യത വ്യക്തമായ പ്രബോ ധനം മാത്രമാകുന്നു.

55. നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: എന്തെന്നാൽ, അവൻ അവരെ ഭൂമിയിലെ പ്രതിനിധികളാക്കുന്നതാകുന്നു-അവരുടെ മുമ്പുള്ളവരെ പ്രതിനിധികളാക്കിയതുപോലെ. അവർക്കായി അല്ലാഹു തൃപ്തിപ്പെട്ടേകിയ അവരുടെ ദീൻ (ജീവിത വ്യവസ്ഥ) അവർക്ക് സ്ഥാപിച്ചുകൊടുക്കുകയും, അവരുടെ (നിലവിലുള്ള) ഭയാവസ്ഥക്കുപകരം നിർഭയാവസ്ഥ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യും.അവർ എനിക്കു മാത്രമാണ് വഴിപ്പെടുക.എന്നോട് ഒരു

വസ്തുവിനെയും പങ്കു ചേര്‍ക്കുകയില്ല. അതിനു ശേഷം വല്ലവരും നിഷേധിക്കുന്നു വെങ്കില്‍, അവര്‍ തന്നെയാകുന്നു ധിക്കാരികള്‍.

56. നിങ്ങള്‍ നമസ്കാരത്തെ നിലനിറുത്തുകയും സകാത്ത് നല്‍കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുവിന്‍. നിങ്ങള്‍ക്ക് കാരുണ്യം ലഭിച്ചേക്കാം.

57. സത്യനിഷേധികള്‍, ഭൂമിയില്‍ (അല്ലാഹുവെ)തോല്‍പിച്ചുകളയുമെന്ന് നീ വിചാരിക്കരുത്. അവരുടെ വാസസ്ഥലം നരകമാകുന്നു. ഒരു ചീത്തയായ പ്രത്യാഗമനസ്ഥാനം.

58. അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ വലതു കൈകള്‍ ഉടമവഹിക്കുന്ന (അടിമകളും), നിങ്ങളിലെ പ്രായപൂര്‍ത്തിയെത്താത്തവരും മൂന്നു സന്ദര്‍ഭങ്ങളില്‍ നിങ്ങളുടെ (അടുത്തുവരാന്‍) അനുവാദം ചോദിച്ചുകൊള്ളട്ടെ- പ്രഭാത നമസ്കാരത്തിനു മുമ്പും, ഉച്ച സമയത്ത് നിങ്ങള്‍ വസ്ത്രങ്ങളഴിച്ചുവെക്കുമ്പോഴും, ഇശാ നമസ്കാരത്തിനുശേഷവും. ഈ മൂന്നു സമയങ്ങള്‍ നിങ്ങള്‍ക്കുള്ള സ്വകാര്യ (വിവസ്ത്ര) സമയങ്ങളാകുന്നു. ഇവയ്ക്കുശേഷം (സമ്മതമില്ലാതെ പ്രവേശിക്കുന്നതില്‍) നിങ്ങള്‍ക്കോ അവര്‍ക്കോ കുറ്റമൊന്നുമില്ല. അവര്‍ നിങ്ങളെ ചുറ്റിപ്പറ്റി കഴിയുന്നവരും നിങ്ങള്‍ അന്യോന്യം ഇടകലര്‍ന്ന് ജീവിക്കുന്നവരുമാണല്ലോ. ഇപ്രകാരം അല്ലാഹു നിങ്ങള്‍ക്ക് അവന്‍റെ നിയമങ്ങള്‍ വിവരിച്ചുതരുന്നു. അല്ലാഹു സര്‍വ്വശക്തനും യുക്തിമാനുമാകുന്നു.

59. നിങ്ങളിലെ കുട്ടികള്‍ പ്രായപൂര്‍ത്തിയെത്തിയാല്‍ അവരും അവര്‍ക്ക് മുമ്പുള്ളവര്‍ അനുവാദം ചോദിച്ചതുപോലെതന്നെ അനുവാദം ചോദിക്കേണ്ടതാണ്.ഇപ്രകാരം അല്ലാഹു അവന്‍റെ സൂക്തങ്ങള്‍ നിങ്ങള്‍ക്ക് വിവരിച്ചുതരികയാകുന്നു.അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു.

60. (യുവത്വം പിന്നിട്ട്) ഇരുപ്പിലായ വിവാഹജീവിതം പ്രതീക്ഷിക്കാത്ത സ്ത്രീകളിലെ(വൃദ്ധ) കളാണെങ്കില്‍ അലങ്കാരങ്ങള്‍ പ്രദര്‍ശിപ്പിക്കുന്നവരാകാതെ, തങ്ങളുടെ മേല്‍വസ്ത്രങ്ങള്‍ ഊരി വെക്കുന്നതില്‍ തെറ്റൊന്നുമില്ല. അവര്‍ മാന്യത കാത്തുസൂക്ഷിക്കുന്നതാണ് അവര്‍ക്ക് കൂടുതല്‍ നല്ലത്. അല്ലാഹു എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമാണ്.

61. അന്ധനോ മുടന്തനോ രോഗിക്കോ (ആരുടെ വസതിയില്‍നിന്നും ഭക്ഷണം കഴിക്കുന്നതില്‍) യാതൊരു വിരോധവുമില്ല. നിങ്ങളുടെ വീടുകളില്‍ നിന്നോ, നിങ്ങളുടെ പിതാക്കളുടെ വീടുകളില്‍ നിന്നോ, നിങ്ങളുടെ മാതാക്കളുടെ വീടുകളില്‍ നിന്നോ, നിങ്ങളുടെ സഹോദരന്മാരുടെ വീടുകളില്‍ നിന്നോ, നിങ്ങളുടെ സഹോദരിമാരുടെ വീടുകളില്‍നിന്നോ, നിങ്ങളു ടെ പിതൃസഹോദരന്മാരുടെ വീടുകളില്‍നിന്നോ,പിതൃസഹോദരിമാരുടെ വീടുകളില്‍ നിന്നോ, മാതൃസഹോദരന്മാരുടെ വീടുകളില്‍ നിന്നോ, മാതൃസഹോദരിമാരുടെ വീടുകളില്‍ നിന്നോ, താക്കോലുകള്‍ നിങ്ങളുടെ കൈവശത്തിലിരിക്കുന്ന വീടുകളില്‍ നിന്നോ, നിങ്ങളുടെ സ്നേഹിതന്‍റെ വീട്ടില്‍ നിന്നോ നിങ്ങള്‍ ഭക്ഷണം കഴിക്കുന്ന കാര്യത്തില്‍ നിങ്ങള്‍ക്ക് വിരോധമില്ല. നിങ്ങള്‍ ഒരുമിച്ചിരുന്നോ, വേറിട്ടിരുന്നോ ഭക്ഷിക്കുന്നതിന് നിങ്ങള്‍ക്ക് വിരോധമില്ല. എന്നാല്‍ നിങ്ങള്‍ വീടുകളില്‍ കടന്നുചെല്ലുകയാണെങ്കില്‍ അല്ലാഹുവില്‍ നിന്നുള്ള അനുഗൃഹീതവും പവിത്രവുമായ അഭിവാദ്യമെന്ന നിലയില്‍ നിങ്ങള്‍ അന്യോന്യം സലാം പറയണം. ഈവിധം അല്ലാഹു നിങ്ങള്‍ക്ക് സൂക്തങ്ങള്‍ വിശദീകരിച്ചുതരികയാകു ന്നു; നിങ്ങള്‍ ചിന്തിച്ചു ഗ്രഹിക്കുന്നതിനുവേണ്ടി.

62. അല്ലാഹുവിലും അവന്‍റെ ദൂതനിലുംവിശ്വസിക്കുന്നവര്‍ മാത്രമാണ് സത്യവിശ്വാസികള്‍. അദ്ദേഹത്തോടൊപ്പം അവര്‍ വല്ല പൊതുകാര്യത്തിലായിരിക്കെ, അദ്ദേഹത്തോട് അനുവാദം ചോദിക്കാതെ അവര്‍ പിരിഞ്ഞു പോവുകയില്ല. തീര്‍ച്ചയായും നിന്നോട് അനുവാദം

ചോദിക്കുന്നവരാരോ അവരാകുന്നു അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുന്ന വർ. അങ്ങനെ തങ്ങളുടെ ഒരാവശ്യത്തിനു വേണ്ടി(പോകാൻ)അവർ നിന്നോട് അനുവാദം ചോദിക്കുകയാണെങ്കിൽ അവരിൽ നീ ഉദ്ദേശിക്കുന്നവർക്ക് നീ അനുവാദം നൽകുകയും, അവർക്ക് വേണ്ടി നീ ആല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

63. നിങ്ങൾ തമ്മിൽ തമ്മിലുള്ള വിളിപോലെ നിങ്ങൾക്കിടയിൽ ദൈവദൂതൻെറ വിളിയെ നിങ്ങൾ എടുക്കരുത്.(മറ്റുള്ളവരുടെ) മറപിടിച്ചുകൊണ്ട് നിങ്ങളിൽ നിന്ന് ഊരിച്ചാടുന്ന വരെ തീർച്ചയായും അല്ലാഹു അറിയുന്നുണ്ട്.അതിനാൽ അദ്ദേഹത്തിൻെറ കൽപന ലംഘി ക്കുന്നവർ തങ്ങളെ വല്ല വിപത്തും ബാധിക്കുമെന്നോ വേദനയേറിയ ശിക്ഷ പിടികൂടു മെന്നോ ഭയപ്പെട്ടുകൊള്ളട്ടെ.

64. അറിഞ്ഞിരിക്കുവിൻ! തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും ഉള്ളതൊക്കെയും അല്ലാഹുവിൻേറതാകുന്നു. നിങ്ങൾ ഏതു നിലപാടിലായാലും അല്ലാഹു അതറിയുന്നു ണ്ട്. അവങ്കലേക്ക് അവർ മടക്കപ്പെടുന്ന ദിനത്തെയും(അവൻ അറിയുന്നു.) അപ്പോൾ അവർ പ്രവർത്തിച്ചതിനെക്കുറിച്ച് അവരെ അവൻ അറിയിക്കുന്നതാണ്. അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ.

---

*****

## അധ്യായം 25

# അൽഫുർഖാൻ. (സത്യാസത്യ വിവേചനം)

**അവതരണം മക്കയിൽ, വചനങ്ങാം 77**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. തൻെറ ദാസന് സത്യാസത്യ വിവേചനത്തിനുള്ള ഈ പ്രമാണം(ഖുർആൻ) അവതരിപ്പിച്ചു കൊടുത്തവൻ അളവറ്റ അനുഗ്രഹമുടയവനത്രെ. ആ ദാസൻ ലോകർക്കൊക്കെയും ഒരു മുന്നറിയിപ്പുകാരൻ ആയിരിക്കുവാൻ വേണ്ടി.
2. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യത്തിനുടമയാണവൻ. അവൻ ആരേയും പുത്രനായി സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന് യാതൊരു പങ്കാളിയുമില്ല. ഓരോ വസ്തുവിനെയും അവൻ സൃഷ്ടിക്കുകയും അതിനു കൃത്യമായ പരിമാണം നിശ്ചയിക്കുകയും ചെയ്തു.
3. അവനെക്കൂടാതെ പല ദൈവങ്ങളെയും അവർ സ്വീകരിച്ചിരിക്കുന്നു. അവർ ഒരു വസ്തുവും സൃഷ്ടിക്കുന്നില്ല. എന്നല്ല, അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരാകുന്നു. തങ്ങാംക്കു തന്നെ എന്തെങ്കിലും ഉപദ്രവമോ ഉപകാരമോ ചെയ്യാനുള്ള കഴിവുപോലും അവർക്കില്ല. മരണ ത്തെയോ ജീവിതത്തെയോ ഉയിർത്തെഴുന്നേൽപിനെയോ അവ നിയന്ത്രിച്ചുകൊള്ളുന്നുമില്ല.
4. സത്യനിഷേധികാം പറയുന്നു: ഇത്(ഖുർആൻ) അവൻ കെട്ടിച്ചമച്ച കെട്ടുകഥ മാത്രമാകുന്നു. വേറെ ചിലയാളുകാം അതിന് അവനെ സഹായിച്ചിട്ടുമുണ്ട്. എന്നാൽ അവരെത്തിപ്പെട്ടത് അക്രമത്തിലും വ്യാജത്തിലും തന്നെയാണ്.
5. അവർ പറയുന്നു: ഇത് പൂർവികരുടെ കെട്ടുകഥകളാണ്. അവൻ അവ പകർത്തിക്കുന്നു. എന്നിട്ട് രാവിലെയും വൈകുന്നേരവും അവൻ അത് വായിച്ചുകോംപ്പിക്കപ്പെടുന്നുമുണ്ട്.
6. പറയുക: ആകാശങ്ങളിലെയും ഭൂമിയിലെയും രഹസ്യങ്ങാം അറിയുന്നവനാണ് ഇത് ഇറക്കിത്തന്നത്. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.
7. അവർ പറയുന്നു: ഇതെന്ത് ദൈവദൂതൻ? ഇയാാം ഭക്ഷണം കഴിക്കുകയും തെരുവുകളിൽ കൂടി നടക്കുകയും ചെയ്യുന്നു.ഇയാളോടൊപ്പം മുന്നറിയിപ്പുകാരനായി ഒരു മലക്കിനെ ഇറക്കിക്കൊടുക്കാത്തതെന്ത്?
8. അല്ലെങ്കിൽ എന്തുകൊണ്ട് ഇയാാംക്ക് ഒരു നിധി ഇട്ടുകൊടുക്കുന്നില്ല. അല്ലെങ്കിൽ ഇയാാക്ക് (കായ്കനികാം)തിന്നാൻ കിട്ടുന്ന ഒരു തോട്ടം ഇല്ലാത്തതെന്ത്? അക്രമികാം പറയുന്നു: മാരണം ബാധിച്ച ഒരാളെ മാത്രമാണ് നിങ്ങാം പിൻപറ്റുന്നത്.
9. അവർ നിന്നെക്കുറിച്ച് എങ്ങനെയാണ് ചിത്രീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കൂ. അങ്ങനെ അവർ വഴികേടിലായിരിക്കുന്നു.ഒരുവഴിയും കണ്ടെത്താൻ അവർക്ക് കഴിയുന്നില്ല
10. താൻ നിശ്ചയിച്ചുവെങ്കിൽ അതിനെക്കാാം നല്ലത് നിനക്കു നൽകാൻ കഴിവുള്ളവൻ എത്ര അനുഗ്രഹമുടയവൻ. താഴത്തുകൂടി അരുവികാം ഒഴുകുന്നതായ തോട്ടങ്ങളും കൊട്ടാരങ്ങളും.
11. അല്ല, അന്ത്യസമയത്തെ അവർ തള്ളിപ്പറഞ്ഞിരിക്കുന്നു. അന്ത്യദിനത്തെ തള്ളിപ്പറയുന്നവർക്ക് കത്തിജ്വലിക്കുന്ന നരകം നാം ഒരുക്കിവെച്ചിരിക്കുന്നു.
12. ദൂരത്തുനിന്നു അത് അവരെ കാണുമ്പോാം തന്നെ അതിൻെറ ക്ഷോഭവും ഇരമ്പലും അവർ കോംക്കുകയായി.

13. അതിൽ(നരകത്തിൽ) ഇടുങ്ങിയ ഒരിടത്തേക്ക്‌ (ചങ്ങലകളാൽ)ബന്ധിക്കപ്പെട്ട്‌ അവർ എറിയപ്പെട്ടാൽ അവർ അവിടെവെച്ച്‌ നശിച്ചുകിട്ടുന്നതിനായി മുറവിളികൂട്ടിക്കൊണ്ടിരിക്കും.
14. (അന്നേരം അവരോട്‌ പറയപ്പെടും:) നിങ്ങൾ ഇന്ന്‌ ഒരു നാശത്തെയല്ല അനേകം നാശത്തെ വിളിച്ചുകൊള്ളുക.
15. (നബിയെ) ചോദിക്കുക: അതാണോ നല്ലത്‌, അതോ (അല്ലാഹുവിനെ) ഭയപ്പെടുന്നവർക്ക്‌ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള നിത്യവാസത്തോട്ടമാണോ? അത്‌ അവർക്കുള്ള പ്രതിഫലവും ഒരു പ്രത്യാഗമനസ്ഥാനവുമത്രേ.
16. അവിടെ അവരുടെ അഭിലാഷങ്ങളെല്ലാം പൂർത്തീകരിക്കപ്പെടുന്നതും ശാശ്വതമായി വസിക്കുന്നതുമാകുന്നു. അത്‌ നിന്റെ രക്ഷിതാവ്‌ ബാധ്യതയേറ്റെടുത്ത വാഗ്ദത്തമത്രെ (നിറവേറ്റി ക്കിട്ടുവാൻ ആവശ്യപ്പെടാവുന്ന വാഗ്ദത്തം.)
17. അവരെയും അല്ലാഹുവെക്കൂടാതെ അവർ ആരാധിക്കുന്ന (വസ്തുക്കളെ)യും അവൻ ഒരുമിച്ചു കൂട്ടുന്ന ദിവസം (അല്ലാഹു)അവരോട്‌ ചോദിക്കും: നിങ്ങളാണോ എന്റെ ഈ ദാസന്മാരെ വഴിപിഴപ്പിച്ചത്‌. അതല്ല; അവർ സ്വയം പിഴച്ചുപോയതാണോ?
18. അപ്പോൾ അവർ(ആരാധ്യർ) പറയും: നീ എത്ര പരിശുദ്ധൻ! നിന്നെക്കൂടാതെ വല്ല രക്ഷാധികാരികളെയും സ്വീകരിക്കുക എന്നത്‌ ഞങ്ങൾക്ക്‌ ചേർന്നതേയല്ല. എന്നാൽ നീ അവർക്കും അവരുടെ പിതാക്കൾക്കും സുഖസൗകര്യങ്ങൾ നൽകി. അങ്ങനെ അവർ ഉൽബോധനം മറന്നുകളയുകയും, നശിച്ച ഒരു ജനതയായിത്തീരുകയും ചെയ്തു.
19. അങ്ങനെ അവർ (നിങ്ങളുടെ ആരാധ്യന്മാർ) ഇന്ന്‌ നിങ്ങൾ പറയുന്നതൊക്കെ നിഷേധിക്കും. അപ്പോൾ (ശിക്ഷയെ)തട്ടിമാറ്റാനോ എന്തെങ്കിലും സഹായം നേടാനോ നിങ്ങൾക്കു കഴിയുകയില്ല. അതിനാൽ നിങ്ങളിൽനിന്ന്‌ അക്രമം കാണിച്ചവരെ നാം കഠിനശിക്ഷ ആസ്വ ദിപ്പിക്കുന്നതാണ്‌.
20. ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്ക്‌ മുമ്പ്‌ ദൂതന്മാരിൽപെട്ട ആരേയും നാം അയച്ചിട്ടില്ല.(വാസ്തവത്തിൽ) നാം നിങ്ങളിൽ ചിലരെ മറ്റുള്ളവർക്ക്‌ ഒരു പരീക്ഷണമാക്കിയിരിക്കുന്നു. നിങ്ങൾ ക്ഷമിക്കുന്നുവോ (എന്ന്‌ നോക്കുന്നതിന്‌). നിന്റെ രക്ഷിതാവ്‌ എല്ലാം കാണുന്നുണ്ട്‌.
21. നാമുമായുള്ള കൂടിക്കാഴ്ചയെ പ്രത്യാശിക്കാത്തവർ പറയുന്നു: ഞങ്ങളിലേക്ക്‌ മലക്കുകളെ അയയ്ക്കപ്പെടാത്തതെന്ത്‌? അല്ലെങ്കിൽ രക്ഷിതാവിനെ ഞങ്ങൾ നേരിൽ കാണാത്തതെന്ത്‌? തീർച്ചയായും അവർ സ്വയം ഗർവ്വ്‌ നടിക്കുകയും,വലിയ ധിക്കാരം കാണിക്കുകയും ചെയ്തിരിക്കുന്നു.
22. മലക്കുകളെ അവർ കാണുന്ന ദിവസം. അന്ന്‌ കുറ്റവാളികൾക്ക്‌ ശുഭവാർത്തയൊന്നുമില്ല. അവർ ഇങ്ങനെ പറയും: വിലക്കപ്പെട്ട ഒരു നിരോധനം.
23. അവർ പ്രവർത്തിച്ചിരുന്ന കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, അങ്ങനെ നാമവയെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും.
24. അന്ന്‌ സ്വർഗ്ഗവാസികൾ നല്ല വാസസ്ഥലവും ഉത്തമമായ വിശ്രമകേന്ദ്രവും ഉള്ളവരായിരിക്കും.
25. ആകാശം വെൺമേഘങ്ങളോടെ പൊട്ടിപ്പിളരുകയും, മലക്കുകൾ ഒരിറക്കത്താൽ (കൂട്ടംകൂട്ടമായി) ഇറക്കപ്പെടുകയും ചെയ്യുന്ന ദിവസം.

26. അന്ന് യഥാർഥ ആധിപത്യം പരമകാരുണികനായിരിക്കും. സത്യനിഷേധികൾക്കാണെങ്കിൽ അത് ഏറെ ക്ലേശകരമായ ദിവസമായിരിക്കും.
27. അക്രമി തന്റെ കൈ കടിക്കുന്ന ദിവസം! അവൻ പറയും: ഹാ കഷ്ടം! ഞാൻ ദൈവ ദൂതനോടൊപ്പം നേർവഴി കൈക്കൊണ്ടിരുന്നുവെങ്കിൽ!
28. അഹോ! എന്റെ നാശമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി എടുത്തിട്ടില്ലായിരുന്നെങ്കിൽ!
29. എനിക്ക് ഉദ്ബോധനം വന്നെത്തിയശേഷം അവൻ എന്നെ അതിൽനിന്ന് തെറ്റിച്ചുകള ഞ്ഞു. പിശാച് മനുഷ്യനെ (സമയത്തു)കൈവിട്ടു കളയുന്നവനത്രേ.
30. റസൂൽ(പ്രവാചകൻ) അന്ന് പറയും: എന്റെ രക്ഷിതാവേ! തീർച്ചയായും എന്റെ ജനം ഈ ഖുർആനെ തീർത്തും നിരാകരിച്ചു.
31. അപ്രകാരം എല്ലാ പ്രവാചകന്മാർക്കും കുറ്റവാളികളായ ചില ശത്രുക്കളെ നാം ഉണ്ടാക്കിയി രിക്കുന്നു. ഒരു വഴികാട്ടിയും ഒരു സഹായിയും ആയി നിന്റെ രക്ഷിതാവ് മതി.
32. അവിശ്വാസികൾ ചോദിക്കുന്നു: ഖുർആൻ (മുഴുവനും) ഒരൊറ്റ തവണയായി എന്തു കൊണ്ട് അവന് ഇറക്കപ്പെടുന്നില്ല? ഇപ്രകാരം(ഇറക്കപ്പെടുന്നത്) നിന്റെ ഹൃദയത്തെ അതിൽകൂടി നാം ഉറപ്പിക്കുന്നതിനു വേണ്ടിയത്രേ. നാം അതിനെ ഒരു നിശ്ചിതക്രമത്തിൽ വെവ്വേറെ ഭാഗങ്ങളാക്കുകയും ചെയ്തു.
33. അവർ ഏതൊരു പ്രശ്നവുമായി നിന്നെ സമീപിക്കുകയാണെങ്കിലും അതിന്റെ സത്യവും ഏറ്റവും നല്ല വിശദീകരണവും നിനക്കു നാം എത്തിച്ചുതരാതിരിക്കില്ല.
34. മുഖംകുത്തി നരകത്തിലേക്ക് തെളിച്ചു കൂട്ടപ്പെടുന്നവരാരോ അവരാണ് സ്ഥാനംകൊണ്ട് ഏറ്റം ചീത്തയും ഏറ്റവും വഴിപിഴച്ചു പോയവരും.
35. മൂസാക്കു തീർച്ചയായും നാം വേദം നൽകുകയും അദ്ദേഹത്തോടൊപ്പം സഹോദരൻ ഹാറൂനെ സഹായിയായി നിശ്ചയിക്കുകയും ചെയ്തു.
36. എന്നിട്ടു നാം പറഞ്ഞു: നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച ജനതയിലേക്ക് നിങ്ങൾ പോകുവിൻ. ഒടുവിൽ നാം അവരെ തകർത്തുതരിപ്പണമാക്കി.
37. നൂഹിന്റെ ജനതയെയും-ദൂതന്മാരെ അവർ നിഷേധിച്ചപ്പോൾ,അവരെ നാം മുക്കിക്കൊന്നു. അവരെ നാം മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു. അക്രമികൾക്ക് (പരലോക ത്ത്) വേദനയേറിയ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.
38. ആദ് സമുദായത്തെയും, സമൂദ് സമുദായത്തെയും, റസ്സുകാരെയും അതിനിടയിലെ നിര വധി തലമുറകളെയും (നാം നശിപ്പിച്ചിട്ടുണ്ട്.)
39. എല്ലാവർക്കും നാം (നാശവിധേയരായ പൂർവ്വികരുടെ)ഉദാഹരണങ്ങൾ വിവരിച്ചു കൊടു ത്തു (അത് തള്ളിക്കളഞ്ഞപ്പോൾ)എല്ലാവരെയും നാം നിശ്ശേഷം നശിപ്പിക്കുകയും ചെയ്തു.
40. ഒരു ചീത്ത മഴ വർഷിപ്പിക്കപ്പെട്ട നാട്ടിലൂടെ തീർച്ചയായും അവർ കടന്നു പോയിട്ടുണ്ട്. എന്നിട്ടും ഇവരിതൊന്നും കണ്ടിട്ടില്ലേ? അല്ല, ഇവർ ഉയിർത്തെഴുന്നേൽപ് പ്രതീക്ഷിക്കാത്ത വരാകുന്നു.

---

40. ലൂത്വ് നബി(അ)യുടെ നാടായ സദൂം(സൊദോം) ആണ് ഉദ്ദേശ്യം. ചീത്ത മഴകൊണ്ടുദ്ദേശ്യം ഖുർആൻ പലയിടത്തും പരാമർശിച്ചിട്ടുള്ള ശിലാവർഷമാകുന്നു. ഫലസ്തീനിലേക്കും ശാമിലേക്കും സഞ്ചരിക്കുന്ന സാർത്ഥവാഹകസംഘങ്ങൾ ആ നശീകരണത്തിന്റെ അടയാളങ്ങൾ കാണുകയും സമീപസ്ഥ ജനങ്ങളിൽനിന്ന് ലൂത്വ് ജനതയെ സംബന്ധിച്ച കഥകൾ കേൾക്കുകയും ചെയ്തിരുന്നു.

---

41. നിന്നെ കാണുമ്പോഴൊക്കെ അവർ പരിഹസിക്കുകയാണ്. (അവർ പറയുന്നു:) ഇവനാ ണോ അല്ലാഹു ദൂതനായി അയച്ചവൻ?

42. നമ്മുടെ ദൈവങ്ങളുടെ കാര്യത്തിൽ നാം ക്ഷമയോടെ ഉറച്ചുനിന്നിരുന്നില്ലെങ്കിൽ അവയിൽ നിന്ന് ഇവൻ നമ്മെ തെറ്റിച്ചുകളയുമായിരുന്നു.ആരാണ് അധികം വഴിതെറ്റിയത് എന്ന്, ശിക്ഷ കാണുന്ന സമയം അവർ അറിയും.
43. തൻെറ ദേഹേച്ഛയെ തൻെറ ദൈവമാക്കിയവനെ നീ കണ്ടുവോ? ഇങ്ങനെയുള്ളവനെ (നേർ വഴിയിലാക്കാനുള്ള) ചുമതലയേൽക്കാൻ നിനക്കു കഴിയുമോ?
44. ഇവരിൽ അധികമാളുകളും കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നുണ്ടെന്ന് നീ കരുതു ന്നുവോ? ഇവരോ, വെറും കാലികളെപ്പോലെയാകുന്നു. അല്ല, അവയെക്കാളേറെ വഴിപിഴ ച്ചവരാകുന്നു.
45. നിൻെറ രക്ഷിതാവിനെക്കുറിച്ച് നീ ആലോചിച്ചുനോക്കിയിട്ടില്ലേ? എങ്ങനെയാണവൻ നിഴ ലിനെ നീട്ടിയിട്ടുകൊണ്ടിരിക്കുന്നതെന്ന്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ അവൻ (ഒരേ സ്ഥലത്തുതന്നെ)നിശ്ചലമാക്കുമായിരുന്നു.സൂര്യനെ നാം അതിൻെറ വഴികാട്ടിയാക്കി
46. പിന്നെ (സൂര്യൻ പൊങ്ങുന്നതനുസരിച്ച്) നാം അതിനെ(നിഴലിനെ) അൽപാൽപമായി നമ്മുടെ അടുത്തേക്ക് ചുരുക്കിക്കൊണ്ടുവരുന്നു.
47. അവനാണ് നിങ്ങൾക്ക് രാത്രിയെ വസ്ത്രമാക്കിയതും, ഉറക്കത്തെ ഒരു വിശ്രമവും ആക്കിത്ത ന്നവൻ. പകലിനെ ഉണർവുവേളയുമാക്കിയതും അവൻ തന്നെ.
48. തൻെറ അനുഗ്രഹത്തിന്നു മുന്നോടിയായി കാറ്റുകളെ ശുഭവാർത്തയുമായി അയച്ചവനും അവൻ തന്നെയാകുന്നു. ആകാശത്തു നിന്ന് ശുദ്ധജലത്തെ നാം ഇറക്കുകയും ചെയ്യുന്നു.
49. അതുമൂലം നിർജ്ജീവമായ പ്രദേശങ്ങളെ സജീവമാക്കുന്നതിനും, നാം സൃഷ്ടിച്ചിട്ടുള്ള ഒട്ടേറെ കാലികൾക്കും മനുഷ്യർക്കും അതു നാം കുടിക്കാൻ കൊടുക്കുന്നതിനും വേണ്ടി.
50. അവർ ഉൽബുദ്ധരാകുന്നതിനുവേണ്ടി നാം അത്(മഴവെള്ളം) അവർക്കിടയിൽ വിതരണം ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യരിൽ ഏറെപ്പേരും നന്ദികേട് ഒഴിച്ച് (മറ്റൊരു നിലപാട് സ്വീകരിക്കാൻ) വിസമ്മതിക്കുകയാകുന്നു.
51. നാം നിശ്ചയിച്ചിരുന്നുവെങ്കിൽ ഓരോ പട്ടണത്തിലും ഓരോ മുന്നറിയിപ്പുകാരനെ നാം നിയോഗിക്കുമായിരുന്നു.
52. അതിനാൽ സത്യനിഷേധികളെ നീ അനുസരിക്കരുത്. ഇത്(ഖുർആൻ) ഉപയോഗിച്ച് നീ അവരോട് ശക്തമായി സമരം ചെയ്യുക.
53. രണ്ട് സമുദ്രങ്ങളെ കൂട്ടിച്ചേർത്തതും അവൻ തന്നെയാകുന്നു. ഒന്ന് സ്വാദിഷ്ടമായ ശുദ്ധ ജലം. മറ്റേത് ചവർപ്പുള്ള ഉപ്പുജലവും. രണ്ടിനുമിടയിൽ ഒരു മറയുണ്ട്. അവ(കൂടിക്കല രുന്നതിനെ) വിലക്കുന്ന ഒരു തടസ്സം.
54. ജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചവനും അവൻ തന്നെയാകുന്നു. അങ്ങനെ അവനെ രക്തബന്ധവും വിവാഹബന്ധവുമുള്ളവനാക്കി. നിൻെറ നാഥൻ എല്ലാറ്റിനും കഴിവുറ്റവനാ ണ്.
55. അല്ലാഹുവെക്കൂടാതെ, അവർക്ക് ഗുണമോ ദോഷമോ ചെയ്യാത്തതിനെ അവർ ആരാധിക്കു ന്നു. സത്യനിഷേധി തൻെറ നാഥനെതിരെ (എല്ലാ ദുശ്ശക്തികളെയും) സഹായിക്കുന്നവനു മായിരിക്കുന്നു.
56. (നബിയെ,) സന്തോഷവാർത്ത നൽകുന്നവനായും മുന്നറിയിപ്പുകൊടുക്കുന്നവനായും അല്ലാ തെ നിന്നെ നാം അയച്ചിട്ടില്ല.

57. പറയുക: ഇതിന്‍െറ പേരില്‍ ഞാന്‍ നിങ്ങളോട്‌ ഒരു പ്രതിഫലവും ചോദിക്കുന്നില്ല. ആരെങ്കിലും തന്‍െറ രക്ഷിതാവിങ്കലേക്കുള്ള വഴിയവലംബിക്കാനുദ്ദേശിക്കുന്നുവെങ്കില്‍ (അങ്ങനെ ചെയ്തുകൊള്ളട്ടെ എന്ന്‌) മാത്രം.

58. (നബിയെ,) എന്നെന്നും ജീവിച്ചിരിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമായ (അല്ലാഹുവില്‍) നീ ഭരമേല്‍പിക്കുക. അവനെ സ്തുതിക്കുകയും വാഴ്‌ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക. തന്‍െറ അടിമകളുടെ പാപങ്ങളെക്കുറിച്ച്‌ അവന്‍ സൂക്ഷ്‌മമായി അറിവുള്ളവനാണ്‌ എന്നതുതന്നെ തികച്ചും മതിയായതത്രെ.

59. ആകാശങ്ങളെയും ഭൂമിയെയും അവ രണ്ടിനുമിടയിലുള്ളതിനെയും ആറു നാളുകളിലായി സൃഷ്‌ടിച്ചവന്‍. പിന്നെ അവന്‍ സിംഹാസനസ്ഥനായി. പരമകാരുണികന്‍! അവനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവരോടു ചോദിച്ചുനോക്കുക.

---

59.അല്ലാഹുവിന്‍െറ ഈ സിംഹാസനാരോഹണം ഏതുതരത്തിലുള്ളതാണെന്നു മനസ്സിലാക്കുക നമ്മെ സംബന്ധിച്ചേടത്തോളം പ്രയാസകരമാണ്‌. എങ്കിലും ഖുര്‍ആനില്‍ ഈ പരാമര്‍ശത്തിന്‍െറ ഉദ്ദേശ്യമിതാണ്‌: പ്രപഞ്ചത്തിന്‍െറ സ്രഷ്‌ടാവും സംവിധായകനും മാത്രമല്ല അല്ലാഹു. അതിന്‍െറ നിയന്താവും ഭരണാധിപനും കൂടിയാണ്‌. പ്രപഞ്ചസൃഷ്‌ടിക്കു ശേഷം അതുമായി യാതൊരു ബന്ധവും പുലര്‍ത്താതെ എവിടെയോ സ്വസ്ഥമായി കഴിഞ്ഞുകൂടുകയല്ല അവന്‍. പ്രപഞ്ചത്തെ സൃഷ്‌ടിച്ചശേഷം അതില്‍ ഭരണം നടത്താന്‍ മറ്റാരെയെങ്കിലും ഏല്‍പിക്കുകയോ അഥവാ, അവരില്‍ ഏതെങ്കിലും വിഭാഗത്തെ ഇഷ്‌ടംപോലെ പ്രവര്‍ത്തിച്ചുകൊള്ളുവാന്‍ വിടുകയോ അല്ല അവന്‍ ചെയ്തിട്ടുള്ളത്‌. പ്രത്യുത പ്രപഞ്ചമഖിലത്തിന്‍െറ നിയന്ത്രണം ഫലത്തില്‍തന്നെ അവന്‍െറ കൈകളിലാണ്‌.

രാപ്പകലുകളുടെ ഭ്രമണം സ്വയമേവ ഉണ്ടാകുന്ന ഒരു പ്രതിഭാസമല്ല. സൂര്യ ചന്ദ്ര നക്ഷത്രാദികള്‍ സ്വയം യാതൊരു ശക്തിയുടെയും ഉടമകളല്ല. ദൈവികഹസ്തത്തില്‍ കേവലം ആജ്ഞാനുവര്‍ത്തികളാണവ. ചെറുതും വലുതുമായ എല്ലാ വസ്തുവും അവന്‍െറ മാത്രം അജ്ഞാനുവര്‍ത്തിയും ഹിതാനുസാരിയുമത്രെ. ഈ യാഥാര്‍ഥ്യം മനസ്സിലാക്കാത്തതിന്‍െറ ഫലമായി മനുഷ്യന്‍ ചിലപ്പോള്‍ ബഹുദൈവവിശ്വാസമാകുന്ന അബദ്ധത്തിലേക്കും ചിലപ്പോള്‍ സ്വാധികാര പ്രമത്തതയാകുന്ന അബദ്ധത്തിലേക്കും ചെന്ന്‌ വീഴുന്നു. മനുഷ്യന്‍ ഒന്നുകില്‍ തന്‍െറ ഭാഗധേയം അല്ലാഹുവല്ലാത്ത മറ്റു വല്ലവരോടും ബന്ധപ്പെടുത്തുകയും അവരുടെ മുമ്പില്‍ അടിമയായി തലകുനിച്ച്‌ പൂജിക്കുകയും ചെയ്യുന്നു. അല്ലെങ്കില്‍ തന്‍െറ ഭാഗധേയം നിര്‍ണ്ണയിക്കുന്നത്‌ താന്‍ മാത്രമാണെന്ന്‌ ധരിച്ച്‌ സ്വേച്ഛാപ്രമത്തനായിത്തീരുന്നു. ദൈവത്തിനു പ്രാപഞ്ചിക ഭരണകാര്യങ്ങളുമായി പ്രായോഗികബന്ധമൊന്നുമില്ലെന്ന അബദ്ധധാരണയുടെ അനിവാര്യഫലമാണിത്‌.

---

60. ‘‘പരമകാരുണികന്‌ നിങ്ങള്‍ പ്രണാമംചെയ്യുവിന്‍’’എന്ന്‌ അവരോട്‌ പറയപ്പെട്ടാല്‍ അവര്‍ പറയും: ‘എന്താണ്‌ പരമകാരുണികന്‍? നീ പറയുന്നവരെ ഞങ്ങള്‍ പ്രണമിക്കണമെന്നോ?’ അങ്ങനെ (സത്യപ്രബോധനം) അവരുടെ അകല്‍ച്ച വര്‍ദ്ധിപ്പിക്കുകയാണ്‌ ചെയ്തത്‌.

61. ആകാശത്ത്‌ നക്ഷത്രമണ്ഡലങ്ങള്‍ ഉണ്ടാക്കിയവന്‍ അനുഗ്രഹപൂര്‍ണനത്രേ. അതിലൊരു ദീപവും(സൂര്യന്‍) ശോഭിക്കുന്ന ചന്ദ്രനും അവന്‍ ഉണ്ടാക്കിയിരിക്കുന്നു.

62. രാപകലുകളെ പരസ്പരം അനുഗാമികളാക്കിയതും അവന്‍തന്നെ. ഉല്‍ബുദ്ധനാവാനോ നന്ദിയുള്ളവനാകാനോ ആഗ്രഹിക്കുന്നവന്നുവേണ്ടി.

63. പരമകാരുണികന്‍െറ ദാസന്മാര്‍ ഭൂമിയില്‍ വിനയത്തോടെ നടക്കുന്നവരാകുന്നു. അവിവേവികള്‍ അവരെ നേരിട്ടാല്‍, അവര്‍ പറയും; ‘നിങ്ങള്‍ക്കു സമാധാനം’.

64. സാഷ്‌ടാംഗം പ്രണമിച്ചും നിന്ന്‌ നമസ്കരിച്ചും തങ്ങളുടെ രക്ഷിതാവിന്‍െറ മുമ്പില്‍ രാത്രി കഴിച്ചുകൂട്ടുന്നവരാണവര്‍.

65. അവര്‍ പ്രാര്‍ത്ഥിച്ചുകൊണ്ടിരിക്കുന്നു: ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ നരക ശിക്ഷയില്‍ നിന്ന്‌ മോചിപ്പിക്കേണമേ! തീര്‍ച്ചയായും അതിലെ ശിക്ഷ വിട്ടുമാറാത്തതാകുന്നു.

66. തീർച്ചയായും അത് ഏറ്റം ചീത്തയായ താവളവും മോശമായ പാർപ്പിടവുമത്രെ.
67. ചെലവഴിക്കുമ്പോൾ അവർ ധൂർത്തടിക്കുകയോ പിശുക്കുകാട്ടുകയോ ഇല്ല. അതിന് രണ്ടി നുമിടയ്ക്ക് മിതമാർഗം സ്വീകരിക്കുന്നവരാണവർ.
68. അല്ലാഹുവോടൊപ്പം മറ്റു ദൈവങ്ങളെ വിളിച്ചു പ്രാർത്ഥിക്കാത്തവരും, അല്ലാഹു ആദരണീ യമാക്കിയ ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിക്കാത്തവരും, വ്യഭിചരിക്കാത്തവരു മാണവർ. ആ കാര്യങ്ങൾ ആരെങ്കിലും ചെയ്യുകയാണെങ്കിൽ അവൻ അതിൻെറ പാപഫലം അനുഭവിക്കുകതന്നെ ചെയ്യും.
69. ഉയിർത്തെഴുന്നേൽപുനാളിൽ അവന് ഇരട്ടി ശിക്ഷ നൽകപ്പെടുന്നതാകുന്നു. അവൻ നിന്ദി തനായി അതിൽതന്നെ എന്നെന്നും പാർക്കുകയും ചെയ്യും.
70. (ഈ കുറ്റങ്ങൾക്ക് ശേഷം) പശ്ചാത്തപിക്കുകയും സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാരുടെ തിന്മകൾ അല്ലാഹു നന്മകളാക്കിമാറ്റും. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

70. അവർ പശ്ചാത്തപിക്കുകയാണെങ്കിൽ പണ്ട് സത്യനിഷേധത്തിൻെറ ജീവിതത്തിൽ ചെയ്തുകൊണ്ടിരു ന്ന പാപങ്ങളുടെ സ്ഥാനത്ത് ഇപ്പോൾ വിശ്വാസത്തിൻെറയും വണക്കത്തിൻെറയും ജീവിതത്തിൽ അല്ലാഹുവിൻെറ അനുഗ്രഹത്താൽ സൽക്കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതും സകല തിന്മകളുടെയും സ്ഥാനങ്ങളിൽ നന്മകൾ ഉണ്ടായിത്തീരുന്നതുമാകുന്നു. കൂടാതെ ഈ ദാസൻ ദൈവധിക്കാരവും നിഷേധ വും വർജ്ജിച്ച് അനുസരണവും കീഴ്വണക്കവും സ്വീകരിച്ചവനാണ് എന്ന നന്മയും അയാളുടെ പ്രവർ ത്തനറിക്കാർഡിൽ എഴുതപ്പെടുന്നു.

---

71. വല്ലവനും പശ്ചാത്തപിക്കുകയും സൽക്കർമം പ്രവർത്തിക്കുകയുമാണെങ്കിൽ അവൻ അല്ലാഹുവിങ്കലേക്ക് യഥാവിധി മടങ്ങുകയാണ് ചെയ്യുന്നത്.
72. അസത്യത്തിന് സാക്ഷ്യം വഹിക്കാത്തവരും, വല്ല അനാവശ്യങ്ങൾക്കരികിലുടെയും കടന്നു പോകാനിടയായാൽ മാന്യന്മാരായി കടന്നുപോകുന്നവരുമാണവർ.
73. തങ്ങളുടെ നാഥൻെറ സൂക്തങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ അതിനോടവർ അന്ധരും ബധിരരുമായി വർത്തിക്കുകയുമില്ല.

---

73. ഈ സജ്ജനങ്ങൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ ശ്രവിക്കുമ്പോൾ നിഷ്ക്രിയരും നിശ്ചിന്തരു മായി നില്ക്കുന്നവരല്ല. മറിച്ച്, തങ്ങളുടെ ഹൃദയകവാടം തുറന്നിട്ട് അവർ അതിനെ സ്വാഗതം ചെയ്യുന്നു. ആ ദൃഷ്ടാന്തങ്ങളിലൂടെ വെളിപ്പെടുന്ന നിർദ്ദേശങ്ങളെ പിൻപറ്റുകയും ചെയ്യുന്നു.

---

74. അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കും: ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും സന്താനങ്ങളിൽനിന്നും ഞങ്ങൾക്കു നീ കൺകുളിർമ നൽകേണമേ. ഞങ്ങളെ നീ ഭക്തന്മാരു ടെ നേതാവാക്കണമേ!
75. അത്തരക്കാർക്ക് അവർ ക്ഷമിച്ചതിൻെറ പേരിൽ (സ്വർഗത്തിലെ) ഉന്നതസ്ഥാനങ്ങൾ പ്രതി ഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടെയും സമാധാനാശംസകളോടെയും അവർ അവിടെ സ്വീകരിക്കപ്പെടുന്നതാണ്.
76. അവർ അവിടെ എന്നെന്നും വസിക്കുകയായി. എത്ര നല്ല താവളവും വാസസ്ഥലവും!
77. (നബിയെ) പറയുക: എൻെറ രക്ഷിതാവിന് നിങ്ങളെക്കൊണ്ട് എന്താവശ്യം, നിങ്ങൾ അവ നോട് പ്രാർത്ഥിക്കുന്നില്ലെങ്കിൽ. നിങ്ങൾ ഇപ്പോൾ നിഷേധിച്ചിരിക്കുകയാണല്ലോ. അതി നാൽ അതിനുള്ള ശിക്ഷ അനിവാര്യമായും ഉണ്ടായിരിക്കും.

---

77. നിങ്ങൾ അല്ലാഹുവോട് പ്രാർത്ഥിക്കാതെയും അവന് വഴിപ്പെടാതെയും ആവശ്യങ്ങൾ അവനോട് ചോദിക്കാതെയുമിരിക്കുകയാണെങ്കിൽ പിന്നെ അവൻെറ ദൃഷ്ടിയിൽ നിങ്ങൾക്ക് യാതൊരു വിലയു

മില്ല. അതിനുവേണ്ടിയാണ് നിങ്ങളെ ഈ ലോകത്തു സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങൾ അല്ലാഹുവിന് വഴി പ്പെടുന്നില്ലെങ്കിൽ അതുമൂലം അവൻെറ യാതൊരു കാര്യത്തിനും വിഘ്നം സംഭവിക്കുന്നില്ല. നിങ്ങൾ നേരിടുന്ന ഏതൊരു പ്രശ്നത്തിലും നിങ്ങൾ അവനോട് പ്രാർത്ഥിക്കുന്നു എന്നതാണ് നിങ്ങളെ തിരിഞ്ഞു നോക്കാൻ അവനെ പ്രേരിപ്പിക്കുന്ന ഏക സംഗതി.

---

******

## അധ്യായം 26

# ശുഅറാ. (കവികള്‍)

**അവതരണം മക്കയില്‍, വചനങ്ങള്‍ 227**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍.

1. ത്വാ-സീന്‍-മീം.
2. സുവ്യക്തമായ ഗ്രന്ഥത്തിലെ വചനങ്ങളാണിത്‌.
3. അവര്‍ വിശ്വാസികളാകാത്തതിന്‍റെ പേരില്‍ നീ (മനംനൊന്ത്‌) നിന്‍റെ ജീവന്‍ നശിപ്പിച്ചേക്കാം
4. നാം ഉദ്ദേശിക്കുകയാണെങ്കില്‍ അവരുടെ മേല്‍ ആകാശത്തുനിന്ന്‌ ഒരു ദൃഷ്‌ടാന്തം ഇറക്കുന്നതാണ്‌.അപ്പോള്‍ അവരുടെ പിരടികള്‍ അതിന്‌ (വിനയപൂര്‍വം) താഴുന്നതായി മാറും.
5. പരമ കാരുണികനില്‍നിന്ന്‌ ഏതൊരു ദൃഷ്‌ടാന്തം അവര്‍ക്ക്‌ വന്നെത്തുമ്പോഴും അവര്‍ അതില്‍നിന്ന്‌ പിന്തിരിഞ്ഞു കളയാതിരുന്നിട്ടില്ല.
6. തീര്‍ച്ചയായും അവര്‍ കളവാക്കിയിരിക്കുന്നു. എന്നാല്‍, അവര്‍ പരിഹസിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റിയുള്ള വൃത്താന്തം അവര്‍ക്ക്‌ വന്നെത്തിക്കൊള്ളും.
7. അവര്‍ ഭൂമിയിലേക്ക്‌ നോക്കുന്നില്ലേ, സകലയിനം മെച്ചപ്പെട്ട സസ്യങ്ങളെയും നാം എത്രയാണതില്‍ മുളപ്പിച്ചതെന്ന്‌?
8. തീര്‍ച്ചയായും അതില്‍ ഒരു ദൃഷ്‌ടാന്തമുണ്ട്‌. എന്നാല്‍ അവരില്‍ അധികപേരും വിശ്വാസികളായില്ല.
9. തീര്‍ച്ചയായും നിന്‍റെ രക്ഷിതാവ്‌ തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും
10. നിന്‍റെ രക്ഷിതാവ്‌ മൂസായെ വിളിച്ച്‌ അക്രമികളായ ജനതയുടെ അടുത്തേക്ക്‌ ചെല്ലാന്‍ പറഞ്ഞതോര്‍ക്കുക.
11. ഫിര്‍ഔന്‍റെ അടുത്തേക്ക്‌.(എന്നിട്ട്‌)അവര്‍ സൂക്ഷ്‌മതപാലിക്കുന്നില്ലേ എന്ന്‌(ചോദിക്കുക)
12. അദ്ദേഹം (മൂസാ)പറഞ്ഞു: രക്ഷിതാവേ, അവരെന്നെ കളവാക്കുമെന്ന്‌ ഞാന്‍ ഭയപ്പെടുന്നു.
13. എന്‍റെ ഹൃദയം ഞെരുങ്ങുന്നു. എന്‍റെ നാവ്‌ വാചാലവുമല്ല. അതിനാല്‍, ഹാറൂന്‌ നീ സന്ദേശം അയക്കുക.
14. അവര്‍ക്കാകട്ടെ, എന്‍റെ മേല്‍ കുറ്റവുമുണ്ട്‌.അതിനാല്‍, അവര്‍ എന്നെ കൊല്ലുമെന്ന്‌ ഞാന്‍ ഭയപ്പെടുന്നു.
15. (അല്ലാഹു)പറഞ്ഞു: ഒരിക്കലുമില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നിങ്ങള്‍ രണ്ടുപേരും പോവുക. തീര്‍ച്ചയായും നാം നിങ്ങളോടൊപ്പം എല്ലാം ശ്രദ്ധിക്കുന്നവനായുണ്ട്‌.
16. അതിനാല്‍, നിങ്ങള്‍ രണ്ടു പേരും ഫിര്‍ഔന്‍റെ അടുത്ത്‌ ചെല്ലുക. എന്നിട്ട്‌ ഞങ്ങള്‍ ലോകരക്ഷിതാവിന്‍റെ ദൂതന്മാരാകുന്നു എന്ന്‌ പറയുക.
17. ഞങ്ങളുടെ കൂടെ ഇസ്രാഈല്‍ സന്തതികളെ അയക്കണമെന്നും (പറയുക).
18. (അവരുടെ ആവശ്യം കേട്ട്‌) അവന്‍(ഫിര്‍ഔന്‍) പറഞ്ഞു: കുട്ടിയായിരിക്കെ നിന്നെ ഞങ്ങളുടെ കൂട്ടത്തില്‍ വളര്‍ത്തിയില്ലേ? നിന്‍റെ ആയുസ്സില്‍ വര്‍ഷങ്ങള്‍ ഞങ്ങളില്‍ കഴിച്ചുകൂട്ടിയിട്ടുമുണ്ട്‌.
19. നീ ചെയ്ത നിന്‍റെ കര്‍മമുണ്ടല്ലോ, അത്‌ നീ ചെയ്തിട്ടുമുണ്ട്‌. നീ നന്ദി കെട്ടവരുടെ കൂട്ടത്തില്‍ തന്നെയാണ്‌.

19. മൂസാ അബദ്ധത്തിൽ കോപ്റ്റിക് വംശജനായ ഒരാളെ കൊല്ലാനിടയായ സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

---

20. (മൂസാ)പറഞ്ഞു: ഞാനത് ചെയ്തിട്ടുണ്ട്. (അന്ന്) ഞാൻ പിഴവ് പറ്റിയവരുടെ കൂട്ടത്തിലായിരുന്നു.
21. അങ്ങനെ, നിങ്ങളെപ്പറ്റി ഭയം തോന്നിയപ്പോൾ നിങ്ങളിൽനിന്ന് ഞാൻ ഓടിപ്പോയി. അങ്ങനെ, എന്റെ രക്ഷിതാവ് എനിക്ക് തത്വജ്ഞാനം നൽകുകയും എന്നെ ദൂതന്മാരിൽ പെടുത്തുകയും ചെയ്തു.
22. നീ എനിക്ക് ചെയ്തു തന്നതായി എടുത്തു പറയുന്ന ആ അനുഗ്രഹമുണ്ടല്ലോ, നീ ഇസ്രാഈൽ സന്തതികളെ അടിമകളാക്കി വെച്ചു എന്നതാണത്.
23. ഫിർഔൻ ചോദിച്ചു: എന്താണ് ഈ ലോകരക്ഷിതാവ്?
24. അദ്ദേഹം(മൂസാ) പറഞ്ഞു: ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിലുള്ളതിന്റെയും രക്ഷിതാവാകുന്നു(അവൻ). നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ.
25. അവൻ(ഫിർഔൻ)ചുറ്റുമുള്ളവരോട് ചോദിച്ചു: എന്താ, നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുന്നില്ലേ?
26. അദ്ദേഹം(മൂസാ) പറഞ്ഞു: നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവപിതാക്കളുടെ രക്ഷിതാവുമാണവൻ.
27. അവൻ(ഫിർഔൻ) പറഞ്ഞു: നിങ്ങളിലേക്ക് അയക്കപ്പെട്ട നിങ്ങളുടെ (ഈ) ദൈവദൂതൻ തീർച്ചയായും ഒരു ഭ്രാന്തൻ തന്നെയാണ്.
28. അദ്ദേഹം പറഞ്ഞു: ഉദയാസ്തമയ സ്ഥാനങ്ങളുടെയും അവക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നവരാണെങ്കിൽ.
29. അവൻ(ഫിർഔൻ)പറഞ്ഞു:നീ ഞാനല്ലാത്ത വല്ല ദൈവത്തെയും സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ നിന്നെ തടവുകാരുടെ കൂട്ടത്തിലാക്കുന്നതാണ്.
30. അദ്ദേഹം ചോദിച്ചു: ഞാൻ നിനക്ക് വ്യക്തമായ വല്ല സംഗതിയും കൊണ്ടുവന്നു കാണിച്ചാലോ? (എന്നാലും നീ നിഷേധിക്കുമോ?)
31. അവൻ പറഞ്ഞു: എന്നാൽ നീ സത്യവാനാണെങ്കിൽ അത് കൊണ്ടുവാ.
32. അപ്പോൾ അദ്ദേഹം(മൂസാ) തന്റെ വടി നിലത്തിട്ടു. അപ്പോഴതാ അത് വ്യക്തമായ പാമ്പായി മാറുന്നു.
33. അദ്ദേഹം തന്റെ കൈ (വസ്ത്രത്തിനുള്ളിലായി കക്ഷത്ത് വെച്ച ശേഷം)പുറത്തേക്കെടുത്തു. അപ്പോഴതാ അത് കാണികൾക്ക് വെള്ള നിറമാകുന്നു.
34. അവൻ(ഫിർഔൻ) തന്റെ ചുറ്റുമുള്ള പ്രമുഖരോട് പറഞ്ഞു:നിശ്ചയം ഇവൻ പഠിച്ച ആഭിചാരകൻ തന്നെ.
35. തന്റെ ആഭിചാരം കൊണ്ട് നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കാനാണ് അവൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് നിങ്ങൾ എന്തു നിർദ്ദേശിക്കുന്നു?
36. അവർ പറഞ്ഞു:അവന്റെയും അവന്റെ സഹോദരന്റെയും കാര്യം മാറ്റിവെക്കുക. ആളുകളെ വിളിച്ചുകൂട്ടാൻ ഗ്രാമങ്ങളിലേക്ക് (ദൂതന്മാരെ) അയക്കുകയും ചെയ്യുക.
37. പഠിച്ച എല്ലാ ജാലവിദ്യക്കാരെയും അവർ അങ്ങക്ക് കൊണ്ടുവരട്ടെ.
38. അങ്ങനെ ഒരു ദിവസം നിശ്ചിത സമയത്ത് ആഭിചാരകരെല്ലാം ഒരുമിച്ചുകൂട്ടപ്പെട്ടു.
39. ജനങ്ങൾ ചോദിക്കപ്പെട്ടു: നിങ്ങളും ഒരുമിച്ചുകൂടുമല്ലോ?
40. നമുക്ക് ജാലവിദ്യക്കാരെ പിന്തുടരാനായേക്കും, അവരാണ് വിജയിക്കുന്നതെങ്കിൽ.

41. അങ്ങനെ ജാലവിദ്യക്കാർ വന്നപ്പോൾ അവർ ഫിർഔനോട് ചോദിച്ചു: ഞങ്ങളാണ് വിജയി ക്കുന്നതെങ്കിൽ തീർച്ചയായും ഞങ്ങൾക്ക് പ്രതിഫലമുണ്ടായിരിക്കുമോ?
42. അവൻ(ഫിർഔൻ) പറഞ്ഞു: അതെ. തീർച്ചയായും നിങ്ങൾ സമീപ്യം ലഭിക്കുന്നവരുടെ കൂട്ടത്തിലുമായിരിക്കും.
43. മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് ഇടാനുള്ളതെല്ലാം നിങ്ങൾ ഇടുക.
44. അവർ അവരുടെ കയറുകളും വടികളും ഇട്ടു. അവർ പറയുകയും ചെയ്തു: ഫിർഔന്റെ പ്രതാപമാണ് സത്യം, തീർച്ചയായും നാം തന്നെയാണ് വിജയികൾ.
45. അനന്തരം മൂസാ തന്റെ വടി ഇട്ടു. അപ്പോഴതാ അത് അവർ വ്യാജമായി ഉണ്ടാക്കിയതി നെ വിഴുങ്ങുന്നു.
46. അപ്പോൾ മായാജാലക്കാർ സാഷ്ടാംഗം വീണു.
47. അവർ പറഞ്ഞു: ലോകരക്ഷിതാവിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു.
48. മൂസായുടെയും ഹാറൂന്റെയും രക്ഷിതാവിൽ.
49. അവൻ(ഫിർഔൻ) ചോദിച്ചു:ഞാൻ നിങ്ങൾക്ക് അനുവാദം തരുന്നതിനു മുമ്പായി നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ? തീർച്ചയായും ഇവൻ(മൂസാ) നിങ്ങൾക്ക് മായാ ജാലം പഠിപ്പിച്ച നിങ്ങളുടെ വലിയ ആളാണ്. നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും. നിങ്ങളുടെ കാലുകളും കൈകളും എതിർവശങ്ങളിലായിക്കൊണ്ട് ഞാൻ മുറിച്ചുകളയു കയും നിങ്ങളെ മുഴുവൻ ക്രൂശിക്കുകയും ചെയ്യും.
50. അവർ(ആഭിചാരികൾ) പറഞ്ഞു: സാരമില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്ക ലേക്ക് മടങ്ങിപ്പോകുന്നവരാകുന്നു.
51. ഞങ്ങളുടെ രക്ഷിതാവ് ഞങ്ങളുടെ തെറ്റുകൾ പൊറുത്തുതരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കു ന്നു. എന്തെന്നാൽ, എല്ലാവരെക്കാളും ആദ്യം ഞങ്ങൾ വിശ്വാസികളായല്ലോ.
52. മൂസാക്ക് നാം ബോധനം നൽകി: എന്റെ ദാസന്മാരെയും കൊണ്ട് നീ രാത്രിയിൽ പുറ പ്പെട്ടുകൊള്ളുക. തീർച്ചയായും നിങ്ങൾ ശത്രുക്കളാൽ പിന്തുടരപ്പെടുന്നവരാകുന്നു.
53. അങ്ങനെ ഫിർഔൻ (സൈന്യ സജ്ജീകരണാർഥം) ആളുകളെ വിളിച്ചുകൂട്ടാൻ പട്ടണത്തിലേ ക്ക് (ദൂതന്മാരെ) അയച്ചു.
54. തീർച്ചയായും ഇവർ(മൂസായും വിശ്വാസികളും) കുറച്ചു പേരുള്ള ഒരു സംഘമാകുന്നു.
55. നിശ്ചയം അവരാകട്ടെ, നമ്മെ അരിശം കൊള്ളിക്കുന്നവരാകുന്നു.
56. തീർച്ചയായും നാം തന്നെയാകുന്നു സംഘടിതരും ജാഗരൂകരും.
57. അങ്ങനെ നാം അവരെ അവരുടെ ഉദ്യാനങ്ങളിൽനിന്നും അരുവികളിൽനിന്നും പുറത്താക്കി;
58. ഭണ്ഡാരങ്ങളിൽനിന്നും മാന്യമായ വാസസ്ഥാനങ്ങളിൽനിന്നും.
59. അപ്രകാരമാണ് (നാം പ്രവർത്തിക്കുന്നത്). അവയൊക്കെ നാം ഇസ്രാഈൽ സന്തതികൾക്ക് അനന്തരമായി നൽകുകയും ചെയ്തു.
60. പുലർച്ചെ അവർ(ഫിർഔനും സൈന്യവും)അവരെ (മൂസായെയും സംഘത്തെയും) പിന്തു ടർന്നു.
61. അങ്ങനെ രണ്ടു സംഘവും കണ്ടപ്പോൾ മൂസായുടെ അനുചരന്മാർ പറഞ്ഞു: തീർച്ചയായും നാം പിടിക്കപ്പെട്ടവരായിപ്പോയല്ലോ.
62. അദ്ദേഹം(മൂസാ) പറഞ്ഞു: ഒരിക്കലുമില്ല. തീർച്ചയായും എന്റെ കൂടെ എന്റെ രക്ഷിതാ വുണ്ട്. അവൻ എനിക്ക് വഴി കാണിച്ചുതരും.

63. അപ്പോൾ നാം മൂസാക്ക് നിൻെറ വടി കൊണ്ട് കടലിൽ അടിക്കുക എന്ന് ബോധനം നൽകി.അങ്ങനെ കടൽ പിളർന്നു.സമുദ്രത്തിൻെറ ഓരോ പാളിയും മഹാ പർവതം പോലെ ഉണ്ടായിരുന്നു.
64. മറുകക്ഷിയേയും(ഫിർഔനും സൈന്യവും) നാം അവിടെക്ക് അടുപ്പിച്ചു.
65. മൂസായേയും കൂടെയുള്ളവരെയും മുഴുവൻ നാം രക്ഷപ്പെടുത്തുകയും ചെയ്തു.
66. പിന്നീട് നാം മറുകക്ഷിയെ(ഫിർഔനെയും സൈന്യത്തെയും) മുക്കിനശിപ്പിച്ചു.
67. അതിൽ തീർച്ചയായും ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.
68. നിശ്ചയം നിൻെറ രക്ഷിതാവ് തന്നെയാണ് ഐശ്വര്യവാനും കരുണാനിധിയും.
69. ഇബ്റാഹീമിൻെറ (പ്രവാചകൻ) വൃത്താന്തം അവർക്ക് ഓതിക്കൊടുക്കുക.
70. നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നതെന്ന് തൻെറ പിതാവിനോടും ജനതയോടും അദ്ദേഹം ചോദിച്ച സന്ദർഭം.
71. അവർ പറഞ്ഞു: ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുകയും അവക്കു മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു.
72. അദ്ദേഹം ചോദിച്ചു: നിങ്ങൾ പ്രാർഥിക്കുമ്പോൾ അവയത് കേൾക്കുമോ?
73. അഥവാ, നിങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുമോ? അല്ലെങ്കിൽ നിങ്ങൾക്ക് വല്ല ഉപദ്രവവും ചെയ്യുമോ?
74. അവർ പറഞ്ഞു:അല്ല. ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നത് ഞങ്ങൾ കണ്ടിരിക്കുന്നു.
75. അദ്ദേഹം ചോദിച്ചു: നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?
76. നിങ്ങളും നിങ്ങളുടെ പൂർവ പിതാക്കളും.
77. എന്നാൽ അവ (പ്രതിമകൾ) എൻെറ ശത്രുക്കളാകുന്നു, ലോകരക്ഷിതാവൊഴികെ.
78. അതായത് എന്നെ സൃഷ്ടിച്ചവൻ, എനിക്ക് മാർഗദർശനം നൽകുന്നവൻ.
79. എന്നെ ഭക്ഷിപ്പിക്കുന്നവനും കുടിപ്പിക്കുന്നവനും.
80. ഞാൻ രോഗിയായാൽ അവൻ എനിക്ക് ശമനമേകുന്നു.
81. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ.
82. പ്രതിഫല നാളിൽ (ആർ) എൻെറ തെറ്റുകൾ എനിക്ക് പൊറുത്തു തരണമെന്ന് ഞാൻ ആഗ്രഹിക്കുന്നുവോ അവൻ.
83. എൻെറ രക്ഷിതാവേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ.
84. പില്ക്കാലക്കാരിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ.
85. എന്നെ നീ അനുഗ്രഹപൂർണമായ സ്വർഗത്തിൻെറ അവകാശികളിൽ പെട്ടവനാക്കേണമേ.
86. എൻെറ പിതാവിന് നീ പൊറുത്തുകൊടുക്കുകയും ചെയ്യേണമേ. തീർച്ചയായും അദ്ദേഹം പിഴച്ചവരിൽ പെട്ടവനാകുന്നു.
87. അവർ(ജനം) പുനരുജ്ജീവിപ്പിക്കപ്പെടുന്ന ദിനം നീ എന്നെ അപമാനത്തിലാക്കരുതേ;
88. സ്വത്തും സന്താനങ്ങളും ഉപകരിക്കാത്ത ദിനം.
89. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ.
90. സൂക്ഷ്മത പാലിച്ചവർക്കായി (അന്ന്) സ്വർഗം അടുപ്പിക്കുന്നതാണ്.

91. പിഴച്ചവർക്കായി നരകം (തുറന്ന്) വെളിവാക്കപ്പെടുന്നതാണ്.
92. നിങ്ങൾ ആരാധിച്ചിരുന്നവ എവിടെയെന്ന് അവർ ചോദിക്കപ്പെടും;
93. അല്ലാഹുവിനെക്കൂടാതെ.അവർ നിങ്ങളെ സഹയിക്കുന്നുണ്ടോ? അല്ലെങ്കിൽ അവർ സഹായം നേടുന്നുണ്ടോ?
94. അങ്ങനെ അവരും(ആരാധ്യർ) പിഴച്ചവരും അതിൽ(നരകത്തിൽ) മുഖം കുത്തി വീഴ്ത്തപ്പെടുന്നതാണ്;
95. ഇബ്ലീസിന്റെ സൈന്യം മുഴുവനായും.
96. അവിടെ വെച്ച് തർക്കിച്ചുകൊണ്ടിരിക്കെ അവർ പറയും:
97. അല്ലാഹുവാണ് സത്യം. തീർച്ചയായും ഞങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു.
98. നിങ്ങളെ ഞങ്ങൾ അല്ലാഹുവിനോട് തുല്യരാക്കുമ്പോൾ.
99. ഞങ്ങളെ വഴി പിഴപ്പിച്ചത് ആ കുറ്റവാളികല്ലാതെ മറ്റാരുമല്ല.
100. അതിനാൽ, ഞങ്ങൾക്ക് ശിപാർശകരായി ആരുമില്ല.
101. ഉറ്റ സുഹൃത്തുമില്ല.
102. അതിനാൽ,ഞങ്ങൾക്ക് മടങ്ങിപ്പോകാനൊത്തെങ്കിൽ തീർച്ചയായും ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാകുമായിരുന്നു.
103. അതിൽ തീർച്ചയായും ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.
104. തീർച്ചയായും നിന്റെരക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും
105. നൂഹിന്റെ ജനം ദൂതന്മാരെ നിഷേധിച്ചു.
106. അവരുടെ സഹോദരൻ നൂഹ് അവരോട് ''നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ'' എന്ന് ചോദിച്ച സന്ദർഭം.
107. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു.
108. അതിനാൽ,നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ
109. അതിന്റെ പേരിൽ പ്രതിഫലമൊന്നും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. എന്റെ പ്രതിഫലം ലോകരക്ഷിതാവിങ്കലാകുന്നു.
110. അതിനാൽ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.
111. അവർ പറഞ്ഞു: താഴ്ന്ന ആളുകൾ നിന്നെ പിന്തുടർന്നിരിക്കെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ?
112. അദ്ദേഹം(നൂഹ്) പറഞ്ഞു: അവരുടെ കർമ്മത്തെപ്പറ്റി എനിക്കെന്തറിയാം?
113. അവരുടെ വിചാരണ എന്റെ രക്ഷിതാവിങ്കലാകുന്നു. നിങ്ങൾ ബോധമുള്ളവരായെങ്കിൽ.
114. സത്യവിശ്വാസികളെ ഒരിക്കലും ആട്ടിക്കളയുന്നവനല്ല ഞാൻ.
115. വ്യക്തമായ മുന്നറിയിപ്പുകാരനല്ലാതെ മറ്റൊന്നുമല്ല ഞാൻ.
116. അവർ പറഞ്ഞു: നൂഹേ, നീ ഇത് നിർത്തുന്നില്ലെങ്കിൽ തീർച്ചയായും നീ എറിഞ്ഞുകൊല്ലപ്പെടുന്നവരുടെ കൂട്ടത്തിലാകുന്നതാണ്.
117. അദ്ദേഹം പറഞ്ഞു:എന്റെ രക്ഷിതാവേ, നിശ്ചയം എന്റെ ജനം എന്നെ കളവാക്കിയിരിക്കുന്നു.
118. അതിനാൽ അവർക്കും എനിക്കുമിടയിൽ നീ വ്യക്തമായ തീരുമാനം എടുക്കേണമേ. എന്നെയും എന്റെ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷിക്കുകയും ചെയ്യേണമേ.

119. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും നാം നിറക്കപ്പെട്ട കപ്പലിൽ രക്ഷ പ്പെടുത്തി.
120. പിന്നെ ബാക്കിയുള്ളവരെ അതിനു ശേഷം നാം മുക്കി നശിപ്പിച്ചു.
121. അതിൽ തീർച്ചയായും ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസി ക്കുന്നവരായില്ല.
122. തീർച്ചയായും എൻെറരക്ഷിതാവ് തന്നെയാണ് പ്രതാപവാനും കരുണാനിധിയും.
123. ആദ് സമുദായവും ദൂതന്മാരെ നിഷേധിച്ചു.
124. അവരുടെ സഹോദരൻ ഹൂദ് അവരോട് നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ എന്ന് ചോദിച്ച സന്ദർഭം.
125. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു.
126. അതിനാൽ,നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ
127. അതിൻെറ പേരിൽ പ്രതിഫലമൊന്നും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. എൻെറ പ്രതി ഫലം ലോകരക്ഷിതാവിങ്കലാകുന്നു.
128. ഉയർന്ന സ്ഥലങ്ങളിലൊക്കെ നിങ്ങൾ വെറുതെ ചിഹ്നങ്ങൾ(കെട്ടിടങ്ങൾ) ഉണ്ടാക്കുകയാ ണോ?
129. നിങ്ങൾക്ക് നിത്യവാസത്തിനെന്ന പോലെ നിങ്ങൾ സൗധങ്ങളും ഉണ്ടാക്കുന്നു.
130. നിങ്ങൾ ബലാൽകാരം ചെയ്യുമ്പോൾ നിഷ്ഠൂരരായി ബലം പ്രയോഗിക്കുന്നു.
131. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യു വിൻ
132. നിങ്ങൾക്ക് അറിയാവുന്ന (അനുഗ്രഹങ്ങൾ)മുഖേന നിങ്ങളെ സഹായിച്ചവനെ നിങ്ങൾ സൂക്ഷിക്കുക.
133. സന്താനങ്ങളും നാൽകാലികളും മുഖേന അവൻ നിങ്ങളെ സഹായിച്ചിരിക്കുന്നു.
134. തോട്ടങ്ങളും അരുവികളും മുഖേന.
135. നിങ്ങളെ സംബന്ധിച്ച് ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ ഭയപ്പെടുന്നു.
136. അവർ പറഞ്ഞു: നീ ഉപദേശിച്ചാലും നീ ഉപദേശികളുടെ കൂട്ടത്തിൽ ആയില്ലെങ്കിലും ഞ ങ്ങൾക്ക് സമമാകുന്നു.
137. ഇത് പൂർവികരുടെ സമ്പ്രദായം മാത്രമാകുന്നു.
138. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല.
139. അങ്ങനെ അവർ അദ്ദേഹത്തെ നിഷേധിച്ചു. അതിനാൽ, നാം അവരെ നശിപ്പിച്ചു. തീർച്ച യായും അതിൽ ഒരു ദൃഷ്ടാന്തമുണ്ട്. അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.
140. തീർച്ചയായും നിൻെറ രക്ഷിതാവ് തന്നെയാണ് പ്രതാപിയും കരുണാനിധിയും.
141. ഥമൂദ് സമുദായം ദൂതന്മാരെ നിഷേധിച്ചു.
142. അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞതോർക്കുക: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?
143. നിശ്ചയം, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൈവദൂതനാകുന്നു.
144. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.
145. ഇതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എൻെറ പ്രതിഫലം ലോകരക്ഷിതാവിങ്കൽ മാത്രമാകുന്നു.

146. ഇവിടെയുള്ളതിൽ (ലൗകികാനന്ദങ്ങളിൽ) നിർഭയരായിക്കഴിയാൻ നിങ്ങൾ വിട്ടയക്കപ്പെടുമെന്നോ?
147. തോട്ടങ്ങളിലും അരുവികളിലും?
148. വയലുകളിലും കുല ഭാരം തൂങ്ങിയ ഈന്തപ്പനത്തോട്ടങ്ങളിലും?
149. നിങ്ങൾ സന്തോഷത്തോടെ പർവതങ്ങളിൽ വീടുകൾ തുരന്നുണ്ടാക്കുകയും ചെയ്യുന്നു.
150. അതിനാൽ,നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ
151. അതിക്രമകാരികളുടെ കൽപന നിങ്ങൾ അനുസരിക്കാതിരിക്കുവിൻ.
152. ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നന്മ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ (കൽപനകൾ)
153. അവർ പറഞ്ഞു: നിശ്ചയം നീ മാരണം ബാധിച്ചവരിൽ പെട്ടവനാകുന്നു.
154. നീ ഞങ്ങളെപ്പോലുള്ള ഒരുവൻ മാത്രമാകുന്നു. അതിനാൽ, നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ ഒരു ദൃഷ്ടാന്തം കൊണ്ടുവരൂ.
155. അദ്ദേഹം പറഞ്ഞു: ഇതാ ഒരൊട്ടകം. അതിന് വെള്ളം കുടിക്കാൻ ഒരു നിശ്ചിത ദിവസമുണ്ട്. നിങ്ങൾക്ക് വെള്ളം കുടിക്കുവാനും ഒരു നിശ്ചിത ദിനമുണ്ട്.
156. നിങ്ങൾ അതിനെ ഉപദ്രവിക്കാതിരിക്കുകയും ചെയ്യുവിൻ. (അങ്ങനെ ചെയ്താൽ) ഭയാനകമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളെ പിടികൂടും.
157. എന്നാൽ അവർ അതിനെ അറുകൊല ചെയ്തു. അതുവഴി അവർ ഖേദത്തിലാവുകയും ചെയ്തു.
158. അങ്ങനെ അവരെ ശിക്ഷ പിടികൂടി. നിശ്ചയം അതിൽ ഒരു ദൃഷ്ടാന്തമുണ്ട്. അവരിൽ അധിക പേരും വിശ്വസിക്കുന്നവരായില്ല.
159. തീർച്ചയായും നിന്റെ രക്ഷിതാവ്തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും
160. ലൂത്തിന്റെ ജനത ദൂതന്മാരെ കളവാക്കി.
161. അവരുടെ സഹോദരൻ ലൂത്വ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കു ന്നല്ലേ?
162. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു.
163. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.
164. ഇതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം ലോകരക്ഷിതാവിങ്കൽ മാത്രമാകുന്നു.
165. (വികാരശമനത്തിനായി) നിങ്ങൾ ലോകരിൽ ആണുങ്ങളുടെ അടുക്കൽ പോവുകയാണോ?
166. നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ച ഇണകളെ വെടിയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമികളായ ജനതയാകുന്നു.
167. അവർ പറഞ്ഞു: ലൂത്തേ, നീ(ഈ ഉപദേശത്തിൽനിന്ന്) വിരമിച്ചില്ലെങ്കിൽ നിശ്ചയം നീ (നാട്ടിൽനിന്ന്) പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.
168. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങളുടെ പ്രവൃത്തിയെ വെറുക്കുന്നവരുടെ കൂട്ടത്തിലാകുന്നു.
169. (അദ്ദേഹം പ്രാർഥിച്ചു:) എന്റെ രക്ഷിതാവേ, എന്നെയും എന്റെ കുടുംബത്തെയും ഇവർ പ്രവർത്തിക്കുന്നതിൽനിന്ന് നീ രക്ഷിക്കേണമേ.
170. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും മുഴുവൻ നാം രക്ഷപ്പെടുത്തി.

171. പിന്മാറി നിന്ന ഒരു കിഴവിയെ ഒഴിച്ച്.
172. പിന്നീട് മറ്റുള്ളവരെ നാം തകർത്തുകളഞ്ഞു.
173. അവരുടെ മേൽ ഒരു തരം മഴ വർഷിപ്പിക്കുകയും ചെയ്തു. മുന്നറിയിപ്പ് നൽകപ്പെട്ടവർക്ക് ലഭിച്ചത് എത്ര ചീത്ത മഴ.
174. തീർച്ചയായും അതിൽ(ജനത്തിന്) ഒരു ദൃഷ്ടാന്തമുണ്ട്. അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.
175. തീർച്ചയായും നിൻെറ രക്ഷിതാവ് തന്നെയാണ് പ്രതാപിയും കരുണാനിധിയും.
176. ഐക്കവാസികളും ദൂതന്മാരെ കളവാക്കി.
177. ശുഐബ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?
178. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു.
179. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.
180. ഇതിൻെറ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എൻെറ പ്രതിഫലം ലോകരക്ഷിതാവിങ്കൽ മാത്രമാകുന്നു.
181. നിങ്ങൾ അളവ് പൂർത്തിയാക്കുവിൻ. നിങ്ങൾ (ജനത്തിന്) നഷ്ടമുണ്ടാക്കുന്നവരുടെ കൂട്ട ത്തിലാകരുത്.
182. നിങ്ങൾ നേരായ ത്രാസ്സുകൾ കൊണ്ട് തൂക്കുക.
183. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കമ്മിയാക്കാതിരിക്കുവിൻ. നാശകാരികളായി ഭൂമിയിൽ വിഹരിക്കാതിരിക്കുവിൻ.
184. നിങ്ങളെയും പൂർവ തലമുറകളെയും സൃഷ്ടിച്ചവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.
185. അവർ പറഞ്ഞു: തീർച്ചയായും നീ മാരണം ബാധിച്ചവരിൽ പെട്ടവനാണ്.
186. നീ ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. കള്ളം പറയുന്നവരിൽ പെട്ടവനായിട്ടാണ് നിന്നെ ഞങ്ങൾ കരുതുന്നത്.
187. അതിനാൽ നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ ആകാശത്തുനിന്ന് ഒരു കഷണം ഞങ്ങളുടെ മേൽ വീഴ്ത്തിക്കാണിക്കുക.
188. അദ്ദേഹം പറഞ്ഞു: നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി എൻെറ രക്ഷിതാവ് ഏറെ അറിയുന്നവനാണ്.
189. അങ്ങനെ അവർ അദ്ദേഹത്തെ കളവാക്കി.അതിനാൽ (മേഘ)തണലുള്ള ദിവസത്തിലെ ശിക്ഷ അവരെ പിടികൂടി. നിശ്ചയം അത് ഭയങ്കര ദിവസത്തിലെ ശിക്ഷ തന്നെയായിരുന്നു.
190. തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല.
191. നിശ്ചയം നിൻെറ രക്ഷിതാവ് തന്നെയാണ് പ്രതാപിയും കരുണാനിധിയും.
192. തീർച്ചയായും ഇത്(ഖുർആൻ) ലോക രക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു.
193. പരിശുദ്ധാത്മാവ് (ജിബ്രീൽ) അതുമായി ഇറങ്ങി;
194. നിൻെറ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിൽ ആകുന്നതിനു വേണ്ടി.
195. സ്പഷ്ടമായ അറബിഭാഷയിൽ.
196. തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട്.
197. ഇസ്രാഈൽ സന്തതികളിലെ പണ്ഡിതന്മാർക്ക് അതെപ്പറ്റി അറിയാം എന്ന കാര്യം അവർക്ക് ഒരു ദൃഷ്ടാന്തമായിരിക്കുന്നില്ലേ?

198. നാം അത് അനറബികളിൽ ഒരാളുടെ മേൽ അവതരിപ്പിച്ചിരുന്നെങ്കിൽ
199. അങ്ങനെ അയാൾ അത് അവർക്ക് ഓതിക്കേൾപ്പിക്കുകയും ചെയ്യുകയും ചെയ്താൽ അവർ വിശ്വസിക്കുമായിരുന്നില്ല.
200. അപ്രകാരം കുറ്റവാളികളുടെ ഹൃദയങ്ങളിൽ നാം അതിനെ (ഖുർആർനിഷേധത്തെ) പ്രവേശിപ്പിച്ചു.
201. വേദനാജനകമായ ശിക്ഷ കാണുവോളം അവർ അതിൽ വിശ്വസിക്കുകയില്ല.
202. അതാകട്ടെ അവർ ഓർക്കാത്ത അവസ്ഥയിലായിരിക്കും അവർക്കത് വന്നെത്തുക.
203. അപ്പോൾ അവർ ചോദിക്കും: ഞങ്ങൾക്ക് അൽപം അവധി നൽകപ്പെടുമോ?
204. അപ്പോൾ നമ്മുടെ ശിക്ഷയെയാണോ അവർ ധൃതി കൂട്ടിക്കൊണ്ടിരുന്നത്?
205. നീ ആലോചിച്ചിട്ടുണ്ടോ,നാം അവർക്ക് വർഷങ്ങളോളം സുഖസൗകര്യങ്ങൾ ആസ്വദിപ്പിച്ചു
206. പിന്നീട് അവർ താക്കീത് നൽകപ്പെട്ടിരുന്നത്(ശിക്ഷ) അവർക്ക് വന്നെത്തുകയും ചെയ്തെന്നുവെക്കുക.
207. അവർക്ക് നൽകപ്പെട്ടിരുന്ന സുഖസൗകര്യങ്ങളൊന്നും അവർക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല.
208. ഒരു പട്ടണത്തെയും,അതിനൊരു മുന്നറിയിപ്പുകാരനില്ലാതെ നാം നശിപ്പിച്ചിട്ടില്ല.
209. ഓർമപ്പെടുത്തുവാൻ വേണ്ടിയത്രെ അത്. നാം അക്രമം ചെയ്യുന്നവനല്ല.
210. ഇതുമായി(ഖുർആൻ) പിശാചുക്കൾ ഇറങ്ങിവന്നിട്ടില്ല.
211. അവർക്കത് ചേരുകയില്ല. അവർക്കതിന് സാധിക്കുകയുമില്ല.
212. നിശ്ചയം, അവർ(ഖുർആൻ) കേൾക്കുന്നതിൽനിന്ന് അകറ്റപ്പെട്ടവരാകുന്നു.
213. അതിനാൽ, അല്ലാഹുവോടൊപ്പം നീ മറ്റൊരു ദൈവത്തെയും വിളിച്ചു പ്രാർഥിക്കരുത്. അങ്ങനെയായാൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.
214. നീ നിൻെറ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പ് നൽകുക.
215. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിൻെറ (അനുകമ്പയുടെ)ചിറക് താഴ്ത്തിക്കൊ ടുക്കുകയും ചെയ്യുക.
216. അവർ നിന്നെ ധിക്കരിക്കുന്ന പക്ഷം നീ പറയുക: നിങ്ങൾ പ്രവർത്തിക്കുന്നതിന് ഞാൻ ഉത്തരവാദിയല്ല.
217. പ്രതാപിയും കരുണാനിധിയുമായവൻെറ മേൽ ഭരമേൽപിക്കുകയും ചെയ്യുക.
218. നീ നിന്ന് പ്രാർഥിക്കുമ്പോൾ നിന്നെ കാണുന്നവനത്രെ അവൻ.
219. സാഷ്ടാംഗം ചെയ്യുന്നവരുടെ കൂട്ടത്തിലായുള്ള നിൻെറ ചലനവും (കാണുന്നവനത്രെ).
220. നിശ്ചയം, അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു.
221. (പ്രവാചകരേ പറയുക) ആരുടെ മേലാണ് പിശാച് ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെ.
222. പെരും നുണയന്മാരും പാപികളുമായ എല്ലാവരുടെ മേലും ഇറങ്ങും.
223. അവർ (പിശാചിലേക്ക്) ചെവി കൊടുത്തു കേൾക്കുന്നു. അവരിൽ അധികപേരും കള്ളം പറയുന്നവരാകുന്നു.
224. കവികളാകട്ടെ, ദുർമാർഗികളാകുന്നു അവരെ പിൻപറ്റുന്നത്.
225. അവർ എല്ലാ താഴ്വരകളിലും അലഞ്ഞുനടക്കുന്നവരാണെന്ന് നീ കണ്ടില്ലേ?
226. അവർ പ്രവർത്തിക്കാത്തത് അവർ പറയുകയും ചെയ്യുന്നു.

227. വിശ്വസിക്കുകയും സദ്കർമങ്ങൾ പ്രവർത്തിക്കുകയും അല്ലാഹുവെ ധാരാളം സ്മരിക്കുകയും അക്രമിക്കപ്പെട്ടശേഷം (ആത്മരക്ഷാർഥം) പ്രതിരോധിക്കുകയും ചെയ്തവരൊഴികെ. തങ്ങൾ എന്ത് പരിണതിയിലാണ് തിരിഞ്ഞുമറിഞ്ഞെത്തുകയെന്ന് അക്രമികൾ അറിഞ്ഞുകൊള്ളും.

******

## അധ്യായം 27

# അന്നംല്. (ഉറുമ്പ്)

**അവതരണം മക്കയിൽ, വചനങ്ങാം 93**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ത്വാ-സീൻ. ഇത് ഖുർആൻെറയും സുവ്യക്തമായ ഗ്രന്ഥത്തിൻെറയും വചനങ്ങളത്രെ.
2. സത്യവിശ്വാസികാംക്ക് മാർഗദർശനവും സന്തോഷവാർത്തയുമത്രെ അത്.
3. അവർ നമസ്കാരം നിലനിർത്തുന്നവരും സകാത്തു നൽകുന്നവരും പരലോകത്തിൽ അടിയുറച്ചു വിശ്വസിക്കുന്നവരുമാകുന്നു.
4. തീർച്ചയായും പരലോകത്തിൽ വിശ്വസിക്കാത്തവർ- അവരുടെ പ്രവൃത്തികാം അവർക്കു നാം ആകർഷകമാക്കിക്കൊടുക്കുന്നു.അതുകൊണ്ട് അവർ(അന്ധമായി)വിഹരിച്ചുകൊണ്ടിരിക്കുന്നു
5. അവരത്രെ ദുഷ്ടമായ ശിക്ഷയുള്ളവർ. പരലോകത്തിൽ ഏറ്റവും നഷ്ടപ്പെട്ടവരും അവർ തന്നെയാകുന്നു.
6. തീർച്ചയായും യുക്തിമാനും സർവ്വജ്ഞനുമായവനിൽ നിന്നാകുന്നു ഈ ഖുർആൻ നിനക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.
7. മൂസ തൻെറ കുടുംബത്തോടു പറഞ്ഞ സന്ദർഭം: തീർച്ചയായും എനിക്ക് ഒരു തീ ദൃശ്യമായിരിക്കുന്നു. ഞാൻ അവിടെനിന്ന് വല്ല വിവരവുമായി വരാം. അല്ലെങ്കിൽ കത്തുന്ന തീക്കൊള്ളി ഞാൻ എടുത്തുകൊണ്ടുവരാം. നിങ്ങാംക്കു തീക്കായാമല്ലോ.
8. അങ്ങനെ അദ്ദേഹം അതിനടുത്തു ചെന്നപ്പോാം ഒരു അശരീരി കേട്ടു: ഈ അഗ്നിയിലുള്ളവനും അതിൻെറ ചുറ്റുമുള്ളവനും ഏറെ അനുഗ്രഹീതരാണ്. പ്രപഞ്ചനാഥനായ അല്ലാഹു പരിശുദ്ധനാകുന്നു.
9. ഓ മൂസാ, നിശ്ചയം, ഞാൻ അല്ലാഹുവാകുന്നു. പ്രതാപിയും യുക്തിജ്ഞനുമായവൻ.
10. നീ നിൻെറ വടി താഴെയിടുക. അങ്ങനെ അത് ഒരു പാമ്പിനെപ്പോലെ പുളയുന്നതായിക്കണ്ടപ്പോാം മൂസാ പിന്തിരിഞ്ഞോടി. തിരിഞ്ഞുനോക്കിയതുപോലുമില്ല. അല്ലാഹു പറഞ്ഞു: അല്ലയോ മൂസാ! നീ ഭയപ്പെടരുത്. തീർച്ചയായും എൻെറ മുമ്പിൽ ദൂതന്മാർ ഭയപ്പെടേണ്ടതില്ല.
11. തെറ്റ് ചെയ്തുപോകുകയും പിന്നീട് തിന്മക്കുശേഷം നന്മയാൽ(തൻെറ കർമ്മത്തിനു) പകരം കൊണ്ടുവരികയും ചെയ്താൽ,എന്നാൽ തീർച്ചയായും ഞാൻ പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.
12. നീ നിൻെറ കൈ മാർവസ്ത്രത്തിനുള്ളിൽ കടത്തുക. കേടുകൂടാതെ അത് വെള്ളയായി പുറത്ത്വരും.ഫിർഔൻെറയും അവൻെറ ജനതയുടെയും അടുക്കലേക്കുള്ള ഒമ്പതു ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു ഇവ. തീർച്ചയായും അവർ ധിക്കാരികളായ ഒരു ജനതയായിരിക്കുന്നു.

12. അധ്യായം 7-ൽ മറ്റു ദൃഷ്ടാന്തങ്ങളെപറ്റി വ്യക്തമാക്കിയിട്ടുണ്ട്. 1) സർപ്പമായി മാറുന്ന വടി. 2)കക്ഷത്തിൽ വെച്ചു പുറത്തെടുത്താൽ തിളങ്ങുന്ന കൈ. 3) സകല ആഭിചാരകന്മാരുടെയും പരാജയം. 4) അദ്ദേഹത്തിൻെറ പ്രവചനമനുസരിച്ച് നാടൊട്ടുക്കുമുണ്ടായ ക്ഷാമം. 5) പ്രളയം. 6) വെട്ടുകിളി. 7) വിളവുകളെയും മനുഷ്യരെയും മൃഗങ്ങളെയും നശിപ്പിക്കുന്ന കീടങ്ങാം. 8)തവള പ്രളയം. 9)രക്തം.

13. അങ്ങനെ കണ്ണു തുറപ്പിക്കാൻ പോന്ന നമ്മുടെ ദൃഷ്ടാന്തങ്ങാം അവർക്കു വന്നെത്തിയപ്പോാം അവർ പറഞ്ഞു: ഇത് വ്യക്തമായ ആഭിചാരമാകുന്നു.

14. അവയെപറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും കാരണം അവർ അതിനെ നിഷേധിച്ചു കളഞ്ഞു. അപ്പോൾ ആ നാശകാരികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് കാണുക.
15. ദാവൂദിനും സുലൈമാനും നാം ജ്ഞാനം നൽകി. അവർ പറഞ്ഞു:വിശ്വാസികളായ തന്റെ ദാസന്മാരിൽ മറ്റു പലരേക്കാളും ഞങ്ങൾക്കു ശ്രേഷ്ഠത നൽകിയ അല്ലാഹുവിനാണ് സർവ്വ സ്തുതിയും.
16. സുലൈമാൻ ദാവൂദിന്റെ അനന്തരാവകാശിയായി. അദ്ദേഹം പറഞ്ഞു: അല്ലയോ ജനങ്ങളേ, നാം പക്ഷികളുടെ ഭാഷ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. എല്ലാ കാര്യങ്ങളിൽ നിന്നും നമുക്ക് നൽകപ്പെടുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ഇത് (അല്ലാഹുവിൽ നിന്നുള്ള) വ്യക്തമായ അനുഗ്രഹം തന്നെയാകുന്നു.
17. സുലൈമാനുവേണ്ടി അവന്റെ സൈന്യങ്ങൾ സംഘടിക്കപ്പെട്ടു. ജിന്നിലും മനുഷ്യരിലും പക്ഷികളിലും(പെട്ട സൈന്യങ്ങൾ); അങ്ങനെ അവർ അണി നിരത്തപ്പെട്ടു.
18. അങ്ങനെ അവർ ഉറുമ്പുകളുടെ താഴ്വരയിലെത്തിച്ചേർന്നു. അപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു: അല്ലയോ ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ മാളങ്ങളിൽ പ്രവേശിച്ചുകൊള്ളുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും നിങ്ങളെ അവരറിയാതെ ചവിട്ടി ഞെരിക്കാനിടവരാതിരിക്കട്ടെ.
19. അതിന്റെ വാക്കുകേട്ട് അദ്ദേഹം പുഞ്ചിരിതൂകി. അദ്ദേഹം പറഞ്ഞു: എന്റെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിനും നീ തൃപ്തിപ്പെടുന്ന സൽക്കർമങ്ങൾ ചെയ്യുന്നതിനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ എന്നെ നിന്റെ സദ്വൃത്തരായ ദാസന്മാരുടെ കൂട്ടത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ!
20. അദ്ദേഹം പക്ഷികളെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു:എന്തു പറ്റി, ഞാൻ ആ മരംകൊത്തിയെ കാണുന്നില്ലല്ലോ? അതല്ല, അത് അപ്രത്യക്ഷരായവരുടെ കൂട്ടത്തിലായോ?
21. തീർച്ചയായും അതിനെ ഞാൻ കഠിനമായി ശിക്ഷിക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ അറുത്തുകളയും. അല്ലെങ്കിൽ വ്യക്തമായ വല്ല ന്യായവും അതെനിക്ക് ബോധിപ്പിച്ചു തരണം.
22. എന്നാൽ അത് എത്തിച്ചേരാൻ അധികം താമസിച്ചില്ല. അപ്പോൾ അതു പറഞ്ഞു: താങ്കൾ അറിയാത്ത ഒരു കാര്യം ഞാൻ അറിഞ്ഞിരിക്കുന്നു. 'സബഉൽ' നിന്ന് യഥാർഥമായ ചില വാർത്തകൾ ഞാൻ താങ്കൾക്ക് കൊണ്ടുവന്നിരിക്കുന്നു.

---

22. ദക്ഷിണ അറേബ്യയിലെ പേരുകേട്ട കച്ചവട സമൂഹമായിരുന്നു സബഉകൾ. ഇപ്പോഴത്തെ യമൻ തലസ്ഥാനമായ സൻആയിൽനിന്ന് 55 നാഴിക വടക്കുകിഴക്കായി സ്ഥിതി ചെയ്തിരുന്ന 'മാരിബ്' ആയിരുന്നു അവരുടെ തലസ്ഥാനം. ഏകദേശം ബി.സി.1100 മുതൽ ബി.സി 115 വരെ ഈ സമൂഹം അറബികളിൽ ഒരു മഹാശക്തിയായി വാണിരുന്നു.

---

23. അവിടെ അവരെ ഭരിക്കുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു. എല്ലാ വസ്തുക്കളിൽ പെട്ടതും അവൾക്ക് നൽകപ്പെട്ടിട്ടുണ്ട്. അവൾക്ക് ഗംഭീരമായ ഒരു സിംഹാസനവുമുണ്ട്.

---

23. സുലൈമാൻ നബി(അ)യുടെ കാലത്ത് 'ബൽഖീസ്' എന്ന് പേരുള്ള വനിതയായിരുന്നു 'സബഉ' കാരുടെ ഭരണാധികാരി.

---

24. അല്ലാഹുവിന് പകരം സൂര്യനെ പ്രണാമം ചെയ്യുന്നതായി അവളെയും അവളുടെ ജനതയെയും ഞാൻ കണ്ടു. പിശാച് അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായി

തോന്നിക്കുകയും അവരെ നേർവഴിയിൽ നിന്ന് തടയുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ നേർവഴി പ്രാപിക്കുന്നില്ല.

25. ആകാശങ്ങളിലും ഭൂമിയിലും മറഞ്ഞുകിടക്കുന്നവയെ പുറത്ത് കൊണ്ടുവരികയും നിങ്ങൾ മറച്ചുവെക്കുന്നതും വെളിപ്പെടുത്തുന്നതുമായ എല്ലാം അറിയുകയും ചെയ്യുന്ന അല്ലാഹുവിന് പ്രണമിക്കാതിരിക്കാനാണ്(പിശാച് അങ്ങനെ ചെയ്യുന്നത്.)

26. അല്ലാഹു! അവനല്ലാതെ ദൈവമില്ല. അതിമഹത്തായ സിംഹാസനത്തിൻെറ നാഥൻ!

27. (സുലൈമാൻ) പറഞ്ഞു: നീ സത്യം പറഞ്ഞതാണോ അതല്ല നീ കള്ളം പറയുന്നവരിൽ പെട്ടവനാണോ എന്ന് നാം നോക്കുന്നുണ്ട്.

28. നീ എൻെറ എഴുത്ത് കൊണ്ടുപോയി അവർക്ക് ഇട്ടുകൊടുക്കുക. പിന്നെ അവരിൽ നിന്ന് മാറി നിൽക്കുക. എന്നിട്ട് അവർ എന്തു മറുപടി നൽകുന്നു എന്ന് നോക്കുക.

29. അവർ(രാജ്ഞി) പറഞ്ഞു: അല്ലയോ പ്രമാണികളേ! നിശ്ചയം മാന്യമായ ഒരെഴുത്ത് എന്നിലേക്കിടപ്പെട്ടിരിക്കുന്നു.

30. അത് സുലൈമാനിൽ നിന്നുള്ളതാണ്. നിശ്ചയം അത്(ഇപ്രകാരമത്രെ):പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ;

31. എനിക്കെതിരിൽ ധിക്കാരം പ്രവർത്തിക്കരുത്. കീഴൊതുങ്ങിയവരായിക്കൊണ്ട് നിങ്ങൾ എൻെറ അടുത്ത് വരികയും ചെയ്യുക.

32. (രാജ്ഞി)പറഞ്ഞു: അല്ലയോ പ്രമാണികളേ! എൻെറ ഈ കാര്യത്തിൽ നിങ്ങൾ എന്നെ ഉപദേശിക്കുവിൻ. നിങ്ങൾ എന്നോടൊപ്പം സന്നിഹിതരാകാതെ ഞാൻ ഒരു കാര്യവും തീരുമാനിക്കുന്നവളല്ല.

33. അവർ പറഞ്ഞു: നാം പ്രബലരും കടുത്ത പരാക്രമശാലികളും ആണ്. എന്നാൽ ആജ്ഞാധികാരം അങ്ങയ്ക്കാണല്ലോ. അതിനാൽ എന്തു കൽപിക്കണമെന്ന് അങ്ങുതന്നെ ആലോചിച്ചു നോക്കുക.

34. രാജ്ഞി പറഞ്ഞു: തീർച്ചയായും രാജാക്കന്മാർ ഒരു നാട്ടിൽ കടന്നാൽ അവിടം നശിപ്പിക്കുകയും അവിടത്തുകാരിലെ പ്രതാപികളെ നിന്ദ്യരാക്കുകയും ചെയ്യുന്നതാണ്. ഇതുതന്നെയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്.

35. ഞാൻ അവർക്കൊരു പാരിതോഷികം കൊടുത്തയക്കാൻ പോകുന്നു. എന്നിട്ട് എൻെറ ദൂതന്മാർ എന്തു മറുപടിയുമായി മടങ്ങിവരുന്നുവെന്ന് നോക്കാം.

36. (രാജ്ഞിയുടെ ദൂതൻ) സുലൈമാൻെറ സന്നിധിയിലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങൾ എന്നെ സമ്പത്ത് തന്ന് സഹായിക്കുകയാണോ? എന്നാൽ അല്ലാഹു എനിക്ക് തന്നിട്ടുള്ളത് അവൻ നിങ്ങൾക്കു തന്നിട്ടുള്ളതിനേക്കാൾ ഏറെ ഉത്തമമാണ്. പക്ഷേ, നിങ്ങൾ നിങ്ങളുടെ പാരിതോഷികം കൊണ്ട് ഊറ്റം കൊള്ളുകയാണ്.

37. അവരിലേക്കു തന്നെ മടങ്ങിക്കൊള്ളുവിൻ! എന്നാൽ അവർക്ക് നേരിടാൻ കഴിയാത്ത സൈന്യങ്ങളുമായി നാം അവരുടെ അടുത്ത് തീർച്ചയായും വരുന്നുണ്ട്. നിന്ദ്യരും അപമാനിതരുമായ നിലയിൽ നാം അവരെ അവിടെനിന്ന് പുറത്താക്കുകയും ചെയ്യുന്നതാണ്.

38. (സുലൈമാൻ) പറഞ്ഞു: അല്ലയോ പ്രമുഖരേ! അവർ കീഴടങ്ങിക്കൊണ്ട് എൻെറ അടുത്ത് വരുന്നതിനുമുമ്പായി അവരുടെ സിംഹാസനം എൻെറ അടുത്ത് നിങ്ങളിൽ ആരുകൊണ്ടുവരും?

39. ജിന്നുകളിൽപെട്ട 'ഇഫ്‌രീത്തു'(മഹാമല്ലൻ) പറഞ്ഞു: അങ്ങ് സ്വസ്ഥാനത്തു നിന്ന് എഴുന്നേൽക്കുന്നതിനുമുമ്പ് ഞാനത് അങ്ങേക്കു കൊണ്ടുവന്നുതരാം. തീർച്ചയായും അതിന് ഞാൻ ശക്തനും വിശ്വസ്തനും തന്നെയാണ്.

40. വേദത്തിൽ നിന്നുള്ള അറിവുണ്ടായിരുന്ന ആൾ പറഞ്ഞു: താങ്കളുടെ നോട്ടം താങ്കളിലേക്ക് തിരിച്ചുവരുന്നതിനുമുമ്പായി ഞാനത് താങ്കൾക്ക് കൊണ്ടുവന്നു തരാം. അങ്ങനെ അത് (സിംഹാസനം) തന്റെ അടുക്കൽ വെയ്ക്കപ്പെട്ടതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് എന്റെ രക്ഷിതാവിന്റെ ഔദാര്യത്തിൽ പെട്ടതാണ്. ഞാൻ നന്ദി കാണിക്കുമോ, അതോ നന്ദികേട് കാണിക്കുമോ എന്ന് അവൻ എന്നെ പരിശോധിക്കാൻ വേണ്ടി. ആരെങ്കിലും നന്ദി കാണിക്കുന്നുവെങ്കിൽ, തന്റെ ഗുണത്തിനായിട്ടുതന്നെയാണ് അവൻ നന്ദി കാണിക്കുന്നത്. എന്നാൽ ആരെങ്കിലും നന്ദികേടു കാണിക്കുന്നുവെങ്കിൽ തീർച്ചയായും എന്റെ നാഥൻ സ്വയം പര്യാപ്തനും ഉൽകൃഷ്ടനുമാകുന്നു.

41. അദ്ദേഹം(സുലൈമാൻ) പറഞ്ഞു: നിങ്ങൾ അവളുടെ സിംഹാസനം അവൾക്കു തിരിച്ചറിയാനാവാത്തവിധം രൂപാന്തരപ്പെടുത്തുവിൻ. അവൾ യാഥാർത്ഥ്യം മനസ്സിലാക്കുമോ, അതല്ല അവൾ യാഥാർത്ഥ്യം കണ്ടെത്താത്തവരുടെ കൂട്ടത്തിലായിരിക്കുമോ എന്ന് നമുക്ക് നോക്കാം

42. അങ്ങനെ (രാജ്ഞി) വന്നപ്പോൾ അവരോട് ചോദിക്കപ്പെട്ടു: ഇതുപോലെയാണോ നിന്റെ സിംഹാസനം? അവർ പറഞ്ഞു: അതാണ് ഇത് എന്നപോലെ തോന്നുന്നു. ഞങ്ങൾക്ക് മുമ്പേതന്നെ അറിവ് ലഭിച്ചിട്ടുണ്ട്. ഞങ്ങൾ അനുസരണമുള്ളവരാകുകയും ചെയ്തിരുന്നു.

43. അവളെ (സത്യവിശ്വാസം കൈക്കൊള്ളുന്നതിൽനിന്ന്)തടഞ്ഞ സംഗതി, അല്ലാഹുവിനെ കൂടാതെ അവർ സ്വീകരിച്ച(ദൈവങ്ങൾക്കുള്ള) അരാധനയായിരുന്നു. തീർച്ചയായും അവൾ സത്യനിഷേധികളായ ജനതയിൽ പെട്ടവളായിരുന്നു.

44. അവളോടു പറയപ്പെട്ടു: കൊട്ടാരത്തിൽ പ്രവേശിച്ചുകൊള്ളുക.എന്നാൽ അവളതുകണ്ടപ്പോൾ, അത് ഒരു ജലപ്പരപ്പായി അവൾ വിചാരിച്ചു. തന്റെ കണങ്കാലുകളിൽനിന്ന് വസ്ത്രം പൊക്കുകയും ചെയ്തു. സുലൈമാൻ പറഞ്ഞു: ഇത് സ്ഫടികക്കഷ്ണങ്ങൾ പതിച്ചുണ്ടാക്കിയ കൊട്ടാരമാകുന്നു. അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. ഞാനിതാ സുലൈമാനോടൊപ്പം പ്രപഞ്ച നാഥനായ അല്ലാഹുവിന് കീഴ്പെട്ടിരിക്കുന്നു.

45. സമൂദുവർഗത്തിലേക്കു നാം അവരുടെ സഹോദരൻ സ്വാലിഹിനെ, അല്ലാഹുവിന് മാത്രം വഴിപ്പെടുവിൻ എന്ന സന്ദേശവുമായി അയച്ചു. അപ്പോൾ പരസ്പരം തർക്കിക്കുന്ന രണ്ട് കക്ഷികളായി അവർ.

46. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ; നിങ്ങളെന്തിനു നന്മക്കു മുമ്പേ തിന്മക്കു വേണ്ടി ധൃതികൂട്ടുന്നു? നിങ്ങൾക്ക് അല്ലാഹുവിനോട് മാപ്പുതേടിക്കൂടെ? എങ്കിൽ നിങ്ങൾക്ക് കാരുണ്യം കിട്ടിയേക്കാം.

47. അവർ പറഞ്ഞു: ഞങ്ങൾ നിന്നേയും നിന്റെ കൂടെയുള്ളവരെയും ദുശ്ശകുനമായാണ് കാണുന്നത്. അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ദുശ്ശകുനം അല്ലാഹുവിന്റെ അടുത്താണ്. അല്ല! നിങ്ങൾ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനതയാണ്.

48. ഭൂമിയിൽ നാശമുണ്ടാക്കുന്നവരും, ഒരു നന്മയുമുണ്ടാക്കാത്തവരുമായ ഒമ്പതുപേർ ആ പട്ടണത്തിലുണ്ടായിരുന്നു.

48. സമൂദ്‌ പട്ടണത്തിലുണ്ടായിരുന്ന ഒമ്പത്‌ ഗോത്രനേതാക്കൾ. ഈ നേതാക്കൾ സമൂദ്‌ ജനതയുടെ മേൽ അവരുടെ അഭിപ്രായങ്ങൾ അടിച്ചേൽപിച്ചിരുന്നു.

49. അവർ അന്യോന്യം പറഞ്ഞു:നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യംചെയ്യുക. സ്വാലിഹിനെയും കുടുംബത്തെയും നമ്മൾ രാത്രിയിൽ കൊലചെയ്യും. എന്നിട്ട്‌ അവന്റെ അവകാശിയോട്‌ പറയും: തന്റെ ആളുകളുടെ നാശത്തിന്‌ ഞങ്ങൾ സാക്ഷ്യംവഹിച്ചിട്ടില്ല. ഞങ്ങൾ തീർച്ചയായും സത്യമാണ്‌ പറയുന്നത്‌

49. അവകാശിയോട്‌ : സ്വാലിഹിന്റെ(അ) ഗോത്രത്തലവനാണുദ്ദേശ്യം.

50. അവർ ഒരു തന്ത്രം ആസൂത്രണം ചെയ്തു. അവർ നോക്കിക്കാണാതിരിക്കെ നാമും ഒരു തന്ത്രം പ്രയോഗിച്ചു.

51. എന്നാൽ അവരുടെ കുതന്ത്രത്തിന്റെ അന്ത്യം എങ്ങനെയായിരുന്നു എന്ന്‌ നോക്കുക. അവരെയും അവരുടെ ജനതയെയും ഒന്നാകെ നാം തകർത്തു കളഞ്ഞു.

52. അങ്ങനെ അവർ അനുവർത്തിച്ചുകൊണ്ടിരുന്ന അക്രമത്തിന്റെ ഫലമായി അവരുടെ വീടുകളൊക്കെയും അതാ വിജനമായി കിടക്കുന്നു. തീർച്ചയായും അറിയുന്ന ജനത്തിന്‌ ഇതിൽ ഒരു ദൃഷ്ടാന്തമുണ്ട്‌.

53. വിശ്വസിക്കുകയും ഭക്തിപുലർത്തുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

54. ലൂത്വിനെയും(ഓർക്കുക). അദ്ദേഹം തന്റെ ജനതയോട്‌ പറഞ്ഞ സന്ദർഭം: നിങ്ങൾ കണ്ടറിഞ്ഞുകൊണ്ടുതന്നെ നീചപ്രവൃത്തി ചെയ്യുകയാണോ?

55. നിങ്ങൾ സ്ത്രീകളെ വെടിഞ്ഞ്‌ വികാരശമനത്തിന്‌ പുരുഷന്മാരെ സമീപിക്കുകയാണോ? അല്ല; നിങ്ങൾ അവിവേകികളായ ഒരു ജനത തന്നെ.

56. എന്നാൽ അദ്ദേഹത്തിന്റെ ജനത്തിന്റെ മറുപടി, അവർ ഇപ്രകാരം പറഞ്ഞതു മാത്രമായിരുന്നു: ‘‘നിങ്ങളുടെ പട്ടണത്തിൽനിന്നും ലൂത്വിന്റെ അനുയായികളെ പുറത്താക്കുക. തീർച്ചയായും അവർ വലിയ വിശുദ്ധി ചമയുന്ന കുറെ മനുഷ്യരാണ്‌.

57. ഒടുവിൽ അദ്ദേഹത്തെയും,അദ്ദേഹത്തിന്റെ കുടുംബത്തെയും നാം രക്ഷപ്പെടുത്തി. അദ്ദേഹത്തിന്റെ ഭാര്യയെ ഒഴികെ. അവളെ പിന്മാറി നിന്നവരുടെ കൂട്ടത്തിലായാണ്‌ നാം കണക്കാക്കിയത്‌.

58. അവരുടെ മേൽ നാം ഒരു മഴ വർഷിപ്പിച്ചു. അങ്ങനെ മുന്നറിയിപ്പ്‌ നൽകപ്പെട്ടവരുടെ (മേൽ പതിച്ച) ആ മഴ എത്ര ചീത്ത!

59. പറയുക:അല്ലാഹുവിന്‌ സ്തുതി.അവൻ തെരഞ്ഞെടുത്ത അവന്റെ ദാസന്മാർക്ക്‌ സമാധാനം. അല്ലാഹുവാണോ ഉത്തമൻ; അതോ(അവനോട്‌) അവർ പങ്കു ചേർക്കുന്ന (മിഥ്യകളോ?)

60. ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിക്കുകയും ആകാശത്തുനിന്ന്‌ നിങ്ങൾക്കായി ജലം വർഷിക്കുകയും അതുവഴി സുന്ദരമായ ചില തോട്ടങ്ങൾ മുളപ്പിച്ചു വളർത്തുകയും അതിലെ വൃക്ഷങ്ങൾ മുളപ്പിക്കുകയും- അതിലെ മരങ്ങൾ മുളപ്പിക്കുക നിങ്ങളുടെ കഴിവിൽ പെട്ടതായിരുന്നില്ല - ചെയ്തവൻ ആരാകുന്നു? അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവും (ഈ കാര്യങ്ങളിൽ പങ്കാളിയായി) ഉണ്ടോ? അല്ല, അവർ (സന്മാർഗത്തിൽനിന്ന്‌) വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു.

61. ഭൂമിയെ വാസയോഗ്യമാക്കിയതും അതിൽ അങ്ങിങ്ങ്‌ നദികളുണ്ടാക്കുകയും അതിൽ നിലയുറച്ച മലകളുണ്ടാക്കുകയും രണ്ട്‌ ജലാശയങ്ങൾക്കിടയിൽ(അവ കൂടിക്കലരാതെ) ഒരു

മറയുണ്ടാക്കുകയും ചെയ്തവൻ ആരാണ്? അല്ലാഹുവിനോടൊപ്പം മറ്റേതെങ്കിലും ദൈവം (ഈ കാര്യങ്ങളിൽ പങ്കാളിയായി) ഉണ്ടോ? അല്ല, അവരിൽ അധികപേരും അറിയുന്നില്ല.

62. അല്ലെങ്കിൽ, പീഡിതൻ പ്രാർത്ഥിക്കുമ്പോൾ അതിനുത്തരം ചെയ്യുന്നതും ദുരിതങ്ങളകറ്റുകയും നിങ്ങളെ ഭൂമിയിലെ പ്രതിനിധികളാക്കുന്നതും ആരാകുന്നു? (ഈ കാര്യങ്ങൾ നിർവഹിക്കുന്നതിൽ) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? നിങ്ങൾ അൽപം മാത്രമേ ചിന്തിക്കുന്നുള്ളു.

63. അല്ലെങ്കിൽ,കരയിലേയും കടലിലേയും അന്ധകാരങ്ങളിൽ നിങ്ങൾക്കു വഴികാണിക്കുന്നത് അരാണ്? തൻെറ അനുഗ്രഹത്തിനു മുന്നോടിയായി ശുഭവാർത്തയുമായി കാറ്റിനെ അയക്കുന്നത് ആരാണ്? അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവും(ഈ കൃത്യം ചെയ്യുന്നവനായി) ഉണ്ടോ? അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം അതീതനാണ് അല്ലാഹു.

64. അല്ലെങ്കിൽ, സൃഷ്ടി ആരംഭിക്കുകയും പിന്നീട് അതാവർത്തിക്കുകയും ചെയ്യുന്നത് ആരാ ണ്? ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നതും ആരാ ണ്? അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവും (സംഗതികളിൽ പങ്കുകാരനായി) ഉണ്ടോ? (നബിയെ,) പറയുക: ''നിങ്ങൾ സത്യം പറയുന്നവരെങ്കിൽ നിങ്ങളുടെ തെളിവു കൊണ്ടു വരുവിൻ.''

65. (നബിയെ)പറയുക:ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല.

66. എന്നല്ല,പരലോകത്തെപ്പറ്റിയുള്ള അറിവേ അവർക്കില്ല. അല്ല, അതിനെക്കുറിച്ച് അവർ സം ശയത്തിലാണ്. അല്ല, അവർ അതേപ്പറ്റി അന്ധതയിലാണ്.

67. സത്യനിഷേധികൾ പറയുന്നു:ഞങ്ങളും ഞങ്ങളുടെ പിതാക്കളുമൊക്കെ മണ്ണായിക്കഴിഞ്ഞാൽ (ശ്മശാനങ്ങളിൽനിന്ന്) ഞങ്ങൾ പുറപ്പെടുവിക്കപ്പെടുമെന്നോ?

68. ഞങ്ങളോടും, മുമ്പ് ഞങ്ങളുടെ പിതാക്കളോടും ഇപ്രകാരം വാഗ്ദാനം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഇത് പൂർവികന്മാരുടെ കെട്ടുകഥകളല്ലാതെ ഒന്നുമല്ല.

69. നീ പറയുക: ''ഭൂമിയിൽകൂടി സഞ്ചരിക്കുവിൻ! എന്നിട്ട് കുറ്റവാളികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്നു കാണുവിൻ.''

70. അവർക്കുവേണ്ടി നീ ദുഃഖിക്കേണ്ട;അവരുടെ കുതന്ത്രങ്ങളിൽ മനംമുട്ടേണ്ടതുമില്ല.

71. അവർ ചോദിക്കുന്നു: ഈ വാഗ്ദാനം എപ്പോഴാണ് പുലരുക? നിങ്ങൾ സത്യവാദികളാണെങ്കിൽ!

72. നീ പറയുക: നിങ്ങൾ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതിൽ ചിലത്, ഒരു പക്ഷേ, നിങ്ങളുടെ തൊട്ടു പിന്നിൽ എത്തിക്കഴിഞ്ഞിട്ടുണ്ടാവാം.

73. തീർച്ചയായും നിൻെറ നാഥൻ ജനങ്ങളോട് അത്യുദാരനാണ്.എന്നാൽ അവരിലേറെ പേരും നന്ദി കാണിക്കുന്നവരല്ല.

74. അവരുടെ ഹൃദയങ്ങൾ ഒളിച്ചുവെക്കുന്നതും അവർ പരസ്യമാക്കുന്നതുമെല്ലാം നിൻെറ രക്ഷിതാവ് അറിയുന്നു.

75. ആകാശത്തിലോ ഭൂമിയിലോ യാതൊരു രഹസ്യവുമില്ല; ഒരു സ്പഷ്ടമായ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടല്ലാതെ.

76. ഇസ്രയേൽ സന്തതികൾ യാതൊന്നിൽ ഭിന്നിച്ചുനില്ക്കുന്നുവോ അതിൽ മിക്കതും ഈ ഖുർആൻ അവർക്ക് വിവരിച്ചു കൊടുക്കുന്നുണ്ട്.

77. തീർച്ചയായും ഇത്സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു.

78. തീർച്ചയായും നിൻെറ നാഥൻ തൻെറ വിധിയിലൂടെ അവർക്കിടയിൽ തീർപ്പു കൽപിക്കുന്നതാണ്. അവനത്രെ പ്രതാപിയും സർവ്വജ്ഞനും.
79. അതിനാൽ നീ അല്ലാഹുവിൽ ഭരമേൽപിക്കുക. നിശ്ചയമായും നീ സ്പഷ്ടമായ സത്യത്തിൽ തന്നെയാകുന്നു.
80. തീർച്ചയായും നിനക്ക് മരിച്ചവരെ കേൾപിക്കാനാവുകയില്ല. ബധിരന്മാർ പുറം തിരിച്ച് പോയാൽ അവരെയും നിനക്ക് വിളി കേൾപിക്കാനാവില്ല.
81. അന്ധന്മാരെ വഴി കാണിച്ച് അവരകപ്പെട്ട ദുർമാർഗത്തിൽനിന്ന് നിനക്ക് രക്ഷിക്കാനാകുന്നതുമല്ല. നമ്മുടെ സൂക്തങ്ങളിൽ വിശ്വസിക്കുകയും,തന്നിമിത്തം അനുസരണമുള്ളവരായിത്തീരുകയും ചെയ്തവരെയല്ലാതെ നിനക്ക് കേൾപിക്കനാവില്ല.
82. നമ്മുടെ വചനം അവരിൽ പുലർന്നാൽ, അപ്പോൾ നാം അവർക്കായി ഭൂമിയിൽ നിന്ന് ഒരു ജന്തുവിനെ പുറപ്പെടുവിക്കുന്നതാകുന്നു. അത് അവരോട് സംസാരിക്കും: എന്തെന്നാൽ, ജനത്തിന് നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢവിശ്വാസമുണ്ടായിരുന്നില്ല.

---

82. ഉയിർത്തെഴുന്നേൽപുനാളിൻെറ മുന്നോടിയായാണ് ഇത് സംഭവിക്കുക. ഇതെപറ്റി നബി(സ) യിൽനിന്നുള്ള അധ്യാപനം ഇപ്രകാരമാണ്: അന്ത്യനാളടുത്താൽ ദജ്ജാലിൻെറ പുറപ്പാട്, ദാബ്ബത്തുൽ അർളിൻെറ(ജന്തു) പുറപ്പാട്, ധൂമം, സൂര്യൻ പടിഞ്ഞാറുദിക്കൽ എന്നീ അടയാളങ്ങൾ ഒന്നിനു പുറകെ ഒന്നായി പ്രത്യക്ഷപ്പെടും.

---

83. എല്ലാ സമുദായങ്ങളിൽനിന്നും നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞ ഓരോ സംഘത്തെ നാം ഒരുമിച്ചു ചേർക്കുന്ന ദിനം- എന്നിട്ട് അവർ(തങ്ങളുടെ ഇനങ്ങളനുസരിച്ച് തട്ടുതട്ടായി) ക്രമീകരിക്കപ്പെടുന്നു.
84. ഒടുവിൽ, അവർ വരുമ്പോൾ, അവൻ പറയും: എൻെറ വചനങ്ങൾ ശരിക്കും മനസ്സിലാക്കാതെ നിങ്ങൾ അവയെ തള്ളിപ്പറഞ്ഞുവോ? അല്ലെങ്കിൽ പിന്നെ നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരുന്നത്?
85. അവരുടെ ധിക്കാരം മൂലം അവരിൽ (ശിക്ഷയുടെ)വാഗ്ദാനം പുലരും. അപ്പോൾ അവർക്ക് യാതൊന്നും മിണ്ടാനാകുന്നതല്ല.
86. നാം രാത്രിയെ അവർക്കു ശാന്തിദായകവും പകലിനെ പ്രകാശമാനവുമാക്കി വെച്ചിട്ടുള്ളത് അവർ കാണുന്നില്ലേ? തീർച്ചയായും വിശ്വസിക്കുന്ന ജനതക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്.
87. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം. അന്ന് ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും എല്ലാം ഭയവിഹ്വലരാകും. അല്ലാഹു ഉദ്ദേശിക്കുന്നവരൊഴികെ. എല്ലാവരും താഴ്മയോടെ അവൻെറ അടുത്ത് ഹാജരാവുകയും ചെയ്യും.
88. പർവ്വതങ്ങളെ (ഇന്ന്) നീ കാണുമ്പോൾ അവ ഉറച്ചുനില്ക്കുന്നവയാണെന്ന് നിനക്ക് തോന്നും. എന്നാൽ(അന്ന്) അവ മേഘങ്ങൾ പോലെ പാറിക്കൊണ്ടിരിക്കും. എല്ലാ കാര്യവും കുറ്റമറ്റതാക്കിത്തീർത്ത അല്ലാഹുവിൻെറ പ്രവർത്തനമത്രെ അത്. തീർച്ചയയും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അവൻ സൂക്ഷ്മ ബോധവനാകുന്നു.
89. ആർ നന്മയുംകൊണ്ട് ആഗതനാകുന്നുവോ, അവന്(അന്ന്)അതിനേക്കാൾ വിശിഷ്ടമായത്(പ്രതിഫലമായി) ഉണ്ടായിരിക്കും. ആ ദിനം ഭീതിയിൽനിന്നും അവർ സുരക്ഷിതരായിരിക്കും.

90. ആർ തിന്മയും കൊണ്ട് ആഗതനാകുന്നുവോ അവർ നരകത്തിൽ മുഖംകുത്തി തള്ളിയിടപ്പെടുന്നതാകുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നല്കപ്പെടുമോ?
91. (അവരോട്)പറയുക: എന്നോട് കല്പിക്കപ്പെട്ടിരിക്കുന്നത്, ഈ പട്ടണത്തെ വിശുദ്ധമാക്കിയവനായ അതിൻെറ നാഥന് വഴിപ്പെടാൻ മാത്രമാണ്. സകല വസ്തുക്കളുടെയും ഉടമയത്രെ അവൻ. ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കണമെന്നും കല്പിക്കപ്പെട്ടിരിക്കുന്നു.
92. ഈ ഖുർആൻ ഓതിക്കേൾപ്പിക്കണമെന്നും (ഞാൻ കല്പിക്കപ്പെട്ടിരികുന്നു.) അതിനാൽ ആരെങ്കിലും സന്മാർഗം സ്വീകരിക്കുന്നുവെങ്കിൽ അത് അവൻെറ തന്നെ ഗുണത്തിനു വേണ്ടിയാണ് അവൻ സന്മാർഗം സ്വീകരിക്കുന്നത്. വല്ലവനും വ്യതിചലിച്ചുപോകുന്ന പക്ഷം നീ പറഞ്ഞേക്കുക: ഞാൻ മുന്നറിയിപ്പുകാരിൽ ഒരാൾ മാത്രമാകുന്നു.
93. പറയുക:അല്ലാഹുവിന് സ്തുതി.(അടുത്തു തന്നെ)തൻെറ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചുതരും.അപ്പോൾ നിങ്ങൾക്കത് ബോധ്യമാവും. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു നിൻെറ നാഥൻ അശ്രദ്ധനല്ല.

---

*****

## അധ്യായം 28

# അൽ ഖസ്വസ്വ്. (കഥനം)

**അവതരണം മക്കയിൽ, വചനങ്ങരം 88**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ത്വാ-സീൻ-മീം.
2. സുവ്യക്തമായ വേദഗ്രന്ഥത്തിലെ വചനങ്ങളത്രെ ഇവ.
3. മൂസായുടെയും ഫിർഔൻെറയും വൃത്താന്തങ്ങളിൽ ചിലത് സത്യത്തോടെ നിനക്ക് നാം ഓതിക്കേരംപിക്കുന്നു.
4. തീർച്ചയായും ഫിർഔൻ നാട്ടിൽ അഹങ്കരിച്ചു നടക്കുകയും അവിടത്തുകാരെ വിവിധ കക്ഷികളാക്കുകയും ചെയ്തു. അവരിലൊരു വിഭാഗത്തെ അവൻ ദുർബലമാക്കി. അവരിലെ ആൺസന്തതികളെ കൊന്നുകളയുകയും പെൺസന്തതികളെ ജീവിക്കാൻ വിടുകയും ചെയ്തു. തീർച്ചയായും അവൻ നാശകാരികളിൽ പെട്ടവനായിരുന്നു.
5. നാമാകട്ടെ ഭൂമിയിൽ അടിച്ചമർത്തപ്പെട്ട വിഭാഗത്തോട് ഔദാര്യം കാണിക്കാനും, അവരെ നായകന്മാരാക്കാനും, അവരെ അനന്തരാവകാശികളാക്കാനും ഉദ്ദേശിച്ചു.
6. അവർക്ക് ഭൂമിയിൽ അധികാരം നൽകാനും, ഫിർഔന്നും ഹാമാന്നും അവരുടെ സൈന്യ ങ്ങരംക്കും അവർ ഭയപ്പെട്ടുകൊണ്ടിരുന്നതെന്തോ അതു കാണിച്ചുകൊടുക്കാനും (നാം ഉദ്ദേശിച്ചു.)
7. മൂസായുടെ മാതാവിന് നാം ബോധനം നൽകി: അവനെ മുലയൂട്ടിക്കൊള്ളുക. അവൻെറ കാര്യത്തിൽ നീ ഭയപ്പെടുകയാണെങ്കിൽ അവനെ നീ പുഴയിൽ കൊണ്ടിടുക. നീ ഭയപ്പെടേ ണ്ട, നീ ദുഃഖിക്കുകയും വേണ്ട. തീർച്ചയായും നാം അവനെ നിൻെറയടുക്കലേക്കുതന്നെ തിരിച്ചു കൊണ്ടുവരികയും അവനെ ദൈവദൂതന്മാരിലൊരുവനാക്കുകയും ചെയ്യും.
8. അങ്ങനെ ഫിർഔൻെറ വീട്ടുകാർ അവനെ(പുഴയിൽനിന്ന്) കണ്ടെടുത്തു. അവൻ അവരുടെ ശത്രുവും ദുഃഖനിമിത്തവും ആയിരിക്കാൻ വേണ്ടി. തീർച്ചയായും ഫിർഔനും ഹാമാനും അവരിരുവരുടെയും സൈന്യങ്ങളും പിഴച്ചവരായിരുന്നു.
9. ഫിർഔൻെറ പത്നി(അവനോട്)പറഞ്ഞു: ഇവൻ എൻെറയും നിൻെറയും കണ്ണിന് കുളിരാ കുന്നു. അതിനാൽ നിങ്ങളിവനെ കൊല്ലരുത്. ഒരുപക്ഷേ നമുക്ക് ഇവൻ പ്രയോജനപ്പെട്ടേ ക്കാം. അല്ലെങ്കിൽ ഇവനെ നമുക്ക് മകനായി എടുക്കാം. (പരിണതിയെ സംബന്ധിച്ച്) അവർ അറിഞ്ഞിരുന്നില്ല.
10. എന്നാൽ മൂസായുടെ മാതാവിൻെറ മനസ്സ് ശൂന്യമായി(അസ്വസ്ഥമായി.) അവളുടെ മനസ്സി നെ നാം ഉറപ്പിച്ചുനിർത്തിയില്ലായിരുന്നുവെങ്കിൽ അവൻെറ കാര്യം അവരം വെളിപ്പെടു ത്തുമായിരുന്നു. അവരം സത്യവിശ്വാസികളിൽ പെട്ടവളാകാനാണ്(നാമങ്ങനെ ചെയ്തത്.)
11. (മൂസാ)യുടെ സഹോദരിയോട് അവരം പറഞ്ഞു: അവനെ പിന്തുടർന്ന് നോക്കിക്കൊള്ളു ക. അങ്ങനെ അകലെനിന്ന് അവരം അവനെ വീക്ഷിച്ചുകൊണ്ടിരുന്നു. അവർ അതറിഞ്ഞി രുന്നില്ല.
12. മുലയൂട്ടുന്ന സ്ത്രീകരം അവന് മുലകൊടുക്കുന്നത് നാം മുമ്പേ വിലക്കിയിട്ടുണ്ടായിരു ന്നു. (ഈ സ്ഥിതി കണ്ട്)അവരം(സഹോദരി) പറഞ്ഞു: നിങ്ങരംക്കുവേണ്ടി ഇവനെ പരി പാലിക്കുന്ന ഒരു വീട്ടുകാരെപറ്റി ഞാൻ നിങ്ങരംക്കു അറിവു തരട്ടയോ? അവർ ഇവനോട് ഗുണകാംക്ഷ പുലർത്തുകയും ചെയ്യും.

13. അങ്ങനെ നാം അവനെ അവന്റെ മാതാവിന്‌ തിരിച്ചേൽപിച്ചു. അവളുടെ കണ്ണ്‌ കുളിർക്കുവാനും അവൾ ദുഃഖിക്കാതിരിക്കുവാനും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്ന്‌ അവൾ അറിയുവാനും വേണ്ടി. പക്ഷേ, അവരിൽ അധിക പേരും അറിയുന്നില്ല.

14. അങ്ങനെ അദ്ദേഹം ശക്തി(യൗവനം) പ്രാപിക്കുകയും, പക്വത എത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിനു നാം തത്വബോധവും വിജ്ഞാനവും നൽകി. നന്മ ചെയ്യുന്നവർക്ക്‌ ഇപ്രകാരം നാം പ്രതിഫലം കൊടുക്കുന്നു.

15. പട്ടണവാസികൾ അശ്രദ്ധരായ സമയത്ത്‌ അദ്ദേഹം നഗരത്തിൽ പ്രവേശിച്ചു. അപ്പോൾ അവിടെ രണ്ടുപേർ തമ്മിൽ അടിപിടികൂടുന്നത്‌ അദ്ദേഹം കണ്ടു. ഒരുവൻ തന്റെ കക്ഷിയിൽ പെട്ടവൻ. അപരൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും. അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ ശത്രുവിഭാഗത്തിലുള്ളവനെതിരെ അദ്ദേഹത്തോട്‌ സഹായം തേടി. അപ്പോൾ മൂസാ അയാളെ ഇടിച്ചു. അതവന്റെ കഥ കഴിച്ചു. (ഇതുകണ്ട്‌)മൂസാ പറഞ്ഞു: ഇത്‌ പിശാചിന്റെ ചെയ്തികളിൽ പെട്ടതാണ്‌. തീർച്ചയായും അവൻ വ്യക്തമായും വഴി പിഴപ്പിക്കുന്ന ശത്രു തന്നെയാകുന്നു.

---

15. ഭരണവർഗത്തിന്റെ രാജകൊട്ടാരങ്ങൾ സാധാരണക്കാരുടെ ആവാസകേന്ദ്രങ്ങൾക്ക്‌ പുറത്തായിരുന്നു എന്നു മനസ്സിലാകുന്നു. അദ്ദേഹത്തിന്‌ തന്റെ സമുദായക്കാരന്റെ (ഇസ്രയേൽ വംശജൻ) നേരെ കയ്യേറ്റം നടത്തുന്നതിൽ നിന്ന്‌ ഖിബ്‌തിയെ(ഈജിപ്ത്‌ വംശജൻ) തടയണമെന്നല്ലാതെ അവനെ വധിക്കാൻ ഒട്ടും ഉദ്ദേശ്യമുണ്ടായിരുന്നില്ല. ഇസ്രായേലിയെ സഹായിക്കുന്നതിൽ ഒരു ഖിബ്‌തിയെ വധിച്ചു എന്നതിന്റെ പേരിൽ അദ്ദേഹം ദുഃഖിതനായി.

---

16. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട്‌ തന്നെ അതിക്രമം പ്രവർത്തിച്ചിരിക്കുന്നു. അതുകൊണ്ട്‌ നീ എനിക്ക്‌ പൊറുത്തുതരേണമേ. അപ്പോൾ അദ്ദേഹത്തിന്‌(അല്ലാഹു) പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

17. അദ്ദേഹം പറഞ്ഞു: എന്റെ നാഥാ, എനിക്ക്‌ നീ അനുഗ്രഹം ചെയ്തുതന്ന നിലക്ക്‌ ഇനിയൊരിക്കലും ഞാൻ കുറ്റവാളികളുടെ സഹായിയാവുകയില്ല തന്നെ.

18. അടുത്ത പ്രഭാതത്തിൽ അദ്ദേഹം ഭയന്നുകൊണ്ടും കരുതലോടും കൂടി പട്ടണത്തിൽ വരികയായിരുന്നു. അപ്പോഴതാ തലേന്നാൾ തന്നോടു സഹായം തേടിയ അതേയാൾ വീണ്ടും തന്നോട്‌ സഹായത്തിന്‌ മുറവിളി കൂട്ടുന്നു. മൂസ അയാളോട്‌ പറഞ്ഞു: നീ വ്യക്തമായും ദുർമാർഗിതന്നെ.

19. അങ്ങനെ അദ്ദേഹം അവരിരുവരുടെയും ശത്രുവായ ആളെ പിടികൂടാൻ തുനിഞ്ഞപ്പോൾ അവൻ പറഞ്ഞു: ഹേ മൂസാ, ഇന്നലെ നീ ഒരാളെ കൊലപ്പെടുത്തിയതുപോലെ നീ എന്നേയും കൊല്ലാനുദ്ദേശിക്കുകയാണോ? നാട്ടിൽ ഒരു മർദ്ദകനാകാൻ മാത്രമാണ്‌ നീ ഉദ്ദേശിക്കുന്നത്‌. (കാര്യങ്ങൾ)നന്നാക്കുന്നവരിൽ ഒരാളാകാൻ നീ ഉദ്ദേശിക്കുന്നുമില്ല.

---

19. തലേന്ന്‌ മൂസാ(അ)യുടെ സഹായം തേടിയ ആ ഇസ്രയീല്യൻ തന്നെയാണ്‌ ഇത്‌ പറഞ്ഞതെന്ന്‌ മിക്ക വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ആളെ മനസ്സിലാക്കിയശേഷം മൂസാ(അ) ഖിബ്‌തിയെ അടിക്കാനോങ്ങുന്നത്‌ തന്നെയാണെന്ന്‌ ഇസ്രായീല്യൻ തെറ്റിദ്ധരിച്ചതുകൊണ്ടാണ്‌ ഇങ്ങനെ പറഞ്ഞത്‌. അയാൾ നിലവിളി കൂട്ടുകയും തന്റെ മൂഢതയാൽ തലേന്നത്തെ കൊലക്കുറ്റം വെളിപ്പെടുകയും അങ്ങനെ വിവരം പട്ടണത്തിൽ പരക്കുകയും ചെയ്തു.

---

20. പിന്നെ പട്ടണത്തിന്റെ അറ്റത്തുനിന്ന്‌ ഒരാൾ ഓടിവന്നു. അയാൾ പറഞ്ഞു: ഹേ മൂസാ, നിന്നെ കൊല്ലാൻ വേണ്ടി നേതാക്കൾ ആലോചന നടത്തിക്കൊണ്ടിരിക്കുന്നുണ്ട്‌. അതിനാൽ

(ഈജിപ്തിൽനിന്ന്)പുറത്തുപോയിക്കൊള്ളുക. തീർച്ചയായും ഞാൻ നിൻെറ ഗുണകാംക്ഷി യാകുന്നു.

21. അങ്ങനെ അദ്ദേഹം പേടിയോടും കരുതലോടും കൂടി അവിടെനിന്ന് പുറപ്പെട്ടു. അദ്ദേഹം പ്രാർത്ഥിച്ചു: എൻെറ രക്ഷിതാവേ, അക്രമികളായ ഈ ജനതയിൽ നിന്ന് നീയെന്നെ രക്ഷപ്പെടുത്തേണമേ.

22. മദ്യൻ(ദേശത്തിൻെറ)നേർക്ക് യാത്ര തിരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ നാഥൻ എന്നെ ശരിയായ വഴിയിലൂടെ നയിച്ചേക്കാം.

23. മദ്യനിലെ ജലാശയത്തിനടുത്തെത്തിയപ്പോൾ അവിടെ ഒരു കൂട്ടം ആളുകൾ (ആട്ടിൻ പറ്റത്തിനു) വെള്ളം കൊടുക്കുന്നത് അദ്ദേഹം കണ്ടെത്തി. അവരിൽനിന്ന് വേറിട്ട്, ഒരിടത്ത് രണ്ടു സ്ത്രീകൾ (കാലികളെ)തടഞ്ഞുനിൽക്കുന്നതും കണ്ടു. അദ്ദേഹം ചോദിച്ചു: എന്താണ് നിങ്ങളുടെ പ്രശ്നം? അവർ പറഞ്ഞു: ഇടയന്മാർ (ജലത്തിനടുത്തുനിന്നും ആട്ടിൻപറ്റത്തെ) തിരിച്ചുവിടുന്നവരെ ഞങ്ങൾക്കു വെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഞങ്ങളുടെ പിതാവാണെങ്കിൽ മഹാ വൃദ്ധനുമാണ്.

---

23. മദ്യൻ: അഖബാ ഉൾക്കടലിൻെറ പടിഞ്ഞാറെ തീരത്ത് സ്ഥിതി ചെയ്യുന്ന മഖ്നായുടെ വടക്കു ഭാഗത്തെ പ്രദേശം.

---

24. അപ്പോൾ അദ്ദേഹം അവർക്കുവേണ്ടി (അവരുടെ കാലികൾക്കു)വെള്ളം കൊടുത്തു.പിന്നീട് ഒരു തണലിൽ ചെന്നിരുന്ന് ഇങ്ങനെ പ്രാർത്ഥിച്ചു: എൻെറ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നന്മയ്ക്കും ഞാൻ ആവശ്യക്കാരനാകുന്നു.

25. അപ്പോൾ ആ രണ്ടു സ്ത്രീകളിലൊരുവൾ നാണിച്ചുകൊണ്ട് അദ്ദേഹത്തിൻെറ അടുത്ത് ചെന്നിട്ട് പറഞ്ഞു: താങ്കൾ ഞങ്ങൾക്കുവേണ്ടി(ആടുകൾക്ക്)വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്കു നല്കുവാനായി എൻെറ പിതാവ് താങ്കളെ വിളിക്കുന്നു. അങ്ങനെ മൂസാ അദ്ദേഹത്തിൻെറ അടുത്തെത്തി, തൻെറ കഥകളൊക്കെ അദ്ദേഹത്തിനു വിവരിച്ചുകൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: പേടിക്കേണ്ട, അക്രമികളിൽ നിന്ന് താങ്കൾ രക്ഷപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

---

25. ശുഐബ് നബി(അ) ആയിരുന്നു അദ്ദേഹം എന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

---

26. ആ രണ്ടു സ്ത്രീകളിലൊരുവൾ പറഞ്ഞു:എൻെറ പിതാവേ! അയാളെ ശമ്പളത്തിനെടുക്കുക. തീർച്ചയായും താങ്കൾക്കു ശമ്പളത്തിനെടുക്കാവുന്നവരിൽ ഏറ്റവും ഉത്തമൻ ശക്തനും വിശ്വസ്തനുമായിട്ടുള്ളവനാണ്.

27. അദ്ദേഹം (മൂസായോട്)പറഞ്ഞു: എൻെറ ഈ പെൺമക്കളിൽ ഒരുവളെ നിനക്ക് വിവാഹം ചെയ്തുതരുവാൻ ഞാൻ ആഗ്രഹിക്കുന്നു. എട്ടു കൊല്ലം നീ എനിക്കു വേല ചെയ്യണമെന്ന ഉപാധിയോടുകൂടി. ഇനി പത്തു വർഷം നീ പൂർത്തിയാക്കുകയാണെങ്കിൽ അത് നിൻെറ ഇഷ്ടം. നിനക്ക് പ്രയാസമുണ്ടാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം നല്ല നിലയിൽ വർത്തിക്കുന്നവരിൽ ഒരാളായി നിനക്ക് എന്നെ കാണാം.

28. അദ്ദേഹം(മൂസാ) പറഞ്ഞു: എനിക്കും താങ്കൾക്കും മദ്ധ്യേ അതായിരിക്കട്ടെ(വ്യവസ്ഥ). ഈ രണ്ടു അവധികളിൽ ഏതു ഞാൻ നിറവേറ്റിയാലും എന്നോട് വിരോധമുണ്ടാകരുത്. നാം പറയുന്നതിന് അല്ലാഹു സാക്ഷി.

29. മൂസാ കാലാവധി പൂർത്തിയാക്കുകയും തൻെറ കുടുംബത്തെയും കൂട്ടി യാത്ര പോകുകയും ചെയ്തപ്പോൾ 'തൂർ'(മല)യുടെ വശത്തുനിന്ന് അദ്ദേഹത്തിന് ഒരു അഗ്നി ദൃശ്യമായി.

അദ്ദേഹം തൻെറ കുടുംബത്തോടു പറഞ്ഞു: നിൽക്കൂ, ഞാനൊരു തീ കാണുന്നുണ്ട്. ഞാൻ അവിടന്ന് വല്ല വിവരമോ, അല്ലെങ്കിൽ ഒരു തീകൊള്ളിയോ കൊണ്ടുവന്നുതരാം. നിങ്ങൾക്ക് തീ കായാമല്ലോ.

29. തൂർ (മല) ഈജിപ്തിലേക്കുള്ള മാർഗമദ്ധ്യേയാണ്.

30. അങ്ങനെ അദ്ദേഹം അതിനടുത്ത് എത്തിയപ്പോൾ താഴ്വരയുടെ വലതുതീരത്തെ അനുഗൃഹീത സ്ഥലത്തുള്ള ഒരു വൃക്ഷത്തിൽനിന്ന് അശരീരിഉണ്ടായി: ഹേ;മൂസാ, തീർച്ചയായും ഞാനാകുന്നു ലോകരക്ഷിതാവായ അല്ലാഹു.

31. നിൻെറ വടി നീ താഴെയിടുക. എന്നിട്ടത് ഒരു പാമ്പിനെപ്പോലെ ഇഴയുന്നത് കണ്ടപ്പോൾ അദ്ദേഹം പുറം തിരിഞ്ഞ് ഓടിക്കളഞ്ഞു. തിരിഞ്ഞു നോക്കിയതേയില്ല. (അപ്പോൾ വിളിക്കപ്പെട്ടു): അല്ലയോ മൂസാ! അടുത്തുവരിക. ഭയപ്പെടേണ്ട. തീർച്ചയായും നീ സുരക്ഷിതനാകുന്നു.

32. നിൻെറ കൈ നിൻെറ മാർവസ്ത്രത്തിനുള്ളിൽ കടത്തുക. അത് വെളുത്തതായി പുറത്തുവരും; കുഴപ്പമൊന്നുമില്ലാതെ. ഭയത്തിൽനിന്നു മുക്തനാകുവാൻ കൈകൾ ശരീരത്തോട് ചേർത്ത് പിടിച്ചുകൊള്ളുക. ഫിർഔൻെറയും അവൻെറ പ്രമാണിമാരുടെയും മുമ്പിൽ (അവതരിപ്പിക്കുവാൻ) നിൻെറ രക്ഷിതാവിൽനിന്നുള്ള രണ്ട് തെളിവുകളാണിവ. തീർച്ചയായും അവർ ധിക്കാരികളായ ജനമായിരിക്കുന്നു.

33. അദ്ദേഹം പറഞ്ഞു: എൻെറ നാഥാ, ഞാൻ അവരിൽ ഒരാളെ വധിച്ചിട്ടുണ്ട്. അതിനാൽ അവർ എന്നെ കൊന്നുകളയുമെന്ന് ഞാൻ ഭയപ്പെടുന്നു.

34. എൻെറ സഹോദരൻ ഹാറൂൻ എന്നെക്കാൾ വ്യക്തമായി സംസാരിക്കാൻ കഴിവുള്ളവനാകുന്നു. അതിനാൽ എന്നെ ശരിവെയ്ക്കുന്നവനായിക്കൊണ്ട് അവനെ എന്നോടൊപ്പം എനിക്കൊരു സഹായിയായി അയച്ചുതരിക. അവർ എന്നെ നിഷേധിക്കുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു.

35. (അല്ലാഹു)പറഞ്ഞു: നിൻെറ സഹോദരൻ മുഖേന നിൻെറ കൈക്ക് നാം ബലം നൽകുകയും, നിങ്ങളിരുവർക്കും നാം അധികാരം നൽകുകയും ചെയ്യുന്നതാണ്. അതിനാൽ അവർക്ക് നിങ്ങളെ ദ്രോഹിക്കാനാവില്ല. നമ്മുടെ ദൃഷ്ടാന്തങ്ങൾ കാരണം നിങ്ങളും നിങ്ങളെ പിന്തുടർന്നവരും തന്നെയായിരിക്കും വിജയികൾ.

36. എന്നാൽ മൂസാ, വ്യക്തമായ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവരിൽ കൊണ്ടുചെന്നപ്പോൾ അവർ പറഞ്ഞു: ഇതു കെട്ടിച്ചമച്ച ഒരു ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല. നമ്മുടെ പൂർവ്വപിതാക്കളിൽ ഇങ്ങനെയൊന്ന് നാം കേട്ടിട്ടേയില്ല.

37. മൂസാ പറഞ്ഞു: എൻെറ നാഥന് നന്നായറിയാം; അവൻെറ അടുത്തുനിന്ന് സന്മാർഗ്ഗവും കൊണ്ട് വന്നിട്ടുള്ളവനാരെന്നും ഈ ലോകത്തിൻെറ അന്ത്യം ആർക്കനുകൂലമെന്നും. തീർച്ചയായും അതിക്രമികൾ വിജയിക്കുകയില്ല.

38. ഫിർഔൻ പറഞ്ഞു:അല്ലയോ പ്രമാണിമാരേ, ഞാനല്ലാതെ നിങ്ങൾക്കൊരു ദൈവമുള്ളതായി എനിക്കറിയില്ല. അതുകൊണ്ട് ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണ് ചുട്ട് ഒരു ഉന്നത ഗോപുരം ഉണ്ടാക്കുക. മൂസയുടെ ദൈവത്തെ ഞാനൊന്ന് എത്തിനോക്കട്ടെ. തീർച്ചയായും അവൻ കള്ളം പറയുന്നവനാണെന്ന് ഞാൻ കരുതുന്നു.

38. ഫിർഔൻെറ മന്ത്രിയത്രെ ഹാമാൻ.

39. അവനും അവന്റെ സൈന്യങ്ങളും ഭൂമിയിൽ അന്യായമായി അഹങ്കരിക്കുകയും അവർ നമ്മിലേക്ക് മടക്കപ്പെടുകയില്ലെന്ന് കരുതുകയും ചെയ്തു.
40. അതിനാൽ അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടി; അവരെ നാം കടലിൽ എറിയുകയും ചെയ്തു. ആ ധിക്കാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക.
41. നാം അവരെ, തീയിലേക്ക് ക്ഷണിക്കുന്ന നേതാക്കന്മാരാക്കിയിരിക്കുന്നു. പുനരുത്ഥാന നാളിൽ അവർ സഹായിക്കപ്പെടുകയില്ല.
42. ഈ ലോകത്ത് ശാപം അവരെ പിന്തുടരുന്ന അവസ്ഥ നാം ഉണ്ടാക്കി. ഉയിർത്തെഴുന്നേൽ പുനാളിൽ അവർ വെറുക്കപ്പെട്ടവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും.
43. പൂർവ്വതലമുറകളെ നശിപ്പിച്ചശേഷം, ജനങ്ങൾക്ക് ഉൾക്കാഴ്ചയും നേർവഴിയും അനുഗ്രഹവുമായിക്കൊണ്ട് മൂസാക്കു നാം വേദഗ്രന്ഥം നൽകി. അവർ ചിന്തിക്കുന്നതിനുവേണ്ടി.
44. (നബിയെ,)മൂസാക്കു നാം ഈ നിയമശാസനം നൽകിയപ്പോൾ പശ്ചിമദിക്കിൽ നീ ഉണ്ടായിരുന്നില്ല. അതിനു സാക്ഷിയായവരിലും നീ ഉണ്ടായിരുന്നില്ല.

---

44.മൂസാ(അ)ക്ക് ദൈവികശാസനകൾ ലഭിച്ച സീനായ് ഉപദ്വീപിലെ മലയാണുദ്ദേശ്യം. ഹിജാസിന്റെ പശ്ചിമഭാഗത്താണീ പ്രദേശം സ്ഥിതിചെയ്യുന്നത്.

---

45. മാത്രവുമല്ല, പിന്നീട്(നിന്റെ കാലഘട്ടംവരെ) നാം വളരെയേറെ തലമുറകളെ വളർത്തിയിട്ടുണ്ട്. അവരിലൂടെ കുറേകാലം കടന്നുപോയിട്ടുമുണ്ട്. നമ്മുടെ വചനങ്ങൾ ഓതിക്കേൾപിച്ചുകൊണ്ട് മദ്യൻവാസികളിൽ നീ താമസിച്ചിരുന്നില്ല. എന്നാൽ(അക്കാലത്തെ ഈ വൃത്താന്തങ്ങൾ നിനക്ക്) അയച്ചുതരുന്നവൻ നാമാകുന്നു.

---

45. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ്, ശുഐബ് നബി(അ)യുടെ കാലത്ത് നടന്ന സംഭവങ്ങൾ മദ്യൻകാർക്കിടയിൽ താമസിച്ചിട്ടില്ലാത്ത മുഹമ്മദ് നബി(സ) നേരിൽ കണ്ടവണ്ണം വിവരിക്കുന്നുവെങ്കിൽ അതിനു കാരണം അല്ലാഹു ആ വിവരങ്ങളെല്ലാം ദിവ്യബോധനം വഴി അദ്ദേഹത്തിനെത്തിച്ചുതരുന്നു എന്നതല്ലാതെ മറ്റൊന്നുമല്ല. ഇതാണിവിടെ വ്യക്തമാക്കുന്നത്.

---

46. നാം (മൂസായെ)വിളിച്ചപ്പോൾ 'തൂർ'(മല)യുടെ പാർശ്വത്തിൽ നീ ഉണ്ടായിരുന്നില്ല. പക്ഷേ,(നിനക്ക് ഈ വിവരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്) രക്ഷിതാവിൽനിന്നുള്ള അനുഗ്രഹമാകുന്നു.നിനക്ക് മുമ്പ് ഒരു മുന്നറിയിപ്പുകാരനും വന്നിട്ടില്ലാത്ത ഒരു ജനതക്ക് നീ മുന്നറിയിപ്പ് നല്കുവാൻ വേണ്ടിയത്രെ ഇത്. അവർ ചിന്തിച്ചു മനസ്സിലാക്കിയേക്കാം.
47. (നിന്നെ അവരിലേക്ക് അയക്കപ്പെ)ട്ടില്ലായിരുന്നെങ്കിൽ,അവരുടെ കൈകൾ നേരത്തെ പ്രവർത്തിച്ചതിന്റെ ഫലമായി വല്ലവിപത്തും അവരെ ബാധിച്ചാൽ, അവർ പറയുമായിരുന്നു: ഞങ്ങളുടെ രക്ഷിതാവേ,ഞങ്ങളിലേക്ക് ഒരുദൂതനെ നീ അയക്കാതിരുന്നത്എന്ത്? എങ്കിൽ ഞങ്ങൾ നിന്റെ സൂക്തങ്ങളെ പിൻപറ്റുകയും സത്യവിശ്വാസികളിൽ ഉൾപ്പെടുകയും ചെയ്യു മായിരുന്നുവല്ലോ.
48. എന്നാൽ നമ്മിൽനിന്നുള്ള സത്യം അവർക്ക് വന്നെത്തിയപ്പോൾ അവർ പറഞ്ഞു: മൂസാക്ക് നൽകപ്പെട്ടതുപോലെ (ദൃഷ്ടാന്തങ്ങൾ)എന്തുകൊണ്ട് (മുഹമ്മദിനും)നൽകപ്പെട്ടില്ല. എന്നാൽ മുമ്പ് മൂസാക്ക് നൽകപ്പെട്ടതിൽ അവർ അവിശ്വസിച്ചില്ലേ?അവർ പറയുന്നു: പരസ്പരം സഹായിക്കുന്ന രണ്ട് ആഭിചാരങ്ങൾ. അവർ പറയുന്നു: ഇതിലെല്ലാം അവിശ്വസിക്കുന്നവരാണ് ഞങ്ങൾ.

49. (നബിയെ) പറയുക: എന്നാൽ അവ രണ്ടിനെക്കാളും നേർവഴി കാണിക്കുന്ന ഒരു ഗ്രന്ഥം അല്ലാഹുവിൻെറ പക്കൽനിന്ന്‌ നിങ്ങൾ കൊണ്ടുവരുവിൻ. ഞാനത്‌ പിൻപറ്റിക്കൊള്ളാം. നിങ്ങൾ സത്യവാന്മാരാണെങ്കിൽ.

49. മൂസാക്കു അല്ലാഹു നൽകിയ വേദഗ്രന്ഥമായ തൗറാത്തും, ഖുർആനുമാണ്‌ ഉദ്ദേശ്യം.

50. എന്നാൽ അവർ നിനക്ക്‌ ഉത്തരം നൽകുന്നില്ലെങ്കിൽ, അപ്പോൾ നീ അറിയുക:അവർ അവരുടെ തന്നിഷ്‌ടങ്ങളെ പിൻപറ്റി നടക്കുക മാത്രമാണെന്ന്‌. അല്ലാഹുവിൻെറ മാർഗദർശനമില്ലാതെ, സ്വേഛകളെ പിൻപറ്റുന്ന ഒരുവനെക്കാൾ ഏറെ പിഴച്ചവൻ ആരാണ്‌? തീർച്ചയായും അക്രമികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല.
51. തീർച്ചയായും (ഉപദേശ)വചനം അവർക്ക്‌ നാം തുടരെ എത്തിച്ചുകൊടുത്തിട്ടുണ്ട്‌. അവർ മുന്നറിയിപ്പ്‌ കൈക്കൊള്ളുന്നതിനുവേണ്ടി.
52. ഇതിനു മുമ്പ്‌ നാം ആർക്ക്‌ വേദഗ്രന്ഥം നൽകിയോ അവർ ഇതിൽ (ഖുർആനിൽ) വിശ്വസിക്കുന്നു.
53. ഇത്‌ അവരെ ഓതിക്കേൾപ്പിച്ചാൽ അവർ പറയും:'ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു. തീർച്ചയായും ഇത്‌ ഞങ്ങളുടെ രക്ഷിതാവിൽനിന്നുള്ള സത്യമാകുന്നു. നിശ്ചയമായും ഇതിനുമുമ്പുതന്നെ ഞങ്ങൾ അനുസരണം കൈക്കൊണ്ടവരായിരിക്കുന്നു.
54. അവർ ക്ഷമിച്ചതിൻെറ പേരിൽ,അവർക്ക്‌ രണ്ടുതവണ അവരുടെ പ്രതിഫലം നൽകപ്പെടും അവർ തിന്മയെ നന്മകൊണ്ട്‌ തടുക്കുന്നവരും, നാം അവർക്ക്‌ നൽകിയിട്ടുള്ളതിൽ നിന്ന്‌ ചെലവഴിക്കുന്നവരുമാകുന്നു.
55. അവർ ഒരു പാഴ്‌വാക്ക്‌ കേൾക്കുമ്പോൾ അവരതിൽനിന്ന്‌ ഒഴിഞ്ഞുമാറുന്നു. അവർ പറയും: ഞങ്ങളുടെ കർമ്മങ്ങൾ ഞങ്ങൾക്ക്‌. നിങ്ങൾക്ക്‌ നിങ്ങളുടെ കർമ്മങ്ങൾ. നിങ്ങൾക്ക്‌ സലാം. അവിവേകികളുടെ കൂട്ട്‌ ഞങ്ങൾക്കു വേണ്ട.
56. തീർച്ചയായും നിനക്കിഷ്‌ടപ്പെട്ടവരെ സന്മാർഗത്തിലാക്കാൻ നിനക്ക്‌ കഴിയുകയില്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ സന്മാർഗത്തിലാക്കുന്നു. നേർവഴി നേടുന്നവരെപ്പറ്റി അവൻ നല്ലവണ്ണം അറിയുന്നു.
57. അവർ പറയുന്നു: ഞങ്ങൾ നിൻെറ കൂടെ ഈ സന്മാർഗം പിന്തുടരുകയാണെങ്കിൽ ഞങ്ങളുടെ രാജ്യത്തുനിന്നും ഞങ്ങൾ പറിച്ചെറിയപ്പെടും. എന്നാൽ നിർഭയമായ ഒരു ഹറം നാം അവർക്ക്‌ സ്ഥാപിച്ചുകൊടുത്തില്ലേ? നമ്മുടെ പക്കൽ നിന്നുള്ള ആഹാരമായിക്കൊണ്ട്‌ സകലയിനം ഫലങ്ങളും നിർലോഭം അവിടെ വന്നണയുന്നു. പക്ഷേ, അവരിലധികപേരും കാര്യം മനസ്സിലാക്കുന്നില്ല.

57. ഹറം: മക്കയിലെ ആദരണീയമായ പ്രദേശമാണുദ്ദേശ്യം. അവിടം എല്ലാവിധ അക്രമണങ്ങളിൽ നിന്ന്‌ മുക്തവും തീർത്തും നിർഭയവുമാണ്‌.

58. തങ്ങളുടെ ജീവിതാസ്വാദനത്തിൽ മതിമറന്ന്‌ അഹങ്കരിച്ച എത്രയെത്ര നാടുകളെയാണ്‌ നാം നശിപ്പിച്ചത്‌. അവരുടെ വസതികൾ അവർക്കുശേഷം വിരളമായേ അതിൽ ജനവാസമുണ്ടായിട്ടുള്ളു. ഒടുവിൽ അനന്തരാവകാശി നാം മാത്രമായി.
59. നിൻെറ നാഥൻ നാടുകളെ നശിപ്പിക്കുന്നവനായിട്ടില്ല-നമ്മുടെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുന്ന ഒരു ദൈവദൂതനെ അവരുടെ കേന്ദ്രത്തിൽ നിയോഗിച്ചിട്ടല്ലാതെ. നാം നാടുകളെ നശിപ്പിക്കുന്നവനായിട്ടില്ല-അവയിലെ നിവാസികൾ അക്രമികളാകുമ്പോഴല്ലാതെ.

60. നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള വസ്തുക്കൾ എന്തും ഐഹികജീവിതത്തിന്റെ വിഭവങ്ങളും അതിന്റെ അലങ്കാരങ്ങളും മാത്രമാകുന്നു.എന്നാൽ, അല്ലാഹുവിങ്കലുള്ളതത്രെ അവയെക്കാൾ ഉത്തമവും ശാശ്വതവുമായിട്ടുള്ളത്. നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ?

61. നാം ഒരാളോട് നല്ലതായ വാഗ്ദാനം ചെയ്തു. അങ്ങനെ അവൻ അത് കണ്ടുമുട്ടുന്നതുമാണ് അങ്ങനെയുള്ള ഒരാൾ, നാം ഐഹികജീവിതത്തിന്റെ വിഭവങ്ങൾ ആസ്വദിപ്പിക്കുകയും, പിന്നെ പുനരുത്ഥാനനാളിൽ(ശിക്ഷയിൽ) ഹാജരാക്കപ്പെടുന്ന ഒരുവനെപ്പോലെയാകുമോ?

---

61. ഐഹികജീവിതം ക്ഷണികമായ ഒരു യാത്രാഘട്ടം മാത്രമാകുന്നു. ഈ താൽക്കാലിക ജീവിതത്തിൽ മനുഷ്യൻ എന്തൊക്കെ വിഭവങ്ങൾ ശേഖരിക്കുകയും എത്രയൊക്കെ ആർഭാടമായി ജീവിക്കുകയും ചെയ്താലും ശരി, ഒരു നാൾ അത് അവസാനിച്ചുപോവുകതന്നെ ചെയ്യും. പരിമിതമായ ഈ ജീവിതകാലത്തെ സുഖത്തിന്റെ വില വരാനിരിക്കുന്ന ശാശ്വത ജീവിതത്തിലെ നിത്യമായ നരകീയ പീഡനമാണെങ്കിൽ ബുദ്ധിയുള്ള ആരും തന്നെ ആ നഷ്ടക്കച്ചവടം ചെയ്യുകയില്ല. ഇവിടന്നു നന്മകൾ സമാർജിച്ചു കൊണ്ടുപോയാൽ അതവർക്ക് പിന്നീടുള്ള നിത്യജീവിതത്തിൽ ശാശ്വത സുഖത്തിനുള്ള നിമിത്തമായി ത്തീരുന്നു. ഐഹിക ജീവിതത്തിന്റെ വിഭവങ്ങൾ ഉപയോഗപ്പെടുത്തരുതെന്നും ഇഹലോകത്തെ അലങ്കാ രങ്ങൾ വർജിക്കണമെന്നും ദൈവികമതം മനുഷ്യരോടാവശ്യപ്പെടുന്നില്ല. മനുഷ്യൻ ഇഹത്തെ അപേ ക്ഷിച്ച് പരത്തിന് മുൻഗണന നൽകണമെന്നേ പറയുന്നുള്ളു.

---

62. അവൻ(അല്ലാഹു) അവരെ വിളിക്കുകയും 'നിങ്ങൾ ജൽപിച്ചിരുന്ന എന്റെ പങ്കാളികൾ' എവിടെയെന്ന് അവൻ ചോദിക്കുകയും ചെയ്യുന്ന ദിനം!

63. (ശിക്ഷാ)വചനം തങ്ങൾക്കെതിരായി വന്നു പുലർന്നവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഇവരെയാണ് ഞങ്ങൾ വഴിപിഴപ്പിച്ചത്.ഞങ്ങൾ (സ്വയം)വഴിപിഴച്ചതുപോലെ ഇവരെയും ഞങ്ങൾ പിഴപ്പിച്ചു. ഞങ്ങൾ നിന്റെ മുമ്പിൽ ഉത്തരവാദിത്തമൊഴിയുന്നു. ഞങ്ങളെ അല്ല അവർ ആരാധിച്ചുകൊണ്ടിരുന്നത്.

64. ഇവരോട് പറയപ്പെടും: ''നിങ്ങളുടെ പങ്കാളികളെ വിളിക്കുവിൻ.'' അപ്പോൾ അവർ അവ രെ വിളിക്കും; എന്നാൽ അവർ(പങ്കാളികൾ) ഇവർക്ക് ഉത്തരം നൽകുന്നതല്ല. ശിക്ഷ അവർ നേരിൽ കാണുകയും ചെയ്യും. അവർ നേർവഴിപ്രാപിച്ചിരുന്നുവെങ്കിൽ! (എന്നവർ ആശിക്കും)

65. അവൻ(അല്ലാഹു) അവരെ വിളിക്കുകയും ദൈവദൂതന്മാർക്ക് നിങ്ങൾ നൽകിയ ഉത്തരം എന്തായിരുന്നു എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം.

66. (അന്ധത ബാധിച്ചവരെപ്പോലെ)ആ ദിവസം അവർക്ക് വൃത്താന്തങ്ങൾ അവ്യക്തമായിത്തീരു ന്നതാണ്. തങ്ങൾക്കിടയിൽ പരസ്പരം ചോദിക്കാൻപോലും അവർക്ക് കഴിയുകയുമില്ല.

67. എന്നാൽ(ഈ ജീവിതത്തിൽവച്ച്)പശ്ചാത്തപിച്ചു മടങ്ങുകയും വിശ്വസിക്കുകയും സൽക്കർമ ങ്ങൾ പ്രവർത്തിക്കുകയും ചെയ്തവൻ വിജയികളിലുൾപ്പെട്ടേക്കാം.

68. നിന്റെ രക്ഷിതാവ് അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു. (തന്റെ ദൗത്യത്തിനുവേണ്ടി താനുദ്ദേശിക്കുന്നവരെ അവൻ തന്നെ) തെരഞ്ഞെടുക്കുകയും ചെയ്യുന്നു.(യഥേഷ്ടം) തെര ഞ്ഞെടുക്കുകയെന്നത് അവർക്ക് അവകാശമില്ല. അല്ലാഹു അത്യന്തം പരിശുദ്ധനാകുന്നു. അവർ പങ്കു ചേർക്കുന്നതിനെല്ലാം അതീതനുമായിരിക്കുന്നു.

---

68. അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെ ഖണ്ഡിച്ചുകൊണ്ടുള്ളതാണ് ഈ വചനം. അല്ലാഹു താൻ സൃഷ്ടിച്ച മനുഷ്യരിലും മാലാഖമാരിലും ജിന്നുകളിലും എല്ലാം താനുദ്ദേശിക്കുന്നവർക്ക് ഉദ്ദേശിക്കുന്ന കഴിവുകളും യോഗ്യതകളും പ്രദാനം ചെയ്യുന്നു. താനുദ്ദേശിച്ചവരെക്കൊണ്ട് ഉദ്ദേശിച്ച കർമ്മവും ചെയ്യിക്കുന്നു. എന്നാൽ ബഹുദൈവാരാധകർക്ക്, അല്ലാഹുവിന്റെ ദാസന്മാരിൽ തങ്ങളുദ്ദേശിക്കുന്നവരെ മഴ വർഷിക്കാനധികാരമുള്ളവരും ഇഷ്ടമുള്ളവരെ സമ്പത്തും സന്താനങ്ങളുമരുളുന്നവരും ആരോഗ്യവും

രോഗശമനവും നൽകുന്നവരും ആപത്തകറ്റുന്നവരും ആവലാതികൾ കേൾക്കുന്നവരുമായി പ്രതിഷ്ഠിക്കുവാനുള്ള അധികാരം കിട്ടിയതെവിടന്നാണ്? അല്ലാഹുവിൻെറ അടിമകളെ ദിവ്യത്വപദവിയിലേക്ക് ഉയർത്താനും ദൈവത്തെ വെടിഞ്ഞ് അവരുടെ മുമ്പിൽ തലകുനിക്കുവാനും അവരോട് തുണ തേടുവാനും ആവശ്യങ്ങൾ ചോദിക്കുവാനും അവരെ ഭാഗ്യനിർഭാഗ്യങ്ങളുടെ വിധാതാക്കളും ദൈവിക ഗുണങ്ങളുടെയും അധികാരങ്ങളുടെയു വാഹകരുമായി നിശ്ചയിക്കുവാനുമുള്ള അധികാരം ഇവർക്ക് എവിടെനിന്ന് കിട്ടി?

---

69. അവരുടെ മനസ്സുകൾ ഒളിച്ചുവെക്കുന്നതും അവർ വെളിപ്പെടുത്തുന്നതും നിൻെറ രക്ഷിതാവ് അറിയുന്നു.

70. അവനത്രെ അല്ലാഹു. അവനല്ലാതെ ഒരു ദൈവമേയില്ല. ഇഹത്തിലും പരത്തിലും അവനാകുന്നു സ്തുതി. കൽപനാധികാരവും അവനുതന്നെ. നിങ്ങളെല്ലവരും അവങ്കലേക്കുതന്നെ തിരിച്ചയക്കപ്പെടുന്നവരത്രെ.

71. പറയുക: നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ; അല്ലാഹു ഉയിർത്തെഴുന്നേൽപുനാൾവരെ നിങ്ങളിൽ രാത്രിയെ സ്ഥിരമാക്കി നിർത്തുകയാണെങ്കിൽ, അല്ലാഹു വല്ലാതെ നിങ്ങൾക്ക് വെളിച്ചം കൊണ്ടുവരാൻ മറ്റേത് ദൈവമാണുള്ളത്? നിങ്ങൾ കേൾക്കുന്നില്ലയോ?

72. പറയുക: നിങ്ങൾ ആലോചിച്ചുനോക്കിയിട്ടുണ്ടോ,അല്ലാഹു ഉയിർത്തെഴുന്നേൽപുനാൾവരെ നിങ്ങളിൽ പകലിനെ സ്ഥിരമാക്കി നിർത്തുകയാണെങ്കിൽ, അല്ലാഹുവല്ലാതെ, നിങ്ങൾക്ക് വിശ്രമത്തിനുവേണ്ടി രാവിനെ കൊണ്ടുവരാൻ മറ്റേത് ദൈവമാണുള്ളത്? നിങ്ങൾ കണ്ടറിയുന്നില്ലേ?

73. അവൻെറ കാരുണ്യത്താൽ അവൻ നിങ്ങൾക്ക് രാപ്പകലുകൾ ഉണ്ടാക്കിത്തന്നിരിക്കുന്നു. (രാവിൽ) നിങ്ങൾ വിശ്രമിക്കുവാനും (പകലിൽ) അവൻെറ അനുഗ്രഹം തേടാനുമാണിത്. നിങ്ങൾ നന്ദിയുള്ളവരായെങ്കിലോ?

74. അവൻ(അല്ലാഹു) അവരെ വിളിച്ചുചോദിക്കുന്ന ദിനം:''നിങ്ങൾ സങ്കൽപിച്ചുവെച്ചിരുന്ന ആ പങ്കാളികൾ എവിടെ?

75. ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം പുറത്ത് കൊണ്ടുവരും. എന്നിട്ട് നാം പറയും: ''നിങ്ങളുടെ തെളിവ് കൊണ്ടുവരുവിൻ''. സത്യം അല്ലാഹുവിൻെറ ഭാഗത്താണെന്ന് അപ്പോൾ അവർ അറിയും.അവർ കെട്ടിച്ചമച്ചുകൊണ്ടിരുന്നതെല്ലാം അപ്രത്യക്ഷമാവുകയും ചെയ്യും.

76. തീർച്ചയായും ഖാറൂൻ, മൂസായുടെ ജനത്തിൽപ്പെട്ടവനായിരുന്നു.എന്നിട്ട് അവൻ അവർക്കെതിരെ അതിക്രമം കാണിച്ചു. നാം അവന് ധാരാളം ഖജനാവുകൾ നൽകിയിട്ടുണ്ടായിരുന്നു. ഒരുകൂട്ടം മല്ലന്മാർപോലും അവയുടെ താക്കോൽ കൂട്ടം ചുമക്കാൻ ഏറെ പ്രയാസപ്പെട്ടിരുന്നു. അവൻെറ ജനത അവനോട് ഇങ്ങനെ പറഞ്ഞ സന്ദർഭം: നീ ആഹ്ലാദിക്കാതെ! ആഹ്ലാദത്തിമിർപ്പ് കാണിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

---

76. ഖാറൂൻ(Korah) ഇസ്രായീല്യരിൽ പെട്ടവനായിരുന്നു. ബൈബിൾ പുറപ്പാട് 6:18-21 ൽ പറയുന്ന വംശാവലിയനുസരിച്ച് മൂസാനബിയുടെയും ഖാറൂനിൻെറയും പിതാക്കൾ നേർ സഹോദരന്മാരാണ്. ഇസ്രായീല്യരുടെ വംശനശീകരണത്തിന് ഒരുമ്പെട്ട ഫറവോൻെറ ശിങ്കിടിയായി അയാൾ മാറിയിരുന്നു. ഫറവോനു പുറമേ, മൂസാ(അ) പ്രബോധനംചെയ്യാൻ കൽപിക്കപ്പെട്ട രണ്ടു പ്രമുഖ വ്യക്തികളിലൊരാൾ അയാളായിരുന്നു.

---

77. അല്ലാഹു നിനക്ക് നല്കിയിട്ടുള്ളതിലൂടെ നീ പരലോകഭവനത്തെ തേടിക്കൊള്ളുക. ഇഹലോകത്തിൽ നിനക്കുള്ള പങ്ക് നീ മറക്കുകയും വേണ്ട. അല്ലാഹു നിന്നോട് നന്മ

ചെയ്തിട്ടുള്ളതുപോലെ നീയും നന്മ ചെയ്യുക. ഭൂമിയിൽ നാശം വരുത്താൻ ശ്രമിക്കരുത്. തീർച്ചയായും നാശകാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

78. അപ്പോൾ അവൻ(ഖാറൂൻ) പറഞ്ഞു: എനിക്കിതൊക്കെ കിട്ടിയത് എന്റെ ജ്ഞാനത്താലാകുന്നു. അല്ലാഹു അവനുമുമ്പ് അവനെക്കാൾ കരുത്തും സംഘബലവുമുള്ള നിരവധി തലമുറകളെ നശിപ്പിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് അവൻ അറിഞ്ഞിട്ടില്ലേ? കുറ്റവാളികളോട് അവരുടെ കുറ്റങ്ങൾ ചോദിക്കപ്പെടുന്നതല്ല.

---

78. ഇയാളെക്കാൾ ബുദ്ധിയും പാണ്ഡിത്യവും ആളും അർത്ഥവും ശക്തിയുമൊക്കെയുള്ളവർ മുമ്പും ഈ ലോകത്ത് ജീവിക്കുകയും അല്ലാഹു അവരെ നശിപ്പിച്ചുകളയുകയും ചെയ്തിട്ടുണ്ടെന്ന കാര്യം ഇയാളുടെ അറിവിൽപ്പെട്ടിട്ടില്ലേ? ഭൗതികമായ പ്രതാപവും സൗഭാഗ്യവും ഒരാളുടെ പ്രവർത്തനങ്ങളും സ്വഭാവങ്ങളും അല്ലാഹു ഇഷ്ടപ്പെടുന്നുവെന്നതിനു തെളിവാണെങ്കിൽ അക്കൂട്ടർക്ക് വിനാശം സംഭവിച്ചത് എന്തു കൊണ്ട്?
കുറ്റവാളികളുടെ ശിക്ഷ അവരുടെ കുറ്റസമ്മതത്തെ ആസ്പദിച്ചായിരിക്കുകയില്ല. അതവരെ പിടികൂടുമ്പോൾ, നിങ്ങളുടെ കുറ്റങ്ങളൊക്കെ പറയുക എന്ന് അവരോടാവശ്യപ്പെടുകയുമില്ല.

---

79. അങ്ങനെ അവൻ ആർഭാടങ്ങളോടുകൂടി അവന്റെ ജനത്തിനിടയിലേക്ക് ഇറങ്ങിപ്പുറപ്പെട്ടു. ഐഹികജീവിതം കൊതിക്കുന്നവർ പറഞ്ഞു: ഖാറൂന് കിട്ടിയതുപോലുള്ളത് ഞങ്ങൾക്കും കിട്ടിയിരുന്നെങ്കിൽ! തീർച്ചയായും അവൻ മഹാ ഭാഗ്യവാൻ തന്നെ!

80. എന്നാൽ ജ്ഞാനം നല്കപ്പെട്ടിട്ടുള്ളവർ പറഞ്ഞു: ''നിങ്ങൾക്കു നാശം. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവന് അല്ലാഹുവിന്റെ പ്രതിഫലമാണ് കൂടുതൽ ഉത്തമം. എന്നാൽ ക്ഷമാശീലർക്കല്ലാതെ അതു ലഭ്യമല്ല.''

---

80. അല്ലാഹുവിന്റെ നിയമങ്ങൾക്കകത്ത്നിന്നുകൊണ്ടുള്ള അദ്ധ്വാനപരിശ്രമങ്ങളുടെ ഫലമായി ഇഹത്തിലും പരത്തിലും നേടുന്ന മഹത്തായ വിഭവങ്ങളാണ് 'പ്രതിഫലം' എന്നു പറഞ്ഞതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്.

---

81. അങ്ങനെ അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ അല്ലാഹുവിന്നെതിരിൽ അവനെ സഹായിക്കാൻ അവന്റെ കക്ഷികളാരുമുണ്ടായില്ല. അവന് സ്വയം സഹായിക്കാനുമായില്ല.

82. അങ്ങനെ, ഇന്നലെ അവന്റെ സ്ഥാനം കൊതിച്ചിരുന്ന അതേ ആളുകൾ പറയാൻ തുടങ്ങി: അഹോ! കഷ്ടം! അല്ലാഹു, തന്റെ ദാസന്മാരിൽ താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കിക്കൊടുക്കുകയും, (താൻ ഉദ്ദേശിക്കുന്നവർക്ക്) ചുരുക്കുകയും ചെയ്യുന്നു. അല്ലാഹു നമ്മോട് ഔദാര്യം കാണിച്ചില്ലായിരുന്നുവെങ്കിൽ നമ്മെയും അവൻ (ഭൂമിയിൽ) ആഴ്ത്തിക്കളയുമായിരുന്നു. കഷ്ടം! സത്യനിഷേധികൾ വിജയം വരിക്കുകയില്ല.

83. ആ പരലോകഭവനം നാം ഏർപ്പെടുത്തിയത് ഭൂമിയിൽ ധിക്കാരമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു. അന്തിമ വിജയം സൂക്ഷ്മത പാലിക്കുന്നവർക്കാണ്.

84. ആർ നന്മ കൊണ്ടുവരുന്നുവോ അവന് അതിനെക്കാൾ നല്ലത് ലഭിക്കും. ആർ തിന്മ കൊണ്ടുവരുന്നുവോ,അപ്പോൾ തിന്മ പ്രവർത്തിച്ചവർക്ക് തങ്ങൾ പ്രവർത്തിച്ചിരുന്നതിനല്ലാതെ പ്രതിഫലം നൽകപ്പെടുകയില്ല.

85. തീർച്ചയായും ഈ ഖുർആനെ നിനക്ക് നിയമമാക്കിയവൻ നിന്നെ മഹത്തായ ഒരു പരിണിതിയിലേക്കെത്തിക്കുന്നവനാകുന്നു.പറയുക:സന്മാർഗവുമായി വന്നിട്ടുള്ളവനാരെന്നും ആരാണ് വ്യക്തമായ വഴികേടിലെന്നും എന്റെ രക്ഷിതാവ് ഏറ്റവും നന്നായി അറിയുന്നവനാണ്.

86. വേദഗ്രന്ഥം നിനക്ക്‌ ഇറക്കപ്പെടും എന്ന്‌ നീ പ്രതീക്ഷിച്ചിരുന്നില്ല. നിൻെറ നാഥനിൽ നിന്നുള്ള കാരുണ്യത്താൽ മാത്രമാണ്‌(അവതീർണമായത്‌).അതുകൊണ്ട്‌ സത്യനിഷേധികൾക്ക്‌ നീ സഹായിയാകരുത്‌.

---

86. മുഹമ്മദീയ പ്രവാചകത്വത്തിൻെറ വ്യക്തമായ തെളിവുകളിലൊന്നാണിത്‌. വിശുദ്ധ ഖുർആൻ പല യിടത്തും പ്രവാചകത്വത്തിൻെറ തെളിവായി ഇത്‌ എടുത്തുപറഞ്ഞിട്ടുണ്ട്‌

---

87. അല്ലാഹുവിൻെറ വചനങ്ങൾ നിനക്ക്‌ അവതീർണമായശേഷം, (സത്യനിഷേധികൾ) നിന്നെ അതിൽനിന്ന്‌ തടയാതിരിക്കട്ടെ. നിൻെറ നാഥനിലേക്ക്‌ (ജനങ്ങളെ) നീ വിളിക്കുക. നീ ബഹുദൈവവിശ്വാസികളുടെ കൂട്ടത്തിലായിപ്പോകരുത്‌.

88. അല്ലാഹുവോടൊപ്പം മറ്റു ദൈവങ്ങളെ വിളിച്ചു പ്രാർത്ഥിക്കരുത്‌. അവനല്ലാതെ യാതൊരു ദൈവവുമില്ല.അവൻെറ സത്ത ഒഴികെ എല്ലാവസ്തുക്കളും നശിക്കുന്നതാകുന്നു. അവൻേറത്‌ മാത്രമാകുന്നു ശാസനാധികാരം. അവങ്കലേക്ക്‌ തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

---

******

## അധ്യായം 29

# അൽ-അൻകബൂത്ത്. (ചിലന്തി)

**അവതരണം മക്കയിൽ, വചനങ്ങൾ 69**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ:

1. അലിഫ്-ലാം-മീം.
2. ജനങ്ങൾ വിചാരിക്കുന്നുണ്ടോ;'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'വെന്ന് പറയുന്നതുകൊണ്ടു മാത്രം അവരെ വെറുതെ വിട്ടേക്കുമെന്ന്, അവർ പരീക്ഷണ വിധേയരാവാതെ.
3. അവർക്കു മുമ്പുള്ളവരെ നാം തീർച്ചയായും പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞ വർ ആരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും.കള്ളം പറയുന്നവരെയും അവനറിയും.
4. അല്ലെങ്കിൽ തിന്മ ചെയ്തുകൊണ്ടിരിക്കുന്നവർ വിചാരിക്കുന്നുണ്ടോ; നമ്മെ മറികടന്നുകളയാ മെന്ന്? അവർ വിധിക്കുന്നത് വളരെ ചീത്ത തന്നെ.
5. അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കുന്നവനാരോ (അവൻ അറിഞ്ഞിരിക്കട്ടെ) അല്ലാഹുവിൻെറ നിശ്ചിത അവധി വരികതന്നെ ചെയ്യും.അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.
6. വല്ലവനും (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ)സമരം ചെയ്യുന്നുവോ അത് അവൻെറ തന്നെ നന്മക്കുവേണ്ടിയാണ് അവൻ സമരം ചെയ്യുന്നത്.തീർച്ചയായും അല്ലാഹു ലോകരിലാരു ടെയും ആശ്രയമാവശ്യമില്ലാത്തവനാണ്.
7. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ തിന്മകൾ അവരിൽ നിന്നു നാം മായ്ച്ചുകളയുക തന്നെ ചെയ്യും. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും നല്ലതിനുള്ള പ്രതിഫലം അവർക്ക് നാം നൽകുന്നതുമാണ്.
8. തൻെറ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കാൻ നാം മനുഷ്യനെ ഉപദേശിച്ചിരി ക്കുന്നു. നിനക്കറിയാത്ത വല്ലതിനെയും എൻെറ പങ്കാളിയാക്കാൻ അവർ നിന്നെ നിർബ ന്ധിക്കുകയാണെങ്കിൽ അവരെ നീ അനുസരിച്ചു പോകരുത്. എൻെറ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ച് നിങ്ങളെ ഞാൻ അറിയിക്കുന്നതാണ്.
9. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവരെ നാം സജ്ജന ങ്ങളിൽ ഉൾപെടുത്തുക തന്നെ ചെയ്യും.
10. 'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു' എന്ന് പറയുന്ന ചിലർ മനുഷ്യരുടെ കൂട്ട ത്തിലുണ്ട്. എന്നാൽ അല്ലാഹുവിൻെറ മാർഗത്തിൽ മർദിക്കപ്പെട്ടാൽ ജനങ്ങളുടെ പീഡന ത്തെ അല്ലാഹുവിൻെറ ശിക്ഷപോലെ അവർ ഗണിക്കുന്നു. നിൻെറ രക്ഷിതാവിൽനിന്നുള്ള വല്ല സഹായവും വന്നെത്തിയാൽ (സത്യവിശ്വാസികളോട്) അവർ പറയും: 'തീർച്ചയായും ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയായിരുന്നു'. ലോകരുടെ മനസ്സിലുള്ളതൊക്കെ നല്ലവണ്ണം അറിയുന്നവനല്ലയോ അല്ലാഹു?
11. വിശ്വസിച്ചിട്ടുള്ളവരാരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും. കപടവിശ്വാസികളെയും അവൻ തിരിച്ചറിയും.
12. സത്യനിഷേധികൾ സത്യവിശ്വാസികളോട് പറഞ്ഞു: 'നിങ്ങൾ ഞങ്ങളുടെ മാർഗം പിന്തുട രുക. നിങ്ങളുടെ പാപങ്ങൾ ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം.' എന്നാൽ അവരുടെ പാപങ്ങ

ളിൽനിന്ന് ഒന്നും തന്നെ ഏറ്റെടുക്കുന്നവരല്ല ഇവർ. തീർച്ചയായും ഇവർ കള്ളം പറയുന്ന വർ തന്നെയാണ്.

13. അവരുടെ പാപഭാരങ്ങളും അവരുടെ പാപഭാരങ്ങളോടൊപ്പം വേറെയും പാപഭാരങ്ങളും അവർ ചുമക്കുക തന്നെ ചെയ്യും. അവർ കെട്ടിച്ചമച്ചിരുന്നതിനെപറ്റി ഉയിർത്തെഴുന്നേൽപു നാളിൽ അവർ തീർച്ചയായും ചോദിക്കപ്പെടുകയും ചെയ്യും.

14. നൂഹിനെ നാം അദ്ദേഹത്തിൻെറജനതയിലേക്ക് നിയോഗിച്ചു.ആയിരം വർഷത്തിൽ അമ്പതു കൊല്ലം ഒഴിച്ചു(ള്ളകാലം)അവരുടെയിടയിൽ അദ്ദേഹം വസിച്ചു. എന്നാൽ അവർ (അദ്ദേഹ ത്തിൻെറ ജനത) അക്രമികളായിരിക്കെ ജലപ്രളയം അവരെ പിടികൂടി.

15. അപ്പോൾ അദ്ദേഹത്തെയും കപ്പലിലുണ്ടായിരുന്നവരെയും നാം രക്ഷപ്പെടുത്തി. അതിനെ ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കിവെക്കുകയും ചെയ്തു.

16. ഇബ്റാഹീമിനെയും(നാംഅയച്ചു).അദ്ദേഹത്തിൻെറ ജനതയോട് അദ്ദേഹം പറഞ്ഞ സന്ദർഭം: 'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, അവനെ സൂക്ഷിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ!

17. അല്ലാഹുവെ വെടിഞ്ഞ് നിങ്ങൾ പൂജിച്ചുകൊണ്ടിരിക്കുന്നത് ചില വിഗ്രഹങ്ങളെയാണ്. നിങ്ങളൊരു മിഥ്യ സൃഷ്ടിക്കുകയാകുന്നു. അല്ലാഹുവിനെ കൂടാതെ നിങ്ങൾ ആരാധിക്കു ന്നവ നിങ്ങൾക്ക് ആഹാരം തരാൻ ശക്തിയുള്ളവയല്ല; അതുകൊണ്ട് അല്ലാഹുവിങ്കൽ നി ങ്ങൾ ആഹാരം തേടുവിൻ. അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്.

18. എന്നാൽ നിങ്ങൾ നിഷേധിക്കുന്നുവെങ്കിൽ നിങ്ങൾക്കു മുമ്പുള്ള പലസമുദായങ്ങളും (സ ത്യത്തെ)നിഷേധിച്ചിട്ടുണ്ട്.ദൈവദൂതൻെറ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു

19. അവർ കാണുന്നില്ലേ- അല്ലാഹു എങ്ങനെ സൃഷ്ടിയെ (ഇല്ലായ്മയിൽ നിന്നും) ഉൽഭവിപ്പി ക്കുന്നുവെന്ന്? പിന്നീട് അതിനെ അവൻ പുനരുൽഭവിപ്പിക്കും; തീർച്ചയായും(ഈ ആവർ ത്തനം) അല്ലാഹുവിന് വളരെ എളുപ്പമാണ്.

20. പറയുക: ഭൂമിയിൽ സഞ്ചരിക്കുവിൻ! എന്നിട്ട് അല്ലാഹു എങ്ങനെ സൃഷ്ടി ആരംഭിച്ചു വെന്ന് നോക്കുവിൻ! പിന്നീട് അല്ലാഹു മറ്റൊരിക്കൽ സൃഷ്ടിക്കുന്നതെങ്ങനെയെന്നും. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനത്രെ.

21. അവനിഛിക്കുന്നവരെ ശിക്ഷിക്കുന്നു; അവനിഛിക്കുന്നവരോട് കരുണ കാട്ടുന്നു. അവങ്ക ലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടുവരപ്പെടുകയും ചെയ്യും.

22. നിങ്ങൾക്ക് ഭൂമിയിലവനെ തോൽപിക്കാനാവില്ല.ആകാശത്തും സാധ്യമല്ല. അല്ലാഹുവിനെ ക്കൂടാതെ നിങ്ങൾക്ക് ഒരു സംരക്ഷകനില്ല, ഒരു സഹായിയുമില്ല.

23. അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെയും അവനുമായുള്ള കൂടിക്കാഴ്ചയേയും നിഷേധിച്ചവരാരോ അവർ എൻെറ കാരുണ്യത്തെപറ്റി നിരാശപ്പെട്ടിരിക്കുകയാണ്. അവർക്കാകുന്നു വേദനയുറ്റ ശിക്ഷയുള്ളത്.

24. 'നിങ്ങൾ അവനെ കൊന്നുകളയുകയോ ചുട്ടെരിക്കുകയോ ചെയ്യുവിൻ' എന്ന് അവർ പറ ഞ്ഞതല്ലാതെ അവൻെറ(ഇബ്രാഹീമിൻെറ) ജനതയുടെ മറുപടി(മറ്റൊന്നും) ആയിരുന്നില്ല. അപ്പോൾ അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽനിന്ന് രക്ഷിച്ചു. വിശ്വസിക്കുന്ന ജനത്തിന് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

25. അദ്ദേഹം(ഇബ്രാഹീം) പറഞ്ഞു: അല്ലാഹുവിന് പുറമെ നിങ്ങൾ വിഗ്രഹങ്ങളെ സ്വീകരി ച്ചിട്ടുള്ളത് ഇഹലോകജീവിതത്തിൽ നിങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിൻെറ പേരിൽ

മാത്രമാകുന്നു. എന്നാൽ ഉയിർത്തെഴുന്നേൽപുനാളിൽ നിങ്ങളിൽ ചിലർ ചിലരെ നിഷേധിക്കുകയും, ചിലർ ചിലരെ ശപിക്കുകയും ചെയ്യുന്നതാണ്. നിങ്ങളുടെ സങ്കേതം നരകമായിരിക്കുകയും ചെയ്യും. നിങ്ങൾക്ക് സഹായികളാരും ഉണ്ടാവുകയില്ല.

25. ഇഹലോകത്ത് ഏകദൈവത്തിനുള്ള ഭക്തിയിലും നന്മയിലും അധിഷ്ഠിതമായ ബന്ധങ്ങളല്ലാത്ത സാമൂഹികഘടനയോ പരസ്പര സഹകരണമോ പരലോകത്ത് നിലനിൽക്കുകയില്ല. മിഥ്യയായ ആദർശത്തിലധിഷ്ഠിതമായ സകല ബന്ധങ്ങളും അവിടെ അറ്റുപോകും. എല്ലാ സ്നേഹങ്ങളും ശത്രുതയായി മാറും. ഓരോരുത്തരും തങ്ങളുടെ മാർഗഭ്രംശത്തിന്റെ ഉത്തരവാദിത്തം അപരനിൽ ആരോപിച്ചുകൊണ്ടിരിക്കും. ഭൗതികമായ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ നിലനിന്നിരുന്ന അത്തരം സ്നേഹബന്ധങ്ങളാണ് ഏകദൈവവിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് പലപ്പോഴും അവരെ തടഞ്ഞു നിർത്തിയിരുന്നത്.

26. ആ സമയം ലൂത്വ് അദ്ദേഹത്തിൽ വിശ്വസിച്ചു. അദ്ദേഹം(ഇബ്രാഹീം) പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പലായനം ചെയ്യുന്നു. തീർച്ചയായും അവൻ തന്നെയാണ് പ്രതാപിയും യുക്തിമാനും.

26. ഇബ്രാഹീം നബി(അ)യുടെ സഹോദരപുത്രനാണ് ലൂത്വ് നബി(അ). ഇബ്രാഹീം നബി(അ) യുടെ സമൂഹം അദ്ദേഹത്തെ അഗ്നികുണ്ഡത്തിലെറിയുകയും,എന്നാൽ അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽനിന്ന് മോചിപ്പിക്കുകയും ചെയ്തു.ഈ സംഭവത്തിനു ശേഷം ലൂത്വ്നബി(അ) ഇബ്രാഹീമി(അ)ന്റെ ദൗത്യത്തെ സത്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. ഇറാഖാണ് ഇബ്രാഹീം നബി(അ)യുടെയും ലൂത്വ് നബി(അ)യുടെയും സ്വദേശം. അവിടെനിന്ന് അവർ ഫലസ്തീനിലേക്ക് പലായനം ചെയ്തു. ലൂത്വ് നബി(അ) സദൂം (സൊദോം) ദേശത്ത് താമസമാക്കി.

27. അദ്ദേഹത്തിന്(പുത്രൻ)ഇസ്ഹാഖിനെയും (പൗത്രൻ)യഅ്ഖൂബിനെയും നാം പ്രദാനം ചെയ്തു. അദ്ദേഹത്തിന്റെ സന്തതിപരമ്പരയിൽ നാം പ്രവാചകത്വവും വേദവും നൽകുകയും ചെയ്തു. അദ്ദേഹത്തിന് നാം ഇഹലോകത്തുതന്നെ പ്രതിഫലം നൽകിയിട്ടുണ്ട്. പരലോകത്ത് തീർച്ചയായും അദ്ദേഹം സജ്ജനങ്ങളിൽ പെട്ടവനായിരിക്കും.

28. ലൂത്വിനെയും (ദൂതനായി നിയോഗിച്ചു). തന്റെ ജനതയോട് അദ്ദേഹം പറഞ്ഞ സന്ദർഭം: തീർച്ചയായും നിങ്ങൾ ചെയ്യുന്നത് ഏറ്റം ചീത്ത പ്രവൃത്തി തന്നെയാണ്; നിങ്ങൾക്കു മുമ്പ് ലോകരിൽ ഒരാളും അതു ചെയ്യുകയുണ്ടായിട്ടില്ല.

29. നിങ്ങൾ (കാമനിവൃത്തിക്കായി)പുരുഷന്മാരെ സമീപിക്കുകയും വഴികൾ കൊള്ളയടിക്കുകയും നിങ്ങളുടെ സദസ്സിൽ വെച്ച്(പരസ്യമായി) നിഷിദ്ധപ്രവൃത്തി നിങ്ങൾ നടത്തുകയും ചെയ്യുന്നുവോ? 'നീ സത്യവാന്മാരുടെ കൂട്ടത്തിലാണെങ്കിൽ ഞങ്ങൾക്കു അല്ലാഹുവിന്റെ ശിക്ഷ നീ കൊണ്ടുവാ' എന്നു പറഞ്ഞതല്ലാതെ അദ്ദേഹത്തിന്റെ ജനത്തിന് മറ്റൊന്നും പറയാനുണ്ടായിരുന്നില്ല.

30. അദ്ദേഹം പ്രാർത്ഥിച്ചു: എന്റെ രക്ഷിതാവേ, നാശകാരികളായ ഈ ജനത്തിനെതിരെ എന്നെ നീ സഹായിക്കേണമേ!

31. നമ്മുടെ ദൂതന്മാർ ഇബ്രാഹീമിന്റെ അടുത്ത് സന്തോഷവാർത്തയും കൊണ്ട് ചെന്നപ്പോൾ അവർ പറഞ്ഞു: ഈ പട്ടണത്തിലെ ജനങ്ങളെ തീർച്ചയായും ഞങ്ങൾ നശിപ്പിക്കാൻ പോവുകയാണ്. തീർച്ചയായും ഈ നാട്ടുകാർ അക്രമികളായിരിക്കുന്നു.

31.ലൂത്വ്ജനതയെ ശിക്ഷിക്കാൻ നിയുക്തരായ മാലാഖമാർ ആണ് ഉദ്ദേശ്യം. അവർ ആദ്യം ഇബ്രാഹീമി(അ)ന്റെ സന്നിധിയിലെത്തി അദ്ദേഹത്തിന് ഇസ്ഹാഖിന്റെയും അനന്തരം യഅ്ഖൂബിന്റെയും ജനന

സുവാർത്തയറിയിച്ചു. പിന്നീട് തങ്ങൾ ലൂത്വ് ജനതയെ നശിപ്പിക്കാൻ നിയുക്തരായവരാണെന്ന് അദ്ദേഹത്തോട് പറഞ്ഞു.

32. ഇബ്രാഹീം പറഞ്ഞു:അവിടെ ലൂത്വ് ഉണ്ടല്ലോ. അവർ(ദൂതന്മാർ) പറഞ്ഞു: അവിടെയുള്ള വരെപറ്റി ഞങ്ങൾക്കു നന്നായറിയാം. അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കുടുംബത്തെയും ഞങ്ങൾ രക്ഷപ്പെടുത്തുക തന്നെ ചെയ്യും. അദ്ദേഹത്തിൻെറ ഭാര്യയൊഴികെ. അവൾ ശിക്ഷയിൽ അകപ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.

33. നമ്മുടെ ദൂതന്മാർ ലൂത്വിൻെറ അടുത്തു വന്നപ്പോൾ അദ്ദേഹം അവരുടെ ആഗമനത്തിൽ വല്ലാതെ വിഷമിക്കുകയും മനസ്സുമുട്ടുകയും ചെയ്തു. അവർ പറഞ്ഞു: താങ്കൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. താങ്കളെയും കുടുംബത്തെയും തീർച്ചയായും ഞങ്ങൾ രക്ഷപ്പെടുത്തുന്നതാണ്. താങ്കളുടെ ഭാര്യ ഒഴികെ. അവൾ ശിക്ഷയിൽ അകപ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.

33.തൻെറ ജനം ആദൂതന്മാരെ ലൈംഗികവൈകൃതത്തിന്നിരയാക്കുമോ എന്നായിരുന്നുഅദ്ദേഹത്തിൻെറ ഭയം ലൂത്തി(അ)നോടൊപ്പം കുറെക്കാലം ജീവിച്ചിട്ടും അദ്ദേഹത്തിൻെറ ഭാര്യ സത്യവിശ്വാസം സ്വീകരിച്ചില്ല. അതിനാൽ അവൾ ഒരു പ്രവാചകൻെറ പത്നിയായിട്ടു കൂടി ശിക്ഷയിൽ അകപ്പെടേണ്ടവളാണെന്ന വിധിയുണ്ടായി.

34. ഈ പട്ടണത്തിലെ ആളുകളുടെ മേൽ ആകാശത്തു നിന്ന് ഒരു ശിക്ഷ തീർച്ചയായും ഞങ്ങൾ ഇറക്കുന്നതാണ്.അവർ അധർമ്മകാരികൾ ആയിരിക്കുക കാരണമായി.

35. തീർച്ചയായും ബുദ്ധിയുപയോഗിക്കുന്ന ജനങ്ങൾക്ക് അതിൽ വ്യക്തമായ ഒരു ദൃഷ്ടാന്തം നാം അവശേഷിപ്പിച്ചിട്ടുണ്ട്.

36. മദ്‌യനിലേക്ക് നാം അവരുടെ സഹോദരൻ ശുഐബിനെ നിയോഗിച്ചു. അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലഹുവെ ആരാധിക്കുകയും അന്ത്യനാളിനെ പ്രതീക്ഷിക്കുകയും ചെയ്യുവിൻ. നാശകാരികളായിക്കൊണ്ട് നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കാതിരിക്കുവിൻ.

37. എന്നാൽ അദ്ദേഹത്തെ അവർ നിഷേധിച്ചു. അപ്പോൾ (ഉഗ്രമായ)ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ അവർ സ്വവസതികളിൽ വീണടിഞ്ഞവരായിത്തീർന്നു.

38. ആദ്,സമൂദ് സമൂഹങ്ങളെയും (നാം നശിപ്പിക്കുകയുണ്ടായി) അവരുടെ പാർപ്പിടങ്ങളിൽ നിന്ന് (അവരുടെ ദുരന്തം) നിങ്ങൾക്ക് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. പിശാച് അവർക്ക് അവരുടെ പ്രവർത്തനങ്ങളെ ആകർഷകമാക്കിക്കൊടുത്തു. അങ്ങനെ അവരെ നേർമാർഗത്തിൽനിന്ന് തടയുകയും ചെയ്തു.(വാസ്തവത്തിൽ)അവർ കണ്ടറിയുവാൻ കഴിവുള്ളവരായിരുന്നു.

38. ഇന്ന് അഹ്ഖാഫ്, യമൻ, ഹദറമൗത്ത് എന്നീ പേരുകളിലറിയപ്പെടുന്ന ദക്ഷിണ അറേബ്യ മുഴുക്കെ ഈ രണ്ട് സമുദായങ്ങളുടെ ആവാസകേന്ദ്രങ്ങളായിരുന്നു. റാബിഗ് മുതൽ അഖബ വരെയും, മദീനയും ഖൈബറും മുതൽ തൈമാഉം തബൂക്കും വരെയും ഉള്ള പ്രദേശങ്ങളിലത്രയും സമൂദ് വർഗത്തിൻെറ അവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്നുണ്ട്.

39. ഖാറൂനെയും, ഫിർഔനെയും ഹാമാനെയും(നാം നശിപ്പിച്ചു). വ്യക്തമായ തെളിവുകളും കൊണ്ട് മൂസാ അവരുടെ അടുത്തു ചെന്നിട്ടുണ്ടായിരുന്നു. അപ്പോൾ ഭൂമിയിൽ അവർ അഹങ്കരിച്ചു നടന്നു. അവർ (നമ്മെ) മറികടക്കുന്നവരായില്ല.

40. അങ്ങനെ ഒരോരുത്തരെയും അവരവരുടെ കുറ്റങ്ങളുടെ പേരിൽ നാം പിടികൂടി.അവരിൽ ചിലരുടെമേൽ നാം ചരൽക്കാറ്റയച്ചു.(1) അവരിൽ ചിലരെ ഘോരശബ്ദം പിടികൂടി.(2)

അവരിൽ ചിലരെ നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. (3) നാം (സമുദ്രത്തിൽ) മുക്കിക്കൊന്നവരും അവരിലുണ്ട്.(4) അല്ലാഹു അവരെ ദ്രോഹിക്കുകയായിരുന്നില്ല. പക്ഷേ, അവർ അവരെതന്നെ ദ്രോഹിക്കുകയായിരുന്നു.

40/1. ആദ് സമുദായം തുടർച്ചയായ ഏഴു രാത്രിയും എട്ടുപകലും നീണ്ടുനിന്നഅത്യുഗ്രമായ ഒരു കൊടുങ്കാറ്റിനാൽ നശിപ്പിക്കപ്പെട്ടു. (അധ്യായം 69, ഹാഖ്ഖഃ)

40/2. സമൂദ് സമുദായമാണുദ്ദേശ്യം.

40/3. ഈജിപ്തിൽ ഫിർഔന്റെ കാലത്ത് ജീവിച്ചിരുന്ന ധനികനായ ഖാറൂനാണ് വിവക്ഷ.

40/4. ഫിർഔനും ഹാമാനുമാണ് വിവക്ഷ.

41. അല്ലാഹുവിനെ വെടിഞ്ഞ്(മറ്റ്) രക്ഷാധികാരികളെ എടുക്കുന്നവരുടെ ഉപമ ഒരു ചിലന്തിയുടെ ഉപമ പോലെയാണ്. അതൊരു വീടുണ്ടാക്കി. എന്നാൽ വീടുകളിൽ വെച്ച് ഏറ്റം ദുർബലം തീർച്ചയായും ചിലന്തിയുടെ വീടുതന്നെയാണ്. അവർ അറിഞ്ഞിരുന്നെങ്കിൽ!

42. അവനെ വെടിഞ്ഞ് അവർ വിളിച്ചു പ്രാർത്ഥിക്കുന്ന ഏതൊരു വസ്തുവിനെയും തീർച്ചയായും അല്ലാഹു അറിയുന്നുണ്ട്. അവനാകുന്നു പ്രതാപിയും യുക്തിമാനും.

43. മനുഷ്യർക്കുവേണ്ടിയാണ് നാം ഉപമകൾ വിശദീകരിക്കുന്നത്. എന്നാൽ ജ്ഞാനികളല്ലാതെ അവ മനസ്സിലാക്കുന്നില്ല.

44. അല്ലാഹു അകാശങ്ങളും ഭൂമിയും യാഥാർഥ്യത്തോടെ സൃഷ്ടിച്ചു. തീർച്ചയായും അതിൽ സത്യവിശ്വാസികൾക്ക് ഒരു ദൃഷ്ടാന്തമുണ്ട്.

45. ഗ്രന്ഥത്തിൽ നിന്ന് നിനക്കു ബോധനമായി ലഭിച്ചവ നീ ഓതിക്കേൾപ്പിക്കുകയും, നമസ്കാരത്തെ നിലനിറുത്തുകയും ചെയ്യുക. തീർച്ചയായും നമസ്കാരം(മനുഷ്യനെ) നീചവൃത്തിയിൽ നിന്നും, നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമ്മിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാണ്. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്തും അല്ലാഹു അറിയുന്നു.

45. ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുകയും, നമസ്കാരം നിഷ്ഠയോടെ നിലനിർത്തുകയും ചെയ്യുന്ന ഏതൊരാളും ദുഷിച്ച ചിന്തകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും മുക്തനാകുന്നു. ഈ രണ്ടു കാര്യങ്ങൾ മുഖേന നിർമ്മലമായ മനസ്സ് അവനെ അതിൽ നിന്നും തടഞ്ഞു നിർത്തുന്നു.

46. വേദക്കാരുമായി ഏറ്റവും നല്ലരീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്- അവരിൽ ധിക്കാരികളായവരോടൊഴിച്ച്. നിങ്ങൾ(അവരോട്) പറയുവിൻ: ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നു. ഞങ്ങൾ അവന് കീഴ്പെട്ടവരുമാകുന്നു.

47. അതുപോലെ നിനക്കു നാം വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. നാം നേരത്തെ വേദം നൽകിയിട്ടുള്ളവർ ഇതിൽ വിശ്വസിക്കുന്നു. (ബഹുദൈവവിശ്വാസികളായ) ഇവരിലും ഇതിൽ വിശ്വസിക്കുന്ന ചിലരുണ്ട്. സത്യനിഷേധികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയില്ല.

48. ഇതിനു മുമ്പ് നീ ഒരു ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിന്റെ വലതു കൈകൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്കു സംശയിക്കാമായിരുന്നു.

49. എന്നാൽ ജ്ഞാനം വന്നെത്തിയവരുടെ ഹൃദയങ്ങളിൽ ഇത് സുവ്യക്തമായ വചനങ്ങൾ തന്നെയാണ്. ധിക്കാരികളല്ലാതെ നമ്മുടെ സൂക്തങ്ങളെ നിഷേധിക്കുന്നില്ല.

50. അവർ പറയുന്നു: അവൻെറ രക്ഷിതാവിൽനിന്ന് (പ്രത്യേക)ദൃഷ്ടാന്തങ്ങൾ അവന് ഇറക്കി കൊടുക്കാത്തത് എന്ത്? നീ പറയുക: തീർച്ചയായും ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽ മാത്ര മാകുന്നു. ഞാൻ വ്യക്തമായ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു.
51. നാം നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നു എന്നതു തന്നെ അവർക്കു (തെളിവിന്) മതിയാക യില്ലേ? അതവരെ ഓതിക്കേൾപ്പിക്കുന്നുമുണ്ട്. വിശ്വസിക്കുന്ന ജനത്തിന് തീർച്ചയായും അതിൽ അനുഗ്രഹവും ഉൽബോധനവുമുണ്ട്.
52. (നബിയെ) പറയുക:എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു മതി. ആകാ ശങ്ങളിലും ഭൂമിയിലുമുള്ളതൊക്കെയും അവനറിയുന്നു. മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിനെ നിഷേധിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് നഷ്ടപ്പെട്ടവർ.
53. ശിക്ഷക്കായി അവർ നിന്നോട് ധൃതികൂട്ടുന്നു. നിർണ്ണയിക്കപ്പെട്ട ഒരവധി ഉണ്ടായിരുന്നി ല്ലെങ്കിൽ അവരുടെമേൽ ശിക്ഷ വന്നുകഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. അവർ ഓർക്കാതിരിക്കെ പെട്ടന്ന് അതവരിൽ വന്നെത്തുകതന്നെ ചെയ്യും.
54. ശിക്ഷക്കായി അവർ നിന്നോട് ധൃതികാട്ടുന്നു. തീർച്ചയായും നരകം സത്യനിഷേധികളെ വലയം ചെയ്യുന്നതാകുന്നു.
55. അവരുടെ മീതെനിന്നും അവരുടെ കാലിന്നടിയിൽനിന്നും ശിക്ഷ അവരെ മൂടിക്കളയുന്ന ദിവസത്തിൽ, അന്ന് (അല്ലാഹു) അവരോട് പറയും: നിങ്ങൾ പ്രവർത്തിച്ചിരുന്നതിൻെറ ഫലം നിങ്ങൾ ആസ്വദിച്ചുകൊള്ളുക.
56. അല്ലയോ സത്യവിശ്വാസികളായ എൻെറ അടിമകളേ! തീർച്ചയായും എൻെറ ഭൂമി വിശാല മാകുന്നു. അതിനാൽ എനിക്കുമാത്രം നിങ്ങൾ വഴിപ്പെടുക.
57. ഏതൊരു ആത്മാവും മരണത്തിൻെറ രുചിയറിയുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേ ക്കു തന്നെ നിങ്ങൾ മടക്കപ്പെടുന്നു.
58. വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യവരാരോ അവരെ നാം സ്വർഗ്ഗത്തി ൻെറ ഉന്നതസൗധങ്ങളിൽ പാർപ്പിക്കുന്നതാകുന്നു.അതിൻെറ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ അവിടെ നിത്യവാസികളായിരിക്കും. നന്നായി പ്രവർത്തിക്കു ന്നവർക്കുള്ള പ്രതിഫലം വളരെ വിശിഷ്ടം തന്നെ.
59. അവരത്രേ ക്ഷമ കൈക്കൊള്ളുകയും തങ്ങളുടെ നാഥനിൽ ഭരമേൽപ്പിക്കുകയും ചെയ്യുന്ന വർ.
60. എത്രയെത്ര ജീവികൾ!അവ തങ്ങളുടെ അന്നവും ചുമന്നു നടക്കുന്നില്ല.അല്ലാഹുവാണ് അവ യ്ക്കും നിങ്ങൾക്കും അന്നം നൽകുന്നത്. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവ നുമാണ്.
61. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതും സൂര്യനെയും ചന്ദ്രനെയും അധീനപ്പെടുത്തി ത്തന്നതും ആരെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചായയും അവർ പറയും: അല്ലാഹു വാണെന്ന്. അപ്പോൾ എങ്ങനെയാണ് അവർ(സത്യത്തെവിട്ട്) തിരിക്കപ്പെടുന്നത്.
62. അല്ലാഹു തൻെറ ദാസന്മാരിൽ അവനിച്ഛിക്കുന്നവർക്ക് ഉപജീവനത്തിൽ വിശാലത വരുത്തുന്നു. അവനിച്ഛിക്കുന്നവർക്ക് ഇടുക്കവും വരുത്തുന്നു.തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ.
63. ആകാശത്തുനിന്ന് മഴവർഷിക്കുന്നതും,മൃതമായിക്കിടന്ന ഭൂമിയെഅതുവഴി സജീവമാക്കുന്ന തും ആരെന്ന് നീ അവരോട് ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും;അല്ലാഹു

വാണെന്ന്. പറയുക: അല്ലാഹുവിന് സ്തുതി. എന്നാൽ അവരിലേറെപേരും ചിന്തിച്ചു മന സ്സിലാക്കുന്നില്ല.

64. ഈ ഇഹലോകജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും പരലോകം തന്നെയാണ് യഥാർത്ഥ ജീവിതം. അവർ അറിഞ്ഞിരുന്നെങ്കിൽ!

65. എന്നാൽ അവർ(ബഹുദൈവവിശ്വാസികൾ) കപ്പലിൽ കയറിയാൽ കീഴ്വണക്കം ആത്മാർഥമായും അല്ലാഹുവിന് മാത്രമായിക്കൊണ്ട് അവനോട് പ്രാർത്ഥിക്കുന്നു. പിന്നെ അവൻ ഇവരെ കരയിലേക്ക് രക്ഷപ്പെടുത്തിയാലോ, ഇവരതാ അവന് പങ്കാളികളെ കൽപിച്ചു തുട ങ്ങുന്നു.

66. അങ്ങനെ അവർക്ക് നാം നൽകിയതിൽ അവർ നന്ദികേട് കാണിക്കുകയും, അവർ സുഖമനുഭവിക്കുകയും ചെയ്യുന്നവരായിത്തീർന്നു.എന്നാൽ അടുത്തുതന്നെ അവർ എല്ലാംഅറിഞ്ഞുകൊള്ളും.

67. അവർ കാണുന്നില്ലേ; നാം സമാധാനപൂർണമായ ഒരു ഹറം(ആദരണീയ സ്ഥലം) ഉണ്ടാക്കിയിരിക്കുന്നത്.അവരുടെ ചുറ്റുഭാഗത്തുനിന്നാകട്ടെ ആളുകൾ റാഞ്ചിയെടുക്കപ്പെടുന്നു. അപ്പോൾ മിഥ്യയിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുകയുമാണോ?

---

67. മക്കാ പട്ടണത്തിലെ പരിശുദ്ധ കഅ്ബയും പരിസരവുമാണുദ്ദേശ്യം.അവിടെവെച്ച് അക്രമമോ കയ്യേറ്റമോ നടത്തുന്നത് വളരെ ഗുരുതരമായ കുറ്റമത്രെ. ബഹുദൈവവിശ്വാസികൾപോലും ഈ പവിത്രത അംഗീകരിക്കുകയും,ഹറമിന്നും ഹറമിലുള്ളവർക്കും പൂർണ്ണ സുരക്ഷിതത്വം ഉറപ്പ് നൽകുകയും ചെയ്തിരുന്നു.അറേബ്യയിൽ രണ്ടര സഹസ്രാബ്ദങ്ങളായി അങ്ങേയറ്റം സംഘർഷഭരിതമായ സാഹചര്യത്തിൽ ഈ സ്ഥലം എല്ലാവിധ സംഘട്ടനങ്ങളിൽ നിന്നും കുഴപ്പങ്ങളിൽനിന്നും സുരക്ഷിതമായിരുന്നു.

---

68. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ സത്യം വന്നുകിട്ടിയപ്പോൾ അതിനെ തള്ളിപ്പറയുകയോ ചെയ്തവനെക്കാൾ ധിക്കാരിയായവൻ ആരുണ്ട്? സത്യനിഷേധികൾക്ക് നരകത്തിൽ പാർപ്പിടം ഇല്ലയോ?

69. നമ്മുടെ കാര്യത്തിൽ സമരം ചെയ്യുന്നവരാണെങ്കിൽ- നമ്മുടെ വഴികളിലേക്ക് നാം അവരെ നയിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു സച്ചരിതരോടൊപ്പംതന്നെയാകുന്നു.

---

******

## അധ്യായം 30

# അർറൂം. (റോമക്കാർ)

**അവതരണം മക്കയിൽ, വചനങ്ങൾ 60**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അലിഫ്-ലാം-മീം.

2. റോമക്കാർ പരാജിതരായിരിക്കുന്നു.

2. പ്രവാചക(സ)ന്റെ കാലത്തും, തൊട്ടുമുമ്പും അറബ് നാടുകളുടെ ചില ഭാഗങ്ങളിൽ ആധിപത്യം സ്ഥാപിക്കാൻ വേണ്ടി റോമക്കാരും പേർഷ്യക്കാരും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നു. വേദക്കാരായ ക്രിസ്ത്യാനികളെന്ന നിലയിലും, പേർഷ്യ ഈ യുദ്ധത്തിന് സാമ്രാജ്യത്വലക്ഷ്യങ്ങൾക്കുപരി മജൂസിയ്യത്തിന്റെ(മജൂസികൾ രണ്ടു ദൈവങ്ങളെ അംഗീകരിക്കുകയും അഗ്നിയെ ആരാധിക്കുകയും ചെയ്തിരുന്നു) പ്രചാരണം എന്ന ലക്ഷ്യം കൂടി ഉണ്ടായിരുന്നതിനാലും റോമക്കാരോടായിരുന്നു മുസ്ലിംകൾക്ക് അനുഭാവം. എന്നാൽ ബഹുദൈവാരാധകരായ അറബികൾക്ക് പേർഷ്യക്കാരോടായിരുന്നു അനുഭാവം. ഹിജ്റഃ അഞ്ചാം വർഷത്തിൽ റോമക്കാർക്കെതിരിൽ പേർഷ്യക്കാർ വിജയം നേടിയപ്പോൾ ബഹുദൈവാരാധകർ അതിൽ ആഹ്ലാദം പ്രകടിപ്പിക്കുകയും മുസ്ലിംകളെ പരിഹസിക്കുകയും ചെയ്തു. ആ സന്ദർഭത്തിലാണ് ഈ വചനങ്ങൾ അവതരിച്ചത്.

3. ഏറെ അടുത്ത പ്രദേശത്തുവെച്ച്; എന്നാൽ അവരുടെ തോൽവിക്ക് ശേഷം അവർ വിജയം വരിക്കും.

3. അറേബ്യയോട് അടുത്ത നാടെന്നാണ് ഉദ്ദേശ്യം.

4. ഏതാനും വർഷങ്ങൾക്കകമിതുണ്ടാകും. മുമ്പും പിമ്പും കാര്യങ്ങളുടെ നിയന്ത്രണം അല്ലാഹുവിനാകുന്നു. ആ ദിനം വിശ്വാസികൾ ആഹ്ലാദിക്കുകയും ചെയ്യും.

4. ഖുർആൻ ഇതിനു പ്രയോഗിച്ചത് 'ബിദ്ഉ സിനീൻ' എന്നാണ്. പത്തു വർഷത്തെക്കാൾ കുറഞ്ഞ കാലത്തിനേ ഇങ്ങനെ പ്രയോഗിക്കുകയുള്ളു. റോമക്കാർ ഒരിക്കലും വിജയിക്കുമെന്ന് കരുതാനാവാത്ത വിധം തീർത്തും പരാജിതരായ സാഹചര്യത്തിലുള്ള വിശുദ്ധ ഖുർആന്റെ ഈ പ്രവചനം ഏഴ് വർഷങ്ങൾക്ക് ശേഷം പൂർണമായി പുലർന്നു. ക്രിസ്തു വർഷം 624-ലാണ് റോമാസീസർ സൗരാഷ്ട്രരുടെ ജന്മസ്ഥലം നശിപ്പിച്ചതും, പേർഷ്യക്കാരുടെ ഏറ്റവും വലിയ അഗ്നികുണ്ഡം അണച്ചുകളഞ്ഞതും. ഖുർആന്റെ ദൈവികതക്കുള്ള പല തെളിവുകളിലൊന്നായി ഈ പ്രവചനത്തെ കണക്കാക്കാവുന്നതാണ്.

5. അല്ലാഹുവിന്റെ സഹായത്താലാണിതുണ്ടാവുക. അവനിച്ഛിക്കുന്നവരെ അവൻ സഹായിക്കുന്നു. അവനത്രെ പ്രതാപിയും കരുണാനിധിയും.

6. അല്ലാഹുവിന്റെ വാഗ്ദാനം(ആണ് അത്).അല്ലാഹു അവന്റെ വാഗ്ദാനം ലംഘിക്കുകയില്ല. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

7. ഇഹലോക ജീവിതത്തിൽ നിന്ന് ബാഹ്യമായതേ അവർ മനസ്സിലാക്കുന്നുള്ളു. പരലോകത്തെപ്പറ്റി അവർ അശ്രദ്ധരുമത്രെ.

8. അവരുടെ സ്വന്തത്തെപ്പറ്റി അവർ ചിന്തിച്ചു നോക്കിയിട്ടില്ലേ? ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും സത്യത്തോടുകൂടിയും നിർണിഷ്ടമായ ഒരു അവധിയോടും കൂടിയല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും മനുഷ്യരിൽ അധികപേരും, തങ്ങളുടെ രക്ഷിതാവുമായുള്ള കൂടിക്കാഴ്ചയിൽ അവിശ്വസിക്കുന്നവർ തന്നെയാണ്.

9. അവർ ഭൂമിയിൽകൂടി സഞ്ചരിക്കുകയും,അവർക്ക് മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് കാണുകയും ചെയ്യുന്നില്ലേ? അവർ ഇവരേക്കാൾ പ്രബലന്മാരായിരുന്നു. അവർ ഭൂമി ഉഴുതു മറിക്കുകയും, ഇവർ അതിൽ അധിവസിച്ചതിനെക്കാൾ അധികം അവർ അതിൽ അധിവസിക്കുകയും ചെയ്തു. വ്യക്തമായ തെളിവുകളുമായി നമ്മുടെ ദൂതന്മാർ അവരിൽ ചെന്നു; എന്നാൽ അല്ലാഹു അവരെ ദ്രോഹിക്കുകയുണ്ടായില്ല. പക്ഷേ, അവർ അവരെത്തന്നെ ദ്രോഹിക്കുകയായിരുന്നു.
10. പിന്നീട് തിന്മ ചെയ്തവരുടെ അന്ത്യം അതിദുഷ്ടമായിരുന്നു- അവർ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും, അവയെ പരിഹസിക്കുകയും ചെയ്തതിനാൽ.
11. അല്ലാഹുതന്നെയാണ് ആദ്യം സൃഷ്ടിക്കുന്നത്. പിന്നീട് അവൻതന്നെ അത് പുനഃസൃഷ്ടിക്കുകയും ചെയ്യും. പിന്നീട് അവങ്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.
12. അന്ത്യസമയം നിലവിൽ വരുന്ന ദിവസം കുറ്റവാളികൾ നിരാശരായിത്തീരും.
13. അവർ പങ്കാളികളാക്കിയവരുടെ കൂട്ടത്തിൽ അവർക്കു ശുപാർശകരായി ആരുമുണ്ടായിരിക്കുകയില്ല. അവരുടെ പങ്കാളികളെത്തന്നെ അവർ നിഷേധിക്കുന്നവരാവുകയും ചെയ്യും.
14. അന്ത്യസമയം നിലവിൽ വരുന്ന ദിവസം- അന്നാണ് അവർ വേർപിരിയുന്നത്.
15. എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ ഒരു സ്വർഗപൂന്തോപ്പിൽ ആനന്ദമനുഭവിക്കുന്നവരായിരിക്കും.
16. എന്നാൽ അവിശ്വസിക്കുകയും നമ്മുടെ സൂക്തങ്ങളെയും പാരത്രികകൂടിക്കാഴ്ചയെയും നിഷേധിക്കുകയും ചെയ്തവരാരോ അവർ ശിക്ഷയ്ക്കായി ഹാജരാക്കപ്പെടുന്നവരാകുന്നു.
17. ആകയാൽ നിങ്ങൾ പ്രദോഷവേളയിലാകുമ്പോഴും പ്രഭാതവേളയിലാകുമ്പോഴും അല്ലാഹുവിനെ വാഴ്ത്തുവിൻ.
18. ആകാശങ്ങളിലും ഭൂമിയിലും അവന്നുതന്നെയാകുന്നു സ്തുതി. വൈകുന്നേരവും ഉച്ചതിരിയുമ്പോഴും (അവനെ വാഴ്ത്തുവിൻ.)
19. അവൻ നിർജീവമായതിൽനിന്ന് ജീവനുള്ളതിനെ പുറപ്പെടുവിക്കുന്നു. ജീവനുള്ളതിൽ നിന്ന് നിർജീവമായതിനെയും പുറപ്പെടുവിക്കുന്നു. ഭൂമിയെ അതിൻെറ മൃതാവസ്ഥക്കു ശേഷം ജീവനുള്ളതാക്കുന്നു. ഇപ്രകാരം നിങ്ങളും (മൃതാവസ്ഥയിൽ നിന്ന്) പുറപ്പെടുവിക്കപ്പെടുന്നതാകുന്നു.
20. അവൻ നിങ്ങളെ മണ്ണിൽനിന്നു സൃഷ്ടിച്ചു. എന്നിട്ട് നിങ്ങളിതാ മനുഷ്യരായി ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു- ഇത് അവൻെറ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ.
21. അവൻ നിങ്ങളുടെ വർഗത്തിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിച്ചുതന്നു. അവരിലൂടെ നിങ്ങൾ ശാന്തി തേടാൻ. നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഇതൊക്കെയും അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.
22. അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയും, നിങ്ങളുടെ ഭാഷകളുടെയും നിങ്ങളുടെ വർണ്ണങ്ങളുടെയും വ്യത്യാസങ്ങളും, തീർച്ചയായും അറിവുള്ളവർക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്.
23. രാത്രിയിലും പകലിലും നിങ്ങൾ ഉറങ്ങുന്നതും,അവൻെറ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ (ഉപജീവനം) തേടുന്നതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. (ശ്രദ്ധിച്ചു) കേൾക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്.

24. നിങ്ങൾക്ക് ഭയവും ആശയുമുണർത്തുന്ന മിന്നൽപ്പിണർ കാണിച്ചുതരുന്നതും, ആകാശത്തു നിന്ന് വെള്ളം ചൊരിയുകയും മൃതമായിക്കിടന്ന ഭൂമിയെ അതുവഴി സജീവമാക്കുന്നതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. തീർച്ചയായും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് ഇതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

25. വാനലോകങ്ങളും ഭൂമിയും അവൻെറ ആജ്ഞാനുസാരം നിലകൊള്ളുന്നുവെന്നതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. പിന്നീട് നിങ്ങളെ ഒരു വിളി അവൻ വിളിക്കുമ്പോൾ നോക്കുക! ഭൂമിയിൽനിന്നും നിങ്ങൾ പുറത്തുവരും.

26. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അവൻെറതാണ്. എല്ലാവരും അവന്ന് കീഴടങ്ങുന്നവരാകുന്നു.

27. അവനാകുന്നു സൃഷ്ടി ആരംഭിക്കുന്നവൻ. പിന്നീട് അവൻ തന്നെ അത് പുനഃസൃഷ്ടിക്കുന്നു. അത് അവന് ഏറ്റം എളുപ്പമാണ്. ആകാശങ്ങളിലും ഭൂമിയിലും ഏറ്റവും ഉന്നതമായ ഉപമ അവനുള്ളതത്രെ. അവൻ പ്രതാപിയും യുക്തിമാനുമത്രെ.

28. നിങ്ങൾക്കവൻ നിങ്ങളിൽനിന്നുതന്നെ ഉദാഹരണം നൽകുന്നു. നിങ്ങൾക്കു നാം നൽകിയിട്ടുള്ള മുതലുകളിൽ നിങ്ങളോട് സമാവകാശികളാക്കി നിങ്ങളുടെ വലതു കൈകൾ ഉടമപ്പെടുത്തിയവരെ (അടിമകളെ)നിങ്ങൾ പങ്കാളികളാക്കുന്നുണ്ടോ? നിങ്ങളുടെ ആളുകളോടുള്ള നിങ്ങളുടെ ഭയപ്പാടുപോലെ, അവരെയും നിങ്ങൾ ഭയപ്പെടുന്നുണ്ടോ? ഇപ്രകാരം ബുദ്ധിയുള്ള ജനതക്ക് ദൃഷ്ടാന്തങ്ങൾ നാം വിശദീകരിക്കുന്നു.

---

28. അല്ലാഹുതന്നെ സൃഷ്ടിച്ചവരും നിങ്ങളുടെ അടിമകളുമായിത്തീർന്നവരുമായ മനുഷ്യരെ നിങ്ങളുടെ പങ്കാളിയായി അംഗീകരിക്കാൻ നിങ്ങൾക്കു സാധിക്കുന്നില്ല. പക്ഷേ, ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ച സൃഷ്ടികൾക്ക് അവനോടൊപ്പം ദിവ്യത്വത്തിൽ പങ്കാളിത്തം വകവെച്ചുകൊടുക്കാമെന്ന വിചിത്രമായ വാദമാണ് നിങ്ങൾ ഉന്നയിക്കുന്നത്.

---

29. പക്ഷേ, അക്രമം പ്രവർത്തിച്ചവർ യാതൊരറിവുമില്ലാതെ തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരിക്കുകയാണ്. അപ്പോൾ അല്ലാഹു വഴിതെറ്റിച്ചവനെ ഇനി ആർക്കാണ് വഴികാണിക്കാനാവുക. അവർക്ക് സഹായികളായി ആരുമില്ല.

30. ആകയാൽ ഏകാഗ്രതയോടെ നിൻെറ മുഖം ഈ ദീനിനുനേരെ ഉറപ്പിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചതായ(ശുദ്ധമായ)അവൻെറ പ്രകൃതിയാണ് അത്. അല്ലാഹുവിൻെറ സൃഷ്ടിഘടന മാറ്റമില്ലാത്തതാകുന്നു. അതത്രെ ശരിയായ ദീൻ. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

---

30. 'ദീൻ' എന്നതുകൊണ്ടുദ്ദേശ്യം വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന സവിശേഷ ജീവിത വ്യവസ്ഥയാണ്.മനുഷ്യരുടെ ആരാധനയും അനുസരണവും അടിമത്തവും അർഹിക്കുന്നവൻ ഏകനായ അല്ലാഹു മാത്രമാണെന്നും അവന്നല്ലാതെ മറ്റാർക്കും ദിവ്യത്വമോ അതിൻെറ ഗുണങ്ങളോ അധികാരങ്ങളോ വകവെച്ചു കൊടുത്തുകൂടെന്നും അല്ലാഹുവിൻെറ മാർഗദർശനവും നിയമനിർദ്ദേശങ്ങളും അനുസരിച്ച് ജീവിതം നയിക്കണമെന്നും അത് അനുശാസിക്കുന്നു.

---

31. (നിങ്ങൾ)അവങ്കലേക്ക് (പശ്ചാത്താപത്താൽ) മടങ്ങുന്നവരായിരിക്കുക.അവനോടു(ള്ള കടമ) സൂക്ഷിക്കുകയും നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുകയും ചെയ്യുക. ബഹുദൈവാരാധകരിൽ നിങ്ങൾ ആയിപ്പോകുകയും അരുത്.

32. അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും, പല കക്ഷികളായി തിരിയുകയും ചെയ്തവരിൽ(നിങ്ങൾ ആകരുത്.) ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തുഷ്ടരാണ്.

33. ജനങ്ങളെ വല്ല വിപത്തും ബാധിച്ചാൽ, (പശ്ചാത്താപത്താൽ)അവങ്കലേക്ക് തിരിഞ്ഞുകൊണ്ട് അവരുടെ നാഥനെ അവർ വിളിച്ചർത്ഥിക്കുന്നു. പിന്നെ തൻെറ പക്കൽ നിന്നുള്ള കാരുണ്യം അവൻ അവരെ ആസ്വദിപ്പിക്കുമ്പോൾ അവരിൽ ഒരുവിഭാഗമതാ തങ്ങളുടെ രക്ഷിതാവിനോട് പങ്കാളികളെ കല്പിക്കുന്നു!
34. അവർക്ക് നാം നൽകിയ (കാരുണ്യ)ത്തിൽ നന്ദികേട് കാണിക്കാൻ. എന്നാൽ നിങ്ങൾ സുഖമെടുത്തുകൊള്ളുവിൻ. വഴിയെ നിങ്ങൾ മനസ്സിലാക്കിക്കൊള്ളും.
35. അല്ലെങ്കിൽ, അവനോട് അവർ പങ്കുചേർക്കുന്നതിനെക്കുറിച്ച് അവരോടു പറയുന്നതായ പ്രമാണം അവർക്ക് നാം ഇറക്കിക്കൊടുത്തിട്ടുണ്ടോ?
36. മനുഷ്യർക്കു നാം കാരുണ്യം അനുഭവിപ്പിക്കുന്ന പക്ഷം അതിലവർ മതിമറക്കുന്നു. അവരുടെ കൈകൾ മുൻകൂട്ടി ചെയ്തതിൻെറ ഫലമായി അവർക്ക് വല്ല ദോഷവും ബാധിക്കുകയാണെങ്കിലോ അവരതാ നിരാശരായിത്തീരുന്നു.
37. താൻ നിശ്ചയിക്കുന്നവർക്കു ജീവിതവിഭവം അല്ലാഹു വിപുലീകരിക്കുകയും (താൻ നിശ്ചയിക്കുന്നവർക്ക്) ഇടുങ്ങിയതാക്കുകയും ചെയ്യുന്നുവെന്ന് അവർ കാണുന്നില്ലേ? വിശ്വസിക്കുന്ന ജനത്തിന് തീർച്ചയായും അതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.
38. അതുകൊണ്ട്, അടുത്തബന്ധുവിന് അവൻെറ അവകാശം കൊടുക്കുക. (അതു പോലെ) അഗതിക്കും,വഴിയാത്രക്കാരനും(അവരുടെ അവകാശം നൽകുക).അല്ലാഹുവിൻെറ വദനത്തെ (പ്രീതിയെ) കാംക്ഷിക്കുന്നവർക്ക് അതാണ് ഏറ്റവും ഉത്തമം; അവർ തന്നെയാണ് വിജയം നേടുന്നവർ.
39. ജനങ്ങളുടെ മുതലുകളിൽ ചേർന്ന് വളരുന്നതിനുവേണ്ടി നിങ്ങൾ നൽകുന്ന പലിശയുണ്ടല്ലോ;അത് അല്ലാഹുവിൻെറ അടുത്ത് ഒട്ടും വളരുന്നില്ല.എന്നാൽ അല്ലാഹുവിൻെറ പ്രീതി പ്രതീക്ഷിച്ച് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം, അങ്ങനെ ചെയ്യുന്നവരാണ് അതിനെ ഇരട്ടിപ്പിച്ച് വളർത്തുന്നവർ.
40. അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനം നൽകി. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുന്നു; പിന്നീട് അവൻ നിങ്ങളെ (വീണ്ടും) ജീവിപ്പിക്കുകയും ചെയ്യും. ഇതിൽ എന്തെങ്കിലും ഒന്ന് ചെയ്യുന്നവരായി നിങ്ങളുടെ പങ്കാളികളിൽപെട്ട (ആരെങ്കിലും) ഉണ്ടോ? അവന് പുകഴ്ച! അവർ പങ്കു ചേർക്കുന്നതിൽനിന്നും അവൻ ഉന്നതനായിരിക്കുന്നു.
41. മനുഷ്യകരങ്ങളുടെ പ്രവർത്തനഫലമായി കരയിലും കടലിലും വിനാശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു.അവർ പ്രവർത്തിച്ചതിൽ ചിലതിൻെറ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടി യത്രെ അത്; (അങ്ങനെ അക്രമത്തെവിട്ട്) അവർ മടങ്ങി വന്നേക്കാവുന്നതിന്.
42. പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുവിൻ! എന്നിട്ട് മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് കാണുക.അവരിൽ അധികപേരും ബഹുദൈവാരാധകർ ആയിരുന്നു.
43. അതിനാൽ അല്ലാഹുവിൽനിന്ന് ആർക്കും തടുത്തുനിർത്താനാവാത്ത ഒരു നാൾ വന്നെത്തും മുമ്പെ നിൻെറ മുഖത്തെ സത്യ മതത്തിൻെറ നേരെ തിരിച്ചു നിർത്തുക. അന്നാളിൽ ജനം പിളർന്ന് പരസ്പരം വേർപെട്ടുപോകുന്നതാണ്.
44. ആർ അവിശ്വസിക്കുന്നുവോ ആ അവിശ്വാസത്തിൻെറ ഫലം അവനുതന്നെയാണുണ്ടാവുക. വല്ലവരും സൽക്കർമം പ്രവർത്തിക്കുന്നുവെങ്കിൽ അവർ തങ്ങൾക്കു വേണ്ടിതന്നെയാണ് (വിജയമാർഗം) ഒരുക്കിക്കൊണ്ടിരിക്കുന്നത്.

45. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് തൻെറ ഔദാര്യത്തിൽനിന്നും(അല്ലാഹു)പ്രതിഫലം നൽകുന്നതിനുവേണ്ടി; തീർച്ചയായും അവൻ അവിശ്വാസികളെ സ്നേഹിക്കുന്നില്ല.

46. (മഴയെപ്പറ്റി) സന്തോഷസൂചകമായി കാറ്റുകളെ അയക്കുന്നത് അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അവൻെറ കാരുണ്യത്തിൽ പെട്ടത് നിങ്ങളെ അവൻ ആസ്വദിപ്പിക്കുന്നതിനും, അവൻെറ കല്പനയാൽ കപ്പലുകൾ സഞ്ചരിക്കുന്നതിനും, അവൻെറ ഔദാര്യത്തിൽനിന്നും നിങ്ങൾ (ഉപജീവനം)തേടിപ്പോകുന്നതിനുംവേണ്ടി; നിങ്ങൾ നന്ദി കാട്ടുന്നതിനുവേണ്ടിയും.

47. നിനക്ക് മുമ്പ് പല ദൂതന്മാരെയും അവരുടെ ജനതയിലേക്ക് നാം നിയോഗിച്ചിട്ടുണ്ട്. അങ്ങനെ വ്യക്തമായ തെളിവുകളുംകൊണ്ട് അവർ(ദൂതന്മാർ)അവരുടെ അടുത്തുചെന്നു. അപ്പോൾ, കുറ്റം ചെയ്തവരോട് നാം പ്രതിക്രിയ ചെയ്തു. സത്യവിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയായിരിക്കുന്നു.

48. അല്ലാഹുവാകുന്നു കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവ(കാറ്റുകൾ) മേഘത്തെ ചലിപ്പിക്കുന്നു. എന്നിട്ട് അവൻ നിശ്ചയിക്കുന്നവിധം ആകാശത്തിൽ അവൻ അതിനെ പരത്തുന്നു. അതിനെ അവൻ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അവയ്ക്കിടയിൽനിന്ന് മഴത്തുള്ളികൾ പുറത്തുവരുന്നതായി നിനക്ക് കാണാം. അങ്ങനെ അവൻ തൻെറ ദാസന്മാരിൽനിന്ന് താനിച്ഛിക്കുന്നവർക്ക് ആ മഴയെത്തിച്ചുകൊടുത്താൽ അവരതാ സന്തുഷ്ടരാകുന്നു.

49. അതിനുമുമ്പ്-ആ മഴ അവരുടെ മേൽ പെയ്യും മുമ്പ്-അവർ ആശയറ്റവരായിരുന്നുവെങ്കിലും.

50. അല്ലാഹുവിൻെറ കാരുണ്യത്തിൻെറ അടയാളങ്ങൾ നോക്കുക.ഭൂമിയെ അതിൻെറ മൃതാവസ്ഥക്കുശേഷം അവനെങ്ങനെയാണ് ജീവനുള്ളതാക്കുന്നത്. തീർച്ചയായും അത് ചെയ്യുന്നവൻ മരിച്ചവരെ ജീവിപ്പിക്കുകതന്നെ ചെയ്യും.അവൻ സകലസംഗതികൾക്കും കഴിവുള്ളവനല്ലോ.

51. ഇനി നാംമറ്റൊരു കാറ്റിനെ അയക്കുകയും(അതുമൂലം കൃഷിവിളവുകൾ ഉണങ്ങിയിട്ട്) അത് മഞ്ഞച്ചതായി അവർ കാണുകയും ചെയ്താലും, അവർ നന്ദികേട് കാണിക്കുന്നവരായിക്കൊണ്ടേയിരിക്കുന്നതാണ്.

52. അതുകൊണ്ട് മരിച്ചവരെ(മനഃസാക്ഷി മരിച്ചവരെ) നിനക്ക് കേൾപ്പിക്കാൻ കഴിയുകയില്ല തീർച്ച. ബധിരന്മാർ പിന്നോക്കം തിരിഞ്ഞുപോയാൽ അവരെ വിളി കേൾപ്പിക്കാനും നിനക്കാവില്ല.

53. അന്ധന്മാരെ അവരുടെ വഴികേടിൽനിന്ന് നേർവഴിയിലേക്കു നയിക്കാനും നിനക്കാവില്ല. നമ്മുടെ സൂക്തങ്ങളിൽ വിശ്വസിക്കുകയും അനുസരണമുള്ളവരായി നിലകൊള്ളുകയും ചെയ്യുന്നവരാരോ, അവരെ മാത്രമേ നിനക്കു കേൾപ്പിക്കാൻ കഴിയുകയുള്ളു.

54. നിങ്ങളെ ദുർബലാവസ്ഥയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു.പിന്നീട് ആ ദുർബലാവസ്ഥക്കുശേഷം അവൻ നിങ്ങൾക്കു ശക്തിയേകി. പിന്നെ, ആ ശക്തിക്കുശേഷം (വീണ്ടും) ദൗർബല്യവും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് എന്തും അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവ്വജ്ഞനും സർവ്വശക്തനും.

55. അന്ത്യസമയം നിലവിൽ വരുന്ന ദിവസം കുറ്റവാളികൾ സത്യം ചെയ്തു പറയും; തങ്ങൾ (ഇഹലോകത്ത്) ഒരുവിനാഴികയല്ലാതെ താമസിച്ചിട്ടില്ലെന്ന്. ഇപ്രകാരം തന്നെയായിരുന്നു അവർ (നേർവഴിയിൽനിന്ന്)വ്യതിചലിക്കപ്പെട്ടിരുന്നത്.

56. വിജ്ഞാനവും വിശ്വാസവും നൽകപ്പെട്ടിട്ടുള്ളവർ പറയും:അല്ലാഹുവിൻെറ രേഖയനുസരിച്ച്‌ പുനരുത്ഥാനനാളുവരെ നിങ്ങൾ അവിടെ കഴിച്ചുകൂട്ടിയിട്ടുണ്ട്‌.ആ പുനരുത്ഥാനനാളു തന്നെയാണിത്‌. പക്ഷേ, നിങ്ങൾ(അതിനെപ്പറ്റി)അറിഞ്ഞിരുന്നില്ല.
57. എന്നാൽ അക്രമം പ്രവർത്തിച്ചവർക്ക്‌ അന്നത്തെ ദിവസം അവരുടെ ഒഴികഴിവുകളൊന്നും പ്രയോജനപ്പെടുകയില്ല. അവരോട്‌ ക്ഷമാപണം ആവശ്യപ്പെടുന്നതുമല്ല.
58. തീർച്ചയായും ഈ ഖുർആനിൽ മനുഷ്യർക്കായി എല്ലാവിധ ഉപമയും നാം പ്രയോഗിച്ചിട്ടുണ്ട്‌.എന്നാൽ അവരിൽ ഒരു ദൃഷ്‌ടാന്തം നീ കൊണ്ടുചെന്നാൽ, അവിശ്വാസികൾ തീർച്ചയായും പറയും: നിങ്ങൾ കാപട്യം പറയുന്നവർ മാത്രമാണ്‌.
59. (കാര്യം)മനസ്സിലാക്കാത്തവരുടെ ഹൃദയങ്ങളിൽ അപ്രകാരം അല്ലാഹുമുദ്രവെക്കുന്നു.
60. അതുകൊണ്ടു ക്ഷമിച്ചിരിക്കുക. തീർച്ചയായും അല്ലാഹുവിൻെറ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ജനം നിനക്ക്‌ ചാഞ്ചല്യം വരുത്താതിരിക്കട്ടെ.

---

*****

## അധ്യായം 31

# ലുഖ്മാൻ

**അവതരണം മക്കയിൽ, വചനങ്ങൾ 34**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അലിഫ്-ലാം-മീം.
2. യുക്തിപൂർണമായ വേദഗ്രന്ഥത്തിലെ വചനങ്ങളത്രെ അവ.
3. സജ്ജനങ്ങൾക്ക് ഒരു വഴികാട്ടിയും ഒരനുഗ്രഹവുമായിട്ടുള്ളത്.
4. നമസ്കാരം(കൃത്യമായി) നിലനിർത്തുകയും സകാത്തുകൊടുക്കുകയും ചെയ്യുന്നവർ. പരലോക ത്തെക്കുറിച്ച് അവർ ദൃഢവിശ്വാസമുള്ളവരുമാണ്.
5. അവർ തങ്ങളുടെ രക്ഷിതാവിൽനിന്നുള്ള മാർഗദർശനത്തിലത്രേ.അവർ തന്നെയാണ് വിജയി കൾ.
6. മഷ്യരിൽ ചിലരുണ്ട്.അവർ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന്(ജനങ്ങളെ)വഴി തെറ്റിക്കാൻ യാതൊരറിവുമില്ലാതെ വിനോദവാർത്തകൾ വാങ്ങുകയും,(അല്ലാഹുവിന്റെ മാർഗത്തെ)പരി ഹാസ്യമായി എടുക്കുകയും ചെയ്യുന്നു.അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്
7. അവരിലൊരുവനെ നമ്മുടെ വചനങ്ങൾ ഓതിക്കേൾപിച്ചാൽ അവൻ അഹങ്കരിച്ചുകൊണ്ട് തിരിഞ്ഞുകളയുന്നതാണ്. അവനത് കേട്ടിട്ടില്ലാത്തപോലെ. അവന്റെ ഇരു കാതുകളിലും അടപ്പുള്ളതുപോലെ.അതിനാലവനെ വേദനയേറിയ ശിക്ഷയെ പറ്റി 'സന്തോഷവാർത്ത'അറി യിക്കുക.
8. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് തീർച്ചയായും അനുഗ്രഹപൂർണമായ സ്വർഗീയാരാമങ്ങളുണ്ട്.
9. അവർ അതിൽ നിത്യവാസികളായിരിക്കും. അല്ലാഹുവിന്റെ സത്യവാഗ്ദാനമത്രെ അത്. അവൻ ഏറെ പ്രതാപിയും യുക്തിജ്ഞനുമാണ്.
10. നിങ്ങൾക്കു കാണാൻകഴിയുന്ന തൂണുകളൊന്നുമില്ലാതെ അവൻ ആകാശങ്ങളെ സൃഷ്ടിച്ചു. ഭൂമി നിങ്ങളെയുംകൊണ്ട് ഇളകാതിരിക്കുവാനായി അതിൽ അവൻ ഉറച്ച മലകൾ സ്ഥാപി ക്കുകയും ചെയ്തിരിക്കുന്നു. അതിലവൻ സകലയിനം ജീവജാലങ്ങളേയും വ്യാപിപ്പിച്ചു. ആകാശത്തുനിന്ന് നാം വെള്ളം ചൊരിയുകയും അങ്ങനെ മനോഹരമായ എല്ലായിനം (ചെടികളെയും)അതിൽ നാം മുളപ്പിക്കുകയും ചെയ്തു.
11. ഇതൊക്കെയും അല്ലാഹുവിന്റെ സൃഷ്ടിയാണ്. എന്നാൽ അവനല്ലാത്തവർ സൃഷ്ടിച്ചത് എന്താണെന്ന് നിങ്ങൾ എനിക്കു കാണിച്ചുതരൂ. അല്ല, അക്രമകാരികൾ വ്യക്തമായ വഴി കേടിലാകുന്നു
12. ലുഖ്മാന്ന് നാം തത്ത്വജ്ഞാനം നൽകി. (അദ്ദേഹത്തോട് നാം അനുശാസിച്ചു.) 'നീ അല്ലാഹുവോട് നന്ദി കാണിക്കുക. ആർ നന്ദി കാണിച്ചാലും തന്റെ ഗുണത്തിനായി തന്നെയാണവൻ നന്ദി കാണിക്കുന്നത്, വല്ലവനും നന്ദികേട് കാണിക്കുകയാണെങ്കിൽ തീർ ച്ചയായും അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു.
13. ലുഖ്മാൻ തന്റെ മകനെ ഉപദേശിക്കവെ ഇങ്ങനെ പറഞ്ഞതോർക്കുക: ''എന്റെ കുഞ്ഞേ, നീ അല്ലാഹുവിൽ പങ്കുചേർക്കരുത്. തീർച്ചയായും അവനിൽ പങ്കു ചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.''

14. മാതാപിതാക്കളുടെ കാര്യത്തിൽ മനുഷ്യനെ നാമുപദേശിച്ചിരിക്കുന്നു. അവൻെറ മാതാവ് അവശതക്കുമേൽ അവശത സഹിച്ചുകൊണ്ടാണ് അവനെ ഗർഭം ചുമന്നത്. അവൻെറ മുല കുടി നിറുത്തലോ രണ്ട് കൊല്ലംകൊണ്ടുമാണ്. എന്നോടും നിൻെറ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. എൻെറ അടുത്തേക്കാണ് നിൻെറ മടക്കം.

15. എന്നാൽ, അവർ നിനക്കറിവില്ലാത്ത വല്ലതിനെയും എൻെറ പങ്കാളിയാക്കാൻ നിർബന്ധി ക്കുകയാണെങ്കിൽ അപ്പോൾ അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് അവരോട് നീ നല്ല നിലയിൽ സഹവസിക്കുകയും, എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരു കയും ചെയ്യുക.പിന്നെ എൻെറ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.

16. എൻെറ കുഞ്ഞുമോനേ, തീർച്ചയായും അത്(കാര്യം) ഒരു കടുകുമണിയുടെ തൂക്കമുള്ളതാ യിരുന്നാലും,എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ തന്നെ ആയാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്.നിശ്ചയമായും അല്ലാഹു സൂക്ഷ് മജ്ഞനും അഗാതജ്ഞനുമണ്.

17. എൻെറ കുഞ്ഞുമോനേ, നമസ്കാരത്തെ (കൃത്യമായി) നിലനിറുത്തുക. നന്മയെ അനുശാസി ക്കുകയും നിഷിദ്ധകാര്യത്തെ വിലക്കുകയും ചെയ്യുക. നിന്നെ ബാധിക്കുന്ന വിപത്തു കളിൽ സഹനം കൈക്കൊള്ളുകയും ചെയ്യുക. ഇത് കാര്യങ്ങളുടെ നിശ്ചയദാർഢ്യത്തിൽ പെട്ടതുതന്നെയാണ്.

18. നീ ആളുകളിൽനിന്ന് മുഖം തിരിച്ചു സംസാരിക്കരുത്. ഭൂമിയിൽ പൊങ്ങച്ചത്തിൽ നട ക്കുകയും അരുത്. തീർച്ചയായും വമ്പുപറയുന്ന ഡംഭന്മാരെ ഒരുത്തനെയും അല്ലാഹു സ്നേഹിക്കുന്നില്ല.

19. നിൻെറ നടത്തത്തിൽ നീ മിതത്വം പാലിക്കുകയും നിൻെറ ശബ്ദം നീ ഒതുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും അരോചകമായത് കഴുതയുടെ ശബ്ദമത്രെ.

20. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരി ക്കുന്നു എന്നത് നിങ്ങൾ കാണുന്നില്ലയോ? പ്രത്യക്ഷവും പരോക്ഷവുമായ അവൻെറ അനു ഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. (എന്നിരിക്കെ)വല്ല വിജ്ഞാനമോ മാർഗദർശനമോ വെളിച്ചമേകുന്ന ഗ്രന്ഥമോ ഇല്ലാതെ അല്ലാഹുവിൻെറ കാര്യ ത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്ന ചിലർ ജനങ്ങളിലുണ്ട്.

21. ''അല്ലാഹു ഇറക്കിത്തന്നതിനെ പിൻപറ്റുക''യെന്ന് അവരോട് പറയപ്പെട്ടാൽ അവർ പറ യും: ''അല്ല, ഞങ്ങളുടെ പൂർവപിതാക്കൾ ഏതൊരു മാർഗത്തിൽ നിലകൊള്ളുന്നതായാ ണോ ഞങ്ങൾ കണ്ടിട്ടുള്ളത് ആ മാർഗമാണ് ഞങ്ങൾ പിൻപറ്റുന്നത്.''പിശാച് ആളിക്ക ത്തുന്ന നരകശിക്ഷയിലേക്കാണ് അവരെ ക്ഷണിക്കുന്നതെങ്കിൽ പോലും.(അവർ അതിനെ പിന്തുടരുകയോ?)

22. വല്ലവനും സച്ചരിതനായിക്കൊണ്ട് തൻെറ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്നപക്ഷം ഏറ്റം കരുത്തുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്. കാര്യങ്ങളുടെ യൊക്കെ പര്യവസാനം അല്ലാഹുവിൻെറ സന്നിധിയിലാണ്.

23. വല്ലവനും നിഷേധിക്കുകയാണെങ്കിൽ അവൻെറ നിഷേധം നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന

തിനെപ്പറ്റി നാം അവരെ വിവരമറിയിക്കുന്നതാണ്. തീര്‍ച്ചയായും അല്ലാഹു ഹൃദയങ്ങളിലു ള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു.

24. നാം അവര്‍ക്ക് അല്‍പ(കാലം) സുഖം അനുഭവിപ്പിക്കുന്നു. പിന്നെ കഠിനമായ ശിക്ഷയി ലേക്ക് നാം അവരെ തള്ളിവിടുന്നതണ്.

25. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതാരെന്ന് നീ അവരോട് ചോദിച്ചല്‍ തീര്‍ച്ചയായും അവര്‍ പറയും; അല്ലാഹുവാണെന്ന്. പറയുക: അല്ലാഹുവിന് സ്തുതി. പക്ഷേ, അവരില്‍ അധികപേരും മനസ്സിലാക്കുന്നില്ല.

26. ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിന്‍െറതാണ്. തീര്‍ച്ചയായും അല്ലാഹു പരാശ്രയമുക്തനും സ്തുത്യര്‍ഹനുമാകുന്നു.

27. ഭൂമിയിലുള്ള മരങ്ങളൊക്കെയും പേനകളും, സമുദ്രം മഷിയുമായാലും അതിനു പുറമേ ഏഴു സമുദ്രങ്ങള്‍ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്‍െറ വചനങ്ങള്‍ എഴുതിത്തീരുകയില്ല. തീര്‍ച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

28. നിങ്ങളുടെ സൃഷ്ടിപ്പും നിങ്ങളുടെ പുനരുത്ഥാനവും ഒരൊറ്റ വ്യക്തിയെ അങ്ങനെ ചെയ്യു ന്നതുപോലെ മാത്രമാകുന്നു. തീര്‍ച്ചയായും അല്ലാഹു എല്ലാം കേള്‍ക്കുന്നവനും കാണുന്ന വനുമാകുന്നു.

29. അല്ലാഹു രാത്രിയെ പകലില്‍ പ്രവേശിപ്പിക്കുകയും, പകലിനെ രാത്രിയില്‍ പ്രവേശിപ്പി ക്കുകയും ചെയ്യുന്നത് നിങ്ങള്‍ കാണുന്നില്ലയോ? അവന്‍ സൂര്യനെയും ചന്ദ്രനെയും അധീ നപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഓരോന്നും നിര്‍ദ്ദിഷ്ടമായ ഒരു അവധിയിലേക്ക് ചരിക്കുന്നു. നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെക്കുറിച്ചു അല്ലാഹു ബോധവാനാണ് എന്നും (നീ കണ്ടില്ലെ?)

30. അത് എന്തുകൊണ്ടെന്നാല്‍,അല്ലാഹുതന്നെയാണ് സത്യം എന്നതും അവനെക്കൂടാതെ അവര്‍ വിളിച്ചര്‍ത്ഥിക്കുന്നത് എന്തും മിഥ്യയാണെന്നതും, അല്ലാഹുവാണ് പരമോന്നതനും മഹാ നും എന്നതുമത്രെ.

31. അല്ലാഹുവിന്‍െറ അനുഗ്രഹത്താല്‍ കടലില്‍ കപ്പല്‍ സഞ്ചരിക്കുന്നത് നീ കാണുന്നില്ലേ? അവന്‍െറ ദൃഷ്ടാന്തങ്ങളില്‍ ചിലത് നിങ്ങള്‍ക്ക് കാണിച്ചു തരാന്‍ വേണ്ടിയത്രെ അത്. ക്ഷമാശീലരും നന്ദിയുള്ളവരുമായ ഏവര്‍ക്കും തീര്‍ച്ചയായും അതില്‍ ദൃഷ്ടാന്തങ്ങളുണ്ട്.

32. മലകള്‍ പോലുള്ള തിരമാലകള്‍ അവരെ മൂടാനിടയായാല്‍ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവര്‍ അവനോട് പ്രാര്‍ത്ഥിക്കുന്നു. എന്നിട്ട് നാം അവരെ രക്ഷിച്ചു കരയിലെത്തിച്ചാലോ അവരില്‍ ചിലര്‍(മാത്രം) മര്യാദ പാലിക്കുന്നവരായിരിക്കും. വഞ്ച കരും നന്ദികെട്ടവരുമല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.

33. അല്ലയോ മനുഷ്യരേ, നിങ്ങള്‍ നിങ്ങളുടെ രക്ഷിതാവിനോട് ഭയഭക്തിയുള്ളവരാവുക. ഒരു പിതാവിന് തന്‍െറ പുത്രനു പ്രയോജനം ചെയ്യാനോ ഒരു സന്താനത്തിന് തന്‍െറ പിതാ വിന് പ്രയോജനം ചെയ്യാനോ ഒട്ടും കഴിയാത്ത ഒരു ദിനത്തെ നിങ്ങള്‍ ഭയപ്പെടുകയും ചെയ്യുവിന്‍. തീര്‍ച്ചയായും അല്ലാഹുവിന്‍െറ വാഗ്ദാനം സത്യമാകുന്നു. അതിനാല്‍, ഈ ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. അല്ലാഹുവിന്‍െറ കാര്യത്തില്‍ ഒരു വഞ്ച കനും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ.

34. തീര്‍ച്ചയായും അല്ലാഹുവിന്‍െറ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള വിവരം.അവനത്രെ മഴപെയ്യിക്കുന്നത്. ഗര്‍ഭാശയങ്ങളിലുള്ളതെന്തെന്ന് അവന്‍ അറിയുന്നു. നാളെ താന്‍ എന്താ ണ് സമ്പാദിക്കാനിരിക്കുന്നുവെന്ന് ഒരു ജീവിയും അറിയുന്നില്ല. ഏതു മണ്ണിലാണ്

താൻ മരിക്കുകയെന്നും യാതൊരാളും അറിയുന്നില്ല. തീർച്ചയായും അല്ലാഹു (മാത്രമാകുന്നു) ഒക്കെ അറിയുന്നവനും തികഞ്ഞ ധാരണയുള്ളവനും.

---

******

## അധ്യായം 32

# അസ്സജദ. (പ്രണാമം)

അവതരണം മക്കയിൽ, വചനങ്ങൾ 30

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. അലിഫ്-ലാം-മീം.
2. ഈ ഗ്രന്ഥത്തിന്റെ അവതരണം സർവ്വലോക രക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല.
3. അതല്ല, ഇത് അദ്ദേഹം(നബി)കെട്ടിച്ചമച്ചു എന്നാണോ അവർ(അവിശ്വാസികൾ) പറയുന്നത്? അല്ല! നിന്റെ രക്ഷിതാവിൽനിന്നുള്ള സത്യമാകുന്നു അത്.നിനക്കുമുമ്പ് ഒരു മുന്നറിയിപ്പുകാരനും വന്നിട്ടില്ലാത്ത ഒരു ജനതക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുവേണ്ടി. അവർ സന്മാർഗം പ്രാപിച്ചേക്കാം.
4. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ആറു നാളുകളിലായി സൃഷ്ടിച്ചവനാണ് അല്ലാഹു. പിന്നീട് അവൻ (ആധിപത്യത്തിന്റെ) സിംഹാസനത്തിൽ ഏറി. അവനെക്കൂടാതെ നിങ്ങൾക്കൊരു രക്ഷാധികാരിയും ശിപാർശകനുമില്ല. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ?
5. അവൻ ആകാശത്തുനിന്ന് ഭൂമിയിലെ കൽപന അവൻ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് ഒരു ദിവസം അത് അവങ്കലേക്ക് ഉയർന്നുപോകുന്നു. നിങ്ങൾ എണ്ണിക്കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു ആ ദിവസത്തിന്റെ അളവ്.
6. അതാണ് അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവൻ. സർവ്വശക്തനും കരുണാനിധിയുമാകുന്നു അവൻ.
7. താൻ സൃഷ്ടിച്ച എല്ലാ വസ്തുവിനെയും (ഏറ്റം) നല്ലതാക്കിയവനത്രെ അവൻ. മനുഷ്യസൃഷ്ടി അവൻ കളിമണ്ണിൽനിന്ന് ആരംഭിച്ചു.
8. പിന്നെ അവന്റെ സന്തതിയെ നിസ്സാരമായ ഒരു വെള്ളത്തിന്റെ സത്തിൽനിന്ന് അവൻ ഉണ്ടാക്കി.
9. പിന്നീട് അവൻ അവനെ ശരിയായ രൂപത്തിലാക്കുകയും അവന്റെ ആത്മാവിൽനിന്നും അവനിൽ ഊതുകയും അവൻ നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു. അൽപം മാത്രമേ നിങ്ങൾ നന്ദികാണിക്കുന്നുള്ളു.
10. അവർ പറയുന്നു: നമ്മൾ മണ്ണിൽ ലയിച്ചുകഴിഞ്ഞാൽ പിന്നെയും പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ? അതെ, അവരുടെ രക്ഷിതാവുമായുള്ള കൂടിക്കാഴ്ചയിൽ അവിശ്വസിക്കുന്നവരാണ് അവർ.
11. പറയുക: നിങ്ങളുടെ മേൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള മരണത്തിന്റെ മലക്ക് നിങ്ങളുടെ ജീവൻ എടുക്കുന്നതാണ്. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടും.
12. കുറ്റവാളികൾ തങ്ങളുടെ രക്ഷിതാവിന്റെ അടുത്ത് അവരുടെ തലതാഴ്ത്തി (നിൽക്കുന്ന) സന്ദർഭം നീ കണ്ടിരുന്നെങ്കിൽ! (അവർ പറയും): ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിതാ (നേരിൽ) കാണുകയും ഞങ്ങൾ കേൾക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഞങ്ങളെ (പൂർവ്വജീവിതത്തിലേയ്ക്ക്) തിരിച്ചയക്കേണമേ! ഞങ്ങൾ നല്ലത് പ്രവർത്തിച്ചുകൊള്ളാം. തീർച്ചയായും ഞങ്ങളിപ്പോൾ ദൃഢവിശ്വാസമുള്ളവരാകുന്നു.

13. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ ഓരോ ആത്മാവിനും അതിൻെറ മാർഗദർശനം നാം നൽകുമായിരുന്നു. പക്ഷേ, എന്നിൽനിന്ന് വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ജിന്നുകളാലും മനുഷ്യരാലും ഞാൻ തീർച്ചയായും നരകത്തെ നിറക്കുകതന്നെ ചെയ്യും.
14. ആകയാൽ നിങ്ങളുടെ ഈ ദിനത്തിൻെറ കൂടിക്കാഴ്ചയെ നിങ്ങൾ മറന്നു കളഞ്ഞതുകൊണ്ട് (അതിൻെറ ശിക്ഷ) രുചിച്ചുകൊള്ളുവിൻ. തീർച്ചയായും ഇപ്പോൾ നിങ്ങളെയും നാം വിസ്മരിച്ചിരിക്കുന്നു.നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിൻെറ ഫലമായുള്ള ശാശ്വത ശിക്ഷ അനുഭവിച്ചുകൊള്ളുക.
15. തീർച്ചയായും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നത്, അവയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കപ്പെടുമ്പോൾ സാഷ്ടാംഗം പ്രണമിക്കുന്നവരായി വീഴുകയും തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തിക്കുകയും ചെയ്യുന്നവർ മാത്രമാണ്.അവർ അഹംഭാവം നടിക്കുകയുമില്ല.
16. ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി അവരുടെ പാർശ്വങ്ങൾ ശയ്യകളിൽനിന്നടർന്നുപോകുന്നു.നാം അവർക്ക് നൽകിയ (വിഭവങ്ങളി)ൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യുന്നു.
17. എന്നാൽ കണ്ണുകൾക്ക് ആനന്ദകരമായി,എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് യാതൊരാൾക്കും അറിഞ്ഞുകൂടാ; അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന (നന്മകൾക്കുള്ള) പ്രതിഫലമായി.
18. അപ്പോൾ വിശ്വാസിയായ ഒരുവൻ ധിക്കാരിയായിക്കഴിഞ്ഞവനെപ്പോലെയാണോ? അവർ തുല്യരാവുകയില്ല.
19. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് ഉദ്യാനവസതികളാണുള്ളത്; അവരുടെ കർമങ്ങൾക്കു പകരം ആതിഥ്യമായിട്ട്.
20. എന്നാൽ ധിക്കാരം കൈക്കൊണ്ടവരാരോ അവരുടെ വാസസ്ഥലം നരകമാകുന്നു. അതിൽനിന്ന് പുറത്തുകടക്കുന്നതിന് അവർ ഉദ്ദേശിക്കുമ്പോഴൊക്കെ അതിലേക്ക് തന്നെ അവർ തിരിച്ചയക്കപ്പെടുന്നതാണ്. അവരോട് പറയപ്പെടും: നിങ്ങൾ (കള്ളമാണെന്നു) നിഷേധിച്ചുകൊണ്ടിരുന്ന തീയുടെ ശിക്ഷ രുചിക്കുവിൻ.
21. ആ മഹാശിക്ഷക്കു മുമ്പ് (ഇഹലോകത്ത് തന്നെ)ചില ചെറിയ തരം ശിക്ഷകളും നാം അവരെ രുചിപ്പിക്കുന്നതാണ്. അവർ (തിന്മയെ വിട്ടു) മടങ്ങിവരുന്നതിനുവേണ്ടി.
22. തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങൾ മുഖേന ഉൽബോധനം ചെയ്യപ്പെടുകയും, എന്നിട്ട് അതിനെ വിട്ട് തിരിഞ്ഞുകളഞ്ഞവനെക്കാൾ അക്രമി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളോട് നാം പ്രതികാരം ചെയ്യുന്നതാണ്.
23. തീർച്ചയായും നാം മൂസാക്കു വേദഗ്രന്ഥം നൽകിയിട്ടുണ്ട്. അതിനാൽ ഇത്തരമൊന്ന് ലഭിക്കുന്നതിൽ നീ ഒട്ടും സംശയിക്കേണ്ടതില്ല. ഇസ്രാഈൽ മക്കൾക്ക് നാം അതിനെ ഒരു വഴികാട്ടിയാക്കുകയും ചെയ്തു.
24. അവർ ക്ഷമ പാലിക്കുകയും നമ്മുടെ സൂക്തങ്ങളിൽ ദൃഢവിശ്വാസമുള്ളവരും ആയിരുന്നപ്പോൾ അവരിൽനിന്ന് നമ്മുടെ കൽപനയനുസരിച്ച് നേർവഴി കാണിക്കുന്ന നായകന്മാരെ നാം ഉണ്ടാക്കുകയും ചെയ്തു.
25. (ഇസ്രാഈൽ വംശം) പരസ്പരം ഭിന്നിച്ചുകൊണ്ടിരുന്ന കാര്യങ്ങളിൽ, നിശ്ചയമായും നിൻെറ രക്ഷിതാവ് തന്നെ ഉയിർത്തെഴുന്നേൽപുനാളിൽ തീർപ്പ് കൽപിക്കുന്നതാകുന്നു.

26. ഇവര്‍ക്കു മുമ്പ്‌ എത്രയോ തലമുറകളെ നാം നശിപ്പിച്ചിട്ടുണ്ട്‌. അവരുടെ വാസസ്ഥലങ്ങളില്‍ (ഇന്ന്‌) ഇവര്‍ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. (ഇയൊരു വസ്തുത) ഇവര്‍ക്ക്‌ മാര്‍ഗദര്‍ശ മല്ലേ? തീര്‍ച്ചയായും അതില്‍ ദൃഷ്ടാന്തങ്ങളുണ്ട്‌. ഇവര്‍ കേള്‍ക്കുന്നില്ലയോ?
27. വരണ്ട ഭൂമിയിലേക്ക്‌ നാം ജലമൊഴുക്കുകയും അതുവഴി വിളവ്‌ ഉല്‍പാദിപ്പിക്കുകയും ചെയ്യുന്നുവെന്ന്‌ അവര്‍ കാണുന്നില്ലേ? അതില്‍നിന്ന്‌ അവരുടെ കന്നുകാലികളും അവര്‍ തന്നെയും ഭക്ഷിക്കുന്നു. എന്നിട്ടും അവര്‍ കണ്ടറിയുന്നില്ലേ?
28. അവര്‍ ചോദിക്കുന്നു; 'എപ്പോഴാണ്‌ ആ തീരുമാനം ഉണ്ടാവുക?' നിങ്ങള്‍ സത്യവാന്മാരെങ്കില്‍.
29. പറയുക: നിഷേധികള്‍ക്ക്‌ ആ തീരുമാനത്തിന്റെ ദിവസം തങ്ങള്‍ വിശ്വസിക്കുന്നതു കൊണ്ട്‌ യാതൊരു പ്രയോജനവുമുണ്ടാവുകയില്ല. അവര്‍ക്ക്‌ അവധി നല്‍കപ്പെടുകയുമില്ല.
30. അതിനാല്‍ അവരെ നീ അവഗണിക്കുകയും കാത്തിരിക്കുകയും ചെയ്യുക. തീര്‍ച്ചയായും അവരും കാത്തിരിക്കുന്നവരാണല്ലോ.

---

*****

## അധ്യായം 33

# അൽഅഹ്സാബ്. (സഖ്യകക്ഷികൾ)

**അവതരണം മദീനയിൽ, വചനങ്ങൾ 73**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. അല്ലയോ നബിയേ,നീ അല്ലാഹുവിനെ സൂക്ഷിക്കുക.അവിശ്വാസികൾക്കും കപടവിശ്വാസികൾക്കും വഴങ്ങിപ്പോകരുത്.തീർച്ചയായും അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു.
2. നിനക്ക് നിൻെറ രക്ഷിതാവിൽനിന്ന് ബോധനം നൽകപ്പെടുന്നതിനെ പിൻപറ്റുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.
3. അല്ലാഹുവിൽ നീ ഭരമേൽപ്പിക്കുക. കൈകാര്യകർത്താവായി അല്ലാഹുതന്നെ മതി
4. അല്ലാഹു ഒരു മനുഷ്യൻെറയും ഉള്ളിൽ രണ്ട് ഹൃദയങ്ങൾ ഉണ്ടാക്കിയിട്ടില്ല. നിങ്ങൾ 'ളിഹാർ' ചെയ്യുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കളാക്കിയിട്ടുമില്ല. നിങ്ങളിലേക്ക് ചേർത്തുവിളിക്കപ്പെടുന്ന (നിങ്ങളുടെ ദത്തു പുത്രന്മാരെ)നിങ്ങളുടെ പുത്രന്മാരാക്കിയിട്ടുമില്ല. അതൊക്കെ നിങ്ങളുടെ വായ കൊണ്ടുള്ള (നിരർത്ഥ) വാക്കുകളത്രെ. അല്ലാഹു സത്യം പറയുന്നു. അവൻ നേർ വഴിയിൽ നയിക്കുകയും ചെയ്യുന്നു.

---

4. തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുന്നതിനുവേണ്ടി 'നീ എന്നെ സംബന്ധിച്ചിടത്തോളം എൻെറ മാതാവിന് തുല്യമാകുന്നു' എന്ന് ഭാര്യമാരോട് പറഞ്ഞുകൊണ്ട് അവരെ ഉപേക്ഷിക്കുന്നരീതി ഇസ്ലാമിനു മുമ്പ് അറബികളുടെ ഇടയിൽ നിലവിലുണ്ടായിരുന്നു. ഇതിനാണ് 'ളിഹാർ' എന്നു പറയുന്നത്. ളിഹാർ ചെയ്യപ്പെടുന്ന സ്ത്രീ സാങ്കേതികമായി വിവാഹമുക്തയായിരുന്നില്ല.അതിനാൽ സ്ത്രീക്ക് വേറെ വിവാഹം കഴിക്കാൻ അനുവാദമുണ്ടായിരുന്നില്ല. ഇസ്ലാം ഈ സ്ത്രീപീഡനസമ്പ്രദായം അവസാനിപ്പിച്ചു.

---

5. നിങ്ങൾ അവരെ(ദത്തുപുത്രന്മാരെ) അവരുടെ പിതാക്കളിലേക്കു ചേർത്തു വിളിക്കുക. അല്ലാഹുവിങ്കൽ അതാണ് കൂടുതൽ നീതിപൂർവകം.ഇനി അവരുടെ പിതാക്കളെ നിങ്ങൾ അറിയില്ലെങ്കിൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാകുന്നു. അബദ്ധവശാൽ നിങ്ങൾ പറഞ്ഞു പോയതിൻെറ പേരിൽ നിങ്ങൾക്കു കുറ്റമില്ല. എന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞുകൊണ്ട് ചെയ്യുന്നത്(കുറ്റകരമാകുന്നു). അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

5. അനന്തരാവകാശമുൾപ്പെടെ എല്ലാറ്റിലും ദത്തുപുത്രന്മാർ സ്വന്തം മക്കളെപ്പോലെയാണ് ഗണിക്കപ്പെട്ടിരുന്നത്. ദത്തുസമ്പ്രദായം ഇല്ലാതാക്കുന്ന ഖുർആൻ വചനമാണിത്.

---

6. പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വശരീരത്തെക്കാൾ ഉറ്റവനാണ്. അദ്ദേഹത്തിൻെറ പത്നിമാർ അവരുടെ മാതാക്കളുമാണ്. രക്തബന്ധമുള്ളവർ അന്യോന്യം അല്ലാഹുവിൻെറ ഗ്രന്ഥമനുസരിച്ച് മറ്റു വിശ്വാസികളെക്കാളും മുഹാജിറുകളെക്കാളും കൂടുതൽ അടുപ്പമുള്ളവരാകുന്നു. നിങ്ങൾ സ്വന്തം മിത്രങ്ങളോട് വല്ല നന്മയും ചെയ്യുന്നതിന് ഇതു തടസ്സമല്ല.

---

6. മുഹാജിറുകൾ- ദൈവമാർഗത്തിൽ നാടും വീടും വെടിഞ്ഞ് പലായനം ചെയ്തുവന്നവർ. മക്കയിൽ നിന്ന് മദീനയിൽ പലായനം ചെയ്ത് എത്തിയവരെയാണ് ഇവിടെ ഉദ്ദേശ്യം.

---

7. പ്രവാചകന്മാരിൽനിന്ന് നാം തങ്ങളോട് വാങ്ങിയ കരാറിനെക്കുറിച്ച് ഓർക്കുക. നിന്നിൽ നിന്നും നൂഹ്, ഇബ്രാഹീം, മൂസാ, മർയമിൻെറ മകൻ ഈസാ എന്നിവരിൽനിന്നും. അവരിൽനിന്നെല്ലാം നാം പ്രബലമായ കരാറാണ് വാങ്ങിയത്.

8. സത്യസന്ധരോട്‌ അവരുടെ സത്യസന്ധതയെക്കുറിച്ച്‌(അല്ലാഹുവിന്‌) ചോദിക്കാനാണിത്‌. സത്യനിഷേധികൾക്ക്‌ വേദനയേറിയ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്‌.

9. അല്ലയോ വിശ്വാസികളേ! കുറേ പടയാളികൾ നിങ്ങൾക്കെതിരെ വന്നപ്പോൾ, അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹം ഓർക്കുവിൻ! അപ്പോൾ, അവർക്കെതിരെ ഒരു (കൊടു) കാറ്റിനെയും നിങ്ങൾ കാണാത്തതായ സൈന്യങ്ങളെയും നാം അയച്ചു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു.

---

9. അഹ്‌സാബ്‌ യുദ്ധം എന്നപേരിലും ഖൻദഖ്‌ യുദ്ധം എന്ന പേരിലും അറിയപ്പെടുന്ന ഈ സംഭവം ഹിജറ 5ം- വർഷത്തിലാണ്‌ നടന്നത്‌. മക്കയിലെ ഖുറൈശികളും സഖ്യകക്ഷികളും ചേർന്ന്‌ 10000 പേർ വരുന്ന ഒരു വൻ സൈന്യം മദീന വളഞ്ഞ്‌ അവിടത്തെ ഇസ്‌ലാമിക സമൂഹത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയുണ്ടായി.

---

10. നിങ്ങളുടെ മുകൾ ഭാഗത്തു കൂടിയും നിങ്ങളുടെ താഴ്‌ഭാഗത്തു കൂടിയും അവർ (ശത്രു സൈന്യം) നിങ്ങൾക്കെതിരെവന്ന സന്ദർഭം(ഓർക്കുക). ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠനാളങ്ങളിൽ എത്തുകയും,നിങ്ങൾ അല്ലാഹുവെപ്പറ്റി പല ധാരണകളും ധരിച്ചുപോവുകയും ചെയ്തിരുന്ന സന്ദർഭം.

11. അവിടെ വെച്ച്‌ വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു.

12. അല്ലാഹുവും അവൻെറ ദൂതനും നമ്മോട്‌ വാഗ്ദാനംചെയ്തത്‌ വഞ്ചനയായിരുന്നുവെന്ന്‌ കപടവിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും പറഞ്ഞുകൊണ്ടിരുന്ന സന്ദർഭം(ഓർക്കുക)

13. അവരിൽ ഒരു വിഭാഗം പറഞ്ഞത്‌ ഓർക്കുക:‘‘അല്ലയോ യഥ്‌രിബുകാരേ, നിങ്ങൾക്കിനി നിൽക്കക്കള്ളിയില്ല. ആകയാൽ നിങ്ങൾ മടങ്ങിക്കൊള്ളുവിൻ.’’‘‘ഞങ്ങളുടെ വീടുകൾ(കാവലില്ലാതെ)തുറന്നു കിടക്കുന്നു’’എന്ന്‌പറഞ്ഞു കൊണ്ട്‌ അവരിൽ ഒരുവിഭാഗം (യുദ്ധരംഗം വിട്ടുപോകാൻ) നബിയോട്‌ അനുവാദം തേടുകയും ചെയ്യുന്നു. (എന്നാൽ)അവ തുറന്നു കിടന്നിരുന്നുമില്ല. അവർ ഓടിപ്പോകാൻ ഉദ്ദേശിക്കുന്നുവെന്ന്‌ മാത്രം.

---

13. മദീനയുടെ ആദ്യത്തെ പേരാണ്‌ യഥ്‌രിബ്‌. പ്രവാചകൻെറ ആഗമനശേഷമാണ്‌ യഥ്‌രിബ്‌ പ്രവാചകൻെറ പട്ടണം (മദീനത്തുന്നബി)എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്‌.

---

14. അതിൻെറ(മദീനയുടെ)നാനാഭഗങ്ങളിലൂടെ(ശത്രുക്കൾ)അവരുടെ നേരെ കടന്നു ചെല്ലുകയും, എന്നിട്ട്‌ (മുസ്‌ലിംകൾക്കെതിരിൽ)കലാപമുണ്ടാക്കാൻ അവരോട്‌ ആവശ്യപ്പെടുകയും ചെയ്താൽ അവരത്‌ ചെയ്തുകൊടുക്കുന്നതാണ്‌.അവരതിന്‌ താമസം വരുത്തുകയുമില്ല.നന്നെ കുറച്ചല്ലാതെ.

---

14. മുസ്‌ലിംകളുടെ കൂടെയുള്ള കപടവിശ്വാസികളാണുദ്ദേശ്യം.

---

15. തങ്ങൾ പുറംതിരിഞ്ഞ്‌ പോവുകയില്ലെന്ന്‌ തീർച്ചയായും അല്ലാഹുവിനോട്‌ അവർ മുമ്പ്‌ പ്രതിജ്ഞചെയ്തിട്ടുണ്ടായിരുന്നു.അല്ലാഹുവിനോടുള്ള പ്രതിജ്ഞ ചോദ്യംചെയ്യപ്പെടുന്നതാണ്‌.

16. പറയുക: ‘‘നിങ്ങൾ മരണത്തെയോ കൊലയേയോ പേടിച്ചോടുകയാണെങ്കിൽ ആ ഓട്ടം നിങ്ങൾക്ക്‌ പ്രയോജനപ്പെടുകയില്ല. (ഓടിമാറുന്നു)എങ്കിൽ തന്നെ, അല്‌പ(കാല)മല്ലാതെ നിങ്ങൾക്ക്‌ ജീവിതസുഖം നൽകപ്പെടുകയില്ല.

17. പറയുക: (അല്ലാഹു) നിങ്ങൾക്ക്‌ വല്ല ദോഷവും വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ അവൻ നിങ്ങൾക്ക്‌ വല്ല കാരുണ്യവുമുദ്ദേശിച്ചിട്ടുണ്ടെങ്കിൽ- അല്ലാഹുവിൽ

നിന്ന് നിങ്ങളെ കാത്തുരക്ഷിക്കാൻ കഴിയുന്നവർ ആരാണുള്ളത്? അല്ലാഹുവെക്കൂടാതെ ഒരു സംരക്ഷകനെയും സഹായിയെയും അവർ കണ്ടെത്തുകയില്ല.

18. നിങ്ങളിൽനിന്നുള്ള പിന്തിരിപ്പന്മാരെ(ലക്ഷ്യം മുടക്കുന്നവരെ)യും, തങ്ങളുടെ സഹോദരന്മാരോട് 'ഞങ്ങളോടൊപ്പം വരൂ'എന്ന് പറയുന്നവരെയും അല്ലാഹു അറിയുന്നുണ്ട്. അപൂർവമായല്ലാതെ അവർ യുദ്ധത്തിന് ചെല്ലുകയില്ല.

19. നിങ്ങളോടൊപ്പം വരുന്നതിൽ പിശുക്കു കാണിക്കുന്നവരാണവർ. എന്നാൽ ഭീതി വരുമ്പോൾ മരണമൂർച്ഛയിൽ പെട്ടവൻെറ (നോട്ടം)പോലെ, അവരുടെ കണ്ണുകൾ വട്ടംകറങ്ങിക്കൊണ്ട് നിന്നിലേക്ക് നോക്കുന്നതായി നിനക്കു കാണാം.എന്നാൽ ഭയം വിട്ടകന്നാൽ ധനത്തിൽ ദുർമോഹം പൂണ്ടവരായിക്കൊണ്ട് മൂർച്ചയേറിയ നാവുപയോഗിച്ച് അവർ നിങ്ങളെ കുത്തിപ്പറയുകയും ചെയ്യും. അവർ വിശ്വസിച്ചിട്ടില്ല. അതിനാൽ അല്ലാഹു അവരുടെ കർമ്മങ്ങൾ പാഴാക്കിയിരിക്കുന്നു. അത് അല്ലാഹുവിന് എളുപ്പമത്രെ.

20. സഖ്യസേന പോയിക്കഴിഞ്ഞിട്ടില്ലെന്നാണ് അവർ(കപടവിശ്വാസികൾ) കരുതുന്നത്. സഖ്യസേന ഇനിയും വരികയാണെങ്കിൽ (യുദ്ധത്തിൽ പങ്കെടുക്കാതെ) നിങ്ങളുടെ വിവരങ്ങൾ ചോദിച്ചറിഞ്ഞുകൊണ്ട് ഗ്രാമീണ അറബികളുടെകൂടെ മരുഭൂവാസികളായിക്കഴിയാനാണ് അവർ ഇഷ്ടപ്പെടുക. അവർ നിങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നാലും വളരെ കുറച്ചേ യുദ്ധത്തിൽ പങ്കാളികളാവുകയുള്ളൂ.

21. തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്; അല്ലാഹുവിലും അന്ത്യദിനത്തിലും പ്രതീക്ഷയർപ്പിക്കുകയും, അല്ലാഹുവെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക് .

22. സത്യവിശ്വാസികൾ സഖ്യസേനയെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞു: ഇത് അല്ലാഹുവും അവൻെറ ദൂതനും ഞങ്ങളോട് വാഗ്ദത്തം ചെയ്തിട്ടുള്ളതാകുന്നു. അല്ലാഹുവും അവൻെറ ദൂതനും സത്യം പറഞ്ഞു.അതവർക്ക് വിശ്വാസവും അർപ്പണവും വർദ്ധിപ്പിക്കുകമാത്രമേ ചെയ്തുള്ളൂ.

23. സത്യവിശ്വാസികളിൽ തങ്ങൾ അല്ലാഹുവിനോട് എന്തു പ്രതിജ്ഞ ചെയ്തുവോ അത് പാലിച്ച ചില ആളുകളുണ്ട്.അങ്ങനെ (രക്തസാക്ഷിത്വത്തിലൂടേ) തൻെറ പ്രതിജ്ഞ പൂർത്തിയാക്കിയവർ അവരിലുണ്ട്. (അതിന്നായി)കാത്തിരിക്കുന്നവരും അവരിലുണ്ട്. അവർ (ഉടമ്പടിക്ക്) യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

24. സത്യസന്ധർക്ക് തങ്ങളുടെ സത്യസന്ധതക്കുള്ള പ്രതിഫലം അല്ലാഹു നൽകുവാൻ വേണ്ടി. അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ കപടവിശ്വാസികളെ ശിക്ഷിക്കുകയോ അല്ലെങ്കിൽ അവരുടെ പശ്ചാത്താപം സ്വീകരിക്കുകയോ ചെയ്യാൻ വേണ്ടിയും. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

25. സത്യനിഷേധികളെ അവരുടെ കോപാഗ്നിയോടെത്തന്നെ അല്ലാഹു തിരിച്ചയക്കുകയും ചെയ്തു.ഒരു ഗുണവും അവർ നേടിയില്ല. യുദ്ധത്തിൽ വിശ്വാസികൾക്ക് (സഹായത്തിന്) അല്ലാഹു മതിയാകും. അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു.

26. അവർക്ക് പിന്തുണ നൽകിയിരുന്ന വേദക്കാരിൽപെട്ടവരെ തങ്ങളുടെ കോട്ടകളിൽനിന്നും അവൻ ഇറക്കിവിടുകയും അവരുടെ ഹൃദയങ്ങളിൽ അവൻ ഭയം ഇട്ടു കൊടുക്കുകയും ചെയ്തു. അവരിൽ ഒരു വിഭാഗത്തെ നിങ്ങൾ കൊല്ലുന്നു. ഒരു വിഭാഗത്തെ നിങ്ങൾ തടവിലാക്കുകയും ചെയ്യുന്നു.

26. മദീനയിൽ ഇസ്‌ലാമിക സമൂഹത്തിനെതിരെ ശത്രുക്കളെ സഹായിച്ച ബനൂഖുറൈള എന്ന ജൂത വംശമാണ്‌ ഉദ്ദേശ്യം. വെളിയിൽനിന്ന്‌ ആക്രമണം ഉണ്ടായാൽ മുസ്‌ലിംകളോടൊപ്പം നിന്ന്‌ ശത്രുക്കൾക്കെതിരെ പൊരുതിക്കൊള്ളാമെന്ന്‌ അവർ കരാർ ചെയ്തിരുന്നു. എന്നാൽ സഖ്യ കക്ഷികളുടെ സൈന്യം മദീന വളഞ്ഞപ്പോൾ അവർ ശത്രുക്കളുടെ ഒറ്റുകാരായി മാറുകയാണുണ്ടായത്‌. ഖൻദഖ്‌ യുദ്ധം കഴിഞ്ഞ ഉടനെ വഞ്ചകരായ യഹൂദരെ നേരിടാൻ പ്രവാചകനും അനുചരന്മാരും തീരുമാനിച്ചു. യഹൂദർ മദീനയുടെ വടക്കു കിഴക്കു ഭാഗത്തുള്ള അവരുടെ കോട്ടകളിൽ അഭയം തേടി. മുസ്‌ലിംകൾ 25 ദിവസത്തോളം അവരെ ഉപരോധിച്ചു. അവസാനം തങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം സഅ്‌ദുബ്‌നു മുആദിന്‌ നൽകിക്കൊണ്ട്‌ അവർ കീഴടങ്ങി. യഹൂദ നിയമത്തിൽ തന്നെ അനുശാസിക്കുന്നപോലേ അവരിലെ മുതിർന്ന പുരുഷന്മാരെ കൊന്നുകളയാനും സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തടവുകാരാക്കാനുമാണ്‌ സഅ്‌ദ്‌ തീരുമാനിച്ചത്‌.

27. അവരുടെ ഭൂമിയും അവരുടെ ഭവനങ്ങളും അവരുടെ സ്വത്തുക്കളും നിങ്ങൾ(മുമ്പ്‌) കാലുകുത്തിയിട്ടില്ലാത്ത സ്ഥലവും അവൻ നിങ്ങൾക്ക്‌ അവകാശപ്പെടുത്തിതരികയും ചെയ്തു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

27. ഹിജ്‌റ ഏഴാം വർഷത്തിൽ നടന്ന ഖൈബർ പര്യടനമാണ്‌ ഇവിടെ സൂചിപ്പിക്കുന്നത്‌. മദീനയിൽനിന്ന്‌ 90 നാഴിക വടക്കാണ്‌ ഖൈബർ സ്ഥിതി ചെയ്യുന്നത്‌.ഇസ്‌ലാമിനോട്‌ ശത്രുതയുള്ളവരും മദീനയിൽനിന്നും മറ്റും ബഹിഷ്കൃതരായ യഹൂദന്മാരും ഖൈബറിലാണ്‌ താവളമടിച്ചിരുന്നത്‌. ഖൈബർ കേന്ദ്രമാക്കി യഹൂദർ മുസ്‌ലിംകൾക്കെതിരെ ഉപജാപങ്ങൾ നടത്തിക്കൊണ്ടിരുന്നു. പ്രവാചകൻ(സ) അങ്ങോട്ട്‌ സൈന്യത്തെ അയക്കുകയും ഖൈബർ കീഴടക്കുകയും ചെയ്തു.

28. അല്ലയോ നബിയേ, നിന്റെ സഹധർമിണികളോട്‌ പറയുക: ''ഇഹലോക ജീവിതവും അതിന്റെ അലങ്കാരങ്ങളുമാണ്‌ നിങ്ങൾ ആഗ്രഹിക്കുന്നത്‌ എങ്കിൽ, നിങ്ങൾ വരുവിൻ! ഞാൻ നിങ്ങൾക്ക്‌ ജീവിതവിഭവം നൽകുകയും, ഭംഗിയായ നിലയിൽ നിങ്ങളെ മോചിപ്പിച്ച്‌ പിരിച്ചയക്കുകയും ചെയ്യാം.

29. അല്ലാഹുവെയും അവന്റെ ദൂതനെയും പരലോകഗൃഹത്തെയുമാണ്‌ നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ തീർച്ചയായും നിങ്ങളിലെ സച്ചരിതകൾക്ക്‌ അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്‌.

30. പ്രവാചക പത്നിമാരേ, നിങ്ങളിൽ ആരെങ്കിലും വ്യക്തമായ നീചവൃത്തി ചെയ്യുകയാണെങ്കിൽ അവൾക്ക്‌ ശിക്ഷ രണ്ടിരട്ടിയായി വർദ്ധിപ്പിക്കപ്പെടുന്നതാണ്‌. അല്ലാഹുവിന്‌ അത്‌ എളുപ്പമായിട്ടുള്ളതാകുന്നു.

31. നിങ്ങളിൽ ആരെങ്കിലും അല്ലാഹുവോടും അവന്റെ ദൂതനോടും വിനയം കാണിക്കുകയും സൽക്കർമം പ്രവർത്തിക്കുകയുമാണെങ്കിൽ അവൾക്ക്‌ അവളുടെപ്രതിഫലം നാം രണ്ടുവട്ടം നൽകുന്നതുമാകുന്നു. അവൾക്കു നാം മാന്യമായവിഭവം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

32. പ്രവാചക പത്നിമാരേ, നിങ്ങൾ മറ്റു സ്ത്രീകളെപ്പോലെയല്ല. നിങ്ങൾ ഭയഭക്തി കാണിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്‌)അനുനയ സ്വരത്തിൽ സംസാരിക്കരുത്‌. അത്‌ ഹൃദയത്തിൽ രോഗമുള്ളവരിൽ മോഹമുണർത്തിയേക്കും. നിങ്ങൾ മാന്യമായി മാത്രം സംസാരിക്കുക.

33. നിങ്ങൾ സ്വവസതികളിലൊതുങ്ങിയിരിക്കുക.പഴയ അജ്ഞാനകാലത്തെ സൗന്ദര്യ പ്രദർശനം (പോലെ) നിങ്ങൾ സൗന്ദര്യം പ്രദർശിപ്പിക്കുകയും അരുത്‌. നമസ്കാരം (കൃത്യമായി) നിലനിറുത്തുകയും സകാത്ത്‌ നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക. (പ്രവാചകന്റെ)വീട്ടുകാരേ! നിങ്ങളിൽനിന്ന്‌ മാലിന്യം നീക്കിക്കളയുവാനും പൂർണമായും ശുദ്ധീകരിക്കാനുമാണ്‌ അല്ലാഹു ഉദ്ദേശിക്കുന്നത്‌.

34. സ്വഗൃഹങ്ങളിൽവെച്ച് ഓതിക്കേൾപ്പിക്കപ്പെടുന്ന അല്ലാഹുവിൻെറ വചനങ്ങളും തത്ത്വജ്ഞാനങ്ങളും ഓർമിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു സൂക്ഷ്മജ്ഞനും അഗാധജ്ഞനുമല്ലോ.

35. (അല്ലാഹുവിന്)കീഴ്പ്പെടുന്നവരായ പുരുഷന്മാരും സ്ത്രീകളും,വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും, വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും, സത്യസന്ധരായ പുരുഷന്മാരും സ്ത്രീകളും, ക്ഷമാശീലരായ പുരുഷന്മാരും സ്ത്രീകളും, വിനയമുള്ള പുരുഷന്മാരും സ്ത്രീകളും ദാനശീലരായ പുരുഷന്മാരും സ്ത്രീകളും, വ്രതം അനുഷ്ഠിക്കുന്നവരായ പുരുഷന്മാരും സ്ത്രീകളും, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷന്മാരും സ്ത്രീകളും, ധാരാളമായി അല്ലാഹുവെ സ്മരിക്കുന്നവരായ പുരുഷന്മാരും സ്ത്രീകളും- തീർച്ചയായും അല്ലാഹു അവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു.

36. അല്ലാഹുവും അവൻെറ ദൂതനും ഒരു കാര്യം വിധിച്ചുകഴിഞ്ഞാൽ സത്യവിശ്വാസിക്കോ സത്യവിശ്വാസിനിക്കോ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വന്തമായ ഒരു തീരുമാനം ഉണ്ടായിരിക്കാവുന്നതല്ല. ആരെങ്കിലും അല്ലാഹുവെയും അവൻെറ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴി പിഴച്ചുപോയിരിക്കുന്നു.

37. അല്ലഹു അനുഗ്രഹിക്കുകയും നീ അനുഗ്രഹിക്കുകയും ചെയ്തതായ ഒരുവനോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക). ''നീ നിൻെറ ഭാര്യയെ (വിവാഹമോചനം ചെയ്യാതെ) നിന്നോടൊപ്പം നിർത്തിപ്പോരുകയും, അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക.'' അല്ലാഹു വെളിപ്പെടുത്താനിരുന്ന കാര്യം മനസ്സിൽ ഒളിച്ചുവെക്കുകയും, നീ ജനങ്ങളെ ഭയപ്പെടുകയും ചെയ്തു. എന്നാൽ നീ ഭയപ്പെടുന്നതിന് കൂടുതൽ അർഹൻ അല്ലാഹുവാകുന്നു. അങ്ങനെ സൈദ് അവളിൽനിന്ന് ആവശ്യം നിറവേറ്റി(വിവാഹമോചനം നടത്തി)ക്കഴിഞ്ഞപ്പോൾ നാം അവളെ നിൻെറ ഭാര്യയാക്കിത്തന്നു. തങ്ങളുടെ വളർത്തുപുത്രന്മാരുടെ ഭാര്യമാരുടെ കാര്യത്തിൽ അവരിൽനിന്നും (വിവാഹമോചനം സംബന്ധിച്ച) ആവശ്യം നിറവേറ്റിക്കഴിഞ്ഞാൽ സത്യവിശ്വാസികൾക്കൊട്ടും വിഷമമുണ്ടാകാതിരിക്കാനാണിത്. അല്ലാഹുവിൻെറ കൽപന നടപ്പാക്കപ്പെടുകതന്നെ ചെയ്യും.

---

37. പ്രവാചകൻെറ(സ) അടിമയായിരുന്നു സൈദുബ്നു ഹാരിഥ്. പിന്നീട് പ്രവാചകൻ(സ) അദ്ദേഹത്തെ മോചിപ്പിക്കുകയും തൻെറ വളർത്തുപുത്രനാക്കുകയും ചെയ്തു. നബിതിരുമേനി(സ) തൻെറ പിതൃസഹോദരിയുടെയും ജഹ്ശിൻെറയും മകളായ സൈനബിനെ അദ്ദേഹത്തിന് വിവാഹം കഴിപ്പിച്ചു കൊടുക്കുകയും ചെയ്തു. സുന്ദരിയും കുലീനയുമായിരുന്ന സൈനബയും അടിമയായിരുന്ന സൈദും തമ്മിലുള്ള ദാമ്പത്യബന്ധം ശിഥിലമായി. അപകർഷ ബോധം കാരണം സൈദ് പ്രവാചക(സ)നോട് പലതവണ വിവാഹ മോചനാനുമതിതേടി. താൻ തന്നെ മുൻകൈയെടുത്ത് നടത്തിയ ആ വിവാഹം വിവാഹ മോചനത്തിൽ കലാശിക്കരുതെന്നായിരുന്നു നബി(സ)യുടെ ആഗ്രഹം. സൈദ് വിവാഹ മോചനം ചെയ്തശേഷം നബി(സ) സൈനബിനെ വിവാഹം കഴിച്ചു. വളർത്തുപുത്രന്മാർ വിവാഹമോചനം നടത്തിയ സ്ത്രീകളെ വിവാഹം കഴിക്കാൻ പാടില്ലെന്നായിരുന്നു അറബികളുടെ ധാരണ. ദത്തു സമ്പ്രദായം അവസാനിപ്പിച്ച ഖുർആൻ ഈ വിലക്കും ഇല്ലാതാക്കി.

---

38. അല്ലാഹു തനിക്ക് നിശ്ചയിച്ചുതന്ന കാര്യങ്ങളിൽ പ്രവാചകന് യാതൊരു വിഷമവും തോന്നേണ്ടതില്ല. നേരത്തെ കഴിഞ്ഞുപോയവരുടെ കാര്യത്തിൽ അല്ലാഹു നടപ്പാക്കിയ നടപടിക്രമം തന്നെയാണിത്. അല്ലാഹുവിൻെറ കൽപന നിശ്ചിതമായ വിധിയാകുന്നു.

39. അല്ലാഹുവിൻെറ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും അവനെ ഭയപ്പെടുകയും അല്ലാഹു വല്ലാത്ത ഒരാളെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ (ആരോ അവരോടുള്ള അല്ലാഹുവിൻെറ നടപടിയാണിത്). കണക്കു നോക്കാൻ അല്ലാഹു തന്നെ മതി.

40. മുഹമ്മദ് നിങ്ങളിലെ പുരുഷന്മാരില്‍ ഒരാളുടെയും പിതാവല്ല. എന്നാല്‍ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരില്‍ അവസാനത്തെ ആളുമാകുന്നു.അല്ലാഹു സകല സംഗതികളും അറിവുള്ളവനല്ലോ.
41. അല്ലയോ സത്യവിശ്വാസികളേ! അധികമായി നിങ്ങള്‍ അല്ലാഹുവിനെ സ്മരിക്കുവിന്‍.
42. കാലത്തും വൈകുന്നേരവും അവനെ വാഴ്ത്തുകയും ചെയ്യുവിന്‍.
43. അവനത്രെ നിങ്ങള്‍ക്കു കാരുണ്യമരുളുന്നത്.(അപ്രകാരം) അവന്റെ മലക്കുകളും. നിങ്ങളെ ഇരുളില്‍നിന്ന് വെളിച്ചത്തിലേക്ക് നയിക്കാനാണിത്. അവന്‍ സത്യവിശ്വാസികളോട് ഏറെ കരുണയുള്ളവനാണ്.
44. അവനെ കണ്ടുമുട്ടും നാളില്‍ സലാം കൊണ്ടായിരിക്കും അവരുടെ അഭിവാദനം. അവര്‍ക്ക് മാന്യമായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്.
45. അല്ലയോ നബിയേ! തീര്‍ച്ചയായും നാം നിന്നെ ഒരു സാക്ഷിയും സന്തോഷ വാര്‍ത്ത അറിയിക്കുന്നവനും മുന്നറിയിപ്പുനല്‍കുന്നവനുമായി അയച്ചിരിക്കുന്നു.
46. അല്ലാഹുവിന്റെ അനുമതിയോടെ അവങ്കലേക്ക്(ജനങ്ങളെ) ക്ഷണിക്കുന്നവനും പ്രകാശം പരത്തുന്ന ദീപമായും (നീ അയക്കപ്പെട്ടു).
47. സത്യവിശ്വാസികളെ സന്തോഷവാര്‍ത്ത അറിയിക്കുക, അല്ലാഹുവില്‍നിന്ന് അവര്‍ക്ക് മഹത്തായ അനുഗ്രഹമുണ്ടെന്ന്.
48. സത്യനിഷേധികള്‍ക്കും കപടവിശ്വാസികള്‍ക്കും നീയൊട്ടും വഴങ്ങിപ്പോകരുത്. അവരുടെ ദ്രോഹം നീ അവഗണിക്കുകയും അല്ലാഹുവില്‍ ഭരമേല്‍പ്പിക്കുകയും ചെയ്യുക. കാര്യനിര്‍വ്വാഹകനായി അല്ലാഹു മതി.
49. സത്യവിശ്വാസികളേ, നിങ്ങള്‍ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും,അവരെ നിങ്ങള്‍ സ്പര്‍ശിക്കുന്നതിനുമുമ്പായി വിവാഹമോചനം നടത്തുകയുമാണെങ്കില്‍ നിങ്ങള്‍ എണ്ണി ക്കണക്കാക്കുന്ന 'ഇദ്ദ' നിങ്ങള്‍ക്കായി ആചരിക്കേണ്ട ബാധ്യത അവര്‍ക്കില്ല.എന്നാല്‍ നിങ്ങള്‍ അവര്‍ക്ക് 'മതാഅ്'' നല്‍കുകയും നല്ല നിലയില്‍ അവരെ പിരിച്ചയക്കുകയും വേണം.

---

49. വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീ മറ്റൊരു വിവാഹത്തിലേര്‍പ്പെടാതെ കാത്തിരിക്കേണ്ട ദീക്ഷാ കാലത്തിനാണ് 'ഇദ്ദ' എന്നു പറയുന്നത്. ഗര്‍ഭിണിയല്ലെന്ന് ഉറപ്പ് വരികയോ, ഗര്‍ഭിണിയെങ്കില്‍ പ്രസവിക്കുകയോ ചെയ്യുന്നത്വരെയാണ് കാത്തിരിക്കേണ്ടത്.
ഭാര്യയെ പിരിച്ചയക്കുമ്പോള്‍ അവളുടെ മനസ്സിന് സംതൃപ്തിയും ജീവിതത്തിന് ആശ്വാസവും നല്‍കത്തക്കവിധം ഭര്‍ത്താവ് നല്‍കേണ്ട പാരിതോഷികത്തിനാണ് 'മതാഅ്'' എന്ന് പറയുന്നത്.

---

50. അല്ലയോ നബിയേ! തീര്‍ച്ചയായും നീ വിവാഹമൂല്യം നല്‍കിയ നിന്റെ പത്നിമാരെ നാം നിനക്ക് അനുവദിച്ചുതന്നിരിക്കുന്നു. അല്ലാഹു നിനക്ക് (യുദ്ധത്തിലൂടെ) അധീനപ്പെടുത്തിത്തന്നവരില്‍ നിന്റെ വലംകൈ ഉടമപ്പെടുത്തിയ (അടിമ) സ്ത്രീകളെയും നിന്നോടൊപ്പം സ്വദേശം വെടിഞ്ഞ് പലായനം ചെയ്തെത്തിയ നിന്റെ പിതൃവ്യപുത്രിമാര്‍, നിന്റെ പിതൃസഹോദരീപുത്രിമാര്‍, നിന്റെ മാതൃസഹഹോദരപുത്രിമാര്‍, നിന്റെ മാതൃസഹോദരീപുത്രിമാര്‍,എന്നിവരെയും (വിവാഹം ചെയ്യാന്‍ അനുവദിച്ചിരിക്കുന്നു).സത്യവിശ്വാസിയായ സ്ത്രീ സ്വന്തത്തെ പ്രവാചകന് ദാനം ചെയ്യുകയും നബി അവളെ വിവാഹം കഴിക്കാനുദ്ദേശിക്കുകയുമാണെങ്കില്‍ അതും (അനുവദിച്ചിരിക്കുന്നു.) ഇത് സത്യവിശ്വാസികളെ കൂടാതെ നിനക്ക് മാത്രമുള്ള(അനുവാദമാകുന്നു.) അവരുടെ ഭാര്യമാരുടെയും അവരുടെ വലതുകൈ ഉടമപ്പെടുത്തിയവ(തടവുകാ)രുടെയും കാര്യത്തില്‍ നാം അവര്‍ക്ക് (നിയമമാക്കി) നിശ്ചയി

ച്ചിട്ടുള്ളത്‌ എന്താണെന്നും നാം അറിയുന്നുണ്ട്‌. നിനക്ക്‌ യാതൊരു വിഷമവും ഉണ്ടാകാതിരിക്കാൻ വേണ്ടിയത്രെ ഇത്‌. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

50. ഈ വചനം അവതരിക്കുന്നതിനു മുമ്പ്‌ വിവാഹമൂല്യം നൽകിക്കൊണ്ട്‌ പ്രവാചകൻ(സ)നടത്തിയ വിവാഹങ്ങൾ അല്ലാഹു അംഗീകരിക്കുകയും ഇനി വിവാഹം കഴിക്കുകയാണെങ്കിൽ അത്‌ സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കുകയും ചെയ്യുന്നു.

യുദ്ധത്തടവുകാരെ പടയാളികൾ പങ്കിട്ടെടുക്കുകയായിരുന്നു പുരാതന അറേബ്യൻസമ്പ്രദായം. മുസ്‌ലിം യുദ്ധത്തടവുകാരോട്‌ ശത്രുക്കൾ ഇതേനിലപാടുതന്നെയായിരുന്നു സ്വീകരിച്ചിരുന്നത്‌. അതിനാൽ മുസ്‌ ലിംകൾക്ക്‌ ഈ സമ്പ്രദായം ഏകപക്ഷീയമായി അവസാനിപ്പിക്കാൻ കഴിയുമായിരുന്നില്ല.ഒരു മുസ്‌ലിം പടയാളിയുടെ വിഹിതത്തിൽ വരുന്ന യുദ്ധത്തടവുകാരിയെ ഭാര്യയെപ്പോലെ സ്വീകരിക്കാൻ അയാൾക്ക്‌ അനുവാദമുണ്ടായിരുന്നു. അവിഹിത ബന്ധങ്ങളുടെ പഴുതടക്കാൻ ഇത്‌ ആവശ്യവുമായിരുന്നു.

സ്ത്രീയുടെ അനുവാദത്തോടെ അവളുടെ രക്ഷിതാവ്‌ സാക്ഷികളുടെ മുമ്പാകെ അവളെ വരന്‌ മഹ്‌റ്‌ (വരൻ വധുവിന്‌ നൽകുന്ന വിവാഹമൂല്യം) നിശ്ചയിച്ചുകൊണ്ട്‌ വിവാഹം കഴിപ്പിച്ചുകൊടുക്കുന്നതാണ്‌ ഇസ്‌ലാമിലെ വിവാഹ സമ്പ്രദായം. എന്നാൽ പ്രവാചകന്‌(സ) അല്ലാഹു ഈ കാര്യത്തിൽ ഇളവ്‌ അനുവദിച്ചുകൊടുത്തിരിക്കുന്നു. വിവാഹ മൂല്യമൊന്നും വാങ്ങാതെ ഏതെങ്കിലും ഒരു സ്ത്രീ നബി(സ)യോട്‌ തന്നെ ഭാര്യയായി സ്വീകരിക്കണമെന്ന്‌ അപേക്ഷിക്കുന്നപക്ഷം അത്‌ സ്വീകരിക്കാൻ അല്ലാഹു അദ്ദേഹത്തിന്‌ അനുവാദം നൽകിയിരിക്കുന്നു. രക്ഷിതാവില്ലാതെ വിവാഹം നടത്താൻ ഇവിടെ നൽകിയ ഈ അനുവാദം പ്രവാചകനുമാത്രം ബാധകമാണ്‌.

---

51. അവരിൽനിന്ന്‌ നീ ഉദ്ദേശിക്കുന്നവരെ മാറ്റിനിർത്തുകയും നീ നിശ്ചയിക്കുന്നവരെ നിന്നിലേക്ക്‌ സ്വീകരിക്കുകയും ചെയ്യാം. നീ മാറ്റിനിർത്തിയവരിൽനിന്ന്‌ വല്ലവരെയും നീ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്ക്‌ കുറ്റമില്ല. അവരുടെ കണ്ണുകൾ കുളിർക്കാനും അവർ ദുഃഖിക്കാതിരിക്കാനും നീ അവർക്ക്‌ നൽകിയതിൽ അവരെല്ലാം തൃപ്തരാകാനും ഏറ്റവും പറ്റിയ മാർഗമാകുന്നു ഇത്‌. നിങ്ങളുടെ ഹൃദയങ്ങളിലുള്ളത്‌ അല്ലാഹു അറിയുന്നു. അല്ലാഹു സർവജ്ഞനും സഹനശീലനുമാകുന്നു.

52. ഇതിനുശേഷം നിനക്ക്‌(വേറെ) ഒരു സ്ത്രീയെയും വിവാഹം ചെയ്യാൻ അനുവാദമില്ല. ഇവർക്കു പകരമായി വേറെ ഭാര്യമാരെ സ്വീകരിക്കാനും (അനുവാദമില്ല). അവരുടെ സൗന്ദര്യം നിന്നിൽ കൗതുകമുണർത്തിയാലും ശരി, നിന്റെ വലതു കൈ ഉടമപ്പെടുത്തിയവർ (അടിമസ്ത്രീകൾ) ഒഴികെ. അല്ലാഹു എല്ലാ കാര്യങ്ങളും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

53. അല്ലയോ വിശ്വാസികളേ, പ്രവാചകന്റെ വീടുകളിൽ നിങ്ങൾക്ക്‌ ഭക്ഷണത്തിന്‌ അനുമതി നൽകപ്പെടുന്നെങ്കിലല്ലാതെ നിങ്ങൾ പ്രവേശിക്കരുത്‌. അത്‌(ആഹാരം) പാകമാകുന്നത്‌ നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്‌.എന്നാൽ നിങ്ങൾ ക്ഷണിക്കപ്പെടുമ്പോൾ നിങ്ങൾ പ്രവേശിക്കുക. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ പിരിഞ്ഞു പോവുകയും ചെയ്യുക. കുശലം പറയാൻ വേണ്ടി തങ്ങിനിൽക്കരുത്‌. തീർച്ചയായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. എങ്കിലും നിങ്ങളോടതു പറയാൻ അദ്ദേഹം ലജ്ജിക്കുന്നു. സത്യത്തിന്റെ കാര്യത്തിൽ അല്ലാഹു ലജ്ജിക്കുന്നില്ല. (നബിയുടെ ഭാര്യമാരോട്‌) നിങ്ങൾ വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട്‌ മറയുടെ പിന്നിൽനിന്നും ചോദിക്കുക. അതാണ്‌ നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്‌. അല്ലാഹുവിന്റെ ദൂതന്‌ ശല്യമുണ്ടാക്കാൻ നിങ്ങൾക്ക്‌ പാടില്ല. അദ്ദേഹത്തിന്‌ ശേഷം ഒരിക്കലും അദ്ദേഹത്തിന്റെ ഭാര്യമാരെ നിങ്ങൾ വിവാഹം കഴിക്കാനും പാടില്ല. ഇതൊക്കെയും അല്ലാഹുവിങ്കൽ ഗൗരവമുള്ള കാര്യമാകുന്നു.

54. നിങ്ങൾ എന്തെങ്കിലും വെളിപ്പെടുത്തുകയാണെങ്കിലും അല്ലെങ്കിൽ അത് മറച്ചു വെക്കുക യാണെങ്കിലും തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.
55. (ഈ സ്ത്രീകൾ) തങ്ങളുടെ പിതാക്കന്മാർ, പുത്രന്മാർ, സഹോദരന്മാർ, സഹോദര പുത്രന്മാർ, സഹോദരീപുത്രന്മാർ, തങ്ങളുടെ കൂട്ടത്തിൽപെട്ട സ്ത്രീകൾ, തങ്ങളുടെ വലതുകൈകൾ ഉടമ പ്പെടുത്തിയവർ(അടിമകൾ), എന്നിവരുമായി ഇടപഴകുന്നതിന് വിരോധമില്ല. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങൾക്കും സാക്ഷിയാണ്.
56. തീർച്ചയായും അല്ലാഹു പ്രവാചകനെ അനുഗ്രഹിക്കുന്നു; അവന്റെ മലക്കുകളും നബിയു ടെമേൽ അനുഗ്രഹമാശംസിക്കുന്നു.അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കുക.
57. അല്ലാഹുവെയും അവന്റെ ദൂതനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പര ത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി നിന്ദ്യമായ ശിക്ഷ അവൻ ഒരുക്കി വെച്ചിട്ടുണ്ട്.
58. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും- അവർ പ്രവർത്തിച്ചതല്ലാത്തതിന്റെ പേരിൽ- ശല്യപ്പെടുത്തുന്നവരാകട്ടെ അവർ അപവാദവും പ്രത്യക്ഷമായ കുറ്റവും (സ്വയം) ഏറ്റെടുത്തു കഴിഞ്ഞിരിക്കയാണ്.
59. അല്ലയോ നബിയേ! നിന്റെ പത്നിമാരോടും നിന്റെ പുത്രിമാരോടും സത്യവിശ്വാസിക ളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക.അവർ തിരിച്ചറിയപ്പെടുന്നതിനും, അങ്ങനെ ശല്യം ചെയ്യപ്പെടാതിരിക്കുന്നതിനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധി യുമാകുന്നു.
60. കപടവിശ്വാസികളും തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവരും (മദീനാ) നഗരത്തിൽ ഭയാ ശങ്കകൾ പ്രചരിപ്പിക്കുന്നവരും(അതിൽനിന്ന് സ്വയം)വിരമിക്കുന്നില്ലെങ്കിൽ അവർക്കെതിരെ നിന്നെ നാം തിരിച്ചുവിടുകതന്നെ ചെയ്യും. പിന്നീട് അവർക്ക് നിന്റെ അയൽവാസിക ളായി അല്പം മാത്രമേ അവിടെ കഴിയാനൊക്കുകയുള്ളു.
61. അവർ ശപിക്കപ്പെട്ടവരായിരിക്കും. എവിടെ കണ്ടെത്തിയാലും അവർ പിടിക്കപ്പെടുകയും കൊന്നൊടുക്കപ്പെടുകയും ചെയ്യും.
62. മുമ്പ് കഴിഞ്ഞുപോയവരിൽ (അനുവർത്തിക്കപ്പെട്ട) അല്ലാഹുവിന്റെ നടപടിയത്രെ(ഇത്). അല്ലാഹുവിന്റെ നടപടിക്രമത്തിലൊരു മാറ്റവും നിനക്ക് കണ്ടെത്താനാവില്ല.
63. ജനങ്ങൾ (അന്ത്യ)ദിനത്തെപ്പറ്റി നിന്നോട് ചോദിക്കുന്നു. പറയുക: തീർച്ചയായും അതിനെ പ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമേയുള്ളു. നിനക്കെന്തറിയാം! ഒരുവേള(ആ)നാഴിക അടുത്തുതന്നെയായേക്കാം.
64. തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്ക് ജ്വലിക്കുന്ന തീ ഒരു ക്കിവെക്കുകയും ചെയ്തിരിക്കുന്നു.
65. അവരവിടെ, എന്നെന്നും ശാശ്വതവാസികളായിരിക്കും. അവർക്കവിടെ ഒരു രക്ഷകനെയും സഹായിയെയും കണ്ടെത്താനാവില്ല.
66. അവരുടെ മുഖങ്ങൾ നരകത്തീയിൽ തിരിച്ചുമറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഹാ! കഷ്ടം! അല്ലാഹുവെ ഞങ്ങൾ അനുസരിക്കുകയും, റസൂലിനെ(പ്രവാചകനെ) ഞങ്ങൾ അനു സരിക്കുകയും ചെയ്തിരുന്നെങ്കിൽ!

67. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളുടെ നേതാക്കളെയും ഞങ്ങളുടെ പ്രമാണിമാരെയും ഞങ്ങൾ അനുസരിച്ചു.അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയാണുണ്ടായത്.
68. ഞങ്ങളുടെ രക്ഷിതാവേ! ശിക്ഷയിൽനിന്ന് ഇരട്ടി അവർക്ക് നൽകേണമേ; അവരെ നീ കൊടും ശാപത്തിനിരയാക്കേണമേ!
69. അല്ലയോ വിശ്വാസികളേ! നിങ്ങൾ മൂസായെ ശല്യപ്പെടുത്തിയവരെപ്പോലെയാകരുത്. എന്നാൽ അവർപറഞ്ഞതിൽനിന്നും അല്ലാഹു അദ്ദേഹത്തെ മോചിപ്പിച്ചു.അദ്ദേഹം അല്ലാഹുവിങ്കൽ അദ്ദേഹം ബഹുമാന്യനുമായിരുന്നു.
70. അല്ലയോ വിശ്വാസികളേ! നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നല്ലതുമാത്രം സംസാരിക്കുകയും ചെയ്യുക.
71. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങൾ നന്നാക്കിത്തരികയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവൻെറ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം കൈവരിച്ചിരിക്കുന്നു.
72. തീർച്ചയായും നാം ഈ അമാനത്തിനെ(ഉത്തരവാദിത്തം)ആകാശങ്ങൾക്കും ഭൂമിക്കും പർവതങ്ങൾക്കും മുമ്പിൽ സമർപ്പിച്ചു. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതെക്കുറിച്ച് അവ ഭയപ്പെടുകയും ചെയ്തു.എന്നാൽ മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ അക്രമിയും അവിവേകിയുമായിരുന്നു.
73. കപടവിശ്വാസികളായ പുരുഷന്മാരെയും കപടവിശ്വാസികളായ സ്ത്രീകളെയും, ബഹുദൈവവിശ്വാസികളായ പുരുഷന്മാരെയും ബഹുദൈവവിശ്വാസികളായ സ്ത്രീകളെയും അല്ലാഹു ശിക്ഷിക്കുവാനും, വിശ്വാസികളായ പുരുഷന്മാരുടെയും വിശ്വാസികളായ സ്ത്രീകളുടെയും പശ്ചാത്താപം അല്ലാഹു സ്വീകരിക്കുവാനും. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

---

******

## അധ്യായം 34

# സബഅ്. (ശേബാ പട്ടണം)

**അവതരണം മക്കയിൽ, വചനങ്ങൾ 54**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ആരുടേതാണോ ആ അല്ലാഹുവിന് സ്തുതി. പരത്തിലും സ്തുതി അവനത്രെ; അവൻ യുക്തിമാനും സൂക്ഷ്മജ്ഞനുമത്രെ.
2. ഭൂമിയിൽ പ്രവേശിക്കുന്നതും,അതിൽനിന്ന് പുറത്തുവരുന്നതും, ആകാശത്തു നിന്ന് ഇറങ്ങുന്നതും, അവിടേക്ക് കയറിപ്പോകുന്നതും (എല്ലാം)അവൻ അറിയുന്നു. അവൻ കരുണാനിധിയും ഏറെ പൊറുക്കുന്നവനുമത്രെ.
3. സത്യനിഷേധികൾ പറയുന്നു: അന്ത്യസമയം ഞങ്ങളിൽ വരികയേയില്ല! പറയുക: അല്ല, എന്റെ രക്ഷിതാവിനെതന്നെയാണ്(സത്യം),അത് നിങ്ങളിൽ വരികതന്നെ ചെയ്യും. അദൃശ്യകാര്യങ്ങളറിയുന്നവൻ. ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കമുള്ളതോ അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽനിന്ന് മറഞ്ഞു പോകുകയില്ല. വ്യക്തമായ ഒരു ഗ്രന്ഥത്തിൽ ഉൾപ്പെടാത്തതായി യാതൊന്നുമില്ല.
4. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവൻ പ്രതിഫലം നൽകുന്നതിനുവേണ്ടി. അവർക്ക് പാപമോചനവും മാന്യമായ ജീവിതവിഭവങ്ങളും ഉണ്ട്.
5. (നമ്മെ) പരാജയപ്പെടുത്തുവാനായി നമ്മുടെ വചനങ്ങളെ എതിർക്കാൻ ശ്രമിച്ചവരാരോ, അവർക്കത്രെ വേദനാജനകമായ കഠിനശിക്ഷയുള്ളത്.
6. നിന്നിലേക്ക് നിന്റെ രക്ഷിതാവിൽനിന്ന് ഇറക്കപ്പെട്ടത് സത്യം തന്നെയാണ്.അത് പ്രതാപിയും സ്തുത്യർഹനുമായവന്റെ മാർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നുവെന്ന് ജ്ഞാനം നൽകപ്പെട്ടവർ കാണുന്നുണ്ട്.
7. അവിശ്വാസികൾ(പരിഹാസ സ്വരത്തിൽ)പറയുന്നു:‘‘നിങ്ങൾ എല്ലാ വിധേനയും (നശിച്ചു) ഛിന്നഭിന്നമാക്കപ്പെട്ടാൽ,(വീണ്ടും)നിങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുകതന്നെ ചെയ്യുമെന്ന് നിങ്ങളോട് പറയുന്ന ഒരാളെ ഞങ്ങൾ നിങ്ങൾക്കറിയിച്ചുതരട്ടയോ?
8. അയാൾ അല്ലാഹുവിന്റെ പേരിൽ കള്ളം ചമക്കുകയാണോ,അതല്ല അയാൾക്ക് ഭ്രാന്തുണ്ടോ? അല്ല! പരലോക(ജീവിത)ത്തിൽ വിശ്വസിക്കാത്തവർ ശിക്ഷയിലും വിദൂരമായ വഴികേടിലുമാകുന്നു.
9. അവരുടെ മുന്നിലും അവരുടെ പിന്നിലുമുള്ള ആകാശത്തേക്കും ഭൂമിയിലേക്കും അവർ നോക്കിയിട്ടില്ലേ? നാം ഉദ്ദേശിക്കുകയാണെങ്കിൽ അവരെ നാം ഭൂമിയിൽ ആഴ്ത്തിക്കളയുകയോ അവരുടെ മേൽ ആകാശത്തുനിന്ന് കഷണങ്ങൾ വീഴ്ത്തുകയോ ചെയ്യുന്നതാണ്. (പശ്ചാത്താപത്താൽ അല്ലാഹുവിലേക്ക്) മടങ്ങുന്ന ഏതൊരു ദാസനും ഇതിൽ തീർച്ചയായും ദൃഷ്ടാന്തമുണ്ട്.
10. തീർച്ചയായും ദാവൂദിന് നാം നമ്മിൽനിന്നുള്ള അനുഗ്രഹം നൽകുകയുണ്ടായി. (നാം നിർദ്ദേശിച്ചു:) മലകളേ നിങ്ങൾ അദ്ദേഹത്തോടൊപ്പം (കീർത്തനങ്ങൾ) ഏറ്റു ചൊല്ലുക! പക്ഷികളേ, നിങ്ങളും. അദ്ദേഹത്തിന് നാം ഇരുമ്പ് മയപ്പെടുത്തിക്കൊടുത്തു.

---

10. മലകളും പക്ഷികളും ദാവൂദ് നബിയോടൊപ്പം ഭക്തിഗീതങ്ങൾ ഏറ്റു ചൊല്ലിയത് സംബന്ധിച്ച വിശദാംശങ്ങൾ വിശുദ്ധ ഖുർആൻ വിവരിക്കുന്നില്ല.

---

11. പടയങ്കികളുണ്ടാക്കിക്കൊള്ളുക, അതിൻെറ കണ്ണികൾ കൃത്യമായി കണക്കാക്കുകയും ചെയ്യുക.(ഓ ദാവൂദ് വംശമേ),സൽക്കർമങ്ങൾ പ്രവർത്തിക്കുക എന്ന് (നാം അദ്ദേഹത്തിന് നിർദ്ദേശം നൽകി). തീർച്ചയായും ഞാൻ നിങ്ങൾ ചെയ്യുന്നതെല്ലാം കണ്ടു കൊണ്ടിരിക്കുന്നവനാണ്.

12. സുലൈമാന്ന് കാറ്റിനെയും(നാം അധീനപ്പെടുത്തിക്കൊടുത്തു) അതിൻെറ പ്രഭാതസഞ്ചാരം ഒരു മാസ(ത്തെ ദൂര)വും,അതിൻെറ സായാഹ്ന സഞ്ചാരം ഒരു മാസ(ത്തെ ദൂര)വും ആയിരുന്നു. അദ്ദേഹത്തിന് നാം ചെമ്പിൻെറ ഒരു ഉറവ ഒഴുക്കിക്കൊടുത്തു. തൻെറ രക്ഷിതാവിൻെറ കൽപനപ്രകാരം അദ്ദേഹത്തിൻെറ സന്നിധിയിൽ പണി ചെയ്യുന്ന ജിന്നുകളിൽപെട്ട ചിലരും(ഉണ്ടായിരുന്നു).അവരിൽ ആരെങ്കിലും നമ്മുടെ കൽപന ലംഘിക്കുകയാണെങ്കിൽ നാം അവനെ ആളിക്കത്തുന്ന നരകജ്വാലയുടെ രുചി ആസ്വദിപ്പിക്കും.

---

12. ഇവയെല്ലാം അഭൗതിക കാര്യങ്ങളിൽ പെട്ടതാകയാൽ ഇവിടെ വിശുദ്ധഖുർആൻ വിവരിക്കുന്ന സംഭവങ്ങളുടെ രൂപവും സ്വഭാവവും അറിയാനുള്ള മാർഗമില്ല. ദിവ്യബോധനം വഴി ഇവയൊന്നും വിശദീകരിക്കപ്പെട്ടിട്ടുമില്ല.

---

13. അദ്ദേഹം ആഗ്രഹിക്കുന്നതൊക്കെ അവർ(ജിന്നുകൾ)ഉണ്ടാക്കിക്കൊടുത്തു. ഉന്നത സൗധങ്ങൾ ശിൽപങ്ങൾ, തടാകങ്ങൾ പോലുള്ള തളികകൾ, നിലത്ത് ഉറപ്പിച്ച് നിർത്തിയിട്ടുള്ള പാചകപ്പാത്രങ്ങൾ എല്ലാം. ദവൂദ് കുടുംബമേ! നന്ദിയോടെ പ്രവർത്തിക്കുവിൻ. എന്നാൽ എൻെറദാസന്മാരിൽ നന്ദിയുള്ളവർ വളരെ വിരളമാണ്.

14. പിന്നീട് നാം അദ്ദേഹത്തിൻെറ (സുലൈമാൻെറ)മേൽ മരണം വിധിച്ചപ്പോൾ അദ്ദേഹത്തിൻെറ ഊന്നുവടി (കരണ്ടു)തിന്നുകൊണ്ടിരുന്ന ചിതൽ മാത്രമാണ് അദ്ദേഹത്തിൻെറ മരണത്തെപ്പറ്റി അവർക്ക്(ജിന്നുകൾക്ക്)അറിവുനൽകിയത്. അങ്ങനെ അദ്ദേഹം താഴെ വീണപ്പോൾ, തങ്ങൾ അദൃശ്യത്തെ അറിഞ്ഞിരുന്നുവെങ്കിൽ മാനംകെടുത്തുന്ന ശിക്ഷയിൽ തങ്ങൾ കഴിഞ്ഞുകൂടേണ്ടിവരില്ലായിരുന്നുവെന്ന് ജിന്നുകൾക്ക് ബോധ്യമായി.

15. സബഅ് നിവാസികൾക്ക് അവരുടെ വാസസ്ഥലത്തുതന്നെ തീർച്ചയായും ദൃഷ്ടാന്തമുണ്ടായിരുന്നു. വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന വിഭവത്തിൽനിന്നും നിങ്ങൾ ഭക്ഷിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുവിൻ.നല്ലൊരു നാടും ഏറെ പൊറുക്കുന്ന രക്ഷിതാവും.

16. എന്നാൽ അവർ പിന്തിരിഞ്ഞു കളഞ്ഞു. അപ്പോൾ,അവരുടെ നേരെ അണക്കെട്ടിൽ നിന്നുള്ള ജലപ്രവാഹത്തെ നാം അയച്ചു.അവരുടെ രണ്ടു തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും, കാറ്റാടിമരങ്ങളും ഏതാനും ഇലന്തമരങ്ങളും ഉള്ള രണ്ടു തോട്ടങ്ങൾ നൽകുകയും ചെയ്തു.

---

16. പ്രാചീന കാലത്ത് യമനിലുണ്ടായിരുന്ന 'മഅ്രിബ്' അണക്കെട്ടാണ് ഉദ്ദേശ്യം.

---

17. അവർ അവിശ്വസിച്ചതു കാരണം നാം അവർക്കു നൽകിയ പ്രതിഫലമാണിത്. നന്ദി കെട്ടവർക്കല്ലാതെ (ഇത്തരം) പ്രതിഫലം നൽകുമോ?

18. അവർക്കും(സബഅ് നിവാസികൾക്കും),നാം അനുഗ്രഹിച്ച (സിറിയയിലെഫലസമൃദ്ധമായ) ഗ്രാമങ്ങൾക്കുമിടയിൽ പ്രത്യക്ഷമായ പല ഗ്രാമങ്ങളും നാം ഉണ്ടാക്കി. അവയ്ക്കിടയിൽ യാത്രാ

(ഘട്ടങ്ങൾ)നാം നിർണയിക്കുകയും ചെയ്തു.(നാം പറഞ്ഞു:)അതിൽകൂടി, സുരക്ഷിതരായി ദിനരാത്രങ്ങളിൽ നിങ്ങൾ സഞ്ചരിക്കുവിൻ!

19. എന്നാൽ അവർ പറഞ്ഞു: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ യാത്രാ(താവള)ങ്ങൾക്കിടയിൽ നീ ദൂരം വർധിപ്പിച്ചു തരേണമേ. അങ്ങനെ തങ്ങളോടു തന്നെ അവർ അക്രമം പ്രവർത്തിച്ചു.അപ്പോൾ നാം അവരെ കഥാവശേഷരാക്കിക്കളഞ്ഞു.സർവ്വത്ര ഛിന്നഭിന്നമാക്കി. തീർച്ചയായും ക്ഷമാശീലനും നന്ദിയുള്ളവനുമായ ഏതൊരാൾക്കും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്

20. തീർച്ചയായും(അവരെ പിഴപ്പിക്കാനാകുമെന്ന)തൻെറ ധാരണ ശരിയാണെന്ന് ഇബ്ലീസ് അവരിൽ തെളിയിച്ചു.അവർ അവനെ പിന്തുടർന്നു. സത്യവിശ്വാസികളിൽപ്പെട്ട ഒരു സംഘം ഒഴിച്ച്.

21. അവരുടെ മേൽ ഒരധികാരവും അവന്(ഇബ്ലീസിന്) ഉണ്ടായിരുന്നില്ല. പരലോകത്തിൽ വിശ്വസിക്കുന്നവരെ അതിൽ സംശയിക്കുന്നവരിൽനിന്ന് വേർതിരിച്ചറിയാൻ മാത്രമാണിത്. നിൻെറ രക്ഷിതാവ് സകല സംഗതികളും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

22. പറയുക:അല്ലാഹുവെക്കൂടാതെ നിങ്ങൾ (ആരാധ്യരായി)ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ വിളിച്ചു(പ്രാർഥിച്ചു)കൊള്ളുക. ആകാശത്ത് ഒരണുത്തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. ഭൂമിയിലുമില്ല. അവ രണ്ടിലും അവർക്കൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല.

23. (അല്ലാഹു) ആർക്കുവേണ്ടി അനുമതി നൽകിയോ അവർക്കല്ലാതെ അവൻെറ അടുക്കൽ ശിപാർശ ഉപകരിക്കുകയുമില്ല. ഒടുവിൽ അവരുടെ ഹൃദയങ്ങളിൽനിന്ന് പരിഭ്രമം നീങ്ങിക്കഴിയുമ്പോൾ അവർ(ശിപാർശക്കാരോട്) ചോദിക്കുന്നു;''നിങ്ങളുടെ രക്ഷിതാവ് എന്താണ് പറഞ്ഞത്?'' അവർ മറുപടി പറയും: ''(പരമമായ) സത്യം! അവൻ ഉന്നതനും മഹാനുമാകുന്നു.''

24. ചോദിക്കുക: ആകാശങ്ങളിൽനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? നീ പറയുക: അല്ലാഹുവാകുന്നു. അപ്പോൾ ഞങ്ങളോ നിങ്ങളോ (രണ്ടിലൊരു വിഭാഗം) നേർവഴിയിലാണ്. അല്ലെങ്കിൽ വ്യക്തമായ ദുർമാർഗത്തിൽ.

25. (ഇവരോട്)പറയുക: ഞങ്ങൾ തെറ്റ് ചെയ്തതിനെപ്പറ്റി നിങ്ങൾ ചോദിക്കപ്പെടുകയില്ല. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞങ്ങളും ചോദിക്കപ്പെടുകയില്ല.

26. പറയുക:''നമ്മുടെ രക്ഷിതാവ് നമ്മെയെല്ലാം ഒരുമിച്ചുകൂട്ടും. പിന്നീട് സത്യത്തോടെ അവൻ നമുക്കിടയിൽ തീർപ്പ്കല്പിക്കും.അവനോ എല്ലാംഅറിയുന്ന വിധികർത്താവാണ്.''

27. പറയുക: നിങ്ങൾ അവന് സമന്മാരാക്കി സങ്കൽപിച്ച് അവനോട് ചേർത്തിട്ടുള്ള ആ പങ്കാളികളെ എനിക്ക് നിങ്ങളൊന്ന് കാണിച്ചു തരൂ! ഒരിക്കലുമില്ല! എന്നാൽ അവൻ; സർവശക്തനും പരമതന്ത്രജ്ഞനുമായ അല്ലാഹുവാകുന്നു.

28. മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ, അധികം മനുഷ്യരും അറിയുന്നില്ല.

29. അവർ ചോദിക്കുന്നു:നിങ്ങൾ സത്യവാദികളാണെങ്കിൽ, ഈ(പുനരുത്ഥാന)വാഗ്ദാനം എപ്പോഴാണ് (പുലരുക)എന്ന്.

30. പറയുക: നിങ്ങൾക്ക് ഒരു നിശ്ചിത ദിനമുണ്ട്. അതുവിട്ട് ഒരു നിമിഷംപോലും നിങ്ങൾ പിറകോട്ട് പോകുകയോ മുന്നോട്ട് വരികയോ ഇല്ല.

31. അവിശ്വാസികൾ പറയുന്നു:''ഈ ഖുർആനിലാകട്ടെ, ഇതിൻെറ മുമ്പുള്ളതിലാ (പൂർവ്വവേദങ്ങളിൽ)കട്ടെ ഞങ്ങൾ വിശ്വസിക്കുകയില്ല.'' ഈ അക്രമികൾ തങ്ങളുടെ രക്ഷിതാവി

ൻെറ അടുക്കൽ നിർത്തപ്പെടുന്ന സന്ദർഭം നീ കണ്ടിരുന്നെങ്കിൽ! അന്നേരം അവരിൽ ഓരോ വിഭാഗവും മറുവിഭാഗത്തിൻെറ മേൽ കുറ്റാരോപണം നടത്തിക്കൊണ്ടിരിക്കും. ദുർബലരാക്കപ്പെട്ടിരുന്നവർ അഹംഭാവക്കാരോട് പറയും:''നിങ്ങളില്ലായിരുന്നെങ്കിൽ ഞങ്ങൾ വിശ്വാസികളായിരുന്നേനെ.''

32. ദുർബലന്മാരാക്കപ്പെട്ടിരുന്നവരോട് അഹംഭാവക്കാർ പറയും: മാർഗദർശനം നിങ്ങളിൽ വന്നതിനുശേഷം അതിൽനിന്നും നിങ്ങളെ തടഞ്ഞുവെച്ചത് ഞങ്ങളാണോ? അല്ല നിങ്ങൾ കുറ്റവാളികൾ തന്നെയായിരുന്നു.

33. ദുർബലരാക്കപ്പെട്ടിരുന്നവർ അഹംഭാവക്കാരോട് പറയും:അല്ല,ഞങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കുവാനും അവന് സമന്മാരെ സ്ഥാപിക്കുവാനും നിങ്ങൾ ഞങ്ങളോട് ആജ്ഞാപിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ,(നിങ്ങൾ)രാവും പകലും നടത്തിയ ഉപജാപത്തിൻെറ ഫലമാണത്. ശിക്ഷ കാണുമ്പോൾ അവർ ദുഃഖം മനസ്സിൽ ഒളിപ്പിക്കും. അവിശ്വാസികളുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെക്കുകയും ചെയ്യും. തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിൻെറ ഫലമല്ലാതെ അവർക്ക് നൽകപ്പെടുമോ?

34. ഏതൊരു നാട്ടിൽ നാം ഒരു മുന്നറിയിപ്പുകാരനെ അയച്ചപ്പോഴും നിങ്ങൾ എന്തൊന്നുമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിക്കുന്നവരാകുന്നു എന്ന് അവിടത്തെ സമ്പന്നന്മാർ പറയാതിരുന്നിട്ടില്ല.

35. അവർ പറഞ്ഞു: ഞങ്ങൾ കൂടുതൽ സമ്പത്തും സന്താനങ്ങളുമുള്ളവരാണ്. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നതല്ല.

36. പറയുക: തീർച്ചയായും എൻെറ രക്ഷിതാവ് അവൻ ഇഛിക്കുന്നവർക്ക് വിഭവങ്ങൾ വിപുലീകരിച്ചുകൊടുക്കുകയും(അവൻ ഇഛിക്കുന്നവർക്ക്)അത് ചുരുക്കുകയും ചെയ്യുന്നു. പക്ഷേ, അധികം ആളുകളും അറിയുന്നില്ല.

37. നിങ്ങളുടെ സമ്പത്തും സന്താനങ്ങളുമൊന്നുമല്ല നിങ്ങളെ നമ്മോട് അടുപ്പിക്കുന്നത്. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കൊഴികെ.അതുകൊണ്ട് അക്കൂട്ടർക്ക് അവർ പ്രവർത്തിച്ച(നന്മകൾ)കാരണം ഇരട്ടി പ്രതിഫലമുണ്ട്.അവർ ഉന്നത സൗധങ്ങളിൽ നിർഭയരായി കഴിയുന്നതാണ്.

38. (നമ്മെ)പരാജയപ്പെടുത്താനായി നമ്മുടെ വചനങ്ങളെ എതിർക്കുവാൻ ശ്രമിക്കുന്നവരാരോ അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരാകുന്നു.

39. പറയുക: തീർച്ചയായും എൻെറ രക്ഷിതാവ് തൻെറ ദാസന്മാരിൽ താനിഛിക്കുന്നവർക്ക് വിഭവങ്ങൾ വിപുലീകരിച്ചു കൊടുക്കുകയും(താനിഛിക്കുന്നവർക്ക്)അത് ചുരുക്കുകയും ചെയ്യുന്നു. നിങ്ങൾ ചെലവഴിക്കുന്നതെന്തിനും അവൻ പകരം തരുന്നു.അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ.

40. അവൻ അവരെയെല്ലാം ഒരുമിച്ചുകൂട്ടുന്ന ദിനം. പിന്നെയവൻ മലക്കുകളോട് ചോദിക്കും; ''നിങ്ങളെ ആരാധിച്ചുകൊണ്ടിരുന്നത് ഇവരാണോ?''

41. അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി, അവരല്ല. എന്നാൽ അവർ ജിന്നുകളെയാണ് ആരാധിച്ചിരുന്നത്. അവരിൽ ഏറെപേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരായിരുന്നു.

42. ആകയാൽ അന്ന് നിങ്ങൾക്ക് അന്യോന്യം ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവുണ്ടായിരിക്കുന്നതല്ല. തെറ്റു ചെയ്തവരോട് നാം പറയും: ''നിങ്ങൾ(കളവാണെന്നു) നിഷേധിച്ചുകൊണ്ടിരുന്ന തീയുടെ ശിക്ഷ രുചിച്ചുകൊള്ളുവിൻ.''

43. സുവ്യക്തങ്ങളായ നമ്മുടെ സന്ദേശങ്ങൾ അവരെ വായിച്ചുകേൾപ്പിച്ചാൽ അവർ (ജനങ്ങളോട്)പറയുന്നു:നിങ്ങളുടെ പിതാക്കന്മാർ ആരാധിച്ചുകൊണ്ടിരുന്നതിൽ നിന്ന് നിങ്ങളെ തടയുവാൻ ആഗ്രഹിക്കുന്ന ഒരു മനുഷ്യനല്ലാതെ ഇത് (മറ്റാരും)അല്ല. അവർ പറയുന്നു: ''ഇത്(ഖുർആൻ)കെട്ടിച്ചമുച്ചുണ്ടാക്കിയ കള്ളംമാത്രമാണ്.'' തങ്ങൾക്കു സത്യം വന്നെത്തിയപ്പോൾ അതിനെപ്പറ്റി അവിശ്വാസികൾ പറയുന്നു: ''ഇതു വ്യക്തമായ ജാലവിദ്യ മാത്രമാകുന്നു.''
44. എന്നാൽ നാം അവർക്ക് വായിച്ചു പഠിക്കാൻ (വേദ)പുസ്തകങ്ങളൊന്നും നൽകിയിരുന്നില്ല. നിനക്കു മുമ്പ് നാം അവരിലേക്കൊരു മുന്നറിയിപ്പുകാരനെയും അയച്ചിരുന്നുമില്ല.
45. ഇവർക്ക് മുമ്പുള്ളവരും (സത്യത്തെ)നിഷേധിച്ചിരുന്നു. എന്നാൽ അവർക്ക് നാം കൊടുത്തതിൻെറ പത്തിലൊന്നുപോലും ഇവർക്ക് കിട്ടിയിട്ടില്ല;എന്നിട്ടും അവർ എൻെറ ദൂതന്മാരെ നിഷേധിച്ചു. അപ്പോൾ എൻെറ ശിക്ഷ എങ്ങനെയായിരുന്നു!
46. പറയുക: ''ഞാൻ നിങ്ങളോട് ഒന്നേ ഉപദേശിക്കുന്നുള്ളു.അതായത്,അല്ലാഹുവിനുവേണ്ടി നിങ്ങൾ ഈരണ്ടു പേരായോ ഒറ്റയായോ നിൽക്കുകയും എന്നിട്ട് നിങ്ങൾ ചിന്തിക്കുകയും ചെയ്യണമെന്ന്. നിങ്ങളുടെ കൂട്ടുകാരന്(മുഹമ്മദ് നബി(സ)ക്ക്) യാതൊരു ഭ്രാന്തുമില്ല. കഠിനമായ ഒരു ശിക്ഷക്കുമുമ്പേ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നവൻ മാത്രമാണ് അദ്ദേഹമെന്നും.''
47. പറയുക: ഞാൻ നിങ്ങളോട് വല്ല പ്രതിഫലവും ചോദിച്ചിട്ടുണ്ടെങ്കിൽ അതു നിങ്ങൾക്കു വേണ്ടി തന്നെയാണ്.എനിക്കുള്ള പ്രതിഫലം അല്ലാഹുവിങ്കൽ നിന്ന് മാത്രമാകുന്നു.അവൻ എല്ലാ സംഗതികൾക്കും സാക്ഷിയാണല്ലോ.
48. പറയുക:എൻെറ രക്ഷിതാവ് എനിക്ക്സത്യമെത്തിച്ചുതരുന്നു.(അവൻ)അദൃശ്യകാര്യങ്ങളെല്ലാം അറിയുന്നവനാകുന്നു.
49. പറയുക: സത്യം വന്നുകഴിഞ്ഞു. അസത്യം(ഒന്നിനും)തുടക്കം കുറിക്കുകയില്ല.(അത് ഒന്നിനെയും) പുനഃസ്ഥാപിക്കുകയുമില്ല.
50. പറയുക: ഞാൻ വഴികേടിലാണെങ്കിൽ എൻെറ വഴികേടിൻെറ ദോഷം എനിക്കു തന്നെയാണ്.ഞാൻ നേർവഴിയിലാണെങ്കിലോ അത് എൻെറ രക്ഷിതാവ് എനിക്ക് ബോധനം നൽകിയതിനാലാണ്. തീർച്ചയായും അവൻ (എല്ലാം)കേൾക്കുന്നവനും സമീപസ്ഥനുമാകുന്നു.
51. അവർ(സത്യനിഷേധികൾ)ഭയചകിതരാവുന്ന സന്ദർഭം നീ കണ്ടിരുന്നെങ്കിൽ!അന്ന് ഒരു വിധത്തിലും രക്ഷപ്പെട്ടുപോകാനൊക്കുകയില്ല.അടുത്തുവെച്ച് തന്നെ അവർ പിടികൂടപ്പെടും.
52. അവർ പറയും: അവനിൽ ഞങ്ങൾ (ഇപ്പോൾ) വിശ്വസിക്കുന്നു! വിദൂരമായ ഒരു സ്ഥാനത്തുനിന്ന് എങ്ങനെ അവർക്ക്(വിശ്വാസം)നേടിയെടുക്കാൻ കഴിയും?
53. തീർച്ചയായും മുമ്പ് അവർ അതിൽ അവിശ്വസിച്ചു. ഏറെ ദൂരെ നിന്നു (കൊണ്ട്) നേരിട്ട് അറിയാതെ അവർ ദുരാരോപണം നടത്തുകയായിരുന്നു.
54. അവർക്കും അവർ ആഗ്രഹിക്കുന്ന കാര്യത്തിനുമിടയിൽ തടസ്സം സൃഷ്ടിക്കപ്പെട്ടു; അവരുടെ മുൻഗാമികളായ കൂട്ടുകാർ തടയപ്പെട്ടതുപോലെ.തീർച്ചയായും അവർ അവിശ്വാസജനകമായ സംശയത്തിലായിരുന്നു.

---

******

## അധ്യായം 35

# ഫാത്വിർ. (സ്രഷ്ടാവ്)

**അവതരണം മക്കയിൽ, വചനങ്ങൾ 45**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. സർവസ്തുതിയും അല്ലാഹുവിന്. ആകാശങ്ങളെയും ഭൂമിയെയും (ഇല്ലായ്മയിൽനിന്നും)
സൃഷ്ടിച്ചവൻ; രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിയോ
ഗിച്ചവൻ;സൃഷ്ടിയിൽ താൻ ഉദ്ദേശിക്കുന്നത് അവൻ വർധിപ്പിക്കുന്നു.അല്ലാഹു എല്ലാ കാര്യ
ങ്ങൾക്കും കഴിവുറ്റവനാണ്.

2. അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്ന പക്ഷം അത് തടയാൻ
ആർക്കും സാധ്യമല്ല.അവൻ എന്തെങ്കിലും തടഞ്ഞുവെക്കുകയാണെങ്കിൽ അതിനുശേഷം അ
തു വിട്ടുകൊടുക്കാനും ആർക്കുമാവില്ല. അവൻ പ്രതാപിയും യുക്തിമാനുമാണ്.

3. അല്ലയോ മനുഷ്യരേ, അല്ലാഹു നിങ്ങൾക്കു ചെയ്ത അനുഗ്രഹം നിങ്ങൾ ഓർക്കുക. ആകാ
ശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല
സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ ദൈവമില്ല. പിന്നെയെങ്ങനെയാണ് നിങ്ങൾ വഴി തെറ്റി
പ്പോകുന്നത്?

4. (പ്രവാചകരേ,) അവർ നിന്നെ നിഷേധിക്കുന്നുവെങ്കിൽ തീർച്ചയായും നിനക്കു മുമ്പും
ദൂതന്മാർ നിഷേധിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിങ്കലേക്കാണ് കാര്യങ്ങൾ മടക്കപ്പെടുന്നത്.

5. അല്ലയോ മനുഷ്യരേ! തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. അതിനാൽ
ഐഹിക ജീവിതം നിങ്ങളെ വഞ്ചനയിലകപ്പെടുത്താതിരിക്കട്ടെ.അല്ലാഹുവിനെക്കുറിച്ച് പ
രമവഞ്ചകനായ (പിശാചും)നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ.

6. തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ നിങ്ങൾ അവനെ ശത്രു
വായി ഗണിക്കുക. അവൻ തന്റെ സംഘത്തെ ക്ഷണിക്കുന്നത് അവരെ നരകാവകാശികളാ
ക്കിത്തീർക്കാനാണ്.

7. അവിശ്വസിച്ചവരാരോ അവർക്ക് കഠിനമായ ശിക്ഷയുണ്ട്. വിശ്വസിക്കുകയും സൽക്കർമ
ങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് പാപമോചനവും മഹത്തായ പ്രതിഫല
വുമുണ്ട്.

8. എന്നാൽ തന്റെ ചീത്ത പ്രവൃത്തികൾ അലംകൃതമായി തോന്നിക്കപ്പെടുകയും,അങ്ങനെ അത്
നല്ലതായി കാണുകയും ചെയ്തവന്റെ കാര്യമോ?അപ്പോൾ തീർച്ചയായും താൻ ഉദ്ദേശിക്കുന്ന
വരെ അല്ലാഹു വഴികേടിലാക്കുകയും താൻഉദ്ദേശിക്കുന്നവരെ അവൻവഴികാട്ടുകയും ചെയ്യു
ന്നു. അതിനാൽ അവരെക്കുറിച്ചോർത്ത് കൊടും ദുഃഖത്താൽ നീ നിന്റെ ജീവൻ കളയേ
ണ്ടതില്ല. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവുള്ളവനാകുന്നു.

9. അല്ലാഹുവാണ് കാറ്റുകളെ അയക്കുന്നവൻ; എന്നിട്ട് അത് മേഘത്തെ ഇളക്കി വിടുന്നു.
പിന്നെ നാമതിനെ മൃതപ്രായമായ ഒരു പ്രദേശത്തേക്ക് നയിക്കുകയും അതുമൂലം ഭൂമിയെ
അതിന്റെ നിർജീവാവസ്ഥക്കു ശേഷം നാം സജീവമാക്കുകയും ചെയ്യുന്നു. ഇതുപോലെ
യാണ് ഉയിർത്തെഴുന്നേൽപ്പ്!

10. ആരെങ്കിലും പ്രതാപം ആഗ്രഹിക്കുന്നുവെങ്കിൽ പ്രതാപമെല്ലാം അല്ലാഹുവിന്റെ അധീന
ത്തിലാകുന്നു. നല്ല വാക്കുകൾ കയറിപ്പോകുന്നത് അവങ്കലേക്കാണ്. സൽപ്രവൃത്തികളെ

അവന്‍ ഉയര്‍ത്തുകയും ചെയ്യുന്നു. ദോഷപ്രവൃത്തികള്‍ ആസൂത്രണം ചെയ്യുന്നവര്‍ക്ക്‌ കഠിനശിക്ഷയുണ്ട്‌. അവരുടെ കുതന്ത്രം നാശമടയുകതന്നെ ചെയ്യും.

11. അല്ലാഹു നിങ്ങളെ മണ്ണില്‍നിന്നും പിന്നീട്‌ ബീജകണത്തില്‍നിന്നും സൃഷ്ടിച്ചു. പിന്നീട്‌ അവന്‍ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവോടെയല്ലാതെ ഒരു സ്ത്രീയും ഗര്‍ഭം ചുമക്കുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല.ഒരു ദീര്‍ഘായുസ്സ്‌ നല്‍കപ്പെട്ട ആള്‍ക്കും ആയുസ്സ്‌ നീട്ടിക്കൊടുക്കപ്പെടുന്നതോ അയാളുടെ ആയുസ്സില്‍ കുറവു വരുത്തുന്നതോ ഒരു ഗ്രന്ഥത്തില്‍ ഉള്ളതനുസരിച്ചല്ലാതെ നടക്കുന്നില്ല. തീര്‍ച്ചയായും അല്ലാഹുവിന്‌ അത്‌ എളുപ്പമുള്ളതാകുന്നു.

12. രണ്ടു ജലാശയങ്ങള്‍; അവയൊരിക്കലും ഒരേപോലെയല്ല. ഇത്‌ കുടിക്കാന്‍ രുചികരവും ഹൃദ്യവുമാണ്‌. മറ്റേത്‌ ഉപ്പും ചവര്‍പ്പുള്ളതുമാണ്‌. രണ്ടില്‍നിന്നും നിങ്ങള്‍ക്കു തിന്നാന്‍ പുതുമാംസം ലഭിക്കുന്നു. നിങ്ങള്‍ക്ക്‌ അണിയാനുള്ള ആഭരണങ്ങള്‍ നിങ്ങള്‍ (മുങ്ങിയെടുത്തു)പുറത്തെടുക്കുകയും ചെയ്യുന്നു.അതില്‍കൂടി(തിരകളെ)പിളര്‍ന്ന്‌ കപ്പലുകള്‍ ഓടുന്നത്‌ നിങ്ങള്‍ക്കു കാണാം, അവന്റെ (അല്ലാഹുവിന്റെ) ഔദാര്യത്തില്‍നിന്നും നിങ്ങള്‍ തേടി പ്പിടിക്കുന്നതിനു വേണ്ടിയും; നിങ്ങള്‍ നന്ദി കാട്ടുന്നതിനു വേണ്ടിയുമത്രെ അത്‌.

13. അവന്‍ രാവിനെ പകലില്‍ കടത്തിവിടുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവന്‍ (തന്റെ നിയമത്തിന്‌)വിധേയമാക്കുകയും ചെയ്തിരിക്കുന്നു. ഓരോന്നും നിര്‍ദ്ദിഷ്ടമായ ഒരവധിയിലേക്ക്‌ ചരിക്കുന്നു. (ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്ന)അല്ലഹുവാണ്‌ നിങ്ങളുടെ രക്ഷിതാവ്‌. ആധിപത്യം അവന്നേറതു മാത്രമാണ്‌. അവനെക്കൂടാതെ നിങ്ങള്‍ പ്രാര്‍ഥിക്കുന്നവരോ, ഈത്തപ്പഴക്കുരുവിന്റെ പാടക്കു(പോലും) ഉടമപ്പെടുത്തുന്നില്ല.

14. നിങ്ങള്‍ അവരോട്‌ വിളിച്ചുപ്രാര്‍ത്ഥിച്ചാല്‍ നിങ്ങളുടെ വിളി അവര്‍ കേള്‍ക്കുകയില്ല. അവര്‍കേട്ടാലും നിങ്ങള്‍ക്കവര്‍ ഉത്തരം നല്‍കുന്നതല്ല.ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍ (അല്ലാഹുവിനോട്‌) നിങ്ങള്‍ അവരെ പങ്കു ചേര്‍ത്തത്‌ അവര്‍ നിഷേധിക്കുകയും ചെയ്യും. (ഹേ മനുഷ്യാ! അഖിലത്തിലും) ഇങ്ങനെ സൂക്ഷ്മജ്ഞാനിയെപ്പോലെ (അല്ലാഹുവിനെപ്പോലെ) നിങ്ങള്‍ക്ക്‌ വിവരം തരുന്ന ആരുമില്ല.

15. അല്ലയോ മനുഷ്യരേ! നിങ്ങള്‍ അല്ലാഹുവിന്റെ ആശ്രിതരാണ്‌. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യര്‍ഹനുമാകുന്നു.

16. അവന്‍ ഉദ്ദേശിക്കുന്നുവെങ്കില്‍ അവന്‍ നിങ്ങളെ നീക്കിക്കളയുകയും ഒരു പുതിയ സൃഷ്ടിയെ അവന്‍ കൊണ്ടുവരുകയും ചെയ്യുന്നതാണ്‌.

17. അത്‌ അല്ലാഹുവിന്‌ പ്രയാസകരമല്ല.

18. പാപഭാരം വഹിക്കുന്ന(ഒരാത്മാവും) അന്യന്റെ ഭാരം വഹിക്കുകയില്ല; അധികഭാരം ചുമത്തപ്പെട്ടവന്‍, തന്റെ ചുമട്‌ താങ്ങുവാന്‍ (മറ്റൊരുവനെക്കൂടെ) വിളിച്ചാല്‍, അതില്‍നിന്ന്‌ ഒന്നും തന്നെ (ആരും) ഏറ്റെടുക്കുകയില്ല-(അതാവശ്യപ്പെടുന്നത്‌) അടുത്ത ബന്ധുവായിരുന്നാല്‍ തന്നെയും. അദൃശ്യമായി തങ്ങളുടെ നാഥനെ ഭയപ്പെടുകയും നമസ്കാരത്തെ (കൃത്യമായി)നിലനിറുത്തുകയും ചെയ്യുന്നവര്‍ക്ക്‌ മാത്രമേ നിന്റെ മുന്നറിയിപ്പ്‌ ഫലപ്പെടുകയുള്ളു. വല്ലവനും വിശുദ്ധി പാലിക്കുന്നുവെങ്കില്‍ തന്റെ സ്വന്തം നന്മക്ക്‌ തന്നെയാണ്‌ അവന്‍ വിശുദ്ധി പാലിക്കുന്നത്‌. അല്ലാഹുവിങ്കലേക്കാണ്‌ മടക്കം.

19. അന്ധനും കാഴ്ച്ചയുള്ളവനും സമമാവുകയില്ല.

20. ഇരുളും വെളിച്ചവും (സമമല്ല).

21. തണലും ചുടുവെയിലും (തുല്യം)അല്ല.
22. ജീവനുള്ളവരും മരിച്ചവരും ഒന്നുപോലെയല്ല. തീർച്ചയായും അല്ലാഹു അവനിച്ഛിക്കുന്ന വരെ കേൾപ്പിക്കുന്നു; എന്നാൽ ശവക്കുഴികളിൽ(കിടക്കുന്നവരെ)കേൾപ്പിക്കാൻ നിനക്കാവില്ല.
23. നീ മുന്നറിയിയിപ്പു കൊടുക്കുന്നവൻ മാത്രമാണ്.
24. തീർച്ചയായും നാം നിന്നെ സത്യവുമായി അയച്ചിരിക്കുന്നു.സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പുകാരനുമായിട്ട്. ഒരു മുന്നറിയിപ്പുകാരൻ കഴിഞ്ഞുപോകാത്ത ഒരു ജനതയും ഉണ്ടായിട്ടില്ല.
25. അവർ നിന്നെ നിഷേധിക്കുന്നുവെങ്കിൽ, അവർക്കു മുമ്പുള്ളവരും തീർച്ചയായും (സത്യത്തെ) നിഷേധിച്ചിട്ടുണ്ട്. അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ (തെളിവു)കളും ന്യായപ്രമാണങ്ങളും വെളിച്ചം നൽകുന്ന വേദപുസ്തകവുംകൊണ്ട് അവരുടെ അടുത്ത് ചെല്ലുകയുണ്ടായി.
26. പിന്നീട് നിഷേധിച്ചവരെ നാം പിടികൂടി. അപ്പോൾ എന്റെ രോഷം എങ്ങനെയുള്ളതായിരുന്നു!
27. ആകാശത്തുനിന്നും അല്ലാഹു ജലത്തെ ഇറക്കുന്നുവെന്നു നീ കാണുന്നില്ലേ? എന്നിട്ട് അതുവഴി നാം ഭിന്നവർണങ്ങളുള്ള പലയിനം പഴങ്ങൾ ഉൽപ്പാദിപ്പിക്കുന്നു. പർവതങ്ങളിലുമുണ്ട് വെളുത്തതും ചുവന്നതുമായ വ്യത്യസ്ത വർണമുള്ള വഴികൾ. കറുത്തിരുണ്ടതുമുണ്ട്.
28. മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും അതുപോലെ വ്യതസ്ത വർണമുള്ളവയുണ്ട്. തീർച്ചയായും അല്ലാഹുവിന്റെ ദാസന്മാരിൽ അവനെ ഭയപ്പെടുന്നത് ജ്ഞാനികൾ മാത്രമാണ്. തീർച്ചയായും അല്ലാഹു സർവ്വശക്തനും ഏറെ പൊറുക്കുന്നവനുമാകുന്നു.
29. തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും നമസ്കാരം നില നിറുത്തുകയും, നാം അവർക്ക് നൽകിയ വിഭവങ്ങളിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവർ തീർച്ചയായും നഷ്ടം സംഭവിക്കാത്ത കച്ചവടം പ്രതീക്ഷിക്കുന്നവരാണ്.
30. അവർക്ക് അവരുടെ പ്രതിഫലങ്ങൾ അവൻ പൂർത്തിയാക്കിക്കൊടുക്കുവാനും അവന്റെ ഔദാര്യത്തിൽനിന്നും അവർക്ക് പെരുക്കിക്കൊടുക്കാനും വേണ്ടി. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും നന്ദിയുള്ളവനുമാകുന്നു.
31. നിനക്ക് നാം ബോധനമായി നല്കിയ ഗ്രന്ഥം സത്യമാണ്. അതിനു മുമ്പുള്ള (വേദങ്ങളെ) സത്യപ്പെടുത്തുന്നതും. തീർച്ചയായും അല്ലാഹു തന്റെ ദാസന്മാരെ സംബന്ധിച്ച് സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു.
32. പിന്നീട് നമ്മുടെ ദാസന്മാരിൽനിന്ന് സവിശേഷം തെരഞ്ഞെടുത്തവരെ നാം വേദഗ്രന്ഥത്തിന്റെ അവകാശികളാക്കി. അവരിൽ തങ്ങളോടുതന്നെ അതിക്രമം കാട്ടുന്നവരുണ്ട്. മധ്യനിലപാടുകാരും അവരിലുണ്ട്.അല്ലാഹുവിന്റെ അനുമതിയാൽ,സൽപ്രവൃത്തികളിൽ മുന്നേറിയവരും അവരിലുണ്ട്. അതുതന്നെയാണ് മഹത്തായ അനുഗ്രഹം.
33. അവർ നിത്യവാസത്തിനുള്ള സ്വർഗീയാരാമങ്ങളിൽ പ്രവേശിക്കുന്നതാണ്. അവരവിടെ സ്വർണം കൊണ്ടുള്ള വളകളും മുത്തും അണിയിക്കപ്പെടും. അവിടെ അവരുടെ ഉടുപ്പുകൾ പട്ടായിരിക്കും.

34. അവർ പറയും: ഞങ്ങളിൽനിന്ന് ദുഃഖങ്ങൾ നീക്കിക്കളഞ്ഞ അല്ലാഹുവിന് സ്തുതി. തീർച്ചയായും ഞങ്ങളുടെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും നന്ദിയുള്ളവനുമത്രെ.
35. തന്റെ അനുഗ്രഹത്താൽ (എന്നെന്നും) നിലനിൽക്കുന്ന ഗൃഹത്തിൽ ഞങ്ങളെ പാർപ്പിച്ചവൻ. ഇനി നമുക്കിവിടെ യാതൊരു ബുദ്ധിമുട്ടും നേരിടുകയില്ല. യാതൊരു ക്ഷീണവും ഇവിടെ ഞങ്ങളെ ബാധിക്കുകയുമില്ല.
36. അവിശ്വസിച്ചവരാരോ അവർക്കുള്ളതാണ് നരകാഗ്നി. അവരുടെ മേൽ (മരണം)വിധിക്കപ്പെടുന്നതല്ല. എന്നാലവർക്ക് മരണപ്പെട്ട് പോകാമായിരുന്നു. അതിലെ ശിക്ഷയിൽനിന്ന് അവർക്കൊട്ടും ഇളവ് കിട്ടുകയില്ല. ഓരോ നന്ദി കെട്ടവനും ഇപ്രകാരം നാം പ്രതിഫലം കൊടുക്കുന്നു.
37. അവർ അവിടെവെച്ച് അലമുറയിടും:''ഞങ്ങളുടെ രക്ഷിതാവേ!ഞങ്ങളെ (ഇവിടെനിന്നും) പുറത്തുവിടേണമേ! ഞങ്ങൾ (മുമ്പ്) ചെയ്തിരുന്നതിൽനിന്ന് വ്യത്യസ്തമായി ഞങ്ങൾ നല്ല കാര്യങ്ങൾ ചെയ്തുകൊള്ളാം. (പറയപ്പെടും): നാം നിങ്ങൾക്ക് ആയുസ്സ് നീട്ടിത്തന്നില്ലേ; മുന്നറിയിപ്പ് കൈക്കൊള്ളുന്നത് ആരോ അവൻ അതിൽ വെച്ച് മുന്നറിയിപ്പ് കൈക്കൊള്ളുവാൻ. മുന്നറിയിപ്പുകാരൻ നിങ്ങളുടെ അടുത്ത് വരികയും ചെയ്തു. അതുകൊണ്ട് നിങ്ങൾ അനുഭവിച്ചുകൊള്ളുക. അക്രമികൾക്ക് സഹായിയായി ആരുമില്ല.
38. തീർച്ചയായും അല്ലാഹു ആകാശങ്ങളിലും ഭൂമിയിലും ഒളിഞ്ഞു കിടക്കുന്നവയൊക്കെയും അറിയുന്നവനാണ്.തീർച്ചയായും അവൻഹൃദയങ്ങളിലുള്ള(രഹസ്യങ്ങൾ)അറിയുന്നവനാകുന്നു
39. നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയവൻ അവനാണ്. ആകയാൽ വല്ലവനും അവിശ്വസിക്കുന്നുവെങ്കിൽ ആ അവിശ്വാസത്തിന്റെ ദോഷം അവനു തന്നെയാണ്. സത്യനിഷേധികൾക്ക് അവരുടെ സത്യനിഷേധം അവരുടെ രക്ഷിതാവിങ്കൽ കോപമല്ലാതൊന്നും വർധിപ്പിക്കുകയില്ല. അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം നഷ്ടമല്ലാതൊന്നും വർധിപ്പിക്കുന്നില്ല.
40. നീ പറയുക; അല്ലാഹുവിനെ കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന നിങ്ങളുടെ പങ്കാളികളെ നിങ്ങൾ കണ്ടിട്ടുണ്ടോ? ഭൂമിയിൽ എന്താണ് അവർ സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്കു കാണിച്ചു തരൂ. അല്ലെങ്കിൽ ആകാശങ്ങളിൽ അവർക്ക് വല്ല പങ്കുമുണ്ടോ? അതല്ലെങ്കിൽ നാം അവർക്ക് എന്തെങ്കിലും ഗ്രന്ഥം നൽകിയിട്ട് അതിൽനിന്നുള്ള തെളിവനുസരിച്ചാണോ അവർ നിലകൊള്ളുന്നത്? അല്ല, അക്രമികൾ തമ്മിൽ തമ്മിൽ വാഗ്ദാനം ചെയ്തു കൊണ്ടിരിക്കുന്നത് വഞ്ചന മാത്രമാകുന്നു.
41. തീർച്ചയായും അല്ലാഹു അകാശങ്ങളെയും ഭൂമിയെയും(യഥാർത്ഥ സ്ഥാനങ്ങളിൽനിന്ന്) നീങ്ങിപ്പോകാതെ പിടിച്ചുനിർത്തുന്നു. അവ നീങ്ങിപ്പോവുകയാണെങ്കിൽ അവൻ (കൈവിട്ട) ശേഷം അവനെക്കൂടാതെ അവയെ പിടിച്ചുനിർത്തുന്ന ആരുമില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാണ്.
42. തങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ വന്നെത്തിയാൽ തങ്ങൾ മറ്റേതു സമുദായത്തേക്കാളും സന്മാർഗം സ്വീകരിക്കുന്നവരാകുമെന്ന് തങ്ങൾക്കാവും വിധം അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറഞ്ഞു.എന്നാൽ അവരിൽ മുന്നറിയിപ്പുകാരൻ വന്നപ്പോൾ അത് അവരിൽ (സത്യത്തിൽ നിന്ന്) അകൽച്ച മാത്രമേ വർധിപ്പിച്ചുള്ളു.
43. അവർ ഭൂമിയിൽ അഹങ്കരിച്ചു നടക്കുകയും, ദുഷിച്ച തന്ത്രങ്ങളിലേർപ്പെടുകയും ചെയ്യുന്നതിനാലാണ് അത്. ദുഷിച്ച തന്ത്രം അത് പയറ്റുന്നവരെതന്നെ ബാധിക്കുന്നു. അതിനാൽ മുൻഗാമികളുടെ കാര്യത്തിലുണ്ടായ നടപടിക്രമമല്ലാതെ എന്താണവർക്ക് കാത്തിരിക്കാ

നുള്ളത്? അല്ലാഹുവിൻെറ നടപടിക്ക് യാതൊരു ഭേദഗതിയും നിനക്കു കാണാനാവില്ല. അല്ലാഹുവിൻെറ നടപടിക്രമത്തിന് യാതൊരു മാറ്റവും നീ കണ്ടെത്തുകയില്ല.

44. അവർ ഭൂമിയിൽ കൂടി സഞ്ചരിക്കുകയും അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് കാണുകയും ചെയ്യുന്നില്ലേ? അവർ ഇവരെക്കാൾ എത്രയോ കരുത്തരായിരുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ള യാതൊന്നിനും അല്ലാഹുവെ തോൽപ്പിക്കാനാവില്ല. തീർച്ചയായും അവൻ അറിവുറ്റവനും പരമശക്തനുമത്രെ.

45. തങ്ങൾ സമ്പാദിച്ച (തിന്മയർഹിക്കുന്ന)തനുസരിച്ച് മനുഷ്യരെ അല്ലാഹു ശിക്ഷിച്ചിരുന്നുവെങ്കിൽ, ഈ (ഭൂമി)യുടെ പുറത്ത് ഒരു ജന്തുവിനെയും അവൻ ബാക്കിവെക്കുമായിരുന്നില്ല. പക്ഷേ, അവൻ ഒരു നിശ്ചിത അവധിവരെ അവർക്ക് അവസരം നൽകിക്കൊണ്ടിരിക്കുകയാകുന്നു. അങ്ങനെ അവരുടെ കാലാവധി വന്നെത്തിയാൽ തീർച്ചയായും അല്ലാഹു തൻെറ ദാസന്മാരെ കണ്ടറിയുന്നതാണ്.

---

*****

## അധ്യായം 36

# യാസീൻ

**അവതരണം മക്കയിൽ, വചനങ്ങൾ 83**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. യാസീൻ.
2. തത്വസമ്പൂർണ്ണമായ ഖുർആൻ തന്നെ സത്യം.
3. തീർച്ചയായും നീ ദൈവദൂതന്മാരിൽ പെട്ടവനാകുന്നു.
4. നേരായ പാതയിലാകുന്നു (നീ).
5. (ഈ ഖുർആൻ) പ്രതാപിയും പരമകാരുണികനുമായവൻ ഇറക്കിയതാണ്.
6. ഒരു ജനതക്കു നീ മുന്നറിയിപ്പു നൽകാൻ വേണ്ടി. അവരുടെ പിതാക്കൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിട്ടില്ല. അതുകൊണ്ട് അവർ (വെളിപാടിനെക്കുറിച്ച്) ബോധമില്ലാത്തവരാണ്.
7. അവരിൽ അധികം പേരുടെയും മേൽ (ശിക്ഷയെ സംബന്ധിച്ച) വചനം സത്യമായി പുലർന്നിരിക്കുന്നു. അതുകൊണ്ട് അവർ സത്യവിശ്വാസം കൈക്കൊള്ളുന്നതല്ല.
8. നിശ്ചയമായും അവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെച്ചിരിക്കുന്നു.അത് (അവരുടെ)താടിയെല്ലുകൾ വരെയുണ്ട്. അതുകൊണ്ട് അവരുടെ ശിരസ്സ് ഉയർത്തപ്പെട്ടിരിക്കുന്നു.
9. നാം അവരുടെ മുന്നിലൊരു തടസ്സവും അവരുടെ പിന്നിൽ ഒരു തടസ്സവും വെച്ചിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിക്കളഞ്ഞു. അതിനാൽ അവർക്കൊന്നും കാണാനാവില്ല.
10. നീ അവർക്കു താക്കീതു നൽകുന്നതും അല്ലെങ്കിൽ താക്കീതു നൽകാതിരിക്കുന്നതും അവർക്ക് സമമാണ്. അവർ വിശ്വസിക്കുകയില്ല.
11. ഉദ്ബോധനത്തെ പിൻപറ്റുകയും, അദൃശ്യാവസ്ഥയിൽ പരമകാരുണികനെ ഭയപ്പെടുകയും ചെയ്യുന്നതാരോ അവനെ മാത്രമേ നീ താക്കീതു ചെയ്യേണ്ടതുള്ളു. അതിനാലവരെ പാപമോചനത്തെയും ഉദാരമായ പ്രതിഫലത്തെയും സംബന്ധിച്ച സന്തോഷവാർത്ത അറിയിക്കുക.
12. നിശ്ചയമായും നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ ചെയ്തു വെച്ചതും അവരുടെ(പ്രവർത്തനങ്ങളുടെ) അനന്തര ഫലങ്ങളും നാം എഴുതി വെക്കുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളും നാം വ്യക്തമായ ഒരു രേഖയിൽ കൃത്യമായി ചേർത്തിരിക്കുന്നു.
13. ഒരു ഉദാഹരണമെന്ന നിലക്ക് ഒരു പട്ടണത്തിലെ ജനങ്ങളെ(ക്കുറിച്ച്) നീ അവർക്ക് പറഞ്ഞുകൊടുക്കുക: ദൈവദൂതന്മാർ അവിടെ ചെന്ന സന്ദർഭം!
14. അവരുടെ അടുക്കലേക്ക് നാം രണ്ടുപേരെ ദൂതന്മാരായി അയച്ചപ്പോൾ ഇരുവരെയും അവർ നിഷേധിച്ചു. അപ്പോൾ ഒരു മൂന്നാമനെക്കൊണ്ട് നാം അവർക്ക് പിൻബലമേകി. എന്നിട്ട് അവർ(ദൂതന്മാർ)പറഞ്ഞു: ''തീർച്ചയായും നിങ്ങളിലേക്ക്(അയക്കപ്പെട്ട) ദൈവദൂതന്മാരാണ് ഞങ്ങൾ.''
15. അവർ(ജനങ്ങൾ)പറഞ്ഞു:''നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു. പരമകാരുണികൻ യാതൊന്നും ഇറക്കിയിട്ടുമില്ല. നിങ്ങൾ കള്ളംപറയുകമാത്രമാണ്.
16. അവർ(ദൂതന്മാർ) പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവിന്നറിയാം, തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അടുത്തേക്ക് (അയക്കപ്പെട്ട) ദൈവദൂതന്മാരാണെന്ന്.
17. (സന്ദേശത്തെ) വ്യക്തമായി എത്തിച്ചുതരികയല്ലാതെ ഞങ്ങളുടെ മേൽ(മറ്റു ബാധ്യത)യില്ല.

18. അവർ(ജനങ്ങൾ) പറഞ്ഞു: ‘‘തീർച്ചയായും ഞങ്ങൾ നിങ്ങളെ ഒരു ദുശ്ശകുനമായി കരുതുന്നു. നിങ്ങൾ(ഇതിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നിങ്ങളെ കല്ലെറിയും. ഞങ്ങളിൽനിന്ന് നിങ്ങൾ വേദനയുറ്റ ശിക്ഷ അനുഭവിക്കുകതന്നെ ചെയ്യും.’’
19. അവർ(ദൂതന്മാർ) പറഞ്ഞു: നിങ്ങളുടെ ദുശ്ശകുനം നിങ്ങളുടെ കൂടെതന്നെ. നിങ്ങൾക്ക് ഉപദേശം നൽകപ്പെട്ടതിനാൽ ഇതാണോ നിങ്ങളുടെ സമീപനം? എന്നാൽ നിങ്ങൾ അതിരു കവിഞ്ഞ ജനത തന്നെയാകുന്നു.
20. ആ പട്ടണത്തിൻെറ അങ്ങേയറ്റത്തുനിന്ന് ഒരാൾ ഓടിവന്ന് പറഞ്ഞു: എൻെറ ജനങ്ങളേ! നിങ്ങൾ ദൈവദൂതന്മാരെ പിൻപറ്റുവിൻ.
21. നിങ്ങളോട് പ്രതിഫലമൊന്നും ആവശ്യപ്പെടാത്തവരെ നിങ്ങൾ പിന്തുടരുവിൻ. അവർ നേർ വഴി പ്രാപിച്ചവരത്രെ.
22. എന്നെ സൃഷ്ടിച്ചുണ്ടാക്കിയവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം? അവനിൻെറ അടുക്കലേക്കുതന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും.
23. അവനു പുറമെ വല്ല ദൈവങ്ങളെയും ഞാൻ സ്വീകരിക്കുകയോ? പരമകാരുണികൻ എനിക്കു വല്ല വിപത്തും വരുത്താനുദ്ദേശിച്ചാൽ അവരുടെ ശിപാർശയൊന്നും എനിക്കൊരു പ്രയോജനവും ചെയ്യുകയില്ല. അവർ എന്നെ രക്ഷിക്കുകയുമില്ല.
24. ഞാൻ (അപ്രകാരം ചെയ്തു)മെങ്കിൽ തീർച്ചയായും ഞാൻ വ്യക്തമായ ദുർമാർഗത്തിലായിരിക്കും.
25. തീർച്ചയായും ഞാൻ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ എൻെറ വാക്ക് കേൾക്കുക.
26. (അവനോട്)പറയപ്പെട്ടു:‘സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.’അദ്ദേഹംപറഞ്ഞു:‘‘ഹാ,എൻെറ ജനത ഇതറിഞ്ഞിരുന്നെങ്കിൽ!’’

---

26. ആ സത്യവിശ്വാസിയെ ആ നാട്ടുകാർ കൊല്ലുകയാണുണ്ടായത്. രക്തസാക്ഷിത്വത്തെ തുടർന്ന് അദ്ദേഹത്തിന് അല്ലാഹു സ്വർഗത്തെപറ്റി സന്തോഷവാർത്ത അറിയിച്ചകാര്യവും അതിനുള്ള പ്രതികരണവുമാണ് ഇവിടെ പരാമർശിക്കുന്നത്.തൻെറ ജനത സത്യം സ്വീകരിക്കുകയും സദുപദേശം ചെവികൊള്ളുകയും ചെയ്തിരുന്നുവെങ്കിൽ ഇതുപോലുള്ള ഭാഗ്യം അവർക്കും കൈവരുമായിരുന്നുവല്ലോ എന്ന് അദ്ദേഹം ആശിച്ചു.

---

27. ‘എൻെറ രക്ഷിതാവ് എനിക്കു പൊറുത്തുതരികയും എന്നെ ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തതിനെപറ്റി’.
28. അദ്ദേഹത്തിനു ശേഷം നാം അദ്ദേഹത്തിൻെറ ജനതയുടെ നേരെ ആകാശത്തു നിന്ന് ഒരു സൈന്യത്തെയും ഇറക്കിയിട്ടില്ല. (അപ്രകാരം)നാം ഇറക്കിക്കൊണ്ടിരിക്കുന്നവനുമല്ല.
29. അതൊരു ഘോരശബ്ദം മാത്രമായിരുന്നു. അപ്പോഴേക്കും അവരൊക്കെയും കെട്ടടങ്ങി.
30. ആ ദാസന്മാരുടെ കാര്യം ദയനീയം. ഏതൊരു ദൈവദൂതൻ അവരുടെ അടുത്ത് ചെല്ലുമ്പോഴും അവർ അദ്ദേഹത്തെ പരിഹസിക്കാതിരുന്നിട്ടില്ല.
31. ഇവർക്കു മുമ്പ് എത്രയെത്ര തലമുറകളെയാണ് നാം നശിപ്പിച്ചത്? അവർ (ആരും) ഇവരിലേക്ക് മടങ്ങിവരുന്നില്ല എന്ന് ഇവർക്ക് കണ്ടുകൂടേ?
32. എന്നാൽ എല്ലാവരും ഒന്നടങ്കം നമ്മുടെ മുമ്പിൽ ഹാജരാകാപ്പെടുന്നതാണ്.
33. അവർക്കൊരു ദൃഷ്ടാന്തമാണ്, നിർജീവമായ ഭൂമി. നാം അതിനെ ജീവിപ്പിക്കുകയും അതിൽനിന്നും ധാന്യം ഉൽപാദിപ്പിക്കുകയും ചെയ്തിരിക്കുന്നു, എന്നിട്ട് അതിൽനിന്ന് അവർ ഭക്ഷിച്ചുകൊണ്ടിരിക്കുന്നു.

34. നാമതില്‍ ഈന്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങള്‍ ഉണ്ടാക്കുകയും അതില്‍ നാം അരുവികള്‍ ഒഴുക്കുകയും ചെയ്തു.
35. അതിന്‍റെ കായ്കനികളില്‍നിന്ന് അവര്‍ ഭക്ഷിക്കുന്നതിനുവേണ്ടി. അത് അവരുടെ കൈകള്‍ ചെയ്തുണ്ടാക്കിയതുമല്ല. അപ്പോള്‍ അവര്‍ നന്ദി കാണിക്കുന്നില്ലേ?
36. ഭൂമി മുളപ്പിക്കുന്ന സസ്യങ്ങളിലും അവരുടെ വര്‍ഗത്തില്‍ തന്നെയും(ഇനിയും)അവര്‍ അറി യാത്ത വസ്തുക്കളിലും പെട്ട എല്ലാറ്റിനെയും ഇണകളായി സൃഷ്ടിച്ചവന്‍ എത്ര പരിശുദ്ധന്‍.
37. രാത്രിയും അവര്‍ക്കൊരു ദൃഷ്ടാന്തമാണ്. അതില്‍നിന്ന് പകലിനെ നാം ഊരിയെടുക്കുന്നു. അപ്പോള്‍ അവരതാ ഇരുട്ടില്‍ അകപ്പെടുന്നു.
38. സൂര്യന്‍ അതിന്‍റെ സങ്കേതത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപിയും സര്‍വ്വജ്ഞനുമായ അല്ലാഹു നിര്‍ണയിച്ചുവച്ചതത്രെ.
39. ചന്ദ്രന്നും നാം ചില (സഞ്ചാര)ഘട്ടങ്ങള്‍ നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ അത് (ഈത്തപ്പനയുടെ) പഴയ കുലത്തണ്ടുപോലെ ആയിത്തീരുന്നു.
40. ചന്ദ്രനെ എത്തിപ്പിടിക്കാന്‍ സൂര്യനു സാധ്യമല്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. എല്ലാം ഓരോ പഥങ്ങളില്‍ നീന്തിക്കൊണ്ടേയിരിക്കുകയാകുന്നു.
41. അവരുടെ സന്താനങ്ങളെ നാം ഭാരം നിറച്ച കപ്പലില്‍ കയറ്റിക്കൊണ്ടുപോയതും അവര്‍ക്കൊരു ദൃഷ്ടാന്തമാകുന്നു.
42. അതുപോലുള്ള വസ്തുക്കളില്‍നിന്ന് അവര്‍ക്ക് സവാരിചെയ്യാവുന്ന (പല)തിനെയും അവര്‍ക്ക് നാം സൃഷ്ടിച്ചുകൊടുത്തിരിക്കുന്നു.
43. നാം ഉദ്ദേശിക്കുകയാണെങ്കില്‍ നാം അവരെ(സമുദ്രത്തില്‍) മുക്കിക്കളയുന്നതാണ്. അപ്പോള്‍ (അവരുടെ വിളികേള്‍ക്കാന്‍) അവര്‍ക്കൊരു സഹായിയും ഉണ്ടായിരിക്കുന്നതല്ല. അവര്‍ രക്ഷ പ്പെടുകയുമില്ല.
44. നമ്മുടെ കാരുണ്യമാകുന്നു (ഇവരെ രക്ഷപ്പെടുത്തുന്നതും) നിശ്ചിത കാലം വരെ ജീവിത സുഖം അനുഭവിക്കാന്‍ അവസരമേകുന്നതും.
45. ''നിങ്ങള്‍ക്കു മുന്നില്‍ സംഭവിക്കുന്നതും പിന്നില്‍ കഴിഞ്ഞുപോയിട്ടുള്ളതുമായ(ശിക്ഷയെ) നിങ്ങള്‍ സൂക്ഷിക്കുക'' നിങ്ങള്‍ക്ക് കാരുണ്യം ലഭിച്ചേക്കാം എന്ന് അവരോട് പറയപ്പെട്ടാല്‍ (അവര്‍ തിരിഞ്ഞു മാറിക്കളയുന്നു).
46. അവരുടെ രക്ഷിതാവിന്‍റെ ദൃഷ്ടാന്തങ്ങളില്‍നിന്ന് ഏതൊരു ദൃഷ്ടാന്തം അവര്‍ക്ക് വന്നെത്തിയാലും അവര്‍ അതില്‍നിന്ന് തിരിഞ്ഞ് കളയാതിരിക്കുന്നില്ല.
47. ''അല്ലാഹു നിങ്ങള്‍ക്ക് നല്‍കിയ വിഭവങ്ങളില്‍നിന്നും ചെലവഴിക്കുവിന്‍'' എന്ന് അവരോട് പറയപ്പെട്ടാല്‍ വിശ്വാസികളോട് അവിശ്വാസികള്‍ പറയും: ''അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കില്‍ അവന്‍ തന്നെ ആഹാരം കൊടുത്തുകൊള്ളുമായിരുന്ന ഒരുവന് ഞങ്ങള്‍ ആഹാരം കൊടുക്കണോ? നിങ്ങള്‍ വ്യക്തമായ വഴികേടില്‍ തന്നെയാകുന്നു.
48. അവര്‍ ചോദിക്കുന്നു: ''എപ്പോഴാണ് ഈ വാഗ്ദത്തം പുലരുക, നിങ്ങള്‍ സത്യം പറയുന്നവരാണെങ്കില്‍?

---

48. അന്ത്യനാളിനെപ്പറ്റിയും ദൈവശിക്ഷയെപ്പറ്റിയും അല്ലാഹു നല്‍കിയ വാഗ്ദാനമാണ് പരാമര്‍ശം

---

49. ഒരൊറ്റ ഘോരശബ്ദം മാത്രമാണ് അവര്‍ കാത്തിരിക്കുന്നത്. അവര്‍ അന്യോന്യം തര്‍ക്കിച്ചുകൊണ്ടിരിക്കെ അത് അവരെ പിടികൂടും.

50. അന്നേരം അവർക്ക് ഒസ്യത്ത് ചെയ്യാൻ പോലും സാധിക്കുകയില്ല. അവർക്ക് അവരുടെ കുടുംബത്തിലേക്ക് മടങ്ങാനും കഴിയില്ല.
51. കാഹളത്തിൽ ഊതപ്പെടും. അപ്പോൾ അവർ കുഴിമാടങ്ങളിൽനിന്ന് അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ചു ചെല്ലും.
52. അവർ പറയും: ഞങ്ങളുടെ നാശമേ! ആരാണ് ഞങ്ങൾ ഉറങ്ങുന്നിടത്തുനിന്ന് ഞങ്ങളെ എഴുന്നേൽപിച്ചത്? (പറയപ്പെടും:) ''പരമകാരുണികൻ വാഗ്ദാനം ചെയ്തത് ഇതാണ്. ദൂതന്മാർ സത്യം തന്നെയാണ് പറഞ്ഞത്''.
53. അത് ഒരൊറ്റ ഘോരശബ്ദമായിരിക്കും. അപ്പോഴേക്കും അവരതാ ഒന്നടങ്കം നമ്മുടെ സന്നിധിയിൽ ഹാജരാക്കപ്പെടുന്നു.
54. അന്ന് ഒരാളോടും തന്നെ അൽപവും അനീതി ചെയ്യപ്പെടുന്നതല്ല. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല.
55. തീർച്ചയായും സ്വർഗവാസികൾ അന്ന് ഓരോ പ്രവൃത്തികളിലായി പരമാനന്ദത്തിലായിരിക്കും.
56. അവരും അവരുടെ ഇണകളും തണലുകളിൽ അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും.
57. അവർക്കവിടെ പഴവർഗങ്ങളുണ്ട്, അവർ വിളിച്ചു ചോദിക്കുന്നത് എന്തും അവർക്കുണ്ട്.
58. ''സമാധാനം''- ഇതായിരിക്കും കരുണാനിധിയായ രക്ഷിതാവിൽനിന്ന് അവർക്കുള്ള അഭിവാദ്യം.
59. 'കുറ്റവാളികളേ, നിങ്ങൾ ഇന്ന് വേറെ മാറിനിൽക്കുക.'
60. അല്ലയോ ആദം സന്തതികളേ, ഞാൻ നിങ്ങളെ ഉപദേശിച്ചിരുന്നില്ലയോ, ചെകുത്താന് വഴിപ്പെട്ടുപോകരുത്, നിശ്ചയമായും അവൻ നിങ്ങളുടെ തുറന്ന ശത്രുവാണെന്ന്?
61. നിങ്ങൾ എനിക്കു വഴിപ്പെടുക, ഇതാണ് നേർവഴിയെന്നും.
62. തീർച്ചയായും നിങ്ങളുടെ കൂട്ടത്തിൽനിന്ന് നിരവധി സംഘങ്ങളെ അവൻ (പിശാച്) വഴിപിഴപ്പിച്ചിട്ടുണ്ട്. എന്നിട്ടും നിങ്ങൾ ചിന്തിച്ചിരുന്നില്ലേ?
63. ''നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന നരകം ഇതാണ്.''
64. 'നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നത് കാരണമായി ഈ ദിനം നിങ്ങൾ അവിടെ എരിയുവിൻ!'
65. ആ ദിനം നാം അവരുടെ വായകൾക്ക് മുദ്രവെക്കും. അവർ സമ്പാദിച്ചിരുന്ന (പാപങ്ങളെക്കുറിച്ച്), അവരുടെ കൈകൾ നമ്മോട് സംസാരിക്കുകയും,അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുകയും ചെയ്യും.
66. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കണ്ണുകൾ നാം കെടുത്തിക്കളയുമായിരുന്നു. അപ്പോഴവർ വഴിയിലൂടെ മുന്നോട്ട് കുതിക്കാൻ നോക്കും. എന്നാൽ അവർക്കെങ്ങനെ കാണാൻ കഴിയും?
67. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നാം അവരെ അവർ നിൽക്കുന്നേടത്ത് വെച്ചു തന്നെ രൂപം മാറ്റുമായിരുന്നു. അപ്പോൾ അവർക്ക് മുന്നോട്ട് പോവാൻ ആവില്ല. അവർ മടങ്ങിവരുകയും ഇല്ല.
68. ആർക്കു നാം ആയുസ്സു നീട്ടുന്നുവോ സൃഷ്ടിപ്പിൽ അവനെ നാം (മാറ്റി)മറിക്കുന്നു. എന്നിട്ടും അവർ ബുദ്ധി ഉപയോഗിക്കുന്നില്ലേ?

69. അദ്ദേഹത്തെ(നബിയെ) നാം കവിത പഠിപ്പിച്ചിട്ടില്ല.അത് അദ്ദേഹത്തിന് യോജിച്ചതുമല്ല. ഇത് ഒരു അനുസ്മരണവും(സത്യം)വ്യക്തമാക്കുന്ന ഖുർആനും അല്ലാതെ(മറ്റൊന്നും) അല്ല.
70. ജീവനുള്ളവർക്ക് (ചിന്തിക്കുന്നവർക്ക്) അത് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി; അവിശ്വാസികളുടെ മേൽ (ശിക്ഷയുടെ)വചനം സത്യമായി പുലരുവാൻ വേണ്ടിയും.
71. നമ്മുടെ കരങ്ങളുണ്ടാക്കിയവയിൽപെട്ടവയാണ് കന്നുകാലികളെന്ന് അവർ കാണുന്നില്ലേ; അവർക്കു വേണ്ടിയാണ് നാം അത് സൃഷ്ടിച്ചതെന്നും? അങ്ങനെ അവർ അവയുടെ ഉടമസ്ഥരായിരിക്കുന്നു.
72. നാം അവയെ ഈ വിധം അവർക്കു മെരുക്കിക്കൊടുത്തു. അവയിൽ ചിലത് അവരുടെ വാഹനമാണ്. ചിലതിനെ അവർ ഭക്ഷിക്കുകയും ചെയ്യുന്നു.
73. അവർക്ക് അവയിൽ പല പ്രയോജനങ്ങളുമുണ്ട്.പാനീയങ്ങളും ഉണ്ട്. അപ്പോൾ അവർ നന്ദി കാട്ടുകയില്ലേ?
74. തങ്ങൾക്കു സഹായം ലഭിക്കാനായി അല്ലാഹുവെക്കൂടാതെ പല ദൈവങ്ങളെയും അവർ സ്വീകരിച്ചിരിക്കുന്നു.
75. എന്നാൽ അവരെ സഹായിക്കാൻ അവർക്ക് (ദൈവങ്ങൾക്ക്) സാധ്യമല്ല. അവർ അവർക്കായി (ദൈവങ്ങൾക്ക്) തയ്യാറായി നിൽക്കുന്ന സൈന്യമാണ്.
76. അതിനാൽ അവരുടെ വാക്കുകൾ നിന്നെ വേദനിപ്പിക്കാതിരിക്കട്ടെ. തീർച്ചയായും അവർ പരസ്യമാക്കുന്നതും രഹസ്യമാക്കുന്നതും നാം അറിയുന്നു.
77. മനുഷ്യൻ കണ്ടില്ലേ? അവനെ നാം ഒരു ബീജകണത്തിൽനിന്നാണ് സൃഷ്ടിച്ചതെന്ന്? എന്നിട്ട് അവനതാ സ്പഷ്ടമായ ഒരു എതിരാളിയായിരിക്കുന്നു.
78. നമുക്ക് അവൻ ഒരു ഉപമ പ്രയോഗിക്കുകയും അവൻെറ (തന്നെ) സൃഷ്ടിയെക്കുറിച്ച് അവൻ മറക്കുകയും ചെയ്യുന്നു. അവൻ ചോദിക്കുന്നു:എല്ലുകൾ ദ്രവിച്ചു കഴിഞ്ഞശേഷം അവയെ ആർ ജീവിപ്പിക്കാനാണ്?
79. പറയുക: ആദ്യ തവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ (വീണ്ടും) അവയെ ജീവിപ്പിക്കും. അവൻ എല്ലാവിധ സൃഷ്ടിപ്പിനെപ്പറ്റിയും നന്നായറിയുന്നവനാണ്.
80. പച്ചമരത്തിൽനിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തന്നവനത്രെ അവൻ. അപ്പോൾ നോക്കുക! അതിൽനിന്നും നിങ്ങൾ കത്തിക്കുന്നു.
81. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ അവരെപ്പോലെയുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ! അവനത്രേ (അതുല്യനായ) സൃഷ്ടികർത്താവ്. എല്ലാം അറിയുന്നവനും.
82. അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ‘ഉണ്ടാകൂ’ എന്ന് പറയുക മാത്രമാകുന്നു. അപ്പോഴേക്കും അതുണ്ടാകുന്നു.
83. അപ്പോൾ, സകല സംഗതികളുടെയും രാജാധിപത്യം യാതൊരുവൻെറ കൈവശമാണോ, നിങ്ങൾ മടക്കപ്പെടുന്നത് ആരുടെ അടുത്തേക്കാണോ അവൻ എത്ര പരിശുദ്ധൻ!

******

## അധ്യായം 37

# അസ്സ്വാഫ്ഫാത്‌. (അണിനിരന്നവ)

അവതരണം മക്കയിൽ, വചനങ്ങൾ 182

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. അണിയണിയായി നിരന്നു നിൽക്കുന്നവർ (മലക്കുകൾ) സത്യം!
2. പിന്നെ കർശനമായി തടയുന്നവ തന്നെ സത്യം.
3. എന്നിട്ട്‌ കീർത്തനം ചൊല്ലുന്നവർ സത്യം.
4. നിശ്ചയമായും നിങ്ങളുടെ ദൈവം ഏകൻ തന്നെ.
5. ആകാശങ്ങളുടെയും ഭൂമിയുടെയും,അവയ്ക്കിടയിലുള്ളവയുടെയും രക്ഷിതാവും, ഉദയസ്ഥാനങ്ങളുടെ രക്ഷിതാവുമായിട്ടുള്ളവനാണ്‌(അവൻ).
6. തീർച്ചയായും അടുത്തുള്ള ആകാശത്തെ നാം നക്ഷത്രാലങ്കാരങ്ങളാൽ മോടിപിടിപ്പിച്ചിരിക്കുന്നു.
7. ധിക്കാരിയായ ഏതു പിശാചിൽനിന്നും(അതിനെ)സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു.
8. അത്യുന്നത സദസ്സിനു നേരെ അവർക്ക്‌ (പിശാചുക്കൾക്ക്‌) ഉറ്റുകേൾക്കുവാനാകുകയില്ല. എല്ലാ ഭാഗത്തുനിന്നും അവർ ഓടിക്കപ്പെടും.
9. തുരത്തപ്പെട്ടുകൊണ്ട്‌- അവർക്ക്‌ ശാശ്വതമായ ഒരു ശിക്ഷയുമുണ്ട്‌.
10. ആരെങ്കിലും വല്ലതും റാഞ്ചിയെടുക്കുകയാണെങ്കിൽ; അപ്പോൾ തീക്ഷ്ണമായ തീജ്വാല അവനെ പിന്തുടരും.
11. (നബിയേ) അവരോട്‌ അഭിപ്രായം ചോദിക്കുക; സൃഷ്ടിക്കാൻ ഏറ്റവും പ്രയാസമുള്ളത്‌ അവരെയാണോ അതോ നാം സൃഷ്ടിച്ച മറ്റുള്ളവയാണോ? തീർച്ചയായും അവരെ നാം പശിമയുള്ള കളിമണ്ണിൽ നിന്നും സൃഷ്ടിച്ചു.
12. എങ്കിലും നീ ആശ്ചര്യപ്പെട്ടു. അവരാകട്ടെ പരിഹസിക്കുകയും ചെയ്യുന്നു.
13. അവർക്ക്‌ ഉപദേശം നൽകപ്പെട്ടാൽ അവർ (അതെക്കുറിച്ച്‌) ആലോചിക്കുന്നില്ല.
14. അവർ ഏതൊരു ദൃഷ്ടാന്തം കണ്ടാലും അവരതിനെ തമാശയാക്കിതള്ളുന്നു.
15. അവർ പറയുന്നു: ഇതു വ്യക്തമായ ജാലവിദ്യയല്ലാതെ (മറ്റൊന്നും)അല്ല.
16. നാം മരിച്ച്‌ മണ്ണും എല്ലുമായിക്കഴിഞ്ഞാൽ തീർച്ചയായും നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?
17. ഞങ്ങളുടെ പൂർവ പിതാക്കളും (ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ)?
18. പറയുക: അതെ,(അതു സംഭവിക്കും.) (അന്ന്‌)നിങ്ങൾ അപമാനിതരായിരിക്കുകയും ചെയ്യും.
19. എന്നാൽ അതൊരു ഘോരഗർജനം മാത്രമായിരിക്കും. അപ്പോഴേക്കും അവരതാ (എഴുന്നേറ്റ്‌) നോക്കുന്നു.
20. അവർ പറയും: ഞങ്ങളുടെ നാശമേ! ഇത്‌ പ്രതിഫലത്തിന്റെ ദിനം തന്നെ.
21. (അവർക്ക്‌ മറുപടി നല്‌കപ്പെടും): അതെ, നിങ്ങൾ (കള്ളമാണെന്ന്‌)നിഷേധിച്ചുകൊണ്ടിരുന്നതായ ആ വിധിദിനം തന്നെയാണിത്‌.
22. (ആജ്ഞാപിക്കപ്പെടും):ഒരുമിച്ചു കൂട്ടുവിൻ! അക്രമം പ്രവർത്തിച്ചവരെയും അവരുടെ ഇണകളെയും അവർ ആരാധിച്ചുകൊണ്ടിരുന്നവയെയും.
23. അല്ലാഹുവിനെ കൂടാതെ; എന്നിട്ട്‌ അവരെ നരകാഗ്നിയുടെ വഴിയിലേക്ക്‌ നയിക്കുക.

24. അവരെ നിറുത്തുവിന്‍! തീര്‍ച്ചയായും അവരെ ചോദ്യം ചെയ്യേണ്ടതുണ്ട്‌.
25. അല്ല; നിങ്ങള്‍ക്കെന്തു പറ്റി? (ഇന്ന്‌)നിങ്ങള്‍ അന്യോന്യം സഹായിക്കുന്നില്ലല്ലോ?
26. അല്ല; ആ ദിനം അവര്‍ (പൂര്‍ണമായും) കീഴടങ്ങുന്നവരത്രെ.
27. അവരില്‍ ചിലര്‍ ചിലരുടെ നേരെ തിരിഞ്ഞ്‌ പരസ്പരം ചോദ്യം ചെയ്യും.
28. (അനുയായികള്‍ നേതാക്കളോട്‌) പറയും: തീര്‍ച്ചയായും നിങ്ങള്‍ ആയിരുന്നു വലതുവശത്തുകൂടി ഞങ്ങളുടെ അടുത്ത്‌ വന്നിരുന്നത്‌.
29. അവര്‍ (മറുപടി)പറയും: അല്ല! നിങ്ങള്‍(സ്വയംതന്നെ) വിശ്വാസികളായിരുന്നില്ല.
30. നിങ്ങളുടെ മേല്‍ ഒരു അധികാരവും ഞങ്ങള്‍ക്കുണ്ടായിരുന്നില്ല. പക്ഷേ, നിങ്ങള്‍ അതിക്രമികളായ ഒരു കൂട്ടര്‍ (തന്നെ) ആയിരുന്നു.
31. അങ്ങനെ നമ്മുടെ മേല്‍ നമ്മുടെ രക്ഷിതാവിന്റെ വചനം സത്യമായി പുലര്‍ന്നിരിക്കുന്നു. തീര്‍ച്ചയായും നാം അത്‌ അനുഭവിക്കാന്‍ പോവുകയാണ്‌.
32. അങ്ങനെ ഞങ്ങള്‍ നിങ്ങളെ വഴിതെറ്റിച്ചു. (കാരണം)തീര്‍ച്ചയായും ഞങ്ങള്‍ തന്നെ വഴിപിഴച്ചവരായിരുന്നു.
33. അതുകൊണ്ട്‌ ആ ദിനം തീര്‍ച്ചയായും അവര്‍ (ഇരുവിഭാഗവും) ശിക്ഷയില്‍ പങ്കാളികളായിരിക്കും.
34. തീര്‍ച്ചയായും കുറ്റവാളികളോട്‌ നാം ഇപ്രകാരം പ്രവര്‍ത്തിക്കുന്നു.
35. അല്ലാഹു അല്ലാതെ (മറ്റൊരു)ദൈവമില്ല എന്ന്‌ അവരോട്‌ പറഞ്ഞാല്‍ അവര്‍ അഹങ്കാരം കാണിക്കുമായിരുന്നു.
36. അവര്‍ ചോദിക്കുമായിരുന്നു: ഭ്രാന്തനായ ഒരു കവിക്കുവേണ്ടി ഞങ്ങളുടെ ദൈവങ്ങളെ ഞങ്ങള്‍ കൈവെടിയണോ?
37. അല്ല! സത്യവും കൊണ്ടാണ്‌ അവന്‍ വന്നെത്തിയത്‌. (അവനുമുമ്പുള്ള)ദൂതന്മാരെ സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.
38. തീര്‍ച്ചയായും നിങ്ങള്‍ വേദനയേറിയ ശിക്ഷ അനുഭവിക്കേണ്ടവര്‍തന്നെയാകുന്നു.
39. നിങ്ങള്‍ പ്രവര്‍ത്തിച്ചതിനല്ലാതെ നിങ്ങള്‍ക്ക്‌ പ്രതിഫലം നല്‍കപ്പെടുന്നുമില്ല.
40. അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസന്മാര്‍ ഒഴിച്ച്‌.
41. അക്കൂട്ടരാകട്ടെ, അവര്‍ക്ക്‌ അറിയപ്പെട്ടതായ ഉപജീവനമുണ്ടായിരിക്കും.
42. അതായത്‌: പഴവര്‍ഗങ്ങള്‍. അവരവിടെ ആദരിക്കപ്പെട്ടവരുമായിരിക്കും.
43. അനുഗൃഹീതമായ സ്വര്‍ഗീയാരാമങ്ങളില്‍.
44. (ഉന്നതതരം) മഞ്ചങ്ങളില്‍ പരസ്പരം അഭിമുഖമായിക്കൊണ്ട്‌.
45. സവിശേഷമായ ഉറവുവെള്ളം നിറച്ച കോപ്പകള്‍ അവരുടെ ചുറ്റും കൊണ്ടുനടക്കപ്പെടും.
46. വെളുത്തതും കുടിക്കുന്നവര്‍ക്ക്‌ രുചികരമായതും.
47. അതില്‍ യാതൊരു കെടുതിയും (ഉണ്ടാകുക)ഇല്ല.അതുവഴി അവര്‍ക്ക്‌ ലഹരി ബാധിക്കുകയുമില്ല.
48. അവരുടെ അടുത്ത്‌ ദൃഷ്ടി നിയന്ത്രിക്കുന്നവരും വിശാലാക്ഷികളുമായ തരുണീമണികളുമുണ്ടായിരിക്കും.
49. സൂക്ഷിച്ചുവെക്കപ്പെട്ട മുട്ടകള്‍ പോലെയായിരിക്കും അവര്‍.
50. അവര്‍(സ്വര്‍ഗവാസികള്‍)പരസ്പരം അഭിമുഖീകരിച്ച്‌(പലചോദ്യങ്ങളും)ചോദിക്കും.
51. അവരില്‍ ഒരാള്‍ പറയും: തീര്‍ച്ചയായും എനിക്ക്‌ (ഭൂമിയില്‍) ഒരുകൂട്ടുകാരന്‍ ഉണ്ടായിരുന്നു.

52. അവൻ പറയുമായിരുന്നു: (പരലോകം)സത്യമെന്ന് വിശ്വസിക്കുന്നവരിൽപെട്ടവൻ തന്നെയാണോ നീ?
53. നാം മരിച്ച് മണ്ണും എല്ലുമായി കഴിഞ്ഞാലും നമുക്ക് നമ്മുടെ കർമഫലങ്ങൾ നല്കപ്പെടുന്നതാണോ?
54. അവൻ (കൂട്ടുകരോട്)പറയും: നിങ്ങൾ (ആ കൂട്ടുകാരനെ) എത്തിനോക്കുവാൻ ഉദ്ദേശിക്കുന്നവരാണോ?
55. അങ്ങനെ അദ്ദേഹം അവനെ എത്തിനോക്കും. അപ്പോൾ നരകത്തിൻെറ നടുവിൽ അവനെ കാണും.
56. അദ്ദേഹം(അവനോട്) പറയും: അല്ലാഹു സത്യം. തീർച്ചയായും എന്നെ നീ നാശത്തിൽ വീഴ്ത്തുകതന്നെ ചെയ്യുമായിരുന്നു.
57. എൻെറ രക്ഷിതാവിൻെറ അനുഗ്രഹമില്ലായിരുന്നുവെങ്കിൽ ഞാനും (ആ നരകത്തിൽ) ഹാജരാക്കപ്പെടുന്നവരിൽ പെടുമായിരുന്നു.
58. (സ്വർഗാവകാശികൾ പറയും:) ഇനി നമുക്ക് മരണമില്ലല്ലോ.
59. നമ്മുടെ ആദ്യത്തെ മരണമല്ലാതെ. ഇനി നാം ശിക്ഷിക്കപ്പെടുന്നവരുമല്ല.
60. തീർച്ചയായും ഇതു തന്നെയാണ് മഹത്തായ നേട്ടം.
61. ഇതുപോലെയുള്ളതിനുവേണ്ടിയാകട്ടെ പണിയെടുക്കുന്നവരൊക്കെയും പ്രവർത്തിക്കുന്നത്.
62. അതാണോ ഉത്തമമായ സല്ക്കാരം? അതോ സഖൂം വൃക്ഷമോ?
63. തീർച്ചയായും നാം അതിനെ(ആ വൃക്ഷത്തെ)അക്രമികൾക്ക് ഒരു പരീക്ഷണം (ആപത്ത്) ആക്കിയിരിക്കുന്നു.
64. തീർച്ചയായും അത് നരകത്തിൻെറ അടിത്തട്ടിൽനിന്ന് മുളച്ചുപൊങ്ങുന്ന വൃക്ഷമാകുന്നു.
65. അതിൻെറ കുലകൾ ചെകുത്താന്മാരുടെ തലപോലെയിരിക്കും.
66. എന്നാൽ തീർച്ചയായും അവർ അതിൽനിന്ന് ഭക്ഷിക്കുകയും അതുകൊണ്ടു തന്നെ വയറു നിറക്കുന്നവരുമായിരിക്കും.
67. പിന്നീട് അതിനു മീതെ (കുടിക്കുവാൻ) ചുട്ടു തിളക്കുന്ന വെള്ളംകൊണ്ടുള്ള ഒരു ചേരുവയും അവർക്കുണ്ട്.
68. പിന്നീട് തീർച്ചയായും അവരുടെ മടക്കം (നരകാ)ഗ്നിയിലേക്ക് തന്നെയാകുന്നു.
69. തീർച്ചയായും അവരുടെ പിതാക്കന്മാരെ വഴിപിഴച്ചവരായി അവർ കണ്ടെത്തി.
70. എന്നിട്ടും അവരുടെ കാൽപ്പാടുകളിൽ കൂടി ഇവർ ധൃതികൂട്ടിപ്പോകുന്നു.
71. തീർച്ചയായും പൂർവികരിൽ അധികവും അവർക്ക് മുമ്പ് വഴിപിഴച്ചിട്ടുണ്ട്.
72. തീർച്ചയായും മുന്നറിയിപ്പുകാരെ അവരിൽ നാം അയച്ചിട്ടുമുണ്ട്.
73. എന്നിട്ട് നോക്കുക: (ആ)മുന്നറിയിപ്പ് നല്കപ്പെട്ടവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന്.
74. അല്ലാഹുവിൻെറ നിഷ്കളങ്കരായ ദാസന്മാർ ഒഴികെ അവർ(രക്ഷപ്പെട്ടു.)
75. നിശ്ചയമായും നൂഹ് നമ്മെ വിളിക്കുകയുണ്ടായി. എന്നാൽ ഉത്തരം നല്കിയവരിൽ എത്ര ഉത്തമൻ.
76. അദ്ദേഹത്തെയും അദ്ദേഹത്തിൻെറ ആളുകളെയും നാം വമ്പിച്ച ദുരിതത്തിൽ നിന്ന് രക്ഷപ്പെടുത്തി.
77. അദ്ദേഹത്തിൻെറ സന്തതികളെ നാം (ഭൂമിയിൽ) അവശേഷിക്കുന്നവരാക്കുകയും ചെയ്തു.
78. പിൻതലമുറകളിൽ അദ്ദേഹത്തിൻെറ സൽക്കീർത്തി നാം നിലനിർത്തുകയും ചെയ്തു.

79. ലോകരിൽ നൂഹിന്‌ സമാധാനം.
80. തീർച്ചയായും അപ്രകാരമാണ്‌ സദ്‌വൃത്തർക്ക്‌ നാം പ്രതിഫലം നല്‌കുന്നത്‌.
81. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽപെട്ടവനാണ്‌.
82. പിന്നീട്‌ മറ്റുള്ളവരെ നാം മുക്കിക്കൊന്നു.
83. തീർച്ചയായും അദ്ദേഹത്തിൻെറ കക്ഷിയിൽപെട്ടവൻ തന്നെയണ്‌ ഇബ്‌റാഹീം.
84. നിഷ്കളങ്കമായ ഹൃദയത്തോടെ അദ്ദേഹം തൻെറ രക്ഷിതാവിങ്കൽ വന്ന സന്ദർഭം.
85. അതായത്‌ അദ്ദേഹം തൻെറ പിതാവിനോടും തൻെറ ജനതയോടും പറഞ്ഞ സന്ദർഭം: നിങ്ങൾ എന്തിനെയാണ്‌ ആരാധിക്കുന്നത്‌?
86. അല്ലാഹുവിനു പുറമെ വ്യാജമായി നിങ്ങൾ മറ്റു ദൈവങ്ങളെ ഉദ്ദേശിക്കുകയാണോ?
87. അപ്പോൾ പ്രപഞ്ചനാഥനെപ്പറ്റി നിങ്ങളുടെ വിചാരമെന്താണ്‌?
88. അങ്ങനെ അദ്ദേഹം നക്ഷത്രങ്ങളിൽ ഒരു നോട്ടം നോക്കി.
89. എന്നിട്ട്‌ അദ്ദേഹം പറഞ്ഞു: തീർച്ചയയും ഞാൻ രോഗിയാകുന്നു.
90. അപ്പോൾ അവർ അദ്ദേഹത്തെ വിട്ടു പിരിഞ്ഞുപോയി.
91. അപ്പോൾ അദ്ദേഹം അവരുടെ ആരാധ്യവസ്തുക്കളിലേക്ക്‌ തിരിഞ്ഞു. എന്നിട്ട്‌ പറഞ്ഞു: ''നിങ്ങൾ തിന്നുന്നില്ലേ?''
92. എന്താണ്‌ നിങ്ങൾക്ക്‌? നിങ്ങൾ മിണ്ടുന്നില്ലല്ലോ?
93. പിന്നീട്‌ അദ്ദേഹം അവയുടെ നേരെ തിരിഞ്ഞു.അങ്ങനെ തൻെറ വലംകൈ കൊണ്ട്‌ അവയെ വെട്ടി വീഴ്‌ത്തി.
94. (ജനം തിരിച്ചെത്തിയപ്പോൾ) അദ്ദേഹത്തിൻെറ നേരെ പാഞ്ഞടുത്തു.
95. അദ്ദേഹം ചോദിച്ചു: ''നിങ്ങൾ(തന്നെ) കൊത്തിപ്പണിയുന്നതിനെ നിങ്ങൾ വണങ്ങുന്നുവോ?''
96. അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്‌.
97. അവർ പറഞ്ഞു: ''അവനുവേണ്ടി ഒരു ചൂള പണിയുക, എന്നിട്ടവനെ കത്തിക്കാളുന്ന തീയിലെറിയുക.''
98. അങ്ങനെ അവർ അദ്ദേഹത്തിനെതിരെ ഒരു തന്ത്രം(പ്രയോഗിക്കുവാൻ) ഉദ്ദേശിച്ചു. പക്ഷേ, നാം അവരെ ഏറ്റവും അധമന്മാർ ആക്കി.
99. അദ്ദേഹം പറഞ്ഞു: നിശ്ചയമായും ഞാൻ എൻെറ രക്ഷിതാവിങ്കലേക്ക്‌ പോവുകയാണ്‌. അവൻ എനിക്ക്‌ വഴികാട്ടും.
100. എൻെറ നാഥാ! സദ്‌വൃത്തരിൽപെട്ട (ഒരു മകനെ) എനിക്ക്‌ തന്നരുളേണമേ!
101. അപ്പോൾ സഹനശീലനായ ഒരു ബാലനെക്കുറിച്ച്‌ അദ്ദേഹത്തിന്‌ നാം സന്തോഷ വാർത്ത നല്‌കി.
102. എന്നിട്ട്‌ ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കുവാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു:എൻെറ കുഞ്ഞേ! ഞാൻ ബലികൊടുക്കണമെന്ന്‌ ഒരു സ്വപ്‌ന(ദർശനത്തിൽ) ഞാൻ തീർച്ചയായും കാണുന്നു.അതുകൊണ്ട്‌ നോക്കൂ;നിൻെറ അഭിപ്രായമെന്താണ്‌? അവൻ പറഞ്ഞു: എൻെറ പിതാവേ! താങ്കളോട്‌ കല്‌പിക്കപ്പെട്ടത്‌ ചെയ്യുക; അല്ലാഹു നിശ്ചയി ക്കുന്നുവെങ്കിൽ ക്ഷമാശീലരിൽ (ഒരാളായി) എന്നെ താങ്കൾ കണ്ടെത്തും.
103. അങ്ങനെ രണ്ടുപേരും (അല്ലാഹുവിന്‌) കീഴ്‌വഴങ്ങുകയും, (ബലിനടത്താനായി) അദ്ദേഹം അവനെ നെറ്റിവെച്ച്‌ ചെരിച്ച്‌ കിടത്തുകയുംചെയ്തപ്പോൾ,-
104. അപ്പോൾ നാം അദ്ദേഹത്തെ വിളിച്ചു: അല്ലയോ ഇബ്‌റാഹീം,

105. തീർച്ചയായും സ്വപ്നത്തെ നീ സാക്ഷാൽക്കരിച്ചിരിക്കുന്നു. തീർച്ചയായും ഇപ്രകാരം സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നു.
106. നിശ്ചയമായും ഇതൊരു വ്യക്തമായ പരീക്ഷണം തന്നെയാകുന്നു.
107. മഹത്തായ ഒരു ബലിമൃഗത്തെ അവനു പകരം നാം ബലിയറുക്കുന്നതിനായി കൊടുക്കുകയും ചെയ്തു.
108. പിന്മുറക്കാരിൽ അദ്ദേഹത്തിൻെറ(സൽക്കീർത്തി) നാം അവശേഷിപ്പിക്കുകയും ചെയ്തു.
109. ഇബ്റാഹീമിനു സമാധാനം.
110. ഇപ്രകാരം സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നു.
111. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവനാകുന്നു.
112. സുകൃതികളിൽപെട്ട ഒരു പ്രവാചകനായിക്കൊണ്ട് ഇസ്ഹാഖിനെക്കുറിച്ച് അദ്ദേഹത്തിനു നാം സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു.
113. അദ്ദേഹത്തെയും ഇസ്ഹാഖിനെയും നാം അനുഗ്രഹിച്ചു. അവർ ഇരുവരുടെയും സന്താനങ്ങളിൽ നല്ലവരുണ്ട്. തൻെറ ആത്മാവിനോട് വ്യക്തമായ അതിക്രമം ചെയ്യുന്നവരുമുണ്ട്.
114. തീർച്ചയായും മൂസായോടും ഹാറൂനോടും നാം ഔദാര്യം കാണിച്ചു.
115. അവർ ഇരുവരെയും അവരുടെ ജനതയെയും(ആ)മഹാ ദുരിതത്തിൽനിന്ന് നാം രക്ഷപ്പെടുത്തുകയും ചെയ്തു.
116. അവരെ നാം സഹായിച്ചു. അങ്ങനെ അവർ ജേതാക്കളായി.
117. ഇരുവർക്കും നാം (സത്യം)വ്യക്തമാക്കുന്ന ഗ്രന്ഥം കൊടുത്തു.
118. ഇരുവരെയും നാം നേർവഴിയിൽ നയിക്കുകയും ചെയ്തു.
119. പിൻതലമുറകളിൽ അവരുടെ സൽകീർത്തി നാം ശേഷിപ്പിക്കുകയും ചെയ്തു.
120. മൂസാക്കും ഹാറൂന്നും സമാധാനം!
121. ഇപ്രകാരം സുകൃതികൾക്ക് തീർച്ചയായും നാം പ്രതിഫലം നൽകുന്നു.
122. നിശ്ചയമായും, അവർ രണ്ടുപേരും നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവരായിരുന്നു.
123. നിശ്ചയമായും ഇൽയാസും ദൂതന്മാരിൽപ്പെട്ട ഒരാൾ തന്നെയാകുന്നു.
124. അദ്ദേഹം തൻെറ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: ''നിങ്ങൾ(അല്ലാഹുവിനെ) സൂക്ഷിക്കുന്നില്ലേ?''
125. നിങ്ങൾ ബഅ്ലിനെ വിളിച്ചു പ്രാർഥിക്കുകയും,ഏറ്റവും നല്ല സ്രഷ്ടാവിനെ വിട്ടുകളയുകയും ചെയ്യുകയാണോ?

---

125. ബഅ്ൽ = സിറിയക്കാരുടെ അരാധ്യനായ സൂര്യദേവൻ.

---

126. 'നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവപിതാക്കളുടെ രക്ഷിതാവുമായ അല്ലാഹുവെ?'
127. അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചുകളഞ്ഞു. അതുകൊണ്ട് അവർ നിശ്ചയമായും (ശിക്ഷയ്ക്ക്) ഹാജരാക്കപ്പെടുകതന്നെ ചെയ്യും;
128. അല്ലാഹുവിൻെറ നിഷ്കളങ്കരായ ദാസന്മാർ ഒഴികെ.
129. പിന്മുറക്കാരിൽ അദ്ദേഹത്തിൻെറ സൽക്കീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു.
130. ഇൽയാസിന് സമാധാനം.
131. തീർച്ചയായും നാം ഇപ്രകാരം സുകൃതികൾക്ക് നാം പ്രതിഫലം നൽകുന്നു.
132. നിശ്ചയമായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവനാകുന്നു.
133. തീർച്ചയായും ലൂത്വും ദൈവദൂതന്മാരിൽ പെട്ടവനാകുന്നു.

134. അദ്ദേഹത്തെയും അദ്ദേഹത്തിൻെറ മുഴുവൻ ആൾക്കാരെയും നാം രക്ഷപ്പെടുത്തിയ സന്ദർഭം.
135. പിറകിൽ മാറിനിന്നവരിലുൾപ്പെട്ട ഒരു കിഴവിയെ ഒഴികെ.
136. പിന്നെ മറ്റുള്ളവരെയെല്ലാം നാം തകർത്തു.
137. തീർച്ചയായും നിങ്ങൾ പ്രഭാതവേളയിൽ അവരുടെ (നഷ്ടശിഷ്ടങ്ങൾക്ക്)അടുത്തു കൂടെ കടന്നു പോകുന്നു;
138. രാത്രിയിലും. അപ്പോൾ നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ?

138. അറബികൾ സിറിയയിലേക്ക് കച്ചവടയാത്രകൾ നടത്താറുണ്ടായിരുന്നു. അവരുടെ സഞ്ചാരമാർഗത്തിലായിരുന്നു ലൂത്വ്നബി(അ)യുടെ ജനത താമസിച്ചിരുന്ന, നശിപ്പിക്കപ്പെട്ട നാട്

139. തീർച്ചയായും യൂനുസും ദൈവദൂതന്മാരിൽ പെട്ടവനാകുന്നു.
140. ഭാരം നിറക്കപ്പെട്ട കപ്പലിലേക്ക് അദ്ദേഹം ഓടിപ്പോയ സന്ദർഭം (ഓർക്കുക).
141. എന്നിട്ട് അദ്ദേഹം (കപ്പൽ യാത്രക്കാരോടൊപ്പം) നറുക്കെടുപ്പിൽ പങ്കെടുത്തു. അങ്ങനെ പുറംതള്ളപ്പെട്ടവരിലായി.

141. നിനെവാ പട്ടണത്തിലായിരുന്നു യൂനുസ്നബി(അ) പ്രവാചകനായി നിയോഗിക്കപ്പെട്ടത്. അദ്ദേഹത്തിൻെറ പ്രബോധനവും ഉപദേശവും നാട്ടുകാർ വകവെച്ചില്ല. അതിൽ മനംനൊന്ത് അദ്ദേഹം സ്ഥലം വിട്ടുപോയി. അല്ലാഹുവിൻെറ നിർദ്ദേശം ലഭിക്കാതെയാണ് അദ്ദേഹം പോയത്. അദ്ദേഹം കയറിയ കപ്പൽ പ്രതികൂലമായ കാലാവസ്ഥയിൽ തകർച്ചയെ നേരിട്ടപ്പോൾ കപ്പലിലെ ഭാരം കുറക്കുവാനായി യാത്രക്കാർക്കിടയിൽ ഒരു നറുക്കെടുപ്പ് നടത്തപ്പെട്ടു. അതിൽ അദ്ദേഹം പരാജയപ്പെടുകയും കപ്പലിൽനിന്ന് പുറംതള്ളപ്പെടുകയും ചെയ്തു.

142. അപ്പോൾ അദ്ദേഹത്തെ വലിയ മത്സ്യം വിഴുങ്ങി. അദ്ദേഹം ആക്ഷേപാർഹനായിരുന്നു.
143. എന്നാൽ അദ്ദേഹം (അല്ലാഹുവിൻെറ)വിശുദ്ധിയെ വാഴ്ത്തുന്നവരിൽ പെട്ടവനായിരുന്നില്ലെങ്കിൽ,
144. നിശ്ചയമായും ഉയിർത്തെഴുന്നേൽപുനാൾ വരെയും അതിൻെറ വയറ്റിൽ തന്നെ അദ്ദേഹത്തിന് കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നു.
145. അദ്ദേഹത്തെ നാം ഒരു വെളിപ്രദേശത്തേക്കു തള്ളി. അദ്ദേഹമപ്പോൾ രോഗിയായിരുന്നു.
146. അദ്ദേഹത്തിനു നാം ഒരു വള്ളിച്ചെടി മുളപ്പിച്ചു കൊടുത്തു.

146. മത്സ്യം അദ്ദേഹത്തെ കരയിൽ ഉപേക്ഷിച്ചു. അദ്ദേഹം അങ്ങേയറ്റം അവശനായിരുന്നു. അദ്ദേഹത്തിന് വിശ്രമാർത്ഥം തണലും, ആരോഗ്യം തിരിച്ചുകിട്ടാൻ പോഷകാഹാരവും ആവശ്യമായിരുന്നു. അതിനായി ചുരക്കാവർഗത്തിൽപെട്ട ഒരു ചെടി അല്ലാഹു അവിടെ ഏർപ്പെടുത്തിക്കൊടുത്തു.

147. അദ്ദേഹത്തെ നാം ഒരു ലക്ഷമോ അതിലധികമോ വരുന്ന (ജനങ്ങളി)ലേക്ക് നിയോഗിച്ചു.
148. അപ്പോൾ അവർ വിശ്വസിച്ചു. അതുകൊണ്ട് അവർക്ക് നാം ഒരു നിശ്ചിത കാലം വരെ സുഖസൗകര്യം കൊടുത്തു.
149. (നബിയേ,) നീ അവരോട്(ബഹുദൈവവിശ്വാസികളോട്) ചോദിച്ചു നോക്കുക: നിൻെറ രക്ഷിതാവിന് പെൺമക്കളും അവർക്ക് ആൺമക്കളുമാണോ എന്ന്.
150. അതല്ല,നാം മലക്കുകളെ സ്ത്രീകളായി സൃഷ്ടിച്ചുവെന്നോ?അവരതിന് സാക്ഷികളായിരുന്നോ?
151. അറിയുക: തീർച്ചയായും അവർ പറയുന്നത് അവരുടെ വ്യാജനിർമിതിയിൽ പെട്ടതാണ്;
152. അല്ലാഹു (സന്താനത്തെ) ജനിപ്പിച്ചുവെന്ന്. തീർച്ചയായും അവർ കള്ളം പറയുന്നവർ തന്നെയാണ്.
153. ആൺമക്കളെക്കാളുപരിയായി അവൻ പെൺമക്കളെ തെരെഞ്ഞെടുത്തെന്നോ?

154. നിങ്ങൾക്കെന്താണ്, എങ്ങനെ നിങ്ങൾ വിധിയെഴുതുന്നു?
155. നിങ്ങൾ ചിന്തിച്ചറിയുന്നില്ലേ?
156. അതല്ലെങ്കിൽ നിങ്ങളുടെ വശം വ്യക്തമായ വല്ല പ്രമാണവുമുണ്ടോ?
157. എന്നാൽ നിങ്ങൾ നിങ്ങളുടെ രേഖ കൊണ്ടുവരുവിൻ; നിങ്ങൾ സത്യവാന്മാരെങ്കിൽ!
158. അവനും(അല്ലാഹുവിനും) ജിന്നുകൾക്കുമിടയിൽ അവർ കുടുംബബന്ധമാരോപിച്ചിരിക്കുന്നു. എന്നാൽ തീർച്ചയായും തങ്ങൾ (വിചാരണക്കായി) ഹാജരാക്കപ്പെടുമെന്ന് ജിന്നുകൾ മനസ്സിലാക്കിയിട്ടുണ്ട്.
159. അവർ ചമച്ചുപറയുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനാണ്.
160. എന്നാൽ അല്ലാഹുവിൻെറ നിഷ്കളങ്കരായ ദാസന്മാർ ഒഴികെ. (അവർ അതിൽ ഉൾപ്പെടുന്നതല്ല)
161. എന്നാൽ തീർച്ചയായും നിങ്ങൾക്കും നിങ്ങളുടെ ആരാധ്യർക്കും,
162. നിങ്ങൾക്ക് അവന്(അല്ലാഹുവിന്) എതിരിൽ (ആരെയും) കുഴപ്പത്തിലാക്കാനാവില്ല;
163. ആളിക്കത്തുന്ന നരകത്തിൽ വെന്തെരിയേണ്ടവരെയല്ലാതെ.
164. (മലക്കുകൾ ഇപ്രകാരം പറയും:)അറിയപ്പെട്ട ഓരോ സ്ഥാനമുള്ളവരായിട്ടല്ലാതെ ഞങ്ങളിൽ ആരും തന്നെയില്ല.
165. തീർച്ചയായും ഞങ്ങൾ തന്നെയാണ് അണിനിരന്നവർ.
166. തീർച്ചയായും ഞങ്ങൾ തന്നെയാണ് (അല്ലാഹുവിൻെറ)വിശുദ്ധിയെ വാഴ്ത്തുന്നവർ.
167. തീർച്ചയായും അവർ (അവിശ്വാസികൾ) പറയാറുണ്ടായിരുന്നു:
168. പൂർവ്വീകന്മാരിൽനിന്ന് ലഭിച്ച വല്ല ഉൽബോധനവും ഞങ്ങളുടെ പക്കൽ ഉണ്ടായിരുന്നെങ്കിൽ;
169. ഞങ്ങൾ അല്ലാഹുവിൻെറ നിഷ്കളങ്കരായ അടിമകളാകുമായിരുന്നു.
170. എന്നാൽ(അത് കരഗതമായപ്പോഴോ) അവർ ഇതിൽ(ഖുർആനിൽ) അവിശ്വസിക്കുകയാണ് ചെയ്തത്. അതിനാൽ (ഈ നിലപാടിൻെറ അനന്തരഫലം) അവർ പിന്നീട് അറിയും.
171. (ദൂതന്മാരായി)അയക്കപ്പെട്ട നമ്മുടെ ദാസന്മാരോട് നമ്മുടെ വചനം (വാഗ്ദത്തം) നേരത്തെ വന്നുകഴിഞ്ഞിട്ടുണ്ട്.
172. (അതായത്) നിശ്ചയമായും അവർ സഹായിക്കപ്പെടും എന്നും;
173. തീർച്ചയായും നമ്മുടെ സൈന്യം തന്നെയാണ് വിജയിക്കുന്നവർ എന്നും.
174. അതിനാൽ ഒരവധിവരെ നീ അവരിൽനിന്ന് മാറിനിൽക്കുക.
175. അവരെ നീ വീക്ഷിച്ചുകൊണ്ടിരിക്കുക. താമസിയാതെ അവരെല്ലാം കണ്ടറിഞ്ഞുകൊള്ളും.
176. എന്നിരിക്കെ, നമ്മുടെ ശിക്ഷക്കു(വേണ്ടി)യാണോ അവർ ധൃതികൂട്ടുന്നത്?
177. എന്നാൽ അത് അവരുടെ മുറ്റത്ത് വന്നിറങ്ങുമ്പോൾ, മുന്നറിയിപ്പ് നൽകപ്പെട്ട (അതിനെ നിഷേധിച്ച)വരുടെ പ്രഭാതം എത്ര ചീത്തയായിരിക്കും.
178. അതിനാൽ ഒരവധിവരെ നീ അവരിൽനിന്ന് മാറിനിൽക്കുക.
179. നീ അവരെ വീക്ഷിച്ചുകൊണ്ടിരിക്കുക. താമസിയാതെ അവരെല്ലാം കണ്ടറിഞ്ഞു കൊള്ളും.
180. പ്രതാപത്തിനുടയവനായ നിൻെറ രക്ഷിതാവ്. അവർ ആരോപിക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനാണ്.
181. ദൈവദൂതന്മാർക്ക് സമാധാനം.
182. അഖിലലോക രക്ഷിതാവായ അല്ലാഹുവിന് സ്തുതി.

*****

# അധ്യായം 38

## സ്വാദ്

**അവതരണം മക്കയിൽ, വചനങ്ങൾ 88**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. സ്വാദ്. ഉദ്ബോധനമുൾക്കൊള്ളുന്ന ഖുർആൻ തന്നെ സത്യം.
2. എന്നാൽ സത്യനിഷേധികൾ അഹംഭാവത്തിലും കക്ഷിമാത്സര്യത്തിലുമാകുന്നു.
3. ഇവർക്കുമുമ്പ് എത്രയെത്ര തലമുറകളെ നാം നശിപ്പിച്ചു! അപ്പോൾ അവർ വിളിച്ചു. (രക്ഷക്കപേക്ഷിച്ചു). എന്നാൽ അത് രക്ഷപ്പെടാനുള്ള സമയമായിരുന്നില്ല.
4. അവരിൽനിന്ന് ഒരു മുന്നറിയിപ്പുകാരൻ അവരുടെ അടുത്ത് വന്നതിൽ അവർ ആശ്ചര്യപ്പെടുന്നു. സത്യനിഷേധികൾ പറഞ്ഞു: ''ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരൻ തന്നെ.''
5. ദൈവങ്ങളെ (എല്ലാംകൂടി) ഒരൊറ്റ ദൈവമാക്കിയോ അവൻ? തീർച്ചയായും ഇത് വിചിത്രമായ ഒരു കാര്യം തന്നെയാണ്.
6. അവരിലെ പ്രമാണിമാർ(ഇപ്രകാരം പറഞ്ഞുകൊണ്ട്)സ്ഥലം വിടുകയും ചെയ്തു.''നിങ്ങൾ നടന്നുകൊള്ളുവിൻ! നിങ്ങളുടെ ദൈവങ്ങളുടെ കാര്യത്തിൽ ക്ഷമാചിത്തരായിരിക്കുകയും ചെയ്യുവിൻ! തീർച്ചയായും ഇത് (നിങ്ങൾക്ക് എതിരായി) ഉദ്ദേശ്യപൂർവം ചെയ്യപ്പെടുന്ന ഒരു കാര്യം തന്നെയാകുന്നു.''
7. അവസാന മതത്തിൽ ഇതിനെക്കുറിച്ച് ഞങ്ങളൊന്നും കേട്ടിട്ടില്ല. ഇത് ഒരു കൃത്രിമ സൃഷ്ടി മാത്രമാകുന്നു.
8. നമുക്കിടയിൽനിന്ന് (മറ്റാർക്കുമില്ലാതെ)സന്ദേശം അവനുമേലാണോ ഇറക്കപ്പെട്ടത്? എന്നാൽ അങ്ങനെയല്ല. ഇവർ എന്റെ സന്ദേശത്തെ സംബന്ധിച്ച് തികഞ്ഞ സംശയത്തിലാണ്. അല്ല! ഇതേവരെ എന്റെ ശിക്ഷ അവർ രുചിച്ചിട്ടില്ല.
9. അതല്ല; പ്രതാപിയും അത്യുദാരനുമായ നിന്റെ രക്ഷിതാവിന്റെ കാരുണ്യത്തിന്റെ ഭണ്ഡാരങ്ങൾ അവരുടെ പക്കലാണോ?
10. അല്ലെങ്കിൽ, ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളവയുടെയും ആധിപത്യം ഇവർക്കാണോ? എങ്കിൽ ആ മാർഗങ്ങളിലൂടെ അവർ കയറി നോക്കട്ടെ.
11. വിവിധ കക്ഷികളിൽപെട്ട, പരാജയപ്പെടാൻ പോകുന്ന ഒരു സൈന്യമത്രെ അവിടെയുള്ളത്.
12. അവർക്ക് മുമ്പ് നൂഹിന്റെ ജനതയും 'ആദു'ഗോത്രവും, ആണികളുറപ്പിച്ചിരുന്ന ഫിർഔനും (പ്രവാചകന്മാരെ) നിഷേധിച്ചു.
13. ഥമൂദ് സമുദായവും ലൂത്വിന്റെ ജനതയും ഐക്ക നിവാസികളും(ദൂതന്മാരെ നിഷേധിച്ചു). അക്കൂട്ടരത്രെ(സത്യത്തിനെതിരിൽ അണിനിരന്ന) കക്ഷികൾ
14. ഇവരൊന്നും ദൂതന്മാരെ നിഷേധിക്കാതിരുന്നിട്ടില്ല. അങ്ങനെ എന്റെ ശിക്ഷ (അവരിൽ) അനിവാര്യമായിത്തീർന്നു.
15. ഒരൊറ്റ ഘോരശബ്ദമല്ലാതെ മറ്റൊന്നും ഇവർ കാത്തിരിക്കുന്നില്ല. (അത് വരുമ്പോൾ) ഒട്ടും സാവകാശമുണ്ടായിരിക്കുകയില്ല.
16. അവർ പറയുന്നു: ''ഞങ്ങളുടെ രക്ഷിതാവേ, വിചാരണാ നാളിനു മുമ്പു തന്നെ ഞങ്ങൾക്കുള്ള (ശിക്ഷയുടെ) വിഹിതം ഞങ്ങൾക്ക് വേഗമാക്കിത്തന്നേക്കണേ!''

17. (നബിയേ,) അവർ പറയുന്നതൊക്കെ ക്ഷമിക്കുകയും നമ്മുടെ ദാസൻ, ശക്തിയുടയവനായ ദാവൂദിനെ നീ സ്മരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ(അല്ലാഹുവിലേക്ക്) ഖേദിച്ചു മടങ്ങിയവനായിരുന്നു.
18. അസ്തമനസമയത്തും സൂര്യോദയസമയത്തും(നമ്മെ)സ്തോത്രകീർത്തനം നടത്തുന്ന നിലയിൽ നാം മലകളെ അദ്ദേഹത്തോടൊപ്പം കീഴ്പ്പെടുത്തുകയുണ്ടായി.
19. പറവകളെയും കൂട്ടത്തോടെ (വിധേയമാക്കി). എല്ലാം തന്നെ അദ്ദേഹത്തോടു വിധേയത്വത്തോടെ തിരിഞ്ഞവയായിരുന്നു.
20. അദ്ദേഹത്തിന്റെ ആധിപത്യം നാം സുശക്തമാക്കുകയും, അദ്ദേഹത്തിനു നാം തത്ത്വജ്ഞാനവും തീർപ്പുകൽപിക്കാൻ പോന്ന സംസാരശേഷിയും നല്കുകയും ചെയ്തു.
21. ആരാധനാമണ്ഡപത്തിന്റെ മതിലു കയറി വന്ന, വഴക്കിടുന്ന കക്ഷികളുടെ വാർത്ത നിനക്കു വന്നെത്തിയിട്ടുണ്ടോ?
22. അവർ ദാവൂദിന്റെ അടുത്ത് കടന്നുചെല്ലുകയും, അവരെക്കുറിച്ച് അവൻ ഭയപ്പെടുകയും ചെയ്ത സന്ദർഭം. അവർ പറഞ്ഞു: ''ഭയപ്പെടേണ്ട, (ഞങ്ങൾ) രണ്ടു എതിർകക്ഷികളാകുന്നു. ഞങ്ങളിൽ ഒരാൾ മറ്റെയാളോട് അതിക്രമം കാണിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾക്കിടയിൽ താങ്കൾ ന്യായപ്രകാരം വിധികല്പിക്കണം. അനീതി കാട്ടുകയുമരുത്. ഞങ്ങളെ നേരായ പാതയിലേക്ക് മാർഗദർശനം നല്കുകയും ചെയ്യണം.
23. ഇതാ, ഇവൻ എന്റെ സഹോദരനാകുന്നു. അവന്ന് തൊണ്ണൂറ്റൊമ്പത് പെണ്ണാടുകളുണ്ട്. എനിക്കൊരു പെണ്ണാടും. എന്നിട്ടും അവൻ പറയുന്നു, അതുംകൂടി തനിക്ക് ഏൽപിച്ചു തരണമെന്ന്. സംഭാഷണത്തിൽ അവൻ എന്നെ തോൽപിക്കുകയും ചെയ്തു.
24. (ദാവൂദ്) പറഞ്ഞു: 'തന്റെ പെണ്ണാടുകളുടെ(കൂട്ടത്തിലേക്ക്) നിന്റെ പെണ്ണാടിനെക്കൂടി ആവശ്യപ്പെട്ടതിലൂടെ അവൻ നിന്നോട് അനീതി ചെയ്യുകയാണ്. തീർച്ചയായും പങ്കാളികളിൽ അധികവും ഒന്ന് ഒന്നിനോട് തെറ്റുചെയ്യുന്നവരാണ്-വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ ഒഴിച്ച്. വളരെക്കുറച്ചായിരിക്കും അവർ. ദാവൂദ് വിചാരിച്ചു;നാം അദ്ദേഹത്തെ പരീക്ഷിച്ചതായിരുന്നുവെന്ന്.അതുകൊണ്ട് അവന്റെ രക്ഷിതാവിനോട് പൊറുത്തു തരുവാൻ പ്രാർഥിച്ചു. അദ്ദേഹം കുമ്പിട്ടുകൊണ്ട് വീഴുകയും ഖേദിച്ചുമടങ്ങുകയും ചെയ്തു.
25. അപ്പോൾ നാം അദ്ദേഹത്തിനു അത് പൊറുത്തുകൊടുത്തു. തീർച്ചയായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യവും, നല്ല മടക്കസ്ഥാനവും ഉണ്ട്.
26. (അല്ലാഹു പറഞ്ഞു:) ''അല്ലയോ ദാവൂദ്, നിശ്ചയമായും നിന്നെ നാം ഭൂമിയിൽ പ്രതിനിധിയാക്കിയിരിക്കുന്നു.അതുകൊണ്ട് ജനങ്ങൾക്കിടയിൽ സത്യത്തോടെ നീ വിധികല്പിക്കുക. തന്നിഷ്ടത്തെ നീ പിന്തുടർന്നുപോകരുത്. അത് നിന്നെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിക്കും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് പിഴച്ചുപോയവർക്ക് തീർച്ചയായും കഠിന ശിക്ഷയുണ്ട്;കണക്കുവിചാരണാദിനത്തെ അവർ വിസ്മരിച്ചതു കാരണമായി
27. ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും (ഒരു ഉദ്ദേശ്യവുമില്ലാതെ) നാം വെറുതെ സൃഷ്ടിച്ചതല്ല. അത് സത്യനിഷേധികളുടെ ധാരണയാണ്. അതിനാൽ സത്യനിഷേധികൾക്ക് നരകശിക്ഷയാൽ മഹാനാശം.
28. അതല്ല- വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ നാം ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപ്പോലെയാക്കുമോ?അല്ലെങ്കിൽ ഭയഭക്തന്മാരെ നാം ദുഷ്ടന്മാരെപ്പോലെയാക്കുമോ?

29. നിനക്കു നാം ഇറക്കിത്തന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. അതിൻെറ സൂക്തങ്ങളെ (ക്കുറിച്ചു ഗാഢമായി) അവർ ചിന്തിക്കുന്നതുനുവേണ്ടി. ബുദ്ധിമാന്മാർ ഉദ്ബുദ്ധരാകുന്നതിനുവേണ്ടിയും.
30. ദാവൂദിനു (പുത്രനായി)നാം സുലൈമാനെ പ്രദാനംചെയ്തു. എത്ര ഉത്തമദാസൻ! തീർച്ചയായും അവൻ(അല്ലാഹുവിലേക്ക്)പശ്ചാത്തപിച്ചു മടങ്ങുന്നവനായിരുന്നു.
31. കുതിച്ചോടാൻ തയ്യാറായി നില്ക്കുന്ന മേത്തരം കുതിരകൾ വൈകുന്നേരം അവൻെറ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം.
32. അവൻ പറഞ്ഞു: ഞാൻ ഈ സമ്പത്തിനെ സ്നേഹിക്കുന്നത് എൻെറ രക്ഷിതാവിനെ സ്മരിക്കുന്നതു നിമിത്തമാകുന്നു. അങ്ങനെ അവ(കുതിരകൾ) മറവിൽ പോയി മറഞ്ഞു.
33. (അവൻ പറഞ്ഞു): ''അവയെ എൻെറ മുമ്പിൽ തിരിച്ചുകൊണ്ടുവരിക!'' എന്നിട്ട് അവൻ അവയുടെ കാലുകളിലും കഴുത്തുകളിലും തടവാൻ തുടങ്ങി.
34. തീർച്ചയായും സുലൈമാനെയും നാം പരീക്ഷിച്ചു. നാം അദ്ദേഹത്തിൻെറ സിംഹാസനത്തിൽ ഒരു ജഡം കൊണ്ടുവന്നിടുകയും ചെയ്തു. പിന്നീട് അദ്ദേഹം താഴ്മയുള്ളവനായി മടങ്ങി.
35. അദ്ദേഹം പറഞ്ഞു: ''എൻെറ നാഥാ! എനിക്കു നീ പൊറുത്തു തരേണമേ! എനിക്കു ശേഷം (മറ്റ്)ഒരാൾക്കും ഭൂഷണമാകാത്ത രാജാധിപത്യം പ്രദാനം ചെയ്യേണമേ! തീർച്ചയായും നീ തന്നെയാണ്(അളവില്ലാതെ) കൊടുക്കുന്നവൻ.
36. അപ്പോൾ നാം അദ്ദേഹത്തിന് കാറ്റിനെ കീഴ്പ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിൻെറ കല്പനപ്രകാരം താനിച്ഛിച്ചിടത്ത് അത് മൃദുലമായി വീശിയിരുന്നു.
37. എല്ലാ കെട്ടിടനിർമാണ വിദഗ്ധരും മുങ്ങൽ വിദഗ്ധരുമായ പിശാചുക്കളെയും (അധീനമാക്കിക്കൊടുത്തു).
38. ചങ്ങലകളിൽ ബന്ധിതരായ മറ്റു ചിലരെയും (അധീനപ്പെടുത്തിക്കൊടുത്തു).
39. ഇതു നമ്മുടെ ദാനമാണ്. നീ ഔദാര്യം ചെയ്യുകയോ കൈവശം വെച്ചുകൊള്ളുകയോ ചെയ്യുക. ആരും അതേക്കുറിച്ച് ചോദിക്കുകയില്ല. (എന്ന് സുലൈമാനോട് പറയുകയും ചെയ്തു.)
40. തീർച്ചയായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യവും നല്ല മടക്കസ്ഥാനവും ഉണ്ട്.
41. നമ്മുടെ ദാസനായ അയ്യൂബിനെ ഓർക്കുക. തൻെറ നാഥനെ അവൻ വിളിച്ച സന്ദർഭം. തീർച്ചയായും പിശാച് എനിക്ക് അവശതയും പീഢനവും ഏൽപിച്ചിരിക്കുന്നു.
42. (നാം നിർദ്ദേശിച്ചു) നിൻെറ കാലുകൊണ്ട് നീ (നിലത്ത്) ചവിട്ടുക. ഇതാ തണുത്ത സ്നാനജലവും പാനീയവും.
43. അദ്ദേഹത്തിന് തൻെറ കുടുംബത്തെ(മടക്കി)ക്കൊടുത്ത(നുഗ്രഹിച്ചു), അത്ര തന്നെ വേറെ ആളുകളെയും നാം പ്രദാനം ചെയ്യുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും ബുദ്ധിമാന്മാർക്ക് ഒരു ഉൽബോധനവുമെന്ന നിലയിൽ.
44. നീ ഒരുപിടി പുല്ല് കൈയിലെടുക്കുക. എന്നിട്ട് അതുകൊണ്ട് അടിക്കുക;നീ പ്രതിജ്ഞ ലംഘിക്കാതിരിക്കുകയും ചെയ്യുക. തീർച്ചയായും അദ്ദേഹത്തെ നാം ക്ഷമാശീലനായി കണ്ടു. വളരെ നല്ല അടിമ! തീർച്ചയായും അദ്ദേഹം (പശ്ചാത്താപത്തിൽ) ഖേദിച്ചുമടങ്ങുന്നവനായിരുന്നു.

45. നമ്മുടെ ദാസന്മാരായ ഇബ്‌റാഹീം, ഇസ്‌ഹാഖ്, യഅഖൂബ് എന്നിവരെയും ഓർക്കുക. കൈക്കരുത്തും ദീർഘദൃഷ്ടിയുമുള്ളവരായിരുന്നു അവർ.
46. പരലോകസ്മരണ എന്ന വിശിഷ്ട ഗുണത്തിൻെറ പേരിൽ നിശ്ചയമായും അവരെ നാം സവി ശേഷം തെരഞ്ഞെടുത്തിരിക്കുന്നു.
47. തീർച്ചയായും അവർ നമ്മുടെ അടുക്കൽ തെരഞ്ഞടുക്കപ്പെട്ട സച്ചരിതരിൽ പെട്ടവരാണ്.
48. ഇസ്‌മാഈലിനെയും അൽയസഇനെയും ദുൽഖിഫ്‌ലിനെയും ഓർക്കുക. അവരെല്ലാവരും ഉത്തമന്മാരിൽപെട്ടവരത്രേ.

---

(അൽയസഅ് = എലിശാ പ്രവാചകൻ. ജോർദാൻ നദീതീരത്തെ ആബേൽ മെഹോലയിലെ ജനതയി ലേക്കയക്കപ്പെട്ട ദൈവദൂതനാണിദ്ദേഹം)
(ദുൽഖിഫ്‌ൽ= ഹെസ്‌ഖിയേൽ പ്രവാചകൻ. ഇറാഖിലെ ഹാബൂർ നദിയുടെ തീരത്തു സ്ഥിതി ചെയ്തി രുന്ന തെൽഅവീവ് പട്ടണത്തിലേക്ക് നിയോഗിതനായ ദൈവദൂതൻ)

---

49. ഇത് ഒരു അനുസ്മരണ(സന്ദേശ)മത്രെ.തീർച്ചയായും ഭക്തജനത്തിന് ഉത്തമമായ പ്രത്യാഗമന സ്ഥാനം ഉണ്ട്.
50. നിത്യവാസത്തോട്ടങ്ങൾ. അതിൻെറ വാതിലുകൾ അവർക്കായി തുറക്കപ്പെട്ടിരിക്കുന്നു.
51. അവിടെ അവർ ചാരിക്കിടക്കുകയായി.വിശിഷ്ട ഫലങ്ങളും പാനീയങ്ങളും യഥേഷ്ടം ആവ ശ്യപ്പെട്ടുകൊണ്ടിരിക്കും.
52. അവരുടെ അടുത്ത് ദൃഷ്ടിനിയന്ത്രിക്കുന്ന സമവയസ്കരായ തരുണികളുണ്ടായിരിക്കും.
53. ഇതത്രെ വിചാരണാ നാളിൽ നിങ്ങൾ വാഗ്ദത്തം ചെയ്യപ്പെടുന്നത്.
54. തീർച്ചയായും ഇത് നാം നൽകുന്ന ജീവിതവിഭവങ്ങളാകുന്നു. യാതൊരു (വിധത്തിലുള്ള) തീർന്നുപോക്കും അതിനുണ്ടാകുന്നതല്ല.
55. ഇതത്രെ (അവരുടെ അവസ്ഥ). എന്നാൽ തീർച്ചയായും അതിക്രമികൾക്ക് ഒരു ചീത്ത പ്രത്യാഗമന സ്ഥാനം തന്നെയുണ്ട്.
56. നരകമത്രെ അത്. അവരതിൽ കത്തിയെരിയും. അതെത്ര ചീത്ത പാർപ്പിടം.
57. ഇതാണവർക്കുള്ളത്. അതുകൊണ്ട് അത് അവർ രുചിക്കട്ടെ! ചുട്ടുപൊള്ളുന്ന വെള്ളവും തണുത്തു കോച്ചുന്ന വെള്ളവും.
58. ഈ രൂപത്തിൽപെട്ട മറ്റു (ശിക്ഷക)ളും.
59. ഇതാ നിങ്ങളോടൊപ്പം (നരകത്തിൽ) തിരക്കിക്കടന്നു വരുന്ന ഒരു കൂട്ടം! (അപ്പോൾ അവർ പറയും) അവർക്ക് സ്വാഗതമില്ല. തീർച്ചയായും അവർ നരകത്തിൽ കത്തി എരിയുന്നവ രത്രെ.
60. അവർ (കടന്നുവന്നവർ) പറയും: അല്ല 'നിങ്ങൾക്ക് തന്നെയാണ് സ്വാഗതമില്ലാത്തത്. നിങ്ങളാണ് ഞങ്ങൾക്കിത് വരുത്തിവെച്ചത്.' എത്ര ദുർഭഗമായ സങ്കേതം!
61. അവർ പറയും: ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇത്(ശിക്ഷ) വരുത്തിവെച്ചതാരോ അവന് നീ നരകത്തിൽ ഇരട്ടി ശിക്ഷ നൽകേണമേ.''
62. അവർ പറയും: ''നമുക്കെന്തു പറ്റി? ചീത്ത മനുഷ്യരെന്ന് നാം കരുതിയിരുന്ന പലരെ യും ഇവിടെ കാണുന്നില്ലല്ലോ?''
63. ''(വെറും) പരിഹാസ്യമായി അവരെ നാം എടുത്തത് (മാത്ര)മാണോ; അതല്ല അവർ നമ്മുടെ കണ്ണിൽ പെടാത്തതാണോ?''
64. നരകവാസികൾ തമ്മിലുള്ള തർക്കം, തീർച്ചയായും അതൊരു യാഥാർഥ്യം തന്നെയാണ്.

65. (നബിയേ) പറയുക: ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാണ്. ഏകനും സർവാധിപതിയുമായ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ല.
66. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവ്! പ്രതാപശാലി! ഏറെ പൊറുത്തുകൊടുക്കുന്നവൻ!
67. പറയുക: 'ഇതൊരു മഹത്തായ സന്ദേശം തന്നെയാകുന്നു.'
68. നിങ്ങൾ അതിൽനിന്ന് തിരിഞ്ഞുകളയുകയാണ്.
69. (ഇവരോട് പറയുക): അത്യുന്നത സമൂഹം തർക്കം നടത്തിയ സന്ദർഭത്തെ സംബന്ധിച്ച് എനിക്ക് ഒരു വിവരവുമുണ്ടായിരുന്നില്ല.

69. മനുഷ്യ സൃഷ്ടിയെ സംബന്ധിച്ച് മലക്കുകൾക്കിടയിൽ നടന്ന സംവാദമായിരിക്കാം ഇവിടെ സൂചി പ്പിക്കപ്പെടുന്നത്.

70. ഞാൻ ഒരു പ്രത്യക്ഷനായ മുന്നറിയിപ്പുകാരനാണ് എന്നതിനാലല്ലാതെ, എനിക്ക് ദിവ്യബോധനം നൽകപ്പെടുന്നില്ല.
71. നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം: തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്നും മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു.
72. അങ്ങനെ ഞാൻ അവനെ രൂപപ്പെടുത്തുകയും എന്റെ ആത്മാവിൽനിന്ന് അവനിൽ ഊതുകയുംചെയ്താൽ നിങ്ങൾ അവന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കണം.
73. അപ്പോൾ മലക്കുകൾ ഒക്കെയും സാഷ്ടാംഗം പ്രണമിച്ചു;
74. ഇബ്ലീസ് ഒഴികെ. അവൻ അഹങ്കരിച്ചു; അവൻ സത്യനിഷേധികളിൽ (ഒരുവൻ) ആയിത്തീരുകയും ചെയ്തു.
75. (അല്ലാഹു) ചോദിച്ചു: ''ഹേ! ഇബ്ലീസ്, എന്റെ കൈകൊണ്ട് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിനെ പ്രണമിക്കുന്നതിൽനിന്ന് നിന്നെ തടഞ്ഞതെന്താണ്? നീ അഹങ്കരിച്ചോ? അതല്ല നീ പൊങ്ങച്ചക്കാരുടെ കൂട്ടത്തിൽ പെട്ടവനാണോ?
76. അവൻ (ഇബ്ലീസ്)പറഞ്ഞു: ഞാൻ അവനെ(മനുഷ്യനെ)ക്കാൾ ഉത്തമനാകുന്നു. നീ എന്നെ അഗ്നിയിൽനിന്ന് സൃഷ്ടിച്ചു. അവനെ നീ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചു.
77. (അല്ലാഹു) കല്പിച്ചു: എന്നാൽ നീ ഇവിടെനിന്ന് പുറത്ത് പോകണം. നീ ആട്ടിയോടിക്കപ്പെട്ടവനാകുന്നു.
78. തീർച്ചയായും വിധിദിനം വരെ നിന്റെ മേൽ എന്റെ ശാപമുണ്ട്.
79. അവൻ (ഇബ്ലീസ്)പറഞ്ഞു: എന്റെ രക്ഷിതാവേ, എന്നാൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന നാൾ വരെ നീ എനിക്ക് ഇളവു തന്നാലും.
80. അവൻ(അല്ലാഹു) പറഞ്ഞു: എന്നാൽ നീ അവധി അനുവദിക്കപ്പെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു.
81. നിശ്ചിതമായ ആ സമയം വന്നെത്തുന്ന ദിവസം വരെ.
82. അവൻ(ഇബ്ലീസ്) പറഞ്ഞു: നിന്റെ പ്രതാപമാണ് (സത്യം!) ഞാൻ അവരെ (മനുഷ്യരെ) മുഴുവനും നിശ്ചയമായും വഴി തെറ്റിക്കുകതന്നെ ചെയ്യും.
83. അവരിലെ നിന്റെ ആത്മാർഥതയുള്ള ദാസന്മാരൊഴികെ.
84. അവൻ(അല്ലാഹു) പറഞ്ഞു: അപ്പോൾ സത്യം ഇതത്രെ- സത്യമേ ഞാൻ പറയുകയുള്ളു.
85. നിന്നെയും അവരിൽനിന്ന് നിന്നെ പിന്തുടർന്ന മുഴുവൻ പേരെയും കൊണ്ട് നാം നരകം നിറക്കുക തന്നെ ചെയ്യും.

86. (നബിയേ) പറയുക: ഇതിൻെറ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. ഞാൻ കള്ളം കെട്ടിച്ചമച്ചുണ്ടാക്കുന്നവരുടെ കൂട്ടത്തിലുമല്ല.
87. ഇത് ലോകർക്ക് (മുഴുവനും) വേണ്ടിയുള്ള ഒരു ഉൽബോധനം (സന്ദേശം) അല്ലാതെ (മറ്റൊന്നും) അല്ല.
88. ഒരു കാലയളവിനു ശേഷം ഇതിലെ വൃത്താന്തം തീർച്ചയായും നിങ്ങൾ അറിയുകതന്നെ ചെയ്യും.

---

*****

## അധ്യായം 39

# അസ്സുമർ. (കൂട്ടങ്ങൾ)

**അവതരണം മക്കയിൽ, വചനങ്ങൾ 75**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിൽ നിന്നാകുന്നു.

2. തീർച്ചയായും നിന്നിലേക്ക് സത്യത്തോടെയാകുന്നു നാം ഗ്രന്ഥത്തെ ഇറക്കിത്തന്നത്. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കി അവന് വഴിപ്പെടുക

3. അറിയുക: കളങ്കമറ്റ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കി അവന് മാത്രം അവകാശപ്പെട്ടതാകുന്നു.അവനെക്കൂടാതെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു); ''ഞങ്ങളെ അല്ലാഹുവുമായി കൂടുതൽ അടുപ്പിക്കാൻ വേണ്ടി മാത്രമാണ് ഞങ്ങൾ അവരെ ആരാധിക്കുന്നത്.'' എന്നാൽ അവർ ഭിന്നിച്ച കാര്യത്തിൽ അല്ലാഹു അവർക്കിടയിൽ തീർപ്പ് കൽപിക്കുന്നതാണ്. തീർച്ചയായും നുണയനെയും നന്ദികെട്ടവനെയും അല്ലാഹു നേർവഴിയിലാക്കുകയില്ല.

4. ഒരു മകനെ എടുക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ സൃഷ്ടിക്കുന്നതിൽ നിന്ന് അവൻ ഇഷ്ടപ്പെടുന്ന ഒന്നിനെ തെരെഞ്ഞെടുക്കുമായിരുന്നു. എന്നാൽ അവനെത്ര പരിശുദ്ധൻ. അവനാണ് അല്ലാഹു! ഏകൻ! (അഖിലത്തിനും) സർവ്വാധിപതി.

5. ആകാശങ്ങളെയും ഭൂമിയെയും അവൻ യാഥാർഥ്യത്തോടെയാണ് സൃഷ്ടിച്ചത്. അവൻ പകലിനെ രാവുകൊണ്ടു ചുറ്റിപ്പൊതിയുന്നു.രാവിനെ പകലു കൊണ്ടും ചുറ്റിപ്പൊതിയുന്നു. സൂര്യനെയും ചന്ദ്രനെയും (ഒരു നിയമത്തിന്) അവൻ കീഴ്പ്പെടുത്തുകയും ചെയ്തു. ഓരോന്നും ഒരു നിശ്ചിത അവധിയിലേക്ക് ചരിക്കുന്നു. അറിയുക: അവനത്രെ പ്രതാപിയും ഏറെ പൊറുക്കുന്നവനും.

6. ഒരൊറ്റ ആത്മാവിൽനിന്ന് അവൻ നിങ്ങളെ സൃഷ്ടിച്ചു. പിന്നെ അതിൽനിന്ന് അതിന്റെ ഇണയെ ഉണ്ടാക്കി. കന്നുകാലികളിൽനിന്ന് എട്ടു ജോടികളെയും അവൻ നിങ്ങൾക്ക് ഇറക്കിത്തന്നു. നിങ്ങളുടെ മാതാക്കളുടെ ഉദരത്തിൽ അവൻ നിങ്ങളെ സൃഷ്ടിക്കുന്നു, മൂന്നുതരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിനു ശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്. അതാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. ആധിപത്യം അവനു മാത്രമാണ്. അവനല്ലാതെ ദൈവമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?

7. നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ ആശ്രയമൊന്നും വേണ്ടാത്തവനാകുന്നു. തന്റെ ദാസന്മാർ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ (വിശ്വസിച്ച്) നന്ദി കാണിക്കുന്നപക്ഷം നിങ്ങളോട് അതുവഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്. പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം ചുമക്കുകയില്ല. പിന്നീട് നിങ്ങളുടെ രക്ഷിതാവിന്റെ അടുത്തേക്കാണ് നിങ്ങളുടെയൊക്കെ മടക്കം. നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അപ്പോഴവൻ നിങ്ങളെ വിവരമറിയിക്കും. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു.

8. മനുഷ്യന് വല്ല വിപത്തും ബാധിച്ചാൽ അവൻ തന്റെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങി അവനോട് പ്രാർഥിക്കുന്നു. പിന്നീട് അവങ്കൽനിന്നും ഒരു അനുഗ്രഹം അവന്

(അല്ലാഹു) പ്രദാനം ചെയ്താല്‍, മുമ്പ്‌ അവങ്കലേക്ക്‌ വിളിച്ചു പ്രാര്‍ഥിച്ചുകൊണ്ടിരുന്നത്‌ (എല്ലാം) അവന്‍ മറന്നുകളയുന്നു. അല്ലാഹുവിന്റെ മാര്‍ഗത്തില്‍നിന്ന്‌ (ജനങ്ങളെ) പിഴപ്പിക്കുന്നതിനു വേണ്ടി അവന്ന്‌ സമന്മാരെ കല്‍പിക്കുകയും ചെയ്യുന്നു. പറയുക: നീ അല്‍പകാലം നിന്റെ സത്യ നിഷേധവുമായി സുഖിച്ചുകൊള്ളുക. തീര്‍ച്ചയായും നീ നരകാവകാശികളുടെ കൂട്ടത്തിലാകുന്നു.

9. അവനെപ്പോലെയാണോ സാഷ്ടാംഗം ചെയ്തും നിന്നു പ്രാര്‍ഥിച്ചും രാത്രി കീഴ്‌വണക്കത്തോടെ കഴിച്ചു കൂട്ടുന്നവന്‍? അവന്‍ പരലോകത്തെക്കുറിച്ച്‌ ജാഗ്രതയായിരിക്കുകയും തന്റെ രക്ഷിതാവിന്റെ കാരുണ്യം അഭിലഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.പറയുക; അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? നിശ്ചയമായും ബുദ്ധിമാന്മാര്‍ മാത്രമേ ആലോചിച്ചു മനസ്സിലാക്കുകയുള്ളു.

10. പറയുക: ''വിശ്വാസികളയ എന്റെ അടിമകളേ! നിങ്ങള്‍ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹിക ജീവിതത്തില്‍ നല്ലത്‌ പ്രവര്‍ത്തിക്കുന്നവര്‍ക്ക്‌ (പ്രതിഫലം) നല്ലതാണ്‌. അല്ലാഹുവിന്റെ ഭൂമി വിശാലമാണ്‌. ക്ഷമ പാലിക്കുന്നവര്‍ക്ക്‌ അവരുടെ പ്രതിഫലം അളവില്ലാതെ (മുഴുവന്‍) തികച്ചു നല്‌കപ്പെടും.''

11. പറയുക: 'മതം(അഥവാ കീഴ്‌വണക്കം) അല്ലാഹുവിനു നിഷ്കളങ്കമാക്കിക്കൊണ്ട്‌ അവനെ ആരാധിക്കുവാന്‍ നിശ്ചയമായും ഞാന്‍ കല്‍പിക്കപ്പെട്ടിരിക്കുന്നു.'

12. (അത്‌ അനുസരിക്കുന്നവരില്‍)മുസ്‌ലിംകളില്‍ ഒന്നാമനാകണമെന്നും എന്നോട്‌ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.

13. പറയുക: ഞാന്‍ എന്റെ നാഥനെ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമായ ഒരു നാളിന്റെ ശിക്ഷയെ തീര്‍ച്ചയായും ഞാന്‍ ഭയപ്പെടുന്നു.

14. പറയുക: എന്റെ മതം(അഥവാ കീഴ്‌വണക്കം) അല്ലാഹുവിന്‌ നിഷ്കളങ്കമാക്കിക്കൊണ്ട്‌ അവനെത്തന്നെ ഞാന്‍ ആരാധിക്കുന്നു.

15. നിങ്ങള്‍ അവനെ കൂടാതെ നിങ്ങള്‍ ഉദ്ദേശിച്ചതിനെ ആരാധിച്ചുകൊള്ളുക. പറയുക: ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍ സ്വദേഹങ്ങള്‍ക്കും തങ്ങളുടെ ആളുകള്‍ക്കും നഷ്ടം വരുത്തിവെച്ചവര്‍ തന്നെയാണ്‌ തീര്‍ച്ചയായും നഷ്ടക്കാര്‍. അറിയുക: അതുതന്നെയാണ്‌ വ്യക്തമായ നഷ്ടം.

16. അവര്‍ക്ക്‌ അവരുടെ മുകള്‍ഭാഗത്ത്‌ തീയ്യിന്റെ തട്ടുകളുണ്ട്‌. അവരുടെ താഴ്‌ഭാഗത്തുമുണ്ട്‌. അതിനെപ്പറ്റിയാണ്‌ അല്ലാഹു തന്റെ ദാസന്മാരെ ഭയപ്പെടുത്തുന്നത്‌. എന്റെ അടിമകളേ! അതുകൊണ്ട്‌ എന്നെ സൂക്ഷിക്കുവിന്‍.

17. പൈശാചികശക്തികള്‍ക്ക്‌ അടിമപ്പെടുന്നത്‌ വര്‍ജിക്കുകയും അല്ലാഹുവിലേക്ക്‌ വിനയത്തോടെ മടങ്ങുകയും ചെയ്യുന്നവര്‍ക്ക്‌ സന്തോഷവാര്‍ത്തയുണ്ട്‌. അതുകൊണ്ട്‌ എന്റെ അടിമകളെ നീ സന്തോഷവാര്‍ത്തയറിയിക്കുക.

18. (അതായത്‌) വചനത്തെ ശ്രദ്ധിച്ചു കേള്‍ക്കുകയും എന്നിട്ടവയിലേറ്റവും നല്ലത്‌ പിന്തുടരുകയും ചെയ്യുന്നവര്‍.അക്കൂട്ടര്‍ക്കാകുന്നു അല്ലാഹു മാര്‍ഗദര്‍ശനം നല്‌കിയിട്ടുള്ളത്‌. അവര്‍ തന്നെയാകുന്നു ബുദ്ധിമാന്മാര്‍.

19. അപ്പോള്‍ ശിക്ഷയുടെ വചനം(സ്ഥിരപ്പെട്ട്‌) യഥാര്‍ത്ഥമായിത്തീര്‍ന്നിട്ടുള്ളവനോ? (നിനക്കവനെ നേര്‍മാര്‍ഗത്തിലാക്കാമോ? ഇല്ല.) എന്നിരിക്കെ, നരകത്തിലുള്ളവനെ നീ രക്ഷപ്പെടുത്തുമോ?

20. എന്നാൽ തങ്ങളുടെ നാഥനെ ഭയപ്പെടുന്നവർക്ക് തട്ടിനുമേൽ തട്ടുകളായി നിർമിച്ച മണിമേടകളുണ്ട്. അവയുടെ താഴ്ഭാഗത്തുകൂടെ അരുവികളൊഴുകിക്കൊണ്ടിരിക്കും. (ഇത്) അല്ലാഹുവിന്റെ വാഗ്ദാനമത്രെ; അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.

21. ആകാശത്തിൽനിന്നും അല്ലാഹു ജലത്തെ ഇറക്കുകയും അങ്ങനെ അതിനെ ഭൂമിയിലെ ഉറവകളിൽ അവൻ പ്രവേശിപ്പിക്കുകയും ചെയ്യുന്നുവെന്ന് നീ കാണുന്നില്ലേ? പിന്നീട് അതുവഴി വ്യത്യസ്ത വർണങ്ങളിലുള്ള വിളവുകൾ അവൻ ഉല്പാദിപ്പിക്കുന്നു.പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ അത് മഞ്ഞച്ചതായി നിനക്കു കാണാം. പിന്നീട് അവൻ അ തിനെ വൈക്കോൽ തുരുമ്പാക്കുന്നു. തീർച്ചയായും അതിൽ ബുദ്ധിമാന്മാർക്ക് ഗുണപാഠ മുണ്ട്.

22. അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും,അങ്ങനെ അവൻ തന്റെ നാഥനിൽനിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (ഇവനും ഹൃദയംകടുത്തവനും സമമായിരിക്കുമോ?).അതിനാൽ,അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അകന്ന് ഹൃദയം കടുത്തവർക്കാണ് നാശം. അവർ സ്പഷ്ടമായ ദുർമാർഗത്തിലാകുന്നു.

23. അല്ലാഹു ഏറ്റവും നല്ല വർത്തമാനം അവതരിപ്പിച്ചിരിക്കുന്നു. വചനങ്ങളിൽ പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുമുള്ള ഗ്രന്ഥമാണിത്. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതുനിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ അനുസ്മരിക്കുന്നതിനായി വിനീതമാകുന്നു. ഇതാണ് അല്ലാഹുവിന്റെ മാർഗദർശനം. അതുവഴി അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. അല്ലാഹു വഴികേടിലാക്കുന്നവരെ നേർവഴിയിലാക്കാൻ ആർക്കുമാവില്ല.

24. എന്നാൽ ഉയിർത്തെഴുന്നേൽപുനാളിൽ കഠിനശിക്ഷയെ തന്റെ മുഖംകൊണ്ട് തടുക്കേണ്ടിവരുന്ന ഒരുവനോ? (ഇവനും അന്നത്തെ ദിവസം നിർഭയനായിരിക്കുന്നവനും സമമാകുമോ?) അക്രമികളോട് പറയപ്പെടും:'നിങ്ങൾ സമ്പാദിച്ചിരുന്നതിന്റെ (ഫലം) ആസ്വദിക്കുവിൻ.'

25. അവർക്ക് മുമ്പുള്ളവരും (സത്യത്തെ) നിഷേധിച്ചു. അപ്പോൾ അവർ വിചാരിക്കാത്ത ഭാഗത്തുനിന്ന് അവർക്ക് ശിക്ഷ വന്നെത്തി.

26. അങ്ങനെ അല്ലാഹു അവരെ ഐഹികജീവിതത്തിൽ തന്നെ അപമാനം ആസ്വദിപ്പിച്ചു. പരലോകത്തിലെ ശിക്ഷ ഏറെ വലുതാണ്. അവർ അറിഞ്ഞിരുന്നെങ്കിൽ!

27. തീർച്ചയായും ഈ ഖുർആനിൽ മനുഷ്യർക്കുവേണ്ടി വിവിധതരം ഉദാഹരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അവർ അനുസ്മരിക്കുന്നതിനുവേണ്ടി.

28. വക്രതയുള്ളതല്ലാത്ത അറബി (ഭാഷയിലുള്ള) ഒരു ഖുർആൻ, അവർ സൂക്ഷിക്കുന്നതിനുവേണ്ടി.

29. അല്ലാഹു ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു.പരസ്പരം കലഹിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ(യജമാനന്മാർ).മറ്റൊരു മനുഷ്യൻ; ഒരു യജമാനനുമാത്രം കീഴ്പെട്ട് കഴിയുന്നവനാണയാൾ. ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. എന്നാൽ അവരിൽ അധികപേരും അറിയുന്നില്ല.

30. തീർച്ചയായും നീ മരിക്കുന്നവനാകുന്നു; അവരും തീർച്ചയായും മരിക്കുന്നവരാകുന്നു.

31. പിന്നെ,ഉയിർത്തെഴുന്നേൽപുനാളിൽ തീർച്ചയായും നിങ്ങളുടെ നാഥന്റെ മുമ്പിൽ നിങ്ങൾ തർക്കിക്കും.

32. അപ്പോൾ അല്ലാഹുവിൻെറ പേരിൽ കള്ളം പറയുകയും തനിക്കു സത്യം വന്നെത്തിയ പ്പോൾ അതിനെ നിഷേധിക്കുകയും ചെയ്യുന്ന ഒരുവനേക്കാൾ അധികം തെറ്റുകാരൻ ആരാണ്? നരകത്തിലല്ലയോ (ഇങ്ങനെയുള്ള) അവിശ്വാസികൾക്ക് പാർപ്പിടം?

33. സത്യസന്ദേശവുമായിവന്നവനും അതിനെ സത്യപ്പെടുത്തിയവനും തന്നെയാണ് സൂക്ഷ്മതയു ള്ളവർ.

34. അവർക്ക് തങ്ങളുടെ നാഥൻെറ അടുത്ത് അവരാഗ്രഹിക്കുന്നതെന്തും ഉണ്ട്.അതത്രെ സജ്ജന ങ്ങളുടെ പ്രതിഫലം.

35. അവർ പ്രവർത്തിച്ചതിൽനിന്ന് ഏറ്റവും ചീത്തയായതുപോലും അല്ലാഹു അവരിൽനിന്ന് മായ്ച്ചുകളയും.അവർ ചെയ്തുകൊണ്ടിരുന്ന ഏറ്റം നല്ല പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തി ലവർക്ക് പ്രതിഫലം നല്കുകയും ചെയ്യും.

36. തൻെറ ദാസന് അല്ലാഹു മതിയായവനല്ലയോ?അവനെക്കൂടാതെ (മറ്റു ദൈവങ്ങളെ)ക്കൊണ്ട് അവർ നിന്നെ ഭയപ്പെടുത്തുന്നു. വല്ലവനെയും അല്ലാഹു വഴിപിഴപ്പിലാക്കുന്നപക്ഷം അവ ന്ന് വഴി കാട്ടാൻ ആരുമില്ല.

37. വല്ലവനെയും അല്ലാഹു നേർവഴിയിലാക്കുന്നപക്ഷം അവനെ വഴികേടിലാക്കാനും ആർക്കും സാധ്യമല്ല. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനും അല്ലയോ?

38. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും,'അല്ലാഹു'എന്ന്. പറയുക: അപ്പോൾ അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അല്ലാഹു എനി ക്ക് വല്ല ഉപദ്രവവും വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവൻെറ ഉപദ്രവത്തെ (എന്നിൽ നിന്നും) അവർ മാറ്റിക്കളയുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവർക്ക് അവൻെറ അനുഗ്രഹം തടഞ്ഞു വെക്കാൻ ആകുമോ? പറയുക: എനിക്ക് അല്ലാഹു മതി; ഭരമേൽപ്പിക്കുന്നവർ അവനിൽ ഭരമേൽപികട്ടെ.

39. പറയുക; എൻെറ ജനങ്ങളേ! നിങ്ങൾ നിങ്ങളുടെ നിലപാടനുസരിച്ച് പ്രവർത്തിച്ചുകൊ ള്ളുക, ഞാൻ (എൻെറ നിലയനുസരിച്ച്) പ്രവർത്തിച്ചുകൊണ്ടിരിക്കാം. എന്നാൽ വഴിയെ നിങ്ങൾക്ക് അറിയാറാകും;

40. ആർക്കാണ് അപമാനകരമായ ശിക്ഷ വന്നെത്തുകയെന്ന്. ശാശ്വതമായ ശിക്ഷ വന്നിറങ്ങുക ആരുടെ മേലാണെന്നും.

41. തീർച്ചയായും മനുഷ്യർക്കാകമാനമുള്ള സത്യസന്ദേശവുമായി നാം നിനക്ക് ഈ വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. അതിനാൽ ആരെങ്കിലും സന്മാർഗം സ്വീകരിച്ചാൽ അതിൻെറ നന്മ അവനുതന്നെയാണ്. വല്ലവനും വഴിപിഴച്ചു പോയാൽ അവൻ വഴിപിഴച്ചുപോകുന്നതി ൻെറ ദോഷവും അവന് തന്നെ. നീ അവരുടെ കൈകാര്യ കർത്താവൊന്നുമല്ല.

42. ആത്മാക്കളെ, അവയുടെ മരണസമയത്ത് അല്ലാഹു ഏറ്റെടുക്കുന്നു. മരണപ്പെടാത്ത (ആത്മാ ക്കളെ) അതിൻെറ ഉറക്കത്തിലും (എടുക്കുന്നു);ഏതിനെല്ലാം (ആത്മാവിന്) അവൻ മരണ ത്തെ വിധിച്ചുവോ, അതിനെ അവൻ (ജീവിതത്തിലേക്ക് വിടാതെ) പിടിച്ചുവെക്കുകയും മറ്റതിനെ അവൻ ഒരു നിശ്ചിത അവധിയിലേക്ക് വിട്ടയക്കുകയും ചെയ്യുന്നു. ചിന്തി ക്കുന്ന ജനത്തിന് തീർച്ചയായും ഇതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

43. അല്ലെങ്കിൽ അല്ലാഹുവിനെകൂടാതെ ശുപാർശക്കാരെ അവർ സ്വീകരിച്ചിരിക്കുന്നുവോ? പറ യുക: അവർ(ശുപാർശക്കാർ) യാതൊന്നും അധീനപ്പെടുത്തുകയോ ചിന്തിച്ചു മനസ്സിലാക്കു കയോ ചെയ്യുന്നില്ലെങ്കിൽ പോലും?

44. പറയുക: ശുപാർശ മുഴുവനായും അല്ലാഹുവിനാണ്. അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. പിന്നീട് നിങ്ങൾ മടങ്ങിച്ചെല്ലുന്നതും അവങ്കലേക്കുതന്നെ.
45. ഏകനായ അല്ലാഹുവെപ്പറ്റി അനുസ്മരിക്കപ്പെടുമ്പോൾ പരലോകവിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നു. അവനെക്കൂടാതുള്ള (മറ്റ് ദൈവങ്ങൾ) അനുസ്മരിക്കപ്പെടുമ്പോൾ അവർ സന്തോഷഭരിതരാവുന്നു.
46. പറയുക:ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവും, അദൃശ്യവും ദൃശ്യവും അറിയുന്നവനുമായ അല്ലാഹുവേ, നിൻെറ അടിമകൾക്കിടയിൽ, അവർ ഭിന്നിച്ചുകൊണ്ടിരുന്ന വിഷയങ്ങളിൽ നീ തന്നെയാണ് വിധികല്പിക്കുന്നത്.
47. ഭൂമിയിലുള്ളത് മുഴുവനും അതോടൊപ്പം അത്രയും,അതിക്രമം കാണിച്ചവരുടെ വശമുണ്ടെങ്കിൽ ഉയിർത്തെഴുന്നേൽപുനാളിലെ കടുത്ത ശിക്ഷയിൽനിന്നു (മോചനം നേടാൻ) അതൊക്കെയും അവർ പ്രായശ്ചിത്തമായി നൽകാൻ തയ്യാറാകും. അവർ കണക്കുകൂട്ടിയിട്ടില്ലാത്ത (പലതും) അല്ലാഹുവിങ്കൽനിന്ന് അവർക്ക് വെളിവാകുകയും ചെയ്യും.
48. അവർ സമ്പാദിച്ചതിൻെറ ദോഷങ്ങൾ അവർക്ക് നേരിട്ട് വെളിവാകുകയും അവർ പരിഹസിച്ചുകൊണ്ടിരുന്നത് എന്തിനെയോ അത് അവരെ വലയം ചെയ്യുകയും ചെയ്യും.
49. വല്ല ദോഷവും ബാധിച്ചാൽ മനുഷ്യൻ നമ്മെ വിളിച്ചു പ്രാർഥിക്കുന്നു. പിന്നീട് നാം വല്ല അനുഗ്രഹവും നൽകിയാലോ അവൻ പറയും; തീർച്ചയായും (എൻെറ) അറിവിൻെറ അടിസ്ഥാനത്തിൽ തന്നെയാണ് എനിക്ക് അത് നല്കപ്പെട്ടിട്ടുള്ളത് എന്ന്. അല്ല! അത് ഒരു പരീക്ഷണമത്രെ; പക്ഷേ, അധികപേരും അതറിയുന്നില്ല.
50. ഇവർക്കു മുമ്പുള്ളവരും ഇപ്രകാരം പറയുകയുണ്ടായിട്ടുണ്ട്. എന്നാൽ അവർ സമ്പാദിച്ചതൊന്നും അവർക്കൊട്ടും ഉപകരിച്ചില്ല.
51. അങ്ങനെ അവർ സമ്പാദിച്ചതിൻെറ ദൂഷ്യങ്ങൾ അവരെബാധിച്ചു.അതേപോലെ ഇക്കൂട്ടരിൽ അതിക്രമം ചെയ്തിട്ടുള്ളവർക്കും അവർ സമ്പാദിച്ചതിൻെറ ദുഷ്ഫലങ്ങൾ ബാധിക്കാൻ പോവുകയാണ്. ഇവർക്കും (നമ്മെ) തോൽപിക്കാനാവില്ല.
52. അവർക്കറിഞ്ഞുകൂടേ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിപുലമാക്കികൊടുക്കുകയും (ഉദ്ദേശിക്കുന്നവർക്കു) കുടുസ്സാക്കുകയും ചെയ്യുന്നുവെന്ന്? വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.
53. പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എൻെറ അടിമകളേ, അല്ലാഹുവിൻെറ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശരാവരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുത്തുതരുന്നവനാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും.
54. നിങ്ങൾക്കു ശിക്ഷ വന്നെത്തും മുമ്പെ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവനു കീഴ്പ്പെടുകയും ചെയ്യുവിൻ.(അതുവന്നാൽ)പിന്നെ, നിങ്ങൾ സഹായിക്കപ്പെടുകയില്ല.
55. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിൽ നല്ലതിനെ പിൻപറ്റുകയും ചെയ്യുവിൻ.നിങ്ങൾ ഓർക്കാതിരിക്കെ പൊടുന്നനെ ശിക്ഷ നിങ്ങളിൽ വരുന്നതിനു മുമ്പ്.
56. അല്ലെങ്കിൽ(അന്ന്) ഒരാത്മാവ് പറയും: ഹാ! അല്ലാഹുവോട് ചെയ്യേണ്ട കർത്തവ്യത്തിൽ ഞാൻ അവഗണിച്ചത് എന്തു കഷ്ടം! തീർച്ചയായും ഞാൻ പരിഹസിക്കുന്നവരുടെ കൂട്ടത്തിൽ ആയിപ്പോയല്ലോ.

57. അല്ലെങ്കിൽ അത് പറയും: അല്ലാഹു എന്നെ വഴി കാണിച്ചിരുന്നെങ്കിൽ, തീർച്ചയായും ഞാൻ സൂക്ഷ്മതയുള്ളവരിൽ പെട്ടവനാകുമായിരുന്നുവല്ലോ!

58. അല്ലെങ്കിൽ (ആ)ശിക്ഷ കാണുന്ന സമയം അതു പറയും:''എനിക്കൊന്ന് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ, അപ്പോൾ ഞാൻ സദ്വൃത്തരുടെ കൂട്ടത്തിൽ ആകുമായിരുന്നു.

59. അതെ, തീർച്ചയായും എൻെറ വചനങ്ങൾ നിനക്ക് വന്നെത്തിയിരുന്നു. എന്നാൽ അവയെ നീ നിഷേധിച്ചു.അഹങ്കരിക്കുകയും ചെയ്തു. നീ അവിശ്വാസികളുടെ കൂട്ടത്തിലായിത്തീരുകയും ചെയ്തു.

60. അല്ലാഹുവിൻെറ പേരിൽ കള്ളം പറഞ്ഞവരുടെ മുഖങ്ങൾ ഉയിർത്തെഴുന്നേൽപുനാളിൽ കറുത്തിരുണ്ടതായി നിനക്കു കാണാം. അഹങ്കാരികൾക്ക് നരകത്തിലല്ലയോ പാർപ്പിടം?

61. സൂക്ഷ്മത പാലിച്ചവരെ അവരവലംബിച്ച വിജയോപാധികൾ നിമിത്തം അല്ലാഹു രക്ഷപ്പെടുത്തും. ശിക്ഷ അവരെ ബാധിക്കുകയില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.

62. അല്ലാഹു സകല വസ്തുക്കളുടെയും സ്രഷ്ടാവാണ്. അവൻ എല്ലാ കാര്യങ്ങൾക്കും കൈകാര്യകർത്താവുമാണ്.

63. ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവൻെറ പക്കലാകുന്നു. അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ അവിശ്വസിച്ചവരാകട്ടെ, അവർ തന്നെയാണ് നഷ്ടക്കാർ.

64. ചോദിക്കുക: ഹേ! വിവരം കെട്ടവരേ, ഞാൻ അല്ലാഹു അല്ലാത്തവരെ ആരാധിക്കണമെന്നാണോ നിങ്ങൾ എന്നോട് കല്പിക്കുന്നത്?

65. തീർച്ചയായും നിനക്കും നിനക്കു മുമ്പുള്ളവർക്കും ബോധനമായി നൽകിയത് ഇതത്രെ: നീ (അല്ലാഹുവിൽ) പങ്കുചേർത്താൽ തീർച്ചയായും നിൻെറ പ്രവർത്തനങ്ങളൊക്കെ നിഷ്ഫലമായിപ്പോകും. നീ നഷ്ടപ്പെട്ടവരിൽപെടുകയും ചെയ്യും.

66. അല്ല! നീ അല്ലാഹുവിനുമാത്രം വഴിപ്പെടുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക.

67. അല്ലാഹുവെ പരിഗണിക്കേണ്ട വിധം അവർ പരിഗണിച്ചിട്ടില്ല. ഉയിർത്തെഴുന്നേൽപുനാളിൽ ഭൂമി മുഴുവനും അവൻെറ പിടിയിൽ ഒതുങ്ങിയതായിരിക്കും. അകാശങ്ങൾ അവൻെറ വലംകൈയിൽ ചുരുട്ടി വയ്ക്കപ്പെട്ടതുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിൽനിന്നും അവൻ അത്യുന്നതനായിരിക്കുന്നു.

68. കാഹളത്തിൽ ഊതപ്പെടും.അപ്പോൾ ആകാശങ്ങളിലുള്ളവരും ഭുമിയിലുള്ളവരും ചലനമറ്റവരായിത്തീരും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നീട് വീണ്ടുമൊരിക്കൽ അതിൽ (കാഹളത്തിൽ)ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേറ്റ് നോക്കാൻ തുടങ്ങുന്നു.

69. അന്ന് ഭൂമി അതിൻെറ രക്ഷിതാവിൻെറ പ്രഭയാൽ പ്രകാശിതമാകും. ഗ്രന്ഥം വയ്ക്കപ്പെടും. പ്രവാചകന്മാരും സാക്ഷികളും ഹാജരാക്കപ്പെടുകയും സത്യത്തോടെ അവർക്കിടയിൽ വിധി കല്പിക്കപ്പെടുകയും ചെയ്യും. അവരോട് അനീതി കാണിക്കപ്പെടുകയില്ല.

70. ഓരോ ആത്മാവിനും അതു പ്രവർത്തിച്ചത്(കർമഫലം) പൂർണമായും ലഭിക്കും. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അവൻ ഏറ്റവും നന്നായറിയുന്നവനാണ്.

71. സത്യനിഷേധികൾ കൂട്ടംകൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടും. അങ്ങനെ അവർ അതിനടുത്തെത്തിയാൽ അതിൻെറ വാതിലുകൾ തുറക്കപ്പെടും. അതിൻെറ കാവൽക്കാർ അവരോട് ചോദിക്കും: ''നിങ്ങളുടെ രക്ഷിതാവിൻെറ വചനങ്ങൾ ഓതിക്കേൾപ്പിച്ചു തരികയും ഈ ദിനത്തെ കണ്ടുമുട്ടേണ്ടിവരുമെന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്ത നിങ്ങളിൽ നി

ന്നു തന്നെയുള്ള (ദൈവ)ദൂതന്മാർ നിങ്ങളിലേക്ക് വന്നെത്തിയിരുന്നില്ലേ?''അവർ പറയും: 'അതെ. പക്ഷേ, സത്യനിഷേധികൾക്ക് ശിക്ഷയുടെ വചനം സ്ഥിരപ്പെട്ടുപോയി.'

72. (അവരോട്) പറയപ്പെടും: നിങ്ങൾ നരകവാതിലുകളിലൂടെ പ്രവേശിക്കുക. നിങ്ങളവിടെ സ്ഥിരവാസികളായിരിക്കും. എന്നാൽ അഹങ്കാരികളുടെ പാർപ്പിടം എത്ര ചീത്ത!

73. തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അവർ അവിടെ എത്തുമ്പോൾ അതിന്റെ വാതിലുകൾ തുറന്നുവെക്കപ്പെട്ടിരിക്കും. അതിന്റെ കാവൽക്കാർ അവരോട് പറയും:നിങ്ങൾക്കു സമാധാനം. നിങ്ങൾ സുകർമികളായിരിക്കുന്നു. സ്ഥിരവാസികളായി നിങ്ങൾ അതിൽ പ്രവേശിച്ചുകൊള്ളുക.

74. അവർ പറയും:അല്ലാഹുവിനു സ്തുതി! തന്റെ വാഗ്ദാനം ഞങ്ങൾക്കു സത്യമായി നിറവേറ്റിത്തരുകയും ഈ ഭൂമിയെ(സ്വർഗത്തെ) ഞങ്ങൾക്ക് അനന്തരാവകാശമാക്കിത്തരികയും, ചെയ്തവൻ. (ഈ) സ്വർഗത്തിൽ നാം നിശ്ചയിക്കുന്നിടത്ത് നമുക്ക് താമസിക്കാം. അപ്പോൾ (സൽക്കർമങ്ങൾ) പ്രവർത്തിച്ചവരുടെ പ്രതിഫലം എത്ര നല്ലത്!

75. മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതികീർത്തനം ചെയ്യും. സിംഹാസനത്തിനു ചുറ്റും അണിനിരന്നതായും നിനക്കു കാണാം. അവർക്കിടയിൽ സത്യപ്രകാരം വിധി കല്പിക്കപ്പെടും. 'ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി' എന്ന് പറയപ്പെടുകയും ചെയ്യും.

---

******

# അധ്യായം 40

## അൽമുഅ്മിൻ. (വിശ്വാസി)

**അവതരണം മക്കയിൽ, വചനങ്ങൾ 85**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. ഹാ - മീം.
2. ഈ വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും സർവ്വജ്ഞനുമായ അല്ലാഹുവിൽനിന്നാകുന്നു.
3. അവൻ പാപം പൊറുക്കുന്നവനും പശ്ചാത്താപംസ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും അത്യുദാരനുമാകുന്നു.അവനല്ലാതെ ഒരു ദൈവമില്ല.അവങ്കലേക്കാണ് എല്ലാറ്റിന്റെയും മടക്കം.
4. അവിശ്വാസികളല്ലാതെ അല്ലാഹുവിന്റെ വചനങ്ങളെപ്പറ്റി തർക്കിക്കുകയില്ല.അതിനാൽ നാട്ടിലെങ്ങുമുള്ള അവരുടെ സ്വൈരവിഹാരം നിന്നെ വഞ്ചിതനാക്കാതിരിക്കട്ടെ.
5. ഇവർക്ക് മുമ്പ് നൂഹിന്റെ ജനതയും,അവരുടെ ശേഷം (പല) സഖ്യ കക്ഷികളും നിഷേധിച്ചു. ഓരോ ജനതയും അവരുടെ ദൈവദൂതനെ പിടികൂടാൻ ഉദ്യമിക്കുകയും,അസത്യമുപയോഗിച്ച് സത്യത്തെ തകർക്കാൻ അവർ തർക്കത്തിലേർപ്പെടുകയും ചെയ്തു. തന്നിമിത്തം ഞാൻ അവരെ പിടികൂടി. അപ്പോൾ എങ്ങനെയായിരുന്നു എന്റെ ശിക്ഷ!
6. സത്യനിഷേധികളുടെ മേൽ,അവർ നരകാവകശികളാണ് എന്നുള്ള നിന്റെ രക്ഷിതാവിന്റെ വചനം അപ്രകാരം സ്ഥാപിതമായി.
7. സിംഹാസനം വഹിക്കുന്നവരും അതിനു ചുറ്റുമുള്ളവരും(മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തനം ചെയ്യുകയും അവനിൽ വിശ്വസിക്കുകയും വിശ്വാസികളുടെ പാപമോചനത്തിനായി (ഇപ്രകാരം)പ്രാർഥിക്കുകയും ചെയ്യുന്നു: ''ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. അതിനാൽ പശ്ചാത്തപിക്കുകയും നിന്റെ പാത പിന്തുടരുകയും ചെയ്തവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നരകശിക്ഷയിൽനിന്ന് രക്ഷിക്കേണമേ.''
8. 'ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള നിത്യവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കൾ,ഇണകൾ, സന്തതികൾ എന്നിവരിലെ സച്ചരിതരെയും നീ പ്രവേശിപ്പിക്കേണമേ. നിശ്ചയമായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും.'
9. തിന്മകളിൽ നിന്ന് അവരെ നീ പരിരക്ഷിക്കേണമേ. ആ ദിനം(ഉയിർത്തെഴുന്നേൽപുനാൾ) തിന്മകളിൽ നിന്ന് ആരെ നീ പരിരക്ഷിക്കുമോ അപ്പോൾ അവന് നീ തീർച്ചയായും കരുണ ചെയ്തുകഴിഞ്ഞു. അതിമഹത്തായ വിജയവും അതുതന്നെ.
10. തീർച്ചയായും സത്യനിഷേധികളോട് വിളിച്ചു പറയപ്പെടും: അല്ലാഹുവിന് നിങ്ങളോടുള്ള കോപം നിങ്ങൾക്ക് നിങ്ങളുടെ ആത്മാക്കളോടുള്ള അമർഷത്തെക്കാൾ ഏറെ വലുതാണ്- എന്തെന്നാൽ നിങ്ങൾ(സത്യ)വിശ്വാസത്തിലേക്ക് വിളിക്കപ്പെട്ടപ്പോൾ,നിങ്ങൾ അവിശ്വസിച്ചു
11. അവർ പറയും: 'ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ രണ്ടു തവണ മരിപ്പിച്ചു. രണ്ടു തവണ ജീവിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ സ്വന്തം പാപങ്ങളേറ്റു പറയുന്നു. ഇനി (ഇവിടെനിന്ന്)ഒന്നു പുറത്തു പോകേണ്ടതിലേക്ക് വല്ല മാർഗവും ഉണ്ടോ?

12. അവരോട് പറയപ്പെടും: ഇത് എന്തെന്നാൽ (ആരാധനക്ക് അർഹനായി) അല്ലാഹു ഒരുവൻ (മാത്രം) വിളിച്ച് പ്രാർഥിക്കപ്പെട്ടാൽ നിങ്ങൾ അവിശ്വസിച്ചു.അവന് പങ്കാളികളെ കൽപിക്കപ്പെടുന്നെങ്കിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് വിധിതീർപ്പ് മഹാനും അത്യുന്നതനുമായ അല്ലാഹുവിൻെറതാണ്.
13. അവനാണ് നിങ്ങൾക്ക് തൻെറ ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നത്. ആകാശത്തുനിന്ന് അവൻ നിങ്ങൾക്ക് അന്നം ഇറക്കിത്തരുന്നു. (അവങ്കലേക്ക്) മടങ്ങുന്നവൻ മാത്രമേ ആലോചിച്ച് ഗ്രഹിക്കുകയുള്ളു.
14. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർഥിക്കുക. സത്യനിഷേധികൾക്ക് അതെത്ര അനിഷ്ടകരമാണെങ്കിലും (ശരി.)
15. പദവികൾ ഉയർന്നവനും. സിംഹാസനത്തിന്നധിപനുമാകുന്നു. തൻെറ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ 'തന്നിൽനിന്നുള്ള ചൈതന്യം' (പ്രവാചകത്വവും ദിവ്യബോധനവും) ഇറക്കിക്കൊടുക്കുന്നു.കൂടിക്കാഴ്ചയുടെ നാളിനെപ്പറ്റി മുന്നറിയിപ്പ് നൽകാനാണിത്
16. അവർ(ജനങ്ങൾ) വെളിക്കു വരുന്ന ദിവസമത്രെ അത്. അവരെ സംബന്ധിച്ച ഒരു കാര്യവും അല്ലാഹുവിൽനിന്ന് മറഞ്ഞിരിക്കുകയില്ല.അന്ന് ആർക്കാണ് ആധിപത്യം? ഏകനും, സർവ്വാധിപതിയുമായ അല്ലാഹുവിനു തന്നെ.
17. ആ ദിവസം ഓരോ ആത്മാവിനും,അതു സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും. അന്ന് ഒരനീതിയുമുണ്ടാവില്ല. തീർച്ചയായും അല്ലാഹു അതിവേഗം കണക്കു നോക്കുന്നവനാകുന്നു.
18. ആസന്നമായ (വിധി)ദിനത്തെക്കുറിച്ച് അവർക്ക് മുന്നറിയിപ്പ് കൊടുക്കുക.അതായത്, അവർ ശ്വാസം അടക്കിപ്പിടിച്ചവരായിക്കൊണ്ട് ഹൃദയങ്ങൾ തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന അവസരം.അക്രമികൾക്ക് ഒരു മിത്രവും ഉണ്ടായിരിക്കുകയില്ല; സ്വീകാര്യനായ ഒരു ശിപാർശകനോ ഉണ്ടാവുകയില്ല.
19. കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചുവെക്കുന്നതുമെല്ലാം അവൻ(അല്ലാഹു) അറിയുന്നു.
20. അല്ലാഹു സത്യത്തോടെ തീർപ്പ് കല്പിക്കുന്നു. അവനെക്കൂടാതെ അവർ വിളിച്ചു പ്രാർഥിക്കുന്നവരാരുംതന്നെ ഒന്നിലും ഒരു തീർപ്പും കൽപിക്കുകയില്ല. തീർച്ചയായും അല്ലാഹു തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും കാണുന്നവനും.
21. ഇക്കൂട്ടർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? അങ്ങനെ തങ്ങൾക്കു മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എവ്വിധമായിരുന്നുവെന്ന് കാണുകയും ചെയ്യുന്നില്ലേ? അവർ ശക്തികൊണ്ടും ഭൂമിയിൽ (അവശേഷിപ്പിച്ച) സ്മാരകങ്ങൾകൊണ്ടും ഇവരേക്കാൾ കരുത്തരായിരുന്നു. അങ്ങനെ അവരുടെ പാപങ്ങൾ കാരണം അല്ലാഹു അവരെ പിടികൂടി.അല്ലാഹുവിൻെറ ശിക്ഷയിൽ നിന്ന് അവരെ രക്ഷിക്കാൻ ആരുമുണ്ടായിരുന്നില്ല.
22. അത് എന്തുകൊണ്ടെന്നാൽ അവരിലേക്കുള്ള ദൈവദൂതന്മാർ വ്യക്തമായ (തെളിവുകൾ) അവ രിൽ കൊണ്ടുവന്നിരുന്നു; അപ്പോൾ അവർ അവിശ്വസിച്ചു. അതുകൊണ്ട് അല്ലാഹു അവ രെ പിടികൂടി. തീർച്ചയായും അവൻ ശക്തനും കഠിനമായി ശിക്ഷിക്കുന്നവനുമത്രെ.
23. തീർച്ചയായും,നമ്മുടെ ദൃഷ്ടാന്തങ്ങളും, സ്പഷ്ടമായ അധികാര പ്രമാണങ്ങളുമായി നാം മൂസായെ അയക്കുകയുണ്ടായി.

24. ഫിർഔൻെറയും ഹാമാൻെറയും ഖാറൂൻെറയും അടുത്തേക്ക്. അപ്പോൾ അവർ പറഞ്ഞു: 'ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാണ്.'
25. അങ്ങനെ നമ്മുടെ ഭാഗത്തുനിന്നുള്ള സത്യവുമായി അദ്ദേഹം അവരുടെ അടുത്ത് ചെന്ന പ്പോൾ അവർ പറഞ്ഞു: 'ഇവനോടൊപ്പം വിശ്വസിച്ചവരുടെ ആൺകുട്ടികളെ നിങ്ങൾ കൊ ന്നുകളയുകയും അവരുടെ സ്ത്രീകളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക. എന്നാൽ സത്യനിഷേധികളുടെ തന്ത്രം നിഷ്ഫലമാവുകയേയുള്ളു.
26. ഫിർഔൻ പറഞ്ഞു: എന്നെ വിടൂ. മൂസായെ ഞാൻ കൊലപ്പെടുത്തട്ടെ. അവൻ അവൻെറ രക്ഷിതാവിനോട് പ്രാർഥിച്ചുകൊള്ളട്ടെ. അവൻ നിങ്ങളുടെ മതം മാറ്റിമറിക്കുകയോ നാട്ടിൽ കുഴപ്പം കുത്തിപ്പൊക്കുകയോ ചെയ്യേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.
27. മൂസാ പറഞ്ഞു: വിചാരണ നാളിൽ വിശ്വസിക്കാത്ത എല്ലാ അഹങ്കാരികളിൽ നിന്നും എ ൻെറയും നിങ്ങളുടെയും രക്ഷിതാവിൽ ഞാൻ അഭയം തേടുന്നു.
28. ഫിർഔൻെറ കുടുംബത്തിൽപെട്ട സത്യവിശ്വാസിയായ ഒരാൾ പറഞ്ഞു -അയാൾ വിശ്വാസം മറച്ചുവെച്ച ഒരാളായിരുന്നു- ''എൻെറ രക്ഷിതാവ് അല്ലാഹുവാണ് എന്നു പറഞ്ഞതിൻെറ പേരിൽ നിങ്ങൾ ഒരു മനുഷ്യനെ കൊല്ലുകയോ? അദ്ദേഹം നിങ്ങൾക്ക് നിങ്ങളുടെ രക്ഷി താവിൽനിന്നുള്ള വ്യക്തമായ തെളിവുകൾ കൊണ്ടുവന്നിട്ടുമുണ്ട്. അദ്ദേഹം കള്ളം പറയു ന്നവനാണെങ്കിൽ ആ കളവിൻെറ ദോഷഫലം അദ്ദേഹത്തിനു തന്നെയാണ്.മറിച്ച് അദ്ദേഹം സത്യം പറയുന്നവനാണെങ്കിലോ അദ്ദേഹം നിങ്ങൾക്ക് താക്കീതു നൽകുന്നതിൽ ചിലത് (ശിക്ഷകൾ)നിങ്ങളെ ബാധിക്കുകയും ചെയ്യും. അതിക്രമകാരിയും,കളവ് പറയുകയും ചെ യ്യുന്നത് ആരാണോ, അവനെ തീർച്ചയായും അല്ലാഹു നേർവഴിയിലാക്കുകയില്ല.
29. എൻെറ ജനങ്ങളേ, ''ഇന്ന് നിങ്ങൾക്കിവിടെ ആധിപത്യമുണ്ട്, ഭൂമിയിൽ മികച്ചു നിൽ ക്കുന്നവർ ആയി(നിങ്ങൾ ആണുള്ളത്).എന്നാൽ അല്ലാഹുവിൻെറ ശിക്ഷ വന്നെത്തിയാൽ നമ്മെ സഹായിക്കാൻ ആരാണുണ്ടാവുക?'' ഫിർഔൻ പറഞ്ഞു:'എനിക്കു(ശരിയായി) തോ ന്നുന്ന മാർഗം മാത്രമാണ് ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നത്.ശരിയായ പാതയില ല്ലാതെ നിങ്ങളെ ഞാൻ നയിക്കുന്നുമില്ല.
30. വിശ്വസിച്ച ആൾ(വീണ്ടും) പറഞ്ഞു:എൻെറ ജനമേ! നിശ്ചയമായും,നിങ്ങളുടെ മേൽ സഖ്യ കക്ഷികളുടെ ദിവസം പോലുള്ള (ശിക്ഷാ ദിവസം വരുന്നതിനെ ഞാൻ ഭയപ്പെടു ന്നു.)
31. അതായത്,നൂഹിൻെറ ജനതക്കും ആദിനും ഥമൂദിനും അവർക്കു ശേഷമുള്ളവർക്കും ഉണ്ടാ യതുപോലുള്ള അനുഭവം. അല്ലാഹു തൻെറ ദാസന്മാരോട് അതിക്രമം കാണിക്കാനുദ്ദേശി ക്കുന്നില്ല.
32. എൻെറ ജനങ്ങളേ! നിങ്ങൾ പരസ്പരം(നില)വിളി കൂട്ടുന്ന ദിവസത്തെ സംബന്ധിച്ച് തീർച്ചയായും ഞാൻ ഭയപ്പെടുന്നു.
33. അതായത്,നിങ്ങൾ പിന്തിരിഞ്ഞോടുന്ന ദിവസം.അല്ലാഹുവിൽനിന്നു രക്ഷ നൽകുന്ന ഒരാ ളും നിങ്ങൾക്കില്ല. അല്ലാഹു ആരെ വഴികേടിലാക്കുന്നുവോ അവരെ നേർവഴിയിലാക്കുന്ന ആരുമില്ല.
34. വ്യക്തമായ തെളിവുകളുമായി മുമ്പ് യൂസുഫ് നിങ്ങളുടെ അടുത്ത്വന്നിട്ടുണ്ട്. അ പ്പോൾ അദ്ദേഹം കൊണ്ടുവന്നതിനെപ്പറ്റി നിങ്ങൾ സംശയിച്ചു കൊണ്ടേയിരുന്നു. എന്നിട്ട് അദ്ദേഹം മരണമടഞ്ഞപ്പോൾ, ഇദ്ദേഹത്തിനു ശേഷം അല്ലാഹു ഇനി ഒരു ദൂതനേയും നി

യോഗിക്കുകയേ ഇല്ല' എന്ന് നിങ്ങൾ പറഞ്ഞു. അപ്രകാരം, അതിരുവിടുന്നവരെയും സംശയാലുക്കളെയും അല്ലാഹു വഴികേടിലാക്കുന്നു.

35. അല്ലാഹുവിൽനിന്ന് തങ്ങൾക്ക് വന്നുകിട്ടിയ യാതൊരു ആധികാരിക പ്രമാണവും കൂടാതെ അവൻെറ വചനങ്ങളെപ്പറ്റി തർക്കിക്കുന്നവരാണവർ. അത് അല്ലാഹുവിൻെറ അടുക്കലും സത്യവിശ്വാസികളുടെ അടുക്കലും അങ്ങേയറ്റം വെറുക്കപ്പെട്ടതത്രെ. അപ്രകാരം അഹ ങ്കാരികളും ഗർവിഷ്ഠരുമായവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്രവെക്കുന്നു.

36. ഫിർഔൻ പറഞ്ഞു: അല്ലയോ ഹാമാൻ, എനിക്ക് ഒരു ഗോപുരം ഉണ്ടാക്കിത്തരിക. ഞാൻ ആ വഴികളിലൊന്ന് എത്തട്ടെ.

37. ആകാശത്തിൻെറ വഴികളിൽ, അങ്ങനെ മൂസായുടെ ദൈവത്തെ ഞാനൊന്ന് എത്തിനോക്കട്ടെ. നിശ്ചയമായും അവൻ(മൂസ) നുണ പറയുകയാണെന്നാണ് ഞാൻ കരുതുന്നത്. അപ്രകാരം ഫിർഔന് തൻെറ ദുഷ്പ്രവൃത്തി അലംകൃതമായി തോന്നിക്കപ്പെട്ടു. അവൻ നേർവഴിയിൽനിന്ന് തടയപ്പെടുകയും ചെയ്തു. ഫിർഔൻെറ തന്ത്രങ്ങളൊക്കെയും പരാജയപ്പെടുകയായിരുന്നു.

38. (ആ) വിശ്വസിച്ചവൻ പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങളെന്നെ പിൻപറ്റുക. ഞാൻ നിങ്ങളെ വിവേകത്തിൻെറ വഴിയിലൂടെ നയിക്കാം.

39. എൻെറ ജനങ്ങളേ, നിശ്ചയമായും ഈ ഐഹിക ജീവിതം ഒരു(താൽക്കാലിക) വിഭവം മാത്ര മാണ്.തീർച്ചയായും പരലോകം തന്നെയാണ് സ്ഥിരവാസത്തിനുള്ള ഭവനം.

40. ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ അതിനു തുല്യമായ പ്രതിഫലമേ (ശിക്ഷ) അവനു ഉണ്ടാവുകയുള്ളു. പുരുഷനാവട്ടെ, സ്ത്രീയാവട്ടെ, സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമം പ്രവർത്തിക്കുന്നതാരോ അവർ സ്വർഗത്തിൽ കടക്കുന്നതാകുന്നു. അതിൽ അവർക്ക് അളവില്ലാതെ അഹാരം നൽകപ്പെടും.

41. എൻെറ ജനങ്ങളേ, എനിക്കെന്തൊരനുഭവം! ഞാൻ നിങ്ങളെ രക്ഷയിലേക്കു ക്ഷണിക്കുന്നു; നിങ്ങളെന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു.

42. ഞാൻ അല്ലാഹുവിൽ അവിശ്വസിക്കുവാനും എനിക്കൊട്ടും അറിഞ്ഞുകൂടാത്തവയെ ഞാനവനിൽ പങ്കുചേർക്കുന്നതിനും നിങ്ങളെന്നെ വിളിക്കുന്നു. എന്നാൽ ഞാനാകട്ടെ സർവ്വശക്ത നും ഏറെ പൊറുത്തുകൊടുക്കുന്നവനുമായ (അല്ലാഹു) വിലേക്ക് നിങ്ങളെ വിളിക്കുന്നു.

43. നിങ്ങൾ എന്നെ ഏതൊന്നിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നുവോ അതിന് ഇഹലോകത്ത് ഒരു തേട്ടവും നൽകാനില്ല, പരലോകത്തുമില്ലെന്ന കാര്യവും നമ്മുടെ മടക്കം അല്ലാഹുവിങ്കലേക്കാണെന്നതും തീർച്ചയായും അതിക്രമികൾ തന്നെയാണ് നരകാവകാശികളെന്ന സംഗതിയും ഉറപ്പായ കാര്യമാണ്.

44. എന്നാൽ, നിങ്ങളോടു ഞാൻ പറയുന്നത് വഴിയെ നിങ്ങൾ ഓർത്തുകൊള്ളും. എൻെറ സർവവും ഞാനിതാ അല്ലാഹുവിൽ സമർപ്പിക്കുന്നു. തീർച്ചയായും അല്ലാഹു ദാസന്മാരെ കണ്ട റിയുന്നവനാണ്.

45. അപ്പോൾ അവരുണ്ടാക്കിയ കുതന്ത്രങ്ങളുടെ ദുഷ്ഫലങ്ങളിൽനിന്നെല്ലാം അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. ഫിർഔൻെറ ആൾക്കാർ കടുത്ത ശിക്ഷാവലയത്തിലകപ്പെടുകയും ചെയ്തു.

46. നരകം, രാവിലെയും വൈകുന്നേരവും അവരെ അതിനു മുമ്പിൽ ഹാജരാക്കും. അന്ത്യസമയം നിലവിൽ വരുന്ന ദിവസം ഇങ്ങനെ പറയപ്പെടും: ഫിർഔൻെറ ആളുകളെ കഠിന ശിക്ഷയിലേക്ക് കടത്തിവിടുവിൻ.

47. നരകത്തിൽ അവർ അന്യോന്യം തർക്കിക്കുന്ന സന്ദർഭം. അപ്പോൾ (ഭൂമിയിൽ) ദുർബലരായിരുന്നവർ അഹംഭാവം നടിച്ചിരുന്നവരോട് പറയും: ''തീർച്ചയായും ഞങ്ങൾ നിങ്ങളെ പിൻപറ്റി കഴിയുകയായിരുന്നു.അതിനാൽ ഞങ്ങളെ ഈ നരകശിക്ഷയിൽനിന്ന് അല്പമെങ്കിലും ഒഴിവാക്കിത്തരാൻ നിങ്ങൾക്കാകുമോ?
48. അഹംഭാവം നടിച്ചവർ പറയും: തീർച്ചയായും നമ്മളെല്ലാം ഇതിൽതന്നെയാകുന്നു. തീർച്ചയായും അല്ലാഹു ദാസന്മാർക്കിടയിൽ വിധി കല്പിച്ചു കഴിഞ്ഞു.
49. നരകത്തിലുള്ളവർ നരകപാലകരോട് പറയും: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർ ഥിക്കുക. അവൻ ഒരു ദിവസത്തെ ശിക്ഷയെങ്കിലും ഞങ്ങൾക്ക് ലഘൂകരിച്ചുതരട്ടെ.
50. അവർ (കാവൽക്കാർ) പറയും: നിങ്ങൾക്കുള്ള ദൈവദൂതന്മാർ വ്യക്തമായ (തെളിവുകളും) കൊണ്ട് നിങ്ങളുടെ അടുത്ത് വന്നിട്ടുണ്ടായിരുന്നില്ലേ. അവർ പറയും:'അതെ.'അവർ (കാവൽക്കാർ) പറയും: ''എങ്കിൽ നിങ്ങൾ തന്നെ പ്രാർഥിച്ചുകൊള്ളുക.'' അവിശ്വാസികളുടെ പ്രാർഥന വ്യഥാവിലല്ലാതെ അല്ലതാനും.
51. തീർച്ചയായും നാം നമ്മുടെ ദൂതന്മാരെയും സത്യവിശ്വാസികളെയും ഈ ഐഹികജീവിതത്തിലും, സാക്ഷികൾ രംഗത്തുവരുന്ന അന്ത്യനാളിലും സഹായിക്കുകതന്നെ ചെയ്യും.
52. അക്രമികൾക്ക് തങ്ങളുടെ ഒഴികഴിവ്(ഒന്നും) പ്രയോജനപ്പെടാത്ത ഒരു ദിനം.അവർക്ക് ശാപമാണുള്ളത്. അവർക്കുള്ളത് ചീത്ത ഭവനമത്രെ.
53. മൂസാക്കു നാം മാർഗദർശനം നൽകുകയും, ഇസ്രാഈൽ സന്തതികൾക്ക് (ആ) ഗ്രന്ഥത്തെ നാം അനന്തരാവകാശം നൽകുകയും ചെയ്തു.
54. ബുദ്ധിമാന്മാർക്ക് മാർഗദർശനവും ഉൽബോധനവുമായിരുന്നു അത്.
55. അതിനാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിൻെറ വാഗ്ദാനം സത്യമാകുന്നു. നിൻെറ പാപങ്ങൾക്ക് മാപ്പിരക്കുക. വൈകുന്നേരവും രാവിലെയും നിൻെറ നാഥനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുക.
56. തങ്ങൾക്ക് യാതൊരു പ്രമാണവും വന്നുകിട്ടാതെ അല്ലാഹുവിൻെറ വചനങ്ങളെപ്പറ്റി തർക്കിക്കുന്നതാരോ അവരുടെ ഹൃദയങ്ങളിൽ തീർച്ചയായും അഹങ്കാരം മാത്രമേയുള്ളു. അവർ അവിടെ എത്തുന്നതേ അല്ല. അതിനാൽ നീ അല്ലാഹുവോട് രക്ഷതേടുക. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.
57. ആകാശങ്ങളെയും,ഭൂമിയെയും സൃഷ്ടിക്കൽ മനുഷ്യരെ സൃഷ്ടിക്കുന്നതിനേക്കാൾ വലിയ കാര്യ മാണ്. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല.
58. കുരുടനും കാഴ്ചയുള്ളവനും തുല്യരല്ല. വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചീത്ത ചെയ്തവരും തുല്യരാവുകയില്ല. നിങ്ങൾ വളരെ കുറച്ചേ ചിന്തിച്ചു മനസ്സിലാക്കുന്നുള്ളു.
59. ആ അന്ത്യ സമയം തീർച്ചയായും വരാനുള്ളത് തന്നെയാണ്; അതിൽ സംശയമേയില്ല. പക്ഷേ,അധിക ജനവും വിശ്വസിക്കുന്നില്ല.
60. നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം തരാം. തീർച്ചയായും എന്നെ ആരാധിക്കുന്നതിനെക്കുറിച്ച് അഹംഭാവം നടിക്കുന്നവർ നിന്ദ്യരായ നിലയിൽ നരകത്തിൽ പ്രവേശിക്കുന്നതാണ്.
61. അല്ലാഹുവാണ് നിങ്ങൾക്ക് രാവൊരുക്കിത്തന്നത്, അതിൽ നിങ്ങൾ വിശ്രമിക്കുന്നതിനു വേണ്ടി. പകലിനെ വെളിച്ചമുള്ളതും ആക്കിയത് അവനാണ്. തീർച്ചയായും അല്ലാഹു

മനുഷ്യരോട് ഏറെ ഔദാര്യമുള്ളവനാണ്. എന്നാൽ മനുഷ്യരിലേറെ പേരും നന്ദി കാണിക്കുന്നില്ല.

62. അവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു.എല്ലാറ്റിൻെറയും സൃഷ്ടികർത്താവ്.അവനല്ലാതെ ഒരു ദൈവമില്ല. എന്നിട്ടും നിങ്ങളെങ്ങനെ (സത്യത്തിൽനിന്ന്) വഴിതെറ്റിപ്പോകുന്നു?

63. അപ്രകാരം തന്നെയാണ് അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുകൊണ്ടിരിക്കുന്നവർ (സന്മാർഗത്തിൽനിന്ന്) വഴിതെറ്റിക്കപ്പെടുന്നത്.

64. അല്ലാഹുവാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപുരയും ആക്കിയവൻ. അവൻ നിങ്ങൾക്ക് രൂപമേകി. ആ രൂപത്തെ ഏറ്റം മികച്ചതാക്കി. വിശിഷ്ട വസ്തുക്കളിൽനിന്ന് നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. ആ അല്ലാഹു തന്നെയാണ് നിങ്ങളുടെ രക്ഷിതാവ്! പ്രപഞ്ചനാഥനായ അല്ലാഹു അനുഗ്രഹപൂർണൻ തന്നെ.

65. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്.അവനല്ലാതെ ഒരു ദൈവമില്ല.അതു കൊണ്ട് അവനോട് (മാത്രം) ആത്മാർഥമായ കീഴ്വണക്കത്തോടെ അവനെ വിളിച്ച് പ്രാർഥിക്കുവിൻ. സർവലോകരക്ഷിതാവായ അല്ലാഹുവിനാണ് സർവസ്തുതിയും.

66. പറയുക: എൻെറ രക്ഷിതാവിങ്കൽനിന്ന് എനിക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയിരിക്കെ അല്ലാഹുവെക്കൂടാതെ നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവയെ ആരാധിക്കുന്നത് ഞാൻ വിലക്കപ്പെട്ടിരിക്കുന്നു.(സമസ്ത)ലോകങ്ങളുടെ രക്ഷിതാവിനെ ഞാൻ കീഴ്വണങ്ങണമെന്ന് കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

67. അവനാകുന്നു മണ്ണിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ. പിന്നെ ബീജകണത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽനിന്നും; പിന്നീട് ഒരു ശിശുവായി നിങ്ങളെ അവൻ പുറത്ത് കൊണ്ടുവരുന്നു. പിന്നീട് നിങ്ങളുടെ പൂർണ്ണ ശക്തി നിങ്ങൾ പ്രാപിക്കുന്നതിനും, പിന്നീട് നിങ്ങൾ വൃദ്ധന്മാർ ആകുന്നതിനും വേണ്ടി. (എന്നാൽ അതിന്) മുമ്പേ മരണപ്പെടുന്ന ചിലരും നിങ്ങളിലുണ്ട്. നിർണ്ണിതമായ ഒരു അവധിയിൽ നിങ്ങൾ എത്തിച്ചേരുവാനും നിങ്ങൾ ഒരുവേള ചിന്തിക്കുന്നതിനും വേണ്ടി.

68. അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ. അവനൊരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ 'ഉണ്ടാവട്ടെ' എന്ന് അതിനോട് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് ഉണ്ടാകുന്നു.

69. അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെക്കുറിച്ച് തർക്കിക്കുന്നവനെ നീ കണ്ടില്ലേ? എങ്ങനെ അവർ (സത്യത്തിൽ നിന്നും) വ്യതിചലിക്കപ്പെടുന്നു (എന്ന്).

70. അവർ വേദഗ്രന്ഥത്തെയും, നമ്മുടെ ദൂതന്മാരെ നാം ഏതൊന്നുമായി അയച്ചുവോ അതിനെയും നിഷേധിച്ചു കളഞ്ഞവരത്രെ. എന്നാൽ വഴിയെ അവർ അറിഞ്ഞുകൊള്ളും.

71. അവരുടെ കഴുത്തുകളിൽ കുരുക്കുകളും ചങ്ങലകളും (പതിക്കുന്ന) സന്ദർഭം- അവർ വലിച്ചിഴക്കപ്പെടും;

72. തിളവെള്ളത്തിലൂടെ; പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും.

73. പിന്നീട് അവരോട് പറയപ്പെടും: എവിടെ നിങ്ങൾ പങ്കാളികളാക്കി വെച്ചിരുന്നവർ (ദൈവങ്ങൾ)?

74. അല്ലഹുവിനു പുറമെ. അവർ പറയും: അവർ ഞങ്ങളെ വിട്ടുമാറിക്കളഞ്ഞു.അല്ല! (അസ്തിത്വം ഉണ്ടായിരുന്ന) ഒന്നിനെയും മുമ്പ് ഞങ്ങൾ വിളിച്ചുകൊണ്ടിരുന്നില്ല. ഇതുപോലെ അല്ലാഹു അവിശ്വാസികളെ വഴികേടിലാക്കുന്നു.

75. ഭൂമിയിൽ നിങ്ങൾ സത്യവിരുദ്ധമായി പൊങ്ങച്ചം കാണിച്ചതിനാലും അഹങ്കരിച്ചതിനാലുമാണിത്‌.
76. ഇനി നിങ്ങൾ നരകത്തിൻെറ വാതിലുകൾ കടക്കുവിൻ. നിങ്ങൾ അവിടെ സ്ഥിരവാസികളായിരിക്കും. അഹങ്കാരികളുടെ താവളം വളരെ ചീത്ത തന്നെ.
77. അതിനാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിൻെറ വാഗ്ദാനം സത്യമാകുന്നു. എന്നാൽ നാം അവർക്ക്‌ വാഗ്ദാനം ചെയ്തിട്ടുള്ളതിൽ ചിലത്‌ നാം നിനക്ക്‌ കാണിച്ചു തരുന്നതായാലും അല്ലെങ്കിൽ(അതിനു മുമ്പുതന്നെ) നിന്നെ നാം മരിപ്പിക്കുന്നതായാലും നമ്മുടെ അടുത്തേക്ക്‌ തന്നെയാണ്‌ അവർ മടക്കപ്പെടുന്നത്‌.
78. തീർച്ചയായും നിനക്കുമുമ്പ്‌ പല ദൂതന്മാരെയും നാം അയച്ചിട്ടുണ്ട്‌. അവരിൽ ചിലരെപ്പറ്റി നാം നിനക്ക്‌ വിവരിച്ചു തന്നിട്ടുണ്ട്‌. അവരിൽ ചിലരെപ്പറ്റി നാം നിനക്കു വിവരിച്ചു തന്നിട്ടില്ല. ഒരു ദൈവദൂതന്നും അല്ലാഹുവിൻെറ അനുമതിയോടെയല്ലാതെ ഒരു ദൃഷ്ടാന്തവും കൊണ്ടുവരാനാവില്ല. എന്നാൽ അല്ലാഹുവിൻെറ കൽപന വന്നാൽ ന്യായമായ വിധി തീർപ്പുണ്ടാകും. അവിടെവെച്ച്‌ അസത്യവാദികൾ നഷ്ടത്തിലാവുകയും ചെയ്യും.
79. നിങ്ങൾക്കു കന്നുകാലികളെ സൃഷ്ടിച്ചുതന്നത്‌ അല്ലാഹുവാണ്‌. അവയിൽ (ചിലതിനെ) നിങ്ങൾ വാഹനമായി ഉപയോഗിക്കുന്നതിനുവേണ്ടി. അവയിൽ നിന്നു (ചിലതിനെ) നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു.
80. നിങ്ങൾക്ക്‌ അവയിൽ പല പ്രയോജനങ്ങളുമുണ്ട്‌. നിങ്ങളുടെ ഹൃദയങ്ങളിലുള്ള ആവശ്യം (എന്തെങ്കിലും) അവ മൂലം നിങ്ങൾ നേടുന്നതിനുവേണ്ടിയും. അവയുടെ പുറത്തും കപ്പലുകളിലുമാണല്ലോ നിങ്ങൾ വഹിക്കപ്പെടുന്നത്‌.
81. അവൻെറ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക്‌ കാണിച്ചു തരികയും ചെയ്യുന്നു. അപ്പോൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ ഏതിനെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
82. എന്നാൽ അവർക്ക്‌ മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നു എന്ന്‌ കാണാൻ അവർ ഭൂമിയിൽ സഞ്ചരിച്ച്‌ നോക്കിയിട്ടില്ലേ? അവർ ഇവരേക്കാൾ എണ്ണം കൂടിയവരും കരുത്തുകൊണ്ടും ഭൂമിയിൽ ശേഷിപ്പിച്ച അവശിഷ്ടങ്ങൾ കൊണ്ടും ഏറ്റവും പ്രബലന്മാരുമായിരുന്നു.എന്നിട്ടും അവർ സമ്പാദിച്ചുകൊണ്ടിരുന്നതൊന്നും അവർക്ക്‌ പ്രയോജനപ്പെട്ടില്ല
83. അങ്ങനെ അവരിലേക്കുള്ള ദൂതന്മാർ സുവ്യക്തങ്ങളായ (തെളിവുകൾ) അവരിൽ കൊണ്ടുവന്നപ്പോൾ, അവരുടെ പക്കൽ ഉണ്ടായിരുന്ന (ചില) അറിവുകളിൽ അവർ ആഹ്ലാദിച്ചു. എന്തൊന്നിനെപ്പറ്റി അവർ പരിഹസിച്ചിരുന്നുവോ അത്‌ (ശിക്ഷ) അവരെ വലയം ചെയ്യുകയും ചെയ്തു.
84. എന്നിട്ട്‌ നമ്മുടെ ശിക്ഷ കണ്ടപ്പോൾ അവർ പറഞ്ഞു: ഞങ്ങളിതാ ഏകനായ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നു. അവനോട്‌ ഞങ്ങൾ പങ്കുചേർത്തിരുന്നതിൽ(ദൈവങ്ങളിൽ) ഞങ്ങൾ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു.
85. എന്നാൽ നമ്മുടെ ശിക്ഷ കണ്ടപ്പോഴത്തെ അവരുടെ വിശ്വാസം അവർക്കൊട്ടും ഉപകരിച്ചില്ല. അല്ലാഹു തൻെറ ദാസന്മാരുടെ കാര്യത്തിൽ നേരത്തെ സ്വീകരിച്ചുപോന്ന നടപടിക്രമമാണിത്‌. അവിടെ അവിശ്വാസികൾ നഷ്ടത്തിലാവുകയും ചെയ്തു.

******

അധ്യായം 41

# ഫുസ്സ്വിലത്ത്. (വിശദീകരിക്കപ്പെട്ടത്)

**അവതരണം മക്കയിൽ, വചനങ്ങൾ 54**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഹാ-മീം.

2. പരമകാരുണികനും കരുണാനിധിയുമായവനിൽനിന്ന് അവതീർണമായതാണിത്.

3. വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരുവേദഗ്രന്ഥം.അറബി(ഭാഷ)യിലുള്ള ഖുർആൻ മനസ്സിലാക്കുന്ന ജനത്തിനുവേണ്ടിയാണത്.

4. സന്തോഷവാർത്ത അറിയിക്കുന്നതും, താക്കീതു നൽകുന്നതുമായ. എന്നാൽ അവരിൽ അധികപേരും (അവഗണിച്ച്) തിരിഞ്ഞു കളഞ്ഞു. അങ്ങനെ, അവർ (ചെവികൊടുത്ത്) കേൾക്കുന്നില്ല.

5. അവർ പറയുന്നു:നീ യാതൊന്നിലേക്ക് ഞങ്ങളെ ക്ഷണിക്കുന്നുവോ അതിനുനേരെ ഞങ്ങളുടെ ഹൃദയങ്ങൾ കൊട്ടിയടക്കപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ കാതുകളെ ബധിരതയും ബാധിച്ചിരിക്കുന്നു. ഞങ്ങൾക്കും നിനക്കുമിടയിൽ ഒരു മറയുമുണ്ട്. അതുകൊണ്ട് നീ പ്രവർത്തിക്കുക. തീർച്ചയായും ഞങ്ങളും (ഇച്ഛിക്കുന്നത്) പ്രവർത്തിക്കുന്നവരാണ്.

6. പറയുക: തീർച്ചയായും നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ് ഞാൻ. നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു എന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു.അതിനാൽ നിങ്ങൾ അവങ്കലേക്കുള്ള നേർവഴിയിൽ നിലകൊള്ളുക. അവനോടു പാപമോചനം തേടുക. ബഹുദൈവവിശ്വാസികൾക്കു നാശം.

7. സകാത്ത് കൊടുക്കാത്തവരും, പരലോകത്തെ(പ്പോലും) നിഷേധിക്കുന്നവരുമായ (ബഹുദൈവ വിശ്വാസികൾ).

8. നിശ്ചയമായും, വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് മുറിഞ്ഞുപോകാത്ത പ്രതിഫലം ഉണ്ട്.

9. പറയുക: രണ്ടു നാളുകൾകൊണ്ട് ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന്ന് നിങ്ങൾ സമന്മാരെ കല്പിക്കുകയും ചെയ്യുന്നുവോ? അവനത്രെ സർവലോക രക്ഷിതാവ്.

10. അവൻ (ഭൂമിയുടെ) മുകൾപരപ്പിൽ ഉറച്ചുനിൽക്കുന്ന മലകളുണ്ടാക്കി. അതിൽ അഭിവൃദ്ധിയുണ്ടാക്കുകയും,അതിലെ ആഹാരങ്ങളെ അതിൽ അവൻ നിർണ്ണയിച്ചു വയ്ക്കുകയും ചെയ്തു. നാലു നാളുകളിലായാണ് (അവനത് ചെയ്തത്).ആവശ്യക്കാർക്കെല്ലാം ശരിയായ അനുപാതത്തിൽ.

11. പിന്നെ അവൻ ആകാശത്തിനു നേരെ തിരിഞ്ഞു. അത് പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ രണ്ടും അനുസരണപൂർവ്വമോ അല്ലെങ്കിൽ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവയായി വന്നിരിക്കുന്നു.

12. അപ്പോൾ അവൻ രണ്ടു നാളുകളിലായി അവയെ ഏഴ് ആകാശങ്ങളായി സംവിധാനിക്കുകയും ഓരോ ആകാശത്തിനും അതിൻെറ നിയമങ്ങൾ ബോധനം നൽകുകയും ചെയ്തു. അടുത്തുള്ള ആകാശത്തെ വിളക്കുകളാൽ അലങ്കരിക്കുകയും തികച്ചും സുരക്ഷിതവുമാക്കി. അതൊക്കെയും പ്രതാപശാലിയും സർവജ്ഞനുമായ (ഒരു)വൻെറ ആസൂത്രണമത്രെ.

13. ഇനി അവർ അവഗണിക്കുന്നുവെങ്കിൽ പറയുക:ആദ്, ഥമൂദ് എന്നീ സമുദായങ്ങൾക്ക് നേരിട്ട ഭയങ്കര ശിക്ഷയെപ്പോലെയുള്ള ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്കു താക്കീതു നല്കുന്നു.
14. 'അല്ലാഹുവിനെയല്ലാതെ നിങ്ങൾ വണങ്ങരുത്'' എന്ന(ഉപദേശവുമായി) അവരുടെ മുന്നിലൂടെയും പിന്നിലൂടെയും ദൂതന്മാർ അവരിൽ വന്നപ്പോൾ,അവർ പറഞ്ഞു: 'ഞങ്ങളുടെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ (ഞങ്ങളിലേക്ക്) മലക്കുകളെ(മാലാഖമാരെ) ഇറക്കുമായിരുന്നു. എന്നാൽ യാതൊന്നുമായി നിങ്ങൾ അയയ്ക്കപ്പെട്ടുവോ അതിൽ നിശ്ചയമായും വിശ്വാസമില്ലാത്തവരാണ് ഞങ്ങൾ.
15. അങ്ങനെ ആദ് സമുദായം ഭൂമിയിൽ അന്യായമായി അഹങ്കരിക്കുകയും, ഞങ്ങളെക്കാൾ അധികശക്തർ ആരുണ്ട് എന്നവർ പറഞ്ഞു(നടക്കുകയും)ചെയ്തു.അവരെ സൃഷ്ടിച്ച അല്ലാഹു അവരെക്കാളെത്രയോ ശക്തനാണെന്ന് അവർ കാണുന്നില്ലേ? നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചു കളയുകയായിരുന്നു.
16. അതുകൊണ്ട് (ആ) ദുർദിനങ്ങളിൽ അവരുടെ മേൽ ഉഗ്രമായ ഒരു കാറ്റിനെ നാം അയച്ചു. ഐഹികജീവിതത്തിൽതന്നെ അവരെ അപമാനകരമായ ശിക്ഷ ആസ്വദിപ്പിക്കാനായിരുന്നു അത്. എന്നാൽ പരലോകത്തിലെ ശിക്ഷയാണ് കൂടുതൽ അപമാനകരം. അവർ സഹായിക്കപ്പെടുകയുമില്ല.
17. എന്നാൽ ഥമൂദ് ഗോത്രമോ, അവർക്ക് നാം നേർവഴികാണിച്ചുകൊടുത്തു. എന്നാൽ മാർഗദർശനത്തേക്കാൾ അവർ ഇഷ്ടപ്പെട്ടത് അന്ധതയാണ്. അങ്ങനെ, അവർ ചെയ്തുകൂട്ടിയതു നിമിത്തം, അപമാനകരമായ ഒരു ഭയങ്കര ശിക്ഷ അവരെ പിടി കൂടി.
18. വിശ്വസിക്കുകയും ഭക്തി പുലർത്തുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.
19. അല്ലാഹുവിൻെറ ശത്രുക്കളെ നരകത്തിലേക്ക് പോകാനായി വിളിച്ചുകൂട്ടുകയും എന്നിട്ടവരെ തെളിച്ചു കൂട്ടിക്കൊണ്ടുപോകുകയും ചെയ്യുന്ന ദിവസം.
20. അങ്ങനെ അവർ അവിടെ(നരകത്തിൽ) എത്തിയാൽ അവരുടെ കാതുകളും അവരുടെ കണ്ണുകളും അവരുടെ തൊലികളും അവർക്കെതിരായി അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി സാക്ഷ്യം വഹിക്കുന്നതാണ്.
21. അവരുടെ ചർമ്മങ്ങളോട് അവർ പറയും: എന്തുകൊണ്ട് ഞങ്ങൾക്കെതിരെ നിങ്ങൾ സാക്ഷ്യം വഹിക്കുന്നു? അവ(തൊലികൾ) പറയും: സകല വസ്തുക്കൾക്കും സംസാരശേഷിയേകിയ അല്ലാഹു ഞങ്ങൾക്കും സംസാരശേഷിയേകിയിരിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.
22. നിങ്ങളുടെ കാതുകളും നിങ്ങളുടെ കണ്ണുകളും നിങ്ങളുടെ ചർമങ്ങളും നിങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുമെന്ന് കരുതി നിങ്ങൾ (അവയിൽനിന്ന് ഒന്നും) ഒളിപ്പിച്ചുവെക്കാറുണ്ടായിരുന്നില്ല. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിലേറെയും അല്ലാഹു അറിയില്ലെന്നാണ് നിങ്ങൾ ധരിച്ചിരുന്നത്.
23. അതായിരുന്നു നിങ്ങളുടെ രക്ഷിതാവിനെപ്പറ്റി നിങ്ങൾ ധരിച്ചുവെച്ച ധാരണ. അത് നിങ്ങളെ നശിപ്പിച്ചിരിക്കുന്നു. അങ്ങനെ, നിങ്ങൾ നഷ്ടക്കാരിൽ പെട്ടവരായിത്തീർന്നു.
24. ഇനിയിപ്പോൾ അവരെത്ര ക്ഷമിച്ചാലും നരകം തന്നെയാണവരുടെ താവളം. അവരെത്ര വിട്ടു വീഴ്ച തേടിയാലും വിട്ടുവീഴ്ച നൽകപ്പെടുന്നവരുടെ കൂട്ടത്തിൽ ആവുകയുമില്ല.
25. നാം അവർക്ക് ചില കൂട്ടുകാരെ ഉണ്ടാക്കിക്കൊടുത്തു. അങ്ങനെ ആ കൂട്ടുകാർ അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവർക്ക് അലംകൃതമായി തോന്നിപ്പിച്ചു.അതോടെ അവർ

ക്ക് ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തു.അവർക്ക് മുമ്പേ കഴിഞ്ഞുപോയ, ജിന്നുകളിലും മനുഷ്യരിലുമുള്ളവർക്ക് ബാധകമായ അതേ ശിക്ഷ. നിശ്ചയമായും അവർ നഷ്ടപ്പെട്ടവർ ആയിരുന്നു.

26. സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ഖുർആൻ കേട്ടുപോകരുത്. അതി(ന്റെ പാരായണവേളയി)ൽ (ശബ്ദമുണ്ടാക്കി) സംസാരിക്കുവിൻ. നിങ്ങൾക്ക്(അതിനെ) അതിജയിക്കാൻ കഴിഞ്ഞേക്കും.

27. എന്നാൽ ആ അവിശ്വാസികളെ തീർച്ചയായും നാം കഠിനമായ ശിക്ഷ രുചിപ്പിക്കും. അവർ ചെയ്തുകൊണ്ടിരുന്ന ചീത്ത പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം തീർച്ചയായും നാം നൽകുകയും ചെയ്യും.

28. അതാണ് അല്ലാഹുവിന്റെ ശത്രുക്കൾക്ക് ലഭിക്കാനിരിക്കുന്ന പ്രതിഫലമായ നരകം. അവർക്ക് അവിടെ നിത്യവാസ ഭവനങ്ങളുണ്ട്. നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചിരുന്നതിന് പ്രതിഫലമായിട്ട്.

29. സത്യനിഷേധികൾ പറയും:''ഞങ്ങളുടെ രക്ഷിതാവേ, ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ഞങ്ങളെ വഴിപിഴപ്പിച്ചവരെ ഞങ്ങൾക്കു കാണിച്ചുതരേണമേ! രണ്ടു കൂട്ടരും ഏറ്റവും അധമന്മാരുടെ കൂട്ടത്തിലായിത്തീരുവാൻ വേണ്ടി,ഞങ്ങൾ അവരെ ഞങ്ങളുടെ കാലടികൾക്ക് താഴേയാ(ക്കി ചവിട്ടിയേ)ക്കട്ടെ.

30. ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നെ അതിലടിയുറച്ചു നിൽക്കുകയും ചെയ്തവരുടെ അടുത്ത് തീർച്ചയായും മലക്കുകൾ ഇറങ്ങിവന്ന് ഇങ്ങനെ പറയും: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്ത സ്വർഗത്തെ സംബന്ധിച്ച ശുഭവാർത്തയിൽ സന്തുഷ്ടരാവുക.

31. ഈ ലോകത്തും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്ക് അവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്ക് അവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെന്തും ലഭിക്കും.

32. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ (അല്ലാഹുവിൽ)നിന്നും ഒരു സൽക്കാരം.

33. അല്ലാഹുവിങ്കലേക്ക് (ജനങ്ങളെ)ക്ഷണിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?

34. നന്മയും തിന്മയും തുല്യമാവുകയില്ല. (തിന്മയെ)ഏറ്റവും നല്ല നന്മകൊണ്ട് തടയുക. എന്നാൽ, നിന്റെയും യാതൊരുവന്റെയും ഇടയിൽ ശത്രുതയുണ്ടോ അവൻ, ഒരു ആത്മമിത്രത്തെപ്പോലെയായിത്തീരും.

35. ക്ഷമ പാലിക്കുന്നവർക്കല്ലാതെ ഈ നിലവാരത്തിലെത്താനാവില്ല. മഹാഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല.

36. പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ ബാധിച്ചാൽ നീ അല്ലാഹുവിൽ ശരണം തേടുക. നിശ്ചയമായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.

37. അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും.അതിനാൽ സൂര്യനെയോ ചന്ദ്രനെയോ നിങ്ങൾ പ്രണമിക്കരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ പ്രണാമം ചെയ്യുക. നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.

38. ഇനി, അവർ അഹങ്കരിക്കുകയാണെങ്കിൽ, നിന്റെ രക്ഷിതാവിന്റെ അടുക്കലുള്ളവർ (മലക്കുകൾ) രാവും പകലും അവനെ പ്രകീർത്തിക്കുന്നു.അവർ അശേഷം മുഷിയുന്നില്ല.

39. ഭൂമി ഉണങ്ങി വരണ്ടതായി നീ കാണുന്നു. എന്നാൽ അതിന്മേൽ ജലത്തെ നാം ഇറക്കുമ്പോൾ അതിന് ചലനമുണ്ടാകുകയും അത് വളരുകയും ചെയ്യുന്നു. ഇതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അതിന് ജീവൻ നൽകിയവൻ തീർച്ചയായും മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു. തീർച്ചയായും അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

40. നമ്മുടെ ദൃഷ്ടാന്തങ്ങളുടെ നേരെ വക്രത കാണിക്കുന്നവർ, തീർച്ചയായും നമ്മിൽ നിന്നും മറഞ്ഞിരിക്കുന്നില്ല.നരകത്തിലെറിയപ്പെടുന്നവനോ, അതല്ല, ഉയിർത്തെഴുന്നേൽപു നാളിൽ നിർഭയനായി വന്നെത്തുന്നവനോ ആരാണ് നല്ലവൻ? നിങ്ങൾ ഉദ്ദേശിച്ചത് നിങ്ങൾ ചെയ്തു കൊള്ളുക. നിശ്ചയമായും അവൻ(അല്ലാഹു) നിങ്ങൾ ചെയ്യുന്നതൊക്കെയും കണ്ടറിയുന്നവനാണ്.

41. തീർച്ചയായും ഈ സന്ദേശം തങ്ങൾക്കു വന്നെത്തിയപ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടത്തിലാണ്.) അതാകട്ടെ, പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു.

42. അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയൊ അതിൽ അസത്യം വന്നുചേരുകയില്ല. യുക്തിമാനും സ്തുത്യർഹനുമായ അല്ലാഹുവിൽനിന്ന് അവതീർണമായതത്രെ അത്.

43. (നബിയേ) നിനക്ക് മുമ്പുണ്ടായിരുന്ന ദൂതന്മാരോട് പറയാത്തതൊന്നും നിന്നോടും പറയുന്നില്ല. തീർച്ചയായും നിന്റെ രക്ഷിതാവ് പാപം പൊറുക്കുന്നവനും വേദനയേറിയ ശിക്ഷ നൽകുന്നവനുമാണ്.

44. നാം ഇതിനെ (അറബിയല്ലാത്ത) അന്യഭാഷയിലുള്ള ഒരു ഖുർആൻ ആക്കിയിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു: അതിന്റെ സൂക്തങ്ങൾ (മനസ്സിലാകുന്ന വണ്ണം) വിശദീകരിക്കപ്പെടാത്തത് എന്ത്? (ഗ്രന്ഥം) അനറബിയും (പ്രവാചകൻ) അറബിയുമാവുകയോ? പറയുക: അത്(ഖുർആൻ) സത്യവിശ്വാസികൾക്ക് മാർഗദർശനവും ശമനൗഷധവുമാകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ അവരുടെ കാതുകളിൽ ഒരുതരം ബധിരതയുണ്ട്. അത് (ഖുർആൻ) അവരുടെമേൽ ഒരു അന്ധതയായിരിക്കുന്നു.അവർ ഏതോ വിദൂരതയിൽനിന്നു വിളിക്കപ്പെടുന്നതുപോലെ (അവ്യക്തമായ വിളിയായാണ്) അവർക്കനുഭവപ്പെടുക.

45. മൂസാക്കും നാം വേദഗ്രന്ഥം നൽകിയിരുന്നു. എന്നിട്ട് അതിന്റെ കാര്യത്തിലും അഭിപ്രായ വ്യത്യാസമുണ്ടായി. നിന്റെ നാഥനിൽ നിന്നും മുൻകടന്ന ഒരു വചനം ഇല്ലായിരുന്നുവെങ്കിൽ, തീർച്ചയായും അവർക്കിടയിൽ(കാര്യം) തീരുമാനിക്കപ്പെടുമായിരുന്നു. അവരാകട്ടെ, തീർച്ചയായും അതിനെക്കുറിച്ച് അതിശയകരമായ സംശയത്തിലാകുന്നു.

46. ആരെങ്കിലും നന്മ ചെയ്താൽ (അതിന്റെ ഗുണം) അവനുതന്നെയാണ്. വല്ലവനും തിന്മ ചെയ്താൽ അതിന്റെ ദോഷവും അവനു തന്നെ. നിന്റെ രക്ഷിതാവ് തന്റെ ദാസന്മാരോടു തീരെ അനീതി ചെയ്യുന്നവനല്ല.

47. അവങ്കലേക്കാണ് അന്ത്യസമയത്തിന്റെ അറിവ് മടക്കപ്പെടുന്നത്. അവന്റെ അറിവോടെയല്ലാതെ പഴങ്ങൾ അവയുടെ പോളകളിൽനിന്നു പുറത്തുവരികയോ ഒരു സ്ത്രീയും ഗർഭം ധരിക്കുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല. എന്റെ പങ്കുകാർ എവിടെ? എന്ന് അവരോട് അവൻ വിളിച്ചു ചോദിക്കുന്ന ദിനം.അവർ പറയും: ''ഞങ്ങളിതാ നിന്നെ അറിയിക്കുന്നു. ഞങ്ങളിൽ (അതിന്ന്) സാക്ഷികളായി ആരുമില്ല.''

48. അവർ മുമ്പു വിളിച്ച് (പ്രാർഥിച്ചു)കൊണ്ടിരുന്നതെല്ലാം അവരിൽനിന്ന് വിട്ടകന്നുപോകും. തങ്ങൾക്കിനിയൊരു രക്ഷാമാർഗവുമില്ലെന്ന് അവർക്ക് ബോധ്യമാവുകയും ചെയ്യും.

49. നമ്മക്ക് വേണ്ടി പ്രാര്‍ഥിക്കുന്നതില്‍ മനുഷ്യന് മടുപ്പ് തോന്നുന്നില്ല.എന്നാല്‍ വല്ല വിപത്തും അവനെ ബാധിച്ചാലോ അവന്‍ മനം മടുത്തവനും നിരാശനുമായിത്തീരുന്നു.
50. അവനെ ബാധിച്ച വിപത്ത് വിട്ടൊഴിഞ്ഞശേഷം നമ്മുടെ അനുഗ്രഹം നാം അവനെ ആസ്വദിപ്പിച്ചാല്‍ തീര്‍ച്ചയായും അവന്‍ പറയും: 'ഇത് എനിക്ക് അവകാശപ്പെട്ടതാകുന്നു. (അവസാന)നാഴിക നിലവില്‍ വരുമെന്ന് ഞാന്‍ വിചാരിക്കുന്നില്ല. ഇനി എന്‍റെ രക്ഷിതാവിങ്കലേക്ക് ഞാന്‍ തിരിച്ചയക്കപ്പെടുകയാണെങ്കിലോ,നിശ്ചയമായും എനിക്ക് അവന്‍റെ അടുക്കല്‍ ഏറ്റവും നല്ല നിലതന്നെ ഉണ്ടായിരിക്കുന്നതാണ്. എന്നാല്‍ സത്യനിഷേധികള്‍ക്ക് അവര്‍ പ്രവര്‍ത്തിച്ചു കൊണ്ടിരുന്നതിനെപ്പറ്റി നാം വിവരമറിയിക്കുകയും കഠിനമായ ശിക്ഷയില്‍നിന്ന് നാം ആസ്വദിപ്പിക്കുകയും ചെയ്യും.
51. മനുഷ്യന് നാം ഔദാര്യം ചെയ്താല്‍ അവന്‍ തിരിഞ്ഞുകളയുകയും അവന്‍റെ പാട്ടിന് മാറിക്കളയുകയും ചെയ്യും. വല്ല വിപത്തും അവനെ ബാധിച്ചാലോ, അവനതാ ദീര്‍ഘമായ പ്രാര്‍ഥനയിലേര്‍പ്പെടുന്നു.
52. നീ പറയുക; നിങ്ങള്‍ ആലോചിച്ചിട്ടുണ്ടോ: ഇത്(ഖുര്‍ആന്‍ യഥാര്‍ത്ഥത്തില്‍) അല്ലാഹുവിങ്കല്‍ നിന്നുതന്നെയുള്ളതാവുകയും, എന്നിട്ട് നിങ്ങളതിനെ നിഷേധിച്ചുകൊണ്ടിരിക്കുകയാണെങ്കില്‍ ഇതിനെ എതിര്‍ക്കുന്നതില്‍ ബഹുദൂരം പോയിക്കഴിഞ്ഞവനേക്കാള്‍ വഴിതെറ്റിയവന്‍ ആരാണുണ്ടാവുക!
53. അടുത്തുതന്നെ നമ്മുടെ ദൃഷ്ടാന്തങ്ങള്‍ ദിഗന്തങ്ങളില്‍ നാമവര്‍ക്ക് കാണിച്ചു കൊടുക്കുന്നുണ്ട്; ഇവരില്‍ തന്നേയും. ഈ (ഖുര്‍ആന്‍) തികച്ചും സത്യമാണെന്ന് ഇവര്‍ക്ക് ബോധ്യമാകുന്നതുവരെ (നബിയേ) നിന്‍റെ രക്ഷിതാവ് സകലസംഗതികള്‍ക്കും സാക്ഷിയാകുന്നു എന്ന കാര്യം മതിയായതല്ലേ?
54. അറിയുക: തീര്‍ച്ചയായും അവര്‍ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുമെന്ന കാര്യത്തില്‍ സംശയത്തിലാണ്. അറിയുക: അവന്‍ സകല സംഗതികളെയും വലയം ചെയ്യുവനാകുന്നു.

---

******

## അധ്യായം 42

# അശ്ശൂറാ. (കൂടിയാലോചന)

**അവതരണം മക്കയിൽ, വചനങ്ങൾ 53**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഹാ-മീം.
2. ഐൻ-സീൻ-ഖാഫ്.
3. പ്രതാപിയും യുക്തിമാനുമായ അല്ലാഹു നിനക്കും നിനക്കു മുമ്പുള്ള (ദൈവദൂതന്മാർക്കും) വർക്കും ഇപ്രകാരം ദിവ്യബോധനം നൽകുന്നു.
4. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും (എല്ലാം)അവൻേറതാണ്. അവൻ അത്യുന്നതനും മഹാനുമാണ്.
5. ആകാശങ്ങൾ അവയുടെ ഉപരിഭാഗത്തുനിന്ന് പൊട്ടിച്ചിതറാനടുത്തിരിക്കുന്നു. മലക്കുകൾ അവരുടെ രക്ഷിതാവിൻെറ സ്തുതികീർത്തനം ചെയ്യുകയും ഭൂമിയിലുള്ളവർക്കു വേണ്ടി പൊറുത്തുകൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.അറിയുക:തീർച്ചയായും അല്ലാഹു തന്നെയാണ് ഏറെ പൊറുക്കുന്നവനും കരുണാനിധിയും.
6. അവനു പുറമെ(മറ്റു) രക്ഷാധികാരികളെ സ്വീകരിച്ചവരുണ്ടല്ലോ, അല്ലാഹു അവരെ സൂക്ഷ്മ നിരീക്ഷണം ചെയ്തുകൊണ്ടിരിക്കുകയാകുന്നു. (നബിയേ) നീ അവരുടെ കാര്യത്തിൽ ചുമതല ഏല്പിക്കപ്പെട്ടവനേ അല്ല.
7. അപ്രകാരം നിനക്ക് നാം അറബിഭാഷയിലുള്ള ഖുർആൻ ബോധനം നൽകിയിരിക്കുന്നു. ഉമ്മുൽഖുറ(മക്ക)യിലുള്ളവർക്കും അതിനു ചുറ്റുമുള്ളവർക്കും നീ മുന്നറിയിപ്പ് നൽകാനാണിത്. യാതൊരു സംശയവും ഇല്ലാത്തതായ(അന്ത്യ) സമ്മേളനത്തെക്കുറിച്ച് നീ മുന്നറിയിപ്പ് കൊടുക്കുന്നതിനും വേണ്ടി. (ആ ദിനം) ഒരു കൂട്ടർ സ്വർഗത്തിലും ഒരു കൂട്ടർ എരിതീയിലുമായിരിക്കും.
8. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെ(മനുഷ്യരെ)യെല്ലാം അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷേ, അവൻ ഉദ്ദേശിക്കുന്നവരെ, അവൻ തൻെറ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു. അക്രമികൾക്കാകട്ടെ, അവർക്ക് യാതൊരു രക്ഷാധികാരിയും സഹായിയും ഇല്ല.
9. അതല്ല,അവർ അവനെക്കൂടാതെ മറ്റു രക്ഷകരെ സ്വീകരിച്ചിരിക്കയാണോ?എന്നാൽ അല്ലാഹു തന്നെയാണ് (യഥാർഥ)രക്ഷകൻ. അവൻ മരിച്ചവരെ ജീവിപ്പിക്കുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനാണ്.
10. നിങ്ങൾക്കിടയിൽ ഭിന്നതയുള്ളത് ഏതു കാര്യത്തിലായാലും അതിൻെറ വിധി (നിശ്ചയിക്കാനുള്ള അധികാരം)അല്ലാഹുവിങ്കലാണ്. അവനാണ് എൻെറ രക്ഷിതാവായ അല്ലാഹു. അവൻെറ മേൽ ഞാൻ ഭരമേല്പിച്ചിരിക്കുന്നു. അവനിലേക്കുതന്നെ ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു.
11. (അവൻ) ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു.നിങ്ങൾക്കുവേണ്ടി നിങ്ങളിൽ നിന്നുതന്നെ അവൻ ഇണകളെ ഉണ്ടാക്കിതന്നിരിക്കുന്നു. നാൽക്കാലികളിലും ഇണകളെ (ഉണ്ടാക്കിയിരിക്കുന്നു.) അതിൽകൂടി അവൻ നിങ്ങളെ പെരുപ്പിക്കുന്നു. അവനു തുല്യമായി യാതൊന്നുമില്ല. അവൻ(എല്ലാം) കാണുന്നവനും കേൾക്കുന്നവനുമാകുന്നു.

12. ആകാശങ്ങളുടെയും ഭൂമിയുടെയും (ഖജനാവുകളുടെ) താക്കോലുകൾ അവന്റെ അധീനതയിലാണ്. അവനുദ്ദേശിക്കുന്നവർക്ക് (ജീവിത)വിഭവങ്ങൾ അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്)അതിൽ കുറവ് വരുത്തുന്നു. നിശ്ചയമായും അവൻ എല്ലാ സംഗതികളും നന്നായറിയുന്നവനാകുന്നു.

13. നൂഹിനോട് കല്പിച്ചതും നിനക്കു നാം ബോധനം നല്കിയതും ഇബ്റാഹീം മൂസാ, ഈസാ, എന്നിവരോടനുശാസിച്ചതും (എന്താണോ അതുതന്നെ) അവൻ നിങ്ങൾക്കു മതനിയമമായി നിശ്ചയിച്ചു തന്നിരിക്കുന്നു; അതായത്, ‘(ഈ) മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക’യെന്നതാണത്. ബഹുദൈവവിശ്വാസികളെ ഏതൊന്നിലേക്ക് നീ വിളിക്കുന്നുവോ അത് അവർക്ക് വലിയ ഭാരമായിത്തീർന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിക്കന്നവരെ അവങ്കലേയ്ക്ക് അവൻ തെരെഞ്ഞെടുക്കുന്നു. താഴ്മയോടെ മടങ്ങുന്നവരെ അവൻ തന്നിലേക്കുള്ള വഴി കാട്ടിക്കൊടുക്കുകയും ചെയ്യുന്നു.

14. തങ്ങൾക്ക് അറിവ് വന്നെത്തിയശേഷമല്ലാതെ അവർ(പൂർവ്വ വേദക്കാർ) ഭിന്നിച്ചില്ല; അവർക്കിടയിലുള്ള ധിക്കാരം നിമിത്തമാണത്. ഒരു നിർണിത അവധിവരെ അന്തിമ തീരുമാനം സംഭവിക്കില്ലെന്ന നിന്റെ നാഥന്റെ തീരുമാനം ഉണ്ടായിരുന്നില്ലെങ്കിൽ അവർക്കിടയിൽ ഇപ്പോൾ തന്നെ വിധിതീർപ്പ് കല്പിക്കപ്പെടുമായിരുന്നു. അവർക്കുശേഷം വേദപുസ്തകം അനന്തരാവകാശമായി നൽകപ്പെട്ടവരാകട്ടെ, തീർച്ചയായും അതേക്കുറിച്ച് സങ്കീർണമായ സംശയത്തിലാണ്.

15. അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക; നിന്നോട് കല്പിക്കപ്പെട്ടപ്രകാരം നേരാംവിധം നിലകൊള്ളുക;അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. പറയുക: അല്ലാഹു ഇറക്കിയിട്ടുള്ള ഏത് ഗ്രന്ഥത്തിലും, ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതി പുലർത്താനും ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. അല്ലഹുവാണ് ഞങ്ങളുടെയും നിങ്ങളുടെയും രക്ഷിതാവ്. ഞങ്ങൾക്ക് ഞങ്ങളുടെ കർമങ്ങൾ; നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങളും. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരു തർക്കവുമില്ല. അല്ലാഹു നമ്മെ തമ്മിൽ ഒരുമിച്ചുകൂട്ടും. അവങ്കലേക്കത്രെ മടക്കസ്ഥാനം.

16. അല്ലാഹുവിന്റെ ക്ഷണത്തിന് ഉത്തരം നൽകിയശേഷം(അത് സ്വീകരിച്ചവരോട്) അവന്റെ (അല്ലാഹുവിന്റെ) കാര്യത്തിൽ ന്യായവാദം നടത്തുന്നവരാകട്ടെ,അവരുടെ ന്യായം തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ നിഷ്ഫലമാകുന്നു. അവരുടെ മേൽ കോപമുണ്ടായിരിക്കും; കഠിനമായ ശിക്ഷയും അവർക്കുണ്ട്.

17. സത്യത്തോടുകൂടി ഈ വേദഗ്രന്ഥവും ത്രാസും ഇറക്കിയവനത്രെ അല്ലാഹു. നിനക്കെന്തറിയാം? ആ അന്ത്യസമയം അടുത്തുതന്നെ ആയിരിക്കാം.

18. അതിൽ(അന്ത്യസമയത്തിൽ) വിശ്വസിക്കാത്തവർ അതിന്റെ കാര്യത്തിൽ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നു. വിശ്വസിക്കുന്നവർ അതേക്കുറിച്ച് ഭയപ്പെടുന്നവരാണ്. അവർക്കറിയാം അത് സത്യമാണെന്ന്. ആ നാഴികയെക്കുറിച്ച് തർക്കിക്കുന്നവർ തീർച്ചയായും വിദൂരമായ വഴികേടിൽ തന്നെയാകുന്നു.

19. അല്ലാഹു തന്റെ ദാസന്മാരോട് കനിവുള്ളവനാകുന്നു. അവനിച്ഛിക്കുന്നവർക്ക് അവൻ (വി ഭവങ്ങൾ) നല്കുന്നു. അവനാകുന്നു അതിശക്തനും പ്രതാപശാലിയും.

20. വല്ലവനും പരലോകത്തെ കൃഷിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവന്റെ കൃഷിയിൽ നാം അവന് വർദ്ധന നല്കുന്നതാണ്. വല്ലവനും ഇഹലോകത്തെ കൃഷിയാണ് ഉദ്ദേശിക്കുന്ന

തെങ്കിൽ നാം അവന് അതിൽനിന്ന് നല്കുന്നതാണ്. (പക്ഷേ,) പരലോകത്തിൽ അവനു യാതൊരു ഓഹരിയും ഇല്ലതാനും.

21. അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതനിയമമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? (അല്ലാഹുവിൽനിന്നും മുൻകടന്ന) വിധി വചനം ഇല്ലായിരുന്നുവെങ്കിൽ,അവർക്കിടയിൽ ഉടനെ വിധികല്പിക്കപ്പെടുമായിരുന്നു. നിശ്ചയം, അക്രമികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്.

22. തങ്ങൾ സമ്പാദിച്ച(തിന്മകൾ) കാരണം ഭയം കൊള്ളുന്നവരായി അക്രമികളെ നീ കാണും. അവരിലത്(സമ്പാദിച്ചുവെച്ചതിനുള്ള ശിക്ഷ) വന്നെത്തുകതന്നെ ചെയ്യും എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ സ്വർഗീയാരാമങ്ങളിലായിരിക്കും. അവർ ഇച്ഛിക്കുന്നത് എന്തും അവരുടെ രക്ഷിതാവിന്റെ അടുത്ത് അവർക്കുണ്ട്. അതു തന്നെയാകുന്നു മഹത്തായ അനുഗ്രഹം.

23. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയുംചെയ്ത തന്റെ ദാസന്മാർക്ക് അല്ലാഹു ശുഭവാർത്ത നൽകുന്നതാണത്. പറയുക: ''ഇതിന്റെ പേരിൽ ഞാൻ നിങ്ങളോടൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. അടുത്ത ബന്ധത്തിന്റെ പേരിലുള്ള സ്നേഹമല്ലാതെ. ആരു നന്മ സമ്പാദിക്കുന്നുവോ, നാം അതിൽ അവനു നല്ലതിനെ വർധിപ്പിച്ചു കൊടുക്കുന്നു. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും (സേവനത്തെ) അംഗീകരിക്കുന്നവനും അത്രേ.

24. അല്ല; അദ്ദേഹം(പ്രവാചകൻ) അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചു എന്നാണോ ഇവർ പറയുന്നത്? എന്നാൽ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിന്റെ ഹൃദയത്തിന്മേൽ മുദ്ര വെയ്ക്കാമായിരുന്നു. അല്ലാഹു അസത്യത്തെ തുടച്ചു നീക്കുകയും തന്റെ വചനങ്ങൾകൊണ്ട് സത്യത്തെ സ്ഥാപിക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ള (രഹസ്യത്തെ)ക്കുറിച്ച് അറിവുള്ളവനാകുന്നു.

25. അവനാകുന്നു തന്റെ ദാസന്മാരിൽനിന്ന് പശ്ചാത്തപം സ്വീകരിക്കുകയും ദുഷ്കൃത്യങ്ങൾക്ക് മാപ്പുനല്കുകയും ചെയ്യുന്നവൻ. നിങ്ങൾ ചെയ്യുന്നതെല്ലാം നന്നായറിയുന്നവനാണവൻ.

26. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അവൻ പ്രത്യുത്തരം നൽകുകയും,അവർക്കു തന്റെ അനുഗ്രഹത്തിൽനിന്ന് വർദ്ധിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. അവിശ്വാസികളാകട്ടെ, അവർക്ക് കഠിന ശിക്ഷയുമുണ്ട്.

27. അല്ലാഹു അവന്റെ (എല്ലാ) ദാസന്മാർക്കും വിഭവം സുലഭമായി നൽകിയിരുന്നുവെങ്കിൽ അവർ ഭൂമിയിൽ അതിക്രമം കാണിക്കുമായിരുന്നു. പക്ഷേ, അവൻ ഒരുകണക്കനുസരിച്ച് താൻ ഉദ്ദേശിക്കുന്നത് ഇറക്കിക്കൊടുക്കുന്നു. തീർച്ചയായും അവൻ തന്റെ ദാസന്മാരെക്കുറിച്ച് സൂക്ഷ്മജ്ഞാനമുള്ളവനും കണ്ടറിയുന്നവനുമാകുന്നു.

28. (മനുഷ്യർ)നിരാശപ്പെട്ട ശേഷം മഴ പെയ്യിക്കുകയും, തന്റെ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നവനും അവൻ തന്നെയാണ്. സ്തുത്യർഹനായ കൈകാര്യ കർത്താവും അവൻ തന്നെ.

29. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതും അവ രണ്ടിലും ജീവജാലങ്ങളെ വ്യാപിപ്പിച്ചതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അവനിച്ഛിക്കുമ്പോൾ അവരെയൊക്കെ ഒരുമിച്ചുകൂട്ടാൻ കഴിവുറ്റവനാണവൻ.

30. നിങ്ങൾക്കു ബാധിച്ച വിപത്തുകൾ ഒക്കെയും നിങ്ങളുടെ കൈകൾ ചെയ്ത (തിന്മകൾ) കാര ണമത്രെ. അധികത്തെയും അവൻ മാപ്പാക്കുകയും ചെയ്യുന്നു.
31. ഭൂമിയിൽ വെച്ച് നിങ്ങൾക്ക് അവനെ(അല്ലാഹുവിനെ) തോൽപിക്കാനാവില്ല. അല്ലാഹു വെക്കൂടാതെ നിങ്ങൾക്കൊരു രക്ഷകനോ സഹായിയോ ഇല്ല.
32. അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്,കടലിൽ മലകളെപ്പോലെ(സഞ്ചരിക്കുന്ന) കപ്പലുകൾ.
33. അവനുദ്ദേശിക്കുന്ന പക്ഷം അവൻ കാറ്റിനെ നിശ്ചലമാക്കും. അപ്പോൾ അവ കടൽപരപ്പിൽ നിശ്ചലമായി നിന്നുപോകും. തീർച്ചയായും അതിൽ ക്ഷമാശീലരും നന്ദിയുള്ളവരുമായ എല്ലാവർക്കും ദൃഷ്ടാന്തങ്ങളുണ്ട്.
34. അല്ലെങ്കിൽ അവർ പ്രവർത്തിച്ചതിൻെറ ഫലമായി അവൻ അവയെ(കപ്പലുകളെ) നശിപ്പി ച്ചേക്കും. എന്നാൽ ഏറെയും അവൻ മാപ്പാക്കുകയും ചെയ്യുന്നു.
35. നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് തർക്കിക്കുന്നവർക്ക് അപ്പോൾ മനസ്സിലാകും; തങ്ങൾക്കൊ രു രക്ഷാകേന്ദ്രവുമില്ലെന്ന്.
36. നിങ്ങൾക്കു നൽകിയതെന്തും ഐഹികജീവിതത്തിലെ (താൽക്കാലിക)വിഭവം മാത്രമകുന്നു. അല്ലാഹുവിൻെറ അടുത്തുള്ളതാണ് കൂടുതൽ ഉത്തമവും കൂടുതൽ നീണ്ടുനിൽക്കുന്നതുമാ കുന്നു. വിശ്വസിക്കുകയും തങ്ങളുടെ നാഥനിൽ ഭരമേൽപിക്കുകയും ചെയ്യുന്നവർക്കുള്ള താണ് അത്.
37. വൻപാപങ്ങളിൽനിന്നും നീചകൃത്യങ്ങളിൽനിന്നും വിട്ടകന്നു നിൽക്കുന്നവരത്രെ അവർ. അവർക്ക് കോപമുണ്ടായാൽ അവർ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു.
38. തങ്ങളുടെ നാഥന് പ്രത്യുത്തരം നൽകുകയും നമസ്കാരം നിലനിറുത്തുകയും തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം നൽകിയതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവർക്കും.
39. തങ്ങൾ അതിക്രമങ്ങൾക്കിരയായാൽ രക്ഷാനടപടി സ്വീകരിക്കുന്നവർക്കും.
40. തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മ തന്നെ. എന്നാൽ ആരെങ്കിലും മാപ്പുനൽകു കയും രഞ്ജിപ്പുണ്ടാക്കുകയും ആണെങ്കിൽ അവന് പ്രതിഫലം നൽകുക അല്ലാഹുവിൻെറ ബാധ്യതയത്രെ. തീർച്ചയായും അവൻ അക്രമം പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല.
41. താൻ മർദ്ദിക്കപ്പെട്ടതിനുശേഷം വല്ലവനും രക്ഷാനടപടി സ്വീകരിക്കുന്ന പക്ഷം അത്തരക്കാർ ക്കെതിരിൽ (കുറ്റാരോപണത്തിന്) യാതൊരു മാർഗ്ഗവുമില്ല.
42. (ആരോപണത്തിന്)വഴിയുള്ളത്,മനുഷ്യരെ മർദ്ദിക്കുകയും അന്യായമായി ഭൂമിയിൽ അതി ക്രമിച്ചു നടക്കുകയും ചെയ്യുന്നവർക്കെതിരെ മാത്രമാണ്. അവർക്കു വേദനയുറ്റ ശിക്ഷയു ണ്ട്.
43. ആരെങ്കിലും ക്ഷമിക്കുകയും, പൊറുക്കുകയും ചെയ്താൽ നിശ്ചയമായും അത് (മനോ) ദാർ ഢ്യതയുള്ള കാര്യങ്ങളിൽ പെട്ടതാകുന്നു.
44. അല്ലാഹു ഏതൊരുവനെ വഴികേടിലാക്കിയോ എന്നാൽ അവന് യാതൊരു രക്ഷാകർത്താ വും ഇല്ല. ശിക്ഷ നേരിൽ കാണുമ്പോൾ ഒരു തിരിച്ചുപോക്കിനു വല്ല മാർഗവുമുണ്ടോ എന്ന് അക്രമികൾ പറയുന്നതായി നിനക്കു കാണാം.
45. നിന്ദ്യതയാൽ വിനീതരായിട്ട് അവർ അതിന്(നരകത്തിന്)മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്ന ത് നിനക്കു കാണാം.ഒളികണ്ണിട്ടായിരിക്കും അവർ നോക്കുന്നത്. വിശ്വസിച്ചവർ പറയും: ഉയിർത്തെഴുന്നേൽപുനാളിൽ തങ്ങളെയും തങ്ങളുടെ സ്വന്തക്കാരെയും നഷ്ടത്തിൽ പെടുത്തി

യവർ തന്നെയാണ് തീർച്ചയായും നഷ്ടക്കാർ. അറിയുക: നിശ്ചയമായും അക്രമികൾ നില നിൽക്കുന്ന ശിക്ഷയിലായിരിക്കും.

46. അല്ലാഹുവെ കൂടാതെ തങ്ങളെ സഹായിക്കുന്ന രക്ഷാധികാരികളാരും അന്ന് അവർക്കുണ്ടാവുകയില്ല. അല്ലാഹു ആരെയെങ്കിലും വഴികേടിലാക്കിയാൽ പിന്നെ അവന് (രക്ഷാ) മാർഗമൊന്നുമില്ല.

47. ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൻെറ (വിളിക്ക്) ഉത്തരം നൽകുക. അല്ലാഹുവിങ്കൽ നിന്നുള്ള ആ ദിവസത്തെ തടുക്കുക സാധ്യമല്ല. ആ ദിവസം നിങ്ങൾക്ക് ഒരു അഭയസ്ഥാനവും ഉണ്ടാവുകയില്ല, (കുറ്റം) നിഷേധിക്കാനും നിങ്ങൾക്ക് ആവുകയില്ല.

48. ഇനി അവർ തിരിഞ്ഞുകളയുകയാണെങ്കിൽ (നബിയേ) നിന്നെ നാം അവരുടെമേൽ കാവൽക്കാരനായി അയച്ചിട്ടില്ല. നിൻെറ ബാധ്യത സന്ദേശമെത്തിക്കൽ മാത്രമാണ്. തീർച്ചയായും മനുഷ്യനെ നാം നമ്മുടെ ഭാഗത്തുനിന്നുള്ള അനുഗ്രഹം ആസ്വദിപ്പിച്ചാൽ അതിൻെറ പേരിൽ അവൻ ആഹ്ലാദം കൊള്ളുന്നു. അവരുടെ കൈകൾ മുമ്പ് ചെയ്തുവെച്ചതിൻെറ ഫലമായി അവർക്ക് വല്ല തിന്മയും ബാധിക്കുന്നുവെങ്കിലോ അപ്പോഴതാ മനുഷ്യൻ നന്ദികെട്ടവനായിത്തീരുന്നു.

49. അല്ലാഹുവിനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവനിച്ഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആൺമക്കളെയും പ്രദാനം ചെയ്യുന്നു.

50. അല്ലെങ്കിൽ അവർക്ക് അവൻ ആൺകുട്ടികളെയും പെൺകുട്ടികളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുന്നു. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു.

51. ദിവ്യബോധനമായോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നായോ, അല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അങ്ങനെ (അല്ലാഹു)വിൻെറ അനുമതിയോടെ (അല്ലാഹു) നിശ്ചയിക്കുന്നത് അവൻ ബോധനമരുളുകയോ അല്ലാതെ (നേരിട്ട്)അല്ലാഹു ഒരുവനോട് സംസാരിക്കുകയെന്നത് ഒരു മനുഷ്യനും ഉണ്ടാവുകയില്ല. തീർച്ചയായും അവൻ ഉന്നതനും യുക്തിമാനുമാകുന്നു.

52. അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം (ഖുർആൻ) ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, അതിനെ(ഖുർആനെ) നാം ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുവഴി നമ്മുടെ ദാസന്മാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവരെ നേർവഴിയിൽ നയിക്കുന്നു. തീർച്ചയായും (ജനങ്ങളെ) നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം ചെയ്യുന്നത്;

53. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ഏതൊരുവന്നുള്ളതാണോ ആ അല്ലാഹുവിൻെറ പാത(യിലേക്ക്). അറിയുക: അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ(അന്തിമമായി)മടങ്ങുന്നത്

---

*******

അധ്യായം 43

# അസ്സുഖ്റുഫ്. (സുവര്‍ണാലങ്കാരം)

അവതരണം മക്കയില്‍, വചനങ്ങാ 89

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

1. ഹാ-മീം
2. സുവ്യക്തമായ വേദഗ്രന്ഥം തന്നെയാണ് സത്യം.
3. തീര്‍ച്ചയായും നാം ഇതിനെ അറബി ഭാഷയിലുള്ള ഖുര്‍ആന്‍ ആക്കിയിരിക്കുന്നു; നിങ്ങാ ബുദ്ധി ഉപയോഗിക്കുന്നതിനുവേണ്ടി.
4. തീര്‍ച്ചയായും ഇത് മൂലഗ്രന്ഥത്തില്‍ ഉള്ളതത്രെ.(അത്)നമ്മുടെയടുത്ത് ഉന്നതവുംവിജ്ഞാന പൂര്‍ണവും ആകുന്നു.
5. നിങ്ങാ അതിരുവിട്ട ജനമായതിനാല്‍ (നിങ്ങളെ)ഒഴിവാക്കിക്കൊണ്ട് (ഈ)സന്ദേശത്തെ നിങ്ങ ളില്‍നിന്നും നിശ്ശേഷമായി നാം മറ്റിക്കളയുകയോ?
6. പൂര്‍വ സമുദായങ്ങളില്‍ നാം എത്രയോ പ്രവാചകന്മാരെ അയച്ചിട്ടുണ്ട്.
7. ഏതൊരു പ്രവാചകന്‍ അവരിലേക്ക് വന്നെത്തിയാലും അവര്‍ അദ്ദേഹത്തെ പരിഹസിക്കാ തിരുന്നിട്ടില്ല.
8. അതിനാല്‍ ഇവരെക്കാഠ ശക്തിയില്‍ ഏറെക്കടുത്ത അവരെ നാം നശിപ്പിച്ചു; പൂര്‍വികരുടെ (ഈ) മാതൃക കഴിഞ്ഞുപോയിട്ടുണ്ട്.
9. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതാരെന്ന് നീ അവരോട് ചോദിച്ചാല്‍ തീര്‍ച്ചയാ യും അവര്‍ പറയും: ''പ്രതാപിയും സര്‍വജ്ഞനുമായവനാണ് അവയെ സൃഷ്ടിച്ചത് എന്ന്.''
10. നിങ്ങാക്കായി ഭൂമിയെ ഒരു തൊട്ടിലാക്കിത്തരുകയും,അതില്‍ നിങ്ങാക്ക് പാതകളുണ്ടാ ക്കുകയും ചെയ്തവന്‍; നിങ്ങാ നേര്‍വഴി പ്രാപിക്കുന്നതിനു വേണ്ടി.
11. ആകാശത്തുനിന്ന് ഒരു തോതനുസരിച്ച് വെള്ളം വര്‍ഷിച്ചുതരുകയും ചെയ്തവന്‍. അങ്ങനെ അതുമൂലം നിര്‍ജീവമായ രാജ്യത്തെ നാം പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. ഇപ്ര കാരം (ശവക്കുഴികളില്‍നിന്നും വീണ്ടും) നിങ്ങാ പുറപ്പെടുവിക്കപ്പെടും.
12. എല്ലാറ്റിനെയും ഇണകളായി സൃഷ്ടിക്കുകയും നിങ്ങാ കയറിപ്പോകുന്ന (വാഹനങ്ങാ) കപ്പലുകളും കന്നുകാലികളും നിങ്ങാക്ക് ഏര്‍പ്പെടുത്തിത്തരികയും ചെയ്തവന്‍.
13. അവയുടെ പുറത്ത് നിങ്ങാ ഇരിപ്പുറപ്പിക്കുവാനും എന്നിട്ട് അതിന്റെ പുറത്ത് നിങ്ങാ ഇരിക്കവേ, നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹത്തെ നിങ്ങാ സ്മരിക്കുവാനും, നിങ്ങാ ഇപ്രകാരം പറയുവാനും വേണ്ടി: ഇതിനെ ഞങ്ങാക്ക് കീഴ്പ്പെടുത്തിത്തന്നവന്‍ എത്ര പരിശുദ്ധന്‍! (അവന്റെ അനുഗ്രഹമില്ലായിരുന്നുവെങ്കില്‍) ഞങ്ങാക്കതിനെ ഇണക്കുവാന്‍ കഴിയുമായിരുന്നില്ല.
14. തീര്‍ച്ചയായും ഞങ്ങാ ഞങ്ങളുടെ രക്ഷിതാവിന്റെ അടുത്തേക്ക് തിരിച്ചു ചെല്ലേണ്ടവരാ ണ്.
15. അവര്‍ (ഈ ജനം) അവന്റെ അടിമളില്‍ ചിലരെ അവന്റെ ഭാഗമാക്കി (അഥവാ മക്കളാ ക്കി) വെച്ചിരിക്കുന്നു; തീര്‍ച്ചയായും മനുഷ്യന്‍ വ്യക്തമായി നന്ദികെട്ടവന്‍ തന്നെയാണ്.
16. അതല്ല,(അല്ലാഹു)താന്‍ സൃഷ്ടിക്കുന്നതില്‍ പെണ്‍മക്കളെ തനിക്കായി സ്വീകരിക്കുകയും ആണ്‍മക്കളെ നിങ്ങാക്ക് പ്രത്യേകം തരികയും ചെയ്തുവെന്നോ?

17. അവരിലൊരാൾക്ക് കരുണാവാരിധിയായ(അല്ലാഹുവോട്) അവർ ചേർത്തിപ്പറയുന്നതിനെ (പെൺകുഞ്ഞിൻെറ ജനനത്തെ)ക്കുറിച്ച് ശുഭവാർത്ത അറിയിച്ചാൽ അവൻെറ മുഖം കറുത്തിരുണ്ടതായിത്തീരുകയും അവൻ അത്യധികം ദുഃഖിതനാവുകയും ചെയ്യുന്നു.
18. ആഭരണങ്ങളണിയിച്ച് വളർത്തപ്പെടുന്ന, തർക്കങ്ങളിൽ തൻെറ (ന്യായം) തെളിയിക്കാൻ കഴി വില്ലാത്ത ഒരാളാണോ (അല്ലാഹുവിന് സന്താനമായി കൽപിക്കപ്പെടുന്നത്?)
19. പരമകാരുണികൻെറ (അല്ലഹുവിൻെറ) ദാസന്മാരായ മലക്കുകളെ (മാലാഖമാരെ) ഇവർ സ്ത്രീകളായി വെച്ചിരിക്കുന്നു. അവരുടെ(മലക്കുകളുടെ) സൃഷ്ടിക്ക് ഇവർ സാക്ഷികളായിരുന്നോ? ഇവരുടെ സാക്ഷ്യം രേഖപ്പെടുത്തുന്നതും, (അതെക്കുറിച്ച്) ഇവർ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.
20. അവർ പറയുന്നു: 'പരമകാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല. അതെക്കുറിച്ച് അവർക്ക് ഒരറിവും ഇല്ല; അവർ ഊഹിച്ചു പറയുക മാത്രമാകുന്നു.
21. അതല്ല; നാം ഇവർക്ക് ഇതിനു മുമ്പ് വല്ല വേദഗ്രന്ഥവും കൊടുത്തിട്ടുണ്ടോ? അങ്ങനെ അവരത് മുറുകെപ്പിടിക്കുകയും (ആണോ)?
22. അല്ല! അവർ പറയുന്നു: ഞങ്ങളുടെ പിതാക്കൾ ഒരു മാർഗത്തിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ പാത പിന്തുടർന്ന് നേർവഴിയിൽ നീങ്ങുകയാണ്.
23. ഇപ്രകാരം നാം നിനക്കുമുമ്പ് പല നാടുകളിലേക്കും മുന്നറിയിപ്പുകാരെ അയച്ച (പ്പോഴൊക്കെയും) അതിലെ സമ്പന്നർ പറയാതിരുന്നിട്ടില്ല. ''തീർച്ചയായും ഞങ്ങളുടെ പൂർവപിതാക്കൾ ഒരു മാർഗമവലംബിക്കുന്നവരായി ഞങ്ങൾ കണ്ടു.തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു.''
24. അവൻ(മുന്നറിയിപ്പുകാരൻ) പറഞ്ഞു: നിങ്ങളുടെ പിതാക്കൾ പിന്തുടരുന്നതായി നിങ്ങൾ കണ്ട മാർഗത്തേക്കാൾ നല്ല മാർഗദർശനം നിങ്ങളിൽ ഞാൻ കൊണ്ടുവന്നാലും (നിങ്ങൾ പിതാക്കളെതന്നെ അനുകരിക്കുമെന്നോ?) അവർ പറഞ്ഞു: നിങ്ങൾ ഏതൊരു സന്ദേശവുമായി അയക്കപ്പെട്ടുവോ, അതിനെ തീർച്ചയായും ഞങ്ങൾ നിഷേധിക്കുന്നു.''
25. അതുകൊണ്ട് നാം അവരോട് പ്രതികാരം ചെയ്തു. അപ്പോൾ സത്യനിഷേധികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് നോക്കുക.
26. ഇബ്റാഹീം തൻെറ പിതാവിനോടും ജനതയോടും പറഞ്ഞ സന്ദർഭം:''തീർച്ചയായും ഞാൻ നിങ്ങൾ വണങ്ങുന്ന (ദൈവങ്ങളി)ൽ നിന്നും വിട്ടുനിൽക്കുന്നവനാകുന്നു.''
27. എന്നെ സൃഷ്ടിച്ചവനിൽനിന്നൊഴികെ. തീർച്ചയായും അവൻ എനിക്ക് വഴികാട്ടുന്നതാണ്.
28. ഇതിനെ(ഇബ്റാഹീം തൻെറ)പിൻഗാമികളിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു. അവർ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി.
29. അല്ല, ഞാൻ അവർക്കും അവരുടെ പൂർവികർക്കും ജീവിത വിഭവങ്ങൾ നൽകിക്കൊണ്ടിരുന്നു; സത്യസന്ദേശവും അത്വ്യക്തമായി വിവരിച്ചുകൊടുക്കുന്ന ദൈവദൂതനും അവർക്ക് വന്നെത്തുംവരെ.
30. എന്നാൽ സത്യം അവരിൽ വന്നപ്പോൾ, അവർ പറഞ്ഞു: ഇത് മാന്ത്രികമാണ്, ഇതിനെ തീർച്ചയായും ഞങ്ങൾ നിഷേധിക്കുന്നു.
31. അവർ ചോദിച്ചു: ഈ ഖുർആൻ ഈ രണ്ട് പട്ടണങ്ങളിലെ ഏതെങ്കിലും പ്രമുഖനായ ഒരാൾക്ക് ഇറക്കപ്പെടാത്തത് എന്ത്?

32. അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം വീതം വെച്ചു കൊടുക്കുന്നത്? ഐഹികജീവിതത്തിൽ അവരുടെ ഉപജീവനത്തെ അവരുടെ ഇടയിൽ വീതിച്ചു കൊടുക്കുന്നത് നാം തന്നെയാണ്. അവരിൽ ചിലരെ (മറ്റു)ചിലർക്കു മീതെ പദവികളിൽ നാം ഉയർത്തി. അവരിൽ ചിലർ (മറ്റു)ചിലരെ വിധേയരാക്കി എടുക്കുന്നതിനുവേണ്ടി. നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം അവർ ശേഖരിച്ചു വെക്കുന്നതിനേക്കാളെല്ലാം ഏറ്റം നല്ലതത്രെ.

33. മനുഷ്യർ (എല്ലാം സത്യനിഷേധികളായ) ഒരൊറ്റ സമുദായം ആയിത്തീരുകയില്ലായിരുന്നുവെങ്കിൽ, പരമകാരുണികനിൽ അവിശ്വസിക്കുന്നവർക്കായി, അവരുടെ വീടുകൾക്ക് വെള്ളികൊണ്ടുള്ള മേൽപ്പുരകളും അവർക്ക് കയറിപ്പോകുവാൻ (വെള്ളികൊണ്ടുള്ള)കോണികളും നാം ഉണ്ടാക്കിക്കൊടുക്കുമായിരുന്നു.

34. അവരുടെ വീടുകൾക്ക് (വെള്ളികൊണ്ടുള്ള) വാതിലുകളും അവർക്ക് ചാരിയിരിക്കാനുള്ള (വെള്ളികൊണ്ടുള്ള) കട്ടിലുകളും നൽകുമായിരുന്നു.

35. സ്വർണത്താലുള്ള അലങ്കാരങ്ങളും. എന്നാൽ ഇതെല്ലാം ഐഹികജീവിതത്തിലെ വിഭവങ്ങളാകുന്നു. പരലോകം നിന്റെ രക്ഷിതാവിന്റെ അടുക്കൽ സൂക്ഷ്മത പാലിക്കുന്നവർക്കുള്ളതാകുന്നു.

36. പരമകാരുണികന്റെ ഉൽബോധനത്തോട് അന്ധത നടിക്കുന്നവന്ന് നാം ഒരു പിശാചിനെ ഏർപ്പെടുത്തും. അങ്ങനെ ആ പിശാച് അവന്റെ ചങ്ങാതിയായിത്തീരും.

37. തീർച്ചയായും അവർ(പിശാചുക്കൾ)അവരെ നേർവഴിയിൽ നിന്ന്തടയും. അതോടൊപ്പം തങ്ങൾ നേർവഴിയിൽതന്നെയാണെന്ന് അവർ വിചാരിക്കുകയും ചെയ്യും.

38. ഒടുവിൽ നമ്മുടെയടുത്ത് വന്നെത്തുമ്പോൾ (തന്റെ കൂട്ടാളിയായ പിശാചിനോട്) അവൻ പറയും: എനിക്കും നിനക്കുമിടയിൽ ഉദയാസ്തമയ സ്ഥാനങ്ങൾ തമ്മിലുള്ള അകലം ഉണ്ടായിരുന്നെങ്കിൽ! നീയെത്ര ചീത്ത കൂട്ടുകാരൻ.

39. നിങ്ങൾ അക്രമം പ്രവർത്തിച്ചിരിക്കെ, എല്ലാവരും ശിക്ഷയിൽ പങ്കാളികളാകുന്നു എന്ന കാര്യം ഇന്ന് നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല.

40. നിനക്ക് ബധിരന്മാരെ കേൾപ്പിക്കാനും കണ്ണില്ലാത്തവരെയും വ്യക്തമായ വഴികേടിലായവരെയും നേർവഴിയിലാക്കാനും നിനക്ക് കഴിയുമോ?

41. നിന്നെ നാം കൊണ്ടുപോകുകയാണെങ്കിൽ (തന്നെ) തീർച്ചയായും നാം അവരോട് (അപ്പോഴും) പ്രതിക്രിയ ചെയ്യുന്നതാണ്.

42. അല്ലെങ്കിൽ നാമവർക്ക് താക്കീതു നൽകിയ (ശിക്ഷ) നിനക്കു നാം കാണിച്ചു തന്നേക്കാം. തീർച്ചയായും അവരുടെ മേൽ നാം ശക്തിയുറ്റവൻ തന്നെയാണ്.

43. അതിനാൽ നിനക്ക് നാം ബോധനം നൽകിയത്(ഖുർആൻ) മുറുകെപ്പിടിക്കുക. തീർച്ചയായും നീ നേർവഴിയിലാണ്.

44. തീർച്ചയായും ഈ (ഖുർആൻ) നിനക്കും നിന്റെ ജനതക്കും ഒരു ഉദ്ബോധനം തന്നെയാണ്. വഴിയെ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

45. നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചു നോക്കുക: പരമകാരുണികനെക്കൂടാതെ, ആരാധിക്കപ്പെടുന്ന വല്ല ദൈവങ്ങളെയും നാം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന്?

46. മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔന്റെയും അവന്റെ പ്രധാനികളുടെയും അടുത്തേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: നിശ്ചയമായും ഞാൻ (സർവ്വ) ലോകരക്ഷിതാവിന്റെ ദൂതനാകുന്നു.

47. അങ്ങനെ അദ്ദേഹം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെന്നപ്പോഠം അവരതാ അവയെ പ്പറ്റി ചിരിക്കുന്നു (പരിഹസിക്കുന്നു).
48. അവർക്കു നാം തെളിവുകഠം ഓരോന്നോരോന്നായി കാണിച്ചുകൊടുത്തു. അവയോരോന്നും അതിന്റെ ഇണയെക്കാഠം(മുമ്പത്തേതിനെക്കാഠം) മഹത്തരമായിരുന്നു. ശിക്ഷയാൽ അവരെ നാം പിടികൂടുകയും ചെയ്തു. അവർ (തിന്മ വിട്ട്) മടങ്ങുന്നതിനുവേണ്ടി.
49. അവർ പറഞ്ഞു: അല്ലയോ ജാലവിദ്യക്കാരാ, നീയുമായി നിന്റെ രക്ഷിതാവുണ്ടാക്കിയ കരാറനുസരിച്ച് നീ നിന്റെ നാഥനോട് ഞങ്ങഠംക്കുവേണ്ടി പ്രാർഥിക്കുക. നിശ്ചയമായും ഞങ്ങഠം സന്മാർഗത്തിലേക്ക് വന്നുകൊള്ളാം.
50. എന്നാൽ അവരിൽ നിന്നും (ആ) ശിക്ഷ നാം നീക്കിയപ്പോഠം അവർ (വാക്ക്) ലംഘിച്ചു.
51. ഫിർഔൻ തന്റെ ജനത്തിൽ വിളംബരം ചെയ്തു; അവൻ പറഞ്ഞു: എന്റെ ജനങ്ങളേ, ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ? ഈ നദികളൊഴുകുന്നത് എന്റെ കീഴിലല്ലയോ? അപ്പോഠം നിങ്ങഠം കണ്ടറിയുന്നില്ലേ?
52. അല്ല, നന്നെ നിസ്സാരനും വ്യക്തമായി സംസാരിക്കാൻപോലും കഴിയാത്തവനുമായ ഇവനേ ക്കാളുത്തമൻ ഞാൻ തന്നെയല്ലേ?
53. അപ്പോഠം, ഇവന്റെ മേൽ സ്വർണവളകഠം അണിയിക്കപ്പെടുകയോ ഇവനോടൊത്ത് അകമ്പ ടിയായി മലക്കുകഠം വരികയോ ചെയ്യാത്തതെന്ത്?
54. അങ്ങനെ അവൻ തന്റെ ജനങ്ങളെ വിഡ്ഢികളാക്കി. അതിനാൽ അവർ അവനെ അനുസ രിച്ചു. തീർച്ചയായും അവർ അധർമ്മകാരികളായ ഒരു ജനതയായിരുന്നു.
55. അങ്ങനെ അവർ നമ്മെ പ്രകോപിപ്പിച്ചപ്പോഠം,അവരോട് നാം പ്രതിക്രിയ ചെയ്തു അവരെ മുഴുവൻ നാം മുക്കി നശിപ്പിച്ചു.
56. അങ്ങനെ അവരെ നാം പിൻഗാമികഠംക്കൊരു മാതൃകയും, ഉപമയും ആക്കി.
57. മർയമിന്റെ മകൻ ഒരു ഉദാഹരണമായി എടുത്തു കാണിക്കപ്പെട്ടപ്പോഠം നിന്റെ ജനതയിതാ അതിന്റെ പേരിൽ ഒച്ചവെക്കുന്നു.
58. അവർ ചോദിക്കുന്നു: ഞങ്ങളുടെ ആരാധ്യന്മാരാണോ ഉത്തമം, അതല്ല ഇവനോ? അവർ നിന്നോട് ഇതെടുത്ത് പറയുന്നത് തർക്കത്തിനുവേണ്ടി മാത്രമാണ്.അല്ല! കുതർക്കക്കാരായ ഒരു ജനതയാണ് അവർ.
59. അദ്ദേഹം നമ്മുടെ ഒരു ദാസൻ മാത്രമാണ്. അദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും അദ്ദേഹത്തെ ഇസ്രാഈൽ സന്തതികഠംക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു.
60. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങഠംക്ക് പകരം നിങ്ങളിൽ നിന്നുതന്നെ മലക്കുകളെ ഭൂമി യിൽ പ്രതിനിധികളാക്കുമായിരുന്നു.
61. അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിയിപ്പും (അഥവാ അടയാളവും) ആകുന്നു. ആക യാൽ നിങ്ങഠം അതിനെപ്പറ്റി സംശയിക്കുകതന്നെ വേണ്ട. നിങ്ങളെന്നെ പിൻപറ്റുക. ഇതാ കുന്നു നേരായ പാത.
62. പിശാച് (അതിൽ നിന്ന്) നിങ്ങളെ തടയാതിരിക്കട്ടെ. തീർച്ചയായും അവൻ നിങ്ങഠംക്ക് പ്രത്യക്ഷ ശത്രുവാകുന്നു.
63. വ്യക്തമായ തെളിവുകളുമായി ഈസാ വന്നപ്പോഠം അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങഠംക്ക് വിജ്ഞാനവും കൊണ്ടുവന്നിരിക്കുന്നു. നിങ്ങഠംക്കിടയിൽ അഭിപ്രായവ്യത്യാസ മുള്ള ചിലത് ഞാൻ നിങ്ങഠംക്ക് വിവരിച്ചുതരാൻ വേണ്ടിയും. അതിനാൽ നിങ്ങഠം അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

64. തീർച്ചയായും അല്ലാഹുതന്നെയാണ്‌ എൻെറ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. അവന്‌ മാത്രം ഇബാദത്തു ചെയ്യുവിൻ(ആരാധിക്കുവിൻ). ഇതാണ്‌നേരായ മാർഗം.
65. (വ്യക്തമായ ഈ പാഠങ്ങൾ നൽകപ്പെട്ടിട്ടും) അവർക്കിടയിലുള്ള കക്ഷികൾ ഭിന്നിച്ചു. അതിനാൽ അക്രമം പ്രവർത്തിച്ചവർക്ക്‌ വേദനയേറിയ ഒരു ദിവസത്തെ ശിക്ഷയാൽ മഹാനാശമുണ്ട്‌.
66. അവർ ഓർക്കാതിരിക്കെ പെട്ടെന്ന്‌ വന്നെത്തുന്ന അന്ത്യദിനമല്ലാതെ മറ്റെന്താണ്‌ അവർക്ക്‌ പ്രതീക്ഷിക്കാനുള്ളത്‌?
67. അന്നത്തെ ദിവസം കൂട്ടുകാരൊക്കെയും പരസ്പരം ശത്രുക്കളായി മാറും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ.
68. എൻെറ ദാസന്മാരേ, ഇന്ന്‌ നിങ്ങളൊട്ടും ഭയപ്പെടേണ്ടതില്ല, നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല.
69. നമ്മുടെ വചനങ്ങളിൽ വിശ്വസിക്കുകയും (മുസ്‌ലിമായി)അനുസരണത്തെ കൈക്കൊണ്ടിരിക്കുകയും ചെയ്തവരത്രെ (നിങ്ങൾ).
70. നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷപൂർവം സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക.
71. സ്വർണത്തിൻെറ തളികകളും പാനപാത്രങ്ങളും അവർക്കു ചുറ്റും കൊണ്ടുനടക്കപ്പെടും. മനസ്സുകൾ മോഹിക്കുന്നതും കണ്ണുകൾക്ക്‌ ആനന്ദകരമായതുമൊക്കെ അവിടെ ഉണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും.
72. നിങ്ങൾ പ്രവർത്തിച്ചിരുന്നതിൻെറ ഫലമായി നിങ്ങൾക്ക്‌ ഉടമപ്പെടുത്തിതന്നതത്രെ ആ സ്വർഗം.
73. നിങ്ങൾക്കതിൽ ധാരാളം പഴങ്ങളുണ്ട്‌. അതിൽനിന്ന്‌ നിങ്ങൾക്ക്‌ ഭക്ഷിക്കാം.
74. തീർച്ചയായും കുറ്റവാളികൾ നരകശിക്ഷയിൽ നിത്യവാസികളായിരിക്കും.
75. അവർക്ക്‌(ശിക്ഷയുടെ കാഠിന്യം) കുറക്കപ്പെടുകയില്ല. അവർ അതിൽ നിരാശാമൂകരായിരിക്കും.
76. നാം അവരോട്‌ അക്രമം ചെയ്തിട്ടില്ല. പക്ഷേ, അവർ തന്നെയായിരുന്നു അക്രമികൾ.
77. അവർ വിളിച്ചു പറയും: ഓ മാലിക്‌! (നരകത്തിൻെറ മേധാവിയായ മാലാഖ) താങ്കളുടെ രക്ഷിതാവ്‌ ഞങ്ങളുടെ മേൽ (മരണം)വിധിക്കട്ടെ. അദ്ദേഹം (മാലിക്‌) പറയും: നിങ്ങൾ (ഇവിടെ) താമസിക്കേണ്ടവർ തന്നെയാകുന്നു.
78. തീർച്ചയായും ഞങ്ങൾ നിങ്ങൾക്ക്‌ സത്യം എത്തിച്ചുതന്നിട്ടുണ്ടായിരുന്നു. എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരായിരുന്നു.
79. അതല്ല, അവർ (നമുക്കെതിരിൽ) വല്ല കാര്യവും(പരിപാടിയും) ഉറപ്പിച്ചുവെച്ചിരിക്കുന്നുവോ? നിശ്ചയമായും നാമും(ചിലതു) ഉറപ്പിച്ചുവെച്ചവനാകുന്നു.
80. അതല്ല, അവരുടെ രഹസ്യവും ഗൂഢാലോചനയും നാം കേൾക്കുന്നില്ല എന്ന്‌ അവർ വിചാരിക്കുന്നുണ്ടോ? അതെ, നമ്മുടെ ദൂതന്മാർ(മാലാഖമാർ) അവരുടെ അടുത്തു (തന്നെ) എഴുതിക്കൊണ്ടിരിക്കുന്നുണ്ട്‌.
81. പറയുക; പരമകാരുണികന്‌ ഒരു പുത്രനുണ്ടായിരുന്നെങ്കിൽ അവനെ ആരാധിക്കുന്നവരിൽ ഒന്നാമൻ ഞാനാകുമായിരുന്നു.
82. എന്നാൽ ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്‌, സിംഹാസനത്തിൻെറ നാഥൻ അവർ പറഞ്ഞുപരത്തുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനത്രെ.

83. അതിനാൽ നീ അവരെ വിട്ടേക്കുക. അവർക്ക് താക്കീതു നൽകപ്പെടുന്ന അവരുടെ ആ ദിവസം അവർ കണ്ടുമുട്ടുന്നതുവരെ അവർ അസംബന്ധങ്ങൾ പറയുകയും കളിതമാശയിൽ ഏർപ്പെടുകയും ചെയ്തുകൊള്ളട്ടെ.
84. ആകാശത്തിലെ ദൈവവും ഭൂമിയിലെ ദൈവവും (ഏകനായ)അവനത്രെ. അവൻ തന്നെയാണ് യുക്തിമാനും എല്ലാം അറിയുന്നവനും.
85. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിൻെറയും ആധിപത്യം ഏതൊരുവനാണോ അവൻ(അല്ലാഹു) അനുഗ്രഹപൂർണനാണ്.(അന്ത്യ)നാഴികയുടെ അറിവ് അവൻെറ പക്കലാണ്. അവങ്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.
86. അവനെക്കൂടാതെ ഇക്കൂട്ടർ വിളിച്ചു (പ്രാർഥിച്ചു)കൊണ്ടിരിക്കുന്നവർക്ക് ശുപാർശ ചെയ്യുവാൻ അധികാരം ഉണ്ടാകുന്നതല്ല. അറിഞ്ഞുകൊണ്ടുതന്നെ സത്യത്തിന് സാക്ഷ്യം വഹിച്ചവരൊഴികെ.
87. ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും, അല്ലാഹുവെന്ന്. എന്നിട്ടും എങ്ങനെയാണ് അവർ (സത്യത്തിൽനിന്ന്)തെറ്റിക്കപ്പെടുന്നത്?
88. ‘എൻെറ രക്ഷിതാവേ! തീർച്ചയായും ഇക്കൂട്ടർ വിശ്വസിക്കാത്ത ഒരു ജനതയാകുന്നു’ എന്ന് അദ്ദേഹം (പ്രവാചകൻ) പറയുന്നതും (അല്ലാഹു അറിയും).
89. അതുകൊണ്ട് അവരിൽനിന്നും തിരിഞ്ഞു മാറുക; സലാം (സമാധാനം) എന്ന് പറയുകയും ചെയ്യുക. അവർ വഴിയെ അറിഞ്ഞുകൊള്ളും.

---

*******

## അധ്യായം 44

# അദ്ദുഖാൻ. (പുക)

**അവതരണം മക്കയിൽ, വചനങ്ങൾ 59**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. ഹാ-മീം.
2. സുവ്യക്തമായ വേദഗ്രന്ഥം തന്നെയാണ് സത്യം .
3. തീർച്ചയായും അനുഗൃഹീതമായ ഒരു രാത്രിയിൽ നാം ഇത് അവതരിപ്പിച്ചു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു.
4. അതിൽ(ആ രാവിൽ) യുക്തിപൂർണമായ സകല കാര്യങ്ങളും വേർതിരിച്ച് തീരുമാനിക്ക പ്പെടുന്നു,
5. നമ്മുടെ പക്കൽനിന്നുള്ള കല്പനയായി. തീർച്ചയായും നാം(ദൂതന്മാരെ) നിയോഗിച്ചു കൊണ്ടിരിക്കുന്നവനാകുന്നു.
6. നിന്റെ രക്ഷിതാവിൽനിന്നുള്ള കാരുണ്യമായി; തീർച്ചയായും അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും.
7. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവ്.നിങ്ങൾ ദൃഢ വിശ്വാസമുള്ളവരാണെങ്കിൽ (നിങ്ങൾക്കിതു ബോധ്യമാകും).
8. അവനല്ലാതെ ഒരു ദൈവമേയില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവ പിതാക്കളുടെ രക്ഷിതാവും ആയിട്ടുള്ളവൻ.
9. എന്നിട്ടും അവർ സംശയത്തിൽ കളിക്കുകയാകുന്നു.
10. അതിനാൽ,ആകാശം വ്യക്തമായ ഒരു പുക കൊണ്ടുവരുന്ന ദിനം കാത്തിരുന്നു കൊള്ളുക.
11. അത് ജനത്തെ മൂടുന്നതാകുന്നു. വേദനയുറ്റ ശിക്ഷയത്രെ ഇത്.
12. (അപ്പോഴവർ പറയും:) ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് ഈ ശിക്ഷ നീക്കിത്ത രേണമേ, തീർച്ചയായും ഞങ്ങൾ വിശ്വസിച്ചുകൊള്ളാം.''
13. ഉദ്ബോധനം എങ്ങനെയാണവർക്ക് ഉപകരിക്കുക? എല്ലാം വ്യക്തമാക്കിക്കൊടുക്കുന്ന ദൈവദൂതൻ അവരിൽ വന്നുകഴിഞ്ഞിട്ടുണ്ട്.
14. എന്നിട്ട് അവരദ്ദേഹത്തെ വിട്ട് പിന്തിരിഞ്ഞു. അവർ പറയുന്നു: (ഏതോ മനുഷ്യരാൽ) പഠിപ്പിക്കപ്പെട്ട ഒരുവൻ, ഒരു ഭ്രാന്തൻ!
15. തീർച്ചയായും നാം ശിക്ഷ അൽപം ഒഴിവാക്കിത്തരാം. (എന്നാൽ) തീർച്ചയായും (തിന്മയി ലേയ്ക്കുതന്നെ) നിങ്ങൾ മടങ്ങും.
16. ഏറ്റവും വലിയ പിടിത്തം നാം പിടിക്കുന്ന ദിനം; തീർച്ചയായും നാം പ്രതിക്രിയ ചെയ്യും.
17. ഇവർക്ക് മുമ്പ് ഫറവോന്റെ ജനതയെ തീർച്ചയായും നാം പരീക്ഷിച്ചു. ആദരണീയനായ ദൈവദൂതൻ അവരുടെ അടുത്ത് ചെന്നു.
18. (അദ്ദേഹം പറഞ്ഞു:) അല്ലാഹുവിന്റെ അടിമകളെ എനിക്കു വിട്ടുതരിക. തീർച്ചയായും ഞാൻ നിങ്ങളിലേക്കുള്ള വിശ്വസ്തനായ ദൈവദൂതനാകുന്നു.
19. അല്ലാഹുവിന്നെതിരിൽ നിങ്ങൾ പരിധി വിടാതിരിക്കുക. തീർച്ചയായും ഞാൻ വ്യക്തമായ തെളിവുകൾ സമർപ്പിക്കാം.

20. നിങ്ങൾ എന്നെ കല്ലെറിയാതിരിക്കാൻ എൻെറ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും ആയിട്ടുള്ളവനോട് ഞാൻ അഭയം തേടിയിരിക്കുന്നു.
21. നിങ്ങൾക്കെന്നെ വിശ്വാസമില്ലെങ്കിൽ എന്നിൽനിന്നു വിട്ടകന്നു പോവുക .
22. അപ്പോൾ അവൻെറ രക്ഷിതാവിനെ (സഹായത്തിനായി) അവൻ വിളിച്ചു. ''ഇവർ കുറ്റവാളികളായ ഒരു ജനം തന്നെയാണ്.''
23. (അപ്പോൾ അല്ലാഹു പറഞ്ഞു:) എൻെറ ദാസന്മാരെയും കൊണ്ട് നീ രാത്രിയിൽ പുറപ്പെടുക. തീർച്ചയായും നിങ്ങൾ (ശത്രുക്കളാൽ) പിന്തുടരപ്പെടുന്നതാണ്.
24. കടലിനെ അത് പിളർന്ന അവസ്ഥയിൽ തന്നെ വിട്ടേക്കുക. തീർച്ചയായും അവർ മുക്കി നശിപ്പിക്കാൻ പോകുന്ന ഒരു സൈന്യമാകുന്നു.
25. എത്രയെത്ര തോട്ടങ്ങളും അരുവികളുമാണ് അവർ വിട്ടേച്ചുപോയത്.
26. കൃഷിയിടങ്ങളും മാന്യമായ പാർപ്പിടങ്ങളും.
27. അവർ ആഹ്ലാദപൂർവം അനുഭവിച്ചിരുന്ന (എത്രയെത്ര) സൗഭാഗ്യങ്ങൾ!
28. ഇപ്രകാരം ആയിരുന്നു (പരിണാമം). അതെല്ലാം നാം മറ്റൊരു ജനതയ്ക്ക് അനന്തരാവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.
29. ആകാശമോ ഭൂമിയോ അവർക്കുവേണ്ടി കരഞ്ഞില്ല. അവർക്ക് അൽപവും അവസരം നൽകപ്പെട്ടതുമില്ല.
30. ഇസ്രാഈൽ സന്തതികളെ നാം നിന്ദ്യമായ ശിക്ഷയിൽനിന്ന് രക്ഷിച്ചു;
31. ഫറവോനിൽനിന്ന് (മോചിപ്പിച്ചു). തീർച്ചയായും അവൻ കടുത്ത അഹങ്കാരിയും അതിക്രമകാരികളിൽ പെട്ടവനുമായിരുന്നു.
32. (അവരുടെ അവസ്ഥ)അറിഞ്ഞുകൊണ്ടു തന്നെ തീർച്ചയായും അവരെ നാം ലോകരേക്കാൾ ഉൽകൃഷ്ടരായി തെരഞ്ഞെടുക്കുകയുണ്ടായി.
33. വ്യക്തമായ പരീക്ഷണമുൾക്കൊള്ളുന്ന പല ദൃഷ്ടാന്തങ്ങളും അവർക്ക് നൽകി.
34. തീർച്ചയായും (ഖുറൈശികളായ) ഇവർ പറയുന്നു:
35. ''നമുക്ക് ആദ്യത്തെ മരണമല്ലാതൊന്നുമില്ല. നാമിനി ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരുമല്ല.''
36. ''അതിനാൽ നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഞങ്ങളുടെ പിതാക്കളെ നിങ്ങൾ (ജീവിപ്പിച്ച്) കൊണ്ടുവരിക.''
37. ഇവരാണോ കൂടുതൽ മെച്ചപ്പെട്ടവർ, അതല്ല 'തുബ്ബഇ'ൻെറ ജനതയും അവർക്ക് മുമ്പുള്ളവരുമാണോ? അവരെയൊക്കെ നാം നശിപ്പിച്ചു. എന്തെന്നാൽ തീർച്ചയായും അവർ കുറ്റക്കാർ ആയിരുന്നു.
38. നാം ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളവയും വെറും വിനോദത്തിനുവേണ്ടി സൃഷ്ടിച്ചതല്ല.
39. സത്യത്തോടു കൂടിയല്ലാതെ അവയെ നാം സൃഷ്ടിച്ചിട്ടില്ല. പക്ഷേ,അവരിൽ അധികപേരും അറിയുന്നില്ല.
40. തീർച്ചയായും വിധിനിർണയദിനമാകുന്നു അവർക്കെല്ലാമുള്ള നിശ്ചിത സമയം.
41. അന്നാളിൽ ഒരു ഉറ്റവനും തൻെറ ഉറ്റവനെ ഒട്ടും ഉപകരിക്കുകയില്ല.അവർ സഹായിക്കപ്പെടുകയുമില്ല;
42. അല്ലാഹു കരുണകാണിക്കുന്നവരൊഴിച്ച്. തീർച്ചയായും അവൻ തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

43. നിശ്ചയമായും 'സഖൂം' വൃക്ഷമാണ്;
44. (നരകത്തിൽ) പാപികൾക്കാഹാരം.
45. ഉരുകിയ ലോഹം പോലെ വയറ്റിൽ കിടന്ന് അത് തിളച്ചുമറിയും.
46. ചുടുവെള്ളം തിളയ്ക്കുന്നതുപോലെ.
47. അവനെ പിടിക്കുവിൻ! നരഗാഗ്നിയുടെ നടുവിലേക്ക് അവനെ വലിച്ചിഴക്കുവിൻ!
48. അനന്തരം തിളച്ച വെള്ളം കൊണ്ടുള്ള ശിക്ഷ അവൻെറ തലക്കുമീതെ ഒഴിക്കുവിൻ.
49. രുചിക്ക്! തീർച്ചയായും നീ ആയിരുന്നു പ്രതാപിയും മാന്യനും.
50. നിങ്ങൾ സംശയിച്ചു കൊണ്ടിരുന്നത് ഇതു തന്നെയാണ്, തീർച്ച.
51. എന്നാൽ സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്തായിരിക്കും.
52. ആരാമങ്ങളിലും അരുവികളിലും.
53. അവർ പട്ടിനാലും കസവിനാലുമുള്ള വസ്ത്രങ്ങളണിഞ്ഞു മുഖാമുഖം ഉപവിഷ്ടരായിരിക്കും.
54. അങ്ങനെയാകുന്നു (അവരുടെ അവസ്ഥ). വിശാലാക്ഷികളായ തരുണീമണികളെ നാമവർക്ക് ഇണകളായി കൊടുക്കും.
55. അവർ അവിടെ സുരക്ഷിതരായി പലവിധപഴങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരിക്കും
56. ആദ്യത്തെ(ഈ ലോകത്തനുഭവിച്ച) മരണമല്ലാതെ മറ്റൊരു മരണം അവർക്കവിടെ അനുഭവിക്കേണ്ടിവരില്ല. (അല്ലാഹു അവരെ) നരകശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്യും.
57. നിൻെറ രക്ഷിതാവിൽനിന്നുള്ള അനുഗ്രഹമാണത്. അതുതന്നെയാണ് മഹത്തായ വിജയം.
58. നിനക്കു നിൻെറ ഭാഷയിൽ തീർച്ചയായും ഇതിനെ (ഖുർആനിനെ)നാം ലളിതമാക്കിത്തന്നിരിക്കുന്നു, ഈ ജനം ഉദ്ബുദ്ധരകുന്നതിനുവേണ്ടി.
59. അതിനാൽ നീ കാത്തിരിക്കുക; നിശ്ചയമായും അവരും കാത്തിരിക്കുന്നവരാകുന്നു.

---

******

## അധ്യായം 45

# അൽ ജാഥിയ. (മുട്ടുകുത്തുന്നവ)

**അവതരണം മക്കയിൽ, വചനങ്ങൾ 37**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഹാമീം.
2. ഈ വേദഗ്രന്ഥത്തിൻെറ അവതരണം സർവ്വശക്തനും യുക്തിജ്ഞനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു.
3. തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.
4. നിങ്ങളുടെതന്നെ സൃഷ്ടിയിലും അവൻ ജീവജാലങ്ങളെ ഭൂമിയിൽ പരത്തിയതിലും ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ ഉണ്ട്.
5. രാവും പകലും മാറിമാറി വരുന്നതിലും, അല്ലാഹു മാനത്തുനിന്ന് വർഷിക്കുന്ന വിഭവത്തിലും അതുവഴി,ഭൂമിക്ക് അതിൻെറ നിർജീവാവസ്ഥയ്ക്ക് ശേഷം അവൻ ജീവൻ നല്കിയതിലും കാറ്റുകളുടെ ഗതിമാറ്റത്തിലും (എല്ലാം തന്നെ) ബുദ്ധിയുപയോഗിക്കുന്ന ജനത്തിന് പല ദൃഷ്ടാന്തങ്ങളുമുണ്ട്.
6. ഇവയൊക്കെയും അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളാകുന്നു.സത്യപ്രകാരം നാം നിനക്ക് അവ ഓതിക്കേൾപ്പിക്കുന്നു. അല്ലാഹുവിനും അവൻെറ സൂക്തങ്ങൾക്കും ശേഷം മറ്റെന്തു വൃത്താന്തത്തിലാണ് ഇനി അവർ വിശ്വസിക്കുന്നത്?
7. കൊടുംകള്ളം ചമക്കുന്ന പാപികൾക്കൊക്കെയും മഹാനാശമുണ്ട്.
8. അവൻെറ മുമ്പിൽ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുന്നത് അവൻ കേൾക്കുകയും എന്നിട്ട് അത് കേട്ടിട്ടില്ലാത്തപോലെ അഹന്തനടിച്ച് ശഠിച്ചുനിൽക്കുകയും ചെയ്യുന്നു. അതിനാൽ അവനെ വേദനയേറിയ ശിക്ഷയെപറ്റി സന്തോഷവാർത്ത അറിയിച്ചുകൊള്ളുക.
9. നമ്മുടെ സൂക്തങ്ങളിൽ വല്ലതും അവൻ അറിഞ്ഞാൽതന്നെയും ഉടനെ അവനതിനെ പരിഹാസ്യമാക്കിക്കളയുന്നു. അത്തരക്കാർക്കാകുന്നു അപമാനകരമായ ശിക്ഷ.
10. അവരുടെ പുറകിൽ നരകമുണ്ട്. അവർ സമ്പാദിച്ചുവെച്ചിട്ടുള്ളതോ അല്ലാഹുവിനെ വെടിഞ്ഞ് അവർ സ്വീകരിച്ചിട്ടുള്ള രക്ഷാധികാരികളോ അവർക്ക് ഒട്ടും പ്രയോജനം ചെയ്യുകയില്ല. അവർക്ക് ഭയങ്കരമായ ശിക്ഷയുണ്ട്.

10. മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയ ആചാര്യന്മാരും പുണ്യാത്മാക്കളും അവർ ദൈവത്തിനും തങ്ങൾക്കുമിടയിലുള്ള മധ്യവർത്തികളാണെന്ന് ബഹുദൈവാരാധകർ കരുതുന്നു. തങ്ങളെന്തു ചെയ്താലും ദൈവത്തിങ്കൽനിന്ന് ശിക്ഷയുണ്ടാവില്ല. ആ മധ്യവർത്തികളുടെ ഇട പെടൽമൂലം ദൈവകോപത്തിൽ നിന്ന് രക്ഷപ്പെടും എന്നും അവർ കരുതുന്നു. അല്ലാഹുവിനെ അതൃപ്തിപ്പെടുത്തിക്കൊണ്ട് അവരെ തൃപ്തിപ്പെടുത്തുകയും അവരെ കണ്ണടച്ച് അനുസരിക്കുകയും ചെയ്യുന്നു.

11. ഇത്(ഖുർആൻ) സന്മാർഗദർശനമാകുന്നു. തങ്ങളുടെ നാഥൻെറ സന്ദേശങ്ങളെ നിഷേധിക്കുന്നവർക്ക് കഠിനദണ്ഡനത്തിൽപെട്ട വേദനയുറ്റ ശിക്ഷയുണ്ട്.
12. അല്ലാഹുവാണ് നിങ്ങൾക്ക് സമുദ്രത്തെ കീഴ്പ്പെടുത്തിത്തന്നവൻ. അവൻെറ കല്പന പ്രകാരം അതിലൂടെ കപ്പലോടുന്നതിനും, നിങ്ങൾ അവൻെറ അനുഗ്രഹത്തിൽനിന്ന് അന്വേഷിക്കുന്നതിനും നിങ്ങൾ നന്ദി കാണിക്കുന്നതിനു വേണ്ടിയും.

13. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവൻ നിങ്ങൾക്ക് വിധേയമാക്കിത്തരികയും ചെയ്തിരിക്കുന്നു. എല്ലാം അവനിൽനിന്നുള്ളതാണ്. തീർച്ചയായും ചിന്തിക്കുന്ന ജനത്തിന് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

13. പ്രപഞ്ചത്തിലെ സകല വസ്തുക്കളും സൃഷ്ടിച്ചുണ്ടാക്കിയത് ഏകനായ ദൈവം മാത്രമാണ്. ഈ അനുഗ്രഹങ്ങൾ പടച്ചുണ്ടാക്കുന്നതിലോ അവയെ മനുഷ്യന് കീഴ്പ്പെടുത്തിക്കൊടുക്കുന്നതിലോ അല്ലാഹുവിന്റെ കൂടെ യാതൊരു പങ്കാളിയുമില്ല. ഭൂമി മുതൽ ആകാശലോകങ്ങൾവരെയുള്ള സകല വസ്തുക്കളെയും ശക്തികളെയും ഒരു നിയമത്തിന്റെ അനുവർത്തികളാക്കിവെച്ചു. സ്രഷ്ടാവും സംവിധായകനും നിയന്താവും ഉടമസ്ഥനും ഒരേയൊരു ദൈവമാണെന്ന യാഥാർഥ്യം ഈ ദൃഷ്ടാന്തങ്ങളെല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ചുതരുന്നുണ്ട്. ആ ഏകദൈവം തന്നെയാണ് മനുഷ്യന്റെയും രക്ഷിതാവ്. ആ ഏക ദൈവമാണ് തന്റെ യുക്തികൊണ്ടും കഴിവുകൊണ്ടും കാരുണ്യംകൊണ്ടും ഈ വസ്തുക്കളെയെല്ലാം മനു ഷ്യജീവിതത്തിന്നും അവന്റെ സുഖസൗകര്യങ്ങൾക്കും സാംസ്കാരികോന്നതിക്കും നാഗരിക വികാസത്തിനും ഉള്ള സാമഗ്രികളും ഉപാധികളുമാക്കിവെച്ചത്. ആ ഒരു ദൈവം മാത്രമേ മനുഷ്യന്റെ ദാസ്യവും നേർച്ചാവഴിപാടുകളും അർഹിക്കുന്നുള്ളു. മറ്റു യാതൊരു ശക്തിയും ഈ സാമഗ്രികളോ ശക്തികളോ നിർമിക്കുന്നതിൽ ഒരു പങ്കും വഹിച്ചിട്ടില്ല.

14. (നബിയേ,)നീ വിശ്വാസികളോട് പറയുക: അല്ലാഹുവിന്റെ (ശിക്ഷയുടെ)നാളുകൾ പ്രതീക്ഷിക്കാത്ത സത്യനിഷേധികളോട് അവർ വിട്ടുവീഴ്ചകാണിക്കട്ടെ. ഓരോ ജനതക്കും അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന്റെ ഫലം അല്ലാഹു നല്കുവാൻ വേണ്ടിയത്രെ അത്.

15. ആരെങ്കിലും സൽപ്രവൃത്തി ചെയ്താൽ അത് അവനുവേണ്ടിത്തന്നെയുള്ളതാകുന്നു. വല്ലവനും തിന്മ പ്രവർത്തിച്ചാൽ അതിന്റെ ദോഷവും അവനുതന്നെ. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്.

16. തീർച്ചയായും നാം ഇസ്രാഈൽ സന്തതികൾക്ക് വേദഗ്രന്ഥവും ആധിപത്യവും പ്രവാചകത്വവും നല്കിയിട്ടുണ്ടായിരുന്നു. നല്ല വസ്തുക്കളിൽനിന്നും നാം അവർക്ക് ആഹാരം നല്കുകയും ലോകത്ത് നാമവരെ ശ്രേഷ്ഠരാക്കുകയും ചെയ്തു.

17. (മത)കാര്യത്തിൽ നാമവർക്ക് വ്യക്തമായ മാർഗദർശനങ്ങളേകുകയും ചെയ്തു. എന്നാൽ അവർ ഭിന്നിച്ചത് (അജ്ഞതമൂലമല്ല, പ്രത്യുത) അവർക്ക് അറിവുവന്നുകിട്ടിയതിനുശേഷം തന്നെയാണ്; അവർക്കിടയിലെ കിടമത്സരം കാരണമായാണത്. ഏതൊരു കാര്യത്തിൽ അവർ ഭിന്നിച്ചുകൊണ്ടിരുന്നുവോ അതിൽ ഉയിർത്തെഴുന്നേൽപുനാൾ അവർക്കിടയിൽ നിന്റെ രക്ഷിതാവ് തീർച്ചയായും വിധി കൽപിക്കും.

18. (നബിയേ,)പിന്നീട് നിന്നെ നാം (മത)കാര്യത്തിൽ വ്യക്തമായ നിയമവ്യവസ്ഥയിൽ (ശരീഅത്തിൽ)ആക്കിയിരിക്കുന്നു. അതിനാൽ നീ ആ മാർഗം പിന്തുടരുക അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്.

19. അല്ലാഹുവിൽനിന്നുള്ള ഒരു കാര്യത്തിലും അവർ നിനക്ക് ഒട്ടും പ്രയോജനപ്പെടുകയില്ല. തീർച്ചയായും അക്രമികൾ അന്യോന്യം സഹായികളാണ്. എന്നാൽ സൂക്ഷ്മത പാലിക്കുന്നവരുടെ രക്ഷാധികാരി അല്ലാഹുവാണ്.

20. ഇത് മുഴുവൻ മനുഷ്യർക്കും ഉൾക്കാഴ്ച നൽകുന്നതാണ്; ദൃഢവിശ്വാസികൾക്ക് വഴികാട്ടിയും കാരുണ്യവും.

21. അതല്ല, തിന്മകൾ ചെയ്തുകൂട്ടിയവർ കരുതുന്നുവോ, അവരെ നാം വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ ആക്കുമെന്ന്? അതായത് അവരുടെ (രണ്ടു കൂട്ടരുടെയും) ജീവിതവും മരണവും ഒരു പോലെയാക്കുമെന്ന്. അവർ വിധികൽപിക്കുന്നത് വളരെ ചീത്തതന്നെ.

22. ആകാശങ്ങളും ഭൂമിയും അല്ലാഹു ശരിയായ ലക്ഷ്യത്തോടെ സൃഷ്ടിച്ചിരിക്കുന്നു. ഓരോ ആത്മാവും, അത് സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടുന്നതിനു വേണ്ടിയുമാണത്. അവർ ദ്രോഹിക്കപ്പെടുകയുമില്ല.

22. ആകാശഭൂമികളെ സൃഷ്ടിച്ചിട്ടുള്ളത് ഒരു വിനോദമായിട്ടല്ല. പ്രത്യുത ഇതൊരു സോദ്ദേശ്യവും യുക്തിബന്ധുരവുമായ സംവിധാനമാകുന്നു. ഈ സംവിധാനത്തിൽ ദൈവം നൽകിയ സ്വാതന്ത്ര്യങ്ങളും ഉപാധികളും മാധ്യമങ്ങളും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു കൂട്ടർ സുകൃതങ്ങൾ നിർവഹിക്കുക. മറ്റൊരു കൂട്ടർ ഇവയെല്ലാം തെറ്റായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് ആക്രമ മർദനങ്ങളും കുഴപ്പങ്ങളും പരത്തുക. എന്നിട്ട് ഈ രണ്ടുകൂട്ടരും മരിച്ചു മണ്ണായിപ്പോവുക. സുകൃതി കൾക്ക് അവരുടെ സൽക്കർമങ്ങളുടെ പ്രതിഫലവും ആക്രമികൾക്ക് അവരുടെ ആക്രമങ്ങളുടെ ശിക്ഷയും ലഭിക്കുന്ന ഒരു മരണാനന്തര ജീവിതമൊന്നും ഇല്ലാതിരിക്കുക. ആസൂത്രിതമായ ഈ പ്രപഞ്ചസംവിധാന ത്തിൻെറ പര്യവസാനം ഇങ്ങനെയായിരിക്കുകയെന്നത് സങ്കൽപിക്കാനേ പറ്റിയതല്ല. ദൈവത്തിൻെറ ദിവ്യ വ്യവസ്ഥിതിയിൽ അത്തരം അനീതി ഒരിക്കലും ഉണ്ടാകാവതല്ല.

23. എന്നാൽ തൻെറ ദേഹേഛയെ ദൈവമാക്കിയവനെ നീ കണ്ടുവോ? അല്ലാഹു ബോധപൂർവം അവനെ വഴികേടിലാക്കിയിരിക്കുകയും അവൻെറ കാതിനും ഹൃദയത്തിനും മുദ്രവെച്ചിരി ക്കുകയും കണ്ണുകൾക്ക് മൂടിയിട്ടിരിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവെകൂ ടാതെ ആരാണ് അവനെ മാർഗദർശനം ചെയ്യാനുള്ളത്? എന്നാൽ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ?

23. ദൈവം അനുവദിച്ചതോ നിരോധിച്ചതോ എന്ന വിവേചനമില്ലാതെ തോന്നിയതൊക്കെ പ്രവർത്തി ക്കുക എന്നതാണ് മനുഷ്യൻ ദേഹേഛയുടെ അടിമയായിത്തീരുക എന്നതിനർഥം. ഒരാൾ ഈ രീതിയിൽ എന്തിനെയെങ്കിലും അനുസരിക്കുക എന്നാൽ അതിനർഥം, അയാളുടെ ആരാധ്യൻ ദൈവമല്ല, മറിച്ച് അയാൾ ഇങ്ങനെ അനുസരിക്കുന്നതെന്തിനെയാണോ അതാണ് എന്നത്രെ. ഒരാൾ പരലോകത്തെ നിഷേ ധിക്കുമ്പോൾ സ്വേഛയോടുള്ള അയാളുടെ അടിമത്തം കൂടുതൽ വളരുന്നു. മനുഷ്യനെ മനുഷ്യത്വത്തി ൻെറ പരിധിയിൽ പിടിച്ചുനിർത്താൻ സാധിക്കുന്ന വല്ലതുമുണ്ടെങ്കിൽ അത്, താൻ ഉത്തരവാദിത്വമി ല്ലാത്തവനല്ലെന്നും തൻെറ പ്രവർത്തനങ്ങൾക്കെല്ലാം ദൈവത്തിൻെറ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ട തുണ്ടെന്നുമുള്ള ബോധം മാത്രമാണ്.

24. അവർ പറയുന്നു: നമ്മുടെ ഭൗതിക ജീവിതമല്ലാതെ ജീവിതമില്ല. നാം മരിക്കുന്നു. നാം ജീവിക്കുന്നു.നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു.(വാസ്തവത്തിൽ) അവർക്ക് അതേപ്പറ്റി ഒരു വിവരവുമില്ല. അവർ ഊഹിക്കുകമാത്രമാണ് ചെയ്യുന്നത്.

25. നമ്മുടെ സന്ദേശങ്ങൾ വ്യക്തമായി അവരുടെമേൽ വായിക്കപ്പെട്ടാൽ അവർക്കു ന്യായവാദമാ യി പറയാനുള്ളത് ഇതുമാത്രമാകുന്നു: നിങ്ങൾ നേരുപറയുന്നവരെങ്കിൽ ഞങ്ങളുടെ (മൺ മറഞ്ഞ) പിതാക്കളെ (ജീവിപ്പിച്ചു) കൊണ്ടുവരിക.

26. പറയുക:അല്ലാഹുവാണ് നിങ്ങളെ ജീവിപ്പിക്കുന്നത്.പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കു ന്നു. പിന്നീട് ഉയിർത്തെഴുന്നേൽപുനാളിൽ നിങ്ങളെയവൻ ഒരുമിച്ചു കൂട്ടുകയും ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ, മനുഷ്യരിൽ അധികപേരും ഇതറി യുന്നില്ല.

27. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനാകുന്നു.ആ അന്ത്യ സമയം വരും നാളിൽ അസത്യവാദികൾ അന്ന് മഹാനഷ്ടത്തിലായിരിക്കും.

28. (അന്ന്) എല്ലാ സമുദായവും മുട്ടുകുത്തിവീണതായി നിനക്കു കാണാം. എല്ലാ ഓരോ സമുദായത്തെയും അവരവരുടെ കർമപുസ്തകത്തിലേക്ക് വിളിക്കപ്പെടും. (അവരോട്പറയ

പ്പെടും:) നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഇന്ന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്.

29. ഇതാ നമ്മുടെ കർമരേഖ. ഇത് നിങ്ങൾക്കെതിരെ സത്യം തുറന്നു പറയുന്നതാണ്. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെല്ലാം നാം കൃത്യമായി എഴുതിക്കുന്നുണ്ടായിരുന്നു.

30. സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അവരുടെ രക്ഷിതാവ് തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അതുതന്നെയാകുന്നു വ്യക്തമായ വിജയം.

31. എന്നാൽ അവിശ്വസിച്ചവരാരോ; (അവരോട് പറയപ്പെടും:) ''എന്റെ വചനങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിച്ചുതന്നിരുന്നില്ലേ? എന്നിട്ട് നിങ്ങൾ അഹങ്കരിക്കുകയും കുറ്റവാളികളായ ഒരു ജനതയാകുകയും ചെയ്തു.''

32. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്, (അവസാന) നാഴിക(യാണെങ്കിൽ)-അതിൽ സംശയമേയില്ല എന്ന് പറയപ്പെട്ടാൽ നിങ്ങൾ പറയും: എന്താണ് അന്ത്യസമയമെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾക്ക് ഒരു ഊഹം മാത്രമാണുള്ളത്. ഞങ്ങൾക്ക് (തിട്ടമായ) ഉറപ്പില്ല.

33. അവർ ചെയ്തുകൊണ്ടിരുന്ന ദുർവൃത്തികളുടെ ദുരന്തഫലം അവർക്കു വെളിപ്പെടുന്നതാണ്. അവർ പരിഹസിച്ചിരുന്ന അതേ കാര്യം തന്നെ അവരെ വലയം ചെയ്യുന്നതുമാകുന്നു.

34. (അവരോട്)പറയപ്പെടും: ഈ ദിവസത്തെ കണ്ടുമുട്ടുന്നത് നിങ്ങൾ മറന്നതു പോലെ നാം ഇന്ന് നിങ്ങളെ മറന്നിരിക്കുന്നു. നിങ്ങളുടെ വാസസ്ഥലം നരകമാകുന്നു. നിങ്ങളെ സഹായിക്കാൻ ആരുമുണ്ടാവുകയുമില്ല.

35. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ പരിഹാസപാത്രമാക്കിയതുകൊണ്ടും ഐഹികജീവിതം നിങ്ങളെ വഞ്ചിക്കുകയും ചെയ്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതിനാൽ, അവർ അതിൽനിന്ന് (നരകത്തിൽനിന്ന്) മോചിപ്പിക്കപ്പെടുന്നതല്ല. അവരോട് പ്രായശ്ചിത്തത്തിന് ആവശ്യപ്പെടുകയുമില്ല.

36. അതിനാൽ ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും സർവലോക രക്ഷിതാവുമായ അല്ലാഹുവിനാണ് സകല സ്തുതിയും.

37. ആകാശലോകങ്ങളിലും ഭൂമിയിലും ഔന്നത്യം അവനുമാത്രമാകുന്നു.അവനത്രേ പ്രതാപിയും യുക്തിജ്ഞനും.

---

*******

## അധ്യായം 46

# അഹ്ഖാഫ്. (മണല്‍നിരകള്‍)

**അവതരണം മക്കയില്‍, വചനങ്ങള്‍ 35**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

1. ഹാ-മീം

2. ഈ വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവില്‍ നിന്നാകുന്നു.

3. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം സൃഷ്ടിച്ചത് യാഥാര്‍ഥ്യത്തോടെയും നിര്‍ണിതമായ ഒരു അവധി വെച്ചുകൊണ്ടും മാത്രമാകുന്നു. എന്നാല്‍ സത്യനിഷേധികള്‍, തങ്ങള്‍ക്ക് താക്കീത് ചെയ്യപ്പെട്ടതിനെ അവഗണിച്ചുകളയുന്നവരാകുന്നു.

4. (നബിയെ)പറയുക: അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങള്‍ വിളിച്ചു പ്രാര്‍ഥിക്കുന്നവരെപ്പറ്റി നിങ്ങള്‍ ചിന്തിച്ചിട്ടുണ്ടോ? ഭൂമിയില്‍ എന്താണവര്‍ സൃഷ്ടിച്ചിട്ടുള്ളതെന്ന് എനിക്കൊന്ന് കാണിച്ചു തരിക. അതല്ല, ആകാശങ്ങളുടെ സൃഷ്ടിയില്‍ അവര്‍ക്ക് വല്ല പങ്കുമുണ്ടോ? ഇതിനു മുമ്പവതീര്‍ണമായ വല്ല വേദമോ അറിവിന്റെ അംശമോ ഉണ്ടെങ്കില്‍ (തെളിവായി)നിങ്ങള്‍ എനിക്ക് കൊണ്ടുവരിക, നിങ്ങള്‍ സത്യവാദികളാണെങ്കില്‍.

5. അല്ലാഹുവിനെക്കൂടാതെ അന്ത്യനാള്‍വരേക്കും തനിക്ക് ഉത്തരമേകാത്തവരോട് പ്രാര്‍ഥിക്കുന്നവനെക്കാള്‍ വഴിപിഴച്ചവന്‍ ആരുണ്ട്? അവരാകട്ടെ (ആരാധ്യര്‍) ഇവരുടെ (ആരാധകര്‍) ആരാധനയെപ്പറ്റി അശ്രദ്ധരായിരുന്നു.

6. മനുഷ്യര്‍ ഒരുമിച്ചു ചേര്‍ക്കപ്പെടുന്ന സന്ദര്‍ഭം അവര്‍(ആരാധ്യര്‍) ഇവരുടെ (ആരാധ്യരുടെ) ശത്രുക്കളായിരിക്കും. ഇവര്‍ തങ്ങളെ പൂജിച്ചുകൊണ്ടിരുന്നവരാണെന്ന കാര്യം നിഷേധിക്കുകയും ചെയ്യും.

7. സുവ്യക്തമായ നിലയില്‍ നമ്മുടെ ദൃഷ്ടാന്തങ്ങള്‍ അവര്‍ക്ക് ഓതിക്കേള്‍പിക്കപ്പെടുകയാണെങ്കില്‍, തങ്ങള്‍ക്കു വന്നെത്തിയ ആ സത്യത്തെ നിഷേധിച്ചവര്‍ പറയും; ഇത് വ്യക്തമായ ഒരു ആഭിചാരമാണെന്ന്.

8. അതല്ല, അദ്ദേഹം(പ്രവാചകന്‍) അത് കെട്ടിച്ചമച്ചു എന്നാണോ അവര്‍ പറയുന്നത്? നീ പറയുക:ഞാനത് കെട്ടിച്ചമച്ചതാണെങ്കില്‍ എന്നെ അല്ലാഹുവില്‍നിന്നും (വരാവുന്ന ശിക്ഷയില്‍നിന്ന്) രക്ഷ നല്‍കാന്‍ നിങ്ങള്‍ക്കാര്‍ക്കും കഴിയില്ല. എന്നാല്‍ നിങ്ങള്‍ ജല്‍പിച്ചുകൊണ്ടിരിക്കുന്നതൊക്കെ അവന്‍ നന്നായറിയുന്നുണ്ട്. എനിക്കും നിങ്ങള്‍ക്കുമിടയില്‍ സാക്ഷിയായി അവന്‍ തന്നെ മതി. അവന്‍ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

9. (നബിയേ)പറയുക: ദൈവദൂതന്മാരില്‍ പുതുക്കക്കാരനൊന്നുമല്ല ഞാന്‍. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്തൊക്കെ ചെയ്യപ്പെടുമെന്ന് എനിക്കറിയുകയുമില്ല. എനിക്ക് ബോധനം നല്‍കപ്പെടുന്നതിനെ പിന്തുടരുക മാത്രമാണ് ഞാന്‍ ചെയ്യുന്നത്. വ്യക്തമായ മുന്നറിയിപ്പുകാരനല്ലാതാരുമല്ല ഞാന്‍.

10. അവരോട് ചോദിച്ചുനോക്കുക: നിങ്ങള്‍ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? ഇത് (ഖുര്‍ആന്‍) അല്ലാഹുവിങ്കല്‍നിന്നുള്ളതുതന്നെ ആവുകയും എന്നിട്ട് നിങ്ങളതിനെ നിഷേധിക്കുകയും ഇതുപോലുള്ള വചനത്തിന്മേല്‍ ഇസ്രാഈല്‍ വംശത്തില്‍ നിന്നുള്ള സാക്ഷി സാക്ഷ്യംവഹിക്കുകയും അങ്ങനെ അയാള്‍ വിശ്വസിക്കുകയും നിങ്ങളോ അഹംഭാവം നടിക്കുകയുമാണെ

ങ്കിൽ (നിങ്ങളുടെ ഗതി എന്തായിരിക്കും?) അക്രമകാരികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച.

11. സത്യവിശ്വാസികളെക്കുറിച്ച് അവിശ്വാസികൾ പറയുന്നു: ഈ(വേദം) നല്ലതായിരുന്നുവെങ്കിൽ, അതംഗീകരിക്കുന്നതിൽ ഇവർ ഞങ്ങളെ മുൻകടക്കുമായിരുന്നില്ല. അതുമൂലം അവർ നേർവഴി പ്രാപിച്ചിട്ടില്ലാത്തതുകൊണ്ട് അവർ പറയും:ഇതൊരു പഴഞ്ചൻ കെട്ടുകഥതന്നെ.

12. മാതൃകായോഗ്യവും കാരുണ്യവുമായിക്കൊണ്ട് മൂസായുടെ വേദം ഇതിനു മുമ്പ് വന്നിട്ടുണ്ട്.ഇത്(അതിനെ) സത്യപ്പെടുത്തുന്ന അറബി ഭാഷയിലുള്ള ഗ്രന്ഥവുമത്രേ. ധിക്കാരികളെ താക്കീതുചെയ്യുന്നതിനും സദ്വൃത്തർക്ക് സന്തോഷവാർത്ത ആയിക്കൊണ്ടും.

13. ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് (സന്മാർഗത്തിൽ) അടിയുറച്ച് നിലകൊള്ളുകയും ചെയ്തവർക്ക് യാതൊന്നും ഭയപ്പെടാനില്ല അവർ ദുഃഖിക്കേണ്ടിവരികയുമില്ല.

14. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ ശാശ്വതമായി വസിക്കുന്നതാകുന്നു അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്.

15. തന്റെ മാതാപിതാക്കാളോട് നല്ല നിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് ഉപദേശിച്ചിരിക്കുന്നു. ക്ലേശത്തോടെയാണ് മാതാവ് അവനെ ഗർഭം ചുമക്കുകയും ക്ലേശം സഹിച്ചുകൊണ്ടുതന്നെ അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിയും മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണ്ണ ശക്തി പ്രാപിക്കുകയും നാൽപത് വയസ്സാകുകയും ചെയ്താൽ ഇപ്രകാരം പറയും: നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്ന ഔദാര്യങ്ങൾക്ക് നന്ദി കാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ മക്കളുടെ കാര്യത്തിലും നീ എനിക്കു നന്മ വരുത്തേണമേ. ഞാൻ നിന്നിലേക്കു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ അനുസരണമുള്ളവരിൽ പെട്ടവനാണ്.

16. അത്തരക്കാരിൽനിന്നത്രെ അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായത് നാം സ്വീകരിക്കുന്നത്.അവരുടെ ദുർവൃത്തികളോട് വിട്ടുവീഴ്ച കാണിക്കുകയും ചെയ്യും. (അവർ) സ്വർഗാവകാശികളുടെ കൂട്ടത്തിലായിരിക്കും.അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന സത്യവാഗ്ദാനം.

17. തന്റെ മാതാപിതാക്കളോട് ഇപ്രകാരം പറയുന്നവനുണ്ടല്ലോ: ഛെ! നിങ്ങൾക്കു നാശം. ഞാൻ (മരണാനന്തരം) ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നാണോ നിങ്ങളെന്നോട് വാഗ്ദാനം ചെയ്യുന്നത്?എന്നാൽ എനിക്കു മുമ്പ് എത്രയോ തലമുറകൾ കഴിഞ്ഞുപോയിട്ടുണ്ട്. അവരിരുവരും(മാതാപിതാക്കൾ) അല്ലാഹുവിനോട് സഹായം തേടുന്നു; (മകനേ)നിനക്കു നാശം! നീ വിശ്വസിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അപ്പോൾ അവൻ പറയുന്നു: ഇതൊക്കെ പൂർവികരുടെ കെട്ടുകഥകൾ മാത്രമാകുന്നു.

18. ഇവരത്രെ ശിക്ഷാവിധി ബാധകമായിക്കഴിഞ്ഞവർ. ഇതേവിധം ഇവർക്കു മുമ്പേ ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും കഴിഞ്ഞുപോയ സമുദായങ്ങളുടെ കൂട്ടത്തിൽ തന്നെയാണിവരും. തീർച്ചയായും അവർ നഷ്ടം പറ്റിയവരാകുന്നു.

19. എല്ലാവർക്കും, തങ്ങൾ പ്രവർത്തിച്ചതനുസരിച്ചുള്ള പദവികളുണ്ട്.(അല്ലാഹു) അവരുടെ പ്രവർത്തികൾക്ക്(പ്രതിഫലം)തികച്ചു കൊടുക്കുന്നതിനുവേണ്ടി.അവരോട് അനീതി കാണിക്കപ്പെടുകയുമില്ല.

20. പിന്നെ ഈ നിഷേധികൾ നരകത്തിനുമുന്നിൽ കൊണ്ടുവന്നു നിർത്തപ്പെടുമ്പോൾ (അവരോട് പറയപ്പെടും:)ഐഹികജീവിതത്തിൽ നിങ്ങളുടെ നല്ല വസ്തുക്കളെല്ലാം നിങ്ങൾ

പാഴാക്കിക്കളയുകയും,നിങ്ങൾ അവകൊണ്ട് സുഖമനുഭവിക്കുകയും ചെയ്തു.ഇന്ന് നിങ്ങൾക്ക് പ്രതിഫലമായി നൽകപ്പെടുന്നത് നിന്ദ്യമായ ശിക്ഷയാണ്.ന്യായം കൂടാതെ ഭൂമിയിൽ നിങ്ങൾ അഹങ്കരിച്ചതുകൊണ്ടും, നിങ്ങൾ നിയമ ലംഘനം നടത്തിയതുകൊണ്ടും.

21. ആദിന്റെ സഹോദരനെ(ഹൂദ്) അനുസ്മരിക്കുക. അദ്ദേഹം അഹ്ഖാഫിൽ തന്റെ ജനതക്ക് മുന്നറിയിപ്പ് കൊടുത്ത സന്ദർഭം. മുന്നറിയിപ്പുകാർ അദ്ദേഹത്തിനു മുമ്പും പിമ്പും കഴിഞ്ഞുപോയിട്ടുണ്ട്. എന്തെന്നാൽ നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്. നിങ്ങളുടെ മേൽ ഭയാനകമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ ഭയപ്പെടുന്നു (എന്നമുന്നറിയിപ്പ്).

22. അവർ പറഞ്ഞു: ഞങ്ങളുടെ ദൈവങ്ങളിൽനിന്ന് ഞങ്ങളെ തെറ്റിക്കാനാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്? എന്നാൽ നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്ന(ശിക്ഷ) ഞങ്ങളിൽ കൊണ്ടുവന്നാട്ടെ! നീ നേരുപറയുന്നവനെങ്കിൽ!

23. അദ്ദേഹം പറഞ്ഞു: (അതിന്റെ)അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു. യാതൊന്നുമായി ഞാൻ അയയ്ക്കപ്പെട്ടുവോ, അത് നിങ്ങളിൽ ഞാൻ എത്തിച്ചുതന്നിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളെ അവിവേകികളായ ഒരു ജനമായിട്ടാണ് കാണുന്നത്.

24. അങ്ങനെ അതിനെ(ശിക്ഷയെ) ഒരു മേഘമായി തങ്ങളുടെ താഴ്വരകൾക്കു നേരെ വരുന്നത് കണ്ടപ്പോൾ അവർ പറഞ്ഞു: ''നമുക്ക് മഴ തരാൻ വരുന്ന മേഘം.'' അല്ല നിങ്ങൾ ധൃതി കൂട്ടിക്കൊണ്ടിരുന്ന (ശിക്ഷ)യാണ് അത്. വേദനയേറിയ ശിക്ഷ ഉൾക്കൊള്ളുന്ന ഒരു കാറ്റ്.

25. അതിന്റെ രക്ഷിതാവിന്റെ കൽപനപ്രകാരം സകല വസ്തുക്കളെയും അത് തകർത്ത് തരിപ്പണമാക്കുന്നു.അങ്ങനെ അവരുടെ പാർപ്പിടങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത അവസ്ഥയിൽ അവർ ആയിത്തീർന്നു. ഇപ്രകാരമാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുന്നത്.

26. നാം നിങ്ങൾക്ക് സ്വാധീനം നൽകിയിട്ടില്ലാത്ത ചിലതിൽ നാം അവർക്ക് സ്വാധീനം നൽകിയിരുന്നു. അവർക്കു നാം കേൾവിയും കാഴ്ചയും ബുദ്ധിയുമേകിയിരുന്നു. എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതിനാൽ അവരുടെ കേൾവിയോ കാഴ്ചയോ ബുദ്ധിയോ അവർക്ക് ഒട്ടും ഉപകരിച്ചില്ല. എന്തൊന്നിനെ അവർ പരിഹസിച്ചിരുന്നുവോ അത് അവരിൽ വന്നുഭവിക്കുകയും ചെയ്തു.

27. നിങ്ങളുടെ ചുറ്റുമുള്ള ചില നാടുകളെയും നാം നശിപ്പിക്കുകയുണ്ടായി. അവർ (ആ രാജ്യ ക്കാർ) സത്യത്തിലേക്കു തിരിച്ചുവരാനായി നമ്മുടെ വചനങ്ങൾ നാം അവർക്ക് വിശദമാ യി വിവരിച്ചുകൊടുത്തിരുന്നു.

28. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കാനായി അവനെക്കൂടാതെ അവർ സ്വീകരിച്ച ദൈവങ്ങൾ (ശിക്ഷാവേളയിൽ)എന്തുകൊണ്ട് അവരെ സഹായിച്ചില്ല? അവർ(ദൈവങ്ങൾ) അവരെ കൈവിട്ടുകളഞ്ഞു. അത്(ബഹുദൈവവാദം) അവരുടെ വകയായുള്ള വ്യാജവും അവർ കെട്ടിച്ചമച്ചിരുന്നതുമത്രേ.

29. ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ഖുർആൻ ശ്രദ്ധിച്ചു കേൾക്കുവാനായി തിരിച്ചുവിട്ടത് (ഓർക്കുക.)അങ്ങനെ അവർ അതിന് ഹാജറായപ്പോൾ അവർ (പരസ്പരം) പറഞ്ഞു: ''നിശ്ശബ്ദരായിരിക്കുക.'' അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ അവരുടെ ജനതയിലേക്ക് മുന്നറിയിപ്പുകാരായി തിരിച്ചുപോയി.

30. അവർ പറഞ്ഞു: ''ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസാക്കുശേഷം അവതരിക്കപ്പെട്ടതും, അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദ ഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴികാട്ടുന്നു.

31. ഞങ്ങളുടെ സമുദായമേ,അല്ലാഹുവിലേക്ക്‌ വിളിക്കുന്നവന്‌ ഉത്തരമേകുകയും,അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്യുക. നിങ്ങളുടെ പാപങ്ങളിൽ പെട്ടത്‌ (അല്ലാഹു) നിങ്ങൾക്ക്‌ പൊറുത്തുതരികയും, വേദനയേറിയ ശിക്ഷയിൽനിന്നും നിങ്ങളെ അവൻ പരിരക്ഷിക്കുകയും ചെയ്യുന്നതാണ്‌.
32. അല്ലാഹുവിലേക്ക്‌ വിളിക്കുന്നവന്‌ വല്ലവനും ഉത്തരം നൽകാതിരിക്കുന്ന പക്ഷം ഭൂമിയിൽ (അല്ലാഹുവെ) അവന്ന്‌ തോൽപിക്കാനാവില്ല. (അല്ലാഹു)കൂടാതെ അവന്‌ സംരക്ഷകന്മാരും ഉണ്ടായിരിക്കുകയില്ല. അത്തരക്കാർ വ്യക്തമായ വഴികേടിലാകുന്നു.
33. അവർ കണ്ടറിയുന്നില്ലേ? അകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനും അവയുടെ സൃഷ്ടിയാലൊട്ടും ക്ഷീണിക്കാത്തവനുമായ അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനാണെന്ന്‌? തീർച്ചയായും അവൻ എല്ലാ സംഗതികൾക്കും കഴിവുള്ളവനാകുന്നു.
34. സത്യനിഷേധികൾ നരകത്തിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം (അവരോടു ചോദിക്കപ്പെടും)''ഇതു യാഥാർഥ്യം തന്നെയല്ലേ?''അവർ പറയും:അതെ, ഞങ്ങളുടെ രക്ഷിതാവാണേ (ഇത്‌ തികച്ചും സത്യമാകുന്നു.) അവൻ പറയും: എന്നാൽ നിങ്ങൾ അവിശ്വസിച്ചിരുന്നതുകൊണ്ട്‌ ശിക്ഷ അനുഭവിക്കൊള്ളുക.
35. അതിനാൽ, നിശ്ചയദാർഢ്യമുള്ള ദൈവദൂതന്മാർ ക്ഷമിച്ചിട്ടുള്ളതുപോലെ നീ ക്ഷമിക്കുക. അവരുടെ(സത്യനിഷേധികളുടെ) കാര്യത്തിൽ(ശിക്ഷക്ക്‌)നീ തിരക്കുകൂട്ടാതിരിക്കുക. അവർക്ക്‌ വാഗ്ദാനം നൽകപ്പെടുന്നത്‌(ശിക്ഷ)അവർ നേരിൽ കാണുന്ന ദിവസം പകലിൽ നിന്നുള്ള ഒരു നാഴിക നേരം മാത്രമേ തങ്ങൾ (ഇഹലോകത്ത്‌) താമസിച്ചിട്ടുള്ളൂ എന്നപോലെ അവർക്ക്‌ തോന്നും. ഇത്‌ ഒരറിയിപ്പാണ്‌; എന്നാൽ ധിക്കാരികളായ ജനമല്ലാതെ നശിപ്പിക്കപ്പെടുമോ?

*********

# അധ്യായം 47

## മുഹമ്മദ്

**അവതരണം മദീനയില്‍, വചനങ്ങള്‍ 38**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍

1. അവിശ്വസിക്കുകയും അല്ലാഹുവിന്‍റെ മാര്‍ഗത്തില്‍ നിന്ന് (ജനങ്ങളെ) തടയുകയും ചെയ്തവരുടെ കര്‍മങ്ങളെ അല്ലാഹു പാഴാക്കിയിരിക്കുന്നു.
2. എന്നാല്‍ വിശ്വസിക്കുകയും സല്‍ക്കര്‍മങ്ങളാചരിക്കുകയും മുഹമ്മദിന് അവതീര്‍ണമായതില്‍-അവരുടെ രക്ഷിതാവില്‍നിന്നുള്ള സത്യമത്രെ അത്- വിശ്വസിക്കുകയും ചെയ്തവരോ, അല്ലാഹു അവരുടെ തിന്മകളെ ദൂരീകരിക്കുകയും അവരുടെ സ്ഥിതി അവന്‍ നന്നാക്കിത്തീര്‍ക്കുകയും ചെയ്യുന്നതാണ്.
3. അതെന്തുകൊണ്ടെന്നാല്‍ സത്യനിഷേധികള്‍ അസത്യത്തെയാണ് പിന്‍പറ്റിയത്. വിശ്വസിച്ചവരാകട്ടെ തങ്ങളുടെ രക്ഷിതാവിങ്കല്‍നിന്നുള്ള സത്യത്തെയാണ് പിന്‍പറ്റിയത്. അപ്രകാരം അല്ലാഹു ജനങ്ങള്‍ക്ക് അവരുടെ ശരിയായ മാതൃകകള്‍ വിശദീകരിച്ചുകൊടുക്കുന്നു.
4. അതിനാല്‍ (യുദ്ധത്തില്‍) സത്യനിഷേധികളുമായി ഏറ്റുമുട്ടിയാല്‍ പിടലിക്കു വെട്ടുക. അങ്ങനെ നിങ്ങളവരെ കീഴ്പ്പെടുത്തിയാല്‍, അവരെ (തടവുകാരാക്കി) ശക്തിയായി ബന്ധിക്കുക. അതിനുശേഷം അവരോട് ഉദാരനയം (സ്വാതന്ത്ര്യം കൊടുത്ത് വിട്ടയക്കുക) സ്വീകരിക്കുകയോ, മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യുക, യുദ്ധം അതിന്‍റെ ഭാരങ്ങള്‍ ഇറക്കിവെയ്ക്കുന്നതുവരെ. അതാണ് (യുദ്ധ)നയം. അല്ലാഹു ഇഛിച്ചിരുന്നുവെങ്കില്‍ അവന്‍ തന്നെ അവരോട് പ്രതിക്രിയ ചെയ്യുമായിരുന്നു. എന്നാല്‍ നിങ്ങളില്‍ ചിലരെക്കൊണ്ട് മറ്റു ചിലരെ അവന്‍ പരീക്ഷിക്കുന്നതിനു വേണ്ടി(യത്രെ ഇത്). അല്ലാഹുവിന്‍റെ മാര്‍ഗത്തില്‍ കൊല്ലപ്പെട്ടവരാകട്ടെ അല്ലാഹു അവരുടെ കര്‍മങ്ങള്‍ പാഴാക്കുകയേ ഇല്ല.
5. അവന്‍ അവര്‍ക്ക് മാര്‍ഗദര്‍ശനമരുളും.അവരുടെ അവസ്ഥ അവന്‍ നന്നാക്കുകയും ചെയ്യും.
6. അവന്‍ അവര്‍ക്ക് പരിചയപ്പെടുത്തിക്കൊടുത്തിട്ടുള്ള സ്വര്‍ഗത്തില്‍ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും.
7. സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവിനെ സഹായിക്കുന്നപക്ഷം അവന്‍ നിങ്ങളെയും സഹായിക്കും. നിങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിര്‍ത്തുകയും ചെയ്യും.
8. അവിശ്വസിച്ചവരാരോ അവര്‍ക്ക് നാശം.അവരുടെ കര്‍മങ്ങള്‍(അല്ലാഹു) നിഷ്ഫലമാക്കി.
9. അത് എന്തുകൊണ്ടെന്നാല്‍, അല്ലാഹു അവതരിപ്പിച്ച(സന്ദേശങ്ങളെ) അവര്‍ വെറുത്തുകളഞ്ഞു. അതിനാല്‍ അവന്‍ അവരുടെ കര്‍മങ്ങളെ പാഴാക്കി.
10. അവര്‍ ഭൂമിയില്‍ സഞ്ചരിക്കുകയും എന്നിട്ട് തങ്ങളുടെ പൂര്‍വികരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്നവര്‍ നോക്കിക്കാണുകയും ചെയ്യുന്നില്ലേ? അല്ലാഹു അവരെ തകര്‍ത്തു കളഞ്ഞു. ഈ സത്യനിഷേധികള്‍ക്കുമുണ്ട് അതു പോലെയുള്ളത് (ശിക്ഷകള്‍).
11. അത് എന്തുകൊണ്ടെന്നാല്‍ സത്യവിശ്വാസികളുടെ രക്ഷാധികാരി അല്ലാഹുവാണ് സത്യനിഷേധികള്‍ക്കാകട്ടെ ഒരു രക്ഷാധികാരിയും ഇല്ല.
12. സത്യവിശ്വാസം സ്വീകരിക്കുകയും സല്‍ക്കര്‍മങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ താഴ്ഭാഗത്തുകൂടി നദികളൊഴുകുന്ന സ്വര്‍ഗത്തോപ്പുകളില്‍ അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്. സത്യനിഷേധികള്‍(ഇഹത്തില്‍)സുഖിക്കുകയും, കാലികള്‍ തിന്നുന്നതുപോലെ തിന്നുകയും ചെയ്യുന്നു. നരകമാണ് അവര്‍ക്കുള്ള വാസസ്ഥലം.

13. നിന്നെ പുറത്താക്കിയ നിൻെറ പട്ടണത്തേക്കാൾ വളരെ ശക്തങ്ങളായിരുന്ന എത്രയെത്ര പട്ടണങ്ങൾ! അവരെ നാം നശിപ്പിച്ചു. ആരും അവരെ സഹായിക്കാനുണ്ടായില്ല.
14. തൻെറ നാഥനിൽനിന്നുള്ള സ്പഷ്ടമായ തെളിവനുസരിച്ച് നിലകൊള്ളുന്ന ഒരാൾ, സ്വന്തം ദുർവൃത്തികൾ അലംകൃതമായി കാണുകയും തന്നിഷ്ടങ്ങളെ പിൻപറ്റുകയും ചെയ്യുന്ന ഒരുവനെപ്പോലെയാണോ?
15. ഭക്തജനത്തിന് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിൻെറ ഉപമ (ഇപ്രകാരമത്രെ:) അതിൽ കലർപ്പ് വരാത്ത വെള്ളത്തിൻെറ അരുവികളുണ്ട്, രുചിഭേദം വരാത്ത പാലിൻെറ അരുവികളും, കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിൻെറ അരുവികളുണ്ട്, ശുദ്ധീകരിക്കപ്പെട്ട തേനിൻെറ അരുവികളും, അവർക്കതിൽ സകലയിനം പഴങ്ങളും, തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവുമുണ്ട്. (ഈ സ്വർഗവാസികളുടെ അവസ്ഥ)നരകത്തിൽ നിത്യവാസിയായവനെപ്പോലെയാണോ? അവരാകട്ടെ, ചുടുവെള്ളം കുടിപ്പിക്കപ്പെടുകയും അങ്ങനെ അത് അവരുടെ വയറുകളെ പിളർക്കുകയും ചെയ്യുന്നു.
16. അവരുടെ കൂട്ടത്തിൽ നീ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുന്ന ചിലരുണ്ട്.എന്നാൽ നിൻെറ അടുത്തുനിന്ന് പുറത്തുപോയാൽ വേദവിജ്ഞാനം നൽകപ്പെട്ടവരോട് അവർ ചോദിക്കുന്നു:എന്താണ് അദ്ദേഹം ഇപ്പോൾ പറഞ്ഞത്? അത്തരക്കാരുടെ ഹൃദയങ്ങൾക്കാണ് അല്ലാഹു മുദ്ര വെച്ചിരിക്കുന്നത്. അവരുടെ സ്വേച്ഛകളെ അവർ പിന്തുടരുകയുമാണ് ചെയ്യുന്നത്.
17. സന്മാർഗം പ്രാപിച്ചവരെ അല്ലാഹു കൂടുതൽ മാർഗദർശനം ചെയ്യുന്നു. അവർക്കാവശ്യമായ സൂക്ഷ്മത അവൻ അവർക്ക് നൽകുകയും ചെയ്യുന്നു.
18. അന്ത്യനാൾ പെട്ടെന്ന് അവർക്ക് വന്നെത്തുന്നതല്ലാതെ മറ്റു വല്ലതും അവർക്ക് കാത്തിരിക്കാനുണ്ടോ? അതിൻെറ ലക്ഷണങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു.അങ്ങനെ അതവരിൽ വന്നെത്തിയാൽ പിന്നെ അവർക്കുള്ള ഉൽബോധനം അവർക്കെങ്ങനെ പ്രയോജനപ്പെടും?
19. അതിനാൽ അറിയുക: അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. നിൻെറയും മുഴുവൻ സത്യവിശ്വാസികളുടെയും സത്യവിശ്വാസിനികളുടെയും പാപങ്ങൾക്ക് നീ മാപ്പിരക്കുക. നിങ്ങളുടെ പ്രയത്നങ്ങൾ അല്ലാഹു അറിയുന്നുണ്ട്. നിങ്ങളുടെ പാർപ്പിടത്തെക്കുറിച്ചും അവൻ അറിയുന്നു.
20. വിശ്വാസികൾ പറയുന്നു: ഒരധ്യായം ഇറക്കപ്പെടാത്തത് എന്ത്? എന്നാൽ ഖണ്ഡിതമായ നിയമങ്ങളുള്ള ഒരധ്യായം അവതരിക്കപ്പെടുകയും അതിൽ യുദ്ധം പരാമർശിക്കപ്പെടുകയും ചെയ്താൽ മനസ്സിൽ രോഗമുള്ളവർ, മരണവെപ്രാളത്തിൽ ബോധരഹിതനായവൻ നോക്കുന്നതു പോലെ നിന്നെ നോക്കുന്നതുകാണാം. എന്നാൽ അവർക്ക് അനുയോജ്യമായതത്രെ അത്.
21. അനുസരണവും മാന്യമായ സംസാരവും(ആണ് ഉത്തമം). എന്നാൽ(യുദ്ധ)കാര്യം തീർച്ചപ്പെട്ടു കഴിഞ്ഞപ്പോൾ അവർ അല്ലാഹുവോട് സത്യസന്ധതകാണിച്ചിരുന്നുവെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ ഉത്തമം.
22. എന്നാൽ (സത്യവിശ്വാസത്തെ വിട്ട്)നിങ്ങൾ തിരിഞ്ഞു കളയുകയാണെങ്കിൽ, ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും, നിങ്ങളുടെ കുടുംബ ബന്ധങ്ങൾ നിങ്ങൾ വെട്ടിമുറിക്കുകയും ചെയ്തേക്കുമോ?
23. അത്തരക്കാരെയാകുന്നു അല്ലാഹു ശപിച്ചിട്ടുള്ളത്. അതുകൊണ്ട് അവരെ അവൻ ചെകിടന്മാരാക്കുകയും അവരുടെ കാഴ്ചകളെ അവൻ അന്ധമാക്കുകയും ചെയ്തു.

24. ഇക്കൂട്ടർ ഖുർആനെപ്പറ്റി ആഴത്തിൽ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, അവരുടെ ഹൃദയങ്ങാംക്കുമേൽ താഴിട്ട് പൂട്ടിയിട്ടുണ്ടോ?
25. മാർഗദർശനം വ്യക്തമാക്കിക്കിട്ടിയശേഷം (സത്യമതത്തെ വെടിഞ്ഞു) പിന്മാറുന്നവർ തീർച്ച യായും,പിശാച്(തങ്ങളുടെ ചെയ്യികാം) അവർക്ക് അലംകൃതമായി തോന്നിച്ചിരിക്കയാണ്. അവർക്ക് അവൻ (ആശകാം) നീട്ടിയിട്ടു കൊടുക്കുകയും ചെയ്യിരിക്കുന്നു.
26. അത് എന്തെന്നാൽ, അല്ലാഹു അവതരിപ്പിച്ചതിനെ വെറുക്കുന്നവരോട് (സ്വകാര്യമായി) അവർ പറയുന്നു: 'ചില കാര്യങ്ങളിൽ ഞങ്ങാം നിങ്ങളെ അനുസരിച്ചുകൊള്ളാം'. എന്നാൽ അല്ലാഹു അവരുടെ രഹസ്യങ്ങാം അറിയുന്നുണ്ട്.
27. എന്നാൽ അവരുടെ മുഖങ്ങളിലും അവരുടെ പിൻഭാഗത്തും പ്രഹരിച്ചുകൊണ്ട് മലക്കുകാം അവരുടെ ജീവനെടുക്കുമ്പോാം എങ്ങനെയായിരിക്കും (അവരുടെ അവസ്ഥ)?
28. അതു എന്തെന്നാൽ, അവർ അല്ലാഹുവിന് ക്രോധമുണ്ടാക്കുന്നവയെ പിൻപറ്റുകയും അവ ൻെറ തൃപ്തിയെ(തേടുന്നത്) അവർ വെറുക്കുകയും ചെയ്തു. അതുകൊണ്ട് അവരുടെ പ്രവർത്തനങ്ങളെ അവൻ ഫലശൂന്യമാക്കി.
29. തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവർ വിചാരിച്ചുവോ, അവരുടെ വിദ്വേഷത്തെ അല്ലാഹു വെളിവിൽ കൊണ്ടുവരികയില്ലെന്ന്?
30. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിനക്കു നാമവരെ കാണിച്ചുതരുമായിരുന്നു. അപ്പോാം അവ രുടെ അടയാളങ്ങാംകൊണ്ട് അവരെ നിനക്ക് തിരിച്ചറിയാമായിരുന്നു. സംസാരശൈലിയി ലൂടെയും നിനക്കവരെ മനസ്സിലാക്കാവുന്നതാണ്, തീർച്ച. അല്ലാഹു നിങ്ങളുടെ കർമങ്ങ ളൊക്കെയും തിരിച്ചറിയുന്നു.
31. നിങ്ങളുടെ കൂട്ടത്തിൽ സമരം ചെയ്യുന്നവരെയും ക്ഷമ കൈക്കൊള്ളുന്നവരെയും നാം വേർ തിരിച്ചറിയുകയും നിങ്ങളുടെ വൃത്താന്തങ്ങാം പരിശോധിച്ചു നോക്കുകയും ചെയ്യുന്നതു വരെ നിങ്ങളെ നാം പരീക്ഷിക്കും.
32. സന്മാർഗം വ്യക്തമായ ശേഷം സത്യത്തെ നിഷേധിക്കുകയും ദൈവമാർഗത്തിൽ നിന്ന് (ജനങ്ങളെ) തടഞ്ഞുനിർത്തുകയും ദൈവദൂതനെ എതിർക്കുകയും ചെയ്യുന്നവർ അല്ലാഹു വിന് ഒരു ദ്രോഹവും വരുത്തുന്നില്ല; പിന്നീട് അവൻ അവരുടെ കർമങ്ങാം നിഷ്ഫല മാക്കുകയും ചെയ്യും.
33. സത്യവിശ്വാസികളേ, നിങ്ങാം അല്ലാഹുവിനെ അനുസരിക്കുക. ദൈവദൂതനെയും അനുസ രിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളെ നിങ്ങാം പാഴാക്കാതിരിക്കുകയും ചെയ്യുവിൻ.
34. നിശ്ചയം, സത്യത്തെ നിഷേധിക്കുകയും ദൈവമാർഗത്തിൽനിന്ന് (ജനത്തെ) തടഞ്ഞു നിർ ത്തുകയും എന്നിട്ട് സത്യനിഷേധികളായിക്കൊണ്ടുതന്നെ മരിക്കുകയും ചെയ്യവരാരോ അവർ ക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയില്ല.
35. ആകയാൽ നിങ്ങാം ദുർബലരാകരുത്. സന്ധിക്കപേക്ഷിക്കയുമരുത്. നിങ്ങാംതന്നെയാണ് ഉന്നതർ. അല്ലാഹു നിങ്ങളോടൊപ്പമുണ്ട്. നിങ്ങളുടെ കർമഫലങ്ങാം നിങ്ങാംക്ക് ഒരിക്ക ലും അവൻ നഷ്ടപ്പെടുത്തുകയില്ല.
36. നിശ്ചയമായും ഈ ഐഹിക ജീവിതം കളിയുംതമാശയും മാത്രമാകുന്നു. നിങ്ങാം വിശ്വ സിക്കുകയും ഭക്തിയുള്ളവരാവുകയുമാണെങ്കിൽ നിങ്ങളുടെ പ്രതിഫലങ്ങാം അവൻ നി ങ്ങാംക്ക് തരും. നിങ്ങളുടെ മുതലുകാം(മുഴുവൻ) നിങ്ങളോട് അവൻ ചോദിക്കുന്നുമില്ല.

37. അവ(യെല്ലാം) നിങ്ങളോട് അവൻ ചോദിക്കുകയും അങ്ങനെ നിങ്ങളെ ബുദ്ധിമുട്ടിക്കുകയും ചെയ്തിരുന്നെങ്കിൽ, നിങ്ങൾ പിശുക്കു കാട്ടുകയും; നിങ്ങളുടെ വിദ്വേഷം അവൻ വെളിയിൽ കൊണ്ടുവരികയും ചെയ്യുമായിരുന്നു.

38. ഹേ,കൂട്ടരേ, അല്ലാഹുവിൻെറ മാർഗത്തിൽ ചെലവഴിക്കാനായി നിങ്ങൾ വിളിക്കപ്പെടുന്നു. അപ്പോൾ നിങ്ങളിൽ ചിലർ പിശുക്കു കാണിക്കുന്നു. ആർ പിശുക്കു കാണിക്കുന്നുവോ തീർച്ചയായും അവൻ തനിക്കെതിരെത്തന്നെയാണ് പിശുക്കു കാണിക്കുന്നത്. അല്ലാഹു സ്വയം പര്യാപ്തനാകുന്നു. നിങ്ങളോ ദരിദ്രന്മാരും. നിങ്ങൾ പിന്തിരിഞ്ഞു പോയാൽ നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്. അവർ നിങ്ങളെപ്പോലെ ആയിരിക്കുകയില്ല.

*******

## അധ്യായം 48

# അൽഫത്ഹ്. (വിജയം)

**അവതരണം മദീനയിൽ, വചനങ്ങൾ 29**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. തീർച്ചയായും നിനക്കു(മുഹമ്മദ് നബിക്ക്)നാം വ്യക്തമായ വിജയം നൽകിയിരിക്കുന്നു.

1. ഹിജ്റ ആറാം വർഷം നബി(സ)യും മക്കയിലെ ശത്രുക്കളും തമ്മിൽ ഹുദൈബിയയിൽ വെച്ചുണ്ടാക്കിയ സന്ധിയെയാണ് പ്രത്യക്ഷമായ വിജയമെന്ന് ഇവിടെ വിശേഷിപ്പിച്ചതെന്നാണ് പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്. സന്ധി പ്രത്യക്ഷത്തിൽ മുസ്ലിംകൾക്ക് പ്രതികൂലമായിരുന്നു. ആ സന്ധി കഴിഞ്ഞ് നബി(സ) മദീനയിലേക്ക് മടങ്ങുമ്പോഴാണ് ഈ അദ്ധ്യായം അവതരിച്ചത്. ഈ പ്രവചനം കേവലം രണ്ടു കൊല്ലത്തിനകം പുലരുകയും മക്കാനഗരം പ്രവാചകന് കീഴ്പ്പെടുകയും ചെയ്തു.

2. നിൻെറ തെറ്റുകളിൽനിന്ന് മുമ്പ് കഴിഞ്ഞതും വരാനുള്ളതും നിനക്ക് പൊറുത്തുതരുന്നതിനും, നിന്നിൽ അവൻെറ അനുഗ്രഹത്തെ പൂർത്തിയാക്കുന്നതിനും, നിന്നെ നേരായ വഴിയിലൂടെ നയിക്കാനും വേണ്ടിയാകുന്നു അത്.
3. അന്തസ്സാർന്ന ഒരു സഹായം അല്ലാഹു നിനക്ക് നൽകാൻ വേണ്ടിയും.
4. അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തിവർഷിച്ചത്. അതുവഴി അവരുടെ വിശ്വാസത്തോടൊപ്പം ഒന്നുകൂടി വിശ്വാസം വർധിക്കാൻ. ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങളൊക്കെയും അല്ലാഹുവിൻേറതാണ്.അല്ലാഹു സർവജ്ഞനും സർവതന്ത്രജ്ഞനുമാകുന്നു.
5. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും താഴ്ഭാഗത്തുകൂടി ആറുകളൊഴുകുന്ന സ്വർഗീയാരാമങ്ങളിൽ നിത്യവാസികളായി പ്രവേശിപ്പിക്കാൻ വേണ്ടി.അവരിൽനിന്ന് അവരുടെ ദൂഷ്യങ്ങളെ മായ്ച്ചുകളയാനും.അല്ലാഹുവിൻെറ അടുത്ത് അത് അതിമഹത്തായ വിജയമാകുന്നു.
6. അല്ലാഹുവിനെക്കുറിച്ച് ചീത്ത ധാരണകൾ പുലർത്തുന്ന കപടവിശ്വാസികളെയും കപടവിശ്വാസിനികളെയും ബഹുദൈവവിശ്വാസിയെയും ബഹുദൈവവിശ്വാസിനിയെയും ശിക്ഷിക്കേണ്ടതിനുമാണത്. അവരുടെ മേൽ തിന്മയുടെ വലയമുണ്ട്. അല്ലാഹു അവരുടെ നേരെ കോപിക്കുകയും അവരെ ശപിക്കുകയും, അവർക്കുവേണ്ടി നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എത്ര ചീത്തയായ സങ്കേതം.
7. ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങളൊക്കെയും അല്ലാഹുവിൻേറതാണ്. അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്.
8. തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയായും സന്തോഷവാർത്ത അറിയിക്കുന്നവനായും താക്കീതുകാരനായും അയച്ചിരിക്കുന്നു.
9. നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുവാനും അവനെ നിങ്ങൾ സഹായിക്കുവാനും അവനോട് ആദരവ് പ്രകടിപ്പിക്കുവാനും രാവിലേയും വൈകുന്നേരവും നിങ്ങൾ അവൻെറ മഹത്വം പ്രകീർത്തിക്കുവാനും വേണ്ടി.
10. നിശ്ചയമായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോടു തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിൻെറ കൈ അവരുടെ കൈകൾക്കുമീതെയുണ്ട്. അതിനാൽ ആരെങ്കിലും (പ്രതിജ്ഞ) ലംഘിക്കുന്ന പക്ഷം ലംഘിക്കുന്നതിൻെറ ദുഷ്ഫലം അവനുതന്നെ

യാണ്‌. അല്ലാഹുവുമായി ചെയ്‌ത പ്രതിജ്ഞ പൂര്‍ത്തീകരിച്ചാല്‍ അവന്‌ അതിമഹത്തായ പ്രതിഫലം അവന്‍ നല്‍കും.

---

10. ഉഥ്‌മാന്‍(റ)മക്കയില്‍ രക്തസാക്ഷിയായിരിക്കുന്നു എന്ന വാര്‍ത്തകേട്ടപ്പോള്‍ നബി(സ) ഹുദൈബിയ എന്ന സ്ഥലത്തുവെച്ച്‌ ശിഷ്യന്മാരില്‍നിന്ന്‌ വാങ്ങിയ പ്രതിജ്ഞയെയാണ്‌ ഇവിടെ സൂചിപ്പിക്കുന്നത്‌. പ്രതിജ്ഞ ചെയ്ത കാര്യം ഇതായിരുന്നു:ഉഥ്‌മാന്റെ(റ) വധവാര്‍ത്ത സത്യമാണെങ്കില്‍, അവരെല്ലാവരും ഖുറൈശികളോട്‌ പ്രതികാരം ചെയ്യുന്നതാകുന്നു.

---

11. ഗ്രാമീണ അറബികളില്‍നിന്ന്‌ പിന്തിരിഞ്ഞുനിന്നവര്‍ നിന്നോട്‌ പറഞ്ഞേക്കും: ''ഞങ്ങളുടെ മുതലുകളും കുടുംബാദികളും (നിങ്ങളോടൊപ്പം വരാന്‍ പറ്റാത്തവിധം)ഞങ്ങളെ വ്യാപൃതമാക്കിക്കളഞ്ഞു. അതിനാല്‍ താങ്കള്‍ ഞങ്ങളുടെ പാപമോചനത്തിനായി പ്രാര്‍ഥിക്കുക. അവരുടെ ഹൃദയങ്ങളില്‍ ഇല്ലാത്തതാണ്‌ അവരുടെ നാവുകൊണ്ട്‌ അവര്‍ പറയുന്നത്‌. ചോദിക്കുക: ''അല്ലാഹു നിങ്ങള്‍ക്ക്‌ എന്തെങ്കിലും ഉപദ്രവം വരുത്താനുദ്ദേശിച്ചാല്‍ അല്ലെങ്കില്‍ നിങ്ങള്‍ക്ക്‌ വല്ല ഉപകാരവും ഉദ്ദേശിച്ചാല്‍ നിങ്ങള്‍ക്കുവേണ്ടി അല്ലാഹുവിങ്കല്‍നിന്ന്‌ വല്ലതും അധീനപ്പെടുത്തിത്തരാന്‍ ആരുണ്ട്‌'''? നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി നന്നായി അറിയുന്നവനാണ്‌ അല്ലാഹു.

---

11. ഹിജ്‌റ ആറാം വര്‍ഷം ഉംറ നിര്‍വഹിക്കാന്‍ തന്റെ കൂടെവരാന്‍ നബി(സ) ക്ഷണിച്ച മദീനയുടെ പ്രാന്തപ്രദേശങ്ങളിലുണ്ടായിരുന്ന ദുര്‍ബല വിശ്വാസികളെയാണ്‌ ഇവിടെ സൂചിപ്പിക്കുന്നത്‌. ജീവിത മോഹത്താല്‍ സ്വവസതികള്‍ വിട്ടിറങ്ങാന്‍ അവര്‍ വിസമ്മതിച്ചു.

---

12. (എന്നാല്‍ വാസ്‌തവം അതല്ല) ദൈവദൂതനും വിശ്വാസികളും ഇനിയൊരിക്കലും അവരുടെ വീടുകളില്‍ തിരിച്ചെത്തുകയില്ലെന്ന്‌ നിങ്ങള്‍വിചാരിച്ചു. അത്‌ നിങ്ങളുടെ ഹൃദയങ്ങള്‍ക്ക്‌ അലംകൃതമായി തോന്നുകയും ചെയ്‌തു. ദുഷ്‌ടവിചാരമാണ്‌ നിങ്ങള്‍ (മനസ്സില്‍) വിചാരിച്ചത്‌. നിങ്ങള്‍ തുലഞ്ഞ ഒരു ജന വിഭാഗം തന്നെ.
13. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാത്തത്‌ ആരാണോ- അപ്പോള്‍ തീര്‍ച്ചയായും സത്യനിഷേധികള്‍ക്കുവേണ്ടി നാം ജ്വലിക്കുന്ന നരകാഗ്നി ഒരുക്കി വെച്ചിരിക്കുന്നു.
14. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനാണ്‌. അവനിച്ഛിക്കുന്നവര്‍ക്ക്‌ അവന്‍ പൊറുത്തു കൊടുക്കും. അവനുദ്ദേശിക്കുന്നവരെ അവന്‍ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.
15. നിങ്ങള്‍ യുദ്ധമുതല്‍ ഉള്ളേടത്തേക്ക്‌ അത്‌ കൈവശപ്പെടുത്താനാണ്‌ പോകുന്നതെങ്കില്‍ ഈ പിന്മാറിനിന്നവര്‍ തീര്‍ച്ചയായും പറയും:'ഞങ്ങളെ നിങ്ങള്‍ (തടയാതെ)വിട്ടേക്കണം. ഞങ്ങളും നിങ്ങളുടെ കൂടെ വരട്ടെ'.അല്ലാഹുവിന്റെ വചനങ്ങളെ മാറ്റിമറിക്കാനാണ്‌ അവര്‍ ഉദ്ദേശിക്കുന്നത്‌. നീ പറയുക: 'നിങ്ങള്‍ക്ക്‌ ഒരിക്കലും ഞങ്ങളെ പിന്തുടരാനാവില്ല. അപ്രകാരം അല്ലാഹു മുമ്പേ പറഞ്ഞിട്ടുണ്ട്‌''. അപ്പോഴവര്‍ പറയും: അല്ല, നിങ്ങള്‍ ഞങ്ങളോട്‌ അസൂയ കാണിക്കുകയാണ്‌. അല്ല, അവര്‍ കാര്യം ഗ്രഹിക്കുന്നില്ല. ഒരല്‍പമല്ലാതെ!
16. യുദ്ധത്തില്‍നിന്നു വിട്ടുനിന്ന ഗ്രാമീണ അറബികളോട്‌ നീ പറയുക: 'ശക്തമായ ആക്രമണ ശേഷിയുള്ള ജനത്തെ നേരിടാന്‍ വഴിയെ നിങ്ങള്‍ വിളിക്കപ്പെടും. അവര്‍ കീഴടങ്ങുന്നതു വരെ നിങ്ങള്‍ അവരുമായി യുദ്ധം ചെയ്യേണ്ടിവരും. അപ്പോള്‍ നിങ്ങള്‍(ആജ്ഞ) അനുസരിച്ചാല്‍ അല്ലാഹു നിങ്ങള്‍ക്ക്‌ ഉത്തമമായ പ്രതിഫലം നല്‍കും. അഥവാ നേരത്തെ നിങ്ങള്‍ പിന്തിരിഞ്ഞതു പോലെ (ഇനിയും) നിങ്ങള്‍ പിന്തിരിഞ്ഞുകളയുന്ന പക്ഷം വേദനയേറിയ ശിക്ഷ അവന്‍ നിങ്ങളെ ശിക്ഷിക്കുകയും ചെയ്യും.

17. (യുദ്ധത്തിൽ പങ്കെടുക്കാനാകാത്ത)കുരുടൻെറ മേൽ കുറ്റമില്ല. മുടന്തൻെറ മേലും കുറ്റമില്ല. രോഗിയുടെ മേലും കുറ്റമില്ല. ആരെങ്കിലും അല്ലാഹുവിനെയും അവൻെറ ദൂതനെയും അനുസരിക്കുന്ന പക്ഷം അവനെ താഴ്ഭാഗത്തുകൂടെ നദികളൊഴുകുന്ന സ്വർഗീയാരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു.ആരെങ്കിലും പിന്തിരിഞ്ഞാൽ വേദനയേറിയ ശിക്ഷ അവന് നൽകുന്നതുമാകുന്നു.

18. ആ മരച്ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു. അപ്പോൾ അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു തിരിച്ചറിഞ്ഞിരിക്കുന്നു.അതുകൊണ്ട് അവരുടെ മേൽ അവൻ പ്രശാന്തതയിറക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു.

---

18.'ബൈഅത്തുർറിദ്വാൻ' (റിദ്വാൻ പ്രതിജ്ഞ) എന്നപേരിൽ അറിയപ്പെടുന്ന ഈ സംഭവം നടന്നത് ഹുദൈബിയയിലെ ഒരു മരച്ചുവട്ടിൽ വെച്ചായിരുന്നു. നബി(സ) പ്രതിനിധീകരിച്ച് മക്കയിലെ ഖുറൈശികളോട് സംസാരിക്കാൻ പോയ ഉഥ്മാൻ(റ) തിരിച്ചുവരാതിരുന്നപ്പോൾ ശത്രുക്കൾ അദ്ദേഹത്തെ വധിച്ചിരിക്കുമോയെന്ന് ആശങ്കയുണ്ടായി. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ വഞ്ചന കാണിച്ചവരോട്, മരണമോ വിജയമോ ഉണ്ടാവുംവരെ പൊരുതാൻ സന്നദ്ധരാണെന്ന് ശിഷ്യന്മാർ പ്രവാചകനോട് പ്രതിജ്ഞ ചെയ്തതാണ് പ്രസ്തുതസംഭവം.

---

19. അവർക്ക് പിടിച്ചെടുക്കുവാൻ ധാരാളം സമരാർജിത സമ്പത്തും. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

---

19. ഖൈബർ വിമോചനവും അതിലെ യുദ്ധമുതലുകളുമാണ് സൂചിപ്പിക്കുന്നത്. ഹിജ്റ ഏഴാം ആണ്ടിൽ നബി(സ) ഖൈബറിലേക്ക് പട നയിച്ചപ്പോൾ ബൈഅത്തുർറിദ്വാനിൽ പങ്കെടുത്തവരെ മാത്രമേ കൂടെ കൊണ്ടുപോയിരുന്നുള്ളു. അവരല്ലാത്ത മറ്റാർക്കും ഈ സമരാർജിത സമ്പത്തിൽ വിഹിതത്തിനവകാശമില്ലെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു.

---

20. നിങ്ങൾക്ക് പിടിച്ചെടുക്കുവാൻ ധാരാളം സമരാർജിത സ്വത്തുക്കൾ അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ ഇത്(ഖൈബറിലെ സമരാർജിത സ്വത്ത്)അവൻ നിങ്ങൾക്ക് നേരത്തെ തന്നെ തന്നിരിക്കുകായാണ്. ജനങ്ങളുടെ കൈകളെ നിങ്ങളിൽനിന്ന് അവൻ തടയുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസികൾക്ക് അതൊരു ദൃഷ്ടാന്തമായിരിക്കുവാനും, നേരായ പാതയിലേക്ക് നിങ്ങളെ അവൻ നയിക്കുന്നതിനും വേണ്ടി.

21. നിങ്ങൾക്കു കൈവരിക്കാനായിട്ടില്ലാത്ത മറ്റു നേട്ടങ്ങളും (അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു). അല്ലാഹു അവയെ വലയം ചെയ്തുവെച്ചിരിക്കയാണ്. അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനത്രെ.

22. അവിശ്വാസികൾ നിങ്ങളോട് യുദ്ധം ചെയ്തിരുന്നുവെങ്കിൽ അവർ പിന്തിരിഞ്ഞോടുമായിരുന്നു. പിന്നീട് ഒരു സംരക്ഷകനെയോ സഹായിയെയോ അവർ കണ്ടെത്തുകയുമില്ല.

23. അല്ലാഹുവിൻെറ മുമ്പുതന്നെ കഴിഞ്ഞുപോയ നടപടിക്രമമാണിത്. അല്ലാഹുവിൻെറ നടപടിക്രമങ്ങളിൽ ഒരു മാറ്റവും നിനക്കു കാണാനാവില്ല.

24. അവരുടെ(ശത്രുക്കളുടെ)മേൽ നിങ്ങൾക്കു അവൻ വിജയം തന്നതിനുശേഷം മക്കയുടെ ഉള്ളിൽ വെച്ച് അവരുടെ കൈകളെ നിങ്ങളിൽനിന്നും നിങ്ങളുടെ കൈകളെ അവരിൽ നിന്നും തടഞ്ഞുനിർത്തിയത് അല്ലാഹുവാകുന്നു. നിങ്ങൾ ചെയ്യുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു അല്ലാഹു.

25. ആ ജനംതന്നെയാകുന്നു സത്യത്തെ നിഷേധിക്കുകയും നിങ്ങളെ മസ്ജിദുൽ ഹറാമിൽ നിന്ന് തടയുകയും ബലിമൃഗങ്ങൾ അവയുടെ ബലിസ്ഥലത്തെത്തിച്ചേരുന്നത് തടയുകയും ചെയ്തവർ. (മക്കാനിവാസികളുടെ ഇടയിൽ) നിങ്ങളറിയാത്ത സത്യവിശ്വാസികളായ പുരുഷന്മാരും സത്യവിശ്വാസികളായ സ്ത്രീകളും ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾ അബദ്ധത്തിൽ അവരെ ചവിട്ടുന്നതിനും തന്മൂലം നിങ്ങളെ കുറ്റം ബാധിക്കുന്നതിനും (ഇടവരുമായിരുന്നില്ലെങ്കിൽ, നിങ്ങൾക്കു യുദ്ധാനുമതി അല്ലാഹു തരുമായിരുന്നു.) അല്ലാഹു താനിഛിക്കുന്നവരെ തൻെറ അനുഗ്രഹത്തിലുൾപ്പെടുത്താനാണിത്. അവർ (മക്കയിലെ വിശ്വാസികളും സത്യനിഷേധികളും)വേറിട്ടാണ് താമസിച്ചിരുന്നതെങ്കിൽ അവരിലെ സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷ നാം നൽകുകതന്നെ ചെയ്യുമായിരുന്നു.

26. സത്യനിഷേധികൾ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം- അനിസ്ലാമിക കാലത്തെ ദുരഭിമാനം- വെച്ചു പുലർത്തിയപ്പോൾ അല്ലാഹു തൻെറ ദൂതന്നും വിശ്വാസികൾക്കും മനസ്സമാധാനം ഇറക്കിക്കൊടുക്കുകയും അവരെ ഭക്തിയുടെ വചനം സ്വീകരിക്കാൻ നിർബന്ധിക്കുകയും ചെയ്തു. അതിന് ഏറ്റം അർഹരും അതിൻെറ അവകാശികളുമായിരുന്നു അവർ. അല്ലാഹു എല്ലാ കര്യത്തെപ്പറ്റിയും അറിവുറ്റവനാകുന്നു.

27. അല്ലാഹു അവൻെറ ദൂതന്ന് സ്വപ്നം സത്യപ്രകാരം സാക്ഷാൽകരിച്ചിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങൾ നിർഭയരായി തല മുണ്ഡനം ചെയ്തും മുടി വെട്ടിയും ഒന്നും പേടിക്കാതെയും മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുക തന്നെ ചെയ്യും. എന്നാൽ നിങ്ങളറിയാത്തത് അവനറിഞ്ഞിട്ടുണ്ട്. അതിനാൽ ഇതു കൂടാതെ സമീപസ്ഥ മായ ഒരു വിജയം അവൻ നിങ്ങൾക്കു ഉണ്ടാക്കിത്തന്നു.

27.ഈ വാഗ്ദത്തം അടുത്ത (ഹിജ്റ ഏഴാം) വർഷം സഫലീകരിക്കപ്പെട്ടു.ചരിത്രത്തിൽ ഇത് 'ഉംറത്തുൽ ഖദാഅ്' എന്ന പേരിൽ പ്രസിദ്ധമാകുന്നു.

28. സന്മാർഗവും സത്യമതവുമായി തൻെറ ദൂതനെ നിയോഗിച്ചത് അവനാകുന്നു. സകല മതത്തിനും മീതെ അതിനെ വിജയിപ്പിക്കാനാണിത്. സാക്ഷിയായി അല്ലാഹു മതി.

28. 'സകല ദീനുകളെയും' എന്നതുകൊണ്ടുദ്ദേശ്യം മതസ്വഭാവത്തിലുള്ള എല്ലാ ജീവിത വ്യവസ്ഥകളെയുമാണ്.

29. മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാകുന്നു.അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളോട് കാർക്കശ്യം കാണിക്കുന്നവരാണ്. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിൻെറ അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിടുന്നതും സാഷ്ടാംഗം പ്രണമിക്കുന്നതും നിനക്കു കാണാം. അവരുടെ മുഖങ്ങളിൽ സുജൂദിൻെറ (സാഷ്ടാംഗം) അടയാളങ്ങളുണ്ട്(1). അതാണ് തൗറാത്തിൽ(2) അവരെപ്പറ്റിയുള്ള ഉപമ.ഇഞ്ചീലിൽ(3) അവരെപ്പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു(4): ഒരു വിള. അത് അതിൻെറ കൂമ്പ് വെളിവാക്കി. പിന്നെ അതിനെ ശക്തിപ്പെടുത്തി. അങ്ങനെ അത് കരുത്ത് നേടി. അത് കർഷകരിൽ കൗതുകമുണർത്തി അതിൻെറ കാണ്ഡത്തിൽ നിവർന്നുനിന്നു. (വിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ടുവരുന്നത്) അവർ മൂലം സത്യനിഷേധികൾ അരിശം പിടിക്കുവാൻ വേണ്ടിയാകുന്നു.അവരിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

29/1. ദൈവത്തിൻെറ മുന്നിൽ കുമ്പിടുന്നവരുടെ മുഖങ്ങളിൽ സ്വാഭാവികമായി പ്രകടമാകുന്ന ഭക്തിയുടെയും മനഃശുദ്ധിയുടെയും സൽസ്വഭാവത്തിൻെറയും ലക്ഷണങ്ങളാണിവിടെ സൂചിപ്പിക്കുന്നത്.

29/2. ഹ:ഈസ(അ)(യേശു) ഒരു പ്രഭാഷണത്തിൽ അവതരിപ്പിച്ചതാണീ ഉദാഹരണം. (മാർക്കോസ് 4:26-32) ബൈബിൾ പുതിയ നിയമത്തിൽ ഇപ്രകാരം വായിക്കാം: പിന്നെ അവൻ പറഞ്ഞത്, ദൈവ രാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്തെറിഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തുമുളച്ചു വരുന്നതുപോലെയാകുന്നു.ഭൂമി സ്വന്തമായി ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു. ധാന്യം വിളയുമ്പോൾ കൊയ്ത്തായതു കൊണ്ട് അവൻ ഉടനെ അരിവാൾ വെക്കുന്നു. പിന്നെ അവൻ പറഞ്ഞത്: ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേണ്ടു? ഏതു ഉപമയാൽ അതിനെ വർണിക്കേണ്ടു? അതു കടുകുമണിയോടു സദൃശം; അതിനെ മണ്ണിൽ വിതയ്ക്കുമ്പോൾ ഭൂമിയിലെ എല്ലാ വിത്തിലും ചെറിയത്. എങ്കിലും വിതച്ചശേഷം വളർന്ന്, സകല സസ്യങ്ങളിലും വലുതായിത്തീർന്നു, ആകാശത്തിലെ പക്ഷികൾ അതിൻെറ നിഴലിൽ വസിപ്പാൻ തക്കവണ്ണം വലുതായ കൊമ്പുകളെ വിടുന്നു.

29/3. തൗറാത് - പ്രവാചകൻ മൂസാ(അ)ക്ക് അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥം.

29/4. ഇഞ്ചീൽ - പ്രവാചകൻ ഈസാ(അ)ക്ക് അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥം.

---

******

## അധ്യായം 49

# അല്‍ഹുജുറാത്ത്. (മുറികള്‍)

**അവതരണം മദീനയില്‍, വചനങ്ങള്‍ 18**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍

1. സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവിന്റെയും അവന്റെദൂതന്റെയും മുമ്പില്‍ (യാതൊന്നും) മറികടന്നു പ്രവര്‍ത്തിക്കരുത്.നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുക. തീര്‍ച്ചയായും അല്ലാഹു എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമാകുന്നു.
2. സത്യവിശ്വാസികളേ, നിങ്ങള്‍ പ്രവാചകന്റെ ശബ്ദത്തിനുമീതെ നിങ്ങളുടെ ശബ്ദത്തെ ഉയര്‍ത്തരുത്. നിങ്ങള്‍ അദ്ദേഹത്തോട് ഒച്ചയിട്ട് സംസാരിക്കരുത്, നിങ്ങള്‍ പരസ്പരം ഒച്ചയിടുന്നതുപോലെ. നിങ്ങളറിയാതെ തന്നെ നിങ്ങളുടെ കര്‍മങ്ങള്‍ നിഷ്ഫലമായിപ്പോകാതിരിക്കാന്‍ വേണ്ടി.
3. തീര്‍ച്ചയായും, ദൈവദൂതന്റെ മുമ്പില്‍ ഒച്ചയൊതുക്കി സംസാരിക്കുന്നവരാരോ, അവരുടെ ഹൃദയങ്ങളെയാണ് ഭക്തിക്കായി അല്ലാഹു പരീക്ഷിച്ചെടുത്തിട്ടുള്ളത്. അവര്‍ക്ക് പാപമോചനവും അതിമഹത്തായ പ്രതിഫലവുമുണ്ട്.
4. (നീ താമസിക്കുന്ന)മുറികള്‍ക്കു പുറത്തുനിന്ന് നിന്നെ വിളിക്കുന്നവരില്‍ ഏറെ പേരും ഒന്നും ചിന്തിച്ചു മനസ്സിലാക്കാത്തവരാണ്.
5. നീ അവരുടെ അടുത്തേക്ക് പുറപ്പെടുന്നതുവരെ അവര്‍ ക്ഷമിച്ചിരുന്നുവെങ്കില്‍ അതായിരുന്നു അവര്‍ക്ക് ഗുണകരം. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.
6. അല്ലയോ സത്യവിശ്വാസികളേ, അധര്‍മിയായ ഒരുവന്‍ നിങ്ങളുടെ അടുത്ത് എന്തെങ്കിലും വാര്‍ത്തയുമായി വന്നാല്‍ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അതറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങള്‍ വിപത്ത് വരുത്താതിരിക്കാനും അങ്ങനെ നിങ്ങള്‍ ചെയ്തുപോയതിന്റെ പേരില്‍ ഖേദിക്കാതിരിക്കാനും വേണ്ടി.
7. അല്ലാഹുവിന്റെ ദൂതനാണ് നിങ്ങള്‍ക്കിടയിലുള്ളതെന്ന് നിങ്ങള്‍ മനസ്സിലാക്കുക. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിക്കുന്നുവെങ്കില്‍ നിങ്ങള്‍ വിഷമിച്ചുപോകുമായിരുന്നു. എന്നാല്‍ അല്ലാഹു സത്യവിശ്വാസത്തെ നിങ്ങള്‍ക്ക് ഏറെ പ്രിയംകരമാക്കുകയും അതിനെ നിങ്ങളുടെ മനസ്സുകള്‍ക്ക് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. സത്യനിഷേധവും അധര്‍മ്മവും അനുസരണക്കേടും നിങ്ങള്‍ക്കവന്‍ ഏറെ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേര്‍വഴി പ്രാപിച്ചവര്‍.
8. അല്ലാഹുവില്‍നിന്നുള്ള ഔദാര്യവും അനുഗ്രഹവുമായിട്ട്.അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാണ്.
9. സത്യവിശ്വാസികളില്‍നിന്നുള്ള രണ്ടുവിഭാഗം പരസ്പരം കലഹിച്ചാല്‍ നിങ്ങള്‍ അവര്‍ക്കിടയില്‍ രഞ്ജിപ്പുണ്ടാക്കുക. പിന്നെ അവരിലൊരു വിഭാഗം മറുവിഭാഗത്തിനെതിരെ അതിക്രമം ചെയ്യുന്നുവെങ്കില്‍ അതിക്രമം ചെയ്യുന്നവരോട് നിങ്ങള്‍ സമരം ചെയ്യുവിന്‍, അവര്‍ അല്ലാഹുവിന്റെ കല്‍പനയിലേക്കു മടങ്ങിവരുന്നതു വരെ. അവര്‍ മടങ്ങിവരികയാണെങ്കില്‍ നിങ്ങള്‍ അവര്‍ക്കിടയില്‍ നീതിപൂര്‍വം രഞ്ജിപ്പുണ്ടാക്കുകയും നീതിപാലിക്കുകയും ചെയ്യുവിന്‍. തീര്‍ച്ചയായും നീതിപാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

10. സത്യവിശ്വാസികൾ(പരസ്പരം) സഹോദരന്മാരാകുന്നു.അതിനാൽ നിങ്ങൾ നിങ്ങളുടെ സഹോദരങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം കിട്ടിയേക്കും.

11. സത്യവിശ്വാസികളേ, ഒരു ജനത മറ്റൊരു ജനതയെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരേക്കാൾ(പരിഹസിക്കുന്നവരേക്കാൾ) നല്ലവരായേക്കാം. സ്ത്രീകൾ (മറ്റ്) സ്ത്രീകളേയും പരിഹസിക്കരുത്. ഇവർ(പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ ഉത്തമകളായേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്കുപറയരുത്. പരിഹാസപ്പേരുകൾ ഉപയോഗിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം സ്വീകരിച്ചശേഷം അധാർമ്മികമായ പേരുപയോഗിക്കുന്നത് എത്ര ചീത്ത. ആർ പശ്ചാത്തപിക്കുന്നില്ലയോ അവർ തന്നെയാണ് അക്രമികൾ.

12. വിശ്വസിച്ചവരേ, മിക്ക ഊഹങ്ങളും നിങ്ങൾ വർജിക്കുക. തീർച്ചയായും ഊഹങ്ങളിൽ ചില ത് പാപമാണ്. നിങ്ങൾ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്. നിങ്ങളിൽ ചിലർ (മറ്റ്) ചിലരെക്കുറിച്ച് പരദൂഷണം പറയുകയും അരുത്. മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം തിന്നാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് നിങ്ങൾ വെറുക്കുന്നു. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും ദയാപരനു മാകുന്നു.

13. മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു. പിന്നെ നിങ്ങൾ തിരിച്ചറിയേണ്ടതിന് നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തിരിക്കുന്നു.തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവനാണ്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാകുന്നു.

14. ഗ്രാമീണരായ അറബികൾ പറയുന്നു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. നീ അവരോടു പറയുക:നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ‘‘ഞങ്ങൾ കീഴ്പെട്ടിരിക്കുന്നു’’ എന്ന് നിങ്ങൾ പറഞ്ഞു കൊള്ളുക. വിശ്വാസം നിങ്ങളുടെ മനസ്സുകളിൽ കടന്നിട്ടില്ല. നിങ്ങൾ അല്ലാഹുവെയും അവന്റെ ദൂതനേയും അനുസരിക്കുന്നുവെങ്കിൽ നിങ്ങൾക്കു നിങ്ങളുടെ കർമഫലങ്ങളിൽ അവനൊരു കുറവും വരുത്തുകയില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

15. തീർച്ചയായും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീടതിൽ അശേഷം സംശയിക്കാതിരിക്കുകയും തങ്ങളുടെസമ്പത്തും ശരീരവുമുപയോഗിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാണ് യഥാർഥ സത്യവിശ്വാസികൾ. അവരാകുന്നു സത്യവാന്മാർ.

16. (വിശ്വാസം അവകാശപ്പെടുന്നവരോട്) നീ ചോദിക്കുക: നിങ്ങളുടെ മതത്തെപ്പറ്റി നിങ്ങൾ അല്ലാഹുവെ പഠിപ്പിക്കുകയാണോ? അല്ലാഹുവാകട്ടെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അറിയുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നന്നായറിയുന്നവനാണ്.

17. അവർ ഇസ്ലാം സ്വീകരിച്ചു എന്നത് നിന്നോടുള്ള ഔദാര്യമായി അവർ എടുത്തു പറയുന്നു.നീ പറയുക: നിങ്ങൾ ഇസ്ലാം സ്വീകരിച്ചതിനെ എന്നോടു കാണിച്ച ഔദാര്യമായി എടുത്തുപറയരുത്.എന്നാൽ നിങ്ങളെ വിശ്വാസത്തിലേക്ക് വഴികാണിക്കുക വഴി അല്ലാഹു നിങ്ങളോട് ഔദാര്യം കാണിച്ചിരിക്കുകയാണ്. നിങ്ങൾ (വിശ്വാസം വാദിക്കുന്നതിൽ) സത്യവാന്മാരാണെങ്കിൽ (ഇതംഗീകരിക്കുക).

18. തീർച്ചയായും അല്ലാഹു ആകാശഭൂമികളിലെ അദൃശ്യങ്ങളെല്ലാം അറിയുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു കാണുന്നവനുമത്രെ.

*******

# അധ്യായം 50

## ഖാഫ്. (ഖാഫ് എന്ന അക്ഷരം)

**അവതരണം മക്കയിൽ, വചനങ്ങൾ 45**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ഖാഫ്. ശ്രേഷ്ഠമായ ഖുർആൻ തന്നെയാണ് സത്യം!
2. എന്നാൽ തങ്ങളിൽനിന്നുതന്നെയുള്ള ഒരുതാക്കീതുകാരൻ അവരിലേക്കു വന്നതിനാൽ അവർ അദ്ഭുതപ്പെട്ടു. എന്നിട്ട് സത്യനിഷേധികൾ പറഞ്ഞു: ''ഇത് വളരെ വിചിത്രമായ ഒരു കാര്യം തന്നെ''.

2. തങ്ങളിൽനിന്നൊരുവൻ ദൈവത്തിങ്കൽനിന്നുള്ള മുന്നറിയിപ്പുകാരനായി വരുന്നത് അവരുടെ ദൃഷ്ടിയിൽ വിചിത്രമായ സംഗതിയായിരിക്കുന്നു. വാസ്തവത്തിൽ വിചിത്രമായി തോന്നേണ്ടത്, ദൈവം അവൻെറ ദാസന്മാരുടെ നന്മതിന്മകളിൽ അശ്രദ്ധനായി അവർക്ക് മുന്നറിയിപ്പിനുള്ള യാതൊരേർപ്പാടും ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ മുന്നറിയിപ്പ് നൽകാൻ ഒരന്യഭാഷക്കാരനെ നിയോഗിക്കുകയോ ചെയ്യുന്നതിലാകുന്നു

3. ഞങ്ങൾ മരിച്ചു മണ്ണായിക്കഴിഞ്ഞിട്ടോ(വീണ്ടും ഉയർത്തപ്പെടുന്നത്)? അത് വിദൂരമായ ഒരു മടക്കമാകുന്നു.

3. മരിച്ചുപോയവരെല്ലാം പുനരുജ്ജീവിപ്പിക്കപ്പെടുമെന്നും അവരുടെ കർമങ്ങൾ വിചാരണ ചെയ്യുന്നതിനായി ദൈവത്തിൻെറ കോടതിയിൽ ഹാജരാക്കപ്പെടുമെന്ന മുന്നറിപ്പ് അവരെ കൂടുതൽ അദ്ഭുതപ്പെടുത്തി.

4. അവരിൽ (ജഡത്തിൽ)നിന്നു ഭൂമി കുറവുവരുത്തിക്കൊണ്ടിരിക്കുന്നത്(തിന്നുന്നത്) തീർച്ചയായും നാം അറിയുന്നുണ്ട്. നമ്മുടെ വശം(വിവരങ്ങൾ)സൂക്ഷ്മമായി രേഖപ്പെടുത്തിയ ഒരു ഗ്രന്ഥവുമുണ്ട്.
5. എന്നാൽ സത്യം തങ്ങളിൽ വന്നെത്തിയപ്പോൾ അവർ അതിനെ നിഷേധിച്ചു കളഞ്ഞു. അങ്ങനെ അവർ അനിശ്ചിതമായ നിലപാടിലാകുന്നു.
6. അവർക്കു മുകളിലുള്ള ആകാശത്തേക്ക് അവർ നോക്കുന്നില്ലേ, എങ്ങനെയാണ് നാമത് നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളതെന്ന്? അതിന് വിടവൊന്നുമില്ല.

6. മുഹമ്മദ്നബി(സ) നൽകുന്ന മുന്നറിയിപ്പിൻെറ സാധ്യതക്കുള്ള തെളിവുകൾ വിശദീകരിക്കുകയാണ്. ആകാശത്തിൻെറ സൃഷ്ടി അത്യദ്ഭുതകരമാണ്. സൂര്യൻ ചന്ദ്രൻ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന മറ്റെണ്ണമറ്റ നക്ഷത്രങ്ങൾ ലക്ഷോപലക്ഷം ക്ഷീരപഥങ്ങൾ! ദൈവിക സാമ്രാജ്യത്തിൻെറ വൈപുല്യം നമുക്ക് ഊഹിക്കാൻ പോലും സാധ്യമല്ലാത്ത വിധം അതി വിശാലമാണ്. ഈ ഗംഭീരമായ പ്രാപഞ്ചിക സംവിധാനം അത്യധികം ഭദ്രമാണ്. ഒരിടത്തും ഒരു വിടവോ വിള്ളലോ ഇല്ലാത്തവിധം അതിസമർഥമായതാണ് അതിൻെറ ഘടന.

7. ഭൂമിയേയും, അതിനെ നാം വിരിക്കുകയും, നാമതിൽ ഉറച്ചു നിൽക്കുന്ന പർവതങ്ങൾ സ്ഥാപിക്കുകയും,സുന്ദരമായ സകലയിനം സസ്യങ്ങൾ നാമതിൽ മുളപ്പിക്കുകയും ചെയ്തു.
8. (അല്ലാഹുവിലേക്ക്) മടങ്ങുന്ന ദാസന് (ഉൾ)കാഴ്ച്ച നൽകുവാനും ഒരു അനുസ്മരണവും ആയിട്ട്.
9. ആകാശത്തുനിന്നു നാം അനുഗ്രഹീതമായ മഴ വർഷിക്കുകയും എന്നിട്ട് അതുവഴി വിവിധയിനം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു.

10. അടുക്കടുക്കായി കൂമ്പുകളുള്ള ഉയരമുള്ള ഈത്തപ്പനകളും;
11. ദാസന്മാർക്ക് ആഹാരമായി. നിർജീവമായ നാടിനെ ആ മഴമൂലം ജീവസ്സുറ്റതാക്കുകയും ചെയ്തു. അങ്ങനെത്തന്നെയാണ് മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപ്
12. അവർക്ക് മുമ്പ് നൂഹിന്റെ ജനവും റസ്സുകാരും ഥമൂദ് വർഗവും സത്യത്തെ നിഷേധിച്ചു;
13. ആദ് സമുദായവും ഫറവോനും ലൂത്വിന്റെ സഹോദരങ്ങളും,
14. ഐക്കാവാസികളും തുബ്ബഇന്റെ ജനതയും. എല്ലാവരും ദൂതന്മാരെ നിഷേധിച്ചു. അപ്പോൾ (അവരിൽ) എന്റെ താക്കീത് സത്യമായി പുലർന്നു.

---

14. അറേബ്യയുടെ ചുറ്റുമുണ്ടായിരുന്ന വിവിധ സമുദായങ്ങളുടെ ചരിത്രപരമായ പരിണതിയെ പ്രവാചകന്മാർ അവതരിപ്പിച്ച പരലോക വിശ്വാസം യാഥാർഥ്യാധിഷ്ഠിതമായിരുന്നു എന്നതിനുള്ള തെളിവായി ഉന്നയിച്ചിരിക്കുകയാണ്. പരലോകത്തെ നിഷേധിച്ച ഏതു സമൂഹവും ഭയാനകമായ ധർമച്യുതിയിലകപ്പെടുകതന്നെ ചെയ്തു. അനിവാര്യമായും സ്വകർമങ്ങൾക്ക് സമാധാനം ബോധിപ്പിക്കേണ്ടിവരും എന്നാണ് ഉത്തരവാദിത്വമില്ലാത്തവരായി ജീവിച്ച സത്യനിഷേധികൾക്ക് ഇഹലോകത്തുതന്നെ ദൈവശിക്ഷ വന്നുപെടാനുണ്ടായ കാരണമെന്ന് സ്പഷ്ടമായ തെളിവാകുന്നു.

---

15. അപ്പോൾ ആദ്യ സൃഷ്ടികൊണ്ടുതന്നെ നാം ക്ഷീണിച്ചുപോയെന്നാണോ? അല്ല, ഒരു പുതിയ സൃഷ്ടിയെക്കുറിച്ച് അവർ സംശയത്തിലാകുന്നു.

---

15. ഈ ലോകത്ത് നാം ജീവിച്ചിരിക്കുന്നു എന്നതും നമ്മുടെ കൺമുമ്പിൽ ആകാശവും ഭൂമിയുമാകുന്ന ഈ തൊഴിൽശാല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതും അനിഷേധ്യമായ സത്യമാണ്. ഇതംഗീകരിച്ച ഒരാൾ ലോകാവസാനത്തിനുശേഷം അതേ ദൈവത്തിന് മറ്റൊരു പ്രപഞ്ചം സംവിധാനിക്കാനോ മരണാനന്തരം മനുഷ്യനെ പുനരുജ്ജീവിപ്പിക്കാനോ കഴിയില്ലെന്ന് പറയുകയാണെങ്കിൽ അത് തികച്ചും യുക്തിവിരുദ്ധമായ വാദമാണ്.

---

16. തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചു കൊണ്ടിരിക്കുന്നതൊക്കെയും നാം അറിയുന്നുമുണ്ട്.നാമാകട്ടെ(അവന്റെ) കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനുമാകുന്നു.
17. വലതു ഭാഗത്തും ഇടതു ഭാഗത്തും ഇരുന്നുകൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടു പേർ ഏറ്റുവാങ്ങുന്ന സന്ദർഭം.
18. അവൻ ഒരു വാക്കുപോലും ഉച്ചരിക്കുന്നില്ല- (അത് രേഖപ്പെടുത്താൻ) അവനോടൊപ്പം ഒരുങ്ങിനിൽക്കുന്ന നിരീക്ഷകനില്ലാതെ.
19. മരണവെപ്രാളം സത്യവും കൊണ്ടുവരികയാണ്. ഏതൊന്നിൽ നിന്നും നിങ്ങൾ (ഭയപ്പെട്ട്) ഓടിമാറിക്കൊണ്ടിരുന്നുവോ അതത്രെ ഇത്.
20. കാഹളത്തിൽ ഊതപ്പെടും. അതാണ് താക്കീതിന്റെ ദിനം.

---

20. അന്ത്യനാളിൽ കാഹളത്തിൽ ഊതപ്പെടുമ്പോൾ ഓരോ മനുഷ്യനും അവനവന്റെ കിടപ്പാടങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്നു. ഒരു മലക്ക് അവനെ ദൈവിക കോടതിയിലേക്ക് തെളിച്ചുകൊണ്ടു പോകുന്നു. രണ്ടാമത്തെ മലക്ക് അവന്റെ കർമരേഖകൾ കൂടെവഹിക്കുന്നു.

---

21. ഓരോ ആത്മാവും അതിന്റെ കൂടെ ഒരു തെളിക്കുന്നവനും ഒരു സാക്ഷിയും ഉള്ള അവസ്ഥയിൽ വന്നു ചേരും.
22. (അന്ന് സത്യനിഷേധിയോടു പറയപ്പെടും):''നീ ഇതേക്കുറിച്ച് അശ്രദ്ധനായിരുന്നുവല്ലോ. എന്നാൽ നാമിപ്പോൾ നിന്നിൽനിന്ന് ആ മറ നീക്കം ചെയ്തിരിക്കുന്നു. അതിനാൽ നിന്റെ കാഴ്ച്ച ഇന്ന് മൂർച്ചയേറിയതത്രെ''.

23. അവന്റെ സഹചാരി(മലക്ക്) പറയും: ‘‘ഇതാണ് എന്റെ പക്കൽ തയ്യാറുള്ളത് (കർമപുസ്തകം)’’.
24. (അല്ലാഹു മലക്കുകളോട് കല്പിക്കും):‘‘സത്യനിഷേധിയും ധിക്കാരിയുമായ ഏവരെയും നിങ്ങൾ നരകത്തിലിടുക’’.
25. നന്മയെ തടഞ്ഞവനും അതിക്രമിയും സംശയാലുവുമായ ഏവരെയും.
26. അല്ലാഹുവോടൊപ്പം വേറെ ദൈവങ്ങളെ കല്പിച്ചവനെയും. അതിനാൽ അവനെ നിങ്ങൾ കഠിനശിക്ഷയിലേക്കിടുക.
27. അവന്റെ കൂട്ടാളി (വഴിപിഴപ്പിച്ചിരുന്ന പിശാച്) പറയും: ഞങ്ങളുടെ നാഥാ! ഞാനവനെ വഴി പിഴപ്പിച്ചിട്ടില്ല. പക്ഷേ, അവൻ വിദൂരമായ ദുർമാർഗത്തിലായിരുന്നു.
28. അവൻ പറയും: ‘‘നിങ്ങൾ എന്റെ മുന്നിൽ വെച്ച് തർക്കിക്കേണ്ട. ഞാൻ നേരത്തെതന്നെ (ദുഷിച്ച പരിണതിയെക്കുറിച്ച്) നിങ്ങൾക്ക് താക്കീത് നൽകിയിട്ടുണ്ട്
29. എന്റെയടുത്ത് വാക്ക് മാറ്റപ്പെടുകയില്ല. ഞാൻ ദാസന്മാരോട് ഒട്ടും അനീതി കാണിക്കുന്നവനുമല്ല.
30. നരകത്തോടു നാം ചോദിക്കുന്ന ദിവസം! നീ നിറഞ്ഞു കഴിഞ്ഞോ? അത്(നരകം) പറയും: കൂടുതൽ എന്തെങ്കിലുമുണ്ടോ?
31. സൂക്ഷ്മത പാലിക്കുന്നവർക്ക് സ്വർഗം അടുത്തുകൊണ്ടുവരപ്പെടും, ഒട്ടും ദൂരെയല്ലാതെ.
32. (അവരോട് പറയപ്പെടും): അല്ലാഹുവിലേക്ക് അധികം മടങ്ങുന്നവനും സൂക്ഷ്മത പുലർത്തുന്നവനുമായ എല്ലാവർക്കും നൽകാമെന്ന് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാകുന്നു ഇത്.
33. അദൃശ്യമായ നിലയിൽ പരമകാരുണികനെ ഭയപ്പെടുകയും താഴ്മയുള്ള മനസ്സോടെ വരുകയും ചെയ്തവന്.
34. (അവരോട് പറയപ്പെടും): സമാധാനത്തോടെ നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക അത് ശാശ്വതവാസത്തിനുള്ള ദിനമാകുന്നു.
35. അവർക്കവിടെ അവർ ഉദ്ദേശിക്കുന്നതൊക്കെ ഉണ്ട്. നമ്മുടെ പക്കലോ,(അവർക്കായി) വേറെയും ധാരാളമുണ്ട്.
36. അവർക്കുമുമ്പ് എത്ര തലമുറകളെയാണ് നാം നശിപ്പിച്ചത്. അവർ ഇവരേക്കാൾ കടുത്ത കൈയൂക്കുള്ളവരായിരുന്നു. അങ്ങനെ അവർ നാടുകളിൽ ചികഞ്ഞു നോക്കി: (അവർക്ക്) വല്ല രക്ഷാസങ്കേതം ഉണ്ടോ എന്ന്.
37. ഹൃദയമുള്ളവനായിരിക്കുകയോ മനസ്സാന്നിധ്യത്തോടെ ചെവികൊടുത്ത് കേൾക്കുയോ ചെയ്തവന് തീർച്ചയായും അതിൽ ഉൽബോധനമുണ്ട്.
38. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം ആറു നാളുകളിലായി സൃഷ്ടിച്ചു. നമുക്കൊട്ടും ക്ഷീണം ബാധിച്ചിട്ടുമില്ല.
39. അതിനാൽ അവർ പറയുന്നതിനെപ്പറ്റി ക്ഷമിക്കുക. സൂര്യോദയത്തിനു മുമ്പും അസ്തമയത്തിനു മുമ്പും നിന്റെ നാഥന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക.
40. രാത്രിയിൽനിന്ന് കുറച്ചു സമയവും അവനെ വാഴ്ത്തുക. സാഷ്ടാംഗത്തിൽ (നമസ്കാരം) നിന്ന് വിരമിച്ച ശേഷവും.
41. സമീപസ്ഥാനത്തുനിന്നും വിളിച്ചുപറയുന്നവൻ വിളിച്ചുപറയുന്ന ഒരു ദിവസത്തിന്നായി കാതോർക്കുക.

42. ആ ഘോരശബ്ദം ഒരു യഥാർഥമായി അവർ കേൾക്കുന്ന ദിവസം.അതത്രെ (മരിച്ചവർ കുഴി മാടങ്ങളിൽനിന്ന്) പുറപ്പെടുന്ന ദിവസം.
43. തീർച്ചയായും നാം മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നു. എല്ലാവരുടേയും മടക്കം നമ്മിലേക്കുതന്നെ.
44. അവരെതൊട്ട് ഭൂമി പിളർന്ന് അവർ ധൃതിയിൽ പുറപ്പെട്ടു വരുന്ന ദിവസം. നമുക്ക് വളരെ എളുപ്പമുള്ള ഒരുമിച്ചുകൂട്ടലാകുന്നു അത്.
45. അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെപ്പറ്റി നാം നല്ലവണ്ണം അറിയുന്നവനാകുന്നു. അവരുടെ മേൽ സ്വേഛാധിപത്യം ചെലുത്തേണ്ടവനല്ല നീ. അതിനാൽ എൻെറ താക്കീത് ഭയപ്പെടുന്ന വരെ നീ ഈ ഖുർആൻ കൊണ്ട് ഉദ്ബോധിപ്പിക്കുക.

*******

## അധ്യായം 51

# അദ്ദാരിയാത്ത്. (വിതറുന്നവ)

### അവതരണം മക്കയിൽ, വചനങ്ങൾ 60

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. പൊടിപറത്തുന്ന കാറ്റുകളാണ് സത്യം.
2. കനത്ത മേഘങ്ങളെ വഹിക്കുന്നവയുമാണ് സത്യം.

2. ദാരിയാത്ത് എന്നതുകൊണ്ടുള്ള വിവക്ഷ ഇളക്കി മറിക്കുകയും പൊടി പറത്തുകയും ചെയ്യുന്ന കാറ്റാണ്.

3. എളുപ്പം സഞ്ചരിക്കുന്നവയുമാണ് സത്യം.
4. കാര്യങ്ങൾ വിഭജിച്ചുകൊടുക്കുന്നവരാണ് സത്യം.
5. തീർച്ചയായും നിങ്ങൾ താക്കീത് ചെയ്യപ്പെടുന്ന കാര്യം സത്യം തന്നെയാകുന്നു.
6. തീർച്ചയായും പ്രതിഫല ദിനം സംഭവിക്കുകതന്നെ ചെയ്യും.
7. വിവിധ സഞ്ചാരപഥങ്ങളുള്ള ആകാശം തന്നെയാണ് സത്യം.
8. (സത്യത്തെക്കുറിച്ച്)തീർച്ചയായും നിങ്ങൾ വ്യത്യസ്ത അഭിപ്രായത്തിലാകുന്നു.
9. സത്യത്തിൽനിന്ന് വ്യതിചലിക്കപ്പെട്ടവൻ അതിൽനിന്ന്(ഖുർആനിൽനിന്ന്) വ്യതിചലിക്കപ്പെടുന്നു.
10. ഊഹാപോഹങ്ങൾക്കൊണ്ട് വിധിപറയുന്നവർ ശപിക്കപ്പെട്ടിരിക്കുന്നു.

10. മനുഷ്യന് നേരിട്ട് യാഥാർഥ്യത്തിലേക്കെത്താൻ സ്വയം സാധിക്കുകയില്ല. യാഥാർഥ്യജ്ഞാനം അല്ലാഹു അവൻെറ പ്രവാചകൻ മുഖേന നൽകുകയാണ്. പ്രവാചകന്മാർ നല്കുന്ന ജ്ഞാനത്തിൻെറ സാധുത ഉറപ്പുവരുത്താൻ, ആകാശ ഭൂമികളിലും സ്വന്തം അസ്തിത്വത്തിലും നിറഞ്ഞുകിടക്കുന്ന എണ്ണമറ്റ ദൃഷ്ടാന്തങ്ങളെ ആഴത്തിൽ നിരീക്ഷിക്കുകയും അവ പ്രവാചകന്മാരുടെ സന്ദേശത്തെ സക്ഷ്യപ്പെടുത്തുന്നുണ്ടോ, അതല്ല മറ്റുള്ളവർ ഉന്നയിക്കുന്ന വിവിധ വീക്ഷണങ്ങളെ ബലപ്പെടുത്തുകയാണോ എന്ന് നിഷ്പക്ഷമായി ചിന്തിക്കുകയുമാണത്. ദൈവത്തെയും പരലോകത്തെയും കുറിച്ച് ശാസ്ത്രീയമായ പഠനത്തിന് ഖുർആൻ നിർദ്ദേശിച്ചിട്ടുള്ള ഒരേയൊരു മാർഗം ഇതാണ്.

11. (വിവരക്കേടിൽ) അശ്രദ്ധരായി കഴിയുന്നവരാണവർ.
12. വിധിയുടെ നാൾ എപ്പോഴായിരിക്കും എന്നവർ ചോദിക്കുന്നു.
13. അവർ നരഗാഗ്നിയിൽ പരീക്ഷിക്കപ്പെടുന്ന ദിനം തന്നെ.
14. (അന്ന് അവരോട് പറയപ്പെടും:) ഇതാ, നിങ്ങൾക്കുള്ള പരീക്ഷണം നിങ്ങൾ അനുഭവിച്ചുകൊള്ളുക. നിങ്ങൾ തിരക്കുകൂട്ടിക്കൊണ്ടിരുന്നതാണിത്.
15. തീർച്ചയായും ദൈവഭക്തർ സ്വർഗീയാരാമങ്ങളിലും അരുവികളിലുമായിരിക്കും;
16. അവർക്ക് അവരുടെ രക്ഷിതാവ് നൽകിയത് സന്തോഷപൂർവം സ്വീകരിച്ചുകൊണ്ട്. നിശ്ചയമായും അതിനുമുമ്പ് അവർ സദ്വൃത്തരായിരുന്നു.
17. രാത്രിയിൽനിന്ന് അവർ ഉറങ്ങുന്നത്, അൽപം മാത്രമായിരുന്നു.
18. രാത്രിയുടെ അന്ത്യവേളയിൽ അവർ പാപമോചനം തേടുന്നവരായിരുന്നു.
19. അവരുടെ സമ്പാദ്യങ്ങളിൽ ചോദിക്കുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും അവകാശമുണ്ടായിരുന്നു.
20. ദൃഢവിശ്വാസികൾക്ക് ഭൂമിയിൽ നിരവധി ദൃഷ്ടാന്തങ്ങളുണ്ട്.

20. ഭൗതിക ദൃഷ്ടാന്തങ്ങൾ: ഭൂമിയുടെ ഉണ്മയും ഘടനയും, ഭൂമിയിലെ ജീവജാലങ്ങൾക്ക് സൂര്യനിൽ നിന്ന് ചൂടും വെളിച്ചവും ലഭിക്കാനുള്ള സംവിധാനങ്ങൾ, വ്യത്യസ്ത ഋതുക്കളുടെ ആവർത്തനം, വായുവിന്റെയും വെള്ളത്തിന്റെയും സജ്ജീകരണം, എണ്ണമറ്റ ധാതു നിക്ഷേപം, ഉപരിതലത്തെ പൊതിഞ്ഞ ഫലപുഷ്ടമായ പുറംതോട്, അതിൽ എണ്ണിയാൽ ഒടുങ്ങാത്ത സസ്യ ഇനങ്ങളുടെ വളർച്ച, കടലിലും കരയിലും വായുവിലുമായി വ്യാപിച്ചു കിടക്കുന്ന അപരിമേയമായ ജന്തുജാലങ്ങൾ, ഓരോ ഇനത്തിനും അനുയുക്തമായ ഭക്ഷണം ലഭിക്കാനുള്ള ഏർപ്പാടുകൾ,ഭൂമിയിൽ മനുഷ്യനുണ്ടാകുന്നതിനു മുമ്പു തന്നെ, ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും അവന്റെ അത്യാവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുമാത്രമല്ല, അവൻ സാംസ്കാരികമായും നാഗരികമായും പുരോഗമിച്ചുകൊണ്ടേയിരിക്കുന്നതിനുകൂടി ആവശ്യമായ മാധ്യമങ്ങളും ഉപാധികളും ഒരുക്കിവെച്ചത് തുടങ്ങി എണ്ണിത്തീർക്കാനാവാത്ത ദൃഷ്ടാന്തങ്ങൾ.

---

21. നിങ്ങളിൽതന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്). എന്നിട്ടും നിങ്ങൾ അതൊന്നും കാണുന്നില്ലേ?

---

21. അതിസൂക്ഷ്മമായ ഒരു ബീജം അതുപോലെ സൂക്ഷ്മമായ ഒരണ്ഡവുമായി ചേർന്ന് ശരീരാന്തർ ഭാഗത്തെ ഒരു ഇരുണ്ട മൂലയിൽ വെച്ച് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നു.

---

22. ആകാശത്തിൽ നിങ്ങൾക്ക് ഉപജീവനവും നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യങ്ങളുമുണ്ട്.

---

22. 'ഉപരിലോകമാണ്' ആകാശം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശ്യം. 'വിഭവം' എന്നതുകൊണ്ട്, ഈ ലോകത്ത് മനുഷ്യന് ജീവിക്കാനും പ്രവർത്തിക്കാനുമായി നല്കപ്പെട്ടിട്ടുള്ള എല്ലാം ഉദ്ദേശ്യമാകുന്നു. അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള രക്ഷാശിക്ഷകൾ ഉപരിലോകത്തു നിന്ന് വരുന്നു.

---

23. എന്നാൽ ആകാശത്തിന്റെയും ഭൂമിയുടെയും രക്ഷിതാവ് സത്യം,നിങ്ങൾ സംസാരിക്കുന്നു എന്നതുപോലെ തീർച്ചയായും അത് സത്യമാകുന്നു.
24. ഇബ്രാഹീമിന്റെ മാന്യരായ അതിഥികളുടെ വൃത്താന്തം നിനക്ക് വന്നെത്തിയോ?
25. അവർ അദ്ദേഹത്തിന്റെ അടുത്ത് പ്രവേശിച്ച സന്ദർഭം. അവർ സലാം പറഞ്ഞു. അദ്ദേഹം പറഞ്ഞു: സലാം. (നിങ്ങൾ) അപരിചിതരായ ആളുകളാണല്ലോ.
26. അനന്തരം ധിറുതിയിൽ അദ്ദേഹം തന്റെ വീട്ടുകാരിയെ സമീപിച്ചു, എന്നിട്ട് കൊഴുത്ത പശുക്കുട്ടിയെ (പാകം ചെയ്തു) കൊണ്ടുവന്നു.
27. എന്നിട്ട് അത് അവരുടെ സമീപത്തുവെച്ചു. അദ്ദേഹം ചോദിച്ചു: നിങ്ങൾ തിന്നുന്നില്ലേ?
28. അപ്പോൾ അദ്ദേഹത്തിന് അവരെപ്പറ്റി (ഭക്ഷിക്കാതിരുന്നത് കണ്ട്) ഭയം തോന്നി. അവർ പറഞ്ഞു:'താങ്കൾ ഭയപ്പെടേണ്ട'.അദ്ദേഹത്തിന് ജ്ഞാനിയായ ഒരു പുത്രനെക്കുറിച്ച സന്തോഷവാർത്ത അവർ അറിയിക്കുകയും ചെയ്തു.
29. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഒച്ചവെച്ച് മുന്നോട്ടു വന്നു. അങ്ങനെ തന്റെ മുഖത്തടിച്ചു അവർ ചോദിച്ചു: ''വന്ധ്യയായ കിഴവിയോ''?
30. അവർ(ദൂതന്മാർ) പറഞ്ഞു: അതെ, അപ്രകാരം സംഭവിക്കുമെന്ന് നിന്റെ രക്ഷിതാവ് അറിയിച്ചിരിക്കുന്നു. തീർച്ചയായും അവൻ തന്നെയാണ് സർവ്വതന്ത്രജ്ഞനും സകലജ്ഞനും.
31. (ഇബ്രാഹീം) ചോദിച്ചു: അല്ലയോ ദൈവദൂതന്മാരേ, അപ്പോൾ നിങ്ങളുടെ ദൗത്യം എന്താകുന്നു?
32. അവർ പറഞ്ഞു: ഞങ്ങൾ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടതാകുന്നു.

---

32. പ്രവാചകൻ, ലൂത്വ് നബിയുടെ ജനതയാണുദ്ദേശ്യം. പ്രകൃതിവിരുദ്ധ രതി ഉൾപ്പെടെയുള്ള ദുരാചാരങ്ങൾ അവസാനിപ്പിക്കാൻ ലൂത്വ് നബി(അ) തന്റെ ജനതയായ സദൂം ഗോത്രത്തെ നിരന്തരം ഉപദേശിച്ചിരുന്നു. ഉപദേശം ചെവിക്കൊള്ളാത്ത ആ ജനതയെ നശിപ്പിക്കാൻ വേണ്ടിയായിരുന്നു മലക്കുകൾ

(മാലാഖമാർ) നിയോഗിക്കപ്പെട്ടത്. ലൂത്വ്നബി(അ) യുടെ ദേശത്തേക്ക് പോകുന്ന വഴിക്കാണ് അവർ ഇബ്രാഹീം നബി(അ) അടുത്ത് ചെന്നത്. കേവലം 'കുറ്റവാളികളായ ജനത' എന്നു പറഞ്ഞാൽതന്നെ അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ആ ജനതയാണെന്ന് പൊതുവിൽ മനസ്സിലാക്കപ്പെടുമാറ് അത്ര വളർന്നതായിരുന്ന അവരുടെ പാപപ്രവണത.

---

33. ഞങ്ങൾ അവർക്കുമേൽ കളിമണ്ണിൽനിന്നുള്ള ചുട്ട കല്ലുകൾ വർഷിക്കാൻ.
34. അവ അതിക്രമികൾക്കായി നിന്റെ രക്ഷിതാവിന്റെ അടുക്കൽ പ്രത്യേകംഅടയാളം വെയ്ക്കപ്പെട്ടവയാണ്.
35. അപ്പോൾ സത്യവിശ്വാസികളിൽ പെട്ടവരായി അവിടെ ഉണ്ടായിരുന്നവരെ നാം (ആ പട്ടണത്തിൽനിന്ന്) പുറത്തു കൊണ്ടുവന്നു.
36. എന്നാൽ മുസ്ലിംകളുടെതായ ഒരു വീടല്ലാതെ നാം അവിടെ കണ്ടെത്തിയില്ല.
37. വേദനയുറ്റ ശിക്ഷ ഭയപ്പെടുന്നവർക്ക് ഒരു ദൃഷ്ടാന്തം നാം അവിടെ അവശേഷിപ്പിക്കുകയും ചെയ്തു.
38. മൂസായുടെ ചരിത്രത്തിലും ദൃഷ്ടാന്തങ്ങളുണ്ട്. വ്യക്തമായ തെളിവുകളുമായി നാം അദ്ദേഹ ത്തെ ഫറവോന്റെ അടുത്തേക്കയച്ച സന്ദർഭം.
39. അവൻ സ്വന്തം കഴിവിൽ അഹങ്കരിച്ചു പിന്തിരിഞ്ഞു. ഇവൻ ഒരാഭിജാരകനോ അല്ലെങ്കിൽ ഭ്രാന്തനോ ആകുന്നു എന്ന് പറയുകയും ചെയ്തു.
40. അതിനാൽ അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടി. എന്നിട്ട് അവരെ കടലിൽ എറിഞ്ഞു കളഞ്ഞു. അവൻ തന്നെയായിരുന്നു ആക്ഷേപാർഹൻ.
41. ആദ് വംശത്തിലും(ദൃഷ്ടാന്തമുണ്ട്). വന്ധ്യമായ ഒരു കാറ്റിനെ നാമവർക്കുനേരെ അയച്ച സന്ദർഭം.
42. അത് ചെന്നെത്തിയ ഒന്നിനെയും ചവറുപോലെ ആക്കിയിട്ടല്ലാതെ ഒരു വസ്തുവെയും അത് വിടുമായിരുന്നില്ല.
43. ഥമൂദ് ജനതയിലും (ദൃഷ്ടാന്തങ്ങളുണ്ട്). 'ഒരു നിശ്ചിത അവധിവരെ നിങ്ങൾ സുഖിച്ചു കൊള്ളുക' എന്ന് അവരോട് പറയപ്പെട്ട സന്ദർഭം!
44. എന്നാൽ(ഈ താക്കീത് കിട്ടിയിട്ടും) അവർ തങ്ങളുടെ രക്ഷിതാവിന്റെ കൽപന ധിക്കരിച്ചു. അതുകൊണ്ട് അവർ നോക്കിയിരിക്കവേ ഘോരമായ ഒരിടിനാദം അവരെ പിടികൂടി.
45. അപ്പോൾ അവർക്ക് എഴുന്നേറ്റുനിൽക്കാൻ പോലുമായില്ല. അവർ രക്ഷപ്പെടാൻ കഴിയുന്നവരുമായിരുന്നില്ല.
46. (ഇവർക്കെല്ലാം) മുമ്പ് നൂഹിന്റെ ജനതയേയും (നാം നശിപ്പിച്ചിട്ടുണ്ട്). തീർച്ചയായും അവരും അധർമ്മകാരികളായ ജനതയായിരുന്നു.
47. ആകാശത്തെയാകട്ടെ നാം കൈകളാൽ നിർമിച്ചു. തീർച്ചയായും നാമതിനെ വികസിപ്പിച്ചെടുക്കുന്നവനാകുന്നു.
48. ഭൂമിയാകട്ടെ നാം അതിനെ ഒരു വിരിപ്പാക്കിയിരിക്കുന്നു. അത് വിതാനിച്ചവൻ എത്ര നല്ലവൻ!
49. എല്ലാ വസ്തുക്കളിൽനിന്നും ഈരണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കാൻ വേണ്ടി.
50. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കലേക്ക് ഓടിചെല്ലുവിൻ.തീർച്ചയായും ഞാൻ നിങ്ങൾക്ക് അവനിൽനിന്ന് വ്യക്തമായ മുന്നറിയിപ്പുകാരനാകുന്നു.

51. അല്ലാഹുവിനോടൊപ്പം മറ്റൊരുദൈവത്തേയും നിങ്ങൾ വരിക്കാതിരിക്കുകയും ചെയ്യുക. തീർച്ചയായും ഞാൻ അവങ്കൽനിന്ന് നിങ്ങളിലേക്കുള്ള തെളിഞ്ഞ മുന്നറിയിപ്പുകാരനാകുന്നു.
52. അപ്രകാരം അവർക്കു മുമ്പുള്ളവരിലേക്കും ഒരു ദൈവദൂതനും വന്നിട്ടില്ല,അവർ ഭ്രാന്തനെന്നോ മാരണക്കാരനെന്നോ അവർ പറഞ്ഞിട്ടല്ലാതെ.
53. അവരൊക്കെയും (അങ്ങനെ പറയണമെന്ന് പിൻമുറക്കാർക്ക്)പരസ്പരം വസിയ്യത്ത് ചെയ്തിരിക്കയാണോ? അല്ല, അവർ അതിക്രമികളായ ഒരു ജനതയാകുന്നു.
54. ആകയാൽ നീ അവരിൽനിന്ന് പിന്മാറുക. നീ ആക്ഷേപാർഹനല്ല.
55. നീ ഉൽബോധിപ്പിക്കുക. എന്തെന്നാൽ ഉൽബോധനം സത്യവിശ്വാസികൾക്ക് പ്രയോജനം ചെയ്യും.
56. ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാനല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.

---

56. ജിന്നുകൾ എന്നത് മനുഷ്യരിൽനിന്ന് വ്യത്യസ്തമായ മറ്റൊരു സൃഷ്ടിയാകുന്നു. അല്ലാഹുവിന്ന് വഴിപ്പെട്ട് ജീവിച്ചുകൊള്ളണമെന്നതിൻെറ കാരണം അല്ലാഹു അവരുടെ സൃഷ്ടാവാകുന്നു എന്നത്രെ. സ്വയം തെരഞ്ഞെടുപ്പിൻെറ പരിധിയിൽനിന്നുകൊണ്ട് അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കാനും, അവന് വഴിപ്പെട്ട് ജീവിക്കാതിരിക്കാനും വേണമെങ്കിൽ അല്ലാഹു വല്ലാത്തവർക്ക് വഴിപ്പെട്ട് ജീവിക്കാനുമുള്ള സ്വാതന്ത്ര്യം നൽകപ്പെട്ട സൃഷ്ടികൾ മനുഷ്യനും ജിന്നും മാത്രമാകുന്നു. തങ്ങൾക്ക് ലഭിച്ച സ്വാതന്ത്ര്യം തെറ്റായി ഉപയോഗപ്പെടുത്താതിരിക്കുക എന്നതാണ് അവർ സ്വീകരിക്കേണ്ട ശരിയായ നിലപാട്.

---

57. ഞാൻ അവരിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവരെനിക്ക് ഭക്ഷണം തരണ മെന്നും ഞാനാഗ്രഹിക്കുന്നില്ല.
58. തീർച്ചയായും അല്ലാഹു തന്നെയാണ് അന്നദാതാവ്. കരുത്തുടയവനും പരമശക്തനും.
59. തീർച്ചയായും അക്രമം പ്രവർത്തിക്കുന്നവർക്ക് ശിക്ഷയുണ്ട്, ഇവരുടെ മുൻഗാമികളായ കൂട്ടുകാർക്ക് കിട്ടിയപോലുള്ള ശിക്ഷ. അതിനാൽ ഇവർ എന്നോടു തിടുക്കം കൂട്ടാതിരിക്കട്ടെ.
60. അതിനാൽ സത്യനിഷേധികൾക്ക് അവർ താക്കീതു ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന നാൾ മുഖേന മഹാനാശമുണ്ട്.

---

*******

## അധ്യായം 52

# അത്തൂർ

**അവതരണം മക്കയിൽ, വചനങ്ങൾ 49**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ത്വൂർ പർവ്വതം തന്നെയാണ് സത്യം.
2. എഴുതപ്പെട്ട ഗ്രന്ഥമാണ് സത്യം,
3. നിവർത്തിവെച്ച തുകലിൽ.
4. ജനനിബിഡമായ കഅബാ മന്ദിരമാണ് സത്യം.
5. ഉയർന്ന മേല്പുരയാണ് (ആകാശം) സത്യം.
6. തിരയടിക്കുന്ന സമുദ്രമാണ് സത്യം.
7. നിശ്ചയം, നിൻെറ രക്ഷിതാവിൻെറ ശിക്ഷ സംഭവിക്കാനുള്ളതുതന്നെയാകുന്നു.
8. അതു തടയുന്നവരാരുമില്ല.
9. ആകാശം ശക്തമായി പ്രകമ്പനം കൊള്ളുന്ന ദിനം;
10. പർവ്വതങ്ങൾ ഇളകി നീങ്ങുകയും ചെയ്യുന്ന.
11. അതിനാൽ അന്ന് സത്യനിഷേധികൾക്ക് കൊടും നാശം.
12. അനാവശ്യ കാര്യങ്ങളിൽ മുഴുകി കളിച്ചു രസിക്കുന്നവരാണവർ.
13. അവരെ നരകാഗ്നിയിലേക്ക് പിടിച്ചു തള്ളുന്ന ദിനം.
14. (അവരോട് പറയപ്പെടും) നിങ്ങൾ നിഷേധിച്ചുകൊണ്ടിരുന്ന നരകമാണിത്.
15. അല്ല, ഇത് മായാജാലമാണോ? അതല്ല, നിങ്ങൾ കാണുന്നില്ലെന്നുണ്ടോ?
16. ഇനി നിങ്ങൾ അതിൽ ചെന്നു എരിഞ്ഞുകൊള്ളുക. നിങ്ങളിത് സഹിക്കുക. അല്ലെങ്കിൽ സഹിക്കാതിരിക്കുക. അതു(രണ്ടും)നിങ്ങൾക്കു സമംതന്നെ. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് മാത്രമാണ് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്.
17. തീർച്ചയായും ഭക്തജനം അവിടെ സ്വർഗീയാരാമങ്ങളിലും സുഖസൗഭാഗ്യങ്ങളിലുമായിരിക്കും
18. അവരുടെ നാഥൻ അവർക്കു നൽകിയ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട്. ജ്വലിക്കുന്ന നരകത്തിലെ ശിക്ഷയിൽനിന്ന് അവരുടെ നാഥൻ അവരെ കാത്തുരക്ഷിക്കുകയും ചെയ്യും.
19. (അന്ന് അവരോട് പറയപ്പെടും): നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്ന (നന്മകൾക്ക്) പ്രതിഫലമായി നിങ്ങൾ സുഖമായി തിന്നുകയും കുടിക്കുകയും ചെയ്യുക.
20. അണിനിരത്തപ്പെട്ട കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും അവർ.വിശാലാക്ഷികളായ തരുണികളെ നാം അവർക്ക് ഇണകളായി കൊടുക്കുകയും ചെയ്യും
21. സത്യവിശ്വാസികളും വിശ്വാസത്തിൽ അവരെ പിൻപറ്റിയ അവരുടെ സന്തതികളും (സ്വർഗത്തിൽ)നാം അവരോടൊപ്പം ആ സന്തതികളെയും ചേർത്തുകൊടുക്കും. അവരുടെ കർമഫലങ്ങളിൽ നാമൊരു കുറവും അവർക്ക് വരുത്തുകയില്ല. ഓരോ മനുഷ്യനും താൻ സമ്പാദിച്ചതിന്(സ്വന്തം കർമ്മങ്ങൾക്ക്) പണയം വെക്കപ്പെട്ടവനാകുന്നു.
22. അവരാഗ്രഹിക്കുന്ന തരം കായ്കനിയും മാംസവും നാമവർക്ക് നിർലോഭം നല്കുകയും ചെയ്യും.
23. അവർ അവിടെ പാനപാത്രം അന്യോന്യം കൈമാറിക്കൊണ്ടിരിക്കും. അനാവശ്യ വാക്കോ അധാർമ്മിക വൃത്തിയോ അവിടെ ഉണ്ടാവുകയില്ല.

24. അവരുടെ(പരിചരണത്തിനായി) അവരുടെ അടുത്ത് ബാലന്മാർ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും. അവർ ഗോപനം ചെയ്യപ്പെട്ട പവിഴങ്ങളെപ്പോലെയിരിക്കും.
25. അവർ (പലതും)ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും.
26. അവർ പറയും:തീർച്ചയായും നാം ഇതിന് മുമ്പ് നമ്മുടെ കുടുംബത്തിലായിരുന്നപ്പോൾ ഭീതിയുള്ളവരായിരുന്നു.
27. അതിനാൽ അല്ലാഹു നമ്മെ അനുഗ്രഹിച്ചു.തുളച്ചു കയറുന്ന നരകശിക്ഷയിൽനിന്ന് അവൻ നമ്മെ രക്ഷിക്കുകയും ചെയ്തു.
28. തീർച്ചയായും നാം മുമ്പേ(പൂർവജീവിതത്തിൽ) അവനോട് പ്രാർഥിക്കുന്നവരായിരുന്നു. തീർച്ചയായും, അവൻ തന്നെയാണ് അത്യുദാരനും ദയാപരനും.
29. അതിനാൽ നീ ഉദ്ബോധനം തുടർന്നുകൊണ്ടിരിക്കുക. നിൻെറ രക്ഷിതാവിൻെറ അനുഗ്രഹത്താൽ നീ ഗണിതക്കാരനോ ഭ്രാന്തനോ അല്ല.
30. അല്ലെങ്കിൽ അവർ പറയുന്നുവോ, അവൻ (മുഹമ്മദ്) ഒരു കവിയാണ്, അവന് കാലത്തി ൻെറ ദോഷപ്പകർച്ച വരുന്നത് ഞങ്ങൾ കാത്തിരിക്കുകയാണെന്ന്?
31. അവരോട് പറയുക:നിങ്ങൾ കാത്തിരിക്കുക;നിങ്ങളോടൊപ്പം ഞാനും കാത്തിരിക്കുന്നുണ്ട്.
32. അതല്ല, അവരുടെ ബുദ്ധി അവരോട് അപ്രകാരം പറയാൻ കല്പിക്കുകയാണോ? അതോ, അവർ അതിക്രമികളായ ജനതതന്നെയോ?
33. അല്ലെങ്കിൽ അവർ പറയുന്നുവോ: ഇത്(ഖുർആൻ) അവൻ സ്വയം കെട്ടിച്ചമച്ചുവെന്ന്? അല്ല, അവർ വിശ്വസിക്കുകയില്ല.
34. എന്നാൽ അവർ സത്യവാന്മാരാണെങ്കിൽ ഇതുപോലുള്ള ഒരു വൃത്താന്തം അവർ കൊണ്ടുവരട്ടെ.
35. അതല്ല, ഒരു വസ്തുവിൽനിന്നുമല്ലാതെ സൃഷ്ടിക്കപ്പെട്ടവരാണോ അവർ? അതല്ല,അവർ തന്നെയാണോ സ്രഷ്ടാക്കൾ!
36. അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത്? അവർ ദൃഢമായി വിശ്വസിക്കുന്നില്ലെന്നതാണ് സത്യം.
37. അല്ലെങ്കിൽ, നിൻെറ നാഥൻെറ ഖജനാവുകൾ അവരുടെ വശമാണോ? അവരാണോ അതൊക്കെ നിയന്ത്രിച്ചുനടത്തുന്നത്.
38. അല്ലെങ്കിൽ, അവർക്ക് (ആകാശത്തുനിന്ന്)വിവരങ്ങൾ കേട്ടറിയാൻ വല്ല കോണിയുമുണ്ടോ? എന്നാൽ അവരിലെ സശ്രദ്ധം കേൾക്കുന്നവൻ വ്യക്തമായ പ്രമാണം കൊണ്ടുവരട്ടെ.
39. അല്ല, അല്ലാഹുവിന് പുത്രിമാരും നിങ്ങൾക്ക് പുത്രന്മാരുമാണോ?
40. അല്ലെങ്കിൽ, നീ അവരോട് എന്തെങ്കിലും പ്രതിഫലം ആവശ്യപ്പെടുന്നുണ്ടോ? അങ്ങനെ അതിൻെറ കടബാധ്യതയാൽ ഭാരം വഹിക്കപ്പെട്ടവരാണോ അവർ?
41. അതല്ല, അവർക്ക് അദൃശ്യജ്ഞാനം ലഭിക്കുകയും അങ്ങനെ അവരത് എഴുതിവെക്കുകയും ചെയ്യുന്നുണ്ടോ?
42. അതല്ല, (നിൻെറ നേരെ) അവർ വല്ല കുതന്ത്രവും നടത്താൻ ഉദ്ദേശിക്കുകയാണോ? എങ്കിൽ സത്യനിഷേധികളാരോ, അവർ തന്നെയായിരിക്കും കുതന്ത്രത്തിന്നിരയാകുന്നത്.
43. അതല്ല, അവർക്ക് അല്ലാഹു അല്ലാതെ വല്ല ദൈവവുമുണ്ടോ? അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനായിരിക്കുന്നു.
44. അകാശത്തിൽനിന്നും ഒരു കഷണം താഴോട്ട് വീഴുന്നതായി അവർ കാണുന്നതായാലും അവർ പറയും: അത് അട്ടിയട്ടിയായ മേഘമാണെന്ന്.

45. അതിനാൽ അവരെ വിട്ടേക്കുക. അവർ ബോധരഹിതരായി വീഴ്ത്തപ്പെടുന്ന അവരുടെ ആ ദിനത്തെ അവർ കണ്ടുമുട്ടുന്നതുവരെ.
46. അവരുടെ കുതന്ത്രങ്ങളൊന്നും അവർക്കൊട്ടും ഉപകരിക്കുകയോ ആരും അവരെ സഹായിക്കുകയോ ചെയ്യാത്ത ദിനം.
47. തീർച്ചയായും അതിക്രമം പ്രവർത്തിച്ചവർക്ക് അത് കൂടാതെയും ശിക്ഷയുണ്ട്. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല.
48. അതിനാൽ നിന്റെ രക്ഷിതാവിന്റെ തീരുമാനത്തിന് നീ ക്ഷമാപൂർവ്വം കാത്തിരിക്കുക. തീർച്ചയായും നീ നമ്മുടെ ദൃഷ്ടിയിൽ തന്നെയാണ്.നീ എഴുന്നേൽക്കുന്ന സമയത്ത് നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക.
49. രാത്രിയിൽ കുറച്ചു സമയവും നക്ഷത്രങ്ങൾ പിൻവാങ്ങുമ്പോഴും നീ അവന്റെ വിശുദ്ധിയെ വാഴ്ത്തുക.

---

********

## അധ്യായം 53

# അന്നജ്മ്. (നക്ഷത്രം)

**അവതരണം മക്കയിൽ, വചനങ്ങാം 62**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. നക്ഷത്രം അസ്തമിക്കുമ്പോാം അതെക്കൊണ്ട് സത്യം.
2. നിങ്ങളുടെ സ്നേഹിതൻ(മുഹമ്മദ് നബി) വഴിതെറ്റിയിട്ടില്ല. ദുർമാർഗിയായിട്ടുമില്ല.
3. അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല.

3. പരിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ട സകല കാര്യങ്ങളും അദ്ദേഹത്തിൻെറ സ്വയംകൃതിയല്ല. അത് ദൈവത്തിങ്കൽനിന്ന് ദിവ്യബോധനം വഴി അദ്ദേഹത്തിന് ലഭിച്ചതാണ്.

4. ഈ സന്ദേശം അദ്ദേഹത്തിനു ബോധനം നൽകപ്പെട്ട ദിവ്യവെളിപാടല്ലാതെ മറ്റൊന്നുമല്ല.
5. അദ്ദേഹത്തെ അതു പഠിപ്പിച്ചത് ഏറെ കരുത്തനാണ്(ജിബ്രീൽ എന്ന മാലാഖ).
6. കരുത്തുള്ള ഒരു ശക്തി. അങ്ങനെ അദ്ദേഹം (സാക്ഷാൽ രൂപത്തിൽ) നിലകൊണ്ടു.
7. അദ്ദേഹം അത്യുന്നതമായ ചക്രവാളത്തിലായിരുന്നു.
8. പിന്നെ അദ്ദേഹം അടുത്തുവന്നു. അങ്ങനെ കൂടുതൽ അടുത്തു.
9. അങ്ങനെ അദ്ദേഹം രണ്ടുവില്ലുകളുടെ അകലത്തിലോ അതിനേക്കാാം അടുത്തോ ആയിരുന്നു

9. രണ്ടു വ്യക്തികാം തമ്മിൽ അഭിമുഖ സംഭാഷണം നടത്താൻ ആവശ്യമായ സാമീപ്യത്തെ സൂചിപ്പിക്കുന്ന അകലം.

10. അപ്പോാം,അവൻ തൻെറ ദാസന് നൽകിയ ബോധനം അവൻ ബോധനം നൽകി
11. അദ്ദേഹം(പ്രവാചകൻ) കണ്ടതിനെ (അദ്ദേഹത്തിൻെറ) മനസ്സ് കളവാക്കിയില്ല.
12. എന്നിട്ടും ആ പ്രവാചകൻ നേരിൽ ദർശിക്കുന്നതിനെക്കുറിച്ച് നിങ്ങാം അദ്ദേഹത്തോട് തർക്കിക്കുകയാണോ?
13. തീർച്ചയായും മറ്റൊരു ഇറക്കത്തിലും അദ്ദേഹം (ജിബ്രീലിനെ)കണ്ടിട്ടുണ്ട്
14. സിദ്റതുൽമുൻതഹാ(അങ്ങേയറ്റത്തുള്ള ഇലന്തമരം)യുടെ അടുത്ത്വെച്ച്.
15. അതിനടുത്താകുന്നു താമസിക്കാനുള്ള സ്വർഗ്ഗം.
16. അന്നേരം സിദ്റയെ(ഇലന്തവൃക്ഷത്തെ) ആവരണം ചെയ്യുന്ന ഉജ്ജ്വലമായ പ്രഭാവം ആവരണം ചെയ്യപ്പോാം.
17. (അപ്പോാം പ്രവാചകൻെറ)ദൃഷ്ടി തെറ്റിപ്പോയിട്ടില്ല. അതിരുവിട്ടു പോയതുമില്ല
18. ഉറപ്പായും തൻെറ രക്ഷിതാവിൻെറ മഹത്തായ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹം കാണുകയുണ്ടായി.
19. 'ലാത്ത'യെയും 'ഉസ്സ'യെയും സംബന്ധിച്ച് നിങ്ങാം ചിന്തിച്ചു നോക്കിയിട്ടുണ്ടോ?
20. കൂടാതെ മൂന്നാമതായുള്ള 'മനാത്ത'യെപ്പറ്റിയും?

19,20. ലാത്ത, ഉസ്സ, മനാത്ത- അറബികാം പൂജിച്ചുകൊണ്ടിരുന്ന മൂന്നു വിഗ്രഹങ്ങാം.

21. നിങ്ങാംക്ക് ആൺമക്കളും ദൈവത്തിന് പെൺമക്കളുമെന്നോ?

21. തങ്ങളുടെ ദേവതകളെ അല്ലാഹുവിൻെറ പുത്രിമാരായിട്ടാണ് ബഹുദൈവാരാധകർ കരുതിയിരുന്നത്. അതെസമയം തങ്ങൾക്ക് പെൺകുട്ടികളുണ്ടാകുന്നത് അപമാനമായി അവർ കരുതുകയും ചില ഗോത്രങ്ങൾ പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുകയും ചെയ്തിരുന്നു.

22. അത് തീർച്ചയായും അന്യായമായ ഓഹരിവെക്കൽ തന്നെ.
23. യഥാർഥത്തിൽ അവ,(ദേവതകൾ) നിങ്ങളും നിങ്ങളുടെ പൂർവപിതാക്കളും വിളിച്ച ചില പേരുകളല്ലാതെ യാതൊന്നുമല്ല. അല്ലാഹു അവയ്ക്ക് ഒരു തെളിവും ഇറക്കിയിട്ടില്ല. ഊഹ ത്തെയും മനസ്സുകൾ ഇഛിക്കുന്നതിനെയും മാത്രമാണ് അവർ പിൻപറ്റുന്നത്. എന്നാൽ അവർക്ക് അവരുടെ രക്ഷിതാവിങ്കൽനിന്നുള്ള സന്മാർഗം വന്നെത്തിയിട്ടുമുണ്ട്.
24. അല്ലെങ്കിൽ, മനുഷ്യന് അവൻ ആശിക്കുന്നതൊക്കെ ലഭിക്കും എന്നാണോ?
25. എന്നാൽ അല്ലാഹുവിന്നാകുന്നു പരലോകവും ഇഹലോകവും.
26. ആകാശങ്ങളിൽ എത്രയെത്ര മലക്കുക(മാലാഖമാർ)ളാണുള്ളത്!അവരുടെ ശുപാർശ യാതൊരു ഉപകാരവും ചെയ്യുകയില്ല. അല്ലാഹു ഇഛിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവർക്ക് അവൻ അനുമതി നൽകിയശേഷമല്ലാതെ.
27. എന്നാൽ തീർച്ചയായും പരലോകത്തിൽ വിശ്വസിക്കാത്തവർ മലക്കുകൾക്ക് നാമം നൽകുന്നത് സ്ത്രീനാമങ്ങളാകുന്നു.
28. അവർക്ക് അതിനെപ്പറ്റി ഒരറിവുമില്ല. അവർ ഊഹത്തെ പിൻപറ്റുക മാത്രമാണ്. ഊഹമോ, സത്യത്തിൻെറ ഒട്ടും പ്രയോജനപ്പെടുകയില്ല.
29. അതുകൊണ്ട് നമ്മുടെ അനുസ്മരണ സന്ദേശത്തിൽനിന്നും തിരിഞ്ഞുകളയുകയും ഐഹിക ജീവിതമല്ലാതെ മറ്റൊന്നും ലക്ഷ്യമാക്കാതിരിക്കുകയും ചെയ്യുന്നവരിൽ നിന്ന് നീ പിന്തിരിയുക.
30. അതാണ് അറിവിൽനിന്ന് അവർക്ക് കിട്ടിയിട്ടുള്ളത്. തീർച്ചയായും നിൻെറ നാഥൻ തൻെറ മാർഗത്തിൽനിന്ന് പിഴച്ചു പോയവർ ആരെന്ന് ഏറ്റം നന്നായി അറിയുന്നവനാണ്. നേർവഴി പ്രാപിച്ചവരെപ്പറ്റി നന്നായറിയുന്നവനും അവൻ തന്നെ.
31. അല്ലാഹുവിന്നുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും.തിന്മ ചെയ്യുന്നവർക്ക് അവർ പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നൽകുന്നതിനും നന്മ ചെയ്യുന്നവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുവാൻ വേണ്ടിയും.
32. നിസ്സാരമായതൊഴിച്ചുള്ള വൻപാപങ്ങളും നീചവൃത്തികളും വർജിക്കുന്നവർക്ക് നിശ്ചയമായും നിൻെറ നാഥൻ പൊറുത്തുകൊടുക്കുന്നതിൽ ഔദാര്യവാനാകുന്നു. നിങ്ങളെ ഭൂമിയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയ സന്ദർഭത്തിലും നിങ്ങൾ നിങ്ങളുടെ മാതാക്കാളുടെ ഗർഭാശയത്തിൽ ബീജങ്ങളായിരുന്നപ്പോഴും നിങ്ങളെപ്പറ്റി നന്നായറിയുന്നവൻ അവൻ തന്നെ. അതിനാൽ നിങ്ങൾ സ്വയം വിശുദ്ധി ചമയാതിരിക്കുക. അവനാകുന്നു യഥാർഥ ഭക്തനാരെന്ന് നന്നായറിയുന്നവൻ .
33. എന്നാൽ (സത്യത്തിൽനിന്ന്) പിന്മാറിക്കളഞ്ഞ ഒരുത്തനെ നീ കണ്ടുവോ?
34. അൽപം മാത്രം അവൻ നൽകുകയും എന്നിട്ടത് നിർത്തിക്കളയുകയും ചെയ്തു.

34.ഖുറൈശി പ്രമാണിമാരിൽ ഒരാളായിരുന്ന വലീദുബ്നു മുഗീറ ആദ്യഘട്ടത്തിൽ ഇസ്ലാം സ്വീകരിക്കാൻ സന്നദ്ധനായി. വിവരമറിഞ്ഞ അദ്ദേഹത്തിൻെറ ഒരു കൂട്ടുകാരൻ പറഞ്ഞു. താങ്കൾ പൂർവപിതാക്കളുടെ മതം കൈവെടിയരുത്. പരലോകത്ത് ശിക്ഷിക്കപ്പെടുമെന്ന് ഭയമുണ്ടെങ്കിൽ എനിക്ക് ഇന്ന സംഖ്യ തരിക.തങ്കൾക്കു പകരം അവിടെ ശിക്ഷ അനുഭവിക്കുന്ന ചുമതല ഞാൻ ഏറ്റെടുത്തുകൊള്ളാം. വലീദ് ഇത് സ്വീകരിച്ചു. ദൈവിക മാർഗത്തിലെക്ക് അടുത്തുകൊണ്ടിരുന്ന അയാൾ പിന്തിരിഞ്ഞു പോയി. പക്ഷെ,വലീദ് തൻെറ സ്നേഹിതന് കൊടുക്കാമെന്നേറ്റ സംഖ്യയിൽ അൽപം നൽകി ബാക്കി

നിഷേധിച്ചു. ഇത്തരം മൂഢവിശ്വാസങ്ങളിലും അവിവേകങ്ങളിലും അകപ്പെടുന്നതിനെപ്പറ്റി മക്കയിലെ നിഷേധികളെ മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് ഈ സംഭവം ഇവിടെ സൂചിപ്പിക്കുന്നത്

35. അവൻെറ കൈവശം വല്ല അഭൗതിക ജ്ഞാനവുമുണ്ടോ? അങ്ങനെയവൻ (അദൃശ്യ യാഥാർഥ്യങ്ങൾ) കണ്ടുകൊണ്ടിരിക്കുകയാണോ?

36. അല്ലെങ്കിൽ മൂസായുടെ വേദപുസ്തകങ്ങളിലുള്ളതിനെക്കുറിച്ച് അവന് അറിവ് ലഭിച്ചിട്ടില്ലേ?

36. തൗറാത്താണ് മൂസായുടെ വേദപുസ്തകംകൊണ്ട് ഉദ്ദേശ്യം.

37. കർത്തവ്യം നിറവേറ്റിയ ഇബ്രാഹീമിൻെറ ഏടുകളിലുള്ള വാർത്തകളും?

37. ഇബ്രാഹീമിൻെറ ഏടുകൾ ഇന്ന് ലോകത്ത് എവിടെയും നിലവിലില്ല. വിശുദ്ധ ഖുർആനിൽ രണ്ടിടത്തു ഇബ്രാഹീമീഏടുകളിൽനിന്നുള്ള ചില ഭാഗങ്ങൾ ഉദ്ധരിക്കപ്പെട്ടുകാണുന്നുണ്ട്.

38. (അതെന്തെന്നാൽ) പാപഭാരം വഹിക്കുന്ന ആരും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും,

39. തീർച്ചയായും മനുഷ്യന് അവൻ പ്രവർത്തിച്ചതല്ലാതെ മറ്റൊന്നുമില്ലെന്നും,

40. തൻെറ കർമഫലം വഴിയെ അവൻ കാണിക്കപ്പെടും.

41. അനന്തരം അവന്നതിന് പൂർണ്ണമായ പ്രതിഫലം നൽകപ്പെടുമെന്നും,

42. നിശ്ചയം, നിൻെറ രക്ഷിതാവിങ്കൽതന്നെയാണ് അന്തിമമായെത്തിച്ചേരുക.

43. തീർച്ചയായും അവനാണ് ചിരിപ്പിക്കുന്നതും കരയിപ്പിക്കുന്നതും.

44. മരിപ്പിച്ചതും ജീവിപ്പിച്ചതും അവൻ തന്നെയാകുന്നു.

45. തീർച്ചയായും ആണുംപെണ്ണുമായി രണ്ട് ഇണകളെ സൃഷ്ടിച്ചതും അവൻ തന്നെ

46. തെറിപ്പിക്കപ്പെടുന്ന ഒരു ബീജത്തിൽനിന്ന്.

47. വീണ്ടും ജീവിപ്പിക്കുകയെന്നത് അവൻെറ ബാധ്യതയത്രെ.

48. നിശ്ചയം, ഐശ്വര്യം നൽകുകയും സംതൃപ്തിവരുത്തുകയും ചെയ്തതും അവൻ തന്നെയാണെന്നും,

49. അവൻ തന്നെയാണ് 'ശിഅ്റാ' നക്ഷത്രത്തിൻെറ രക്ഷിതാവ് എന്നും,

49. ആകാശത്തിലെ ഏറ്റവും പ്രകാശമുള്ള നക്ഷത്രമാണ് 'ശിഅ്റാ'(sirius). അറബികൾ ഈ നക്ഷത്രത്തെ ആരാധിച്ചിരുന്നു. ഈ നക്ഷത്രത്തിന് മനുഷ്യരുടെ ഭാഗധേയത്തിൽ വമ്പിച്ച സ്വാധീനമുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. നിങ്ങളുടെ ഭാഗധേയം നിർണയിക്കുന്നത് ശിഅ്റാ അല്ല; ശിഅ്റായുടെ നാഥൻ ആണ് എന്നാണ് ഈ വചനത്തിൻെറ താല്പര്യം.

50. ആദ്യത്തെ ആദു വർഗത്തെ നശിപ്പിച്ചത് അവൻ തന്നെയാണെന്നും,

50. പ്രവാചകൻ ഹൂദ്(അ) നിയുക്തനായ പുരാതന ആദു വർഗമാണ് ഉദ്ദേശ്യം. അദ്ദേഹത്തെ നിഷേധിച്ചതു കാരണം ആ ജനത നശിപ്പിക്കപ്പെട്ടു. അദ്ദേഹത്തെ അംഗീകരിച്ചവർ മാത്രം രക്ഷപ്പെട്ടു. ഇവരുടെ വംശം രണ്ടാം ആദ് എന്നറിയപ്പെടുന്നു.

51. ഥമൂദ് വർഗത്തെയും നശിപ്പിച്ചു ആരേയും അവശേഷിപ്പിച്ചില്ല.

52. അവർക്കുമുമ്പ് നൂഹിൻെറ ജനത്തെയും. കാരണം,അവർ അക്രമം കാണിച്ചവരും ധിക്കരിച്ചവരുമായിരുന്നു.

53. കീഴ്മേൽ മറിഞ്ഞ രാജ്യത്തെയും അവൻ തകർത്തു തരിപ്പണമാക്കി.

53. ലൂത്വ് നബിയുടെ ജനതയുടെ ആവാസകേന്ദ്രമായിരുന്ന സദും പട്ടണമാണ് ഉദ്ദേശ്യം.

54. അങ്ങനെ അവനതിനെ ആവരണം ചെയ്ത വൻ വിപത്തിനാൽ മൂടി.
55. എന്നിട്ടും നിൻെറ രക്ഷിതാവിൻെറ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നീ സംശയിക്കുന്നത്?
56. ഇദ്ദേഹം(മുഹമ്മദ്നബി) പൂർവ്വികരായ താക്കീതുകാരിൽപെട്ട മുന്നറിയിപ്പുകാരൻ തന്നെ.
57. സമീപസ്ഥമായ ആ സംഭവം(ലോകാവസാനം) അടുത്തെത്തിയിരിക്കുന്നു.
58. അല്ലാഹു അല്ലാതെ അതിനെ തട്ടിമാറ്റാൻ ആരുമില്ല.
59. എന്നിട്ടും ഈ വാർത്തയെപ്പറ്റി നിങ്ങൾ അത്ഭുതപ്പെടുകയാണോ?
60. നിങ്ങൾ ചിരിക്കുകയാണ്- നിങ്ങൾ കരഞ്ഞിടാതെ?
61. നിങ്ങൾ തികഞ്ഞ അശ്രദ്ധയിൽ കഴിയുകയാണോ?
62. അതിനാൽ നിങ്ങൾ അല്ലാഹുവിന് സാഷ്ടാംഗം പ്രണമിക്കുക.അവനെ മാത്രം ആരാധിക്കുകയും ചെയ്യുക.

******

## അധ്യായം 54

# അൽഖമർ. (ചന്ദ്രൻ)

**അവതരണം മക്കയിൽ, വചനങ്ങൾ 55**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. അന്ത്യനാൾ അടുത്തു. ചന്ദ്രൻ പിളരുകയും ചെയ്തു.

1. 'ചന്ദ്രൻ പിളർന്നു' എന്ന സംഭവം ഖുർആനിൻെറ പ്രസ്താവനയിലൂടെ സ്ഥിരപ്പെട്ടിരിക്കുന്നു. പ്രവാചകൻ(സ) മദീനയിലേക്ക് പലായനം ചെയ്യുന്നതിന് ഏകദേശം 5 വർഷം മുമ്പാണ് സംഭവം നടന്നത്.ചന്ദ്രമാസത്തിലെ പതിനാലാം രാവിൽ ഉദിച്ചുയുർന്ന ചന്ദ്രൻ പെട്ടെന്നു പിളർന്നു. അതിൻെറ ഒരു ഖണ്ഡം മുന്നിലുള്ള മലയുടെ ഒരറ്റത്തും മറ്റേ ഖണ്ഡം മറ്റേയറ്റത്തുമായി കാണപ്പെട്ടു. ഈ ദൃശ്യം അൽപ സമയമേ നീണ്ടുനിന്നുള്ളു. ആ സമയം മിനായിൽ ആയിരുന്ന തിരുമേനി ജനങ്ങളോട് പറഞ്ഞു. നോക്കുവിൻ സാക്ഷികളാകുവിൻ. സത്യനിഷേധികൾ പറഞ്ഞു: മുഹമ്മദ് നമ്മെ ആഭിചാരം ചെയ്തു. നമ്മുടെ നേത്രങ്ങളെ വഞ്ചിച്ചതാണ്. പ്രവാചകൻ അന്ത്യനാളിനെക്കുറിച്ച് ആളുകൾക്ക് നൽകിയിരുന്ന മുന്നറിയിപ്പിനെ സത്യപ്പെടുത്തുന്ന ഒരു സംഭവം എന്ന നിലക്ക് തിരുമേനിയുടെ സത്യസന്ധതക്കുള്ള പ്രകടമായ ഒരു സ്ഥിരീകരണമായിരുന്നു അത്.

2. എന്നാൽ ഏതു ദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും അവരതിനെ അവഗണിക്കുന്നു. ഇത് നടപ്പുള്ള ജാലവിദ്യയാകുന്നു എന്ന് അവർ പറയുകയും ചെയ്തു.
3. അവർ (സത്യത്തെ)തള്ളിപ്പറയുകയും തങ്ങളുടെ തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. ഏതൊരു കാര്യവും ഒരു പര്യവസാനത്തിലെത്തുകതന്നെ ചെയ്യും.
4. തീർച്ചയായും (സത്യനിഷേധികളായ പൂർവസമുദായങ്ങളുടെ) ചരിത്രങ്ങൾ അവർക്ക് വന്നു കിട്ടിയിട്ടുണ്ട്. (ദൈവനിഷേധത്തിൽനിന്ന്)അകന്നു നിൽക്കേണ്ടതിന്ന് അതിൽ മതിയായ താക്കീതുകളുണ്ട്.
5. അതെ, പരിപൂർണ്ണമായ ഉദ്ബോധനം, എന്നിട്ടും താക്കീതുകൾ(അവർക്ക്) ഉപകരിക്കുന്നില്ല.
6. അതിനാൽ പ്രവാചകരെ അവരെ വിട്ടകലുക. അനിഷ്ടകരമായ ഒരു കാര്യത്തിലേക്ക് വിളിക്കുന്നവൻ അവരെ വിളിക്കുന്ന ദിവസം.
7. തങ്ങളുടെ ശവക്കുഴികളിൽനിന്ന് പേടിച്ചരണ്ട കണ്ണുകളോടെ അവർ പുറത്തുവരും, ചിതറിപ്പാറുന്ന വെട്ടുകിളികളെപ്പോലെ.
8. വിളിക്കുന്നവൻെറ അടുത്തേക്ക് അവർ പാഞ്ഞെത്തും. അന്ന് സത്യനിഷേധികൾ വിലപിക്കും: ഇതൊരു ദുരിതമേറിയ ദിവസം തന്നെ.

8. 'ഇസ്രാഫീൽ' എന്ന മാലാഖയെയാണ് ഇവിടെ 'വിളിക്കുന്നവൻ' എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

9. ഇവർക്കുമുമ്പ് നൂഹിൻെറ ജനതയും സത്യത്തെ നിഷേധിച്ചിട്ടുണ്ട്.അങ്ങനെ അവർ നമ്മുടെ ദാസനെ നിഷേധിക്കുകയും ഭ്രാന്തനെന്ന് ആക്ഷേപിക്കുകയും അദ്ദേഹം വിരട്ടി ഓടിക്കപ്പെടുകയും ചെയ്തു.
10. അപ്പോഴദ്ദേഹം തൻെറ രക്ഷിതാവിനെ വിളിച്ചു പ്രാർഥിച്ചു: ഞാൻ പരാജിതനാകുന്നു. അതിനാൽ എൻെറ രക്ഷയ്ക്കായി നീ നടപടി സ്വീകരിക്കേണമെ.
11. അങ്ങനെ കോരിച്ചൊരിയുന്ന പേമാരിയാൽ നാം ആകാശകവാടങ്ങൾ തുറന്നു.

12. ഭൂമിയെ പിളർത്തി നാം ഉറവകൾ പൊട്ടിയൊഴുക്കി.അങ്ങനെ, നിശ്ചയിക്കപ്പെട്ടു കഴിഞ്ഞ ഒരു കാര്യത്തിന്നായി വെള്ളമൊക്കെയും സന്ധിച്ചു.
13. അദ്ദേഹത്തെ നാം പലകകളും ആണികളുമുള്ള കപ്പലിൽ വഹിച്ചു;

13. അല്ലാഹുവിൻെറ കല്പനപ്രകാരം നൂഹ്(അ) നിർമിച്ച കപ്പലാണുദ്ദേശ്യം.

14. അത്(കപ്പൽ) നമ്മുടെ മേൽനോട്ടത്തിൽ സഞ്ചരിക്കുന്നു.(ജനങ്ങളാൽ)നിഷേധിക്കപ്പെട്ടിരുന്ന ഒരുവനുള്ള ഒരു പ്രതിഫലമത്രെ അത്.
15. ആ കപ്പലിനെ നാം ഒരു ദൃഷ്ടാന്തമായി അവശേഷിപ്പിച്ചിട്ടുണ്ട്. അതിനാൽ ചിന്തിച്ച് പാഠമുൾക്കൊള്ളുന്ന ആരെങ്കിലുമുണ്ടോ?

15. മുസ്ലിംകൾ ഇറാഖും അൽജസീറയും മോചിപ്പിച്ച കാലത്ത് ഈ കപ്പൽ ജൂദിമലമുകളിൽ, ആദ്യ കാല മുസ്ലിംകൾ കണ്ടതായി ഖതാദ റിപ്പോർട്ടുചെയ്യുന്നു.

16. അപ്പോൾ എൻെറ ശിക്ഷയും താക്കീതും എങ്ങനെയായിരുന്നു?
17. തീർച്ചയായും ഈ ഖുർആനെ നാം ഓർക്കുവാൻ എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചുമനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ
18. ആദ് സമുദായം സത്യത്തെ നിഷേധിച്ചു.അപ്പോൾ എൻെറ ശിക്ഷയും താക്കീതും എങ്ങനെ യായിരുന്നു (എന്ന് നോക്കുക.)
19. തീർച്ചയായും വിട്ടുമാറാത്ത ദുശ്ശകുനത്തിൻെറ ഒരു നാളിൽ ഉഗ്രമായ ഒരുകാറ്റിനെ നാം അവരുടെ നേരെ അയച്ചു.
20. കടപുഴകി വീണ ഈത്തപ്പനത്തടിപോലെ അത് ആ ജനത്തെ പിഴുത് മാറ്റിക്കൊണ്ടിരുന്നു.
21. അപ്പോൾ എൻെറ ശിക്ഷയും താക്കീതും എങ്ങനെയായിരുന്നു?
22. തീർച്ചയായും ഈ ഖുർആനെ നാം ഓർക്കുവാൻ എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?
23. ഥമൂദ് സമുദായം താക്കീതുകളെ നിഷേധിച്ചുകളഞ്ഞു.
24. അങ്ങനെ അവർ പറഞ്ഞു: നമ്മുടെ കൂട്ടത്തിലെ ഒരു മനുഷ്യനെ, ഒറ്റപ്പെട്ട ഒരുത്തനെ നാം പിന്തുടരുകയോ? എങ്കിൽ നാം വഴികേടിലും ബുദ്ധിശൂന്യതയിലും അകപ്പെട്ടതുതന്നെ.
25. നമുക്കിടയിൽനിന്ന് അവനു പ്രത്യേകമായി ഉദ്ബോധനം നൽകപ്പെട്ടുവെന്നോ? അല്ല, അവൻ അഹങ്കാരിയായ നുണയനാകുന്നു.
26. എന്നാൽ നാളെ അവരറിയുകതന്നെ ചെയ്യും. ആരാണ് അഹങ്കാരിയും നുണയനുമെന്ന്.
27. (പ്രവാചകൻ സ്വാലിഹിനോട് നാം പറഞ്ഞു)തീർച്ചയായും നാം അവർക്ക് ഒരു പരീക്ഷണ മെന്ന നിലയിൽ നാം ഒരു ഒട്ടകത്തെ അയക്കുകയാണ്. അതിനാൽ നീ അവരെ നിരീക്ഷി ച്ചുകൊള്ളുക. ക്ഷമിക്കുകയും ചെയ്യുക.
28. അവരെ അറിയിക്കുക: കുടിവെള്ളം അവർക്കും ഒട്ടകത്തിനുമിടയിൽ പങ്കുവെയ്ക്കപ്പെട്ടതാ ണ്. ഓരോരുത്തരും തങ്ങളുടെ ഊഴമനുസരിച്ചേ ഹാജറാകാവൂ
29. അങ്ങനെ അവർ തങ്ങളുടെ ചങ്ങാതിയെ വിളിച്ചു. അങ്ങനെ അവൻ ആ കൃത്യം ഏറ്റെടു ത്തു. അവൻ ഒട്ടകത്തെ അറുത്തു.
30. തീർച്ചയായും (അപ്പോൾ നോക്കൂ) നമ്മുടെ ശിക്ഷയും താക്കീതും എങ്ങനെയായിരുന്നു?
31. തീർച്ചയായും നാം അവരുടെ മേൽ ഒറ്റ ഗർജനമയച്ചു. അങ്ങനെ അവർ ആല ഉണ്ടാക്കുന്ന വൻ വിട്ടേച്ച ചുള്ളിക്കമ്പുകൾ പോലെ ആയിത്തീർന്നു.

32. തീർച്ചയായും ഈ ഖുർആനെ നാം ഓർക്കുവാൻ എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ.
33. ലൂത്വിൻെറ ജനത താക്കീതുകൾ തള്ളിക്കളഞ്ഞു.
34. നാം അവരുടെ നേരെ ഒരു ചരൽക്കാറ്റ് അയച്ചു.ലൂത്വിൻെറ കുടുംബമേ അതിൽ നിന്നൊഴി വായുള്ളു. രാത്രിയുടെ അന്ത്യവേളയിൽ നാം അവരെ രക്ഷപ്പെടുത്തി.
35. നമ്മുടെ പക്കൽനിന്നുള്ള അനുഗ്രഹമായിട്ട്.നന്ദി കാണിച്ചവർക്ക് ഇപ്രകാരം നാം പ്രതിഫ ലം നൽകുന്നു.
36. തീർച്ചയായും നമ്മുടെ ശിക്ഷാനടപടിയെക്കുറിച്ച് അദ്ദേഹം അവർക്ക് മുന്നറിയിപ്പ് നൽകി യിട്ടുണ്ടായിരുന്നു. അപ്പോൾ അവർ താക്കീതുകൾ സംശയിച്ച് തള്ളുകയാണ് ചെയ്തത്.
37. അവർ അദ്ദേഹത്തോട്(ലൂത്വിനോട്) തൻെറ അതിഥികളെ (ദുർവൃത്തിക്കായി)വിട്ടു കൊടു ക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ നാം അവരുടെ കണ്ണുകളെ തുടച്ചുനീക്കി. (നാം അവരോ ട് പറഞ്ഞു) 'എൻെറ ശിക്ഷയും താക്കീതും ആസ്വദിച്ചുകൊള്ളുക'.
38. പ്രഭാതത്തോടെ അവർക്ക് സുസ്ഥിരമായ ശിക്ഷ വന്നെത്തുകതന്നെ ചെയ്തു.
39. (നാം അവരോട് പറഞ്ഞു) എൻെറ ശിക്ഷയും താക്കീതുകളും നിങ്ങൾ രുചിച്ചുനോക്കു വിൻ.
40. തീർച്ചയായും ഈ ഖുർആനെ നാം ഓർക്കുവാൻ എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ
41. ഫിർഔൻെറ പ്രഭൃതികളിലും മുന്നറിയിപ്പുകാർ വന്നിരുന്നു.
42. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെയൊക്കെ നിഷേധിച്ചു.ഒടുവിൽ അവരെ നാം പിടികൂടി, പ്രതാപശാലിയും ശക്തിയുറ്റവനുമായ ഒരുത്തൻെറ പിടികൂടൽ പോലെ
43. (അല്ലയോ ഖുറൈശികളേ) നിങ്ങളുടെ കൂട്ടത്തിലെ സത്യനിഷേധികൾ അവരെക്കാളൊക്കെ നല്ലവരാണോ? അതല്ലെങ്കിൽ വേദപ്രമാണങ്ങളിൽ നിങ്ങൾക്ക് മാത്രം വല്ല ഇളവുമുണ്ടോ?
44. അല്ലെങ്കിൽ, അവർ പറയുന്നുവോ; ഞങ്ങൾ സ്വയം രക്ഷപ്രാപിച്ചുകൊള്ളാൻ കഴിവുള്ള പ്രബല സംഘമാണെന്ന്.
45. എന്നാൽ അടുത്തുതന്നെ ഈ സംഘം പരാജയപ്പെടുന്നതും അവർ പിന്തിരിഞ്ഞു ഓടുന്നതു മാണ്.

---

45. ഈ വചനം അവതരിച്ച് ഏഴാണ്ടുകൾക്കുശേഷം നടന്ന ബദ്ർ യുദ്ധത്തിൽ സത്യനിഷേധികൾ തോ റ്റോടി. അന്ന് സായുധനായി മുന്നേറുമ്പോൾ നബി(സ) ഈ വാക്യങ്ങൾ ഉരുവിട്ടിരുന്നു.

---

46. എന്നാൽ ഉയിർത്തെഴുന്നേൽപ്നാളാകുന്നു അവരുടെ വാഗ്ദത്തസമയം. ആ അന്ത്യ സമയം ഏറ്റവും ആപൽക്കരവും അത്യന്തം കയ്പേറിയതുമാകുന്നു
47. തീർച്ചയായും ഈ കുറ്റവാളികൾ വ്യക്തമായ വഴികേടിലും തികഞ്ഞ ബുദ്ധിശൂന്യതയിലു മാകുന്നു.
48. ഇവരെ മുഖം നിലത്തു കുത്തിയവരായി നരകാഗ്നിയിലേക്ക് വലിച്ചിഴക്കുന്ന ദിവസം. (അന്ന് അവരോട് പറയപ്പെടും:) നരകത്തിൻെറ സ്പർശനം രുചിക്കുവിൻ.
49. തീർച്ചയായും നാം ഓരോ വസ്തുവെയും സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ പ്രകാരമാ ണ്.
50. നമ്മുടെ കല്പന ഒരൊറ്റ ഉത്തരവാണ്. കണ്ണിൻെറ ഇമവെട്ടൽ പോലെ.

51. (സത്യനിഷേധികളേ)തീർച്ചയായും നിങ്ങളുടെ നിരവധി കക്ഷികളെ നാം നശിപ്പിച്ചിട്ടുണ്ട്. എന്നാൽ ഉദ്ബോധനം സ്വീകരിക്കുന്നവർ ആരെങ്കിലുമുണ്ടോ?
52. അവർ ചെയ്ത കാര്യങ്ങളൊക്കെയും രേഖകളിലുണ്ട്.
53. ഏതു ചെറിയ കാര്യവും വലിയ കാര്യവും രേഖപ്പെടുത്തുന്നുണ്ട്.
54. സുകൃതികൾ തീർച്ചയായും സ്വർഗീയാരാമങ്ങളിലും അരുവികളിലുമായിരിക്കും.
55. സത്യത്തിന്റെ ഇരിപ്പിടത്തിൽ. സർവശക്തനായ രാജാധിരാജന്റെ സന്നിധിയിൽ!

***********

## അധ്യായം 55

# അര്‍റഹ്മാന്‍. (പരമകാരുണികന്‍)

**അവതരണം മക്കയില്‍, വചനങ്ങള്‍ 78**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍

1. പരമകാരുണികന്‍
2. ഈ ഖുര്‍ആന്‍ പഠിപ്പിച്ചു.
3. അവന്‍ മനുഷ്യനെ സൃഷ്ടിച്ചു.
4. അവനെ സംസാരം അഭ്യസിപ്പിച്ചു.
5. സൂര്യനും ചന്ദ്രനും നിര്‍ണ്ണയിക്കപ്പെട്ട കണക്കനുസരിച്ചാണ് സഞ്ചരിക്കുന്നത്
6. ചെടികളും മരങ്ങളും അവനെ വണങ്ങുന്നു.
7. ആകാശം. അവന്‍ അതിനെ ഉയര്‍ത്തി; തുലാസ്സ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.
8. നിങ്ങള്‍ തുലാസ്സില്‍ കൃത്രിമം കാണിക്കാതിരിക്കാന്‍.
9. നിങ്ങള്‍ നീതിപൂര്‍വ്വം തൂക്കം ശരിയാക്കുവിന്‍. തൂക്കത്തില്‍ കമ്മിവരുത്തരുത്.
10. ഭൂമിയും. അവന്‍ അതിനെ സൃഷ്ടികള്‍ക്കൊക്കെയുമായി സംവിധാനിച്ചു.
11. അതില്‍ ധാരാളം പഴങ്ങളുണ്ട്. കൊതുമ്പുള്ള ഈത്തപ്പനകളുമുണ്ട്.
12. വൈക്കോലോടു കൂടിയ ധാന്യങ്ങളും സുഗന്ധദ്രവ്യങ്ങളുമുണ്ട്.
13. അപ്പോള്‍ നിങ്ങള്‍ ഇരുവിഭാഗത്തിന്‍റെയും(മനുഷ്യവംശത്തിന്‍റെയും, ജിന്നുവംശത്തിന്‍റെ യും) രക്ഷിതാവ്ചെയ്ത ഏതനുഗ്രഹത്തെയാണ് നിങ്ങള്‍ നിഷേധിക്കുന്നത്?
14. കലം പോലെ മുട്ടിയാല്‍ മുഴങ്ങുന്ന കളിമണ്ണില്‍നിന്ന് അവന്‍ മനുഷ്യനെ സൃഷ്ടിച്ചു.
15. പുകയില്ലാത്ത ഒരു തീനാളത്തില്‍നിന്ന് ജിന്നിനെയും അവന്‍ സൃഷ്ടിച്ചു.
16. അപ്പോള്‍നിങ്ങള്‍ ഇരുവിഭാഗത്തിന്‍റെയും രക്ഷിതാവ്ചെയ്ത ഏതനുഗ്രഹത്തെയാണ് നിങ്ങള്‍ നിഷേധിക്കുന്നത്?
17. രണ്ട് ഉദയസ്ഥാനങ്ങളുടെ രക്ഷിതാവും രണ്ട് അസ്തമയസ്ഥാനങ്ങളുടെ രക്ഷിതാവും അവ നത്രെ.
18. അപ്പോള്‍ നിങ്ങള്‍ ഇരുവിഭാഗത്തിന്‍റെയും രക്ഷിതാവ്ചെയ്ത ഏതനുഗ്രഹത്തെയാണ് നിങ്ങള്‍ നിഷേധിക്കുന്നത്?
19. അവന്‍ രണ്ടു സമുദ്രങ്ങളെ അവ പരസ്പരം കൂടിച്ചേരത്തക്കവിധം അഴിച്ചുവിട്ടിരിക്കുന്നു.
20. അവ അന്യോന്യം അതിക്രമിച്ചു കടക്കാതിരിക്കാന്‍ അവരണ്ടിനുമിടയ്ക്ക് ഒരു തര്‍സ്സ മുണ്ട്.
21. അപ്പോള്‍ നിങ്ങളിരുവരുടെയും രക്ഷിതാവിന്‍റെ ഏതനുഗ്രഹത്തെയാണ് നിങ്ങള്‍ നിഷേധി ക്കുന്നത്?
22. അവ രണ്ടില്‍നിന്നും മുത്തും പവിഴവും പുറത്ത് വരുന്നു.
23. അപ്പോള്‍ നിങ്ങളിരുകൂട്ടരുടെയും നാഥന്‍റെ ഏതനുഗ്രഹത്തെയാണ് നിങ്ങള്‍ തള്ളിപ്പറയു ന്നത്?
24. സമുദ്രത്തില്‍(സഞ്ചരിക്കുന്ന), പര്‍വതം പോലെ ഉയരമുള്ള കപ്പലുകള്‍ അവന്‍റെ നിയന്ത്ര ണത്തിലാകുന്നു.
25. അപ്പോള്‍ നിങ്ങള്‍ ഇരുവിഭാഗത്തിന്‍റെയും രക്ഷിതാവ്ചെയ്ത ഏതനുഗ്രഹത്തെയാണ് നിങ്ങള്‍ നിഷേധിക്കുന്നത്?

26. അവിടെ (ഭൂമിയിൽ) ഉള്ളതൊക്കെയും നശിച്ചുപോകുന്നതാകുന്നു.
27. പ്രൗഢവും ഉദാരനുമായ നിൻെറ രക്ഷിതാവിൻെറ അസ്ॅതിത്വം മാത്രം അവശേഷിക്കുന്നതാണ്.
28. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
29. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ തങ്ങളുടെ ആവശ്യങ്ങൾ അവനോട് ചോദിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ അവനെന്നും കാര്യനിർവഹണത്തിലാണ്.
30. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുക.
31. ഭാരിച്ച രണ്ട്‌വിഭാഗങ്ങളേ, (ജിന്നുകളേ,മനുഷ്യരേ) നിങ്ങൾക്കായി (വിചാരണ ചെയ്യാൻ അടുത്തുതന്നെ) നാം ഒഴിഞ്ഞിരിക്കുന്നതാണ്.
32. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
33. ജിന്നുകളുടെയും, മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങളുടെയും ഭൂമിയുടെയും അതിരുകൾ ഭേദിച്ച് പുറത്തു കടന്നുപോകാനാകുമെങ്കിൽ നിങ്ങൾ കടന്നുപോകുവിൻ. നിങ്ങൾക്കു പുറത്തുകടക്കാനാവില്ല. ഒരധികാരം ലഭിച്ചാലല്ലാതെ.
34. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
35. (കടന്നുപോകാനൊരുമ്പെട്ടാൽ) നിങ്ങൾ ഇരുവിഭാഗത്തിൻെറയും നേരെ തീജ്വാലയും പുകയും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് രക്ഷാമാർഗം ലഭിക്കുന്നതല്ല
36. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
37. ആകാശം പൊട്ടിപ്പിളരുകയും അങ്ങനെ അത് ചുവന്ന പുഷ്പംപോലെ ചുവക്കുകയും ചെയ്താൽ.
38. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
39. അന്നേ ദിവസം മനുഷ്യനോടോ ജിന്നിനോടോ അവൻെറ പാപത്തെക്കുറിച്ചു ചോദ്യം ചെയ്യപ്പെടുകയില്ല.
40. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
41. കുറ്റവാളികളെ അവരുടെ ലക്ഷണങ്ങൾ കൊണ്ടുതന്നെ തിരിച്ചറിയപ്പെടും.എന്നിട്ട് അവരുടെ കുടുമയിലും പാദങ്ങളിലും പിടിച്ച് വലിച്ചിഴച്ച് കൊണ്ടുപോകും.
42. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
43. ഇതത്രെ പാപികൾ കളവാക്കുന്ന നരകം.
44. അതിനും തിളച്ചുമറിയുന്ന ചുടുവെള്ളത്തിനുമിടയിൽ അവർ കറങ്ങിക്കൊണ്ടിരിക്കും.
45. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
46. തൻെറ രക്ഷിതാവിൻെറ സന്നിധിയെ ഭയപ്പെട്ടവന്ന് രണ്ട് സ്വർഗീയാരാമങ്ങളുണ്ട്

47. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
48. നിരവധി സുഖൈശ്വര്യങ്ങളുള്ള രണ്ടു സ്വർഗത്തോപ്പുകൾ.
49. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
50. അവ രണ്ടിലും ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ടരുവികളുണ്ട്‌.
51. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
52. അവ രണ്ടിലും ഓരോ പഴവര്‍ഗത്തിൽനിന്നുമുള്ള ഈരണ്ടു ഇനങ്ങളുണ്ട്‌.
53. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
54. അവർ ചില മെത്തകളിൽ ചാരിയിരിക്കുന്നവരായിരിക്കും. അവയുടെ ഉൾതലങ്ങൾ കട്ടികൂടിയ പട്ടുകൊണ്ടുള്ളതായിരിക്കും. രണ്ടുദ്യാനത്തിലെയും കായ്‌കനികൾ താഴ്‌ന്നു നിൽക്കുകയായിരിക്കും.
55. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
56. (വിനയത്താൽ) ദൃഷ്‌ടികൾ നിയന്ത്രിക്കുന്ന തരുണികളുണ്ടായിരിക്കും. അവർക്ക്‌ മുമ്പ്‌ മനുഷ്യനോ ജിന്നോ അവരെ സ്‌പർശിച്ചിട്ടില്ല.
57. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
58. അവർ മുത്തും പവിഴവുമെന്നോണം അഴകേറിയവരാകുന്നു.
59. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
60. നന്മയുടെ പ്രതിഫലം, നന്മയല്ലാതെയുണ്ടോ?
61. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
62. അവ രണ്ടിനും പുറമെ വേറെയും രണ്ടു സ്വർഗത്തോപ്പുകളുണ്ട്‌.
63. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
64. കടുംപച്ചയണിഞ്ഞ രണ്ടു സ്വർഗീയാരാമങ്ങൾ.
65. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
66. അവ രണ്ടിലും കുതിച്ചൊഴുകുന്ന രണ്ട്‌ അരുവികളുണ്ട്‌.
67. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
68. അവ രണ്ടിലും പലയിനം പഴങ്ങളുണ്ട്‌. ഈത്തപ്പനകളും ഉറുമാൻ പഴങ്ങളുമുണ്ട്‌
69. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
70. അവയിൽ സുന്ദരികളായ സുശീല തരുണികളുണ്ട്‌.

71. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
72. അവർ കൂടാരങ്ങളിൽ ഒതുക്കി നിർത്തപ്പെട്ട ഹൂറികളാണ്‌.
73. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
74. അവർക്കു മുമ്പ്‌ മനുഷ്യനോ ജിന്നോ അവരെ സ്‌പർശിച്ചിട്ടില്ല.
75. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
76. പച്ചനിറമുള്ള തലയണകളിലും സുന്ദരമായ പരവതാനികളിലും ചാരിക്കിടക്കുന്നവരായിരിക്കും അവർ.
77. എന്നിട്ടും നിങ്ങളിരുകൂട്ടരുടെയും രക്ഷിതാവിൻെറ ഏതനുഗ്രഹത്തെയാണ്‌ നിങ്ങൾ നിഷേധിക്കുന്നത്‌?
78. മഹോന്നതനും അത്യുദാരനുമായ നിൻെറ രക്ഷിതാവിൻെറ നാമം അനുഗ്രഹീതമായിരിക്കട്ടെ.

**********

## അധ്യായം 56

# അൽവാഖിഅ. (സംഭവം)

**അവതരണം മക്കയിൽ, വചനങ്ങാം 96.**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ആ സംഭവം സംഭവിച്ചാൽ.
2. അതിൻെറ സംഭവ്യതയെ നിഷേധിക്കുന്ന ആരും ഉണ്ടായിരിക്കുകയില്ല.
3. (ആ സംഭവം)ചിലരെ താഴ്ത്തുന്നതും ചിലരെ ഉയർത്തുന്നതുമായിരിക്കും.
4. അപ്പോാം ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും;
5. പർവതങ്ങാം തരിപ്പണമാക്കപ്പെടുകയും;
6. അങ്ങനെ അവ പാറിപ്പറക്കുന്ന ധൂളിയായിത്തീരുകയും;
7. നിങ്ങാം മൂന്ന് തരക്കാരായി മാറുകയും ചെയ്യുന്നു.
8. എന്നാൽ വലതു പക്ഷക്കാർ! എന്താണ് വലതു പക്ഷക്കാരുടെ അവസ്ഥ?
9. ഇടതു പക്ഷക്കാരും! എന്താണ് ഇടതു പക്ഷക്കാരുടെ അവസ്ഥ?
10. (സത്യവിശ്വാസത്തിലും സൽപ്രവൃത്തികളിലും) മുന്നേറിയവർ (പരലോകത്തും) മുൻനിരക്കാർ തന്നെ!
11. അവരാകുന്നു ദൈവസാമീപ്യം സിദ്ധിച്ചവർ.
12. അനുഗ്രഹീതമായ സ്വർഗീയാരാമങ്ങളിൽ വസിക്കുന്നവർ.
13. പൂർവ്വികന്മാരിൽനിന്ന് ഒരു വിഭാഗവും
14. പിൻഗാമികളിൽനിന്ന് കുറച്ചു പേരുമത്രെ ഇവർ.
15. അവർ (കനകവും രത്നങ്ങളും) തുന്നിച്ചേർക്കപ്പെട്ട കട്ടിലുകളിലായിരിക്കും.
16. അവയിലവർ പരസ്പരം അഭിമുഖമായി ചാരിയിരിക്കുന്നവരായിരിക്കും.
17. അവർക്കിടയിൽ നിത്യ ജീവിതമുള്ള ബാലന്മാർ ചുറ്റിനടക്കും
18. ശുദ്ധ പാനീയം നിറച്ച കോപ്പകളും കൂജകളും ചഷകങ്ങളുമായി.
19. അതവർക്ക് തല വേദനയോ ലഹരിയോ ഉണ്ടാക്കുകയില്ല.
20. അവർ യഥേഷ്ടം തെരെഞ്ഞെടുക്കുന്ന പലതരം പഴങ്ങളുമുണ്ടായിരിക്കും.
21. അവരാഗ്രഹിക്കുന്ന പക്ഷിമാംസങ്ങളും.
22. വിശാലാക്ഷികളായ സുന്ദരിമാരും.
23. മൂടിവെയ്ക്കപ്പെട്ട പവിഴങ്ങാംക്ക് സദൃശങ്ങളായ.
24. ഇഹലോകത്ത് ചെയ്തുകൊണ്ടിരുന്ന സൽക്കർമങ്ങാംക്കുള്ള പ്രതിഫലമായി.
25. അവരവിടെ അപശബ്ദങ്ങളോ പാഴ്വാക്കുകളോ കോംക്കുകയില്ല.
26. സമാധാനം! സമാധാനം! എന്ന വാക്കല്ലാതെ.
27. വലതുപക്ഷക്കാർ! എന്താണ് ഈ വലതുപക്ഷക്കാരുടെ അവസ്ഥ?
28. മുള്ളില്ലാത്ത ഇലന്തമരങ്ങാംക്കിടയിലും
29. പടലകളുള്ള കുലകളോടു കൂടിയ വാഴ,
30. വിശാലമായ തണൽ,
31. സദാ ഒഴുകിക്കൊണ്ടിരിക്കുന്ന തെളിനീർ,
32. ധാരാളം പഴങ്ങാം;
33. അവയോ ഒരിക്കലും അവസാനമില്ലാത്തതും (വിതരണം)തടയപ്പെടാത്തവയുമത്രെ,

34. ഉന്നതമായ മെത്തകളും. (എന്നീ സുഖാനന്ദങ്ങളിലായിരിക്കും അവർ )
35. തീർച്ചയായും അവരെ(അവർക്കുള്ള ഇണകളെ) ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചിരിക്കുകയാണ്.
36. നാം അവരെ നിത്യ കന്യകകളാക്കിയിരിക്കുന്നു.
37. സ്നേഹവതികളും സമപ്രായക്കാരും.
38. ഇതൊക്കെയും വലതുപക്ഷക്കാർക്കുള്ളതാണ്.
39. അവർ മുൻഗാമികളിൽനിന്ന് വളരെപ്പേരുണ്ട്.
40. പിൻഗാമികളിൽനിന്ന് ഒരു വിഭാഗവും ആയിരിക്കും അവർ.
41 ഇടതുപക്ഷക്കാർ! എന്താണ് ഇടതുപക്ഷത്തിൻെറ അവസ്ഥ?
42. ഒരു തീക്കാറ്റിൻെറയും ചുട്ടുതിളക്കുന്ന ജലത്തിൻെറയും ഇടയി(ലായിരിക്കും അവർ).
43. കരിമ്പുകയുടെ ഇരുണ്ട നിഴലിലും,
44. ശീതളമല്ല, ആശ്വാസപ്രദവും അല്ല.
45. കാരണം,തീർച്ചയായും അവർ അതിനുമുമ്പ് സുഖലോലുപന്മാരായിരുന്നു
46. ഗുരുതരമായ പാപത്തിൽ അവർ ഉറച്ചുനിന്നിരുന്നു.
47. അവർ പറഞ്ഞുകൊണ്ടിരുന്നു; ഞങ്ങൾ മരിച്ച് മണ്ണും എല്ലുമായി മാറിയാൽ പിന്നെ വീണ്ടും ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?
48. ഞങ്ങളുടെ പൂർവ പിതാക്കളും?
49. നീ പറയുക: ഉറപ്പായും മുൻഗാമികളും പിൻഗാമികളും;
50. ഒരു നിശ്ചിത നാളിലെ നിശ്ചിത സമയത്ത് ഒരുമിച്ച് ചേർക്കപ്പെടുകതന്നെ ചെയ്യും.
51. എന്നിട്ട്, അല്ലയോ സത്യനിഷേധികളായ ദുർമാർഗികളേ,
52. നിശ്ചയമായും നിങ്ങൾ സഖൂം വൃക്ഷത്തിൽനിന്ന് ഭക്ഷിക്കുന്നവരാകുന്നു.
53. അങ്ങനെ നിങ്ങളതുകൊണ്ട് വയറുനിറയ്ക്കും.
54. അതിനു മീതെ തിളവെള്ളത്തിൽനിന്നും കുടിക്കുന്നതുമാണ്.
55. ദാഹിച്ചു വലഞ്ഞ ഒട്ടകത്തെപ്പോലെ നിങ്ങളതു കുടിക്കും.
56. വിധിദിനം അവർക്കുള്ള സൽക്കാരമതായിരിക്കും.
57. നാമാണ് നിങ്ങളെ സൃഷ്ടിച്ചത്.എന്നിട്ടും നിങ്ങളെന്താണ്(എൻെറസന്ദേശങ്ങളെ)സത്യമായി അംഗീകരിക്കാത്തത്?
58. നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ?
59. നിങ്ങളാണോ അത് സൃഷ്ടിക്കുന്നത്, അതല്ല നാമാണോ?
60. നാം തന്നെയാണ് നിങ്ങൾക്കിടയിൽ മരണം വിധിച്ചത്.നാം മറികടക്കപ്പെടുന്നവനല്ല.
61. നിങ്ങൾക്കു പകരം നിങ്ങളെപ്പോലുള്ളവരെ കൊണ്ടുവരികയും നിങ്ങൾക്ക് അറിയാത്തതായ മറ്റുരൂപത്തിൽ നിങ്ങളെ (വീണ്ടും)സൃഷ്ടിക്കാനും നമുക്കു കഴിയും.
62. ആദ്യത്തെ സൃഷ്ടിയെ സംബന്ധിച്ച് തീർച്ചയായും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. എന്നിട്ടും നിങ്ങൾ ചിന്തിച്ചു പാഠമുൾക്കൊള്ളാത്തത് എന്ത്?
63. നിങ്ങൾ കൃഷിചെയ്യുന്നതിനെപറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?
64. അതിനെ മുളപ്പിച്ചു വളർത്തുന്നത് നിങ്ങളാണോ? അതല്ല നാമാണോ അതിനെ മുളപ്പിച്ചു വളർത്തുന്നവൻ?
65. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനെ(വിളയെ)തുരുമ്പാക്കിമാറ്റുമായിരുന്നു.അപ്പോൾ നിങ്ങൾ നിരാശയോടെ പറയുമായിരുന്നു:

66. തീർച്ചയായും ഞങ്ങൾ കടബാധിതർ ആയല്ലോ.
67. അല്ല, ഞങ്ങൾ (ഉപജീവന മാർഗം) തടയപ്പെട്ടവരാകുന്നു.
68. നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?
69. നിങ്ങളാണോ അത് മേഘത്തിൽനിന്ന് വർഷിച്ചത്? അതല്ല, വർഷിക്കുന്നവൻ നാമോ?
70. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ(മഴവെള്ളത്തെ) ഉപ്പുവെള്ളമാക്കി മാറ്റുമായിരുന്നു. എന്നിട്ടും നിങ്ങൾ നന്ദികാണിക്കാത്തതെന്ത്?
71. നിങ്ങൾ കത്തിക്കുന്ന തീയിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?
72. നിങ്ങളാണോ അതിൻെറ മരം സൃഷ്ടിച്ചുണ്ടാക്കിയത്? അതല്ല നാമാണോസൃഷ്ടിച്ചുണ്ടാക്കിയവൻ?
73. നാമതിനെ ഒരനുസ്മരണോപാധിയും ആവശ്യക്കാർക്ക് ജീവിതവിഭവവുമാക്കിയിരിക്കുന്നു.
74. ആകയാൽ നിൻെറ മഹാനായ രക്ഷിതാവിൻെറ നാമത്തെ നീ വാഴ്ത്തുക.
75. അല്ല. നക്ഷത്ര സ്ഥാനങ്ങളെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു.
76. ഇത് മഹത്തായ സത്യം തന്നെ, തീർച്ച. നിങ്ങൾ അറിയുന്നുവെങ്കിൽ.
77. തീർച്ചയായും ഇത് ആദരണീയമായ ഖുർആൻ തന്നെയാകുന്നു.
78. സുരക്ഷിതമായി സൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ.
79. പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല.
80. ലോകരക്ഷിതാവിങ്കൽനിന്ന് അവതരിക്കപ്പെട്ടതത്രെ അത്.
81. അങ്ങനെയുള്ള ഈ വചനങ്ങളോടാണോ നിങ്ങൾ നിസ്സംഗതപുലർത്തുന്നത്
82. ഈ അനുഗ്രഹത്തിൽ നിങ്ങളുടെ പങ്ക് അതിനെ കള്ളമാക്കി തള്ളലാണോ?
83. എന്നാൽ അത്(ജീവൻ) തൊണ്ടക്കുഴിയിൽ എത്തുമ്പോൾ നിങ്ങൾക്ക് എന്തുകൊണ്ട് (അതിനെ പിടിച്ചുനിർത്താനാവുന്നില്ല.)
84. തത്സമയം (അവൻ മരിച്ചുകൊണ്ടിരിക്കുന്നത്) നിങ്ങൾ (നിസ്സഹായരായി)നോക്കി നിൽക്കാറുണ്ടല്ലോ.
85. നിങ്ങളേക്കാൾ നാമാണ് അവനോട് ഏറെ അടുത്തവൻ.എന്നാൽ നിങ്ങളത്കണ്ടറിയുന്നില്ല.
86. അഥവാ, നിങ്ങൾ ദൈവിക നിയമത്തിന് വിധേയരല്ലാത്തവരാണെങ്കിൽ.
87. നിങ്ങൾക്കെന്തുകൊണ്ട് ആ(ജീവനെ) മടക്കി എടുക്കാനാവുന്നില്ല. നിങ്ങൾ സത്യവാദികളാണെങ്കിൽ.
88. അപ്പോൾ അവൻ(മരിച്ചവൻ) ദൈവസാമീപ്യം സിദ്ധിച്ചവനാണെങ്കിൽ,
89. അവന് അവിടെ സൗഖ്യവും വിശിഷ്ട വിഭവവും അനുഗ്രഹീതമായ സ്വർഗത്തോപ്പും ഉണ്ടായിരിക്കും.
90. അഥവാ, അവൻ വലതുപക്ഷക്കാരിൽ പെട്ടവനാണെങ്കിൽ,
91. വലതു പക്ഷക്കാരിൽ പെട്ട നിനക്കു സമാധാനം എന്ന് സ്വാഗതം ചെയ്യപ്പെടും.
92. ഇനി അവൻ ദുർമാർഗികളായ സത്യനിഷേധികളിൽ പെട്ടവനാണെങ്കിലോ.
93. ചുട്ടുതിളക്കുന്ന വെള്ളം കൊണ്ടുള്ള സൽക്കാരവും.
94. നരകത്തിൽ വെച്ചുള്ള ചുട്ടെരിക്കലുമാണ് (അവന്നുള്ളത്).
95. തീർച്ചയായും ഇത് സുദൃഢമായ സത്യം തന്നെയാണ്.
96. അതിനാൽ നീ നിൻെറ മഹാനായ രക്ഷിതാവിൻെറ നാമം വാഴ്ത്തുക.

---

*********

## അധ്യായം 57

# അൽഹദീദ്. (ഇരുമ്പ്)

**അവതരണം മദീനയിൽ, വചനങ്ങൾ 29**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിനെ വാഴ്ത്തിടുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ.
2. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവന്നാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാറ്റിനും കഴിവുറ്റവനത്രെ.
3. ആദ്യനും അന്ത്യനും, പ്രത്യക്ഷമായവനും പരോക്ഷമായവനും അവൻ തന്നെ. അവൻ സർവകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനുമാണ്.
4. അവനത്രെ ആകാശങ്ങളെയും ഭൂമിയെയും ആറു നാളിൽ സൃഷ്ടിച്ചത്. പിന്നെ അവൻ സിംഹാസനസ്ഥനായി.ഭൂമിയിൽ പ്രവേശിക്കുന്നതും അതിൽനിന്ന് പുറപ്പെടുന്നതും ആകാശത്തുനിന്നിറങ്ങുന്നതും അതിലേക്കു കയറിപ്പോകുന്നതും അവനറിയുന്നു.നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളോടൊപ്പമുണ്ട്. അല്ലാഹു നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതൊക്കെ കണ്ടുകൊണ്ടിരിക്കുന്നവനാകുന്നു.
5. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവൻേറതാണ്. സകലകാര്യങ്ങളും മടക്കപ്പെടുന്നതും അല്ലാഹുവിലേക്കാണ് .
6. അവൻ രാവിനെ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. അവൻ ഹൃദയരഹസ്യങ്ങൾ പോലും അറിയുന്നവനാണ്.
7. നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും അവൻ നിങ്ങളെ ഏതൊരു സ്വത്തിൽ അവകാശികളാക്കിയിട്ടുണ്ടോ അതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങളിൽനിന്ന് സത്യവിശ്വാസം സ്വീകരിക്കുകയും ദൈവമാർഗത്തിൽ ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്കു മഹത്തായ പ്രതിഫലമുണ്ട്.
8. അല്ലാഹുവിൽ വിശ്വസിക്കാതിരിക്കാൻ നിങ്ങൾക്കെന്തുണ്ട് ന്യായം? നിങ്ങളുടെ രക്ഷിതാവിൽ നിങ്ങൾ വിശ്വസിക്കുന്നതിന് ദൈവദൂതൻ നിങ്ങളെ വിളിക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങളുടെ ഉറപ്പ് വാങ്ങിയിട്ടുമുണ്ട്. നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ!
9. തൻെറ ദാസന് സുവ്യക്തമായ സൂക്തങ്ങൾ അവതരിപ്പിച്ചുകൊടുക്കുന്നത് അവനാണ്. നിങ്ങളെ ഇരുട്ടുകളിൽനിന്നും പ്രകാശത്തിലേക്ക്നയിക്കുവാൻ. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയധികം ദയാലുവും കാരുണ്യവാനും തന്നെയാണ്.
10. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനുള്ളതായിരിക്കെ അല്ലാഹുവിൻെറ മാർഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്കെന്താണ് ന്യായം? നിങ്ങളിൽ മക്കാവിജയത്തിനുമുമ്പെ ചെലവഴിക്കുകയും സമരം നടത്തുകയും ചെയ്തവരും (അല്ലാത്തവരും) സമമാവുകയില്ല. അവർക്ക്, അതിനുശേഷം ചെലവഴിക്കുകയും സമരം നടത്തുകയും ചെയ്തവരെക്കാളേറെ മഹത്തായ പദവിയുണ്ട്. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റി നന്നായറിയുന്നവാണ് അല്ലാഹു.
11. അല്ലാഹുവിന് നല്ല കടം കൊടുക്കുവാൻ ആരുണ്ട്? എങ്കിൽ അല്ലാഹു അവനുവേണ്ടി അത് അനേകമിരട്ടിയാക്കുന്നതാണ്. അവന് ഉദാരമായ പ്രതിഫലവും ഉണ്ട്.

12. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും അവരുടെ പ്രകാശം അവരുടെ മുമ്പി ലും അവരുടെ വലതുവശത്തും സഞ്ചരിക്കുന്നതായി നീ കാണുന്ന ദിവസം. (അന്നവരോ ട്‌)പറയപ്പെടും: ഇന്നു നിങ്ങള്‍ക്കുള്ള സന്തോഷവാര്‍ത്ത താഴ്‌ഭാഗത്തുകൂടെ അരുവികളൊ ഴുകുന്ന സ്വര്‍ഗീയാരാമങ്ങളെപ്പറ്റിയാകുന്നു. നിങ്ങളതില്‍ നിത്യവാസികളായിരിക്കും. അതു തന്നെയാണ്‌ മഹത്തായ വിജയം.

13. കപടവിശ്വാസികളും കപടവിശ്വാസിനികളും സത്യവിശ്വാസികളോട്‌ ഇങ്ങനെ പറയുന്ന ദിവസം: നിങ്ങള്‍ ഞങ്ങള്‍ക്കായി കാത്തുനില്‍ക്കണേ, നിങ്ങളുടെ വെളിച്ചത്തില്‍നിന്ന്‌ ഇത്തിരി ഞങ്ങളും അനുഭവിക്കട്ടെ. (അപ്പോള്‍ അവരോട്‌) പറയപ്പെടും:''നിങ്ങള്‍ നിങ്ങ ളുടെ പിറകിലേക്കുതന്നെ മടങ്ങുക. എന്നിട്ട്‌ പ്രകാശം അന്വേഷിക്കുക''. അപ്പോള്‍ അവര്‍ക്കിട യില്‍ ഒരു ഭിത്തി ഉയര്‍ത്തപ്പെടും. അതിനൊരു വാതിലുണ്ടായിരിക്കും. അതി നകത്ത്‌ കാരുണ്യവും പുറത്ത്‌ ശിക്ഷയുമായിരിക്കും.

14. അവര്‍(കപടന്മാര്‍) അവരെ (സത്യവിശ്വാസികളെ) വിളിച്ചു ചോദിക്കും: ഞങ്ങള്‍ നിങ്ങളു ടെ കൂടെയായിരുന്നില്ലേ? അവര്‍(സത്യവിശ്വാസികള്‍)പറയും:അതെ.പക്ഷേ, നിങ്ങള്‍ നിങ്ങ ളെത്തന്നെ നാശത്തിലാഴ്ത്തുകയും അവസരവാദമനുവര്‍ത്തിക്കുകയും സംശയിക്കുകയും അല്ലാഹുവിന്‍റെ കല്‍പന(മരണം) വന്നെത്തുന്നതുവരെ വ്യാമോഹം നിങ്ങളെ വഞ്ചിതരാക്കു കയും ചെയ്തു അല്ലാഹുവിന്‍റെ കാര്യത്തില്‍ പരമവഞ്ചകനായ പിശാച്‌ നിങ്ങളെ വഞ്ചിച്ചു കളഞ്ഞു.

15. അതുകൊണ്ട്‌ ഈ ദിനം നിങ്ങളില്‍(കപടവിശ്വാസികളില്‍)നിന്നും, സത്യനിഷേധികളില്‍നി ന്നും പ്രായശ്ചിത്തം സ്വീകരിക്കുന്നതല്ല. നിങ്ങളുടെ വാസസ്ഥലം നരകമാകുന്നു. അതുത ന്നെയാണ്‌ നിങ്ങളുടെ അഭയസ്ഥാനം. എത്ര ചീത്തയായ മടക്കസ്ഥാനം.

16. സത്യവിശ്വാസികള്‍ക്ക്‌ ദൈവസ്മരണയാല്‍ ഹൃദയം ഭയഭക്തിനിര്‍ഭരമാകുന്നതിനും അവതീര്‍ണ മായ സത്യം അനുസരിക്കുന്നതിനും തങ്ങള്‍ക്ക്‌ മുമ്പ്‌ വേദം നല്‍കപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമായില്ലേ? അങ്ങനെ അവര്‍ക്ക്‌ (ആ കപടന്മാര്‍ക്ക്‌) കാലമേറെ കടന്നുപോയപ്പോള്‍ അവരുടെ ഹൃദയങ്ങള്‍ കടുത്തുപോയി. അവരിലേറെപ്പേരും പാപികളാ യിത്തീര്‍ന്നിരിക്കുന്നു.

17. ഗ്രഹിച്ചിരിക്കുക: അല്ലാഹു ഭൂമിയെ അതിന്‍റെ മൃതാവസ്ഥക്കുശേഷം ജീവസ്സുറ്റതാക്കുന്നു. തീര്‍ച്ചയായും നാം നിങ്ങള്‍ക്ക്‌ ദൃഷ്‌ടാന്തങ്ങള്‍ വിവരിച്ചുതന്നിരിക്കുന്നു. നിങ്ങള്‍ ചിന്തി ക്കുവാന്‍ വേണ്ടി.

18. തീര്‍ച്ചയായും ദാനധര്‍മങ്ങള്‍ ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിന്‌ നല്ല കടം കൊടുക്കുന്നവരും ആരോ അവര്‍ക്കത്‌ ഇരട്ടിയായി നല്‍കപ്പെടുന്നതാണ്‌. അവര്‍ക്ക്‌ മാന്യ മായ പ്രതിഫലമുണ്ട്‌.

19. അല്ലാഹുവിലും അവന്‍റെ ദൂതന്മാരിലും വിശ്വസിച്ചവരാരോ അവരാണ്‌ അവരുടെ രക്ഷി താവിങ്കല്‍ സത്യസന്ധരും സത്യസാക്ഷികളും. അവര്‍ക്ക്‌ അവരുടെ പ്രതിഫലമുണ്ട്‌, പ്രകാ ശവും. എന്നാല്‍ അവിശ്വസിക്കുകയും നമ്മുടെ വചനങ്ങളെ തള്ളിപ്പറയുകയും ചെയ്തവ രാരോ, അവര്‍തന്നെയാണ്‌ നരകാവകാശികള്‍.

20. നന്നായി അറിയുക: ഇഹലോകജീവിതം കേവലം കളിയും തമാശയും ആഡംബരവും തമ്മില്‍ തമ്മിലുള്ള പൊങ്ങച്ച പ്രകടനവും സമ്പത്തിലും സന്താനങ്ങളിലുമുള്ള പെരുമ നടിക്കലും മാത്രമാണ്‌. അതൊരു മഴപോലെയാണ്‌.അതുമൂലമുണ്ടാകുന്ന ചെടികള്‍ കര്‍ഷ കരെ സന്തുഷ്‌ടരാക്കുന്നു. പിന്നെ അതുണങ്ങുന്നു. അപ്പോള്‍ അത്‌ മഞ്ഞച്ചതായി നിന

ക്കു കാണാം. പിന്നീടത് ഉണങ്ങി വൈക്കോലായിത്തീരുന്നു.എന്നാൽ, പരലോകത്ത് (ദുർ
വൃത്തർക്ക്) കഠിനമായ ശിക്ഷയുണ്ട്. (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപ
മോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല.
21. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമുക്തിയിലേക്കും ആകാശഭൂമികളോളം വിശാല
മായ സ്വർഗത്തിലേക്കും നിങ്ങൾ മത്സരിച്ചു മുന്നേറുക. അല്ലാഹുവിലും അവൻെറ ദൂത
ന്മാരിലും വിശ്വസിക്കുന്നവർക്കായി അത് ഒരുക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിൻെറ
മഹത്തായ അനുഗ്രഹമാണ്. അവനുദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അല്ലാഹു
മഹത്തായ അനുഗ്രഹമുടയവനത്രെ.
22. ഭൂമിയിലോ നിങ്ങൾക്കുതന്നെയോ ഒരാപത്തും സംഭവിച്ചിട്ടില്ല; നാമത് ഉണ്ടാക്കുന്നതിനു
മുമ്പേ തന്നെ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിട്ടല്ലാതെ.തീർച്ചയായും അത് അല്ലാഹു
വിന് ഏറെ എളുപ്പമുള്ള കാര്യമത്രെ.
23. നിങ്ങൾക്കു നഷ്ടപ്പെട്ടതിൻെറ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കാനും നിങ്ങൾക്കു അവൻ
നൽകിയതിൻെറ പേരിൽ സ്വയം മറന്നാഹ്ലാദിക്കാതിരിക്കാനുമാണത്. അല്ലാഹു യാതൊരു
വിധ പെരുമ നടിക്കുന്നവരെയും പൊങ്ങച്ചക്കാരെയും ഇഷ്ടപ്പെടുന്നില്ല.
24. അതായത്, പിശുക്കുകാണിക്കുകയും, പിശുക്കു കാണിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുക
യും ചെയ്യുന്നവരെ. എന്നാൽ ആരെങ്കിലും ഈ സന്ദേശത്തിൽനിന്ന് പിന്തിരിയുന്നുവെ
ങ്കിൽ അറിയുക: അല്ലാഹു പരാശ്രയരഹിതനും സ്തുത്യർഹനുമാണ്.
25. സുവ്യക്തങ്ങളായ തെളിവുകളുംകൊണ്ട് തീർച്ചയായും നമ്മുടെ ദൂതന്മാരെ നാം അയക്കുക
യും അവരോടൊപ്പം വേദവും നീതിയുടെ തുലാസ്സും നാം ഇറക്കുകയും ചെയ്തു, മനുഷ്യർ
നീതിപൂർവം നിലകൊള്ളാൻ. നാം ഇരുമ്പും ഇറക്കിക്കൊടുത്തിരിക്കുന്നു. അതിൽ കടുത്ത
ശക്തിയും പല പ്രയോജനങ്ങളും മനുഷ്യർക്കുണ്ട്. അല്ലാഹുവിനെയും അവൻെറ ദൂതന്മാ
രെയും അദൃശ്യമായി സഹായിക്കുന്നവരാരെന്ന് അല്ലാഹു അറിയുന്നതിനുവേണ്ടിയുമാണി
ത്. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു.
26. തീർച്ചയായും നാം നൂഹിനെയും ഇബ്രാഹീമിനെയും ദൂതന്മാരായി അയച്ചു. അവർ ഇരു
വരുടെയും സന്തതികളിൽ പ്രവാചകത്വവും വേദഗ്രന്ഥവും നാം ഏർപ്പെടുത്തുകയും
ചെയ്തു. അവരിൽ നേർവഴി പ്രാപിച്ചവരുണ്ട്. എന്നാൽ അവരിൽ അധികപേരും ദുർമാർ
ഗികളാ കുന്നു.
27. പിന്നീട് അവർക്കു പിറകെ നാം നിരന്തരം ദൂതന്മാരെ അയച്ചുകൊണ്ടിരുന്നു. മർയമിൻെറ
മകൻ ഈസായെയും അവരെ പിന്തുടർന്ന് അയക്കുകയും അദ്ദേഹത്തിന് നാം ഇഞ്ചീൽ
(വേദം) നൽകുകയും ചെയ്തു. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ കൃപയും
കാരുണ്യവും നിക്ഷേപിച്ചു. എന്നാൽ അവർ സന്യാസം പുതുതായി ഉണ്ടാക്കി. നാം അവ
ർക്കത് നിയമമാക്കിയിരുന്നില്ല. ദൈവപ്രീതി പ്രതീക്ഷിച്ച് (അവർ പുതുതായി ഉണ്ടാക്കി
യതാണത്.) എന്നിട്ട് അവരത് യഥാവിധി പാലിച്ചതുമില്ല. അവരിൽ സത്യവിശ്വാസം
കൈക്കൊണ്ടവർക്കുള്ള പ്രതിഫലം നാം അവർക്ക് നൽകിയിരിക്കുന്നു. അവരിലേറെ
പേരും ധിക്കാരികളാകുന്നു.
28. അല്ലയോ വിശ്വാസികളേ,അല്ലാഹുവിനോട് ഭക്തിപുലർത്തുവിൻ.അവൻെറ ദൂതനിൽ (മുഹ
മ്മദ്നബിയിൽ) വിശ്വസിക്കുകയും ചെയ്യുവിൻ. എങ്കിൽ തൻെറ കാരുണ്യത്തിൽനിന്ന്
രണ്ട് വിഹിതം നിങ്ങൾക്കവൻ നൽകും. ശരിയായ പാതയിലൂടെ നടക്കാനുള്ള പ്രകാശം

നിങ്ങൾക്കവൻ ഏർപ്പെടുത്തിത്തരികയും നിങ്ങൾക്കവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

29. അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് ഒന്നും അധീനപ്പെടുത്താൻ തങ്ങൾക്ക് കഴിവില്ലെന്നും തീർച്ചയായും അനുഗ്രഹം മുഴുവൻ അല്ലാഹുവിന്റെ കൈയിലാണെന്നും അത് താനുദ്ദേശിക്കുന്നവർക്ക് അവൻ നൽകുമെന്നും വേദക്കാർ അറിയാൻ വേണ്ടിയാണിത്. അല്ലാഹു അതിമഹത്തായ അനുഗ്രഹത്തിന്നുടമയാകുന്നു.

*********

## അധ്യായം 58

# അൽമുജാദലഃ. (തർക്കിക്കുന്നവൾ)

**അവതരണം മദീനയിൽ, വചനങ്ങൾ 22**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. സ്വന്തം ഭർത്താവിനെക്കുറിച്ച് നിന്നോട് വാദിക്കുകയും അല്ലാഹുവിനോട് സങ്കടം പറയുകയും ചെയ്യുന്നവളുടെ വാക്കുകൾ നിശ്ചയമായും അല്ലാഹു കേട്ടിരിക്കുന്നു. നിങ്ങൾ ഇരുവരുടെയും സംഭാഷണം അല്ലാഹു കേൾക്കുന്നുണ്ട്. നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു.

1. ഖസ്റജ് ഗോത്രത്തിലെ 'ഖൗല' എന്ന സ്ത്രീ പ്രവാചകനോട് സ്വന്തം ഭർത്താവിനെക്കുറിച്ച് പരാതിപ്പെടുകയും പരിഹാരം തേടുകയും ചെയ്തതാണ് സംഭവം. അറേബ്യയിലെ അനിസ്ലാമിക കാലത്തെ ആചാരമനുസരിച്ച് തൻെറ ഭർത്താവിനാൽ 'ളിഹാർ' (ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുക) എന്ന വിവാഹമോചനരീതിയനുസരിച്ച് വിവാഹമോചനം ചെയ്യപ്പെട്ടതായിരുന്നു ആ സ്ത്രീ. ഈ അനാചാരം ഖുർആൻ നിരോധിച്ചു. (33:4).

2. നിങ്ങളിൽ തങ്ങളുടെ ഭാര്യമാരെ ളിഹാർ (ഭാര്യമാരെ മാതാക്കൾക്കു തുല്യമായി പ്രഖ്യാപിക്കുക) ഉച്ചരിച്ച് ഉപേക്ഷിക്കുന്നവർ (അബദ്ധമാകുന്നു ചെയ്യുന്നത്). അവർ(ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവരെ പ്രസവിച്ചവർ മാത്രമാണ് അവരുടെ മാതാക്കൾ. അല്ല, നീചവും അസത്യവുമായ വാക്കുകളാണ് അവർ പറയുന്നത്. തീർച്ചയായും അല്ലാഹു മാപ്പുചെയ്യുന്നവനും പൊറുത്തുകൊടുക്കുന്നവനുമാകുന്നു.
3. തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുകയും, പിന്നീട് തങ്ങൾ പറഞ്ഞതിൽനിന്നും മടങ്ങുകയും ചെയ്യുന്നവർ,അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി ഒരു അടിമയെ മോചിപ്പിക്കേണ്ടതാണ്. നിങ്ങൾക്കു നൽകുന്ന ഉപദേശമാണത്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനത്രെ.
4. ഇനി വല്ലവനും (അടിമയെ)ലഭിക്കാത്തപക്ഷം അവർ ശാരീരിക ബന്ധം പുലർത്തും മുമ്പെ പുരുഷൻ രണ്ടു മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കണം. വല്ലവന്നും (അത്) സാധ്യമാകാത്ത പക്ഷം അറുപത് അഗതികൾക്ക്ആഹാരം നൽകേണ്ടതാണ്. അത് നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കാൻ വേണ്ടിയത്രെ. അവ അല്ലാഹുവിൻെറ പരിധികളാകുന്നു. നിഷേധിക്കുന്നവർക്ക് വേദനയേറിയ ശിക്ഷയുണ്ട്.
5. അല്ലാഹുവോടും അവൻെറ ദൂതനോടും വിരോധം വെച്ചുപുലർത്തുന്നവർ തങ്ങളുടെ മുൻഗാമികൾ നിന്ദിക്കപ്പെട്ടപോലെ നിന്ദിക്കപ്പെട്ടിരിക്കുന്നു.വ്യക്തമായ തെളിവുകൾ നാം അവതരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഉറപ്പായും സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷയുണ്ട്.
6. അല്ലാഹു സകല ജനത്തെയും ഉയിർത്തെഴുന്നേൽപ്പിക്കുകയും തങ്ങൾ ചെയ്തുകൊണ്ടിരുന്നതെല്ലാം അവരെ വിവരമറിയിക്കുകയും ചെയ്യുന്ന ദിവസം. അല്ലാഹു എല്ലാം രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. അവരതൊക്കെ മറക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും സാക്ഷിയുമത്രെ.
7. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നുണ്ടെന്ന് നീ കാണുന്നില്ലേ? മൂന്നുപേർക്കിടയിലൊരു രഹസ്യ ഭാഷണവും നടക്കുന്നില്ല, നാലാമനായി അല്ലാഹുവില്ലാതെ. അല്ലെങ്കിൽ അഞ്ചാളുകൾക്കിടയിൽ രഹസ്യ ഭാഷണം നടക്കുന്നില്ല, ആറാമനായി അവ

നില്ലാതെ. രഹസ്യം പറയുന്നവർ ഇതിനെക്കാൾ കുറയട്ടെ, കൂടട്ടെ, അവർ എവിടെയുമാകട്ടെ, അല്ലാഹു അവരോടൊപ്പമുണ്ട്. പിന്നീട് ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

8. രഹസ്യസംഭാഷണം നടത്തുന്നതിൽനിന്നും വിലക്കപ്പെട്ടവരെവരെ നീ കണ്ടില്ലേ? ഏതൊന്നിൽനിന്നും അവർ വിലക്കപ്പെട്ടുവോ അതിലേക്കുതന്നെ അവർ മടങ്ങുന്നു. പാപത്തിനും അതിക്രമത്തിനും പ്രവാചകനെ ധിക്കരിക്കുന്നതിനും അവർ ഗൂഢാലോചന നടത്തുന്നു. അവർ നിൻെറ അടുത്ത് വന്നാൽ നിന്നെ അല്ലാഹു അഭിവാദ്യം ചെയ്യിട്ടില്ലാത്ത രീതിയിൽ അവർ നിന്നെ അഭിവാദ്യം ചെയ്യും. എന്നിട്ട് ''ഞങ്ങളിങ്ങനെ പറയുന്നതിൻെറ പേരിൽ അല്ലാഹു ഞങ്ങളെ ശിക്ഷിക്കാത്തത് എന്ത്'' എന്ന് അവർ ആത്മഗതവും ചെയ്യുന്നു. അവർക്ക് അർഹമായ ശിക്ഷ നരകം തന്നെ. അതിൽ അവർ എരിയും. ആ മടക്കസ്ഥാനം എത്ര ചീത്ത!

9. അല്ലയോ വിശ്വാസികളേ! നിങ്ങൾ രഹസ്യസംഭാഷണം നടത്തുകയാണെങ്കിൽ അത് പാപത്തിനും അതിക്രമത്തിനും പ്രവാചകധിക്കാരത്തിനും വേണ്ടിയാവരുത്. നന്മയുടെയും ഭക്തിയുടെയും കാര്യത്തിൽ നിങ്ങൾ രഹസ്യ സംഭാഷണം നടത്തുക, ഏതൊരു അല്ലാഹുവിങ്ക ലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമോ അവനെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക.

10. ആ രഹസ്യസംഭാഷണം പൈശാചികംതന്നെ. സത്യവിശ്വാസികളെ ദുഃഖിതരാക്കാൻ വേണ്ടിയാകുന്നു അത്. എന്നാൽ അല്ലാഹുവിൻെറ അനുമതി കൂടാതെ അതവർക്ക് യാതൊരു ഉപദ്രവവും ചെയ്യുന്നതല്ല. സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊള്ളട്ടെ.

11. അല്ലയോ സത്യവിശ്വാസികളേ! നിങ്ങൾ സദസ്സുകളിൽ സ്ഥലസൗകര്യമുണ്ടാക്കിക്കൊടുക്കുക എന്ന് നിങ്ങളോട് ആവശ്യപ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുത്തിക്കൊടുക്കുക. എങ്കിൽ അല്ലാഹു നിങ്ങൾക്കും സൗകര്യമൊരുക്കിത്തരും. 'പിരിഞ്ഞുപോവുക' എന്നാണ് ആവശ്യപ്പെടുന്നതെങ്കിൽ നിങ്ങൾ എഴുന്നേറ്റു പോവുക. നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും അറിവ് നൽകപ്പെട്ടവരെയും പല പദവികൾ അല്ലാഹു ഉയർത്തുന്നതാണ്. നിങ്ങൾ ചെയ്യുന്നതെന്തും അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണ്.

12. വിശ്വസിച്ചവരേ, നിങ്ങൾ ദൈവദൂതനുമായി സ്വകാര്യസംഭാഷണം നടത്തുകയാണെങ്കിൽ, നിങ്ങളുടെ രഹസ്യ സംഭാഷണത്തിനു മുമ്പായി നിങ്ങൾ വല്ലതും കാഴ്ചവെക്കേണ്ടതാകുന്നു. അതു നിങ്ങൾക്ക് ഉത്തമവും പവിത്രവുമത്രെ.അഥവാ, നിങ്ങൾക്ക് ഒന്നും ലഭിച്ചില്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനും തന്നെ.

13. നിങ്ങളുടെ സ്വകാര്യസംഭാഷണങ്ങൾക്കു മുമ്പ് വല്ലതും കാഴ്ചകൊടുക്കണമെന്നതിനെപ്പറ്റി നിങ്ങൾ ഭയപ്പെടുകയോ? എങ്കിൽ നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിലും വിരോധമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു. അതിനാൽ നിങ്ങൾ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവിനെയും അവൻെറ ദൂതനെയും അനുസരിക്കുകയും ചെയ്യുക.നിങ്ങൾ ചെയ്യുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു

14. ദൈവകോപത്തിനിരയായ ജനത(യഹൂദർ)യുമായി ഉറ്റബന്ധം സ്ഥാപിച്ച കപടവിശ്വാസികളെ നീ കണ്ടില്ലേ? അവർ നിങ്ങളിൽ പെട്ടവരോ ജൂതന്മാരിൽ പെട്ടവരോ അല്ല. അവർ അറിഞ്ഞുകൊണ്ട് കള്ളസത്യം ചെയ്യുകയാണ്.

15. അവർക്ക് അല്ലാഹു കഠിനശിക്ഷ ഒരുക്കിയിട്ടുണ്ട്. അവർ ചെയ്തുകൊണ്ടിരിക്കുന്നത് തീർച്ചയായും എത്രയോ തിന്മ തന്നെ.
16. അവർ തങ്ങളുടെ ശപഥങ്ങളെ ഒരു മറയായുപയോഗിക്കുകയാണ്. അങ്ങനെ അവർ അല്ലാഹുവിൻെറ മാർഗത്തിൽനിന്ന് ജങ്ങളെ തെറ്റിച്ചു.അതിനാൽ അവർക്ക് അപമാനകരമായ ശിക്ഷയുണ്ട്.
17. അവരുടെ സമ്പത്തോ സന്താനങ്ങളോ അല്ലാഹുവിങ്കൽ അവർക്ക് ഒട്ടും ഉപകരിക്കുകയില്ല. അവർ നരകാവകാശികളത്രെ. അവർ അതിൽ നിത്യവാസികളായിരിക്കും.
18. അല്ലാഹു അവരെയെല്ലം ഉയിർത്തെഴുന്നേൽപിക്കും നാളിൽ അവർ നിങ്ങളോട് ശപഥം ചെയ്യുന്നതുപോലെ അവനോടും ശപഥം ചെയ്യും. അതുകൊണ്ട് തങ്ങൾക്ക് വല്ല മെച്ചവും കിട്ടുമെന്ന് അവർ കരുതുന്നു. അറിയുക:തീർച്ചയായും അവർ കള്ളം പറയുന്നവർ തന്നെ.
19. പിശാച് അവരെ കീഴടക്കുകയും അങ്ങനെ അല്ലാഹുവെ ഓർക്കുന്നതിൽനിന്ന് അവനവരെ വിസ്മൃതരാക്കുകയും ചെയ്തിരിക്കുന്നു. അവരാണ് ചെകുത്താൻെറ കക്ഷി. അറിയുക: ചെകുത്താൻെറ പാർട്ടിക്കാർ തന്നെയാണ് നഷ്ടം പറ്റിയവർ.
20. അല്ലാഹുവിനോടും അവൻെറ ദൂതനോടും വിരോധം പുലർത്തുന്നവർ പരമനിന്ദ്യരിൽ പെട്ടവരത്രെ.
21. തീർച്ചയായും ഞാനും എൻെറദൂതന്മാരും ജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. നിശ്ചയം, അല്ലാഹു സർവശക്തനും പ്രതാപിയുമാകുന്നു.
22. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ജനത, അല്ലാഹുവിനോടും അവൻെറ ദൂതനോടും വിരോധം വെച്ചു പുലർത്തുന്നവരോട് സ്നേഹബന്ധം പുലർത്തുന്നതായി നീ കാണുകയില്ല. അവർ സ്വന്തം പിതാക്കന്മാരോ പുത്രന്മാരോ സഹോദരന്മാരോ മറ്റു കുടുംബക്കാരോ ആരായിരുന്നാലും ശരി. അവരുടെ ഹൃദയങ്ങളിൽ അല്ലാഹു സത്യവിശ്വാസം സുദൃഢമാക്കുകയും തന്നിൽനിന്നുള്ള ആത്മചൈതന്യത്താൽ അവരെ പ്രബലരാക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു അവരെ താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളിൽ പ്രവേശിപ്പിക്കും. അതിലവർ നിത്യവാസികളായിരിക്കും. അല്ലാഹു അവരിൽ സംതൃപ്തനായിരിക്കും. അവർ അവനെപ്പറ്റിയും സംതൃപ്തരായിരിക്കും. അവരാണ് അല്ലാഹുവിൻെറ കക്ഷി. അറിയുക: ഉറപ്പായും അല്ലാഹുവിൻെറ കക്ഷിക്കാർ തന്നെയാണ് വിജയം വരിക്കുന്നവർ.

---

*********

## അധ്യായം 59

# അൽഹശ്ർ. (നാടുകടത്തൽ)

**അവതരണം മദീനയിൽ, വചനങ്ങൾ 24**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവെ കീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമാകുന്നു.

2. വേദക്കാരിൽപെട്ട സത്യനിഷേധികളെ ആദ്യത്തെ നാടുകടത്തലിൽ അവരുടെ വീടുകളിൽ നിന്നു പുറത്താക്കിയവൻ അവനാകുന്നു. അവർ പുറത്തു പോകുമെന്ന് നിങ്ങൾ കരുതിയിരുന്നില്ല. അവരോ, തങ്ങളുടെ കോട്ടകൾ അല്ലാഹുവിൽനിന്ന് തങ്ങളെ പ്രതിരോധിക്കുമെന്ന് വിചാരിച്ചിരുന്നു. എന്നാൽ അവർ നിനച്ചിരിക്കാത്ത വഴിയിലൂടെ അല്ലാഹു (ശിക്ഷയുമായി) അവരുടെ നേരെ ചെല്ലുകയും അവൻ അവരുടെ മനസ്സുകളിൽ ഭീതിയെറിയുകയും ചെയ്തു. അങ്ങനെ അവർ സ്വന്തം കൈകൾകൊണ്ടുതന്നെ തങ്ങളുടെ പാർപ്പിടങ്ങൾ തകർത്തുകൊണ്ടിരുന്നു. സത്യവിശ്വാസികൾ തങ്ങളുടെ കൈകളാലും. അതിനാൽ കണ്ണുകളുള്ളവരേ, നിങ്ങൾ ഗുണപാഠം പഠിച്ചുകൊള്ളുക.

---

2. ആദ്യത്തെ നാടുകടത്തൽ.- മദീനയിൽ ചെന്ന ഉടനെ യഹൂദരുമായി പ്രവാചകൻ(സ) സമാധാന സന്ധിയിൽ ഏർപ്പെട്ടിരുന്നു. മുസ്ലിംകളും യഹൂദരും പരസ്പരം ആക്രമണം നടത്തുകയോ ആക്രമണത്തിന് കൂട്ടുനിൽക്കുകയോ ചെയ്യില്ലെന്നായിരുന്നു കരാർ. പ്രവാചകനുമായുള്ള കരാർ ലംഘിച്ച് വഞ്ചനകാണിക്കുകയും നബിതിരുമേനിയെ വധിക്കാൻ ഗൂഢാലോചന നടത്തുകയും ചെയ്ത ബനൂനദീർ ഗോത്രത്തെ മദീനയിൽനിന്ന് പുറത്താക്കിയതാണ് പ്രസ്തുത സംഭവം.

---

3. അല്ലാഹു അവർക്ക് നാടുകടത്തൽ ശിക്ഷ വിധിച്ചില്ലായിരുന്നെങ്കിൽ അവൻ അവരെ ഈ ലോകത്തുവെച്ചുതന്നെ ശിക്ഷിക്കുമായിരുന്നു.പരലോകത്ത് അവർക്ക് നരകശിക്ഷയുമുണ്ട്.

4. അവർ അല്ലാഹുവിനോടും അവൻെറ ദൂതനോടും വിരോധം വെച്ചുപുലർത്തിയതിനാലാണത്.ആരെങ്കിലും അല്ലാഹുവോട് വിരോധം വെച്ചുപുലർത്തുന്നുവോ, അപ്പോൾ അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.

5. ചില ഈത്തപ്പനകൾ നിങ്ങൾ വെട്ടിവീഴ്ത്തിയതും അല്ലെങ്കിൽ ചിലതിനെ വേരുകളിൽത്തന്നെ നിൽക്കാൻ വിട്ടതും എല്ലാം അല്ലാഹുവിൻെറ അനുമതിയോടെയാകുന്നു. അധർമകാരികളെ അപമാനിതരാക്കാനുമാണത്.

6. അവരിൽ (യഹൂദരിൽ)നിന്ന് അല്ലാഹു അവൻെറ ദൂതന് അധീനപ്പെടുത്തിക്കൊടുത്തതെന്തോ; അതിനായി നിങ്ങൾക്ക് കുതിരകളെയും ഒട്ടകങ്ങളെയും ഓടിക്കേണ്ടിവന്നില്ല. എന്നാൽ, അല്ലാഹു അവനാഗ്രഹിക്കുന്നവരുടെമേൽ തൻെറ ദൂതന്മാർക്ക് ആധിപത്യമേകുന്നു. അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു.

7. അല്ലാഹു അവൻെറ ദൂതന് (വിവിധ)രാജ്യക്കാരിൽനിന്ന് നേടിക്കൊടുത്തതൊക്കെയും അല്ലാഹുവിനും അവൻെറ ദൂതന്നും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാണ്. എന്തെന്നാൽ സമ്പത്ത് നിങ്ങളിലെ ധനികർക്കിടയിൽ മാത്രം ചുറ്റിക്കറങ്ങാതിരിക്കാനാണിത് ദൈവദൂതൻ നിങ്ങൾക്കു നൽകുന്നതെന്തോ അതു നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.

8. (ആ യുദ്ധമുതൽ)തങ്ങളുടെ വീടുകളിൽനിന്നും സ്വത്തുക്കളിൽനിന്നും ബഹിഷ്കൃതരായി പലായനം ചെയ്തുവന്ന ദരിദ്രർക്കുള്ളതാണ്. അവർ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുന്നവരും അല്ലാഹുവിനെയും അവന്റെ ദൂതനെയും സഹായിക്കുന്നവരുമാകുന്നു. അവർ തന്നെയാണ് സത്യസന്ധന്മാർ.

---

8. ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ മാത്രം മക്കയിൽനിന്നും അറേബ്യയുടെ ഇതര ഭാഗങ്ങളിൽ നിന്നും ബഹിഷ്ക്കരിക്കപ്പെട്ട ആളുകളെയാണ് ഉദ്ദേശിക്കുന്നത്.

---

9. അവരെത്തും മുമ്പേ സത്യവിശ്വാസവും വാസസ്ഥലവും ഒരുക്കിവെച്ചവർക്കും. പലായനം ചെയ്ത് തങ്ങളിലേക്കെത്തുന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക്(പലായകർക്ക്)നൽകപ്പെട്ട സമ്പത്തിനോട് തങ്ങളുടെ മനസ്സുകളിൽ അവർ ഒട്ടും മോഹം കാണിക്കുന്നുമില്ല. തങ്ങൾക്കുതന്നെ അത്യാവശ്യമുണ്ടെങ്കിൽപോലും ഇവർ തങ്ങളേക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു തന്റെ മനസ്സിന്റെ പിശുക്കിൽനിന്ന് മോചിതരായവർ ആരോ, അവർ തന്നെയാണ് വിജയം വരിച്ചവർ.

10. ആ മുൻഗാമികൾക്കുശേഷം വന്നുചേർന്നവർക്കു(മുള്ളതാകുന്നു ഈ സമ്പത്ത്).അവർ ഇങ്ങനെ പ്രാർഥിക്കുന്നു:''ഞങ്ങളുടെ നാഥാ! ഞങ്ങൾക്കും, ഞങ്ങൾക്കു മുമ്പേ വിശ്വാസികളായ ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, ഞങ്ങളുടെ ഹൃദയങ്ങളിൽ വിശ്വാസികളോട് ഒട്ടും വിദ്വേഷം ഉണ്ടാക്കരുതേ. ഞങ്ങളുടെ നാഥാ! നീ ദയാപരനും പരമകാരുണികനുമല്ലോ''.

11. കാപട്യം കാണിച്ചവരെ നീ കണ്ടില്ലേ? വേദക്കരിൽപെട്ട സത്യനിഷേധികളായ അവരുടെ സഹോദരന്മാരോട് അവർ പറയുന്നു: ''തീർച്ചയായും (പട്ടണത്തിൽ നിന്ന്) നിങ്ങൾ പുറത്താക്കപ്പെട്ടാൽ ഞങ്ങളും നിങ്ങളുടെകൂടെ പുറത്തു പോകുന്നതാണ്. നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും മറ്റൊരാളേയും അനുസരിക്കുകയില്ല. നിങ്ങൾ യുദ്ധം ചെയ്യപ്പെട്ടാൽ തീർച്ചയായും ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്. എന്നാൽ തീർച്ചയായും അവർ കള്ളം പറയുന്നവരാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.

12. അവർ(യഹൂദന്മാർ) പുറത്താക്കപ്പെട്ടാൽ ഒരിക്കലും ഇക്കൂട്ടർ(കപടവിശ്വാസികൾ) അവരോടൊപ്പം പുറപ്പെടുന്നതല്ല. അവർ യുദ്ധം ചെയ്യപ്പെട്ടാൽ ഇവർ അവരെ സഹായിക്കുകയുമില്ല. ഇനി ഇവർ അവരെ സഹായിച്ചാൽ തന്നെ തീർച്ചയായും ഇവർ പിന്തിരിഞ്ഞോടും. പിന്നീട് ഒരു സഹായവും അവർക്കു ലഭിക്കുന്നതല്ല.

13. തീർച്ചയായും അവരുടെ മനസ്സുകളിൽ അല്ലാഹുവേക്കാൾ കൂടുതൽ ഭയമുള്ളത് നിങ്ങളെയാണ്. അതെന്തുകൊണ്ടെന്നാൽ അവരൊട്ടും കാര്യബോധമില്ലാത്ത ജനതയാണെന്നതുതന്നെ.

14. സുശക്തമായ കോട്ടകളാൽ ഭദ്രമായ പട്ടണങ്ങളിൽ വെച്ചോ അല്ലെങ്കിൽ മതിലുകൾക്ക് പിറകിലായോ അല്ലാതെ അവരൊരിക്കലും ഒന്നായി നിങ്ങളോട് യുദ്ധം ചെയ്യുകയില്ല. അവർ തമ്മിലുള്ള പക അതിരൂക്ഷമാകുന്നു. അവർ ഒറ്റക്കെട്ടാണെന്ന് നീ കരുതുന്നു. എന്നാൽ അവരുടെ ഹൃദയങ്ങൾ ഭിന്നിച്ചു നിൽക്കുന്നു. അത് എന്തെന്നാൽ അവർ ചിന്തിക്കാത്ത ഒരു ജനം ആയതുകൊണ്ടുതന്നെ.

15. അവരുടെ തൊട്ടുമുമ്പുള്ളവരെപ്പോലെത്തന്നെയാണ്. അവർ തങ്ങളുടെ പ്രവർത്തനങ്ങളുടെ ദുഷ്ഫലം അനുഭവിച്ചുകഴിഞ്ഞു. അവർക്കു വേദനയേറിയ ശിക്ഷയുമുണ്ട്.

16. പിശാചിന്റെ ഉദാഹരണം പോലെയാകുന്നു.അവൻ മനുഷ്യനോട് പറഞ്ഞ സന്ദർഭം:നീ അവിശ്വാസിയാവുക. അങ്ങനെ മനുഷ്യൻ അവിശ്വാസിയായപ്പോൾ പിശാച് പറഞ്ഞു:

''തീർച്ചയായും ഞാൻ നിന്നിൽനിന്ന് മുക്തനാകുന്നു. പ്രപഞ്ചനാഥനായ അല്ലാഹുവിനെ ഞാൻ ഭയപ്പെടുന്നു.''

17. അങ്ങനെ അവർ ഇരുവരുടെയും പര്യവസാനം, നരകത്തിൽ നിത്യവാസികളാവുക എന്നതായി. അതാകുന്നു അക്രമികൾക്കുള്ള പ്രതിഫലം.
18. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും നാളേക്കു വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവോട് ഭക്തിയുള്ളവരാവുക. നിങ്ങൾ ചെയ്യുന്നതൊക്കെയും സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു.
19. അല്ലാഹുവെ മറന്നുകളഞ്ഞ ഒരു വിഭാഗത്തെപ്പോലെ നിങ്ങളാകരുത്. അതുകൊണ്ട് അല്ലാഹു അവർക്ക് അവരെപ്പറ്റിതന്നെ ഓർമ്മയില്ലാതാക്കി. അവർ തന്നെയാണ് ദുർമാർഗികൾ.
20. നരകാവകാശികളും സ്വർഗാവകാശികളും ഒരിക്കലും തുല്യരാവുകയില്ല. സ്വർഗാവകാശികൾ തന്നെയാകുന്നു വിജയം നേടിയവർ.
21. ഈ ഖുർആനെ നാം ഒരു പർവതത്തിന്മേൽ ഇറക്കിയിരുന്നെങ്കിൽ അല്ലാഹുവിനോടുള്ള ഭയത്താൽ താഴ്മയാകുന്നതും സ്വയം പൊട്ടിപ്പിളർന്നതായും അതിനെ നീ കാണുമായിരുന്നു! മനുഷ്യർക്കുവേണ്ടി ഈ ഉപമകൾ നാം വിവരിക്കുകയാണ്. അവർ ചിന്തിക്കുന്നതിനുവേണ്ടി.
22. അവനാകുന്നു അല്ലാഹു! അവനല്ലാതെ ആരാധ്യനില്ല. അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു.
23. അവനാകുന്നു അല്ലാഹു. അവനല്ലാതെ ആരാധ്യനില്ല. രാജാധിരാജൻ, പരമപരിശുദ്ധൻ, സമാധാന ദായകൻ, അഭയദാതാവ്, മേൽനോട്ടക്കാരൻ, അജയ്യൻ, പരമാധികാരി, സർവോന്നതൻ. അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!
24. സ്രഷ്ടാവും നിർമാതാവും രൂപപ്പെടുത്തുന്നവനുമായ അല്ലാഹുവാകുന്നു അവൻ. വിശിഷ്ട നാമങ്ങളൊക്കെയും അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവയൊക്കെയും അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനാണ് അജയ്യനും യുക്തിമാനും.

*********

## അധ്യായം 60

# അൽമുംതഹന. (പരിശോധിക്കപ്പെടേണ്ടവൾ)

**അവതരണം മദീനയിൽ, വചനങ്ങൾ 13**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. അല്ലയോ വിശ്വാസികളേ, നിങ്ങൾ എൻെറയും നിങ്ങളുടെയും ശത്രുക്കളുമായി സ്നേഹ ബന്ധം സ്ഥാപിച്ച് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത് നിങ്ങൾക്കു വന്നുകിട്ടി യിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ നിങ്ങൾ വിശ്വസിച്ചുവെന്നതിനാൽ ദൈവ ദൂതനെയും നിങ്ങളെയും അവർ നാട്ടിൽനിന്നു പുറത്താക്കുന്നു. എൻെറ മാർഗത്തിൽ പൊരുതാനും എൻെറ പ്രീതിനേടാനും തന്നെയാണ് നിങ്ങൾ പുറപ്പെട്ടിട്ടുള്ളതെങ്കിൽ (അങ്ങനെ ചെയ്യരുത്). എന്നാൽ നിങ്ങൾ അവരുമായി രഹസ്യ ബന്ധം പുലർത്തുകയാണ്. നിങ്ങൾ രഹസ്യമായി ചെയ്യതും പര സ്യമായി ചെയ്യതും എല്ലാം ഞാൻ നന്നായി അറിയുന്നുണ്ട്. നിങ്ങളിൽ അങ്ങനെ ചെയ്യു ന്നവൻ തീർച്ചയായും നേർവഴിയിൽനിന്ന് തെറ്റിപ്പോയിരിക്കുന്നു.
2. നിങ്ങൾ അവരുടെ പിടിയിൽപെട്ടാൽ നിങ്ങളോട് ബദ്ധവൈരികളായിരിക്കും. അവർ അവരുടെ കൈകളും നാവുകളുംകൊണ്ട് ദുഷ്ടതയാൽ നിങ്ങളുടെ നേർക്ക് നീട്ടുകയും, നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യും.
3. നിങ്ങളുടെ രക്തബന്ധുക്കളോ മക്കളോ ഉയിർത്തെഴുന്നേൽപുനാളിൽ നിങ്ങൾക്കൊട്ടും ഉപക രിക്കുകയില്ല. അന്ന് അല്ലാഹു നിങ്ങളെ തമ്മിൽ വേർപിരിക്കും.അല്ലാഹു നിങ്ങൾ പ്രവർ ത്തിക്കുന്നതൊക്കെ കാണുന്നവനാകുന്നു.
4. തീർച്ചയായും ഇബ്രാഹീമിലും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരിലും നിങ്ങൾക്ക് ഉത്തമ മായ മാതൃകയുണ്ടായിരുന്നു. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: ''നിങ്ങളുമായും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുന്നവയുമായും ഞങ്ങൾ ഒഴി വായവരാകുന്നു. ഞങ്ങൾ നിങ്ങളെ അവിശ്വസിക്കുന്നു. നിങ്ങൾ ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നതുവരെ എന്നേക്കുമായി ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ വിരോധവും വിദ്വേഷവുമുളവാകുകയും ചെയ്തിരിക്കുന്നു. തൻെറ പിതാവിനോട് ഇബ്രാഹീം പറഞ്ഞ ഈ വാക്കൊഴിച്ച്; തീർച്ചയായും ഞാൻ താങ്കളുടെ പാപമോചനത്തിനായി പ്രാർഥിക്കാം. എന്നാൽ അല്ലാഹുവിൽനിന്ന് അങ്ങയ്ക്ക് എന്തെങ്കിലും നേടിത്തരിക എന്നത് എൻെറ കഴി വിൽ പെട്ടതല്ല''.(അവർ പ്രാർഥിച്ചു): ഞങ്ങളുടെ നാഥാ! ഞങ്ങൾ നിന്നിൽ മാത്രം ഭര മേൽപിക്കുകയും നിന്നിലേക്കുമാത്രം പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു. അവസാനം വന്നെത്തുന്നതും നിൻെറ അടുത്തേക്കുതന്നെ.
5. ഞങ്ങളുടെ രക്ഷിതാവേ! അവിശ്വാസികൾക്ക് ഒരു പരീക്ഷണമായി ഞങ്ങളെ നീ ആക്കരു തേ! ഞങ്ങളുടെ നാഥാ, ഞങ്ങൾക്കു പൊറുത്തുതരേണമേ. തീർച്ചയായും നീ അജയ്യനും യുക്തിജ്ഞനുമല്ലോ.
6. തീർച്ചയായും നിങ്ങൾക്ക്,അല്ലാഹുവിലും അന്ത്യനാളിലും പ്രതീക്ഷയുള്ളവർക്കൊക്കെയും അവരിൽ ഉത്തമ മാതൃകയുണ്ട്. ആരെങ്കിലും പിന്തിരിഞ്ഞുകളയുന്നുവെങ്കിൽ അറിയുക, നിശ്ചയം അല്ലാഹു പരാശ്രയരഹിതനും സ്തുത്യർഹനുമാകുന്നു.

7. നിങ്ങൾക്കും നിങ്ങളോടു ശത്രുത പുലർത്തിയവർക്കുമിടയിൽ അല്ലാഹു സൗഹൃദം സ്ഥാപിച്ചേക്കാം. അല്ലാഹു അളവറ്റ കഴിവുള്ളവനാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

8. മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്തവരോട് നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതും അവരോട് നീതികാണിക്കുന്നതും അല്ലാഹു വിലക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

9. മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരോട് മൈത്രിപുലർത്തുന്നതു മാത്രമാകുന്നു അല്ലാഹു നിങ്ങളോട് വിരോധിക്കുന്നത്. അത്തരക്കാ രുടെ മിത്രങ്ങളാകുന്നവർ തന്നെയാകുന്നു അതിക്രമികൾ.

10. സത്യവിശ്വാസികളേ, വിശ്വാസിനികൾ(1) അഭയം തേടുന്നവരായി നിങ്ങളെ സമീപിച്ചാൽ നിങ്ങൾ അവരെ പരീക്ഷിക്കേണ്ടതാകുന്നു. അവരുടെ വിശ്വാസത്തെക്കുറിച്ച് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാകുന്നു. അവർ യഥാർഥ വിശ്വാസിനികളാണെന്ന് നിങ്ങൾ അറിഞ്ഞാൽ പിന്നെ നിങ്ങളവരെ സത്യനിഷേധികളുടെ അടുത്തേക്ക് തിരിച്ചയക്കരുത്. ആ വിശ്വാസിനികൾ(2) അവർക്ക് അനുവദിക്കപ്പെട്ടവരല്ല. അവർ ആ സ്ത്രീകൾക്കും അനുവദനീയരല്ല. അവർക്ക് അവർ ചെലവഴിച്ചത്(3) നിങ്ങൾ നൽകുകയും വേണം. നിങ്ങൾ അവരെ വിവാഹം ചെയ്യുന്നതിന് വിലക്കൊന്നുമില്ല– അവർക്ക് അവരുടെ വിവാഹമൂല്യം നിങ്ങൾ നൽകുകയാണെങ്കിൽ. സത്യനിഷേധിനികളുമായുള്ള (വിവാഹ) ബന്ധം നിങ്ങളും പിടിച്ചു നിർത്തരുത്. നിങ്ങൾ ചെലവഴിച്ചത് നിങ്ങൾ തിരിച്ചു ചോദിക്കുക. അവർ ചെലവഴിച്ചതെന്തോ(4)അതത്രയും അവരും ആവശ്യപ്പെട്ടുകൊള്ളട്ടെ. അതാണ് അല്ലാഹുവിന്റെ വിധി. അവൻ നിങ്ങൾക്കിടയിൽ വിധി കൽപിക്കുന്നു. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനുമാണ്.

---

10/1. ഹുദൈബിയാസന്ധിക്കുശേഷം ഇസ്‌ലാമിലേക്ക് വന്ന സ്ത്രീകൾ.
10/2. ഭാര്യമാരായിരിക്കാൻ.
10/3. അവർ ചെലവഴിച്ചത്– സത്യനിഷേധികൾ സ്ത്രീകൾക്കു നൽകിയ വിവാഹമൂല്യം.
10/4. അവർ ചെലവഴിച്ചതെന്തോ– സത്യനിഷേധികൾ തങ്ങളുടെ ഭാര്യമാർക്കായി ചെലവഴിച്ച വിവാഹമൂല്യം.

---

11. നിങ്ങളുടെ ഭാര്യമാരിൽ ആരെങ്കിലും സത്യനിഷേധികളിലേക്കു പോയിട്ട് നിങ്ങൾക്കു നഷ്ടപ്പെടുകയും എന്നിട്ട് നിങ്ങൾ അനന്തര നടപടി സ്വീകരിക്കുകയും ചെയ്യുകയാണെങ്കിൽ തങ്ങളുടെഭാര്യമാർ പൊയ്ക്കളഞ്ഞവർക്ക് അവർ ചെലവഴിച്ചതുപോലുള്ളത് അവർക്കു നിങ്ങൾ നൽകുക. നിങ്ങൾ വിശ്വസിക്കുന്നതായ അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുവിൻ.

---

11. ഖുർആന്റെ നിർദേശമനുസരിച്ച് മക്കയിൽനിന്ന് മദീനയിലെത്തിയ മുസ്‌ലിം സ്ത്രീകൾ തങ്ങൾക്ക് ലഭിച്ച വിവാഹമൂല്യം (മഹ്ർ)അമുസ്‌ലിംകളായ ഭർത്താക്കന്മാർക്ക് തിരിച്ചു നൽകിയിരുന്നു. എന്നാൽ മുസ്‌ലിം ഭർത്താക്കന്മാരെ വിട്ടുപോയ ചില അമുസ്‌ലിം സ്ത്രീകൾ തങ്ങൾക്ക് ലഭിച്ച വിവാഹമൂല്യം ഉഭയകക്ഷി കരാറനുസരിച്ച് തിരിച്ച് നൽകിയിരുന്നില്ല. അത്തരം സന്ദർഭങ്ങളിൽ മദീനയിലെത്തുന്ന മുസ്‌ലിം സ്ത്രീകൾ തങ്ങളുടെ വിവാഹധനം തിരിച്ചു നൽകാതെ ആ സംഖ്യയിൽ നിന്ന്, മഹ്ർ തിരി ച്ചു കിട്ടാനുള്ള പുരുഷന്മാർക്ക് അവർക്കു ലഭിക്കേണ്ട സംഖ്യ നൽകണമെന്നാണ് ഇവിടെ നിർദേശിക്കുന്നത്.

12. അല്ലയോ പ്രവാചകരേ, അല്ലാഹുവിൽ ഒന്നിനെയും പങ്കുചേർക്കുകയില്ലെന്നും, മോഷ്ടിക്കുകയില്ലെന്നും,വ്യഭിചരിക്കുകയില്ലെന്നും, തങ്ങളുടെ സന്താനങ്ങളെ കൊലപ്പെടുത്തുകയില്ലെന്നും, തങ്ങളുടെ കൈകാലുകൾക്കിടയിൽ യാതൊരു കള്ളവും(1) കെട്ടിച്ചമക്കുകയില്ലെന്നും, യാതൊരു നല്ല കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നും നിന്നോട് പ്രതിജ്ഞ ചെയ്തുകൊണ്ട് സത്യവിശ്വാസിനികൾ നിന്നെ സമീപിച്ചാൽ നീ അവരുടെ പ്രതിജ്ഞ സ്വീകരിച്ചുകൊള്ളുക.അവർക്കു വേണ്ടി അല്ലാഹുവോട് പാപമോചനം തേടുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

12/1. ജാരസന്തതിക്ക് ജന്മം നൽകിയിട്ട് സ്വന്തം ഭർത്താവിൻെറ മേൽ വ്യാജമായി അതിനെ കെട്ടിയേൽപ്പി ക്കുകയില്ലെന്നർഥം.

13. അല്ലയോ വിശ്വാസികളേ,അല്ലാഹുവിൻെറ കോപത്തിന്നിരയായ ജനത്തെ നിങ്ങൾ മിത്രങ്ങളാക്കാതിരിക്കുവിൻ. പരലോകത്തെക്കുറിച്ച് അവർ നിരാശപ്പെട്ടിരിക്കുന്നു. ശവക്കുഴികളിൽ കിടക്കുന്നവരെക്കുറിച്ച് അവിശ്വാസികൾ നിരാശരായപോലെ.

******

## അധ്യായം 61

# അസ്സ്വഫ്ഫ്. (അണി)

### അവതരണം മദീനയിൽ, വചനങ്ങൾ 14

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചിരിക്കുന്നു. അവൻ അജയ്യനും യുക്തിജ്ഞനും തന്നെ.
2. സത്യവിശ്വാസികളേ, നിങ്ങൾ പ്രവർത്തിക്കാത്തത് പറയുന്നതെന്തിന്?
3. നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയെന്നത് അല്ലാഹുവിന് ഏറെ വെറുപ്പുള്ള കാര്യമാണ്.
4. സുഭദ്രമായ മതിൽക്കെട്ടെന്നോണം ഒറ്റക്കെട്ടായി അണിനിരന്ന് അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവരെ തീർച്ചയായും അവൻ ഏറെ ഇഷ്ടപ്പെടുന്നു.
5. മൂസാ അദ്ദേഹത്തിന്റെ ജനത്തോടു പറഞ്ഞതോർക്കുക: എന്റെ ജനങ്ങളേ! നിങ്ങളിലേക്ക് നിയുക്തനായ അല്ലാഹുവിന്റെ ദൂതനാണ് ഞാൻ എന്നു നിങ്ങൾക്കറിയാമെന്നിരിക്കെ നിങ്ങളെന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്? അങ്ങനെ അവർ വഴിപിഴച്ചപ്പോൾ അല്ലാഹു അവരുടെ മനസ്സുകളെ (നേർവഴിയിൽനിന്ന്) വ്യതിചലിപ്പിച്ചു. ധിക്കാരികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.
6. മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും: ഇസ്രാഈൽ സന്തതികളേ, നിശ്ചയം ഞാൻ നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ദൈവദൂതനാകുന്നു; എനിക്കുമുമ്പ് അവതീർണമായ തൗറാത്തിനെ സത്യപ്പെടുത്തുന്നവനായും, എനിക്കുശേഷം വരാനിരിക്കുന്ന അഹ്മദ് എന്നുപേരുള്ള ദൈവദൂതനെക്കുറിച്ച് സുവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും. എന്നാൽ അദ്ദേഹം തെളിഞ്ഞ തെളിവുകളുമായി അവരുടെ അടുക്കൽ വന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ മാന്ത്രിക വിദ്യയാണ്.
7. അല്ലാഹുവിനെക്കുറിച്ച് കള്ളം കെട്ടിച്ചമച്ചവനെക്കാൾ കൊടിയ അക്രമി ആരുണ്ട്? അവനാകട്ടെ,അവൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.

7. പ്രവാചകനെ വ്യാജവാദിയെന്നും ദൈവവചനങ്ങൾ സ്വയം കെട്ടിച്ചമച്ചതാണെന്നും ആരോപിക്കുന്നവൻ

8. തങ്ങളുടെ വായ് കൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താനാണ് അവർ ഉദ്ദേശിക്കുന്നത്. അല്ലാഹു അവന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവനാകുന്നു; സത്യനിഷേധികൾക്ക് അതെത്ര അസഹ്യമായാലും ശരി.
9. അവനത്രെ തന്റെ ദൂതനെ നേർമാർഗവും സത്യമതവുമായി അയച്ചവൻ, മറ്റെല്ലാ മതങ്ങളെക്കാളും അതിനെ വിജയിപ്പിച്ചെടുക്കാൻ.ബഹുദൈവവിശ്വാസികൾ അത് വെറുത്താലും ശരി.
10. വിശ്വസിച്ചവരേ, വേദനയേറിയ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?

11. നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും, അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങളുടെ സമ്പത്തും ശരീരവുമുപയോഗിച്ച് പോരാടുകയും ചെയ്യുകയത്രെ അത്. അതാണ് നിങ്ങൾക്കുത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ.
12. എങ്കിൽ നിങ്ങളുടെ പാപങ്ങൾ അവൻ നിങ്ങൾക്ക് പൊറുത്തുതരും. താഴത്തു കൂടി അരുവികൾ ഒഴുകുന്നതായ സ്വർഗീയാരാമങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും നിത്യവാസത്തിനുള്ള സ്വർഗീയാരാമങ്ങളിലെ വിശിഷ്ടമായ ഭവനങ്ങളിൽ അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യും. അതാകുന്നു മഹത്തായ വിജയം.
13. നിങ്ങളഭിലഷിക്കുന്ന മറ്റൊരു കാര്യവും(അവൻ നിങ്ങൾക്ക് നൽകും.)അല്ലാഹുവിൽനിന്നുള്ള സഹായവും ആസന്നവിജയവുമാണത്. (പ്രവാചകരേ,) സത്യവിശ്വാസികൾക്കു നീ സന്തോഷവാർത്തഅറിയിക്കുക.
14. സത്യവിശ്വാസികളേ! നിങ്ങൾ അല്ലാഹുവിൻെറ സഹായികളാകുവിൻ. മർയമിൻെറ പുത്രൻ ഈസാ ഹവാരികളോട് ചോദിച്ചപോലെ: ദൈവമാർഗത്തിൽ എന്നെ സഹായിക്കാനാരുണ്ട്? ഹവാരികൾ പറഞ്ഞു: ''ഞങ്ങളുണ്ട്, അല്ലാഹുവിൻെറ സഹായികളായി''.അപ്പോൾ ഇസ്രാഈൽ മക്കളിൽ ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു.അങ്ങനെ, വിശ്വസിച്ചവർക്കു നാം അവരുടെ ശത്രുക്കൾക്കെതിരെ കരുത്ത് നൽകി. അതുവഴി അവർ വിജയികളാവുകയും ചെയ്തു.

---

14. ഹവാരികൾ - ഈസാനബിയുടെ (യേശു)ശിഷ്യന്മാരെ പരിചയപ്പെടുത്താൻ ഖുർആൻ പ്രയോഗിച്ച നാമം.

---

******

## അധ്യായം 62

# അൽജുമുഅഃ

**അവതരണം മദീനയിൽ, വചനങ്ങൾ 11**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. ആകാശങ്ങളിലുള്ളവയും ഭൂമിയിലുള്ളവയും രാജാധിരാജനും പരിശുദ്ധനുമായ പ്രതാപിയും യുക്തിജ്ഞനുമായ അല്ലാഹുവെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു.
2. അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, അവരിൽനിന്നുതന്നെ ഒരു ദൈവദൂതനെ നിയോഗിച്ചത് അവനാണ്. അദ്ദേഹം അവർക്ക് അല്ലാഹുവിന്റെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിനു മുമ്പ് അവർ വ്യക്തമായ വഴികേടിലായിരുന്നു.
3. (ഈ പ്രവാചകനിയോഗം)അവരിൽപെട്ട, ഇനിയും അവരോട് ചേർന്നിട്ടില്ലാത്ത മറ്റു ജനങ്ങൾക്കും കൂടി ഉള്ളതാകുന്നു. അവൻ പ്രതാപിയും യുക്തിജ്ഞനുമല്ലോ.
4. അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അതിമഹത്തായ അനുഗ്രഹത്തിനുടമയാണ് അല്ലാഹു.
5. തൗറാത്തിന്റെ വാഹകരാക്കപ്പെടുകയും എന്നിട്ടത് (അനുഷ്ഠാനത്തിൽ) ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ)ഉപമ, ഗ്രന്ഥക്കെട്ടുകൾ പേറുന്ന കഴുതകളുടേതു പോലെയാണ്. അല്ലാഹുവിന്റെ സൂക്തങ്ങളെ നിഷേധിച്ചുതള്ളിയവരുടെ ഉപമ വളരെ നീചം തന്നെ. ധിക്കാരികളെ അല്ലാഹു മാർഗദർശനം ചെയ്യുകയില്ല.
6. അവരോട് പറയുക: അല്ലയോ ജൂതൻമാരായവരേ, മറ്റുമനുഷ്യരെ കൂടാതെ നിങ്ങൾ മാത്രമാണ് ദൈവത്തിന്റെ അടുത്ത ആൾക്കാരെന്ന് നിങ്ങൾ വാദിക്കുന്നുവെങ്കിൽ നിങ്ങൾ മരണം കൊതിക്കുക. നിങ്ങൾ സത്യവാദികളാണെങ്കിൽ!
7. എന്നാൽ അവരുടെ കരങ്ങൾ അനുവർത്തിച്ചിട്ടുള്ള കർമ്മങ്ങൾ കാരണം അവരൊരിക്കലും അത് കൊതിക്കുന്നതല്ല. അല്ലാഹു അതിക്രമികളെക്കുറിച്ച് നന്നായറിയുന്നവനാണ്.
8. (അവരോട്) പറയുക: ഏതൊരു മരണത്തിൽനിന്നാണോ നിങ്ങൾ ഓടിയകലാൻ ശ്രമിക്കുന്നത്, തീർച്ചയായും അത് നിങ്ങളെ പിടികൂടുകതന്നെ ചെയ്യും. പിന്നീട് ദൃശ്യവും അദൃശ്യവും നന്നായറിയുന്നവന്റെ അടുക്കൽ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്താണെന്ന് അവൻ അപ്പോൾ നിങ്ങൾക്ക് വിവരിച്ചുതരുന്നതാണ്.
9. അല്ലയോ വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനു വിളിക്കപ്പെട്ടാൽ ദൈവസ്മരണയിലേക്ക് ഓടിയണയുകയും, കച്ചവടകാര്യങ്ങളൊക്കെ മാറ്റിവെക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ അറിയുന്നുവെങ്കിൽ.
10. അങ്ങനെ നമസ്കാരത്തിൽനിന്ന് വിരമിച്ചു കഴിഞ്ഞാൽ ഭൂമിയിൽ നിങ്ങൾ വ്യാപരിക്കുകയും, അല്ലാഹുവിന്റെ ഔദാര്യത്തിൽപെട്ടവ തേടിക്കൊള്ളുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുവിൻ. നിങ്ങൾ വിജയികളായേക്കാം.
11. അവർ ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവയുടെ അടുത്തേക്ക് പിരിഞ്ഞു പോകുകയും നിന്ന നിൽപിൽ നിന്നെ വിട്ടുകളയുകയും ചെയ്യും. നീ പറയുക: അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തെക്കാളും വ്യാപാരത്തെക്കാളും ഉത്തമമാകുന്നു. അല്ലാഹുവാകട്ടെ അന്നദാതാക്കളിൽ ഏറ്റവും ഉത്തമനാണ്.

## അധ്യായം 63

# അൽമുനാഫിഖൂൻ. (കപടവിശ്വാസികൾ)

**അവതരണം മദീനയിൽ, വചനങ്ങൾ 11**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. കപടവിശ്വാസികൾ നിൻെറ അടുത്തുവരുമ്പോൾ, അവർ പറയും: തീർച്ചയായും താങ്കൾ അല്ലാഹുവിൻെറ ദൂതൻ തന്നെയെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിനറിയാം തീർച്ചയായും നീ അവൻെറ ദൂതനാണെന്ന്. കപടവിശ്വാസികൾ കള്ളം പറയുന്നവരാണെന്ന് അല്ലാഹുവും സക്ഷ്യം വഹിക്കുന്നു.
2. അവർ തങ്ങളുടെ ശപഥങ്ങളെ ഒരു പരിചയാക്കിയിരിക്കുകയാണ്.അങ്ങനെ അവർ ദൈവികമാർഗത്തിൽനിന്ന് ജനത്തെ തടയുന്നു. തീർച്ചയായും അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വളരെ നീചം തന്നെ.
3. അവർ ആദ്യം വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും ചെയ്തതിൻെറ ഫലമാണത്. അങ്ങനെ അവരുടെ ഹൃദയങ്ങൾക്ക് മുദ്രവെയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ അവർക്കൊന്നും തിരിച്ചറിയുകയില്ല.
4. നീ അവരെ കാണുകയാണെങ്കിൽ അവരുടെ ആകാരം നിന്നെ വിസ്മയഭരിതനാക്കും. അവർ സംസാരിച്ചാലോ അവരുടെ വാക്കുകൾ നീ കേട്ടിരുന്നുപോകും. ചാരിവെച്ച മരത്തടി പോലെയാണവർ. എല്ലാ ഒച്ചയും തങ്ങൾക്കെതിരാണെന്ന് അവർ വിചാരിക്കും. അവർ തികഞ്ഞ ശത്രുക്കളാകുന്നു. അവരെ സൂക്ഷിക്കുക. അല്ലാഹു അവരെ നശിപ്പിക്കട്ടെ. എവിടേക്കാണ വർ വഴിതെറ്റിപ്പോകുന്നത്?
5. നിങ്ങൾ വരു. അല്ലാഹുവിൻെറ ദൂതൻ നിങ്ങളുടെ പാപമോചനത്തിനായി പ്രാർഥിച്ചുകൊള്ളുമെന്ന് പറഞ്ഞാൽ അവർ അവരുടെ തല തിരിച്ചുകളയും. അഹങ്കാരം നടിച്ചുകൊണ്ട് അവർ വരാൻ വിസമ്മതിക്കുന്നതായി നിനക്കു കാണാം.
6. നീ അവരുടെ പാപമോചനത്തിന് പ്രാർഥിക്കുന്നതും പ്രാർഥിക്കാതിരിക്കുന്നതും അവരെ സംബന്ധിച്ചേടത്തോളം തുല്യമാകുന്നു. അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല. അധർമികളായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച.
7. ദൈവദൂതൻെറ കൂടെയുള്ളവർക്കുവേണ്ടി അവരദ്ദേഹത്തെ വിട്ടുപിരിയുംവരെ നിങ്ങൾ ഒന്നും ചെലവ് ചെയ്യരുത് എന്ന് പറയുന്നവരാകുന്നു അവർ.അല്ലാഹുവാകുന്നു ആകാശഭൂമികളുടെ ഖജനാവുകൾക്കുടയവൻ. പക്ഷേ, കപടവിശ്വാസികൾ അത് മനസ്സിലാക്കുന്നില്ല.
8. അവർ പറയുന്നു: ഞങ്ങൾ മദീനയിലേയ്ക്ക് മടങ്ങിച്ചെന്നാൽ പ്രതാപികൾ പതിതരെ അവിടെനിന്ന് പുറത്താക്കുകതന്നെ ചെയ്യും. എന്നാൽ പ്രതാപമൊക്കെയും അല്ലാഹുവിനും അവൻെറ ദൂതന്നും സത്യവിശ്വാസികൾക്കുമാണ്. പക്ഷേ, കപടവിശ്വാസികൾ അതറിയുന്നില്ല.
9. സത്യവിശ്വാസികളേ, നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ദൈവചിന്തയിൽനിന്ന് നിങ്ങളെ അശ്രദ്ധരാക്കാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ, അവരത്രെ നഷ്ടപ്പെട്ടവർ.
10. മരണം വന്നെത്തും മുമ്പേ നിങ്ങളോരോരുത്തരും നാം നിങ്ങൾക്കേകിയ വിഭവങ്ങളിൽനിന്ന് ചെലവഴിക്കുവിൻ. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: എൻെറ നാഥാ, അടുത്ത ഒരവധിയിലേയ്ക്ക് നീ എന്നെ പിന്തിച്ചു നിറുത്തിയെങ്കിൽ! എന്നാൽ ഞാൻ ദാനധർമ്മം ചെയ്യുകയും സജ്ജനങ്ങളിൽപെട്ട ഒരുവനായിരിക്കുകയും ചെയ്യും.

11. യാതൊരുവന്നും അവൻെറ ജീവിതാവധി ആസന്നമായാൽ അല്ലാഹു ആർക്കും അത് നീട്ടി കൊടുക്കുകയില്ല. നിങ്ങൾ ചെയ്യുന്നതൊക്കെയും നന്നായറിയുന്നവനാകുന്നു അല്ലാഹു.

********

## അധ്യായം 64

# അത്തഗാബുൻ. (നഷ്ടം വെളിപ്പെടൽ)

**അവതരണം മദീനയിൽ, വചനങ്ങൾ 18**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ:

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവിനെ പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുകയാകുന്നു. അവന്നാണ് ആധിപത്യം. സർവസ്തുതിയും അവനു തന്നെ. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.
2. നിങ്ങളെ സൃഷ്ടിച്ചവനത്രെ അവൻ. എന്നാൽ അവനിൽ അവിശ്വസിക്കുന്നവൻ നിങ്ങളിലുണ്ട്. വിശ്വസിക്കുന്നവനും നിങ്ങളിലുണ്ട്.നിങ്ങൾ ചെയ്യുന്നതൊക്കെയും അല്ലാഹുകണ്ടു കൊണ്ടേയിരിക്കുന്നു.
3. ആകാശങ്ങളെയും ഭൂമിയെയും സത്യത്തോടെ അവൻ സൃഷ്ടിക്കുകയും നിങ്ങളെ അവൻ രൂപ പ്പെടുത്തുകയും അങ്ങനെ നിങ്ങളുടെ രൂപം അവൻ ആകർഷകമാക്കുകയും ചെയ്തു. അന്തി മമായ (നിങ്ങളുടെ) മടക്കസ്ഥാനം അവങ്കലേയ്ക്കത്രെ.
4. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു. നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അവനറിയുന്നു.മനോഗതങ്ങൾ പോലും അറിയുന്നവനാണ് അല്ലാഹു.
5. ഇതിനുമുമ്പ് അവിശ്വസിച്ചവരുടെ വൃത്താന്തങ്ങളൊന്നും നിങ്ങൾക്ക് വന്നെത്തിയിട്ടില്ലേ? അങ്ങനെ തങ്ങളുടെ നടപടികളുടെ തിക്തഫലം അവരനുഭവിച്ചു. അവർക്ക് (പരലോകത്ത്) വേദനയേറിയ ശിക്ഷയുമുണ്ട്.
6. അതെന്തുകൊണ്ടെന്നാൽ അവരിലേക്കുള്ള ദൈവദൂതന്മാർ വ്യക്തമായ പ്രമാണങ്ങളുമായി അവരുടെ അടുത്ത് വന്നുകൊണ്ടിരുന്നു.എന്നാൽ അവർ പറഞ്ഞു:‘‘ഒരു മനുഷ്യൻ നമുക്ക് മാർഗദർശനം നൽകുകയോ?’’അങ്ങനെ അവർ അവിശ്വസിക്കുകയും പിന്തിരിയുകയും ചെയ്തു. അല്ലാഹു സ്വയം പര്യാപ്തനാകുന്നു. അല്ലാഹു ആശ്രയമാവശ്യമില്ലാത്തവനും സ്തുതിക്കപ്പെട്ടവനുമത്രെ.
7. സത്യനിഷേധികൾ വാദിച്ചു, മരണാനന്തരം തങ്ങളൊരിക്കലും ഉയിർത്തെഴുന്നേൽപിക്കപ്പെടാൻ പോകുന്നില്ലെന്ന്. നീ പറയുക: എന്റെ രക്ഷിതാവ് സത്യം, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകതന്നെചെയ്യും. എന്നിട്ട് നിങ്ങൾ(ഇഹത്തിൽ) പ്രവർത്തിച്ചതെന്തൊക്കെയായിരുന്നുവെന്ന് നിങ്ങളെ വിവരമറിയിക്കും, തീർച്ച. അത് അല്ലാഹുവിന് നന്നേ എളുപ്പമാണ്.
8. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും നാം അയച്ചുതന്ന വെളിച്ചത്തിലും വിശ്വസിക്കുക. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതൊക്കെയും നന്നായി അറിയുന്നവനാണ് അല്ലാഹു.
9. ആ മഹാസംഗമ ദിവസത്തിൽ അല്ലാഹു നിങ്ങളെയെല്ലാം ഒരുമിച്ചു കൂട്ടുമ്പോൾ അതത്രെ നഷ്ടം വെളിപ്പെടുന്ന ദിനം. ആർ അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നുവോ അവന്റെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുകയും താഴ് ഭാഗത്തുകൂടെ നദികൾ ഒഴുകുന്ന സ്വർഗീയാരാമങ്ങളിൽ അവനെ പ്രവേശിപ്പിക്കുകയും ചെയ്യും. അവനതിൽ നിത്യവാസിയായിരിക്കും. അതത്രെ മഹത്തായ വിജയം.
10. നിഷേധിക്കുകയും നമ്മുടെ സൂക്തങ്ങളെ കളവാക്കുകയും ചെയ്തവരോ, അവരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളയിരിക്കും. എത്ര ദുഷിച്ച സങ്കേതം!

11. അല്ലാഹുവിൻെറ അനുമതിയോടെയല്ലാതെ ആർക്കും ഒരാപത്തുമുണ്ടായിട്ടില്ല. അല്ലാഹുവിൽ വിശ്വസിക്കുന്നവനാരോ, അവൻെറ മനസ്സിനെ അവൻ നേർവഴിയിലാക്കുന്നു. അല്ലാഹു എല്ലാ കാര്യത്തെപറ്റിയും അറിയുന്നവനാണ്.
12. നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ.പ്രവാചകനേയും അനുസരിക്കുവിൻ. ഇനി നിങ്ങൾ പിന്തിരിയുന്നപക്ഷം നമ്മുടെ ദൂതൻെറ ബാധ്യത സത്യസന്ദേശം എത്തിച്ചുതരിക മാത്രമാകുന്നു.
13. അല്ലാഹു. അവനല്ലാതെ ആരാധ്യനായി വേറെ ദൈവമില്ല; അതിനാൽ സത്യവിശ്വാസികൾ അല്ലാഹുവിൽ മാത്രം ഭരമേൽപിച്ചുകൊള്ളട്ടെ.
14. വിശ്വസിച്ചവരേ, നിങ്ങളുടെ ഭാര്യമാരിലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുക്കളുണ്ട്. അതിനാൽ നിങ്ങൾ അവരെ സൂക്ഷിച്ചുകൊള്ളുക.നിങ്ങൾ മാപ്പു നൽകുകയും, വിട്ടു വീഴ്ച കാണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാണ്.
15. തീർച്ചയായും നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലത്രെ അതിമഹത്തായ പ്രതിഫലമുള്ളത്.
16. അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുവിൻ.നിങ്ങൾക്കുതന്നെ ഗുണകരമായ രീതിയിൽ ധനം ചെലവഴിക്കുക. ആർ തൻെറ മനസ്സിൻെറ പിശുക്കിൽനിന്ന് മുക്തരാകുന്നുവോ അവരാകുന്നു വിജയികൾ
17. നിങ്ങൾ അല്ലാഹുവിന് ഉത്തമമായ കടം നൽകുകയാണെങ്കിൽ അവൻ നിങ്ങൾക്കത് പലമടങ്ങ് വർദ്ധിപ്പിച്ചുതരുന്നതാകുന്നു. നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹു നന്ദിയുള്ളവനും ക്ഷമാലുവുമാകുന്നു.
18. അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവൻ! സർവ്വശക്തൻ! സർവ്വതന്ത്രജ്ഞൻ!

*******

## അധ്യായം 65

# അത്ത്വലാഖ്. (വിവാഹമോചനം)

**അവതരണം മദീനയിൽ, വചനങ്ങൾ 12**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അല്ലയോ പ്രവാചകരേ: നിങ്ങൾ(സത്യവിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുമ്പോൾ, അവരുടെ ഇദ്ദഃകണക്കാക്കി വിവാഹമോചനം നടത്തുകയും നിങ്ങൾ ഇദ്ദാകാലം കൃത്യമായി കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. ഇദ്ദാവേളയിൽ അവരെ അവരുടെ വീടുകളിൽനിന്ന് നിങ്ങൾ പുറത്താക്കരുത്. അവർ സ്വയം ഇറങ്ങിപ്പോവുകയുമരുത്. അവർ വ്യക്തമായ ദുർവൃത്തിയിലേർപ്പെട്ടാലല്ലാതെ. അല്ലാഹുവിന്റെ നിയമപരിധികളാണിവ. അല്ലാഹുവിന്റെ പരിധികൾ ലംഘിക്കുന്നവൻ തന്നോടു തന്നെയാണ് അതിക്രമം ചെയ്യുന്നത്. അതിനുശേഷം അല്ലാഹു പുതുതായി വല്ല കാര്യവും കൊണ്ടുവന്നേക്കുമോ എന്ന് നിനക്കറിയില്ല.
2. ഇനി അവരുടെ ഇദ്ദാ കാലാവധി എത്തിയാൽ, ഒന്നുകിൽ നല്ല നിലയിൽ അവരെ (നിങ്ങളുമായുള്ള ദാമ്പത്യത്തിൽ) പിടിച്ചു നിർത്തുക. അല്ലെങ്കിൽ മാന്യമായ നിലയിൽ അവരുമായി വേർപിരിയുക. നിങ്ങളിൽ നീതിമാന്മാരായ രണ്ടുപേരെ അതിനു സാക്ഷികളാക്കുക. ''നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം നേരാം വണ്ണം നിർവഹിക്കുകയും ചെയ്യുക.'' അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കു നൽകപ്പെടുന്ന ഉപദേശമാണിത്. അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്ന് (വിഷമങ്ങളിൽനിന്ന്) മോ ചനമാർഗം ഉണ്ടാക്കിക്കൊടുക്കും.
3. അവൻ ഊഹിക്കപോലും ചെയ്യാത്ത മാർഗങ്ങളിലൂടെ അവന് ആഹാരം നൽകുകയും ചെയ്യും.എല്ലാം അല്ലാഹുവിൽ അർപ്പിക്കുന്നവന് അല്ലാഹു തന്നെമതി.അല്ലാഹു അവന്റെ കാര്യം നിറവേറ്റുകതന്നെചെയ്യും. സകല കാര്യത്തിനും അല്ലാഹു ഒരു ക്രമം നിശ്ചയിച്ചിട്ടുണ്ട്.
4. നിങ്ങളുടെ സ്ത്രീകളിൽ ആർത്തവം നിലച്ചവരുടെ(വൃദ്ധകളുടെ) ഇദ്ദാകാര്യത്തിൽ നിങ്ങൾക്ക് സംശയം തോന്നിയാൽ, അവരുടെ ഇദ്ദാകാലം മൂന്നു മാസമാണ്. ഋതുമതികളായിട്ടില്ലാത്തവരുടെയും വിധി ഇതുതന്നെ. ഗർഭിണികളുടെ കാലാവധി അവർ പ്രസവിക്കുന്നതുവരെയാകുന്നു. അല്ലാഹുവിനോട് ഭക്തി പുലർത്തുന്നവന്, അവന്റെ കാര്യങ്ങൾ അല്ലാഹു എളുപ്പമാക്കും.
5. ഇത് നിങ്ങൾക്കായി അല്ലാഹു അവതരിപ്പിച്ച കൽപനയാകുന്നു. അല്ലാഹുവോട് ഭക്തികാണിക്കുന്നവന്റെ പാപങ്ങൾ അല്ലാഹു മായിച്ചുകളയുകയും അവന്റെ പ്രതിഫലം വലുതാക്കുകയും ചെയ്യും.
6. (ഇദ്ദാവേളയിൽ) നിങ്ങളുടെ കഴിവിനൊത്തവിധം നിങ്ങൾ താമസിക്കുന്നിടത്തു തന്നെ അവരെ താമസിപ്പിക്കണം.അവർക്കു ഞെരുക്കമുണ്ടാക്കാൻവേണ്ടി നിങ്ങളവരെ പ്രയാസപ്പെടുത്തരുത്. അവർ ഗർഭിണികളാണെങ്കിൽ പ്രസവിക്കുന്നതുവരെ നിങ്ങളവർക്ക് ചെലവിന് കൊടുക്കേണ്ടതാകുന്നു. എന്നാൽ നിങ്ങൾക്കുവേണ്ടി (ശിശുവിന്)അവർ മുലകൊടുക്കുന്നുവെങ്കിൽ, അവരുടെ വേതനങ്ങൾ അവർക്കു കൊടുക്കുവിൻ. (വേതനകാര്യം) നിങ്ങൾ അന്യോന്യം നല്ല നിലയിൽ കൂടിയാലോചിച്ച് തീരുമാനിക്കുവിൻ. എന്നാൽ നിങ്ങൾക്കി

രുവർക്കും പ്രയാസകരമാവുകയാണെങ്കിൽ അയാൾക്കുവേണ്ടി മറ്റൊരുവൾ മുല കൊടുക്കുകയും ചെയ്യട്ടെ.

7. സമ്പന്നൻ തൻെറ കഴിവനുസരിച്ച് ചെലവുചെയ്യണം. തൻെറ ഉപജീവനത്തിന് ഇടുക്കമനുഭവിക്കുന്നവൻ അല്ലാഹു അവന് നൽകിയതിൽ നിന്ന് ചെലവഴിക്കട്ടെ. അല്ലാഹു ഒരു മനുഷ്യനോടും അയാൾക്കേകിയതിൽ നിന്നല്ലാതെ നിർബന്ധിക്കുന്നില്ല. പ്രയാസത്തിനു ശേഷം അല്ലാഹു ആശ്വാസത്തെ കൊടുക്കുന്നതാകുന്നു.

8. എത്രയോ നാടുകൾ അവയുടെ രക്ഷിതാവിൻെറയും അവൻെറ ദൂതന്മാരുടെയും കൽപനകൾ ധിക്കരിച്ച് പ്രവർത്തിച്ചു. അപ്പോൾ നാമവരെ രൂക്ഷമായ വിചാരണക്കു വിധേയമാക്കി. കൊടിയ ശിക്ഷ നൽകുകയും ചെയ്തു.

9. അങ്ങനെ അവർ ആ ചെയ്തികളുടെ കെടുതികളനനുഭവിച്ചു. തികഞ്ഞ നഷ്ടമായിരുന്നു അതിൻെറ പരിണതി.

10. അല്ലാഹു അവർക്കായി(പരത്തിൽ)കഠിന ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്.അതിനാൽ സത്യവിശ്വാസം സ്വീകരിച്ച ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. നിശ്ചയം, അല്ലാഹു നിങ്ങൾക്കായി ഒരുൽബോധകനെ അയച്ചിരിക്കുകയാണ്;

11. അല്ലാഹുവിൻെറ സുവ്യക്തങ്ങളായ സന്ദേശങ്ങൾ ഓതിക്കേൾപ്പിക്കുന്ന ഒരു ദൂതനെ. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കാനാണത്. അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ, അല്ലാഹു താഴ്ഭാഗത്തുകൂടെ നദികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അങ്ങനെയുള്ളവർക്കു വേണ്ടി അല്ലാഹു വിശിഷ്ടമായ വിഭവങ്ങളൊരുക്കിവെച്ചിട്ടുണ്ട്.

12. ഏഴ് ആകാശങ്ങളെയും ഭൂമിയിൽനിന്ന് അവയ്ക്കു സമമായത് നിർമ്മിച്ചതും അല്ലാഹുവാകുന്നു. അവയ്ക്കിടയിൽ അവൻെറ കൽപനകളിറങ്ങിക്കൊണ്ടിരിക്കുന്നു. അല്ലാഹു സകല സംഗതികൾക്കും കഴിവുറ്റവനാണെന്നും അവൻെറ അറിവ് സകല കാര്യങ്ങളെയും വലയം ചെയ്തിരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കാനാണത്.

---

*********

## അധ്യായം 66

# അത്തഹ്രീം. (നിഷിദ്ധമാക്കൽ)

**അവതരണം മദീനയിൽ, വചനങ്ങാം 12**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. അല്ലയോ പ്രവാചകരേ,നീയെന്തിനാണ് സ്വപത്നിമാരുടെ തൃപ്തിതേടിക്കൊണ്ട്,അല്ലാഹു നിന
ക്ക് അനുവദനീയമാക്കിയ സംഗതിയെ നിഷിദ്ധമാക്കുന്നത്? അല്ലാഹു ഏറെ പൊറുക്കുന്ന
വനും കരുണാനിധിയുമാകുന്നു.
2. നിങ്ങളുടെ പ്രതിജ്ഞകാംക്കുള്ള പരിഹാരം അല്ലാഹു നിങ്ങാംക്കു നിയമമാക്കിതന്നിരിക്കു
ന്നു.അല്ലാഹുവാണ് നിങ്ങളുടെ രക്ഷകൻ. സർവജ്ഞനും യുക്തിമാനുമാണവൻ.
3. പ്രവാചകൻ തൻെറ ഒരു ഭാര്യയോട് ഒരു കാര്യം രഹസ്യമായി പറഞ്ഞ സന്ദർഭം. അവരത്
മറ്റൊരാളെ അറിയിക്കുകയും അത് (രഹസ്യം പരസ്യമായ വിവരം) അല്ലാഹു പ്രവാചകന്
വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തപ്പോാം അദ്ദേഹം അതിലെ ചിലകാര്യങ്ങാം ആ ഭാര്യ
യെ അറിയിച്ചു.ചില കാര്യങ്ങാം ഒഴിവാക്കുകയും ചെയ്തു.ഇക്കാര്യം പ്രവാചകൻ അവരോ
ട് പറഞ്ഞപ്പോാം അവർ ചോദിച്ചു: ആരാണിത് താങ്കളെ അറിയിച്ചത്? പ്രവാചകൻ പറ
ഞ്ഞു: സർവജ്ഞനും സൂക്ഷ്മജ്ഞനുമായവനാണ് എന്നെ വിവരമറിയിച്ചത് .
4. നിങ്ങളിരുവരും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നുവെങ്കിൽ(അതാണ് നിങ്ങാം
ക്കുത്തമം).കാരണം,നിങ്ങളിരുവരുടെയും മനസ്സുകാം വ്യതിചലിച്ചുപോയിട്ടുണ്ട്. അഥവാ
നിങ്ങളിരുവരും അദ്ദേഹത്തിനെതിരെ സംഘടിക്കുകയാണെങ്കിൽ അറിയുക: തീർച്ചയായും
അല്ലാഹുവാണ് അദ്ദേഹത്തിൻെറ രക്ഷകൻ. ജിബ്രീലും സച്ചരിതരായ വിശ്വാസികളൊക്കെ
യും അതിനുപുറമെ മലക്കുകളുമെല്ലാം(മാലാഖമാർ)അദ്ദേഹത്തിൻെറ സഹായികളായിരിക്കും.
5. (പ്രവാചക പത്നിമാരേ,) നിങ്ങളെയെല്ലാവരെയും അദ്ദേഹം വിവാഹമോചനം ചെയ്യുന്ന പ
ക്ഷം അല്ലാഹു അദ്ദേഹത്തിന് നിങ്ങളെക്കാാം നല്ലവരായ പത്നിമാരെ പകരം നല്കിയേ
ക്കാം;മുസ്ലിംകളും സത്യവിശ്വാസിനികളും ഭയഭക്തരും പശ്ചാത്താപമുള്ളവരും ആരാധനാ
നിരതരും വ്രതമനുഷ്ഠിക്കുന്നവരും വിധവകളും കന്യകകളുമായ സ്ത്രീകളെ.
6. അല്ലയോ വിശ്വാസികളേ,നിങ്ങളെയും നിങ്ങളുടെ കുടുംബാദികളെയും നരകാഗ്നിയിൽനി
ന്ന് നിങ്ങാം കാത്തുരക്ഷിക്കുക.അതിൻെറ ഇന്ധനം മനുഷ്യരും കല്ലുകളുമാണ്. അതിൻെറ
മേൽനോട്ടത്തിന് പരുഷപ്രകൃതരും അതിശക്തരുമായ മലക്കുകളാണുണ്ടാവുക. അല്ലാഹുവി
ൻെറ ആജ്ഞകളവർ അൽപം പോലും ലംഘിക്കുകയില്ല. അവർ കൽപിക്കപ്പെടുന്നതെന്തും
അതേപടി അവർ പ്രാവർത്തികമാക്കുന്നു.
7. ഹേ, സത്യനിഷേധികളേ, നിങ്ങളിന്ന് ഒഴികഴിവ് പറയേണ്ട. നിങ്ങാം ചെയ്തുകൊണ്ടിരി
ക്കുന്നതിനു മാത്രമാണ് നിങ്ങാംക്കു പ്രതിഫലം നൽകപ്പെടുന്നത്.
8. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനോട് പശ്ചാത്തപിക്കുവിൻ, ആത്മാർഥമായ പശ്ചാ
ത്താപം.നിങ്ങളുടെ നാഥൻ നിങ്ങളുടെ തിന്മകാം മായിച്ചുകളയുകയും താഴ്ഭാഗങ്ങളിലൂടെ
അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം,
അല്ലാഹു തൻെറപ്രവാചകനെയും കൂടെയുള്ള വിശ്വാസികളെയും നിന്ദിക്കാത്ത ദിനത്തിൽ.
അവരുടെ പ്രകാശം അവരുടെ മുന്നിലും വലതു ഭാഗത്തും സഞ്ചരിച്ചുകൊണ്ടിരിക്കും.
അവർ പ്രാർഥിച്ചുകൊണ്ടിരിക്കും: ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പ്രകാശം ഞങ്ങാംക്കു നീ

പൂർത്തീകരിച്ചുതരേണമേ. ഞങ്ങളോട്‌ നീ പൊറുക്കുകയും ചെയ്യേണമേ.നീ എല്ലാറ്റിനും കഴിവുറ്റവൻ തന്നെ, തീർച്ച.

9. പ്രവാചകരേ,സത്യനിഷേധികളോടും കപടവിശ്വാസികളോടും നീ സമരം ചെയ്യുക.അവരോട്‌ കർക്കശമായി വർത്തിക്കുകയും ചെയ്യുക.അവരുടെ സങ്കേതം നരകമാകുന്നു. എത്ര ചീത്ത സങ്കേതം!

10. സത്യനിഷേധികൾക്ക്‌ ഉദാഹരണമായി അല്ലാഹു നൂഹിന്റെ ഭാര്യയെയും ലൂത്വിന്റെ ഭാര്യയെയും ഉദാഹരിച്ചിരിക്കുന്നു. അവരിരുവരും നമ്മുടെ ദാസന്മാരിൽപെട്ട സദ്‌വൃത്തരായ രണ്ട്‌ ദാസന്മാരുടെ കീഴിലായിരുന്നു.എന്നിട്ട്‌ ഇരുവരും രണ്ടുപേരെയും വഞ്ചിച്ചു. അതുകൊണ്ട്‌ അല്ലാഹുവിന്റെ ശിക്ഷയുടെ കാര്യത്തിൽ അവർക്ക്‌ അവർ രണ്ടും ഒട്ടും ഉപകാരപ്പെട്ടില്ല. നിങ്ങൾ രണ്ടു പേരും നരകത്തിൽ പ്രവേശിക്കുന്നവരോടൊപ്പം പ്രവേശിച്ചുകൊള്ളുവിൻ എന്ന്‌ ഇരുവരോടും പറയപ്പെടുകയും ചെയ്തു.

11. ഫറവോന്റെ ഭാര്യയെ വിശ്വാസികൾക്ക്‌ ഉദാഹരണമായി അല്ലാഹു എടുത്തുകാണിക്കുന്നു. അവർ അല്ലാഹുവോട്‌ പ്രാർഥിച്ച സന്ദർഭം:എന്റെ നാഥാ! എനിക്കു നിന്റെയടുത്ത്‌ സ്വർഗത്തിലൊരു വീട്‌ ഉണ്ടാക്കിത്തരികയും,ഫറവോനിൽ നിന്നും അയാളുടെ ദുർവൃത്തിയിൽ നിന്നും എന്നെ രക്ഷിക്കുകയും ചെയ്യേണമേ! ധിക്കാരികളായ ജനത്തിൽനിന്നും എന്നെ നീ മോചിപ്പിക്കേണമേ!

12. തന്റെ ഗുഹ്യസ്ഥാനത്തെ സൂക്ഷിച്ച, ഇംറാന്റെ മകൾ മർയമിനെയും(ഉദാഹരണമായി എടുത്തുകാണിക്കുന്നു).അങ്ങനെ അതിൽ നമ്മുടെ ആത്മാവിൽനിന്നും നാം ഊതി.തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭയഭക്തിയുള്ളവരുടെ കൂട്ടത്തിലാവുകയും ചെയ്തു

---

*********

## അധ്യായം 67

# അൽ മുൽക്ക്. (ആധിപത്യം)

**അവതരണം മക്കയിൽ, വചനങ്ങൾ 30**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. ആധിപത്യം ആരുടെ കൈയിലാണോ അവൻ അനുഗ്രഹപൂർണ്ണനായിരിക്കുന്നു.അവൻ എല്ലാ കാര്യത്തിനും കഴിവുറ്റവനാകുന്നു.
2. മരണവും ജീവിതവും സൃഷ്ടിച്ചവൻ; നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.
3. ഏഴ് ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാണവൻ.പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. അതിനാൽ നീ ആവർത്തിച്ചു നോക്കുക എവി ടെയെങ്കിലും വല്ല കോട്ടവും നീ കാണുന്നുണ്ടോ?
4. പിന്നീട് രണ്ട് തവണ നീ കണ്ണിനെ തിരിച്ചുകൊണ്ടുവരിക. നിന്റെ കണ്ണ് പരാജയപ്പെട്ട അവസ്ഥയിലും തളർന്നും നിന്നിലേക്കുതന്നെ തിരിച്ചു വരും.
5. തൊട്ടടുത്തുള്ള ആകാശത്തെ നാം ദീപങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. അവയെ പിശാചുക്കളെ എറിഞ്ഞോടിക്കുന്നവയുമാക്കിയിരിക്കുന്നു. കത്തിജ്വലിക്കുന്ന നരകാഗ്നിയാകുന്നു അവർക്ക് നാം ഒരുക്കിവെച്ചിട്ടുള്ളത്.
6. തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർക്കാണ് നരകശിക്ഷയുള്ളത്. മടങ്ങിച്ചെല്ലാനുള്ള ആ ഇടം വളരെ ചീത്ത തന്നെ.
7. അവർ അതിൽ(നരകത്തിൽ) എറിയപ്പെട്ടാൽ അതിന്റെ ഭീകരഗർജനം അവർകേൾക്കും.അത് തിളച്ചുമറിയുകയു ചെയ്യും.
8. ക്ഷോഭത്താൽ അത് പൊട്ടിത്തെറിക്കാറാകും. ഓരോ സംഘം അതിൽ(നരകത്തിൽ) എറിയപ്പെടുമ്പോഴൊക്കെ അതിന്റെ കാവൽക്കാർ അവരോട് ചോദിച്ചുകൊണ്ടിരിക്കും:‘നിങ്ങളുടെ അടുത്ത് മുന്നറിയിപ്പുകാരാരും വന്നിരുന്നില്ലേ’?
9. അവർ പറയും: അതെ. ഞങ്ങൾക്ക് മുന്നറിയിപ്പുകാരൻ വന്നിരുന്നു. അങ്ങനെ, ഞങ്ങളദ്ദേഹത്തെ നിഷേധിച്ചുകളയുകയും അല്ലാഹു യാതൊന്നും അവതരിപ്പിച്ചിട്ടില്ല, നിങ്ങളാകട്ടെ വലിയ ദുർമാർഗത്തിലകപ്പെട്ടിരിക്കുകയാണ് എന്ന് ഞങ്ങൾ പറയുകയും ചെയ്തു.
10. അവർ കേണുകൊണ്ടിരിക്കും: ഞങ്ങൾ കേൾക്കുകയോ അതേക്കുറിച്ച് ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ നരകാവകാശികളിൽ അകപ്പെട്ടവരിൽപെടുമായിരുന്നില്ല.
11. അവർ തങ്ങളുടെ കുറ്റം ഏറ്റുപറയും. അപ്പോൾ നരകാഗ്നിയുടെ ആൾക്കാർക്കു ശാപം.
12. തീർച്ചയായും, തങ്ങളുടെ രക്ഷിതാവിനെ കാണാതെതന്നെ ഭയപ്പെട്ടു ജീവിക്കുന്നവരോ, നിശ്ചയം, അവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവുമുണ്ട്.
13. നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയായും അവൻ മനോഗതങ്ങൾ വരെ അറിയുന്നവനാകുന്നു.
14. സൃഷ്ടിച്ചവൻ അറിയുകയില്ലെന്നോ! അവൻ അതിസൂക്ഷ്മ രഹസ്യങ്ങൾ അറിയുന്നവനും അഗാധജ്ഞനുമാകുന്നു.
15. അവനാണ് ഭൂമിയെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നത്. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടന്നുകൊള്ളുവിൻ. അവന്റെ വിഭവങ്ങളിൽ നിന്നും ഭക്ഷിക്കു

കയും ചെയ്യുവിൻ. അവൻെറ സന്നിധിയിലേക്കാണ് നിങ്ങാം ഉയിർത്തെഴുന്നേറ്റ് ചെല്ലു ന്നതും.

16. ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെയും അങ്ങനെ ഭൂമി ഇളകി മറിഞ്ഞാൽ അതെപ്പറ്റിയും നിങ്ങാം നിർഭയരാണോ?
17. അല്ലെങ്കിൽ, ആകാശത്തുള്ളവൻ നിങ്ങളുടെമേൽ ചരൽകല്ലുകാം ചൊരിയുന്നതിനെപ്പറ്റി നി ങ്ങാം നിർഭയരാണോ? നമ്മുടെ താക്കീത് എങ്ങനെയുണ്ടെന്ന് വഴിയെ നിങ്ങാം അറിയുക തന്നെ ചെയ്യും.
18. തീർച്ചയായും അവർക്ക് മുമ്പുള്ളവരും സത്യത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട്.നോക്കുക എൻെറ പ്രതിഷേധം എങ്ങനെയായിരുന്നുവെന്ന്.
19. തങ്ങാംക്കു മീതെ ചിറകുകാം നിവർത്തിയും മടക്കിയും പറക്കുന്ന പക്ഷികളെ അവർ കാ ണുന്നില്ലേ? അവയെ താങ്ങിനിർത്തുന്നത് ദയാപരനല്ലാതാരുമല്ല. തീർച്ചയായും അവൻ എല്ലാ കാര്യവും കണ്ടറിയുന്നവനാകുന്നു
20. അല്ലെങ്കിൽ, ദയാപരനായവനല്ലാതെ നിങ്ങളെ സഹായിക്കാൻ കഴിയുന്ന സൈന്യമേതാണു ള്ളത്? അവിശ്വാസികാം വഞ്ചനയിൽ പെട്ടിരിക്കുക മാത്രമാണ്
21. അല്ലെങ്കിൽ, അല്ലാഹു തൻെറ ഉപജീവനം വിലക്കിയാൽ നിങ്ങാംക്ക് ഉപജീവനം നൽകുന്ന വനായിആരുണ്ട്? എന്നിട്ടും അവർ ധിക്കാരത്തിലും വെറുപ്പിലും മുഴുകിയിരിക്കുകയാ കുന്നു.
22. അപ്പോാം, മുഖം നിലത്തുകുത്തി നടക്കുന്നവനോ നേർവഴി പ്രാപിച്ചവൻ?അതോ, നേർമാർ ഗ്ഗത്തിൽ ചൊവ്വായി നടക്കുന്നവനാണോ?
23. പറയുക:അവനാണ് നിങ്ങളെ സൃഷ്ടിച്ചത്.അവൻ നിങ്ങാംക്ക് കോംവിയും കാഴ്ചകളും, ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തവൻ. നിങ്ങാം കുറച്ചേ നന്ദി കാണിക്കുന്നുള്ളു.
24. പറയുക: അവനാണ് നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ചു വളർത്തിയവൻ. അവൻെറ സന്നിധി യിൽ നിങ്ങാം ഒരുമിച്ചുകൂട്ടപ്പെടുന്നതുമാകുന്നു.
25. അവർ ചോദിക്കുന്നു:നിങ്ങാം സത്യം പറയുന്നവരാണെങ്കിൽ ഈ വാഗ്ദാനം പുലരുന്നത് എപ്പോഴാണ്? (എന്ന് പറഞ്ഞുതരിക).
26. പറയുക: അതിൻെറ അറിവ് അല്ലാഹുവിങ്കലാകുന്നു. ഞാൻ(അതെക്കുറിച്ച്) വ്യക്തമായി മുന്നറിയിപ്പ് തരുന്നവൻ മാത്രമാകുന്നു.
27. അത്(താക്കീതു നൽകപ്പെട്ട കാര്യം)അടുത്തെത്തിയതായി കാണുമ്പോാം സത്യനിഷേധികളു ടെ മുഖം വിഷാദമൂകമായി മാറും. അന്നേരം അവരോട് പറയപ്പെടും: ‘‘നിങ്ങാം വാദിച്ചു കൊണ്ടിരുന്നതുതന്നെയാണിത്’’.
28. അവരോട് ചോദിക്കുക:നിങ്ങാം ചിന്തിച്ചുനോക്കിയിട്ടുണ്ടോ? എന്നെയും എന്നോടൊപ്പമു ള്ളവരെയും അല്ലാഹു നശിപ്പിക്കുകയോ അല്ലെങ്കിൽ ഞങ്ങളോട് കരുണ കാണിക്കുകയോ ചെയ്താൽ, വേദനയേറിയ ശിക്ഷയിൽനിന്ന് സത്യനിഷേധികളെ രക്ഷിക്കാനാരുണ്ട്?
29. പറയുക:അവനാണ് കാരുണികൻ. അവനിൽ ഞങ്ങാം വിശ്വസിച്ചിരിക്കുന്നു.അവൻെറ മേൽ ഞങ്ങാം ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു.എന്നാൽ വ്യക്തമായ വഴികേടിൽ ആരാണെന്ന് വേഗം നിങ്ങാം അറിയും.
30. ചോദിക്കുക: നിങ്ങാം ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ ജലം ഭൂമിയിൽ താണുപോവുകയാ ണെങ്കിൽ ആരാണ് നിങ്ങാംക്ക് ഒഴുകുന്ന ഉറവുവെള്ളം കൊണ്ടുവന്നുതരിക?

# അധ്യായം 68

## അൽഖലം. (തൂലിക)

**അവതരണം മക്കയിൽ, വചനങ്ങൾ 52**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. നൂൻ. പേനയും അവർ എഴുതുന്നതും തന്നെയാണ് സത്യം.
2. നിൻെറ നാഥൻെറ അനുഗ്രഹത്താൽ നീ ഒരു ഭ്രാന്തനല്ല.
3. നിശ്ചയമായും നിനക്ക് അറ്റുപോകാത്ത പ്രതിഫലമുണ്ട്.
4. തീർച്ചയായും നീ ശ്രേഷ്ഠമായ സ്വഭാവഗുണത്തിലാകുന്നു.
5. ആകയാൽ വൈകാതെ നീ കണ്ടറിയും, അവരും കണ്ടറിയും;
6. നിങ്ങളിൽ ആരാണ് കുഴപ്പത്തിലകപ്പെട്ടവനെന്ന്!
7. തീർച്ചയായും(അല്ലാഹുവിൻെറ)മാർഗത്തിൽനിന്ന് വഴിതെറ്റിയവരാരെന്ന് നിൻെറ രക്ഷിതാവ് നന്നായറിയുന്നവനാകുന്നു. നേർവഴി പ്രാപിച്ചവരെയും അവനുനന്നായറിയാം.
8. അതിനാൽ സത്യനിഷേധികളെ നീ അനുസരിക്കരുത്.
9. നീ അൽപം അനുനയം കാണിച്ചെങ്കിൽ തങ്ങൾക്കും അനുനയം ആകാമായിരുന്നുവെന്ന് അവരാശിക്കുന്നു.
10. നിരന്തരം ആണയിട്ടുകൊണ്ടിരിക്കുന്ന നീചന്മാർക്ക് നീ വഴങ്ങിപ്പോകരുത്
11. പരദൂഷണക്കാരൻ; ഏഷണിയുംകൊണ്ട് നടക്കുന്നവൻ .
12. നന്മയെ തടയുന്നവൻ, അതിക്രമി, മഹാപാപി.
13. ക്രൂരൻ, ഇതിനൊക്കെപ്പുറമെ ജാരസന്തതിയും.
14. (അതിനു കാരണമോ)അവൻ ധാരാളം സ്വത്തും സന്താനങ്ങളും ഉള്ളവനായി എന്നതിനാൽ.
15. നമ്മുടെ വചനങ്ങൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അവൻ പറയും: 'ഇത് പൗരാണികരുടെ കെട്ടുകഥകളാകുന്നു'.
16. അടുത്തുതന്നെ അവൻെറ തുമ്പിക്കൈക്ക് നാം അടയാളം വെക്കുന്നതാണ്.
17. തീർച്ചയായും തോട്ടക്കാരെ നാം പരീക്ഷിച്ചതുപോലെ അവരെയും (മക്കക്കാരെ) നാം പരീക്ഷിച്ചിരിക്കയാണ്. പ്രഭാതമായിട്ട് തീർച്ചയായും അതിലെ കനികൾ അവർ പറിക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം.
18. (അല്ലാഹുവിൻെറ നിശ്ചയത്തിന്ന് ഒരുസ്ഥാനം)അവർ ഒഴിവാക്കിപ്പറഞ്ഞില്ല
19. അങ്ങനെ അവർ ഉറങ്ങിക്കിടക്കവേ, നിൻെറ നാഥനിൽനിന്നുള്ള ഒരു വിപത്ത് ആ തോട്ടത്തെ ബാധിച്ചു.
20. അങ്ങനെ അത് വിളവെടുപ്പ് കഴിഞ്ഞ വയൽപോലെയായി.
21. പുലർച്ചയിൽ അവർ അന്യോന്യം വിളിച്ചുപറഞ്ഞു:
22. നിങ്ങൾ വിളവെടുക്കുന്നുവെങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് കാലത്തു തന്നെ നിങ്ങൾ പുറപ്പെടുക.
23. അങ്ങനെ അവർ പുറപ്പെട്ടു, പരസ്പരം സ്വകാര്യം പറഞ്ഞുകൊണ്ട്;
24. ഒരു പാവപ്പെട്ടവനും ഇന്ന് നിങ്ങളുടെയടുത്ത് പ്രവേശിക്കാതിരിക്കട്ടെ.
25. അവർ പാവങ്ങളെ തടസ്സപ്പെടുത്താൻ കഴിവുറ്റവരെന്നവണ്ണം കാലത്ത് പുറപ്പെടുകയും ചെയ്തു.

26. അത് കണ്ടപ്പോൾ അവർ വിലപിക്കാൻ തുടങ്ങി: തീർച്ചയായും നമുക്ക് (തോട്ടത്തിലേക്കുള്ള) വഴി തെറ്റിപ്പോയി.
27. അല്ല; നാം എല്ലാം നഷ്ടപ്പെട്ടവരായിരിക്കുന്നു.
28. അവരിൽ ഏറ്റവും മിതവാദി പറഞ്ഞു: ഞാൻ നിങ്ങളോട് പറഞ്ഞില്ലേ? അല്ലാഹുവിനെ നിങ്ങൾ വാഴ്ത്തിടാത്തത് എന്ത്?
29. അവർ പറഞ്ഞു: നമ്മുടെ നാഥൻ എത്ര പരിശുദ്ധൻ. തീർച്ചയായും നാം അക്രമികളായിരിക്കുന്നു.
30. അങ്ങനെ അവരന്യോന്യം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു.
31. അവർ പറഞ്ഞു: നമ്മുടെ മഹാ കഷ്ടം! തീർച്ചയായും നാം അതിക്രമികളായിപ്പോയല്ലോ!
32. നമ്മുടെ നാഥൻ അതിനേക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നമുക്ക് നമ്മുടെ രക്ഷിതാവിങ്കൽതന്നെ പ്രതീക്ഷയർപ്പിക്കാം.
33. അപ്രകാരമാണ് (ഇഹലോക)ശിക്ഷ. പരലോക ശിക്ഷയോ,(ഇതിനേക്കാൾ) ഭയങ്കരമാകുന്നു. അവർ അറിഞ്ഞിരുന്നുവെങ്കിൽ!
34. തീർച്ചയായും ഭക്തജനത്തിന് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹീതമായ സ്വർഗീയാരാമങ്ങളുണ്ട്.
35. അപ്പോൾ അനുസരണമുള്ളവരെ നാം ധിക്കാരികളെപ്പോലെയാക്കുകയോ?
36. നിങ്ങൾക്കെന്തായിപ്പോയി, നിങ്ങൾ എങ്ങനെയാണ് വിധികൽപിക്കുന്നത്?
37. അതല്ല, നിങ്ങൾക്ക് വല്ല വേദവും ലഭിച്ചിട്ടുണ്ടോ? നിങ്ങളതിൽ പഠനം നടത്തിക്കൊണ്ടിരിക്കുകയാണോ?
38. നിങ്ങൾ തിരഞ്ഞെടുക്കുന്നതൊക്കെ നിങ്ങൾക്ക് അതിലുണ്ടെന്നോ?
39 അതല്ലെങ്കിൽ നിങ്ങൾ വിധിക്കുന്നതെല്ലാം നിങ്ങൾക്കായിരിക്കുമെന്നതിന് ഉയിർത്തെഴുന്നേൽപ്പുനാൾവരെ നിലനിൽക്കുന്ന വല്ലകരാറും നമ്മുടെ പേരിൽ നിങ്ങൾക്കുണ്ടോ?
40. അവരോട് ചോദിക്കുക: അവരിൽ ആരാണ് ആ കാര്യത്തിൽ ഉത്തരവാദിത്തം ഏല്ക്കുന്നത്?
41. അല്ലെങ്കിൽ അവർക്ക് (അതിൻെറ ഉത്തരവാദിത്തം ഏറ്റെടുത്ത)വല്ല പങ്കുകാരുമുണ്ടോ? എങ്കി ൽ ആ പങ്കുകാരെ അവരിങ്ങ് കൊണ്ടുവരട്ടെ. അവർ സത്യവാദികളെങ്കിൽ .
42. കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ ഓർക്കുക. അന്ന് (അല്ലാഹുവിന്) സാഷ്ടാംഗം ചെയ്യുന്നതിലേക്ക് അവർ ക്ഷണിക്കപ്പെടും. എന്നാൽ അവർക്കതിനു സാധ്യമാവില്ല.
43. അവരുടെ ദൃഷ്ടികൾ താണുപോയിരിക്കും. നിന്ദ്യതഅവരെ ആവരണം ചെയ്യും.അവർ സുരക്ഷിതരായിരുന്ന സമയത്ത് സാഷ്ടാംഗം ചെയ്യുന്നതിന് അവർ വിളിക്കപ്പെട്ടിരുന്നല്ലോ.
44. അതിനാൽ എന്നെയും ഈ വചനങ്ങളെ തള്ളിക്കളയുന്നവരെയും വിട്ടേക്കുക. അവർ അറിയാത്ത വിധത്തിൽ നാമവരെ പടിപടിയായി പിടികൂടുന്നതാകുന്നു.
45. ഞാൻ അവർക്ക് സാവകാശം നൽകുകയും ചെയ്യും. തീർച്ചയായും എൻെറ തന്ത്രം ബലവത്താകുന്നു.
46. അതല്ല നീ അവരോട് വല്ല പ്രതിഫലവും ആവശ്യപ്പെടുന്നതിനാൽ അവർ കട ബാധ്യതയാൽ ഞെരുങ്ങുകയാണോ?

47. അല്ലെങ്കിൽ അവരുടെ പക്കൽ അവർ എഴുതി എടുത്തുകൊണ്ടിരിക്കുന്ന വല്ല അഭൗതിക ജ്ഞാനവുമുണ്ടോ?
48. അതുകൊണ്ട് നിൻെറ രക്ഷിതാവിൻെറ തീരുമാനം വരുന്നതുവരെ ക്ഷമിച്ചിരിക്കുക. നീ ആ മത്സ്യക്കാരനെപ്പോലെ(യൂനുസ്നബി)ആകരുത്.അദ്ദേഹംദുഃഖാർത്തനായിക്കൊണ്ട് പ്രാർഥിച്ച സന്ദർഭം ഓർക്കുക.
49. തൻെറ രക്ഷിതാവിൽനിന്നുള്ള ഔദാര്യം അദ്ദേഹത്തിന് ചെന്നെത്തിയില്ലായിരുന്നെങ്കിൽ ആ പാഴ്മണൽക്കാട്ടിൽ അദ്ദേഹം ആക്ഷേപാർഹനായിക്കൊണ്ട് വലിച്ചെറിയപ്പെടുമായിരുന്നു.
50. അങ്ങനെ അദ്ദേഹത്തിൻെറ രക്ഷിതാവ് അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും എന്നിട്ട് സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.
51. ഈ അനുസ്മരണ സന്ദേശം(ഖുർആൻ) കേൾക്കുമ്പോൾ സത്യനിഷേധികൾ നീ നിൻെറ കാലിടറി വീഴുമാറ് നിന്നെ തുറിച്ച് നോക്കുന്നു. തീർച്ചയായും ഇവൻ ഒരു ഭ്രാന്തൻ തന്നെ എന്നവർ പറയും.
52. എന്നാൽ ഇത് ലോകർക്കാകമാനമുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല

---

**********

# അധ്യായം 69

## അൽ ഹാഖഃ . (യഥാർഥ സംഭവം)

**അവതരണം മക്കയിൽ, വചനങ്ങ൪ 52**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. അനിവാര്യ സംഭവം!
2. എന്താണാ അനിവാര്യ സംഭവം?
3. ആ അനിവാര്യ സംഭവം എന്താണെന്ന് നിനക്കെന്തറിയാം?
4. ഥമൂദ്സമുദായവും ആദ്സമുദായവും ആഅത്യാഹിതത്തെ നിഷേധിച്ചുകളഞ്ഞു.
5. എന്നാൽ ഥമൂദ് സമുദായം ഭീകരമായ ഒരുശിക്ഷകൊണ്ട് നശിപ്പിക്കപ്പെട്ടു.
6. എന്നാൽ ആദ്സമുദായം അതിരൂക്ഷമായി അഞ്ഞടിച്ച കൊടുങ്കാറ്റിനാലും നശിപ്പിക്കപ്പെട്ടു.
7. തുടർച്ചയായ ഏഴു രാവും എട്ടു പകലും അതിനെ അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു. അപ്പോ൪ ആ ജനം കടപുഴകിവീണ ഈത്തപ്പനത്തടികളെന്നോണം വീണുകിടക്കുന്നതു നിനക്ക് കാണാമായിരുന്നു.
8. ഇനി അവരുടെതായി അവശേഷിക്കുന്ന വല്ലതും നീ കാണുന്നുണ്ടോ?
9. ഫറവോനും അവന്റെ മുമ്പുള്ളവരും കീഴ്മേൽ മറിക്കപ്പെട്ട നാടുകളും അതേ തിന്മ കൊണ്ടുവന്നു.
10. അവരൊക്കെയും തങ്ങളുടെ രക്ഷിതാവിന്റെ ദൂതനെ ധിക്കരിച്ചു.അപ്പോ൪ അവൻ അവരെ ശക്തമായ ഒരു പിടിത്തം പിടിക്കുകയും ചെയ്തു.
11. തീർച്ചയായും നാം നിങ്ങളെ പ്രളയം അതിരുകവിഞ്ഞപ്പോ൪ (പ്രവാചകൻ നൂഹിനോടൊപ്പം) കപ്പലിൽ കയറ്റി രക്ഷിക്കുകയുണ്ടായി.
12. ആ സംഭവത്തെ നിങ്ങ൪ക്ക് നാം ഒരു സ്മരണയാക്കുന്നതിനും സൂക്ഷ്മതയുള്ള കാതുക൪ ആ ഓർമക൪ ശ്രദ്ധിച്ചു മനസ്സിലാക്കുവാനും.
13. എന്നാൽ കാഹളത്തിൽ ഒരു ഊത്ത് ഊതപ്പെട്ടാൽ .
14. ഭൂമിയും പർവതങ്ങളും പൊക്കിയെടുക്കപ്പെടുകയും എന്നിട്ട് അവ രണ്ടും ഒറ്റയിടി ഇടിക്ക പ്പെടുകയും ചെയ്താൽ .
15. അന്ന് അനിവാര്യമായ ആ സംഭവം നടക്കുകയായി.
16. ആകാശം പൊട്ടിപ്പിളർന്നിടും. ആ നാളിൽ അത് ദുർബലമായിരിക്കും.
17. മലക്കുകളാകട്ടെ(മാലാഖമാർ) അതിന്റെ പാർശ്വങ്ങളിലുണ്ടായിരിക്കും. നിന്റെ രക്ഷിതാവിന്റെ സിംഹാസനം ആ നാളിൽ എട്ടു പേർ തങ്ങളുടെ തലക്കു മുകളിലായി ചുമക്കും.
18. അന്ന് നിങ്ങ൪ (ദൈവസന്നിധിയിൽ വിചാരണക്കായി) ഹാജരാക്കപ്പെടും. നിങ്ങളിൽനിന്ന് ഒരു രഹസ്യം പോലും മറഞ്ഞു കിടക്കുകയില്ല.
19. എന്നാൽ കർമപുസ്തകം തന്റെ വലതു കയ്യിൽ കിട്ടിയവൻ പറയും: ഇതാ എന്റെ കർമ പുസ്തകം. വായിക്കുവിൻ!
20. തീർച്ചയായും ഞാൻ കണക്കുവിചാരണയെ നേരിടേണ്ടിവരുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു.
21. അങ്ങനെ അവൻ സംതൃപ്തമായ ജീവിതത്തിലാകുന്നു.
22. ഉന്നതമായ സ്വർഗത്തിൽ .
23. അതിലെ കനിക൪ വളരെ അടുത്തായി തൂങ്ങിക്കിടക്കുന്നുണ്ടാകും.

24. കഴിഞ്ഞുപോയ നാളുകളിൽ നിങ്ങൾ ചെയ്ത നന്മകൾക്കു പ്രതിഫലമായി യഥേഷ്ടം തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ. (എന്ന്അവരോട് പറയപ്പെടും)
25. എന്നാൽ ഇടതു കയ്യിൽ കർമപുസ്തകം നൽകപ്പെട്ടവനാകട്ടെ, അവൻ ഇപ്രകാരം പറയും: കഷ്ടം, എന്റെ കർമപുസ്തകം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ!
26. എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ!
27. അത്(ഇഹത്തിലുണ്ടായ മരണം തന്നെ) എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ!
28. എന്റെ ധനം (ഇന്ന്) എനിക്ക് ഒരു പ്രയോജനവും ചെയ്തില്ല.
29. എന്റെ അധികാരങ്ങളൊക്കെയും എന്നിൽ നിന്നു നഷ്ടപ്പെട്ടുപോയി.
30. (അപ്പോൾ കൽപനയുണ്ടാകുന്നു) അവനെ പിടിക്കുവിൻ, അവനെ ബന്ധനത്തിലിടുവിൻ.
31. പിന്നെ അവനെ നരകത്തിലെറിയുവിൻ .
32. എന്നിട്ട് എഴുപത് മുഴം നീളമുള്ള ചങ്ങലയിൽ അവനെ ബന്ധിക്കുവിൻ
33. തീർച്ചയായും അവൻ മഹോന്നതനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല.
34. അഗതികൾക്ക് ആഹാരം നൽകാൻ അവൻ പ്രേരിപ്പിച്ചിരുന്നുമില്ല.
35. അതിനാൽ ഇന്ന് അവനിവിടെ ഒറ്റ മിത്രവുമില്ല.
36. അവന് ഒരു ഭക്ഷണവുമില്ല, ദുർനീരുകൾ ഒലിച്ചിറങ്ങിയതിൽനിന്നല്ലാതെ
37. പാപികളല്ലാതെ അത് തിന്നുകയില്ല.
38. നിങ്ങൾ കാണുന്ന സകല വസ്തുക്കളെയുംകൊണ്ട് ഞാൻ സത്യംചെയ്യുന്നു;
39. നിങ്ങൾ കാണാത്ത വസ്തുക്കളെക്കൊണ്ടും.
40. തീർച്ചയായും ഇത് ബഹുമാന്യനായ ഒരു ദൈവദൂതന്റെ വചനങ്ങളാകുന്നു.
41. ഇതൊരു കവിയുടെ വാക്കല്ല. നിങ്ങൾ കുറച്ചേ വിശ്വസിക്കുന്നുള്ളു!
42. ഇത് ജ്യോത്സ്യന്റെ വാക്കുമല്ല. നന്നെക്കുറച്ചേ നിങ്ങൾ ചിന്തിക്കുന്നുള്ളു!
43. ഇത് സർവലോകനാഥനിൽനിന്ന് അവതീർണമായതത്രെ.
44. (പ്രവാചകൻ സ്വന്തമായി)വല്ലതും കെട്ടിച്ചമച്ച് നമ്മുടെ പേരിൽ പറഞ്ഞിരുന്നെങ്കിൽ;
45. നാം അദ്ദേഹത്തെ വലംകൈ കൊണ്ട് പിടികൂടുകയും;
46. എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു.
47. അപ്പോൾ നിങ്ങളിലാർക്കും അദ്ദേഹത്തിൽനിന്ന്(നമ്മുടെ ശിക്ഷയെ)തടയാനാവില്ല
48. തീർച്ചയായും ഇത്(ഖുർആൻ) ഭക്തജനങ്ങൾക്കുള്ള ഒരുദ്ബോധനമാണ്.
49. നിശ്ചയമായും നമുക്കറിയാം; നിങ്ങളുടെ കൂട്ടത്തിൽ ഇതിനെ തള്ളിപ്പറയുന്നവരുണ്ട്
50. നിശ്ചയമായും ഇത് അവിശ്വാസികൾക്ക് ദുഃഖനിമിത്തവുമാകുന്നു.
51. നിശ്ചയമായും ഇത് സുദൃഢമായ സത്യമാണ്.
52. അതിനാൽ നീ നിന്റെ അത്യുന്നതനായ നാഥന്റെ നാമത്തെ വാഴ്ത്തിടുക.

***********

## അധ്യായം 70

# അൽമആരിജ്. (ആരോഹണ പഥങ്ങൾ)

**അവതരണം മക്കയിൽ, വചനങ്ങൾ 44**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. സംഭവിക്കാൻ പോകുന്ന ശിക്ഷയെക്കുറിച്ച് ഒരു ചോദ്യകർത്താവ് ആവശ്യപ്പെട്ടിരിക്കുന്നു.
2. (അത്) സത്യനിഷേധികൾക്കുള്ളതാണ്. അതിനെ തടയുന്നവരാരുമില്ല.
3. ഉന്നതങ്ങളിലേക്ക് കയറിപ്പോകുന്ന വഴികളുടെ ഉടമയായ അല്ലാഹുവിങ്കൽനിന്നുള്ളതത്രെ അത്
4. അമ്പതിനായിരം കൊല്ലം ദൈർഘ്യമുള്ള ഒരു ദിനത്തിൽ,മലക്കുകളും പരിശുദ്ധാത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു.
5. എന്നാൽ (പ്രവാചകരേ,) നീ ക്ഷമിച്ചിരിക്കുക. ഭംഗിയായ ക്ഷമ.
6. തീർച്ചയയും അതിനെ അവർ അകലെയായാണ് കാണുന്നത്.
7. നാം അതിനെ സമീപത്തായും കാണുന്നു.
8. ആകാശം ഉരുകിയ ലോഹം പോലെയാകുന്ന ദിവസം.
9. മലകൾ കടഞ്ഞെടുത്ത കമ്പിളിരോമം പോലെയും .
10. (അന്ന്)ഉറ്റ സ്നേഹിതൻ ഉറ്റ സ്നേഹിതനോട് ഒന്നും ചോദിക്കുകയില്ല.
11. അവരന്യോന്യം കാണിക്കപ്പെടും.പാപിയായവൻ കൊതിച്ചുപോകുന്നു, അന്നാളിലെ ശിക്ഷയിൽ നിന്ന് മോചനം നേടാൻ തൻെറ സന്തതികളെ തെണ്ടം നൽകാൻ കഴിഞ്ഞെങ്കിൽ!
12. സഹധർമിണിയെയും സഹോദരനെയും.
13. തനിക്കഭയമേകിയിരുന്ന ഉറ്റ ബന്ധുക്കളെയും.
14. ഭൂമിയിലുള്ള മുഴുവനാളുകളെയും. എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും.
15. ഒരിക്കലുമല്ല! തീർച്ചയായും അത് കത്തിക്കാളുന്ന നരകാഗ്നിയത്രെ.
16. തലയുടെ തൊലിയുരച്ചുകളയുന്ന നരകാഗ്നി.
17. (സത്യത്തിൽനിന്ന്)പിന്മാറുകയും പുറംതിരിഞ്ഞുപോവുകയും ചെയ്തവരെ അത് തന്നിലേക്കു വിളിച്ചുവരുത്തും.
18. (ധനം) ശേഖരിച്ചു സൂക്ഷിച്ചു വെച്ചവരെയും.
19. തീർച്ചയായും മനുഷ്യൻ ക്ഷമകെട്ടവനായാണ് സൃഷ്ടിക്കപ്പെട്ടത്.
20. തിന്മ ബാധിച്ചാൽ വേവലാതിപ്പെടുന്നവനായിക്കൊണ്ട്.
21. നന്മ കൈവന്നാൽ തടഞ്ഞുവെക്കുന്നവനായും.
22. നമസ്കരിക്കുന്നവർ ഒഴിച്ച്.
23. അവർ തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരനിഷ്ഠയുള്ളവരാണ്.
24. അവരുടെ ധനത്തിൽ നിർണിതമായ അവകാശം നൽകുന്നവരാകുന്നു.
25. ചോദിച്ചുവരുന്നവന്നും ഉപജീവനമാർഗം തടയപ്പെട്ടവന്നും.
26. പ്രതിഫല ദിനത്തെ അവർ സത്യപ്പെടുത്തുന്നവരും,
27. തങ്ങളുടെ നാഥൻെറ ശിക്ഷയെ ഭയപ്പെടുന്നവരുമാണവർ.
28. തീർച്ചയായും അവരുടെ നാഥൻെറ ശിക്ഷ സമാധാനപ്പെടാൻ പറ്റാത്തതാകുന്നു.
29. തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരും;

30. തങ്ങളുടെ ഭാര്യമാരിലോ വലതുകൈകള്‍ ഉടമപ്പെടുത്തിയവരിലോ ഒഴികെ.അപ്പോള്‍ തീര്‍ച്ച യായും അവര്‍ ആക്ഷേപാര്‍ഹരല്ല.
31. ആര്‍ അതിനപ്പുറം ആഗ്രഹിക്കുന്നുവോ അക്കൂട്ടരത്രെ അതിക്രമികള്‍ .
32. തങ്ങളെ വിശ്വസിച്ചേല്‍പിച്ച വസ്തുക്കള്‍ സംരക്ഷിക്കുന്നവരും കരാര്‍ പാലിക്കുന്നവരുമാണ വര്‍.
33. തങ്ങളുടെ സാക്ഷ്യങ്ങള്‍ സത്യസന്ധമായി പൂര്‍ത്തീകരിക്കുന്നവരും.
34. തങ്ങളുടെ നമസ്കാരം നിഷ്ഠയോടെ നിര്‍വഹിക്കുന്നവരും.
35. അക്കൂട്ടര്‍ സ്വര്‍ഗത്തില്‍ അത്യധികം ആദരിക്കപ്പെടുന്നവരായിരിക്കും.
36. അപ്പോള്‍ സത്യനിഷേധികള്‍ക്കെന്തു പറ്റി? നിന്‍റെ നേര്‍ക്ക് പാഞ്ഞുവരികയാണല്ലോ അ വര്‍.
37. വലത്തുനിന്നും ഇടത്തുനിന്നും കൂട്ടം കൂട്ടമായി.
38. അനുഗ്രഹീത സ്വര്‍ഗത്തില്‍ പ്രവേശിപ്പിക്കപ്പെടണമെന്ന് അവരില്‍ ഓരോമനുഷ്യനും ആശി ക്കുന്നുണ്ടോ?
39. വേണ്ടാ! തീര്‍ച്ചയായും അവര്‍ക്കുതന്നെ നന്നായറിയാവുന്നതില്‍നിന്നാണ് നാമവരെ സൃഷ്ടി ച്ചത്.
40. ഉദയത്തിന്‍റെയും അസ്തമയത്തിന്‍റെയും രക്ഷിതാവിന്‍റെ പേരില്‍ ഞാന്‍ സത്യം ചെ യ്യുന്നു. തീര്‍ച്ചയായും നാം ശക്തനാണ്-
41. അവരേക്കാള്‍ നല്ലവരെ പകരംകൊണ്ടുവരുന്നതിന്ന്. നാം ആരാലും അതിജയിക്കപ്പെടുന്ന വനല്ല.
42. അതുകൊണ്ട് അവരെ വിട്ടേക്കുക.അവര്‍ക്ക് താക്കീത് നല്‍കപ്പെട്ട നാള്‍ വന്നെത്തും വരെ, അവര്‍ തങ്ങളുടെ തോന്നിവാസങ്ങളിലും വിനോദങ്ങളിലും മുഴുകിക്കൊള്ളട്ടെ
43. അവര്‍ തങ്ങളുടെ ശവക്കുഴികളില്‍നിന്നും ധൃതിപ്പെട്ട് പുറപ്പെട്ടു പോകുന്ന ദിനമാണത്. അവര്‍ ഒരു നാട്ടക്കുറിയുടെ നേരെ ഓടിപ്പോകുന്നതുപോലെ.
44. അവരുടെ ദൃഷ്ടികള്‍ താണുപോയ അവസ്ഥയിലായിരിക്കും. അപമാനം അവരെ പൊതി ഞ്ഞിരിക്കും. അതാണ് അവരോട് താക്കീത് നല്‍കപ്പെട്ടിരുന്ന ദിനം.

**********

## അധ്യായം 71

# നൂഹ് (നബി)

**മക്കയിൽ അവതരിച്ചത്, വചനങ്ങൾ 28**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. തീർച്ചയായും നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് (ദൂതനായി) നിയോഗിച്ചു. വേദനയുറ്റ ശിക്ഷ നിന്റെ ജനത്തിന് വന്നുകൊള്ളുന്നതിനു മുമ്പ് അവർക്ക് മുന്നറിയിപ്പ് കൊടുക്കുക എന്ന കൽപനയോടെ.
2. അദ്ദേഹം പ്രഖ്യാപിച്ചു: എന്റെ ജനങ്ങളേ! തീർച്ചയായും ഞാൻ നിങ്ങൾക്ക് വ്യക്തമായ മുന്നറിയിപ്പുകാരനാകുന്നു.
3. (അതായത്) നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനെ ഭയപ്പെടുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.
4. (എങ്കിൽ) അവൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരും. ഒരു നിശ്ചിത അവധിവരെ നിങ്ങൾക്ക് ജീവിക്കാനവസരം നൽകും. അല്ലാഹുവിന്റെ അവധി വന്നാൽ അത് പിന്തിക്കപ്പെടുകയില്ല. നിങ്ങൾ അതറിഞ്ഞിരുന്നുവെങ്കിൽ.
5. നൂഹ് പറഞ്ഞു: എന്റെ രക്ഷിതാവേ! രാവും പകലും എന്റെ ജനതയെ ഞാൻ വിളിച്ചു.
6. എന്നാൽ, എന്റെ വിളി (സത്യവിശ്വാസത്തിൽനിന്നും)അവരുടെ അകന്നുപോക്കു വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളു.
7. നീ അവർക്ക് പൊറുത്തുകൊടുക്കുന്നതിനുവേണ്ടി ഞാൻ അവരെ വിളിക്കുമ്പോഴൊക്കെയും അവർ അവരുടെ ചെവിയിൽ വിരൽ തിരുകുകയും അവരുടെ വസ്ത്രംകൊണ്ട് മുഖം മൂടുകയും അവർ (അവിശ്വാസത്തിൽ) ശഠിച്ചുനിൽക്കുകയും അങ്ങേയറ്റം അഹങ്കരിക്കുകയുമാണ് ചെയ്തത്.
8. പിന്നീട് ഞാനവരെ ഉറക്കെ വിളിച്ചു.
9. പിന്നെ പരസ്യമായി ഉദ്ബോധിപ്പിച്ചു. വളരെ രഹസ്യമായും ഉപദേശിച്ചു നോക്കി.
10. അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവിനോട് പൊറുത്തു തരുവാൻ പ്രാർഥിക്കുവിൻ. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാണ്.
11. അവൻ നിങ്ങൾക്ക് ധാരാളം മഴ പെയ്യിച്ചുതരും.
12. സമ്പത്തും സന്തതികളും കൊണ്ട് അവൻ നിങ്ങളെ സഹായിക്കും. നിങ്ങൾക്കവൻ തോട്ടങ്ങളുണ്ടാക്കിത്തരികയും നിങ്ങൾക്കവൻ നദികൾ ഒഴുക്കിത്തരികയും ചെയ്യും.
13. നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന്ന് നിങ്ങൾ ഒരു മഹത്വവും കൽപിക്കുന്നില്ലല്ലോ.
14. നിങ്ങളെ വിവിധ ഘട്ടങ്ങളിലൂടെ അവൻ സൃഷ്ടിച്ചിരിക്കുന്നു.
15. അല്ലാഹു ഏഴാകാശങ്ങളെ ഒന്നിനു മീതെ മറ്റൊന്നായി സൃഷ്ടിച്ചതെങ്ങനെയെന്ന് നിങ്ങൾ കാണുന്നില്ലേ?
16. അതിൽ വെളിച്ചമായി ചന്ദ്രനെ ഉണ്ടാക്കി. വിളക്കായി സൂര്യനെയും.
17. അല്ലാഹു നിങ്ങളെ ഭൂമിയിൽനിന്ന് ഒരു മുളപ്പിക്കൽ മുളപ്പിച്ചു.
18. പിന്നെ അവൻ അതിൽതന്നെ നിങ്ങളെ തിരിച്ചുകൊണ്ടുവരും. വീണ്ടും നിങ്ങളെ അതിൽ നിന്ന് (ജീവിപ്പിച്ച്) പുറപ്പെടുവിക്കുന്നതുമാണ്.
19. അല്ലാഹു നിങ്ങൾക്കായി ഭൂമിയെ വിരിപ്പാക്കുകയും ചെയ്തിരിക്കുന്നു.
20. നിങ്ങൾ അതിലെ വിശാലമായ വഴികളിൽ പ്രവേശിക്കാൻ.

21. നൂഹ് പറഞ്ഞു: നാഥാ ഇവരെന്നെ ധിക്കരിക്കുകയും, തൻെറ സ്വത്തും സന്താനങ്ങളും തനിക്കു നഷ്ടമല്ലാതെ വർധിപ്പിച്ചു കൊടുക്കാത്ത ഒരു വിഭാഗത്തെ പിന്തുടരുകയും ചെയ്തിരിക്കുന്നു.
22. അവർ(നേതാക്കൾ) വലിയ കുതന്ത്രം പ്രയോഗിക്കുകയും ചെയ്തിരിക്കുന്നു.
23. അവർ ജനത്തോട് പറഞ്ഞു:നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്.വദ്ദിനെയും സുവാഇനെയും യഗൂസിനെയും യഊഖിനെയും നസ്റിനെയും കൈവിട്ടുകളയരുത്.
24. അങ്ങനെ അവർ വളരെ അധികം ആളുകളെ വഴിപിഴപ്പിച്ചു. ഈ അതിക്രമകാരികൾക്ക് വഴികേടല്ലാതെ നീ വർദ്ധിപ്പിക്കരുതേ.
25. അവരുടെ തെറ്റുകൾ കാരണം അവർ മുക്കിനശിപ്പിക്കപ്പെട്ടു. എന്നിട്ട് അവർ നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ടു. അപ്പോൾ തങ്ങൾക്ക് അല്ലാഹുവിനു പുറമെ ഒരു സഹായിയെയും അവർ കണ്ടെത്തിയില്ല.
26. നൂഹ് പ്രാർഥിച്ചു: എൻെറ രക്ഷിതാവേ, ഈ സത്യനിഷേധികളിൽ പെട്ട ഒരുത്തനെയും നീ ഭൂമുഖത്ത് വിട്ടേക്കരുതേ.
27. തീർച്ചയായും നീ അവരെ വെറുതെ വിട്ടാൽ ഇനിയുമവർ നിൻെറ ദാസന്മാരെ വഴിപിഴപ്പിക്കും. ദുർവൃത്തനും സത്യനിഷേധിക്കുമല്ലാതെ അവർ ജന്മം നൽകുകയുമില്ല.
28. നാഥാ, എനിക്കും എൻെറ മാതാപിതാക്കൾക്കും, വിശ്വാസികളായി എൻെറ വീട്ടിൽ പ്രവേശിച്ചവർക്കും വിശ്വാസികൾക്കും വിശ്വാസിനികൾക്കും നീ പൊറുത്തുതരേണമേ. അക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർദ്ധിപ്പിക്കരുതേ

---

**********

## അധ്യായം 72

# അൽ ജിന്ന്. (ജിന്നുകൾ)

**അവതരണം മക്കയിൽ, വചനങ്ങൾ 28**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. (നബിയേ)പറയുക: എനിക്ക് ദിവ്യബോധനം ലഭിച്ചിരിക്കുന്നു, അതായത് ജിന്നിൽപെട്ട ഒരു സംഘം ഖുർആൻ പാരായണം ശ്രദ്ധിച്ചു കേട്ടു.അപ്പോൾ അവർ (സ്വന്തം ജനത്തോട്) പറഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു പാരായണം ഞങ്ങൾ കേട്ടു.
2. അത് (ഖുർആൻ) നേർവഴിയിലേക്ക് നയിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അതിൽ വിശ്വസിച്ചു. ഇനി ഞങ്ങളുടെ രക്ഷിതാവിൽ ആരേയും ഞങ്ങൾ പങ്കു ചേർക്കുകയില്ല.
3. എന്തെന്നാൽ, നമ്മുടെ നാഥൻെറ മഹത്വം അത്യുന്നതമാകുന്നു. അവൻ സഹധർമിണിയെയോ സന്താനത്തെയോ സ്വീകരിച്ചിട്ടില്ല.
4. അതായത്, ഞങ്ങളിൽപെട്ട വിഡ്ഢികൾ അല്ലാഹുവിൻെറ പേരിൽ അതിരറ്റ കള്ളം പറയു മായിരുന്നു.
5. എന്നാൽ മനുഷ്യരും ജിന്നുകളും അല്ലാഹുവിനെക്കുറിച്ച് ഒരിക്കലും അസത്യം പറയില്ലെന്നാണ് നിശ്ചയമായും ഞങ്ങൾ കരുതിയിരുന്നത്.
6. മനുഷ്യരിൽ ചിലർ ജിന്നുകളിൽ ചിലരോട് അഭയം തേടാറുണ്ടായിരുന്നു. അങ്ങനെ അതവരിൽ അഹന്ത വളർത്തി.
7. നിങ്ങൾ കരുതിയപോലെ അല്ലാഹു ആരെയും ദൂതനായി നിയോഗിക്കില്ലെന്ന് തീർച്ചയായും അവരും ധരിച്ചിരുന്നു.
8. ഞങ്ങൾ വാനലോകം തൊട്ടുനോക്കിയപ്പോൾ അവിടം ശക്തരായ കാവൽക്കാരാലും തീജ്വാലകളാലും നിറഞ്ഞു നിൽക്കുന്നതായും ഞങ്ങൾ കണ്ടു.
9. വാനലോകത്ത് ചില ഇരിപ്പിടങ്ങളിൽ മുമ്പ് ഞങ്ങൾ കേൾക്കാൻ ഇരിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആരെങ്കിലും കട്ടുകേൾക്കൻ ശ്രമിക്കുകയാണെങ്കിൽ അവനെകാത്ത് പതിയിരിക്കുന്ന തീജ്വാലയെ അവന് കണ്ടെത്താനാകും.
10. ഭൂമിയിലുള്ള വല്ലവർക്കും ദോഷത്തെയാണോ ഉദ്ദേശിക്കപ്പെടുന്നത് അതല്ല, അവർക്ക് ഗുണമാണോ അവരുടെ രക്ഷിതാവ് ഉദ്ദേശിക്കുന്നത് എന്ന് ഞങ്ങൾക്കറിയില്ല.
11. നിശ്ചയം, ഞങ്ങളാകട്ടെ, ഞങ്ങളുടെ കൂട്ടത്തിൽ സച്ചരിതരുണ്ട്. അതല്ലാത്തവരും ഞങ്ങളിലുണ്ട്. ഞങ്ങൾ ഭിന്നങ്ങളായ മാർഗങ്ങൾ പിന്തുടരുന്നവരായിരിക്കുന്നു.
12. ഭൂമിയിൽ അല്ലാഹുവിനെ പരാജയപ്പെടുത്താനും അവനിൽനിന്ന് ഓടിക്കളഞ്ഞിട്ട് അവനെ പരാജയപ്പെടുത്താനോ സാധ്യമല്ലെന്ന് ഞങ്ങൾ തീർച്ചയായും കരുതുന്നു.
13. തീർച്ചയായും ഞങ്ങൾ സന്മാർഗ സന്ദേശം കേട്ടപ്പോൾതന്നെ ഞങ്ങളതിൽ വിശ്വസിച്ചു. തൻെറ രക്ഷിതാവിൽ വിശ്വസിക്കുന്നവനാരോ അവന് ഒരുവിധ വെട്ടിക്കുറക്കലോ അനീതിയോ ഭയപ്പെടേണ്ടതില്ല.
14. ഞങ്ങളുടെ കൂട്ടത്തിൽ അല്ലാഹുവിനെ വഴിപ്പെട്ട് ജീവിക്കുന്നവർ ഉണ്ട്.അനീതി ചെയ്യുന്നവരും ഉണ്ട്. ആർ അനുസരണം കൈക്കൊണ്ടുവോ അവർ നേർവഴി പ്രാപിച്ചിരിക്കുന്നു.
15. സത്യത്തെവിട്ട് വ്യതിചലിച്ചവരാകട്ടെ, അവർ നരകത്തിലെ വിറകായിത്തീരുന്നു.
16. അവർ നേർമാർഗത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാകുന്നു.

17. അതിൽകൂടി അവരെ നാം പരീക്ഷിക്കുന്നതിനുവേണ്ടിയാകുന്നു അത്‌. തൻെറ നാഥൻെറ സ്മരണയിൽനിന്നും ആർ തിരിഞ്ഞുമാറുന്നുവോ, അവനെ അവൻ പ്രയാസകരമായ ശിക്ഷയിലകപ്പെടുത്തും.
18. പള്ളികൾ അല്ലാഹുവിന്നുള്ളതാണ്‌. അതിനാൽ അല്ലാഹുവോടൊപ്പം മറ്റാരെയും വിളിച്ചു പ്രാർഥിക്കാതിരിക്കുവിൻ .
19. അല്ലാഹുവിൻെറ ദാസൻ (പ്രവാചകൻ)അവനോട്‌ പ്രാർഥിക്കാനായി നിന്നപ്പോൾ അവർ (സത്യനിഷേധികൾ) അദ്ദേഹത്തിനുമേൽ ചാടിവീഴാനൊരുങ്ങി.
20. (പ്രവാചകരേ)പറയുക: ഞാൻ എൻെറ രക്ഷിതാവിനോടു മാത്രമേ പ്രാർഥിക്കൂ. ആരെയും ഞാൻ അവൻെറ പങ്കാളിയാക്കുകയില്ല.
21. പറയുക: നിങ്ങൾക്ക്‌ എന്തെങ്കിലും ഉപദ്രവം ചെയ്യാനോ നിങ്ങളെ നേർവഴിയിലാക്കാനോ എനിക്കാവില്ല.
22. പറയുക: അല്ലാഹുവിൽനിന്നും ഒരുവനും എന്നെ പരിരക്ഷിക്കുകയേ ഇല്ല; തീർച്ച. അവനല്ലാതെ ഒരഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയില്ല
23. അല്ലാഹുവിൻെറ വിധികളും സന്ദേശങ്ങളും എത്തിച്ചുതരിക എന്നതല്ലാതെ(മറ്റൊരുദൗത്യവും എനിക്കില്ല). ആർ അല്ലാഹുവെയും അവൻെറ ദൂതനെയും ധിക്കരിക്കുന്നുവോ അപ്പോൾ തീർച്ചയായും അവനുള്ളത്‌ നരകാഗ്നിയത്രേ. അവരതിൽ നിത്യവാസികളായിരിക്കും.
24. അവർക്ക്‌ മുന്നറിയിപ്പ്‌ നൽകപ്പെടുന്ന കാര്യം മുന്നിൽ കാണുമ്പോൾ അവർക്ക്‌ ബോധ്യമാകും, ആരാണ്‌ ദുർബല സഹായിയെന്നും ആരാണ്‌ എണ്ണത്തിൽ കുറവെന്നും.
25. പറയുക:നിങ്ങൾക്ക്‌ താക്കീതു നൽകപ്പെടുന്ന സംഗതി ആസന്നമാണോ അതല്ല,എൻെറ രക്ഷിതാവ്‌ അതിന്‌ നീണ്ട അവധി നിശ്ചയിച്ചേക്കുമോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ.
26. അവൻ അദൃശ്യകാര്യം അറിയുന്നവനാണ്‌. അവൻ ആർക്കും തൻെറ അദൃശ്യജ്ഞാനങ്ങൾ വെളിപ്പെടുത്തുകയില്ല.
27. അവൻ തൃപ്‌തിപ്പെട്ട വല്ല ദൂതനുമല്ലാതെ. തീർച്ചയായും അവൻ അദ്ദേഹത്തിൻെറ മുന്നിലും പിന്നിലും കാവൽക്കാരെ നിയോഗിക്കുന്നതാണ്‌.
28. അവർ തങ്ങളുടെ നാഥൻെറ സന്ദേശങ്ങളെ എത്തിച്ചുകൊടുത്തിരിക്കുന്നുവെന്ന്‌ അവൻ അറിയുന്നതിനുവേണ്ടി. അവരുടെ പക്കലുള്ളതിനെപ്പറ്റി അവന്ന്‌ നന്നായറിയാം. അവൻ എല്ലാ കാര്യങ്ങളുടെയും എണ്ണം തിട്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

***********

## അധ്യായം 73

# അൽമുസ്സമ്മിൽ. (വസ്ത്രം പുതച്ചവൻ)

**അവതരണം മക്കയിൽ, വചനങ്ങൾ 20**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. അല്ലയോ മൂടിപ്പുതച്ചവനേ.
2. രാത്രി അൽപ സമയമൊഴിച്ച് എഴുന്നേറ്റ് നമസ്കരിക്കുക.
3. അതിൻെറ പകുതി സമയം,അല്ലെങ്കിൽ അതിൽ അൽപം കുറച്ചുകൊള്ളുക.
4. അല്ലെങ്കിൽ അതിനേക്കാൾ (അൽപം) വർദ്ധിപ്പിച്ചുകൊള്ളുക. ഖുർആൻ നിർത്തി നിർത്തി (സാവകാശം)ഓതുകയും ചെയ്യുക.
5. നിശ്ചയമായും നാം നിൻെറ മേൽ ഭാരപ്പെട്ട വചനം അവതരിപ്പിച്ചുതരാൻ പോകുന്നു.
6. നിശ്ചയമായും രാത്രി എഴുന്നേറ്റ് നമസ്കരിക്കുന്നത് ഹൃദയസാന്നിധ്യം ഉളവാക്കുന്നതാണ്.വാക്കുകളെ നേരാംവണ്ണം നിർത്തുന്നതുമാകുന്നു.
7. തീർച്ചയായും പകൽ സമയത്ത് നിനക്ക് ദീർഘമായ ജോലിത്തിരക്കുണ്ട്.
8. നിൻെറ നാഥൻെറ നാമം സ്മരിക്കുകയും. (ഇതര ശ്രദ്ധകൾ വിട്ടൊഴിഞ്ഞ്) അവനിൽ മാത്രം ഉന്മുഖനാവുകയും ചെയ്യുക.
9. അവൻ ഉദയാസ്തമയ സ്ഥലങ്ങളുടെ നാഥനാകുന്നു. അവനല്ലാതെ ദൈവമില്ല. അതിനാൽ അവനെ മാത്രം ഭരമേൽപ്പിക്കപ്പെടുന്നവനായി സ്വീകരിക്കുക.
10. ആവർ(സത്യനിഷേധികൾ)പറയുന്നതിനെതിരെ നീ ക്ഷമിച്ചിരിക്കുക. അവരിൽനിന്ന് മാന്യ മായി വെടിഞ്ഞ് നിൽക്കുക.
11. എന്നെയും സുഖാനുഗ്രഹങ്ങളുള്ള ഈ സത്യനിഷേധികളെയും വിട്ടേക്കുക. അവർക്ക് ഈ അവസ്ഥയിൽ കുറച്ചുകാലം കൂടി സമയം അനുവദിക്കുക
12. തീർച്ചയായും നമ്മുടെപക്കൽ അവർക്കായി കാൽചങ്ങലകളുംആളിക്കത്തുന്നഅഗ്നിയും ഉണ്ട്
13. വീർപ്പുമുട്ടിക്കുന്ന ഭക്ഷണവും നോവേറിയ ശിക്ഷയും.
14. ഭൂമിയും മലകളും കിടുകിടാ വിറക്കുകയും പർവതങ്ങൾ ഒലിച്ചു പോകുന്ന മണൽ കൂന കളെന്നോണം ചിതറിപ്പോവുകയും ചെയ്യുന്ന ദിനത്തിൽ.
15. തീർച്ചയായും നിങ്ങളിലേക്ക് ഒരു ദൂതനെ നാം നിയോഗിച്ചിരിക്കുന്നു- നിങ്ങൾക്ക് സാ ക്ഷിയായി. ഫറവോനിലേക്ക് ഒരു ദൂതനെ നാം അയച്ചതു പോലെ
16. എന്നാൽ ഫറവോൻ ആ ദൂതനെ ധിക്കരിച്ചു. അതിനാൽ നാം അവനെ അതി ശക്തമായി പിടികൂടി.
17. എന്നാൽ നിങ്ങൾ സത്യത്തെ നിഷേധിക്കുകയാണെങ്കിൽ, പിഞ്ചുകുഞ്ഞുങ്ങളെ നരച്ചവരാ ക്കുന്ന ആദിനത്തെ എങ്ങനെ നിങ്ങൾസൂക്ഷിച്ചു കൊള്ളും?
18. അതുകാരണം ആകാശം പൊട്ടിത്തകരുന്നതാണ്. അല്ലാഹുവിൻെറ വാഗ്ദാനം പ്രാവർത്തിക മാക്കപ്പെടുകതന്നെ ചെയ്യും.
19. തീർച്ചയായും ഇതൊരു മുന്നറിയിപ്പാകുന്നു. അതുകൊണ്ട് ഇഷ്ടമുള്ളവൻതൻെറ നാഥങ്കലേ ക്കുള്ള മാർഗം അവലംബിച്ചുകൊള്ളട്ടെ.
20. (നബീ), നിൻെറ നാഥൻ അറിയുന്നു: തീർച്ചയായും നീയും നിൻെറ കൂടെയുള്ളവരി ലൊരു വിഭാഗവും രാത്രിയുടെ ഏകദേശം മൂന്നിൽ രണ്ടു ഭാഗവും ചിലപ്പോൾ പകുതി യും ചിലപ്പോൾ മൂന്നിലൊന്നും നിന്നു നമസ്കരിക്കുന്നുണ്ട്.രാപ്പകലുകൾ നിർണയിക്കു

ന്നത്‌ അല്ലാഹുവാണ്‌.നിങ്ങൾക്കത്‌ കൃത്യമായികണക്കാക്കുവാൻ കഴിയില്ലെന്ന്‌ അല്ലാഹു അറിയുന്നു. അതിനാൽ നിങ്ങൾക്ക്‌ ഇളവ്‌ നൽകിയിരിക്കുന്നു. അതുകൊണ്ട്‌ അതിൽ നിന്നും എളുപ്പമായത്ര പാരായണം ചെയ്യുക (നമസ്കരിക്കുക). നിങ്ങളിൽ രോഗികളും, മറ്റു ചിലർ അല്ലാഹുവിൻെറ അനുഗ്രഹമന്വേഷിച്ച്‌ ഭൂമിയിൽ സഞ്ചരിക്കുന്നവരും ഇനി യും ചിലർ അല്ലാഹുവിൻെറ മാർഗത്തിൽ പോരാടുന്നവരും ഉണ്ടാകുമെന്ന്‌ അവൻ അറിയുന്നുണ്ട്‌. അതുകൊണ്ട്‌ ഖുർആനിൽ നിന്നും എളുപ്പമായത്ര ഓതുകയും, നമസ്കാരം നിലനിറുത്തുകയും, സകാത്ത്‌ നൽകുകയും, അല്ലാഹുവിന്ന്‌ ഉത്തമമായ വായ്പ നൽകുക യും ചെയ്യുവിൻ. നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി, നന്മയിൽ പെട്ടത്‌ എന്തു നിങ്ങൾ മുൻകൂട്ടി ചെയ്തുവെക്കുന്നുവോ അതു നിങ്ങൾ അല്ലാഹുവിങ്കൽ കണ്ടെത്തും. ഏറെ ഗുണ കരവും മഹത്തായ പ്രതിഫലവുമുള്ളതായിട്ട്‌. നിങ്ങൾ അല്ലാഹുവിനോട്‌ പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുത്തു തരുന്നവനും ദയാപരനു മത്രെ.

---

********

## അധ്യായം 74

# അൽമുദ്ദഥ്ഥിർ. (മൂടിപ്പുതച്ചവൻ)

മക്കയിൽ അവതരിച്ചത്, വചനങ്ങൾ 56

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ഹേ, പുതച്ചുമൂടിയവനേ!
2. എഴുന്നേൽക്കുക, എന്നിട്ട് (ജനങ്ങളെ) താക്കീതു ചെയ്യുക.
3. നിൻെറ രക്ഷിതാവിനെ നീ മഹത്വപ്പെടുത്തുക;
4. നിൻെറ വസ്ത്രങ്ങളെ നീ ശുദ്ധിയാക്കുക;
5. പാപങ്ങളിൽനിന്ന് അകന്നു നിൽക്കുകയും ചെയ്യുക.
6. അധികം (ലഭിക്കുവാൻ) മോഹിച്ചു കൊണ്ട് നീ ഔദാര്യം ചെയ്യരുത്.
7. നിൻെറ രക്ഷിതാവിനുവേണ്ടി നീ ക്ഷമിച്ചുകൊള്ളുക.
8. എന്നാൽ കാഹളത്തിൽ ഊതപ്പെട്ടാൽ.
9. അത് പ്രയാസകരമായ ഒരു ദിവസമായിരിക്കും.
10. അവിശ്വാസികളുടെ മേൽ നിസ്സാരമല്ലാത്ത (ദിവസം)!
11. എന്നേയും, ഞാൻ ഏകനായി സൃഷ്ടിച്ചുണ്ടാക്കിയ ഒരുവനെയും (അങ്ങ്)വിട്ടേക്കുക.
12. ഞാനവന് സമൃദ്ധമായ സമ്പത്തേകി.
13. സന്നദ്ധരായ (കുറെ)പുത്രന്മാരെയും (കൊടുത്തിരിക്കുന്നു.)
14. അവനു ഞാൻ നല്ല സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.
15. പിന്നെയും ഞാൻ വർദ്ധിപ്പിച്ചുകൊടുക്കുവാൻ അവൻ മോഹിച്ചുകൊണ്ടുമിരിക്കുന്നു.
16. വേണ്ടാ! അവൻ നമ്മുടെ ദൃഷ്ടാന്തങ്ങളോട് ധിക്കാരക്കാരനായിരിക്കുന്നു.
17. ഞാൻ അവനെ കയറ്റം കയറുവാൻ (ഞെരുക്കം അനുഭവിക്കുവാൻ) വഴിയെ നിർബന്ധിക്കുന്നതാണ്.
18. തീർച്ചയായും, അവനൊന്ന് ചിന്തിച്ചു, അവനൊന്ന് കണക്കാക്കുകയും ചെയ്തു
19. അവൻ നശിക്കട്ടെ! എങ്ങനെയാണവൻ കണക്കാക്കിയത്?
20. വീണ്ടും അവൻ നശിക്കട്ടെ! എങ്ങനെയാണവൻ കണക്കാക്കിയത്?
21. പിന്നീടവൻ (ജനത്തെ) ഒന്നു നോക്കി;
22. പിന്നെ, അവൻ മുഖം കോട്ടി. നെറ്റി ചുളിക്കുകയും ചെയ്തു.
23. പിന്നെ, അവൻ പിന്തിരിയുകയും അഹംഭാവം നടിക്കുകയും ചെയ്തു.
24. എന്നിട്ട് പറഞ്ഞു: ഇത്(ഖുർആൻ) ഉദ്ധരിക്കപ്പെടുന്ന ആഭിചാരമല്ലാതൊന്നുമല്ല.
25. ഇത് മനുഷ്യൻെറ വാക്കല്ലാതെ (വേറൊന്നും)അല്ല.
26. വഴിയെ ഞാൻ അവനെ സഖറിൽ ഇട്ട് എരിക്കുന്നതാണ്.
27. സഖർ എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?
28. അത് (ഒന്നിനെയും) ബാക്കിയാക്കുകയില്ല. വിട്ടുകളയുകയുമില്ല.
29. തൊലിയെ എരിച്ചു (മാറ്റം വരുത്തി)കളയുന്നതാകുന്നു.
30. അതിൻെറ (മേൽനോട്ടത്തിന്) പത്തൊമ്പത് പേരുണ്ട്.
31. നരകത്തിൻെറ (മേൽനോട്ടക്കാരായ) ആൾക്കരെ നാം മലക്കുകളല്ലാതെ ആക്കിയിട്ടില്ല; അവരുടെ എണ്ണം അവിശ്വാസികൾക്ക് ഒരു പരീക്ഷണമല്ലാതെയും ആക്കിയിട്ടില്ല.(അതെ), വേദഗ്രന്ഥം നൽകപ്പെട്ടിട്ടുള്ളവർ ദൃഢമായിവിശ്വസിക്കുവാനും,വിശ്വസിച്ചിട്ടുള്ളവർക്ക് വിശ്വാസം

വര്‍ദ്ധിക്കുവാനും വേദഗ്രന്ഥം നല്‍കപ്പെട്ടവരും സത്യവിശ്വാസികളും സന്ദേഹപ്പെടാതിരിക്കുവാനുമാകുന്നു. ഇതുമൂലം എന്തൊരു ഉപമയാണ്‌ അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത്‌ എന്ന്‌ ഹൃദയങ്ങളില്‍ രോഗമുള്ളവരും അവിശ്വാസികളും പറയുവാന്‍ വേണ്ടിയുമാകുന്നു. ഇവ്വിധം അല്ലാഹു താനിഛിക്കുന്നവരെ വഴികേടിലാക്കുന്നു. താനുദ്ദേശിക്കുന്നവരെ നേര്‍വഴിയിലാക്കുകയും ചെയ്യുന്നു. നിന്‍റെ രക്ഷിതാവിന്‍റെ സൈന്യങ്ങളെ അവനല്ലാതെ ആരും അറിയുന്നില്ല. ഇത്‌ മനുഷ്യര്‍ക്ക്‌ ഒരു സ്മരണ (അഥവാ ഉപദേശം) അല്ലാതെ മറ്റൊന്നും അല്ലതാനും

32. അങ്ങനെ വേണ്ട! ചന്ദ്രന്‍ തന്നെയാണ്‌ (സത്യം).
33. രാത്രിയുമാണ്‌, അത്‌ പിന്നിട്ടു പോകുമ്പോഠം (സത്യം).
34. പ്രഭാതവുമാണ്‌, അത്‌ പുലര്‍ന്നു (പ്രകാശിച്ചു) വന്നാല്‍ (സത്യം).
35. നിശ്ചയമായും അത്‌ (നരകം) വന്‍ കാര്യങ്ങളില്‍ ഒന്നു തന്നെ!
36. മനുഷ്യര്‍ക്ക്‌ ഒരു താക്കീത്‌ എന്ന നിലക്ക്‌.
37. അതായത്‌ നിങ്ങളില്‍നിന്ന്‌ മുന്നോക്കം വരുവാനോ പിന്നോക്കം പോകുവാനോ ഉദ്ദേശിച്ചവര്‍ക്ക്‌.
38. എല്ലാ (ഓരോ) ദേഹവും(ആളും) അത്‌ സമ്പാദിച്ചു വെച്ചതിന്‌ പണയപ്പെട്ടിരിക്കും.
39. വലതു പക്ഷക്കാരൊഴികെ.
40. അവരോ സ്വര്‍ഗങ്ങളിലത്രെ. അവര്‍ ചോദ്യം ചെയ്യും;
41. കുറ്റവാളികളെക്കുറിച്ച്‌.
42. നിങ്ങളെ നരകത്തില്‍ എത്തിച്ചത്‌ എന്താണ്‌?
43. അവര്‍ മറുപടി പറയും: ഞങ്ങഠം നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ല.
44. ഞങ്ങഠം സധുക്കഠംക്ക്‌ ഭക്ഷണം കൊടുത്തിരുന്നുമില്ല.
45. കളി പറയുന്നവരുടെ കൂടെ ഞങ്ങളും കളി പറഞ്ഞുകൊണ്ടിരുന്നു.
46. പ്രതിഫല നാളിനെ ഞങ്ങഠം നിഷേധിച്ചിരുന്നു.
47. അങ്ങനെ ഉറപ്പാകുന്ന മരണം ഞങ്ങഠംക്കു വന്നെത്തി.
48. ഇനി, അവര്‍ക്ക്‌ ശുപാര്‍ശക്കാരുടെ ശുപാര്‍ശ പ്രയോജനപ്പെടുന്നതല്ല.
49. എന്നിരിക്കെ, എന്താണവര്‍ക്ക്‌; ഈ ഉദ്‌ബോധനത്തെ വിട്ട്‌ അവര്‍ തിരിഞ്ഞുകളയുന്നവരായിരിക്കുന്നു?
50. വിളറിയെടുത്തോടുന്ന കഴുതകളെന്നോണമിരിക്കുന്നു അവര്‍.
51. (അതെ) വല്ല സിംഹത്തില്‍നിന്നും ഓടിപ്പായുന്ന (കഴുതകളെപ്പോലെ).
52. (അത്രയുമല്ല)അവരില്‍നിന്നുള്ള എല്ലാ ഓരോ മനുഷ്യനും ഉദ്ദേശിക്കുന്നു (തുറന്നു) തനിക്ക്‌ നിവര്‍ത്തിവെക്കപ്പെട്ട ഏടുകഠം നല്‍കപ്പെടണമെന്ന്‌ .
53. അതു വേണ്ടാ! പക്ഷേ, പരലോകത്തെ അവര്‍ ഭയപ്പെടുന്നില്ല.
54. അതു വേണ്ടാ! നിശ്ചയമായും ഇതൊരു ഉദ്‌ബോധനമത്രെ.
55. ആകയാല്‍ ആര്‍ക്കുവേണമോ അവന്‍ ഓര്‍മിച്ചുകൊള്ളട്ടെ.
56. അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ അവര്‍ ഓര്‍മിക്കുന്നതല്ലതാനും. അവന്‍ ഭയഭക്തിക്ക്‌ അവകാശപ്പെട്ടവനും പാപമോചനത്തിന്‌ ഉടയവനുമത്രെ.

---

*****

## അധ്യായം 75

# അല്‍ഖിയാമഃ . (ഉയിര്‍ത്തെഴുന്നേല്‍പ്പ്)

**അവതരണം മക്കയില്‍, വചനങ്ങള്‍ 40**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍.

1. ഉയിര്‍ത്തെഴുന്നേല്‍പിന്‍റെ ദിവസം കൊണ്ട് ഞാന്‍ സത്യം ചെയ്തു പറയുന്നു.
2. സ്വയം കുറ്റപ്പെടുത്തുന്ന മനസ്സാക്ഷിയെകൊണ്ടും ഞാന്‍ സത്യം ചെയ്തു പറയുന്നു
3. മനുഷ്യന്‍ വിചാരിക്കുന്നുണ്ടോ- അവന്‍റെ എല്ലുകളെ നാം ഒരിക്കലും(വീണ്ടും) കൂട്ടിച്ചേര്‍ക്കുകയില്ലെന്ന്?
4. അതെ!അവന്‍റെ വിരല്‍തലപ്പുകളെപ്പോലും കൃത്യമായി ശരിപ്പെടുത്താന്‍ കഴിവുള്ളവനായിരിക്കെ.
5. പക്ഷേ, മനുഷ്യന്‍ അവന്‍റെ മുമ്പോട്ടു (ള്ളജീവിതത്തില്‍) ദുര്‍വൃത്തികള്‍ ചെയ്‌വാന്‍ ഉദ്ദേശിക്കുകയാണ്.
6. അവന്‍ ചോദിക്കുന്നു: ഏതവസരത്തിലാണ് അന്ത്യനാള്‍ എന്ന്?
7. എന്നാല്‍ കണ്ണ് (അന്ധാളിച്ച്) അഞ്ചിപ്പോയാല്‍,
8. ചന്ദ്രന്‍ (പ്രകാശം പോയി) ഇരുളടയുകയും (ചെയ്താല്‍),
9. സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും (ചെയ്താല്‍),
10. അന്നത്തെ ദിവസം മനുഷ്യന്‍ പറയും: എവിടേക്കാണ് ഓടി രക്ഷപ്പെടുന്നത്?
11. അതില്ല! രക്ഷയേ ഇല്ല.
12. നിന്‍റെ നാഥങ്കലാണ് ചെന്നു നില്‍ക്കേണ്ടിവരിക.
13. മനുഷ്യന്‍ മുന്‍ചെയ്തുവെക്കുകയും (ചെയ്യാതെ)പിന്നോക്കം വെക്കുകയും ചെയ്തിട്ടുള്ളതിനെപ്പറ്റി അന്ന് അവന്‍ ബോധ്യപ്പെടുത്തപ്പെടും.
14. പക്ഷേ, (അത്രയുമല്ല) മനുഷ്യന്‍ തനിക്കു എതിരില്‍തന്നെ തെളിവായിരിക്കും.
15. അവന്‍ തന്‍റെ ഒഴികഴിവുകള്‍ സമര്‍പ്പിച്ചാലും ശരി.
16. (നബിയേ) നീ(ഖുര്‍ആന്‍) ഉടനടി ഹൃദിസ്ഥമാക്കുന്നതിനുവേണ്ടി നാവുപിടപ്പിക്കേണ്ടതില്ല.
17. നിശ്ചയമായും അതിന്‍റെ സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാണ്.
18. ആകയാല്‍ നാം അത് ഓതിത്തന്നാല്‍ നീ ആ പാരായണത്തെ പിന്തുടരുക.
19. പിന്നെ അതിന്‍റെ താല്‍പര്യം വിശദീകരിച്ചു തരേണ്ടതും നമ്മുടെ തന്നെ ചുമതലയാകുന്നു.
20. (മനുഷ്യരേ) അങ്ങനെയല്ല! പക്ഷേ, നിങ്ങള്‍ ക്ഷണികമായതിനെ (ഐഹിക ജീവിതത്തെ) ഇഷ്ടപ്പെടുന്നു.
21. പരലോക (ജീവിത)ത്തെ നിങ്ങള്‍ അവഗണിക്കുകയും ചെയ്യുന്നു.
22. ചില മുഖങ്ങള്‍ അന്നത്തെ ദിവസം (സന്തോഷിച്ചു) പ്രസന്നമായവയായിരിക്കും.
23. തങ്ങളുടെ നാഥനെ നോക്കിക്കൊണ്ടിരിക്കുന്നവയും.
24. (മറ്റു) ചില മുഖങ്ങളാവട്ടെ, അന്നത്തെദിവസം കരുവാളിച്ചതായിരിക്കും.
25. ഏതോ അത്യാപത്ത് അവയെ പിടികൂടാന്‍ പോകുകയാണ് എന്ന് അവന്‍ വിചാരിക്കും.
26. വേണ്ട! (പ്രാണന്‍) തൊണ്ടക്കുഴിയില്‍ എത്തിയാല്‍,
27. ആരുണ്ട് (അവനെ വീണ്ടെടുക്കാന്‍)മന്ത്രം നടത്തുന്നവന്‍ എന്ന് പറയപ്പെടുകയും,
28. അവന്‍ (മരണം ആസന്നമായവന്‍)അത് (തന്‍റെ)വേര്‍പാടാണെന്ന്(ഉറപ്പായി) ധരിക്കുകയും,

29. കണങ്കാൽ കണങ്കാലോട് കൂടിപ്പിണരുകയും (ചെയ്താൽ),-
30. അതാണ് നിൻെറ രക്ഷിതാവിങ്കലേക്ക് പോകാനുള്ള ദിനം.
31. എന്നാൽ അവൻ സത്യം സ്വീകരിച്ചില്ല- നമസ്കരിച്ചതുമില്ല.
32. പക്ഷേ, നിഷേധിക്കുകയും പിന്തിരിയുകയും ചെയ്തിരിക്കുന്നു!
33. പിന്നെ അവൻ തൻെറ സ്വന്തക്കാരിലേക്ക് ദുരഭിമാനം നടിച്ച് പോകുകയും ചെയ്തിരിക്കുന്നു.
34. (ഹേ, മനുഷ്യാ,) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടതുതന്നെ, വേണ്ടപ്പെട്ടതു തന്നെ! (നിനക്ക് യോജിച്ച ശിക്ഷതന്നെ)
35. പിന്നെ (വീണ്ടും) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടതുതന്നെ, വേണ്ടപ്പെട്ടതുതന്നെ. (യോജിച്ച ശിക്ഷതന്നെ)
36. മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെയങ്ങ് ഉപേക്ഷിക്കപ്പെടുമെന്ന്?
37. അവൻ (ഗർഭാശയത്തിൽ) സ്രവിക്കപ്പെടുന്ന ഇന്ദ്രിയത്തിൽനിന്നുമുള്ള ഒരുതുള്ളിയായിരുന്നില്ലേ?
38. പിന്നെയത് ഒരു ഭ്രൂണമായി.അനന്തരം അവനെ അവൻ(അല്ലാഹു)സൃഷ്ടിച്ചു ശരിപ്പെടുത്തി.
39. അങ്ങനെ, അവനതിൽനിന്ന് ആണും പെണ്ണുമായി ഇണകളെ ഉണ്ടാക്കി.
40. (അങ്ങനെയുള്ള), അവൻ മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിവുള്ളവനല്ലേ?

---

*****

## അധ്യായം 76

# അദ്ദഹ്ർ. (കാലം)

**അവതരണം മക്കയിൽ, വചനങ്ങ൦ 31**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. മനുഷ്യൻ പറയത്തക്ക ഒരു വസ്തുവും ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവൻെറ മേൽ കഴിഞ്ഞു പോയിട്ടുണ്ടോ?
2. മിശ്രിതമായ ഒരു ശുക്ലകണത്തിൽനിന്നു മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു, അവനെ നാം പരീക്ഷിക്കുവാനായിട്ട്.അങ്ങനെ നാം അവനെ കാണുന്നവനും കേ൦ക്കുന്നവനുമാക്കിയിരിക്കുന്നു.
3. ഉറപ്പായും അവനു നാം മാർഗം കാട്ടിക്കൊടുത്തിരിക്കുന്നു. ഒന്നുകിൽ അവന് നന്ദിയുള്ളവനാകാം, അല്ലെങ്കിൽ നന്ദികെട്ടവനാകാം.
4. നിശ്ചയമായും നാം, അവിശ്വാസികൾക്ക് ചങ്ങലകളും, വിലങ്ങുകളും കത്തിജ്വലിക്കുന്ന അഗ്നിയും ഒരുക്കിവെച്ചിരിക്കുന്നു.
5. നിശ്ചയമായും പുണ്യവാന്മാർ (സ്വർഗത്തിൽ) പാനപാത്രത്തിൽനിന്നു കുടിക്കുന്നതാണ്. അതിൻെറ കൂട്ട് (ചേരുവ) കർപ്പൂരമായിരിക്കും.
6. അതായത്,അല്ലാഹുവിൻെറ അടിയാന്മാർ കുടിക്കുന്നതായ ഒരു ഉറവ്(ജലം)അവരത് (ഇഷ്ടമനുസരിച്ച്) ഒഴുക്കിക്കൊണ്ടിരിക്കും.
7. അവർ നേർച്ച നിറവേറ്റുകയും ആപത്തുക൦ വ്യാപിക്കുന്ന ഒരു ദിവസത്തെ ഭയപ്പെടുകയും ചെയ്യുന്നു.
8. ഭക്ഷണത്തിന്ന് പ്രേമമുള്ളതോടൊപ്പം സാധുവിന്നും,അനാഥക്കും ബന്ദിക്കും അവർ ഭക്ഷണം നൽകുകയും ചെയ്യുന്നു.
9. (അവർ പറയും)നിശ്ചയമായും അല്ലാഹുവിൻെറ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങ൦ നിങ്ങ൦ക്കു ഭക്ഷണം നൽകുന്നത്. ഞങ്ങ൦ നിങ്ങളിൽ നിന്നു പ്രതിഫലമോ നന്ദിയോ ഉദ്ദേശിക്കുന്നില്ല.
10. (വിഷാദപ്പെട്ട്)മുഖം ചുളിച്ചുപോകുന്ന അതിദുസ്സഹമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽനിന്നും ഞങ്ങ൦ ഭയപ്പെടുന്നു.
11. അതിനാൽ ആ ദിവസത്തിൻെറ തിന്മയിൽനിന്ന് അല്ലാഹു അവരെ കാത്തു രക്ഷിക്കുന്നതും അവർക്ക് പ്രസന്നതയും സന്തോഷവും അവൻ ഇട്ടുകൊടുക്കുകയും ചെയ്യും.
12. അവർ ക്ഷമിച്ചതു നിമിത്തം അവർക്കു (സ്വർഗീയ)തോട്ടവും, പട്ടും അവൻ പ്രതിഫലമായി കൊടുക്കുന്നതുമാണ് .
13. അതിൽ അലംകൃത കട്ടിലുകളിൽ ചാരിയിരുന്നുകൊണ്ട്(അവർ സുഖിക്കും.)വെയിലാകട്ടെ, കൊടും തണുപ്പാകട്ടെ അതിലവർ കാണുകയില്ല.
14. അതിലെ തണലുക൦ അവർക്കുമീതെ അടുത്തായിരിക്കും. അതിലെ പഴക്കുലക൦ നിഷ് പ്രയാസമായി പറിച്ചെടുക്കാൻ സൗകര്യപ്പെടുത്തപ്പെടുകയും ചെയ്തിരിക്കുന്നതാണ്.
15. വെള്ളികൊണ്ടുള്ള പാത്രങ്ങളും,സ്ഫടികങ്ങളായിത്തീർന്ന കൂജകളുമായി (പരിചാരകർ)അവരിലൂടെ ചുറ്റിനടത്തപ്പെടുകയും ചെയ്യും.
16. അതായത് വെള്ളികൊണ്ടുള്ള പാത്രങ്ങളും സ്ഫടിക(മയമായ) പാത്രങ്ങളും! അവർ അവയ്ക്ക് ഒരു തോത് നിർണ്ണയിച്ചിരിക്കും.

17. അതിൽ അവർക്ക്‌ ഒരു തരം പാനപാത്രവും കുടിക്കുവാൻ കൊടുക്കപ്പെടും; അതിൻെറ ചേരുവ ഇഞ്ചിയായിരിക്കുന്നതാണ്‌.
18. അതായത്‌ 'സൽസബീൽ' എന്ന്‌ പേരു പറയപ്പെടുന്ന അതിലെ ഒരു ഉറവ (ജലം.)
19. അവരെ സേവിക്കുന്നതിന്‌ നിത്യബാല്യമുള്ള ബാലജനങ്ങൾ അവരിലൂടെ ചുറ്റി നടന്നുകൊണ്ടുമിരിക്കും; അവരെ നീ കണ്ടാൽ, വിതറിയിടപ്പെട്ട മുത്തുകളാണ്‌ അവരെന്നു നീ വിചാരിക്കുന്നതാണ്‌!
20. അവിടം നീ കണ്ടാൽ, (മഹത്തായ) സുഖാനുഗ്രഹവും വലുതായ സാമ്രാജ്യവും നിനക്കു കാണാവുന്നതുമായിരിക്കും.
21. അവരുടെ മേലിൽ പച്ചവർണമായ നേർമ്മപ്പട്ടിൻെറ വസ്ത്രങ്ങളും, കട്ടിപ്പട്ടുവസ്ത്രങ്ങളും ഉണ്ടായിരിക്കും. വെള്ളികൊണ്ടുള്ള വളകളും അവർക്ക്‌ അണിയിക്കപ്പെടും. അവരുടെ രക്ഷിതാവ്‌ അവർക്ക്‌ വളരെ ശുദ്ധമായ ഒരു പാനീയം കുടിക്കുവാൻ കൊടുക്കുന്നതുമാണ്‌.
22. (അവരോട്‌ പറയപ്പെടും:ഹേ, പുണ്യവാന്മാരേ) നിശ്ചയമായും ഇത്‌(ഒക്കെയും) നിങ്ങൾക്ക്‌ പ്രതിഫലമായിരിക്കുന്നതാകുന്നു. നിങ്ങളുടെ പരിശ്രമം നന്ദി പൂർവ്വം സ്വീകരിക്കപ്പെട്ടതുമാകുന്നു. (എന്നു പറയപ്പെടും)
23. നിശ്ചയമായും നാം തന്നെയാണ്‌ നിൻെറ മേൽ ഖുർആൻ ക്രമേണയായി അവതരിപ്പിച്ചിരിക്കുന്നത്‌.
24. അതിനാൽ നിൻെറ രക്ഷിതാവിൻെറ വിധിക്കായി നീ ക്ഷമയോടെ കാത്തിരുന്നുകൊള്ളുക; അവരിൽനിന്നു യാതൊരു പാപിയേയോ, അവിശ്വാസിയായുള്ളവനെയോ നീ അനുസരിക്കുകയും ചെയ്യരുത്‌.
25. രാവിലേയും വൈകുന്നേരവും നിൻെറ രക്ഷിതാവിൻെറ നാമം നീ സ്മരിക്കുകയും ചെയ്യുക
26. രാത്രിയിൽനിന്നും (അൽപനേരം)നീ അവന്ന്‌ സുജൂദ്‌(സാഷ്‌ടാംഗം)ചെയ്യണം; ഒരു നീണ്ട (സമയം) രാത്രി പ്രകീർത്തനവും ചെയ്യുക.
27. നിശ്ചയമായും ഇക്കൂട്ടർ, ക്ഷണികമായതിനെ(ഐഹിക ജീവിതത്തെ) ഇഷ്ടപ്പെടുന്നു; ഭാരമേറിയ ഒരു ദിവസത്തെ അവർ തങ്ങളുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു.
28. നാമത്രെ അവരെ സൃഷ്ടിച്ചതും,അവരുടെ (ശരീര)ഘടനയെ ബലപ്പെടുത്തിയതും.നാം ഉദ്ദേശിച്ചാൽ അവർക്ക്‌ തുല്യമായവരെ നാം (അവർക്കു) പകരമാക്കികൊണ്ടുവരുന്നതുമാണ്‌.
29. നിശ്ചയമായും ഇതൊരു (മഹത്തായ) ഉപദേശം (അഥവാ സ്മരണ) ആകുന്നു. ആകയാൽ ആർ ഉദ്ദേശിക്കുന്നുവോ അവൻ തൻെറ രക്ഷിതാവിങ്കലേക്കുള്ള മാർഗം സ്വീകരിച്ചുകൊള്ളട്ടെ.
30. അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല. നിശ്ചയമായും, അല്ലാഹു സർവജ്ഞനും അഗാധജ്ഞനുമാകുന്നു.
31. അവൻ ഉദ്ദേശിക്കുന്നവരെ അവൻ തൻെറ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു. അക്രമികൾക്കാകട്ടെ, വേദനയേറിയ ശിക്ഷ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു.

******

## അധ്യായം 77

# അൽ മുർസലാത്ത്. (അയക്കപ്പെട്ടവർ)

**അവതരണം മക്കയിൽ, വചനങ്ങൾ 50**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. തുടർച്ചയായി അയക്കപ്പെടുന്നവ (കാറ്റ്) തന്നെയാണ് (സത്യം)
2. പിന്നെ കൊടുങ്കാറ്റായി അടിച്ചു വീശുന്നവയാണ് (സത്യം)
3. (മേഘങ്ങളെ)പരത്തി വ്യാപിപ്പിക്കുന്നവയുമാണ് (സത്യം)
4. എന്നിട്ട് വേർതിരിച്ചു വിവേചനം ചെയ്യുന്നവയാണ് (സത്യം)
5. അങ്ങനെ (ദിവ്യ)സന്ദേശം (ഹൃദയങ്ങളിൽ)ഇട്ടുകൊടുക്കുന്നവയാണ് (സത്യം)
6. ഒഴികഴിവായോ, അല്ലെങ്കിൽ മുന്നറിയിപ്പായോ.
7. നിശ്ചയമായും നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് സംഭവിക്കുന്നതുതന്നെയാകുന്നു.
8. എന്നാൽ നക്ഷത്രങ്ങൾ (വെളിച്ചം) തുടച്ചു മായിക്കപ്പെട്ടാൽ
9. ആകാശം പിളർത്തപ്പെടുകയും ചെയ്താൽ
10. മലകൾ പൊടിക്കപ്പെടുകയും ചെയ്താൽ
11. ദൂതന്മാർക്ക് സമയം നിർണയിക്കപ്പെടുകയും ചെയ്താൽ
12. ഏതൊരു ദിവസത്തേക്കാണ് അവർക്ക് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.
13. (അതെ) വിധി തീർപ്പിന്റെ ദിവസത്തേക്ക്.
14. വിധി തീർപ്പിന്റെ ദിവസം എന്നാലെന്താണെന്ന് നിനക്കെന്തറിയാം?
15. അന്നത്തെ ദിവസം കളവാക്കുന്നവർക്കായിരിക്കും (മഹാ)നാശം.
16. പൂർവികന്മാരെ നാം നശിപ്പിച്ചു കളഞ്ഞില്ലേ?
17. പിന്നെ, പിൻഗാമികളെയും നാം അവരുടെ പിന്നാലെ അയക്കുന്നതാണ്.
18. അപ്രകാരമാണ് കുറ്റവാളികളോട് നാം പ്രവർത്തിക്കുന്നത്.
19. അന്നത്തെ ദിവസം കളവാക്കുന്നവർക്കായിരിക്കും (മഹാ)നാശം.
20. നിസ്സാരമായ ഒരു ജലത്തിൽനിന്ന് നാം നിങ്ങളെ സൃഷ്ടിച്ചില്ലേ?
21. എന്നിട്ട് നാമതിനെ ഭദ്രമായ ഒരിടത്തു സൂക്ഷിച്ചു.
22. നിശ്ചിതമായ ഒരു(കാല) അളവുവരെ.
23. അങ്ങനെ,നാം എല്ലാം കൃത്യമായി നിർണയിച്ചു. അപ്പോൾ നാം എത്ര നല്ലനിർണയക്കാരൻ.
24. അന്നത്തെ ദിവസം കളവാക്കുന്നവർക്കായിരിക്കും (മഹാ)നാശം.
25. ഭൂമിയെ നാം എല്ലാവരെയും ഉൾകൊള്ളുന്നതാക്കിയില്ലേ?
26. ജീവിച്ചിരിക്കുന്നവരെയും മരണപ്പെട്ടവരെയും?
27. ഉന്നതങ്ങളായി ഉറച്ചുനിൽക്കുന്ന പർവ്വതങ്ങളെ നാം അതിൽ ഉണ്ടാക്കുകയും,സ്വച്ഛമായ ജലം നിങ്ങൾക്കു നാം കുടിക്കുവാൻ തരികയും ചെയ്തില്ലേ?
28. അന്നത്തെ ദിവസം (മഹാ)നാശം കളവാക്കുന്നവർക്കായിരിക്കും.
29. (ഹേ കളവാക്കുന്നവരേ)നിങ്ങൾ ഏതൊന്നിനെ കളവാക്കിയിരുന്നുവോ അതിലേക്കു നിങ്ങൾ പോയിക്കൊള്ളുവിൻ
30. മൂന്ന് ശാഖകളുള്ള തണലിലേക്ക് പോയിക്കൊള്ളുവിൻ.
31. അത് തണൽ നൽകുന്നതല്ല. തീജ്വാലയിൽനിന്ന് രക്ഷ നൽകുന്നതുമല്ല.

32. നിശ്ചയമായും അത്, (നരകം)വൻകെട്ടിടം പോലെയുള്ള തീപ്പൊരികൾ തെറിപ്പിച്ചുകൊണ്ടിരിക്കും.
33. തീർച്ചയായും അത്(തീപ്പൊരി) മഞ്ഞവർണമായ ഒട്ടകക്കൂട്ടമെന്നോണമായിരിക്കും.
34. അന്നത്തെ ദിവസം (മഹാ)നാശം വ്യാജമാക്കുന്നവർക്കായിരിക്കും.
35. അവർ മിണ്ടാത്ത ദിവസമാണിത്.
36. ഒരു ന്യായവും പറയാൻ അവർക്കനുവാദം നൽകുന്നതല്ല.
37. അന്നത്തെ ദിവസം (മഹാ)നാശം വ്യാജമാക്കുന്നവർക്കാകുന്നു.
38. വിധി തീർപ്പിൻെറ ദിനമാണിത്. നിങ്ങളെയും പൂർവികന്മാരെയും നാം ഒരുമിച്ചു കൂട്ടിയിരിക്കുന്നു.
39. നിങ്ങൾക്ക് വല്ല തന്ത്രവും നടത്താമെങ്കിൽ നിങ്ങൾ നടത്തി നോക്കുവിൻ.
40. അന്നത്തെ ദിവസം (മഹാ)നാശം വ്യാജമാക്കുന്നവർക്കാകുന്നു.
41. നിശ്ചമായും സൂക്ഷ്മതയുള്ളവർ (സ്വർഗത്തിൽ)തണലുകളിലും ഉറവിടങ്ങളിലുമായിരിക്കും.
42. അവർ ഇച്ഛിക്കുന്ന തരത്തിലുള്ള പഴവർഗങ്ങൾക്കിടയിലുമായിരിക്കും.
43. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിൻെറ പ്രതിഫലമായി, നിങ്ങൾ സംതൃപ്തിയോടെ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ.
44. നിശ്ചയമായും, അപ്രകാരമത്രെ സുകൃതവന്മാർക്ക് നാം പ്രതിഫലം നൽകുന്നത്.
45. അന്നത്തെ ദിവസം (മഹാ)നാശം വ്യാജമാക്കുന്നവർക്കായിരിക്കും.
46. (അവരോട് പറയും:) നിങ്ങൾ അൽപം (കാലം)തിന്നുകയും സുഖമനുഭവിക്കുകയും ചെയ്തുകൊള്ളുക. നിശ്ചയമായും നിങ്ങൾ കുറ്റവാളികളത്രേ.
47. അന്നത്തെ ദിവസം (മഹാ)നാശം വ്യാജമാക്കുന്നവർക്കായിരിക്കും.
48. അവരോട് (അല്ലാഹുവിൻെറ മുമ്പിൽ) കുമ്പിടുവിൻ എന്ന് പറയപ്പെടുമ്പോൾ അവർ കുമ്പിടുകയില്ല.
49. അന്നത്തെ ദിവസം (മഹാ)നാശം വ്യാജമാക്കുന്നവർക്കായിരിക്കും.
50. ഇതിനു(ഖുർആനിനു)ശേഷം ഏത് വർത്തമാനത്തിലാണ് അവർ വിശ്വസിക്കുന്നത്?

---

*******

# അധ്യായം 78

## അന്നബഅ്. (മഹാവൃത്താന്തം)

**അവതരണം മക്കയിൽ, വചനങ്ങൾ 40**

**അദ്ധ്യായ പരിചയം:**

പ്രവാചക(സ)ൻെറ മക്കാ കാലഘട്ടത്തിൽ അവതരിച്ച അദ്ധ്യായമാണിത്.അന്ത്യനാളിൻെറയും പരലോക ജീവിതത്തിൻെറയും സ്ഥിരീകരണവും അതംഗീകരിക്കുകയും നിഷേധിക്കുകയും ചെയ്യുന്നതിൻെറ പരിണതികളാണ് ഈ അദ്ധ്യായത്തിൻെറ ഉള്ളടക്കം.

മരിച്ച് മണ്ണായിക്കഴിഞ്ഞ മനുഷ്യൻ എങ്ങനെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടും എന്ന് സംശയിച്ചിരുന്ന മക്കാനിവാസികളോട്, ചുറ്റുപാടും അവർ കണ്ടുകൊണ്ടിരുന്ന പ്രകൃതിയാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ ആവശ്യപ്പെടുന്നു. ഈ പ്രപഞ്ചത്തിൻെറ ഓരോരോഘടകവും തികച്ചും ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ടതാണ്, മനുഷ്യനും അതെ. അതിനാൽ മരിച്ച് മണ്ണടിഞ്ഞ് പോയത് എവിടെയാണെങ്കിലും അവിടെനിന്ന് ഏകദൈവത്തിൻെറ കോടതിയിൽ വിചാരണക്കായി ഹാജരാക്കപ്പെടുക തന്നെ ചെയ്യും എന്ന് പരലോക നിഷേധികളെ ബോധ്യപ്പെടുത്തുന്നു.മാത്രവുമല്ല, നീതിപൂർവം രേഖപ്പെടുത്തിവെച്ചിരിക്കുന്ന കണക്ക് പുസ്തകത്തിൻെറ വെളിച്ചത്തിൽ രക്ഷാശിക്ഷകളും അവർക്കവിടെ അനുഭവിക്കേണ്ടിവരുമെന്നും അവരെ താക്കീത് ചെയ്യുന്നു. അതിൽനിന്ന് രക്ഷപ്പെടാൻ ഏതെങ്കിലും വിധത്തിലുള്ള ശിപാർശകളോ സമ്മർദമോ സാധിക്കുകയില്ല. അതിനാൽ ആ ദിനം രക്ഷയും സമാധാനവും ആവശ്യമുള്ളവർക്ക് അതിനുതകുന്ന കർമം ചെയ്യാം. അല്ലാത്തവർക്ക് തള്ളിക്കളയുകയും ചെയ്യാം. ഇതത്രെ ഈ അദ്ധ്യായത്തിൻെറ പ്രതിപാദ്യം.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. എന്തിനെക്കുറിച്ചാണ് അവരന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നത്?
2. അതിഭയങ്കരമായ വാർത്തയെ പറ്റിതന്നെ.
3. തീർച്ചയായും അതിലവർ ഭിന്നാഭിപ്രായക്കാരാണ്.
4. വേണ്ട, തീർച്ചയായും അവരറിയുകതന്നെ ചെയ്യും.
5. വീണ്ടും വേണ്ട, തീർച്ചയായും അവരറിയുകതന്നെ ചെയ്യും.

മഹാസംഭവം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഉയിർത്തെഴുന്നേൽപ്നാളാണ്. പരലോക വിശ്വാസത്തെക്കുറിച്ച് മക്കയിലെ നിഷേധികൾ പരസ്പരം വിരുദ്ധമായ സങ്കൽപത്തിലും വിശ്വാസത്തിലുമായിരുന്നു നിലകൊണ്ടിരുന്നത്. പ്രവാചകൻ(സ) പരലോകത്തെ സംബന്ധിച്ച് അടിക്കടി അവരെ ഉണർത്തിക്കൊണ്ടിരുന്നപ്പോൾ അവർ പരിഹാസപൂർവം ചോദിച്ചിരുന്നു, എന്ത്, മനുഷ്യൻ മരിച്ചു മണ്ണായ ശേഷവും അവൻ വീണ്ടും ജീവിപ്പിക്കപ്പെടുമെന്നോ? നുരുമ്പിയ എല്ലുകൾ പിന്നെയും ഘടിപ്പിക്കപ്പെട്ട് അതിൽ വീണ്ടും മാംസം പൊതിഞ്ഞ് ജീവൻ വെക്കുമെന്നോ? അത് വല്ലാത്തൊരു സംഭവംതന്നെയാണ്. നമ്മുടെ പൂർവികരുടെ കാലത്തൊന്നും നാമങ്ങനെ ഒരു സംഭവം കേട്ടിട്ടുപോലുമില്ല. അത് ഏതായാലും സംഭവിക്കുന്ന കാര്യമല്ല. അങ്ങനെ ആർക്കാണ് ചെയ്യാൻ സാധിക്കുക, എന്നാൽ അക്കാര്യത്തിൽ അവർ തന്നെയും ഭിന്നാഭിപ്രായക്കാരായിരുന്നു. ചിലർ പറഞ്ഞു: ജീവിതം ഇതുമാത്രമാണ്. വീണ്ടുമൊരു ജീവിതമില്ല. ചിലർ പറഞ്ഞു: പരലോകമുണ്ട്. പക്ഷെ അവിടെ അങ്ങനെയൊരു രക്ഷാശിക്ഷകളുടെ പ്രശ്നമില്ല. ഉണ്ടെങ്കിൽ തന്നെ മഹാന്മാരുടെ ശിപാർശകൾകൊണ്ട് നാം രക്ഷപ്പെടും. ഇങ്ങനെ പല രീതിയിലുള്ള വിശ്വാസങ്ങളിലായിരുന്നു അവർ.

എന്നാൽ അവരെ അറിയിക്കാൻ അല്ലാഹു പ്രവാചകരോട് പറയുന്നു. ഇക്കൂട്ടരുടെ സങ്കൽപങ്ങളൊന്നും ശരിയല്ല. ആ സംഭവം വരികതന്നെ ചെയ്യും. അപ്പോൾ അവർ മനസ്സിലാക്കിക്കൊള്ളും. അത് വിധൂ

രമൊന്നുമല്ല. തുടർന്ന് അത് കൊണ്ടുവരിക നിങ്ങളുടെ നാഥന് പ്രയാസമുള്ള കാര്യമല്ലെന്ന് അവരെ ബോധ്യപ്പെടുത്താൻ ചില പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ അവരുടെ മുമ്പിൽ നിരത്തുകയാണ് ഖുർആൻ ചെയ്യുന്നത്.

---

6. ഭൂമിയെ നാം മെത്തയാക്കിയില്ലേ?
7. മലകളെ ആണികളായും?
8. നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും,
9. നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും,
10. രാവിനെ നാം ആവരണമാക്കുകയും,
11. പകലിനെ നാം ജീവിതായോധന വേളയാക്കുകയും ചെയ്തു.
12. നിങ്ങൾക്കു മേലെ ഭദ്രമായ ഏഴാകാശങ്ങളെ നാം നിർമിക്കുകയും,
13. കത്തിജ്ജ്വലിക്കുന്ന ഒരു വിളക്ക് നാം ഉണ്ടാക്കുകയും,
14. കാർമേഘങ്ങളിൽനിന്ന് നിരന്തരം വർഷിക്കുന്ന വെള്ളത്തെ വീഴ്ത്തുകയും ചെയ്തു.
15. അതുവഴി ധാന്യവും ചെടികളും ഉൽപാദിപ്പിക്കുന്നതിന്,
16. ഇടതൂർന്ന തോട്ടങ്ങളും.

---

അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യത്തിന്റെയും കഴിവുകളുടെയും അടയാളമായി പലപ്പോഴും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെ മനുഷ്യബുദ്ധിക്ക് മുമ്പിൽ ഖുർആൻ എടുത്തിടാറുണ്ട്. ഖുർആനിൽ ഒട്ടേറെ സ്ഥലങ്ങളിൽ അത് കാണാൻ സാധിക്കും. മനുഷ്യനടക്കമുള്ള ജീവികളുടെ സുഖകരമായ വാസത്തിനും അവയുടെ ഉപയോഗത്തിനുമാണ് അത് ആ രീതിയിൽ സംവിധാനിച്ചതെന്നും ഖുർആൻ വ്യക്തമാക്കുന്നു. അതാകട്ടെ കേവലം യാദൃശ്ചിക സംഭവമല്ല. വൃഥാവേലയുമല്ല. മഹാശക്തനും യുക്തിമാനുമായ സ്രഷ്ടാവിന്റെ കഴിവുകളും ഇഛകളുമാണ് അതിനു പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഭൂമിയിൽ പർവതങ്ങൾ സൃഷ്ടിച്ചിരിക്കുന്നു എന്നും പല തവണ ഖുർആൻ ആവർത്തിച്ചു പറഞ്ഞതായി കാണാം. ഭൂമിയുടെ ചലനത്തിനും കറക്കത്തിനും സന്തുലിതത്വം നല്കാനും ചലനത്തിനിടയിൽ ഭൂമി ഉലയാതെ നിലനിർത്തുന്നതിനുമാണ് അത് സ്ഥാപിച്ചിരിക്കുന്നത്.

ആണിനെയും പെണ്ണിനെയും ജോഡികളായി സൃഷ്ടിച്ചു എന്നത് അല്ലാഹുവിന്റെ മഹത്തായ കഴിവിന്റെ അടയാളമാണ്. ഒരേ വർഗമാണ് ഭൂമിയിൽ ഉണ്ടായിരുന്നതെങ്കിൽ ഈ മഹാ പ്രപഞ്ചം എങ്ങനെ നിലനിൽക്കും എന്ന കാര്യം ഒരുവേള നാം പര്യാലോചിക്കുക.

മനുഷ്യൻ തന്റെ ജീവിതം നിലനിർത്താനാവശ്യമായ കൃത്യങ്ങളിൽ ഏർപ്പെടുക പകൽ വേളയിലാണ്. അതിനുതകുന്ന രീതിയിലാണ് അല്ലാഹു പകലിനെ സംവിധാനിച്ചത്. ഏതാനും മണിക്കൂറുകളുടെ അദ്ധ്വാനത്തിന് ശേഷം വിശ്രമിക്കുകയെന്നത് ദൈവം മനുഷ്യന്റെ പ്രകൃതിയിൽ നിക്ഷേപിച്ച മഹത്തായ സംവിധാനമാകുന്നു. അതിന്റെ അഭാവത്തിൽ മനുഷ്യന് ഫലത്തിൽ ജീവൻ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരും.

രാവും പകലും ദൈവത്തിന്റെ സൃഷ്ടിപ്പിലെ രണ്ട് മഹാദൃഷ്ടാന്തങ്ങളാകുന്നു. രണ്ടിനും മനുഷ്യജീവിതത്തിൽ വലിയ സ്വാധീനമുണ്ട്. സ്വഭാവത്തിലും ആരോഗ്യത്തിലുമൊക്കെ അത് കാണാം.

നിദ്ര എന്ന കൃത്യം സ്വഛവും മറ്റു വിധത്തിലുള്ള പ്രതിബന്ധങ്ങളും ഇല്ലാതിരിക്കണം.അവിടെ വെളിച്ചം ഒരവശ്യഘടകമല്ല.അതുപോലെ പകൽ നിദ്രക്ക് നിശ്ചയിക്കപ്പെട്ടതല്ല. അധ്വാനത്തിനുള്ളതാണ്. അവിടെ വെളിച്ചം അവശ്യോപാധിയാണ്. അതേയവസരം രാപ്പലുകളിൽ ഏതെങ്കിലും ഒരവസ്ഥയാണുണ്ടായിരുന്നതെങ്കിൽ ആരാണ് മനുഷ്യന് വിശ്രമത്തിന്റെയോ അധ്വാനത്തിന്റെയോ സമയങ്ങൾ ഉണ്ടാക്കിക്കൊടുക്കുക?

സപ്തവാനങ്ങളെ ഒരുക്കിയതാണ് മറ്റൊരു ദൈവിക ദൃഷ്ടാന്തം. ദൃശ്യമായ മതിലുകളോ ചുമരുകളോ ഇല്ലാതെയാണ് അവ പണിതിട്ടുള്ളത്. അന്തരീക്ഷത്തിന്റെ എല്ലാ വിധ തകരാറുകളിൽനിന്നും മനുഷ്യനെ സംരക്ഷിക്കുകയത്രെ അതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രകാശത്തിനും ചൂടിനും കൃഷിക്കും നമ്മുടെ തന്നെ വളർച്ചക്കും ഉപയുക്തമായ രീതിയിൽ സൂര്യനെയും സൃഷ്ടിച്ചിരിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടിവൈഭവ ത്തിന്റെ അതിശക്തമായ ദൃഷ്ടാന്തമത്രെ സൂര്യൻ.

സൃഷ്ടികളുടെ ആവശ്യത്തിനു വേണ്ടി ആകാശത്തുനിന്ന് മഴ വർഷിക്കാനുള്ള സംവിധാനവും അവൻ ചെയ്തുവെച്ചിരിക്കുന്നു. അതാകട്ടെ, ഒരിക്കൽ ഭൂമിയിൽ സംഭരിക്കപ്പെട്ടിരുന്ന ജലം തന്നെയാണ് ചംക്രമണം ചെയ്തു ഭൂമിയിൽ എത്തുന്നത്. ആ ഒരേ മഴയിലൂടെ അനേകം തരം സസ്യങ്ങളും ഫലങ്ങളും അവൻ മുളപ്പിക്കുന്നു. സൃഷ്ടിജാലങ്ങൾക്ക് വിഭവങ്ങളാകാൻ.

ഈ വിധം അല്ലാഹു പ്രപഞ്ചത്തിൽ ഒരുക്കിവെച്ച വിവിധ അനുഗ്രഹങ്ങളെയും ദൃഷ്ടാന്തങ്ങളെയും എടുത്തോതി മനുഷ്യനെ പുനരുഥാനദിനത്തിൻെറ സംഭവ്യതയെക്കുറിച്ച് ബോധ്യപ്പെടുത്തുകയാണ് അടുത്ത വചനങ്ങളിൽ.

---

17. നിശ്ചയമായും വിധിനിർണ്ണയ ദിനം സമയനിർണ്ണിതമാണ്.
18. കാഹളത്തിൽ ഊതപ്പെടുന്ന ദിനം.അപ്പോൾ നിങ്ങൾ കൂട്ടംകൂട്ടമായി വന്നെത്തും.
19. ആകാശം തുറക്കപ്പെടും. അത് കവാടങ്ങളായിത്തീരും.
20. പർവ്വതങ്ങൾ ചലിപ്പിക്കപ്പെടും. അവ മരീചികയാകുകയും ചെയ്യും.
21. നിശ്ചയമായും നരകം പതിസ്ഥലത്താണ്.
22. അതിക്രമികൾക്ക് സങ്കേതമായിട്ട്.
23. അവരതിൽ യുഗങ്ങളോളം വസിക്കുന്നവരാണ്.
24. കുളിരോ കുടിനീരോ അവരവിടെ രുചിക്കുകയില്ല.
25. പൊള്ളുന്ന വെള്ളവും ചലവുമല്ലാതെ.
26. ഉചിതമായ പ്രതിഫലം.
27. തീർച്ചയായും അവർ വിചാരണയെ പ്രതീക്ഷിച്ചിരുന്നില്ല.
28. നമ്മുടെ ദൃഷ്ടാന്തങ്ങളെ അവൻ പറ്റെ കള്ളമാക്കുകയും ചെയ്തു.
29. അതിനെ നാം കൃത്യമായി രേഖപ്പെടുത്തി ഗ്രന്ഥമാക്കിയിരിക്കുന്നു.
30. അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക. തീർച്ചയായും നിങ്ങൾക്ക് ശിക്ഷയല്ലാതൊന്നും വർദ്ധിപ്പിക്കുകയില്ല.

---

മരിച്ചുപോയവർ പുനർജനിക്കാനുള്ള കാഹളം ഊതപ്പെടുന്നതോടെ എല്ലാ മനുഷ്യരും പുനർജനിക്കുന്നു.അവരെല്ലവരും തങ്ങളുടെ നാഥൻെറ വിളിക്കുത്തരമേകി അവരുടെ വിചാരണയെ നേരിടാൻ മുന്നോട്ടുനീങ്ങും. ആ ദിനം ആകാശകവാടങ്ങൾ തുറക്കപ്പെടും. പർവതങ്ങൾ ധൂളികളാക്കപ്പെടും. പകരം പ്രവിശാലമായ മൈതാനി രൂപം കൊള്ളും.അന്ന് ലോകത്ത് തന്നിഷ്ടം ജീവിച്ച ആളുകൾ നരകത്തിൽ വീഴുന്നതായിരിക്കും. കാരണം, പരലോകം എന്ന സങ്കല്പമേ ഇല്ലാതെ അവർ യഥേഷ്ടം ജീവിക്കുകയായിരുന്നുവല്ലോ.

പതിസ്ഥലം എന്നതുകൊണ്ടർഥമാക്കുന്നത് ദുഷ്കർമികളുടെ പ്രതീക്ഷക്ക് വിരുദ്ധമായി അവരതിൽ അകപ്പെടുന്നതിനെ സൂചിപ്പിക്കാനാണ്. അവർ അത്തരം ഒരു പരിണതി പ്രതീക്ഷിച്ചിരുന്നില്ലല്ലോ. കാലാകാലവും അവരതിൽ വസിക്കുന്നവരായിരിക്കും. ഏറെ തീക്ഷ്ണങ്ങളായ യാതനകളായിരിക്കും അവരവിടെ അനുഭവിക്കുക. ഭക്ഷണം പോലും തിളച്ചതും കയ്പുറ്റതുമായിരിക്കും. അതിനൊക്കെ തക്ക രീതിയിലായിരുന്നുവല്ലോ അവർ പരലോകത്തെ നിഷേധിച്ചിരുന്നതും അതിനെ അശേഷം വകവെക്കാതെ തന്നിഷ്ടം ജീവിച്ചിരുന്നതും. അവരുടെ ജീവിതം രേഖപ്പെടുത്തുന്നുണ്ടായിരുന്നു. അവർ നിഷേധിച്ചിരുന്ന വസ്തുതയായിരുന്നെങ്കിലും തന്നെ അനുസരിക്കുന്നതിനും ആരാധിക്കുന്നതിനും മാത്രമായിരുന്നു അവരെയും അല്ലാഹു സൃഷ്ടിച്ചതും വിഭവങ്ങൾ നൽകിയതും.

---

31. തീർച്ചയായും ഭക്തന്മാർക്ക് വിജയസ്ഥാനമുണ്ട്.
32. സ്വർഗത്തോപ്പുകളും മുന്തിരിക്കുലകളുമുണ്ട്.
33. തുല്യവയസ്കരായ തരുണികളുമുണ്ട്.
34. പതഞ്ഞ ചഷകങ്ങളും.
35. അവരവിടെ പൊയ്‌വാക്കുകളും വിടുവാക്കുകളും കേൾക്കുകയില്ല.

36. നിൻെറ നാഥനിൽനിന്നുള്ള പ്രതിഫലം. മതിയായ ഔദാര്യം.
37. ആകാശ ഭൂമികളുടെയും അവയ്ക്കിടയിലുള്ളവയുടെയും നാഥനായ പരമകാരുണികൻ. അവനുമായി നേരിൽ സംഭാഷണം നടത്താൻ ആർക്കുമാവില്ല.
38. ജിബ്‌രീലും മറ്റു മലക്കുകളും അണിനിരക്കും ദിനം. അന്നാർക്കും സംസാരിക്കാനാവില്ല. കരുണാനിധിയായ നാഥൻ അനുവാദം കൊടുത്തവർക്കും സത്യം പറഞ്ഞവർക്കുമൊഴികെ.
39. അതത്രെ സത്യദിനം. അതിനാൽ ഇഛിക്കുന്നവൻ തൻെറ നാഥൻെറ അടുക്കലെക്ക് മടങ്ങാൻ മാർഗം സ്വീകരിക്കട്ടെ.
40. ആസന്നമായ ശിക്ഷയെ സംബന്ധിച്ച് തീർച്ചയായും നാം നിങ്ങൾക്ക് താക്കീത് നൽകിക്കഴിഞ്ഞു. മനുഷ്യൻ തൻെറ ഇരു കരങ്ങളും പ്രവർത്തിച്ചതൊക്കെയും നോക്കിക്കാണുന്ന ദിവസം. അന്ന് സത്യനിഷേധി പറയും കഷ്ടം, ഞാൻ മണ്ണായിരുന്നെങ്കിൽ!

---

ദൈവത്തെ സ്മരിക്കുകയും അവൻെറ കല്പനകൾക്കൊത്ത് ജീവിക്കുകയും ചെയ്ത ഭക്തജനങ്ങൾക്കാണ് അന്ന് വിജയം. കാരണം, തങ്ങളുടെ ജീവിതം രേഖപ്പെടുത്തുന്നുണ്ടെന്നും അതെപ്പറ്റി തങ്ങൾ ചോദ്യം ചെയ്യപ്പെടുമെന്നും കരുതി സ്വയം സംസ്കൃതരാവുകയും തങ്ങളുടെ നാഥനെ സൂക്ഷിച്ച് ജീവിക്കുകയും ചെയ്തവരാണവർ. പലവിധ അനുഗ്രഹങ്ങളും അവിടെ അവർക്ക് ലഭിക്കും. ഭൗതിക ലോകത്തെ ജീവിത അസ്വാരസ്യങ്ങളോ പ്രയാസങ്ങളോ മുഷിപ്പുകളോ അവർക്ക് അവിടെ ഉണ്ടാവുകയില്ല. അതൊക്കെ അവരുടെ നാഥൻ അവർക്ക് ഒരു ക്കിവെച്ച പ്രതിഫലമാകുന്നു. അവൻെറയടുക്കൽ ആർക്കും സംസാരിക്കാൻ ധൈര്യം വരാത്ത വിധം ഭയാനകവും കർക്കശവുമായിരിക്കും അവൻ വിചാരണ ചെയ്യുന്നത്. അന്ന് സംസാരിക്കാൻ അല്ലാഹു അനുവാദം നൽകുന്നത് ശിപാർശക്ക് മാത്രമായിരിക്കും. അതും ആർക്കാണോ അനുവാദം നല്കിയത് അവർക്കു മാത്രം.

ആ ദിനം ഒരിക്കലും സങ്കൽപമോ പുലരാത്തതോ അല്ല. തീർച്ചയായും സംഭവിക്കുകതന്നെ ചെയ്യും. ഭൗതികമായ എന്തെല്ലാം വാചക കസർത്തുകൾ നടത്തിയാലും വാദത്തിൽ ജയിച്ചാലും ശരി, യാഥാർഥ്യത്തിന് യാതൊരു മാറ്റവും വരികയില്ല. അതിനാൽ ആ ദിനം രക്ഷ നേടണമെന്നുള്ളവർ ഈ ജീവിതത്തിൽ ഏകദൈവത്തിലേക്ക് മടങ്ങി സുകൃതം ചെയ്തു ജീവിക്കട്ടെ. അതേയവസരം അന്നത്തെ ശിക്ഷ കൺമുമ്പിൽ കാണുമ്പോൾ കുറ്റവാളി വിലപിക്കും. ഞാൻ ജനിച്ചിട്ടേ ഇല്ലായിരുന്നെങ്കിൽ എന്ന്. പക്ഷേ, അന്നത്തെ വിലാപം മനുഷ്യർക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. (ഏറെ അറിയുന്നവൻ അല്ലാഹുവാകുന്നു)

---

**********

## അധ്യായം 79

# അന്നാസിആത്ത്. (വലിച്ചെടുക്കുന്നവർ)

**അവതരണം മക്കയിൽ, വചനങ്ങൾ 46**

**അദ്ധ്യായ പരിചയം:**

അന്ത്യനാളും പുനരുത്ഥാനദിനവും സംഭവിക്കുമെന്ന് സ്ഥിരീകരിക്കുകയാണ് ഈ അദ്ധ്യായം. ആ സംഗതികളെ ബോധ്യപ്പെടുത്താൻ വിവിധ മലക്കുകളെയാണ് അല്ലാഹു സത്യം ചെയ്തു പറയുന്നത്. മൂസ(അ)യെ തള്ളിപ്പറഞ്ഞ ഫറോവയുടെ പര്യവസാനത്തിൽനിന്ന് പാഠമുൾക്കൊള്ളാൻ ദൈവദൂതനെ തള്ളിപ്പറഞ്ഞ അവിശ്വാസികളെ ഉപദേശിക്കുന്നു.

അത് പരലോകനിഷേധികളോട് പറയുന്നു: ആകാശഭൂമികളെ സൃഷ്ടിക്കുക മനുഷ്യനെ സൃഷ്ടിക്കുന്നതിനെക്കാൾ ഗുരുതരമാകുന്നു. ആകാശഭൂമികളെ സൃഷ്ടിച്ച ദൈവത്തിന് മനുഷ്യരുടെ പുനഃസൃഷ്ടി അസാദ്ധ്യമായ ഒരേർപ്പാടല്ല.

അതോടൊപ്പം പ്രപഞ്ചത്തിൽ സംവിധാനിച്ചുവെച്ചിട്ടുള്ള വസ്തുക്കളുടെ സൃഷ്ടിപ്പിനെപ്പറ്റി പ്രതിപാദിക്കുന്നു. ഇവിടെ യാതൊന്നും അലക്ഷ്യമായി ഉണ്ടായതല്ല. അതുപോലെ മനുഷ്യസൃഷ്ടിക്കും ഒരു ലക്ഷ്യമുണ്ട്. ഈ ഭൂമിയിൽ വിപുലമായ കൈകാര്യാധികാരം നല്കിക്കൊണ്ട് മനുഷ്യന് നല്ലതും ചീത്തയുമായ സകല കാര്യങ്ങളും പ്രവർത്തിക്കാൻ അവസരം കൊടുക്കുകയും എന്നിട്ട് അതേക്കുറിച്ച് ഒരിക്കലും അവൻ വിചാരണ ചെയ്യപ്പെടാതിരിക്കുകയും ചെയ്യുക എന്നതിനേക്കാൾ യുക്തിശൂന്യവും ലക്ഷ്യരഹിതവുമായ കാര്യം വേറെ എന്താണുള്ളത്?

ഭൗതിക ജീവിതത്തിൽ മുന്നറിയിപ്പ് നല്കപ്പെട്ടിരുന്ന വിചാരണനാൾ തന്നെയാണ് വന്നെത്തിയിരിക്കുന്നതെന്ന് അന്ത്യനാളിൽ മനുഷ്യന് ബോധ്യം വരുമ്പോഴും കർമപുസ്തകം തൻെറ കൈയിൽ ഏല്പിക്കപ്പെടുമ്പോഴും താൻ നിഷേധിച്ചിരുന്നതും അലസമായി വിട്ടുകളഞ്ഞതുമായ എല്ലാ സംഗതികളും അന്നവൻ ഖേദത്തോടെ ഓർക്കും.

ധിക്കരിക്കുകയും ഐഹികജീവിതത്തിന് മുൻഗണന കല്പിക്കുകയും ചെയ്തവൻെറ താവളം നരകമാകുന്നു. രക്ഷിതാവിനെ ഭയപ്പെടുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവൻെറ താവളം സ്വർഗമാകുന്നു. ഇക്കാര്യങ്ങളത്രെ ഈ അദ്ധ്യായത്തിൻെറ പ്രതിപാദ്യം.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. മുങ്ങിച്ചെന്ന് ഊരിയെടുക്കുന്നവരെക്കൊണ്ട് സത്യം.
2. സൗമ്യമായി പുറത്തേക്കെടുക്കുന്നവരെക്കൊണ്ടും സത്യം.
3. ശക്തിയായി നീന്തുന്നവരെക്കൊണ്ടും സത്യം.
4. അങ്ങനെ കുതിച്ച് മുന്നേറുന്നവരെക്കൊണ്ടും സത്യം.
5. എന്നിട്ട്, കാര്യങ്ങൾ നിയന്ത്രിക്കുന്നവരെക്കൊണ്ടും സത്യം.
6. വിറക്കുന്നവയെല്ലാം വിറക്കുന്ന ദിവസം.
7. അതിനെ തുടർന്ന് മറ്റൊരു പ്രകമ്പനമുണ്ടാകും.
8. അന്ന് ചില മുഖങ്ങൾ വിഹ്വലങ്ങളായിരിക്കും.
9. അവരുടെ കണ്ണുകൾ പേടിച്ചരണ്ടിരിക്കും.
10. അവർ ചോദിക്കുന്നു: ഉറപ്പായും നാം പൂർവ്വ സ്ഥിതിയിലേക്ക് മടക്കപ്പെടുമെന്നോ?
11. നാം ദ്രവിച്ച എല്ലുകളായ ശേഷവും?
12. അവർ പറയുന്നു: എങ്കിൽ അതൊരു നഷ്ടകരമായ മടക്കം തന്നെ.

13. എന്നാൽ അതൊരു ഘോരശബ്ദമായിരിക്കും.
14. അപ്പോൾ അതാ അവർ ഭൂതലത്തിലെത്തിച്ചേരുകയായി.

**വിശദീകരണം:**

ഒന്നു മുതൽ നാല് വരെയുള്ള വചനങ്ങളിൽ മാലാഖമാരെയാണ് ഉദ്ദേശിക്കുന്നത്. ചിലർ മനുഷ്യാത്മാവുകളെ പിടികൂടാനുള്ളവരാണ്. അവർ ദൈവത്തിന്റെ കല്പനകൾ ധിക്കരിച്ച് ജീവിച്ചവരുടെ ആത്മാവുകളെ നിഷ്ഠുരുണമായും അല്ലാഹുവിന്റെ കല്പനകളെ മാനിച്ച് ജീവിച്ച സച്ചരിതരുടെ ആത്മാവിനെ വളരെ ലോലമായും ഊരിയെടുക്കുന്നു. മറ്റു ചിലർ ദൈവിക കല്പന പാലിക്കാൻ ശക്തിയായി സഞ്ചരിക്കുന്ന മലക്കുകളാണ്. പ്രപഞ്ച സംവിധാനത്തിൽ ദൈവത്തിന്റെ ആജ്ഞകൾ ശിരസാവഹിച്ചു കുതിക്കുന്ന മറ്റിനം മലക്കുകളെയും ഇവിടെ പരാമർശിക്കുന്നു. ഈ സംഗതികൾ ഇവിടെ എടുത്തു പറഞ്ഞത് വലിയ ഒരു സത്യത്തെ മനുഷ്യചിന്തക്ക് മുമ്പിൽ വെളിപ്പെടുത്തുന്നതിനു വേണ്ടിയാണ്. അതത്രെ ആറ് മുതൽ പതിനാല് വരെയുള്ള വചനങ്ങളിൽ പ്രതിപാദിച്ചത്. അതായത്, അന്ത്യദിനത്തിൽ ഒന്നാമത്തെ പ്രകമ്പനത്തിൽ എല്ലാ മനുഷ്യരും ജീവജാലങ്ങളും മരിച്ചു വീഴും. അതിനെ തുടർന്ന് രണ്ടാമതൊരു ഗർജ്ജനം കൂടി ഉണ്ടാകും. അതോടെ മരിച്ചവരെല്ലാം ഉയിർത്തെഴുന്നേൽക്കുന്നു. ആ ദിനം ഓരോരുത്തരുടെയും ഭൗതിക ജീവിതം ഏതു വിധത്തിലായിരുന്നുവോ അതിനനുസരിച്ച ഭാവങ്ങൾ അവരവരുടെ മുഖങ്ങളിൽ പ്രകടമാകും. ദൈവത്തെ സൂക്ഷിച്ച് ജീവിച്ചവരുടെ മുഖത്ത് സന്തോഷം പ്രകടമായിരിക്കും. അവരെ മാലാഖമാർ സമാധാനിപ്പിക്കുകയും ധൈര്യപ്പെടുത്തുന്നതുമായിരിക്കും. ദൈവത്തെ മറന്നവരും തന്നിഷ്ടം ജീവിച്ചവരുമായ ആളുകളുടെ മുഖം ഭയാക്രാന്തമായിരിക്കും. കാരണം, അല്ലാഹുവിന്റെ ശിക്ഷയെ സംബന്ധിച്ച ഭീതിയായിരിക്കും അവരുടെ മുഖങ്ങളിൽ ഉയിർത്തെഴുന്നേൽപ്നാളിനെ സംബന്ധിച്ച് അവർക്ക്മുന്നറിയിപ്പ് കൊടുത്തപ്പോൾ അവർ അതിനെ അവിശ്വസിക്കുകയും തള്ളിക്കളയുകയുമാണല്ലോ ചെയ്തത്. എന്നാൽ അവർ നിഷേധിക്കുന്ന സംഗതിയെ കൊണ്ടുവരാൻ അല്ലാഹുവിന് ഏതാനും നിമിഷങ്ങൾ മതി. അതോടെ ജനങ്ങളെല്ലാം അല്ലാഹുവിന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടപ്പെടുകയായി.

15. മൂസാ(നബി)യുടെ വൃത്താന്തം നിനക്ക് വന്നെത്തിയോ?
16. വിശുദ്ധ ത്വുവാ താഴ്വരയിൽ വെച്ച് തന്റെ നാഥൻ അദ്ദേഹത്തെ വിളിച്ചതോർക്കുക.
17. നീ ഫറവോന്റെ അടുത്തേക്ക് പോവുക. തീർച്ചയായും അവൻ അതിക്രമിയായിരിക്കുന്നു.
18. എന്നിട്ട് അയാളോട് ചോദിക്കുക: വിശുദ്ധനാകാൻ നിനക്ക് ഒരുക്കമുണ്ടോ?
19. ഞാൻ നിന്നെ നാഥനിലേക്ക് വഴി നടത്തുന്നതിനും; അങ്ങനെ നിനക്ക് ദൈവഭക്തനാകാം.
20. എന്നിട്ട് മൂസാ അയാൾക്ക് മഹാദൃഷ്ടാന്തം കാണിച്ചുകൊടുത്തു.
21 പിന്നീട് അയാൾ ധൃതിയിൽ തിരിഞ്ഞു നടന്നു.
23. അങ്ങനെ ജനങ്ങളെ ഒരുമിച്ചുകൂട്ടി. ഇങ്ങനെ വിളംബരം ചെയ്തു:
24. അവൻ പറഞ്ഞു: ഞാനാണ് നിങ്ങളുടെ പരമോന്നതനായ നാഥൻ.
25. അപ്പോൾ അല്ലാഹു അവനെ പിടികൂടി. ഇഹത്തിലെയും പരത്തിലെയും ശിക്ഷകളാൽ.
26. നിശ്ചയമായും ദൈവഭയമുള്ളവർക്ക് ഇതിൽ ഗുണപാഠമുണ്ട്.

അനുഭവത്തിലൂടെ പാഠം പഠിപ്പിക്കുന്നതിനുവേണ്ടിയാണ് ഫിർഔന്റെ കഥ മക്കയിലെ പ്രമാണിമാർക്ക് മുമ്പിൽ എടുത്തിട്ടത്. പരലോകത്തെ നിഷേധിക്കുന്ന കാര്യത്തിൽ ഫലത്തിൽ ഫറവോനും മക്കയിലെ അവിശ്വാസികളും തുല്യരായിരുന്നു. എന്നാൽ മക്കക്കാർ ദൈവത്തെ അംഗീകരിച്ചിരുന്നെങ്കിലും അവർക്ക് എതിർപ്പ് പ്രവാചകനോടായിരുന്നു. അതേ എതിർപ്പ് തന്നെയാണ് ഫറവോൻ മൂസാനബിയോടും അനുവർത്തിച്ചത്. ആ ചരിത്രം മക്കക്കാരെ ബോധ്യപ്പെടുത്താനാണ് അവരെ ഫറവോന്റെ ചരിത്രം കേൾപ്പിക്കുന്നത്. അയാളുടെ നാശം അവരുടെ മുമ്പിൽ എടുത്തിടുന്നു. മൂസാനബിയുടെ പ്രബോധനവും ഫറവോന്റെ ധിക്കാരവും വിവരിച്ച ശേഷം അല്ലാഹു പറയുന്നു: ദൈവദൂതനെ ധിക്കരിച്ചതിന്റെ പേരിലാണ് ഫറവോന് ദൈവശിക്ഷക്ക് വിധേയമായി നശിച്ചൊടുങ്ങേണ്ടിവന്നത്. അതേ നിലപാടാണ് നിങ്ങൾ ഈ പ്രവാചകനോടും സ്വീകരിക്കുന്നതെങ്കിൽ നിങ്ങളുടെ അവസ്ഥയും

അതുതന്നെയായിരിക്കും. അനന്തരം പുനരുഥാനനാളിനെ സ്ഥാപിച്ചുകൊണ്ട് അവർക്കു മുമ്പിൽ ചില തെളിവുകൾ ഉന്നയിക്കുന്നു.

27. നിങ്ങളോ അതല്ല ആകാശമോ ഏതാണ് കൂടുതൽ പ്രയാസകരമായ സൃഷ്ടിപ്പ്? അവൻ അതു നിർമിച്ചു.
28. അതിൻെറ മേൽപുരയെ ഉയർത്തുകയും അതിനെ സംതുലിതമാക്കുകയും ചെയ്തു.
29. അതിലെ രാവിനെ അവൻ മൂടി. പകലിനെ ഇരുളിൽനിന്ന് പുറത്തെടുക്കുകയും ചെയ്തു.
30. ഭൂമിയെ, എന്നിട്ടതിനെ പരത്തി.
31. അതിൽനിന്ന് വെള്ളവും സസ്യങ്ങളും പുറപ്പെടുവിച്ചു.
32. മലകളെ ഉറപ്പിച്ചു നിർത്തി.
33. നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും വിഭവങ്ങളായിട്ട്.

ഏറെ പ്രയാസകരമായ സൃഷ്ടിപ്പ് എന്ന ചോദ്യം കൊണ്ടുദ്ദേശിക്കുന്നത് ആകാശ ലോകങ്ങളെ സൃഷ്ടിച്ച ദൈവത്തിന് ചെറിയ സൃഷ്ടികളായ മനുഷ്യൻെറ പുനഃസൃഷ്ടി നടത്താൻ ഒരു പ്രയാസവുമില്ല എന്ന് ധിക്കാരികളായ മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ്. ഞങ്ങൾ മരിച്ചു മണ്ണടിഞ്ഞ് എല്ലുകളൊക്കെ നുരുമ്പിക്കഴിഞ്ഞ ശേഷവും ഞങ്ങളെ ഉയിർത്തെഴുന്നേൽപ്പിക്കുന്നതെങ്ങനെയെന്ന് നിഷേധാർഥത്തിൽ മക്കയിലെ നിഷേധികൾ പ്രവാചകനോട് ചോദിക്കാറുണ്ടായിരുന്നു. അതിന് മറുപടിയാണിത്. അവരോട് ചോദിക്കുന്നു: അല്ലാഹു ആകാശത്തെ സൃഷ്ടിച്ചു. അതിനെ സംതുലിതമാക്കി വ്യവസ്ഥപ്പെടുത്തി. അതിൽ സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചു. അവ പ്രത്യക്ഷപ്പെടുന്നതിനനുസരിച്ച് ദിനരാത്രങ്ങളെ വ്യവസ്ഥപ്പെടുത്തി. അതോടൊപ്പം ഭൂമിയെ നിങ്ങൾക്ക് വാസയോഗ്യമായ രീതിയിൽ വിതാനിക്കുകയും ചെയ്തു. അതിൽ മനുഷ്യരടക്കമുള്ള സൃഷ്ടികൾക്ക് ആഹാരമായി വിഭവങ്ങൾ ഒരുക്കുകയും ചെയ്തിരിക്കുന്നു. ഭൂമിക്ക് ഉറപ്പും ശക്തിയുമായി അതിൽ പർവതങ്ങളെയും നാട്ടിയിരിക്കുന്നു. മാനത്തുനിന്നു മഴ വർഷിക്കാനും അതെ തുടർന്ന് ഭൂമിയിൽ കൃഷി വളരാനും അവൻ സംവിധാനം ചെയ്തിരിക്കുന്നു. ഇത്രയും സംവിധാനങ്ങൾ ചെയ്തിരിക്കുന്നത് നിങ്ങളുടെ ജീവിതത്തിനും നിങ്ങൾ ആശ്രയിക്കുന്ന നിങ്ങളുടെ കന്നുകാലികളുടെ നിലനിൽപിന്നും വേണ്ടിയുള്ള സംതുലിതവും യുക്തിപൂർണവുമായ സംവിധാനമായിട്ടത്രെ. ഇത്രയും സങ്കീർണമായ ഒരു വ്യവസ്ഥയിലൂടെ പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവത്തിന് ഒരു പരലോകത്തെ സംവിധാനിക്കാനോ നിങ്ങളെ മരിപ്പിച്ചശേഷം വീണ്ടും പുനരുജ്ജീവിപ്പിക്കാനോ യാതൊരു പ്രയാസവുമില്ല.

34. എന്നാൽ ആ ഘോരവിപത്ത് വരുമ്പോൾ.
35. അന്ന് മനുഷ്യൻ താൻ പ്രവർത്തിച്ചതിനെക്കുറിച്ചോർക്കും.
36. കാഴ്ച്ചക്കാർക്ക് കാണും വിധം നരകം വെളിപ്പെടുത്തുകയും ചെയ്യും.
37. എന്നാൽ ആർ അതിക്രമം കാണിക്കുകയും,
38. ഐഹിക ജീവിതത്തിന് പ്രാധാന്യം നല്കുകയും ചെയ്തുവോ,
39. അപ്പോൾ നരകമത്രെ അവൻെറ അഭയസ്ഥാനം.
40. എന്നാൽ ആർ തൻെറ നാഥൻെറ പദവിയെ പേടിക്കുകയും മനസ്സിനെ സ്വേഛകളിൽനിന്ന് വിലക്കുകയും ചെയ്തുവോ,
41. അപ്പോൾ സ്വർഗം, അതത്രെ അവൻെറ അഭയസ്ഥാനം.
42. അന്ത്യ ദിനത്തെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. അതെപ്പോഴാണ് സംഭവിക്കുക?
43. അതെക്കുറിച്ച് നീ എന്തു പറയാനാണ്?
44. അതിൻെറ അന്തിമമായ വിവരം നിൻെറ നാഥങ്കലത്രെ.
45. തീർച്ചയായും നീ അതിനെ ഭയക്കുന്നവർക്കുള്ള താക്കീതുകാരൻ മാത്രമാണ്

46. ആ നിമിഷത്തെ അവർ കാണുന്ന ദിനം, ഇവിടെ ഒരു സായാഹ്നമോ പ്രഭാതമോ അല്ലാതെ അവർ താമസിച്ചിട്ടില്ല എന്നവർക്ക് തോന്നിപ്പോകും.

---

അത് സംഭവിക്കുകതന്നെ ചെയ്യും. അതിഘോരമായ സംഭവമത്രെ അത്. അതോടെ പ്രപഞ്ചം മുഴുവൻ നശിച്ചൊടുങ്ങും. പ്രപഞ്ചനാഥൻ തന്നോട് വാഗ്ദാനം ചെയ്ത സംഭവമാണിത് എന്ന് ആ ഘട്ടത്തിൽ മനുഷ്യന് ബോധ്യം വരികയും താൻ എന്താണ് ആ ദിനം രക്ഷ നേടുന്നതിന് പ്രവർത്തിച്ചതെന്ന് അവൻ ഒരു വേള ആലോചിക്കുകയും ചെയ്യും. അന്ന്, പരലോകത്ത് നരകം മനുഷ്യർക്ക് കാണത്തക്ക വിധം പ്രദർശിപ്പിച്ചിരിക്കും. അല്ലാഹുവിനെ ധിക്കരിക്കുകയും തന്നിഷ്ടം പ്രവർത്തിക്കുകയും ചെയ്തവർക്ക് അന്ന് അത് സങ്കേതമായിരിക്കും. അതേയവസരം യജമാനനെ അനുസരിക്കുകയും അവൻെറ ആജ്ഞാനുസാരം ജീവിക്കുകയും ചെയ്തവർക്കുള്ള സങ്കേതം സ്വർഗമായിരിക്കും.

മനുഷ്യജീവിതത്തിൻെറ രണ്ടവസ്ഥകളാണിത്. ഒരു വിഭാഗം ഈ ലോകത്ത് എല്ലാ സുഖങ്ങളും അനുഭവിച്ചുകൊണ്ട് യാതൊരു നിയന്ത്രണവുമില്ലാതെ ജീവിക്കുക. അവർ അന്യായമായ മാർഗത്തിൽ സമ്പാദിക്കുന്നു, ജീവിതം അനുഭവിക്കുന്നു. ഇങ്ങനെയൊരു നാളിനെക്കുറിച്ച് യാതൊരു ചിന്തയും അവരുടെ ജീവിത ശൈലിയിൽ പ്രതിഫലിക്കുന്നേയില്ല. മറു വിഭാഗം ദൈവിക കല്പന മാനിച്ചുകൊണ്ട് തികഞ്ഞ നിയന്ത്രണത്തോടെ ജീവിക്കുക മാത്രമല്ല, അവർക്ക് പലപ്പോഴും ജീവിതത്തിനെ ആസ്വാദനങ്ങൾ വിലക്കപ്പെടുന്നു. മറു വിഭാഗത്തിൻെറ പരിഹാസവും എതിർപ്പുകളും അനുഭവിക്കേണ്ടിവരുന്നു. കാരണം, അവരുടെ ഓരോ ചലനത്തിലും പരലോക രക്ഷാശിക്ഷകളെക്കുറിച്ച ചിന്ത പ്രതിഫലിച്ചിരിക്കും. ഈ രണ്ട് വിഭാഗത്തിൻെറയും പാരത്രികപരിണതിയും സങ്കേതവും രണ്ടായിരിക്കുക എന്നതാണ് നീതിയും യുക്തിപൂർണമായ സമീപനവും.

മക്കാനിവാസികൾ നബിയോട് അന്ത്യദിനം എപ്പോഴാണ് വന്നണയുക, അതിൻെറ സമയം എപ്പോഴാണ് എന്നൊക്കെ ചോദിക്കാറുണ്ടായിരുന്നു. ചിലപ്പോൾ പരലോകത്തെയും അന്ത്യദിനത്തെയും പരിഹസിക്കാനും ചിലപ്പോൾ നബിയുടെ പ്രവാചകത്വത്തിന് തെളിവ് ചോദിച്ചുകൊണ്ടുമായിരുന്നു അത്. അദ്ദേഹത്തോട് അല്ലാഹു പറയുന്നു: സമയം എപ്പോൾ എന്ന് പറയാൻ താങ്കൾക്കാവില്ല. അത് അല്ലാഹുവിന് മാത്രമറിയുന്ന രഹസ്യകാര്യമാണ്. താങ്കൾ അതെപറ്റി മുന്നറിയിപ്പ് നല്കുന്നവൻ മാത്രമാണ്. ഭയപ്പെടുന്നവർ ഭയപ്പെട്ട് തങ്ങളുടെ ജീവിതം സംസ്കരിക്കട്ടെ. അല്ലാത്തവർ തങ്ങളുടെ ഹിതാനുസാരം പ്രവർത്തിക്കട്ടെ. പരലോകത്ത് ഒരുമിച്ച് കൂട്ടുമ്പോൾ ആളുകൾക്ക് തോന്നും, തങ്ങൾ ഏതാനും നിമിഷം മാത്രമേ ഉറങ്ങിയിട്ടുള്ളു എന്ന്. അതായത്, മുമ്പിൽ കിടക്കുന്ന ഭാവിയെ അപേക്ഷിച്ച് കഴിഞ്ഞുപോയത് വളരെ ലഘുവായ ഘട്ടം മാത്രമാണ്.

---

********

# അധ്യായം 80

## അബസ. (നെറ്റിചുളിക്കല്‍)

**അവതരണം മക്കയില്‍, വചനങ്ങള്‍ 42**

**അദ്ധ്യായ പരിചയം:**

ഒരിക്കല്‍ മക്കയിലെ ചില പ്രമാണിമാരുമായി പ്രവാചകന്‍(സ) തന്‍െറ സന്ദേശത്തെ സംബന്ധിച്ച സംഭാഷണം നടത്തുകയായിരുന്നു. ആ സമയത്ത് അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം എന്ന അനുചരന്‍ (അദ്ദേഹം അന്ധനായിരുന്നു) ചില മാര്‍ഗനിര്‍ദേശങ്ങള്‍ ആരായുന്നതിനായി പ്രവാചകനെ സമീപിച്ചു. സത്യാന്വേഷണാര്‍ഥം തിരുമേനിയെ സമീപിച്ച അന്ധനെ അദ്ദേഹം വേണ്ടത്ര ഗൗനിച്ചില്ല. അദ്ദേഹം ഖുറൈശികളിലേക്ക് തന്നെ തന്‍െറ ശ്രദ്ധ തിരിച്ചുവിട്ടു. അതിന്‍െറ പേരില്‍ പ്രവാചകനെ ഏതാനും വചനങ്ങളിലൂടെ അല്ലാഹു വിമര്‍ശിക്കുകയും അതോടൊപ്പം പ്രവാചകന്‍െറ ദൗത്യത്തിനു നേരെയുള്ള ഖുറൈശികളുടെ നയത്തെ തുറന്ന് ആക്ഷേപിക്കുകയും ചെയ്യുന്നു ഈ അദ്ധ്യായത്തില്‍. അവരുടെ ധിക്കാരത്തിന്‍െറ ഫലമായി അന്ത്യനാളില്‍ വേദനാ ജനകമായ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍െറ നാമത്തില്‍.

1. അദ്ദേഹം നെറ്റി ചുളിച്ചു, തിരിഞ്ഞു കളയുകയും ചെയ്തു.
2. അന്ധന്‍ തന്നെ സമീപിച്ചതിനാല്‍.
3. നിനക്കെന്തറിയാം? ഒരുവേള അവന്‍ വിശുദ്ധി വരിച്ചേക്കാം.
4. അല്ലെങ്കില്‍ ഉപദേശം ശ്രദ്ധിച്ചേക്കാം. അങ്ങനെ ആ ഉപദേശം അയാള്‍ക്ക് ഉപകരിക്കുകയും ചെയ്തേക്കാം.
5. എന്നാല്‍ സ്വയം പര്യാപ്തനായി കരുതുന്നവനോ,
6. അവന്‍െറ നേരെയാണ് നീ ശ്രദ്ധിച്ചത്.
7. അവന്‍ നന്നായില്ലെങ്കില്‍ നിനക്കെന്ത്?
8. എന്നാല്‍ നിന്‍െറ അടുത്തേക്ക് ഓടിവന്നവനോ,
9. അവന്‍ (അല്ലാഹുവിനെ) ഭയപ്പെടുന്നുണ്ട്.
10. എന്നാല്‍ നീ അവന്‍െറ കാര്യത്തില്‍ അശ്രദ്ധ കാണിച്ചു.
11. ഒരിക്കലുമല്ല, ഇതൊരുല്‍ബോധനമാണ്.
12. അതിനാല്‍ ഇഛിക്കുന്നവന്‍ അതോര്‍ക്കട്ടെ.
13. ആദരണീയമായ ഏടുകളിലാണിതുള്ളത്.
14. ഉന്നതവും വിശുദ്ധവുമായ ഏടുകളില്‍.
15. എഴുത്തുകാരുടെ കൈകളില്‍,
16. മാന്യരും സച്ചരിതരുമായ.

**വിശദീകരണം:**

ഈ ഖുറൈശീപ്രമാണിമാര്‍ ഏകദൈവവിശ്വാസം പുല്‍കുകയാണെങ്കില്‍ അത് വലിയ ഒരു നേട്ടമായിരിക്കും, അവര്‍ മുഖേന ഈ ആദര്‍ശത്തിന് ലഭിക്കുന്ന നേട്ടം ഒരന്ധന്‍ മുഖേന ലഭിക്കുന്നതിനേക്കാള്‍ മഹത്തരമായിരിക്കും എന്ന നിലപാടിലായിരുന്നു തന്‍െറ അനുചരന്‍ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം തന്നെ സമീപിച്ചപ്പോള്‍ തിരുനബി കൈക്കൊണ്ടത്. ഈ നയം ഒരിക്കലും പ്രവാചകനായ താങ്കളില്‍

നിന്ന്‌ ഉണ്ടാകാന്‍ പാടില്ലാത്തതായിരുന്നു എന്നാണ്‌ പ്രാരംഭമായി സൂചിപ്പിക്കുന്നത്‌. അതിന്‌ നിമിത്തമായ കാരണം പ്രവാചകന്‌ വ്യക്തമാക്കികൊടുക്കുകയാണ്‌ അടുത്ത വചനങ്ങളില്‍ ചെയ്യുന്നത്‌. തിരുനബിയെ സമീപിച്ച മനുഷ്യന്‍ തന്റെ സംസ്കരണത്തിനുതകുംവിധം ചില അദ്ധ്യാപനങ്ങള്‍ ലഭിക്കണമെന്ന്‌ ന്യായമായും ആഗ്രഹിക്കുന്നുണ്ട്‌. എന്നാല്‍ മറ്റേയാളുകളാകട്ടെ സ്വയം വിശുദ്ധി ചമയുന്നവരും പ്രവാചകന്റെ അധ്യാപനത്തെ വകവെക്കാത്തവരും അത്‌ വേണ്ടെന്ന്‌ കരുതുന്നവരുമാകുന്നു. പ്രവാചകരോട്‌ പറയുന്നു: അത്തരം ആളുകളുടെ പിന്നാലെ നടന്ന്‌ സമയം കളയേണ്ടതില്ല. സത്യത്തെ അന്വേഷിച്ചുവരുന്നവര്‍ക്കും സ്വയം സംസ്കരണം ആഗ്രഹിക്കുന്നവര്‍ക്കുമുള്ളതത്രെ ഈ വ്യവസ്ഥ. അത്‌ ആര്‍ അന്വേഷിച്ചു വന്നാലും അവരെ പരിഗണിക്കുക തന്നെ വേണം. എന്നാല്‍ ഇപ്പോള്‍ താങ്കള്‍ ചെയ്തിരിക്കുന്നത്‌ അതല്ല, സ്വയം പോന്നവരെ താങ്കള്‍ പരിഗണിക്കുകയും മറ്റേയാളെ അവഗണിക്കുകയും ചെയ്തിരിക്കുന്നു. അതൊരിക്കലും അരുത്‌. ദൈവധിക്കാരികള്‍ക്ക്‌ ഒരിക്കലും അമിത പ്രാധാന്യമോ വിലയോ കല്‌പിക്കരുത്‌. അവരുടെ പിന്നാലെ ഈ വ്യവസ്ഥയുമായി നടന്ന്‌ പ്രയാസപ്പെടേണ്ടതില്ല. കാരണം, ഇത്‌ ഒരു ഉല്‍ബോധനമാകുന്നു. ആവശ്യമുള്ളവര്‍ അംഗീകരിക്കട്ടെ. ഇല്ലാത്തവര്‍ തള്ളിക്കളയട്ടെ.

ഈ ഉല്‍ബോധനമാകട്ടെ ഉന്നതരും മാന്യരും വിശ്വസ്തരുമായ മാലാഖമാരുടെ കരങ്ങളാല്‍ എഴുതപ്പെട്ടതാണ്‌. അതില്‍ ഒരു തരത്തിലുള്ള കലര്‍പ്പുകളും സംഭവിക്കുന്നില്ല. അത്‌ ഉന്നതമായ ഗ്രന്ഥമാകുന്നു. ആവശ്യമുള്ളവര്‍ സ്വീകരിക്കട്ടെ, ഇല്ലാത്തവര്‍ തള്ളിക്കളയട്ടെ. അതൊന്നും ഉന്നതമായ ഈ ഗ്രന്ഥത്തെ ഒട്ടും ഏശുന്ന സംഗതികളല്ല. അവരുടെ അംഗീകാരവും തിരസ്കാരവും അനുസരിച്ചല്ല മഹത്തായ ഈ ഗ്രന്ഥം നിലകൊള്ളുന്നത്‌. അതിനെ ആര്‍ അംഗീകരിക്കുന്നുവോ അത്‌ അവരുടെ നന്മക്ക്‌ ഉപകരിക്കും. ധിക്കരിക്കുന്നതോ അവരുടെ നഷ്ടത്തിനുമായിരിക്കും.

---

17. മനുഷ്യനു നാശം. അവനെ നിഷേധിയാക്കിയതെന്ത്‌?
18. ഏതൊരു വസ്തുവില്‍നിന്നാണവനെ പടച്ചത്‌?
19. ഒരു ബീജഗണത്തില്‍ നിന്നാണവനെ സൃഷ്ടിച്ചത്‌. അങ്ങനെ രൂപപ്പെടുത്തുകയും ചെയ്തു.
20. എന്നിട്ട്‌ അല്ലാഹു അവന്‌ വഴികാണിച്ചുകൊടുത്തു.
21. പിന്നീട്‌ അവനെ മരിപ്പിച്ചു. ശേഷം മറമാടുകയും ചെയ്തു.
22. പിന്നെ അല്ലാഹു ഇഛിക്കുമ്പോള്‍ അവനെ ഉയിര്‍ത്തെഴുന്നേല്‍പ്പിക്കുന്നു.
23. അല്ല, അല്ലാഹു അവനോട്‌ കല്‌പിച്ചത്‌ അവന്‍ നിര്‍വഹിച്ചില്ല.
24. മനുഷ്യന്‍ തന്റെ ആഹാരത്തിലേക്ക്‌ നോക്കട്ടെ.
25. നാം ധാരാളമായി മഴവെള്ളം വീഴ്‌ത്തി.
26. പിന്നെ നാം ഭൂമിയെ പിളര്‍ത്തി.
27. അങ്ങനെ നാമതില്‍ ധാന്യത്തെ മുളപ്പിച്ചു.
28. മുന്തിരിയും പച്ചക്കറികളും.
29. ഒലീവും ഈത്തപ്പനകളും.
30. ഇടതൂര്‍ന്ന തോട്ടങ്ങളും.
31. പഴങ്ങളും പുല്‍ചെടികളും.
32. നിങ്ങള്‍ക്കും നിങ്ങളുടെ കാലികള്‍ക്കും വിഭവങ്ങളായിട്ട്‌.

---

തന്റെ ദൈവത്തോട്‌ ധിക്കാരനയം കൈക്കൊള്ളുന്ന ഇത്തരം മനുഷ്യര്‍ക്ക്‌ സകലനാശവും. അവന്‍ കടുത്ത നിഷേധത്തിലാണ്‌ നിലകൊള്ളുന്നത്‌.ഭൂമിയില്‍ ദൈവധിക്കാര നയം കൈക്കൊള്ളാന്‍ മാത്രം അവന്‍ വളര്‍ന്നെത്തിയിട്ടുള്ള അവസ്ഥ അവനൊന്ന്‌ നോക്കട്ടെ. മനുഷ്യരോട്‌ പറയുന്നു: എന്തില്‍ നിന്നാണ്‌ നാം അവനെ സൃഷ്ടിച്ചിട്ടുള്ളതെന്ന്‌ അവന്‍ പരിചിന്തനം ചെയ്യട്ടെ. ഒന്നുമല്ലാത്ത ഒരു തുള്ളി ഇന്ദ്രിയത്തില്‍നിന്നും അവനെ സൃഷ്ടിക്കുകയും നല്ല ഘടനയില്‍ വാര്‍ത്തെടുക്കുകയും അവന്‌ ജീവിതകാലം മുഴുവന്‍ അനുഭവിക്കേണ്ട വിഭവങ്ങളും മറ്റു വിധികളും നിര്‍ണയിക്കുകയും ജന്മാനന്തരം നല്ല അവസ്ഥയില്‍ പരിപാലിച്ചു വളര്‍ത്തിയെടുക്കുകയും ചെയ്തത്‌ നാമാണ്‌. തുടര്‍ന്ന്‌ അവന്‌ ജീവിക്കാന്‍ നന്മ

യുടെതും തിന്മയുടെതുമായ സരണികളും തയ്യാറാക്കിക്കൊടുത്തു. അതില്‍ ഏതുവേണമെങ്കിലും അവന് സ്വീകരിക്കാം. അക്കാര്യത്തില്‍ ഒരു തരത്തിലുള്ള നിര്‍ബന്ധവും അവന്റെ മേല്‍ ഇല്ല. വേണമെങ്കില്‍ അവന് സ്വയം നല്ലവനായി ഇത്രയൊക്കെ ചെയ്തുതന്ന അനുഗ്രഹിച്ച ദൈവത്തോട് നന്ദിയുള്ളവനായി ജീവിക്കാം. അല്ലെങ്കില്‍ ദൈവത്തെ ധിക്കരിച്ച് പിശാചിന് വഴിപ്പെട്ട് ജീവിക്കുകയും ചെയ്യാം. രണ്ടിനും അവന് സ്വാതന്ത്ര്യമുണ്ട്.

നിശ്ചിത സമയത്ത് അവന്‍ മരിക്കുകയും അവനെ അടക്കുകയും ചെയ്യുന്നു. എന്നാല്‍ അതില്‍ എന്തെങ്കിലും സ്വാധീനം ചെലുത്തി മാറ്റിവെക്കുവാന്‍ അവന്റെ ഒരു ശക്തിക്കും സംഘത്തിനും സാധിക്കില്ല. മരണശേഷം അവനെ വീണ്ടും അല്ലാഹു ഉദ്ദേശിക്കുന്ന സമയത്ത് പുനരുജ്ജീവിപ്പിക്കും, അവന്റെ പ്രവര്‍ത്തനങ്ങള്‍ പരിശോധിക്കുന്നതിനും രക്ഷാശിക്ഷകള്‍ അനുഭവിക്കുന്നതിനും. അതിലൊട്ടും സ്വാധീനം ചെലുത്താനും എതിര്‍ക്കാനും അവന് സാധിക്കില്ല. അല്ലാഹുവിന്റെ ആജ്ഞകള്‍ക്കും തീരുമാനങ്ങള്‍ക്കും ശക്തിക്കും മുമ്പില്‍ അവന്‍ വളരെ നിസ്സഹായനും ശരണമറ്റവനുമാണ്. ആ മനുഷ്യനാകട്ടെ, തന്റെ ജീവിതത്തിലൊരിക്കലും ദൈവം അവനെ ചുമതലപ്പെടുത്തിയ ഒരു കാര്യവും അവന്‍ ചെയ്തിട്ടില്ല. ഒരു കല്‍പനയും അവന്‍ ഗൗനിച്ചില്ല.

മനുഷ്യവര്‍ഗത്തെ സൃഷ്ടിക്കുക മാത്രമല്ല അല്ലാഹു ചെയ്തത്, അവന് എങ്ങനെ ജീവിക്കണമെന്ന് മാര്‍ഗനിര്‍ദ്ദേശവും അവന്‍ നല്‍കിയിട്ടുണ്ട്. എല്ലാ മനുഷ്യഹൃദയങ്ങളിലും അതെ സംബന്ധിച്ച തികഞ്ഞ ബോധവും അവന്‍ നിക്ഷേപിച്ചിട്ടുണ്ട്. പക്ഷേ, അതിനു നേരെ തികഞ്ഞ അവജ്ഞാനയവും ധിക്കാരവുമാണ് മനുഷ്യന്‍ കൈക്കൊണ്ടത്. എന്നാല്‍ അല്ലാഹുവിന്റെ നടപടികളില്‍നിന്ന് രക്ഷപ്പെടാന്‍ മാത്രം ശക്തനൊന്നുമല്ല അവന്‍. തികഞ്ഞ നിസ്സഹായന്‍. അവന്‍ കഴിക്കുന്ന ഭക്ഷണത്തിലേക്ക് എങ്ങനെയാണ് ആരാണ് അതവന് നല്‍കിയിട്ടുള്ളതെന്ന് അവന്‍ പരിശോധിക്കട്ടെ. അതിനു വേണ്ട സംഗതികള്‍ ആരാണ് ഭൂമിയിലും അന്തരീക്ഷത്തിലും സംവിധാനിച്ചതെന്ന് അവന്‍ ആലോചിക്കട്ടെ. എങ്ങനെയാണ് ആകാശത്തുനിന്ന് മഴ വര്‍ഷിക്കുന്നതെന്ന് അവന്‍ നോക്കട്ടെ. മഴ ഉണ്ടാകാന്‍ നിമിത്തമായ കാര്‍മേഘം എങ്ങനെ ഉണ്ടാകുന്നു എന്നും അവന്‍ പരിശോധിക്കട്ടെ ഭൂമിയിലെ ജലാശയങ്ങളിലെ ജലം നീരാവിയാകുന്നതെങ്ങനെയെന്നും അത് ആകാശത്തെത്തി കാര്‍മേഘമാകുന്ന തെങ്ങനെയെന്നും പിന്നീട് അത് വര്‍ഷിച്ച് അവന്റെ ജീവിതത്തിനുപകരിക്കാന്‍ വീണ്ടും ജലാശയങ്ങളില്‍ തിരിച്ചെത്തിക്കുന്നതെങ്ങനെയെന്നും അവന്‍ ആലോചിക്കട്ടെ. കൃഷിയേതു മില്ലാതെ ഉൗതമായി കിടന്നിരുന്ന ഭൂമിയെ അതു മുഖേന എങ്ങനെ ജീവത്താക്കിയെന്നും അതുവഴി മണ്ണില്‍ പാകിയ വിത്ത് മണ്ണിന്റെ മേല്‍ഭാഗം പിളര്‍ത്തി കൃഷിയുടെ മുളപൊടിഞ്ഞതെങ്ങനെയെന്നും അവന്‍ നോക്കട്ടെ. ഒരു മഴ മൂലം അവനും അവന്റെ നാല്‍കാലികള്‍ക്കും വിഭവങ്ങളാകുമാറ് പല കാലാവസ്ഥകളിലും ആഹരിക്കാനുതകും വിധം വിവിധ ഫലങ്ങളും കൃഷികളും അവന് വളര്‍ത്തി നല്‍കിയത് ആരാണ്, ഏതുവിധത്തിലാണ് എന്നവന്‍ ആലോചിക്കട്ടെ.

---

33. എന്നാല്‍ ആ ഘോരശബ്ദം വന്നാല്‍.
34. അന്ന് മനുഷ്യന്‍ തന്റെ സഹോദരനെ വെടിഞ്ഞോടും;
35. തന്റെ മാതാവിനെയും തന്റെ പിതാവിനെയും.
36. തന്റെ ഭാര്യയെയും തന്റെ മക്കളെയും.
37. അന്ന് അവരിലോരോരുത്തര്‍ക്കും തന്നെ വ്യാപൃതനാക്കുന്ന കാര്യംഉണ്ടായിരിക്കും.
38. അന്ന് ചില മുഖങ്ങള്‍ പ്രസന്നങ്ങളായിരിക്കും.
39. ചിരിക്കുന്നവയും സന്തോഷിക്കുന്നവയും.
40. ചില മുഖങ്ങളാവട്ടെ, അന്ന് അവയുടെ മേല്‍ പൊടി പുരണ്ടിരിക്കും.
41. അതിനെ ഇരുള്‍ മൂടിയിരിക്കും.
42. അവര്‍ തന്നെയാണ് സത്യനിഷേധികളായ തെമ്മാടികള്‍.

---

ഇവിടം മുതല്‍ ധിക്കാരികളായ ആളുകള്‍ക്ക് ഉല്‍ബോധനമെന്ന നിലക്ക് അന്ത്യനാളിനെക്കുറിച്ചും പരലോകത്തെ രക്ഷാശിക്ഷകളെക്കുറിച്ചും പ്രതിപാദിക്കുകയാണ്. സ്വാഖ(ഘോരശബ്ദം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അന്ത്യദിനത്തില്‍ രണ്ടാമതും ഊതുന്ന കാഹളധ്വനിയാണ്. അതോടെ, ഒന്നാമത്തെ

ഊത്തോടെ മരിച്ചവരും, അതിന് മുമ്പ് മരണപ്പെട്ടവരുമായ എല്ലാ മനുഷ്യരും വീണ്ടും ഉയിർത്തെഴു ന്നേൽക്കും. അന്ന് മനുഷ്യർ പരസ്പരം ഓടിയകലും. ആ ഓട്ടത്തിന് പല ലക്ഷ്യങ്ങളുമുണ്ടാകാം. ആർ ക്കും ആരുടെയും ഉത്തരവാദിത്തം ഏറ്റെടുക്കാൻ സാധിക്കാത്തവിധം സങ്കീർണമായിരിക്കും ആ ദിനം. ഓരോരുത്തരും അവനവൻെറ കാര്യത്തെക്കുറിച്ചു മാത്രമായിരിക്കും ചിന്ത. തന്നെക്കുറിച്ചല്ലാതെ ആരും അന്ന് ഓർക്കുകയില്ല. ആ ഓട്ടത്തിൽ സ്വമാതാവിനേയോ ഭാര്യയേയോ സന്താനങ്ങളേയോ പരിഗണിക്കാ നോ സഹായിക്കാനോ ശ്രദ്ധിക്കാനോ ആർക്കും സാധിക്കുകയില്ല. നഗ്നരും നഗ്നപാദരുമായുള്ള ആ ഉയിർത്തെഴുന്നേൽപ് അത്രക്കും ഭീതിതമായിരിക്കും.

ആ ഘട്ടത്തിൽ, നന്മ ചെയ്തു ജീവിച്ച ആളുകൾക്ക് സന്തോഷവും നിർഭയത്വവും ഉണ്ടായിരിക്കുന്നതാ ണ്. അവരുടെ മുഖത്ത് അതിൻെറ പ്രസന്നത കാണാം. ചില മുഖങ്ങൾ പേടിച്ചരണ്ട് വിയർത്ത് കരു വാളിച്ചവയായിരിക്കും. ഭൂമിയിൽ ദൈവിക കൽപനകളെപ്പറ്റി അശ്രദ്ധരാവുകയും തന്നിഷ്ടം ജീവിക്കുകയും ചെയ്ത ധിക്കാരികളാണവർ.

---

******

## അധ്യായം 81

# അത്തക്‌വീർ. (ചുരുട്ടൽ)

**അവതരണം മക്കയിൽ, വചനങ്ങ്ൾ 29**

**അദ്ധ്യായ പരിചയം:**

പ്രവാചകൻെറ മക്കാജീവിതത്തിൻെറ ആദ്യനാളുകളിലവതരിച്ചതാണ്‌ ഈ അദ്ധ്യായം. പരലോകത്തെയും പ്രവാചകത്വത്തെയും കുറിച്ചു പ്രതിപാദിക്കുന്ന അദ്ധ്യായം കൂടിയാണിത്‌. അന്ത്യനാളിൽ ആകാശഗോളങ്ങളെയും ഭൂമിയെയും ഉറപ്പിച്ചു നിർത്തുന്ന ആകർഷണ ശക്തിയുടെ കെട്ട്‌ അഴിച്ചുമാറ്റപ്പെടുന്നു. അതോടെ പ്രപഞ്ചത്തിലെ സകലവസ്തുക്കളും ചിന്നിച്ചിതറും.

പരലോകത്തെ വിചാരണവേളയിൽ ഓരോ ആത്മാവും താൻ ഇഹലോകത്ത്‌ പ്രവർത്തിച്ചതെന്തെന്ന്‌ നേർക്കുനേരെ കാണുന്നതാണ്‌.ഈ വിഷയത്തോടൊപ്പംതന്നെ പ്രവാചകൻ മുഹമ്മദ്‌ നബിയുടെ പ്രവാചകത്വത്തെ സംബന്ധിച്ചും ഈ അദ്ധ്യായം പ്രതിപാദിക്കുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. സൂര്യൻ ചുരുട്ടപ്പെടുമ്പോൾ.
2. നക്ഷത്രങ്ങൾ ഉതിർന്നുവീഴുമ്പോൾ,
3. പർവ്വതങ്ങൾ ചലിപ്പിക്കപ്പെടുമ്പോൾ,
4. പൂർണഗർഭിണികളായ ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുമ്പോൾ,
5. വന്യമൃഗങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ,
6. കടലുകൾ കത്തിപ്പടരുമ്പോൾ,
7. ആത്മാക്കൾ ഇണക്കപ്പെടുമ്പോൾ,
8. കുഴിച്ചു മൂടപ്പെട്ട പെൺകുട്ടി ചോദിക്കപ്പെടുമ്പോൾ,
9. ഏതൊരു പാപത്തിൻെറ പേരിലാണ്‌ അവൾ വധിക്കപ്പെട്ടതെന്ന്‌.
10. ഏടുകൾ നിവർത്തപ്പെടുമ്പോൾ,
11. ആകാശം ഉരച്ചുമാറ്റപ്പെടുമ്പോൾ,
12. നരകത്തീ ആളിക്കത്തിക്കപ്പെടുമ്പോൾ,
13. സ്വർഗം അരികെ കൊണ്ടുവരപ്പെടുമ്പോൾ,
14. ഓരോ ആത്മാവും താൻ എന്തുമായാണ്‌ എത്തിയതെന്നറിയും.

**വിശദീകരണം:**

സൂര്യൻെറ പല ഘടകങ്ങളും പരസ്പരം ചുരുട്ടപ്പെടുകയും അതോടുകൂടി അതിൻെറ പ്രകാശം അണഞ്ഞു പോവുകയും ചെയ്യുന്നതിൻെറ ചിത്രമാണ്‌ പ്രഥമ വചനം ദ്യോതിപ്പിക്കുന്നത്‌. അതോടൊപ്പം നക്ഷത്ര ജാലകങ്ങളെ ഉറപ്പിച്ചുനിർത്തിയിരുന്ന ആകർഷണശക്തി നഷ്ടപ്പെടുകയും പ്രകാശം നഷ്ടപ്പെട്ട്‌ ചിതറി വീഴുകയും ചെയ്യും. ഭൂമിയുടെ ആകർഷണ ശക്തി നഷ്ടപ്പെടുകയും പർവതങ്ങൾ ഇളകി അന്തരീക്ഷത്തിൽ ഒഴുകിനടക്കുകയും ചെയ്യും. ഗർഭിണിയായ ഒട്ടകം ഉപേക്ഷിക്കപ്പെടുമ്പോൾ എന്ന വചനം കൊണ്ടുദ്ദേശിക്കുന്നത്‌ ആ സംഭവത്തിൻെറ ഗൗരവം അറബികളെ ബോധ്യപ്പെടുത്തുകയാണ്‌. അതായത്‌ ഗർഭിണികളായ ഒട്ടകത്തോളം മൂല്യമുള്ള ഒന്നും അവരുടെ സങ്കൽപത്തിൽ ഉണ്ടായിരുന്നില്ല. അത്തരം ഒട്ടകങ്ങളിൽനിന്നും അവർ ഒരിക്കലും അശ്രദ്ധരായിരുന്നില്ല. അതുപേക്ഷിക്കപ്പെടുകയെന്നതിന്നർഥം മാരകമായ ഒരത്യാഹിതം അവരെ ബാധിക്കുക എന്നാണ്‌. ആ ദിനത്തിൻെറ ഭീകരതയാൽ വന്യജീവികൾ അവയുടെ വന്യപ്രകൃതം മറന്ന്‌ പരസ്പരം ഒരുമിച്ചു കൂടും. ആദിനം ജലം തൻെറ

നാഥന്‍റെ കല്‍പനക്ക്‌ വിധേയമായി ഘടകങ്ങള്‍ പരസ്പരം വേര്‍തിരിക്കപ്പെടുകയും അതിലെ ഹൈഡ്രജന്‌ തീപിടിച്ചു സമുദ്രം ആളിക്കത്തുകയും ചെയ്യും.
പരലോകത്തുവെച്ച്‌ ദുഷിച്ച ആത്മാക്കള്‍ ദുഷിച്ച ആത്മാക്കളോടും നല്ല ആത്മാവുകള്‍ നല്ല ആത്മാക്കളോടും പരസ്പരം കൂട്ടിച്ചേര്‍ക്കപ്പെടും. ആ ദിനം വിചാരണവേളയില്‍ ജാഹിലിയ്യ (അജ്ഞാത) കാലത്ത്‌ കുഴിച്ച്‌ മൂടപ്പെട്ട പെണ്‍കൊടിയോട്‌ ചോദിക്കും: നിങ്ങള്‍ എന്തിന്‍റെ പേരിലാണ്‌ കുഴിച്ചു മൂടപ്പെട്ടത്‌? അത്‌ അവരുടെ രക്ഷിതാക്കളോടല്ല, അവരുടെ മുമ്പില്‍ വെച്ച്‌ ആ കുട്ടികളോട്‌ നേര്‍ക്കുനേരെയാണ്‌ ചോദിക്കുക.
ഓരോ മനുഷ്യനും എന്ത്‌ പ്രവര്‍ത്തിച്ചുവെന്നതിന്‍റെ റിക്കോര്‍ഡുകള്‍ അന്ന്‌ വ്യക്തമാക്കപ്പെടും. ദൈവികശക്തിയുടെ പ്രതാപങ്ങള്‍ ആകാശമെന്ന മറനീക്കി അന്ന്‌ വെളിച്ചത്ത്‌ കൊണ്ടുവരും. വിചാരണ വേളയില്‍ തന്നെ ഒരു ഭാഗത്ത്‌ നരകം ആളിക്കത്തിച്ച നിലയിലും സ്വര്‍ഗം അടുത്തേക്കടുപ്പിച്ചു വെച്ച നിലയിലും എല്ലാവര്‍ക്കും കാണത്തക്ക രീതിയില്‍ ഹാജറാക്കും. ഓരോരുത്തര്‍ക്കും അവരുടെ ജീവിത പ്രവര്‍ത്തനത്തിന്‍റെ യാഥാര്‍ഥ്യം എന്തായിരുന്നുവെന്ന്‌ ബോധ്യപ്പെടാനാണത്‌.

---

15. അതിനാല്‍ അല്ല, പിന്‍വാങ്ങുന്ന നക്ഷത്രങ്ങളെക്കൊണ്ട്‌ ഞാന്‍ സത്യം ചെയ്യുന്നു.
16. മുന്നോട്ട്‌ സഞ്ചരിക്കുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്ന.
17. രാത്രിയെകൊണ്ടും, അത്‌ വിടപറയുമ്പോള്‍.
18. പ്രഭാതത്തെക്കൊണ്ടും, അത്‌ നിശ്വസിക്കുമ്പോള്‍.
19. ഉറപ്പായും ഇത്‌ ആദരണീയനായ ഒരു ദൂതന്‍റെ വചനം തന്നെ.
20. ശക്തിയുള്ളവന്‍, സിംഹാസനാധിപന്‍റെ അടുത്ത്‌ ഉന്നതസ്ഥാനമുള്ളവന്‍.
21. അനുസരിക്കപ്പെടുന്നവന്‍, വിശ്വസ്തന്‍.
22. നിങ്ങളുടെ കൂട്ടുകാരന്‍ ഭ്രാന്തനല്ല.
23. ഉറപ്പായും അദ്ദേഹം തെളിഞ്ഞ ചക്രവാളത്തില്‍ വെച്ച്‌ അദ്ദേഹത്തെ(ജിബ്‌രീലിനെ) കണ്ടിട്ടുണ്ട്‌.
24. അദ്ദേഹം അദൃശ്യവാര്‍ത്തകളുടെ കാര്യത്തില്‍ പിശുക്ക്‌ കാട്ടുന്നവനല്ല.
25. ഇത്‌ ശപിക്കപ്പെട്ട പിശാചിന്‍റെ വചനവുമല്ല.
26. എന്നിരിക്കെ എങ്ങോട്ടാണ്‌ നിങ്ങള്‍ പൊയ്ക്കൊണ്ടിരിക്കുന്നത്‌?
27. ഇത്‌ ലോകര്‍ക്കാകമാനമുള്ള ഉദ്‌ബോധനമല്ലാതെ ഒന്നുമല്ല;
28. നിങ്ങളില്‍ നേര്‍വഴിയില്‍ നടക്കാനാഗ്രഹിക്കുന്നവര്‍ക്ക്‌.
29. എന്നാല്‍ ലോകനാഥനായ അല്ലാഹു ഉദ്ദേശിക്കുന്നങ്കിലല്ലാതെ നിങ്ങള്‍ ഇഛിക്കുന്നതുകൊണ്ട്‌ ഒന്നും സംഭവിക്കുകയില്ല.

---

പതിനഞ്ച്‌ മുതല്‍ ഇരുപത്തഞ്ച്‌ വരെയുള്ള വചനങ്ങളില്‍ പ്രവാചകന്‍ മുഹമ്മദ്‌(സ)യുടെ പ്രവാചകത്വത്തെ ബലപ്പെടുത്തിക്കൊണ്ട്‌ പറയുന്ന കാര്യങ്ങളാകുന്നു. അത്‌ വ്യക്തമാക്കുന്നതിനുവേണ്ടി നിത്യദൃശ്യങ്ങളായ പ്രാപഞ്ചിക പ്രതിഭാസങ്ങളെ പിടിച്ചാണയിടുകയാണ്‌ അല്ലാഹു ചെയ്യുന്നത്‌. അതത്രെ പതിനഞ്ച്‌ മുതല്‍ പതിനെട്ട്‌ വരെയുള്ള ഭാഗങ്ങളില്‍ പ്രതിപാദിച്ചിരിക്കുന്നത്‌. എന്നു പറഞ്ഞാല്‍ മുഹമ്മദ്‌ നബി ദൈവദൂതനാണെന്ന പരമാര്‍ഥം വളരെ വ്യക്തമായ കാര്യമാണ്‌. ദൈവിക വചനങ്ങള്‍ അദ്ദേഹത്തെ അഭ്യസിപ്പിച്ചത്‌ സത്യസന്ധനും അതിശക്തനും അല്ലാഹുവിന്‍റെയടുത്ത്‌ ഉന്നത സ്ഥാനമുള്ളവനും അവന്‍റെ ആജ്ഞകള്‍ നിറവേറ്റുന്നവനും മറ്റു മലക്കുകളാല്‍ അനുസരിക്കപ്പെടുന്നവനും മലക്കുകളുടെ കൂട്ടത്തില്‍ അത്യപൂര്‍വ കഴിവുകളുള്ളവനുമായ ജിബ്‌രീല്‍ മാലാഖയാണ്‌. അദ്ദേഹമാകട്ടെ ദൈവിക സന്ദേശത്തില്‍ ഒരുവിധമുള്ള കൂട്ടിക്കലര്‍ത്തലോ മറച്ചു വെക്കലോ ചെയ്യുന്നില്ല. അല്ലാഹു എന്ത്‌ നല്‍കിയോ അത്‌ യഥാസമയം അതുപോലെ പ്രവാചകനെ അഭ്യസിപ്പിക്കുന്നു.
നിങ്ങളുടെ കൂട്ടുകാരന്‍ മുഹമ്മദ്‌ ഒരിക്കലും ചിത്തഭ്രമം കൊണ്ട്‌ സംസാരിക്കുന്ന കാര്യങ്ങളല്ല അവ. അദ്ദേഹത്തിന്‌ ആ വക തകരാറുകളൊന്നും ഇല്ലെന്നും തികച്ചും സത്യസന്ധനാണെന്നും നിങ്ങള്‍ക്ക്‌ നല്ല പോലെ അറിയാവുന്ന കാര്യവുമാണ്‌. അതൊരിക്കലും പൈശാചിക വചനങ്ങളുമല്ല. തെളിഞ്ഞ

കണ്ണുകരംകൊണ്ട് അദ്ദേഹം ദിവ്യസന്ദേശ വാഹകനായ ജിബ്്രീൽ മാലാഖയെ തെളിഞ്ഞ ചക്രവാള ത്തിൽ വെച്ച് പല തവണ ദർശിച്ചിട്ടുണ്ട്. അദ്ദേഹം എന്തെന്ത് കാര്യങ്ങരം അറിയിക്കപ്പെട്ടോ അത് യഥാവിധം നിങ്ങരംക്ക് ഓതിത്തരുന്നുണ്ട്. അദ്ദേഹത്തിൻെറ വക ഒളിച്ചുവെക്കലോ കൂട്ടിച്ചേർക്കലോ നടത്തുന്നില്ല. അതൊക്കെ നിങ്ങരംക്ക് ബോധ്യമായ കാര്യമാണെന്നിരിക്കെ നിങ്ങരം എന്തുകൊണ്ട് അദ്ദേഹത്തെ നിഷേധിക്കുന്നു?

ഈ കാര്യങ്ങരം ലോകർക്കുള്ള തെളിഞ്ഞ ഉൽബോധനമാകുന്നു. ഏതെങ്കിലും ദേശത്തിനോ കാലത്തിനോ വിഭാഗത്തിനോ പരിമിതമായതല്ല. മനുഷ്യർക്കാകമാനം അരുളപ്പെട്ടതാകുന്നു. എന്നാൽ അത് കൈയിൽ വെച്ചതുകൊണ്ടായില്ല. സ്വയം സംസ്കരണം ഉദ്ദേശിക്കുകയും ദൈവികപ്രീതി ലഭിക്കണമെന്ന് അഭിലഷി ക്കുകയും ചെയ്ത് അതിനനുസരിച്ചവിധം അതിനെ സമീപിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവർ ക്കത്രെ അത് പ്രയോജനം ലഭിക്കുകയുള്ളു. എന്നാൽ കാര്യങ്ങളൊക്കെ അല്ലാഹുവിൻെറ ഇഛയും വിധി യും അനുസരിച്ചാണ് നീങ്ങുന്നത്. മനുഷ്യരുടെ ആഗ്രഹങ്ങരംക്കോ ഇഛക്കോ യാതൊരു സ്ഥാനവു മില്ല

---

*********

## അധ്യായം 82

# അൽഇൻഫിത്വാർ. (പൊട്ടിപ്പിളരൽ)

**അവതരണം മക്കയിൽ, വചനങ്ങൾ 19**

**അധ്യായ പരിചയം:**

അന്ത്യനാളിനെയും പരലോകത്തിലെ രക്ഷാശിക്ഷകളെയും പരാമർശിച്ചു അവതരിച്ച ഒരു അദ്ധ്യായമാണിത്. ഭൂഗോളത്തെ മുഴുവൻ ഒരേ സമയം തകിടം മറിക്കുന്ന അതി ഭീകരമായ പ്രകമ്പനത്തെ ഈ അദ്ധ്യായത്തിൽ വർണിച്ചിരിക്കുന്നു. അത് മനുഷ്യനെ ഓർമപ്പെടുത്തുന്നു, ദൈവത്തിൻെറ പ്രതിനിധിയായ മനുഷ്യാ, നിന്നെ പടച്ചവൻ യുക്തിമാനും ശക്തനുമായ അല്ലാഹുവാകുന്നു. ചില മൂലകങ്ങൾ പരസ്പരം ചേർന്നു യാദൃശ്ചികമായി മനുഷ്യനായിത്തീർന്നതല്ല. നിനക്കു ലഭിച്ച അധികാര-സ്വാതന്ത്ര്യങ്ങൾ എങ്ങനെ വിനിയോഗിച്ചുവെന്ന് വിചാരണ ചെയ്യപ്പെടുകതന്നെ ചെയ്യും. നിൻെറ ഓരോ ചലനത്തിൻെറയും കർമരേഖ ഒരു മേൽനോട്ടക്കാരൻ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ആകാശം പൊട്ടിപ്പിളരുമ്പോൾ,
2. നക്ഷത്രങ്ങൾ ചിന്നിച്ചിതറുമ്പോൾ,
3. കടലുകൾ പിളർക്കപ്പെടുമ്പോൾ,
4. കുഴിമാടങ്ങൾ കീഴ്മേൽ മറിക്കപ്പെടുമ്പോൾ,
5. ഓരോ ആത്മാവും താൻ മുൻകൂട്ടി ചെയ്തതും പിന്തിച്ചതും എന്തെന്നറിയും.
6. അല്ലയോ മനുഷ്യാ,അത്യുദാരനായ നിൻെറ നാഥൻെറ കാര്യത്തിൽ നിന്നെ വഞ്ചിതനാക്കിയത് എന്ത്?
7. നിന്നെ സൃഷ്ടിച്ചു, എന്നിട്ട് ക്രമപ്പെടുത്തി, അങ്ങനെ സന്തുലിതമാക്കുകയും ചെയ്തവനാണവൻ.
8. അവൻ ഉദ്ദേശിച്ചവിധം നിന്നെ ഘടിപ്പിച്ചു.
9. അല്ല, എന്നാൽ നിങ്ങൾ പ്രതിഫലദിനത്തെ കളവാക്കുന്നു.
10. നിശ്ചയം നിങ്ങൾക്ക് മേൽനോട്ടക്കാരെ നിശ്ചയിച്ചിട്ടുണ്ട്.
11. ആദരണീയരായ എഴുത്തുകാർ.
12. നിങ്ങൾ ചെയ്യുന്നതൊക്കെ അവർ അറിയുന്നു.
13. സദ്കർമികൾ തീർച്ചയായും സുഖാനുഗ്രഹങ്ങളിലായിരിക്കും.
14. നിശ്ചയം കുറ്റവാളികൾ ആളിക്കത്തുന്ന നരകത്തീയിലുമാണ്.
15. വിധിദിനത്തിൽ അവരതിലെത്തുന്നവരാണ്.
16. അവർ അതിൽനിന്നും അപ്രത്യക്ഷരാവുകയില്ല.

17 വിധിദിനം എന്തെന്ന് നിനക്കെന്തറിയാം?

18 വീണ്ടും; വിധിദിനം എന്തെന്ന് നിനക്കെന്തറിയാം?

19. ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒന്നും ചെയ്യാനാവാത്ത ദിനമാണത്, അന്ന് തീരുമാനാധികാരമൊക്കെ അല്ലാഹുവിന് മാത്രമായിരിക്കും.

**വിശദീകരണം:**

ലോകാന്ത്യത്തിൻെറ ഭീകരതയെ പരാമർശിച്ചുകൊണ്ടാണ് ഈ അദ്ധ്യായം തുടങ്ങുന്നത്. ആദ്യത്തെ മൂന്ന് വചനങ്ങളിൽ പറഞ്ഞ ഭീകരതയുടെ സ്വഭാവം അവയുടെ സ്രഷ്ടാവായ അല്ലാഹുവിന് മാത്രമേ

അറിയുകയുള്ളൂ. നമ്മുടെ നിഗമനങ്ങൾക്കും കണക്ക് കൂട്ടലുകൾക്കും അപ്പുറമാണല്ലോ അവന്റെ പദ്ധതികൾ. നാലാം വചനത്തിലെ പരാമർശമാകട്ടെ, മനുഷ്യരൊക്കെ തങ്ങളുടെ കുഴിമാടങ്ങളിൽനിന്ന് ഉയിർത്തെഴുന്നേൽക്കുന്നതിനെപ്പറ്റി സൂചിപ്പിക്കുന്നു.അന്ന് അവൻ ആദ്യം ചെയ്തതും പിന്നീട് ചെയ്തതുമായ എല്ലാ കർമങ്ങളെയും അതിന്റെ പ്രതിഫലനങ്ങളെയും അവൻ കാണുന്നതാണ്. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചശേഷം മനുഷ്യന്റെ ധിക്കാരത്തിലേക്കും പരലോക നിഷേധത്തിലേക്കും വിരൽ ചൂണ്ടി ഖുർആൻ ചോദിക്കുന്നു: അല്ലയോ മനുഷ്യാ, ഏറ്റവും ഉത്തമമായ രീതിയിൽ നിന്നെ സൃഷ്ടിക്കുകയും നിനക്ക് ആവശ്യമായതെല്ലാം തന്ന് നിന്നെ ആദരിച്ച അത്യുദാരനായ അല്ലാഹുവിന്റെ ആജ്ഞകൾ പാലിച്ചു ജീവിക്കുന്നതിൽ ആരാണ് നിന്നെ വഞ്ചിതനാക്കിയത്? നീ തെറ്റുകൾ ചെയ്ത് ജീവിക്കുമ്പോഴും അവനാണല്ലോ നിനക്ക് ആവശ്യമായ സംവിധാനങ്ങൾ ചെയ്തുതന്ന് നിന്നെ അനുഗ്രഹിച്ചത്. ഇതത്രെ ആറ് മുതൽ എട്ട് വരെയുള്ള വചനങ്ങളിൽ പ്രതിപാദ്യം.

ഒമ്പത് മുതൽ പന്ത്രണ്ട് വരെയുള്ള വചനങ്ങളിൽ പ്രതിപാദിക്കുന്ന കാര്യം ഇതത്രെ: പരലോകത്തെ സംബന്ധിച്ച് മനുഷ്യൻ തികഞ്ഞ നിഷേധത്തിലാണ് അവരത് നിഷേധിക്കട്ടെ വിശ്വസിക്കട്ടെ ഏതവസ്ഥയിലായാലും അവരുടെ കർമങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് ആദരണീയരായ മാലാഖമാർ അത് രേഖപ്പെടുത്തിവെക്കുന്നുണ്ട്. അവരിൽ നിന്ന് ഒന്നും മറച്ചുവെക്കാൻ മനുഷ്യർക്ക് സാധിക്കില്ല. അവരുടെ രേഖപ്പെടുത്തൽ നീതിപൂർവകമാണ്. അതാണ് ഓരോരുത്തരുടെയും കർമപുസ്തകം. അതിന്റെ അടിസ്ഥനത്തിൽ മനുഷ്യർ സജ്ജനങ്ങളെന്നും ദുർജനങ്ങളെന്നും രണ്ട് വിഭാഗമായി തിരിക്കപ്പെടുന്നു. പതിമൂന്ന് മുതൽ അദ്ധ്യായത്തിന്റെ അവസാനം വരെയുള്ള പ്രതിപാദ്യം അതാണ് സൂചിപ്പിക്കുന്നത്. അതായത്, നന്മ ചെയ്തവർ നിത്യാനന്ദാനുഗ്രഹങ്ങളിലാകുന്നു. ദുഷ്കർമികൾ അതിന്റെ ഉത്തരവാദികൾ അവരായതിനാൽ അവരുടെ സങ്കേതം നരകമാകുന്നു. അവരതിൽ പ്രവേശിക്കുന്നതാകുന്നു. അതിന് നിമിത്തമായ കർമങ്ങളാണല്ലോ അവർ ജീവിതകാലം മുഴുവൻ ചെയ്തിരുന്നത്. അവരോ, ഒരിക്കലും അതിൽ നിന്ന് പുറത്ത് കടക്കുന്നതല്ല. അവരുടെ ശിക്ഷയിൽ അൽപം പോലും ലഘൂകരണം നൽകപ്പെടുന്നതല്ല. സ്വയം നശിക്കാനുള്ള അവരുടെ തേട്ടത്തിനും അവർക്ക് ഉത്തരം നൽകുന്നതല്ല.

അതോടൊപ്പം ആ ദിനത്തിന്റെ ഭീകരതയെ ഒന്നുംകൂടി ബോധ്യപ്പെടുത്തുന്നതിനായി വീണ്ടും ചോദിക്കുന്നു: വിധി ദിനം എന്തെന്ന് നിനക്കെന്തറിയാം. ഉടനെ അതിന്റെ ഉത്തരവും പറയുന്നു. ഒരാൾക്കും മറ്റൊരാൾ ഒട്ടും ഉപകരിക്കാത്ത ദിനമാണത്. ഒരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കുകയില്ല. ആ ദിനത്തിന്റെ പൂർണാധികാരം അല്ലാഹുവിന്റെ ഹസ്തത്തിൽ മാത്രം പരിമിതമായിരിക്കും. ''വിധി ദിനത്തിന്നധിപൻ'' അല്ലാഹു മാത്രമാണ്.

******

## അധ്യായം 83

# അൽമുത്വഫ്ഫിഫീൻ. (കള്ളത്താപ്പുകാർ)

**അവതരണം മക്കയിൽ, വചനങ്ങൾ 36**

**അദ്ധ്യായ പരിചയം:**

പ്രവാചകന്റെ മക്കാജീവിതത്തിലെ ആദ്യനാളുകളിൽ അവതരിച്ച അദ്ധ്യായമാണിത്. ആളുകളിൽ പരലോകവിശ്വാസം ഉറപ്പിക്കുകയെന്നതാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം. അന്ന് വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ആളുകളിലുണ്ടായിരുന്ന വ്യാപാരത്തിലെ തകരാറുകൾ എടുത്തുകാണിച്ചു അവരെ താക്കീതു ചെയ്യുകയാണ് ഈ അദ്ധ്യായം ആദ്യം ചെയ്യുന്നത്. അതോടൊപ്പം വിശ്വാസത്തിന്റെ പേരിൽ ശത്രുക്കളുടെ പരിഹാസത്തിനും അക്രമങ്ങൾക്കും വിധേയരായിരുന്ന സത്യവിശ്വാസികളെ സമാധാനിപ്പിക്കുന്നു.ഈ എതിർപ്പുകളുടെ പേരിൽ നിങ്ങളുടെ ശത്രുക്കൾ തീർച്ചയായും ഖേദിക്കേണ്ടിവരും.

എന്നാൽ മദീനക്കാരായ ആളുകളിൽ നിലനിന്നിരുന്ന വ്യാപാരതട്ടിപ്പുകളെ സംബന്ധിച്ചാണ് ഈ അദ്ധ്യായം അവതരിച്ചതെന്നും അഭിപ്രായമുണ്ട്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. കള്ളത്താർപ്പുകാർക്ക് മഹാ നാശം.
2. അവർ ജനങ്ങളിൽ നിന്ന് അളന്നെടുക്കുമ്പോൾ തികച്ചെടുക്കും.
3. അവർ അവർക്ക് അളന്നോ അല്ലെങ്കിൽ തൂക്കിയോ കൊടുക്കുമ്പോൾ കുറവ്വരുത്തുകയും ചെയ്യുന്നു.
4. അവരോർക്കുന്നില്ലേ;തീർച്ചയായും അവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരാണെന്ന്
5. ഭീകരമായ ഒരു ദിനത്തിൽ.
6. ലോകരക്ഷിതാവിങ്കൽ ജനം വന്നു നിൽക്കുന്ന ദിനം.

**വിശദീകരണം:**

ഒന്ന് മുതൽ ആറ് വരെയുള്ള വചനങ്ങളിൽ വിശുദ്ധഖുർആൻ വളരെ ശക്തിയായി നിരോധിച്ച കച്ചവട തട്ടിപ്പുകളെ എടുത്തുദ്ധരിച്ച് വ്യാപാരികളെ ഉൽബോധിപ്പിക്കുന്നു. കച്ചവടത്തിൽ കൃത്രിമം കാണിക്കുന്നവർക്കാണ് സകല നാശവും. അളവ്-തൂക്കങ്ങളിൽ വെട്ടിപ്പ് നടത്തി അവർ ജനങ്ങളെ ചതിക്കുകയാണല്ലോ ചെയ്യുന്നത്.

കച്ചവട രംഗം എല്ലാവിധ തട്ടിപ്പുകളിൽനിന്നും ശുദ്ധമാക്കാൻ അല്ലാഹു ഒരു പ്രവാചകനെ തന്നെ നിയോഗിക്കുകയുണ്ടായി. ശുഐബ്നബി നിയുക്തനായത് അദ്ദേഹത്തിന്റെ ജനം അത്തരം ദുരാചാരങ്ങളിൽ അകപ്പെട്ടതുകൊണ്ടായിരുന്നു. അത്തരം ആളുകളോട് ഖുർആൻ ചോദിക്കുന്നു: മർത്ത്യരൊക്കെ ലോകനാഥന്റെ മുമ്പിൽ ആനയിക്കപ്പെടുകയും രക്ഷാശിക്ഷകൾ ഏറ്റുവാങ്ങുകയും ചെയ്യുന്ന ദിനത്തിൽ അത്തരം വ്യാപാരികളും അവന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും അവരുടെ ചെയ്തികളെക്കുറിച്ച് ഉത്തരം ബോധിപ്പിക്കേണ്ടിവരുമെന്നും അവർ കരുതുന്നില്ലേ?

7. ഒരിക്കലുമല്ല, കുറ്റവാളികളുടെ കർമപുസ്തകം സിജ്ജീനിൽ തന്നെ.
8. സിജ്ജീൻ എന്നാൽ എന്തെന്ന് നിനക്കെന്തറിയാം?
9. അതൊരു ലിഖിത പുസ്തകമാകുന്നു.
10. സത്യനിഷേധികൾക്ക് ആ ദിനത്തിൽ നാശം.
11. പ്രതിഫലനാളിനെ കള്ളമാക്കി തള്ളുന്നവരാണവർ.
12. അതിക്രമിയും പാപിയുമായവരല്ലാതെ ആരും അതിനെ കളവാക്കുകയില്ല.

13. നമ്മുടെ സന്ദേശം അവനെ ഓതിക്കേൾപ്പിക്കുമ്പോൾ അവൻ പറയും:ഇത് പൂർവ്വികരുടെ കെട്ടുകഥകളാണ്.
14. അല്ല. അവർ ചെയ്തുകൂട്ടുന്ന തിന്മകൾ അവരുടെ ഹൃദയങ്ങളിന്മേൽ കറയുണ്ടാക്കിയിരിക്കുന്നു.
15. നിസ്സംശയം,ആ ദിനത്തിൽ തങ്ങളുടെ നാഥനെ ദർശിക്കുന്നത് തീർച്ചയായും മറക്കപ്പെടും.
16. പിന്നെയവർ നിശ്ചയമായും ആളിക്കത്തുന്ന നരകത്തീയിൽ കടന്നെരിയും.
17. പിന്നീട് അവരോട് പറയപ്പെടും: നിങ്ങൾ നിഷേധിച്ചുകൊണ്ടിരുന്ന ശിക്ഷയാണിത്

---

**വിശദീകരണം:**

ഏഴ് മുതൽ പതിനേഴ് വരെയുള്ള വചനങ്ങളിൽ സൂചിപ്പിക്കുന്നത് ഇതത്രെ: ഈ ലോകത്ത് പാപം ചെയ്യുന്നവർ നിർഭയരാണെന്ന് കരുതേണ്ടതില്ല. അതിന്റെ പേരിൽ പശ്ചാത്തപിക്കുന്നില്ലെങ്കിൽ അവർ അതിന്റെ ശിക്ഷ അനുഭവിക്കുകതന്നെ ചെയ്യും. അവരുടെ ഗ്രന്ഥം ശിക്ഷാർഹരായ ആളുകളുടെ കർമ പുസ്തകം രേഖപ്പെടുത്തിവെച്ചിട്ടുള്ള സിജ്ജീനിൽ ആണുള്ളത്. കുറ്റവാളികളുടെ കർമപുസ്തകങ്ങൾ സൂക്ഷിക്കുന്ന സ്ഥലമാണത്. തങ്ങൾ തികച്ചും നിർഭയരാണെന്ന ധാരണയിൽ മതിമറന്ന് ജീവിക്കുക അവരുടെ ജീവിത രീതിയായിരുന്നല്ലോ. മാത്രവുമല്ല, ആത്മീയ കാര്യങ്ങളെ സംബന്ധിച്ചോ പരലോകത്തെ വിചാരണയെ സംബന്ധിച്ചോ ദൈവികവചനങ്ങളെ കുറിച്ചോ പറഞ്ഞാൽ ബുദ്ധിപൂർവം അതിനെ സമീപിക്കുന്നതിന് പകരം പരിഹാസപൂർവം അതിനെ കാണലും അത്തരം ആളുകളുടെ രീതിതന്നെയായിരുന്നു. അതിനെ ശരിയായ രീതിയിൽ കാണാൻ അവരുടെ മനസ്സിൽ രൂഢമൂലമായ ധിക്കാരം അവരെ അനുവദിച്ചിരുന്നില്ല. അവർ കടുത്ത ശിക്ഷക്ക് വിധേയരാകും എന്നു മാത്രമല്ല പരലോകത്തു വെച്ച് വിശ്വാസികൾക്ക് ലഭിക്കുന്ന ദൈവദർശനം പോലുള്ള ആനുകൂല്യങ്ങൾ അവർക്ക് തടയപ്പെടുന്നതായിരിക്കും. അവർ തീർച്ചയായും നരകത്തിൽ വീഴും. അന്ന് അവരോട് പറയും, നിങ്ങൾ കള്ളമാക്കിയിരുന്ന നരകശിക്ഷയാണിത്.

---

18. സംശയമില്ല; സുകർമ്മികളുടെ കർമപുസ്തകം ഇല്ലിയ്യീനിൽ ആകുന്നു.
19. ഇല്ലിയ്യീൻ എന്നാൽ എന്തെന്ന് നിനക്കെന്തറിയാം?
20. അതൊരു ലിഖിത പുസ്തകമാകുന്നു.
21. ദൈവസാമീപ്യം സിദ്ധിച്ചവരാണത് സൂക്ഷിക്കുന്നത്.
22. സുകൃതികൾ തീർച്ചയായും ആനന്ദത്തിലായിരിക്കും.
23. ഉയർന്ന മഞ്ചങ്ങളിലിരുന്ന് അവരെല്ലാം നോക്കിക്കാണും.
24. അവരുടെ മുഖങ്ങളിൽ ദിവ്യാനുഗ്രഹങ്ങളുടെ പ്രസന്നത നിനക്ക്കണ്ടറിയാം
25. മുദ്ര വെച്ച പാത്രങ്ങളിലെ പാനീയങ്ങൽ അവർ കുടിപ്പിക്കപ്പെടും.
26. അതിന്റെ മുദ്ര കസ്തൂരിയത്രെ അതിനാൽ മത്സരിക്കുന്നവർ അതിന്നായി മത്സരിക്കട്ടെ
27. ആ പാനീയത്തിന്റെ ചേരുവ തസ്നീമിൽ നിന്നുള്ളതാകുന്നു.
28. അതോ, ദൈവസാമീപ്യം സിദ്ധിച്ചവർ കുടിക്കുന്ന ഉറവയാണ്.
29. നിശ്ചയം, കുറ്റവാളികൾ സത്യവിശ്വാസികളെ കളിയാക്കി ചിരിക്കുമായിരുന്നു.
30. അവരുടെ അരികിലൂടെ നടന്നു പോകുമ്പോൾ അവർ കണ്ണിറുക്കുമായിരുന്നു.
31. അവർ തങ്ങളുടെ കുടുംബങ്ങളിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ രസിച്ചുല്ലസിച്ചാണ് തിരിച്ചു ചെന്നിരുന്നത്.
32. അവർ സത്യവിശ്വാസികളെ കണ്ടാൽ പറയുമായിരുന്നു: തീർച്ചയായും ഇക്കൂട്ടർ വഴി പിഴച്ചവർ തന്നെ.
33. സത്യവിശ്വാസികളുടെ മേൽനോട്ടക്കാരായി ഇവരാരും നിയോഗിക്കപ്പെട്ടിട്ടുമില്ല.
34. എന്നാലിന്ന് സത്യവിശ്വാസികൾ സത്യനിഷേധികളെ നോക്കി ചിരിക്കുകയാണ്.

35. അവർ ഉന്നത മഞ്ചങ്ങളിരുന്ന് ഇവരെ നോക്കിക്കൊണ്ടിരിക്കും.
36. സത്യനിഷേധികൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് പ്രതിഫലം കിട്ടിയോ എന്ന്

അതേയവസരം പരലോകത്തെക്കുറിച്ച് ഓർക്കുകയും അതിലെ രക്ഷാശിക്ഷകളെക്കുറിച്ച് ഭയപ്പെട്ട് സൽക്കർമങ്ങൾ ചെയ്യുകയും ചെയ്യവരുടെ കർമപുസ്തകം ഉന്നതസ്ഥാനീയരും ദൈവിക സാമീപ്യം സിദ്ധിച്ചവരുമായ മാലാഖമാർ സൂക്ഷിക്കുന്ന ലിഖിതങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടതായിരിക്കും. അതിലാർക്കും മാറ്റത്തിരുത്തലുകൾ വരുത്താനാകില്ല. അന്ന് വിശ്വാസികൾ തികച്ചും നിർഭയത്വത്തിലും ആനന്ദത്തിലുമായിരിക്കും. അവർക്കവിടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഭൗതിക ഭാവനകൾക്ക് സങ്കൽപിക്കാനാകാത്ത വിധം ഉന്നതമായിരിക്കും. അതത്രെ പതിനെട്ട് മുതൽ അദ്ധ്യായം അവസാനം വരെയുള്ള വചനങ്ങൾ വർണിക്കുന്നത്.

പ്രസ്തുത വചനങ്ങൾക്കിടയിൽ ഒരു തിരിഞ്ഞുനോട്ടം എന്ന നിലയിൽ ഇഹലോകത്തു വെച്ച് ഏകദൈവ വിശ്വാസികളുടെ നേരെ നിഷേധികൾ അനുവർത്തിച്ചിരുന്ന നയത്തെ എടുത്തുകാട്ടുന്നുണ്ട്. ഇത് എക്കാലത്തുമുള്ള സത്യനിഷേധികളുടെ ചിന്താഗതിയും സമീപനവുമാണ്. തങ്ങളാണ് അവരെക്കാൾ ഉയർന്നവർ, അവർ ബുദ്ധിഹീനരും തരം താഴ്ന്നവരുമാണ് എന്ന സമീപനമായിരുന്നു അവർ വെച്ചു പുലർത്തിയിരുന്നത്. അതെ സംബന്ധിച്ചാണ് പറഞ്ഞത്, വിശ്വാസികൾ എന്തെങ്കിലും സ്വീകരിക്കട്ടെ, ഉദാത്തമായ ജീവിതരീതി അവരിൽ ഉണ്ടായിരിക്കുവോളം അവരെ പരിഹസിക്കുവാൻ നിങ്ങൾക്ക് അവകാശമൊന്നുമില്ല. നിങ്ങളെ അവരുടെ മേൽനോട്ടക്കാരായി നിശ്ചയിച്ചിട്ടുമില്ല.

എന്നാൽ ഇന്ന് വിശ്വാസികൾ ദൈവികപ്രതിഫലം ആസ്വദിക്കുകയും തങ്ങൾക്ക് കിട്ടിയ പാരിതോഷികങ്ങൾ ആസ്വദിച്ചുകൊണ്ട്, തങ്ങൾ കൈക്കൊണ്ട ജീവിതരീതിക്കുള്ള പ്രതിഫലം തങ്ങൾക്ക് കിട്ടിക്കഴിഞ്ഞു എന്ന് സത്യനിഷേധികൾ കാണത്തക്ക രീതിയിൽ അവരെ നോക്കി ചിരിക്കുകയും ചെയ്യുന്നതായിരിക്കും. അതെ, ഉയർന്ന മഞ്ചങ്ങളിരുന്ന് സത്യനിഷേധികൾക്ക് അവരുടെ പ്രവർത്തനങ്ങൾക്കർഹമായ ശിക്ഷ കിട്ടിക്കഴിഞ്ഞില്ലേ എന്ന് കൺപാർക്കും.

***********

# അധ്യായം 84

## അൽ ഇൻശിഖാഖ്. (പിളർക്കൽ)

**അവതരണം മക്കയിൽ, വചനങ്ങൾ 25**

**അദ്ധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ്(സ)യുടെ മക്കാജീവിതത്തിൻെറ ആദ്യനാളുകളിൽ അവതരിച്ച അദ്ധ്യായങ്ങളിലൊന്നാണിത്.പ്രവാചകൻെറ ദൗത്യത്തോട് മക്കയിലെ പ്രമാണിമാർ വിയോജിച്ചിരുന്നെങ്കിലും തുറന്ന എതിർപ്പ് രീതി അവർ ആ സമയത്ത് കൈക്കൊണ്ടിരുന്നില്ല.
അന്ത്യനാളും പരലോകവുമാണിതിലെ പ്രധാന പ്രമേയം. പരലോകത്തെ നിഷേധിക്കുന്നവരോട് ഈ സൂക്തം പറയുന്നു: ഒരിക്കൽ ഈ ലോകം അവസാനിക്കും. അതിനുഷേഷം മനുഷ്യരാസകലം തങ്ങളുടെ നാഥൻെറ മുമ്പിൽ ജീവിതവിചാരണ നേരിടാൻ ഹാജറാകേണ്ടതുണ്ട് അത് നിങ്ങൾ ആഗ്രഹിച്ചാലും ശരി,ഇല്ലെങ്കിലും ശരി. അന്ന് മനുഷ്യൻ കണിശമായ വിചാരണ നേരിടേണ്ടിവരും. ഈ കാര്യം ബോധ്യപ്പെടുത്തുകയാണ് ഈ അദ്ധ്യായം

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ആകാശം പൊട്ടിപ്പിളരുമ്പോൾ,
2. അത് അതിൻെറ നാഥനെ അനുസരിക്കുകയും (കല്പന പാലിക്കാൻ) അത് കടപ്പെട്ടിരിക്കുന്നു.
3. ഭൂമി പരത്തപ്പെടുമ്പോൾ.
4. അതിനകത്തുള്ളതിനെ അത് പുറത്തേക്ക്തള്ളുകയും അത് ശൂന്യമായിത്തീരുകയും,
5. അത് അതിൻെറ നാഥൻെറ ആജ്ഞ അനുസരിക്കുകയും,(കല്പന അനുസരിക്കാൻ) അത് കടപ്പെട്ടിരിക്കുന്നുവല്ലോ.

**വിശദീകരണം:**

ഒന്നു മുതൽ അഞ്ച് വരെയുള്ള വചനങ്ങളിൽ അന്ത്യനാളിലെ സംഭവങ്ങളെപ്പറ്റി വിവരിക്കുന്നു. അന്ന് പൊട്ടിപിളരലിന് വിധേയമാകുന്ന ആകാശവും പരത്തിനിരപ്പാക്കപ്പെടുന്ന ഭൂമിയുമൊക്കെ അവയുടെ നാഥൻെറ ആജ്ഞാനുവർത്തികളായി വർത്തിക്കാൻ ബാധ്യസ്ഥരാണെന്ന് മനുഷ്യനെ ബോധ്യപ്പെടുത്തുകയാണതു വഴി ചെയ്യുന്നത്. മുഴുവൻ മനുഷ്യരും അന്ന് ഉയിർത്തെഴുന്നേൽക്കും. ഭൂമിയെ നിരപ്പാക്കുന്നതും ആകാശത്തിൻെറ ഘടന മാറ്റുന്നതും മുഴുവൻ മനുഷ്യരാശിക്കും ഒരുമിച്ചുകൂടാനുള്ള വേദിയൊരുക്കുന്നതിൻെറ മുന്നോടിയായാണ്.

6. അല്ലയോ മനുഷ്യാ;നീ നിൻെറ നാഥനിലേക്ക് കടുത്ത ക്ലേശത്തോടേ ചെന്നെത്തേണ്ടവനാണ്; അങ്ങനെ അവനുമായി കണ്ടുമുട്ടേണ്ടവനും.
7. എന്നാൽ ആർക്കെങ്കിലും തൻെറ കർമപുസ്തകം വലതുകയ്യിൽ നൽകപ്പെട്ടാൽ.
8. തീർച്ചയായും അവനെ ലഘുവായി വിചാരണ ചെയ്യും.
9. അവൻ തൻെറ ആളുകളുടെ അടുത്തേക്ക് സന്തോഷത്തോടേ മടങ്ങിച്ചെല്ലും.
10. എന്നാൽ ആർക്കെങ്കിലും തൻെറ കർമപുസ്തകം മുതുകിനുപിന്നിലൂടെ നൽകപ്പെടുന്നുവോ;
11. തീർച്ചയായും അവൻ നാശത്തിനായി വിലപിച്ചുകൊണ്ടിരിക്കും.
12. അവൻ ആളിക്കത്തുന്ന നരകത്തീയിൽ ചെന്നെത്തും.
13. തീർച്ചയായും അവൻ തൻെറ കുടുംബക്കാർക്കിടയിൽ സന്തോഷത്തോടെ കഴിയുന്നവനായിരുന്നു.
14. താൻ മടങ്ങിവരികയേ ഇല്ലെന്നാണ് അവൻ വിചാരിച്ചത്.

15. എന്നാൽ ഉറപ്പായും അവൻെറ നാഥൻ അവനെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവനായിരുന്നു.

ആറ് മുതൽ പതിനഞ്ച് വരെയുള്ള വചനങ്ങളിൽ മനുഷ്യന് തൻെറ വിചാരണ നേരിടേണ്ടതിനും കർമഫലം അനുഭവിക്കേണ്ടതിനും തൻെറ നാഥൻെറ മുമ്പിൽ ഒരുമിച്ചു കൂടേണ്ടതുണ്ടെന്ന് ഓർമപ്പെടുത്തുന്നു. തൻെറ ഭൗതിക ജീവിതം സുഖകരമാക്കാനുള്ള പ്രയാസകരമായ പ്രമാണം ചെന്നെത്തുന്നത് നിൻെറ നാഥങ്കലേക്കാണ് എന്ന് ഈ വചനം മനുഷ്യനെ ഓർമപ്പെടുത്തുന്നു. ആ കണ്ടുമുട്ടലിൽ ആർക്കെങ്കിലും അവരുടെ ജീവിത റിക്കാർഡ് വലതു കയ്യിൽ ലഭിച്ചാൽ അതവരുടെ നന്മയുടെ ആധിക്യം കാരണമായിരിക്കും. അത്തരക്കാരെ വിചാരണ ചെയ്യുന്നത് അവൻെറ ഓരോ നിമിഷവും അത് എങ്ങനെ, എന്തിന് ഏത് മാർഗത്തിൽ ചെലവഴിച്ചു എന്ന രീതിയിലായിരിക്കില്ല. മറിച്ച് അവരുടെ നന്മകൾ പരിഗണിച്ച് അവരുടെ തിന്മകൾ പൊറുത്തുകൊടുക്കുന്നു. അവർക്ക് ഭയപ്പെടാനോ ദുഃഖിക്കാനോ ഒരു നിമിത്തവും ഉണ്ടാകുന്നില്ല.സുരക്ഷിതവും നിർഭയവുമായിരിക്കും അവരുടെ അവസ്ഥ. സ്വർഗസ്ഥരായ അവൻെറ ബന്ധുജനങ്ങളുടെ അടുത്തേക്ക് അവൻ സന്തോഷത്തോടെ തിരിച്ചുപോകുന്നതായിരിക്കും. എന്നാൽ തൻെറ കർമഫലം മനമില്ലാമനസ്സോടെ പുറം തിരിഞ്ഞ് കൈപ്പറ്റാൻ വിധിക്കപ്പെട്ട ദുഷ്കൃതർ വളരെ കർക്കശമായി, ജീവിതത്തിൻെറ ഓരോ നിമിഷത്തെപ്പറ്റിയും ഉത്തരം ബോധിപ്പിക്കേണ്ടിവരും. അവൻ തൻെറ നിയോഗലക്ഷ്യം വിസ്മരിച്ച് ഭൗതികജീവിതം പരമാവധി സുഖകരമാക്കാനുള്ള ശ്രമത്തിനിടയിൽ പരലോകത്തേയും അതിൽ തനിക്ക് നേരിടാനിരിക്കുന്ന പരിണതിയേയും വിസ്മരിച്ചവനാണ്. അന്നവൻ അവിടത്തെ കടുത്ത അവസ്ഥ മുന്നിൽ കണ്ട് ഞാൻ നശിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചുപോകും. അവൻ ചെന്നു ചേരുന്നത് കത്തിയെരിയുന്ന നരകത്തിലാണ്. ഈ അവസ്ഥ നേരി ടേണ്ടിവരുമെന്ന് ഓർക്കാതെ തൻെറ കുടുംബത്തോടൊപ്പം സുഖിച്ചുജീവിക്കുകയായിരുന്നല്ലോ അവൻ. ആ ഘട്ടത്തിൽ മരണത്തെ സംബന്ധിച്ചോ വിചാരണയെ സംബന്ധിച്ചോ അവൻ ഗൗനിച്ചതേയുണ്ടായിരുന്നില്ല. അവൻ സ്വന്തം ഭാഗധേയം മറന്ന് ധിക്കാരിയായി നിഗളിക്കുകയായിരുന്നു. തൻെറ കർമങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന തൻെറ സ്രഷ്ടാവിനെക്കുറിച്ച് അവൻ ഓർത്തിരുന്നില്ല. എന്നാൽ അവൻെറ ഓരോ നിമിഷത്തെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചും ജീവിതചിന്തകളെക്കുറിച്ചും കർമങ്ങളെക്കുറിച്ചും അവൻെറനാഥൻ നിരീക്ഷിക്കുന്നുണ്ടായിരുന്നല്ലോ

16. തീർച്ചയായും അസ്തമയ ശോഭയെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു.
17. രാത്രിയും അതുൾക്കൊള്ളുന്നവകൊണ്ടും സത്യം.
18. ചന്ദ്രനെക്കൊണ്ടും അത് പൂർണത പ്രാപിക്കുമ്പോൾ
19. നിശ്ചയമായും നിങ്ങൾ പടിപടിയായി പുരോഗമിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്യും.

പതിനാറ് മുതൽ പത്തൊമ്പത് വരെയുള്ള വചനങ്ങളിൽ അല്ലാഹു വലിയ ഒരു സത്യം മനുഷ്യൻെറ ബോധത്തിലേക്ക് കൊണ്ടുവരുന്നു. മൂന്ന് പ്രാപഞ്ചിക പ്രതിഭാസങ്ങളെ പിടിച്ചാണയിട്ടു സത്യം ചെയ്തുകൊണ്ടാണ് ആ പരമാർഥം അവനെ ബോധ്യപ്പെടുത്തുന്നത്.അസ്തമയശോഭയും രാവും അതുൾക്കൊള്ളുന്ന മുഴുവൻ സംഗതികളും പൂർണത പ്രാപിക്കുന്ന ചന്ദ്രനുമാണ്. അത് വെളിപ്പെടുത്തുന്ന സംഗതിയിതത്രെ: ഈ പ്രപഞ്ചം നിരന്തരം മാറിക്കൊണ്ടിരിക്കുന്നതാണ്. അതിനാൽ തന്നെ മനുഷ്യജീവിതവും മാറ്റങ്ങൾക്ക് വിധേയമാണ്. ബാല്യത്തിൻെറയും യൗവനത്തിൻെറയും വാർധക്യത്തിൻെറയും രോഗത്തിൻെറയും ഘട്ടങ്ങൾ മനുഷ്യൻ തരണം ചെയ്യണം. ചന്ദ്രനും രാവും പകലും വൃദ്ധിക്ഷയത്തിന്ന് വിധേയമാകുന്നതുപോലെ ഈ ജീവിത ഘട്ടങ്ങൾക്കു ശേഷം മനുഷ്യനും മരണമടഞ്ഞ് അവൻെറ വിചാരണക്ക് തിരിച്ചുവരേണ്ടതുണ്ട്.

20. എന്നാൽ അവർക്കെന്തുപറ്റി, അവർ വിശ്വസിക്കുന്നില്ലല്ലോ?
21. അവർ ഖുർആൻ ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ സാഷ്ടാംഗം പ്രണമിക്കുന്നില്ല.
22. എന്നല്ല, സത്യനിഷേധികൾ അതിനെ കളവാക്കുന്നു.
23. അവർ മനസ്സിൽ സൂക്ഷിക്കുന്നതൊക്കെയും നന്നായറിയുന്നവനാണ് അല്ലാഹു.
24. അതിനാൽ നീയവർക്ക് നോവേറിയ ശിക്ഷയെ സംബന്ധിച്ച വാർത്തയറിയിക്കുക.

25. വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയുംചെയ്തവർക്കൊഴിച്ച്. അവർക്ക് അക്ഷയമായ പ്രതിഫലമുണ്ട്.

---

ഇരുപത് മുതൽ ഇരുപത്തഞ്ച് വരെയുള്ള വചനങ്ങളിൽ മനുഷ്യന്റെ ധിക്കാരത്തെ പരാമർശിക്കുന്നു. വിശുദ്ധ ഖുർആൻ പാരായണം കേട്ടിട്ടും അതിനെ പിൻപറ്റുകയോ അത് അംഗീകരിക്കുകയോ ചെയ്യാത്തവരും ദൈവിക ദൃഷ്ടാന്തങ്ങൾ കാണുമ്പോൾ സാഷ്ടാംഗം ചെയ്യാത്തവരുമായ ധിക്കാരികൾക്ക് വേദനയേറിയ ശിക്ഷയെ സംബന്ധിച്ച മുന്നറിയിപ്പേകുന്നു. അതോടൊപ്പം അവരുടെ നിഷേധത്തെക്കുറിച്ചും ദൈവികദീനിനെ നശിപ്പിക്കാനുള്ള അവരുടെ പദ്ധതിയെക്കുറിച്ചും ധിക്കാരത്തെ സംബന്ധിച്ചും മാനസികാവസ്ഥയെക്കുറിച്ചും അല്ലാഹു നന്നായി അറിയുന്നുണ്ട്. അതിനാൽ അത്തരക്കാർക്ക് ഭൗതിക ജീവിതത്തിൽ തന്നെ നരകശിക്ഷയെ സംബന്ധിച്ച് മുന്നറിയിപ്പേകാൻ അല്ലാഹു പ്രവാചകരോട് ആവശ്യപ്പെടുന്നു. എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്യുന്ന ആളുകൾക്ക് അവരുടെ കർമങ്ങൾ മുൻനിറുത്തി അക്ഷയമായ പ്രതിഫലം നൽകി അല്ലാഹു അവരെ ആദരിക്കുന്നതാകുന്നു. ഇരുപത്തി ഒന്നാമത്തെ വചനം പാരായണം ചെയ്താൽ പ്രവാചകൻ മുഹമ്മദ്(സ)സാഷ്ടാംഗം ചെയ്യാറുണ്ടായിരുന്നു.

---

*************

## അധ്യായം 85

# അൽബുറൂജ്. (നക്ഷത്ര രാശി)

**അവതരണം മക്കയിൽ, വചനങ്ങാം 22**

**അദ്ധ്യായ പരിചയം:**

വിശ്വാസികളെ പീഡിപ്പിക്കുന്നവർ അനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നല്കുന്നതോടൊപ്പം ഏത് പരിതഃസ്ഥിതിയിലും പതറാതെ വിശ്വാസത്തിൽ അടിയുറച്ചുനിൽക്കണമെന്നും അതിന് തക്കതായ പ്രതിഫലമുണ്ടെന്നും വിശ്വാസികളെ ഉൽബോധിപ്പിക്കുകയും ചെയ്യുന്ന അദ്ധ്യായമാണിത്. അതിലേക്കുള്ള സൂചനയായി കിടങ്ങുകാരുടെ കഥ അനുസ്മരിക്കുന്നു. അതോടൊപ്പം അല്ലാഹുവിൻെറ ശക്തിമഹാത്മ്യങ്ങളെക്കുറിച്ചും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. നക്ഷത്രരാശികളുള്ള ആകാശത്തെക്കൊണ്ട് സത്യം.
2. വാഗ്ദാനം ചെയ്യപ്പെട്ട ദിനത്തെക്കൊണ്ടും സത്യം.
3. സാക്ഷിയും സക്ഷ്യ വസ്തുവും സാക്ഷി.
4. കിടങ്ങിൻെറ ആൾക്കാർ നശിച്ചിരിക്കുന്നു.
5. വിറക് നിറച്ച തീക്കുണ്ഡത്തിൻെറ ആൾക്കാർ.

**വിശദീകരണം:**

ആകാശത്തിലെ വൻനക്ഷത്രങ്ങളെക്കൊണ്ടും അന്ത്യനാളിനെക്കൊണ്ടും പരലോകവിചാരണയെക്കൊണ്ടും മനുഷ്യൻ ദൃക്സാക്ഷിയാകാൻ പോകുന്ന അവരുടെ കർമഫലങ്ങളെക്കൊണ്ടും അല്ലാഹു സത്യം ചെയ്തു പറയുന്നു. തീ ആളിക്കത്തിച്ച് അതിൽ വിശ്വാസികളെ ചുട്ടുകൊന്ന കിടങ്ങിൻെറ ആളുകൾ നശിച്ചിരിരിക്കുന്നു. അതത്രെ ഒന്നു മുതൽ അഞ്ച് വരെയുള്ള വചനങ്ങളുടെ പ്രതിപാദ്യം.

6. അവർ അതിൻെറ ചുറ്റും ഇരുന്ന സന്ദർഭം.
7. സത്യവിശ്വാസികളോട് അവർ ചെയ്തുകൊണ്ടിരുന്നതിന് അവർ സാക്ഷികളായിരുന്നു.
8. അവർക്ക് വിശ്വാസികളെ ശിക്ഷിക്കാൻ കാരണമുണ്ടായിരുന്നില്ല; സ്തുത്യർഹനും അജയ്യനുമായ അല്ലാഹുവിൽ വിശ്വസിച്ചു എന്നതല്ലാതെ.
9. ആകാശഭൂമികളുടെ മേൽ ആധിപത്യമുള്ളവനത്രെ അവൻ. അല്ലാഹു എല്ലാകാര്യങ്ങളും നോക്കിക്കാണുന്നവനാണ്.
10. തീർച്ചയായും സത്യവിശ്വാസികളെയും വിശ്വാസിനികളെയും മർദ്ദിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവർ, ഉറപ്പായും അവർക്ക് ചുട്ടുകരിക്കുന്ന നരകശിക്ഷയുണ്ട്.

ആറ് മുതൽ പത്ത് വരെയുള്ള വചനങ്ങളിൽ കിടങ്ങുകാരുടെ മർദ്ദനരീതികളെ സംബന്ധിച്ചും അതിൻെറ പരിണതിയെക്കുറിച്ചും സൂചിപ്പിക്കുന്നു.

കിടങ്ങുകാരെക്കുറിച്ച് വ്യത്യസ്തമായ സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വിശ്വാസയോഗ്യമെന്ന് തോന്നിയ ഒരു സംഭവം ഇതത്രെ: പ്രവാചകൻ(സ)യിൽനിന്ന് സ്വുഹൈബ് ഉദ്ധരിക്കുന്നു; ‘‘നിങ്ങൾക്ക് മുമ്പുള്ള സമുദായത്തിലൊരു രാജാവുണ്ടായിരുന്നു. അയാൾക്ക് ഒരാഭിചാരകനുണ്ടായിരുന്നു. അയാൾ വൃദ്ധനായപ്പോൾ രാജാവിനോട് പറഞ്ഞു:എനിക്ക് പ്രായമേറി. മരണ സമയം അടുത്തിരിക്കുന്നു. എന്നിൽനിന്ന് ആഭിചാരം സ്വായത്തമാക്കാൻ ഒരു കുട്ടിയെ നിശ്ചയിക്കുക. രാജാവ് ഒരു ബാലനെ നിശ്ചയിച്ചുകൊടുത്തു.കുട്ടി പഠനം ആരംഭിച്ചു. എന്നാൽ കുട്ടി എല്ലാദിവസവും ഒരു

പുരോഹിതനെ കാണാറുണ്ടായിരുന്നു. അവൻ ആ പുരോഹിതനിൽനിന്ന് പലതും കേട്ടുപഠിച്ചു. അവൻ അയാളുടെ മതം അംഗീകരിച്ചു. അവൻ രോഗികളെ സുഖപ്പെടുത്താൻ കഴിവുള്ള ഒരാളായി. ആളുകൾ അവനെ ഏറെ ഇഷ്ടപ്പെട്ടു. ഒരിക്കൽ രാജാവ് അവൻെറയടുക്കൽ വന്നു ചോദിച്ചു: ആളുകളുടെ രോഗം ആരാണ് സുഖപ്പെടുത്തുന്നത്? കുട്ടി പറഞ്ഞു:എൻെറ ദൈവം. രാജാവ് തിരക്കി: ‘‘നിനക്ക് എന്നെക്കൂടാതെ ഒരു ദൈവമോ? ’’അതെ. എൻെറയും നിൻെറയും ദൈവം അല്ലാഹുവാകുന്നു. ‘‘കുട്ടി പറഞ്ഞു. അവൻ വിശ്വാസിയാകാൻ കാരണക്കാരനായ പുരോഹിതനെ രാജാവ് വധിച്ചു കളഞ്ഞു. തുടർന്ന് കുട്ടിയെയും വധിക്കാൻ മുതിർന്നു. പക്ഷേ, രാജാവിന് അതിന് സാധിച്ചില്ല. അയാളുടെ ആയുധങ്ങളൊന്നും അവന് ഏല്ക്കാതെ വന്നു. ഒടുവിൽ അവൻ രാജാവിനോട് പറഞ്ഞു: ജനങ്ങൾ ഒരുമിച്ചു കൂടട്ടെ. അവരുടെ മുമ്പിൽ വെച്ച് കുട്ടിയുടെ നാഥൻെറ നാമത്തിൽ എന്നു പറഞ്ഞ് എൻെറ നേരെ അമ്പ് തൊടുത്തുവിടുക. എങ്കിൽ ഞാൻ മരിക്കുന്നതായിരിക്കും. ’’രാജാവ് അപ്രകാരം ചെയ്തു. അവൻ മരണമടഞ്ഞു. ഇതു കണ്ട ജനക്കൂട്ടം ഞങ്ങൾ ഈ ബാലൻെറ ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞ് ഏകദൈവവിശ്വാസികളായി. രാജാവ് കുപിതനായി. വിശ്വാസം കൈവെടിയാൻ അയാൾ അവരെ പലവിധത്തിലും നിർബന്ധിച്ചു. അവർ വഴങ്ങിയില്ല. ഒടുവിൽ അയാൾ വലിയ കുഴികൾ നിർമിച്ചു. അതിൽ വിറക് നിറച്ച് തീ കത്തിക്കുകയും വിശ്വാസികളെ അതിൽ പിടിച്ചെറിയുകയും ചെയ്തു. അത്തരം മർദ്ദകർക്ക് അവർ വിശ്വാസികളെ ഏതുവിധത്തിലാണോ കത്തിച്ചു കളഞ്ഞത് അതിനെക്കാൾ ചുട്ടുപൊള്ളുന്ന നരകശിക്ഷയാണുണ്ടാവുക.

11. തീർച്ചയായും,സത്യവിശ്വാസം സ്വീകരിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തുന്നവർക്ക് താഴ്ഭാഗത്തുകൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളുണ്ട്. അതത്രെ അതിമഹത്തായ വിജയം.
12. തീർച്ചയായും നിൻെറ നാഥൻെറ പിടിത്തം കഠിനം തന്നെ.
13. തീർച്ചയായും അവൻ സൃഷ്ടികർമം ആരംഭിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നു.

അല്ലാഹു ധിക്കാരികളെയും ശത്രുക്കളെയും ശിക്ഷിക്കുന്നതും പ്രതികാരം വീട്ടുന്നതും അതി കഠിനമായാണ്. അതിനുമാത്രം ശക്തനാണവൻ. അതിന് രണ്ട് രൂപങ്ങളുണ്ട്. പരലോകത്തെ ശിക്ഷയാണൊന്ന്. അന്ന് അവൻ ശിക്ഷിക്കുന്നതുപോലെ ആരും ശിക്ഷിക്കുകയില്ലെന്ന് ഖുർആൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. രണ്ട്, ഈ ലോകത്തുള്ള ശിക്ഷ. അവൻ ഉദ്ദേശിക്കുന്ന ആരെയും ഏത് നിമിഷം വേണമെങ്കിലും ഏത് രീതിയിലും അവന് പിടികൂടാനാകും. കാരണം, അവൻെറതാണ് സൃഷ്ടികർമം. തിരിച്ചു പിടിക്കുന്നതും അവൻ തന്നെ. അവൻെറ സൃഷ്ടി-സംഹാര കർമങ്ങൾക്ക് പ്രതിബന്ധമായി ഒന്നും തന്നെ പ്രപഞ്ചത്തിലില്ല.

14. അവൻ ഏറെ പൊറുക്കുന്നവനും സ്നേഹനിധിയുമാകുന്നു.
15. സിംഹാസനത്തിനുടമയും ശ്രേഷ്ഠനുമാകുന്നു.
16. ഉദ്ദേശിക്കുന്നതൊക്കെ ചെയ്യുന്നവനാകുന്നു.
17. സൈന്യത്തിൻെറ കഥ നിനക്ക് വന്നെത്തിയോ?
18. ഫറോവയുടെയും ഥമൂഥിൻെറയും?
19. പക്ഷേ, അവിശ്വാസികൾ സത്യനിഷേധത്തിലത്രെ.
20. അല്ലാഹു അവരെ പിന്നിലൂടെ വലയം ചെയ്തിരിക്കുന്നു.
21. എന്നാൽ ഇത് ശ്രേഷ്ഠമായ ഖുർആൻ ആകുന്നു.
22. സുരക്ഷിതമായ ഒരു ഫലകത്തിൽ(രേഖപ്പെടുത്തപ്പെട്ടത്).

ഫറവോൻെറയും ഥമൂഥിൻെറയും സൈന്യത്തിൻെറ കഥ കൊണ്ടുദ്ദേശിക്കുന്നത് ധിക്കാരം അനുവർത്തിക്കുക വഴി അല്ലാഹു അവരെ ശിക്ഷിച്ച സംഭവങ്ങളെപ്പറ്റിയാണ്. നിൻെറ നാഥൻെറ പിടിത്തം അതി കഠിനം തന്നെ എന്ന വചനത്തിനുള്ള തെളിവാണത്. കാരണം, ഫിർഔൻ ഭൂമിയിൽ സ്വയം ദൈവം ചമഞ്ഞ് ധിക്കാരപൂർവം ജീവിച്ചിരുന്ന അതിശക്തനും പ്രതാപവാനുമായ ഒരു രാജാവായിരുന്നു.

ഥമൂഥ് വർഗമാകട്ടെ, ശക്തികൊണ്ടും നാഗരികതകൊണ്ടും അല്ലാഹു നിസ്തുലരാക്കി സൃഷ്ടിച്ച ജനവർഗമായിരുന്നു. ഭൂമിയിൽ അവരെപ്പോലെ ആരും ഉണ്ടായിരുന്നില്ല. എന്നിട്ടും അല്ലാഹു വളരെ നിസ്സാരമായാണ് അവരെ നശിപ്പിച്ചത്.

''പിന്നിലൂടെ വലയം ചെയ്യുക''യെന്നാൽ, അല്ലാഹു ദൈവനിഷേധികളെ അതിജയിക്കാൻ ശക്തനും അവരെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവനും അവരെ ഏതുനിമിഷവും പിടികൂടാൻ ശക്തനുമാണെന്നർഥം.

അവസാന രണ്ട് വചനങ്ങളിൽ ഖുർആൻെറ സുരക്ഷിതത്വത്തെ സംബന്ധിച്ചു സൂചിപ്പിക്കുന്നു. അത് തികഞ്ഞ സുരക്ഷിതത്വത്തോടേ ലൗഹുൽ മഹ്ഫൂളിൽ രേഖപ്പെടുത്തപ്പെട്ടതാണ്. അതൊരിക്കലും വിനഷ്ടമാവുകയോ തകരാറുകൾ സംഭവിക്കുകയോ ചെയ്യുകയില്ല.

---

******

## അധ്യായം 86

# അത്ത്വാരിഖ്. (നിശാഗമി)

**അവതരണം മക്കയിൽ, വചനങ്ങൾ 17**

**അധ്യായ പരിചയം:**

പ്രവാചകൻെറ മക്കാജീവിതത്തിലവതരിച്ച ആദ്യകാല അധ്യായങ്ങളിലൊന്നാണിത്. രണ്ട് കാര്യങ്ങൾ അത് പ്രതിപാദിക്കുന്നു.അക്കാര്യം മനുഷ്യനെ ബോധ്യപ്പെടുത്താൻ അല്ലാഹു താരകങ്ങൾ നിറഞ്ഞ ആകാശത്തെ പിടിച്ചാണയിടുന്നു. ഒന്ന്,ഒരു ശുക്ലകണത്തിൽ നിന്നും സജീവവും സചേതനവുമായ മനുഷ്യന് ഉണ്മ നല്കിയ സ്രഷ്ടാവിന് അവൻെറ രഹസ്യവും പരസ്യവുമായ കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി അവനെ വീണ്ടും സൃഷ്ടിക്കാൻ കഴിയും.

രണ്ട്,ഖുർആൻ മനുഷ്യലോകത്തിന് പരിചയപ്പെടുത്തുന്ന ഈ വക സത്യങ്ങളെ നിരാകരിച്ച് അതിനെതിരെ കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർ മനസ്സിലാക്കേണ്ട സംഗതിയെപ്പറ്റി പറയുന്നു,അവരുടെ കുതന്ത്രം കേമമൊന്നുമല്ല, അതിനേക്കാൾ മികച്ച രീതിയിലുള്ളത് അല്ലാഹുവിൻെറ തന്ത്രങ്ങളാണ്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ആകാശമാണ് സത്യം. രാവിൽ പ്രത്യക്ഷപ്പെടുന്നതിനെക്കൊണ്ടും സത്യം.
2. രാവിൽ പ്രത്യക്ഷപ്പെടുന്നതെന്തെന്ന് നിനക്കെന്തറിയാം?
3. തുളച്ചുകയറും നക്ഷത്രമാണത്.
4. മേൽനോട്ടക്കാരനില്ലാതെ ഒരു ആത്മാവുമില്ല.
5. മനുഷ്യൻ നോക്കട്ടെ; എന്തിൽനിന്ന് താൻ സൃഷ്ടിക്കപ്പെട്ടുവെന്ന്.
6. അവൻ സൃഷ്ടിക്കപ്പെട്ടത് സ്രവിച്ച വെള്ളത്തിൽനിന്നാണ്.
7. മുതുകെല്ലിൻെറയും വാരിയെല്ലിൻെറയും ഇടയിൽനിന്ന് പുറപ്പെടുന്നതാണത്.
8. തീർച്ചയായും അവനെ തിരികെ കൊണ്ടുവരാൻ കഴിവുറ്റവനാണ് അല്ലാഹു.
9. രഹസ്യകാര്യങ്ങളെ വിലയിരുത്തപ്പെടും ദിനം.
10. അപ്പോൾ അവന് ഒരു ശക്തിയോ സഹായിയോ ഉണ്ടാകുന്നതല്ല.
11. മഴ വർഷിക്കുന്ന മാനത്തെക്കൊണ്ട് സത്യം.
12. സസ്യങ്ങൾ മുളക്കുമ്പോൾ പിളരുന്ന ഭൂമിയെക്കൊണ്ടും സത്യം.
13. നിശ്ചയമായും ഇതൊരു നിർണായക വചനമാണ്.
14. ഇത് തമാശയല്ല.
15. തീർച്ചയായും അവർ കുതന്ത്രം പ്രയോഗിക്കുന്നുണ്ട്.
16. ഞാനും തന്ത്രം പ്രയോഗിക്കുന്നുണ്ട്.
17. അതിനാൽ സത്യനിഷേധികൾക്ക് നീ ഇളവ് നൽകുക. അവർക്ക് പതുക്കെ ഇളവ് അനുവദിക്കുക.

**വിശദീകരണം:**

ചില പരമാർഥങ്ങൾ മനുഷ്യൻെറ മുമ്പിലേക്ക് കൊണ്ടുവരുന്നതിന് അല്ലാഹു പ്രാപഞ്ചിക പ്രതിഭാസങ്ങളെ പിടിച്ചാണയിട്ടാണ് അത് അവതരിപ്പിക്കുന്നത്. ഒന്നും രണ്ടും മൂന്നും വചനങ്ങളുടെ പ്രതിപാദനം അതത്രെ. ആകാശലോകത്തെയും അതിൽ സ്ഥാപിച്ചിട്ടുള്ള തുളച്ചുകയറുന്ന നക്ഷത്രത്തെയുമാണ്

സത്യം ചെയ്യാൻ സ്വീകരിച്ചിട്ടുള്ളത്. അതിൻെറ ആത്യന്തികത ചെന്നെത്തുന്നത് അവയെ സൃഷ്ടിച്ച ഏകദൈവത്തിലേക്കാണ്.

ഓരോരുത്തർക്കും സംരക്ഷകരും നിരീക്ഷകരുമായ മാലാഖമാരെ അല്ലാഹു മേൽനോട്ടക്കാരായി നിശ്ചയിച്ചിട്ടുണ്ട്. അതവരെ ആപത്തുകളിൽനിന്ന് സംരക്ഷിക്കുന്നതോടൊപ്പം അവരുടെ കർമങ്ങളെ രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നു. അതത്രെ നാലാം വചനത്തിൻെറ സാരാംശം. ആകാശലോകത്തെ സംബന്ധിച്ച് ഉൽബോധിപ്പിച്ച ഉടനെ മനുഷ്യനോട് സ്വന്തം അസ്തിത്വത്തെ സംബന്ധിച്ച് ചിന്തിക്കുവാൻ ആവശ്യപ്പെടുന്നു. ''മനുഷ്യൻ നോക്കട്ടെ, അവൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടതെന്ന്''.

ആറും ഏഴും വചനങ്ങളിൽ മനുഷ്യസൃഷ്ടിപ്പിൻെറ അത്ഭുതകരമായ പ്രതിഭാസത്തെ മനുഷ്യ ചിന്തക്ക് മുമ്പിൽ വരച്ചുകാണിക്കുന്നു. സ്ത്രീസംയോജനം മുതൽ അവൻെറ ജനനം വരെയുള്ള ഓരോ ഘട്ടത്തെയും പ്രതിപാദിക്കുകയാണ് അല്ലാഹു ചെയ്യുന്നത്. ആയിരത്തിനാനൂറ് കൊല്ലങ്ങൾക്കു മുമ്പ് നിരക്ഷരനായ തൻെറ ദൂതനിലൂടെ അല്ലാഹു ജനിതക ശാസ്ത്രത്തിൻെറ വിസ്മയകരമായ സത്യം ലോകത്തിന് മുമ്പിൽ വിവരിച്ചു കൊടുക്കുകയുണ്ടായി. ഏകദൈവത്തിൻെറ ശക്തി- മാഹാത്മ്യങ്ങളിലേക്ക് മനുഷ്യശ്രദ്ധ ക്ഷണിക്കുകയാണതുവഴി ചെയ്യുന്നത്.

അതേയവസരം, ഏറെ സങ്കീർണമായ ഈ നിർമാണ പ്രവർത്തനം നടത്താൻ ശക്തനായ അല്ലാഹുവിന് മനുഷ്യനെ തിരിച്ചുപിടിക്കാനും പുനരുജ്ജീവിപ്പിക്കാനും സാധിക്കും. എന്നാണ് അടുത്ത വചനങ്ങൾ സൂചിപ്പിക്കുന്നത്. ജീവിതം കേവലം വിനോദത്തിനായിരുന്നുവെങ്കിൽ ഈ വിധത്തിലുള്ള മരണത്തിൻെറയും പുനർജന്മത്തിൻെറയൊന്നും ആവശ്യം ഉണ്ടായിരുന്നില്ലല്ലോ.

എട്ടും ഒമ്പതും വചനങ്ങളിൽ പരലോക വിചാരണയുടെ രീതിയെ സംബന്ധിച്ച് മനുഷ്യനെ ഇങ്ങനെ ബോധ്യപ്പെടുത്തുന്നു. അവിടെ കർമങ്ങൾ മാത്രമല്ല വിചാരണക്ക് വിധേയമാക്കുക. മറിച്ച്, അതിൻെറ പിന്നിലുള്ള നിമിത്തങ്ങളും അതെ തുടർന്നുണ്ടായ പ്രതിഫലനങ്ങളും അതിൻെറ ഉദ്ദേശ്യവും പാർശ്വഫലങ്ങളെന്നെല്ലാം, അനന്തര തലമുറകളിൽ അതെത്ര മാത്രം സ്വാധീനം ചെലുത്തി തുടങ്ങിയ കാര്യങ്ങളും അന്ന് വിചാരണക്ക് വിധേയമാക്കുന്നതാണ്. അന്ന് ദൈവികവിചാരണയിൽനിന്ന് അവനെ രക്ഷപ്പെടുത്താനോ ശിക്ഷയിൽ ലഘുകരണം വരുത്താനോ അതിനുള്ള ശിപാർശക്കോ ആർക്കും ആരും സഹായികളായി ഉണ്ടാകുന്നതല്ല. മനുഷ്യൻ ആ ദിനം സ്വയം തന്നെ കഴിവ് കെട്ടവനും നിസ്സഹായനുമായിരിക്കും.

പത്ത് മുതൽ പതിനാല്വരെയുള്ള വചനങ്ങളിൽ അല്ലാഹു പറയുന്നു, മഴപെയ്യുന്ന ആകാശവും ചെടി കിളിർത്തുവരുമ്പോൾ പിളരുന്ന ഭൂമിയും മനുഷ്യനെ സംബന്ധിച്ചിടത്തോളം എത്രമാത്രം യാഥാർഥ്യവും ഗൗരവതരവുമാണോ അതേ ഗൗരവത്തോടെ തന്നെ പറയുന്നു, നിങ്ങൾ ദൈവത്തിങ്കലേക്ക് മടങ്ങിവരണമെന്നത് നിർണായകമായ പരമാർഥമാണ്, തമാശയല്ല.

ഖുർആൻ കെട്ടുകഥയാണെന്നും എവിടെനിന്നോ പഠിച്ചുവന്ന് മുഹമ്മദ് അവതരിപ്പിക്കുകയാണെന്നും മറ്റും മക്കയിലെ നിഷേധികൾ പറഞ്ഞു പരത്തിയിരുന്നു. അവസാനത്തെ മൂന്ന് വചനങ്ങളിൽ അതെ പറ്റി പറയുന്നു. ഖുർആൻെറ സന്ദേശത്തെ പരാജയപ്പെടുത്താൻ ഈ ബഹുദൈവവിശ്വാസികളും അവിശ്വാസികളുമായ ആളുകൾ പല കുതന്ത്രങ്ങളും പ്രയോഗിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. അവരത് ചെയ്യട്ടെ. അവരുടെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തുന്ന തന്ത്രങ്ങൾ നാമും പ്രയോഗിക്കും. ഈ വ്യവസ്ഥയെ വിജയിപ്പിക്കാനുള്ള പദ്ധതികളും നാം നടപ്പിലാക്കുന്നുണ്ട്. അതിനാൽ അവർ എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് കാത്തിരുന്നു കാണുക. അവരത് നടപ്പിലാക്കട്ടെ. നാം അതിൻെറ മറുതന്ത്രം പ്രയോഗിക്കുമ്പോൾ അവർക്ക് അവരുടെ ദൗർബല്യം സ്വയം ബോധ്യപ്പെടുന്നതായിരിക്കും. അതിനാൽ അവരുടെ കാര്യത്തിൽ ധിറുതി വേണ്ട. അനുഭവിക്കാൻ പോകുന്ന ശിക്ഷ എന്തെന്ന് സ്വയം ബോധ്യപ്പെടും വിധം അവർക്ക് സമയം അനുവദിക്കുക.

---

*******

## അധ്യായം 87

# അൽ അട്ലാ. (പരമോന്നതൻ)

**അവതരണം മക്കയിൽ, വചനങ്ങൾ 19**

**അദ്ധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ്(സ)യുടെ പ്രവാചകത്വജീവിതത്തിൻെറ ആദ്യനാളുകളിൽ മക്കയിലാണ് ഈ അദ്ധ്യായം അവതരിച്ചത്. മൂന്ന് കാര്യങ്ങൾ ഈ അദ്ധ്യായം നമ്മുടെ മുമ്പിൽ വെക്കുന്നു. സ്രഷ്ടാവ് എന്ന നിലക്ക് അല്ലാഹുവിൻെറ കഴിവുകൾ എടുത്ത് പറഞ്ഞ് ഏകദൈവത്തെ പരിചയപ്പെടുത്തുന്നു. ദിവ്യബോധനവുമായി ബന്ധപ്പെട്ട് പ്രവാചകൻ (സ)യോട് ചില നിർദ്ദേശങ്ങൾ നല്കുക വഴി പ്രവാചകത്വത്തിലേക്ക് വെളിച്ചം വീശുന്നു. ഭൗതികജീവിതത്തെയും പരലോകത്തെയും എടുത്തുദ്ധരിച്ച് പരലോകത്തെ സംബന്ധിച്ചും അത് നമ്മെ ഓർമപ്പെടുത്തുന്നു. ചുരുക്കത്തിൽ ജീവിതത്തിൻെറ അടിസ്ഥാനങ്ങളായ ഏകദൈവവിശ്വാസം, പ്രവാചകത്വം, പരലോക ജീവിതം എന്നിവ പരിചയപ്പെടുത്തുന്ന ഒരദ്ധ്യായമാണിത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. അത്യുന്നതനായ നിൻെറ നാഥൻെറ നാമത്തെ വാഴ്ത്തുക.
2. സൃഷ്ടിക്കുകയും അങ്ങനെ സന്തുലിതമാക്കുകയും ചെയ്തവൻെറ.
3. ക്രമീകരിക്കുകയും നേർവഴി കാണിക്കുകയും ചെയ്തവൻെറ.
4. മേച്ചിൽ പുറങ്ങളെ പുറപ്പെടുവിച്ചവൻെറ.
5. എന്നിട്ടതിനെ ഉണങ്ങിക്കരിഞ്ഞ ചവറാക്കുകയും ചെയ്തവൻെറ.
6. തീർച്ചയായും നിനക്കു നാം ഓതിത്തരാം. അപ്പോൾ നീയത് മറക്കുകയില്ല;
7. അല്ലാഹു ഇഛരിച്ചതൊഴികെ. തീർച്ചയായും പരസ്യവും രഹസ്യവും അവനറിയുന്നു.

**വിശദീകരണം:**

അല്ലാഹുവിൻെറ മാഹാത്മ്യങ്ങൾ എടുത്തോതി അവനെ ഏറ്റം നല്ല രീതിയിൽ വാഴ്ത്തുകയത്രെ ആദ്യത്തെ അഞ്ച് വചനങ്ങളിൽ ചെയ്തിരിക്കുന്നത്. ഇത് ഏകദൈവവിശ്വാസികൾക്കുള്ള മഹത്തായ ഒരു പാഠമാണ്. തൻെറ സ്രഷ്ടാവിനെ ഏറ്റവും നല്ല നാമംകൊണ്ട് സ്മരിക്കുക എന്ന് ഉപദേശമാണത്. അതാകട്ടെ നല്ല സാഹചര്യത്തിലും അവസ്ഥയിലുമാകലാണ് അതിൻെറ ശ്രേഷ്ഠത. സൃഷ്ടിലോകത്ത് അവൻെറ ശക്തിപ്രതാപങ്ങൾക്കുള്ള അടയാളങ്ങൾ എടുത്തുദ്ധരിച്ചുകൊണ്ടാണ് ഈ ആവശ്യപ്പെടൽ. അല്ലാതെ നാട് ഭരിക്കുന്ന രാജാവ് തൻെറ പ്രജകളിൽനിന്ന് അനർഹമായ രീതിയിൽ പ്രശംസ ആവശ്യപ്പെടുന്നതു പോലെയല്ല അത്. അതത്രെ രണ്ട് മുതൽ അഞ്ച് വരെയുള്ള വചനങ്ങൾ സൂചിപ്പിക്കുന്നത്.
അല്ലാഹു സൃഷ്ടിക്കുക മാത്രമല്ല ചെയ്തത്, ഓരോന്നിനെയും അനുയോജ്യമായ രീതിയിൽ ഘടിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവൻെറ സൃഷ്ടിപ്പിൽ ഏറ്റക്കുറച്ചിലോ ന്യൂനതയോ കാണുന്നില്ല. അവൻെറ യുക്തിയുടെയും ജ്ഞാനത്തിൻെറയും അടിസ്ഥാനത്തിലുള്ള നിർണയമാണത്. അതു കൊണ്ടാണല്ലോ പ്രാപഞ്ചികവ്യവസ്ഥ ജീവിതം നിലനിർത്തുന്നതിൽ ഒന്ന് മറ്റൊന്നിന് സഹായകമായ രീതിയിലും അവസ്ഥയിലും സ്ഥാപിച്ചിരിക്കുന്നത്. അതോടൊപ്പം ജീവികളുടെ ജീവിതത്തിനാവശ്യമായ കാര്യങ്ങൾ ബോധനം നല്കുകയും ചെയ്തിരിക്കുന്നു. ഈ ബോധനം നല്കപ്പെട്ടിട്ടില്ലാത്ത സൃഷ്ടികൾ ഇല്ല തന്നെ. ഈ ബോധനത്തിന് രണ്ട് വകുപ്പുകളുണ്ട്. ഒന്ന്, സ്വന്തം ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ കാര്യങ്ങളുടെയും നിർവഹിക്കേണ്ട ഉത്തരവാദിത്തത്തിൻെറയും ബോധനം. രണ്ട്,സൃഷ്ടികൾ പരസ്പരം സഹകരിച്ചു മുന്നോട്ടു നീങ്ങേണ്ട കാര്യങ്ങളുടെ ബോധനം. അവയുടെ അടിസ്ഥനത്തിലാണ് ഭൂമിയിൽ ജീവികളുടെ ജീവിതം മുന്നോട്ട് നീങ്ങുന്നത്. ഓരോന്നിനും അവയുടെ ഘടനക്കും സ്ഥാന

ത്തിനും അനുയോജ്യമായ രീതിയിലാണ്‌ കാര്യങ്ങൾ ബോധിപ്പിച്ചിരിക്കുന്നത്‌. മനുഷ്യന്‌ നല്‌കിയ ജീവിത നിർദ്ദേശങ്ങളും അതിൻെറ ഭാഗം തന്നെയാണ്‌.

മേച്ചിൽപുറങ്ങൾ സൃഷ്ടിച്ചതോടൊപ്പം അവയെ പോഷിപ്പിക്കുകയോ കരിച്ചുകളയുകയോ ചെയ്യുന്ന കാലാവസ്ഥയും അവൻ സൃഷ്ടിച്ചിരിക്കുന്നു. ജീവിതത്തിന്‌ ശേഷമുള്ള മൃതാവസ്ഥയെ അത്‌ സൂചിപ്പിക്കുന്നു. അതത്രെ നാലും അഞ്ചും വചനങ്ങളുടെ പ്രതിപാദ്യം.

ഇത്രയും കാര്യങ്ങൾ പരാമർശിച്ചശേഷം മറ്റൊരു വിഷയത്തിലെക്ക്‌ പ്രവേശിക്കുകയാണ്‌. ആറ്‌ മുതൽ എട്ട്‌ വരെയുള്ള ഭാഗങ്ങളുടെ പ്രതിപാദ്യം ഇതത്രെ: ദിവ്യബോധനം ലഭിച്ചുകൊണ്ടിരുന്ന ആദ്യനാളുകളിൽ പ്രവാചകൻ(സ) പ്രസ്തുത സന്ദേശങ്ങൾ മറന്നു പോകാതിരിക്കാൻ അത്‌ ആവർത്തിച്ചു ഉരുവിടാറുണ്ടായിരുന്നു.ഒട്ടേറെ പ്രവാചക വചനങ്ങളിൽ അക്കാര്യം അനുസ്മരിക്കപ്പെട്ടിട്ടുണ്ട്‌. അതിൻെറ പേരിൽ അദ്ദേഹത്തെ സമാധാനിപ്പിച്ചു അല്ലാഹു പറയുന്നു: നാം താങ്കൾക്കു ഓതിത്തരാം. താങ്കൾ അത്‌ ശ്രദ്ധാപൂർവം കേൾക്കുക. അതു മറന്നുപോകുമെന്ന ഭയം താങ്കൾക്കു ഒട്ടും വേണ്ട, അല്ലാഹു ഉദ്ദേശിച്ചതൊഴിച്ച്‌. ദിവ്യബോധനത്തിൽ താങ്കൾ വല്ലതും വിസ്മരിക്കണമെന്നുണ്ടെങ്കിൽ അത്‌ അല്ലാഹുവിന്‌ പ്രയാസമുള്ള കാര്യമല്ല. എന്നാൽ വിസ്‌മൃതി കൂടാതെ താങ്കൾ ഹൃദിസ്ഥമാക്കുന്നത്‌ തീർച്ചയായും അല്ലാഹുവിൻെറ ഔദാര്യവും അനുഗ്രഹവുമാണ്‌. അല്ലാഹുവാകട്ടെ സൃഷ്ടികൾ രഹസ്യമായും പരസ്യമായും ചെയ്യുന്നത്‌ സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

8. എളുപ്പത്തിലേക്കുള്ള വഴി നിനക്കു നാം ഒരുക്കിത്തരും.
9. അതിനാൽ നീ ഉദ്‌ബോധിപ്പിക്കുക - ഉദ്‌ബോധനം ഉപകരിക്കുമെങ്കിൽ.
10. ദൈവഭയമുള്ളവൻ ഉദ്‌ബോധനം തീർച്ചയായും സ്വീകരിക്കും.
11. നിർഭാഗ്യവാൻ അതിൽനിന്ന്‌ അകന്നു നിൽക്കും.
12. കഠിനമായ നരകത്തീയിൽ അവൻ പ്രവേശിക്കുന്നതാകുന്നു.
13. പിന്നെ അവനതിൽ മരിക്കുകയില്ല.
14. തീർച്ചയായും വിശുദ്ധി വരിച്ചവൻ വിജയിച്ചു.
15. തൻെറ നാഥൻെറ നാമമോർക്കുകയും എന്നിട്ട്‌ നമസ്കരിക്കുകയും ചെയ്യുന്നവൻ.
16. എന്നാൽ നിങ്ങൾ ഈ ലോകജീവിതത്തിനാണ്‌ മുൻഗണന നല്‌കുന്നത്‌.
17. പരലോകമാണ്‌ ഏറ്റവും ഉത്തമവും ശാശ്വതവും.
18. തീർച്ചയായും ഇത്‌ പൂർവവേദങ്ങളിലുണ്ട്‌.
19. അഥവാ, ഇബ്രാഹീമിൻെറയും മൂസായുടെയും ഏടുകളിൽ.

---

എട്ട്‌ മുതൽ പത്തൊമ്പത്‌ വരെയുള്ള വചനങ്ങൾ പരലോകവിശ്വാസത്തിലേക്കാണ്‌ വിരൽ ചൂണ്ടുന്നത്‌. അതിൽ പ്രവാചകരോട്‌ പറയുന്നു: അനുഷ്ഠിക്കാനും ആചരിക്കാനും ലളിതമായ രീതിയിലുള്ള കാര്യങ്ങളാണ്‌ നാം താങ്കളെ ചുമതലപ്പെടുത്താൻ പോകുന്നത്‌. താങ്കൾ ചെയ്യുന്ന ജോലിയിൽ ഒരു തരത്തിലുള്ള ക്ലേശവും നാം ഉണ്ടാക്കുന്നില്ല. അതിനാൽ താങ്കൾ താങ്കളെ ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ബോധനം ചെയ്യുക. അത്‌ ശ്രദ്ധിക്കുന്നവരാരെന്നും അവഗണിക്കുന്നവരാരെന്നും വ്യക്തമായി മനസ്സിലാക്കി പിൻപറ്റുന്നവരെ പ്രത്യേകം പരിഗണിക്കണം. അവരുടെ സംസ്കരണത്തിന്‌ ആവശ്യമായ കാര്യങ്ങൾ ചെയ്യണം. എന്നാൽ ദൗർഭാഗ്യവാൻ അതിൽ നിന്ന്‌ മുഖംതിരിച്ച്‌ അകന്നുകളയും. അവൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ വേണ്ട. അവൻ അതിൻെറ പരിണതി അറിയുന്നതാണ്‌, അത്തരക്കർക്കുള്ളതാണ്‌ നരകം. എന്നാൽ ഉദ്‌ബോധനം സ്വീകരിക്കുകയും സ്വയം സംസ്കരണം നേടുകയും ചെയ്യുന്നവർക്ക്‌ നരകത്തിൽനിന്ന്‌ രക്ഷപ്പെടാൻ അതു തന്നെ ധാരാളമാണ്‌.

വിജയം വരിച്ച വിഭാഗം ഇവരത്രെ. ഈ ഉൽബോധനം സ്വീകരിച്ച്‌ മനസ്സിൽ ഏകദൈവ വിശ്വാസവും പ്രവാചക സ്നേഹവും വളർത്തിയെടുക്കുകയും ജീവിതശുദ്ധി കൈക്കൊണ്ടവരും. അവർ തങ്ങളുടെ നാഥനെ സദാ സ്മരിക്കുന്നു. അതോടൊപ്പം അല്ലാഹു നിർദ്ദേശിച്ചതുപോലെ ഭക്തിയോടെ, മുറപ്രകാരം നമസ്കാരം നിലനിറുത്തുന്നു.അത്തരം ആളുകളാണ്‌ വിജയികൾ.പക്ഷേ, നിങ്ങൾ ഭൗതിക ജീവിതത്തിനാണ്‌ മുൻഗണന നല്‌കുന്നത്‌. അതിൻെറ മോഡിയും അലങ്കാരവും ഏക ദൈവസ്മരണയിൽനിന്നും ജീവിത

വിശുദ്ധിയിൽ നിന്നും നിങ്ങളെ അശുദ്ധരാക്കിയിരിക്കുന്നു. പാരത്രിക ജീവിതത്തിനായിരുന്നു നിങ്ങൾ മുൻഗണന നല്കേണ്ടിയിരുന്നത്. അതാണ് എന്നെന്നും നിലനില്ക്കുന്നത്. ഐഹിക വിഭവങ്ങൾ താൽക്കാലികവും നശിക്കുന്നതും തുഛവുമാകുന്നു. ബുദ്ധിയുള്ളവർക്ക് എങ്ങനെയാണ് ഐഹിക ലോകവിഭവങ്ങൾക്ക് പ്രാമുഖ്യം നല്കി എന്നെന്നും നിലനിൽക്കുന്ന പരലോകത്തെ വിസ്മരിക്കാൻ സാധിക്കുക?

ഈ അദ്ധ്യായത്തിൽ പരാമർശിച്ച ഉപദേശങ്ങൾ പുതിയതൊന്നുമല്ല. അവ മുഴുവൻ പൂർവ ഏടുകളായ ഇബ്രഹീം(അ)യുടെയും മൂസാ(അ)യുടെയും ഏടുകളിൽ പരാമർശിച്ച പരമാർഥങ്ങൾ തന്നെയാകുന്നു.

---

*******

## അധ്യായം 88

# അൽ ഗാശിയഃ (മൂടി)

**അവതരണം മക്കയിൽ, വചനങ്ങൾ 26**

**അദ്ധ്യായ പരിചയം:**

പ്രവാചക സന്ദേശത്തെ അവഗണിച്ചു ജീവിക്കുന്ന ആളുകൾക്ക് അല്ലാഹുവിൻെറ കോടതിയിൽ രക്ഷാശിക്ഷകൾ വിധിക്കപ്പെടുന്ന അന്ത്യനാളിനെ വർണിച്ചുകൊടുക്കുകയത്രെ ഈ അദ്ധ്യായം ചെയ്യുന്നത്. പരലോകത്ത് മനുഷ്യരെ അവരുടെ കർമങ്ങൾ രണ്ടു വിഭാഗമാക്കിത്തിരിക്കും.ഒരു കൂട്ടർ ശിക്ഷയിലേക്കും രണ്ടാമത്തെ കൂട്ടർ സൗഭാഗ്യങ്ങളിലേക്കും നയിക്കപ്പെടുന്നതാണ്. അന്ത്യദിനം, അതെങ്ങനെ സംഭവിക്കാൻ എന്ന് സംശയിക്കുന്നവരോട്, തങ്ങളുടെ ചുറ്റും കാണുന്ന കാഴ്ചകളെക്കുറിച്ച് ചിന്തിക്കാൻ ഖുർആൻ ആവശ്യപ്പെടുന്നു. അതോടൊപ്പം പ്രപഞ്ച പ്രതിഭാസങ്ങളെക്കുറിച്ച് വിശിഷ്യാ അറബികൾക്ക് സുപരിചിതമായ ഒട്ടകത്തെ സംബന്ധിച്ചും അതോടൊപ്പം വാനലോകം, ഭൂമി എന്നിവയുടെ സൃഷ്ടിപ്പിനെപ്പറ്റിയും ചിന്തിക്കാൻ ആവശ്യപ്പെടുന്നു. എന്നിട്ടും ജനം ഉൽബോധനം സ്വീകരിക്കുന്നില്ലെങ്കിൽ അല്ലാഹു മുഹമ്മദ് നബിയോട് പറയുന്നു:അവരെ വിട്ടേക്കുക.താങ്കൾ ഒരു മുന്നറിയിപ്പുകരൻ മാത്രമാണ് .

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. മൂടിക്കളയുന്ന മഹാവിപത്തിൻെറ വാർത്ത നിനക്ക് വന്നെത്തിയോ?
2. അന്ന് ചില വദനങ്ങൾ പേടിച്ചരണ്ടവയായിരിക്കും.
3. അധ്വാനിച്ച് ക്ഷീണിച്ച് തളർന്നവയും.
4. ചുട്ടെരിക്കുന്ന നരകത്തിൽ അവർ ചെന്നെത്തും.
5. തിളച്ചുമറിയുന്ന ഉറവയിൽ നിന്ന് അവർ കുടിപ്പിക്കപ്പെടും.
6. കയ്പുള്ള മുൾച്ചെടിയിൽ നിന്നല്ലാതെ അവർക്ക് ഒരാഹാരവുമില്ല.
7. അത് ശരീരത്തെ പോഷിപ്പിക്കില്ല. വിശപ്പടക്കാൻ പര്യാപ്തവുമല്ല.
8. എന്നാൽ മറ്റു ചില വദനങ്ങൾ അന്ന് പ്രസന്നങ്ങളായിരിക്കും.
9. തങ്ങളുടെ കർമങ്ങളെക്കുറിച്ച് സംതൃപ്തരും.
10. അത്യുന്നതമായ സ്വർഗീയാരാമത്തിലായിരിക്കും.
11. പൊളി വചനങ്ങൾ അവർ അവിടെ കേൾക്കുകയില്ല.
12. അവിടെ ഒഴുകുന്ന അരുവിയുണ്ട്.
13. ഉയർത്തി വെക്കപ്പെട്ട മഞ്ചങ്ങളുണ്ട്.
14. തയ്യാറാക്കി വെക്കപ്പെട്ട പാനപാത്രങ്ങളുണ്ട്.
15. അണിനിരത്തപ്പെട്ട തലയിണകളും.
16. വിരിക്കപ്പെട്ട പരവതാനികളും.
17. അവർ ഒട്ടകത്തിലേക്ക് നോക്കുന്നില്ലേ?അത്എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന്?
18. ആകാശത്തിലേക്കും; അത് എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നുവെന്ന്?
19. പർവ്വതങ്ങളിലേക്കും; അത് എങ്ങനെ സ്ഥാപിക്കപ്പെട്ടുവെന്ന്?
20. ഭൂമിയിലേക്കും; അത് എങ്ങനെ വിരിക്കപ്പെട്ടിരിക്കുന്നുവെന്ന്?
21. അതിനാൽ നീ ഉദ്ബോധിപ്പിക്കുക. നീ ഒരുദ്ബോധകൻ മാത്രമാണ്.
22. നീ അവരുടെ മേൽ അധികാരിയല്ല.

23. ആർ പിന്തിരിയുകയും സത്യത്തെ തള്ളിപ്പറയുകയും ചെയ്യുന്നുവോ,
24. അവനെ അല്ലാഹു കഠിനമായി ശിക്ഷിക്കും.
25. നിശ്ചയമായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം.
26. പിന്നെ അവരുടെ വിചാരണയും നമ്മുടെ ചുമതലയിലാണ്.

**വിശദീകരണം:**

''ഗാശിയ'' എന്നത് ഉയിർത്തെഴുന്നേല്പുനാളിന്റെ നാമമാകുന്നു.ആ നാളിൽ ചിലരിൽ അതിന്റെ ഭീകരതയും ദുഃഖവും നിഴൽ വിരിക്കും. ചിലരിലാകട്ടെ പ്രതീക്ഷയും സന്തോഷവുമായിരിക്കും ഉണ്ടാവുക. അവരുടെ അവസ്ഥകളാണ് 2 മുതൽ 16 വരെയുള്ള വചനങ്ങളിൽ സൂചിപ്പിക്കുന്നത്. പുനരുഥാനനാളിലെ ഓരോ കാര്യങ്ങളും നമ്മുടെ ഭാവനകളിൽ കാണുന്നതിനെക്കാൾ ഉപരിയായിരിക്കും. അതെങ്ങനെയെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളു.

ഈ ലോകജീവിതത്തിൽ ജനം സത്യത്തിനു നേരെ വെച്ചുപുലർത്തിയ പ്രതികരണങ്ങൾ എന്തായാലും അത് രണ്ടുവിധമായിരിക്കും. ഒന്ന്, തികഞ്ഞ നിഷേധം. അത്തരക്കാർ പല വിധത്തിലുമായിരിക്കും. തികഞ്ഞ ദൈവനിഷേധികൾ, ദൈവത്തെ അംഗീകരിക്കുന്നതോടൊപ്പം ഇതര ദൈവങ്ങളിലും വിശ്വസിക്കുന്നവർ, പ്രവാചകന്മാരെ നിഷേധിക്കുന്നതോടൊപ്പം ബഹുദൈവങ്ങളെ അംഗീകരിക്കുന്നവർ, ബഹുദൈവങ്ങളെ അംഗീകരിക്കുകയും പ്രവാചകന്മാരിൽ ചിലരെ തള്ളിക്കളയുകയും ചെയ്യവർ, ദൈവിക അദ്ധ്യാപനങ്ങൾ മറച്ചു വെച്ചവർ,മാറ്റിമറിച്ചവർ,പാടെ നിഷേധിച്ചവർ, അതിനെ വിസ്മരിച്ചവർ ഇങ്ങനെ ദൈവനിഷേധികളും ധിക്കാരികളും ഏതെല്ലാം വിഭാഗമുണ്ടോ അവരെല്ലാം ഇവിടെ ഉദ്ദേശ്യമാണ്.

രണ്ട്, സന്മനസ്സോടു കൂടിയ അംഗീകാരം. അവരത്രെ ഏകദൈവ വിശ്വാസികളും അവന്റെ താല്പര്യത്തിനൊത്ത വിധം ജീവിച്ചവരും. പരലോകത്ത് മനുഷ്യർ ഒരുമിച്ച് കൂടുന്നത് ഈ രണ്ട് അവസ്ഥകളുടെയും അടയാളങ്ങളോടുകൂടിയായിരിക്കും. ശിക്ഷ കൺമുമ്പിൽ കാണുമ്പോൾ ധിക്കാരികളിൽ അതിന്റേതായ സ്വാഭാവികമായ ഭയവും ദുഃഖവും പ്രകടമാകും.

എന്നാൽ പരലോകത്തെ തന്റെ പരിണതി നന്നാക്കുന്നതിനാസ്പദമായ ജീവിത കൃത്യങ്ങളിൽ മുഴുകുവാൻ വിവിധങ്ങളായ ദൃഷ്ടാന്തങ്ങൾ അല്ലാഹു മനുഷ്യബുദ്ധിക്കു മുമ്പിൽ നിരത്തിയിട്ടുണ്ട്. അതാണ് 17 മുതൽ 20 വരെയുള്ള വചനങ്ങളിൽ സൂചിപ്പിക്കുന്നത്. അത്യാശ്ചര്യകരമായ ഈ സൃഷ്ടി വൈവിധ്യം കണ്ട് മനുഷ്യൻ തന്റെ സ്രഷ്ടാവിനെ കണ്ടെത്തുകയും അവനെ അംഗീകരിക്കുകയും ചെയ്യണം എന്നതാണ് അതിന്റെ തേട്ടം. ബുദ്ധിയും വിവേകവുമുള്ള ആർക്കും ആലോചിക്കുവാൻ പര്യാപ്തമായ രീതിയിലാണ് ഓരോ പ്രപഞ്ചവസ്തുവും. സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതോടൊപ്പം അത് മറ്റൊരു കാര്യം കൂടി തുറന്നു പറയുന്നുണ്ട്. അതായത്, ഇത്രയൊക്കെ വൈവിധ്യം നിറഞ്ഞ സൃഷ്ടിപ്പ് നടത്തിയ ഏക ദൈവത്തിന് മറ്റൊരു ലോകം സൃഷ്ടിക്കുവാനും മനുഷ്യരെ വീണ്ടും അവിടെ ഒരുമിച്ച് കൂട്ടുവാനും യാതൊരു പ്രയാസവുമില്ല എന്നതാണ്.

21 മുതൽ 26 വരെയുള്ള വചനങ്ങളിൽ പ്രവാചകനെ അഭിസംബോധനം ചെയ്തുകൊണ്ട് പറയുന്ന കാര്യങ്ങളാണ്. ഈ വക യാഥാർഥ്യങ്ങൾ കണ്ടിട്ടും യാഥാർഥ്യം അംഗീകരിക്കാൻ വിസമ്മതിക്കുന്നവരെ അവരുടെ പാട്ടിന് വിട്ടേക്കുക. അവരെ നിർബന്ധിക്കുവാൻ താങ്കൾ ആളല്ല. അവർക്ക് മുന്നറിയിപ്പ് നല്കുക മാത്രമാണ് താങ്കളുടെ ജോലി. ഏതവസ്ഥയിലായാലും മനുഷ്യർ ഒന്നടങ്കം അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെല്ലേണ്ടവരാകുന്നു. അവരെ വിചാരണ ചെയ്യുന്നവനും രക്ഷാശിക്ഷകൾ നല്കുന്നവനും അല്ലാഹു തന്നെയാണ്.

*********

## അധ്യായം 89

# അൽ ഫജ്ർ. (പുലർക്കാലം)

**അവതരണം മക്കയിൽ, വചനങ്ങൾ 30**

**അധ്യായ പരിചയം:**

ഇഹലോകത്തിന് ശേഷം ഒരു പരലോകമുണ്ടെന്നും അതിൽ മനുഷ്യർക്ക് അവരുടെ കർമങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷാശിക്ഷകൾ ഏറ്റുവാങ്ങണമെന്നും ബോധ്യപ്പെടുത്തുകയാണ് ഈ ഖുർആൻ അദ്ധ്യായം.അതിന് അടയാളമായി ആദ്, ഥമൂഥ്, ഫറോവ തുടങ്ങിയ ധിക്കാരി സമൂഹങ്ങളുടെ പര്യവസാനങ്ങൾ ചൂണ്ടിക്കാണിക്കുന്നു രക്ഷാശിക്ഷകൾ നല്കുകയെന്ന ദൈവത്തിന്റെ യുക്തിയുടെയും നീതിയുടെയും താല്പര്യം ഈ ഭൗതികലോകത്തുതന്നെ മനുഷ്യചരിത്രത്തിൽ നിരന്തരം പുലരുന്നതായി കാണാം.

ഭൗതിക ജീവിതത്തിൽ സമ്പത്തും സ്ഥാനമാനങ്ങളും അധികാരങ്ങളും മനുഷ്യൻ സർവസ്വമായി കരുതുന്നു. അല്ലാഹു ഈ ലോകത്ത് ആർക്ക് എന്തു നല്കുകയാണെങ്കിലും അതൊരു പരീക്ഷണമാണെന്നതാണ് യാഥാർഥ്യം. അതിനാൽ സമ്പന്നത ഒരനുഗ്രഹമല്ല. ദാരിദ്ര്യം ഒരു ശിക്ഷയുമല്ല. സമ്പന്നൻ തന്റെ സമ്പത്തുകൊണ്ട് എന്തു ചെയ്യുന്നുവെന്നും ദാരിദ്ര്യത്തിലകപ്പെട്ടവൻ അതിനെതിരെ എന്തു നിലപാടു സ്വീകരിക്കുന്നു എന്നും ദൈവം പരീക്ഷിക്കുന്നു.

രക്ഷാശിക്ഷകളെ നിഷേധിച്ചവർ വിചാരണ നാളിനുവേണ്ടി ഒന്നും ചെയ്തുവെയ്ക്കാത്തതിനാൽ ആ ദിനം വിലപിക്കുന്നതായിരിക്കും. പക്ഷേ, ആ വിലാപം ശിക്ഷയിൽ നിന്ന് അവരെ രക്ഷിക്കുകയില്ല. പ്രവാചകന്മാർ കൊണ്ടുവന്ന കാര്യങ്ങൾ സത്യം തന്നെയായിരുന്നുവെന്നും അത് നിഷേധിച്ചത് തനി വിഡ്ഢിത്തമായിപ്പോയെന്നും ധിക്കാരികൾക്ക് ബോധ്യമാകും. അന്നേരം ബോധമുദിച്ചതുകൊണ്ടോ തെറ്റു സമ്മതിച്ചതുകൊണ്ടോ ഒരു പ്രയോജനവുമുണ്ടാവില്ല.

പ്രവാചകന്മാരെ അനുസരിക്കുകയും ദൈവിക മാർഗത്തിൽ നേരിടേണ്ടിവന്ന വിഷമങ്ങളെയും ബുദ്ധിമുട്ടുകളെയും ക്ഷമയോടെ സഹിക്കുകയും ചെയ്ത ആത്മാക്കൾ അന്നാളിൽ തങ്ങളുടെ നാഥന് പ്രീതിപ്പെട്ടവരായി അവർക്കു വേണ്ടി ഒരുക്കപ്പെട്ട സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതായിരിക്കും.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. പ്രഭാതമാണ് സാക്ഷി.
2. പത്തു രാവുകളാണ് സാക്ഷി.
3. ഇരട്ടയും ഒറ്റയുമാണ് സാക്ഷി.
4. രാവ്, അത് കടന്നുപൊയ്ക്കൊണ്ടിരിക്കുമ്പോൾ സാക്ഷി.
5. കാര്യമറിയുന്നവന് അതിൽ സത്യമുണ്ടോ?

**വിശദീകരണം:**

പ്രഭാതത്തെക്കൊണ്ട് സത്യം.ദുൽഹജ്ജ് മാസത്തിലെ പത്ത് രാത്രികളെക്കൊണ്ട് സത്യം, അറഫാദിനവും അയ്യാമുത്തശ്‌രീഖിന്റെ അവസാനദിനവുംകൊണ്ട് സത്യം,പ്രഭാതം വിടരുമ്പോൾ നീങ്ങിപ്പോകുന്ന രാത്രിയാണ് സത്യം. ഇതത്രെ ഒന്നു മുതൽ നാല് വരെയുള്ള വചനങ്ങളുടെ ആശയം. നമ്മെ സംബന്ധിച്ചിടത്തോളം ദിനങ്ങളുടെ മാറ്റത്തിനാധാരം സൂര്യ ചന്ദ്രന്മാരുടെ ഉദയാസ്തമനമാണല്ലോ.

പ്രസ്തുത നാല് കാര്യങ്ങളെയും പിടിച്ചാണയിട്ടാണ് മക്കാ നിവാസികളുടെ വിശ്വാസത്തിലേക്ക് കടന്നു ചെല്ലുന്നത്. മുകളിൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ അഥവാ പ്രഭാതം,പത്ത് രാത്രികൾ ഒറ്റയും ഇരട്ടയും, നീങ്ങിപ്പോകുന്ന രാത്രി ഇവയുടെയൊക്കെ നിയന്ത്രണം സർവശക്തനായ അല്ലാഹുവിൻെറ നിയന്ത്രണത്തിലാണ്. തികച്ചും യുക്തി ബദ്ധുരമായ രീതിയിലാണ് അവൻ അവയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രാപഞ്ചിക പ്രതിഭാസങ്ങളെ ചൂണ്ടിക്കാണിച്ച് ഖുറൈശികളുടെ പരലോക നിഷേധത്തെ വിമർശിക്കുകയാണ് ഖുർആൻ ചെയ്യുന്നത്.

മനുഷ്യനെ വിചാരണ ചെയ്യാനും ചോദ്യം ചെയ്യാനുമുള്ള സ്രഷ്ടാവിൻെറ പരമാധികാരത്തെ ബോധ്യപ്പെടുത്താനാണ് ചരിത്രവസ്തുക്കൾ എന്ന നിലക്ക് കഴിഞ്ഞുപോയ ചില മഹാശക്തരായിരുന്ന സമൂഹത്തിൻെറയും രാജാക്കന്മാരുടെയും പരിണതികൾ എടുത്തുദ്ധരിക്കുന്നത്.മനസ്സിലാക്കേണ്ട വിഷയം ഇതത്രെ: ലോകത്തിന് ഒരു ധാർമിക വ്യവസ്ഥയുണ്ട്. അത് ഏക ദൈവം നിർണയിച്ചുതന്നതാണ്. അതനുസരിച്ചുള്ള ജീവിതത്തിനാണ് അവൻ പ്രതിഫലം നല്കുകയുള്ളു. അതിനെതിരെ ധിക്കാരം അനുവർത്തിച്ചപ്പോഴൊക്കെ അത്തരക്കാരുടെ മേൽ സ്രഷ്ടാവിൻെറ ശിക്ഷയുടെ ചമ്മട്ടി പ്രയോഗിക്കപ്പെടുകയുണ്ടായിട്ടുണ്ട്. അതിൽനിന്നവനെ പിന്തിരിപ്പിക്കുന്ന ഒരു ശക്തിയും അവൻെറ മുമ്പിലില്ല.

---

6. ആദ് ജനതയെ നിൻെറ നാഥൻ എന്തു ചെയ്തുവെന്ന് നീ കണ്ടില്ലേ,
7. ഉന്നത സ്തൂപങ്ങളുടെ ഉടമകളായ ഇറം ഗോത്രത്തെ?
8. അവരെപ്പോലെ ഒരു ജനത നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നു.
9. താഴ്വരകളിൽ പാറ തുരന്ന് പാർപ്പിടങ്ങളുണ്ടാക്കിയ ഥമൂദ് ഗോത്രത്തെയും.
10. ആണികളുടെ ആളായ ഫറവോനെയും.
11. അവർ നാടുകളിൽ അതിക്രമം പ്രവർത്തിച്ചവരായിരുന്നു.
12. അവരവിടെ കുഴപ്പം വർദ്ധിപ്പിച്ചു.
13. അപ്പോൾ നിൻെറ നാഥൻ അവർക്കുമേൽ ശിക്ഷയുടെ ചാട്ടവാർ ചൊരിഞ്ഞു
14. നിശ്ചയം, നിൻെറ നാഥൻ പതിസ്ഥലത്തു തന്നെയുണ്ട്.

---

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളിലേക്ക് മനുഷ്യശ്രദ്ധയെ ക്ഷണിക്കാനാണ് ആറ് മുതൽ പതിനാല് വരെയുള്ള വചനങ്ങളിലടങ്ങിയ കാര്യങ്ങൾ ഉദ്ധരിച്ചത്. ഏറെ ശക്തരും പ്രതാപികളുമായിരുന്ന ഒരു പുരാതന ജനവർഗമാണ് ആദ്. അവരെ വെല്ലുവിളിക്കത്തക്കവിധം ശക്തരായ ഒരു ജനതയും അക്കാലത്ത് ലോകത്ത് നിലവിലുണ്ടായിരുന്നില്ല. പ്രവാചകൻ നൂഹ്(അ)ൻെറ സന്താനപരമ്പരയിൽ പെട്ടവരാണിവർ.അവരിലേക്ക് നിയുക്തനായ പ്രവാചകൻ ഹൂദ്നബിയെ അവർ നിഷേധിക്കുകയും ദൈവധിക്കാരം പ്രവർത്തിക്കുകയും ചെയ്തതായിരുന്നു അതിശക്തരായ ആ ജനതയെ അല്ലാഹു ഭൂമിയിൽനിന്ന് തുടച്ചുനീക്കൻ കാരണം.

വലിയ പാറകൾ തുരന്ന് ഉയർന്ന കെട്ടിടങ്ങൾ ഉണ്ടാക്കിയിരുന്ന ശക്തരായ ഒരു ജന വർഗമായിരുന്നു ഥമൂഥ്. സൗദിഅറേബ്യയിലെ തബൂക്കിലായിരുന്നു ആ ജനം അധിവസിച്ചിരുന്നത്. അവരിലേക്ക് ആഗതനായ പ്രവാചകനെ അവർ ധിക്കരിക്കുകയും അല്ലാഹുവിനെ വെല്ലുവിളിക്കുകയും ചെയ്തു. ധിക്കാരികളായ ആ ജനതയെയും അല്ലാഹു നശിപ്പിക്കുകയാണ് ചെയ്തത്.

ആണികളുടെ ആളായിരുന്നു ഫറവോൻ. അയാളുടെ പ്രതാപത്തെയും ശക്തിയെയും കുറിക്കാനാണ് ആ വാക്ക് ഉപയോഗിച്ചത്. നാട്ടിൽ മുഴുക്കെ അയാളുടെ പ്രതാപത്തിൻെറ അടയാളങ്ങൾ കാണാമായിരുന്നു. ധിക്കാരവും അഹങ്കാരവും കാരണം അയാൾ താൻ ദൈവമാണെന്ന് സ്വയം അവകാശപ്പെടാൻ പോലും ഉദ്യുക്തനാക്കിയിരുന്നു. അയാളെ സംസ്കരിക്കാൻ നിയോഗിച്ച മൂസാനബിയെയും അല്ലാഹുവിൻെറ പലവിധത്തിലുള്ള പരീക്ഷണങ്ങളെയും അയാൾ ധിക്കരിക്കുകയാണ് ചെയ്തത്. ഒടുവിൽ അയാളെയും സൈന്യത്തെയും അല്ലാഹു ചെങ്കടലിൽ മുക്കിയൊടുക്കി.

അവരുടെയൊക്കെ ഓരോ ചെയ്തിയെയും അല്ലാഹു പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവരുടെ കർമങ്ങളൊന്നും അവൻെറ ശ്രദ്ധയിൽനിന്ന് മറച്ചുപിടിക്കാൻ അവർ ശക്തരായിരുന്നില്ല. കാര്യങ്ങളെ യഥാവിധം ശ്രദ്ധിച്ച് വേണ്ടരീതിയിൽ പ്രതികരിക്കാൻ അല്ലാഹു ശക്തനാണ്. അതത്രെ അല്ലാഹു പതിസ്ഥാനത്തു തന്നെയുണ്ട് എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇത് ഏതെങ്കിലും കാലത്തേക്ക് മാത്രമുള്ള

ദൈവികനടപടിയല്ല. കാലാകാലവും ധിക്കാരം അനുവർത്തിച്ചിരുന്ന വിഭാഗത്തോടുള്ള നടപടിയും ഈ വിധത്തിൽ തന്നെയായിരിക്കും. ഭൗതികമായ ധാടിയും പ്രൗഢിയും ദൈവികനടപടിയിൽ നിന്ന് രക്ഷപ്പെടുത്താനുള്ള മാധ്യമമല്ല.

15. എന്നാൽ മനുഷ്യൻ,അവനെ അവൻെറ നാഥൻ പരീക്ഷിക്കുകയും,അങ്ങനെ അവനെ ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്താൽ അവൻ പറയും:എൻെറനാഥൻ എന്നെ ആദരിച്ചു.
16. എന്നാൽ അല്ലാഹു അവനെ പരീക്ഷിക്കുകയും അങ്ങനെ അവൻെറ ജീവിതവിഭവം ചുരുക്കുകയും ചെയ്താലോ, അവൻ പറയും:എൻെറ നാഥൻ എന്നെ നിന്ദിച്ചു.
17. ഒരിക്കലുമല്ല; നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല.
18. അഗതിക്ക് അന്നം നൽകാൻ നിങ്ങൾ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല.
19. പാരമ്പര്യമായിക്കിട്ടിയ സ്വത്ത് വാരിക്കൂട്ടി ഭുജിക്കുകയും ചെയ്യുന്നു.
20. ധനത്തെ നിങ്ങൾ കണക്കറ്റ് സ്നേഹിക്കുന്നു.

പതിനഞ്ച് മുതൽ ഇരുപത് വരെയുള്ള വചനങ്ങളിൽ മനുഷ്യൻെറ ജീവിതവീക്ഷണത്തെയാണ് പ്രതിപാദിക്കുന്നത്. മനുഷ്യരുടെ ജീവിതത്തിനടിസ്ഥാനം ധനസമ്പാദനമാണ്. അത് കൂടുതൽ ലഭിക്കുമ്പോൾ അവൻെറ വിലയിരുത്തൽ ദൈവം അവനെ ഏറെ അനുഗ്രഹിച്ചിട്ടുണ്ടെന്നും അത് കുറയുമ്പോൾ ദൈവം നിന്ദിച്ചുവെന്നുമാണ്. ധനം കുറയുന്ന ഘട്ടത്തിൽ ദൈവത്തെ തള്ളിപ്പറയാൻപോലും മനുഷ്യൻ ഉദ്യുക്തനായേക്കും. സാമൂഹിക ജീവിതത്തിൽ താൻ നിർവഹിക്കേണ്ട ബാധ്യതകൾക്കുനേരെ ധിക്കാര മനോഭാവം വെച്ചുപുലർത്തിയേക്കാം.സാമ്പത്തികമായ ഈ തകരാറുകൾ സൂചിപ്പിക്കാൻ മൂന്ന് കാര്യങ്ങൾ അല്ലാഹു എടുത്തുപറഞ്ഞിരിക്കുന്നു. ഒന്ന്, അനാഥനോടുള്ള അവൻെറ സമീപനം. രണ്ട്, അഗതിയോടുള്ള സമീപനം. മൂന്ന്, വഷളാംവണ്ണം ധനത്തോടുള്ള ആർത്തി. അതിൻെറ മുമ്പിൽ നിഷിദ്ധതയും അനുവദനീയതയും അവർക്ക് പരിഗണനീയമല്ല. അത് സ്വന്തക്കാരോടാണെങ്കിലും അന്യരോടാണെങ്കിലും ശരി. എന്നാൽ ധനം ഒരു പരീക്ഷണമാണെന്ന് ആരും ഗൗനിക്കാറില്ല. ധനത്തിൻെറ ആധിക്യവും കുറവും പരിഗണിച്ച് ദൈവവുമായുള്ള ബന്ധവും അവൻെറ അനുഗ്രഹത്തെ വിലയിരുത്താൻ പറ്റില്ലെന്ന കാര്യവും മനുഷ്യൻ അത്ര ശ്രദ്ധിക്കാറില്ല. ധനം പരീക്ഷണമാണെന്ന തിരിച്ചറിവുണ്ടെങ്കിൽ മാത്രമേ അനുസരണത്തോടെയും സൂക്ഷ്മതയോടെയും ജീവിക്കാൻ മനുഷ്യന് സാധിക്കുകയുള്ളു.

ഈ ജീവിത വീക്ഷണം ശരിയല്ല. ഈ രീതിയിലുള്ള ജീവിതപ്രതികരണം അവന് ഉപകാരപ്പെടുകയുമില്ല. എന്നാൽ ഈ രീതിയിലുള്ള പ്രതികരണങ്ങൾക്ക് മനുഷ്യൻ ദൈവത്തോടുത്തരം പറയേണ്ടതുണ്ട്. അതിൻെറ നല്ലതും ചീത്തയുമായ പ്രതിഫലം അനുഭവിക്കാതെ ഒരാൾക്കും രക്ഷപ്പെടുക സാധ്യമല്ല.

21. ഒരിക്കലുമല്ല ഭൂമിയാകെ ഇടിച്ചിടിച്ച് നിരപ്പാക്കുകയും,
22. നിൻെറ നാഥനും അണിയണിയായി മലക്കുകളും വരികയും,
23. അന്ന് നരകത്തെ നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരികയും ചെയ്യുമ്പോൾ: അന്ന് മനുഷ്യന് ഓർമവരും ആസമയത്ത് ഓർമിച്ചതുകൊണ്ട് എന്തു കാര്യം?
24. അവൻ വിലപിക്കും: കഷ്ടം, എൻെറ ഈ ജീവിതത്തിനായി ഞാൻ മുന്നൊരുക്കം ചെയ്തിരുന്നെങ്കിൽ.
25. അന്നാളിൽ അല്ലാഹു ശിക്ഷിക്കുന്നതു പോലെ മറ്റാരും ശിക്ഷിക്കുകയില്ല.
26. അവൻ ബന്ധിക്കുന്നതു പോലെ ആരും ബന്ധിക്കുകയുമില്ല.
27. അല്ലായോ ശാന്തി നേടിയ ആത്മാവേ,
28. നിൻെറ നാഥങ്കലേക്ക് പൂർണ സംതൃപ്തനായും തൃപ്തിഭാജനമായും തിരിച്ചുചെല്ലുക.
29. അങ്ങനെ എൻെറ ഉത്തമ ദാസന്മാരുടെ കൂട്ടത്തിൽ ചേർന്നുകൊള്ളുക.
30. എൻെറ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുക.

ഇരുപത്തൊന്നു മുതൽ മുപ്പത് വരെയുള്ള ഭാഗങ്ങൾ സൂചിപ്പിക്കുന്നത് പ്രപഞ്ചത്തിൻെറയും അതിലുള്ളവയുടെയും നാശത്തിനുശേഷം അല്ലാഹു മനുഷ്യരെ വീണ്ടും ഒരുമിച്ചു കൂട്ടും. അവിടെ മനുഷ്യ കർമങ്ങളെ വിലയിരുത്തി പ്രതിഫലം നിശ്ചയിക്കാൻ അവൻ മലക്കുകളോടൊപ്പം ആഗതനാകും. അതിൻെറ രൂപവും ഭാവവും അല്ലാഹുവിന് മാത്രമേ അറിയുകയുള്ളു. പക്ഷേ, മനുഷ്യന് മനസ്സിലാക്കാൻ അവന് അനുഭവമുള്ള ഒരു രീതിയിൽ പറഞ്ഞു: നാഥനും അണിയണിയായി മലക്കുകളും വരുമെന്ന്. അതോടൊപ്പം എഴുപതിനായിരത്തോളം മലക്കുകൾ ചേർന്ന ഒരു വ്യൂഹം നരകത്തേയും വലിച്ചു കൊണ്ടുവരും. ഇതൊക്കെ മനുഷ്യന് വിചാരണഘട്ടത്തെ സംബന്ധിച്ച് ഭയം ജനിപ്പിക്കാനുള്ള ശൈലിയിലുള്ള വിവരണമാണ്.

ഈ രംഗം കാണുന്ന പരലോകനിഷേധിയുടെ മാനസികാവസ്ഥയാണ് അവൻ വിലപിക്കും എന്ന വചനം കൊണ്ടുദ്ദേശിക്കുന്നത്. ഭൗതികലോകത്തു വെച്ച് പരലോകത്തെ എത്രയൊക്കെ സമർഥനത്തിലൂടെ നിഷേധിച്ചാലും അതൊരു യാഥാർഥ്യമാണ്. അത് കൺമുമ്പിൽ കാണുമ്പോഴായിരിക്കും പാഴാക്കിക്കളഞ്ഞ സന്ദർഭങ്ങളെക്കുറിച്ച് അവൻ ഖേദിക്കുക. പക്ഷേ, ആ ഖേദവും വീണ്ടു വിചാരവും ഒരിക്കലും ഉപകാരം ചെയ്യുകയില്ല.

25-26 വചനങ്ങൾ അല്ലാഹുവിൻെറ ശിക്ഷയുടെ ശക്തിയെ സൂചിപ്പിക്കുന്ന പ്രയോഗങ്ങളാണ്. യാഥാർഥ്യത്തെ നിഷേധിച്ചവരോടുള്ള സമീപനമാണത്. എന്നാൽ അതിനെ സത്യപ്പെടുത്തുകയും ജീവിതത്തിൽ യാഥാർഥ്യമാക്കുകയും ചെയ്യവരുടെ അവസ്ഥ തികച്ചും മറ്റൊന്നായിരിക്കും. അവരെ സംബന്ധിച്ചാണ് ശാന്തിയടഞ്ഞ ആത്മാവ് എന്ന് പറഞ്ഞത്. പൂർണമായും അല്ലാഹുവിന് സമർപ്പിച്ച മനുഷ്യൻെറ മാനസികാവസ്ഥയാണ് ശാന്തിയും സമാധാനവും ഉണ്ടാവുകയെന്നത്. അത്തരക്കാർ അവരുടെ മരണസമയത്തും അതേ അവസ്ഥയിലായിരിക്കും ഉണ്ടാവുക. ഉയിർത്തെഴുന്നേല്പിൻെറ ഘട്ടത്തിലും പരലോക രംഗങ്ങൾ മുമ്പിൽ കാണുമ്പോഴും അവരുടെ അവസ്ഥ അതുതന്നെയായിരിക്കും. അത്തരം ആളുകളോട് മരണത്തിൻെറയും ഉയിർത്തെഴുന്നേല്പിൻെറയും വിചാരണയുടെയുമൊക്കെ ഘട്ടങ്ങളിൽ ഈ വിധം പറയപ്പെടും: ഒന്നും ഭയപ്പെ ടുകയോ ആശങ്കിക്കുകയോ ചെയ്യാതെ എൻെറ സച്ചരിതരായ ദാസന്മാരുടെയും സ്വർഗസ്ഥരുടെയും കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക.

---

**********

## അധ്യായം 90

# അൽബലദ് (പട്ടണം)

**അവതരണം മക്കയിൽ, വചനങ്ങൾ 20**

**അദ്ധ്യായ പരിചയം:**

പ്രവാചകനോടുള്ള ശത്രുത കാരണം ഏത് അക്രമവും പ്രവർത്തിക്കുന്നത് തങ്ങൾക്കനുവദനീയമാണെന്ന് വിരോധികൾ കരുതിയിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ അധ്യായം അവതരിച്ചത്. മനുഷ്യന്റെ ജനനം തന്നെ ക്ലേശകരമായ അവസ്ഥയിലാണ് സംഭവിക്കുന്നത്. ഭൗതിക ജീവിതം വിനോദിക്കാനുള്ളതല്ല. അവന്റെ ഭാവിഭാഗധേയം സ്വന്തം ത്യാഗപരിശ്രമങ്ങളെ ആശ്രയിച്ചിരിക്കുന്നു.അന്തസ്സും പ്രതാപവും ആർജിക്കാൻ കണ്ടമാനം ധനം പൊടിച്ചുകളയുന്നതിൽ ഊറ്റം കൊള്ളുന്നവൻ അറിഞ്ഞിരിക്കട്ടെ അവൻ നിരീക്ഷിക്കപ്പെടുന്നുണ്ടെന്ന്.

മനുഷ്യന് ജ്ഞാനത്തിന്റെയും ബുദ്ധിയുടെയും ഉപാധികൾ നല്കിയിട്ടുണ്ട്. അവന്റെ മുമ്പിൽ നന്മയുടെയും തിന്മയുടെയും രണ്ടു വഴികൾ തുറന്ന് വെക്കുകയും ചെയ്തിട്ടുണ്ട്. മാർഗദർശനത്തിന് പ്രവാചകന്മാരെ നിയോഗിച്ചു. ഇനിയവൻ അവന് ജീവിക്കാനുള്ള വഴി സ്വന്തം ഉത്തരവാദിത്വത്തിൽ തിരഞ്ഞെടുക്കട്ടെ. അന്തസ്സും പണക്കൊഴുപ്പും കാണിക്കാൻ വേണ്ടി പണം ചെലവഴിക്കുന്നതിനു പകരം അഗതികളെയും അനാഥരെയും സംരക്ഷിക്കട്ടെ. അതുവഴി അല്ലാഹുവിന്റെ കാരുണ്യം പ്രാപിക്കട്ടെ. എന്നാൽ തിന്മയുടെ വഴി തെരഞ്ഞെടുത്തവർക്കുള്ളത് അഗ്നിയത്രെ. ഇതത്രെ ഈ അധ്യായത്തിന്റെ ഉള്ളടക്കം.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അങ്ങനെയല്ല; ഈ നാടിനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു.
2. നീ ഈ നഗരത്തിൽ താമസക്കാരനാകുന്നു.
3. ജനകനും അവൻ ജനിപ്പിച്ചവയും സത്യം.
4. നിശ്ചയമായും നാം മനുഷ്യനെസ്യഷ്ടിച്ചത് ക്ലേശമനുഭവിക്കുന്നവനായാണ്.
5. അവന്റെ മേൽ ആർക്കും ശക്തിയില്ലെന്ന് അവൻ വിചാരിക്കുന്നുവോ?
6. ഞാൻ ധാരാളം ധനം തുലച്ചെന്ന് അവൻ ഘോഷിക്കുന്നുവല്ലോ.
7. അവനെയാരും കാണുന്നില്ലെന്ന് അവൻ കരുതുന്നുവോ?
8. അവനു നാം രണ്ടു കണ്ണുകൾ നല്കിയില്ലേ?
9. നാവും ചുണ്ടിണകളും.
10. വ്യക്തമായ രണ്ടു വഴികളും നാമവന് കാണിച്ചുകൊടുത്തില്ലേ?
11. എന്നിട്ടുമവൻ ദുർഘടവഴി താണ്ടിക്കടക്കാൻ തയ്യാറായില്ല.
12. ദുർഘടവഴി ഏതെന്ന് നിനക്കെന്തറിയാം?

---

**വിശദീകരണം:**

അതല്ല സംഗതി, ഞാൻ സത്യം ചെയ്തു പറയുന്നു. ഈ രീതിയിലാണ് അദ്ധ്യായം ആരംഭിക്കുന്നതുതന്നെ. മക്കക്കാരുടെ സാമൂഹ്യജീവിതത്തിലെ ഏതോ തകരാറുകളെ തിരുത്തി അതെപറ്റി അവരെ ബോധ്യപ്പെടുത്തുകയാണ് ഈ അദ്ധ്യായം എന്ന് അതിൽനിന്ന് വ്യക്തമാകുന്നു. അതാണ് അല്ല എന്ന് ആ നിഷേധത്തിനു ശേഷം ഞാൻ ഈ മക്കാനഗരത്തെക്കൊണ്ട് സത്യം ചെയ്യുന്നു എന്ന് പറഞ്ഞത്. ആ നഗരത്തിന്റെ പ്രത്യേകതയായി പറഞ്ഞത് ഇതത്രെ: താങ്കൾ ആ നാടിന്റെ യശസ്സുയർത്തും വിധം അവിടത്തെ താമസക്കാരനാണ്. ആ നഗരം തികച്ചും സുരക്ഷിതമാണ്. അതോടൊപ്പം പകലിലെ ഒരു

നിശ്ചിത സമയം അവിടെവെച്ച് എന്ത് പ്രവർത്തിക്കാനും താങ്കൾ അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

ജനകനും അവൻ ജനിപ്പിച്ചതൊക്കെയും എന്ന വചനം സൂചിപ്പിക്കുന്നത് എല്ലാ മനുഷ്യരെക്കൊണ്ടും സത്യം ചെയ്തു പറയുന്നു എന്നാണ്. സത്യം ചെയ്തുപറയുന്ന കാര്യം ഇതത്രെ: മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ ലോകം അധ്വാനത്തിന്റെയും ക്ലേശത്തിന്റെയും മേഖലയാണ്. ജീവിത വിഭവങ്ങൾ നേടുന്നതിനും മറ്റു തരത്തിലുള്ള കാര്യങ്ങൾക്കും അദ്ധ്വാനം കൂടാതെ കഴിയില്ല. അതോടൊപ്പം ഒരു നാട് സുരക്ഷിതമാക്കണമെങ്കിലും നന്മ സ്ഥാപിക്കണമെങ്കിലും അതേ അദ്ധ്വാനവും പ്രയാസവും അനുഭവിക്കേണ്ടതുണ്ട്. ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ മനുഷ്യൻ സഹിച്ചെങ്കിൽ മാത്രമേ മനുഷ്യന് ജീവിതം നിലനിർത്താൻ സാധിക്കുകയുള്ളു.

എന്നാൽ തനിക്ക് തോന്നിയതെല്ലാം ചെയ്തുകളയാമെന്ന് മനുഷ്യൻ നിഗളിക്കേണ്ടതില്ല. അല്ലാഹു ചെയ്തു കൊടുത്ത അനുഗ്രഹങ്ങൾ മേൽക്കുമേൽ അനുഭവിച്ചു ധിക്കാരിയായിതന്നെ ആർക്കും നിയന്ത്രിക്കാനാവില്ലെന്ന മൗഢ്യത്തോടെ അവൻ ജീവിക്കേണ്ടതില്ല. ദൈവത്തിന്റെ തീരുമാനങ്ങൾക്കും നടപടികൾക്കും മുമ്പിൽ അവൻ ഒന്നുമല്ല എന്ന് ബോധിപ്പിക്കുകയാണ് ഈ വചനം. അതോടൊപ്പം സാമ്പത്തികമായ പുരോഗതി കാരണം അവൻ ധാരാളം പണം ധൂർത്തടിച്ചു കളഞ്ഞിരിക്കുന്നു.അത് ആര്തന്നു, എന്തിന് നൽകി, ആവശ്യമെന്ത് തുടങ്ങിയ ചിന്തകളൊന്നും അവന്റെ മുമ്പിൽ ഉണ്ടായിരുന്നില്ല. അല്ലാഹു ചോദിക്കുന്നു: ധനം ധൂർത്തടിച്ചു ജീവിക്കുമ്പോൾ ധനം തന്ന് തന്നെ പരീക്ഷിക്കുന്ന സ്രഷ്ടാവ് ഇതൊന്നും കാണുന്നില്ലെന്ന് അവൻ ധരിച്ചുവോ? സമ്പത്ത്കൊണ്ടുള്ള തന്റെ വിനോദങ്ങളെ സംബന്ധിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് അവൻ കരുതുന്നുവോ?

നന്മയും തിന്മയും വിവേചിച്ചറിയാനും സ്വന്തം ഭാഗധേയം നന്നാക്കാൻ ഉതകുമാറ് ജീവിക്കാനും അല്ലാഹു മനുഷ്യന് സന്മാർഗം നല്കിയിരിക്കുന്നു.അതോടൊപ്പം മറ്റു രീതിയിലുള്ള പുരോഗതി നേടാനുതകുന്ന വിധം അവന് കാണാനും സംസാരിക്കാനുമുള്ള കഴിവുകളും നല്കിയിരിക്കുന്നു. മറ്റു ജീവികളിൽനിന്ന് വ്യത്യസ്തമായി ഉന്നതമായ അസ്തിത്വമാണ് മനുഷ്യന് നൽകിയിട്ടുള്ളത്. സ്വബുദ്ധി ഉപയോഗിച്ച് തന്റെ നാഥനെ കണ്ടെത്തുവാനും അവന്റെ പ്രീതിക്കുവേണ്ടി അദ്ധ്വാനിക്കാനുമാണ് അത്തരം സംവിധാനം ചെയ്തിട്ടുള്ളത്. അതുപയോഗിച്ച് സ്വന്തം സൗഭാഗ്യങ്ങൾക്കായി അവൻ പരിശ്രമിക്കേണ്ടതായിരുന്നു.അവന്റെ സൗഭാഗ്യം നിർണയിച്ചുവെച്ച ദൈവിക സരണിയിലൂടെ അവൻ അത്യദ്ധ്വാനം ചെയ്ത് ജീവിക്കേണ്ടവനായിരുന്നു.പക്ഷേ, അവൻ അതിന് തയ്യാറായില്ല.കഠിനമായ പ്രയാസങ്ങൾ അനുഭവിച്ചെങ്കിൽമാത്രമെ അല്ലാഹു ഒരുക്കിയിട്ടുള്ള സ്വർഗം ലഭിക്കുകയുള്ളു. പരീക്ഷണങ്ങൾക്ക് ഒട്ടും വിധേയമാകാതെ വെറുതെ സ്വർഗം ലഭിക്കുമെന്ന് ധരിച്ചുവശാകുന്നത് മൗഢ്യമാണ്. എന്നാൽ സ്വഭാഗധേയം നന്നാക്കുവാനും നഷ്ടത്തിലാക്കുവാനും പര്യാപ്തമായ രീതിയിൽ മനുഷ്യന് രണ്ട് വഴികളും അതിൽ ഏത് വേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നല്കിയിരിക്കുന്നു. പക്ഷേ, സ്വഭാഗധേയം നന്നാക്കാൻ അവൻ തയാറെടുക്കുന്നില്ല. അതിനുവേണ്ടി യാതന അനുഭവിക്കാൻ അവൻ മുതിരുന്നില്ല. ഇതത്രെ പത്തു മുതൽ പന്ത്രണ്ട് വരെയുള്ള വചനങ്ങൾക്കൊണ്ടുദ്ദേശിക്കുന്നത്.

---

13. അത് അടിമ മോചനമാണ്.
14. അല്ലെങ്കിൽ വറുതിനാളിലെ അന്നദാനം
15. അടുത്ത ബന്ധുവായ അനാഥക്ക്.
16. അല്ലെങ്കിൽ (ദാരിരിദ്ര്യത്തിന്റെ) മണ്ണുപുരണ്ട അഗതിക്ക്.
17. പിന്നെ വിശ്വസിക്കുകയും ക്ഷമയും കാരുണ്യവും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്ന ജനത്തിൽ ഉൾപ്പെടലുമാണ്.
18. അവരാണ് വലതു പക്ഷക്കാർ.
19. നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുന്നവരോ, അവരാണ് ഇടതുപക്ഷക്കാർ.
20. അവർക്കു മേൽ മൂടപ്പെട്ട നരകമുണ്ട്.

---

പതിമൂന്ന് മുതൽ അവസാനം വരെയുള്ള വചനങ്ങളിൽ പ്രസ്തുത സരണിയെന്തെന്ന് വിശദീകരിക്കുകയാണ്. അതിൽ പ്രധാനം അടിമയെ മോചിപ്പിക്കലാകുന്നു. അല്ലെങ്കിൽ പട്ടിണി നാളുകളിൽ അടുത്ത

അഗതിക്കും അനാഥക്കും ഭക്ഷണം നല്കലാണ്. ഖുർആനിലും പ്രവാചക വചനങ്ങളിലും ഏറെ പ്രതിഫലമുണ്ടെന്ന് പ്രഖ്യാപിച്ച കർമങ്ങളാണ് അനാഥയെയും അഗതിയെയും സംരക്ഷിക്കൽ ഈ സൽക്കർമങ്ങൾ ചെയ്യുന്നതോടൊപ്പം ഏകദൈവത്തിൽ വിശ്വസിക്കുകയും മറ്റ് വിശ്വാസികളോടൊപ്പം സദ്കർമങ്ങൾ അനുഷ്ഠിക്കുകയും വേണം.ഏകദൈവവിശ്വാസിയുടെ സദ്കർമങ്ങളാണ് അല്ലാഹു സ്വീകരിക്കുകയുള്ളു. അതോടൊപ്പം ക്ഷമിക്കുകയും ക്ഷമിക്കാൻ ആവശ്യപ്പെടുകയും പരസ്പരം കാരുണ്യത്തോടെ ജീവിക്കുകയും അതിനുവേണ്ടി ഉപദേശിക്കുകയും ചെയ്യണം. അല്ലാഹുവിൻെറ പ്രീതി കരസ്ഥമാക്കാനുള്ള യത്നത്തിൽ ഈ രണ്ട് ഗുണങ്ങളും ഒരു വിശ്വാസിക്ക് ഒഴിച്ചുകൂടാനാകാത്ത കാര്യങ്ങളാകുന്നു. പരുഷഹൃദയനായിക്കൊണ്ട് ഒരാൾക്ക് യഥാർഥ വിശ്വാസിയാകാൻ സാധ്യമല്ല. അതോടൊപ്പം ക്ഷമയവലംബിക്കാതെ ദൈവിക മാർഗത്തിൽ ജീവിക്കാനും സാധിക്കുകയില്ല. അത്തരക്കാരാണ് സ്വർഗസ്ഥരായ വലത് പക്ഷക്കാർ. വലത് പക്ഷക്കാരുടെ സ്വഭാവ വിശേഷണങ്ങളണ് മുകളിൽ വിവരിച്ചത്. അതത്രെ സ്വർഗപ്രവേശനം സാധിക്കാനുള്ള ഉപാധികളും. ഇതിന് വിരുദ്ധമായി ദൈവത്തെ നിഷേധിക്കുകയും അവൻെറ ദൃഷ്ടാന്തങ്ങളെ തള്ളിക്കളയുകയും ചെയ്യുന്നവരാണ് ഇടത് പക്ഷക്കാരായ നരകാവകാശികൾ. ഒരിക്കലും രക്ഷപ്പെടാനാകാത്ത വിധം അടച്ചു മൂടപ്പെട്ട നരകത്തിലായിരിക്കും അവർ പ്രവേശിപ്പിക്കപ്പെടുക. അതിൽ ഒരിക്കലും വെളിച്ചം പ്രവേശിക്കുകയില്ല. രക്ഷപ്പെടാൻ ഒരു മാർഗവും അതിൽ കണ്ടെത്താനാകുന്നതുമല്ല.

---

********

# അധ്യായം 91

## അശ്ശംസ്. (സൂര്യൻ)

**അവതരണം മക്കയിൽ, വചനങ്ങൾ 15**

**അധ്യായ പരിചയം:**

സാന്മാർഗികജീവിതം നയിക്കാൻ മനുഷ്യനുള്ള ശക്തമായ ഉൽബോധനമാണ് ഈ അധ്യായം. അക്കാര്യം അവനെ ഓർമപ്പെടുത്തുന്നത് അല്ലാഹു മനുഷ്യന് നല്കിയ ബുദ്ധി, വിചാരം, ബോധം, ഓർമശക്തി, ഇച്ഛാശക്തി, തീരുമാന ശക്തി, തുടങ്ങിയ കഴിവുകളെ എടുത്തോതിക്കൊണ്ടാണ്. ദൈവിക മാർഗം കരഗതമാകാനും അതുവഴി അവൻെറ പ്രീതി കരസ്ഥമാക്കാനും പ്രവാചകന്മാരെ നിയോഗിച്ചു. ഇതൊക്കെ നിഷേധിച്ച് തിന്മയുടെയും ധിക്കാരത്തിൻെറയും മാർഗം പിൻപറ്റുന്നത് സ്വന്തത്തിൻെറ ദുരന്തങ്ങൾക്കായിരിക്കും.അക്കാര്യം അവനെ ബോധ്യപ്പെടുത്താൻ ഥമൂഥ്ഗോത്രത്തിൻെറ ദുഷ്പരിണതിയെ പരാമർശിക്കുന്നു. അവരുടെ ഉന്മൂലനത്തിൽനിന്നും പാഠമുൾക്കൊള്ളാനും സ്വന്തം നിലപാടുകളെക്കുറിച്ച് ചിന്തിക്കുവാനും ഖുറൈശികളെ ഈ അധ്യായത്തിലൂടെ ഉപദേശിക്കുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. സൂര്യനും അതിൻെറ പ്രകാശവുമാണ് സത്യം.
2. അതിനെ പിന്തുടരുമ്പോൾ ചന്ദ്രനാണ് സത്യം.
3. പകൽ സത്യം, അത് സൂര്യനെ തെളിച്ച് കാണിക്കുമ്പോൾ.
4. അത് സൂര്യനെ മൂടുമ്പോൾ, രാവു സത്യം.
5. ആകാശവും അതിനെ നിർമിച്ചവനുമാണ് സത്യം.
6. ഭൂമിയും അതിനെ പരത്തിയവനുമാണ് സത്യം.
7. ആത്മാവും അതിനെ സംതുലിതമാക്കിയവനുമാണ് സത്യം.
8. അങ്ങനെ അതിന് ധർമത്തെയും അധർമത്തെയുംപറ്റി ബോധനം നല്കിയവനാണ് സത്യം
9. തീർച്ചയായും ആത്മാവിനെ സംസ്കരിച്ചവൻ വിജയിച്ചു.
10. അതിനെ ദുഷിപ്പിച്ചവൻ പരാജയപ്പെട്ടു.
11. ഥമൂഥ് ഗോത്രം അവരുടെ ധിക്കാരംകൊണ്ട് സത്യത്തെ തള്ളിക്കളഞ്ഞു.
12. അവരിലെ പരമ ദുഷ്ടൻ ഒരുങ്ങിത്തിരിച്ചപ്പോൾ,
13. ദൈവദൂതൻ അവരോട് പറഞ്ഞു:അല്ലാഹുവിൻെറ ഒട്ടകത്തെ(വിട്ടേക്കുക)അതിൻെറ ജലപാനത്തെയും.
14. അവരദ്ദേഹത്തെ ധിക്കരിച്ചു. അങ്ങനെ അവർ അതിനെ അറുത്തു. അവരുടെ പാപം കാരണം അവരുടെ നാഥൻ അവരെ ഒന്നടങ്കം നശിപ്പിച്ചു. ശിക്ഷ അവരെയെല്ലാം ഒരുപോലെ ബാധിച്ചു.
15. അതിൻെറ ഭവിഷ്യത്ത് അവൻ അശേഷം ഭയപ്പെടുന്നില്ല.

**വിശദീകരണം:**

അനിഷേധ്യമായ ചില യാഥാർഥ്യങ്ങൾ മനുഷ്യനെ ബോധ്യപ്പെടുത്താൻ അവന് സുപരിചിതമായ ചില സംഗതികളെ പിടിച്ച് സത്യം ചെയ്തു പറയുകയാണ് അല്ലാഹു ചെയ്യുന്നത്. അതു വഴി പ്രസ്തുതയാഥാർഥ്യങ്ങൾ അവൻെറ ബോധമണ്ഡലത്തിൽ സദാ നിലനിൽക്കണമെന്നുതന്നെയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്.

സൂര്യനും സൂര്യനുദിക്കുമ്പോൾ ഉണ്ടാകുന്ന പകൽ വേളയുമാണ് സത്യം ചെയ്യാൻ ആദ്യം ഉപയോഗിച്ച സംഗതികൾ. സൂര്യന്റെ അസ്തമയത്തോടെ പ്രത്യക്ഷപ്പെടുന്ന ചന്ദ്രനും അതിന്റെ ആഗമനത്തോടെ പ്രത്യക്ഷപ്പെടുന്ന രാത്രിയുമാണ് രണ്ടാമത് സ്വീകരിച്ചിട്ടുള്ളത്. സൂര്യാഗമനത്തോടെ വെളിപ്പെടുന്ന അഥവാ സൂര്യനെ ദൃഷ്ടിയിൽ കൊണ്ടുവരുന്ന പകൽ വെളിച്ചവും പകലിനെ മൂടിക്കളയുന്ന രാത്രിയുമാണ് മൂന്നാമത്തെയും നാലാമത്തെയും സംഗതികൾ. മേൽപ്പുരയായി സ്ഥാപിച്ചിട്ടുള്ള ആകാശവും അതിന്റെ സ്ഥാപകനുമാണ് അഞ്ചാമത്തെ സംഗതി. ഭൂമിയും അതിനെ വിസ്തൃതമാക്കിയവനുമാണ് ആറാമത്തെ സംഗതി. ഏറ്റവും നല്ല ഘടനയോടുകൂടി മനുഷ്യശരീരത്തെ സൃഷ്ടിക്കുകയും അതിന് ഏറ്റം യോജിച്ച വിധത്തിൽ പാകപ്പെടുത്തിയ മനസ്സ് നല്കുകയും ചെയ്ത ശക്തിയാണ് ഏഴാമത്തെ സംഗതി. അതേ മനസ്സിന് നന്മയുടെതും തിന്മയുടെതുമായ വഴികൾ ബോധിപ്പിച്ചു കൊടുത്ത സർവജ്ഞനാണ് എട്ടാമത്തെ സംഗതി.

ഈ സംഗതികളെ സത്യം ചെയ്തു പറയുന്ന വസ്തുത ഇതത്രെ: തീർച്ചയായും ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയിച്ചു. അതിനെ ദുഷിപ്പിച്ചവൻ പരാജയമടഞ്ഞു. അതിന്റെ താല്പര്യമിതത്രെ;ആർ തന്റെ ആത്മാവിനെ ദുഷിച്ച ചുറ്റുപാടുകളിൽനിന്നും അതിന്റെ സ്വാധീനത്തിൽ നിന്നും സംസ്കരിച്ചെടുക്കുകയും അതേ രീതിയിൽ അതിനെ കൂടുതൽ പരിപോഷിപ്പിക്കുകയും ദൈവേഛക്കനുസൃതമായി ജീവിക്കുന്നതിൽ അതിനെ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നുവോ അവർക്കാണ് വിജയം. നേരെ മറിച്ച് മനസ്സിനെ ദേഹേഛക്ക് വിധേയമാക്കി എല്ലാ തിന്മകളുടെയും വിളഭൂമിയായി അതിനെ വളർത്തുകയാണെങ്കിൽ അത്തരം ആത്മാവുകൾക്ക് സംസ്കരിക്കപ്പെടാനോ നന്മയനുസരിച്ച് ജീവിക്കാനോ ദൈവകല്പനകൾ പാലിച്ചു ജീവിക്കുവാനോ സാധിക്കുകയില്ല. അത്തരക്കാരുടെ പരിണതി പരാജയമായിരിക്കും. ഈ രണ്ടവസ്ഥകളിലുമുള്ള മനസ്സുകളെ അതിന്റെ താല്പര്യങ്ങൾക്കനുസരിച്ച് കർമങ്ങൾക്ക് ഉതവി നല്കുകയാണ് അല്ലാഹു ചെയ്യുക.

ഇത്രയും കാര്യങ്ങളെ പരാമർശിച്ച ശേഷം ചീത്ത മനസ്സിനും അതിന്റെ ദാർഷ്ട്യത്തിനും ചരിത്രത്തിൽ നിന്ന് ഉദാഹരണം എടുത്തുദ്ധരിക്കുന്നു. സ്വാലിഹ്നബി(അ) നിയോഗിതനായ ഥമൂഥ് ജനതയുടെ പ്രതികരണമാണത്. പ്രവാചകൻ അവരെ ദൈവിക സന്ദേശത്തിലേക്ക് ക്ഷണിച്ചപ്പോൾ അവർ അദ്ദേഹത്തെ നിഷേധിക്കുകയും പ്രവാചകത്വത്തിന് തെളിവായി ഒരൊട്ടകത്തെ നിശ്ചിത പാറയിൽനിന്ന് കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്തു. അവരുടെ ആവശ്യം പൂർത്തീകരിച്ച് നാഥൻ അവരോട് പറഞ്ഞു. ഇതാ, ഒട്ടകം. അതിന് അതിന്റെ ജലപാനം വിട്ടുകൊടുക്കുക. ധിക്കാരപരമായി അതിനോട് പെരുമാറാതിരിക്കുക. പക്ഷേ, ആ ജനം ആ ആജ്ഞ ലംഘിച്ചു. അവരിലെ ഏറ്റം നിർഭാഗ്യവന്മാരായ ഖിദ്റാനുബ്നുസാലിഹ് എന്ന ഗോത്രത്തിലെ ധിക്കാരികൾ അല്ലാഹു അവർക്കു നല്കിയ ദൈവിക ദൃഷ്ടാന്തമായ ഒട്ടകത്തെ കൊല്ലുകയും ചെയ്തു. അതെ തുടർന്ന് അല്ലാഹുവിന്റെ കോപം അവരിൽ പതിയുകയും അവർ നശിക്കുകയും ചെയ്തു. തികഞ്ഞ നീതിയോടെ ആ ശിക്ഷ അവരിൽ ഒരുപോലെ നടപ്പാക്കുകയാണ് അല്ലാഹു ചെയ്തത്. തന്റെ ശിക്ഷ നടപ്പാക്കുന്ന കാര്യത്തിൽ ഒരു ശക്തിയെയും ഭയപ്പെടാനില്ലാത്ത വിധം അതിശക്തനും പ്രപഞ്ചത്തിനു മേൽ അധികാരസ്ഥനുമാണ് അല്ലാഹു.

---

********

## അധ്യായം 92

# അല്ലൈൽ. (രാത്രി)

**അവതരണം മക്കയിൽ, വചനങ്ങൾ 21**

**അദ്ധ്യായ പരിചയം:**

മനുഷ്യകർമങ്ങളുടെ അടിസ്ഥാനത്തിൽ ദൈവത്തിങ്കൽ അവരുടെ സ്ഥാനവും പരിണതിയും എന്തായിരിക്കുമെന്ന് ഈ അദ്ധ്യായം വ്യക്തമാക്കുന്നു.അതായത്, രാവും പകലും പോലെ പരസ്പരം വ്യത്യസ്തമാണ് മനുഷ്യന്റെ പ്രവർത്തനങ്ങളും അനന്തരഫലങ്ങളും. ദാനശീലവും ലുബ്ധും തുല്യമല്ല. അവയുടെ സ്വഭാവം തമ്മിൽ എത്രത്തോളം വൈരുധ്യമുണ്ടോ അത്രത്തോളം വൈരുധ്യമുണ്ട് അവയുടെ പരിണതികൾ തമ്മിൽ. സൽക്കർമകാരികൾക്ക് നന്മയിലേക്കുള്ള മാർഗം എളുപ്പമാക്കിക്കൊടുക്കും. ദുഷ്ക്കർമകാരികൾക്ക് പ്രയാസത്തിലേക്കുള്ള വഴിയും എളുപ്പമാക്കിക്കൊടുക്കും. ആർ അല്ലാഹുവിൽനിന്നുള്ള സന്മാർഗദർശനത്തെ പിൻപറ്റുന്നുവോ അയാൾക്ക് സംതൃപ്തമായ പര്യവസാനമുണ്ടായിരിക്കും. അല്ലാഹുവിനെ തള്ളിപ്പറഞ്ഞവനെ ആളിക്ക ത്തുന്ന അഗ്നി കാത്തിരിക്കുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1. രാത്രിയാണെ, അത് മൂടുമ്പോൾ,
2. പകലാണെ, അത് പ്രകാശമാകുമ്പോൾ,
3. ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചവനാണെ സത്യം.
4. തീർച്ചയായും നിങ്ങളുടെ പ്രവർത്തനം പലവിധമാണ്.
5. ഏറ്റവും നല്ലതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നുവോ,
7. അവനു നാം ആശ്വാസത്തിലേക്ക് വഴി എളുപ്പമാക്കിക്കൊടുക്കും.
8. എന്നാൽ ആർ പിശുക്ക് കാണിക്കുകയും സ്വയംപര്യാപ്തത നടിക്കുകയും,
9. ഏറ്റവും നല്ലതിനെ തള്ളിപ്പറയുകയും ചെയ്യുന്നുവോ,
10. അവനു നാം ക്ലേശത്തിലേക്ക് വഴി എളുപ്പമാക്കിക്കൊടുക്കും.
11. അവൻ നശിക്കുമ്പോൾ അവന്റെ ധനം അവന് ഉപകരിക്കുകയില്ല.
12. സംശയമില്ല, നേർവഴി കാണിക്കേണ്ടത് നമ്മുടെ ബാധ്യതയാകുന്നു.
13. പരലോകവും ഇഹലോകവും നമ്മുടെ നിയന്ത്രണത്തിലാണ്.
14. അതിനാൽ കത്തിയെരിയും നരകത്തീയെക്കുറിച്ച് നാം നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു.
15. ഏറ്റം നിർഭാഗ്യവാനല്ലാതെ അതിൽ പ്രവേശിക്കുകയില്ല.
16. സത്യത്തെതള്ളിക്കളഞ്ഞവനും അതിൽ നിന്ന് പിന്മാറിപ്പോവുകയും ചെയ്ത.
17. പരമഭക്തൻ അതിൽനിന്ന് അകറ്റപ്പെടും.
18. വിശുദ്ധി വരിക്കാനായി തന്റെ ധനം വ്യയം ചെയ്തവൻ.
19. പ്രത്യുപകാരം ചെയ്യേണ്ട ഒൗദാര്യവും അവന്റെയടുത്ത് ആർക്കുമില്ല.
20. അത്യുന്നതനായ തന്റെ നാഥന്റെ പ്രീതി മാത്രം പ്രതീക്ഷിച്ചാണ് അവനത് ചെയ്യുന്നത്.
21. തീർച്ചയായും വഴിയെ അയാൾ സംതൃപ്തനാകുന്നതാകുന്നു.

**വിശദീകരണം;**

പ്രപഞ്ചത്തിലെ വ്യത്യസ്ത പ്രതിഭാസങ്ങളെ പിടിച്ചാണയിട്ട് അല്ലാഹു മനുഷ്യ ബുദ്ധിക്കു മുമ്പിൽ ബോധ്യപ്പെടുത്തുന്ന സംഗതികൾ ഇവയാണ്: പ്രകൃതിയിലെ പ്രതിഭാസങ്ങൾ എത്രമാത്രം വിഭിന്നങ്ങളാ

ണോ അതുപോലെ വിഭിന്നങ്ങളാണ് മനുഷ്യരുടെ കർമങ്ങൾ. നന്മയുടെതും തിന്മയുടെതും സംസ്കരണത്തിൻെറയും സംസ്കാരരാഹിത്യത്തിൻെറതുമായ കാര്യങ്ങൾ അവരിലുണ്ട് എന്നാൽ മൂന്നടിസ്ഥാനങ്ങൾ മുറുകെ പിടിക്കുമ്പോഴാണ് മനുഷ്യകർമങ്ങൾ വിജയിക്കുകയുള്ളു. അവയിൽ ഒന്ന്, ധനത്തിൽനിന്ന് ദാനധർമങ്ങൾ ചെയ്യലാകുന്നു. ധനക്കൊതിയാണ് മനുഷ്യനെ സംസ്കാരരഹിതമായ ജീവിതത്തിലേക്ക് വലിച്ചിഴക്കുന്നത്. അതിനാൽ സ്വത്തിൽ അല്ലാഹുവിൻെറ താല്പര്യം മാനിച്ച് ജീവിക്കുന്ന ഒരാൾക്ക് സാമ്പത്തികമായ ക്രമക്കേടുകളിൽനിന്ന് രക്ഷപ്പെടാൻ സാധിക്കും. രണ്ട്, തൻെറ ജീവിതത്തിൻെറ എല്ലാ മേഘലകളിലും ഏകനായ അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കൽ. അത് സ്വഭാവത്തിലായാലും ധനവിനിയോഗത്തിലായാലും സമ്പാദിക്കുന്നതിലായാലും പെരുമാറ്റങ്ങളിലായാലും ശരി, ദൈവിക താല്പര്യത്തിനാണ് ജീവിതത്തിൽ മുൻഗണന നല്കേണ്ടത്. മൂന്ന്, തനിക്ക് നിർണയിക്കപ്പെട്ട ആരാധനാകർമങ്ങളോടൊപ്പം മറ്റുള്ള നന്മകളെയും സത്യപ്പെടുത്തുകയും അത് ആചരിച്ച് കാണിക്കുകയും ചെയ്യൽ.
നന്മയുടെ പരിധി നിർണയിക്കുക സാധ്യമല്ല. ജീവിതത്തിൻെറ എല്ലാ തുറകളും അതിൻെറ വരുതിയിൽ വരുന്നതാണ്. അവിടെയൊക്കെ ദേഹേഛയെക്കാൾ നന്മക്ക് മുൻഗണന കൊടുത്ത് അല്ലാഹുവിൻെറ താല്പര്യം പൂർത്തീകരിക്കുക. അത്തരം ജീവിതത്തിലൂടെയാണ് ദൈവിക ആദർശം പൂർണമായി ആചരിക്കാൻ സാധിക്കുകയുള്ളു.
ഉപരിസൂചിത രീതിയിലുള്ള ജീവിതം നയിക്കുന്ന ഒരാൾ അല്ലാഹു തനിക്ക് നിർണയിച്ചുതന്ന ശരിയായ പ്രകൃതിയിലും മാർഗത്തിലുമാണ്ചലിക്കുന്നത്. പ്രഥമ ഘട്ടത്തിൽ കുറെയൊക്കെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുമെങ്കിലും പിന്നീട് അവന് ആ വഴി എളുപ്പമാകും.അത്തരം ഘട്ടത്തിൽ അവന് ഒന്നിനെയും ഭയപ്പെടേണ്ടിവരില്ല. ഒന്നിനേയും എതിരിടേണ്ടി വരില്ല. നന്മയനുസരിച്ച് ജീവിക്കുന്ന ശരിയായ വിശ്വാസിക്ക് അയാളുടെ ചുറ്റുപാടുകൾ സ്വയം വിധേയമായിമാറും. അയാൾക്ക് അനുകൂലമായ സാഹചര്യമായിരിക്കും എവിടെയും ലഭിക്കുക. ആ രീതിയിൽ ജീവിക്കാനുള്ള ഉതവി അല്ലാഹു അവന് നല്കിക്കൊണ്ടിരിക്കും. അതത്രെ നാം അവന് ആശ്വാസത്തിലേക്ക് വഴി എളുപ്പമാക്കിക്കൊടുക്കും എന്നതുകൊണ്ട് അർഥമാക്കുന്നത്.
അതേയവസരം മുകളിൽ പറഞ്ഞതിന് വിരുദ്ധമായി മൂന്ന് കാര്യങ്ങൾ ഒരുവൻെറ ജീവിതത്തിലുണ്ടെങ്കിൽ അവൻെറ ജീവിതം ദുരിതപൂർണമായിരിക്കും. ഒന്ന്, ലുബ്ധ്. ധനം കുന്നുകൂട്ടി വെക്കുകയും സ്വന്തത്തിൻെറയും സമൂഹത്തിൻെറയും അല്ലാഹുവിൻെറയും അവകാശങ്ങൾ അതിൽ നിന്ന് നല്കാതിരിക്കുകയും ചെയ്യുക. അതോടൊപ്പം ധനത്തിലെന്നപോലെ ജനങ്ങളോടുള്ള പെരുമാറ്റത്തിലും ഉത്തമസ്വഭാവം പ്രകടിപ്പിക്കുന്നതിൽ പിശുക്ക് കാണിക്കുക. രണ്ട്, തനിക്ക് താൻപോന്നവനാണ്, അല്ലാഹുവിൻെറ സഹായമല്ല,സ്വന്തം സാമർഥ്യം കൊണ്ടാണ് ഇതൊക്കെ കിട്ടിയത്,മേലിലും അങ്ങനെയായിരിക്കും, അതിനാൽ മറ്റാരോടും തനിക്ക് യാതൊരുവിധ കടപ്പാടും ഇല്ല എന്ന നിഗളിപ്പിൽ ജീവിക്കുക. മൂന്ന്, സുഖലോലുപ ജീവിതത്തിൻെറ മാധുര്യത്തിൽ സ്വയം മതിമറന്ന് ആരാധനാകാര്യങ്ങളിൽ നിന്നും നന്മയെന്ന് വ്യവഹരിക്കാവുന്ന ജീവിത മേഘലകളിൽ നിന്നും സ്വയം പിന്മാറുകയും ദേഹേഛക്ക് വിധേയമായി ജീവിക്കുകയുംചെയ്യുക
ഇത്തരം ജീവിതം നയിക്കുന്നവന് പ്രയാസത്തിലേക്ക് വഴി എളുപ്പമാക്കിക്കൊടുക്കും എന്നു പറഞ്ഞതിൻെറ താല്പര്യം ഇതത്രെ: അവൻ ജീവിക്കുന്നത് ദൈവം തനിക്ക് നിർണയിച്ചു തന്ന ശുദ്ധപ്രകൃതിക്ക് വിരുദ്ധമായാണ്. മറ്റുള്ളവർക്ക് അവൻ എത്ര തന്നെ മേത്തരം ജീവിതത്തിലാണെങ്കിലും അവന് ജീവിതത്തിൽ ഒരിക്കലും സന്തോഷവും സമാധാനവും ഉണ്ടാവുകയില്ല. മനഃസംഘർഷം അവൻെറ മനസ്സിൽ എപ്പോഴും നിറഞ്ഞു നിൽക്കും. കാരണം ഒരു സംഗതിയെ അതിൻെറ പ്രകൃതിക്ക് വിരുദ്ധമായി ഉപയോഗിക്കുമ്പോഴുണ്ടാകുന്ന സ്വാഭാവികതയാണത്.അവൻ സ്വയം തിരഞ്ഞെടുത്ത ഈ വഴി തന്നെയായിരിക്കും അവന് നല്ലതെന്ന് തോന്നുക. അതിനാൽ നന്മയുടെ വഴി അവന് അപ്രാപ്യമായിരിക്കും, ദുർഘടവും. ദൈവം നിശ്ചയിച്ച പ്രകൃതിയെ ഉൾക്കൊള്ളാൻ അവന് സാധിക്കുകയില്ല.
അത്തരക്കാരന് അവൻെറ ധനം ഒരിക്കലും ഉപകാരപ്പെടുകയില്ല. അത് സമാധാനം നേടിക്കൊടുക്കുന്നതിലായാലും സൗഭാഗ്യം കൈവരുത്തുന്നതിലായാലും ദൈവികശിക്ഷയിൽനിന്ന് അവനെ രക്ഷിക്കുന്ന കാര്യത്തിലായാലും ശരി അതൊക്കെ ഉപേക്ഷിച്ചായിരിക്കും അവൻെറ അന്ത്യയാത്ര. ധനം പരലോകത്ത് ഉപകാരപ്പെടുന്ന സംഗതിയല്ലല്ലോ.

ഈ അവസ്ഥയില്‍ തന്‍െറ വിജയ-സൗഭാഗ്യങ്ങള്‍ക്ക് നിദാനമായ ജീവിതസരണി തിരഞ്ഞെടുക്കാനുള്ള ഉതവി നല്‍കേണ്ടത് ഏകനായ ദൈവമാണ്.അതിനനുസരിച്ച് ജീവിതമേഖലയില്‍ നന്മയും തിന്മയും ഹലാലും ഹറാമും (അനുവദനീയം നിഷിദ്ധം) വിവേചിച്ച് കാണിക്കേണ്ടതും ഏകനായ അല്ലാഹുവാണ് കാരണം, മനുഷ്യനെ നരകത്തിലെത്തിക്കുന്ന പൈശാചിക മാര്‍ഗം അവന് ചുറ്റും ധാരാളമുണ്ട്. ദാസന്‍ അതില്‍ അകപ്പെടുന്നത് ഇഷ്ടപ്പെടാത്തവനാണ് അല്ലാഹു.

ഇഹത്തിന്‍െറയും പരത്തിന്‍െറയും ആധിപത്യം അല്ലാഹുവിന്‍െറതാണ്.അത് നിയന്ത്രിക്കുന്നത് അവന്‍െറ പരമാധിപത്യമാണ്. നന്മ ചെയ്യുന്നവന് നന്മയുടെ പ്രതിഫലവും തിന്മ പ്രവര്‍ത്തിച്ചവന് അതിനുള്ള പ്രതിഫലവും നല്‍കാന്‍ ശക്തനാണ് അല്ലാഹു. അതിനാല്‍ എതേത് രീതി തന്‍െറ ജീവിതത്തില്‍ തിരഞ്ഞെടുത്താലും അതിന്‍െറ പരിണതി അനുഭവിക്കാതെ ദൈവിക പിടിയില്‍നിന്ന് രക്ഷപ്പെടാനാകില്ല. അതിനാല്‍, ശരിയായ പ്രകൃതിയില്‍ നിന്നും സന്മാര്‍ഗത്തില്‍ നിന്നും അകന്ന് ദേഹേഛക്കനുസരിച്ചു ജീവിച്ച മഹാ ദൗര്‍ഭാഗ്യവാന് നരകത്തെക്കുറിച്ച് മുന്നറിയിപ്പ് നല്‍കുകയാണ് അവന്‍ ചെയ്യുന്നത്. ഹൃദയം കൊണ്ട് നന്മയെയും ദൈവികസരണിയെയും കളവാക്കുകയും ശരീരം കൊണ്ടും കര്‍മം കൊണ്ടും അത്തരം രീതികളില്‍നിന്ന് ഭൗതിക നേട്ടങ്ങള്‍ക്കുവേണ്ടി പിന്തിരിഞ്ഞു പോയവനുമാണവന്‍.അത്തരക്കാരുടെ പരിണതിയത്രെ നരകം.

നരകവിമോചനം ലഭിക്കുന്ന വിഭാഗത്തെക്കുറിച്ച സൂചനയിതാണ്: തന്‍െറ ധനം ദൈവം തന്നെ ഏല്‍പിച്ച അമാനത്താണന്ന ധാരണയോടെ മാത്രം അതിനെ സമീപിക്കുകയും ഏതൊക്കെ അവകാശികള്‍ അതിന്‍െറ മുമ്പിലുണ്ടോ അവരുടെയൊക്കെ അവകാശങ്ങള്‍ ധനത്തില്‍നിന്ന് കൊടുത്തുവീട്ടുകയും ചെയ്യുന്നവരാണവര്‍. സ്വന്തം ജീവിതത്തിന്‍െറ സംസ്കരണവും ധനത്തിന്‍െറ ശുദ്ധീകരണവുമാണവര്‍ ആഗ്രഹിക്കുന്നത്.അല്ലാഹു അവര്‍ക്ക് നല്‍കിയ ധനത്തില്‍നിന്ന് അവര്‍ അവരുടെ ഭൗതിക ജീവിതത്തിന്‍െറ ആവശ്യങ്ങളും ആദര്‍ശത്തിന്‍െറ ആവശ്യവും പൂര്‍ത്തീകരിക്കുകയും സ്വന്തം പരലോകപരിണതി നന്നാക്കാന്‍ ശ്രമിക്കുന്നവരുമാണ്.

അത്തരക്കാരുടെ ധനവിനിയോഗത്തിന്‍െറ രീതിയത്രെ: അവര്‍ എന്ത് ചെലവഴിക്കുന്നുവോ അത് നിഷ്കളങ്കമായും ദൈവിക പൊരുത്തം മാത്രം മുന്‍നിറുത്തിയുള്ളതായിരിക്കും. ഒരുതരത്തിലുള്ള പ്രത്യുപകാരവും അവര്‍ ആളുകളില്‍ നിന്ന് പ്രതീക്ഷിക്കുന്നില്ല. അത്തരക്കാര്‍ സ്രഷ്ടാവായ ഏക ദൈവത്തിന്‍െറ സംപ്രീതിക്ക് വിധേയരായ മഹാഭാഗ്യവന്മാരാണ്.

---

*********

## അധ്യായം 93

# അദ്ദുഹാ. (പകൽ)

**അവതരണം മക്കയിൽ, വചനങ്ങൾ 11**

**അധ്യായ പരിചയം:**

മുഹമ്മദ്നബി(സ)ക്ക് തൻെറ പ്രവാചകത്വത്തിൻെറ ആരംഭഘട്ടത്തിൽ കുറച്ചുനാൾ ദിവ്യ ബോധനം നിലക്കുകയുണ്ടായി. തന്നിൽ നിന്നും സംഭവിച്ച വല്ല പാകപ്പിഴവും കാരണമാ ണോ എന്ന് അദ്ദേഹം ആശങ്കിക്കുകയും അസ്വസ്ഥനാവുകയും ചെയ്തു. മുഹമ്മദ്(സ)നെ തൻെറ രക്ഷിതാവ് കൈവിട്ടതായി എതിരാളികൾ പരിഹസിച്ചു. ദിവ്യബോധന സ്വീകരണ ത്തിൻെറ കടുത്ത ഭാരം ശീലിച്ചു കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് ഒരിടവേള ആവശ്യമാണെ ന്നും അല്ലാഹു കൈവിട്ടതല്ലെന്നും ഈ അധ്യായത്തിലൂടെ പ്രവാചകനെ സാന്ത്വനപ്പെടുത്തു കയാണ് ചെയ്തത്. അതോടൊപ്പം പ്രവാചകത്വ ലബ്ധിയിലൂടെ തേജസ്സുറ്റവനാക്കുകയും ഖുറൈശികളിലെ ഏറ്റവും ധനാഢ്യയുമായുള്ള വിവാഹത്താൽ സമ്പന്നനാക്കുകയും ചെയ്ത സംഗതി അദ്ദേഹത്തെ ഓർമപ്പെടുത്തുന്നു. തുടർന്ന് അനാഥകളോട് ഉദാരമായി വർത്തിക്കാ നും അവശരായ ദൈവദാസന്മാരെ സഹായിക്കാനും അദ്ദേഹത്തോട് നിർദ്ദേശിക്കുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. പകലിൻെറ ആദ്യ പാതി സത്യം.
2. രാത്രിയാണെ, അത് പ്രശാന്തമാകുമ്പോൾ (അതുകൊണ്ടും സത്യം)
3. നിൻെറ നാഥൻ നിന്നെ വെടിഞ്ഞിട്ടില്ല, വെറുത്തിട്ടുമില്ല.
4. തീർച്ചയായും പിൽക്കാലമാകുന്നു ആദ്യകാലത്തെക്കാൾ നിനക്കുത്തമം.
5. വൈകാതെ തന്നെ നിൻെറ നാഥൻ നിനക്കുനല്കും; അപ്പോൾ നീ സംതൃപ്തനാകും.
6. അവൻ നിന്നെ അനാഥനായി കണ്ടു. അപ്പോൾ അവൻ നിനക്ക് അഭയമേകിയില്ലേ?
7. നിന്നെ വഴിയറിയാത്തവനായി കാണുകയും അവൻ നിന്നെ നേർവഴിയിലാക്കുകയും ചെയ്തില്ലേ?
8. നിന്നെ ദരിദ്രനായി കാണുകയും അങ്ങനെ അവൻ നിന്നെ സമ്പന്നനാക്കുകയും ചെയ്തില്ലേ?
9. അതിനാൽ അനാഥനോട് നീ പരുഷത കാട്ടരുത്.
10. ചോദിച്ച് വരുന്നവനെ വിരട്ടരുത്.
11. നിൻെറ നാഥൻെറ അനുഗ്രഹത്തെ പ്രകീർത്തിക്കുകയും ചെയ്യുക.

**വിശദീകരണം:**

പ്രവാചകത്വത്തിൻെറ ആദ്യഘട്ടത്തിൽ കുറച്ചുനാൾ ദിവ്യബോധനം നിലക്കുകയുണ്ടായെന്ന് സൂചിപ്പിച്ചു വല്ലോ. എതിരാളികളായ ബഹുദൈവവിശ്വാസികൾ അദ്ദേഹത്തെ പരിഹസിക്കാൻ ഈ സന്ദർഭം ഉപയോ ഗപ്പെടുത്തി. അബൂജഹൽ എന്ന ഖുറൈശിപ്രമാണിയുടെ ഭാര്യ ഉമ്മുജമീൽ ഒരിക്കൽ പ്രവാചകനോട് പറഞ്ഞു: ''നിൻെറ ചെകുത്താൻ നിന്നെ കൈവിട്ടുകളഞ്ഞെന്ന് തോന്നുന്നു''. ജിബ്രീലിനെ സംബ ന്ധിച്ചായിരുന്നു ആ സംസാരം. എന്നാൽ പകലിനെയും രാത്രിയെയും സത്യം ചെയ്തുകൊണ്ട് അല്ലാഹു തൻെറ ദൂതനെ സമാധാനിപ്പിക്കുന്നു. ഇടക്കാലത്ത് ദിവ്യബോധനം ഇല്ലാതിരിക്കാൻ കാരണം നിൻെറ നാഥൻ നിന്നെ വെടിഞ്ഞതുകൊണ്ടല്ല അതൃപ്തനായതുകൊണ്ടുമല്ല. താങ്കൾക്ക് ലഘൂകരണം ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു.

തൻെറ ജനത നേടിയെടുക്കുന്ന വിജയങ്ങളും സംഭരിക്കുന്ന യുദ്ധമുതലുകളും ഒരിക്കൽ അല്ലാഹു അദ്ദേ ഹത്തിന് കാണിക്കുകയുണ്ടായി. അദ്ദേഹം വളരെ സന്തുഷ്ടനായി. എന്നാൽ അല്ലാഹു പറഞ്ഞു: ഈ ലോകത്തെ എല്ലാ വിജയങ്ങളെക്കാളും പ്രശസ്തിയെക്കാളും താങ്കൾക്ക് വിശിഷ്ടമായിട്ടുള്ളത് പരലോക

ത്തെ വിജയമാകുന്നു. തീർച്ചയായും അല്ലാഹു താങ്കൾക്കത് നല്കുന്നതാണ്. അപ്പോൾ താങ്കൾ സന്തുഷ്ടനാകുന്നതായിരിക്കും.
അദ്ദേഹത്തിന്റെ ജന്മത്തിനു മുമ്പു തന്നെ പിതാവ് അബ്ദുല്ലയും അദ്ദേഹത്തിന് ആറ് വയസ്സുള്ളപ്പോൾ മാതാവും എട്ടു വയസ്സുള്ളപ്പോൾ പിതാമഹൻ അബ്ദുൽ മുത്തലിബും മരണമടഞ്ഞിരുന്നു. അക്കാര്യം പരാമർശിച്ചുകൊണ്ട് അദ്ദേഹത്തോടു പറയുന്നു: 'മാതാപിതാക്കളുടെ വിയോഗത്താൽ ചെറുപ്പത്തിൽ തന്നെ അനുഭവിക്കേണ്ടിവന്ന അനാഥത്വത്തിൽ നാം നിനക്ക് ആശ്രയവും തുണയും നല്കി. സംരക്ഷിച്ചുപോന്നു. പ്രവാചകത്വത്തിന്റെ ഘട്ടത്തിൽ അനാഥത്വം വരുത്തിയ ഖിന്നതാബോധം അകറ്റുകയും തന്റെ ജനതയുടെ എല്ലാ ദ്രോഹങ്ങളിൽ നിന്നും സംരക്ഷണം നല്കുകയും ചെയ്തു. അതോടൊപ്പം വിശ്വാസസംരക്ഷ ണത്തിന്റെ പേരിൽ നാട് ത്യജിക്കേണ്ടി വന്നപ്പോൾ കൂടുതൽ ഹൃദ്യവും ഊഷ്മളവുമായ ആത്മബന്ധം മുറ്റിനിൽക്കുന്ന നാടും സാഹചര്യവും നല്കുകയും ചെയ്തു. ''ഇതൊക്കെ അല്ലാഹു അദ്ദേ ഹത്തെ ഏറ്റെടുക്കുകയും സംരക്ഷിക്കുകയും ചെയ്തതുകൊണ്ടാണ്.
നിന്നെ വഴിയറിയാത്തവനായി കണ്ടു, അങ്ങനെ നിനക്ക് വഴി കാണിച്ചുതന്നു എന്ന വചനം കുറിക്കുന്നത് പ്രവാചകൻ(സ) ദുർമാർഗചാരിയായിരുന്നു എന്ന അർഥത്തിലല്ല. മറിച്ച് യഥാർഥ ദൈവികസന്മാർഗം ഏതെന്നും ഏകദൈവ വിശ്വാസം എന്തെന്നും അദ്ദേഹത്തിന് അറിയുമായിരുന്നില്ല. അക്കാര്യം ഖുർആൻ തന്നെ വ്യക്തമാക്കുകയുണ്ടായി. (വി.ഖു.42:52). പ്രവാചകത്വത്തിനു മുമ്പ് അത്തരം കാര്യങ്ങ ളെ സംബന്ധിച്ച് അദ്ദേഹം ഒട്ടും ബോധവാനായിരുന്നില്ല.
അദ്ദേഹം തീർത്തും ദാരിദ്ര്യാവസ്ഥയിലായിരുന്നു. സമ്പന്നമായ കുടുംബ പശ്ചാത്തലമായിരുന്നില്ല അദ്ദേഹത്തിന്റേത്. എന്നാൽ മക്കയിലെ പ്രമുഖ വ്യാപാരിയായിരുന്ന ഖദീജയുമായുള്ള വിവാഹശേഷം ദാരിദ്ര്യാവസ്ഥയിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയുണ്ടായി.
6,7,8 വചനങ്ങളിൽ പ്രതിപാദിച്ച ഈ മൂന്ന് കാര്യങ്ങളും പ്രവാചകത്വത്തിന് മുമ്പുണ്ടായിരുന്ന അദ്ദേഹത്തിന്റെ അവസ്ഥയായിരുന്നു. അത് ബോധ്യപ്പെടുത്തിക്കൊണ്ട് അല്ലാഹു അദ്ദേഹത്തോട് മൂന്നു കാര്യങ്ങൾ സൂക്ഷിക്കാൻ ആജ്ഞാപിക്കുന്നു. ഒന്ന്, അല്ലാഹു ഈ മൂന്നവസ്ഥകളിലും നിന്നെ സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്തതിനാൽ നിന്റെ കൈയാൽ ഒരു അനാഥനും ആക്രമിക്കപ്പെടാനോ ആട്ടിയകറ്റപ്പെടാനോ പാടില്ല. പകരം അവനോട് നല്ലനിലയിൽ വർത്തിക്കണം. അവന്റെ അവകാശങ്ങൾ വകവെച്ചു കൊടുക്കണം. അവന് താങ്കൾ ഒരു പിതാവിനെപ്പോലെയായിരിക്കണം. രണ്ട്, ദാരിദ്ര്യാവസ്ഥയിൽ നിന്നെ സംരക്ഷിച്ചതുപോലെ നിന്നെ സമീപിക്കുന്ന അവശരെ ഒരിക്കലും ആട്ടിയകറ്റരുത്. അവരോട് അവജ്ഞയോടെ വർത്തിക്കരുത്. അവരോട് കാരുണ്യത്തോടും കനിവോടുംകൂടി വർത്തിക്കുക. മൂന്ന്, അല്ലാഹു അദ്ദേഹത്തിന് ചെയ്തുകൊടുത്ത എല്ലാ അനുഗ്രഹങ്ങളേയും എടുത്തോതുകയും അവയുടെ പേരിൽ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക. അത് കർമ രൂപത്തിലാകട്ടെ വാചികമാകട്ടെ, നന്ദി പ്രകടിപ്പിക്കുന്നതിലും ആ അനുഗ്രഹം പ്രകടമാക്കുന്നതിലും ഒരിക്കലും അലംഭാവം കാട്ടരുത്.

---

********

## അധ്യായം 94

# അശ്ശർഹ്. (ഹൃദയ വിശാലത)

**അവതരണം മക്കയിൽ, വചനങ്ങൾ 8**

**അദ്ധ്യായ പരിചയം:**

പ്രബോധനപ്രവർത്തനങ്ങളിലെ ആദ്യനാളുകളിൽ തന്നെ പ്രവാചക(സ)ക്ക് തൻെറ സമൂഹത്തിൽനിന്ന് വേദനാജനകമായ അനുഭവങ്ങളുണ്ടായിരുന്നു. അല്ലാഹു ഈ സൂക്തങ്ങളിലൂടെ തിരുമേനിയെ സാന്ത്വനിപ്പിക്കുകയാണ്, താങ്കൾക്ക് ഹൃദയവിശാലതയും മറ്റൊരു ദൈവദാസനും ലഭിച്ചിട്ടില്ലാത്ത സൽക്കീർത്തിയും നൽകിയിരിക്കുന്നു.പ്രബോധന പ്രവർത്തനത്തിൻെറ ഈ ആരംഭദശയിലനുഭവപ്പെടുന്ന പ്രയാസങ്ങൾക്കുശേഷം എളുപ്പത്തിൻെറയും സൗകര്യത്തിൻെറയും കാലം താങ്കൾക്ക് വരുന്നുണ്ട്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. നാം നിനക്ക് നിൻെറ മാറിടം വിശാലമാക്കിത്തന്നില്ലേ?
2. നിൻെറ ഭാരം നിന്നിൽ നിന്നിറക്കി വെക്കുകയും ചെയ്തില്ലേ?
3. നിൻെറ മുതുകിനെ ഞെരിച്ചുകൊണ്ടിരുന്ന ഭാരം.
4. നിൻെറ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തു.
5. അതിനാൽ തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ട്.
6. നിശ്ചയം, പ്രയാസത്തോടൊപ്പമാണ് എളുപ്പം.
7. അതിനാൽ ഒന്നിൽനിന്നൊഴിവായാൽ മറ്റൊന്നിൽ മുഴുകുക.
8. നിൻെറ നാഥനിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുക.

**വിശദീകരണം:**

ഹൃദയം വിശാലമാക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് ദൈവികസന്മാർഗത്തിനുവേണ്ടി അദ്ദേഹത്തിൻെറ മനസ്സിനെ വിശാലമാക്കുകയും യുക്തികൊണ്ടതിനെ സമ്പന്നമാക്കുകയും ഉത്തമ സ്വഭാവംകൊണ്ട് ശുദ്ധീകരിക്കുകയും നന്മയിലേക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു എന്നാണ്. അല്ലാഹു ഒരാൾക്ക് സന്മാർഗം നല്കാനുദ്ദേശിച്ചാൽ അയാളുടെ ഹൃദയം അവൻ വിശാലമാക്കിക്കൊടുക്കും എന്ന് ഖുർആൻ വ്യക്തമാക്കുകയുണ്ടായി. പ്രവാചകനെ സംബന്ധിച്ചിടത്തോളം പ്രവാചകത്വത്തോടെ അദ്ദേഹത്തിന് ധീരമായി തൻെറ കൃത്യം നിറവേറ്റാനുള്ള കഴിവും വിജ്ഞാനവും തത്വദീക്ഷയും ഉൾക്കാഴ്ചയും ഉന്നതമായ മനസ്സും അല്ലാഹു നല്കുകയുണ്ടായി.

ഭാരം ഇറക്കിവെക്കുകയെന്നതുകൊണ്ട് അർഥമാക്കുന്നത് അജ്ഞാനകാലത്തിൻെറ ചിന്തകളും അക്കാലത്ത് സംഭവിച്ച തെറ്റുകളും പൊറുത്തുകൊടുക്കുകയും അദ്ദേഹത്തിൽനിന്ന് അതിൻെറ ആകുലത നീക്കം ചെയ്യുകയും ചെയ്തതിനെ സംബന്ധിച്ചാണ്. ആ ചിന്ത അദ്ദേഹത്തെ പ്രവാചകത്വത്തിന് ശേഷവും പ്രയാസപ്പെടുത്തുകയും വലിയൊരു ഭാരമായി അദ്ദേഹത്തിന് അനുഭവപ്പെടുകയും ചെയ്തിരുന്നു. അതേയവസരം, അത് അദ്ദേഹത്തെ അലട്ടിയിരുന്ന അജ്ഞാനകാലത്തെ ദുരാചാരങ്ങളെയും ദുർമാർഗ ജീവിതത്തെയും സംബന്ധിച്ച ചിന്തകളാണെന്നും അഭിപ്രായമുണ്ട്. ഈ ഭാരത്തെ സന്മാർഗം പ്രധാനം ചെയ്തതിലൂടെ അല്ലാഹു ദൂരീകരിക്കുകയാണ് ചെയ്തത്. നിൻെറ യശസ്സുയർത്തി എന്നതുകൊണ്ട് അർഥമാക്കുന്നത് അല്ലാഹു അദ്ദേഹത്തിന് നല്കിയ പ്രത്യേക ആദരവിനെയാണ്. നമസ്കാരത്തിന് ബാങ്ക് വിളിക്കുന്ന ഏതൊരാളും, ബാങ്ക് കേൾക്കുന്ന ഏത് വ്യക്തിയും, നമസ്കരിക്കുന്ന ഏത് ഏകദൈവവിശ്വാസിയും, ഏകദൈവത്തിൻെറ സന്മാർഗം പുലകുന്ന ലോകത്തെ ഏത് വ്യക്തിയും, വെള്ളിയാഴ്ച ജുമുഅ ഖുത്വുബ നടത്തുന്ന ഏതൊരു പണ്ഡിതനും, പ്രവാചകൻെറ നാമം കേൾക്കുന്ന ലോകത്തെ ഏത് ദൈവവിശ്വാസിയും അല്ലാഹുവിൻെറ നാമത്തോടൊപ്പം അദ്ദേഹത്തിൻെറ നാമം കൂട്ടി ഉച്ചരിക്കാത്ത ഒരു പ്രദേശവും ഇന്ന് ലോകത്തില്ല. അത്രത്തോളം അദ്ദേഹത്തിൻെറ യശസ്സ് അല്ലാഹു ഉയർത്തിക്കൊ

ടുത്തു. അറേബ്യയിൽ നിന്നുൽഭവിച്ച ആ പ്രകീർത്തനം ലോകം മുഴുക്കെ വ്യാപിക്കുകയും ആ സ്മരണ അന്ത്യനാളം വരെ നിലനിർത്തുകയും ചെയ്യും.മുഹമ്മദ് വാലറ്റവനാണ്,മാരണം ബാധിച്ചവനാണ്, പിഴ ച്ചവനാണ്, തുടങ്ങിയ ആക്ഷേപശകാരങ്ങളുമായി സമൂഹത്തിലെ ഉന്നതരും പ്രമാണിമാരും നാടൊട്ടാകെ ചുറ്റിത്തിരിയുന്നതിനിടയിലാണ് ഈ യശസ്സ് കൈവന്നതെന്ന് മനസ്സിലാക്കണം.
പ്രവാചകൻ(സ) അനുഭവിക്കുന്ന പ്രയാസങ്ങളെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു: ഇപ്പോഴത്തെ ക്ലേശപൂർണമായ അവസ്ഥ നീങ്ങിക്കൊണ്ടിരിക്കെതന്നെ തീർച്ചയായും നിനക്ക് നാം സുഖകരമായ അവ സ്ഥ പ്രദാനം ചെയ്യും. അതിനാൽ നീ നിന്റെ കൃത്യങ്ങളിൽനിന്ന് വിരമിച്ചാൽ തികഞ്ഞ മനസ്സാന്നിധ്യ ത്തോടെ ആരാധനകളിൽ മുഴുകുകയും തുടർന്ന് തന്റെ നാഥന്റെ പ്രീതിക്കായി പരിശ്രമിക്കുകയും ചെയ്യുക.

---

********

## അധ്യായം 95

# അത്തീൻ. (അത്തി)

**അവതരണം മക്കയിൽ, വചനങ്ങൾ 8**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അത്തിയും ഒലീവുമാണ് സത്യം.
2. സീനാമലയുമാണ് സത്യം.
3. ശാന്തി നിറഞ്ഞ ഈ നഗര(മക്ക)വുമാണ് സത്യം.
4. തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയിൽ സൃഷ്ടിച്ചിരിക്കുന്നു
5. പിന്നെ നാമവനെ പതിതരിൽ പതിതരിലേക്ക് മടക്കി.
6. സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെയൊഴിച്ച്. അവർക്ക് അക്ഷയമായ പ്രതിഫലമുണ്ട്.
7. എന്നാൽ ഇതിനുശേഷം രക്ഷാശിക്ഷകളുടെ കര്യത്തിൽ നിന്നെ കള്ളമാക്കുന്നതെന്ത്?
8. വിധികർത്താക്കളിൽ ഏറ്റവും നല്ല വിധികർത്താവ് അല്ലാഹുവല്ലയോ?

---

**വിശദീകരണം:**

ഒരു പരമാർഥം മനസ്സിലാക്കിത്തരാൻ ചില സ്ഥലങ്ങളെ പിടിച്ചാണയിടുകയാണ് അല്ലാഹു ചെയ്യുന്നത്. ആ സ്ഥലങ്ങൾ ഒന്ന് മക്ക, രണ്ട്, അത്തിയും ഒലീവും വളരുന്ന സിറിയ -ഫലസ്തീൻ പ്രദേശങ്ങൾ. അതുമുഖേന പറയുന്ന കാര്യം ഇതാകുന്നു: മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് മറ്റൊരു സൃഷ്ടിക്കും നൽകിയിട്ടില്ലാത്ത സുന്ദരഘടനയിലാകുന്നു. അതോടൊപ്പം ചിന്താശക്തി, വിജ്ഞാനം എന്നിവയും നാം നല്കിയിരിക്കുന്നു. ഈ രണ്ട് കാര്യങ്ങളും ലോകത്ത് മനുഷ്യന് സ്രഷ്ടാവ് ഏല്പിച്ചിരിക്കുന്ന ജീവിതധർമത്തെയാണ് സൂചിപ്പിക്കുന്നത്. അതു കൊണ്ടാണ് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ പിടിച്ചാണയിട്ടുകൊണ്ട് അല്ലാഹു ഈ വിഷയം സ്ഥാപിക്കുന്നത്.

അവനെ നികൃഷ്ടനാക്കി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതത്രെ: ശാരീരികമായ ഉയർന്ന യോഗ്യതയും വിജ്ഞാനവും ചിന്താശക്തിയും ഏതൊരു കാര്യത്തെ മുൻനിറുത്തിയാണോ മനുഷ്യന് നല്കിയിരിക്കുന്നത് അതിന്റെ നിർവഹണത്തിൽനിന്ന് അവൻ ബഹുദൂരം അകന്നുപോയിരിക്കുന്നു. പകരം ധിക്കാരവും അഹങ്കാരവും താൻപോരിമയും സ്വാർഥതാല്പര്യ സംരക്ഷണവും സ്വജനപക്ഷപാതിത്തവും കൊള്ളയും കൊലയുമൊക്കെയാകുന്നു അവനിൽ അവശേഷിച്ചിട്ടുള്ളത്. ഈ നയം കൈക്കൊള്ളുക വഴി താൻ ഒരു സംസ്കാരവുമില്ലാത്ത ഏറ്റവും നികൃഷ്ടനായ ജീവിയാണെന്ന് അവൻ സ്വയംതെളിയിക്കുന്നു.

എന്നാൽ ഏകദൈവത്തിൽ വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്തവരുമായ ജനം ഈ അവസ്ഥയിൽ നിന്ന് ഒഴിവാണ്. പുണ്യം ചെയ്തവരും ധിക്കാരം അനുവർത്തിച്ചവരും ഫലത്തിൽ ഒരുപോലെയാവുക സാധ്യമല്ല. സ്വബുദ്ധി ഉപയോഗിച്ച് സത്യത്തെ കണ്ടെത്തുകയും അതിന്റെ തേട്ടങ്ങൾക്കനുസരിച്ച് ജീവിക്കുകയും ചെയ്തവർക്ക് നിശ്ചയിച്ചിട്ടുള്ളത് ഒരിക്കലും മുറിഞ്ഞു പോകാത്ത പ്രതിഫലമാകുന്നു.

നിന്നെ തള്ളിപ്പറയാൻ ആർക്ക് കഴിയും എന്ന ചോദ്യംകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്. ലോകത്ത് രണ്ടു തരം മനുഷ്യരുടെ ജീവിതം കാണാൻ സാധിക്കുന്നുണ്ട്. നന്മ അനുവർത്തിച്ച് ജീവിക്കുന്നവർ ഒരു ഭാഗത്ത്. അവർ അതിന്റെ സ്വാഭാവിക സദ്ഫലം അനുഭവിക്കുന്നതും കാണാൻ സാധിക്കുന്നുണ്ട്. മറുവശത്ത് തിന്മ അനുവർത്തിച്ച് ജീവിക്കുന്നവരെയും കാണാം. അവരാകട്ടെ തിന്മയുടെ കെടുതികൾ അനുഭവിക്കുന്നുണ്ട്. ഈ രണ്ട് തരത്തിലുള്ള ജീവിത ദൃശ്യങ്ങളും പാരത്രിക പരിണതിയുടെ അവസ്ഥ എന്താണെന്ന് വിളിച്ചോതുന്നവയാണ്. അത്തരം ഒരവസ്ഥ കണ്ടിട്ട് വിവേകിയായ ഒരാൾക്ക് എങ്ങനെയാണ് പാരത്രിക പ്രതിഫലദിനത്തെ നിഷേധിക്കാനാവുക? എങ്കിൽ അതാണ് ബുദ്ധി ശൂന്യമായ സമീപനം.

മനുഷ്യന്റെ സ്വാഭാവികമായ തേട്ടമാണ് നീതി സ്ഥാപിക്കപ്പെടണമെന്നത്.ഓരോ കുറ്റത്തിന്റെ വിചാരണയിലും നാം പ്രതീക്ഷിക്കുന്നത് അതാണ്.മറ്റുള്ളവർ ന്യായപീഠത്തെ സ്വാധീനിക്കാൻ ശ്രമിക്കുമ്പോഴും

നാം നീതിക്കു വേണ്ടി ശബ്ദിക്കുന്നു. എന്നാൽ നീതി ചെയ്യുന്നതിൽ അല്ലാഹുവിനെ കവച്ചു വെക്കാൻ ആർക്കും സാധ്യമല്ല. അന്തിമമായി നൂറു ശതമാനവും നീതി പുലരുക അവങ്കലാണ്. അവനല്ലാതെ ഒരു ശക്തിയിൽനിന്നും ശരിയായ നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത് വെറുതെയാണ്.

---

**********

## അധ്യായം 96

# അൽ അലഖ്. (സിക്താണ്ഡം)

**അവതരണം മക്കയിൽ, വചനങ്ങളം 19**

**അദ്ധ്യായ പരിചയം:**

ഈ സൂക്തം രണ്ട് ഘട്ടങ്ങളായാണ് അവതരിച്ചത്. ഒന്ന്,പ്രവാചകൻ മുഹമ്മദ്(സ)ന് ആദ്യമായി അവതരിച്ച ദിവ്യബോധനമായ പ്രഥമ അഞ്ച് സൂക്തങ്ങളിലൂടെ. അതിൽ അദ്ദേഹം പ്രവാചകലബ്ദിക്കു മുമ്പ് പരിശുദ്ധ ജീവിതമാണ് നയിച്ചിരുന്നത് എന്ന സൂക്ഷ്മമായ സൂചനയുണ്ട്. അതോടൊപ്പം മനുഷ്യൻെറ സൃഷ്ടിപ്പെന്ന അത്യത്ഭുതകരമായ ദൃഷ്ടാന്തത്തിലേക്കും ഭൗതിക ലോകത്ത് അവൻ നേടിയെടുത്ത സകലതിനും അടിത്തറയായ വിജ്ഞാനത്തിൻെറ സ്വഭാവത്തിലേക്കും വ്യക്തമായ സൂചന നല്കുന്നു.

രണ്ടാമത്തെ ഘട്ടം. നബിതിരുമേനി മസ്ജിദുൽ ഹറാമിനടുത്ത് നമസ്കരിക്കവേ അദ്ദേഹത്തെ മക്കയിലെ ഖുറൈശിപ്രമാണി അബൂജഹൽ തടയുകയുണ്ടായി. അതേസംബന്ധിച്ച പരാമർശത്തിൽ മനുഷ്യൻ തൻെറ ദൈവത്തോട് അനുവർത്തിക്കുന്ന ധിക്കാരത്തെക്കുറിച്ചും അതിൻെറ പരിണതിയെക്കുറിച്ചും വ്യക്തമാക്കുന്നു.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. വായിക്കുക, സൃഷ്ടിച്ചവനായ നിൻെറ നാഥൻെറ നാമത്തിൽ.
2. അവൻ മനുഷ്യനെ ഒട്ടിപ്പിടിച്ച (സിക്താണ്ഡ)തിൽനിന്ന് സൃഷ്ടിച്ചു.
3. വായിക്കുക, നിൻെറ നാഥൻ അത്യുദാരനാണ്.
4. പേനകൊണ്ട് പഠിപ്പിച്ചവൻ.
5. മനുഷ്യനെ അവനറിയാത്തത് അവൻ പഠിപ്പിച്ചു.
6. വേണ്ട, മനുഷ്യൻ അതിക്രമിയായിരിക്കുന്നു.
7. തനിക്കു താൻ പോന്നവനായി കണ്ടതിനാൽ.
8. തീർച്ചയായും നിൻെറ നാഥങ്കലേക്കാണ് മടക്കം.
9. തടയുന്നവനെ നീ കണ്ടോ?
10. ഒരു ദാസൻ നമസ്കരിക്കുമ്പോഴം.
11. നിനക്കെന്തു തോന്നുന്നു, ആ അടിമ നേർവഴിയിലാണെങ്കിലോ?
12. അല്ലെങ്കിൽ ഭക്തി ഉപദേശിക്കുകയാണെങ്കിൽ?
13. നിനക്കെന്തു തോന്നുന്നു, (ഈ തടയുന്നവൻ സത്യത്തെ) തള്ളിപ്പറയുന്നവനും പുറം തിരിഞ്ഞു പോകുകയും ചെയ്തവനാണ്.
14. അല്ലാഹു എല്ലാം കാണുന്നുണ്ടെന്ന് അവൻ അറിയുന്നില്ലേ?
15. വേണ്ട, അവനതിൽ നിന്ന് വിരമിക്കുന്നില്ലെങ്കിൽ, അവൻെറ കുടുമ നാം പിടിച്ചു വലിക്കുക തന്നെ ചെയ്യും.
16. കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ.
17. എന്നാൽ അവൻ തൻെറ സഭക്കാരെ വിളിക്കട്ടെ.
18. നാം ശിക്ഷകളുടെ മലക്കുകളെയും വിളിക്കാം.
19. വേണ്ട, ഒരിക്കലും നീ അവന് വഴങ്ങരുത്. നീ (നിൻെറ നാഥനെ)നമിക്കുകയും (അവനോട്) സാമീപ്യം നേടുകയും ചെയ്തുകൊള്ളുക.

**വിശദീകരണം:**

പ്രവാചകൻ മുഹമ്മദ്(സ)ക്ക് ആദ്യമായി അവതരിച്ച ദിവ്യവെളിപാട് ഈ അദ്ധ്യായത്തിലെ ആദ്യത്തെ അഞ്ച് വചനങ്ങളാണ്.

സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക എന്ന് ജിബ്‌രീൽ മാലാഖ പ്രവാചകൻ മുഹമ്മദ്(സ)നോട്, അദ്ദേഹത്തിനുള്ള ദിവ്യബോധനത്തിന് തുടക്കം കുറിച്ചുകൊണ്ട് ആവശ്യപ്പെട്ടു. മലക്ക് അദ്ദേഹത്തിനു മുമ്പിൽ സമർപ്പിച്ചത് ലിഖിത രൂപത്തിലുള്ള സന്ദേശമായിരിക്കാമെന്നാണ് പണ്ഡിതന്മാരുടെ പക്ഷം. അതല്ലാതെ വായിക്കാനാവശ്യപ്പെടുകയില്ലല്ലോ.

സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ എന്ന വാക്യത്തിൽനിന്ന് മനസ്സിലാകുന്ന സംഗതികൾ ഇവയാണ്. അല്ലാഹുവാണ് സകല പ്രപഞ്ചങ്ങളുടെയും സ്രഷ്ടാവ്. അതേ സ്രഷ്ടാവിനെ തന്നെയാണ് അദ്ദേഹം ആദ്യകാലം മുതൽതന്നെ ദൈവമായി അംഗീകരിച്ചിരുന്നത്.

പ്രപഞ്ചസൃഷ്ടിപ്പിനെ പറ്റി പറഞ്ഞ ഉടനെ മനുഷ്യ സൃഷ്ടിപ്പിനെക്കുറിച്ച് എടുത്തു പറഞ്ഞത് അവനോടുള്ള ആദരവിനെ സൂചിപ്പിക്കാനാണ്. അതായത്, മറ്റു സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി ഏകദൈവത്തിന്റെ പ്രത്യേകമായ വിജ്ഞാനം നല്കി അവനെ ആദരിക്കുകയുണ്ടായി. അക്കാര്യം ഖുർആൻ രണ്ടാം അദ്ധ്യായം സൂചിപ്പിക്കുന്നുണ്ട്. ഇത് മനുഷ്യനോടുള്ള അല്ലാഹുവിന്റെ അങ്ങേയറ്റത്തെ ഔദാര്യമാകുന്നു.

മനുഷ്യനറിയാത്തത് പേനകൊണ്ട് പഠിപ്പിച്ചവൻ എന്നു പറഞ്ഞത് രണ്ടു കാര്യങ്ങളെ മുൻനിറുത്തിയാണ്. ഒന്ന്, മനുഷ്യൻ ജന്മനാ അജ്ഞനാണ്. പിന്നീട് മനുഷ്യൻ ആർജിച്ച വിജ്ഞാനങ്ങളും കണ്ടുപിടുത്തങ്ങളും ഏകദൈവം അവന് നല്കിയ ഔദാര്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതും അവൻ ഉദ്ദേശിച്ച അളവിൽ മാത്രം. രണ്ട്, ഈ വിജ്ഞാനത്തെ തലമുറകളിലേക്ക് വ്യാപിപ്പിക്കാനും അതുവഴി അവ നശിച്ചു പോകാതെ വളർത്തിക്കൊണ്ടുവരുവാനും മനുഷ്യന് സാധിച്ചത് ദൈവത്തിന്റെ പ്രത്യേക സംവിധാനമാണ്. അതാണ് വിജ്ഞാനം കെട്ടുപോകാതെ അനന്തര തലമുറകളിലേക്ക് വ്യാപിപ്പിക്കാനുതകുംവിധം രേഖപ്പെടുത്താനുള്ള സംവിധാനം ദൈവം മനുഷ്യനെ അഭ്യസിപ്പിച്ചത്. ഈ ഔദാര്യമില്ലായിരുന്നുവെങ്കിൽ മനുഷ്യന്റെ വിജ്ഞാനം നശിച്ചുപോകുമായിരുന്നു.

ഇനി പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഭാഗമാണ്. മനുഷ്യൻ നേടിയെടുത്തതൊക്കെ ഔദാര്യവാനായ ഏകദൈവത്തിന്റെ സഹായം കൊണ്ടാണെന്ന് സൂചിപ്പിച്ചു. എന്നാൽ ഈ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടുതന്നെ മനുഷ്യൻ തന്റെ നാഥനോട് അനുവർത്തിക്കുന്ന ധിക്കാരം സൃഷ്ടി എന്ന നിലക്ക് അവനിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഏകദൈവത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് അവനോട് നന്ദിയുള്ളവനായി ജീവിക്കുന്നതിനു പകരം എല്ലാ പരിധികളും ലംഘിച്ചുകൊണ്ടുള്ള സമീപനമാണ് അവൻ കൈക്കൊണ്ടിട്ടുള്ളത്. ഈ ധിക്കാരത്തിലൂടെ താൻ തന്റെ ദൈവത്തോട് സ്വീകരിച്ച നിലപാടിന് അവൻ സ്വയം തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. അതിന് അവനെ പ്രേരിപ്പിക്കുന്ന സംഗതിയാകട്ടെ അവന് ദൈവം നല്കിയ വിവിധ ഔദാര്യങ്ങളും സഹായങ്ങളുമാണ്. എന്നാൽ ഈ ദാർഷ്ട്യത്തിന്റെ പരിണതി തന്റെ നാഥനെ കണ്ടുമുട്ടും നാൾ തീർച്ചയായും അവൻ അനുഭവിക്കുക തന്നെ ചെയ്യും.

അടിമ നമസ്കരിക്കുമ്പോൾ എന്നുപറഞ്ഞത് പ്രവാചകൻ മുഹമ്മദി(സ)നെയാണ്. അദ്ദേഹം നമസ്കരിക്കാനായി കഅബയുടെ അടുത്ത് നിന്നപ്പോൾ, ഇവിടെ അത്തരം രീതിയിലുള്ള ആരാധനകൾ പാടില്ല എന്ന് ധിക്കാര മനോഭാവത്തോടെ അബൂജഹൽ തടയുകയുണ്ടായി. ഇതിനെ മുൻനിറുത്തി അല്ലാഹു ചോദിക്കുന്നു: നിങ്ങളെന്താണ് ചിന്തിക്കുന്നത്, ആ ദാസൻ സന്മാർഗത്തിലും ജനങ്ങളിൽ ദൈവഭക്തിയുണ്ടാക്കാനുള്ള പ്രവർത്തനത്തിലുമാണ്. അദ്ദേഹത്തെ തടഞ്ഞവനാകട്ടെ, ധിക്കാരിയും സത്യത്തിന്റെ ശത്രുവുമാണ്. രണ്ടു പേരുടെയും അവസ്ഥ ദൈവം നോക്കിക്കാണുന്നുണ്ട്. അതെ സംബന്ധിച്ച് അവൻ ഗൗനിച്ചിരുന്നുവെങ്കിൽ അവൻ ഈ ധിക്കാരം പ്രവർത്തിക്കുമായിരുന്നില്ലല്ലോ. എല്ലാവരുടെയും പ്രവർത്തനങ്ങൾ അല്ലാഹു നോക്കിക്കാണുന്നുണ്ട്. അതിനനുസരിച്ചാണ് അവൻ പ്രതിഫലവും വിധിക്കുക എന്നാണ് അതിന്റെ പൊരുൾ.

''നാം അവന്റെ മൂർദ്ധാവ് പിടികൂടും'' എന്നു പറഞ്ഞതിന്റെ അർത്ഥം അവൻ ഈ ധിക്കാരം അവസാനിപ്പിക്കുന്നില്ലെങ്കിൽ അവനെ നാം മാരകമായി പിടികൂടും എന്നാണ്.

സബാനിയ എന്നതുകൊണ്ട് അര്‍ഥമാക്കുന്നത് സംരക്ഷകനായ കാവല്‍ക്കാരെയാണ്. അതായത്, താന്‍ നമസ്കരിക്കുന്നത് തടയാന്‍ അബൂജഹല്‍ ഒരുങ്ങിയപ്പോഴം അയാളെ പ്രവാചകന്‍ മുഹമ്മദ് പ്രതിരോധിക്കുകയുണ്ടായി. ഉടനെ അയാഠം പറഞ്ഞു: ഈ താഴ്വര മുഴുവന്‍ എന്റെ സംരക്ഷകരാണ്. പിന്നെ എന്നെ തടയാന്‍ നിനക്കെങ്ങനെ ധൈര്യം വന്നു? ഇതേ സംബന്ധിച്ചാണ്,അവന്‍ തന്റെ ആളുകളെ വിളിക്കട്ടെ, നാം നമ്മുടെ സബാനിയാക്കളെയും വിളിക്കാം, എന്നിട്ട് അവരുടെ ശക്തി അവനൊന്ന് മനസ്സിലാക്കട്ടെ എന്ന് അല്ലാഹു പറഞ്ഞത്.
സുജൂദ് ചെയ്യുക. സാമീപ്യം നേടുക എന്നു പറഞ്ഞത്, നമസ്കാരം തുടരാന്‍ പ്രവാചകനോടുള്ള കല്പനയാകുന്നു.

---

******

## അധ്യായം 97

# അൽഖദ്ർ. (വിധി നിർണയ രാവ്)

**അവതരണം മക്കയിൽ, വചനങ്ങൾ 5**

**അദ്ധ്യായ പരിചയം:**

റമദാനിലെ ഒരു രാത്രിയിലാണ് ഖുർആൻ അവതരണം ആരംഭിച്ചത്. അതിൻെറ അവതരണത്താൽ ആ രാത്രിക്ക് ആയിരം മാസങ്ങളെക്കാൾ ഔന്നത്യം കൈവരാൻമാത്രം ഉന്നതമാണ് ആ ഗ്രന്ഥം എന്ന് ഈ അധ്യായം നമ്മെ ബോധ്യപ്പെടുത്തുന്നു. ആ രാവിലാണ് മനുഷ്യൻെറ ഭാഗധേയ നിർണയവുമായി ആകാശലോകത്തുനിന്ന് ദൈവ കൽപനയാൽ മാലാഖമാർ ഇറങ്ങിവരികയെന്നും ഈ അധ്യായം വ്യക്തമാക്കുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. തീർച്ചയായും നാംഅതിനെ(ഖുർആനിനെ)ലൈലത്തുൽ ഖദ്റിൽ അവതരിപ്പിച്ചു.
2. ലൈലത്തുൽ ഖദ്ർ എന്തെന്ന് നിനക്കെന്തറിയാം?
3. ലൈലത്തുൽ ഖദ്ർ ആയിരം മാസത്തെക്കാൾ മഹത്തായതത്രെ.
4. അതിൽ മലക്കുകളും ജിബ്രീലും ഇറങ്ങിവരുന്നു.സമസ്തകാര്യങ്ങളെയും സംബന്ധിച്ച തങ്ങളുടെ നാഥൻെറ വിധിയുമായി.
5. പ്രഭാതം വരെ അത് തികച്ചും സമാധാനമായിരിക്കും.

**വിശദീകരണം:**

നാം അതിനെ അവതരിപ്പിച്ചു എന്ന പ്രയോഗം ഖുർആനെക്കുറിച്ചാണ്. ഖുർആൻെറ അവതരണത്തിന് നാന്ദി കുറിക്കപ്പെട്ടത് ലൈലത്തുൽ ഖദ്റിലാണ്. പ്രവാചകൻ മുഹമ്മദ്(സ)ന് മലക്ക്(മാലാഖ) ജിബ്രീൽ ആദ്യമായി ദിവ്യവെളിപാടുമായി വന്നത് റമദാനിലെ ഒരു രാത്രിയിലായിരുന്നു. റമദാൻ മാസം അവസാനത്തെ പത്തിലെ ഏതോ ഒരു രാവിലായിരുന്നു അത്. ഈ രാത്രിയെയാണ് ലൈലത്തുൽ ഖദ്ർ എന്നു വിശേഷിപ്പിച്ചത്. ഖുർആനിൽ പലയിടത്തും അക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ലൈലത്തുൽ ഖദ്ർ എന്നാൽ വിധിനിർണയ രാവെന്നർഥം. മഹത്തായ വിശുദ്ധ രാവെന്ന് പരിഭാഷ നൽകിയ പണ്ഡിതന്മാരുമുണ്ട് .

ലൈലത്തുൽ ഖദ്ർ ഏത് രാത്രിയാണെന്ന് നിർണയിക്കാൻ സാധിക്കില്ല. പ്രപഞ്ചസ്രഷ്ടാവ് അത് നമ്മെ ഒരു രീതിയിലൂടെയും അറിയിച്ചിട്ടില്ല. എന്നാൽ റമദാനിലെ അവസാന പത്ത് രാവുകളിലെ ഒറ്റയായ ഏതെങ്കിലും ഒരു രാവിലാണെന്നാണ് പ്രവാചക വചനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാകുന്നത്. നബിയുടെ അനുചരരിൽ അത് 27-ാം നാളിലാണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്, 29-ാം നാളിലാണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട് .

ആ രാവ് ഒരു പുരുഷായുസ്സിനെക്കാൾ ശ്രേഷ്ഠമാണ്. എണ്ണത്തിൻെറ ആധിക്യത്തെക്കുറിക്കാൻ പഴയകാല അറബികൾ ഉപയോഗിച്ചിരുന്ന പ്രയോഗമാണ് ആയിരം എന്നത്. അതായത്, ഒരു പുരുഷായുസ്സുകൊണ്ടും നേടാനാകാത്ത പുണ്യം നേടാനാകുന്നരാവാണത് എന്നർഥം. വിശ്വാസിക്ക് തൻെറ കുറ്റങ്ങളിൽനിന്ന് മുക്തനാകാനും കൂടുതൽ പുണ്യം കരസ്ഥമാക്കി തൻെറ ഉടമയോട് അടുക്കുവാനും സ്രഷ്ടാവ് ചെയ്ത സംവിധാനമാണത്. ആ രാവിൽ ജിബ്രീലും മലക്കുകളും ദൈവാജ്ഞയുംകൊണ്ട് ഭൂമിയിലേക്ക് ഇറങ്ങിവരും. മനുഷ്യരുടെ ഭാഗധേയമാണതുകൊണ്ട് അർഥമാക്കുന്നത്. ആ രാവ് പൂർണമായും പ്രഭാതംവരെ അനുഗ്രഹപൂർണവും ശാന്തി നിറഞ്ഞതുമായിരിക്കും.

********

## അധ്യായം 98

# അല്‍ബയ്യിന. (വ്യക്തമായ തെളിവ്)

**അവതരണം മദീനയില്‍, വചനങ്ങള്‍ 8**

**അദ്ധ്യായ പരിചയം:**

ഏകദൈവത്തിലുള്ള വിശ്വാസം അടിസ്ഥാനമാക്കി മനുഷ്യന്‍ രണ്ട് വിഭാഗമാണ്. വിശ്വസിച്ചവരും നിഷേധികളും. വിശ്വാസത്തിന് മാനദണ്ഡം ദൈവത്തില്‍ നിന്നുള്ള മാര്‍ഗദര്‍ശനവുമായി പ്രവാചകന്മാര്‍ മനുഷ്യരില്‍ ആഗതമാവുകയും അവരെ ദൈവിക സന്മാര്‍ഗത്തിലേക്ക് ക്ഷണിക്കലുമാകുന്നു.

അതോടൊപ്പം വേദവിശ്വാസികള്‍(പൂര്‍വ പ്രവാചകന്മാര്‍ കൊണ്ടുവന്ന ഏതെങ്കിലും വേദത്തില്‍ വിശ്വസിച്ചവര്‍) വഴിതെറ്റാനിടയായത് അല്ലാഹുവിന്റെ പ്രവാചകന്മാര്‍ അവര്‍ക്ക് സത്യപ്രമാണങ്ങള്‍ നല്‍കിയതിനു ശേഷമാണെന്നും അല്ലാതെ അല്ലാഹു അവര്‍ക്ക് സന്മാര്‍ഗ ദൃഷ്ടാന്തങ്ങള്‍ വിശദീകരിച്ചു കൊടുക്കുവാന്‍ ഏര്‍പ്പാടു ചെയ്യാത്തതിനാലല്ല എന്നും ഈ അധ്യായം വ്യക്തമാക്കുന്നു.

വേദങ്ങളില്‍ ഭേദഗതികള്‍ വരുത്തുകയും ഒരു പ്രവാചകനെയോ വേദത്തെയോ അംഗീകരിക്കുകയും ചെയ്യാത്ത ബഹുദൈവവിശ്വാസികളോടും വേദവിശ്വാസികളിലെ സത്യനിഷേധികളോടും തങ്ങളുടെ പരിണതി എത്രമാത്രം ദുര്‍ഭഗമായിരിക്കുമെന്ന മുന്നറിയിപ്പും ഈ അധ്യായം നല്‍കുന്നു.

---

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.

1. വേദക്കാരിലും ബഹുദൈവവിശ്വാസികളിലും പെട്ട സത്യനിഷേധികള്‍,വ്യക്തമായ തെളിവ് അവര്‍ക്ക് വന്നെത്തും വരെ തങ്ങളുടെ മാര്‍ഗത്തില്‍ നിന്ന് വിരമിക്കുന്നവരായിരുന്നില്ല.
2. അല്ലാഹുവില്‍ നിന്നുള്ള ദൂതന്‍ പവിത്രമായ ഏടുകള്‍ വായിച്ചുകേള്‍പ്പിക്കുന്നു.
3. അതില്‍ ചൊവ്വായ പ്രമാണങ്ങളുണ്ട്.
4. വേദം നല്‍കപ്പെട്ടവര്‍ അവര്‍ക്ക് വ്യക്തമായ തെളിവ് വന്നെത്തിയ ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല.
5. നിഷ്കളങ്കമായി വഴക്കം അല്ലാഹുവിനു മാത്രമാക്കുവാനും നമസ്കാരം നിഷ്ഠയോടെ നിര്‍വഹിക്കുവാനും സകാത്ത് നല്‍കുവാനുമല്ലാതെ അവര്‍ അജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതാണ് ചൊവ്വായ ദീന്‍ .
6. തീര്‍ച്ചയായും വേദക്കാരിലും ബഹുദൈവവിശ്വാസികളിലും പെട്ട സത്യനിഷേധികള്‍ നരകത്തീയിലാണ്.അവരതില്‍ സ്ഥിരവാസികളായിരിക്കും. അവരാണ് സൃഷ്ടികളിലേറ്റം ദുഷിച്ചവര്‍
7. തീര്‍ച്ചയായും സത്യവിശ്വാസം സ്വീകരിക്കുകയും സല്‍ക്കര്‍മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തവരോ, അവരാണ് സൃഷ്ടികളിലേറ്റം ശ്രേഷ്ഠര്‍ .
8. അവരുടെ രക്ഷിതാവിങ്കല്‍ അവര്‍ക്ക് പ്രതിഫലമുണ്ട്. താഴ്ഭാഗത്തുകൂടെ ആറുകളൊഴുകുന്ന സ്വര്‍ഗീയ തോപ്പുകള്‍. അവരതില്‍ നിത്യവാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കും. അവര്‍ അവനെക്കുറിച്ചും സംതൃപ്തനായിരിക്കും. ഇതെല്ലാം തന്റെ നാഥനെ ഭയപ്പെടുന്നവര്‍ക്കുള്ളതാണ്.

---

**വിശദീകരണം**

അഹ്ലുൽ കിതാബ്, മുശ്രിക്ക് എന്നീ രണ്ട് പ്രത്യേക നാമം ഇവിടെ പ്രയോഗിച്ചിട്ടുണ്ട്. അഹ് ലുൽകിതാബ്കൊണ്ട് ഉദ്ദേശിക്കുന്നത് വേദവിശ്വാസികളെയാണ്.അതായത്, പൂർവ പ്രവാചകന്മാർ കൊണ്ടുവന്ന വേദഗ്രന്ഥങ്ങളിൽ ഏതെങ്കിലും ഒന്ന് കൈവശം കൊണ്ടുനടക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ്. (എന്നാൽ പ്രസ്തുത ഗ്രന്ഥങ്ങളിൽ ഒന്നും ഇന്ന് യഥാർഥ നിലയിൽ നിലവിലില്ല).

മുശ്രിക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബഹുദൈവവിശ്വാസികളെയാണ്. ഏകദൈവ വിശ്വാസത്തെ തള്ളിക്കളയുകയും അതിനനുസരിച്ച ജീവിത വ്യവസ്ഥയെ നിഷേധിക്കുകയും ചെയ്യുന്നവരാണവർ. തങ്ങൾക്ക് സൗകര്യം എന്നു തോന്നിയ ഒരു ദൈവത്തിലോ ഏതെങ്കിലും ദൈവങ്ങളിലോ വ്യവസ്ഥയിലോ ആയിരിക്കും അവർ വിശ്വസിക്കുന്നത്. വേദവാഹകരും ബഹുദൈവ വിശ്വാസികളുമായ ''സത്യനിഷേധികൾ'' എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് ഇതത്രെ: അവരിൽ ചിലർ അല്ലാഹുവിൻെറ അസ്തിത്വത്തിൽതന്നെ വിശ്വസിക്കുന്നില്ല. അവർ യഥാർഥ സത്യനിഷേധികളാണ്. ചിലർ അല്ലാഹുവിനെ അംഗീകരിച്ചിരുന്നെങ്കിലും അവനെ ഒരേയൊരു ദൈവമായി അംഗീകരിച്ചിരുന്നില്ല. അവനോടൊപ്പം ഏതെങ്കിലും ശക്തിയെകൂടി ദൈവമായി അംഗീകരിക്കുകയും അവർക്ക് ആരാധനകളർപ്പിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം ചിലർ പ്രവാചകനെ വിശ്വസിച്ചിരുന്നില്ല. ഇതൊക്കെ സത്യനിഷേധം തന്നെയാണ്.

അവരെ തങ്ങളുടെ സത്യനിഷേധത്തിൽനിന്ന് വിമോചിപ്പിക്കാനുള്ള രീതിയത്രെ അവരുടെ മുമ്പിൽ സന്മാർഗം തെളിച്ചുകാണിക്കുയെന്നത്. അതുവരെ അവർ തങ്ങളുടെ സത്യനിഷേധത്തിൽ തന്നെ ചലിച്ചുകൊണ്ടിരിക്കും. എന്നാൽ സന്മാർഗദർശനം അവർക്ക് വന്നെത്തിയിട്ടും സത്യനിഷേധത്തിൽ തന്നെ തുടരുന്നതിൻെറ ഉത്തരവാദിത്തം  അവർക്കു തന്നെയായിരിക്കും.

ഇപ്പോഴിതാ അവരുടെ ഇടയിലേക്ക് ഒരു പ്രവാചകൻ ആഗതനായിരിക്കുന്നു. അദ്ദേഹം ദൈവദൂതനാണോ എന്ന സംശയത്തിനിടയില്ലാത്ത വിധം അദ്ദേഹത്തിൻെറ സത്യസന്ധമായ ജീവിതം അവർ നോക്കിക്കാണുന്നുണ്ട്. അദ്ദേഹം ദൈവിക വചനങ്ങൾ ആലേഖനം ചെയ്യപ്പെട്ട ഒരു കലർപ്പുമില്ലാത്ത പവിത്രമായ ഏടുകൾ ജനത്തിന് ഓതിക്കേൾപ്പിക്കുന്നു. ജീവിതമൂല്യങ്ങളെ പറ്റി അവരെ ഉപദേശിക്കുന്നു. അതിൻെറ പേരിലുള്ള എല്ലാ എതിർപ്പുകളെയും സുധീരം നേരിടുന്നു.

എന്നാൽ വേദക്കരെ സംബന്ധിച്ചിടത്തോളം അവർ ഈ ദൂതൻെറ ആഗമനത്തിനും അദ്ദേഹം കൊണ്ടുവന്ന വേദഗ്രന്ഥത്തിൻെറ അവതരണത്തിനും ശേഷമാണ് ദുർമാർഗത്തിലേക്ക് വ്യതിചലിച്ചത്. എന്നാൽ സത്യാസത്യ വിവേചകരായി അവരിലേക്ക് ഈ ദൂതനെയും -മുഹമ്മദ് നബി(സ)- അദ്ദേഹം മുഖേന വേദഗ്രന്ഥത്തെയും -ഖുർആൻ- അവതരിപ്പിച്ചതോടുകൂടി അല്ലാഹു അവരുടെ മേൽ തൻെറ ന്യായം സ്ഥാപിക്കുകയാണ് ചെയ്തത്. തുടർന്നുള്ള മാർഗഭ്രംശത്തിൻെറ ഉത്തരവാദികൾ അവർ തന്നെയായിരിക്കും.

ഇപ്പോൾ അവരിലേക്ക് ആഗതനായ ഈ ദൈവദൂതൻ കൊണ്ടുവന്ന അധ്യാപനങ്ങളും വേദവാഹകരിലേക്ക് ആഗതരായിരുന്ന പ്രവാചകന്മാർ കൊണ്ടുവന്ന അധ്യാപനങ്ങളും ഫലത്തിൽ ഒന്നു തന്നെയാണ്. അതുതന്നെയാണ് എല്ലാ കാലത്തും നിലനിൽക്കുക.അതുമാത്രമായിരിക്കും ഏകദൈവത്തിൻെറ ഒരേയൊരുവ്യവസ്ഥ. അതിൻെറ സാരാംശം ഇതത്രെ: എല്ലാ സാങ്കൽപിക ദൈവങ്ങളെയും തള്ളിക്കളഞ്ഞ് യഥാർഥ ഏകദൈവത്തെ അംഗീകരിക്കുകയും അവനു ആരാധനകളർപ്പിച്ചു അവൻെറ ആജ്ഞാനുവർത്തികളാവുകയും ചെയ്യുക. അതിൻെറ ഉന്നതരൂപങ്ങളായ നമസ്കാരം, സകാത്ത് എന്നിവ യഥാവിധം നിർവഹിക്കുക. ഇതത്രെ ദൈവികമായ യഥാർഥ അധ്യാപനങ്ങളുടെ എക്കാലത്തെയും സ്വഭാവം.

എന്നാൽ ഈ സ്പഷ്ടമായ അധ്യാപനങ്ങൾ വന്നെത്തിയിട്ടും വേദക്കാരും ബഹുദൈവാരാധകരുമായ പലരും ഇത് കളവാക്കി. പ്രവാചകനെ തള്ളിപ്പറഞ്ഞു. ഇതുതന്നെയാണ് സത്യനിഷേധം. അതിനാൽ അത്തരം സത്യനിഷേധികളുടെ സങ്കേതം നരകമാണ്. അവരതിൽ നിത്യവാസികളുമായിരിക്കും. തങ്ങളുടെ ദുഷിച്ച ജീവിതം കാരണം ഏകദൈവത്തിൻെറ സൃഷ്ടികളിൽ അവരാണ് ഏറ്റവും നികൃഷ്ടർ. കാരണം, ദൈവികമാർഗദർശനത്തെ സംബന്ധിച്ച് ചിന്തിക്കുവാൻ അവർ ഒരിക്കലും തങ്ങളുടെ ബുദ്ധി ഉപയോഗിക്കുന്നില്ല. പകരം, ഭൗതിക നേട്ടങ്ങളാണവരുടെ ചിന്തയും തേട്ടവും.

തങ്ങളിൽ ആഗതനായ പ്രവാചകനെ വിശ്വസിക്കുകയും അദ്ദേഹത്തിൻെറ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുകയും ചെയ്ത ഏകദൈവവിശ്വാസികൾ, അവരാണ് സൃഷ്ടികളിൽ ഏറ്റം ശ്രേഷ്ഠർ കാരണം, തിര

ഞ്ഞെടുപ്പവകാശം ഉണ്ടായിട്ടും തങ്ങളുടെ ബുദ്ധി ഉപയോഗിച്ച് സത്യത്തെ കണ്ടെത്തിയവരാണവർ. തികഞ്ഞ ദൈവഭക്തരുമാണവർ. ദൈവത്തിന്റെ ശിക്ഷാ നടപടികളെക്കുറിച്ച് ഭയപ്പെടുന്നവരാണവർ. അത്തരം ദൈവഭക്തർക്കുള്ള പ്രതിഫലമത്രെ നിത്യാനന്ദ സ്വർഗം. അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും.

---

***********

# അധ്യായം 99

## അസ്സൽസാൽ. (പ്രകമ്പനം)

**അവതരണം മദീനയിൽ, വചനങ്ങൾ 8**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഭൂമി അതിൻെറ വിറ വിറപ്പിക്കപ്പെടുമ്പോൾ.
2. ഭൂമി അതിൻെറ ഭാരങ്ങൾ പുറംതള്ളുകയും ചെയ്യുമ്പോൾ.
3. മനുഷ്യൻ ചോദിക്കുകയും ചെയ്യും, അതിനെന്തു പറ്റി?
4. അന്നാളിൽ ഭൂമി അതിൻെറ വൃത്താന്തങ്ങൾ പറഞ്ഞറിയിക്കും.
5. കാരണം, നിശ്ചയം നിൻെറ നാഥൻ അതിനു ബോധനം നൽകും.
6. അന്നാളിൽ ജനം ചിതറിയ സംഘങ്ങളായി പുറപ്പെടും; അവരുടെ പ്രവർത്തന ഫലങ്ങൾ അവർക്ക് കാണുന്നതിനുവേണ്ടി.
7. ആർ അണുമണിത്തൂക്കം നന്മ ചെയ്തുവോ അവനത് കാണും.
8. ആർ അണുമണിത്തൂക്കം തിന്മ ചെയ്തുവോ അവനും അത് കാണും.

**വിശദീകരണം:**

പ്രപഞ്ചം മുഴുവൻ അനുഭവപ്പെടുന്ന മഹാസംഭവത്തിലേക്കാണ് സൂചന. പ്രസ്തുത പ്രകമ്പനത്തിൻെറ ഭീകരതയെ കുറിക്കാനാണ് ''അതിൻെറ വിറ'' എന്നുകൂടി കൂട്ടിച്ചേർത്തത്.ലോകാവസാന ശേഷമുണ്ടാകുന്ന പ്രകമ്പനമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതോടെ മുമ്പ് മരിച്ചു മണ്ണടിഞ്ഞ ആദിമനുഷ്യരും ലോകാവസാനത്തിന് നാന്ദി കുറിച്ചുകൊണ്ടുണ്ടായ പ്രഥമ പ്രകമ്പനത്തിൽ മരിച്ചൊടുങ്ങിയ മുഴുവൻ മനുഷ്യരും(ഒന്നാമത്തെ പ്രകമ്പനത്തിൽ ഏകദൈവമല്ലാതെ മറ്റെല്ലാവരും നശിക്കുന്നതാണ്) ഏത് അവസ്ഥയിലാണോ മരിച്ചു കിടന്നിരുന്നത് അവിടെനിന്ന് ഭൗതിക ജീവിതത്തിൽ ജീവിച്ചിരുന്നതു പോലെ ഉയിർത്തെഴുന്നേൽക്കും. ഭൂമിയുടെ അവസ്ഥകണ്ട് സത്യ നിഷേധിയായ മനുഷ്യൻ അന്ധാളിപ്പോടെ ഇങ്ങനെ ചോദിക്കും: ഭൂമിക്കെന്ത് സംഭവിച്ചു? കാരണം, അവനെ സംബന്ധിച്ചിടത്തോളം ഭൂമി നശിക്കുകയോ അതിനൊരു അന്ത്യമുണ്ടാകുമെന്ന് അവൻ പ്രതീക്ഷിക്കുകയോ ചെയ്തിരുന്നില്ല. അവൻെറ സങ്കൽപങ്ങളാണ് കൺമുമ്പിൽ പാടെ തകർന്നടിഞ്ഞിരിക്കുന്നത്. പരലോകത്തെ നിഷേധിച്ചിരുന്ന അവൻെറ മുമ്പിൽ പരലോകത്തിൻെറ എല്ലാ അടയാളങ്ങളും പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഭൂമി അതിൻെറ വൃത്താന്തങ്ങൾ പറയും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഭൂമിക്കു മുകളിൽ വെച്ച് മനുഷ്യൻ ചെയ്തുകൂട്ടിയ എല്ലാ കർമങ്ങളെയും ഒരു സാക്ഷിയെപ്പോലെ അത് വിവരിച്ചുപറയും എന്നാണ്. ഭൂമിയെ മറച്ചുവെച്ച് ആർക്കും ഒരു കർമവും ചെയ്യാൻ സാധിക്കുകയില്ല. മനുഷ്യൻെറ രഹസ്യനീക്കങ്ങൾപോലും അത് സാക്ഷ്യം വഹിക്കുന്നുണ്ട്. സൃഷ്ടികർത്താവായ അതിൻെറ നാഥന് അതിനെ സംസാരിപ്പിക്കുക പ്രയാസമുള്ള കാര്യമല്ല. പരലോകത്ത് മനുഷ്യ കർമങ്ങളെ വിചാരണ ചെയ്യാൻ ഏകദൈവം സംവിധാനിച്ച അനേകം സംവിധാനങ്ങളിൽ ഒന്നത്രെ ഭൂമിയുടെ ഈ സാക്ഷ്യ വിവരണം.

നീതിമാന്മാരായ മലക്കുകൾ രേഖപ്പെടുത്തിവെക്കുന്ന കർമപുസ്തകമാണ് മറ്റൊരുസംവിധാനം. മനുഷ്യശരീരത്തിലെ പല ഭാഗങ്ങൾക്കും ഏകദൈവം നൽകുന്ന സംസാരവൈഭവമാണ് മറ്റൊന്ന്. അണുമണിത്തൂക്കം കുറയാതെ മനുഷ്യകർമങ്ങൾ തൂക്കിക്കണക്കാക്കുന്ന ത്രാസ്സാണ് വേറെയൊരു സംവിധാനം. അതിൻെറ കൂട്ടത്തിലാണ് ഭൂമിയുടെ സാക്ഷ്യവിവരണവും ഉണ്ടാവുക.

മനുഷ്യനെ വിചാരണക്ക് ഹാജരാക്കുന്നതും തൻെറ കർമഫലം നേരിൽ കാണാൻ മനുഷ്യൻ ദൈവിക സന്നിധിയിൽ വരുന്നതും തനിച്ചായിരിക്കും. ഖുർആൻ അക്കാര്യം ഇങ്ങനെ പറഞ്ഞു: നിങ്ങളെ നാം ആദ്യതവണ സൃഷ്ടിച്ചപ്പോഴെന്നപോലെ ഒറ്റപ്പെട്ടവരായി നിങ്ങൾ നമ്മുടെ സന്നിധിയിൽ ഹാജരാകും. അന്ന് അവന് അകമ്പടി സേവിക്കാനോ സഹായിക്കാനോ ആരും ഉണ്ടാവുകയില്ല.

കര്‍മങ്ങള്‍ക്ക് അന്ന് നന്മയോ തിന്മയോ ആയ പ്രതിഫലം നല്‍കുന്നത് മനുഷ്യരെ തങ്ങളുടെ കര്‍മങ്ങളിലെ ചീത്തയും നല്ലതും ബോധ്യപ്പെടുത്തിക്കൊടുത്തശേഷമായിരിക്കും. തെറ്റ് ബോധ്യപ്പെടുത്തിയ ശേഷം അതിന്‍െറ യാഥാര്‍ഥ്യമെന്തായിരുന്നു എന്നുകൂടി അവനെ ബോധ്യപ്പെടുത്തും. അതിനു ശേഷം ശിക്ഷ വിധിക്കുക എന്നതത്രെ ദൈവിക നീതിയുടെ രീതി. അതിനാണ് അവന്‍െറ കര്‍മങ്ങള്‍ കാണിക്കുന്നതിനു വേണ്ടി എന്നു പറഞ്ഞത്.

ഏഴും എട്ടും വചനങ്ങളുടെ ആശയം ഇതത്രെ: പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു തികഞ്ഞ നീതിമാനാണ്. അവന്‍ എല്ലാവരുടെയും ചെറുതും വലുതുമായ കര്‍മങ്ങളും ചിന്തകളും മനസ്സിലാക്കുകയും അവ രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട്. അതില്‍ ഒരു മാറ്റവും വരുത്തുവാന്‍ ആര്‍ക്കും സാധിക്കുകയില്ല. ഓരോ മനുഷ്യനും പ്രവര്‍ത്തിച്ചതിന്‍െറ ഫലം അവന് ലഭിക്കാതെ പോവുകയുമില്ല.

ഇവിടെ ഒരു സംശയം. ഏകദൈവ വിശ്വാസിയും സുകൃതിയുമായ മനുഷ്യന്‍ വല്ലപ്പോഴും അബദ്ധത്തില്‍ ചെയ്ത കുറ്റത്തിന് ശിക്ഷ അനുഭവിക്കേണ്ടിവരില്ലേ? അതുപോലെ ദൈവനിഷേധിയും തന്തോന്നിയുമായ മനുഷ്യന്‍ ചെയ്ത പുണ്യങ്ങളുടെ പേരില്‍ അവന്‍ സ്വര്‍ഗത്തില്‍ പ്രവേശിപ്പിക്കപ്പെടുകയില്ലേ?

ഈ പ്രശ്നത്തിന്‍െറ ഉത്തരം വളരെ വ്യക്തമാണ്. സത്യവിശ്വാസിയില്‍ സംഭവിക്കുന്ന ലഘു പാപങ്ങള്‍ അയാളുടെ കര്‍മങ്ങളെ മുന്‍നിറുത്തി പൊറുത്തു കൊടുക്കുന്നതാണ്. എന്നാല്‍ സത്യനിഷേധി ചെയ്യുന്ന സല്‍ക്കര്‍മങ്ങള്‍ നിഷ്ഫലമാവുകയും ചെയ്യും. കാരണം, കര്‍മങ്ങള്‍ക്ക് പ്രതിഫലം ലഭിക്കുന്നതിനുള്ള അടിസ്ഥാനം ഏകദൈവവിശ്വാസമാണ്. അതിനെ അടിസ്ഥാനമാക്കിയുള്ള കര്‍മങ്ങളാണ് അംഗീകരിക്കപ്പെടുക. എന്നാല്‍ സത്യനിഷേധിയെ സംബന്ധിച്ചിടത്തോളം അയാളുടെ നല്ല കര്‍മങ്ങള്‍ക്കുള്ള പ്രതിഫലം ഇഹലോകത്തു വെച്ചുതന്നെ അയാള്‍ക്ക് ലഭിച്ചിട്ടുണ്ട്. അയാളുടെ അഭിലാഷം അതായിരുന്നല്ലോ. മാത്രവുമല്ല, ദൈവിക പ്രതിഫലം എന്ന ചിന്തയും പ്രതിഫലമോഹവും അയാള്‍ക്കൊട്ടും ഉണ്ടായിട്ടുമില്ല. അപ്പോള്‍ വിശ്വാസിയായിക്കൊണ്ട് നാം ചെയ്യുന്ന കര്‍മങ്ങള്‍ക്കാണ് പ്രതിഫലം ലഭിക്കുകയുള്ളൂ. അക്കാര്യത്തില്‍ ഒരു അനീതിയും അല്ലാഹു ചെയ്യുകയില്ല. നാം ചെയ്യുന്ന ഓരോ നിസ്സാര നന്മയും അവന്‍െറയടുത്ത് ഏറെ മൂല്യ മുള്ളതാകുന്നു. അവയെ നാം നിസ്സാരമായി കാണരുത്. അതുപോലെ നിസ്സാര തിന്മകളെയും നാം അവഗണിച്ചു കളയരുത്.

---

******

## അധ്യായം 100

# അൽആദിയാത്ത്. (കിതച്ചോടുന്നവ)

**അവതരണം മക്കയിൽ, വചനങ്ങൾ 11**

**അദ്ധ്യായ പരിചയം:**

പതിനൊന്ന് സൂക്തങ്ങളുള്ള ഒരു അദ്ധ്യായമാണിത്. പരലോകനിഷേധംകൊണ്ട് മനുഷ്യൻ നേരിടുന്ന ധാർമിക അധഃപതനത്തെ വരച്ചുകാണിക്കുകയാണ് ഇതിലൂടെ. ഈ അദ്ധ്യായം അവതരിക്കുമ്പോൾ മക്കയിൽ നിലനിന്നിരുന്ന പൊതു ജനജീവിത ത്തിൻെറ മുഖം കൂടി ഇത് അനാവരണം ചെയ്യുന്നു.സാമ്പത്തികമായ ക്രമക്കേടുകളും കൊള്ളയും നിറഞ്ഞ സാമൂഹികാവസ്ഥകളെ മുന്നിൽ വെച്ച് മനുഷ്യജീവിതത്തെ നി രൂപണം ചെയ്യുന്നു ഈ അദ്ധ്യായം.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. കിതച്ചോടുകയും.
2. എന്നിട്ട് (കുളമ്പുരസി) തീപ്പൊരി പറത്തുകയും.
3. എന്നിട്ട് പ്രഭാതത്തിൽ ആക്രമണം നടത്തുകയും.
4. (അതിലൂടെ) പൊടിപടലം ഇളക്കിവിടുകയും.
5. അങ്ങനെ ശത്രുക്കൾക്കു നടുവിൽ കടന്നുചെല്ലുകയും ചെയ്യുന്ന(അശ്വങ്ങളാണ്സത്യം)

**വിശദീകരണം:**

ഒന്നുമുതൽ അഞ്ചുവരെയുള്ള സൂക്തങ്ങളിൽ കുതിരകളെയാണ് സൂചിപ്പിക്കുന്നത്. ഓടുമ്പോഴുള്ള കിതപ്പും കുളമ്പുരസിയുള്ള തീപ്പൊരിപാറലുമാക്കെ കുതിരയുടെ ഓട്ടത്തെയാണ് സൂചിപ്പിക്കുന്നത്. പരസ്പരം ആക്രമിക്കാൻ ഉദ്ദേശിച്ചാൽ ശത്രുക്കൾ അറിയാതിരിക്കുന്നതിന് പുലർക്കാലത്തെ പ്രകാശത്തിൽ ആക്രമിക്കുക എന്നതായിരുന്നു അജ്ഞാന കാലത്തെ അറബികളുടെ സ്വഭാവം. ഗോത്രവഴക്കുകളും രക്തപ്പക വീട്ടലും സാർവത്രികമായ കാലമായിരുന്നു അത്. നിസ്സാരകാരണം മതിയായിരുന്നു അവർക്ക് വർഷങ്ങൾ നീണ്ടു നിൽക്കുന്ന ഗോത്ര യുദ്ധങ്ങൾ ചെയ്യുവാൻ.

6. തീർച്ചയായും മനുഷ്യൻ തൻെറ നാഥനോട് നന്ദി കെട്ടവൻ തന്നെ.
7. തീർച്ചയായും അവൻ തന്നെ അതിന് സാക്ഷിയാണ്.
8. ധനത്തോടുള്ള അവൻെറ ആർത്തി അതികഠിനം തന്നെ.

ഈ സൂക്തങ്ങളിൽ വ്യക്തമാക്കുന്ന സംഗതി ഇതത്രെ: മനുഷ്യന് ഏകദൈവം പലതരം കഴിവുകളും നൽകിയിട്ടുള്ളത് അതുപയോഗിച്ച് നന്മ ചെയ്യാനും തൻെറ തന്നെ പാരത്രിക പരിണതി നന്നാക്കുവാനുമണ്. എന്നാൽ അവർ അതുപയോഗിച്ചിരുന്നത് പസ്പരം ആക്രമിക്കാനും കൊള്ളയടിക്കാനും മറ്റു വിധത്തിലുള്ള തിന്മകൾക്കുമാണ്. അതുകൊണ്ട് അല്ലാഹു ഇങ്ങനെ വ്യക്തമാക്കി: ''തീർച്ചയായും മനുഷ്യൻ തൻെറ നാഥനോട് നന്ദി കെട്ടവനാണ്.'' കൃതജ്ഞതാബോധം ഉണ്ടെങ്കിൽ മാത്രമാണല്ലോ സുകൃതത്തിന് മനുഷ്യൻ പ്രേരിതനാവുകയുള്ളു. എന്നാൽ അടിസ്ഥാനപരമായി ഒരാൾ ഏകദൈവത്തിൻെറ അസ്തിത്വം സമ്മതിക്കുമ്പോൾ മാത്രമേ അവനോട് കൃതജ്ഞതാ ബോധവും അയാളിൽ ഉണ്ടാവുകയുള്ളു. എന്നാൽ ഏകദൈവത്തെ വിസ്മരിക്കുകയും അവൻെറ കൽപനകളെ മറികടന്ന് തന്നിഷ്ടം ജീവിക്കുകയും ചെയ്യുകയാൽ അവൻെറ ജീവിതംതന്നെ തുറന്നു സമ്മതിക്കുന്നുണ്ട്, അവൻ തന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന സർവശക്തനായ ഏകദൈവത്തോട് ധിക്കാരം അനുവർത്തിച്ചു ജീവിക്കുന്നവനാണെന്ന്. അതിനൊക്കെ മനുഷ്യനെ ഉദ്യുക്തനാക്കുന്ന സംഗതി സമ്പത്തും പ്രതാപവുമാണ്. അത് ഏതുവിധേനയും കരസ്ഥമാക്കണമെന്നാണ് ഓരോ മനുഷ്യൻെറയും ആഗ്രഹം വ്യക്തികൾ മുതൽ സമൂഹങ്ങളും രാജ്യങ്ങളും വരെ അക്കാര്യത്തിൽ തുല്യരാണ്. അതിനു മുമ്പിൽ മനുഷ്യന് അനുവർത്തിച്ചുകൂടത്ത പാതക

ങ്ങളില്ല. അതിനു വേണ്ടിയുള്ള പരക്കം പാച്ചിലാണ് മനുഷ്യൻ ദൈവധിക്കാരപരമായ നയം അനുവർത്തിക്കുന്നതും സ്വാഭാവികമായ കുഴപ്പം ലോകത്ത് നിറയുന്നതും.

---

9. അവൻ മനസ്സിലാക്കുന്നില്ലേ? കുഴിമാടങ്ങളിലുള്ളവ പുറത്തെടുക്കപ്പെടുകയും

10. ഹൃദയങ്ങളിലുള്ളവ വെളിവാക്കപ്പെടുകയും ചെയ്യുമ്പോൾ .

11. നിശ്ചയം,ആ ദിവസം അവരുടെനാഥൻ അവരെപറ്റി സൂക്ഷ്മമായി അറിയുന്നവനാണ്

---

ഈ ജീവിതത്തിൻെറ അനന്തരഫലത്തെക്കുറിച്ച് അവനെ ഉണർത്തുന്നതിനുവേണ്ടി ഉയിർത്തെഴുന്നേൽപിനെക്കുറിച്ചും പരലോകത്തെ വിചാരണയെക്കുറിച്ചും പ്രതിപാദിക്കുകയാണ് ഈ വാക്യങ്ങളിൽ. മരണശേഷം ഏതവസ്ഥയിൽ കിടന്നാലും അവനെ പുനരുജ്ജീവിപ്പിക്കാൻ കെൽപ്പുറ്റവനാണ് സ്രഷ്ടാവ്. ഒരിക്കൽ ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചവന് വീണ്ടും ഒരിക്കൽ അവന് ജീവനേകാനും തൻെറയടുക്കൽ ഒരുമിച്ചുകൂട്ടാനും പ്രയാസമൊന്നുമില്ല. അന്നാളിൽ,മനുഷ്യകർമങ്ങളെ അവയുടെ ആന്തരികവശങ്ങളെപ്പോലും മുമ്പിൽവെച്ച് വിചാരണ ചെയ്യും. അഥവാ, അവൻെറ കർമങ്ങൾക്ക് അരമ്പടിയായുണ്ടായിരുന്ന മാനസികാവസ്ഥ, അവൻെറ വിചാരങ്ങൾ, വികാരങ്ങൾ മനസ്സിൽ ഒളിപ്പിച്ചു വെച്ചിരുന്ന സംഗതികൾ തുടങ്ങിയവയെല്ലാം പുറത്തെടുത്ത് അന്ന് അവനെ വിചാരണക്ക് വിധേയനാക്കും. കർമങ്ങളെ അവയുടെ ബാഹ്യവശം പരിഗണിച്ചുകൊണ്ടാവുകയില്ല നീതി നടപ്പാക്കുക. അത്തരം ദൗർബല്യങ്ങളിൽ നിന്നെല്ലാം ദൈവിക കോടതി മുക്തമായിരിക്കും. അവസാന വചനം വ്യക്തമാക്കുന്ന സംഗതി ഇതത്രെ: മനുഷ്യരുടെ കർമങ്ങളൊന്നും അല്ലാഹുവിന് ഗോപ്യമല്ല. അതിനാൽ പ്രസ്തുത കർമങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യരുടെ രക്ഷയെയും ശിക്ഷയെയും സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നുണ്ട്.

---

*********

## അധ്യായം 101

# അൽ ഖാരിഅ. (ഭയാനക സംഭവം)

**അവതരണം മക്കയിൽ, വചനങ്ങൾ 11**

**അദ്ധ്യായ പരിചയം:**

പരലോക വിശ്വാസത്തിലേക്ക് വെളിച്ചം വീശുന്ന ചെറിയ അദ്ധ്യായമാണ് ഇത്. സൽ ക്കർമങ്ങളുടെയും ദുഷ്കർമങ്ങളുടെയും പരിണതിയെ കുറിച്ച് ഇതിൽ മനുഷ്യരെ ഉണർ ത്തുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഭയാനക സംഭവം.
2. എന്താണ് ആ ഭയാനക സംഭവം?
3. ആ ഭയാനക സംഭവം എന്താണെന്ന് നിനക്കെന്തറിയാം.
4. അന്ന് മനുഷ്യൻ ചിതറിയ പാറ്റപോലെയാകും.
5. പർവതങ്ങൾ കടഞ്ഞിട്ട കമ്പിളിപോലെയും.
6. അപ്പോൾ ആരുടെ (നന്മയുടെ) തട്ട് കനം തൂങ്ങുന്നുവോ,
7. അവൻ സംതൃപ്ത ജീവിതത്തിലാകുന്നു.
8. ആരുടെ (നന്മയുടെ) തട്ട് കനം കുറയുന്നുവോ,
9. അവൻെറ സങ്കേതം അഗാധ ഗർത്തമാകുന്നു.
10. അത് എന്തെന്ന് നിനക്കെന്തറിയാം?
11. കൊടും ചൂടുള്ള നരകമാണ്.

**വിശദീകരണം:**

ലോകാവസാന നാളിൻെറ ഭയാനകതയെ സംബന്ധിച്ച് മനുഷ്യന് വല്ലതും അറിയുമോ എന്ന്, മനുഷ്യ മനസ്സുകളെ തട്ടിയുണർത്തിക്കൊണ്ട് ദൈവം അവനോട് ചോദിക്കുന്നു. ഈ ചോദ്യത്തിലൂടെ ആത്യന്തി കമായ ഒരു വിഷയം അവനെ ബോധ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.

എന്താണ് ആ ഭയങ്കര സംഭവം എന്ന ചോദ്യത്തിലൂടെയാണ് വിഷയം തുടങ്ങുന്നത്. മനുഷ്യബോധ ത്തെ തട്ടിയുണർത്താൻ ഉത്തരമായി ചില അടയാളങ്ങൾ അല്ലാഹു ഇവിടെ വിവരിച്ചിരിക്കുന്നു.

ഒന്ന്, അന്നുവരെയുണ്ടായിരുന്ന എല്ലാ ജനങ്ങളും പാറ്റകളെപ്പോലെ നെട്ടോട്ടമോടുന്ന അവസ്ഥയിലാ യിരിക്കും അന്ന്.

രണ്ട്,വൻപർവതങ്ങൾ കാറ്റിൽ പഞ്ഞികണക്കെ അന്തരീക്ഷത്തിൽ പൊട്ടിത്തകർന്ന് പാറിനടക്കും.തുടർ ന്ന് പരലോകത്തെ അവസ്ഥയെ വിവരിക്കുന്നു. അവിടത്തെ വിചാരണയിൽ കൂടുതൽ നന്മ ചെയ്തവന് സ്വർഗം ലഭിക്കും. തിന്മ കൂടുതൽ ചെയ്തവന് നരകവും ലഭിക്കും. ഈ കൂടുതലിനെയാണ് ആരുടെ തട്ട് കനം തൂങ്ങുന്നുവോ എന്നതുകൊണ്ട് അർഥമാക്കുന്നത്. അന്ന് മനുഷ്യൻെറ പ്രവർത്തനത്തെ തൂക്കിക്കണക്കാക്കിയാണ് ഫലം നിശ്ചയിക്കുക. നന്മയുടെ തട്ട് കനം കൂടുതലാവുക എന്നതത്രെ അവിടെ വിജയം കരസ്ഥമാക്കാനുള്ള വഴി.

********

# അധ്യായം 102

## അത്തകാഥൂർ. (പെരുമ നടിക്കൽ)

**അവതരണം മക്കയിൽ, വചനങ്ങ**ൾ **8**

**അദ്ധ്യായ പരിചയം:**

മക്കയിൽ അവതരിച്ച അദ്ധ്യായമാണിത്.എട്ട് സൂക്തങ്ങളാണ് ഈ അധ്യായത്തിലുള്ളത്. ഭൗതികപൂജയുടെ അനന്തര ഫലങ്ങളെക്കുറിച്ച് സമൂഹത്തെ ബോധിപ്പിക്കുകയാണ് ഈ അധ്യായം ചെയ്യുന്നത്. മനുഷ്യൻ തൻെറ അന്ത്യശ്വാസംവരെ ധനം സമ്പാതിക്കുന്നതിനുള്ള നെട്ടോട്ടത്തിലാണ്.ഈ ഓട്ടത്തിന്നിടയിൽ അത്നൽകി അനുഗ്രഹിച്ച ദൈവത്തോടുള്ള കടപ്പാടുകളെപ്പറ്റി അവൻ ഓർക്കുന്നില്ല. എന്നാൽ മനുഷ്യരോട് വിശുദ്ധ ഖുർആൻ പറയുന്നു, നിങ്ങൾ സ്രഷ്ടാവിനെ മറന്നുനടത്തുന്ന ഈ നെട്ടോട്ടത്തിനൊടുവിൽ നിങ്ങൾ അതെപ്പറ്റി ചോദിക്കപ്പെടുകതന്നെ ചെയ്യും.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. പരസ്പരം പെരുമ നടിക്കൽ നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു.
2. നിങ്ങൾ ശവക്കുഴികൾ സന്ദർശിക്കും വരെ.
3. സംശയിക്കേണ്ട, നിങ്ങൾ അറിയുകതന്നെ ചെയ്യും.
4. പിന്നെ വേണ്ട,നിങ്ങൾ അറിയുകതന്നെ ചെയ്യും.
5. നിസ്സംശയം, നിങ്ങൾ ദൃഢമായി അറിഞ്ഞിരുന്നുവെങ്കിൽ!
6. നിങ്ങൾ നരകത്തെ കാണുകതന്നെ ചെയ്യും.
7. പിന്നെ നിങ്ങളതിനെ ഉറപ്പായും കണ്ണുകൊണ്ട് കാണുകതന്നെ ചെയ്യും.
8. പിന്നീട് സുഖാനുഗ്രഹങ്ങളെപ്പറ്റി ഉറപ്പായും നിങ്ങൾ ചോദ്യം ചെയ്യപ്പെടും.

**വിശദീകരണം:**

സമ്പാദിക്കുന്നതിനു വേണ്ടിയുള്ള നെട്ടോട്ടവും അക്കാര്യത്തിൽ മറ്റുള്ളവരെ തോൽപ്പിക്കാനുള്ള ത്വരയും സമ്പത്തിൻെറയും സന്താനങ്ങളുടെയും പേരിലുള്ള പ്രൗഢിയുമൊക്കെ ഏകദൈവത്തിനുള്ള അനുസരണത്തിൽനിന്നും അവനുള്ള ആരാധനകളിൽനിന്നും നിങ്ങളെ നിങ്ങളുടെ ജീവിതാന്ത്യം വരെ അശ്രദ്ധരാക്കിയിരിക്കുന്നു. എന്നത്രെ അദ്യത്തെ രണ്ട് വചനങ്ങളിൽ സൂചിപ്പിക്കുന്നത്.

അതിലാണ് ഭൗതികപുരോഗതിയെന്ന മൂഢധാരണയാണ് പലപ്പോഴും ആളുകളെ നയിക്കുന്നത് അതിനാൽ അത്തരം ആളുകളോട് പറയുന്നു: ''വേണ്ടാ, നിങ്ങൾ അറിയുകതന്നെ ചെയ്യും.'' ഇത് രണ്ട് തവണ ആവർത്തിച്ചതായി കാണാം. ആദ്യത്തേത് മരണം ആസന്നമാകുമ്പോഴും രണ്ടാമത്തേത് നരക ശിക്ഷ കൺമുമ്പിൽ കാണുമ്പോഴുമായിരിക്കും എന്നാണത് വ്യക്തമാക്കുന്നത്. അപ്പോഴാണ് ദൈവം എന്തിന് തനിക്ക് ജന്മം നൽകി, തൻെറ നിയോഗലക്ഷ്യം എന്ത്, ജീവിതം കൊണ്ട് അർഥമാക്കുന്നതെന്ത് തുടങ്ങിയ ജീവൽ പ്രധാന സംഗതികളെക്കുറിച്ച് ജനം ഖേദത്തോടെ ഓർക്കുക.പരലോക ജീവിതത്തിലാകട്ടെ തൻെറ ആയുസ്സ്, ആരോഗ്യം, ധനം, വിജ്ഞാനം, തുടങ്ങിയ ദൈവികാനുഗ്രഹങ്ങളെക്കുറിച്ച് അവ എവിടെനിന്ന്, എങ്ങനെ സമ്പാദിച്ചു, എങ്ങനെ, ഏതുമാർഗത്തിൽ ചെലവഴിച്ചു, എന്നും മനുഷ്യൻ ചോദിക്കപ്പെടും. ചുരുക്കത്തിൽ ഭൗതിക ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന ചെറുതും വലുതുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ഏകദൈവം ചോദ്യം ചെയ്യുന്നതായിരിക്കും. അതെപ്പറ്റി ഉത്തരം നൽകാതെ അവൻ ആരെയും വിട്ടയക്കുകയില്ല.

******

## അധ്യായം 103

# അൽ അസ്വർ. (കാലം)

അവതരണം മക്കയിൽ, വചനങ്ങൾ 3

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. കാലം സത്യം.
2. തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെ.
3. വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും, സത്യം അംഗീകരിക്കുവാൻ പരസ്പരം ഉപദേശിക്കുകയും, ക്ഷമ കൈക്കൊള്ളുവാൻ പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ.

**വിശദീകരണം:**

ഏകദൈവവിശ്വാസം ഉൾക്കൊള്ളുകയും സൽക്കർമം പ്രവർത്തിക്കുകയും സത്യവും ക്ഷമയും പാലിക്കാൻ പരസ്പരം ഉപദേശിക്കുകയും ചെയ്യുന്ന മനുഷ്യർ വിജയത്തിലും അല്ലാത്തവർ പരായത്തിലുമായിരിക്കുമെന്നാണ് ഈ അധ്യായത്തിൽ വ്യക്തമാക്കുന്നത്. ഈ വസ്തുത മനുഷ്യനെ ബോധ്യപ്പെടുത്താൻ അല്ലാഹു കാലത്തെക്കൊണ്ട് സത്യം ചെയ്തുകൊണ്ടാണ് അക്കാര്യം പറയുന്നത്. അത് അറബികളുടെ പതിവ്രീതിയായിരുന്നു.മനുഷ്യനെ അത് ബോധ്യപ്പെടുത്തുന്നു. കഴിഞ്ഞുപോയ ജനതകളാണെ, സമയമാണെ സത്യം ഈ വക ഗുണങ്ങളോടു കൂടി ജീവിക്കാത്ത സകല മനുഷ്യരും നഷ്ടത്തിലും കഷ്ടത്തിലുമായിരിക്കും. അതിനാൽ അതിൽനിന്ന് രക്ഷനേടുന്നതിനായി ഏകദൈവത്തിൽ വിശ്വസിക്കുക, അവനോട് മാത്രം പ്രാർഥിക്കുക, അവന് ഇഷ്ടകരമായ കാര്യങ്ങളിൽ മുഴുകുക, അവന് അനിഷ്ടകരമായ കാര്യങ്ങൾ വർജിക്കുക, പ്രവാചകൻ മുഹമ്മദ്(സ)ൻെറ അദ്ധ്യാപനം ഉൾക്കൊള്ളുക, അത് അംഗീകരിച്ചു ജീവിക്കുക, പരലോക വിശ്വാസം ഉൾക്കൊള്ളുക, അവിടെയാണ് രക്ഷാശിക്ഷകൾ ലഭിക്കുന്നതെന്ന് അംഗീകരിക്കുക, അവിടത്തെ മോക്ഷത്തിനു വേണ്ടി സൽക്കർമങ്ങളനുഷ്ഠിച്ച് ജീവിക്കുക,സ്വയം സത്യനിഷ്ഠ പാലിക്കുന്നതോടൊപ്പം അതിന് സമൂഹത്തെ ഉൽബോധിപ്പിക്കുകയും ചെയ്യുക, അതിലൂടെ ദൈവിക താൽപര്യം പരിഗണിച്ചു ജീവിക്കുന്ന സാമൂഹികാവസ്ഥ ഉണ്ടാക്കിയെടുക്കുക. അല്ലാത്ത കാലത്തോളം മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്.

*******

# അധ്യായം 104

## അൽഹുമസ. (കുത്തിപ്പറയുന്നവൻ)

**അവതരണം മക്കയിൽ, വചനങ്ങാം 9**

**അദ്ധ്യായ പരിചയം;**

അജ്ഞാനകാലത്ത് മക്കയിലുണ്ടായിരുന്ന ധനാഢ്യരുടെ സ്വഭാവദൂഷ്യമാണ് ഈ അദ്ധ്യായം പ്രതിപാദിക്കുന്നത്. അതിലൂടെ അത്തരം സ്വഭാവത്തിൻെറ പരലോക പരിണതി എന്തായിരിക്കുമെന്നും അത് എത്തരത്തിലുള്ള ശിക്ഷയായിരിക്കും നേടിത്തരികയെന്നും ലോകത്തെ ബോധ്യപ്പെടുത്തുകയാണ് ഈ അദ്ധ്യായം ചെയ്യുന്നത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. കുത്തിപ്പറയുന്നവരും അധിക്ഷേപിക്കുന്നവരുമായ ഏവർക്കും നാശം.
2. ധനം കുന്നുകൂട്ടുകയും അത് എണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്
3. തൻെറ ധനം തന്നെ അനശ്വരനാക്കുമെന്ന് അവൻ കരുതുന്നു.
4. സംശയം വേണ്ട, അവൻ ഹുത്വമയിൽ എറിയപ്പെടുകതന്നെ ചെയ്യും.
5. ഹുത്വമ എന്തെന്ന് നിനക്കെന്തറിയാം?
6. അല്ലാഹുവിൻെറ ജ്വലിക്കപ്പെട്ട തീയാണത്.
7. ഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്നതത്രെ അത്.
8. തീർച്ചയായും അത് അവർക്കു മീതെ അടച്ച് മൂടപ്പെട്ടിരിക്കും.
9. നാട്ടിനിർത്തിയ സ്തംഭങ്ങളിൽ .

**വിശദീകരണം:**

അഖ്നസുബ്നു ശരീഖ് എന്ന ആളെ സംബന്ധിച്ചാണ് ഈ അദ്ധ്യായം അവതരിച്ചത്. ആളുകളുടെ അഭിമാനം ക്ഷതപ്പെടുത്തുന്ന രീതിയിൽ അവരെ പരിഹസിക്കുകയും അവരുടെ കുറ്റവും ന്യൂനതകളും പറഞ്ഞ് പ്രയാസപെടുത്തുകയുമായിരുന്നു അയാളുടെ ജോലി. ഈ സംഭവം എടു ത്തുദ്ധരിച്ച് വിശ്വാസികളോട് പറയുന്നു;

ആളുകളെ പരിഹസിക്കുന്നതിനു വേണ്ടി കുത്തുവാക്കുകളും പരദൂഷണവും ആക്ഷേപ ശകാരങ്ങളും അവരെ തമ്മിൽ തെറ്റിക്കാനുള്ള കുതന്ത്രങ്ങളുമായി നടക്കുന്നവർക്കാണ് കടുത്ത ശിക്ഷ ലഭിക്കുക. അതോടൊപ്പം ധനത്തിൽനിന്ന് മനുഷ്യരുടെയോ അല്ലാഹുവിൻെറ അവകാശങ്ങാം നൽകാതെ അത് കെട്ടിപ്പൂട്ടി വെക്കുകയും എണ്ണിക്കണക്കാക്കുകയും ചെയ്യുന്നവരാണവർ. അവരാകട്ടെ തൻെറ സാമർഥ്യത്തിലൂടെ താനുണ്ടാക്കിയ ധനം തന്നെ ചിരഞ്ജീവിയാക്കുമെന്ന് ധരിക്കുകയും ചെയ്തിരുന്നു.

അത്തരം ആളുകളുടെ പരിണതി, അവരെ നിസ്സാരരായികണക്കാക്കി നരകത്തിൽ എറിയുകയാണുണ്ടാവുക. ആ നരകം അക്രമികളെ എറിഞ്ഞ ശേഷം അടച്ചു മൂടപ്പെടുന്നതായിരിക്കും. അതിലേക്ക് കാറ്റോ മറ്റോ പ്രവേശിക്കുന്നതല്ല. മാത്രവുമല്ല, അവരെ നരകതൂണുകളിൽ ബന്ധിക്കുന്നതുമായിരിക്കും.

**********

## അധ്യായം 105

# അൽഫീൽ. (ആന)

**അവതരണം മക്കയിൽ, വചനങ്ങൾ 5**

**അധ്യായ പരിചയം;**

മക്കയിൽ അവതരിച്ച അധ്യായമാണിത്.മക്കാനിവാസികൾക്ക് സുപരിചിതമായ ഒരു ചരിത്ര സംഭവം എടുത്തുദ്ധരിച്ചു ഏകദൈവാരാധനയുടെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുകയാണ് അല്ലാഹു ഈ സൂക്തത്തിലൂടെ ചെയ്യുന്നത്.അതിലൂടെ അവൻെറ അജയ്യശക്തിയെ സംബന്ധിച്ച് മനുഷ്യലോകത്തെ മൊത്തത്തിലും ബോധ്യപ്പെടുത്തുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. ആനക്കാരോട് നിൻെറ നാഥൻ എങ്ങനെ അനുവർത്തിച്ചുവെന്ന് നീ കണ്ടില്ലേ?
2. അവരുടെ കുതന്ത്രം അവൻ പാഴാക്കിയില്ലേ?
3. അവരുടെ നേരെ അവൻ പക്ഷിക്കൂട്ടങ്ങളെ അയക്കുകയും ചെയ്തില്ലേ?
4. ചുട്ടുപഴുപ്പിച്ച കല്ലുകൾകൊണ്ട് അതവരെ എറിയുന്നു.
5. അങ്ങനെ അവൻ അവരെ കാലികൾ ചവച്ചരച്ച കച്ചിത്തുരുമ്പുപോലെയാക്കി.

**വിശദീകരണം:**

ചില കാര്യങ്ങൾ മനുഷ്യരെ ബോധ്യപ്പെടുത്താൻ അവർക്ക് സുപരിചിതമായ സംഗതികളെ സംബന്ധിച്ച ചോദ്യം ഉന്നയിച്ചുകൊണ്ടാണ് വിഷയം തുടങ്ങുക എന്ന ശൈലിയാണ് ഖുർആൻ ചിലപ്പോഴൊക്കെ സ്വീകരിച്ചിട്ടുള്ളത്.

ഇവിടെ പരാമർശിച്ച കഅബയെ നശിപ്പിക്കാൻ വന്ന അബ്രഹത്തിൻെറ ചരിത്രം അറബികൾക്ക് അപരിചിതമായിരുന്നില്ല.

കഅബാ മന്ദിരത്തെ പൊളിച്ചുകളയാൻ യമനിൽനിന്ന് അബ്രഹത്ത് എന്ന ഭരണാധികാരി അബ്സീനിയൻ രാജ്യത്തിൻെറ സഹായത്തോടെ തൻെറ അറുപതിനായിരം ഭടന്മാരടങ്ങിയ ആനപ്പടയോടൊപ്പം മക്കയിലേക്ക് പുറപ്പെട്ടു. ഈ സംഭവത്തിനു പിന്നിൽ രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളുണ്ടായിരുന്നു. അറബികളുടെ കച്ചവട മാർഗവും അതിലൂടെ അവരുടെ സമ്പത്തിക ശേഷിയും നശിപ്പിക്കുകയായിരുന്നു പ്രധാന ലക്ഷ്യം. അതിന് ഖുറൈശികളുടെ നാടുനീളെയുള്ള സ്വീകാര്യതക്ക് കാരണമായ കഅബയെ നശിപ്പിക്കുകയെന്നതായിരുന്നു അയാൾ കണ്ട മാർഗം.

ക്രിസ്തുവർഷം 570- ലാണ് ഈ സംഭവം നടന്നത്. അറുപതിനായിരം ഭടന്മാരടങ്ങിയ ആനപ്പടയെ തോൽപ്പിക്കുക അറബികൾക്ക് സാധ്യമായിരുന്നില്ല. അതിനാൽ തന്നെ കഅബയുടെ നാഥനായ ഏക ദൈവം തന്നെ അതിനെ സംരക്ഷിക്കുമെന്ന് അവർ വിശ്വസിക്കുകയും അതിനായി അവനോട് അവർ പ്രാർഥിക്കുകയും ചെയ്തു.

അബ്രഹത്ത് തൻെറ സൈന്യവുമായി മക്കയിലേക്ക് പുറപ്പെട്ടു.അവർ മക്കയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ അല്ലാഹു അവരുടെനേരെ ശിക്ഷ അയച്ചു. അവൻ അവരുടെനേരെ അബാബീൽ എന്ന പക്ഷിക്കൂട്ടത്തെ അയച്ചു. അവ ആകാശത്തുനിന്നും ചുട്ടുപഴുത്ത കളിമൺ കല്ലുകൾകൊണ്ട് അവരെ എറിഞ്ഞു. അവയുടെ ആക്രമണത്തിനു മുമ്പിൽ സൈന്യം ചിതറിയോടി കല്ലുകൾ അവരുടെ ശരീരത്തെ ഛിന്നഭിന്നമാക്കി. അതാണ് കാലികൾ ചവച്ചരച്ച വൈക്കോൽ പോലെ എന്ന വചനംകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാഹുവിൻെറ അജയ്യതക്കുള്ള തെളിവാണിത്.

**********

# അധ്യായം 106

## ഖുറൈശ്. (ഖുറൈശികൾ)

**അവതരണം മക്കയിൽ, വചനങ്ങൾ 4**

**അദ്ധ്യായ പരിചയം:**

മക്കയിലെ പ്രമുഖ ഗോത്രമായിരുന്നു ഖുറൈശ്. പ്രവാചകൻ മുഹമ്മദ്(സ) ഈ ഗോത്രജനാണ്. കഅബയുടെ പരിചരണം,ഹാജിമാർക്ക് ദാഹജലം നല്കൽ തുടങ്ങിയവയുടെ കാർമികത്വം കൊണ്ട് ഏറെ ശ്രദ്ധേയമായ പദവി അവർക്ക് അറേബ്യയിലുണ്ടായിരുന്നു. അതിനാൽ തന്നെ ഖുറൈശി ഗോത്രത്തെ അറബികൾ എങ്ങും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ഇത് നിത്യ ജീവോപാധിയായ കച്ചവടത്തിൻെറ നാടുനീളെയുള്ള അവരുടെ മാർഗത്തെ എളുപ്പമാക്കി. അവരെ ശല്യപ്പെടുത്താൻ കൊള്ളക്കാരോ മറ്റോ ഉണ്ടായില്ല. ഇത് ഏകദൈവം അവർക്ക് മാത്രം ചെയ്തുകൊടുത്ത അനുഗ്രഹമായിരുന്നു. അതിനിടയിലാണ് യമനിൽനിന്ന് അബ്രഹത്ത് എന്നയാൾ തൻെറ ആനപ്പടയോടൊപ്പം കഅബയെ നശിപ്പിക്കാൻ വന്നത്. കഅബ ദൈവഭവനമാണെന്ന വിശ്വാസമായിരുന്നു ആദ്യകാലം മുതൽ തന്നെ അറബികൾക്കുണ്ടായിരുന്നത്. അതിനെ നശിപ്പിക്കാൻ വരുന്ന ആനപ്പടയെ എതിർക്കാനുള്ള ശക്തി അവർക്കില്ലായിരുന്നു. അതിനാൽ തന്നെ കഅബയുടെ നാഥൻ തന്നെ അതിനെ സംരക്ഷിക്കുമെന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. ഒടുവിൽ അതങ്ങനെ തന്നെയാണ് സംഭവിച്ചതും. ഈ സംഭവത്തോടെ ഖുറൈശികളുടെ യശസ്സ് ഒന്നുകൂടി വർധിച്ചു.ഏകദൈവം അവർക്ക് ചെയ്തുകൊടുത്ത ഈ വക ഔദാര്യങ്ങൾ ഉദ്ധരിച്ചു ഏകദൈവത്തെ മാത്രംആരാധിക്കുവാൻ അവരോട് നിർദ്ദേശിക്കുകയാണ് ഈ അധ്യായത്തിലൂടെ ചെയ്യുന്നത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഖുറൈശികൾ ഇണങ്ങിയതിനാൽ;
2. ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രകളോട് അവർ ഇണങ്ങി.
3. അതിനാൽ ഈ മന്ദിരത്തിൻെറ നാഥനെ അവർ ആരാധിക്കട്ടെ.
4. അവർക്ക് വിശപ്പടക്കാൻ ആഹാരം നല്കുകയും ഭയമുക്തരാക്കി സുരക്ഷിതത്വം നല്കുകയും ചെയ്തു.

**വിശദീകരണം:ദ**

ഉഷ്ണകാലത്ത് ശാമിലേക്കും ശൈത്യകാലങ്ങളിൽ യമനിലേക്കുമാണ് അറബികൾ കച്ചവടയാത്ര ചെയ്തിരുന്നത്. കാലാവസ്ഥയുടെ ഒരു ഘട്ടത്തിലും അവർക്ക് തങ്ങളുടെ വ്യാപാരം നിർത്തിവെക്കേണ്ടിവന്നിരുന്നില്ല. അതത്രെ ഒന്നും രണ്ടും വചനങ്ങളുടെ പ്രതിപാദ്യം.

അതോടൊപ്പം കഅബയുടെ സേവകരെന്ന പരിഗണനയായിരുന്നു അവർക്ക് അറേബ്യ മുഴുവൻ ഉണ്ടായിരുന്നത്. അതിനാൽതന്നെ അവരുടെ വഴി മുടക്കുവാനോ ഭയപ്പെടുത്തുവാനോ ആരും ഉണ്ടായിരുന്നില്ല. കൊള്ളക്കാരുടെ ശല്യമോ മാർഗതടസ്സമോ മറ്റു വിധത്തിലുള്ള ഭയമോ ആശങ്കയോ ഉണ്ടാക്കുന്ന ഒന്നും അവരുടെ യാത്രയെ അലട്ടിയിരുന്നില്ല. അതു കൊണ്ടുതന്നെ പട്ടിണി അവരെ ഒരിക്കലും ബാധിച്ചിരുന്നില്ല. കഅബയുടെ നാഥൻ ചെയ്തുകൊടുത്ത ഈ വക അനുഗ്രഹങ്ങളെ ഉദ്ധരിച്ചുകൊണ്ട് അവർ അവരെ ഉണർത്തുന്നു, നിങ്ങൾക്ക് പട്ടിണിയോ ശത്രുഭയമോ ഇല്ലാത്ത വിധം നിങ്ങളുടെ പ്രശസ്തിക്ക് കാരണമായ ഈ കഅബയുടെ നാഥനെ തന്നെ നിങ്ങൾ ആരാധിക്കുവിൻ. ഇതത്രെ മൂന്നും നാലും വചനങ്ങളുടെ പ്രതിപാദ്യം.

## അധ്യായം 107

# അൽ മാഊൻ. (പരോപകാര വസ്തു)

**അവതരണം മക്കയിൽ, വചനങ്ങൾ 7**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. ദീനിനെ(മതത്തെ) നിഷേധിക്കുന്നവനെ നീ കണ്ടുവോ?
2. അവൻ അനാഥയെ ആട്ടിയകറ്റുന്നവനാണ്;
3. അഗതിക്ക് ഭക്ഷണം കൊടുക്കാൻ പ്രേരിപ്പിക്കുന്നുമില്ല.
4. എന്നാൽ നമസ്കാരക്കാർക്ക് നാശം
5. തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരാണവർ .
6. അവർ ആളുകളെ കാണിക്കാൻ വേണ്ടി ചെയ്യുകയാണത്.
7. നിസ്സാരമായ പരോപകാരം പോലും വിലക്കുന്നവരാകുന്നു.

**വിശദീകരണം:**

പരലോകത്തെ വിചാരണയെയും പ്രതിഫലത്തെയും അംഗീകരിക്കാത്തവരുടെ ദാർഷ്ട്യം നിറഞ്ഞ സ്വഭാവത്തെയും കാപട്യത്തെയും ചൂണ്ടിക്കാട്ടുകയാണിവിടെ.

ചില കാര്യങ്ങൾ മനുഷ്യരെ ബോധ്യപ്പെടുത്താൻ ആശ്ചര്യത്തോടെ കാര്യം തിരക്കുന്ന ശൈലിയും ഖുർആൻ സ്വീകരിച്ചതായി കാണാം.അതിലൊന്നത്രെ ഈ അദ്ധ്യായം. പ്രത്യേക സ്വഭാവമുള്ള ആളുകളെ ചൂണ്ടിക്കാണിക്കുവാനാണ് പ്രതിഫല ദിനത്തെ കളവാക്കിയവനെ നീ കണ്ടുവോ എന്ന ചോദ്യത്തോടെ ഈ അദ്ധ്യായം തുടങ്ങിയത്.ശേഷമുള്ള വചനങ്ങളിൽ അവരുടെ സ്വഭാവം വിശദീകരിക്കുന്നു. അതായത് അവർ അനാഥയുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് അവരോട് പരുഷമായി പെരുമാറുന്നവരും അഗതിക്ക് അന്നം നൽകുന്ന കാര്യത്തിൽ അമാന്തം കാണിക്കുന്നവരും സമയനിഷ്ഠയോടെ നമസ്കാരം അനുഷ്ഠിക്കുന്നതിൽ മടിയന്മാരും അത് തന്നെ മറ്റുള്ളവരെ കാണിക്കാൻ അനുഷ്ഠിക്കുന്നവരും ചെറിയ ചെറിയ ഉപകാരങ്ങൽ പോലും അന്യർക്ക് തടയുന്നവരുമായിരിക്കും.

രണ്ടും മൂന്നും വചനങ്ങളിലൂടെ സൂചിപ്പിക്കുന്നത് സംസ്കാരശൂന്യമായ പ്രവണതകളായിരിക്കും അവരിൽനിന്നുണ്ടാവുകയെന്നാണ്. അനാഥയെ ആട്ടിയകറ്റുക, അഗതിക്ക് അന്നം കൊടുക്കാതിരിക്കുക പോലുള്ളവ മാത്രമാണ് വലിയ അപരാധം എന്നോ അതാണ് ദൈവിക വ്യവസ്ഥിതിയുടെ അടിസ്ഥാനമെന്നോ പറയുകയല്ല ചെയ്യുന്നത്. പ്രത്യുത, അത്തരം ആളുകളിൽ ദുഷ്ടസ്വഭാവങ്ങളേ ഉണ്ടാകൂ എന്ന് കാണിക്കാനാണിത് പറഞ്ഞത്. സൽപ്രകൃതരായ ആരും ചെയ്യാത്ത കാര്യമാണല്ലോ അവ രണ്ടും.

താൽപര്യമില്ലാതെ ജനത്തെ കാണിക്കാൻ വേണ്ടി നടത്തുന്ന നമസ്കാരം യഥാർഥത്തിൽ അതിന്റെ ആളുകൾക്കുതന്നെ നാശമാണ് വരുത്തിവെക്കുന്നത്. ഇവിടെ നമസ്കാരത്തിൽ അശ്രദ്ധ എന്നല്ല പറഞ്ഞത്. നമസ്കാരത്തെ സംബന്ധിച്ച് അശ്രദ്ധ എന്നാണ് സൂചന. അതായത്, അതിന്റെ സമയവും അതിന്റെ നിബന്ധനകളും മറ്റും പാലിച്ചുകൊണ്ടുള്ള അനുഷ്ഠാനത്തിലുള്ള അശ്രദ്ധയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. കപടവിശ്വാസികളാണ് അതുകൊണ്ടുദ്ദേശ്യം. അതും മറ്റുള്ളവർ താൻ നമസ്കാരക്കാരനാണ് എന്ന് കരുതുന്നതിനു വേണ്ടിയായിരിക്കും അതനുഷ്ഠിക്കുന്നത്.

അത്തരം ആളുകൾ ജനങ്ങൾക്ക് ചെറിയ തോതിലുള്ള ധർമമോ ഉപകാരമോ നല്കാൻ വിസമ്മതിക്കുന്നവരായിരിക്കും. ഇത്തരക്കാർ ഫലത്തിൽ പരലോക നിഷേധികളാണ്.

********

## അധ്യായം 108

# അൽ കൗഥർ. (അനുഗ്രഹാധിക്യം)

**അവതരണം മക്കയിൽ, വചനങ്ങൾ 3**

**അദ്ധ്യായ പരിചയം:**

മക്കയിൽ പ്രവാചകൻ മുഹമ്മദ്(സ) തൻെറ ദൗത്യം ആരംഭിച്ചതു മുതൽ പ്രതിയോഗികളുടെ മർദ്ദനപ്രവർത്തനങ്ങളും വർധിച്ചു എന്നു മുൻ അദ്ധ്യായങ്ങളുടെ ആമുഖത്തിൽ സൂചിപ്പിച്ചു. മാനസികവും ശാരീരികവുമായ അറുതിയില്ലാത്ത അക്രമം വിശ്വാസികളെ തികച്ചും പ്രയാസപ്പെടുത്തിയിരുന്നു. മാത്രവുമല്ല, ശത്രുക്കൾ ഇങ്ങനെ പറഞ്ഞു പ്രചരിപ്പിക്കുകയും ചെയ്തു: മുഹമ്മദ് തീർത്തും ഒറ്റപ്പെട്ടിരിക്കുന്നു. അവന് ആൺമക്കൾ ആരുമില്ല. ഇനി അവൻ തന്നെയങ്ങ് മരിച്ചുപോയാൽ പിന്നെ അവന് പിൻഗാമിയും ഉണ്ടാവില്ല. ഈ ഘട്ടത്തിൽ അദ്ദേഹത്തിന് ദൈവസഹായം വാഗ്ദാനം ചെയ്തുകൊണ്ട് അവതരിച്ച അദ്ധ്യായമാണിത്.അദ്ദേഹത്തിന് ഐഹികവും പാരത്രികവുമായ ഒട്ടധികം അനുഗ്രഹങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്യുകയുണ്ടായി. അതിൽ പ്രധാനമാണ് കൗഥർ. അതുതന്നെയാണ് ഈ അദ്ധ്യായത്തി ന് നാമമായും സ്വീകരിച്ചിട്ടുള്ളത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

1. തീർച്ചയായും നാം നിനക്ക് കൗഥർ (ധാരാളം നന്മ) നല്കിയിരിക്കുന്നു.
2. അതിനാൽ നീ നിൻെറ നാഥനുവേണ്ടി നമസ്കരിക്കുക. അവന് ബലിയർപ്പിക്കുകയും ചെയ്യുക.
3. നിശ്ചയം, നിന്നോട് ശത്രുത പുലർത്തുന്നവൻ തന്നെയാണ് വാലറ്റവൻ.

**വിശദീകരണം:**

ഖുർആന്ന് നേർക്കുനേരെ പരിഭാഷ സാധ്യമല്ല. പ്രത്യേകിച്ച് ചില പദങ്ങൾ ഒരു നിലക്കും തർജമക്ക് വഴങ്ങുന്നതല്ല. അതിൽ പെട്ട ഒരു വാക്കാണ് കൗഥർ. അതിനാൽ തന്നെ അതിൻെറ ആശയവിവർത്തനമാണ് ഇവിടെ കൊടുത്തത്.അനുഗ്രഹത്തിൻെറ ആധിക്യത്തിനാണ് ആ വാക്ക് ഉപയോഗിക്കുന്നത്. ഐഹികവും പാരത്രികവുമായ അനുഗ്രഹങ്ങളാണവ.

കൗഥർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വർഗത്തിലെ ഒരു നദിയാണെന്ന് പ്രവാചക വചനങ്ങളിൽ കാണാം. അതോടൊപ്പം അദ്ദേഹത്തെ ഇങ്ങനെ സമാശ്വസിപ്പിക്കുന്നു:

താങ്കൾ ഒറ്റപ്പെട്ടിരിക്കുന്നുവെന്നും താങ്കൾക്ക് പിൻഗാമിയില്ലെന്നും അതിനാൽ ഈ ദൗത്യം വിജയിക്കാൻ പോകുന്നില്ലെന്നും താങ്കളുടെ പ്രതിയോഗികൾ പറയുന്നുണ്ടല്ലോ. എന്നാൽ അടുത്തുതന്നെ ഈ ദൗത്യം വിജയിക്കുന്നതും തങ്ങളുടെ പ്രതിരോധത്തോടൊപ്പം താങ്കളുടെ പ്രതിയോഗികൾ പരാജയപ്പെടുന്നതും താങ്കൾക്ക് കാണാനാകും. അതിനാൽ താങ്കൾ അവരുടെ ജല്പനത്തിൽ പ്രയാസപ്പെടേണ്ടതില്ല. ഈ അനുഗ്രഹങ്ങളെ സംബന്ധിച്ച് സുവാർത്തയറിയിച്ച ശേഷം പ്രവാചകരോട് അല്ലാഹു നിർദ്ദേശിക്കുന്ന സംഗതികളാണ് രണ്ടും മൂന്നും വചനങ്ങളുടെ പ്രതിപാദ്യം. അതായത് അല്ലാഹുവിന് മാത്രം നമസ്കരിക്കുകയും അവൻെറ അനുഗ്രഹങ്ങൾക്ക് നന്ദി സൂചകമായി ഒട്ടകത്തെ ബലിയർപ്പിക്കുകയും ചെയ്യുക.

മക്കയിലെ ബഹുദൈവവിശ്വാസികൾക്ക് അപരിചിതമായിരുന്നു ഈ രണ്ട് ആരാധനകളും. അവർ പ്രതിമകൾക്ക് ബലിയർപ്പിക്കുകയും മുഖരിതമായ അവസ്ഥയിൽ എന്തോ ചടങ്ങുകൾ ആരാധനയെന്ന പേരിൽ നടത്തുകയുമായിരുന്നു പതിവ്. അതിനാലാണ് പ്രവാചകരോട് ഇങ്ങനെ പറഞ്ഞത്: താങ്കൾ അല്ലാഹുവിനു മാത്രം നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക

അതോടൊപ്പം അദ്ദേഹത്തിന് ആശ്വാസമായിക്കൊണ്ട് അരുളുന്നു; തങ്കളോട് വൈരത്തോടെ പെരുമാറുകയും താങ്കളെ അപമാനിക്കുകയും ദ്രോഹിക്കുകയും ആക്ഷേപിക്കുന്നതും ചെയ്യുന്നതാരോ അവർ തന്നെയാണ് നശിക്കാൻ പോകുന്നത്.

## അധ്യായം 109

# അല്‍ കാഫിറൂന്‍. (സത്യനിഷേധികള്‍)

**അവതരണം മക്കയില്‍, വചനങ്ങള്‍ 6**

**അദ്ധ്യായ പരിചയം:**

പ്രവാചകന്‍ മുഹമ്മദ്‌(സ)യും മക്കയിലെ പ്രമാണിമാരും തമ്മിലുണ്ടായിരുന്ന ആദര്‍ശപരമായ ശത്രുത ശക്തിയാര്‍ജിച്ചകാലം. ഏതെങ്കിലും വിധത്തില്‍ പ്രവാചകനെ സ്വാധീനിക്കാന്‍ സാധിക്കുമെന്ന്‌ അദ്ദേഹത്തിന്‍റെ എതിരാളികള്‍ പ്രതീക്ഷിച്ചിരുന്നു.അതിനാല്‍ തന്നെ പല ഓഫറുകളും അവര്‍ അദ്ദേഹത്തിന്‌ വെച്ച്‌ നീട്ടി. ധനം, അധികാരം, സുഖസൗകര്യങ്ങള്‍, സ്ത്രീ, തുടങ്ങിയ പലതും അവര്‍ വാഗ്ദാനം ചെയ്തുനോക്കി. പ്രവാചകന്‍ എങ്ങനെയെങ്കിലും തന്‍റെ ദൗത്യം അവസാനിപ്പിക്കുകയായിരുന്നു അവരുടെ ആവശ്യം. അതിനൊന്നും വഴങ്ങുന്നില്ലെന്നായപ്പോള്‍ 'കുറച്ചുകാലം നീ ഞങ്ങളുടെ ദൈവത്തെ ആരാധിക്ക്‌, കുറച്ചു കാലം ഞങ്ങള്‍ നിന്‍റെ ദൈവത്തെയും ആരാധിക്കാം എന്നും അവര്‍ പറഞ്ഞുനോക്കി. സത്യവും അസത്യവും തമ്മില്‍ ഒരിക്കലും സംഭവിക്കരുതാത്ത രാജിയെ സംബന്ധിച്ച അവരുടെ മോഹത്തെ തുടക്കത്തില്‍ തന്നെ കെടുത്തിക്കളയേണ്ടത്‌ ദൈവികവ്യവസ്ഥ സ്വതന്ത്രവും എല്ലാവിധ കലര്‍പ്പുകളില്‍ നിന്നും ശുദ്ധവുമാണെന്ന്‌ ലോകത്തെ ബോധ്യപ്പെടുത്താന്‍ ആവശ്യമായിരുന്നു. അതത്രെ ഈ അധ്യായത്തിന്‍റെ ഉള്ളടക്കം.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍

1. (നബിയെ) പറയുക, അല്ലയോ സത്യനിഷേധികളേ,
2. നിങ്ങള്‍ ആരാധിക്കുന്നവയെ ഞാന്‍ ആരാധിക്കുന്നില്ല.
3. ഞാന്‍ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ല.
4. നിങ്ങള്‍ ആരാധിച്ചുവന്നവയുടെ ആരാധകനല്ല ഞാന്‍.
5. ഞാന്‍ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.
6. നിങ്ങള്‍ക്ക്‌ നിങ്ങളുടെ ദീന്‍(മതം)എനിക്ക്‌ എന്‍റെ ദീന്‍(മതം).

**വിശദീകരണം:**

ഏകദൈവവിശ്വാസിക്ക്‌ പരദൈവങ്ങളോടുള്ള സമീപനം എന്തെന്ന്‌ വ്യക്തമാക്കുന്ന ഒരദ്ധ്യായമാണിത്‌. ദൈവിക ദീന്‍(മതം) കലര്‍പ്പുകളില്‍നിന്ന്‌ വിശുദ്ധമാണ്‌. ഏതെങ്കിലും വിധത്തിലുള്ള മാറ്റമോ ദൈവേതര വ്യവസ്ഥിതിയുമായുള്ള കൂട്ടുകെട്ടോ അതിന്‌ ആവശ്യമില്ല. അതിനാല്‍ ആരെങ്കിലും ദൈവപ്രീതി ആഗ്രഹിക്കുന്നുവെങ്കില്‍ എല്ലാവിധ കലര്‍പ്പുകളില്‍ നിന്നും തന്‍റെ വിശ്വാസത്തെ മുക്തമാക്കി ദൈവിക വ്യവസ്ഥിതിയുടെ വക്താവായി മാറട്ടെ.അതിനെതിരെയുള്ള ബഹുദൈവത്വപരമോ നിഷേധപരമോ ആയ ഏത്‌ വിശ്വാസമംഗീകരിച്ചാലും ഫലത്തില്‍ അവയെല്ലാം ദൈവനിഷേധം തന്നെയാണ്‌. ദൈവനിഷേധികളുമായി ആദര്‍ശ തലത്തിലൊരു സന്ധിയും ഉണ്ടാകാവതല്ല. ബഹുദൈവവിശ്വാസികളുടെ ദൈവങ്ങളെ ഏകദൈവവിശ്വാസികള്‍ പൂജിക്കാന്‍ പാടില്ല. അവയില്‍ നിന്നൊക്കെ അവര്‍ വിമുക്തി പ്രഖ്യാപിക്കേണ്ടതുണ്ട്‌. ദീന്‍ എന്ന അര്‍ഥത്തില്‍ ദൈവികവ്യവസ്ഥിതിയും അതിന്‍റെ വിമര്‍ശകരുടെ വിശ്വാസവും രണ്ടും രണ്ടായിരുന്നു. അവര്‍ ആരാധിക്കുന്നവയെ ആരാധിക്കാന്‍ വിശ്വാസിക്ക്‌ പാടില്ല. അതുപോലെ അവര്‍ ഏകദൈവത്തെ ആരാധിക്കുന്നവരുമല്ല. ഏകദൈവവിശ്വാസിക്ക്‌ ദൈവേതര ശക്തിയില്‍ വിശ്വസിക്കാന്‍ സാധിക്കില്ല. അതിനാല്‍ തന്നെ ഇരുകൂട്ടരുടെയും വ്യവസ്ഥിതിയും വിശ്വാസവും ഒന്നാവുക സാധ്യമല്ല. എന്നും എവിടെയും എക്കാലത്തും.

*********

## അധ്യായം 110

# അന്നസ്വര്‍. (സഹായം)

**അവതരണം മദീനയില്‍, വചനങ്ങള്‍ 3**

**അദ്ധ്യായ പരിചയം:**

പ്രവാചകന്‍ മുഹമ്മദ്(സ)ന് അവസാനം അവതരിച്ച പൂര്‍ണ അധ്യായമാണിത്. അദ്ദേഹത്തിന്‍റെ അവസാനകാലത്തെന്നു സാരം. ഈ അദ്ധ്യായം അവതരിച്ച അതേ വര്‍ഷം തന്നെ അദ്ദേഹം മരണമടയുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോട് പറയുന്നു. താങ്കളെ ഏതൊരു ദൗത്യത്തിനാണോ നിയോഗിച്ചത് അത് പൂര്‍ത്തിയായിരിക്കുന്നു. അതിനാല്‍ അറേബ്യയില്‍ ദൈവിക വ്യവസ്ഥയുടെ വിജയം പൂര്‍ണമാവുകയും ജനങ്ങള്‍ കൂട്ടംകൂട്ടമായി ഈ മാര്‍ഗത്തിലേക്ക് പ്രവേശിക്കുന്നതായി താങ്കള്‍ കണ്ടാല്‍ ഏകദൈവത്തെ കൂടുതല്‍ പ്രകീര്‍ത്തിക്കുക. അവന്‍റെ പരിശുദ്ധിയെ വാഴ്ത്തുക. ഈ സേവനം നിറവേറ്റുന്നതില്‍ വല്ല തകരാറുകളും വന്നുപോയിട്ടുണ്ടെങ്കില്‍ അവനോട് മാപ്പിനപേക്ഷിക്കുക.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍

1. അല്ലാഹുവിന്‍റെ വിജയവും സഹായവും വരികയും;
2. ജനം കൂട്ടം കൂട്ടമായി ദൈവികമതത്തില്‍ കടന്നുവരുന്നത് നീ കാണുകയും ചെയ്താല്‍.
3. അപ്പോള്‍ നീ നിന്‍റെ നാഥനെ സ്തുതിച്ചുകൊണ്ട് അവന്‍റെ വിശുദ്ധിയെ വാഴ്ത്തുക. അവനോട് പാപമോചനത്തിന് അര്‍ഥിക്കുകയും ചെയ്യുക. തീര്‍ച്ചയായും അവന്‍ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.

**വിശദീകരണം;**

അറേബ്യയില്‍ ദൈവികവ്യവസ്ഥിതിയുടെ പ്രചാരണത്തിന് വിഘാതമായ സാഹചര്യം ഇല്ലാതാവുകയും അതിനെതിരെയുള്ള ശത്രുത അവസാനിക്കുകയും ചെയ്താല്‍ എന്നതാണ് വിജയവും സഹായവും വന്നാല്‍ എന്നതുകൊണ്ട് അര്‍ഥമാക്കുന്നത്. ആ ഘടകമാവട്ടെ പ്രവാചകന്‍(സ)യുടെ അന്തിമ ഘടകവുമാണ്.

ജനങ്ങള്‍ കൂട്ടംകൂട്ടമായി ദൈവികവ്യവസ്ഥയിലേക്ക് വരുന്നതായി കണ്ടാല്‍ ഉറപ്പിക്കുക, ഈ വ്യവസ്ഥ പൂര്‍ണമായിരിക്കുന്നു എന്ന്. ആ ഘട്ടം വന്നാല്‍ താങ്കള്‍ ഏകദൈവത്തെ കൂടുതല്‍ പ്രകീര്‍ത്തിക്കുകയും അവന്‍റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക. അതോടൊപ്പം താങ്കളെ ചുമതലപ്പെടുത്തിയ ഈ ദൗത്യനിര്‍വഹണത്തില്‍ ഉണ്ടായ തകരാറുകളുടെ പേരില്‍ നാഥനോട് മാപ്പിനപേക്ഷിക്കുകയും ചെയ്തുകൊള്ളുക.

********

# അധ്യായം 111

# അല്ലഹബ്. (ജ്വാല)

**അവതരണം മക്കയിൽ, വചനങ്ങൾ 5**

**അദ്ധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ്(സ) മക്കയിൽ തൻെറ ദൗത്യപ്രചരണം ആരംഭിച്ചതോടെ മക്കയിലെ ബഹുദൈവവിശ്വാസികൾ അദ്ദേഹത്തിനെതിരെ ഇളകിവശായെന്ന് സൂചിപ്പിക്കുകയുണ്ടായി. അവരുടെ കൂട്ടത്തിൽ അദ്ദേഹത്തെ ഏറ്റവും കൂടുതൽ ഉപദ്രവിച്ച വ്യക്തികളാണ് അബ്ദുൽഉസ്സ എന്ന അബൂലഹബും അയാളുടെ ഭാര്യ ഉമ്മുജമീല എന്ന അർവയും. പ്രവാചകൻെറ പിതൃവ്യനാണ് അബൂലഹബ്. ഖുർആൻ പേരെടുത്തു പറഞ്ഞ് വിമർശിച്ച ഒരേയൊരു പ്രവാചകവിരുദ്ധനാണ് അയാൾ. പ്രവാചകൻ മുഹമ്മദ്(സ)ന് അയാൾ വരുത്തിവെച്ച ഉപദ്രവങ്ങൾക്ക് കണക്കില്ല. രണ്ടുപേരും അയൽവാസികളായിരുന്നു. ഒരു ചുമരിൻെറ വ്യത്യാസം മാത്രമേ അവർക്കിടയിൽ ഉണ്ടായിരുന്നുള്ളു. പ്രവാചകനെ ഉപദ്രവിക്കാൻ അയാൾ ആ സൗകര്യം ശരിക്കും ഉപയോഗപ്പെടുത്തിയിരുന്നു. പ്രവാചകൻ നമസ്കരിക്കുമ്പോൾ കഴുത്തിൽ ഒട്ടകത്തിൻെറ കുടൽ മാല ചാർത്തുകയും ഭക്ഷണം പാകം ചെയ്യുമ്പോൾ അതിലേക്ക് മാലിന്യങ്ങൾ എറിയുകയും നാട്ടുകാരോടും വിദൂര ദേശത്തുനിന്നു വരുന്ന കച്ചവട സംഘത്തോടും നബിയെ പറ്റി ഇല്ലാത്തത് പറയുകയും, അദ്ദേഹത്തിൽനിന്ന് ആളുകളെ തെറ്റിക്കുകയും ചെയ്യുമായിരുന്നു. തക്കം കിട്ടുമ്പോൾ ദേഹോപദ്രവത്തിനും അയാൾ മുതിർന്നിരുന്നു. ഒരിക്കൽ അയാൾ പ്രവാചകൻെറ മുഖത്ത് തുപ്പുക പോലും ചെയ്യുകയുണ്ടായി.

അയാളുടെ ഭാര്യ ഉമ്മുജമീൽ പ്രവാചകൻെറ വീട്ടുവാതിൽക്കൽ മുള്ളു വിതറുമായിരുന്നു. അദ്ദേഹത്തെക്കുറിച്ച് അപവാദം പ്രചരിപ്പിക്കൽ അവരുടെ പതിവായിരുന്നു. അതിന് നിയന്ത്രണങ്ങളൊന്നുമുണ്ടായിരുന്നില്ല. പ്രവാചകനെ എതിർക്കാൻ സ്വന്തം മാലവിൽക്കാൻ പോലും തയാറായ സ്ത്രീയാണവർ.

പ്രവാചകൻെറ രണ്ടു പുത്രിമാരെ അബൂലഹബിൻെറ പുത്രന്മാരായിരുന്നു വിവാഹം കഴിച്ചിരുന്നത്. ഒരിക്കൽ രണ്ടുപേരെയും വിളിച്ച് അയാൾ പറഞ്ഞു: മുഹമ്മദിൻെറ മക്കളെ വിവാഹമോചനം ചെയ്യുന്നില്ലെങ്കിൽ എനിക്ക് നിങ്ങളെ കാണുന്നത് ഞാൻ സ്വയം നിഷിദ്ധമായി കണക്കാക്കും. അത് കേട്ട് മക്കൾ രണ്ടുപേരും തങ്ങളുടെ ഭാര്യമാരുമായുള്ള ബന്ധം വേർപ്പെടുത്തുകയുണ്ടായി.

പ്രവാചകൻെറ ഒന്നാമത്തെ മകൻ ഇബ്രാഹീം നേരത്തെ മരണമടഞ്ഞിരുന്നു. രണ്ടാമത്തെ പുത്രൻ അബ്ദുല്ലയും കൂടി മരണമടഞ്ഞപ്പോൾ അബൂലഹബ് സന്തോഷിക്കുകയും മുഹമ്മദ് ഇതോടെ വേരറ്റവനായിരിക്കുന്നു എന്ന് പറഞ്ഞ് അഹ്ലാദിച്ചു നടക്കുകയും ചെയ്തു.

മക്കാപ്രമാണിമാർ പ്രവാചകനെതിരെ ഊരുവിലക്ക് ഏർപ്പെടുത്തിയത് പ്രവാചക ജീവിതത്തിലെ പ്രധാന സംഭവമാണ്. അബൂലഹബ് മുൻകൈയെടുത്തുണ്ടാക്കിയ സംഭവമായിരുന്നു അത്.

ഇങ്ങനെ പ്രവാചകനും അദ്ദേഹത്തിൻെറ ദൗത്യത്തിനുമെതിരെ ശക്തമായ ഉപദ്രവം അഴിച്ചുവിട്ട ഘട്ടത്തിലാണ് അയാളെ ശപിച്ചുകൊണ്ട് ഈ അധ്യായം അവതരിച്ചത്. അഞ്ച് സൂക്തങ്ങളുള്ള ഈ അദ്ധ്യായത്തിൽ അബൂലഹബിൻെറ ഭാവിയെ സംബന്ധിച്ച പ്രവചനവും തുടർന്നുണ്ടായ അനുഭവങ്ങളും വിവരിക്കുണ്ട്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. അബൂലഹബിന്റെ ഇരുകരങ്ങളും നശിക്കട്ടെ. അവൻ നശിച്ചു.
2. അവന്റെ ധനമോ സമ്പാദ്യമോ അവന് ഉപകാരപ്പെട്ടില്ല.
3. തീർച്ചയായും ജ്വാലകളുള്ള നരകാഗ്നിയിൽ അവൻ കിടന്ന് എരിയുന്നതാകുന്നു.
4. വിറകുചുമട്ടുകാരിയായ അവന്റെ ഭാര്യയും.
5. അവളുടെ കഴുത്തിൽ ഈത്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും.

**വിശദീകരണം:**

അബൂലഹബിന്റെ നാശപ്രവചനമാണ് ഈ അദ്ധ്യായത്തിന്റെ പ്രമേയം. പ്രവാചകൻ മുഹമ്മദ്(സ) നെയും മുസ്ലിംകളെയും നശിപ്പിക്കാൻ അവരുടെ ശത്രുക്കൾ നടത്തിയ പ്രഥമ യുദ്ധമായിരുന്നു ബദ്ർ യുദ്ധം. പ്രസ്തുത യുദ്ധത്തിന്റെ സൂത്രധാരകൻ അബൂലഹബായിരുന്നു. സൈന്യം മുസ്ലിം സൈന്യത്തോട് ഏറ്റുമുട്ടി തോറ്റതറിഞ്ഞ അയാൾ അപമാനിതനായി. മോഹ ഭംഗത്തിലകപ്പെട്ട അയാൾ അധികം താമസിയാതെ മരണമടയുകയാണുണ്ടായത്. മരണമാകട്ടെ, അതിദാരുണവുമായിരുന്നു. അയാളുടെ ശരീരമാസകലം വൃത്തി കെട്ട വ്രണങ്ങളെക്കൊണ്ട് നിറഞ്ഞു. ഭാര്യയും മക്കളും നാട്ടുകാരും ഒരു പോലെ അയാളുടെ അടുത്തേക്ക് ചെല്ലാൻ മടിച്ചു. ആ അവസ്ഥയിൽ മരണമടഞ്ഞ അയാളുടെ ശവം ആരും തിരിഞ്ഞുനോക്കാനില്ലാതെ കിടന്നുനാറി. ഒടുവിൽ ഏതോ അടിമകളെ വിളിച്ചുവരുത്തി അതിനു മീതെ മണ്ണിട്ടു മൂടുകയാണ് പിന്നീട് അവർ ചെയ്തത്. അയാളുടെ ഈ നാശത്തെയാണ് അയാളുടെ കൈകൾ നശിക്കട്ടെ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

തബ്ബത്ത് എന്നത് അയാൾക്കെതിരെയുള്ള പ്രാർഥനയാണ്. രണ്ടാമത് പറഞ്ഞ തബ്ബ് അവന് സംഭവിച്ച പരിണതിയെ കുറിക്കുന്നു. അവൻ നശിച്ചു എന്നർഥം.

അബുലഹബിന്റെ മക്കൾ, അയാൾ എതിർക്കുന്ന പ്രവാചകന്റെ സത്യസന്ധരായ അനുയായികളായി മാറി. എന്നതാണ് ഏറെ വേദനാജനകം. അയാളുടെ അന്ത്യകലത്ത് അയാളുടെ ഭാര്യയും മക്കളും സമ്പത്തും അയാൾക്ക് അശേഷം ഉപകരിച്ചില്ല. അതാണ് രണ്ടാം വചനം സൂചിപ്പിക്കുന്നത്.

ഉമ്മുജമീലിനെക്കുറിച്ച പ്രതിപാദനവും ഇവിടെ കാണാം. പ്രവാചകനെക്കുറിച്ച് അപവാദം പറഞ്ഞു നടക്കുകയായിരുന്നല്ലോ അവളുടെ ജോലി. ഏഷണിയുടെ തിക്തഫലവുമായി ബന്ധപ്പെട്ട ആലങ്കാരിക പ്രയോഗമാണ് ഇവിടെ ഉപയോഗിച്ചത്.വിറകു ചുമക്കുക എന്നത് സ്വന്തം നരകശിക്ഷ സ്വയമായി തയ്യാറാക്കുക എന്ന അർഥത്തിലാന് ഉപയോഗിച്ചിട്ടുള്ളത്.

*******

# അധ്യായം 112

## അൽ ഇഖ്ലാസ് (നിഷ്ക്കളങ്കത)

**അവതരണം മക്കയിൽ, വചനങ്ങൾ 4**

**അദ്ധ്യായ പരിചയം:**

ഏകദൈവത്തെ സമഗ്രമായി പ്രതിപാദിക്കുന്ന അദ്ധ്യായമാണിത്. വിശുദ്ധ ഖുർആനിന്റെ അദ്ധ്യാപനങ്ങളിൽ ഏറിയ ഭാഗവും ഏകദൈവത്തെ പരിചയപ്പെടുത്താനാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ തന്നെ നാല് സൂക്തങ്ങളുള്ള ഈ അദ്ധ്യായം ഖുർആനിന്റെ, മൂന്നിൽ ഒന്നായാണ് പരിഗണിക്കുന്നത്.

മക്കയിലെ ഖുറൈശികൾ പ്രവാചകൻ മുഹമ്മദ്(സ)നോട് നിന്റെ ദൈവത്തെ ഞങ്ങൾക്ക് ഒന്ന് പരിചയപ്പെടുത്തിത്തരണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഈ അദ്ധ്യായം അവതരിച്ചത്. ചോദ്യകർത്താക്കളെ സംബന്ധിച്ചിടത്തോളം അവരുടെ ആരാധ്യന്മാരെ അവർ ദിനേന ദർശിക്കുന്നവരായിരുന്നു. അത് കല്ലിൽനിന്നുള്ളതായാലും സ്വർണം കൊണ്ടുള്ളതായാലും മരം കൊണ്ടുള്ളതായാലും ശരി. എന്നാൽ മുഹമ്മദിന്റെ ആരാധ്യൻ എങ്ങനെയുള്ളതാണെന്ന് അറിയാൻ അവർക്ക് ജിജ്ഞാസയുണ്ടായിരുന്നു.അതിനാലാണ് അവർ,നിന്റെ ദൈവത്തെപറ്റി ഞങ്ങൾക്ക് വിശദീകരിച്ചുതരണമെന്ന് പ്രവാചകനോട് ആവശ്യപ്പെട്ടത്.

ഈ അദ്ധ്യായത്തിന്റെ അവതരണ കാരണമായി പല സംഭവങ്ങളും ഉദ്ധരിക്കുന്നുണ്ട്. ഫലത്തിൽ അവയൊക്കെ ഏകദൈവത്തിന്റെ അസ്തിത്വവുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാലാണ് എല്ലാ അന്വേഷണങ്ങൾക്കും മറുപടിയാകുന്ന തരത്തിൽ ഒരുത്തരം നല്കിയത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. പറയുക: അവൻ അല്ലാഹു, ഏകനാണ്.
2. അല്ലാഹു പരാശ്രയമുക്തനാണ്,സർവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു.
3. അവൻ (ആരുടെയും സന്താനമായി) ജനിച്ചിട്ടില്ല. അവൻ (സന്താനത്തെ)ജനിപ്പിച്ചിട്ടുമില്ല.
4. അവനു തുല്യനായി ആരുമില്ല.

**വിശദീകരണം:**

അല്ലാഹു എന്ന പദം അവിശ്വാസികളയായ മക്കക്കാർക്ക് സുപരിചിതമായിരുന്നു.ആരാധ്യൻ (ഇലാഹ്) എന്ന നാമം അവർ പൊതുവെ എല്ലാ ദൈവങ്ങൾക്കും ഉപയോഗിച്ചിരുന്നുവെങ്കിലും അല്ലാഹു എന്ന നാമം അവനല്ലാത്തതിനൊന്നും അവർ ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ടാണ് അവരുടെ ചോദ്യത്തിന് ഉത്തരമേകാൻ അതേ വാക്കുതന്നെ ഖുർആൻ പ്രയോഗിച്ചത്. നിന്റെ അല്ലാഹു ആരാണ്, എന്തിൽ നിന്നാണവനെ സൃഷ്ടിച്ചത്, ആരാണ് അവനെ സൃഷ്ടിച്ചത്, അവന്റെ വംശമേത് എന്നൊക്കെയായിരുന്നുവല്ലോ അവരുടെ ചോദ്യം. അതുകൊണ്ട് അവരോട് പറയുന്നു, നിങ്ങൾ അത്യപൂർവ വിപൽഘട്ടങ്ങളിൽ വിളിച്ചുപ്രാർഥിക്കുന്ന, നിങ്ങൾക്ക് പരിചിതനായ, ദൈവങ്ങളുടെ ദൈവമായ ആ അല്ലാഹുവെ തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അവൻ മാത്രമാണ് ഏകദൈവം. ദിവ്യത്വത്തിൽ അവനെക്കൂടാതെ മറ്റാർക്കും പങ്കില്ല. പ്രപഞ്ചത്തിന്റെ നാഥനായതിനാൽ അവൻ മാത്രമാണ് അവയെ സംരക്ഷിക്കുന്നവനും പരിപാലിക്കുന്നവനും അതിലൊന്നും ആർക്കും അല്പംപോലും പങ്കില്ല. അവൻ എന്നെന്നും ഉണ്ടായിരുന്നു. ഉണ്ടാവുകയും ചെയ്യും. അവന് വംശമോ വർഗമോ ഇല്ല. അതിനാൽ അവന് സന്താനമില്ല. അവൻ ആരുടെയും സന്തതിയുമല്ല. പ്രപഞ്ചത്തിൽ ആരെയും ആശ്രയിക്കേണ്ട ആവശ്യം അവനില്ല. അവൻ അതിൽ നിന്നെല്ലാം സ്വയം പര്യാപ്തനാണ്. അവനെക്കൂടാതെയുള്ള സൃഷ്ടികളൊക്കെ അവനെ ആശ്രയിച്ചു ജീവിക്കുന്നവയാണ്. എല്ലാറ്റിന്റെയും ആശ്രയം അവനായതുപോലെ അവയുടെയൊക്കെ മടക്കവും അവനിലേക്കാണ്. അവന്റെ സത്ത ഒന്നിലും ലീനമല്ല, വിഭജി

ക്കാനാകുന്നതുമല്ല. അതിനാൽ, ദൈവത്തിന് അംശങ്ങളുണ്ടെന്ന നിങ്ങളുടെ അവകാശവാദം ശരിയല്ല. മാത്രവുമല്ല, പ്രപഞ്ചത്തിൽ അവന് തുല്യരായി ഒന്നുമില്ലതാനും.

*****

## അധ്യായം 113

# അൽ ഫലഖ്. (പ്രഭാതോദയം)

**അവതരണം മക്കയിൽ, വചനങ്ങൾ 5**

**അദ്ധ്യായ പരിചയം:**

മക്കയിലാണ് ഈ അദ്ധ്യായം അവതരിച്ചത്. അഞ്ച് സൂക്തങ്ങളിലായാണ് ഈ അദ്ധ്യായത്തിൻെറ പ്രതിപാദ്യം അടങ്ങിയിരിക്കുന്നത്.പ്രവാചകൻ മുഹമ്മദ്(സ)നെ അദ്ദേഹത്തിൻെറ ശത്രുക്കൾ ശാരീരികമായും മാനസികമായും പ്രയാസപ്പെടുത്തിയ ഘട്ടത്തിലാണ് അദ്ദേഹത്തിനും അതിലൂടെ മുഴുവൻ ഏകദൈവ വിശ്വാസികൾക്കും സമാധാനമായി അല്ലാഹു മുൻ അദ്ധ്യായത്തെപ്പോലെ ഈ അദ്ധ്യായവും അരുളിയത്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. പറയുക: പ്രഭാതത്തിൻെറ നാഥനോട് ഞാൻ ശരണം തേടുന്നു.
2. അവൻ സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽനിന്നും.
3. ഇരുൾ മൂടുമ്പോൾ രാവിൻെറ ദ്രോഹത്തിൽനിന്നും.
4. കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവത്തിൽനിന്നും.
5. അസൂയാലു അസൂയപ്പെടുമ്പോൾ അവൻെറ ഉപദ്രവത്തിൽനിന്നും.

**വിശദീകരണം:**

പിശാചിൻെറയും അവൻെറ കൂട്ടാളികളുടെയും ദ്രോഹത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിൻെറ വ്യത്യസ്തമായ ചില ഗുണങ്ങൾ എടുത്തോതി പ്രാർഥിക്കാൻ വിശ്വാസികളെ തെര്യപ്പെടുത്തുകയാണ് ഈ അദ്ധ്യായത്തിലൂടെ അല്ലാഹു ചെയ്യുന്നത്. മനുഷ്യൻെറ പ്രാർഥന അവൻ വേഗം സ്വീകരിക്കാൻ അതാണ് ഏറെ അനുയോജ്യമായ രീതി.

ഏതെങ്കിലും സൃഷ്ടികളുടെയല്ല എല്ലാ സൃഷ്ടികളുടെയും ഉപദ്രവത്തിൽനിന്ന് തൻെറ രക്ഷിതാവിനോട് ശരണം തേടാൻ വിശ്വാസിയെ ഉദ്ബോധിപ്പിക്കുകയാണ് ഈ അദ്ധ്യായത്തിലൂടെ ചെയ്യുന്നത്.

ശരണം തേടുന്നവനും അയാളുടെ കർമവും ശരണം തേടപ്പെടുന്നവനും പരസ്പരം പൂരകങ്ങളാണ്. ശരണം തേടുന്നവൻ തുറന്നു സമ്മതിക്കുന്നു, തന്നെ ഉപദ്രവിക്കുന്ന സംഗതിയെ നേരിടുകയെന്നത് എൻെറ കഴിവിൽ പെട്ടതല്ല, അതിന് ശക്തൻ അല്ലാഹു മാത്രമാണ്.

അവൻ വിശ്വസിക്കുന്നു, തന്നെ ഉപദ്രവിക്കുന്ന ശക്തിക്ക് തൻെറ നാഥനെ തോല്പിച്ചു എനിക്ക് ഒരാപത്തും വരുത്താനാകില്ല. ഈ വസ്തുതകൾ മുമ്പിൽ വെച്ചു കൊണ്ടാണ് അവൻ തൻെറ നിസ്സഹായത തുറന്നു പറയുന്നതും അല്ലാഹുവിനോട് സഹായമർഥിക്കുന്നതും.

രണ്ട് കാര്യങ്ങൾ ഇവിടെ മനസ്സിലാക്കണം. ഒന്ന്, ശരണം നല്കാൻ ഏറ്റവും അനുയോജ്യൻ പ്രപഞ്ച സൃഷ്ടാവാണ്.

രണ്ട്, ഒരാൾ ശരണം തേടുന്നത് തന്നെ, തന്നെ ഉപദ്രവിക്കുന്ന സൃഷ്ടികളുടെ ഉപദ്രവത്തിൽനിന്നാണ്. അതാകട്ടെ അവയുടെ ഏതെങ്കിലും ചില ഉപദ്രവത്തിൽനിന്നല്ല, സമ്പൂർണ നാശത്തിൽനിന്നാണ്. അതിപ്രകാരമാണ്:

ഒന്ന്, എല്ലാസൃഷ്ടികളുടെയും ഉപദ്രവത്തിൽനിന്ന്.

രണ്ട്, പകൽ സമയങ്ങളിൽ സൃഷ്ടികൾ ചെയ്യുന്ന ഉപദ്രവത്തിൽനിന്ന്,

മൂന്ന്, രാവിൽ സൃഷ്ടികൾ ചെയ്യുന്ന എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും.

നാല്, മാരണം പോലുള്ള ഉപദ്രവങ്ങളിൽനിന്ന്.

അഞ്ച്, മനുഷ്യരുടെ അസൂയ നിമിത്തമുണ്ടാകുന്ന ഉപദ്രവത്തിൽനിന്ന്.

ഇതിൽനിന്നൊക്കെ നമ്മെ രക്ഷിക്കാനുള്ള ശക്തി അല്ലാഹുവിന്മാത്രമാണുള്ളത്. അത്തരം വിശ്വാസം അനിവാര്യമായും ഈ പ്രാർഥനക്ക് ഉണ്ടായിരിക്കണം.

******

## അധ്യായം 114

# അന്നാസ്‌. (ജനങ്ങൾ)

**അവതരണം മക്കയിൽ, വചനങ്ങൾ 6**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. പറയുക: ഞാൻ ശരണം തേടുന്നു, ജനങ്ങളുടെ നാഥനോട്‌.
2. ജനങ്ങളുടെ രാജാവിനോട്‌.
3. ജനങ്ങളുടെ ആരാധ്യനോട്‌.
4. ആവർത്തിച്ചാവർത്തിച്ച്‌ ദുർബോധനം നടത്തുന്ന പിശാചിന്റെ ദ്രോഹത്തിൽ നിന്ന്‌;
5. മനുഷ്യമനസ്സുകളിൽ ദുർബോധനം നടത്തുന്നവനായ.
6. മനുഷ്യരിലും ജിന്നുകളിലുംപെട്ട (ദുർബോധകന്റെ ഉപദ്രവത്തിൽനിന്ന്‌)

**വിശദീകരണം:**

പ്രാരംഭപ്രാർഥനയിൽ സൂചിപ്പിച്ചതുപോലെ യജമാനനായ ഏകദൈവത്തോട്‌ പ്രാർഥിക്കുന്നതിനു മുമ്പായി ചില ഉപചാരങ്ങൾ ഇവിടെ സ്വീകരിച്ചത്‌ കാണാം. അതായത്‌, മനുഷ്യൻ തന്റെ യജമാനനായ സ്രഷ്ടാവിന്‌ സ്തുതികീർത്തനങ്ങൾ ചെയ്തശേഷമാണ്‌ അവനോട്‌ തന്റെ ആവശ്യങ്ങൾ ഉന്നയിക്കേണ്ടത്‌. അതിനാണ്‌ ഇവിടെ ജനങ്ങളുടെ ഉടമസ്ഥൻ, ജനങ്ങളുടെ രാജാവ്‌, ജനങ്ങളുടെ ആരാധ്യൻ എന്നീ ഗുണനാമങ്ങൾ പ്രത്യേകം എടുത്തോതിയത്‌.

ഈ അദ്ധ്യായത്തിൽ ഏകദൈവവിശ്വാസി തന്റെ എല്ലാ പ്രയാസങ്ങളിൽനിന്നും യജമാനനായ സ്രഷ്ടാവിനോട്‌ ശരണം തേടുന്നത്‌ ഈ മൂന്നു സവിശേഷതകൾ എടുത്തോതിക്കൊണ്ടാണ്‌. ഇവ മൂന്നും അവന്‌ മാത്രമുള്ള ഗുണങ്ങളാണെന്ന്‌ വിശ്വസിക്കുകയും തന്റെ ഭാഗത്തുനിന്നും അവനുള്ള തിരുമുൽക്കാഴ്ച്ചയായി സമർപ്പിക്കുകയുമാണ്‌. അയാൾ ചെയ്യുന്നത്‌.

ജനങ്ങളുടെ നാഥൻ, അവരുടെ രാജാവ്‌, അവരുടെ ആരാധ്യൻ എന്നീ നിലകളിലെല്ലാം ദൈവം ലോകത്തിനു മീതെ പരമാധിപത്യമുള്ളവനാണ്‌. തന്നോട്‌ പ്രാർഥിക്കുന്നവരെ എല്ലാവിധ തിന്മകളിൽനിന്നും വിപത്തുകളിൽ നിന്നും സംരക്ഷിക്കാൻ കഴിവുള്ളവനണ്‌. അതിനുമാത്രം അവൻ സർവശക്തനാണ്‌. അവന്റെ ശക്തിക്ക്‌ ഉപരിയായ ശക്തികളൊന്നും ഈ പ്രപഞ്ചത്തിലില്ല. ഇതത്രെ പ്രസ്തുത വാക്കുകളുടെ താല്‌പര്യം.

മനുഷ്യൻ ദൈവിക മാർഗത്തിൽ ജീവിച്ച്‌ പുണ്യം കരസ്ഥമാക്കുന്നതിൽ തികച്ചും നിരാശനാണ്‌ പിശാച്‌.അവരെ വഴിപിഴപ്പിക്കാൻ അവൻ ദുർമന്ത്രങ്ങളുമായി മനുഷ്യ മനസ്സുകളിലേക്ക്‌ കടന്നുവരും. അവന്റെ കൂട്ടാളികളായ മനുഷ്യരിലൂടെ തന്റെ കുതന്ത്രം പ്രയോഗിക്കും. അതാവട്ടെ ഒരിക്കലല്ല. ആവർത്തിച്ചാവർത്തിച്ച്‌ അവൻ തന്റെ കുതന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും. വാസ്തവത്തിൽ മനുഷ്യനെ വഴിപിഴപ്പിക്കുകയും അവനെ ദൈവകോപത്തിന്‌ വിധേയനാക്കുകയും ചെയ്യുക എന്നതാണ്‌ പിശാചിന്റെ ജോലി. അത്തരം കുതന്ത്ര ങ്ങളിൽനിന്നെല്ലാം ലോകനാഥനായ സ്രഷ്ടാവിൽ ശരണം തേടാൻ മനുഷ്യരെ ബോധിപ്പിക്കുകയാണ്‌ ഈ അധ്യാപനങ്ങളിലൂടെ അല്ലാഹു ചെയ്യുന്നത്‌.

***********************

# പ്രാർഥന

*നാഥാ, നീ എന്നോട് കരുണ കാണിക്കേണമേ.. ഖുർആനിനെ എനിക്ക് പ്രകാശവും നേർമാർഗവുമാക്കി തരേണമേ. അതിൽനിന്ന് നീ എന്നെ പഠിപ്പിക്കുകയും എന്റെ അവിവേകം അതുമുഖേന നീക്കിത്തരികയും അതുമായി ജീവിക്കാനുള്ള ഭാഗ്യം എനിക്ക് തരികയും ചെയ്യേണമേ. നാഥാ.*

*ഖുർആൻ മുഖേന നീ എനിക്കെന്റെ ഐഹിക ജീവിതം വിശുദ്ധമാക്കിത്തരേണമേ. അതുവഴി എന്റെ പരലോകവും സുഖ പ്രദമാക്കേണമേ. ഉന്നതമായ വിജ്ഞാനവും നല്ലത് പ്രവർത്തിക്കാനുള്ള സൗഭാഗ്യവും നല്ല ജീവിതവും നല്ല മരണവും നീ എനിക്ക് പ്രദാനം ചെയ്യേണമേ.*

*അല്ലാഹുവേ, നിന്റെ കാരുണ്യവും നിന്നിൽനിന്നുള്ള പാപ മോചനവും എനിക്ക് നീ പ്രദാനം ചെയ്യേണമേ. എല്ലാ കാര്യങ്ങളിലും നേരായത് തിരഞ്ഞെടുക്കാനുള്ള കഴിവും വിശ്വാസത്തിന്റെ ഉയർന്ന മനക്കരുത്തും വിജയവും എനിക്ക് നീ നൽകേണമേ. ഐഹിക ജീവിത ത്തിന്റെ നിന്ദ്യതയിൽനിന്നും പാരത്രിക ജിവിതത്തിന്റെ ക്ലേശങ്ങളിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.*

*അല്ലാഹുവേ, എന്റെ കരചരങ്ങൾ കൊണ്ടും കണ്ണുകളെക്കൊണ്ടും ചെവികളെക്കൊണ്ടും നാവുകൊണ്ടും ഹൃദയം കൊണ്ടും നന്മ ചെയ്യാൻ എനിക്ക് നീ സൗഭാഗ്യം തരേണമേ. ദൈവനിഷേധത്തിൽനിന്നും കാപട്യത്തിൽനിന്നും ബഹുദൈവത്വത്തിൽ നിന്നും നീ എന്നെ കാത്തുരക്ഷിക്കേണമേ.*

*ഈ ലോകത്തും പരലോകത്തും നീ എനിക്ക് നന്മ വർധിപ്പിച്ചു തരേണമേ.*

---

*********************